# ശ്രീമദ് ഭഗവദ് ഗീത

## ശിവാരവിന്ദം മഹാഭാഷ്യം

പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ



# ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന  ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ  ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

# ശ്രീമദ് ഭഗവദ് ഗീത
# ശിവാരവിന്ദം മഹാഭാഷ്യം

(നാലാം പതിപ്പ്)

വ്യാഖ്യാതാവ്

**പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

തിരുവനന്തപുരം

digitized by www.sreyas.in

# ആമുഖം

ഭാരതീയ തത്വചിന്തയിലെ മുഖ്യ കൃതികളിൽ ഒന്നായ ശ്രീമദ് ഭഗവദ് ഗീത രചിക്കപ്പെട്ടത് കൃഷ്ണാർജ്ജുന സംവാദത്തെ സഞ്ജയൻ ധൃതരാഷ്ട്രർക്ക് വിവരിച്ചു കൊടുക്കുന്ന രീതിയിലാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ ജീവിച്ച മനുഷ്യരെ ഗുണപരമായി സ്വാധീനിക്കുവാൻ ഭഗവദ് ഗീതയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധിയും ബാലഗംഗാധര തിലകനും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ജനങ്ങളെ അണിനിരത്തുന്നതിനായി ഗീതയെ വ്യാഖ്യാനിച്ചു. അരവിന്ദഘോഷ് ഗീതയുടെ പഠനത്തിനായി സ്വാതന്ത്ര്യസമരത്തെ ഉപേക്ഷിച്ചു. തികച്ചും വ്യത്യസ്തമായ ഗീതാ വ്യാഖ്യാനങ്ങൾ വ്യത്യസ്തമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായാണ് നിർവഹിക്കപ്പെട്ടത്. അദ്വൈതവാദിയായ ശങ്കരനും വൈഷ്ണവാചാര്യനായിരുന്ന രാമാനുജനും പതിമൂന്നാം നൂറ്റാണ്ടിലെ മറാത്തി പരിഷ്കർത്താവായിരുന്ന ജ്ഞാനേശ്വരനും തങ്ങളുടെ ദർശനം കെട്ടിപ്പടുത്തത് ഗീതയെ വ്യാഖ്യാനിച്ചുകൊണ്ടാണ്. വ്യാഖ്യാനങ്ങളുടെ വൈവിധ്യം സൂചിപ്പിക്കുന്നത് ഈ ക്ലാസിക് കൃതിയുടെ കാലത്തെ അതിജീവിക്കുവാനുള്ള സർഗാത്മക ശേഷിയാണ്. കർമത്തെയും കർമഫലത്തെയും സംബന്ധിക്കുന്ന ഗീതാ വചനങ്ങൾ സുവിദിതമാണല്ലോ. വായിക്കപ്പെടാനും പുനർവായിക്കപ്പെടാനും സാധ്യതയുള്ള ഈ കൃതിയുടെ വ്യത്യസ്തമായ ഒരു വ്യാഖ്യാനമാണ് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നിങ്ങൾക്കുവേണ്ടി സമർപ്പിക്കുന്നത്.

പ്രഭാഷകനും വേദാന്തപണ്ഡിതനുമായ ശ്രീ.ജി. ബാലകൃഷ്ണൻ നായർ നിർവഹിച്ച ശിവാരവിന്ദം മഹാഭാഷ്യം മലയാളഭാഷയിലെ ശ്രദ്ധേയമായ ഗീതാവ്യാഖ്യാനമാണ്. ഭഗവദ് ഗീതയുടെ ശാങ്കരഭാഷ്യത്തെ അടിസ്ഥാനമാക്കി രചിക്കപ്പെട്ട ഈ വ്യാഖ്യാനം ആത്മീയതയുടെ ഉയർന്ന വായനാനുഭവം നൽകുന്നു. അഖണ്ഡവും നിശ്ചലവും ആനന്ദരൂപവുമായ ബോധത്തെ നിലനിൽപ്പിന്റെ പരമസത്യമായി കാണുന്ന താത്വിക പാരമ്പര്യത്തിന്റെ തുടർച്ചയാണ് ഈ വ്യാഖ്യാനം. വ്യത്യസ്തമായ താത്വിക വീക്ഷണങ്ങളുമായി തർക്കിച്ചും സംവദിച്ചുമാണ് ഗ്രന്ഥകാരൻ മുന്നോട്ടുപോകുന്നത്. ഗീതയെ വർഗീയവൽക്കരിക്കുവാനും ജാതി വ്യവസ്ഥയെ ന്യായീകരിക്കുവാനുമുള്ള വർത്തമാനകാല പ്രവണതകളെ ഗ്രന്ഥകാരൻ വിമർശിച്ചു തള്ളുന്നു.

digitized by www.sreyas.in

വ്യക്തിക്ക് കൂടുതൽ ഉന്നതമായ മോക്ഷാനുഭവം സാക്ഷാൽക്കരിക്കുവാനും ജീവിതത്തിലെ വൈരുധ്യങ്ങളെ മറികടക്കുവാനുമുള്ള ഉപാധിയായാണ് ഭഗവദ് ഗീതയെ വ്യാഖ്യാതാവ് പരിചയപ്പെടുത്തുന്നത്. ഇതിനകം മൂന്നു പതിപ്പുകൾ പിന്നിട്ടുകഴിഞ്ഞ ഈ ഗീതാവ്യാഖ്യാനത്തിന്റെ പരിഷ്കരിച്ച നാലാം പതിപ്പാണ് വായനക്കാരുടെ പ്രതികരണത്തിനായി ഞങ്ങൾ അവതരിപ്പിക്കുന്നത്.

തിരുവനന്തപുരം — ഡോ. പി. കെ. പോക്കർ

ഡിസംബർ 2006 — സി. അശോകൻ

digitized by www.sreyas.in

# മുൻ പതിപ്പിന്റെ ആമുഖം

വിവിധ ദർശനങ്ങളെക്കുറിച്ചുള്ള ആധികാരിക ഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയുടെ ഭാഗമായാണ് ശ്രീമദ് ഭഗവദ്ഗീത ശിവാരവിന്ദം മഹാഭാഷ്യം പ്രസിദ്ധീകരിച്ചത്. 'ദർശനമാല' എന്ന ഈ ഗ്രന്ഥാവലിയിൽപ്പെടുത്തി ഇസ്ലാമിക ദർശനം, ക്രിസ്തുദർശനം, ദശോപനിഷത്തുകൾ, ബ്രഹ്മസൂത്രം എന്നിങ്ങനെ ഏതാനും ഗ്രന്ഥങ്ങൾകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭഗവദ്ഗീതയുടെ ശാങ്കരഭാഷ്യത്തെ അടിസ്ഥാനമാക്കിയാണ് ഈ വ്യാഖ്യാനം തയ്യാറാക്കിയിരിക്കുന്നത്. പലയിടത്തും അതിൽനിന്ന് വ്യതിചലിച്ചിട്ടുമുണ്ട്. നിരവധി മലയാള വ്യാഖ്യാനങ്ങൾ ഗദ്യത്തിലും പദ്യത്തിലും ഭഗവദ്ഗീതക്കുണ്ട്. എങ്കിലും സംശയങ്ങൾക്കിടവരാത്ത രീതിയിൽ വിശദമായ ചർച്ച ഉൾക്കൊള്ളുന്ന മറ്റൊരു ഭാഷ്യം ഇത്തരത്തിലില്ല.

ഭാഷ്യകാരൻ, പ്രഭാഷകൻ, അധ്യാപകൻ എന്നീ നിലകളിൽ കേരളത്തിൽ പരക്കെ അറിയപ്പെടുന്ന ആളാണ് പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ. ശിവാരവിന്ദം ഭാഷ്യം 1977-ൽ അദ്ദേഹം സ്വന്തമായി അച്ചടിപ്പിച്ച് വിതരണം ചെയ്തിരുന്നു. പണ്ഡിതന്മാരെല്ലാം അന്ന് ഭാഷ്യത്തെ മുക്തകണ്ഠം പുകഴ്ത്തിയിരുന്നു. അതിൽ ചില മാറ്റങ്ങൾ വരുത്തി പരിഷ്കരിച്ചതാണ് ഈ കൃതി. വേദാന്ത വിദ്യാർഥികളെയും സംസ്കൃത-മലയാള ഭാഷകളിൽ ഉപരിപഠനം നടത്തുന്ന വിദ്യാർഥികളെയും മുന്നിൽ കണ്ടുകൊണ്ടാണ് ഈ ഭാഷ്യം പ്രസിദ്ധീകരിക്കുന്നത്. എങ്കിലും, ഇത് ഭഗവദ്ഗീതാ തത്വങ്ങളെക്കുറിച്ചറിയാൻ ആഗ്രഹിക്കുന്ന എല്ലാ മലയാളികളുടെയും ഭാഷ്യമായിത്തീരും എന്നതിൽ ഞങ്ങൾക്ക് സംശയമില്ല.

ഇതിന്റെ ഒന്നാം പതിപ്പിന്റെ പ്രസാധനത്തിന് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തകർക്കു പുറമെ മറ്റു ചിലരും ഞങ്ങളെ സഹായിച്ചിട്ടുണ്ട്. പദ്യങ്ങളും അർഥങ്ങളും പരിശോധിച്ചു തന്നത് സംസ്കൃത സർവകലാശാലാ ഡീൻ ആയി പ്രവർത്തിച്ചിരുന്ന പ്രൊഫ. ആർ. വാസുദേവൻ പോറ്റിയാണ്. ഭാഷ്യം പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ളയും പരിശോധിച്ചിട്ടുണ്ട്. ആദ്യ പതിപ്പിന്റെ പ്രൂഫ് പരിശോധനയിലും പ്രസിദ്ധീകരണത്തിന്റെ മറ്റു ഘട്ടങ്ങളിലും മലയാളം ലക്സിക്കനിലെ ശ്രീ. പി. പി. സൗഹൃദനും വ്യാഖ്യാതാവും വളരെയേറെ സഹായിച്ചു. അന്നു രോഗശയ്യയിലായിരുന്നിട്ടു കൂടി ഈ സമാരംഭത്തെ അഭിനന്ദിച്ചുകൊണ്ട് ഏതാനും വരികൾ അവതാരികയായി എഴുതിത്തന്ന അന്തരിച്ച അഭിവന്ദ്യനായ ശ്രീ. ശൂരനാട്ട് കുഞ്ഞൻപിള്ള അവർകളോടും ഞങ്ങൾ അത്യന്തം കടപ്പെട്ടിരിക്കുന്നു. ഇതിനകം പതിനായിരത്തിലധികം കോപ്പികൾ ചെലവായ ഈ ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്.

ഇതിൽ ഉണ്ടായേക്കാവുന്ന പിഴവുകൾ ചൂണ്ടിക്കാണിക്കുകയും പരിഷ്കരണങ്ങൾ നിർദേശിക്കുകയും ചെയ്യുന്നത് അടുത്ത പതിപ്പ് കൂടുതൽ മെച്ചപ്പെട്ടതാക്കുവാൻ ഞങ്ങളെ സഹായിക്കും.

ഡോ. എൻ. വി. പി. ഉണിത്തിരി

digitized by www.sreyas.in



പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ (ജനനം : 1923 ഫെബ്രുവരി 5)
സ്വദേശം : പേരൂർക്കട, തിരുവനന്തപുരം.
പിതാവ് : ഗോവിന്ദപ്പിള്ള, മാതാവ് : ഗൗരിയമ്മ.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, തിരുവനന്തപുരം സംസ്കൃത കോളേജ്, തിരുവനന്തപുരം വിമൻസ് കോളേജ് എന്നിവിടങ്ങളിൽ ലക്ചററായും പ്രൊഫസറായും ജോലി നോക്കി. എം.എ. (മലയാളം); എം. എ. (സംസ്കൃതം); എം. എ. (ഹിന്ദി) ബിരുദങ്ങൾ.

1978-ൽ ഉദ്യോഗത്തിൽ നിന്നും വിരമിച്ചു.

കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെയായി ഭഗവദ്ഗീത, ഭാഗവതം, ജ്ഞാനവാസിഷ്ടം, ഉപനിഷത്തുകൾ തുടങ്ങിയ ഗ്രന്ഥങ്ങളെ ആസ്പദമാക്കി നിരന്തരം പ്രഭാഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. വേദാന്ത തത്വശാസ്ത്രത്തിലെ അപാര പണ്ഡിതനും വാഗ്മിയുമായ ശ്രീ. ബാലകൃഷ്ണൻ നായരുടെ പ്രഭാഷണങ്ങൾ ശ്രോതാക്കൾക്ക് അനന്യലഭ്യമായ അനുഭവം പകരുന്ന ആത്മീയവെളിച്ചമാണ്. ഇപ്പോൾ അദ്ദേഹം പാൽക്കുളങ്ങരയിലെ സ്വവസതിയിൽ ഋഷിതുല്യമായ ജീവിതം നയിക്കുന്നു.

വിലാസം : ശിവാരവിന്ദം, പാൽക്കുളങ്ങര, തിരുവനന്തപുരം - 24

***മുഖ്യ കൃതികൾ***

ശ്രീമദ് ഭഗവദ്ഗീത, ശിവാരവിന്ദം മഹാഭാഷ്യം
ശ്രീനാരായണഗുരുദേവ കൃതികൾ സമ്പൂർണ വ്യാഖ്യാനം (2 വാല്യങ്ങൾ)
വേദാന്തദർശനം I
വേദാന്തദർശനം II
വേദാന്തദർശനം III
ഭാഷ്യപ്രദീപം
പ്രൗഢാനുഭൂതി
രണ്ട് മലയാള മാമറകൾ
രണ്ട് വിദ്യാരണ്യ കൃതികൾ
വാസിഷ്ഠസുധ
ഭാഗവതഹൃദയം

digitized by www.sreyas.in

# ഉള്ളടക്കം


ഗീതയും ഭാഷ്യവും ........ xi
ഗീതാമൃതം ........ xix
ഗീതാധ്യാനം ........ xxxvii
1. അർജുന വിഷാദയോഗം ........ 1
2. സാംഖ്യയോഗം ........ 43
3. കർമയോഗം ........ 134
4. ജ്ഞാനകർമസന്യാസയോഗം ........ 191
5. കർമസന്യാസയോഗം ........ 242
6. ധ്യാനയോഗം ........ 274
7. ജ്ഞാനവിജ്ഞാനയോഗം ........ 330
8. അക്ഷരബ്രഹ്മയോഗം ........ 370
9. രാജവിദ്യാ രാജഗുഹ്യയോഗം ........ 410
10. വിഭൂതിയോഗം ........ 457
11. വിശ്വരൂപദർശനയോഗം ........ 505
12. ഭക്തിയോഗം ........ 562
13. ക്ഷേത്രക്ഷേത്രജ്ഞയോഗം ........ 588
14. ഗുണത്രയവിഭാഗയോഗം ........ 645
15. പുരുഷോത്തമയോഗം ........ 681
16. ദൈവാസുര സമ്പദ്വിഭാഗയോഗം ........ 712
17. ശ്രദ്ധാത്രയ വിഭാഗയോഗം ........ 739
18. മോക്ഷ സന്യാസയോഗം ........ 774


**അനുബന്ധങ്ങൾ**


1. ഗീതാമഹാത്മ്യം ........ 857
2. ശ്ലോകാനുക്രമണിക ........ 864
3. സാങ്കേതിക പദസൂചി ........ 875


digitized by www.sreyas.in

## ഏകശ്ലോകീഗീത

*യത്ര യോഗേശ്വരഃ കൃഷ്ണോ യത്ര പാർഥോ ധനുർധരഃ*
*തത്ര ശ്രീർവിജയോ ഭൂതിർധ്രുവാനീതിർമതിർമമ*

പ്രപഞ്ചാനുഭവത്തിനു മുഴുവൻ ആശ്രയമായ ഈശ്വരനോടൊപ്പം വില്ലേന്തിയ കുന്തീപുത്രൻ എവിടെയുണ്ടോ അവിടെ ആത്മതേജസ്സും ജയവും ഭൗതികൈശ്വര്യവും ഉണ്ടായിരിക്കും. ഈ നിയമം അചഞ്ചലമാണ്. ഇതാണെന്റെ ദൃഢമായ അഭിപ്രായം.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

digitized by www.sreyas.in

# ഗീതയും ഭാഷ്യവും

വിശ്വോത്തര പാവനകൃതിയായ ശ്രീമദ് ഭഗവദ് ഗീതയുടെ വിസ്തൃത വ്യാഖ്യാനമായ 'ശിവാരവിന്ദം' ഭാഷ്യം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുനഃപ്രകാശനം ചെയ്യുന്ന പുണ്യകർമത്തിന് മംഗളം നേരുകയാണ് ഈ കുറിപ്പിന്റെ ലക്ഷ്യം.

വിലപ്പെട്ട ഈ ഭാഷ്യം പ്രശസ്ത പണ്ഡിതനും വ്യാഖ്യാനരംഗത്ത് പ്രതിഷ്ഠനേടിയ മാന്യനുമായ പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ 1977-ൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതാണ്. ആയിടയ്ക്ക് വ്യാഖ്യാതാവ് എനിക്കു സമ്മാനിച്ച പ്രതി പൂജാദ്രവ്യമായി ഞാൻ സൂക്ഷിക്കുന്നു.

തിരുവനന്തപുരം സംസ്കൃത കോളേജിലും മറ്റും പ്രൊഫസറായി ജോലി നോക്കിയിരുന്ന ശ്രീ. നായർ ആ നിലയ്ക്കു മാത്രമല്ല സ്വകാര്യ പഠനം കൊണ്ടും വിജ്ഞാനം പോഷിപ്പിച്ചിട്ടുള്ള സാഹിത്യകാരനാണ്. താൻ നേടിയ വിജ്ഞാന സമ്പത്ത് ബഹുജനങ്ങൾക്കു വിതരണം ചെയ്യുന്നതിനുള്ള ഉപായങ്ങളാണ് അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും പ്രസിദ്ധീകരണങ്ങളും. മൂന്നു ദശാബ്ദത്തിലേറെയായി ശ്രീ. നായർ നടത്തിവരുന്ന സായന്തന പ്രഭാഷണം തിരുവനന്തപുരം നഗരാന്തരീക്ഷത്തെ പരിശുദ്ധമാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ മിക്കവാറും വേദാന്തം സംബന്ധിച്ചവയാണ്. അർഥം വ്യക്തമാക്കാനും പ്രസക്ത വിഷയങ്ങൾ ചൂണ്ടിക്കാട്ടി ജിജ്ഞാസ ശമിപ്പിക്കാനും അദ്ദേഹത്തിനു പ്രാഗൽഭ്യം ഉണ്ട്.

ശ്രീ. നായരുടെ വ്യാഖ്യാനകൃതികളിൽ സർവ്വോത്തമമെന്നു നിസ്സംശയം പ്രസ്താവിക്കാവുന്ന പ്രകൃത 'ശിവാരവിന്ദം' ഭാഷ്യത്തിൽ വ്യാഖ്യാതാവിന്റെ കഴിവ് അത്യുച്ചത്തിൽ സമുല്ലസിക്കുന്നു. ശിവാരവിന്ദത്തിന്റെ രചനാ സന്ദർഭം കൂടി ഇതിന്റെ ഗുണോൽക്കർഷത്തിനു കാരണമായി തീർന്നിരിക്കാം.

ഈ ഭാഷ്യം പ്രഭാപൂർണമാക്കുന്ന ഗീതയെപ്പറ്റി രണ്ടുവാക്ക്. ജീവിത വിജയവും പരമശാന്തിയും പ്രദാനം ചെയ്യുന്ന ദിവ്യമന്ത്രമാണ് ഗീത. അതിന്റെ സ്വഭാവവും സ്വരൂപവും എന്തെന്നു നോക്കാം.

ഗീത ഒരു സ്വതന്ത്രകൃതി അല്ല. അതു മഹത്തായ ഒരു കൃതിയുടെ ഒരു സന്ദർഭം മാത്രമാണ്. എങ്കിലും അത് ഏത് അർഥത്തിലും മഹത്തായ ഒരു വാങ്മയം തന്നെ.

digitized by www.sreyas.in

നിസ്തുല ഇതിഹാസമായ മഹാഭാരത ഹിമഗിരിയിലെ ഗൗരീശങ്കര ശൃംഗമാണ് ഗീത. പതിനെട്ടു പർവങ്ങളും രണ്ടായിരം അധ്യായങ്ങളും ഒരുലക്ഷം ശ്ലോകങ്ങളും ഉൾക്കൊള്ളുന്ന മഹാഭാരതത്തിൽ ഭീഷ്മപർവത്തിൽ പതിനെട്ട് അധ്യായങ്ങൾ മാത്രമാണ് ഗീത. കൃഷ്ണാർജുന സംവാദരൂപത്തിൽ ഘടിപ്പിച്ചിട്ടുള്ളതാണ് ആ ഭാഗം.

ചന്ദ്രവംശത്തിൽപ്പെട്ട രണ്ടു ഭാഗക്കാരുടെ, ധൃതരാഷ്ട്രപുത്രന്മാരായ ദുര്യോധനാദികളുടെയും പാണ്ഡുപുത്രരായ പാണ്ഡവൻമാരുടെയും കഥയാണ് കൃഷ്ണ ദ്വൈപായനൻ എന്ന വേദവ്യാസ മഹർഷി മഹാഭാരതത്തിൽ വർണിച്ചിരിക്കുന്നത്.

. അവർ രാജ്യാവകാശത്തിനു മത്സരിച്ചതും കുരുക്ഷേത്രയുദ്ധഭൂമിയിൽ യുദ്ധം ചെയ്തതും ദുര്യോധനാദികളെ കൊന്നൊടുക്കി പാണ്ഡവന്മാർ വിജയം നേടിയതും സുപ്രസിദ്ധമാണല്ലോ.

യുദ്ധാരംഭത്തിനു മുമ്പാണ് ഗീതയുടെ സന്ദർഭം.

പാണ്ഡവരിൽ പ്രധാന യുദ്ധവീരനായ അർജുനന് യുദ്ധക്കളത്തിൽവച്ചു മനസ്സു തളർന്നു. അർജുനന്റെ തേർ തെളിച്ചത് ശ്രീകൃഷ്ണ ഭഗവാൻ ആയിരുന്നു.

സൈന്യങ്ങളെ നോക്കിക്കാണാൻ സൗകര്യമായ സ്ഥലത്തു തേർ നിറുത്തിയപ്പോൾ കൊല്ലേണ്ടത് ബന്ധുക്കളെയും ഗുരുക്കന്മാരെയും ആണെന്ന് ഓർത്തു പതറി, യുദ്ധം വയ്യ, പിച്ചയും തെണ്ടി കഴിഞ്ഞുകൊള്ളാം എന്നു പറഞ്ഞ് അർജുനൻ വില്ലു താഴെ ഇട്ടു.

കൃഷ്ണനു ചിരി വന്നു. (എന്തെല്ലാം ദുരിതാനുഭവങ്ങളും സമാധാന ചർച്ചകളും അനുരഞ്ജനശ്രമങ്ങളും കഴിഞ്ഞിട്ടാണ് യുദ്ധത്തിന് ഒരുങ്ങിയത്. അസ്ഥാനത്തും അനവസരത്തിലും ഉള്ള വികാരക്ഷോഭം)

ഈ ഭീരുത്വം ഒരു യോദ്ധാവിനു യോജിച്ചതല്ല. ഇത് ദുഷ്കീർത്തികരമാണ് എന്നു കൃഷ്ണൻ ഓർമിപ്പിച്ചു.

എന്തു ചെയ്യണമെന്നറിയാതെ അർജുനൻ വിനീതശിഷ്യനെപ്പോലെ കൃഷ്ണനോട് ഉപദേശം യാചിച്ചു.

ഇതിന് ആദ്യം ചുരുക്കമായും പിന്നെ ഓരോ സംശയം പരിഹരിക്കാൻ വിസ്തരിച്ചും കൃഷ്ണഭഗവാൻ പരമാത്മാവിന്റെ സ്വരത്തിൽ അരുളിച്ചെയ്ത രഹസ്യതത്വങ്ങളാണ് ഗീതാരൂപത്തിൽ വ്യാസൻ ഗ്രഥിച്ചിരിക്കുന്നത്. ജീവിത സത്യം മനസ്സിലാക്കിക്കൊടുത്താൽ അർജുനന്റെ ഹൃദയദൗർബല്യം മാറ്റാമെന്നു കണ്ടെത്തി ജീവിത-മരണ പരമാർഥ സത്യത്തെ ഉപപാദിച്ചുകൊണ്ടാ

digitized by www.sreyas.in

യിരുന്നു തുടക്കം. യുദ്ധത്തിൽ നേരിടുന്നവരെ കൊല്ലേണ്ടിവരുമെന്നു ഭയപ്പെടുന്നത് പരമാർഥബോധം ഇല്ലാത്തതുകൊണ്ടാണ്. ആത്മാവ് നാശം ഇല്ലാത്തതാണ്. ആത്മാവിനെ അമ്പുകൊണ്ടോ മറ്റ് എന്ത് ആയുധംകൊണ്ടോ പിളർക്കാനോ നശിപ്പിക്കാനോ സാധ്യമല്ല.

മനുഷ്യശരീരം നശിക്കുന്നതാണ്. (യുദ്ധം വേണ്ടെന്നുവച്ചാലും ശരീരം നശിക്കാതെ ഇരിക്കുകയില്ലെന്നു ഭാവം). ബാല്യവും യൗവനവും പോലെ വാർധക്യവും മരണവും പ്രകൃതി നിയമമാണ്.

മരണത്തിൽ ശരീരം നശിക്കുമെങ്കിലും ആത്മാവ് നശിക്കുകയില്ല. പഴയ വസ്ത്രം മാറ്റി പുതിയ വസ്ത്രം ധരിക്കുന്നതുപോലെ മരണത്തോടെ ജീവാത്മാവ് പഴയ ശരീരം ഉപേക്ഷിച്ച് പുതിയ ശരീരം കൈക്കൊള്ളുന്നു എന്നു മാത്രം.

ആത്മാവ് ഒന്നേ ഉള്ളൂ. അതിന് ഉൽപ്പത്തിയും നാശവും ഇല്ല. ഒന്നു മാത്രമായ ആത്മാവിനെ കൊല്ലിക്കാനും കൊല്ലാനും വേറെ ആരുണ്ട്?

അർജുനന് ആ തത്വം ബോധ്യമായില്ലെങ്കിൽ വേറെ ഒരു സാമാന്യ യുക്തി പറയാം എന്നു ഭഗവാൻ നിശ്ചയിച്ചു. 'ജനിച്ചവർ എല്ലാം മരിക്കും. മരിച്ചവർ പിന്നെ ജനിക്കും. മാറ്റമില്ലാത്ത നിയമമാണ് ഇത്. അതിൽ ദുഃഖിച്ചിട്ട് എന്തുഫലം?'

ഇനി സാമാന്യ അനുഭവം വച്ചു നോക്കിയാലും ദുഃഖിക്കാൻ കാര്യമില്ല. ഒന്നിന്റെയും ആദ്യവും അന്തവും നമുക്കറിയില്ല. ഇപ്പോൾ കാണുന്നുവെന്നു മാത്രമല്ലേ ഉള്ളൂ.

ഇനി പരമാർഥം ആലോചിച്ചാൽ ഒന്നിനെപ്പറ്റിയും ദുഃഖിക്കാൻ കാര്യമില്ലെന്നും കാണാം. എല്ലാവരുടെയും ഉള്ളിലുള്ള ആത്മാവ് നാശരഹിതമാണ്, അവധ്യനുമാണ്. അതുകൊണ്ട് ശോകമേ വേണ്ട. ധാർമിക യുദ്ധം ക്ഷത്രിയ ധർമമാണ്. അതിൽനിന്ന് പിന്തിരിയുന്നത് ഭീരുത്വവും ദുഷ്കീർത്തികരവുമാണ്.

നീ ധൈര്യമായി എഴുന്നേറ്റു യുദ്ധം ചെയ്യുക. യുദ്ധത്തിൽ നീ കൊല്ലപ്പെട്ടാൽ നിനക്കു വീരസ്വർഗം പ്രാപിക്കാം. നീ ജയിച്ചാൽ നിനക്കു രാജ്യം ഭരിക്കാം.

സുഖവും ദുഃഖവും ജയവും തോൽവിയും ലാഭവും നഷ്ടവും എല്ലാം തുല്യമായി കണ്ടുകൊണ്ട് യുദ്ധം ചെയ്യുക. അതിൽനിന്ന് ഒരു പാപവും സംഭവിക്കുകയില്ല.

ഇതുവരെ സാംഖ്യബുദ്ധി (ജ്ഞാനമാർഗം) ആണ് പറഞ്ഞത്. പിന്നെ ഭഗവാൻ യോഗബുദ്ധി (കർമയോഗം) ഉപദേശിച്ചു. അതും ബന്ധംകൂടാതെ

digitized by www.sreyas.in

കർമാനുഷ്ഠാനത്തിനുള്ള മാർഗമാണ് (പാപം കൂടാതെ യുദ്ധം ചെയ്യാമെന്നു സൂചന).

പ്രവർത്തിക്കാനാണ് ഒരാൾക്കുള്ള അധികാരം. ഫലകാംക്ഷ അരുത് (അതു താനേ വന്നുചേരേണ്ടതാണ്. ഫലകാംക്ഷ സ്വാർഥതയിലേക്കും ബന്ധത്തിലേക്കും നയിക്കാം).

പ്രവർത്തിക്കാതെ അലസനായി കഴിഞ്ഞുകൂടുകയും അരുത്. പ്രവൃത്തി ചെയ്യുന്നത് യോഗനിഷ്ഠയോടെ വേണം. മനസ്സിന്റെ സമനിലതന്നെയാണു യോഗം. ലാഭനഷ്ടത്തിൽ മനസ്സു പതറരുത്.

സമത്വബുദ്ധിയുള്ള വ്യക്തി (ബുദ്ധിയുക്തൻ) സുകൃത ദുഷ്കൃത ചിന്തയോടെയല്ല പ്രവർത്തിക്കുന്നത്. യോഗനിഷ്ഠയോടുകൂടിയുള്ള പ്രവർത്തനം മാത്രമാണ് അത്തരത്തിലുള്ള വ്യക്തിക്കു ലക്ഷ്യം.

സമത്വബുദ്ധിയോടുകൂടി പ്രവൃത്തി ചെയ്യുന്ന കർമയോഗി ഫലാപേക്ഷ കൂടാതെ ആജന്മമുക്തനായി പരമപദം പ്രാപിക്കും.

അങ്ങനെ ജ്ഞാനമാർഗംകൊണ്ട് ആയാലും കർമയോഗംകൊണ്ട് ആയാലും ഈശ്വരബുദ്ധിയോടെ (സമത്വബുദ്ധിയോടെ ഈശ്വരാർപ്പണമായി) പാപശങ്ക കുടാതെ സ്വധർമം അനുഷ്ഠിക്കേണ്ടതാണെന്ന് പ്രേരിപ്പിക്കുകയാണ് ഭഗവാൻ ചെയ്തത്.

തുടർന്ന് കർമയോഗം, ജ്ഞാനയോഗം, ധ്യാനയോഗം, ജ്ഞാനവിജ്ഞാനയോഗം, അക്ഷരബ്രഹ്മം, രാജവിദ്യ, ബ്രഹ്മവിദ്യ, വിഭൂതിയോഗം, വിശ്വരൂപദർശനയോഗം, ഭക്തിയോഗം, ക്ഷേത്രക്ഷേത്രവിഭാഗയോഗം, ഗുണത്രയവിഭാഗം, പുരുഷോത്തമയോഗം, ദൈവാസുര സമ്പദ്വിഭാഗം, ശ്രദ്ധാത്രയവിഭാഗം, സന്യാസയോഗം എന്നീ വിഷയങ്ങളെപ്പറ്റി ആധ്യാത്മിക തത്വങ്ങളും പ്രപഞ്ചരഹസ്യങ്ങളും വിവരിച്ച് അർജുനനെ കർമധീരനാക്കി ജീവിതത്തെ പരിപൂർണവും പരിപാവനവും ആക്കി പരമപദത്തിലേക്കു നയിക്കുന്ന ദിവ്യമന്ത്രമാണ് ഇത്.

ജീവിത വിജയത്തിനും ആധ്യാത്മിക ബോധത്തിനും പ്രേരണ നൽകുന്ന ഈ കൃതി വിശ്വസാഹിത്യത്തിൽ നിസ്തുലമായി നിലകൊള്ളുന്നു. അൽഭുതങ്ങളിൽ അൽഭുതം, ലൗകിക ചിന്തയുടെ താഴ്വരയിൽ നിന്ന് ഭഗവാൻ ആധ്യാത്മിക ചിന്തയുടെ ഗിരിശൃംഗത്തിലേക്ക് ആരോഹണം ചെയ്യുന്നതാണ്. യുദ്ധം ചെയ്യാൻ ആദ്യത്തെ പ്രേരണ എന്തെന്ന ബോധ്യം, മൃതിപ്പെട്ടാൽ സ്വർഗം. ജയിച്ചാൽ രാജ്യാധികാരം. ഭീരുവായി പിന്തിരിഞ്ഞാൽ പിച്ചതെണ്ടി കഴിയേണ്ടിവരും. ജയിച്ച് രാജ്യാധികാരത്തിലേക്കുയരാൻ പ്രേരണ നൽകുന്നത് ലൗകികലക്ഷ്യം ആണല്ലോ.

digitized by www.sreyas.in

സ്ഥിതപ്രജ്ഞ ലക്ഷണവും, നിഷ്കാമ കർമവും, ലോക സംഗ്രഹ ജീവിത ലക്ഷ്യവും, സർവസമത്വഭാവവും, സർവഭൂതഹിതേരതിയും പ്രപഞ്ച സ്നേഹസംഗീതമാണു മുഴക്കുന്നത്. മനുഷ്യനെ ഹീനതയിലേക്കു താഴ്ത്തുന്ന കാമക്രോധ ലോഭമോഹ പരിവർജനവും ലോഷ്ടാശ്മ കാഞ്ചന സമദർശനവും ജീവിതശുദ്ധിയുടെ ഭാവവിലാസമാണ്. ഗീതയിലെ ശ്രീകൃഷ്ണൻ സമത്വം നിഷേധിക്കുന്നില്ലെന്നു മാത്രമല്ല എല്ലാവർക്കും സമത്വം നൽകണമെന്നു വ്യക്തമായി കരുതുന്നു.

*വിദ്യാ വിനയ സമ്പന്നേ ബ്രാഹ്മണേ ഗവിഹസ്തിനി*
*ശുനിചൈവശ്വപാകേ ച പണ്ഡിതാഃ സമദർശിനഃ* 5–18

ശ്വാവിനോടും ശ്വപാകനോടും കാണിക്കുന്ന സമദർശനമഹത്വം ആരു നിഷേധിക്കും? ശീതോഷ്ണഭേദങ്ങളിലും കടന്നുചെല്ലുന്ന ഒരു സമത്വദർശനം മനഃസംസ്കാരത്തിന്റെ പരമോദാത്തഭാവമാണ്.

*അദ്വേഷ്ടാ സർവഭൂതാനാം മൈത്രഃ കരുണ ഏവ ച*
*നിർമമോ നിരഹങ്കാരഃ സമുദുഃഖ സുഖഃ ക്ഷമീ.* 12–13

ഉപനിഷത്തുകളുടെ സാരസർവസ്വമായ ഗീതയിലെ സർവപ്രധാനമായ തത്വം പരബ്രഹ്മമാണല്ലോ. അവ്യക്ത രൂപത്തിൽ പ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കുന്നതാണ് ആ തത്വം. *മയാതതമിദം സർവം ജഗദവ്യക്ത മൂർത്തിന (9–4) മയിപ്രോതമിദം സർവം സൂത്രേ മണിഗണാ ഇവ (7–7).* ചരടിൽ മുത്തുമണികൾ എന്നപോലെ എന്നിൽ കോർത്തിണക്കിയിരിക്കുന്നു പ്രപഞ്ചത്തിലെ സകലതും. ദൈവമെന്നും ഈശ്വരനെന്നും ബ്രഹ്മമെന്നും പരമാത്മാവെന്നും മറ്റു പേരുകളിൽ അറിയുന്ന സർവാധാര തത്വത്തെ ഗീതയിൽ അവതാര മൂർത്തിയായ ഭഗവാൻ ഇങ്ങനെ അർജുനനെ സാക്ഷാൽക്കരിച്ച് അനുഭവിപ്പിച്ചു.

കൃഷ്ണൻ സ്വയം പരമാത്മാവായി പ്രഖ്യാപിച്ചുകൊണ്ടും വിശ്വരൂപവിലാസം പ്രത്യക്ഷമാക്കിയും യാഥാർഥ്യത്തെക്കുറിച്ച് ഉപദേശം നൽകുന്നതാണ് ഗീതയിലെ വിശേഷമഹത്വം. താനാണ് പ്രപഞ്ചസ്രഷ്ടാവെന്നും രക്ഷകനെന്നും ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട്. *നമേ പാർഥാസ്തി കർത്തവ്യം (3–22).* പരമാത്മാവിനു കർത്തവ്യമായി ഒന്നുമില്ലെങ്കിലും എപ്പോഴും ലോകരക്ഷക്കായി പ്രവർത്തനനിരതമാണെന്നു പ്രസ്താവിച്ചിട്ടുണ്ട്.

ധർമത്തിന് ഇടിവും അധർമത്തിനു തഴപ്പും സംഭവിക്കുമ്പോഴൊക്കെ ദുഷ്ടരെ നശിപ്പിച്ച് ശിഷ്ട രക്ഷ ചെയ്യാൻ പരമാത്മാവ് അവതാരം കൈക്കൊള്ളുമെന്ന് പറഞ്ഞിരിക്കുന്ന സന്ദർഭം ലോകത്തിനു നിത്യാശ്വാസകരമാണ്.

digitized by www.sreyas.in

*യദായദാഹി ധർമസ്യ (4-7).* ലോകത്തിന്റെ ഭദ്രമായ നിലനിൽപ്പ് ഈശ്വരാനുഗ്രഹം കൊണ്ടാണ്. ലോകസംഗ്രഹമായിരിക്കണം ആരുടെയും ലക്ഷ്യം എന്നും ഗീത അനുശാസിക്കുന്നു.

ബ്രഹ്മസാക്ഷാൽക്കാരമാണ് മനുഷ്യന്റെ പരമലക്ഷ്യം. അതിലേക്കു വേണ്ട അനുഷ്ഠാനങ്ങളും ധ്യാനങ്ങളും എല്ലാം ഗീതയിൽ വിവരിക്കുന്നുണ്ട്. പരബ്രഹ്മത്തെ ആശ്രയിച്ചാൽ പാപമോചനവും പരമപദപ്രാപ്തിയും സിദ്ധിക്കും. ഭക്തിഭാവന ഇതിൽ നിന്നു രൂപംകൊണ്ടതാണ്.

അവസാനമായി ഒരു ചോദ്യംകൂടി ഉള്ളിൽ പൊന്തിവരുന്നു. ജീവിതത്തിനു പാടെ മാറ്റം വന്ന നമ്മുടെ കാലത്തിൽ ഗീതയുടെ പ്രസക്തി എത്രയുണ്ട്?

ഭൗതികമായ ചില സുഖസൗകര്യങ്ങൾ സാങ്കേതികവിദ്യകൊണ്ട് നമുക്ക് കൈവന്നിട്ടുണ്ടെങ്കിലും മനുഷ്യജീവിതത്തിന് ഒരു മാറ്റവും വന്നിട്ടില്ല. ജനനവും മരണവും സുഖവും ദുഃഖവും ഭീതിയും സന്തോഷവും ഒക്കെ അന്നത്തെപ്പോലെ തന്നെയുണ്ട്. പ്രകൃതി നിയമങ്ങളെല്ലാം ഒരു മാറ്റവും കൂടാതെ നടക്കുന്നു. പലതിനെപ്പറ്റിയുമുള്ള വിവരങ്ങൾ നാം നോക്കിക്കണ്ടും ആലോചിച്ചു കണ്ടുപിടിച്ചും മുന്നേറിയിട്ടുണ്ടെങ്കിലും നോക്കാനും കാണാനും വയ്യാത്തതാണ് എന്നത്തെയും പോലെ ഇന്നും മനുഷ്യജീവിതത്തെപ്പറ്റിയുള്ള പരമാർഥങ്ങൾ. എന്തിനു ജനിക്കുന്നു? എന്തിനു മരിക്കുന്നു? എന്നൊക്കെ ചോദിച്ചാൽ പണ്ടത്തെക്കാൾ കൂടുതലായി ഒരു ഉത്തരവും ഇന്നും ആർക്കും പറയാനില്ല. എന്നാൽ ആധ്യാത്മിക ദർശനംകൊണ്ട് ഗീതയിലും മറ്റും പറഞ്ഞിട്ടുള്ള രഹസ്യതത്വങ്ങൾ അന്നും ഇന്നും പരമാശ്വാസമാണ് മനുഷ്യന് നൽകുന്നത്. അതിൽ കൂടുതലായി ഒന്നു ചൂണ്ടിക്കാണിക്കുവാനുണ്ട്. ആധ്യാത്മികതയും നിഗൂഢതയും മാത്രമല്ല ഗീത. അത് ദൈനംദിന ജീവിതത്തിന്റെ ഉറച്ച തറയിൽ നിന്നുകൊണ്ടാണ് സമൂഹ ജീവിതത്തെ നോക്കിക്കണ്ട് ജീവിതാനുഭവങ്ങൾ നിരത്തി വച്ചിരിക്കുന്നത്. അതിൽ ഒന്നിനുപോലും യാതൊരു മാറ്റവും വന്നിട്ടില്ല. ഉള്ളതൊന്നും ഇല്ലാതായിപ്പോകുകയില്ലെന്നും ഇല്ലാത്തതൊന്നും ഉണ്ടായി വരുകയില്ലെന്നും പറഞ്ഞിട്ടുള്ള പരമസത്യത്തിന് എന്തെങ്കിലും മാറ്റം വരുമോ? ലോകത്തിന്റെ നന്മയ്ക്കുവേണ്ടിയായിരിക്കണം നമ്മുടെ പ്രവൃത്തി എന്ന തത്വം ബഹിഷ്കരിക്കാനാകുമോ? നിഷ്കാമകർമത്തെക്കാൾ വലിയ ഒരു സമൂഹസേവനതത്വം ഇന്നുവരെ ഉണ്ടോ? യാതൊരു ഭേദവും കൂടാത്ത ബുദ്ധിയെപ്പറ്റി ഗീത ആദ്യന്തം പറയുന്നു. ആ തത്വം കാലം കഴിയുന്തോറും ലോകത്തിനു കൂടുതൽ അനുഗ്രഹം ചെയ്യുന്ന തത്വമല്ലേ? എണ്ണിയെണ്ണി ഇങ്ങനെ പറയേണ്ട ആവശ്യമില്ല. ഗീത നമ്മുടെ കാലത്തേക്ക് എന്നത്തെയുംപോലെ പ്രസക്തമാണ്. ഇനിയും കാലം കഴിഞ്ഞ് പരിഷ്കാരത്തിന്റെ

digitized by www.sreyas.in

പേരിൽ ലോകം അധപ്പതിക്കുകയാണെങ്കിൽ അന്നു ഗീതയുടെ പ്രസക്തി വർധിക്കുകയേയുള്ളൂ. അല്ല; പരിഷ്കാരം വർധിച്ച് ലോകം കൂടുതൽ നന്മ യിലേക്കുയരുകയാണെങ്കിൽ ഗീതാദർശനം കൂടുതൽ സഫലമായി എന്നതിനു തെളിവാകും. ഏതായാലും പ്രസക്തിവാദം അസ്ഥാനത്താണ്.

*ഉദ്ധരേദാത്മനാത്മാനം*
*നാത്മാനമവസാദയേത്*
*ആത്മൈവഹ്യാത്മനോബന്ധുഃ*
*ആത്മൈവ രിപുരാത്മനഃ* 6–5

ഇതിനേക്കാൾ വിലപിടിപ്പുള്ള ഒരു സന്ദേശം ഈ കാലത്തേക്കുണ്ടോ? അതുകൊണ്ട് ഗിതാമാതാവിന് പ്രണാമമർപ്പിച്ചും ഭഗവാന് സ്തോത്രപൂജ നൽകിയും ഈ ചിന്ത സമാപിപ്പിക്കാം.

ഇത്ര മഹത്തായ ഗീതക്ക് സർവസംശയഛേദിയായ വ്യാഖ്യാനം രചിച്ച് മലയാളികളെ അനുഗ്രഹിച്ച ശ്രീ. ബാലകൃഷ്ണൻ നായർക്ക് ഒന്നുകൂടി അഭി നന്ദനം. സംസ്കൃതത്തിൽ ശ്രീ. ശങ്കരഭഗവദ് പാദർ തുടങ്ങി പലരും ചെയ്തി ട്ടുള്ള വ്യാഖ്യാനങ്ങളും മലയാളത്തിലെ പല വ്യാഖ്യാനങ്ങളും പ്രസക്തമായ ഉപനിഷത്തുക്കളും ഒക്കെ പരിശോധിച്ചിട്ടാണ് ഈ വ്യാഖ്യാനം നിർമിച്ചിട്ടു ള്ളതെന്നു സാമാന്യമായി പറയാം. സാധാരണക്കാർക്കും വേദാന്ത പണ്ഡിത ന്മാർക്കും ഇത് നല്ലൊരു സമ്പാദ്യമായിരിക്കും.

ഇതിന്റെ പ്രകാശനം സാധിക്കുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നല്ലൊരു സേവനം നിർവഹിക്കുന്നതിൽ തികഞ്ഞ അഭിമാനത്തിനു വകയുണ്ട്. ആയി രക്കണക്കിനു നല്ല പ്രസിദ്ധീകരണങ്ങൾകൊണ്ട് ഭാഷയെ ആരാധിച്ച ആ മഹത് സ്ഥാപനം ഈ പ്രസിദ്ധീകരണംകൊണ്ട് വളരെ കൂടുതൽ ബഹുമാനം നേടിയിരിക്കുകയാണ്. ഈ ഗ്രന്ഥത്തിന് വിപുലമായ പ്രചാരവും പ്രശസ്തിയും സിദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സിദ്ധിക്കാൻ കൃഷ്ണഭഗവാൻ പ്രസാ ദിക്കട്ടെ.

***ശൂരനാട്ടു കുഞ്ഞൻപിള്ള***



digitized by www.sreyas.in

# ഗീതാമൃതം

## മധ്യേ മഹാഭാരതം

ആകൃതിയിലും ഉള്ളടക്കത്തിലും ലോകസാഹിത്യത്തിലെ ഏറ്റവും വലിയ ഇതിഹാസ ഗ്രന്ഥമാണു മഹാഭാരതം. ലോകത്തിലെ ഏറ്റവും വലിപ്പമുള്ള കൃതി. അതുപോലെതന്നെ മഹാഭാരതത്തിലില്ലാത്ത ഒരാശയം മറ്റൊരിടത്തും കണ്ടെത്താൻ സാധ്യമല്ലെന്നാണു പ്രസിദ്ധി. അങ്ങനെയുള്ള മഹാഭാരതത്തിന്റെ മധ്യത്തിലാണു ഭഗവദ്ഗീത വിന്യസിക്കപ്പെട്ടിരിക്കുന്നത്.

മഹാഭാരതത്തിൽ ഭീഷ്മപർവത്തിലെ ഇരുപത്തിമൂന്നു മുതൽ നാൽപ്പതുവരെയുള്ള പതിനെട്ടധ്യായങ്ങളാണ് ഭഗവദ്ഗീത. ചിലർ ഇരുപത്തഞ്ചു മുതൽ നാൽപ്പത്തിരണ്ടു വരെയുള്ള അധ്യായങ്ങളാണെന്നു കരുതുന്നു. കാലാന്തരത്തിൽ പുതിയ പുതിയ അധ്യായങ്ങൾ മഹാഭാരതത്തിൽ കൂട്ടിച്ചേർത്തിരിക്കാൻ ഇടയുള്ളതുകൊണ്ട് അധ്യായസംഖ്യയിൽ ഇത്തരം വ്യത്യാസങ്ങൾ വരുക സ്വാഭാവികം.

ഭാരതയുദ്ധം തുടങ്ങി പത്താം ദിവസം ഭീഷ്മർ നിലംപതിച്ചു. അപ്പോഴാണു യുദ്ധക്കളത്തിൽ നിന്നു സഞ്ജയൻ അന്തഃപ്പുരത്തിൽ ധൃതരാഷ്ട്രരുടെ സമീപം ഓടിയെത്തിയത്. തുടർന്നു ഭീഷ്മപതനം വരെയുള്ള വാർത്ത സഞ്ജയൻ ധൃതരാഷ്ട്രരെ ചുരുക്കിപ്പറഞ്ഞു കേൾപ്പിച്ചു. ചുരുങ്ങിയ വിവരണം കൊണ്ടു തൃപ്തിപ്പെടാതെ യുദ്ധം തുടക്കം മുതൽ വിസ്തരിച്ചു കേൾക്കാൻ വേണ്ടിയാണു ധൃതരാഷ്ട്രർ 'ധർമക്ഷേത്രേ കുരുക്ഷേത്രേ' എന്നിങ്ങനെ ചോദ്യമാരംഭിക്കുന്നത്. ഇതാണു ഗീതാ സന്ദർഭം.

യുദ്ധം അടുത്തുവരുന്തോറും ധൃതരാഷ്ട്രർക്ക് ഉറക്കമില്ലായ്മയും പരിഭ്രാന്തിയും വർധിച്ചുകൊണ്ടേയിരുന്നു. സഞ്ജയൻ ധൃതരാഷ്ട്രരുടെ വിശ്വസ്ത മിത്രമാണ്. വ്യക്തമായ സത്യബോധമുൾക്കൊണ്ട് ഇന്ദ്രിയജയം നേടിയ വ്യക്തി. ധൃതരാഷ്ട്രർക്കു യുദ്ധം നേരിട്ടു കാണാൻ കൊതിയുണ്ടെങ്കിൽ ദിവ്യദൃഷ്ടി നൽകാമെന്നു വ്യാസൻ അറിയിച്ചു. തനിക്കതു നേരിട്ടു കാണാൻ ശക്തിയില്ല; യുദ്ധത്തിൽ സംഭവിക്കുന്നതെല്ലാം പറഞ്ഞുകേട്ടാൽ മതിയെന്നായിരുന്നു രാജാവിന്റെ അപേക്ഷ. അതനുസരിച്ച് വ്യാസൻ സഞ്ജയനു ദിവ്യദൃഷ്ടി നൽകി. എവിടെയിരുന്നാലും സഞ്ജയനു യുദ്ധം മുഴുവൻ കാണാൻ കഴിവുണ്ടായി. ദിവ്യദൃഷ്ടിയെന്നത് ഒരു കെട്ടുകഥയല്ല; വൈജ്ഞാനികത

digitized by www.sreyas.in

ത്വം തന്നെയാണെന്നത്രേ മഹായോഗിയായ ശ്രീ അരവിന്ദഘോഷ് തന്റെ ഗീതാവതാരികയിൽ യുക്തിയുക്തം വിസ്തരിച്ചു പ്രതിപാദിക്കുന്നത്.

## വ്യാസേന ഗ്രഥിതാം

മഹാഭാരതം വിരചിച്ചതു വ്യാസനാണ്. മറസൂത്രിച്ച ഈ പുരാണമുനി ഒരു കൈവർത്ത കന്യകയുടെ മകനാണ്. മുക്കുവന്റെ മകളായി വളർന്ന 'മത്സ്യഗന്ധി'ക്കു പരാശരമുനിയിൽ ജനിച്ച മകനാണു വ്യാസൻ. മുക്കുവത്തിയുടെ മകനാണെങ്കിലെന്ത്? അദ്ദേഹം വേദങ്ങൾ പകുത്തു ചിട്ടപ്പെടുത്തി. പതിനെട്ടു പുരാണങ്ങൾ രചിച്ചു. ഉപനിഷത്തുക്കളെയെല്ലാം സമന്വയിപ്പിച്ചുകൊണ്ടു ബ്രഹ്മസൂത്രമെഴുതി. അഞ്ചാംവേദമെന്നു പ്രസിദ്ധമായിത്തീർന്ന മഹാഭാരതത്തിനു രൂപം നൽകി. ഇങ്ങനെ പലതും. ഭാരതത്തിലും ഭാഗവതത്തിലും മറ്റും വ്യാസൻ ഗ്രന്ഥകർത്താവു മാത്രമല്ല, കഥാപാത്രവുമാണ്. ഈ വ്യാസൻ യഥാർഥത്തിൽ ജീവിച്ചിരുന്നോ എന്നാണു പലർക്കും സംശയം. ഈ സംശയം അസ്ഥാനത്താണ്. ചോദ്യത്തിന് അന്തിമമായ നിർണയം ഒരിക്കലും സാധ്യമല്ല. ജീവിച്ചിരുന്നാലെന്ത്, ജീവിച്ചിരുന്നില്ലെങ്കിലെന്ത്? ലോകം ഇന്നേവരെ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ മഹാപ്രതിഭ; അതാണു വേദവ്യാസൻ.

## സർവോപനിഷദോ ഗാവഃ

ഉപനിഷത്തുകളെന്ന പശുക്കളെ കറന്നെടുത്ത അമൃതമാണു ഗീത. എന്താണു ഉപനിഷത്തുക്കൾ? ഗുരുവിൽ നിന്നു പകർന്നു കിട്ടേണ്ട വിദ്യ എന്നാണ് ഉപനിഷത് പദത്തിനർഥം. ഈ വിദ്യയുൾക്കൊള്ളുന്ന ശാസ്ത്രഗ്രന്ഥത്തെയും ഉപനിഷത്തെന്നു പറയാം. നിലനിൽപ്പിന്റെ സത്യം യുക്തിയുക്തം വ്യക്തമായും പൂർണമായും വെളിപ്പെടുത്തിത്തരുന്ന ശാസ്ത്രഗ്രന്ഥങ്ങളാണ് ഉപനിഷത്തുക്കൾ.

ഉപനിഷത്തിനു പ്രസിദ്ധമായിത്തീർന്നിട്ടുള്ള മറ്റൊരു പേരാണു വേദാന്തം. ഉപനിഷത്തു രണ്ടു തരത്തിൽ വേദാന്തമാണ്. മിക്കവാറും ഉപനിഷത്തുകൾ ഏതെങ്കിലും ഒരു വേദത്തിന്റെ അവസാന ഭാഗങ്ങളായി രചിക്കപ്പെട്ടിട്ടുള്ളവയാണ്. ആ നിലയിൽ ഉപനിഷത്തു വേദാന്തമാണ്. വേദം എന്ന പദത്തിന് അറിവെന്നർഥം. അറിവിന്റെ അവസാനം എന്ന നിലയിലും ഉപനിഷത്തു വേദാന്തമാണ്. ഉപനിഷത് പ്രതിപാദിതമായ സത്യം ഗ്രഹിച്ചാൽ പിന്നെ ഒന്നും അറിയാനുണ്ടാവില്ല. ഏതൊന്നിനെക്കുറിച്ചു കേട്ടാൽ കേൾക്കാത്തതൊക്കെ കേട്ടതായിത്തീരുമോ, ഏതൊന്നിനെക്കുറിച്ചു മനനം ചെയ്താൽ മനനം ചെയ്യാത്തതൊക്കെ മനനം ചെയ്തതാകുമോ, ഏതൊന്നിനെ അറി

digitized by www.sreyas.in

ഞ്ഞനുഭവിച്ചാൽ അനുഭവിക്കാത്തതൊക്കെ അനുഭവിച്ചതാകുമോ അതാണ് ഉപനിഷദ്വിദ്യ. ഉപനിഷത്തിന്റെ ഈ അവകാശവാദം ചെവിക്കൊള്ളാത്തവർ തീർച്ചയായും അധന്യരാണ്. ചെവിക്കൊണ്ടവരൊക്കെ ഇന്നുവരെ ധന്യരായിട്ടുമുണ്ട്.

അഹോ! അങ്ങനെയൊരറിവുണ്ടോ? ഉണ്ടെങ്കിൽ എന്താണാ അറിവ്? അതു ലളിതമാണ്. അഖണ്ഡവും നിശ്ചലവും ആനന്ദരൂപവുമായ ബോധമാണു നിലനിൽപ്പിന്റെ പരമസത്യം. അതിനു ശാസ്ത്രം നൽകുന്ന പേരാണു ബ്രഹ്മം. പ്രപഞ്ചമായി പെരുകിക്കാണപ്പെടുന്ന സത്യം എന്നാണു ബ്രഹ്മപദത്തിനർഥം.

ബോധമാണു പരമസത്യമെന്നതു ബുദ്ധിക്കു തെളിയുമോ? തെളിയുമല്ലോ. ബോധമുണ്ടോ ജഗത്തുണ്ട്; ബോധമില്ല ജഗത്തില്ല; അതുകൊണ്ടു ജഗത്തായിക്കാണപ്പെടുന്നതൊക്കെ ബോധം തന്നെയാണ്. ദൃഷ്ടാന്തം കൊണ്ടു തെളിയിക്കാമല്ലോ. ഉപനിഷത്തു നൽകുന്ന ഒരു ദൃഷ്ടാന്തം തന്നെ പരിശോധിക്കാം. സ്വർണ നിർമിതങ്ങളായ അനേകം ആഭരണങ്ങൾ നിരന്നിരിക്കുന്നു. ഒറ്റ നോട്ടത്തിൽ അനേകം വസ്തുക്കളുണ്ടെന്നു തോന്നും. എന്നാൽ യഥാർഥ വസ്തുവിനെ ചിന്തിച്ചറിയുന്നയാൾക്കു അവിടെ ഒരു വസ്തുവേയുള്ളൂ; സ്വർണം. എന്തുകൊണ്ട്? സ്വർണമുണ്ടോ ആഭരണങ്ങളുണ്ട്; സ്വർണമില്ലേ ആഭരണങ്ങളില്ല; അതുകൊണ്ട് ആഭരണങ്ങളെല്ലാം സ്വർണം തന്നെയാണ്. അപ്പോൾ ആഭരണങ്ങളായി വേർതിരിഞ്ഞു കാണപ്പെടുന്നവയൊക്കെയെന്താണ്? സ്വർണത്തിൽ തൽക്കാലം ഉണ്ടെന്നു തോന്നുന്ന ചില രൂപങ്ങളും അവയ്ക്കു നൽകപ്പെടുന്ന പേരുകളും. രൂപങ്ങളും നാമങ്ങളും സ്വർണഭിന്നമായ വസ്തുവിനെ ഉളവാക്കിയിട്ടില്ല. അവ സ്വർണത്തിൽ നേരത്തെ ഇല്ലായിരുന്നു; ഇടയ്ക്കു വന്നുചേർന്നവയാണ്; കുറേക്കഴിഞ്ഞില്ലാതാവുകയും ചെയ്യും. ഇങ്ങനെ എത്ര എത്ര രൂപങ്ങളും നാമങ്ങളും വന്നാലും പോയാലും സ്വർണം സ്വർണമായിത്തന്നെ നിൽക്കും. ഇനി ആഭരണനാമരൂപങ്ങളൊക്കെ പോയാൽ ശുദ്ധസ്വർണം ബാക്കി നിൽക്കുകയും ചെയ്യും. അതുകൊണ്ട് ആഭരണങ്ങളിൽ സ്വർണം സത്യം. നാമരൂപങ്ങൾ അസത്യം. ഇതറിയുമ്പോൾ എത്ര എത്ര ആഭരണങ്ങൾ എവിടെയൊക്കെ കണ്ടാലും കൈകാര്യം ചെയ്താലും സദാ ഉള്ളിൽ കനകൈക മഹാബുദ്ധിയായിത്തന്നെ വർത്തിക്കും. ഒരു സത്യനിഷ്ഠന്റെ അഖണ്ഡബോധാനുഭവവും ഇതുപോലെയാണ്. അദ്ദേഹത്തിന്റെ മുൻപിൽ നിരവധി പ്രപഞ്ചദൃശ്യങ്ങൾ കാണപ്പെടുന്നു. അവയൊക്കെ എന്താണ്? അഖണ്ഡബോധം മാത്രം. പിന്നെ വേർതിരിഞ്ഞുകാണപ്പെടുന്നതോ? ബോധത്തിൽ തൽക്കാലം ഉണ്ടെന്നു തോന്നുന്ന കുറേ രൂപങ്ങളും അവയുടെ നൽകപ്പെട്ടിട്ടുള്ള പേരുകളും. രൂപങ്ങളും പേരുകളും ബോധഭിന്നമായ വസ്തുവിനെ ഉളവാക്കിയിട്ടില്ല. അവ ബോധത്തിൽ നേരത്തെ ഇല്ലാ

digitized by www.sreyas.in

യിരുന്നു; ഇടയ്ക്കു വന്നുചേർന്നവയാണ്; കുറേക്കഴിഞ്ഞില്ലാതാവുകയും ചെയ്യും. ഇങ്ങനെ എത്ര എത്ര രൂപങ്ങളും നാമങ്ങളും വന്നാലും പോയാലും ബോധം ബോധമായിത്തന്നെ നിൽക്കും. ഇനി പ്രപഞ്ചനാമരൂപങ്ങളെല്ലാം പോയാൽ അഖണ്ഡനിശ്ചലബോധം ബാക്കി നിൽക്കുകയും ചെയ്യും. ഇക്കാര്യം പ്രപഞ്ചാരംഭകാലം മുതൽതന്നെ പരീക്ഷിച്ചുറപ്പിക്കപ്പെട്ടുപോരുന്നു. അതുകൊണ്ടു പ്രപഞ്ചദൃശ്യങ്ങളിൽ നാമരൂപങ്ങൾ അസത്യം. ബോധം സത്യം. അതുതന്നെയാണു ഗീതയിലെ 'നിശ്ചയാത്മികാ ബുദ്ധി.' ഈ ബുദ്ധി ഉറപ്പുവന്നയാൾ എത്ര എത്ര പ്രപഞ്ചദൃശ്യങ്ങൾ എവിടെ എവിടെയൊക്കെ കണ്ടാലും എത്ര കോലാഹലമയമായി അവയെ കൈകാര്യം ചെയ്താലും സദാ ഉള്ളിൽ ബ്രഹ്മൈക മഹാബുദ്ധിയായിത്തന്നെ വർത്തിക്കും. ജീവിതകാലം മുഴുവൻ അങ്ങനെ വർത്തിച്ച പൂർണാവതാര പുരുഷനാണു കൃഷ്ണൻ.

ഉപനിഷത്തുക്കൾ മഹത്തായ ഈ ശാസ്ത്രസത്യം നാലു മഹാവാക്യങ്ങളിലൂടെ അത്യന്തം ലളിതമായി വെളിപ്പെടുത്തിയിരിക്കുന്നു. 'പ്രജ്ഞാനം ബ്രഹ്മ-ബോധമാണു ബ്രഹ്മം; അഹം ബ്രഹ്മ അസ്മി — ഞാൻ ബ്രഹ്മമാകുന്നു; തത്വം അസി - അതു നീ തന്നെ; അയം ആത്മാ ബ്രഹ്മ - ഈ ജീവാത്മാവു ബ്രഹ്മമാണ്' എന്നിവയാണു മഹാവാക്യങ്ങൾ. നാലു വേദങ്ങളെയും പ്രതിനിധീകരിക്കുന്ന നാലുപനിഷത്തുക്കളാണ് ഈ മഹാവാക്യങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. ഋഗ്വേദോപനിഷത്തായ ഐതരേയത്തിലെ മഹാവാക്യമാണു 'പ്രജ്ഞാനം ബ്രഹ്മ' എന്നത്. കാണുക, കേൾക്കുക, മണക്കുക, സ്പർശിക്കുക, രസം അനുഭവിക്കുക, സങ്കൽപ്പിക്കുക എന്നീ അനുഭവങ്ങളാണു ജീവിതം. ഈ അനുഭവങ്ങളോരോന്നും ഓരോ ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും പ്രത്യേകതകളാണ്. എന്നാലും എല്ലാ അനുഭവങ്ങളും അനുഭവിക്കുന്നത് ഒരാൾ തന്നെയാണെന്നാണ് സകലരുടെയും അനുഭവം. ആ ഒരാളാണ് ബോധം. എങ്ങനെയറിയാം? ബോധമുണ്ടോ ഇന്ദ്രിയങ്ങളുണ്ട്, മനസ്സുണ്ട്; ബോധമില്ലേ ഇന്ദ്രിയങ്ങളില്ല, മനസ്സില്ല. അതുകൊണ്ട് ഇന്ദ്രിയങ്ങളും മനസ്സും ബോധം തന്നെ. ഈ ബോധമാണു ബ്രഹ്മം. യജൂർവേദോപനിഷത്തായ ബൃഹദാരണ്യകത്തിലെ മഹാവാക്യമാണ് 'അഹം ബ്രഹ്മ അസ്മി' എന്നത്. മനുഷ്യശരീരത്തിനു രൂപം കൊടുത്തിട്ട് അഖണ്ഡബോധസ്വരൂപമായ ബ്രഹ്മം അതിൽക്കടന്നു നിന്നു ബുദ്ധിക്കു പ്രകാശമരുളി. അതുതന്നെയാണ് സകലരിലും സാക്ഷിയായി നിന്നു ബുദ്ധിയെ പ്രകാശിപ്പിക്കുന്ന 'ഞാൻ' എന്ന ജീവബോധം. അതുകൊണ്ടു സകലരിലും സദാ ഞാൻ, ഞാൻ എന്നിങ്ങനെ പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്ന ജീവബോധം ബ്രഹ്മം തന്നെയാണ്. സാമവേദോപനിഷത്തായ ഛാന്ദോഗ്യത്തിലെ മഹാവാക്യമാണ് 'തത്വം അസി' എന്നത്. പിതാവായ ഉദ്ദാലകൻ മകനായ ശ്വേതകേതുവിനുപദേശിക്കുന്നതാണീ

digitized by www.sreyas.in

വാക്യം. ഒരു പരീക്ഷണശാലയിലെന്നപോലെ പരീക്ഷണങ്ങളും ദൃഷ്ടാന്തങ്ങളും നിരത്തിവച്ചുകൊണ്ട് ഒൻപതു പ്രാവശ്യം ഈ വാക്യം ആവർത്തിച്ചുപദേശിക്കുന്നു. പ്രപഞ്ചം മുഴുവൻ ബോധസ്വരൂപമായി നിറഞ്ഞുനിൽക്കുന്ന ബ്രഹ്മം നീ തന്നെയാണ് എന്നത്രേ വാക്യതാൽപ്പര്യം. ഇത്രയുമായാൽ എല്ലാ ജീവികളിലും ജീവാത്മാവായി വർത്തിക്കുന്നതു ബോധമാണെന്നു തീർച്ചയാണല്ലോ. അക്കാര്യമാണ് 'അയം ആത്മാ ബ്രഹ്മ' എന്ന മഹാവാക്യം പ്രഖ്യാപിക്കുന്നത്. അഥർവവേദോപനിഷത്തായ മാണ്ഡൂക്യത്തിലെ മഹാവാക്യമാണിത്. ഈ നാലു മഹാവാക്യങ്ങളും കൊണ്ടു ബ്രഹ്മം എന്താണെന്നും ആ പരമസത്യം പ്രപഞ്ചമാകെ എങ്ങനെ വ്യാപിച്ചു നിൽക്കുന്നുവെന്നും ഉപനിഷത്ത് വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. എല്ലായിടത്തും യുക്തി ഒന്നുതന്നെ. ഈ അറിവാണു ജ്ഞാനം. ഗീതയിലെ പ്രധാന പ്രതിപാദ്യം ഈ ജ്ഞാനമാണ്. ഇതാരു പറയുന്നു. ഉപദേശിച്ചയാൾ തന്നെ സംശയാതീതമായി പ്രഖ്യാപിക്കുന്നു.

*ഇതി തേ ജ്ഞാനമാഖ്യാതം*
*ഗുഹ്യാത് ഗുഹ്യതരം മയാ*
*വിമൃശ്യൈതദശേഷേണ*
*യഥേച്ഛസി തഥാ കുരു*

*ശ്രീ. ഭഗ. ഗീ. - 18-63*

രഹസ്യങ്ങളിൽ വച്ചു രഹസ്യമായ ജ്ഞാനം നിനക്കു ഞാൻ ഉപദേശിച്ചിരിക്കുന്നു. ഒരിക്കലും കണ്ണുമടച്ചു വിശ്വസിക്കരുത്. പൂർണമായും യുക്തിവിചാരം ചെയ്തുറപ്പിക്കൂ. എന്നിട്ട് ഇഷ്ടംപോലെ ജീവിതചലനങ്ങൾക്കു രൂപം കൊടുക്കൂ. സത്യാന്വേഷണപഥത്തിലെ നിരങ്കുശമായ സ്വാതന്ത്ര്യം - ഗീതയിൽ ജ്ഞാനമാണുപദേശിച്ചിരിക്കുന്നതെന്ന് ഉപദേഷ്ടാവായ കൃഷ്ണൻ പറഞ്ഞാൽപോലും വിശ്വസിക്കാത്തവരെ വിശ്വസിപ്പിക്കാൻ ആർക്കു കഴിയും. അവർക്ക് ആ കറവക്കാരൻ ഉപനിഷദ് ഗോക്കളിൽ നിന്നു കറന്നെടുത്ത അമൃതിന്റെ രുചി അനുഭവിക്കാൻ ഭാഗ്യമില്ലെന്നു കരുതിയാൽ മതി. മനസ്സ് അന്ധമായി ഏതെങ്കിലും ഒരു സിദ്ധാന്തത്തിൽ ചെന്നുപറ്റി ഉറച്ചുപോയാൽ ശുദ്ധമായ സത്യത്തിന്റെ സ്വതന്ത്രമായ മാർഗം തടയപ്പെട്ടുപോകുന്നതിങ്ങനെയാണ്. ഉപനിഷത് സത്യം എത്ര ലളിതം; ബോധമാണു സത്യം. ഇതറിഞ്ഞനുഭവിക്കാനും എളുപ്പം. മനസ്സുകൊണ്ടു യുക്തിവിചാരം ചെയ്ത് ആവർത്തിച്ച് ബുദ്ധിയെ പഠിപ്പിച്ചാൽ മതി. ഈ അദ്വൈതാമൃതം ബുദ്ധിയിൽ ഊറി ഉറയ്ക്കുന്തോറും ജീവിതംതന്നെ അമൃതമായി മാറും. ഉപനിഷത്തിന്റെ ലളിതമായ പ്രഖ്യാപനം നോക്കുക:

digitized by www.sreyas.in

*മനസൈവേദമാപ്തവ്യം*
*നേഹ നാനാസ്തി കിഞ്ചന*
*മൃത്യോഃ സ മൃത്യും ഗച്ഛതി*
*യ ഇഹ നാനേവ പശ്യതി*

*കഠോ. 4-11*

മനസ്സുകൊണ്ടിക്കാര്യം ശാസ്ത്രീയമായി വിചാരം ചെയ്തറിയണം. ഇവിടെ ലേശംപോലും പലതില്ല. പലതുള്ളതുപോലെ കാണുന്നവർ മരണത്തിൽ നിന്നു മരണത്തിലേക്കു പാഞ്ഞുകൊണ്ടേയിരിക്കുന്നു. ഒന്നിലധികം ഉപനിഷത്തുക്കൾ ആവർത്തിച്ചുറപ്പിക്കുന്ന മന്ത്രമാണിത്. എത്ര ലളിതമായ ഭാഷ. എത്ര സംശയരഹിതമായ പ്രഖ്യാപനം. എത്ര ഗൗരവാവഹമായ മുന്നറിയിപ്പ്. ഈ മന്ത്രതാൽപ്പര്യം പോലും വളച്ചൊടിച്ചു സംശയഗ്രസ്തമാക്കുന്ന മനസ്സിനെ ആർക്കുദ്ധരിക്കാൻ കഴിയും?

## അദ്വൈതാമൃതവർഷിണീം

ഉപനിഷത്സാരസർവസ്വമായ ഗീത അദ്വൈതാമൃത വർഷിണിയാണ്. ഒരു കൃതി അദ്വൈതദർശനമുൾക്കൊള്ളുന്നതാണെന്ന് എങ്ങനെ തീരുമാനിക്കാം? ഒരു കൃതിയിൽ ഒരിടത്തെങ്കിലും ജഗത്സത്യം അദ്വൈതമാണെന്നു വെളിപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ കൃതിയിലെ ദർശനം അദ്വൈതമാണെന്നു തീരുമാനിക്കാം. ഗീതയിലാകട്ടെ രണ്ടു മുതലുള്ള എല്ലാ അധ്യായങ്ങളിലും സത്യം അദ്വൈതമാണെന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. *'വ്യവസായാത്മികാ ബുദ്ധിരേകാ'* (2-41) എന്നതാണു ഗീതയുടെ മുദ്രാവാക്യം. സത്യനിശ്ചയം വന്ന ബുദ്ധിയൊന്നേയുള്ളു എന്നാണാവാക്യത്തിനർഥം. തുടർന്ന് *'മത്തഃ പരതരം നാന്യത് കിഞ്ചിദസ്തി ധനഞ്ജയ'* (7-7) എന്നും കൃഷ്ണൻ പ്രഖ്യാപിക്കുന്നു. 'അർജുനാ, എന്നിൽ നിന്നു ഭിന്നമായി യാതൊന്നും തന്നെയില്ല' എന്നാണതിനർഥം. ഇങ്ങനെ ഗീതയിലുടനീളം ആവർത്തിക്കപ്പെടുന്ന അദ്വൈതാമൃതവർഷം ഭാഷ്യം നോക്കി ആസ്വദിക്കുക.

അദ്വൈതമാണു ഗീതാദർശനമെങ്കിൽ അതിലുടനീളം കാണപ്പെടുന്ന ദ്വൈതദർശനപരങ്ങളായ ചർച്ചകൾക്കെന്താണു സാംഗത്യം? അദ്വൈത ദർശനമുൾക്കൊള്ളുന്ന ഏതു കൃതിയും ശാസ്ത്രവിചാരത്തിനും സാധനാനുഷ്ഠാനങ്ങൾക്കും അനുഭൂതിദശകൾക്കും സ്വാഭാവികമായി ഇടമരുളുമെന്നു തീർച്ചയാണല്ലോ. അദ്വൈതം ലക്ഷ്യം. അതൊഴിച്ചുള്ളതെല്ലാം ലക്ഷ്യം നേടാനുള്ള മാർഗങ്ങളും ഉപായങ്ങളുമാണ്. മാർഗങ്ങളും ഉപായങ്ങളും എപ്പോഴും ദ്വൈതമാണ്. അവ രുചിഭേദമനുസരിച്ച് എണ്ണമറ്റവയാണ്. ഏതെങ്കിലും ഒരു ഭൗതികലക്ഷ്യം നേടുന്ന കാര്യത്തിൽപ്പോലും സ്ഥിതിയിതല്ലേ. ധനം എന്ന ഒരേ

digitized by www.sreyas.in

ഒരു ലക്ഷ്യം മുന്നിൽ കാണുന്ന ജനം രുചിഭേദമനുസരിച്ചു എന്തെന്തെല്ലാം മാർഗങ്ങളും ഉപായങ്ങളുമാണംഗീകരിക്കുക. ഗീതയിൽ വിവരിച്ചിട്ടുള്ള കർമ യോഗം, ജ്ഞാനയോഗം, ഭക്തിയോഗം എന്നിവ അദ്വൈതലക്ഷ്യത്തിലേക്കുള്ള മാർഗങ്ങളാണ്. വിവിധതരം യജ്ഞങ്ങൾ, ഉപാസനകൾ, വിഭൂതിയോഗം, വിശ്വ രൂപദർശനയോഗം, എന്തിനേറെ അർജുനന്റെ വിഷാദമുൾപ്പെടെ എല്ലാം ഉപാ യങ്ങളാണ്. ഒരു സ്ഥലത്തെത്തിച്ചേരാൻ പല ദിക്കിലും നിന്ന് അനേകം വഴി കളുണ്ടാവാം. കാൽനടയായോ, കാളവണ്ടിയിലോ കാറിലോ, ട്രെയിനിലോ, കപ്പലിലോ, വിമാനത്തിലോ എന്നിങ്ങനെ ഉപായങ്ങളും അനേകമാവാം. ഇവ യൊക്കെ അനേകമായതുകൊണ്ട് എത്തിച്ചേരേണ്ട സ്ഥലം പലതുണ്ടെന്നു കരുതാൻ പറ്റുമോ? സ്ഥലം ഒന്നേയുള്ളു എന്നു കരുതി എല്ലാവർക്കും ഒരേ മാർഗമോ ഉപായമോ അംഗീകരിക്കാൻ പറ്റുമോ? ഏത് അദ്വൈതദർശനഗ്ര ന്ഥത്തിന്റെയും സ്ഥിതിയിതാണ്. പലപ്പോഴും മാർഗങ്ങളുടെയും ഉപായങ്ങ ളുടെയും വിവരണമായിരിക്കും അധികവും. അതെല്ലാം തന്നെ ദ്വൈതത്തി ലാകാനേ തരമുള്ളു. അപ്പോൾ മാർഗങ്ങളെക്കുറിച്ചാണഭിപ്രായഭേദങ്ങളെല്ലാം എന്നോർക്കണം. രുചിഭേദംകൊണ്ട് അതു സ്വാഭാവികമാണുതാനും. ഗീത യെപ്പോലുള്ള കൃതികൾ ലക്ഷ്യത്തെ സംബന്ധിച്ചു അണുപോലും വിട്ടുവീ ഴ്ചയില്ലാതെ മാർഗ സമന്വയം നടത്തിയിരിക്കുകയാണ്. അദ്വൈതലക്ഷ്യം നേടാൻ ഏതെങ്കിലും ഒരു കൂട്ടർക്കായി ഒരു പ്രത്യേകമാർഗം നിർദേശിക്കുക യല്ല ഗീത ചെയ്തിട്ടുള്ളത്. അദ്വൈതാമൃതവർഷിണിയായ ഗീതാഭഗവതി ജീവി തത്തിന്റെ ഏതു തലത്തിൽ നിൽക്കുന്നവരെയും ലക്ഷ്യത്തോടടുപ്പിക്കത്ത ക്കവണ്ണം വിവിധ മാർഗങ്ങളെ സമന്വയിക്കുകയാണു ചെയ്തിട്ടുള്ളത്. ഗീത യുടെ മഹത്വവും അത്ഭുതകരമായ ഈ മാർഗസമന്വയം തന്നെയാണ്. ഈ മാർഗ സമന്വയം വേണ്ടപോലെ ധരിക്കുമെങ്കിൽ ഗീതയിൽ ജ്ഞാനത്തി നാണോ ഭക്തിക്കാണോ കർമത്തിനാണോ ജ്ഞാനകർമസമുച്ചയത്തിനാണോ പ്രാധാന്യം എന്നിത്യാദി വാദഗതികൾ അപ്പാടെ കെട്ടടങ്ങുന്നതാണ്. ഓരോ രുത്തർക്കും സ്വന്തം അഭിരുചിയനുസരിച്ച് മാർഗങ്ങളെയും ഉപായങ്ങളെയും ലക്ഷ്യം മറക്കാതെ ഒറ്റക്കോ കൂട്ടിച്ചേർത്തോ അംഗീകരിക്കാവുന്നതാണ്. അങ്ങനെ കടുത്ത മത്സരം ഒഴിവാക്കുകയും ചെയ്യാം. നമുക്കിവിടെ ശ്രീ വിവേ കാനന്ദ സ്വാമികളുടെ സുപ്രസിദ്ധമായ ചിക്കാഗോ പ്രസംഗത്തിൽ അദ്ദേഹം ഉൾപ്പെടുത്തിയ ശിവമഹിമ്ന സ്തോത്ര പദ്യം ഉദ്ധരിക്കാം:

*ത്രയീസാംഖ്യം യോഗഃ പശുപതിമതം*
*വൈഷ്ണവമിതി*
*പ്രഭിന്നേ പ്രസ്ഥാനേ പരമിദമദഃ*
*പഥ്യമിതി ച*
*രുചീനാം വൈചിത്ര്യാദൃജുകുടിലനാ-*

digitized by www.sreyas.in

*നാപഥജുഷാം*
*നൃണാമേകോഗമ്യസ്ത്വമസി പയസാ-*
*മർണവ ഇവ*

വേദമതം, സാംഖ്യമതം, യോഗമതം, പശുപതിമതം, വൈഷ്ണവമതം എന്നിങ്ങനെ പ്രസ്ഥാനങ്ങളേറെ, എനിക്കിതാണിഷ്ടം, എനിക്കതാണിഷ്ടം എന്നിങ്ങനെ വാദങ്ങളേറെ. രുചിഭേദമനുസരിച്ചു നേരെയും വളഞ്ഞും തിരിഞ്ഞും നാനാമാർഗത്തിലൂടെയുള്ള സഞ്ചാരം. അല്ലയോ അദ്വൈത ബ്രഹ്മമേ, ഇങ്ങനെ ചുറ്റിത്തിരിയുന്ന മനുഷ്യർക്കെല്ലാം നദികൾക്കു സമുദ്ര മെന്നപോലെ അങ്ങു മാത്രമാണ് എത്തിച്ചേരാനുള്ള ലക്ഷ്യം. അപ്പോൾ ഭിന്ന മതങ്ങൾ പോലും മാർഗവൈവിധ്യമാണ്; ലക്ഷ്യവൈവിധ്യമല്ല. ആ നിലക്ക് ഗീതയിലെങ്ങനെയാണു ലക്ഷ്യവൈവിധ്യം വരിക? അതുകൊണ്ടു മാർഗത്തെ ച്ചൊല്ലി മത്സരിക്കുന്നവർ വഴിയിലായിപ്പോകുമെന്നോർക്കേണ്ടതാണ്.

## ദോഗ്ധാ ഗോപാലനന്ദനഃ

പുറമേ കോലാഹലമയമായ കർമം; കർമമൊന്നും തന്നെ ലേശം പോലും കളങ്കപ്പെടുത്തുന്നില്ലെന്ന് അകമേ ഉറപ്പായ അനുഭവം. അകമേ മേരു പർവതം പോലെ അദ്വൈതം; പുറമേ മയിൽപീലിപോലെ ചലനം. ഇതാണു കറവക്കാരനായ ഗോപാലനന്ദനൻ. കർമത്തിൽ അകർമത്തെയും അകർമ ത്തിൽ കർമത്തെയും സ്വയം ദർശിക്കുകയും ദർശിക്കാൻ മറ്റുള്ളവരെ പ്രേരി പ്പിക്കുകയും ചെയ്ത പൂർണാവതാരം. ഉള്ളിൽ അദ്വൈതബ്രഹ്മം; പുറമേ വിട്ടു വീഴ്ചയില്ലാത്ത കർമാഭിനയം. ഈ അമൃതമാണ് ഉപനിഷദ് ഗോക്കളിൽ നിന്നും ഗോപാലനന്ദനൻ കറന്നെടുത്തു സ്വയം ആസ്വദിച്ചാസ്വദിച്ചു മറ്റുള്ള വരെയും മതിവരുവോളം ആസ്വദിപ്പിച്ചത്. ഇവിടെ ഏതുതരം ജീവിതവും അത്യന്തം ആനന്ദപ്രദമായ ഒരു നാടകം.

ഗീതയിൽ ഈ ഗോപാലനന്ദനന്റെ ഏറ്റവും മഹത്തായ സന്ദേശമെ ന്താണ്? ദുഃഖിക്കരുത്. ഗീത ഉപക്രമിക്കുന്നതും ഉപസംഹരിക്കുന്നതും ഈ സന്ദേശം വിളംബരം ചെയ്തുകൊണ്ടാണ്. പിന്നെ പല തവണ ഒരു പല്ലവി പോലെ ഈ സന്ദേശം ആവർത്തിക്കപ്പെടുന്നു. ദുഃഖിക്കാതിരിക്കാനുള്ള ഉപാ യമോ? ശാസ്ത്രീയമായ സത്യബോധവും തുടർന്നുള്ള നിസ്സംഗത്വവും. ഇതു വെറുതേ ഉപദേശിക്കുക മാത്രമല്ല; തന്റെ ജീവിതത്തിൽ പൂർണമായും നട പ്പാക്കി കാണിക്കുകയും ചെയ്ത യഥാർഥ ഗുരുവാണു ഗോപാലനന്ദനൻ. സ്വയം നടപ്പാക്കാൻ വയ്യാത്തകാര്യം ഗുരുക്കന്മാർ ഉപദേശിച്ചിട്ടെന്തു പ്രയോ ജനം? കൃഷ്ണമുഖം ഒരിക്കൽപോലും ദുഃഖംകൊണ്ടു മ്ലാനമായതായിട്ടോ,

digitized by www.sreyas.in

ആ കണ്ണുകളിൽ ദുഃഖത്തിന്റെ ഒരു തുള്ളി കണ്ണീരെങ്കിലും ഊറിയതായിട്ടോ വ്യാസൻ ഒരിടത്തും വെളിപ്പെടുത്തിയിട്ടില്ല. മാത്രമല്ല, സ്വസന്താന സമൂഹ മുൾപ്പെടെയുള്ള യദുവംശം മുഴുവൻ പരസ്പരം എരകപ്പുല്ലെയ്ത് ഒന്നൊന്നായി നിലംപതിക്കുന്നതു കണ്ടുനിന്നപ്പോഴും ലേശംപോലും സമനില തെറ്റാതെ ഭൂഭാരം കുറയുന്നു എന്നു സമാശ്വസിച്ച സാക്ഷാൽ പരബ്രഹ്മമാണു കൃഷ്ണൻ. അദ്ദേഹത്തെ പൂർണാവ്താരമാക്കിത്തീർത്ത ജീവിതരഹസ്യവും ഇതുതന്നെയാണ്. ജീവിതത്തിൽ ഒരു പരിതസ്ഥിതിയിലും ദുഃഖം കൊണ്ടു പ്രയോജനമില്ല. ദുഃഖം ക്ഷുദ്രമായ ഹൃദയദൗർബല്യമാണ്. അത് അജ്ഞതയുടെ ഫലമാണ്. നിലനിൽപ്പിന്റെ ശാസ്ത്രീയ സത്യം ഗ്രഹിച്ച് അതൊഴിവാക്കൂ. അതാണു നമ്മുടെ കറവക്കാരന്റെ ദിവ്യസന്ദേശം.

ഈ സന്ദർഭത്തിൽ ശരശയ്യയിൽ കിടക്കുന്ന ഭീഷ്മർ തന്നെ കടാക്ഷിച്ചെന്നു ഗ്രഹിച്ചുകൊണ്ടു സമീപത്തിരുന്നരുളുന്ന ഗോപാലനന്ദനനെ ഗീതാസന്ദർഭമനുസ്മരിച്ചുകൊണ്ട് സ്തുതിക്കുന്ന ഭാഗം ഓർമിക്കുന്നതുചിതമായിരിക്കുമല്ലോ.

*സപദി സഖി വചോനിശമ്യ മധ്യേ*
*നിജപരയോർബലയോ രഥം നിവേശ്യ*
*സ്ഥിതവതി പരസൈനികായുരക്ഷ്ണാ*
*ഹൃതവതി പാർഥസഖേരതിർമമാസ്തു*

*ശ്രീ. മഹാ. ഭാഗ. 1–9–35*

കൂട്ടുകാരനായ അർജുനന്റെ നിർദേശമനുസരിച്ചു രണ്ടു പക്ഷത്തുമുള്ള സൈന്യങ്ങളുടെ മധ്യത്തായി രഥം കൊണ്ടു നിർത്തി. എന്നിട്ട് തന്റെ നോട്ടം കൊണ്ടുതന്നെ ശത്രുപക്ഷത്തുള്ള സൈനികരുടെ ആയുസ്സുമുഴുവൻ അപഹരിച്ചു നോക്കിനിൽക്കുന്ന പാർഥസാരഥിയുടെ സ്മരണ എനിക്കാനന്ദമരുളുമാറാകട്ടെ.

*വ്യവഹിതപൃതനാമുഖം നിരീക്ഷ്യ*
*സ്വജനവധാദ്വിമുഖസ്യ ദോഷബുധ്യാ*
*കുമതിമഹരദാത്മവിദ്യയാ യഃ*
*ചരണരതിഃ പരമസ്യ തസ്യമേസ്തു.*

*ശ്രീ. മഹാ. ഭാഗ. 1–9–36*

അർജുനൻ രണ്ടു ഭാഗത്തുമായി അണിനിരന്നിരിക്കുന്ന സേനാവിഭാഗങ്ങളെ നോക്കിക്കണ്ടു. പാപമെന്നു കരുതി സ്വജനവധത്തിൽ നിന്നു പിന്മാറാൻ ആഗ്രഹിച്ച അർജുനമനസ്സിനു വിഷമാവസ്ഥയിലുണ്ടായ ഈ കശ്മ

digitized by www.sreyas.in

ലത്തെ. ആത്മവിദ്യകൊണ്ടാരാണോ കഴുകിക്കളഞ്ഞത് ആ ഭഗവാന്റെ പാദങ്ങളിൽ എനിക്ക് അഹൈതുകീ ഭക്തി സംഭവിക്കുമാറാകട്ടെ.

## പാർഥോ വത്സഃ

ബോധസ്വരൂപനായ പരമാത്മ നടൻ പല വേഷങ്ങളിഞ്ഞു നടിക്കുന്ന ഒരസാധാരണ നാടകമാണു പ്രപഞ്ചം. ഒരു നാടകത്തിൽ വേഷങ്ങൾ എങ്ങനെയൊക്കെ അഭിനയിച്ചാലും നടനു കേടൊന്നും വരുന്നില്ല. മരണം പോലും ഭംഗിയായി അഭിനയിക്കുമെങ്കിൽ നടനു ചാരിതാർഥ്യത്തിനേ അവകാശമുള്ളു. നാടകത്തിൽ ഓരോ വേഷവും അതാതിന്റെ ഭാഗം അഭിനയിക്കാൻ ബാധ്യസ്ഥവുമാണ്. അനാദിയും അനന്തവുമായി നടക്കുന്ന നാടകമാണെന്ന സത്യം മറന്നുപോകുന്നതാണ് ഇവിടത്തെ എല്ലാ ദുഃഖങ്ങൾക്കും ഹേതു. വാസ്തവമറിയാതെ ഞാൻ, എന്റേത് എന്ന അഹന്തയും മമതയും വച്ചുപുലർത്തുന്നതാണു മറവിക്കു കാരണം. ഈ നാടകത്തിൽ അഹന്തയും മമതയും ഏതു ഗംഭീരനെയും ദുഃഖമഗ്നനാക്കും. സത്യമിതാണെങ്കിൽ സാധാരണക്കാരുടെ കാര്യം പറയാനില്ലല്ലോ. അങ്ങനെ അഹന്താമമതകളെന്ന മനസ്സിന്റെ വിഷമസ്ഥിതിയിൽ എത്തി വിഷാദമഗ്നനായി നമ്മുടെ മുൻപിൽ നിൽക്കുന്ന ഒരു ഗംഭീരനാണു പാർഥൻ.

ബോധനടൻ അർജുനന്റെ രൂപത്തിൽ കരുത്തനായ ഒരു യുദ്ധവീരന്റെ വേഷമാണു കെട്ടിയിരിക്കുന്നത്. ചിരകാലം അതഭിനയിച്ചുറച്ചതുമാണ്. പക്ഷേ, തന്നിലുള്ള നടരൂപം ഓർമിച്ചുറപ്പിക്കാൻ പറ്റിയിട്ടില്ല. അങ്ങനെ ജഡവേഷം സത്യമാണെന്ന ഭ്രമത്തിനുറപ്പു വരികയും ചെയ്തു. ഈ അജ്ഞാനത്തിന്റെ ഫലമായ അഹന്താമമതാമോഹമാണ് പാർഥനെ കടുത്ത വിഷാദത്തിന്റെ മധ്യത്തിൽ കൊണ്ടെത്തിച്ചിരിക്കുന്നത്. അർജുനന്റെ അഹന്താമമതാമോഹം വളരെ വിസ്തരിച്ചു ഭാഷ്യത്തിൽ ചർച്ച ചെയ്തിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. എന്നാൽ ഒരുകാര്യം ഓർമിക്കുന്നതു നന്ന്. ലോകത്ത് ആരുടെ ഏതു ദുഃഖത്തിന്റെയും കാരണം സത്യസ്ഥിതി ധരിക്കാത്ത അജ്ഞതയുടെ അഹന്താമമതാമോഹമാണെന്നു ചിന്തിച്ചാൽ കണ്ടെത്താൻ കഴിയും. ഇതിന് ഒരേ ഒരു പോംവഴി ബോധസത്യം തെളിഞ്ഞുകണ്ട് മനസ്സിനെ ജഡവിഷയങ്ങളിൽ നിസ്സംഗമാക്കുകയാണ്. ഇതു പൊടുന്നനെ സാധ്യമല്ല. വേഷത്തിനനുസരിച്ചുള്ള അഭിനയം തുടരവേ തന്നെ ക്രമേണ ഇതു സാധിക്കണം. ഗീതയിൽ ചർച്ച ചെയ്തിരിക്കുന്ന എല്ലാ യോഗങ്ങളും ഈ ലക്ഷ്യം നേടാനുള്ള ഉപായങ്ങളാണ്. പാർഥനിൽ ഒരു പരിധിവരെ അതു ഫലിക്കുകയും ചെയ്തു. ഒടുവിൽ അർജുനൻ എന്തു പറയുന്നു?

digitized by www.sreyas.in

*നഷ്ടോ മോഹഃ സ്മൃതിർലബ്ധാ*
*ത്വത്പ്രസാദാന്മയാച്യുത*
*സ്ഥിതോഽസ്മി ഗതസന്ദേഹഃ*
*കരിഷ്യേ വചനം തവ*

*ശ്രീ. ഭഗ. ഗീ. 18-73*

അല്ലയോ അച്യുതാ, അങ്ങയുടെ കാരുണ്യംകൊണ്ട് എന്റെ മോഹം പോയി, അതായത് അഹന്താമമതാമോഹം ഇല്ലാതായി. പൂർണമായും പോയെന്നല്ല; അതു ശരിയല്ലെന്നു ബുദ്ധിക്കു തെളിഞ്ഞു എന്നു താൽപ്പര്യം. ഓർമ തിരിച്ചുകിട്ടി; അതായത് ഞാനും ഈ ജഗത്തും ജഡദേഹമല്ല; ബോധസ്വരൂപമായ ആത്മാവാണ് എന്ന ഓർമ തിരിച്ചു കിട്ടി എന്നു താൽപ്പര്യം. സംശയമേ ഇല്ല. ഇനി കൃഷ്ണൻ പറയുന്നതു കേൾക്കാം. അതായത് ആത്മബോധം ഉറപ്പിക്കാനായി യുദ്ധമെന്ന സ്വധർമം അഥവാ വേഷത്തിന്റെ അഭിനയം കർമയോഗമായി അനുഷ്ഠിക്കാമെന്നു താൽപ്പര്യം.

## ഗീതാശാസ്ത്രമിദം പുണ്യം

ഗീത നാമിന്നറിയുന്നതുപോലുള്ള ഒരു മതഗ്രന്ഥമല്ല. ജഗത്തിന്റെ സത്യസ്ഥിതി സൂക്ഷ്മമായി വെളിപ്പെടുത്തുന്ന ഒരു ശാസ്ത്രഗ്രന്ഥമാണ്. ഇക്കാര്യം ഗീത തന്നെ സ്വയം പ്രഖ്യാപിക്കുന്നു. പതിനഞ്ചാമധ്യായത്തിന്റെ ഒടുവിൽ ഭഗവാൻ വെളിപ്പെടുത്തുന്നതു നോക്കുക:

*ഇതി ഗുഹ്യതമം ശാസ്ത്ര-*
*മിദമുക്തം മയാനഘ*
*ഏതദ്ബുദ്ധ്വാബുദ്ധിമാൻ സ്യാത്*
*കൃതകൃത്യശ്ച ഭാരത*

*ശ്രീ. ഭഗ. ഗീ. 15-20*

അല്ലയോ അർജുനാ, ശാസ്ത്രീയമായി പരീക്ഷിച്ചുറപ്പിക്കപ്പെടാവുന്ന അനിഷേധ്യമായ സത്യം ഞാൻ നിനക്കു പറഞ്ഞുതന്നിരിക്കുന്നു. ഇതറിയുന്നവനാണു ബുദ്ധിമാൻ. ഇതറിയുന്നവനാണു കൃതകൃത്യൻ. ഭാഷ്യം വായിച്ച് ഉപദേശിക്കപ്പെട്ട സത്യത്തിന്റെ ശാസ്ത്രീയത ചിന്തിച്ചറിയുക. ഗീതയോടൊപ്പം വേദാന്തശാസ്ത്രത്തിന്റെ ഉജ്ജ്വലദീപസ്തംഭങ്ങളായി വിലസുന്നവയാണ് ഉപനിഷത്തുക്കളും വ്യാസവിരചിതമായ ബ്രഹ്മസൂത്രവും. മൂന്നും ചേർന്നു വേദാന്തശാസ്ത്രത്തിലെ പ്രസ്ഥാനത്രയമെന്നറിയപ്പെടുന്നു

ഗീത സൂര്യതുല്യം സത്യം കാട്ടിത്തരുന്ന ശാസ്ത്രവും മഹാഭാരതകഥ അതിന്റെ പരീക്ഷണശാലയുമാണ്. എക്കാലത്തുമുള്ള മനുഷ്യജീവിതത്തിന്റെ

digitized by www.sreyas.in

ചരിത്രമാണു മഹാഭാരതം. ജീവിതമാകുന്ന യുദ്ധഭൂമിയിൽ മനുഷ്യൻ എങ്ങനെ പെരുമാറണമെന്നും എന്തു നേടണമെന്നും വ്യക്തമായി കാട്ടിത്തരുന്ന ശാസ്ത്രമാണു ഗീത. ഇക്കാര്യം ഭാഷ്യത്തിൽ വിശദമായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

വേദാന്തശാസ്ത്രവും ഭൗതികശാസ്ത്രവും അതുപോലെ വേദാന്തജീവിതവും ഭൗതികജീവിതവും തമ്മിൽ പൊരുത്തപ്പെടാത്തവയാണെന്ന് എങ്ങനെയോ ചിലർ ധരിച്ചുവശായിട്ടുണ്ട്. ഭൗതികശാസ്ത്രത്തിന്റെ ഇന്നുവരെയുള്ള കണ്ടുപിടിത്തങ്ങൾ വേദാന്തശാസ്ത്രസത്യത്തെ അരക്കിട്ടുറപ്പിക്കുന്നവയാണ്. അതുകൊണ്ട് അവയ്ക്കു തമ്മിൽ പൊരുത്തക്കേടുമില്ലെന്നു സന്ദർഭാനുസരണം ഭാഷ്യത്തിൽ അവിടവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സങ്കുചിതഭാവത്തോടെ പക്ഷപാതബുദ്ധി പുലർത്തുന്നവർക്കുള്ളവയാണു പൊരുത്തക്കേടുകൾ. അതുപോലെ ഏതു ഭൗതിക ജീവിതവും അർഥവത്തായി ധന്യമാകണമെങ്കിൽ വേദാന്തസത്യത്തെ അനുസന്ധാനം ചെയ്താലേ സാധ്യമാവൂ എന്നും ഗീത അത്യന്തം സ്പഷ്ടമാക്കിത്തരുന്നു. ഭൗതികാധ്യാത്മിക ജീവിതങ്ങളുടെ ഈ സമന്വയവും ഗീതയുടെ മഹത്വത്തിന്റെ ഒരു പ്രധാനാംശമാണ്.

## സുധീർഭോക്താ

സുധികളാണു ഗീതാമൃതം നുകരുവാൻ അർഹരായിട്ടുള്ളവർ. ആരാണു സുധി? നല്ല ബുദ്ധിയുള്ളവനാണു സുധി. സത്യം അന്വേഷിച്ചറിയാനാണല്ലോ മനുഷ്യനു ബുദ്ധി നൽകപ്പെട്ടിരിക്കുന്നത്. അപ്പോൾ ജീവിതസത്യം ശാസ്ത്രീയമായി അറിയണമെന്നു താൽപ്പര്യമുള്ളയാളാണു സുധി. ഈ ഒരേ ഒരാഗ്രഹമുണ്ടെങ്കിൽ ആർക്കും ഗീതാമൃതം നുകർന്നു തുടങ്ങാം. അതിനു പിന്നെ മറ്റു യാതൊന്നും തടസ്സമല്ല. ജാതിഭേദമോ മതഭേദമോ ദേശഭേദമോ ഉത്തമാധമഭേദമോ ഒന്നും തടസ്സമല്ല. ഏതു പാപയോനിക്കും ഇങ്ങോട്ടു കടക്കാം. ഏതു ദുരാചാരനും ഇവിടെ പ്രവേശനമുണ്ട്. എന്തിനേറെ, പാപികളിൽ വച്ച് അങ്ങേയറ്റത്തെ പാപിക്കുപോലും ഗീതാമൃതം ആസ്വദിച്ചു തുടങ്ങാം. അയാൾ അതിവേഗം ധർമാത്മാവായി ഭവിക്കും. ഗീതാഭഗവതി തന്നെ ഉച്ചൈസ്തരം ഇക്കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്. അഹോ! എല്ലാ അതിർവരമ്പുകളെയും ഭേദിച്ചു ചെല്ലുന്ന ഗീതാമാതാവിന്റെ കാരുണ്യക്കടൽ.

വിവേകാനന്ദസ്വാമിയുടെ അഭിപ്രായത്തിൽ ഗീത രചിക്കപ്പെട്ടിട്ടു കുറഞ്ഞത് അയ്യായിരം കൊല്ലങ്ങളെങ്കിലും കഴിഞ്ഞിരിക്കും. അദ്ദേഹം തുടരുന്നു: 'ഈ അയ്യായിരം കൊല്ലങ്ങൾക്കിടയിൽ എത്ര എത്ര ലക്ഷക്കണക്കിനാളുകളെയാണ് കൃഷ്ണനും ഗീതയും സ്വാധീനിച്ചിട്ടുള്ളത്. ഒന്നാലോചിക്കൂ, ഈ അത്ഭുതമനുഷ്യനു ലോകത്തിന്റെ മേൽ എന്തുമാത്രം സ്വാധീനശക്തിയാണ്. അദ്ദേഹത്തിന്റെ സമ്പൂർണമായ മനസ്സിന്റെ സമനില; അതാണെന്നെ അത്യ

digitized by www.sreyas.in

ധികം ആകർഷിച്ചത്. ആ ബുദ്ധിയിൽ യാതൊരുവിധമായ നൂലാമാലയും കടന്നുകൂടിയിട്ടില്ല. അന്ധവിശ്വാസത്തിനവിടെ സ്ഥാനമേയില്ല.' അതുകൊണ്ട് സത്യബുദ്ധിയോടൽപ്പമെങ്കിലും താൽപ്പര്യമുള്ളവർക്ക് ഗീതാമൃതചഷകം കൈയിലെടുക്കാം.

ഗീതക്ക് ഒരു പൂർണ്ണ വ്യാഖ്യാനമെന്ന നിലയിൽ നമുക്കു ലഭിക്കുന്ന ആദ്യത്തെ ഗ്രന്ഥം ശ്രീ ശങ്കരഭഗവത്പാദർ രചിച്ചിട്ടുള്ള ഭാഷ്യമാണ്. ശ്രീ. ശങ്കരന്റെ കാലം. എ.ഡി. ഒൻപതാം ശതകത്തിന്റെ ആരംഭത്തിലായിരുന്നു എന്ന് മിക്കവാറും തീരുമാനിക്കപ്പെട്ടിട്ടുണ്ട്. അദ്വൈതമതസ്ഥാപകനായിരുന്നു ശ്രീശങ്കരനെന്നു പ്രസിദ്ധമാണല്ലോ. തുടർന്ന് എ.ഡി. പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന ശ്രീരാമാനുജാചാര്യന്റെ ദ്വൈതാദ്വൈതം, പന്ത്രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന നിംബാർക്കാചാര്യന്റെ ദ്വൈതാദ്വൈതം, പതിമൂന്നാം ശതകത്തിൽ ജീവിച്ചിരുന്ന മധ്വാചാര്യരുടെ ദ്വൈതം, പതിനഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന വല്ലഭാചാര്യരുടെ ശുദ്ധാദ്വൈതം ഇവയെല്ലാം പ്രചാരത്തിൽ വരികയുണ്ടായി. ഇവരിൽ രാമാനുജാചാര്യരും, മധ്വാചാര്യരും വല്ലഭാചാര്യരും അവരവരുടെ കാഴ്ചപ്പാടുകൾക്കനുസരണമായി ഗീതക്ക് വ്യാഖ്യാനങ്ങൾ രചിക്കുകയുണ്ടായി. നിംബാർക്കാചാര്യരാകട്ടെ ബ്രഹ്മസൂത്രത്തിനു ഭാഷ്യം രചിച്ചുകൊണ്ടാണു തന്റെ ദ്വൈതാദ്വൈതസിദ്ധാന്തം ഉറപ്പിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ ശിഷ്യനായ കേശവ കാശ്മീരഭട്ടൻ ഗുരുസിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ ഗീതക്കു വ്യാഖ്യാനമെഴുതുകയും ചെയ്തു. അഭിനവ ഗുപ്താചാര്യർ, ആനന്ദഗിരി, ശ്രീധരസ്വാമികൾ, മധുസൂദനസരസ്വതി തുടങ്ങിയ ആചാര്യന്മാരും വ്യാഖ്യാനങ്ങളിലൂടെ ഗീതാമൃതം നുകരാൻ ശ്രമിച്ചവരാണ്. ഭക്താഗ്രണിയായിരുന്ന ശ്രീ. ജ്ഞാനേശ്വരൻ മറാത്തി ഭാഷയിൽ ഒൻപതിനായിരം പാട്ടുകളിലായി രചിച്ചിട്ടുള്ള 'ജ്ഞാനേശ്വരി' എന്ന ഗീതാ' വ്യാഖ്യാനവും പ്രസിദ്ധമാണ്.

ആധുനിക കാലത്തും മഹാന്മാരായ അനേകം ഭാരതീയ ചിന്തകന്മാർ ഗീതാമൃതം സ്വയം പാനം ചെയ്യാനും മറ്റുള്ളവരെ പാനം ചെയ്യിക്കാനും ശ്രമിച്ചിട്ടുണ്ട്. ശ്രീ. ബാലഗംഗാധരതിലകൻ, ശ്രീ അരവിന്ദഘോഷ്, മഹാത്മാഗാന്ധി, ഡോ. രാധാകൃഷ്ണൻ എന്നിവർ ഇവരിൽ പ്രമുഖരാണ്. ശ്രീ വിനോബാജിയുടെ 'ഗീതാ പ്രവചനവും' ഗീതയെക്കുറിച്ചുള്ള ഉത്തമമായ ഒരു പഠനമാണ്. മലയാളത്തിലാകട്ടെ ഗീതക്ക് അനേകം വ്യാഖ്യാനങ്ങളും ഭാഷാന്തരങ്ങളും വ്യാഖ്യാനാനുവാദങ്ങളും ഉണ്ടായിട്ടുണ്ട്; ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. മഹാന്മാരായ നിരവധി വിദേശീയ ചിന്തകന്മാരും ഈ അമൃതചഷകം ഒട്ടൊക്കെ നുകരുവാൻ ശ്രമിച്ചിട്ടുണ്ട്, ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്.

digitized by www.sreyas.in

## ശിവാരവിന്ദം ഭാഷ്യം

'ശിവാരവിന്ദം' ഭാഷ്യത്തിൽ സിദ്ധാന്തങ്ങളോടൊപ്പം അവയുടെ പ്രയോഗങ്ങൾക്കും തുല്യ പ്രാധാന്യം നൽകാൻ കഴിയുന്നത്ര യത്നിച്ചിട്ടുണ്ട്. ഈ ഭാഷ്യരചനയിൽ ലോകഗുരുവായ ശ്രീ ശങ്കരഭഗത്പാദരുടെ കാലടികളെത്തന്നെയാണു ഭക്തിപൂർവം പിൻതുടർന്നിട്ടുള്ളത്. ഇതിലെ ഭാഷ്യകാരന് വേദാന്തസത്യം സൂര്യതുല്യം തെളിയിച്ചുതന്ന പരമഗുരുവാണു ശ്രീശങ്കരഭഗവത്പാദർ. എന്നാൽ ഈ ഭാഷ്യത്തിൽ ചില സന്ദർഭങ്ങളിൽ ആ പരമഗുരുവിന്റെ അഭിപ്രായത്തോടു മതഭേദം പ്രകടമാക്കിയിട്ടുണ്ട്. അതു തെറ്റായാലും ശരിയായാലും ആ ഗുരുവിന്റെ പാദങ്ങളിൽ പ്രണമിച്ചനുവാദം വാങ്ങിച്ചുകൊണ്ടാണങ്ങനെ ചെയ്തിട്ടുള്ളത്. ഭഗവത്പാദരുടെ ഉപനിഷത്ഭാഷ്യങ്ങളും ബ്രഹ്മസൂത്രഭാഷ്യവും പഠിച്ചുകിട്ടിയ അറിവിന്റെ വെളിച്ചത്തിലുമാണതു ചെയ്തിട്ടുള്ളത്.

വേദാന്തശാസ്ത്രത്തിലെ സാങ്കേതികപദങ്ങളുപയോഗിച്ചു തത്വഗ്രഹണം ദുർഗ്രഹമാക്കിത്തീർക്കരുതെന്നു ഗീതാകാരനു നിഷ്കർഷയുണ്ടായിരുന്നു. ഗീതയിൽ തന്നെ പല പദങ്ങളും വ്യക്തമായി നിർവചിച്ചിട്ടുമുണ്ട്. കഴിയുന്നത്ര ഗീതാ നിർവചനങ്ങളെത്തന്നെ ആശ്രയിച്ചുകൊണ്ടാണു പ്രസ്തുത ഭാഷ്യം രചിച്ചിട്ടുള്ളത്. മനുഷ്യന്റെ നിത്യജീവിതവുമായി ബന്ധപ്പെടാത്തതൊന്നും വിലപ്പെട്ടതായിത്തീരുന്നതല്ല. ഗീതാസിദ്ധാന്തങ്ങൾ ഓരോ നിമിഷവുമുള്ള ജീവിതത്തിന്റെ ഭാഗമായിത്തീരേണ്ടുന്നവയാണ്. തീരാൻ തക്കവണ്ണം പ്രായോഗികങ്ങളുമാണ്. അവയുടെ പ്രായോഗികതക്ക് ഈ ഭാഷ്യത്തിൽ മുൻഗണന നൽകിയിരിക്കുന്നു.

'ശിവ' ശബ്ദം ഉച്ചരിച്ചുകൊണ്ട് ധീരമായി പ്രസന്നതയോടെ ദേഹത്യാഗം ചെയ്ത ഏഴരവയസ്സുമാത്രം പ്രായമുണ്ടായിരുന്ന അരവിന്ദന്റെ സ്മാരകമെന്ന നിലയ്ക്കാണീ ഭാഷ്യം രചിച്ചിട്ടുള്ളത്. ഭാഷ്യത്തിനു 'ശിവാരവിന്ദം' എന്നു പേരു നൽകിയതും അതുകൊണ്ടാണ്. അൻപതു മിനിട്ടോളം തുടർച്ചയായി ഉച്ചത്തിൽ 'ശിവ' നാമമുച്ചരിച്ചു ചുറ്റും നിന്നവരെ രോമാഞ്ചമണിയിച്ചുകൊണ്ടാണ് അരവിന്ദൻ ദേഹം ത്യജിച്ചത്. ഗീത പഠിച്ചു മനനം ചെയ്തുറപ്പിക്കുന്നവർക്ക് ഈ നിലയിൽ മരണത്തെ നേരിടാൻ കഴിയുമെന്നുള്ളതിൽ സംശയിക്കാനേയില്ല.

മരണവേളയിൽ എന്നെ സ്മരിക്കുന്നവർ എന്നെത്തന്നെ പ്രാപിക്കുമെന്നു ഭഗവാൻ ഗീതയിൽ വെളിപ്പെടുത്തിയിട്ടുമുണ്ട്. ഇതു പ്രായോഗിക

digitized by www.sreyas.in

മായി കാണിച്ചുതന്ന അരവിന്ദശിശുവിന്റെ സത്യാനുഭൂതിയുടെ പരിമളം അൽപ്പമെങ്കിലും ഈ ഭാഷ്യം ഉൾക്കൊള്ളുന്നുണ്ടെങ്കിൽ അതു മാത്രമാണിതിന്റെ ധന്യത. ആ ദിവ്യശിശുവിന്റെ പാദങ്ങളിൽ ഈ ഭാഷ്യം ഭക്തിപൂർവം സമർപ്പിക്കപ്പെടുന്നു.

*ജ്ഞാനസൂര്യമരവിന്ദമാത്മനോ*
*ദേശികം ശിവപദപ്രബോധകം*
*ഭാഷ്യകർമകൃതലോകസംഗ്രഹം*
*പാദപാതമിഹ നൗമി ശങ്കരം*

ശിവാരവിന്ദം — **പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ**
10-1-1995

digitized by www.sreyas.in

ഓം തത് സത്

ശ്രീമദ്

# ഭഗവദ് ഗീതാധ്യാനം

1. *പാർഥായ പ്രതിബോധിതാം ഭഗവതാ നാരായണേന സ്വയം*
*വ്യാസേന ഗ്രഥിതാം പുരാണമുനിനാ മധ്യേ മഹാഭാരതം*
*അദ്വൈതാമൃതവർഷിണീം ഭഗവതീമഷ്ടാദശാധ്യായിനീ-*
*മംബ, ത്വാമനുസംദധാമി ഭഗവദ്ഗീതേ ഭവദ്വേഷിണീം*

സ്വയം ഭഗവാൻ നാരായണൻ കുന്തീപുത്രനായ അർജുനനു നേരിട്ടുപദേശിച്ചതും പുരാണമുനിയായ വ്യാസൻ ഭാരതമെന്ന ഇതിഹാസത്തിന്റെ മധ്യത്തിൽ കോർത്തു ചേർത്തതും പതിനെട്ടധ്യായങ്ങളിലായി അദ്വൈതാമൃതം വർഷിക്കുന്നതുമാണു ഗീത. സംസാരദുഃഖം തീർക്കാൻ കഴിവുള്ള ദിവ്യയായ ഗീതാമാതാവേ നിന്നെ ഞാൻ സദാ മനസ്സുകൊണ്ടു പിൻതുടരുന്നു.

2. *നമോഽസ്തു തേ വ്യാസവിശാലബുദ്ധേ, ഫുല്ലാരവിന്ദായതപത്രനേത്ര!*
*യേന ത്വയാ ഭാരതതൈലപൂർണഃ പ്രജ്വാലിതോ ജ്ഞാനമയഃ പ്രദീപഃ*

വിടർന്ന താമരയുടെ ഇതൾപോലെ വികസിച്ച കണ്ണുള്ളവനും സത്യബുദ്ധിയുമായ അല്ലയോ വ്യാസഭഗവൻ അങ്ങേയ്ക്കു നമസ്കാരം. അങ്ങാണല്ലോ മഹാഭാരതമെന്ന എണ്ണ നിറച്ചു ജ്ഞാനരൂപമായ മഹാദീപം കത്തിജ്വലിപ്പിച്ചത്.

3. *പ്രപന്നപാരിജാതായ തോത്രവേത്രൈകപാണയേ*
*ജ്ഞാനമുദ്രായ കൃഷ്ണായ ഗീതാമൃതദുഹേ നമഃ*

കൽപ്പവൃക്ഷം പോലെ ശരണാഗതർക്കു കാമഫലം നൽകുന്നവനും ചൂരൽക്കോൽ കയ്യിലേന്തിയവനും ജ്ഞാനമുദ്ര ധരിച്ചവനും ഗീതാമൃതം കറന്നെടുത്തവനുമായ കൃഷ്ണന് എന്റെ നമസ്കാരം.

4. *സർവോപനിഷദോ ഗാവോ ദോഗ്ധാ ഗോപാലനന്ദനഃ*
*പാർഥോ വത്സഃ സുധീർഭോക്താ ദുഗ്ധം ഗീതാമൃതം മഹത്*

digitized by www.sreyas.in

ഉപനിഷത്തുകളാകുന്ന പശുക്കളിൽ നിന്നു കറവക്കാരനായ കൃഷ്ണൻ അർജുനനാകുന്ന കന്നുകുട്ടിയെ വിട്ടു കറന്നെടുത്തതാണു മഹത്തായ ഈ ഗീതാമൃതം. സത്യാന്വേഷിയായ വിവേകി ഇതു ഭുജിച്ച് അമൃതത്വം വരിക്കുന്നു.

5. *വസുദേവസുതം ദേവം കംസചാണൂരമർദനം*
*ദേവകീപരമാനന്ദം കൃഷ്ണം വന്ദേ ജഗദ്ഗുരും*

വസുദേവപുത്രനായി ജനിച്ച ദേവനും കംസനെയും ചാണൂരനെയും കൊന്നവനും ദേവകീദേവിയുടെ പരമാനന്ദവും ലോകഗുരുവുമായ കൃഷ്ണനെ ഞാൻ വണങ്ങുന്നു.

6. *ഭീഷ്മദ്രോണതടാ ജയദ്രഥജലാ ഗാന്ധാരനീലോപലാ*
*ശല്യഗ്രാഹവതീ കൃപേണ വഹനീ കർണേന വേലാകുലാ*
*അശ്വത്ഥാമവികർണഘോരമകരാ ദുര്യോധനാവർത്തിനീ*
*സോത്തീർണാ ഖലു പാണ്ഡവൈ രണനദീ കൈവർത്തകഃ*
*കേശവഃ*

പാണ്ഡവന്മാർ ഭാരതയുദ്ധമാകുന്ന നദി കടന്നു. ഭീഷ്മരും ദ്രോണരുമായിരുന്നു ആ നദിയുടെ രണ്ടു കരകളും. ജയദ്രഥനായിരുന്നു അതിലെ ജലം. ശകുനി അതിലെ കറുത്ത പാറക്കെട്ടായിരുന്നു. ശല്യരായിരുന്നു അതിലെ മുതല. കൃപർ ആ നദിയുടെ ഒഴുക്കായിരുന്നു. കർണനെക്കൊണ്ട് അതു കരകവിയുന്നുണ്ടായിരുന്നു. അശ്വത്ഥാമാവും വികർണനും അതിലെ മകരമത്സ്യങ്ങളായിരുന്നു. ദുര്യോധനൻ അതിലെ ചുഴിയായിരുന്നു. പാണ്ഡവന്മാരെ ഈ നദിക്കപ്പുറമെത്തിച്ചതാകട്ടെ തോണിക്കാരനായ കേശവൻ.

7. *പാരാശര്യവചസ്സരോജമമലം ഗീതാർഥഗന്ധോൽക്കടം*
*നാനാഖ്യാനകകേസരം ഹരികഥാസംബോധനാബോധിതം*
*ലോകേ സജ്ജനഷഡ്പദൈരഹരഹഃ പേപീയമാനം മുദാ*
*ഭൂയാത് ഭാരതപങ്കജം കലിമലപ്രധ്വംസി നഃ ശ്രേയസ്സേ*

കലിദോഷഹാരിയായ ഭാരതേതിഹാസമെന്ന താമരപ്പൂവ് നമ്മുടെ ആത്മസാക്ഷാൽക്കാരത്തിനുതകുമാറാകട്ടെ. വ്യാസവാക്കാകുന്ന പൊയ്കയിലാണതു കിളിർത്തത്. ഗീതാർഥമാകുന്ന സൗരഭ്യം അതിൽ ഇടതിങ്ങുന്നു. ഉപകഥകൾ പലതൊരുമിച്ചതാണതിന്റെ അല്ലി. കൃഷ്ണഗാഥാ പ്രസരമേറ്റാണതു വികസിച്ചത്. ഈ ലോകത്ത് സജ്ജനങ്ങളാകുന്ന വണ്ടുകൾ ദിവസേന സന്തോഷപൂർവം അതിലെ മധു പാനം ചെയ്യുന്നു.

digitized by www.sreyas.in

8. *മൂകം കരോതി വാചാലം പംഗും ലംഘയതേ ഗിരിം*
*യത്കൃപാ തമഹം വന്ദേ പരമാനന്ദമാധവം.*

ഏതൊരു ഭഗവാന്റെ കാരുണ്യം ഊമയെ വാഗ്മിയാക്കിത്തീർക്കുന്നുവോ മുടന്തനെ പർവതം കടത്തി വിടുന്നുവോ പരമാനന്ദസ്വരൂപിയായ ആ ലക്ഷ്മീ വല്ലഭനെ ഞാൻ വന്ദിക്കുന്നു.

9. *യം ബ്രഹ്മാവരുണേന്ദ്രരുദ്രമരുതഃ സ്തുന്വന്തി ദിവ്യൈഃ സ്തവൈഃ*
*വേദൈഃ സാംഗപദക്രമോപനിഷദൈർഗായന്തി യം സാമഗാഃ*
*ധ്യാനാവസ്ഥിത തദ്ഗതേന മനസ്സാ പശ്യന്തി യം യോഗിനോ*
*യസ്യാന്തം ന വിദുഃ സുരാസുരഗണാ ദേവായ തസ്മൈ നമഃ*

ഏതൊരു ദേവനെ ബ്രഹ്മാവ്, വരുണൻ, ഇന്ദ്രൻ, രുദ്രൻ, മരുത്തുകൾ എന്നിവർ ദിവ്യങ്ങളായ സ്തോത്രങ്ങൾകൊണ്ടു വാഴ്ത്തി സ്തുതിക്കുന്നുവോ, അംഗങ്ങൾ, പദക്രമം, ഉപനിഷത്തുകൾ ഇവയുൾപ്പെട്ട വേദങ്ങൾകൊണ്ട് വേദവിത്തുകൾ ഏതൊരു ദേവനെ പാടി പ്രസാദിപ്പിക്കുന്നുവോ, ധ്യാനത്തിൽ ആണ്ടിരിക്കുന്ന ഏകാഗ്രമനസ്സുകൊണ്ട് ഏതൊരു ദേവനെ യോഗിമാർ കണ്ടാനന്ദിക്കുന്നുവോ, സുരാസുരന്മാരും ഏതൊരു ദേവന്റെ പൂർണരൂപം അറിയുന്നില്ലയോ പരമാത്മാവായ ആ വിഷ്ണുദേവന് എന്റെ നമസ്കാരം.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

digitized by www.sreyas.in

*അധ്യായം 1*

# അർജുനവിഷാദയോഗം

ധൃതരാഷ്ട്ര ഉവാച - ധൃതരാഷ്ട്രർ പറഞ്ഞു:

1. *ധർമക്ഷേത്രേ കുരുക്ഷേത്രേ സമവേതാ യുയുത്സവഃ*
*മാമകാഃ പാണ്ഡവാശ്ചൈവ കിമകുർവത സഞ്ജയ?*

സഞ്ജയ - അല്ലയോ സഞ്ജയാ; ധർമക്ഷേത്രേ - ധർമം അഥവാ ഈശ്വരൻ ജയിക്കുന്ന ഇടമായ; കുരുക്ഷേത്രേ - കുരുക്ഷേത്രമെന്ന യുദ്ധഭൂമിയിൽ അഥവാ പ്രപഞ്ചമെന്ന യുദ്ധഭൂമിയിൽ; സമവേതാഃ - നിശ്ചയിച്ചുറപ്പിച്ചു വന്നു ചേർന്നവരും; യുയുത്സവഃ - യുദ്ധം ചെയ്യാൻ കൊതിക്കുന്നവരുമായ; മാമകാഃ - എന്റെ പുത്രന്മാരും; പാണ്ഡവാഃ ച ഏവ - പാണ്ഡവന്മാരുമെന്നുതന്നെ വേർതിരിച്ചറിയാവുന്നവരും; കിം അകുർവത - തുടർന്ന് എന്തുചെയ്തു?

അല്ലയോ സഞ്ജയാ, ധർമം അഥവാ ഈശ്വരൻ ജയിക്കുന്ന ഇടമായ കുരുക്ഷേത്രമെന്ന യുദ്ധഭൂമിയിൽ അഥവാ പ്രപഞ്ചമെന്ന യുദ്ധഭൂമിയിൽ നിശ്ചയിച്ചുറച്ചു വന്നുചേർന്നവരും യുദ്ധം ചെയ്യാൻ കൊതിക്കുന്നവരുമായ എന്റെ പുത്രന്മാരും പാണ്ഡവന്മാരുമെന്നുതന്നെ വേർതിരിച്ചറിയാവുന്നവരും തുടർന്ന് എന്തു ചെയ്തു?

## *ധർമക്ഷേത്രേ കുരുക്ഷേത്രേ*

• കുരുക്ഷേത്രം ധർമക്ഷേത്രമാണ്. ഭാരതകഥയിൽ കൗരവന്മാരും പാണ്ഡവന്മാരും യുദ്ധത്തിനായി അണിനിരന്ന സ്ഥലത്തിന്റെ പേരാണു കുരുക്ഷേത്രം. 'യതോ ധർമസ്തതോ ജയഃ - ധർമം എവിടെയുണ്ടോ അവിടെ വിജയമുണ്ട്' എന്നതു മഹാഭാരതത്തിൽ പലയിടത്തും ആവർത്തിച്ചിട്ടുള്ള മുദ്രാവാക്യമാണ്. യുദ്ധത്തിനു തൊട്ടുമുൻപ് ഈ ജീവിതനിയമം വ്യാസനും

digitized by www.sreyas.in

സഞ്ജയനും ധൃതരാഷ്ട്രർക്ക് ആവർത്തിച്ചു വെളിപ്പെടുത്തിക്കൊടുക്കുന്നുമുണ്ട്. ധർമത്തിന്റെ സൂക്ഷ്മഗതി നിഗൂഢമാണ്. ഏതായാലും യുദ്ധത്തിൽ ധർമമേ ജയിക്കൂ എന്നു ധൃതരാഷ്ട്രർക്കറിയാം. അപ്പോൾ ധർമം നിർണയിക്കപ്പെടാനുള്ള ഇടമാണ് യുദ്ധഭൂമിയായ കുരുക്ഷേത്രം. അതുകൊണ്ടാണു ധർമക്ഷേത്രമെന്ന വിശേഷണം നൽകിയിരിക്കുന്നത്. കഥയിൽ കുരുക്ഷേത്രമെന്നതു യുദ്ധഭൂമിയുടെ പേരാണ്. കുരുരാജാക്കന്മാരുടെ പ്രവർത്തനങ്ങൾക്കു രൂപം കൊടുത്ത സ്ഥലമായതുകൊണ്ടായിരിക്കാം അതിനു കുരുക്ഷേത്രമെന്നു പേരു കിട്ടിയത്.

ഈ കാണുന്ന പ്രപഞ്ചവും ധർമക്ഷേത്രമായ കുരുക്ഷേത്രമാണ്. എന്താണു ധർമം? പ്രപഞ്ചത്തെ ധരിക്കുന്നതു ധർമം എന്നാണല്ലോ പ്രസിദ്ധമായ ധർമ നിർവചനം. വേദാന്തശാസ്ത്ര പ്രകാരം വ്യക്തമായും പ്രപഞ്ചത്തെ ധരിക്കുന്നതു പരബ്രഹ്മമാണ്. അതുകൊണ്ടു പരബ്രഹ്മമാണു ധർമം. അങ്ങനെയാണെങ്കിൽ പുണ്യകർമങ്ങൾക്കും സദാചാരങ്ങൾക്കും ധർമമെന്ന പേരെങ്ങനെ കിട്ടി? ധർമരൂപിയായ പരബ്രഹ്മത്തോടടുക്കാൻ സഹായിക്കുന്നതൊക്കെ ധർമമെന്നറിയപ്പെട്ടു. ആ പരമസത്യത്തിൽ നിന്ന് അകറ്റുന്നതൊക്കെ അധർമവും. ഇതാണു ഗീതയിലെ ധർമാധർമ വിവേചനം. ക്ഷേത്ര ശബ്ദത്തിനു ശരീരമെന്നർഥം. ഇക്കാര്യം ഗീത പതിമൂന്നാമധ്യായത്തിൽ ഭഗവാൻ തന്നെ സ്പഷ്ടമാക്കിയിട്ടുണ്ട്. അപ്പോൾ ധർമക്ഷേത്രമെന്നാൽ പരമാത്മാവിന്റെ ശരീരമെന്നർഥം. പുരുഷസൂക്തത്തിലെയും പുരാണങ്ങളിലെയും ഗീത പതിനൊന്നാമധ്യായത്തിലെയും വിരാട് രൂപവർണനകൾ പ്രപഞ്ചം ബ്രഹ്മശരീരമാണെന്നുള്ള സിദ്ധാന്തത്തിന്റെ വിവരണങ്ങളാണല്ലോ. കുരുക്ഷേത്രമെന്നാൽ കർമത്തിനാശ്രയം എന്നർഥം. ഏതു രീതിയിൽ നോക്കിയാലും ധർമക്ഷേത്രമായ പ്രപഞ്ചം കർമാശ്രയമാണ്. ശക്തിചലനരൂപമായ കർമമാണ് ബ്രഹ്മാധിഷ്ഠാനത്തിൽ പ്രപഞ്ചത്തെ ഉണ്ടാക്കി നിലനിർത്തി അഴിക്കുന്നത്. 'കുരു' എന്ന ക്രിയാപദത്തിനു 'ചെയ്യൂ' എന്ന കർമപ്രേരണയാണർഥം. 'ചെയ്യൂ ചെയ്യൂ' എന്നിങ്ങനെ സദാ കർമപ്രേരണ പൊന്തിവന്നുകൊണ്ടിരിക്കുന്ന ഇടം എന്നും കുരുക്ഷേത്രശബ്ദത്തിനർഥം പറയാം. ഈ പ്രപഞ്ചത്തിൽ സൃഷ്ടിസ്ഥിതിസംഹാര രൂപത്തിൽ എന്തെങ്കിലും ചെയ്യൂ; ചെയ്യൂ, എന്ന പ്രേരണ സദാ സകലരെയും പിടികൂടിക്കൊണ്ടിരിക്കുന്നു. ആരും ഒരു നിമിഷംപോലും കർമം ചെയ്യാതിരിക്കുന്നില്ലയെന്നു ഭഗവാനും മൂന്നാമധ്യായത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ

digitized by www.sreyas.in

സദാ കർമപ്രേരണക്കു വശപ്പെട്ടിരിക്കുന്നതുകൊണ്ടു പ്രപഞ്ചം കർമാശ്രയമാണ്. ഈ ശാസ്ത്രസത്യമാണ് 'കുരുക്ഷേത്ര' എന്ന പദംകൊണ്ട് വെളിപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ 'ധർമക്ഷേത്രേ കുരുക്ഷേത്രേ' എന്നതിനു പരബ്രഹ്മത്തിൽ അധിഷ്ഠിതമായി പരബ്രഹ്മശരീരമായി വർത്തിക്കുന്ന കർമമയമായ ഈ പ്രപഞ്ചത്തിൽ എന്നാണു താൽപ്പര്യം.

### *സമവേതാ യുയുത്സവഃ*

നിശ്ചയിച്ചുറപ്പിച്ചെത്തിച്ചേർന്നവരും യുദ്ധകുതുകികളും. ഗീതാപദങ്ങളിലെ ഉപസർഗങ്ങൾ പോലും ശ്രദ്ധാപൂർവം താൽപ്പര്യനിർണയം ചെയ്യപ്പെടേണ്ടവയാണ്. അതുകൊണ്ടാണു 'സമവേത' പദത്തിനു നിശ്ചയിച്ചുറപ്പിച്ച് എത്തിച്ചേർന്നവർ എന്നർഥം നൽകിയിരിക്കുന്നത്. കൗരവന്മാരും പാണ്ഡവന്മാരും ദീർഘകാലത്തെ ചർച്ചകളും സന്ധിസംഭാഷണങ്ങളും കഴിഞ്ഞു യുദ്ധമല്ലാതെ പോംവഴിയില്ലെന്നുറപ്പിച്ചു കുരുക്ഷേത്രത്തിൽ എത്തിച്ചേർന്നവരാണ്. പ്രപഞ്ചത്തിലെ ജീവജാലങ്ങളുടെയും സ്ഥിതിയിതുതന്നെ. വിശേഷിച്ചും മനുഷ്യരുടെ കർമനിയമമനുസരിച്ചു പൂർവജന്മങ്ങളിൽക്കൂടി ചിരകാലമായി സഞ്ചയിച്ച കർമവാസനകളുമായിട്ടാണു ഭൂമിയിൽ മനുഷ്യൻ വന്നുപിറക്കുന്നത്. കർമവാസനകൾ വഴി നിശ്ചയിച്ചുറപ്പിക്കപ്പെട്ട ജീവിതപഥത്തോടുകൂടിയവരാണു മനുഷ്യർ. ഈ കർമവാസനകൾ രാഗദ്വേഷമയങ്ങളാകയാലും ഓരോ വ്യക്തിയിലുമുള്ള രാഗദ്വേഷങ്ങൾ ഭിന്നരുചികളാകയാലും വ്യക്തികൾക്കുള്ളിലും പുറത്തും ജീവിതം സംഘർഷമയമാകാതെ തരമില്ല. അതുകൊണ്ടു രാഗദ്വേഷവാസനകളോടുകൂടി യുദ്ധകുതുകികളായിത്തന്നെയാണു മനുഷ്യർ പ്രപഞ്ചത്തിലെത്തിച്ചേരുന്നത്.

### *മാമകാഃ പാണ്ഡവാഃ ച ഏവ*

മാമകന്മാർ ദുര്യോധനാദികളും പാണ്ഡവന്മാർ ധർമപുത്രാദികളുമാണ്. മഹാഭാരതത്തിൽ മിക്ക സന്ദർഭങ്ങളിലും ധൃതരാഷ്ട്രർ ദുര്യോധനാദികളെ 'മാമക' ശബ്ദം കൊണ്ടുതന്നെയാണു പരാമർശിക്കുന്നത്. അജ്ഞാനം നിമിത്തമായുണ്ടായ മമതാബന്ധം ആ അന്ധനൃപനെ ശക്തിയായി പിടികൂടിയിരുന്നു എന്ന് ആവർത്തിച്ചുള്ള 'മാമക' പദപ്രയോഗം വെളിപ്പെടുത്തുന്നു. യുദ്ധക്കളത്തിൽ രണ്ടു പക്ഷത്തായി അണിനിരന്നിരിക്കുന്ന ദുര്യോധനാദികളെയും പാണ്ഡവന്മാരെയും വേർതിരിച്ചറിയാൻ ഒരു പ്രയാസവുമില്ലെന്നു കാണിക്കാനാണ് 'ച, ഏവ' എന്ന സമുച്ചയാർഥകവും നിശ്ചയാർഥകവുമായ

digitized by www.sreyas.in

രണ്ടവ്യയങ്ങൾ പ്രയോഗിച്ചിരിക്കുന്നത്.

ധർമക്ഷേത്രമായ പ്രപഞ്ചത്തിലാകട്ടെ മാമകന്മാർ ആസുരീസമ്പന്നന്മാരും പാണ്ഡവന്മാർ ദൈവീസമ്പന്നന്മാരുമാണ്. ഈ ലോകത്തു രണ്ടുതരം പ്രാണിവർഗങ്ങളേയുള്ളു. ദേവവർഗമെന്നും അസുരവർഗമെന്നും. ഇക്കാര്യം പതിനാറാം അധ്യായത്തിൽ ഭഗവാൻ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. നിസ്വാർഥത വളർത്തി ഈശ്വരവിശ്വാസത്തോടെ സത്യമാർഗത്തിൽ ചരിക്കുന്നവരാണ് ദൈവീസമ്പന്നന്മാർ. ഇവർ നിവൃത്തിമാർഗമവലംബിച്ച് ഈശ്വരാരാധനാ രൂപത്തിൽ കർമങ്ങളനുഷ്ഠിക്കുന്നു. അങ്ങനെ ക്രമേണ പരമാത്മ സാക്ഷാൽക്കാരമെന്ന മോക്ഷത്തിലെത്തിച്ചേരുകയും ചെയ്യുന്നു. സ്വാർഥത വളർത്തി ഈശ്വരവിശ്വാസമില്ലാതെ അസത്യമാർഗത്തിൽ ചരിക്കുന്നരാണ് ആസുരീസമ്പന്നന്മാർ. ഇവർ പ്രവൃത്തിമാർഗമവലംബിച്ചു മമതാമോഹബദ്ധരായി ഫലകാംക്ഷയോടെ കർമങ്ങളനുഷ്ഠിക്കുന്നു. അങ്ങനെ ക്രമേണ ദുഃഖം വളർത്തി ഇരുണ്ട ജീവിതങ്ങളിലേക്കു പതിക്കാനിടവരുന്നു. രണ്ട് എതിർമാർഗങ്ങളിൽ ചരിക്കുന്നതുകൊണ്ടുതന്നെ ഇവർ തമ്മിൽ സദാ സംഘട്ടനം അനിവാര്യമാണെന്നു നിശ്ചയമാണല്ലോ. അസുരവർഗത്തിനാശ്രയം അജ്ഞാനവും ദേവവർഗത്തിന് ആശ്രയം ഈശ്വരനുമാണ്. ദുര്യോധനാദികൾ അസുരവർഗത്തിന്റെയും പാണ്ഡവാദികൾ ദേവവർഗത്തിന്റെയും പ്രതിനിധികളാണെന്നു ഭാരതകഥയുടെ ആരംഭത്തിൽത്തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. കൗരവന്മാരുടെ തായ്‌വേരായ ധൃതരാഷ്ട്രർ അജ്ഞാനത്തിന്റെ പ്രതീകമാണ്. അദ്ദേഹത്തിന്റെ ജന്മാന്ധത ഈ വസ്തുതയിലേക്കു വിരൽ ചൂണ്ടുന്നു, 'മാമകാഃ, മാമകാഃ' എന്നിങ്ങനെ ദുര്യോധനാദികളെ കൂടെക്കൂടെ പരാമർശിക്കുന്നതും ഇതിനു തെളിവാണ്. അജ്ഞാനരൂപിയായ ധൃതരാഷ്ട്രർ മക്കളോടൊത്തു രംഗത്തുവരുന്നില്ല. ഒന്നും കാണാൻ കഴിയാതെ അന്തഃപുരത്തിലിരുന്നു ഓരോന്നു പറഞ്ഞുകേട്ടു പരിഭ്രാന്തനാവുകയേ ചെയ്യുന്നുള്ളു. നേരേമറിച്ച് പാണ്ഡവന്മാർക്കു പരമാശ്രയം ഭഗവാൻ കൃഷ്ണനാണ്. ഭഗവാന്റെ സർവജ്ഞത്വമാണ് പാണ്ഡവന്മാരെ നയിക്കുന്നത്. അവരോടൊപ്പം യുദ്ധരംഗത്തെത്തി സർവസാക്ഷിയായി നിന്നുകൊണ്ട്, തന്നെ ശരണം പ്രാപിച്ചവർക്കു വേണ്ട നിർദേശങ്ങൾ നൽകി അവരെ വിജയത്തിലേക്കു നയിക്കുകയാണു ചെയ്യുന്നത്. ദൈവാസുരസമ്പന്നന്മാരുടെ ജീവിതഗതിയും ഏതാണ്ടിതുതന്നെയാണ്. പത്തു ദിവസത്തെ യുദ്ധത്തെക്കുറിച്ചും ഭീഷ്മരുടെ പതനത്തെക്കുറിച്ചും സഞ്ജയനിൽ നിന്നു ധൃതരാഷ്ട്രർ പലതും ഗ്രഹിച്ചു. ചുരുങ്ങിയ ആ വിവരണങ്ങളിലൊന്നും തൃപ്തിപ്പെടാതെയാണ് എല്ലാം വിസ്തരിച്ചു

digitized by www.sreyas.in

കേൾക്കാനായി 'ധർമക്ഷേത്രേ കുരുക്ഷേത്രേ' എന്ന ചോദ്യം ആരംഭിക്കുന്നത്. അജ്ഞതയുടെ പരിഭ്രാന്തിയാണ് നാം ഇവിടെ കാണുന്നത്. യുദ്ധം അടുത്തുവരുന്തോറും ധൃതരാഷ്ട്രനിൽ ഉറക്കമില്ലായ്മയും പരിഭ്രാന്തിയും വർധിച്ചുകൊണ്ടേയിരുന്നു എന്നാണല്ലോ കഥ വെളിപ്പെടുത്തുന്നത്. ജീവിതം ദൈവാസുരസമ്പത്തുകളുടെ സംഘട്ടനരംഗമാണ്. സൂക്ഷിച്ചുനോക്കുന്നവർക്ക് ഈ രണ്ടു വർഗങ്ങളേയും തിരിച്ചറിയാൻ പ്രയാസമില്ല. ദേവാസുര വർഗങ്ങളുടെ വ്യക്തമായ വേർതിരിവിന്റെ നേരേ വിരൽചൂണ്ടുന്നവയാണ് 'ച, ഏവ' എന്ന രണ്ടവ്യയങ്ങളും. പുരാണേതിഹാസങ്ങളിൽ പ്രധാനമായും ദേവാസുരവർഗങ്ങളുടെ സമരമാണല്ലോ വർണനാവിഷയം.

## *കിം അകുർവത*

യുദ്ധവാർത്തകൾ ചുരുക്കത്തിൽ കേട്ടാൽ പോരാ. അതു വിശദമായി അറിയണം. അതിനാണീ ചോദ്യം. അല്ലെങ്കിൽ ഭീഷ്മപതനം വരെയുള്ള വാർത്തകൾ ചുരുക്കമായി കേട്ടുകഴിഞ്ഞയാൾ വീണ്ടും എന്തിനീ ചോദ്യം ചോദിക്കണം? അജ്ഞതയുടെ പരിഭ്രാന്തിയാണീ ചോദ്യമുന്നയിക്കുന്നത്. സകല ജീവികളുടെയും സ്വരൂപം സത്യമാണ്. അതിൽ താൽക്കാലികമായി ആവിർഭവിക്കുന്ന ഒരു മൂടുപടമാണ് അജ്ഞാനം. അജ്ഞാനഭ്രമത്തിനാശ്രയം സത്യമായതുകൊണ്ട് ആ സത്യത്തെ പാടേ പുറംതള്ളിയിട്ട് എത്ര കടുത്ത അജ്ഞാനത്തിനും പ്രവർത്തനം സാധ്യമല്ല. അക്കാരണത്താലാണു തെറ്റു ചെയ്യുന്നവർക്കും ഇതു തെറ്റാണ് എന്നുള്ളിൽ നിന്നു നിർദേശം ലഭിക്കുന്നത്. തെറ്റാണ്, ഇതാപത്തിനു വഴിതെളിക്കും എന്നുള്ളിൽ നിന്നുണ്ടാകുന്ന നിർദേശമാണ് അജ്ഞതയുടെ പരിഭ്രാന്തിക്കു കാരണം. ഉള്ളിലുള്ള ഈശ്വരന്റെ നിർദേശങ്ങൾ ആവർത്തിച്ചു നിരസിക്കപ്പെടുന്നതോടെ ആ ശബ്ദത്തിന്റെ ശക്തി കുറഞ്ഞു പടിപടിയായി പതിക്കാനിടവരുന്നു. ഉള്ളിൽ നിന്നു വരുന്ന ഈശ്വരനിർദേശങ്ങൾക്കു വഴങ്ങുന്നവർ പടിപടിയായി ഉയർത്തപ്പെട്ടു സ്വസ്വരൂപമായ സത്യം തെളിച്ചെടുക്കുന്നു. ആരുടെയും ജീവിതഗതിയുടെ നിയമം ഇതാണ്. ധൃതരാഷ്ട്രർ അജ്ഞാനത്തിന്റെ പ്രതീകമാണെങ്കിലും നിരന്തരമായ സത്സംഗം ലഭിക്കാൻ ഭാഗ്യമുണ്ടായ ആളാണ്. പിതാവായ വ്യാസൻ, സഹോദരനായ വിദുരൻ, ബ്രഹ്മപുത്രനായ സനത്കുമാരൻ, സത്യബുദ്ധിയായ സഞ്ജയൻ തുടങ്ങി പല മഹത്തുക്കളുടെയും ഉപദേശം അദ്ദേഹത്തിനു കൂടെക്കൂടെ കിട്ടിക്കൊണ്ടിരുന്നു. അതുനിമിത്തം സിദ്ധാന്തപരമായി സത്യമെന്തെന്നും ജീവിതവിജയം എവിടെയാണെന്നും

digitized by www.sreyas.in

ധൃതരാഷ്ട്രർക്കു നല്ലവണ്ണം അറിയാം. പക്ഷേ അറിയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ അദ്ദേഹത്തിനു കഴിയുന്നില്ല. യുദ്ധത്തിനു തൊട്ടു മുൻപു വ്യാസൻ പുത്രനെ ഉപദേശിക്കുമ്പോൾ ധൃതരാഷ്ട്രർ മറുപടി പറയുന്നതു നോക്കുക:

*യഥാ ഭവാൻ വേത്തി തഥാസ്മി വേത്താ*
*ഭവാഭവൗ മേ വിദിതൗ യഥാർഥൗ*
*സ്വാർഥേ ഹി സമ്മുഹ്യതി താത ലോകോ*
*മാം ചാപി ലോകാത്മകമേവ വിദ്ധി*

*മ-ഭാ-ഭീഷ്മ-3-60*

'പിതാവേ, അങ്ങ് എന്തൊക്കെ അറിയുന്നുവോ അതൊക്കെ ഞാനുമറിയുന്നു. സത്യാസത്യങ്ങൾ വേണ്ടപോലെ എനിക്കും വെളിപ്പെട്ടിട്ടുണ്ട്. പക്ഷേ, ഈ ലോകം സ്വാർഥമോഹിതമാണല്ലോ. ലോകബുദ്ധിയിൽപ്പെട്ടുപോയവൻ തന്നെയാണു ഞാനും എന്നു ധരിച്ചാലും! വ്യക്തമായ സത്യബുദ്ധി; പക്ഷേ, അതിനെ പ്രാവർത്തികമാക്കാൻ അനുവദിക്കാത്ത അജ്ഞാനത്തിന്റെ ശക്തമായ മൂടുപടം; ഇതാണു ധൃതരാഷ്ട്രർ. ധൃതരാഷ്ട്രരുടെ ഈ യാഥാർഥ്യം ധരിച്ചാലേ ഗീത ഒന്നാം പദ്യത്തിന്റെ അർഥം ശരിയായി തെളിയൂ. പ്രപഞ്ചം ബ്രഹ്മശരീരമാണ്; അതു ധർമാശ്രയമാണ്; നിശ്ചയിച്ചുറപ്പിച്ച കർമവാസനകളുമായിട്ടാണു ജീവികൾ ഇവിടെയെത്തുന്നത്; അവർ ദേവാസുരവർഗമായി വേർതിരിഞ്ഞു സദാ സംഘട്ടനത്തിനു മുതിരുന്നു എന്നു തുടങ്ങിയ ജീവിതയാഥാർഥ്യങ്ങൾ ധൃതരാഷ്ട്രവചനമായ ഒന്നാം ശ്ലോകത്തിൽ ഉൾക്കൊള്ളാൻ ഇടയാക്കിയത് ആ അന്ധനൃപന്റെ സിദ്ധാന്തപരമായ അറിവാണ്. എത്ര കേട്ടിട്ടും മതിയാകാതെ യുദ്ധത്തെക്കുറിച്ചു വിസ്തരിച്ചു കേൾക്കാനുള്ള തിടുക്കവും മമതയും ആ അറിവിനെ മൂടിയിരിക്കുന്ന അജ്ഞാനത്തിന്റെ ഫലവും.

## *സഞ്ജയ*

സഞ്ജയൻ ധൃതരാഷ്ട്രരുടെ വിശ്വസ്തമിത്രമാണ്. വ്യക്തമായ സത്യബോധമുൾക്കൊണ്ട് ഇന്ദ്രിയജയം നേടിയ വ്യക്തി. ധൃതരാഷ്ട്രർക്കു യുദ്ധം നേരിട്ടു കാണാൻ കൊതിയുണ്ടെങ്കിൽ ദിവ്യദൃഷ്ടി നൽകാമെന്നു വ്യാസൻ അറിയിച്ചു. തനിക്കതു നേരിട്ടു കാണാൻ ശക്തിയില്ല. യുദ്ധത്തിൽ സംഭവിക്കുന്നതെല്ലാം പറഞ്ഞുകേട്ടാൽ മതിയെന്നായിരുന്നു രാജാവിന്റെ അപേക്ഷ. അതനുസരിച്ചു വ്യാസൻ സഞ്ജയനു ദിവ്യദൃഷ്ടി നൽകി. എവിടെയിരു

digitized by www.sreyas.in

ന്നാലും സഞ്ജയനും യുദ്ധം മുഴുവൻ നേരിട്ടു കാണാനുള്ള കഴിവുണ്ടായി. യുദ്ധാരംഭത്തിൽ സഞ്ജയനും യുദ്ധക്കളത്തിലായിരുന്നു. പത്തു ദിവസത്തെ യുദ്ധം കഴിഞ്ഞു ഭീഷ്മർ നിലംപതിച്ചപ്പോഴാണു സഞ്ജയൻ അന്തഃപുരത്തിൽ ധൃതരാഷ്ട്രരുടെ സമീപത്തേക്കോടി എത്തിയത്. തുടർന്നു ഭീഷ്മപതനം വരെയുള്ള കാര്യങ്ങൾ രാജാവിനെ പറഞ്ഞു കേൾപ്പിച്ചു. അപ്പോഴാണു പരിഭ്രമിച്ച് ആരംഭം മുതൽ യുദ്ധം വിസ്തരിച്ചു കേൾക്കാനായി അദ്ദേഹം സഞ്ജയനോടു ചോദ്യമാരംഭിച്ചത്.

ഈ പ്രപഞ്ചത്തിൽ ദൈവാസുരസമ്പത്തുകൾ വ്യക്തിയുടെ ഉള്ളിലും ബാഹ്യതലത്തിലും സദാ സംഘട്ടനത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്നു. രണ്ടിടത്തും സംഘട്ടനത്തിലേർപ്പെടാൻ കാരണം അജ്ഞാനമാണ്. സംഘട്ടനം മൂർച്ഛിക്കുമ്പോഴുണ്ടാകുന്ന ദുഃഖപ്രദങ്ങളായ കാര്യങ്ങളാണ് ഉള്ളിലുള്ള സത്യബുദ്ധിയുടെ നേർക്കു തിരിയാൻ അജ്ഞാനത്തെ പ്രേരിപ്പിക്കുന്നത്. ജീവിതരംഗത്ത് അജ്ഞാനത്തെ പിടിച്ചുകുലുക്കി സ്വാർഥമോഹങ്ങളെ ഇളക്കിമറിക്കുന്ന സത്യബുദ്ധി തന്നെയാണു സഞ്ജയൻ.

യുദ്ധാരംഭത്തിൽ കൗരവപാണ്ഡവന്മാരും സൈന്യങ്ങളും അവരിൽ മുഖ്യന്മാരും എങ്ങനെ പെരുമാറി എന്നതാണ് ഒന്നാമധ്യായത്തിൽ ഇനിയുള്ള ഭാഗംകൊണ്ടു സഞ്ജയൻ വിവരിക്കുന്നത്. സത്യബുദ്ധിക്കു തെളിയുന്ന മട്ടിൽ ദേവാസുരവർഗങ്ങൾ ജീവിതസമരരംഗത്ത് എങ്ങനെ പ്രവർത്തനമാരംഭിക്കുന്നു എന്ന വസ്തുതയും ഈ ഭാഗത്തു വെളിപ്പെടുന്നതായി കാണാം. തുടർന്നുള്ള ഭാഷ്യങ്ങളിൽ അതു തെളിയുന്നതാണ്.

സഞ്ജയ ഉവാച - സഞ്ജയൻ പറഞ്ഞു;

*2. ദൃഷ്ട്വാ തു പാണ്ഡവാനീകം വ്യൂഢം ദുര്യോധനസ്തദാ*
*ആചാര്യമുപസംഗമ്യ രാജാ വചനമബ്രവീത്*

തദാ - പാണ്ഡവ കൗരവസൈന്യങ്ങൾ കുരുക്ഷേത്രത്തിൽ അണിനിരന്നപ്പോൾ; രാജാ ദുര്യോധനഃ തു - രാജാവായ ദുര്യോധനൻ ആകട്ടെ; വ്യൂഢം - വ്യൂഹമാക്കി നിറുത്തിയിരിക്കുന്ന; പാണ്ഡവാനീകം - പാണ്ഡവസൈന്യത്തെ; ദൃഷ്ട്വാ- കണ്ടിട്ട്; ആചാര്യം - ഗുരുവായ ദ്രോണരെ, ഉപസംഗമ്യ - സമീപിച്ച്; വചനം അബ്രവീത് - ഇപ്രകാരം പറഞ്ഞു.

പാണ്ഡവ കൗരവസൈന്യങ്ങൾ കുരുക്ഷേത്രത്തിൽ അണിനിരന്നപ്പോൾ രാജാവായ ദുര്യോധനനാകട്ടെ വ്യൂഹമാക്കി നിറുത്തിയിരിക്കുന്ന പാണ്ഡവസൈന്യത്തെ കണ്ടിട്ടു ഗുരുവായ ദ്രോണരെ സമീപിച്ച് ഇങ്ങനെ പറഞ്ഞു.

digitized by www.sreyas.in

## *അസുരസമ്പത്തിന്റെ പരിഭ്രമം*

കുരുക്ഷേത്രത്തിലെത്തിയ കൗരവന്മാരും പാണ്ഡവന്മാരും എന്തു ചെയ്തു എന്നാണല്ലോ ചോദ്യം. എത്തിയശേഷം രണ്ടു സൈന്യങ്ങളും ഇരുവശത്തായി വ്യൂഹവിന്യാസം നടത്തി. വ്യൂഹം ചമഞ്ഞുനിന്ന പാണ്ഡവസൈന്യത്തിന്റെ കാഴ്ച ദുര്യോധനനെ സംശയാലുവും പരിഭ്രാന്തനുമാക്കിത്തീർത്തു. എതിർശക്തി കാണുമ്പോൾ ആസുരസമ്പന്നന്മാർക്ക് സ്വാഭാവികമായുണ്ടാകുന്നതാണീ സംശയവും പരിഭ്രമവും. എന്നാലുമവർ നേർമാർഗം കണ്ടെത്തുകയില്ല. ദുര്യോധനനു 'രാജാ' എന്ന വിശേഷണം നൽകിയിരിക്കുന്നത് അയാളുടെ അതിരറ്റ രാജത്വാഭിമാനവും അധികാരമോഹവും സൂചിപ്പിക്കാനാണ്. 'തു' എന്ന നിപാതംകൊണ്ടു ദുര്യോധനന്റെ പരിഭ്രമവും സംശയവും വെളിപ്പെടുത്തിയിരിക്കുന്നു. പ്രഥമ സേനാധിപതിയാകാൻ അർഹനും വംശപിതാമഹനുമായ ഭീഷ്മരുള്ളപ്പോൾ ദുര്യോധനൻ എന്തിനു ദ്രോണരെ ആദ്യമായി സമീപിച്ചു? ഭീഷ്മരിൽ ദുര്യോധനനു പൂർണ വിശ്വാസമില്ലാത്തതുകൊണ്ടാവാം. 'ആചാര്യ' പദംകൊണ്ടു ഗുരു പിതാമഹനേക്കാൾ കൂടുതൽ അഭിഗമ്യനാണെന്ന സൂചനയുമുണ്ട്. പിതാമഹനോടുള്ളതിനേക്കാൾ തനിക്കു ഗുരുവിനോടു കൂടുതൽ സ്വാതന്ത്ര്യമുണ്ടെന്നു പലപ്പോഴും ദുര്യോധനൻ സംഭാഷണങ്ങളിൽക്കൂടി തെളിയിക്കുന്നുണ്ട്.

തുടർന്നു പാണ്ഡവസൈന്യത്തിന്റെയും കൗരവസൈന്യത്തിന്റെയും ഒരു താരതമ്യവിവരണം നൽകാനാണു ദുര്യോധനൻ ഒരുമ്പെടുന്നത്. ദ്രോണർക്കിക്കാര്യം അറിവില്ലാത്തതാണോ? അസുരമനസ്സിന്റെ ആത്മവിശ്വാസമില്ലായ്മയാണിതിനു കാരണം. ദുര്യോധനന്റെ വാക്കുകളിൽ ഈ ആത്മവിശ്വാസമില്ലായ്മ വ്യക്തമായി നിഴലിക്കുന്നു.

3. *പശ്യൈതാം പാണ്ഡുപുത്രാണാമാചാര്യ മഹതീം ചമൂം*
*വ്യൂഢാം ദ്രുപദപുത്രേണ തവ ശിഷ്യേണ ധീമതാ*

ആചാര്യ - ഗുരോ; തവ - അങ്ങയുടെ; ശിഷ്യേണ - ശിഷ്യനും; ധീമതാ ബുദ്ധിശാലിയും ആയ; ദ്രുപദപുത്രേണ - ദ്രുപദപുത്രനായ ധൃഷ്ടദ്യുമ്നനാൽ; വ്യൂഢാം - അണിനിരത്തപ്പെട്ടതും; പാണ്ഡുപുത്രാണാം ഏതാം - പാണ്ഡവന്മാരുടേതുമായ ഈ; മഹതീം - വലിയ; ചമൂം - സേനയെ; പശ്യ - കണ്ടാലും.

ഗുരോ, അങ്ങയുടെ ശിഷ്യനും ബുദ്ധിശാലിയുമായ ദ്രുപദപുത്രനായ ധൃഷ്ടദ്യുമ്നനാൽ അണിനിരത്തപ്പെട്ടതും പാണ്ഡവന്മാരുടേതുമായ ഈ വലിയ സേനയെ കണ്ടാലും.

digitized by www.sreyas.in

## ദ്രുപദപുത്രനായ ധൃഷ്ടദ്യുമ്നൻ

പാഞ്ചാലരാജാവാണു ദ്രുപദൻ. ദ്രുപദന്റെ മകനാണു ധൃഷ്ടദ്യുമ്നൻ. ദ്രുപദനും ദ്രോണരും പണ്ടു സഹപാഠികളായിരുന്നു. പഠിത്തം കഴിഞ്ഞു ദ്രുപദൻ രാജാവായപ്പോൾ തന്റെ ദാരിദ്ര്യത്തിന്റെ പോംവഴി കാണാനായി പണ്ട് ഉറ്റസുഹൃത്തായിരുന്ന ദ്രുപദനെ ദ്രോണർ സമീപിച്ചു. ദ്രുപദനാകട്ടെ ദരിദ്രനായ ദ്രോണരെ അധിക്ഷേപിച്ചു പറഞ്ഞയക്കുകയാണു ചെയ്തത്. ദ്രോണർ ഈ അധിക്ഷേപത്തിനു പകരം വീട്ടാൻ കൊതിച്ചു. ബ്രാഹ്മണനാണെങ്കിലും പരശുരാമശിഷ്യത്വം നേടി ആയുധവിദ്യയിൽ പാരംഗതനായിത്തീർന്നയാളാണു ദ്രോണർ. അദ്ദേഹം നേരെ ഹസ്തിനപുരത്തെത്തി ഭീഷ്മരെ പ്രസാദിപ്പിച്ചു. തുടർന്നു കൗരവന്മാരെയും പാണ്ഡവന്മാരെയും അസ്ത്രവിദ്യ പഠിപ്പിച്ചു. ഗുരുദക്ഷിണയായി ദ്രുപദനെ പിടിച്ചുകെട്ടി തന്റെ മുമ്പിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ടു. കൗരവന്മാർ ദ്രുപദനോടു തോറ്റു പിൻവാങ്ങി. എന്നാൽ അർജുനൻ ദ്രുപദനെ ബന്ധിച്ചു ദ്രോണരുടെ മുൻപിൽ സമർപ്പിച്ചു. മഹാമനസ്കനായ ദ്രോണരാകട്ടെ ദ്രുപദനു പകുതി രാജ്യം തിരിച്ചുകൊടുത്തു സൗഹൃദം പുനഃസ്ഥാപിച്ചു തിരിച്ചയച്ചു. എന്നാൽ ക്ഷത്രിയനായ ദ്രുപദന്റെ വൈരനിര്യാതനബുദ്ധി ശമിച്ചില്ല. തനിക്കു പറ്റിയ അപമാനത്തിനു ദ്രോണരോടു പകരം വീട്ടാൻ അദ്ദേഹം ആശിച്ചു. വിദ്വേഷവും പ്രതികാരവും ജീവിതസമരത്തിലെ നിലക്കാത്ത രണ്ടു ഘടകങ്ങളാണല്ലോ. ദ്രോണരെ വധിക്കാൻ കരുത്തുള്ള ഒരു പുത്രനും അർജുനനു വിവാഹം ചെയ്തുകൊടുക്കാൻ തക്ക ഒരു പുത്രിയും തനിക്കുണ്ടാകണമെന്നു ദ്രുപദൻ കൊതിച്ചു. അതിനായി ബ്രാഹ്മണരെക്കൊണ്ടു യജ്ഞം ചെയ്യിപ്പിച്ചു. തുടർന്ന് അഗ്നിമധ്യത്തിൽ നിന്നു ധൃഷ്ടദ്യുമ്നനും യജ്ഞവേദിയുടെ മധ്യത്തിൽ നിന്നു കൃഷ്ണ പാഞ്ചാലിയും ജാതരായി. ധൃഷ്ടനായതുകൊണ്ടും അഗ്നിമധ്യത്തിൽ നിന്നു ജനിച്ചതുകൊണ്ടുമാണു പുരുഷപ്രജക്കു ധൃഷ്ടദ്യുമ്നൻ എന്നു പേരു നൽകിയത്. സ്ത്രീ സന്താനത്തിന്റെ നിറം കൃഷ്ണവർണമായതുകൊണ്ട് അവൾക്ക് കൃഷ്ണയെന്നും പേരിട്ടു. ധൃഷ്ടദ്യുമ്നന്റെ ജനനരഹസ്യം ലോകർക്കൊക്കെയറിയാം. ദ്രോണർക്കും അതു നല്ലതുപോലെ അറിവുള്ളതാണ്. ദ്രോണരുടെ ആ അറിവിനെ ഒന്നുകൂടെ പുതുക്കാനും ആചാര്യനിൽ അങ്ങനെ ഊർജസ്വലത വർധിപ്പിക്കാനുമാണു ധൃഷ്ടദ്യുമ്നനെ ദ്രുപദപുത്രശബ്ദം കൊണ്ടു ദുര്യോധനൻ നിർദേശിച്ചിരിക്കുന്നത്. ദുര്യോധനമനസ്സിന്റെ ആസുരമായ വക്രഗതി ഇതിൽ വ്യഞ്ജിക്കുന്നു.



digitized by www.sreyas.in

## *അങ്ങയുടെ ശിഷ്യനും ബുദ്ധിശാലിയും*

ദ്രോണരുടെ ശിഷ്യനാണു ധൃഷ്ടദ്യുമ്നൻ. ദ്രുപദനോടു സഖ്യം വാഗ്ദാനം ചെയ്തിരുന്നതുകൊണ്ടു സുഹൃത്പുത്രനായ ധൃഷ്ടദ്യുമ്നനെ സ്വന്തം വാസസ്ഥാനത്തുതന്നെ പാർപ്പിച്ച് അസ്ത്രവിദ്യ അഭ്യസിപ്പിച്ചു. തന്റെ മരണകാരണമാണെന്നറിഞ്ഞിട്ടും ദ്രോണരെന്തിനങ്ങനെ ചെയ്തു?

*അമോക്ഷണീയം ദൈവം ഹി ഭാവി മത്വാ മഹാമതിഃ*
*തഥാ തത്കൃതവാൻ ദ്രോണ ആത്മകീർത്യനുരക്ഷണാത്*

*മ.ഭാ. ആദി. 166–56*

**ധൃഷ്ടദ്യുമ്നന്റെ കൈകൊണ്ടു താൻ മരിക്കണമെന്നാണു ദൈവനിശ്ചയമെങ്കിൽ ആർക്കതു തടുക്കാൻ കഴിയും. മരണത്തെ ഭയന്നു താൻ സത്യപ്രതിജ്ഞ ഉപേക്ഷിച്ച് അയശസ്സു നേടുകയില്ല. മഹാമതിയായ ദ്രോണർ ഈ തീരുമാനത്തോടെയാണ് ധൃഷ്ടദ്യുമ്നനെ** അസ്ത്രാഭ്യാസം ചെയ്യിച്ചത്. **ബുദ്ധിമാനായ ധൃഷ്ടദ്യുമ്നനാകട്ടെ** ഗുരുശുശ്രൂഷാപരനായിത്തന്നെ അതഭ്യസിച്ചു. അസ്ത്രവിദ്യാപാരംഗതനായിത്തീരുകയും ചെയ്തു. ഈ ഗുരുശിഷ്യബന്ധമാണ് ദുര്യോധനൻ ആചാര്യനെ ഓർമിപ്പിക്കുന്നത്. ഗുരു ധൃഷ്ടദ്യുമ്നനു ശിഷ്യത്വം നൽകിയതു തെറ്റിപ്പോയി എന്ന ആസുരമനസ്സിന്റെ കുറ്റപ്പെടുത്തലും ഈ വാക്കുകളിൽ ധ്വനിക്കുന്നു. പാണ്ഡവകൗരവയുദ്ധത്തിന്റെ പരിണാമമെല്ലാം കർമഗതിക്കൊത്തു നേരത്തേ തീരുമാനിക്കപ്പെട്ടിരുന്നു. നിശ്ചയിച്ചുറച്ചു സമരരംഗത്തെത്തിയവരാണല്ലോ ഇരുപക്ഷക്കാരും.

ഈ മഹത്തായ സൈന്യത്തെ കണ്ടാലും എന്നു പറയുന്നിടത്ത് ആസുരമനസ്സിന്റെ ആത്മവിശ്വാസക്കുറവാണു ധ്വനിക്കുന്നത്. വാസ്തവത്തിൽ കൗരവസൈന്യത്തേക്കാൾ നാലക്ഷൗഹിണി കുറവാണു പാണ്ഡവസൈന്യത്തിൽ. കൗരവന്മാർക്കു പതിനൊന്നും പാണ്ഡവന്മാർക്ക് ഏഴും അക്ഷൗഹിണികളാണ് അണിനിരന്നിരുന്നത്.

പാണ്ഡവസൈന്യത്തിന്റെ മഹത്വം പൊതുവായി അറിയിച്ച ശേഷം അതിലുള്ള സുപ്രസിദ്ധന്മാരായ മഹാരഥന്മാരെ പേരുചൊല്ലി വെളിപ്പെടുത്തുകയാണ് തുടർന്നു മൂന്നു പദ്യങ്ങളിൽ ദുര്യോധനൻ.

4. *അത്ര ശൂരാ മഹേഷ്വാസാ ഭീമാർജുനസമാ യുധി*
*യുയുധാനോ വിരാടശ്ച ദ്രുപദശ്ച മഹാരഥഃ*

digitized by www.sreyas.in

അത്ര - ഈ പാണ്ഡവസൈന്യത്തിൽ; ശൂരാഃ ശൂരന്മാരും; മഹേഷ്വാസാഃ - വലിയ വില്ലുള്ളവരും; യുധി ഭീമാർജുനസമാഃ - യുദ്ധത്തിൽ ഭീമാർജുനതുല്യന്മാരുമായ; യുയുധാനഃ വിരാടഃ ച - യുയുധാനനും വിരാടനും; മഹാരഥഃ ദ്രുപദഃ ച - മഹാരഥനായ ദ്രുപദനും (ഉണ്ട്).

ഈ പാണ്ഡവ സൈന്യത്തിൽ ശൂരന്മാരും വലിയ വില്ലുള്ളവരും യുദ്ധത്തിൽ ഭീമാർജുനതുല്യന്മാരുമായ യുയുധാനനും വിരാടനും മഹാരഥനായ ദ്രുപദനും ഉണ്ട്.

പാണ്ഡവസൈന്യത്തെ ജയിക്കുക അത്ര എളുപ്പമല്ലെന്നു കാണിക്കാനാണ് ശൂരന്മാർ എന്നു തുടങ്ങിയ വിശേഷണങ്ങൾ ചേർത്തിരിക്കുന്നത്. യദുക്കളുടെ ഒരുപവിഭാഗമായ സാത്വതന്മാരുടെ അധിപതിയാണ് യുയുധാനൻ. യുദ്ധത്തിൽ അതിസാമർഥ്യമുള്ളവൻ എന്നാണ് യുയുധാനശബ്ദത്തിനർഥം. സാത്യകിയെന്നു പ്രസിദ്ധമായ മറ്റൊരു പേരും യുയുധാനനുണ്ട്. ഇദ്ദേഹം അർജുനന്റെ ശിഷ്യനും കൃഷ്ണന്റെ ഉറ്റ സുഹൃത്തുമാണ്. അഭിമന്യുവിന്റെ ഭാര്യയായ ഉത്തരയുടെ പിതാവാണ് വിരാടൻ. ധൃഷ്ടദ്യുമ്നന്റെയും പാഞ്ചാലിയുടെയും അച്ഛനാണ് ദ്രുപദൻ. ദ്രു - വൃക്ഷം കൊടിയടയാളമായിട്ടുള്ളവൻ ദ്രുപദൻ. മഹാരഥനാണു ദ്രുപദൻ. പതിനായിരം വില്ലാളികളോട് ഒരേസമയത്ത് ഏകനായി എതിർത്തുനിൽക്കാൻ കഴിവുള്ളയാളാണ് മഹാരഥൻ.

*5. ധൃഷ്ടകേതുശ്ചേകിതാനഃ കാശിരാജശ്ച വീര്യവാൻ*
*പുരുജിത് കുന്തിഭോജശ്ച ശൈബ്യശ്ച നരപുംഗവഃ*

ധൃഷ്ടകേതുഃ - ധൃഷ്ടകേതുവും; ചേകിതാനഃ - ചേകിതാനനും; വീര്യവാൻ കാശിരാജഃ ച - വീര്യവാനായ കാശിരാജവും; പുരുജിത് - പുരുജിത്തും; കുന്തിഭോജഃ ച - കുന്തിഭോജനും; നരപുംഗവഃ ശൈബ്യഃ ച - രാജശ്രേഷ്ഠനായ ശൈബ്യനും (ഉണ്ട്).

ധൃഷ്ടകേതുവും ചേകിതാനനും വീര്യവാനായ കാശിരാജാവും; പുരുജിത്തും കുന്തിഭോജനും രാജശ്രേഷ്ഠനായ ശൈബ്യനും ഉണ്ട്.

ശത്രുക്കളെ ഭയപ്പെടുത്തുന്ന കൊടിയടയാളമുള്ളയാൾ എന്നാണു ധൃഷ്ടകേതുവെന്നതിനർഥം. ഇദ്ദേഹം ചേദിരാജാവാണ്. ചികിതാനന്റെ പുത്രനാണു ചേകിതാനൻ. യുദ്ധത്തിൽ അനേകം പേരെ ജയിക്കാൻ കഴിവുള്ളവനാണു പുരുജിത്ത്. കുന്തിയുടെ വളർത്തച്ഛനാണു കുന്തിഭോജൻ. വസുദേവനും കുന്തിയും ശൂരസേനന്റെ മക്കളാണ്. ശൂരസേനൻ മകളെ തന്റെ പ്രിയ സുഹൃത്തായ കുന്തിഭോജനു ദത്തുകൊടുത്തു. മഹാത്യാഗിയായി

digitized by www.sreyas.in

രുന്ന ശിബി ചക്രവർത്തിയുടെ വംശത്തിൽ ജനിച്ചവനാണു ശൈബ്യൻ.

*6. യുധാമന്യുശ്ച വിക്രാന്ത ഉത്തമൗജാശ്ച വീര്യവാൻ*
*സൗഭദ്രോ ദ്രൗപദേയാശ്ച സർവ ഏവ മഹാരഥാഃ*

വിക്രാന്തഃ യുധാമന്യുഃച - വിക്രമിയായ യുധാമന്യുവും; വീര്യവാൻ ഉത്തമൗജാഃച - വീരനായ ഉത്തമൗജസ്സും; സൗഭദ്രഃ - സുഭദ്രാ പുത്രനായ അഭിമന്യുവും; ദ്രൗപദേയാഃ ച - ദ്രൗപദിയുടെ പുത്രന്മാരും (ഉണ്ട്); സർവ ഏവ എല്ലാവരും തന്നെ; മഹാരഥാഃ - മഹാരഥന്മാരുമാണ്.

വിക്രമിയായ യുധാമന്യുവും വീരനായ ഉത്തമൗജസ്സും സുഭദ്രാപുത്രനായ അഭിമന്യുവും ദ്രൗപദീപുത്രന്മാരും പാണ്ഡവസേനയിലുണ്ട്. എല്ലാവരും മഹാരഥന്മാരുമാണ്.

യുദ്ധത്തിൽ അതിയായി കോപിക്കുന്നവനായ പാഞ്ചാല രാജാവാണ് യുധാമന്യു. ശ്രേഷ്ഠമായ ബലത്തോടുകൂടിയവനാണ് ഉത്തമൗജസ്. അർജുനനു കൃഷ്ണസോദരിയായ സുഭദ്രയിലുണ്ടായ പുത്രൻ അഭിമന്യുവാണു സൗഭദ്രൻ. ദ്രോണരുടെ പത്മവ്യൂഹം ഭേദിച്ച അഭിമന്യുവിനെ ശത്രുക്കൾ യുദ്ധത്തിൽ ചതിച്ചു കൊലചെയ്തു. പ്രതിവിന്ധ്യൻ, സുതസോമൻ, ശ്രുതകീർത്തി, ശതാനീകൻ, ശ്രുതസേനൻ എന്നിങ്ങനെ അഞ്ചു പേരാണു ദ്രൗപദേയന്മാർ. ഇവർ യഥാക്രമം ധർമപുത്രർ, ഭീമൻ, അർജുനൻ, നകുലൻ, സഹദേവൻ എന്നിവരുടെ പുത്രന്മാരാണ്.

പാണ്ഡവസൈന്യത്തിലെ നായകന്മാരെ എണ്ണി എണ്ണിപ്പറഞ്ഞിട്ടു ദുര്യോധൻ തുടർന്നു സ്വസൈന്യത്തിലെ പ്രമുഖന്മാരെ ദ്രോണർക്കു പരിചയപ്പെടുത്താൻ ഭാവിക്കുന്നു.

*7. അസ്മാകം തു വിശിഷ്ടാ യേ താൻ നിബോധ ദ്വിജോത്തമ!*
*നായകാ മമ സൈന്യസ്യ സംജ്ഞാർത്ഥം താൻ ബ്രവീമി തേ*

ദ്വിജോത്തമ - അല്ലയോ ബ്രാഹ്മണശ്രേഷ്ഠാ; അസ്മാകം തു - നമ്മെ സംബന്ധിച്ചവരിലാകട്ടെ; യേ - ആരൊക്കെയാണോ; മമ സൈന്യസ്യ - എന്റെ സേനയിലെ; വിശിഷ്ടാഃ നായകാഃ - സമർത്ഥന്മാരായ നായകന്മാർ; താൻ നിബോധ - അവരെ തിരിച്ചറിഞ്ഞാലും; താൻ - അവരെ; സംജ്ഞാർഥം - പേരുചൊല്ലി; തേബ്രവീമി - അങ്ങേക്ക് ഞാൻ പറഞ്ഞുതരാം.

അല്ലയോ ബ്രാഹ്മണശ്രേഷ്ഠാ, നമ്മെ സംബന്ധിച്ചവരിലാകട്ടെ ആരൊക്കെയാണോ എന്റെ സേനയിലെ സമർഥന്മാരായ നായകന്മാർ അവരെ തിരിച്ചറിഞ്ഞാലും. അവരെ പേരുചൊല്ലി അങ്ങേക്കു പറഞ്ഞു തരാം.

digitized by www.sreyas.in

ഭീഷ്മരിൽ പൂർണ വിശ്വാസമില്ലാത്ത ദുര്യോധനൻ ദ്രോണരെ ബ്രാഹ്മണശ്രേഷ്ഠാ എന്നു സംബോധന ചെയ്തത് അദ്ദേഹത്തിൽ അയാൾക്കുള്ള പൂർണവിശ്വാസം വെളിപ്പെടുത്താനാണ്. പുറമേ ക്ഷത്രിയ ധർമം അംഗീകരിച്ചയാളാണെങ്കിലും ജനനാൽ അങ്ങയിലുള്ള ബ്രാഹ്മണത്വം എന്നോടു ചതി കാണിക്കയില്ലെന്നു സൂചന. നമ്മുടെ സൈന്യമെന്നു പറയാതെ എന്റെ സൈന്യമെന്നെടുത്തു പറയുന്നത് ആസുരമനസ്സിന്റെ അഹങ്കാരം ദ്യോതിപ്പിക്കുന്നു.

തുടർന്നു കൗരവ സൈന്യത്തിന്റെ പ്രമുഖന്മാരെ ഓരോരുത്തരെയായി വേർതിരിച്ചു കാണിക്കുകയാണ് ദുര്യോധനൻ:

*8. ഭവാൻ ഭീഷ്മശ്ച കർണശ്ച കൃപശ്ച സമിതിഞ്ജയഃ*
*അശ്വത്ഥാമാ വികർണശ്ച സൗമദത്തിർജയദ്രഥഃ*

ഭവാൻ - ദ്രോണരും; ഭീഷ്മഃ ച - ഭീഷ്മരും; കർണഃ ച - കർണനും; സമിതിംജയഃ - യുദ്ധത്തിൽ സദാ ജയശാലിയായ; കൃപഃ ച - കൃപരും; അശ്വത്ഥാമാ - ദ്രോണപുത്രനായ അശ്വത്ഥാമാവും; വികർണഃ ച - വികർണനും; സൗമദത്തിഃ - സോമദത്തപുത്രനായ ഭൂരിശ്രവസ്സും; ജയദ്രഥഃ - സ്വസഹോദരീഭർത്താവായ ജയദ്രഥനും (ഉണ്ട്).

അങ്ങും ഭീഷ്മരും കർണനും യുദ്ധത്തിൽ സദാ ജയം വരിക്കാൻ സമർഥനായ കൃപരും അശ്വത്ഥാമാവും വികർണനും സോമദത്തപുത്രനായ ഭൂരിശ്രവസും ജയദ്രഥനും എന്റെ സേനയിലെ പ്രമുഖന്മാരാണ്.

## *ദ്രോണരും കൃപരും അശ്വത്ഥാമാവും*

സേനാപതിയായ ഭീഷ്മരെ നിർദേശിക്കുന്നതിനു മുൻപ് ദ്രോണരെ നിർദേശിച്ചതും ഈ യുദ്ധത്തിൽ തനിക്കു ഭീഷ്മരെക്കാൾ വിശ്വസ്തൻ ദ്രോണരാണെന്നു കാണിക്കാനാണ്. ദ്രോണർ, കൃപർ, കൃപരുടെ സഹോദരിയായ കൃപി ഇവർ മൂന്നുപേരും അയോനിജരാണ്. ഗൗതമകുലത്തിൽ ജനിച്ച ശരദ്വാൻ അസ്ത്രവിദ്യയിലും തപസ്സിലും അതിരറ്റ ജയം നേടി. ഇതു കണ്ട് ഇന്ദ്രൻ ഭയപ്പെട്ടു. ശരദ്വാന്റെ ബ്രഹ്മചര്യം ഭഞ്ജിക്കാനായി ഇന്ദ്രൻ ജാനപദി എന്ന അപ്സരസ്സിനെ നിയോഗിച്ചു. അവളുടെ സൗന്ദര്യത്തിൽ മോഹിച്ചു പരവശനായെങ്കിലും ശരദ്വാൻ തപശ്ശക്തികൊണ്ടു സ്വയം നിയന്ത്രിതനായി. എന്നാൽ പെട്ടെന്നുണ്ടായ വികാരമൂർച്ഛ നിമിത്തം ആ ബ്രഹ്മചാരിയുടെ ബീജം സ്രവിച്ചു ശരപ്പുല്ലിന്റെ തണ്ടിൽ വീണു രണ്ടുഭാഗമായി പിരിഞ്ഞു. ഒരു ഭാഗം ആൺപ്രജയായും മറ്റേഭാഗം പെൺപ്രജയായും ഭവി

digitized by www.sreyas.in

ച്ചു. നായാട്ടിനായി കാട്ടിലെത്തിയ ശന്തനു മഹാരാജാവ് ഈ കുട്ടികളെ കണ്ടെത്തി കൊട്ടാരത്തിൽ കൊണ്ടുപോയി വളർത്തി. അവരാണു കൃപരും കൃപിയും. കൃപർ ശസ്ത്രവിദ്യയിലും ശാസ്ത്രവിദ്യയിലും അതിയായ പ്രാവീണ്യം നേടി. കൗരവന്മാരുടെ പരമാചാര്യനായി ഭവിച്ചു. ഭരദ്വാജനെന്നു പേരായ ഒരു മഹർഷിയുടെ പുത്രനാണു ദ്രോണർ. മഹാതപസ്വിയായ അദ്ദേഹം, ഒരു ദിവസം ഗംഗാതീരത്തു സ്നാനം ചെയ്യാനെത്തി. അവിടെ അദ്ദേഹം, നഗ്നയായി നദിയിൽ കുളിച്ചുകൊണ്ടിരുന്ന ഘൃതാചി എന്ന അപ്സരസ്ത്രീയെ കാണാനിടയായി. തുടർന്നു വികാരപരവശനായ ഋഷിക്കു രേതസ്സ് സ്ഖലിച്ചു. അദ്ദേഹം ദ്രോണപ്രമാണകമായ കലശത്തിലേറ്റ ബീജത്തെ സംരക്ഷിച്ചു. ദ്രോണകലശത്തിൽ നിന്ന് അങ്ങനെ ദ്രോണരുണ്ടായി. തുടർന്ന് അഗ്നിവേശമുനിയിൽനിന്ന് ആഗ്നേയാസ്ത്ര പ്രയോഗവും വേദശാസ്ത്രങ്ങളും അഭ്യസിച്ചു. അഗ്നിവേശശിഷ്യനായി കഴിയുമ്പോഴാണു ദ്രുപദൻ സഹപാഠിയായിത്തീർന്നത്. അച്ഛന്റെ നിയോഗമനുസരിച്ചു ദ്രോണർ കൃപിയെ വിവാഹം ചെയ്തു. കൃപിയിൽ അശ്വത്ഥാമാവ് എന്ന പുത്രനുമുണ്ടായി. ജനിച്ചപ്പോൾ അശ്വത്തെപ്പോലെ ശബ്ദം പുറപ്പെടുവിച്ചതുകൊണ്ടാണ് ദ്രോണപുത്രന് അശ്വത്ഥാമാവെന്നു പേരിട്ടത്. അതിനുശേഷം ദ്രോണർ പരശുരാമനെ ഗുരുവായി വരിച്ചു. ദിവ്യാസ്ത്രപ്രയോഗങ്ങളെല്ലാം വശമാക്കി. തുടർന്നു പാണ്ഡവകൗരവന്മാരുടെ ഗുരുവായും ഭവിച്ചു.

## *ഭീഷ്മർ*

ശന്തനുമഹാരാജാവിനു ഗംഗയിൽ പിറന്ന മകനാണു ഭീഷ്മർ. പണ്ട് ഇക്ഷ്വാകുവംശജനായ മഹാഭിഷനെന്ന രാജാവ് ആയിരം അശ്വമേധം ചെയ്തു ബ്രഹ്മലോകത്തെത്തിച്ചേർന്നു. ഒരിക്കൽ ബ്രഹ്മലോകത്തു ദേവന്മാരുടെയും രാജർഷിമാരുടെയും ഒരു സമ്മേളനമുണ്ടായി. യാദൃച്ഛികമായി ഗംഗാദേവിയും അവിടെ എത്തിച്ചേർന്നു. ഗംഗയെക്കണ്ടു മഹാഭിഷനും മഹാഭിഷനെക്കണ്ടു ഗംഗയും കാമിച്ചു. ബ്രഹ്മാവ് തുടർന്ന് ആഗ്രഹനിവൃത്തിക്കായി രണ്ടുപേർക്കും മനുഷ്യജന്മം വിധിച്ചു. അങ്ങനെ മഹാഭിഷൻ ചന്ദ്രവംശരാജാവായ പ്രതീപന്റെ മകനായി ശന്തനുവെന്ന പേരോടുകൂടി ജാതനായി. ഗംഗാദേവി മനുഷ്യസ്ത്രീയായിത്തീരാൻ തീരുമാനിച്ചുകൊണ്ടു മടങ്ങവേ വഴിയിൽ ശാപഗ്രസ്തരായ അഷ്ടവസുക്കളെ കണ്ടുമുട്ടി. വസിഷ്ഠനാണ് മനുഷ്യരായി പിറക്കാൻ ഇടവരട്ടെയെന്നു വസുക്കളെ ശപിച്ചത്. ഒരിക്കൽ വസുക്കൾ ഭാര്യമാരുമായി വസിഷ്ഠാശ്രമത്തിനു സമീപം സഞ്ചരിക്ക

digitized by www.sreyas.in

യായിരുന്നു. അവരിൽ ഒരാളായ ദ്യൗവിന്റെ ഭാര്യക്ക് ആശ്രമ പശുവായ നന്ദിനിയിൽ കൗതുകം തോന്നി. ഭാര്യയുടെ ആഗ്രഹപ്രകാരം ദ്യൗ പശുവിനെ ബലാൽ അപഹരിച്ചു. വിവരമറിഞ്ഞ മഹർഷി എട്ടു വസുക്കളും മനുഷ്യരായി പിറക്കാൻ ഇടവരട്ടെ എന്നു ശപിച്ചു. ശാപഭീതരായ വസുക്കൾ വസിഷ്ഠനെ ശരണം പ്രാപിച്ചു മാപ്പപേക്ഷിച്ചു. ശാപം ഫലിക്കാതെ തരമില്ലെന്നും ഏഴു വസുക്കളും ഓരോ സംവത്സരത്തിനുള്ളിൽ വിമുക്തരാകുമെന്നും പശുവിനെ നേരിട്ടപഹരിച്ച ദ്യൗ മാത്രം ദീർഘകാലം മനുഷ്യലോകത്തു കഴിയേണ്ടിവരുമെന്നും വസിഷ്ഠൻ അരുളിച്ചെയ്തു. ദ്യൗ നിത്യബ്രഹ്മചാരിയായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ ശാപഗ്രസ്തരായ വസുക്കൾ മനുഷ്യജന്മത്തിനു സന്ദർഭമാരായുമ്പോഴാണു മനുഷ്യസ്ത്രീയായിത്തീരാൻ തീരുമാനിച്ചു പുറപ്പെട്ട ഗംഗാദേവിയെ കണ്ടുമുട്ടിയത്. വസുക്കളുടെ അപേക്ഷപ്രകാരം ഭൂമിയിൽ അവരുടെ മാതൃസ്ഥാനമേൽക്കാൻ ഗംഗാദേവി സമ്മതിച്ചു. ഏഴു വസുക്കളെയും ജനിച്ചാലുടൻതന്നെ വെള്ളത്തിൽ വലിച്ചെറിഞ്ഞു മനുഷ്യജന്മത്തിൽനിന്നു മുക്തരാക്കാമെന്നും ഏറ്റു. ദ്യൗ ശന്തനുവിന്റെ മകനായി ദീർഘകാലം കഴിയേണ്ടിവരുമെന്നും അറിയിച്ചു. തുടർന്ന് ഏഴു വസുക്കളും അവരുടെ ബലവീര്യത്തിന്റെ എട്ടിലൊന്നുകൂടി ദ്യൗവിൽ നിറുത്തിക്കൊള്ളാമെന്നു വാക്കുനൽകി. ശന്തനു നായാട്ടിനായി ഗംഗാതീരത്തു സഞ്ചരിക്കുമ്പോൾ സ്ത്രീരൂപിണിയായ ഗംഗയെ കാണാനിടയായി. രാജാവിന്റെ അപേക്ഷപ്രകാരം ആ സ്ത്രീ അദ്ദേഹത്തിന്റെ പട്ടമഹഷീസ്ഥാനം അലങ്കരിക്കാമെന്നേറ്റു. എന്നാൽ തന്റെ അഭിലാഷത്തിനു വിരുദ്ധമായി എന്തെങ്കിലും പറഞ്ഞാൽ അന്നു താൻ ബന്ധമുപേക്ഷിക്കുമെന്നും അറിയിച്ചു. ശന്തനുവിന്റെ ഭാര്യ ഏഴു പുത്രസന്താനങ്ങളെ ജനനവേളയിൽത്തന്നെ വെള്ളത്തിലെറിഞ്ഞുകൊന്നു. എട്ടാമത്തെ പുത്രനെയും അങ്ങനെ ചെയ്യാൻ ഭാവിച്ചപ്പോൾ രാജാവു തടഞ്ഞു. തുടർന്നു ഗംഗ വസ്തുതയെല്ലാം വെളിപ്പെടുത്തിയശേഷം രാജാവിനെ വിട്ടുപോവുകയും ചെയ്തു. ഗംഗതന്നെ പുത്രനെ കൂടെക്കൊണ്ടുപോയി വിദ്യാസമ്പന്നനാക്കി രാജാവിനു തിരിച്ചു നൽകി. അന്നു ഗംഗാദത്തനെന്നും ദേവവ്രതനെന്നും രണ്ടു പേരുകളിലാണ് ആ കുമാരൻ അറിയപ്പെട്ടിരുന്നത്. കുറേക്കഴിഞ്ഞു ദാശകന്യകയായ സത്യവതിയെ വിവാഹം കഴിക്കാൻ ശന്തനു കൊതിച്ചു. എന്നാൽ സത്യവതിയുടെ പിതാവു ഗംഗാദത്തന്റെ രാജ്യാവകാശം ആ വിവാഹത്തിനു തടസ്സമായി ഉന്നയിച്ചു. ആ തടസ്സമൊഴിവാക്കാനായി ഗംഗാദത്തൻ രാജ്യാവകാശം ഉപേക്ഷിച്ചിരിക്കുന്നതായി പ്രതിജ്ഞ ചെയ്തു. മാത്രമല്ല, തന്റെ സന്താന

digitized by www.sreyas.in

ങ്ങളിൽ നിന്നുപോലും ഭയാശങ്കക്കിടവരാത്തവണ്ണം താൻ ആമരണം ബ്രഹ്മചര്യവ്രതം സ്വീകരിച്ചിരിക്കുന്നതായും സത്യം ചെയ്തു. മഹത്തായ ഈ സത്യപ്രതിജ്ഞ കേട്ട് അൽഭുതസ്തബ്ധരായ ദേവന്മാരാണു ഗംഗാദത്തനു ഭീഷ്മരെന്ന ബിരുദനാമം സമ്മാനിച്ചത്. ഭീമമായ സത്യപ്രതിജ്ഞ നടത്തിയവൻ എന്നു താൽപ്പര്യം. അന്നുമുതൽ പിതാമഹപദവിയിൽ വർത്തിച്ചുകൊണ്ടു ഭീഷ്മർ സദാ വംശസംരക്ഷണത്തിൽ ജാഗരൂകനായി പ്രവർത്തിച്ചുപോന്നു.

## കർണൻ

കുന്തിയുടെ മൂത്ത പുത്രനാണു കർണൻ. ധർമപുത്രരുടെ ജ്യേഷ്ഠൻ. യദുശ്രേഷ്ഠനായ ശൂരസേനന്റെ മകളാണു കുന്തി. വസുദേവന്റെ സഹോദരി. ശൂരസേനൻ ബന്ധുവും സുഹൃത്തുമായ കുന്തിഭോജനു മകളെ ദത്തു കൊടുത്തു. കന്യകയായിരിക്കുമ്പോൾത്തന്നെ കുന്തിക്കു ദുർവാസാവ് ഒരു മന്ത്രം ഉപദേശിച്ചു. ആ മന്ത്രം ജപിച്ച് ഏതു ദേവനെ ആവാഹിച്ചാലും ആ ദേവനിൽ കുന്തിക്കു പുത്രനുണ്ടാകുമെന്നായിരുന്നു വരം. കുന്തി പരീക്ഷണാർഥം സൂര്യദേവനെ മന്ത്രംകൊണ്ട് ആവാഹിച്ചു. അങ്ങനെ സൂര്യനിൽ കുന്തിക്കു ജനിച്ച പുത്രനാണു കർണൻ. കന്യകയായിരിക്കുമ്പോൾ ജനിച്ച പുത്രനായതുകൊണ്ടു ലോകാപവാദം ഭയന്നു കുന്തി കുട്ടിയെ നദിയിലൊഴുക്കി. അങ്ങനെ കുട്ടി സൂതവംശജനായ അധിരഥന്റെ കൈയിൽ ചെന്നുപെട്ടു. അധിരഥനും പത്നിയായ രാധയുംകൂടി കുട്ടിയെ വളർത്തി. ദ്രോണർ ആയുധവിദ്യ പഠിപ്പിച്ചു. ആയുധപ്പന്തയത്തിൽ പങ്കെടുക്കാനെത്തിയ കർണനെ സൂതപുത്രനു ക്ഷത്രിയന്മാർക്കിടയിൽ കാര്യമില്ലെന്നു പറഞ്ഞു ഭീമൻ അധിക്ഷേപിച്ചു. തുടർന്നു ദുര്യോധനൻ കർണനെ അംഗരാജ്യത്തിന്റെ അധിപതിയായി അഭിഷേകം ചെയ്തു. പകരം ദുര്യോധനനോട് ആമരണ സഖ്യം കർണനും പ്രതിജ്ഞ ചെയ്തു. കൗരവപാണ്ഡവയുദ്ധത്തിനു മുൻപു കർണൻ ജ്യേഷ്ഠപാണ്ഡവനാണെന്ന രഹസ്യം കൃഷ്ണൻ കർണനെ അറിയിച്ചുനോക്കി. പക്ഷേ, പ്രതിജ്ഞാബദ്ധനായ കർണൻ ദുര്യോധനപക്ഷം വിടാൻ കൂട്ടാക്കിയില്ല. ജനിച്ചപ്പോൾത്തന്നെ കർണനു കവചവും കുണ്ഡലവും ഉണ്ടായിരുന്നു. എന്നാൽ ഇന്ദ്രൻ അർജുനരക്ഷക്കായി ബ്രാഹ്മണവേഷം ധരിച്ചുവന്നു കവചകുണ്ഡലങ്ങൾ കർണനിൽനിന്നും ദാനം വാങ്ങി. ഇന്ദ്രന്റെ വരവിനുമുൻപ് പിതാവായ സൂര്യൻ കർണനു മുന്നറിയിപ്പു നൽകിയിരുന്നുവെങ്കിലും ദാനവീരനായ കർണൻ അതു കൂട്ടാക്കിയില്ല. യുദ്ധത്തിൽ താൻ മരിക്കുമെന്നും കൗരവന്മാർ തോൽക്കുമെന്നും ഭീഷ്മദ്രോണാദികളെ

digitized by www.sreyas.in

പ്പോലെ കർണനും മുൻകൂട്ടി അറിയാമായിരുന്നു.

*ജയദ്രഥൻ*

സിന്ധുദേശത്തെ രാജാവ്, കൗരവസഹോദരിയായ ദുശ്ശളയുടെ ഭർത്താവ്. ജയദ്രഥൻ ഒരിക്കൽ ദ്രൗപദിയെ അപഹരിക്കാൻ ശ്രമിച്ചു. അന്നു ഭീമസേനന്റെ മർദനമേറ്റു പരാജിതനായി. തുടർന്നു ശിവനെ തപസ്സുചെയ്തു പ്രത്യക്ഷപ്പെടുത്തി വരം വാങ്ങി. പാണ്ഡവന്മാരെ ഒറ്റയ്ക്കു ജയിക്കാൻ കഴിയണമെന്ന വരമാണു ചോദിച്ചത്. അർജുനനൊഴിച്ചുള്ള നാലുപേരേയും ഒറ്റയ്ക്കു ജയിക്കാൻ കഴിയുമെന്നു ശിവൻ വരവും നൽകി. അഭിമന്യു പത്മവ്യൂഹം ഭേദിച്ചകത്തു കടന്നപ്പോൾ അർജുനൻ സ്ഥലത്തില്ലാത്ത തക്കം നോക്കി മറ്റു നാലു പണ്ഡവന്മാരെ അഭിമന്യുവിനെ സഹായിക്കാനനുവദിക്കാതെ തടഞ്ഞുനിർത്തി. അതുകൊണ്ടു ശത്രുക്കൾക്ക് അഭിമന്യുവിനെ ചതിച്ചുകൊല്ലാൻ സാധിച്ചു. ഇതറിഞ്ഞു അർജുനൻ പിറ്റേന്നു സൂര്യാസ്തമയത്തിനു മുൻപ് ജയദ്രഥനെ കൊല്ലുമെന്നു പ്രതിജ്ഞ ചെയ്തു. കൃഷ്ണന്റെ സഹായത്തോടെ പ്രതിജ്ഞ നിറവേറ്റുകയും ചെയ്തു.

പ്രധാനപ്പെട്ടവരുടെ പേരൊക്കെ എണ്ണിപ്പറഞ്ഞശേഷം ഇനിയും തനിക്കുവേണ്ടി ജീവനർപ്പിക്കാൻ കാത്തുനിൽക്കുന്ന വീരന്മാർ പലരുമുണ്ടെന്നറിയിക്കുന്നു.

*9. അന്യേ ച ബഹവഃ ശൂരാ മർദഥേ ത്യക്തജീവിതാഃ*
*നാനാശസ്ത്രപ്രഹരണാസ്സർവേ യുദ്ധവിശാരദാഃ*

അന്യേ ച - ഇനിയും വേറെ, മദർഥേ ത്യക്തജീവിതാഃ - എനിക്കുവേണ്ടി ജീവിതം ഉപേക്ഷിച്ചു നിൽക്കുന്നവരും; നാനാശസ്ത്രപ്രഹരണാഃ - പലവിധത്തിലുള്ള ആയുധങ്ങൾ പ്രയോഗിക്കാൻ സമർഥരും; യുദ്ധവിശാരദാഃ - യുദ്ധത്തിൽ അതിയായ പരിചയമുള്ളവരുമായ; ബഹവഃ ശൂരാഃ - അനേകം ശൂരന്മാരും (ഉണ്ട്)

ഇനിയും വേറെ എനിക്കുവേണ്ടി ജീവിതം ഉപേക്ഷിച്ചു നിൽക്കുന്നവരും പല വിധത്തിലുള്ള ആയുധങ്ങൾ പ്രയോഗിക്കാൻ സമർഥരും യുദ്ധത്തിൽ അതിയായ പരിചയമുള്ളവരുമായ; അനേകം ശൂരന്മാരുണ്ട്.

കൗരവസൈന്യത്തിന്റെ മേന്മ ഇങ്ങനെ വെളിപ്പെടുത്തിയെങ്കിലും എതിർസൈന്യവുമായി താരതമ്യപ്പെടുത്തുമ്പോൾ തന്റെ സേനയുടെ ബലത്തിൽ വിശ്വാസം പോരെന്നാണു ദുര്യോധനൻ തുടർന്നു പ്രസ്താവിക്കുന്നത്.

digitized by www.sreyas.in

*10. അപര്യാപ്തം തദസ്മാകം ബലം ഭീഷ്മാഭിരക്ഷിതം*
*പര്യാപ്തം ത്വിദമേതേഷാം ബലം ഭീമാഭിരക്ഷിതം*

ഭീഷ്മാഭിരക്ഷിതം-ഭീഷ്മരുടെ സേനാധിപത്യത്തിലുള്ള; അസ്മാകം തത്ബലം - നമ്മുടെ ആ സൈന്യം; അപര്യാപ്തം - ശത്രുസൈന്യത്തെ നേരിടാൻ മതിയാകുമെന്നു തോന്നുന്നില്ല; ഏതേഷാം ഇദം - എന്നാൽ പാണ്ഡവന്മാരുടെ ഈ; ഭീമാഭിരക്ഷിതം ബലം - ഭീമന്റെ പിൻബലത്തോടു കൂടിയ സൈന്യം; പര്യാപ്തം - നമ്മെ നേരിടാൻ മതിയാകുമെന്നും തോന്നുന്നു.

ഭീഷ്മരുടെ സേനാധിപത്യത്തിലുള്ള നമ്മുടെ ആ സൈന്യം ശത്രു സൈന്യത്തെ നേരിടാൻ മതിയാകുമെന്നു തോന്നുന്നില്ല. എന്നാൽ പാണ്ഡവന്മാരുടെ ഈ ഭീമന്റെ പിൻബലത്തോടുകൂടിയ സൈന്യം നമ്മെ നേരിടാൻ മതിയാകുമെന്നും തോന്നുന്നു.

## *ദുര്യോധനന്റെ ആത്മവിശ്വാസമില്ലായ്മ*

ഇവിടെ ദുര്യോധനന്റെ വാക്കുകളിൽ പരസ്പരം വൈരുധ്യമുള്ളതായി ചില വ്യാഖ്യാതാക്കന്മാർ കരുതുന്നു. പതിനൊന്നക്ഷൗഹിണിപ്പടയുള്ള കൗരവസൈന്യം ഏഴക്ഷൗഹിണിപ്പട മാത്രമുള്ള പാണ്ഡവസൈന്യത്തെ അപേക്ഷിച്ച് എന്തുകൊണ്ട് അപര്യാപ്തമായി? ഭീമനെക്കാൾ മോശക്കാരനാണോ ഭീഷ്മർ? ധൃഷ്ടദ്യുമ്നനാണു പാണ്ഡവസൈന്യാധിപനെന്ന് ദുര്യോധനൻ തന്നല്ലേ അൽപ്പം മുമ്പു പറഞ്ഞത്? പിന്നെന്തേ പാണ്ഡവസൈന്യത്തെ ഭീമാഭിരക്ഷിതം എന്നു വിശേഷിപ്പിക്കാൻ? ആനന്ദഗിരിയെന്ന ഗീതാവ്യാഖ്യാതാവ് അപര്യാപ്ത ശബ്ദത്തിന് അപരിമിതമെന്നും പര്യാപ്ത ശബ്ദത്തിനു പരിമിതമെന്നും അർഥം നൽകി ആദ്യത്തെ സംശയത്തിനു നിവൃത്തി കാണാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ ഈ പദങ്ങൾക്കു യഥാക്രമം അസമർഥം, സമർഥം എന്നുള്ള പ്രസിദ്ധാർഥങ്ങളെ ഉപേക്ഷിക്കുന്നതിനൗചിത്യമെന്ത്? അപരിമിതം, പരിമിതം എന്നാണർഥങ്ങളെങ്കിൽ അവ ഗ്രഹിക്കത്തക്ക പ്രസിദ്ധ പദങ്ങൾ ഗീതാകാരനുപയോഗിക്കാമായിരുന്നില്ലേ? എന്തിനു സംശയത്തിനിട നൽകണം? ഗീത കൈകാര്യം ചെയ്യുന്നതു ദേവാസുരസമ്പത്തുകളായി വിഭജിക്കപ്പെടാവുന്ന മനോവൃത്തികളെയും അവയുടെ സംഘർഷസ്ഥിതിയെയുമാണെന്നറിഞ്ഞാൽ ഈ സംശയങ്ങൾ എല്ലാം എളുപ്പം മാറിക്കിട്ടുന്നതാണ്. ദൈവീസമ്പന്നന്മാരായ പാണ്ഡവന്മാരും ആസുരീസമ്പന്നന്മാരായ കൗരവന്മാരും ചിരകാലത്തെ സംഘർഷസ്ഥിതി കഴിഞ്ഞു നിർണായകമായ അന്തി

digitized by www.sreyas.in

മസമരത്തിനായി രംഗത്തെത്തിയിരിക്കുകയാണ്. ആരംഭത്തിൽ ആസുരീസമ്പന്നന്മാർക്കു വിജയവും ദൈവീസമ്പന്നന്മാർക്ക് അതിരറ്റ ക്ലേശവുമാണുണ്ടായത്. കഴിഞ്ഞകാലത്തു പലപ്പോഴും ഭീഷ്മർ പാണ്ഡവപക്ഷം ശരിയാണെന്നു വാദിച്ചുകൊണ്ട് അവരുടെ ന്യായമായ അവകാശങ്ങൾ നിറവേറ്റിക്കൊടുക്കാൻ ദുര്യോധനനെ ഉപദേശിച്ചിട്ടുണ്ട്. അന്നൊന്നും അതു കേൾക്കാതെ ദുര്യോധനൻ ഭീഷ്മരുടെ വാക്കു നിരാകരിക്കുകയാണുണ്ടായത്. അതുകൊണ്ടു ഭീഷ്മർ ഉള്ളാൽ പാണ്ഡവപക്ഷത്താണെന്നു ദുര്യോധനനും വിചാരമുണ്ട്. കാര്യത്തിന്റെ യാഥാർഥ്യവും അതാണല്ലോ. ഈ യുദ്ധത്തിൽ പാണ്ഡവന്മാർ വിജയിക്കുമെന്നും അടുത്തദിവസം താൻ യുദ്ധക്കളത്തിൽ വീഴുമെന്നും ഭീഷ്മർ യുദ്ധത്തിന്റെ ഒൻപതാം ദിവസം ധർമപുത്രരെ അറിയിക്കുന്നുമുണ്ട്. തന്നെ വധിക്കാനായിട്ടാണ് അംബ പരമശിവപ്രസാദത്തോടെ ദ്രുപദപുത്രനായി, ശിഖണ്ഡിയായി പിറന്നിരിക്കുന്നതെന്നും അദ്ദേഹം യുദ്ധത്തിനു മുൻപ് ദുര്യോധനനെ ധരിപ്പിച്ചിട്ടുണ്ട്. ഇതുകൊണ്ടെല്ലാം ഭീഷ്മർ തന്റെ സേനാനായകനാണെങ്കിലും അദ്ദേഹത്തിനു യുദ്ധം ജയിക്കാൻ കഴിവുണ്ടാകുമോ എന്നു ദുര്യോധനനു സംശയമാണ്. സർവോപരി അന്തിമ സമരത്തിൽ ആസുരീസമ്പന്നർക്കു വന്നുചേരാവുന്ന ആത്മവിശ്വാസക്കുറവ് ദുര്യോധനനെ ആന്തരമായി ബാധിച്ചിരിക്കുന്നു എന്നു സ്പഷ്ടം. അതിനാലാണു പതിനൊന്നക്ഷൗഹിണിയുണ്ടെങ്കിലും ഭീഷ്മാഭിരക്ഷിതമായ നമ്മുടെ സൈന്യം അപര്യാപ്തമാണെന്നു ദുര്യോധനൻ പറയുന്നത്. ആത്മവിശ്വാസമില്ലായ്മയുടെ മറ്റൊരു ലക്ഷണമാണ് ഭീമാഭിരക്ഷിതമായ പാണ്ഡവസൈന്യം പര്യാപ്തമെന്നു പറയുന്നത്. ഭീമൻ സേനാനായകനല്ല. എങ്കിലും പാണ്ഡവസൈന്യത്തിന്റെ മുന്നണിയിൽ നിൽക്കുന്ന ഭീമന്റെ കാഴ്ച ദുര്യോധനനു ഭയാവഹമാണ്. വിഷംകൊടുത്തും, കൈകാൽ കെട്ടി വെള്ളത്തിൽ താഴ്ത്തിയും ഭീമനെ പ്രത്യേകം നശിപ്പിക്കാൻ കൗരവന്മാർ പല ശ്രമവും ചെയ്തതാണ്. അന്നൊന്നും ചാകാത്ത ഭീമൻ ഭൂതകാലസംഭവങ്ങൾക്കൊക്കെ പകരം വീട്ടാൻ തീരുമാനിച്ചുകൊണ്ടു തികഞ്ഞ ആത്മവിശ്വാസത്തോടെ പാണ്ഡവസൈന്യത്തിന്റെ മുന്നണിയിൽ നിൽക്കുകയാണ്. മാത്രമല്ല താമസിയാതെ ഭീമന്റെ ഗദാതാഡനമേറ്റു താഴെ വീഴേണ്ടവനാണു ദുര്യോധനൻ. അയാളറിയാതെതന്നെ വരാൻ പോകുന്ന ആ ദൈവനിശ്ചയവും ദുര്യോധനന്റെ മനസ്സിനെ ദുർബലമാക്കുന്നുണ്ടാവും. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ദുര്യോധനന്റെ പ്രസ്താവന തികച്ചും അർഥവത്താണെന്നു കാണാൻ കഴിയും.

digitized by www.sreyas.in

ഭീഷ്മരുടെ കാര്യത്തിൽ ദുര്യോധനമനസ്സ് ശങ്കാകുലമാണെന്ന കാര്യം ഒന്നുകൂടി ഉറപ്പിക്കുമാറ് എല്ലാവരും ഭീഷ്മരക്ഷയെ പ്രത്യേകം കരുതിയിരിക്കുവാനാണു ദുര്യോധനൻ തുടർന്ന് ദ്രോണരോടാവശ്യപ്പെടുന്നത്:

*11. അയനേഷു ച സർവേഷു യഥാഭാഗമവസ്ഥിതാഃ*
*ഭീഷ്മമേവാഭിരക്ഷന്തു ഭവന്തഃ സർവ ഏവ ഹി*

ഭവന്തഃ - ഭവാന്മാർ; സർവ ഏവ ഹി - എല്ലാവരും തന്നെ; സർവേഷു അയനേഷു ച - എല്ലാ വ്യൂഹദ്വാരങ്ങളിലും; യഥാഭാഗം - നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സ്ഥാനങ്ങളിൽത്തന്നെ; അവസ്ഥിതാഃ - മാറാതെ നിന്നുകൊണ്ട്; ഭീഷ്മം ഏവ - ഭീഷ്മരെത്തന്നെ; അഭിരക്ഷന്തു - കാത്തു സൂക്ഷിച്ചുകൊള്ളണം.

ഭവാന്മാരെല്ലാവരും തന്നെ എല്ലാ വ്യൂഹദ്വാരങ്ങളിലും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സ്ഥാനങ്ങളിൽത്തന്നെ മാറാതെ നിന്നുകൊണ്ടു ഭീഷ്മപിതാമഹനെത്തന്നെ കാത്തുസൂക്ഷിച്ചുകൊള്ളണം.

ഭീഷ്മപിതാമഹനു യുദ്ധത്തിൽ വല്ല ഔദാസീന്യവുമുണ്ടായാൽ അതു പരിഹരിച്ചും ശിഖണ്ഡിയെയും മറ്റും വ്യൂഹത്തിനുള്ളിൽ കടക്കാൻ അനുവദിക്കാതെയും ശ്രദ്ധയോടെ നോക്കിക്കൊള്ളണമെന്നു താൽപ്പര്യം.

ദുര്യോധനൻ ഇങ്ങനെ പറഞ്ഞുനിൽക്കവേ തുടർന്നു യുദ്ധക്കളത്തിൽ എന്തു സംഭവിച്ചു എന്നാണ് സഞ്ജയൻ ഇനി വിവരിക്കുന്നത്:

*12. തസ്യ സഞ്ജനയൻ ഹർഷം കുരുവൃദ്ധഃ പിതാമഹഃ*
*സിംഹനാദം വിനദ്യോച്ചൈഃ ശംഖം ദധ്മൗ പ്രതാപവാൻ*

പ്രതാപവാൻ - എതിരാളികൾക്കു ഭയകാരിയും; കുരുവൃദ്ധഃ - കൗരവന്മാരിൽ പ്രായാധിക്യമുള്ളവനുമായ; പിതാമഹഃ - മുത്തച്ഛനായ ഭീഷ്മർ; തസ്യ - ശങ്കാകുലനായി നിന്ന ദുര്യോധനനു; ഹർഷം - സന്തോഷത്തെ; സഞ്ജനയൻ - ഉളവാക്കിക്കൊണ്ട്; സിംഹനാദം വിനദ്യ - സിംഹത്തെപ്പോലെ അലറിയശേഷം; ശംഖം - ശംഖ്; ഉച്ചൈഃ - ഉച്ചത്തിൽ; ദധ്മൗ - മുഴക്കി.

എതിരാളികൾക്കു ഭയകാരിയും കൗരവന്മാരിൽ പ്രായാധിക്യമുള്ളവനുമായ മുത്തച്ഛനായ ഭീഷ്മർ ശങ്കാകുലനായി നിന്ന ദുര്യോധനനു സന്തോഷം ഉളവാക്കിക്കൊണ്ടു സിംഹത്തെപ്പോലെ അലറിയശേഷം ശംഖ് ഉച്ചത്തിൽ മുഴക്കി.

## *കുരുവൃദ്ധഃ പിതാമഹഃ*

പ്രതാപവാന്മാരെങ്കിലും മഹാമതികളായ ഭീഷ്മർ, ദ്രോണർ തുടങ്ങി

digitized by www.sreyas.in

യവർ എന്തു കാരണത്താലാണ് ആസുരീസമ്പന്നരായ ദുര്യോധനാദികളുടെ പക്ഷത്ത് അണിനിരന്നത്! ഭീഷ്മർക്കും ദ്രോണർക്കും മറ്റും യുദ്ധത്തിൽ കൃഷ്ണസഹായമുള്ള പാണ്ഡവന്മാരേ ജയിക്കൂ എന്നു നല്ല ഉറപ്പുണ്ട്. എങ്കിലും വംശനാശം ഒഴിവാക്കാൻ ആഗ്രഹിച്ച അവർ ഏതെങ്കിലും ഘട്ടത്തിൽ ദുര്യോധനനെ ഉപദേശിച്ചു നേർമാർഗത്തിൽ നയിക്കാൻ സാധിച്ചെങ്കിലോ എന്നു കരുതിയാണു കൗരവപക്ഷം അവലംബിച്ചത്. ശത്രുഭാവത്തോടെ ഒഴിഞ്ഞുമാറിയതുകൊണ്ടു മാത്രം യുദ്ധത്തിൽ നിന്നു വിരമിക്കുന്നയാളല്ല അഭിമാനിയായ ദുര്യോധനനെന്ന് അവർക്കറിയാം. അതുകൊണ്ടു കൗരവന്മാർക്കു ജയം അസാധ്യമാണെന്നും പാണ്ഡവരുമായി സൗഹൃദത്തിൽ കഴിയുന്നതാണു നല്ലതെന്നും ഭീഷ്മദ്രോണാദികൾ മരണംവരെ ദുര്യോധനനെ ആവർത്തിച്ചറിയിച്ചുകൊണ്ടേയിരുന്നു. എന്നാൽ ആസുരസമ്പത്തിൽ മുങ്ങിപ്പോയ ധൃതരാഷ്ട്രസുതന് അതു കേൾക്കാനുള്ള ഹൃദയം ഉണ്ടായതേയില്ല.

തുടർന്നു യുദ്ധരംഗം മുഴുവൻ പലവിധ വാദ്യഘോഷങ്ങൾ കൊണ്ടു ശബ്ദായമാനമായിത്തീർന്നതായി സഞ്ജയൻ വിവരിക്കുന്നു:

*13. തതഃ ശംഖശ്ച ഭേര്യശ്ച പണവാനകഗോമുഖാഃ*
*സഹസൈവാഭ്യഹന്യന്ത സ ശബ്ദസ്തുമുലോഽഭവത്.*

തതഃ - തുടർന്നു; ശംഖാഃ ച - ശംഖങ്ങളും; ഭേര്യഃ - പെരുമ്പറകളും; പണവാനകഗോമുഖാഃ ച - മദ്ദളങ്ങളും തപ്പട്ടകളും ഗോമുഖങ്ങളും; സഹസാ ഏവ - ഉടനേതന്നെ; അഭ്യഹന്യന്ത - മുഴക്കപ്പെട്ടു; സ ശബ്ദഃ - ആ വിവിധ വാദ്യഘോഷം; തുമുലഃ - എങ്ങും നിറഞ്ഞു തിങ്ങിയതായി; അഭവത് - ഭവിച്ചു.

തുടർന്നു ശംഖങ്ങളും പെരുമ്പറകളും മദ്ദളങ്ങളും തപ്പട്ടകളും ഗോമുഖങ്ങളും ഉടനേതന്നെ മുഴക്കപ്പെട്ടു. ആ വിവിധ വാദ്യഘോഷം എങ്ങും നിറഞ്ഞുതിങ്ങിയതായി ഭവിച്ചു.

ഇനിയും യുദ്ധക്കളത്തിൽ കൃഷ്ണാർജുനന്മാരുടെ സ്ഥിതി വിവരിക്കുകയാണു സഞ്ജയൻ:

*14. തതഃ ശ്വേതൈർഹയൈര്യുക്തേ മഹതി സ്യന്ദനേ സ്ഥിതൗ*
*മാധവഃ പാണ്ഡവശ്ചൈവ ദിവ്യൗ ശംഖൗ പ്രദധ്മതുഃ*

തതഃ - അനന്തരം; ശ്വേതൈഃ ഹയൈഃ യുക്തേ - വെളുത്ത കുതിരകളെ പൂട്ടിയ; മഹതി - ശ്രേഷ്ഠമായ; സ്യന്ദനേ - തേരിൽ; സ്ഥിതൗ - ഇരുന്നു

digitized by www.sreyas.in

കൊണ്ട്; മാധവഃ - ലക്ഷ്മീവല്ലഭനായ കൃഷ്ണനും; പാണ്ഡവഃ ച ഏവ - പാണ്ഡുപുത്രനായ അർജുനനും; ദിവ്യൗ ശംഖൗ - ദിവ്യങ്ങളായ ശംഖങ്ങളെ; പ്രദധ്മതുഃ - ഉച്ചത്തിൽ മുഴക്കി.

അനന്തരം വെളുത്ത കുതിരകളെ പൂട്ടിയ ശ്രേഷ്ഠമായ തേരിൽ ഇരുന്നുകൊണ്ട് ലക്ഷ്മീവല്ലഭനായ കൃഷ്ണനും പാണ്ഡുപുത്രനായ അർജുനനും ദിവ്യങ്ങളായ ശംഖങ്ങളെ ഉച്ചത്തിൽ മുഴക്കി.

## *വെള്ളക്കുതിരകളെ പൂട്ടിയ ശ്രേഷ്ഠമായ രഥം*

ദൈവീസമ്പന്നപക്ഷത്തെ വേർതിരിച്ചു കാട്ടുവാൻ ഈ ശ്ലോകത്തിൽ പല വിശേഷണങ്ങളും പ്രയോഗിച്ചിരിക്കുന്നു. വ്യക്തികളുടെ ഉള്ളിലും സമൂഹതലത്തിലും ദൈവാസുരസമ്പത്തുകളുടെ പ്രഭാവം സൂക്ഷ്മബുദ്ധിക്കു കാണാൻ കഴിയും. ദൈവീസമ്പത്തിന്റെ വളർച്ചയോടെ വ്യക്തിയുടെ ബുദ്ധി പ്രകാശമയമായ സത്വഗുണംകൊണ്ടു നിറഞ്ഞ് ഉള്ളിൽ ആത്മസാന്നിധ്യം അനുഭവിക്കാൻ കരുത്തുള്ളതായിത്തീരുന്നു. സത്വബുദ്ധിയാണ് അർജുനൻ. സത്വബുദ്ധിക്കു തന്റെ നിയന്താവായി അനുഭവപ്പെടുന്ന ആത്മാവാണു കൃഷ്ണൻ. ഇവിടെ സത്വബുദ്ധിയെ സത്വഗുണമുള്ള ജീവനെന്നോ ചിത്തമെന്നോ അഹങ്കാരമെന്നോ എങ്ങനെ വ്യവഹരിച്ചാലും വിരോധമില്ല. ബുദ്ധ്യാദി ഉപാധികൾ കൂടാതെ ജീവത്വമോ ജീവസമവായമില്ലാതെ ബുദ്ധ്യാദ്യുപാധികളോ നിലനിൽക്കുന്നില്ല. അതുപോലെ കൃഷ്ണനെ പരമാത്മാവെന്നോ പരബ്രഹ്മമെന്നോ ഒക്കെ വ്യവഹരിച്ചാലും ദോഷമില്ല. ആത്മാവും പരമാത്മാവും പരബ്രഹ്മവും ഒന്നുതന്നെ. സത്വബുദ്ധിയും അതിനെ നിയന്ത്രിക്കുന്ന ആത്മാവും സ്ഥിതിചെയ്യുന്ന ശ്രേഷ്ഠമായ രഥം ശരീരം തന്നെയാണ്. ബുദ്ധിക്ക് ആത്മസിദ്ധി ബോധ്യമാകുന്നതോടെ ശരീരത്തിനു ദിവ്യത്വം വന്നുചേരുന്നതുകൊണ്ടാണ് ശ്രേഷ്ഠമായ രഥം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ഈ രഥത്തെ നയിക്കുന്ന കുതിരകൾ ഇന്ദ്രിയങ്ങളാണ്. സത്വഗുണം കൊണ്ടു നിറയുന്ന ഇന്ദ്രിയങ്ങൾ പ്രകാശമേന്തി വിവേകമാർഗത്തിൽ സഞ്ചരിക്കാൻ കഴിവുള്ളവയായിത്തീരുന്നു. അതുകൊണ്ടാണു വെള്ളക്കുതിരകളെന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നത്. സത്വഗുണത്തിന്റെ നിറമാണു വെളുപ്പ്, ഇവിടെ കഠോപനിഷത്തിലെ രഥരൂപകം ഓർക്കുന്നതു നന്ന്. ശരീരം രഥമാണ്. ആത്മാവ് അതിൽ സഞ്ചരിക്കുന്ന രഥി, ബുദ്ധി സാരഥി, ഇന്ദ്രിയങ്ങൾ കുതിരകൾ, ലോകവിഷയങ്ങൾ രഥമാർഗം, മനസ്സ് കടിഞ്ഞാൺ; ഇതാണു രഥരൂപക കൽപ്പന. ബുദ്ധിസത്യബോധമുൾക്കൊണ്ടു

digitized by www.sreyas.in

രഥം നടത്തിയാൽ ജീവിതം ലക്ഷ്യത്തിലെത്തും. സത്യബോധമില്ലാത്ത സാരഥിയുടെ കുതിരകൾ അപഥസഞ്ചാരം ചെയ്തു രഥിയെ അപകടത്തിലാക്കും. രഥരൂപകത്തിൽ രഥി ആത്മാവും ബുദ്ധി സാരഥിയുമാണ്. പാണ്ഡവരഥത്തിലാകട്ടെ ആത്മസ്ഥാനീയനായ കൃഷ്ണൻ സാരഥിയും ബുദ്ധിസ്ഥാനീയനായ അർജുനൻ രഥിയുമാണ്. പക്ഷേ സത്യബോധം വളരുന്നതോടെ ഭഗവാൻ തന്റെ സാരഥിയാണെന്ന ചിന്ത അർജുനനെ വിട്ടുപോകുന്നതായിക്കാണാം. താൻ ഭഗവാന്റെ കയ്യിലെ വെറും ഒരുപകരണം മാത്രമാണെന്ന് അർജുനനു ക്രമേണ ബോധ്യമാകുന്നു. ഇങ്ങനെ മാധവനും പാണ്ഡവനും വിശിഷ്ടമായ തേരിലിരുന്നുകൊണ്ടു ദിവ്യങ്ങളായ ശംഖങ്ങൾ മുഴക്കി. ദൈവസമ്പത്തിന്റ ധർമകാഹളമായതുകൊണ്ടാണ് അവരുടെ ശംഖങ്ങൾ ദിവ്യങ്ങളായി ഭവിച്ചത്.

കൃഷ്ണാർജുനന്മാരുടെയും അവരെത്തുടർന്നു പാണ്ഡവസേനയിലെ മറ്റു പ്രമുഖ നേതാക്കളുടെയും ശംഖധ്വാനക്രമം സഞ്ജയൻ ധൃതരാഷ്ട്രരെ വിസ്തരിച്ചു കേൾപ്പിക്കുകയാണ് അടുത്ത നാലു പദ്യങ്ങളിൽ:

*15. പാഞ്ചജന്യം ഹൃഷീകേശോ ദേവദത്തം ധനഞ്ജയഃ*
*പൗണ്ഡ്രം ദധ്മൗ മഹാശംഖം ഭീമകർമാ വൃകോദരഃ*

ഹൃഷികേശഃ - ഇന്ദ്രിയങ്ങളുടെ ഈശ്വരനായ കൃഷ്ണൻ; പാഞ്ചജന്യം - പാഞ്ചജന്യമെന്നു പ്രസിദ്ധമായ ശംഖം; ദധ്മൗ - മുഴക്കി; ധനഞ്ജയഃ - അർജുനൻ; ദേവദത്തം - ദേവദത്തമെന്ന ശംഖം; (ദധ്മൗ) - മുഴക്കി; ഭീമകർമാ - ഭീമമായ കർമം ചെയ്യാൻ കഴിവുള്ള; വൃകോദരഃ - ഭീമൻ; പൗണ്ഡ്രം പൗണ്ഡ്രമെന്നു പേരുള്ള; മഹാശംഖം - വലിയ ശംഖം; (ദധ്മൗ) - മുഴക്കി.

ഇന്ദ്രിയങ്ങളുടെ ഈശനായ കൃഷ്ണൻ പാഞ്ചജന്യമെന്നു പ്രസിദ്ധമായ ശംഖം മുഴക്കി. അർജുനൻ ദേവദത്തമെന്ന ശംഖം മുഴക്കി. ഭീമമായ കർമം ചെയ്യാൻ കഴിവുള്ള ഭീമനാകട്ടെ പൗണ്ഡ്രമെന്നു പേരുള്ള വലിയ ശംഖവും മുഴക്കി.

## *ദൈവസാന്നിധ്യം*

ഇന്ദ്രിയങ്ങൾക്കീശനായ കൃഷ്ണൻ സാരഥിയാണെങ്കിലും പാണ്ഡവപക്ഷത്ത് ഏറ്റവും പ്രധാനപ്പെട്ടയാളാണ്. അതുകൊണ്ടാണു കൃഷ്ണന്റെ പേരാദ്യം പറഞ്ഞിരിക്കുന്നത്. ദൈവീസമ്പന്നന്മാർ ഈശ്വരനിർദേശമനുസരിച്ചു നയിക്കപ്പെടുന്നവരാണെന്നു സാരം. മഹാപ്രഭാവശാലികളായ യോദ്ധാക്കളാരുമല്ല പാണ്ഡവപക്ഷത്തിനു വിജയം നേടിക്കൊടുത്തത്. ആയുധം

digitized by www.sreyas.in

തൊടുകയില്ലെന്നു പ്രതിജ്ഞ ചെയ്ത ഹൃഷികേശനാണ്. ഇന്ദ്രിയങ്ങളെ ആത്മബോധംകൊണ്ടു വശത്താക്കി ഈശ്വരേച്ഛക്കു വഴങ്ങുന്നവൻ ജീവിതത്തിൽ വിജയം വരിക്കുന്നു.

*16. അനന്തവിജയം രാജാ കുന്തീപുത്രോ യുധിഷ്ഠിരഃ*
*നകുലസ്സഹദേവശ്ച സുഘോഷമണിപുഷ്പകൗ*

രാജാ കുന്തീപുത്രഃ - രാജാവും കുന്തീപുത്രനുമായ; യുധിഷ്ഠിരഃ - ധർമപുത്രർ; അനന്തവിജയം - അനന്തവിജയമെന്നു പേരുള്ള ശംഖം; (ദധ്മൗ) - മുഴക്കി; നകുലഃ സഹദേവഃ ച - നകുലനും സഹദേവനും; സുഘോഷമണിപുഷ്പകൗ - സുഘോഷം, മണിപുഷ്പകം എന്നു പേരുള്ള ശംഖങ്ങളെയും യഥാക്രമം (മുഴക്കി).

രാജാവും കുന്തീപുത്രനുമായ ധർമപുത്രർ അനന്തവിജയമെന്നു പേരുള്ള ശംഖം മുഴക്കി. നകുലനും സഹദേവനും യഥാക്രമം സുഘോഷമെന്നും മണിപുഷ്പകമെന്നും പേരുള്ള ശംഖങ്ങൾ മുഴക്കി.

ധർമപുത്രർ തൽക്കാലം രാജാവല്ലെങ്കിലും ധർമത്തിന്റെയും സത്യത്തിന്റെയും പ്രതീകമായ കുന്തിയുടെ ആ പുത്രൻ ഭാവിയിൽ രാജാവാകുമെന്നു സഞ്ജയനു നിശ്ചയമുള്ളതുകൊണ്ടാണ് 'രാജാ' എന്ന വിശേഷണം നൽകിയിരിക്കുന്നത്.

*17. കാശ്യശ്ച പരമേഷ്വാസശ്ശിഖണ്ഡി ച മഹാരഥഃ*
*ധൃഷ്ടദ്യുമ്നോ വിരാടശ്ചസാത്യകിശ്ചാപരാജിതഃ*

*18. ദ്രുപദോ ദ്രൗപദേയാശ്ച സർവശഃ പൃഥിവീപതേ*
*സൗഭദ്രശ്ച മഹാബാഹുഃ ശംഖാൻ ദധ്മുഃ പൃഥക് പൃഥക്*

പൃഥിവീപതേ - അല്ലയോ രാജാവേ; പരമേഷ്വാസഃ - വലിയ വില്ലാളിയായ; കാശ്യഃ ച - കാശിരാജാവും; മഹാരഥഃ ശിഖണ്ഡീ ച - മഹാരഥനായ ശിഖണ്ഡിയും; ധൃഷ്ടദ്യുമ്നഃ - ധൃഷ്ടദ്യുമ്നനും; വിരാടഃ ച - വിരാടനും; അപരാജിതഃ - തോൽവി അറിയാത്ത; സാത്യകിഃ ച - സാത്യകിയും; ദ്രുപദഃ - ദ്രുപദനും; ദ്രൗപദേയാഃ ച - ദ്രൗപദീപുത്രന്മാരും; മഹാബാഹുഃ - പരാക്രമശാലിയായ; സൗഭദ്രഃ ച - അഭിമന്യുവും; സർവശഃ - എല്ലാവരും; പൃഥക്, പൃഥക് - വേറെ വേറെ; ശംഖാൻ - ശംഖങ്ങൾ; ദധ്മുഃ - മുഴക്കി.

അല്ലയോ രാജാവേ, വലിയ വില്ലാളിയായ കാശിരാജാവും മഹാരഥനായ ശിഖണ്ഡിയും ധൃഷ്ടദ്യുമ്നനും വിരാടനും തോൽവിയറിയാത്ത

digitized by www.sreyas.in

സാത്യകിയും ദ്രുപദനും ദ്രൗപദീപുത്രന്മാരും പരാക്രമശാലിയായ അഭിമന്യുവും എല്ലാം വേറെ വേറെ ശംഖങ്ങൾ മുഴക്കി.

കൗരവവാദ്യഘോഷത്തെ 'സ ശബ്ദസ്തുമുലോ/ഭവത്' എന്നു മാത്രം പറഞ്ഞു നിറുത്തിയ സഞ്ജയൻ പാണ്ഡവശംഖഘോഷത്തിനുണ്ടായ പ്രത്യാഘാതം സൂക്ഷ്മദൃഷ്ടിയോടെ വിവരിക്കുന്നു:

*19. സ ഘോഷോ ധാർതരാഷ്ട്രാണാം ഹൃദയാനി വ്യദാരയത്*
*നഭശ്ച പൃഥിവീം ചൈവ തുമുലോ വ്യനുനാദയൻ*

തുമുലഃ - എങ്ങും നിറഞ്ഞുതിങ്ങിയ; സഃ ഘോഷഃ - ആ ശംഖനാദം; നഭശ്ച പൃഥിവീം ച ഏവ - ആകാശത്തെയും ഭൂമണ്ഡലത്തെയും ആകെ; വ്യനുനാദയൻ - പ്രതിധ്വനിപ്പിച്ചുകൊണ്ട്; ധാർതരാഷ്ട്രാണാം - ധൃതരാഷ്ട്രപുത്രന്മാരുടെ; ഹൃദയാനി - ഹൃദയങ്ങളെ; വ്യദാരയത് - പിളർന്നു.

എങ്ങും നിറഞ്ഞുതിങ്ങിയ ആ ശംഖനാദം ആകാശത്തെയും ഭൂമണ്ഡലത്തെയും ആകെ പ്രതിധ്വനിപ്പിച്ചുകൊണ്ട് ധൃതരാഷ്ട്രപുത്രന്മാരുടെ ഹൃദയങ്ങളെ പിളർന്നു.

ദൈവീസമ്പന്നന്മാരുടെ ഐക്യവും വെല്ലുവിളിയും ആസുര ഹൃദയങ്ങൾക്ക് മർമഭേദകമായിത്തന്നെ ഭവിക്കും. നേരേമറിച്ച് ഈശ്വരാർപ്പണബുദ്ധിയോടെ ധർമമാർഗത്തിൽ ചരിക്കുന്നവരെ ഈ ലോകത്തെ ഒരു ശക്തിക്കും പിടിച്ചുകുലുക്കാൻ സാധ്യമല്ല. മരണംപോലും അവരുടെ മുൻപിൽ തലകുനിച്ചു വണങ്ങുന്നു.

ഈശ്വരചിന്തയിൽ മനസ്സേകാഗ്രപ്പെടുമ്പോൾ യോഗിചിത്തത്തിൽ നിന്നും പുറപ്പെടുന്ന അനാഹതധ്വനികൾ അജ്ഞാനജന്യങ്ങളായ ആസുര വാസനകളെ ഛിന്നഭിന്നമാക്കുന്നതിന്റെ പ്രതീകാത്മകവിവരണമായും ഈ ശ്ലോകം വ്യാഖ്യാനിക്കപ്പെടാവുന്നതാണ്.

ദുര്യോധനന്റെ സംശയവും പരിഭ്രമവും വിവരിച്ചശേഷം യുദ്ധം തുടങ്ങുന്നതിനു മുൻപ് അർജുനന്റെ കർമവും ഭാവവും എന്തായിരുന്നു എന്നാണ് ഇനി സഞ്ജയൻ ചിത്രീകരിക്കുന്നത്. ദൈവീസമ്പന്നന്മാർ കർമരംഗത്ത് എങ്ങനെ മുന്നോട്ടു നീങ്ങുന്നു എന്നതിന്റെ ദൃഷ്ടാന്തവുമാണിത്:

*20. അഥ വ്യവസ്ഥിതാൻ ദൃഷ്ട്വാ ധാർതരാഷ്ട്രാൻ കപിധ്വജഃ*
*പ്രവൃത്തേ ശസ്ത്രസംപാതേ ധനുരുദ്യമ്യ പാണ്ഡവഃ*



digitized by www.sreyas.in

*21. ഹൃഷികേശം തദാ വാക്യമിദമാഹ മഹീപതേ*
*സേനയോരുഭയോർമധ്യേ രഥം സ്ഥാപയ മേ/ച്യുത*

*അർജുന ഉവാച - അർജുനൻ പറഞ്ഞു:*

മഹീപതേ - അല്ലയോ രാജാവേ; അഥ - അനന്തരം; കപിധ്വജഃ - ഹനുമാൻ കൊടിയടയാളമായിട്ടുള്ള അർജുനൻ; ധാർതരാഷ്ട്രാൻ - ധൃതരാഷ്ട്രപുത്രന്മാരെ; വ്യവസ്ഥിതാൻ ദൃഷ്ടാ - യുദ്ധം ചെയ്യാൻതന്നെ ഉറച്ചുനിൽക്കുന്നവരായി കണ്ടിട്ട്; ശസ്ത്രസംപാതേ പ്രവൃത്തേ - അസ്ത്രപ്രയോഗത്തിനു സമയമായി എന്നറിഞ്ഞ്; ധനുഃ ഉദ്യമ്യ - വില്ലു കയ്യിലെടുത്ത്; തദാ - അപ്പോൾ; ഹൃഷീകേശം - കൃഷ്ണനോട്; ഇദം വാക്യം - ഇപ്രകാരമുള്ള വാക്യത്തെ; അഹ - പറഞ്ഞു; അച്യുത - അല്ലയോ അച്യുത; ഉഭയോഃ സേനയോഃ മധ്യേ - രണ്ടു സൈന്യങ്ങളുടെയും മധ്യത്തിൽ; മേ രഥം - എന്റെ രഥത്തെ; സ്ഥാപയ - കൊണ്ടു നിറുത്തുക.

അല്ലയോ രാജാവേ, അനന്തരം അർജുനൻ ധൃതരാഷ്ട്രപുത്രന്മാരെ യുദ്ധം ചെയ്യാൻ തന്നെ ഉറച്ചുനിൽക്കുന്നവരായിക്കണ്ടിട്ട് അസ്ത്രപ്രയോഗത്തിനു സമയമായി എന്നറിഞ്ഞ് വില്ലു കയ്യിലെടുത്തു. അപ്പോൾ കൃഷ്ണനോട് ഇപ്രകാരമുള്ള വാക്യത്തെ പറഞ്ഞു; അല്ലയോ അച്യുത, രണ്ടു സൈന്യങ്ങളുടെയും മധ്യത്തിൽ എന്റെ രഥത്തെ കൊണ്ടു നിറുത്തുക.

## *യുദ്ധം ചെയ്യാൻ ഉറച്ചു നിൽക്കുന്നവർ*

പാണ്ഡവന്മാർ സന്ധിസംഭാഷണത്തിനൊരുങ്ങുകയും പല ലളിതമായ വ്യവസ്ഥകളും മുന്നോട്ടുവയ്ക്കുകയും ചെയ്തു. സത്യമാർഗത്തിൽ ചരിക്കുന്നവർ എപ്പോഴും സമാധാനം കൊതിക്കുന്നവരാണ്. ബലമില്ലാത്തതുകൊണ്ടല്ല; സത്യത്തിന്റെ മാർഗം ശാന്തിയുടെ മാർഗമായതുകൊണ്ടാണ്. കൗരവന്മാർ അവസാന നിമിഷമെങ്കിലും സന്ധി വ്യവസ്ഥകൾക്കു വഴങ്ങുമെന്ന് അർജുനൻ കരുതിയിരുന്നു. എന്നാൽ അവസാനം അവർ യുദ്ധത്തിനായി ഒരുങ്ങി നിൽക്കുന്നതായിട്ടാണു കണ്ടത്.

### *രഥസ്ഥാപനം*

ഇന്ദ്രിയങ്ങൾക്കീശനായ കൃഷ്ണനോടു ഇരു സേനകളുടെയും മധ്യത്തിൽ രഥം നിറുത്താൻ അർജുനൻ പറഞ്ഞു.

digitized by www.sreyas.in

ഒരു സത്യമാർഗചാരി ഉള്ളിലും പുറത്തും തനിക്കെതിരായി അണിനിരന്നിരിക്കുന്ന ആസുര പ്രവണതകളോടു മല്ലിടാൻ തുടങ്ങുമ്പോഴൊക്കെ തന്റെ ആത്മാവായി വർത്തിക്കുന്ന ഈശ്വരനെ മുൻനിറുത്തി നടത്തുന്ന അന്തർമുഖമായ ഹൃദയപരിശോധനയുടെ പ്രതീകമാണീ രഥസ്ഥാപനം.

അർജുനൻ കൃഷ്ണനെ 'അച്യുത' എന്നു സംബോധന ചെയ്തത് അർഥവത്താണ്. ഒരിക്കലും വഴുതിപ്പോകാത്തവൻ എന്നാണു ശബ്ദാർഥം. കൃഷ്ണനും അർജുനനുമായുള്ള സഖ്യത്തിന്റെ ദാർഢ്യമാണതു വെളിപ്പെടുത്തുന്നത്. ഒരു ദൈവീസമ്പന്നൻ ഒരിക്കലും ച്യുതി വരാതെ ഈശ്വരനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടാണു കർമമാർഗത്തിൽ ചരിക്കുന്നത്. സ്വരൂപനാശമില്ലാത്ത നിത്യനാണല്ലോ കൃഷ്ണൻ.

രഥസ്ഥാപനം കൊണ്ടു താൻ എന്തു ചെയ്യാൻ കൊതിക്കുന്നുവെന്നാണർജുനൻ തുടർന്നു പറയുന്നത്:

*22. യാവദേതാൻ നിരീക്ഷേഹം യോദ്ധുകാമാനവസ്ഥിതാൻ*
*കൈർമയാ സഹ യോദ്ധവ്യമസ്മിൻ രണസമുദ്യമേ*

അസ്മിൻ രണസമുദ്യമേ – ഈ യുദ്ധോദ്യമത്തിൽ; കൈഃ സഹ – ആരോടൊക്കെയാണു; മയാ – എന്നാൽ; യോദ്ധവ്യം – യുദ്ധം ചെയ്യപ്പെടേണ്ടത്; യോദ്ധുകാമാൻ – യുദ്ധത്തിനു കൊതിച്ചു; അവസ്ഥിതാൻ – ഉറച്ചു നിൽക്കുന്ന; ഏതാൻ – അവരെ; യാവദ് അഹം നിരീക്ഷേ – ഞാൻ നോക്കി കാണുന്നതു വരെ രഥം സേനാമധ്യത്തിൽ നിറുത്തണം.

ഈ യുദ്ധോദ്യമത്തിൽ ആരോടൊക്കെയാണ് എന്നാൽ യുദ്ധം ചെയ്യപ്പെടേണ്ടത്? യുദ്ധത്തിനു കൊതിച്ച് ഉറച്ചു നിൽക്കുന്ന അവരെ ഞാൻ നോക്കിക്കാണുന്നതുവരെ രഥം സേനാമധ്യത്തിൽ നിറുത്തണം.

തന്നോടു യുദ്ധം ചെയ്തു ദുർബുദ്ധിയായ ദുര്യോധനനെ സഹായിക്കാൻ ഒരുങ്ങി നിൽക്കുന്നവരാരൊക്കെയെന്നു തനിക്കറിയണമെന്ന് അർജുനൻ വീണ്ടും എടുത്തു പറയുന്നു:

*23. യോത്സ്യമാനാനവേക്ഷേഹം യ ഏതേഽത്ര സമാഗതാഃ*
*ധാർതരാഷ്ട്രസ്യ ദുർബുദ്ധേര്യുദ്ധേ പ്രിയചികീർഷവഃ*

അത്ര യുദ്ധേ – ഈ യുദ്ധത്തിൽ; ദുർബുദ്ധേഃ – ദുഷ്ടബുദ്ധിയായ; ധാർതരാഷ്ട്രസ്യ – ധൃതരാഷ്ട്രപുത്രന്; പ്രിയചികീർഷവഃ – പ്രിയം ചെയ്യാൻ ആഗ്രഹിച്ച്; യേ ഏതേ – ആരാരൊക്കെയാണോ ഈ; സമാഗതാഃ – വന്നു നിൽക്കു

digitized by www.sreyas.in

ന്നവർ; യോത്സ്യമാനാൻ - യുദ്ധം കൊതിക്കുന്ന അവരെ; അവേക്ഷേ - ഞാൻ വേർതിരിച്ചു കാണാം.

ഈ യുദ്ധത്തിൽ ദുഷ്ടബുദ്ധിയായ ധൃതരാഷ്ട്രപുത്രനു പ്രിയം ചെയ്യാനാഗ്രഹിച്ചു ആരാരൊക്കെയാണോ ഈ വന്നുനിൽക്കുന്നത്. യുദ്ധം കൊതിക്കുന്ന അവരെ ഞാൻ വേർതിരിച്ചു കാണാം.

ദുർബുദ്ധിയായ ദുര്യോധനെതിരെ ധർമരക്ഷ ചെയ്യാനാണു താൻ യുദ്ധക്കളത്തിലെത്തിയിരിക്കുന്നതെന്ന് അർജുനനുറപ്പുണ്ട്. ആ നിലക്ക് അധർമപക്ഷത്ത് ആരാരൊക്കെയാണ് അണിനിരന്നിരിക്കുന്നതെന്നു കാണാൻ ആ സദ്ബുദ്ധി കൊതിക്കുന്നു. അജ്ഞാനജന്യങ്ങായ ഏതെല്ലാം ആസുര വാസനകളെയാണ് തനിക്കു ജയിക്കാനുള്ളതെന്ന് സാധകൻ നോക്കിക്കാണുന്നതുപോലെ.

അർജുനന്റെ നിർദേശപ്രകാരം കൃഷ്ണൻ എന്തുചെയ്തു എന്നാണ് ഇനി സഞ്ജയൻ വിവരിക്കുന്നത്.

സഞ്ജയ ഉവാച - സഞ്ജയൻ പറഞ്ഞു:

*24. ഏവമുക്തോ ഹൃഷികേശോ ഗുഡാകേശേന ഭാരത*
*സേനയോരുഭയോർമധ്യേ സ്ഥാപയിത്വാ രഥോത്തമം*

*25. ഭീഷ്മദ്രോണപ്രമുഖതഃ സർവേഷാഞ്ച മഹീക്ഷിതാം*
*ഉവാച പാർഥ പശ്യൈതാൻ സമവേതാൻ കുരൂനിതി*

ഭാരത - ഭരതവംശത്തിൽ ജനിച്ച രാജാവേ; ഗുഡാകേശേന - നിദ്രയെ ജയിച്ച അർജുനനാൽ; ഏവം ഉക്തഃ - ഇപ്രകാരം നിർദേശിക്കപ്പെട്ട; ഹൃഷീകേശഃ - കൃഷ്ണൻ; ഉഭയോഃ സേനയോഃ - രണ്ടു സൈന്യങ്ങളുടെയും; മധ്യേ - ഇടയ്ക്കായി; ഭീഷ്മദ്രോണപ്രമുഖതഃ - ഭീഷ്മർ, ദ്രോണർ തുടങ്ങിയ; സർവേഷാം മഹീക്ഷിതാം ച - എല്ലാ ക്ഷത്രിയന്മാരുടെയും മുൻപിലായി; രഥോത്തമം - അർജുനന്റെ ശ്രേഷ്ഠമായ രഥത്തെ; സ്ഥാപയിത്വാ - കൊണ്ടു നിറുത്തിയിട്ട്; പാർഥ - അല്ലയോ അർജുന; സമവേതാൻ - യുദ്ധത്തിനണിനിരന്നിരിക്കുന്ന; ഏതാൻ - ഈ; കുരൂൻ - കൗരവന്മാരെ; പശ്യ - കണ്ടാലും; ഇതി ഉവാച - എന്നു പറഞ്ഞു.

അല്ലയോ ഭരതവംശരാജാവേ, നിദ്രയെ ജയിച്ചവനായ അർജുനനാൽ ഇപ്രകാരം നിർദേശിക്കപ്പെട്ട കൃഷ്ണൻ രണ്ടു സേനകളുടെയും ഇടയ്ക്കായി ഭീഷ്മർ, ദ്രോണർ തുടങ്ങിയ എല്ലാ ക്ഷത്രിയന്മാരുടെയും മുമ്പിൽ അർജുനന്റെ ശ്രേഷ്ഠമായ രഥത്തെ കൊണ്ടു നിറുത്തിയിട്ട്, അല്ലയോ അർജുന, യുദ്ധത്തിനണിനിരന്നിരിക്കുന്ന ഈ കൗരവന്മാരെ കണ്ടാലും, എന്നു പറഞ്ഞു.

digitized by www.sreyas.in

ശത്രുക്കളെ നോക്കിക്കാണാൻ കൊതിച്ച അർജ്ജുനന് ഭഗവാന്റെ നിർദേശവും ലഭിച്ചു. ഗുഡാകാ - നിദ്ര. നിദ്രയെ ജയിച്ചവൻ - ഗുഡാകേശൻ. ഉറക്കമില്ലാതെ തപസ്സുചെയ്യാൻ ശീലിച്ചിട്ടുള്ളവനാണ് അർജ്ജുനൻ. അജ്ഞാനനിദ്രയെ ജയിച്ചവൻ എന്നും പറയാം. അർജ്ജുനനോടൊപ്പം ഭഗവാന്റെ നിത്യസാന്നിധ്യം തന്നെ അജ്ഞാനജയത്തിനു തെളിവാണ്. അർജ്ജുനന്റെ രഥം ഖാണ്ഡവദഹനത്തിനു മുൻപ് അഗ്നി വരുണനെക്കൊണ്ടു ദാനം ചെയ്യിപ്പിച്ചതും ഹനുമാന്റെ സാന്നിധ്യമുള്ളതുമാണ്. അതുകൊണ്ടാണ് രഥോത്തമം എന്നു പറഞ്ഞിരിക്കുന്നത്. പൃഥ - കുന്തി; കുന്തിയുടെ പുത്രനാണു പാർഥൻ. പാർഥശബ്ദം കുന്തീദേവിയുടെ സഹനശക്തിയും തപശ്ശക്തിയും ധ്വനിപ്പിക്കുന്നതാണ്.

സേനാമധ്യത്തിലെത്തിനോക്കിയ അർജ്ജുനൻ ആരാരെയൊക്കെ കണ്ടു എന്നാണിനി വിവരിക്കുന്നത്:

*26. തത്രാപശ്യത് സ്ഥിതാൻ പാർഥഃ*
*പിതൄനഥ പിതാമഹാൻ*
*ആചാര്യാൻ മാതുലാൻ ഭ്രാതൄൻ*
*പുത്രാൻ പൗത്രാൻ സഖീംസ്തഥാ*

*27. ശ്വശുരാൻ സുഹൃദശ്ചൈവ സേനയോരുഭയോരപി*

അഥ - അനന്തരം; പാർഥഃ - അർജ്ജുനൻ; തത്ര - ആ യുദ്ധക്കളത്തിൽ; ഉഭയോഃ സേനയോഃ അപി - രണ്ടു സേനകളിലുമായി; സ്ഥിതാൻ - അണിനിരന്നിരിക്കുന്ന; പിതൄൻ - പിതാക്കന്മാരെയും; പിതാമഹാൻ - മുത്തച്ഛന്മാരെയും; ആചാര്യാൻ - ആചാര്യന്മാരെയും; മാതുലാൻ - അമ്മാവന്മാരെയും; ഭ്രാതൄൻ - സഹോദരന്മാരെയും; പുത്രാൻ - പുത്രന്മാരെയും; പൗത്രാൻ - പൗത്രന്മാരെയും; സഖീൻ- സ്നേഹിതന്മാരെയും; തഥാ - അതുപോലെ; ശ്വശുരാൻ - ഭാര്യാപിതാക്കന്മാരെയും; സുഹൃദഃ ച ഏവ - സുഹൃത്തുക്കളെത്തന്നെയും; അപശ്യത് - കണ്ടു.

അനന്തരം അർജ്ജുനൻ ആ യുദ്ധക്കളത്തിൽ രണ്ടു സേനകളിലുമായി അണിനിരന്നിരിക്കുന്ന പിതാക്കന്മാരെയും മുത്തച്ഛന്മാരെയും ആചാര്യന്മാരെയും അമ്മാവന്മാരെയും സഹോദരന്മാരെയും പുത്രന്മാരെയും പൗത്രന്മാരെയും അതുപോലെ ഭാര്യാപിതാക്കന്മാരെയും സുഹൃത്തുക്കളെത്തന്നെയും കണ്ടു.

digitized by www.sreyas.in

*താൻ സമീക്ഷ്യ സ കൗന്തേയഃ*
*സർവാൻ ബന്ധൂനവസ്ഥിതാൻ*

*28. കൃപയാ പരയാവിഷ്ടോ വിഷീദന്നിദമബ്രവീത്*

സഃ കൗന്തേയഃ - ആ കുന്തീപുത്രൻ; അവസ്ഥിതാൻ - സേനാമുഖങ്ങളിൽ ഉറച്ചുനിൽക്കുന്ന; താൻ സർവാൻ ബന്ധൂൻ - ആ എല്ലാ ബന്ധുക്കളെയും; സമീക്ഷ്യ - വേർതിരിച്ചു കണ്ടിട്ട്; പരയാ - അത്യധികമായ; കൃപയാ - കാരുണ്യത്താൽ; ആവിഷ്ടഃ - ആവേശിക്കപ്പെട്ടവനായി; വിഷീദൻ - വിഷാദം പൂണ്ട്; ഇദം - ഇങ്ങനെ; അബ്രവീത് - പറഞ്ഞു.

ആ കുന്തീപുത്രൻ സേനാമുഖങ്ങളിൽ ഉറച്ചുനിൽക്കുന്ന ആ എല്ലാ ബന്ധുക്കളെയും വേർതിരിച്ചു കണ്ടിട്ട് അത്യധികമായ കാരുണ്യത്താൽ ആവേശിക്കപ്പെട്ടവനായി വിഷാദം പൂണ്ട് ഇങ്ങനെ പറഞ്ഞു.

ദുര്യോധനൻ സംശയിക്കുകയും പരിഭ്രമിക്കുകയും ചെയ്ത സ്ഥാനത്ത് അർജുനൻ കാരുണ്യം കൊള്ളുകയും വിഷാദിക്കുകയുമാണു ചെയ്യുന്നത്. തനിക്കു ജയം കിട്ടുമോ എന്ന ആസുരമായ സ്വാർഥചിന്തയാണ് ദുര്യോധനനെ സംശയിപ്പിച്ചതും പരിഭ്രമിപ്പിച്ചതും. താൻ ചെയ്യുന്നതു ധർമമാണോ അധർമമാണോ എന്ന ചിന്തയാണ് അർജുനനെ കൃപാലുവും വിഷണ്ണനുമാക്കിയത്. സംശയവും പരിഭ്രമവും പതനത്തിനു വഴിതെളിക്കുന്ന അജ്ഞാനത്തിന്റെ സന്തതികളാണ്. കൃപാജന്യമായ വിഷാദം സത്യമാർഗം തെളിക്കുന്ന ജ്ഞാനസന്തതിയാണ്. ചുരുക്കത്തിൽ അർജുനവിഷാദം സത്യത്തോടു ചിത്തത്തെ അടുപ്പിക്കുന്ന ഒരുപായമാണ്. അതുകൊണ്ടുതന്നെയാണ് അതിനു യോഗമെന്നു പേരു കിട്ടിയതും. പക്ഷെ കൃപയും വിഷാദവും പോലും സ്വധർമാനുഷ്ഠാനത്തിനു തടസ്സമായാൽ പുരോഗതി തടയപ്പെടുമെന്നോർക്കേണ്ടതാണ്.

അർജുന ഉവാച - അർജുനൻ പറഞ്ഞു:

*ദൃഷ്ട്വേമം സ്വജനം കൃഷ്ണ യുയുത്സും സമുപസ്ഥിതം*

*29. സീദന്തി മമ ഗാത്രാണി മുഖഞ്ച പരിശുഷ്യതി*
*വേപഥുശ്ച ശരീരേ മേ രോമഹർഷശ്ച ജായതേ*

കൃഷ്ണ - അല്ലയോ കൃഷ്ണാ; യുയുത്സും സമുപസ്ഥിതം - യുദ്ധം കൊതി

digitized by www.sreyas.in

ച്ചുവന്നു നിൽക്കുന്ന; ഇമം സ്വജനം - ഈ എന്റെ ആളുകളെ; ദൃഷ്ട്വാ - കണ്ടിട്ട്; മമ ഗാത്രാണി - എന്റെ ശരീരാവയവങ്ങൾ; സീദന്തി - തളരുന്നു; മുഖം പരിശുഷ്യതി ച - മുഖം ഉണങ്ങി വരളുകയും ചെയ്യുന്നു; മേ ശരീരേ - എന്റെ ദേഹത്ത്; വേപഥുഃ ച - വിറയലും; രോമഹർഷഃ ച - രോമാഞ്ചവും; ജായതേ - ഉണ്ടാകുന്നു.

അല്ലയോ കൃഷ്ണാ, യുദ്ധം കൊതിച്ചുവന്നു നിൽക്കുന്ന ഈ എന്റെ ആളുകളെ കണ്ടിട്ട് എന്റെ ശരീരാവയവങ്ങൾ തളരുന്നു; മുഖം ഉണങ്ങി വരളുകയും ചെയ്യുന്നു. എന്റെ ദേഹത്ത് വിറയലും രോമാഞ്ചവും ഉണ്ടാകുന്നു.

*30. ഗാണ്ഡീവം സ്രംസതേ ഹസ്താത്*
*ത്വക്ചൈവ പരിദഹ്യതേ*
*ന ച ശക്നോമ്യവസ്ഥാതും*
*ഭ്രമതീവ ച മേ മനഃ*

ഗാണ്ഡീവം - ഗാണ്ഡീവമെന്ന വില്ല്; ഹസ്താത് - കയ്യിൽ നിന്ന്; സ്രംസതേ - വഴുതിപ്പോകുന്നു; ത്വക്ച ഏവ - തൊലി മുഴുവൻ; പരിദഹ്യതേ - പൊള്ളുന്നു; അവസ്ഥാതും ച - തേരിൽ ഉറച്ചിരിക്കുന്നതിനും; ന ശക്നോമി - എനിക്കു കഴിയുന്നില്ല; മേ മനഃ ഭ്രമതി ഇവ ച - എന്റെ മനസ്സ് ചുറ്റിക്കറങ്ങുന്നതുപോലെയും തോന്നുന്നു.

ഗാണ്ഡീവചാപം കയ്യിൽനിന്നു വഴുതിപ്പോകുന്നു; തൊലി മുഴുവൻ പൊള്ളുന്നു; തേരിൽ ഉറച്ചിരിക്കുന്നതിനും കഴിയുന്നില്ല. എന്റെ മനസ്സ് ചുറ്റിക്കറങ്ങുന്നതുപോലെയും തോന്നുന്നു.

അർജുനന്റെ വില്ലിന്റെ പേരാണു ഗാണ്ഡീവം. ഖാണ്ഡവദഹനത്തിനു മുൻപ് അഗ്നിദേവൻ വരുണനെക്കൊണ്ടു കൊടുപ്പിച്ചതാണ് ശ്രേഷ്ഠമായ ഈ വില്ല്.

*31. നിമിത്താനി ച പശ്യാമി വിപരീതാനി കേശവ*
*ന ച ശ്രേയോഽനുപശ്യാമി ഹത്വാ സ്വജനമാഹവേ*

കേശവ - അല്ലയോ കേശവാ; വിപരീതാനി നിമിത്താനി ച - വിപരീതങ്ങളായ ശകുനങ്ങളും; പശ്യാമി - ഞാൻ കാണുന്നു; ആഹവേ - യുദ്ധത്തിൽ; സ്വജനം ഹത്വാ - സ്വന്തം ആളുകളെ കൊലചെയ്തിട്ട്; ശ്രേയഃ ച - ഉയർച്ച ഉണ്ടാകുമെന്നും; ന അനുപശ്യാമി - എനിക്കു തോന്നുന്നില്ല.

അല്ലയോ കേശവാ, വിപരീതങ്ങളായ ശകുനങ്ങളും ഞാൻ കാണു

digitized by www.sreyas.in

ന്നു. യുദ്ധത്തിൽ സ്വന്തം ആളുകളെ കൊലചെയ്തിട്ട് ഉയർച്ചയുണ്ടാകുമെന്നും എനിക്കു തോന്നുന്നില്ല.

കേശി എന്ന അസുരനെ കൊന്നതുകൊണ്ടാണു കൃഷ്ണനു കേശവനെന്നു പേരുണ്ടായത്. അങ്ങു ലോകനന്മക്കായി കേശിയെ കൊന്നു. ഞാൻ എന്തിനായി സ്വജനങ്ങളെ കൊല്ലണം എന്നു ധ്വനി. വാസ്തവത്തിൽ ധർമരക്ഷക്കായി യുദ്ധത്തിനെത്തിയ അർജുനനുണ്ടായ കൃപയും വിഷാദവും മമതാമോഹജന്യമായ ദൗർബല്യമാണെന്നു കാണിക്കാനാണ് 'സ്വജനം' എന്ന പദം ഇവിടെ ആവർത്തിച്ചിരിക്കുന്നത്. ദൈവീസമ്പത്തുകൾ പോലും നിസ്സംഗതക്കു മൂർച്ച കൂട്ടിയില്ലെങ്കിൽ സത്യസാക്ഷാൽക്കാരത്തിനു തടസ്സമാകുമെന്നു സൂചന.

എന്തായാലും സ്വാർഥത്യാഗത്തിനു താൻ ഒരുക്കമാണെന്ന് അർജുനൻ വെളിപ്പെടുത്തുന്നു.

*32. ന കാംക്ഷേ വിജയം കൃഷ്ണ ന ച രാജ്യം സുഖാനി ച*
*കിം നോ രാജ്യേന ഗോവിന്ദ കിം ഭോഗൈർജീവിതേന വാ*

**കൃഷ്ണ - അല്ലയോ കൃഷ്ണാ; വിജയം ന കാംക്ഷേ - യുദ്ധത്തിൽ ഞാൻ വിജയം കൊതിക്കുന്നില്ല; രാജ്യം ച സുഖാനി ച ന - രാജ്യവും സുഖങ്ങളും ഞാൻ കൊതിക്കുന്നില്ല; ഗോവിന്ദ - അല്ലയോ ഗോവിന്ദ; നഃ - ഞങ്ങൾക്ക്; രാജ്യേന കിം - രാജ്യം കൊണ്ട് എന്തു ഫലം; ഭോഗൈഃ ജീവിതേന വാ കിം - സുഖങ്ങൾ കൊണ്ടോ ജീവിതം കൊണ്ടോ എന്തു ഫലം.**

അല്ലയോ കൃഷ്ണാ, യുദ്ധത്തിൽ ഞാൻ വിജയം കൊതിക്കുന്നില്ല; രാജ്യവും സുഖങ്ങളും ഞാൻ കൊതിക്കുന്നില്ല. രാജ്യം കൊണ്ടെന്തു ഫലം? സുഖങ്ങൾ കൊണ്ടോ ജീവിതം കൊണ്ടോ എന്തു ഫലം?

സത്യാന്വേഷണത്തിന്റെയും സത്യസാക്ഷാൽക്കാരത്തിന്റെയും പടിപടിയായുള്ള ഘട്ടങ്ങൾ വിവരിച്ചു സത്യസ്വരൂപം വെളിപ്പെടുത്തിത്തരുന്ന ശാസ്ത്രമാണു ഗീത. സത്യാന്വേഷണത്തിന് അത്യധികം ഉതകുന്ന ജീവിതമാണു മനുഷ്യജീവിതം. ദേവവർഗമെന്നും അസുരവർഗമെന്നും മനുഷ്യർ രണ്ടായി തിരിയുന്നു. ആസുരീസമ്പത്തിന്റെയും ദൈവീസമ്പത്തിന്റെയും സമ്മിളിതരൂപമാണു മനുഷ്യൻ. ദൈവീസമ്പത്തു പുഷ്ടി പ്രാപിച്ചിട്ടുള്ളവർ ദേവവർഗമെന്നും ആസുരീസമ്പത്തു പുഷ്ടി പ്രാപിച്ചിട്ടുള്ളവർ അസുരവർഗമെന്നും അറിയപ്പെടുന്നു. സ്വാർഥതയെ മുൻനിറുത്തി മാത്രം വളരുന്ന അശുഭങ്ങളായ ലോകവാസനകളാണ് ആസുരീസമ്പത്ത്. കൂടുതൽ കൂടുതൽ ലോകനന്മയെ ലാക്കാക്കി വളരുന്ന ശുഭവാസനകളാണു ദൈവീസമ്പത്ത്.

digitized by www.sreyas.in

ആത്മസാക്ഷാൽക്കാരം കൊതിക്കുന്ന ഒരു സാധകൻ അന്തർമുഖത നേടി തന്നിലുള്ള അശുഭവാസനകളെ ഒന്നൊന്നായി പുറംതള്ളി ശുഭവാസനകളെ വളർത്തിയെടുക്കുകയാണ് ആദ്യമായി വേണ്ടത്. ഇവിടെയാണു യുദ്ധക്കളത്തിലെത്തിയ ദുര്യോധനനെയും അർജുനനെയും സൂക്ഷ്മമായി അൽപ്പമൊന്നു താരതമ്യം ചെയ്തുനോക്കേണ്ടത്. ആർക്കൊക്കെ എന്തൊക്കെ സംഭവിച്ചാലും വേണ്ടില്ല; ഏതെല്ലാം ധർമനിയമങ്ങൾ ലംഘിക്കപ്പെട്ടാലും വേണ്ടില്ല; തനിക്കും തന്റെ അനുയായികൾക്കും അധികാരം വേണം; സുഖിക്കണം. ഇതാണു ദുര്യോധനന്റെ മനോഭാവം. നേരേമറിച്ച് സ്വയം എന്തു ത്യാഗം സഹിച്ചാലും വേണ്ടില്ല; സ്വന്തം ജനങ്ങളെ ആപത്തിലകപ്പെടുത്തിയിട്ട് തനിക്കൊരു ലാഭവും വേണ്ട, ഇതാണർജുനന്റെ മനോഭാവം. ഇവിടെ വ്യക്തമായും ദൈവീസമ്പത്തിന്റെ വളർച്ചയിൽ അർജുനൻ ദുര്യോധനനെ അതിദൂരം അതിക്രമിച്ചിരിക്കുന്നതായി കാണാം. എങ്കിലും അജ്ഞതയുടെ വലിയൊരംശം അർജുനനിൽ തന്നെ ഇനിയും ബാക്കിനിൽക്കുന്നു. സ്വജന കാര്യം മാത്രമല്ല വ്യാപകമായ ലോകനന്മയുടെ കാര്യം കൂടിയാണ് ഈ യുദ്ധക്കളത്തിൽ തീരുമാനിക്കാനുള്ളതെന്ന അംശം സ്വന്തമാളുകളെന്ന മമതാമോഹത്തിൽപ്പെട്ട് അർജുനൻ വിസ്മരിച്ചുപോയിരിക്കുന്നു. എങ്കിലും സത്യമാർഗത്തിലാണയാൾ തന്റെ കാൽ മുന്നോട്ടുവച്ചിരിക്കുന്നത്.

സത്യമാർഗത്തിൽ മുന്നോട്ടു കുതിക്കുന്ന അർജുനന്റെ വിഷാദം നിറഞ്ഞ വൈരാഗ്യം ഏതു തരത്തിലുള്ളതെന്ന് അദ്ദേഹം തന്നെ വെളിപ്പെടുത്തുന്നു:

*33. യേഷാമർഥേ കാംക്ഷിതം നോ രാജ്യം ഭോഗാഃസുഖാനി ച*
*ത ഇമേ്വസ്ഥിതാ യുദ്ധേ പ്രാണാംസ്ത്യക്ത്വാ ധനാനി ച*

നഃ നമുക്ക്; യേഷാം അർഥേ - ആർക്കാർക്കൊക്കെ വേണ്ടിയാണോ; രാജ്യം ഭോഗാഃ സുഖാനി ച കാംക്ഷിതം - രാജ്യവും ഭോഗങ്ങളും, സുഖങ്ങളും വേണ്ടതായി കരുതപ്പെടേണ്ടത്; തേ ഇമേ - ആ ഇവരെല്ലാം; പ്രാണാൻ ധനാനി (ച) ത്യാക്ത്വാ - പ്രാണനും ധനവുമെല്ലാം വെടിഞ്ഞ്; യുദ്ധേ അവസ്ഥിതാഃ - ഈ യുദ്ധത്തിൽ അണിനിരന്നിരിക്കുന്നു.

നമുക്ക് ആർക്കാർക്കൊക്കെ വേണ്ടിയാണോ രാജ്യവും ഭോഗങ്ങളും സുഖങ്ങളും വേണ്ടതായി കരുതപ്പെടേണ്ടത് ആ ഇവരെല്ലാം പ്രാണനും ധനവുമെല്ലാം വെടിഞ്ഞ് യുദ്ധത്തിൽ അണിനിരന്നിരിക്കുന്നു.

ആ ഇവരാരൊക്കെയാണ്?

digitized by www.sreyas.in

*34. ആചാര്യാഃ പിതരഃ പുത്രാസ്തഥൈവ ച പിതാമഹാഃ*
*മാതുലാഃ ശ്വശുരാഃ പൗത്രാഃ സ്യാലാസ്സംബന്ധിനസ്തഥാ*

ആചാര്യാഃ പിതരഃ പുത്രാഃ - ഗുരുക്കന്മാർ, പിതാക്കന്മാർ, പുത്രന്മാർ; തഥാ ഏവച - അതുപോലെതന്നെ; പിതാമഹാഃ മാതുലാഃ ശ്വശുരാഃ പൗത്രാഃ സ്യാലാഃ - മുത്തച്ഛന്മാർ, അമ്മാവന്മാർ, ഭാര്യാപിതാക്കന്മാർ, പുത്രന്മാരുടെ പുത്രന്മാർ, ഭാര്യാസഹോദരന്മാർ; തഥാ സംബന്ധിനഃ - അതുപോലെ മറ്റു പല ബന്ധങ്ങളുമുള്ളവർ.

ഗുരുക്കന്മാർ, പിതാക്കന്മാർ, പുത്രന്മാർ അതുപോലെതന്നെ മുത്തച്ഛന്മാർ, അമ്മാവന്മാർ, ഭാര്യാപിതാക്കന്മാർ, പുത്രന്മാരുടെ പുത്രന്മാർ, ഭാര്യാസഹോദരന്മാർ; അതുപോലെ മറ്റു പലവിധ ബന്ധമുള്ളവർ ഒക്കെ അണിനിരന്നിരിക്കുന്നു.

ഇവിടെ ഏതെങ്കിലും തരത്തിൽ തന്നോടു ബന്ധപ്പെട്ടവരെക്കുറിച്ചു മാത്രമാണർജുനനു വിഷാദമെന്നു വ്യക്തമാണല്ലോ.

**തുടർന്ന് അർജുനൻ തന്റെ തീരുമാനം പ്രഖ്യാപിക്കുന്നു.**

*35. ഏതാൻ ന ഹന്തുമിച്ഛാമി ഘ്നതോഽപി മധുസൂദന*
*അപി ത്രൈലോക്യരാജ്യസ്യ ഹേതോഃ കിം നു മഹീകൃതേ?*

മധുസൂദന - അല്ലയോ കൃഷ്ണാ; ഘ്നതഃ അപി - എന്നെ കൊല്ലാൻ നിൽക്കുന്നവരാണെങ്കിൽ പോലും; ഏതാൻ - ഈ സ്വജനങ്ങളെ; ത്രൈലോക്യരാജ്യസ്യ ഹേതോഃ അപി - മൂന്നു ലോകത്തുമുള്ള രാജ്യത്തിന്റെ ആധിപത്യത്തിനു വേണ്ടിപ്പോലും; ഹന്തും ന ഇച്ഛാമി - കൊല്ലാൻ ഞാൻ ആഗ്രഹിക്കുന്നില്ല; മഹീകൃതേ കിം നു - ഭൂമിയിലെ ആധിപത്യത്തിനുവേണ്ടി പിന്നെ പറയാനുണ്ടോ?

അല്ലയോ കൃഷ്ണാ, എന്നെ കൊല്ലാൻ നിൽക്കുന്നവരാണെങ്കിൽപ്പോലും ഇവരെ മൂന്നു ലോകത്തുമുള്ള രാജ്യത്തിന്റെ ആധിപത്യത്തിനുവേണ്ടിപ്പോലും കൊല്ലാൻ ഞാൻ ആഗ്രഹിക്കുന്നില്ല; ഭൂമിയിലെ ആധിപത്യത്തിനുവേണ്ടി പിന്നെ പറയാനുണ്ടോ?

മധു എന്ന അസുരനെ കൊലചെയ്തതുകൊണ്ടാണു കൃഷ്ണനു മധുസൂദനൻ എന്നു പേരുണ്ടായത്. മധുവിനെപ്പോലുള്ള അസുരന്മാർ സ്വജനങ്ങളല്ലാത്തതുകൊണ്ട് അവരെ കൊല്ലുന്നതുകൊണ്ടു ദോഷമില്ലെന്നു ധ്വനി. എന്നാൽ കൃഷ്ണൻ ധർമരക്ഷണത്തിനായി തന്റെ അമ്മാവനെ കൊലചെയ്തയാളാണെന്ന കാര്യം അർജുനൻ വിസ്മരിക്കുന്നു. എന്തായാലും മമ

digitized by www.sreyas.in

താപ്രേരിതമാണെങ്കിൽപ്പോലും അർജുനന്റെ ത്യാഗവും വൈരാഗ്യവും സത്യബോധത്തിനു വഴിതെളിക്കത്തക്കവണ്ണം വിശാലമാണെന്ന് ഈ ഭാഗം സ്പഷ്ടമാക്കുന്നു.

കൗരവന്മാർ പലതരത്തിലും ദ്രോഹിച്ചവരല്ലേ? ദുഷ്ടനിഗ്രഹം ധർമ മല്ലേ? എങ്കിലും ഇവർ സ്വജനങ്ങളല്ലേ എന്നാണ് അർജുനന്റെ സമാധാനം:

*36. നിഹത്യ ധാർതരാഷ്ട്രാൻ നഃ കാ പ്രീതിഃ സ്യാജ്ജനാർദന?*
*പാപമേവാശ്രയേദസ്മാൻ ഹത്വൈതാനാതതായിനഃ*

ജനാർദന - അല്ലയോ കൃഷ്ണാ; ധാർതരാഷ്ട്രാൻ - ധൃതരാഷ്ട്രപുത്രന്മാരെ; നിഹത്യ - കൊന്നിട്ട്; നഃ - നമുക്ക്; കാ പ്രീതിഃ സ്യാത് - എന്തു സൗഖ്യ മാണു വരാനുള്ളത്?; ആതതായിനഃ ഏതാൻ - ശത്രുക്കളാണെങ്കിലും ഇവരെ; ഹത്വാ - കൊന്നാൽ; അസ്മാൻ - നമുക്ക്; പാപമേവ - പാവമേ; ആശ്രയേത് - വന്നുചേരൂ.

അല്ലയോ കൃഷ്ണാ, ധൃതരാഷ്ട്രപുത്രന്മാരെ കൊന്നിട്ടു നമുക്ക് എന്തു സൗഖ്യമാണു വരാനുള്ളത്? ശത്രുക്കളാണെങ്കിലും ഇവരെ കൊന്നാൽ നമുക്കു പാപമേ വന്നുചേരൂ.

ദുഷ്ടന്മാരെ നിഗ്രഹിക്കുന്നവനെന്നും, ജനങ്ങളാൽ ഇഹപരസുഖത്തി നായി ആശ്രയിക്കപ്പെടുന്നവനെന്നുമാണ് ജനാർദന ശബ്ദത്തിനർഥം. അങ്ങ് ദുഷ്ടനിഗ്രഹം ചെയ്യുന്നവനും സുഖദാതാവുമായതുകൊണ്ട് ഈ സഹോദര വധം കൊണ്ടു സുഖം കിട്ടുമോ എന്നു ചിന്ത ചെയ്താലുമെന്നു താൽപ്പര്യം. ധാർതരാഷ്ട്രപദം കൊണ്ടു ദുര്യോധനാദികളോടു സാഹോദര്യം ധ്വനിപ്പി ക്കുന്നു.

## ആതതായികൾ

*അഗ്നിദോ ഗരദശ്ചൈവ ശസ്ത്രപാണിർധനാപഹഃ*
*ക്ഷേത്രദാരാപഹർതാ ച ഷഡേതേ ഹ്യാതതായിനഃ*
*ആതതായിനമായാന്തം ഹന്യാദേവാവിചാരയൻ*
*നാതതായിവധേ ദോഷോ ഹന്തുർഭവതി കശ്ചന*

തീ, വിഷം ഇവ പ്രയോഗിച്ചു നാശം വരുത്തുന്നവനും ആയുധപാണി യും, ധനമപഹരിക്കുന്നവനും, ഭൂമി അപഹരിക്കുന്നവനും ഭാര്യയെ അപഹ രിക്കുന്നവനും ഇങ്ങനെ ആറു കൂട്ടരാണ് ആതതായികൾ. അടുക്കുന്ന ആത തായിയെ ആലോചനകൂടാതെ തന്നെ കൊല്ലാം. അതുകൊണ്ട് കൊല്ലുന്ന യാളിന് ഒരു ദോഷവും വരാനില്ല.

digitized by www.sreyas.in

ദുര്യോധനാദികൾ എല്ലാ വിധത്തിലും ആതതായികളായതുകൊണ്ട് അവരെ കൊന്നാൽ ദോഷമില്ല. എങ്കിലും അവർ സ്വജനങ്ങളായതുകൊണ്ടു പാപമുണ്ടാകുമെന്നാണർജുനന്റെ വാദം. അടുത്ത ശ്ലോകം ഇക്കാര്യം കുറെക്കൂടി വ്യക്തമാക്കുന്നു.

*37. തസ്മാന്നാർഹാ വയം ഹന്തും ധാർതരാഷ്ട്രാൻ സ്വബാന്ധവാൻ*
*സ്വജനം ഹി കഥം ഹത്വാ സുഖിനഃ സ്യാമ മാധവ?*

മാധവ - അല്ലയോ കൃഷ്ണാ; തസ്മാത് - അതുകൊണ്ട്; വയം - നമ്മൾ; ധാർതരാഷ്ട്രാൻ സ്വബാന്ധവാൻ - ധൃതരാഷ്ട്രപുത്രന്മാരായ സ്വബന്ധുക്കളെ; ഹന്തും - കൊല്ലുന്നത്; ന അർഹാഃ - ശരിയല്ല; സ്വജനം ഹത്വാ - സ്വന്തം ആളുകളെ കൊന്നിട്ട്; കഥം - എങ്ങനെ; സുഖിനഃ സ്യാമ ഹി - സുഖികളായിത്തീരുന്നു.

**അല്ലയോ കൃഷ്ണാ, അതുകൊണ്ടു നമ്മൾ ധൃതരാഷ്ട്രപുത്രന്മാരായ സ്വബന്ധുക്കളെ കൊല്ലുന്നത് ശരിയല്ല. സ്വന്തം ആളുകളെ കൊന്നിട്ട് എങ്ങനെ സുഖികളായിത്തീരാനാണ്.**

'സ്വന്തം ആളുകൾ' എന്ന ചിന്തയാണ് അർജുനമനസ്സിനെ സമൂലം ഇളക്കിമറിച്ചിരിക്കുന്നതെന്ന് ഈ ഭാഗം കൊണ്ട് സ്പഷ്ടമാണല്ലോ.

എന്നാൽ ഈ സ്വജനചിന്ത ദുര്യോധനാദികളെ ബാധിച്ചിട്ടില്ലല്ലോ എന്ന സംശയത്തിനാണ് അർജുനൻ ഇനി മറുപടി പറയുന്നത്.

*38. യദ്യപ്യേതേ ന പശ്യന്തി ലോഭോപഹതചേതസഃ*
*കുലക്ഷയകൃതം ദോഷം മിത്രദ്രോഹേ ച പാതകം*

*39. കഥം ന ജ്ഞേയമസ്മാഭിഃ പാപാദസ്മാന്നിവർതിതും*
*കുലക്ഷയകൃതം ദോഷം പ്രപശ്യദ്ഭിർജനാർദന*

ജനാർദന - അല്ലയോ കൃഷ്ണാ; ലോഭോപഹതചേതസഃ - കയ്യടക്കിയ മുതൽ അവകാശപ്പെട്ടവർക്കു വിട്ടുകൊടുക്കാൻ കഴിയാത്തവണ്ണം ലോഭം കൊണ്ട് ഇരുണ്ട മനസ്സോടുകൂടിയ; എതേ - ഈ ദുര്യോധനാദികൾ; കുലക്ഷയകൃതം ദോഷം - കുലക്ഷയം കൊണ്ടുണ്ടാകുന്ന ദോഷത്തെയും; മിത്രദ്രോഹേ പാതകം ച - മിത്രങ്ങളെ ദ്രോഹിക്കുന്നതുകൊണ്ടുണ്ടാകുന്ന പാതകത്തെയും; യദ്യപി ന പശ്യന്തി - കാണുന്നില്ലെങ്കിലും; കുലക്ഷയകൃതം ദോഷം - കുലക്ഷയം കൊണ്ടുണ്ടാകുന്ന ദോഷം; പ്രപശ്യദ്ഭിഃ അസ്മാഭിഃ - വ്യക്തമായി കാണുന്ന നമ്മളാൽ; അസ്മാത് പാപാത് - ഈ പാപത്തിൽ നിന്ന്;

digitized by www.sreyas.in

നിവർത്തിതും - പിൻവാങ്ങുന്നതിന്; കഥം ന ജ്ഞേയം - അറിയാതിരിക്കുന്നതെങ്ങനെ?

കൈയടക്കിയ മുതൽ അവകാശപ്പെട്ടവർക്കു വിട്ടുകൊടുക്കാൻ കഴിയാത്തവണ്ണം ലോഭംകൊണ്ട് ഇരുണ്ട മനസ്സോടുകൂടിയ ഈ ദുര്യോധനാദികൾ കുലക്ഷയംകൊണ്ടുണ്ടാകുന്ന ദോഷത്തെയും മിത്രങ്ങളെ ദ്രോഹിക്കുന്നതുകൊണ്ടുണ്ടാകുന്ന പാതകത്തെയും കാണുന്നില്ലെങ്കിലും കുലക്ഷയംകൊണ്ടുണ്ടാകുന്ന ദോഷം വ്യക്തമായി കാണുന്ന നമ്മളാൽ; ഈ പാപത്തിൽ നിന്നു പിൻവാങ്ങുന്നതിന് അറിയാതിരിക്കുന്നതെങ്ങനെ?

ലോഭമതിയായ ദുര്യോധനനു സ്വന്തം പ്രവൃത്തിയുടെ ദോഷം കാണാൻ കഴിവില്ലെന്നും തനിക്കതു കാണാൻ കഴിയുന്നുവെന്നുമാണ് അർജുനന്റെ വാദം. സൂക്ഷ്മചിന്തയിൽ അർജുനന്റെ ധർമബുദ്ധിതന്നെ സ്വന്തം കുലത്തെ ചുറ്റിപ്പറ്റി നിൽക്കുന്നതേയുള്ളു എന്നു കാണേണ്ടതാണ്. ഈ അതിർവരമ്പുകൂടി ഭേദിച്ചാൽ അർജുനന്റെ ധർമബുദ്ധി സത്യം കാണാൻ കരുത്തുള്ളതായിത്തീരും. ആ അതിർവരമ്പിനെക്കൂടി പൊളിച്ചു കളയാനാണു ഗീതോപദേശത്തിൽ കൂടി കൃഷ്ണൻ യത്നിച്ചത്.

കുലക്ഷയംകൊണ്ടു തുടരെത്തുടരെ വന്നുചേരാവുന്ന പതനത്തിന്റെ ഇരുണ്ടുമൂടിയ ഒരു ചിത്രം ഒരു വലിയ ബുദ്ധിമാനെപ്പോലെ അർജുനൻ തുടർന്ന് കൃഷ്ണനു വരച്ചുകാട്ടിക്കൊടുക്കുകയാണ്:

*40. കുലക്ഷയേ പ്രണശ്യന്തി കുലധർമാസ്സനാതനാഃ*
*ധർമേ നഷ്ടേ കുലം കൃത്സ്നമധർമോഽഭിഭവത്യുത*

കുലക്ഷയേ - കുലം ക്ഷയിച്ചാൽ; സനാതനാഃ - പരമ്പരയായി നിലനിന്നുവരുന്ന; കുലധർമാഃ പ്രണശ്യന്തി - കുലാചാരങ്ങൾക്ക് അതിയായ ഹാനി തട്ടും; ധർമേ നഷ്ടേ - കുലാചാരം നശിച്ചാൽ; കൃത്സ്നം കുലം ഉത - കുലം മുഴുവനും; അധർമഃ അഭിഭവതി - അധർമം ബാധിച്ചു ദുഷിക്കാനിടവരും.

കുലം ക്ഷയിച്ചാൽ പരമ്പരയായി നിലനിന്നുവരുന്ന കുലാചാരങ്ങൾക്ക് അതിയായ ഹാനി തട്ടും. കുലാചാരം നശിച്ചാൽ കുലം മുഴുവനും അധർമം ബാധിച്ചു നശിക്കാനിടവരും.

'കുല' ശബ്ദം വീണ്ടും വീണ്ടും ആവർത്തിച്ചിരിക്കുന്നതിൽ നിന്ന് അർജുനബുദ്ധി അതിനുള്ളിൽ മമതാബദ്ധമാണെന്നു കാണാൻ കഴിയും.

*41. അധർമാഭിഭവാത് കൃഷ്ണ പ്രദുഷ്യന്തി കുലസ്ത്രീയഃ*
*സ്ത്രീഷു ദുഷ്ടാസു വാർഷ്ണേയ ജായതേ വർണസങ്കരഃ*

digitized by www.sreyas.in

കൃഷ്ണ - അല്ലയോ കൃഷ്ണാ; അധർമാഭി ഭവാത് - അനാചാരങ്ങൾ കടന്നു കൂടി ദുഷിച്ചാൽ; കുലസ്ത്രീയഃ - കുലത്തിലെ സ്ത്രീകൾ; പ്രദുഷ്യന്തി - പതിക്കാനിടവരുന്നു; വാർഷ്ണേയ - വൃഷ്ണികുലത്തിൽ ജനിച്ച അല്ലയോ കൃഷ്ണ; സ്ത്രീഷു ദുഷ്ടാസു - സ്ത്രീകൾ പതിച്ചാൽ; വർണസംകരഃ ജായതേ - അതോടെ വർണമിശ്രം സംഭവിക്കാനും ഇടവരുന്നു.

അല്ലയോ കൃഷ്ണാ, അനാചാരങ്ങൾ കടന്നുകൂടി ദുഷിച്ചാൽ കുല ത്തിലെ സ്ത്രീകൾ പതിക്കാനിടവരുന്നു. വൃഷ്ണി കലുത്തിൽ ജനിച്ച അല്ലയോ കൃഷ്ണാ, സ്ത്രീകൾ പതിച്ചാൽ അതോടെ വർണമിശ്രം സംഭവി ക്കാനും ഇടവരുന്നു.

'വാർഷ്ണേയാ' എന്ന സംബോധനകൊണ്ട് അങ്ങേക്കും ഒരു കുലമു ണ്ടല്ലോ. അങ്ങതിനെ ദുഷിക്കാനനുവദിക്കുമോ എന്നു ധ്വനി. ഇവിടെ യുദ്ധ ത്തിൽനിന്നും പിന്മാറിയാൽ ദുര്യോധനാദികളുടെ അധർമം നിമിത്തം നാട്ടിലെ ജനങ്ങൾ മുഴുവൻ ദുഷിക്കാനിടവരുമെന്ന കാര്യം അർജുനൻ വിസ്മരിക്കുന്നു.

*42. സങ്കരോ നരകായൈവ കുലഘ്നാനാം കുലസ്യ ച*
*പതന്തി പിതരോ ഹ്യേഷാം ലുപ്തപിണ്ഡോദകക്രിയാഃ*

സംകരഃ - വർണമിശ്രം; കുലഘ്നാനാം - കുലത്തെ നശിപ്പിക്കുന്നവർക്കും; കുലസ്യ ച - കുലത്തിലെ ഭാവി സന്താനങ്ങൾക്കും; നരകായ ഏവ - നരക ഫലത്തെ ഉളവാക്കുകതന്നെ ചെയ്യും; ഹി - എന്തെന്നാൽ; ഏഷാം - കുല നാശം വരുത്തിയവരുടെ; പിതരഃ - പിതൃക്കൾ; ലുപ്തപിണ്ഡോദകക്രിയാഃ - പിതൃപൂജകളൊന്നും ലഭിക്കാതെ; പതന്തി - പിതൃലോകത്തുനിന്നു പതി ക്കാനും ഇടവരുന്നു.

സങ്കരം കുലത്തെ നശിപ്പിക്കുന്നവർക്കും കുലത്തിലെ ഭാവി സന്താന ങ്ങൾക്കും നരകഫലം ഉളവാക്കുകതന്നെ ചെയ്യും. കുലനാശം വരുത്തിയവ രുടെ പിതൃക്കൾ പിതൃപൂജകളൊന്നും ലഭിക്കാതെ പിതൃലോകത്തുനിന്നു പതിക്കാനും ഇടവരുന്നു.

*43. ദോഷൈരേതൈഃ കുലഘ്നാനാം*
*വർണസങ്കരകാരകൈഃ*
*ഉത്സാദ്യന്തേ ജാതിധർമാഃ*
*കുലധർമാശ്ച ശാശ്വതാഃ*

digitized by www.sreyas.in

വർണസംകരകാരകൈഃ - വർണമിശ്രത്തെ ഉളവാക്കുന്ന; കുലഘ്നാനാം എതൈഃ ദോഷൈഃ - കുലദ്രോഹികളുടെ ഈവിധ ദോഷങ്ങൾ നിമിത്തം; ശാശ്വതാഃ - ചിരകാലമായി നിലനിന്നുപോരുന്ന; ജാതിധർമാഃ കുലധർമാഃച - ജാത്യാചാരങ്ങളും കുലാചാരങ്ങളും; ഉത്സാദ്യന്തേ - നശിപ്പിക്കപ്പെടുന്നു.

വർണമിശ്രത്തെയുളവാക്കുന്ന കുലദ്രോഹികളുടെ ഈവിധ ദോഷങ്ങൾ നിമിത്താം ചിരകാലമായി നിലനിന്നുപോരുന്ന ജാത്യാചാരങ്ങളും കുലാചാരങ്ങളും നശിക്കാൻ ഇടയാകുന്നു.

പരമധർമം കാണാൻ കഴിയാത്തവർക്കു ജാത്യാചാരങ്ങളും കുലാചാരങ്ങളുമാണു ധർമം. ആചാരബദ്ധനായിത്തീരുന്ന മനുഷ്യർ ജാതി, കുലം തുടങ്ങിയ സങ്കുചിത വലയങ്ങളെ ഭേദിക്കാൻ കരുത്തുള്ളവനായിത്തീരുന്നില്ല. അർജുനന്റെ ഈ വാക്കുകൾ അതിനുത്തമ ദൃഷ്ടാന്തമാണ്. കർമകാണ്ഡ വേദഭാഗങ്ങളിലെ ആചാരങ്ങളിൽ തളയ്ക്കപ്പെട്ടുപോയ ഹൃദയത്തിന്റെ പൂർവപക്ഷങ്ങളായി മാത്രമേ ഈ വാക്കുകളെ കരുതാൻ പാടുള്ളു. അതുകൊണ്ടാണ് കർമകാണ്ഡ വേദഭാഗങ്ങളെ പുറംതള്ളാൻ കൃഷ്ണൻ പിന്നീടാവശ്യപ്പെടുന്നത്. ഈ വസ്തുത ധരിക്കാതെ പ്രസ്തുത ശ്ലോകത്തിലെ 'ജാതി' പദംകൊണ്ടു ഹാലിളകി ഗീതയിൽ ജാതിയെപ്പറ്റി പറഞ്ഞിട്ടുണ്ടെന്നു ചിലർ ആക്രോശിച്ചു നടക്കുന്നതായും കണ്ടിട്ടുണ്ട്.

*44. ഉത്സന്നകുലധർമാണാം മനുഷ്യാണാം ജനാർദന*
*നരകേ നിയതം വാസോ ഭവതീത്യനുശുശ്രുമ*

ജനാർദന - അല്ലയോ കൃഷ്ണാ; ഉത്സന്നകുലധർമാണാം - നഷ്ടപ്പെട്ട കുലാചാരങ്ങളോകൂടിയ; മനുഷ്യാണാം - മനുഷ്യർക്ക്; നരകേ നിയതം വാസഃ ഭവതി - നരകത്തിൽ സദാ വസിക്കാനിടവരുന്നു; ഇതി അനുശുശ്രുമ - എന്നിങ്ങനെ ഞങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്.

അല്ലയോ കൃഷ്ണാ, നഷ്ടപ്പെട്ട കുലാചാരങ്ങളോടുകൂടിയ മനുഷ്യർക്കു നരകത്തിൽ സദാ വസിക്കാനിടവരുന്നു എന്നു ഞങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്.

ജീവിതത്തിന്റെ യാഥാർഥ്യമെന്തെന്നു സ്വയം വിചാരം ചെയ്തതറിയാതെ പറഞ്ഞുകേട്ടിട്ടുള്ള കാര്യങ്ങളിൽ വിശ്വാസമുറപ്പിച്ചുകൊണ്ട് ഒരു പണ്ഡിതനെപ്പോലെ വാദിക്കുകയാണർജുനൻ. തുടർന്നു തന്റെ വാദഗതി ഇങ്ങനെ ഉപസംഹരിക്കുന്നു:

digitized by www.sreyas.in

*45. അഹോ ബത മഹത്പാപം കർതും വ്യവസിതാ വയം*
*യദ്രാജ്യസുഖലോഭേന ഹന്തും സ്വജനമുദ്യതാഃ*

യത് - ഏതു കാരണത്താൽ; രാജ്യസുഖലോഭേന - രാജ്യത്തിലും സുഖത്തിലുമുള്ള മോഹം നിമിത്തം; വയം - നാം; സ്വജനം ഹന്തും - സ്വന്തം ആളുകളെ കൊല്ലാൻ; ഉദ്യതാഃ - ഒരുമ്പെട്ടുവോ അത്; മഹത്പാപം കർതും - വലിയ പാപം ചെയ്യാൻ; വ്യവസിതാഃ - ഒരുമ്പെട്ടതുതന്നെയാണ്; അഹോ ബത - മഹാകഷ്ടം.

രാജ്യത്തിലും സുഖത്തിലുമുള്ള അതിമോഹം നിമിത്തം നാം യുദ്ധത്തിൽ സ്വന്തം ആളുകളെ കൊല്ലാൻ ഒരുമ്പെട്ടത് വലിയ പാപം ചെയ്യാൻ ഒരുമ്പെട്ടതുതന്നെയാണ്; മഹാകഷ്ടം.

പരമാർഥതത്വം തെളിയാത്തിടത്തോളം ഓരോരുത്തരും അവരവരുടെ സങ്കൽപ്പങ്ങൾക്കനുസരണമായി ജീവിതത്തെ വ്യാഖ്യാനിക്കുന്നു. കർമമാർഗത്തിൽ അതനുസരിച്ചു തീരുമാനവും കൈക്കൊള്ളുന്നു. അർജുനൻ സ്വന്തം സങ്കൽപ്പങ്ങൾ അനുസരിച്ചു ജീവിതത്തെ വ്യാഖ്യാനിച്ചശേഷം കർമാനുഷ്ഠാനത്തിൽ തന്റെ തീരുമാനം പ്രഖ്യാപിക്കുകയാണ്.

*46. യദി മാമപ്രതീകാര-*
*മശസ്ത്രം ശസ്ത്രപാണയഃ*
*ധാർതരാഷ്ട്രാ രണേ ഹന്യു-*
*സ്തന്മേ ക്ഷേമതരം ഭവേത്*

ശസ്ത്രപാണയഃ - ആയുധധാരികളായ; ധാർതരാഷ്ട്രാഃ - ധൃതരാഷ്ട്രപുത്രന്മാർ; അശസ്ത്രം - ആയുധമുപേക്ഷിച്ചവനും; അപ്രതീകാരം - എതിർത്തു യുദ്ധം ചെയ്യാത്തവനുമായ; മാം - എന്നെ; രണേ ഹന്യുഃ യദി - യുദ്ധത്തിൽ കൊല്ലുന്നുവെങ്കിൽ; തത് - അത്; മേ ക്ഷേമതരം ഭവേത് - എനിക്കു കൂടുതൽ നല്ലതായി ഭവിക്കും.

ആയുധധാരികളായ ധൃതരാഷ്ട്രപുത്രന്മാർ ആയുധമുപേക്ഷിച്ചവനും എതിർത്തു യുദ്ധം ചെയ്യാത്തവനുമായ എന്നെ യുദ്ധത്തിൽ കൊല്ലുന്നുവെങ്കിൽ അതെനിക്കു കൂടുതൽ നല്ലതായി ഭവിക്കും.

ഇവിടെ മമതാബദ്ധവും ആചാരനിബദ്ധവുമായ ധർമവിചാരം ധീരനായ അർജുനനെ ആത്മഹത്യക്കൊരുമ്പെടുന്ന ഒരു ഭീരുവിന്റെ നിലയിലേക്കു തരംതാഴ്ത്തിയിരിക്കുകയാണ്. യുദ്ധത്തിൽ നിരായുധനായി മരിക്കുന്നതുകൊണ്ട് അർജുനൻ ആഗ്രഹിച്ച ധർമരക്ഷപോലും സംഭവിക്കയില്ല.

digitized by www.sreyas.in

കുലത്തിന്റെ ക്ഷേമമാണല്ലോ കൊതിച്ചത്. അർജുനൻ മരിച്ചാൽ കുലത്തിന്റെ അർധഭാഗമായ പാണ്ഡവപക്ഷം മുഴുവൻ തെണ്ടിത്തിരിയേണ്ടിവരുമെന്നു തീർച്ച. ദുര്യോധനാദികളുടെ സ്വാർഥത നിറഞ്ഞ ആസുരഭാവം തൽക്കാലം ഒരുമിച്ചുനിൽക്കുന്ന കൗരവപക്ഷത്തെത്തന്നെ ഛിന്നഭിന്നമാക്കി നശിപ്പിക്കും. രാജ്യത്താകെ അരാജകത്വം നടമാടും. ചുരുക്കത്തിൽ അർജുനന്റെ തീരുമാനം കുലത്തിനും രാഷ്ട്രത്തിനും ആകെ അപകടം വരുത്തിവയ്ക്കും. എന്തായാലും അർജുനൻ ആ തീരുമാനം നടപ്പാക്കാൻ ഭാവിച്ചു എന്നാണു തുടർന്നു സഞ്ജയൻ വിവരിക്കുന്നത്:

**സഞ്ജയ ഉവാച - സഞ്ജയൻ പറഞ്ഞു:**

*47. ഏവമുക്ത്വാർജുനഃ സംഖ്യേ രഥോപസ്ഥ ഉപാവിശത്*
*വിസൃജ്യ സശരം ചാപം ശോകസംവിഗ്നമാനസഃ*

**അർജുനഃ** ഏവം ഉക്ത്വാ - അർജുനൻ ഇപ്രകാരം പറഞ്ഞിട്ട്; സംഖ്യേ - യുദ്ധവേളയിൽ; ശോകസംവിഗ്നമാനസഃ - ദുഃഖംകൊണ്ടു വാടിക്കുഴഞ്ഞ മനസ്സോടുകൂടി; സശരം ചാപം വിസൃജ്യ - അമ്പോടുകൂടി വില്ലു താഴെവച്ച്; രഥോപസ്ഥേ തേർത്തട്ടിൽ; ഉപാവിശത് - ഇരിപ്പായി.

അർജുനൻ ഇപ്രകാരം പറഞ്ഞിട്ടു യുദ്ധവേളയിൽ ദുഃഖം കൊണ്ടു വാടിക്കുഴഞ്ഞ മനസ്സോടുകൂടി അമ്പും വില്ലും താഴെവച്ചു തേർത്തട്ടിൽ ഇരിപ്പായി.

ദയ തുടങ്ങിയ ദൈവീസമ്പത്തുകൾപോലും വ്യക്തമായ വസ്തുബോധമില്ലാത്ത മമതാബന്ധത്തിനു വഴങ്ങിയാൽ അർജുനനെപ്പോലെ ധീരരായ ആളുകളെപ്പോലും അകർമണ്യതയിലേക്കു നയിച്ചു വ്യാപകമായ ദോഷം വരുത്തിവയ്ക്കുമെന്നാണിതു തെളിയിക്കുന്നത്.

## *അധ്യായാർഥസംക്ഷേപം*

കർമവാസനകളാണു ജനനമരണങ്ങൾക്കു കാരണം.

ശുഭവാസനകളെന്നും അശുഭവാസനകളെന്നും അവ രണ്ടുവിധമുണ്ട്. ശുഭവാസനകൾ അധികമുള്ള മനുഷ്യർ ദേവവർഗമെന്നും അശുഭവാസനകൾ അധികമുള്ളവർ അസുരവർഗമെന്നും വേർതിരിയുന്നു. അസുരവർഗത്തിൽപ്പെട്ടവർ അശുഭവാസനകളെത്തന്നെ വർധിപ്പിച്ചുകൊണ്ടിരുന്നാൽ അവർക്കൊരിക്കലും സത്യമാർഗം തെളിയുകയില്ല. മാത്രമല്ല ജനനമരണചക്രത്തിൽ നരകാനുഭവത്തിലും പതനത്തിലും ഇടവരികയും ചെയ്യും. അങ്ങ

75-2006 6

digitized by www.sreyas.in

നെയുള്ള അസുരവർഗത്തിന്റെ പ്രതിനിധിയാണു ദുര്യോധനൻ. അപ്പോൾ അശുഭവാസനകളെ പൗരുഷംകൊണ്ടകറ്റി ശുഭവാസനകളെ വളർത്തുകയാണ് ഒരു സത്യാന്വേഷി ആദ്യമായി ചെയ്യേണ്ടത്. അപ്രകാരം ശുഭവാസനകളെ വളർത്തിയിട്ടുള്ള ദേവവർഗത്തിന്റെ പ്രതിനിധിയാണ് അർജുനൻ. എന്നാൽ സത്യസ്വരൂപത്തെക്കുറിച്ചു സിദ്ധാന്തപരമായെങ്കിലും വ്യക്തമായ ബോധമില്ലാത്തിടത്തോളം സ്വകർമമാർഗത്തിൽ ധീരന്മാരായ ദൈവീസമ്പന്നന്മാർക്കുപോലും ചിലപ്പോൾ അതിരറ്റ വിഷാദം വന്നുചേരാം. അർജുനന്റെ വിഷാദം അങ്ങനെ അജ്ഞതയുടെ വിഷാദമാണ്. ഈ ഘട്ടത്തിൽ ഒരു ഗുരുവിൽനിന്നു സത്യസ്ഥിതി മനസ്സിലാക്കാൻ കഴിയാതെ വന്നാൽ ദൈവീസമ്പന്നന്റെ കർമഗതി രണ്ടുതരത്തിൽ വഴി തെറ്റാം. ഒന്ന് ആലസ്യവും അകർമണ്യതയും വന്നുചേരുക. വില്ലുമമ്പുമുപേക്ഷിച്ചു തേർത്തട്ടിലിരുന്ന അർജുനൻ ആ തിരിവിനെയാണു ചൂണ്ടിക്കാണിക്കുന്നത്. രണ്ട് പരധർമം അംഗീകരിച്ച് തനിക്കു കഴിവില്ലാത്തതു ചെയ്തു പതിക്കുക. അർജുനൻ സന്യാസിധർമം സ്വീകരിച്ചിരുന്നെങ്കിൽ വരുമായിരുന്നതതാണ്. വസ്തുബോധമില്ലാത്ത അകർമണ്യതയും പരധർമസ്വീകാരവുംകൊണ്ടു ജനങ്ങൾ പതിക്കുന്നതു കണ്ടിട്ടാണ് ഈ കേടുപാടുകളൊക്കെ വേദാന്തം വരുത്തിവച്ചതാണെന്നു ചിലർ പഴിക്കുന്നത്. ഇതിനൊരേ ഒരു പോംവഴി വ്യക്തമായ വസ്തുബോധം ഉപദേശിച്ച് ഓരോരുത്തരേയും അവരവരുടെ ഗുണകർമങ്ങൾക്കനുസരിച്ചുള്ള സ്വധർമത്തിൽ ചരിക്കാൻ ഉത്തേജിപ്പിക്കുകയാണ്. ഭഗവാൻ അർജുനനുവേണ്ടി ഇതു തന്നെയാണ് തുടർന്നനുഷ്ഠിക്കുന്നത്. വസ്തുബോധത്തോടുകൂടിയ സ്വധർമാനുഷ്ഠാനം ചിത്തശുദ്ധിയിലേക്കും ചിത്തശുദ്ധി വസ്തു സാക്ഷാൽക്കാരത്തിലേക്കും നയിക്കും. ഇതാണു ഗീതാസിദ്ധാന്തം.

ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം
യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ
അർജുനവിഷാദയോഗോ നാമ
പ്രഥമോ/ധ്യായഃ

digitized by www.sreyas.in

*അധ്യായം 2*

# സാംഖ്യയോഗം

---

അർജുനൻ അമ്പും വില്ലുമുപേക്ഷിച്ചു തേർത്തട്ടിൽ ഇരിപ്പുറപ്പിച്ച ശേഷം എന്തു സംഭവിച്ചു എന്നു സഞ്ജയൻ വിവരിക്കുന്നു:

സഞ്ജയ ഉവാച - സഞ്ജയൻ പറഞ്ഞു :-

1. *തം തഥാ കൃപയാവിഷ്ടമശ്രുപൂർണാകുലേക്ഷണം*
*വിഷീദന്തമിദം വാക്യമുവാച മധുസൂദനഃ*

മധുസൂദനഃ - കൃഷ്ണൻ; തഥാ കൃപയാവിഷ്ടം - അപ്രകാരം കാരുണ്യം കൊണ്ടു നിറഞ്ഞവനും; അശ്രുപൂർണാകുലേക്ഷണം - അശ്രു നിറഞ്ഞുകലങ്ങിയ കണ്ണുകളോടുകൂടിയവനും; വിഷീദന്തം തം - വിഷാദിക്കുന്നവനുമായ അർജുനനോട്; ഇദം വാക്യം - ഈവിധ വാക്യം; ഉവാച - പറഞ്ഞു.

കൃഷ്ണൻ അപ്രകാരം കാരുണ്യംകൊണ്ടു നിറഞ്ഞവനും അശ്രു നിറഞ്ഞുകലങ്ങിയ കണ്ണുകളോടു കൂടിയവനും വിഷാദിക്കുന്നവനുമായ അർജുനനോട് ഈവിധ വാക്യം പറഞ്ഞു.

കാരുണ്യം ദൈവീസമ്പത്താണ്. അശ്രുവും വിഷാദവും സത്യസ്ഥിതിയെക്കുറിച്ചുള്ള അറിവില്ലായ്മയുടെ ഫലങ്ങളും. എന്തായാലും അർജുനൻ സത്യോപദേശത്തിനു പാകപ്പെട്ടവനാണെന്ന് ഈ ഭാവങ്ങൾ വെളിപ്പെടുത്തുന്നു.

അർജുനന്റെ മനസ്സിനെ ബാധിച്ച വിഷാദവും ആലസ്യവും അകറ്റി വീര്യം ഉത്തേജിപ്പിക്കാനാണു ഭഗവാൻ അടുത്ത രണ്ടു ശ്ലോകങ്ങളിൽ ഉദ്യമിക്കുന്നത്. വിഷണ്ണവും അലസവുമായ മനസ്സ് സത്യം എളുപ്പം ഗ്രഹിക്കയില്ല:

ശ്രീ ഭഗവാനുവാച - ശ്രീ ഭഗവാൻ പറഞ്ഞു:

digitized by www.sreyas.in

*2. കുതസ്ത്വാ കശ്മലമിദം വിഷമേ സമുപസ്ഥിതം*
*അനാര്യജുഷ്ടമസ്വർഗ്യമകീർത്തികരമർജുന?*

അർജുന - അല്ലയോ അർജുനാ; അനാര്യജുഷ്ടം - അസജ്ജനങ്ങൾ മാത്രം വർത്തിക്കുന്നതും; അകീർത്തികരം - പേരുദോഷത്തെയുണ്ടാക്കുന്നതും; അസ്വർഗ്യം - പരലോകസുഖത്തെ നശിപ്പിക്കുന്നതുമായ; വിഷമേ - വിഷമാവസ്ഥയിലെ; ഇദം കശ്മലം - ഈ മോഹം; ത്വാ - നിന്നെ; കുതഃ സമുപസ്ഥിതം - എവിടെ നിന്നു പിടികൂടി?

അല്ലയോ അർജുനാ, അസജ്ജനങ്ങൾ മാത്രം അനുവർത്തിക്കുന്നതും പേരുദോഷത്തെയുളവാക്കുന്നതും പരലോകസുഖത്തെ നശിപ്പിക്കുന്നതുമായ വിഷമാവസ്ഥയിലെ ഈ മോഹം നിന്നെ എവിടെ നിന്നു പിടികൂടി?

## *അർജുന*

അർജുനശബ്ദം പരിശുദ്ധിയുടെ പര്യായമാണ്. ഭഗവാൻ ആ ശബ്ദം പ്രയോഗിച്ചത് അർജുനൻ പരിശുദ്ധമായ ദൈവീസമ്പന്നനാണെന്നു കാണിക്കാനാണ്. അർജുനന് ഈ മോഹം വരാൻ ന്യായമില്ലല്ലോ എന്നു താൽപ്പര്യം.

## *വിഷമേ ഇദം കശ്മലം*

അർജുനനു വന്നിരിക്കുന്ന മോഹം മനസ്സിന്റെ വിഷമാവസ്ഥയിൽ മാത്രം സംഭവിക്കാവുന്ന ഒന്നാണ്. ഞാൻ, എന്റേത് എന്ന അഹങ്കാരവും മമതയുമാണ് മനസ്സിന്റെ വിഷമാവസ്ഥ. എല്ലാം സത്യസ്വരൂപമാണന്നു കാണുന്നതാണു മനസ്സിന്റെ സമാവസ്ഥ. അഞ്ചാമധ്യായത്തിലെ പതിനെട്ടും പത്തൊൻപതും ശ്ലോകങ്ങളിൽ ഭഗവാൻതന്നെ ഇക്കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്. ആരെയും ജീവിതത്തിൽ മോഹബദ്ധനാക്കി ദുഃഖിപ്പിക്കുന്നത് മനസ്സിന്റെ വിഷമാവസ്ഥയാണ്. ആ സ്ഥിതിക്ക് ധർമം നടത്താൻ കടപ്പെട്ട ഒരു ഭരണാധികാരി വിഷമാവസ്ഥയിൽ പെട്ടാലുള്ള കഥ പറയേണ്ടതില്ലല്ലോ. ധർമം നടത്താനെത്തിയ അർജുനൻ, അധർമപക്ഷത്തു നിൽക്കുന്നതു സ്വജനങ്ങളായതുകൊണ്ടു താൻ പിന്മാറുന്നുവെന്നാണല്ലോ പറയുന്നത്. ഭരണതലത്തിൽ സ്വജനപക്ഷപാതം എന്നും മറ്റും കേൾക്കുന്ന ദോഷം ഇതുതന്നെയാണ്. ഇവിടത്തെ വിഷമേ എന്ന പദത്തിന് 'വിഷമഘട്ടത്തിൽ' എന്നുമാത്രം അർഥം പറഞ്ഞു കടന്നുപോകുന്നതു ഗീതാതത്വത്തിനു നിരക്കുമെന്നു തോന്നുന്നില്ല.

digitized by www.sreyas.in

## അനാര്യജുഷ്ടം, അകീർത്തികരം, അസ്വർഗ്യം

മനസ്സിന്റെ വിഷമസ്ഥിതിയും തജ്ജന്യമായ മോഹവും സത്യമാർഗത്തെയും ഇഹപര സുഖങ്ങളെയും ഹനിക്കുമെന്നാണു ഈ മൂന്നു വിശേഷണങ്ങളും കൊണ്ടു ഭഗവാൻ വെളിപ്പെടുത്തിയിരിക്കുന്നത്. സത്യമാർഗത്തിൽ സഞ്ചരിക്കുന്നവരാണ് ആര്യന്മാർ. അവർ മനസ്സിനെ സമനിലയിലെത്തിച്ചു മനസ്സിന്റെ വിഷമാവസ്ഥയെ അകറ്റാൻ നിരന്തരം യത്നിക്കുന്നവരാണ്. അതായത് ഞാൻ, എന്റേത് എന്ന ചിന്തകൾ കുറച്ച് എല്ലാം ഈശ്വരന്റേത്; ഈശ്വരൻ, എന്നു കാണാൻ കൊതിക്കുന്നവരാണ്. അതുകൊണ്ട് അനാര്യജുഷ്ടമായ വിഷമമോഹം സത്യമാർഗത്തെ ഹനിക്കുന്നു. ധർമം സ്ഥാപിക്കാനെത്തിയ അർജുനൻ സ്വജനപക്ഷപാതം നിമിത്തം പിൻതിരിഞ്ഞു എന്ന് ജനങ്ങൾ അപവദിക്കും. ഈ അകീർത്തി ഇഹലോകസുഖത്തെ ഹനിക്കും. ധർമമാർഗത്തിൽ നിന്നുള്ള പിന്മാറ്റം ജീവിതത്തിന്റെ ഉയർച്ചയെ തടഞ്ഞു പരലോകസുഖത്തെയും നശിപ്പിക്കും. ചുരുക്കത്തിൽ സർവഥാ പതനഹേതുകവും ദുഃഖപ്രദവുമായ ഒരു മാർഗമാണ് അർജുനൻ അവലംബിച്ചിരിക്കുന്നത്. അർജുനനെപ്പോലെ ധീരനായ ഒരു പരിശുദ്ധപുരുഷന് ഇതു യോജിച്ചതല്ലല്ലോ എന്നാണു ഭഗവാൻ വ്യക്തമാക്കുന്നത്.

ഈ മോഹം എവിടെനിന്നുണ്ടായി എന്നാണല്ലോ ഭഗവാൻ ചോദിച്ചത്. ഈ ചോദ്യത്തിനു സ്വയം ഉത്തരം നൽകിക്കൊണ്ടു പൗരുഷമവലംബിച്ച് മോഹം വിട്ടെഴുന്നേൽക്കാനാണു ഭഗവാൻ തുടർന്നാവശ്യപ്പെടുന്നത്:

3. *ക്ലൈബ്യം മാ സ്മ ഗമഃ പാർഥ നൈതത്ത്വയ്യുപപദ്യതേ*
*ക്ഷുദ്രം ഹൃദയദൗർബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ*

പാർഥ - അല്ലയോ അർജുനാ; ക്ലൈബ്യം - നപുംസകത്തിന്റേതായ ഈ അലസതയും അകർമണ്യതയും; മാസ്മ ഗമഃ - നീ കൈക്കൊള്ളരുത്; ത്വയി - നിന്നിൽ; ഏതത് - ഇത്; ന ഉപപദ്യതേ - തീരെ യോജിച്ചതല്ല; പരന്തപ - ശത്രുക്കളെ തപിപ്പിക്കാൻ കഴിവുള്ള അല്ലയോ അർജുന; ക്ഷുദ്രം ഹൃദയദൗർബല്യം - മനസ്സിന്റെ നിസാരമായ ഈ ബലഹീനതയെ; ത്യക്ത്വാ - ദൂരെ വലിച്ചെറിഞ്ഞ്; ഉത്തിഷ്ഠ - യുദ്ധത്തിനായി എണീക്കൂ.

അല്ലയോ അർജുനാ, നപുംസകത്തിന്റേതായ ഈ അലസതയും അകർമണ്യതയും നീ കൈക്കൊള്ളരുത്; നിന്നിൽ ഇതു തീരെ യോജിച്ചതല്ല; മനസ്സിന്റെ നിസ്സാരമായ ഈ ബലഹീനതയെ ദൂരെ വലിച്ചെറിഞ്ഞു പരന്തപനായ അർജുനാ, യുദ്ധത്തിനായി എണീക്കൂ.

digitized by www.sreyas.in

### *ക്ലൈബ്യം മാ സ്മ ഗമഃ*

തപശ്ശക്തിയും യുദ്ധസാമർഥ്യവും കൊണ്ടു ദേവന്മാർക്കുപോലും ആരാധ്യനായിത്തീർന്ന പുരുഷകേസരിയാണർജുനൻ. അർജുനന്റെ സ്വഭാവം പൗരുഷമാണ്. നപുംസകത്തിന്റെ അകർമണ്യത ഒരു തൽക്കാല ഭ്രമം മാത്രമാണെന്നു താൽപ്പര്യം.

### *ക്ഷുദ്രം ഹൃദയദൗർബല്യം*

'ഞാൻ' 'എന്റേത്' എന്നീ ഭാവങ്ങളാണല്ലോ മനസ്സിന്റെ വിഷമാവസ്ഥ. സത്യസ്ഥിതി ധരിക്കാത്തതുകൊണ്ടുള്ള അജ്ഞതയാണീ വിഷമാവസ്ഥക്കു കാരണം. വിഷമാവസ്ഥയിൽ വന്നുചേരുന്ന മോഹം മനസ്സിന്റെ അതിനിസ്സാരമായ ബലഹീനതയാണ്. വസ്തുബോധം നേടി പൗരുഷംകൊണ്ടതിനെ ജയിക്കണം. അർജുനനിൽ തൽക്കാലത്തേക്കു മറഞ്ഞുപോയ പൗരുഷത്തെ ഉദ്ദീപിപ്പിക്കാനാണ് 'പരന്തപ' എന്ന സംബോധന.

ഭഗവാന്റെ വാക്കുകൾ അർജുനനിൽ പൗരുഷം ഉദ്ദീപിപ്പിച്ചു. ആ യുദ്ധവീരന്റെ പൂർവനിശ്ചയം ഉലയ്ക്കപ്പെട്ടു. നിശ്ചയം സംശയമായി മാറി. ആ സംശയം ഭഗവാന്റെ മുൻപിൽ സമർപ്പിച്ച് വ്യക്തമായ മാർഗനിർദേശം നേടാനാണ് അർജുനന്റെ ഇനിയത്തെ ശ്രമം:

അർജുന ഉവാച - അർജുനൻ പറഞ്ഞു:

4. *കഥം ഭീഷ്മമഹം സംഖ്യേ ദ്രോണഞ്ച മധുസൂദന*
*ഇഷുഭിഃ പ്രതിയോത്സ്യാമി പൂജാർഹാവരിസൂദന*

അരിസൂദന മധുസൂദന - ശത്രുനിഗ്രഹം ചെയ്യുന്ന അല്ലയോ കൃഷ്ണാ; പൂജാർഹൗ - പൂജിക്കപ്പെടേണ്ടവരായ; ഭീഷ്മം ച ദ്രോണം ച - ഭീഷ്മരെയും ദ്രോണരെയും; സംഖ്യേ - യുദ്ധത്തിൽ; അഹം - ഞാൻ; ഇഷുഭിഃ - ബാണങ്ങളെയ്ത്; കഥം പ്രതിയോത്സ്യാമി - എങ്ങനെ നേരിടാനാണ്?

ശത്രുനിഗ്രഹം ചെയ്യുന്ന അല്ലയോ കൃഷ്ണാ, പൂജിക്കപ്പെടേണ്ടവരായ ഭീഷ്മരെയും ദ്രോണരെയും യുദ്ധത്തിൽ ഞാൻ ബാണങ്ങളെയ്ത് എങ്ങനെ നേരിടാനാണ്?

'അരിസൂദന' എന്ന പദംകൊണ്ട് ശത്രുക്കളെ നിഗ്രഹിക്കുന്നതിൽ ദോഷമില്ലെന്നും പിതാമഹനെയും ഗുരുവിനെയും നിഗ്രഹിക്കുന്നതു പാപമാണെന്നും ധ്വനിക്കുന്നു.

digitized by www.sreyas.in

ഇവിടെ അർജുനൻ രണ്ടു പോംവഴികളേ കാണുന്നുള്ളു. ഒന്നുകിൽ ഗുരുക്കന്മാരോടെതിരിടാതെ യുദ്ധത്തിൽ നിന്നും വിരമിക്കുക. അങ്ങനെയായാൽ ചിലപ്പോൾ ഭിക്ഷയാചിക്കേണ്ട ഘട്ടംപോലും വന്നുചേരാം. അതല്ലെങ്കിൽ ഗുരുക്കന്മാരെ വധിച്ചു ഭൗതികമായ ഐശ്വര്യം നേടാം. ആദ്യത്തെ പക്ഷമാണ് തൽക്കാലം അർജുനനു സ്വീകാര്യം:

5. *ഗുരൂനഹത്വാ ഹി മഹാനുഭാവാൻ*
*ശ്രേയോ ഭോക്തും ഭൈക്ഷ്യമപീഹ ലോകേ*
*ഹത്വാർഥകാമാംസ്തു ഗുരൂനിഹൈവ*
*ഭുഞ്ജീയ ഭോഗാൻ രുധിരപ്രദിഗ്ധാൻ*

മഹാനുഭാവാൻ ഗുരൂൻ - സംപൂജ്യന്മാരായ ഗുരുക്കന്മാരെ; അഹത്വാ - കൊല്ലാനിടയാകാതെ; ഇഹലോകേ - ഈ ലോകത്ത്; ഭൈക്ഷ്യം അപി - ഭിക്ഷാന്നംപോലും; ഭോക്തും - ഭുജിക്കുന്നത്; ശ്രേയഃ ഹി - ഉത്തമം തന്നെയാണ്; ച ഇഹ ഏവ - ഇഹലോകത്തുതന്നെ; അർഥകാമാൻ - ധനമോഹികളായി വർത്തിക്കുന്ന; ഗുരൂൻ - ഗുരുക്കന്മാരെ; ഹത്വാ തു - കൊന്നിട്ടാകട്ടെ; രുധിരപ്രദിഗ്ധാൻ - അവരുടെ രക്തം പുരണ്ട; ഭോഗാൻ ഭുഞ്ജീയ - ലോകസുഖങ്ങൾ അനുഭവിക്കാം.

സംപൂജ്യന്മാരായ ഗുരുക്കന്മാരെ കൊല്ലാനിടയാകാതെ ഈ ലോകത്തു ഭിക്ഷാന്നംപോലും ഭുജിക്കുന്നത് ഉത്തമം തന്നെയാണ്. ഈ ലോകത്തു തന്നെ ധനമോഹികളായ ഗുരുക്കന്മാരെ കൊന്നിട്ടാകട്ടെ അവരുടെ രക്തം പുരണ്ട ലോകസുഖങ്ങൾ അനുഭവിക്കാം.

## *അർഥകാമാൻ ഗുരൂൻ*

മഹാനുഭാവന്മാരായ ഗുരുക്കന്മാരെ കൊല്ലേണ്ട; പക്ഷേ ഈ യുദ്ധക്കളത്തിൽ അണിനിരന്നിരിക്കുന്ന ഗുരുക്കന്മാർ ധനമോഹികളല്ലേ? അവരെ കൊന്നാൽ എന്താ ദോഷം? ഈ സംശയത്തിനാണ് അർജുനൻ ശ്ലോകത്തിലെ ഉത്തരാർധം കൊണ്ടു മറുപടി പറയുന്നത്. ഭീഷ്മദ്രോണാദികൾ അർഥകാമന്മാരാണെന്നാരു പറഞ്ഞു? അവർ തന്നെ സ്വയം പ്രഖ്യാപിച്ചു. യുദ്ധം തുടങ്ങുന്നതിനു തൊട്ടുമുൻപ് ധർമപുത്രർ സഹോദരന്മാരോടും കൃഷ്ണനോടുമൊരുമിച്ച് ഭീഷ്മർ, ദ്രോണർ, കൃപർ, ശല്യർ എന്നിവരെ ചെന്നുകണ്ട് പാദത്തിൽ പ്രണമിച്ച്, അവരോട് അനുഗ്രഹമാവശ്യപ്പെട്ടു.

digitized by www.sreyas.in

നാലുപേരും ധർമപുത്രർക്ക് വിജയം ആശംസിച്ചു. തങ്ങൾ അർഥകാമന്മാരായതുകൊണ്ടാണ് ദുര്യോധനപക്ഷത്തു നിൽക്കുന്നത് എന്നും അറിയിച്ചു. ഇക്കാര്യത്തിൽ നാലുപേരും ഒരേ വാക്കുകളാണുച്ചരിച്ചത് അതിപ്രകാരമാണ്.

*അർഥസ്യ പുരുഷോ ദാസോ ദാസസ്ത്വർഥോ ന കസ്യചിത്*
*ഇതി സത്യം മഹാരാജ, ബദ്ധോസ്മ്യർഥേന കൗരവൈഃ*

*ഭാര - ഭീഷ്മ - 41*

'പുരുഷൻ അർഥത്തിന്റെ ദാസനാണ്. അർഥമാകട്ടെ, ആരുടെയും ദാസനല്ല. മഹാരാജാവേ, ഇതു സത്യം. അർഥഹേതുവായി ഞാൻ കൗരവന്മാരോടു ബന്ധപ്പെട്ടിരിക്കുന്നു, ഓരോരുത്തരും വീണ്ടും ഇങ്ങനെ പറഞ്ഞു - "അതുകൊണ്ട് എനിക്കു കൗരവപക്ഷത്തുനിന്നു യുദ്ധം ചെയ്യാതെ തരമില്ല. ഒരു നപുംസകത്തെപ്പോലെ ഞാൻ പറയുന്നു. യുദ്ധമൊഴിച്ച് അങ്ങേക്കു മറ്റെന്താശിസ്സാണു വേണ്ടത്?" ഗുരുക്കന്മാരുടെ ഈ പ്രഖ്യാപനത്തിന്റെ വാച്യാർഥം അതുപോലെ സ്വീകരിച്ചാൽപോലും അവരെ കൊല്ലാൻ പാടില്ലെന്നാണർജുനമതം. അർഥകാമന്മാരാണെങ്കിൽപോലും അങ്ങനെയുള്ള ഗുരുക്കന്മാരുടെ രക്തം പുരണ്ട ലോകസുഖങ്ങൾ അനുഭവിക്കുന്നതു ശ്രേയസ്കരമാണോ? 'അർഥകാമാൻ' എന്ന പദം 'ഭോഗാൻ' എന്നതിന്റെ വിശേഷണമായും ചിലർ വ്യാഖ്യാനിക്കുന്നു. അങ്ങനെയായാൽ 'ധർമം വിട്ട് കേവലം അർഥകാമങ്ങളിലൊതുങ്ങുന്ന നിസ്സാരങ്ങളായ ഭോഗങ്ങളെ' എന്ന് അർഥം പറയേണ്ടതാണ്.

അർജുനന്റെ നിലപാട് 'ക്ഷുദ്രം ഹൃദയദൗർബല്യ'മാണെന്നു കൃഷ്ണൻ പറഞ്ഞത് ആ ശുദ്ധബുദ്ധിയുടെ ഉള്ളിൽ മുഴങ്ങി. തന്റെ നിശ്ചയവും കൃഷ്ണന്റെ വാക്കുകളും പരസ്പര വിരുദ്ധങ്ങളായിക്കണ്ടപ്പോൾ ദൈവീസമ്പന്നനായ അർജുനൻ വ്യക്തമായ മാർഗനിർദേശത്തിനായി കൃഷ്ണനെ ശരണം പ്രാപിക്കാൻ തുടങ്ങുകയാണ്. കർമമണ്ഡലത്തിൽ ഇത്തരം ധർമസങ്കടങ്ങളിൽ ഉള്ളിലിരിക്കുന്ന ഈശ്വരനേയോ സത്യബുദ്ധികളായ ഗുരുക്കന്മാരേയോ ശരണം പ്രാപിക്കുന്നത് ദേവവർഗത്തിന്റെ സ്വഭാവമാണ്. ഇങ്ങനെയുള്ള ദൈവീസമ്പന്നന്മാരാണ് ഭാരതത്തിന്റെ കർമമണ്ഡലത്തെ എന്നും ധന്യമാക്കിത്തീർത്തിട്ടുള്ളത്. അർജുനന്റെ മനോഭാവം നോക്കുക:

6. *ന ചൈതദ്വിദ്മഃ കതരന്നോ ഗരീയോ*
*യദ്വാ ജയേമ യദി വാ നോ ജയേയുഃ*

digitized by www.sreyas.in

*യാനേവ ഹത്വാ ന ജിജീവിഷാമ-*
*സ്തേഽവസ്ഥിതാഃ പ്രമുഖേ ധാർതരാഷ്ട്രാഃ*

യദ് വാ ജയേമ - ഞങ്ങൾ കൗരവന്മാരെ ജയിക്കുന്നതാണോ; യദിവാ ന ജയേയുഃ - അതോ കൗരവന്മാർ ഞങ്ങളെ ജയിക്കുന്നതാണോ; കതരത് നഃ ഗരിയഃ - ഏതാണു ഞങ്ങൾക്കു നല്ലത്; ഏതത് ന ച വിദ്മഃ - അത്, അറിഞ്ഞുകൂടതന്നെ; യാൻ ഹത്വാ - ഏതൊരു കൂട്ടരെ വധിച്ചാൽ; ന ജിജീവിഷാമഃ - പിന്നെ ജീവിച്ചിരിക്കാൻ നമുക്കാഗ്രഹമില്ലയോ; തേ ധാർതരാഷ്ട്രാഃ ഏവ - ആ ധാർതരാഷ്ട്രന്മാർ തന്നെ; പ്രമുഖേ - നേരേ മുൻപിൽ; അവസ്തിതാഃ - യുദ്ധത്തിനൊരുങ്ങി നിൽക്കുന്നു.

ഞങ്ങൾ കൗരവന്മാരെ ജയിക്കുന്നതാണോ അതോ കൗരവന്മാർ ഞങ്ങളെ ജയിക്കുന്നതാണോ ഏതാണു ഞങ്ങൾക്കു നല്ലത് അതറിഞ്ഞുകൂടതന്നെ. ഏതൊരു കൂട്ടരെ വധിച്ചാൽ പിന്നെ ജീവിച്ചിരിക്കാൻ നമുക്കാഗ്രഹമില്ലയോ ആ ധാർതരാഷ്ട്രന്മാർ തന്നെ നേരെ മുൻപിൽ യുദ്ധത്തിനൊരുങ്ങി നിൽക്കുന്നു.

സഹോദരന്മാരായിരുന്നിട്ടും കുട്ടിക്കാലം മുതൽതന്നെ പാണ്ഡവന്മാരെ കൊല്ലാൻ സദാ യത്നിച്ചുകൊണ്ടിരുന്ന കൗരവന്മാർ ഒരുവശത്ത്. എന്തെല്ലാം തരത്തിൽ ദുഃഖിപ്പിച്ചിട്ടും ചതിച്ചിട്ടും അപമാനിച്ചിട്ടും സ്വജനങ്ങളെന്ന ഏകകാരണത്താൽ ധർമയുദ്ധത്തിൽപ്പോലും കൗരവന്മാരെ കൊല്ലാൻ മടിക്കുന്ന അർജുനൻ മറുവശത്ത്. അർജുനന്റെ മനോഭാവം ക്ഷുദ്രമായ ഹൃദയദൗർബല്യം മാത്രമാണെന്നു ദൃഢമായി പ്രഖ്യാപിക്കുന്ന കൃഷ്ണൻ മധ്യത്തിൽ. ഈ നിലയിൽ ശുദ്ധബുദ്ധിയായ അർജുനന്റെ നിശ്ചയം ഉലഞ്ഞു. സംശയഗ്രസ്തമായ മനസ്സ് തന്റെ അറിവില്ലായ്മയെക്കുറിച്ചു ബോധ്യമായതോടെ സർവാത്മനാ സത്യദർശിയായ ഗുരുവിനെ ശരണം പ്രാപിക്കുകയാണ്:

7. *കാർപണ്യദോഷോപഹതസ്വഭാവഃ*
*പൃച്ഛാമി ത്വാം ധർമസമ്മൂഢചേതാഃ*
*യച്ഛ്രേയഃ സ്യാന്നിശ്ചിതം ബ്രൂഹി തന്മേ*
*ശിഷ്യസ്തേഽഹം ശാധി മാം ത്വാം പ്രപന്നം.*

കാർപണ്യദോഷോപഹതസ്വഭാവഃ - അജ്ഞാനദോഷം കൊണ്ടു മങ്ങിപ്പോയ സ്വഭാവത്തോടുകൂടിയവനും; ധർമസംമൂഢ ചേതാഃ - തന്നിമിത്തം ധർമമെന്തെന്നറിയാൻ കഴിയാത്ത മനസ്സോടുകൂടിയവനുമായ ഞാൻ; ത്വാം - അങ്ങയോടു; പൃച്ഛാമി - ചോദിക്കുന്നു; ശ്രേയഃ യത് സ്യാത് - മോക്ഷമാർഗത്തിനു

digitized by www.sreyas.in

വഴിതെളിക്കുന്നത് ഏതാണോ; തത് മേ നിശ്ചിതം ബ്രൂഹി - അതെനിക്കു തീർത്തും വ്യക്തമായി പറഞ്ഞുതന്നാലും; അഹം തേ ശിഷ്യാഃ - ഞാൻ അങ്ങയുടെ ശിഷ്യനാണ്; ത്വാം - അങ്ങയെ; പ്രപന്നം മാം ശാധി - ശരണം പ്രാപിച്ചിരിക്കുന്ന എന്നെ ശാസിച്ചാലും.

അജ്ഞാനദോഷംകൊണ്ടു മങ്ങിപ്പോയ സ്വഭാവത്തോടു കൂടിയവനും തന്നിമിത്തം ധർമമെന്തെന്നറിയാൻ കഴിയാത്ത മനസ്സോടു കൂടിയവനുമായ ഞാൻ അങ്ങയോടു ചോദിക്കുന്നു. മോക്ഷമാർഗത്തിനു വഴിതെളിക്കുന്നതേതാണോ അതെനിക്കു തീർത്തും വ്യക്തമായി പറഞ്ഞുതന്നാലും. ഞാൻ അങ്ങയുടെ ശിഷ്യനാണ്; ശരണം പ്രാപിച്ചിരിക്കുന്ന എന്നെ ശാസിച്ചാലും.

## *കാർപണ്യദോഷം*

പ്രസ്തുത പദ്യം അധ്യാത്മശാസ്ത്രദൃഷ്ടിയിൽ പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഗൃഹസ്ഥനും ക്ഷത്രിയനുമായ അർജുനൻ ആത്മജ്ഞാനോപദേശത്തിനു പാകമായിരിക്കുന്നു എന്ന് ഈ പദ്യം തെളിയിക്കുന്നു. വനവാസകാലത്തെ തിതിക്ഷയും ഭൗതിക വിജയങ്ങൾക്കായുള്ള തപസ്സും ഉറച്ച ആസ്തിക്യബുദ്ധിയും അർജുനമനസ്സിനെ തികച്ചും ദൈവീസമ്പന്നമാക്കിത്തീർത്തിരിക്കുന്നു. കാമവും മദമാത്സര്യങ്ങളും ഇടക്കിടക്ക് വല്ലാതെ അലട്ടിയിരുന്നുവെങ്കിലും ആസ്തിക്യബുദ്ധിയും ധർമാസക്തിയും ആ മനസ്സിനെ പ്രകാശമയമായ മാർഗത്തിലേക്കു തന്നെ നയിച്ചുകൊണ്ടേയിരുന്നു. എങ്കിലും ജീവിതത്തെ സാരമായി ബാധിക്കുന്ന ഒരു ഘട്ടം വന്നപ്പോൾ എന്തുചെയ്യണമെന്നറിയാതെ അതു കുഴങ്ങിപ്പോയി. വ്യക്തമായ വസ്തുബോധമില്ലായ്മ അഥവാ അജ്ഞാനമാണതിനു കാരണം. നിലനിൽപ്പിനാധാരമായ വസ്തുവെന്തെന്നറിയാത്തിടത്തോളം ജീവിതകർമ ചലനങ്ങൾ പൂർണമായി എങ്ങനെ വിജയിക്കാനാണ്? വസ്തുബോധമില്ലായ്മയാണ് എവിടെയും കർമത്തെ പരാജയപ്പെടുത്തുന്നത്. അജ്ഞാനമാണ് സകല ആപത്തുകൾക്കും കാരണം. കാർപണ്യദോഷം എന്നു പറയുന്നത് ഈ അജ്ഞാനം തന്നെയാണ്. "ആരാണോ പരമസത്യം അറിയാതെ ഈ ലോകം വിട്ടുപോകുന്നത് അവനാണു കൃപണൻ" എന്നത്രേ ഉപനിഷത് പ്രഖ്യാപനം. കൃപണന്റെ അവസ്ഥയാണു കാർപണ്യം. 'സത്യം തനിക്കറിഞ്ഞുകൂട, എന്നതറിയുന്നതുതന്നെ ഒരു നേട്ടമാണ്. അർജുനനതുണ്ടെന്നുള്ളത് സത്യോപദേശത്തിനർജുനൻ പാകമായി എന്നു തെളിയിക്കുന്നു. തികച്ചും അൽപ്പബുദ്ധികളാണെങ്കിലും എല്ലാം അറിഞ്ഞവരെപ്പോലെ ഭാവിച്ചു നടക്കുന്നവരാണല്ലോ ഈ ലോകത്ത് അധികംപേരും.

digitized by www.sreyas.in

## ഉപഹതസ്വഭാവഃ

സ്വരൂപം, സ്വഭാവം എന്നിങ്ങനെ രണ്ടു ഘടകങ്ങളോടു കൂടിയാണ് ഏതു വ്യക്തിയുടെയും ജീവിതം ആരംഭിക്കുന്നത്. വ്യക്തിയുടെ മാറ്റമില്ലാത്ത അംശമാണ് സ്വരൂപം അഥവാ വസ്തു. വസ്തുവിൽ അഥവാ സ്വരൂപത്തിൽ ഉണ്ടായി മറയുന്ന തൽക്കാല ദൃശ്യങ്ങളാണ് സ്വഭാവം. വെള്ളത്തിൽ തിരകളും കുമിളകളും ഉണ്ടാകുന്നു. ഓരോ തിരയിലും കുമിളയിലും സ്വരൂപം അഥവാ വസ്തു വെള്ളമാണ്. തിരയുടെയും കുമിളകളുടെയും രൂപവും അതിനു നൽകപ്പെടുന്ന പേരും ഒത്തുചേർന്നതാണ് സ്വഭാവം. സ്വഭാവം ഉണ്ടാവുന്നതിനു മുൻപും, അതുള്ളപ്പോഴും, അതില്ലാതായാലും സ്വരൂപം ഉള്ളതായിത്തന്നെ നിലനിൽക്കുന്നു. സ്വഭാവത്തിന് ആവർത്തിച്ചുണ്ടായി മറയാൻ അവസരം നൽകുന്നതുതന്നെ സ്വരൂപത്തിന്റെ അനശ്വരസ്ഥിതിയാണ്. സ്വരൂപത്തെ അറിയാത്തിടത്തോളം സ്വഭാവത്തിന്റെ പൂർണ രഹസ്യം ഒരിക്കലും വെളിപ്പെടുകയില്ല. പ്രപഞ്ചമെന്ന നിലനിൽപ്പിനും ഈ രണ്ടു ഘടകങ്ങളുണ്ട്. ആനന്ദഘനമായ അഖണ്ഡബോധമാണ് പ്രപഞ്ചത്തിന്റെ സ്വരൂപം. വെള്ളത്തിൽ കുമിളകളെന്നപോലെ ആ സ്വരൂപത്തിൽ കർമഗതി ഉണ്ടാക്കി മറയ്ക്കുന്ന സൂര്യചന്ദ്രമനുഷ്യപക്ഷിമൃഗാദിനാമരൂപങ്ങളാണ് സ്വഭാവം. സ്വരൂപത്തെ അറിയാത്തിടത്തോളം പ്രപഞ്ചത്തിന്റെ സ്വഭാവത്തിന്റെ രഹസ്യം പൂർണമായി വെളിപ്പെടുകയേയില്ല. പ്രപഞ്ചത്തിലെ ഓരോ വ്യക്തിയിലും വെള്ളത്തിലെ കുമിളകളിലെന്നപോലെ പ്രപഞ്ചസ്വരൂപത്തിന്റെ രഹസ്യം പൂർണമായി വെളിപ്പെടുകയേയില്ല. പ്രപഞ്ചത്തിലെ ഓരോ വ്യക്തിയിലും വെള്ളത്തിലെ കുമിളകളിലെന്നപോലെ പ്രപഞ്ചസ്വരൂപത്തിന്റെയും സ്വഭാവത്തിന്റെയും അംശമുണ്ടായിരിക്കുമെന്നു തീർച്ചയാണല്ലോ. അപ്പോൾ ഓരോ വ്യക്തിയും ആനന്ദഘനമായ അഖണ്ഡബോധമെന്ന സ്വരൂപവും കർമഗതിയിലെ നാമരൂപങ്ങളെന്ന സ്വഭാവവും ചേർന്നതാണ്. സ്വരൂപത്തെയറിയാതെ സ്വഭാവരഹസ്യം വെളിപ്പെടുകയില്ല. അതുകൊണ്ട് ഒരു വ്യക്തിക്ക് തന്റെ തൽക്കാലരൂപത്തെയും കർമഗതിയെയും സൂക്ഷ്മമായി അറിയണമെങ്കിൽ ആദ്യം സിദ്ധാന്തപരമായെങ്കിലും സ്വരൂപബോധമുണ്ടാക്കുകയാണു വേണ്ടത്; സ്വരൂപബോധമില്ലായ്മയാണ് അജ്ഞാനം. അജ്ഞാനം നിമിത്തം തന്റെ സ്വഭാവരഹസ്യം മറയ്ക്കപ്പെട്ടിരിക്കുന്നുവെന്നാണല്ലോ അർജുനൻ പറയുന്നത്. ചുരുക്കത്തിൽ താനാര്? എന്തിനിവിടെ വന്നു? എങ്ങോട്ടാണിനി പോകേണ്ടത്? ഈ ചോദ്യങ്ങൾക്കുത്തരം തെളിയുന്നില്ലെന്നു സാരം. സത്യോപദേശത്തിനു പാകമായ ഒരു വ്യക്തിയുടെ ഫല

digitized by www.sreyas.in

ങ്ങളാണീ ചോദ്യങ്ങൾ.

### *ധർമസംമൂഢചേതഃ*

സത്യസാക്ഷാൽക്കാരത്തിനു വഴിതെളിക്കുന്ന ഉപായമാണല്ലോ ധർമം. സ്വരൂപസാക്ഷാൽക്കാരമാണു സത്യസാക്ഷാൽക്കാരം. സ്വഭാവത്തെ നിയന്ത്രിച്ചു വേണ്ടപോലെ പ്രയോഗിച്ചാലല്ലാതെ സ്വരൂപം തെളിയുകയില്ല. അപ്പോൾ സ്വഭാവത്തിന്റെ നിയന്ത്രണവും ഉചിതമായ പ്രയോഗവുമാണു ധർമം. ഇതറിയണമെങ്കിൽ സത്യനിഷ്ഠനായ ഗുരുവിൽ നിന്നും ആദ്യം സിദ്ധാന്തപരമായി വ്യക്തമായ സ്വരൂപബോധം പകർന്നു വാങ്ങണം. തുടർന്ന് ആ സ്വരൂപബോധത്തിന്റെ വെളിച്ചത്തിൽ ഗുരുവിന്റെ നിർദേശപ്രകാരം സ്വഭാവത്തെ നിയന്ത്രിച്ച് ലക്ഷ്യോന്മുഖമായി പ്രയോഗിക്കണം. അർജുനനു സിദ്ധാന്തപരമായ സ്വരൂപബോധം ഇനിയും ഉണ്ടായിട്ടില്ല. അക്കാരണത്താൽ സ്വഭാവരഹസ്യം അറിയാനും വയ്യ. അപ്പോൾ ധർമസംമൂഢചേതസ്സാകാതെ തരമില്ലല്ലോ. തന്റെ ഈ സ്ഥിതിവിശേഷം സ്വയം വ്യക്തമായി അറിയുന്നു എന്നതാണ് അർജുനന്റെ മേന്മ.

### *യച്ഛ്റേയഃ സ്യാത്*

ഈ ലോകത്തു ജീവിക്കാൻ തുടങ്ങുന്ന മനുഷ്യന് ശ്രേയസ്സ്, പ്രേയസ്സ് എന്ന രണ്ടു ലക്ഷ്യങ്ങൾ മുൻപിൽ കാണാൻ കഴിയും. സ്വരൂപം സാക്ഷാൽക്കരിച്ചു പരമസത്യം അറിയാൻ കഴിയത്തക്കവണ്ണം ജീവിക്കുന്നതാണു ശ്രേയസ്സ്. സ്വരൂപവിചാരം ചെയ്യാതെ സ്വഭാവത്തിൽ മോഹിച്ചു ഭൗതികമായി മാത്രം സുഖിക്കാൻ കൊതിക്കുന്നതാണു പ്രേയസ്സ്. ധീരന്മാർ രണ്ടും വിശകലനം ചെയ്തറിഞ്ഞ് പ്രേയസ്സിനെ തള്ളി ശ്രേയസ്സിനെ വരിക്കുന്നു എന്നാണ് കഠോപനിഷത്തിന്റെ പ്രഖ്യാപനം. എന്തായാലും അർജുനൻ ശ്രേയസ്സിനെ വരിച്ചു കഴിഞ്ഞയാളാണ്. വ്യക്തമായ വസ്തുബോധവും മാർഗനിർദേശവുമാണിനി അദ്ദേഹത്തിനാവശ്യം. അതുകൊണ്ടാണു ശ്രേയസ്സെന്തെന്നു തീർത്തും വ്യക്തമായി പറഞ്ഞുതരാൻ കൃഷ്ണനോടാവശ്യപ്പെടുന്നത്.

### *ശാധിമാം ത്വാം പ്രപന്നം*

മറ്റു വിദ്യകളെപ്പോലെയല്ല ആത്മവിദ്യ. അറിവുണ്ടെന്ന അഹങ്കാരം

digitized by www.sreyas.in

വെടിഞ്ഞു വിനയാന്വിതനായി ഗുരുവിനെ സമീപിച്ചാലേ ആത്മവിദ്യ ലഭിക്കൂ. അല്ലാത്തവർക്ക് അതുപദേശിച്ചാലും ഗ്രഹിക്കാൻ കഴിവുണ്ടാകില്ല. "ഞാനങ്ങയുടെ ശിഷ്യനാണ്. അങ്ങയെ ശരണം പ്രാപിച്ചിരിക്കുന്ന എന്നെ ശാസിച്ചാലും" എന്ന വാക്കുകൾ അർജുനന് ആ പാകത വന്നിട്ടുണ്ടെന്നു തെളിയിക്കുന്നവയാണ്.

എന്തു കാരണത്താലും പ്രേയസ്സിൽ ഉൽക്കടമായ വിരക്തി വന്നയാൾക്കു മാത്രമേ ശ്രേയസ്സിനെ ദൃഢമായി വരിക്കാൻ കഴിയൂ. അർജുനന്റെ തുടർന്നുള്ള വാക്കുകൾ ആ വിധമുള്ള വിരക്തിയെ വെളിപ്പെടുത്തുന്നവയാണ്:

*8. ന ഹി പ്രപശ്യാമി മമാപനുദ്യാ-*
*ദ്യുച്ഛോകമുച്ഛോഷണമിന്ദ്രിയാണാം*
*അവാപ്യ ഭൂമാവസപത്നമൃദ്ധം*
*രാജ്യം സുരാണാമപി ചാധിപത്യം*

ഭൂമൗ - ഭൂമണ്ഡലത്തിൽ; അസപത്നം - എതിരാളിയില്ലാത്തതും; ഋദ്ധം - ഐശ്വര്യസമൃദ്ധവുമായ; രാജ്യം - രാജ്യമോ; സുരാണാം ആധിപത്യം - സ്വർഗാധിപത്യമോ; അവാപ്യ അപി - കിട്ടിയാൽപോലും; ഇന്ദ്രിയാണാം ഉച്ഛോഷണം - ഇന്ദ്രിയങ്ങളെ ഉണക്കി വരട്ടുന്ന; മമ ശോകം - എന്റെ ശോകം; യത് അപനുദ്യാത് - ഇല്ലാതാക്കുന്ന ഒന്നിനെയും; ന ഹി പ്രപശ്യാമി - ഞാൻ കാണുന്നില്ല.

ഭൂമണ്ഡലത്തിൽ എതിരാളിയില്ലാത്തതും ഐശ്വര്യസമൃദ്ധവുമായ രാജ്യമോ സ്വർഗാധിപത്യമോ കിട്ടിയാൽപ്പോലും ഇന്ദ്രിയങ്ങളെ ഉണക്കിവരട്ടുന്ന എന്റെ ദുഃഖം ഇല്ലാതാക്കുന്ന ഒന്നിനെയും ഞാൻ കാണുന്നില്ല.

## *ഇന്ദ്രിയാണാം ഉച്ഛോഷണം ദുഃഖം*

ഇന്ദ്രിയങ്ങളെ ഉണക്കി വരട്ടിക്കളയുന്ന തരത്തിലുള്ളതാണ് അർജുനൻ അനുഭവിക്കുന്ന ദുഃഖം. ഇഹത്തിലോ പരത്തിലോ കിട്ടാവുന്ന ഇന്ദ്രിയ സുഖങ്ങൾക്കൊന്നിനും തന്റെ ദുഃഖത്തെ ശമിപ്പിക്കാൻ കഴിവില്ലെന്നർഥം. അർജുനന്റെ മനസ്സ് അലൗകികമായ എന്തിനോ വേണ്ടി വെമ്പുകയാണ്. ദൈവീസമ്പന്നമായ അർജുനമനസ്സ് നിത്യാനിത്യങ്ങളെ വ്യക്തമായി വേർതിരിക്കുന്ന വിവേകത്തിനു വേണ്ടി നീറുകയാണ്. അതുകൊണ്ടാണത് ഇഹപര സുഖങ്ങളിൽ വിരക്തമായി അനുഭവപ്പെട്ടത്. മനസ്സിന്റെ ഏകാഗ്രത (ശമം), ഇന്ദ്രിയങ്ങളുടെ അടക്കം (ദമം), ബാഹ്യവിഷയങ്ങളിൽ കൗതുകമില്ലായ്മ

digitized by www.sreyas.in

(ഉപരതി), ക്ലേശസഹനം (തിതിക്ഷ) ഗുരുവാക്യത്തിൽ വിശ്വാസം (ശ്രദ്ധ) മനസ്സിന്റെ ലക്ഷ്യബോധം (സമാധാനം) എന്നീ സാധനഷഡ്ക സമ്പത്തിയും ആ മനസ്സിനു വന്നുചേർന്നിരിക്കുന്നു. ശ്രേയോമാർഗം തീർത്തും വ്യക്തമാക്കണമെന്നു പറഞ്ഞതുകൊണ്ടു മോക്ഷേച്ഛ ആ മനസ്സിനെ പിടികൂടിയിരിക്കുന്നുവെന്നും സ്പഷ്ടം. അങ്ങനെ ഗീത ഒന്നാമധ്യായവും രണ്ടാമധ്യായത്തിലെ ആദ്യത്തെ എട്ടു ശ്ലോകങ്ങളും അർജുനൻ ബ്രഹ്മോപദേശത്തിനു പാകമായിരിക്കുന്നു എന്നു തെളിയിക്കുന്ന ഭാഗമാണ്. ഗൃഹസ്ഥാശ്രമം സ്വീകരിച്ചു ലോകകാര്യങ്ങളിൽ മുഴുകി കഴിയുന്നവരായാലും ദൈവീസമ്പത്തു വളർത്തി ഈശ്വരവിശ്വാസത്തോടെ മോക്ഷേച്ഛ പുലർത്തുമെങ്കിൽ ബ്രഹ്മോപദേശത്തിനുള്ള പാകത ഒരു ഘട്ടത്തിൽ സ്വാഭാവികമായി വന്നു ചേരുമെന്ന് അർജുനന്റെ ജീവിതം തെളിയിക്കുന്നു.

ഇനി സത്യം തെളിഞ്ഞാലേ താൻ യുദ്ധം ചെയ്യൂ എന്നുറപ്പിച്ചുകൊണ്ട് അർജുനൻ തുടർന്നു മൗനം അവലംബിച്ചിരിപ്പായി:

സഞ്ജയ ഉവാച - സഞ്ജയൻ പറഞ്ഞു:

*9. ഏവമുക്ത്വാ ഹൃഷീകേശം ഗുഡാകേശഃ പരന്തപഃ*
*ന യോത്സ്യ ഇതി ഗോവിന്ദമുക്ത്വാ തൂഷ്ണീം ബഭൂവ ഹ*

പരന്തപഃ ഗുഡാകേശഃ - ശത്രുതാപനനായ അർജുനൻ; ഹൃഷീകേശം ഏവം ഉക്ത്വാ - കൃഷ്ണനോടിങ്ങനെ പറഞ്ഞ്; ന യോത്സ്യ ഇതി - ഞാൻ യുദ്ധം ചെയ്യുകയില്ല എന്ന്; ഗോവിന്ദം ഉക്ത്വാ - വീണ്ടും ഗോവിന്ദനോടു പറഞ്ഞിട്ട്; തൂഷ്ണീം ബഭൂവ ഹ - മൗനിയായി സ്ഥിതിചെയ്തു.

ശത്രുതാപനനായ അർജുനൻ കൃഷ്ണനോടിങ്ങനെ പറഞ്ഞശേഷം ഞാൻ യുദ്ധം ചെയ്യുകയില്ല എന്നു വീണ്ടും ഗോവിന്ദനോടു പറഞ്ഞിട്ടു മൗനമവലംബിച്ചിരിപ്പായി.

ഉപനിഷത് ശബ്ദങ്ങൾകൊണ്ട് തിരിച്ചറിയപ്പെടാവുന്നവൻ എന്നാണു ഗോവിന്ദശബ്ദത്തിനർഥം. വിചാരശീലനായ ഒരാൾക്ക് ഈ കർമരംഗം നിഷ്പ്രയോജനവും ദുഃഖപ്രദവുമാണെന്ന് ഒരു ഘട്ടത്തിൽ വ്യക്തമായി തെളിയാതിരിക്കയില്ല. ഈ തോന്നൽ അയാളെ മൗനിയും അലസനുമാക്കി ത്തീർത്തേക്കാം. വ്യക്തമായ വസ്തുബോധമാണ് ഇതിനൊരേ ഒരു പരിഹാരം. അർജുനന്റെ ഈ സ്ഥിതി ഭഗവാനു നല്ലപോലെ മനസ്സിലായി. തുടർന്നു ഭഗവാൻ എന്തുചെയ്തു എന്നാണു സഞ്ജയൻ വിവരിക്കുന്നത്:

digitized by www.sreyas.in

*10. തമുവാച ഹൃഷീകേശഃ പ്രഹസന്നിവ ഭാരത*
*സേനയോരുഭയോർമദ്ധ്യേ വിഷീദന്തമിദം വചഃ*

ഭാരത – അല്ലയോ ധൃതരാഷ്ട്രമഹാരാജാവേ; ഉഭയോഃ സേനയോഃ മദ്ധ്യേ – രണ്ടു സൈന്യങ്ങളുടെയും മധ്യത്തിൽ; വിഷീദന്തം തം – വിഷാദമഗ്നനായി നിൽക്കുന്ന അവനോട്; ഹൃഷീകേശഃ – കൃഷ്ണൻ; പ്രഹസൻ ഇവ – പുഞ്ചിരിച്ചുകൊണ്ടെന്നപോലെ പ്രസന്നനായിട്ട്; ഇദം വചഃ – ഈ വാക്കിനെ; ഉവാച – പറഞ്ഞു.

അല്ലയോ ധൃതരാഷ്ട്ര മഹാരാജാവേ, രണ്ടു സൈന്യങ്ങളുടെയും മധ്യത്തിൽ വിഷാദമഗ്നനായി നിൽക്കുന്ന അർജുനനോടു കൃഷ്ണൻ പുഞ്ചിരിച്ചുകൊണ്ടെന്നപോലെ പ്രസന്നനായിട്ട് ഇപ്രകാരം വാക്കിനെ പറഞ്ഞു.

ദേവാസുരസമ്പത്തുകളുടെ മധ്യത്തിൽ മനുഷ്യരുടെ സ്വാർഥതയും കാപട്യവും ചതിയും കണ്ടു വിഷാദിക്കുന്ന ദൈവീസമ്പന്നന് ആസുരഭാവങ്ങൾക്കെതിരായി പോരാടാൻ ശക്തിയും ധൈര്യവും നൽകിയിട്ടുള്ളത് എക്കാലവും ഭഗവാൻ തന്നെയാണ്. അർജുനന്റെ അജ്ഞതയുടെ വിഷാദം ബലമുള്ളതല്ലെന്നും തത്ത്വോപദേശംകൊണ്ടു മാറ്റാവുന്നതേയുള്ളു എന്നും ഓർത്താണ് ഭഗവാൻ പുഞ്ചിരിച്ചുപോയത്.

തുടക്കത്തിൽ ലളിതമായ ഒരു യുക്തികൊണ്ടുതന്നെ അർജുനന്റെ വിഡ്ഢിത്തം വെളിപ്പെടുത്തിക്കൊടുത്ത് അദ്ദേഹത്തെ ഊർജസ്വലനാക്കാനാണു ഭഗവാൻ യത്നിക്കുന്നത്. തത്ത്വോപദേശം യഥാർഥത്തിൽ ആരംഭിക്കുന്നതു രണ്ടാമധ്യായത്തിലെ ഈ പതിനൊന്നാം ശ്ലോകം മുതലാകയാൽ ഗീതയുടെ ഉപക്രമശ്ലോകവും ഇതുതന്നെയാണ്:

ശ്രീഭഗവാനുവാച – ഭഗവാൻ പറഞ്ഞു:

*11. അശോച്യാനന്വശോചസ്ത്വം പ്രജ്ഞാവാദാംശ്ച ഭാഷസേ*
*ഗതാസൂനഗതാസൂംശ്ച നാനുശോചന്തി പണ്ഡിതാഃ*

ത്വം – നീ; അശോച്യാൻ – ഒരിക്കലും ദുഃഖിക്കാൻ പാടില്ലാത്തവരെക്കുറിച്ച്; അന്വശോചഃ – ദുഃഖിക്കുന്നു; പ്രജ്ഞാവാദാൻ ഭാഷസേ ച – അറിവുണ്ടെന്നു തോന്നുമാറുള്ള യുക്തിവാദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു; പണ്ഡിതാഃ – അറിവുള്ളവർ; ഗതാസൂൻ അഗതാസൂൻ ച – മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും കുറിച്ച്; ന അനുശോചന്തി – ദുഃഖിക്കുന്നില്ല.

നീ ഒരിക്കലും ദുഃഖിക്കാൻ പാടില്ലാത്തവരെക്കുറിച്ച് ദുഃഖിക്കുന്നു. അറിവുണ്ടെന്നു തോന്നുമാറുള്ള യുക്തിവാദങ്ങൾ പുറപ്പെടുവിക്കയും ചെയ്യുന്നു.

digitized by www.sreyas.in

അറിവുള്ളവർ മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും കുറിച്ചു ദുഃഖിക്കുന്നില്ല.

## *പണ്ഡിതാഃ നാനുശോചന്തി*

അറിവും ദുഃഖവും ഒരിക്കലും സഹവർത്തികളല്ല. ദുഃഖിക്കുന്നുണ്ടെങ്കിൽ അറിവ് വേണ്ടവണ്ണം ആയിട്ടില്ലെന്ന് താൽപ്പര്യം. ദുഃഖംകൊണ്ട് അർജുനൻ തന്റെ അറിവ് അപൂർണമാണെന്നു വെളിപ്പെടുത്തുന്നു എന്നാണു ഭഗവാന്റെ വാദം. സൂക്ഷ്മമായി പരിശോധിച്ചാൽ ദുഃഖത്തിന്റെ കാരണം മമതയാണെന്നു കാണാൻ കഴിയും. എനിക്കോ എന്റേതിനോ കേടു പറ്റുമ്പോഴേ ദുഃഖമുള്ളൂ. എന്റേതല്ലാത്ത എന്തിനു കേടു പറ്റിയാലും അധികമാരും ദുഃഖിക്കാറില്ല. എന്നല്ല എനിക്കിഷ്ടമില്ലാത്തവർക്കു കേടു പറ്റിയാൽ സന്തോഷിക്കാറുണ്ട്. ദുഃഖത്തിനു ഹേതുവായിരിക്കുന്ന ഈ മമത അജ്ഞാനത്തിന്റെ സൃഷ്ടിയാണ്. അതുകൊണ്ടു പണ്ഡിതന്മാർ ആരെയും കുറിച്ചു ദുഃഖിക്കാറില്ല. 'പണ്ഡ' എന്ന വാക്കിന് ആത്മജ്ഞാനം എന്നാണർഥം. പണ്ഡയുള്ളവൻ പണ്ഡിതൻ. പ്രപഞ്ചമെന്ന നിലനിൽപ്പിന്റെ വസ്തുസ്വരൂപം കണ്ടറിഞ്ഞയാളാണു പണ്ഡിതൻ. സച്ചിദാനന്ദഘനമായ ആത്മവസ്തുവിൽ ഉണ്ടായി മറയുന്ന നാമരൂപമാണ് പ്രപഞ്ചത്തിലെ എല്ലാ ജഡദൃശ്യങ്ങളും. നാമരൂപങ്ങൾ അടിക്കടി പ്രത്യക്ഷപ്പെടുന്നതുകൊണ്ടോ മറയുന്നതുകൊണ്ടോ വസ്തുവിന് അണുപോലും കൂടുതലോ കുറവോ സംഭവിക്കുന്നില്ല. കുമിളകൾ പൊന്തുകയും മറയുകയും ചെയ്യുന്നതുകൊണ്ടു വെള്ളത്തിനു കൂടുതലോ കുറവോ സംഭവിക്കാറുണ്ടോ? വസ്തുവിന് ഒരു കേടും സംഭവിക്കുന്നില്ലെങ്കിൽ ഏതു പരിതസ്ഥിതിയിലും ഇവിടെ ദുഃഖിക്കാനെന്തിരിക്കുന്നു? അപ്പോൾ വസ്തു സ്ഥിതി വിചാരം ചെയ്തറിയാതെ ഉണ്ടായി മറയുന്ന ക്ഷണികങ്ങളായ ദൃശ്യങ്ങളിൽ എന്റേത് എന്റേത് എന്നിങ്ങനെ മമതാബദ്ധനായിത്തീരുന്നതാണു ദുഃഖത്തിനു കാരണം. നേരേമറിച്ച് സർവത്ര ഒരു കേടുമില്ലാത്ത ആത്മവസ്തുവിനെത്തന്നെ ദർശിക്കുന്ന പണ്ഡിതനു മമതയില്ല. അതുകൊണ്ട് ആരെക്കുറിച്ചും ദുഃഖവുമില്ല. ഇനി വെറും ലൗകികദൃഷ്ടിയിൽ നോക്കിയാൽപ്പോലും ഇവിടെ ദുഃഖത്തിനു പ്രസക്തിയില്ല. ദുഃഖം യാതൊരു പ്രശ്നവും പരിഹരിക്കുന്നില്ല. ദുഃഖിച്ചതുകൊണ്ടു മരിച്ചവർ തിരിച്ചുവരുന്നില്ല. രോഗം ഭേദമാകുന്നില്ല, നഷ്ടപ്പെട്ടതു തിരിച്ചുകിട്ടുന്നില്ല. നേരെമറിച്ച് ദുഃഖംകൊണ്ടു ജീവിച്ചിരിക്കുന്നവർ വേഗം മരണത്തോടടുക്കുന്നു; രോഗത്തിനു ശക്തി കൂടുന്നു; നഷ്ടപ്പെട്ടതു നികത്താനുള്ള കഴിവു നഷ്ട

digitized by www.sreyas.in

പ്പെടുന്നു. അപ്പോൾ ഏതു പരിതസ്ഥിതിയിലും ദുഃഖം ഒഴിവാക്കി സ്വകർത്തവ്യം തീരുമാനിച്ച് ഈശ്വരാർപ്പണബുദ്ധിയോടെ അതു നിറവേറ്റുക മാത്രമേ മനുഷ്യനു ചെയ്യാനുള്ളു. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും ദുഃഖം വന്നുപോകുന്നല്ലോ എന്നു ചിലർ പറയാറുണ്ട്. അതുകൊണ്ടുതന്നെയാണു ഭഗവാൻ ദുഃഖത്തെ 'ക്ഷുദ്രം ഹൃദയദൗർബല്യം' എന്നു ചിത്രീകരിച്ചത്. ദുഃഖം മനസ്സിനെ പാകപ്പെടുത്തുമല്ലോ എന്നും ചിലർ വാദിക്കാറുണ്ട്. പാകതയില്ലാത്ത ഹൃദയത്തിന്റെ ദൗർബല്യമാണു ദുഃഖം എന്നു മറ്റൊരു വിധത്തിൽ അവർതന്നെ സമ്മതിക്കുന്നുവെന്നേ അതിനർഥമുള്ളൂ. അതുകൊണ്ട് അജ്ഞാനജന്യവും നിഷ്പ്രയോജനവും ജീവിതത്തെ തളർത്തിക്കളയുന്നതുമായ വിഷാദത്തെ മനുഷ്യൻ വസ്തുബോധം നേടി പൗരുഷംകൊണ്ട് സർവധാ ജയിക്കണമെന്നാണു ഭഗവാൻ ഗീതയിൽ ആദ്യമായി ആവശ്യപ്പെടുന്നത്. ഭാരതീയ സംസ്കാരത്തിന്റെ കാതലായ ദർശനമാണിത്. ഇതുപദേശിക്കുന്ന കൃഷ്ണൻ ജീവിതത്തിൽ അതു പൂർണമായി നടപ്പാക്കിയ ആളുമാണ്. പുത്രന്മാരുൾപ്പെടെയുള്ള സ്വജനങ്ങൾ ഏരകപ്പുല്ലെയ്ത് ഒന്നൊന്നായി മരിച്ചു വീഴുന്നതു നോക്കിനിന്നപ്പോൾപോലും വിഷാദിക്കുകയോ ഒരു തുള്ളി കണ്ണുനീർ വീഴ്ത്തുകയോ ചെയ്ത ആളല്ല കൃഷ്ണൻ. വേദാന്തം ഒരു വിഷാദാത്മക തത്വശാസ്ത്രമാണെന്നു പുലമ്പി നടക്കുന്ന മന്ദബുദ്ധികൾ ഗീതയിലെ ഈ ഉപക്രമശ്ലോകമെങ്കിലും പഠിച്ചു വിചാരം ചെയ്യാൻ സന്നദ്ധരാകട്ടെ. അവരുടെ ജീവിതം ധന്യമാകും.

ഭീഷ്മദ്രോണാദികളെക്കുറിച്ചു ദുഃഖിക്കാൻ പാടില്ലെന്നുള്ളതിനു ഹേതു വിശദീകരിക്കുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ :-

*12. ന ത്വേവാഹം ജാതു നാസം ന ത്വം നേമേ ജനാധിപാഃ*
*ന ചൈവ ന ഭവിഷ്യാമഃ സർവേ വയമതഃ പരം.*

അഹം തു ജാതു - ഞാൻ ആകട്ടെ ഒരിക്കലും; ന ന ആസം തു ഏവ - ഇല്ലാതിരുന്നിട്ടില്ല തന്നെ; അതായത് എന്നും ഉള്ളതായിത്തന്നെ വർത്തിച്ചിരുന്നു; ത്വം ന ന (ആസീഃ) ഏവ - നീ ഇല്ലാതിരുന്നിട്ടില്ലതന്നെ; ഇമേ ജനാധിപാഃ - ഈ രാജാക്കന്മാർ; ന ആസൻ ന ഏവ - ഇല്ലാതിരുന്നിട്ടില്ലതന്നെ; വയം സർവേ - നാമെല്ലാവരും; അതഃ പരം - ഇനിമേൽ; ന ന ഭവിഷ്യാമഃ ച ഏവ - ഇല്ലാതിരിക്കുകയുമില്ലതന്നെ; അതായത് ഉള്ളതായിത്തന്നെ വർത്തിക്കുകയും ചെയ്യും.

ഞാനാകട്ടെ ഒരിക്കലും ഇല്ലാതിരുന്നിട്ടില്ലതന്നെ; നീ ഇല്ലാതിരുന്നിട്ടി



digitized by www.sreyas.in

ല്ലതന്നെ; ഈ രാജാക്കന്മാർ ഇല്ലാതിരുന്നിട്ടില്ലതന്നെ. അതായത് നാമെല്ലാം എന്നും ഉള്ളതായിത്തന്നെ വർത്തിച്ചിരുന്നു. നാമെല്ലാം ഇനിമേൽ ഇല്ലാതിരിക്കുകയുമില്ല തന്നെ. ഉള്ളതായിത്തന്നെ വർത്തിക്കുകയും ചെയ്യും.

ഒരു പദത്തോട് നിഷേധാർഥകമായ അവ്യയം രണ്ടു തവണ ചേർത്താൽ പദത്തിന്റെ പ്രകൃതാർഥം ആവർത്തിച്ചുറപ്പിക്കുന്നതിനു സമമാകും. അപ്പോൾ ഇല്ലാതിരുന്നില്ല എന്നു പറഞ്ഞാൽ തീർച്ചയായും ഉണ്ടായിരുന്നു എന്നാണർഥം. ഇല്ലാതിരിക്കുകയുമില്ല എന്നു പറഞ്ഞാൽ തീർച്ചയായും ഉണ്ടായിരിക്കും എന്നാണർഥം. അപ്പോൾ കൃഷ്ണനും അർജുനനും രാജാക്കന്മാർക്കും ഒരിക്കലും നാശമില്ല എന്ന കാര്യം ഭഗവാൻ ഇവിടെ ഉറപ്പായി പ്രഖ്യാപിക്കുകയാണ്. സത്യമിതാണെന്നു നല്ല ഉറപ്പുള്ളപ്പോൾ ഭീഷ്മദ്രോണാദികൾക്കു നാശം വരും എന്നു കരുതിയുള്ള അർജുനന്റെ ശോകം അജ്ഞതയുടെ പരിഭ്രാന്തിയാണെന്നു തീർച്ചയാണല്ലോ.

## ആത്മസ്ഥിതി

സകലരുടെയും സനാതനസ്വരൂപമായി വർത്തിക്കുന്ന ആത്മവസ്തുവിന്റെ നേർക്കാണ് ഭഗവാൻ ഈ പദ്യത്തിൽക്കൂടി വിരൽ ചൂണ്ടുന്നത്. ഒരു ജിജ്ഞാസുവിനുപോലും ഇവിടെ വ്യക്തിഘടകങ്ങളായി രണ്ടേ രണ്ടു പദാർഥങ്ങളേ കാണ്മാനുള്ളു: ഒന്ന് ആത്മാവ് അഥവാ ബോധം; രണ്ട് ജഡം. സ്വയം തന്റെ ഉണ്മയും ജഡത്തിന്റെ ഉണ്മയും അറിഞ്ഞനുഭവിക്കാൻ കഴിവുള്ള വസ്തുവാണ് ബോധം. സ്വന്തം ഉണ്മപോലും അറിയാൻ കഴിയാത്ത ശൂന്യസ്ഥിതിയാണു ജഡത്തിന്റേത്. ഈ ലളിതമായ യുക്തിതന്നെ നിലനിൽപ്പിൽ ബോധം സ്വതന്ത്രവും നിരപേക്ഷവുമാണെന്നും ജഡം അസ്വതന്ത്രവും സാപേക്ഷികവുമാണെന്നും തെളിയിക്കുന്നു. ബോധത്തിന്റെ നിരപേക്ഷ സ്ഥിതി എത്രയോ ശ്രദ്ധാലുക്കൾ സാക്ഷാൽക്കരിച്ചറിഞ്ഞിട്ടുള്ളതാണ്. കൃഷ്ണൻ സൂര്യതുല്യം ഈ വസ്തുത സാക്ഷാൽക്കരിച്ചറിഞ്ഞയാളാണ്. തന്റെ സാക്ഷാൽക്കാരാനുഭവമാണ് ഭഗവാൻ പ്രസ്തുത പദ്യത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. അർജുന, എന്റെയും നിന്റെയും ഈ രാജാക്കന്മാരുടെയും സ്വരൂപം, ബോധം അഥവാ ആത്മാവാണ്. അത് ഒരിക്കലും ജനിക്കാത്ത, നശിക്കാത്ത സനാതനവസ്തുവാണ്. ഇതറിഞ്ഞാൽ നീ ആരെക്കുറിച്ചും ഒരിക്കലും ദുഃഖിക്കുകയില്ല.

വസ്തുസ്വരൂപം സാമാന്യമായി മനസ്സിലായി. ആത്മാവ് നിത്യമാണെന്നു സമ്മതിക്കാം. പക്ഷേ ജഡശരീരങ്ങൾ ഉണ്ടായി മറയുന്നതായി

digitized by www.sreyas.in

കാണുന്നുണ്ടല്ലോ. ഇതു ദുഃഖകാരണമല്ലേ? ഈ സംശയത്തിനു സമാധാന മാണ് അടുത്ത പദ്യം.

*13. ദേഹിനോഽസ്മിൻ യഥാ ദേഹേ കൗമാരം യൗവനം ജരാ*
*തഥാ ദേഹാന്തരപ്രാപ്തിർധീരസ്തത്ര ന മുഹ്യതി*

ദേഹിനഃ - ജീവന്; അസ്മിൻ ദേഹേ - ഈ സ്ഥൂലദേഹത്തിൽ; കൗമാരം യൗവനം ജരാ - ബാല്യം, യുവത്വം, വാർധക്യം എന്നിവ; യഥാ - എങ്ങനെ സംഭവിക്കുന്നുവോ; തഥാ - അതുപോലെതന്നെ; ദേഹാന്തരപ്രാപ്തിഃ - ഈ ദേഹം വിട്ട് അന്യദേഹം കൈക്കൊള്ളുകയെന്ന ജനനവും സംഭവിക്കുന്നു; തത്ര - ഈ വിഷയത്തിൽ; ധീരഃ - സത്യമറിഞ്ഞ ബുദ്ധിമാൻ; ന മുഹ്യതി - മോഹിച്ചു തളർന്നുപോകുന്നില്ല.

ജീവന് ഈ സ്ഥൂലദേഹത്തിൽ കൗമാരം, യുവത്വം, വാർധക്യം എന്നിവ എങ്ങനെ സംഭവിക്കുന്നുവോ അതുപോലെ തന്നെ ഈ ദേഹംവിട്ട് അന്യദേഹം കൈക്കൊള്ളുകയെന്ന ജനനവും സംഭവിക്കുന്നു; ഈ വിഷയ ത്തിൽ സത്യമറിഞ്ഞ ബുദ്ധിമാൻ മോഹിച്ചു തളർന്നുപോകുന്നില്ല.

## ജീവനും ജഡവും

ബോധം, ജഡം എന്ന രണ്ടു പദാർഥങ്ങളെയാണ് നാം നിലനിൽപ്പിന്റെ ഘടകങ്ങളായി കണ്ടത്. അതിൽ ബോധസ്വരൂപം സ്വതന്ത്രവും സനാതനവു മാണെന്നു കണ്ടു. ജഡസ്വരൂപമോ? അസ്വതന്ത്രവും നിരന്തരപരിണാമിയും. നിരപേക്ഷമായ ബോധം ജഡവുമായി ബന്ധപ്പെട്ടു പരിമിതപ്പെട്ടതുപോലെ ഭവിക്കുമ്പോഴാണ് ജീവൻ എന്നറിയപ്പെടുന്നത്. ഇങ്ങനെ ജീവനെ ബന്ധി ക്കുന്ന ജഡമാണ് ശരീരം. കാരണശരീരം, സൂക്ഷ്മശരീരം, സ്ഥൂലശരീരം എന്നു മൂന്നു ശരീരങ്ങളാണ് ഒരു ജീവൻ പേറിനടക്കാനിടവരുന്നത്. ജീവന് ഉറക്കത്തിൽ അനുഭവപ്പെടുന്ന അജ്ഞാനസ്വരൂപമായ ഇരുണ്ട മറയാണ് കാരണശരീരം. വിചാരവികാര സമ്മിശ്രമായ അന്തഃകരണമാണു സൂക്ഷ്മശ രീരം. സൂക്ഷ്മശരീരത്തിന്റെ സ്വതന്ത്രമായ പ്രവർത്തനമാണ് സ്വപ്നം. മാംസാസ്ഥിമയമായ ശരീരമാണു സ്ഥൂലശരീരം. ഇതിൽ വ്യക്തമായ ജനന മരണ പ്രക്രിയയിൽക്കൂടി സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നത് ഈ സ്ഥൂലശരീരത്തെ മാത്രമാണ്. സ്ഥൂലശരീരങ്ങൾ ഉപേക്ഷിച്ചാലും ജീവന്റെ സൂക്ഷ്മകാരണശരീരങ്ങൾ ബാക്കി നിൽക്കുന്നു. ദേഹങ്ങളെല്ലാം വെടിഞ്ഞാൽ അതോടെ ജീവത്വം അവസാനിക്കും. സ്ഥൂലശരീരം വെടി ഞ്ഞാൽപ്പോലും ജീവൻ ദേഹത്തോടുകൂടിത്തന്നെ വർത്തിക്കുന്നു എന്നു

digitized by www.sreyas.in

കാണിക്കാനാണ് ഭഗവാൻ 'ദേഹീ' എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. ദേഹമുള്ളവനാണല്ലോ ദേഹി. ദേഹങ്ങളെല്ലാം ജഡങ്ങളായതുകൊണ്ടു നിരന്തര പരിണാമികളാണ്. ജനിക്കുക, നിലനിൽക്കുക, വളരുക, പരിണമിക്കുക, ക്ഷയിക്കുക, നശിക്കുക എന്നീ ആറു വികാരങ്ങൾ സൂക്ഷ്മജഡങ്ങളായ ശക്തിസ്പന്ദനങ്ങൾ മുതൽ ഇങ്ങോട്ടുള്ള എല്ലാ ജഡരൂപങ്ങളുടെയും സ്വഭാവമാണ്. ജഡത്തിന്റെ ഈ സ്വഭാവം ഒരിക്കലും മാറ്റപ്പെടാവുന്നതല്ല. ജഡം ഇങ്ങനെ മാറുന്നു എന്നുവച്ച് അതിൽ സ്ഥിതിചെയ്യുന്ന ബോധത്തിന് ഒരു മാറ്റവും സംഭവിക്കുന്നില്ല. മാറ്റമില്ലായ്മയാണല്ലോ ബോധസ്വരൂപം. ഇതു പ്രത്യക്ഷത്തിൽത്തന്നെ കാണാൻ കഴിയും. കാരണശരീരത്തിൽ പറ്റിനിന്നുറങ്ങുന്ന അതേ ബോധം തന്നെയാണു സൂക്ഷ്മശരീരത്തിൽ പറ്റിനിന്നു സ്വപ്നം കാണുന്നത്. അതു രണ്ടും കഴിഞ്ഞു സ്ഥൂലശരീരത്തെ അവലംബിച്ചു ജാഗ്രത് പ്രപഞ്ചം അനുഭവിക്കുന്നതും അതേ ബോധംതന്നെ. ഉണർന്നിരുന്നതും സ്വപ്നം കണ്ടതും ഉറങ്ങിയതും മൂന്നു ഭിന്നബോധങ്ങളാണെന്ന് ആർക്കും അനുഭവമില്ലല്ലോ. എല്ലാം 'ഞാൻ' തന്നെയാണെന്നാണ് എല്ലാവരുടെയും അനുഭവം. അതുപോലെ ഒരേ ശരീരത്തിൽ ജനനം, ബാല്യം, യൗവനം, വാർധക്യം എന്ന ദശകൾ മാറിമാറി വരുമ്പോഴും ജനനം മുതൽ ആ ദേഹത്തെ അനുഭവിക്കുന്ന ബോധത്തിനു മാറ്റം വരുന്നതായി ആരും കണക്കാക്കുന്നില്ല. ജനിച്ച ഞാൻ തന്നെയാണു മരിക്കാൻ പോകുന്നത് എന്നെല്ലാവർക്കുമറിയാം. ദേഹത്തിന്റെ മാറ്റങ്ങൾ ഇങ്ങനെ ബോധത്തെ മാറ്റിമറിക്കുന്നില്ലെങ്കിൽ ഈ സ്ഥൂലദേഹം വെടിയുന്ന മരണം കൊണ്ടും ബോധത്തിന് അഥവാ ആത്മാവിന് ഒരു കേടും വരാനില്ല. ഇക്കാര്യം യുക്ത്യനുഭവങ്ങളിൽക്കൂടി അറിഞ്ഞിട്ടുള്ള സത്യദർശി ദേഹങ്ങളുടെ നാശത്തിൽ ആരെങ്കിലും നശിച്ചുപോയി എന്നു തെറ്റിദ്ധരിച്ചു ദുഃഖിക്കാറില്ല. "അതുകൊണ്ട് അർജുന, നീയും ഭീഷ്മദ്രോണാദികൾ ദേഹങ്ങളാണെന്നു കരുതിയുള്ള ദുഃഖം മതിയാക്കൂ" എന്നാണ് ഭഗവാന്റെ നിർദേശം. 'ദേഹിക്ക് ഈ ദേഹത്തിൽ' എന്നെടുത്തു പറഞ്ഞിരിക്കുന്നതുകൊണ്ട് ഈ ദേഹമല്ലാതെ ദേഹിക്കു വേറെയും ദേഹങ്ങളുണ്ടെന്നു സൂചന.

ദേഹത്തിന്റെയും ദേഹിയുടെയും സ്വരൂപം മനസ്സിലായി. ദേഹം നിരന്തരപരിണാമിയും ദേഹി നിരപേക്ഷമായ വസ്തുസത്തയുമാണ്. എങ്കിലും ദേഹത്തിന്റെ പരിണാമഘട്ടങ്ങൾ ദേഹിയെ ദുഃഖിപ്പിക്കുന്നതായി കാണുന്നല്ലോ. ഇതിനെന്താണു പോംവഴി? ഭഗവാൻ ഈ ചോദ്യത്തിനു മറുപടി പറയുന്നു:

digitized by www.sreyas.in

*14. മാത്രാസ്പർശാസ്തു കൗന്തേയ ശീതോഷ്ണസുഖദുഃഖദാഃ*
*ആഗമാപായിനോഽനിത്യാസ്താംസ്തിതിക്ഷസ്വ ഭാരത*

കൗന്തേയ - അല്ലയോ കുന്തീപുത്രാ; മാത്രാസ്പർശാഃ തു - ഇന്ദ്രിയങ്ങളും വിഷയങ്ങളുമാകട്ടെ; ശീതോഷ്ണസുഖദുഃഖദാഃ - ശീതം, ഉഷ്ണം, സുഖം, ദുഃഖം എന്നിവയെ പ്രദാനം ചെയ്യുന്നവയും; ആഗമാപായിനഃ - വന്നും പോയുമിരിക്കുന്നവയും; അനിത്യാഃ - അനിത്യങ്ങളും ആകുന്നു; ഭാരത - അല്ലയോ അർജുന; താൻ തിതിക്ഷസ്വ - അവയെ ധീരമായി സഹിക്കൂ.

അല്ലയോ കുന്തീപുത്രാ, ഇന്ദ്രിയങ്ങളും വിഷയങ്ങളുമാകട്ടെ ശീതം, ഉഷ്ണം, സുഖം, ദുഃഖം എന്നിവയെ പ്രദാനം ചെയ്യുന്നവയും വന്നുംപോയുമിരിക്കുന്നവയും അനിത്യങ്ങളുമാകുന്നു. അതുകൊണ്ട് അല്ലയോ അർജുന, അവയെ ധീരമായി സഹിക്കൂ.

## *താംസ്തിതിക്ഷസ്വ*

ശബ്ദാദിവിഷയങ്ങളെ അളന്നു തിട്ടപ്പെടുത്തുന്നവയായതുകൊണ്ടാണ് ഇന്ദ്രിയങ്ങൾക്കു മാത്രകൾ എന്നു പേരുണ്ടായത്. ഇന്ദ്രിയങ്ങളാൽ സ്പർശിക്കപ്പെടുന്നവയായതുകൊണ്ടു ശബ്ദാദി വിഷയങ്ങൾക്കു സ്പർശങ്ങളെന്നും പേരുണ്ടായി. ഇന്ദ്രിയങ്ങളും വിഷയങ്ങളും എന്നുള്ളതുകൊണ്ടു പ്രപഞ്ചമായി കാണപ്പെടുന്ന ജഡദൃശ്യങ്ങളെ മുഴുവൻ സംഗ്രഹിച്ചിരിക്കുകയാണ്. ഇന്ദ്രിയങ്ങളില്ലെങ്കിൽ വിഷയങ്ങളോ വിഷയങ്ങളില്ലെങ്കിൽ ഇന്ദ്രിയങ്ങളോ അനുഭവപ്പെടുകയില്ല. അക്കാരണത്താൽ തന്നെ ഇന്ദ്രിയങ്ങളും വിഷയങ്ങളും ബോധതലത്തിലെ സാപേക്ഷദൃശ്യങ്ങളാണെന്നു വന്നുചേരുന്നു. ബോധത്തെ ആശ്രയിക്കുന്നില്ലെങ്കിൽ ഇവയ്ക്കു രണ്ടിനും നിലനിൽപ്പില്ലാതാകും. നേരേമറിച്ച് ഇന്ദ്രിയങ്ങളും വിഷയങ്ങളും ബോധപൂർവം അകറ്റപ്പെടുകയാണെങ്കിൽ ബോധം നിരപേക്ഷമായി സ്വയം പ്രകാശിച്ചു പൂർണമായി തെളിയും. അതുതന്നെയാണ് വസ്തു സാക്ഷാൽക്കാരം. പക്ഷേ ഇന്ദ്രിയങ്ങളെയും വിഷയങ്ങളെയും എങ്ങനെയാണകറ്റുക? അതിനുള്ള പ്രാരംഭ നടപടിയാണു ഭഗവാൻ പ്രസ്തുത പദ്യത്തിൽ വിവരിക്കുന്നത്. ഒന്നാമതായി ഇന്ദ്രിയവിഷയരൂപത്തിൽ അനുഭവപ്പെടുന്ന ദൃശ്യങ്ങളുടെ സ്വഭാവം മനസ്സിലാക്കണം. ശീതം, ഉഷ്ണം, സുഖം, ദുഃഖം എന്നിങ്ങനെ മാറിമാറി വിരുദ്ധാനുഭവങ്ങളുളവാക്കുന്നവയാണു ജഡങ്ങളായ വിഷയങ്ങൾ. ശീതം ചിലപ്പോൾ സുഖമായിരിക്കും. ചിലപ്പോൾ ദുഃഖമായിരിക്കും. ഉഷ്ണവും അതുപോലെ തന്നെ. ഇങ്ങനെ ഒരു സ്ഥിരതയുമില്ലാതെ മാറിമാറി സുഖദുഃഖങ്ങളെ ഉള

digitized by www.sreyas.in

വാക്കുന്നവയാണ് ഇന്ദ്രിയങ്ങളും വിഷയങ്ങളും. അതുപോലെ ഇന്ദ്രിയങ്ങളും വിഷയങ്ങളും വരുന്നവയും പോകുന്നവയുമാണ്. വിഷയങ്ങളുടെ ഈ ദ്വന്ദ്വാനുഭവങ്ങളും ഉൽപ്പത്തിനാശങ്ങളും അവയുടെ സ്വഭാവമാണ്. അതു മാറ്റാൻ ആർക്കും സാധ്യമല്ല. അപ്പോൾ ബോധതലത്തിൽ നിന്ന് ഇവയെ അകറ്റാൻ ആദ്യമായി വേണ്ടത് ഇവ ഉളവാക്കുന്ന സുഖദുഃഖവിരുദ്ധാനുഭവങ്ങളെ പരിഭ്രാന്തിയോ വിലാപമോ കൂടാതെ ധീരമായി സഹിക്കുക എന്നതാണ്. അപരിഹാര്യങ്ങളായ സുഖദുഃഖാനുഭവങ്ങളെ പരിഭ്രമമോ വിലാപമോ കൂടാതെ സഹിക്കുന്നതാണു തിതിക്ഷ. തിതിക്ഷപോലെ ആത്മസാക്ഷാൽക്കാരത്തിനുതകുന്ന മറ്റൊരു സാധന ഇല്ലെന്നാണ് സത്യദർശികൾ പറയുന്നത്. ശ്ലോകത്തിൽ ശീതോഷ്ണങ്ങളെ പറഞ്ഞിട്ടു വീണ്ടും സുഖദുഃഖങ്ങളെ എടുത്തു പറഞ്ഞത് സുഖദുഃഖങ്ങളെ ജനിപ്പിക്കുന്ന കാര്യത്തിൽ ശീതോഷ്ണങ്ങൾ നിയതസ്വഭാവങ്ങളല്ലാത്തതുകൊണ്ടാണ്. വിഷയങ്ങളുടെ സുഖദുഃഖോൽപ്പാദകങ്ങളായ എല്ലാ അനുഭവങ്ങളെയും ശീതോഷ്ണപദങ്ങൾകൊണ്ടു സംഗ്രഹിച്ചിരിക്കുന്നുവെന്നു കാണേണ്ടതാണ്. ലോകത്തനുഭവപ്പെടുന്ന ക്ഷണികമായ സുഖത്തിലും ദുഃഖത്തിലും ഒരേ മനോഭാവം പുലർത്തുന്നതാണ് തിതിക്ഷ. ആത്മാവു നിത്യമാണെന്നും ജഡം നിരന്തര പരിണാമിയാണെന്നും വെളിപ്പെടുത്തിയിട്ടു ജഡം ആത്മാവിലുളവാക്കുന്ന വിരുദ്ധാനുഭവങ്ങളെ മനക്ഷോഭം കൂടാതെ നേരിടാനാണു ഭഗവാൻ അർജുനനോടാവശ്യപ്പെടുന്നത്. കൗന്തേയ! ഭാരത! എന്നീ സംബോധനകൾ അർജുനന്റെ ക്ലേശസഹിഷ്ണുതയെ സൂചിപ്പിക്കുന്നവയാണ്.

ജഡവിഷയങ്ങളുളവാക്കുന്ന വിരുദ്ധാനുഭവങ്ങളെ ധീരമായി സഹിക്കാം. പക്ഷേ അതുകൊണ്ടെന്തു പ്രയോജനമാണ്? ഈ സംശയത്തിനു മറുപടി നൽകുകയാണ് അടുത്ത പദ്യത്തിൽ:

*15. യം ഹി ന വ്യഥയന്ത്യേതേ പുരുഷം പുരുഷർഷഭ*
*സമദുഃഖസുഖം ധീരം സോഽമൃതത്വായ കൽപ്പതേ*

പുരുഷർഷഭ – അല്ലയോ പുരുഷശ്രേഷ്ഠാ; ഏതേ – ഈ വിരുദ്ധങ്ങളായ വിഷയാനുഭവങ്ങൾ; സമദുഃഖസുഖം – സുഖദുഃഖങ്ങളെ തുല്യമായി കരുതുന്നവനും; ധീരം – വിഷയങ്ങളിൽ നിന്നു ബുദ്ധിയെ പിൻതിരിപ്പിച്ചവനുമായ; യം പുരുഷം – ഏതു പുരുഷനെ; ന വ്യഥയന്തി – ക്ലേശിപ്പിക്കുന്നില്ലയോ; സഃ – അവൻ; അമൃതത്വായ – ഒടുങ്ങാത്ത ബ്രഹ്മാനന്ദാനുഭവത്തിനു; കൽപ്പതേ – യോഗ്യനായി ഭവിക്കുന്നു.

digitized by www.sreyas.in

അല്ലയോ പുരുഷശ്രേഷ്ഠാ, ഈ വിരുദ്ധങ്ങളായ വിഷയാനുഭവങ്ങൾ സുഖദുഃഖങ്ങളെ തുല്യമായി കരുതുന്നവനും വിഷയങ്ങളിൽ നിന്നു ബുദ്ധിയെ പിൻതിരിപ്പിച്ചവനുമായ ഏതു പുരുഷനെ ക്ലേശിപ്പിക്കുന്നില്ലയോ അവൻ ഒടുങ്ങാത്ത ബ്രഹ്മാനന്ദാനുഭവത്തിനു യോഗ്യനായി ഭവിക്കുന്നു.

### അമൃതത്വം

'വിഷയേഭ്യഃ ധിയം രാതി ഇതി ധീരഃ'. വിഷയങ്ങളിൽനിന്നും ബുദ്ധിയെ പിൻവലിക്കുന്നവനാണു ധീരൻ. ധീരൻ അമൃതത്വത്തിനർഹനായിത്തീരുന്നു. ജഡത്തിന് അതിന്റെ ജനനമരണാദിസ്വഭാവം ഒരു കാരണത്താലും നഷ്ടപ്പെടുന്നതല്ല. ചേതനന് അതിന്റെ സത്യജ്ഞാനാനന്ദാദിസ്വരൂപങ്ങളും ഒരിക്കലും വിട്ടുപോവുകയില്ല. എന്നാൽ ജീവൻ അഥവാ ദേഹി ചേതനജഡങ്ങളുടെ സമ്മിശ്രഭാവമാണ്. മിശ്രിതവസ്തു അതിലെ ഘടകങ്ങളുടെ പൂർണസ്വരൂപം മറയ്ക്കുകയും അംശങ്ങളെ കൂട്ടിക്കലർത്തുകയും ചെയ്യുമെന്നു പറയേണ്ടതില്ലല്ലോ. അങ്ങനെ ചേതനയോട് ചേർന്നപ്പോൾ ജഡശരീരങ്ങൾക്കു ചൈതന്യവും സുഖവും പകർന്നു കിട്ടിയതുപോലെ തോന്നി. അതുപോലെ ചേതനയെ ജഡത്തിന്റേതായ ജനനമരണാദിക്ലേശങ്ങൾ ബാധിക്കുന്നതുപോലെയും തോന്നി. ഇവിടെ വലിയ നഷ്ടം സംഭവിച്ചതു ചേതനനാണ് എന്ന കാര്യം വിസ്മരിച്ചുകൂടാ. അമൃതനും ആനന്ദസ്വരൂപിയുമായ ചേതനന് തൽക്കാലത്തേക്കെങ്കിലും പൂർണരൂപം മറഞ്ഞുപോയി. മരണദുഃഖാദിവികാരങ്ങൾ തനിക്കു വന്നുചേരുന്നു എന്നു ഭ്രമിക്കേണ്ടതായും വന്നു. ഈ കുരുക്കിൽ നിന്നു രക്ഷപ്പെടാൻ ഒറ്റ മാർഗമേയുള്ളൂ. പരസ്പരം അകലുക. തന്നോടു ബന്ധപ്പെട്ടിരിക്കുന്ന ദേഹം തൊട്ടുള്ള ജഡവിഷയങ്ങളുടെ സ്വഭാവത്തിന് സ്ഥിരമായ മാറ്റം വരുത്തിയിട്ടു ചേതനന് ഒന്നും നേടാനാവില്ല. ആധുനിക ശാസ്ത്രങ്ങളും ഭൗതികവാദങ്ങളും വസ്തുസ്ഥിതി ഗ്രഹിക്കാതെ രാപകൽ കിണഞ്ഞു പരിശ്രമിക്കുന്നത് ജഡസ്വഭാവം മാറ്റിയെടുക്കാനാണ്. ശാശ്വതമായ അമൃതത്വം ചേതനന്റെ സ്വരൂപമാണ്. അതു വീണ്ടുകിട്ടാൻ ഇന്ദ്രിയ വിഷയങ്ങളുടെ രൂപത്തിൽ ചേതനസ്വരൂപത്തെ മറച്ചിരിക്കുന്ന ജഡങ്ങളെ ബോധസ്വരൂപത്തിൽ നിന്നകറ്റുകയാണ് വേണ്ടത്. സാപേക്ഷങ്ങളായ ലൗകിക സുഖദുഃഖങ്ങളെ തുല്യനിലയിൽ ഗണിച്ചു തിതിക്ഷ ദൃഢമായി അഭ്യസിക്കുന്നയാളിനു ബുദ്ധി ജഡവിഷയങ്ങളിൽ നിന്നു പിൻതിരിഞ്ഞ് ആത്മാവിന്റെ അമൃതത്വം അനുഭവിക്കാൻ കരുത്തുള്ളതായിത്തീരും. അതുകൊണ്ടാണു ഭഗവാൻ

digitized by www.sreyas.in

അർജുനനോടു ധീരനായി തിതിക്ഷ അഭ്യസിച്ച് അമൃതത്വം വരിക്കാനാവശ്യപ്പെടുന്നത്.

ജഡവിഷയങ്ങളെ അകറ്റണമെന്നും ചേതനസ്വരൂപം തെളിച്ചെടുക്കണമെന്നും പറഞ്ഞത് യുക്തിക്കു ചേരുന്നുണ്ട്. പക്ഷേ ജഡങ്ങളും നിലനിൽപ്പിന്റെ അവിഭാജ്യ ഘടകങ്ങളല്ലേ? അവയെ എങ്ങനെയാണകറ്റുക? ഒരു പൂർണസത്യദർശിയുടെ അനുഭവതലത്തിൽ നിന്നുകൊണ്ടു ഭഗവാൻ ഉത്തരം പറയുന്നതാണടുത്ത പദ്യം:

*16. നാസതോ വിദ്യതേ ഭാവോ നാഭാവോ വിദ്യതേ സതഃ*
*ഉഭയോരപി ദൃഷ്ടോഽന്തസ്ത്വനയോസ്തത്വദർശിഭിഃ*

അസതഃ - ഇല്ലാത്തതിന്; ഭാവഃ - ഉണ്മ; ന വിദ്യതേ - സംഭവിക്കുന്നില്ല; സതഃ - ഉള്ളതിന്; അഭാവഃ ഇല്ലായ്മ; ന വിദ്യതേ - സംഭവിക്കുന്നില്ല; സതഃ - ഉള്ളതിന്; അഭാവഃ - ഇല്ലായ്മ; ന വിദ്യതേ - സംഭവിക്കുന്നില്ല; തത്വദർശിഭിഃ തു - തത്വദർശികളാലാകട്ടെ; അനയോഃ ഉഭയോഃ അപി - ഉണ്മ, ഇല്ലായ്മ എന്നീ രണ്ടിന്റെയും; അന്തഃ - പരമ രഹസ്യം; ദൃഷ്ടഃ - കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

ഇല്ലാത്തതിന് ഉണ്മ സംഭവിക്കുന്നില്ല; ഉള്ളതിന് ഇല്ലായ്മ സംഭവിക്കുന്നില്ല. തത്വദർശികളാലാകട്ടെ ഉണ്മ, ഇല്ലായ്മ എന്നീ രണ്ടിന്റെയും പരമ രഹസ്യം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

## *ഉണ്മയും ഇല്ലായ്മയും*

വെളിച്ചവും ഇരുട്ടുംപോലെ പരസ്പര വിരുദ്ധങ്ങളായ ഭാവങ്ങളാണു ഉണ്മയും ഇല്ലായ്മയും. വെളിച്ചത്തിൽ നിന്ന് ഇരുട്ടോ ഇരുട്ടിൽ നിന്നു വെളിച്ചമോ ഉണ്ടാവുക വയ്യ. അതുപോലെ ഉണ്മയിൽ നിന്ന് ഇല്ലായ്മയോ ഇല്ലായ്മയിൽ നിന്ന് ഉണ്മയോ ഉണ്ടാകുക സാധ്യമല്ല. ഉള്ളതൊരിക്കലും ഇല്ലാതാവുകയില്ല. ഇല്ലാത്തതൊരിക്കലും ഉണ്ടാവുകയുമില്ല. അൽപ്പം ചിന്തിച്ചാൽ ഇത് ആർക്കും ബോധ്യപ്പെടും. അന്വേഷണത്തിന്റെ പ്രാരംഭദശയിൽ നിലനിൽപ്പിനു രണ്ടു ഘടകങ്ങൾ ഉള്ളതായി നമുക്കു തോന്നി; ബോധവും ജഡവും. ബോധം ഉണ്മയുടെയും ജഡം ഇല്ലായ്മയുടെയും രൂപമാണ്. ബോധം സ്വന്തം ഉണ്മയും ജഡങ്ങളുടെ ഉണ്മയും അനുഭവിക്കുന്നു. അതുകൊണ്ടാണിതിനെ ഉണ്മയുടെ രൂപമെന്നു പറയുന്നത്. ജഡം സ്വന്തം നിലനിൽപ്പുതന്നെ അനുഭവിക്കുന്നില്ല; അക്കാരണത്താൽ തന്നെ മറ്റെന്തിന്റെയെ

digitized by www.sreyas.in

ങ്കിലും ഉണ്മ അതിനു പ്രശ്നവുമല്ല. അതുകൊണ്ടു ജഡത്തിന്റെ രൂപം ശൂന്യം അഥവാ ഇല്ലായ്മയാണ്.

## പരമരഹസ്യം തത്വദർശികൾ അറിയുന്നു

ബോധം ഉണ്മയും ജഡം ഇല്ലായ്മയുമാണെങ്കിൽ ഇവ തമ്മിലുള്ള ബന്ധമെന്താണ്? ഈ ബന്ധം വ്യക്തമായി തിരയുന്നതുതന്നെയാണു തത്വാന്വേഷണം. ഭഗവാൻ പ്രഖ്യാപിക്കുന്നതു ഭാരതീയരായ തത്വദർശികൾ ബോധജഡങ്ങളുടെ പരമരഹസ്യം വ്യക്തമായി കണ്ടെത്തിയിട്ടുണ്ടെന്നാണ്. എന്താണാ രഹസ്യം? ബോധമാണു വസ്തു; ജഡം അതിലെ വെറും നാമരൂപങ്ങൾ. നാമരൂപങ്ങളുണ്ടെന്നു തോന്നിയാലും അവയ്ക്ക് വസ്തുവിൽ വേറിട്ട് ഉണ്മയൊന്നുമില്ല. മണ്ണിൽ കുടം, കലം എന്നിത്യാദി നാമരൂപങ്ങൾ ഉള്ളതായി നമുക്കു തോന്നുന്നു. പക്ഷേ, വസ്തുവായ മണ്ണിൽ നിന്നു ഭിന്നമായി ആ നാമരൂപങ്ങൾക്കു യാതൊരുണ്മയുമില്ലെന്നു ചിന്തിക്കുന്നവർക്കറിയാം. അതുപോലെ സൂര്യചന്ദ്രമനുഷ്യപക്ഷിമൃഗാദി സകല നാമരൂപങ്ങളും ഭിന്നമായി വസ്തുസത്തയില്ലാതെ ബോധത്തിൽ കാണുന്ന കാഴ്ചകൾ മാത്രം. ഈ കാഴ്ചകൾ എങ്ങനെയൊക്കെ വേണമെങ്കിലും മാറിമാറിവരാം. എന്നാൽ അതുകൊണ്ടൊന്നും വസ്തുവിനു യാതൊരു മാറ്റവും സംഭവിക്കുന്നില്ല. പാത്രരൂപങ്ങൾ എത്ര മാറിയാലും മണ്ണു മണ്ണായിത്തന്നെയിരിക്കുന്നതുപോലെ. ചുരുക്കത്തിൽ സിദ്ധാന്തമിതാണ്. ഇവിടെ വസ്തുവൊന്നേയുള്ളു. ബോധം. മണ്ണിൽ പാത്രനാമരൂപങ്ങളെന്നപോലെ ബോധത്തിൽ നാമരൂപങ്ങൾ പൊന്തിമറയുന്നതിനെയാണു സൃഷ്ടി പ്രളയങ്ങളെന്നും ജനനമരണങ്ങളെന്നും ഒക്കെ വ്യവഹരിക്കുന്നത്. പരമാർഥത്തിൽ ഒന്നും പുതുതായി ഉണ്ടാവുകയോ നശിക്കുകയോ ചെയ്യുന്നില്ല. ഒരേ വസ്തു വിവിധ നാമരൂപങ്ങളെ മാറ്റിമാറ്റി പ്രദർശിപ്പിക്കുന്നു. ഭാരതീയ തത്വദർശികൾ സഹസ്രാബ്ദങ്ങൾക്കു മുൻപു കണ്ടെത്തിയ ഈ വസ്തുരഹസ്യത്തിന്റെ പടിക്കൽവരെ ആധുനിക ശാസ്ത്രവും ഇന്നു ചെന്നെത്തിയിട്ടുണ്ട്. മാറിമാറി വിവിധ രൂപത്തിൽ ഉണ്ടായി മറയുന്നതൊക്കെ എനർജിയാണെന്ന് ആധുനികശാസ്ത്രം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ മാറ്ററിന്റെ സൂക്ഷ്മരൂപമാണ് എനർജി. സൂക്ഷ്മജഡമായ ഈ എനർജി ഏതു തലത്തിൽ സ്പന്ദിച്ചു മറഞ്ഞ് വീണ്ടും സ്പന്ദിക്കുന്നു എന്നേ ആധുനികശാസ്ത്രത്തിനിനി അറിയാനുള്ളു. ആ രഹസ്യവും ഭാരതീയ തത്വദർശികൾക്കു സൂര്യതുല്യം തെളിഞ്ഞിട്ടുണ്ട്. എങ്ങും നിറഞ്ഞുതിങ്ങുന്ന ഏകവും അഖണ്ഡവുമായ ബോധ

digitized by www.sreyas.in

ത്തിനുള്ളിലാണ് എനർജി സ്പന്ദിച്ചു മറഞ്ഞുകൊണ്ടിരിക്കുന്നത്. അതായതു ബോധത്തിൽ പൊന്തിവരുന്ന ആദ്യത്തെ സൂക്ഷ്മനാമരൂപമാണ് എനർജി. തുടർന്ന് അതുതന്നെ മറ്റു ജഡനാമരൂപങ്ങളായി വേർതിരിയുന്നു. ബോധമാണ് എനർജി മുതലുള്ള ജഡനാമരൂപങ്ങളായി പ്രത്യക്ഷപ്പെടുന്നതെന്നുള്ളതിന് അനിഷേധ്യമായി വല്ല യുക്തിയും പ്രദർശിപ്പിക്കാൻ പറ്റുമോ? പറ്റുമല്ലോ. പ്രപഞ്ചമെന്നത് എവിടെയും ബോധത്തിന്റെ അനുഭവമാണ്. ബോധമില്ലാത്തിടത്തും പ്രപഞ്ചമില്ല. പ്രപഞ്ചമില്ലാതെ ബോധം നിൽക്കുകയും ചെയ്യും. മണ്ണില്ലാതെ പാത്രനാമരൂപങ്ങളില്ല. എന്നാൽ പാത്രനാമരൂപങ്ങളില്ലാതെ മണ്ണിനു നിൽക്കാൻ കഴിയും. അതുകൊണ്ട് പാത്രനാമരൂപങ്ങളിൽ വസ്തു മണ്ണുമാത്രം. അതുപോലെ പ്രപഞ്ചനാമരൂപങ്ങളിലും വസ്തു ബോധം മാത്രം. ജഡനാമരൂപങ്ങളെ അകറ്റിയിട്ട് ബോധത്തിനു നിൽക്കാൻ കഴിയുമെന്ന കാര്യം ഗീത തുടർന്നു വായിക്കുന്നയാൾക്കു തെളിയുന്നതാണ്. എന്തായാലും ഭാരതീയ തത്വദർശികൾ കണ്ട ഉണ്മയുടെയും ഇല്ലായ്മയുടെയും അഥവാ ബോധത്തിന്റെയും ജഡത്തിന്റെയും പരമരഹസ്യം ഇതാണ്. ഈ പരമരഹസ്യം തെളിച്ചനുഭവിക്കാനുള്ള ഒരു സാധനയെന്ന നിലയിലാണു ധീരനായി തിതിക്ഷ അഭ്യസിച്ചുകൊണ്ടു കർമം ചെയ്യാൻ പതിനഞ്ചാം ശ്ലോകത്തിൽ ഭഗവാൻ അർജുനനോടാവശ്യപ്പെട്ടത്. ഈ അധ്യായത്തിലെ പതിനാറാം ശ്ലോകം മാത്രം നല്ലവണ്ണം മനനം ചെയ്താൽത്തന്നെ ഒരാൾക്കു സത്യം വ്യക്തമായി വെളിപ്പെട്ടു കിട്ടുന്നതാണ്.

ഉണ്മയുടെയും ഇല്ലായ്മയുടെയും അഥവാ ബോധത്തിന്റെയും ജഡത്തിന്റെയും പരമരഹസ്യം തത്വദർശികൾ കണ്ടുപിടിച്ചിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. എന്താണാ രഹസ്യം? അടുത്ത രണ്ടു പദ്യങ്ങളിൽ ബോധത്തിന്റെയും ജഡത്തിന്റെയും രഹസ്യം ഭഗവാൻ യഥാക്രമം വിവരിക്കുന്നു:

*17. അവിനാശി തു തദ്വിദ്ധി യേന സർവമിദം തതം*
*വിനാശമവ്യയസ്യാസ്യ ന കശ്ചിത് കർതുമർഹതി*

ഇദം സർവം – പ്രപഞ്ചനാമരൂപങ്ങളായിക്കാണപ്പെടുന്ന ഈ ജഡദൃശ്യങ്ങളെല്ലാം; യേന തതം – ഏതൊരു കാരണവസ്തുവിനാൽ നിറയപ്പെട്ടിരിക്കുന്നുവോ; തത് തു – അതാകട്ടെ; അവിനാശി വിദ്ധി – നാശമില്ലാത്തതാണെന്നറിയൂ; അവ്യയസ്യ അസ്യ – ഒരഴിവും സംഭവിക്കാത്ത അതിന്; വിനാശം കർതും – ഒരു കേടും വരുത്തുന്നതിന്; കശ്ചിത് ന അർഹതി – ആരും സമർഥനാകുന്നില്ല.

digitized by www.sreyas.in

പ്രപഞ്ചനാമരൂപങ്ങളായി കാണപ്പെടുന്ന ഈ ജഡദൃശ്യങ്ങളെല്ലാം ഏതൊരു കാരണവസ്തുവിനാൽ നിറയപ്പെട്ടിരിക്കുന്നുവോ അതാകട്ടെ നാശമില്ലാത്തതാണെന്നറിയൂ. ഒരഴിവും സംഭവിക്കാത്ത അതിനു കേടുവരുത്താൻ ആരും സമർഥനാകുന്നില്ല.

## *കാര്യവും കാരണവും*

ജഡനാമരൂപങ്ങൾ ഉണ്ടായി മറയുന്ന കാര്യങ്ങളാണ്. ഇവ ഏതിൽ ഉണ്ടായി മറയുന്നു എന്ന കാരണാന്വേഷണമാണു സത്യാന്വേഷണം. ഉപനിഷത്തുക്കളിൽ ശിഷ്യന്മാർ ഗുരുക്കന്മാരോടു ചോദിക്കുന്ന പ്രധാന ചോദ്യം ഇതാണ്. ഇക്കാണപ്പെടുന്ന പ്രപഞ്ചദൃശ്യങ്ങൾ ഏതിൽ നിന്നു പൊന്തിവരുന്നു; ഏതിൽ നിലനിൽക്കുന്നു; ഏതിൽ തിരിച്ചു മറയുന്നു? ബോധത്തിലാണു ജഡരൂപങ്ങൾ പൊന്തിവന്നു നിലനിന്നു മറയുന്നതെന്ന് കഴിഞ്ഞ പദ്യത്തിൽ നാം ചർച്ച ചെയ്തുറപ്പിച്ചുവല്ലോ. അതായതു പ്രപഞ്ചമായിക്കാണപ്പെടുന്ന എല്ലാ നാമരൂപങ്ങളുടെയും കാരണം ബോധമാണ്. കാര്യങ്ങൾ കാരണവസ്തുവിലെ വെറും നാമരൂപങ്ങൾ മാത്രമായതുകൊണ്ടു കാര്യങ്ങളിൽ നിറഞ്ഞു വർത്തിക്കുന്നത് കാരണം തന്നെയാണെന്നു പറയേണ്ടതില്ലല്ലോ. തിരകളിലും കുമിളകളിലും നിറഞ്ഞു വർത്തിക്കുന്നതു വെള്ളം തന്നെയാണ്. അതുകൊണ്ട് ഈ പ്രപഞ്ചത്തിൽ നിറഞ്ഞു വർത്തിക്കുന്നതാണു ബോധം. ബോധത്തിന്റെ ഈ അഖണ്ഡമായ പൂർണരൂപം സാക്ഷാൽക്കരിച്ചനുഭവിക്കുന്നതാണു സത്യസാക്ഷാൽക്കാരം അഥവാ മോക്ഷം. സാക്ഷാൽക്കരിച്ചയാളിനു തെളിഞ്ഞിട്ടുള്ള ബോധരഹസ്യമാണു ഭഗവാൻ പ്രസ്തുത ശ്ലോകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. സർവവ്യാപ്തമായ അഖണ്ഡബോധമാണു വസ്തു. അതിന് ഉൽപ്പത്തിയോ നാശമോ ഇല്ല; കൂടുതലോ കുറവോ ഇല്ല; അതിന് ഒരു കേടും വരുത്താൻ ആർക്കും സാധ്യമല്ല. ഈ നിലക്ക് അർജുന-ഭീഷ്മാദികളുടെ ബോധസ്വരൂപമായ ആത്മാവിനെ ഉദ്ദേശിച്ചാണു നീ ദുഃഖിക്കുന്നതെങ്കിൽ അതു പരമവിഡ്ഢിത്തമല്ലേ? അതുകൊണ്ട് ഈ വസ്തുത സിദ്ധാന്തപരമായി ബുദ്ധിയിലുറപ്പിച്ചുകൊണ്ട് അതനുഭവപ്പെടുന്നതുവരെ തിതിക്ഷയോടെ സ്വധർമമനുഷ്ഠിക്കുകയല്ലാതെ വേറെ ഗതിയില്ല. ബോധം പൂർണമായി സാക്ഷാൽക്കരിക്കപ്പെട്ടാൽ ഇവിടെ അതല്ലാതെ രണ്ടാമതൊരു വസ്തുവില്ലെന്നു തെളിയുകയും ചെയ്യും.

ബോധത്തിന്റെ അഥവാ ഉണ്മയുടെ പരമരഹസ്യം ഇങ്ങനെ വെളിപ്പെടുത്തിയിട്ടു ജഡത്തിന്റെ അഥവാ ഇല്ലായ്മയുടെ രഹസ്യമാണു ഭഗവാൻ

digitized by www.sreyas.in

അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:,

*18. അന്തവന്ത ഇമേ ദേഹാഃ നിത്യസ്യോക്താഃ ശരീരിണഃ*
*അനാശിനോഽപ്രമേയസ്യ തസ്മാദ്യുധ്യസ്വ ഭാരത.*

ഭാരത – അല്ലയോ അർജുനാ; നിത്യസ്യ അനാശിനഃ – നിത്യനും നാശമില്ലാത്തവനും; അപ്രമേയസ്യ – ഇന്ദ്രിയങ്ങൾകൊണ്ടോ മനസ്സുകൊണ്ടോ അളന്നു കുറിച്ചു തിട്ടപ്പെടുത്താൻ കഴിയാത്തവനുമായ; ശരീരിണഃ – ജീവാത്മാവിന്റെ; ഇമേ ദേഹാഃ – ഈ ദേഹങ്ങൾ; അന്തവന്തഃ ഉക്താഃ – അവസാനിക്കുന്നവയാണെന്നു തത്വദർശികൾ വെളിപ്പെടുത്തിയിട്ടുണ്ട്; തസ്മാത് യുധ്യസ്വ – അതുകൊണ്ട് യുദ്ധം ചെയ്യുക തന്നെ.

നിത്യനും നാശമില്ലാത്തവനും ഇന്ദ്രിയങ്ങൾകൊണ്ടോ മനസ്സുകൊണ്ടോ അളന്നു കുറിച്ചു തിട്ടപ്പെടുത്താൻ കഴിയാത്തവനുമായ ജീവാത്മാവിന്റെ ഈ ദേഹങ്ങൾ അവസാനിക്കുന്നവയാണെന്നു തത്വദർശികൾ വെളിപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു യുദ്ധം ചെയ്യുക തന്നെ.

## *ജീവാത്മാവിന്റെ ദേഹങ്ങൾ*

നിത്യനെന്നും നാശമില്ലാത്തവനെന്നും പറഞ്ഞിരിക്കുന്നതുകൊണ്ടു രോഗാദി ജീർണതയോ മരണമോ ഇല്ലാത്തവൻ എന്നു ധരിക്കേണ്ടതാണ്. അപ്രമേയൻ എന്ന പദത്തിന് ഇന്ദ്രിയാദി ജഡോപകരണങ്ങൾ കൊണ്ടൊന്നും അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തവൻ എന്നു താൽപ്പര്യം. ശരീരിയായി ഭവിച്ചിരിക്കുന്ന ജീവാത്മാവ് പരമാത്മാവിന്റെ തന്നെ ഭാഗമാണെന്നു കാണിക്കാനാണ് 'നിത്യഃ, അനാശീ, അപ്രമേയഃ' എന്നീ വിശേഷണങ്ങൾ ചേർത്തിരിക്കുന്നത്. ജീവാത്മാവിനു മാത്രമേ ശരീരാനുഭവമുള്ളു. പരമാത്മസ്ഥിതിയിൽ ദേഹാനുഭവത്തിനു പ്രസക്തിയേയില്ല. അതുകൊണ്ടാണു ജീവാത്മാവിന്റെ ഈ ദേഹങ്ങൾ എന്നു പറഞ്ഞിരിക്കുന്നത്. ഈ ദേഹങ്ങൾ അന്തമുള്ളവയാണ്. അന്തമുള്ള എന്നതിനു നശിച്ചുപോകുന്നവയെന്നോ അഥവാ ബോധത്തിന്റെ പൂർണ സാക്ഷാൽക്കാരത്തിൽ സ്വയം ഇല്ലാതായി മറയുന്നവയെന്നോ അർഥം പറയാം. സർവം ബ്രഹ്മസ്വരൂപമായി അനുഭവപ്പെടുന്നതാണല്ലോ പൂർണസാക്ഷാൽക്കാരം. അതുകൊണ്ടാണു ചേതനജഡങ്ങളെന്ന വിഭാഗംപോലും ജീവത്വം നിലനിൽക്കുന്ന ജിജ്ഞാസാദശയിലേ ഉള്ളൂ എന്നു മുൻപു സൂചിപ്പിച്ചിട്ടുള്ളത്. സത്യം തെളിയുന്നതോടെ ഇല്ലായ്മയുടെ രൂപങ്ങളായി മാറുന്ന ദേഹങ്ങളെ ചിന്തിച്ചാണ് അല്ലയോ അർജുന, നീ ഖേദിക്കുന്നത്! അതുകൊണ്ടു നിരന്തരമായ സത്യ

digitized by www.sreyas.in

വിചാരത്തോടുകൂടി സ്വധർമ്മമായ യുദ്ധം ചെയ്യാൻ എണീക്കൂ.

ഇങ്ങനെ ഉണ്മയുടെയും ഇല്ലായ്മയുടെയും അഥവാ ബോധത്തിന്റെയും ജഡത്തിന്റെയും പരമരഹസ്യം സാമാന്യമായി പ്രതിപാദിച്ചശേഷം തുടർന്നു ഇരുപത്തഞ്ചാം പദ്യംവരെ ഇതേ കാര്യം തന്നെ ഉക്തിവൈചിത്ര്യത്തോടെ വിശദമായി പ്രതിപാദിക്കുകയാണു ഭഗവാൻ. ആവർത്തിച്ചു കേൾക്കുകയും വിചാരം ചെയ്യുകയും ധ്യാനിച്ചുറപ്പിക്കുകയും ചെയ്താലേ സത്യം ബുദ്ധിക്കു തെളിയൂ. അടുത്ത രണ്ടു ശ്ലോകങ്ങൾ കഠോപനിഷത്തിലെ രണ്ടു മന്ത്രങ്ങൾ തന്നെ അൽപ്പം രൂപഭേദത്തോടെ പകർത്തിയിരിക്കുന്നവയാണ്. ഉപനിഷത്സാരമാണല്ലോ ഗീത.

*19. യ ഏനം വേത്തി ഹന്താരം യശ്ചൈനം മന്യതേ ഹതം*
*ഉഭൗ തൗ ന വിജാനീതോ നായം ഹന്തി ന ഹന്യതേ*

യഃ – ആരാണോ; ഏനം – ഈ ആത്മാവിനെ; ഹന്താരം വേത്തി – കൊല്ലുന്നവനായി അറിയുന്നത്; യഃ – ആരാണോ; ഏനം – ഈ ആത്മാവിനെ; ഹതം മന്യതേ – കൊല്ലപ്പെട്ടവനായി അറിയുന്നത്; തൗ ഉ ഭൗ – അവർ രണ്ടുപേരും; ന വിജാനീതഃ – സത്യം വേർതിരിച്ചറിയുന്നില്ല; അയം ന ഹന്തി – ഈ ആത്മാവ് കൊല്ലുന്നില്ല; ന ഹന്യതേ ച – കൊല്ലപ്പെടുന്നുമില്ല.

ആരാണോ ഈ ആത്മാവിനെ കൊല്ലുന്നവനായി അറിയുന്നത്, ആരാണോ ഈ ആത്മാവിനെ കൊല്ലപ്പെടുന്നവനായി അറിയുന്നത് അവർ രണ്ടുപേരും സത്യം വേർതിരിച്ചറിയുന്നില്ല. ഈ ആത്മാവ് കൊല്ലുന്നില്ല; കൊല്ലപ്പെടുന്നുമില്ല.

## *അജ്ഞന്റെ അനുഭവം*

ജഡചേതനവസ്തുക്കളുടെ രഹസ്യം വിചാരം ചെയ്തു വേർതിരിച്ചറിയാൻ കഴിയാത്തവർ ഇന്ദ്രിയജന്യമായ ജഡജ്ഞാനത്തെത്തന്നെ സത്യമായി കണക്കാക്കുന്നു. അതിനപ്പുറത്ത് അവർക്കൊരു സത്യം കാണ്മാനില്ല. ജഡം നശിച്ചാൽ വസ്തു നശിച്ചതായി അവർ കരുതുന്നു. ആത്മാവിനെ അറിയാതെ ഞാൻ ദേഹമാണെന്നു ഭ്രമിക്കുന്നവർ ഞാൻ കൊല്ലുന്നുവെന്നും ഞാൻ കൊല്ലപ്പെടുന്നുവെന്നും ഭ്രമിക്കുന്നു. ഇവർ സത്യം കണ്ടവരല്ല. അവർക്ക് പ്രാഥമികമായ വസ്തുബോധം പോലുമില്ല. അർജുനനോട് ഇക്കൂട്ടത്തിൽപ്പെടരുതെന്നാണു ഭഗവാൻ ആവശ്യപ്പെടുന്നത്. കഠോപനിഷ

digitized by www.sreyas.in

ത്തിലെ മന്ത്രമിതാണ്:

*ഹന്താ ചേന്മന്യതേ ഹന്തും ഹതശ്ചേന്മന്യതേ ഹതം*
*ഉഭൗ തൗ ന വിജാനീതോ നായം ഹന്തി ന ഹന്യതേ*

*കഠോ. 2.19*

"അടിക്കുന്നവൻ ഞാനിവരെ അടിക്കുമെന്നോ അടികൊണ്ടവൻ എനിക്കടി പറ്റിയെന്നോ കരുതുന്നുവെങ്കിൽ അവരിരുവരും ആത്മാവിനെ അറിയുന്നില്ല. ആത്മാവ് അടിക്കുന്നില്ല അടിയേൽക്കുന്നുമില്ല" ദേഹം തന്നെ സത്യമെന്നു കരുതുന്നവർക്കാണീ ഭ്രമമെല്ലാം.

അജ്ഞാനിയുടെ അനുഭവമിതാണെങ്കിൽ സത്യം കണ്ട ജ്ഞാനിയുടെ അനുഭവമെന്താണ്? അതാണ് ഭഗവാൻ ഇരുപതാം ശ്ലോകത്തിൽ വിവരിക്കുന്നത്:

*20. ന ജായതേ മ്രിയതേ വാ കദാചിത്*
*നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ*
*അജോ നിത്യഃ ശാശ്വതോഽയം പുരാണോ*
*ന ഹന്യതേ ഹന്യമാനേ ശരീരേ*

അയം – ഈ ആത്മാവ്; കദാചിത് ന ജായതേ – ഒരിക്കലും ജനിക്കുന്നവനല്ല; ന മ്രിയതേ വാ – മരിക്കുന്നവനുമല്ല; ഭൂത്വാ ഭൂയഃ ന ഭവിതാ വാ – ഉണ്ടായ ശേഷം പിന്നെ ഉള്ളതായി ഭവിച്ചവനുമല്ല; അയം അജഃ – ഈ ആത്മാവ് ജനിക്കാത്തവനും; നിത്യഃ ശാശ്വതഃ – മാറ്റമില്ലാത്തവനും ക്ഷയമില്ലാത്തവനുമാണ്; പുരാണഃ അയം ശരീരേ ഹന്യമാനേ – ശരീരങ്ങൾ ഉണ്ടാകുന്നതിനു മുൻപേതന്നെ ഉള്ളവനായ ഈ ആത്മാവ് ശരീരം നശിപ്പിക്കപ്പെടുമ്പോൾ; ന ഹന്യതേ – നശിപ്പിക്കപ്പെടുന്നില്ല.

ഈ ആത്മാവ് ഒരിക്കലും ജനിക്കുന്നവനല്ല, മരിക്കുന്നവനുമല്ല; ഉണ്ടായശേഷം പിന്നെ ഉള്ളവനായി ഭവിച്ചവനുമല്ല. ഈ ആത്മാവ് ജനിക്കാത്തവനും മാറ്റമില്ലാത്തവനും ക്ഷയമില്ലാത്തവനുമാണ്. ശരീരങ്ങൾ ഉണ്ടാകുന്നതിനു മുൻപേതന്നെ ഉള്ളവനായ ഈ ആത്മാവ് ശരീരം നശിപ്പിക്കപ്പെടുമ്പോൾ നശിപ്പിക്കപ്പെടുന്നില്ല.

## ജ്ഞാനിയുടെ അനുഭവം

ജഡത്തിനുണ്ടാകുന്ന പരിണാമങ്ങളൊന്നും ബോധത്തെ അഥവാ ആത്മാവിനെ സ്പർശിക്കുന്നതേയില്ലെന്നു സമഗ്രമായി പ്രതിപാദിക്കുന്ന

digitized by www.sreyas.in

താണീ പദ്യം. ജനിക്കുക, ജനിച്ചിട്ടു കുറച്ചുകാലം ഉള്ളതായി വർത്തിക്കുക, പെരുകുക, വിവിധ തരത്തിൽ രൂപഭേദങ്ങൾ ഉണ്ടാവുക, ക്ഷയിക്കുക, നശിക്കുക എന്നിങ്ങനെ ആറുതരം മാറ്റങ്ങളാണ് ജഡങ്ങൾക്കു കാണപ്പെടുന്നവ. 'ജനിക്കുന്നവനല്ല മരിക്കുന്നവനല്ല' എന്നുള്ളതുകൊണ്ട് ആദ്യത്തേയും അവസാനത്തേയും ജഡപരിണാമങ്ങളെ നിഷേധിച്ചിരിക്കുന്നു. 'ഭൂത്വാ ഭൂയഃ ന ഭവിതാ വാ' എന്ന ഭാഗംകൊണ്ട് ജനിച്ചശേഷം ഉള്ളതായി വർത്തിക്കുക എന്ന ജഡസ്വഭാവത്തെ നിഷേധിച്ചിരിക്കുന്നു. ജനിക്കാത്തവൻ എന്നു വീണ്ടും പറഞ്ഞിരിക്കുന്നത് 'പെരുകുക' എന്ന പരിണാമത്തെ നിഷേധിക്കാനാണ്. നിത്യനെന്നും ശാശ്വതനെന്നുമുള്ള വിശേഷണങ്ങൾ കൊണ്ട് രൂപഭേദങ്ങളെയും നിഷേധിച്ചിരിക്കുന്നു. പുരാണപദം കൊണ്ടു ജഡശരീരങ്ങൾ രൂപം കൊള്ളുന്നതിനു മുൻപേതന്നെ ഉള്ളവൻ എന്നു വെളിപ്പെടുത്തിയിരിക്കുന്നു. 'ദേഹം നശിച്ചാലും നശിക്കാത്തവൻ' എന്നുള്ളതുകൊണ്ടു ജഡദൃശ്യങ്ങളൊക്കെ മറഞ്ഞാലും ശേഷിക്കുന്നവൻ എന്നു അറിയിച്ചിരിക്കുന്നു. ആത്മാവിന്റെ അഥവാ ബോധത്തിന്റെ പൂർണ സാക്ഷാൽക്കാരത്തിൽ ഈ രീതിയിലൊക്കെയാണ് വസ്തുസ്വരൂപം ഒരു സത്യദർശിക്കു തെളിഞ്ഞുകിട്ടുന്നത്. കാര്യമിങ്ങനെയിരിക്കെ ഇല്ലാത്ത ജഡപ്രതിഭാസങ്ങളെ സത്യമെന്നു ഭ്രമിച്ച് അർജുനൻ ദുഃഖിക്കുന്നതു മൗഢ്യമല്ലേ എന്നാണു ഭഗവാന്റെ ആശയം.

കഠോപനിഷത്തിലെ മന്ത്രമിപ്രകാരമാണ്:

*ന ജായതേ മ്രിയതേ വാ വിപശ്ചിത്*
*നായം കുതശ്ചിന്ന ബഭൂവ കശ്ചിത്*
*അജോ നിത്യഃ ശാശ്വതോഽയം പുരാണോ*
*ന ഹന്യതേ ഹന്യമാനേ ശരീരേ*

*കഠോ. 2. 18*

സദാ സ്വരൂപാനുഭവമുള്ള ഈ ആത്മാവ് ഒരിക്കലും ജനിക്കുന്നവനല്ല, മരിക്കുന്നവനുമല്ല. ഈ ആത്മാവ് മറ്റൊരു കാരണത്തിൽ നിന്നുണ്ടായവനല്ല; തന്റെ സ്വരൂപത്തിൽ തന്നെ രൂപാന്തരം പ്രാപിച്ചവനല്ല; അതുകൊണ്ട് ഈ ആത്മാവ് അജനും നിത്യനും ശാശ്വതനുമാണ്; പണ്ടേ ഉള്ളവനാണ്. ശരീരം നശിച്ചാലും നശിക്കുന്നവനല്ല.

വസ്തുതത്ത്വം വെളിപ്പെടുത്തിയശേഷം ഈ നിലയിൽ വസ്തുബോധമുള്ളയാൾ അർജുനനെപ്പോലെ ഞാൻ കൊല്ലിക്കുന്നുവെന്നോ, ഞാൻ കൊല്ലുന്നുവെന്നോ ചിന്തിച്ച് ഒരിക്കലും ദുഃഖാർത്തനാവുകയില്ലെന്നു

digitized by www.sreyas.in

ഭഗവാൻ തുടർന്നു പ്രസ്താവിക്കുന്നു:

*21. വേദാവിനാശിനം നിത്യം യ ഏനമജമവ്യയം*
*കഥം സ പുരുഷഃ പാർഥ കം ഘാതയതി ഹന്തി കം*

പാർഥ - അല്ലയോ അർജുനാ; യഃ - ഏതൊരാൾ; അവിനാശിനം - ഒരു കേടുപാടും സംഭവിക്കാത്തവനും; നിത്യം - നാശമില്ലാത്തവനും; അജം - ജനിക്കാത്തവനും; അവ്യയം - ഒരിക്കലും കുറവു വരുത്താത്തവനുമായ; ഏനം - ഈ ആത്മാവിനെ; വേദ - അറിയുന്നുവോ; സഃ പുരുഷഃ - ആ പുരുഷൻ; കഥം കം ഘാതയതി - എങ്ങനെ ആരെ കൊല്ലിക്കാനാണ്? കം ഹന്തി - ആരെ കൊല്ലാനാണ്?

അല്ലയോ അർജുനാ, ഏതൊരാൾ ഒരു കേടുപാടും വരാത്തവനും, നാശമില്ലാത്തവനും, ജനിക്കാത്തവനും ഒരിക്കലും ഒരു കുറവും വരാത്തവനുമായ ഈ ആത്മാവിനെ അറിയുന്നുവോ ആ പുരുഷൻ എങ്ങനെ ആരെ കൊല്ലിക്കാനാണ്; ആരെ കൊല്ലാനാണ്?

കൃഷ്ണൻ കൊല്ലിക്കുന്നുവെന്നോ ആർജുനൻ കൊല്ലുന്നുവെന്നോ ധരിക്കുന്നുവെങ്കിൽ അതജ്ഞതയുടെ ഫലമാണെന്നർഥം. വസ്തു ഒന്നേയുള്ളൂ; അത് ജനിക്കാത്തതും മരിക്കാത്തതും അഴിവില്ലാത്തതുമാണെങ്കിൽ കൊല്ലിക്കുക, കൊല്ലുക എന്നതൊക്കെ അതിൽ എങ്ങനെ സംഭവിക്കാനാണ്? അഹോ! അദ്വൈതജ്ഞാനത്തിന്റെ അത്ഭുത സ്വരൂപം!

ആത്മസ്വരൂപം അഴിവില്ലാത്തതാണെങ്കിലും ജീവനു ദേഹങ്ങൾ സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യേണ്ടിവരുന്നല്ലോ. അതുതന്നെ ദുഃഖകാരണമല്ലേ? അർജുനനു തോന്നാവുന്ന ഈ സംശയത്തിനു മറുപടി പറയുകയാണു ഭഗവാൻ അടുത്ത ശ്ലോകത്തിൽ.

*22. വാസാംസി ജീർണാനി യഥാ വിഹായ*
*നവാനി ഗൃഹ്ണാതി നരോഽപരാണി*
*തഥാ ശരീരാണി വിഹായ ജീർണാ-*
*ന്യന്യാനി സംയാതി നവാനി ദേഹീ*

നരഃ - മനുഷ്യൻ; യഥാ ജീർണാനി വാസാംസി വിഹായ - എപ്രകാരമാണോ കീറിമുഷിഞ്ഞ മുണ്ടുകൾ ഉപേക്ഷിച്ച്; അപരാണി നവാനി ഗൃഹ്ണാതി - വേറെ പുതിയ മുണ്ടുകൾ മാറുന്നത്; തഥാ ദേഹീ - അപ്രകാരം ജീവൻ; ജീർണാനി ശരീരാണി വിഹായ - ഉപയോഗശൂന്യങ്ങളായ ദേഹങ്ങളെ വെടിഞ്ഞ്; അന്യാനി നവാനി സംയാതി - വേറെ പുതിയ ദേഹങ്ങൾ കൈക്കൊള്ളുന്നു.

digitized by www.sreyas.in

മനുഷ്യർ എപ്രകാരമാണോ കീറിമുഷിഞ്ഞ മുണ്ടുകളുപേക്ഷിച്ചു വേറെ പുതിയ മുണ്ടുകൾ മാറുന്നത് അപ്രകാരം ജീവൻ ഉപയോഗശൂന്യങ്ങളായ ദേഹങ്ങളെ വെടിഞ്ഞു വേറെ പുതിയ ദേഹങ്ങൾ കൈക്കൊള്ളുന്നു.

## ദേഹത്യാഗ രഹസ്യം

ദേഹം മറയ്ക്കാനാണല്ലോ വസ്ത്രം. കീറി മുഷിഞ്ഞ വസ്ത്രം കൊണ്ട് ആ പ്രയോജനം നടക്കാതാവുമ്പോൾ അതുപേക്ഷിച്ചു പുതിയ വസ്ത്രം മാറാതെ തരമില്ല. അതുപോലെ ചില പ്രത്യേക സങ്കൽപ്പങ്ങൾ സാക്ഷാൽക്കരിക്കാനാണ് ജീവൻ ഒരു സ്ഥൂലദേഹം സ്വീകരിക്കുന്നത്. ആ പ്രത്യേക സങ്കൽപ്പങ്ങൾ നിറവേറ്റുകയും പുതിയ സങ്കൽപ്പങ്ങൾ നിറവേറ്റാൻ തൽക്കാല ശരീരത്തിനു കഴിവില്ലാതെ വരികയും ചെയ്യുമ്പോഴാണ് ഇപ്പോഴത്തേതുപേക്ഷിച്ചു പുതിയ മറ്റൊരു സ്ഥൂലദേഹം സ്വീകരിക്കേണ്ടിവരുന്നത്. ചുരുക്കത്തിൽ ജീവന്റെ സ്ഥൂലദേഹങ്ങൾ മാറുന്നതു മനുഷ്യൻ മുണ്ടുമാറുന്നതുപോലെയേ കണക്കാക്കാനുള്ളു എന്നു താൽപ്പര്യം. അതുകൊണ്ടു ഭീഷ്മാദികളുടെ ദേഹനാശത്തെ ചിന്തിച്ച് അർജുനൻ ഖേദിക്കേണ്ടതായിട്ടേയില്ലെന്നാണു ഭഗവാന്റെ വാദം. ഈ ശ്ലോകവും സ്ഥൂലശരീരത്തെ മാത്രം പരാമർശിക്കുന്നതാണെന്നോർക്കണം. ജീവനു സൂക്ഷ്മ-കാരണ-ശരീരങ്ങൾ മുക്തിയിൽ മാത്രമേ വേർപെടുന്നുള്ളൂ. സൂക്ഷ്മ-കാരണ-ശരീരങ്ങളോടു കൂടിയ ജീവൻ മുണ്ടു മാറുന്നതുപോലെ മാറിമാറി ധരിക്കുന്നവയാണു സ്ഥൂലദേഹങ്ങൾ എന്നു കാണിക്കാനാണ് 'ദേഹീ' എന്ന പദം പ്രയോഗിച്ചിരിക്കുന്നത്.

സ്വതേ ആത്മാവ് അഖണ്ഡവും സനാതനവുമാണെന്നുള്ളതു ശരി. എന്നാൽ ഈ ലോകത്ത് മറ്റുള്ളവരെ നശിപ്പിക്കാൻ കഴിവുള്ള യാതൊന്നിനും ആത്മാവിനു കേടുവരുത്താൻ കഴിയുകയില്ല എന്നതു ശരിയാണോ? ആത്മദർശനം നേടാത്ത അൽപ്പബുദ്ധികൾക്കു തോന്നാവുന്ന ഈ സംശയത്തെ വ്യക്തമായും സുദൃഢമായും നിഷേധിക്കുകയാണു ഭഗവാൻ അടുത്ത രണ്ടു ശ്ലോകങ്ങളിൽ:

*23. നൈനം ഛിന്ദന്തി ശസ്ത്രാണി നൈനം ദഹതി പാവകഃ*
*ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ*

ശസ്ത്രാണി - ആയുധങ്ങൾ; ഏനം ന ഛിന്ദന്തി - ഈ ആത്മാവിനെ മുറിപ്പെടുത്തുന്നില്ല; പാവകഃ - അഗ്നി; ഏനം ന ദഹതി - ഈ ആത്മാവിനെ ദഹി

75-2006 8

digitized by www.sreyas.in

പ്പിച്ചുകളയുന്നില്ല; ആപഃ - വെള്ളം; ഏനം ന ക്ലേദയന്തി - ഈ ആത്മാവിനെ നനച്ചുകളയുന്നില്ല; മാരുതഃ - കാറ്റ്; ന ശോഷയതി - ഉണക്കിക്കളയുന്നുമില്ല.

ആയുധങ്ങൾ ഈ ആത്മാവിനെ മുറിപ്പെടുത്തുന്നില്ല; അഗ്നി ഈ ആത്മാവിനെ ദഹിപ്പിച്ചുകളയുന്നില്ല; വെള്ളം ഈ ആത്മാവിനെ നനച്ചു കളയുന്നില്ല; കാറ്റ് ഉണക്കിക്കളയുന്നുമില്ല.

ഭീഷ്മാദികളിൽ വസ്തുസ്വരൂപമായി വിളങ്ങുന്ന ആത്മാവിനെ അർജുനന്റെ ആയുധങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല എന്നു മാത്രമല്ല ഈ ലോകത്തു നാശഹേതുകമായ ഒന്നിനും ആത്മാവിൽ പ്രവർത്തിക്കാൻ കഴിയുകയില്ല എന്നു ചുരുക്കം. നാശഹേതുക പദാർഥങ്ങളൊക്കെ ജഡങ്ങളാണ്. ചേതനയെ ആശ്രയിക്കുമ്പോഴേ അവയ്ക്കു ചലനസാമർഥ്യം പോലും ലഭിക്കുന്നുള്ളു. അങ്ങനെയുള്ള ജഡങ്ങൾ ചേതനയെ എന്തു ചെയ്യാനാണ്?

ഇരുപത്തിമൂന്നാം പദ്യത്തിന്റെ ആശയവും ആത്മസ്വരൂപവും ഒന്നുകൂടി ആവർത്തിച്ചുറപ്പിക്കുകയാണു ഭഗവാൻ ഇരുപത്തിനാലാം പദ്യത്തിൽ. ആശയാവർത്തനം കൊണ്ടല്ലാതെ ആത്മതത്വം ബുദ്ധിക്കു തെളിയുകയില്ല:

*24. അച്ഛേദ്യോഽയമദാഹ്യോഽയമക്ലേദ്യോഽശോഷ്യ ഏവ ച*
*നിത്യഃ സർവഗതഃ സ്ഥാണുരചലോഽയം സനാതനഃ*

അയം അച്ഛേദ്യഃ - ഈ ആത്മാവ് മുറിക്കപ്പെടാവുന്നവനല്ല; അയം അദാ ഹ്യഃ അക്ലേദ്യഃ അശോഷ്യഃ ഏവ ച - ഇവൻ ദഹിപ്പിക്കപ്പെടാവുന്നവനല്ല, നനയ്ക്കപ്പെടാവുന്നവനല്ല, ഉണക്കപ്പെടാവുന്നവനല്ല, നിശ്ചയം ; അയം നിത്യഃ സർവഗതഃ സ്ഥാണുഃ അചലഃ സനാതനഃ - ഈ ആത്മാവ് നിത്യനും സർവത്ര നിറഞ്ഞു നിൽക്കുന്നവനും സ്ഥിരനും ചലനമില്ലാത്തവനും സദാ ഉള്ളവനും ആകുന്നു.

ഈ ആത്മാവ് മുറിക്കപ്പെടാവുന്നവനല്ല, ദഹിപ്പിക്കപ്പെടാവുന്നവനല്ല, നനയ്ക്കപ്പെടാവുന്നവനല്ല, ഉണക്കപ്പെടാവുന്നവനല്ല, നിശ്ചയം; ഈ ആത്മാവ് നിത്യനും നിറഞ്ഞു നിൽക്കുന്നവനും സ്ഥിരനും ചലനമില്ലാത്തവനും സദാ ഉള്ളവനുമാണ്.

## *ആത്മസ്ഥിതി*

ആത്മാവ് നിത്യനാണ്. അതായതു കാലം കൊണ്ടവസാനിക്കുന്നവനല്ല, സർവഗതനാണ്, അതായത് ദേശം കൊണ്ടവസാനിക്കുന്നവനല്ല. അതുകൊണ്ടുതന്നെ സ്ഥാണുവാണ്; അതായത് മറ്റൊരു നിമിത്തംകൊണ്ടും

digitized by www.sreyas.in

അവസാനിക്കുന്നവനല്ല. കാലദേശനിമിത്തങ്ങൾക്കപ്പുറമാണ് ആത്മസ്ഥിതി. കാലദേശനിമിത്തങ്ങൾക്കപ്പുറമായതുകൊണ്ട് നിർവികാരനാണ്. അതാണചലത്വം. സദാ ഉണ്മയോടുകൂടിയവനാണ് സനാതനൻ; ഇപ്പറഞ്ഞ നിലയിൽ ഒരു വസ്തുവുണ്ടെന്നു വന്നാൽപ്പിന്നെ അതല്ലാതെ രണ്ടാമതൊന്നുണ്ടെന്നോ അതിൽ നിന്നെന്തെങ്കിലും ഒന്നുണ്ടാകുമെന്നോ കരുതാൻ വയ്യ. അതുകൊണ്ട് അന്തിമവിശകലനത്തിൽ ജഡദൃശ്യങ്ങൾ മരുഭൂമിയിലെ വെള്ളം പോലെ ആത്മാവിൽ വെറുതെ ഉണ്ടെന്നു തോന്നുന്നവയാണെന്നേ കരുതാൻ പാടുള്ളു. മണ്ണിൽ പാത്രരൂപങ്ങൾപോലെയോ വെള്ളത്തിൽ കുമിളകൾപോലെയോ ബോധത്തിൽ രൂപംകൊള്ളുന്നവയാണു ജഡശരീരങ്ങൾ എന്നുപോലും കരുതിക്കൂടാ. മണ്ണ് പലതായി ഛേദിക്കപ്പെട്ടിട്ടാണ് പാത്രരൂപങ്ങൾ കൈക്കൊള്ളുന്നത്. അച്ഛേദ്യനായ ആത്മാവിൽ അതു സാധ്യമല്ലല്ലോ. വെള്ളം ചലിച്ചിട്ടാണ് കുമിളകളുടെ രൂപം കൈക്കൊള്ളുന്നത്. അചലനായ ആത്മാവിൽ അതും വയ്യല്ലോ. ആത്മസ്വരൂപത്തിനു ചലനമോ വികാരമോ ഒന്നും സംഭവിക്കാതെ അതിലുണ്ടെന്നു തോന്നുന്ന കാഴ്ചകളാണു ജഡരൂപങ്ങൾ; മരുഭൂമിയിൽ വെള്ളം തോന്നുംപോലെ, പാത്രങ്ങൾ മണ്ണിന്റെയും കുമിളകൾ വെള്ളത്തിന്റെയും പരിണാമമാണ്. ജഡമാകട്ടെ ബോധപരിണാമമല്ല; ബോധവിവർത്തമാണെന്നു താൽപ്പര്യം. കാരണത്തിൽ ചലനമോ വികാരമോ സംഭവിക്കാതെ ഉണ്ടെന്നു തോന്നുന്ന കാര്യമാണു വിവർത്തം. ജഡരൂപങ്ങളുടെ ഉൽപ്പത്തി വിവരിക്കുമ്പോൾ പാത്രങ്ങളുടെയും കുമിളകളുടെയും മറ്റും ദൃഷ്ടാന്തങ്ങൾ നൽകുന്നുണ്ട്. കാരണവും കാര്യവും രണ്ടല്ലെന്നുള്ള ആശയം വ്യക്തമാക്കാൻ വേണ്ടി അങ്ങനെ ചെയ്യുന്നുവെന്നേയുള്ളു.

സർവഗതമായി സദാ ഉള്ളതായി ഇങ്ങനെയൊരു സത്യവസ്തുവുണ്ടെങ്കിൽ എല്ലാവർക്കും എന്തുകൊണ്ടനുഭവപ്പെടുന്നില്ല? ഈ ചോദ്യത്തിനു മറുപടിയാണടുത്ത പദ്യം.

*25. അവ്യക്തോഽയമചിന്ത്യോഽയമവികാര്യോഽയമുച്യതേ*
*തസ്മാദേവം വിദിത്വൈനം നാനുശോചിതുമർഹസി*

അയം അവ്യക്തഃ - ഈ ആത്മാവ് ഇന്ദ്രിയങ്ങൾകൊണ്ടു കണ്ടെത്താവുന്ന വിധം വ്യക്തമായ രൂപത്തോടുകൂടിയവനുമല്ല; അയം അചിന്ത്യഃ - ഈ ആത്മാവ് മനസ്സുകൊണ്ട് ചിന്തിച്ചറിയാവുന്നവനുമല്ല; അയം അവികാര്യഃ ഉച്യതേ - ഈ ആത്മാവ് രൂപഭേദങ്ങളൊന്നുമില്ലാതെ എന്നും ഒരുപോലെ വർത്തിക്കുന്നവനാണെന്നു പറയപ്പെടുന്നു; തസ്മാത് - അതുകൊണ്ട്; ഏനം

digitized by www.sreyas.in

ഏവം വിദിത്വാ - ഈ ആത്മാവിനെ ഇപ്രകാരം ധരിച്ച്; അനുശോചിതും ന അർഹസി - ദുഃഖിക്കാൻ പാടില്ലാത്തതാകുന്നു.

ഈ ആത്മാവ് ഇന്ദ്രിയങ്ങൾകൊണ്ടു കണ്ടെത്താവുന്ന വിധം വ്യക്തമായ രൂപത്തോടു കൂടിയവനല്ല; ഈ ആത്മാവ് മനസ്സുകൊണ്ടു ചിന്തിച്ചറിയാവുന്നവനുമല്ല. ഈ ആത്മാവ് രൂപഭേദങ്ങളൊന്നുമില്ലാതെ എന്നും ഒരുപോലെ വർത്തിക്കുന്നവനാണെന്നു പറയപ്പെടുന്നു. അതുകൊണ്ട് ഈ ആത്മാവിനെ ഇപ്രകാരം ധരിച്ച് ദുഃഖിക്കാൻ പാടില്ലാത്തതാകുന്നു.

## *നാനുശോചിതുമർഹസി*

ബോധരൂപനായ ആത്മാവിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന വെറും ജഡോപകരണങ്ങളാണ് ഇന്ദ്രിയങ്ങളും മനസ്സും. ഇവയ്ക്ക് ആശ്രയമായ ബോധത്തെ തിരിഞ്ഞുനോക്കി കാണാൻ കഴിയുകയില്ലെന്നുള്ളതു സ്വാഭാവികമാണല്ലോ. ബോധം എന്നും രൂപം മാറാത്ത വസ്തുവായതുകൊണ്ടു രൂപം മാറിവരുമ്പോൾ എന്നെങ്കിലും കാണാം എന്നു കരുതാനും വയ്യ. ഉണ്മ അനുഭവമായിട്ടുള്ള ബോധത്തെ അറിയാൻ സ്വയം അതിനു മാത്രമേ കഴിയൂ. ജഡാനുഭവങ്ങളെ അകറ്റിയാൽ ആർക്കും സ്വസ്വരൂപമായി ബോധാനുഭവമുണ്ടാകും. അതുവരെ അത് അവ്യക്തവും അചിന്ത്യവുമാണ്. ഏതായാലും സത്യദർശികളുടെ ഈ ആത്മാനുഭവത്തിന്റെ വെളിച്ചത്തിൽ ഭീഷ്മാദികളെക്കുറിച്ചുള്ള ദുഃഖം ഒരിക്കലും ആശാസ്യമല്ലെന്നാണു ഭഗവാൻ അർജുനനെ ഉപദേശിക്കുന്നത്.

ബോധവസ്തുവിന്റെ പ്രത്യക്ഷാനുഭവം ജഡമതികൾക്ക് അസാധ്യമാണെങ്കിലും ശുഭവാസനകൾ വളർത്തി ദൈവീസമ്പന്നനായിത്തീർന്ന ഒരാൾക്കു വസ്തുസ്വരൂപം വിവരിച്ചു കേട്ടാൽ സിദ്ധാന്തപരമായി ഗ്രഹിക്കാൻ വിഷമമുണ്ടാവുകയില്ല. സിദ്ധാന്തപരമായി വസ്തുഗ്രഹണം സാധ്യമായാൽ പിന്നെ അതിന്റെ പ്രത്യക്ഷാനുഭവം ലക്ഷ്യമാക്കിക്കൊണ്ടു നിർഭയനായി അവനവന്റെ കർമമണ്ഡലത്തിൽ ചരിക്കുകയും ചെയ്യാം. ഈ ജീവിതരഹസ്യം ധരിച്ചുകൊണ്ടാണു ഭഗവാൻ കർത്തവ്യവിമൂഢനായി ശോകാതുരനായ അർജുനന് നിലനിൽപ്പിലെ വസ്തുസ്ഥിതി വിവരിച്ചുകൊടുത്തത്. കർമപഥത്തിൽ സർവഥാ ശോകം ഒഴിവാക്കുകയാണ് ഈ വസ്തുവിവരണത്തിന്റെ തൽക്കാല ലക്ഷ്യം. ശോകം മാറുന്ന മനസ്സിനു വസ്തുവിനെ എളുപ്പം സ്വാനുഭവപ്പെടുത്താൻ കഴിയും. ഇതറിയുന്ന ഭഗവാൻ താൻ

digitized by www.sreyas.in

നൽകിയ വസ്തുവിവരണത്തിൽ പൂർണ ബോധ്യം വന്നില്ലെങ്കിൽപ്പോലും ഏതു വീക്ഷണഗതിയിൽ പരിശോധിച്ചാലും ശോകം നിഷ്പ്രയോജനമെന്നു തെളിയുമെന്നാണ് ഇനി അർജുനനോടു യുക്തിയുക്തം വാദിക്കുന്നത്. ആത്മവാദം കൈവെടിഞ്ഞാൽ പിന്നെ ശേഷിക്കുന്നതു ജഡവാദം അഥവാ ഭൗതികവാദമാണ്. ഭൗതികവാദദൃഷ്ടിയിലും ശോകത്തിനു പ്രസക്തിയില്ലെന്നാണ് അടുത്ത നാലു പദ്യങ്ങൾ കൊണ്ടു വിവരിക്കുന്നത്:

*26. അഥ ചൈനം നിത്യജാതം നിത്യം വാ മന്യസേ മൃതം*
*തഥാപി ത്വം മഹാബാഹോ നൈവം ശോചിതുമർഹസി*

അഥ ച - ഇനിയും; ഏനം - ഈ ജീവനെ; നിത്യജാതം നിത്യം മൃതം വാ മന്യസേ - എന്നും ജനിച്ചും എന്നും മരിച്ചും വർത്തിക്കുന്ന ഒന്നാണ് എന്നു കരുതിയാലും; തഥാ അപി - എന്നിരുന്നാലും; മഹാബാഹോ - അല്ലയോ വീരനായ അർജുന; ത്വം ഏവം ശോചിതും ന അർഹസി - നീ ഇപ്രകാരം ശോകിക്കാൻ പാടില്ലല്ലോ.

ഇനിയും ഈ ജീവനെ എന്നും ജനിച്ചും എന്നും മരിച്ചും വർത്തിക്കുന്ന ഒന്നാണെന്നു കരുതിയാലും അല്ലയോ വീരനായ അർജുന, നീ ഇപ്രകാരം ശോകിക്കാൻ പാടില്ലല്ലോ.

## *നൈവം ശോചിതുമർഹസി*

അന്വേഷണത്തിന്റെ പ്രാരംഭഘട്ടത്തിൽ ബോധം, ജഡം എന്നു വസ്തു രണ്ടായിത്തിരിയുന്നതായി നാം കണ്ടല്ലോ. ഇതിൽ ബോധം മാത്രമാണ് സർവാശ്രയവും സ്വതന്ത്രവുമായ വസ്തുവെന്ന് കൂടുതൽ അന്വേഷിക്കുന്നവർക്കു യുക്തിക്കും അനുഭവത്തിനും തെളിഞ്ഞുകിട്ടും. പക്ഷേ അവരവരിൽത്തന്നെയുള്ള ബോധത്തെ മറ മാറ്റിക്കാണാൻ കഴിവില്ലാത്ത മന്ദബുദ്ധികൾ നിലനിൽപ്പിന്റെ ഉപരിതലത്തെ മാത്രം നോക്കിക്കണ്ടിട്ടു പൊടുന്നനെ പുറപ്പെടുവിക്കുന്ന വാദമാണ് ജഡവാദം അഥവാ ഭൗതികവാദം. അവരുടെ അഭിപ്രായത്തിൽ ജീവൻ ജഡപദാർഥങ്ങളുടെ സങ്കലനംകൊണ്ട് തൽക്കാലമുണ്ടാകുന്ന ഒരു പ്രതിഭാസം മാത്രമാണ്. എന്നാൽ ജഡപദാർഥങ്ങൾക്ക് ഉണ്മയോ സങ്കലനമോ സംഭവിക്കണമെങ്കിൽപ്പോലും ബോധത്തിന്റെ പിൻബലം വേണമെന്ന യാഥാർഥ്യം ഇക്കൂട്ടർ വിസ്മരിക്കുന്നു. അതെന്തുമാകട്ടെ; ജഡവാദികളുടെ പക്ഷത്തിൽ ജഡപദാർഥങ്ങളെപ്പോലെതന്നെ ജീവനും നിരന്തര പരിണാമിയാണ്. ഈ നിരന്തരപരിണാമിത്വം കാണിക്കാനാണ് ഭഗവാൻ 'നിത്യജാതം', 'നിത്യംമൃതം' എന്നു പറഞ്ഞിരിക്കുന്നത്.

digitized by www.sreyas.in

പ്രത്യക്ഷത്തിലുള്ള ജനനമരണങ്ങൾ പരിണാമഗതിയിലെ നിരന്തര ജനന മരണങ്ങളുടെ ചില ഘട്ടങ്ങൾ മാത്രമാണെന്നു കാണാൻ പ്രയാസമില്ലല്ലോ. എല്ലാ ഭൗതികപദാർഥങ്ങളും നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്നു. അതായത് ഈ നിമിഷത്തെ രൂപംമാറി അടുത്ത നിമിഷം മറ്റൊരു രൂപം കൈക്കൊള്ളുന്നു. ഇതുതന്നെയാണു നിത്യജനനവും നിത്യമരണവും. ജീവൻ ഒരു ഭൗതിക പ്രതിഭാസമാണെങ്കിൽ അതിന്റെയും സ്വഭാവം നിത്യ ജനനവും നിത്യമരണവുമാകാതെ തരമില്ല. ഇതാർക്കും മാറ്റിമറിക്കാനും കഴികയില്ല. ഭീഷ്മാദികളുടെയും മാറ്റാൻ കഴിയാത്ത സ്ഥിതി നിത്യജന നവും നിത്യമരണവുമാണെങ്കിൽ അവരുടെ മരണത്തെക്കുറിച്ച് അർജുനൻ ശോകാതുരനായിട്ടു കാര്യമില്ലല്ലോ എന്നാണു ഭഗവാന്റെ വാദം.

ഭീഷ്മാദികൾ നിത്യജാതന്മാരും നിത്യമൃതന്മാരുമായിക്കൊള്ളട്ടെ. എങ്കിലും അവരുടെ മരണത്തിനു ഞാൻ കാരണക്കാരനായിത്തീരണമോ എന്ന സംശയം അർജുനനുണ്ടാകും. അതിനു മറുപടിയാണ് ഇരുപത്തേഴാം പദ്യം.

*27. ജാതസ്യ ഹി ധ്രുവോ മൃത്യുർധ്രുവം ജന്മ മൃതസ്യ ച*
*തസ്മാദപരിഹാര്യേഽർഥേ ന ത്വം ശോചിതുമർഹസി*

ഹി – എന്തെന്നാൽ; ജാതസ്യ മൃത്യുഃ ധ്രുവഃ – ജനിച്ചവനു മരണം നിശ്ചയ മാണ്; മൃതസ്യ ജന്മ ച ധ്രുവം – മരിച്ചവനു ജനനവും നിശ്ചയമാണ്; തസ്മാത് അപരിഹാര്യേ അർഥേ – അതുകൊണ്ടു പരിഹാരമില്ലാത്ത കാര്യ ത്തിൽ; ത്വം ശോചിതും ന അർഹസി – നീ ദുഃഖിക്കാൻ പാടില്ല.

എന്തെന്നാൽ ജനിച്ചവനു മരണം നിശ്ചയമാണ്. മരിച്ചവനു ജനനവും നിശ്ചയമാണ്. അതുകൊണ്ടു പരിഹാരമില്ലാത്ത കാര്യത്തിൽ നീ ദുഃഖിക്കാൻ പാടില്ല.

## ജനനവും മരണവും

ഭൗതികജീവിതമെന്ന ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണു ജന നവും മരണവും. ഭൗതിക പ്രപഞ്ചത്തിൽപ്പോലും ആത്യന്തികമായ വസ്തു നാശം ഒരിടത്തും സംഭവിക്കുന്നില്ല. എവിടെയും രൂപപരിണാമം മാത്രമേ സംഭവിക്കുന്നുള്ളു. എന്തും തൽക്കാലരൂപം മാറ്റിയാൽ അത് മറ്റൊരു രൂപം കൈക്കൊള്ളുക തന്നെ ചെയ്യും. തൽക്കാലരൂപം മാറുന്നതു മരണം. പുതിയ രൂപം കൈക്കൊള്ളുന്നതു ജനനം. ലോകത്തുള്ള ജഡരൂപം പാടേ മാറിയാൽ അതു എനർജിയുടെ രൂപം കൈക്കൊള്ളും; എനർജി രൂപം മാറി

digitized by www.sreyas.in

യാൽ ജഡരൂപം പ്രത്യക്ഷപ്പെടും. ഇവിടെ ജഡം മരിച്ചുവെന്നോ എനർജി ജനിച്ചുവെന്നോ ഒക്കെ വ്യവഹരിക്കാവുന്നതാണ്. സത്യമാലോചിച്ചാൽ ഒന്നും മരിക്കുന്നില്ല ഒന്നും ജനിക്കുന്നുമില്ല. ഒരേ വസ്തു വിവിധ രൂപങ്ങൾ പ്രകടമാക്കുന്നു, മറയ്ക്കുന്നു. ഒരു നടൻ വിവിധ വേഷങ്ങൾ കെട്ടുകയും അഴിക്കുകയും ചെയ്യുന്നതുപോലെ. എന്തായാലും ഒരു രൂപം മാറാതെ മറ്റൊരു രൂപം ആവിർഭവിക്കുകയോ പുതിയ രൂപം ആവിർഭവിക്കാതെ പൂർവരൂപം മാറുകയോ ചെയ്യുകയില്ല. ഭൗതിക ജഗത്തിലെ അലംഘനീയ നിയമമാണിത്; മരിക്കുന്നതു ജനിക്കും ജനിക്കുന്നതു മരിക്കുകയും ചെയ്യും. പുനർജന്മവാദത്തെ നിഷേധിക്കുന്ന മന്ദബുദ്ധികൾ അതിന്റെ ശാസ്ത്രീയ മായ അടിത്തറ ഭൗതികപ്രപഞ്ചത്തിലെ ഈ അനിഷേധ്യ നിയമമാണെ ന്നോർക്കണം. അപ്പോൾ ഭീഷ്മാദികൾ ജനിച്ചവരാണെങ്കിൽ അവർക്കു മരിച്ചേ തീരൂ. അർജുനൻ കൊന്നില്ലെങ്കിലും അവർ മരിക്കും. അവരുടെ മരണം പാടേ ഒഴിവാക്കാൻ അർജുനനു സാധ്യമേയല്ല. അപരിഹാര്യമായ മരണം അവർക്കു സംഭവിക്കുമെന്നിരിക്കെ അതിൽ മമതാബദ്ധനായി ദുഃഖിച്ചു സ്വധർമാനുഷ്ഠാനത്തിൽ നിന്നും പിന്മാറി സമൂഹത്തിനും തനിക്കും പതനം വരുത്തുകയാണോ നല്ലതെന്നാലോചിക്കാനാണ് അർജു നനോടു ഭഗവാൻ ആവശ്യപ്പെടുന്നത്.

മേൽപ്പറഞ്ഞ ഭൗതികനിയമങ്ങളൊക്കെ ശരിതന്നെ. എങ്കിലും തൽ ക്കാലം ഭീഷ്മാദികൾ എന്റെ കൈകൊണ്ടു മരിക്കുന്നതു ഞാൻ കാണേണ്ടി വരുമല്ലോ എന്നിങ്ങനെ അർജുനനു തോന്നാവുന്ന സംശയത്തിനാണു ഭഗ വാൻ തുടർന്നു മറുപടി പറയുന്നത്:

*28. അവ്യക്താദീനി ഭൂതാനി വ്യക്തമധ്യാനി ഭാരത*
*അവ്യക്തനിധനാന്യേവ തത്ര കാ പരിദേവനാ?*

ഭാരത – അല്ലയോ അർജുനാ; ഭൂതാനി അവ്യക്താദീനി – ജഡശരീരങ്ങളുടെ ആദി അവ്യക്തമാണ്; വ്യക്തമധ്യാനി – മധ്യം മാത്രമേ വ്യക്തമായുള്ളു; അവ്യക്ത നിധനാനി ഏവ – അന്ത്യവും അവ്യക്തം തന്നെയാണ്; തത്ര പരി ദേവനാ കാ – ഇക്കാര്യത്തിൽ ശോകവിലാപങ്ങൾക്കു പ്രസക്തി എവിടെ?

അല്ലയോ അർജുനാ, ജഡശരീരങ്ങളുടെ ആദി അവ്യക്തമാണ്, മധ്യം മാത്രമേ വ്യക്തമായുള്ളൂ; അന്ത്യവും അവ്യക്തം തന്നെയാണ്. ഇക്കാര്യ ത്തിൽ ശോകവിലാപങ്ങൾക്കു പ്രസക്തിയെവിടെ?

digitized by www.sreyas.in

## *അവ്യക്തം*

ശക്തിസ്പന്ദനം മുതൽ സൂര്യചന്ദ്രാദി സൗരയൂഥഘടകങ്ങൾ വരെ ഉണ്ടായി മറയുന്നവ ജഡപ്രതിഭാസങ്ങളാണ്. ഇവ എവിടെനിന്നുണ്ടാകുന്നു വെന്നും എവിടെ തിരിച്ചു ലയിക്കുന്നു എന്നും പുറമേ അന്വേഷിച്ച ആർക്കും ഇന്നുവരെ പിടികിട്ടിയിട്ടില്ല. ഇനി ഒട്ടു പിടികിട്ടുകയുമില്ല. ആദി അറിഞ്ഞു കൂടാ, അന്തവും അറിഞ്ഞുകൂടാ, ഇടയ്ക്കുള്ള 'മധ്യഘട്ടം' മാത്രമേ അറിയൂ. ഈ സ്ഥിതിയിൽ പരിദേവനം ചെയ്യുന്നതു മൗഢ്യമല്ലേ? ധീരനാണെങ്കിൽ കരയാതെ ഇവയുടെ ആദ്യന്തങ്ങൾ കണ്ടുപിടിക്കുകയാണു വേണ്ടതെ ന്നർഥം. അജ്ഞതയുടെ കൂരിരുട്ടിൽ കണ്ണുനീർ വാർക്കാതെ ശോകമുപേ ക്ഷിച്ചു വസ്തു തിരയുകയാണു വേണ്ടത്. ഒരാൾക്കു സ്വതഃസിദ്ധമായ കർമ മണ്ഡലമുപേക്ഷിച്ചിട്ടു വസ്തു തിരയാനൊട്ടു പറ്റുകയുമില്ല. അതുകൊണ്ടു ധൈര്യപൂർവം സ്വധർമമനുഷ്ഠിച്ചുകൊണ്ടു വസ്തു തിരയൂ എന്നു താൽപ്പ ര്യം. അവ്യക്തം എന്നതിന് ജഗദീശശക്തിയായ 'മായ' എന്നും അർഥമുണ്ട്. പരമാത്മാവിൽ സ്പന്ദിച്ചുയരുന്ന മായാശക്തിയാണ് വസ്തുസ്വരൂപത്തിൽ ഒരു കേടും സംഭവിക്കാതെ, മരുഭൂമിയിലെ ജലംപോലെ പ്രപഞ്ച ജഡദൃ ശ്യങ്ങളെ ഉണ്ടാക്കിക്കാണിക്കുന്നത്. മായ സ്പന്ദിച്ചുയർന്നാൽ ആദ്യമായി ചെയ്യുന്നത് സത്യസ്വരൂപത്തെ മറച്ച് ഒരവ്യക്തദശ ഉളവാക്കുകയാണ്. ഇതാണു മായയുടെ ആവരണം. തുടർന്നു പ്രാണനെയും (എനർജി) സൂര്യ ചന്ദ്രാദി വിവിധ ജഡദൃശ്യങ്ങളെയും ഉണ്ടാക്കിക്കാണിക്കുന്നു. ഇതാണു മായ യുടെ വിക്ഷേപം. വിക്ഷേപങ്ങളൊക്കെ മറഞ്ഞാൽ വീണ്ടും ആവരണം അഥവാ അവ്യക്തദശ. ഈ സൃഷ്ടിപ്രളയങ്ങളുടെ ഒരു ചെറിയ മാതൃക യാണ് വ്യക്തിബോധത്തിലെ ഉറക്കവും ഉണർവും. ഉറക്കത്തിൽ വ്യക്തി ബോധം നഷ്ടമാകുന്നു എന്നാരും പറയുകയില്ലല്ലോ. അപ്പോൾ ഉറക്കത്തിൽ ബോധവും അതിനെ മൂടിയിരിക്കുന്ന അവിദ്യയുടെ ഇരുണ്ട മറയുമാണുള്ള ത്. ഇതു തന്നെയാണു വ്യക്തിബോധത്തിലെ അവ്യക്തദശ. ഈ അവ്യക്ത ത്തിൽ നിന്നാണല്ലോ ഉണരുമ്പോൾ മനസ്സും ഇന്ദ്രിയങ്ങളും വിഷയാനുഭവ ങ്ങളും രൂപംകൊള്ളുന്നത്. വീണ്ടും ഉറക്കത്തിൽ അവയെല്ലാം അവ്യക്ത ത്തിൽ ലയിക്കുകയും ചെയ്യുന്നു. പരമാത്മാവിൽ പ്രപഞ്ചസൃഷ്ടിക്കായി മായ അവ്യക്തദശയുളവാക്കുന്നു; വ്യക്തിബോധത്തിൽ മായയുടെ അംശ മായ അവിദ്യ ലോകാനുഭവത്തിനായി അവ്യക്തദശയുളവാക്കുന്നു. മായ യുടെ പ്രകടഭാവം അവ്യക്ത ദശയിലാരംഭിക്കുന്നതുകൊണ്ടാണു മായക്ക് അവ്യക്തമെന്ന പേരുണ്ടായത്. ഇടക്കാലത്തുമാത്രം ഉണ്ടെന്നു തോന്നുന്ന

digitized by www.sreyas.in

പ്രപഞ്ച ഘടകങ്ങൾ മായയിൽ ഉണ്ടായി മറയുന്ന വെറും കാഴ്ചകളാണ്. ആദ്യവും അവസാനവും ഏതില്ലാത്തതായി അനുഭവപ്പെടുന്നുവോ അത് മധ്യകാലത്ത് ഉള്ളതായി തോന്നിയാൽപ്പോലും യഥാർഥത്തിൽ ഇല്ലാത്ത താണെന്നറിയേണ്ടതാണ്. ജഡദൃശ്യങ്ങൾ വസ്തുവിലെ മായാപ്രകടന ങ്ങൾ മാത്രമാണെന്നു വിളിച്ചറിയിക്കുന്ന ഹേതുവാണു ആദിയിലും അന്ത്യ ത്തിലുമുള്ള അവ്യക്തദശ. അതുകൊണ്ടു ജഡശരീരങ്ങളെച്ചൊല്ലിയുള്ള അർജുനന്റെ പരിദേവനം ഭൗതികവാദ ദൃഷ്ടിയിൽപ്പോലും ഒരു തരത്തിലും യുക്തിസഹമല്ലെന്നു ചുരുക്കം.

ജഡവാദികളായ ഭൗതികന്മാർക്ക് ഈ പ്രപഞ്ചം എന്നും അനിർവച നീയമായ ആശ്ചര്യമായിത്തന്നെ അവശേഷിക്കും. ഉള്ളിലേക്കു നോക്കാതെ പുറമേ ചുറ്റിത്തിരിയുന്നിടത്തോളം ജീവാത്മാവിന്റെ രഹസ്യം ഒരിക്കലും അവരറിയാൻ പോകുന്നില്ല. ആ സ്ഥിതിക്കു പരിദേവനം ചെയ്യാതെ സ്വധർമ മനുഷ്ഠിച്ചുകൊണ്ടു സത്യം തിരയൂ എന്നാണ് ഭഗവാൻ അർജുനനോടു വീണ്ടും ആവശ്യപ്പെടുന്നത്:

*29. ആശ്ചര്യവത് പശ്യതി കശ്ചിദേന-*
*മാശ്ചര്യവദ്വദതി തഥൈവ ചാന്യഃ*
*ആശ്ചര്യവച്ചൈനമന്യഃ ശൃണോതി*
*ശ്രുത്വാപ്യേനം വേദ ന ചൈവ കശ്ചിത്*

കശ്ചിത് - ഒരുവൻ; ഏനം - ഈ ജീവനെ; ആശ്ചര്യത് പശ്യതി - ഒരദ്ഭുതവ സ്തുവിനെപ്പോലെ നോക്കിനിൽക്കുന്നു; തഥാ ഏവ അന്യഃ - അപ്രകാരം തന്നെ മറ്റൊരുവൻ; ആശ്ചര്യവത് വദതിച - അത്ഭുതവസ്തുവിനെപ്പോലെ അതിനെക്കുറിച്ചു വിവരിക്കുകയും ചെയ്യുന്നു; അന്യഃ ഏനം ആശ്ചര്യവത് ശൃണോതി - വേറൊരാൾ ആശ്ചര്യവസ്തുവിനെപ്പോലെ ഇതിനെക്കുറിച്ചു കേൾക്കുന്നു; കശ്ചിത് ഏനം ശ്രുത്വാ അപി ന ഏവ വേദ ച - ഇനിയും ഒരാൾ ഇതിനെക്കുറിച്ചു കേട്ടാൽപ്പോലും അറിയുന്നവനായി ഭവിക്കുന്നതേ യില്ല.

ഒരുവൻ ഈ ജീവനെ ഒരൽഭുതവസ്തുവിനെപ്പോലെ നോക്കി നിൽക്കുന്നു; അപ്രകാരം തന്നെ മറ്റൊരുവൻ ഒരൽഭുതവസ്തുവിനെപ്പോലെ അതിനെക്കുറിച്ചു വിവരിക്കുകയും ചെയ്യുന്നു; വേറൊരാൾ ആശ്ചര്യവസ്തു വിനെപ്പോലെ ഇതിനെക്കുറിച്ചു കേൾക്കുന്നു; ഇനിയും ഒരാൾ ഇതിനെക്കു റിച്ചു കേട്ടാൽപ്പോലും അറിയുന്നവനായി ഭവിക്കുന്നതേയില്ല.

digitized by www.sreyas.in

## ആശ്ചര്യം

പുറമേ ചുറ്റിത്തിരിയുന്ന ഭൗതികവാദികൾക്കു കാഴ്ചയിലും വിവരണത്തിലും കേൾവിയിലും ഒക്കെ പ്രപഞ്ചം ആശ്ചര്യമായേ അനുഭവപ്പെടൂ. എത്ര കണ്ടാലും എത്ര പറഞ്ഞാലും എത്ര കേട്ടാലും അവർക്ക് വസ്തുതത്വം പിടികിട്ടുകയേയില്ല. ഐൻസ്റ്റീനെയും ന്യൂട്ടനെയും പോലെയുള്ള മഹാന്മാരായ ഭൗതികശാസ്ത്രകാരന്മാരുടെ വാക്കുകൾ ഈ ഗീതാശ്ലോകത്തിന്റെ താൽപ്പര്യം ദൃഢപ്പെടുത്തുന്നവയാണ്. ഇക്കാലത്തും ഉന്നതന്മാരായ ഭൗതികശാസ്ത്രജ്ഞന്മാരെല്ലാം, ജീവപ്രപഞ്ചത്തെ നോക്കി ആശ്ചര്യം, ആശ്ചര്യമെന്നുതന്നെ ഉരുവിട്ടുകൊണ്ടിരിക്കുകയാണ്. ജീവനെ പരീക്ഷണശാലയിൽ നിർമിക്കുന്നുണ്ടല്ലോ എന്ന് ചിലർ ചോദിച്ചേക്കാം. ഏതു പദാർഥത്തിലും തങ്ങിനിൽക്കുന്ന പ്രാണൻ (എനർജി) ഉള്ളിടത്തോളം ജീവനെ നിർമിക്കാൻ എന്താണു പ്രയാസം? പക്ഷേ ജീവപ്രപഞ്ചത്തിന് മുഴുവൻ ആശ്രയമായ പ്രാണന്റെ ഉറവിടം അറിയാത്തിടത്തോളം കോടിക്കണക്കിനു ജീവന്മാരെ നിർമിക്കാൻ കഴിഞ്ഞാലും ആശ്ചര്യം അവശേഷിക്കുകയേ ഉള്ളൂ. ഇങ്ങനെയുള്ള പ്രപഞ്ചത്തിൽ എന്തിനെയെങ്കിലും കുറിച്ചു ദുഃഖിച്ചിട്ടെന്തു ഫലം എന്നാണു ഭഗവാന്റെ ആശയം.

ആശ്ചര്യം അഥവാ അൽഭുതം അജ്ഞതയുടെ ഫലമാണ്; വസ്തുസ്ഥിതി കണ്ടെത്തുമ്പോൾ എവിടെയും ആശ്ചര്യം പാടേ മാറിക്കിട്ടുകയാണ്. ആത്മസാക്ഷാൽക്കാരം നേടിയവർ ഒന്നിലും ആശ്ചര്യപ്പെടാറില്ല. ആശ്ചര്യം അജ്ഞാനഫലമാണെന്നുള്ളതുകൊണ്ടാണ് ഇരുപത്തൊൻപതാം ശ്ലോകത്തെ ഭൗതികവാദപരമായി വ്യാഖ്യാനിച്ചിരിക്കുന്നത്. എന്നാൽ ശ്രീശങ്കരഭഗവദ്പാദർ ഭാഷ്യത്തിലും തുടർന്നു മിക്കവാറും എല്ലാം വ്യാഖ്യാതാക്കളും ആത്മദർശനപരമായിട്ടാണീ ശ്ലോകം വ്യാഖ്യാനിച്ചിരിക്കുന്നത്. കഠോപനിഷത്ത് ആത്മാവിനെക്കുറിച്ചു പറയുന്നയാളും ആത്മാവിനെ അറിയുന്നയാളും ആശ്ചര്യപുരുഷനാണെന്നു പറഞ്ഞിട്ടുണ്ട്. അതിനർഥം, പറയുന്നയാളിനും കണ്ടയാളിനും ആശ്ചര്യമുണ്ടെന്നല്ല, മറ്റുള്ളവരുടെ കണ്ണിൽ അവർ ആശ്ചര്യപുരുഷന്മാരായിത്തീരുന്നു എന്നാണ്. എന്തായാലും ആത്മദർശനപരമായി വ്യാഖ്യാനിക്കുകയാണെങ്കിൽ ഇരുപത്തെട്ടാം പദ്യത്തിൽ ഭൗതികവാദം ഉപസംഹരിച്ചിട്ടു ഭഗവാൻ ഇരുപത്തൊൻപതിൽ ആത്മവാദത്തിലേക്കു വീണ്ടും കടന്നതായി കരുതണം. അപ്പോൾ ഇങ്ങനെ വേണം അർഥം പറയാൻ:

digitized by www.sreyas.in

ഒരാൾ ഈ ആത്മാവിനെ ഒരൽഭുതവസ്തുവിനെപ്പോലെ കണ്ടെത്തുന്നു. അപ്രകാരം തന്നെ മറ്റൊരാൾ ഒരൽഭുതവസ്തുവിനെപ്പോലെ ഇതിനെക്കുറിച്ചു വിവരിക്കുന്നു. വേറൊരാൾ അൽഭുതവസ്തുവിനെപ്പോലെ ഇതിനെക്കുറിച്ച് കേൾക്കുന്നു. ഇനിയുമൊരാൾക്കു കേട്ടാലും ഇതിനെക്കുറിച്ചറിയാൻ കഴിയുന്നില്ലതന്നെ (ആത്മലാഭം ദുർല്ലഭമെന്നു ചുരുക്കം).

ആത്മതത്വം ഗ്രഹിക്കാൻ കഴിവില്ലാത്തവർ ഉന്നയിക്കുന്ന ഭൗതികവാദത്തെ ഭഗവാൻ വാദത്തിനുവേണ്ടി തൽക്കാലം സമ്മതിച്ചുകൊണ്ട് അൽപ്പനേരം സംസാരിച്ചുവെന്നേയുള്ളു. സൂര്യതുല്യം അനുഭവിക്കുന്ന ആത്മാവിനെക്കുറിച്ചു സംശയമുണ്ടായിട്ടല്ല. ഏതു വാദമവലംബിച്ചാലും അർജുനൻ ക്ഷുദ്രമായ ശോകം ഉപേക്ഷിക്കുമെങ്കിൽ ഉള്ളിൽ സത്യം കണ്ടെത്താൻ സമർഥനായിത്തീരുമെന്നു ഭഗവാനറിയാം. അതുകൊണ്ടു ശോകം എല്ലാ വീക്ഷണഗതിയിലും ക്ഷുദ്രമാണെന്നു കാണിക്കാൻ ഇടക്കുവച്ചു വാദമൊന്നു മാറ്റിയെങ്കിലും അർജുനനിൽ പരമസത്യം ഉറപ്പിക്കാനായി ഭഗവാൻ ആത്മവാദത്തിലേക്കു മടങ്ങുകയാണു മുപ്പതാം പദ്യത്തിൽ:

*30. ദേഹീ നിത്യമവധ്യോऽയം ദേഹേ സർവസ്യ ഭാരത*
*തസ്മാത് സർവാണി ഭൂതാനി ന ത്വം ശോചിതുമർഹസി*

ഭാരത - അല്ലയോ അർജുനാ; സർവസ്യ ദേഹേ - എല്ലാ ജീവികളുടെയും ദേഹത്തിൽ; അയം ദേഹീ - ഈ ആത്മാവ്; നിത്യം അവധ്യഃ - ഒരിക്കലും നശിപ്പിക്കപ്പെടാവുന്നതല്ല; തസ്മാത് - അതുകൊണ്ട്; സർവാണി ഭൂതാനി - ഒരു ജീവിയെക്കുറിച്ചും; ത്വം ശോചിതും ന അർഹസി - നീ ദുഃഖപരവശനാകാൻ പാടില്ല.

അല്ലയോ അർജുനാ, എല്ലാ ജീവികളുടെയും ദേഹത്തിൽ ഈ ആത്മാവ് ഒരിക്കലും നശിപ്പിക്കപ്പെടാവുന്നതല്ല. അതുകൊണ്ടു ഒരു ജീവിയെക്കുറിച്ചും നീ ദുഃഖപരവശനാകാൻ പാടില്ല.

ജീവജാലങ്ങളുടെ സ്വരൂപമായ ആത്മാവ് ഒരിക്കലും നശിക്കുന്നതല്ലെന്നും സ്വഭാവമായ ദേഹം നശിക്കുന്നതിൽ ദുഃഖിച്ചിട്ടു കാര്യമില്ലെന്നും താൽപ്പര്യം.

ഇതുവരെ വിവരിച്ച വസ്തുസ്ഥിതിയൊക്കെ ശരിയാണെന്നു തന്നെയിരിക്കട്ടെ. ദേഹി നിത്യനാണ്; ദേഹം നശ്വരമാണ്; എന്നാലും ഭീഷ്മാദികളെ ഞാൻ വധിക്കേണ്ട കാര്യമുണ്ടോ? ഈ ചോദ്യത്തിനുത്തരമാണു ഭഗവാൻ അടുത്ത ഏഴു പദ്യങ്ങളിൽ പ്രതിപാദിക്കുന്നത്. സ്വധർമാനുഷ്ഠാനം, യശസ്സ്,

digitized by www.sreyas.in

എന്നീ ജീവിതത്തിലെ രണ്ടു പ്രധാന കാര്യങ്ങളെ ആസ്പദമാക്കി നോക്കിയാലും അർജുനൻ യുദ്ധം ചെയ്തേ തീരൂ എന്നാണു ഭഗവാന്റെ വാദം.

*31. സ്വധർമ്മമപി ചാവേക്ഷ്യ ന വികമ്പിതുമർഹസി*
*ധർമ്യാദ്ധി യുദ്ധാത്ശ്രേയോഽന്യത് ക്ഷത്രിയസ്യ ന വിദ്യതേ*

അപി - ഇനിയും; **സ്വധർമം അവേക്ഷ്യ ച** - സ്വധർമത്തെ മുൻനിറുത്തി നോക്കിയാലും; **വികമ്പിതും ന അർഹസി** - നീ ശോകാതുരനാകാൻ പാടില്ല; ഹി - എന്തുകൊണ്ടെന്നാൽ; **ക്ഷത്രിയസ്യ** - ക്ഷത്രിയനു; ധർമ്യാത് യുദ്ധാത് - ധാർമികമായ യുദ്ധത്തേക്കാൾ; **അന്യത് ശ്രേയഃ** - മറ്റൊരു ശ്രേയോമാർഗം; ന വിദ്യതേ - ഇല്ലല്ലോ.

ഇനിയും സ്വധർമത്തെ മുൻനിറുത്തി നോക്കിയാലും നീ ശോകാതുരനാകാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ക്ഷത്രിയനു ധാർമികമായ യുദ്ധത്തേക്കാൾ മറ്റൊരു ശ്രേയോമാർഗം ഇല്ലല്ലോ.

## *സ്വധർമം*

സ്വജനങ്ങളെ വധിച്ചാൽ ശ്രേയസ്സു തടയപ്പെടില്ലേ എന്ന അർജുനന്റെ സംശയത്തെ ഭഗവാൻ ഇവിടെ നിഷേധിക്കുകയാണ്. അവനവന്റെ ധർമമാണു സ്വധർമം. പരമാത്മാവാണു ധർമം; ഇക്കാര്യം ഒന്നാം പദ്യത്തിന്റെ വ്യാഖ്യാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടു പരമാത്മദർശനത്തിനുതകുന്ന കർമങ്ങളേയും ധർമമെന്നു പറയാം. ഈ ലോകത്ത് ഇന്ന കർമം ധർമം, ഇന്നത് അധർമം എന്ന് അതിരുവരമ്പിട്ടു തിരിക്കാൻ ആർക്കും സാധ്യമല്ല. ഓരോരുത്തരുടെയും പ്രകൃതിഗുണങ്ങളെ ആസ്പദമാക്കിയാണ് അവരവരുടെ കർമങ്ങൾ രൂപം കൊള്ളുന്നത്. സത്വം, രജസ്സ്, തമസ്സ് ഇവയാണല്ലോ പ്രകൃതിഗുണങ്ങൾ. ഇവയുടെ കൂടിക്കലർപ്പിന്റെ തോതനുസരിച്ചാണു വ്യക്തിയുടെ പ്രകൃതിഗുണം നിർണയിക്കപ്പെടുന്നത്. ഗുണകർമങ്ങൾ എന്തുതന്നെയായാലും സത്യം തെളിയുന്ന മട്ടിൽ അവയെ പ്രവർത്തിപ്പിച്ചാൽ അതു ധർമമായിത്തീരും. അപ്പോൾ ഒരുവൻ തന്റെ തൽക്കാല ഗുണകർമങ്ങൾ എന്തുതന്നെയായാലും ചിത്തശുദ്ധിക്കായും സത്യസാക്ഷാൽക്കാരത്തിനായും അവയെ പ്രവർത്തിപ്പിക്കുമെങ്കിൽ അതാണു സ്വധർമം. പ്രകൃതിഗുണങ്ങളും കർമങ്ങളും വ്യക്തിയുടെ ഇച്ഛപോലെ മാറ്റിമറിക്കാവുന്നതല്ല. നേരേമറിച്ചു ഗുണകർമങ്ങൾ എന്തുതന്നെയായാലും അവയെ ഒരു ശ്രദ്ധാലുവിനു സത്യോന്മുഖമായി തിരിച്ചുവിടാൻ പറ്റും. സത്യബോധം ഏറിവരുന്തോറും ഗുണകർമങ്ങളുടെ ബന്ധം കുറഞ്ഞു മുക്തനായി ഭവിക്കുകയും

digitized by www.sreyas.in

ചെയ്യും. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ ഗുണകർമങ്ങൾ തന്നെ ഇതിനുത്തമ ദൃഷ്ടാന്തമാണ്. രജോഗുണപ്രധാനിയായ ബ്രഹ്മാവിന്റെ കർമം സൃഷ്ടിയാണ്. എന്നാൽ അഹങ്കാരലേശം കൂടാതെ ഈശ്വരാർപ്പണ ബുദ്ധിയോടെ തികഞ്ഞ സത്യബോധത്തോടുകൂടിയാണു ബ്രഹ്മാവ് സൃഷ്ടി നടത്തുന്നതെന്നത്രേ പ്രസിദ്ധി. അതുകൊണ്ടു തന്റെ സൃഷ്ടികർമം ബ്രഹ്മാവിനു ബന്ധകാരണമായി ഭവിക്കുന്നില്ല. സ്വധർമത്തെ അദ്ദേഹം ഉപേക്ഷിക്കുന്നുമില്ല. സത്വഗുണപ്രധാനിയായ വിഷ്ണുവിന്റെ സ്വധർമമായ രക്ഷാകർമവും തമോഗുണപ്രധാനിയായ ശിവന്റെ സ്വധർമമായ സംഹാരകർമവും ഇതേ നിലയിൽതന്നെയാണനുഷ്ഠിക്കപ്പെടുന്നത്. ചുരുക്കത്തിൽ ത്രിമൂർത്തികളുടെ സൃഷ്ടിയും രക്ഷയും സംഹാരവും ലോകത്തിന് അനുപേക്ഷണീയമാണ്. ലോകരുടെ എല്ലാ കർമചലനങ്ങളും സൃഷ്ടി, രക്ഷ, സംഹാരം എന്നീ മൂന്നിനത്തിൽപ്പെടുത്താവുന്നവയാണ്. സത്യബോധമുൾക്കൊണ്ടു വേണ്ടിടത്തു വേണ്ടപോലെ അനുഷ്ഠിക്കുമെങ്കിൽ ഇവ മൂന്നും ലോകത്തിന് അനുപേക്ഷണീയങ്ങളുമാണ്. വേണ്ടാത്തിടത്ത് വേണ്ടാത്ത രീതിയിലാണനുഷ്ഠിക്കപ്പെടുന്നതെങ്കിൽ ഇവ മൂന്നും ലോകത്തിന് അത്യധികം ദോഷം ചെയ്യുമെന്നു പറയേണ്ടതുമില്ലല്ലോ. അപ്പോൾ ഒരു വ്യക്തിയുടെ തൽക്കാലത്തെ ഗുണകർമങ്ങൾ എന്തുതന്നെയായാലും ശ്രദ്ധയോടെ അവയെ ലോകനന്മയ്ക്കും സത്യസാക്ഷാൽക്കാരത്തിനുമായി പ്രവർത്തിപ്പിക്കുന്നതാണയാളുടെ സ്വധർമം. അങ്ങനെ ശ്രദ്ധാപൂർവം പ്രവർത്തിപ്പിക്കാതിരുന്നാൽ അതേ ഗുണകർമങ്ങൾ സ്വന്തം പതനത്തിനും ലോകോപദ്രവത്തിനും കാരണമായിത്തീരുകയും ചെയ്യും. ശ്രദ്ധയോടെ സത്യബോധം വളർത്തിയില്ലെങ്കിൽ ദാനം, ദയ, തപസ്സ്, യജ്ഞം, ജപം എന്നു തുടങ്ങിയ സത്വഗുണ കർമങ്ങൾപോലും വ്യക്തിക്കും സമൂഹത്തിനും ആപത്തായി ഭവിക്കുമെന്നോർക്കണം. ഗുണകർമങ്ങളുടെ സ്വധർമാധർമരൂപങ്ങൾ കണ്ടെത്താൻ കൗരവന്മാരും പാണ്ഡവന്മാരും തന്നെ ഉത്തമദൃഷ്ടാന്തങ്ങളാണ്. ഇരുകൂട്ടരും രജോഗുണപ്രധാനികളും യുദ്ധകർമത്തിൽ വിരുതന്മാരുമാണ്. കൗരവന്മാർ ചതിയും കാപട്യവും വളർത്തി സ്വപ്രകൃതിയിലെ തമോഗുണത്തിനാക്കം കൂട്ടി സ്വകർമമായ യുദ്ധത്തെ സ്വാർഥതക്കും പരദ്രോഹത്തിനുമായി വിനിയോഗിച്ചു. പാണ്ഡവന്മാരാകട്ടെ തിതിക്ഷയും തപസ്സുംകൊണ്ട് സ്വപ്രകൃതിയിൽ സത്വഗുണത്തിനാക്കം കൂട്ടി സ്വകർമമായ യുദ്ധം ലോകനന്മക്കായി ഉപയോഗിച്ചു. ഇപ്പോൾ ഇരുകൂട്ടരും യുദ്ധക്കളത്തിൽ എതിർകക്ഷികളായി അണിനിരന്നിരിക്കുകയാണ്. സ്വാർഥ

digitized by www.sreyas.in

മതിയും പരദ്രോഹിയുമായ ദുര്യോധനന് ഇവിടെ യുദ്ധം സ്വധർമ്മമാണോ എന്ന ചിന്തപോലുമില്ല. സ്വാർത്ഥതയുടെ കർമഭ്രാന്തു നിമിത്തം ധർമചിന്ത അയാളെ വിട്ടുപോയിരിക്കുന്നു. അർജുനനാകട്ടെ തികച്ചും ലോകനന്മ കൈവരുത്താനുള്ള തന്റെ ഈ യുദ്ധകർമത്തിൽപ്പോലും ധർമചിന്ത കൊണ്ടു ശോകാതുരനായിരിക്കുകയാണ്. വ്യക്തമായ വസ്തുബോധമില്ലായ്മ നിമിത്തം രൂപംകൊണ്ട മമതയാണിവിടെ അർജുനനെ കുഴപ്പത്തിലാക്കിയത്. അതുകൊണ്ടാണു ഭഗവാൻ ആദ്യമായി അർജുനനു വസ്തുബോധം ഉപദേശിച്ചത്. വസ്തുസാക്ഷാൽക്കാരത്തിനുതകുന്ന തന്റെ ഗുണകർമമെന്ന നിലയിലും ഈ യുദ്ധം സ്വധർമ്മമാണെന്ന് കാട്ടിക്കൊടുക്കുകയാണു ഭഗവാൻ പ്രസ്തുത ശ്ലോകത്തിൽ. യുദ്ധം സ്വഗുണകർമമായിരിക്കേ ലോകനന്മക്കായി അതനുഷ്ഠിക്കാൻ അവസരം കിട്ടുന്നതു ക്ഷത്രിയന് ഒരു മഹാഭാഗ്യമല്ലേ? ധർമയുദ്ധം വിട്ടുപോയാൽ അർജുനൻ സ്വഗുണകർമമായ യുദ്ധത്തെ അധർമ കാര്യങ്ങൾക്കുപയോഗിച്ചു എന്നുവരാം. ഗുണകർമങ്ങൾ ആർക്കും പൊടുന്നനെ ഉപേക്ഷിക്കാവുന്നവയല്ലല്ലോ. അതുകൊണ്ടാണു ഭഗവാൻ ക്ഷത്രിയനു ധർമയുദ്ധത്തേക്കാൾ മറ്റൊരു ശ്രേയോമാർഗമില്ല എന്നു പറഞ്ഞിരിക്കുന്നത്.

ഗുണകർമങ്ങളുടെ അടിമകളാണു വ്യക്തികൾ. അങ്ങനെയുള്ള ഗുണകർമങ്ങളെ സത്യബോധം വളർത്തി ലോകനന്മക്കായി പ്രവർത്തിപ്പിക്കാൻ യാദൃച്ഛികമായി ഒരവസരം വന്നുചേരുന്നത് മഹാഭാഗ്യവും ഈശ്വരാനുഗ്രഹവുമാണ്. ആ ഭാഗ്യമാണ് അർജുനനു ലഭിച്ചിരിക്കുന്നത് എന്നത്രേ ഭഗവാന്റെ വാദം:

*32. യദൃച്ഛയാ ചോപപന്നം സ്വർഗദ്വാരമപാവൃതം*
*സുഖിനഃ ക്ഷത്രിയാഃ പാർഥ ലഭന്തേ യുദ്ധമീദൃശം*

പാർഥ - അല്ലയോ അർജുനാ; യദൃച്ഛയാ ഉപപന്നം - ദൈവഗത്യാ വന്നുചേർന്നതും; അപാവൃതം സ്വർഗദ്വാരം ച - തുറന്നുവച്ചിരിക്കുന്ന സ്വർഗവാതിലുമായ; ഈദൃശം യുദ്ധം - ഇപ്രകാരമുള്ള യുദ്ധം; സുഖിനഃ ക്ഷത്രിയാഃ ലഭന്തേ - പുണ്യം ചെയ്ത ക്ഷത്രിയന്മാർക്കു മാത്രമേ ലഭിക്കൂ.

അല്ലയോ അർജുന, ദൈവഗത്യാ വന്നുചേർന്നതും തുറന്നുവച്ചിരിക്കുന്ന സ്വർഗവതിലുമായ ഇപ്രകാരമുള്ള യുദ്ധം പുണ്യംചെയ്ത ക്ഷത്രിയന്മാർക്കേ ലഭിക്കൂ.

digitized by www.sreyas.in

## സ്വർഗദ്വാരം അപാവൃതം

സ്വജനവധം സുഖത്തെ നഷ്ടപ്പെടുത്തുകില്ലേ എന്ന സംശയത്തിനു മറുപടിയാണീ ഭാഗം. ജീവിതത്തിൽ ഒരാൾ ചിരകാലംകൊണ്ട് അഭ്യസിച്ചുറപ്പിക്കുന്നവയാണു ഗുണകർമങ്ങൾ. ചിലർ ജന്മാന്തരത്തിൽ അഭ്യസിച്ചുറപ്പിച്ച ഗുണകർമങ്ങളുമായി വന്നുചേരുന്നു. ചിലർ ഈ ജന്മത്തിൽത്തന്നെ ചില ഗുണകർമങ്ങൾ അഭ്യസിച്ചുറപ്പിക്കുന്നു. നിശ്ചയദാർഢ്യവും അഭ്യാസനൈപുണിയും കൊണ്ടു ഗുണകർമങ്ങളെ മാറ്റിയെടുക്കാം; വേണമെങ്കിൽ പാടേ പുറംതള്ളുകയും ചെയ്യാം. പക്ഷേ ഇതൊന്നും പൊടുന്നനേ ആർക്കും സാധ്യമല്ല. ആസുരഭാവനകൾ കൊണ്ടു നിറഞ്ഞ ഗുണകർമങ്ങളെ പൗരുഷമവലംബിച്ചു സാവധാനം പുറംതള്ളി ദൈവഭാവന കൊണ്ടു നിറഞ്ഞ ഗുണകർമങ്ങളെ അഭ്യസിച്ചുറപ്പിക്കണം. തുടർന്നു വസ്തുബോധമുൾക്കൊണ്ടു ദൈവഭാവനകൊണ്ടു നിറഞ്ഞ ഗുണകർമങ്ങളെയും പുറംതള്ളി സ്വരൂപം സാക്ഷാൽക്കരിച്ചനുഭവിക്കണം. ഇതാണു ശ്രേയോമാർഗം. സത്യസ്വരൂപത്തിൽ നിന്ന് അകന്നകന്നു സമ്പാദിച്ചു കൂട്ടിയ ഗുണകർമങ്ങളെ സത്യത്തിലേയ്ക്ക് തിരിച്ചു നടന്ന് അനുഭവിച്ചു തീർക്കുന്നതാണ് ശ്രേയോമാർഗം. ഇതാണു നിവൃത്തി അഥവാ തിരിച്ചു നടക്കൽ. എത്തിയിടത്തുനിന്നു വീണ്ടും ഗുണകർമങ്ങളെ കൂടുതൽ കൂടുതൽ സമ്പാദിച്ചു സത്യത്തിൽനിന്ന് അകന്നകന്നു പോകുന്നതാണു പ്രേയോമാർഗം. ഇതാണു പ്രവൃത്തിമാർഗം അഥവാ അകന്നുപോകൽ. ജനനമരണങ്ങളിൽക്കൂടിയുള്ള ഒടുങ്ങാത്ത സംസാരചക്രഭ്രമണമാണു പ്രവൃത്തിമാർഗം. നിവൃത്തിമാർഗം ഒരു ജന്മംകൊണ്ടു പൂർണമായി അവസാനിച്ചെന്നു വരില്ല. ഒരു ജന്മംകൊണ്ടവസാനിച്ചില്ലെങ്കിൽ അതുവരെ ചെയ്യുന്ന പുണ്യംകൊണ്ടു വിശിഷ്ട ലോകങ്ങളിൽപ്പോയി സുഖമനുഭവിച്ചു മടങ്ങേണ്ടിവരും. തിരിച്ചു വന്നശേഷം പൂർവജന്മത്തിൽ ഏതുവരെ നടന്നോ അവിടം മുതൽ പിന്നെ ബാക്കിവഴി നടന്നുതീർത്താൽ മതിയാകും. ഭഗവാൻ തന്നെ ആറാമധ്യായത്തിന്റെ അവസാനം ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. പുണ്യമനുഭവിക്കാനെത്തിച്ചേരുന്ന ലോകത്തിന്റെ പേരാണു സ്വർഗം. അർജുനൻ പൗരുഷംകൊണ്ടു തന്റെ ഗുണകർമങ്ങളെ ദൈവീസമ്പന്നമാക്കി മാറ്റിക്കൊണ്ടിരിക്കുന്നയാളാണെന്നു നാം കണ്ടുവല്ലോ. എങ്കിലും ക്ഷത്രിയന്റേതായ യുദ്ധവാസന ഇന്നും ഒട്ടേറെ അവശേഷിക്കുന്നുണ്ട്. ആ സ്ഥിതിക്ക് അതിനെ കൂടുതൽ സത്യോന്മുഖമാക്കി പ്രവർത്തിപ്പിക്കാൻ ഒരു ധർമയുദ്ധത്തിനവസരം ലഭിച്ചിരിക്കുകയാണ്. ധർമയുദ്ധം

digitized by www.sreyas.in

ക്ഷത്രിയനെ സത്യത്തിലേക്കു തിരിച്ചടുപ്പിക്കുന്ന ഒരു പുണ്യകർമ്മമാണ്. ഒരു പക്ഷേ യുദ്ധത്തിൽ മരിക്കാനിടയായി തൽക്കാലം ശ്രേയോമാർഗം പൂർത്തിയാക്കാൻ തരപ്പെടാതെ പോയാലും കുണ്ഠിതത്തിനവകാശമില്ല. പുണ്യവാന്റെ സ്വർഗം അനുഭവിച്ചു തിരിച്ചുവന്നു വീണ്ടും ശ്രേയോമാർഗത്തിൽക്കൂടി യാത്ര തുടരാം. അതുകൊണ്ടാണു ഭഗവാൻ ഈ ധർമയുദ്ധത്തെ അർജുനനു തുറന്നു വച്ചിരിക്കുന്ന സ്വർഗവാതിലായി വിവരിച്ചത്. മുപ്പത്തേഴാം പദ്യത്തിൽ ഇക്കാര്യം വീണ്ടും ഉറപ്പിക്കപ്പെട്ടിട്ടുമുണ്ട്.

ദൈവീസമ്പത്തു വളർത്തി ശ്രേയോമാർഗത്തിൽ സഞ്ചരിക്കുന്ന ഒരാൾ തന്റെ ഗുണകർമങ്ങൾക്കു പൂർണമായും പ്രവർത്തിച്ചൊടുങ്ങാൻ പറ്റിയ ധാർമികമായ ഒരവസരം ലഭിക്കുമ്പോൾ പിന്മാറുകയാണെങ്കിൽ അതു ശ്രേയോമാർഗത്തിൽ നിന്നുള്ള പിന്മാറ്റമാണ്. അത് അകീർത്തി വളർത്തി ഇഹലോകത്തെയും പാപമുണ്ടാക്കി പരലോകത്തെയും ഹനിക്കും. ഇക്കാര്യമാണു ഭഗവാൻ മുപ്പത്തിമൂന്നാം പദ്യത്തിൽ വെളിപ്പെടുത്തുന്നത്:

*33. അഥ ചേത്ത്വമിമം ധർമ്യം സംഗ്രാമം ന കരിഷ്യസി*
*തതഃ സ്വധർമം കീർതിം ച ഹിത്വാ പാപമവാപ്സ്യസി*

അഥ ത്വം - ഇനി നീ; ഇമം ധർമ്യം സംഗ്രാമം - ഈ ധർമാധിഷ്ഠിതമായ യുദ്ധം; ന കരിഷ്യസി ചേത് - ചെയ്യുന്നില്ലെന്നു വന്നാൽ; തതഃ - തൽഫലമായി; സ്വധർമം കീർതിം ച ഹിത്വാ - സ്വധർമവും കീർത്തിയും വെടിഞ്ഞ്; പാപം അവാപ്സ്യസി - പാപം കൈക്കൊള്ളേണ്ടിവരും.

ഈ ധർമാധിഷ്ഠിതമായ യുദ്ധം ചെയ്യുന്നില്ലെന്നു വന്നാൽ തൽഫലമായി സ്വധർമവും കീർത്തിയും വെടിഞ്ഞ് പാപം കൈക്കൊള്ളേണ്ടിവരും.

സത്യമാർഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഒരാൾക്കു സ്വഗുണകർമങ്ങളെ വേണ്ടവണ്ണം പ്രവർത്തിപ്പിക്കാൻ കിട്ടുന്ന അവസരങ്ങളെ പാഴാക്കുന്നതാണു സ്വധർമം വെടിയൽ. സ്വധർമം വെടിയുന്നതിന്റെ ഫലമാണു കീർത്തി നശിക്കൽ. തുടർന്നുണ്ടാകുന്നതാണു പതനകാരണമായ പാപം. ഈ ആതതായികളെ വധിച്ചാൽ പാപം കിട്ടുമല്ലോ എന്ന അർജുനന്റെ സംശയത്തിനു മറുപടിയാണിത്.

അകീർത്തിയും പാപവും എങ്ങനെ അനുഭവവിഷയമാകുമെന്നാണു ഭഗവാൻ ഇനി വിവരിക്കുന്നത്:

digitized by www.sreyas.in

*34. അകീർതിം ചാപി ഭൂതാനി കഥയിഷ്യന്തി തേഽവ്യയാം*
*സംഭാവിതസ്യ ചാകീർതിർമരണാദതിരിച്യതേ*

അപിച - അതിനും പുറമേ; ഭൂതാനി - സകല ജീവികളും; തേ - നിന്നെപ്പറ്റി; അവ്യയാം അകീർതിം - ഒടുങ്ങാത്ത അയശസ്സ്; കഥയിഷ്യന്തി ച - പറഞ്ഞു പരത്താനിടവരും; സംഭാവിതസ്യ - ഒരിക്കൽ ആദരണീയനായി ഭവിച്ച യാൾക്ക്; അകീർത്തിഃ - അയശസ്സ്; മരണാത് അതിരിച്യതേ ച - മരണത്തേ ക്കാൾ ദുഃഖപ്രദമായിരിക്കുകയും ചെയ്യും.

അതിനും പുറമേ സകല ജീവികളും നിന്നെപ്പറ്റി ഒടുങ്ങാത്ത അയശസ്സ് പറഞ്ഞു പരത്താനിടവരും. ഒരിക്കൽ ആദരണീയനായി ഭവിച്ചയാൾക്ക് അയ ശസ്സ് മരണത്തെക്കാൾ ദുഃഖപ്രദമായിരിക്കുകയും ചെയ്യും.

സകല ജീവികളും എന്നുള്ളതുകൊണ്ട് അതിനിസ്സാരന്മാർപോലും എന്നു താൽപ്പര്യം. പരമശിവൻ മുതൽ ഇങ്ങോട്ട് എല്ലാ ദേവന്മാരാലും മനു ഷ്യരാലും ആദരിക്കപ്പെടുന്നവനാണ് അർജുനൻ. മാനാപമാനങ്ങൾ തുല്യനി ലയിൽ കരുതാനുള്ള സമബുദ്ധിയോ സത്യബോധമോ അർജുനനുണ്ടായി ട്ടുമില്ല. ആ സ്ഥിതിക്ക് ഒരിക്കൽ ആദരിക്കപ്പെട്ടു. പിന്നീട് അനാദരിക്കാനിടയാ യാൽ അത് മരണത്തേക്കാൾ ദുഃഖപ്രദമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

ഇതിലെന്തകീർത്തിയാണു വരാനുള്ളത്? കാരുണ്യവും ബന്ധുസ്നേ ഹവും നിമിത്തമല്ലേ യുദ്ധത്തിൽ നിന്നും പിന്മാറുന്നത്? അർജുനന്റെ ഈ സംശയങ്ങൾക്കു മറുപടിയാണ് അടുത്ത രണ്ടു പദ്യങ്ങൾ:

*35. ഭയാദ്രണാദുപരതം മംസ്യന്തേ ത്വാം മഹാരഥാഃ*
*യേഷാം ച ത്വം ബഹുമതോ ഭൂത്വാ യാസ്യസി ലാഘവം*

മഹാരഥാഃ ത്വാം - മഹാരഥന്മാർ നിന്നെ; ഭയാത് രണാത് ഉപരതം - ഭയം നിമിത്തം യുദ്ധത്തിൽ നിന്നു പിന്മാറിയവനായി; മംസ്യന്തേ - കണക്കാക്കും; യേഷാം ബഹുമതഃ ഭൂത്വാ - ആർക്കൊക്കെ ബഹുമാന്യനായി ഭവിച്ചുവോ അവർക്ക്; ത്വം ലാഘവം യാസ്യസി - നീ നിസ്സാരനായിത്തീരുകയും ചെയ്യും.

മഹാരഥന്മാർ നിന്നെ ഭയം നിമിത്തം യുദ്ധത്തിൽ നിന്നും പിന്മാറിയ വനായി കണക്കാക്കും. ആർക്കൊക്കെ നീ ബഹുമാന്യനായി ഭവിച്ചുവോ അവർക്കു നീ നിസ്സാരനായിത്തീരുകയും ചെയ്യും.

കൗരവപക്ഷത്തുള്ള മഹാരഥന്മാരാരും അർജുനൻ കാരുണ്യം കൊണ്ടും ബന്ധുസ്നേഹംകൊണ്ടുമാണു യുദ്ധത്തിൽ നിന്നു പിന്മാറിയ തെന്നു കരുതുകയില്ല. അവർ പറയുന്നതേ ലോകവും വിശ്വസിക്കൂ.



digitized by www.sreyas.in

തുടർന്നു ലോകരെല്ലാം അർജുനനെ പരിഹാസം നിറഞ്ഞ മന്ദഹാസത്തോടെ നോക്കാനിടവരുകയും ചെയ്യും.

ഒരാൾക്ക് ഒരിടത്തു പതനമുണ്ടായാൽ ഈർഷ്യയോടെ കാത്തിരിക്കുന്ന ലോകം അയാളെക്കുറിച്ചു നിരവധി അപവാദങ്ങൾ കെട്ടിച്ചമച്ചു പറയാൻ തുടങ്ങും. അർജുനനും ആ സ്ഥിതി വന്നുചേരുമെന്നാണു ഭഗവാൻ മുന്നറിയിപ്പു നൽകുന്നത്:

*36. അവാച്യവാദാംശ്ച ബഹൂൻ വദിഷ്യന്തി തവാഹിതാഃ*
*നിന്ദന്തസ്തവ സാമർഥ്യം തതോ ദുഃഖതരം നു കിം*

തവ അഹിതാഃ - നിന്റെ ശത്രുക്കൾ; തവ സാമർഥ്യം നിന്ദന്തഃ - നിന്റെ ഇതുവരെയുള്ള കഴിവിനെ പുച്ഛിച്ചു തള്ളിക്കൊണ്ട്; ബഹൂൻ അവാച്യവാദാൻ വദിഷ്യന്തി - പറയാൻ പാടില്ലാത്ത പല അപവാദങ്ങളും പറഞ്ഞുപരത്തും. തതഃ ദുഃഖകരം കിം നു - അതിനേക്കാൾ ദുഃഖകരമായ മറ്റെന്തുണ്ട്?

നിന്റെ ശത്രുക്കൾ നിന്റെ ഇതുവരെയുള്ള കഴിവിനെ പുച്ഛിച്ചു തള്ളിക്കൊണ്ടു പറയാൻ പാടില്ലാത്ത പല അപവാദങ്ങളും പറഞ്ഞുപരത്തും. അതിനേക്കാൾ ദുഃഖകരമായി മറ്റെന്തുണ്ട്?

അസ്ത്രാഭ്യാസപരീക്ഷയിൽ ഒന്നാമനായി ജയിച്ചതും ലക്ഷ്യം ഭേദിച്ചു ദ്രൗപദിയെ വരിച്ചതും, ഖാണ്ഡവം ദഹിപ്പിച്ച ഗാണ്ഡീവം കൈക്കലാക്കിയതും, യുദ്ധത്തിൽ പരമശിവനെപ്പോലും പ്രസാദിപ്പിച്ചു പാശുപതം നേടിയതും; പിതാവിനുവേണ്ടി ദേവലോകത്തു ചെന്നു നിവാതകവചാദി അസുരന്മാരെ ജയിച്ചതും ഇങ്ങനെ പലതും അർജുനനെ ദുര്യോധനാദികളുടെ കണ്ണിൽ അജയ്യനാക്കിത്തീർത്തിരിക്കുകയാണ്. കൃഷ്ണനും അർജുനനും മറുപക്ഷത്തുള്ളിടത്തോളം ദുര്യോധനനു വിജയം അസാധ്യമാണെന്നു ഭീഷ്മരും ദ്രോണരുമൊക്കെ കൂടെക്കൂടെ പറയാറുണ്ട്. അർജുനൻ പിൻവാങ്ങുന്നപക്ഷം ഈ ബഹുമതികളെല്ലാം കടുത്ത അപവാദശരങ്ങളായി രൂപപ്പെടും. അവ മനസ്സിൽ തുളച്ചുകയറുന്നതോടെ ഇന്നനുഭവിക്കുന്നതിനേക്കാൾ വലിയ ദുഃഖം ദീർഘകാലം അർജുനൻ അനുഭവിക്കേണ്ടതായും വരും.

നേരെമറിച്ച് ഈ ധർമയുദ്ധം ധീരതയോടെ ചെയ്യുകയാണെങ്കിൽ മരിച്ചാലും ജയിച്ചാലും അർജുനനു ശ്രേയസ്സും സുഖവും കൈവരുമെന്നു കാട്ടിക്കൊടുത്തുകൊണ്ടു സ്വധർമവാദം ഉപസംഹരിക്കയാണു ഭഗവാൻ മുപ്പത്തേഴാം പദ്യത്തിൽ:

digitized by www.sreyas.in

*37. ഹതോ വാ പ്രാപ്സ്യസി സ്വർഗം ജിത്വാ വാ ഭോക്ഷ്യസേ മഹീം*
*തസ്മാദുത്തിഷ്ഠ കൗന്തേയ യുദ്ധായ കൃതനിശ്ചയഃ*

ഹതോ വാ സ്വർഗം പ്രാപ്സ്യസി - കൊല്ലപ്പെട്ടാൽ സ്വർഗത്തിലെത്തിച്ചേരാം; ജിത്വാ വാ മഹീം ഭോക്ഷ്യസേ - ജയിച്ചാൽ രാജ്യം അനുഭവിക്കാം; തസ്മാദ് കൗന്തേയ - അതുകൊണ്ട് അല്ലയോ അർജുന; യുദ്ധായ കൃതനിശ്ചയഃ ഉത്തിഷ്ഠ - യുദ്ധത്തിനു നിശ്ചയിച്ചുറച്ചുകൊണ്ട് എണീക്കൂ.

കൊല്ലപ്പെട്ടാൽ സ്വർഗത്തിലെത്തിച്ചേരാം. ജയിച്ചാൽ രാജ്യം അനുഭവിക്കാം. അതുകൊണ്ട് അല്ലയോ അർജുനാ യുദ്ധത്തിനു നിശ്ചയിച്ചുറച്ചുകൊണ്ട് എണീക്കൂ.

## *സ്വധർമവും അധർമവും*

സത്യദർശനാകാംക്ഷയോടെ ദൈവീസമ്പത്തു വളർത്തി ഗുണകർമങ്ങളെ വേണ്ടിടത്തു വേണ്ടപോലെ പ്രവർത്തിപ്പിച്ചു സ്വധർമമനുഷ്ഠിച്ചു ശ്രേയോമാർഗത്തിൽ സഞ്ചരിക്കുന്ന ഒരാൾക്കു മരണവും ജീവിതവും ഒരുപോലെ സുഖം പ്രദാനം ചെയ്യുന്നു. മരിച്ചാൽ സ്വർഗത്തെത്തി സുഖിക്കാം. ജീവിച്ചാൽ ഭഗവാൻ നൽകുന്ന ഭൗതികഫലങ്ങളിൽ തികച്ചും സംതൃപ്തിയും സന്തുഷ്ടിയും അനുഭവിച്ചു സ്വധർമത്തിൽ ചരിക്കാം. നേരേമറിച്ച് അസത്യ ജഡങ്ങളെ സത്യമെന്നു ഭ്രമിച്ച് ആസുരീസമ്പത്തു വളർത്തി ഗുണകർമങ്ങളെ വേണ്ടാത്തിടത്തൊക്കെ പ്രയോഗിച്ച് അധർമമനുഷ്ഠിച്ചു പ്രേയോമാർഗത്തിൽ സഞ്ചരിക്കുന്ന ഒരാൾക്ക് മരണവും ജീവിതവും ഒരുപോലെ അസുഖം പ്രദാനം ചെയ്യുന്നു. മരിച്ചാൽ നരകാനുഭവവും വീണ്ടും ആസുരജന്മവും ജിവിച്ചിരുന്നാൽ എന്തു കിട്ടിയാലും തൃപ്തിപ്പെടാതെ അസന്തുഷ്ടനായി അധർമത്തിൽ ചരിച്ചു വീണ്ടും വീണ്ടും പതനം. ഇത് അലംഘനീയമായ ലോകനിയമമാണ്. 'അതുകൊണ്ടു മരണത്തെയോ ജീവിതത്തെയോ ഗമിക്കാതെ സ്വധർമം ചെയ്യാൻ എണീക്കു' എന്നാണു ഭഗവാൻ അർജുനനോട് ആവശ്യപ്പെടുന്നത്.

സ്വധർമാനുഷ്ഠാനത്തിൽ ജയപരാജയങ്ങൾ രണ്ടും തുല്യമായ സുഖഫലങ്ങളാണെന്നു സത്യദർശികൾ കണ്ടെത്തിയിട്ടുള്ളതുകൊണ്ടു ലാഭനഷ്ടങ്ങളെച്ചിന്തിച്ചു മനസ്സു കുഴങ്ങാതെ യുദ്ധത്തിനൊരുമ്പെടൂ എന്നാണു ഭഗവാൻ വീണ്ടും അർജുനനെ ഉത്തേജിപ്പിക്കുന്നത്:

*38. സുഖദുഃഖേ സമേ കൃത്വാ ലാഭാലാഭൗ ജയാജയൗ*
*തതോ യുദ്ധായ യുജ്യസ്വ നൈവം പാപമവാപ്സ്യസി*

digitized by www.sreyas.in

ലാഭാലാഭൗ - ലാഭനഷ്ടങ്ങളായും; ജയാജയൗ - ജയപരാജയങ്ങളായും ഒക്കെ വന്നുചേരുന്ന; സുഖദുഃഖേ - സുഖത്തേയും ദുഃഖത്തേയും; സമേ കൃത്വാ - തുല്യ നിലയിൽ കണ്ടുകൊണ്ട്; തതഃ യുദ്ധായ യുജ്യസ്വ - ആ മനോഭാവം നിലനിർത്തി യുദ്ധത്തിനൊരുമ്പെടൂ; ഏവം പാപം ന അവാപ്സ്യസി - ഇങ്ങനെ ആയാൽ നീ പാപത്തെ പ്രാപിക്കുകയില്ല.

ലാഭനഷ്ടങ്ങളായും ജയപരാജയങ്ങളായും ഒക്കെ വന്നുചേരുന്ന സുഖത്തെയും ദുഃഖത്തെയും തുല്യ നിലയിൽ കണ്ടുകൊണ്ട് ആ മനോഭാവം നിലനിറുത്തി യുദ്ധത്തിനൊരുമ്പെടൂ. ഇങ്ങനെ ആയാൽ നീ പാപത്തെ പ്രാപിക്കുകയില്ല.

## *ജ്ഞാനസാധന*

സ്വധർമാനുഷ്ഠാനത്തോടുകൂടിയ നിവൃത്തിമാർഗത്തിന്റെ പരമലക്ഷ്യം വസ്തുസാക്ഷാൽക്കാരമെന്ന ജ്ഞാനലാഭമാണ്. സിദ്ധാന്തപരമായി വസ്തുസ്വരൂപം ഭഗവാൻ അർജുനനു വ്യക്തമായി വിവരിച്ചുകൊടുത്തു. തുടർന്നു സ്വധർമാനുഷ്ഠാനത്തിന്റെ അനുപേക്ഷണീയതയും സംശയമെന്യേ ഉറപ്പിച്ചു. ഇനി ഏതു രീതിയിൽ സ്വധർമമനുഷ്ഠിച്ചാലാണു വസ്തു അഥവാ സത്യം സാക്ഷാൽക്കരിച്ചനുഭവിക്കാൻ സാധിക്കുന്നതെന്ന് വിശദമായി വിവരിക്കാൻ പോവുകയാണ്. അതിനുള്ള ഉപക്രമമാണ് പ്രസ്തുത ശ്ലോകം. സ്വധർമാനുഷ്ഠാനവേളയിൽ മനസ്സിനെ സമനില പഠിപ്പിക്കുകയാണ് സത്യാനുഭവത്തിനുള്ള സാധന. വസ്തുസ്വരൂപം സ്മരിച്ചുകൊണ്ടു മനസ്സിനെ സാവധാനം സമനില പഠിപ്പിക്കുന്നതു തന്നെയാണു യോഗം. സമനിലയിലെത്തി ഉറയ്ക്കുന്ന മനസ്സ് സത്യം സൂര്യതുല്യം അനുഭവിക്കും. തുടർന്നുള്ള ഗീതാഭാഗങ്ങളിൽ ഭഗവാൻതന്നെ ഇക്കാര്യം വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. സ്വധർമം അനുഷ്ഠിച്ചു മുന്നോട്ടു പോകുമ്പോൾ ലാഭനഷ്ടങ്ങളായും ജയപരാജയങ്ങളായും മാനാപമാനങ്ങളായും സ്തുതിനിന്ദകളായും ഒക്കെ മാറിമാറി വരാവുന്ന സുഖദുഃഖാനുഭവങ്ങളിൽ മനസ്സിനെ ക്ഷോഭിക്കാൻ അനുവദിക്കാതെ സമനിലയിൽ നിറുത്താൻ അഭ്യസിക്കുന്നതാണു യോഗം. അൽപ്പങ്ങളും സാപേക്ഷങ്ങളുമായ ലൗകികസുഖദുഃഖങ്ങളിൽ ആഹ്ലാദമായോ ശോകമായോ മനസ്സു ക്ഷോഭിച്ചിളകാതിരിക്കുമെങ്കിൽ കേവല സുഖസ്വരൂപമായ വസ്തു നിരന്തരാനുഭവത്തിൽ തെളിയാനിടവരും. സാപേക്ഷ ലൗകിക സുഖദുഃഖങ്ങളെ മുൻനിറുത്തിയുള്ള വെറും മാനസിക സങ്കൽപ്പങ്ങളാണു പുണ്യവും പാപവും. കേവലസുഖ

digitized by www.sreyas.in

സ്വരൂപമായ ആത്മവസ്തു തെളിയാൻ തുടങ്ങുന്നതോടെ പുണ്യപാപസങ്കൽപ്പങ്ങൾ പാടെ അകലും. ആത്മസ്വരൂപം പുണ്യത്തെയോ പാപത്തെയോ ആശ്രയിക്കുന്നതേയില്ല. അതുകൊണ്ടാണു 'നൈവം പാപമവാപ്സ്യസി' എന്നു ഭഗവാൻ പ്രഖ്യാപിച്ചത്.

സ്വധർമാനുഷ്ഠാനവേളയിൽ മനസ്സിനെ സമനില അഭ്യസിപ്പിക്കണമെന്നു പറഞ്ഞുവല്ലോ. അതുകൊണ്ടെന്താണു പ്രയോജനം? സമനില അഭ്യസിച്ചാൽ എങ്ങനെയാണു പാപമില്ലാതാകുന്നത്? അർജുനനു തോന്നാവുന്ന ഈ സംശയങ്ങൾക്കു വിശദമായ മറുപടി നൽകാനൊരുമ്പെടുകയാണു ഭഗവാൻ അടുത്ത ശ്ലോകം മുതൽ. മുപ്പത്തൊൻപതു മുതൽ അമ്പത്തിമൂന്നുവരെയുള്ള പദ്യങ്ങൾ ജ്ഞാനം സാക്ഷാൽക്കരിക്കാനുള്ള ഉപായമായ യോഗത്തിന്റെ മാഹാത്മ്യവും സ്വരൂപവും വിവരിക്കുന്നവയാണ്.

*39. ഏഷാ തേഽഭിഹിതാ സാംഖ്യേ ബുദ്ധിര്യോഗേ ത്വിമാം ശൃണു*
*ബുദ്ധ്യാ യുക്തോ യയാ പാർഥ, കർമബന്ധം പ്രഹാസ്യസി*

പാർഥ – അല്ലയോ അർജുനാ, ഏഷാ സാംഖ്യേ ബുദ്ധിഃ – ഇതുവരെ വസ്തുവിവേകത്തിനുള്ള ബുദ്ധിയാണ്; തേ അഭിഹിതാ – നിനക്കു വിവരിച്ചു തന്നത്; യോഗേ തു ഇമാം ശൃണു – യോഗത്തിനുള്ള ബുദ്ധിയാകട്ടെ ഇതാ കേട്ടോളൂ; യയാ ബുദ്ധ്യാ യുക്താഃ – ഈ ബുദ്ധി ഉൾക്കൊള്ളുന്നവനായാൽ; (ത്വം) കർമബന്ധം പ്രഹാസ്യസി – നീ കർമബന്ധത്തെ പൊട്ടിച്ചെറിയും.

## *സാംഖ്യബുദ്ധി*

വസ്തുക്കളെ സംഖ്യാനം ചെയ്ത് അതായത് എണ്ണിയെണ്ണി വേർതിരിച്ച് ഇന്നതു സത്യം, ഇന്നതസത്യം എന്നു കാണിക്കുന്ന അറിവാണു സാംഖ്യബുദ്ധി. ഇതുവരെ അർജുനനു ഭഗവാൻ പ്രധാനമായി ഉപദേശിച്ചത് ഈ അറിവാണെന്നു സ്പഷ്ടമാണല്ലോ. നിലനിൽപ്പിനെ ബോധമെന്നും ജഡമെന്നും രണ്ടായി വേർതിരിച്ചു കാണിച്ചിട്ട് ബോധം സത്യമെന്നും ജഡം അസത്യമെന്നും വെളിപ്പെടുത്തിക്കൊടുക്കുകയാണല്ലോ ചെയ്തത്. തുടർന്നു യുദ്ധവാസന നിമിത്തം കർമബന്ധം അവസാനിച്ചിട്ടില്ലാത്ത അർജുനൻ സ്വധർമമായ ധർമയുദ്ധം അനുഷ്ഠിക്കേണ്ടതാണെന്നും നിർദേശിച്ചു.

## *യോഗബുദ്ധിയും കർമമുക്തിയും*

ഉപദേശിച്ച സാംഖ്യബുദ്ധി അർജുനനെ സംബന്ധിച്ചിടത്തോളം വെറും സിദ്ധാന്തമായി അവശേഷിക്കുന്നതേയുള്ളു. അതു സാക്ഷാൽക്കരി

digitized by www.sreyas.in

ച്ചനുഭവിക്കാൻ എന്താണു മാർഗം? രണ്ടു മാർഗങ്ങളാണുള്ളത്. ലൗകിക കർമങ്ങളൊക്കെ ഉപേക്ഷിച്ച് സന്ന്യാസാശ്രമം സ്വീകരിച്ച് അധികസമയവും ബ്രഹ്മാഭ്യാസത്തിലേർപ്പെട്ടു സാക്ഷാൽക്കാരം നേടാം. അതാണു സാംഖ്യ യോഗം. യോഗശബ്ദത്തിനു മനസ്സിന്റെ പൂർണമായ സമനില അഥവാ ആത്മസാക്ഷാൽക്കാരം എന്നർഥം. സാംഖ്യബുദ്ധിക്കു പ്രാധാന്യം നൽകി ക്കൊണ്ട് യോഗം നേടാൻ യത്നിക്കുന്നതാണു സാംഖ്യയോഗം. എന്നാൽ കർമവാസന ബലമായി നിലനിൽക്കുന്ന ഭരണാധികാരികൾക്കും മറ്റു ഗൃഹ സ്ഥന്മാർക്കും തത്വവിചാരത്തിനും ബ്രഹ്മാഭ്യാസത്തിനും ബുദ്ധിയും സമ യവും നന്നേ കുറവായിരിക്കും. അവർ സിദ്ധാന്തപരമായി വസ്തുബുദ്ധി ഉൾക്കൊണ്ടശേഷം വിട്ടുവീഴ്ചയില്ലാതെ സ്വധർമാനുഷ്ഠാനത്തിലേർപ്പെടു കയും സ്വധർമമനുഷ്ഠിക്കവേ തന്നെ മനസ്സിനെ സമനില അഭ്യസിപ്പിച്ചു യോഗം നേടുകയും വേണം. ഇതാണ് കർമയോഗം. മനസ്സിനു സമനില വർധിച്ചു യോഗാനുഭവം ബലവത്തരമാകുന്നതോടെ ആത്മസാക്ഷാൽക്കാര രൂപത്തിലുള്ള ജ്ഞാനത്തിൽ കർമയോഗികളും എത്തിച്ചേരുന്നു. തുടർന്ന് അവരും കർമബന്ധ വിമുക്തരായിത്തീരുന്നു. അർജുനൻ യുദ്ധവാസന കൊണ്ടു കർമബദ്ധനാണ്. അതുകൊണ്ടു വസ്തുബോധത്തോടൊപ്പം സ്വധർമാനുഷ്ഠാനത്തോടെ കർമയോഗമഭ്യസിച്ചു കർമവിമുക്തി നേടാ നാണു ഭഗവാൻ ആവശ്യപ്പെടുന്നത്. സാംഖ്യയോഗത്തിന്റെയും കർമയോഗ ത്തിന്റെയും നേരിയ വ്യത്യാസം സൂക്ഷ്മമായി ഗ്രഹിച്ചാൽ ഗീതാതാൽപ്പര്യം ജ്ഞാനയോഗമാണ്; എന്നാലതു 'കർമയോഗ'മാണ്; 'ജ്ഞാനകർമസമു ച്ചയ'മാണ്; എന്നും മറ്റുമുള്ള വാദങ്ങളുടെ അർഥശൂന്യത വെളിപ്പെടുന്ന താണ്. എല്ലാ വേദാന്തഗ്രന്ഥങ്ങളും ജ്ഞാനശാസ്ത്രങ്ങളാണ്. കർമ വിമു ക്തിയാണവയുടെ ലക്ഷ്യം. ജ്ഞാനംകൊണ്ടേ അതു സാധ്യമാവുകയുള്ളു. ഈ ജ്ഞാനം നേടാനുള്ള മാർഗങ്ങൾ അധികാരി ഭേദമനുസരിച്ചു ലേശം ലേശം വിഭിന്നങ്ങളാകാം. ലക്ഷ്യം എല്ലാറ്റിനും ഒന്നുതന്നെ. മാർഗങ്ങളെ ച്ചൊല്ലിയാണീ വാദപ്രതിവാദങ്ങളെല്ലാം.

വാസനാബദ്ധരായി കർമമാർഗത്തിൽ അവശതയോടെ യാത്ര ചെയ്യു ന്നവർക്കു മനസ്സിന്റെ സമനില അഭ്യസിക്കലെന്ന യോഗപരിശീലനം അൽഭുതകരമായ ഫലമുളവാക്കുമെന്നു കാട്ടി യോഗത്തെ സ്തുതിക്കുക യാണു ഭഗവാൻ അടുത്ത ശ്ലോകത്തിൽ:

digitized by www.sreyas.in

*40. നേഹാഭിക്രമനാശോഽസ്തി പ്രത്യവായോ ന വിദ്യതേ*
*സ്വല്പമപ്യസ്യ ധർമസ്യ ത്രായതേ മഹതോ ഭയാത്*

ഇഹ – ഈ യോഗം അഭ്യസിച്ചുകൊണ്ടുള്ള സ്വധർമാനുഷ്ഠാനത്തിൽ; അഭിക്രമനാശഃ – തുടങ്ങിവച്ചതിന്റെ ക്രമത്തിനു നാശം; ന അസ്തി – സംഭവിക്കുന്നില്ല; പ്രത്യവായഃ – ദോഷകരമായ അനന്തരഫലവും; ന വിദ്യതേ – ഉണ്ടാകുന്നില്ല; അസ്യധർമസ്യ സ്വല്പമപി – ഈ യോഗബുദ്ധിയുടെ സ്വല്പം പോലും; മഹതഃ ഭയാത് ത്രായതേ – വലിയ ഭയത്തിൽനിന്നു രക്ഷിക്കുന്നതാണ്.

ഈ യോഗം അഭ്യസിച്ചുകൊണ്ടുള്ള സ്വധർമാനുഷ്ഠാനത്തിൽ തുടങ്ങിവച്ചതിന്റെ ക്രമത്തിനു നാശം സംഭവിക്കുന്നില്ല. ദോഷകരമായ അനന്തരഫലവും ഉണ്ടാകുന്നില്ല. ഈ യോഗബുദ്ധിയുടെ സ്വല്പംപോലും മഹത്തായ ഭയത്തിൽ നിന്നു രക്ഷിക്കുന്നതാണ്.

## *മനസ്സിന്റെ സമനില*

ജ്ഞാനയോഗമായാലും കർമയോഗമായാലും മനസ്സിന്റെ സമനില അഭ്യസിക്കലാണു പ്രധാന കാര്യം. തത്വവിചാരംകൊണ്ടു സമനില നേടുന്നതു ജ്ഞാനയോഗം. ലൗകിക കർമങ്ങളിൽ മുഴുകിയിരിക്കവേ സമനില ശീലിക്കുന്നതു കർമയോഗം. ഉപായമെന്തുതന്നെയായാലും മനസ്സിനെ സമനിലയോടടുപ്പിക്കുന്നതൊക്കെ യോഗമായി കരുതാം. അതുകൊണ്ടാണല്ലോ ഗീതയിലെ എല്ലാ അധ്യായങ്ങൾക്കും യോഗശബ്ദത്തിലവസാനിക്കുന്ന പേരുകൾ നൽകിയിരിക്കുന്നത്. ആ നിലയിൽ ദൈവീസമ്പന്നനായ അർജുനന്റെ യുദ്ധരംഗത്തെ വിഷാദംപോലും സമനിലയോടടുപ്പിക്കുന്നതായതുകൊണ്ടു യോഗമാണ്. ഒന്നാമധ്യായം അർജുനവിഷാദമാണല്ലോ. ഈ യോഗം ഒരാൾ എത്രത്തോളം അഭ്യസിച്ചുവോ അത്രത്തോളം ഒരു കാരണവശാലും നഷ്ടപ്പെടുന്നില്ല. കൃഷി, കച്ചവടം തുടങ്ങിയ ലൗകിക യത്നങ്ങളിൽ നേടിയതു നഷ്ടപ്പെട്ടുപോയി എന്നു വരാം. മനസ്സിന്റെ സമനില നേടിയിടത്തോളം മരണംകൊണ്ടുപോലും നഷ്ടപ്പെടുകയില്ല. അടുത്ത ജന്മത്തിൽ പിന്നെ അവശേഷിക്കുന്നതു നേടിയാൽ മതി. അതുപോലെ ചികിത്സയിലും മറ്റും ചില മരുന്നുകൾ സേവിച്ചാൽ രോഗം മാറിയാൽപ്പോലും ദോഷകരങ്ങളായ മറ്റു പ്രത്യാഘാതങ്ങൾ ഉണ്ടായെന്നു വരാം. യോഗ പരിശീലനത്തിൽ അത്തരം ഭയത്തിനും സ്ഥാനമില്ല. ക്ലേശകരമായ ഭയരോഗ

digitized by www.sreyas.in

ത്തിന് ഈ മരുന്ന് അൽപ്പം സേവിച്ചാൽപ്പോലും ഒട്ടേറെ ഭയം മാറിക്കിട്ടുന്നതാണ്. മനസ്സിന്റെ ക്ഷോഭമാണു സംസാരരോഗത്തിന്റെ പ്രധാന നിദാനം. അതിനുള്ള ഒരേയൊരു ചികിത്സ സമനില ശീലിക്കുകയെന്ന യോഗപരിശീലനവും.

സമനില ശീലിക്കലെന്ന യോഗപരിശീലനത്തിന്റെ പരമരഹസ്യമാണു ഭഗവാൻ അടുത്ത പദ്യത്തിൽ അർജുനനു വെളിപ്പെടുത്തിക്കൊടുക്കുന്നത്:

*41. വ്യവസായാത്മികാ ബുദ്ധിരേകേഹ കുരുനന്ദന*
*ബഹുശാഖാ ഹ്യനന്താശ്ച ബുദ്ധയോഽവ്യവസായിനാം*

കുരുനന്ദന – അല്ലയോ കുരുവംശജനായ അർജുനാ; ഇഹ – ഈ ലോകത്തിൽ; വ്യവസായാത്മികാ ബുദ്ധിഃ – നിശ്ചയബുദ്ധി; ഏകാ – ഒന്നേയുള്ളു; അവ്യവസായിനാം – നിശ്ചയത്തിൽ എത്തിച്ചേർന്നിട്ടില്ലാത്തവരുടെ; ബുദ്ധയഃ – ബുദ്ധികൾ; ബഹുശാഖാഃ അനന്താഃ ച ഹി – അനേകവഴിക്കു തിരിയുന്നവയും അന്തമില്ലാത്തവയും തന്നെയാണ്.

അല്ലയോ കുരുവംശജനായ അർജുനാ, ഈ ലോകത്തിൽ നിശ്ചയബുദ്ധി ഒന്നേയുള്ളു. നിശ്ചയത്തിൽ എത്തിച്ചേർന്നിട്ടില്ലാത്തവരുടെ ബുദ്ധി അനേകവഴിക്കു തിരിയുന്നവയും അന്തമില്ലാത്തവയും തന്നെ.

## *നിശ്ചയബുദ്ധി ഒന്നേയുള്ളു*

സത്യബുദ്ധികളായിരുന്ന കുരുരാജാക്കന്മാരെ പലരെയും ഓർമിപ്പിക്കുന്നതാണ് 'കുരുനന്ദന' എന്ന സംബോധന. മനസ്സിന്റെ സമനില ശീലിക്കലെന്ന യോഗം അഭ്യസിക്കാൻ കൊതിക്കുന്നയാൾ ആദ്യമായി പ്രപഞ്ചത്തിന്റെ പരമ കാരണമായി വർത്തിക്കുന്ന വസ്തുസ്വരൂപം ഗ്രഹിക്കണം. തുടർന്നു കാര്യരൂപത്തിൽ കാണപ്പെടുന്ന സകല കാഴ്ചകളിലും ആ വസ്തുസ്വരൂപമാണുള്ളതെന്നു മനസ്സിനെ പഠിപ്പിക്കണം. പ്രപഞ്ചത്തിന്റെ പരമകാരണം അഖണ്ഡബോധാനന്ദസ്വരൂപമായ ബ്രഹ്മമാണെന്നു സംശയമെന്യേ തെളിഞ്ഞിട്ടുണ്ട്. ഇക്കാര്യം കേട്ടുവിചാരം ചെയ്തറിഞ്ഞ് എല്ലാ ആഴ്ചകളിലും വസ്തു, ബ്രഹ്മമാണെന്നു മനസ്സിനെ പഠിപ്പിക്കണം. ഈ ബ്രഹ്മബുദ്ധി തന്നെയാണു നിശ്ചയാത്മികയായ ഒരേ ഒരു ബുദ്ധി. എന്തുകണ്ടാലും ബ്രഹ്മമാണ് എന്ന ഏകബുദ്ധിക്കു മാറ്റമില്ല. എല്ലാ ഭേദഭാവനകളും അകന്ന് ഈ ബ്രഹ്മബുദ്ധി പൂർണമായി അനുഭവിച്ചറിയുകയാണു ജീവിതലക്ഷ്യ

digitized by www.sreyas.in

മെന്ന് ഇതോടെ ഉറപ്പു വരുന്നു. വസ്തുസ്വരൂപം വെളിപ്പെടുത്തി നിശ്ചയാത്മികമായ ഏകബുദ്ധി ഉറപ്പിക്കുകയാണ് വേദത്തിലെ ജ്ഞാനകാണ്ഡമെന്നറിയപ്പെടുന്ന ഉപനിഷത് ഭാഗം ചെയ്യുന്നത്. വസ്തു ഒന്നേയുള്ളുവെന്നു വിചാരം ചെയ്തറിയണമെന്നും പലതു കാണുന്നവൻ മരണത്തിൽ നിന്നു മരണത്തിലേക്കു പായേണ്ടിവരുമെന്നും ഉപനിഷത്ത് ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഉപനിഷദ്വാക്യം ചെവിക്കൊള്ളാൻ മടിക്കുന്നവർ ഇവിടെ പലരുണ്ട്; ലക്ഷ്യങ്ങളും അനേകമുണ്ട്. ഈ ലോകത്തുതന്നെ പണം, പ്രശസ്തി, സ്ഥാനമാനങ്ങൾ, അധികാരം ഇങ്ങനെ ലക്ഷ്യങ്ങളനേകമാണ്. ഒരു ലക്ഷ്യം നേടിക്കഴിഞ്ഞാൽ പുതിയ ലക്ഷ്യങ്ങൾ പലതും മുമ്പിലോടിയെത്തുന്നു. ഇതൊക്കെ നേടിക്കഴിഞ്ഞാൽത്തന്നെ പരലോകമായ സ്വർഗത്തിൽ കൽപ്പവൃക്ഷം, കാമധേനു, അപ്സരസുകൾ ഇങ്ങനെ പലതുമുണ്ടെന്നു കേൾപ്പാനുണ്ട്. എന്തു നേടിയാലും തൃപ്തി ഒട്ടുണ്ടാകുന്നില്ല. കാഴ്ചകളും ലക്ഷ്യങ്ങളും പലതാണ്; അവസാനം കാണാനുമില്ല. ഇതാണ് നിശ്ചയത്തിലെത്തിച്ചേർന്നിട്ടില്ലാത്തവരുടെ അനേകം വഴിക്കു തിരിയുന്ന അന്തമില്ലാത്ത ബുദ്ധികൾ. അത്തരം ബുദ്ധികളുടെ സ്വഭാവങ്ങളാണ് അസംതൃപ്തി, സംശയം, സംഭ്രമം എന്നിവ. ഇങ്ങനെയുള്ള അവ്യവസായ ബുദ്ധികളെ അൽപ്പമൊന്നു നിയമബദ്ധരാക്കാനുള്ള ശ്രമമാണു കർമകാണ്ഡവേദഭാഗത്തിലുള്ളത്. ദേവസങ്കൽപ്പങ്ങൾ ഉൾക്കൊള്ളാനും യാഗങ്ങളും ഉപാസനകളും അനുഷ്ഠിക്കാനും കർമകാണ്ഡവേദഭാഗം നിർദേശിക്കുന്നു. എന്നാൽ ഈ വേദഭാഗം തന്നെ ശാഖോപശാഖയായി പിരിഞ്ഞു പലർക്കും പല ലക്ഷ്യങ്ങളും പ്രവർത്തനമാർഗങ്ങളുമാണു നിർദേശിച്ചിട്ടുള്ളത്. കർമകാണ്ഡം കാലദേശങ്ങൾക്കനുസരിച്ച് എന്നും മാറിക്കൊണ്ടുമിരിക്കും. അതുകൊണ്ടു കർമകാണ്ഡവേദഭാഗത്തേയോ കേവല ഭൗതിക മാർഗത്തേയോ അംഗീകരിക്കുന്നവർക്കു മനസ്സിന്റെ സമനില ശീലിക്കുക അസാധ്യമാണ്. ഒന്നിൽ ഉറപ്പായി ഊന്നിനിൽക്കാൻ കഴിവുള്ള ബുദ്ധിക്കേ സമനില സാധിക്കൂ. പലതായി പിരിഞ്ഞ് ഓടിനടക്കുന്ന ബുദ്ധിക്ക് സമനില എങ്ങനെ സാധ്യമാകും? അതുകൊണ്ടു സത്യസ്വരൂപത്തിൽ ബുദ്ധിയെ ഉറപ്പിച്ചു ലക്ഷ്യത്തിൽ ഊന്നിനിന്നുകൊണ്ട് യോഗപരിശീലനത്തോടെ സ്വധർമമനുഷ്ഠിക്കാനാണു ഭഗവാൻ അർജുനനോടു പറയുന്നത്. ഒന്നിലൂന്നി ഉറയ്ക്കുന്ന ബുദ്ധി ഏകാഗ്രതയിൽ അസാധാരണമായ ആനന്ദവും ശാന്തിയും കണ്ടെത്തും.

digitized by www.sreyas.in

പക്ഷേ ലോകത്ത് കർമകാണ്ഡവേദഭാഗങ്ങളിലും കേവല ഭൗതിക ചിന്തകളിലും മുഴുകിക്കഴിയുന്നവരെയാണല്ലോ അധികവും കാണ്മാനുള്ളത്. അവർ ജീവിതത്തിൽ പരാജയമടയുന്നുവെന്നാണോ? എന്തായാലും കർമകാണ്ഡവേദഭാഗങ്ങളിലും കേവല ഭൗതികചിന്തകളിലും മുഴുകിക്കഴിയുന്നവർക്കു മനസ്സിനേകാഗ്രതയോ കാര്യമായ സുഖമോ ഒരിക്കലും കിട്ടുന്നില്ലെന്നാണു ഭഗവാൻ അടുത്ത മൂന്നു പദ്യങ്ങൾകൊണ്ടു വെളിപ്പെടുത്തുന്നത്:

*42. യാമിമാം പുഷ്പിതാം വാചാ പ്രവദന്ത്യവിപശ്ചിതഃ*
*വേദവാദരതാഃ പാർഥ നാന്യദസ്തീതി വാദിനഃ*

*43. കാമാത്മാനഃ സ്വർഗപരാ ജന്മകർമഫലപ്രദാം*
*ക്രിയാവിശേഷബഹുലാം ഭോഗൈശ്വര്യഗതിം പ്രതി*

*44. ഭോഗൈശ്വര്യപ്രസക്താനാം തയാപഹൃതചേതസാം*
*വ്യവസായാത്മികാ ബുദ്ധിഃ സമാധൗ ന വിധീയതേ*

പാർഥ - അല്ലയോ അർജുനാ; വേദവാദരതാഃ - വേദത്തിലെ കർമകാണ്ഡത്തിൽ വിവരിച്ചിട്ടുള്ള യാഗാദി കർമങ്ങളിലും സ്വർഗാദി ഫലങ്ങളിലും സുഖം കാണുന്നവരും; അന്യത്ന അസ്തി ഇതി വാദിനഃ - അതിൽ കവിഞ്ഞു വേറെ സത്യമോ മോക്ഷമോ ഇല്ലെന്നു വാദിക്കുന്നവരും; കാമാത്മാനഃ - കാമസങ്കൽപ്പങ്ങളിൽത്തന്നെ മുഴുകിക്കഴിയുന്നവരും; സ്വർഗപരാഃ - സ്വർഗപ്രാപ്തിക്കായി ജീവിതമർപ്പിച്ചവരുമായ; അവിപശ്ചിതഃ - അജ്ഞന്മാർ; ജന്മകർമഫലപ്രദാം - ആവർത്തിച്ചുള്ള ജന്മകർമങ്ങൾക്കിടയാക്കുന്നതും; ഭോഗൈശ്വര്യഗതിം പ്രതി ക്രിയാവിശേഷബഹുലാം - ലൗകിക സുഖത്തെയും ഐശ്വര്യത്തെയും ലക്ഷ്യമാക്കി പല തരത്തിലുള്ള യാഗാദി ക്രിയാവിശേഷങ്ങളെ നിർദേശിക്കുന്നതും; പുഷ്പിതാം യാം ഇമാം വാചം പ്രവദന്തി - പൂത്ത മരത്തെപ്പോലെ ആകർഷണീയവുമായ ഏതൊരു വാക്കിനെ പറയുന്നുവോ; തയാ അപഹൃതചേതസാം - ആ വാക്കിനാൽ അപഹൃതചിത്തരായ; ഭോഗൈശ്വര്യപ്രസക്താനാം - ലൗകികസുഖൈശ്വര്യമോഹിതന്മാർക്ക്; സമാധൗ - അന്തഃകരണത്തിൽ; വ്യവസായാത്മിക ബുദ്ധിഃ - സത്യനിശ്ചയരൂപത്തിലുള്ള ഏകാഗ്രബുദ്ധി; ന വിധീയതേ - സംഭവിക്കുന്നതേയില്ല.

അല്ലയോ അർജുനാ, വേദത്തിലെ കർമകാണ്ഡത്തിൽ വിവരിച്ചിട്ടുള്ള യാഗാദി കർമങ്ങളിലും സ്വർഗാദി ഫലങ്ങളിലും സുഖം കാണുന്നവരും, അതിൽ കവിഞ്ഞു വേറെ സത്യമോ മോക്ഷമോ ഇല്ലെന്നു വാദിക്കുന്ന

digitized by www.sreyas.in

വരും, കാമസങ്കൽപ്പങ്ങളിൽത്തന്നെ മുഴുകിക്കഴിയുന്നവരും, സ്വർഗപ്രാപ്തിക്കായി ജീവിതമർപ്പിച്ചവരുമായ അജ്ഞന്മാർ, ആവർത്തിച്ചുള്ള ജന്മകർമങ്ങൾക്കിടയാക്കുന്നതും, ലൗകികസുഖത്തെയും ഐശ്വര്യത്തെയും ലക്ഷ്യമാക്കി പല തരത്തിലുള്ള ക്രിയാവിശേഷങ്ങളെ നിർദേശിക്കുന്നതും, പൂത്ത മരത്തെപ്പോലെ ആകർഷണീയവുമായ ഏതൊരു വാക്കിനെ പറയുന്നുവോ ആ വാക്കിനാൽ അപഹൃതചിത്തരായ ലൗകികസുഖൈശ്വര്യമോഹികൾക്ക് ഉള്ളിൽ സത്യനിശ്ചയരൂപത്തിലുള്ള ഏകാഗ്രബുദ്ധി സംഭവിക്കുന്നതേയില്ല.

### *കർമകാണ്ഡം*

ഇവിടെ സമാധിശബ്ദത്തിനു സകല സങ്കൽപ്പങ്ങളുടെയും ഉറവിടമായ അന്തഃകരണമെന്നാണർഥം. കർമംകൊണ്ട് ഉണ്ടാക്കിയെടുക്കാവുന്ന ലോകാനുഭവങ്ങളെ വിവരിക്കുന്ന വേദഭാഗമാണു കർമകാണ്ഡം. പലർക്കും ആഗ്രഹങ്ങൾ പലതായതുകൊണ്ടു പല തരത്തിലുള്ള സുഖാനുഭവങ്ങൾ നേടാനുള്ള മാർഗങ്ങളും അതിൽ വിവരിച്ചിട്ടുണ്ട്. എന്തായാലും ജനിച്ചു മരിച്ചു ജനിച്ചു മരിച്ച് അനുഭവിക്കേണ്ട സുഖങ്ങളാണവയൊക്കെ. കർമകാണ്ഡവേദഭാഗം എന്നും അപൂർണമായിരിക്കാനേ പറ്റൂ. അതുകൊണ്ട് ഒരിക്കലും അതു പരമപ്രമാണമായി അംഗീകരിച്ചുകൂടാ. കർമകാണ്ഡവേദഭാഗത്തിൽ ആചാരബദ്ധരായി ഉഴലുന്നവർക്കു സത്യം തെളിഞ്ഞുകിട്ടുകയില്ല. കർമകാണ്ഡത്തിൽ പൂവേയുള്ളു ഫലമില്ലെന്നു കാണിക്കാനാണ് അതിനെ പൂത്ത മരത്തോടുപമിച്ചിരിക്കുന്നത്.

കർമകാണ്ഡവേദഭാഗം ജഡവിഷയമാണെന്നും അതിനെ പുറംതള്ളിയിട്ടു ധീരതയോടെ ഉപനിഷത് പ്രതിപാദിതമായ ചേതനസത്തയെ സാക്ഷാൽക്കരിക്കുകയാണു വേണ്ടതെന്നും ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നു:

*45 ത്രൈഗുണ്യവിഷയാ വേദാ നിസ്ത്രൈഗുണ്യോ ഭവാർജുന*
*നിർദ്വന്ദ്വോ നിത്യസത്വസ്ഥോ നിര്യോഗക്ഷേമ ആത്മവാൻ*

അർജുന – അല്ലയോ അർജുനാ; വേദാഃ ത്രൈഗുണ്യവിഷയാഃ – കർമകാണ്ഡവേദഭാഗങ്ങൾ സത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു മായാഗുണങ്ങൾക്കുള്ളിൽ തങ്ങിനിൽക്കുന്നവയാണ്; (ത്വം) നിസ്ത്രൈഗുണ്യഃ – നീ ത്രിഗുണാതീതനും; നിർദ്വന്ദ്വഃ – രണ്ടെന്ന ചിന്തയില്ലാത്തവനും; നിത്യസത്വസ്ഥഃ – സദാ ഏകമായ സത്തയെത്തന്നെ അനുഭവിക്കുന്നവനും; നിര്യോഗക്ഷേമഃ –

digitized by www.sreyas.in

ലോകത്തു കാണുന്ന യാതൊന്നും തന്റേതായിരിക്കണമെന്നു കൊതിക്കാത്തവനും; ആത്മവാൻ - സദാ ആത്മാനന്ദം അനുഭവിക്കുന്നവനും; ഭവ - ആയി ഭവിക്കൂ.

അല്ലയോ അർജുനാ, കർമകാണ്ഡവേദഭാഗങ്ങൾ സത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു മായാഗുണങ്ങൾക്കുള്ളിൽ തങ്ങി നിൽക്കുന്നവയാണ്. നീ ത്രിഗുണാതീതനും രണ്ടെന്ന ചിന്തയില്ലാത്തവനും സദാ ഏകമായ സത്തയെത്തന്നെ അനുഭവിക്കുന്നവനും ലോകത്തു കാണുന്ന യാതൊന്നും തന്റേതായിരിക്കണമെന്നു കൊതിക്കാത്തവനും സദാ ആത്മാനന്ദം അനുഭവിക്കുന്നവനുമായി ഭവിക്കൂ.

## *ജ്ഞാനകാണ്ഡം*

പരമാത്മസത്തയിൽ മായ ഉണ്ടാക്കിക്കാണിക്കുന്ന വെറും കാഴ്ചകൾ മാത്രമാണു ജഡലോകങ്ങൾ. മായയിലെ സത്വരജസ്തമോഗുണങ്ങൾ കൂടിക്കലർന്നാണ് എല്ലാ ദൃശ്യങ്ങൾക്കും രൂപം കൊടുക്കുന്നത്. അങ്ങനെയുള്ള ലോകങ്ങളെയും ലൗകികാനുഭവങ്ങളെയും വിവരിക്കുന്ന കർമകാണ്ഡം മായാഗുണങ്ങൾക്കുള്ളിൽ മാത്രം ചുറ്റിക്കറങ്ങുന്നതാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടുതന്നെ ലോകാനുഭവങ്ങൾ അസ്ഥിരങ്ങളും ദുഃഖപ്രദങ്ങളുമാണ്. അപ്പോൾ സത്യദർശനമോ സ്ഥിരശാന്തിയോ കൊതിക്കുന്നയാൾ മായാഗുണങ്ങൾക്കപ്പുറമുള്ള ശാശ്വതവസ്തുവിനെയാണു തിരയേണ്ടത്. അതുകൊണ്ടാണു ഭഗവാൻ അർജുനനോട് ത്രിഗുണാതീതനായിത്തീരാൻ ആവശ്യപ്പെടുന്നത്. ഈ ത്രിഗുണാതീതസ്ഥിതി എങ്ങനെ സാധ്യമാകുമെന്നുള്ള കാര്യം ഒരു കാരണകാര്യശൃംഖലയിൽക്കൂടി പ്രതിപാദിച്ചിരിക്കുകയാണു ശ്ലോകത്തിന്റെ ഉത്തരാർധത്തിൽ. സ്വധർമം അനുഷ്ഠിക്കവേ ത്രിഗുണാതീത സ്ഥിതി ജീവിതലക്ഷ്യമായി മുന്നിൽ കാണണം. തുടർന്നു വസ്തുവിചാരം ചെയ്തു രണ്ടെന്ന ഭാവം പുറംതള്ളണം. രണ്ടുണ്ടെന്ന തോന്നലാണ് അവിദ്യ. രണ്ടില്ലാത്ത അവസ്ഥയാണു നിർദ്വന്ദ്വത്വം. രണ്ടെന്ന ഭാവം പുറംതള്ളിയിട്ടു സദാ സർവത്ര ഏകമായ സത്തയെത്തന്നെ അനുഭവിക്കാൻ യത്നിക്കണം. ഇതാണു നിത്യസത്വസ്ഥിതി. 'നിത്യസത്വസ്ഥഃ' എന്നതിന് 'സദാ സത്വഗുണത്തിൽ സ്ഥിതിചെയ്യുന്നൻ' എന്നാണ് ശങ്കരഭഗവത്പാദരും മറ്റു വ്യാഖ്യാതാക്കളും അർഥം പറഞ്ഞുകാണുന്നത്. പക്ഷേ, ആദ്യം ത്രിഗുണാതീതനാകാൻ പറഞ്ഞിട്ടു പിന്നീടു ഭഗവാൻ സദാ സത്വഗുണത്തിൽ സ്ഥിതിചെയ്യണം എന്നു പറയുമോ എന്ന കാര്യം ആലോചിക്കേണ്ടതാണ്. നിത്യ

digitized by www.sreyas.in

സത്വസ്ഥനായിക്കഴിഞ്ഞാൽ പിന്നെ വന്നുചേരുന്ന സ്ഥിതിയാണ് നിര്യോഗ ക്ഷേമത്വം. ലോകത്തുള്ള യാതൊന്നും നേടാനോ തന്റേതാക്കി വയ്ക്കാനോ ആഗ്രഹം തോന്നായ്കയാണ് നിര്യോഗക്ഷേമത്വം. എല്ലാം ഈശാവസ്യമെന്നുറച്ചാൽപ്പിന്നെ വരുന്ന ത്യാഗംകൊണ്ടുള്ള ഭോഗമാണ് നിര്യോഗക്ഷേമത്വം. ആ ഭോഗത്തിന്റെ സ്വരൂപമാണ് ഇടതടവില്ലാത്ത ആത്മാനന്ദാനുഭവം. അതുന്നെയാണ് ആത്മവാനായിരിക്കുന്ന സ്ഥിതി. ചുരുക്കത്തിൽ ആത്മവാനായിത്തീരുകയെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു സ്വധർമാനുഷ്ഠാനത്തിൽ ഏർപ്പെടണമെന്നാണു ഭഗവാൻ അർജുനനോടാവശ്യപ്പെടുന്നത്.

കർമംകൊണ്ടു കിട്ടാവുന്ന സുഖമൊക്കെ വെടിയണമെന്നും പരമലക്ഷ്യമായി ആത്മസുഖം നേടണമെന്നും പറയുന്നു. കർമംകൊണ്ടു നേടുന്ന സുഖത്തേക്കാൾ ആത്മസുഖത്തിനെന്താണു മെച്ചം? കർമംകൊണ്ടു നേടുന്ന സുഖം പൊട്ടക്കുളവും ആത്മസുഖം സർവത്ര നിറഞ്ഞു തുളുമ്പി നിൽക്കുന്ന ജലരാശിയും പോലെ അന്തരമുള്ളവയാണെന്നത്രേ ഭഗവാൻ അടുത്ത ശ്ലോകത്തിൽ വെളിപ്പെടുത്തുന്നത്:

*46. യാവാനർഥ ഉദപാനേ സർവതഃ സംപ്ലുതോദകേ*
*താവാൻ സർവേഷു വേദേഷു ബ്രാഹ്മണസ്യ വിജാനതഃ*

ഉദപാനേ - പൊട്ടക്കുളത്തിൽ; യാവാൻ അർഥഃ - എത്രമാത്രം പ്രയോജനം നേടാമോ; സർവതഃ സംപ്ലുതോദകേ - എങ്ങും നിറഞ്ഞു തുളമ്പി നിൽക്കുന്ന ജലരാശിയിൽ; താവാൻ (ഭവതി) - ആ പ്രയോജനമൊക്കെ അന്തർഭവിക്കുന്നു; വിജാനതഃ ബ്രാഹ്മണസ്യ - സത്യം വേർതിരിച്ചനുഭവിക്കുന്ന ബ്രഹ്മനിഷ്ഠന്; സർവേഷു വേദേഷു - എല്ലാ വേദങ്ങളിലും നിന്നു കിട്ടുന്ന പ്രയോജനം; (താവാൻ ഭവതി) - അതുപോലെ തന്റെ ബ്രഹ്മനിഷ്ഠയിൽ അന്തർഭവിക്കുന്നു എന്നു കാണേണ്ടതാണ്.

പൊട്ടക്കുളത്തിൽ എത്രമാത്രം പ്രയോജനം നേടാമോ എങ്ങും നിറഞ്ഞു തുളുമ്പിനിൽക്കുന്ന ജലരാശിയിൽ ആ പ്രയോജനമൊക്കെ അന്തർഭവിക്കുന്നു. സത്യം വേർതിരിച്ചനുഭവിക്കുന്ന ബ്രഹ്മനിഷ്ഠനു എല്ലാ വേദങ്ങളിലും നിന്നു കിട്ടുന്ന പ്രയോജനം അതുപോലെ തന്റെ ബ്രഹ്മനിഷ്ഠയിൽ അന്തർഭവിക്കുന്നു എന്നു കാണേണ്ടതാണ്.

## *പൊട്ടക്കുളവും ജലരാശിയും*

പൊട്ടക്കുളം, കിണറ് തുടങ്ങിയ ചെറിയ ജലാശയങ്ങളിൽ നിന്നു പരിമിതമായ പ്രയോജനമേ ഉണ്ടാകാറുള്ളു. വെള്ളം കുടിക്കാം, കുളിക്കാം,

digitized by www.sreyas.in

ഏതാനും ചെടികളെയൊക്കെ നനയ്ക്കാം, അത്രതന്നെ. എങ്ങും നിറഞ്ഞു തുളുമ്പി നിൽക്കുന്ന ജലരാശിയിൽ നിന്നാകട്ടെ മുൻപറഞ്ഞ പ്രയോജനമൊക്കെ നേടാവുന്നതിനുപരി അപരിമിതങ്ങളായ മറ്റു പ്രയോജനങ്ങളും ഉണ്ടാക്കാം. എത്രപേർക്കു വേണമെങ്കിലും വെള്ളം കുടിക്കാം. എത്രപേർക്കു വേണമെങ്കിലും നീന്തിക്കളിക്കാം; വളരെയധികം സ്ഥലത്തു ജലസേചനം ചെയ്യാം, ഇങ്ങനെ പലതും. പൊട്ടക്കുളംപോലെയാണു കർമം ചെയ്തുണ്ടാക്കുന്ന ആനന്ദം. നിറഞ്ഞു തുളമ്പിനിൽക്കുന്ന ജലരാശിയിൽ നിന്നു പകർന്നു കിട്ടുന്നതാണു കിണറ്റിലെയും കുളത്തിലെയും അൽപ്പജലം. അതുപോലെ സർവത്ര നിറഞ്ഞുനിൽക്കുന്ന ബ്രഹ്മാനന്ദത്തിന്റെ വെറും തുള്ളികൾ മാത്രമാണ് ഇന്ദ്രാദി ലോകപാലകന്മാർ പോലുമനുഭവിക്കുന്ന കർമം ചെയ്തു കിട്ടുന്ന ലൗകിക സുഖങ്ങൾ. അപ്പോൾ ബ്രഹ്മനിഷ്ഠന്റെ ബ്രഹ്മാനന്ദത്തിൽ അവയെല്ലാം അടങ്ങുമെന്നു പറയേണ്ടതില്ലല്ലോ. അതിനപ്പുറം ബ്രഹ്മാനന്ദത്തിൽ അപായഭീതി ഒരിക്കലും ഉളവാകുന്നില്ല. അവിടെ ദുഃഖത്തിന്റെ നിഴൽപോലുമില്ല. അതു കർമംകൊണ്ട് ഉണ്ടാകുന്നതോ നശിക്കുന്നതോ അല്ല. അതുകൊണ്ടു സുഖമാണ് ജീവിതലക്ഷ്യമെങ്കിൽ നേടേണ്ടതു കർമസുഖമല്ല ബ്രഹ്മസുഖമാണെന്നത്രേ ഭഗവാന്റെ വിവക്ഷ. അതിനായിട്ടാണ് അർജുനനോട് ആത്മവാനായിത്തീരാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

കർമംചെയ്തു കിട്ടുന്ന ലോകസുഖങ്ങൾ തുച്ഛങ്ങളാണെങ്കിൽ പിന്നെ എന്തിനു കർമം ചെയ്യണം? കർമമാർഗമുപേക്ഷിച്ചു സന്ന്യാസം വരിച്ചുകൂടെ? കർമം ചെയ്യുകയാണെങ്കിൽ ബുദ്ധി ഫലകാംക്ഷയിൽ പെട്ടുഴലുകില്ലേ? കർമം ചെയ്യലും ആത്മവാനാകലും ഒരുമിച്ചെങ്ങനെ സാധിക്കും? ഈ ചോദ്യങ്ങൾക്കുത്തരമാണടുത്ത പദ്യം. കർമയോഗരഹസ്യം വെളിപ്പെടുത്തുന്ന ഒരു പ്രധാന പദ്യമാണിത്:

*47. കർമണ്യേവാധികാരസ്തേ മാ ഫലേഷു കദാചന*
*മാ കർമഫലഹേതുർഭൂർമാ തേ സംഗോഽസ്ത്വകർമണി*

തേ - നിനക്ക്; കർമണി ഏവ അധികാരഃ - കർമത്തിൽ മാത്രമേ അധികാരമുള്ളു; കദാചന - ഒരിക്കലും; ഫലേഷു മാ - കർമഫലങ്ങളിൽ അധികാരമുണ്ടെന്നു കരുതരുത്; കർമഫലഹേതുഃ മാ ഭൂഃ - കർമഫലത്തിനു ഹേതുവായിത്തീരരുത്; അകർമണി തേ സംഗഃ മാ അസ്തു - കർമം ചെയ്യായ്കയെന്ന അലസതയിൽ നീ സംഗബദ്ധനാവുകയും അരുത്.

digitized by www.sreyas.in

നിനക്ക് കർമത്തിൽ മാത്രമേ അധികാരമുള്ളു; കർമഫലങ്ങളിൽ അധികാരമുണ്ടെന്നു കരുതരുത്; കർമഫലത്തിനു ഹേതുവായിത്തീരരുത്; കർമം ചെയ്യാതിരിക്കുകയെന്ന അലസതയിൽ നീ സംഗബദ്ധനായിത്തീരുകയും അരുത്.

## *കർമണ്യേവാധികാരഃ*

അഭ്യസിച്ചുറപ്പിച്ച കർമവാസനകളുമായി ജീവിതരംഗത്തെത്തിച്ചേരുന്ന ഒരു ലൗകികനു തന്റെ കർമമാർഗത്തെ സത്യോന്മുഖമാക്കി ജീവിതം ധന്യമാക്കാനുള്ള നാലു പ്രധാന കാര്യങ്ങളാണ് ഈ ശ്ലോകത്തിൽ വിവരിച്ചിരിക്കുന്നത്. ഇതിലെ അധികാരപദത്തിന് അർഹത എന്നാണർഥം. അർജുനനെപ്പോലെ കർമവാസനകൾ സത്യാസത്യവിചാരം കൊണ്ടു പാകപ്പെട്ടിട്ടില്ലാത്ത ഒരാൾ ഒരിക്കലും ലൗകികമാർഗം ഉപേക്ഷിക്കാൻ അർഹനല്ല. അതായത് അയാൾ ജ്ഞാനനിഷ്ഠയ്ക്കു പ്രാധാന്യമുള്ള സന്ന്യാസം സ്വീകരിക്കാൻ പാടില്ലെന്നർഥം. ഇനി ബാഹ്യമായി സന്ന്യാസം സ്വീകരിച്ചാൽപ്പോലും പ്രാധാന്യേന അയാൾ ലൗകികകർമ മാർഗത്തിൽതന്നെയായിരിക്കും വർത്തിക്കുക. കർമവാസനകളുടെ ബലം നിമിത്തം അയാൾക്കതിനേ അർഹതയുണ്ടാകൂ. അലംഘനീയമായ ഈ ജീവിതനിയമം ലംഘിച്ചു നിയമങ്ങൾക്കൊന്നും വഴങ്ങാതെ അനേകം പേർ സന്ന്യാസാശ്രമം സ്വീകരിക്കാനിടയായതാണ് ഭാരതത്തിനും വേദാന്തശാസ്ത്രത്തിനും ഒരു വലിയ ശാപമായി ഭവിച്ചത്. സന്ന്യാസത്തിന്റെ ബാഹ്യചിഹ്നങ്ങളും ധരിച്ചു ലൗകികന്മാരേക്കാൾ കാമക്രോധലോഭങ്ങൾക്കു വശംവദരായി അനേകംപേർ അലസജീവിതം നയിക്കാനിടയായാൽ ഏതു രാഷ്ട്രത്തിനാണു പതനം സംഭവിക്കാത്തത്? ഏതായാലും ഇത് സന്ന്യാസാശ്രമത്തിന്റെയോ വേദാന്തശാസ്ത്രത്തിന്റെയോ ദോഷമല്ലെന്നോർത്തിരിക്കേണ്ടതാണ്. സന്ന്യാസി ലോകസംഗ്രഹത്തിനായി കർമമാർഗം അവലംബിക്കുന്നത് അത്യന്തം നന്ന്; പക്ഷേ ഒരു കർമബദ്ധൻ പൊടുന്നനെ സന്ന്യാസം സ്വീകരിക്കുന്നത് അത്യന്തം ദോഷം; ഇതാണു നിയമം.

## *മാ ഫലേഷു കദാചന*

അപ്പോൾ അർജുനനെപ്പോലെയുള്ളവർ കർമമാർഗത്തിനു മാത്രമേ അധികാരികളാകുന്നുള്ളു. അങ്ങനെയാണെങ്കിൽ കർമഫലങ്ങൾക്കും അവർ പൂർണമായും അർഹരാണെന്നു കരുതിക്കൂടേ? കരുതിക്കൂടായ്ക

digitized by www.sreyas.in

യല്ല; പക്ഷേ അങ്ങനെ കരുതരുതെന്നാണു ഭഗവാൻ ആവശ്യപ്പെടുന്നത്. കർമത്തിന്റെ ഫലം ചിലപ്പോൾ അനുകൂലമാവാം; ചിലപ്പോൾ പ്രതികൂലമാവാം. അനുഭവഘട്ടം വരുന്നതുവരെ ഫലം അനുകൂലമായിരിക്കുമോ പ്രതികൂലമായിരിക്കുമോ എന്നു തീർത്തു പറയാൻ ആർക്കും സാധ്യമല്ല. അനുകൂലഫലം കിട്ടുമെന്നു കരുതിയിരിക്കേ അന്തിമ നിമിഷത്തിൽപ്പോലും അതു പ്രതികൂലമായി മാറാം. മറിച്ചും വരാം. തൽക്കാലം പ്രതികൂലഫലം അനുഭവിക്കുന്നതു ഭാവിയിൽ വലിയ നന്മക്കാവാം. തൽക്കാലത്തെ അനുകൂലഫലം ഭാവിദോഷത്തിലും കലാശിക്കാം. തുടർന്നു വരുന്ന കർമശൃംഖലയിലെ ഭൂതഭാവികളെക്കുറിച്ചുള്ള അജ്ഞതയാണ് അനിശ്ചിതബോധത്തിനു കാരണം. ഈ അജ്ഞത മനസ്സിലാക്കാതെ കർമത്തിനൊക്കെ അനുകൂലമായ ഫലമാണ് എല്ലാവരും കൊതിക്കുന്നത്. ആ പ്രതീക്ഷ തകരുന്നതാണു ദുഃഖം. അതുകൊണ്ടു നിവൃത്തിമാർഗമവലംബിച്ചു കർമരംഗത്തു വർത്തിക്കുന്ന ഒരു സത്യാന്വേഷി വാസനകളെ ക്ഷയിപ്പിക്കാൻവേണ്ടി കർമം ചെയ്യുകതന്നെ വേണം. അതേ അവസരത്തിൽ ഈശ്വരബുദ്ധി പുലർത്തി ഫലത്തിൽ ഉദാസീനനായിരിക്കുകയും വേണം. ഫലം അനുകൂലമായാൽ ഭഗവദനുഗ്രഹം. പ്രതികൂലമായാൽ അതും ഭഗവദിച്ഛ. ഈ മനോഭാവം വാസനകളെ ക്ഷയിപ്പിച്ച് ഏകാഗ്രബുദ്ധി വളർത്തി സത്യത്തോടടുപ്പിക്കും. ഈശ്വരനെ മറന്നു ഫലചിന്തയിൽ മുഴുകുന്ന ബുദ്ധി, ഫലത്തിന്റെ അനിശ്ചിതത്വം നിമിത്തം സദാ ചഞ്ചലവും വ്യാകുലവുമായിരിക്കും. ഫലം അനുകൂലമായാൽ അഹങ്കരിച്ചു തുള്ളിച്ചാടും. പ്രതികൂലമായാൽ ശോകപരവശമായി കുഴങ്ങും. രണ്ടായാലും ആത്മലാഭത്തിനു തടസ്സമാവും. അതുകൊണ്ടു ജീവിതത്തിൽ സത്യാനുഭവമോ കാര്യമായ സുഖമോ കൊതിക്കുന്നയാൾ ഈശ്വരനെ മറന്നു ഫലചിന്തയിൽ ഒരിക്കലും മനസ്സിനെ വ്യാപരിപ്പിക്കാൻ പാടില്ല.

### *മാ കർമഫലഹേതുർഭൂഃ*

മനുഷ്യമനസ്സിനു വ്യാപരിക്കാൻ രണ്ടേ രണ്ടിടമേയുള്ളു; ഒന്ന് ഈശ്വരൻ, മറ്റേത് ഏതെങ്കിലും കർമഫലം. ഇതിൽ ഏതിനെ ആശ്രയിച്ചാലാണോ പരമമായ സുഖവും ശാന്തിയും ലഭിക്കുക അതിനെ ആശ്രയിക്കാം. ഞാൻ കർമം ചെയ്യുന്നു, ഞാൻ ഫലവും അനുഭവിക്കുന്നു എന്ന ചിന്തയാണ് കർമത്തിനും ഫലത്തിനും ഹേതുവായിത്തീരൽ. കർതൃത്വവും ഭോക്തൃത്വവും ഇങ്ങനെ ആവർത്തിച്ചുറപ്പിക്കുന്നതിന്റെ ഫലമായി രാഗദ്വേഷരൂപത്തിലുള്ള

digitized by www.sreyas.in

കർമവാസനകൾ അന്തഃകരണത്തിൽ സഞ്ചയിക്കപ്പെടുന്നു. 'ചില കർമ ങ്ങൾ ചെയ്യണം, അവയുടെ ഫലം നേടി സുഖിക്കണം' ഈ ചിന്തയാണു രാഗം. 'ചില കർമങ്ങൾ ഒഴിവാക്കണം, അവയുടെ ഫലം അനുഭവിച്ചു ദുഃഖി ക്കാൻ വയ്യ' ഈ ചിന്തയാണു ദ്വേഷം. ഇങ്ങനെ അന്തഃകരണത്തിൽ സഞ്ച യിക്കപ്പെടുന്ന രാഗദ്വേഷങ്ങൾ കർമവും, ഫലവും ആവർത്തിക്കാൻ ഇടയാ ക്കുന്നു. കർമഫലാവർത്തനങ്ങൾക്കായി വീണ്ടും വീണ്ടും ജനിക്കേണ്ട തായും മരിക്കേണ്ടതായും വരുന്നു. അതുകൊണ്ടാണു കർമഫലഹേതു വായിത്തീരരുത് എന്നു ഭഗവാൻ അർജുനനെ ഉപദേശിച്ചിരിക്കുന്നത്. ഈശ്വ രബുദ്ധി പുലർത്തി ഫലകാംക്ഷ കൂടാതെ ഈശ്വരാരാധനയായി കർമം ചെയ്യുന്നയാൾ കർമഫലഹേതുവാകാതെ സത്യം തെളിഞ്ഞുകണ്ടു സംസാ രചക്രത്തിൽ നിന്നു രക്ഷപ്പെടാൻ ഇടവരുന്നു.

## *മാ തേ സംഗോഽസ്ത്വകർമണി*

ഫലേച്ഛകൂടാതെ കർമം ചെയ്യണമെന്നു പറഞ്ഞാൽ ഫലം കൈവരു മ്പോൾ അതുപേക്ഷിക്കണമെന്നല്ല അർഥം. ഫലസ്വരൂപം അനിശ്ചിതമാക യാൽ സദാ ഫലത്തെ ചിന്തിച്ച് മനസ്സ് ചഞ്ചലമാകുമെന്നുള്ളതുകൊണ്ടു ഫലചിന്തയുടെ സ്ഥാനത്ത് ഈശ്വരചിന്ത ഉറപ്പിക്കണമെന്നാണ് താൽപ്പര്യം. ഈ വസ്തുത ധരിക്കാതെ ഫലകാംക്ഷയില്ലെങ്കിൽ പിന്നെ കർമം ചെയ്യേണ്ട കാര്യമില്ലല്ലോ എന്നു ചിലർ വാദിക്കാറുണ്ട്. ഈ വാദം ഫലേച്ഛ യോടെ കർമം ചെയ്യുന്നതിനേക്കാൾ അപകടം നിറഞ്ഞതാണ്. കർമവാസ നയുള്ളയാൾ ബാഹ്യകർമങ്ങൾ ഉപേക്ഷിച്ചാൽ ഉറക്കത്തിലെന്നപോലെ അവ അന്തഃകരണത്തിൽ ലയിക്കാനിടവരും. തുടർന്ന് തമോഗുണം വർധി ക്കുകയും ആലസ്യത്തിലും അനാചാരങ്ങളിലും കുടുങ്ങി ജീവിതം വ്യക്തിക്കും സമൂഹത്തിനും പതനകാരണമായിത്തീരുകയും ചെയ്യും. അതു കൊണ്ടാണ് ഭഗവാൻ അകർമണ്യതയിൽ നിനക്കു സംഗം വരരുത് എന്നുപ ദേശിച്ചിരിക്കുന്നത്. അപ്പോൾ കർമം ചെയ്തേ തീരു. കർമഫലത്തിൽ ആകാംക്ഷയരുത്, കർമവാസനകൾ സഞ്ചയിക്കരുത്, അകർമണ്യതയിൽ സംഗം വരരുത് ഇവ നാലുമാണ് കർമമാർഗത്തെ ശോഭനമാക്കിത്തീർത്ത് ആത്മവാനാകാനുള്ള ഉപായങ്ങൾ.

കർമമാർഗം ഈവിധം ശോഭനമാക്കി ആത്മവാനാകാനുള്ള വ്യക്ത മായ സാധനയാണു യോഗബുദ്ധി അഭ്യസിക്കൽ. മുപ്പത്തൊൻപതാം പദ്യ ത്തിൽ സൂചിപ്പിച്ച യോഗബുദ്ധിയെ വ്യക്തമായി നിർവചിക്കാനൊരുമ്പെടു



digitized by www.sreyas.in

കയാണു ഭഗവാൻ നാൽപ്പത്തിയെട്ടാം പദ്യത്തിൽ:

*48. യോഗസ്ഥഃ കുരു കർമാണി സംഗം ത്യക്ത്വാ ധനഞ്ജയ*
*സിദ്ധ്യസിദ്ധ്യോഃ സമോ ഭൂത്വാ സമത്വം യോഗ ഉച്യതേ*

ധനഞ്ജയ - അല്ലയോ അർജുനാ; സംഗം ത്യക്ത്വാ - ഫലസംഗം വെടിഞ്ഞ്; സിദ്ധ്യസിദ്ധ്യോഃ - ജയത്തിലും പരാജയത്തിലും; സമഃ ഭൂത്വാ - ചിത്തത്തെ സമനിലയിൽ നിറുത്തി; യോഗസ്ഥഃ - ബ്രഹ്മനിഷ്ഠനായി; കർമാണി കുരു - കർമങ്ങളനുഷ്ഠിക്കൂ; സമത്വം യോഗ ഉച്യതേ - മനസ്സിന്റെ സമനില തന്നെയാണ് ആത്മനിഷ്ഠ അഥവാ യോഗം.

അല്ലയോ അർജുനാ, ഫലസംഗം വെടിഞ്ഞു ജയത്തിലും പരാജയത്തിലും ചിത്തത്തെ സമനിലയിൽ നിർത്തി ബ്രഹ്മനിഷ്ഠനായി കർമങ്ങളനുഷ്ഠിക്കൂ. മനസ്സിന്റെ സമനിലയാണ് ആത്മനിഷ്ഠ അഥവാ യോഗം.

## *സമത്വം യോഗഃ*

മനസ്സിന്റെ സമസ്ഥിതിയാണു യോഗം. സമസ്ഥിതിയിലെത്തിയ മനസ്സ് ബ്രഹ്മസ്വരൂപം കൈക്കൊള്ളുന്നു; ഇതാണു നിയമം. അഞ്ചാമധ്യായത്തിലെ പത്തൊൻപതാം ശ്ലോകത്തിൽ ഭഗവാൻതന്നെ ഇക്കാര്യം സ്പഷ്ടമാക്കിയിട്ടുണ്ട്. ഈ സമസ്ഥിതി നേടാൻ ആദ്യമായി വേണ്ടതു മനസ്സിനേകാഗ്രപ്പെടാൻ ഒരാശ്രയം കണ്ടെത്തുകയാണ്. സങ്കൽപ്പനിരോധനംകൊണ്ടു നിർഗുണവും ശുദ്ധവുമായ ബ്രഹ്മത്തെത്തന്നെ ലക്ഷ്യമാക്കി നിർഗുണോപാസന ശീലിക്കുന്നതാണിതിനൊരുപായം. അല്ലെങ്കിൽ ബ്രഹ്മവസ്തുവിന്റെ പ്രതീകമായ ഏതെങ്കിലും ഇഷ്ടദേവതാരൂപം അംഗീകരിച്ചു സഗുണോപാസനയും ശീലിക്കാം. എന്തായാലും ഈശ്വരപ്രാപ്തിയാണു ജീവിതത്തിന്റെ പരമലക്ഷ്യമെന്നുറപ്പിച്ചു താനംഗീകരിച്ച ഈശ്വരരൂപം നിരന്തരം ധ്യാനിച്ചുറപ്പിച്ചുകൊണ്ട് ആ ഈശ്വരന്റെ ആരാധനയെന്ന നിലയിൽ കർമം ചെയ്യാൻ തുടങ്ങണം. അതോടെ കർമഫലത്തെക്കുറിച്ചുള്ള സംഗം വെടിയാൻ കഴിയും. ഫലം ഇന്ന രൂപത്തിൽതന്നെ വേണമെന്നോ അതു കിട്ടിയേ തീരൂ എന്നോ ചിന്തിച്ച് മനസ്സ് വ്യാകുലപ്പെടുകയില്ല. അത് ഈശ്വരേച്ഛപോലെ. അപ്പോൾ ഫലം അനുകൂലമോ പ്രതികൂലമോ എന്തുതന്നെയായാലും മനസ്സിന്റെ സമനില നഷ്ടപ്പെടുകയില്ല. ഈശ്വരപ്രാപ്തിയെന്ന പരമലക്ഷ്യത്തെക്കുറിച്ചുപോലും ചിന്തിച്ചു ഖേദിക്കാതെ അതും ഈശ്വരേച്ഛക്കു വിട്ടുകൊടുക്കുന്നു. സമനില നഷ്ടമാകാതിരിക്കുന്ന അവസ്ഥയാണു യോഗം. മനസ്സിന്റെ സമനില തന്നെയാണു ബ്രഹ്മനിഷ്ഠ. ഈ സമനില അഭ്യസിച്ചുകൊണ്ടു

digitized by www.sreyas.in

കർമമാർഗത്തിൽ ചരിക്കൂ എന്നാണ് ഭഗവാൻ ഉപദേശിക്കുന്നത്.

ഈശ്വരബുദ്ധി വെടിഞ്ഞു ഫലത്തെ മാത്രം ലക്ഷ്യമാക്കി ചെയ്യുന്ന കർമം ഒരിക്കലും ജീവിതത്തെ ധന്യമാക്കുകയില്ലെന്നാണ് ഭഗവാൻ തുടർന്നു വ്യക്തമാക്കുന്നത്:

*49. ദൂരേണ ഹ്യവരം കർമ ബുദ്ധിയോഗാദ്ധനഞ്ജയ*
*ബുദ്ധൗ ശരണമന്വിച്ഛ കൃപണാഃ ഫലഹേതവഃ*

ധനഞ്ജയ - അല്ലയോ അർജുനാ; ബുദ്ധിയോഗാത് ദൂരേണ - ബുദ്ധികൊണ്ട് ഈശ്വരപ്രാപ്തിയെ പരമലക്ഷ്യമായി കരുതാതെ ചെയ്യപ്പെടുന്ന; കർമ - കർമം; അവരം - നികൃഷ്ടം; ബുദ്ധൗ - ഈശ്വരബുദ്ധിയിൽ; ശരണം അന്വിച്ഛ - അഭയം തേടൂ; ഫലഹേതവഃ കൃപണാഃ - ഫലാനുഭവത്തിനു ഹേതുവായി ഭവിക്കുന്നവർ അനുകമ്പാർഹരാണ്.

അല്ലയോ അർജുനാ; ബുദ്ധികൊണ്ട് ഈശ്വരപ്രാപ്തിയെ പരമലക്ഷ്യമായി കരുതാതെ ചെയ്യപ്പെടുന്ന കർമം നികൃഷ്ടമാണ്. ഈശ്വരബുദ്ധിയിൽ അഭയം തേടൂ. ഫലാനുഭവത്തിനു ഹേതുവായി ഭവിക്കുന്നവർ അനുകമ്പാർഹരാണ്.

## *അവരം കർമ*

ഈശ്വരപ്രാപ്തിയെ പരമലക്ഷ്യമായി കരുതാത്ത കർമം നികൃഷ്ടമാണ്. ഈശ്വരനെന്ന ലക്ഷ്യം വിട്ടാൽപ്പിന്നെ കർമഫലം മാത്രമാണു ബുദ്ധിക്കു ലക്ഷ്യമായി അംഗീകരിക്കാനുള്ളത്. കർമഫലം അനിശ്ചിതമാണ്. ഒരു ലക്ഷ്യം നേടുമ്പോൾപ്പിന്നെ അനേകം ലക്ഷ്യം നേടാനുള്ള ആഗ്രഹങ്ങൾ പുതുതായി ഉദിക്കും. നേടിയ ലക്ഷ്യങ്ങൾ തന്നെ വേണ്ടവണ്ണം അനുഭവിക്കാൻ കഴിയാത്ത ചുറ്റുപാടുകൾ വന്നുചേരാം. പുതിയ പുതിയ ലക്ഷ്യങ്ങൾ നേടാനുള്ള പ്രയത്നവും ക്ലേശകരംതന്നെ. ഭൗതിക ലക്ഷ്യങ്ങൾ എന്തൊക്കെ നേടിയാലും അതുകൊണ്ടു കാര്യമായ ആശ്വാസമോ ജീവിത ധന്യതയോ ലഭിക്കുകയില്ല. അവസാനം മനസ്സു വല്ലാതെ വാസനാബദ്ധമായി ഉഴലും. ആ ഘട്ടത്തിൽ നേടിയതൊക്കെ കൈവെടിഞ്ഞ് ഇവിടെനിന്നു യാത്രയാകേണ്ടതായും വരും. ഈ ക്ലേശങ്ങളൊക്കെയുള്ളതുകൊണ്ടാണു ഈശ്വരനെ കൈവെടിഞ്ഞു ഫലകാംക്ഷയോടെ ചെയ്യുന്ന കർമം നികൃഷ്ടമാണെന്നു ഭഗവാൻ പ്രഖ്യാപിച്ചിരിക്കുന്നത്.

digitized by www.sreyas.in

## *ബുദ്ധൗ ശരണമന്വിച്ഛ*

അതുകൊണ്ടു ജീവിതം ധന്യമാക്കാൻ കൊതിക്കുന്നയാൾ സർവഥാ ഈശ്വരബുദ്ധിയിൽ അഭയം തേടേണ്ടതാണ്. ഇക്കാര്യം ഭഗവാൻ പതിനെട്ടാമധ്യായത്തിലെ അറുപത്തിരണ്ടാം പദ്യത്തിൽ സ്പഷ്ടമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈശ്വരൻ അവനവന്റെ ഉള്ളിൽ ആത്മരൂപേണ വർത്തിക്കുന്നു. ആ ഈശ്വരനെ സർവാത്മനാ ശരണം പ്രാപിക്കുന്നവർക്ക് അദ്ദേഹം പ്രസന്നനാകും. തുടർന്നു ജീവിതത്തിൽ പരമശാന്തി കൈവരുകയും ചെയ്യും. കർമഫലം എന്തുതന്നെയായാലും അതീശ്വരേച്ഛക്കു വിട്ടുകൊടുക്കണം. തന്റെ പരമലക്ഷ്യം ഈശ്വരപ്രാപ്തിയാണെന്നുറപ്പിച്ച് വിട്ടുവീഴ്ച കൂടാതെ സ്വധർമം അനുഷ്ഠിക്കുകയും വേണം. ഇതാണ് ഈശ്വരബുദ്ധിയിൽ അഭയം തേടൽ.

## *ഫലഹേതവഃ കൃപണാഃ*

കർമഫലത്തിനു ഹേതുവായി ഭവിക്കുന്നവർ അനുകമ്പാർഹരാണ്. അവർക്ക് കർമംചെയ്തു ഫലമനുഭവിക്കുന്ന കാലഘട്ടത്തിൽത്തന്നെ കാര്യമായ സുഖമോ ശാന്തിയോ ലഭിക്കുന്നില്ല. തൽക്കാലശരീരം ഉപേക്ഷിച്ചാൽ ശുഭവാസനാരൂപത്തിലും അശുഭവാസനാരൂപത്തിലും സഞ്ചയിച്ചിരിക്കുന്ന പുണ്യപാപങ്ങൾ അനുഭവിക്കാനായി വീണ്ടും അനേക ശരീരങ്ങൾ സ്വീകരിക്കേണ്ടതായും വരുന്നു. അതുകൊണ്ടാണു ഭഗവാൻ അവരെ അനുകമ്പാർഹരെന്നു പറഞ്ഞിരിക്കുന്നത്.

നിരന്തരമായ ഈശ്വരബുദ്ധിയിൽ അഭയം തേടിക്കൊണ്ടു കർമമനുഷ്ഠിക്കുന്നവർക്കു ഭൗതികവും ആധ്യാത്മികവുമായ ജീവിതലക്ഷ്യങ്ങൾ നേടി ധന്യത കൈവരിക്കാൻ കഴിയുന്നുവെന്നാണ് ഭഗവാൻ അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:

*50. ബുദ്ധിയുക്തോ ജഹാതീഹ ഉഭേ സുകൃതദുഷ്കൃതേ*
*തസ്മാദ്യോഗായ യുജ്യസ്വ യോഗഃ കർമസു കൗശലം*

ഇഹ - ഈ ലോകത്തിൽ; ബുദ്ധിയുക്തഃ - നിരന്തരമായ ഈശ്വരബുദ്ധിയിൽ അഭയം തേടിയയാൾ; ഉഭേ സുകൃതദുഷ്കൃതേ - പുണ്യപാപങ്ങൾ രണ്ടും; ജഹാതി - കൈവെടിയുന്നു; തസ്മാത് യോഗായ യുജ്യസ്വ - അതുകൊണ്ട് ഈശ്വരപ്രാപ്തിക്കായി യത്നിക്കൂ; യോഗഃ കർമസു കൗശലം - ഈശ്വരബുദ്ധിയാണ് കർമാനുഷ്ഠാനങ്ങളെ സമർഥമാക്കിത്തീർക്കുന്നത്.

digitized by www.sreyas.in

ഈ ലോകത്തിൽ നിരന്തരമായ ഈശ്വരബുദ്ധിയിൽ അഭയം തേടിയയാൾ പുണ്യപാപങ്ങൾ രണ്ടും കൈവെടിയുന്നു. അതുകൊണ്ട് ഈശ്വരപ്രാപ്തിക്കായി യത്നിക്കൂ. ഈശ്വരബുദ്ധിയാണു കർമാനുഷ്ഠാനങ്ങളെ സമർഥമാക്കിത്തീർക്കുന്നത്.

## *യോഗഃ കർമസു കൗശലം*

സമർഥമായ കർമാനുഷ്ഠാനമെന്നാൽ എന്താണ്? ഈ ശരീരം കൊണ്ടു ചെയ്യാൻ ബാധ്യസ്ഥമായ കാര്യങ്ങൾ ഭംഗിയായി ചെയ്തുതീർക്കണം; അതേ അവസരത്തിൽ പുതിയ കർമവാസനകൾ സഞ്ചയിക്കയുമരുത്; ഇതാണു സമർഥമായ കർമാനുഷ്ഠാനം. ഇതിനു ഞാൻ ചെയ്യുന്നു; ഞാൻ അനുഭവിക്കുന്നു, എന്നു ഭാവനചെയ്തു കർതൃത്വവും ഭോക്തൃത്വവും ഏറ്റെടുക്കാതിരിക്കണം. കർതൃത്വവും ഭോക്തൃത്വവും ഏറ്റെടുക്കുമ്പോഴാണ് പുണ്യപാപരൂപത്തിൽ പുതിയ കർമവാസനകൾ സഞ്ചയിക്കാനിടയാകുന്നത്. ഞാൻ ഭഗവാന്റെ കൈയിലെ ഒരുപകരണം മാത്രം. ഭഗവാൻ ഈ ഉപകരണത്തെക്കൊണ്ടെന്തൊക്കെയോ ചെയ്യിക്കുന്നു എന്നിങ്ങനെ നിരന്തരമായ ഈശ്വരബുദ്ധി പുലർത്തുന്നയാൾ കർതൃത്വമോ ഭോക്തൃത്വമോ ഏറ്റെടുക്കുന്നില്ല. 'ജഡശരീരത്തിന്റെ ചലനങ്ങളാണു കർമങ്ങൾ, നിത്യമുക്തനായ ആത്മാവിനെ കർമമൊന്നും സ്പർശിക്കയേയില്ല' എന്ന വസ്തുതത്വം നിരന്തരം സ്മരിച്ചുകൊണ്ടു കർമമാർഗത്തിൽ ചരിച്ചാലും കർതൃത്വവും ഭോക്തൃത്വവും ഏറ്റെടുക്കേണ്ടി വരുകയില്ല. കർതൃത്വവും ഭോക്തൃത്വവും ഏറ്റെടുക്കാത്തയാൾ കൊണ്ടുവന്ന വാസനകളെ കർമം ചെയ്തു ക്ഷയിപ്പിക്കുന്നുവെന്നല്ലാതെ പുതിയ കർമവാസനകൾ സഞ്ചയിക്കുന്നില്ല. പഴയ വാസനകൾ ഒടുങ്ങുന്നതോടെ ആത്മസ്വരൂപം തെളിഞ്ഞു മുക്തനായിത്തീരുകയും ചെയ്യുന്നു. 'യോഗഃ കർമസു കൗശലം' എന്നു ഭഗവാൻ പറഞ്ഞതിന്റെ താൽപ്പര്യമിതാണ്. ഭാരതകഥയിൽത്തന്നെ വ്യാസൻ, ഭീഷ്മപിതാമഹൻ, വിദുരർ തുടങ്ങിയവർ ഈ രീതിയിൽ കർമം ചെയ്തവരാണ്. സർവോപരി ഗീതോപദേഷ്ടാവായ ഭഗവാൻ തന്നെ ഇതിനു ദൃഷ്ടാന്തം. 'യോഗഃ കർമസു കൗശലം' എന്നതു യോഗ നിർവചനമല്ല; യോഗപ്രയോജനപ്രസ്താവമാണ്. നാൽപ്പത്തെട്ടാമത്തെ പദ്യത്തിലെ 'സമത്വം യോഗ ഉച്യതേ' എന്ന വാക്യം മാത്രമാണ് ഗീതയിലെ യോഗനിർവചനം. യോഗബുദ്ധി പുണ്യപാപങ്ങളെയകറ്റി മുക്തി നൽകുമെന്നുള്ളതുകൊണ്ടു കർമാനുഷ്ഠാനത്തോടൊപ്പം യോഗബുദ്ധി കൂട്ടിച്ചേർക്കാനാണ്

digitized by www.sreyas.in

ഭഗവാൻ ആവശ്യപ്പെടുന്നത്. യോഗബുദ്ധി അഭ്യസിച്ചുകൊണ്ടുള്ള കർമാനുഷ്ഠാനമാണു കർമയോഗം; യോഗബുദ്ധിയോടു കൂടിച്ചേരാത്ത കർമത്തെ കർമഭ്രാന്ത് എന്നാണു വിളിക്കേണ്ടത്.

കർമാനുഷ്ഠാനവേളയിൽ യോഗബുദ്ധി അഭ്യസിച്ചു പുണ്യപാപങ്ങളെ കൈവെടിഞ്ഞാൽ എന്താണു പ്രയോജനം? ഈ സംശയത്തിനു സമാധാനമാണടുത്ത പദ്യം:

*51. കർമജം ബുദ്ധിയുക്താ ഹി ഫലം ത്യക്ത്വാ മനീഷിണഃ*
*ജന്മബന്ധവിനിർമുക്താഃ പദം ഗച്ഛന്ത്യനാമയം.*

ഹി - എന്തുകൊണ്ടെന്നാൽ; ബുദ്ധിയുക്താഃ മനീഷിണഃ - നിരന്തരമായ ഈശ്വരബുദ്ധി പുലർത്തി ആത്മസാക്ഷാൽക്കാരമാണ് ജീവിതത്തിന്റെ പരമലക്ഷ്യമെന്നു നിശ്ചയിച്ചുറച്ചവർ; കർമജം ഫലം ത്യക്ത്വാ - കർമജന്യമായ ഫലം ത്യജിച്ചിട്ട്; ജന്മബന്ധവിനിർമുക്താഃ - ജനനമരണാത്മകമായ സംസാരബന്ധത്തിൽ നിന്നു മോചിച്ചവരായി; അനാമയം പദം ഗച്ഛന്തി - ദുഃഖസ്പർശമില്ലാത്ത സ്ഥാനത്തെത്തിച്ചേരുന്നു.

എന്തുകൊണ്ടെന്നാൽ നിരന്തരമായ ഈശ്വരബുദ്ധി പുലർത്തി ആത്മസാക്ഷാൽക്കാരമാണു ജീവിതത്തിന്റെ പരമലക്ഷ്യമെന്നു നിശ്ചയിച്ചുറച്ചവർ കർമജന്യമായ ഫലം ത്യജിച്ചിട്ടു ജനനമരണാത്മകമായ സംസാരബന്ധത്തിൽ നിന്നു മോചിച്ചവരായി ദുഃഖസ്പർശമില്ലാത്ത സ്ഥാനത്തെത്തിച്ചേരുന്നു.

## *കർമഫലത്യാഗം*

ഓരോ കർമവും ചെയ്തു ഫലമനുഭവിക്കുമ്പോൾ ആ കർമവും ഫലവും ഇനിയും വേണമെന്നോ വേണ്ടെന്നോ ഉള്ളിൽ ഉറപ്പിക്കുന്നതാണു കർമവാസനയെന്നു നാം കണ്ടുവല്ലോ. ഈ കർമവാസന ത്യജിക്കലാണ് കർമഫലത്യാഗം. കർമവാസന ഉള്ളിൽ തങ്ങിയാൽ അതു വീണ്ടും കർമം ചെയ്യാനും ഫലം അനുഭവിക്കാനും കാരണമായിത്തീരും. കർമവാസനയാണു സംസാരവൃക്ഷത്തിന്റെ വിത്ത്. ഈശ്വരബുദ്ധി പുലർത്തി ആത്മസാക്ഷാൽക്കാരം ലക്ഷ്യമാക്കി കർമം ചെയ്യുന്നയാൾ കർമമോ ഫലമോ തനിക്കിനിയും വേണമെന്നോ വേണ്ടെന്നോ ഒരിക്കലും കൊതിക്കുന്നില്ല. തനിക്കു പരമമായി വേണ്ടതു ചിത്തശുദ്ധിയും സത്യബോധവുമാണ്. അവയ്ക്കു തടസ്സമായി നിൽക്കുന്ന പുനർജന്മകർമവാസനകളെ കർമം ചെയ്തവസാനിപ്പിക്കുകയാണു തന്റെ ലക്ഷ്യം. ഇതുറപ്പുള്ളയാൾ കർമം ചെയ്തും ഫലം

digitized by www.sreyas.in

അനുഭവിച്ചും വാസനകളെ ക്ഷയിപ്പിച്ചു ക്രമേണ ആത്മബോധം വളർത്തി മുക്തനായിത്തീരുന്നു. ജന്മബന്ധവിനിർമുക്തമായ സ്ഥാനമാണ് ആത്മ സ്ഥാനം.

ഇതൊക്കെയാണെങ്കിലും കർമഫലങ്ങളിലേക്കും അവ നിമിത്തമുണ്ടാകുന്ന സുഖങ്ങളിലേക്കും ബുദ്ധി സദാ പ്രലോഭിതമായിക്കൊണ്ടിരിക്കുന്നുവല്ലോ. അങ്ങു പറയുന്ന ഈശ്വരബുദ്ധി ഒട്ടും വരുന്നതുമില്ല. ഇതെന്തുകൊണ്ടാണ്? അർജുനനു തോന്നാവുന്ന ഈ സംശയത്തിനു മറുപടിയാണടുത്ത പദ്യം:

*52. യദാ തേ മോഹകലിലം ബുദ്ധിർവ്യതിതരിഷ്യതി*
*തദാ ഗന്താസി നിർവേദം ശ്രോതവ്യസ്യ ശ്രുതസ്യ ച*

യദാ തേ ബുദ്ധിഃ - എപ്പോഴാണോ നിന്റെ ബുദ്ധി; മോഹകലിലം - ജഡം സത്യമാണെന്നു ഭ്രമിപ്പിക്കുന്ന അജ്ഞാനദോഷത്തെ; വ്യതിതരിഷ്യതി - വിവേകത്തോടെ കടക്കുന്നത്; തദാ - അപ്പോൾ; ശ്രോതവ്യസ്യ - ഇനി കേൾക്കാനുള്ളതും; ശ്രുതസ്യ ച - ഇതുവരെ കേട്ടതുമായ എല്ലാറ്റിനെക്കുറിച്ചും; നിർവേദം ഗന്താസി - നീ വിരക്തി വന്നവനായി ഭവിക്കും.

എപ്പോഴാണോ നിന്റെ ബുദ്ധി ജഡം സത്യമാണെന്നു ഭ്രമിപ്പിക്കുന്ന അജ്ഞാനദോഷത്തെ വിവേകത്തോടെ കടക്കുന്നത് അപ്പോൾ ഇനി കേൾക്കാനുള്ളതും ഇതുവരെ കേട്ടതുമായ എല്ലാറ്റിനെക്കുറിച്ചും നീ വിരക്തി വന്നനായി ഭവിക്കും.

## *മോഹകലിലം*

ഒരാൾ സ്വന്തം സ്വരൂപമായ ബോധത്തെ വിചാരം ചെയ്തറിയാത്തിടത്തോളം അയാൾക്കു ജഡം സത്യമാണെന്നു ഭ്രമിക്കാനിടവരുന്നു. ഇതുതന്നെയാണ് ആത്മാവിനെ മറയ്ക്കുന്ന അജ്ഞാനം അഥവാ മോഹകലിലം. ജഡം സത്യമാണെന്ന തോന്നലുള്ളിടത്തോളം സുഖത്തിനായി കർമഫലരൂപത്തിലുള്ള ജഡവിഷയങ്ങളുടെ പിന്നാലേ പായാനിടവരും. വിചാരം ചെയ്തു ബോധമാണു സത്യമെന്നറിയുന്നതോടെ അജ്ഞാനമറയുടെ കട്ടി കുറഞ്ഞുവരും. തുടർന്ന് അതിരറ്റ ആത്മാനന്ദം തെളിയും. അതോടെ ഇഹത്തിലും പരത്തിലുമുള്ള എല്ലാ ലോകസുഖങ്ങളിലും വൈരാഗ്യം വന്നുചേരും. വൈരാഗ്യം സ്വസ്വരൂപമായ സത്യത്തെ കൂടുതൽ കൂടുതൽ തെളിച്ച് അനുഭവിപ്പിക്കുകയും ചെയ്യും.

ഭഗവാൻ പറഞ്ഞതുപോലെയെല്ലാം വിചാരം ചെയ്തനുഷ്ഠിച്ചാൽ

digitized by www.sreyas.in

എപ്പോഴായിരിക്കും ബുദ്ധിക്ക് ആത്മാനുഭൂതി കൈവരുന്നത് എന്ന സംശയ ത്തിനാണ് ഇനി മറുപടി പറയുന്നത്:

ശ്രീ ഭഗവാനുവാച - ശ്രീ ഭഗവാൻ പറഞ്ഞു:

*53. ശ്രുതിവിപ്രതിപന്നാ തേ യദാ സ്ഥാസ്യതി നിശ്ചലാ*
*സമാധാവചലാ ബുദ്ധിസ്തദാ യോഗമവാപ്സ്യസി*

ശ്രുതിവിപ്രതിപന്നാ - അനേക സാധനസാമഗ്രികൾകൊണ്ടു നേടിയെടുക്കേ ണ്ടതായി കർമകാണ്ഡവേദഭാഗങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതും ഈ ലോകത്ത് കേട്ടുകേൾവിയിൽപ്പെട്ടതുമായ വിഷയസുഖങ്ങളെച്ചിന്തിച്ചു നാനാതരത്തിൽ വ്യാകുലമായിരിക്കുന്ന; തേ ബുദ്ധിഃ - നിന്റെ ബുദ്ധി; യദാ - എപ്പോഴാണോ; സാമാധൗ - അന്തർമുഖമായി ആത്മസ്വരൂപത്തിൽ; നിശ്ചലാ - വിക്ഷേപമോ ചലനമോ കൂടാതെ; അചലാ-സങ്കൽപ്പരഹിതമായി; സ്ഥാസ്യതി- ഉറച്ചുനിൽക്കാനിടവരുന്നത്; തദാ-അപ്പാൾ; യോഗം അവാപ്സ്യസി-നീ ആത്മാനുഭൂതി കൈവന്നവനായി ഭവിക്കും.

**അനേക സാധനസാമഗ്രികൾ കൊണ്ടു നേടിയെടുക്കേണ്ടതായി കർമ കാണ്ഡവേദഭാഗങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതും ഈ ലോകത്തു കേട്ടു കേൾവിയിൽപ്പെട്ടതുമായ വിഷയസുഖങ്ങളെച്ചിന്തിച്ച് നാനാതരത്തിൽ വ്യാകുലമായിരിക്കുന്ന നിന്റെ ബുദ്ധി എപ്പോഴാണോ അന്തർമുഖമായി ആത്മസ്വരൂപത്തിൽ വിക്ഷേപമോ ചലനമോ കൂടാതെ സങ്കൽപ്പരഹിതമായി ഉറച്ചു നിൽക്കാനിടവരുന്നത് അപ്പോൾ നീ ആത്മാനുഭൂതി കൈവന്നവനായി ഭവിക്കും.**

## *യോഗമവാപ്സ്യസി*

ഇവിടെ സമാധിശബ്ദത്തിനു ബുദ്ധിക്ക് ആശ്രയമായ ആത്മാവ് എന്നാ ണർഥം. ആത്മാവിനെ ആശ്രയിക്കുന്ന ബുദ്ധി ചലിച്ചു കാഴ്ചകൾ അംഗീക രിക്കുന്നതാണു വിക്ഷേപം. വിക്ഷേപത്തെത്തുടർന്നു പല സങ്കൽപ്പ ങ്ങൾക്കും ചിത്തം വശംവദമായിത്തീരുന്നു. ആത്മസ്വരൂപം തേടി അന്തർമു ഖമാകുന്ന ബുദ്ധി ആദ്യമായി ചലനം നിരോധിച്ചു വിക്ഷേപങ്ങളെ അകറ്റ ണം. അതാണ് ആത്മാവിൽ ബുദ്ധിയുടെ നിശ്ചലസ്ഥിതി. ഈ സ്ഥിതിയിൽ സവികൽപ്പയോഗം സംഭവിക്കുന്നു. സവികൽപ്പയോഗത്തിൽ ഇടക്കിടക്കു സങ്കൽപ്പങ്ങൾ പൊന്തിവന്നു മറയുന്നുണ്ടാവും. ആ സങ്കൽപ്പങ്ങളെയും പാടേ അകറ്റുന്നതോടെ ബുദ്ധി അചലയായി ഭവിക്കും. അതാണു നിർവി കൽപ്പയോഗം. നിർവികൽപ്പയോഗം സാധ്യമാകുന്നതോടെ ജീവാത്മപരമാ

digitized by www.sreyas.in

തൈക്യം കൊണ്ടുളവാകുന്ന നിർവികൽപ്പവും കേവല ബോധസ്വരൂപവുമായ അനുഭവത്തെയാണ് 'പ്രജ്ഞ' എന്നു വിളിക്കുന്നത്. ഇതുതന്നെയാണു യോഗം. ഈ പ്രജ്ഞ ആർക്ക് ഒരിക്കലും വിട്ടുപോകാതെ അനുഭവപ്പെടുന്നുവോ അദ്ദേഹമാണ് സ്ഥിതപ്രജ്ഞൻ.

ചലനമോ വിക്ഷേപമോ സങ്കൽപ്പമോ കൂടാതെ ബുദ്ധി ആത്മാവിൽ അന്തർമുഖമായി ഉറയ്ക്കുമ്പോഴാണു സ്ഥിതപ്രജ്ഞത്വം അഥവാ യോഗം സംഭവിക്കുന്നതെന്നു മനസ്സിലായി. എന്നാൽ ഈ സ്ഥിതപ്രജ്ഞത്വം നേടിയ ആളിന്റെ സ്വഭാവവും ജീവിതരീതിയും എന്തായിരിക്കും? അദ്ദേഹം എപ്പോഴും ഏകാന്തതയിൽ നിശ്ചലനായിത്തന്നെ വർത്തിക്കുമോ അതോ എണീറ്റു നടക്കുകയും സംസാരിക്കുകയും ഒക്കെ ചെയ്യുമോ? തനിക്കുണ്ടായ ഈ സംശയം അർജുനൻ ഭഗവാനോടു ചോദിക്കുന്നതാണടുത്ത പദ്യം:

അർജുന ഉവാച-അർജുനൻ പറഞ്ഞു:

*54. സ്ഥിതപ്രജ്ഞസ്യ കാ ഭാഷാ സമാധിസ്ഥസ്യ കേശവ*
*സ്ഥിതധീഃ കിം പ്രഭാഷേത കിമാസീത വ്രജേത കിം?*

കേശവ-അല്ലയോ കേശവാ; സമാധിസ്ഥസ്യ സ്ഥിതപ്രജ്ഞസ്യ-ഏകാന്തതയിൽ ബ്രഹ്മനിഷ്ഠനായി കഴിയുന്ന സ്ഥിതപ്രജ്ഞന്റെ; ഭാഷാ കാ-ലക്ഷണമായി മറ്റുള്ളവർ പറയുന്നതെന്തൊക്കെയാണ്? സ്ഥിതധീഃ കിം പ്രഭാഷേത-സ്ഥിതപ്രജ്ഞൻ മറ്റുള്ളവരോടു സംസാരിക്കുമോ? കിം ആസീത, കിം വ്രജേത-അദ്ദേഹം ഇരിക്കുന്നതെങ്ങനെ? നടക്കുന്നതെങ്ങനെ?

അല്ലയോ കേശവാ, ഏകാന്തതയിൽ ബ്രഹ്മനിഷ്ഠനായി കഴിയുന്ന സ്ഥിതപ്രജ്ഞന്റെ ലക്ഷണമായി മറ്റുള്ളവർ പറയുന്നതെന്തൊക്കെയാണ്? സ്ഥിതപ്രജ്ഞൻ മറ്റുള്ളവരോട് സംസാരിക്കുമോ? അദ്ദേഹം ഇരിക്കുന്നതെങ്ങനെ? നടക്കുന്നതെങ്ങനെ?

## *സ്ഥിതപ്രജ്ഞൻ*

ബ്രഹ്മനിഷ്ഠന്മാർക്കു സമാധിദശയെന്നും വ്യുത്ഥാനദശയെന്നും രണ്ടവസ്ഥകളാണുള്ളത്. ഏകാന്തതയിൽ ബ്രഹ്മാനന്ദത്തിൽ മുഴുകി മൗനമായി വർത്തിക്കുന്ന ദശയാണു സമാധിദശ. മറ്റുള്ളവരെപ്പോലെ എണീറ്റു നടന്നു ലോക കാര്യങ്ങളിൽ ഏർപ്പെടുമ്പോഴാണു വ്യുത്ഥാനദശ. അർജുനൻ പ്രസ്തുത പദ്യത്തിലെ പൂർവാർധം കൊണ്ട് സമാധിദശയിൽ വർത്തിക്കുന്ന സ്ഥിതപ്രജ്ഞന്റെയും ഉത്തരാർധംകൊണ്ടു വ്യുത്ഥാനദശയിൽ വർത്തിക്കുന്ന സ്ഥിതപ്രജ്ഞന്റെയും ലക്ഷണങ്ങളെന്തൊക്കെയാണെന്നാണു ചോദിച്ചിരി

digitized by www.sreyas.in

ക്കുന്നത്. ജീവാത്മപരമാത്മൈക്യബോധമാണു പ്രജ്ഞ. സ്ഥിതയായ പ്രജ്ഞയോടു കൂടിയവൻ സ്ഥിതപ്രജ്ഞൻ. ഒരു നിമിഷംപോലും വിട്ടുപോകാതെ ബ്രഹ്മനിഷ്ഠയിൽ ഉറപ്പു വന്നവനാണു സ്ഥിതപ്രജ്ഞൻ. പന്ത്രണ്ടാമദ്ധ്യായത്തിൽ മഹാഭക്തനായും പതിനാലാമധ്യായത്തിൽ ഗുണാതീതനായും സ്ഥിതപ്രജ്ഞനെത്തന്നെ ഭഗവാൻ വിവരിച്ചിട്ടുണ്ട്. വേദാന്തശാസ്ത്രത്തിൽ ജീവന്മുക്തൻ, ഗുണാതീതൻ, പരമഹംസൻ, അതിവർണാശ്രമി, മഹായോഗി എന്നൊക്കെ അറിയപ്പെടുന്നത് ഈ സ്ഥിതപ്രജ്ഞൻ തന്നെയാണ്.

അർജുനന്റെ ചോദ്യത്തെത്തുടർന്നു ഭഗവാൻ സ്ഥിതപ്രജ്ഞലക്ഷണവും സ്ഥിതപ്രജ്ഞത്വവും നേടാനുള്ള സാധാനാമാർഗങ്ങളും സവിസ്തരം പ്രതിപാദിക്കാൻ ആരംഭിക്കുന്നു:

*55. പ്രജഹാതി യദാ കാമാൻ സർവാൻ പാർഥ മനോഗതാൻ*
*ആത്മന്യേവാത്മനാ തുഷ്ടഃ സ്ഥിതപ്രജ്ഞസ്തദോച്യതേ.*

പാർഥ - അല്ലയോ അർജുനാ; യദാ മനോഗതാൻ സർവാൻ കാമാൻ പ്രജഹാതി - എപ്പോൾ മനസ്സിലുള്ള എല്ലാ ആഗ്രഹങ്ങളേയും പുറംതള്ളുന്നുവോ; തദാ - അപ്പോൾ; ആത്മനാ ആത്മനി ഏവ തുഷ്ടഃ - ആത്മാവുകൊണ്ട് ആത്മാവിൽത്തന്നെ ആനന്ദം അനുഭവിക്കുന്നയാളാണ്; സ്ഥിതപ്രജ്ഞഃ ഉച്യതേ - സ്ഥിതപ്രജ്ഞനെന്നു പറയപ്പെടുന്നത്.

അല്ലയോ അർജുനാ, എപ്പോൾ മനസ്സിലുള്ള എല്ലാ ആഗ്രഹങ്ങളെയും പുറംതള്ളുന്നുവോ അപ്പോൾ ആത്മാവുകൊണ്ട് ആത്മാവിൽത്തന്നെ ആനന്ദം അനുഭവിക്കുന്നയാളാണ് സ്ഥിതപ്രജ്ഞൻ.

## ആത്മന്യേവാത്മനാ തുഷ്ടഃ

മനോഗതങ്ങളായ കാമങ്ങൾ ബാഹ്യങ്ങൾ, ആന്തരങ്ങൾ, വാസനാമാത്രരൂപങ്ങൾ എന്നു മൂന്നു വിധമാണ്. സമ്പാദിച്ചുകഴിഞ്ഞ ധനധാന്യാദി സുഖസാമഗ്രികളാണു ബാഹ്യങ്ങൾ. മനസ്സ് അവയോടു സംഗപ്പെട്ടിരിക്കുന്നതുകൊണ്ടാണ് അവയും മനോഗത കാമങ്ങളായി കണക്കാക്കപ്പെടുന്നത്. സമ്പാദിക്കാനായി ആശിച്ചുകൊണ്ടിരിക്കുന്ന സുഖസാമഗ്രികളാണു മനോഗതങ്ങളായ ആന്തരകാമങ്ങൾ. അബോധമനസ്സിൽ ഒളിഞ്ഞുകിടക്കുന്ന വിഷയസുഖ പ്രേരണകളാണു വാസനാകാമങ്ങൾ. ബുദ്ധിയുടെ ചലനവും വിക്ഷേപവും സങ്കൽപ്പവും നിരോധിക്കാൻ കഴിവുള്ള സ്ഥിതപ്രജ്ഞൻ ഈ മൂന്നുവിധ കാമങ്ങളെയും പുറംതള്ളിയവനാണ്. കാമങ്ങളെ പുറംതള്ളപ്പെട്ട

digitized by www.sreyas.in

തോടെ ശുദ്ധവും ആനന്ദവുമായ ആത്മസ്വരൂപം സ്ഥിതപ്രജ്ഞനു തെളിഞ്ഞു കിട്ടി. സ്വയം പ്രകാശിക്കുന്ന ബോധസ്വരൂപമായ ആത്മാവ് തന്നിൽത്തന്നെ അതിരറ്റ സുഖം കണ്ടെത്തി. ഇതാണ് 'ആത്മനാ ആത്മനി തുഷ്ടി' എന്നു പറയുന്നത്. ഇവിടെ 'ആത്മനാ' എന്ന പദത്തിനു ബുദ്ധിവൃത്തികൊണ്ട് എന്നർഥം പറയാൻ പാടില്ല. എല്ലാ ബുദ്ധിവൃത്തികളും അവസാനിച്ചിരിക്കുന്ന പ്രജ്ഞയിൽ അതിനു പ്രസക്തിയില്ലല്ലോ. ഇവിടെ കിട്ടുന്ന ആനന്ദം ബുദ്ധിയുടെ അനുഭവമല്ല. ആത്മാവിന്റെ സ്വരൂപമാണ്. ഏതു പരിതഃസ്ഥിതിയിലും സ്ഥിതപ്രജ്ഞന്റെ മുഖം പ്രസന്നമായിക്കാണുന്നത് അദ്ദേഹത്തിന്റെ ആനന്ദാനുഭവം സ്വരൂപാനുഭവമായതുകൊണ്ടാണ്.

ലൗകികങ്ങളായ വിരുദ്ധപരിതഃസ്ഥിതികളൊന്നും ഒരു സ്ഥിതപ്രജ്ഞന്റെ സ്വരൂപാനന്ദാനുഭവത്തെ ഉലയ്ക്കുന്നില്ലെന്നാണു ഭഗവാൻ തുടർന്നു വിവരിക്കുന്നത്:

*56. ദുഃഖേഷ്വനുദ്വിഗ്നമനാഃ സുഖേഷു വിഗതസ്പൃഹഃ*
*വീതരാഗഭയക്രോധഃ സ്ഥിതധീർമുനിരുച്യതേ*

ദുഃഖേഷു - ദുഃഖങ്ങളിൽ; അനുദ്വിഗ്നമനാഃ - വ്യാകുലനാകാതെയും; സുഖേഷു - സുഖങ്ങളിൽ; വിഗതസ്പൃഹഃ - തൽപ്പരനാകാതെയും; വീതരാഗഭയക്രോധഃ - രാഗം, ഭയം, ക്രോധം എന്നിവ ഏശാതെയും; മുനിഃ - മൗനിയായും വർത്തിക്കുന്നയാൾ; സ്ഥിതധീഃ ഉച്യതേ - സ്ഥിതപ്രജ്ഞനെന്നു പറയപ്പെടുന്നു.

ദുഃഖങ്ങളിൽ വ്യാകുലനാകാതെയും സുഖങ്ങളിൽ തൽപ്പരനാകാതെയും രാഗം, ഭയം, ക്രോധം എന്നിവ ഏശാതെയും മൗനിയായും വർത്തിക്കുന്നയാൾ സ്ഥിതപ്രജ്ഞനെന്നു പറയപ്പെടുന്നു.

## ബാഹ്യലക്ഷണങ്ങൾ

സമാധിദശയിലെ സ്ഥിതപ്രജ്ഞന്റെ ആന്തരസ്ഥിതിയാണ് അൻപത്തഞ്ചാം ശ്ലോകംകൊണ്ടു വിവരിച്ചത്. വ്യുത്ഥാനദശയിലെ സ്ഥിതപ്രജ്ഞന്റെ ബാഹ്യലക്ഷണങ്ങളാണ് അൻപത്തിയാറാം പദ്യംകൊണ്ടു വിവരിക്കുന്നത്. സുഖസാമഗ്രികളോട് ആഗ്രഹം തോന്നുന്നതിന്റെ ഫലമായി രജോഗുണം വികാരപ്പെട്ടു ദേഹത്തെ ചൂടുപിടിപ്പിക്കുന്ന പ്രതികൂല ചിത്തവൃത്തിയാണു ദുഃഖം. ദുഃഖം വന്നുചേരുന്നതോടെ 'ഞാൻ പാപിയാണ്; നിന്ദാർഹനാണ്' എന്നും മറ്റും തുടർന്നുള്ള സന്താപത്തിനു കാരണമായിത്തീരുന്ന തമോഗു

digitized by www.sreyas.in

ണവികാരരൂപത്തിലുള്ള ഭ്രമരൂപമായ ചിത്തവൃത്തിയാണ് ഉദ്വേഗം. ദുഃഖാനുഭവവേളയിൽ ഈ ചിത്തവൃത്തി കൂടുതൽ ദുഃഖത്തിനു കാരണമാകുമെന്നുള്ളതുകൊണ്ടാണു വിവേകികൾ ഇതിനെ ഭ്രമമായി ചിത്രീകരിക്കുന്നത്. ദുഃഖപരിതസ്ഥിതികളിൽ ഭ്രമരൂപമായ ഉദ്വേഗം സ്ഥിതപ്രജ്ഞനെ സ്പർശിക്കുന്നതേയില്ല. പുത്രധനധാന്യാദിലാഭം കൊണ്ടു സത്വഗുണവികാരമായി സന്തോഷരൂപത്തിൽ വന്നുചേരുന്ന അനുകൂലചിത്തവൃത്തിയാണു സുഖം. സുഖത്തിൽ ഇനിയും ഭാവിസുഖം വരാൻവേണ്ടി പുണ്യമനുഷ്ഠിച്ച് അതു കിട്ടാൻ കൊതിച്ചുകഴിയുന്ന തമോഗുണവികാരരൂപത്തിലുള്ള ചിത്തവൃത്തിയാണു സ്പൃഹ. ഈ സുഖദുഃഖങ്ങൾ പ്രാരാബ്ധം നിമിത്തം വന്നുചേരുന്നവയായതുകൊണ്ടു വ്യവഹാരവേളയിൽ സാധാരണക്കാർക്ക് ഉദ്വേഗവും സ്പൃഹയും സംഭവിക്കാതെ തരമില്ല. സ്ഥിതപ്രജ്ഞനെ അവയൊന്നും സ്പർശിക്കുന്നില്ല. ഏതെങ്കിലും സുഖപദാർഥം കിട്ടണമെന്നുള്ള കൊതിയാണു രാഗം. കിട്ടാതെ വന്നാലോ എന്ന ആശങ്കയാണു ഭയം. ആശങ്കയുളവാക്കുന്ന ഹേതുവിനോടുള്ള ചിത്തവൃത്തിയാണു ക്രോധം. സ്ഥിതപ്രജ്ഞൻ ഇവയെ ഒക്കെ ജയിച്ചയാളാണ്. ഉദ്വേഗം, സ്പൃഹ, രാഗം, ഭയം, ക്രോധം ഇവയൊന്നുമില്ലാതെ ശാന്തഗംഭീരനായി ചുറ്റുപാടും ആനന്ദം പരത്തിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ മൗനമോ അൽപ്പഭാഷണമോ മറ്റുള്ളവർക്കു സത്യം കാട്ടിക്കൊടുക്കാൻ കരുത്തുള്ളതായിരിക്കും. അങ്ങനെയുള്ള മുനിയാണു സ്ഥിതപ്രജ്ഞൻ.

അൻപത്തഞ്ചാം പദ്യത്തിലും അൻപത്താറാം പദ്യത്തിലും യഥാക്രമം സമാധിദശയിലും വ്യുത്ഥാനദശയിലും വർത്തിക്കുന്ന സ്ഥിതപ്രജ്ഞന്റെ ലക്ഷണങ്ങൾ വിവരിച്ചശേഷം സ്ഥിതപ്രജ്ഞലക്ഷണങ്ങളും അതു നേടാനുള്ള സാധനാമാർഗങ്ങളും വിസ്തരിച്ചു പ്രതിപാദിക്കാൻ തുടങ്ങുകയാണു ഭഗവാൻ തുടർന്നുള്ള പദ്യങ്ങളിൽ:

*57. യഃ സർവത്രാനഭിസ്നേഹസ്തത്തത് പ്രാപ്യ ശുഭാശുഭം*
*നാഭിനന്ദതി ന ദ്വേഷ്ടി തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ*

യഃ – ആരാണോ; സർവത്ര അനഭിസ്നേഹഃ – ദേഹധനാദി യാതൊന്നിലും മമതയില്ലാതെ; തത് തത് ശുഭാശുഭം പ്രാപ്യ – അപ്പോഴപ്പോൾ ശുഭമോ അശുഭമോ വന്നുചേരുമ്പോൾ; ന അഭിനന്ദതി – ശുഭത്തെ അഭിനന്ദിക്കുന്നില്ല; ന ദ്വേഷ്ടി – അശുഭത്തെ ദ്വേഷിക്കുന്നുമില്ല; തസ്യ – അങ്ങനെയുള്ളയാളിന്റെ; പ്രജ്ഞാ പ്രതിഷ്ഠിതാ – സത്യബോധം സുസ്ഥിരമാണ്.

digitized by www.sreyas.in

ആരാണോ ദേഹധനാദിയാതൊന്നിലും മമതയില്ലാതെ അപ്പോഴപ്പോൾ ശുഭമോ അശുഭമോ വന്നുചേരുമ്പോൾ അഭിനന്ദിക്കുന്നില്ല, അശുഭത്തെ ദ്വേഷിക്കുന്നുമില്ല; അങ്ങനെയുള്ളയാളിലെ സത്യബോധം സുസ്ഥിരമാണ്.

## *സർവത്രാനഭിസ്നേഹഃ*

മമതയാണു ലൗകികമായ സ്നേഹം. ആ സ്നേഹം നിമിത്തം മറ്റൊന്നിനോ മറ്റൊരാൾക്കോ വന്നുചേരുന്ന ഹാനിയോ അഭിവൃദ്ധിയോ തനിക്കു വന്നുചേരുന്നതായി കരുതാനിടവരുന്നു. സർവത്ര ദർശിക്കുന്ന സ്ഥിതപ്രജ്ഞനു സ്വന്തം ദേഹമുൾപ്പെടെ യാതൊന്നിലും അത്തരം സ്നേഹം സംഭവിക്കുന്നില്ല. സുഖഹേതുകമായ ഭാര്യാപുത്രാദിയാണു ശുഭ വിഷയം. അത്തരം സുഖവിഷയങ്ങളുടെ ഗുണവർണനമാണു അഭിനന്ദനം. ഈ ഗുണകഥനം അന്യർക്കു ബുദ്ധിമുട്ടുണ്ടാക്കുന്നതായതുകൊണ്ട് ഒരു തമോഗുണപ്രവൃത്തിയാണ്. അന്യരുടെ പാണ്ഡിത്യം, അഭിവൃദ്ധി തുടങ്ങി തന്റെ മനസ്സിൽ അസൂയാദിദോഷങ്ങളുളവാക്കി ദുഃഖിപ്പിക്കുന്ന കാര്യങ്ങളാണ് അശുഭവിഷയങ്ങൾ. അവയിൽ ദോഷവർണനത്തിനു പ്രേരിപ്പിക്കുന്ന ചിത്തവൃത്തിയാണു ദ്വേഷം. ഇതും തമോഗുണപ്രവൃത്തിയാണ്. അത്തരം നിന്ദകൊണ്ട് തനിക്കല്ലാതെ മറ്റാർക്കും ദോഷം സംഭവിക്കുന്നില്ല. സർവത്രാനഭിസ്നേഹനായ സ്ഥിതപ്രജ്ഞനിൽ ഇത്തരം അഭിനന്ദനമോ ദ്വേഷനിന്ദയോ ഒന്നും കാണ്മാനുണ്ടാവില്ല.

പൂർണമായ ഇന്ദ്രിയനിഗ്രഹമാണ് സ്ഥിതപ്രജ്ഞതയ്ക്കു വഴി തെളിക്കുന്നത്. ഈ സാധനാമാർഗത്തെക്കൂടി സൂചിപ്പിച്ചുകൊണ്ട് ആരാണോ ഇന്ദ്രിയങ്ങളെ പൂർണമായി വിഷയങ്ങളിൽ നിന്നു പിൻവലിച്ചിട്ടുള്ളത് അയാളുടെ പ്രജ്ഞയാണു പ്രതിഷ്ഠിത എന്നു ഭഗവാൻ തുടർന്നു വിവരിക്കുന്നു:

*58. യദാ സംഹരതേ ചായം കൂർമോ ƒ ങ്ഗാനീവ സർവശഃ*
*ഇന്ദ്രിയാണീന്ദ്രിയാർഥേഭ്യസ്തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ*

യദാ അയം - എപ്പോഴാണോ ജ്ഞാനി; കൂർമഃ അങ്ഗാനി ഇവ - ആമ അവയവങ്ങളെയെന്നപോലെ; ഇന്ദ്രിയാണി - ഇന്ദ്രിയങ്ങളെ; സർവശഃ ഇന്ദ്രിയാർഥേഭ്യഃ - സമ്പൂർണമായി ഇന്ദ്രിയവിഷയങ്ങളിൽ നിന്ന്; സംഹരതേ - പിൻവലിക്കുന്നത് അപ്പോൾ; തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ - അവന്റെ സത്യബോധം സ്ഥിരമായി ഭവിക്കുന്നു.

എപ്പോഴാണോ ജ്ഞാനി, ആമ അവയവങ്ങളെയെന്നപോലെ ഇന്ദ്രിയ

digitized by www.sreyas.in

ങ്ങളെ സമ്പൂർണമായി ഇന്ദ്രിയവിഷയങ്ങളിൽ നിന്നു പിൻവലിക്കുന്നത് അപ്പോൾ അവന്റെ സത്യബോധം സ്ഥിരമായി ഭവിക്കുന്നു.

## *ജ്ഞാനിയും സ്ഥിതപ്രജ്ഞനും*

സർവതോന്മുഖമായ ഇന്ദ്രിയനിഗ്രഹമാണ് സ്ഥിതപ്രജ്ഞത്വത്തിന്റെ അഥവാ ജ്ഞാനനിഷ്ഠയുടെ മറ്റൊരു ലക്ഷണം. അപരോക്ഷജ്ഞാനം അഥവാ പ്രത്യക്ഷമായ ആത്മാനുഭവം ഉണ്ടായാലും ജീവന്മുക്തി വരണമെന്നില്ല. ജ്ഞാനാനുഭവത്തോടെ വിദേഹമുക്തി നിസ്സംശയമായിത്തീരുന്നു. ജീവന്മുക്തിയാകട്ടെ സമ്പൂർണമായ മനോനാശവും വാസനാക്ഷയവും കൊണ്ടു മാത്രമേ സംജാതമാവൂ. ആമ അവയവങ്ങൾ പിൻവലിച്ചാൽ പിന്നെ അത്ര എളുപ്പമൊന്നും അത് അവയെ പുറത്തോട്ടു നീട്ടുകയില്ല. ജീവന്മുക്തന്റെ ഇന്ദ്രിയനിഗ്രഹവും അതുപോലെയാണ്. അവ എന്നന്നേക്കുമായി വിഷയങ്ങളിൽ നിന്നു പിൻതിരിഞ്ഞിരിക്കുന്നു എന്നു താൽപ്പര്യം. അതു സൂചിപ്പിക്കാനാണ് 'സർവശഃ' എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. സ്ഥിതപ്രജ്ഞത്വം നേടാനുള്ള സാധനകളിലൊന്നാണു സമ്പൂർണമായ ഇന്ദ്രിയനിഗ്രഹം എന്നു സൂചന.

സ്ഥിതപ്രജ്ഞന് വ്യുത്ഥാനദശയിൽ രജസ്തമോവൃത്തികളൊന്നും ഉണ്ടായിരിക്കുന്നില്ലെന്നാണ് അൻപത്തേഴും അൻപത്തെട്ടും ശ്ലോകങ്ങൾ കൊണ്ടു വിവരിച്ചത്. വ്യുത്ഥാനദശയിൽ തന്നെ ഇവ ഇല്ലെങ്കിൽപ്പിന്നെ സമാധിദശയിൽ അവയുടെ പ്രശ്നമേയുദിക്കുന്നില്ല എന്നാണ് അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:

*59. വിഷയാ വിനിവർതന്തേ നിരാഹാരസ്യ ദേഹിനഃ*
*രസവർജം, രസോഽ പ്യസ്യ പരം ദൃഷ്ട്വാ നിവർതതേ*

നിരാഹാരസ്യ ദേഹിനഃ - വിഷയങ്ങളെ കൈവെടിഞ്ഞു തപസ്സനുഷ്ഠിക്കുന്ന സാധകനായ ജീവനെ സംബന്ധിച്ചുപോലും; വിഷയാഃ - ഇന്ദ്രിയങ്ങളും അവയുടെ വിഷയങ്ങളും; രസവർജം - രാഗമില്ലായ്മ നിമിത്തം; വിനിവർതന്തേ - ഒഴിഞ്ഞുപോകുന്നു; അസ്യ - സ്ഥിതപ്രജ്ഞന്; രസോഽപി - രാഗബീജം പോലും; പരം ദൃഷ്ട്വാ സർവത്ര ബ്രഹ്മദർശനം ഹേതുവായി; നിവർതതേ - ഇല്ലാതായിത്തീരുന്നു.

വിഷയങ്ങളെ കൈവെടിഞ്ഞു തപസ്സനുഷ്ഠിക്കുന്ന സാധകനായ ജീവനെ സംബന്ധിച്ചുപോലും ഇന്ദ്രിയങ്ങളും അവയുടെ വിഷയങ്ങളും രാഗമില്ലായ്മ നിമിത്തം ഒഴിഞ്ഞുപോകുന്നു. സ്ഥിതപ്രജ്ഞനു രാഗബീജം

digitized by www.sreyas.in

പോലും സർവത്ര ബ്രഹ്മദർശനം ഹേതുവായി ഇല്ലാതായിത്തീരുന്നു.

## *പരം ദൃഷ്ട്വാ നിവർതതേ*

ഇവിടത്തെ വിഷയശബ്ദം ഇന്ദ്രിയങ്ങളെയും വിഷയങ്ങളെയും ഉൾക്കൊള്ളുന്നു. രസശബ്ദത്തിനു രാഗമെന്നാണർഥം. കർമപ്രാരാബ്ധമാണല്ലോ മനുഷ്യജന്മത്തിനിടയാക്കുന്നത്. അതു പൂനിലാവ്, കൂരിരുട്ട് തുടങ്ങി സുഖദുഃഖഹേതുക്കളായ ചില വിഷയങ്ങളെ സ്വാഭാവികമായി ഉളവാക്കുന്നു. തുടർന്നു മനുഷ്യപ്രയത്നം കൊണ്ടു നേടുന്ന ഗൃഹധനാദിയാണു മറ്റു വിഷയങ്ങൾ. ഇന്ദ്രിയങ്ങളെ പ്രത്യാഹരിച്ചുള്ള സമാധിയിൽ മാത്രമേ പൂനിലാവു തുടങ്ങിയ വിഷയങ്ങൾ അകന്നു കിട്ടൂ. ഗൃഹധനാദി വിഷയങ്ങൾ അവയ്ക്കായുള്ള യത്നമുപേക്ഷിക്കുന്നതോടെ ഒഴിഞ്ഞുകിട്ടുന്നതാണ്. എന്നാൽ യത്നമുപേക്ഷിച്ചാലും അവയോടുള്ള രാഗം മാറിക്കിട്ടുന്നതല്ല. ഈ രാഗത്തിനു ഹേതു അവിദ്യയാണ്. അതായത് വസ്തുബോധമില്ലായ്മ. സർവത്ര പരമാത്മവസ്തുവിനെ കണ്ടാനന്ദിക്കുന്ന സ്ഥിതപ്രജ്ഞനെ രാഗബീജമായ അവിദ്യ പാടേ വിട്ടൊഴിയുന്നു എന്നു താൽപ്പര്യം. വ്യുത്ഥാനദശയിൽത്തന്നെ സ്ഥിതപ്രജ്ഞൻ അവിദ്യാമുക്തനാണെങ്കിൽ സമാധിദശയിലെ കഥ പറയേണ്ടതില്ലല്ലോ.

പൂർണമായ ഇന്ദ്രിയനിഗ്രഹവും വിഷയവിനിവർത്തനവും സുസാധ്യമായി കരുതിക്കൂടെന്നാണു ഭഗവാൻ അടുത്ത പദ്യത്തിൽ വ്യക്തമാക്കുന്നത്:

*60. യതതോ ഹ്യപി കൗന്തേയ പുരുഷസ്യ വിപശ്ചിതഃ*
*ഇന്ദ്രിയാണി പ്രമാഥീനി ഹരന്തി പ്രസഭം മനഃ*

കൗന്തേയ - അല്ലയോ അർജുനാ; ഹി - ഇന്ദ്രിയനിഗ്രഹത്തെക്കുറിച്ചു ഞാൻ എടുത്തു പറയുന്നതെന്തുകൊണ്ടെന്നാൽ; യതതഃ - ജ്ഞാനനിഷ്ഠക്കായി സദാ യത്നിച്ചുകൊണ്ടിരിക്കുന്ന; വിപശ്ചിതഃ പുരുഷസ്യ അപി - വിവേകിയായ പുരുഷന്റെ പോലും; മനഃ - മനസ്സിനെ; പ്രമാഥീനി ഇന്ദ്രിയാണി - വിഷയാഭിമുഖമാക്കി ക്ഷോഭിപ്പിക്കാൻ കഴിവുള്ള ഇന്ദ്രിയങ്ങൾ; പ്രസഭം ഹരന്തി - ബലാൽ വ്യാകുലമാക്കിത്തീർക്കുന്നു.

അല്ലയോ അർജുനാ, ഇന്ദ്രിയനിഗ്രഹത്തെക്കുറിച്ചു ഞാൻ എടുത്തു പറയുന്നതെന്തുകൊണ്ടെന്നാൽ ജ്ഞാനനിഷ്ഠക്കായി സദാ യത്നിച്ചുകൊണ്ടിരിക്കുന്ന വിവേകിയായ പുരുഷന്റെ പോലും മനസ്സിനെ വിഷയാഭിമുഖമാക്കി ഇളക്കിമറിക്കാൻ കഴിവുള്ള ഇന്ദ്രിയങ്ങൾ ബലാൽ വ്യാകുലമാക്കിത്തീർക്കുന്നു.

digitized by www.sreyas.in

ജ്ഞാനനിഷ്ഠയിൽപ്പോലും ഇന്ദ്രിയങ്ങൾ പൂർണമായി വശപ്പെട്ടു എന്നു വരികയില്ല. പൂർണമായി ഇന്ദ്രിയനിഗ്രഹം സാധ്യമാകാത്തിടത്തോളം സ്ഥിതപ്രജ്ഞത്വം പ്രാപിക്കുന്നില്ലെന്നു താൽപ്പര്യം. ഹഠയോഗാദി കഠിന സാധനകൾകൊണ്ടോ മറ്റേതെങ്കിലും പ്രകാരത്തിലോ അൽപ്പസമയത്തേക്കു മനസ്സിനെയോ പ്രാണനെയോ ബലാൽ നിയന്ത്രിക്കുന്നതുകൊണ്ടൊന്നും ഇന്ദ്രിയനിഗ്രഹമോ സ്ഥിതപ്രജ്ഞത്വമോ സാധ്യമാകുന്നതല്ലെന്നു ധ്വനി.

ഇന്ദ്രിയനിഗ്രഹം ഇങ്ങനെ സുസാധ്യമല്ലെന്നുള്ളതുകൊണ്ട് സ്ഥിതപ്രജ്ഞത്വം കൊതിക്കുന്നുണ്ടെങ്കിൽ ആരംഭം മുതലേ ഇന്ദ്രിയങ്ങളെ പാട്ടിലാക്കി പൂർണമായി വശപ്പെടുത്താൻ യത്നിക്കേണ്ടതാണെന്നാണു ഭഗവാൻ അർജുനനെ ഉപദേശിക്കുന്നത്:

*61. താനി സർവാണി സംയമ്യ യുക്ത ആസീത മത്പരഃ*
*വശേ ഹി യസ്യേന്ദ്രിയാണി തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ*

താനി സർവാണി – അപ്രകാരമുള്ള എല്ലാ ഇന്ദ്രിയങ്ങളെയും; സംയമ്യ – അടക്കി ധ്യാനനിഷ്ഠനായി; മത്പരഃ യുക്തഃ ആസീത – ആത്മാവായി വർത്തിക്കുന്ന എന്നെത്തന്നെ ഭാവന ചെയ്ത് ആത്മാനന്ദമനുഭവിച്ചു കഴിഞ്ഞുകൂടണം; ഹി – എന്തെന്നാൽ; യസ്യ ഇന്ദ്രിയാണി വശേ – ആരുടെ ഇന്ദ്രിയങ്ങൾ പൂർണമായും നിയന്ത്രിതങ്ങളാണോ; തസ്യ പ്രജ്ഞാപ്രതിഷ്ഠിതാ – അയാളുടെ പ്രജ്ഞ പ്രതിഷ്ഠിതമായി ഭവിക്കുന്നു.

അപ്രകാരമുള്ള എല്ലാ ഇന്ദ്രിയങ്ങളേയും അടക്കി ധ്യാനനിഷ്ഠനായി ആത്മാവായി വർത്തിക്കുന്ന എന്നെത്തന്നെ ഭാവനചെയ്ത് ആത്മാനന്ദമനുഭവിച്ചു കഴിഞ്ഞുകൂടുണം. എന്തെന്നാൽ ആരുടെ ഇന്ദ്രിയങ്ങൾ പൂർണമായും നിയന്ത്രിതങ്ങളാണോ അയാളുടെ പ്രജ്ഞ പ്രതിഷ്ഠിതമായി ഭവിക്കുന്നു.

സത്യബോധത്തിൽ നിന്നു മനസ്സു വഴുതിപ്പോകാതിരിക്കാൻ ജ്ഞാനേന്ദ്രിയങ്ങളും കർമേന്ദ്രിയങ്ങളും അടക്കി മനസ്സിനെ ആത്മനിഷ്ഠമാക്കി ദീർഘകാലം സമാധി പരിശീലിക്കണം. സ്ഥിതപ്രജ്ഞൻ എങ്ങനെയാണിരിക്കുക എന്ന ചോദ്യത്തിനുത്തരമാണിത്. അർജുനൻ സ്ഥിതപ്രജ്ഞത കൊതിക്കുന്നുണ്ടെങ്കിൽ ഈ സമാധി പരിശീലിക്കേണ്ടതാണെന്നു താൽപ്പര്യം.

സമാധി പരിശീലിക്കുന്നില്ലെന്നു വന്നാൽ സത്യാനുഭവമില്ലാത്ത മനസ്സ്

digitized by www.sreyas.in

പതിച്ചു ക്രമേണ ഏതവസ്ഥയിൽ എത്തിച്ചേരുമെന്നു വിവരിക്കുകയാണ് അടുത്ത രണ്ടു പദ്യങ്ങളിൽ:

*62. ധ്യായതോ വിഷയാൻ പുംസഃ സംഗസ്തേഷൂപജായതേ*
*സംഗാത് സംജായതേ കാമഃ കാമാത് ക്രോധോ/ഭിജായതേ*

വിഷയാൻ ധ്യായതഃ പുംസഃ - ശബ്ദാദി ഇന്ദ്രിയവിഷയങ്ങളെ ചിന്തിച്ചു കൊണ്ടിരിക്കുന്ന മനുഷ്യന്; തേഷു സംഗഃ ഉപജായതേ - അവയിൽ ആസക്തിരൂപമായ പ്രീതി വന്നുചേരുന്നു; സംഗാത് കാമഃ സംജായതേ - പ്രീതിയുടെ ഫലമായി അവയിൽ തൃഷ്ണ രൂപംകൊള്ളുന്നു; കാമാത് ക്രോധഃ അഭിജായതേ - തൃഷ്ണ നിമിത്തം വിഷയലാഭത്തിനു തടസ്സമായി നിൽക്കുന്നവരോടു കോപം ഉദയം ചെയ്യുന്നു.

ശബ്ദാദി ഇന്ദ്രിയ വിഷയങ്ങളെ ചിന്തിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന് അവയിൽ ആസക്തിരൂപമായ പ്രീതി വന്നുചേരുന്നു; പ്രീതിയുടെ ഫലമായി അവയിൽ തൃഷ്ണ രൂപം കൊള്ളുന്നു; തൃഷ്ണ നിമിത്തം വിഷയലാഭത്തിൽ തടസ്സമായി നിൽക്കുന്നവരോടു കോപം ഉദയം ചെയ്യുന്നു.

## വിഷയധ്യാനം

മനസ്സിനു ധ്യാനിക്കാൻ ഇവിടെ രണ്ടേ രണ്ടു വസ്തുക്കളേയുള്ളൂ. ഒന്നാത്മാവ്. മറ്റേത് ഇന്ദ്രിയവിഷയം. ആത്മസുഖമെന്തെന്നറിയാത്ത മനസ്സ് വിഷയസുഖം കൊതിച്ചു വിഷയധ്യാനത്തിലേർപ്പെടുന്നു. തുടർന്നു ധ്യാനിക്കപ്പെടുന്ന വിഷയത്തിൽ പ്രിയം ജനിക്കുന്നു. പ്രിയം കൂടുംതോറും 'അതു കിട്ടിയേ ഞാനടങ്ങൂ' എന്ന തൃഷ്ണാരൂപത്തിലുള്ള കാമം മനസ്സിനെ പിടികൂടുന്നു. കാമത്തിനു തടസ്സം വന്നാൽ കോപം ഉദയം ചെയ്യുന്നു. വിഷയധ്യാനം മനസ്സിനെ ആത്മാവിൽനിന്നുമകറ്റി ബഹിർമുഖമാക്കി ക്രമേണ എങ്ങനെ പതിപ്പിക്കുന്നു എന്നാണു ഭഗവാൻ ഇവിടെ വ്യക്തമാക്കുന്നത്.

മുൻപറഞ്ഞ പതനഘട്ടങ്ങളിലൊന്നും മനസ്സിനെ സത്യോന്മുഖമാക്കി പിൻതിരിപ്പിക്കാൻ കഴിയാത്ത മനുഷ്യന്റെ തുടർന്നുള്ള പതനക്രമമാണ് ഇനി വിവരിക്കുന്നത്.

*63. ക്രോധാത് ഭവതി സംമോഹഃ സംമോഹാത് സ്മൃതിവിഭ്രമഃ*
*സ്മൃതിഭ്രംശാത് ബുദ്ധിനാശോ ബുദ്ധിനാശാത് പ്രണശ്യതി*

ക്രോധാത് സംമോഹഃഭവതി - ക്രോധം നിമിത്തം കാര്യാകാര്യ വിവേകമില്ലായ്മയെന്ന സംമോഹം സംഭവിക്കുന്നു; സംമോഹാത് സ്മൃതിവിഭ്രമഃ - സംമോ



digitized by www.sreyas.in

ഹത്തെത്തുടർന്ന് താനാര് എന്ന സ്മരണ നഷ്ടമാകുന്നു; സ്മൃതിഭ്രംശാത് ബുദ്ധിനാശഃ - തത്വസ്മരണ നഷ്ടമാകുന്നതോടെ ലക്ഷ്യബോധമില്ലായ്മ നിമിത്തം ബുദ്ധി പാടേ നശിക്കാനിടവരുന്നു; ബുദ്ധിനാശാത് പ്രണശ്യതി - ബുദ്ധിനാശം പതനത്തിനു കാരണമായും തീരുന്നു.

ക്രോധം നിമിത്തം കാര്യാകാര്യ വിവേകമില്ലായ്മയെന്ന സംമോഹം സംഭവിക്കുന്നു; സംമോഹത്തെത്തുടർന്ന് 'താനാര്' എന്ന സ്മരണ നഷ്ടമാകുന്നു; തത്വസ്മരണ നഷ്ടമാകുന്നതോടെ ലക്ഷ്യബോധമില്ലായ്മ നിമിത്തം ബുദ്ധി പാടേ നശിക്കാനിടവരുന്നു; ബുദ്ധിനാശം പതനത്തിനു കാരണമായും തീരുന്നു.

## *പതനക്രമം*

വിഷയധ്യാനം, സംഗം, കാമം, ക്രോധം, സംമോഹം, സ്മൃതിഭ്രംശം, ബുദ്ധിനാശം, പ്രണാശം ഇതാണു പതനക്രമം. എന്തുചെയ്യാം എന്തു ചെയ്തുകൂടാ എന്ന വിവേകം നശിക്കലാണ് ക്രോധം മൂലമുണ്ടാകുന്ന സംമോഹം. തുടർന്നു താൻ ആത്മാവാണ് എന്ന ഗുരൂപദേശജനിതമായ സംസ്കാരം മാത്രമല്ല ലൗകികമായിപ്പോലും തന്റെ നിലയെന്താണ് എന്നു മറന്നുപോകലാണ് സ്മൃതിഭ്രംശം. അതോടെ ആധ്യാത്മികവും ലൗകികവുമായ ലക്ഷ്യബോധമില്ലാതായി ബുദ്ധി മറയുന്നു. അതുനിമിത്തം എല്ലാത്തരത്തിലും ആപത്തും പതനവും വന്നുചേരുന്നു. ഇതാണ് ഈശ്വരനെ മറന്നുള്ള വിഷയധ്യാനത്തിന്റെ അന്ത്യം അഥവാ പ്രവൃത്തിമാർഗത്തിന്റെ അഥവാ പ്രേയോമാർഗത്തിന്റെ അന്ത്യം.

വിഷയധ്യാനത്തിന്റെ അന്ത്യമിതാണെങ്കിൽ ആത്മധ്യാനത്തിൽക്കൂടിയുള്ള ഉയർച്ചയുടെ ക്രമമെന്താണ്? അതാണു ഭഗവാൻ തുടർന്ന് അടുത്ത രണ്ടു പദ്യങ്ങളിൽ വിവരിക്കുന്നത്:

*64. രാഗദ്വേഷവിയുക്തൈസ്തു വിഷയാനിന്ദ്രിയൈശ്ചരൻ*
*ആത്മവശ്യൈർവിധേയാത്മാ പ്രസാദമധിഗച്ഛതി*

ആത്മവശ്യൈഃ - ആത്മവിചാരംകൊണ്ടു തികച്ചും തന്റെ നിയന്ത്രണത്തിൽ വർത്തിക്കുന്നവയും; രാഗദ്വേഷവിയുക്തൈഃ - അക്കാരണത്താൽത്തന്നെ ഒന്നിനോടും വിശേഷിച്ചു പ്രീതിയോ വെറുപ്പോ ഇല്ലാത്തവയുമായ; ഇന്ദ്രിയൈഃ - ഇന്ദ്രിയങ്ങളിൽക്കൂടി; വിഷയാൻ ചരൻ തു - വിഷയങ്ങളെ അനുഭവിക്കുന്നവനായാലും; വിധേയാത്മാ - സത്യബുദ്ധിയായ മനുഷ്യൻ; പ്രസാദം അധിഗച്ഛതി - ആത്മസന്തുഷ്ടി അനുഭവിക്കാനിടവരുന്നു.

digitized by www.sreyas.in

ആത്മവിചാരം കൊണ്ടു തികച്ചും തന്റെ നിയന്ത്രണത്തിൽ വർത്തിക്കുന്നവയും അക്കാരണത്താൽത്തന്നെ ഒന്നിനോടും വിശേഷിച്ചു പ്രീതിയോ വെറുപ്പോ ഇല്ലാത്തവയുമായ ഇന്ദ്രിയങ്ങളിൽക്കൂടി വിഷയങ്ങളെ അനുഭവിക്കുന്നവനായാലും സത്യബുദ്ധിയായ മനുഷ്യൻ ആത്മസന്തുഷ്ടി അനുഭവിക്കാനിടവരുന്നു.

## *പ്രസാദം അഥവാ ആത്മസന്തുഷ്ടി*

ആത്മാവ് സ്വതേ ആനന്ദസ്വരൂപമാണ്. ബാഹ്യവിഷയങ്ങളോടുള്ള രാഗദ്വേഷസങ്കൽപ്പങ്ങളാണ് ആത്മാവിന്റെ ആനന്ദാനുഭവത്തെ തടയുന്ന ഘടകങ്ങൾ. അതുകൊണ്ട് ആത്മാനന്ദമനുഭവിക്കാൻ കൊതിക്കുന്ന സത്യബുദ്ധി കർമരംഗത്തു മുന്നേറുമ്പോൾ ഇന്ദ്രിയങ്ങളെ പാട്ടിലാക്കി മനസ്സിനെ രാഗദ്വേഷവിമുക്തമാക്കാൻ സദാ യത്നിക്കുന്നു. മനസ്സിന്റെ രാഗദ്വേഷസങ്കൽപ്പങ്ങൾ കുറയുന്നതോടെ ഉള്ളിൽ പ്രസാദം അഥവാ ആത്മസന്തുഷ്ടി അനുഭവപ്പെടാൻ തുടങ്ങുന്നു. ഏതു പരിതസ്ഥിതിയിലും വിട്ടുമാറാത്ത സന്തോഷം നിറഞ്ഞ മനസ്സിന്റെ കുളിർമയാണു പ്രസാദം. സമാധ്യനുഭവത്തിനു മനസ്സു പാകമായി വരുന്നു എന്നു സൂചിപ്പിക്കുന്നതാണീ കുളിർമ. സമാധിദാർഢ്യം വന്നയാൾക്കു വ്യുത്ഥാനദശയിലും സത്യബോധത്തോടൊപ്പം ഈ കുളിർമ സദാ അനുഭവപ്പെട്ടുകൊണ്ടിരിക്കും. അന്യർക്കു സുഖം വരുമ്പോൾ അസൂയപ്പെടാതെ അവരോടു സ്നേഹം പുലർത്തുകയും ദുഃഖം വരുമ്പോൾ ആഹ്ലാദിക്കാതെ കാരുണ്യം കാണിക്കുകയും, അന്യരുടെ പുണ്യകർമങ്ങളിൽ അവരോടൊപ്പം സന്തോഷിക്കുകയും, പാപകർമങ്ങളിൽ വിമർശനത്തിലേർപ്പെടാതെ ഉദാസീനത പുലർത്തുകയും ചെയ്യുന്നയാളിന്റെ ചിത്തം സദാ പ്രസന്നമായി വർത്തിക്കും. ആത്മസാക്ഷാൽക്കാരമെന്ന ലക്ഷ്യം മുൻനിറുത്തി ആസുരവാസനകൾ വെടിഞ്ഞ് ആരൊരാൾ ദൈവവാസനകൾ അംഗീകരിക്കുന്നുവോ അവന്റെ ചിത്തം പ്രസന്നമായി ഭവിക്കും. തന്നെപ്പോലെ സകല ജീവികളെയും കരുതി ആരൊരാൾ ഈശ്വരബുദ്ധ്യാ സർവത്ര സമഭാവന പുലർത്തുന്നുവോ അയാളുടെ ചിത്തം പ്രസന്നമായി ഭവിക്കും. ഈ നിയമങ്ങളെല്ലാം ഭഗവാൻ പ്രസ്തുത ശ്ലോകത്തിൽ സംഗ്രഹിച്ചിരിക്കുന്നു എന്നു കാണേണ്ടതാണ്.

ചിത്തം പ്രസന്നമാകുന്നതുകൊണ്ടു വന്നുചേരാവുന്ന അത്ഭുതകരങ്ങളായ നേട്ടങ്ങളെ വിവരിക്കുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

digitized by www.sreyas.in

*65. പ്രസാദേ സർവദുഃഖാനാം ഹാനിരസ്യോപജായതേ*
*പ്രസന്നചേതസോ ഹ്യാശു ബുദ്ധിഃ പര്യവതിഷ്ഠതേ*

പ്രസാദേ - ആത്മസന്തുഷ്ടി സ്വഭാവസിദ്ധമായിക്കഴിഞ്ഞാൽ; അസ്യ - സത്യ നിഷ്ഠന്; സർവദുഃഖാനാം - ആധ്യാത്മികം, ആധിഭൗതികം, ആധിദൈവികം തുടങ്ങി എല്ലാ ദുഃഖങ്ങൾക്കും; ഹാനിഃ - നാശം; ഉപജായതേ - സംഭവിക്കുന്നു; ഹി - എന്തെന്നാൽ; പ്രസന്നചേതസഃ - പ്രസന്നമായ ചിത്തത്തോടുകൂടിയവന്; ബുദ്ധിഃ - സത്യബുദ്ധി; ആശു - വേഗത്തിൽ; പര്യവതിഷ്ഠതേ - ചുറ്റും തിങ്ങു ന്നതായി അനുഭവപ്പെടുന്നു.

ആത്മസന്തുഷ്ടി സ്വഭാവസിദ്ധമായിക്കഴിഞ്ഞാൽ ആധ്യാത്മികം, ആധിഭൗതികം, ആധിദൈവികം തുടങ്ങി എല്ലാ ദുഃഖങ്ങൾക്കും നാശം സംഭ വിക്കുന്നു. എന്തെന്നാൽ പ്രസന്നമായ ചിത്തത്തോടു കൂടിയവനു വേഗ ത്തിൽ സത്യബുദ്ധി ചുറ്റും തിങ്ങിനിൽക്കുന്നതായി അനുഭവപ്പെടുന്നു.

## *സർവദുഃഖാനാം ഹാനിഃ*

വ്യക്തിയുടെ ശരീരത്തിനും മനസ്സിനും വന്നുചേരുന്ന രോഗാദിപീഡ കളാണ് ആധ്യാത്മികദുഃഖം. മറ്റു ജന്തുക്കളിൽ നിന്നും അതുപോലെ അഗ്നി, കാറ്റ്, വെള്ളം, ഭൂമി ഇവയിൽനിന്നും ഉണ്ടാകുന്ന ദുഃഖങ്ങളാണ് ആധിഭൗതി കദുഃഖങ്ങൾ. അവിചാരിതമായി വന്നുചേരുന്ന ആപത്തുകളാണ് ആധി ദൈവികദുഃഖം. ആത്മബോധമുണ്ടായി ചേതസ്സ് പ്രസന്നമാകുന്നയാളിന് ഈ ത്രിവിധ ദുഃഖങ്ങളും പാടേ അകന്നുകിട്ടുന്നു. ഒരു വ്യക്തിക്ക് ഇതിൽപ്പരം എന്തു നേട്ടമാണുണ്ടാവാനുള്ളത്!

## *ബുദ്ധിഃ പര്യവതിഷ്ഠതേ*

സത്യബുദ്ധിയാണു ബുദ്ധി. ആത്മബോധം തെളിഞ്ഞ പ്രസന്ന ചേതസ്സിനു തന്റെ ചുറ്റുപാടും ബ്രഹ്മസത്യം ഇടതിങ്ങി നിൽക്കുന്നതായി അനുഭവപ്പെടും. 'ഈശാവാസ്യമിദം സർവം' എന്നു കാണാറാകുമെന്നർഥം. സത്യം കാണാനാണല്ലോ ബുദ്ധി. വിഷയധ്യാനം കൊണ്ടു പതനമാണു ഫലം. ആത്മധ്യാനം മനസ്സിനെ പ്രസന്നമാക്കി പരമസത്യത്തിൽ കൊണ്ടെ ത്തിക്കും. അതുകൊണ്ട് ആത്മധ്യാനമഭ്യസിച്ചു രാഗദ്വേഷവിമുക്തനായി സ്വധർമമനുഷ്ഠിക്കേണ്ടതാണെന്നു സൂചന.

മറ്റെന്തൊക്കെ നേടിയാലും സത്യബുദ്ധി നേടാൻ കഴിയാത്ത ഒരു

digitized by www.sreyas.in

വന്റെ ജീവിതം തികച്ചും അധന്യമാണെന്നു ബുദ്ധിയെ സ്തുതിച്ചുകൊണ്ടു ഭഗവാൻ അടുത്ത ശ്ലോകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു:

*66. നാസ്തി ബുദ്ധിരയുക്തസ്യ ന ചായുക്തസ്യ ഭാവനാ*
*ന ചാഭാവയതഃ ശാന്തിരശാന്തസ്യ കുതഃ സുഖം*

അയുക്തസ്യ - അന്തഃകരണത്തെ ഏകാഗ്രപ്പെടുത്തി പ്രസന്നമാക്കി ആത്മനിഷ്ഠയിൽ ഉറപ്പിക്കാൻ കഴിയാത്തവന്; ബുദ്ധിഃ ന അസ്തി - സത്യബുദ്ധി ഉണ്ടാകുന്നില്ല; അയുക്തസ്യ ഭാവനാ ച ന - ആത്മനിഷ്ഠ കൈവരാത്തവന് സർവത്ര നിറഞ്ഞിരിക്കുന്ന സത്യത്തെ വിചാരം ചെയ്തറിയാനും കഴിയുന്നില്ല; അഭാവയതഃ ശാന്തിഃ ച ന - സത്യവിചാരം ചെയ്യാത്തവനു ശാന്തിയും ഉണ്ടാകുന്നില്ല; അശാന്തസ്യ സുഖം കുതഃ - ശാന്തിയില്ലാത്തവനു സുഖം എവിടെ?

അന്തഃകരണത്തെ ഏകാഗ്രപ്പെടുത്തി പ്രസന്നമാക്കി ആത്മനിഷ്ഠയിൽ ഉറപ്പിക്കാൻ കഴിയാത്തവനു സത്യബുദ്ധിയുണ്ടാകുന്നില്ല; ആത്മനിഷ്ഠ കൈവരാത്തവന് സർവത്ര നിറഞ്ഞിരിക്കുന്ന സത്യത്തെ വിചാരം ചെയ്തറിയാനും കഴിയുന്നില്ല; സത്യവിചാരം ചെയ്യാത്തവനു ശാന്തിയും ഉണ്ടാകുന്നില്ല; ശാന്തിയില്ലാത്തവനു സുഖമെവിടെ?

## *അശാന്തസ്യ കുതഃ സുഖം*

പരമമായ സുഖപ്രാപ്തിക്കുള്ള ക്രമമായ പടികളാണു ഭഗവാൻ ഇവിടെ വിവരിച്ചിരിക്കുന്നത്. മനസ്സിന്റെ ഏകാഗ്രത, സത്യബുദ്ധി, സർവത്ര സത്യഭാവന, മനഃശാന്തി, സുഖം ഇവയാണാ പടികൾ. മനസ്സിനെ ഏകാഗ്രപ്പെടുത്തി ആദ്യമായി ഉള്ളിൽ വർത്തിക്കുന്ന ബോധവസ്തുവിനെ കളങ്കം മാറ്റി തെളിച്ചെടുക്കണം. ആത്മസത്യം തെളിയുന്നതോടുകൂടി സർവത്ര നിറഞ്ഞുതിങ്ങുന്ന ബോധാനന്ദഘനമായ ബ്രഹ്മസത്യം തെളിഞ്ഞനുഭവിക്കാറാകും. അതോടെ സർവം ബ്രഹ്മമയം എന്ന അനുഭവമുണ്ടാകും. അപ്പോൾ ഭേദദൃഷ്ടിക്കിടയാക്കിയ അവിദ്യ മാറിക്കിട്ടും. ഭേദചിന്ത പോയാൽ മനസ്സു ശാന്തമാകും. മനസ്സു ശാന്തമായാൽ അതിരറ്റ സുഖം അനുഭവിക്കാം. ഇതിനു വിരുദ്ധമായ മാർഗമോ? ഏകാഗ്രപ്പെടാതെ സദാ ചഞ്ചലമായ മനസ്സ്; തൽഫലമായി ജഡപ്രപഞ്ച ദൃശ്യങ്ങൾ സത്യമെന്ന തോന്നൽ; അവയുമായി സംഗപ്പെട്ടു സുഖത്തിനു വേണ്ടിയുള്ള പരക്കംപാച്ചിൽ; മനസ്സിന് അതിരറ്റ

digitized by www.sreyas.in

അശാന്തി; സുഖത്തിനു പകരം നിരാശയും ദുഃഖവും. വിഷയങ്ങളിൽപ്പെട്ടു സദാ ചലിക്കുന്ന മനസ്സിൽ യഥാർഥമായ ശാന്തിയുടെയോ സുഖത്തിന്റെയോ ഗന്ധംപോലും അനുഭവിക്കാൻ കിട്ടുന്നതല്ല. അതുകൊണ്ടു സുഖം കൊതിക്കുന്നയാൾ മനസ്സിനെ യോഗം അഭ്യസിച്ചുകൊണ്ടു സ്വധർമം അനുഷ്ഠിക്കുകയാണു വേണ്ടത്.

സ്ഥിതപ്രജ്ഞതയുടെ കാതലായ ഭാഗം ഇന്ദ്രിയജയവും മനോജയവും ആയതുകൊണ്ടു ഭഗവാൻ അവയുടെ പ്രാധാന്യം അടുത്ത രണ്ടു പദ്യങ്ങളിൽ ആവർത്തിച്ചുറപ്പിക്കാൻ ഭാവിക്കുന്നു:

*67. ഇന്ദ്രിയാണാം ഹി ചരതാം യന്മനോഽനുവിധീയതേ*
*തദസ്യ ഹരതി പ്രജ്ഞാം വായുർന്നാവമിവാംഭസി*

ഹി – എന്തെന്നാൽ; യന്മനഃ – ഏതൊരു മനസ്സ്; ചരതാം ഇന്ദ്രിയാണാം – വിഷയങ്ങളിൽ തെണ്ടിത്തിരിയുന്ന ഇന്ദ്രിയങ്ങളുടെ; അനുവിധീയതേ – പിന്നാലെ നിയോഗിക്കപ്പെടുന്നുവോ; തത് – ആ മനസ്സ്; അംഭസി വായുഃ നാവം ഇവ – ജലാശയത്തിൽ കാറ്റു വഞ്ചിയെയെന്നപോലെ; അസ്യ പ്രജ്ഞാം – സത്യാന്വേഷിയുടെ ആത്മബുദ്ധിയെ; ഹരതി – നഷ്ടപ്പെടുത്തിക്കളയുന്നു.

എന്തെന്നാൽ ഏതൊരു മനസ്സ് വിഷയങ്ങളിൽ തെണ്ടിത്തിരിയുന്ന ഇന്ദ്രിയങ്ങളുടെ പിന്നാലെ നിയോഗിക്കപ്പെടുന്നുവോ ആ മനസ്സ് ജലാശയത്തിൽ കാറ്റു വഞ്ചിയെയെന്നപോലെ സത്യാന്വേഷിയുടെ ആത്മബുദ്ധിയെ നഷ്ടപ്പെടുത്തിക്കളയുന്നു.

## *പ്രജ്ഞാം ഹരതി*

ജലാശയത്തിൽ വഞ്ചി ഉപയോഗിക്കുന്നതു മറുകര എത്താനാണ്. പക്ഷേ, ഒരു വഞ്ചിക്കാരൻ വേണ്ടപോലെ നയിച്ചാലേ അതു മറുകര എത്തിച്ചേരൂ. നേരേമറിച്ചു വഞ്ചി നിയന്ത്രണമില്ലാതെ കാറ്റിൽ അലഞ്ഞുതിരിയാൻ ഇടയായാൽ അതു ലക്ഷ്യത്തിലെത്തുകയില്ലെന്നു മാത്രമല്ല വഴിമധ്യേ വല്ല ചുഴിയിലും തിരയിലും പെട്ടു നഷ്ടപ്പെടാനും ഇടവരും. അതുപോലെ ഈ സംസ്സാരസമുദ്രത്തിന്റെ മറുകര കണ്ടെത്താൻ വേണ്ടിയാണു ജീവനു ബുദ്ധി നൽകപ്പെട്ടിരിക്കുന്നത്. എങ്ങും നിറഞ്ഞു തിങ്ങുന്ന പരബ്രഹ്മവസ്തുവാണീ സമുദ്രത്തിന്റെ മറുകര. യോഗമെന്ന കപ്പിത്താൻ ബുദ്ധിയെ വേണ്ടപോലെ നയിച്ചാൽ മാത്രമേ അതു ബ്രഹ്മമെന്ന ലക്ഷ്യത്തിലെത്തൂ. അതല്ല ഇന്ദ്രിയാനുഭവമെന്ന കാറ്റിൽ ബുദ്ധിയെന്ന വഞ്ചിയെ അലഞ്ഞുതി

digitized by www.sreyas.in

രിയാൻ വിടുകയാണെങ്കിൽ അതു ലക്ഷ്യത്തിലെത്തുകയില്ലെന്നു മാത്രമല്ല രാഗദ്വേഷങ്ങളെന്ന ചുഴിയിലും തിരയിലും പെട്ടു നശിക്കാനും ഇടവരും. അതുകൊണ്ട് ഒരു സത്യാന്വേഷി ഇന്ദ്രിയാനുഭവത്തിന്റെ പിന്നാലെ, ബുദ്ധി അലഞ്ഞു തിരിയാനിടയാകാതെ സൂക്ഷിക്കേണ്ടതാണ്.

മനോനിഗ്രഹം അഥവാ ശമം; ഇന്ദ്രിയനിഗ്രഹം അഥവാ ദമം ഇവയാണു സ്ഥിതപ്രജ്ഞത്വം നേടാനുള്ള പ്രധാന ഉപായങ്ങൾ. വിഷയധ്യാനം നിമിത്തം പടിപടിയായി പതിക്കാനിടയുള്ള ബുദ്ധിയെ ശമവും ദമവും പാകപ്പെടുത്തി യോഗത്തിന്റെ പടികൾ കടത്തി സ്ഥിതപ്രജ്ഞതയിൽ കൊണ്ടെത്തിക്കുന്നു. സ്ഥിതപ്രജ്ഞലക്ഷണം വിവരിക്കാൻ തുടങ്ങിയ ഭഗവാൻ ഇടയ്ക്ക് അറുപതാം ശ്ലോകം മുതലാണ് പ്രാസംഗികമായി ശമദമസാധനകളെയും പതനോന്നമനങ്ങളുടെ ഘട്ടങ്ങളെയും ഇങ്ങനെ വിവരിക്കാനിടയായത്. അവ സമഗ്രമായി പ്രതിപാദിച്ചശേഷം പൂർണമായ ഇന്ദ്രിയ ജയമാണ് സ്ഥിതപ്രജ്ഞതയുടെ പ്രധാന ലക്ഷണമെന്നു കാണിക്കാൻ അറുപത്തൊന്നാം ശ്ലോകത്തിലെ പ്രഖ്യാപനം ഒന്നുകൂടി ആവർത്തിച്ചു പ്രസ്തുത ഘട്ടം ഉപസംഹരിക്കുകയാണ് അറുപത്തെട്ടാം ശ്ലോകത്തിൽ:

*68. തസ്മാദ്യസ്യ മഹാബാഹോ നിഗൃഹീതാനി സർവശഃ*
*ഇന്ദ്രിയാണീന്ദ്രിയാർഥേഭ്യസ്തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ*

മഹാബാഹോ - അല്ലയോ പൗരുഷശാലിയായ അർജുന; തസ്മാത് - അതുകൊണ്ട്; യസ്യ ഇന്ദ്രിയാണി - ആരുടെ ഇന്ദ്രിയങ്ങളാണോ; സർവശഃ ഇന്ദ്രിയാർഥേഭ്യഃ നിഗൃഹീതാനി - പൂർണമായും ഇന്ദ്രിയവിഷയങ്ങളിൽ നിന്ന് അകറ്റപ്പെട്ടിട്ടുള്ളത്; തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ - അയാളുടെ പ്രജ്ഞയാണു പ്രതിഷ്ഠിത.

അല്ലയോ പൗരുഷശാലിയായ അർജുന, അതുകൊണ്ട് ആരുടെ ഇന്ദ്രിയങ്ങളാണോ പൂർണമായും ഇന്ദ്രിയവിഷയങ്ങളിൽ നിന്ന് അകറ്റപ്പെട്ടിട്ടുള്ളത് അയാളുടെ പ്രജ്ഞയാണു പ്രതിഷ്ഠിത.

## *ഇന്ദ്രിയനിഗ്രഹം*

എന്താണീ ഇന്ദ്രിയനിഗ്രഹം? കേവലം ഇന്ദ്രിയങ്ങളെക്കൊണ്ടു വിഷയങ്ങളെ ഗ്രഹിക്കാതിരിക്കലാണോ? കണ്ണുകൊണ്ടു കാണാതെയും ചെവികൊണ്ടു കേൾക്കാതെയുമൊക്കെയിരുന്നാൽ ഇന്ദ്രിയനിഗ്രഹമാകുമോ? സകല ഇന്ദ്രിയങ്ങളെയും സത്യം മാത്രം അനുഭവിക്കാൻ പഠിപ്പിക്കുന്ന

digitized by www.sreyas.in

താണ് യഥാർഥമായ ഇന്ദ്രിയനിഗ്രഹം. സത്യബുദ്ധി നിരന്തരം വിചാരം ചെയ്തറിയുന്നയാൾ ക്രമേണ എല്ലാ വിഷയങ്ങളെയും ബ്രഹ്മസ്വരൂപമായി കാണാൻ കരുത്തനായിത്തീരുന്നു. ക്രമേണ കാണുന്നതും കേൾക്കുന്നതും ഒക്കെ ബ്രഹ്മസ്വരൂപം തന്നെയെന്നു സംശയരഹിതമായി അനുഭവിക്കാൻ കഴിയുന്നു. അതോടെ ശബ്ദാദികളിൽ വിഷയബുദ്ധി നശിച്ചു സത്യബുദ്ധി വന്നുചേരുന്നു. ബ്രഹ്മസ്വരൂപമായി ഗ്രഹിക്കപ്പെടുന്ന വിഷയങ്ങൾ പിന്നെ ഒരിക്കലും പ്രലോഭനഹേതുക്കളായി ഭവിക്കുന്നില്ല. ഇങ്ങനെ ഇന്ദ്രിയവിഷയങ്ങളിൽ വിഷയബുദ്ധി നശിച്ചു ബ്രഹ്മബുദ്ധി ദൃഢമായിത്തീരുന്നതാണു സ്ഥിതപ്രജ്ഞത.

അപ്പോൾ പൂർണമായ ഇന്ദ്രിയനിഗ്രഹം നേടിയ സ്ഥിതപ്രജ്ഞനു വിഷയങ്ങളില്ല; ബ്രഹ്മമേയുള്ളു. സ്ഥിതപ്രജ്ഞന്റെ ഈ അനുഭവരഹസ്യമാണ് ഭഗവാൻ ഭംഗ്യന്തരേണ അറുപത്തൊൻപതാം ശ്ലോകത്തിൽ വിവരിക്കുന്നത്.

*69. യാ നിശാ സർവഭൂതാനാം തസ്യാം ജാഗർതി സംയമീ*
*യസ്യാം ജാഗ്രതി ഭൂതാനി സാ നിശാ പശ്യതോ മുനേഃ*

യാ - ഏതൊരു ബ്രഹ്മസത്തയാണോ; സർവഭൂതാനാം - സകല ജീവികൾക്കും; നിശാ - ഇരുട്ടുകൊണ്ടു മറയ്ക്കപ്പെട്ടിരിക്കുന്നത്; തസ്യാം - ആ ബ്രഹ്മസത്തയിൽ; സംയമീ - സ്ഥിതപ്രജ്ഞൻ; ജാഗർതി - സദാ ഉണർന്നു വർത്തിക്കുന്നു; യസ്യാം - ഏതൊരു വിഷയബുദ്ധിയിലാണോ; ഭൂതാനി ജാഗ്രതി - ജീവജാലങ്ങൾ ഉണർന്നു വർത്തിക്കുന്നത്; പശ്യതോ മുനേഃ - സത്യം കണ്ടനുഭവിക്കുന്ന മുനിക്ക്; സാ - ആ വിഷയബുദ്ധി; നിശാ - തീരെ ഇല്ലാത്തതായും ഭവിക്കുന്നു.

ഏതൊരു ബ്രഹ്മസത്തയാണോ സകല ജീവികൾക്കും ഇരുട്ടുകൊണ്ടു മറയ്ക്കപ്പെട്ടിരിക്കുന്നത്, സ്ഥിതപ്രജ്ഞൻ ആ ബ്രഹ്മസത്തയിൽ സദാ ഉണർന്നു വർത്തിക്കുന്നു. ഏതൊരു വിഷയബുദ്ധിയിലാണോ ജീവജാലങ്ങൾ ഉണർന്നു വർത്തിക്കുന്നത്, സത്യം കണ്ടനുഭവിക്കുന്ന മുനിക്ക് ആ വിഷയബുദ്ധി തീരെ ഇല്ലാത്തതായും ഭവിക്കുന്നു.

## *നിശയും ജാഗ്രത്തും*

രാത്രിയിലെ അനുഭവമാണ് ഉറക്കം. യാതൊരു വസ്തുബോധവും ഇല്ലാത്ത അവസ്ഥയാണ് ഉറക്കം. പദാർഥങ്ങളെ അറിഞ്ഞനുഭവിക്കുന്ന അവസ്ഥയാണ് ഉണർവ് അഥവാ ജാഗ്രത്ത്. ഇവിടെ സത്യമായി ഉള്ളതു ബ്രഹ്മം

digitized by www.sreyas.in

മാത്രമാണ്. ആ സത്യത്തെക്കുറിച്ചുള്ള അജ്ഞത നിമിത്തം മരുഭൂമിയിൽ കാനൽജലംപോലെ അതിൽ ആരോപിച്ചനുഭവിക്കുന്നതാണ് വിഷയബുദ്ധി. വിഷയങ്ങൾക്കു യഥാർഥ സത്തയില്ല, ഉണ്ടെന്നുള്ള ബുദ്ധിയേയുള്ളു എന്നു താൽപ്പര്യം. കാനൽജലത്തിന്റെ തോന്നലിൽ മരുഭൂമി മറഞ്ഞുപോകുന്നതു പോലെ വിഷയങ്ങളുടെ തോന്നലുള്ളിടത്തോളം ബ്രഹ്മം മറയ്ക്കപ്പെട്ടുപോകുന്നു. അതുകൊണ്ടാണു വിഷയബുദ്ധിയുള്ള ജീവികൾക്ക് ബ്രഹ്മം നിശയായി ഭവിക്കുന്നത്. പൂർണമായ ഇന്ദ്രിയനിഗ്രഹം നേടി വിഷയബുദ്ധിയെ ജയിച്ച സംയമിക്കു സദാ സർവത്ര ബ്രഹ്മസത്ത മാത്രമേ അനുഭവവിഷയമാകുന്നുള്ളു. അദ്ദേഹം സദാ അതിൽ ഉണർന്നു വർത്തിക്കുന്നു. അങ്ങനെ സത്യം തെളിഞ്ഞതുകൊണ്ടു വിഷയബുദ്ധി എന്നെന്നേക്കുമായി അദ്ദേഹത്തെ വിട്ടകലുകയും ചെയ്യുന്നു. അതുകൊണ്ടു വിഷയങ്ങൾ അദ്ദേഹത്തിനു നിശയാണ്. മരുഭൂമിയെ നടന്നുനോക്കിയറിഞ്ഞയാൾക്കു കാനൽജലം ഇല്ലേയില്ലെന്നു തീർച്ചയാണല്ലോ.

ബ്രഹ്മത്തിൽ ഇന്ദ്രിയങ്ങൾ വഴി ആരോപിക്കപ്പെടുന്ന വിഷയബുദ്ധിയും തൽഫലമായി വിഷയങ്ങൾ അനുഭവിച്ചു സുഖിക്കാനുള്ള കാമവുമാണ് കർമത്തിനും തുടർന്നു സംസാരബന്ധത്തിനും ഹേതുവായി ഭവിക്കുന്നത്. അതുകൊണ്ട് ബുദ്ധിയെ അന്തർമുഖമായി വിഷയകാമങ്ങളെ ആരു പൂർണമായി ലയിപ്പിക്കുമോ അയാൾക്കേ പരമശാന്തി ലഭ്യമാവൂ എന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

*70. ആപൂര്യമാണമചലപ്രതിഷ്ഠം*
*സമുദ്രമാപഃ പ്രവിശന്തി യദ്വത്*
*തദ്വത് കാമാ യം പ്രവിശന്തി സർവേ*
*സ ശാന്തിമാപ്നോതി ന കാമകാമീ*

ആപൂര്യമാണം - നാലു വശത്തുനിന്നും സദാ വെള്ളം വന്നു നിറഞ്ഞുകൊണ്ടിരിക്കുമ്പോഴും; അചലപ്രതിഷ്ഠം സമുദ്രം - ചലിച്ചു സ്ഥാനം മാറിപ്പോകാതെ നിൽക്കുന്ന സമുദ്രത്തിൽ; ആപഃ - നദികൾ; പ്രവിശന്തി യദ്വത് - കടന്നുവീണ് എപ്രകാരം ലയിക്കുന്നുവോ; തദ്വത് - അപ്രകാരം; സർവേ കാമാ യം പ്രവിശന്തി - വിഷയ സന്നിധിയിലും സകല വിഷയസുഖേച്ഛകളും വികാരമൊന്നുമുളവാക്കാതെ ആരിൽ കടന്നു ലയിക്കുന്നുവോ; സഃ ശാന്തിം ആപ്നോതി - അവൻ ശാന്തി കൈവരിക്കുന്നു; കാമകാമീ ന - അല്ലാതെ വിഷയങ്ങളെ സദാ കൊതിച്ചുകൊണ്ടിരിക്കുന്നവനു ശാന്തി ലഭിക്കുന്നതേയില്ല.

digitized by www.sreyas.in

നാലു വശത്തുനിന്നും സദാ വെള്ളം വന്നു നിറഞ്ഞുകൊണ്ടിരിക്കുമ്പോഴും ചലിച്ചു സ്ഥാനം മാറിപ്പോകാതെ നിൽക്കുന്ന സമുദ്രത്തിൽ നദികൾ കടന്നുവീണ് എപ്രകാരം ലയിക്കുന്നുവോ അപ്രകാരം വിഷയ സന്നിധിയിലും സകല വിഷയസുഖേച്ഛകളും വികാരമൊന്നുമുളവാക്കാതെ ആരിൽ കടന്നു ലയിക്കുന്നുവോ **അവൻ ശാന്തി കൈവരിക്കുന്നു. അല്ലാതെ വിഷയങ്ങളെ സദാ കൊതിച്ചുകൊണ്ടിരിക്കുന്നവനു ശാന്തി ലഭിക്കുന്നതേയില്ല.**

## *സമുദ്രവും നദികളും*

**സമുദ്രത്തിലെ ജലംതന്നെ നീരാവിയായി വർഷിച്ചാണു വെള്ളമുണ്ടാകുന്നത്. അക്കാരണത്താൽത്തന്നെ നദീജലം എത്ര വന്നു പെരുകിയാലും സമുദ്രത്തിനു സ്ഥാനചലനമൊന്നുമുണ്ടാകുന്നില്ല. നേരേമറിച്ച് ഉൽഭവസ്ഥാനത്തു തിരിച്ചെത്തി സമുദ്രമായി മാറുമ്പോഴാണു നദീജലത്തിന് ഒഴുക്കവസാനിച്ചു സാഫല്യം ലഭിക്കുന്നത്.** സമുദ്രത്തിലെത്തിച്ചേരുന്നതുവരെ കാട്ടിലും മേട്ടിലും പാറക്കെട്ടുകളിലും അകപ്പെട്ടു ക്ലേശകരമായ യാത്രയാണു തുടരേണ്ടിവരുന്നത്. സമുദ്രത്തിലെത്തിച്ചേരാതെ പോയാൽ ഇടയ്ക്കുവച്ചു വറ്റി വരണ്ടുപോവുകയോ പല കൈവഴികളായിത്തിരിഞ്ഞൊഴുകുകയോ ഒക്കെ സംഭവിച്ചെന്നു വരാം. അതുപോലെ ആനന്ദഘനമായ പരമാത്മസമുദ്രത്തിൽ മായയുടെ ആരോപിതദൃശ്യങ്ങളാണു ജീവന്റെ വിഷയങ്ങളും വിഷയസുഖേച്ഛകളും. ഇക്കാരണത്താൽത്തന്നെ വിഷയങ്ങളും വിഷയസുഖേച്ഛകളും എത്ര പെരുകിയാലും പരമാത്മസ്വരൂപത്തിനു വികാരമോ വിക്ഷോഭമോ സംഭവിക്കുന്നില്ല. വിഷയങ്ങൾക്കും വിഷയസുഖേച്ഛകൾക്കും പരമാത്മാവുമായി ഏകീഭാവം അനുഭവപ്പെടുമ്പോൾ മാത്രമേ കർമഗതി അവസാനിച്ചു ജീവനു സാഫല്യം ലഭിക്കുകയുള്ളു. പരമാത്മപ്രാപ്തിവരെ കാമക്രോധലോഭങ്ങളിൽ പെട്ടുഴന്നു നിമ്നോന്നതമായ സംസാരഗതി തുടരേണ്ടിവരുന്നു. സത്യസ്ഥിതി കൈവരിക്കാതെ മാർഗം തെറ്റിയാൽ പതനവും നികൃഷ്ട ജന്മങ്ങളുമാണ് ഫലം. ഏതൊരു ജീവനിൽ കാമങ്ങളെല്ലാം ഉൽഭവസ്ഥാനത്തു നദികൾ സമുദ്രത്തിലെന്നപോലെ തിരിച്ചെത്തി ലയിക്കുമോ ആ ജീവൻ പൂർവരൂപം വീണ്ടെടുത്തു പരമശാന്തി കൈവരിക്കും. വിഷയങ്ങളുടെ പിന്നാലെ കൊതിച്ചുപായുന്ന ജീവൻ ഒരിക്കലും തൃപ്തി വരാതെ നിമ്നോന്നതമായ ജനനമരണചക്രത്തിൽ കറങ്ങിക്കൊണ്ടേയിരിക്കും. അതുകൊണ്ടു അർജുനൻ കാമജയത്തിനായി യോഗം അഭ്യസിച്ചുകൊണ്ടു സ്വധർമമനുഷ്ഠിക്കേണ്ടതാണെന്നു താൽപ്പര്യം.

digitized by www.sreyas.in

കർമമാർഗത്തിൽ ചരിക്കുന്നയാൾക്കു പരമശാന്തി ലഭിക്കണമെങ്കിൽ കാമജയത്തോടുകൂടിയുള്ള സ്വധർമാനുഷ്ഠാനമേ ഗതിയുള്ളു എന്നാവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടു സ്ഥിതപ്രജ്ഞലക്ഷണവിവരണം ഉപസംഹരിക്കുകയാണു ഭഗവാൻ എഴുപത്തൊന്നാം പദ്യത്തിൽ:

*71: വിഹായ കാമാൻ യഃ സർവാൻ പുമാംശ്ചരതി നിസ്പൃഹഃ*
*നിർമമോ നിരഹങ്കാരഃ സ ശാന്തിമധിഗച്ഛതി*

യഃ പുമാൻ - ഏതൊരു പുരുഷൻ; സർവാൻ കാമാൻ വിഹായ - എല്ലാ വിഷയസുഖേച്ഛകളും വെടിഞ്ഞ്; നിസ്പൃഹഃ - ആശയറ്റവനായി; നിർമമഃ - മമതയില്ലാത്തവനായി; നിരഹങ്കാരഃ - അഹങ്കാരമില്ലാത്തവനായി; ചരതി - സ്വധർമാനുഷ്ഠാനത്തിൽ വർത്തിക്കുന്നുവോ; സഃ ശാന്തിം അധിഗച്ഛതി - അവൻ ശാന്തി കൈവരിക്കുന്നു.

ഏതൊരു പുരുഷൻ എല്ലാ വിഷയസുഖേച്ഛകളും വെടിഞ്ഞ് ആശയറ്റവനായി, മമതയില്ലാത്തവനായി, അഹങ്കാരമില്ലാത്തവനായി സ്വധർമാനുഷ്ഠാനത്തിൽ വർത്തിക്കുന്നുവോ അവൻ ശാന്തി കൈവരിക്കുന്നു.

## ശാന്തിമാർഗം

കാമത്യാഗം, നിസ്പൃഹത്വം, നിർമമത്വം, നിരഹങ്കാരത്വം ഇവ അഭ്യസിച്ചുകൊണ്ടുള്ള സ്വധർമാനുഷ്ഠാനമാണു ശാന്തിമാർഗം. 'സർവാൻ കാമൻ വിഹായ' എന്നുള്ളതുകൊണ്ടു ശരീരം നിലനിൽക്കണമെന്ന കാമംപോലും വെടിയണമെന്നർഥം. നിലനിൽക്കാൻ അർഹമായ കാലത്തോളം നിലനിൽക്കുമെന്നിരിക്കെ പിന്നെ അതിനായി എന്തിനു കാമിക്കണം. സ്വധർമാനുഷ്ഠാനം കാമത്തെ വളർത്താനാവരുത്, ക്ഷയിപ്പിക്കാനായിരിക്കണം. അതാണു കർമയോഗം. സ്ഥിതപ്രജ്ഞത എത്തിയാൽ സ്വാഭാവികമായിത്തന്നെ കാമങ്ങളെല്ലാം അകന്നുകിട്ടുന്നു. അതോടെ സന്യാസം അഥവാ ഉറച്ച ബ്രഹ്മനിഷ്ഠ സ്വധർമമായും ഭവിക്കുന്നു. അവിടെ നിസ്പൃഹത്വം, നിർമമത്വം, നിരഹങ്കാരത്വം ഇവയെല്ലാം സ്വതസ്സിദ്ധം.

സ്ഥിതപ്രജ്ഞതയുടെ അഥവാ ബ്രഹ്മനിഷ്ഠയുടെ ലക്ഷണങ്ങൾ ഇങ്ങനെ സമഗ്രമായി വിവരിച്ചശേഷം ആ സ്ഥിതിയെ വാഴ്ത്തിക്കൊണ്ടു ഭഗവാൻ പ്രസ്തുതം ഉപസംഹരിക്കുകയാണടുത്ത പദ്യത്തിൽ:

*72. ഏഷാ ബ്രാഹ്മീ സ്ഥിതിഃ പാർഥ നൈനാം പ്രാപ്യ വിമുഹ്യതി*
*സ്ഥിത്വാ$\surd$സ്യാമന്തകാലേ പി ബ്രഹ്മനിർവാണമൃച്ഛതി*

digitized by www.sreyas.in

പാർഥ - അല്ലയോ അർജുനാ, ഏഷാ ബ്രാഹ്മീ സ്ഥിതിഃ - ഇപ്പറഞ്ഞതാണ് ഉറപ്പായ ബ്രഹ്മനിഷ്ഠ; ഏനാം പ്രാപ്യ - ഈ ബ്രഹ്മനിഷ്ഠ കൈവന്നാൽപ്പിന്നെ; നവിമുഹ്യതി - ജനനമരണാത്മകമായ സംസാരദുഃഖത്തിൽപ്പെട്ടുഴലാൻ ഇട വരുന്നതേയില്ല; അന്തകാലേ അപി - വാർധക്യദശയിലെങ്കിലും; അസ്യാം സ്ഥിത്വാ - ഈ ബ്രഹ്മനിഷ്ഠ കൈവന്നാൽ; ബ്രഹ്മനിർവാണം ഋച്ഛതി - ബ്രഹ്മാനന്ദമെന്ന മോക്ഷം പ്രാപിക്കാനിടവരുന്നു.

അല്ലയോ അർജുനാ, ഇപ്പറഞ്ഞതാണ് ഉറപ്പായ ബ്രഹ്മനിഷ്ഠ. ഈ ബ്രഹ്മനിഷ്ഠ കൈവന്നാൽപ്പിന്നെ ജനനമരണാത്മകമായ സംസാരദുഃഖത്തിൽപ്പെട്ടുഴലാൻ ഇടവരുന്നതേയില്ല. വാർധക്യദശയിലെങ്കിലും ഈ ബ്രഹ്മനിഷ്ഠ കൈവന്നാൽ ബ്രഹ്മാനന്ദമെന്ന മോക്ഷം പ്രാപിക്കാനിടവരുന്നു.

പൂർവസുകൃതംകൊണ്ടു ചെറുപ്പത്തിൽത്തന്നെ ബ്രഹ്മനിഷ്ഠ കൈവരുന്നയാളിന്റെ മഹത്വം പറഞ്ഞറിയിക്കാനില്ലല്ലോ എന്നു താൽപ്പര്യം.

## അധ്യായാർഥ സംക്ഷേപം

ദൈവീസമ്പന്നനായ അർജുനൻ അജ്ഞാനജന്യമായ ശോകം നിമിത്തം അകർമണ്യതയിലെത്തി വില്ലുമമ്പും താഴത്തിട്ടു തേർത്തട്ടിലിരിപ്പുറപ്പിച്ചതായിട്ടാണല്ലോ നാം ഒന്നാമധ്യായത്തിൽ കണ്ടത്. ഇവിടെ അജ്ഞാനമകറ്റി ശോകമൊഴിവാക്കി അർജുനനെ സ്വധർമാനുഷ്ഠാനത്തിനു കരുത്തനാക്കിത്തീർക്കുകയാണ് ഉടനെ വേണ്ടത്. സിദ്ധാന്തപരമായി നിലനിൽപ്പിന്റെ സത്യസ്ഥിതി വെളിപ്പെടുത്തിക്കൊടുക്കുകയാണ് ഇതിനൊരേ ഒരു പോംവഴി. ജ്ഞാനംകൊണ്ടല്ലാതെ അജ്ഞാനവും തജ്ജന്യമായ ശോകവും മാറുന്നതല്ലല്ലോ. അങ്ങനെ അർജുനനെ ജ്ഞാനിയാക്കിത്തീർക്കാനായി ഭഗവാൻ സാംഖ്യബുദ്ധിയും യോഗബുദ്ധിയും ഉപദേശിക്കുകയാണു രണ്ടാമധ്യായത്തിൽ. നിലനിൽപ്പിനു ജഡമെന്നും ബോധമെന്നും രണ്ടു ഘടകങ്ങളേയുള്ളു, അവയിൽ ബോധം മാത്രമാണു സത്യം; അതു സർവവ്യാപ്തവും നിർവികാരവുമാണ്. ബോധത്തിൽ ഉണ്ടെന്നു തോന്നുന്ന അസത്യപ്രതിഭാസമാണു ജഡം. ജനിച്ചു പരിണമിച്ചു മറയുകയാണതിന്റെ സ്വഭാവം. ബോധസത്യത്തിന്റെ നിർവികാരസ്ഥിതിയോ ജഡാസത്യത്തിന്റെ നിരന്തരപരിണാമസ്ഥിതിയോ മാറ്റിമറിക്കാൻ ഇവിടെ ആർക്കും സാധ്യമല്ല. വസ്തുസ്ഥിതി ഇങ്ങനെയായതുകൊണ്ട് ഇവിടെ ഒരു പരിതസ്ഥിതിയിലും ശോകത്തിനു പ്രസക്തിയേയില്ല. ഇതാണു സാംഖ്യബുദ്ധി. സത്യം ആത്മാവായതുകൊണ്ട് ആത്മസാക്ഷാൽക്കാരം ജീവിതലക്ഷ്യമായി ഉറപ്പിക്കണം. നിർവികാരവും

digitized by www.sreyas.in

സനാതനസത്യവുമായതുകൊണ്ട് ആത്മാവിൽ ഉറയ്ക്കുന്ന മനസ്സിന് ഏകാഗ്രതയും അചഞ്ചലതയും ലഭ്യമാകും. അസത്യജഡങ്ങളെ പിന്തുടർന്നു കിട്ടാവുന്ന എല്ലാ സുഖങ്ങളും ക്ഷണികങ്ങളും ദുഃഖഭൂയിഷ്ഠങ്ങളുമാണ്. അതുകൊണ്ടു കർമകാണ്ഡവേദഭാഗത്തിൽ പറഞ്ഞിട്ടുള്ളതുൾപ്പെടെ കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതുമായ എല്ലാ സുഖങ്ങളിലും ഉദാസീനത പുലർത്തണം. സുഖദുഃഖ രൂപത്തിലുള്ള കർമഫലം അനുഭവിക്കുമ്പോൾ ലക്ഷ്യബോധത്തോടെ ബുദ്ധിയെ ആത്മനിഷ്ഠമാക്കി ഉറപ്പിച്ചുകൊണ്ടു മനസ്സിനെ സമനില അഭ്യസിപ്പിക്കണം. ഇതാണു യോഗബുദ്ധി. സാംഖ്യബുദ്ധിയിലും യോഗബുദ്ധിയിലും അഭയം തേടുന്ന ജീവൻ കർമബന്ധം പൊട്ടിച്ചെറിഞ്ഞ ജന്മബന്ധവിനിർമുക്തമായ പദത്തിലെത്തിച്ചേരും. ചിലർ പൂർവപുണ്യം നിമിത്തം കർമവാസന പാകപ്പെട്ടു ചെറുപ്പത്തിലേതന്നെ നിരന്തരമായ വസ്തുവിചാരത്തിന് അർഹരായിത്തീരുന്നു. അവർ കാലേകൂട്ടി സന്യസിച്ചു പ്രാധാന്യേന സാംഖ്യബുദ്ധി പുലർത്തി ജ്ഞാനയോഗികളായി മുക്തി നേടുന്നു. എന്നാൽ അർജുനൻ സന്ന്യാസത്തിനും ജ്ഞാനയോഗത്തിനും തൽക്കാലം അർഹനല്ല. അർജുനന്റെ കർമവാസന ഇനിയും പാകപ്പെടേണ്ടതായിട്ടാണിരിക്കുന്നത്. അതുകൊണ്ട് ഫലാനുഭവവേളകളിൽ ലക്ഷ്യബോധത്തോടെ ബുദ്ധിയെ ആത്മനിഷ്ഠമാക്കി ഉറപ്പിച്ചു സമനില അഭ്യസിപ്പിച്ചുകൊണ്ടു ലൗകിക കർമമാർഗത്തിൽ ചരിക്കാനേ അർജുനനധികാരമുള്ളു. ഫലം എങ്ങനെ വരുമെന്നു നിശ്ചയമില്ലാത്തതുകൊണ്ടു കർമാനുഷ്ഠാനവേളയിലും ഫലസംഗം വെടിഞ്ഞു യോഗബുദ്ധി അഭ്യസിച്ചുകൊണ്ടു ചെയ്യുന്ന കർമമാണു കർമയോഗം. യോഗബുദ്ധി വെടിഞ്ഞു ചെയ്യുന്ന കർമം നികൃഷ്ടമാണ്. അതുകൊണ്ട് അർജുനൻ സ്വധർമരൂപത്തിൽ കർമയോഗമനുഷ്ഠിച്ചുവേണം മുക്തി കൈവരിക്കാൻ. ഇങ്ങനെ ജ്ഞാനയോഗത്തെ വേർതിരിക്കാനായി സാംഖ്യബുദ്ധിയും കർമയോഗത്തെ വേർതിരിക്കാനായി യോഗബുദ്ധിയും ഉപദേശിക്കുന്നതോടൊപ്പം അർജുനന്റെ ശോകമകറ്റാൻ മറ്റു ചില വാദഗതികൾകൂടി ഭഗവാൻ രണ്ടാമധ്യായത്തിൽ അംഗീകരിച്ചിരിക്കുന്നു. നിലനിൽപ്പ് ജഡഭൗതികം മാത്രമാണെന്നു കരുതിയാൽപ്പോലും ശോകത്തിനവകാശമില്ലെന്നുള്ളതാണ് ഒരു വാദഗതി. എന്നും ജനിച്ചും മരിച്ചുമിരിക്കുന്ന ജഡഭൂതങ്ങളെക്കുറിച്ച് എന്തു ശോകിക്കാനാണ്? വാസനാപ്രേരിതമായ കർമം സ്വധർമമായി അനുഷ്ഠിക്കാൻ അവസരം കിട്ടുന്നതു മഹാഭാഗ്യമാണ്. അപ്പോൾ അർജുനന്റെ യുദ്ധവാസന ധർമരക്ഷക്കായി ഉപയോഗിക്കാൻ അവസരം കിട്ടിയിരിക്കുന്നതുകൊണ്ട് അതിൽ ശോകത്തിനോ പാപ

digitized by www.sreyas.in

ശങ്കക്കോ അവസരമില്ലെന്നതാണു മറ്റൊരു വാദഗതി. ഈശ്വരാനുഗ്രഹമായി വന്നുചേരുന്ന സ്വധർമാനുഷ്ഠാനത്തെ കൈവെടിയുന്നയാൾ ഇഹപരസുഖങ്ങളെ ഹനിക്കുമെന്നും ഭഗവാൻ മുന്നറിയിപ്പു നൽകുന്നു. തുടർന്നു സമ്പൂർണമായ സത്യസാക്ഷാൽക്കാരത്തിലെത്തിനിൽക്കുന്ന സ്ഥിതപ്രജ്ഞന്റെ ലക്ഷണവും സ്ഥിതപ്രജ്ഞത നേടാനുള്ള ഉപായവും ഭഗവാൻ അർജുനനു വിവരിച്ചുകൊടുക്കുന്നു. സത്യബുദ്ധി പുലർത്തി രാഗദ്വേഷവിമുക്തനായി കർമയോഗമനുഷ്ഠിക്കുകയാണ് അർജുനനെപ്പോലെയുള്ളവർക്കു സ്ഥിതപ്രജ്ഞതയിലെത്തിച്ചേരാനുള്ള ഉപായം. സർവകാമങ്ങളുമുപേക്ഷിച്ചു ദുഃഖത്തിൽ വ്യാകുലനാകാതെയും സുഖത്തിൽ തൃഷ്ണ കൂടാതെയും വീതരാഗഭയക്രോധനായി സദാ ബ്രഹ്മാനന്ദത്തിൽ മുഴുകി വർത്തിക്കുന്നയാളാണു സ്ഥിതപ്രജ്ഞൻ. ചുരുക്കത്തിൽ സിദ്ധാന്തം, ഉപായം, പരിശീലനം, അനുഭവം, ദൃഷ്ടാന്തം ഇവയൊക്കെയുൾക്കൊള്ളുന്ന ഒരു പ്രകരണഗ്രന്ഥം പോലെ വിഷയപ്രതിപാദനത്തിൽ പൂർണതയുള്ള ഒന്നാണു രണ്ടാമധ്യായം. ഗീതയുടെ സാരസംഗ്രഹമാണീ അധ്യായം. എങ്കിലും പ്രധാന പ്രതിപാദ്യം വസ്തുവിവരണമായതുകൊണ്ടാണ് അധ്യായത്തിനു സാംഖ്യയോഗമെന്നു പേരിട്ടിരിക്കുന്നത്.

ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം
യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ
സാംഖ്യയോഗോ നാമ
ദ്വിതീയോഽധ്യായഃ

digitized by www.sreyas.in

*അധ്യായം 3*

# കർമയോഗം

മോക്ഷം കൊതിക്കുന്നവരും എന്നാൽ കർമവാസനാബദ്ധരുമായ അർജുനനെപ്പോലെയുള്ളവർ അനുഷ്ഠിക്കേണ്ട കർമയോഗമാണു പ്രാധാന്യേന ഈ അധ്യായത്തിൽ വിവരിക്കുന്നത്. സാംഖ്യബുദ്ധി, യോഗബുദ്ധി, സ്വധർമാനുഷ്ഠാനം എന്നീ മൂന്നു കാര്യങ്ങളാണു രണ്ടാമധ്യായത്തിൽ ഉപദേശിച്ചത്. വസ്തുബോധമുൾക്കൊണ്ട് ആത്മസാക്ഷാൽക്കാരം ലക്ഷ്യമാക്കി ഫലസംഗം വെടിഞ്ഞു സമനില ശീലിക്കുകയെന്ന യോഗബുദ്ധി പുലർത്തി കർമം ചെയ്യാനാണ് അർജുനനോടാവശ്യപ്പെട്ടത്. 'ബുദ്ധൗ ശരണമന്വിച്ഛ- യോഗബുദ്ധിയെ ശരണം പ്രാപിക്കൂ; ബുദ്ധിയോഗാത് ദൂരേണ കർമ അവരം - യോഗബുദ്ധിയോടു കൂടാത്ത കർമം നികൃഷ്ടം'; 'ബുദ്ധിയുക്തോ ജഹാതീഹ ഉഭേ സുകൃതദുഷ്കൃതേ - യോഗബുദ്ധിയുള്ളവനെ പുണ്യപാപങ്ങൾ ബാധിക്കുന്നില്ല' എന്നിങ്ങനെ പല പ്രാവശ്യം ഭഗവാൻ യോഗബുദ്ധിയെ പ്രശംസിച്ചു. എന്നിട്ടു സ്വധർമമായ യുദ്ധം ചെയ്തേ തീരൂ എന്നും ആവശ്യപ്പെട്ടു. യുദ്ധമെന്ന കർമത്തേക്കാൾ ബുദ്ധിക്കു പ്രാധാന്യം നൽകിയിരിക്കുന്ന സ്ഥിതിക്കു ബുദ്ധിയെ മാത്രം പ്രാധാന്യേന അവലംബിച്ചാൽ പോരേ; ഘോരമായ യുദ്ധമെന്ന കർമം എന്തിനു ചെയ്യണം? കർമം ചെയ്യണമെങ്കിൽപോലും ഇത്ര ഘോരമല്ലാത്ത മറ്റുവല്ല കർമവും ചെയ്താൽപ്പോരേ? ഇവയാണർജുനന്റെ സംശയം. 'അർജുനനു കർമത്തിലേ അധികാരമുള്ളു; സ്വധർമമായ യുദ്ധമാണ് അർജുനന്റെ കർമം.' എന്നീ രണ്ടു കാര്യങ്ങളും ഭഗവാൻ പറഞ്ഞത് അർജുനന് പൂർണമായി മനസ്സിലായില്ലെന്നാണ് ഈ സംശയങ്ങൾ തെളിയിക്കുന്നത്. എന്തായാലും അർജുനൻ തന്റെ സംശയം ഉന്നയിക്കുകയാണ്.

digitized by www.sreyas.in

അർജ്ജുന ഉവാച-അർജ്ജുനൻ പറഞ്ഞു:

*1. ജ്യായസീ ചേത് കർമണസ്തേ മതാ ബുദ്ധിർജനാർദന*
*തത് കിം കർമണി ഘോരേ മാം നിയോജയസി കേശവ*

ജനാർദന- അല്ലയോ കൃഷ്ണാ; കർമണഃ ബുദ്ധിഃ-കർമത്തേക്കാൾ യോഗബുദ്ധി; ജ്യായസീ തേ മതാ ചേത് തത്-വിലപ്പെട്ടതാണെന്ന് അങ്ങേക്കഭിപ്രായമുണ്ടെങ്കിൽ; കേശവ-അല്ലയോ കേശവ; മാം ഘോരേ കർമണി- എന്നെ ഘോരമായ കർമം ചെയ്യാൻ; കിം നിയോജയസി?-എന്തിന്; പ്രേരിപ്പിക്കുന്നു?

അല്ലയോ കൃഷ്ണാ കർമത്തേക്കാൾ യോഗബുദ്ധി വിലപ്പെട്ടതാണെന്ന് അങ്ങേക്കഭിപ്രായമുണ്ടെങ്കിൽ അല്ലയോ കേശവ, എന്നെ ഘോരമായ കർമം ചെയ്യാൻ എന്തിനു പ്രേരിപ്പിക്കുന്നു?

### *ബുദ്ധിഃ*

ഈ ശ്ലോകത്തിലെ ബുദ്ധിശബ്ദത്തിനു കേവലം ജ്ഞാനമെന്നോ സാംഖ്യബുദ്ധിയെന്നോ അർഥം പറയുന്നതു ശരിയാകുമെന്നു തോന്നുന്നില്ല. രണ്ടാമധ്യായത്തിൽ ഭഗവാൻ ബുദ്ധിയെ സാംഖ്യബുദ്ധിയെന്നും യോഗബുദ്ധിയെന്നും രണ്ടായി വേർതിരിക്കുന്നു. അവയിൽ യോഗബുദ്ധിയിൽ അഭയം തേടാനാണ് വ്യക്തമായി അർജ്ജുനനോടാവശ്യപ്പെടുന്നത്. ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. സാംഖ്യബുദ്ധി കൂടാതെ യോഗബുദ്ധിയോ യോഗബുദ്ധി കൂടാതെ സാംഖ്യബുദ്ധിയോ പ്രായോഗികമാകുമെന്നു തോന്നുന്നില്ല. ചിലരിൽ സാംഖ്യബുദ്ധി പ്രധാനം; മറ്റു ചിലരിൽ യോഗബുദ്ധി പ്രധാനം. ഒരു ഘട്ടം കഴിഞ്ഞാൽ രണ്ടും ഒന്നായിത്തീരുകയും ചെയ്യും. അഞ്ചാമധ്യായത്തിലെ നാലും അഞ്ചും പദ്യങ്ങളിൽ ഭഗവാൻതന്നെ ഇക്കാര്യം വെളിപ്പെടുത്തിയിട്ടുമുണ്ട്. അപ്പോൾ അർജ്ജുനൻ ഇവിടെ ബുദ്ധിശബ്ദം കൊണ്ടുദ്ദേശിക്കുന്നതു ഭഗവാൻ രണ്ടാമതായി അദ്ദേഹത്തോടംഗീകരിക്കാനാവശ്യപ്പെട്ട യോഗബുദ്ധി തന്നെയായിരിക്കാനാണല്ലോ ഇട. ലൗകികകർമരംഗത്തു വർത്തിക്കുന്നവർക്കാണല്ലോ യോഗബുദ്ധി ഉപദേശിച്ചിരിക്കുന്നത്, എന്നാണെങ്കിൽ അതിനുള്ള അർജ്ജുനന്റെ മറുപടിയാണു ഞാനും കർമം ചെയ്യാം; എന്നാൽ യുദ്ധമെന്ന ഘോരമായ കർമംതന്നെ ചെയ്യണമെന്നുണ്ടോ?

എന്തായാലും യോഗബുദ്ധി ഉൾക്കൊള്ളാനും അതോടൊപ്പം ഘോരമായ യുദ്ധകർമം ചെയ്യാനും പറഞ്ഞതു തന്നിൽ ഒരാശയക്കുഴപ്പം ഉളവാ

digitized by www.sreyas.in

ക്കിയിരിക്കുന്നു എന്നാണ് അർജുനൻ തുടർന്നു പ്രസ്താവിക്കുന്നത്:

*2. വ്യാമിശ്രേണേവ വാക്യേന ബുദ്ധിം മോഹയസീവ മേ*
*തദേകം വദ നിശ്ചിത്യ യേന ശ്രേയോഽഹമാപ്നുയാം*

വ്യാമിശ്രേണ ഇവ വാക്യേന-പലതും കൂട്ടിക്കലർത്തിയതുപോലുള്ള ഉപദേശ വാക്കുകൾ കൊണ്ട്; മേ ബുദ്ധിം മോഹയസി ഇവ-അങ്ങ് എന്റെ ബുദ്ധിയെ ആശയക്കുഴപ്പത്തിലാക്കുന്നതുപോലെ തോന്നുന്നു; യേന അഹം ശ്രേയഃ ആപ്നുയാം- ഏതൊന്നുകൊണ്ട് എനിക്കു ശ്രേയസ്സു കൈവരുമോ; തത് ഏകം-അപ്രകാരമുള്ള ഒരെണ്ണം; നിശ്ചിത്യ വദ-തീരുമാനിച്ചു പറഞ്ഞുതരൂ.

പലതും കൂട്ടിക്കലർത്തിയതുപോലുള്ള ഉപദേശവാക്കുകൾ കൊണ്ട് അങ്ങ് എന്റെ ബുദ്ധിയെ ആശയക്കുഴപ്പത്തിലാക്കുന്നതുപോലെ തോന്നുന്നു. ഏതൊന്നുകൊണ്ട് എനിക്കു ശ്രേയസ്സു കൈവരുമോ അപ്രകാരമുള്ള ഒരെണ്ണം തീരുമാനിച്ചു പറഞ്ഞുതരൂ.

## *വ്യാമിശ്രവാക്യം*

ആദ്യം സാംഖ്യബുദ്ധി ഉപദേശിച്ചു; പിന്നെ യോഗബുദ്ധി; എന്നിട്ടു ബുദ്ധിയെ അഭയം പ്രാപിക്കാൻ നിർദേശിച്ചു; തുടർന്നു സ്വധർമമെന്ന നിലയിൽ ഘോരമായ യുദ്ധം ചെയ്യാനും പറഞ്ഞു. സാംഖ്യബുദ്ധിയും യോഗബുദ്ധിയും തമ്മിലുള്ള ഭേദം എന്താണ്? ശ്രേയസ്സിനുപകരിക്കുന്നതു ബുദ്ധിയാണെങ്കിൽ കർമം എന്തിനു ചെയ്യണം? കർമം ചെയ്യണമെങ്കിൽത്തന്നെ ഘോരമായ യുദ്ധകർമം തന്നെ വേണമെന്നുണ്ടോ? ഈ സംശയങ്ങളാണ് അർജുനന്റെ ബുദ്ധിക്കുളവായ മോഹം. അതുകൊണ്ടാണ് ഏതെങ്കിലും ഒന്നു തീർത്തുപറഞ്ഞുതരാനാവശ്യപ്പെടുന്നത്. ഭഗവാൻ വ്യക്തമായി കാര്യങ്ങൾ പ്രതിപാദിച്ചിട്ടും അർജുനനു ബുദ്ധി തെളിയാത്തതിൽ നിന്ന് അധ്യാത്മജ്ഞാനത്തിന്റെയും കർമരഹസ്യത്തിന്റെയും ദുർഗ്രഹത നമുക്കു ബോധ്യപ്പെടുന്നതാണ്.

ഏതെങ്കിലും ഒന്നു തീർത്തു പറഞ്ഞുതരാൻ അർജുനൻ ആവശ്യപ്പെട്ടെങ്കിലും ഒറ്റ വാക്കുകൊണ്ടതു സാധ്യമല്ലെന്നറിയാവുന്നതുകൊണ്ട് ഓരോ സംശയവും തീരത്തക്കവണ്ണം വിശദമായ മറുപടി പറയാൻ ഒരുമ്പെടുകയാണു ഭഗവാൻ. സാംഖ്യബുദ്ധിയും യോഗബുദ്ധിയും തമ്മിലുള്ള ഭേദമെന്ത് എന്ന സംശയത്തിനാണാദ്യമായി മറുപടി പറയുന്നത്.

75-2006 12

digitized by www.sreyas.in

ശ്രീ ഭഗവാനുവാച-ഭഗവാൻ പറഞ്ഞു:

*3. ലോകേഽസ്മിൻ ദ്വിവിധാ നിഷ്ഠാ പുരാ പ്രോക്താ മയാഽനഘ*
*ജ്ഞാനയോഗേന സാംഖ്യാനാം കർമയോഗേന യോഗിനാം*

അനഘ-പാപമൊടുങ്ങി ദൈവീസമ്പന്നനായ അല്ലയോ അർജുന; അസ്മിൻ ലോകേ-ഈ ലോകത്തിൽ; ദ്വിവിധാ നിഷ്ഠാ-സത്യാനുഭവത്തിനുപകരിക്കുന്ന രണ്ടുതരം ജീവിതരീതി; പുരാ-പ്രപഞ്ചാരംഭം മുതൽതന്നെ: മയാ പ്രോക്താ-എന്നാൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്; സാംഖ്യാനാം ജ്ഞാനയോഗേന-സദാ നിത്യാനിത്യവിചാരത്തിനു സമർഥരായ ശാസ്ത്രബുദ്ധികൾക്കു ജ്ഞാനയോഗംകൊണ്ട്; യോഗിനാം കർമയോഗേന-തത്വബോധത്തോടെ മോക്ഷം ലക്ഷ്യമാക്കി ലൗകികകർമങ്ങളിൽ മുഴുകിക്കഴിയുന്ന യോഗിമാർക്കു കർമയോഗം കൊണ്ട്.

പാപമൊടുങ്ങി ദൈവീസമ്പന്നനായ അല്ലയോ അർജുന, ഈ ലോകത്തിൽ സത്യാനുഭവത്തിനുപകരിക്കുന്ന രണ്ടുതരം ജീവിതരീതി പ്രപഞ്ചാരംഭം മുതൽതന്നെ എന്നാൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്; സദാ നിത്യാനിത്യവിചാരത്തിനു സമർഥരായ ശാസ്ത്രബുദ്ധികൾക്കു ജ്ഞാനയോഗം കൊണ്ട്, തത്വബോധത്തോടെ മോക്ഷം ലക്ഷ്യമാക്കി ലൗകിക കർമങ്ങളിൽ മുഴുകിക്കഴിയുന്ന യോഗിമാർക്കു കർമയോഗം കൊണ്ട്.

## *സാംഖ്യാനാം ജ്ഞാനയോഗേന*

സത്യാനുഭവത്തിനു വഴിതെളിക്കുന്ന രണ്ടു ജീവിതരീതിയാണു പണ്ടേയുള്ളത്. അവയിലൊന്നാണു ജ്ഞാനയോഗം. പൂർവപുണ്യംകൊണ്ടു കർമവാസനകൾ പാകപ്പെട്ടു ജന്മനാ സദാ നിത്യാനിത്യവിചാരത്തിനു കഴിവുറ്റവരായി ചിലർ വന്നുപിറക്കുന്നു. അവരാണു ജ്ഞാനികൾ. അവർ ക്ലേശകരങ്ങളായ ലൗകികകർമങ്ങളിൽപ്പെട്ടുഴലേണ്ട കാര്യമില്ല. അതുകൊണ്ടു ചെറുപ്പത്തിലേ തന്നെ ലോകബന്ധങ്ങൾ വെടിഞ്ഞു സന്യാസാശ്രമം സ്വീകരിച്ച് ആത്മചിന്തനത്തിൽ മുഴുകിക്കഴിയുന്നു. തുടർന്നുള്ള ഈ ജ്ഞാനാഭ്യാസം കൊണ്ടു ബുദ്ധിയുടെ സമസ്ഥിതിയെന്ന യോഗം പൂർണമായി നേടി അവർ അചിരേണ സ്ഥിതപ്രജ്ഞരായി ഭവിക്കുന്നു. ആദ്യം മുതലേ ജ്ഞാനമാണിവരെ യോഗത്തിലേക്കു നയിക്കുന്നത്. അതുകൊണ്ടാണ് ഇവരുടെ മാർഗത്തിനു ജ്ഞാനയോഗമെന്നു പേർ നൽകിയിരിക്കുന്നത്.

digitized by www.sreyas.in

## കർമയോഗേന യോഗിനാം

അധികം പേരും നിത്യാനിത്യവിചാരത്തിനു സമർഥരാകാതെ കർമവാസനാബദ്ധരായിട്ടാണ് ഈ ലോകത്തു വന്നു ജനിക്കുന്നത്. തത്വം ശ്രവിച്ചാലും നിരന്തരം മനനം ചെയ്തു സദാ തത്വാനുഭവത്തിൽ ബുദ്ധിയെ ഉറപ്പിക്കാൻ കർമവാസന അവർക്കു തടസ്സമായി നിൽക്കുന്നു. അവർ തത്വം ശ്രവിച്ച് ആത്മസാക്ഷാൽക്കാരം ലക്ഷ്യമായി ഉറപ്പിച്ചുകൊണ്ടു സ്വവാസനയ്ക്കനുരൂപമായ കർമത്തെ ലോകനന്മയെ ലക്ഷ്യമാക്കി അനുഷ്ഠിക്കണം. ഫലചിന്തയിലും ലാഭനഷ്ടത്തിലുംപെട്ടു മനസ്സു വ്യാകുലപ്പെടുമ്പോഴൊക്കെ ലക്ഷ്യബോധത്തോടെ ആത്മബുദ്ധി പുലർത്തി മനസ്സിനെ സമനില അഭ്യസിപ്പിക്കണം. ഇതാണു കർമയോഗം. ലൗകികകർമങ്ങളിൽ ഏർപ്പെട്ടിരിക്കവേ മനസ്സിന്റെ സമസ്ഥിതിയെന്ന യോഗം അഭ്യസിക്കാൻ യത്നിക്കുന്നതുകൊണ്ടാണ് ഈ മാർഗത്തിനു കർമയോഗമെന്നു പേരുണ്ടായത്. കർമയോഗത്തിലെ കർമാനുഷ്ഠാനം വാസനകളെ ക്ഷയിപ്പിച്ച് ആത്മബുദ്ധി വളർത്തി യോഗിചിത്തത്തെ ശുദ്ധീകരിക്കുന്നു. തുടർന്ന് ആ ചിത്തം സമാധ്യനുഭവത്തിൽക്കൂടി ജ്ഞാനാഭ്യാസത്തിനു കഴിവുറ്റതായി ഭവിക്കുന്നു. അങ്ങനെ പൂർണമായ സമനില നേടി സ്ഥിതപ്രജ്ഞതയിലെത്തിച്ചേരുകയും ചെയ്യുന്നു. ചുരുക്കത്തിൽ കർമയോഗത്തിലെ കർമം ചിത്തശുദ്ധിക്കും, ചിത്തശുദ്ധി ജ്ഞാനത്തിനും, ജ്ഞാനം മോക്ഷത്തിനും വഴിതെളിക്കുന്നു. കർമയോഗത്തിനും തത്വശ്രവണവും ലക്ഷ്യനിശ്ചയവും അവശ്യം കൂടിയേ തീരൂ. അതുകൊണ്ടാണു ഭഗവാൻ അർജുനനോട് ആദ്യം സാംഖ്യബുദ്ധിയും പിന്നെ യോഗബുദ്ധിയും ഉപദേശിച്ചിട്ടു യോഗബുദ്ധിയെ ശരണം പ്രാപിക്കാൻ ആവശ്യപ്പെട്ടത്. അല്ലെങ്കിൽ അർജുനനു യോഗബുദ്ധി മാത്രം ഉപദേശിച്ചാൽ മതിയായിരുന്നല്ലോ. ഗീതയിലുടനീളം ആവർത്തിച്ചു ഭഗവാൻ ജ്ഞാനമാഹാത്മ്യം അർജുനനു വെളിപ്പെടുത്തിക്കൊടുക്കുന്നതും വസ്തുബോധവും ലക്ഷ്യനിശ്ചയവും ഉറപ്പിക്കാൻ വേണ്ടിയാണ്. പക്ഷേ, അർജുനൻ കർമവാസനാബദ്ധനായതുകൊണ്ടു സദാ തത്വവിചാരത്തിൽ മുഴുകാൻ അദ്ദേഹത്തിനു സാധ്യമല്ല. അതുകൊണ്ടു യോഗബുദ്ധി അംഗീകരിച്ചു കർമം ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുന്നു. അപ്പോൾ ജ്ഞാനയോഗത്തിനും കർമയോഗത്തിനും അധികാരഭേദമുണ്ടെന്നും യോഗബുദ്ധി പുലർത്തി കർമമനുഷ്ഠിക്കാനാവശ്യപ്പെട്ടതുകൊണ്ട് അർജുനൻ കർമയോഗത്തിനേ അധികാരിയാകുന്നുള്ളു എന്നും ഭഗവാന്റെ മറുപടികൊണ്ടു വ്യക്തമായി.

digitized by www.sreyas.in

അർജുന മനസ്സിൽ വീണ്ടും സംശയമുണർന്നു. കർമയോഗത്തിനു മാത്രമേ തനിക്കധികാരമുള്ളു എന്നെന്തിനു കരുതണം? എന്തുകൊണ്ടു തനിക്കും സന്യസിച്ചു സദാ ജ്ഞാനാഭ്യാസത്തിലേർപ്പെട്ടുകൂടാ? ഈ സംശയങ്ങൾക്കു മറുപടിയാണ് അടുത്ത പദ്യം:

*4. ന കർമണാമനാരംഭാന്നൈഷ്കർമ്യം പുരുഷോഽശ്നുതേ*
*ന ച സന്യസനാദേവ സിദ്ധിം സമധിഗച്ഛതി*

പുരുഷഃ-**ആത്മസാക്ഷാൽക്കാരത്തിനു കൊതിക്കുന്ന സാധകൻ**; കർമണാം അനാരംഭാത്-**ബാഹ്യകർമങ്ങൾ ചെയ്യാതിരിക്കുന്നതുകൊണ്ട്**; നൈഷ്കർമ്യം-**കർമസ്പർശമില്ലാത്ത** ബ്രഹ്മനിഷ്ഠ; ന അശ്നുതേ-അനുഭവിക്കുന്നില്ല; **സന്യസനാത്** ഏവ-ബാഹ്യകർമങ്ങളെ ഉപേക്ഷിക്കുകയെന്ന സന്യാസം **സ്വീകരിച്ചതു**കൊണ്ടുമാത്രം; സിദ്ധിം-നൈഷ്കർമ്യസിദ്ധിയെ; ന സമധിഗച്ഛതി ച-**വേണ്ടപോലെ** കൈവരിക്കാൻ കഴിയുന്നതല്ല.

ആത്മസാക്ഷാൽക്കാരത്തിനു കൊതിക്കുന്ന സാധകൻ ബാഹ്യകർമങ്ങൾ ചെയ്യാതിരിക്കുന്നതുകൊണ്ടു കർമസ്പർശമില്ലാത്ത ബ്രഹ്മനിഷ്ഠ അനുഭവിക്കുന്നില്ല. ബാഹ്യകർമങ്ങളെ ഉപേക്ഷിച്ചുകൊണ്ടുള്ള സന്യാസം സ്വീകരിക്കുന്നതുകൊണ്ടു മാത്രം നൈഷ്കർമ്യസിദ്ധിയെ വേണ്ടപോലെ കൈവരിക്കാൻ കഴിയുന്നതല്ല.

## *നൈഷ്കർമ്യസിദ്ധി*

ജഡരൂപിണിയായ മായ നിശ്ചലവും നിർവികാരവുമായ പരബ്രഹ്മത്തിൽ ആരോപിച്ചിരിക്കുന്ന അസത്പ്രതിഭാസമാണു കർമം. അതുകൊണ്ടു ബ്രഹ്മസാക്ഷാൽക്കാരം ലഭിക്കുന്നതോടെ ആരോപിതകർമബന്ധം പാടേ അകലുകയാണു ചെയ്യുന്നത്. കർമസ്പർശമില്ലാത്ത ഈ ബ്രഹ്മനിഷ്ഠ അഥവാ സ്ഥിതപ്രജ്ഞ തന്നെയാണു നൈഷ്കർമ്യസിദ്ധി. പതിനെട്ടാമധ്യായത്തിലെ നാൽപ്പത്തൊൻപതാം ശ്ലോകത്തിൽ ഭഗവാൻ തന്നെ നൈഷ്കർമ്യസിദ്ധിയെ നിർവചിച്ചിട്ടുണ്ട്. ബുദ്ധിയെ സർവത്ര നിസ്സംഗമാക്കി, മനസ്സിനെ പൂർണമായി കീഴടക്കി, ലോക കാമങ്ങളിലൊന്നും കൊതിയില്ലാതെ വ്യക്തമായ ആത്മാനുഭാവത്തോടെ കർമങ്ങളെ സന്യസിക്കുന്നയാൾ നൈഷ്കർമ്യസിദ്ധിയിലെത്തിച്ചേരുന്നു എന്നാണു ഭഗവാൻ അവിടെ വിവരിച്ചിട്ടുള്ളത്. ബാഹ്യകർമങ്ങളെ ത്യജിച്ചതുകൊണ്ടു ഒരു സത്യാന്വേഷി ഈ നൈഷ്കർമ്യം അനുഭവിക്കുന്നില്ല. നേരേ മറിച്ചു തത്വബോധവും സമബുദ്ധിയും വളർത്തി സ്വധർമരൂപേണ ബാഹ്യകർമങ്ങൾ അനുഷ്ഠിച്ച് ചിത്തശുദ്ധി നേടിയാലേ ജ്ഞാനഫലമായ

digitized by www.sreyas.in

ഈ സിദ്ധി കൈവരികയുള്ളു. ജ്ഞാനത്തോടുകൂടാത്ത കേവല കർമസന്ന്യാസം സിദ്ധിപ്രദമല്ല. അതുകൊണ്ട് അർജുനൻ നൈഷ്കർമ്യസിദ്ധിയാണു ലക്ഷ്യമാക്കുന്നതെങ്കിൽ പൊടുന്നനേ കർമം സന്ന്യസിക്കുന്നത് ഒരിക്കലും പ്രയോജനകരമായിരിക്കുകയില്ലെന്നു മാത്രമല്ല വേണ്ടപോലെ കർമം അനുഷ്ഠിക്കുന്നതു പ്രയോജനകരമായിരിക്കുകയും ചെയ്യും എന്നാണു ഭഗവാന്റെ അഭിപ്രായം. മൂന്നാമധ്യായം പ്രധാനമായും ഒരു കർമയോഗിയെ മുൻനിറുത്തിയുള്ളതാണെന്നോർമിച്ചിരിക്കേണ്ടതാണ്.

ബാഹ്യകർമങ്ങൾ സന്ന്യസിക്കുന്നതുകൊണ്ടു സിദ്ധി ലഭിക്കുകയില്ലെന്നുള്ളതു ശരിയാകാം. എങ്കിലും അവ ഉപേക്ഷിക്കുന്നതുകൊണ്ട് എന്താണു ദോഷം? കർമം ചെയ്യണമെന്നുണ്ടെങ്കിൽത്തന്നെ ഘോരമായ യുദ്ധം തന്നെ വേണമെന്നുണ്ടോ? അർജുനനു തോന്നാവുന്ന ഈ സംശയങ്ങൾക്കാണു ഭഗവാൻ മറുപടി പറയുന്നത്:

5. *ന ഹി കശ്ചിത് ക്ഷണമപി ജാതു തിഷ്ഠത്യകർമകൃത്*
*കാര്യതേ ഹ്യവശഃ കർമ സർവഃ പ്രകൃതിജൈർഗുണൈഃ*

ഹി - എന്തുകൊണ്ടെന്നാൽ; കശ്ചിത് - ആരും; ജാതു - ഒരിക്കലും; ക്ഷണം അപി - ഒരു ക്ഷണം പോലും; അകർമകൃത് - കർമം ചെയ്യാത്തവരായി; ന തിഷ്ഠതി - വർത്തിക്കുന്നില്ല; ഹി - അതായത്; സർവഃ - എല്ലാവരും; പ്രകൃതിജൈഃഗുണൈഃ - പ്രകൃതിയിൽ നിന്നു രൂപം കൊള്ളുന്ന സത്വരജസ്തമോഗുണങ്ങളിൽപ്പെട്ട്; അവശാഃ - അവശരായിട്ട്; കർമ കാര്യതേ - കർമം ചെയ്യാൻ നിർബന്ധിതരായി ഭവിക്കുന്നു.

എന്തുകൊണ്ടെന്നാൽ ആരും ഒരിക്കലും ഒരു ക്ഷണംപോലും കർമം ചെയ്യാത്തവരായി വർത്തിക്കുന്നില്ല; എല്ലാവരും പ്രകൃതിയിൽ നിന്നു രൂപം കൊള്ളുന്ന സത്വരജസ്തമോഗുണങ്ങളിൽപ്പെട്ട് അവശരായി കർമം ചെയ്യാൻ നിർബന്ധിതരായി ഭവിക്കുന്നു.

## *അകർമകൃത് ജാതു ന തിഷ്ഠതി*

കർമം ത്യജിച്ചാൽ എന്താണു ദോഷം? ഈ ചോദ്യം തന്നെ അജ്ഞതയുടെ ഫലമാണ്. നൈഷ്കർമ്യസിദ്ധി നേടുന്നതുവരെ കർമം ത്യജിക്കാൻ ആർക്കും സാധ്യമല്ല. കർമരഹിതമായ ആത്മതത്വം സാക്ഷാൽക്കരിക്കുന്നതുവരെ ഒരാൾക്കു ദേഹബുദ്ധി പൂർണമായി വിട്ടുപോവുകയില്ല. കർമത്തിലുണ്ടായി കർമത്തിൽ നിലനിന്നു കർമത്തിൽത്തന്നെ രൂപാന്തരം പ്രാപിച്ചു ചലിച്ചുകൊണ്ടിരിക്കുന്ന ജഡമാണ് ദേഹം. അതിനാൽ ദേഹബുദ്ധി അൽപ്പ

digitized by www.sreyas.in

മെങ്കിലും ഉള്ളിടത്തോളം ഒരാൾക്കു കർമത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാനേ പറ്റില്ല. അപ്പോൾ കർമം ത്യജിക്കാനൊക്കാത്തതുകൊണ്ടു തന്നെ കർമം ത്യജിച്ചാലെന്താണു ദോഷം എന്ന ചോദ്യം അപ്രസക്തമാണ്.

## *പ്രകൃതിജൈർഗുണൈഃ അവശഃ കർമ കാര്യതേ*

കർമം ത്യജിക്കാൻ സാധ്യമല്ലെന്നു സമ്മതിക്കാം. പക്ഷേ, ഒരാൾ ഇന്ന കർമം തന്നെ ചെയ്യണമെന്നു നിയമമുണ്ടോ? അവനവന്റെ കർമം എന്തായിരിക്കണമെന്നു നിശ്ചയിക്കാനും വ്യക്തിക്കു സ്വാതന്ത്ര്യമില്ല. ഓരോരുത്തരേയും കർമത്തിനു പ്രേരിപ്പിക്കുന്നതു പ്രകൃതിഗുണങ്ങളാണ്. സത്വം, രജസ്സ്, തമസ്സ് ഇവയാണല്ലോ പ്രകൃതിഗുണങ്ങൾ. ഇവ പല അളവിലും കൂടിച്ചേർന്നു വ്യക്തിസ്വഭാവത്തിനു രൂപം നൽകുന്നു. അങ്ങനെ വ്യക്തി പ്രകൃതിഗുണത്തിനടിമയായി ഭവിക്കുന്നു. ഒരു വ്യക്തിയിൽ സത്വഗുണമാണു പ്രധാനമെങ്കിൽ അയാൾ പരിശീലിച്ചുറപ്പിച്ച സാത്വിക കർമങ്ങളിൽ വ്യാപൃതനാകും. രജസ്സിനോ തമസ്സിനോ പ്രാധാന്യം വന്നാലും സ്ഥിതിയിതുതന്നെ. ഗുണഘടന മാറ്റിയെടുക്കാതെ കർമസ്വരൂപം മാറ്റാൻ പറ്റുകയില്ല. വസ്തുവിചാരത്തോടെ ബോധപൂർവം യത്നിച്ചാൽ ഒരാൾക്ക് ഗുണഘടന ക്രമേണ മാറ്റിയെടുക്കുകയോ പുറന്തള്ളുകയോ ചെയ്യാം. എന്നാൽ ഗുണഘടനയെ ആശ്രയിച്ചല്ലാതെ കർമസ്വരൂപം മാറ്റാൻ പറ്റുകയില്ല. കർമയോഗിയെ സംബന്ധിച്ചു മാത്രമല്ല ജ്ഞാനയോഗിയെ സംബന്ധിച്ചും നൈഷ്കർമ്യസിദ്ധിയിലെത്തുന്നതുവരെ സ്ഥിതിയിതുതന്നെ. ഈ മൂന്നാമധ്യായത്തിലെ മുപ്പത്തിമൂന്നാം ശ്ലോകത്തിൽ ഭഗവാൻ തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അർജുനനെ സംബന്ധിച്ചിടത്തോളം അദ്ദേഹം രജോഗുണപ്രധാനിയാണ്. രജോഗുണത്തിന്റേതായ യുദ്ധവാസന ജീവിതത്തിലുടനീളം അഭ്യസിച്ചുറച്ചിട്ടുമുണ്ട്. അതായത് അർജുനൻ രജോഗുണത്തിന്റേതായ യുദ്ധവാസനക്കടിമയാണ്. ദൈവീസമ്പത്തു വേണ്ടുവോളം നേടിയെങ്കിലും അർജുനന്റെ ഗുണഘടനയിൽ സത്വഗുണം പ്രധാനമായിത്തീരാൻ ഇനിയും കാലം വേണ്ടിയിരിക്കുന്നു. തൽക്കാലം പ്രധാനമായി നിൽക്കുന്ന രജോഗുണത്തെയും യുദ്ധവാസനയെയും ലക്ഷ്യബോധത്തോടെ ധർമമാർഗത്തിൽ പ്രവർത്തിപ്പിച്ചെങ്കിലേ അർജുനനു സത്വഗുണത്തിലേക്കു മുന്നേറാനും ഒടുവിൽ ഗുണബന്ധം പാടേ നീക്കി നൈഷ്കർമ്യസിദ്ധിയിലെത്താനും സാധിക്കൂ. നേരേ മറിച്ചു രജോഗുണവും യുദ്ധവാസനയും ധർമമാർഗത്തിൽ പ്രവർത്തിപ്പിക്കാതെ യുദ്ധരംഗത്തുനിന്നു വിട്ടു

digitized by www.sreyas.in

പോവുകയാണെങ്കിൽ അതേ കാര്യങ്ങളെ അവശനായി അധർമമാർഗ ത്തിൽ പ്രവർത്തിപ്പിച്ചു തമോഗുണഘടനക്കു ശക്തികൂട്ടി പതിക്കാനിടവരും. അതുകൊണ്ടാണ് അർജുനൻ കർമം ചെയ്യണം; അതും ധർമയുദ്ധം തന്നെ ചെയ്യണം എന്നു ഭഗവാൻ ആവശ്യപ്പെട്ടത്.

ഇനി ഈ കർമരഹസ്യം ധരിക്കാത്ത ഒരു മടിയൻ ബാഹ്യകർമങ്ങ ളെല്ലാം തൽക്കാലം ബലാൽ ഉപേക്ഷിച്ച് ഏകാന്തവാസം സ്വീകരിക്കുന്നു എന്നു കരുതുക. എന്തായിരിക്കും അയാളുടെ സ്ഥിതി? ഈ സംശയത്തിനു മറുപടിയാണടുത്ത പദ്യം:

*6. കർമേന്ദ്രിയാണി സംയമ്യ യ ആസ്തേ മനസാ സ്മരൻ*
*ഇന്ദ്രിയാർഥാൻ വിമൂഢാത്മാ മിഥ്യാചാരഃ സ ഉച്യതേ*

യഃ വിമൂഢാത്മാ - കർമരഹസ്യം ഗ്രഹിക്കാത്ത ഏതൊരു മടയനാണോ; കർമേന്ദ്രിയാണി സംയമ്യ - കൈകാൽ തുടങ്ങിയ കർമേന്ദ്രിയങ്ങളെ നിശ്ചല മാക്കിയിട്ട്; മനസാ ഇന്ദ്രിയാർഥാൻ സ്മരൻ ആസ്തേ - മനസ്സുകൊണ്ട് ഇന്ദ്രിയ വിഷയങ്ങളെ ധ്യാനിച്ചു കഴിഞ്ഞുകൂടുന്നത്; സഃ മിഥ്യാചാരഃ ഉച്യതേ - അവൻ കപടനാട്യക്കാരനെന്നു പറയപ്പെടുന്നു.

കർമരഹസ്യം ഗ്രഹിക്കാത്ത ഏതൊരു മടയനാണോ കൈകാൽ തുട ങ്ങിയ കർമേന്ദ്രിയങ്ങളെ നിശ്ചലമാക്കിയിട്ടു മനസ്സുകൊണ്ട് ഇന്ദ്രിയവിഷയ ങ്ങളെ ധ്യാനിച്ചു കഴിഞ്ഞുകൂടുന്നത് അവൻ കപടനാട്യക്കാരൻ എന്നു പറ യപ്പെടുന്നു.

## *മിഥ്യാചാരൻ*

കർമവാസനകൾ ക്ഷയിക്കാതെ മനസ്സ് നിരന്തരമായ ആത്മധ്യാന ത്തിൽ ഉറയ്ക്കുകയേ ഇല്ല. വാസനാബദ്ധൻ ധ്യാനിക്കാനിരുന്നാൽത്തന്നെ സ്വയം വാസനക്കനുരൂപങ്ങളായ ഇന്ദ്രിയവിഷയങ്ങൾ തന്നെയായിരിക്കും മനസ്സിൽ പൊന്തിവരിക. ലക്ഷ്യബോധത്തോടുകൂടി വാസനകളെ ഫലേച്ഛ വെടിഞ്ഞു സ്വധർമാനുഷ്ഠാനത്തിൽ പ്രവർത്തിപ്പിക്കുകയും മനസ്സിന്റെ സമ നിലയെന്ന യോഗം അഭ്യസിക്കുകയും ചെയ്യുകയല്ലാതെ കർമവാസന ക്ഷയി ച്ചുകിട്ടാൻ വേറേ മാർഗമൊട്ടില്ലതാനും. വാസനാബദ്ധൻ ബാഹ്യകർമങ്ങൾ ബലാലുപേക്ഷിച്ചാൽ ക്രമേണ വാസനകൾ ഉള്ളിൽ ലയിച്ച് ആലസ്യവും ഉറക്കവും അനുഭവിച്ചു തമസ്സിലേക്കു പതിക്കേണ്ടതായും വരും. സന്യാസിഭാ വത്തിൽ ഇങ്ങനെ സദാ ആലസ്യത്തിലും ഉറക്കത്തിലും കഴിച്ചുകൂടുന്നവർ

digitized by www.sreyas.in

സന്യാസിമാരല്ല; കാപട്യക്കാരാണ്. ഇങ്ങനെയുള്ള കപടനാട്യക്കാർ സമൂഹത്തിനും രാഷ്ട്രത്തിനും ആപത്തായേ ഭവിക്കൂ. അർജുനൻ ധർമയുദ്ധം ഉപേക്ഷിച്ച് ഏകാന്തവാസത്തിനൊരുമ്പെട്ടാൽ കുറേക്കാലം കൗരവന്മാരുടെ പഴയ ചെയ്തികളും തന്റെ പ്രതാപങ്ങളും ഒക്കെ ചിന്തിച്ചുതന്നെ കഴിച്ചുകൂട്ടും. തുടർന്നു തമസ്സിലേക്കു പതിച്ച് ആലസ്യവും ഉറക്കവും അദ്ദേഹത്തിന്റെ സ്വഭാവമായിത്തീരുകയും ചെയ്യും. നേരേമറിച്ചു ലക്ഷ്യബോധത്തോടെ യോഗമഭ്യസിച്ചു ധർമയുദ്ധത്തിലേർപ്പെടുകയാണെങ്കിൽ ക്രമേണ സത്വഗുണത്തിലേക്കുയരുകയും തുടർന്നു ജ്ഞാനമുണ്ടായി നൈഷ്കർമ്യസിദ്ധിക്ക് അർഹനായിത്തീരുകയും ചെയ്യും. ഈ കർമരഹസ്യം നല്ലപോലെ അറിയാവുന്നതുകൊണ്ടാണു ഭഗവാൻ അർജുനനോടു യുദ്ധം ചെയ്തേ തീരൂ എന്നു നിർബന്ധിച്ചത്.

ബാഹ്യകർമങ്ങൾ ബലാലുപേക്ഷിക്കുന്നവൻ കപടനാട്യക്കാരനാണ്; അയാൾക്കു തമസ്സിലേക്കുള്ള പതനം അനിവാര്യവുമാണ്. എന്നാൽ യോഗമഭ്യസിച്ചുകൊണ്ടു സ്വന്തം കർമവാസനക്കനുരൂപമായി സ്വധർമാനുഷ്ഠാനത്തിലേർപ്പെടുന്നയാളിന്റെ മെച്ചമെന്താണ്? ഈ ചോദ്യത്തിനാണു ഭഗവാൻ അടുത്തതായി മറുപടി പറയുന്നത്:

*7. യസ്ത്വിന്ദ്രിയാണി മനസാ നിയമ്യാരഭതേഽർജുന*
*കർമേന്ദ്രിയൈഃ കർമയോഗമസക്തഃ സ വിശിഷ്യതേ*

അർജുന – അല്ലയോ അർജുനാ; യഃ തു – ഏതൊരാളാണോ; മനസാ ഇന്ദ്രിയാണി നിയമ്യ – ലക്ഷ്യബോധമുള്ള മനസ്സുകൊണ്ട് ഇന്ദ്രിയങ്ങളെ വശത്താക്കി; അസക്തഃ – ഞാൻ എന്റേത് എന്ന ഭാവങ്ങളുപേക്ഷിച്ചു കർമഫലങ്ങളിൽ സംഗം കൂടാതെ; കർമേന്ദ്രിയൈഃ കർമയോഗം ആരഭതേ – കർമേന്ദ്രിയങ്ങൾകൊണ്ടു സ്വധർമമനുഷ്ഠിക്കവേ യോഗവും പരിശീലിക്കുന്നത്; സഃ വിശിഷ്യതേ – അയാൾ ക്രമേണ നൈഷ്കർമ്യ സിദ്ധിക്കർഹനായിത്തീരുന്നു.

അല്ലയോ അർജുനാ, ഏതൊരാളാണോ ലക്ഷ്യബോധമുള്ള മനസ്സുകൊണ്ട് ഇന്ദ്രിയങ്ങളെ വശത്താക്കി ഞാൻ, എന്റേത് എന്ന ഭാവങ്ങളുപേക്ഷിച്ചു കർമഫലങ്ങളിൽ സംഗം കൂടാതെ കർമേന്ദ്രിയങ്ങൾകൊണ്ടു സ്വധർമമനുഷ്ഠിക്കവേ യോഗവും പരിശീലിക്കുന്നത് അയാൾ ക്രമേണ നൈഷ്കർമ്യസിദ്ധിക്കർഹനായിത്തീരുന്നു.

digitized by www.sreyas.in

## *ഇന്ദ്രിയാണി മനസാ നിയമ്യ*

ചില വിഷയങ്ങളോട് അതിയായ കൊതിയും മറ്റു ചിലതിനോട് അതിയായ വെറുപ്പും ഉണ്ടാക്കുകയാണ് ഇന്ദ്രിയങ്ങളുടെ ജോലി. ഈ രാഗവിദ്വേഷങ്ങൾക്കു കട്ടി കൂടുന്തോറും ആത്മസ്വരൂപം കൂടുതൽ കൂടുതൽ മറഞ്ഞു പോകും. രാഗദ്വേഷങ്ങൾ അന്തകരണത്തിൽ അടിയുന്നതാണു കർമവാസന. അതുകൊണ്ടു കർമമനുഷ്ഠിക്കവേ ലക്ഷ്യബോധത്തോടെ രാഗദ്വേഷങ്ങളുടെ കട്ടി കുറച്ചുകൊണ്ടു വരാനുള്ള ശ്രമമാണു മനസ്സുകൊണ്ടുള്ള ഇന്ദ്രിയനിയമനം. വ്യക്തമായ ലക്ഷ്യബോധത്തോടൊപ്പം ഫലസംഗം ഉപേക്ഷിക്കുകയാണ് ഇതിനുള്ള ഉപായം.

## *കർമയോഗം*

ഈ പദ്യത്തിൽ ഭഗവാൻ കർമയോഗത്തെ നിർവചിച്ചിരിക്കുകയാണ്. മനസ്സുകൊണ്ട് ഇന്ദ്രിയങ്ങളെ നിയമനം ചെയ്തു സംഗം വെടിഞ്ഞു സമനില ശീലിച്ചുകൊണ്ടു ചെയ്യുന്ന സ്വധർമാചരണമാണു കർമയോഗം. ജീവിതം മുഴുവൻ രാപകൽ കർമം ചെയ്യുന്നതാണു കർമയോഗമെന്നു ചിലർ ധരിച്ചു വശായിട്ടുണ്ട്. അതു കർമയോഗമല്ല, കർമഭ്രാന്താണ്.

ഇങ്ങനെ വ്യക്തിയുടെ കർമരഹസ്യം വെളിപ്പെടുത്തിക്കൊടുത്ത ശേഷം അർജുനന്റെ ജീവിതയാത്ര കർമാനുഷ്ഠാനംകൊണ്ടേ സഫലമാവൂ എന്നു ഭഗവാൻ വീണ്ടും ഊന്നിപ്പറയുന്നു:

*8. നിയതം കുരു കർമ ത്വം കർമ ജ്യായോ ഹ്യകർമണഃ*
*ശരീരയാത്രാപി ച തേ ന പ്രസിദ്ധ്യേദകർമണഃ*

ത്വം നിയതം കർമ കുരു – അതുകൊണ്ടു നീ സ്വന്തം പ്രകൃതിഗുണത്താൽ നിയമനം ചെയ്യപ്പെട്ടിരിക്കുന്ന കർമം അനുഷ്ഠിക്കൂ; ഹി – എന്തെന്നാൽ; കർമ അകർമണഃ ജ്യായഃ – കർമം ചെയ്യുന്നതു കർമം ചെയ്യാതിരിക്കുന്നതിനേക്കാൾ ശ്രേയസ്കരമാണ്; അപി ച – മാത്രമല്ല; അകർമണഃ തേ – കർമം ചെയ്യാതിരിക്കുന്ന നിന്റെ; ശരീരയാത്ര ന പ്രസിദ്ധ്യേത് – ജീവിതയാത്ര ഫലിക്കാതെയായിപ്പോകും.

അതുകൊണ്ടു നീ സ്വന്തം പ്രകൃതിഗുണത്താൽ നിയമനം ചെയ്യപ്പെട്ടിരിക്കുന്ന കർമം അനുഷ്ഠിക്കൂ. എന്തെന്നാൽ കർമം ചെയ്യുന്നതു കർമം ചെയ്യാതിരിക്കുന്നതിനേക്കാൾ ശ്രേയസ്കരമാണ്. മാത്രമല്ല കർമം ചെയ്യാതിരിക്കുന്ന നിന്റെ ജീവിതയാത്ര ഫലിക്കാതെ പോകും.

digitized by www.sreyas.in

## *ശരീരയാത്രാ ന പ്രസിദ്ധ്യേത്*

പൂർവജന്മങ്ങളിൽ സഞ്ചയിച്ചിട്ടുള്ള കർമവാസനകളിൽ ചിലത് അനുഭവിച്ചു തീർക്കാനാണല്ലോ ഒരു ദേഹം സ്വീകരിച്ചു ജനിക്കുന്നത്. ഏതു കർമവാസന അനുഭവിച്ചു തീർക്കാനാണോ ദേഹം സ്വീകരിച്ചത്, അതിനാണു പ്രാരബ്ധകർമവാസന എന്നു പറയുന്നത്. അപ്പോൾ ലക്ഷ്യബോധമുള്ള ഒരാൾക്കു ജീവിതയാത്രകൊണ്ടു സാധിക്കേണ്ടതു രണ്ടു കാര്യങ്ങളാണ്. ഈ ശരീരംകൊണ്ട് ആരംഭിച്ചിരിക്കുന്ന കർമവാസന കർമം ചെയ്ത് അനുഭവിച്ചു തീർക്കുക. ജ്ഞാനമുണ്ടായാൽ സഞ്ചിതകർമം ഒടുങ്ങുന്നതാണ്. പ്രാരബ്ധമാകട്ടെ കർമം ചെയ്ത് അനുഭവിച്ചുതന്നെ തീർക്കണം. പ്രാരബ്ധവും ഒടുങ്ങിയാലേ സ്ഥിതപ്രജ്ഞത പൂർണമാവൂ. അങ്ങനെ പ്രാരബ്ധകർമത്തെ ഒടുക്കിയിട്ടു. സ്ഥിതപ്രജ്ഞത നേടുകയാണു ശരീരയാത്രയുടെ രണ്ടാമത്തെ പ്രയോജനം. അർജുനൻ സ്വനിയതമായ കർമം സ്വധർമമായി അനുഷ്ഠിക്കാതിരുന്നാൽ ശരീരയാത്രകൊണ്ടു സിദ്ധിക്കേണ്ട പ്രാരബ്ധക്ഷയം, സ്ഥിതപ്രജ്ഞത ഇതു രണ്ടും സിദ്ധിക്കാതെ പോയേക്കുമെന്നാണു ഭഗവാന്റെ ആശയം.

കർമവാസനകൾ ക്ഷയിപ്പിക്കാനും സ്ഥിതപ്രജ്ഞത നേടാനും വേണ്ടി കർമം ചെയ്യണമെന്നാണല്ലോ ഭഗവാൻ പറഞ്ഞത്, പക്ഷേ, കർമം ചെയ്താൽ വാസനകൾ ക്ഷയിക്കുന്നതിനു പകരം അവ വർധിക്കുകയല്ലേ ഉള്ളു? അർജുനന്റെ ഈ സംശയത്തിനു ഭഗവാൻ തുടർന്നു മറുപടി പറയുന്നു:

*9. യജ്ഞാർഥാത് കർമണോ/ന്യത്ര ലോകോ/യം കർമബന്ധനഃ*
*തദർഥം കർമ കൗന്തേയ മുക്തസംഗഃ സമാചര*

കൗന്തേയ - അല്ലയോ അർജുനാ, യജ്ഞാർഥാത് അന്യത്ര കർമണഃ - യജ്ഞരൂപത്തിലല്ലാതെ ചെയ്യുന്ന കർമം നിമിത്തമേ; അയം ലോകഃ - ഈ ലോകം; കർമബന്ധനഃ കർമബദ്ധമായി ഭവിക്കൂ; തദർഥം - അതുകൊണ്ട്, മുക്തസംഗഃ കർമ സമാചാര - നീ മുക്തസംഗനായി കർമമനുഷ്ഠിക്കൂ.

അല്ലയോ അർജുനാ, യജ്ഞരൂപത്തിലല്ലാതെ ചെയ്യുന്ന കർമം നിമിത്തമേ ഈ ലോകം കർമബദ്ധമായി ഭവിക്കൂ. അതുകൊണ്ടു നീ മുക്തസംഗനായി കർമമനുഷ്ഠിക്കൂ.

## *യജ്ഞകർമം*

ശ്ലോകത്തിലെ ഉത്തരാർധംകൊണ്ടു ഭഗവാൻ യജ്ഞത്തെ നിർവചിച്ചി

digitized by www.sreyas.in

രിക്കുകയാണെന്നു കാണേണ്ടതാണ്. സംഗം വെടിഞ്ഞു ചെയ്യുന്ന ഏതു കർമ്മവും യജ്ഞമാണെന്നത്രേ ഭഗവദഭിപ്രായം. കർമകാണ്ഡവേദഭാഗത്തിൽ വിധിച്ചിട്ടുള്ള വിധിനിഷേധങ്ങളെ പ്രാധാന്യേന ആശ്രയിച്ചുകൊണ്ടു ഗീതാ ശ്ലോകങ്ങൾക്കർഥം പറയാനാണു പല വ്യാഖ്യാതാക്കന്മാരും മുതിർന്നു കാണുന്നത്. പൊട്ടക്കുളംപോലെ നിസ്സാരമായ കർമകാണ്ഡവേദഭാഗത്തെ പുറംതള്ളിയിട്ടു മുൻപോട്ടു പോകാൻ രണ്ടാമധ്യായത്തിൽത്തന്നെ ഭഗവാൻ അർജുനനോട് ആവശ്യപ്പെട്ടിരിക്കുന്ന സ്ഥിതിക്കു ഗീതാശ്ലോകങ്ങൾ വ്യാഖ്യാനിക്കുമ്പോൾ വൈദികകർമങ്ങൾ പ്രാധാന്യേന ചൂണ്ടിക്കാണിക്കേണ്ട കാര്യമില്ലെന്നുള്ളതു തീർച്ചയാണല്ലോ. ഗീത ലോകത്തെമ്പാടുമുള്ള കർമത്തിന്റെ ശാസ്ത്രമാണ്. അപ്പോൾ ഭഗവാന്റെ ആശയത്തിൽ കർമവാസന ക്ഷയിപ്പിക്കാനായി ലക്ഷ്യബോധത്തോടെ ഫലസംഗമുപേക്ഷിച്ചു ചെയ്യുന്ന ഏതു കർമവും യജ്ഞമാണ്. ഫലസംഗമുപേക്ഷിച്ചു ചെയ്യുമെങ്കിൽ അർജുനൻ ചെയ്യുന്ന യുദ്ധം ഒരു വലിയ യജ്ഞമാണ്. വേദത്തിൽ വിധിച്ചിട്ടുള്ള യജ്ഞം, ദാനം, തപസ്സ് തുടങ്ങിയ കർമങ്ങൾപോലും ഫലസംഗമുപേക്ഷിച്ചു ചെയ്തെങ്കിലേ യജ്ഞമാവൂ എന്നാണു ഭഗവാന്റെ നിശ്ചിതമായ അഭിപ്രായം. പതിനെട്ടാമധ്യായത്തിലെ ആറാം ശ്ലോകത്തിൽ ഇക്കാര്യം സുവ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. അഗ്നിയിൽ ഹവിസ്സു ഹോമിച്ചു ചെയ്യുന്ന ക്രിയയാണല്ലോ സാധാരണ യജ്ഞമായി കണക്കാക്കപ്പെടുന്നത്. യജിക്കുന്നതുകൊണ്ടാണു യജ്ഞമെന്നു പേരുവന്നത്. അഗ്നിയിൽ എരിച്ചു ചാമ്പലാക്കുകയാണു യജ്ഞം. അപ്പോൾ ഹവിസ് അഗ്നിയിൽ എരിക്കുന്നതു കർമവാസനയെ ജ്ഞാനാഗ്നിയിൽ എരിക്കുന്നതിന്റെ ഒരു പ്രതീകം മാത്രമാണ്. അതുകൊണ്ട് ജ്ഞാനം വളർത്തി കർമവാസനയെ ക്ഷയിപ്പിച്ചുകൊണ്ടു ചെയ്യുന്ന ഏതു കർമവും യജ്ഞമാണ്. ഇതിനു വിപരീതമാണു ഫലസംഗം പുലർത്തി കർമവാസനക്കു ശക്തി വളർത്തി ചെയ്യുന്ന കർമം. യജ്ഞരൂപമായി അനുഷ്ഠിക്കാത്ത കർമം ലോകത്തെ കർമബദ്ധമാക്കുമെന്നു പറഞ്ഞിരിക്കുന്നതതുകൊണ്ടാണ്. വേദവിഹിതങ്ങളായ യാഗാദികർമങ്ങളായാലും ഫലസംഗത്തോടെ ചെയ്താൽ കർമബന്ധത്തെ വളർത്തുകയേയുള്ളു. യുദ്ധംപോലും ഫലസംഗം വെടിഞ്ഞു ചെയ്താൽ യജ്ഞരൂപം കൈക്കൊണ്ടു യജമാനനെ മുക്തനാക്കും. ഇതാണു ഗീതയിലെ കർമരഹസ്യം.

ഫലസംഗം കൂടാതെ ചെയ്യുന്ന കർമമാണു യജ്ഞമെങ്കിൽ കർമകാണ്ഡ വേദഭാഗത്തിൽ വ്യക്തമായ ഫലനിർദേശത്തോടുകൂടി യാഗങ്ങളും

digitized by www.sreyas.in

മറ്റും വിധിച്ചിരിക്കുന്നതോ? സ്വർഗം കാമിക്കുന്നവൻ ജ്യോതിഷ്ടോമയാഗം ചെയ്യണം; പുത്രനെ കാമിക്കുന്നവൻ പുത്രകാമേഷ്ടിയാഗം ചെയ്യണം എന്നും മറ്റും കാണുന്നുണ്ടല്ലോ; ഈ ഫലനിർദേശം അനർഥകമല്ലേ? ഈ സംശയങ്ങൾക്കുത്തരം നൽകിക്കൊണ്ടു കർമകാണ്ഡവേദപ്രതിപാദിതങ്ങളായ യജ്ഞങ്ങളെ സത്യദൃഷ്ടിയോടെ ശാസ്ത്രീയമായി വിലയിരുത്തുകയാണു ഭഗവാൻ അടുത്ത നാലു പദ്യങ്ങളിൽ:

*10. സഹയജ്ഞാഃ പ്രജാഃ സൃഷ്ട്വാ പുരോവാച പ്രജാപതിഃ*
*അനേന പ്രസവിഷ്യധ്വമേഷ വോഽസ്ത്വിഷ്ടകാമധുക്*

പുരാ പ്രജാപതിഃ – സൃഷ്ടിയുടെ ആരംഭത്തിൽ ബ്രഹ്മാവ്; സഹയജ്ഞാഃ പ്രജാ സൃഷ്ട്വാ – യജ്ഞകർമങ്ങളോടൊപ്പം പ്രജകളെ സൃഷ്ടിച്ചിട്ട്; ഉവാച – പറഞ്ഞു; അനേന – ഈ യജ്ഞകർമം കൊണ്ട്; പ്രസവിഷ്യധ്വം – പരമ്പരയാ ഐശ്വര്യ സമ്പന്നരാകുവിൻ; ഏഷഃ – ഈ യജ്ഞകർമം; വഃ ഇഷ്ടകാമധുക് അസ്തു – നിങ്ങൾക്കു ഹിതങ്ങളായ അഭിലാഷങ്ങളെ നേടിത്തരുന്നതായി ഭവിക്കട്ടെ.

സൃഷ്ടിയുടെ ആരംഭത്തിൽതന്നെ ബ്രഹ്മാവ് യജ്ഞകർമങ്ങളോടൊപ്പം പ്രജകളെ സൃഷ്ടിച്ചിട്ടു പറഞ്ഞു: ഈ യജ്ഞകർമംകൊണ്ടു പരമ്പരയാ ഐശ്വര്യസമ്പന്നരാകുവിൻ; ഈ യജ്ഞകർമം നിങ്ങൾക്കു ഹിതങ്ങളായ അഭിലാഷങ്ങളെ നേടിത്തരുന്നതായി ഭവിക്കട്ടെ.

## ഇഷ്ടകാമധുക്

ഈ പദ്യത്തിലെ യജ്ഞപദത്തിന്റെ അർഥം കർമകാണ്ഡവേദഭാഗത്തിൽ വിധിച്ചിട്ടുള്ള യാഗങ്ങളിലോ, പ്രജാപദത്തിന്റെ അർഥം ത്രൈവർണികരിലോ ഒതുക്കി നിറുത്തുന്നതു ഗീതാതാൽപ്പര്യത്തിനു നിരക്കുമെന്നു തോന്നുന്നില്ല. യജ്ഞപദത്തിന്റെ ഏറെക്കുറെ നിർവചനം തന്നെ ഭഗവാൻ തൊട്ടുമുമ്പുള്ള പദ്യത്തിൽ നൽകിയിരിക്കുന്ന സ്ഥിതിക്ക് അതുതന്നെ അംഗീകരിക്കുകയാണു വേണ്ടത്. അതുപോലെ ഫലസംഗം കൂടാതെ ഈശ്വരാർപണ ബുദ്ധിയോടെ കർമം ചെയ്താൽ പാപയോനികളായ സ്ത്രീകളും ശൂദ്രന്മാർ പോലും പരമമായ ഗതി പ്രാപിക്കുമെന്ന് ഒൻപതാമധ്യായം മുപ്പത്തിരണ്ടാം പദ്യത്തിലും, ഏതു പുരുഷനും അവനവന്റെ കർമം കൊണ്ടു ഭഗവാനെ അർപ്പിച്ചാൽ സിദ്ധി പ്രാപിക്കുമെന്നു പതിനെട്ടാമധ്യായം നാൽപ്പത്തിയാറാം ശ്ലോകത്തിലും ഭഗവാൻ വ്യക്തമായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥിതിക്ക് പ്രജാപദത്തിനു സകല മനുഷ്യരും എന്നുതന്നെയാ

digitized by www.sreyas.in

ണർഥം പറയേണ്ടത്. ഗീതാസിദ്ധാന്തങ്ങൾ യാതൊരുച്ചനീചഭേദവും കൂടാതെ മനുഷ്യവർഗത്തെ മുഴുവൻ ഉൾക്കൊള്ളുന്നു എന്നതാണവയുടെ ഒരു മേന്മ. ഫലസംഗം കൂടാത്ത ഏതു കർമവും യജ്ഞമാണ്. പക്ഷേ സത്യസ്വരൂപം വ്യക്തമായി ധരിച്ചു കർമത്തെ പൂർണമായും യജ്ഞരൂപമാക്കി മാറ്റാൻ പൊടുന്നനെ എല്ലാവർക്കും കഴിയുന്നതല്ല. എന്തായാലും പ്രജാപതി സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ കർമങ്ങളെ യജ്ഞമാക്കി മാറ്റി സത്യത്തോടടുക്കാനുള്ള ഉപായവും നിർദേശിച്ചു. ആ ഉപായങ്ങളാണു ദേവസങ്കൽപ്പങ്ങളും ദേവന്മാരെ ഉപാസിക്കാനുള്ള യജ്ഞങ്ങളും. കർമകാണ്ഡവേദഭാഗത്തിലെ യാഗങ്ങൾക്കു വ്യക്തമായ ഫലനിർദേശമുണ്ടല്ലോ എന്നാണെങ്കിൽ അതിനെന്താണു ദോഷം? കർമങ്ങൾക്കു ഫലനിർദേശം പാടില്ലെന്നാരു പറഞ്ഞു. യജ്ഞം ചെയ്യുന്നയാൾ ഫലസംഗം പുലർത്തി കുഴങ്ങരുതെന്നല്ലേ പറഞ്ഞിട്ടുള്ളു. അതിനുവേണ്ടിയാണ് യജ്ഞദേവന്മാരെ നിർദേശിച്ചിരിക്കുന്നത്. മനസ്സ് ഫലസംഗം വെടിഞ്ഞു ദേവതാസങ്കൽപ്പത്തിൽ ഈശ്വരബുദ്ധ്യാ ഏകാഗ്രപ്പെടുന്നതോടെ ഭൗതികവും പടിപടിയായുള്ള ആധ്യാത്മികവുമായ അഭിവൃദ്ധിക്ക് അതു കാരണമായി ഭവിക്കും. ഫലലാഭവേളയിൽ അഹങ്കാരംപോയി ഈശ്വരബുദ്ധി ദൃഢപ്പെടുകയും ചെയ്യും. ഈ യജ്ഞരഹസ്യമാണു ഭഗവാൻ അർജുനനു വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നത്. ദേവസങ്കൽപ്പവും യജ്ഞവും എങ്ങനെയാണൊരുവന്റെ ശ്രേയസ്സിനു ഹേതുവായി ഭവിക്കുന്നതെന്നത്രേ ഭഗവാൻ പതിനൊന്നാം പദ്യത്തിൽ വിവരിക്കുന്നത്:

*11. ദേവാൻ ഭാവയതാനേന തേ ദേവാ ഭാവയന്തു വഃ*
*പരസ്പരം ഭാവയന്തഃ ശ്രേയഃ പരമവാപ്സ്യഥ*

അനേന - യജ്ഞരൂപത്തിലുള്ള കർമാനുഷ്ഠാനം കൊണ്ട്; ദേവാൻ ഭാവയത - നിങ്ങൾ ദേവന്മാരെ സന്തോഷിപ്പിക്കുവിൻ; തേ ദേവാഃ വഃ ഭാവയന്തു - ആ സന്തുഷ്ടരായ ദേവന്മാർ തിരിച്ചു നിങ്ങളേയും സന്തോഷിപ്പിക്കട്ടെ; പരസ്പരം ഭാവയന്തഃ - ഇങ്ങനെ അന്യോന്യം സന്തോഷിപ്പിച്ചാൽ; പരം ശ്രേയഃ അവാപ്സ്യഥ - നിങ്ങൾ പരമമായ ശ്രേയസ്സു കൈവരിക്കും.

യജ്ഞരൂപത്തിലുള്ള കർമാനുഷ്ഠാനം കൊണ്ടു നിങ്ങൾ ദേവന്മാരെ സന്തോഷിപ്പിക്കുവിൻ; ആ സന്തുഷ്ടരായ ദേവന്മാർ നിങ്ങളെയും സന്തോഷിപ്പിക്കട്ടെ. ഇങ്ങനെ അന്യോന്യം സന്തോഷിപ്പിച്ചാൽ നിങ്ങൾ പരമമായ ശ്രേയസ്സു കൈവരിക്കും.

digitized by www.sreyas.in

## ദേവസങ്കൽപ്പം

ആനന്ദഘനമായി എങ്ങും നിറഞ്ഞുതിങ്ങുന്ന ബോധവസ്തുവിൽ അതിന്റെ ശക്തി പടുത്തുയർത്തിയിരിക്കുന്നവയാണ് എല്ലാ ജഡദൃശ്യങ്ങളും. ശക്തിസ്പന്ദനം വഴി ജഡദൃശ്യങ്ങളിൽ കടന്നുനിന്നുകൊണ്ട് അവയെ പ്രവർത്തിപ്പിക്കുന്നതും ഈ ബോധം തന്നെയാണ്. അവനവന്റെ ദേഹചലനത്തിന്റെ രഹസ്യം കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടുള്ള ഒരാൾക്ക് ഇക്കാര്യത്തിൽ സംശയമേ ഉണ്ടാവുകയില്ല. എല്ലാ ശരീരങ്ങളിലും ജീവനായി പ്രവർത്തിക്കുന്നതു പരമാത്മദേവത തന്നെയാണ്. സൂര്യചന്ദ്രാദി സൗരയൂഥ ഘടകങ്ങളിലും മനുഷ്യപക്ഷിമൃഗാദി ജീവജാലങ്ങളിലും പ്രവർത്തനരഹസ്യം ഒന്നുതന്നെയാണ്. പക്ഷേ, സർവത്ര നിറഞ്ഞുതിങ്ങുന്ന അഖണ്ഡബോധത്തെ വിചാരം ചെയ്തറിയാൻ എല്ലാവർക്കും കഴിവില്ല. ഇന്ദ്രിയാനുഭവങ്ങൾക്കപ്പുറം എന്തെങ്കിലും ഉള്ളതായി കരുതാൻ അധികം പേർക്കും വിഷമമാണ്. അങ്ങനെയുള്ളവരെ സത്യത്തോടടുപ്പിക്കാൻ വേണ്ടിയാണു ഋഷിമാർ ദേവസങ്കൾപ്പങ്ങൾക്കു രൂപം കൊടുത്തത്. തേജോമയങ്ങളും അത്ഭുതകരങ്ങളുമായി കാണപ്പെടുന്ന പ്രപഞ്ചഘടകങ്ങളിൽ ദിവ്യരായ പുരുഷന്മാരുടെ സാന്നിധ്യം സങ്കൽപ്പിച്ചു ഭജിക്കുവാൻ അവർ ജനങ്ങളോടാവശ്യപ്പെട്ടു. ആരുടെയും ദൃഢ സങ്കൽപ്പം ഫലവത്താക്കാൻ സദാ ഉണർന്നു വർത്തിക്കുന്ന സർവജ്ഞനായ പരബ്രഹ്മം എല്ലാ ജഡശരീരങ്ങളിലും സ്ഥിതിചെയ്യുന്നതുകൊണ്ടും ഭക്തന്റെ അഭീഷ്ടം ഫലിക്കുമെന്നുള്ളതിൽ ഋഷീശ്വരന്മാർക്കു സംശയവും ഉണ്ടായിരുന്നില്ല. ദേവസങ്കൽപ്പത്തിലുറച്ച് ഏകാഗ്രപ്പെടുന്ന മനസ്സ് ക്രമേണ ശുദ്ധീകരിക്കപ്പെട്ടു സത്യം കാണാൻ കരുത്തുള്ളതായും ഭവിക്കും. സൂര്യചന്ദ്രാദി സൗരയൂഥഘടകങ്ങളിലും വായു, അഗ്നി തുടങ്ങിയ പ്രപഞ്ചപ്രതിഭാസങ്ങളിലും ദേവസങ്കൽപ്പം രൂപംകൊണ്ടതീവിധമാണ്. ഈ ദേവസങ്കൽപ്പങ്ങൾക്കു വിഭൂതിയോഗമെന്ന പത്താമധ്യായത്തിലും പുരുഷോത്തമയോഗമെന്ന പതിനഞ്ചാമധ്യായത്തിലും ഭഗവാൻ വ്യക്തമായ അംഗീകാരം നൽകിയിട്ടുമുണ്ട്. മനുഷ്യനെ ഉദ്ധരിക്കാൻ സത്യദർശികളായ ഋഷിമാർ ആവിഷ്കരിച്ച തികച്ചും ദിവ്യമായ ഈ ഭാവനയെയാണ് മന്ദബുദ്ധികളായ പലരും ഇന്ന് അന്ധവിശ്വാസമെന്നു പറഞ്ഞുതള്ളുന്നത്. അഹോ, അജ്ഞതയുടെ അന്ധത്വം!

## പരസ്പരം ഭാവയന്തഃ

ഓരോ വ്യക്തിയുടെയും ജീവിതം അവന്റെ ചുറ്റുപാടും സദാ സ്വധർമ

digitized by www.sreyas.in

മനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന അനേകം പ്രപഞ്ചഘടകങ്ങളുമായി ഗാഢബ ന്ധമുള്ളതാണെന്നു കാണാൻ പോലും മനുഷ്യന്റെ അഹന്ത അവനെ അനു വദിക്കുന്നില്ല. സൂര്യന്റെ ചൂടോ വായുവിൽനിന്നുള്ള പ്രാണപ്രസരമോ ഇല്ലെന്നു വന്നാൽ മനുഷ്യന്റെ ജീവനും സാമർഥ്യവും ആ നിമിഷം ഇല്ലാ താകും. എന്നാലും തനിക്കു ജീവൻ പകർന്നുതരുന്ന സൂര്യനും വായുവും ജീവനുള്ള പ്രപഞ്ചഘടകങ്ങളാണെന്നു കരുതാൻ പലർക്കും കഴിയുന്നില്ല. തന്റെ സാമർഥ്യങ്ങൾക്കെല്ലാം ഉറവിടമായ അവയെ കൃതജ്ഞതാപൂർവം ദേവസങ്കൽപ്പം പുലർത്തി ആരാധിക്കുന്നത് അന്ധവിശ്വാസമായും കരുതു ന്നു. എന്തായാലും ദിവ്യങ്ങളായ പ്രപഞ്ചഘടകങ്ങളിൽ ദേവസങ്കൽപ്പം പുലർത്തി അവയെ ആരാധിക്കാൻ പ്രജാപതി ലോകാരംഭകാലം മുതൽതന്നെ പ്രജകളോടാവശ്യപ്പെട്ടു. ദേവകൾ സന്തുഷ്ടരായാൽ അവർ പ്രജകൾക്കു ഹിതകരങ്ങളായ ഭോഗങ്ങൾ നൽകി അനുഗ്രഹിക്കും. തുടർന്നും പ്രജകളുടെ ദേവഭാവന കൂടുതൽ ശക്തി പ്രാപിക്കും. ഈ പര സ്പരബന്ധം ജനങ്ങളുടെ ഭൗതികവും ആധ്യാത്മികവുമായ പരമോന്ന തിക്കു വഴിതെളിക്കുകയും ചെയ്യും. ഇങ്ങനെ ഏറ്റവും താഴേക്കിടയിൽ നിൽക്കുന്ന മന്ദബുദ്ധിയായ അജ്ഞനെപ്പോലും സത്യത്തോടു പിടിച്ചടുപ്പി ക്കാനുള്ള ഉപായങ്ങളാണു യജ്ഞങ്ങൾ. ഈ യജ്ഞരഹസ്യമാണു ഭഗവാൻ പ്രസ്തുത പദ്യത്തിൽ അർജുനനു വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നത്.

തത്വബോധവുമില്ല, ദേവഭാവനയുമില്ലെന്നുവന്നാൽ പിന്നെയെല്ലാം തന്റെ സാമർഥ്യം മാത്രമാണെന്ന ഭാവനയായിരിക്കും അവശേഷിക്കുക. യാഥാർഥ്യത്തിനു നിരക്കാത്ത ഈ ഭാവന പുലർത്തി ദേവന്മാരെ അനാദരി ക്കുന്നൻ അന്യന്റെ പ്രയത്നഫലം കവർന്നു ഭുജിക്കുന്ന കള്ളനാണെന്നാണു ഭഗവാൻ തുടർന്നു വിവരിക്കുന്നത്:

*12 ഇഷ്ടാൻ ഭോഗാൻ ഹി വോ ദേവാ ദാസ്യന്തേ യജ്ഞഭാവിതാഃ*
*തൈർദത്താനപ്രദായൈഭ്യോ യോ ഭുങ്ക്തേ സ്തേന ഏവ സഃ*

യജ്ഞ ഭാവിതഃ ദേവാഃ - യജ്ഞം വഴി ആരാധിതരായിത്തീരുന്ന ദേവന്മാർ; വഃ ഇഷ്ടാൻ ഭോഗാൻ ദാസ്യന്തേ ഹി - നിങ്ങൾക്ക് ഹിതകരങ്ങളായ സുഖ സാധനങ്ങളെ നൽകുക തന്നെ ചെയ്യും; യഃ - ഏതൊരുവൻ; തൈഃദത്താൻ - അവർ കനിഞ്ഞരുളുന്ന സുഖസാധനങ്ങളെ; ഏഭ്യഃ അപ്രദായ ഭുങ്ക്തേ - അവർക്കുകൂടി ഏതെങ്കിലും രൂപത്തിൽ തിരിച്ചുകൊടുക്കാതെ അനുഭവിക്കു ന്നുവോ, സഃ സ്തേനഃ ഏവ - അവൻ കള്ളൻ തന്നെയാകുന്നു.

digitized by www.sreyas.in

യജ്ഞം വഴി ആരാധിതരായിത്തീരുന്ന ദേവന്മാർ നിങ്ങൾക്ക് ഹിതകരങ്ങളായ സുഖസാധനങ്ങൾ നൽകുകതന്നെ ചെയ്യും. ഏതൊരുവൻ അവർ കനിഞ്ഞുതരുന്ന സുഖസാധനങ്ങളെ ഏതെങ്കിലും രൂപത്തിൽ തിരിച്ചുകൊടുക്കാതെ അനുഭവിക്കുന്നുവോ അവൻ കള്ളൻ തന്നെയാകുന്നു.

## *സ്തേന ഏവ സഃ*

പ്രപഞ്ചം അത്യുജ്ജ്വലമായ സഹകരണത്തിന്റെ ഒരുത്തമ ദൃഷ്ടാന്തമാണ്. ഇവിടെ ഒരു വ്യക്തിയും ഒരു പരമാണുപോലും സ്വതന്ത്രമല്ല. എല്ലാം പരസ്പരബന്ധം. പരമകാരണമായ ബോധം മാത്രം നിരപേക്ഷം. പ്രപഞ്ചഘടകങ്ങളെല്ലാം ഒഴിഞ്ഞുമാറിയാലും ബോധം അഖണ്ഡമായി ബാക്കി നിൽക്കും. പ്രപഞ്ചഘടകങ്ങളാകട്ടെ ഒന്നില്ലെങ്കിൽ മറ്റെല്ലാം ഇല്ലാതാകുമെന്നു തീർച്ച. ശക്തിസ്പന്ദനത്തിൽ കോർക്കപ്പെട്ടിരിക്കുന്ന പഞ്ചഭൂതങ്ങളാണല്ലോ പ്രപഞ്ചത്തിന്റെ അടിസ്ഥാനതത്വങ്ങൾ. ഇവിടെ പഞ്ചഭൂതങ്ങളും ശക്തിസ്പന്ദനവും പരസ്പരബദ്ധമാണ്. ശക്തിസ്പന്ദനം പോയാൽ പഞ്ചഭൂതങ്ങളോ ഭൂതങ്ങൾ പോയാൽ ശക്തിസ്പന്ദനമോ അവശേഷിക്കയില്ല. അതുപോലെ ആകാശം അഥവാ ദേശം ഉൾപ്പെടെയുള്ള പഞ്ചഭൂതങ്ങൾ ഒന്നു മറ്റൊന്നിനെ ആശ്രയിച്ച് ഉള്ളതായി തോന്നിക്കൊണ്ടിരിക്കുകയാണ്. പഞ്ചഭൂതങ്ങളുടെ കഥതന്നെ ഇതാണെങ്കിൽ പഞ്ചഭൂതനിർമിതങ്ങളായ ജീവശരീരങ്ങളുടെ കാര്യം പറയാനില്ലല്ലോ. പുറമേനിന്നു നോക്കുന്ന ഒരാൾക്കുപോലും ജീവശരീരങ്ങൾ പഞ്ചഭൂതമഹാസമുദ്രത്തിലെ വെറും കുമിളകൾ മാത്രമാണെന്നു കാണാൻ കഴിയും. വസ്തുസ്ഥിതിയിതാണെങ്കിൽ ഈ പ്രപഞ്ചത്തിലെ എല്ലാ ഘടകങ്ങളും പരസ്പര ബഹുമാനത്തോടെ സ്വധർമമനുഷ്ഠിച്ചെങ്കിലേ പ്രപഞ്ചപ്രവർത്തനം നിയമബദ്ധമായി മുന്നോട്ടു നീങ്ങുകയുള്ളു. സൂര്യനും ചന്ദ്രനും വായുവും ഭൂമിയും അഗ്നിയുമെല്ലാം സ്വധർമം വിട്ടുവീഴ്ച കൂടാതെ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതു നാം കാണുന്നുമുണ്ട്. അപ്പോൾ ഇതൊന്നും താൻ കാണുന്നില്ലെന്നു നടിച്ചുകൊണ്ട് പൂച്ച പാലുകുടിക്കുന്നതുപോലെ ഏതെങ്കിലും മനുഷ്യൻ പ്രപഞ്ചഘടകങ്ങളെ അനാദരിച്ച് അവ നൽകുന്ന സുഖസാമഗ്രികൾ അനുഭവിക്കുകയാണെങ്കിൽ അവൻ കള്ളനല്ലാതെ പിന്നെയാരാണ്. ചോരകർമത്തിന് അവൻ ശിക്ഷിക്കപ്പെടുകതന്നെ ചെയ്യും. ഇതു വരാതിരിക്കാനാണ് ഋഷിമാർ ദേവഭാവനയും പല തരത്തിലുള്ള യജ്ഞകർമങ്ങളും വിധിച്ചിരിക്കുന്നത്. അതുകൊണ്ട് ഏതു സ്വധർമ

digitized by www.sreyas.in

ത്തെയും തത്വബോധം കൊണ്ടു യജ്ഞമാക്കിത്തീർക്കാൻ കഴിവില്ലാത്തവർ തീർച്ചയായും ദേവഭാവന പുലർത്തി ദേവന്മാർക്കുവേണ്ടി പ്രത്യേകമായ ചില ആരാധനാ കർമങ്ങളെങ്കിലും അനുഷ്ഠിക്കേണ്ടതാണ്. ക്രമേണ തത്വബോധം നേടി സർവകർമങ്ങളെയും യജ്ഞമാക്കി മാറ്റി സമൂഹത്തെ സേവിക്കേണ്ടതുമാണ്.

ഇങ്ങനെ പടിപടിയായി യജ്ഞബോധം വളർത്തിയാൽ എന്താണു പ്രയോജനം? വളർത്താതിരുന്നാൽ എന്താണു ദോഷം? ഈ ചോദ്യങ്ങൾക്കു മറുപടിയാണ് പതിമൂന്നാം പദ്യം:

*13 യജ്ഞശിഷ്ടാശിനഃ സന്തോ മുച്യന്തേ സർവകില്ബിഷൈഃ*
*ഭുഞ്ജതേ തേ ത്വഘം പാപാ യേ പചന്ത്യാത്മകാരണാത്*

യജ്ഞശിഷ്ടാശിനഃ സന്തഃ - യജ്ഞരൂപമായി കർമമനുഷ്ഠിച്ചു കിട്ടുന്ന ഫലം അനുഭവിക്കുന്ന സത്യാന്വേഷികൾ; സർവകില്ബിഷൈഃ മുച്യന്തേ - എല്ലാ കർമവാസനകളിൽ നിന്നും മോചിക്കുന്നു; യേ ആത്മകാരണാത് പചന്തി - ആരൊക്കെയാണോ സ്വാർഥലാഭത്തിനുവേണ്ടി മാത്രം കർമം ചെയ്യുന്നത്: തേ പാപാഃ തു - ആ പാപികളാകട്ടെ; അഘം ഭുഞ്ജതേ - കർമഫലരൂപത്തിൽ പാപമാണു ഭുജിക്കുന്നത്.

യജ്ഞരൂപമായി കർമമനുഷ്ഠിച്ചു കിട്ടുന്ന ഫലം അനുഭവിക്കുന്ന സത്യാന്വേഷികൾ എല്ലാ കർമവാസനകളിൽ നിന്നും മോചിക്കുന്നു. ആരൊക്കെയാണോ സ്വാർഥലാഭത്തിനു വേണ്ടി മാത്രം കർമം ചെയ്യുന്നത് ആ പാപികളാകട്ടെ കർമഫലരൂപത്തിൽ പാപമാണു ഭുജിക്കുന്നത്.

## വാസനാവിമുക്തിയും പാപഭുക്തിയും

സത്യം സാക്ഷാൽക്കരിക്കാൻ കൊതിക്കുന്നവർ കർമങ്ങളെല്ലാം യജ്ഞരൂപത്തിൽ അനുഷ്ഠിക്കുന്നു. യജ്ഞരൂപത്തിലുള്ള കർമാനുഷ്ഠാനത്തിന്റെ പ്രത്യേകതകളെന്തെല്ലാം? ജീവിതലക്ഷ്യം ആത്മസാക്ഷാൽക്കാരമാണെന്നുള്ള ഉറപ്പുറ്റ ബോധം, വിട്ടുവീഴ്ചയില്ലാത്ത സ്വധർമാനുഷ്ഠാനം, സദാ സർവത്ര ഈശ്വരബുദ്ധി പുലർത്തി ഫലസംഗമുപേക്ഷിക്കൽ, ഫലം വന്നു ചേരുമ്പോൾ സുഖമായാലും ദുഃഖമായാലും സമബുദ്ധി പുലർത്തി ഈശ്വരാനുഗ്രഹമായി അംഗീകരിക്കൽ. ഇങ്ങനെ കർമം ചെയ്യുന്നവർ സ്വന്തം വ്യക്തിത്വത്തെയും സമൂഹത്തെയും സമഭാവനയോടെ വീക്ഷിച്ചു വ്യക്തിജീവിതത്തെയും സമൂഹജീവിതത്തെയും ശോഭനമാക്കിത്തീർക്കുന്നു. ഇവി



digitized by www.sreyas.in

ടെയാണു ശരിയായ സമത്വം. യജ്ഞകർമികളായ സത്യാന്വേഷികൾ ഞാൻ ചെയ്യുന്നു, ഞാൻ ഭുജിക്കുന്നു എന്ന ഭാവനകൾക്കു ശക്തി നൽകുന്നില്ല. ഞാൻ കേവലം ഭഗവാന്റെ കയ്യിലെ ഒരുപകരണം മാത്രമാണ്; അദ്ദേഹം എന്നെക്കൊണ്ടെന്തൊക്കെയോ ചെയ്യിക്കുന്നു; എന്റെ നന്മക്കായി എന്തൊക്കെയോ അനുഭവിപ്പിക്കുന്നു; എന്നാണവരുടെ ഭാവന. ഈ ഭാവന നിമിത്തം രാഗദ്വേഷരൂപത്തിൽ യാതൊരു കർമവാസനയും അവരുടെ ഉള്ളിൽ തങ്ങുന്നില്ല. അങ്ങനെ എല്ലാ കർമവാസനകളിൽ നിന്നും വിമുക്തരായി ഭവിക്കുന്നു. അവർക്കു പാപവാസനയുമില്ല, പുണ്യവാസനയുമില്ല, ശ്ലോകത്തിലെ 'കില്ബിഷ' ശബ്ദം പുണ്യവാസനയേയും പാപവാസനയേയും ഉൾക്കൊള്ളുന്നു എന്നറിയേണ്ടതാണ്. ഒരു സത്യാന്വേഷിക്കു പുണ്യവാസനയും ഒടുവിൽ ഉപേക്ഷിക്കപ്പെടേണ്ടുന്ന കില്ബിഷമാണ്. സ്വാർഥലാഭത്തിനു വേണ്ടി മാത്രം കർമമനുഷ്ഠിക്കുന്നവർ വല്ല പുണ്യകർമവും ചെയ്തുകിട്ടുന്ന ഫലംപോലും അഹങ്കാരവും മദമാത്സര്യവും വളർത്തി പാപരൂപത്തിലായിരിക്കും ഭുജിക്കുന്നത്. അവരുടെ ജീവിതലക്ഷ്യങ്ങൾ അസംഖ്യങ്ങളും അനന്തങ്ങളുമാണ്. അവർ സ്വധർമമല്ല വിട്ടുവീഴ്ചയില്ലാത്ത അധർമമായിരിക്കും അനുഷ്ഠിക്കുക. ഈശ്വരബുദ്ധി പാടേ ഉപേക്ഷിച്ചു ഫലസംഗത്തിൽപ്പെട്ടു സദാ വ്യാകുലചിത്തരായിരിക്കും. സർവത്ര ദേഭബുദ്ധി വളർത്തി ഇക്കൂട്ടർ വ്യക്തിയെയും സമൂഹത്തെയും പതിപ്പിക്കും. ഇവിടെ സമത്വത്തിന്റെ പ്രശ്നമേയില്ല. ഞാൻ കർമം ചെയ്യുന്നു, ഞാൻ ഫലം നേടും എന്ന മട്ടിലുള്ള അഹന്താബോധം അവരിൽ സദാ ശക്തി പ്രാപിക്കും. അങ്ങനെ അവർ രാഗദ്വേഷരൂപത്തിലുള്ള കർമവാസനകളെ അന്തഃകരണത്തിൽ അട്ടിയട്ടിയായി സഞ്ചയിക്കും. തുടർന്നു കർമവാസനാബദ്ധരായി ജനിച്ചും മരിച്ചും സംസാരചക്രത്തിൽ ഭ്രമിക്കാനും ഇടവരും. ഇതാണു സ്വാർഥമോഹികളുടെ പാപഭുക്തി.

ഇങ്ങനെ യജ്ഞമാഹാത്മ്യം വിവരിച്ചശേഷം ഈ പ്രപഞ്ചം ആശ്ചര്യകരമായ യജ്ഞപ്രവർത്തനത്തിലാണു തങ്ങിനിൽക്കുന്നതെന്നു ശാസ്ത്രീയമായി അർജുനനു വിവരിച്ചുകൊടുക്കുകയാണു ഭഗവാൻ അടുത്ത രണ്ടു ശ്ലോകങ്ങളിൽ:

*14 അന്നാദ്ഭവന്തി ഭൂതാനി പർജന്യാദന്നസംഭവഃ*
*യജ്ഞാദ്ഭവതി പർജന്യോ യജ്ഞഃ കർമസമുദ്ഭവഃ*

digitized by www.sreyas.in

*15 കർമ ബ്രഹ്മോദ്ഭവം വിദ്ധി ബ്രഹ്മാക്ഷരസമുദ്ഭവം*
*തസ്മാത് സർവഗതം ബ്രഹ്മ നിത്യം യജ്ഞേ പ്രതിഷ്ഠിതം*

ഭൂതാനി അന്നാത് ഭവന്തി - എല്ലാ ജീവജാലങ്ങളും ആഹാരപദാർഥത്തിൽ നിന്നാണുണ്ടാകുന്നതും നിലനിൽക്കുന്നതും; 'അന്നസംഭവഃ പർജന്യാത് - ആഹാരമുണ്ടാകുന്നത് മേഘത്തിൽ നിന്നാണ്; പർജന്യഃ യജ്ഞാത് ഭവതി - മേഘം യജ്ഞത്തിൽ നിന്നുണ്ടാകുന്നു: യജ്ഞഃ കർമസമുദ്ഭവഃ - യജ്ഞം കർമത്തിൽ നിന്നുണ്ടാകുന്നു; കർമ ബ്രഹ്മോദ്ഭവം വിദ്ധി - കർമം പ്രപഞ്ചമനസ്സായി വർത്തിക്കുന്ന ക്ഷരബ്രഹ്മത്തിൽനിന്നും സംഭവിക്കുന്നു; ബ്രഹ്മ അക്ഷരസമുദ്ഭവം - ക്ഷരബ്രഹ്മമാകട്ടെ പരമകാരണമായി വർത്തിക്കുന്ന കൂടസ്ഥബ്രഹ്മത്തിൽനിന്നു സംഭവിച്ചതാണ്; തസ്മാത് - ഇങ്ങനെ കർമചലനങ്ങൾക്കെല്ലാം പരമകാരണം കൂടസ്ഥമായ അക്ഷരബ്രഹ്മമായതുകൊണ്ട്; സർവഗതം നിത്യം ബ്രഹ്മ - സർവവ്യാപിയും നിത്യവുമായ ബ്രഹ്മം; യജ്ഞേ - യജ്ഞരൂപമായ കർമത്തിൽ; പ്രതിഷ്ഠിതം - അധിഷ്ഠാനമായി വർത്തിക്കുന്നു എന്നറിയേണ്ടതാണ്.

എല്ലാ ജീവജാലങ്ങളും ആഹാരപദാർഥത്തിൽ നിന്നാണുണ്ടാകുന്നതും നിലനിൽക്കുന്നതും; ആഹാരമുണ്ടാകുന്നതു മേഘത്തിൽനിന്നാണ്; മേഘം യജ്ഞത്തിൽനിന്നുണ്ടാകുന്നു; യജ്ഞം കർമത്തിൽനിന്നുണ്ടാകുന്നു; കർമം പ്രപഞ്ച മനസ്സായി വർത്തിക്കുന്ന ക്ഷരബ്രഹ്മത്തിൽനിന്നുമുണ്ടാകുന്നു; ക്ഷരബ്രഹ്മമാകട്ടെ പരമകാരണമായി വർത്തിക്കുന്ന കൂടസ്ഥ ബ്രഹ്മത്തിൽനിന്നു സംഭവിച്ചതാണ്. ഇങ്ങനെ കർമചലനങ്ങൾക്കെല്ലാം പരമകാരണം കൂടസ്ഥമായ അക്ഷരബ്രഹ്മമായതുകൊണ്ട് സർവവ്യാപിയും നിത്യവുമായ ബ്രഹ്മം യജ്ഞരൂപമായ കർമത്തിൽ അധിഷ്ഠാനമായി വർത്തിക്കുന്നു എന്നറിയേണ്ടതാണ്.

## *യജ്ഞാദ് ഭവതി പർജന്യഃ*

പരമസത്യം സൂര്യതുല്യം കാട്ടിത്തരുന്ന ഒരു കാര്യകാരണപരമ്പരയാണു ഭഗവാൻ ഇവിടെ വിന്യസിച്ചിരിക്കുന്നത്. ആഹാരത്തിൽനിന്നാണു ജീവികൾ ഉണ്ടായി നിലനിൽക്കുന്നത്. മാതാപിതാക്കൾ കഴിക്കുന്ന ആഹാരം ശോണിശുക്ലങ്ങളായി ഭവിച്ചാണല്ലോ മനുഷ്യർ ജനിക്കുന്നത്. ജനിച്ചവർ ആഹാരത്തെ ആശ്രയിച്ചാണു നിലനിൽക്കുന്നത്. ജീവികളെന്ന കാര്യത്തിനു കാരണം അന്നം; അന്നത്തിന്റെ കാരണമോ? മേഘമാണ്; മേഘം വർഷിച്ചാലേ അന്നമുണ്ടാകൂ. മേഘത്തിനു കാരണമാണു യജ്ഞം. ഫലസംഗം കൂടാതെയുള്ള കർമത്തെയാണല്ലോ യജ്ഞമായി ഗീത നിർവ

digitized by www.sreyas.in

ചിക്കുന്നത്. ഒന്നിലധികം പ്രപഞ്ചഘടകങ്ങൾ നിസ്സംഗമായി അവയുടെ സ്വധർമം അനുഷ്ഠിക്കുന്നതുകൊണ്ടാണല്ലോ മേഘം രൂപപ്പെടുന്നത്. സൂര്യൻ ചൂടുകൊണ്ടു ജലത്തെ നീരാവിയാക്കുന്നു; ജലം നീരാവിയായി രൂപപ്പെടുന്നു; വായു ആ നീരാവിയെ ആകാശത്തിലേക്കുയർത്തി മേഘമാക്കിത്തീർക്കുന്നു; ആകാശം മേഘത്തിനു തങ്ങിനിൽക്കാൻ ഇടമരുളുന്നു, ഇതൊക്കെ പ്രകൃതിസ്വഭാവമല്ലേ എന്നു ചിലർ ചോദിച്ചേക്കാം. അവരോടൊന്നേ മറുത്തു ചോദിക്കാനുള്ളു. ഇവിടെ പ്രകൃതി സ്വഭാവമല്ലാതെ എന്തുണ്ട്? പ്രകൃതിസ്വഭാവത്തെത്തന്നെയാണു വിവരമുള്ളവർ ജീവിതമായി കണക്കാക്കുന്നത്. അപ്പോൾ സൂര്യനും ജലവും വായുവും ആകാശവുമെല്ലാം ആരുടെയും പ്രശംസയോ നിന്ദയോ ഒന്നും കൂട്ടാക്കാതെ സ്വധർമമനുഷ്ഠിക്കുന്നതിന്റെ ഫലമാണു മേഘം. അതാണു പർജന്യം യജ്ഞത്തിൽ നിന്നുണ്ടായി എന്നു ഭഗവാൻ പറഞ്ഞിരിക്കുന്നതിന്റെ താൽപ്പര്യം. നേരത്തേ വിവരിച്ച ദേവസങ്കൽപ്പത്തിനിതു നിരക്കുന്നതുമാണ്. ശ്രീശങ്കരഭഗവത്പാദർ ഭാഷ്യത്തിലും തുടർന്നു മറ്റുള്ളവരുടെ വ്യാഖ്യാനങ്ങളിലും കർമകാണ്ഡവേദവിഹിതമായ 'യാഗം' എന്നാണു യജ്ഞപദത്തിന് അർഥം പറഞ്ഞിരിക്കുന്നത്. അവരതിനു മനുസ്മൃതി പ്രമാണമായി ഉദ്ധരിച്ചിട്ടുമുണ്ട്. കർമകാണ്ഡത്തിലെ യാഗം ചിലപ്പോൾ സൂര്യദേവനെ പ്രസന്നനാക്കി വൃഷ്ടിക്കു കാരണമായി ഭവിച്ചു എന്നുവരാം. എന്നാൽ നിയമേന മേഘമുണ്ടാകുന്നതു യാഗക്രിയയിൽനിന്നുള്ള സുകൃതത്തിന്റെ ഫലമായാണെന്നു പറഞ്ഞാൽ ശാസ്ത്രബുദ്ധിക്കു അതെങ്ങനെ നിരക്കാനാണ്? വിശേഷിച്ചും കർമകാണ്ഡവിഹിതങ്ങളായ യാഗങ്ങൾ, അത്യന്തം ദുർലഭങ്ങളായിത്തീർന്നിരിക്കുന്ന ഇക്കാലത്ത്, ഇവിടെ സൂര്യൻ, ജലം, വായു തുടങ്ങിയ ജഡപ്രകൃതികളുടെ സ്വഭാവ പരിണാമമാണ് മേഘവും മഴയുമൊക്കെ എന്ന ആധുനിക ശാസ്ത്രസിദ്ധാന്തവും കർമകാണ്ഡ വേദഭാഗത്തിലെ യാഗവിധികളും മറ്റുമാണ് പ്രപഞ്ച പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതെന്നുള്ള വേദവാദികളുടെ അന്ധമായ തീരുമാനവും ഗീതാകാരനു സമ്മതമാണെന്നു തോന്നുന്നില്ല. സൂര്യാദിപ്രപഞ്ചഘടകങ്ങൾ ഉജ്ജ്വലബോധത്തോടെ സ്വധർമമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ദേവമൂർത്തികളാണെന്നാണു ഗീതാമതം. അതുപോലെ കർമകാണ്ഡ വേദഭാഗത്തിൽ വിവരിച്ചിട്ടുള്ള യാഗങ്ങൾ മാത്രമല്ല യജ്ഞങ്ങൾ. സത്യബുദ്ധിയോട നിഷ്കാമമായി അനുഷ്ഠിക്കുന്ന ഏതു കർമവും യജ്ഞമാണ്. ഈ അധ്യായത്തിൽത്തന്നെ ഒൻപതാം ശ്ലോകത്തിലെ യജ്ഞനിർവചനം ശ്രദ്ധിക്കുക. അപ്പോൾ മേഘം ഒന്നിലധികം പ്രപഞ്ചഘ

digitized by www.sreyas.in

ടകങ്ങളുടെ ഒത്തൊരുമിച്ചുള്ള സ്വധർമാനുഷ്ഠാനത്തിന്റെ ഫലമാണ്.

## *യജ്ഞഃകർമ സമുദ്ഭവഃ*

മേഘത്തിനു രൂപം നൽകുന്ന യജ്ഞം സൂര്യന്റെയും മറ്റും സ്വധർമാനുഷ്ഠാനരൂപത്തിലുള്ള കർമം കൊണ്ടുണ്ടാകുന്നതാണല്ലോ. ശാങ്കരഭാഷ്യത്തിലും മറ്റും ഈ കർമം ഋത്വിക്കുകളുടെ മന്ത്രോച്ചാരണരൂപത്തിലും മറ്റുമുള്ള കർമമെന്നാണു വ്യാഖ്യാനിച്ചിരിക്കുന്നത്. മേഘത്തിനു രൂപം കൊടുക്കുന്ന യജ്ഞത്തിലെ ഋത്വിക്കുകൾ സൂര്യനും വായുവും മറ്റുമാണെന്നു ധരിച്ചാൽ മതിയാകും.

## *കർമ ബ്രഹ്മോദ്ഭവം*

കർമങ്ങളെല്ലാം രൂപംകൊള്ളുന്നത് എല്ലാ ജഡശരീരങ്ങളെയും നിർമിച്ചുകാണിക്കുന്ന പ്രപഞ്ചമനസ്സിൽ നിന്നാണ്. ഈ പ്രപഞ്ചമനസ്സിനു ബ്രഹ്മാവെന്നും, പ്രജാപതിയെന്നും, ഹിരണ്യഗർഭനെന്നും ഇങ്ങനെ പല പേരുകളും ശാസ്ത്രപ്രസിദ്ധങ്ങളായുണ്ട്. എന്തായാലും കർമമെന്താണെന്നു ഭഗവാൻ തന്നെ എട്ടാമധ്യായത്തിലെ മൂന്നാം ശ്ലോകത്തിൽ നിർവചിച്ചിട്ടുണ്ട്. പ്രപഞ്ച ഘടകങ്ങളെ ഉണ്ടാക്കിക്കാണിക്കുന്ന ശക്തിയുടെ ബഹിഃസ്പന്ദനമാണു കർമം. സൂര്യന്റെയും വായുവിന്റെയും ഇങ്ങനെ എല്ലാ പ്രപഞ്ചഘടകങ്ങളുടേയും രൂപം കൈക്കൊണ്ടു ശക്തി പുറമേ സ്പന്ദിക്കുന്നതുതന്നെയാണു കർമം. ഇങ്ങനെ ജഡശരീരങ്ങളിൽക്കൂടി സ്പന്ദിക്കുന്ന പ്രപഞ്ചമനസ്സിനെ ഗീതയിൽ ബ്രഹ്മത്തിന്റെ ക്ഷരഭാവം അഥവാ ക്ഷരബ്രഹ്മം എന്നാണു വിളിക്കുന്നത്. എട്ടാമധ്യായത്തിലെ നാലാം ശ്ലോകത്തിൽ ഭഗവാൻ ഇക്കാര്യവും വെളിപ്പെടുത്തിയിട്ടുണ്ട്. പുരുഷോത്തമയോഗമെന്ന പതിനഞ്ചാമധ്യായത്തിലെ പതിനാറാം ശ്ലോകത്തിലും എല്ലാ ജഡശരീരങ്ങളും ഉൾപ്പെടുന്നതു ക്ഷരപുരുഷനിലാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. കർമത്തെ ഉൽപ്പാദിപ്പിക്കുന്ന ബ്രഹ്മമാണ് ഈ ക്ഷരപുരുഷൻ അഥവാ ക്ഷരബ്രഹ്മം. 'ക്ഷരം' എന്ന പദത്തിനു നാശമുള്ളത് എന്നർഥം. ഉണ്ടായി മറയുന്നതായി തോന്നുന്നതു കൊണ്ടാണ് 'ക്ഷരപുരുഷൻ' എന്നു പേരിട്ടിരിക്കുന്നത്. ഇവിടെയും 'ബ്രഹ്മ'ശബ്ദത്തിന് വേദം എന്നർഥം പറയുന്നത് അതിവിശാലമായ ഒരാശയത്തെ അത്യന്തം സങ്കുചിതമാക്കിത്തീർക്കുമെന്നാണു തോന്നുന്നത്. അതും ഗീതാനിർവചനങ്ങളെ ആസ്പദമാക്കിത്തന്നെ ശാസ്ത്രീയമായ മറ്റൊരർഥം നൽകാമെന്നിരിക്കെ.

digitized by www.sreyas.in

## ബ്രഹ്മാക്ഷരസമുദ്ഭവം

ക്ഷരബ്രഹ്മം അഥവാ ജഡഭൂതവർഗങ്ങളെ ഉൾക്കൊള്ളുന്ന പ്രപഞ്ച മനസ്സ് പരമകാരണമായി വർത്തിക്കുന്ന അക്ഷരബ്രഹ്മത്തിൽ ഉണ്ടായിക്കാണപ്പെടുന്നതാണെന്നു പറയേണ്ടതില്ലല്ലോ. ഈ ലോകത്തു ക്ഷരപുരുഷൻ അക്ഷരപുരുഷൻ എന്നു രണ്ടു പുരുഷന്മാരേയുള്ളു എന്നു പതിനഞ്ചാമധ്യായത്തിൽ ഭഗവാൻ പ്രഖ്യാപിച്ചിട്ടുണ്ട്. സർവഭൂതവർഗവുമാണു ക്ഷരപുരുഷൻ. പരമകാരണമായ കൂടസ്ഥബ്രഹ്മമാണ് അക്ഷരപുരുഷൻ. മായയിൽ മറഞ്ഞിരിക്കുന്നവനായതുകൊണ്ടാണു കൂടസ്ഥൻ എന്നു പേരു വന്നത്. കൂടസ്ഥനായ അക്ഷരപുരുഷനാണു ക്ഷരപുരുഷന്റെ ഉൽപ്പത്തിക്കു കാരണം. ഈ നിലയിൽ പതിനഞ്ചാം ശ്ലോകത്തിലെ ഉത്തരാർധത്തിന്റെ വ്യാഖ്യാനം അത്യന്തം സുഗമമാകും. ഇങ്ങനെയൊക്കെയായതുകൊണ്ടു നിത്യവും സർവവ്യാപിയുമായ ബ്രഹ്മം യജ്ഞത്തിൽ പ്രതിഷ്ഠിതമാണ്, എന്നാണല്ലോ ആ ഭാഗത്തിന്റെ താൽപ്പര്യം. കാര്യകാരണപരമ്പരയിൽ പരമകാരണം ബ്രഹ്മമായതുകൊണ്ട് അതിനെ ആശ്രയിച്ചാണു സകല കർമവും നടക്കുന്നതെന്നു താൽപ്പര്യം. അതുപോലെ ഫലസംഗം വിട്ടു യജ്ഞരൂപേണ സ്വധർമമനുഷ്ഠിക്കുമെങ്കിൽ കർമവാസന ഒടുങ്ങി ആ സത്യത്തെ കണ്ടെത്താൻ കഴിയുമെന്നു 'യജ്ഞേ പ്രതിഷ്ഠിതം' എന്ന ഭാഗത്തിനർഥം പറയാം. ഇങ്ങനെയല്ലാതെ സർവഗതമായ വേദമാണു യജ്ഞത്തിൽ പ്രതിഷ്ഠിതമായിരിക്കുന്നത് എന്നർഥം പറഞ്ഞാൽ എന്താണു മനസ്സിലാവുക? കർമകാണ്ഡവേദഭാഗത്തിന് ഒരു കാലത്തുണ്ടായിരുന്ന അതിയായ സ്വാധീനശക്തി തെളിയിക്കുന്നതാവാം ശാങ്കരഭാഷ്യത്തിലേയും മറ്റും അർഥനിർണയം. പക്ഷേ, ഗീതാകാരൻ ആരംഭത്തിൽത്തന്നെ കർമകാണ്ഡത്തെ നിസ്സാരമാക്കി മാറ്റിനിർത്തിയിരിക്കുകയാണെന്ന കാര്യം ഗീതാവ്യാഖ്യാതാക്കൾ വിസ്മരിക്കാൻ പാടില്ലല്ലോ.

പരമകാരണമായ പരബ്രഹ്മം. ആ സത്യത്തിൽനിന്നും ഭൂതവർഗങ്ങളായ പ്രപഞ്ചഘടകങ്ങൾ, അവയുടെ സ്വധർമാനുഷ്ഠാനം കൊണ്ടുള്ള പ്രപഞ്ച പ്രവർത്തനം, തുടർന്നു പരമകാരണത്തിലേക്കുള്ള തിരിച്ചുവരവ്. ഈ യജ്ഞചക്രത്തെ ആദരപൂർവം പിന്തുടരാത്തവന്റെ നീചഗതിയാണു ഭഗവാൻ പതിനാറാം ശ്ലോകത്തിൽ വിവരിക്കുന്നത്:

16 *ഏവം പ്രവർത്തിതം ചക്രം നാനുവർത്തയതീഹ യഃ*
*അഘായുരിന്ദ്രിയാരാമോ മോഘം പാർഥ സ ജീവതി*

പാർഥ - അല്ലയോ അർജുനാ, യഃ ഏവം പ്രവർത്തിതം ചക്രം - ആരാണോ

digitized by www.sreyas.in

ഇപ്രകാരം നിയമബദ്ധമായി നടന്നുകൊണ്ടിരിക്കുന്ന യജ്ഞചക്രത്തെ; ഇഹ ന അനുവർത്തയതി - ഈ ലോകത്ത് ആദരപൂർവം പിൻതുടരാത്തത്; അഘായുഃ - പാപായുസ്സും; ഇന്ദ്രിയാരാമഃ - ഇന്ദ്രിയസുഖങ്ങളിൽ മുഴുകിയവനുമായ; സഃ - അവൻ; മോഘം ജീവതി - നിഷ്പ്രയോജനമായി ജീവിതം കഴിച്ചുകൂട്ടുന്നു.

ആരാണോ ഇപ്രകാരം നിയമബദ്ധമായി നടന്നുകൊണ്ടിരിക്കുന്ന യജ്ഞചക്രത്തെ ഈ ലോകത്ത് ആദരപൂർവം പിൻതുടരാത്തത്, പാപായുസ്സും ഇന്ദ്രിയസുഖങ്ങളിൽ മുഴുകിയവനുമായ അവൻ നിഷ്പ്രയോജനമായി ജീവിതം കഴിച്ചുകൂട്ടുന്നു.

## *സഃ മോഘം ജീവതി*

ഒരു വ്യക്തിക്കു രണ്ടുതരം ജീവിതമേ ഇവിടെ സാധ്യമാവൂ. ജഗത്തിന്റെ വസ്തുസ്ഥിതി ധരിച്ചു പരമലക്ഷ്യം നിശ്ചയിച്ചുറപ്പിച്ച് അതു നേടാനായി യജ്ഞരൂപത്തിൽ കർമം ചെയ്തു ജീവിതം നയിക്കുന്നതാണ് ഒരു ജീവിതമാർഗം. ഈ ജീവിതഗതിയിൽ കർമം ചെയ്തു മുന്നോട്ട് നീങ്ങുന്തോറും വസ്തു തെളിഞ്ഞ് ആനന്ദസ്വരൂപമായ ലക്ഷ്യത്തോടടുക്കുന്നതായും കർമവാസന ഒടുങ്ങി ജീവിതം ധന്യമാകുന്നതായും അനുഭവിക്കാം. ജഗത്തിന്റെ വസ്തുസ്ഥിതി ധരിക്കാതെ ജഡദൃശ്യങ്ങൾ സത്യമെന്നു ഭ്രമിച്ചു നിശ്ചിതമായ ഒരു ലക്ഷ്യവും മുൻപിൽ കാണാതെ സ്വാർഥലാഭത്തിനായി മാത്രം കർമം ചെയ്തു ജീവിക്കുന്നതാണു മറ്റൊരു ജീവിതമാർഗം. ഈ ജീവിതഗതിയിൽ കർമം ചെയ്തു മുന്നോട്ടു നീങ്ങുന്തോറും സത്യത്തിൽ നിന്നുമകന്നകന്നു കർമവാസനകൾ കൂടിക്കൂടി ഇന്ദ്രിയങ്ങൾക്കൊരു തൃപ്തിയും വരാതെ ഒന്നും നേടാൻ കഴിഞ്ഞില്ലെന്ന തികഞ്ഞ പരാജയബോധത്തോടെ ജീവിതം അവസാനിപ്പിക്കേണ്ടിവരും. കർമവാസനകളെ വർധിപ്പിക്കുന്നതിനെയാണു ഭഗവാൻ പാപായുസ്സ് എന്നു ചിത്രീകരിക്കുന്നത്. വിഷയങ്ങൾ അനുഭവിക്കുന്തോറും അസംതൃപ്തി കൂടിവരുന്ന ഇന്ദ്രിയങ്ങളെ ആശ്രയിക്കുന്നവന്റെ ദുർഗതി ധ്വനിപ്പിക്കുന്ന പദമാണ് 'ഇന്ദ്രിയാരാമഃ' എന്നത്. അവസാനം തികഞ്ഞ പരാജയബോധം ബാക്കി നിൽക്കുമെന്നുള്ളതുകൊണ്ടും നീച ജന്മങ്ങൾ വേണ്ടിവരുമെന്നുള്ളതുകൊണ്ടുമാണ് നിഷ്പ്രയോജനമായി ജീവിതം കഴിച്ചുകൂട്ടുന്നു എന്നു പറഞ്ഞിരിക്കുന്നത്.

യജ്ഞചക്രത്തെ അനുസരിക്കാൻ കടപ്പെട്ടയാളാണോ സ്ഥിതപ്രജ്ഞനും എന്ന സംശയത്തിനുത്തരമാണ് അടുത്ത രണ്ടു പദ്യങ്ങൾ:

digitized by www.sreyas.in

*17 യസ്ത്വാത്മരതിരേവ സ്യാദാത്മതൃപ്തശ്ച മാനവഃ*
*ആത്മന്യേവ ച സന്തുഷ്ടസ്തസ്യ കാര്യം ന വിദ്യതേ*

യഃ മാനവഃ തു – ആരാണോ; ആത്മരതിഃ ഏവ – ആത്മാവിൽത്തന്നെ രമിക്കുന്നവനും; ആത്മതൃപ്തഃ ച – ആത്മാനന്ദത്തിൽത്തന്നെ തൃപ്തിവന്നവനും; ആത്മനി ഏവ സന്തുഷ്ടഃ ച – ആത്മാവിൽത്തന്നെ സന്തുഷ്ടനും; സ്യാത് – ആയിരിക്കുന്നത്; തസ്യ കാര്യം ന വിദ്യതേ – ആയാളിന് ഇനി ചെയ്യേണ്ടതായി ഒന്നും അവശേഷിക്കുന്നില്ല.

ആരാണോ ആത്മാവിൽത്തന്നെ രമിക്കുന്നവനും ആത്മാനന്ദത്തിൽത്തന്നെ തൃപ്തി വന്നവനും ആത്മാവിൽത്തന്നെ സന്തുഷ്ടനും ആയിരിക്കുന്നത് ആയാളിന് ഇനി ചെയ്യേണ്ടതായി ഒന്നും അവശേഷിക്കുന്നില്ല.

## *തസ്യ കാര്യം ന വിദ്യതേ*

കർമവാസന പൂർണമായി ക്ഷയിച്ചാലേ സ്ഥിതപ്രജ്ഞത്വമെന്ന ലക്ഷ്യം കൈവരൂ. കർമവാസന ക്ഷയിപ്പിക്കാനാണു യജ്ഞരൂപേണ കർമം അനുഷ്ഠിക്കാൻ നിർദേശിച്ചിരിക്കുന്നത്. യജ്ഞാനുഷ്ഠാനത്തിന്റെ ലക്ഷ്യം നേടിക്കഴിഞ്ഞയാൾ പിന്നെ അതു ചെയ്യേണ്ടതില്ലല്ലോ. സ്ഥിതപ്രജ്ഞലക്ഷണം ഒന്നുകൂടി പഠിക്കുക. ഏതെങ്കിലും ഒന്നിൽ രമിച്ചാലും അതിൽ തൃപ്തി വരണമെന്നില്ല. സ്ഥിതപ്രജ്ഞൻ ആത്മതൃപ്തനാണെന്നെടുത്തു പറഞ്ഞിരിക്കുന്നത് അതുകൊണ്ടാണ്. തൃപ്തി എപ്പോഴും സന്തോഷപൂർവമായിരിക്കണമെന്നില്ല. അതുകൊണ്ടാണ് 'ആത്മന്യേവ ച സന്തുഷ്ടഃ' എന്നെടുത്തു പറഞ്ഞിരിക്കുന്നത്.

ആത്മാവിനെ നേടിയയാൾക്കും ലോകത്തു വേറെയും എന്തെങ്കിലും നേടാനുണ്ടാവില്ലേ? ഈ സംശയത്തിനുത്തരമാണടുത്ത പദ്യം:

*18 നൈവ തസ്യ കൃതേനാർഥോ നാകൃതേനേഹ കശ്ചന*
*ന ചാസ്യ സർവഭൂതേഷു കശ്ചിദർഥവ്യാപാശ്രയഃ*

തസ്യ – സ്ഥിതപ്രജ്ഞന്; കൃതേന അർഥഃ ന ഏവ – കർമം ചെയ്തുണ്ടാക്കേണ്ട യാതൊന്നും ഇല്ലതന്നെ; ഇഹ അകൃതേന കശ്ചന ന – ഈ ലോകത്ത് കർമം ചെയ്യാത്തതുകൊണ്ട് നഷ്ടപ്പെടാനും ഒന്നുമില്ല; അസ്യ – അദ്ദേഹത്തിന്; സർവഭൂതേഷു കശ്ചിത് അർഥവ്യാപാശ്രയഃ ച ന – ഒരു പ്രപഞ്ചഘടകത്തെയും ഒന്നിനു വേണ്ടിയും ആശ്രയിക്കേണ്ടതായിട്ടില്ല.

സ്ഥിതപ്രജ്ഞനു കർമം ചെയ്തുണ്ടാക്കേണ്ട യാതൊന്നും ഇല്ലതന്നെ.

digitized by www.sreyas.in

ഈ ലോകത്തു കർമം ചെയ്യാത്തതുകൊണ്ടു നഷ്ടപ്പെടാനും ഒന്നുമില്ല. അദ്ദേഹത്തിനു ഒരു പ്രപഞ്ചഘടകത്തെയും ഒന്നിനുവേണ്ടിയും ആശ്രയിക്കേണ്ടതായിട്ടില്ല.

## *സർവകാമനിവൃത്തി*

സ്ഥിതപ്രജ്ഞന് ഒന്നും ഇനി അറിയാനില്ല; ഒന്നും ഉപേക്ഷിക്കാനില്ല; ഒന്നും പ്രാപിക്കാനില്ല; ഒന്നും ചെയ്യാനുമില്ല. ശോകമില്ല, ഭയമില്ല, സങ്കൽപ്പങ്ങളില്ല. സ്ഥിതപ്രജ്ഞജീവിതത്തിന്റെ ധന്യത.

കർമവാസനാബദ്ധനായ അർജുനൻ ഈ സ്ഥിതപ്രജ്ഞത കൊതിക്കുന്നുണ്ടെങ്കിൽ ഫലസംഗം വെടിഞ്ഞു യജ്ഞരൂപത്തിൽ സ്വധർമമനുഷ്ഠിച്ചേ പറ്റൂ എന്നാണു ഭഗവാൻ വീണ്ടും നിർദേശിച്ചിരിക്കുന്നത്:

*19. തസ്മാദസക്തഃ സതതം കാര്യം കർമ സമാചര*
*അസക്തോ ഹ്യാചരൻ കർമ പരമാപ്നോതി പുരുഷഃ*

തസ്മാത് - സ്ഥിതപ്രജ്ഞത ജീവിതത്തെ സമ്പൂർണ ധന്യതയിലെത്തിക്കുന്ന ഒന്നായതുകൊണ്ട്; അസക്തഃ - ഫലസംഗമുപേക്ഷിച്ചു യജ്ഞരൂപത്തിൽ; സതതം - എപ്പോഴും; കാര്യം കർമ - അവശ്യം ചെയ്തേ തീരൂ എന്നുള്ള കർമം; സമാചര - വേണ്ടപോലെ അനുഷ്ഠിക്കൂ; ഹി - എന്തെന്നാൽ; അസക്തഃ കർമ ആചരൻ പുരുഷഃ - അസംഗനായി കർമമനുഷ്ഠിക്കുന്ന വ്യക്തി; പരം ആപ്നോതി - പരമാത്മാവിലെത്തിച്ചേർന്നു സ്ഥിതപ്രജ്ഞനായി ഭവിക്കുന്നു.

സ്ഥിതപ്രജ്ഞത ജീവിതത്തെ സമ്പൂർണ ധന്യതയിലെത്തിക്കുന്നതായതുകൊണ്ട് ഫലസംഗമുപേക്ഷിച്ച് യജ്ഞരൂപത്തിൽ എപ്പോഴും അവശ്യം ചെയ്തേ തീരൂ എന്നുള്ള കർമം വേണ്ടപോലെ അനുഷ്ഠിക്കൂ. എന്തെന്നാൽ അസംഗനായി കർമമനുഷ്ഠിക്കുന്ന വ്യക്തി പരമാത്മാവിലെത്തിച്ചേർന്ന് സ്ഥിതപ്രജ്ഞനായി ഭവിക്കുന്നു.

## *കാര്യം കർമ സമാചര*

കർമവാസന നിമിത്തം ഒരാൾക്ക് അവശ്യം അനുഷ്ഠിച്ചേ തീരു എന്നുള്ള കർമമാണ് കാര്യം കർമം. അർജുനനെ സംബന്ധിച്ചിടത്തോളം യുദ്ധമാണു കാര്യം കർമം. അതു ധർമസംസ്ഥാപനത്തിനായി അനുഷ്ഠിക്കലാണു സമാചരിക്കൽ. വേണമെങ്കിൽ ദുര്യോധനാദികളെപ്പോലെ അധർമം വളർത്തിയും അതനുഷ്ഠിക്കാമല്ലോ. ചില വ്യാഖ്യാനങ്ങളിൽ 'കാര്യം കർമ'

digitized by www.sreyas.in

കർമകാണ്ഡ വേദഭാഗത്തിൽ വിധിച്ചിട്ടുള്ള നിത്യവും അനുഷ്ഠിക്കേണ്ട കർമങ്ങളാണെന്നു പറഞ്ഞുകാണുന്നു. അവയും ഉൾപ്പെടുത്തിക്കൂടെന്നില്ല; പക്ഷേ, അതുമാത്രമാണെന്നു വ്യാഖ്യാനിക്കുന്നവരുടെ മനസ്സ് വേദവാദ ത്തിൽപ്പെട്ടു മോഹിച്ചുപോയിരിക്കുകയാണെന്നേ പറയാനുള്ളു. അടുത്ത പദ്യം ഇക്കാര്യം കുറേക്കൂടി സ്പഷ്ടമാക്കുന്നു.

കർമരംഗത്തു നിരന്തരം പ്രവർത്തിച്ചുകൊണ്ട് ആരെങ്കിലും ജ്ഞാനവും സ്ഥിതപ്രജ്ഞതയും നേടിയതായി ദൃഷ്ടാന്തമുണ്ടോ എന്നാണ് ഇനി അർജുനനു വരാവുന്ന സംശയം. ഈ സംശയം അകറ്റാനാണ് ഇരുപതാം പദ്യം:

*20. കർമണൈവ ഹി സംസിദ്ധിമാസ്ഥിതാ ജനകാദയഃ*
*ലോകസംഗ്രഹമേവാപി സംപശ്യൻ കർതുമഹർസി*

ജനകാദയഃ - മിഥിലാധിപതിയായിരുന്ന ജനകമഹാരാജാവും മറ്റും; കർമണാ ഏവ - ലൗകികകർമങ്ങൾ അനുഷ്ഠിച്ചുകൊണ്ടുതന്നെയാണ്; സംസിദ്ധിം ആ സ്ഥിതാഃ ഹി - സ്ഥിതപ്രജ്ഞതയിൽ എത്തിച്ചേർന്നിട്ടുള്ളത്; ലോകസം ഗ്രഹം ഏവ - മാതൃക കാണിച്ച് സമൂഹത്തിനു നന്മ വരുത്തുകയെന്ന ലക്ഷ്യ ത്തെത്തന്നെ; സംപശ്യൻ അപി - മുൻനിറുത്തിയായാലും; കർതും അർഹസി - കർമം ചെയ്യാൻ നീ കടമപ്പെട്ടവനാണ്.

മിഥിലാധിപനായിരുന്ന ജനകമഹാരാജാവും മറ്റും ലൗകികകർമങ്ങൾ അനുഷ്ഠിച്ചുകൊണ്ടുതന്നെയാണു സ്ഥിതപ്രജ്ഞതയിൽ എത്തിച്ചേർന്നിട്ടു ള്ളത്. മാതൃക കാണിച്ചു സമൂഹത്തിനു നന്മ വരുത്തുകയെന്ന ലക്ഷ്യത്തെ തന്നെ മുൻനിറുത്തി നോക്കിയാലും നീ കർമം ചെയ്യാൻ കടപ്പെട്ടവനാണ്.

## *ജനകമഹാരാജാവ്*

മിഥിലാരാജ്യത്തിലെ രാജാവായിരുന്നു. ഋഷിമാരെയും സത്യജിജ്ഞാ സുക്കളെയും വിളിച്ചുകൂട്ടി ബ്രഹ്മചർച്ച നടത്തുക അദ്ദേഹത്തിന്റെ കൊട്ടാര ത്തിൽ ഒരു പതിവായിരുന്നു. യാജ്ഞവൽക്യന്റെ നേതൃത്വത്തിലുള്ള ആ ചർച്ചയുടെ വിശദരൂപം ബൃഹദാരണ്യകോപനിഷത്തിൽ കാണ്മാനുണ്ട്. ഒരു കുറവും കൂടാതെ രാജ്യകാര്യങ്ങൾ നോക്കിക്കൊണ്ടുതന്നെയാണു ജനകൻ വേദാന്തചർച്ചയിൽ പങ്കുകൊണ്ടിരുന്നത്. തുടർന്നുള്ള ബ്രഹ്മവിചാരം ജന കനെ ജ്ഞാനിയും ക്രമേണ സ്ഥിതപ്രജ്ഞനുമാക്കി മാറ്റി. സ്ഥിതപ്രജ്ഞത കൈവന്നശേഷവും അദ്ദേഹം രാജ്യഭരണകർമം ഉപേക്ഷിച്ചില്ല. സ്ഥിതപ്ര ജ്ഞനു കർമം ചെയ്താലും ചെയ്തില്ലെങ്കിലും ഒന്നും വരാനില്ല, സ്ഥിതപ്ര

digitized by www.sreyas.in

ജ്ഞതക്കു മുമ്പു തുടർന്നുവന്ന കർമം അദ്ദേഹം ഉപേക്ഷിച്ചില്ല എന്നു മാത്രം. വ്യാസപുത്രനായ ശുകനുപോലും സത്യനിഷ്ഠയെക്കുറിച്ചു സംശയം വന്നപ്പോൾ പിതാവ് സംശയനിവൃത്തിക്കായി ജനകന്റെയടുക്കലേക്കു പുത്രനെ പറഞ്ഞയച്ചു എന്നാണു പുരാണപ്രസിദ്ധി. സ്ഥിതപ്രജ്ഞതക്കു ശേഷവും ജനകൻ കർമരംഗത്തു തുടർന്നതു ലോകർക്കു മാതൃക കാണിക്കാൻ കൂടിയായിരിക്കും. കർമരംഗത്ത് സമർഥമായി പെരുമാറിക്കൊണ്ടിരിക്കേ ജ്ഞാനം ലഭിക്കാനായോ ജ്ഞാനത്തിനു സംസിദ്ധി വന്നതിനുശേഷമോ ജനകനെപ്പോലുള്ളവർ കർമമുപേക്ഷിച്ചാൽ പുറമേ കർമം ഉപേക്ഷിച്ചാലേ ജ്ഞാനം കൈവരൂ എന്നൊരു തെറ്റിദ്ധാരണ ജനങ്ങൾക്കു വന്നുചേരാനിടയാകും. അങ്ങനെ ജനങ്ങൾ അശാസ്ത്രീയമായി ബാഹ്യ കർമം ത്യജിക്കാൻ ഇടവരും. വാസ്തവത്തിൽ പൂർണമായ വാസനാക്ഷയമാണു സ്ഥിതപ്രജ്ഞതയുടെ ലക്ഷണം, അല്ലാതെ ബാഹ്യമായ കർമത്യാഗമല്ല. അപ്പോൾ സാധകാവസ്ഥയിലും സിദ്ധാവസ്ഥയിലും ജനകാദി രാജർഷിമാർ ബാഹ്യകർമം ത്യജിക്കാതെതന്നെ സിദ്ധി നേടിയതുപോലെ അർജുനനും കർമരംഗത്തു നിന്നുകൊണ്ടുതന്നെ ജ്ഞാനസിദ്ധി നേടണമെന്നാണു ഭഗവാന്റെ ആശയം.

ലോകസംഗ്രഹത്തിനുവേണ്ടിയായലും കർമം ചെയ്യാൻ അർജുനൻ കടപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞുവല്ലോ. എന്താണു ലോകസംഗ്രഹമെന്നു വിശദീകരിക്കുകയാണടുത്ത പദ്യത്തിൽ:

*21 യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരോ ജനഃ*
*സ യത് പ്രമാണം കുരുതേ ലോകസ്തദനുവർതതേ*

ശ്രേഷ്ഠഃ - ജനങ്ങളുടെ ആദരവിനു പാത്രമായിട്ടുള്ളയാൾ; യത് യത് ആചരതി - എന്തെന്തൊക്കെ അനുഷ്ഠിക്കുന്നുവോ; ഇതരഃ ജനഃ - മറ്റുള്ള ആളുകളും; തത് തത് ഏവ - അതൊക്കെത്തന്നെ അനുഷ്ഠിക്കും; സഃ യത് പ്രമാണം കുരുതേ - അയാൾ എന്തിനെ ബഹുമാനിക്കുന്നുവോ; ലോകഃ തത് അനുവർതതേ - ജനങ്ങൾ അതുതന്നെ അനുകരിക്കും.

ജനങ്ങളുടെ ആദരവിനു പാത്രമായിട്ടുള്ളയാൾ എന്തെന്തൊക്കെ അനുഷ്ഠിക്കുന്നുവോ മറ്റുള്ള ആളുകളും അതൊക്കെത്തന്നെ അനുഷ്ഠിക്കും. അയാൾ എന്തിനെ ബഹുമാനിക്കുന്നുവോ ജനങ്ങൾ അതുതന്നെ അനുകരിക്കും.

digitized by www.sreyas.in

## ശ്രേഷ്ഠന്റെ ആചാരം

സ്വതേ അനുകരണപ്രിയരാണു സാമാന്യജനങ്ങൾ. അധികം പേർക്കും ധർമം എന്തെന്നറിഞ്ഞുകൂടാ; ധർമരഹസ്യം ഗ്രഹിക്കുക എളുപ്പ വുമല്ല. അതുനിമിത്തം ജനസമ്മതി ലഭിച്ചിട്ടുള്ള പ്രശസ്തന്മാരിലാണ് ജന ങ്ങളുടെ കണ്ണുമുഴുവൻ പതിഞ്ഞിരിക്കുന്നത്. അവരെന്തു ചെയ്യുന്നുവോ സാമാന്യജനം അതനുസരിക്കും. അർജുനൻ ശത്രുക്കളായ കൗരവ ന്മാർക്കുപോലും സമ്മതനായ ഒരു പ്രശസ്ത ക്ഷത്രിയനാണ്. അങ്ങനെ യുള്ള അർജുനൻ എന്തിന്റെയെങ്കിലും പേരിൽ ധർമയുദ്ധം വെടിഞ്ഞു പോവുകയാണെങ്കിൽ അർജുനനെ അനുകരിച്ചു സ്വധർമം വെടിയാൻ സാമാന്യജനങ്ങളും തയ്യാറാകും. അങ്ങനെ സമൂഹത്തിന്റെ പതനത്തിനും അർജുനൻ കാരണക്കാരനാകും. സ്വന്തം പതനം കൂട്ടാക്കുന്നില്ലെ ങ്കിൽപ്പോലും സമൂഹത്തെ പതനമൊഴിവാക്കി നേർവഴിക്കു നയിക്കാനായി ട്ടെങ്കിലും അർജുനൻ കർമം ചെയ്തേതീരൂ എന്നാണു ഭഗവാന്റെ ആശയം. സമൂഹത്തെ നേർവഴിക്കു നയിക്കലാണു ലോകസംഗ്രഹം.

ഈ ലോകത്ത് ഒന്നും നേടാനില്ലാത്ത ഒരു സ്ഥിതപ്രജ്ഞൻപോലും ലോകസംഗ്രഹത്തിനായി കർമം ചെയ്യുമെങ്കിൽ അതു നല്ലതെന്നു കാണി ക്കാൻ കൃഷ്ണൻ സ്വന്തം മാതൃക തന്നെ ചൂണ്ടിക്കാണിച്ച് അർജുനനെ ഉദ്ബുദ്ധനാക്കിത്തീർക്കാൻ നോക്കുകയാണ് അടുത്ത മൂന്നു പദ്യങ്ങളിൽ:

*22 ന മേ പാർഥാസ്തി കർത്തവ്യം ത്രിഷു ലോകേഷു കിഞ്ചന*
*നാനവാപ്തമവാപ്തവ്യം വർത ഏവ ച കർമണി*

പാർഥ – അല്ലയോ അർജുനാ; മേ ത്രിഷു ലോകേഷു – എനിക്കു മൂന്നു ലോക ത്തിലും; കർത്തവ്യം കിംചന ന അസ്തി – ചെയ്യാൻ കടപ്പെട്ടതായി യാതൊന്നും തന്നെ ഇല്ല; അനവാപ്തം അവാപ്തവ്യം ന അസ്തി – നേടാത്ത യാതൊന്നും ഇനി നേടേണ്ടതായും ഇല്ല; കർമണി ഏവ വർതേ ച – എങ്കിലും കർമരംഗത്തുതന്നെ ഞാൻ കഴിച്ചുകൂട്ടുന്നു.

അല്ലയോ അർജുനാ, എനിക്കു മൂന്നു ലോകത്തും ചെയ്യാൻ കടപ്പെട്ട തായി യാതൊന്നും തന്നെയില്ല; നേടാത്ത യാതൊന്നും ഇനി നേടേണ്ട തായും ഇല്ല; എങ്കിലും കർമരഗത്തുതന്നെ ഞാൻ കഴിച്ചുകൂട്ടുന്നു.

## സ്ഥിതപ്രജ്ഞനായ കൃഷ്ണൻ

കൃഷ്ണനെപ്പോലെ സ്ഥിതപ്രജ്ഞനായി കർമരഗത്തു വർത്തിച്ച

digitized by www.sreyas.in

മറ്റൊരു കഥാപാത്രം ഇല്ലതന്നെ. ധർമരക്ഷക്കുവേണ്ടി കർമബഹുലമായ ജീവിതം നയിച്ച അവതാരപുരുഷനാണു കൃഷ്ണൻ. ശോകത്തിന്റെ നിഴൽ പോലും ഒരിക്കലും കൃഷ്ണന്റെ മുഖകാന്തിയെ മങ്ങിപ്പിച്ചിട്ടില്ല എന്നതുതന്നെ അദ്ദേഹത്തിന്റെ സ്ഥിതപ്രജ്ഞതക്കു സ്പഷ്ടമായ തെളിവാണ്. തികഞ്ഞ നിസ്സംഗത്വവും ധർമരക്ഷയുടെ മുമ്പിൽ സ്വജനപക്ഷപാതമില്ലായ്മയുമാണ് കൃഷ്ണന്റെ കർമത്തിൽ എവിടെയും കാണാവുന്ന പ്രത്യേകതകൾ. കർമംരഗത്തു സദാ തന്റെ സുഹൃത്തായി വർത്തിച്ച കൃഷ്ണന്റെ മാഹാത്മ്യം അർജുനന് ഇനിയും പൂർണമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുംകൂടിയാണ് തൽക്കാലം അർജുനന്റെ ഗുരുസ്ഥാനം അംഗീകരിച്ചിരിക്കുന്ന ഭഗവാൻ തന്റെ മഹാത്മ്യത്തിലേക്ക് അർജുനന്റെ ശ്രദ്ധയെ തിരിച്ചുവിടുന്നത്. ഉപദേശിക്കപ്പെടുന്ന ധർമം ഉപദേഷ്ടാവുതന്നെ കൃത്യമായി സ്വയം അനുഷ്ഠിക്കുന്നതാണെന്നു വന്നാൽ ശിഷ്യമനസ്സ് കുറെക്കൂടി തെളിയുമല്ലോ.

തനിക്കൊന്നും ചെയ്യാനോ നേടാനോ ഇല്ലെങ്കിലും താൻ കർമംരഗത്തു വർത്തിക്കുന്നതു ലോകസംഗ്രഹത്തെ മാത്രം ലക്ഷ്യമാക്കിയാണെന്നാണു ഭഗവാൻ തുടർന്നു വിശദമാക്കുന്നത്:

*23. യദി ഹ്യഹം ന വർത്തേയം ജാതു കർമണ്യതന്ദ്രിതഃ*
*മമ വർത്മാനുവർതന്തേ മനുഷ്യാഃ പാർഥ സർവശഃ*

പാർഥ - അല്ലയോ അർജുനാ; ഹി - എന്തെന്നാൽ; അഹം ജാതു - ഞാൻ എപ്പോഴെങ്കിലും; അതന്ദ്രിതഃ - അലസനാകാതെ; കർമണി ന വർത്തേയം യദി - കർമ രംഗത്തു വർത്തിക്കാതിരുന്നാൽ; മനുഷ്യാഃ സർവശഃ - ആളുകൾ എല്ലാവിധത്തിലും; മമ വർത്മ - എന്റെ മാർഗം; അനുവർതന്തേ - പിൻതുടരാൻ ശ്രമിക്കുന്നതായി കാണുന്നു.

അല്ലയോ അർജുനാ, ഞാൻ എപ്പോഴെങ്കിലും അലസനാകാതെ കർമരംഗത്തു വർത്തിക്കാതിരുന്നാൽ ആളുകൾ എല്ലാവിധത്തിലും എന്റെ മാർഗം പിന്തുടരാൻ ശ്രമിക്കുന്നതായി കാണുന്നു.

## *മമ വർത്മ അനുവർതന്തേ*

നമുക്കൊക്കെ സർവഥാ സംപൂജ്യനായ കൃഷ്ണൻ ഇതാ കർമമൊന്നും ചെയ്യുന്നില്ല. കർമം ചെയ്യാതിരിക്കലായിരിക്കും ജീവിതത്തെ ധന്യമാക്കാനുള്ള എളുപ്പമാർഗം; അതുകൊണ്ടു നമുക്കും കർമം ചെയ്യേണ്ട;

digitized by www.sreyas.in

എന്നിങ്ങനെ ജനങ്ങൾ കൃഷ്ണനെ അനുകരിക്കാൻ തുടങ്ങുമെന്നും താൽപ്പര്യം.

ജനങ്ങളും കർമം ചെയ്യാതിരുന്നോട്ടെ; എന്താ ദോഷം എന്നാണെങ്കിൽ:

*24 ഉത്സീദേയുരിമേ ലോകാ ന കുര്യാം കർമ ചേദഹം*
*സംകരസ്യ ച കർത്താ സ്യാമുപഹന്യാമിമാഃ പ്രജാഃ*

അഹം കർമ ന കുര്യാം ചേത് – ഞാൻ കർമം ചെയ്യുന്നില്ലെന്നു വന്നാൽ; ഇമേ ലോകാഃ – ഈ ജനങ്ങൾ; ഉത്സീദേയുഃ – ഇരുട്ടിലാണ്ടു പതിക്കും; സംകരസ്യകർത്താ സ്യാം – ഞാൻ ധർമസംകരത്തിനു വഴിതെളിക്കുന്നവനായിത്തീരും. ഇമാഃ പ്രജാഃ ഉപഹന്യാം ച – ഈ പ്രജകൾക്കു ദോഷം ചെയ്യുന്നവനായും തീരും.

ഞാൻ കർമം ചെയ്യുന്നില്ലെന്നു വന്നാൽ ഈ ജനങ്ങൾ ഇരുട്ടിലാണ്ടു പതിക്കും; ഞാൻ ധർമസങ്കരത്തിനു വഴി തെളിക്കുന്നവനായിത്തീരും; ഈ പ്രജകൾക്കു ദോഷം ചെയ്യുന്നവനായും തീരും.

## അവതാരപുരുഷന്റെ കർമം

സ്ഥിതപ്രജ്ഞരായി ലോകസംഗ്രഹത്തിനെത്തിച്ചേരുന്ന അവതാരപുരുഷന്മാരുടെ കർമമെന്താണ്? ആത്മസാക്ഷാൽക്കാരത്തിനുതകത്തക്കവിധം കർമത്തെ സ്വധർമമാക്കി അനുഷ്ഠിക്കാൻ കഴിയാതെ ജനങ്ങൾ കർമം ചെയ്ത് അധർമമാർഗത്തിൽ ചരിക്കാനിടയാകുമ്പോഴാണല്ലോ അവതാരപുരുഷന്റെ ലോകസംഗ്രഹം ആവശ്യമായിത്തീരുന്നത്. അപ്പോൾ അവതാരപുരുഷൻ ഒന്നാമതായി അലസനാകാതെ സദാ കർമം ചെയ്യണം. കർമം ചെയ്യാതിരുന്നാൽ ജനങ്ങൾ അദ്ദേഹത്തെ അനുകരിക്കാൻ തുടങ്ങും. സ്ഥിതപ്രജ്ഞനായ അവതാരപുരുഷനു കർമം ചെയ്യാതിരുന്നാൽ ഒരു ദോഷവും വരാനില്ല. പക്ഷേ, വാസനാബദ്ധരായ സാമാന്യജനം കർമം ചെയ്യാതിരിക്കുന്ന സ്ഥിതപ്രജ്ഞനെ അനുകരിക്കാനിടവന്നാൽ അലസരായി രജോഗുണത്തിൽനിന്നു തമോഗുണത്തിലേക്കു പതിച്ചു ദുഃഖിക്കാനിടവരും. രണ്ടാമതായി അവതാരപുരുഷൻ, ഓരോരുത്തരും അവരവരുടെ കർമങ്ങളെ എങ്ങനെയാണു സ്വധർമമാക്കി മാറ്റേണ്ടതെന്നു കാട്ടിക്കൊടുക്കണം. ഗീതോപദേശം തന്നെ ഇതിനുത്തമ ദൃഷ്ടാന്തമാണ്. ഗീതാപാഠം ശ്രവിച്ച് അർജുനനു ശേഷവും എത്ര എത്ര വ്യക്തികളാണ് അവരവരുടെ ഗുണകർമങ്ങളെ

digitized by www.sreyas.in

സ്വധർമമാക്കി മാറ്റി അവനവനെയും സമൂഹത്തെയും ഉദ്ധരിച്ചിട്ടുള്ളത്. അവതാരപുരുഷൻ ഇങ്ങനെ ജനങ്ങൾക്കു സ്വധർമം കാട്ടിക്കൊടുക്കുന്നില്ലെന്നു വന്നാൽ ജനങ്ങൾ ധർമമെന്തന്നറിയാതെ കർമങ്ങളെ അധർമമാർഗത്തിൽ പ്രവർത്തിപ്പിക്കുകയോ യുദ്ധധർമം വിട്ട് അർജുനൻ സന്യാസധർമം സ്വീകരിക്കാനൊരുമ്പെട്ടതുപോലെ പരധർമം സ്വീകരിച്ചു പതിക്കുകയോ ചെയ്യാനിടവരും. ഇതാണു ധർമസങ്കരം. ധർമത്തിൽ അധർമം കൂടിച്ചേരുകയോ സ്വധർമത്തിൽ പരധർമം വന്നുചേരുകയോ ചെയ്യുന്നതാണു ധർമസങ്കരം. അതുകൊണ്ടു സ്ഥിതപ്രജ്ഞനായ ഞാൻപോലും സദാ കർമരംഗത്തു വർത്തിക്കുന്ന സ്ഥിതിക്കു വ്യക്തമായ വസ്തുബോധംപോലും വന്നിട്ടില്ലാത്ത നീ കർമരംഗം വിടാൻ ഒരിക്കലും പാടില്ലെന്നു താൽപ്പര്യം.

ഇവിടെ സ്ഥിതപ്രജ്ഞന്മാർപോലും ലോകസംഗ്രഹത്തിനായി കർമം ചെയ്യാറുണ്ട് എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നു സ്ഥിതപ്രജ്ഞനും ലോക കർമങ്ങളനുഷ്ഠിച്ചേ തീരൂ എന്നർഥമാകുന്നില്ല. ആരോടെന്തു ചെയ്യാൻ പറയുന്നുവോ അതിന്റെ പ്രാശസ്ത്യം വർണിച്ചു കേൾപ്പിച്ച് ഉത്തേജിപ്പിക്കുന്നതു ശാസ്ത്രസ്വഭാവമാണ്. അങ്ങനെ സ്വധർമാനുഷ്ഠാനത്തിന്റെ മേന്മ കാണിക്കാൻ ഭഗവാൻ ജനകനെയും തന്നെയുമൊക്കെ ദൃഷ്ടാന്തീകരിച്ചുവെന്നേയുള്ളു. ഒരു സ്ഥിതപ്രജ്ഞൻ ദേഹബോധംപോലും മറന്നു ബ്രഹ്മാനന്ദത്തിൽ മുഴുകാൻ നിശ്ചയിച്ചാൽ അദ്ദേഹം ലോകകർമങ്ങളനുഷ്ഠിക്കണമെന്നു വിധിക്കാൻ ഈശ്വരനുപോലും അധികാരമുണ്ടെന്നു തോന്നുന്നില്ല. ജനകനും കൃഷ്ണനും പിന്നെ എന്തിനു കർമം ചെയ്തു? കർമം ചെയ്യണമെന്നവർ നിശ്ചയിച്ചു; ചെയ്തു. സ്ഥിതപ്രജ്ഞൻ എന്തു നിശ്ചയിക്കുന്നുവോ അതാണദ്ദേഹത്തിന്റെ വിധിയും നിഷേധവും. എന്തായാലും ലോകസംഗ്രഹത്തിനായി കർമം ചെയ്യാൻ നിശ്ചയിക്കുന്ന ജ്ഞാനി അതെങ്ങനെയാണു ചെയ്യേണ്ടത് എന്നാണു ഭഗവാൻ ഇനി വ്യക്തമാക്കുന്നത്.

*25 സക്താഃ കർമണ്യവിദ്വാംസോ യഥാ കുർവന്തി ഭാരത*
*കുര്യാദ്വിദ്വാംസ്തഥാസക്തശ്ചികീർഷുർലോകസംഗ്രഹം*

ഭാരത - അല്ലയോ അർജുനാ, അവിദ്വാംസഃ - ലക്ഷ്യനിശ്ചയമില്ലാത്ത മന്ദബുദ്ധികൾ; കർണി സക്താഃ - കർമത്തിന്റെ ഫലചിന്തയിൽത്തന്നെ സംഗബദ്ധരായി; യഥാ കുർവന്തി - എപ്രകാരമാണോ കർമം ചെയ്യുന്നത്; ലോകസംഗ്രഹം ചികീർഷുഃ വിദ്വാൻ - ജനങ്ങൾക്കു നേർവഴി കാണിക്കാൻ തീരുമാനിച്ച ജ്ഞാനിയും; തഥാ അസക്തഃ കുര്യാത് - അപ്രകാരം ഫലസംഗം കൂടാതെ കർമം ചെയ്യേണ്ടതാണ്.

digitized by www.sreyas.in

അല്ലയോ അർജുനാ, ലക്ഷ്യനിശ്ചയമില്ലാത്ത മന്ദബുദ്ധികൾ കർമത്തിന്റെ ഫലചിന്തയിൽതന്നെ സംഗബദ്ധരായി എപ്രകാരമാണോ കർമം ചെയ്യുന്നത്, ജനങ്ങൾക്കു നേർവഴി കാണിക്കാൻ തീരുമാനിച്ച ജ്ഞാനിയും അപ്രകാരം ഫലസംഗം കൂടാതെ കർമം ചെയ്യേണ്ടതാണ്.

## *സ്ഥിതപ്രജ്ഞന്റെ നിസ്സംഗത്വം*

സ്ഥിതപ്രജ്ഞനായ ജ്ഞാനി കർമവാസനകളെല്ലാം ക്ഷയിച്ചയാളാണ്. കർമം എങ്ങനെ ചെയ്താലും അതദ്ദേഹത്തെ കളങ്കപ്പെടുത്തുകയേയില്ല. വിധിനിഷേധങ്ങൾക്കെല്ലാം അതീതനാണു സ്ഥിതപ്രജ്ഞൻ. എന്നാൽ അദ്ദേഹത്തിന്റെ ഈ മഹത്വം സാധാരണ ജനങ്ങൾ അറിയുന്നുണ്ടാവില്ല. എന്തോ മഹത്വമുള്ളയാളാണെന്നു മാത്രമേ അവരറിയൂ. അവരെപ്പോഴും അദ്ദേഹത്തിന്റെ ചെയ്തികളെ നോക്കിയിരിക്കും. കർമരംഗത്ത് അദ്ദേഹത്തെ അനുകരിക്കാനും ശ്രമിക്കും. അതുകൊണ്ട് ഒരു സ്ഥിതപ്രജ്ഞൻ ലോകസംഗ്രഹത്തിനിറങ്ങിക്കഴിഞ്ഞാൽ താൻ ചെയ്യുന്ന കർമങ്ങളിൽ ആത്മാർഥതയും കൃത്യനിഷ്ഠയും പുലർത്തി കർമരംഗത്തെ ധാർമികനിയമങ്ങൾ അനുസരിച്ചുകൊണ്ടുതന്നെ കർമം ചെയ്യേണ്ടതാണ്. ഫലസംഗത്തോടെ കർമം ചെയ്യുന്ന മന്ദബുദ്ധിയും സ്ഥിതപ്രജ്ഞനും പുറമേയുള്ള കർമ നിയമങ്ങൾ അനുഷ്ഠിക്കുന്നതിൽ വലിയ ഭേദമുണ്ടായിരിക്കരുതെന്നു താൽപ്പര്യം. കർമത്തിലെ ധാർമികനിയമങ്ങൾ കൃത്യമായി പാലിച്ചു സംഗബദ്ധനായ ലൗകികനു നേർ വഴിതെളിയിക്കുകയാണല്ലോ ലോകസംഗ്രഹം. അതേ അവസരത്തിൽ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും പൊളിച്ചുകാണിക്കുകയും വേണം.

കർമരംഗത്തു ധാർമിക നിയമങ്ങൾ കൃത്യമായി പാലിക്കാനും അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും പൊളിച്ചു കാണിക്കാനും വിദ്വാൻ ഒരുമ്പെട്ടില്ലെങ്കിൽ ജനങ്ങൾ തെറ്റിദ്ധരിക്കാനിടവരുമെന്നാണു ഭഗവാൻ തുടർന്നു പറയുന്നത്:

*26 ന ബുദ്ധിഭേദം ജനയേദജ്ഞാനാം കർമസംഗിനാം*
*ജോഷയേത് സർവകർമാണി വിദ്വാൻ യുക്തഃ സമാചരൻ*

വിദ്വാൻ - ആത്മാനുഭവമുള്ള ജ്ഞാനി; കർമസംഗിനാ അജ്ഞാനം - ഫലസംഗത്തോടെ കർമംചെയ്യുന്ന അവിവേകികൾക്ക്; ബുദ്ധിഭേദം ന ജനയേത് - സംശയവും തെറ്റിദ്ധാരണയും ഉളവാക്കരുത്; യുക്തഃ സമാചരൻ - സർവത്ര സത്യം കണ്ടാനന്ദിച്ചുകൊണ്ടു കർമങ്ങൾ വേണ്ടിടത്തു വേണ്ടപോലെ അനു

digitized by www.sreyas.in

ഷ്ഠിച്ച് സർവകർമാണി ജോഷയേത് - എല്ലാ കർമങ്ങൾക്കും നേർവഴി തെളിക്കണം.

ആത്മാനുഭവമുള്ള ജ്ഞാനി ഫലസംഗത്തോടെ കർമം ചെയ്യുന്ന അവിവേകികൾക്കു സംശയവും തെറ്റിദ്ധാരണയും ഉളവാക്കരുത്; സർവത്ര സത്യം കണ്ടാനന്ദിച്ചുകൊണ്ടു കർമങ്ങൾ വേണ്ടിടത്തു വേണ്ടപോലെ അനുഷ്ഠിച്ച് എല്ലാ കർമങ്ങൾക്കും നേർവഴി തെളിക്കണം.

## *ന ബുദ്ധിഭേദം ജനയേത്*

ഗുണകർമങ്ങളുടെ അടിമകളാണു വ്യക്തികളെന്നു കണ്ടുവല്ലോ. ഈ ഗുണകർമങ്ങൾ പൊടുന്നനേ മാറ്റിയെടുക്കാൻ ആർക്കും കഴിയുകയില്ല, ഒരു സത്യദർശി ഓരോരുത്തരുടേയും ഗുണകർമങ്ങൾ വേർതിരിച്ചുകണ്ട് അവരുടെ തൽക്കാല കർമങ്ങൾ എങ്ങനെ അനുഷ്ഠിച്ചാൽ ലക്ഷ്യപ്രാപ്തിക്കു സമർഥങ്ങളാകുമെന്നു കാട്ടിക്കൊടുക്കേണ്ടതാണ്. സ്വയം ആചരിച്ചും ഉപദേശിച്ചും ഈ ലോകസംഗ്രഹം നിർവഹിക്കാം. കൃഷ്ണൻ പാർഥസാരഥ്യം വഹിച്ചും ഗീതോപദേശം ചെയ്തും ഈ ലോകസംഗ്രഹം തന്നെയാണനുഷ്ഠിക്കുന്നത്. ലോകസംഗ്രഹം കൊതിക്കുന്നയാൾ സ്വയം കർമങ്ങളിൽ നിന്നു മാറിനിന്നാൽ അനുകരണഭ്രമമുള്ള ജനഹൃദയം സംശയഗ്രസ്തമാകും. വ്യക്തിയുടെ ഗുണകർമങ്ങൾക്കു വിപരീതമായി ഉപദേശിച്ചാൽ തെറ്റിദ്ധാരണയും ഉണ്ടാകും. സംശയവും തെറ്റിദ്ധാരണയുമാണ് ബുദ്ധിഭേദം. ഒരു സത്യദർശി മറ്റുള്ളവരുടെ ബുദ്ധിഭേദത്തിന് ഒരിക്കലും കാരണക്കാരനായിത്തീരാൻ പാടില്ല.

ബ്രഹ്മസാക്ഷാൽക്കാരമാണു പരമമായ ശ്രേയസ്സ്; ജ്ഞാനമാണതിനുള്ള ഉപായം. എന്നാൽ പിന്നെ സകലർക്കും നേരിട്ടു ജ്ഞാനോപദേശം ചെയ്തു കർമവിമുക്തി നേടിക്കൊടുത്തുകൂടെ? കർത്താവല്ലേ കർമം ചെയ്യുന്നത്; കർത്താവിനു വേണമെങ്കിൽ കർമങ്ങളുപേക്ഷിച്ചുകൂടെ? ഈ സംശയങ്ങൾക്കു മറുപടിയാണടുത്ത മൂന്നു ശ്ലോകങ്ങൾ:

*27 പ്രകൃതേഃ ക്രിയമാണാനി ഗുണൈഃ കർമാണി സർവശഃ*
*അഹങ്കാരവിമൂഢാത്മാ കർതാഹമിതി മന്യതേ*

സർവശഃ - എല്ലാ നിലയിലും; കർമാണി - കർമങ്ങൾ; പ്രകൃതേഃ ഗുണൈഃ - പ്രകൃതി ഗുണങ്ങൾക്കനുസരണമായി; ക്രിയാമാണാനി - ചെയ്യപ്പെടുന്നവയാണ്; അഹങ്കാരവിമൂഢാത്മാ - അഹങ്കാരംകൊണ്ടു മൂടിപ്പോയ ആത്മസ്വരൂ



digitized by www.sreyas.in

പത്തോടുകൂടിയവൻ; അഹം കർതാ - ഞാനാണു ചെയ്യുന്നവൻ; ഇതി മന്യതേ - എന്നു ഭ്രമിക്കുന്നു.

എല്ലാ നിലയിലും കർമങ്ങൾ പ്രകൃതി ഗുണങ്ങൾക്കനുസരണമായി ചെയ്യപ്പെടുന്നവയാണ്. അഹങ്കാരം കൊണ്ടു മൂടിപ്പോയ ആത്മസ്വരൂപത്തോടുകൂടിയവൻ ഞാനാണു ചെയ്യുന്നവൻ എന്നു ഭ്രമിക്കുന്നു.

## *കർത്താവും കർമവും*

ആത്മാവിനെ മറന്നു ഞാൻ ദേഹേന്ദ്രിയമനസ്സുകളാണെന്നു ഭ്രമിക്കുന്നതാണ് അഹങ്കാരം. ഈ അധ്യായത്തിലെതന്നെ അഞ്ചാം പദ്യത്തിന്റെ ഭാഷ്യം നോക്കുക. അഹങ്കാരിയായ കർത്താവിനു കർമങ്ങളിൽ നേരിട്ട് ഒരു സ്വാധീനശക്തിയുമില്ല. ശ്രദ്ധിച്ചാൽ വ്യക്തികളുടെ ചിന്താസരണിയും, സംഭാഷണരീതിയും, പ്രവർത്തനവിധങ്ങളും ഏതു രീതിയിലാണെന്നെളുപ്പം ഗ്രഹിക്കാൻ കഴിയും. അതിനു മാറ്റമൊന്നും കൂടാതെ തുടരുന്നതായും കാണാം. കർത്താവിനു കർമങ്ങളിൽ സ്വാധീനശക്തിയുണ്ടെങ്കിൽ മനസ്സുകൊണ്ടും നാവുകൊണ്ടും ശരീരംകൊണ്ടുമുള്ള കർമങ്ങളെ അതിവേഗം മാറ്റിമറിച്ചു പാകപ്പെടുത്താനോ അല്ലെങ്കിൽ പാടേ കൈവെടിഞ്ഞു സ്വരൂപം ശുദ്ധമാക്കാനോ കഴിയുമായിരുന്നു. അവനവന്റെ സ്വഭാവം എളുപ്പത്തിൽ മാറ്റിയെടുക്കാൻ കഴിയുന്നില്ലെന്നുള്ളതുതന്നെ കർത്താവിനു കർമത്തിൽ സ്വാധീനശക്തിയില്ലെന്നുള്ളതിനു തെളിവാണ്. തത്വവിചാരം കൊണ്ടു പ്രകൃതിഗുണങ്ങളെ സാവധാനം മാറ്റിമറിച്ചാലല്ലാതെ കർമത്തിനു മാറ്റം വരുന്നതല്ല അതുകൊണ്ടു സഹിഷ്ണുതയോടെ സമീപിച്ചാലേ ലോകസംഗ്രഹം സാധ്യമാവൂ.

അപ്പോൾ ലൗകികനെപ്പോലെതന്നെ ബാഹ്യകർമങ്ങളിലേർപ്പെടുന്ന തത്വജ്ഞാനിയുടെ സ്ഥിതിയോ?

*28 തത്വവിത്തു മഹാബാഹോ ഗുണകർമവിഭാഗയോഃ*
*ഗുണാ ഗുണേഷു വർത്തന്ത ഇതി മത്വാ ന സജ്ജതേ*

മഹാബാഹോ - അല്ലയോ അർജുനാ, ഗുണകർമവിഭാഗയോഃ - ഗുണവിഭാഗത്തിനും കർമവിഭാഗത്തിനുമുപരി; തത്വവിത്തു - ആത്മാവിനെ വേർതിരിച്ചറിയുന്നയാൾ ആകട്ടെ; ഗുണാഃ ഗുണേഷു - ഇന്ദ്രിയഗുണങ്ങൾ വിഷയഗുണങ്ങളെ; വർത്തന്തേ - അനുഭവിക്കുന്നതാണു കർമം; ഇതി മത്വാ - എന്നറിഞ്ഞ്; ന സജ്ജതേ - ഞാൻ ചെയ്യുന്നു, ഞാൻ അനുഭവിക്കുന്നു എന്നിങ്ങനെ അവയുമായി സംഗപ്പെട്ടു കുഴങ്ങുന്നില്ല.

digitized by www.sreyas.in

അല്ലയോ അർജുനാ, ഗുണവിഭാഗത്തിനും കർമവിഭാഗത്തിനുമുപരി ആത്മാവിനെ വേർതിരിച്ചറിയുന്നയാളാകട്ടെ ഇന്ദ്രിയഗുണങ്ങൾ വിഷയഗുണങ്ങളെ അനുഭവിക്കുന്നതാണു കർമം എന്നറിഞ്ഞു ഞാൻ ചെയ്യുന്നു, ഞാൻ അനുഭവിക്കുന്നു എന്നിങ്ങനെ അവയുമായി സംഗപ്പെട്ടു കുഴങ്ങുന്നില്ല.

## *ഗുണകർമവിഭാഗയോഃ തത്വവിത്*

ആത്മാവ്, മനസ്സ്, ഇന്ദ്രിയങ്ങൾ, വിഷയങ്ങൾ ഇവയാണല്ലോ കർമത്തിനാശ്രയങ്ങളായ ഘടകങ്ങൾ. ഇവയിൽ കർമത്തിന്റെ അചഞ്ചലവും സനാതനവുമായ അധിഷ്ഠാനമാണ് ആത്മാവ്. ആത്മാവിൽ അതിന്റെ ശക്തി സ്പന്ദിച്ചു മരുഭൂമിയിൽ വെള്ളമെന്നപോലെ ആരോപിക്കുന്ന അസത് പ്രതിഭാസമാണു കർമം. കാനൽജലം അലയടിക്കുന്നതായി തോന്നിയാലും അതുകൊണ്ടു മരുഭൂമിക്ക് ഒരു കേടും സംഭവിക്കാതിരിക്കുന്നതുപോലെ കർമം എത്ര കോലാഹലമായി രൂപംകൊണ്ടാലും ആത്മാവിന്റെ അഖണ്ഡതക്കും ആനന്ദസ്ഥിതിക്കും ഒരു കേടും സംഭവിക്കുന്നില്ല. അസത്തായ കർമവിഭാഗത്തെ നിയന്ത്രിക്കുന്നതാകട്ടെ പ്രകൃതിയിലെ ഗുണവിഭാഗമാണ്. സത്വം, രജസ്സ്, തമസ്സ് എന്ന പ്രകൃതിഗുണങ്ങളെ കൂട്ടിക്കലർത്തി കർമം ഉണ്ടാക്കിക്കാണിക്കുന്ന കാഴ്ചകളാണു മനസ്സ്, ഇന്ദ്രിയങ്ങൾ, വിഷയങ്ങൾ എന്നിവ. ഇവിടെ മനസ്സിന്റെ ഗുണഘടന ഇന്ദ്രിയങ്ങളുടെ ഗുണഘടനയേയും ഇന്ദ്രിയങ്ങളുടെ ഗുണഘടന വിഷയങ്ങളുടെ ഗുണഘടനയേയും നിയന്ത്രിക്കുന്നു എന്നു കാണേണ്ടതാണ്. മനസ്സ് സത്വഗുണപ്രധാനമാണെങ്കിൽ അതിന്റെ കർമങ്ങളായ ചിന്തകളും വികാരങ്ങളും സത്വഗുണത്തിനു ചേർന്നവയായിരിക്കും. തുടർന്നു ഇന്ദ്രിയങ്ങളുടെ ഗുണകർമങ്ങളും സത്വഗുണ പ്രധാനങ്ങളായി മാറും. മനസ്സും ഇന്ദ്രിയങ്ങളും ചേർന്നു വിഷയങ്ങളിൽ പ്രവർത്തിക്കുന്നതാണല്ലോ ബാഹ്യകർമം. സത്വഗുണ പ്രധാനങ്ങളാണു മനസ്സും ഇന്ദ്രിയങ്ങളുമെങ്കിൽ വിഷയങ്ങളിലും സർവത്ര സത്വഗുണപ്രകാശവും ആത്മസാന്നിധ്യവും പകർന്നനുഭവിക്കാറാകും. രജസ്സിനോ തമസ്സിനോ പ്രാധാന്യം വന്നാലും നിയമമിതുതന്നെ. എന്നാൽ മനസ്സിന്റെയും ഇന്ദ്രിയങ്ങളുടെയും വിഷയങ്ങളുടെയും ഗുണഘടനയും തദനുസരണമായ കർമ ചലനങ്ങളും എന്തൊക്കെയായാലും അവയൊന്നും ആത്മാവിനെ ബാധിക്കുന്നില്ല. അപ്പോൾ 'ഞാൻ നിത്യമുക്തമായ ആത്മാവാണ്, മനസ്സിന്റെയോ ഇന്ദ്രിയങ്ങളുടെയോ വിഷയങ്ങളുടെയോ ഗുണങ്ങളും കർമങ്ങളും

digitized by www.sreyas.in

എന്നെ അൽപ്പംപോലും കളങ്കപ്പെടുത്തുന്നില്ല' എന്നറിയുന്നയാളാണു ഗുണവിഭാഗത്തിനും കർമവിഭാഗത്തിനും ഉപരിയായ തത്വം ഗ്രഹിച്ചയാൾ.

## *ഗുണാ ഗുണേഷു വർത്തന്തേ*

അപ്പോൾ തത്വം ഗ്രഹിച്ചയാളിന്റെയും മനസ്സും ഇന്ദ്രിയങ്ങളും വിഷയങ്ങളിൽ പ്രവർത്തിക്കുന്നതായി കാണുന്നുണ്ടല്ലോ. ആ പ്രവർത്തനങ്ങളിൽ അവരുടെ മനോഭാവമെന്താണ്? ഗുണങ്ങൾ ഗുണങ്ങളിൽ വർത്തിക്കുന്നു; അതിനെനിക്കെന്താണ്? എന്നാണവരുടെ മനോഭാവം. ഗുണരൂപിയായ മനസ്സ് ഇന്ദ്രിയങ്ങളിലേക്ക് അതിന്റെ ഗുണങ്ങളെ പകരുന്നു; ഇന്ദ്രിയങ്ങൾ വിഷയങ്ങളിലേക്കും; തുടർന്നു വിഷയഗുണങ്ങൾ ഇന്ദ്രിയങ്ങളിലും ഇന്ദ്രിയഗുണങ്ങൾ മനസ്സിലും പ്രത്യാഘാതങ്ങളുളവാക്കുന്നു. ഗുണങ്ങളുടെ ആഘാതപ്രത്യാഘാതങ്ങളാണ് (ആക്ഷനും റിയാക്ഷനും) കർമങ്ങൾ. ഇതാണു ഗുണങ്ങളിലെ ഗുണവർത്തനം. മനസ്സിനെയും ഇന്ദ്രിയങ്ങളെയും വിഷയങ്ങളെയും ആശ്രയിച്ചുണ്ടാകുന്ന ഗുണങ്ങളുടെ ഈ ആഘാതപ്രത്യാഘാതങ്ങളൊന്നും ആത്മാവായ എന്നെ ബാധിക്കുന്നതേയില്ല. ഇതാണു ലോകസംഗ്രഹത്തിനായി കർമം ചെയ്യുന്ന ജീവന്മുക്തന്റെ അസംഗഭാവം.

പക്ഷേ, ആത്മസാക്ഷാൽക്കാരം നേടിയിട്ടുള്ള ജീവന്മുക്തന്റെ ഈ പൂർണമായ അസംഗഭാവം ദേഹമനസ്സുകളിൽ നിന്ന് ആത്മാവിനെ വേർതിരിച്ചിട്ടില്ലാത്ത ഗുണമോഹിയായ ലൗകികന് അറിയാനേ സാധ്യമല്ല. അവരെ പൊടുന്നനേ തത്വോപദേശം ചെയ്തു കുഴപ്പത്തിലാക്കാൻ പാടില്ലെന്നാണു ഭഗവാന്റെ അഭിപ്രായം:

*29. പ്രകൃതേർഗുണസംമൂഢാം സജ്ജന്തേ ഗുണകർമസു*
*താനകൃത്സ്നവിദോ മന്ദാൻ കൃത്സ്നവിന്ന വിചാലയേത്*

പ്രകൃതേഃ - പ്രകൃതിയുടെ; ഗുണസംമൂഢഃ - ഗുണങ്ങളിൽ മോഹിച്ചു കഴിയുന്നവർ; ഗുണകർമസു - ഗുണങ്ങളുടെ ആഘാത പ്രത്യാഘാത രൂപത്തിലുള്ള കർമങ്ങളിൽ; സജ്ജന്തേ - ഞാൻ ചെയ്യുന്നു, ഞാൻ അനുഭവിക്കുന്നു എന്നിങ്ങനെ കർതൃത്വഭോക്തൃത്വരൂപേണ സംഗബദ്ധരായി ഭവിക്കുന്നു; അകൃത്സ്നവിദഃ - നിലനിൽപ്പിന്റെ പൂർണരഹസ്യം ധരിച്ചിട്ടില്ലാത്ത; മന്ദാൻ താൻ - മന്ദബുദ്ധികളായ അവരെ; കൃത്സനവിത് - എല്ലാമറിയുന്ന ബ്രഹ്മനിഷ്ഠൻ; ന വിചാലയേത് - വല്ലാതെ പിടിച്ചു ചലിപ്പിക്കരുത്.

പ്രകൃതിയുടെ ഗുണങ്ങളിൽ മോഹിച്ചു കഴിയുന്നവർ ഗുണങ്ങളുടെ ആഘാത പ്രത്യാഘാത രൂപത്തിലുള്ള കർമങ്ങളിൽ ഞാൻ ചെയ്യുന്നു, ഞാൻ

digitized by www.sreyas.in

അനുഭവിക്കുന്നു എന്നിങ്ങനെ കർതൃത്വഭോക്തൃത്വരൂപേണ സംഗബദ്ധരായി ഭവിക്കുന്നു. നിലനിൽപ്പിന്റെ പൂർണരഹസ്യം ധരിച്ചിട്ടില്ലാത്ത മന്ദബുദ്ധിക ളായ അവരെ എല്ലാമറിയുന്ന ബ്രഹ്മനിഷ്ഠൻ വല്ലാതെ പിടിച്ചുചലിപ്പിക്കരുത്.

## ഗുണസംമൂഢന്മാർ

മായാഗുണങ്ങളുടെ പ്രകടരൂപങ്ങളായ മനസ്സ്, ഇന്ദ്രിയങ്ങൾ, ദേഹം എന്നീ ജഡദൃശ്യങ്ങളാണു താൻ എന്നു ഭ്രമിച്ച് അവയുടെ കർമങ്ങളെ തന്നിൽ ആരോപിച്ചനുഭവിക്കുന്നവരാണ് ഗുണസംമൂഢന്മാർ. മരുമരീചികാ സദൃശ്യങ്ങളായ ജഡദൃശ്യങ്ങളുടെ രഹസ്യം ആത്മസാക്ഷാൽക്കാരം കൊണ്ടേ വെളിപ്പെടൂ. ആത്മാവിനെ അറിയാതെ ജഡദൃശ്യങ്ങളാണു തന്റെ സ്വരൂപമെന്നു കരുതുന്നവരാണ് അകൃത്സ്നവിത്തുകൾ. അവരെ പൊടു ന്നനേ തത്ത്വോപദേശം ചെയ്തോ കഠിന സാധനകൾ പരിശീലിപ്പിച്ചോ ഒരു ബ്രഹ്മനിഷ്ഠൻ വല്ലാതെ പിടിച്ചു ചലിപ്പിക്കാൻ പാടില്ല. സാവധാനം അവ രുടെ ഗുണകർമങ്ങൾക്കു യജ്ഞരൂപം നൽകി വസ്തുവിചാരത്തിനു സമർഥ രാക്കിവേണം അവരെ ഉദ്ധരിക്കുവാൻ.

അജ്ഞന്മാരുടെ കർമരഹസ്യം ഇങ്ങനെയൊക്കെയായതുകൊണ്ടു ശ്രേഷ്ഠനായ അർജുനൻ കർമം ചെയ്ത് അവർക്ക് വഴികാണിക്കാൻ കടപ്പെ ട്ടവനാണ്. ആ ലോകസംഗ്രഹം സാധ്യമാകണമെങ്കിൽ എങ്ങനെയാണർജു നൻ സ്വകർമം അനുഷ്ഠിക്കേണ്ടതെന്നും നിർദേശിക്കുകയാണു ഭഗവാൻ:

*30. മയി സർവാണി കർമാണി സന്ന്യസ്യാധ്യാത്മചേതസാ*
*നിരാശീർനിർമമോ ഭൂത്വാ യുധ്യസ്വ വിഗതജ്വരഃ*

സർവാണി കർമാണി - മനസ്സും ഇന്ദ്രിയങ്ങളും ശരീരവുംകൊണ്ടു ചെയ്യുന്ന എല്ലാ കർമങ്ങളും; മയി സന്ന്യസ്യ - എന്നിൽ സമർപ്പിച്ചിട്ട്; അധ്യാത്മചേത സാ - ആത്മസാക്ഷാൽക്കാരമെന്ന ലക്ഷ്യത്തിൽ മനസ്സുറപ്പിച്ച്; നിരാശീഃ - ലൗകിക കാമങ്ങളെ കൊതിക്കാതെ; നിർമമഃ - ഞാനെന്നും എന്റേതെ ന്നുമുള്ള ഭാവം വെടിഞ്ഞ്; വിഗതജ്വരഃ ഭൂത്വാ - ശോകമുപേക്ഷിച്ച്; യുധ്യസ്വ - സ്വകർമമായ യുദ്ധം അനുഷ്ഠിക്കൂ.

മനസ്സും ഇന്ദ്രിയങ്ങളും ശരീരവും കൊണ്ടു ചെയ്യുന്ന എല്ലാ കർമ ങ്ങളും എന്നിൽ സമർപ്പിച്ചിട്ട് ആത്മസാക്ഷാൽക്കാരമെന്ന ലക്ഷ്യത്തിൽ മനസ്സുറിപ്പിച്ചു ലൗകിക കാമങ്ങളൊന്നും കൊതിക്കാതെ ഞാനെന്നും എന്റേതെന്നുമുള്ള ഭാവം വെടിഞ്ഞു ശോകമുപേക്ഷിച്ചു സ്വകർമമായ യുദ്ധം അനുഷ്ഠിക്കൂ.

digitized by www.sreyas.in

## ഈശ്വരാർപ്പണം

ശാസ്ത്രീയമായ വസ്തുവിചാരത്തിൽ ഈ പ്രപഞ്ചം ബോധസ്വരൂപനായ പരമാത്മാവിന്റെ ശരീരമാണെന്നു കാണാൻ കഴിയും. ബോധത്തിൽ ശക്തിസ്പന്ദനം ഉണ്ടാക്കി മറയ്ക്കുന്ന ജഡദൃശ്യങ്ങളാണല്ലോ ശരീരങ്ങൾ. അപ്പോൾ പ്രപഞ്ചമെന്ന ശരീരമേന്തി പരമാത്മാവ് വാസ്തവത്തിൽ സകലർക്കും പ്രത്യക്ഷദൃശ്യനായി നിൽക്കുകയാണ്. സ്വന്തം ശരീരമുൾപ്പെടെ എല്ലാം പരമാത്മശരീരത്തിന്റെ അംശങ്ങളാണ്. അതുകൊണ്ട് ആദ്യമായി വേണ്ടതു ഞാനെന്നും എന്റേതെന്നുമുള്ള ചിന്ത വെടിയുകയാണ്. തുടർന്നു ഞാൻ ഭഗവാന്റെ കൈയിലെ ഒരുപകരണം മാത്രമാണെന്നും ഞാൻ ചെയ്യുന്ന കർമങ്ങളെല്ലാം പ്രപഞ്ചരൂപത്തിൽ പ്രത്യക്ഷനായി നിൽക്കുന്ന ഈശ്വരന്റെ ആരാധനയാണെന്നും ഭാവന ചെയ്യണം. ഭൗതികകാമങ്ങൾക്കുപരി ഈശ്വരസാക്ഷാൽക്കാരമാണു ലക്ഷ്യമെന്നും ഉറപ്പിക്കണം. ഇതാണു ക്രിയാദ്വൈതം അഥവാ കർമങ്ങളെ ഈശ്വരാർപ്പണമാക്കിത്തീർക്കൽ. ഈശ്വരാർപ്പണബുദ്ധി ചിത്തത്തെ സമനിലയിലെത്തിച്ചു ആത്മാനന്ദാനുഭവത്തിനു പാത്രമാക്കിത്തീർക്കുന്നു. ഈ ക്രിയാദ്വൈതം ഭാവന ചെയ്തുകൊണ്ടു തന്റെ കർമമായ യുദ്ധം ഭംഗിയായി നിർവഹിച്ചു സ്വയം കൃതാർഥനാവുകയും മറ്റുള്ളവർ വഴികാണിക്കുകയും ചെയ്യാനാണു ഭഗവാൻ അർജുനനോടാവശ്യപ്പെടുന്നത്.

ജീവന്മുക്തൻ തികച്ചും നിസ്സംഗനായി ലോകസംഗ്രഹം മാത്രം ലക്ഷ്യമാക്കി കർമം ചെയ്യുന്നു. ജീവന്മുക്തി വന്നിട്ടില്ലാത്ത ജ്ഞാനി പൂർണമായ വാസനാക്ഷയം നേടി ജീവന്മുക്തി കൈവരിക്കാനായി കർമം ചെയ്യുന്നു. വെറും സിദ്ധാന്തപരമായ വസ്തുവിവേകം മാത്രമുള്ളവരും ഗുരുവാക്യം വിശ്വസിച്ച് ഈശ്വരാർപ്പണബുദ്ധിയോടെ നിസ്സംഗരായി കർമമനുഷ്ഠിക്കാൻ യത്നിക്കുമെങ്കിൽ ക്രമേണ കർമവിമുക്തരായി ഭവിക്കുമെന്നാണു ഭഗവാൻ തുടർന്നു പ്രസ്താവിക്കുന്നത്:

*31. യേ മേ മതമിദം നിത്യമനുതിഷ്ഠന്തി മാനവാഃ*
*ശ്രദ്ധാവന്തോഽനസൂയന്തോ മുച്യന്തേ തേഽപി കർമഭിഃ*

യേ മാനവാഃ - ആരാരൊക്കെയാണോ; ശ്രദ്ധാവന്തഃ - എന്റെ വാക്കുകൾ വിശ്വസിച്ച്; അനസൂയന്തഃ - എന്നിൽ ദോഷം ദർശിക്കാതെ; മേ ഇദം മതം - എന്റെ ഈ നിർദേശം; അനുതിഷ്ഠന്തി - അനുസരിച്ചു നടക്കാൻ യത്നിക്കുന്നത്; തേ അപി - അവരും; കർമഭ്യഃ മുച്യന്തേ - എല്ലാ കർമബന്ധങ്ങളിൽ നിന്നും

digitized by www.sreyas.in

മുക്തരായി ഭവിക്കുന്നു.

ആരാരൊക്കെയാണോ എന്റെ വാക്കുകൾ വിശ്വസിച്ച് എന്നിൽ ദോഷം ദർശിക്കാതെ എന്റെ ഈ അഭിപ്രായം അനുസരിച്ചു നടക്കാൻ യത്നിക്കുന്നത് അവരും എല്ലാ കർമബന്ധങ്ങളിൽ നിന്നും മുക്തരായി ഭവിക്കുന്നു.

## മുച്യന്തേ തേഽ പി കർമഭിഃ

ശാസ്ത്ര നിയമങ്ങളധികവും പരീക്ഷിച്ചു ബോധ്യപ്പെടേണ്ടവയാണ്. പരീക്ഷിച്ചു ബോധ്യപ്പെട്ടവ പറഞ്ഞുതരുമ്പോൾ അവരുടെ വാക്കിൽ വിശ്വാസവും അവരെക്കുറിച്ചാദരവും ഉണ്ടെങ്കിലേ അതൊക്കെ സ്വയം പരീക്ഷിച്ചു ബോധ്യപ്പെടാൻ ഒരാൾക്കു തോന്നൂ. എന്തായാലും വിശ്വാസത്തോടെ ആദരപൂർവം താൻ പറഞ്ഞ കർമനിയമങ്ങൾ പരീക്ഷിച്ചുനോക്കുന്ന പക്ഷം കർമമുക്തിയും സത്യസാക്ഷാൽക്കാരവും സുനിശ്ചിതമാണെന്നത്രേ ഭഗവാന്റെ പ്രഖ്യാപനം.

ഇനി ഭഗവാനിൽ ദോഷം ദർശിച്ചുകൊണ്ട് ഈ നിയമങ്ങളെ പുറംതള്ളി ജീവിക്കുന്നവരുടെ ഗതിയോ?

*32. യേ ത്വേതദഭ്യസൂയന്തോ നാനുതിഷ്ഠന്തി മേ മതം*
*സർവജ്ഞാനവിമൂഢാംസ്താൻ വിദ്ധി നഷ്ടാനചേതസഃ*

യേ തു - ആരാരൊക്കെയാണോ; മേ ഏതത് മതം - എന്റെ ഈ നിർദേശം; അഭ്യസൂയന്തഃ - ദോഷദൃഷ്ടിയോടെ വീക്ഷിച്ച്; ന അനുതിഷ്ഠന്തി - അനുസരിക്കാതിരിക്കുന്നത്; അചേതസഃ - ബുദ്ധി തീരെയില്ലാത്തവരും; സർവജ്ഞാനവിമൂഢാൻ - സത്യമേത്, അസത്യമേത് എന്ന് ഒരറിവുമില്ലാതെ ഭ്രമിക്കുന്നവരുമായ; താൻ - അവരെ; നഷ്ടാൻ വിദ്ധി - നശിച്ചുപോയവരായി ധരിച്ചുകൊള്ളുക.

ആരാരൊക്കെയാണോ എന്റെ ഈ നിർദേശം ദോഷദൃഷ്ടിയോടെ വീക്ഷിച്ച് അനുസരിക്കാതിരിക്കുന്നത് ബുദ്ധി തീരെയില്ലാത്തവരും സത്യമേത്, അസത്യമേത് എന്ന് ഒരറിവുമില്ലാതെ ഭ്രമിക്കുന്നവരുമായ അവരെ നശിച്ചുപോയവരായി ധരിച്ചുകൊള്ളുക.

## താൻ നഷ്ടാൻ വിദ്ധി

സൂര്യതുല്യം സാക്ഷാൽക്കരിച്ചറിഞ്ഞ സത്യത്തെ ആധാരമാക്കിയുള്ള ജീവിതനിയമത്തിനു ഒരിക്കലും ഒരു കോട്ടവും വരുന്നതല്ല. അപ്പോൾ ഈശ്വ

digitized by www.sreyas.in

രാർപ്പണബുദ്ധിയോടെ കർമം ചെയ്യാത്തവർ ഫലസംഗത്തിൽപ്പെട്ടു ബുദ്ധി കുഴഞ്ഞു സദാ ക്ലേശിക്കേണ്ടിവരും. അവർ കർമവാസനകൾ സഞ്ചയിച്ചു സത്യത്തിൽനിന്ന് അകന്നുപോകും. തുടർന്നു ജനനമരണ ചക്രത്തിൽ ഉഴ ലേണ്ടതായും വരും. അങ്ങനെ നിത്യജീവിതവും ജീവിതാന്ത്യവും, അനന്തര ജീവിതവും അവർക്കു ക്ലേശഭൂയിഷ്ഠമായിരിക്കും. അതുകൊണ്ടാണവരെ നശിച്ചുപോയവരായി ഭഗവാൻ ചിത്രീകരിച്ചിരിക്കുന്നത്.

മനസ്സും ഇന്ദ്രിയങ്ങളുംവഴി ഗുണമയിയായ പ്രകൃതി ആഘാത പ്രത്യാ ഘാതരൂപത്തിലുള്ള കർമങ്ങളുളവാക്കുമ്പോഴാണല്ലോ മോഹം വന്നുചേരു ന്നത്. മനസ്സിനെയും ഇന്ദ്രിയങ്ങളെയും ബലാൽ നിഗ്രഹിച്ച് ഈ കർമങ്ങ ളിൽ നിന്ന് ഒഴിവായാലോ? ഈ അധ്യായത്തിലെ അഞ്ചും ഇരുപത്തേഴും പദ്യങ്ങളിൽ ഈ സംശയത്തിനുതന്നെ ഭഗവാൻ മറുപടി നൽകിയതാണ്. പക്ഷേ, അഹങ്കാരിയായ കർത്താവിനു കർമങ്ങൾ അയാളുടെ നിയന്ത്രണ ത്തിലല്ലെന്നു പറഞ്ഞാൽ എളുപ്പം വിശ്വാസം വരില്ല. അതുകൊണ്ടു ഭഗവാൻ ആ അംശം ഒന്നുകൂടി ഉറപ്പായി പ്രഖ്യാപിക്കുകയാണിവിടെ:

*33. സദൃശം ചേഷ്ടതേ സ്വസ്യാഃ പ്രകൃതേർജ്ഞാനവാനപി*
*പ്രകൃതിം യാന്തി ഭൂതാനി നിഗ്രഹഃ കിം കരിഷ്യതി*

ജ്ഞാനവാൻ അപി - ആത്മജഡങ്ങളെ വേർതിരിച്ചനുഭവിക്കുന്ന ജ്ഞാനിപോലും; സ്വസ്യാഃപ്രകൃതേഃ - ഇന്ദ്രിയ മനോരൂപത്തിൽ വർത്തി ക്കുന്ന സ്വന്തം ഗുണഘടനക്ക്; സദൃശം ചേഷ്ടതേ - അനുരൂപമായിത്തന്നെ യാണു പ്രവർത്തിക്കുന്നത്; ഭൂതാനി - എല്ലാ പ്രപഞ്ചഘടകങ്ങളും; പ്രകൃതിം യാന്തി - സ്വന്തം പ്രകൃതി ഗുണങ്ങളെത്തന്നെ അനുവർത്തിക്കുന്നു; നിഗ്രഹഃ കിം കരിഷ്യതി - ബലാൽ മനസ്സിനെയോ ഇന്ദ്രിയങ്ങളെയോ പിടിച്ചടക്കുന്ന തുകൊണ്ട് എന്തു പ്രയോജനം?

ആത്മജഡങ്ങളെ വേർതിരിച്ചനുഭവിക്കുന്ന ജ്ഞാനിപോലും ഇന്ദ്രിയ മനോരൂപത്തിൽ വർത്തിക്കുന്ന സ്വന്തം ഗുണഘടനക്ക് അനുരൂപമായിത്ത ന്നെയാണു പ്രവർത്തിക്കുന്നത്. എല്ലാ പ്രപഞ്ചഘടകങ്ങളും സ്വന്തം പ്രകൃതി ഗുണങ്ങളെത്തന്നെ അനുവർത്തിക്കുന്നു. ബലാൽ മനസ്സിനെയോ ഇന്ദ്രിയങ്ങളെയോ പിടിച്ചടക്കുന്നതുകൊണ്ട് എന്തു പ്രയോജനം?

## ജ്ഞാനിയുടെ പ്രാരബ്ധം

(ഈ അധ്യായത്തിലെ അഞ്ചും ഇരുപത്തേഴും പദ്യങ്ങളുടെ ഭാഷ്യം നോക്കുക) പ്രത്യക്ഷമായ ജ്ഞാനം അഥവാ ആത്മാനുഭാവമുണ്ടാകുന്ന

digitized by www.sreyas.in

തോടെ സഞ്ചിതവും ആഗാമിയുമായ കർമവാസനകൾ ഒടുങ്ങുന്നു. ജ്ഞാനിക്കും പ്രാരബ്ധകർമം ബാക്കി നിൽക്കും. കഴിഞ്ഞ ജന്മങ്ങളിൽ സഞ്ചയിച്ചുവച്ചിരിക്കുന്ന കർമവാസനയാണു സഞ്ചിതം. ഭാവിജന്മങ്ങൾക്കു വേണ്ടി ഇനി സഞ്ചയിക്കാനുള്ളതാണ് ആഗാമി. തൽക്കാലശരീരം ഏതു കർമവാസന സഫലമാക്കാനാണോ രൂപം കൊണ്ടിട്ടുള്ളത് അതാണു പ്രാരബ്ധവാസന. ജ്ഞാനിക്കും പ്രാരബ്ധവാസന തൽക്കാല ശരീരംകൊണ്ടു കർമം ചെയ്തനുഭവിച്ചു ക്ഷയിപ്പിച്ചേ പറ്റൂ. ഇങ്ങനെ ശരീരം പ്രാരബ്ധവാസനയെ ക്ഷയിപ്പിക്കുന്നതു ജ്ഞാനിക്കു കൂടുതൽ കൂടുതൽ ധന്യതയല്ലാതെ ക്ലേശമൊന്നും നൽകുന്നില്ല. പ്രാരബ്ധവാസനയും ക്ഷയിച്ചു ക്ഷയിച്ചുവരുന്നതോടെയാണു സ്ഥിതപ്രജ്ഞത അഥവാ ജീവന്മുക്തി ദൃഢീഭവിക്കുന്നത്. ജ്ഞാനിക്കുപോലും പ്രാരബ്ധവാസനയെ കർമം ചെയ്തു ക്ഷയിപ്പിക്കുകയല്ലാതെ പൊടുന്നനേ നിഗ്രഹിക്കാൻ സാധ്യമല്ല. അപ്പോൾ ആത്മാനുഭവമില്ലാത്ത മന്ദബുദ്ധികളുടെ കഥ പറയാനുണ്ടോ?

## *നിഗ്രഹഃ കിം കരിഷ്യതി*

ഈ ഗീതാവചനം ആധ്യാത്മികതലത്തിൽ വർത്തിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്; ഗൃഹസ്ഥന്മാർ വിശേഷിച്ചും. ആത്മാനുഭവം എന്തെന്നു നിശ്ചയമില്ലാത്ത പലരും മനസ്സിനെയും ഇന്ദ്രിയങ്ങളെയും ബലാൽ പിടിച്ചടക്കാനായി ക്ലേശകരങ്ങളായ ഹഠയോഗസാധനകളും പ്രാണായാമപ്രക്രിയകളും മറ്റും അഭ്യസിക്കുന്നതു കാണ്മാനുണ്ട്. വിദഗ്ധനായ ഗുരുവിന്റെ മേൽനോട്ടത്തിൽ പ്രത്യേകമായ വല്ല ലാഭവുമുദ്ദേശിച്ച് ആരെങ്കിലും അതു പരിശീലിക്കുന്നെങ്കിൽ അങ്ങനെ ചെയ്തോട്ടെ. അവിദഗ്ധമായ അത്തരം അഭ്യാസങ്ങൾ ആത്മദർശനം നേടിത്തരില്ലെന്നു മാത്രമല്ല ചിലപ്പോൾ ഭ്രാന്താലയത്തിലേക്കു വഴിതെളിച്ചെന്നും വരും. അതൊക്കെ ആധ്യാത്മശാസ്ത്രത്തിന്റെ അപരാധമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യും. സത്യം കൊതിക്കുന്നവർ മനസ്സിനെ ബലാൽ പിടിച്ചടക്കുകയല്ല വേണ്ടത്. ദിവ്യഭാവനകൊണ്ടു സാവധാനം പിടിച്ചുയർത്തുകയാണു വേണ്ടത്. അതിനു ഗീതയിലെ കർമയോഗം പോലെ ഉത്തമമായ മറ്റൊരു മാർഗം ഇല്ലതന്നെ.

ബലാൽ പിടിച്ചടക്കലല്ലെങ്കിൽപ്പിന്നെ ഇന്ദ്രിയ നിഗ്രഹവും മനോനിഗ്രഹവും എങ്ങനെയാണു സാധിക്കേണ്ടത്? ഈ സംശയത്തിനു നിവാരണമാണ് അടുത്ത പദ്യം:

digitized by www.sreyas.in

*34. ഇന്ദ്രിയസ്യേന്ദ്രിയസ്യാർഥേ രാഗദ്വേഷൗ വ്യവസ്ഥിതൗ*
*തയോർ ന വശമാഗ്ച്ഛേത്തൗ ഹ്യസ്യ പരിപന്ഥിനൗ*

ഇന്ദ്രിയസ്യ ഇന്ദ്രിയസ്യ അർഥേ – ഇന്ദ്രിയത്തിന് അതിന്റേതായ വിഷയത്തിൽ; രാഗദ്വേഷൗ - ഇഷ്ടമുള്ളതിനോടു രാഗവും ഇഷ്ടമില്ലാത്തതിനോടു ദ്വേഷവും; വ്യവസ്ഥിതൗ - നിയമേന കാണപ്പെടുന്നു; തയോഃ വശം ന ആഗച്ഛേത് - ആ രാഗദ്വേഷങ്ങൾക്കു വശപ്പെടരുത്; ഹി - എന്തെന്നാൽ; തൗ - ആ രാഗദ്വേഷങ്ങൾ; അസ്യ പരിപന്ഥിനൗ - ജ്ഞാനത്തിന്റെ ശത്രുക്കളാണ്.

ഇന്ദ്രിയത്തിന് അതിന്റേതായ വിഷയത്തിൽ ഇഷ്ടമുള്ളതിനോടു രാഗവും ഇഷ്ടമില്ലാത്തതിനോടു ദ്വേഷവും നിയമേന കാണപ്പെടുന്നു; ആ രാഗദ്വേഷങ്ങൾക്കു വശപ്പെടരുത്; എന്തെന്നാൽ ആ രാഗദ്വേഷങ്ങൾ ജ്ഞാനത്തിന്റെ ശത്രുക്കളാണ്.

## *തയോർന വശമാഗച്ഛേത്*

രാഗദ്വേഷങ്ങൾക്കു വശപ്പെടരുത്. ഇന്ദ്രിയങ്ങളെ ബലാൽ പിടിച്ചടക്കുകയല്ല; ഇന്ദ്രിയങ്ങളുളവാക്കുന്ന രാഗദ്വേഷങ്ങൾക്കു വശപ്പെടാതിരിക്കുകയാണു വേണ്ടത്. ഞാൻ ശബ്ദം കേൾക്കുകയില്ല; രൂപം കാണുകയില്ല എന്നീ പ്രകാരമൊക്കെ നിശ്ചയിച്ചു ജ്ഞാനേന്ദ്രിയങ്ങളെയും കർമേന്ദ്രിയങ്ങളെയും വിഷയങ്ങളിൽ നിന്നു ബലാൽ പിടിച്ചകറ്റിയതുകൊണ്ടു ഫലമില്ല. ഇന്ദ്രിയങ്ങളുണ്ട്, വിഷയങ്ങളുണ്ട്, അവ പരസ്പരം ബന്ധിക്കുന്നുമുണ്ട്. എന്നാൽ മനസ്സ് രാഗമോ ദ്വേഷമോ കൈക്കൊണ്ട് അവയുമായി ബന്ധപ്പെടുന്നില്ല. ഞാൻ ബ്രഹ്മമാണ്; പ്രപഞ്ചം ബ്രഹ്മമാണ് എന്നിങ്ങനെ ഭാവാദ്വൈതം പഠിപ്പിച്ചുവേണം മനസ്സിനെ രാഗദ്വേഷങ്ങളിൽപ്പെടാതെ സൂക്ഷിക്കേണ്ടത്. വിഷയങ്ങളും ഇന്ദ്രിയ സമ്പർക്കവും ഉണ്ടായിക്കോട്ടെ. പക്ഷേ, അവയെ ബ്രഹ്മസ്വരൂപമായി ദർശിച്ചാൽപ്പിന്നെ രാഗദ്വേഷങ്ങൾക്കു പ്രസക്തിയെവിടെ? രാഗദ്വേഷങ്ങൾക്കു കാരണം ഇന്ദ്രിയങ്ങളോ വിഷയങ്ങളോ അല്ല; ചിത്തത്തിന്റെ ഭാവനയാണെന്നോർക്കേണ്ടതാണ്. രാഗദ്വേഷങ്ങൾകൊണ്ടു നിറഞ്ഞ ചിത്തം വിഷയങ്ങളിൽ ബ്രഹ്മഭാവന പുലർത്താൻ അസമർഥമായിത്തീരുന്നു. അതുകൊണ്ടാണു രാഗദ്വോഷങ്ങളെ ജ്ഞാനത്തിന്റെ ശത്രുക്കളായി ഭഗവാൻ വിവരിച്ചിരിക്കുന്നത്.

രാഗദ്വേഷങ്ങൾക്കു വശപ്പെടാതിരിക്കുകയാണ് ഒരു ജിജ്ഞാസു പ്രാഥമികമായി ചെയ്യേണ്ടതെങ്കിൽ ഞാൻ വധകാരണമായ യുദ്ധകർമത്തിൽ നിന്നൊഴിയുകയല്ലേ വേണ്ടത്? യുദ്ധംപോലെ രാഗദ്വേഷങ്ങളെയുളവാ

digitized by www.sreyas.in

ക്കുന്ന മറ്റൊരു കർമമില്ലല്ലോ? അർജുനനു തോന്നാവുന്ന ഈ സംശയത്തിനു മറുപടിയാണടുത്ത പദ്യം:

*35. ശ്രേയാൻ സ്വധർമോ വിഗുണഃ പരധർമാത് സ്വനുഷ്ഠിതാത്*
*സ്വധർമേ നിധനം ശ്രേയഃ പരധർമോ ഭയാവഹഃ*

വിഗുണഃ - ശക്തിയേറിയ രാഗദ്വേഷങ്ങൾ ഉളവാക്കാൻ കഴിവുള്ള വിപരീത ഗുണത്തോടുകൂടിയതായാലും; സ്വധർമഃ - സ്വവാസനാക്ലിപ്തമായ കർമം ധർമമായാചരിക്കുന്നത്; സ്വനുഷ്ഠിതാത് പരധർമാത് - സ്വയമനുഷ്ഠിക്കുന്ന അന്യധർമത്തേക്കാൾ; ശ്രേയാൻ - മോക്ഷസാധനമായി ഭവിക്കുന്നു; സ്വധർമേ - സ്വധർമമാണെന്നു വന്നാൽ; നിധനം ശ്രേയഃ - വധം ശ്രേയസ്കരം തന്നെ; പരധർമഃ ഭയാവഹഃ - അന്യധർമം ഭയങ്കരമാണ്.

ശക്തിയേറിയ രാഗദ്വേഷങ്ങൾ ഉളവാക്കാൻ കഴിവുള്ള വിപരീതഗുണത്തോടുകൂടിയതായാലും സ്വവാസനാക്ലിപ്തമായ കർമം ധർമമായാചരിക്കുന്നത് സ്വയമനുഷ്ഠിക്കുന്ന അന്യധർമത്തേക്കാൾ മോക്ഷസാധനം തന്നെയാണ്. സ്വധർമമാണെന്നു വന്നാൽ വധം ശ്രേയസ്കരം തന്നെ. അന്യധർമം ഭയങ്കരമാണ്.

## *പരധർമോ ഭയാവഹഃ*

അർജുനനു യുദ്ധം സ്വധർമവും സന്യാസം പരധർമവുമാണ്. രാഗദ്വേഷങ്ങൾക്കു വഴങ്ങാതെ ഭാവാദ്വൈതം അഭ്യസിക്കലാണല്ലോ മാർഗം. വസ്തുവിചാരം കൊണ്ടു പാകപ്പെട്ട് ഏറെക്കുറെ രാഗദ്വേഷവിഹീനമായി ആത്മനിഷ്ഠയിൽ കഴിയാൻ സാമർഥ്യം ലഭിച്ചയാളിനാണു സന്യാസം വിധിച്ചിട്ടുള്ളത്. അർജുനൻ സന്യാസം സ്വീകരിച്ചാൽ സന്യാസവേഷവും ധരിച്ചു നിരന്തരം രാഗദ്വേഷങ്ങളിൽ മുഴുകി കഴിയാനിടവരും. അതു സ്വയം പതിക്കാനും ബുദ്ധിഭേദം വരുത്തി സമൂഹത്തെ പതിപ്പിക്കാനും ഇടയാകും. അതുകൊണ്ടാണു ഭഗവാൻ പരധർമം ഭയാവഹമാണെന്നു പറഞ്ഞത്. നേരേമറിച്ചു സ്വധർമമായ യുദ്ധത്തിലേർപ്പെടുന്ന അർജുനനു കുറെയൊക്കെ രാഗദ്വേഷങ്ങൾ വന്നാലും ആരും കുറ്റം പറയാനില്ല. മാത്രമല്ല യുദ്ധത്തിലെ രാഗദ്വേഷങ്ങൾ ചിലപ്പോൾ പ്രശംസക്കു പാത്രമാവുകയും ചെയ്യും. അതേ അവസരത്തിൽ രാഗദ്വേഷങ്ങൾക്കു വശപ്പെടാതെ മനസ്സിനെ സമനില അഭ്യസിപ്പിക്കാൻ സന്ദർഭങ്ങളും അർജുനനു വേണ്ടുവോളം ലഭിക്കും. സ്വയം ഉയരാനും സമൂഹത്തെ ഉയർത്താനും അതുകൊണ്ടു സാധിക്കുകയും ചെയ്യും.

digitized by www.sreyas.in

അതുകൊണ്ടാണു സ്വധർമമെന്നുവന്നാൽ വധം ശ്രേയസ്കരംതന്നെ എന്നു ഭഗവാൻ പ്രസ്താവിച്ചത്.

അപ്പോൾ സ്വധർമമാണെങ്കിൽ യുദ്ധം ശ്രേയസ്സാണെന്നും പരധർമമാണെങ്കിൽ സന്യാസംപോലും ഭയമുളവാക്കുന്ന പാപമാണെന്നുമാണല്ലോ തീരുമാനിച്ചത്. അങ്ങനെയാണെങ്കിൽ ഒരു കർമത്തെ പാപമാക്കിത്തീർക്കുന്ന പ്രധാന ഘടകമേതാണ്? സ്വാഭാവികമായി അർജുനനുണ്ടായ ഈ സംശയം അദ്ദേഹം ഭഗവാനോടു ചോദിക്കുകയാണ്.

**അർജുന ഉവാച - അർജുനൻ പറഞ്ഞു:**

*36. അഥ കേന പ്രയുക്തോഽയം പാപം ചരതി പൂരുഷഃ*
*അനിച്ഛന്നപി വാർഷ്ണേയ ബലാദിവ നിയോജിതഃ*

വാർഷ്ണേയ - വൃഷ്ണിവംശജനായ അല്ലയോ കൃഷ്ണാ; അഥ - ഇങ്ങനെയൊക്കെയാണു കാര്യമെങ്കിൽ; **അയം പൂരുഷഃ** - ഈ മനുഷ്യൻ; അനിച്ഛൻ അപി - ആഗ്രഹിക്കുന്നില്ലെങ്കിൽപ്പോലും; കേന പ്രയുക്തഃ - എന്തു കാരണത്താൽ പ്രേരിതനായിട്ടാണ്; ബലാത് **നിയോജിതഃ** ഇവ - ശക്തിപൂർവം പിടിച്ചു തള്ളപ്പെട്ടവനെപ്പോലെ; പാപം ചരതി - പാപം ചെയ്യാൻ ഇടയാകുന്നത്.

വൃഷ്ണിവംശജനായ അല്ലയോ കൃഷ്ണാ, ഇങ്ങനെയൊക്കെയാണു കാര്യമെങ്കിൽ ഈ മനുഷ്യൻ ആഗ്രഹിക്കുന്നില്ലെങ്കിൽപ്പോലും എന്തു കാരണത്താൽ പ്രേരിതനായിട്ടാണു ശക്തിപൂർവം പിടിച്ചു തള്ളപ്പെട്ടവനെപ്പോലെ പാപം ചെയ്യാൻ ഇടയാകുന്നത്.

## *ബലാദിവ നിയോജിതഃ*

ഈ ലോകത്തു അധാർമികമായും ക്രൂരമായും പെരുമാറുന്നവരെല്ലാം മനഃപൂർവം അങ്ങനെ ചെയ്യുന്നവരാണെന്നു കരുതാൻ തരമില്ല. പലർക്കും നല്ലവരായിത്തീരാൻ കൊതിയുണ്ട്. ചെയ്യുന്ന പ്രവൃത്തികളിൽ പലതും വേണ്ടാത്തതാണെന്നു ബോധവുമുണ്ട്. എങ്കിലും ചെയ്തുപോകുന്നു. അർജുനൻ തന്നെ ഇങ്ങനെ പലതും ചെയ്യാനിടയായിട്ടുണ്ട്. കർമമാർഗത്തിൽ മനുഷ്യന്റെ അവശതയാണിതു കാണിക്കുന്നത്. എന്താണിതിനു ഹേതു എന്നത്രേ അർജുന്റെ ചോദ്യം.

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

*37. കാമ ഏഷ ക്രോധ ഏഷ രജോഗുണസമുദ്ഭവഃ*
*മഹാശനോ മഹാപാപ്മാ വിദ്ധ്യേനമിഹ വൈരിണം*

digitized by www.sreyas.in

ഏഷഃ - മനുഷ്യനെക്കൊണ്ടു ബലാൽ പാപം ചെയ്യിക്കുന്ന ഹേതു; രജോഗുണസമുദ്ഭവഃ കാമഃ - രജോഗുണത്തിൽ നിന്നുണ്ടാകുന്നതും രജോഗുണത്തെ വർധിപ്പിക്കുന്നതുമായ കാമം തന്നെയാണ്; ഏഷഃ - ഈ കാമം തന്നെ; ക്രോധഃ - തടയപ്പെട്ടാൽ ക്രോധമായി മാറുന്നു; മഹാശനഃ - ഭക്ഷിക്കുന്തോറും അടങ്ങാതെ പെരുകുന്നതും; മഹാപാപ്മാ - അതു നിമിത്തം എന്തു പാപം ചെയ്യാനും പ്രേരണ നൽകുന്നതുമായ; ഏനം - ഈ കാമത്തെ; ഇഹ - ജ്ഞാനമാർഗത്തിലെ; വൈരിണം വിദ്ധി - ശത്രുവാണെന്നറിയുക.

മനുഷ്യനെക്കൊണ്ടു ബലാൽ പാപം ചെയ്യിക്കുന്ന ഹേതു രജോഗുണത്തിൽ നിന്നുണ്ടാകുന്നതും രജോഗുണത്തെ വർധിപ്പിക്കുന്നതുമായ കാമം തന്നെയാണ്. ഈ കാമം തന്നെ തടയപ്പെട്ടാൽ ക്രോധമായി മാറുന്നു. ഭക്ഷിക്കുന്തോറും അടങ്ങാതെ പെരുകുന്നതും അതുനിമിത്തം എന്തു പാപം ചെയ്യാനും പ്രേരണ നൽകുന്നതുമായ ഈ കാമത്തെ ജ്ഞാനമാർഗത്തിലെ ശത്രുവാണെന്നറിയുക.

## *രജോഗുണസമുദ്ഭവഃ കാമഃ*

ലൗകികമായ ആഗ്രഹമാണു കാമം. സത്വഗുണസമുദ്ഭവമായും രജോഗുണസമുദ്ഭവമായും കാമം വരാം. ആത്മലക്ഷ്യം ഉറപ്പിച്ചുകൊണ്ടു സ്വധർമാനുഷ്ഠാനത്തിൽ കർമവാസനകളെ ക്ഷയിപ്പിക്കാനായി അംഗീകരിക്കുന്ന കാമമാണു സാത്വികകാമം. ഇതിൽ കാമം ഫലിച്ചാലും ഇല്ലെങ്കിലും വസ്തുബോധവും സമനിലയും പാലിക്കപ്പെടും. ഇങ്ങനെയുള്ള കാമം അനുഭവിക്കുന്തോറും സംതൃപ്തി വന്നു മനസ്സു ക്രമേണ വിരക്തമായിത്തീരും. നേരേമറിച്ച് ആത്മബോധമില്ലാതെ ഭൗതികലക്ഷ്യം മുൻനിർത്തി കർമവാസനകളെ സഞ്ചയിച്ചുകൊണ്ട് ഏതു വക്രഗതി അംഗീകരിച്ചും നേടാൻ യത്നിക്കുന്ന കാമമാണ് രാജസകാമം. ഇതിൽ കാമം ഫലിച്ചില്ലെങ്കിൽ മനസ്സ് നിരാശയിലാണ്ടു ക്ഷോഭിച്ചു സത്യത്തിൽ നിന്നകലും. ഫലിച്ചാൽ കർമവാസന സഞ്ചയിച്ചഹങ്കരിച്ച് സത്യത്തിൽ നിന്നകലും ഫലിച്ചാലും ഇല്ലെങ്കിലും സത്യത്തിൽ നിന്ന് അകൽച്ചയാണു ഫലം. ഇനിയും ഫലിക്കാതെ വരുന്നിടത്തു തടസ്സം സൃഷ്ടിച്ച വ്യക്തികളോടും കാര്യങ്ങളോടും ഈ കാമം തന്നെ ക്രോധമായി രൂപാന്തരപ്പെടും. ഫലിക്കുന്നിടത്തു കാമം മഹാശനനാണ്. എത്ര അനുഭവിച്ചാലും രാജസകാമം തൃപ്തമാവുകയില്ല. അനുഭവിക്കുന്തോറും നെയ്യൊഴിക്കുന്ന അഗ്നിപോലെ കത്തിക്കാളിക്കൊണ്ടി

digitized by www.sreyas.in

രിക്കും. ഫലിക്കാത്തിടത്തു കാമം മഹാപാപമാണ്. വന്നുചേരുന്ന വിഘ്ന ങ്ങളിൽ കാമം ക്രോധമായി മാറി എന്തു പാപം ചെയ്തും പ്രതികാരത്തിനു പ്രേരിപ്പിക്കും. ഇങ്ങനെ കർമവാസന സഞ്ചയിച്ചും മനസ്സു ക്ഷോഭിച്ചും പാപ മാചരിച്ചും ആത്മാവിൽനിന്നകന്നകന്നു രാജസകാമി അസംതൃപ്തനായി പതിക്കാനിടവരും. അതുകൊണ്ടാണ് രാജസകാമം ജ്ഞാനമാർഗത്തിലെ ശത്രുവാണെന്നു ഭഗവാൻ പ്രസ്താവിച്ചിരിക്കുന്നത്.

ജ്ഞാനമാർഗത്തിലെ ശത്രുവാണു കാമമെന്നു പറഞ്ഞല്ലോ. കാമം എങ്ങനെയാണു ജ്ഞാനത്തെ തടയുന്നത്? ഭഗവാൻ ഈ ചോദ്യത്തിനു ത്തരം പറയുന്നു:

*38. ധൂമേനാവ്രിയതേ വഹ്നിര്യഥാദർശോ മലേന ച*
*യഥോല്ബേനാവൃതോ ഗർഭസ്തഥാ തേനേദമാവൃതം*

വഹ്നിഃ ധൂമേന - അഗ്നി പുകകൊണ്ടും; ആദർശഃ മലേന ച - കണ്ണാടി അഴു ക്കുകൊണ്ടും; യഥാ ആവ്രിയതേ - എപ്രകാരം മറഞ്ഞിരിക്കുന്നുവോ; ഗർഭഃ യഥാ ഉല്ബേന ആവൃതഃ - ഗർഭത്തിലുള്ള കുട്ടി നേരിയ തൊലികൊണ്ട് എപ്രകാരമാണോ പൊതിഞ്ഞിരിക്കുന്നത്; തഥാ ഇദം - അപ്രകാരം ഈ ജ്ഞാനം; തേന ആവൃതം - കാമംകൊണ്ടു മൂടിയിരിക്കുന്നു.

അഗ്നി പുകകൊണ്ടും കണ്ണാടി അഴുക്കുകൊണ്ടും എപ്രകാരം മറഞ്ഞി രിക്കുന്നുവോ ഗർഭത്തിലുള്ള കുട്ടി നേരിയ തൊലികൊണ്ട് എങ്ങനെ യാണോ പൊതിഞ്ഞിരിക്കുന്നത് അപ്രകാരം ഈ ജ്ഞാനം കാമംകൊണ്ടു മൂടിയിരിക്കുന്നു.

## *തേനേദമാവൃതം*

ജ്ഞാനത്തിന് അഥവാ ആത്മാനുഭവത്തിനു കാമം എങ്ങനെയാണു തടസ്സമാകുന്നത്? കാമം ആത്മാനുഭവത്തെ മൂടി മറച്ചുകളയുന്നു. കാമം ആത്മാനുഭവത്തെ എങ്ങനെ മറയ്ക്കുന്നു എന്നു കാണിക്കാനായി ഭഗവാൻ മൂന്നുപമാനങ്ങൾ പ്രയോഗിച്ചിരിക്കുന്നു. അധിഷ്ഠാനഭേദമനുസരിച്ചുള്ള മറ യുടെ സ്വരൂപം വ്യക്തമാക്കാനാണു മൂന്നുപമാനങ്ങൾ. ബോധം അനുഭവ പ്പെടുന്ന തലങ്ങളാണല്ലോ ഇന്ദ്രിയങ്ങളും മനസ്സും ബുദ്ധിയും. ഈ തലങ്ങ ളിൽ തന്നെ വർത്തിച്ചുകൊണ്ടു കാമം ശുദ്ധമായ ബോധാനുഭവത്തെ മറ യ്ക്കുകയും ചെയ്യുന്നു. നാൽപ്പതാം പദ്യത്തിൽ ഭഗവാൻ തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ടല്ലോ. മൂന്നനുഭവതലങ്ങളിലെയും കാമ മറയുടെ

digitized by www.sreyas.in

സ്വരൂപം വെളിപ്പെടുത്താനാണു മൂന്നുപമാനങ്ങൾ. നിശ്ചയാത്മികയായതു കൊണ്ടു ബുദ്ധി ഏറക്കുറെ ആത്മാനന്ദത്തോടു തൊട്ടു നിൽക്കുന്ന അനുഭ വതലമാണ്. ബുദ്ധിയിൽ പുക അഗ്നിയെ മറയ്ക്കുന്നതുപോലെ മാത്രമാണു കാമം ആത്മാനുഭവത്തെ മറയ്ക്കുന്നത്. പുകയുള്ളപ്പോഴും അഗ്നി ദർശന വിഷയമാണ്. ബുദ്ധിയുടെ തലത്തിൽ കാമമുള്ളപ്പോഴും ആത്മാനന്ദം അനു ഭവിക്കാൻ കഴിയും. പുക മാറിയാൽ അഗ്നി സ്വയം തെളിഞ്ഞു പ്രകാശിക്കും. മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്യും. അതുപോലെ കാമം മാറിക്കിട്ടി യാൽ ബുദ്ധിതലത്തിൽ ആത്മാവ് സ്വയം പ്രകാശിക്കുകയും ബുദ്ധി മുതലാ യവയെ പ്രകാശിപ്പിക്കുന്നതായി ബോധ്യപ്പെടുകയും ചെയ്യും. സൂക്ഷ്മബു ദ്ധിക്കു ആത്മാവിനെ നേരിട്ടനുഭവിക്കാൻ കഴിയുമെന്നാണല്ലോ ഉപനിഷത് പ്രഖ്യാപനം. കണ്ണാടി മറ്റൊന്നിന്റെ പ്രതിബിംബം പകർന്നു കാണാനുള്ള ഉപകരണമാണ്. അഴുക്കുകൊണ്ടു നിറഞ്ഞാൽ അതിൽ പ്രതിബിംബം പതി യാതെ പോകും. അഴുക്കു മാറിയാൽ വസ്തുവിന്റെ തെളിഞ്ഞ പ്രതിബിം ബം അതിൽ കാണാറാകും. സങ്കൽപ്പവികൽപ്പാത്മകമായ മനസ്സ് ആത്മപ്ര തിബിംബത്തിന്റെ കാര്യത്തിൽ കണ്ണാടിപോലെയാണ്. കാമ മറയുള്ളിട ത്തോളം ശുദ്ധമായ ആത്മപ്രതിബിംബം അതിൽ പതിയുന്നില്ല. ആ അഴുക്കു തുടച്ചു ശുദ്ധമാക്കിയാൽ കണ്ണാടിയിൽ സൂര്യപ്രതിബിംബമെന്നപോലെ തെളിഞ്ഞ ആത്മപ്രതിബിംബം മനസ്സിൽ പതിയുന്നതാണ്. ഗർഭസ്ഥശിശു വിനെ മൂടുന്ന പാടപോലെയുള്ള നേരിയ ഒരു ചർമമാണ് ഉല്ബം അഥവാ ജരായു. ഇതിനു ഭാഷയിൽ മറുപിള്ള എന്നും മുന്നീർക്കുടമെന്നുമൊക്കെ പേരുകളുണ്ട്. ഈ ചർമം പൊട്ടിച്ചാണു ശിശു പുറത്തേക്കു വരുന്നത്. അതു പോലെ ഇന്ദ്രിയങ്ങളിൽ മറയായി വർത്തിക്കുന്ന കാമചർമത്തെ പൊട്ടിച്ചാൽ ഉള്ളിലുള്ള ആത്മശിശു സുവ്യക്തമായി പുറത്തേക്കു വരും. ഇന്ദ്രിയതല ത്തിലുള്ള കാമം കൂടി മാറിക്കിട്ടിയാൽ ജഗത്തിൽ സർവത്ര ആത്മാവിനെ ത്തന്നെ കാണാറാകുമെന്നു താൽപ്പര്യം.

അർജുനബുദ്ധിക്കുറപ്പു വരാനായി മുപ്പത്തേഴും മുപ്പത്തെട്ടും പദ്യങ്ങ ളിൽ വിവരിച്ച കാര്യം തന്നെ ഒന്നുകൂടി സംഗ്രഹിച്ചു പറയുകയാണു ഭഗ വാൻ മുപ്പത്തൊൻപതാം പദ്യത്തിൽ:

*39. ആവൃതം ജ്ഞാനമേതേന ജ്ഞാനിനോ നിത്യവൈരിണാ*
*കാമരൂപേണ കൗന്തേയ ദുഷ്പൂരേണാനലേന ച*

digitized by www.sreyas.in

കൗന്തേയ - അല്ലയോ അർജുനാ; ദുഷ്പൂരേണ - എത്രയൊക്കെ അനുഭവിച്ചാലും തൃപ്തി വരാത്തതും; അനലേന ച -വിറകിടുന്തോറും കൂടുതൽ കൂടുതൽ കത്തിജ്വലിക്കുന്ന അഗ്നിപോലെ അനുഭവിക്കുന്തോറും കൂടിക്കൊണ്ടിരിക്കുന്നതും; ജ്ഞാനിനോ നിത്യവൈരിണാ - ജ്ഞാനിയുടെ നിത്യശത്രുവുമായ; ഏതേന കാമരൂപേണ - ഈ കാമദൃശ്യത്താൽ; ജ്ഞാനം ആവൃതം - ആത്മാനുഭവം മറയ്ക്കപ്പെട്ടിരിക്കുന്നു.

അല്ലയോ അർജുനാ, എത്രയൊക്കെ അനുഭവിച്ചാലും തൃപ്തി വരാത്തതും വിറകിടുന്തോറും കൂടുതൽ കൂടുതൽ കത്തിജ്വലിക്കുന്ന അഗ്നിപോലെ അനുഭവിക്കുന്തോറും കൂടിക്കൊണ്ടിരിക്കുന്നതും ജ്ഞാനിയുടെ നിത്യശത്രുവായ ഈ കാമദൃശ്യത്താൽ ആത്മാനുഭവം മറയ്ക്കപ്പെട്ടിരിക്കുന്നു.

## *ജ്ഞാനിനോ നിത്യവൈരിണാ*

സുഖത്തിനുവേണ്ടിയാണല്ലോ മനുഷ്യൻ ലൗകിക കാമങ്ങളുടെ പിന്നാലെ പായുന്നത്. ആത്മസുഖത്തെക്കുറിച്ചുള്ള അറിവില്ലായ്മ അഥവാ അവിദ്യയാണിതിനു കാരണം. ഗുരുവിൽ നിന്നു സത്യം ഗ്രഹിച്ച് ആത്മതത്വം തിരയാത്തിടത്തോളം അവിദ്യ അവശേഷിക്കും. അവിദ്യ കാമത്തെയുണ്ടാക്കും. കാമം കർമത്തിനു പ്രേരണ നൽകും. കർമഫലം വാസന സഞ്ചയിച്ച് അവിദ്യക്കു ശക്തി കൂടും. വീണ്ടും കർമം, വീണ്ടും വാസന; ഇങ്ങനെ അവിദ്യാകാമകർമചക്രത്തിൽ ജനിച്ചും മരിച്ചും ഉഴലേണ്ടതായി വരും. അതുകൊണ്ടാണു കാമത്തെ ജ്ഞാനിയുടെ നിത്യശത്രുവായി ഭഗവാൻ ചിത്രീകരിക്കുന്നത്. കാമത്തെ ജയിച്ചാൽ കർമവാസന ക്ഷയിക്കും. കർമവാസന ക്ഷയിച്ചാൽ അവിദ്യ മാറും. ആത്മാനന്ദം അനുഭവിക്കുമാറാകും.

ഒരു ശത്രുവിനെ ജയിക്കണമെങ്കിൽ അവൻ ഒളിച്ചിരിക്കുന്ന ഗൂഢസങ്കേതം അറിയേണ്ടതായിട്ടുണ്ട്. അതുകൊണ്ടു ജ്ഞാനിയുടെ നിത്യശത്രുവായ കാമം ഒളിച്ചിരിക്കുന്ന ഗൂഢസങ്കേതങ്ങൾ ഏതൊക്കെയാണെന്നാണു ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്.

*40. ഇന്ദ്രിയാണി മനോ ബുദ്ധിരസ്യാധിഷ്ഠാനമുച്യതേ*
*ഏതൈർവിമോഹയത്യേഷ ജ്ഞാനമാവൃത്യ ദേഹിനം*

ഇന്ദ്രിയാണി - ഇന്ദ്രിയങ്ങൾ; മനഃ - മനസ്സ്; ബുദ്ധിഃ - ബുദ്ധി ഇവ; അസ്യ - ഈ കാമത്തിന്; അധിഷ്ഠാനം ഉച്യതേ - ഇരിപ്പിടമെന്നു പറയപ്പെടുന്നു;

digitized by www.sreyas.in

ഏഷഃ - ഈ കാമം; ഏതൈഃ - ഇവയിലിരുന്നു; ജ്ഞാനം ആവൃത്യ - ആത്മാനുഭവത്തെ മറച്ച്; ദേഹിനം വിമോഹയതി - ജീവനെ പല തരത്തിലും മോഹിപ്പിക്കുന്നു.

ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി ഇവ ഈ കാമത്തിന് ഇരിപ്പിടമെന്നു പറയപ്പെടുന്നു. ഈ കാമം ഇവയിലിരുന്നു ആത്മാനുഭവത്തെ മറച്ചു ജീവനെ മോഹിപ്പിക്കുന്നു.

## *ഏതൈർവിമോഹയതി*

ഇന്ദ്രിയങ്ങൾ വിഷയങ്ങളെ ഗ്രഹിക്കുന്നു. തുടർന്നു മനസ്സ് സങ്കൽപ്പവികൽപ്പങ്ങളിൽക്കൂടി രാഗദ്വേഷങ്ങൾ ഭാവന ചെയ്തു വിഷയങ്ങളുമായി ബന്ധിക്കുന്നു. ഈ രാഗദ്വേഷങ്ങളെ സഫലീകരിക്കലാണു ജീവിതലക്ഷ്യമെന്നു ബുദ്ധി നിശ്ചയിക്കുന്നു. ഇങ്ങനെ ഇന്ദ്രിയതലത്തിലെ വിഷയഗ്രഹണത്തോടെ തുടങ്ങുന്ന കാമം രാഗദ്വേഷങ്ങളിൽക്കൂടി പുഷ്ടിപ്രാപിച്ചു ബുദ്ധിയിലെത്തി ജീവിതലക്ഷ്യമായി മാറുന്നതോടെ ആത്മാവ് പാടേ വിസ്മൃതമാവുന്നു. ഇന്ദ്രിയങ്ങൾ വിഷയങ്ങളെ ഗ്രഹിക്കുമ്പോൾ മുതൽ വിഷയങ്ങളിലെ ആത്മതത്വസ്ഥിതി വിശകലനം ചെയ്തറിയുകയാണെങ്കിൽ മാത്രമേ ഒരാൾക്കു കാമത്തെ ജയിച്ച് ആത്മാനുഭവം നേടാൻ പറ്റൂ.

അതുകൊണ്ട് ഇന്ദ്രിയതലത്തിൽതന്നെ കാമജലം നേടാൻ ശ്രമിക്കണമെന്നാണു ഭഗവാൻ തുടർന്നു പ്രസ്താവിക്കുന്നത്:

*41. തസ്മാത്ത്വമിന്ദ്രിയാണ്യാദൗ നിയമ്യ ഭരതർഷഭ*
*പാപ്മാനം പ്രജഹിഹ്യേനം ജ്ഞാനവിജ്ഞാനനാശനം*

ഭരതർഷഭ - അല്ലയോ ഭരതവംശജനായ അർജുനാ; തസ്മാത് - ഇന്ദ്രിയാനുഭവതലം മുതൽ കാമജയം നേടണമെന്നുള്ളതുകൊണ്ട്; ത്വം ആദൗ - നീ ആദ്യം; ഇന്ദ്രിയാണി നിയമ്യ - ഇന്ദ്രിയങ്ങളെ ആത്മബോധത്തിൽ അടക്കി നിറുത്തിയിട്ട്; ജ്ഞാനവിജ്ഞാനനാശനം - വസ്തുസ്ഥിതിയുടെ അറിവിനെയും അനുഭവത്തെയും നശിപ്പിച്ചുകളയുന്ന; പാപ്മാനം - പാപം നിറഞ്ഞ; ഏനം പ്രജഹിഹി - ഈ കാമത്തെ നിഗ്രഹിക്കുകതന്നെ വേണം.

അല്ലയോ ഭരതവംശജനായ അർജുനാ, ഇന്ദ്രിയാനുഭവതലം മുതൽ കാമജയം നേടണമെന്നുള്ളതുകൊണ്ടു നീ ആദ്യം ഇന്ദ്രിയങ്ങളെ ആത്മബോധത്തിൽ അടക്കി നിറുത്തിയിട്ടു വസ്തുസ്ഥിതിയുടെ അറിവിനെയും അനുഭവത്തെയും നശിപ്പിച്ചുകളയുന്ന പാപം നിറഞ്ഞ ഈ കാമത്തെ നിഗ്രഹിക്കുകതന്നെ വേണം.

75-2006 15

digitized by www.sreyas.in

## *ജ്ഞാനവിജ്ഞാനനാശനം*

വസ്തുസ്ഥിതിയെക്കുറിച്ചുള്ള സിദ്ധാന്തപരമായ അറിവാണു ജ്ഞാനം. അനുഭവപരമായ അറിവാണു വിജ്ഞാനം. കാര്യകാരണശൃംഖലയെ പിൻതുടർന്നു ബുദ്ധികൊണ്ടു പരമകാരണത്തെ വിശകലനം ചെയ്തറിയുന്നതാണു ജ്ഞാനം. അങ്ങനെ വിശകലനം ചെയ്തറിഞ്ഞശേഷം കാര്യരൂപങ്ങളിലെല്ലാം പരമകാരണത്തെതന്നെ കണ്ടനുഭവിക്കുന്നതാണു വിജ്ഞാനം. പക്ഷേ, ഭൗതികകാമങ്ങളിൽ മുഴുകിയിരിക്കുന്ന മനസ്സിനു കാര്യകാരണ ശൃംഖലയെ പിൻതുടർന്നു പരമകാരണത്തെ വിശകലനം ചെയ്തറിയാൻ ആഗ്രഹമോ കഴിവോ ഉണ്ടാകുന്നതല്ല. പരമകാരണം യുക്തിക്കുതന്നെ തെളിയുന്നില്ലെന്നു വന്നാൽപ്പിന്നെ സർവത്ര അതിനെ കണ്ടനുഭവിക്കുന്ന പ്രശ്നം ഉദിക്കുന്നുമില്ല. അതുകൊണ്ടാണു കാമം ജ്ഞാനവിജ്ഞാനനാശനാണെന്നു ഭഗവാൻ പറഞ്ഞത്.

കാര്യകാരണ ശൃംഖലയെ പിൻതുടർന്നു പരമകാരണത്തെ യുക്തിവിചാരം ചെയ്തറിയുന്ന ജ്ഞാനത്തിന്റെ സ്വരൂപമാണു ഭഗവാൻ അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:

*42. ഇന്ദ്രിയാണി പരാണ്യാഹുരിന്ദ്രിയേഭ്യഃ പരം മനഃ*
*മനസസ്തു പരാ ബുദ്ധിർയോ ബുദ്ധേഃ പരതസ്തു സഃ*

ഇന്ദ്രിയാണി പരാണി - ദേഹമുൾപ്പെടെ പുറമേയുള്ള വിഷയങ്ങളെ അനുഭവിക്കുന്നതിനു കാരണമായതുകൊണ്ടു വിഷയങ്ങളെക്കാൾ ഇന്ദ്രിയങ്ങൾ ശ്രേഷ്ഠങ്ങളാണ്; ഇന്ദ്രിയേഭ്യഃ പരം മനഃ - ഇന്ദ്രിയങ്ങളുടെ അനുഭവത്തിനു കാരണമായി വർത്തിക്കുന്നതു മനസ്സായതുകൊണ്ട് ഇന്ദ്രിയങ്ങളെ അപേക്ഷിച്ചു മനസ്സു ശ്രേഷ്ഠമാണ്; മനസഃ തു പരാ ബുദ്ധിഃ - ആ മനസ്സിന്റെ അനുഭവത്തിനു കാരണം ബുദ്ധിയായതുകൊണ്ടു മനസ്സിനേക്കാൾ ശ്രേഷ്ഠം ബുദ്ധിയാണെന്നു പറയപ്പെടുന്നു; യഃ തു - ഏതൊന്നാണോ; ബുദ്ധേഃ പരതഃ - ബുദ്ധിക്കും പരമായി വർത്തിക്കുന്നത്; സഃ - അവനാണ് ആത്മാവ്.

ദേഹമുൾപ്പെടെ പുറമേയുള്ള വിഷയങ്ങളെ അനുഭവിക്കുന്നതിനു കാരണമായതുകൊണ്ട് വിഷയങ്ങളേക്കാൾ ഇന്ദ്രിയങ്ങൾ ശ്രേഷ്ഠങ്ങളാണ്. ഇന്ദ്രിയങ്ങളുടെ അനുഭവത്തിനു കാരണമായി വർത്തിക്കുന്നതു മനസ്സായതുകൊണ്ട് ഇന്ദ്രിയങ്ങളെ അപേക്ഷിച്ചു മനസ്സു ശ്രേഷ്ഠമാണ്. ആ മനസ്സിന്റെ അനുഭവത്തിനു കാരണം ബുദ്ധിയായതുകൊണ്ടു മനസ്സിനേക്കാൾ ശ്രേഷ്ഠം ബുദ്ധിയാണെന്നു പറയപ്പെടുന്നു. ഏതൊന്നാണോ ബുദ്ധിക്കും പരമമായി വർത്തിക്കുന്നത് അവനാണ് ആത്മാവ്.

digitized by www.sreyas.in

## കാര്യകാരണശൃംഖല

പ്രപഞ്ചം ഒരനുഭവമാണ്. അനുഭവമില്ലാത്തിടത്തു പ്രപഞ്ചമില്ല. ഈ അനുഭവത്തിന് അടിസ്ഥാനമായി വർത്തിക്കുന്ന കാരണത്തെക്കുറിച്ചുള്ള അന്വേഷണമാണു സത്യാന്വേഷണം. അനുഭവത്തിലെ കാര്യകാരണശൃംഖലയെ പിൻതുടർന്നാൽ പരമകാരണത്തെ കണ്ടെത്താൻ കഴിയുമെന്നുള്ളതു നിർവിവാദമാണല്ലോ. ഈ ശൃംഖലയിലെ ആദ്യത്തെ കണ്ണിയാണ് അനുഭവിക്കുന്നയാളിന്റെ ദേഹമുൾപ്പെടെയുള്ള ബാഹ്യവിഷയങ്ങൾ. ഈ ബാഹ്യവിഷയങ്ങളെ അനുഭവിക്കുന്ന കാരണമോ? ഇന്ദ്രിയങ്ങളാണ്. ഇന്ദ്രിയങ്ങളില്ലെങ്കിൽ ബാഹ്യവിഷയങ്ങൾ ആർക്കും അനുഭവപ്പെടുകയില്ല. അനുഭവപ്പെടുന്ന വിഷയങ്ങളിൽ വ്യാപിച്ചുനിന്നുകൊണ്ട് അവയുടെ അനുഭവത്തിനു കാരണമായി വർത്തിക്കുന്നതിനാൽ ഇന്ദ്രിയങ്ങൾ വിഷയങ്ങളെക്കാൾ ശ്രേഷ്ഠങ്ങളുമാണ്. ഇന്ദ്രിയാനുഭവത്തിന്റെ കാരണമോ? മനസ്സാണ്. മനസ്സില്ലെങ്കിൽ ഇന്ദ്രിയങ്ങൾക്ക് ഒരനുഭവവും ഉണ്ടാവുകയില്ല. എല്ലാ ഇന്ദ്രിയങ്ങളിലും വ്യാപിച്ചുനിന്നുകൊണ്ട് എല്ലാ ഇന്ദ്രിയാനുഭവങ്ങൾക്കും കാരണമായി വർത്തിക്കുന്നതിനാൽ ഇന്ദ്രിയങ്ങളേക്കാൾ ശ്രേഷ്ഠമാണു മനസ്സ്. മനസ്സിന്റെ അനുഭവത്തിനു പിന്നിൽ കാരണമായി നിൽക്കുന്നതാണു ബുദ്ധി. സങ്കൽപ്പവികൽപ്പാത്മകമായ മനസ്സ് സങ്കൽപ്പവികൽപ്പങ്ങളെ ഏകീഭവിച്ചു നിശ്ചയത്തിലെത്തുന്ന അന്തഃകരണസ്ഥിതിയാണു ബുദ്ധി. ആ ബുദ്ധിയിൽനിന്നു സങ്കൽപ്പ വികൽപ്പാത്മകമായി പെരുകുന്നതാണു മനസ്സെന്നു കാണുവാൻ ബുദ്ധിയുള്ളവർക്കു പ്രയാസമില്ല. അപ്പോൾ ബുദ്ധിയില്ലെങ്കിൽ മനസ്സില്ല. മനസ്സിൽ സർവത്ര വ്യാപിച്ചുനിന്നുകൊണ്ടു മനസ്സിന്റെ അനുഭവത്തിനു കാരണമായി വർത്തിക്കുന്നതിനാൽ ബുദ്ധി മനസ്സിനേക്കാൾ ശ്രേഷ്ഠമാണ്. ബുദ്ധിയുടെ കാരണമോ? ബോധമാണ്. ബോധമില്ലെങ്കിൽ ബുദ്ധിയില്ല. ബുദ്ധിയിൽ വ്യാപിച്ചുനിന്നുകൊണ്ടു ബുദ്ധിക്കു കാരണമായി വർത്തിക്കുന്നതിനാൽ ബോധം ബുദ്ധിയെക്കാൾ ശ്രേഷ്ഠമാണ്. ബോധത്തിലെത്തിച്ചേരുന്നതോടെ കാരണാന്വേഷണം നിലക്കുന്നു. ബോധത്തിന്റെ പിന്നിൽ അതിനു കാരണമായി മറ്റൊന്നും കാണ്മാനില്ല. അതുകൊണ്ടു ബോധം എല്ലാ കാര്യങ്ങളുടെയും പരമ കാരണമാണ്. അതുകൊണ്ടാണു ഭഗവാൻ, ആരാണോ ബുദ്ധിക്കും പരമമായി വർത്തിക്കുന്നത് അവനാണാത്മാവ് എന്നു പ്രസ്താവിച്ചിരിക്കുന്നത്. ഇവിടെ ഒരു വസ്തുത പ്രത്യേകം വിചാരം ചെയ്തറിയേണ്ടതുണ്ട്. എവിടെയും കാര്യം ഇല്ലെന്നു വന്നാലും കാരണം ബാക്കി നിൽക്കുന്നതുകാണാം. നേരെമറിച്ചു കാരണമില്ലെന്നു വന്നാൽ

digitized by www.sreyas.in

കാര്യം ഇല്ലേയില്ല തന്നെ. പുറമേയുള്ള വിഷയാനുഭവങ്ങളില്ലെങ്കിലും ഇന്ദ്രിയങ്ങൾ ഉള്ളതായി അനുഭവപ്പെടുന്നുണ്ട്. ഇന്ദ്രിയങ്ങൾ ഇല്ലെന്നു വന്നാൽ പുറമേയുള്ള വിഷയാനുഭവം ഇല്ലേയില്ല. ഇന്ദ്രിയാനുഭവമില്ലെങ്കിലും മനസ്സനുഭവപ്പെടും. പക്ഷേ, മനസ്സില്ലെങ്കിൽ ഇന്ദ്രിയങ്ങൾ അനുഭവപ്പെടുകയേയില്ല. ഇതുപോലെതന്നെയാണു മനസ്സിന്റെയും ബുദ്ധിയുടേയും സ്ഥിതി. ബുദ്ധിയില്ലാതെയും ബോധം പൂർണമായി അനുഭവരൂപം കൈക്കൊണ്ടുനിൽക്കും. ബുദ്ധിയെ നിർവികൽപ്പമാക്കിയാൽ ഇതാർക്കും അനുഭവിക്കാറാകും. അതേയവസരത്തിൽ ബോധമില്ലെന്നു വന്നാൽ ബുദ്ധിയുൾപ്പെടെയുള്ള എല്ലാ മുൻകാര്യങ്ങളും അനുഭവത്തിൽ നിന്നു മറയും. ഈ യുക്തിവിചാരം പരമകാരണം ബോധമാണെന്നും അത് എല്ലാ കാര്യരൂപങ്ങളിലും വ്യാപിച്ചു നിൽക്കുന്നുവെന്നും തെളിയിക്കുന്നു. ഇതാണു ജ്ഞാനം.

ഈ ജ്ഞാനം അനുഭവപ്പെട്ടു വിജ്ഞാനമായിത്തീരാൻ എന്താണു മാർഗം? കാമത്തെ നിഗ്രഹിക്കണം. അതിനുള്ള ഉപായമോ? അതാണ് അടുത്ത പദ്യത്തിൽ വിവരിക്കുന്നത്.

*43. ഏവം ബുദ്ധേഃ പരം ബുദ്ധ്വാ സംസ്തഭ്യാത്മാനമാത്മനാ*
*ജഹി ശത്രും മഹാബാഹോ കാമരൂപം ദുരാസദം*

മഹാബാഹോ - അല്ലയോ അർജുനാ; ഏവം - ഇപ്രകാരം; കാര്യകാരണ ശൃംഖല വിചാരം ചെയ്ത്; ബുദ്ധേഃ പരം ബുദ്ധ്വാ - ബുദ്ധിക്കപ്പുറമുള്ള പരമകാരണത്തെ ധരിച്ച്; ആത്മനാ ആത്മാനം സംസ്തഭ്യ - ബുദ്ധികൊണ്ട് ഇന്ദ്രിയമനസ്സുകളെ പിൻവലിച്ച് ആത്മാവിൽ ഏകാഗ്രപ്പെട്ട്; ദുരാസദം കാമരൂപം ശത്രും - പിടിച്ചടക്കാൻ പ്രയാസമുള്ളവനായ കാമരൂപിയായ ശത്രുവിനെ; ജഹി - നിഗ്രഹിക്കുക.

അല്ലയോ അർജുനാ, ഇപ്രകാരം കാര്യകാരണ ശൃംഖലയെ വിചാരം ചെയ്തു ബുദ്ധിക്കപ്പുറമുള്ള പരമകാരണത്തെ ധരിച്ചു ബുദ്ധികൊണ്ട് ഇന്ദ്രിയ മനസ്സുകളെ പിൻവലിച്ച് ആത്മാവിൽ ഏകാഗ്രപ്പെട്ടു പിടിച്ചടക്കാൻ പ്രയാസമുള്ളവനായ കാമരൂപിയായ ശത്രുവിനെ നിഗ്രഹിക്കുക.

## *സംസ്തഭ്യാത്മാനമാത്മന*

ഇതിൽ ആദ്യത്തെ ആത്മശബ്ദത്തിന് ഇന്ദ്രിയമനസ്സുകളെന്നും രണ്ടാമത്തേതിനു ബുദ്ധിയെന്നുമാണർഥം. ആത്മാവിനോടു തൊട്ടുനിൽക്കുന്ന അന്തഃകരണമാണു ബുദ്ധി. പരമകാരണം വിചാരം ചെയ്ത് ആത്മാവാണു സത്യമെന്നു ഗ്രഹിക്കുന്നതോടെ ബുദ്ധി പ്രസന്നമായി ഭവിക്കും. തുടർന്നു

digitized by www.sreyas.in

വിഷയങ്ങളുടെ പിന്നാലെ പൊയ്ക്കൊണ്ടിരിക്കുന്ന ഇന്ദ്രിയങ്ങളെ സത്യം ഗ്രഹിപ്പിച്ച് പ്രത്യാഹരിക്കാൻ അഥവാ വിഷയങ്ങളിൽനിന്നു പിൻവലിച്ച് അന്തർമുഖമാക്കാൻ ബുദ്ധിക്കു കഴിയും. ഇന്ദ്രിയങ്ങൾ അന്തർമുഖമാകുന്ന തോടെ സങ്കൽപ്പവികൽപ്പരൂപത്തിലുള്ള മനസ്സിന്റെ ചലനങ്ങളും ഒതുങ്ങി ഉപശമിക്കും. തുടർന്ന് ബുദ്ധിക്കു പിൻതിരിഞ്ഞ് ആനന്ദസ്വരൂപനായ ആത്മാവിൽ ഏകാഗ്രപ്പെടാനും കഴിയും. വ്യക്തമായ വസ്തുബോധമില്ലാതെ ബലാൽ ഇന്ദ്രിയങ്ങളെയോ മനസ്സിനെയോ പ്രത്യേകം നിയന്ത്രിക്കാൻ ശ്രമിച്ചാൽ കാമത്തെ പിടികിട്ടുകില്ല. ഒരു ഒളിപ്പോരുകാരനെപ്പോലെ ഇന്ദ്രിയങ്ങളെ ജയിക്കാൻ ശ്രമിക്കുമ്പോൾ കാമം മനസ്സിലോ ബുദ്ധിയിലോ ഒളിച്ചുകളയും. ഇതു തന്നെയാണു മനസ്സിനെയോ ബുദ്ധിയെയോ പ്രത്യേകം ജയിക്കാൻ ശ്രമിച്ചാലുമുള്ള കഥ. അതുകൊണ്ടാണു ഭഗവാൻ കാമത്തെ 'ദുരാസദം' എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടു വിചാരം ചെയ്തു തെളിഞ്ഞ വസ്തുബോധത്തെ ബുദ്ധിക്കും മനസ്സിനും ഇന്ദ്രിയങ്ങൾക്കും പകർന്നുകൊടുത്ത് ഏകകാലത്തുതന്നെ അവയെ പിൻവലിച്ച് ആത്മാവിൽ ഏകാഗ്രപ്പെടാൻ യത്നിക്കേണ്ടതാണ്. അപ്പോഴേ കാമത്തെ പിടിച്ചടക്കാൻ കഴിയൂ. കാമം കീഴ്പ്പെട്ടുവരുന്തോറും ആത്മാനന്ദം തെളിഞ്ഞു തെളിഞ്ഞു വരുന്നതാണ്.

## അധ്യായാർഥ സംക്ഷേപം

ജീവിതത്തിന്റെ പരമലക്ഷ്യമായ ബ്രഹ്മസാക്ഷാൽക്കാരത്തിനു ജ്ഞാനയോഗം കർമയോഗം എന്നു രണ്ടു വ്യത്യസ്തോപായങ്ങൾ നിർദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും അർജുനനു കർമയോഗത്തിനേ അധികാരമുള്ളു എന്നാണ് മൂന്നാമധ്യായത്തിൽ ഭഗവാൻ വ്യക്തമാക്കുന്നത്. അർജുനന് അധികാരപ്പെട്ടതായ കർമയോഗം ജ്ഞാനയോഗത്തെക്കാൾ ഒട്ടും മോശമല്ലെന്നു കാണിക്കാൻ യുക്തികളും ദൃഷ്ടാന്തങ്ങളും ഭഗവാൻ തുടർന്നു വിവരിക്കുന്നു. പുറമേ കർമങ്ങളെ ഉപേക്ഷിച്ചതുകൊണ്ടുമാത്രം അതു സന്യാസിയുടെ ജ്ഞാനയോഗമാവുകയില്ല. നിരന്തരമായ വസ്തുവിചാരത്തിനു പാകപ്പെടാത്തയാൾ പുറമേയുള്ള കർമങ്ങളുപേക്ഷിച്ചു സന്യാസം സ്വീകരിക്കുന്നത് കപട സന്യാസമാണ്. പ്രകൃതിഗുണങ്ങളെ പാകപ്പെടുത്തിയിട്ടില്ലാത്തയാൾ സദാ കർമവാസനയുടെ അടിമയായിത്തന്നെ വർത്തിക്കും. പുറമേ കർമങ്ങളുപേക്ഷിച്ചാലും ഉള്ളിൽ വാസനക്കു തക്കവണ്ണം വിഷയങ്ങളെ ധ്യാനിച്ചുകൊണ്ടേയിരിക്കും. മനുഷ്യരെല്ലാം പ്രകൃതിയുടെ അടിമക

digitized by www.sreyas.in

ളാണ്. അതിനാൽ കർമത്തിൽ നിന്നു മോചിക്കാൻ യജ്ഞരൂപേണ കർമമനുഷ്ഠിക്കേണ്ടതാണ്. ഫലസംഗമില്ലാതെ ചെയ്യുന്ന കർമമാണ് യജ്ഞം. സൂര്യ ചന്ദ്രാദി ദേവന്മാർപോലും സദാ യജ്ഞരൂപേണ കർമമനുഷ്ഠിക്കുന്നു. അവരിൽ ദിവ്യഭാവന പുലർത്തി മനുഷ്യരും യജ്ഞരൂപേണ കർമം ചെയ്യേണ്ടതാണ്. ഇതാണു കർമയോഗം. ദൃഢമായ ആത്മനിഷ്ഠ കൈവരുമ്പോൾ മാത്രമേ പ്രകൃതിയിൽ നിന്നു മോചിച്ച് കർമവിമുക്തനാകാൻ കഴിയൂ. ആത്മനിഷ്ഠ കൈവന്നാലും ലോകസംഗ്രഹത്തിനായി കർമമനുഷ്ഠിക്കാവുന്നതാണ്. ജനകനെപ്പോലുള്ള രാജർഷിമാർ കർമയോഗത്തിൽക്കൂടിത്തന്നെ ബ്രഹ്മനിഷ്ഠ നേടുകയും ബ്രഹ്മനിഷ്ഠക്കുശേഷവും ലോകസംഗ്രഹത്തിനായി കർമമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ താൻ തന്നെ ദൃഷ്ടാന്തമാണെന്നും ഭഗവാൻ വെളിപ്പെടുത്തുന്നു. തത്വജ്ഞാനികൾ കർമം ചെയ്താലും അവരതുമായി ബന്ധിച്ചുപോകുന്നില്ല. അവർ ഓരോ ഘട്ടത്തിലുമുള്ള ലൗകികന്മാരോടൊപ്പം കർമം ചെയ്ത് അവർക്കനുയോജ്യമായവിധം കർമയോഗമാർഗം തെളിച്ചുകൊടുക്കുന്നു. അതുകൊണ്ടു ലോക സംഗ്രഹത്തിനുവേണ്ടിയായാലും അർജുനൻ കർമം തന്നെ ചെയ്യണം. ജ്ഞാനിപോലും സ്വപ്രകൃതിക്കനുസരിച്ച് കർമം ചെയ്യാൻ ബാധ്യസ്ഥനായിരിക്കുന്നതിനാൽ പൊടുന്നനേ കർമം ഉപേക്ഷിക്കുന്നത് ഒരിക്കലും പന്തിയല്ല. അതുകൊണ്ട് അർജുനൻ സ്വപ്രകൃതിക്കനുയോജ്യമായ യുദ്ധകർമം യജ്ഞരൂപേണ അനുഷ്ഠിക്കുക തന്നെ വേണം. കർമം ചെയ്യുമ്പോൾ ഇന്ദ്രിയങ്ങളുടേതായ രാഗദ്വേഷങ്ങൾക്കു മനസ്സു വഴിപ്പെടാതെ സൂക്ഷിച്ചാൽ മതി. രജോഗുണത്തിൽനിന്നുണ്ടാകുന്ന കാമവും തൽപ്പരിണാമമായ കോപവുമാണു മനുഷ്യനെക്കൊണ്ട് സകല പാപവും ചെയ്യിക്കുന്നത്. ഇന്ദ്രിയങ്ങളും മനസ്സും ബുദ്ധിയുമാണീ കാമത്തിനിരിപ്പിടം. ആത്മാവ് ബുദ്ധിക്കുമപ്പുറം പരമകാരണമായി വർത്തിക്കുന്നു. ബുദ്ധികൊണ്ട് ഇന്ദ്രിയമനസ്സുകളെ വിഷയങ്ങളിൽനിന്നു പിൻവലിച്ച് ആത്മാവിൽ ഉറപ്പിക്കണം. അതോടെ കാമം വിട്ടുപോകും. ആത്മസത്യം അനുഭവപ്പെടുകയും ചെയ്യും. കർമയോഗനിയമങ്ങൾ പ്രാധാന്യേന ചർച്ചചെയ്തിരിക്കുന്നതുകൊണ്ട് ഈ അധ്യായത്തിനു കർമയോഗമെന്നു പേർ.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുന സംവാദേ*
*കർമയോഗോ നാമ തൃതീയോഽധ്യായഃ*

digitized by www.sreyas.in

അധ്യായം 4

# ജ്ഞാനകർമസന്യാസയോഗം

പുറമേ കർമം ത്യജിച്ചതുകൊണ്ടുമാത്രം ഒരാൾക്കു സന്യാസം അനുഭവപ്പെടുകയില്ല. നേരെമറിച്ചു കർമമനുഷ്ഠിക്കവേ മനസ്സിനെ സംഗമവിമുക്തമാക്കി സമനില ശീലിപ്പിക്കുന്ന ഒരാൾക്കു ക്രമേണ ജ്ഞാനനിഷ്ഠ സാധ്യമായാൽപ്പിന്നെ സദാ ദേഹംകൊണ്ടു കർമം ചെയ്താലും ആ കർമം ബന്ധകാരണമായിത്തീരുന്നില്ല. ഈ കർമയോഗരഹസ്യമാണു മൂന്നാമധ്യായത്തിൽ വിശദമായി വിവരിച്ചത്. ജ്ഞാനം നേടിക്കൊണ്ടുള്ള ആന്തരമായ ഈ കർമസന്യാസം ലോകാരംഭകാലം മുതലേ ഭഗവാൻ പല വിശിഷ്ട വ്യക്തികൾക്കും ഉപദേശിച്ചിട്ടുണ്ടെന്നും അവരതു പ്രാവർത്തികമാക്കിക്കാണിച്ചിട്ടുണ്ടെന്നുമാണ് 'ജ്ഞാനകർമസന്യാസയോഗ'മെന്ന നാലാമധ്യായത്തിന്റെ ആരംഭത്തിൽ പ്രസ്താവിക്കുന്നത്.

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

1. *ഇമം വിവസ്വതേ യോഗം പ്രോക്തവാനഹമവ്യയം*
   *വിവസ്വാന്മനവേ പ്രാഹ മനുരിക്ഷ്വാകവേഽബ്രവീത്*

അവ്യയം - ഒരു തരത്തിലും തെറ്റിപ്പോകാൻ ഇടയില്ലാത്ത; ഇമം യോഗം ഈ യോഗനിയമം; അഹം വിവസ്വതേ പ്രോക്തവാൻ - ഞാൻ ലോകാരംഭകാലത്തുതന്നെ സൂര്യനുപദേശിച്ചു; വിവസ്വാൻ മനവേ പ്രാഹ - സൂര്യൻ സ്വപുത്രനായ മനുവിനുപദേശിച്ചു; മനുഃ ഇക്ഷ്വാകവേ അബ്രവീത് - മനു തന്റെ പുത്രനായ ഇക്ഷ്വാകുവിനുപദേശിച്ചു.

digitized by www.sreyas.in

ഒരുതരത്തിലും തെറ്റിപ്പോകാനിടയില്ലാത്ത ഈ യോഗനിയമം ഞാൻ ലോകാരംഭകാലത്തുതന്നെ സൂര്യനുപദേശിച്ചു. സൂര്യൻ സ്വപുത്രനായ മനുവിനുപദേശിച്ചു. മനു തന്റെ പുത്രനായ ഇക്ഷ്വാകുവിനുപദേശിച്ചു.

## വിവസ്വാൻ, മനു, ഇക്ഷ്വാകു

ബ്രഹ്മാവിന്റെ മാനസപുത്രനായ **മരീചി**. മരീചിയുടെ പുത്രൻ കശ്യപനു ദക്ഷപുത്രിയായ **അദിതിയിൽ** ജനിച്ച പുത്രനാണ് **ആദിത്യൻ** അഥവാ വിവസ്വാൻ. വിവസ്വാന്റെ പുത്രനാണു മനുഷ്യവംശത്തിന്റെ പിതാമഹനായ മനു. മനുവിൽനിന്ന് ആരംഭിച്ചവരാണു മനുഷ്യർ. മനുവിന്റെ പേര് ശ്രാദ്ധദേവൻ എന്നായിരുന്നു. ശ്രാദ്ധദേവമനുവിനു ശ്രദ്ധാദേവിയിൽ ജനിച്ച പുത്രനാണു സൂര്യവംശത്തിലെ ആദി പുരുഷനായ ഇക്ഷ്വാകു. ഭഗവാനുപദേശിച്ച കർമയോഗം അണുപോലും തെറ്റാതെ അനുഷ്ഠിക്കുന്ന ദേവനാണല്ലോ ആദിത്യൻ. ആരിൽനിന്നും ഒരു പ്രതിഫലവും കൊതിക്കാതെ ലോകത്തിനു വെളിച്ചവും ചൂടും നൽകുകയെന്ന സ്വധർമം ഇന്നും അദ്ദേഹം നിർവഹിച്ചുകൊണ്ടേയിരിക്കുന്നു. ആദിത്യനിൽനിന്നു പരമ്പരയായി മനുവിനും ഇക്ഷ്വാകുവിനും കർമയോഗസിദ്ധാന്തം പകർന്നുകിട്ടിയതു നിമിത്തം അവരും ധീരതയോടെ സ്വധർമമനുഷ്ഠിച്ചുകൊണ്ടുതന്നെ സത്യം കണ്ടെത്തിയതായിട്ടാണു പുരാണങ്ങൾ ഘോഷിക്കുന്നത്.

മനുവും ഇക്ഷ്വാകുവും മാത്രമല്ല മറ്റനേകം രാജർഷിമാരും കർമയോഗം പരിശീലിച്ചു ജീവിതം ധന്യമാക്കിയിട്ടുണ്ടെന്നും എന്നാൽ കാലംകൊണ്ടു മങ്ങിപ്പോയ ആ ജീവിതപഥം ഒരിക്കൽക്കൂടി തെളിക്കാനാണ് ഇപ്പോൾ അർജുനനുപദേശിക്കുന്നതെന്നും ഭഗവാൻ വെളിപ്പെടുത്തുന്നു:

*2. ഏവം പരമ്പരാപ്രാപ്തമിമം രാജർഷയോ വിദുഃ*
*സ കാലേനേഹ മഹതാ യോഗോ നഷ്ടഃ പരന്തപ*

പരന്തപ – അല്ലയോ അർജുനാ, ഏവം പരമ്പരാപ്രാപ്തം – ഇപ്രകാരം പരമ്പരയായി കിട്ടിക്കൊണ്ടിരിക്കുന്ന; ഇമം – ഈ കർമയോഗം; രാജർഷയഃ വിദുഃ – പല രാജർഷിമാരും നല്ലവണ്ണം അറിഞ്ഞിരുന്നു; സഃ യോഗഃ – ആ കർമയോഗം; മഹതാ കാലേന ഇഹനഷ്ടഃ – കാലം നീണ്ടുപോയതോടെ ആ ലോകത്തിൽ മങ്ങിപ്പോയിരിക്കുന്നു.

അല്ലയോ അർജുനാ, ഇപ്രകാരം പരമ്പരയായി കിട്ടിക്കൊണ്ടിരുന്ന ഈ കർമയോഗം പല രാജർഷിമാരും നല്ലവണ്ണം അറിഞ്ഞിരുന്നു. ആ കർമയോഗം കാലം നീണ്ടുപോയതോടെ ആ ലോകത്തിൽ മങ്ങിപ്പോയിരിക്കുന്നു.

digitized by www.sreyas.in

*യോഗോ നഷ്ടഃ*

മനുവംശത്തിലെ നിമി, ജനകൻ, പ്രിയവ്രതൻ, നാഭി, ഋഷഭൻ തുടങ്ങിയ അനേകം രാജാക്കന്മാർ ധീരമായി സ്വധർമമനുഷ്ഠിച്ചുകൊണ്ടുതന്നെ കർമയോഗത്തിൽക്കൂടി ആത്മസാക്ഷാൽക്കാരം നേടിയവരാണ്. ഈ യോഗം തെറ്റിദ്ധരിക്കപ്പെട്ടു കാലാന്തരത്തിൽ മങ്ങിപ്പോവുക സ്വാഭാവികമാണ്. ഗൃഹസ്ഥന്മാർക്കു ജ്ഞാനലാഭം അസാധ്യമാണെന്ന് എങ്ങനെയോ ഒരു ധാരണ ഇടക്കാലത്തു ഭാരതീയരെ ഗ്രസിക്കാനിടയായി. ആ ധാരണയാണ് ഏറെക്കുറെ അപക്വമായ സന്ന്യാസത്തിലേക്കും സമൂഹത്തിന്റെ പതനത്തിലേക്കും വഴിതെളിച്ചത്. വാസ്തവമാലോചിച്ചാൽ ഉപനിഷത്കാലത്തിലും ഇതിഹാസപുരാണകാലങ്ങളിലും സത്യം ഗാഢമായി തിരയുകയും കണ്ടെത്തുകയും ചെയ്തവർ അധികവും ഗൃഹസ്ഥന്മാരായിരുന്നു. ബൃഹദാരണ്യകോപനിഷത്തിലെ യാജ്ഞവൽക്യൻ രണ്ടു വിവാഹം കഴിച്ച് ലോകജീവിതം നയിച്ച മഹാഗൃഹസ്ഥനായിരുന്നു. ഗൃഹസ്ഥജീവിതം നയിക്കവേ തന്നെ അദ്ദേഹം പൂർണമായ ആത്മാനുഭവം നേടി. അങ്ങനെ ഒടുവിൽ വിദ്വത്സന്ന്യാസം സ്വീകരിച്ചു എന്നാണു പ്രസിദ്ധി. രാമായണാദി ഇതിഹാസങ്ങളിലും പുരാണങ്ങളിലും പ്രസിദ്ധന്മാരായിത്തീർന്നിട്ടുള്ള മുനിമാരിൽ പലരും പുത്രപൗത്രന്മാരുൾപ്പെട്ട വലിയ കുടുംബങ്ങളുടെ അധിപന്മാരായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. എന്തിനേറെ, നമ്മുടെ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ തന്നെയും മഹാഗൃഹസ്ഥന്മാരല്ലേ? ഇങ്ങനെ ഏതു ഗൃഹസ്ഥനും കർമയോഗത്തിൽക്കൂടി സത്യാനുഭവം സുഗമമായിരിക്കേ കാലാകാലങ്ങളിൽ അതിനെതിരായി സംഭവിക്കുന്ന പ്രചരണങ്ങളെ ചൂണ്ടിക്കൊണ്ടുതന്നെയാണു ഭഗവാൻ 'യോഗാനഷ്ടഃ' എന്നു പ്രസ്താവിച്ചിരിക്കുന്നത്. അങ്ങനെ കർമയോഗത്തിനു മങ്ങൽ തട്ടിയും അപക്വമായ ബാഹ്യസന്ന്യാസം പ്രചരിച്ചും അധർമം മൂക്കുമ്പോഴാണ് താൻ അവതരിക്കുന്നതെന്നും ഇവിടെ ഭഗവാൻ സൂചിപ്പിച്ചിരിക്കുന്നു.

ഇപ്പോൾ ആ യോഗം പുനരുദ്ധരിക്കാനായിട്ടാണു താൻ അത് അർജുനനുപദേശിക്കുന്നതെന്നാണു ഭഗവാൻ തുടർന്നു പറയുന്നത്:

*3. സ ഏവായം മയാ തേഽദ്യ യോഗഃ പ്രോക്തഃ പുരാതനഃ*
*ഭക്തോഽസി മേ സഖാ ചേതി രഹസ്യം ഹ്യേതദുത്തമം*

മേ ഭക്തഃ - നീ എന്റെ ഭക്തനും; സഖാ ച അസി - സഖാവും ആണ്; ഇതി - എന്നു കരുതി; പുരാതനഃ - പണ്ടേ വെളിപ്പെടുത്തിയിട്ടുള്ള; സഃ ഏവ അയം

digitized by www.sreyas.in

യോഗഃ - ആ ഈ യോഗം തന്നെ; മയാ - എന്നാൽ; അദ്യ തേ - ഇപ്പോൾ നിനക്ക്; പ്രോക്തഃ - ഉപദേശിക്കപ്പെട്ടു; ഹി - എന്തെന്നാൽ; ഏതത് - ഈ യോഗം; ഉത്തമം രഹസ്യം - **അത്യുത്തമമായ ജീ**വിത രഹസ്യമാണ്.

നീ എന്റെ ഭക്തനും സഖാവുമാണ് എന്നു കരുതി പണ്ടേ വെളിപ്പെടുത്തിയിട്ടുള്ള ആ ഈ യോഗം തന്നെ **എന്നാൽ ഇ**പ്പോൾ നിനക്ക് ഉപദേശിക്കപ്പെട്ടു. എന്തെന്നാൽ **ഈ യോഗം അത്യുത്തമമായ ജീ**വിത രഹസ്യമാണ്.

## *ഭക്തോഽസി മേ സഖാ ച*

ആത്മാവായി **വർത്തിക്കുന്ന** ഈശ്വരനെ കാണാൻ കൊതിക്കുകയും ഭഗവാനെ **ജീവിതത്തിൽ സദാ** കൂട്ടുപിടിക്കുകയും ചെയ്യുന്ന ഒരാൾക്കേ ഈ യോഗരഹസ്യം **മനസ്സിലാവൂ**. ഭഗവാനെ മറന്നു ഭോഗൈശ്വര്യ പ്രസക്തന്മാരായിത്തീരുന്നവർക്കു യോഗബുദ്ധി സാധ്യമേയല്ലെന്നു രണ്ടാമധ്യായത്തിൽത്തന്നെ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ.

ഭഗവന്മാഹാത്മ്യം വേണ്ടവണ്ണം ഗ്രഹിക്കാൻ കഴിയാതിരുന്ന അർജുനന് ഈ അടുത്ത കാലത്തു വസുദേവ പുത്രനായി ജനിച്ച കൃഷ്ണൻ ലോകാരംഭത്തിൽ വിവസ്വാനു യോഗമുപദേശിച്ചതെങ്ങനെയെന്നു സംശയമായി. ആ സംശയം അർജുനൻ ഭഗവാനോടു ചോദിക്കുന്നു.

അർജുന ഉവാച - അർജുനൻ പറഞ്ഞു:

4. *അപരം ഭവതോ ജന്മ പരം ജന്മ വിവസ്വതഃ*
*കഥമേതദ്വിജാനീയാം ത്വമാദൗ പ്രോക്തവാനിതി*

ഭവതഃ ജന്മ - അങ്ങയുടെ ജനനം; അപരം - ഈ അടുത്ത കാലത്തുണ്ടായത്; വിവസ്വതഃ ജന്മ പരം - സൂര്യന്റെ ജനനം ലോകാരംഭത്തിലുള്ളത്; ത്വം ആദൗ - അങ്ങ് ലോകാരംഭത്തിൽത്തന്നെ; ഏതത് പ്രോക്തവാൻ ഇതി - ഈ യോഗം വിവസ്വാനുപദേശിച്ചു എന്ന്; കഥം വിജാനീയാം - ഞാൻ എങ്ങനെ വിശ്വസിക്കും?

അങ്ങയുടെ ജനനം ഈ അടുത്തകാലത്തുണ്ടായത്; സൂര്യന്റെ ജനനം ലോകാരംഭത്തിലുള്ളത്. അങ്ങു ലോകാരംഭത്തിൽത്തന്നെ ഈ യോഗം വിവസ്വാനുപദേശിച്ചു എന്നു ഞാൻ എങ്ങനെ വിശ്വസിക്കും?

തന്നെ വെറുമൊരു കൂട്ടുകാരനായി കരുതിയിരിക്കുന്ന അർജുനനു തന്റെ സർവജ്ഞത്വവും സർവേശ്വരത്വവും വെളിപ്പെടുത്തിക്കൊടുക്കാൻ വേണ്ടിയാണു താൻ തന്നെ ഈ യോഗം സൂര്യനുപദേശിച്ചിട്ടുണ്ടെന്നു

digitized by www.sreyas.in

പ്രസ്താവിച്ചത്. തുടർന്നു തന്റെ യാഥാർഥ്യം വെളിപ്പെടുത്തിക്കൊണ്ടു ഭഗവാൻ അർജുനന്റെ സംശയത്തിനു മറുപടി നൽകുന്നു:

*5. ബഹൂനി മേ വ്യതീതാനി ജന്മാനി തവ ചാർജുന*
*താന്യഹം വേദ സർവാണി ന ത്വം വേത്ഥ പരന്തപ*

**അർജുന - അല്ലയോ അർജുനാ; മേ തവ ച - എനിക്കും നിനക്കും; ബഹൂനി ജന്മാനി വ്യതീതാനി - അനേക ജന്മങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. താനി സർവാണി - എന്റെയും നിന്റെയും ആ ജന്മങ്ങളെല്ലാം; അഹം വേദ - ഞാൻ അറിയുന്നു; പരന്തപ - പരാക്രമിയായ അല്ലയോ അർജുന; ത്വം ന വേത്ഥ - നീ അറിയുന്നില്ല.**

**അല്ലയോ അർജുനാ, എനിക്കും നിനക്കും അനേകജന്മങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. എന്റെയും നിന്റെയും ആ ജന്മങ്ങളെല്ലാം ഞാൻ അറിയുന്നു. പരാക്രമിയായ അല്ലയോ അർജുന, നീ അറിയുന്നില്ല.**

## *അഹം വേദ*

ഇവിടെ ഇല്ലാത്തതൊന്നും പുതുതായുണ്ടാകുന്നില്ല; ഉള്ളതൊന്നും നശിച്ചുപോകുന്നുമില്ല. വസ്തുവിൽ മാറിമാറി നാമരൂപങ്ങൾ ആവിർഭവിക്കുകയും മറയുകയും ചെയ്യുന്നതിനെയാണു ജനനമരണങ്ങളെന്നു വ്യവഹരിച്ചുപോരുന്നത്. ഇന്ന് എന്തെങ്കിലും ഒരു രൂപത്തിൽ നിലവിലുണ്ടെങ്കിൽ ഇന്നലെ അതു മറ്റൊരു രൂപത്തിൽ നിലവിലുണ്ടായിരുന്നതായിരിക്കും; നാളെ ഏതെങ്കിലും രൂപത്തിൽ അതു നിലവിലുണ്ടായിരിക്കുകയും ചെയ്യും. ഇന്നൊരു മനുഷ്യവ്യക്തിയുണ്ടെങ്കിൽ ജനിക്കുന്നതിനു മുമ്പും ആ വ്യക്തി ഏതെങ്കിലും രൂപത്തിൽ ഉണ്ടായിരുന്നിരിക്കും; മരണത്തിനു ശേഷവും ഏതെങ്കിലും രൂപത്തിൽ ഉണ്ടായിരിക്കുകയും ചെയ്യും. പൂർവജന്മപുനർജന്മ സിദ്ധാന്തങ്ങൾക്കടിസ്ഥാനമായ ശാസ്ത്രതത്ത്വമിതാണ്. പരമാത്മതത്ത്വം സാക്ഷാൽക്കരിച്ച ജ്ഞാനികൾക്കാകട്ടെ വേണമെങ്കിൽ ഏതൊരാളിന്റെയും കഴിഞ്ഞുപോയ ജന്മങ്ങൾ ധ്യാനവേളയിൽ പ്രത്യക്ഷമായി കണ്ടറിയാൻ പ്രയാസവുമില്ല. പൂർവജന്മജ്ഞാനമുണ്ടാകാനുള്ള സാധനാക്രമങ്ങൾ ശാസ്ത്രഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്. അതഭ്യസിക്കുന്നവർക്കു ജ്ഞാനലാഭത്തിനു മുമ്പുപോലും ഈ കഴിവു നേടിയെടുക്കാവുന്നതേയുള്ളു. സർവജ്ഞനായ ഭഗവാൻ ജ്ഞാനിയുടെ ദിവ്യമായ ഈ കഴിവിന്റെ നേരെ വിരൽ ചൂണ്ടുകയാണ് ''താന്യഹം വേദ സർവാണി" എന്ന ഭാഗംകൊണ്ട്. അവതാരപുരു

digitized by www.sreyas.in

ഷനായ ഭഗവാൻ സർവജ്ഞനും സർവവിത്തുമാണെന്നു പറയേണ്ടതില്ല ല്ലോ.

സർവജ്ഞനും സർവവിത്തുമായ ഭഗവാനു പൂർവജന്മ പുനർജന്മ ങ്ങളെ അറിയാൻ കഴിയുമെന്നു മാത്രമല്ല വേണമെന്നുള്ളപ്പോഴൊക്കെ തന്റെ സ്വരൂപാനുഭവത്തിനൊരു കേടുംവരാതെ ഒരു നടനെപ്പോലെ ഏതു രൂപവും അംഗീകരിച്ചു പ്രപഞ്ചനാടകങ്ങളിൽ അഭിനയിക്കാനും കഴിയുമെന്നാണ് ആറാം പദ്യംകൊണ്ടു വെളിപ്പെടുത്തുന്നത്.

6. *അജോഽപി സന്നവ്യയാത്മാ ഭൂതാനാമീശ്വരോഽപി സൻ*
*പ്രകൃതിം സ്വാമധിഷ്ഠായ സംഭവാമ്യാത്മമായയാ*

അജഃ അപി സൻ - ജനിക്കാത്തവനാണെങ്കിലും; അവ്യയാത്മാ അപിസൻ - ഒരിക്കലും സ്വരൂപത്തിനു കൂടുതൽ കുറവു സംഭവിക്കാത്തവനാണെങ്കിലും; ഭൂതാനാം ഈശ്വരഃ അപി സൻ - സർവപ്രപഞ്ചഘടകങ്ങളുടെയും ഉള്ളിലി രുന്ന് അവയെ നിയന്ത്രിക്കുന്നവനാണെങ്കിലും; സ്വാം പ്രകൃതിം - സ്വന്തം ശക്തിയെ; അധിഷ്ഠായ - സ്വതന്ത്രമായി അവലംബിച്ച്; ആത്മമായയാ - ആത്മാവിൽ മായകൊണ്ട്; സംഭവാമി - ജനിച്ചവനായി ഭവിക്കുന്നു.

ജനിക്കാത്തവനാണെങ്കിലും ഒരിക്കലും സ്വരൂപത്തിനു കൂടുതലോ കുറവോ സംഭവിക്കാത്തവനാണെങ്കിലും സർവപ്രപഞ്ചഘടകങ്ങളുടെയും ഉള്ളിലിരുന്ന് അവയെ നിയന്ത്രിക്കുന്നവനാണെങ്കിലും സ്വന്തം ശക്തിയെ സ്വതന്ത്രമായി അവലംബിച്ച് ആത്മാവിൽ മായകൊണ്ടു ജനിച്ചവനായി ഭവി ക്കുന്നു.

## *ആത്മമായയാ സംഭവാമി*

പ്രഥമ ശ്രവണത്തിൽ ഈ പദ്യത്തിന്റെ ആശയത്തിൽ ഒട്ടേറെ പരസ്പ രവൈരുധ്യമുണ്ടെന്നു തോന്നാം. 'ആത്മമായയാ' എന്ന പദം അതിനെല്ലാ മുള്ള സമാധാനമാണ്. ജനിക്കാത്തയാൾ എങ്ങനെ ജനിച്ചു? സ്വരൂപത്തി നൊരു 'കൂടുതൽ കുറവു' സംഭവിക്കാത്തയാൾ എങ്ങനെ ജനിച്ചു? അജനും അവ്യയനുമായ ആൾ ജനിക്കണമെങ്കിൽ മായകൊണ്ടല്ലാതെ സാധ്യമല്ല. അതായതു ജനിക്കാതെയും കൂടുതൽ കുറവു വരാതെയും ജനിച്ചവനെ പ്പോലെ തോന്നിച്ചു എന്നു താൽപ്പര്യം. അതെങ്ങനെ? തന്നിൽത്തന്നെയുള്ള ശക്തിയെ അവലംബിച്ചുള്ള തന്റെ ജന്നം ലോകത്തു കാണപ്പെടുന്നതു പോലെ ഒരു വിധത്തിലും പദാർഥപരിണാമമല്ല; കേവലം മായാവിവർത്തമാ ണെന്നത്രേ ഭഗവാന്റെ പ്രഖ്യാപനം. സത്യമായി ജനിച്ചു എന്നുവന്നാൽ ഭഗ

digitized by www.sreyas.in

വാന്റെ അജത്വവും അമൃതത്വവുമെല്ലാം അതോടെ അസ്തമിച്ചുപോകുമല്ലോ?

ഇനിയും സകല പ്രപഞ്ചഘടകങ്ങളുടെയും ഉള്ളിലിരുന്നുകൊണ്ട് അവയെ നിയന്ത്രിക്കുന്ന ഈശ്വരനാണു കൃഷ്ണനെങ്കിൽ ഉള്ളിലിരുന്നുകൊണ്ടുതന്നെ നിയന്ത്രിച്ചാൽപ്പോരെ? പിന്നെന്തിനു ജനിച്ചു? അർജുനന്റെ ഈ സംശയത്തിനാണു ഭഗവാൻ ഇനി മറുപടി പറയുന്നത്:

*7. യദാ യദാ ഹി ധർമസ്യ ഗ്ലാനിർഭവതി ഭാരത*
*അഭ്യുത്ഥാനമധർമസ്യ തദാത്മാനം സൃജാമ്യഹം*

ഭാരത - അല്ലയോ അർജുനാ; യദാ യദാ ഹി - ഏതേതു കാലത്തൊക്കെയാണോ; ധർമസ്യ ഗ്ലാനിഃ - ഈശ്വരബുദ്ധി തെളിയുന്ന മട്ടിലുള്ള സ്വധർമാനുഷ്ഠാനത്തിനു മങ്ങലും; അധർമസ്യ അഭ്യുത്ഥാനം - ഭൗതികബുദ്ധി വളരത്തക്കവണ്ണമുള്ള അധർമാനുഷ്ഠാനത്തിന് ആധിക്യവും; ഭവതി - സംഭവിക്കുന്നത്; തദാ - അപ്പോഴൊക്കെ; അഹം ആത്മാനം സൃജാമി - ഞാൻ സ്വതന്ത്രനായി ശരീരം അംഗീകരിക്കുന്നു.

അല്ലയോ അർജുനാ, ഏതേതു കാലത്തൊക്കെയാണോ ഈശ്വരബുദ്ധി തെളിയുന്ന മട്ടിലുള്ള സ്വധർമാനുഷ്ഠാനത്തിനു മങ്ങലും ഭൗതികബുദ്ധി വളരത്തക്കവണ്ണമുള്ള അധർമാനുഷ്ഠാനത്തിന് ആധിക്യവും സംഭവിക്കുന്നത് അപ്പോഴൊക്കെ ഞാൻ സ്വതന്ത്രനായി ശരീരം അംഗീകരിക്കുന്നു.

## ആത്മാനം സൃജാമി

ധർമശബ്ദത്തിനർഥം ജഗത്തിനെ ധരിക്കുന്ന ബ്രഹ്മമെന്നുതന്നെയാണെന്നു നാം ഒന്നാം പദ്യത്തിന്റെ ഭാഷ്യത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ബ്രഹ്മബോധത്തിനു തെളിവു നൽകുന്ന കർമങ്ങളും ധർമമെന്നറിയപ്പെടുന്നു. ബ്രഹ്മസത്യം സകല ജീവികളുടെ ഉള്ളിലും ഈശ്വരനായി വർത്തിക്കുന്നു. എന്നാൽ ഭൗതികദൃശ്യങ്ങളിലും സുഖങ്ങളിലും മോഹിച്ചു മായാബദ്ധരായിത്തീരുന്ന ജീവന്മാർ ആ ഈശ്വരസ്ഥിതി അറിയാതെ അകന്നുപോകാനിടവരുന്നു. അതോടെ ഈശ്വരബോധം തെളിയുന്ന മട്ടിൽ കർമങ്ങളെ സ്വധർമമാക്കി മാറ്റാനും കഴിയാതെ പോകുന്നു. ഇതാണു ധർമത്തിനു വരുന്ന ഗ്ലാനി. ഈശ്വരബോധമോ സ്വധർമാനുഷ്ഠാനമോ ഇല്ലെന്നുവന്നാൽ സ്വാഭാവികമായും പിന്നെ അവശേഷിക്കുന്നതു ഭൗതികമോഹവും ഈശ്വരബുദ്ധിയിൽ നിന്ന് അകന്നകന്നു പോകത്തക്കവണ്ണമുള്ള കർമങ്ങ

digitized by www.sreyas.in

ളുമാണ്. ഇതാണ് അധർമാധിക്യം. ഇങ്ങനെ ധർമഗ്ലാനിയും അധർമാധിക്യവും സംഭവിക്കുമ്പോഴൊക്കെ ഒരു നടൻ വേഷമണിഞ്ഞു രംഗത്തു വരുന്നതുപോലെ ഭഗവാൻ ശരീരം സ്വീകരിച്ചു പ്രപഞ്ചനാടകവേദിയിൽ എത്തിച്ചേരുന്നു. അന്നന്നുള്ള അധർമത്തെ മാറ്റാൻ ഏതുതരം ശരീരമാണോ ആവശ്യം അതായിരിക്കും ഭഗവാൻ അംഗീകരിക്കുക. അതാണ് അവതാരശരീരങ്ങളിൽ വൈവിധ്യം കാണാനുള്ള കാരണം.

ഇങ്ങനെ ഭഗവാൻ അംഗീകരിക്കുന്ന അവതാരശരീരങ്ങളുടെ സ്വധർമങ്ങളെന്തൊക്കെയാണെന്നാണിനി വിവരിക്കുന്നത്:

*8. പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം*
*ധർമസംസ്ഥാപനാർഥായ സംഭവാമി യുഗേ യുഗേ*

സാധൂനാം - ആത്മസാക്ഷാൽക്കാരം ലക്ഷ്യമാക്കി നിഷ്കാമമായ സ്വധർമാചരണത്തിലേർപ്പെട്ടിരിക്കുന്നവർക്ക്; പരിത്രാണായ - എല്ലാവിധ രക്ഷയും ഉറപ്പുവരുത്താനായും; ദുഷ്കൃതാം - ആത്മസത്യം വിസ്മരിച്ചു ഭൗതികകാമങ്ങളിൽ മോഹിച്ചു ദുഷ്കർമങ്ങൾ ചെയ്യുന്നവർക്ക്; വിനാശായ - വിവിധതരത്തിൽ നാശം വരുത്താനായും; ധർമസംസ്ഥാപനാർഥായ - ഈശ്വരബോധവും ഈശ്വരാരാധനാരൂപത്തിലുള്ള കർമാനുഷ്ഠാനവും ലോകത്തു നല്ലപോലെ ഉറപ്പിക്കാനായും; യുഗേ യുഗേ - അതതു കാലങ്ങളിൽ; സംഭവാമി - വ്യക്തമായ രൂപം കൈക്കൊണ്ടു ഞാൻ ആവിർഭവിക്കുന്നു.

ആത്മസാക്ഷാൽക്കാരം ലക്ഷ്യമാക്കി നിഷ്കാമമായ സ്വധർമാചരണത്തിലേർപ്പെട്ടിരിക്കുന്നവർക്ക് എല്ലാവിധ രക്ഷയും ഉറപ്പുവരുത്താനായും ആത്മസത്യം വിസ്മരിച്ചു ഭൗതികകാമങ്ങളിൽ മോഹിച്ചു ദുഷ്കർമങ്ങൾ ചെയ്യുന്നവർക്കു വിവിധതരത്തിൽ നാശം വരുത്താനായും ഈശ്വരബോധവും ഈശ്വരാരാധനാരൂപത്തിലുള്ള കർമാനുഷ്ഠാനവും ലോകത്തു നല്ലപോലെ ഉറപ്പിക്കാനായും അതാതു കാലങ്ങളിൽ വ്യക്തമായ രൂപം കൈക്കൊണ്ടു ഞാൻ ആവിർഭവിക്കുന്നു.

## *അവതാരോദ്ദേശ്യങ്ങൾ*

സാധുരക്ഷണം, ദുഷ്ടനാശനം, സ്വധർമസ്ഥാപനം ഇവയാണു പ്രാധാന്യേന അവതാരോദ്ദേശ്യങ്ങൾ. അംശാവതാരങ്ങളിൽ ഇവയിൽ ചിലതിനു പ്രാധാന്യം കൂടിയും കുറഞ്ഞും ഇരുന്നെന്നുവരാം. ഈ ഉദ്ദേശ്യങ്ങളെല്ലാം തുല്യ പ്രാധാന്യത്തോടെ കാണപ്പെടുന്നതുകൊണ്ടാണു

digitized by www.sreyas.in

കൃഷ്ണൻ പൂർണാവതാരമാണെന്നു ഗണിക്കപ്പെട്ടിരിക്കുന്നത്. ഗീതോപദേശം പോലെയുള്ള ഒരു ധർമസംസ്ഥാപനം മറ്റവതാരങ്ങളിൽ വിരളമായേ കാണാനുണ്ടാവൂ.

മേൽവിവരിച്ച അവതാരരഹസ്യം അറിയുന്നയാൾ മുക്തനായിത്തീരുമെന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

*9. ജന്മ കർമ ച മേ ദിവ്യമേവം യോ വേത്തി തത്വതഃ*
*ത്യക്ത്വാ ദേഹം പുനർജന്മ നൈതി മാമേതി സോഽർജുന*

അർജുന - അല്ലയോ അർജുനാ, മേ - പരമാത്മാവായ എന്റെ; ദിവ്യം ജന്മ കർമ ച - സ്വരൂപാനുഭവം നഷ്ടപ്പെടാതെയുള്ള ജനനവും ധർമസംസ്ഥാപന രൂപമായ കർമവും; യഃ ഏവം തത്വതഃ വേത്തി - ആര് ഇപ്രകാരം വസ്തുസ്ഥിതി ധരിച്ച് മനസ്സിലാക്കുന്നുവോ; സഃ ദേഹം ത്യക്ത്വാ - ആ ജ്ഞാനി ദേഹം വെടിഞ്ഞാൽ; പുനർജന്മ ന ഏതി - വീണ്ടും ജനിക്കാനിടവരുന്നില്ല; മാം ഏതി - ഞാനുമായി ഒന്നായിത്തീരുന്നു.

അല്ലയോ അർജുനാ, പരമാത്മാവായ എന്റെ സ്വരൂപാനുഭവം നഷ്ടപ്പെടാതെയുള്ള ജനനവും ധർമസ്ഥാപനരൂപമായ കർമവും ആര് ഇപ്രകാരം വസ്തുസ്ഥിതി ധരിച്ചു മനസ്സിലാക്കുന്നുവോ ആ ജ്ഞാനി ദേഹം വെടിഞ്ഞാൽ വീണ്ടും ജനിക്കാനിടവരുന്നില്ല; ഞാനുമായി ഒന്നായിത്തീരുന്നു.

## *വേത്തി തത്വതഃ*

അവതാരരഹസ്യം പൂർണമായി ഗ്രഹിക്കാൻ ജഗത്തിന്റെ വസ്തുസ്ഥിതി സ്വാനുഭവപ്പെടുത്തിയ ഒരു ജ്ഞാനിക്കു മാത്രമേ കഴിയൂ. അവനവന്റെ ജനനരഹസ്യംപോലും വസ്തുസ്ഥിതിയറിയാതെ വെളിപ്പെടുകയില്ലെന്നിരിക്കുമ്പോൾ അജ്ഞാനി അവതാരരഹസ്യം അറിയാതിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. ഇവിടെ സച്ചിദാനന്ദഘനമായ പരബ്രഹ്മം മാത്രമേ വസ്തുവായുള്ളുവെന്നും അതിൽ മായ സ്പന്ദിച്ചുണ്ടാകുന്ന വെറും കാഴ്ചകളാണു മറ്റെല്ലാ പ്രപഞ്ചഘടകങ്ങളുമെന്നും ഉള്ള യാഥാർഥ്യം അനുഭവിച്ചറിയുകയാണു തത്വഗ്രഹണം. അപ്പോൾ സ്വന്തം ശക്തിയായ മായയെ സ്പന്ദിപ്പിച്ച് ആശ്ചര്യകരമായ പ്രപഞ്ച പ്രതിഭാസം ഉളവാക്കാൻ കഴിവുള്ള സർവജ്ഞനും സർവശക്തനുമായ പരമാത്മാവിന് അതേ മായയെ സ്വാധീനിച്ചു സ്വരൂപബോധത്തോടെ പിറക്കാൻ എന്താണു പ്രയാസം? സ്വരൂപബോധമില്ലാതെ ജനിച്ചിട്ടു തപസാധനകളിൽക്കൂടി ജ്ഞാനം അനുഭവപ്പെട്ടാൽത്തന്നെയും താൻ പരമാത്മാവാ

digitized by www.sreyas.in

ണെന്നാണ് ഒരു ജ്ഞാനിക്കനുഭവം. താൻ ജനിച്ചിട്ടില്ല; മരിക്കുകയുമില്ല എന്നും അദ്ദേഹം അനുഭവിക്കുന്നു. ഈ അനുഭവം നേടിയ ജ്ഞാനിക്കു പരമാത്മാവിനങ്ങനെ സ്വരൂപത്തിനൊരു കേടും വരാതെ എത്ര എത്ര ശരീരങ്ങൾ വേണമെങ്കിലും കൈക്കൊള്ളാനും കൈവെടിയാനും കഴിയുമെന്നു തെളിയുന്നു. മാത്രമല്ല പ്രപഞ്ചപ്രവർത്തനത്തിൽ അപ്പോഴപ്പോൾ ധർമസംസ്ഥാപനത്തിനായി ഇങ്ങനെ ദിവ്യജന്മങ്ങൾ ഉണ്ടാവുകയെന്നതു മാറ്റമില്ലാത്ത ഒരു നിയമമാണെന്നും തെളിയുന്നു. അവതാരരഹസ്യം അർജുനനു തൽക്കാലം ബോധ്യപ്പെടുന്നില്ലെങ്കിലും തത്വാനുഭവം വന്ന ജ്ഞാനിക്കു ബോധ്യപ്പെട്ടിട്ടുള്ളതാണെന്നു താൽപ്പര്യം. ദേഹം താനല്ലെന്നറിയുന്നതാണു ജ്ഞാനിയുടെ ദേഹത്യാഗം. അതോടെ പരമാത്മാവുമായി ഏകീഭവിച്ചു സംസാരബന്ധം അവസാനിക്കുകയും ചെയ്യുന്നു.

അവതാരരഹസ്യം ജ്ഞാനിക്കറിയാൻ കഴിയുമെന്നും അങ്ങനെയുള്ള ജ്ഞാനി പരമാത്മാവുമായി ഏകീഭവിക്കുമെന്നും പറഞ്ഞുവല്ലോ. ഇത്തരം ജ്ഞാനികൾ ഇതിനുമുമ്പു ധാരാളമുണ്ടായിട്ടുണ്ടോ എന്നാണു സംശയം. അർജുനനു തോന്നാവുന്ന ഈ സംശയത്തിനാണു ഭഗവാൻ ഇനി മറുപടി പറയുന്നത്:

*10. വീതരാഗഭയക്രോധാ മന്മയാ മാമുപാശ്രിതാഃ*
*ബഹവോ ജ്ഞാനതപസാ പൂതാ മദ്ഭാവമാഗതാഃ*

വീതരാഗഭയക്രോധാഃ - രാഗം, ഭയം, ക്രോധം ഇവയെ പൂർണമായി ഒഴിച്ചുമാറ്റിയവരും; മന്മയാഃ - സദാ ആത്മചിന്തനത്തിൽ മുഴുകി കഴിയുന്നവരും; മാമുപാശ്രിതാഃ - പുറമേയും സർവത്ര എന്നെത്തന്നെ കണ്ടുപാസിക്കുന്നവരുമായ; ബഹവഃ - എത്രയോ പേർ; ജ്ഞാനതപസാ പൂതാഃ - മേൽ വിവരിച്ചപോലുള്ള നിരന്തരമായ ജ്ഞാനനിഷ്ഠകൊണ്ടു അന്തഃകരണ ശുദ്ധി നേടി; മദ്ഭാവം ആഗതാഃ - എന്നോടു ചേർന്ന് ഒന്നായിത്തീർന്നിട്ടുണ്ട്.

രാഗം, ഭയം, ക്രോധം ഇവയെ പൂർണമായി ഒഴിച്ചുമാറ്റിയവരും സദാ ആത്മചിന്തനത്തിൽ മുഴുകി കഴിയുന്നവരും പുറമേയും സർവത്ര എന്നെത്തന്നെ കണ്ടുപാസിക്കുന്നവരുമായ എത്രയോ പേർ മേൽ വിവരിച്ചപോലുള്ള നിരന്തരമായ ജ്ഞാനനിഷ്ഠകൊണ്ട് അന്തക്കരണശുദ്ധി നേടി എന്നോടു ചേർന്ന് ഒന്നായിത്തീർന്നിട്ടുണ്ട്.

## *ജ്ഞാനതപസാ പൂതാഃ*

രാഗഭയക്രോധാദി മനോമാലിന്യങ്ങളാണല്ലോ ആത്മാനുഭവത്തെ തട

digitized by www.sreyas.in

യുന്ന കാര്യങ്ങൾ. ഇവയെ ബലാൽ അമർത്തുകയോ പൊടുന്നനെ ഒഴിച്ചുമാറ്റാൻ ശ്രമിക്കുകയോ ചെയ്യുന്നതുകൊണ്ടു ഫലമില്ല. കാലംകൊണ്ട് ഇവയെ നിപുണമാംവിധം പാകപ്പെടുത്തി ഒഴിച്ചു മാറ്റുന്നതിലാണ് ഒരു ജ്ഞാനതപസ്വിയുടെ സാമർഥ്യം സ്ഥിതിചെയ്യുന്നത്. ആ സാമർഥ്യം നേടാനുള്ള ഉപായങ്ങളാണ് 'മന്മയത്വവും മാമുപാശ്രിതത്വ'വും. ഉള്ളിൽ നിരന്തരമായ ആത്മവിചാരമാണു മന്മയത്വം. പുറമേ എല്ലാറ്റിലും ആത്മസ്വരൂപം ദർശിക്കാനുള്ള ശ്രമമാണു 'മാമുപാശ്രിതത്വം'. ആരംഭത്തിൽ രാഗദ്വേഷാദി മാലിന്യങ്ങളെ ഒഴിച്ചുമാറ്റാൻ പ്രയത്നപൂർവം സാധനകളായി അംഗീകരിക്കപ്പെടുന്ന ഇവ രാഗദ്വേഷാദി മാറിവരുന്തോറും സിദ്ധികളായിത്തീർന്നു ജ്ഞാനതപസ്വിയെ ധന്യനാക്കിത്തീർക്കുന്നു. ഈ ജ്ഞാനതപസ്സുകൊണ്ടു പരിശുദ്ധി നേടിയവർ ഒടുവിൽ പരമാത്മസ്വരൂപമായി ഏകീഭവിക്കുന്നു.

ജ്ഞാനതപസ്വികൾ സത്യസ്വരൂപവുമായി ഏകീഭവിക്കുന്നു. എന്നാൽ ഈശ്വരഭക്തന്മാർക്കൊക്കെ ഈ ഏകീഭാവം വരുന്നതായി കാണുന്നില്ലല്ലോ. എന്താണിതിന്റെ രഹസ്യം? ഈ സംശയത്തിനു നിവാരണമാണടുത്ത പദ്യം:

*11. യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം*
*മമ വർത്മാനുവർത്തന്തേ മനുഷ്യാഃ പാർഥ സർവശഃ*

പാർഥ - അല്ലയോ അർജുനാ; യേ - ആരാരൊക്കെ; യഥാ മാം പ്രപദ്യന്തേ - ഏതേതുവിധം എന്നെ ശരണം പ്രാപിക്കുന്നുവോ; താൻ അവരെയൊക്കെ; തഥാ ഏവ - അതതു വിധം തന്നെ; അഹം ഭജാമി - ഞാൻ അനുഗ്രഹിക്കുന്നു; മനുഷ്യാഃ - എല്ലാ മനുഷ്യരും; സർവശഃ - അണുപോലും തെറ്റാതെ; മമ വർത്മ - ഞാനംഗീകരിച്ചിട്ടുള്ള നിയമത്തെത്തന്നെ; അനുവർത്തന്തേ - അനുസരിച്ചു കഴിഞ്ഞുകൂടുന്നു.

അല്ലയോ അർജുനാ, ആരാരൊക്കെ ഏതേതുവിധം എന്നെ ശരണം പ്രാപിക്കുന്നുവോ അവരെയൊക്കെ അതാതുവിധം തന്നെ ഞാൻ അനുഗ്രഹിക്കുന്നു, എല്ലാ മനുഷ്യരും അണുപോലും തെറ്റാതെ ഞാനംഗീകരിച്ചിട്ടുള്ള നിയമത്തെത്തന്നെ അനുസരിച്ചു കഴിഞ്ഞുകൂടുന്നു.

## *മമ വർത്മാനുവർത്തന്തേ*

പ്രപഞ്ചപ്രവർത്തനത്തിലെ അലംഘനീയമായ ഒരു നിയമമാണു ഭഗവാൻ ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. പരമാത്മാവായ ഭഗവാന് ആരോടും ഒരു പക്ഷപാതവുമില്ല. ആര് എന്തു സങ്കൽപ്പിച്ചു ഭജിക്കുന്നുവോ അവരതിനർഹരായിത്തീരുന്നു എന്നതാണു വസ്തുനിയമം. സങ്കൽപ്പം ഏകാഗ്രത



digitized by www.sreyas.in

കൊണ്ടു പാകപ്പെട്ടാൽ കീർത്തി കൊതിക്കുന്നയാളിനു കീർത്തി, ധനം കൊതിക്കുന്നയാളിനു ധനം, സ്വർഗം കൊതിക്കുന്നയാളിനു സ്വർഗം ഇങ്ങനെ പോകുന്നു ആ നിയമം. നിയമമിതാണെങ്കിൽ ദാരിദ്ര്യം രോഗം മുതലായവ അനുഭവിക്കേണ്ടിവരുന്നതെങ്ങനെ? സങ്കൽപ്പിച്ചുറപ്പിച്ചു കർമം ചെയ്തു നേടുന്നവയാണു കീർത്തിധനാദികൾ. ഈ കർമഫലങ്ങൾ ലഭിച്ചു കഴിയുമ്പോൾ അവ വേണ്ടപോലെ ഉപയോഗിച്ചില്ലെങ്കിൽ വന്നുചേരാവുന്ന അവയിൽത്തന്നെ അടങ്ങിയിരിക്കുന്ന പ്രതികരണങ്ങളാണു രോഗം, ദാരിദ്ര്യം തുടങ്ങിയവ. ലൗകിക സങ്കൽപ്പങ്ങളും, കർമങ്ങളും ഫലാനുഭവങ്ങളും ഇങ്ങനെ സുഖങ്ങളോടൊപ്പം തന്നെ നിയമേന കഠിനങ്ങളായ ദുഃഖപ്രതികരണങ്ങളും ഉൾക്കൊള്ളുന്നവയാണ്. അതുകൊണ്ടാണു ജ്ഞാനതപസ്വികൾ ഈ നിയമം അറിഞ്ഞ് എല്ലാ ലൗകികകാമങ്ങളിൽ നിന്നും വിരക്തി നേടി ബ്രഹ്മസായൂജ്യം കൊതിക്കുന്നത്. ബ്രഹ്മസായൂജ്യത്തിനായി നിശ്ചയദാർഢ്യത്തോടെ യത്നിക്കുന്നവർക്കു ഭഗവാൻ അതു നൽകി അനുഗ്രഹിക്കുന്നു. ആഗ്രഹം എന്തുതന്നെയായാലും അതു ഫലിപ്പിക്കുന്നത് ബോധസ്വരൂപനായ ഭഗവാൻ തന്നെ. ബോധത്തിന്റെ ആശ്രയമില്ലാതെ ആഗ്രഹിക്കാനോ കർമം ചെയ്യാനോ സാധ്യമല്ലല്ലോ. നിരീശ്വരവാദികളുടെ നിരീശ്വരവാദത്തിനുപോലും ശക്തിയും കൊഴുപ്പും നൽകുന്നത് അവരുടെ ആഗ്രഹപ്രകാരം പുറകിൽ നിന്നുകൊണ്ട് ഈശ്വരൻ തന്നെയാണ്. ബോധസ്വരൂപിയായ ഈശ്വരനെ ആശ്രയിക്കാതെ അദ്ദേഹത്തെ നിഷേധിക്കാൻപോലും പറ്റുകയില്ലെന്നു തീർച്ചയാണല്ലോ.

മേൽവിവരിച്ച പ്രപഞ്ചപ്രവർത്തന നിയമം ഭഗവാൻ ഏതുവിധം നടപ്പാക്കുന്നു എന്നാണ് ഇനി അൽപ്പം വിശദമായി പ്രതിപാദിക്കുന്നത്:

*12. കാംക്ഷന്തഃ കർമണാം സിദ്ധിം യജന്ത ഇഹ ദേവതാഃ*
*ക്ഷിപ്രം ഹി മാനുഷേ ലോകേ സിദ്ധിർഭവതി കർമജാ*

ഇഹ കർമണാം സിദ്ധിം കാംക്ഷന്തഃ - ഈ ലോകത്തിൽ കർമം ചെയ്തു പലതും നേടാൻ കൊതിക്കുന്നവർ; ദേവതാഃ യജന്തേ - ആഗ്രഹനിവൃത്തിക്കു സഹായികളെന്നു കരുതുന്ന ദേവതകളെ അവർക്കനുയോജ്യമാംവിധം ആരാധിക്കുന്നു; ഹി - അതിന്റെ ഫലമായി; മാനുഷേ ലോകേ - മനുഷ്യലോകത്തിൽ; ക്ഷിപ്രം കർമജാ സിദ്ധിഃ ഭവതി - ശീഘ്രം കർമജന്യമായ ഫലം ലഭിക്കുകയും ചെയ്യുന്നു.

ഈ ലോകത്തിൽ കർമംചെയ്തു പലതും നേടാൻ കൊതിക്കുന്നവർ ആഗ്രഹനിവൃത്തിക്കു സഹായികളെന്നു കരുതുന്ന ദേവതകളെ അവർക്ക

digitized by www.sreyas.in

നുയോജ്യമാംവിധം ആരാധിക്കുന്നു. അതിന്റെ ഫലമായി മനുഷ്യലോക ത്തിൽ ശീഘ്രം കർമജന്യമായ ഫലം ലഭിക്കുകയും ചെയ്യുന്നു.

## *സിദ്ധിർഭവതി കർമജാ*

ഈ ലോകത്താഗ്രഹിക്കാവുന്ന എന്തും സങ്കൽപ്പദാർഢ്യം കൊണ്ടും തദനുസരണമായ കർമംകൊണ്ടും നേടിയെടുക്കാവുന്നതേയുള്ളു. ചിലർ ദേവതമാരെ ആരാധിച്ച് പല ലോകകാമങ്ങൾക്കുമായി യത്നിക്കുന്നു. ഈ ദേവതമാരുടെ സ്വരൂപം എങ്ങനെ സങ്കൽപ്പിച്ചാലും വേണ്ടില്ല. ആൽ തുട ങ്ങിയ വൃക്ഷങ്ങളെയും പലവിധ ആയുധങ്ങളെയും ദേവതാസങ്കൽപ്പ ത്തോടെ ആരാധിച്ചു പലരും പലതും നേടാൻ കൊതിക്കുന്നതു കാണ്മാ നുണ്ട്. ദേവതാ സങ്കൽപ്പങ്ങളിൽ വിശ്വാസമില്ലാത്തവർ അറിഞ്ഞോ അറി യാതെയോ സ്വന്തം ആത്മാവായ ദേവതയെ ആശ്രയിച്ചു സങ്കൽപ്പങ്ങൾക്കു ദാർഢ്യം നൽകി പലതും നേടാൻ യത്നിക്കുന്നു. ആരെങ്ങനെ ഭജിച്ചാലും സങ്കൽപ്പത്തിനു ദാർഢ്യവും കർമകുശലതയും ഉണ്ടെങ്കിൽ ഫലം സുനിശ്ചി തമാണ്. ഇന്നല്ലെങ്കിൽ നാളെ; ഈ ജന്മത്തിലല്ലെങ്കിൽ അടുത്ത ജന്മത്തിൽ. മനുഷ്യലോകത്തിലെ നേട്ടങ്ങൾക്ക് അതിൽ കവിഞ്ഞൊന്നും കാത്തിരിക്കേ ണ്ടിവരില്ല. കുട്ടിക്കാലത്തുതന്നെ ചിലരിൽ കാണുന്ന അദ്ഭുതകരങ്ങളായ കഴിവുകൾ ഈ നിയമം പ്രവർത്തിക്കുന്നതിന്റെ തെളിവുകളാണ്. ഈ ജന്മ ത്തിൽത്തന്നെ നിശ്ചയദാർഢ്യത്തോടെ പലരും പലതും നേടുന്നതു കാണു ന്നുമുണ്ടല്ലോ. ഏതു ദേവതാസങ്കൽപ്പത്തോടെ ഭജിച്ചാലും സിദ്ധിക്കു രൂപം നൽകുന്നത് സർവജ്ഞനും ബോധസ്വരൂപനുമായ പരമാത്മാവു തന്നെയാണ്. ഏഴാമധ്യായത്തിലെ ഇരുപത്തൊന്നാം ശ്ലോകത്തിൽ ഭഗവാൻ ഇക്കാര്യം വ്യക്തമായിത്തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അറിഞ്ഞോ അറിയാ തെയോ ആര് ഏത് രൂപത്തിൽ ഭജിച്ചാലും അവരവരുടെ അഭീഷ്ടം പരമാ ത്മാവായ ഭഗവാൻതന്നെ സാധിച്ചുകൊടുക്കുന്നു. കർമഫലം വേണമെന്നു ള്ളവർക്കു കർമഫലം; ഭഗവത്സ്വരൂപവുമായി ഏകീഭാവം വേണമെന്നുള്ള വർക്ക് ഏകീഭാവം.

വേദങ്ങളിലും ഇതിഹാസപുരാണങ്ങളിലും കർമശാസ്ത്ര ഗ്രന്ഥങ്ങ ളിലും മനുഷ്യരെ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ നാലു വർണങ്ങളായി വേർതിരിച്ചിരിക്കുന്നതു കാണ്മാനുണ്ടല്ലോ. നാലു വർണങ്ങൾക്കും പ്രത്യേകം പ്രത്യേകം കർമങ്ങളും അനുഷ്ഠാനങ്ങളും നിർദേശിക്കപ്പെട്ടിട്ടുമുണ്ട്. ഓരോരുത്തരും പരമാത്മാവിനെ ആശ്രയിച്ച് അവ

digitized by www.sreyas.in

രവരുടെ അഭീഷ്ടം നേടുന്നു എന്നതാണു പ്രപഞ്ചപ്രവർത്തന നിയമമെങ്കിൽ ഈ വർണവിഭജനത്തിന്റെ പൊരുളെന്ത്? ഈ സംശയത്തിനുത്തരമാണ് അടുത്ത പദ്യം. ചാതുർവർണ്യം നിലവിൽ വരാനും അതില്ലാതാകാനുമുള്ള ഹേതുവും മേൽ വിവരിച്ച പ്രപഞ്ചം പ്രവർത്തനനിമയം തന്നെയാണെന്നത്രേ ഭഗവാന്റെ പ്രഖ്യാപനം:

*13. ചാതുർവർണ്യ മയാ സൃഷ്ടം ഗുണകർമവിഭാഗശഃ*
*തസ്യ കർതാരമപി മാം വിദ്ധ്യകർതാരമവ്യയം*

ഗുണകർമവിഭാഗശഃ – അവരവരുട പ്രകൃതിഗുണങ്ങളെയും കർമങ്ങളെയും കണക്കിലെടുത്ത്; മയാ ചാതുർവർണ്യം സൃഷ്ടം – എന്നാൽ ചാതുർവർണ്യത്തിനു രൂപം നൽകപ്പെട്ടിട്ടുണ്ട്; മാം – എന്നെ; തസ്യ – അവരവരുടെ ഗുണകർമഭേദമനുസരിച്ചു ചാതുർവർണ്യത്തിന്റെ; കർതാരം വിദ്ധി – കർത്താവാണെന്നറിയൂ; അവ്യയം അകർതാരം അപി – ഒരഴിവുമില്ലാതെ നിന്നുകൊണ്ട് ഓരോരുത്തരുടെ ആഗ്രഹമനുസരിച്ച് അതിനെ മാറ്റി മറിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നവനായും; (വിദ്ധി) – അറിയൂ.

അവരവരുടെ പ്രകൃതിഗുണങ്ങളെയും കർമങ്ങളെയും കണക്കിലെടുത്ത് എന്നാൽ ചാതുർവർണ്യത്തിനു രൂപം നൽകപ്പെട്ടിട്ടുണ്ട്. എന്നെ അവരവരുടെ ഗുണകർമഭേദമനുസരിച്ച് ചാതുർവർണ്യത്തിന്റെ കർത്താവാണെന്നറിയൂ. ഒരഴിവുമില്ലാതെ നിന്നുകൊണ്ട് ഓരോരുത്തരുടെ ആഗ്രഹമനുസരിച്ച് അതിനെ മാറ്റി മറിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നവനായും എന്നെ അറിയൂ.

## ചാതുർവർണ്യരഹസ്യം

കാര്യമറിയാതെ ഒട്ടേറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതും വിമർശന വിധേയമായിട്ടുള്ളതുമായ ഒന്നാണ് ഇന്ന് ചാതുർവർണ്യനിയമം. എല്ലാ തെറ്റിദ്ധാരണകളെയും വിമർശനങ്ങളെയും അകറ്റാൻ കഴിവുള്ളതാണു ഭഗവാന്റെ ഈ പ്രഖ്യാപനം. സകലരും പ്രകൃതിഗുണങ്ങൾക്കടിമകളാണെന്നും ഓരോരുത്തരും അവരവരുടെ ഗുണഘടനക്കനുസരിച്ച് അവശരായി കർമം ചെയ്യുകയാണെന്നും നേരത്തേതന്നെ പലതവണ വ്യക്തമാക്കിയിട്ടുണ്ട്. ഗുണകർമങ്ങൾക്കനുസരണമായി ഓരോരുത്തരുടെയും ആഗ്രഹങ്ങളെ ഫലിപ്പിക്കുക മാത്രമാണു ഭഗവാന്റെ കൃത്യം. മനുഷ്യവർഗം നാലു വർണങ്ങളിലായി വേർതിരിയുന്നതും ഈ ഗുണകർമങ്ങളുടെ അടിസ്ഥാനത്തിലാണത്രേ ഗീതയുടെ പ്രഖ്യാപനം. വർണനിയമത്തിനടിസ്ഥാനം ജന്മം മാത്രമാണെന്ന

digitized by www.sreyas.in

ധാരണയെ ഭഗവാൻ ഇവിടെ പാടേ നിഷേധിച്ചിരിക്കുകയാണ്. വർണനിയമത്തിൽ ജന്മത്തിനു സ്ഥാനം കൊടുക്കണമെന്നുണ്ടായിരുന്നെങ്കിൽ വൃത്തഭേദമൊന്നും വരാതെ തന്നെ "ഗുണകർമവിഭാഗശഃ" എന്ന പദം "ജന്മകർമവിഭാഗശഃ" എന്നു മാറ്റി രചിക്കാമായിരുന്നു. അപ്പോൾ വർണ നിയമം അലംഘനീയമായ പ്രപഞ്ച പ്രവർത്തന നിയമത്തെ ആസ്പദമാക്കിയുള്ള ഒരു വസ്തുസ്ഥിതികനം മാത്രമാണ്. ഇതു വേണമെന്നോ വേണ്ടെന്നോ വയ്ക്കാൻ അവനവന്റെ ഗുണകർമങ്ങൾക്കും അവയ്ക്കനുസരണമായി ഫലം നൽകുന്ന ഭഗവാനും മാത്രമേ സാധ്യമാവൂ. ഇക്കാര്യമാണു ഭഗവാൻ ശ്ലോകത്തിലെ ഉത്തരാർധം കൊണ്ടു വെളിപ്പെടുത്തിയിരിക്കുന്നത്. സത്യാന്വേഷണവും ഈശ്വരാർപ്പണബുദ്ധിയും പുലർത്തി യജ്ഞരൂപത്തിൽ കർമം ചെയ്യുന്നവർക്കു സാവധാനം ഗുണഘടനയെ മാറ്റിയെടുക്കാനും വേണമെങ്കിൽ പാടേ ഉപേക്ഷിക്കാനും കഴിയുമെന്നും മുമ്പു വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ ഒരേ ജീവിതത്തിൽത്തന്നെ ഒരാൾക്കു ശൂദ്രത്വത്തിൽനിന്നു ബ്രാഹ്മണത്വത്തിലേക്കു ക്രമമായി ഉയരുകയോ ബ്രാഹ്മണത്വത്തിൽനിന്നു ശൂദ്രത്വത്തിലേക്കു പതിക്കുകയോ അതല്ലെങ്കിൽ ഗുണഘടനയെ പാടേ അകറ്റി അതിവർണാശ്രമിയായ സ്ഥിതപ്രജ്ഞനായിത്തീരുകയോ ചെയ്യാം. എന്തായാലും ഗുണഘടനയും തദനുസരണമായ കർമവുമാണ് ഇതിനൊക്കെ നിയാമകമായി വർത്തിക്കുന്ന ഘടകം. ഗുണകർമങ്ങൾക്കനുസരണമായി കർമഫലത്തിനു രൂപം കൊടുക്കുന്നതു ഭഗവാൻ. അപ്പോൾ ഗുണവും കർമവുമനുസരിച്ചു തൽക്കാലം ഒരാൾ ഏതു വർണത്തിലാണെന്നു നിശ്ചയിക്കുന്നതു ഭഗവാനാണ്. അതുകൊണ്ടാണു ചാതുർവർണ്യത്തിന്റെ കർത്താവായി എന്നെ അറിയൂ എന്നു പറഞ്ഞിരിക്കുന്നത്. ഇനി ഗുണകർമങ്ങൾ മാറിവന്നാൽ വർണം മാറ്റുന്നതും ഗുണകർമങ്ങൾ പാടേ ഒഴിഞ്ഞാൽ അതിവർണാശ്രമിയാക്കിത്തീർക്കുന്നതും "യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം" എന്നു പതിനൊന്നാം ശ്ലോകത്തിൽ പ്രഖ്യാപിച്ച നിയമമനുസരിച്ചു ഭഗവാൻ തന്നെയാണ്. അതുകൊണ്ടാണു ചാതുർവർണ്യത്തിന്റെ അകർത്താവും ഞാനാണെന്നറിയൂ എന്നു പറഞ്ഞിരിക്കുന്നത്. ഇവിടത്തെ 'അകർത്യ' ശബ്ദത്തിനു കർമബന്ധമില്ലാത്തവനെന്നല്ല, കർമബന്ധത്തെ മാറ്റി മറിക്കാനോ ഇല്ലാതാക്കാനോ കഴിവുള്ളവൻ എന്നാണർഥം പറയേണ്ടത്. ഓരോരുത്തർക്കും അവരവരുടെ ആഗ്രഹമനുസരിച്ചു കർമഫലമോ കർമവിമുക്തിയോ ഞാൻ നൽകുന്നു എന്നു പതിനൊന്നാം പദ്യത്തിൽ പ്രഖ്യാപിച്ച പ്രപഞ്ചപ്രവർത്തന നിയമത്തിന്റെ വിശദീകരണമാണ് പ്രസ്തുത ശ്ലോകമെന്നോർക്കണം. ചാതുർവർണ്യത്തിന്റെ

digitized by www.sreyas.in

വേർതിരിച്ചുള്ള ഗുണഘടനയും കർമാനുഷ്ഠാനവും പതിനെട്ടാമധ്യായത്തിലെ നാൽപ്പത്തിരണ്ട്, നാൽപ്പത്തിമൂന്ന്, നാൽപ്പത്തിനാല് എന്നീ ശ്ലോകങ്ങളുടെ ഭാഷ്യം നോക്കി വിശദമായി മനസ്സിലാക്കുക.

ചാതുർവർണ്യ നിയമത്തെ ഇല്ലാതാക്കുന്ന അതിന്റെ അകർത്താവും ഭഗവാൻ തന്നെയാണെന്നു പറഞ്ഞുവല്ലോ. ഭഗവാൻ ഒരാൾക്ക് ഈ അതിവർണാശ്രമിത്വം എപ്പോഴാണു നൽകുക? ഈ ചോദ്യത്തിനുത്തരമാണടുത്ത പദ്യം:

*14. ന മാം കർമാണി ലിംപന്തി ന മേ കർമഫലേ സ്പൃഹാ*
*ഇതി മാം യോഽഭിജാനാതി കർമഭിർന സ ബധ്യതേ*

കർമാണി – **കർമങ്ങളൊന്നും; മാം ന ലിംപന്തി** – എനിക്ക് ഒരു കളങ്കവും ഉണ്ടാക്കുന്നില്ല; **മേ – എനിക്ക്;** കർമഫലേ സ്പൃഹാ ന – കർമഫലത്തിൽ ആഗ്രഹമില്ല; **ഇതി മാം – എന്നിങ്ങനെ** എന്റെ യാഥാർഥ്യം; യഃ അഭിജാനാതി – **ആര് അനുഭവിച്ചറിയുന്നുവോ;** സഃ കർമഭിഃ ന ബധ്യതേ – അവൻ കർമങ്ങളാൽ **ബദ്ധനായിത്തീരുന്നില്ല.**

കർമങ്ങളൊന്നും എനിക്ക് ഒരു കളങ്കവും ഉണ്ടാക്കുന്നില്ല; എനിക്കു കർമഫലത്തിൽ ആഗ്രഹമില്ല; എന്നിങ്ങനെ എന്റെ യാഥാർഥ്യം ആര് അനുഭവിച്ചറിയുന്നുവോ അവൻ കർമങ്ങളാൽ ബദ്ധനായിത്തീരുന്നില്ല.

## ജ്ഞാനവും അതിവർണാശ്രമിത്വവും

ജ്ഞാനംകൊണ്ടുള്ള കർമവിമുക്തിയാണ് ഏതു വേദാന്ത ശാസ്ത്ര ഗ്രന്ഥത്തിലെയും പ്രധാന പ്രതിപാദ്യം. ഇടയ്ക്കു കർമത്തെയും പ്രപഞ്ചത്തെയും കുറിച്ചൊക്കെ പ്രതിപാദിക്കുന്നത് തൽക്കാലം വന്നുപോയ കർമത്തെ ക്ഷയിപ്പിച്ചു ജ്ഞാനമാർഗം സുഗമമാക്കാൻ വേണ്ടി മാത്രമാണ്. ഭഗവാന്റെ ദിവ്യമായ ജന്മവും കർമവും ജ്ഞാനതപസ്സുകൊണ്ടറിഞ്ഞു വീതരാഗഭയക്രോധന്മാരായി എത്രയോ പേർ ഭഗവത് സായൂജ്യം പ്രാപിച്ചിട്ടുണ്ടെന്നു പത്താം ശ്ലോകത്തിൽ വെളിപ്പെടുത്തിയിട്ടാണല്ലോ ഭഗവാൻ ഓരോരുത്തർക്കും അഭീഷ്ടം സാധിച്ചുകൊടുക്കുന്നതിന്റെ നിയമം പതിനൊന്നാം പദ്യത്തിൽ പ്രഖ്യാപിച്ചത്. തുടർന്നു ചാതുർവർണ്യവിഭാഗത്തിലും അതിവർണാശ്രമിത്വത്തിലും അതേ നിയമം പ്രവർത്തിക്കുന്നു എന്നു കാണിച്ചു. അപ്പോൾ ഒരുവൻ എങ്ങനെ ഭഗവാനെ സമീപിച്ചാൽ അവനു അതിവർണാശ്രമിത്വം കൊടുക്കും? വസ്തുവിചാരം ചെയ്തു ഭഗവാന്റെ സൂക്ഷ്മതത്വം

digitized by www.sreyas.in

ഗ്രഹിക്കുന്നയാൾക്ക് അതിവർണാശ്രമിത്വം ലഭിക്കും. എന്താണു സൂക്ഷ്മ തത്വം? നിത്യമുക്തനും ബോധാനന്ദസ്വരൂപിയുമായ ഭഗവാങ്കൽ കർമങ്ങളൊന്നും ഒരു കളങ്കവും ചേർക്കുന്നില്ല എന്നതാണു സൂക്ഷ്മതത്വം. ഇതുതന്നെയാണു ജ്ഞാനം. ഈ ജ്ഞാനമുള്ളയാൾക്കു ഭഗവാൻ സ്വസ്വരൂപം തന്നെ നൽകി അയാളെ കർമവിമുക്തനാക്കുന്നു. കർമവിമുക്തി തന്നെയാണ് അതിവർണാശ്രമിത്വം.

ബാഹ്യമായ കർമസന്ന്യാസംകൊണ്ടു ഫലമില്ല. കർമം ചെയ്യവേ തന്നെ യോഗമഭ്യസിച്ചും ജ്ഞാനതപസ്സനുഷ്ഠിച്ചും ആന്തരമായ കർമസന്ന്യാസമാണ് ഒരു കർമയോഗി നേടേണ്ടത്. ധീരന്മാരായ സത്യാന്വേഷികൾ പണ്ടു പണ്ടേ ഈ മാർഗം തന്നെയാണവലംബിച്ചു പോന്നിട്ടുള്ളത്. അതുകൊണ്ട് അർജുനനും ആ മാർഗത്തിൽത്തന്നെ സഞ്ചരിക്കണമെന്നാണു ഭഗവാൻ വീണ്ടും ദൃഢമായി ആവശ്യപ്പെടുന്നത്:

*15. ഏവം ജ്ഞാത്വാ കൃതം കർമ പൂർവൈരപി മുമുക്ഷുഭിഃ*
*കുരു കർമൈവ തസ്മാത് ത്വാ പൂർവൈഃ പൂർവതരം കൃതം*

ഏവം ജ്ഞാത്വാ - ആത്മസ്വരൂപത്തെ കർമം ഒരിക്കലും കളങ്കപ്പെടുത്തുന്നില്ല എന്ന വസ്തുബോധത്തോടെ; പൂർവൈഃ മുമുക്ഷുഭിഃ - പണ്ടുമുതൽ സത്യാന്വേഷികളാൽ; കർമ കൃതം - കർമം അനുഷ്ഠിക്കപ്പെട്ടിട്ടുണ്ട്; തസ്മാത് - അതുകൊണ്ട്; പൂർവൈഃ പൂർവതരം കൃതം - മുൻപുള്ളവരാൽ പണ്ടേ അനുഷ്ഠിക്കപ്പെട്ടുപോന്ന; കർമ ഏവ - കർമയോഗം തന്നെ; ത്വം അപി കുരു - നീയും പിൻതുടരൂ.

ആത്മസ്വരൂപത്തെ കർമം ഒരിക്കലും കളങ്കപ്പെടുത്തുന്നില്ല എന്ന വസ്തുബോധത്തോടെ പണ്ടുമുതൽ സത്യാന്വേഷികളാൽ കർമം അനുഷ്ഠിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു മുൻപുള്ളവരാൽ പണ്ടേ അനുഷ്ഠിക്കപ്പെട്ടുപോന്ന കർമയോഗം തന്നെ നീയും പിൻതുടരൂ.

## *ഏവം ജ്ഞാത്വാ*

ആത്മാവ് നിത്യനിർമമുക്തവും സർവവ്യാപ്തവുമാണ്. അതിൽ കർമം തൽക്കാലത്തേക്കാരോപിച്ചിരിക്കുന്ന ഒരു ഭ്രമം മാത്രമാണു ജീവത്വം. മരക്കുറ്റിയിലെ പിശാചഭ്രമംപോലെ. ധീരമായി അടുത്തു ചെന്നാൽ പിശാചഭ്രമം മാറും. അതുപോലെ വസ്തുവിചാരത്തോടെ കർമയോഗമനുഷ്ഠിച്ചാൽ ജീവിതഭ്രമം മാറും. പ്രപഞ്ചാരംഭം മുതൽ എത്രയോ മഹാത്മാക്കൾ ഇങ്ങനെ കർമയോഗം അഭ്യസിച്ച് ആത്മസ്വരൂപം തെളിച്ചറിഞ്ഞിട്ടുണ്ട്.

digitized by www.sreyas.in

അർജുനനും ആ മാർഗം തന്നെ പിൻതുടരണമെന്നാണു ഭഗവാന്റെ ദൃഢമായ അഭിപ്രായം.

എന്തായാലും അർജുനൻ കർമയോഗമാർഗത്തിൽത്തന്നെ സഞ്ചരിക്കണമെന്ന കാര്യം സുനിശ്ചിതമായി. സ്വന്തം പ്രകൃതിഗുണത്തെ ആശ്രയിച്ചുള്ള കർമമാണു ഫലസംഗം കൂടാതെ അനുഷ്ഠിക്കേണ്ടത്. ആ നിലയിൽ അർജുനന്റെ കർമം യുദ്ധമാണ്. എങ്കിലും കർമത്തെക്കുറിച്ചു വ്യക്തമായ ഒരു നിഗമനം സാധ്യമാകുന്നില്ല. യുദ്ധമാണെങ്കിൽത്തന്നെ ഇവിടെ ഈ യുദ്ധം വേണമോ? യുദ്ധത്തിൽത്തന്നെ ചെയ്യാവുന്നതും ചെയ്യാൻ പാടില്ലാത്തതുമായ കർമങ്ങളുണ്ടായിക്കൂടെ? ഓരോ നിമിഷവുമുള്ള കർമചലനങ്ങളുടെ കാര്യാകാര്യത്വം എങ്ങനെ വേർതിരിക്കാനാണ്? കർമമില്ലാത്ത സ്ഥിതി എവിടെയാണ്? അർജുനമനസ്സിൽ കർമത്തെക്കുറിച്ച് അടിഞ്ഞുകൂടുന്ന ഈ സംശയങ്ങളെ അനുവദിച്ചുകൊടുത്തുകൊണ്ട് ബുദ്ധിമാൻ എങ്ങനെ കർമം ചെയ്യണമെന്നു കാട്ടിക്കൊടുക്കുകയാണ് അടുത്ത മൂന്നു പദ്യങ്ങളിൽ. കർമത്തിന്റെ കാര്യാകാര്യങ്ങളുടെ അന്തിമ വിശകലനം സൂക്ഷ്മബുദ്ധികൾക്കു പോലും അസാധ്യമാണെന്നത്രെ ഭഗവന്മതം:

*16. കിം കർമ കിമകർമേതി കവയോഽപ്യത്ര മോഹിതാഃ*
*തത്തേ കർമ പ്രവക്ഷ്യാമി യജ്ജ്ഞാത്വാ മോക്ഷ്യസേഽശുഭാത്*

കർമ കിം - കർമം എന്താണ്, എവിടെ തുടങ്ങുന്നു, എവിടെ അവസാനിക്കുന്നു; അകർമ കിം - കർമം ഇല്ലാത്ത സ്ഥിതി എന്താണ്, എവിടെയാണ്; ഇതി അത്ര - ഈ സംശയങ്ങൾക്കുത്തരം കണ്ടെത്തുന്നതിൽ; കവയഃ അപി മോഹിതാഃ - സൂക്ഷ്മബുദ്ധികളായ മഹാന്മാർക്കുപോലും വ്യക്തമായ തീരുമാനത്തിലെത്താൻ കഴിയാതെയാണിരിക്കുന്നത്; യത്ജ്ഞാത്വാ - അതുകൊണ്ടു യാതൊന്നറിഞ്ഞാൽ; അശുഭാത് മോക്ഷ്യസേ - സംസാരകാരണമായ കർമബന്ധത്തിൽ നിന്നു മോചിക്കാൻ കഴിയുമോ; തത് കർമ - ആ കർമാകർമദർശനം; തേ പ്രവക്ഷ്യാമി - നിനക്കു ഞാൻ പറഞ്ഞുതരാം.

കർമം എന്താണ്, എവിടെ തുടങ്ങുന്നു, എവിടെ അവസാനിക്കുന്നു; കർമം ഇല്ലാത്ത സ്ഥിതി എന്താണ്, എവിടെയാണ്? ഈ സംശയങ്ങൾക്കുത്തരം കണ്ടെത്തുന്നതിൽ സൂക്ഷ്മബുദ്ധികളായ മഹാന്മാർക്കുപോലും വ്യക്തമായ തീരുമാനത്തിലെത്താൻ കഴിയാതെയാണിരിക്കുന്നത്. അതുകൊണ്ടു യാതൊന്നറിഞ്ഞാൽ സംസാരകാരണമായ കർമബന്ധങ്ങളിൽ നിന്നു മോചിക്കാൻ കഴിയുമോ ആ കർമാകർമദർശനം നിനക്കു ഞാൻ പറഞ്ഞുതരാം.

digitized by www.sreyas.in

## *കിം കർമ കിം അകർമ*

കർമവിമുക്തിയാണു ലക്ഷ്യം. അപ്പോൾ കർമത്തിൽ നിന്നു മോചിച്ചാൽ കർമം ലേശംപോലുമില്ലാത്ത ഒരിടത്തെത്തിച്ചേരാൻ കഴിയുമെന്നാണല്ലോ താൽപ്പര്യം. ആ ഇടമാണ് അകർമ. അതുതന്നെയാണു ബ്രഹ്മം. ബ്രഹ്മത്തിൽ അതിന്റെ ശക്തി സ്പന്ദിച്ചു തുടങ്ങുന്നതോടെയാണു കർമം ആരംഭിക്കുന്നത്. കർമത്തിന്റെ സൂക്ഷ്മരൂപം ശക്തിസ്പന്ദമാണ്. ബ്രഹ്മത്തിനുള്ളിൽ ശക്തി എങ്ങനെയൊക്കെ സ്പന്ദിച്ചാലും ചലനാധിഷ്ഠാനമായ ബ്രഹ്മത്തിന് ഒരിക്കലും ഒരു ചലനവും സംഭവിക്കുന്നില്ല. അതുകൊണ്ടാണിതിനെ 'അകർമ' എന്നു വിളിക്കുന്നത്. പക്ഷേ, പുറമേ നോക്കുന്ന ഒരാൾക്കു കർമത്തെയും അകർമത്തെയും വേർതിരിക്കാനേ സാധ്യമല്ല. കർമം എന്തിനു തുടങ്ങിയെന്നോ എവിടെ തുടങ്ങിയെന്നോ അറിയാൻ പറ്റുന്നില്ല. അകർമമായ ബ്രഹ്മം എവിടെയാണ്, എന്താണ് എന്നും നിശ്ചയിക്കാൻ കഴിയുന്നില്ല. വ്യക്തിയുടെ കർമത്തിന്റെ തുടക്കമോ ഒടുക്കമോ കാണാൻ പറ്റുന്നില്ല. കർമരഹിതമായി വ്യക്തിക്കെത്തിച്ചേരാവുന്ന ഇടം എവിടെയാണെന്നും അറിഞ്ഞുകൂടാ. പുറമേയന്വേഷിക്കുന്ന സൂക്ഷ്മബുദ്ധികളായ മഹാന്മാർക്കുപോലും ഇക്കാര്യത്തിൽ ഒരു നിശ്ചയവും വരുന്നില്ല. എന്നാൽ അന്തർമുഖമായി സത്യം കണ്ടനുഭവിക്കുന്ന സ്ഥിതപ്രജ്ഞന്മാർക്കിതു തെളിഞ്ഞിട്ടുണ്ട്. അവർക്കു തെളിഞ്ഞിട്ടുള്ള കർമാകർമദർശനമാണു ഭഗവാൻ അർജുനനു പറഞ്ഞുകൊടുക്കാമെന്നു പ്രതിജ്ഞ ചെയ്തിരിക്കുന്നത്. അതറിഞ്ഞാൽ ജീവിതത്തിന്റെ അശുഭമെല്ലാം മാറിക്കിട്ടും.

പുറമേയന്വേഷിക്കുന്ന മഹാബുദ്ധിമാന്മാർക്കുപോലും കർമാകർമങ്ങൾ വേർതിരിയാത്തതെന്തുകൊണ്ട്? ഇതിനുത്തരമാണു ഭഗവാൻ തുടർന്നു വിശദമാക്കുന്നത്:

*17. കർമണോ ഹ്യപി ബോദ്ധവ്യം ബോദ്ധവ്യം ച വികർമണഃ*
*അകർമണശ്ച ബോദ്ധവ്യം ഗഹനാ കർമണോ ഗതിഃ*

ഹി – എന്തെന്നാൽ; കർമണഃ അപി ബോദ്ധവ്യം – ചെയ്യേണ്ടതായ കർമങ്ങളുടെ സ്വരൂപം അറിയണം; വികർമണഃ ച ബോദ്ധവ്യം – ചെയ്യാൻ പാടില്ലാത്ത കർമങ്ങളുടെയും സ്വരൂപം ഗ്രഹിക്കണം; അകർമണഃ ച ബോദ്ധവ്യം – കർമം ഒന്നും ഇല്ലാത്ത സ്ഥിതിയുടെയും തത്വം ഗ്രഹിക്കണം; കർമണഃ ഗതിഃ – കർമത്തിന്റെ യാഥാർഥ്യം; ഗഹനാ – രഹസ്യപൂർണമാണ്.

എന്തെന്നാൽ ചെയ്യേണ്ടതായ കർമങ്ങളുടെ സ്വരൂപം അറിയണം.

digitized by www.sreyas.in

ചെയ്യാൻ പാടില്ലാത്ത കർമങ്ങളുടെയും സ്വരൂപം ഗ്രഹിക്കണം. കർമമൊന്നുമില്ലാത്ത സ്ഥിതിയുടെയും തത്വം ഗ്രഹിക്കണം. കർമത്തിന്റെ യാഥാർഥ്യം രഹസ്യപൂർണമാണ്.

## *ഗഹനാ കർമണോ ഗതിഃ*

കർമയാഥാർഥ്യം രഹസ്യപൂർണമാണ്. എന്തെന്തെല്ലാം തരത്തിലുള്ള കർമചലനങ്ങൾകൊണ്ടു നിറഞ്ഞതാണീ പ്രപഞ്ചം. അതോ പോട്ടേ, മനുഷ്യരിൽത്തന്നെ ഓരോരുത്തരും എന്തുമാത്രം വൈവിധ്യം നിറഞ്ഞ കർമങ്ങളാണനുഷ്ഠിക്കുന്നത്. ഇതൊക്കെ എവിടെത്തുടങ്ങി? എന്തിനു തുടങ്ങി? ഇനി കർമരംഗത്തെത്തിച്ചേരുന്ന ഒരു വ്യക്തി താൻ അവശ്യം അനുഷ്ഠിച്ചിരിക്കേണ്ട കർമങ്ങളുടെ സ്വരൂപം എങ്ങനെയാണു നിർണയിക്കുക? താൻ അനുഷ്ഠിക്കാൻ പാടില്ലാത്ത കർമങ്ങൾ ഏതൊക്കെയാണെന്നെങ്ങനെയാണറിയുക? കർമങ്ങളൊന്നും ലേശംപോലുമില്ലാത്ത സ്ഥിതിയുടെ യാഥാർഥ്യമെന്ത്? ഇതൊക്കെയറിഞ്ഞിട്ട് ഒരാൾക്കു എങ്ങനെ കർമമനുഷ്ഠിക്കാൻ പറ്റും. ആകെക്കൂടി പുറമേ നോക്കുന്ന ഒരാൾക്കു കർമമയമായ ജീവിതത്തിന്റെ യാഥാർഥ്യം രഹസ്യപൂർണമാണെന്നേ പറയാൻ പറ്റൂ.

അതിരിക്കട്ടെ, ബ്രഹ്മനിഷ്ഠന്മാർക്കു തെളിഞ്ഞിട്ടുള്ള കർമാകർമദർശനം പറഞ്ഞുതരാമെന്നു ഭഗവാൻ പ്രതിജ്ഞ ചെയ്തല്ലോ; അതെന്താണ്?

*18. കർമണ്യകർമ യഃ പശ്യേദകർമണി ച കർമ യഃ*
*സ ബുദ്ധിമാൻ മനുഷ്യേഷു സ യുക്തഃ കൃത്സ്നകർമകൃത്*

കർമണി - കർമമയമായ പ്രപഞ്ചത്തിൽ; അകർമ - ലേശംപോലും കർമമില്ലാത്ത ബ്രഹ്മത്തെ; യഃ പശ്യേത് - ആരു കാണുമോ; അകർമണി - കർമലേശമില്ലാത്ത ബ്രഹ്മത്തിൽ; കർമ ച കർമമയമായ പ്രപഞ്ചത്തെയും; യഃ പശ്യേത് - ആരു കാണുമോ; സഃ മനുഷ്യേഷു ബുദ്ധിമാൻ - അവനാണു മനുഷ്യരിൽ ബുദ്ധിമാൻ; സഃ യുക്തഃ - ആ സത്യദർശി; കൃത്സ്നകർമകൃത് - എല്ലാ കർമങ്ങളും ചെയ്യുന്നവനായി ഭവിക്കുന്നു.

കർമമയമായ പ്രപഞ്ചത്തിൽ ലേശംപോലും കർമമില്ലാത്ത ബ്രഹ്മത്തെയും ബ്രഹ്മത്തിൽ കർമമയമായ പ്രപഞ്ചത്തെയും ആരു കാണുമോ അവനാണു മനുഷ്യരിൽ ബുദ്ധിമാൻ. ആ സത്യദർശി എല്ലാ കർമങ്ങളും ചെയ്യുന്നവനായി ഭവിക്കുന്നു.

digitized by www.sreyas.in

## സ ബുദ്ധിമാൻ

കർമത്തിന്റെ എല്ലാ രഹസ്യങ്ങളും വിശകലനം ചെയ്തറിഞ്ഞിട്ടു കർമം ചെയ്യാൻ ആർക്കും സാധ്യമല്ല. സത്യദർശികൾക്കൊരു കാര്യം തെളിഞ്ഞിട്ടുണ്ട്. മരുഭൂമിയിൽ കാനൽജലംപോലെ നിശ്ചലമായ ബ്രഹ്മാധിഷ്ഠാനത്തിൽ ഉണ്ടെന്നു തോന്നുന്ന ജഡപ്രതിഭാസമാണു കർമം. മരുഭൂമിയിൽ കാണുന്ന വെള്ളം മരുഭൂമിക്കൊരു കേടും വരുത്തുന്നില്ല. അതുപോലെ ജഡപ്രതിഭാസമായ കർമം ബ്രഹ്മത്തിനു ലേശംപോലും ചലനമുണ്ടാക്കുന്നില്ല. ശക്തിചലനമാണു കർമത്തിന്റെ സൂക്ഷ്മരൂപം. ശക്തിചലനരൂപത്തിലുള്ള കർമത്തിന്റെ സൃഷ്ടിയാണു സ്ഥൂലമായ ജഡപ്രപഞ്ചം മുഴുവൻ. കാനൽജലംപോലെ മായാപ്രതിഭാസമായ കർമവും പ്രപഞ്ചവും പുറമേനിന്നു വിശകലനം ചെയ്തു മനസ്സിലാക്കാൻ ഒരിക്കലും സാധ്യമല്ല. അപ്പോൾ സത്യദർശികളുടെ കാൽപ്പാടുകൾ പിൻതുടർന്നു പ്രപഞ്ചത്തിൽ സർവത്ര ബ്രഹ്മത്തെയും ബ്രഹ്മത്തിൽ പ്രപഞ്ചത്തെയും ഭാവനചെയ്തു കാണാൻ ശ്രമിക്കണം. ഓരോ കർമചലനത്തിലും കർമരഹിതമായ വസ്തു സ്ഥിതിചെയ്യുന്നു. കർമരഹിതമായ വസ്തുവിനുള്ളിലാണ് ഓരോ കർമചലനവും സംഭവിക്കുന്നത്. ഇതാണു കർമാകർമദർശനം. ഇതറിയുന്നയാൾ കർമത്തിന്റെയും അകർമത്തിന്റെയും യാഥാർഥ്യമറിയുന്നു. അതുകൊണ്ടയാൾ ബുദ്ധിമാനാണ്. യാഥാർഥ്യം ധരിക്കാനാണല്ലോ ബുദ്ധി. വ്യക്തമായ കർമാകർമദർശനമാണു ജ്ഞാനം.

## സ യുക്തഃ കൃത്സ്നകർമകൃത്

മേൽ വിവരിച്ച കർമാകർമദർശനം ദൃഢപ്പെടുന്നതോടെ വ്യക്തി ശരീരത്തെ ചലിപ്പിക്കുന്ന സത്യവും പ്രപഞ്ചത്തെ ചലിപ്പിക്കുന്ന സത്യവും ഒന്നുതന്നെയെന്നു തെളിയും. താൻ പ്രപഞ്ചത്തിനാശ്രയമായ സത്യം തന്നെയായെങ്കിൽ തന്നിലാണു പ്രപഞ്ചകർമം മുഴുവൻ നടക്കുന്നതെന്നനുഭവിക്കാറാകും. ഇതാണു സത്യദർശിയുടെ കൃത്സ്നകർമകൃത്ഭാവം. ഈ അനുഭവം സ്വാഭാവികമായിത്തീരുമ്പോഴാണു ചില ബ്രഹ്മനിഷ്ഠന്മാർ, സൂര്യനായി തപിക്കുന്നതു ഞാൻ തന്നെയാണ്; വായുവായി ചലിക്കുന്നതും ഞാൻ തന്നെയാണ്; ഞാനാകുന്ന അനന്തബോധസമുദ്രത്തിൽ പ്രപഞ്ചവീചികൾ എത്ര വേണമെങ്കിലും പൊന്തിവരട്ടെ മറയട്ടെ; അതുകൊണ്ടൊന്നും എനിക്കു ലേശംപോലും കൂടുതലോ കുറവോ സംഭവിക്കുന്നില്ല; എന്നൊക്കെ ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നത്. പതിനൊന്നാമധ്യായത്തിൽ

digitized by www.sreyas.in

ഭഗവാൻതന്നെ വിശ്വരൂപം കാട്ടി താൻ കൃത്സ്നകർമകൃത്താണെന്നു അർജുനനു തെളിയിച്ചു കൊടുക്കുന്നുമുണ്ട്. എന്തായാലും ആധുനിക ശാസ്ത്രത്തിനുതന്നെ അടുത്ത കാലത്തു തെളിഞ്ഞുവന്ന ഒരത്ഭുത സത്യമാണു ഭഗവാൻ പതിനെട്ടാം ശ്ലോകത്തിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ചലനമേതും അചഞ്ചലമായ ഒരു പശ്ചാത്തലത്തിലേ സംഭവിക്കൂ എന്ന നിയമമാണോ സത്യം. കർമമയമായ പ്രപഞ്ചത്തിനുള്ളിൽ ഈ ചലനനിയമം ആപേക്ഷികമാണ്. എന്നാൽ കർമമയമായ പ്രപഞ്ചത്തിനാകെക്കൂടി തികച്ചും നിശ്ചലമായ ഒരധിഷ്ഠാനം കൂടിയേതീരൂ എന്ന് നിയമം തന്നെ വെളിപ്പെടുത്തുന്നു. ആ അധിഷ്ഠാനമാണു പ്രസ്തുത പദ്യത്തിൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന അകർമമായ ബ്രഹ്മം. അതുകൊണ്ടു ചലനാത്മകമായ പ്രപഞ്ചത്തിലെവിടെയും അതിന്റെ അധിഷ്ഠാനമായ അചഞ്ചല സത്യത്തെ കാണുന്നവൻ സത്യദർശിയാണ്, കൃത്സ്നകർമകൃത്താണ്, മനുഷ്യരിൽ ബുദ്ധിമാനാണ്. ഈ പദ്യത്തെ ആശയം വിശദമാകാതെ മാറ്റിമറിച്ചും വളച്ചൊടിച്ചും ധാരാളം പേർ വ്യാഖ്യാനിച്ചിട്ടുണ്ടെന്നോർമിപ്പിച്ചുകൊള്ളട്ടെ.

വ്യക്തമായ കർമാകർമദർശനം നേടിയയാൾ തൽക്കാലം കർമത്തിന്റെ കാര്യാകാര്യങ്ങളെക്കുറിച്ചു ചിന്തിച്ചു ക്ലേശിക്കുന്നതേയില്ല. എന്നുവച്ചു മോഹബദ്ധനായി അകാര്യം ചെയ്യുമെന്നതിനർഥമില്ല. കർമം സ്വരൂപത്തിനു കേടൊന്നും വരുത്താതെ ഒരസത് പ്രതിഭാസമാണ്. അതുകൊണ്ട് അപ്പപ്പോൾ താൻ ചെയ്യേണ്ടതായി വന്നുചേരുന്ന കർമങ്ങളെ ചെയ്തു ജ്ഞാനാഗ്നിയിൽ എരിച്ചു ക്രമേണ കർമവിമുക്തനാവുകയെന്നതാണു പണ്ഡിതന്റെ കർമാചരണക്രമം. അർജുനനും ആ നിലയിൽ സ്വധർമമനുഷ്ഠിക്കണമെന്നാണു ഭഗവാന്റെ ആശയം.

*19. യസ്യ സർവേ സമാരംഭാഃ കാമസങ്കൽപ്പവർജിതാഃ*
*ജ്ഞാനാഗ്നിദഗ്ധകർമാണം തമാഹുഃ പണ്ഡിതം ബുധാഃ*

യസ്യ സർവേ സമാരംഭാഃ - ആരുടെ എല്ലാ കർമചലനങ്ങളും; കാമസങ്കൽപ്പവർജിതാഃ - ലൗകികഫലസങ്കൽപ്പങ്ങൾ വെടിഞ്ഞവയായിരിക്കുന്നുവോ; ജ്ഞാനാഗ്നിദഗ്ധകർമാണാം - ബ്രഹ്മാനുഭവമെന്ന ജ്ഞാനമാകുന്ന അഗ്നിയിൽ കർമങ്ങളെ ഭസ്മമാക്കിയ; തം - അദ്ദേഹത്തെ; ബുധാഃ പണ്ഡിതം ആഹുഃ - അറിവുള്ളവർ പണ്ഡിതൻ എന്നു പറയുന്നു.

ആരുടെ എല്ലാ കർമചലനങ്ങളും ലൗകികഫലസങ്കൽപ്പങ്ങൾ വെടിഞ്ഞവയായിരിക്കുന്നുവോ ബ്രഹ്മാനുഭവമെന്ന ജ്ഞാനമാകുന്ന അഗ്നിയിൽ

digitized by www.sreyas.in

കർമങ്ങളെ ഭസ്മമാക്കിയ അദ്ദേഹത്തെ അറിവുള്ളവർ പണ്ഡിതൻ എന്നു വിളിക്കുന്നു.

## *ജ്ഞാനാഗ്നിദഗ്ധകർമാണം*

ബാഹ്യകർമങ്ങളെ ത്യജിക്കുന്നതല്ല സന്ന്യാസം. ദേഹംകൊണ്ടു സദാ കർമം ചെയ്തുകൊണ്ടിരുന്നാലും സർവത്ര ബ്രഹ്മാനുഭവം നേടി ജ്ഞാനാഗ്നിയിൽ കർമവാസനകളെ എരിച്ചു ചാമ്പലാക്കുന്നതാണു സന്ന്യാസം. ലൗകിക ഫലങ്ങൾ നേടി സുഖിക്കാനാണല്ലോ ഒരാൾ കർമം ചെയ്യുന്നത്. ചിത്തശുദ്ധിവന്നു വസ്തുബോധം വളരുന്നതോടെ നിരപേക്ഷവും അനന്തവുമായ ആത്മസുഖം അനുഭവപ്പെടാൻ തുടങ്ങുന്നു. ദേഹം നഷ്ടമായാൽപ്പോലും തനിക്കീ സുഖസ്വരൂപമായ ആത്മാവു നഷ്ടമാവുകയില്ലെന്നും തെളിയുന്നു. ഈ ആത്മാനുഭവമുള്ള ജ്ഞാനി പിന്നെ എന്തിനു ലൗകിക കാമങ്ങൾ കൊതിക്കണം? ചിലപ്പോൾ ദേഹമുള്ളിടത്തോളം അദ്ദേഹം ലോകസംഗ്രഹത്തിനായി കർമം ചെയ്തു എന്നുവരാം. എന്നാൽ കർമവാസന ജ്ഞാനാഗ്നിയിൽ എരിഞ്ഞു ചാമ്പലായതുകൊണ്ടു കർമമൊന്നും അദ്ദേഹത്തിനു ബന്ധകാരണമാകുന്നില്ല. അർജുനനും സ്വധർമമനുഷ്ഠിച്ച് ആ നിലയിലെത്തണമെന്നാണു ഭഗവാന്റെ ആഗ്രഹം. ജ്ഞാനിയുടെ ഈ അനുഭവരഹസ്യവും കർമരഹസ്യവുമാണ് അർജുനമനസ്സിനുത്തേജനം നൽകാനായി ഇരുപത്തിനാലാം പദ്യംവരെ ഭഗവാൻ ആവർത്തിച്ചു പ്രതിപാദിക്കുന്നത്.

അകർമമായ ആത്മസ്ഥിതി അനുഭവിച്ചറിയുന്ന ജ്ഞാനി ദേഹം കൊണ്ടു കർമം ചെയ്താലും താനൊരു കർമവും ചെയ്യുന്നില്ലെന്നാണനുഭവം:

*20. ത്യക്ത്വാ കർമഫലാസംഗം നിത്യതൃപ്തോ നിരാശ്രയഃ*
*കർമണ്യഭിപ്രവൃത്തോഽപി നൈവ കിഞ്ചിത് കരോതി സഃ*

കർമഫലാസംഗം ത്യക്ത്വാ - നിരന്തരമായ ആത്മാനുഭവം നേടി കർമഫലേച്ഛ പാടേ വെടിഞ്ഞ്; നിത്യതൃപ്തഃ നിരാശ്രയഃ - സദാ ആത്മാനന്ദത്തിൽ തൃപ്തിയടഞ്ഞ് അതുകൊണ്ടുതന്നെ ഒന്നിനുംവേണ്ടി ആരെയും ആശ്രയിക്കാത്തവനായിരിക്കുന്ന ജ്ഞാനി; കർമണി അഭിപ്രവൃത്തഃ അപി - സദാ കർമം ചെയ്തുകൊണ്ടിരിക്കുന്നവനായിക്കണ്ടാൽപ്പോലും; സഃ കിഞ്ചിത് - അദ്ദേഹം ഒന്നും; ന കരോതി ഏവ - ചെയ്യുന്നില്ല തന്നെ.

digitized by www.sreyas.in

നിരന്തരമായ ആത്മാനുഭവം നേടി കർമഫലേച്ഛ പാടേ വെടിഞ്ഞ്, സദാ ആത്മാനന്ദത്തിൽ തൃപ്തിയടഞ്ഞ് അതുകൊണ്ടുതന്നെ ഒന്നിനും വേണ്ടി ആരെയും ആശ്രയിക്കാത്തവനായിരിക്കുന്ന ജ്ഞാനി സദാ കർമം ചെയ്തുകൊണ്ടിരിക്കുന്നവനായിക്കണ്ടാൽപ്പോലും അദ്ദേഹം ഒന്നും ചെയ്യുന്നില്ല തന്നെ.

## *നൈവ കിഞ്ചിത് കരോതി സഃ*

കർമവും ജഡവും ഒരുമിച്ചാരംഭിക്കുന്നു. ഓരോ ശക്തി സ്പന്ദനവും സൂക്ഷ്മജഡമാണ്. വേദാന്തശാസ്ത്രത്തിനു പണ്ടുപണ്ടേ തെളിഞ്ഞ ഈ രഹസ്യം ഇന്ന് ആധുനികശാസ്ത്രത്തിനും പൂർണമായി തെളിഞ്ഞു കഴിഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടാണു ശക്തിയെ ജഡരൂപിണി എന്നു വേദാന്തശാസ്ത്രം വിളിക്കുന്നത്. അപ്പോൾ ജഡദേഹത്തിന്റെ വകയാണു കർമം. ചേതനാത്മാവിനു കർമമേയില്ല. ജഡകർമത്തെ മിഥ്യയായി തന്നിൽ ആരോപിച്ചാണു ചേതനാത്മാവ് തനിക്കു കർമമുണ്ടെന്നു ഭ്രമിക്കുന്നത്. ഈ മിഥ്യാരോപം വസ്തുവിചാരം കൊണ്ടൊഴിച്ചുമാറ്റി താൻ കർമമൊന്നുമില്ലാത്ത ആത്മാവാണെന്നനുഭവിക്കുന്ന ജ്ഞാനി ദേഹം എങ്ങനെയൊക്കെ ഇളകിമറിഞ്ഞാലും ഒരു കർമവും ചെയ്യുന്നില്ലതന്നെ.

കർമത്തിന്റെ കറപുരളാത്ത ജ്ഞാനിയുടെ മാഹാത്മ്യം എത്ര പ്രശംസിച്ചാലാണു മതിയാവുക.

*21. നിരാശീര്യതചിത്താത്മാ ത്യക്തസർവപരിഗ്രഹഃ*
*ശാരീരം കേവലം കർമ കുർവന്നാപ്നോതി കില്ബിഷം*

നിരാശീഃ - ആരിൽനിന്നും ആശിസ്സോ അനുഗ്രഹമോ ഒന്നും കൊതിക്കാത്തവനും; യതചിത്താത്മാ - അന്തഃകരണത്തെയും ഇന്ദ്രിയങ്ങളെയും പൂർണമായി വശത്താക്കിയവനും; ത്യക്തസർവപരിഗ്രഹഃ - ആരിൽനിന്നും ഒന്നും സ്വീകരിച്ചു സൂക്ഷിക്കാത്തവനുമായ ജ്ഞാനി; കേവലം ശാരീരം കർമ കുർവൻ - വെറും ശരീരം കൊണ്ടുമാത്രം കർമം ചെയ്യുന്നതുകൊണ്ട്; കില്ബിഷം ന ആപ്നോതി - കളങ്കത്തെ പ്രാപിക്കുന്നില്ല.

ആരിൽനിന്നും ആശിസോ അനുഗ്രഹമോ കൊതിക്കാത്തവനും അന്തഃകരണത്തെയും ഇന്ദ്രിയങ്ങളെയും പൂർണമായി വശത്താക്കിയവനും ആരിൽനിന്നും ഒന്നും സ്വീകരിച്ചു സൂക്ഷിക്കാത്തവനുമായ

digitized by www.sreyas.in

ജ്ഞാനി വെറും ശരീരം കൊണ്ടുമാത്രം കർമം ചെയ്യുന്നതുകൊണ്ടു കളങ്കത്തെ പ്രാപിക്കുന്നില്ല.

## *ശാരീരം കേവലം കർമ*

വിഷയങ്ങളും ഉപകരണങ്ങളുമുണ്ടെങ്കിൽ കർമം ചെയ്യാവുന്നതേയുള്ളൂ. കർമം ചെയ്യുമ്പോൾ വിഷയങ്ങളെ ഏതു രൂപത്തിൽ അനുഭവിക്കണമെന്നു നിശ്ചയിക്കേണ്ടത് അന്തക്കരണമാണ്. ഇന്ദ്രിയങ്ങളും അന്തക്കരണവും വശത്താക്കിയിട്ടുള്ള ജ്ഞാനി സർവത്ര ബ്രഹ്മത്തെ ദർശിച്ചു ബ്രഹ്മാനന്ദത്തിൽ മുഴുകി ഉപകരണങ്ങളെ കർമരൂപേണ ചലിപ്പിക്കുന്നതാണ് 'ശാരീരം കേവലം കർമ'. ദേഹംകൊണ്ടു കർമം ചെയ്യുന്നുണ്ടെങ്കിലും അന്തക്കരണം സർവത്ര സത്യം കണ്ട് ഒന്നും കൊതിക്കുകയോ ഒന്നും തന്റേതായി സൂക്ഷിക്കുകയോ ചെയ്യാതെ സദാ സ്വതന്ത്രമായി വർത്തിക്കുന്നു. അതുകൊണ്ടു പുണ്യരൂപത്തിലോ പാപരൂപത്തിലോ കർമം അദ്ദേഹത്തെ കളങ്കപ്പെടുത്തുന്നില്ല. ഇവിടെ 'ശാരീരം കർമ' എന്നതിന് 'ശരീരത്തെ നിലനിറുത്താൻ വേണ്ടി മാത്രമുള്ള കർമം' എന്നർഥം പറയുന്നതു ഗീതാതാൽപ്പര്യത്തിനു നിരക്കുമെന്നു തോന്നുന്നില്ല. ജ്ഞാനനിഷ്ഠക്കുശേഷവും ലോകസംഗ്രഹത്തിനായി കർമംചെയ്ത ജനകനും മനുവും ഇക്ഷ്വാകുവും മറ്റും ശരീരം നിലനിറുത്താൻ വേണ്ടി മാത്രമല്ലല്ലോ പ്രവർത്തിച്ചത്.

ശരീരംകൊണ്ടു കർമം ചെയ്താലും ബദ്ധനാകുന്നില്ലെന്നു പറഞ്ഞല്ലോ. അപ്പോൾ അദ്ദേഹം ദേഹത്തെ നിലനിറുത്തുന്നതെങ്ങനെ? കർമം ചെയ്യുമ്പോൾ അന്തക്കരണത്തിന്റെ അനുഭവം എന്താണ്? ഈ സംശയങ്ങൾക്കു നിവാരണമാണ് അടുത്ത പദ്യം:

*22. യദൃച്ഛാലാഭസന്തുഷ്ടോ ദ്വന്ദ്വാതീതോ വിമത്സരഃ*
*സമഃ സിദ്ധാവസിദ്ധൗ ച കൃത്വാഽപി ന നിബധ്യതേ*

യദൃച്ഛാലാഭസന്തുഷ്ടഃ - യാദൃച്ഛികമായി വന്നുചേരുന്ന നേട്ടങ്ങൾ കൊണ്ടുമാത്രം അതീവ സന്തോഷമുള്ളവനും; ദ്വന്ദ്വാതീതഃ - സർവത്ര രണ്ടെന്ന ഭാവം വെടിഞ്ഞ് ഒരേ വസ്തുവിനെ ദർശിക്കുന്നവനും; വിമത്സരഃ - ആരോടും മാത്സര്യമില്ലാത്തവനും; സിദ്ധൗ അസിദ്ധൗ ച സമഃ - ജയപരാജയാദി വിരുദ്ധഭാവങ്ങളിൽ ചിത്തത്തിന്റെ സമനില നഷ്ടപ്പെടാത്തവനുമായ ജ്ഞാനി, കൃത്വാ അപി - ശരീരം കൊണ്ട് എന്തൊക്കെ കർമങ്ങൾ ചെയ്താലും; ന നിബദ്ധ്യതേ - വാസനാബദ്ധനായി ഭവിക്കുന്നില്ല.

digitized by www.sreyas.in

യാദൃച്ഛികമായി വന്നുചേരുന്ന നേട്ടങ്ങൾ കൊണ്ടുമാത്രം അതീവ സന്തോഷിക്കുന്നവനും സർവത്ര രണ്ടെന്ന ഭാവം വെടിഞ്ഞ് ഒരേ വസ്തുവിനെ ദർശിക്കുന്നവനും ആരോടും മാത്സര്യമില്ലാത്തവനും ജയപരാജയാദി വിരുദ്ധഭാവങ്ങളിൽ ചിത്തത്തിന്റെ സമനില നഷ്ടപ്പെടാത്തവനുമായ ജ്ഞാനി ശരീരംകൊണ്ട് എന്തൊക്കെ കർമങ്ങൾ ചെയ്താലും വാസനാബദ്ധനായി ഭവിക്കുന്നില്ല.

## *യദൃച്ഛാലാഭസന്തുഷ്ടഃ*

സ്വന്തം ദേഹം നിലനിറുത്താൻ വേണ്ടിപ്പോലും ജ്ഞാനി ആരെയും ആശ്രയിക്കുകയോ വിശേഷിച്ചു പ്രയത്നിക്കുകയോ ചെയ്യുന്നില്ല. അപ്പോഴപ്പോൾ വന്നുചേരുന്ന കർമങ്ങൾ ചിത്തത്തിന്റെ സമനില തെറ്റാതെ സർവത്ര ഒരേ ബ്രഹ്മത്തെത്തന്നെ ദർശിച്ചുകൊണ്ടു ചെയ്തുതീർക്കുന്നു. ആരോടും മാത്സര്യമില്ല. ജയത്തിലോ പരാജയത്തിലോ ആകാംക്ഷയില്ല. യാദൃച്ഛികമായി കിട്ടുന്ന ഭക്ഷണം, വസ്ത്രം ഇവകൊണ്ടാണു സ്വശരീരകാര്യങ്ങൾ പോലും നിർവഹിക്കുക. യാദൃച്ഛികമായി അവ ലഭിക്കാതെ ശരീരം വീണുപോകുന്നെങ്കിൽ അദ്ദേഹത്തിനതിൽ ഒരു കുണ്ഠിതവുമില്ല. നടക്കേണ്ടതൊക്കെ വഴിപോലെ നടക്കുമെന്നുറപ്പുണ്ട്.

ജ്ഞാനി, കർമം ചെയ്താലും വാസനാബദ്ധനാകുന്നില്ല എന്നു പറഞ്ഞതെന്തുകൊണ്ടാണ്?

*23. ഗതസംഗസ്യ മുക്തസ്യ ജ്ഞാനാവസ്ഥിതചേതസഃ*
*യജ്ഞായാചരതഃ കർമ സമഗ്രം പ്രവിലീയതേ*

ഗതസംഗസ്യ - ഞാൻ, എന്റേത് എന്ന ഭാവങ്ങൾ പൂർണമായി ഒഴിഞ്ഞുമാറിയവനും; മുക്തസ്യ - അതുകൊണ്ടുതന്നെ എല്ലാ ബന്ധങ്ങളിൽ നിന്നും മോചിച്ചവനും; ജ്ഞാനാവസ്ഥിതചേതസഃ - സദാ സർവത്ര ഒരേ ബ്രഹ്മത്തെത്തന്നെ കണ്ടനുഭവിച്ചുകഴിയുന്നവനും; യജ്ഞായ ആചരതഃ - ലോകസംഗ്രഹത്തിനു വേണ്ടി മാത്രം ദേഹയാത്ര തുടരുന്നവനുമായ ജ്ഞാനിയുടെ; കർമ - കർമം; സമഗ്രം പ്രവിലീയതേ - ചെയ്തു തീരുന്നതോടെ സമ്പൂർണമായി കെട്ടടങ്ങുന്നു.

ഞാൻ എന്റേത് എന്ന ഭാവങ്ങൾ പൂർണമായി ഒഴിഞ്ഞുമാറിയവനും അതുകൊണ്ടുതന്നെ എല്ലാ ബന്ധങ്ങളിൽ നിന്നും മോചിച്ചവനും സദാ സർവത്ര ഒരേ ബ്രഹ്മത്തെത്തന്നെ കണ്ടനുഭവിച്ചു കഴിയുന്നവനും ലോക

digitized by www.sreyas.in

സംഗ്രഹത്തിനുവേണ്ടി മാത്രം ദേഹയാത്ര തുടരുന്നവനുമായ ജ്ഞാനിയുടെ കർമം ചെയ്തുതീരുന്നതോടെ സമ്പൂർണമായി കെട്ടടങ്ങുന്നു.

## *സമഗ്രം പ്രവിലീയതേ*

ജ്ഞാനിയുടെ കർമം ചെയ്തുതീരുന്നതോടെ സമ്പൂർണമായി കെട്ടടങ്ങുന്നു. ലൗകികന്റെ കർമം ചെയ്തുതീർന്നു ഫലം അനുഭവിക്കുന്നതോടെ പൂർവാധികം ശക്തിമത്തായി ഉള്ളിൽ തങ്ങുന്നു. ജ്ഞാനിക്കു ഞാൻ, എന്റേത് എന്ന ഭാവങ്ങളില്ല; ലൗകികൻ എവിടെയും ഞാൻ, എന്റേത് എന്ന ഭാവം പുലർത്തുന്നു. ഞാൻ, എന്റേത് എന്ന ഭാവമാണു ബന്ധം. അതില്ലാത്ത ജ്ഞാനി മുക്തൻ; അതുള്ള ലൗകികൻ ബദ്ധൻ. ജ്ഞാനി സർവത്ര സദാ ബ്രഹ്മത്തെക്കാണുന്നു; ലൗകികൻ സദാ സർവത്ര വിഷയങ്ങളെക്കാണുന്നു; ജ്ഞാനി ലോകസംഗ്രഹത്തിനായി കർമം ചെയ്യുന്നു. സ്വേച്ഛയില്ലാത്ത കർമം ചെയ്തുതീർന്നാൽപ്പിന്നെ ഉള്ളിൽ തങ്ങുന്നില്ല.

ജ്ഞാനിയുടെ ഏതു ചലനവും അത്യുജ്ജ്വലമായ ഒരു യജ്ഞമാണ്. ആ യജ്ഞത്തിന്റെ പേരത്രേ ബ്രഹ്മയജ്ഞം. എല്ലാ യജ്ഞങ്ങളെക്കാളും മഹത്തമമായ യജ്ഞമാണു ബ്രഹ്മയജ്ഞം. അങ്ങനെയുള്ള ബ്രഹ്മയജ്ഞത്തിന്റെ സ്വരൂപമാണു ഭഗവാൻ ഇരുപത്തിനാലാം പദ്യത്തിൽ വിവരിക്കുന്നത്:

*24. ബ്രഹ്മാർപ്പണം ബ്രഹ്മഹവിർബ്രഹ്മാഗ്നൗ ബ്രഹ്മണാ ഹുതം*
*ബ്രഹ്മൈവ തേന ഗന്തവ്യം ബ്രഹ്മകർമസമാധിനാ*

ബ്രഹ്മാർപ്പണം - ഞാൻ ചെയ്യുന്ന എല്ലാ **കർമങ്ങളും** പ്രപഞ്ചരൂപേണ **മുമ്പിൽ** പ്രത്യക്ഷനായി നിൽക്കുന്ന ബ്രഹ്മത്തിന്റെ **ആരാധനകളാണ്; ബ്രഹ്മാഗ്നൗ** - ബ്രഹ്മാനുഭവമാകുന്ന ജ്ഞാനാഗ്നിയിൽ; **ബ്രഹ്മഹവിഃ** - ബ്രഹ്മസ്വരൂപം തന്നെയായ പ്രപഞ്ചവിഷയങ്ങളാകുന്ന ഹോമദ്രവ്യം; **ബ്രഹ്മണാ** ഹുതം - ബ്രഹ്മം തന്നെയായ എന്നാൽ ഹോമിക്കപ്പെട്ടു എന്നിങ്ങനെ; ബ്രഹ്മകർമസമാധിനാ - ബ്രഹ്മഭാവനയിൽ കർമങ്ങളെയെല്ലാം ഏകാഗ്രപ്പെടുത്തുന്ന; തേന - ജ്ഞാനിയാൽ; ബ്രഹ്മ ഏവ ഗന്തവ്യം - ബ്രഹ്മം തന്നെ യജ്ഞഫലമായി പ്രാപിക്കപ്പെടുകയും ചെയ്യുന്നു.

ഞാൻ ചെയ്യുന്ന എല്ലാ കർമങ്ങളും പ്രപഞ്ചരൂപേണ മുമ്പിൽ പ്രത്യക്ഷനായി നിൽക്കുന്ന ബ്രഹ്മത്തിന്റെ ആരാധനകളാണ്. ബ്രഹ്മാനുഭവമാകുന്ന ജ്ഞാനാഗ്നിയിൽ പ്രപഞ്ചവിഷയങ്ങളാകുന്ന ഹോമദ്രവ്യം ബ്രഹ്മം തന്നെയായ എന്നാൽ ഹോമിക്കപ്പെട്ടു എന്നിങ്ങനെ ബ്രഹ്മഭാവനയിൽ കർമ

75-2006 17

digitized by www.sreyas.in

ങ്ങളെയെല്ലാം ഏകാഗ്രപ്പെടുത്തുന്ന ജ്ഞാനിയാൽ ബ്രഹ്മംതന്നെ യജ്ഞ ഫലമായി പ്രാപിക്കപ്പെടുകയും ചെയ്യുന്നു.

### *ബ്രഹ്മകർമസമാധിനാ*

ഏതു യജ്ഞത്തെയും ഫലിപ്പിക്കുന്നതു ഭഗവാനാണല്ലോ. സ്വർഗാദി ഫലങ്ങൾ കാമിച്ച് ഇന്ദ്രാദി ദേവന്മാരെ ഭാവനചെയ്ത് ഏകാഗ്രമായി അനു ഷ്ഠിക്കുന്ന ജ്യോതിഷ്ടോമാദി യജ്ഞങ്ങൾ ഭാവനാരൂപമായി സ്വർഗാദി ഫല ങ്ങൾ നൽകുന്നു. യാഗാദി കർമങ്ങൾ മാത്രമല്ല ഏതു കർമവും ഫലിക്കുന്ന തിനാസ്പദം ഭാവനയുടെ ഏകാഗ്രതയാണ്. അപ്പോൾ ഒരാൾ തന്റെ കർമ ങ്ങളിലുടനീളം ബ്രഹ്മപ്രാപ്തിയെ ലക്ഷ്യമാക്കി ബ്രഹ്മഭാവന നിലനിറുത്തി യാൽ അതങ്ങനെതന്നെ ഫലിക്കുമെന്നു പറയേണ്ടതില്ലല്ലോ. ബ്രഹ്മശരീര മായി പ്രത്യക്ഷരൂപത്തിൽ കാണപ്പെടുന്ന പ്രപഞ്ചം തന്നെയാണു ബ്രഹ്മസ ത്രത്തിലെ ഹോമകുണ്ഡം. സർവത്ര ബ്രഹ്മാനുഭവമെന്ന ജ്ഞാനം അതിൽ ജ്വലിക്കുന്ന അഗ്നി; വാസനാമയങ്ങളായ വിഷയങ്ങളാണ് ഹവിസ്; ബ്രഹ്മ പ്രാപ്തി കൊതിക്കുന്ന ജ്ഞാനിയാണ് യജമാനൻ. ബ്രഹ്മമാണു ദേവത. സർവം ബ്രഹ്മം എന്നതാണു ഭാവന. ഈ ബ്രഹ്മഭാവനയോടെ അനുഷ്ഠി ക്കുന്ന ഏതു കർമവും ബ്രഹ്മയജ്ഞമാണ്. അത് യജമാനന് ബ്രഹ്മപ്രാപ്തി ഫലം നേടിക്കൊടുക്കുകയും ചെയ്യും. ബ്രഹ്മകർമസമാധികൊണ്ടു യുദ്ധത്തെ പ്പോലും ബ്രഹ്മയജ്ഞമാക്കിത്തീർക്കാമെങ്കിൽ അർജുനനു ബ്രഹ്മപ്രാപ്തി സുനിശ്ചിതമാണെന്നു താൽപ്പര്യം. ഇക്ഷ്വാകു തുടങ്ങിയ പുരാതന രാജർഷി മാരെല്ലാം ബ്രഹ്മയജ്ഞമായി രാജ്യഭരണം നിർവഹിച്ചു മുക്തി പ്രാപിച്ചവരാ ണ്.

ജ്ഞാനനിഷ്ഠ ഉറപ്പുവന്നിട്ടുള്ള ആളിന്റെ ലോകസംഗ്രഹരൂപത്തി ലുള്ള യജ്ഞത്തെക്കുറിച്ചാണിതുവരെ പ്രതിപാദിച്ചത്. സത്യാന്വേഷണ പഥത്തിൽ സഞ്ചരിക്കുന്ന ജിജ്ഞാസുക്കൾ ചിത്തശുദ്ധിക്കായി അനുഷ്ഠി ക്കുന്ന വിവിധതരം യജ്ഞങ്ങളെ സംഗ്രഹിക്കുകയാണ് അടുത്ത ആറു പദ്യങ്ങളിൽ. ഈ യജ്ഞസംഗ്രഹങ്ങളിൽ നിന്നുതന്നെ ഗീതയിലെ യജ്ഞ സങ്കൽപ്പം കർമകാണ്ഡക്രിയാഭാഗങ്ങളിൽ ഒതുങ്ങി നിൽക്കുന്ന ഒന്നല്ലെന്നു സ്പഷ്ടമായി തെളിയുന്നു. സത്യമാർഗത്തിൽ കർമവാസനയെ യജിച്ചുകൊ ണ്ടുള്ള ഏതു കർമവും യജ്ഞമാണ്:

*25. ദൈവമേവാപരേ യജ്ഞം യോഗിനഃ പര്യുപാസതേ*
*ബ്രഹ്മാഗ്നാവപരേ യജ്ഞം യജ്ഞേനൈവോപജുഹ്വതി*

digitized by www.sreyas.in

അപരേ യോഗിനഃ - ലൗകിക കർമങ്ങൾ ചെയ്തുകഴിയവേ തന്നെ മനസ്സിനെ സത്യസന്ധമാക്കി ശുദ്ധീകരിക്കാൻ കൊതിക്കുന്ന വേറെ ചില കർമയോഗികൾ; ദൈവം ഏവ - ഇന്ദ്രാദി ദേവസങ്കൽപ്പങ്ങൾക്കുതന്നെ പ്രാധാന്യം നൽകിക്കൊണ്ടുള്ള; യജ്ഞം പര്യുപാസതേ - യാഗാദികർമങ്ങൾ ചെയ്തുകഴിഞ്ഞുകൂടുന്നു; അപരേ - ജ്ഞാനനിഷ്ഠ ഉറപ്പുവന്നിട്ടില്ലാത്ത മറ്റു ചില യോഗികൾ; യജ്ഞേന ഏവ - കർമങ്ങളെയെല്ലാം ബ്രഹ്മാർപ്പണബുദ്ധികൊണ്ടു യജ്ഞമാക്കി മാറ്റി; യജ്ഞം - ജീവാത്മാവിനെ; ബ്രഹ്മാഗ്നൗ - ബ്രഹ്മഭാവനാ രൂപത്തിലുള്ള അഗ്നിയിൽ; ഉപജുഹ്വതി - യജിച്ചു ചേർക്കാൻ യത്നിക്കുന്നു.

ലൗകിക കർമങ്ങൾ ചെയ്തു കഴിയവേതന്നെ മനസ്സിനെ സത്യസന്ധമാക്കി ശുദ്ധീകരിക്കാൻ കൊതിക്കുന്ന വേറെ ചില കർമയോഗികൾ ഇന്ദ്രാദി ദേവസങ്കൽപ്പങ്ങൾക്കുതന്നെ പ്രാധാന്യം നൽകിക്കൊണ്ടുള്ള യാഗാദി കർമങ്ങൾ ചെയ്തു കഴിഞ്ഞുകൂടുന്നു. ജ്ഞാനനിഷ്ഠ ഉറപ്പുവന്നിട്ടില്ലാത്ത മറ്റു ചില യോഗികൾ കർമങ്ങളെയെല്ലാം ബ്രഹ്മാർപ്പണ ബുദ്ധികൊണ്ടു യജ്ഞമാക്കിമാറ്റി ജീവാത്മാവിനെ ബ്രഹ്മഭാവനാരൂപത്തിലുള്ള അഗ്നിയിൽ യജിച്ചു ചേർക്കാൻ യത്നിക്കുന്നു.

## *ദൈവയജ്ഞം*

എങ്ങും നിറഞ്ഞുതിങ്ങുന്ന പരബ്രഹ്മത്തെക്കുറിച്ച് എത്ര കേട്ടാലും ചിന്തിച്ചറിയാൻ കഴിയാത്തയാളുകളുണ്ട്. ഇവർക്കുവേണ്ടിയാണു ദേവസങ്കൽപ്പങ്ങൾ രൂപംകൊണ്ടിട്ടുള്ളത്. ദേവസങ്കൽപ്പങ്ങളിൽ ഏതിലെങ്കിലുമൊന്നിൽ ഏകാഗ്രപ്പെട്ടു ശുദ്ധീകരിക്കപ്പെടുന്ന മനസ്സ് ക്രമേണ ബ്രഹ്മചിന്തനത്തിനർഹമായിത്തീരും. ദേവന്മാരെ സങ്കൽപ്പിച്ചു ചെയ്യുന്ന ഏതുതരം ആരാധനാകർമവും ദൈവയജ്ഞമാണ്. കർമകാണ്ഡവേദഭാഗത്തിൽ ഇത്തരം അനേകം ദൈവയജ്ഞങ്ങൾ നിർദേശിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ അതാതു കാലങ്ങളിൽ ഭിന്നരുചിയായ ലോകം പല പല പുതിയ ദൈവയജ്ഞങ്ങൾക്കും രൂപം നൽകിപ്പോന്നിട്ടുമുണ്ട്.

## *യജ്ഞം ഉപജുഹ്വതി*

ആത്മാവിന്റെയും പര്യായമാണു യജ്ഞശബ്ദം. അപ്പോൾ 'യജ്ഞം ഉപജുഹ്വതി' എന്നതിന് ആത്മാവിനെ യജിക്കുന്നു എന്നർഥം. യജിക്കപ്പെടേണ്ട ആത്മാവ് ജീവാത്മാവാണെന്നുള്ള കാര്യത്തിൽ സംശയത്തിനവകാശമില്ലല്ലോ. ജീവത്വം പൂർണമായി യജിക്കപ്പെടുമ്പോഴാണു ബ്രഹ്മത്വം പ്രാപ്തമാകുന്നത്. ജീവഭാവം ഇനിയും മാറിയിട്ടില്ലാത്തയാളിനാണീ ജീവ

digitized by www.sreyas.in

യമനം വേണ്ടത്. 'അഹം ബ്രഹ്മാസ്മി - ഞാൻ ബ്രഹ്മമാകുന്നു; എന്ന ബ്രഹ്മ ഭാവനയാകുന്ന അഗ്നിയിലാണ് ഈ ജീവയജനം അനുഷ്ഠിക്കേണ്ടത്. ബ്രഹ്മാർപ്പണബുദ്ധികൊണ്ടു കർമങ്ങളെ യജ്ഞമാക്കി മാറ്റിവേണം ഇതു നിർവഹിക്കാൻ.

സത്യമാർഗത്തിൽ സാധനാനുഷ്ഠാനത്തിന്റെ പല ഘട്ടങ്ങളിലായി നിൽക്കുന്നവരെല്ലാം അവരവർക്കു കഴിയുന്ന മട്ടിൽ ചിത്തശുദ്ധിക്കായി യജ്ഞമനുഷ്ഠിക്കുന്നവർ തന്നെയാണെന്നാണ് ഇനി വിവരിക്കുന്നത്:

*26. ശ്രോത്രാദീനീന്ദ്രിയാണ്യന്യേ സംയമാഗ്നിഷു ജുഹ്വതി*
*ശബ്ദാദീൻ വിഷയാനന്യേ ഇന്ദ്രിയാഗ്നിഷു ജുഹ്വതി*

അന്യേ - ചില സാധകന്മാർ; ശ്രോത്രാദീനി ഇന്ദ്രിയാണി - ചെവി, കണ്ണ് മുതലായ ജ്ഞാനേന്ദ്രിയങ്ങളെയും, കൈകാൽ മുതലായ കർമേന്ദ്രിയങ്ങളെയും; സംയമാഗ്നിഷു - അന്തർമുഖമാക്കിയുറപ്പിക്കുകയെന്ന സംയമാഗ്നികളിൽ; ജുഹ്വതി - ഹോമിക്കുന്നു; അന്യേ - വേറെ ചിലർ; ശബ്ദാദീൻ വിഷയാൻ - ശബ്ദം, സ്പർശം തുടങ്ങിയ വിഷയങ്ങളെ; ഇന്ദ്രിയാഗ്നിഷു - ഇന്ദ്രിയാഗ്നികളിൽ; ജുഹ്വതി - ഹോമിക്കുന്നു.

ചില സാധകന്മാർ ചെവി, കണ്ണ് മുതലായ ജ്ഞാനേന്ദ്രിയങ്ങളെയും കൈകാൽ മുതലായ കർമേന്ദ്രിയങ്ങളെയും അന്തർമുഖമാക്കിയുറപ്പിച്ചു സംയമാഗ്നികളിൽ ഹോമിക്കുന്നു. വേറെ ചിലർ ശബ്ദം, സ്പർശം തുടങ്ങിയ വിഷയങ്ങളെ ഇന്ദ്രിയങ്ങളാകുന്ന അഗ്നികളിൽ ഹോമിക്കുന്നു.

## *സംയമാഗ്നിഷു ജുഹ്വതി*

സുഖത്തിനുവേണ്ടി വിഷയങ്ങളുടെ പിന്നാലെ അലഞ്ഞുതിരിയുകയാണല്ലോ ജ്ഞാനേന്ദ്രിയങ്ങളുടെയും കർമേന്ദ്രിയങ്ങളുടെയും ജോലി. സുഖത്തിന്റെ ഇരിപ്പിടം ആത്മാവാണെന്നറിഞ്ഞ് ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്നു പിൻവലിച്ച് അന്തർമുഖമാക്കി മനസ്സിനെ ആത്മഭാവനയിൽ ഏകാഗ്രപ്പെടുത്തുന്നതാണ് സംയമം. ഇന്ദ്രിയങ്ങൾ പുറമേ തെണ്ടിത്തിരിയുന്നിടത്തോളം മനസ്സ് ആത്മഭാവനയിൽ ഏകാഗ്രപ്പെടാൻ കരുത്തുള്ളതാവുകയില്ല. ഇന്ദ്രിയങ്ങളെ ഇങ്ങനെ അന്തർമുഖമാക്കുന്നതാണു സംയമാഗ്നിയിൽ അവയെ ഹോമിക്കൽ. ഈ ഇന്ദ്രിയസംയമനം തന്നെയാണു ദമം. ഇന്ദ്രിയങ്ങൾ അനേകമായതുകൊണ്ടാണു 'സംയമാഗ്നിഷു' എന്ന ബഹുവചനം പ്രയോഗിച്ചിരിക്കുന്നത്.

digitized by www.sreyas.in

## *ഇന്ദ്രിയാഗ്നിഷു ജുഹ്വതി*

ഇന്ദ്രിയങ്ങളുടെ അന്തർമുഖത കൈവരുന്നതിനു മുമ്പുള്ള സാധനയാണു വിഷയങ്ങളെ ഇന്ദ്രിയാഗ്നികളിൽ ഹോമിക്കൽ. ഇന്ദ്രിയങ്ങൾ വിഷയങ്ങളെ അനുഭവിക്കുന്നുണ്ടെങ്കിലും ആ അനുഭവം ഇന്ദ്രിയതലത്തിൽത്തന്നെ അവസാനിക്കുന്നു. അതായതു മനസ്സ് അവയെച്ചൊല്ലി ആശാഭരിതമാവുകയോ സങ്കൽപ്പവികൽപ്പങ്ങളിൽപ്പെട്ടുഴലാൻ ഇടവരികയോ ചെയ്യുന്നില്ല. ഇന്ദ്രിയ ജയത്തിന്റെ ആദ്യഘട്ടമാണിത്. രണ്ടാമത്തെ ഘട്ടമാണു സംയമം. എന്തായാലും കർമരംഗത്ത് ആത്മാന്വേഷണം കൂടിച്ചേരുമ്പോൾ ഏതു ഘട്ടവും യജ്ഞമായി മാറുന്നു എന്ന ഗീതാതാൽപ്പര്യം ഇവിടെ സ്പഷ്ടമാകുന്നുണ്ടല്ലോ.

ഇന്ദ്രിയജയത്തിന്റെ രണ്ടു ഘട്ടങ്ങളും കഴിഞ്ഞാൽ അടുത്തതാണ് ആത്മസംയമയോഗം. ആത്മസംയമയോഗാഗ്നിയിലെ യജനത്തിന്റെ സ്വരൂപമാണിനി വിവരിക്കുന്നത്.

*27. സർവാണീന്ദ്രിയകർമാണി പ്രാണകർമാണി ചാപരേ*
*ആത്മസംയമയോഗാഗ്നൗ ജുഹ്വതി ജ്ഞാന ദീപിതേ*

അപരേ – **ഇന്ദ്രിയസംയമം** നേടിക്കഴിഞ്ഞു വേറെ ചിലർ; സർവാണി ഇന്ദ്രിയകർമാണി – എല്ലാ ഇന്ദ്രിയപ്രവർത്തനങ്ങളെയും; പ്രാണകർമാണി – പ്രാണചലനങ്ങളെയും; ജ്ഞാനദീപിതേ – ആത്മദർശനം കൊണ്ടു തേജോമയമായി അനുഭവപ്പെടുന്ന; ആത്മസംയമയോഗാഗ്നൗ – ആത്മനിഷ്ഠമായ ചിത്തത്തിന്റെ സമാധ്യനുഭവമെന്ന അഗ്നിയിൽ; ജുഹ്വതി - ഹോമിക്കുന്നു.

ഇന്ദ്രിയജയം നേടിക്കഴിഞ്ഞു വേറെ ചിലർ എല്ലാ ഇന്ദ്രിയ പ്രവർത്തനങ്ങളെയും പ്രാണചലനങ്ങളെയും ആത്മാനുഭവംകൊണ്ടു തേജോമയമായി അനുഭവപ്പെടുന്ന ആത്മനിഷ്ഠമായ ചിത്തത്തിന്റെ സമാധ്യനുഭവമെന്ന അഗ്നിയിൽ ഹോമിക്കുന്നു.

## *ആത്മസംയമ യോഗാഗ്നൗ ജുഹ്വതി*

ചിത്തചലനവും പ്രാണചലനവും പൂർണമായി നിരോധിച്ചു നിർവികൽപ്പസമാധി നേടാനുള്ള സാധനയാണ് ആത്മസംയമയോഗാഭ്യാസം. രണ്ടു ഘട്ടങ്ങളിലായി ഇന്ദ്രിയ സംയമം നേടി സവികൽപ്പ സമാധ്യനുഭവത്തിലേക്കു കടന്ന യോഗി പ്രാണചലനവും ചിത്തചലനവും നിരോധിച്ചു നിർവികൽപ്പ ദശയിലെത്താൻ യത്നിക്കുന്നു. ഇതാണ് ആത്മസംയമം. ചിത്തവും

digitized by www.sreyas.in

പ്രാണനും പൂർണമായി സ്വയം പ്രകാശിക്കുന്ന ആത്മാവിൽ ഒതുങ്ങി അടങ്ങുന്നതാണ് ആത്മസംയമം. ചിത്തവും പ്രാണനും പരസ്പരബദ്ധങ്ങളാണ്. ചിത്തം ക്ഷോഭിച്ചാൽ പ്രാണഗതി ശീഘ്രതരമാവും. അതുപോലെ മറിച്ചും. പ്രാണനോ ചിത്തമോ ഒന്നടങ്ങിയാൽ മറ്റേതും അടങ്ങും. വ്യക്തമായ വസ്തുബോധത്തോടെ സങ്കല്പനിരോധം അഭ്യസിച്ചു പ്രാണചിത്തങ്ങളെ സംയമിക്കുന്നതാണ് ജ്ഞാനദീപിതമായ ആത്മസംയമയോഗം. ആത്മസംയമം പൂർണമായി നേടിയ യോഗിയുടെ ചിത്തം ആത്മസ്വരൂപം കൈക്കൊണ്ടു കാറ്റില്ലാത്തിടത്തു കത്തിജ്ജ്വലിക്കുന്ന ദീപംപോലെ നിശ്ചലമായി പ്രകാശിക്കുന്നു എന്നാണു ഭഗവാൻ തന്നെ ആറാമധ്യായത്തിലെ പത്തൊൻപതാം ശ്ലോകത്തിൽ വെളിപ്പെടുത്തിയിട്ടുള്ളത്. ശരിയായ വസ്തുബോധം കൂടാതെ വെറും പ്രാണായാമാദി ഹഠയോഗസാധനകൾ കൊണ്ട് അൽപ്പനേരത്തേക്കുമാത്രം പ്രാണചലനമോ ചിത്തസങ്കൽപ്പമോ നിരോധിച്ചതുകൊണ്ട് ഈ ആത്മസംയമയോഗം കൈവരുന്നതല്ല. ജ്ഞാനദീപിതമായ ആത്മസംയമാഗ്നിയിലെ ഇന്ദ്രിയകർമങ്ങളുടെയും പ്രാണകർമങ്ങളുടെയും ശരിയായ യജനം സംഭവിക്കുകയുള്ളൂ.

ചിത്തശുദ്ധിയെയും ജ്ഞാനലാഭത്തെയും ലക്ഷ്യമാക്കി കർമരംഗത്തു നിൽക്കുന്നവർക്കുതന്നെ അനുഷ്ഠിക്കാവുന്ന വിവിധതരം യജ്ഞങ്ങളെക്കുറിച്ചാണു ഭഗവാൻ ഇതുവരെ വിവരിച്ചത്. തുടർന്ന് ഇത്തരം യജ്ഞങ്ങളിലെ കർമപ്രാധാന്യത്തെ മുൻനിറുത്തി ചില പേരുകൾ നൽകി അവയെ വിഭജിച്ചു കാട്ടുകയാണ് അടുത്തതായി:

*28. ദ്രവ്യയജ്ഞാസ്തപോയജ്ഞാ യോഗയജ്ഞാസ്തഥാഽപരേ*
*സ്വാധ്യായജ്ഞാനയജ്ഞാശ്ച യതയഃ സംശിതവ്രതാഃ*

ദ്രവ്യയജ്ഞാഃ - ചിലർ ദ്രവ്യംകൊണ്ടു യജ്ഞമനുഷ്ഠിക്കുന്നു; തപോയജ്ഞാഃ - ചിലർ ചിത്തത്തെ ഏകാഗ്രപ്പെടുത്താനായി തപസ്സനുഷ്ഠിച്ചു യജ്ഞം ചെയ്യുന്നു; യോഗയജ്ഞാഃ - ചിലർ ചിത്തത്തിന്റെ സമനിലയെന്ന യോഗം ശീലിച്ചു യജ്ഞം ചെയ്യുന്നു; തഥാ അപരേ - അപ്രകാരം തന്നെ വേറെ ചിലർ; സ്വാധ്യായ ജ്ഞാനയജ്ഞാഃ ച - അധ്യാത്മഗ്രന്ഥങ്ങൾ വായിച്ചും വിചാരം ചെയ്തും യജ്ഞമനുഷ്ഠിക്കുന്നു; യതയഃ - മനോജയം നേടാൻ കൊതിക്കുന്ന ഇവരെല്ലാം; സംശിത വ്രതാഃ - സ്വാനുഷ്ഠാനങ്ങൾക്കു മൂർച്ചകൂട്ടി സത്യമാർഗത്തിൽ സഞ്ചരിക്കുന്നവർ തന്നെയാണ്.

ചിലർ ദ്രവ്യംകൊണ്ടു യജ്ഞമനുഷ്ഠിക്കുന്നു, ചിലർ ചിത്തത്തെ ഏകാഗ്രപ്പെടുത്താനായി തപസ്സനുഷ്ഠിച്ചു യജ്ഞം ചെയ്യുന്നു. ചിലർ ചിത്ത

digitized by www.sreyas.in

ത്തിന്റെ സമനിലയെന്ന യോഗം ശീലിച്ചു യജ്ഞം ചെയ്യുന്നു. അപ്രകാരം തന്നെ വേറെ ചിലർ അധ്യാത്മഗ്രന്ഥങ്ങൾ വായിച്ചും വിചാരം ചെയ്തും യജ്ഞമനുഷ്ഠിക്കുന്നു. മനോജയം നേടാൻ കൊതിക്കുന്ന ഇവരെല്ലാം സ്വാനുഷ്ഠാനങ്ങൾക്കു മൂർച്ചകൂട്ടി സത്യമാർഗത്തിൽ സഞ്ചരിക്കുന്നവർ തന്നെയാണ്.

## *യതയഃ സംശിതവ്രതാഃ*

കർമവാസനയാണു യജിക്കപ്പെടേണ്ട വസ്തു. വിവിധ തരത്തിലുള്ള യജ്ഞാനുഷ്ഠാനംകൊണ്ടു കർമവാസന കുറഞ്ഞ് ആത്മബോധം കൂടിക്കൂടിവരുന്നതാണു സംശിതവ്രതത്വം അഥവാ വ്രതത്തിനു മൂർച്ചകൂടൽ. ചിലർ ദ്രവ്യയജ്ഞം കൊണ്ടതു നേടുന്നു. പലതരം ഹവിസ്സുകൾ അഗ്നിയിൽ ഹോമിച്ചു ചെയ്യുന്ന ദൈവയജ്ഞംതന്നെയാണു ദ്രവ്യയജ്ഞം. ദാനധർമാദികൾക്കായി ദ്രവ്യം ചെലവിടുന്നതും ദ്രവ്യയജ്ഞമായി കണക്കാക്കാം. ഇരുപത്തഞ്ചാം പദ്യത്തിൽത്തന്നെ ഉത്തരാർധത്തിൽ വിവരിച്ചിരിക്കുന്ന ജീവയജ്ഞവും, തുടർന്നുള്ള രണ്ടു പദ്യങ്ങളിൽ വിവരിക്കുന്ന ഇന്ദ്രിയയജനം, വിഷയയജനം, ഇന്ദ്രിയപ്രാണകർമയജനം എന്നിവയൊക്കെ തപോയജ്ഞങ്ങളും യോഗയജ്ഞങ്ങളും കൂടിക്കലർന്നവയാണ്. ശരീരത്തെയും മനസ്സിനെയും ഉപവാസാദി കർമങ്ങൾകൊണ്ടു തപിപ്പിച്ചു വിഷയവിരക്തമാക്കിത്തീർക്കുന്നതാണ് ഇവിടെ തപസ്സ്. മനസ്സിനെ സമനില അഭ്യസിപ്പിച്ചും പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവ അഭ്യസിപ്പിച്ചും ആത്മനിഷ്ഠമാക്കിത്തീർക്കാനുള്ള യത്നമാണു യോഗം. മേൽപ്പറഞ്ഞ യജ്ഞങ്ങളെ തപോയജ്ഞമെന്നോ യോഗയജ്ഞമെന്നോ അതിരുവരമ്പിട്ടു തിരിക്കുക പ്രയാസമാണ്. ഉപവാസാദി അനുഷ്ഠാനങ്ങൾക്കു പ്രാധാന്യമുള്ളവയെ തപോയജ്ഞമെന്നും യോഗാംഗാനുഷ്ഠാനങ്ങൾക്കു പ്രധാന്യമുള്ളവയെ യോഗയജ്ഞമെന്നും വേർതിരിക്കാം. വസ്തുവിചാരപ്രധാനമായ ചര്യയാണു ജ്ഞാനയജ്ഞം.

ഇനിയും യോഗയജ്ഞങ്ങളിൽ പ്രാണായാമയജ്ഞം അധികം പ്രാധാന്യമുള്ളതായതുകൊണ്ട് അടുത്ത രണ്ടു പദ്യങ്ങളിൽ ആ യജ്ഞസ്വരൂപം സംഗ്രഹിച്ചു വിവരിക്കുകയാണു ഭഗവാൻ:

*29. അപാനേ ജുഹ്വതി പ്രാണം പ്രാണേഽപാനം തഥാപരേ*
*പ്രാണാപാനഗതീ രുദ്ധ്വാ പ്രാണായാമപരായണാഃ*

digitized by www.sreyas.in

പ്രാണായാമപരായണാഃ - പ്രാണായാമയജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്ന; അപരേ - മറ്റു ചില യോഗിമാർ; പ്രാണാപാനഗതീ രുദ്ധ്വാ - പ്രാണന്റെയും അപാനന്റെയും ഗതികളെ തടഞ്ഞിട്ട്; അപാനേ - ദേഹമധ്യത്തിൽ നിന്നു താഴോട്ടു സഞ്ചരിക്കുക സ്വഭാവമുള്ള അപാനനിൽ; പ്രാണം - ദേഹമധ്യത്തിൽ നിന്നു മുകളിലോട്ടു സഞ്ചരിക്കുക സ്വഭാവമുള്ള പ്രാണനെ; ജുഹ്വതി - ഹോമിക്കുന്നു; തഥാ അപാനം പ്രാണേ - അതുപോലെതന്നെ അപാനനെ പ്രാണനിലും ഹോമിക്കുന്നു.

പ്രാണായാമയജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു ചില യോഗിമാർ പ്രാണന്റെയും അപാനന്റെയും ഗതികളെ തടഞ്ഞിട്ടു ദേഹമധ്യത്തിൽ നിന്നു താഴോട്ടു സഞ്ചരിക്കുക സ്വഭാവമുള്ള അപാനനിൽ ദേഹമധ്യത്തിൽനിന്നു മുകളിലോട്ടു സഞ്ചരിക്കുക സ്വഭാവമുള്ള പ്രാണനെ ഹോമിക്കുന്നു. അതുപോലെതന്നെ അപാനനെ പ്രാണനിലും ഹോമിക്കുന്നു.

## *പ്രാണായാമ യജ്ഞം*

രേചകം, പൂരകം, കുംഭകം എന്നു മൂന്നു ഘടകങ്ങളാണു പ്രാണായാമയജ്ഞത്തിനുള്ളത്. കർമവാസനകൾ വേണ്ടത്ര പാകപ്പെടാത്ത സാധകന്മാർ ആരംഭത്തിൽ ഈ മൂന്നു ഘടകങ്ങളോടുകൂടിയ പൂർണ പ്രാണായാമമാണ് അഭ്യസിക്കേണ്ടത്. മനസ്സു കുറെയൊക്കെ പാകപ്പെട്ടു കഴിഞ്ഞാൽ രേചകപൂരകങ്ങളുപേക്ഷിച്ചിട്ടു കേവല കുംഭകപ്രാണായാമം അഭ്യസിക്കാവുന്നതാണ്. പ്രസ്തുത പദ്യത്തിൽ മൂന്നു ഘടകങ്ങളോടു കൂടിയ പൂർണ പ്രാണായാമമാണു വിവരിച്ചിരിക്കുന്നത്. അടുത്ത പദ്യത്തിൽ കേവല കുംഭകപ്രാണായാമം വിവരിച്ചിരിക്കുന്നു. നാഭിക്കു മുകളിൽ കണ്ഠത്തിനുതാഴെ ദേഹമധ്യത്തിലാണു ഹൃദയപത്മം സ്ഥിതിചെയ്യുന്നത്. ഹൃദയപത്മത്തിൽ നിന്നു പ്രാണവായു പ്രകടമാകുന്നതുകൊണ്ടുതന്നെ പ്രാണനെ സ്പന്ദിക്കുന്ന ബോധസ്വരൂപനായ ഈശ്വരൻ ഹൃദയത്തിൽ ഒളിഞ്ഞിരിക്കുന്നു എന്നറിയേണ്ടതാണ്. ഗതിഭേദമനുസരിച്ചു പ്രാണവായുവിനെ പ്രാണനെന്നും അപാനനെന്നും രണ്ടു പേരുകൾ ചൊല്ലി വിളിക്കാറുണ്ട്. ഉഷ്ണശരീരിയാണു പ്രാണൻ; ശീത ശരീരിയാണപാനൻ. ഹൃദയാകാശത്തിലെ സൂര്യനാണു പ്രാണൻ; ചന്ദ്രൻ അപാനനും. സാധാരണ നിലയിൽ ഈ രണ്ടു പ്രാണന്മാരും എല്ലാരിലും സദാ സമനിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇവയുടെ ഗതി അത്യന്തം സൂക്ഷ്മമായതുകൊണ്ടു കണ്ടുപിടിക്കാൻ പ്രയാസമാണ്. പ്രാണൻ സദാ സ്പന്ദിച്ചു ദേഹത്തിനകത്തും

digitized by www.sreyas.in

പുറത്തും മുകളിലേക്കുയർന്നുകൊണ്ടിരിക്കുന്നു. അതുപോലെ അപാനൻ സദാ സ്പന്ദിച്ചു ദേഹത്തിനകത്തും പുറത്തും താഴത്തേക്കും പ്രസരിച്ചു കൊണ്ടിരിക്കുന്നു. ഇങ്ങനെ ദേഹത്തിൽ മുകളിലേക്കും താഴേക്കും സദാ സംഭവിക്കുന്ന പ്രാണായാമത്തെക്കുറിച്ചും പ്രാണസങ്കേതമായ ഹൃദയത്തെ ക്കുറിച്ചും ബോധവാനായി ഭവിക്കുന്നതോടെ ശ്രേയോമാർഗം തെളിയുന്നു. ഈ പ്രാണായാമത്തെക്കുറിച്ചു ബോധവാനാകാൻ വേണ്ടിയാണു രേചക പൂരക കുംഭകാദി ക്രമേണ പ്രാണായാമം അഭ്യസിക്കാനാവശ്യപ്പെടുന്നത്. സ്ഥിരസുഖമായ ഒരാസനം ശീലിച്ചുകഴിഞ്ഞാൽ പ്രാണായാമം അഭ്യസി ക്കാം. ഉള്ളിൽ നിന്നു പ്രാണൻ പുറത്തേക്കു പോകുന്നതാണു രേചകം. ഇതത്രെ അപാനനെ പ്രാണനിൽ ഹോമിക്കൽ. താഴേക്കു സഞ്ചരിക്കുക ശീലമുള്ള അപാനനെ പൊന്തിച്ചു പ്രാണനുമായി ഏകീഭവിപ്പിച്ചിട്ടാണല്ലോ പുറത്തേക്കു വിടുന്നത്. പ്രാണനുമായുള്ള അപാനന്റെ ഏകീഭവിപ്പിക്ക ലാണ് അപാനയജനം. പുറത്തുനിന്നു പ്രാണൻ ഉള്ളിലേക്കു കടക്കുന്ന താണു പൂരകം. ഇതത്രേ പ്രാണനെ അപാനനിൽ ഹോമിക്കൽ. മുകളി ലേക്കു സഞ്ചരിക്കുക ശീലമുള്ള പ്രാണനെ ഉള്ളിലേക്കു കടത്തി അപാന നുമായി ഏകീഭവിപ്പിച്ചിട്ടാണല്ലോ പൂരകം സാധിക്കുന്നത്. അപാനനുമാ യുള്ള പ്രാണന്റെ ഏകീഭവിപ്പിക്കലാണ് പ്രാണയജനം. ഉള്ളിലുള്ള പ്രാണനെ സ്തംഭിപ്പിച്ചു നിറുത്തുന്നതാണു കുംഭകം. കുംഭകപരീശീലനം കൊണ്ടു കുടത്തിൽ നിറഞ്ഞിരിക്കുന്ന വെള്ളംപോലെ പ്രാണൻ ഉള്ളിൽ നിശ്ചലമായി നിറഞ്ഞുനിൽക്കാൻ ഇടവരുന്നു. പ്രാണന്റെയും അപാന ന്റെയും ഗതി ഇവിടെ തടയപ്പെടുന്നു. ഈ കുംഭകപരിശീലനമാണു ഭഗ വാൻ ശ്ലോകത്തിന്റെ ഉത്തരാർധത്തിൽ പറഞ്ഞിരിക്കുന്നത്. പ്രാണന്റെ ബാഹ്യവൃത്തി രേചകവും ആഭ്യന്തരവൃത്തി പൂരകവും സ്തംഭവൃത്തി കുംഭകവുമാണ്. രേചകം കഴിഞ്ഞും പൂരകം കഴിഞ്ഞും കുംഭകം അഭ്യസി ക്കാവുന്നതാണ്. രേചകം കഴിഞ്ഞഭ്യസിക്കുന്ന കുംഭകത്തിന് ബാഹ്യകുംഭ കമെന്നും പൂരകം കഴിഞ്ഞുള്ള കുംഭകത്തിന് ആന്തരകുംഭകമെന്നും പറ യുന്നു. പ്രാണാപാനയജനം വഴിയുള്ള പൂരണമായ പ്രാണായാമയജ്ഞമാ ണിങ്ങനെ ഭഗവാൻ പ്രസ്തുത ശ്ലോകത്തിൽ വിവരിച്ചിരിക്കുന്നത്.

ഇനി രേചകപൂരകങ്ങളുപേക്ഷിച്ചിട്ടു കേവലകുംഭകരൂപത്തിലും പ്രാണായാമയജ്ഞമനുഷ്ഠിക്കാം. അക്കാര്യമാണു മുപ്പതാം പദ്യത്തിൽ വിവരിക്കുന്നത്:

digitized by www.sreyas.in

*30. അപരേ നിയതാഹാരാഃ പ്രാണാൻ പ്രാണേഷു ജുഹ്വതി*
*സർവേഽപ്യേതേ യജ്ഞവിദോ യജ്ഞക്ഷപിതകൽമഷാഃ*

അപരേ - വേറെ ചിലർ; നിയതാഹാരാഃ - ഭക്ഷണകാര്യത്തിലും മറ്റു വിഷയാനുഭവങ്ങളിലും ചില നിയമങ്ങൾ പാലിച്ചുകൊണ്ട്; പ്രാണേഷു - ഉള്ളിൽ അടങ്ങി ഒതുങ്ങുന്ന പ്രാണപ്രസരങ്ങളിൽ; പ്രാണാൻ ജുഹ്വതി - മറ്റെല്ലാ പ്രാണചലനങ്ങളെയും ഹോമിക്കുന്നു; ഏതേ സർവേ അപി - മേൽ വിവരിച്ച പ്രകാരമുള്ള യജ്ഞങ്ങളനുഷ്ഠിക്കുന്ന എല്ലാവരും; യജ്ഞവിദഃ യജ്ഞക്ഷപിതകല്മഷാഃ - യജ്ഞമെന്തെന്നറിഞ്ഞു യജ്ഞാനുഷ്ഠാനം കൊണ്ടു മനോമാലിന്യങ്ങളകറ്റുന്നവരാണ്.

വേറെ ചിലർ ഭക്ഷണകാര്യങ്ങളിലും മറ്റു വിഷയാനുഭവങ്ങളിലും ചില നിയമങ്ങൾ പാലിച്ചുകൊണ്ട് ഉള്ളിൽ അടങ്ങി ഒതുങ്ങുന്ന പ്രാണപ്രസരങ്ങളിൽ മറ്റെല്ലാ പ്രാണചലനങ്ങളെയും ഹോമിക്കുന്നു. മേൽവിവരിച്ച പ്രകാരമുള്ള യജ്ഞങ്ങളനുഷ്ഠിക്കുന്ന എല്ലാവരും യജ്ഞമെന്തെന്നറിഞ്ഞു യജ്ഞാനുഷ്ഠാനം കൊണ്ടു മനോമാലിന്യങ്ങൾ അകറ്റുന്നവരാണ്.

## *പ്രാണാൻ പ്രാണേഷു ജുഹ്വതി*

രേചകപൂരകങ്ങളുപേക്ഷിച്ചിട്ടു കേവലകുംഭകം ശീലിക്കുന്നതും വിശേഷതരത്തിലുള്ള പ്രാണായാമമാണ്. ഇവിടെ പ്രാണനും അപാനനും ഗതി തടയപ്പെട്ട് ഒരൊറ്റ പ്രാണനായിത്തീരുന്നു. ഉള്ളിലെ പ്രാണപ്രസരങ്ങളിൽ മറ്റെല്ലാ പ്രാണചലനങ്ങളും അടങ്ങി ഒതുങ്ങുകയാണ്. അതുകൊണ്ടാണതിനെ പ്രാണനിലെ പ്രാണയജനമായി ചിത്രീകരിച്ചിരിക്കുന്നത്. നിദ്രാലസ്യാദി ദോഷങ്ങളുള്ളവർ രേചകാദി മൂന്നും ശിലിക്കണം. അവയില്ലാത്തവർക്കു കേവലകുംഭകം എളുപ്പത്തിൽ ഫലസിദ്ധി കൈവരുത്തുന്നു. ചിത്തശുദ്ധിയാണു പ്രാണായാമലക്ഷ്യം. പ്രാണായാമം ദൃഢപ്പെടുത്തുന്നതോടെ പ്രാണൻ അത്യന്തം സൂക്ഷ്മമായി ഭവിച്ചു ശരീരത്തിലെ എല്ലാ രോമകൂപങ്ങളിലും പരന്നു വ്യാപിച്ചിട്ടു ചിത്തശുദ്ധിയും ദേഹശുദ്ധിയും ഉണ്ടാക്കിത്തീർക്കുന്നു. അങ്ങനെ അത് ആത്മാനുഭവത്തിനു വഴിതെളിക്കുന്നു.

## *യജ്ഞവിദഃ യജ്ഞക്ഷപിതകൽമഷാഃ*

മേൽ വിവരിച്ച രീതിയിൽ സാധനകളനുഷ്ഠിക്കുന്നവരെല്ലാം യജ്ഞമെന്തെന്നറിയുന്നവരാണ്; കർമവാസനകളെ കുറിച്ച് ചിത്തശുദ്ധി നേടുന്ന വിധം അനുഷ്ഠിക്കപ്പെടുന്ന കർമമാണു യജ്ഞം. പ്രത്യേകതരം യജ്ഞങ്ങ

digitized by www.sreyas.in

ളനുഷ്ഠിച്ചു കർമവാസന കുറയുന്തോറും മനോമാലിന്യമകന്ന് ആത്മ ബോധം കൂടിക്കൂടിവരും. തുടർന്ന് എല്ലാ കർമങ്ങളും യജ്ഞമായി മാറും. ക്രമേണ കർമവാസന മുഴുവൻ ക്ഷയിച്ചു സൂര്യതുല്യം ആത്മാവ് പ്രകാശി ക്കാനും ഇടവരും.

യജ്ഞമെന്തെന്നറിഞ്ഞു യജ്ഞരൂപത്തിൽ കർമമനുഷ്ഠിച്ചു കർമവാ സന ഒടുങ്ങി ആത്മാവു തെളിഞ്ഞാൽ എന്താണു ഫലം? യജ്ഞവിവരണം ഉപസംഹരിച്ചശേഷം ഭഗവാൻ യജ്ഞാനുഷ്ഠാനഫലം വിവരിക്കുകയാണ് അടുത്ത ശ്ലോകത്തിൽ:

*31. യജ്ഞശിഷ്ടാമൃതഭുജോ യാന്തി ബ്രഹ്മ സനാതനം*
*നായം ലോകോഽസ്ത്യയജ്ഞസ്യ കുതോഽന്യഃ കുരുസത്തമ*

യജ്ഞശിഷ്ടാമൃതഭുജഃ - യജ്ഞരൂപത്തിൽ കർമം ചെയ്തു വാസനാക്ഷയം. നേടിയശേഷം തെളിയുന്ന ആത്മാനന്ദമാകുന്ന അമൃതം അനുഭവിക്കുന്നവർ; സനാതനം ബ്രഹ്മ യാന്തി - ക്രമേണ അഴിവില്ലാത്ത ബ്രഹ്മവുമായി ഏകീഭവി ക്കുന്നു; അയജ്ഞസ്യ - യജ്ഞരൂപത്തിലല്ലാതെ സ്വാർഥമോഹിതനായി കർമം ചെയ്യുന്നവന്; അയം ലോകഃ നാസ്തി - ഈ ലോകം തന്നെ നഷ്ട പ്പെടുന്നു; കുരുസത്തമ - അല്ലയോ അർജുനാ; അന്യഃ കുതഃ - പരലോക ത്തിന്റെ കാര്യം പിന്നെ പറയാനുണ്ടോ?

യജ്ഞരൂപത്തിൽ കർമം ചെയ്തു വാസനാക്ഷയം നേടിയശേഷം തെളിയുന്ന ആത്മാനന്ദമാകുന്ന അമൃതം അനുഭവിക്കുന്നവർ ക്രമേണ അഴി വില്ലാത്ത ബ്രഹ്മവുമായി ഏകീഭവിക്കുന്നു. യജ്ഞരൂപത്തിലല്ലാതെ സ്വാർഥ മോഹിതനായി കർമം ചെയ്യുന്നവന് ഈ ലോകംതന്നെ നഷ്ടപ്പെടുന്നു; അല്ലയോ അർജുനാ, പരലോകത്തിന്റെ കാര്യം പിന്നെ പറയാനുണ്ടോ?

## *യജ്ഞശിഷ്ടാമൃതഭുജഃ*

യജ്ഞം കഴിഞ്ഞു ശേഷിക്കുന്ന അമൃതമെന്താണ്? യാഗം കഴിഞ്ഞു അവശേഷിക്കുന്ന അന്നമാണെന്നു മാത്രം കരുതുന്നത് ഒരിക്കലും ഗീതാ താൽപ്പര്യത്തിനു നിരക്കുകയില്ല. ഇനി യാഗാദി കർമങ്ങൾപോലും ഫലേച്ഛ യോടെയാണു ചെയ്യുന്നതെങ്കിൽ ബാക്കി വരുന്ന അന്നം ഭുജിച്ചതുകൊണ്ടു ബ്രഹ്മപ്രാപ്തി ഒട്ടു കിട്ടുകയുമില്ല. രാഗദ്വേഷങ്ങളില്ലാതെ ബ്രഹ്മാരാധന യായി നടത്തുന്ന ഏതു കർമവും യജ്ഞമാണ്. അങ്ങനെയുള്ള കർമം ആത്മപ്രസാദമുളവാക്കുമെന്നു ഭഗവാൻ തന്നെ രണ്ടാമധ്യായം അറു

digitized by www.sreyas.in

പത്തിനാലാം ശ്ലോകത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. ഈ ആത്മപ്രസാദമാണു യജ്ഞശിഷ്ടാമൃതം. കർമം ചെയ്തു വാസന കുറയുന്നതോടെ ഈ അമൃതാനുഭവം നിരന്തരമായിത്തീരുന്നു. തുടർന്നു സമാധിയിൽ ആത്മാനുഭവവും പുറത്തു സർവത്ര വ്യക്തമായ ബ്രഹ്മാനുഭവവും തെളിയുന്നു. ഇതാണു യജ്ഞശിഷ്ടാമൃതഭുക്കിന്റെ ബ്രഹ്മപ്രാപ്തി.

## *നായം ലോകോസ്ത്യയജ്ഞസ്യ*

യജ്ഞരൂപത്തിലല്ലാതെ സ്വാർഥമോഹിതനായി കർമം ചെയ്യുന്നവന് ഈ ലോകംതന്നെ നഷ്ടപ്പെടുന്നു. അവന് ഈ ലോകത്തു കാര്യമായ ശാന്തിയോ സുഖമോ അനുഭവിക്കാൻ കിട്ടുന്നില്ലെന്നു താൽപ്പര്യം. സ്വാർഥമോഹി കർമവാസനയെ ക്ഷയിപ്പിക്കുകയല്ല സഞ്ചയിക്കുകയാണു ചെയ്യുന്നത്. കർമവാസന സഞ്ചയിക്കപ്പെടുംതോറും ആത്മസ്വരൂപത്തിൽനിന്ന് അകന്ന് മനസ്സ് ചഞ്ചലവും അശാന്തവുമായിത്തീരും. അങ്ങനെ ഈ ലോകം അയാൾക്കു നഷ്ടപ്പെടും. യജ്ഞരൂപത്തിൽ കർമം ചെയ്യുന്നവനു തൽക്കാലജന്മത്തിൽ തന്നെ ബ്രഹ്മപ്രാപ്തിയുണ്ടായില്ലെങ്കിൽപ്പോലും ഉന്നതമായ സ്വർഗാദി പരലോകാനുഭവം വന്നുചേരുന്നു. സ്വാർഥമോഹിയാകട്ടെ ഭൗതികവാസനകൾ സഞ്ചയിച്ചു പശ്വാദിസ്ഥാവരാന്തമായ ഇരുണ്ട ജീവിതങ്ങളിലേക്കു പതിക്കാനിടവരുന്നു. ഇതാണയാളുടെ പരലോകനാശം. അതുകൊണ്ടു യജ്ഞരൂപത്തിലുള്ള കർമാനുഷ്ഠാനം കൊണ്ടല്ലാതെ ജീവിതത്തിന് ഇഹപരഗതിയോ ബ്രഹ്മപ്രാപ്തിയോ ഉണ്ടാകുന്നില്ലെന്നു ചുരുക്കം.

യജ്ഞരൂപത്തിലുള്ള കർമാനുഷ്ഠാനവും അനുഷ്ഠാനഫലവും ഇങ്ങനെ സമഗ്രമായി വിവരിച്ചശേഷം ആ പ്രകരണം ഉപസംഹരിക്കുകയാണു മുപ്പത്തിരണ്ടാം ശ്ലോകത്തിൽ:

*32. ഏവം ബഹുവിധാ യജ്ഞാ വിതതാ ബ്രഹ്മണോ മുഖേ*
*കർമജാൻ വിദ്ധി താൻ സർവാനേവം ജ്ഞാത്വാ വിമോക്ഷ്യസേ*

ഏവം – ഇപ്രകാരം; ബഹുവിധാഃ യജ്ഞാഃ – സാധകന്മാരുടെ പാകതക്കനുസരണമായി അനേകവിധം യജ്ഞങ്ങൾ; ബ്രഹ്മണഃ മുഖേ – പരബ്രഹ്മത്തെ സമീപിക്കാനായി; വിതതാഃ – രൂപം നൽകപ്പെട്ടിട്ടുണ്ട്; താൻ സർവാൻ – അവയെല്ലാം; കർമജാൻ വിദ്ധി – ഏതെങ്കിലും തരത്തിലുള്ള കർമവുമായി ബന്ധപ്പെട്ടവയാണെന്നറിയൂ; ഏവം ജ്ഞാത്വാ – യജ്ഞങ്ങൾ കർമവുമായി ബന്ധപ്പെട്ടവയാണെന്നറിഞ്ഞാൽ; വിമോക്ഷ്യസേ – ആ ബന്ധത്തിൽ നിന്നു നിനക്കു മോചിക്കാൻ കഴിയും.

digitized by www.sreyas.in

സാധകന്മാരുടെ പാകതക്കനുസരണമായി അനേകവിധം യജ്ഞങ്ങൾ പരബ്രഹ്മത്തെ സമീപിക്കാനായി രൂപം നൽകപ്പെട്ടിട്ടുണ്ട്. അവയെല്ലാം ഏതെങ്കിലും തരത്തിലുള്ള കർമവുമായി ബന്ധപ്പെട്ടവയാണെന്നറിയൂ. യജ്ഞങ്ങൾ കർമവുമായി ബന്ധപ്പെട്ടവയാണെന്നറിഞ്ഞാൽ ആ ബന്ധത്തിൽ നിന്നു നിനക്കു മോചിക്കാൻ കഴിയും.

## *ബ്രഹ്മണോ മുഖേ*

'ബ്രഹ്മണോ മുഖേ' എന്നതിനു 'വേദമുഖത്തിൽ' എന്നാണു പലരും അർഥം പറഞ്ഞുകാണുന്നത്. യജ്ഞശബ്ദത്തിനു നൽകിപ്പോയ തെറ്റായ നിർവചനമാണു തുടരെത്തുടരെ ഇങ്ങനെ ഗീതാർഥത്തെ സങ്കോചിപ്പിക്കാൻ ഇട നൽകിയിട്ടുള്ളത്. യജ്ഞരൂപത്തിലുള്ള കർമാനുഷ്ഠാനം സത്യത്തെ സമീപിക്കാനുള്ള ഉപായമാണെന്നു ഭഗവാൻ ആവർത്തിച്ചാവർത്തിച്ചു വെളിപ്പെടുത്തിയിരിക്കെ 'ബ്രഹ്മണോ മുഖേ' എന്നതിന് അർഥം ഗ്രഹിക്കാൻ എന്താണു വിഷമം? യജ്ഞശിഷ്ടാമൃതമാണ് ആ സത്യാനുഭവം. അതുകൊണ്ടു 'ബ്രഹ്മണോ മുഖേ' എന്നതിനു യജ്ഞരൂപമായ കർമം അതിവേഗം ജിജ്ഞാസുവിനെ ബ്രഹ്മത്തോടടുപ്പിക്കുന്ന ഒന്നാണെന്നു തന്നെയാണർഥം ഗ്രഹിക്കേണ്ടത്. വേദവിഹിതങ്ങളായ യജ്ഞങ്ങളും അതിൽ ഉൾപ്പെട്ടോട്ടെ; വിരോധമില്ല.

## *ഏവം ജ്ഞാത്വാ വിമോക്ഷ്യസേ*

യജ്ഞങ്ങൾ ഏതെങ്കിലും കർമവുമായി ബന്ധപ്പെട്ടവയാണ്. സ്വഭാവനിയതമായ കർമത്തെയാണല്ലോ യജ്ഞരൂപമായി അനുഷ്ഠിക്കേണ്ടത്. അങ്ങനെ അനുഷ്ഠിക്കുന്നത് ആ കർമത്തെ ക്ഷയിപ്പിക്കാനാണ്. അല്ലാതെ ബ്രഹ്മത്തെ ഉണ്ടാക്കാനല്ല. ബ്രഹ്മം സനാതനവും നിത്യമുക്തവുമായി സദാ തെളിഞ്ഞു വിളങ്ങുന്നു. കർമവാസനകൾ അന്തഃകരണത്തിൽ ഒരു മറ സൃഷ്ടിച്ചിരിക്കുന്നതുകൊണ്ടാണ് ആ സത്യം അനുഭവപ്പെടാതിരിക്കുന്നത്. കർമത്തെ യജ്ഞമാക്കി മാറ്റുന്നതോടെ ആ മറ ലയിച്ചില്ലാതാകുന്നു. 'യജ്ഞരൂപത്തിൽ കർമമനുഷ്ഠിക്കുന്നവർക്ക് അതു പൂർണമായി ലയിച്ചുകിട്ടുന്നു' എന്നു ഭഗവാൻതന്നെ ഇരുപത്തിമൂന്നാം പദ്യത്തിൽ വ്യക്തമാക്കിയിരിക്കുന്നത് ഒന്നുകൂടി നോക്കുക. അപ്പോൾ യജ്ഞത്തിന്റെ കർമവുമായുള്ള ബന്ധം വേണ്ടപോലെ അറിയുന്നയാൾ യജ്ഞരൂപത്തിൽ കർമംചെയ്തു പൂർണമായും അതിനെ ലയിപ്പിച്ചു കർമബന്ധത്തിൽ നിന്നു വേർപെടു

digitized by www.sreyas.in

മെന്നു തന്നെയാണ് 'ഏവം ജ്ഞാത്വാ വിമോക്ഷ്യസേ' എന്നതിന്റെ താൽപ്പര്യം.

യജ്ഞപ്രകരണം ഇങ്ങനെ ഉപസംഹരിച്ചിട്ടു ദ്രവ്യങ്ങളെക്കൊണ്ടും മറ്റുമനുഷ്ഠിക്കുന്ന പ്രത്യേകതരം യജ്ഞങ്ങളെ അപേക്ഷിച്ചു ജ്ഞാനയജ്ഞം ശ്രേഷ്ഠമാണെന്നു കാണിക്കുകയാണടുത്ത പദ്യത്തിൽ:

*33. ശ്രേയാൻ ദ്രവ്യമയാദ്യജ്ഞാദ് ജ്ഞാനയജ്ഞഃ പരന്തപ*
*സർവം കർമാഖിലം പാർഥ ജ്ഞാനേ പരിസമാപ്യതേ*

പരന്തപ – **അല്ലയോ അർജുനാ; ദ്രവ്യമയാത് യജ്ഞാത്** – പലതരം ദ്രവ്യങ്ങളെക്കൊണ്ട് ദേവതാരാധനപരമായും മറ്റും ചെയ്യുന്ന യജ്ഞത്തെയപേക്ഷിച്ച്; ജ്ഞാനയജ്ഞഃ – വസ്തുബോധത്തോടുകൂടിയ ജ്ഞാനാഭ്യാസം കൊണ്ടു സർവകർമങ്ങളെയും യജ്ഞമാക്കി മാറ്റുന്ന ജ്ഞാനയജ്ഞം; ശ്രേയാൻ – അതിവേഗം മോക്ഷത്തോടടുപ്പിക്കാൻ കഴിവുള്ളവതാകുന്നു; പാർഥ – അല്ലയോ കുന്തീപുത്ര; സർവം കർമ – എല്ലാ കർമങ്ങളും; അഖിലം – വാസനാസഹിതം; ജ്ഞാനേ പരിസമാപ്യതേ – ജ്ഞാനത്തിൽ കെട്ടടങ്ങുന്നു.

അല്ലയോ അർജുനാ, പലതരം ദ്രവ്യങ്ങളെക്കൊണ്ടു ദേവതാരാധനാരൂപമായും മറ്റും ചെയ്യുന്ന യജ്ഞത്തെയപേക്ഷിച്ചു വസ്തുബോധത്തോടുകൂടിയ ജ്ഞാനാഭ്യാസംകൊണ്ടു സർവകർമങ്ങളെയും യജ്ഞമാക്കി മാറ്റുന്ന ജ്ഞാനയജ്ഞം അതിവേഗം മോക്ഷത്തോടടുപ്പിക്കാൻ കഴിവുള്ളതാകുന്നു. അല്ലയോ കുന്തീപുത്ര, എല്ലാ കർമങ്ങളും വാസനാസഹിതം ജ്ഞാനത്തിൽ കെട്ടടങ്ങുന്നു.

## ജ്ഞാനേ പരിസമാപ്യതേ

യജ്ഞപ്രകരണത്തിന്റെ ആരംഭത്തിൽ ഇരുപത്തിനാലാം ശ്ലോകത്തിൽ ജീവന്മുക്തൻ ലോകസംഗ്രഹത്തിനായി ചെയ്യുന്ന ജ്ഞാനയജ്ഞം വിവരിക്കുകയുണ്ടായി. തുടർന്ന് ഇരുപത്തഞ്ചാം പദ്യത്തിൽ ഒരു സാധകൻ ജീവയജനരൂപത്തിൽ നിർവഹിക്കുന്ന ജ്ഞാനയജ്ഞവും വിവരിച്ചിട്ടുണ്ട്. ഈ രണ്ടുവിധ ജ്ഞാനയജ്ഞങ്ങളെയും പ്രകീർത്തിക്കുകയാണു ഭഗവാൻ പ്രസ്തുത ശ്ലോകത്തിൽ. കർമവിമുക്തിയും ബ്രഹ്മപ്രാപ്തിയുമാണല്ലോ എല്ലാ യജ്ഞങ്ങളുടെയും പരമലക്ഷ്യം. ദ്രവ്യയജ്ഞങ്ങൾ ചിരകാലം കൊണ്ടു മാത്രമേ ചിത്തശുദ്ധിവഴി ബ്രഹ്മപ്രാപ്തിക്കു വഴിതെളിക്കൂ. നേരെമ

digitized by www.sreyas.in

റിച്ചു വസ്തുബോധവും തുടർന്നുള്ള ജ്ഞാനാഭ്യാസവും കർമരംഗത്തിൽ നിൽക്കുന്ന ഒരാളെ അതിവേഗം കർമവിമുക്തനാക്കി ബ്രഹ്മപ്രാപ്തിക്കർഹ നാക്കിത്തീർക്കും. പ്രപഞ്ചത്തിനാശ്രയവും നിത്യമുക്തവുമായ പരബ്രഹ്മം തികച്ചും കർമവിമുക്തമാണെന്നും ആ അധിഷ്ഠാനത്തിൽ ബ്രഹ്മശക്തിയായ മായ ആരോപിച്ചിരിക്കുന്ന അസത്പ്രതിഭാസമാണു കർമമെന്നും വിചാരം ചെയ്തുറപ്പിക്കുന്നതാണല്ലോ വസ്തുബോധം. തുടർന്നു താനും ഇക്കാണുന്ന പ്രപഞ്ചവും കർമരഹിതമായ ബ്രഹ്മം തന്നെയാണെന്നു ഭാവന ചെയ്തനുഭവിച്ചുകൊണ്ടു രാഗദ്വേഷങ്ങൾ കുറച്ചു കുറച്ചു ശരീരത്തെ കർമരംഗത്തു ചലിപ്പിക്കുന്നതാണു ബ്രഹ്മാഭ്യാസം. സിദ്ധാന്തപരമായ വസ്തുവിചാരംകൊണ്ടുതന്നെ താൻ കർമവിമുക്തനാണെന്നു ബുദ്ധിക്കു തെളിഞ്ഞു. രാഗദ്വേഷങ്ങൾ കുറഞ്ഞ് ആത്മവസ്തു അനുഭവമണ്ഡലത്തിലെത്തുന്നതോടെ വാസനകളും ഒടുങ്ങി കർമവിമുക്തി പൂർണമായി അനുഭവിക്കാറാകും. അപ്പോൾ ശരീരം രാപ്പകൽ കർമം ചെയ്താലും താൻ കർമമൊന്നും ചെയ്യുന്നില്ല എന്നാണനുഭവം. ഈ അനുഭവത്തിന്റെ വെളിച്ചത്തിലാണു ജ്ഞാനത്തിൽ കർമമെല്ലാം കെട്ടടങ്ങുന്നു എന്നു ഭഗവാൻ പ്രസ്താവിച്ചിരിക്കുന്നത്.

കർമത്തെ പാടേ ഒഴിച്ചുമാറ്റി ശരീരം കർമം ചെയ്യുമ്പോൾപ്പോലും പൂർണമായ കർമവിമുക്തി അനുഭവിക്കുവാൻ വഴിതെളിക്കുന്ന ഈ ജ്ഞാനം എങ്ങനെയാണു നേടുക? ആർക്കാണു തരാൻ കഴിയുക? ഈ ചോദ്യത്തിനുത്തരമാണ് ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്:

*34. തദ്വിദ്ധി പ്രണിപാതേന പരിപ്രശ്നേന സേവയാ*
*ഉപദേക്ഷ്യന്തി തേ ജ്ഞാനം ജ്ഞാനിനസ്തത്വദർശിനഃ*

തത് - ഈ ജ്ഞാനം; പ്രണിപാതേന - ഗുരുപാദത്തിൽ സാഷ്ടാംഗം നമസ്കരിച്ചും; പരിപ്രശ്നേന - അവസരം നോക്കി ഗുരുവിനോടു തത്വപരങ്ങളായ ചോദ്യങ്ങൾ ചോദിച്ചും; സേവയാ - ശുശ്രൂഷകൊണ്ടു ഗുരുവിനെ പ്രസാദിച്ചും; വിദ്ധി - അറിയേണ്ടതാണ്; തത്വദർശിനഃ ജ്ഞാനിനഃ - തത്വം പ്രത്യക്ഷമായി സാക്ഷാൽക്കരിച്ചറിഞ്ഞ ബ്രഹ്മനിഷ്ഠന്മാർ; ജ്ഞാനം - വസ്തുബോധം; തേ ഉപദേക്ഷ്യന്തി - നിനക്ക് ഉപദേശിച്ചുതരും.

ഈ ജ്ഞാനം ഗുരുപാദത്തിൽ സാഷ്ടാംഗം പ്രണമിച്ചും അവസരം നോക്കി ഗുരുവിനോടു തത്വപരങ്ങളായ ചോദ്യങ്ങൾ ചോദിച്ചും ശുശ്രൂഷകൊണ്ടു ഗുരുവിനെ പ്രസാദിപ്പിച്ചും അറിയേണ്ടതാണ്. തത്വം പ്രത്യക്ഷമായി സാക്ഷാൽക്കരിച്ചറിഞ്ഞ ബ്രഹ്മനിഷ്ഠന്മാർ വസ്തുബോധം നിനക്കുപദേശിച്ചുതരും.

digitized by www.sreyas.in

*ജ്ഞാനിനസ്തത്വദർശിനഃ*

ആരാണു തത്വമുപദേശിക്കുക? സത്യം പ്രത്യക്ഷമായി സാക്ഷാൽക്കരിച്ചനുഭവിക്കുന്ന ബ്രഹ്മനിഷ്ഠന്മാർക്കു മാത്രമേ അതുപോലെ മറ്റൊരാൾക്ക് ഉപദേശിച്ചുകൊടുക്കാൻ പറ്റൂ. പരോക്ഷജ്ഞാനമെന്നും അപരോക്ഷജ്ഞാനമെന്നും ജ്ഞാനം രണ്ടു വിധമുണ്ട്. യുക്തിവിചാരം ചെയ്തു സിദ്ധാന്തപരമായി ബുദ്ധിക്കുണ്ടാകുന്ന വസ്തുബോധമാണു പരോക്ഷജ്ഞാനം. വസ്തുവിനെ സ്വയം സാക്ഷാൽക്കരിച്ചനുഭവിക്കുന്നതാണ് അപരോക്ഷജ്ഞാനം. തത്വദർശിയായ ജ്ഞാനി എന്നു ഭഗവാൻ പറഞ്ഞിരിക്കുന്നത് അപരോക്ഷജ്ഞാനിയെ ഉദ്ദേശിച്ചാണ്. വാക്കിനും മനസ്സിനും അതീതമായ പരമസത്യം വ്യക്തമായി ജിജ്ഞാസുവിനു പകർന്നുകൊടുക്കാൻ എത്ര സമർഥനായാലും ഒരു പരോക്ഷജ്ഞാനിക്കു കഴിയുന്നതല്ല. അപ്പോൾ സത്യം വ്യക്തമായി ഗ്രഹിക്കാൻ കൊതിക്കുന്നയാൾ ബ്രഹ്മനിഷ്ഠനായ ഗുരുവിനെത്തന്നെ സമീപിക്കേണ്ടതാണ്. വെറുതെ സമീപിച്ചതുകൊണ്ടുമാത്രം പോരാ. പാദങ്ങളിൽ നമസ്കരിച്ചു ശുശ്രൂഷാപരനായി അവസരം നോക്കി ചോദിച്ചുവേണം ഉപദേശം നേടാൻ. നമസ്കാരവും ശുശ്രൂഷയുമൊക്കെ ശിഷ്യന്റെ അർഹത തെളിയിക്കാനുള്ള ഉപായങ്ങളാണെന്നോർക്കണം. വിനയമില്ലാത്ത അപക്വമതിക്കു ഗ്രഹിക്കാവുന്ന ഒന്നല്ലല്ലോ ബ്രഹ്മജ്ഞാനം. ഭഗവാൻ അർജുനനു ബ്രഹ്മജ്ഞാനം ഉപദേശിച്ചുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഈ പറയുന്നതിനൊക്കെ എന്താണർഥം? അർജുനൻ ശിഷ്യത്വം അംഗീകരിച്ച് ഉപദേശം കേൾക്കുന്നുണ്ടെങ്കിലും തൽക്കാലം ഗുരുവിന്റെ മാഹാത്മ്യം അദ്ദേഹത്തിനു വേണ്ടത്ര നിശ്ചയമില്ല; അതുപോലെ ബ്രഹ്മബോധം വ്യക്തമായി ഉൾക്കൊള്ളാനുള്ള പാകത അദ്ദേഹത്തിനു വന്നിട്ടുമില്ല. മേൽപ്പറഞ്ഞ ഗുരുശിഷ്യബന്ധം രൂപപ്പെടുമ്പോൾ ഈ ഉപദേശിക്കപ്പെടുന്ന ജ്ഞാനം അർജുനനു വ്യക്തമായി ഗ്രഹിക്കാറാകുമെന്നു തന്നെയാണു ഭഗവാന്റെ താൽപ്പര്യം.

ആട്ടെ, ജ്ഞാനം വ്യക്തമായി ഗ്രഹിക്കാൻ കഴിഞ്ഞാലുള്ള മെച്ചമെന്താണ്? ഈ സംശയത്തിനുത്തരമാണടുത്ത പദ്യം. ഇതു മുതൽ അധ്യായം അവസാനിക്കുന്നതുവരെ ഇനി ജ്ഞാനമാഹാത്മ്യം വിവരിക്കുകയാണു ഭഗവാൻ:

*35. യജ്ജ്ഞാത്വാ ന പുനർമോഹമേവം യാസ്യസി പാണ്ഡവ*
*യേന ഭൂതാന്യശേഷേണ ദ്രക്ഷ്യസ്യാത്മന്യഥോ മയി*

digitized by www.sreyas.in

പാണ്ഡവ - അല്ലയോ അർജുനാ, യത് ജ്ഞാത്വാ - തത്വദർശികളായ ബ്രഹ്മനിഷ്ഠന്മാരിൽനിന്നു ജ്ഞാനം ലഭിച്ചുകഴിഞ്ഞാൽ; പുനഃ - പിന്നെ ഒരിക്കലും; ഏവം മോഹം - ഞാൻ, എന്റേത് എന്നിങ്ങനെ ഇപ്പോൾ സംഭവിച്ചതുപോലുള്ള മമതാമോഹം; ന യാസ്യസി - നിനക്കുണ്ടാവുകയില്ല; യേന - എന്തുകൊണ്ടെന്നാൽ ജ്ഞാനം ഹേതുവായി; ഭൂതാനി അശേഷണ - പ്രപഞ്ചഘടകങ്ങൾ എല്ലാം തന്നെ; ആത്മനി - നീ സ്വന്തം ആത്മാവിലും; അഥ - അനന്തരം; മയി ദ്രക്ഷ്യസി - എന്നിലും കാണാൻ ഇടവരും.

അല്ലയോ അർജുനാ, തത്വദർശികളായ ബ്രഹ്മനിഷ്ഠന്മാരിൽനിന്നു ജ്ഞാനം ലഭിച്ചുകഴിഞ്ഞാൽപ്പിന്നെ ഒരിക്കലും ഞാൻ, എന്റേത് എന്നിങ്ങനെ ഇപ്പോൾ സംഭവിച്ചതുപോലുള്ള മമതാമോഹം നിനക്കുണ്ടാവുകയില്ല. എന്തുകൊണ്ടെന്നാൽ ജ്ഞാനം ഹേതുവായി പ്രപഞ്ചഘടകങ്ങൾ എല്ലാംതന്നെ നീ സ്വന്തം ആത്മാവിലും അനന്തരം എന്നിലും കാണാൻ ഇടവരും.

## *ദ്രക്ഷ്യസ്യാത്മന്യഥോ മയി*

'ഇവിടെ സച്ചിദാനന്ദഘനമായ പരമാത്മാവെന്ന ഒരു വസ്തുവേയുള്ളൂ; ലേശംപോലും പലതില്ല' എന്ന അറിവാണല്ലോ ജ്ഞാനം. ഈ കാണുന്ന പ്രപഞ്ചഘടകങ്ങളെല്ലാം ആ ഒരേ വസ്തുവിന്റെതന്നെ രൂപഭേദങ്ങളാണ്. ഒരു ബ്രഹ്മനിഷ്ഠന്റെ ഉപദേശവും അനുഗ്രഹവും ലഭിക്കുമെങ്കിൽ ജിജ്ഞാസുവിന് ആദ്യം യോഗമഭ്യസിച്ചു സ്വന്തം ആത്മാവിൽ ഈ വസ്തുസ്ഥിതി സാക്ഷാൽക്കരിക്കാൻ കഴിയും. തുടർന്നു തന്റെ ആത്മാവായി വർത്തിക്കുന്ന സത്യം തന്നെ ലോകമെങ്ങും നിറഞ്ഞുതിങ്ങുന്നതായും കാണാൻ കഴിയും. ഇതാണു ബ്രഹ്മസാക്ഷാൽക്കാരത്തിന്റെ ക്രമം. ഈ ജ്ഞാനമുണ്ടായാൽപ്പിന്നെ, ഞാൻ, എന്റേത് എന്ന മമതാമോഹത്തിനു യാതൊരു പ്രസക്തിയും ഉണ്ടായിരിക്കുകയില്ലല്ലോ. ആദ്യം സ്വന്തം ആത്മാവിലും തുടർന്ന് എന്നിലും പ്രപഞ്ചഘടകങ്ങളെല്ലാം കാണാൻ കഴിയുമെന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് അർജുനന് ആത്മസാക്ഷാൽക്കാരം നേടിക്കഴിഞ്ഞശേഷമേ പരമാത്മാവായ തന്നെയും വേണ്ടപോലെ അറിയാൻ പറ്റൂ എന്നു ഭഗവാൻ ധ്വനിപ്പിച്ചിരിക്കുന്നു.

യുദ്ധത്തിൽ സ്വജനങ്ങളെ കൊല്ലാൻ ഇടവരുന്നു എന്ന മോഹം ജ്ഞാനലാഭത്തോടെ നീങ്ങിക്കിട്ടും. ഇവരെ കൊല്ലുന്നതുകൊണ്ടു തനിക്കു പാപമേ വന്നുചേരൂ എന്ന അർജുനന്റെ നിഗമനത്തിനു ജ്ഞാനം പരിഹാരമാകുമോ? ഭഗവാന്റെ മറുപടി ശ്രദ്ധിക്കുക:

75-2006 18

digitized by www.sreyas.in

*36. അപി ചേദസി പാപേഭ്യഃ സർവേഭ്യഃ പാപകൃത്തമഃ*
*സർവം ജ്ഞാനപ്ലവേനൈവ വൃജിനം സന്തരിഷ്യസി*

സർവേഭ്യഃ പാപേഭ്യഃ - ലോകത്തുള്ള എല്ലാ പാപികളിലും വച്ച്; പാപകൃത്തമഃ അപി ചേത് അസി - ഏറ്റവുമധികം പാപം ചെയ്തവനാണു നീയെങ്കിൽപ്പോലും; സർവം വൃജിനം - ആ മുഴുവൻ പാപസമുദ്രത്തെയും; ജ്ഞാനപ്ലവേന ഏവ - ജ്ഞാനമാകുന്ന തോണികൊണ്ടുതന്നെ; സന്തരിഷ്യസി - സമ്പൂർണമായി കടക്കാൻ കഴിയും.

ലോകത്തുള്ള എല്ലാ പാപികളിലും വച്ച് ഏറ്റവുമധികം പാപം ചെയ്തവനാണു നീയെങ്കിൽപോലും ആ മുഴുവൻ പാപസമുദ്രത്തെയും ജ്ഞാനമാകുന്ന തോണികൊണ്ടുതന്നെ സമ്പൂർണമായി കടക്കാൻ കഴിയും.

## *വൃജിനം സന്തരിഷ്യസി*

വസ്തു ഒന്നേയുള്ളു; അതു സനാതനവുമാണെങ്കിൽപ്പിന്നെ എന്തു പുണ്യം, എന്തു പാപം? പക്ഷേ, ഈ വസ്തുസ്ഥിതി സാക്ഷാൽക്കരിച്ചനുഭവിക്കുന്നതുവരെ ഞാൻ, നീയെന്ന ഭേദചിന്ത നിമിത്തം അജ്ഞതയുടെ ഫലമായി പുണ്യപാപചിന്ത മനസ്സിനെ അലട്ടിക്കൊണ്ടേയിരിക്കും. ജ്ഞാനോദയത്തോടെ സൂര്യോദയത്തിൽ ഇരുട്ടെന്നപോലെ അജ്ഞാനം നീങ്ങി പാപചിന്ത പാടേ ഇല്ലാതാകുന്നു. ജ്ഞാനത്തിനല്ലാതെ മറ്റൊന്നിനും ഈ കഴിവില്ലതന്നെ.

എന്തിനു പാപകർമത്തെ മാത്രം എടുത്തുപറയുന്നു. ജ്ഞാനോദയത്തോടെ സകല കർമങ്ങളും തീയിൽ വിറകെന്നപോലെ എരിഞ്ഞു ചാമ്പലാകുമെന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

*37. യഥൈധാംസി സമിദ്ധോഽഗ്നിർഭസ്മസാത് കുരുതേഽർജുന*
*ജ്ഞാനാഗ്നിഃ സർവകർമാണി ഭസ്മസാത് കുരുതേ തഥാ*

അർജുന - അല്ലയോ അർജുനാ; സമിദ്ധഃ അഗ്നിഃ - കത്തിജ്വലിക്കുന്ന അഗ്നി; യഥാ ഏധാംസി - എപ്രകാരമാണോ വിറകുകളെ; ഭസ്മസാത്കുരുതേ - എരിച്ചു ചാമ്പലാക്കുന്നത്; തഥാ ജ്ഞാനാഗ്നിഃ - അപ്രകാരം ജ്ഞാനമാകുന്ന അഗ്നി; സർവകർമാണി - സകല കർമങ്ങളേയും; ഭസ്മസാത്കുരുതേ - എരിച്ചു ചാമ്പലാക്കുന്നു.

അല്ലയോ അർജുനാ, കത്തിജ്വലിക്കുന്ന അഗ്നി എപ്രകാരമാണോ വിറകുകളെ എരിച്ചു ചാമ്പലാക്കുന്നത് അപ്രകാരം ജ്ഞാനമാകുന്ന അഗ്നി സകല കർമങ്ങളേയും എരിച്ചു ചാമ്പലാക്കുന്നു.

digitized by www.sreyas.in

## *കർമദഹനം*

പാപം, പുണ്യം, മിശ്രം എന്നിങ്ങനെ കർമങ്ങളെ മൂന്നായി തിരിക്കാം. പാപപുണ്യങ്ങൾ ഇടകലർന്നതാണു മിശ്രകർമം. പ്രാരബ്ധം, സഞ്ചിതം, ആഗാമി എന്നീ രീതിയിലും കർമങ്ങളെ മൂന്നായി തിരിക്കാം. ഏതേതു കർമങ്ങൾ ചെയ്തുതീർക്കാൻ തൽക്കാലശരീരം അംഗീകരിച്ചിരിക്കുന്നുവോ അതാണു പ്രാരബ്ധം. പൂർവജന്മങ്ങളിൽക്കൂടി സൂക്ഷ്മശരീരത്തിൽ സഞ്ചയിച്ചുവച്ചിരിക്കുന്ന കർമവാസനകളാണു സഞ്ചിതകർമം. ഈ ജന്മത്തിലെ പ്രാരബ്ധകർമം കൊണ്ടു ഭാവിജന്മങ്ങൾക്കായി സഞ്ചയിക്കാവുന്ന കർമവാസനകളാണു ആഗാമികർമം. വ്യക്തമായ വസ്തുബോധം കൊണ്ടു വാസനാമയമായ സൂക്ഷ്മശരീരം ഒഴിഞ്ഞുപോകുന്നു. ഇതാണു ജ്ഞാനാഗ്നിയിലെ സഞ്ചിത കർമദഹനം. രണ്ടില്ലെന്ന ബോധമുറച്ചാൽപ്പിന്നെ കർമവാസന എവിടെ തങ്ങാനാണ്? ഈ ബോധാനുഭവം ദൃഢപ്പെട്ടയാൾ ഭാവിജന്മങ്ങൾക്കായി കർമവാസന ഒരിക്കലും സഞ്ചയിക്കുന്നില്ല. ഇതാണു ജ്ഞാനാഗ്നിയിലെ ആഗാമിക കർമദഹനം. ഇനി അവശേഷിക്കുന്നതു പ്രാരബ്ധകർമമാണ്. ഏതു കർമം ചെയ്തു തീർക്കാനായി തൽക്കാലശരീരം അംഗീകരിച്ചുവോ ആ കർമം ഈ ശരീരംകൊണ്ട് ചെയ്ത് അനുഭവിച്ചുതന്നെ തീരണം. പക്ഷേ, ജ്ഞാനിക്ക് അതുകൊണ്ട് എന്തു ദോഷമാണു വരാനുള്ളത്? ജ്ഞാനിയുടെ ശരീരം സദാ കർമം ചെയ്താലും താൻ ഒന്നും ചെയ്യുന്നില്ലെന്നാണ് അദ്ദേഹത്തിന്റെ അനുഭവമെന്നു ഭഗവാൻ പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്. ഇതുതന്നെയാണു ജ്ഞാനിയുടെ പ്രാരബ്ധകർമദഹനം. പുണ്യപാപമിശ്രകർമങ്ങളെല്ലാം മേൽപ്പറഞ്ഞ മൂന്നു വിഭാഗത്തിലും അടങ്ങുന്നതുകൊണ്ട് അവയെ എടുത്തുപറയേണ്ടതില്ല. പരമാത്മസാക്ഷാൽക്കാരത്തിൽ അന്തിമമായി പുണ്യവാസനപോലും തടസ്സമായതുകൊണ്ടു പുണ്യകർമങ്ങളും ജ്ഞാനാഗ്നിയിൽ എരിക്കപ്പെടേണ്ടവ തന്നെയാണ്. ഇതാണു ജ്ഞാനാഗ്നിയിലെ സർവകർമദഹനം.

സർവകർമദഹനം ജ്ഞാനംകൊണ്ടു മാത്രമേ നേടാൻ പറ്റൂ എന്നുള്ളതുകൊണ്ടു ജ്ഞാനലാഭത്തിനായി യത്നിക്കാൻ അർജുനനെ പ്രേരിപ്പിക്കാനായി ഭഗവാൻ ജ്ഞാനത്തെ സ്തുതിക്കുകയാണടുത്ത പദ്യത്തിൽ:

*38. നഹി ജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതേ*
*തത് സ്വയം യോഗസംസിദ്ധഃ കാലേനാത്മനി വിന്ദതി*

digitized by www.sreyas.in

ഇഹ - ഈ ലോകത്തിൽ; ജ്ഞാനേന സദൃശം - സത്യവസ്ത്വനുഭവരൂപമായ ജ്ഞാനത്തിനു തുല്യം; പവിത്രം - പരിശുദ്ധമായി; ന വിദ്യതേ - മറ്റൊന്നും തന്നെയില്ല; തത് - ആ ജ്ഞാനം; കാലേന യോഗസംസിദ്ധഃ - ചിരകാലം കൊണ്ടു മനസ്സിന്റെ സമനിലയെന്ന യോഗമഭ്യസിച്ചു പാകപ്പെട്ടയാൾ; സ്വയം ആത്മനി വിന്ദതി - തന്നത്താൻ സ്വരൂപമായ ആത്മാവിൽ അനുഭവിക്കാനിടവരുന്നു.

ഈ ലോകത്തിൽ സത്യവസ്ത്വനുഭവരൂപമായ ജ്ഞാനത്തിനു തുല്യം പരിശുദ്ധമായി മറ്റൊന്നും തന്നെയില്ല. ആ ജ്ഞാനം ചിരകാലം കൊണ്ടു മനസ്സിന്റെ സമനിലയെന്ന യോഗമഭ്യസിച്ചു പാകപ്പെട്ടയാൾ തന്നെത്താൻ സ്വസ്വരൂപമായ ആത്മാവിൽ അനുഭവിക്കാൻ ഇടവരുന്നു.

## *കാലേനാത്മനി വിന്ദതി*

എല്ലാ കർമബന്ധങ്ങളിൽ നിന്നും വേർപെടുത്തി ജ്ഞാനം ജീവനു ബ്രഹ്മത്വം നേടിക്കൊടുക്കുന്നു. ജ്ഞാനത്തിനു മാത്രമേ ഈ കഴിവുള്ളു. അതുകൊണ്ടാണു ജ്ഞാനത്തെപ്പോലെ പവിത്രമായി മറ്റൊന്നില്ലെന്നു ഭഗവാൻ വിവരിച്ചിരിക്കുന്നത്. പക്ഷേ, വാസനാബന്ധംകൊണ്ട് അശുദ്ധമായ ചിത്തത്തിൽ ജ്ഞാനം പ്രകാശിക്കുകയില്ല. അതുകൊണ്ടു ജ്ഞാനം കൊതിക്കുന്നയാൾ മനസ്സിനെ സമനിലയെന്ന യോഗം അഭ്യസിപ്പിച്ചുകൊണ്ട് വാസനാനിയുക്തമായ കർമം സ്വധർമമാക്കി യജ്ഞരൂപത്തിൽ ചിരകാലം അനുഷ്ഠിക്കണം. അതോടെ കർമവാസന കുറഞ്ഞുകുറഞ്ഞു ചിത്തം ക്രമേണ സമനില പ്രാപിച്ചു ശുദ്ധമാവും. തുടർന്ന് ഇടതിങ്ങിയ ആത്മാനുഭവം അവനവന്റെ സ്വരൂപമായി ഉള്ളിൽ തെളിയും. ഇതാണു കാലംകൊണ്ടുള്ള ആത്മാനുഭവപ്രാപ്തി.

ജ്ഞാനലാഭത്തിനു യോഗാഭ്യാസത്തോടൊപ്പം മറ്റു ചില കാര്യങ്ങളും കൂടി ആവശ്യമുണ്ടെന്നും ജ്ഞാനം മനുഷ്യമനസ്സിനെ പരമശാന്തിയിലേക്കു നയിക്കുന്നു എന്നും ഭഗവാൻ തുടർന്നു പറയുന്നു:

*39. ശ്രദ്ധാവാൻ ലഭതേ ജ്ഞാനം തത്പരഃ സംയതേന്ദ്രിയഃ*
*ജ്ഞാനം ലബ്ധ്വാ പരാം ശാന്തിമചിരേണാധിഗച്ഛതി*

ശ്രദ്ധാവാൻ - തത്ത്വദർശിയായ ഗുരുവിന്റെ വാക്കിൽ വിശ്വസിച്ച്; തൽപരഃ - ആത്മാനുഭവം ലക്ഷ്യമാക്കി; സംയതേന്ദ്രിയഃ - ഇന്ദ്രിയങ്ങളെയും മനസ്സിനെയും അന്തർമുഖമാക്കി ഏകാഗ്രപ്പെടുത്തുന്നയാൾക്ക്; ജ്ഞാനം ലഭതേ -

digitized by www.sreyas.in

എല്ലാ ഒന്നാണെന്ന വസ്തുബോധം തെളിഞ്ഞുകിട്ടുന്നു; ജ്ഞാനം ലബ്ധ്വാ - ഈ വസ്തുബോധം തെളിയുന്നതോടെ; അചിരേണ - താമസം കൂടാതെ; പരാം ശാന്തിം അധിഗച്ഛതി - പരമമായ ശാന്തി കൈവരികയും ചെയ്യും.

തത്വദർശിയായ ഗുരുവിന്റെ വാക്കിൽ വിശ്വസിച്ച് ആത്മാനുഭവം ലക്ഷ്യമാക്കി ഇന്ദ്രിയങ്ങളെയും മനസ്സിനെയും അന്തർമുഖമാക്കി ഏകാഗ്രപ്പെടുത്തുന്നയാൾക്ക് എല്ലാം ഒന്നാണെന്ന വസ്തുബോധം തെളിഞ്ഞുകിട്ടുന്നു. ഈ വസ്തുബോധം തെളിയുന്നതോടെ പരമമായ ശാന്തി കൈവരികയും ചെയ്യും.

## *ശ്രദ്ധാവാൻ ലഭതേ*

സത്യനിഷ്ഠനായ ഗുരുവിന്റെ 'വസ്തു ഒന്നേയുള്ളു' എന്ന വാക്കിലുള്ള അചഞ്ചലവിശ്വാസമാണു ജ്ഞാനലാഭത്തിനേറ്റവും ആവശ്യം. അചഞ്ചലമായ വിശ്വാസം സിദ്ധാന്തത്തെ ആവർത്തിച്ചു പരീക്ഷിച്ചുനോക്കി ഉറപ്പിക്കാൻ വഴിതെളിക്കുന്നു. ഏതു ശാസ്ത്രസിദ്ധാന്തവും ഗുരുവചനം വിശ്വസിച്ചു പരീക്ഷിച്ചുനോക്കിയാലല്ലേ തെളിയൂ. പരീക്ഷണവിധമാണ് തൽപ്പരത്വവും സംയതേന്ദ്രിയത്വവും. ഫലമാണു പരമശാന്തി. സിദ്ധാന്തത്തിൽ വിശ്വാസം, പരീക്ഷണം, ഫലാനുഭവം ഇതാണല്ലോ എവിടെയും ക്രമം.

സത്യനിഷ്ഠനായ ഗുരുവിന്റെ വാക്കിൽ വിശ്വാസംതന്നെ വരുന്നില്ല എന്നുവന്നാലോ? പിന്നത്തെ ഗതിയാണു ഭഗവാൻ അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:

*40. അജ്ഞശ്ചാശ്രദ്ദധാനശ്ച സംശയാത്മാ വിനശ്യതി*
*നായം ലോകോഽസ്തി ന പരോ ന സുഖം സംശയാത്മനഃ*

അജ്ഞഃ - തനിക്കു സ്വയം സത്യം ചിന്തിച്ചറിയാനുള്ള കഴിവില്ല; അശ്രദ്ധാനഃ ച - എന്നാൽ സത്യനിഷ്ഠനായ ഗുരുവിന്റെ വാക്കു വിശ്വസിക്കാനൊട്ടു മനസ്സുമില്ല; സംശയാത്മാ - അങ്ങനെയുള്ള സംശയാത്മാവ്; വിനശ്യതി - സദാ മനസ്സ് ചഞ്ചലപ്പെട്ടു പതിക്കാനിടവരുന്നു; സംശയാത്മനഃ - സംശയിച്ചു ചഞ്ചലഹൃദയനായി കഴിയുന്നവന്; അയം ലോകഃ ന അസ്തി - ഈ ലോകം നഷ്ടമാകുന്നു; ന പരഃ - പരലോകം നഷ്ടമാകുന്നു; ന സുഖം - സുഖവും നഷ്ടമാകുന്നു.

തനിക്കു സ്വയം സത്യം ചിന്തിച്ചറിയാനുള്ള കഴിവില്ല. എന്നാൽ സത്യനിഷ്ഠനായ ഗുരുവിന്റെ വാക്കു വിശ്വസിക്കാനൊട്ടു മനസ്സുമില്ല;

digitized by www.sreyas.in

അങ്ങനെയുള്ള സംശയാത്മാവ് സദാ മനസ്സു ചഞ്ചലപ്പെട്ടു പതിക്കാനിടവരുന്നു. സംശയിച്ചു ചഞ്ചലഹൃദയനായി കഴിയുന്നവന് ഈ ലോകം നഷ്ടമാകുന്നു; പരലോകം നഷ്ടമാകുന്നു; സുഖവും നഷ്ടമാകുന്നു.

## *സംശയാത്മാ വിനശ്യതി*

വ്യക്തമായ വസ്തുബോധമാണ് ഏതു കാര്യത്തിലും വിജയം നേടിത്തരുന്നത്. സമുദ്രത്തെക്കുറിച്ചു വ്യക്തമായ അറിവില്ലാത്ത ഒരുവൻ കപ്പലോടിച്ചാൽ എന്തായിരിക്കും കഥ. വസ്തുബോധമില്ലാതെ സംസാരസമുദ്രത്തിൽ ജീവിതനൗക നയിക്കുന്നയാളിന്റെയും കഥയിതാണ്. സ്വയം സത്യമെന്തെന്നറിഞ്ഞുകൂടാ. സത്യം കണ്ടവർ പറയുന്നതു വിശ്വസിക്കുകയുമില്ല എന്നുവന്നാൽപ്പിന്നെ അവശേഷിക്കുന്ന മനസ്സിന്റെ ഒരേയൊരു സ്ഥിതിയാണു സംശയം; സർവത്ര സംശയം. സംശയാത്മാവ് വിവിധ രൂപത്തിൽ നശിക്കാനിടവരുന്നു. തെറ്റായാൽപ്പോലും നിശ്ചയബുദ്ധി സുഖിപ്പിക്കും; സംശയബുദ്ധി ദുഃഖിപ്പിക്കും. ഇതാണു നിയമം. സംശയബുദ്ധി ഒരിടത്തും ഉറച്ചു നിന്നു കർമം ചെയ്യാൻ കഴിവില്ലാത്തവനായതുകൊണ്ട് അയാൾക്ക് ഭൗതികമായിപ്പോലും കാര്യമായ ഒരു നേട്ടവും ഉണ്ടാവുകയില്ല. അങ്ങനെ അയാൾക്ക് ഈ ലോകം നഷ്ടമാകും. വിശ്വാസപൂർവം പുണ്യകർമങ്ങളൊന്നും അനുഷ്ഠിക്കാൻ കഴിയായ്കകൊണ്ടു പരലോകം നഷ്ടമാകും. മനസ്സ് ഒന്നിലുമുറക്കാതെ സദാ ചഞ്ചലമാകുന്നതുകൊണ്ട് ഒരിക്കലും സുഖമോ ശാന്തിയോ എന്തെന്നറിയാനും കഴിയുകയില്ല. ഇതാണ് സംശയാത്മാവിന്റെ വിനാശം.

നേരെമറിച്ചു ഗുരുവാക്കു വിശ്വസിച്ചു പരീക്ഷണം വിജയിപ്പിക്കുന്നയാളിന്റെ സ്ഥിതിയോ:

*41. യോഗസന്ന്യസ്തകർമാണം ജ്ഞാനസംഛിന്നസംശയം*
*ആത്മവന്തം ന കർമാണി നിബധ്നന്തി ധനഞ്ജയ*

ധനഞ്ജയ - അല്ലയോ അർജുനാ; യോഗസംന്യസ്തകർമാണം - രാഗദ്വേഷരൂപമായ ഫലവാസനയുൾക്കൊള്ളാതെ മനസ്സിന്റെ സമനിലയെന്ന യോഗമഭ്യസിച്ച് ആന്തരികമായി കർമങ്ങളെ ഉപേക്ഷിച്ചവനും; ജ്ഞാനസംഛിന്നസംശയം - തൽഫലമായ ആത്മാനുഭവംകൊണ്ടു വസ്തുസ്ഥിതിയെക്കുറിച്ചുള്ള സംശയം പാടേ നീങ്ങിയവനുമായ; ആത്മവന്തം - ബ്രഹ്മനിഷ്ഠനെ; കർമാണി ന നിബധ്നന്തി - ശരീരംകൊണ്ടു ചെയ്യുന്ന കർമമൊന്നും ബാധിക്കുന്നതേയില്ല.

digitized by www.sreyas.in

അല്ലയോ അർജുനാ, രാഗദ്വേഷരൂപമായ ഫലവാസനയുൾക്കൊള്ളാതെ മനസ്സിന്റെ സമനിലയെന്ന യോഗമഭ്യസിച്ച് ആന്തരമായി കർമങ്ങളെ ഉപേക്ഷിച്ചവനും തൽഫലമായ ആത്മാനുഭവംകൊണ്ടു വസ്തുസ്ഥിതിയെക്കുറിച്ചുള്ള സംശയം പാടേ നീങ്ങിയവനുമായ ബ്രഹ്മനിഷ്ഠനെ ശരീരംകൊണ്ടു ചെയ്യുന്ന കർമമൊന്നും ബാധിക്കുന്നതേയില്ല.

## *കർമാണി ന നിബന്ധന്തി*

കർമയോഗം ഒരുവനെ കർമവിമുക്തിയിൽ കൊണ്ടെത്തിക്കുന്നതെങ്ങനെയെന്നു ഭഗവാൻ ഇവിടെ സംഗ്രഹിച്ചു പ്രതിപാദിച്ചിരിക്കുന്നു. കർമരംഗത്തു നിൽക്കവേതന്നെ ആന്തരമായ കർമസന്ന്യാസം നേടുക. മനസ്സിന്റെ സമനിലയെന്ന യോഗമഭ്യസിച്ചു ഫലസംഗം കൂടാതെ രാഗദ്വേഷരഹിതമായി കർമം ചെയ്യുകയാണ് ഇതിനുള്ള ഉപായം. ആന്തരമായ ഈ കർമസന്ന്യാസം ആത്മാനുഭവമെന്ന ജ്ഞാനത്തിനു വഴിതെളിക്കും. തുടർന്നു നിലനിൽപ്പിന്റെ വസ്തുസ്ഥിതി സംശയമെന്യേ ബോധ്യപ്പെടും. അതോടെ സർവത്ര ആത്മാവിനെത്തന്നെ കണ്ട് ആത്മവാനാകും. പിന്നെ ദേഹം സദാ കർമം ചെയ്താലും അതൊന്നും ആ ബ്രഹ്മനിഷ്ഠനെ ബാധിക്കുകയേയില്ല.

അതുകൊണ്ട് അർജുനൻ ധീരതയോടെ കർമയോഗമാർഗത്തിൽത്തന്നെ ചരിക്കുകയാണു വേണ്ടതെന്ന് അധ്യായം ഉപസംഹരിച്ചുകൊണ്ടു ഭഗവാൻ ആവശ്യപ്പെടുന്നു:

*42. തസ്മാദജ്ഞാനസംഭൂതം ഹൃത്സ്ഥം ജ്ഞാനാസിനാത്മനഃ*
*ഛിത്ത്വൈനം സംശയം യോഗമാതിഷ്ഠോത്തിഷ്ഠ ഭാരത*

ഭാരത - അല്ലയോ അർജുനാ; തസ്മാത് - മേൽ വിവരിച്ച ക്രമമനുസരിച്ചു കർമയോഗംകൊണ്ടുതന്നെ കർമവിമുക്തിയും ബ്രഹ്മനിഷ്ഠയും നേടാമെന്നുള്ളതിനാൽ; ആത്മനഃ - ആത്മാവിനെക്കുറിച്ചുള്ള; അജ്ഞാനസംഭൂതം - അറിവില്ലായ്മ കൊണ്ടു മാത്രമുണ്ടായതും; ഹൃത്സ്ഥം - ഹൃദയത്തിൽ ആത്മാനുഭവത്തെ മറച്ചു സ്ഥിതിചെയ്യുന്നതുമായ; ഏനം സംശയം - ആത്മാവുണ്ടോ ഇല്ലയോ എന്ന സംശയത്തെ; ജ്ഞാനാസിനാ ഛിത്ത്വാ - ഗുരൂപദേശംകൊണ്ടു കിട്ടുന്ന വസ്തുബോധമാകുന്ന വാളുകൊണ്ടു മുറിച്ചുതള്ളിയിട്ട്; യോഗം ആതിഷ്ഠ - യോഗപരിശീലനത്തോടുകൂടി സ്വധർമമനുഷ്ഠിക്കൂ; ഉത്തിഷ്ഠ - യുദ്ധത്തിനായി എഴുന്നേൽക്കൂ.

digitized by www.sreyas.in

അല്ലയോ അർജുനാ, മേൽവിവരിച്ച ക്രമമനുസരിച്ചു കർമയോഗം കൊണ്ടുതന്നെ കർമവിമുക്തിയും ബ്രഹ്മനിഷ്ഠയും നേടാമെന്നുള്ളതിനാൽ ആത്മാവിനെക്കുറിച്ചുള്ള അറിവില്ലായ്മകൊണ്ടു മാത്രമുണ്ടായതും ഹൃദയത്തിൽ ആത്മാനുഭവത്തെ മറച്ചു സ്ഥിതിചെയ്യുന്നതുമായ ആത്മാവുണ്ടോ ഇല്ലയോ എന്ന സംശയത്തെ ഗുരുപദേശം കൊണ്ടു കിട്ടുന്ന വസ്തുബോധമാകുന്ന വാളുകൊണ്ടു മുറിച്ചുതള്ളിയിട്ടു യോഗപരിശീലനത്തോടുകൂടി സ്വധർമമനുഷ്ഠിക്കൂ; യുദ്ധത്തിനായി എഴുന്നേൽക്കൂ.

*ജ്ഞാനാസിനാ*

ഇവിടെ ഗുരൂപദേശംകൊണ്ടു കിട്ടുന്ന സിദ്ധാന്തപരമായ പരോക്ഷജ്ഞാനത്തെയാണുദ്ദേശിക്കുന്നതെന്നു സ്പഷ്ടമാണല്ലോ. ഗീതോപദേശമൊക്കെക്കഴിഞ്ഞു പിന്നെയും വളരെക്കാലം കഴിഞ്ഞിട്ടേ അർജുനനു പ്രത്യക്ഷാനുഭവം അഥവാ അപരോക്ഷജ്ഞാനമുണ്ടാകുന്നുള്ളു. തൽക്കാലം ശ്രദ്ധയോടെ പരോക്ഷജ്ഞാനമാകുന്ന വാളുകൊണ്ടു സംശയം ഛേദിക്കാനാണു ഭഗവാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

## *അധ്യായാർഥസംക്ഷേപം*

പുറമേ കർമമുപേക്ഷിക്കുകയല്ല, ജ്ഞാനം നേടുകയാണ് കർമവിമുക്തിക്കുള്ള ഒരേയൊരു മാർഗമെന്നാണു നാലാമധ്യായത്തിൽ ഭഗവാൻ ഊന്നിപ്പറയുന്നത്. കർമരഹസ്യവും കർമയോഗനിയമവുമാണ് മൂന്നാമധ്യായത്തിൽ പ്രാധാന്യേന ചർച്ച ചെയ്തത്. കർമയോഗം ചിത്തശുദ്ധിവഴി ജ്ഞാനത്തിനു വഴിതെളിക്കും. ജ്ഞാനം ആന്തരമായ കർമസന്ന്യാസം നേടിത്തരും. ഇതാണു നാലാമധ്യായത്തിലെ പ്രതിപാദ്യം. ഇങ്ങനെ കർമവിമുക്തിയെ ലക്ഷ്യമാക്കിയുള്ള ഈ കർമയോഗം ഭഗവദുപദേശമനുസരിച്ചു പുരാതനകാലം മുതൽ പല രാജർഷിമാരും അനുഷ്ഠിച്ചു ലക്ഷ്യം സാക്ഷാൽക്കരിച്ചിട്ടുണ്ട്. ഈ യോഗത്തിനു മങ്ങൽ തട്ടുമ്പോഴൊക്കെ ഭഗവാനവതരിച്ച് അതിനെ പുനരുജ്ജീവിപ്പിക്കാറുണ്ട്. ഭഗവത്തത്വം അറിഞ്ഞയാൾക്ക് അവതാരരഹസ്യവും അറിയാൻ കഴിയും. ആരെന്താഗ്രഹിക്കുന്നുവോ ഭഗവാൻ അവർക്കതു ഫലിപ്പിക്കുന്നു. ഇതാണു പ്രപഞ്ചപ്രവർത്തനനിയമം. കർമഗതി ഗഹനമാണ്. എങ്കിലും ആത്മലാഭവും കർമവിമുക്തിയും കൊതിച്ചുകൊണ്ടു യജ്ഞരൂപത്തിൽ കർമം ചെയ്യുന്നവർക്കു അതു കിട്ടുകതന്നെ

digitized by www.sreyas.in

ചെയ്യും. ബ്രഹ്മത്തിൽ കർമത്തെയും കർമത്തിൽ ബ്രഹ്മത്തെയും കാണുന്നവനാണു ബുദ്ധിമാൻ. ജ്ഞാനിയുടെ കർമം ശരിക്കും ബ്രഹ്മയജ്ഞമാണ്. വിവിധ തരത്തിൽ യജ്ഞങ്ങളുണ്ടെങ്കിലും ജ്ഞാനയജ്ഞമാണ് എല്ലാറ്റിലും ഉൽകൃഷ്ടം. ജ്ഞാനാഗ്നിയിൽ തീയിൽ വിറകെന്നപോലെ കർമം എരിഞ്ഞു ചാമ്പലാകുന്നു. ജ്ഞാനംപോലെ പവിത്രമായി ഈ ലോകത്തു മറ്റൊന്നും തന്നെയില്ല. ബ്രഹ്മനിഷ്ഠനായ ഗുരുവിൽനിന്നു വേണം ജ്ഞാനം സമ്പാദിക്കാൻ. ഗുരുവിന്റെ വാക്കു വിശ്വസിക്കണം. സംശയാലുവിന് ഈ ലോകവും പരലോകവും സുഖവും നഷ്ടപ്പെടും. അതുകൊണ്ട് അർജുനൻ ഗുരുവചനം വിശ്വസിച്ചു പരോക്ഷജ്ഞാനത്തിലുറച്ചുനിന്നുകൊണ്ടു യോഗാഭ്യാസപൂർവം സ്വധർമമായ യുദ്ധം അനുഷ്ഠിക്കുകതന്നെ വേണം. ജ്ഞാനംകൊണ്ടുള്ള ആന്തരമായ കർമസന്ന്യാസത്തെ പ്രാധാന്യേന പ്രതിപാദിക്കുന്നതുകൊണ്ടാണ് ഈ അധ്യായത്തിന് 'ജ്ഞാനകർമസന്ന്യാസയോഗ'മെന്നു പേരു നൽകപ്പെട്ടിരിക്കുന്നത്.

ഇതി ശ്രീമദ്ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം
യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ
ജ്ഞാനകർമസന്ന്യാസയോഗോ
നാമ ചതുർഥോഽധ്യായഃ

digitized by www.sreyas.in

*അധ്യായം 5*

# സന്യാസയോഗം

യോഗാഭ്യാസപൂർവമായ കർമാനുഷ്ഠാനം ചിത്തശുദ്ധി വഴി ജ്ഞാനത്തിനും ജ്ഞാനം ആന്തരമായ കർമസന്യാസത്തിനും വഴി തെളിക്കുമെന്നാണല്ലോ ഭഗവാൻ നാലാമധ്യായത്തിൽ വിവരിച്ചത്. അതായതു കർമയോഗം കർമവിമുക്തിക്ക് അഥവാ സന്യാസത്തിനു വഴി തെളിക്കും. ഈ പ്രസ്താവന അർജുനനു പരസ്പരവിരുദ്ധമായി തോന്നി. കർമയോഗം കൊണ്ട് എങ്ങനെ കർമസന്യാസം സാധ്യമാകും? ഈ സംശയം പരിഹരിക്കാനായി ഭഗവാൻ അഞ്ചാമധ്യായത്തിൽ സന്യാസമെന്തെന്നു നിർവചിച്ചു വിശദമായി വിവരിച്ചിരിക്കുന്നു. എന്തായാലും അർജുനൻ തന്റെ സംശയം ഭഗവാന്റെ മുമ്പിൽ അവതരിപ്പിക്കുന്നു.

അർജുന ഉവാച - അർജുനൻ പറഞ്ഞു:

1. *സന്യാസം കർമണാം കൃഷ്ണ പുനര്യോഗം ച ശംസസി*
   *യച്ഛ്രേയ ഏതയോരേകം തന്മേ ബ്രൂഹി സുനിശ്ചിതം*

കൃഷ്ണ - അല്ലയോ കൃഷ്ണാ; കർമണാം സന്യാസം - കർമത്തിൽ നിന്നു പൂർണമായി വിമുക്തനാകണമെന്നും; പുനഃ - അതോടൊപ്പം; യോഗം ച - കർമയോഗമനുഷ്ഠിക്കണമെന്നും; ശംസസി - അങ്ങു പറയുന്നു; ഏതയോഃ യത് ശ്രേയഃ - ഈ രണ്ടിൽ മോക്ഷമാർഗം തെളിക്കാൻ കഴിവുള്ളതേതിനാണ്; തത് ഏകം - ആ ഒന്നിനെ; മേ - എനിക്ക്; നിശ്ചിതം ബ്രൂഹി - ഉറപ്പായി പറഞ്ഞുതരൂ.

അല്ലയോ കൃഷ്ണാ, കർമത്തിൽനിന്നു പൂർണമായി വിമുക്തനാകണമെന്നും അതോടൊപ്പം കർമയോഗമനുഷ്ഠിക്കണമെന്നും അങ്ങു പറയുന്നു.

digitized by www.sreyas.in

ഈ രണ്ടിൽ മോക്ഷമാർഗം തെളിയിക്കാൻ കഴിവുള്ളതേതിനാണ്; ആ ഒന്നിനെ എനിക്ക് ഉറപ്പായി പറഞ്ഞുതരൂ.

## *സന്ന്യാസം യോഗം ച*

സന്ന്യാസം, യോഗം എന്നീ പദങ്ങളുടെ അർഥം പൂർണമായി മനസ്സിലാകാത്തതുകൊണ്ടും ഇവയുടെ പ്രായോഗികാംശം തെളിയാത്തതുകൊണ്ടുമാണ് അർജുനൻ ഈ ചോദ്യം ചോദിക്കുന്നത്. കർമയോഗം ഒരാൾ ബോധപൂർവം അനുഷ്ഠിക്കേണ്ട സാധനയാണ്. ആ അനുഷ്ഠാനത്തിന്റെ ഫലമായി സ്വാഭാവികമായി വന്നുചേരേണ്ട ഒരനുഭവാവസ്ഥയാണു സന്ന്യാസം. വെറും ബാഹ്യചിഹ്നങ്ങളോ ബലാലുള്ള കർമത്യാഗമോ സന്ന്യാസമാവുകയില്ല. സ്വാഭാവികമായി സന്ന്യാസാവസ്ഥ വന്നുചേർന്നാൽപ്പിന്നെ സന്ന്യാസി ലൗകിക കർമരംഗത്തുതന്നെ നിൽക്കണോ അതോ കർമരംഗം വിട്ടുപോകണോ എന്ന കാര്യം അദ്ദേഹത്തിന്റെ ഇച്ഛപോലെ തീരുമാനിക്കാം. രണ്ടായാലും അദ്ദേഹത്തിനു ദോഷമൊന്നും വരാനില്ല. ഇവിടെയും ഭഗവാന്റെ അഭിപ്രായം കർമരംഗത്തു നിൽക്കുന്നതാണു കൂടുതൽ നല്ലതെന്നത്രെ. ഇക്കാര്യത്തിൽ ഭഗവാൻ ജനകന്റെയും തന്റെയും പുരാതന രാജർഷിമാരുടെയും ജീവിതങ്ങൾ അർജുനനു ചൂണ്ടിക്കാണിച്ചുകൊടുത്തിട്ടുമുണ്ട്.

സന്ന്യാസത്തിന്റെയും കർമയോഗത്തിന്റെയും മേൽവിവരിച്ച രഹസ്യം തന്നെ അർജുനന്റെ ചോദ്യത്തിനുത്തരമായി ഭഗവാൻ രണ്ടാം പദ്യത്തിൽ വെളിപ്പെടുത്തുന്നതു നോക്കുക.

ഭഗവാനുവാച – ഭഗവാൻ പറഞ്ഞു:

*2. സന്ന്യാസഃ കർമയോഗശ്ച നിഃ ശ്രേയസകരാവുഭൗ*
*തയോസ്തു കർമസന്ന്യാസാത് കർമയോഗോ വിശിഷ്യതേ*

സന്ന്യാസഃ – നിരന്തരമായ ആത്മവിചാരത്തിനു പാകം വന്നയാൾ ലോകകർമങ്ങളുപേക്ഷിച്ചു സന്ന്യാസാശ്രമം സ്വീകരിക്കുന്നതും; കർമയോഗഃ ച – ആത്മവിചാരത്തിനു പാകം വരാത്തയാൾ യോഗമഭ്യസിച്ചുകൊണ്ടു കർമയോഗമനുഷ്ഠിക്കുന്നതും; ഉഭൗ നിഃശ്രേയസകരൗ – രണ്ടും മോക്ഷമാർഗത്തിന് ഒരുപോലെ വഴിതെളിക്കുന്നു; തയോഃ തു – ഈ രണ്ടിലും വച്ച്; കർമസന്ന്യാസാത് – ലോകകർമങ്ങൾ സന്ന്യസിക്കുന്നതിനേക്കാൾ; കർമയോഗഃ വിശിഷ്യതേ – കർമയോഗത്തിന് വൈശിഷ്ട്യമുണ്ട്.

digitized by www.sreyas.in

നിരന്തരമായ ആത്മവിചാരത്തിനു പാകം വന്നയാൾ ലോകകർമങ്ങളുപേക്ഷിച്ചു സന്യാസാശ്രമം സ്വീകരിക്കുന്നതും ആത്മവിചാരത്തിനു പാകം വരാത്തയാൾ കർമയോഗമനുഷ്ഠിക്കുന്നതും രണ്ടും മോക്ഷമാർഗത്തിന് ഒരുപോലെ വഴിതെളിക്കുന്നു. ഈ രണ്ടിലും വച്ചു ലോകകർമങ്ങൾ സന്ന്യസിക്കുന്നതിനെക്കാൾ കർമയോഗത്തിനു വൈശിഷ്ട്യമുണ്ട്.

## *കർമയോഗോ വിശിഷ്യതേ*

ആത്മവിചാരത്തിനു കഴിവില്ലാത്തയാളിന്റെ സന്യാസം ശ്രേയസ്സിനു വഴി തളിക്കുകയില്ലെന്നു മാത്രമല്ല വ്യക്തിക്കും സമൂഹത്തിനും ആപത്താണെന്നും നേരത്തേ വെളിപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഇവിടത്തെ സന്യാസശബ്ദം പാകതവന്നയാളിന്റെ സന്യാസത്തെയാണർഥമാക്കുന്നത്. പാകത വന്നയാളിന്റെ ലോകരംഗത്തുനിന്നുള്ള പിന്മാറ്റമാണു സന്യാസം. പാകതയുള്ളയാൾ അങ്ങനെ പിന്മാറിയാലും ആത്മവിചാരംകൊണ്ടു കർമവിമുക്തി പൂർണമായി നേടാൻ അദ്ദേഹത്തിനു പ്രയാസമുണ്ടാകുന്നില്ല. കർമയോഗമനുഷ്ഠിക്കുന്നയാളാകാട്ടെ യോഗാഭ്യാസസാമർഥ്യംകൊണ്ടു ക്രമേണ ആന്തരമായ കർമസന്യാസം നേടി ബ്രഹ്മാനുഭവത്തിനു പാത്രമായിത്തീരുന്നു. കർമയോഗിക്കും സാധനാഘട്ടത്തിലും സിദ്ധിവന്ന ശേഷവും കർമംകൊണ്ടു ലോകസംഗ്രഹം സാധ്യമാവുന്നു എന്നതുതന്നെയാണു കർമസന്യാസത്തെയപേക്ഷിച്ച് കർമയോഗത്തിനുള്ള വൈശിഷ്ട്യം. എല്ലാം ഒന്നെന്നു കാണുന്ന ജ്ഞാനിക്കു ലോകം ഇല്ലാത്തതാണല്ലോ എന്ന വാദം ശരിതന്നെ. പക്ഷേ, ലൗകികനു ലോകം ഉള്ളതാണല്ലോ. ലോകസംഗ്രഹം ലൗകികനെ ഉദ്ദേശിച്ചുള്ളതുമാണല്ലോ. കർമയോഗാനുഷ്ഠാനത്തിന് അർജുനനു പ്രേരണ നൽകാൻ കൂടിയാണ് കർമയോഗത്തിനു വൈശിഷ്ട്യമുണ്ടെന്നു ഭഗവാൻ എടുത്തു പറയുന്നത്.

സന്യാസമാണു ജീവിതത്തിന്റെ പരമലക്ഷ്യമെന്നല്ലേ സിദ്ധാന്തം? അപ്പോൾ കർമയോഗിക്ക് എപ്പോഴെങ്കിലും സന്യാസിയാകാൻ പറ്റുമോ? യഥാർഥ സന്യാസി ആരാണെന്നു നിർവചിച്ചുകൊണ്ട് അർജുനന്റെ ഈ സംശയത്തിനു മറുപടി നൽകുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

3. *ജ്ഞേയഃ സ നിത്യസന്യാസീ യോ ന ദ്വേഷ്ടി ന കാംക്ഷതി*
*നിർദ്വന്ദ്വോ ഹി മഹാബാഹോ സുഖം ബന്ധാത് പ്രമുച്യതേ*

മഹാബാഹോ - ധീരനായ അർജുനാ, യഃ ന ദ്വേഷ്ടി - ആരാണോ ഒന്നിനെയും ദ്വേഷിക്കാതിരിക്കുന്നത്; ന കാംക്ഷതി - ആരാണോ ഒന്നിനെയും കാമി

digitized by www.sreyas.in

ക്കാതിരിക്കുന്നത്; സഃ നിത്യസന്ന്യാസീ ജ്ഞേയഃ - അവൻ നിത്യസന്ന്യാസിയാണെന്നറിയൂ; ഹി - എന്തെന്നാൽ; നിർദ്വന്ദ്വഃ - ഇവിടെ രണ്ടില്ലെന്നറിയുന്നവൻ; ബന്ധാത് - കർമബന്ധത്തിൽനിന്നു; സുഖം പ്രമുച്യതേ - സുഖകരമാംവണ്ണം മുക്തനായിത്തീരുന്നു.

ധീരനായ അർജുനാ, ആരാണോ ഒന്നിനെയും ദ്വേഷിക്കാതിരിക്കുന്നത്, ഒന്നിനെയും, കാമിക്കാതിരിക്കുന്നത്, അവൻ നിത്യസന്ന്യാസിയാണെന്നറിയൂ. എന്തെന്നാൽ ഇവിടെ രണ്ടില്ലെന്നറിയുന്നവൻ കർമബന്ധത്തിൽനിന്നു സുഖകരമാംവണ്ണം മുക്തനായിത്തീരുന്നു.

## *സുഖം ബന്ധാത് പ്രമുച്യതേ*

ബന്ധകാരണമായതെന്തോ അതിനെ വേണ്ടപോലെ സമ്പൂർണമായും ഉപേക്ഷിച്ചയാളാണ് സന്ന്യാസി. വാസ്തവത്തിൽ കുടുംബമോ ധനമോ ദേഹാദി വിഷയങ്ങളോ ഒന്നുമല്ല ബന്ധകാരണം. ഇവയോടൊക്കെയുള്ള രാഗദ്വേഷ ഭാവനയാണു ബന്ധകാരണം. രാഗദ്വേഷങ്ങളുള്ളയാൾ പുറമേ വിഷയങ്ങളെ ഉപേക്ഷിച്ചാലും ബന്ധം ബാക്കിനിൽക്കും. അതുകൊണ്ട യാൾ സന്ന്യാസിയാകുന്നില്ല. രാഗദ്വേഷങ്ങൾ ശമിച്ചയാൾ പുറമേ ഇവയുമായി ബന്ധപ്പെട്ടിരുന്നാലും അദ്ദേഹം യഥാർഥത്തിൽ ബദ്ധനല്ല. അദ്ദേഹം സന്ന്യാസിയാണ്. രണ്ടുണ്ട് എന്ന ഭേദചിന്തയുടെ ഫലമാണു രാഗദ്വേഷഭാവന. ഇതുതന്നെയാണ് അവിദ്യ. ശാസ്ത്രീയമായ വസ്തുചിന്തനംകൊണ്ട് ഇവിടെ ഒന്നേയുള്ളു എന്നറിയണം. അതോടെ ആനന്ദം അനുഭവിച്ചുകൊണ്ടു ബന്ധനത്തിൽനിന്നു മോചിക്കാൻ കഴിയും. വസ്തു ഒന്നേയുള്ളുവെങ്കിൽ എന്തിനെ ദ്വേഷിക്കാനാണ്; എന്തിനെ കാമിക്കാനാണ്. ഈ വസ്തുബോധവും രാഗദ്വേഷോപശമവും വന്നയാൾ എങ്ങനെ എവിടെ നിന്നാലും സന്ന്യാസിയാണ്. കർമം ചെയ്യലോ ചെയ്യാതിരിക്കലോ അല്ല സന്ന്യാസത്തിന്റെ നിയാമക ലക്ഷണമെന്നു താൽപ്പര്യം.

അപ്പോൾ ഒരാൾ അധികസമയവും വസ്തുവിചാരരൂപത്തിലുള്ള ജ്ഞാനനിഷ്ഠയിൽ അഥവാ സാംഖ്യയോഗത്തിൽ വർത്തിക്കുകയാണോ അതോ മനസ്സിന്റെ സമനിലയെന്ന യോഗമഭ്യസിച്ചുകൊണ്ടു സ്വധർമമനുഷ്ഠിക്കുകയെന്ന കർമയോഗത്തിൽ വർത്തിക്കുകയാണോ എന്നുള്ളതല്ല പ്രശ്നം. ഇതിലേതായാലും അയാൾക്കു വസ്തുബോധം വളർന്നു രാഗദ്വേഷഭാവന ഉപശമിക്കുന്നുണ്ടോ എന്നതാണു പ്രശ്നം. അതു സംഭവിക്കുന്നുണ്ടെങ്കിൽ സന്ന്യാസമെന്ന കർമവിമുക്തി ഇരുകൂട്ടർക്കും സുനിശ്ചിതമാണ്.

digitized by www.sreyas.in

അതു സംഭവിക്കുന്നില്ലെങ്കിൽ ഇരുകൂട്ടരും ലക്ഷ്യബോധത്തിലെത്തുകയു മില്ല. ഈ വസ്തുത ധരിച്ചാൽ സാംഖ്യയോഗത്തെയും കർമയോഗത്തെയും രണ്ടായി കാണേണ്ട കാര്യംതന്നെയില്ലെന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാ പിക്കുന്നത്.

*4. സാംഖ്യയോഗൗ പൃഥഗ് ബാലാഃ പ്രവദന്തി ന പണ്ഡിതാഃ*
*ഏകമപ്യാസ്ഥിതഃ സമ്യഗുഭയോർവിന്ദതേ ഫലം*

സാംഖ്യയോഗൗ - വസ്തുവിചാരമെന്ന സാംഖ്യവും, മനസ്സിന്റെ സമനില ശീലിക്കലെന്ന യോഗവും; പൃഥക് - വേറെവേറെയാണെന്ന്; ബാലാഃ പ്രവ ദന്തി - അറിവില്ലാത്ത മൂഢന്മാർ പറഞ്ഞു നടക്കുന്നു; പണ്ഡിതാഃ ന - ലക്ഷ്യ മെന്തെന്നറിഞ്ഞവർ അങ്ങനെ പറയുകയില്ല; ഏകം അപി - ഇവയിലൊന്നി നെയെങ്കിലും; സമ്യക് ആസ്ഥിതഃ - വേണ്ടപോലെ അഭ്യസിച്ചുറപ്പിക്കുന്ന യാൾ; ഉഭയോഃ ഫലം - രണ്ടുപായങ്ങളുടെയും ലക്ഷ്യമായ ബ്രഹ്മനിഷ്ഠ; വിന്ദതേ - കൈവരിക്കുകതന്നെ ചെയ്യുന്നു.

വസ്തുവിചാരമെന്ന സാംഖ്യവും മനസ്സിന്റെ സമനില ശീലിക്കലെന്ന യോഗവും വേറെവേറെയാണെന്നു അറിവില്ലാത്ത മൂഢന്മാർ പറഞ്ഞു നട ക്കുന്നു. ലക്ഷ്യമെന്തെന്നറിഞ്ഞവർ അങ്ങനെ പറയുകയില്ല. ഇവയിൽ ഒന്നി നെയെങ്കിലും വേണ്ടപോലെ അഭ്യസിക്കുന്നയാൾ രണ്ടുപായങ്ങളുടെയും ലക്ഷ്യമായ ബ്രഹ്മനിഷ്ഠ കൈവരിക്കുകതന്നെ ചെയ്യുന്നു.

## *ഏകമപ്യാസ്ഥിതഃ സമ്യക്*

വസ്തുവിചാരമെന്ന സാംഖ്യവും മനസ്സിന്റെ സമനിലയെന്ന യോഗവും സാധനാനുഷ്ഠാനത്തിന്റെ പ്രാരംഭദശയിൽ രണ്ടെന്നു തോന്നാം. അതു കൊണ്ടാണു കുട്ടികളാണ് ഇവയെ രണ്ടായി കാണുന്നതെന്നു ഭഗവാൻ പറ ഞ്ഞിരിക്കുന്നത്. വാസ്തവത്തിൽ വസ്തുവിചാരം കൂടാതെ ചിത്തസമത്വമോ ചിത്തസമത്വം കൂടാതെ വസ്തുബോധമോ ഉറയ്ക്കുന്നതല്ല. ആരംഭദശയിൽ കർമരംഗത്തു നിൽക്കുന്നയാൾ പ്രാധാന്യേന ചിത്തസമത്വം അഭ്യസിക്കുന്നു. ആ അഭ്യാസം വസ്തുവിചാരത്തിൽ അയാളെ കൂടുതൽ കൂടുതൽ ബോധ വാനാക്കുന്നു. ചിത്തസമത്വം കുറെയൊക്കെ വന്നയാൾ ചിലപ്പോൾ കർമ രംഗം വിട്ടു സന്യസിക്കുന്നു. അങ്ങനെയുള്ളയാൾ പ്രാധാന്യേന വസ്തു ബോധത്തിൽ മുഴുകുന്നു. അദ്ദേഹത്തിന്റെ ചിത്തക്ഷോഭകാരണമായ കർമ വാസന ബാക്കിയുള്ളതു വസ്തുബോധംകൊണ്ടു മാറി വരുന്നതോടെ കൂടുതൽ കൂടുതൽ വസ്തുബോധത്തോടടുക്കുന്നു. പൂർണാനുഭവത്തിൽ

digitized by www.sreyas.in

ചിത്തത്തിന്റെ പൂർണമായ സമനിലയും ഉറപ്പുറ്റ ബ്രഹ്മനിഷ്ഠയും ഒന്നുതന്നെയാണ്. അപ്പോൾ സാംഖ്യയോഗിയായാലും കർമയോഗിയായാലും അവരവർ പ്രാധാന്യേന അഭ്യസിക്കുന്നതു വേണ്ടപോലെ ചെയ്യുമെങ്കിൽ ക്രമേണ രണ്ടും ഒന്നെന്നറിഞ്ഞു ലക്ഷ്യപ്രാപ്തി കൈവരിക്കുകതന്നെ ചെയ്യും.

സാംഖ്യവും യോഗവും വേറെവേറെയാണെന്നു പണ്ഡിതന്മാർ പറയുന്നില്ല. എന്തുകൊണ്ട്? ഭഗവാന്റെ മറുപടി ശ്രദ്ധിക്കുക:

5. *യത് സാംഖ്യൈഃ പ്രാപ്യതേ സ്ഥാനം തദ്യോഗൈരപി ഗമ്യതേ*
*ഏകം സാംഖ്യം ച യോഗം ച യഃ പശ്യതി സ പശ്യതി*

സാംഖ്യൈഃ – ജ്ഞാനനിഷ്ഠക്കു പ്രാധാന്യം നൽകിയിട്ടുള്ള സന്ന്യാസിമാരാൽ; യത്സ്ഥാനം – ഏതു ലക്ഷ്യമാണോ; പ്രാപ്യതേ – പ്രാപിക്കപ്പെടുന്നത്; തത് – ആ ലക്ഷ്യം; യോഗൈഃ അപി ഗമ്യതേ – ചിത്തത്തിന്റെ സമനില അഭ്യസിക്കുന്ന കർമയോഗികളാലും പ്രാപിക്കപ്പെടുന്നു; സാംഖ്യം ച യോഗം ച ഏകം – സാംഖ്യത്തെയും യോഗത്തെയും ഇങ്ങനെ ഒന്നായി; യഃ പശ്യതി സഃ പശ്യതി – ആരു കാണുന്നുവോ അവൻ സത്യം കാണുന്നു.

ജ്ഞാനനിഷ്ഠക്കു പ്രാധാന്യം നൽകിയിട്ടുള്ള സന്ന്യാസിമാരാൽ ഏതു ലക്ഷ്യമാണോ പ്രാപിക്കപ്പെടുന്നത് ആ ലക്ഷ്യം ചിത്തത്തിന്റെ സമനില അഭ്യസിക്കുന്ന കർമയോഗികളാലും പ്രാപിക്കപ്പെടുന്നു. സാംഖ്യത്തെയും യോഗത്തെയും ഇങ്ങനെ ഒന്നായി ആരു കാണുന്നുവോ അവൻ സത്യം കാണുന്നു.

## *ഏകം സാംഖ്യം ച യോഗം ച*

ആത്മാനുഭവമെന്ന സാംഖ്യവും സമചിത്തതയെന്ന യോഗവും ആരംഭത്തിൽ രണ്ടായി തോന്നിയാലും അനുഭവത്തിൽ ഒന്നാണെന്നു തെളിയും. ആത്മനിഷ്ഠതന്നെ സമചിത്തത; സമചിത്തതതന്നെ ആത്മനിഷ്ഠ. ആത്മചിന്തനംകൊണ്ടു നേടുന്ന സമചിത്തത ജ്ഞാനയോഗം; സമനില അഭ്യസിച്ചു നേടുന്ന ആത്മചിന്തനം കർമയോഗം; ഇത്രേയുള്ളു വ്യത്യാസം. അനുഭവത്തിൽ രണ്ടും ഒന്നെന്നു കാണുന്നവനാണു സത്യദർശി.

അപ്പോൾ അദ്വൈതബ്രഹ്മാനുഭവമാണു യഥാർഥ സന്ന്യാസമെന്നു മൂന്നാം പദ്യത്തിൽ നിന്നു ധരിക്കാൻ കഴിഞ്ഞു. എന്നാൽ ചിലർ ഈ സന്ന്യാസം പ്രാപിക്കാനായി ലോകകർമങ്ങൾ പലതുമുപേക്ഷിച്ചു പ്രധാ

digitized by www.sreyas.in

ന്യേന ആത്മവിചാരപരന്മാരായി കഴിയുന്ന ജീവിതത്തിനും ലോകത്തിൽ സന്ന്യാസമെന്നു പേർ പറയാറുണ്ട്. ഏറക്കുറെ ചിത്തം സമനിലയിലെത്തി വസ്തുവിചാരം ഉറപ്പുവന്നവരേ ഈ സന്യാസജീവിതം സ്വീകരിക്കാൻ പാടുള്ളു. അല്ലാത്തവർക്കും കർമമനുഷ്ഠിച്ചുകൊണ്ടുതന്നെ സമനില വർധിപ്പിച്ചു ബ്രഹ്മനിഷ്ഠയെന്ന യഥാർഥ സന്യാസം നേടാവുന്നതാണ്. അതിനുമുൻപു സന്യാസജീവിതം അംഗീകരിച്ചാൽ അവർ ദുഃഖിക്കേണ്ടിവരും. ഇക്കാര്യമാണു ഭഗവാൻ തുടർന്നു പറയുന്നത്:

6. *സന്യാസസ്തു മഹാബാഹോ ദുഃഖമാപ്തുമയോഗതഃ*
*യോഗയുക്തോ മുനിർബ്രഹ്മ ന ചിരേണാധിഗച്ഛതി*

മഹാബാഹോ - പൗരുഷശാലിയായ അല്ലയോ അർജുനാ; അയോഗതഃ മനസ്സിന്റെ സമനില ഉറപ്പുവന്ന് വസ്തുവിചാരത്തിനു പാകത വരാത്തിടത്തോളം; സന്യാസഃ തു - യഥാർഥമായ സന്യാസജീവിതമാകട്ടെ; ആപ്തും ദുഃഖം - നടപ്പിൽ വരുത്താൻ വളരെ പ്രയാസമാണ്; യോഗയുക്തഃ മുനിഃ - എന്നാൽ കർമയോഗാനുഷ്ഠാനം കൊണ്ടു ചിത്തത്തിനു സമനില വന്നു സങ്കൽപ്പങ്ങൾ ചുരുങ്ങിയ ആൾ; ന ചിരേണ - കാലതാമസം കൂടാതെ; ബ്രഹ്മ അധിഗച്ഛതി - ബ്രഹ്മ പ്രാപ്തിയെന്ന യഥാർഥ സന്യാസത്തിൽ എത്തിച്ചേരുന്നു.

പൗരുഷശാലിയായ അല്ലയോ അർജുനാ, മനസ്സിന്റെ സമനില ഉറപ്പുവന്നു വസ്തു വിചാരത്തിനു പാകതവരാത്തിടത്തോളം യഥാർഥമായ സന്യാസജീവിതമാകട്ടെ നടപ്പിൽ വരുത്താൻ വളരെ പ്രയാസമാണ്. എന്നാൽ കർമയോഗാനുഷ്ഠാനം കൊണ്ടു ചിത്തത്തിനു സമനില വന്നു സങ്കൽപ്പങ്ങൾ ചുരുങ്ങിയ ആൾ കാലതാമസം കൂടാതെ ബ്രഹ്മ പ്രാപ്തിയെന്ന യഥാർഥ സന്യാസത്തിൽ എത്തിച്ചേരുന്നു.

## *യോഗയുക്തോ മുനിഃ*

സന്യാസജീവിതമംഗീകരിക്കുന്നതിനു മുൻപ് ഒരാൾ അവശ്യം മനസ്സിന്റെ സമനില ശീലിച്ചുറപ്പിച്ചിരിക്കണം. സമനില നേടിയയാൾ ലോകസങ്കൽപ്പങ്ങൾ ചുരുങ്ങി മുനിയായി ഭവിക്കുന്നു. മൗനമാണു മുനിയുടെ ലക്ഷണം. ആന്തരമായ സങ്കൽപ്പരാഹിത്യമാണു യഥാർഥ മൗനം. ചിലർ ചെറുപ്പത്തിലേ തന്നെ ചിത്തത്തിനു സമനില വന്നു മുനിമാരായി സന്യസിക്കാറുണ്ടല്ലോ? ശരിയാണ്; അവർ പൂർവജന്മത്തിൽ കർമയോഗമനുഷ്ഠിച്ച് ഏറെക്കുറെ സമനില അഭ്യസിച്ചുറപ്പിച്ചവരായിരിക്കും. എന്തായാലും ഒരേ ജന്മ

digitized by www.sreyas.in

ത്തിൽത്തന്നെ കർമയോഗമനുഷ്ഠിച്ചു ചിത്തത്തിന്റെ സമനിലയും ബ്രഹ്മപ്രാപ്തിയെന്ന യഥാർഥ സന്ന്യാസവും നേടാനും പലർക്കും കഴിഞ്ഞേക്കാമെന്നാണു ഭഗവാന്റെ ആശയം. 'ന്യാസ' ശബ്ദത്തിനു ബ്രഹ്മമെന്ന അർഥം ഉപനിഷത് പ്രസിദ്ധമാണ്. എല്ലാം ഒന്നായി ന്യസിക്കപ്പെടുന്നതുകൊണ്ടാവാം അങ്ങനെ അർഥം വന്നത്.

യോഗം വഴി ബ്രഹ്മപ്രാപ്തിയെന്ന യഥാർഥ സന്ന്യാസത്തിൽ എത്തിച്ചേരുന്നയാൾ പിന്നെ പുറമേ സന്ന്യാസജീവിതം സ്വീകരിക്കാതെ കർമരംഗത്തുതന്നെ കഴിഞ്ഞുകൂടിയാലും അദ്ദേഹത്തിന് ഒരു ദോഷവും വരാനില്ലെന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

*7. യോഗയുക്തോ വിശുദ്ധാത്മാ വിജിതാത്മാ ജിതേന്ദ്രിയഃ*
*സർവഭൂതാത്മഭൂതാത്മാ കുർവന്നപി ന ലിപ്യതേ*

യോഗയുക്തഃ - മനസ്സിന്റെ സമനിലയെന്ന യോഗം അഭ്യസിച്ചുകൊണ്ടു കർമരംഗത്തു വർത്തിക്കുന്ന കർമയോഗി; വിശുദ്ധാത്മാ – ക്രമേണ ചിത്തശുദ്ധി വന്ന്; വിജിതാത്മാ – ചിത്തത്തെ പൂർണമായും കീഴടക്കി; ജിതേന്ദ്രിയഃ – ഇന്ദ്രിയങ്ങളെയെല്ലാം ജയിച്ചു; സർവഭൂതാത്മഭൂതാത്മാ - താനുൾപ്പെടെ എല്ലാ പ്രപഞ്ചഘടകങ്ങളും ഒരേ സത്യത്തിന്റെ പ്രകടരൂപങ്ങളാണെന്നു കണ്ടനുഭവിക്കാൻ തുടങ്ങുന്നതോടെ; കുർവന്നപി ന ലിപ്യതേ - ദേഹം കൊണ്ടു സദാ കർമം ചെയ്താലും കർമബദ്ധനായി ഭവിക്കുന്നതേയില്ല.

മനസ്സിന്റെ സമനിലയെന്ന യോഗം അഭ്യസിച്ചുകൊണ്ടു കർമരംഗത്തു വർത്തിക്കുന്ന കർമയോഗി; ക്രമേണ ചിത്തശുദ്ധി വന്നു ചിത്തത്തെ പൂർണമായും കീഴടക്കി ഇന്ദ്രിയങ്ങളെ ജയിച്ചു താനുൾപ്പെടെ എല്ലാ പ്രപഞ്ചഘടകങ്ങളും ഒരേ സത്യത്തിന്റെ പ്രകടരൂപങ്ങളാണെന്നു കണ്ടനുഭവിക്കാൻ തുടങ്ങുന്നതോടെ ദേഹം കൊണ്ടു സദാ കർമം ചെയ്താലും കർമബദ്ധനായി ഭവിക്കുന്നതേയില്ല.

## കുർവന്നപി ന ലിപ്യതേ

സമനില അഭ്യസിച്ചു കർമം ചെയ്യുന്നതുകൊണ്ടു ചിത്തശുദ്ധിയുണ്ടാകുന്നു. ശുദ്ധമായ ചിത്തം സാധകനു കീഴ്വഴങ്ങി സാമാധ്യനുഭവത്തിനു യോഗ്യമായിത്തീരുന്നു. സമാധിസുഖാനുഭവത്തോടെ ഇന്ദ്രിയസുഖം സുഖമല്ലെന്നു കണ്ട് ഇന്ദ്രിയങ്ങൾ കീഴടങ്ങുന്നു. തുടർന്നു സർവത്ര നിറഞ്ഞുതിങ്ങുന്ന ബ്രഹ്മവസ്തു തെളിഞ്ഞനുഭവിക്കുമാറാകുന്നു. കർമരഹിതമായ

75-2006 19

digitized by www.sreyas.in

അമൃതബ്രഹ്മമാണു താനെന്നും തന്നിൽ മരുവിൽ മരീചികയെന്നപോലെ ശക്തി ആരോപിച്ചിരിക്കുന്ന അസത്പ്രതിഭാസമാണു കർമമെന്നും അനുഭവിച്ചറിയുന്നയാളെ ദേഹേന്ദ്രിയങ്ങൾ രാപ്പകൽ കർമം ചെയ്താലും ആ കർമം എന്തു ബന്ധിക്കാനാണ്. ആത്മജ്ഞാനിക്കു കർമവും കർമോപകരണങ്ങളും എന്നെന്നേക്കും അസത്പ്രതിഭാസങ്ങളായി മാറിപ്പോകുന്നു എന്നറിയേണ്ടതാണ്.

എല്ലാ ഇന്ദ്രിയങ്ങൾകൊണ്ടും ഒരാത്മജ്ഞാനി ന്യായമായ എല്ലാ കർമങ്ങളും ചെയ്തു എന്നുവരാം. അവയൊന്നും തന്നെ അദ്ദേഹത്തെ ബന്ധിക്കുകയില്ലെന്നു ഭഗവാൻ തുടർന്നു വിശദമായി വിവരിക്കുന്നു:

*8. നൈവ കിഞ്ചിത് കരോമീതി യുക്തോ മന്യേന തത്ത്വവിത്*
*പശ്യൻ ശൃണ്വൻ സ്പൃശൻ ജിഘ്രന്നശ്നൻ ഗച്ഛൻ*
*സ്വപൻ ശ്വസൻ*

*9. പ്രലപൻ വിസൃജൻ ഗൃഹ്ണന്നുന്മിഷൻ നിമിഷന്നപി*
*ഇന്ദ്രിയാണീന്ദ്രിയാർഥേഷു വർത്തന്ത ഇതി ധാരയൻ*

തത്ത്വവിത് യുക്തഃ - വസ്തുവിചാരപൂർവം മനസ്സിനെ സമനിലയിലെത്തിച്ച് ആത്മാനുഭവം നേടിയ യോഗി; പശ്യൻ - നയനേന്ദ്രിയം കൊണ്ടു രൂപം കാണുമ്പോഴും; ശൃണ്വൻ - ശ്രവണേന്ദ്രിയംകൊണ്ടു ശബ്ദം കേൾക്കുമ്പോഴും; സ്പൃശൻ - ത്വക്കുകൊണ്ടു സ്പർശം അനുഭവിക്കുമ്പോഴും; ജിഘ്രൻ - ഘ്രാണേന്ദ്രിയംകൊണ്ട് ഗന്ധം അനുഭവിക്കുമ്പോഴും; അശ്നൻ - രസനേന്ദ്രിയംകൊണ്ട് അന്നരസം ആസ്വദിക്കുമ്പോഴും; ഗച്ഛൻ - കാലുകൊണ്ടു നടക്കുമ്പോഴും; സ്വപൻ - മനസ്സു ലയിച്ച് ഉറങ്ങുമ്പോഴും; ശ്വസൻ - പ്രാണൻ ശ്വസിക്കുമ്പോഴും; പ്രലപൻ - വാഗിന്ദ്രിയം കൊണ്ടു പലതു പറയുമ്പോഴും; വിസൃജൻ - വിസർജനേന്ദ്രിയവും ജനനേന്ദ്രിയവും വഴി മലമൂത്രങ്ങളും രേതസ്സും പുറത്തേക്കു കളയുമ്പോഴും; ഗൃഹ്ണൻ - കൈകൊണ്ട് പദാർഥങ്ങൾ എടുക്കുമ്പോഴും; ഉന്മിഷൻ നിമിഷൻ അപി - കണ്ണുതുറക്കുക അടയ്ക്കുക മുതലായ മറ്റു പ്രാണചലനങ്ങൾ സംഭവിക്കുമ്പോഴും; ഇന്ദ്രിയാണി - ജ്ഞാനേന്ദ്രിയങ്ങളും കർമേന്ദ്രിയങ്ങളും; ഇന്ദ്രിയാർഥേഷു വർത്തന്തേ - അതാതിന്റെ വിഷയങ്ങളിൽ സ്വാഭാവികമായി പ്രവർത്തിക്കുന്നു; ഇതി ധാരയൻ - എന്നു കണ്ട്; കിഞ്ചിത് ന കരോമി ഏവ - ഞാൻ ഒന്നും ചെയ്യുന്നില്ലതന്നെ; ഇതി മന്യേത എന്ന് സ്വയം വിചാരിക്കണം.

വസ്തുവിചാരപൂർവം മനസ്സിനെ സമനിലയിലെത്തിച്ച് ആത്മാനുഭവം നേടിയ യോഗി നയനേന്ദ്രിയം കൊണ്ടു രൂപം കാണുമ്പോഴും ശ്രവണേ

digitized by www.sreyas.in

ന്ദ്രിയം കൊണ്ടു ശബ്ദം കേൾക്കുമ്പോഴും ഘ്രാണേന്ദ്രിയംകൊണ്ടു ഗന്ധം അനുഭവിക്കുമ്പോഴും രസനേന്ദ്രിയംകൊണ്ട് അന്നരസം ആസ്വദിക്കുമ്പോഴും കാലുകൊണ്ടു നടക്കുമ്പോഴും മനസ്സു ലയിച്ചു ഉറങ്ങുമ്പോഴും പ്രാണൻ ശ്വസിക്കുമ്പോഴും വാഗിന്ദ്രിയംകൊണ്ടു പലതും പറയുമ്പോഴും വിസർജനേന്ദ്രിയവും ജനനേന്ദ്രിയവും വഴി മലമൂത്രങ്ങളും രേതസ്സും പുറത്തേക്കു കളയുമ്പോഴും കൈകൊണ്ടു പദാർഥങ്ങൾ എടുക്കുമ്പോഴും കണ്ണുതുറക്കുക അടക്കുക മുതലായ മറ്റു പ്രാണചലനങ്ങൾ സംഭവിക്കുമ്പോഴും ജ്ഞാനേന്ദ്രിയങ്ങളും കർമേന്ദ്രിയങ്ങളും അതാതിന്റെ വിഷയങ്ങളിൽ സ്വാഭാവികമായി പ്രവർത്തിക്കുന്നു എന്നുകണ്ടു ഞാൻ ഒന്നും ചെയ്യുന്നില്ലതന്നെ എന്നു സ്വയം വിചാരിക്കണം.

## *നൈവ കിഞ്ചിത് കരോമി*

പാലിൽനിന്നു വെണ്ണ വേർപെടുന്നതുപോലെ ഇന്ദ്രിയസംഘാതമായ ശരീരത്തിൽനിന്നു ആത്മാവിനെ മാറ്റിനിർത്തി 'ഞാൻ ശരീരമല്ല, ആത്മാവാണ്' എന്നനുഭവിക്കുന്നതാണ് ആത്മാനുഭവം. ശരീരം ഞാനല്ലെങ്കിൽ ശരീരത്തിന്റേതായ കർമമൊന്നും എന്നെ സ്പർശിക്കേണ്ട കാര്യമേയില്ല. ശരീരം കർമം ചെയ്താലും കർമസ്പർശമില്ലാത്ത ആത്മാവിനെ അനുഭവിക്കലാണു യഥാർഥ സന്യാസം. ആ അനുഭവമുള്ള ആളാണു യഥാർഥ സന്യാസി. അദ്ദേഹം കർമങ്ങളെയെല്ലാം കൈവെടിഞ്ഞ കർമവിമുക്തനാണ്.

ബ്രഹ്മജ്ഞാനി ശരീരംകൊണ്ടു സദാ കർമം ചെയ്താലും എങ്ങനെയാണ് കർമവിമുക്തി അഥവാ യഥാർഥ സന്യാസം അനുഭവിക്കുന്നതെന്നു വിശദമായി വിവരിക്കുകയാണു ഭഗവാൻ അടുത്ത നാലു ശ്ലോകങ്ങളിൽ:

*10. ബ്രഹ്മണ്യാധായ കർമാണി സംഗം ത്യക്ത്വാ കരോതി യഃ*
*ലിപ്യതേ ന സ പാപേന പത്മപത്രമിവാംഭസ*

യഃ - ആരാണോ; കർമാണി - മനസ്സ്, വാക്ക്, ശരീരം എന്നിവകൊണ്ടനുഷ്ഠിക്കുന്ന എല്ലാ കർമങ്ങളും; സംഗം ത്യക്ത്വാ - ഞാൻ ചെയ്യുന്നു, ഞാൻ അനുഭവിക്കുന്നു എന്ന മട്ടിൽ കർതൃത്വസംഗമോ ഭോക്തൃത്വസംഗമോ കൂടാതെ; ബ്രഹ്മണി ആധായ കരോതി - പ്രപഞ്ചരൂപേണ പ്രത്യക്ഷമായി നിൽക്കുന്ന ബ്രഹ്മത്തിന്റെ ആരാധനയാണെന്ന ഭാവനയോടെ ബ്രഹ്മാർപ്പണബുദ്ധി പുലർത്തി അനുഷ്ഠിക്കുന്നത്; സഃ - അങ്ങനെയുള്ള കർമയോഗി; അംഭസാ പത്മപത്രം ഇവ - വെള്ളത്തിൽ കിടക്കുന്ന താമരയില വെള്ളം തട്ടി നന

digitized by www.sreyas.in

ഞ്ഞുപോകാതിരിക്കുന്നതുപോലെ; പാപേന ന ലിപ്യതേ - ഫലവാസനാരൂപ ത്തിലുള്ള പാപംകൊണ്ട് ഒരിക്കലും കളങ്കപ്പെട്ടുപോകുന്നില്ല.

ആരാണോ മനസ്സ്, വാക്ക്, ശരീരം എന്നിവകൊണ്ടനുഷ്ഠിക്കുന്ന എല്ലാ കർമങ്ങളും ഞാൻ ചെയ്യുന്നു, ഞാൻ അനുഭവിക്കുന്നു എന്ന മട്ടിൽ കർതൃത്വസംഗമോ ഭോക്തൃത്വസംഗമോ കൂടാതെ പ്രപഞ്ചരൂപേണ പ്രത്യക്ഷമായി നിൽക്കുന്ന ബ്രഹ്മത്തിന്റെ ആരാധനയാണെന്ന ഭാവനയോടെ ബ്രഹ്മാർപ്പണ ബുദ്ധി പുലർത്തി അനുഷ്ഠിക്കുന്നത് അങ്ങനെയുള്ള കർമയോഗി വെള്ള ത്തിൽ കിടക്കുന്ന താമരയില വെള്ളം തട്ടി നനഞ്ഞുപോകാതിരിക്കുന്നതു പോലെ ഫലവാസനാരൂപത്തിലുള്ള പാപംകൊണ്ട് ഒരിക്കലും കളങ്കപ്പെട്ടു പോകുന്നില്ല.

## *ലിപ്യതേ ന സ പാപേന*

പരമസത്യാനുഭവത്തിന്റെ മാർഗത്തിൽ എല്ലാത്തരം കർമവാസന കളും പാപമാണ്. അവിടെ പാപമെന്നോ പുണ്യമെന്നോ വേർതിരിവില്ല. സർവത്ര ബ്രഹ്മാരാധനയായി കർമം ചെയ്യുന്ന ജ്ഞാനി വെള്ളത്തിലെ താമ രയിലപോലെയാണ്. വെള്ളത്തിലാണു സദാ കിടപ്പ്. പക്ഷേ, വെള്ളം താമ രയിലയെ ഒരിക്കലും നനച്ചു കുതിർക്കുന്നില്ല. ജ്ഞാനി അതുപോലെ സദാ കർമരംഗത്തുനിന്നു വർത്തിക്കുന്നു. എന്നാൽ കർമം അദ്ദേഹത്തെ അൽപ്പം പോലും കളങ്കപ്പെടുത്തുന്നില്ല.

സിദ്ധനായ ജ്ഞാനിയെ കർമഫലവാസന കളങ്കപ്പെടുത്തുകയി ല്ലെന്നു പറഞ്ഞതു ശരിയാകാം. എന്നാൽ ജ്ഞാനനിഷ്ഠ ഉറപ്പുവന്നിട്ടി ല്ലാത്ത ഒരു കർമയോഗിയുടെ സ്ഥിതിയെന്താണ്? കർമം ചെയ്യുന്നതു കൊണ്ട് അയാൾ വാസനാബദ്ധനാകാൻ ഇടവരില്ലേ? ഈ സംശയത്തിനു മറുപടിയാണടുത്ത പദ്യം:

*11. കായേന മനസാ ബുദ്ധ്യാ കേവലൈരിന്ദ്രിയൈരപി*
*യോഗിനഃ കർമ കുർവന്തി സംഗം ത്യക്ത്വാത്മശുദ്ധയേ*

യോഗിനഃ - മനസ്സിന്റെ സമനിലയഭ്യസിച്ചു കർമരംഗത്തു വർത്തിക്കുന്ന കർമ യോഗികൾ; കായേന - ശരീരംകൊണ്ടും; മനസാ - മനസ്സുകൊണ്ടും; ബുദ്ധ്യാ - ബുദ്ധികൊണ്ടും; കേവലൈഃ ഇന്ദ്രിയൈഃ അപി - കേവലം ഇന്ദ്രിയങ്ങളെ ക്കൊണ്ടും; സംഗം ത്യക്ത്വാ - ഫലസംഗം കൂടാതെ; ആത്മശുദ്ധയേ - ചിത്ത ശുദ്ധിയെ ലക്ഷ്യമാക്കി; കർമ കുർവന്തി - കർമം ചെയ്യുന്നു.

digitized by www.sreyas.in

മനസ്സിന്റെ സമനിലയഭ്യസിച്ചു കർമരംഗത്തു വർത്തിക്കുന്ന കർമയോഗികൾ ശരീരംകൊണ്ടും മനസ്സുകൊണ്ടും ബുദ്ധികൊണ്ടും കേവലം ഇന്ദ്രിയങ്ങളെക്കൊണ്ടും ഫലസംഗം കൂടാതെ ചിത്തശുദ്ധിയെ ലക്ഷ്യമാക്കി കർമം ചെയ്യുന്നു.

## *സംഗം ത്യക്ത്വാഽത്മ ശുദ്ധയേ*

ശരീരവും മനസ്സും ബുദ്ധിയും ഇന്ദ്രിയങ്ങളുമാണു കർമോപകരണങ്ങൾ. മറ്റു ഇന്ദ്രിയങ്ങളെ അപേക്ഷിച്ചു കർമവിഷയത്തിൽ ബുദ്ധിക്കുള്ള പ്രാധാന്യം എടുത്തു കാണിക്കാനാണു ബുദ്ധിയെ പ്രത്യേകം പറഞ്ഞത്. കർമാസ്പദങ്ങളായ ശരീരാദി ആത്മാവിന്റെ ഉപകരണങ്ങൾ മാത്രമാണെന്നു യോഗി നല്ലവണ്ണം അറിയുന്നു. കർമം ചെയ്ത് ഈ ഉപകരണങ്ങളെ തന്നിൽ നിന്നും അകറ്റുകയാണു ലക്ഷ്യമെന്നും അറിയുന്നു. അതുകൊണ്ടു കർമം ചെയ്തു തന്നിൽ ഒളിഞ്ഞുകിടക്കുന്ന ഫലവാസനയെ ക്ഷയിപ്പിക്കുകയല്ലാതെ യോഗി ഒരിക്കലും പുതിയ ഫലവാസന തന്നിൽ തങ്ങാനനുവദിക്കുന്നില്ല. ഇങ്ങനെ ഫലസംഗം ഉപേക്ഷിക്കുന്ന ചിത്തം കൂടുതൽ കൂടുതൽ സമനില പ്രാപിച്ചു ശുദ്ധമാകും. സമനില ഉറപ്പുവരുന്തോറും ആത്മാനുഭവവും കൂടി വരും. അപ്പോൾ ഒരു യോഗിയെ സംബന്ധിച്ചിടത്തോളം തന്റെ കർമം വിജയിച്ചുവോ എന്നതിന്റെ അളവുകോൽ ഫലത്തിന്റെ ആധിക്യമോ മേന്മയോ അല്ല. ഓരോ കർമം കഴിയുന്തോറും കർമവാസനക്കു ശക്തി കുറഞ്ഞു ചിത്തം കൂടുതൽ സമനിലയിലെത്തി ആത്മാനന്ദം വർധിക്കുന്നുണ്ടോ എന്നതാണു യോഗിയുടെ കർമം വിജയിക്കുന്നുണ്ടോ എന്നുള്ളതിന്റെ അളവുകോൽ. അതിനാൽ കർമയോഗം അംഗീകരിക്കുന്നയാളിനു സാധകാവസ്ഥയിലും ഒന്നും ഭയപ്പെടാനില്ലെന്നു ഭാവം.

കർമമെന്തുതന്നെയായാലും അതു നിഷ്കാമിയെ ബന്ധത്തിൽനിന്നു മോചിപ്പിക്കുകയും ഫലകാമിയെ ബന്ധത്തിലകപ്പെടുത്തുകയും ചെയ്യും. ഇതാണു കർമരഹസ്യം. ഈ കർമരഹസ്യമാണു ഭഗവാൻ തുടർന്നു വെളിപ്പെടുത്തുന്നത്:

*12. യുക്തഃ കർമഫലം ത്യക്ത്വാ ശാന്തിമാപ്നോതി നൈഷ്ഠികീം*
*അയുക്തഃ കാമകാരേണ ഫലേ സക്തോ നിബധ്യതേ*

യുക്തഃ - യോഗ പരിശീലനം പാകപ്പെട്ട് ആത്മാനന്ദം കണ്ടെത്തിയയാൾ; കർമഫലം ത്യക്ത്വാ - ഫലചിന്തവെടിഞ്ഞ്; നൈഷ്ഠികീം - ആത്മനിഷ്ഠ

digitized by www.sreyas.in

കൊണ്ടു തെളിയുന്ന; ശാന്തിം ആപ്നോതി - നിരന്തരശാന്തിയിൽ എത്തിച്ചേരുന്നു; അയുക്തഃ - മനസ്സ് അന്തർമുഖമായി ഏകാഗ്രപ്പെടാത്തയാൾ; കാമകാരേണ - സദാ ബാഹ്യഫലത്തെത്തന്നെ ചിന്തിച്ചു കർമം ചെയ്ത്; ഫലേ സക്തഃ - ഞാൻ, എന്റേത് എന്നിങ്ങനെ ഫലത്തിൽ സംഗം പുലർത്തി; നിബധ്യതേ - ബദ്ധനായി ഭവിക്കുന്നു.

യോഗപരിശീലനം പാകപ്പെട്ട് ആത്മാനന്ദം കണ്ടെത്തിയയാൾ ഫലചിന്തവെടിഞ്ഞ് ആത്മനിഷ്ഠംകൊണ്ടു തെളിയുന്ന നിരന്തരശാന്തിയിൽ എത്തിച്ചേരുന്നു. മനസ്സ് അന്തർമുഖമായി ഏകാഗ്രപ്പെടാത്തയാൾ സദാ ബാഹ്യഫലത്തെത്തന്നെ ചിന്തിച്ചു കർമം ചെയ്തു ഞാൻ, എന്റേത് എന്നിങ്ങനെ ഫലത്തിൽ സംഗം പുലർത്തി ബദ്ധനായി ഭവിക്കുന്നു.

## *സക്തോ നിബധ്യതേ*

കർമഫലത്തിലുള്ള സംഗമാണു ബന്ധം. ഫലസംഗം വിട്ട മനസ്സ് മുക്തമായി ഭവിക്കുന്നു. രണ്ടുതരം സുഖമാണ് ഈ ലോകത്ത് അനുഭവിക്കാൻ കിട്ടുന്നത്. അനുകൂലമായ കർമഫലം കൊണ്ടുണ്ടാകുന്ന സുഖമാണൊന്ന്. ഇതു നേടാൻ അത്യധികം ക്ലേശം വേണ്ടിവരുന്നു. നേടിയാൽത്തന്നെ അതിനു സ്ഥിരതയില്ല. പുതിയ കർമങ്ങളും ഫലചിന്തയും കടന്നുവന്ന് അതിനെ നശിപ്പിക്കുന്നു. ഫലസംഗം വിടുന്നതുകൊണ്ടു ചിത്തത്തിൽ പകർന്നനുഭവിക്കാൻ കിട്ടുന്ന ആത്മസുഖമാണു മറ്റൊന്ന്. ധ്യാനമനനാദി അൽപ്പം ചില സാധനകളനുഷ്ഠിച്ചും സമനില ശീലിച്ചും സമ്പാദിക്കാവുന്നതാണീ ആത്മസുഖം. കർമഫലം അനുകൂലമായാലും പ്രതികൂലമായാലും അഭ്യാസംകൊണ്ടു നേടിയ ഈ ആത്മസുഖം നഷ്ടപ്പെടുന്നതല്ല. ഇതാണു യോഗിയുടെ നൈഷ്ഠികശാന്തി. ശ്ലോകത്തിൽ 'ഫലം ത്യക്ത്വാ' എന്നതിനു ഫലസംഗം വെടിഞ്ഞ് എന്നാണർഥം. നൈഷ്ഠികീ ശാന്തി കണ്ടെത്താത്ത - വൻ സദാ ഫലസംഗത്തിൽപ്പെട്ടുഴലാനിടവരുന്നു.

നിശ്ചലവും നിത്യനിർമുക്തവുമായ ആത്മാവാണു താനെന്നനുഭവിക്കുന്ന ജ്ഞാനിയുടെ സർവകർമസന്ന്യാസരഹസ്യം വെളിപ്പെടുത്തിക്കൊണ്ടു പ്രകൃതം ഉപസംഹരിക്കുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*13. സർവകർമാണി മനസാ സന്ന്യസ്യാസ്തേ സുഖം വശീ*
*നവദ്വാരേ പുരേ ദേഹേ നൈവ കുർവൻ ന കാരയൻ*

വശീ ദേഹേ - ഇന്ദ്രിയങ്ങളെയും മനസ്സിനെയും വശപ്പെടുത്തി ആത്മനിഷ്ഠ

digitized by www.sreyas.in

യിൽ ഉറപ്പിച്ചിട്ടുള്ള പുരുഷൻ; സർവകർമാണി – മനസ്സുകൊണ്ടും വാക്കുകൊണ്ടും ശരീരംകൊണ്ടും അനുഷ്ഠിക്കുന്ന എല്ലാ കർമങ്ങളെയും; മനസാ സന്ന്യസ്യ – മനസ്സുകൊണ്ട് ഉപേക്ഷിച്ചിട്ട്; നവദ്വാരേ പുരേ – ഒൻപതു വാതിലുകളുള്ള ഒരു പട്ടണത്തോടു സാമ്യം വഹിക്കുന്ന ശരീരത്തിൽ; ന ഏവ കുർവൻ – സ്വയം ഒന്നുംതന്നെ ചെയ്യാത്തവനായും; ന കാരയൻ – ഒന്നും ചെയ്യിക്കാത്തവനായും സുഖം ആസ്തേ – സദാ ആത്മാനന്ദാനുഭൂതിയിൽ മുഴുകി കഴിഞ്ഞുകൂടുന്നു.

ഇന്ദ്രിയങ്ങളെയും മനസ്സിനെയും വശപ്പെടുത്തി ആത്മനിഷ്ഠയിൽ ഉറപ്പിച്ചിട്ടുള്ള പുരുഷൻ മനസ്സുകൊണ്ടും വാക്കുകൊണ്ടും ശരീരംകൊണ്ടും അനുഷ്ഠിക്കുന്ന എല്ലാ കർമങ്ങളെയും മനസ്സുകൊണ്ട് ഉപേക്ഷിച്ചിട്ട് ഒൻപതു വാതിലുകളുള്ള ഒരു പട്ടണത്തോടു സാമ്യം വഹിക്കുന്ന ശരീരത്തിൽ സ്വയം ഒന്നുംതന്നെ ചെയ്യാത്തവനായും ഒന്നും ചെയ്യിക്കാത്തവനായും സദാ ആത്മാനന്ദാനുഭൂതിയിൽ മുഴുകി കഴിഞ്ഞുകൂടുന്നു.

## *മനസാ സന്ന്യസ്യ*

കർമവിമുക്തി അഥവാ സന്ന്യാസം പ്രധാനമായും മാനസികമാണ്: ശാരീരികമല്ല. തത്വാനുഭവം കൊണ്ടേ ഇതുണ്ടാവുകയുള്ളൂ. മനസ്സിനെ അസംഗമാക്കി ആത്മനിഷ്ഠമാക്കിത്തീർക്കുകയാണ് ഇതിനുള്ള ഉപായം. തത്വാനുഭവമുണ്ടായാൽ ശരീരം ഒൻപതു വാതിലുകളുള്ള ഒരു പുരം പോലെയും ആത്മാവ് നിഷ്ക്രിയനായ അതിലെ പുരവാസിയെപ്പോലെയും അനുഭവപ്പെടും. രണ്ട് നയനദ്വാരങ്ങൾ, രണ്ട് ശ്രോത്രദ്വാരങ്ങൾ, രണ്ട് നാസാദ്വാരങ്ങൾ, ജനനേന്ദ്രിയദ്വാരം, വിസർജനേന്ദ്രിയദ്വാരം, മുഖദ്വാരം ഇത്രയുമാണു ദേഹമാകുന്ന പുരത്തിലെ ഒൻപതു വാതിലുകൾ. ആത്മാവാണിതിലെ നിഷ്ക്രിയനായ പുരവാസി. പ്രാണൻ, മനസ്സ്, ഇന്ദ്രിയങ്ങൾ ഇവയെല്ലാം ആ പ്രഭുവിന്റെ നിഷ്ക്രിയസാന്നിധ്യം കൊണ്ടുമാത്രം സദാ സ്വവ്യാപാരങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. അവയൊക്കെ സദാ ചലിക്കുമ്പോഴും താൻ പ്രവർത്തിക്കുകയോ മറ്റൊന്നിനെ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്നില്ല എന്നാണ് ആത്മാവിന്റെ അനുഭവം. ഈ അനുഭവം ഒരു ലൗകികനു ഭാവന ചെയ്യാൻ പോലും പ്രയാസമാണ്.

യഥാർഥ സന്ന്യാസമെന്താണെന്ന് ഇങ്ങനെ വിശദമായി വിവരിച്ചശേഷം കർമബന്ധം ഒരാൾക്ക് അജ്ഞാനം കൊണ്ടു വന്നുചേരുന്ന കൃത്രിമ സ്വഭാവമാണെന്നും അവനവൻതന്നെ സ്വരൂപബോധം നേടി അതു മാറ്റുകയാണു

digitized by www.sreyas.in

വേണ്ടതെന്നും ഭഗവാൻ തുടർന്ന് അടുത്ത മൂന്നു പദ്യങ്ങൾകൊണ്ടു വെളിപ്പെടുത്തുന്നു:

*14. ന കർത്തൃത്വം ന കർമാണി ലോകസ്യ സൃജതി പ്രഭുഃ*
*ന കർമഫലസംയോഗം സ്വഭാവസ്തു പ്രവർത്തതേ*

പ്രഭുഃ - പരമാത്മാവ്; ലോകസ്യ - പ്രപഞ്ചഘടകങ്ങളായി കാണപ്പെടുന്ന ജീവലോകത്തിന്; കർത്തൃത്വം ന സൃജതി - കർത്തൃഭാവം ഉണ്ടാക്കുന്നില്ല; കർമഫലസംയോഗം ന - കർമഫലാനുഭവത്തെയും ഉണ്ടാക്കുന്നില്ല; സ്വഭാവഃ തു പ്രവർത്തതേ - മായയിൽ ഓരോ ജീവനും അംഗീകരിക്കുന്ന അതാതിന്റെ സ്വഭാവംതന്നെയാണു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

പരമാത്മാവ് പ്രപഞ്ചഘടകങ്ങളായി കാണപ്പെടുന്ന ജീവലോകത്തിനു കർത്തൃത്വഭാവമുണ്ടാക്കുന്നില്ല; കർമഫലാനുഭവത്തെയും ഉണ്ടാക്കുന്നില്ല. മായയിൽ ഓരോ ജീവനും അംഗീകരിക്കുന്ന അതാതിന്റെ സ്വഭാവം തന്നെയാണു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

## *സ്വഭാവസ്തു പ്രവർത്തതേ*

പരമാത്മശക്തിയായ മായയുടെ ആദ്യത്തെ പ്രകടരൂപമാണ് പ്രാണസ്പന്ദനം. ബോധവസ്തുവിനുള്ളിലാണ് പ്രാണസ്പന്ദനം. അതുകൊണ്ട് ഓരോ പ്രാണസ്പന്ദനത്തിലും ബോധാംശം പ്രതിബിംബിക്കാൻ ഇടയാകുന്നു. പ്രാണസ്പന്ദനവും ബോധാംശപ്രതിബിംബവും ചേർന്നതാണു ജീവൻ. ഇങ്ങനെ ജീവത്വം തന്നെ മായാസ്പന്ദനത്തിൽ രൂപപ്പെടുന്ന ഒരു കൃത്രിമ സ്ഥിതിയാണ്. വെള്ളത്തിൽ പ്രതിബിംബിക്കുന്ന സൂര്യൻ കൃത്രിമ സൃഷ്ടിയാണെന്നു പറയേണ്ടതില്ലല്ലോ. എല്ലാ ജീവികളിലും ഞാൻ, ഞാൻ എന്നിങ്ങനെ സ്ഫുരിക്കുന്ന ജീവഭാവം ഇങ്ങനെ അഖണ്ഡബോധത്തിൽ ആവിർഭവിക്കുന്ന ഒരു കൃത്രിമാനുഭവമാണ്. തുടർന്ന് ഈ ജീവൻ സർവശക്തിമയിയായ മായയിൽതനിക്കിഷ്ടമുള്ളതു സങ്കൽപ്പിച്ചു സ്വീകരിച്ചാണു സ്വജീവിതത്തിനു രൂപം നൽകുന്നത്. താൻ അംഗീകരിക്കുന്ന സങ്കൽപ്പവലയമാണു സ്വഭാവം. സ്വഭാവശബ്ദത്തിനു സ്വന്തം ഭവിക്കൽ അഥവാ താനായിത്തീരൽ എന്നാണല്ലോ അർഥം. ഒരു ജീവന്റെ ജീവിതത്തിനു രൂപം കൊടുക്കുന്ന സങ്കൽപ്പവലയം ആ ജീവൻതന്നെ ഉണ്ടാക്കിയതാണെന്നെങ്ങനെയറിയാം? ജീവൻതന്നെ ആ വലയത്തെ പൊട്ടിച്ചു പുറത്തു കടക്കുന്നതോടെ അക്കാര്യം തെളിയും. എന്തായാലും എല്ലാ പ്രപഞ്ചഘടകങ്ങളെയും പ്രവർത്തിപ്പിക്കുന്നത് ഓരോന്നും സ്വയം അംഗീകരിച്ച ഈ സ്വഭാവം തന്നെ

digitized by www.sreyas.in

യാണ്. ഈ സ്വഭാവങ്ങൾക്കെല്ലാം നിശ്ചലമായ അധിഷ്ഠാനമായി വർത്തിക്കുകയെന്നുള്ളതിൽ കവിഞ്ഞ് പരമാത്മാവിന് ഇവയുമായി നേരിട്ടു വേറെ ബന്ധമൊന്നുമില്ല. 'എന്നെ ആരെങ്ങനെ സമീപിക്കുന്നുവോ അവരെ ഞാനങ്ങനെ അനുഗ്രഹിക്കുന്നു' എന്നു നാലാമധ്യായം പതിനൊന്നാം ശ്ലോകത്തിൽ പറഞ്ഞ നിയമം തന്നെയാണ് 'സ്വഭാവസ്തു പ്രവർത്തതേ' എന്ന രൂപത്തിൽ ഭഗവാൻ ഇവിടെ ആവർത്തിച്ചിരിക്കുന്നത്. കർമമയമായ പ്രപഞ്ചവും ഫലാനുഭവവും തന്റെ പരപ്രകൃതിയായ ജീവനു മാത്രമുള്ളവയാണെന്ന് ഇനി ഏഴാമധ്യായത്തിൽ അഞ്ചാം ശ്ലോകം കൊണ്ടു ഭഗവാൻ പ്രഖ്യാപിക്കാൻ പോകുന്നുമുണ്ട്. ഇവിടെ ഒരു സംശയം വരാം. ഓരോരുത്തരും സ്വപ്രകൃതിഗുണങ്ങളുടെ അടിമകളായി അവശതയോടെ കർമം ചെയ്യുകയാണെന്നു മുമ്പു പറഞ്ഞിട്ടുള്ളത് ഈ നിയമമനുസരിച്ച് എങ്ങനെ ശരിപ്പെടും? ശരിപ്പെടുമല്ലോ. പ്രകൃതിയിൽനിന്ന് ഓരോ ജീവനും സ്വസങ്കൽപ്പങ്ങളിൽക്കൂടി അംഗീകരിക്കുന്ന പ്രകൃതിഗുണങ്ങളെ അഭ്യസിച്ചുറപ്പിച്ചു സ്വയം അടിമകളായിത്തീർന്നു കർമം ചെയ്യുന്നു എന്നതു പ്രസ്തുത നിയമത്തിനു നിരക്കുന്നതുതന്നെയാണല്ലോ. അധിഷ്ഠാന സത്യത്തെ വ്യക്തമായി ആശ്രയിച്ചു യത്നിച്ചാൽ ഈ അടിമത്തത്തിൽ നിന്നു മോചിക്കാനും സ്വയം ജീവനു കഴിയും. ആറാമധ്യായം അഞ്ചാം ശ്ലോകത്തിൽ വ്യക്തമായും 'നീ നിന്നെ ഉദ്ധരിക്കൂ' എന്നാണു ഭഗവാൻ അർജുനനു നിർദേശം നൽകുന്നത്. അപ്പോൾ കർത്തൃത്വമേറ്റെടുക്കുന്നതും ഒടുവിൽ വേണമെന്നു തോന്നിയാൽ ഇതെല്ലാം വിട്ടു മോചിക്കുന്നതും ജീവന്റെ ഉത്തരവാദിത്വത്തിലാണെന്നു സാരം. ചുരുക്കത്തിൽ ബന്ധമോക്ഷങ്ങളെല്ലാം ജീവന്റെ സ്വാനുഭവങ്ങളാണ്; പരമാത്മാവിന്റേതല്ലെന്നോർക്കേണ്ടതാണ്.

അപ്പോൾ കർമങ്ങൾ ഈശ്വരാരാധനയായി അനുഷ്ഠിക്കണമെന്നും ഭഗവാൻ ഭക്തന്റെ പാപങ്ങളകറ്റി പുണ്യം തരുമെന്നും മറ്റും പറയുന്നതിനെന്താണർഥം? ഈ സംശയത്തിനുത്തരമാണടുത്ത പദ്യം:

*15. നാദത്തേ കസ്യചിത് പാപം ന ചൈവ സുകൃതം വിഭുഃ*
*അജ്ഞാനേനാവൃതം ജ്ഞാനം തേന മുഹ്യന്തി ജന്തവഃ*

വിഭുഃ - സർവത്ര പരിപൂർണനായ പരമാത്മാവ്; കസ്യചിത് പാപം - ആരുടെയും പാപം; ന ആദത്തേ - ഏറ്റെടുക്കുന്നില്ല; സുകൃതം ച ന ഏവ - പുണ്യവും ഏറ്റെടുക്കുന്നില്ലതന്നെ; അജ്ഞാനേന - സ്വരൂപവിസ്മൃതിയാകുന്ന അവിദ്യ നിമിത്തം; ജ്ഞാനം ആവൃതം - വസ്തു ഒന്നേയുള്ളു എന്ന പരമാർഥതത്വം മറയ്ക്കപ്പെട്ടിരിക്കുന്നു; തേന - അക്കാരണത്താൽ; ജന്തവഃ

digitized by www.sreyas.in

മുഹ്യന്തി - ജീവികൾ ഞാൻ, നീ, പാപം, പുണ്യം എന്നിങ്ങനെയുള്ള ഭേദചിന്തകളിൽ പെട്ടുഴലാൻ ഇടവരുന്നു.

സർവത്ര പരിപൂർണനായ പരമാത്മാവ് ആരുടെയും പാപം ഏറ്റെടുക്കുന്നില്ല; പുണ്യവും ഏറ്റെടുക്കുന്നില്ലതന്നെ. സ്വരൂപവിസ്മൃതിയാകുന്ന അവിദ്യനിമിത്തം വസ്തു ഒന്നേയുള്ളു എന്ന പരമാർഥതത്വം മറയ്ക്കപ്പെട്ടിരിക്കുന്നു. അക്കാരണത്താൽ ജീവികൾ ഞാൻ, നീ, പാപം, പുണ്യം എന്നിങ്ങനെയുള്ള ഭേദചിന്തകളിൽ പെട്ടുഴലാൻ ഇടവരുന്നു.

## *അജ്ഞാനേനാവൃതം ജ്ഞാനം*

'താനാര്' എന്ന അറിവില്ലായ്മയാണ് അജ്ഞാനം. അവനവന്റെ യാഥാർഥ്യം ഗ്രഹിക്കാൻ കഴിഞ്ഞാൽ നിലനില്പിന്റെ മുഴുവൻ യാഥാർഥ്യം അതോടെ മറമാറി തെളിയുമെന്നാണു വേദാന്തസിദ്ധാന്തം. സ്വന്തം യാഥാർഥ്യം തന്നെ അറിഞ്ഞിട്ടില്ലാത്തയാൾ മറ്റുള്ളവരുടെ യാഥാർഥ്യം എന്തു ഗ്രഹിക്കാനാണ്? താൻ നിലവിലുള്ളപ്പോൾ തന്റെ സത്യം ഗ്രഹിക്കപ്പെടുന്നില്ല എന്നു പറഞ്ഞാൽ തന്റെ സ്വരൂപം തൽക്കാലത്തേക്കു മറന്നുപോയിരിക്കുന്നു എന്നേ അതിനർഥമുള്ളു. ഇത്തരം മറവി ലൗകികതലത്തിൽത്തന്നെ ജീവികൾക്കു ധാരാളം സംഭവിക്കാറുണ്ട്. അപ്പോൾപ്പിന്നെ ദേഹാദി ജഡവിഷയങ്ങൾ പ്രതിഭാസിച്ചുകൊണ്ടിരിക്കുന്ന ആത്മതലത്തിൽ അതു സംഭവിക്കുന്നതിൽ അതിശയിക്കാനില്ല. ശക്തിസ്പന്ദനരൂപത്തിലുള്ള സൂക്ഷ്മജഡത്തിൽ പ്രതിബിംബിച്ച ബോധാംശമായ ജീവനാണ് ഈ മറവി സംഭവിച്ചുപോയിരിക്കുന്നത്. കർമതലത്തിലെ ഇത്തരം കാര്യങ്ങളൊന്നും പരമാത്മാവിനെ ബാധിക്കുന്നില്ലെന്നു നാം മുൻശ്ലോകത്തിൽ കണ്ടുവല്ലോ. പ്രാണസ്പന്ദനത്തിൽ പ്രതിബിംബിച്ച ബോധാംശമായ ജീവൻ പ്രാണനുമായും തുടർന്നു മനസ്സ്, ശരീരം എന്നിവയുമായും താദാത്മ്യപ്പെടുന്നതാണ് ഈ വിസ്മരണത്തിനു പ്രധാന കാരണം. 'ഞാൻ നിഷ്ക്രിയമായ ബോധവസ്തുവാണ്; വസ്തുസത്തയായി ഇവിടെ ഞാൻ മാത്രമേയുള്ളു; എന്ന അറിവാണല്ലോ ജ്ഞാനം. ജഡതാദാത്മ്യം കൊണ്ടുണ്ടാകുന്ന സ്വരൂപവിസ്മരണം ബോധമാണു വസ്തു എന്ന ജ്ഞാനത്തെ മറച്ചുകളയുന്നു. ഇതാണ് 'അജ്ഞാനേനാവൃതം ജ്ഞാനം' എന്നതിന്റെ താൽപ്പര്യം.

## *തേന മുഹ്യന്തി ജന്തവഃ*

ജഡതാദാത്മ്യം നിമിത്തം വസ്തുസ്വരൂപമായ ബോധം ഇങ്ങനെ മറ

digitized by www.sreyas.in

യ്ക്കപ്പെട്ടു. പിന്നെ കാണ്മാനുള്ളത് ഉണ്ടായി മറയുന്ന ജഡരൂപങ്ങൾ മാത്രമാണ്. ജഡരൂപങ്ങൾ സർവത്ര വിഭിന്നമാണെന്നു പറയേണ്ടതില്ലല്ലോ. സ്വന്തം ജഡശരീരവുമായി താദാത്മ്യപ്പെടുന്ന ജീവൻ എല്ലാ ശരീരങ്ങളിലും ആത്മാവായി വർത്തിക്കുന്നതു താൻ തന്നെയെന്ന കാര്യം മറന്നു ദേഹത്തിൽ അഭിമാനംകൊണ്ടു ഞാൻ, നീ എന്ന ഭേദചിന്തക്കു വിധേയനായിത്തീരുന്നു. തുടർന്നു സുഖത്തിനായി ജഡങ്ങളുടെ പിന്നാലെ രാഗദ്വേഷസംകുലമായ ഭ്രമണമാരംഭിക്കുന്നു. ഈ സങ്കൽപ്പഭ്രമണമാണ് പുണ്യപാപാദി നാനാവിധ ഭേദ ചിന്തകൾക്കു കാരണമായിത്തീരുന്നത്. ഈ ഭേദചിന്തകൾ നിമിത്തം ഒരു നിമിഷംപോലും ചിത്തസമത്വമില്ലാതെ ഉഴലേണ്ടിവരുന്നു. ഇതാണു ജന്തുക്കളുടെ മോഹം.

അപ്പോൾ ജന്തുക്കളുടെ ഈ മോഹവ്യാധിക്കു ചികിത്സയെന്താണ്? രോഗകാരണം അകറ്റുകയാണല്ലോ ശരിയായ ചികിത്സ. സ്വരൂപബോധമെന്ന ജ്ഞാനം വിസ്മൃതിരൂപമായ അജ്ഞാനംകൊണ്ടു മറയ്ക്കപ്പെട്ടുപോയതാണു മോഹരോഗത്തിന്റെ നിദാനമെങ്കിൽ സ്വരൂപവിസ്മൃതി അകറ്റി സ്വരൂപബോധം വീണ്ടെടുക്കുയാണിതിനുള്ള ചികിത്സയെന്നു തീർച്ചയാണല്ലോ. ഈ ചികിത്സയും അതിന്റെ ഫലവും പ്രഖ്യാപിക്കുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*16. ജ്ഞാനേന തു തദജ്ഞാനം യേഷാം നാശിതമാത്മനഃ*
*തേഷാമാദിത്യവത് ജ്ഞാനം പ്രകാശയതി തൽപ്പരം*

യേഷാം അജ്ഞാനം – ആരുടെയാരുടെയൊക്കെ ആത്മവിസ്മൃതിരൂപമായ അജ്ഞാനം; ആത്മനഃ ജ്ഞാനേന – സ്വരൂപമായി വർത്തിക്കുന്ന ആത്മാവിന്റെ സ്മരണാഭ്യാസരൂപമായ ജ്ഞാനംകൊണ്ട്; നാശിതം തു – അകറ്റപ്പെടുന്നുവോ; തേഷാം – അവർക്കൊക്കെ; തത് ജ്ഞാനം – സ്മരണാഭ്യാസരൂപമായ ആ ജ്ഞാനം; ആദിത്യവത് – ഇരുട്ടുമാറ്റി സൂര്യൻ പദാർഥങ്ങളെ പ്രകാശിപ്പിക്കുന്നതുപോലെ; തൽപ്പരം പ്രകാശയതി – എല്ലാറ്റിനും പരമകാരണമായി വർത്തിക്കുന്ന ബ്രഹ്മത്തെ വ്യക്തമായി വെളിപ്പെടുത്തിക്കൊടുക്കുന്നു.

ആരുടെയാരുടെയൊക്കെ ആത്മവിസ്മൃതിരൂപമായ അജ്ഞാനം സ്വരൂപമായി വർത്തിക്കുന്ന ആത്മാവിന്റെ സ്മരണാഭ്യാസരൂപമായ ജ്ഞാനംകൊണ്ട് അകറ്റപ്പെടുന്നുവോ അവർക്കൊക്കെ സ്മരണാഭ്യാസരൂപമായ ആ ജ്ഞാനം ഇരുട്ടുമാറ്റി സൂര്യൻ പദാർഥങ്ങളെ പ്രകാശിപ്പിക്കുന്നതുപോലെ എല്ലാറ്റിനും പരമകാരണമായി വർത്തിക്കുന്ന ബ്രഹ്മത്തെ വ്യക്തമായി വെളിപ്പെടുത്തിക്കൊടുക്കുന്നു.

digitized by www.sreyas.in

## ആദിത്യവത് ജ്ഞാനം

ആത്മവിസ്മൃതിയാണ് അജ്ഞാനം. മറവിയകറ്റാൻ എന്താണുപായം? ചിത്തം ഏകാഗ്രപ്പെടുത്തി അറിയേണ്ട വസ്തുവിനെ ഓർമിക്കുകതന്നെയാണുപായം. അതുപോലെ ഞാൻ ചേതനനായ ആത്മാവാണ്; ജഡമായ ശരീരമല്ല എന്നു നിരന്തരം ഓർമിക്കുക തന്നെയാണ് ആത്മാനുഭവം വീണ്ടെടുക്കാനുള്ള ഉപായം. ഗുരൂപദേശവും മറ്റും ഈ സ്മരണയെ ഉറപ്പിക്കാനുള്ള മാർഗനിർദേശങ്ങൾ മാത്രം. സ്മരണാഭ്യാസം നിരന്തരവും ദൃഢവുമാകുന്നതോടെ ജഡബോധം മാറി ആത്മാനുഭവം തെളിയുന്നു. തുടർന്നു പ്രപഞ്ചദൃശ്യത്തിനു മുഴുവൻ പരമകാരണമായി വർത്തിക്കുന്ന പരബ്രഹ്മവും മറനീങ്ങി പ്രത്യക്ഷപ്പെടുന്നു. ഇവിടെ സ്മരണാഭ്യാസരൂപമായ ജ്ഞാനം സൂര്യനെപ്പോലെ വസ്തുബോധത്തിനു സഹായകമായി ഭവിക്കുന്നു എന്നു താൽപ്പര്യം.

ഇങ്ങനെ പരമകാരണവും ബോധാനന്ദഘനവുമായ പരബ്രഹ്മം സ്മരണാഭ്യാസരൂപമായ ജ്ഞാനംകൊണ്ടു തെളിഞ്ഞുകിട്ടിയാൽപ്പിന്നെ ആ ജ്ഞാനിയുടെ തുടർന്നുള്ള ജീവിതരീതി എന്തായിരിക്കുമെന്നാണു ഭഗവാൻ പതിനേഴാം ശ്ലോകത്തിൽ വിവരിക്കുന്നത്:

*17. തദ്ബുദ്ധയസ്തദാത്മാനസ്തന്നിഷ്ഠാസ്തൽപ്പരായണാഃ*
*ഗച്ഛന്ത്യപുനരാവൃത്തിം ജ്ഞാനനിർധൂതകല്മഷാഃ*

തദ്ബുദ്ധയഃ - വസ്തുബോധാനുഭവമുള്ള ബുദ്ധികൊണ്ടു പുറമേ എന്തിലും ബ്രഹ്മത്തെത്തന്നെ ദർശിക്കുന്നവരായും; തദാത്മാനഃ - താനും സ്വയം ആ ബ്രഹ്മംതന്നെയാണെന്ന് ഉള്ളിൽ സദാ അനുഭവിക്കുന്നവരായും; തന്നിഷ്ഠാഃ - ആ ബ്രഹ്മാനുഭവത്തിൽത്തന്നെ സദാ സർവത്ര ആനന്ദം കണ്ടെത്തുന്നവരായും; തൽപ്പരായണാഃ - പരമമായ ജീവിതലക്ഷ്യം ബ്രഹ്മപ്രാപ്തിതന്നെയാണെന്നുറപ്പിച്ചവരായും; ജ്ഞാനനിർധൂതകല്മഷാഃ - വസ്തുബോധംകൊണ്ടു ഭേദചിന്തയെന്ന പാപത്തെ നിശ്ശേഷം കഴുകിക്കളഞ്ഞവരായുമിരിക്കുന്ന സത്യദർശികൾ; അപുനരാവൃത്തിംഗച്ഛന്തി - ജനനമരണരഹിതമായ ബ്രഹ്മസ്വരൂപം തന്നെയായി ഭവിക്കുന്നു.

വസ്തുബോധാനുഭവമുള്ള ബുദ്ധികൊണ്ടും പുറമേ എന്തിലും ബ്രഹ്മത്തെത്തന്നെ ദർശിക്കുന്നവരായും താനും സ്വയം ആ ബ്രഹ്മം തന്നെയാണെന്ന് ഉള്ളിൽ സദാ അനുഭവിക്കുന്നവരായും ആ ബ്രഹ്മാനുഭവത്തിൽത്തനെ സദാ സർവത്ര ആനന്ദം കണ്ടെത്തുന്നവരായും പരമമായ ജീവിതലക്ഷ്യം ബ്രഹ്മപ്രാപ്തിയാണെന്നുറപ്പിച്ചവരായും വസ്തുബോധംകൊണ്ടു

digitized by www.sreyas.in

ഭേദചിന്തയെന്ന പാപത്തെ നിശ്ശേഷം കഴുകിക്കളഞ്ഞവരായുമിരിക്കുന്ന സത്യദർശികൾ ജനനമരണരഹിതമായ ബ്രഹ്മസ്വരൂപം തന്നെയായി ഭവിക്കുന്നു.

## *ഗച്ഛന്ത്യപുനരാവൃത്തിം*

ജനനമരണഹിതമായ സ്ഥിതി ബ്രഹ്മസ്വരൂപത്തിനു മാത്രമുള്ള സവിശേഷതയാണ്. ഭേദദൃഷ്ടിയാണ് അവിദ്യ. അതുതന്നെയാണു സത്യത്തെ മറയ്ക്കുന്ന ചിത്തകളങ്കം. വസ്തുബോധം നേടി ചിത്തകളങ്കം പാടേ അകറ്റുന്നവർ സ്വയം സത്യവസ്തുവായി മാറുന്നു. 'ബ്രഹ്മത്തെയറിയുന്നവൻ ബ്രഹ്മമായി ഭവിക്കുന്നു' എന്നാണല്ലോ ഉപനിഷത് പ്രഖ്യാപനം.

ഭേദദൃഷ്ടി മാറി സമചിത്തത വന്ന ജ്ഞാനിയുടെ ലോകദർശനം എങ്ങനെയുള്ളതായിരിക്കും? പതിനെട്ടാം ശ്ലോകത്തിൽ ഭഗവാൻ ഇക്കാര്യം വിവരിച്ചിരിക്കുന്നു:

*18. വിദ്യാവിനയസമ്പന്നേ, ബ്രാഹ്മണേ ഗവി ഹസ്തിനി*
*ശുനി ചൈവ ശ്വപാകേ ച പണ്ഡിതാഃ സമദർശിനഃ*

വിദ്യാവിനയസമ്പന്നേ - വിദ്യകൊണ്ടും വിനയംകൊണ്ടും പാകത വന്ന; ബ്രാഹ്മണേ - ബ്രാഹ്മണനിലും; ഗവി - പശുവിലും; ഹസ്തിനി - ആനയിലും; ശുനി - പട്ടിയിലും; ശ്വപാകേച ഏവ - പട്ടിമാംസം ഭക്ഷിക്കുന്ന ചണ്ഡാലനിൽത്തന്നെയും; പണ്ഡിതാഃ - ബ്രഹ്മനിഷ്ഠന്മാർ; സമദർശിനഃ - വസ്തുസ്വരൂപമായ ബ്രഹ്മത്തെത്തന്നെ ദർശിക്കുന്നവരാണ്.

വിദ്യകൊണ്ടും വിനയംകൊണ്ടും പാകതവന്ന ബ്രാഹ്മണനിലും പശുവിലും ആനയിലും പട്ടിയിലും പട്ടിമാംസം ഭക്ഷിക്കുന്ന ചണ്ഡാലനിൽത്തന്നെയും ബ്രഹ്മനിഷ്ഠന്മാർ വസ്തുസ്വരൂപമായ ബ്രഹ്മത്തെത്തന്നെ ദർശിക്കുന്നവരാണ്.

## *പണ്ഡിതാഃ സമദർശിനഃ*

'പണ്ഡാ' എന്ന പദത്തിന് ബ്രഹ്മജ്ഞാനം എന്നാണർഥം. പണ്ഡയുള്ളവനാണ് പണ്ഡിതൻ. എന്താണു ബ്രഹ്മജ്ഞാനിയുടെ സമദർശിത്വം? എല്ലാറ്റിലും ബ്രഹ്മത്തെത്തന്നെ കാണുക. പ്രപഞ്ചദൃശ്യങ്ങളുടെയെല്ലാം പരമകാരണം ബ്രഹ്മമാണെന്നു ശ്രുതിയുക്ത്യനുഭവങ്ങൾ കൊണ്ടു തെളിഞ്ഞയാളാണു ബ്രഹ്മജ്ഞാനി. അപ്പോൾ കാരണമായ ബ്രഹ്മം തന്നെയാണു കാര്യരൂപ

digitized by www.sreyas.in

ത്തിൽ പ്രപഞ്ചമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. മണ്ണുകൊണ്ടു നിർമിച്ചിരിക്കുന്ന പാത്രങ്ങൾ, അവയുടെ ആകൃതി എന്തുതന്നെയായാലും എല്ലാം മണ്ണാണ്. അതുപോലെ കാരണമായ ബ്രഹ്മത്തെ അറിയുന്ന പണ്ഡിതനു കാര്യരൂപങ്ങളെല്ലാം അതേ ബ്രഹ്മംതന്നെയാണ്. ആകൃതികളുടെ വൈവിധ്യം വസ്തുവിനു മാറ്റം വരുത്തുന്നില്ല. ഇതാണു പണ്ഡിതന്റെ സമദർശിത്വം.

ബ്രഹ്മസാക്ഷാൽക്കാരം പുതുതായി ഉണ്ടാക്കിയെടുക്കാനുള്ളതോ അകലെയെങ്ങാനുംപോയി നേടാനുള്ളതോ അല്ല. സർവത്ര വസ്തു ഒന്നുതന്നെയെന്നു കണ്ടു ചിത്തം സമനില പ്രാപിക്കുന്നതു തന്നെയാണു ബ്രഹ്മസാക്ഷാൽക്കാരം. ഇക്കാര്യമാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

*19. ഇഹൈവ തൈർജിതഃ സർഗോ യേഷാം സാമ്യേ സ്ഥിതം മനഃ*
*നിർദോഷം ഹി സമം ബ്രഹ്മ തസ്മാദ് ബ്രഹ്മണി തേ സ്ഥിതാഃ*

യേഷാം - ആരുടെയൊക്കെ; മനഃ - മനസ്സ്; സാമ്യേ സ്ഥിതം - ഭേദചിന്തവിട്ടു സർവത്ര ഒന്നെന്നുകണ്ടു സമനില പ്രാപിച്ചിരിക്കുന്നുവോ; തൈഃ - അവരാൽ; ഇഹ ഏവ - ഈ ലോകത്ത് ഈ ശരീരത്തോടു കൂടിയിരിക്കവേ തന്നെ; സർഗഃ - ഭേദചിന്തയുടെ ഫലമായുണ്ടെന്നു തോന്നുന്ന സൃഷ്ടി; ജിതഃ - കീഴടക്കപ്പെട്ടിരിക്കുന്നു; ഹി - എന്തെന്നാൽ; ബ്രഹ്മ - പരമകാരണമായ ബ്രഹ്മം; നിർദോഷം - യാതൊരു കേടുപാടുമില്ലാതെ; സമം - സർവത്ര തുല്യമായി നിറഞ്ഞു നിൽക്കുന്ന വസ്തുവാണ്; തസ്മാത് - അതുകൊണ്ട്; തേ - മനസ്സു സമനില പ്രാപിച്ചവർ; ബ്രഹ്മണി സ്ഥിതാഃ - ആ ബ്രഹ്മത്തിൽത്തന്നെ എത്തിനിൽക്കുന്നവരാണ്.

ആരുടെയൊക്കെ മനസ്സ് ഭേദചിന്ത വിട്ടു വസ്തു ഒന്നെന്നു കണ്ടു സമനില പ്രാപിച്ചിരിക്കുന്നുവോ അവരാൽ ഈ ലോകത്ത് ഈ ശരീരത്തോടുകൂടിയിരിക്കവേ തന്നെ ഭേദചിന്തയുടെ ഫലമായുണ്ടെന്നു തോന്നുന്ന സൃഷ്ടി കീഴടക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ പരമകാരണമായ ബ്രഹ്മം യാതൊരു കേടുപാടുമില്ലാതെ സർവത്ര തുല്യമായി നിറഞ്ഞുനിൽക്കുന്ന വസ്തുവാണ്. അതുകൊണ്ടു മനസ്സ് സമനില പ്രാപിച്ചവർ ആ ബ്രഹ്മത്തിൽത്തന്നെ എത്തിനിൽക്കുന്നവരാണ്.

## *തൈർജിതഃ സർഗഃ*

ഒരേ വസ്തുവിലെ വിവിധ രൂപദർശനം കണ്ടിട്ടു മനസ്സ് ഭേദചിന്തയിൽപ്പെടുന്നതാണു സൃഷ്ടി. ഭേദചിന്ത വിടുന്നതാണു സൃഷ്ടിജയം

digitized by www.sreyas.in

അഥവാ മുക്തി. ശ്ലോകത്തിലെ 'സർഗപദം' സൃഷ്ടിസ്ഥിതിസംഹാരങ്ങൾ മൂന്നും ഉൾക്കൊള്ളുന്നു എന്നു കാണേണ്ടതാണ്. വസ്തുവിൽ രൂപങ്ങൾ ആവിർഭവിക്കുമ്പോൾ വിവിധ വസ്തുക്കളുണ്ടാകുന്നു എന്നു ഭ്രമിക്കുകയും, രൂപങ്ങൾ കാണപ്പെടുന്നിടത്തോളം വിവിധ വസ്തുക്കൾ നിലനിൽക്കുന്നു എന്നു ഭ്രമിക്കുകയും; രൂപങ്ങൾ മറയുന്നതോടെ വിവിധ വസ്തുക്കൾ നശിച്ചു എന്നു ഭ്രമിക്കുകയും ചെയ്യുന്നതാണു യഥാക്രമം സൃഷ്ടിസ്ഥിതിസംഹാരങ്ങൾ. മനസ്സിന്റെ സമനില തെറ്റിച്ചു ചലിപ്പിക്കുന്നത് ഈ ഭ്രമങ്ങളാണ്. വസ്തു ഒന്നേയുള്ളുവെന്നും രൂപദർശനങ്ങളിൽ വസ്തുവിനു മാറ്റമൊന്നും സംഭവിക്കുന്നില്ലെന്നും അറിഞ്ഞയാളിനു യഥാർഥത്തിൽ സൃഷ്ടിസ്ഥിതിസംഹാരങ്ങളൊന്നും തന്നെ സംഭവിക്കുന്നില്ല. ഈ അനുഭവമാണു സൃഷ്ടിവിജയം. വസ്തു ഒന്നേയുള്ളുവെങ്കിൽ വിശേഷിച്ച് എന്തുണ്ടാവാനാണ്, എന്തു നിലനിൽക്കാനാണ്, എന്തു നശിക്കാനാണ്?

## *ബ്രഹ്മണി തേ സ്ഥിതാഃ*

ചിത്തം സമനില പ്രാപിച്ചവരുടെ സ്ഥിതി പിന്നെ സദാ ബ്രഹ്മത്തിലാണ്. സമനില പ്രാപിച്ച ചിത്തം ആദ്യം ആത്മാവിലും തുടർന്നു ബ്രഹ്മത്തിലും താദാത്മ്യം പ്രാപിക്കുന്നു. ശരീരം എങ്ങനെ ചലിച്ചാലും ആ ചിത്തം ബ്രഹ്മാനുഭവത്തിൽ നിന്നു വഴുതിപ്പോകുന്നില്ല. അതാണതിന്റെ ബ്രഹ്മസ്ഥിതി. ചലിച്ചു ഭിന്നിക്കുന്ന ചിത്തം പ്രപഞ്ചം; ചലിക്കാതെ സമനില പ്രാപിക്കുന്ന ചിത്തം ബ്രഹ്മം; അതാണു പ്രപഞ്ച ബ്രഹ്മാനുഭവരഹസ്യം. ചലിക്കുന്ന ചിത്തം ബന്ധം; ചലിക്കാതെ സമനില പ്രാപിച്ച ചിത്തം മോക്ഷം; ഇതാണു ബന്ധമോക്ഷാനുഭവ രഹസ്യം.

ഈ ബ്രഹ്മസ്ഥിതി പ്രാപിച്ചവരും ശരീരമുള്ളിടത്തോളം പ്രപഞ്ചത്തിൽ വ്യാപരിക്കുന്നതായി മറ്റുള്ളവർക്കു തോന്നിയേക്കാം. എന്നാൽ അവരെ തിരിച്ചറിയാൻ പ്രയാസമില്ല. എന്തായിരിക്കും അവരുടെ പ്രത്യേകത! ഭഗവാൻ വിവരിക്കുന്നു:

*20. ന പ്രഹൃഷ്യേത് പ്രിയം പ്രാപ്യ നോദ്വിജേത് പ്രാപ്യ ചാപ്രിയം*
*സ്ഥിരബുദ്ധിരസംമൂഢോ ബ്രഹ്മവിദ് ബ്രഹ്മണി സ്ഥിതഃ*

സ്ഥിരബുദ്ധിഃ - അന്തർമുഖമായി ഏകാഗ്രപ്പെട്ടിട്ടുള്ള ബുദ്ധിയോടുകൂടിയവനും; അസംമൂഢഃ - ഈ ലോകത്തുള്ള യാതൊന്നിനാലും പ്രലോഭിതനാകാത്തവനും; ബ്രഹ്മവിത് - ബ്രഹ്മതത്ത്വം ഗ്രഹിച്ചവനും; ബ്രഹ്മണിസ്ഥിതഃ

digitized by www.sreyas.in

– സദാ സർവത്ര ബ്രഹ്മത്തെത്തന്നെ അനുഭവിച്ചാനന്ദിക്കുന്നവനുമായ ബ്രഹ്മനിഷ്ഠൻ; പ്രിയം പ്രാപ്യ – പ്രിയമെന്നു തോന്നാവുന്ന ലോകാനുഭവങ്ങളിൽ; ന പ്രഹൃഷ്യേത് – വിശേഷിച്ചൊരു സന്തോഷം കാണിക്കാറില്ല; അപ്രിയം പ്രാപ്യ ന ഉദ്വിജേത് ച – അപ്രിയമെന്നു തോന്നാവുന്ന ലോകാനുഭവങ്ങളിൽ വ്യാകുലനാവാറുമില്ല.

അന്തർമുഖമായി ഏകാഗ്രപ്പെട്ടിട്ടുള്ള ബുദ്ധിയോടുകൂടിയവനും ഈ ലോകത്തുള്ള യാതൊന്നിനാലും പ്രലോഭിതനാകാത്തവനും ബ്രഹ്മതത്വം ഗ്രഹിച്ചവനും സദാ സർവത്ര ബ്രഹ്മത്തെത്തന്നെ അനുഭവിച്ചാനന്ദിക്കുന്നവനുമായ **ബ്രഹ്മനിഷ്ഠൻ പ്രിയ**മെന്നു തോന്നാവുന്ന ലോകാനുഭവങ്ങളിൽ വിശേഷിച്ചൊരു **സന്തോഷം** കാണിക്കാറില്ല. അപ്രിയമെന്നു തോന്നാവുന്ന ലോകാനുഭവങ്ങളിൽ **വ്യാകുല**നാവാറുമില്ല.

## *ബ്രഹ്മസ്ഥിതി*

'സ്ഥിരബുദ്ധി' എന്നു തുടങ്ങിയ നാലു വിശേഷണങ്ങളും ബ്രഹ്മസ്ഥിതിയുടെ ക്രമപ്രവൃദ്ധമായ ദാർഢ്യം വെളിപ്പെടുത്തുന്നവയാണ്. മനസ്സ് അന്തർമുഖമായി ഏകാഗ്രപ്പെടുന്നതാണു സ്ഥിരബുദ്ധിത്വം. ബുദ്ധിയുടെ ഈ സ്ഥിരത്വം കൂടുന്തോറും ലോകഭോഗങ്ങളിൽ വിരക്തി വർധിക്കുന്നു. വൈരാഗ്യമാണ് അസംമൂഢത്വം. വൈരാഗ്യം ദൃഢപ്പെടുന്നതോടെ ആത്മാനുഭവവും ബ്രഹ്മബോധവും തെളിയുന്നു. തുടർന്നു സദാ സർവത്ര ബ്രഹ്മത്തെ അനുഭവിച്ചാനന്ദിക്കാൻ ഇടവരുന്നു. ഇങ്ങനെ ബ്രഹ്മസ്ഥിതി സഹജമായിത്തീർന്നയാൾ ലൗകികങ്ങളായ പ്രിയാപ്രിയങ്ങളിൽ സന്തോഷിക്കുകയോ വ്യാകുലനാവുകയോ ചെയ്യുകയില്ലെന്നു പറയേണ്ടതില്ലല്ലോ.

ലൗകികങ്ങളായ പ്രിയാപ്രിയങ്ങൾ ബ്രഹ്മനിഷ്ഠനു ബാധകങ്ങളല്ലെങ്കിൽപ്പിന്നെ അവരുടെ സുഖാനുഭവത്തിന്റെ സ്വരൂപമെന്താണ്? ഇക്കാര്യമാണു ഭഗവാൻ അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:

*21. ബാഹ്യസ്പർശേഷ്വസക്താത്മാ വിന്ദത്യാത്മനി യത് സുഖം*
*സ ബ്രഹ്മയോഗയുക്താത്മാ സുഖമക്ഷയമശ്നുതേ*

ബാഹ്യസ്പർശേഷു – ഇന്ദ്രിയങ്ങൾകൊണ്ടനുഭവിക്കാവുന്ന വിഷയങ്ങളിൽ; അസക്താത്മാ – ഞാൻ, എന്റേത് എന്ന ഭാവനയോടെ സുഖത്തിനായി പറ്റിക്കൂടാത്ത മനസ്സോടുകൂടിയവൻ; ആത്മനി – അവനവന്റെ ഉള്ളിൽ; യത് സുഖം – ഏതൊരു സുഖമാണോ ഉള്ളത്; വിന്ദതി – ആ സുഖം കണ്ടെത്തുന്നു; സഃ – ആത്മസുഖം കണ്ടെത്തിയ അയാൾ തുടർന്ന്; ബ്രഹ്മയോഗ

digitized by www.sreyas.in

യുക്താത്മാ - ഉള്ളിലും പുറത്തും നിറഞ്ഞുനിൽക്കുന്ന ബ്രഹ്മവുമായി ഏകീഭവിച്ച്; അക്ഷയം സുഖം അശ്നുതേ - ഒരിക്കലും ഒടുങ്ങാത്ത അനന്തസുഖം അനുഭവിക്കാൻ ഇടവരുന്നു.

ഇന്ദ്രിയങ്ങൾ കൊണ്ടനുഭവിക്കാവുന്ന വിഷയങ്ങളിൽ ഞാൻ, എന്റേത് എന്ന ഭാവനയോടെ സുഖത്തിനായി പറ്റിക്കൂടാത്ത മനസ്സോടുകൂടിയവൻ അവനവന്റെ ഉള്ളിൽ ഏതൊരു സുഖമാണോ ഉള്ളത് ആ സുഖം കണ്ടെത്തുന്നു. ആത്മസുഖം കണ്ടെത്തിയ അയാൾ തുടർന്ന് ഉള്ളിലും പുറത്തും നിറഞ്ഞുനിൽക്കുന്ന ബ്രഹ്മവുമായി ഏകീഭവിച്ച് ഒരിക്കലും ഒടുങ്ങാത്ത അനന്തസുഖം അനുഭവിക്കാനിടവരുന്നു.

## *സുഖമക്ഷയമശ്നുതേ*

സുഖമാണല്ലോ എല്ലാവരുടെയും അന്വേഷണലക്ഷ്യം. ഇന്ദ്രിയങ്ങളും വിഷയങ്ങളും കൂടിച്ചേരുമ്പോഴാണു സുഖമുണ്ടാകുന്നതെന്നു സാധാരണ ലൗകികന്മാർ കരുതുന്നു. ഇന്ദ്രിയവിഷയസംയോഗം കൊണ്ടുണ്ടാകുന്ന സുഖംപോലും ആത്മനിഷ്ഠമാണെന്ന് അൽപ്പം യുക്തിവിചാരം ചെയ്താൽ തെളിയുന്നതാണ്. മനസ്സിനെ അന്തർമുഖമാക്കി ഏകാഗ്രപ്പെടുത്തിയാൽ വിഷയം സ്പർശമില്ലാത്ത ഒരു നിരപേക്ഷസുഖം ഉള്ളിൽത്തെളിയുന്നു. ഏകാഗ്രത വർധിക്കുന്തോറും ഈ സുഖത്തിന്റെ ആഴവും പരപ്പും കൂടിവരും. തുടർന്ന് ഉള്ളിലും പുറത്തും ലോകമാകെ അക്ഷയസുഖസ്വരൂപമായ ഒരു വസ്തു നിറഞ്ഞു നിൽക്കുന്നതായും അനുഭവിക്കാറാകുന്നു. ഈ അനുഭവമാണ് ബ്രഹ്മയോഗയുക്താത്മാവിന്റെ അക്ഷയസുഖാനുഭവം.

നിരപേക്ഷമായി ഉള്ളിൽത്തെളിയുന്ന സുഖം ഇങ്ങനെ ക്രമേണ അക്ഷയത്വം കൈക്കൊള്ളുന്നു. നേരെമറിച്ച് ഇന്ദ്രിയവിഷയസംയോഗം കൊണ്ടുണ്ടെന്നു തോന്നുന്ന അൽപ്പസുഖം അനന്തദുഃഖത്തിനു വഴിതെളിക്കുന്നു. വിഷയസുഖത്തിന്റെ ദുഃഖഹേതുത്വമാണു ഭഗവാൻ തുടർന്നു വിവരിക്കുന്നത്:

*22. യേ ഹി സംസ്പർശജാ ഭോഗാ ദുഃഖയോനയ ഏവ തേ*
*ആദ്യന്തവന്തഃ കൗന്തേയ ന തേഷു രമതേ ബുധഃ*

കൗന്തേയ - അല്ലയോ കുന്തീപുത്രാ; യേ - ഏതൊക്കെയാണോ; സംസ്പർശജാഃ - ഇന്ദ്രിയവിഷയസംയോഗം കൊണ്ടുണ്ടാകുന്ന; ഭോഗാഃ -

75-2006 20

digitized by www.sreyas.in

സുഖാനുഭവങ്ങൾ; തേ - അതൊക്കെ; ദുഃഖയോനയഃ ഏവ - ദുഃഖഹേതുക്കൾ തന്നെയാണ്; ഹി - എന്തെന്നാൽ; ആദ്യന്തവന്തഃ - അവ തുടക്കവും ഒടുക്കവുമുള്ളവയാണ്; ബുധഃ - ആത്മാനന്ദം കണ്ടെത്തിയ സത്യദർശി; തേഷു ന രമതേ - അവയിൽ സുഖമുണ്ടെന്നു കാണുന്നതേയില്ല.

അല്ലയോ കുന്തീപുത്രാ, ഏതൊക്കെയാണോ ഇന്ദ്രിയവിഷയസംയോഗംകൊണ്ടുണ്ടാകുന്ന സുഖാനുഭവങ്ങൾ അതൊക്കെ ദുഃഖഹേതുക്കൾ തന്നെയാണ്. എന്തെന്നാൽ അവ തുടക്കവും ഒടുക്കവും ഉള്ളവയാണ്. ആത്മാനന്ദം കണ്ടെത്തി സത്യദർശി അവയിൽ സുഖമുണ്ടെന്നു കാണുന്നില്ല.

### *ന തേഷു രമതേ ബുധഃ*

ആത്മാനന്ദം കണ്ടെത്തിയ സത്യനിഷ്ഠൻ ബാഹ്യവിഷയങ്ങളിൽ സുഖം തേടി അലയുന്നില്ല. ബാഹ്യവിഷയങ്ങൾ അവലംബിച്ചു നേടുന്ന സുഖാനുഭവങ്ങൾ വാസ്തവത്തിൽ ദുഃഖഹേതുക്കളാണെന്ന് അദ്ദേഹം അറിയുന്നു. ആദിയും അന്തവുമുള്ളവയാണവ. അതുതന്നെയാണവയുടെ പ്രധാന ദുഃഖഹേതുത്വം. വിഷയസാമഗ്രിയാണല്ലോ വിഷയസുഖത്തിനാസ്പദം. അവ നേടിയെടുത്താൽ സുഖം ആരംഭിക്കും. നേടാനുള്ള പ്രയത്നം നടന്നുകൊണ്ടിരിക്കുമ്പോൾ സുഖമില്ലെന്നു മാത്രമല്ല ചിലപ്പോൾ അതിയായി ദുഃഖിക്കേണ്ടതായും വരുന്നു. സാമഗ്രി സമ്പാദിച്ചു എന്നുതന്നെ കരുതുക. വിഷയസാമഗ്രിയെല്ലാം ജഡമാണ്. സമ്പാദിച്ച വിഷയസാമഗ്രി കേടുപാടുകൂടാതെ സൂക്ഷിക്കുക ക്ലേശകരമാണ്. ഇനി എത്ര സൂക്ഷിച്ചാലും സ്ഥിരമായി കേടുകൂടാതെ സൂക്ഷിക്കുവാൻ പറ്റുമോ? അതുമില്ല. അതു ജീർണിക്കുമ്പോൾ ദുഃഖം തോന്നും. നശിക്കുമ്പോൾ ഉണ്ടെന്നു തോന്നിയ സുഖം അവസാനിക്കുകയും ചെയ്യും. ഇനി സാമഗ്രിയൊക്കെ ഉണ്ടെന്നുതന്നെ കരുതുക. ഭൗതികചിന്തയിൽപ്പെട്ടിരിക്കുന്ന ഒരാളെ പുണ്യപാപചിന്തയും രോഗാദി ആധ്യാത്മിക താപങ്ങളും ക്ലേശിപ്പിക്കാനിടയായാൽ സുഖസാമഗ്രികളൊക്കെ വെറും പ്രലോഭനങ്ങളായി പുറമേനിന്ന് അദ്ദേഹത്തെ കണ്ണുരുട്ടി കാണിച്ചു ഭയപ്പെടുത്തി എന്നുവരും. ഇനി എല്ലാം അനുകൂലിച്ചു വിഷയസുഖം അനുഭവിച്ചു എന്നുതന്നെ കരുതുക. അപ്പോഴും ഒരുതരം ദുഃഖം അവശേഷിക്കും. പുതിയ പുതിയ വിഷയങ്ങളെ സമ്പാദിക്കാനും പഴയ സംസ്കാരം പ്രേരിപ്പിച്ചുകൊണ്ടേയിരിക്കും. അതു ജനനമരണചക്രത്തിൽ തിരിയാനിടയാക്കും. നേരേ മറിച്ച് ആത്മസുഖത്തിന് ആരംഭത്തിലെ അഭ്യാ

digitized by www.sreyas.in

സശ്രമമേ വേണ്ടൂ. ഒരിക്കലതു തുടങ്ങിക്കഴിഞ്ഞാൽ നിരന്തരം വളർന്നുകൊണ്ടേയിരിക്കും. ബുദ്ധിക്കും മനസ്സിനും സദാ പ്രസന്നത വളർത്തും. വിഷയാനുഭവങ്ങളെപ്പോലും വേണ്ടിടത്തു വേണ്ടപോലെയാകാൻ അതു സഹായിക്കും. തുടർന്നു വ്യക്തമായി സത്യത്തെ കാണിച്ചുതന്ന് അതു സഹജമായിത്തീരും. മരണത്തിനുപോലും അതിനെ വേർപെടുത്താൻ കഴിയുകയില്ലെന്നു തെളിയും. ജനനമരണചക്രത്തിന്റെ തിരിച്ചിൽ അതോടെ നിലക്കുകയും ചെയ്യും. ഇങ്ങനെയുള്ള ആത്മസുഖം അറിയുന്ന സത്യദർശി ദുഃഖഹേതുക്കളായ വിഷയാനുഭവങ്ങളിൽ എങ്ങനെ രമിക്കാനാണ്?

ആത്മസുഖം ഇത്ര വിലപ്പെട്ടതാണെങ്കിലും അതെല്ലാവർക്കും അനുഭവിക്കാൻ പറ്റില്ലല്ലോ. അഗ്നിയെ പുകയെന്നപോലെയും കണ്ണാടിയെ അഴുക്കെന്നപോലെയും ഗർഭസ്ഥശിശുവിനെ ഉൽബമെന്ന പോലെയും ആത്മസുഖത്തെ കാമക്രോധങ്ങൾ മറച്ചിരിക്കുന്നു എന്നു ഭഗവാൻ തന്നെ മൂന്നാമധ്യായത്തിന്റെ ഒടുവിൽ വിവരിച്ചിട്ടുണ്ടല്ലോ. അപ്പോൾപ്പിന്നെ എന്താണൊരു പോംവഴി? ഈ സംശയം ഒഴിവാക്കുകയാണടുത്ത പദ്യം കൊണ്ട്:

*23. ശക്നോതീഹൈവ യഃ സോഢും പ്രാക് ശരീരവിമോക്ഷണാത്*
*കാമക്രോധോദ്ഭവം വേഗം സ യുക്തഃ സ സുഖീ നരഃ*

യഃ - ആരാണോ; ഇഹ ഏവ - ഈ ലോകജീവിതത്തിനിടയിൽത്തന്നെ; ശരീരവിമോക്ഷണാത് പ്രാക് - ദേഹം ത്യജിക്കാനിടവരുന്നതിനുമുമ്പ്; കാമക്രോധോദ്ഭവം വേഗം - കാമം, ക്രോധം എന്നിവയിൽ നിന്നുണ്ടാകുന്ന വികാരപാരവശ്യത്തെ; സോഢും ശക്നോതി - തടഞ്ഞു നിയന്ത്രിക്കാൻ ശക്തനായിത്തീരുന്നത്; സ യുക്തഃ - അവൻ ആത്മാനുഭവത്തിനു പാത്രമായി ഭവിക്കുന്നു; സ നരഃ സുഖീ - ആ മനുഷ്യൻ യഥാർഥസുഖം കണ്ടെത്തിയവനായി ഭവിക്കുന്നു.

ആരാണോ ഈ ലോകജീവിതത്തിനിടയിൽത്തന്നെ ദേഹം ത്യജിക്കാനിടവരുന്നതിനു മുൻപു കാമം, ക്രോധം എന്നിവയിൽ നിന്നുണ്ടാകുന്ന വികാരപാരവശ്യത്തെ തടഞ്ഞു നിയന്ത്രിക്കാൻ ശക്തനായിത്തീരുന്നത് അവൻ ആത്മാനുഭവത്തിനു പാത്രമായി ഭവിക്കുന്നു; ആ മനുഷ്യൻ യഥാർഥ സുഖം കണ്ടെത്തിയവനായി ഭവിക്കുന്നു.

## *കാമക്രോധോദ്ഭവം വേഗം*

കാമവും ക്രോധവുമാണു മനസ്സിന്റെ അടിസ്ഥാനവികാരങ്ങൾ. മന

digitized by www.sreyas.in

സ്സിന്റെ ഏതു പ്രവർത്തനവും ഇവയിൽ ഒന്നിനെ ആശ്രയിച്ചു മാത്രമേ സംഭവിക്കൂ. കാമക്രോധങ്ങളെ ജയിച്ചാൽ മനസ്സ് ജിതമായി. കാമക്രോധജയം തന്നെ മനോജയം, അതു തന്നെ സത്യസാധന. (മൂന്നാമധ്യായത്തിലെ മുപ്പത്തേഴു മുതലുള്ള ശ്ലോകങ്ങളുടെ ഭാഷ്യം ഒന്നുകൂടെ നോക്കുക).

കാമക്രോധജയം നേടി യഥാർഥസുഖം കണ്ടെത്തുന്നയാൾക്കു വിഷയലോലുപനായ ലൗകികനെ അപേക്ഷിച്ചുണ്ടാകുന്ന മേന്മകളാണ് അടുത്ത അഞ്ചു പദ്യങ്ങളിൽ ഭഗവാൻ വിസ്തരിച്ചു പ്രതിപാദിക്കുന്നത്:

*24. യോഽന്തസ്സുഖോഽന്തരാരാമസ്തഥാന്തർജ്യോതിരേവ യഃ*
*സ യോഗീ ബ്രഹ്മനിർവാണം ബ്രഹ്മഭൂതോഽധിഗച്ഛതി*

യഃ - ആരാണോ; അന്തസ്സുഖഃ - ഉള്ളിൽ നിരപേക്ഷമായ ആത്മസുഖം കണ്ടെത്തിയവൻ; അന്തരാരാമഃ - അതു നിമിത്തം സദാ അന്തർമുഖനായി ആനന്ദിച്ചുകൊണ്ടിരിക്കുന്നവൻ; തഥാ യഃ അന്തർജ്യോതിഃ ഏവ - അതുപോലെ ആരാണോ ഉള്ളിൽ നിറഞ്ഞ ആത്മപ്രകാശത്തോടെ വർത്തിക്കുന്നവൻ; സഃ യോഗീ - ആ സത്യദർശി; ബ്രഹ്മഭൂതഃ - ക്രമേണ ബ്രഹ്മം തന്നെയായി ഭവിച്ചിട്ട്; ബ്രഹ്മനിർവാണം അധിഗച്ഛതി - ബ്രഹ്മനിഷ്ഠമായ ഒടുങ്ങാത്ത ശാന്തിയും ആനന്ദവും അനുഭവിക്കാൻ ഇടയാകുന്നു.

ആരാണോ ഉള്ളിൽ നിരപേക്ഷമായ ആത്മസുഖം കണ്ടെത്തിയവൻ, അതു നിമിത്തം സദാ അന്തർമുഖായി ആനന്ദിച്ചുകൊണ്ടിരിക്കുന്നവൻ. അതുപോലെ ആരാണോ ഉള്ളിൽ നിറഞ്ഞ ആത്മപ്രകാശത്തോടെ വർത്തിക്കുന്നവൻ, ആ സത്യദർശി ക്രമേണ ബ്രഹ്മം തന്നെയായി ഭവിച്ചിട്ടു ബ്രഹ്മനിഷ്ഠമായ ഒടുങ്ങാത്ത ശാന്തിയും ആനന്ദവും അനുഭവിക്കാനിടയാകുന്നു.

## *ബ്രഹ്മനിർവാണക്രമം*

കാമക്രോധങ്ങളെ ജയിച്ച് ആത്മസുഖം കണ്ടെത്തുക. തുടർന്നു ബഹിർമുഖത കൈവെടിഞ്ഞു സദാ ആത്മാനന്ദത്തിൽ മുഴുകുക. അതായതു നിരന്തരമായി അകത്തും പുറത്തും സമാധ്യഭ്യാസം ശീലിക്കുക. സമാധി ദൃഢപ്പെടുത്തുന്നതോടെ ഉള്ളിൽ ആത്മപ്രകാശം നിറഞ്ഞുതിങ്ങും. സത്വഗുണാധിക്യത്തിന്റെ സൂചനയാണിത്. അനന്തരം ജീവബ്രഹ്മൈക്യമെന്ന ഗുണാതീതദശ. അതോടെ ജനനമരണഭ്രമം പാടേ അകന്ന് അനന്തമായ ശാന്തിയും ആനന്ദവും ഇതാണ് ബ്രഹ്മനിർവാണക്രമം.

ഈ ബ്രഹ്മനിർവാണക്രമം പൂർത്തിയാക്കാനുള്ള യോഗ്യതകളെന്തൊക്കെയാണ്?

digitized by www.sreyas.in

*25. ലഭന്തേ ബ്രഹ്മനിർവാണമൃഷയഃ ക്ഷീണകല്മഷാഃ*
*ഛിന്നദ്വൈധാ യതാത്മാനഃ സർവഭൂതഹിതേ രതാഃ*

ക്ഷീണകല്മഷാഃ - യോഗാഭ്യാസംകൊണ്ടു പുണ്യപാപകർമവാസനകളെല്ലാം ഒടുങ്ങിയവരും; ഛിന്നദ്വൈധാഃ - രണ്ടുണ്ട് എന്ന സംശയം പാടേ അസ്തമിച്ചവരും; യതാത്മാനഃ - ഇന്ദ്രിയമനസ്സുകളെ നിയന്ത്രിച്ചു വശത്താക്കിയവരും; സർവഭൂതഹിതേ രതാഃ - എല്ലാ ജീവികളെയും സത്യസ്വരൂപമെന്നുകണ്ട് അവരുടെ ശ്രേയസ്സിനായി യത്നിക്കുന്നവരുമായ; ഋഷയഃ - ഏകാന്തയോഗികൾ; ബ്രഹ്മനിർവാണം - മേൽ വിവരിച്ച ക്രമമനുസരിച്ചുള്ള ബ്രഹ്മനിർവാണം; ലഭന്തേ - കൈവരിക്കുന്നു.

യോഗാഭ്യാസംകൊണ്ടു പുണ്യപാപകർമവാസനകളെല്ലാം ഒടുങ്ങിയവരും രണ്ടുണ്ട് എന്ന സംശയം പാടേ അസ്തമിച്ചവരും ഇന്ദ്രിയ മനസ്സുകളെ നിയന്ത്രിച്ചു വശത്താക്കിയവരും എല്ലാ ജീവികളെയും സത്യസ്വരൂപമെന്നു കണ്ട് അവരുടെ ശ്രേയസ്സിനായി യത്നിക്കുന്നവരുമായ ഏകാന്തയോഗികൾ മേൽ വിവരിച്ച ക്രമമനുസരിച്ചുള്ള ബ്രഹ്മനിർവാണം കൈവരിക്കുന്നു.

## *ബ്രഹ്മനിർവാണ സാധനാക്രമം*

യോഗനിഷ്ഠകൊണ്ടുള്ള കർമവാസനാക്ഷയം, ദ്വൈതസംശയനിവൃത്തി, ഇന്ദ്രിയമനോജയം, സർവഭൂതഹിതേ രതി, ഏകാന്തമായ ലക്ഷ്യബോധം ഇവയാണ് ഒരു സാധകനെ ബ്രഹ്മനിർവാണത്തിൽ കൊണ്ടെത്തിക്കുന്ന സാധനാക്രമം. ഉള്ളിലെ തത്വം കാണുക. പുറത്തു സർവത്ര അതു തന്നെ കണ്ടെത്തുക അതായി ഭവിക്കുക, അതിലാനന്ദിക്കുക, അതിൽനിന്നു വഴുതിപ്പോകാതിരിക്കുക ഇവയാണു സാധനയും സിദ്ധിയുമുൾപ്പെട്ട ബ്രഹ്മനിർവാണക്രമം.

ബ്രഹ്മനിഷ്ഠന്റെ ബ്രഹ്മനിർവാണാനുഭവത്തിന്റെ സാന്ദ്രത എത്രമാത്രമുണ്ടാവും? അതു സുവ്യക്തമായ ഒരനുഭവമാണോ? ഈ സംശയങ്ങൾക്കു മറുപടിയാണടുത്ത പദ്യം:

*26. കാമക്രോധവിയുക്താനാം യതീനാം യതചേതസാം*
*അഭിതോ ബ്രഹ്മനിർവാണം വർത്തതേ വിദിതാത്മനാം*

കാമക്രോധവിയുക്താനാം - കാമക്രോധങ്ങളെ പൂർണമായി അകറ്റാൻ കഴി

digitized by www.sreyas.in

ഞ്ഞവരും; യതചേതസാം – മനസ്സിനെ തികച്ചും അന്തർമുഖമാക്കി ഏകാഗ്ര പ്പെടുത്തിയവരും; വിദിതാത്മനാം – ആത്മതത്വം അറിഞ്ഞനുഭവിക്കുന്നവരു മായ; യതീനാം – ബ്രഹ്മനിഷ്ഠന്മാരുടെ; അഭിതഃ – ചുറ്റിലും; ബ്രഹ്മനിർവാണം വർത്തതേ – ബ്രഹ്മാനന്ദം നിറഞ്ഞുതിങ്ങുന്നു.

കാമക്രോധങ്ങളെ പൂർണമായി അകറ്റാൻ കഴിഞ്ഞവരും മനസ്സിനെ തികച്ചും അന്തർമുഖമാക്കി ഏകാഗ്രപ്പെടുത്തിയവരും ആത്മതത്വം അറിഞ്ഞ നുഭവിക്കുന്നവരുമായ ബ്രഹ്മനിഷ്ഠന്മാരുടെ ചുറ്റിലും ബ്രഹ്മാനന്ദം നിറഞ്ഞു തിങ്ങുന്നു.

## *അഭിതഃ ബ്രഹ്മനിർവാണം*

കാമക്രോധജയം, ഏകാഗ്രത, ആത്മസുഖാനുഭവം, ബ്രഹ്മനിഷ്ഠ ഈ ക്രമം പൂർത്തിയായാൽപ്പിന്നെ ആ സത്യദർശി ഇവിടെ വസിച്ചാലും വേണ്ടില്ല; എന്തു ചെയ്താലും വേണ്ടില്ല; അദ്ദേഹത്തിന്റെ ഉള്ളിലും ചുറ്റിലും ബ്രഹ്മാനന്ദം പൊതിഞ്ഞു നിൽപ്പുണ്ടാവും. അദ്ദേഹത്തിന്റെ അടുത്തു ചെല്ലുന്ന ആർക്കും അനുഭവപ്പെടുന്ന മട്ടിലുള്ള സാന്ദ്രത ആ ബ്രഹ്മാനന്ദ ത്തിനുള്ളതുകൊണ്ടാണ് 'അഭിതോ ബ്രഹ്മനിർവാണം' എന്നു പറഞ്ഞിരിക്കു ന്നത്. അതുകൊണ്ടാണു ബ്രഹ്മനിഷ്ഠന്റെ സമീപത്തെത്തുന്ന വന്യമൃഗ ങ്ങൾപോലും പരസ്പരം വൈരം വെടിഞ്ഞു ശാന്തത പാലിക്കാനിടയാകു ന്നത്. അഹോ ബ്രഹ്മാനന്ദാനുഭവത്തിന്റെ സാന്ദ്രത! ഏതു ബ്രഹ്മനിഷ്ഠന്റെ ജീവിതം പരിശോധിച്ചാലും ഈ വസ്തുത തെളിയുന്നതാണ്.

ഈ ബ്രഹ്മാനുഭവം തന്നെയാണോ മുക്തി? അതോ മുക്തിക്ക് അന്തിമ മായ ദേഹത്യാഗവുമായി വല്ല ബന്ധവുമുണ്ടോ? ഈ സംശയങ്ങൾക്കുള്ള ഉത്തരമാണ് അടുത്ത രണ്ടു പദ്യങ്ങൾ.

*27. സ്പർശാൻ കൃത്വാ ബഹിർബാഹ്യാംശ്ചക്ഷുശ്ചൈവാന്തരേ ഭ്രുവോഃ*
*പ്രാണാപാനൗ സമൗ കൃത്വാ നാസാഭ്യന്തരചാരിണൗ*

*28. യതേന്ദ്രിയമനോബുദ്ധിർമുനിർമോക്ഷപരായണഃ*
*വിഗതേച്ഛാഭയക്രോധോ യഃ സദാ മുക്ത ഏവ സഃ*

ബാഹ്യാൻ സ്പർശാൻ – പുറത്തുള്ള വിഷയങ്ങളെ; ബഹിഃ കൃത്വാ – അക ത്തുകടക്കാൻ അനുവദിക്കാതെ സങ്കൽപ്പത്യാഗംകൊണ്ട് പുറത്തുതന്നെ അവശേഷിപ്പിച്ച്; ചക്ഷുഃ – നേത്രേന്ദ്രിയത്തെ; ഭ്രുവോഃ അന്തരേ ഏവ കൃത്വാ – പുരികങ്ങളുടെ മധ്യത്തിൽത്തന്നെ ഉറപ്പിച്ച്; പ്രാണാപാനൗ – പ്രാണനെയും

digitized by www.sreyas.in

അപാനനെയും; സമൗനാസാഭ്യന്തരചാരിണൗ കൃത്വാ - സമരൂപികളാക്കി നാസേന്ദ്രിയത്തിനുള്ളിൽ ഒതുക്കി സഞ്ചരിച്ച്; യതേന്ദ്രിയ മനോബുദ്ധിഃ - ഇന്ദ്രിയങ്ങളെയും മനസ്സിനെയും ബുദ്ധിയെയും നിയന്ത്രിച്ചു വശത്താക്കി; വിഗതേച്ഛാഭയക്രോധഃ - കാമം, ക്രോധം, ഭയം ഇവ കൂടാതെ സദാ ബ്രഹ്മാനന്ദാനുഭവത്തിൽ മുഴുകി കഴിയുന്ന; മുനിഃ യഃ - മുനിയാരോ; സഃ സദാ - അദ്ദേഹം ദേഹമുണ്ടായാലും ഇല്ലെങ്കിലും; മുക്ത ഏവ - മോക്ഷം പ്രാപിച്ച യാൾ തന്നെയാണ്.

പുറത്തുള്ള വിഷയങ്ങളെ അകത്തു കടക്കാൻ അനുവദിക്കാതെ സങ്കൽപ്പത്യാഗംകൊണ്ടു പുറത്തുതന്നെ അവശേഷിപ്പിച്ചു നേത്രേന്ദ്രിയത്തെ പുരികങ്ങളുടെ മധ്യത്തിൽത്തന്നെ ഉറപ്പിച്ചു പ്രാണനെയും അപാനനെയും സമരൂപികളാക്കി നാസേന്ദ്രിയത്തിനുള്ളിൽ ഒതുക്കി സഞ്ചരിപ്പിച്ച് ഇന്ദ്രിയങ്ങളെയും മനസ്സിനെയും ബുദ്ധിയെയും നിയന്ത്രിച്ചു വശത്താക്കി കാമം, ക്രോധം, ഭയം ഇവ കൂടാതെ സദാ ബ്രഹ്മാനന്ദാനുഭവത്തിൽ മുഴുകി കഴിയുന്ന മുനിയാരോ അദ്ദേഹം ദേഹമുണ്ടായാലും ഇല്ലെങ്കിലും മോക്ഷം പ്രാപിച്ചയാൾ തന്നെയാണ്.

## *സദാ മുക്ത ഏവ സഃ*

സത്യം കാട്ടിത്തരുന്ന സമാധിസ്വരൂപമാണ് ഇരുപത്തേഴാം ശ്ലോകത്തിൽ വിവരിച്ചിരിക്കുന്നത്. സമാധിയിൽ ഒരിക്കൽ വസ്തുവിന്റെ പ്രത്യക്ഷാനുഭവമുണ്ടായാൽപ്പിന്നെ അതൊരു കാരണവശാലും നഷ്ടപ്പെടുന്നതല്ല. തുടർന്ന് ആ വസ്ത്വനുഭവം വളർന്നുകൊണ്ടിരിക്കുകയും ചെയ്യും. ആ ഘട്ടത്തിലുള്ള വ്യവഹാരദശയുടെ പ്രത്യേകതയാണ് ഇരുപത്തെട്ടാം പദ്യത്തിലെ പ്രതിപാദ്യം. വസ്തു സമാധിദശയിൽ ഒരിക്കൽ തെളിഞ്ഞാൽ അതോടെ മോക്ഷം സുനിശ്ചിതമായിത്തീരുന്നു. വസ്തുവിന്റെ പ്രത്യക്ഷാനുഭവം കർമം കൊണ്ടുണ്ടാകുന്നതല്ല. സ്വതസിദ്ധമായ വസ്തുവിന്റെ തെളിഞ്ഞുവരലാണ്. അതായത് ആ അനുഭവം കർത്രധീനമല്ല, വസ്ത്വധീനമാണ്. അതുകൊണ്ട് ഒരിക്കൽ തെളിയുന്ന വസ്ത്വനുഭവം പിന്നൊരിക്കലും പാടേ മാഞ്ഞുപോകുന്നില്ല. അപ്പോൾ സമാധിയിൽ സത്യം ദർശിച്ചു കഴിഞ്ഞാൽപ്പിന്നെ ദേഹം ഉണ്ടെങ്കിലും ഇല്ലെങ്കിലും ലോകവ്യവഹാരം നടന്നാലും ഇല്ലെങ്കിലും മുക്തി അനിവാര്യമാണ്. അതുകൊണ്ടാണു ഭഗവാൻ 'സദാ മുക്ത ഏവ സഃ' എന്നു പറഞ്ഞിരിക്കുന്നത്.

ജ്ഞാനം കൊണ്ടുള്ള ആന്തരമായ കർമസന്ന്യാസമാണു യഥാർഥ സന്ന്യാസമെന്ന് ഇങ്ങനെ വിസ്തരിച്ചു പ്രതിപാദിച്ചശേഷം ഭഗവാൻ

digitized by www.sreyas.in

അധ്യായം ഉപസംഹരിക്കുകയാണ് ഇരുപത്തൊൻപതാം പദ്യത്തിൽ:

*29. ഭോക്താരം യജ്ഞതപസാം സർവലോകമഹേശ്വരം*
*സുഹൃദം സർവഭൂതാനാം ജ്ഞാത്വാ മാം ശാന്തിമൃച്ഛതി*

യജ്ഞതപസാം ഭോക്താരം - എല്ലാത്തരം യജ്ഞങ്ങളെയും തപസ്സുകളെയും ഏറ്റുവാങ്ങി ഫലം നൽകുന്നവനും; സർവലോക മഹേശ്വരം - സകല ലോകങ്ങളേയും അതതിന്റെ നിലക്കൊത്തു രക്ഷിച്ചുപോരുന്ന ഈശ്വരനും; സർവഭൂതാനാം സുഹൃദം - സർവ ജീവികളിലും കാരുണ്യം ചൊരിയുന്ന സുഹൃത്തും ആയ; മാം - എന്നെ; ജ്ഞാത്വാ - സമാധിയിൽ പ്രത്യക്ഷമായി കണ്ടറിഞ്ഞാൽ; ശാന്തിം ഋച്ഛതി - ശാശ്വതമായ ശാന്തി കൈവരുന്നു.

എല്ലാത്തരം യജ്ഞങ്ങളെയും തപസ്സുകളെയും ഏറ്റുവാങ്ങി ഫലം നൽകുന്നവനും സകല ലോകങ്ങളെയും അതതിന്റെ നിലക്കൊത്തു രക്ഷിച്ചുപോരുന്ന ഈശ്വരനും സർവജീവികളിലും കാരുണ്യം ചൊരിയുന്ന സുഹൃത്തും **ആയ എന്നെ** സമാധിയിൽ പ്രത്യക്ഷമായി കണ്ടറിഞ്ഞാൽ **ശാശ്വതമായ ശാന്തി കൈവരുന്നു.**

## *സുഹൃദം സർവഭൂതാനാം*

ശാശ്വതശാന്തി കൊതിക്കുന്നയാൾ ഈശ്വരനെ ഏതു രൂപത്തിൽ ഭജിക്കുന്നു എന്നുള്ളതു പ്രശ്നമല്ല; എന്നാൽ അയാൾ ചില കാര്യങ്ങൾ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതുണ്ട്. ഏതു രൂപത്തിൽ ഭജിച്ചാലും ഈശ്വരൻ ഒന്നേയുള്ളു. എല്ലാ ആളുകളും നടത്തുന്ന എല്ലാത്തരം പൂജകളും ഏറ്റുവാങ്ങി ഫലം നൽകുന്നത് ആ ഒരേ ഒരീശ്വരൻ തന്നെയാണ്. എല്ലാ ലോകങ്ങളുടെയും നിയന്താവും അദ്ദേഹം തന്നെ. സർവോപരി എല്ലാ ജീവികളോടും ആ ഈശ്വരനു കാരുണ്യവും സൗഹൃദവും മാത്രമേയുള്ളു; വിദ്വേഷത്തിന്റെ കണികപോലുമില്ല. അദ്ദേഹം ശിക്ഷിക്കുന്നതുപോലും ഒരമ്മ മകനെ ശിക്ഷിക്കുന്നതുപോലെ സൗഹൃദത്തിന്റെ ആധിക്യം നിമിത്തമാണെന്നറിയേണ്ടതാണ്. ഇങ്ങനെയെല്ലാമുള്ള ഏകേശ്വരസങ്കൽപ്പം ഒരാളിലുറയ്ക്കുമെങ്കിൽ അയാൾ സഗുണോപാസകനായാൽപ്പോലും അചിരേണ ആത്മസാക്ഷാൽക്കാരത്തിനർഹനായിത്തീരുകയും ശാശ്വത ശാന്തി അനുഭവിക്കുകയും ചെയ്യും.

digitized by www.sreyas.in

## അധ്യായാർഥ സംക്ഷേപം

കർമയോഗാനുഷ്ഠാനം വഴി ജ്ഞാനലാഭമുണ്ടാകുന്നതോടെ ആന്തരമായ കർമസന്ന്യാസം അനുഭവിക്കുവാൻ കഴിയുമെന്നാണു നാലാമധ്യായത്തിൽ വിവരിച്ചത്. യഥാർഥ സന്ന്യാസം എന്തെന്നു വിശദമായി പ്രതിപാദിക്കുകയാണ് അഞ്ചാമധ്യായത്തിൽ. രാഗദ്വേഷങ്ങൾ വെടിഞ്ഞു സർവത്ര അദ്വൈത സത്യത്തെ അനുഭവിക്കലാണു യഥാർഥ സന്ന്യാസം. വസ്തുവിചാര രൂപത്തിലുള്ള ജ്ഞാനയോഗവും സമനില ശീലിച്ചുകൊണ്ടുള്ള കർമയോഗവും രണ്ടും സാധകനെ യഥാർഥ സന്ന്യാസത്തിൽ കൊണ്ടെത്തിക്കുന്ന ഉപായങ്ങളാണ്. എന്നാൽ മനസ്സിന് ഏറെക്കുറെ സമനില വരാത്തയാൾ ബാഹ്യസന്ന്യാസം അംഗീകരിക്കുന്നതു ദുഃഖപ്രദമായിരിക്കും. മനസ്സിന് സമനില വന്നയാൾക്കു ശരീരംകൊണ്ടു കർമം ചെയ്യുമ്പോഴും താൻ കർമസ്പർശമില്ലാത്ത ആത്മവസ്തുവാണെന്നനുഭവിക്കാൻ കഴിയും. ആ അനുഭവമാണല്ലോ യഥാർഥ സന്ന്യാസം. ബ്രഹ്മാർപ്പണമായ കർമം വാസനയെ അവശേഷിപ്പിക്കയില്ല. ഒരു യോഗിക്കു എല്ലാ കർമങ്ങളുടെയും ലക്ഷ്യം ചിത്തശുദ്ധിയും ജ്ഞാനലാഭവുമാണ്. ഈശ്വരൻ കർത്തൃത്വമോ കർമമോ പ്രത്യേകം ആർക്കും വിധിക്കുന്നില്ല. സ്വരൂപവിസ്മൃതി രൂപമായ അവിദ്യ ആത്മാനുഭവത്തെ മറയ്ക്കുന്നതുകൊണ്ടാണു കർമബന്ധം വന്നുചേരുന്നത്. സ്വരൂപസ്മരണാഭ്യാസരൂപത്തിലുള്ള ജ്ഞാനംകൊണ്ട് അജ്ഞാനത്തെ അകറ്റിയാൽ അതോടെ കർമബന്ധവും അകലും. ജ്ഞാനാനുഭവമുണ്ടായവർ സർവത്ര ഒരേ വസ്തുവിനെ ദർശിച്ചു സമബുദ്ധികളായി ഭവിക്കുന്നു. ബ്രഹ്മസ്വരൂപം കൈക്കൊണ്ട ബ്രഹ്മജ്ഞാനി ലൗകികമായ പ്രിയാനുഭവത്തിൽ വിശേഷിച്ചു സന്തോഷിക്കുകയോ അപ്രിയാനുഭവത്തിൽ വിശേഷിച്ചു ദുഃഖിക്കുകയോ ചെയ്യുന്നില്ല. ഈ സ്ഥിതിയാണു യഥാർഥ സന്ന്യാസം. ഈ ദേഹയാത്ര അവസാനിക്കുന്നതിനു മുൻപു കാമക്രോധങ്ങളെ ആരു ജയിക്കുന്നുവോ അയാളാണു യഥാർഥ സന്ന്യാസി. അങ്ങനെയുള്ള സന്ന്യാസിയുടെ ചുറ്റും സദാ ബ്രഹ്മനിർവാണം കളിയാടി നിൽക്കുന്നു. യഥാർഥ സന്ന്യാസം വിവരിക്കുന്നതുകൊണ്ട് ഈ അധ്യായത്തിന് 'സന്ന്യാസയോഗ'മെന്നു പേർ.

ഇതി ശ്രീമദ്ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം
യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ
'സന്ന്യാസയോഗോ' നാമ
പഞ്ചമോഽധ്യായഃ

digitized by www.sreyas.in

*അധ്യായം 6*

# ധ്യാനയോഗം

സമാധിയിൽ ഒരിക്കലെങ്കിലും ആത്മാനുഭവം വ്യക്തമായി കൈവന്ന യോഗിക്ക് പിന്നെ അതു പാടേ നഷ്ടപ്പെട്ടുപോകുന്ന പ്രശ്നമേയില്ല. അതു കൊണ്ട് ആ യോഗി അതോടെ മുക്തനായി ഭവിക്കുന്നു എന്നാണല്ലോ അഞ്ചാമധ്യായത്തിലെ ഇരുപത്തേഴും ഇരുപത്തെട്ടും ശ്ലോകങ്ങളിൽ പ്രതി പാദിച്ചത്. കർമം ചെയ്യുമ്പോൾ ചിത്തത്തെ സമനില പഠിപ്പിക്കാനും തുടർന്നു സമാധിയിൽ ബ്രഹ്മാനുഭവം നേടാനും ഉപകരിക്കുന്ന ഒരു വിശിഷ്ടസാധന യാണ് ഏകാന്തധ്യാനം. ഏകാന്തധ്യാനപരിശീലനം നിരന്തരമായ ഈശ്വര ധ്യാനത്തിനു വഴിതെളിക്കുന്നു. നിരന്തരമായ ഈശ്വരധ്യാനം കർമാനുഷ്ഠാ നത്തിൽ സമനില പാലിക്കാൻ ബുദ്ധിയെ സഹായിക്കുന്നു. സമനില ദൃഢ പ്പെട്ടുവരുന്തോറും ഏകാന്തധ്യാനം സമാധിയായി മാറുകയും വ്യക്തമായ ആത്മാനുഭവം ഉണ്ടാവുകയും ചെയ്യും. തുടർന്നു ദൈനംദിനം വർധിച്ചു വരുന്ന ആത്മാനുഭവത്തോടെ സദാ മുക്തനായിത്തന്നെ ദേഹയാത്ര തുട രാനും കഴിയും. സത്യാന്വേഷണത്തിൽ ധ്യാനസാധനക്കുള്ള ഈ പ്രാധാന്യം അർജുനനെ ധരിപ്പിക്കാനായി ധ്യാനസാധന വിശദമായി ചർച്ച ചെയ്യുക യാണ് ആറാമധ്യായത്തിൽ. അതുകൊണ്ട് ആ അധ്യായത്തിന് 'ധ്യാന യോഗ'മെന്നു പേർ.

ഇഹലോകത്തു മനസ്സിനു ധ്യാനിക്കാവുന്ന രണ്ടു കാര്യങ്ങളെയുള്ളു. ഒന്നു കർമഫലം, മറ്റൊന്ന് ഈശ്വരൻ. ഫലചിന്തയിൽപ്പെട്ടുഴലുന്ന മനസ്സിന് ഈശ്വരധ്യാനം അസാധ്യമാണ്. ഈശ്വരധ്യാനത്തിൽ ഉറയ്ക്കുന്ന മനസ്സ് ഫലചിന്ത വെടിഞ്ഞ് സത്യമാർഗത്തിൽ അതിവേഗം പുരോഗമിക്കും. ധ്യാന യോഗപരിശീലനത്തിന് ഇങ്ങനെ അത്യന്താപേക്ഷിതമായ ഫലചിന്താത്യാ

digitized by www.sreyas.in

ഗത്തിന്റെ മാഹാത്മ്യമാണു ഭഗവാൻ ഈ അധ്യായത്തിൽ ഒന്നാം ശ്ലോകത്തിൽത്തന്നെ വെളിപ്പെടുത്തുന്നത്.

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

1. *അനാശ്രിതഃ കർമഫലം കാര്യം കർമ കരോതി യഃ*
*സ സന്യാസീ ച യോഗീ ച ന നിരഗ്നിർന ചാക്രിയഃ*

കർമഫലം അനാശ്രിതഃ - കർമഫലത്തെ ചിന്തിച്ചു മനസ്സുഴലാൻ ഇടയാകാതെ; കാര്യം കർമ - അവശ്യം അനുഷ്ഠിക്കേണ്ട കർത്തവ്യകർമത്തെ; യഃ കരോതി - ആരു ചെയ്യുന്നുവോ; സഃ - അയാൾ; സന്യാസീ ച യോഗീ ച - കർമം ത്യജിച്ച സന്യാസിയും സത്യം കണ്ട യോഗിയുമാണ്; നിരഗ്നിഃ ന - അഗ്നിയെ ഉപേക്ഷിച്ചു എന്നുവച്ച് ഒരാൾ സന്യാസിയാകയില്ല; അക്രിയഃ ന - ബാഹ്യകർമങ്ങളെ ഉപേക്ഷിച്ചു എന്നുവച്ചും ഒരാൾ സന്യാസിയാകയില്ല.

കർമഫലത്തെ ചിന്തിച്ചു മനസ്സുഴലാൻ ഇടയാകാതെ അവശ്യം അനുഷ്ഠിക്കേണ്ട കർത്തവ്യകർമത്തെ ആരു ചെയ്യുന്നുവോ അയാൾ കർമം ത്യജിച്ച സന്യാസിയും സത്യം കണ്ട യോഗിയുമാണ്. അഗ്നിയെ ഉപേക്ഷിച്ചു എന്നുവച്ച് ഒരാൾ സന്യാസിയാകയില്ല. ബാഹ്യകർമങ്ങളെ ഉപേക്ഷിച്ചു എന്നുവച്ചും ഒരാൾ സന്യാസിയാകയില്ല.

## *സ സന്യാസീ ച യോഗീ ച*

യഥാർഥ സന്യാസത്തിനും യഥാർഥ യോഗത്തിനും തമ്മിൽ വാസ്തവത്തിൽ ഭേദമില്ല. മനസ്സ് സദാ ആത്മനിഷ്ഠമായി ഉറച്ച് ആനന്ദം അനുഭവിക്കുന്നതാണു യോഗം. ഈ ആനന്ദാനുഭവംകൊണ്ടു വന്നുചേരുന്ന കർമഫലേച്ഛരാത്യാഗമാണു സന്ന്യാസം. ഇവ രണ്ടും പരസ്പരാപേക്ഷമാണ്. ഫലേച്ഛ ത്യജിക്കുന്ന മനസ്സ് അതിവേഗം ആത്മനിഷ്ഠമാകം. ആത്മനിഷ്ഠമാകുന്ന മനസ്സ് അതിവേഗം ഫലേച്ഛ ത്യജിക്കാൻ സമർഥമാകും. അങ്ങനെ സന്യാസവും യോഗവും ഒരാളിൽത്തന്നെ പ്രവർത്തിച്ചെങ്കിലേ പൂർണമാവൂ. യാഗാദികർമങ്ങൾ ചെയ്യാനായി ജ്വലിപ്പിക്കുന്ന ഗാർഹപത്യാഹവനാദ്യഗ്നികളെ ഉപേക്ഷിച്ച് അത്തരം ബാഹ്യകർമങ്ങളിൽ നിന്നു നിവൃത്തനാകുന്നതുകൊണ്ടു മാത്രം ഒരാൾ ഒരിക്കലും സന്യാസിയോ യോഗിയോ ആയി ഭവിക്കുന്നില്ല. നേരെമറിച്ച് അവനവന്റെ കർത്തവ്യങ്ങൾ അവശ്യം അനുഷ്ഠിക്കവേ ഫലേച്ഛ വെടിഞ്ഞു മനസ്സിനെ ആത്മനിഷ്ഠമാക്കി ഉറപ്പിക്കുന്നയാളാണു സന്യാസി. അദ്ദേഹം തന്നെയാണു യോഗിയും.

digitized by www.sreyas.in

സന്ന്യാസവും യോഗവും രണ്ടാണോ എന്ന സംശയമേ വേണ്ടെന്നും യാഥാർഥ്യമറിഞ്ഞവർക്ക് അവ ഒന്നുതന്നെയാണെന്നും ഭഗവാൻ രണ്ടാം ശ്ലോകത്തിൽ ഉറപ്പിച്ചു പ്രസ്താവിക്കുന്നു:

*2. യം സന്ന്യാസമിതി പ്രാഹുര്യോഗം തം വിദ്ധി പാണ്ഡവ*
*ന ഹ്യസന്ന്യസ്തസങ്കൽപ്പാ യോഗീ ഭവതി കശ്ചന*

പാണ്ഡവ - പാണ്ഡുപുത്രനായ അല്ലയോ അർജുനാ, യം സന്ന്യാസം ഇതി പ്രാഹുഃ - ഏതിനെയാണോ സന്ന്യാസമെന്ന് അറിവുള്ളവർ പറയുന്നത്; തം യോഗം വിദ്ധി - അതിനെ യോഗമെന്നും അറിയൂ; ഹി - എന്തെന്നാൽ; അസന്ന്യസ്ത സങ്കൽപ്പഃ - ഫലേച്ഛാരൂപത്തിലുള്ള സങ്കൽപ്പങ്ങളെ ഉപേക്ഷിക്കാത്ത; കശ്ചനയോഗീ ന ഭവതി - ഒരുവൻ യോഗിയായി ഭവിക്കുന്നില്ല.

പാണ്ഡുപുത്രനായ അല്ലയോ അർജുനാ, ഏതിനെയാണോ സന്ന്യാസമെന്ന് അറിവുള്ളവർ പറയുന്നത് അതിനെ യോഗമെന്നും അറിയൂ. എന്തെന്നാൽ ഫലേച്ഛാരൂപത്തിലുള്ള സങ്കൽപ്പങ്ങളെ ഉപേക്ഷിക്കാത്ത ഒരുവൻ യോഗിയായി ഭവിക്കുന്നില്ല.

## *അസന്ന്യസ്തസങ്കൽപ്പഃ ന യോഗീ*

മനസ്സിന്റെ സമനിലയാണു യോഗം. സങ്കൽപ്പങ്ങളെ സന്ന്യസിക്കാതെ അതായത് ഉപേക്ഷിക്കാതെ ആ യോഗം ഒരിക്കലും കൈവരികയില്ല. മനസ്സിന്റെ സമനിലയെ നഷ്ടപ്പെടുത്തുന്നതു രാഗദ്വേഷസങ്കൽപ്പങ്ങളാണ്. ബാഹ്യകർമസന്ന്യാസമല്ല രാഗദ്വേഷസങ്കൽപ്പ സന്ന്യാസമാണു സന്ന്യാസം. അതുതന്നെയാണു യോഗവും. രാഗദ്വേഷഫലസങ്കൽപ്പങ്ങളെ ത്യജിക്കാത്ത ഒരാൾ മറ്റെന്തൊക്കെ ത്യജിച്ചാലും സന്ന്യാസിയുമല്ല, യോഗിയുമല്ല. ഇതാണു ഭഗവാന്റെ വ്യക്തമായ പ്രഖ്യാപനം. ശ്ലോകത്തിൽ 'പാണ്ഡവ' എന്ന സംബോധന അർഥവത്താണ്. അർജുനന്റെ പിതാവായ പാണ്ഡു, രാജ്യവും സമ്പത്തുമെല്ലാം ഉപേക്ഷിച്ചു കാട്ടിൽ തപസ്സിനു പോയി. പക്ഷേ, രാഗദ്വേഷ സങ്കൽപ്പങ്ങളെ ഉപേക്ഷിക്കാൻ കഴിഞ്ഞില്ല. അതിന്റെ ഫലമായി തപസ്സിൽ കഴിയവേ തന്നെ കാമത്തിനടിമപ്പെട്ടു ദേഹമുപേക്ഷിക്കേണ്ടിവന്നു. രാജ്യവും മറ്റും ഉപേക്ഷിച്ചിട്ടും അദ്ദേഹത്തിനു യഥാർഥ സന്ന്യാസിയോ യോഗിയോ ആകാൻ കഴിഞ്ഞില്ല. അതുകൊണ്ട് അച്ഛന്റെ ഗതിയറിയാവുന്ന അർജുനൻ ബാഹ്യകർമങ്ങളെ ഉപേക്ഷിക്കുന്നതിനുപകരം അവ അനുഷ്ഠിക്കവേ തന്നെ ഫലസങ്കൽപ്പങ്ങളെ ഉപേക്ഷിച്ചു യഥാർഥ സന്ന്യാസവും യോഗവും കൈവരിക്കുകയാണു വേണ്ടത് എന്നു ധ്വനി.

digitized by www.sreyas.in

സങ്കൽപ്പസന്യാസമാണു യഥാർഥ സന്യാസമെങ്കിൽ ബാഹ്യകർമങ്ങളുപേക്ഷിച്ച് ഒരിടത്തിരുന്നു സങ്കൽപ്പനിരോധം ശീലിച്ചാൽ പോരേ? ബാഹ്യകർമങ്ങൾ ചെയ്തേ തീരൂ എന്നു നിർബന്ധിക്കുന്നതെന്തിനാണ്? ഈ സംശയത്തിനു മറുപടിയാണടുത്ത പദ്യം:

*3. ആരുരുക്ഷോർമുനേര്യോഗം കർമ കാരണമുച്യതേ*
*യോഗാരൂഢസ്യ തസ്യൈവ ശമഃ കാരണമുച്യതേ*

യോഗം ആരുരുക്ഷോഃ മുനേഃ - ആത്മാനുഭവരൂപമായ യോഗം നേടാൻ കൊതിക്കുന്ന സാധകന്; കർമ - കർത്തവ്യകർമാനുഷ്ഠാനം; കാരണം ഉച്യതേ - യോഗ പ്രാപ്തിക്കു കാരണമാണെന്നു പറയപ്പെടുന്നു; യോഗാരൂഢസ്യ തസ്യ ഏവ - ആത്മാനുഭവം നേടിക്കഴിഞ്ഞാൽ അദ്ദേഹത്തിനുതന്നെ; ശമഃ കാരണം ഉച്യതേ - ആ അനുഭവം തുടർന്നു നിലനിറുത്താൻ പൂർണമായ സങ്കൽപ്പസന്യാസം ആവശ്യമായി കരുതപ്പെടുന്നു.

ആത്മാനുഭവരൂപമായ യോഗം നേടാൻ കൊതിക്കുന്ന സാധകനു കർത്തവ്യകർമാനുഷ്ഠാനം യോഗപ്രാപ്തിക്കു കാരണമാണെന്നു പറയപ്പെടുന്നു. ആത്മാനുഭവം നേടിക്കഴിഞ്ഞാൽ അദ്ദേഹത്തിനുതന്നെ ആ അനുഭവം തുടർന്നു നിലനിറുത്താൻ പൂർണമായ സങ്കൽപ്പസന്യാസം ആവശ്യമായി കരുതപ്പെടുന്നു.

## *കർമ കാരണമുച്യതേ*

ബോധാനുഭവം അഥവാ ജ്ഞാനം ആത്മാവിന്റെ സ്വതഃസിദ്ധമായ അനുഭവമാണ്. അത് ഉണ്ടാവുന്നതോ നശിക്കുന്നതോ അല്ലതാനും. കാനൽ ജലം മരുഭൂമിയെ മറയ്ക്കുന്നതുപോലെ കർമം ഈ ആത്മാനുഭവത്തെ മറയ്ക്കുന്ന ഒരസത്പ്രതിഭാസമാണ്. ലോകമോഹങ്ങളിൽ മുഴുകുന്നവർക്കു ബാഹ്യകർമങ്ങൾ അനുഷ്ഠിക്കുന്തോറും വാസനാരൂപത്തിൽ ഈ മായാമറ ശക്തിപ്പെട്ടുവരും. ജ്ഞാനം ഉണ്ടാക്കിയെടുക്കലല്ല, മറ മാറുകയാണ് ഇവിടെ പ്രശ്നം. വസ്തുബോധത്തോടെ യോഗമഭ്യസിച്ചു കർമയോഗത്തിലേർപ്പെടുന്നവർക്കു കർമവാസനയുടെ മറയ്ക്കു കട്ടി കുറഞ്ഞുകുറഞ്ഞു വരും. ഒടുവിൽ ആ മറ പാടേ അകലുകയും ചെയ്യും. ആത്മാനുഭവം തെളിയുന്നതോടെ സഞ്ചിതമായിക്കിടക്കുന്ന വാസനാമറ പാടേ മാറിത്തരും. എന്നാൽ ഏതേതു കർമവാസനകൾ അനുഭവിച്ചു തീർക്കാനാണോ തൽക്കാല ശരീരം രൂപം കൊണ്ടിട്ടുള്ളത്; ആ പ്രാരബ്ധവാസനകൾ അവശേഷിക്കുന്ന സത്യജിജ്ഞാസു കർമം ചെയ്തുതന്നെ ആ വാസനാമറയെ ക്ഷയിപ്പിക്കേണ്ടതാ

digitized by www.sreyas.in

ണ്. വെറുതേയിരുന്നാൽ ആ മറ ക്ഷയിക്കുകയില്ല. ഇക്കാര്യം മനസ്സിൽ കണ്ടുകൊണ്ടാണു യോഗാരുരുക്ഷുവായ മുനിക്ക് കർമം കാരണമായി ഭവിക്കുന്നു എന്നു ഭഗവാൻ പ്രസ്താവിച്ചിരിക്കുന്നത്. അതുകൊണ്ട് ആ രുരുക്ഷു കർമം ചെയ്തേ തീരൂ എന്നു താൽപ്പര്യം.

### *ശമഃ കാരണമുച്യതേ*

വാസനാമറ മാറി ജ്ഞാനം തെളിഞ്ഞു സ്ഥിതപ്രജ്ഞത കൈവന്നയാളാണു യോഗാരൂഢൻ. യോഗാരൂഢൻ ചിലപ്പോൾ സമാധിസ്ഥനായി ബ്രഹ്മാനന്ദത്തിൽ മുഴുകി എന്നുവരാം. ചിലപ്പോൾ ലോകസംഗ്രഹത്തിനായി സദാ ശരീരംകൊണ്ടു കർമം ചെയ്തു എന്നുവരാം. കർമം ചെയ്താലും ഇല്ലെങ്കിലും അവിടെ അദ്ദേഹത്തിന്റെ യോഗാരൂഢസ്ഥിതി നിലനിറുത്തുന്ന ഘടകമേതാണ്? അതാണു ശമം. സർവസങ്കൽപ്പസന്യാസമാണു ശമം. മനസ്സിനു സർവസങ്കൽപ്പ സന്യാസം സാധ്യമായാൽ പിന്നെയുണ്ടാകുന്ന സ്വതഃസിദ്ധമായ അനുഭവമാണു ജ്ഞാനം. യോഗാരൂഢന്റെ ശമം സർവസങ്കൽപ്പസന്യാസമാണെന്ന് അടുത്ത പദ്യത്തിൽ ഭഗവാൻതന്നെ വ്യക്തമാക്കിയിട്ടുണ്ട്. മറ്റു സങ്കൽപ്പങ്ങളെല്ലാം ഉപേക്ഷിച്ചയാൾ സർവത്ര ബ്രഹ്മത്തെ തന്നെ ദർശിക്കുന്നു. അപ്പോൾ ശരീരംകൊണ്ടു കർമം ചെയ്താലും ഇല്ലെങ്കിലും ഉള്ളുകൊണ്ടു സർവസങ്കൽപ്പ സന്യാസരൂപമായ ശമം നേടി ആരാണോ സർവത്ര ബ്രഹ്മത്തെ ദർശിച്ചാനന്ദിക്കുന്നത് അദ്ദേഹമാണു യോഗാരൂഢൻ. ആ രുരുക്ഷു തന്നെ ആരൂഢനായി കഴിഞ്ഞാൽ പിന്നെ ആരൂഢസ്ഥിതി നിലനിറുത്താൻ ശമമാണു കാരണം എന്നു ഭഗവാൻ പറഞ്ഞിരിക്കുന്നതിന് ഇതാണർഥം.

യോഗാരൂഢന്റെ ശരിയായ ലക്ഷണം കർമംചെയ്യുകയോ ചെയ്യാതിരിക്കുകയോ അല്ല. ശമമാണു യോഗാരൂഢലക്ഷണം. ശമലക്ഷണത്തോടുകൂടിയ യോഗാരൂഢനെ വ്യക്തമായി വിവരിക്കുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*4. യദാ ഹി നേന്ദ്രിയാർഥേഷു ന കർമസ്വനുഷജ്ജതേ*
*സർവസങ്കൽപ്പസന്യാസീ യോഗാരൂഢസ്തദോച്യതേ*

യദാ ഹി - എപ്പോഴാണോ; ഇന്ദ്രിയാർഥേഷു ന അനുഷജ്ജതേ - ഒരാൾ സുഖാനുഭവത്തിനായി ഇന്ദ്രിയവിഷയങ്ങളുടെ പിന്നാലെ പറ്റിക്കൂടാതിരിക്കുന്നത്; കർമസു ന അനുഷജ്ജതേ - കർമങ്ങളിൽ ഫലചിന്തയോടെ സംഗബദ്ധനായി ഉഴലാതിരിക്കുന്നത്; തദാ സർവസങ്കൽപ്പസന്യാസീ - അപ്പോൾ

digitized by www.sreyas.in

അയാൾ സർവസങ്കൽപ്പങ്ങളെയും വെടിഞ്ഞവനായി; യോഗാരൂഢഃ ഉച്യതേ - യോഗാരൂഢൻ എന്നറിയപ്പെടുന്നു.

എപ്പോഴാണോ ഒരാൾ സുഖാനുഭവത്തിനായി ഇന്ദ്രിയവിഷയങ്ങളുടെ പിന്നാലെ പറ്റിക്കൂടാതിരിക്കുന്നത്, കർമങ്ങളിൽ ഫലചിന്തയോടെ സംഗബദ്ധനായി ഉഴലാതിരിക്കുന്നത് അപ്പോൾ അയാൾ സർവസങ്കൽപ്പങ്ങളെയും വെടിഞ്ഞവനായി യോഗാരൂഢൻ എന്നറിയപ്പെടുന്നു.

## *യോഗാരൂഢസ്തദോച്യതേ*

ഒരാൾ ശരീരംകൊണ്ടു കർമം ചെയ്യട്ടെ. അഥവാ ചെയ്യാതിരിക്കട്ടെ. ഇതു രണ്ടും യോഗാരൂഢത്വത്തിന്റെ ലക്ഷണമല്ല. സുഖത്തിനുവേണ്ടി ഇന്ദ്രിയാർഥങ്ങളുടെ പിന്നാലെ രാഗദ്വേഷമയനായി പറ്റിക്കൂടുന്നുണ്ടോ എന്നു ശ്രദ്ധിക്കുക. ബാഹ്യമായി കർമം ചെയ്യുന്നയാളും ചെയ്യാത്തയാളും അങ്ങനെ പറ്റിക്കൂടി എന്നുംവരാം. അങ്ങനെ പറ്റിക്കൂടുന്നില്ലെന്നു വന്നാൽ അതു യോഗാരൂഢന്റെ ലക്ഷണമാണ്. ഇന്ദ്രിയവിഷയങ്ങളിൽ കൊതിയില്ലാത്തയാൾ കർമം ചെയ്യുന്നുണ്ടാവും, പക്ഷേ, തികച്ചും നിഷ്കാമമായി. ഫലചിന്ത അദ്ദേഹത്തെ സ്പർശിക്കുന്നതേയില്ല. ഇതാണു നിസ്സംഗമായ കർമപ്രവർത്തനം. ഇതും യോഗാരൂഢന്റെ ലക്ഷണമാണ്. വിഷയങ്ങളിൽ കൊതിയില്ല. കർമങ്ങളിൽ ഫലചിന്തയില്ല. ഇവ രണ്ടും സിദ്ധമായാൽ ഉണ്ടാകുന്ന അനുഭവമാണു ബ്രഹ്മാനുഭവം. സർവത്ര ഉള്ളിലും പുറത്തും ഒരേ ബ്രഹ്മത്തെത്തന്നെ കണ്ടനുഭവിക്കുക. കാണാൻ വസ്തു ഒന്നേയുള്ളുവെങ്കിൽ ഭിന്നസങ്കൽപ്പങ്ങൾക്കു പ്രസക്തിയെവിടെ? ഭേദചിന്തയല്ലേ സകല ഭൗതിക സങ്കൽപ്പങ്ങളുടെയും ഉറവിടം. ബ്രഹ്മാനുഭവത്തോടുകൂടിയ സർവസങ്കൽപ്പസന്ന്യാസം തന്നെയാണു ശമം. അതു കിട്ടിയയാൾ യോഗാരൂഢൻ.

ഈ യോഗാരൂഢത്വം എങ്ങനെ നേടാനാണ്? ആർക്കെങ്കിലും അതു തന്നനുഗ്രഹിക്കാനുള്ള കഴിവുണ്ടോ? ഈ സംശയത്തിനാണു ഭഗവാൻ ഇനി മറുപടി പറയുന്നത്:

*5. ഉദ്ധരേദാത്മനാത്മാനം നാത്മാനമവസാദയേത്*
*ആത്മൈവ ഹ്യാത്മനോ ബന്ധുരാത്മൈവ രിപുരാത്മനഃ*

ആത്മനാ - വസ്തുബോധമുൾക്കൊണ്ട ബുദ്ധികൊണ്ട്; ആത്മാനം - സംസാരഭ്രമത്തിൽപ്പെട്ടുഴലുന്ന മനസ്സിനെ; ഉദ്ധരേത് - ഉയർത്തി യോഗാരൂഢപദവി

digitized by www.sreyas.in

യിലേക്കു നയിക്കൂ; ആത്മാനം ന അവസാദയേത് - മനസ്സിനെ ഇന്ദ്രിയങ്ങളുടേയും വിഷയങ്ങളുടേയും പിന്നാലെ പായിച്ചു പതിപ്പിക്കരുത്; ആത്മാ ഏവ - യോഗാരൂഢപദവിയിലേക്കുയരുന്ന മനസ്സുതന്നെയാണ്; ആത്മനഃ ബന്ധുഃ - ആത്മസ്വരൂപം തെളിച്ചെടുക്കാൻ ബന്ധുവായി സഹായിക്കുന്നത്; ആത്മാ ഏവ - ഇന്ദ്രിയ വിഷയങ്ങളുടെ പിന്നാലെ പായുന്ന മനസ്സുതന്നെയാണ്; ആത്മനഃ രിപുഃ - ആത്മസ്വരൂപം മറച്ചു സംസാരഭ്രമമുളവാക്കി ശത്രുവായി നിന്നു ദുഃഖിപ്പിക്കുന്നത്.

വസ്തുബോധമുൾക്കൊണ്ട ബുദ്ധികൊണ്ടു സംസാരഭ്രമത്തിൽപ്പെട്ടുഴലുന്ന മനസ്സിനെ **ഉയർത്തി യോഗാരൂഢപദവിയിലേക്കു** നയിക്കൂ. മനസ്സിനെ ഇന്ദ്രിയങ്ങളുടെയും **വിഷയങ്ങളു**ടെയും പിന്നാലെ പായിച്ചു പതിപ്പിക്കരുത്. **യോഗാരൂഢപദവിയിലേക്കുയരുന്ന** മനസ്സുതന്നെയാണ് ആത്മസ്വരൂപം **തെളിച്ചെടുക്കാൻ ബന്ധുവായി** സഹായിക്കുന്നത്. ഇന്ദ്രിയ വിഷയങ്ങളുടെ **പിന്നാലെ പായുന്ന മനസ്സുതന്നെയാണ്** ആത്മസ്വരൂപം മറച്ചു **സംസാരഭ്രമമുളവാക്കി ശത്രുവായി** നിന്നു ദുഃഖിപ്പിക്കുന്നത്.

## *ഉദ്ധരേദാത്മനാത്മാനം*

സിദ്ധാന്തപരമായി വസ്തുബോധം ഉറപ്പുവന്നു ലക്ഷ്യനിശ്ചയമുണ്ടായിത്തീരുന്ന അന്തക്കരണഘടകമാണു ബുദ്ധി. ഇന്ദ്രിയവിഷയങ്ങൾക്കടിമപ്പെട്ടു സങ്കൽപ്പവികൽപ്പങ്ങളിൽപ്പെട്ടുഴലുന്ന മനസ്സിനെ ഈ ബുദ്ധിയുടെ സഹായത്തോടെ ആത്മനിഷ്ഠമാക്കി സാവധാനം യോഗാരൂഢപദവിയിലേക്കുയർത്തണം. അങ്ങനെ ചെയ്തില്ലെങ്കിൽ അതു സ്വതേ തന്നെ ലൗകികഭ്രമങ്ങളിൽപ്പെട്ടു സദാ പതിച്ചുകൊണ്ടിരിക്കും. യോഗാരൂഢപദവിയിലേക്കുയരുന്ന മനസ്സ് ഒരു ബന്ധുവിനെപ്പോലെ അനുദിനം സുഖവും ശാന്തിയും വർധിപ്പിച്ചുകൊണ്ടിരിക്കും. സംസാരഭ്രമങ്ങളിലേക്കു പതിക്കുന്ന മനസ്സ് അനുദിനം പുതിയ പ്രശ്നങ്ങളും സങ്കൽപ്പങ്ങളുമുണ്ടാക്കി ഒരു ശത്രുവിനെപ്പോലെ അലട്ടിക്കൊണ്ടിരിക്കും. ഈ ആത്മോദ്ധാരണം ഒരു സാധകൻ സ്വയം നിർവഹിക്കേണ്ടതാണ്. ആചാര്യനും മറ്റും കഷ്ടിച്ചു മാർഗനിർദേശം ചെയ്യാനേ കഴിയൂ; സാധന ചെയ്തു സത്യം ഉള്ളിൽ കണ്ടെത്തേണ്ടത് അവനവൻ തന്നെയാണ്. പൂർണാവതാരമായ ഭഗവാൻ കൃഷ്ണൻപോലും പ്രാണപ്രിയനായ അർജുനനോടു 'നിന്നെ നീ തന്നെ ഉദ്ധരിക്കൂ' എന്നു പറയുന്നതിൽ നിന്ന് ഇക്കാര്യം വ്യക്തമാണല്ലോ.

ആത്മോദ്ധാരണമാണു സത്യാന്വേഷണം എന്നുറപ്പിക്കാനായി

digitized by www.sreyas.in

അടുത്ത രണ്ടു പദ്യങ്ങളിൽ അക്കാര്യം തന്നെ ഭഗവാൻ ആവർത്തിച്ചു വിവരിക്കുന്നു:

*6. ബന്ധുരാത്മാത്മനസ്തസ്യ യേനാത്മൈവാത്മനാ ജിതഃ*
*അനാത്മനസ്തു ശത്രുത്വേ വർത്തേതാത്മൈവ ശത്രുവത്*

യേന - ഏതൊരു സത്യാന്വേഷിയാൽ; ആത്മനാ ഏവ - വസ്തുസ്ഥിതി ധരിച്ച ബുദ്ധികൊണ്ടുതന്നെ; ആത്മാ ജിതഃ - ഇന്ദ്രിയവിഷയ സംബന്ധമായ മനസ്സു ജയിക്കപ്പെട്ടുവോ; തസ്യ ആത്മനഃ - ആത്മസ്വരൂപിയായി ഭവിച്ച ആ ജ്ഞാനിക്ക്; ആത്മാ - ആത്മാനന്ദാനുഭവത്തിനു പാത്രമായ അന്തക്കരണം; ബന്ധുഃ - ഒരുറ്റ ബന്ധുവിനെപ്പോലെ സത്യമിഥ്യകളെ വേർതിരിച്ചുകാട്ടി സഹായിക്കുന്നു. അനാത്മനഃ തു - മനസ്സിനെ നിയന്ത്രിച്ചു ആത്മാനുഭവത്തിനു തുനിയാത്ത ലൗകികന്; ആത്മാ ഏവ - സ്വന്തം അന്തക്കരണം തന്നെ; ശത്രുവത് - ദ്രോഹിക്കാൻ ശ്രമിക്കുന്ന ശത്രുവിനെപ്പോലെ; ശത്രുത്വേ വർത്തതേ - പലതരം ദുഃഖങ്ങളിലും കൊണ്ടു ചാടിച്ചു സദാ ഉപദ്രവിച്ചു കൊണ്ടേയിരിക്കും.

ഏതൊരു സത്യാന്വേഷിയാൽ വസ്തുസ്ഥിതി ധരിച്ച ബുദ്ധികൊണ്ടു തന്നെ ഇന്ദ്രിയവിഷയസംബന്ധമായ മനസ്സു ജയിക്കപ്പെട്ടുവോ ആത്മസ്വരൂപിയായി ഭവിച്ച ആ ജ്ഞാനിക്ക് ആത്മാനന്ദാനുഭവത്തിനു പാത്രമായ അന്തക്കരണം ഒരുറ്റ ബന്ധുവിനെപ്പോലെ സത്യമിഥ്യകളെ വേർതിരിച്ചുകാട്ടി സഹായിക്കുന്നു. മനസ്സിനെ നിയന്ത്രിച്ച് ആത്മാനുഭവത്തിനു തുനിയാത്ത ലൗകികനു സ്വന്തം അന്തക്കരണം, തന്നെ ദ്രോഹിക്കാൻ ശ്രമിക്കുന്ന ശത്രുവിനെപ്പോലെ പലതരം ദുഃഖങ്ങളിലും കൊണ്ടു ചാടിച്ചു സദാ ഉപദ്രവിച്ചു കൊണ്ടേയിരിക്കും.

## *ശത്രുത്വേ വർത്തതേ*

ശത്രുക്കൾ ചതിക്കാനും ദ്രോഹിക്കാനും മടിക്കുന്നവരല്ല, ആത്മധ്യാനം ശീലിച്ചു വശീകരിക്കപ്പെടാത്ത മനസ്സ് അതിന്റെ ഉടമസ്ഥനെ ഒരു കൂടശത്രുവിനെപ്പോലെ സദാ ചതിച്ചു ദ്രോഹിച്ചുകൊണ്ടിരിക്കും. അസത്യദൃശ്യങ്ങളിൽ സത്യത്തിന്റെ തോന്നലുളവാക്കി പലതുണ്ടെന്നു ഭ്രമിപ്പിക്കും. പുറമേയുള്ള വിഷയങ്ങളിലാണു സുഖമിരിക്കുന്നതെന്നു തോന്നിച്ച് അവയുടെ പിന്നാലെ പായിക്കും. അവ കൈയിലെത്തിക്കഴിഞ്ഞാൽ പലവിധ പ്രശ്നങ്ങളുളവാക്കി ദുഃഖിപ്പിക്കും. അകാരണമായി ഈർഷ്യ, അസൂയ, മദം, മാത്സര്യം തുടങ്ങിയ വികാരങ്ങളുളവാക്കി നിരന്തരം വ്യാകുലപ്പെടുത്തും.

75-2006 21

digitized by www.sreyas.in

സർവത്ര സംശയവും ഭയവുമുളവാക്കി വിഷമിപ്പിക്കും. സർവോപരി ഒന്നിലും തൃപ്തി വരാതെ സദാ പുതുമക്കായി കൊതിച്ചുകൊണ്ടിരിക്കും. എന്തിനേറെ, ബഹിർമുഖമായി പായുന്ന മനസ്സിനടിമപ്പെടുന്ന ജീവനെ അതു പൂർണമായും പതിപ്പിക്കുമെന്നുള്ളതിനു സംശയമില്ല. ഇതിൽ കവിഞ്ഞ ശത്രുത്വം പിന്നെയെന്താണ്?

അതിരിക്കട്ടെ, ജയിച്ചു കീഴടക്കപ്പെട്ട മനസ്സ് ഒരുറ്റ ബന്ധുവിനെപ്പോലെ സഹായിക്കുമെന്നു പറഞ്ഞല്ലോ, എന്താണു സഹായം?

7. ***ജിതാത്മനഃ** പ്രശാന്തസ്യ പരമാത്മാ സമാഹിതഃ*
***ശീതോഷ്ണസുഖദുഃഖേഷു** തഥാ മാനാപമാനയോഃ*

**ജിതാത്മനഃ – ഇന്ദ്രിയങ്ങളെയും മനസ്സിനെയും** ജയിച്ചു കീഴടക്കിയവനും; **പ്രശാന്തസ്യ – ചിത്തം അങ്ങനെ അന്തർമുഖമായി ഉപശമിച്ച്** ആത്മാനുഭവം **നേടിയവനുമായ യോഗാരൂഢന്; ശീതോഷ്ണസുഖദുഃഖേഷു** – തണുപ്പ്, ചൂട് മുതലായി സുഖദുഃഖാനുഭവങ്ങൾക്കു കാരണമായിത്തീരുന്ന ബാഹ്യ വിഷയങ്ങളിലും; തഥാമാനാപമാനയോഃ – അതുപോലെ മാനം, അപമാനം മുതലായി വ്യക്തിനിഷ്ഠങ്ങളായ വിരുദ്ധാനുഭവങ്ങളിലും; പരമാത്മാ സമാഹിതഃ – ആനന്ദസ്വരൂപമായ ഒരേ പരമാത്മാവുതന്നെ ഏകാഗ്രബുദ്ധിയിൽ തെളിഞ്ഞനുഭവിക്കാൻ ഇടയാകുന്നു.

ഇന്ദ്രിയങ്ങളെയും മനസ്സിനെയും ജയിച്ചു കീഴടക്കിയവനും ചിത്തം അങ്ങനെ അന്തർമുഖമായി ഉപശമിച്ച് ആത്മാനുഭവം നേടിയവനുമായ യോഗാരൂഢനു തണുപ്പ്, ചൂട് മുതലായി സുഖദുഖാനുഭവങ്ങൾക്കു കാരണമായിത്തീരുന്ന ബാഹ്യവിഷയങ്ങളിലും അതുപോലെ മാനം, അപമാനം മുതലായി വ്യക്തിനിഷ്ഠങ്ങളായ വിരുദ്ധാനുഭവങ്ങളിലും ആനന്ദസ്വരൂപമായ ഒരേ പരമാത്മാവുതന്നെ ഏകാഗ്രബുദ്ധിയിൽ തെളിഞ്ഞനുഭവിക്കാൻ ഇടയാകുന്നു.

## *പരമാത്മാ സമാഹിതഃ*

സമ്പത്തിലും വിപത്തിലും ഭാവഭേദം കൂടാതെ ഒരുമിച്ചുനിന്നു സഹായിക്കുകയും സുഖിപ്പിക്കുകയും ചെയ്യുന്നയാളാണല്ലോ ഉറ്റബന്ധു. യോഗാരൂഢദശയിലേക്ക് ഉദ്ധരിക്കപ്പെട്ട ചിത്തം ഒരുറ്റ ബന്ധുവായി മാറുന്നു. തണുപ്പെന്നില്ല, ചൂടെന്നില്ല, സുഖമെന്നില്ല, ദുഃഖമെന്നില്ല, സദാ സർവത്ര ആനന്ദസ്വരൂപമായ പരമാത്മാവിനെത്തന്നെ കാട്ടിത്തന്നു സുഖിപ്പിക്കുന്നു. മാനം, അപമാനം, ജയം, പരാജയം തുടങ്ങിയ വ്യക്തിപരങ്ങളായ അനുഭവങ്ങ

digitized by www.sreyas.in

ളിലും ആ ബ്രഹ്മാനന്ദാനുഭവത്തിന് ഒരു കുറവുമുണ്ടാകുന്നില്ല. വസ്തു തെളിഞ്ഞു കണ്ടയാൾ അതിലെ അസത്യപ്രതിഭാസങ്ങളിൽ ഭിന്നചിത്തനാകേണ്ട കാര്യമില്ലല്ലോ. മരുഭൂമിയെ അറിയാവുന്നയാൾ അവിടത്തെ ജലദർശനത്തിൽ ഭ്രമിക്കുകയില്ലെന്നു തീർച്ചയല്ലേ. അജ്ഞതയാണു ദുഃഖത്തിനു കാരണം. അജ്ഞാനിക്ക് എല്ലാം ദുഃഖമാണ്. വസ്തുദർശനംകൊണ്ട് മനസ്സ് ആനന്ദപൂർണമാണെങ്കിൽ ആ മനസ്സ് ലോകമെങ്ങും അതേ ആനന്ദം കാട്ടിത്തന്നു സുഖിപ്പിക്കും.

യോഗാരൂഢന്റെ മനസ്സ് ഏതു നിലയിലാണ് ഒരുറ്റ ബന്ധുവിനെപ്പോലെ പെരുമാറുന്നതെന്ന് വിശദീകരിക്കുകയാണ് അടുത്ത രണ്ടു പദ്യങ്ങളിൽ.

*8. ജ്ഞാനവിജ്ഞാനതൃപ്താത്മാ കൂടസ്ഥോ വിജിതേന്ദ്രിയഃ*
*യുക്ത ഇത്യുച്യതേ യോഗീ സമലോഷ്ടാശ്മകാഞ്ചനഃ*

ജ്ഞാനവിജ്ഞാനതൃപ്താത്മാ - യുക്തികൊണ്ടും അനുഭവംകൊണ്ടും പൂർണ തൃപ്തി കൈവന്ന ജ്ഞാനത്തോടുകൂടിയവനും; കൂടസ്ഥഃ - നിർവികാരസത്യസ്വരൂപമായി ഭവിച്ചവനും; വിജിതേന്ദ്രിയഃ - ഇന്ദ്രിയങ്ങളെയും മനസ്സിനെയും പൂർണമായി കീഴടക്കിയവനും; സമലോഷ്ടാശ്മ കാഞ്ചനഃ - മൺകട്ടയും. കല്ലും, സ്വർണവും തുല്യമായി കാണുന്നവനുമായ; യോഗീ - യോഗനിഷ്ഠൻ; യുക്തഃ ഇതി ഉച്യതേ - സത്യം കണ്ടവൻ എന്നു പറയപ്പെടുന്നു.

യുക്തികൊണ്ടും അനുഭവംകൊണ്ടും പൂർണതൃപ്തി കൈവന്ന ജ്ഞാനത്തോടുകുടിയവനും നിർവികാരസത്യസ്വരൂപമായി ഭവിച്ചവനും ഇന്ദ്രിയങ്ങളെയും മനസ്സിനെയും പൂർണമായി കീഴടക്കിയവനും മൺകട്ടയും, കല്ലും, സ്വർണവും തുല്യമായി കാണുന്നവനുമായ യോഗനിഷ്ഠൻ സത്യം കണ്ടവൻ എന്നു പറയപ്പെടുന്നു.

## *ജ്ഞാനവിജ്ഞാനതൃപ്താത്മാ*

സിദ്ധാന്തപരമായി ബുദ്ധിക്കു യുക്തികൊണ്ട് ഉറപ്പുവരുന്ന വസ്തുബോധമാണു ജ്ഞാനം. അതു വ്യക്തമായും അനുഭവിച്ചറിയുന്നതാണു വിജ്ഞാനം. ശ്രുതിയുക്ത്യനുഭവങ്ങളെക്കൊണ്ടു തെളിയിക്കപ്പെട്ടിട്ടുള്ളതാണു വേദാന്തസത്യം. ഗുരൂപദേശം കേട്ടും ശാസ്ത്രചർച്ച ചെയ്തും വസ്തു ഒന്നേയുള്ളു എന്നു ബുദ്ധിക്കു തെളിഞ്ഞുകിട്ടുന്നു. തുടർന്നു യോഗാഭ്യാസപരനായിത്തീരുന്നതോടെ സിദ്ധാന്തപരമായ അറിവ് അനുഭൂ

digitized by www.sreyas.in

തിയായി മാറുന്നു. ശാസ്ത്രസിദ്ധാന്തത്തിനും അനുഭവത്തിനും ഭേദമി ല്ലെന്നു കാണുന്നതോടെ ഇനിയൊന്നുമറിയാനില്ലയെന്ന സംതൃപ്തി സംജാ തമാകുന്നു. തുടർന്നു ശരീരാദി ജഡപ്രതിഭാസങ്ങൾകൊണ്ടു തൽക്കാലം മറയ്ക്കപ്പെട്ടിരിക്കുന്ന നിർവികാരപരബ്രഹ്മസത്യം തന്നെയാണു താനെന്ന നുഭവിക്കുമാറാകുന്നു. ഇതാണു കൂടസ്ഥസ്ഥിതി. നിർവികാരനായി മായ യിൽ ഒളിഞ്ഞിരിക്കുന്നവൻ എന്നാണു കൂടസ്ഥശബ്ദത്തിനർഥം. ആത്മാന ന്ദത്തിൽ മുഴുകുന്നതോടെ ഇന്ദ്രിയങ്ങളും മനസ്സും പൂർണമായി ജയിക്കപ്പെ ടും. സർവത്ര പരമാത്മാവ് നിറഞ്ഞുതിങ്ങുന്നതായും അനുഭവപ്പെടും. അപ്പോൾ മൺകട്ടയും കല്ലും സ്വർണവും എല്ലാം ഒരേ പരമാത്മാവിന്റെ തന്നെ രൂപാന്തരങ്ങളാണെന്നറിയാറാകും. ഇതാണു സമലോഷ്ടാശ്മകാഞ്ച നത്വം. ജിജ്ഞാസാനിവൃത്തി, നിർവികാരസ്ഥിതി, ഇന്ദ്രിയജയം, സമഭാവന ഇവയാണ് ഒരു സത്യനിഷ്ഠന്റെ ലക്ഷണങ്ങളെന്നു താൽപ്പര്യം.

സർവത്ര സത്യംകണ്ടു സമബുദ്ധി പുലർത്തുന്നതാണു സത്യനി ഷ്ഠന്റെ ലക്ഷണങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. അടുത്ത പദ്യ ത്തിൽ ഭഗവാൻ അക്കാര്യം എടുത്തു പറയുന്നു.

*9. സുഹൃന്മിത്രാര്യുദാസീന മധ്യസ്ഥദ്വേഷ്യബന്ധുഷു*
*സാധുഷ്വപി ച പാപേഷു സമബുദ്ധിർവിശിഷ്യതേ*

സുഹൃന്മിത്രാര്യുദാസീനമധ്യസ്ഥദ്വേഷ്യബന്ധുഷു - നന്മ ചെയ്യുന്നവനിലും, സ്നേഹിതനിലും, ശത്രുവിലും, വെറും സാധാരണനിലും, ഇടനിലക്കാര നിലും; വെറുപ്പുള്ളവനിലും, ബന്ധുവിലും, സാധുഷു - സജ്ജനങ്ങളിലും; അപി ച പാപേഷു - മാത്രമല്ല പാപികളിലും; സമബുദ്ധിഃ വിശിഷ്യതേ - ഒരേ ബ്രഹ്മത്തെത്തന്നെ കാണുന്നയാൾ സർവോപരി മുക്തനാണെന്നറിയേ ണ്ടതാണ്.

നന്മ ചെയ്യുന്നവനിലും, സ്നേഹിതനിലും, ശത്രുവിലും, വെറും സാധാ രണനിലും, ഇടനിലക്കാരനിലും, വെറുപ്പുള്ളവനിലും, ബന്ധുവിലും, സജ്ജ നങ്ങളിലും മാത്രമല്ല പാപികളിലും ഒരേ ബ്രഹ്മത്തെത്തന്നെ കാണുന്നയാൾ സർവോപരി മുക്തനാണെന്നറിയേണ്ടതാണ്.

## *സമബുദ്ധിർവിശിഷ്യതേ*

ഭേദലേശമില്ലാതെ സർവത്ര ഒരേ ബ്രഹ്മസത്യത്തെ അനുഭവിക്കാൻ കഴിയുന്നതാണു സത്യനിഷ്ഠയുടെ പാരമ്യം. സർവം ഖല്വിദം ബ്രഹ്മ -

digitized by www.sreyas.in

ഇക്കാണുന്നതൊക്കെ ബ്രഹ്മം തന്നെയാണ് എന്നതാണല്ലോ പരമമായ ഉപനിഷദ് സിദ്ധാന്തം. ആ സമദർശനത്തിന്റെ മുൻപിൽ മിത്രമെന്നോ, ശത്രുവെന്നോ, സജ്ജനമെന്നോ, പാപിയെന്നോ, ധർമമെന്നോ, അധർമമെന്നോ യാതൊരു വിധമായ ഭേദചിന്തക്കും ഇടമില്ലെന്നു കാണേണ്ടതാണ്. ഇത്തരം ഭേദചിന്തകളെല്ലാം അജ്ഞത നിമിത്തമുണ്ടാകുന്ന സാപേക്ഷദർശനങ്ങൾ മാത്രമാണ്. പക്ഷേ, പൂർണമായ സമദർശനത്തിനു പാകത വരാത്തയാൾ അതു കൃത്രിമമായി പുറമേ പ്രകടിപ്പിക്കുന്നത് ആപൽക്കരമാണെന്നോർക്കേണ്ടതാണ്. അതുകൊണ്ട് ഒരു സാധകനെ സംബന്ധിച്ചിടത്തോളം ക്രിയാദ്വൈതം ആവശ്യമില്ല. ഭാവാദ്വൈതം മാത്രം മതിയാകും. സിദ്ധനെ സംബന്ധിച്ചിടത്തോളം ഈ വ്യത്യാസങ്ങളൊന്നും തന്നെ പ്രസക്തമല്ല. എല്ലാ സാധനകളും പൂർണമായി അദ്വൈതാനുഭവത്തെ അഥവാ സമബുദ്ധിയെ ലക്ഷ്യമാക്കിയുള്ളവയാണെന്നോർക്കേണ്ടതാണ്. അദ്വൈതബ്രഹ്മം മാത്രമാണു സത്യം.

ആത്മസാക്ഷാൽക്കാരം വഴി സർവത്ര സമദർശനമെന്ന സമ്പൂർണ ബ്രഹ്മനിഷ്ഠ നേടിയെടുക്കാൻ അത്യന്താപേക്ഷിതമായ ഒരു യോഗസാധനയാണു ധ്യാനം. ഏകാന്തധ്യാനം ദൃഢപ്പെടുന്നതോടെ ചിത്തത്തിനു സത്യബോധവും സമഭാവനയും കൂടിവരും. തുടർന്നു കർമരംഗം പ്രകാശമയമാകുന്നതോടൊപ്പം ജീവന്മുക്തിയും സുനിശ്ചിതമാകും. ഇത്ര വിശിഷ്ടമായ ധ്യാനയോഗത്തിന്റെ പരിശീലനക്രമം വിവരിക്കുകയാണു ഭഗവാൻ അടുത്ത അഞ്ചു പദ്യങ്ങളിൽ:

*10. യോഗീ യുഞ്ജീത സതതമാത്മാനം രഹസി സ്ഥിതഃ*
*ഏകാകീ യതചിത്താത്മ നിരാശീരപരിഗ്രഹഃ*

യോഗീ - ആത്മാനുഭവരൂപമായ യോഗം കൊതിക്കുന്ന സാധകൻ; അപരിഗ്രഹഃ - അന്യരിൽനിന്നു യാതൊന്നും വാങ്ങി സൂക്ഷിക്കാതെ; നിരാശീഃ - ഭഗവാങ്കൽ നിന്നുപോലും ആഗ്രഹനിവൃത്തിയോ അനുഗ്രഹമോ ചോദിക്കാതെ; യത ചിത്താത്മാ - ചിത്തവൃത്തികളടക്കി ബുദ്ധിയെ ആത്മലക്ഷ്യത്തിൽ ഉറപ്പിച്ച്; ഏകാകീ - താൻ മാത്രമായി; രഹസി സ്ഥിതഃ - ഏകാന്തസ്ഥലത്തിരുന്ന്; സതതം - ധ്യാനപരിശീലനവേളയിൽ നിരന്തരമായി; ആത്മാനം യുഞ്ജീത - ആത്മസമാധി അനുഭവിക്കേണ്ടതാണ്.

ആത്മാനുഭവരൂപമായ യോഗം കൊതിക്കുന്ന സാധകൻ അന്യരിൽ നിന്നു യാതൊന്നും വാങ്ങി സൂക്ഷിക്കാതെ ഭഗവാങ്കൽ നിന്നുപോലും

digitized by www.sreyas.in

ആഗ്രഹനിവൃത്തിയോ അനുഗ്രഹമോ ചോദിക്കാതെ ചിത്തവൃത്തികളടക്കി ബുദ്ധിയെ ആത്മലക്ഷ്യത്തിൽ ഉറപ്പിച്ചു താൻ മാത്രമായി ഏകാന്തസ്ഥല ത്തിരുന്നു ധ്യാനപരിശീലനവേളയിൽ നിരന്തരമായി ആത്മസമാധി അനുഭ വിക്കേണ്ടതാണ്.

## *യോഗീ യുഞ്ജീത സതതം*

ഇവിടത്തെ യോഗി സാധകനാണ്, സിദ്ധനല്ല; ആരുരുക്ഷുവാണ്, ആരൂഢനല്ല. ആരുഢന് ഈ പദ്യത്തിലും ഇനി വരുന്ന ഏതാനും പദ്യങ്ങ ളിലും കാണുന്നതുപോലെയുള്ള ഒരു പരിശീലനക്രമം നിർദേശിക്കേണ്ട യാതൊരാവശ്യവുമില്ല. ഈ നിർദേശം സന്യാസിയെ മാത്രം ഉദ്ദേശിച്ചുള്ള തല്ല; കർമയോഗിയുൾപ്പെടെയുള്ള ഏതു യോഗിയെയും ഉദ്ദേശിച്ചുള്ളതാ ണ്. കർമയോഗത്തിൽ ഉറച്ചു നിൽക്കാൻ ഇതുവരെ അർജുനനോടാവശ്യ പ്പെട്ടിട്ടു പുറമേ സന്യാസം സ്വീകരിച്ച ഒരാൾക്കു മാത്രമായുള്ള സാധനാ ക്രമം ഭഗവാൻ ഉപദേശിക്കുന്നു എന്നു വരുന്നത് തികച്ചും അപ്രസക്തമാ ണ്. ഇക്കാര്യങ്ങളൊക്കെ മുൻപിൽ കണ്ടുകൊണ്ടുവേണം ഈ പദ്യം വ്യാഖ്യാനിക്കാൻ. അപ്പോൾ ആദ്യമായി ധരിക്കേണ്ടത് ഒരു സാധകൻ, കർമ യോഗിയായാലും മറ്റാരായാലും ഏകാന്തധ്യാന പരിശീലനത്തിനായി കുറ ച്ചുസമയം കൃത്യമായി മാറ്റിവയ്ക്കണം എന്ന വസ്തുതയാണ്. സങ്കൽപ്പ ത്യാഗമാണു യോഗം. അപ്പോൾ എത്ര സമയം ധ്യാനപരിശീലനത്തിലേർപ്പെ ടുന്നുവോ അത്രയും സമയം ഇടവിടാതെ സങ്കൽപ്പത്യാഗം ശീലിക്കേണ്ട താണ്. 'സതതം' എന്ന പദത്തിന് 'ധ്യാനപരിശീലനവേളയിൽ ഇടവിടാതെ' എന്നാണു താൽപ്പര്യം. അതല്ലാതെ 'സദാസമയവും' എന്നർഥം പറഞ്ഞാൽ അർജുനനെപ്പോലെ കർമരംഗത്തു നിൽക്കുന്നവർക്ക് അതെങ്ങനെയാണു സാധ്യമാവുക? സങ്കൽപ്പത്യാഗപരിശീലനത്തിന്റെ അടിസ്ഥാനശിലയാണ് അപരിഗ്രഹബുദ്ധി. ആത്മാനുഭവമാണ് എന്റെ ലക്ഷ്യം, ഭൗതികമായി എനിക്ക് ആരിൽനിന്നും ഒന്നുംതന്നെ ആവശ്യമില്ല എന്ന ബുദ്ധിയാണ് അപ രിഗ്രഹ ബുദ്ധി. അപരിഗ്രഹബുദ്ധിയുടെ അനന്തരഫലമാണു നിരാശിത്വം. ഭഗവാനിൽനിന്നുപോലും ഭൗതികമായ ഒരനുഗ്രഹവും എനിക്കുവേണ്ട എന്ന നിശ്ചയമാണു നിരാശിത്വം. ഭഗവാനിൽനിന്നുപോലും ഭൗതികകാമം കൊതിക്കുന്നവർക്ക് അതേ കിട്ടൂ. ഭഗവാനെ കിട്ടുകയില്ല എന്നു ഗീതതന്നെ മേൽ വെളിപ്പെടുത്തുന്നുണ്ട്. അപരിഗ്രഹവും, ആശാരാഹിത്യവുമാണു ചിത്തവൃത്തികളെ അടക്കി ബുദ്ധിയെ ആത്മാവിൽ ഉറപ്പിക്കുകയെന്ന 'യത ചിത്താത്മത്വ'ത്തിലേക്കു നയിക്കുന്ന ഘടകങ്ങൾ. ഇതിനെല്ലാം ഏകാകി

digitized by www.sreyas.in

ത്വവും ഏകാന്തതയും അത്യന്താപേക്ഷിതമാണ്. ചിരകാലംകൊണ്ടു പാക പ്പെടേണ്ട യോഗപരിശീലനത്തിന്റെ ക്രമമാണിവിടെ വിവരിച്ചിരിക്കുന്നതെ ന്നോർക്കണം. ഈ ക്രമം ദൃഢപ്പെട്ടുവരുന്തോറും യോഗിക്കു സമാധിസുഖം അനുഭവപ്പെട്ടു തുടങ്ങുന്നതാണ്.

ധ്യാനയോഗപരിശീലനത്തിന് അത്യാന്താപേക്ഷിതമായ സ്ഥിരാസന ത്തെക്കുറിച്ചാണ് അടുത്ത രണ്ടു പദ്യങ്ങൾ പ്രതിപാദിക്കുന്നത്. ഇതും യോഗാരൂഢനു വേണ്ടിയല്ലെന്നു സ്പഷ്ടമാണല്ലോ:

*11. ശുചൗ ദേശേ പ്രതിഷ്ഠാപ്യ സ്ഥിരമാസനമാത്മനഃ*
*നാത്യുച്ഛ്രിതം നാതിനീചം ചൈലാജിനകുശോത്തരം*

*12. തത്രൈകാഗ്രം മനഃ കൃത്വാ യതചിത്തേന്ദ്രിയക്രിയഃ*
*ഉപവിശ്യാസനേ യുഞ്ജ്യാദ്യോഗമാത്മവിശുദ്ധയേ*

ശുചൗ ദേശേ - **പവിത്രമായ** ഒരു സ്ഥലത്ത്; ന അത്യുച്ഛ്രിതം - അധികം ഉയ രമില്ലാതെയും; **ന അതിനീചം** - അധികം താണുപോകാതെയും; ചൈലാജി നകുശോത്തരം - **ഒന്നിനുമുകളിലൊന്നായി** കുശപ്പുല്ല്, മൃഗത്തോൽ, വസ്ത്രം, എന്നിവ വിരിച്ച്; **സ്ഥിരം** - ഇളകാതെ; ആത്മനഃ ആസനം - തനി ക്കിരിക്കാനുള്ള ഇരിപ്പിടം; പ്രതിഷ്ഠാപ്യ - വേണ്ടപോലെ തയ്യാറാക്കി; തത്ര ആസനേ - ആ ഇരിപ്പിടത്തിൽ; ഉപവിശ്യ - സുഖമായിരുന്ന്; മനഃ ഏകാഗ്രം കൃത്വാ - മനസ്സിനെ ധ്യാനനിരതമാക്കി; യതചിത്തേന്ദ്രിയക്രിയഃ - സങ്ക ൽപ്പങ്ങളെയും ഇന്ദ്രിയാനുഭവങ്ങളെയും തടഞ്ഞ്; ആത്മവിശുദ്ധയേ - രാഗ ദ്വേഷങ്ങൾ പോയി ഹൃദയം ശുദ്ധമാകാനായി; യോഗം യുഞ്ജ്യാത് - ആത്മാ നുഭവത്തിനു യത്നിക്കേണ്ടതാണ്.

പവിത്രമായ ഒരു സ്ഥലത്ത് അധികം ഉയരത്തിലല്ലാതെയും അധികം താണുപോകാതെയും ഒന്നിനുമുകളിലൊന്നായി കുശപ്പുല്ല്, മൃഗത്തോൽ, വസ്ത്രം എന്നിവ വിരിച്ച് ഇളകാതെ തനിക്കിരിക്കാനുള്ള ഇരിപ്പിടം വേണ്ട പോലെ തയ്യാറാക്കി ആ ഇരിപ്പിടത്തിൽ സുഖമായിരുന്നു മനസ്സിനെ ധ്യാന നിരതമാക്കി സങ്കൽപ്പങ്ങളെയും ഇന്ദ്രിയാനുഭവങ്ങളെയും തടഞ്ഞ്, രാഗദ്വേ ഷങ്ങൾ പോയി ഹൃദയം ശുദ്ധമാകാനായി ആത്മാനുഭവത്തിനു യത്നിക്കേ ണ്ടതാണ്.

## *യോഗമാത്മവിശുദ്ധയേ*

കർമവാസനകൾ ഒടുങ്ങിയിട്ടില്ലാത്ത യോഗാരുരുക്ഷുവിനാണ് ഈ

digitized by www.sreyas.in

അഭ്യാസക്രമമെന്നു വ്യക്തമാണല്ലോ. യോഗാരൂഢനു വീണ്ടും ആത്മവിശുദ്ധിയുടെ പ്രശ്നമേ ഉദിക്കുന്നില്ല. രാത്രി മുഴുവൻ യുദ്ധത്തിൽ നിന്നു വിരമിച്ചു കൂടാരത്തിൽ വിശ്രമിക്കുന്ന അർജുനനു ഈ യോഗപരിശീലനം അസാധ്യവുമല്ല. ഏകാന്തത്തിലുള്ള യോഗപരീശീലനം ആത്മാനുഭവത്തിനു വഴിതെളിക്കുമെങ്കിൽ ക്രമേണ യുദ്ധവാസനയകന്ന് അർജുനഹൃദയം ശുദ്ധമായി യോഗാരൂഢപദവിക്ക് അദ്ദേഹം അർഹനായിത്തീരും. തുടർന്നു വേണ്ടിവന്നാൽ യുദ്ധംപോലും ഈശ്വരാരാധനയായി യജ്ഞരൂപത്തിൽ അനുഷ്ഠിക്കാനുള്ള കരുത്തുമുണ്ടാകും. യോഗപരിശീലനംകൊണ്ട് ആത്മവിശുദ്ധി. ആത്മവിശുദ്ധികൊണ്ടു നിരന്തരമായ വസ്തുബോധം. തുടർന്നു യോഗാരൂഢത്വം ഇതാണു ക്രമം. ദേശശുചിത്വം, ആസനസ്ഥിരത ഇവയെല്ലാം ആരംഭദശയിൽ യോഗപരിശീലനത്തെ സഹായിക്കുന്ന ഘടകങ്ങളാണ്.

ആസനസ്ഥിരതയെന്നപോലെ ദേഹസ്ഥിതിയിലും ചില കാര്യങ്ങൾ ശ്രദ്ധിക്കാനുണ്ടെന്നും എങ്കിലേ നിർഭയമായ യോഗം സിദ്ധി പ്രാപിക്കൂ എന്നുമാണ് അടുത്ത രണ്ടു പദ്യങ്ങളിൽ ഭഗവാൻ വെളിപ്പെടുത്തുന്നത്.

*13. സമം കായശിരോഗ്രീവം ധാരയന്നചലം സ്ഥിരഃ*
*സംപ്രേക്ഷ്യ നാസികാഗ്രം സ്വം ദിശശ്ചാനവലോകയൻ*

*14. പ്രശാന്താത്മാ വിഗതഭീർബ്രഹ്മചാരിവ്രതേ സ്ഥിതഃ*
*മനഃ സംയമ്യ മച്ചിത്തോ യുക്ത ആസീത മത്പരഃ*

യുക്തഃ – ആസനസ്ഥിരത നേടിയ യോഗി; കായശിരോഗ്രീവം – ദേഹം, തല, കഴുത്ത് എന്നിവ; സമം അചലം ധാരയൻ – നേരേ സമരേഖയിൽ ചലിക്കാതെ നിറുത്തി; സ്ഥിരഃ – ഇരിപ്പിടത്തിൽ നിന്നിളകാതെ; സ്വം നാസികാഗ്രം – തന്റെ മുക്കിന്റെ അറ്റം; സംപ്രേക്ഷ്യ (ഇവ) – സൂക്ഷിച്ചു നോക്കുന്നപോലെ ദൃഷ്ടി ഉറപ്പിച്ചും; ദിശഃ അനവലോകയൻ ച – ദൃഷ്ടി ചുറ്റുപാടുകളിലെങ്ങും പതിയാതെ സൂക്ഷിച്ചും; പ്രശാന്താത്മാ – മനസ്സിനെ ശാന്തമാക്കി; വിഗതഭീഃ – എല്ലാ ഭയവും ഉപേക്ഷിച്ച്; ബ്രഹ്മചാരിവ്രതേ സ്ഥിതഃ – ശരീരസുഖചിന്ത വെടിഞ്ഞ്; മനഃ സംയമ്യ – ചിത്തം അന്തർമുഖമാക്കി; മച്ചിത്തഃ മത്പരഃ – എന്നിലുറപ്പിച്ച് എന്നെ ധ്യാനിച്ച്; ആസീത – വർത്തിക്കേണ്ടതാണ്.

ആസനസ്ഥിരത നേടിയ യോഗി ദേഹം, തല, കഴുത്ത് എന്നിവ നേരേ സമരേഖയിൽ ചലിക്കാതെ നിറുത്തി ഇരിപ്പിടത്തിൽ നിന്നിളകാതെ തന്റെ മൂക്കിന്റെ അറ്റം സൂക്ഷിച്ചു നോക്കുന്നപോലെ ദൃഷ്ടി ഉറപ്പിച്ചും ദൃഷ്ടി ചുറ്റു

digitized by www.sreyas.in

പാടുകളിലെങ്ങും പതിയാതെ സൂക്ഷിച്ചും മനസ്സിനെ ശാന്തമാക്കി എല്ലാ ഭയവും ഉപേക്ഷിച്ചു ശരീരസുഖചിന്ത വെടിഞ്ഞു ചിത്തം അന്തർമുഖമാക്കി എന്നിലുറപ്പിച്ച് എന്നെ ധ്യാനിച്ചു വർത്തിക്കേണ്ടതാണ്.

## *മത്പരഃ ആസീത*

ആസനസ്ഥിരത നേടിയശേഷം ലൗകികസങ്കൽപ്പങ്ങൾ കൊണ്ടൊന്നും ദേഹം ഇളകാത്തവിധം ആന്തരമായി ശക്തി സംഭരിക്കേണ്ടതാണ്. ആ ശക്തി സംഭരണത്തിനുള്ള ഉപായങ്ങളാണ് ഉടൽ, തല, കഴുത്ത് എന്നിവ നേരേ നേർവരയിൽ നിറുത്തിയുള്ള സ്ഥിതി. ശ്രദ്ധ മാറിപ്പോകാതിരിക്കാനാണു നാസികാഗ്രത്തിലെന്നപോലെ ദൃഷ്ടി ഉറപ്പിക്കണമെന്നു പറഞ്ഞിരിക്കുന്നത്. ഇവിടെ ദൃഷ്ടി നാസികാഗ്രത്തിൽ ഉറപ്പിക്കണമെന്നൊരിക്കലും അർഥം ധരിക്കാൻ പാടില്ല. അങ്ങനെയായാൽ ആത്മാവിനെ കാണുന്നതിനു പകരം മൂക്കിന്റെ അറ്റം കണ്ടുകൊണ്ടിരിക്കാനേ പറ്റൂ. ഇക്കാര്യം ഭാഷ്യത്തിൽ ശങ്കരഭഗവത്പാദർ വളരെ വ്യക്തമാക്കിയിട്ടുണ്ട്. 'സംപ്രേക്ഷ്യ' എന്നിടത്ത് 'പോലെ' എന്ന അർഥത്തിലുള്ള 'ഇവ' ശബ്ദം ലോപിച്ചു പോയിരിക്കുന്നു എന്നു കണക്കാക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നത്. ഈ സ്ഥിതിക്ക് ഇവിടെ 'നാസികാഗ്രം' മൂക്കിന്റെ അറ്റമാണോ ഭ്രൂമധ്യമാണോ എന്നും മറ്റുമുള്ള വാദങ്ങൾ നിരർഥകങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. കൺപോളകൾ ദൃഷ്ടിയുടെ പരിസരം വിട്ടകന്നു പോകരുതെന്നാണു വിവക്ഷ. കൂടെക്കൂടെ ചുറ്റുപാടും നോക്കാനുള്ള കൗതുകം ഉണ്ടാകാം. ആ കൗതുകം നടപ്പാക്കിയാൽ ധ്യാനം ഉറയ്ക്കാതെപോകും. ഭൂതകാലചിന്തകളോ ഭാവികാല ചിന്തകളോ മനസ്സിനെ അലട്ടാനിടയാകരുത്. അതാണു പ്രശാന്താത്മത്വം. ധ്യാനത്തിലിരിക്കുമ്പോൾ തനിക്കോ മറ്റാർക്കെങ്കിലുമോ വല്ല ഉപദ്രവവും സംഭവിച്ചേക്കുമോ എന്ന ഭയം ഒഴിവാക്കലാണു വിഗതഭീത്വം. ശാരീരികസുഖചിന്തകളിലും അതിനായുള്ള വ്യക്തിബന്ധങ്ങളിലും മുഴുകുന്ന മനസ്സിനു ധ്യാനം അസാധ്യമാണ്. അതുകൊണ്ടാണു ബ്രഹ്മചര്യവ്രതം വേണമെന്നു നിഷ്കർഷിച്ചിരിക്കുന്നത്. ഇത്രയുമായാൽ ഇന്ദ്രിയങ്ങളുടെയും ചിത്തത്തിന്റെയും അന്തർമുഖരൂപമായ പ്രത്യാഹാരം അഭ്യസിക്കാം. അതാണു മനസ്സംയമനം. പ്രത്യാഹാരം വശമായാൽപ്പിന്നെ ആത്മഭാവനയോടെ ഉള്ളിൽ ഏതെങ്കിലും ഇടത്തിലോ ഏതെങ്കിലും പ്രതീകത്തിലോ ചിത്തത്തെ പിടിച്ചു നിറുത്താം. ഇതാണു ധാരണ അഥവാ മച്ചിത്തത്വം. തുടർന്നു തൈലധാരപോലെ ആത്മാവിൽ അഥവാ ധ്യേയവസ്തു

digitized by www.sreyas.in

വിൽ ഇടമുറിയാതെയുള്ള സ്മരണ സംഭവിക്കും. അതാണു ധ്യാനം അഥവാ മത്പരത്വം. ഈ ക്രമം ശീലിച്ചാൽ യോഗാങ്ഗമായി പറയപ്പെടുന്ന പ്രാണായാമം സ്വാഭാവികമായി സംഭവിച്ചുകൊള്ളും. അതുകൊണ്ടായിരിക്കണം ഭഗവാൻ അതെടുത്തു പറയാത്തത്.

ക്രമമായി മനസ്സിനെ ധ്യാനനിഷ്ഠയിലുറപ്പിക്കേണ്ട വിധം വിവരിച്ചശേഷം ധ്യാനനിഷ്ഠമാകുന്ന മനസ്സ് അചിരേണ ആത്മസുഖാനുഭവത്തിനു യോഗ്യമായിത്തീരുമെന്നാണ് ഇനി ഭഗവാൻ വിവരിക്കുന്നത്:

*15. യുഞ്ജന്നേവം സദാത്മാനം യോഗീ നിയതമാനസഃ*
*ശാന്തിം നിർവാണപരമാം മത്സംസ്ഥാമധിഗച്ഛതി*

**ഏവം** - ഇപ്രകാരം; സദാത്മാനം - സത്യമായ ആത്മവസ്തുവിനെ; യുഞ്ജൻ - ധ്യാനപരിശീലനത്തിൽ കൂടി കണ്ടെത്താൻ ശ്രമിക്കുന്ന; നിയതമാനസഃ **യോഗീ** - ലക്ഷ്യബോധം ഉറപ്പുവന്ന യോഗി; മത്സംസ്ഥാം - ബ്രഹ്മനിഷ്ഠമായ; നിർവാണപരമാം ശാന്തിം - മോക്ഷാനുഭവത്തിനുതകുന്ന ശാന്തിയെ; അധിഗച്ഛതി - പ്രാപിക്കുന്നു.

ഇപ്രകാരം സത്യമായ ആത്മവസ്തുവിനെ ധ്യാനപരിശീലനത്തിൽക്കൂടി കണ്ടെത്താൻ ശ്രമിക്കുന്ന ലക്ഷ്യബോധം ഉറപ്പുവന്ന യോഗി ബ്രഹ്മനിഷ്ഠമായ മോക്ഷാനുഭവത്തിനുതകുന്ന ശാന്തിയെ പ്രാപിക്കുന്നു.

## നിർവാണപരമാം ശാന്തിം

ബാഹ്യവിഷയങ്ങളിലാണു സുഖമെന്നു ഭ്രമിച്ചുകൊണ്ടിരുന്ന മനസ്സാണല്ലോ പ്രത്യാഹരിക്കപ്പെട്ട് ആത്മഭാവനയിലുറച്ചു ധ്യാനനിഷ്ഠമാകുന്നത്. ധ്യാനം അനുസ്യൂതമാകുന്നതോടെ നിരപേക്ഷമായ പ്രസന്നതയും ശാന്തിയും ഉള്ളിൽ പ്രകാശിക്കാൻ തുടങ്ങും. പുറമേ ഒന്നിനെയും ആശ്രയിക്കാതെ തന്നെ അസാധാരണമായ ശാന്തിക്കുറവിടമായ ഒരു വസ്തു ഉള്ളിലുണ്ടെന്നാണല്ലോ ഇതു തെളിയിക്കുന്നത്. വസ്തുവിചാരം ചെയ്തു ലക്ഷ്യബോധം ഉറച്ചിട്ടുള്ളയാൾക്ക് ഇങ്ങനെ അനുഭവപ്പെടുന്ന ഹൃദയശീതളതയിൽക്കൂടി ആത്മസാന്നിധ്യം വ്യക്തമായി അനുഭവപ്പെടും. അന്തഃശീതളതയിൽക്കൂടിയുള്ള ആത്മാനുഭവം തന്നെയാണു സമാധി. സമാധിനിഷ്ഠമാകുന്ന മനസ്സ് സിദ്ധാന്തപരമായി നേരത്തേ ധരിച്ചിരുന്ന ആത്മവസ്തുവിനെ അനുഭവിച്ചറിയുകയും ബ്രഹ്മാനന്ദത്തിന്റെ ഉറവിടം കണ്ടെത്തുകയും ചെയ്യുന്നു. ഇതുതന്നെയാണു നിർവാണപരമായ ശാന്തി. ധ്യാനം സമാധിയിലേക്കും സമാധി ബ്രഹ്മസാക്ഷാൽക്കാരത്തിലേക്കും വഴി തെളിക്കുന്നു

digitized by www.sreyas.in

എന്നു താൽപ്പര്യം.

ധ്യാനപരിശീലന രൂപത്തിലുള്ള യോഗം അഭ്യസിക്കുന്നവർ വേണ്ടുവോളമുണ്ട്. പക്ഷേ, പലർക്കും ചിരകാലം അഭ്യസിച്ചിട്ടും അതു സമാധിയിലോ ബ്രഹ്മസാക്ഷാൽക്കാരത്തിലോ ചെന്നു കലാശിക്കുന്നതായി കാണുന്നില്ല. അതിനു കാരണം ജീവിതത്തിന്റെ ചിട്ടയില്ലായ്മയാണ്. ധ്യാനയോഗം സമാധിയായും ബ്രഹ്മാനുഭവമായും കലാശിക്കണമെങ്കിൽ ജീവിതത്തിനാകെ ചില ചിട്ടപ്പെടുത്തലുകൾ ആവശ്യമാണ്. അതെന്തൊക്കെയാണെന്നാണു ഭഗവാൻ അടുത്ത രണ്ടു പദ്യങ്ങളിൽ വിവരിക്കുന്നത്:

*16. നാത്യശ്നതസ്തു യോഗോഽസ്തി ന ചൈകാന്തമനശ്നതഃ*
*ന ചാതിസ്വപ്നശീലസ്യ ജാഗ്രതോ നൈവ ചാർജുന*

അർജുന - അല്ലയോ അർജുനാ; അത്യശ്നതഃ - വേണ്ടതിലധികം ഭക്ഷിക്കുന്നവന്; യോഗഃ ന തു അസ്തി - ധ്യാനസ്ഥിരത ഉണ്ടാകുന്നില്ല; ഏകാന്തം അനശ്നതഃ ച ന - ദീർഘസമയം പട്ടിണി കിടക്കുന്നവനും അതുണ്ടാകുന്നില്ല; അതിസ്വപ്നശീലസ്യ ച ന - ആവശ്യത്തിൽ കവിഞ്ഞ് ഉറങ്ങുന്നവനും യോഗം സാധ്യമല്ല; ജാഗ്രതഃ ച ന ഏവ - വേണ്ടതിലധികം ഉണർന്നിരിക്കുന്നവനും അതു സാധ്യമല്ല തന്നെ.

അല്ലയോ അർജുനാ, വേണ്ടതിലധികം ഭക്ഷിക്കുന്നവനു ധ്യാനസ്ഥിരത ഉണ്ടാകുന്നില്ല; ദീർഘസമയം പട്ടിണി കിടക്കുന്നവനും അതുണ്ടാകുന്നില്ല. ആവശ്യത്തിൽ കവിഞ്ഞ് ഉറങ്ങുന്നവനും യോഗം സാധ്യമല്ല; വേണ്ടതിലധികം ഉണർന്നിരിക്കുന്നവനും അതു സാധ്യമല്ല തന്നെ.

പിന്നെ ആർക്കാണു യോഗം ഫലിക്കുന്നതെന്നു ഭഗവാൻ അടുത്ത പദ്യത്തിൽ സംഗ്രഹിച്ചു പ്രതിപാദിക്കുന്നു:

*17. യുക്താഹാരവിഹാരസ്യ യുക്തചേഷ്ടസ്യ കർമസു*
*യുക്തസ്വപ്നാവബോധസ്യ യോഗോ ഭവതി ദുഃഖഹാ*

യുക്താഹാരവിഹാരസ്യ - ലക്ഷ്യം മറക്കാതെ ആവശ്യത്തിനുമാത്രം ഭക്ഷിക്കുന്നവനും വാസനാക്ഷയം മുൻനിറുത്തി ന്യായമായി മാത്രം ലോകസുഖങ്ങളിൽ ഏർപ്പെടുന്നവനും; കർമസു യുക്തചേഷ്ടസ്യ - സ്വധർമമായ കർമം ലക്ഷ്യബോധത്തോടെ യജ്ഞരൂപത്തിൽ നിർവഹിക്കുന്നവനും; യുക്തസ്വപ്നാവബോധസ്യ - വേണ്ടിടത്തോളം മാത്രം ഉറങ്ങുന്നവനും ഉണർന്നിരിക്കുന്നവനുമായ സാധകന്; യോഗഃ - ധ്യാനം; ദുഃഖഹാ ഭവതി - എല്ലാ ദുഃഖങ്ങളെയും ശമിപ്പിക്കുന്ന സമാധ്യനുഭവമായി പരിണമിക്കുന്നു.

digitized by www.sreyas.in

ലക്ഷ്യം മറക്കാതെ ആവശ്യത്തിനു മാത്രം ഭക്ഷിക്കുന്നവനും വാസനാക്ഷയം മുൻനിറുത്തി ന്യായമായി മാത്രം ലോകസുഖങ്ങളിൽ ഏർപ്പെടുന്നവനും സ്വധർമ്മമായ കർമം ലക്ഷ്യബോധത്തോടെ യജ്ഞരൂപത്തിൽ നിർവഹിക്കുന്നവനും വേണ്ടിടത്തോളം മാത്രം ഉറങ്ങുന്നവനും ഉണർന്നിരിക്കുന്നവനുമായ സാധകനു ധ്യാനം എല്ലാ ദുഃഖങ്ങളെയും ശമിപ്പിക്കുന്ന സമാധ്യനുഭവമായി പരിണമിക്കുന്നു.

## *യോഗോ ഭവതി ദുഃഖഹാ*

മനുഷ്യന്റെ എല്ലാ ചലനങ്ങളും ആത്മസംതൃപ്തി അഥവാ സുഖം അനുഭവിക്കാനുള്ള യത്നങ്ങളാണ്. വസ്തുസ്ഥിതിയെക്കുറിച്ചും ഭൂതഭാവികളെക്കുറിച്ചുമുള്ള അജ്ഞത നിമിത്തം താൽക്കാലികമായുണ്ടാകുന്ന ഒരനുഭവമാണു ദുഃഖം. ധ്യാനം സമാധിയായി മാറി വസ്തുവായ ആത്മാവു തെളിയുകയും അനന്തസുഖമാണ് ആത്മസ്വരൂപമെന്ന് അനുഭവിക്കുകയും ചെയ്യുന്നതോടെ കൃത്രിമമായ എല്ലാ ദുഃഖാനുഭവങ്ങളും എന്നെന്നേക്കുമായി യോഗിയെ വിട്ടകലുന്നു. അതുകൊണ്ടാണു ഭഗവാൻ സമാധിയെ 'ദുഃഖഹാ' എന്നു വിശേഷിപ്പിച്ചിരിക്കുന്നത്.

യോഗം സമാധിയിലെത്തുന്നതോടെ ആത്മാനന്ദാനുഭവം സംശയാതീതമായിത്തീരുന്നു. തുടർന്നു കൂടുതൽ കൂടുതൽ ആത്മസുഖാനുഭവത്തിൽ മുഴുകാൻ യോഗിചിത്തം തയ്യാറാകുന്നു. വ്യവഹാരദശയിൽപ്പോലും അദ്ദേഹത്തിന്റെ സുഖാനുഭവം ആത്മാശ്രയമായി ഭവിക്കുന്നു. ഇങ്ങനെ ആരുടെ ചിത്തമാണോ ആത്മാവിൽ സ്ഥിരപ്രതിഷ്ഠമായിത്തീരുന്നത് അദ്ദേഹം 'യുക്ത'നെന്നറിയപ്പെടുന്നു എന്നാണു ഭഗവാൻ തുടർന്നു പറയുന്നത്:

*18. യദാ വിനിയതം ചിത്തമാത്മന്യേവാവതിഷ്ഠതേ*
*നിസ്പൃഹഃ സർവകാമേഭ്യോ യുക്ത ഇത്യുച്യതേ തദാ*

യദാ - ധ്യാനം സമാധിയിലെത്തി എപ്പോഴാണോ; വിനിയതം ചിത്തം - ആത്മാനന്ദാനുഭവത്തിൽ മുഴുകിയ ചിത്തം; ആത്മനി ഏവ അവതിഷ്ഠതേ - ആത്മാനുഭവത്തിൽത്തന്നെ എല്ലായ്പ്പോഴും ഉറച്ചുനിൽക്കുവാൻ കരുത്തുള്ളതായിത്തീരുന്നത്; തദാ - അപ്പോൾ; സർവകാമേഭ്യഃ നിസ്പൃഹഃ - എല്ലാ ലൗകിക സുഖേച്ഛകളിൽ നിന്നും മുക്തനായിത്തീരുന്ന സത്യനിഷ്ഠൻ; യുക്തഃ ഇതി ഉച്യതേ - 'യുക്തൻ' എന്നു പറയപ്പെടുന്നു.

ധ്യാനം സമാധിയിലെത്തി എപ്പോഴാണോ ആത്മാനുഭവത്തിൽ

digitized by www.sreyas.in

മുഴുകിയ ചിത്തം ആത്മാനുഭവത്തിൽത്തന്നെ എല്ലായ്പ്പോഴും ഉറച്ചുനിൽക്കുവാൻ കരുത്തുള്ളതായിത്തീരുന്നത് അപ്പോൾ എല്ലാ ലൗകികസുഖേച്ഛകളിൽ നിന്നും മുക്തനായിത്തീരുന്ന സത്യനിഷ്ഠൻ 'യുക്തൻ' എന്നു പറയപ്പെടുന്നു.

*യുക്ത ഇത്യുച്യതേ തദാ*

യോഗാരൂഢൻ തന്നെയാണു യുക്തൻ. സ്ഥിതപ്രജ്ഞൻ, ജീവന്മുക്തൻ, യുക്തൻ, യോഗാരൂഢൻ ഇവയെല്ലാം പര്യായശബ്ദങ്ങൾ തന്നെ. ധ്യാനാഭ്യാസം പാകപ്പെടുന്നതാണു സമാധി. സമാധി അഭ്യസിച്ചു പാകപ്പെടുന്നതോടെ സമാധിയിൽ നിരന്തരമായ ആത്മാനന്ദാനുഭവത്തിനു വഴിതെളിയുന്നു. ഇതാണു ചിത്തത്തിന്റെ വിനിയമനം. ഇതു സാധിച്ചാൽ വ്യുത്ഥാനദശയിലെ ലോകവ്യവഹാരവേളകളിലും സർവത്ര ബ്രഹ്മദർശനവും സദാ ആത്മസുഖവും സ്വായത്തമാകുന്നു. അതാണു ചിത്തത്തിന്റെ ആത്മാവിൽത്തന്നെയുള്ള അവസ്ഥിതി. ഈ അത്മാവസ്ഥിതിയുടെ ഫലമാണു സർവകാമങ്ങളിൽ നിന്നുമുള്ള നിസ്പൃഹത്വം. ഇതുതന്നെയാണു യോഗാരൂഢ സ്ഥിതി.

ഇങ്ങനെ യോഗാരൂഢസ്ഥിതി നിർവചിച്ചശേഷം ഭഗവാൻ ഇനി ഇരുപത്തെട്ടാം പദ്യംവരെ യോഗാരൂഢസ്ഥിതി നേടാനുള്ള ഉപായങ്ങളായ സവികൽപ്പനിർവികൽപ്പ സമാധികളെ വിശദമായി വിവരിക്കാനൊരുമ്പെടുകയാണ്. ഇതിൽ പത്തൊൻപതു മുതൽ ഇരുപത്തിമൂന്നു വരെയുള്ള അഞ്ചു പദ്യങ്ങളിൽ സവികൽപ്പ സമാധിയുടെ വിവരണമാണ്. കഴിവുള്ളിടത്തോളം വേദാന്തശാസ്ത്ര പ്രസിദ്ധങ്ങളായ സാങ്കേതിക പദങ്ങൾ ഒഴിവാക്കുന്ന കാര്യത്തിൽ ഗീത പ്രതിജ്ഞാബദ്ധയാണ്. അതുകൊണ്ടു സമാധികളുടെ സാങ്കേതികനാമങ്ങൾ ഭഗവാൻ പറഞ്ഞിട്ടില്ലെന്നേയുള്ളു. സവികൽപ്പസമാധിയിൽ എത്തിനിൽക്കുന്ന യോഗിയുടെ ചിത്തത്തിന്റെ സ്വരൂപമാണു ഭഗവാൻ ദൃഷ്ടാന്തസഹിതം അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:

*19. യഥാ ദീപോ നിവാതസ്ഥോ നേംഗതേ സോപമാ സ്മൃതാ*
*യോഗിനോ യതചിത്തസ്യ യുഞ്ജതോ യോഗമാത്മനഃ*

നിവാതസ്ഥഃ ദീപഃ - കാറ്റില്ലാത്തിടത്തു കത്തിജ്വലിക്കുന്ന ദീപം; യഥാ ന ഇംഗതേ - എപ്രകാരമാണോ ചലിക്കാതെ പ്രകാശിക്കുന്നത്; ആത്മനഃ യോഗം യുഞ്ജതഃ - ആത്മാവിൽ എത്തിച്ചേർന്നു സുഖിക്കുന്ന; യോഗിനഃ - യോഗി

digitized by www.sreyas.in

യുടെ; യതചിത്തസ്യ - ഏകാഗ്രചിത്തത്തിന്; സാ ഉപമാ സ്മൃതാ - അതു ദൃഷ്ടാന്തമായി കരുതാം.

കാറ്റില്ലാത്തിടത്തു കത്തിജ്വലിക്കുന്ന ദീപം എപ്രകാരമാണോ ചലിക്കാതെ പ്രകാശിക്കുന്നത്, ആത്മാവിൽ എത്തിച്ചേർന്നു സുഖിക്കുന്ന യോഗിയുടെ ഏകാഗ്രചിത്തത്തിന് അതു ദൃഷ്ടാന്തമായി കരുതാം.

## *യഥാ ദീപോ നിവാതസ്ഥോ*

ബുദ്ധി ബുദ്ധിയായി മാറിനിന്നുകൊണ്ട് ആത്മസുഖം അനുഭവിക്കുന്നതാണു സവികൽപ്പസമാധി. ബുദ്ധിയും ബോധത്തിൽ അലിഞ്ഞുചേർന്നു സുഖരൂപം കൈക്കൊണ്ട് അഭിന്നമായിത്തീരുന്നതാണു നിർവികൽപ്പസമാധി. സവികൽപ്പത്തിൽ അറിയുന്ന ബുദ്ധിയും അറിയപ്പെടുന്ന ആത്മാവും ഇങ്ങനെ രണ്ടുണ്ടാവും. നിർവികൽപ്പത്തിൽ അനുഭവസ്വരൂപമായി ആത്മാവുമാത്രം അവശേഷിക്കും. സവികൽപ്പസമാധിയുടെ അന്ത്യഘട്ടമാണു പ്രസ്തുത ശ്ലോകത്തിൽ വിവരിക്കുന്നത്. അറിയുന്ന ബുദ്ധിയും അറിയപ്പെടുന്ന ആത്മാവും ഇങ്ങനെ രണ്ടെണ്ണം മാത്രം ശേഷിക്കുന്നതാണ് ആ അന്ത്യഘട്ടം. അതിനു മുൻപു പലതരം രൂപങ്ങളും നാമങ്ങളും ഇടകലർന്നുള്ള ആത്മാനുഭവങ്ങൾ സവികൽപ്പസമാധിയുടെ ആരംഭഘട്ടത്തിൽ സംഭവിക്കാം. അത്തരം നാമരൂപങ്ങളെല്ലാം അകന്ന് ആത്മപ്രകാശംകൊണ്ടു നിറഞ്ഞ ചിത്തവും ആത്മാനന്ദവും മാത്രം അവശേഷിക്കും. പ്രകാശമയമായ 'ഞാൻ' എന്ന അഹംബോധമാണ് ഈ ചിത്തത്തിന്റെ സ്വരൂപം. ഞാൻ അതിരറ്റ ആത്മാനന്ദത്തിന്റെ അംശമാണ് എന്നത്രേ അനുഭവം. തേനിൽ പറ്റിനിന്ന് അതാസ്വദിക്കുന്ന വണ്ടിനെപ്പോലെ ആത്മാനന്ദത്തിൽ പറ്റിനിന്നു സുഖം അനുഭവിക്കുന്ന ഈ ചിത്തം സത്വഗുണപ്രകാശംകൊണ്ടു ദീപ്തമായിരിക്കും. അതുകൊണ്ടാണതിനെ ദീപത്തോടുപമിച്ചിരിക്കുന്നത്. ആത്മാനന്ദത്തിൽ മുഴുകിയിരിക്കുന്നതുകൊണ്ട് അത് അചഞ്ചലവും ആയിരിക്കും. അതുകൊണ്ടാണു കാറ്റില്ലാത്തിടത്തു കത്തിച്ചുവച്ച ദീപംപോലെ ചലിക്കാത്തത് എന്നു വിവരിച്ചിരിക്കുന്നത്. ചിത്തത്തിന്റെ ഈ വേർപെട്ട നിലകൂടി അവസാനിക്കുന്നതാണു നിർവികൽപ്പം.

സവികൽപ്പസമാധിയുടെ പരമകാഷ്ഠയിലുള്ള ചിത്തത്തിന്റെ സ്വരൂപം വിവരിച്ചശേഷം അവിടത്തെ അനുഭവത്തിന്റെ സ്വരൂപം വിവരിക്കുകയാണു ഭഗവാൻ അടുത്ത പദ്യങ്ങളിൽ:

digitized by www.sreyas.in

*20. യത്രോപരമതേ ചിത്തം നിരുദ്ധം യോഗസേവയാ*
*യത്ര ചൈവാത്മനാത്മാനം പശ്യന്നാത്മനി തുഷ്യതി*

യത്ര - ഏതൊരു സമാധ്യനുഭവത്തിലാണോ; യോഗസേവയാ - ധ്യാനാഭ്യാസപാടവംകൊണ്ട്; നിരുദ്ധം ചിത്തം - വിഷയഗ്രഹണം തടഞ്ഞ് അന്തർമുഖമാക്കി ഉറപ്പിക്കപ്പെട്ട ചിത്തം; ഉപരമതേ - ആത്മാവിൽ പറ്റിനിന്നാനന്ദിക്കുന്നത്; യത്ര ച ഏവ - ഏതൊരു സമാധ്യനുഭവത്തിൽതന്നെയാണോ; ആത്മനാ - ആ ചിത്തം കൊണ്ട്; ആത്മാനം പശ്യൻ - ബോധാനന്ദസ്വരൂപമായ ആത്മാവിനെ കണ്ടറിഞ്ഞ്; ആത്മനി തുഷ്യതി - ആത്മാവിൽ സന്തോഷിക്കുന്നത് (അതാണു യോഗം).

ഏതൊരു സമാധ്യനുഭവത്തിലാണോ ധ്യാനാഭ്യാസപാടവംകൊണ്ടു വിഷയഗ്രഹണം തടഞ്ഞ് അന്തർമുഖമാക്കി ഉറപ്പിക്കപ്പെട്ട ചിത്തം ആത്മാവിൽ പറ്റിനിന്നാനന്ദിക്കുന്നത്, ഏതൊരു സമാധ്യനുഭവത്തിൽത്തന്നെയാണോ ആ ചിത്തംകൊണ്ടു ബോധാനന്ദസ്വരൂപമായ ആത്മാവിനെ കണ്ടറിഞ്ഞു സന്തോഷിക്കുന്നത് (അതാണു യോഗം).

## *നിരുദ്ധം യോഗസേവയാ*

ത്രിഗുണാത്മകമായ ചിത്തത്തിന് അഞ്ചു സ്ഥിതി വിശേഷങ്ങളാണുള്ളത്. ക്ഷിപ്തം, മൂഢം, വിക്ഷിപ്തം, ഏകാഗ്രം, നിരുദ്ധം ഇവയാണാ സ്ഥിതിവിശേഷങ്ങൾ. രജോഗുണപ്രധാനമായ ചിത്തം ഭൗതിക സുഖമോഹങ്ങളിൽപ്പെട്ടു സദാ ചലിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണ് ക്ഷിപ്താവസ്ഥ. തമോഗുണപ്രധാനമായ ചിത്തം വിഷാദത്തിലാണ്ട് അലസമായി വർത്തിക്കുന്നതാണു മൂഢാവസ്ഥ. ഈ രണ്ടവസ്ഥയിലും ചിത്തം സത്യാനുഭവത്തിനു തീരെ അസമർഥമാണ്. രജസ്തമസ്സുകൾ കുറഞ്ഞു സത്വഗുണം കൂടിവരുന്നതോടെ ചിലപ്പോഴൊക്കെ ഏകാഗ്രപ്പെടാനും ഉള്ളിൽ സുഖവും ശാന്തിയും കണ്ടെത്താനും സമർഥമായിത്തീരുന്ന ചിത്തമാണു വിക്ഷിപ്തം. വിക്ഷിപ്താവസ്ഥയിൽ ചിത്തം കുറെയൊക്കെ സത്യാനുഭവത്തിനു കഴിവുറ്റതായിത്തീരുന്നു. രജസ്തമസ്സുകൾ പാടേ മാറി സത്വഗുണപൂർണമാകുന്നതോടെ ചിത്തം സദാ ആത്മസത്തയിൽ ഏകാഗ്രപ്പെട്ടുറയ്ക്കുന്നു. ഇതാണേകാഗ്രചിത്തം. നിരന്തര സത്യബോധമാണ് ഈ ചിത്തത്തിന്റെ പ്രത്യേകത. എല്ലാ സങ്കൽപ്പ തരംഗങ്ങളും ശമിക്കുന്നതോടെ ആത്മസ്വരൂപത്തിൽ അലിഞ്ഞുചേർന്ന് അതായിത്തീരുന്ന ചിത്തമാണ് നിരുദ്ധചിത്തം. ഇവിടെ ചിത്തം വൃത്തിരൂപം വെടിഞ്ഞു സത്യമായി മാറുന്നു. ചിത്തം പൂർണമായും

digitized by www.sreyas.in

നിരുദ്ധമാകുന്നതാണു നിർവികൽപ്പസമാധി. എന്നാൽ ഭഗവാൻ ഇവിടെ പ്രയോഗിച്ചിരിക്കുന്ന നിരുദ്ധ പദം സവികൽപ്പദശയുടെ അന്ത്യഘട്ടത്തിലെത്തി നിൽക്കുന്ന ചിത്തത്തെയാണ് അർഥമാക്കുന്നത്. പൂർണമായ നിരുദ്ധാവസ്ഥയുടെ പടിക്കലെത്തി നിൽക്കുന്നതുകൊണ്ടാണ് ഇതിനെയും നിരുദ്ധമെന്നു വ്യവഹരിച്ചിരിക്കുന്നത്. യോഗസേവ അഥവാ ധ്യാനാഭ്യാസമാണ് ഈ നിരുദ്ധാവസ്ഥ കൈവരുത്തുന്ന ഉപായം.

## *ആത്മനാത്മാനം പശ്യൻ*

ഇവിടെ ആദ്യത്തെ ആത്മപദംകൊണ്ട് ഏകാഗ്രപ്പെട്ട ചിത്തത്തെയാണർഥമാക്കുന്നത്. രണ്ടാമത്തെ ആത്മപഥം ബോധാനന്ദസ്വരൂപമായ വസ്തുതത്വത്തെയും ചിത്തം ചിത്തമായി മാറിനിന്നുകൊണ്ട് ആത്മാനുഭവത്തിൽ മുഴുകുന്ന സവികൽപ്പസമാധിയുടെ അന്ത്യദശയാണിത്. ഞാൻ വ്യക്തമായി ആത്മാവിനെ കണ്ടറിഞ്ഞ് ആനന്ദിക്കുന്നു എന്നാണ് ഇവിടത്തെ അനുഭവം. ഞാനും ആത്മാവും ഒഴിച്ച് മറ്റൊന്നും തന്നെ ഇവിടെ അനുഭവ വിഷയമാകുന്നില്ല. അറിവും ആനന്ദവും പൂർണമാകുന്നതു തന്നെയാണിവിടത്തെ അതിരറ്റ സന്തോഷം.

ഇവിടത്തെ സുഖാനുഭവത്തിന്റെ വിശദരൂപമാണിനി പ്രതിപാദിക്കുന്നത്:

*21. സുഖമാത്യന്തികം യത്തദ് ബുദ്ധിഗ്രാഹ്യമതീന്ദ്രിയം*
*വേത്തി യത്ര ന ചൈവായം സ്ഥിതശ്ചലതി തത്വതഃ*

യത്ര ച - ഏതൊരു സമാധ്യനുഭവത്തിലാണോ; അയം - യോഗി; യത് അതീന്ദ്രിയം - ഇന്ദ്രിയങ്ങൾക്ക് അനുഭവിക്കാൻ കഴിയാത്തതും; ബുദ്ധിഗ്രാഹ്യം - എന്നാൽ ഏകാഗ്രപ്പെടുന്ന സൂക്ഷ്മബുദ്ധിക്കു വ്യക്തമായി അനുഭവിക്കാൻ കഴിയുന്നതുമായ; തത് ആത്യന്തികം സുഖം - അനന്തസുഖം; വേത്തി - അനുഭവിച്ചറിയുന്നത്. സ്ഥിതഃ - ഈ സുഖാനുഭവത്തിൽ എത്തി നിൽക്കുന്ന യോഗി; തത്വതഃ - തത്വാനുഭവത്തിൽ നിന്ന്; ന ചലതി - പിന്നെ ഒരിക്കലും വഴുതി മാറിപ്പോകാനിടയില്ലാത്തത് (അതാണു യോഗം).

ഏതൊരു സമാധ്യനുഭവത്തിലാണോ യോഗി ഇന്ദ്രിയങ്ങൾക്ക് അനുഭവിക്കാൻ കഴിയാത്തതും എന്നാൽ ഏകാഗ്രപ്പെടുന്ന സൂക്ഷ്മബുദ്ധിക്കു വ്യക്തമായി അനുഭവിക്കാൻ കഴിയുന്നതുമായ അനന്തസുഖം അനുഭവിച്ച

digitized by www.sreyas.in

റിയുന്നത്; ഈ സുഖാനുഭവത്തിൽ എത്തി നിൽക്കുന്ന യോഗി തത്വാനുഭവത്തിൽ നിന്നു പിന്നെ ഒരിക്കലും വഴുതി മാറിപ്പോകാനിടയില്ലാത്തത് (അതാണു യോഗം).

## ബുദ്ധിഗ്രാഹ്യം

ബോധാനന്ദസ്വരൂപമായ ആത്മാവ് അന്തർമുഖമായി ഏകാഗ്രപ്പെടുന്ന സൂക്ഷ്മബുദ്ധിക്കു മാത്രമേ അനുഭവവിഷയമാകുന്നുള്ളു. സ്ഥൂലപദാർഥങ്ങളെ ഗ്രഹിക്കാനുള്ള ഉപകരണങ്ങളായ ഇന്ദ്രിയങ്ങൾക്കൊന്നും ആ സത്യം ഗോചരമായി ഭവിക്കുന്നില്ല. സൂക്ഷ്മബുദ്ധിയാൽ വ്യക്തമായി ഗ്രഹിക്കപ്പെടാവുന്നതാണ് എന്ന് ഉപനിഷത്തുകളും വെളിപ്പെടുത്തിയിട്ടുണ്ട്. ഇന്ദ്രിയങ്ങൾക്കനുഭവപ്പെടാത്തതുകൊണ്ട് ആത്മാവില്ലെന്നു വാദിക്കുന്ന മന്ദബുദ്ധികൾ ഉപനിഷത് സമ്മതമായ ഗീതയുടെ ഈ പ്രഖ്യാപനം കഴിയുമെങ്കിൽ ശ്രദ്ധിക്കുകയും പരീക്ഷിച്ചു നോക്കുകയും വേണ്ടതാണ്. വിഷയങ്ങൾപോലും എല്ലാം എല്ലാ ഇന്ദ്രിയങ്ങൾക്കും അനുഭവിക്കാവുന്നവയല്ല. ഒരു വിഷയം ഒരിന്ദ്രിയത്തിനു മാത്രമേ അനുഭവിക്കാൻ പറ്റൂ. രൂപത്തെ കണ്ണു മാത്രമേ അനുഭവിക്കുന്നുള്ളു, മറ്റിന്ദ്രിയങ്ങൾ അനുഭവിക്കാത്തതുകൊണ്ടു രൂപം ഇല്ലെന്നാരെങ്കിലും വാദിക്കാറുണ്ടോ? അതുപോലെ അനന്തസുഖസ്വരൂപമായ ആത്മാവ് അന്തർമുഖമായി ഏകാഗ്രപ്പെടുന്ന സൂക്ഷ്മബുദ്ധിക്കു മാത്രമേ തെളിഞ്ഞുകിട്ടൂ. ആത്മസാക്ഷാൽക്കാരം പൂർണമാകുന്നതു ബുദ്ധിയും ബോധപൂർവം പാടേ തിരോധാനം ചെയ്യുമ്പോഴാണ്. എന്നാൽ ബുദ്ധിക്കു ബുദ്ധിയായി മാറിനിന്നുകൊണ്ടു തന്നെ പല തലത്തിൽ കൂടിയും കുറഞ്ഞും ആത്മസ്വരൂപം കണ്ടെത്താവുന്നതാണ്. ശ്രദ്ധാലുവായ ഒരു സാധകനു ലഘുവായ ഒരു കാലഘട്ടം കൊണ്ടുതന്നെ ധ്യാനമഭ്യസിച്ചു ബുദ്ധികൊണ്ടുള്ള ആത്മാനുഭവത്തിന്റെ പ്രാരംഭദശകളിൽ എത്തിച്ചേരാവുന്നതാണ്.

## തത്വതഃ ന ചലതി

ബുദ്ധികൊണ്ടു സമാധിവേളയിൽ വസ്തുതത്വം ഒരിക്കൽ വ്യക്തമായി അനുഭവിച്ചറിയാൻ ഭാഗ്യം ലഭിക്കുന്ന യോഗി പിന്നെ ഒരിക്കലും ആ തത്വാനുഭവത്തിൽ നിന്നു പാടേ വഴുതിപ്പോകുന്നില്ല. വസ്തുപ്രത്യക്ഷം ഒരിക്കലുണ്ടായാൽപ്പിന്നെ ഒരു കാരണവശാലും ആ അനുഭവം നഷ്ടപ്പെടുന്നതല്ല; ഇതാണു നിയമം. പ്രത്യക്ഷാനുഭവത്തിലെത്തുന്ന വസ്തുവിന്റെ

75-2006 22

digitized by www.sreyas.in

തുടർന്നുള്ള അനുഭവം പിന്നെ ആ വസ്തുവിന്നധീനമാണ്; അല്ലാതെ അനുഭവിക്കുന്നയാളിന്നധീനമല്ല. അതായത് അനുഭവിക്കുന്നയാൾ പിന്നെ ആ അനുഭവം വേണ്ടെന്നുവച്ചാൽപ്പോലും പാടേ തള്ളിക്കളയാൻ പറ്റില്ല എന്നു താൽപ്പര്യം. അതുകൊണ്ടു ജ്ഞാനാഗ്നി ജ്വലിക്കാനാരംഭിച്ചു കഴിഞ്ഞാൽപ്പിന്നെ അത് അജ്ഞാനേന്ധനം മുഴുവൻ കത്തിയെരിയുന്നതുവരെ പടർന്നു പെരുകിക്കൊണ്ടേയിരിക്കും. അജ്ഞാനേന്ധനം മുഴുവൻ എരിഞ്ഞു കഴിഞ്ഞാൽ അതു പൂർണമായി സ്വയം പ്രകാശിച്ചു വിലസുകയും ചെയ്യും.

ആത്മലാഭംകൊണ്ടുണ്ടാകുന്ന ജീവിതധന്യതയുടെ സ്വരൂപമാണിനി വിവരിക്കുന്നത്;

*22. യം ലബ്ധ്വാ ചാപരം ലാഭം മന്യതേ നാധികം തതഃ*
*യസ്മിൻ സ്ഥിതോ ന ദുഃഖേന ഗുരുണാപി വിചാല്യതേ*

യം - ഏതൊരാത്മസ്വരൂപം; ലബ്ധ്വാ - സാക്ഷാൽക്കരിച്ചാൽ; അപരം ലാഭം - മറ്റൊരു നേട്ടവും; തതഃ - അതിനേക്കാൾ; അധികം ന മന്യതേ - മെച്ചപ്പെട്ടതാണെന്നു കരുതാൻ ഇടയില്ലയോ; യസ്മിൻ സ്ഥിതഃ ച - ഏതൊരാത്മാനുഭവത്തിൽ കഴിഞ്ഞുകൂടുന്നവനാണോ; ഗുരുണാ ദുഃഖേന അപി - എത്ര വലിയ ലൗകിക ദുഃഖംകൊണ്ടും; ന വിചാല്യതേ - തളർന്നുപോകാൻ ഇടയില്ലാത്തത് (അതാണു യോഗം).

ഏതൊരാത്മസ്വരൂപം സാക്ഷാൽക്കരിച്ചാൽ മറ്റൊരു നേട്ടവും അതിനേക്കാൾ മെച്ചപ്പെട്ടതാണെന്നു കരുതാൻ ഇടയില്ലയോ ഏതൊരാത്മാനുഭവത്തിൽ കഴിഞ്ഞുകൂടുന്നവനാണോ എത്ര വലിയ ലൗകിക ദുഖംകൊണ്ടും തളർന്നുപോകാൻ ഇടയില്ലാത്തത് (അതാണു യോഗം).

## *നാധികം തതഃ*

ആത്മലാഭം വിഷയലാഭം പോലെയല്ല. വിഷയലാഭം താൽക്കാലികമായി മാത്രമേ തൃപ്തി തരുന്നുള്ളു. ആത്മലാഭമാകട്ടെ എന്നെന്നേക്കുമായി ജീവിതത്തെ സംതൃപ്തമാക്കിത്തീർക്കുന്നു. ലബ്ധമായ വിഷയത്തെ കേടുകൂടാതെ സൂക്ഷിക്കുവാൻ തുടർന്നു ക്ലേശിക്കേണ്ടിയിരിക്കുന്നു. എത്ര സൂക്ഷിച്ചാലും അതൊടുവിൽ നഷ്ടമായി ഭവിക്കുകയും ചെയ്യും. ആത്മാവാകട്ടെ ഒരഴിവുമില്ലാത്ത സ്വസ്വരൂപം തന്നെയാണെന്ന് അനുഭവവേളയിൽത്തന്നെ തെളിയുന്നതുകൊണ്ട് അതിനു കേടുവരുമെന്നോ അതു നഷ്ട

digitized by www.sreyas.in

പ്പെടുമെന്നോ ഉള്ള ആശങ്കക്കേ അവകാശമില്ല. ആനന്ദഘനവും സനാതന വുമായ സ്വസ്വരൂപമായതുകൊണ്ടു തന്നെ ആത്മലാഭത്തോടെ എല്ലാ ദുഃഖ ങ്ങളും വിട്ടകലുകയും ചെയ്യുന്നു. അതു ജഗത്തിന്റെ പരമകാരണമായ സത്യ മായതുകൊണ്ട് അതിനെ അറിയുന്നതോടെ ഇനിയൊന്നുമറിയാനില്ലെന്നും ബോധ്യപ്പെടുന്നു. ഇക്കാരണങ്ങളാലാണ് ആത്മലാഭമുണ്ടായാൽ അതിൽ കവിഞ്ഞൊന്നും പിന്നെ നേടാനില്ലെന്ന അനുഭവത്തിലെത്തിച്ചേരുന്നത്.

യോഗസ്വരൂപവും അനുഭവവും ഇങ്ങനെ വിവരിച്ചിട്ടു സവികൽപ്പ സമാധി വിവരണം ഉപസംഹരിക്കുകയാണു ഭഗവാൻ ഇരുപത്തിമൂന്നാം പദ്യ ത്തിൽ:

*23. തം വിദ്യാദ്ദുഃഖസംയോഗവിയോഗം യോഗസംജ്ഞിതം*
*സ നിശ്ചയേന യോക്തവ്യോ യോഗോ് നിർവിണ്ണചേതസാ*

ദുഃഖസംയോഗവിയോഗം - ദുഃഖത്തിന്റെ ഉറവിടം എന്നേക്കുമായി വിട്ടക ലുന്ന; തം - മേൽ വിവരിച്ച ആത്മാനുഭവത്തെ; യോഗസംജ്ഞിതം - യോഗ മെന്ന പേരുചൊല്ലി വിളിച്ചിരിക്കുന്നതായി; വിദ്യാത് - അറിയൂ; സഃ യോഗഃ - ആത്മാനുഭവരൂപമായ ആ യോഗം; നിശ്ചയേന - വ്യക്തമായ ലക്ഷ്യബോധ ത്തോടെ; അനിർവിണ്ണചേതസാ - ഒന്നുകൊണ്ടും മടുത്തുപോകാത്ത മന സ്സോടുകൂടി; യോക്തവ്യഃ - പ്രാപിക്കപ്പെടേണ്ടത്.

ദുഃഖത്തിന്റെ ഉറവിടം എന്നേക്കുമായി വിട്ടകലുന്ന മേൽ വിവരിച്ച ആത്മാനുഭവത്തെ യോഗമെന്ന പേരുചൊല്ലി വിളിച്ചിരിക്കുന്നതായി അറിയൂ. ആത്മാനുഭവരൂപമായ ആ യോഗം വ്യക്തമായ ലക്ഷ്യബോധത്തോടെ; ഒന്നു കൊണ്ടും മടുത്തുപോകാത്ത മനസ്സോടുകൂടി പ്രാപിക്കപ്പെടേണ്ടതാണ്.

## *ദുഖസംയോഗവിയോഗം*

മനസ്സ് ആത്മാവിൽ ചെന്നു യോജിക്കുന്നതാണല്ലോ യോഗം. മനസ്സിന് ആത്മയോഗമുണ്ടാകുന്നതോടെ ദുഃഖത്തിന്റെ ഉറവിടം എന്നേക്കുമായി വിട്ട കലുന്നു. ആത്മാവിനെ ആവരണം ചെയ്തിരിക്കുന്ന അജ്ഞാനമാണു ദുഖ ത്തിന്റെ ഉറവിടം. ആനന്ദസ്വരൂപമായ ആത്മാവു തെളിയുന്നതോടെ അജ്ഞാനം വിട്ടകലുന്നു. കാരണം അകന്നാൽ കാര്യമായ ദുഃഖവും അതോടെ അകലുമെന്നു പറയേണ്ടതില്ലല്ലോ. രണ്ടാമധ്യായം നാൽപ്പ ത്തെട്ടാം ശ്ലോകത്തിൽ "സിദ്ധ്യസിദ്ധ്യോഃ സമോ ഭൂത്വാ സമത്വം യോഗ ഉച്യതേ" എന്നു പറഞ്ഞതാണു യോഗത്തിന്റെ നിർവചനം. രണ്ടാമധ്യാ

digitized by www.sreyas.in

യത്തിൽത്തന്നെ അമ്പതാം ശ്ലോകത്തിൽ "യോഗഃ കർമസു കൗശലം" എന്നും ഇവിടെ "ദുഃഖസംയോഗവിയോഗം യോഗസംജ്ഞിതം" എന്നും പറഞ്ഞിരിക്കുന്നതു യോഗഫലങ്ങളാണെന്നോർമിക്കേണ്ടതാണ്.

## *സ നിശ്ചയേന യോക്തവ്യഃ*

വ്യക്തമായ ലക്ഷ്യബോധമാണു നിശ്ചയം. അതുള്ളയാൾക്കേ യോഗം പ്രാപിക്കാൻ പറ്റൂ. ലക്ഷ്യത്തെക്കുറിച്ചറിവില്ലാത്തയാൾ എങ്ങനെയാണതിലെത്തിച്ചേരുക. അതുകൊണ്ടു യോഗം ഫലപ്രാപ്തിയിലെത്താൻ കൊതിക്കുന്നയാൾ സത്യനിഷ്ഠനായ ഗുരുവിൽ നിന്ന് ആദ്യം സിദ്ധാന്തപരമായ വസ്തുബോധം വ്യക്തമായി ഉൾക്കൊള്ളേണ്ടതാണ്. അതാണു ഭഗവാൻ ആരംഭത്തിൽത്തന്നെ അർജുനനു വസ്തുതത്വം സ്പഷ്ടമായി വെളിപ്പെടുത്തിക്കൊടുത്തത്. വസ്തുബോധമില്ലാത്ത യോഗാഭ്യാസം മാർഗമധ്യത്തിൽ വല്ല സിദ്ധികളിലുമൊക്കെ കുടുങ്ങി തടയപ്പെട്ടുപോയി എന്നുവരാം. ലക്ഷ്യം ഉറപ്പിച്ചയാൾ അനിർവിണ്ണചേതസ്സായി യോഗം പരിശീലിക്കേണ്ടതാണ്. ഒന്നിലും മടുക്കാത്ത മനസ്സാണ് അനിർവിണ്ണ ചേതസ്സ്. ശുദ്ധമായ ദേശം തിരയണം, ആസനസ്ഥിരത നേടണം, ആഹാരവിഹാരങ്ങളിലെല്ലാം ക്രമം പാലിക്കണം, കൃത്യസമയത്തുറങ്ങണം, കൃത്യസമയത്തുണരണം ഇതൊക്കെ പ്രയാസമാണെന്നു കരുതുന്നയാൾക്കു യോഗപരിശീലനം എളുപ്പമാവില്ല. ഇനി ഇതൊക്കെ നേടി പരിശീലനമാരംഭിച്ചാൽത്തന്നെ പെട്ടെന്നൊന്നും മനസ്സ് വഴങ്ങിയെന്നുവരില്ല. മാത്രമല്ല ആരംഭത്തിൽ മനസ്സ് പൂർവാധികം ഇളകിമറിയുന്നതായോ തളർന്നു ലയിക്കുന്നതായോ ഒക്കെ തോന്നിയെന്നുംവരാം. ഇവിടെയൊക്കെ നിരാശയോ അലസതയോ വന്നുചേരാതെ ദൃഢനിശ്ചയത്തോടെ യോഗവിഘ്നങ്ങളെ തരണം ചെയ്യാൻ കഴിവുള്ളയാൾക്കു മാത്രമേ പൂർണമായ യോഗം കൈവരൂ. ക്ഷമയോടെ ദീർഘകാലം കൊണ്ട് എല്ലാ യോഗവിഘ്നങ്ങളെയും തരണം ചെയ്യേണ്ടതാണ്. സദാ സർവത്ര മനസ്സ് വസ്തുബോധം പരിശീലിക്കുമെങ്കിൽ യോഗവിഘ്നങ്ങളെ എളുപ്പം കടക്കാൻ കഴിയും.

സവികൽപ്പസമാധി വിവരിച്ചശേഷം അതിനെത്തന്നെ പാകപ്പെടുത്തി നിർവികൽപ്പ സമാധിയിലെത്താനുള്ള പരിശീലനമാർഗവും നിർവികൽപ്പദശയിലെ അനുഭവവുമാണ് അടുത്ത അഞ്ചു ശ്ലോകങ്ങളിൽ ഭഗവാൻ വിവരിക്കാനൊരുമ്പെടുന്നത്. ആദ്യമായി നിർവികൽപ്പദശ നേടാനുള്ള ഉപായം വിവരിക്കുന്നു:

digitized by www.sreyas.in

*24. സങ്കൽപ്പപ്രഭവാൻ കാമാംസ്ത്യക്ത്വാ സർവാനശേഷതഃ*
*മനസൈവേന്ദ്രിയഗ്രാമം വിനിയമ്യ സമന്തതഃ*

*25. ശനൈഃ ശനൈരുപരമേദ് ബുദ്ധ്യാ ധൃതിഗൃഹീതയാ*
*ആത്മസംസ്ഥം മനഃ കൃത്വാ ന കിഞ്ചിദപി ചിന്തയേത്*

സങ്കൽപ്പപ്രഭവാൻ സർവാൻ കാമാൻ - സങ്കൽപ്പങ്ങളുടെ ഫലമായി രൂപം കൊള്ളുന്ന സകല സുഖേച്ഛകളെയും; അശേഷതഃ ത്യക്ത്വാ - അവയുടെ ബീജരൂപങ്ങളായ വാസനകൾപോലും ശേഷിക്കാത്ത മട്ടിൽ പുറംതള്ളി; മനസാ ഏവ - ആത്മാനുഭവരസം ഏറെക്കുറെ അറിഞ്ഞുകഴിഞ്ഞ മനസ്സു കൊണ്ടുതന്നെ; സമന്തതഃ - എല്ലാ വിധത്തിലും; ഇന്ദ്രിയഗ്രാമം - ജ്ഞാന കർമേന്ദ്രിയ സമൂഹത്തെ; വിനിയമ്യ - പൂർണമായും വശത്താക്കി; ധൃതിഗൃഹീതയാ ബുദ്ധ്യാ - ഹൃദയാന്തർഭാഗത്ത് ഇളകാതെ ഉറപ്പിച്ചിരിക്കുന്ന ബുദ്ധി കൊണ്ട്; ശനൈഃ ശനൈഃ ഉപരമേത് - പതുക്കെപ്പതുക്കെ ആത്മാവിനോടു ചേർന്ന് ഒന്നായിത്തീരേണ്ടതാണ്; മനഃ ആത്മസംസ്ഥം കൃത്വാ - മനസ്സിനെ ഇപ്രകാരം ആത്മാവിൽ അലിയിച്ചു ചേർത്തുകൊണ്ട്; കിഞ്ചിദപി ന ചിന്തയേത് - യാതൊന്നും തന്നെ ചിന്തിക്കാതെ വർത്തിക്കേണ്ടതാണ്.

സങ്കൽപ്പങ്ങളുടെ ഫലമായി രൂപംകൊള്ളുന്ന സകല സുഖേച്ഛകളെയും അവയുടെ ബീജാരൂപങ്ങളായ വാസനകൾപോലും ശേഷിക്കാത്ത മട്ടിൽ പുറംതള്ളി ആത്മാനുഭവരസം ഏറെക്കുറെ അറിഞ്ഞുകഴിഞ്ഞ മനസ്സുകൊണ്ടുതന്നെ എല്ലാ വിധത്തിലും ജ്ഞാനകർമേന്ദ്രിയ സമൂഹത്തെ പൂർണമായും വശത്താക്കി ഹൃദയാന്തർഭാഗത്ത് ഇളകാതെ ഉറപ്പിച്ചിരിക്കുന്ന ബുദ്ധികൊണ്ടു പതുക്കെപ്പതുക്കെ ആത്മാവിനോടു ചേർന്ന് ഒന്നായിത്തീരേണ്ടതാണ്. മനസ്സിനെ ഇപ്രകാരം ആത്മാവിൽ അലിയിച്ചു ചേർത്തുകൊണ്ടു യാതൊന്നും തന്നെ ചിന്തിക്കാതെ വർത്തിക്കേണ്ടതാണ്.

## *ന കിഞ്ചിദപി ചിന്തയേത്*

സവികൽപ്പസമാധി നിരന്തരമായി ദീർഘകാലം അഭ്യസിച്ചു പാകപ്പെട്ട ആളിനാണു നിർവികൽപ്പസമാധി സാധ്യമായിത്തീരുന്നത്. ആത്മാനുഭവത്തിൽ ക്രമേണ ഉറപ്പുറ്റു വരുന്തോറും ലൗകിക സുഖസങ്കൽപ്പങ്ങൾ മാത്രമല്ല അവയ്ക്കു കാരണമായ വാസനകളും ചിത്തത്തെ വിട്ടകലുന്നു. സങ്കൽപ്പ ക്ഷയത്തോടൊപ്പം വാസനാക്ഷയവും നേടിയാലേ നിർവികൽപ്പ സമാധി സുഗമമായിത്തീരൂ. "സർവാൻ കാമാൻ അശേഷതഃ ത്യക്ത്വാ"

digitized by www.sreyas.in

എന്നു പറഞ്ഞിരിക്കുന്നത് സങ്കൽപ്പത്തെയും വാസനാ ക്ഷയത്തെയും ചൂണ്ടിക്കൊണ്ടാണ്. സദാ സർവത്ര ബ്രഹ്മദർശനസമർഥമായിത്തീരുന്ന മനസ്സിനു മാത്രമേ ജ്ഞാനകർമേന്ദ്രിയസമൂഹത്തെ എല്ലാത്തരത്തിലും വശത്താക്കാൻ പറ്റൂ. ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ടറിയുന്നതൊക്കെ ബ്രഹ്മത്തെ. കർമേന്ദ്രിയങ്ങൾ കൊണ്ടു ചെയ്യുന്നതൊക്കെ ബ്രഹ്മാരാധന. മനസ്സിന്റെ ഈ അനുഭവമാണ് ഇന്ദ്രിയങ്ങളുടെ സമന്തതോ വിനിയമനം. ഇങ്ങനെ ബ്രഹ്മാനുഭവം കൊണ്ട് അടങ്ങി ഒതുങ്ങിയ ബുദ്ധിയെ ചലിക്കാനനുവദിക്കാതെ ആത്മനിഷ്ഠമാക്കി ആത്മാവുമായി ഏകീഭവിപ്പിക്കണം. എന്നിട്ടു ഞാൻ ആത്മാനന്ദം അനുഭവിക്കുന്നു എന്നുപോലും ചിന്തിക്കാതെ ഉപ്പുപാവ സമുദ്രത്തിലലിഞ്ഞുചേർന്നു സമുദ്രമായിത്തീരുന്നതുപോലെ കേവലാനന്ദസ്വരൂപമായിത്തീരണം. ഇവിടെ ഞാനും ബ്രഹ്മവും രണ്ടില്ല. കേവലബ്രഹ്മം മാത്രം. ഈ കൈവല്യാനുഭവമാണു നിർവികൽപ്പസമാധി.

സമാധിസാധകോപായം വിവരിച്ചശേഷം മനസ്സുകൊണ്ടുള്ള ഇന്ദ്രിയങ്ങളുടെ സമന്തതോജയം എന്താണെന്നു വിശദമാക്കുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ;

*26. യതോ യതോ നിശ്ചരതി മനശ്ചഞ്ചലമസ്ഥിരം*
*തതസ്തതോ നിയമ്യൈതദാത്മന്യേവ വശം നയേത്*

ചഞ്ചലം - ചലനസ്വഭാവത്തോടുകൂടിയതും; അസ്ഥിരം - അക്കാരണത്താൽത്തന്നെ ഒരിടത്ത് ഉറച്ചുനിൽക്കാത്തതുമായ; ഏതത് മനഃ - ഈ മനസ്സ്; യതഃ യതഃ - ശബ്ദാദി ഏതേതു വിഷയങ്ങളിൽ നിന്ന്; നിശ്ചരതി - വിട്ടുപോരുന്നുവോ; തതഃ തതഃ - അതാതു വിഷയങ്ങളിൽ നിന്നു; നിയമ്യ - വിഷയബുദ്ധി കൈവിട്ട ആത്മഭാവന കൊണ്ടു നിയന്ത്രിച്ച്; ആത്മനി ഏവ വശം നയേത് - ആത്മാനുഭവത്തിൽത്തന്നെ കൊണ്ടെത്തിക്കേണ്ടതാണ്.

ചലനസ്വഭാവത്തോടുകൂടിയതും അക്കാരണത്താൽത്തന്നെ ഒരിടത്ത് ഉറച്ചുനിൽക്കാത്തതുമായ മനസ്സ് ശബ്ദാദി ഏതേതു വിഷയങ്ങളിൽ നിന്നു വിട്ടുപോരുന്നുവോ അതാതു വിഷയങ്ങളിൽ നിന്നു വിഷയബുദ്ധി കൈവിട്ട ആത്മഭാവനകൊണ്ടു നിയന്ത്രിച്ച് ആത്മാനുഭവത്തിൽത്തന്നെ കൊണ്ടെത്തിക്കേണ്ടതാണ്.

## ആത്മന്യേവ വശം നയേത്

ഒരു സ്ഥിരതയുമില്ലാതെ ഒന്നുമാറി ഒന്നുമാറി വിഷയങ്ങളിൽ

digitized by www.sreyas.in

പ്രവർത്തിക്കുകയാണല്ലോ മനസ്സിന്റെ സ്വഭാവം. അങ്ങനെയുള്ള മനസ്സ് ഒരു വിഷയത്തിൽനിന്നു ചലിച്ചു മറ്റൊരു വിഷയത്തിൽ പ്രവേശിക്കുന്നതിനു മുൻപ് ആത്മഭാവനകൊണ്ട് അതിനെ വശപ്പെടുത്താൻ നോക്കണം. രണ്ടുതരത്തിലാണിവിടെ ആത്മഭാവന ദൃഢപ്പെടുത്തേണ്ടത്. ഒന്നു മനസ്സു പറ്റി നിൽക്കുന്ന ശബ്ദാദിവിഷയങ്ങളും യഥാർഥത്തിൽ ആത്മസ്വരൂപം തന്നെയാണെന്നു ഭാവന ചെയ്യണം. ബോധസ്വരൂപമായ ആത്മാവല്ലാതെ വിഷയാകാരം കൈക്കൊള്ളാൻ വേറെ വസ്തുവൊന്നുമില്ല. വിഷയാകാരം കൈക്കൊണ്ട ആത്മാവു തന്നെയാണു മനസ്സ്. അതുകൊണ്ട് ഒന്നുമാറി ഒന്നുമാറി മനസ്സു വിഷയാകാരം കൈക്കൊള്ളുന്നിടത്തൊക്കെ യഥാർഥത്തിൽ ഉള്ളത് ആത്മാവു തന്നെയാണെന്നു ഭാവന ചെയ്യണം. മറ്റൊന്നു മനസ്സ് ഒരാകാരം വിട്ടു മറ്റൊരാകാരം കൈക്കൊള്ളുന്നതിനു മുൻപു നിരാകാരമായ ആനന്ദബോധം അനുഭവിക്കാൻ നോക്കണം. മനസ്സിനെ ആത്മവശമാക്കി നയിക്കാനുള്ള ഈ രണ്ടുതരം അഭ്യാസവും ലോകവ്യവഹാരവേളയിൽപ്പോലും കഴിവുള്ളത്ര ശീലിക്കണം. കുറച്ചുകാലം അഭ്യസിച്ചു പാകപ്പെട്ടാൽ അചിരേണ നിർവികൽപ്പസമാധി സുലഭമായിത്തീരും. അഭ്യാസസാമർഥ്യം കൊണ്ട് വ്യവഹാരദശയിൽ പോലും അധികസമയവും മനസ്സിനെ നിർവികൽപ്പദശയുടെ വക്കത്തെത്തിച്ചു നിറുത്താൻ ഒരു ബ്രഹ്മനിഷ്ഠനു പ്രയാസമുണ്ടാവില്ല എന്നാണു സത്യദർശികളുടെ മതം. ദേഹം എങ്ങനെ ചലിച്ചാലും മനസ്സ് ബ്രഹ്മത്തെ മാത്രമേ കാണുന്നുള്ളുവെങ്കിൽ അതുതന്നെയാണല്ലോ നിർവികൽപ്പദശ.

സവികൽപ്പസമാധി കുറേക്കാലം അഭ്യസിച്ചു പാകപ്പെട്ടു മനസ്സ് പൂർണമായും ആത്മവശമായി നിർവികൽപ്പദശയിലെത്തിയാലുണ്ടാകുന്ന അനുഭവമെന്തെന്നാണു ഭഗവാൻ ഇനി വിവരിക്കുന്നത്:

*27. പ്രശാന്തമനസം ഹ്യേനം യോഗിനം സുഖമുത്തമം*
*ഉപൈതി ശാന്തരജസം ബ്രഹ്മഭൂതമകൽമഷം*

പ്രശാന്തമനസം - മനസ്സു പൂർണമായും അടങ്ങിക്കിട്ടിയ; ഏനം യോഗിനം - ഈ നിർവികൽപ്പസമാധി പരിപാകംവന്ന യോഗിയെ; ശാന്തരജസം - അഹങ്കാരസ്പർശമില്ലാത്തതും; അകൽമഷം - കർമവാസന പൂർണമായി ഒഴിഞ്ഞുമാറിയതും; ബ്രഹ്മഭൂതം - ബ്രഹ്മസ്വരൂപം കൈക്കൊണ്ടതിന്റെ ഫലവുമായ; ഉത്തമം സുഖം - നിരപേക്ഷസുഖം; ഉപൈതി ഹി - സഹജമായി പ്രാപിക്കുന്നു.

digitized by www.sreyas.in

മനസ്സു പൂർണമായും അടങ്ങിക്കിട്ടിയ ഈ നിർവികൽപ്പസമാധി പരിപാകംവന്ന യോഗിയെ അഹങ്കാരസ്പർശമില്ലാത്തതും കർമവാസന പൂർണമായി ഒഴിഞ്ഞുമാറിയതും ബ്രഹ്മസ്വരൂപം കൈക്കൊണ്ടതിന്റെ ഫലവുമായ നിരപേക്ഷസുഖം സഹജമായി പ്രാപിക്കുന്നു.

*ബ്രഹ്മഭൂതമകൽമഷം*

സവികൽപ്പസമാധിദശയിലെ സുഖാനുഭവ വിവരണവും നിർവികൽപ്പത്തിലെ സുഖാനുഭവ വിവരണവും തമ്മിൽ താരതമ്യപ്പെടുത്തി സൂക്ഷ്മമായി പഠിച്ചു നോക്കേണ്ടതാണ്. ഇരുപത്തൊന്നും ഇരുപത്തി രണ്ടും പദ്യങ്ങളിലാണല്ലോ സവികൽപ്പത്തിലെ സുഖാനുഭവം വിവരിച്ചിരിക്കുന്നത്. സവികൽപ്പത്തിലെ സുഖം ആത്യന്തികമാണെന്നു ബോധ്യപ്പെടുന്നുണ്ടെങ്കിലും ബുദ്ധിഗ്രാഹ്യമാണെന്നോർക്കണം. സവികൽപ്പദശയിൽത്തന്നെ വസ്തുവിന്റെ അനന്തതയും സനാതനത്വവും ബുദ്ധിക്കു വ്യക്തമായി തെളിയുന്നുണ്ട്. പക്ഷേ, ബുദ്ധി ബുദ്ധിയായി മാറിനിന്നുകൊണ്ടാണ് ഇതൊക്കെ അറിഞ്ഞനുഭവിക്കുന്നത്. നിർവികൽപ്പത്തിലാകട്ടെ അഹന്താസ്പർശമില്ലാതെ ബ്രഹ്മഭൂതമായ സുഖം സ്വയം അതായി നിന്നനുഭവിക്കുകയാണ്. രജോഗുണാംശമായ കർമവാസന അൽപ്പമെങ്കിലും അവശേഷിക്കുന്നിടത്തോളം ബുദ്ധി വസ്തുവുമായി ഏകീഭവിക്കാതെ അഹന്താരൂപത്തിൽ മാറിനിൽക്കാനിടവരുന്നു. കർമവാസന പാടേ മാറുന്നതോടെ അഹംഭാവം പൂർണമായി മറയുകയും വസ്തുസ്വരൂപമായി തെളിയുകയും ചെയ്യുന്നു. അതാണു ശാന്തരജസവും അകൽമഷവും ബ്രഹ്മഭൂതവുമായ സുഖം. അഹന്ത പോയി; കർമവാസന അസ്തമിച്ചു; ബ്രഹ്മം സ്വരൂപമായി തെളിഞ്ഞു. ഇതുതന്നെ നിർവികൽപ്പസമാധി. സവികൽപ്പദശയിലെ തത്വബോധം കൊണ്ടുതന്നെ ജനനമരണചക്രത്തിൽ നിന്നുള്ള മോക്ഷം സുനിശ്ചിതമായിത്തീരുന്നു. അതുകൊണ്ടാണ് അവിടെ 'ന ചലതി തത്വതഃ' എന്നു പറഞ്ഞിരിക്കുന്നത്. ജീവന്മുക്തി അഥവാ സ്ഥിതപ്രജ്ഞത പൂർണമാക്കുകയാണു നിർവികൽപ്പസമാധിയുടെ ലക്ഷ്യം.

ഏകാന്ത സമാധിവേളയിൽ ഇങ്ങനെ നിർവികൽപ്പ സുഖസ്വരൂപമായ ബ്രഹ്മാനുഭവം സ്വായത്തമായിത്തീരുന്ന യോഗിക്കു തുടർന്നു വ്യവഹാരവേളയിലും സർവത്ര ബ്രഹ്മസുഖം തന്നെ അനുഭവിക്കാൻ കഴിവുണ്ടാകുന്നുവെന്നാണു ഭഗവാൻ തുടർന്നു വിവരിക്കുന്നത്:

*28. യുഞ്ജന്നേവം സദാത്മാനം യോഗീ വിഗതകൽമഷഃ*
*സുഖേന ബ്രഹ്മസംസ്പർശമത്യന്തം സുഖമശ്നുതേ*

digitized by www.sreyas.in

'ഏവം – ഇപ്രകാരം; വിഗതകൽമഷഃ യോഗീ – കർമവാസനയൊടുങ്ങി ഏകാന്തതയിൽ നിർവികൽപ്പസമാധ്യനുഭവമുണ്ടാകുന്ന യോഗി; സദാ ആത്മാനം യുഞ്ജൻ – വ്യവഹാരവേളയിൽ സർവദാ സർവത്ര ആത്മസ്വരൂപം തന്നെ ദർശിച്ച്; സുഖേന – അനായാസമായി; ബ്രഹ്മസംസ്പർശം – ബ്രഹ്മസ്വരൂപത്തോടേകീഭവിക്കുന്നതുകൊണ്ടുണ്ടാകുന്ന; അത്യന്തം സുഖം – അനന്തസുഖം; അശ്നുതേ – അനുഭവിക്കുന്നു.

ഇപ്രകാരം കർമവാസനയൊടുങ്ങി ഏകാന്തതയിൽ നിർവികൽപ്പസമാധ്യനുഭവമുണ്ടാകുന്ന യോഗി വ്യവഹാരവേളയിൽ സർവദാ സർവത്ര ആത്മസ്വരൂപം തന്നെ ദർശിച്ച് അനായാസമായി ബ്രഹ്മസ്വരൂപത്തോടേകീഭവിക്കുന്നതുകൊണ്ടുണ്ടാകുന്ന അനന്തസുഖം അനുഭവിക്കുന്നു.

## സുഖേന ബ്രഹ്മസംസ്പർശം

നിർവികൽപ്പസമാധിയിൽക്കൂടിയുള്ള ഏകാന്തതയിലെ ആത്മസാക്ഷാൽക്കാരം കൊണ്ടു യോഗിക്ക് ഒരു കാര്യം നിസ്സംശയമായും തെളിയുന്നു. തന്നിൽ ആത്മാവായി വർത്തിക്കുന്ന ബോധാനന്ദഘനമായ അതേ വസ്തു തന്നെയാണു ജഗത്തിലാകെ അകവും പുറവും നിറഞ്ഞുനിന്ന് അതിനാശ്രയമായി വർത്തിക്കുന്നത്. ഇതറിയുന്ന യോഗി വ്യവഹാരവേളയിലും സർവത്ര ബ്രഹ്മത്തെത്തന്നെ കാണാൻ നിർബന്ധിതനായിത്തീരുന്നു. എന്നല്ല 'സർവം ബ്രഹ്മമയം' എന്ന അനുഭവം അദ്ദേഹത്തിനു അനായാസമായും ഭവിക്കുന്നു. അങ്ങനെ വ്യവഹാരവേളയിൽപ്പോലും ബ്രഹ്മത്തോടലിഞ്ഞു ചേർന്ന് അദ്ദേഹത്തിന്റെ ജീവിതം ബ്രഹ്മാനന്ദമയമായി ഭവിക്കുന്നു. സവികൽപ്പസമാധി വിവരണത്തിൽ ഏതാണ്ടിതേ രീതിയിൽത്തന്നെ തുടങ്ങുന്ന പതിനഞ്ചാം ശ്ലോകവും ഈ ശ്ലോകവും തമ്മിൽ താരതമ്യം ചെയ്തു നോക്കുന്നതു രസാവഹമാണ്. അവിടത്തെ യോഗി നിയതമാനസനാണെങ്കിൽ ഇവിടത്തെ യോഗി വിഗതകൽമഷനാണ്. അവിടെ മനസ്സ് അടക്കിയിട്ടേയുള്ളൂ. ഇവിടെ കർമവാസന ഒടുങ്ങിക്കഴിഞ്ഞിരിക്കുന്നു. അവിടെ മോക്ഷാനുഭവത്തിലുതകുന്ന ബ്രഹ്മനിഷ്ഠമായ ശാന്തിയാണനുഭവിക്കുക. ഇവിടെ ബ്രഹ്മസംസ്പർശമായ അത്യന്തസുഖമാണ്. ബ്രഹ്മാനുഭവം പൊടുന്നനെ ഉണ്ടാകുന്നതെല്ലാം മനസ്സിന്റെ ശുദ്ധിയുടെ അളവനുസരിച്ചു വിവിധ ഘട്ടങ്ങളിൽക്കൂടി പൂർണമാകേണ്ടതാണതെന്നും ഈ വിവരണങ്ങൾ വെളിപ്പെടുത്തുന്നു. ഇതറിഞ്ഞാലേ ഗീതയിലെ ഇത്തരം ആവർത്തിച്ചുള്ള വിരണങ്ങളുടെ പൊരുൾ വെളിപ്പെടൂ.

digitized by www.sreyas.in

ഇങ്ങനെ പൂർണമായ ബ്രഹ്മസാക്ഷാൽക്കാരം നേടി ജീവന്മുക്തനായിത്തീർന്ന യോഗിയുടെ സത്യനിഷ്ഠമായ ജീവിതസ്വരൂപമെന്താണെന്നാണു ഭഗവാൻ അടുത്ത നാലു പദ്യങ്ങളിൽ വിവരിക്കുന്നത്. സത്യനിഷ്ഠമായ ജീവിതത്തിന്റെ ആവർത്തിച്ചുള്ള സ്വരൂപവിവരണമാണു വേദാന്തശാസ്ത്രത്തിലെ സത്തായ അംശം:

*29. സർവഭൂതസ്ഥമാത്മാനം സർവഭൂതാനി ചാത്മനി*
*ഈക്ഷതേ യോഗയുക്താത്മാ സർവത്ര സമദർശനഃ*

**സർവത്ര സമദർശനഃ** - എല്ലായിടത്തും ഒരേ ബ്രഹ്മത്തെത്തന്നെ കാണുന്നവനായ; **യോഗയുക്താത്മാ** - സമാധി പരിപാകം വന്ന യോഗി; **ആത്മാനം** - **സ്വസ്വരൂപമായ** ആത്മാവ്; **സർവഭൂതസ്ഥം** - എല്ലാ പ്രപഞ്ചഘടകങ്ങളിലും **നിറഞ്ഞിരിക്കുന്നതായും**; **സർവഭൂതാനി** - എല്ലാ പ്രപഞ്ചഘടകങ്ങളും; **ആത്മനി** - സ്വസ്വരൂപമായ ആത്മാവിൽത്തന്നെ നിന്നു ചലിക്കുന്നതായും; **ഈക്ഷതേ ച** - പ്രത്യക്ഷത്തിൽ അനുഭവിക്കുകയും ചെയ്യുന്നു.

**എല്ലായിടത്തും ഒരേ ബ്രഹ്മത്തെത്തന്നെ** കാണുന്നവനായ സമാധി പരിപാകം **വന്ന യോഗി; സ്വസ്വരൂപമായ** ആത്മാവ് എല്ലാ പ്രപഞ്ചഘടകങ്ങളിലും നിറഞ്ഞിരിക്കു**ന്നതായും എല്ലാ** പ്രപഞ്ചഘടകങ്ങളും സ്വസ്വരൂപമായ ആത്മാവിൽത്തന്നെ നിന്നു **ചലിക്കുന്നതായും** പ്രത്യക്ഷത്തിൽ അനുഭവിക്കുകയും ചെയ്യുന്നു.

## *സർവത്ര സമദർശനഃ*

ധ്യാനം ആത്മസാക്ഷാൽക്കാരരൂപമായ **സവികൽപ്പസമാധിയിലും** സവികൽപ്പസമാധി ബ്രഹ്മസാക്ഷാൽക്കാരരൂപമായ **നിർവികൽപ്പസമാധി**യിലും കലാശിക്കുന്നു. അതോടെ പ്രപഞ്ചമായി കാണപ്പെടുന്ന ദൃശ്യാനുഭവത്തിന്റെ പൊരുൾ സംശയലേശമെന്യേ തെളിയുന്നു. ദൃശ്യങ്ങൾ സച്ചിദാനന്ദഘനമായ ബ്രഹ്മത്തിൽ, സമുദ്രത്തിൽ തിരകളെന്നപോലെ പൊന്തിമറയുന്ന നാമരൂപങ്ങൾ മാത്രമാണെന്ന് അതോടെ അനുഭവമുണ്ടാകുന്നു. അങ്ങനെ തിരകളിൽ സമുദ്രത്തെയും സമുദ്രത്തിൽ തിരകളെയും അഭേദമായി ദർശിക്കാൻ കഴിയുന്നതുപോലെ സമാധി പാകപ്പെട്ടു ബ്രഹ്മാനുഭവമുണ്ടായ യോഗിക്കു പ്രപഞ്ചദൃശ്യങ്ങളിൽ ആത്മാവിനെയും ആത്മാവിൽ പ്രപഞ്ചദൃശ്യങ്ങളെയും അഭേദ്യമായി കണ്ടനുഭവിക്കാൻ കഴിയുന്നു. ഇതുതന്നെയാണു യോഗിയുടെ സമദർശനം അഥവാ നിർവികൽപ്പാനുഭവം.

digitized by www.sreyas.in

ജനനമരണരഹിതമായ സനാതനവസ്തു സാക്ഷാൽക്കാരം അഥവാ മോക്ഷം ഈ **അനുഭവം** തന്നെയാണെന്നു ഭഗവാൻ തുടർന്നു വിവരിക്കുന്നു:

*30. യോ മാം പശ്യതി സർവത്ര സർവം ച മയി പശ്യതി*
*തസ്യാഹം ന പ്രണശ്യാമി സ ച മേ ന പ്രണശ്യതി*

യഃ – ഏതൊരു യോഗി; സർവത്ര മാം പശ്യതി – സർവത്ര എന്നെത്തന്നെ കണ്ടനുഭവിക്കുന്നുവോ; മയി സർവം ച പശ്യതി – എന്നിൽത്തന്നെ എല്ലാം കാണുന്നുവോ; തസ്യ – ആ യോഗിക്ക്; അഹം ന പ്രണശ്യാമി – ഞാൻ ഒരിക്കലുമില്ലാതാകുന്നില്ല; മേ സ ച ന പ്രണശ്യതി – എനിക്ക് അവനും ഒരിക്കലും ഇല്ലാതാകുന്നില്ല.

ഏതൊരു യോഗി സർവത്ര എന്നെത്തന്നെ കണ്ടനുഭവിക്കുന്നുവോ എന്നിൽത്തന്നെ എല്ലാം കാണുന്നുവോ ആ യോഗിക്കു ഞാൻ ഒരിക്കലുമില്ലാതാകുന്നില്ല; എനിക്ക് അവനും ഒരിക്കലും ഇല്ലാതാകുന്നില്ല.

## *സ ച മേ ന പ്രണശ്യതി*

സർവത്ര എന്നെ കാണുക; എന്നിൽ സർവവും കാണുക; പ്രഥമശ്രവണത്തിൽ ഇതു രണ്ടുതരം കാഴ്ചയാണെന്നു തോന്നാം. നാമരൂപങ്ങൾ ഭിന്നങ്ങളായി കാണപ്പെടുമ്പോഴും അവ കാണാതായാലും വസ്തു ഒന്നേയുള്ളു എന്ന അനുഭവത്തെ രണ്ടുവിധത്തിൽ പ്രതിപാദിച്ചിരിക്കുന്നു എന്നേയുള്ളു. വസ്തു ഒന്നേയുള്ളുവെങ്കിൽപ്പിന്നെ ആര് ആർക്ക് ഇല്ലാതായിത്തീരാനാണ്. വസ്തു ഒന്നേയുള്ളു എന്ന അനുഭവം തന്നെയാണു മോക്ഷം. അതുതന്നെയാണു ജനനമരണവിമുക്തി.

സമദർശനം സാധ്യമായ യോഗി പിന്നെ ദേഹംകൊണ്ട് എങ്ങനെ വർത്തിച്ചാലും അദ്ദേഹം ബ്രഹ്മസ്വരൂപമായിത്തന്നെ തുടരുന്നു എന്നാണു ഭഗവാൻ അർജുനനു വീണ്ടും ഉറപ്പുകൊടുക്കുന്നത്:

*31. സർവഭൂതസ്ഥിതം യോ മാം ഭജത്യേകത്വമാസ്ഥിതഃ*
*സർവഥാ വർത്തമാനോഽപി സ യോഗീ മയി വർത്തതേ*

യഃ – ഏതൊരു യോഗിയാണോ; സർവഭൂതസ്ഥിതം മാം – എല്ലാ ജീവജാലങ്ങളിലും തുല്യമായി നിറഞ്ഞിരിക്കുന്ന എന്നെ; ഏകത്വം ആസ്ഥിതഃ – ഒരേ ബ്രഹ്മസ്വരൂപമായി കണ്ടറിഞ്ഞ്; ഭജതി – അനുഭവിക്കുന്നത്; സഃ യോഗീ – ആ യോഗി; സർവഥാ വർത്തമാനഃ അപി – എന്തു കർമം ചെയ്തു കഴിഞ്ഞു

digitized by www.sreyas.in

കൂടിയാലും; മയിവർത്തതേ - സദാ എന്നിൽത്തന്നെ വർത്തിക്കുന്നു.

ഏതൊരു യോഗിയാണോ എല്ലാ ജീവജാലങ്ങളിലും തുല്യമായി നിറഞ്ഞിരിക്കുന്ന എന്നെ ഒരേ ബ്രഹ്മസ്വരൂപമായി കണ്ടറിഞ്ഞ് അനുഭവിക്കുന്നത് ആ യോഗി എന്തു കർമം ചെയ്തു കഴിഞ്ഞുകൂടിയാലും സദാ എന്നിൽത്തന്നെ വർത്തിക്കുന്നു.

## *സ യോഗീ മയി വർത്തതേ*

താനുൾപ്പെടെ എല്ലാം വസ്തു ഒന്നുതന്നെയെന്ന് അനുഭവിക്കുന്ന യോഗിയാണ് ഏകാന്തയോഗി. 'ഏകത്വമാസ്ഥിതഃ' എന്ന പദം കൊണ്ട് ഏകാന്തയോഗിയെയാണു വിവക്ഷിച്ചിരിക്കുന്നത്. ഏകാന്തയോഗിക്കു ജഡചേതനഭേദംപോലും പാടേ തിരോഭവിക്കുന്നു എന്നു കാണേണ്ടതാണ്. ജഗത്തു മുഴുവൻ അദ്ദേഹത്തിനു ചിദ്രസപൂർണമാണ്. കർമവും നൈഷ്കർമ്യവും അദ്ദേഹത്തിനു ചിദ്രസാപൂരിതം തന്നെ. സ്വദേഹം എന്തു കർമത്തിലേർപ്പെട്ടിരിക്കുന്നു എന്നതു പ്രശ്നമേയല്ല. ഈ ഘട്ടത്തിൽ മഹാഭാരതത്തിലെ വ്യാധയോഗിയുടെ കഥ ഓർമിക്കുന്നതുകൊള്ളാം, ഇറച്ചി വെട്ടി വിൽക്കുന്ന തൊഴിലിലേർപ്പെട്ടിരിക്കുന്ന അദ്ദേഹം ആ ജോലി ചെയ്യുമ്പോഴും ബ്രഹ്മാനന്ദനിമഗ്നനായി കഴിഞ്ഞുകൂടിയിരുന്നു എന്നാണല്ലോ പ്രസിദ്ധി.

സുഖദുഃഖസമ്മിശ്രമായ ലോകത്ത് ഈ സമദർശനം എങ്ങനെ സാധ്യമാകും? അതാണു ഭഗവാൻ ഇനി വിവരിക്കുന്നത്:

*32. ആത്മൗപമ്യേന സർവത്ര സമം പശ്യതി യോഽർജുന*
*സുഖം വാ യദി വാ ദുഃഖം സ യോഗീ പരമോ മതഃ*

അർജുന - അല്ലയോ അർജുനാ; യഃ - തന്റെ ആത്മസ്വരൂപം സാക്ഷാൽക്കരിച്ച് അതു ലൗകിക സുഖദുഃഖാതീതമാണെന്നറിയുന്ന ഏതൊരു യോഗിയാണോ; സർവത്ര - ജഗത്തിലെവിടെയും; സുഖം വാ യദി വാ ദുഃഖം - സുഖമായാലും ദുഃഖമായാലും; ആത്മൗപമ്യേന പശ്യതി - സ്വന്തം ആത്മാനുഭവവുമായി താരതമ്യപ്പെടുത്തി കാണുന്നത്; സ യോഗീ - ആ യോഗീ; പരമഃ മതഃ - പരമസത്യം കണ്ടവനാണെന്നറിയൂ.

തന്റെ ആത്മസ്വരൂപം സാക്ഷാൽക്കരിച്ച് അതു ലൗകികസുഖദുഃഖാതീതമാണെന്നറിയുന്ന ഏതൊരു യോഗിയാണോ ജഗത്തിലെവിടെയും സുഖമായാലും ദുഃഖമായാലും സ്വന്തം ആത്മാനുഭവമായി താരതമ്യപ്പെടുത്തി കാണുന്നത് ആ യോഗി പരമസത്യം കണ്ടവനാണെന്നറിയൂ.

digitized by www.sreyas.in

## ആത്മൗപമ്യേന സമം പശ്യതി

ഇവിടെ 'ആത്മൗപമ്യ' പദത്തിനുള്ള മറ്റുള്ളവരുടെ സുഖം തന്റെ സുഖമായും മറ്റുള്ളവരുടെ ദുഖം തന്റെ ദുഖമായും കാണുക എന്നർഥം പറയുന്നതുചിതമാവില്ല. അങ്ങനെയായാൽ ലൗകികന്മാർക്കു ദുഃഖമേയുള്ളു എന്ന ശാസ്ത്രസിദ്ധാന്തമനുസരിച്ചു ലോകദുഃഖം മുഴുവൻ യോഗിക്കു തന്റേതായി കാണേണ്ടിവരും. ആത്മസാക്ഷാൽക്കാരം നേടിയ യോഗി ആത്മാവിനെ ജഡസമ്പർക്കത്തിൽനിന്ന് ഒഴിച്ചുമാറ്റി അനുഭവിക്കുന്നയാളാണ്. ലൗകികസുഖദുഃഖങ്ങൾ ജഡസമ്പർക്കംകൊണ്ടു തൽക്കാലമുണ്ടാകുന്ന ഒരു ഭ്രമം മാത്രമാണെന്നദ്ദേഹം നല്ലപോലെ അറിയുന്നു. ആത്മാവ് കേവലസുഖസ്വരൂപമാണെന്നും വ്യക്തമായി ധരിച്ചിട്ടുണ്ട്. അപ്പോൾ എവിടെയും കേവല സുഖസ്വരൂപമായ ആത്മാവിനെ ദർശിക്കുന്നതുകൊണ്ടു യോഗിക്ക് ഒരിടത്തും വ്യാകുലതയുടെ പ്രശ്നമില്ല. ദുഃഖിക്കുന്നവരുടെ ദുഃഖമോചനത്തിനായി യോഗി രാപകൽ യത്നിച്ചു എന്നുവരാം. പക്ഷേ, അതൊരിക്കലും സ്വയം ദുഃഖിച്ചുകൊണ്ടാവില്ല. മറ്റുള്ളവരുടെ ദുഃഖമോചനത്തിനു യോഗി ഭൗതികമായ യത്നം ചെയ്യുമ്പോഴും ലോകരെ ആത്മദർശനസമർഥരാക്കുകയായിരിക്കും യോഗിയുടെ പ്രധാന ലക്ഷ്യം. ഇതെല്ലാം താനറിയുന്ന ആത്മാവ് എല്ലാവരുടെയും സ്വരൂപമാണ് എന്ന ആത്മൗപമ്യം നിമിത്തം സംഭവിക്കുന്ന കാര്യങ്ങളാണ്. ഈ ആത്മൗപമ്യമാണ് സർവത്ര സമദർശനം.

ധ്യാനയോഗം, സവികൽപ്പം, നിർവികൽപ്പം എന്നീ ഘട്ടങ്ങൾ കടന്നു സർവത്ര സമദർശനമെന്ന പൂർണ ബ്രഹ്മാനുഭവത്തിൽ എത്തിച്ചേരുമെന്നു വിവരിച്ചുകൊണ്ടു ഭഗവാൻ യോഗവിവരണം ഇങ്ങനെ ഉപസംഹരിച്ചു. യോഗത്തിന്റെ ആരംഭം ധ്യാനവും മധ്യം സവികൽപ്പനിർവികൽപ്പങ്ങളും അന്തം സർവത്ര സമദർശനരൂപമായ പൂർണ ബ്രഹ്മനിഷ്ഠയുമാണെന്നു വന്നുകൂടി. ഈ സമദർശനത്തിലെത്താൻ മനുഷ്യമനസ്സിനു സാധ്യമാകുമോ എന്നാണർജുനനു സംശയം. മനസ്സിന്റെ പിടിയിൽപ്പെട്ടുഴലുന്ന ആർക്കും ഈ സംശയം തോന്നാവുന്നതേയുള്ളു. അർജുനൻ തന്റെ സംശയം ഭഗവാന്റെ മുൻപിൽ വയ്ക്കുകയാണ്.

അർജുന ഉവാച - അർജുനൻ പറഞ്ഞു:

*33. യോയം യോഗസ്ത്വയാ പ്രോക്തഃ സാമ്യേന മധുസൂദന*
*ഏതസ്യാഹം ന പശ്യാമി ചഞ്ചലത്വാത് സ്ഥിതിം സ്ഥിരാം*

digitized by www.sreyas.in

മധുസൂദന – അല്ലയോ കൃഷ്ണാ; സാമ്യേന – വസ്തു ഒന്നേയുള്ളു എന്നനുഭവിക്കുന്ന മനസ്സിന്റെ സമദർശനരൂപമായ; യഃ അയം യോഗഃ – ഏതൊരു യോഗമാണോ; ത്വയാ പ്രോക്തഃ – അങ്ങയാൽ പ്രതിപാദിക്കപ്പെട്ടത്; ഏതസ്യ – ഇതിന്; ചഞ്ചലത്വാത് – മനസ്സിന്റെ ചഞ്ചലസ്വഭാവം നിമിത്തം; സ്ഥിരാം സ്ഥിതിം – ഉറച്ച നില; അഹം ന പശ്യാമി – സാധ്യമാകുമെന്നു ഞാൻ കാണുന്നില്ല.

അല്ലയോ കൃഷ്ണാ, വസ്തു ഒന്നേയുള്ളു എന്നനുഭവിക്കുന്ന മനസ്സിന്റെ സമദർശനരൂപമായ ഏതൊരു യോഗമാണോ അങ്ങയാൽ പ്രതിപാദിക്കപ്പെട്ടത് ഇതിനു മനസ്സിന്റെ ചഞ്ചലസ്വഭാവം നിമിത്തം ഉറച്ചനില സാധ്യമാകുമെന്നു ഞാൻ കാണുന്നില്ല.

## *സാമ്യേന*

മനസ്സിന്റെ സമനിലയാണു യോഗം. ജീവിതത്തിലെ സുഖദുഃഖാദി ദ്വന്ദ്വാനുഭവങ്ങളിൽ ഇളകിപ്പോകാതെ മനസ്സിനെ സമനില അഭ്യസിപ്പിക്കുകയാണ് ഇതു നേടാനുള്ള ആദ്യത്തെ പടി. തുടർന്നു സിദ്ധാന്തപരമായ വസ്തുബോധമുൾക്കൊണ്ട് ഏകാന്തത്തിൽ വസ്തുധ്യാനം ശീലിക്കണം. ധ്യാനം സമാധിയിലെത്തുന്നതോടെ സർവത്ര അദ്വയവസ്തു അനുഭവഗോചരമാകും. അതോടെ ഭേദചിന്ത പാടേ മാറി മനസ്സ് സദാ സ്വാഭാവികമായി സമസ്ഥിതി പ്രാപിച്ചു ബ്രഹ്മാനന്ദത്തിൽ മുഴുകും. പക്ഷേ, ഈ സമസ്ഥിതി മനസ്സിനു സാധ്യമാകുകയില്ലെന്നാണർജുനന്റെ വാദം. എന്തുകൊണ്ട്? മനസ്സ് സ്വഭാവേന ചഞ്ചലമാണ്. ചഞ്ചലതക്കു വിരുദ്ധമാണു സമനില. ഒരേ വസ്തുവിൽ എങ്ങനെയാണു വിരുദ്ധസ്ഥിതി സംഭവിക്കുക? അർജുനന്റെ ഈ വാദം പ്രഥമശ്രവണത്തിൽ ശരിയെന്നു തോന്നാം.

മനസ്സ് ചഞ്ചലമാണെന്നു താൻ പറഞ്ഞത് ഒന്നുകൂടി വിശദീകരിക്കുകയാണ് അർജുനൻ അടുത്ത പദ്യത്തിൽ.

*34. ചഞ്ചലം ഹി മനഃ കൃഷ്ണ പ്രമാഥി ബലവദ്ദൃഢം*
*തസ്യാഹം നിഗ്രഹം മന്യേ വായോരിവ സുദുഷ്കരം*

കൃഷ്ണ – അല്ലയോ കൃഷ്ണാ; പ്രമാഥി – ദേഹത്തെയും ഇന്ദ്രിയങ്ങളെയും ഇളക്കി മറിക്കുന്നതും; ദൃഢം – വിഷയങ്ങളുമായി മാറ്റമില്ലാതെ കെട്ടുപിണഞ്ഞിരിക്കുന്നതും; ബലവത് – സ്വസ്വഭാവത്തിൽ പ്രാബല്യമുള്ളതുമായ; മനഃ – മനസ്സ്; ചഞ്ചലം ഹി – സദാ ഇളകുന്നതാണെന്നു തീർച്ചയല്ലേ? വായോഃ ഇവ – വായുവിനെ പിടിച്ചുകെട്ടുന്നതുപോലെ; തസ്യം നിഗ്രഹം – അതിനെ

digitized by www.sreyas.in

നിയന്ത്രിച്ചു സമനിലയിലെത്തിക്കുന്നത്; സുദുഷ്കരം അഹം മന്യേ - അത്യന്തം ദുഷ്കരമെന്നുതന്നെ ഞാൻ കരുതുന്നു.

അല്ലയോ കൃഷ്ണാ, ദേഹത്തെയും ഇന്ദ്രിയങ്ങളെയും ഇളക്കി മറിക്കുന്നതും വിഷയങ്ങളുമായി മാറ്റമില്ലാതെ കെട്ടുപിണഞ്ഞിരിക്കുന്നതും സ്വസ്വഭാവത്തിൽ പ്രാബല്യമുള്ളതുമായ മനസ്സ് സദാ ഇളകുന്നതാണെന്നു തീർച്ചയല്ലേ? വായുവിനെ പിടിച്ചുകെട്ടുന്നതുപോലെ അതിനെ നിയന്ത്രിച്ചു സമനിലയിലെത്തിക്കുന്നത് അത്യന്തം ദുഷ്കരമെന്നുതന്നെ ഞാൻ കരുതുന്നു.

## *വായോരിവ സുദുഷ്കരം*

വായുവിനെ ബന്ധിച്ചു നിറുത്തുന്നതുപോലെ അത്യന്തം ദുഷ്കരമാണു മനസ്സിനെ കീഴടക്കൽ. വായു സദാഗതിയാണ്. വെള്ളത്തിൽ പതപോലെ ബോധവസ്തുവിൽ പൊന്തിവരുന്ന മനസ്സും സദാ ചഞ്ചലമാണ്. വായു തന്റെ സഞ്ചാരപഥത്തിലുള്ള എന്തിനെയും ഇളക്കിമറിക്കാൻ കഴിവുള്ളതാണ്. അതുപോലെ മനസ്സും തന്റെ ചലനപഥത്തിലെ ശരീരങ്ങളെയും ഇന്ദ്രിയങ്ങളെയും ഒക്കെ ഇളക്കിമറിക്കുന്നു. വായുവിന്റെ ബലം അപരിമിതമാണ്. മനസ്സിന്റെ ബലവും അതുപോലെതന്നെ. വായുവിനെ അൽപ്പനേരം ഒരിടത്തു പിടിച്ചു നിർത്താൻ കഴിഞ്ഞാൽത്തന്നെയും അൽപ്പം ഒരു പഴുതു കിട്ടിയാൽ അതു പുറത്തേക്കു ചാടും. വല്ല ഹഠയോഗപ്രക്രിയയും കൊണ്ടു മനസ്സിനെ അൽപ്പനേരത്തേക്കു നിയന്ത്രിച്ചാൽത്തന്നെയും തക്കം കിട്ടിയാൽ എപ്പോൾ വേണമെങ്കിലും അതു അണമുറിച്ചു പായാൻ തുടങ്ങും. ഇങ്ങനെയുള്ള മനസ്സിനെ പിടിച്ചുനിറുത്തി എങ്ങനെയാണു സമനിലയിലെത്തിക്കുക?

അർജുനന്റെ ഈ സംശയത്തിനു ഭഗവാൻ എന്തു മറുപടി പറയുന്നു എന്നു നോക്കാം.

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

*35. അസംശയം മഹാബാഹോ മനോ ദുർനിഗ്രഹം ചലം*
*അഭ്യാസേന തു കൗന്തേയ വൈരാഗ്യേണ ച ഗൃഹ്യതേ*

മഹാബാഹോ - പരാക്രമശാലിയായ അല്ലയോ അർജുനാ, മനഃ ദുർനിഗ്രഹം ചലം - മനസ്സ് കീഴടക്കാൻ പ്രയാസമുള്ളതും ചഞ്ചലവുമാണ്; അസംശയം - സംശയമേയില്ല; തു - എങ്കിലും; കൗന്തേയ - അല്ലയോ കുന്തീപുത്ര; അഭ്യാസേന വൈരാഗ്യേണ ച - അഭ്യാസംകൊണ്ടും വൈരാഗ്യംകൊണ്ടും; ഗൃഹ്യതേ - വശത്താക്കപ്പെടാവുന്നതേയുള്ളൂ.

digitized by www.sreyas.in

പരാക്രമശാലിയായ അല്ലയോ അർജുനാ; മനസ്സ് കീഴടക്കാൻ പ്രയാസമുള്ളതും ചഞ്ചലവുമാണ്; സംശയമേയില്ല. എങ്കിലും അല്ലയോ കുന്തീപുത്ര, അഭ്യാസംകൊണ്ടും വൈരാഗ്യംകൊണ്ടും വശത്താക്കപ്പെടാവുന്നതേയുള്ളു.

## *അഭ്യാസേന വൈരാഗ്യേണ ച*

മനസ്സ് അത്യധികം ചഞ്ചലവും വശത്താക്കാൻ വിഷമവുമാണെന്നുള്ള അർജുനന്റെ വാദം ഭഗവാൻ അംഗീകരിക്കുന്നു. എന്നാൽ ഒരു വിധത്തിലും മനസ്സ് വശത്താവുകയില്ല എന്ന സൂചന തള്ളിക്കളയുന്നു. അഭ്യാസം വൈരാഗ്യം എന്ന ഉപായങ്ങൾകൊണ്ടു മനസ്സിനെ വശത്താക്കാവുന്നതേയുള്ളു എന്നാണു ഭഗവാന്റെ അഭിപ്രായം. താൻ അതു സാധിച്ചുകഴിഞ്ഞിട്ടുണ്ടെന്നു കൂടി സൂചന. ചിത്തത്തെ ഏകാഗ്രപ്പെടുത്തി ആത്മനിഷ്ഠമാക്കാനുള്ള യത്നത്തിന്റെ ആവർത്തനമാണ് അഭ്യാസം. ആവർത്തിച്ച് എന്തു പഠിപ്പിക്കുമോ അതിൽ തങ്ങി നിൽക്കുകയെന്നത് മനസ്സിന്റെ സ്വഭാവമാണ്. ഈശ്വരധ്യാനം അഥവാ ആത്മധ്യാനം ആവർത്തിച്ചു പരിശീലിപ്പിക്കുകയാണെങ്കിൽ മനസ്സ് ക്രമേണ സ്വാഭാവികമായി അതിനു വഴങ്ങുന്നതു കാണാം. മനസ്സിന്റെ ഈ സ്വഭാവം നല്ലവണ്ണമറിയാവുന്നതുകൊണ്ടാണു സത്യദർശികൾ സാധകന്മാരോടു കൃത്യമായി ദിവസവും അൽപ്പസമയം ഏകാന്തധ്യാനം ശീലിക്കാനും കൂടെക്കൂടെ നാമസങ്കീർത്തനത്തിലേർപ്പെടാനും സമയം കിട്ടുമ്പോഴൊക്കെ ഭഗവത് കഥ ശ്രവിക്കാനും ആവശ്യപ്പെട്ടിരിക്കുന്നത്. ചുരുക്കത്തിൽ ഒരു ദിവസം മറ്റെന്തിനെക്കാളുമധികം ഭഗവത്തത്വം സ്മരിക്കാൻ ബോധപൂർവം ശീലിക്കുന്നയാൾക്കു ക്രമേണ അതിൽ മനസ്സിന്റെ ഏകാഗ്രത സ്വാഭാവികമായിത്തീരുന്നതാണ്. ഇതാണ് അഭ്യാസരഹസ്യം. മനസ്സിനെ ലോകസുഖങ്ങളോടു താൽപ്പര്യമില്ലാതാക്കുകയാണു വൈരാഗ്യം. നേരത്തേ അഭ്യസിച്ചുറപ്പിച്ചുപോയ വിഷയധ്യാനത്തിൽ നിന്നു പിന്തിരിപ്പിച്ചിട്ടുവേണമല്ലോ ഈശ്വരധ്യാനത്തിൽ മനസ്സിനെ ഉറപ്പിക്കാൻ. ആ പിൻതിരിപ്പിക്കലാണു വൈരാഗ്യം കൊണ്ടു നേടാനുള്ളത്. വൈരാഗ്യവും സാവധാനം സാധിക്കേണ്ടതാണ്. ഇഹലോകവിഷയങ്ങളിൽ മാത്രമല്ല സ്വർഗാദിപരലോകവിഷയങ്ങളിൽപ്പോലും പൂർണവിരക്തി വരുന്നതാണു വൈരാഗ്യത്തിന്റെ പരമകാഷ്ഠ. ഒരു വശത്തു മനസ്സിനെ നേരത്തേ ഉറച്ചുപോയ ഇടത്തുനിന്ന് അകറ്റുക, മറുവശത്ത് അതിനെ സത്യനിഷ്ഠമാക്കി ഉറപ്പിക്കുക. ഈ രണ്ടുപായങ്ങളും വേണ്ടവണ്ണം പ്രയോഗിക്കുകയാ

digitized by www.sreyas.in

ണെങ്കിൽ അചിരേണ മനസ്സ് നിശ്ചയമായും വശത്തായിവരും. വശത്തായ മനസ്സ് കാമധേനുവിനെപ്പോലെ എല്ലാം തന്നു സുഖിപ്പിക്കുകയും ചെയ്യും. അഭ്യാസം വൈരാഗ്യത്തെയും വൈരാഗ്യം അഭ്യാസത്തെയും പരസ്പരം ശക്തിപ്പെടുത്തി മനസ്സിനെ മോക്ഷകവാടത്തിൽ കൊണ്ടെത്തിക്കുന്നു. 'മഹാബാഹോ, കൗന്തേയ', എന്ന രണ്ടു സംബോധനകളും അർഥവത്താണ്. പരാക്രമശാലിയായിരുന്നിട്ടും നിനക്കു മനസ്സു വഴങ്ങുന്നില്ല. സ്ത്രീയായിരുന്നിട്ടും നിന്റെ അമ്മയായ കുന്തിക്ക് ഒട്ടേറെ അതു വഴങ്ങിക്കിട്ടി എന്നു സൂചന.

അഭ്യാസവും വൈരാഗ്യവും കൊണ്ടു മനസ്സിനെ വശത്താക്കി ബ്രഹ്മാനുഭവമെന്ന യോഗം പ്രാപിക്കാൻ കഴിയും. ഈ ഉപായങ്ങളെ ആശ്രയിച്ചു മനോജയം നേടാത്തയാൾക്കു തീർച്ചയായും യോഗം അസാധ്യമാണ്. ഭഗവാന്റെ പ്രഖ്യാപനം നോക്കുക:

*36. അസംയതാത്മനാ യോഗോ ദുഷ്പ്രാപ ഇതി മേ മതിഃ*
*വശ്യാത്മനാ തു യതതാ ശക്യോഽവാപ്തുമുപായതഃ*

അസംയതാത്മനാ - അഭ്യാസവും വൈരാഗ്യവുംകൊണ്ടു മനസ്സിനെ വശപ്പെടുത്താത്തയാൾക്ക്; യോഗഃ ദുഷ്പ്രാപഃ - ബ്രഹ്മാനുഭവം നേടുക എളുപ്പമല്ല; ഇതി മേ മതിഃ - എന്നു തന്നെയാണ് എന്റെ അഭിപ്രായം; വശ്യാത്മനാ തു - അഭ്യാസവൈരാഗ്യങ്ങൾകൊണ്ടു മനസ്സിനെ വശത്താക്കിയയാൾക്ക്; ഉപായതഃ യതതാ - മുൻ വിവരിച്ച സവികൽപ്പനിർവികൽപ്പ യോഗങ്ങളിൽക്കൂടി കടന്നു പോകുന്നതായാൽ; അവാപ്തും ശക്യഃ - സർവത്ര സമദർശനരൂപമായ യോഗം പ്രാപിക്കാൻ കഴിയുന്നതാണ്.

അഭ്യാസവും വൈരാഗ്യവുംകൊണ്ടു മനസ്സിനെ വശപ്പെടുത്താത്തയാൾക്കു ബ്രഹ്മാനുഭവം നേടുക എളുപ്പമല്ല എന്നു തന്നെയാണ് എന്റെ അഭിപ്രായം. അഭ്യാസവൈരാഗ്യങ്ങൾകൊണ്ടു മനസ്സിനെ വശത്താക്കിയയാൾക്കു മുൻവിവരിച്ച സവികൽപ്പനിർവികൽപ്പയോഗങ്ങളിൽക്കൂടി കടന്നുപോകുന്നതായാൽ സർവത്ര സമദർശനരൂപമായ യോഗം പ്രാപിക്കാൻ കഴിയുന്നതാണ്.

## *ശക്യോഽവാപ്തുമുപായതഃ*

അഭ്യാസവൈരാഗ്യങ്ങൾ കുറെക്കാലം പരിശീലിച്ചു മനസ്സിനെ വശത്താക്കുക, മനസ്സു വശമായാൽ ഏകാന്തധ്യാനവേളയിൽ സമാധ്യനുഭവത്തിന് അതു പാകപ്പെട്ടുകിട്ടും. ചിത്തപ്രസാദം നേടി സവികൽപ്പസമാധി

75-2006 23

digitized by www.sreyas.in

അനുഭവിച്ചു തുടങ്ങിയാൽ കുറെക്കാലം കൊണ്ട് അതു പാകമായി നിർവികൽപ്പസമാധിയോഗ്യമായിത്തീരും. നിർവികൽപ്പസമാധ്യനുഭവം സർവത്ര സമദർശനമെന്ന നിരന്തരബ്രഹ്മനിഷ്ഠയിലേക്കു നയിക്കും. ഇതിനൊക്കെ വേണ്ടിവരുന്ന കാലയളവു കൃത്യമായി പറയുക പ്രയാസമാണ്. അവനവൻ സഞ്ചയിച്ചിട്ടുള്ള കർമവാസനയുടെ അളവും പൗരുഷത്തോടെ അതു ക്ഷയിപ്പിക്കാനുള്ള യത്നത്തിന്റെ മികവും അനുസരിച്ചായിരിക്കും ഓരോ ഘട്ടവും പാകപ്പെടാനുള്ള കാലയളവു നിർണയിക്കപ്പെടുക. സർവോപരി അർപ്പണ ബുദ്ധികൊണ്ടു നേടാവുന്ന ഈശ്വരകാരുണ്യമാണ് എല്ലാം സാധ്യമാക്കേണ്ടത്.

യോഗം സിദ്ധമാകുമെന്നു തന്നെയിരിക്കട്ടെ. എന്തായാലും ഒരാൾക്ക് അത് എപ്പോൾ സിദ്ധമാകുമെന്നു തീർത്തു പറയാനാവില്ല. യോഗസിദ്ധിക്കായി യത്നിക്കുന്നയാൾ പ്രധാനമായി വളർത്തേണ്ട ഒന്നാണു വൈരാഗ്യം. ലോകസുഖങ്ങളെ അകലെത്തള്ളി യോഗം അഭ്യസിക്കാൻ തുടങ്ങി. തൽക്കാല ജന്മത്തിൽ യോഗം ഫലിച്ചില്ലെന്നു കരുതുക. എന്താവും സ്ഥിതി? ലോകസുഖങ്ങളും അനുഭവിക്കാൻ പറ്റിയില്ല. യോഗം ഒട്ടു ഫലിച്ചതുമില്ല. ജീവിതം ആകെ അധന്യമാവുകയില്ലേ? ഈ സംശയമാണ് അർജുനൻ ഇനി കൃഷ്ണന്റെ മുൻപിൽ വയ്ക്കുന്നത്:

അർജുന ഉവാച - അർജുനൻ പറഞ്ഞു:

*37. അയതിഃ ശ്രദ്ധയോപേതോ യോഗാച്ചലിതമാനസഃ*
*അപ്രാപ്യ യോഗസംസിദ്ധിം കാം ഗതിം കൃഷ്ണ ഗച്ഛതി*

കൃഷ്ണ - അല്ലയോ കൃഷ്ണാ; അയതിഃ - ചിത്തം പൂർണമായി കീഴടക്കാൻ കഴിയാത്തയാളും; ശ്രദ്ധയോപേതഃ - എന്നാൽ ഗുരുവാക്യത്തിലും സത്യത്തിലും അചഞ്ചലമായ വിശ്വാസമുള്ളയാളും; യോഗാത് ചലിതമാനസഃ - യോഗമഭ്യസിച്ചിട്ടും കർമവാസന ഒടുങ്ങായ്ക നിമിത്തം ആത്മാനുഭവത്തിനു പാത്രമാകാതെ മനസ്സ് വിഷയങ്ങളിൽ മോഹിച്ചുപോകാൻ ഇടയായാൽ; യോഗസംസിദ്ധിം അപ്രാപ്യ - യോഗത്തിന്റെ പരമഫലമായ ബ്രഹ്മാനന്ദം അനുഭവിക്കാൻ കഴിയാതെ; കാം ഗതിം ഗച്ഛതി - എന്തു സ്ഥിതിയെ പ്രാപിക്കാനിടവരുന്നു.

അല്ലയോ കൃഷ്ണാ, ചിത്തം പൂർണമായി കീഴടക്കാൻ കഴിയാത്തയാളും എന്നാൽ ഗുരുവാക്യത്തിലും സത്യത്തിലും അചഞ്ചലമായ വിശ്വാസമുള്ളയാളും യോഗമഭ്യസിച്ചിട്ടും കർമവാസന ഒടുങ്ങായ്ക നിമിത്തം

digitized by www.sreyas.in

ആത്മാനുഭവത്തിനു പാത്രമാകാതെ മനസ്സ് വിഷയങ്ങളിൽ മോഹിച്ചുപോകാൻ ഇടയായാൽ യോഗത്തിന്റെ പരമഫലമായ ബ്രഹ്മാനന്ദം അനുഭവിക്കാൻ കഴിയാതെ എന്തു സ്ഥിതിയെ പ്രാപിക്കാൻ ഇടവരുന്നു.

## *യോഗാച്ചലിതമാനസഃ*

ഗുരുവാക്യത്തിൽ പൂർണവിശ്വാസം വന്നു. വസ്തുസ്ഥിതിയെക്കുറിച്ചുള്ള സിദ്ധാന്തപരമായ അറിവിൽ സംശയമേയില്ല. യുക്തിക്കു ബോധ്യമായ വസ്തുസ്ഥിതി അനുഭവിച്ചറിയാൻ അഭ്യാസവൈരാഗ്യങ്ങളോടൊപ്പം യോഗപരിശീലനവുമാരംഭിച്ചു. എന്നാൽ കർമവാസനയുടെ ആധിക്യം നിമിത്തമാവാം ഈ ജന്മത്തിൽ മനസ്സു പൂർണമായി വശപ്പെട്ടു കിട്ടിയില്ല. വാസന ക്ഷയിച്ച് ഏകാന്തധ്യാനത്തിൽ ചിത്തപ്രസാദവും സാധ്യമായില്ല. എന്നല്ല മനസ്സ് ചിലപ്പോഴൊക്കെ വിഷയങ്ങളിൽ മോഹിക്കാൻ ഇടയാവുകയും ചെയ്തു. ഇങ്ങനെ യോഗാഭ്യാസത്തിലേർപ്പെട്ടിട്ടും യോഗഫലമായ ബ്രഹ്മപ്രാപ്തി തടയപ്പെട്ടുപോയയാളുടെ പിന്നീടുള്ള ഗതിയെന്താണ്? ഇതാണ് അർജുനന്റെ സംശയം.

തന്റെ സംശയത്തിൽ അന്തർഭവിക്കുന്ന സാരമായ ആശങ്ക എന്താണെന്ന് അർജുനൻ ഒന്നുകൂടി വിശദമാക്കുകയാണ് അടുത്ത പദ്യത്തിൽ:

*38. കച്ചിന്നോഭയവിഭ്രഷ്ടശ്ഛിന്നാഭ്രമിവ നശ്യതി*
*അപ്രതിഷ്ഠോ മഹാബാഹോ വിമൂഢോ ബ്രഹ്മണഃ പഥി*

മഹാബാഹോ - ധീരനായ അല്ലയോ കൃഷ്ണാ; ബ്രഹ്മണഃ പഥി വിമൂഢഃ - യോഗഭ്രഷ്ടനായ ജിജ്ഞാസു ബ്രഹ്മാന്വേഷണ മാർഗത്തിൽ ഒന്നും അറിയാൻ കഴിയാത്തവനായി; അപ്രതിഷ്ഠഃ - ഒരുറപ്പും വരാതെ; ഉഭയവിഭ്രഷ്ടഃ - ലൗകിക ജീവിതത്തിലും ആധ്യാത്മിക ജീവിതത്തിലും നിന്ന് ഒരുപോലെ വഴുതിവീണവനായി; ഛിന്നാഭ്രം ഇവ - കാറ്റിൽപ്പെട്ടു തകരുന്ന ഒരു മേഘഖണ്ഡമെന്നപോലെ; നശ്യതി കച്ചിത് ന - നശിച്ചുപോവുകയില്ലയോ?

ധീരനായ അല്ലയോ കൃഷ്ണാ, യോഗഭ്രഷ്ടനായ ജിജ്ഞാസു ബ്രഹ്മാന്വേഷണ മാർഗത്തിൽ ഒന്നും അറിയാൻ കഴിയാത്തവനായി ഒരുറപ്പും വരാതെ ലൗകിക ജീവിതത്തിലും ആധ്യാത്മിക ജീവിതത്തിലും നിന്ന് ഒരുപോലെ വഴുതിവീണവനായി കാറ്റിൽപ്പെട്ടു തകരുന്ന ഒരു മേഘഖണ്ഡമെന്നപോലെ നശിച്ചുപോവുകയില്ലയോ?

digitized by www.sreyas.in

## ഉഭയവിഭ്രഷ്ടഃ

ലൗകികജീവിതം നയിക്കവേതന്നെ യോഗം അഭ്യസിച്ചു ബ്രഹ്മ പ്രാപ്തി നേടുക, അല്ലെങ്കിൽ ലോകസുഖങ്ങളിൽത്തന്നെ മുഴുകി വെറും ലൗകികജീവിതം നയിച്ച് അന്ത്യംവരെ കഴിയുക. ഇങ്ങനെ രണ്ടുതരം ജീവിതമാണല്ലോ ഒരാളിന്റെ മുൻപിലുള്ളത്. നിവൃത്തിമാർഗം അഥവാ ശ്രേയസ്സ്, പ്രവൃത്തിമാർഗം അഥവാ പ്രേയസ്സ് എന്നൊക്കെയാണ് ഈ ജീവിതങ്ങളുടെ സാങ്കേതികനാമങ്ങൾ. നിവൃത്തിമാർഗം അഥവാ ശ്രേയോമാർഗം അംഗീകരിക്കുന്ന ആളിന്റെ പ്രധാന ഉപായങ്ങളാണു യോഗാഭ്യാസവും വൈരാഗ്യവും. ഈ ഉപായങ്ങൾ അംഗീകരിക്കുന്നയാൾക്കു പ്രവൃത്തിമാർഗത്തിലെ അഥവാ പ്രേയോമാർഗത്തിലെ സുഖമെല്ലാം അപ്പടി അനുഭവിക്കാൻ പറ്റുകയില്ലെന്നു തീർച്ചയാണല്ലോ. അപ്പോൾ അങ്ങനെയുള്ളയാൾ പ്രേയോമാർഗത്തിൽനിന്നു വഴുതിപ്പോകുമെന്നു തീർച്ചയാണ്. ശ്രേയോമാർഗത്തിലെ ആത്മസുഖമാകട്ടെ അഭ്യാസം പാകപ്പെട്ടു വന്നുചേരേണ്ടതുമാണ്. കർമവാസനയുടെ കൂടുതൽ കുറവനുസരിച്ചാണ് അഭ്യാസം പാകപ്പെടുക. ഈ ജന്മത്തിൽത്തന്നെ കർമവാസനകൾ വേണ്ടപോലെ ക്ഷയിച്ചില്ല; ആത്മസുഖം കിട്ടിയില്ലെന്നുമിരിക്കട്ടെ. അപ്പോൾ ശ്രേയോമാർഗത്തിലും ഉറപ്പു വന്നില്ല. ആകാശത്തിൽ രൂപംകൊണ്ട ഒരു മേഘഖണ്ഡം കാറ്റിൽപ്പെട്ടു ചിന്നിച്ചിതറി നശിക്കുന്നതുപോലെയാകുമോ ഈ യോഗഭ്രഷ്ടന്റെ ജീവിതം? കാറ്റിൽപ്പെട്ടു ചിതറുന്ന മേഘത്തിന് ആകാശത്തു നിൽക്കാനോ മഴയായി ഭൂമിയെ ഫലഭൂയിഷ്ഠമാക്കാനോ രണ്ടിനും കഴിയുന്നില്ല. അതുപോലെ യോഗഭ്രഷ്ടൻ ശ്രേയോമാർഗത്തിലും പ്രേയോമാർഗത്തിലും ഒരുപോലെ പരാജിതനായിത്തീരുമോ? ഇതാണ് അർജുനന്റെ സംശയം.

എന്തായാലും സത്യാന്വേഷണമാർഗത്തിൽ താൻ ഗുരുവായി അംഗീകരിച്ച കൃഷ്ണന്റെ കഴിവ് അർജുനന് ഇപ്പോൾ നല്ലപോലെ ബോധ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കൃഷ്ണനല്ലാതെ ഈ സംശയത്തിനു നിവൃത്തി വരുത്താൻ താൻ മറ്റാരെയും കാണുന്നില്ലെന്നു അർജുനൻ തുറന്നു സമ്മതിക്കുന്നതാണടുത്ത പദ്യം:

*39. ഏതന്മേ സംശയം കൃഷ്ണ ഛേത്തുമർഹസ്യശേഷതഃ*
*ത്വദന്യഃ സംശയസ്യാസ്യ ഛേത്താ ന ഹ്യുപപദ്യതേ*

കൃഷ്ണ – അല്ലയോ കൃഷ്ണാ; മേ ഏതത് സംശയം – എന്റെ ഈ സംശയം; അശേഷതഃ – പൂർണമായി; ഛേത്തും അർഹസി – മാറ്റിത്തരാൻ അങ്ങു കടപ്പെട്ടവനാണ്; അസ്യ സംശയസ്യ ഛേത്താ – ഈ സംശയം മാറ്റാൻ കഴിവുള്ളവനായി; ത്വ ദന്യഃ – അങ്ങല്ലാതെ മറ്റാരും; ന ഉപപദ്യതേ ഹി – ഇല്ല തന്നെ.

digitized by www.sreyas.in

അല്ലയോ കൃഷ്ണാ, എന്റെ ഈ സംശയം പൂർണമായി മാറ്റിത്തരാൻ അങ്ങു കടപ്പെട്ടവനാണ്. ഈ സംശയം മാറ്റാൻ കഴിവുള്ളവനായി അങ്ങല്ലാതെ മറ്റാരും ഇല്ലതന്നെ.

## *ഛേത്തുമർഹസ്യശേഷതഃ*

ആത്മാന്വേഷണമാർഗത്തിലേക്കു കടക്കുന്നവർക്കു സ്വാഭാവികമായി വന്നുചേരാവുന്നതും അവശ്യം ഒഴിവാക്കപ്പെടേണ്ടതുമാണ് ഈ സംശയം. പൂർണമായ ബ്രഹ്മാനുഭവം ചിലപ്പോൾ പല ജന്മങ്ങൾ കൊണ്ടേ നേടാൻ പറ്റൂ എന്നു ഗീത തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ഒരു ജന്മം കൊണ്ടു നേടുന്ന മനസ്സിന്റെ പാകത അടുത്ത ജന്മത്തിൽ തുടരുന്നില്ലെന്നു വന്നാൽ ആത്മാന്വേഷണമാർഗത്തിൽ പ്രവർത്തിക്കാനുള്ള പ്രേരണ അതോടെ നഷ്ടമാകുന്നതാണ്. അതുകൊണ്ടു തന്റെ ജീവിതത്തിൽ ആത്മാന്വേഷണം കൂട്ടിച്ചേർക്കാൻ അർജുനനോടാവശ്യപ്പെടുന്ന കൃഷ്ണൻ ഈ സംശയത്തിനു വ്യക്തമായ മറുപടി നൽകാൻ കടപ്പെട്ടവനാണെന്നു പറയേണ്ടതില്ലല്ലോ. തന്റെയും മറ്റുള്ളവരുടെയും ജന്മജന്മാന്തരങ്ങളെക്കുറിച്ചൊക്കെ തനിക്കു വ്യക്തമായറിയാമെന്നും ഭഗവാൻ നാലാമധ്യായത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഭഗവാനെ അർജുനൻ തന്റെ അധ്യാത്മഗുരുവായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടൊക്കെ അർജുനന്റെ ഈ സംശയം പൂർണമായി മാറ്റിക്കൊടുക്കാൻ ഭഗവാനു കടപ്പാടുണ്ട്; തൽക്കാലം ഭഗവാനല്ലാതെ മറ്റൊരാൾക്കിതിനു കഴിവും ഇല്ലതന്നെ.

ഭഗവാൻ എന്താണു മറുപടി പറയുന്നത്? ഭഗവാന്റെ മറുപടി അർജുനന്റെ സംശയം അശേഷതഃ ഛേദിക്കാൻ തക്കവണ്ണം ഉറപ്പുറ്റതാണോ?

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

*40. പാർഥ നൈവേഹ നാമുത്ര വിനാശസ്തസ്യ വിദ്യതേ*
*നഹി കല്യാണകൃത് കശ്ചിദ് ദുർഗതിം താത ഗച്ഛതി*

പാർഥ - അല്ലയോ അർജുനാ; തസ്യ - യോഗമാർഗത്തിൽ കടന്നു യത്നമാരംഭിച്ചയാളിന്; ഇഹ - ഈ ലോകത്തിൽ; വിനാശഃ - കേവല ലൗകികനു വരാവുന്നതുപോലെ ഒരു പതനം; ന ഏവ വിദ്യതേ - സംഭവിക്കുന്നില്ലതന്നെ; അമുത്ര ന - പരലോകത്തും സംഭവിക്കുന്നില്ല; താത - കുഞ്ഞേ; കല്യാണകൃത് കശ്ചിത് - ചിത്തശുദ്ധിയെ മുൻനിറുത്തി ഈശ്വരാർപ്പണബുദ്ധിയോടെ പ്രവർത്തിക്കുന്ന ഒരുവൻ; ദുർഗതിം - അധോഗതിയെ; ന ഗച്ഛതി ഹി - ഒരിക്കലും പ്രാപിക്കുന്നില്ലതന്നെ.

digitized by www.sreyas.in

അല്ലയോ അർജുനാ, യോഗമാർഗത്തിൽ കടന്നു യത്നമാരംഭിച്ചയാളിന് ഈ ലോകത്തിൽ കേവല ലൗകികനു വരാവുന്നതുപോലെ ഒരു പതനം സംഭവിക്കുന്നില്ലതന്നെ; പരലോകത്തും സംഭവിക്കുന്നില്ല. കുഞ്ഞേ, ചിത്തശുദ്ധിയെ മുൻനിറുത്തി ഈശ്വരാർപ്പണബുദ്ധിയോടെ പ്രവർത്തിക്കുന്ന ഒരുവൻ അധോഗതിയെ ഒരിക്കലും പ്രാപിക്കുന്നില്ലതന്നെ.

## *കല്യാണകൃത് ദുർഗതിം ന ഗച്ഛതി*

ശുഭകർമം ചെയ്യുന്നവർക്ക് ഒരിക്കലും പതനമില്ല. അവർ ക്രമേണ സത്യത്തെ സമീപിച്ചുകൊണ്ടേയിരിക്കും. എന്താണു ശുഭകർമം? കർത്തൃത്വഭാവവും ഭോക്തൃത്വഭാവവും കുറഞ്ഞു ചിത്തശുദ്ധിക്കു സഹായിക്കുന്ന ഏതു കർമവും ശുഭകർമമാണ്. കർമമെല്ലാം ഈശ്വരാരാധന എന്ന ഭാവനയോടെ അനുഷ്ഠിച്ചെങ്കിലേ അതു സാധ്യമാവൂ. ഇങ്ങനെ കർത്തൃഭാവവും ഭോക്തൃഭാവവും കുറഞ്ഞുവരുന്തോറും കാമക്രോധമദമാത്സര്യങ്ങളകന്ന് ഈ ലോകജീവിതം കൂടുതൽ കൂടുതൽ സുഗമമായിത്തീരും. സമാധ്യനുഭവമോ ആത്മസാക്ഷാത്ക്കാരമോ ഉണ്ടായില്ലെങ്കിൽപ്പോലും ക്ലേശകരങ്ങളായ ജീവിതപ്രശ്നങ്ങളെ വലിയ വികാരവിക്ഷോഭമൊന്നുമില്ലാതെ നേരിടാൻ കഴിഞ്ഞാൽത്തന്നെ അതൊരു ജീവിതവിജയമാവുമെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടാണു യോഗമാർഗത്തിലേക്കു കടന്നവന് ഈ ലോകത്തിൽ വിനാശമില്ലെന്നു പറഞ്ഞിരിക്കുന്നത്. നേരേമറിച്ചു കർത്തൃത്വഭോക്തൃത്വാഭിമാനങ്ങൾ നിരന്തരം വളർത്തി ഈശ്വരനെ മറന്നു കർമം ചെയ്യുന്നയാൾ ഭൗതികമായി എത്ര ഉയർന്ന നിലയിലെത്തിയാലും നിസ്സാര കാര്യങ്ങളിൽപ്പോലും സദാ രാഗദ്വേഷബദ്ധനായി ഉഴന്നുകൊണ്ടിരിക്കും. അതാണയാളുടെ വിനാശം. യോഗാനുഷ്ഠാനശ്രമം നിമിഷംതോറും ജീവിതത്തെ പ്രകാശത്തിന്റേതായ മാർഗത്തിലേക്കു നയിക്കും. യോഗാനുഷ്ഠാനമില്ലാത്ത ജീവിതം നിമിഷം പ്രതി ഇരുട്ടിന്റെ മാർഗത്തിലേക്കു പതിച്ചുകൊണ്ടിരിക്കുകയും ചെയ്യും. കല്യാണകൃത്തിനു ദുർഗതിയില്ലതന്നെ. 'കല്യാണ' പദത്തിന് മംഗളം, ശുഭം എന്നൊക്കെയാണർഥം.

യോഗമാർഗത്തിലേക്കു കടന്നയാളിന് ഇഹത്തിലും പരത്തിലും വിനാശമില്ല എന്നു പറഞ്ഞല്ലോ. എന്തുകൊണ്ടങ്ങനെ പറഞ്ഞു എന്നു വിശദമാക്കുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*41. പ്രാപ്യ പുണ്യകൃതാം ലോകാനുഷിത്വാ ശാശ്വതീഃ സമാഃ*
*ശുചീനാം ശ്രീമതാം ഗേഹേ യോഗഭ്രഷ്ടോഽഭിജായതേ*

digitized by www.sreyas.in

യോഗഭ്രഷ്ടഃ - യോഗമാർഗത്തിൽ പൂർണമായ ഫലസിദ്ധി കൈവരാതെ ശരീരമുപേക്ഷിക്കാൻ ഇടയായയാൾ; പുണ്യകൃതാം ലോകാൻ പ്രാപ്യ - പുണ്യം ചെയ്തവരുടെ സുഖമാത്രാനുഭവത്തോടുകൂടിയ സ്വർഗാദിലോകങ്ങളിലെത്തിച്ചേർന്ന്; ശാശ്വതീഃ സമാഃ ഉഷിത്വാ - ചിരകാലം അവിടെ സുഖിച്ചു കഴിഞ്ഞുകൂടിയ ശേഷം; ശ്രീമതാം ശുചീനാം ഗേഹേ - ഐശ്വര്യസമ്പന്നരും ചിത്തശുദ്ധി വന്നു ഭഗവത് പ്രസാദം നേടിയവരുമായ ആളുകളുടെ കുടുംബത്തിൽ; അഭിജായതേ - വന്നു ജനിക്കുന്നു.

യോഗമാർഗത്തിൽ പൂർണമായ ഫലസിദ്ധി വരാതെ ശരീരം ഉപേക്ഷിക്കാൻ ഇടയായയാൾ പുണ്യം ചെയ്തവരുടെ സുഖമാത്രാനുഭവത്തോടുകൂടിയ സ്വർഗാദിലോകങ്ങളിലെത്തിച്ചേർന്നു ചിരകാലം അവിടെ സുഖിച്ചു കഴിഞ്ഞുകൂടിയശേഷം ഐശ്വര്യസമ്പന്നരും ചിത്തശുദ്ധി വന്നു ഭഗവത്പ്രസാദം നേടിയവരുമായ ആളുകളുടെ കുടുംബത്തിൽ വന്നു ജനിക്കുന്നു.

## *ശുചീനാം ശ്രീമതാം ഗേഹേ*

'**ശ്രീമത്വ**' മെന്നതിനു ധനസമ്പത്തുകളുടെ ആധിക്യമെന്നതിലധികം '**ഭഗവത് കാരുണ്യം**' എന്നാണർഥം മനസ്സിലാക്കേണ്ടത്. ഭൂമിയിൽ സഞ്ചയിക്കുന്ന പുണ്യം അനുഭവിക്കാനാണു സ്വർഗാദി ലോകങ്ങളിലെത്തിച്ചേരുന്നത്. യോഗമാർഗത്തിലേക്കു കുടക്കാത്തവർ പാപമനുഭവിക്കാൻ നരകാദിലോകങ്ങളിലും എത്തിച്ചേരുന്നു. ഭൂമിയിൽത്തന്നെ അനുഭവതാരതമ്യം കാണുന്നതുകൊണ്ട് അനുഭവമണ്ഡലത്തിൽ സ്വർഗനരകാദി സങ്കൽപ്പങ്ങൾ തികച്ചും ശാസ്ത്രീയമാണെന്നു കാണേണ്ടതാണ്. സ്വർഗാദി ലോകങ്ങളിൽ ഇവിടെ നിന്നെത്തിച്ചേരുന്നവർക്ക് അനുഭവം മാത്രമേയുള്ളു; സഞ്ചയിക്കലില്ല. അപ്പോൾ ഭൂമിയിൽ പുണ്യകർമം ചെയ്യുന്നവർക്കു സ്വർഗത്തിലെത്തി സഞ്ചയിച്ച പുണ്യത്തിന്റെ അളവനുസരിച്ചു ഭൗതികസുഖം അനുഭവിക്കാം. അതുകൊണ്ടു യോഗഭ്രഷ്ഠനു പരലോകം നഷ്ടമാകുന്നില്ല. ഇനി സുഖമനുഭവിച്ച് അധികമായി സഞ്ചയിച്ച പുണ്യം തീർന്നാൽ പുണ്യസംസ്കാരവുമായി അയാൾ ഭൂമിയിലേക്കു തിരിച്ചുവരുന്നു. പുണ്യസംസ്കാരത്തിന്റെ ഫലമായി അയാൾ ഈശ്വരകാരുണ്യത്തിനു പാത്രമായി ചിത്തശുദ്ധി വന്ന മഹത്തുക്കളുടെ കുടുംബത്തിൽ ജനിക്കാനിടയാകുന്നു. യോഗമാർഗത്തിൽ തുടർന്നു സഞ്ചരിക്കാനുള്ള പരിതസ്ഥിതി വന്നുചേരുന്നു എന്നു ചുരുക്കം. ഇങ്ങനെ ജന്മാന്തരത്തിലും അയാൾക്കു ഇഹലോകം ലാഭമായിത്തന്നെ ഭവിക്കുന്നു. കല്യാണകൃത്തിന് ഇഹത്തിലും പരത്തിലും ദുർഗതിയില്ല തന്നെ.

digitized by www.sreyas.in

ഇനി യോഗമാർഗത്തിൽ കുറെയധികം മുന്നോട്ടു നീങ്ങാൻ കഴിഞ്ഞ യൊരാളാണ് പൂർണ ഫലപ്രാപ്തി വരാതെ ഭ്രംശിച്ചു പോയതെന്നു കരുതുക. അങ്ങനെയുള്ളയാൾക്കു യോഗിമാരുടെ കുലത്തിൽത്തന്നെ ജനിക്കാൻ കഴിയുമെന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

*42. അഥവാ യോഗിനാമേവ കുലേ ഭവതി ധീമതാം*
*ഏതദ്ധി ദുർലഭതരം ലോകേ ജന്മ യദീദൃശം*

അഥവാ – ഇനി യോഗാനുഷ്ഠാനത്തിൽ കുറെയേറെ മുന്നോട്ടു പോയയാളാണെങ്കിൽ; ധീമതാം യോഗിനാം – ബ്രഹ്മനിഷ്ഠ പ്രാപിച്ച യോഗിമാരുടെ; കുലേ ഏവ ഭവതി – കുലത്തിൽത്തന്നെ ജനിക്കാനിടവരുന്നു; ഈദൃശം ജന്മ യത് – ഇങ്ങനെ യോഗിമാരുടെ കുലത്തിൽ ജന്മം ലഭിക്കുകയെന്നത്; ഏതേത് ലോകേ ദുർലഭതരം ഹി – ഈ ലോകത്തിൽ അത് അത്യന്തം അപൂർവം തന്നെയല്ലേ?

ഇനി യോഗാനുഷ്ഠാനത്തിൽ കുറെയേറെ മുന്നോട്ടു പോയയാളാണെങ്കിൽ ബ്രഹ്മനിഷ്ഠ പ്രാപിച്ച യോഗിമാരുടെ കുലത്തിൽത്തന്നെ ജനിക്കാനിടവരുന്നു. ഇങ്ങനെ യോഗിമാരുടെ കുലത്തിൽ ജന്മം ലഭിക്കുകയെന്നത് ഈ ലോകത്തിൽ, അത് അത്യന്തം അപൂർവം തന്നെയല്ലേ?

## *ഏതദ്ധി ദുർലഭതരം*

യോഗിമാരുടെ കുലത്തിൽ ജന്മം ലഭിക്കുകയെന്നതു വളരെ ദുർലഭമാണ്. പൂർവജന്മത്തിലെ യോഗസാധന കുറെയൊക്കെ വ്യക്തമായി മുന്നോട്ടു നീങ്ങിയിരുന്നാലേ അതു സാധ്യമാവൂ. അതു സംഭവിച്ചാൽ കുട്ടിക്കാലം മുതൽ തന്നെ ശേഷിപ്പുള്ള യോഗമാർഗം സഞ്ചരിച്ചു തീർക്കാനുള്ള എല്ലാ അനുകൂല പരിതസ്ഥിതികളും വന്നുചേരുന്നതാണ്. ഇങ്ങനെ പര്യാലോചിക്കുമ്പോൾ യോഗബുദ്ധിയുടെ ചെറിയൊരംശംപോലും ജീവിതത്തെ വലിയ ഭയങ്ങളിൽ നിന്നു രക്ഷിക്കുന്നു എന്നു ഭഗവാൻ രണ്ടാമധ്യായത്തിൽ പറഞ്ഞതെത്ര പരമാർഥമാണ്. ചുരുക്കത്തിൽ യോഗമാർഗം ഒരിക്കൽ അംഗീകരിക്കാൻ കഴിയുന്നയാൾ ജീവിതത്തിൽ എന്നന്നേക്കുമായി ധന്യനായിത്തീരുന്നു.

ഭഗവത് കാരുണ്യത്തിനു പാത്രമായി ചിത്തശുദ്ധി വന്നവരുടെ കുലത്തിലോ യോഗിമാരുടെ കുലത്തിലോ തന്നെ ജനിച്ചാലും ഓരോ ജന്മത്തിലും യോഗം തുടക്കം മുതൽ ഒടുക്കം വരെ അഭ്യസിക്കേണ്ടിവരുമോ? ഈ സംശയത്തിനാണു ഭഗവാൻ തുടർന്നു മറുപടി പറയുന്നത്:

digitized by www.sreyas.in

*43. തത്ര തം ബുദ്ധിസംയോഗം ലഭതേ പൗർവദേഹികം*
*യതതേ ച തതോ ഭൂയഃ സംസിദ്ധൗ കുരുനന്ദന*

കുരുനന്ദന - അല്ലയോ അർജുനാ; തത്ര - ആ പുനർജന്മത്തിൽ; പൗർവ ദേഹികം തം ബുദ്ധിസംയോഗം - പൂർവജന്മത്തിലെ ദേഹത്തെ ആശ്രയിച്ചു യോഗസാധനാനുഷ്ഠാനം കൊണ്ടു പാകപ്പെട്ട ആ ബുദ്ധിയുമായി ചേർച്ച; ലഭതേ - വന്നു ചേരുന്ന; തതഃ - ആ ബുദ്ധി ഏതു പാകത്തിൽ എത്തിയി ട്ടുണ്ടോ അവിടെനിന്ന്; ഭൂയഃ സംസിദ്ധൗ - വീണ്ടും പരമമായ യോഗഫ ലത്തെ മുൻനിറുത്തി; യതതേ ച - പ്രയത്നമാരംഭിക്കുകയും ചെയ്യുന്നു.

അല്ലയോ അർജുനാ, ആ പുനർജന്മത്തിൽ പൂർവജന്മത്തിലെ ദേഹത്തെ ആശ്രിയിച്ചു യോഗസാധനാനുഷ്ഠാനം കൊണ്ടു പാകപ്പെട്ട ആ ബുദ്ധിയുമായി ചേർച്ച വന്നുചേരുന്നു. ആ ബുദ്ധി ഏതു പാകതയിൽ എത്തി യിട്ടുണ്ടോ അവിടെനിന്നു വീണ്ടും പരമമായ യോഗഫലത്തെ മുൻനിറുത്തി. പ്രയത്നമാരംഭിക്കുകയും ചെയ്യുന്നു.

## *യതയേ ച തതോ ഭൂയഃ*

അന്തക്കരണമെന്നറിയപ്പെടുന്ന സൂക്ഷ്മശരീരം സ്ഥൂലശരീരത്തെ വിട്ടുപോകുന്നതാണല്ലോ മരണം. പുതുതായി സൂക്ഷ്മശരീരത്തിൽ രൂപം കൊണ്ട സങ്കൽപ്പങ്ങളെ ഫലപ്രാപ്തിയിലെത്തിക്കാൻ തൽക്കാല സ്ഥൂല ശരീരത്തിനു സാമർഥ്യമില്ലെന്നു വരുമ്പോഴാണു മരണം സംഭവിക്കുന്നത്. തുടർന്നു മരണവേളയിൽ സൂക്ഷ്മശരീരത്തിൽ ഏതെല്ലാം സങ്കൽപ്പങ്ങ ൾക്കാണോ ദൃഢത വന്നിട്ടുള്ളത് ആ സങ്കൽപ്പങ്ങൾ ഫലിപ്പിക്കുവാൻ ഉത കുന്ന മട്ടിലുള്ള ഒരു പുതിയ ദേഹവും പരിതസ്ഥിതിയും വന്നുചേരുന്ന താണു പുനർജന്മം. മരണവേളയിൽ പൂർവദേഹത്തെ ആശ്രയിച്ചിരുന്ന ബുദ്ധി അതേ പാകതയോടെ പുനർജന്മദേഹത്തിൽ തുടരാൻ ഇടവരുമെ ന്നതു നിയമമാണ്. മരണവേളയിലുണ്ടായിരുന്ന സങ്കൽപ്പങ്ങളെത്തന്നെ സഫലമാക്കാനുള്ള പ്രയത്നവും തൽക്കാലദേഹംകൊണ്ടു പുനരാരംഭിക്ക പ്പെടും. യോഗസാധനകളിൽ വ്യക്തമായ ലക്ഷ്യബോധത്തോടെ ഏർപ്പെട്ടു ന്നയാൾ ഇടയ്ക്ക് എങ്ങനെയൊക്കെ ഭ്രംശിച്ചാലും അനുഷ്ഠാനംകൊണ്ട് എത്തിയിടത്തോളം പാകതയും ലക്ഷ്യബോധവും ഈ നിയമമനുസരിച്ചു മര ണവേളയിൽ അദ്ദേഹത്തിന്റെ സൂക്ഷ്മശരീരത്തെ പിൻതുടരുമെന്നതു നിശ്ച യമാണല്ലോ. അപ്പോൾ മരണവേളയിലെ യോഗസങ്കൽപ്പത്തിനനുസരിച്ച് പരി തസ്ഥിതിയിൽ അതിനുതകുന്ന ദേഹത്തോടെ അദ്ദേഹം ജനിക്കും; എത്തി

digitized by www.sreyas.in

യിടത്തു നിന്നു പ്രയത്നം പുനരാരംഭിക്കുകയും ചെയ്യും. സത്യമറിഞ്ഞയാളുകൾക്ക് ഈ നിയമത്തിന്റെ പ്രവർത്തനത്തെക്കുറിച്ചു സംശയമേ ഇല്ല.

ഇനി ഏതെങ്കിലും കാരണവശാൽ യോഗബുദ്ധി തുടരാതിരിക്കാൻ ഇടയാകുമോ? ലക്ഷ്യബോധം വന്നു. പക്ഷേ, സാധനാനുഷ്ഠാനത്തിലൊന്നും ഏർപ്പെടാൻ അവസരം കിട്ടുന്നതിനു മുൻപു മരിക്കേണ്ടതായും വന്നു. അങ്ങനെയുള്ളയാളിന്റെ ഗതിയോ? ഭഗവാൻ എന്തു പറയുന്നു എന്നു ശ്രദ്ധിക്കുക:

*44. പൂർവാഭ്യാസേന തേനൈവ ഹ്രിയതേ ഹ്യവശോഽപി സഃ*
*ജിജ്ഞാസുരപി യോഗസ്യ ശബ്ദബ്രഹ്മാതിവർതതേ*

സഃ അവശഃ അപി – യോഗഭ്രഷ്ടനാണെങ്കിലും പൂർവജന്മത്തിലെ യോഗാനുഷ്ഠാനസംസ്കാരവുമായി വന്നു ജനിക്കുന്നയാൾ പ്രകൃതിഗുണങ്ങൾക്കു തൽക്കാലം അടിമയാണെങ്കിൽപ്പോലും; തേന പൂർവാഭ്യാസേന ഏവ – കഴിഞ്ഞ കാലത്തെ യോഗാനുഷ്ഠാന സംസ്കാരംകൊണ്ടുതന്നെ; ഹ്രിയതേ – ആത്മാന്വേഷണത്തിനു പ്രേരിതനായി ഭവിക്കുന്നു; യോഗസ്യ ജിജ്ഞാസുഃ അപി – ഈ ജന്മത്തിൽ ബ്രഹ്മപ്രാപ്തിയെക്കുറിച്ചറിയാനുള്ള ആഗ്രഹമെങ്കിലും ഉണ്ടാകുന്നയാൾ; ശബ്ദബ്രഹ്മ – ശബ്ദമാത്രനിഷ്ഠമായ ജഡപ്രപഞ്ചാനുഭവത്തെ; അതിവർത്തതേ ഹി – കടക്കാനിടവരുന്നു.

യോഗഭ്രഷ്ടനായെങ്കിലും പൂർവജന്മത്തിലെ യോഗാനുഷ്ഠാനസംസ്കാരവുമായി വന്നു ജനിക്കുന്നയാൾ പ്രകൃതിഗുണങ്ങൾക്കു തൽക്കാലം അടിമയാണെങ്കിൽപ്പോലും കഴിഞ്ഞകാലത്തെ യോഗാനുഷ്ഠാനസംസ്കാരം കൊണ്ടുതന്നെ ആത്മാന്വേഷണത്തിനു പ്രേരിതനായി ഭവിക്കുന്നു. ഈ ജന്മത്തിൽ ബ്രഹ്മപ്രാപ്തിയെക്കുറിച്ചറിയാനുള്ള ആഗ്രഹമെങ്കിലും ഉണ്ടാകുന്നയാൾ ശബ്ദനിഷ്ഠമായ പ്രപഞ്ചാനുഭവത്തെ കടക്കാനിടവരുന്നു.

## *ശബ്ദബ്രഹ്മാതിവർത്തതേ*

പൂർവജന്മത്തിൽ പൂർണമായ വിഷയമുക്തി വരാതെ മനസ്സ് ചലിക്കാനിടവരുന്നതുകൊണ്ടാണല്ലോ യോഗഭ്രഷ്ടൻ വീണ്ടും ജനിക്കാനിടവരുന്നത്. ചിലപ്പോൾ മനസ്സിന്റെ വിഷയമോഹം ശക്തിമത്താണെങ്കിൽ പ്രകൃതിഗുണങ്ങൾക്കടിമയായിത്തന്നെ ജനിക്കേണ്ടിവരും. അവിടെപ്പോലും അൽപ്പമായെങ്കിലും അനുഷ്ഠിച്ചിട്ടുള്ള യോഗസാധനയുടെ സംസ്കാരം അയാളെ സത്യോന്മുഖനാക്കി തുടർന്നുള്ള പരിശീലനത്തിനു പ്രേരിപ്പിക്കുകതന്നെ ചെയ്യുമെന്നാണു ഭഗവാന്റെ പ്രഖ്യാപനം. പുരാണേതിഹാസങ്ങളിൽ ഇതി

digitized by www.sreyas.in

നുള്ള ദൃഷ്ടാന്തങ്ങൾ ധാരാളം കാണ്മാനുണ്ട്. എന്തിനേറെ, യോഗസാധന യിലേർപ്പെട്ടിരുന്ന ഒരാൾ വല്ല കാരണത്താലും മൃഗമായി ജനിക്കാനിടയാ യാൽപ്പോലും യോഗാനുഷ്ഠാനസംസ്കാരം പിൻതുടരുമെന്നാണു കാണു ന്നത്. ഇന്ദ്രദ്യുമ്നനെന്ന പാണ്ഡ്യരാജാവ് അഗസ്ത്യശാപം നിമിത്തം ഗജേ ന്ദ്രനായി ജനിക്കേണ്ടിവന്നു. എന്നാൽ അവിടെയും അഭ്യാസജന്യമായിരുന്ന ഭഗവത് സ്മരണ നഷ്ടമായില്ല. ഋഷഭദേവന്റെ മകനായ ഭരതചക്രവർത്തി ഭഗവദാരാധനാപരനായിരിക്കേ ഒരു മാൻകിടാവിനോടുണ്ടായ അകാലസൗ ഹൃദം നിമിത്തം യോഗഭ്രംശംവന്നു മാനായി ജനിക്കാനിടയായി. മൃഗജന്മ ത്തിൽപ്പോലും ആരംഭം മുതൽതന്നെ ഉൽക്കടമായ ഭഗവത്സ്മരണ നില നിന്നു എന്നാണു ഭാഗവതപുരാണം ഘോഷിക്കുന്നത്. ഇങ്ങനെ നോക്കു മ്പോൾ യോഗാനുഷ്ഠാനത്തിന്റെ സംസ്കാരശക്തി അൽഭുതാവഹമെന്നേ പറയേണ്ടൂ. എന്തിനേറെ, ഈ ജന്മത്തിൽ ബ്രഹ്മപ്രാപ്തിയെക്കുറിച്ചറിയാൻ ആഗ്രഹമെങ്കിലുമുണ്ടാകുന്നയാൾ തുടർന്നു വരുന്ന ജന്മങ്ങളിൽ വെറും ശബ്ദനിഷ്ഠം മാത്രമായ ദ്വൈതഭ്രമത്തെ കടക്കാനിടവരുമെന്നാണു ഭഗ വാന്റെ പ്രഖ്യാപനം. ഇവിടെ 'ശബ്ദബ്രഹ്മ' എന്ന പദത്തിനു വേദമെന്നു മാത്രം അർഥം പറഞ്ഞു കടന്നുപോകുന്നതു ഗീതാശാസ്ത്രത്തോടു കാണി ക്കുന്ന വലിയൊരനീതിയായിരിക്കും. 'ശബ്ദബ്രഹ്മ' പദത്തിനു പ്രപഞ്ചമെ ന്നാണർഥം. പ്രപഞ്ചം ശബ്ദമുൾക്കൊണ്ടു വേർതിരിയുന്നപോലെ അനുഭ വപ്പെടുന്ന ബ്രഹ്മം തന്നെയാണെന്നത്രേ ഉപനിഷന്മതം. ഒരേ ബ്രഹ്മം വിവിധ രൂപങ്ങൾ പ്രകടമാക്കിയപ്പോൾ പല പേരുകളിൽ അതു പലതായി അറിയ പ്പെട്ടു. അതാണു പ്രപഞ്ചാനുഭവം. ഒരേ സ്വർണം പല ആകൃതികൾ കൈക്കൊണ്ടപ്പോൾ മാല, വള എന്നിത്യാദി പേരുകളിൽ അതു പലതായറി യപ്പെട്ടു. "വികാരോനാമധേയം" എന്നാണ് ഉപനിഷത് ഇതിനെ വിവരിക്കു ന്നത്. അപ്പോൾ യോഗജിജ്ഞാസു ശബ്ദബ്രഹ്മത്തെ അതിവർത്തിക്കുന്നു എന്നു പറഞ്ഞാൽ ബ്രഹ്മത്തെ പലതായി കാണിക്കുന്ന ശബ്ദഭ്രമരൂപത്തി ലുള്ള പ്രപഞ്ചാനുഭവത്തെ കടന്നു വസ്തു ഒന്നേയുള്ളു എന്ന അദ്വൈത സാക്ഷാൽക്കാരത്തിൽ എത്തിച്ചേരുന്നു എന്നാണു താൽപ്പര്യം. ദ്വൈതഭ്രമം കേവലം ശബ്ദനിഷ്ഠമാണ്. അദ്വൈതാനുഭവമാണു ബ്രഹ്മാനുഭവം. യോഗാ നുഷ്ഠാനപഥത്തിൽ ഒരടിയെങ്കിലും വയ്ക്കാൻ കഴിഞ്ഞയാൾ ധന്യനാണ് എന്നു ഭാവം.

യോഗാനുഷ്ഠാനത്തിൽ അൽപ്പംപോലും ഒരിക്കലും വ്യർഥമാവില്ല. പരമമായ ബ്രഹ്മപ്രാപ്തി ഒരുപക്ഷേ പല ജന്മങ്ങൾകൊണ്ടാവാം. അതു കൊണ്ടെന്താണു ദോഷം? ഭഗവാന്റെ വാക്കുകൾ ശ്രദ്ധിക്കുക:

digitized by www.sreyas.in

*45. പ്രയത്നാദ്യതമാനസ്തു യോഗീ സംശുദ്ധകിൽബിഷഃ*
*അനേകജന്മസംസിദ്ധസ്തതോ യാതി പരാം ഗതിം*

പ്രയത്നാത് യതമാനഃ യോഗീ തു - ഇടയ്ക്കുള്ള യോഗാനുഭവങ്ങളിലൊന്നും തങ്ങി നിൽക്കാതെ യോഗപഥത്തിൽ അവിരതം മുന്നേറാൻ യത്നിക്കുന്ന യോഗിയാകട്ടെ; സംശുദ്ധകിൽബിഷഃ - കാലംകൊണ്ടു കർമവാസന മുഴുവൻ ഒടുങ്ങി ഹൃദയം ശുദ്ധമായി; അനേകജന്മസംസിദ്ധഃ - പല ജന്മം കൊണ്ടു സമാധിദശകൾ കടന്നു നിർവികൽപ്പാവസ്ഥയിലെത്തി; തതഃ - അനന്തരം; പരാം ഗതിം യാതി - സർവത്ര സമദർശനമെന്ന പൂർണ ബ്രഹ്മനിഷ്ഠയെ പ്രാപിക്കുന്നു.

ഇടക്കുള്ള യോഗാനുഭവങ്ങളിലൊന്നും തങ്ങി നിൽക്കാതെ യോഗപഥത്തിൽ അവിരതം മുന്നേറാൻ യത്നിക്കുന്ന യോഗിയാകട്ടെ കാലംകൊണ്ടു കർമവാസന മുഴുവൻ ഒടുങ്ങി ഹൃദയം ശുദ്ധമായി പല ജന്മംകൊണ്ടു സമാധിദശകൾ കടന്നു നിർവികൽപ്പാവസ്ഥയിലെത്തി അനന്തരം സർവത്ര സമദർശനമെന്ന പൂർണ ബ്രഹ്മനിഷ്ഠയെ പ്രാപിക്കുന്നു.

### *അനേകജന്മസംസിദ്ധഃ*

കർമമാണു ജന്മത്തിനു കാരണം. വാസനയാണു കർമബീജം. നന്മതിന്മകളറിയാതെ പ്രപഞ്ചപദാർഥങ്ങളിൽ ഇഷ്ടാനിഷ്ടങ്ങൾ വന്നുചേരുന്നതാണു വാസന. വാസന ഒടുങ്ങിയാൽ കർമം ഒടുങ്ങും. ജന്മവും അവസാനിക്കും. ഇഷ്ടാനിഷ്ടങ്ങൾക്കുപരി ആത്മാനന്ദം നേടുകയാണു വാസനാബീജത്തെ കരിച്ചുകളയാനുള്ള ഉപായം. വസ്തുബോധമുൾക്കൊണ്ടു യോഗസാധനകളിൽ ഏർപ്പെടുക മാത്രമാണ് ഇതിനുള്ള ഉപായം. യോഗസാധനകളിലേർപ്പെടാത്തയാൾ വാസനകൾ സഞ്ചയിച്ച് അനന്തമായ സംസാരപഥത്തിൽ ജനിച്ചും മരിച്ചും മറുകര കാണാതെ തുടരേണ്ടിവരും. വസ്തുബോധത്തോടെ യോഗസാധനകളിലേർപ്പെടുന്നയാൾക്ക് ഇഷ്ടാനിഷ്ഠരൂപത്തിലുള്ള കർമവാസനക്കു ശക്തി കുറയാൻ തുടങ്ങും. വാസനയുടെ പൂർണമായ ശക്തിക്ഷയത്തിനു ചിലപ്പോൾ ഒന്നിലധികം ജന്മം വേണ്ടിവന്നേക്കാം. എന്തായാലും പൂർവപൂർവജന്മങ്ങളെക്കാൾ മെച്ചപ്പെട്ടവയായിരിക്കും ഉത്തരോത്തര ജന്മങ്ങൾ. വാസനാക്ഷയം സമാധ്യനുഭവത്തിലെത്തുന്നതോടെ വ്യക്തമായ ആത്മാനുഭവമുണ്ടാകും. തുടർന്നു സർവത്ര സമദർശനരൂപമായ ബ്രഹ്മനിഷ്ഠയിൽ എത്തിച്ചേരും. ഇതാണു ക്രമം.

യോഗവിവരണപ്രകാരം ഉപസംഹരിക്കുന്നതിന്റെ മുന്നോടിയായി ഭഗവാൻ യോഗത്തെ പ്രശംസിക്കുകയാണ് അടുത്ത പദ്യത്തിൽ:

digitized by www.sreyas.in

*46. തപസ്വിഭ്യോഽധികോ യോഗീ ജ്ഞാനിഭ്യോഽപി മതോഽധികഃ*
*കർമിഭ്യശ്ചാധികോ യോഗീ തസ്മാദ്യോഗീ ഭവാർജുന*

യോഗീ - നിരന്തരമായ ഈശ്വരബുദ്ധിയെ ആശ്രയിച്ചു ചിത്തത്തെ സമനില ശീലിപ്പിക്കുന്നയാൾ, തപസ്വിഭ്യഃ അധികഃ - ഭൗതികകാമങ്ങളോടുകൂടി തപസ്സിലും വ്രതാനുഷ്ഠാനങ്ങളിലും ഏർപ്പെടുന്നവരെക്കാൾ മെച്ചപ്പെട്ടവനാണ്; ജ്ഞാനിഭ്യഃ അപി അധികഃ മതഃ - സിദ്ധാന്തപരമായി മാത്രം വസ്തുബോധമുള്ള ജ്ഞാനികളെ അപേക്ഷിച്ചും മെച്ചപ്പെട്ടവനെന്നു തന്നെയാണ് തീരുമാനം; കർമിഭ്യഃ ച അധികഃ - ഭൗതിക ഫലകാമനയോടെ യാഗാദികർമം ചെയ്തു കഴിയുന്നവരെക്കാളും ശ്രേഷ്ഠനാണു യോഗി; അർജുന - അല്ലയോ അർജുന, തസ്മാത് - അതുകൊണ്ട്; യോഗീ ഭവ - നീ കർമം ചെയ്യവേ ഈശ്വരബുദ്ധി പുലർത്തി മനസ്സിനെ സമനില അഭ്യസിപ്പിക്കുന്ന യോഗിയായിത്തീരൂ.

നിരന്തരമായ ഈശ്വരബുദ്ധിയെ ആശ്രയിച്ചു ചിത്തത്തെ സമനില ശീലിപ്പിക്കുന്നയാൾ ഭൗതികകാമങ്ങളോടുകൂടി തപസ്സിലും വ്രതാനുഷ്ഠാനങ്ങളിലും ഏർപ്പെടുന്നവരെക്കാൾ മെച്ചപ്പെട്ടവനാണ്. സിദ്ധാന്തപരമായി മാത്രം വസ്തുബോധമുള്ള ജ്ഞാനികളെ അപേക്ഷിച്ചും മെച്ചപ്പട്ടവനെന്നു തന്നെയാണു തീരുമാനം. ഭൗതികകാമനയോടെ യാഗാദികർമം ചെയ്തു കഴിയുന്നവരെക്കാളും ശ്രേഷ്ഠനാണു യോഗി. അർജുന, നീ അതുകൊണ്ടു കർമം ചെയ്യവേ ഈശ്വരബുദ്ധി പുലർത്തി മനസ്സിനെ സമനില അഭ്യസിപ്പിക്കുന്ന യോഗിയായിത്തീരൂ.

## *തസ്മാദ്യോഗീ ഭവാർജുന*

ഈ ശ്ലോകത്തിലെ യോഗി, തപസ്വി, ജ്ഞാനി, കർമി എന്നീ പദങ്ങളുടെ അർഥം സൂക്ഷിച്ചു മനസ്സിലാക്കേണ്ടതാണ്. യോഗി, തപസ്വി, ജ്ഞാനി എന്നീ പദങ്ങൾ പലപ്പോഴും പര്യായശബ്ദങ്ങളായി തന്നെ പ്രയോഗിക്കപ്പെടുന്നവയാണെന്നോർക്കണം. ഈ പദങ്ങൾ പരമമായ ബ്രഹ്മനിഷ്ഠ പ്രാപിച്ചയാളുകൾ എന്ന അർഥത്തിലും ധാരാളം പ്രയോഗമുണ്ട്. ഈ പദ്യത്തിൽ ഇവയ്ക്കൊന്നും ആ അർഥം അംഗീകരിക്കാൻ പറ്റുകയില്ലെന്നു തീർച്ചയാണല്ലോ. തൽക്കാലം അർജുനൻ ഏതു തരത്തിലുള്ള യോഗിയായിത്തീരാനാണോ ഭഗവാൻ ആഗ്രഹിക്കുന്നത് ആ തരം യോഗിയെയാണ് ഈ ശ്ലോകത്തിൽ സ്തുതിച്ചിരിക്കുന്നതെന്നു സ്പഷ്ടം. സ്വധർമമനുഷ്ഠിക്കവേ ഈശ്വരബുദ്ധിയെ ശരണം പ്രാപിച്ചു ഫലചിന്ത വെടിഞ്ഞു മനസ്സിനെ സമനില അഭ്യസിപ്പിക്കുന്ന യോഗിയായിത്തീരാനാണു രണ്ടാമധ്യായത്തിൽ ഭഗവാൻ

digitized by www.sreyas.in

ആവർത്തിച്ച് അർജുനനോടാവശ്യപ്പെടുന്നത്. ഇവിടെ അതു മാറ്റി പറയാൻ ഇടയില്ലല്ലോ. ഫലകാമനയോടുകൂടിയ തപസ്സും, രാഗദ്വേഷസംകുലമായ പരോക്ഷജ്ഞാനവും, ഫലകാമനയോടുകൂടിയ യാഗാദികർമങ്ങളും മേൽപ്പറഞ്ഞ വിധമുള്ള യോഗനിഷ്ഠയെക്കാൾ താഴേക്കിടയിലാണെന്നു പറയേണ്ടതില്ലല്ലോ. ചിത്തശുദ്ധിക്കായി ഏകാന്തധ്യാന സമാധികളിലേർപ്പെടുന്ന തപസ്സ് യോഗനിഷ്ഠയിൽ അന്തർഭവിക്കുന്നതാണ്. അപരോക്ഷജ്ഞാനം അഥവാ പ്രത്യക്ഷമായ ആത്മാനുഭവം. അതും യോഗനിഷ്ഠയുടെ ഭാഗമാണ്. ഈ പദ്യത്തിലെ കർമി കർമയോഗിയല്ല. കർമയോഗം യോഗനിഷ്ഠ തന്നെയാണ്. ഫലകാമന വെടിഞ്ഞ തപസ്വിയും, നേരിട്ടുള്ള ആത്മാനുഭവത്തോടുകൂടിയ ജ്ഞാനിയും കർമയോഗിയും ഈ ശ്ലോകത്തിലെ തപസ്വി, ജ്ഞാനി, കർമി എന്ന പദങ്ങളുടെ താൽപ്പര്യത്തിൽ അന്തർഭവിക്കുന്നില്ലെന്നറിയേണ്ടതാണ്.

ഇനി യോഗികളിൽത്തന്നെയും യുക്തതമൻ ആരെന്നു വെളിപ്പെടുത്തിക്കൊണ്ടു ഭഗവാൻ അധ്യായം ഉപസംഹരിക്കാൻ ഒരുമ്പെടുന്നു:

*47. യോഗിനാമപി സർവേഷാം മദ്ഗതേനാന്തരാത്മനാ*
*ശ്രദ്ധാവാൻ ഭജതേ യോ മാം സ മേ യുക്തതമോ മതഃ*

ശ്രദ്ധാവാൻ യഃ - ഗുരുവാക്യത്തിലും ശാസ്ത്രനിർണയത്തിലും പൂർണവിശ്വാസത്തോടുകൂടി ആരാണോ; മദ്ഗതേനാന്തരാത്മനാ - മറക്കാതെ നിരന്തരം എന്നെ ഉള്ളിൽ ഭാവന ചെയ്തുകൊണ്ട്; മാം ഭജതേ - സർവത്ര എന്നെത്തന്നെ കണ്ടാരാധിക്കുന്നത്; സഃ - അങ്ങനെയുള്ളയാൾ; സർവേഷാം യോഗിനാം അപി - എല്ലാ യോഗികളിലും വച്ച്; മേ യുക്തതമഃ മതഃ - ഏറ്റവും അധികം എന്നെ അറിയുന്നയാളാണെന്നു കരുതാം.

ഗുരുവാക്യത്തിലും ശാസ്ത്രനിർണയത്തിലും പൂർണ വിശ്വാസത്തോടുകൂടി ആരാണോ മറക്കാതെ നിരന്തരം എന്നെ ഉള്ളിൽ ഭാവനചെയ്തുകൊണ്ടു സർവത്ര എന്നെത്തന്നെ കണ്ടാരാധിക്കുന്നത് അങ്ങനെയുള്ളയാൾ എല്ലാ യോഗികളിലും വച്ചു ഏറ്റവും അധികം എന്നെ അറിയുന്നയാളാണെന്നു കരുതാം.

## *ശ്രദ്ധാവാൻ ഭജതേ യോ മാം*

ശ്രദ്ധയോടുകൂടി എന്നെ ഭജിക്കുന്നയാളാണ് എല്ലാ യോഗിമാരിലും വച്ചു ശ്രേഷ്ഠൻ. ഒരു യോഗിക്കുണ്ടായിരിക്കേണ്ട പരമമായ ഭാവനയെക്കുറിച്ചാണു ഭഗവാൻ ഇവിടെ വിവരിച്ചിരിക്കുന്നത്. എന്താണു ശ്രദ്ധ? ഗുരുവാ

digitized by www.sreyas.in

കൃത്തിലും ശാസ്ത്ര നിർണയത്തിലുമുള്ള വിശ്വാസം. ഈശ്വരൻ എല്ലായിടത്തും നിറഞ്ഞിരിക്കുന്നുവെന്നും സർവജ്ഞനും സർവശക്തനുമാണെന്നും സത്യം കണ്ട ഗുരുക്കന്മാരും ശാസ്ത്രവും നിർണയിച്ചിട്ടുണ്ട്. ഈ തീരുമാനത്തെ മുറുകെ പിടിച്ചുകൊണ്ടു മറക്കാതെ ആത്മതത്വം ഭാവന ചെയ്തു പുറമേയും സർവത്ര ആ സത്യം നിറഞ്ഞുനിൽക്കുന്നുവെന്നറിഞ്ഞു സകല കർമങ്ങളെയും ഈശ്വരാരാധനയാക്കി മാറ്റുന്നതാണു യോഗാനുഷ്ഠാനത്തിന്റെ ഉച്ചകോടി. പരമമായ ഈ ഭാവന ദൃഢപ്പെടുത്താനാണ് അഭ്യാസവും വൈരാഗ്യവും വേണ്ടത്. ഈ ഭാവന ദൃഢപ്പെട്ടാൽ അചിരേണ അനുഭവമായി മാറും. സർവത്ര സമദർശനമെന്ന ഈശ്വരാനുഭൂതി അതോടെ ലക്ഷ്യമാവുകയും ചെയ്യും.

## *അധ്യായാർഥസംക്ഷേപം*

വസ്തുവിചാരപ്രധാനമായ സന്യാസവും മനസ്സിനെ സമനില പഠിപ്പിച്ചുകൊണ്ടുള്ള കർമയോഗവും ഒരുപോലെ പരമമായ സത്യനിഷ്ഠയിലേക്കു നയിക്കുന്ന ഉപായങ്ങളാണെന്ന് അഞ്ചാമധ്യായത്തിൽ വെളിപ്പെടുത്തി. രണ്ടുപായങ്ങളും ആത്മാനുഭവത്തിലൂടെ പൂർണമായ സങ്കൽപ്പത്യാഗത്തിൽ എത്തിയാൽ സങ്കൽപ്പത്യാഗം തന്നെയാണു യഥാർഥ സന്യാസമെന്നും തീരുമാനിക്കപ്പെട്ടു. തുടർന്നു ജ്ഞാനകർമയോഗാനുഷ്ഠാനങ്ങൾക്കും സങ്കൽപ്പത്യാഗാഭ്യാസത്തിനും ഒരുപോലെ ഉപകരിക്കുന്ന ഏകാന്തധ്യാനപരിശീലനമെന്ന യോഗത്തെയാണ് ആറാമധ്യായത്തിൽ പ്രധാനമായി വിവരിച്ചിരിക്കുന്നത്. കർമഫലേച്ഛ വെടിഞ്ഞാലേ ബുദ്ധി ഏകാന്തധ്യാനത്തിലുറയ്ക്കൂ. യോഗമെന്നും സന്യാസമെന്നും പറയുന്നതു സങ്കൽപ്പത്യാഗമാണ്. യോഗം നേടാൻ കൊതിക്കുന്നയാൾ സ്വധർമം അനുഷ്ഠിക്കവേ സങ്കൽപ്പത്യാഗം ശീലിക്കണം. യോഗം നേടിയയാൾ ആത്മാനുഭവരൂപമായ മനസ്സിന്റെ ഉപശമം സദാ നിലനിറുത്തണം. സങ്കൽപ്പങ്ങളെല്ലാം ഒഴിഞ്ഞയാളാണ് യോഗം നേടിയയാൾ. യോഗമാർഗത്തിൽ അവനവൻതന്നെ അവനവനെ ഉദ്ധരിക്കേണ്ടതാണ്. മനോജയം ഒരുവനെ സർവത്ര സത്യദർശനത്തിൽ കൊണ്ടെത്തിക്കുന്നു. ജയിക്കപ്പെടാത്ത മനസ്സ് സദാ ശത്രുവിനെപ്പോലെ ദുഃഖിപ്പിച്ചുകൊണ്ടിരിക്കും. സർവത്ര സമദർശനമാണു പരമമായ യോഗം. ഏകാന്തധ്യാനപരിശീലനം ഈ യോഗാനുഭവത്തിനു സഹായകമാണ്. ആസനസ്ഥിരത നേടി ധ്യാനപരിശീലനത്തിലേർപ്പെടണം. തുടർന്നു സവികൽപ്പസമാധി പാകപ്പെട്ടാൽ അതു നിർവികൽപ്പ സമാധിയിലെത്തിച്ചേരും. നിർവികൽപ്പ

digitized by www.sreyas.in

സമാധ്യനുഭവം സർവത്ര ബ്രഹ്മത്തെ കാട്ടിത്തന്നു മനസ്സിനെ സമദർശനത്തിനു യോഗ്യമാക്കും. ഇത്രയുമായപ്പോൾ അത്യന്തചഞ്ചലമായ മനസ്സിനെ ജയിച്ചു സമദർശനം നേടുക അസാധ്യമല്ലേ എന്ന് അർജുനൻ സംശയിച്ചു. അഭ്യാസവും വൈരാഗ്യവുംകൊണ്ടു അതു സാധിക്കാവുന്നതേയുള്ളു എന്നു ഭഗവാൻ മറുപടി നൽകി. ഒരു ജന്മംകൊണ്ടു യോഗം പൂർണ സാഫല്യത്തിലെത്താതെ പോയാൽ യോഗിയുടെ സ്ഥിതി എന്തായിരിക്കുമെന്നർജുനൻ ആരാഞ്ഞു. ഒരു ജന്മത്തിലെ യോഗാനുഷ്ഠാനം അൽപ്പംപോലും നഷ്ടമാവുകയില്ലെന്നും മെച്ചപ്പെട്ട അടുത്ത ജന്മത്തിൽ ശേഷിക്കുന്നതു തുടർന്നനുഷ്ഠിച്ചു പൂർത്തിയാക്കാൻ കഴിയുമെന്നും ഭഗവാൻ മറുപടി നൽകി. എന്തിനേറെ, ഒരു ജന്മത്തിൽ ബ്രഹ്മപ്രാപ്തിയെക്കുറിച്ച് അറിയാൻ ആഗ്രഹമെങ്കിലും ഉണ്ടായാൽ അനന്തരജന്മങ്ങളിൽ അയാൾ രക്ഷപ്പെടുമെന്നു ജീവിതത്തിൽ യോഗാഭ്യാസം കൂട്ടിച്ചേർക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അധ്യായം ഉപസംഹരിച്ചു. ധ്യാനം പ്രധാനമായി വിവരിക്കുന്നതുകൊണ്ട് ഈ അധ്യായത്തിന് 'ധ്യാനയോഗം' എന്നു പേർ.

ആറധ്യായംകൊണ്ടു ഗീതയുടെ ഒന്നാം ഭാഗം അവസാനിക്കുന്നതായിട്ടാണു കരുതപ്പെടുന്നത്. ഛാന്ദോഗ്യോപനിഷത്തിലെ 'തത്വമസി' എന്ന മഹാവാക്യത്തിന്റെ വിവരണമാണു ഗീതയെന്ന് ചിലർ യുക്തിയുക്തം സമർഥിക്കുന്നു. 'അതു നീ ആകുന്നു' എന്നാണു മഹാവാക്യത്തിന്റെ പൊരുൾ. പ്രപഞ്ചത്തിനാശ്രയമായ ബ്രഹ്മവും വ്യക്തിശരീരത്തിനാശ്രയമായ ജീവാത്മാവും ഒന്നുതന്നെയാണെന്നു താൽപ്പര്യം. ഗീതയിലെ ആദ്യത്തെ ആറധ്യായങ്ങൾ മഹാവാക്യത്തിലെ 'ത്വം' എന്ന പദത്തിന്റെ അർഥവിവരണമെന്നാണു കരുതപ്പെടുന്നത്. ഏഴു മുതൽ പന്ത്രണ്ടു വരെയുള്ള ആറധ്യായങ്ങൾ 'തത്' പദത്തിന്റെ അർഥവിവരണമായും, അടുത്ത ആറധ്യായങ്ങൾ 'അസി' പദത്തിന്റെ അർഥവിവരണമായും കരുതപ്പെടുന്നു. ആദ്യത്തെ ആറധ്യായം ജീവാത്മതത്വവും പിന്നത്തെ ആറധ്യായം പരമാത്മതത്വവും ഒടുവിലത്തെ ആറധ്യായം ജീവാത്മപരമാത്മൈക്യതത്വവും പ്രതിപാദിക്കുന്നു എന്നു താൽപ്പര്യം. കൃത്യമായി അതിരുവരമ്പിട്ട് വിഷയവിഭജനം സാധ്യമല്ലെങ്കിലും ആദ്യത്തെ ആറധ്യായങ്ങളിൽ അന്തർമുഖനായിത്തീരുന്ന വ്യക്തി തന്നിലുള്ള ആത്മതത്വം അറിയുന്ന പ്രക്രിയയാണ് പ്രാധാന്യേന വിവരിച്ചിരിക്കുന്നതെന്നു കാണാൻ പ്രയാസമില്ല. മറ്റധ്യായങ്ങളിലെ വിഷയപ്രാധാന്യവും ഇതേമട്ടിൽ കാണേണ്ടതാണ്. വേറെ ചിലർ

digitized by www.sreyas.in

ആദ്യത്തെ ആറധ്യായങ്ങളെ കർമകാണ്ഡമായും പിന്നത്തെ ആറധ്യായങ്ങളെ ഉപാസനാകാണ്ഡം അഥവാ ഭക്തികാണ്ഡമായും ഒടുവിലത്തെ ആറധ്യായങ്ങളെ ജ്ഞാനകാണ്ഡമായും വിഭജിച്ചിരിക്കുന്നു. ആദ്യത്തെ ആറധ്യായങ്ങളിൽ സ്വധർമമായ കർമത്തെ യജ്ഞരൂപമായനുഷ്ഠിച്ചു കർമയോഗമാക്കി തീർക്കേണ്ടതെങ്ങനെയെന്നു പ്രാധാന്യേന ചർച്ച ചെയ്തിരിക്കുന്നതുകൊണ്ടാവാം അവയ്ക്കു കർമകാണ്ഡമെന്നു ചിലർ പേരിട്ടിരിക്കുന്നത്. ഭക്തിജ്ഞാനകാണ്ഡങ്ങളുടെയും സ്ഥിതി ഇതേമട്ടിൽ ധരിക്കേണ്ടതാണ്. ഈ വിഭജനങ്ങളൊക്കെ പ്രധാന്യത്തെ മുൻനിറുത്തിയുള്ള ഏകദേശവിഭജനങ്ങളാണെന്നു ധരിക്കണമെന്നു താൽപ്പര്യം.

**ഇതി ശ്രീമദ്ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം**
**യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ**
**ധ്യാനയോഗോ നാമ**
**ഷഷ്ഠോഽധ്യായഃ**



digitized by www.sreyas.in

# ജ്ഞാനവിജ്ഞാനയോഗം

ഈശ്വരൻ സർവവ്യാപിയും സർവശക്തനും സർവജ്ഞനുമാണെന്ന ഗുരുവാക്യവും ശാസ്ത്രനിർണയവും വിശ്വസിച്ചു സർവത്ര സത്യം ഭാവന ചെയ്തനുഭവിക്കുന്ന യോഗിയാണു യോഗിമാരിൽ ഉൽകൃഷ്ടൻ എന്നാണല്ലോ ആറാമധ്യായം ഉപസംഹരിച്ചുകൊണ്ടു ഭഗവാൻ പ്രസ്താവിച്ചത്. ഒരു സത്യാന്വേഷി യോഗമഭ്യസിച്ച് ആത്മാനുഭവത്തിലൂടെ പ്രപഞ്ചാശ്രയമായ സത്യത്തിന്റെ സമ്പൂർണരൂപം യുക്തികൊണ്ടും അനുഭവംകൊണ്ടും എങ്ങനെ തെളിച്ചറിയുന്നു എന്നതാണ് ഏഴാമധ്യായത്തിലെ പ്രതിപാദ്യം. ഏഴുമുതൽ ആറധ്യായങ്ങൾ 'തത്വമസി' എന്ന മഹാവാക്യത്തിലെ 'തത്' പദത്തിന്റെ അർഥമായ ബ്രഹ്മത്തിന്റെ വിവരണമാണെന്ന അഭിപ്രായം കൂടി ഓർക്കുന്നതു നന്ന്.

ഏഴാമധ്യായത്തിലെ പ്രധാന പ്രതിപാദ്യം എന്തെന്നു വെളിപ്പെടുത്തുകയാണു ഭഗവാൻ ഒന്നാം ശ്ലോകത്തിൽ:

ഭഗവാൻ ഉവാച - ഭഗവാൻ പറഞ്ഞു:

1. *മയ്യാസക്തമനാഃ പാർഥ യോഗം യുഞ്ജൻ മദാശ്രയഃ*
*അസംശയം സമഗ്രം മാം യഥാ ജ്ഞാസ്യസി തച്ഛൃണു*

പാർഥ - അല്ലയോ അർജുനാ; മയി - പരമാത്മാവായ എന്നിൽ; ആസക്തമനാഃ - കാണാനുള്ള കൊതിയോടെ സദാ പറ്റിനിൽക്കുന്ന മനസ്സോടുകൂടിയവനും; മദാശ്രയഃ - ജീവിതത്തിന്റെ പരമലക്ഷ്യമായി എന്നെത്തന്നെ അംഗീകരിച്ചവനുമായ നീ; യോഗം യുഞ്ജൻ - മുൻവിവരിച്ച പ്രകാരമുള്ള ധ്യാനസമാധി സമദർശനരൂപമായ യോഗം ക്രമേണ അഭ്യസിച്ചു പാകമാകുമ്പോൾ; യഥാ മാം - എപ്രകാരം എന്നെ; സമഗ്രം അസംശയം ജ്ഞാസ്യസി -

digitized by www.sreyas.in

സമ്പൂർണമായും സംശയരഹിതമായും അനുഭവിച്ചറിയുമോ; തത് ശൃണു - അപ്രകാരം കേട്ടുകൊള്ളുക.

അല്ലയോ അർജുനാ, പരമാത്മാവായ എന്നിൽ കാണാനുള്ള കൊതിയോടെ സദാ പറ്റിനിൽക്കുന്ന മനസ്സോടുകൂടിയവനും ജീവിതത്തിന്റെ പരമലക്ഷ്യമായി എന്നെത്തന്നെ അംഗീകരിച്ചവനുമായ നീ മുൻ വിവരിച്ചപ്രകാരമുള്ള ധ്യാനസമാധി സമദർശനരൂപമായ യോഗം ക്രമേണ അഭ്യസിച്ചു പാകമാകുമ്പോൾ എപ്രകാരം എന്നെ സമ്പൂർണമായും സംശയരഹിതമായും അനുഭവിച്ചറിയുമോ അപ്രകാരം കേട്ടുകൊള്ളുക.

## *അസംശയം സമഗ്രം*

**ഏഴു മുതൽ പന്ത്രണ്ടുവരെയുള്ള** അധ്യായങ്ങൾ വിശേഷിച്ചും ബ്രഹ്മപ്രതിപാദകങ്ങളാണെന്നു പറഞ്ഞുവല്ലോ. ഈ ഒന്നാം പദ്യത്തിൽത്തന്നെ അസംശയം, സമഗ്രം എന്ന രണ്ടു പദങ്ങളും ഇക്കാര്യം സൂചിപ്പിക്കുന്നു. വേദാന്തം കാട്ടിത്തരുന്ന സത്യം അവ്യക്തമോ അൽപ്പമോ അല്ല എന്നു വ്യക്തമായ പ്രഖ്യാപനമാണ് ഈ പദങ്ങളിൽ അടങ്ങിയിരിക്കുന്നത്. വേദാന്ത സത്യം ശ്രുതിയുക്ത്യനുഭവങ്ങളിലൂടെ ഒരാൾക്കു സംശയരഹിതമായി തെളിയുന്ന സത്യമാണ്. പക്ഷേ, യോഗാഭ്യാസം ക്രമേണ സർവത്ര സമദർശനം വരെയെത്തി പാകപ്പെടുമ്പോഴാണ് അസംശയവും സമഗ്രവുമായ സത്യാനുഭവമുണ്ടാകുന്നതെന്നുള്ള കാര്യം വിസ്മരിച്ചുകൂടാ. ഈ യോഗക്രമം ആറാമധ്യായത്തിൽ പടിപടിയായി വിവരിച്ചിട്ടുണ്ടല്ലോ. യോഗം പാകപ്പെടുമ്പോൾ ക്രമമായുണ്ടാകുന്ന സത്യാനുഭവത്തിന്റെ വിവരണമാണ് ഏഴാമധ്യായം.

താൻ വിവരിക്കാൻ പോകുന്ന ജ്ഞാനത്തെ അസംശയമെന്നും സമഗ്രമെന്നും വിശേഷിപ്പിച്ചതെന്തുകൊണ്ടാണെന്നു ഭഗവാൻതന്നെ വെളിപ്പെടുത്തുകയാണ് അടുത്ത പദ്യത്തിൽ:

*2. ജ്ഞാനം തേഽഹം സവിജ്ഞാനമിദം വക്ഷ്യാമ്യശേഷതഃ*
*യജ്ജ്ഞാത്വാ നേഹ ഭൂയോഽന്യത് ജ്ഞാതവ്യ മവശിഷ്യതേ*

യത്ജ്ഞാത്വാ - ഏതൊന്നറിഞ്ഞു കഴിഞ്ഞാൽ; ഇഹ - ഈ പ്രപഞ്ചത്തിൽ; ഭൂയഃ പിന്നെ; അന്യയത് ജ്ഞാതവ്യം ന അവശിഷ്യതേ - വേറെ അറിയേണ്ടതായി ഒന്നും ഉണ്ടായിരിക്കുകയില്ലയോ; ഇദം ജ്ഞാനം - ഈ വിധമുള്ള അറിവിനെ; സവിജ്ഞാനം - അനുഭവസഹിതം; അശേഷതഃ - ഒട്ടും ബാക്കി വയ്ക്കാതെ; അഹം തേ വക്ഷ്യാമി - ഞാൻ നിനക്കുപദേശിച്ചുതരാം.

digitized by www.sreyas.in

ഏതൊന്നറിഞ്ഞുകഴിഞ്ഞാൽ പ്രപഞ്ചത്തിൽപ്പിന്നെ വേറെ അറിയേണ്ടതായി ഒന്നും ഉണ്ടായിരിക്കുകയില്ലയോ ഈവിധമുള്ള അറിവിനെ അനുഭവസഹിതം ഒട്ടും ബാക്കിവയ്ക്കാതെ ഞാൻ നിനക്കുപദേശിച്ചുതരാം.

*വക്ഷ്യാമ്യശേഷതഃ*

ഒട്ടും ബാക്കിവയ്ക്കാതെ അറിവ് അനുഭവസഹിതം അർജുനനുപദേശിക്കാമെന്നാണു ഭഗവാൻ പ്രതിജ്ഞ ചെയ്യുന്നത്. സിദ്ധാന്തപരമായ അറിവാണു ജ്ഞാനം. അതനുഭവിച്ചറിയുന്നതാണു വിജ്ഞാനം. സർവത്ര ബ്രഹ്മമയമാണു പ്രപഞ്ചം എന്നു ഗുരുമുഖത്തുനിന്നു കേട്ടശേഷം ശാസ്ത്ര വിചാരത്തിലൂടെ യുക്തിപൂർവം അതുറപ്പിക്കുന്നതാണു സിദ്ധാന്തപരമായ ജ്ഞാനം. യോഗമഭ്യസിച്ചു പാകപ്പെട്ടു സർവവും ബ്രഹ്മമയം എന്നനുഭവിക്കുന്നതാണു വിജ്ഞാനം അഥവാ അനുഭവജ്ഞാനം. സിദ്ധാന്തം അനുഭവത്തിൽ കലാശിച്ചാൽപ്പിന്നെ സംശയത്തിനിടയില്ലല്ലോ. അപ്പോൾ ശ്ലോകത്തിലെ പൂർവാർധം കൊണ്ട് ഒന്നാം പദ്യത്തിലെ 'അസംശയ' പദത്തെയാണു ഭഗവാൻ വിവരിച്ചിരിക്കുന്നത്. ഈ ജ്ഞാനം അനുഭവസഹിതം ഉപദേശിക്കപ്പെട്ടാൽ പ്രപഞ്ചത്തിൽപ്പിന്നെ ഒന്നുംതന്നെ അറിയാൻ ബാക്കിയുണ്ടാവില്ല. ഉണ്ടായി മറയുന്ന ജഡദൃശ്യസമൂഹമായി കാണപ്പെടുന്ന പ്രപഞ്ചം ഏതിൽനിന്നുണ്ടാകുന്നു, ഏതിൽ തിരിച്ചു ലയിക്കുന്നു എന്നുള്ളതാണല്ലോ അന്വേഷണവിഷയം. അതായതു പ്രപഞ്ചത്തിന്റെ ഉൽപ്പത്തി സ്ഥിതി നാശങ്ങളുടെ പരമകാരണമെന്ത് എന്നതാണന്വേഷണം. ബോധാനന്ദസ്വരൂപമായ ബ്രഹ്മമാണു പ്രപഞ്ചത്തിന്റെ പരമകാരണമെന്ന ജ്ഞാനം അനുഭവസഹിതം ഉപദേശിക്കാമെന്നാണു ഭഗവാൻ പ്രതിജ്ഞ ചെയ്യുന്നത്. പരമകാരണം അറിയപ്പെട്ടാൽപ്പിന്നെ ഒന്നും അറിയാനുണ്ടാവില്ലെന്നുള്ളതു സിദ്ധമാണ്. എന്തുകൊണ്ട്? പരമകാരണത്തിൽ ഉണ്ടായി മറയുന്ന എല്ലാ കാര്യരൂപങ്ങളും അതുതന്നെയല്ലാതെ മറ്റൊന്നാകാൻ സാധ്യമല്ല. പരമകാരണം കാരണാവസ്ഥയിൽ രണ്ടില്ലാത്ത കേവലവസ്തുവാണ്. അതിൽ പൊന്തിവന്ന് അതിൽ നിലനിന്ന് അതിൽ തിരിച്ചു ലയിക്കുന്ന കാര്യരൂപങ്ങൾ അതല്ലാതെ പിന്നെ എന്താകാനാണ്? അതുകൊണ്ടു ബ്രഹ്മത്തിൽ പൊന്തിവന്നു ബ്രഹ്മത്തിൽ നിലനിന്നു ബ്രഹ്മത്തിൽ തിരിച്ചു ലയിക്കുന്ന പ്രപഞ്ചകാര്യരൂപങ്ങളെല്ലാം ബ്രഹ്മം തന്നെയല്ലാതെ മറ്റൊന്നുമാകാനിടയില്ല. അപ്പോൾ പ്രപഞ്ചം ബ്രഹ്മം തന്നെ എന്ന ഈ പരമകാരണജ്ഞാനം അനുഭവസഹിതം ഉപദേശിച്ചു കിട്ടിയാൽ ഈ പ്രപഞ്ചത്തിൽ പിന്നെയൊന്നും അറിയാനുണ്ടാവില്ലെന്നുള്ളതു തീർച്ചയാണല്ലോ. അഹോ,

digitized by www.sreyas.in

വേദാന്ത വിജ്ഞാനത്തിന്റെ ആശ്ചര്യകരമായ പരിണാമം! ഇങ്ങനെ ശ്ലോകത്തിന്റെ ഉത്തരാർധത്തിൽ ഇതറിഞ്ഞാൽ ഇനിയൊന്നും അറിയാനുണ്ടാവില്ല എന്നു പ്രഖ്യാപിച്ചുകൊണ്ട് ഒന്നാം ശ്ലോകത്തിലെ 'സമഗ്ര' പദത്തിനു വിവരണം നൽകിയിരിക്കുകയാണു ഭഗവാൻ.

ഈ ലോകത്തിൽ ഇങ്ങനെയൊരറിവുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ടതു സകലർക്കും അഭിഗമ്യമാവുന്നില്ല? ഈ ചോദ്യങ്ങൾക്കുത്തരമാണ് അടുത്ത പദ്യം:

*3. മനുഷ്യാണാം സഹസ്രേഷു കശ്ചിദ്യതതി സിദ്ധയേ*
*യതതാമപി സിദ്ധാനാം കശ്ചിന്മാം വേത്തി തത്ത്വതഃ*

മനുഷ്യാണാം സഹസ്രേഷു - ആയിരക്കണക്കിനു മനുഷ്യരിൽ; കശ്ചിത് ഒരാളായിരിക്കും; സിദ്ധയേ യതതി - പരമപുരുഷാർഥമായ മോക്ഷത്തിനു വേണ്ടി യത്നിക്കുന്നത്; യതതാം സിദ്ധാനാം അപി - അങ്ങനെ യത്നിക്കുന്ന അനേകം സിദ്ധന്മാരിലും; കശ്ചിത് - ഒരാളായിരിക്കും; മാം തത്ത്വതഃ വേത്തി - എന്നെ സർവത്ര സമസ്ഥിതനായി യഥാർഥത്തിൽ അറിയുന്നത്.

ആയിരക്കണക്കിനു മനുഷ്യരിൽ ഒരാളായിരിക്കും പരമപുരുഷാർഥമായ മോക്ഷത്തിനു വേണ്ടി യത്നിക്കുന്നത്. അങ്ങനെ യത്നിക്കുന്ന അനേകം സിദ്ധന്മാരിലും ഒരാളായിരിക്കും എന്നെ സർവത്ര സമസ്ഥിതനായി യഥാർഥത്തിൽ അറിയുന്നത്.

## *കശ്ചിന്മാം വേത്തി തത്ത്വതഃ*

അദ്വയബ്രഹ്മാനുഭവം അത്ര എളുപ്പമല്ല. ജീവിതത്തിന്റെ പരമസത്യമാണല്ലോ അതോടെ അറിയപ്പെടുന്നത്. അതുകൊണ്ടുതന്നെ അതത്ര എളുപ്പമാവാനിടയില്ല. അദ്വയബ്രഹ്മാനുഭവം സംസാരബന്ധത്തിൽ നിന്നുള്ള പൂർണവിമുക്തിയാണ്. ഈ വിമുക്തി ആഗ്രഹിക്കുന്നവർ തന്നെ ലോകത്തെത്ര പേരുണ്ട്? വളരെ അപൂർവം. മായാമോഹിതരായ അധികം പേരും ഇപ്പോഴത്തെ ജീവിതം ഒരൽപ്പകാല പ്രതിഭാസമാണെന്നറിഞ്ഞിട്ടും പലവിധ മമതാബന്ധങ്ങളും കെട്ടിപ്പടുത്ത് അവയിൽക്കുടുങ്ങി കഴിഞ്ഞുകൂടാനാണു കൊതിക്കുന്നത്. അഹോ അൽഭുതസ്വരൂപിണിയായ മായയുടെ വൈഭവം! ഒടുവിൽ താൻ കഠിനപ്രയത്നം ചെയ്തു കെട്ടിപ്പടുത്ത എല്ലാ ബന്ധങ്ങളെയും ഒട്ടും ഇഷ്ടമില്ലാതെ വിട്ടുപോകേണ്ടതായും വരുന്നു. അഹോ, മായയുടെ കൊടുംവഞ്ചന! ഇങ്ങനെ മായാവലയിൽപ്പെട്ടുഴലുന്ന അനേകായിരം പേരിൽ സുകൃതിയായ ഒരാളായിരിക്കും മോക്ഷമാർഗത്തിലേക്കു തിരിയു

digitized by www.sreyas.in

ന്നത്. തിരിഞ്ഞാലോ; അവിടെയും ആരംഭത്തിൽ മാർഗം ഇരുളടഞ്ഞതാണ്. എണ്ണമറ്റ ഈശ്വരന്മാർ, എണ്ണമറ്റ മതഭേദങ്ങൾ, വാദകോലാഹലങ്ങൾ, മതകലഹങ്ങൾ എന്നീ മായാഭ്രമങ്ങൾ പിൻതുടരും. പലരും ഇവയിൽക്കുടുങ്ങി വഴി മുടങ്ങി നിന്നുപോകും. ഇനി അൽപ്പം മുന്നോട്ടുപോയെന്നു കരുതുക. അൽഭുതസിദ്ധികൾ, സമ്പത്തിന്റെ പ്രവാഹം, കീർത്തി, ശിഷ്യസമ്പത്ത്, ലോകപ്രശംസ തുടങ്ങിയ മായയുടെ മോഹിനീരൂപങ്ങളിൽ കുടുങ്ങിപ്പോകാതെ രക്ഷപ്പെടാൻ എത്രപേർക്കു കഴിയും? അധികംപേരും ഈ കുരുക്കുകളെ ഭേദിക്കാൻ അസമർഥരാണ്. ഒടുവിൽ അപൂർവം ഒന്നോ രണ്ടോ പേരായിരിക്കും സർവത്ര അസക്തബുദ്ധികളായി മനസ്സിനെ പൂർണമായും ജയിച്ചു കാമസ്പർശമില്ലാതെ ബ്രഹ്മാനന്ദാമൃതം പാനം ചെയ്തു സർവത്ര സമസ്ഥിതമായ വസ്തുവിനെ അതായിത്തീർന്നനുഭവിക്കുന്നവർ. അവരുടെ ജീവിതം ധന്യധന്യമെന്നു പറയേണ്ടതില്ലല്ലോ. അദ്വയവസ്തുസ്ഥിതി യഥാർഥമായറിയുന്നവർ വളരെ അപൂർവം.

ജ്ഞാനവിജ്ഞാനോപദേശത്തിന് ഇങ്ങനെ ഒരു മുഖവുര നൽകിയ ശേഷം ഭഗവാൻ തുടർന്നു ജ്ഞാനം ഉപദേശിക്കാൻ തുടങ്ങുകയാണ്. നാലു മുതൽ പതിമൂന്നുവരെയുള്ള പദ്യങ്ങൾ ജ്ഞാനം അഥവാ സിദ്ധാന്തം ഉപദേശിക്കുന്നവയാണ്. പതിന്നാലു മുതലുള്ളവ വിജ്ഞാനം അഥവാ അനുഭവം ഉപദേശിക്കുന്നവയും. ആദ്യമായി ബ്രഹ്മത്തെ അധിഷ്ഠാനമാക്കിക്കൊണ്ടു സൃഷ്ടി നടത്തുന്ന ബ്രഹ്മശക്തിയായ പ്രകൃതിയുടെ വിഭാഗങ്ങളെ വിവരിക്കുകയാണ് നാലും അഞ്ചും പദ്യങ്ങളിൽ:

4. *ഭൂമിരാപോഽനലോ വായുഃ ഖം മനോ ബുദ്ധിരേവ ച*
   *അഹംകാര ഇതീയം മേ ഭിന്നാ പ്രകൃതിരഷ്ടധാ*

ഇയം മേ പ്രകൃതിഃ ഏവ ച – പ്രപഞ്ചരൂപത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന എന്റെ ഈ പ്രകൃതി തന്നെ; ഭൂമിഃ – ഭൂമിയുടെ സൂക്ഷ്മതന്മാത്രയായ ഗന്ധം; ആപഃ – ജലത്തിന്റെ സൂക്ഷ്മതന്മാത്രയായ രസം; അനലഃ – തേജസ്സിന്റെ സൂക്ഷ്മതന്മാത്രയായ രൂപം; വായുഃ – വായുവിന്റെ സൂക്ഷ്മതന്മാത്രയായ സ്പർശം; ഖം – ആകാശത്തിന്റെ സൂക്ഷ്മതന്മാത്രയായ ശബ്ദം; മനഃ – മനസ്സിന്റെ സൂക്ഷ്മരൂപമായ അഹങ്കാരം; ബുദ്ധിഃ – ബുദ്ധിയുടെ സൂക്ഷ്മരൂപമായ മഹത്തത്വം അഥവാ സാത്വികപ്രാണൻ; അഹങ്കാരഃ – അഹങ്കാരത്തിന്റെ ഉറവിടമായ അവ്യക്തം; ഇതി ച – എന്നും; അഷ്ടധാ ഭിന്നാ – എട്ടുവിധമായി വേർതിരിയുന്നു.

digitized by www.sreyas.in

പ്രപഞ്ചരൂപത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന എന്റെ ഈ പ്രകൃതി തന്നെ ഭൂമിയുടെ സൂക്ഷ്മതന്മാത്രയായ ഗന്ധം, ജലത്തിന്റെ സൂക്ഷ്മതന്മാത്രയായ രസം, തേജസ്സിന്റെ സൂക്ഷ്മതന്മാത്രയായ രൂപം, വായുവിന്റെ സൂക്ഷ്മതന്മാത്രയായ സ്പർശം, ആകാശത്തിന്റെ സൂക്ഷ്മതന്മാത്രയായ ശബ്ദം, മനസ്സിന്റെ സൂക്ഷ്മരൂപമായ അഹങ്കാരം, ബുദ്ധിയുടെ സൂക്ഷ്മരൂപമായ മഹത്തത്വം അഥവാ സാത്വികപ്രാണൻ, അഹങ്കാരത്തിന്റെ ഉറവിടമായ അവ്യക്തം എന്ന് എട്ടുവിധമായി വേർതിരിയുന്നു.

## ഭിന്നാ പ്രകൃതിരഷ്ടധാ

സർവത്ര നിറഞ്ഞിരിക്കുന്ന സച്ചിദാനന്ദഘനമായ നിശ്ചലബ്രഹ്മത്തിൽ സ്പന്ദനാത്മികയായി പ്രത്യക്ഷപ്പെടുന്ന ബ്രഹ്മശക്തിയാണു പ്രകൃതി അഥവാ മായ. ഈ ശക്തി വസ്തുവിൽ സ്പന്ദിച്ചുയർന്നാൽ ഒരു ചിത്രപടത്തിന്റെ ചുരുൾ നിവരുന്നതുപോലെ പ്രപഞ്ചദൃശ്യങ്ങൾ പ്രത്യക്ഷപ്പെടുകയായി. സ്പന്ദനം നിലച്ചാൽ ചുരുൾ മടങ്ങുന്നതുപോലെ പ്രപഞ്ചദൃശ്യങ്ങൾ എല്ലാം മറയും. ശക്തിയും അന്തർധാനം ചെയ്യും. ശക്തൻ മാത്രം അവശേഷിക്കും. ഇതാണു കേവല സ്ഥിതി അഥവാ കൈവല്യം. ശരീരമുള്ളപ്പോൾത്തന്നെ ഒരാൾക്കു നിർവികൽപ്പസമാധിയിൽ ഈ സ്ഥിതി സാക്ഷാൽക്കരിച്ചനുഭവിക്കാവുന്നതേയുള്ളു. എന്തായാലും പ്രകൃതി സ്പന്ദിച്ചുയർന്നാൽ വസ്തുസ്ഥിതി മറച്ച് ഒരവ്യക്തദശയുടെ അനുഭവമുണ്ടാക്കുകയാണ് ആദ്യമായി ചെയ്യുന്നത്. അവ്യക്തദശക്ക് 'അവ്യാകൃതം' എന്നും പേരുണ്ട്. പ്രകടമായ നാമരൂപങ്ങളൊന്നും വേർതിരിയാത്ത അവസ്ഥ എന്നാണു രണ്ടു പദങ്ങളുടെയും താൽപ്പര്യം. പ്രകൃതി ആദ്യമായി പ്രത്യക്ഷപ്പെടുന്നത് ഇങ്ങനെ ഒരവ്യക്തരൂപത്തിലായതുകൊണ്ടു പ്രകൃതിയുടെ അഥവാ ബ്രഹ്മശക്തിയുടെ പര്യായമായിത്തന്നെ 'അവ്യക്ത' പദം പ്രയോഗിക്കാറുണ്ട്. അവ്യക്തത്തിൽ നിന്നു പൊന്തിവരുന്ന പ്രകൃതിയുടെ അടുത്ത രൂപമാണു 'സത്വബുദ്ധി.' ഈ സത്വബുദ്ധിയ്ക്ക് 'മഹാനാത്മാ' എന്നാണു കഠോപനിഷത്തു പേരിട്ടിരിക്കുന്നത്. സാത്വികപ്രാണൻ, ഹിരണ്യഗർഭൻ, പ്രജാപതി, മഹത്തത്വം എന്നൊക്കെ ഈ സത്വബുദ്ധിക്കു പേരുകളുണ്ട്. ജീവാഹന്തകളെല്ലാം പിന്നീട് ഇതിൽ നിന്നു പൊട്ടിമുളക്കുന്നവയാണ്. എല്ലാം താൻ തന്നെ എന്നഭിമാനിക്കുന്ന പ്രകാശമയമായ വലിയൊരു 'ഞാൻ' സത്വബുദ്ധിയുടെ അനുഭവമാണ്. പ്രാണശരീരിയാണ് ഈ 'ഞാൻ'. ആധുനികശാസ്ത്രം പറയുന്ന കോസ്മിക് എനർജി അഥവാ പ്രപഞ്ചപ്രാണൻ

digitized by www.sreyas.in

തന്നെയാണ് ഈ സത്വബുദ്ധി. ഇതിൽ നിന്നുമാണ് പ്രതിശരീരം ഞാൻ എന്നനുഭവിക്കുന്ന ജീവാഹന്തകൾ രൂപംകൊള്ളുന്നത്. ഇവിടെയാണ് ആധുനികശാസ്ത്രം തിരക്കിട്ടന്വേഷിക്കുന്ന ജീവന്റെ ഉൽപ്പത്തി. തുടർന്ന് ജീവാഹന്തകളിൽ നിന്നു ശബ്ദസ്പർശരൂപരസഗന്ധങ്ങളെന്ന പഞ്ചഭൂതങ്ങളുടെ സൂക്ഷ്മതന്മാത്രകളുടെ സംഘാതമായ മനസ്സ് രുപം കൊള്ളുന്നു. അതോടെ സ്ഥൂല ഭൂതസംഘാതമായ പ്രപഞ്ചം അനുഭവപ്പെടുന്നു. പരബ്രഹ്മവസ്തുവിൽ നിന്നുള്ള സൃഷ്ടിയുടെ ഉപനിഷത് പ്രസിദ്ധമായ ക്രമം ഇതാണ്. ഈ ക്രമത്തെ മുൻനിറുത്തിയാണ് ശങ്കരഭഗവത്പാദർ പ്രസ്തുത ശ്ലോകം വ്യാഖ്യാനിച്ചിരിക്കുന്നത്. പഞ്ചഭൂതതന്മാത്രകളുടെ സംഘാതമായ മനസ്സിന്റെ അനുഭവമാണു സ്ഥൂലപ്രപഞ്ചമെന്നുള്ളതുകൊണ്ടു ഭൂമിഃ, ആപഃ, അനലഃ, വായുഃ, ഖം എന്ന അഞ്ചു ഭൂതനാമങ്ങളും യഥാക്രമം ഗന്ധം, രസം, രൂപം, സ്പർശം, ശബ്ദം എന്ന തന്മാത്രകളെയാണ് അർഥമാക്കുന്നത്. തന്മാത്രകളെ പറഞ്ഞതുകൊണ്ടുതന്നെ തന്മാത്രാസംഘാതമായ മനസ്സ് പറയപ്പെട്ടതായി കണക്കാക്കണം. തന്മാത്രകളും മനസ്സും ഒന്നുതന്നെ. അപ്പോൾ ശ്ലോകത്തിൽ 'മനസ്സ്' എന്ന പദം എടുത്തു പറഞ്ഞിരിക്കുന്നതോ? 'ഭൂമി' തുടങ്ങിയ പദങ്ങൾ സൂക്ഷ്മതന്മാത്രകളെ ഗ്രഹിക്കുന്നതുപോലെ 'മനഃ' എന്ന പദം മനസ്സിന്റെ തായ്‌വേരായ ജീവാഹന്തയെ അഥവാ അഹങ്കാരത്തെയാണ് അർഥമാക്കുന്നത്. 'ബുദ്ധിഃ' എന്ന പദമോ? വ്യക്തിബുദ്ധികളുടെ ഉറവിടമായ സത്വബുദ്ധിയെ അഥവാ മഹത്തത്വത്തെ ഗ്രഹിപ്പിക്കുന്നതാണ്. 'അഹങ്കാരഃ' എന്ന പദംകൊണ്ട് അഹങ്കാരങ്ങളുടെ മുഴുവൻ ഉറവിടമായ അവ്യക്തത്തെ ഗ്രഹിക്കണം. മഹത്തത്വത്തിലെ വലിയ അഹങ്കാരവും ജീവന്മാരിലെ ചെറിയ അഹങ്കാരങ്ങളും ഈ അവ്യക്തത്തിലാണല്ലോ ലയിച്ചു കിടക്കുന്നത്. വിഷം ഒളിഞ്ഞിരിപ്പുള്ള ആഹാരത്തെ വിഷമെന്നു തന്നെ പറയാറുള്ളതുപോലെ അഹങ്കാരം ഒളിഞ്ഞിരിക്കുന്ന അവ്യക്തത്തെ അഹങ്കാരപദംകൊണ്ടു പരാമർശിക്കുന്നതിൽ ദോഷമില്ലെന്നാണു ഭഗവത്പാദരുടെ മതം. അപ്പോൾ ബ്രഹ്മശക്തിയായ പ്രകൃതിയുടെ എട്ടു വകഭേദങ്ങൾ, അവ്യക്തം, മഹത്തത്വം, അഹങ്കാരം, ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇവയാണ്.

ഈ പറഞ്ഞ എട്ടും ബ്രഹ്മത്തിന്റെ 'അപരാ' പ്രകൃതിയാണെന്നും 'ജീവൻ' ബ്രഹ്മത്തിന്റെ 'പരാ' പ്രകൃതിയാണെന്നുമാണു തുടർന്നു ഭഗവാൻ വിവരിക്കുന്നത്:

digitized by www.sreyas.in

5. *അപരേയമിതസ്ത്വന്യാം പ്രകൃതിം വിദ്ധി മേ പരാം*
*ജീവഭൂതാം മഹാബാഹോ യയേദം ധാര്യതേ ജഗത്*

ഇയം മേ അപരാ - എട്ടു വിധമായി വേർപിരിയുന്ന എന്റെ ഈ പ്രകൃതി അപര പ്രകൃതിയാണ്; മഹാബാഹോ - അല്ലയോ അർജുന; ഇതഃ തു - ഈ അപര പ്രകൃതിയിൽ നിന്നും; അന്യാം - ഭിന്നയായി; ജീവഭൂതാം പ്രകൃതിം - ജീവസ്വരൂപം കൈക്കൊണ്ടു വിളങ്ങുന്ന പ്രകൃതിയെ; പരാം വിദ്ധി - പരപ്രകൃതിയെന്നറിയൂ; യയാ - ആ പരപ്രകൃതിയിലാണ്; ഇദം ജഗത് ധാര്യതേ - ഈ ജഗത്ത് ഉള്ളതായി അനുഭവിക്കപ്പെടുന്നത്.

എട്ടു വിധമായി വേർപിരിയുന്ന എന്റെ ഈ പ്രകൃതി അപര പ്രകൃതിയാണ്. അല്ലയോ അർജുന, ഈ അപര പ്രകൃതിയിൽ നിന്നു ഭിന്നയായി ജീവസ്വരൂപം കൈക്കൊണ്ടു വിളങ്ങുന്ന പ്രകൃതിയെ പരപ്രകൃതിയെന്നറിയൂ. ആ പരപ്രകൃതിയിലാണ് ഈ ജഗത്ത് ഉള്ളതായി അനുഭവിക്കപ്പെടുന്നത്.

## അപരയും പരയും

താണത്, അപകൃഷ്ടം എന്നൊക്കെയാണ് 'അപരാ' ശബ്ദത്തിനർഥം. ഉയർന്നത്, ഉൽകൃഷ്ടം എന്നൊക്കെയാണ് 'പരാ' ശബ്ദ താൽപ്പര്യം. എട്ടായി വിഭജിക്കപ്പെട്ടിരിക്കുന്നതു ജഡപ്രകൃതിയാണ്. എട്ടായിപ്പിരിയുന്ന ജഡപ്രകൃതി കൂടിക്കലർന്നാണ് പ്രപഞ്ചഘടകങ്ങളുടെയെല്ലാം ശരീരം രൂപം കൊണ്ടിരിക്കുന്നത്. ഈ ശരീരങ്ങളിൽ പ്രതിബിംബരൂപത്തിൽ കടന്ന് അവയെ അറിഞ്ഞു പ്രവർത്തിപ്പിക്കുന്ന ചേതനാംശമാണു ജീവപ്രകൃതി. സ്വയം അറിയാനോ പ്രവർത്തിക്കാനോ കഴിവില്ലാത്തതുകൊണ്ടാണു ജഡ പ്രകൃതിയെ 'അപരാ' അഥവാ 'അപകൃഷ്ടാ' എന്നു പറഞ്ഞിരിക്കുന്നത്. സ്വയം അറിയാനും ജഡത്തെ പ്രവർത്തിപ്പിക്കാനും കഴിവുള്ളതുകൊണ്ടാണു ജീവപ്രകൃതിയെ 'പരാ' അഥവാ 'ഉൽകൃഷ്ടാ' എന്നു വിളിച്ചിരിക്കുന്നത്. വെള്ളത്തിലെ സൂര്യപ്രതിബിംബംപോലെയാണു ജഡശരീരങ്ങളിലെ ചേതനപ്രതിബിംബമായ ജീവൻ. സാക്ഷാൽ സൂര്യന്റെ ഗുണങ്ങൾ വെള്ളത്തിന്റെ സ്വഭാവമനുസരിച്ചു പ്രതിബിംബസൂര്യനിൽ കൂടിയും കുറഞ്ഞും കാണുമല്ലോ. അതുപോലെ ചേതനനായ പരമാത്മാവിന്റെ ഗുണങ്ങളായ അറിവും ആനന്ദവുമൊക്കെ ആശ്രയമായ ദേഹത്തിന്റെ സ്വഭാവമനുസരിച്ചു ജീവപ്രകൃതിയിൽ കൂടിയും കുറഞ്ഞും കാണുമെന്നറിയേണ്ടതാണ്. ജഡവും ജീവനും സദാ പരസ്പരബദ്ധമാണെന്നറിയേണ്ടതാണ്. ആശ്രയ

digitized by www.sreyas.in

മായ ജഡമില്ലെങ്കിൽ പ്രതിബിംബമായ ജീവൻ ഇല്ലാതാകും. ജഡത്തെ ഉണ്ടെന്നറിഞ്ഞനുഭവിക്കാൻ പ്രതിബിംബമായ ജീവനില്ലെന്നുവന്നാൽ ജഡവും ഇല്ലാതാകും. ഇതാണവയുടെ പരസ്പരാശ്രയത്വം. ജഡം സ്വയം നിലനിൽപ്പറിയുന്ന പദാർഥമല്ലല്ലോ. അതുകൊണ്ടാണ് ജഡജഗത്തിനെ ഉണ്ടെന്നറിഞ്ഞനുഭവിക്കുന്നതു ജീവപ്രകൃതിയാണെന്നു ഭഗവാൻ എടുത്തു പറഞ്ഞിരിക്കുന്നത്. മായ ഉണ്ടാക്കിയഴിക്കുന്ന ജഡജീവ ജഗത്തിനോടു പരമാത്മാവിനു നേരിട്ടു യാതൊരു ബന്ധവുമില്ലെന്നും ഈ പ്രസ്താവന സൂചിപ്പിക്കുന്നു. പരമാത്മാവിൽ ഒരു ബന്ധദോഷവും വരുത്താതെയാണു മായയുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെല്ലാം, ജഡസമ്പർക്കത്തിലേർപ്പെടുന്ന ജീവനാണ് എല്ലാ ബന്ധങ്ങളും. ജഡസമ്പർക്കം വിട്ടാൽ ബ്രഹ്മപ്രതിബിംബമായ ജീവനും പ്രതിബിംബത്വം പോയി തന്റെ പൂർവസ്ഥിതി പ്രാപിക്കുന്നതാണ്. അതാണു മോക്ഷം.

പ്രകൃതിയെ ഇങ്ങനെ അപരയെന്നും പരയെന്നും വിഭജിച്ചു കാണിച്ച ശേഷം എല്ലാ പ്രപഞ്ചഘടകങ്ങളും ഈ രണ്ടു പ്രകൃതികൾ കൂടിക്കലർന്നുണ്ടായവയാണെന്നു ഭഗവാൻ തുടർന്നു പ്രസ്താവിക്കുന്നു.

*6. ഏതദ്യോനീനി ഭൂതാനി സർവാണീത്യുപധാരയ*
*അഹം കൃത്സ്നസ്യ ജഗതഃ പ്രഭവഃ പ്രളയസ്തഥാ*

സർവാണി ഭൂതാനി - എല്ലാ പ്രപഞ്ചഘടകങ്ങളും; ഏതദ്യോനീനി - ഈ രണ്ടു പ്രകൃതികളും കൂടിക്കലർന്നുണ്ടായവയാണ്; ഇതി ഉപധാരയ - എന്ന് അറിയുക; തഥാ - അതുപോലെ; അഹം - പരമാത്മാവായ ഞാൻ; കൃത്സ്നസ്യ ജഗതഃ - മുഴുവൻ പ്രപഞ്ചത്തിന്റെയും; പ്രഭവഃ പ്രളയഃ - ഉത്ഭവസ്ഥാനവും ലയസ്ഥാനവുമാണെന്നും അറിയൂ.

എല്ലാ പ്രപഞ്ചഘടകങ്ങളും ഈ രണ്ടു പ്രകൃതികളും കൂടിക്കലർന്നുണ്ടായവയാണെന്നറിയൂ. അതുപോലെ പരമാത്മാവായ ഞാൻ മുഴുവൻ പ്രപഞ്ചത്തിന്റെയും ഉത്ഭവസ്ഥാനവും ലയസ്ഥാനവും ആണെന്നും അറിയൂ.

## പരമകാരണം

പ്രപഞ്ചത്തിന്റെ പരമകാരണമാണു ബ്രഹ്മം. പരമകാരണമായതുകൊണ്ടുതന്നെ അതു നിർവികാരമായിരുന്നേ പറ്റൂ. വികാരപ്പെട്ടു മാറുന്നതെന്തും ജനനമരണങ്ങൾക്കു വിധേയമായിപ്പോകും. അത്തരം വികാരങ്ങൾ ഉള്ള ഒന്നു പരമകാരണമാകാൻ പറ്റുകയില്ല. ജനിക്കുകയും മരിക്കുകയും ചെയ്യുന്ന വസ്തുവിനു പിറകിൽ വേറെ കാരണമുണ്ടായേ പറ്റൂ. അതു

digitized by www.sreyas.in

കൊണ്ട് അതു പരമകാരണമാവുകയില്ല. ബ്രഹ്മത്തിൽ സ്പന്ദിച്ചുയരുന്ന ശക്തി ബ്രഹ്മത്തിന് ഒരു വികാരവും വരുത്താതെയാണ് അപരയായും പരയായും വേർതിരിഞ്ഞു പ്രപഞ്ചഘടകങ്ങളെയെല്ലാം ഉണ്ടാക്കിക്കാണിക്കുന്നത്. പക്ഷേ, ശക്തിക്കു പൊന്തിവരാനും തിരിച്ചു ലയിക്കാനും ഇടമരുളുന്നതു ബ്രഹ്മമാണല്ലോ. അതുകൊണ്ടാണു പരമാത്മാവായ താൻ തന്നെയാണു പ്രപഞ്ചത്തിന്റെ ഉൽഭവസ്ഥാനവും ലയസ്ഥാനവുമെന്നു ഭഗവാൻ വെളിപ്പെടുത്തിയിരിക്കുന്നത്.

ഉണ്ടായിമറയുന്ന കാര്യരൂപങ്ങളായ പ്രപഞ്ചഘടകങ്ങളെ കണ്ടിട്ടാണല്ലോ ഒരു ജിജ്ഞാസു കാരണാന്വേഷണത്തിനു പുറപ്പെടുന്നത്. തുടർന്നു ബോധാനന്ദഘനമായ ബ്രഹ്മമാണു പ്രപഞ്ചകാര്യരൂപങ്ങളുടെയെല്ലാം ഉൽപ്പത്തിസ്ഥാനവും ലയസ്ഥാനവുമായ പരമകാരണമെന്നു തെളിഞ്ഞു. ഇനി അടുത്ത സംശയം ബ്രഹ്മമാണു പരമകാരണമെങ്കിൽ അതിൽ പൊന്തിമറയുന്ന പ്രപഞ്ചഘടകങ്ങൾ ആ പരമകാരണത്തിൽ നിന്നു ഭിന്നമാകാൻ പറ്റുമോ? ഈ സന്ദേഹത്തിനാണു ഭഗവാൻ ഏഴാം പദ്യംകൊണ്ടു മറുപടി പറയുന്നത്:

*7. മത്തഃ പരതരം നാന്യത് കിഞ്ചിദസ്തി ധനഞ്ജയ*
*മയി സർവമിദം പ്രോതം സൂത്രേ മണിഗണാ ഇവ*

ധനഞ്ജയ - അല്ലയോ അർജുനാ; മത്തഃ പരതരം - എന്നിൽ നിന്നു ഭിന്നമായി; അന്യത് കിഞ്ചിത് - വേറെ ഒന്നും; ന അസ്തി - ഇല്ല; സൂത്രേ മണിഗണാഃ ഇവ - ചരടിൽ മുത്തുകളെന്നപോലെ; മയി ഇദം സർവം - എന്നിൽ ഈ കാണുന്ന പ്രപഞ്ചഘടകങ്ങളെല്ലാം; പ്രോതം - കോർക്കപ്പെട്ടിരിക്കുന്നു.

അല്ലയോ അർജുനാ, എന്നിൽ നിന്നു ഭിന്നമായി വേറെ ഒന്നും ഇല്ല. ചരടിൽ മുത്തുകളെന്നപോലെ എന്നിൽ ഈ കാണുന്ന പ്രപഞ്ചഘടകങ്ങളെല്ലാം കോർക്കപ്പെട്ടിരിക്കുന്നു.

## *മയി സർവമിദം പ്രോതം*

പ്രപഞ്ചം പൊന്തിവരുന്നതും തിരിച്ചു ലയിക്കുന്നതും പരമാത്മാവിലാണ്. പൊന്തിവരുന്നതിനു മുൻപ് എന്തുണ്ടായിരുന്നു? പരമാത്മാവു മാത്രം. ലയിച്ചതിനുശേഷം എന്തുണ്ടാവും? പരമാത്മാവു മാത്രം. സൃഷ്ടിക്കു മുൻപും ലയത്തിനു ശേഷവും പരമാത്മാവല്ലാതെ ലേശംപോലും മറ്റൊന്നുമുള്ളതായി ഭവിക്കുന്നില്ല. അതുകൊണ്ടു സൃഷ്ടിക്കും ലയത്തിനുമിടക്ക്

digitized by www.sreyas.in

പരമാത്മാവിൽ സ്പന്ദിച്ചുയരുന്ന ശക്തിയും അതുണ്ടാക്കിക്കാണിക്കുന്ന പ്രപഞ്ചഘടകങ്ങളും പരമാത്മാവിന്റെ തന്നെ രൂപഭേദങ്ങളാണെന്നു കാണേണ്ടതാണ്. അതാണ് എന്നിൽനിന്നു ഭിന്നമായി വേറെ യാതൊന്നുമില്ല എന്നു ഭഗവാൻ പ്രസ്താവിച്ചിരിക്കുന്നത്. പക്ഷേ, പ്രപഞ്ചഘടകങ്ങൾ പലതായി കാണപ്പെടുന്നതോ? അതു സാരമില്ല. ചരടിൽ കോർക്കപ്പെട്ട മുത്തുകളെന്നപോലെ അവ പരമാത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു. വേദാന്തത്തിലെ ദൃഷ്ടാന്തങ്ങളൊന്നും തന്നെ സർവത്ര സാദൃശ്യമുള്ളവയാണെന്നു കരുതിക്കൂടാ. ഇവിടെ ചരടും മുത്തുകളും ഭിന്നങ്ങളാണല്ലോ എന്നു സംശയിക്കാൻ പാടില്ല. മുത്തുകളെ ചരട് ഒരുമിപ്പിച്ചു നിറുത്തിയിരിക്കുന്നതുപോലെ പലതായി കാണപ്പെടുന്ന പ്രപഞ്ചനാമരൂപങ്ങൾ പരമാത്മാവിൽ ഒരുമിച്ചു കാണപ്പെടുന്നവയാണെന്നേ ദൃഷ്ടാന്തംകൊണ്ടർഥമാക്കുന്നുള്ളു. എന്നിൽനിന്നു ഭിന്നമായി യാതൊന്നും ഇല്ല എന്നു പ്രഖ്യാപിച്ചശേഷമാണു ദൃഷ്ടാന്തം നൽകിയിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ഓർമിക്കേണ്ടതാണ്.

ബോധാനന്ദസ്വരൂപമായ പരബ്രഹ്മം ഈ സ്ഥൂലജഡരൂപമായി എങ്ങനെ കാണപ്പെട്ടു? ഇനി ബോധമാണ് ഈ ജഡരൂപമായി കാണപ്പെടുന്നതെങ്കിൽ ഈ മറയ്ക്കപ്പുറം ആ സത്യത്തെ കണ്ടെത്താനുള്ള ഉപായമെന്താണ്? കട്ടിപിടിച്ച ജഡാനുഭവത്തിലെ സൂക്ഷ്മരൂപങ്ങളെ തേടുകയാണ് ഇതിനുള്ള ഉപായം. ഈ തിരച്ചിലിന്റെ സ്വരൂപമാണ് എട്ടു മുതൽ പന്ത്രണ്ടു വരെയുള്ള അഞ്ചു പദ്യങ്ങളിൽ ഭഗവാൻ വിവരിക്കുന്നത്:

*8. രസോഹമപ്സു കൗന്തേയ പ്രഭാസ്മി ശശിസൂര്യയോഃ*
*പ്രണവഃ സർവവേദേഷു ശബ്ദഃ ഖേ പൗരുഷം നൃഷു*

കൗന്തേയ - അല്ലയോ അർജുനാ; അപ്സു - വെള്ളത്തിൽ; രസഃ അഹം - രസം ഞാനാകുന്നു; ശശിസൂര്യയോഃ -ചന്ദ്രനിലും സൂര്യനിലും; പ്രഭാ അസ്മി - രൂപം ഞാനാകുന്നു; സർവവേദേഷു പ്രണവഃ - വേദങ്ങളിലെല്ലാം ഞാൻ 'ഓം' കാരമാകുന്നു; ഖേ ശബ്ദഃ - ആകാശത്തിൽ ശബ്ദമാകുന്നു; നൃഷു പൗരുഷം അസ്മി - മനുഷ്യരിൽ ഞാൻ പൗരുഷമാകുന്നു.

അല്ലയോ അർജുനാ, വെള്ളത്തിൽ രസം ഞാനാകുന്നു; ചന്ദ്രനിലും സൂര്യനിലും രൂപം ഞാനാകുന്നു; വേദങ്ങളിലെല്ലാം ഞാൻ 'ഓം' കാരമാകുന്നു. ആകാശത്തിൽ ശബ്ദമാകുന്നു. മനുഷ്യരിൽ ഞാൻ പൗരുഷമാകുന്നു.

digitized by www.sreyas.in

## സൂക്ഷ്മാന്വേഷണം

പുറമേ കാണുന്ന കട്ടിപിടിച്ച ജഡരൂപങ്ങളെ നോക്കിനിന്നാൽ സത്യം ഒരിക്കലും തെളിയുകയില്ല. സത്യാന്വേഷണമെന്നു പറയുന്നതു സ്ഥൂലതലത്തിൽ നിന്നു സൂക്ഷ്മാനുഭവ തലങ്ങളിലേക്കുള്ള ഇറങ്ങിച്ചെല്ലലാണ്. ആ പ്രക്രിയ സുഗമമാക്കാനാണു സ്ഥൂലദൃശ്യങ്ങളുടെ സൂക്ഷ്മാംശങ്ങളെടുത്തുകാട്ടി ഞാനവയാണ് എന്നു ഭഗവാൻ വിവരിച്ചിരിക്കുന്നത്. എന്റെ ശുദ്ധരൂപം തിരഞ്ഞു ചെല്ലേണ്ട വഴിയിതിലേയാണ് എന്നു താൽപ്പര്യം. വെള്ളത്തിന്റെ രഹസ്യമറിയണമെന്നുള്ളവർ പുറമേ കാണുന്ന വെള്ളത്തിന്റെ രൂപം നോക്കിനിന്നാൽ പറ്റുകയില്ല. വെള്ളത്തിന്റെ സൂക്ഷ്മതന്മാത്രയായ രസത്തെയറിയണം. രസത്തിന്റെ അനുഭവത്തെ പിൻതുടർന്നു രസനേന്ദ്രിയത്തെയും രസനേന്ദ്രിയത്തെ പിൻതുടർന്നു മനസ്സിനെയും മനസ്സിനെ പ്രചോദിപ്പിക്കുന്ന ബോധത്തെയും കണ്ടെത്തേണ്ടതാണ്. സൂക്ഷ്മാന്വേഷണ മാർഗത്തിലെ ആദ്യത്തെ പടി ചൂണ്ടിക്കൊടുത്താൽ പിന്നെയുള്ളവ തനിയേ കണ്ടുപിടിച്ചുകൊള്ളുമെന്നു കരുതിയാണു രസാദിയെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. കേനോപനിഷത്തിന്റെ മാർഗമാണിത്. മനസ്സും ഇന്ദ്രിയങ്ങളും ആരുടെ ആജ്ഞക്കു വിധേയമായിട്ടാണു പ്രപഞ്ചത്തെ അനുഭവിക്കുന്നത് എന്ന ചോദ്യവുമായിട്ടാണ് ആ ഉപനിഷത്താരംഭിക്കുന്നത്. സ്ഥൂലവിഷയങ്ങളിൽ അവയുടെ സൂക്ഷ്മതന്മാത്രകളുടെ അനുഭവതലത്തിൽക്കൂടി പിന്നോട്ടുപോയാൽ പരമസത്യം കണ്ടെത്താൻ കഴിയും. വെള്ളത്തിൽ രസവും ചന്ദ്രസൂര്യന്മാരിൽ രൂപവും ആകാശത്തിൽ ശബ്ദവുമാണു സൂക്ഷ്മതന്മാത്രകൾ. വേദങ്ങളിൽ പ്രണവം ഞാനാണ്. ഉപനിഷത്തുകൾ ഏകകണ്ഠമായി ശുപാർശ ചെയ്യുന്ന പ്രണവോപാസന അഥവാ 'ഓം' കാരജപം കൃത്യമായി ശീലിക്കുന്ന ഒരാൾക്ക് അതിവേഗം ആത്മസത്യം തെളിഞ്ഞുകിട്ടുമെന്നു താൽപ്പര്യം. മനുഷ്യരിൽ പൗരുഷമാണു ഞാൻ. വിവേകപൂർവമായ ധീരതയാണു പൗരുഷം. ഇതു മറ്റു ജീവികൾക്കില്ല. വിവേകപൂർവമായ ധീരത സത്യദർശനത്തിനു സഹായിക്കുന്നു. ബ്രഹ്മാവ് മറ്റു ജീവികളെയൊക്കെ സൃഷ്ടിച്ചിട്ടും അവക്കൊന്നും ബ്രഹ്മാവലോകനസാമർഥ്യം ഇല്ലാതിരുന്നതുകൊണ്ട് അദ്ദേഹത്തിനു തൃപ്തി വന്നില്ല. ഒടുവിൽ ബ്രഹ്മാവലോകനസാമർഥ്യമുള്ള മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അദ്ദേഹത്തിന് അതിയായ സന്തോഷം തോന്നിയെന്നാണു ഭാഗവതപുരാണം വിവരിക്കുന്നത്. മനുഷ്യന്റെ ഈ ബ്രഹ്മാവലോകനസാമർഥ്യം തന്നെയാണവന്റെ പൗരുഷം. അർജുനനെപ്പോലെയുള്ളവർ ഭഗവദനുഗ്രഹ

digitized by www.sreyas.in

മായ് ആ പൗരുഷത്തെ വ്യർഥമാക്കരുതെന്നു സൂചിപ്പിക്കാനാണ് 'പൗരുഷം നൃഷു' എന്നു ഭഗവാൻ പ്രസ്താവിച്ചിരിക്കുന്നത്.

നിലനിൽപ്പിന്റെ സൂക്ഷ്മതലങ്ങളിലേക്കിറങ്ങിച്ചെന്നു സത്യം തിരയേണ്ട പ്രക്രിയ വേറെയും ദൃഷ്ടാന്തങ്ങൾകൊണ്ടു വിവരിക്കുന്നു:

*9. പുണ്യോ ഗന്ധഃ പൃഥിവ്യാഞ്ച തേജശ്ചാസ്മി വിഭാവസൗ*
*ജീവനം സർവഭൂതേഷു തപശ്ചാസ്മി തപസ്വിഷു*

പൃഥിവ്യാം പുണ്യോഗന്ധഃ ച – ഭൂമിയിൽ പുണ്യമായ ഗന്ധവും; വിഭാവസൗ തേജഃ ച – അഗ്നിയിൽ പ്രകാശമയമായ രൂപവും; അസ്മി – ഞാനാകുന്നു; സർവഭൂതേഷു ജീവനം – എല്ലാ പ്രപഞ്ചഘടകങ്ങളിലും ജീവധാരണത്തിനുതകുന്ന പ്രാണനും; തപസ്വിഷു തപഃ ച – തപസ്വികളിൽ തപസ്സും; അസ്മി – ഞാനാകുന്നു.

ഭൂമിയിൽ പുണ്യമായ ഗന്ധവും അഗ്നിയിൽ പ്രകാശമയമായ രൂപവും ഞാനാകുന്നു. എല്ലാ പ്രപഞ്ചഘടകങ്ങളിലും ജീവധാരണത്തിനുതകുന്ന പ്രാണനും തപസ്വികളിൽ തപസ്സും ഞാനാകുന്നു.

## *ഗന്ധാദിരഹസ്യം*

ഭൂമിയുടെ പരമകാരണം കണ്ടെത്തണമെങ്കിൽ പുറമേയുള്ള ഭൂമണ്ഡലം പരിശോധിച്ചതുകൊണ്ടായില്ല. ഭൂമിയുടെ സൂക്ഷ്മതന്മാത്രയായ ഗന്ധത്തിന്റെ അനുഭവം വിശകലനം ചെയ്താലേ അതു പറ്റൂ. ഗന്ധാനുഭവം നേരിട്ടു സത്യദർശനത്തിനുള്ള മാർഗം ചൂണ്ടിക്കാണിക്കുന്നു എന്നുള്ളതുതന്നെയാണതിന്റെ പുണ്യം. രസാദിതന്മാത്രകൾക്കും ഈ പുണ്യവിശേഷണം ചേർക്കാവുന്നതാണ്. ചന്ദ്രസൂര്യന്മാരുടെയെന്നപോലെ അഗ്നിയുടെയും രഹസ്യം പ്രകാശമയമായ രൂപാനുഭവം വെളിപ്പെടുത്തിത്തരുന്നതാണ്. രൂപത്തെ അനുഭവിക്കുന്ന അനുഭോക്താവാണ് പരമസത്യമെന്നു താൽപ്പര്യം. ആ അനുഭോക്താവില്ലെങ്കിൽ രൂപമില്ല, ചന്ദ്രസൂര്യാദിദൃശ്യങ്ങളുമില്ല. അതുകൊണ്ട് അനുഭോക്താവുതന്നെ സ്വയം രൂപവും ചന്ദ്രസൂര്യാദിദൃശ്യങ്ങളുമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നറിയേണ്ടതാണ്. എല്ലാ പ്രപഞ്ചഘടകങ്ങളുടെയും സൂക്ഷ്മരൂപമാണു പ്രപഞ്ചപ്രാണൻ അഥവാ കോസ്മിക് എനർജി. അതുകൊണ്ടു പ്രാണാനുഭവത്തെ പിൻതുടർന്നാലും പ്രപഞ്ചസത്യം വെളിപ്പെടുന്നതാണ്. പ്രാണസംയമം പരിശീലിക്കുന്നതിന്റെ രഹസ്യമിതാണ്. തപസ്വികളിൽ സത്യം തപസ്സാണ്. മനസ്സിന്റെ ഏകാഗ്രതയാണു തപസ്സ്. ഈ തപസ്സ് നേരിട്ടു സത്യത്തെ കാട്ടിക്കൊടുക്കുന്നു എന്നു

digitized by www.sreyas.in

പറയേണ്ടതില്ലല്ലോ.

വിത്തിൽ വൃക്ഷം അടങ്ങുന്നതുപോലെ ഈ പ്രപഞ്ചവൃക്ഷം ഏതു സൂക്ഷ്മമായ വിത്തിൽ അടങ്ങിയിരിക്കുന്നു എന്നന്വേഷിച്ചുചെന്നാൽ പരമാത്മാവായ തന്നെ കണ്ടെത്താൻ കഴിയുമെന്നാണു ഭഗവാൻ വീണ്ടും വിശദമാക്കുന്നത്:

*10. ബീജം മാം സർവഭൂതാനാം വിദ്ധി പാർഥ സനാതനം*
*ബുദ്ധിർബുദ്ധിമതാമസ്മി തേജസ്തേജസ്വിനാമഹം*

പാർഥ - അല്ലയോ അർജുന; മാം - പരമാത്മാവായ എന്നെ; സർവഭൂതാനാം - എല്ലാ പ്രപഞ്ചഘടകങ്ങളുടെയും; സനാതനം - അഴിവില്ലാത്ത; ബീജം വിദ്ധി - ആദികാരണമെന്നറിയൂ; ബുദ്ധിമതാം - ബുദ്ധിശാലികളുടെ; ബുദ്ധിഃ - സൂക്ഷ്മബുദ്ധിയും; തേജസ്വിനാം - തേജസ്വികളുടെ; തേജഃ - തേജസ്സും; അഹം - ഞാനാകുന്നു.

അല്ലയോ അർജുനാ, പരമാത്മാവായ എന്നെ എല്ലാ പ്രപഞ്ചഘടകങ്ങളുടെയും അഴിവില്ലാത്ത ആദികാരണമെന്നറിയൂ. ബുദ്ധിശാലികളുടെ സൂക്ഷ്മബുദ്ധിയും തേജസ്വികളുടെ തേജസ്സും ഞാനാകുന്നു.

## *സനാതനം ബീജം*

പരമാത്മാവ് എല്ലാ പ്രപഞ്ചഘടകങ്ങളുടെയും അഴിവില്ലാത്ത ആദികാരണമാണ്. അരൂപവും ഇന്ദ്രിയങ്ങൾക്ക് അവിഷയവുമായ ബോധവസ്തു തടിച്ചു പെരുകിക്കാണപ്പെടുന്ന പ്രപഞ്ചത്തിന് എങ്ങനെയാണു കാരണമായി ഭവിക്കുക? അതിസ്ഥൂലമായ പ്രപഞ്ചത്തിന് അതിസൂക്ഷ്മമായ ബോധം ആദികാരണമാണെന്നു പറയുന്നതു എങ്ങനെ വിശ്വസിക്കാൻ കഴിയും? ഛാന്ദോഗ്യോപനിഷത്തിൽ ഉദ്ദാലകമഹർഷി തന്റെ പുത്രനായ ശ്വേതകേതുവിനുണ്ടായ ഇതേ സംശയത്തിനു പരിഹാരം കാണുന്നുണ്ട്. ആശ്രമമുറ്റത്തു കാടുപോലെ പടർന്നു പന്തലിച്ചു നിന്ന ആൽമരത്തിൽ നിന്ന് ഒരു കായ് പറിച്ചുകൊണ്ടുവരാൻ അച്ഛൻ മകനോട് ആവശ്യപ്പെട്ടു. ശ്വേതകേതു കായ് പറിച്ചുകൊണ്ടുവന്നു. അതു രണ്ടായി പിളർന്ന് അതിൽ നിന്ന് ഒരു ചെറിയ തരി എടുക്കാനാവശ്യപ്പെട്ടു. ആ തരി വീണ്ടും പിളർന്ന് അതിനകത്തെന്തെങ്കിലും ഉണ്ടോ എന്നു പരിശോധിക്കാൻ പറഞ്ഞു. ശ്വേതകേതു അതിനകത്തു വിശേഷിച്ചു യാതൊന്നും കണ്ടില്ല. അകത്തു വിശേഷിച്ചൊന്നുമില്ലാത്ത ഈ വിത്തിനുള്ളിലാണു ശാഖോപശാഖമായി പടർന്നു പന്തലിച്ച് ഇലയും പൂവും കായും കൊണ്ടു നിറഞ്ഞ ഇതുപോലുള്ള ആൽവൃക്ഷങ്ങൾ ഒളിഞ്ഞിരിക്കു

digitized by www.sreyas.in

ന്നതെന്നു പിതാവു ചൂണ്ടിക്കാട്ടി. അതുപോലെയാണു സൂക്ഷ്മമായ ബോധ സത്യത്തിൽ സ്ഥൂലമായ പ്രപഞ്ചം ഒളിഞ്ഞിരുന്നിട്ടു പ്രകടമാകുന്നത്. സൂക്ഷ്മത്തിൽ സ്ഥൂലത്തിനൊളിഞ്ഞിരിക്കാൻ കഴിയുമെന്നു മാത്രമേ ഈ ദൃഷ്ടാന്തം വെളിപ്പെടുത്തുന്നുള്ളൂ. വിത്തു വൃക്ഷമാകുന്നതുപോലെയാണു പരമാത്മാവ് പ്രപഞ്ചമാകുന്നതെന്നു കരുതിക്കൂടാ. പ്രപഞ്ചം മായയാൽ പരമാത്മാവിൽ അതിനൊരു കേടും വരുത്താതെ ആരോപിക്കപ്പെടുന്ന കാഴ്ച മാത്രമാണ്. അതുകൊണ്ടാണു ഭഗവാൻ, തന്നെ അഴിവില്ലാത്ത ആദികാരണമായി ചിത്രീകരിച്ചിരിക്കുന്നത്. ബുദ്ധിശാലികളുടെ സൂക്ഷ്മബുദ്ധിക്കു പരമാത്മസ്വരൂപം വേഗം കണ്ടെത്താൻ കഴിയും. ബുദ്ധിക്കു ഗ്രാഹ്യമാണു സത്യമെന്ന് ആറാമധ്യായത്തിലെ ഇരുപത്തൊന്നാം പദ്യത്തിൽ ഭഗവാൻ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണു ബുദ്ധിമാന്മാരുടെ ബുദ്ധി ഞാനാണെന്നു പറഞ്ഞിരിക്കുന്നത്. ആത്മദർശനം കൊണ്ടു ചിത്തപ്രസാദം നേടുന്നവർ തേജസ്വികളായി ഭവിക്കുന്നു. പ്രശാന്തമായ തേജസ്സ് ആത്മനിഷ്ഠയുടെ ഫലമാണ്. അതുകൊണ്ടാണു തേജസ്വികളുടെ തേജസ്സും ഞാനാണ് എന്നു വെളിപ്പെടുത്തിയിരിക്കുന്നത്.

സൂക്ഷ്മത്തിലേക്കു വിരൽ ചൂണ്ടുന്ന പ്രക്രിയ ഭഗവാൻ വീണ്ടും തുടരുന്നു:

*11. ബലം ബലവതാം ചാഹം കാമരാഗവിവർജിതം*
*ധർമാവിരുദ്ധോ ഭൂതേഷു കാമോऽസ്മി ഭരതർഷഭ*

ഭരതർഷഭ - അല്ലയോ അർജുനാ; ബലവതാം - ബലവാന്മാരുടെ; കാമരാഗവിവർജിതം - കാമരാഗങ്ങളെ നിയന്ത്രിച്ചു ദൃഢബുദ്ധിയോടെ സ്വധർമമനുഷ്ഠിക്കാനുള്ള; ബലം ച - സാമർഥ്യവും; അഹം - ഞാനാകുന്നു; ഭൂതേഷു - ജീവികളിൽ; ധർമാവിരുദ്ധഃ - ആത്മസാക്ഷാൽക്കാരത്തിനു തടസ്സമുണ്ടാകാത്ത വിധമുള്ള; കാമഃ - ലൗകികസുഖാഭിലാഷവും; അസ്മി - ഞാനാകുന്നു.

അല്ലയോ അർജുനാ, ബലവാന്മാരുടെ കാമരാഗങ്ങളെ നിയന്ത്രിച്ചു ദൃഢബുദ്ധിയോടെ സ്വധർമമനുഷ്ഠിക്കാനുള്ള സാമർഥ്യവും ഞാനാകുന്നു. ജീവികളിൽ ആത്മസാക്ഷാൽക്കാരത്തിനു തടസ്സമുണ്ടാകാത്ത വിധമുള്ള ലൗകികസുഖാഭിലാഷവും ഞാനാകുന്നു.

## ബലവും കാമവും

കാമരാഗങ്ങളില്ലാതെ ഈശ്വരബുദ്ധി പുലർത്തി സ്വധർമമനുഷ്ഠിക്കുന്നതാണല്ലോ കർമയോഗം. ഇതിനുള്ള ബലമുണ്ടായാൽ ആത്മ

digitized by www.sreyas.in

സാക്ഷാൽക്കാരം സാധ്യമാകുമെന്നാണു ഗീത പ്രധാനമായും വിവരിക്കുന്നത്. അതുകൊണ്ടാണു ബലശാലികളുടെ കാമരാഗവിവർജിതമായ ബലം ഞാനാണെന്നു പറഞ്ഞിരിക്കുന്നത്. അതുപോലെ ലൗകികകാമങ്ങൾ വാസനാക്ഷയത്തെ ലക്ഷ്യമാക്കി അനുഭവിച്ചാൽ അവ ആത്മസാക്ഷാൽക്കാരത്തിനു വഴിതെളിക്കുന്നവയായിത്തീരും. ലൗകികസുഖാനുഭവമാണു ജീവിതലക്ഷ്യമെന്നു കരുതി അവയിൽ മുഴുകിപ്പോകരുതെന്നേയുള്ളൂ. അതുകൊണ്ടാണു ധർമത്തിനു വിരുദ്ധമല്ലാത്ത കാമം ഞാനാണ് എന്നു ഭഗവാൻ പറഞ്ഞിരിക്കുന്നത്.

സൂക്ഷ്മാനുഭവങ്ങളിൽത്തന്നെ ചിലതിനെയല്ലേ എടുത്തു പറയുന്നുള്ളൂ. വാസ്തവത്തിൽ സർവകാരണമായ പരമാത്മാവു തന്നെയല്ലേ എല്ലാറ്റിനും കാരണം? ശരിയാണ്. താനിതുവരെ പറഞ്ഞതു വ്യക്തമായ ആത്മാനുഭവത്തിലേക്കു വിരൽ ചൂണ്ടുകയായിരുന്നു എന്നു സൂചിപ്പിക്കുമാറ് വാസ്തവത്തിൽ എല്ലാ ഭാവങ്ങൾക്കും ആദികാരണം താൻ തന്നെയാണെന്നു വെളിപ്പെടുത്തുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*12. യേ ചൈവ സാത്വികാ ഭാവാ രാജസാസ്താമസാശ്ച യേ*
*മത്ത ഏവേതി താൻ വിദ്ധി ന ത്വഹം തേഷു തേ മയി*

യേ ച ഏവ - ഏതേതൊക്കെയാണോ; സാത്വികാ ഭാവാഃ - സത്വഗുണപ്രധാനങ്ങളായ ഭാവങ്ങൾ; രാജസാഃ താമസാഃ ച യേ - രജോഗുണപ്രധാനങ്ങളും തമോഗുണപ്രധാനങ്ങളുമായ ഭാവങ്ങൾ ഏതേതൊക്കെയാണോ; താൻ - അവയെല്ലാം; മത്തഃ ഏവ - എന്നിൽ നിന്നുണ്ടായവ തന്നെയാണ്; ഇതി വിദ്ധി - എന്നറിയൂ; അഹം തു ന തേഷു - ഞാൻ പൂർണമായി അവയിൽ ഉണ്ടെന്നു കരുതിക്കൂടാ; തേമയി - അവ പൂർണമായി എന്നിൽ തന്നെയുള്ളവയാണ്.

ഏതേതൊക്കെയാണോ സത്വഗുണപ്രധാനങ്ങളായ ഭാവങ്ങൾ, രജോഗുണപ്രധാനങ്ങളും തമോഗുണപ്രധാനങ്ങളുമായ ഭാവങ്ങൾ ഏതേതൊക്കെയാണോ അവയെല്ലാം എന്നിൽ നിന്നുണ്ടായവ തന്നെയാണ് എന്നറിയൂ. ഞാൻ പൂർണമായി അവയിൽ ഉണ്ടെന്നു കരുതിക്കൂടാ; അവ പൂർണമായി എന്നിൽ തന്നെയുള്ളവയാണ്.

## *ന ത്വഹം തേഷു തേ മയി*

സത്വരജസ്തമോഗുണഭാവങ്ങളെല്ലാം ഭഗവാങ്കൽ നിന്നു തന്നെയുണ്ടായവയാണെങ്കിൽപ്പിന്നെ എന്തിനാണാദ്യം ചിലതുമാത്രം വേർതിരിച്ച് ഇതു ഞാനാണ്, ഇതു ഞാനാണ് എന്നെടുത്തു പറഞ്ഞത്. ജഡപ്രപഞ്ചദൃശ്യ



digitized by www.sreyas.in

ങ്ങളെ ബ്രഹ്മസ്വരൂപമായി കാണാൻ കഴിവില്ലാത്തയാളിനെ പടിപടിയായി ആ ദർശനത്തിൽ കൊണ്ടെത്തിക്കുകയാണല്ലോ ലക്ഷ്യം. ഇതിന് ആദ്യമായി ദിവ്യങ്ങളും സൂക്ഷ്മങ്ങളുമായ ചിലതിൽ തന്റെ ഭാവം ചൂണ്ടിക്കാണിച്ചിട്ട് ഒടുവിൽ എല്ലാം താൻ തന്നെയെന്നു പ്രഖ്യാപിക്കുകയാണ് ഭഗവാൻ ഗീതയിൽ അംഗീകരിക്കുന്ന സമ്പ്രദായം. 'വിഭൂതിയോഗ'മെന്ന പത്താമധ്യായത്തിലും ഈ രീതിതന്നെ അംഗീകരിച്ചിട്ടുണ്ട്. സൂക്ഷ്മങ്ങളും ദിവ്യങ്ങളുമായ ഭാവങ്ങളിൽ മനസ്സേകാഗ്രപ്പെടുന്നവർക്ക് എല്ലാം ഒരേ തത്വം തന്നെയെന്നനുഭവിക്കാൻ പിന്നെ പ്രയാസമുണ്ടാവുകയില്ല. പരബ്രഹ്മത്തിൽ, കടലിൽ തിരകളും കുമിളകളുമെന്നപോലെ അപ്പപ്പോൾ ഉണ്ടായി മറയുന്ന ഭാവങ്ങളാണ് സത്വരജസ്തമോഭാവങ്ങൾ. തിരകളിലും കുമിളകളിലും കടൽ മുഴുവൻ ഉണ്ടെന്നു കരുതിക്കൂടല്ലോ. അതുപോലെ സത്വരജസ്തമോഭാവങ്ങളിലും പൂർണമായി ബ്രഹ്മമുണ്ടെന്നു കരുതിക്കൂടാ. തിരകളെയും കുമിളകളെയും കടൽ കടന്നു നിൽക്കുന്നതാണ്. അതുപോലെ ബ്രഹ്മം ഗുണഭാവങ്ങളെ കടന്നു നിൽക്കുന്നതാണ്. എന്നാൽ തിരകളും കുമിളകളും പൂർണമായി കടലിൽ സ്ഥിതി ചെയ്യുന്നു. അതുപോലെ ഗുണഭാവങ്ങൾ പൂർണമായി ബ്രഹ്മത്തിൽ സ്ഥിതിചെയ്യുന്നു എന്നു കാണേണ്ടതാണ്. തിരകളും കുമിളകളും കടലിന്റെ അൽപ്പഭാവങ്ങളായിരിക്കുന്നതുപോലെ ത്രിഗുണമയങ്ങളായ പ്രപഞ്ച ദൃശ്യങ്ങൾ ബ്രഹ്മത്തിൽ അൽപ്പഭാവങ്ങൾ മാത്രമാണെന്നു താൽപ്പര്യം. സത്വരജസ്തമോഗുണഭാവങ്ങളുടെ വിശദരൂപം പതിന്നാലാമധ്യായം നോക്കി ധരിക്കുക.

ഒരു വസ്തുവിൽ വേർതിരിച്ചു പ്രകടമാകുന്ന അൽപ്പഭാവങ്ങൾ ആ വസ്തുവിന്റെ തന്നെ അഭിന്നാംശങ്ങളാണ്. പക്ഷേ, നാമരൂപങ്ങൾക്കു പ്രാധാന്യം നൽകി അവയെ വസ്തുവിൽ നിന്നു വേർതിരിച്ചു കാണാൻ ഇടയായാൽ വസ്തുവിന്റെ യഥാർഥമായ പൂർണരൂപം അപ്പാടേ മറഞ്ഞുപോകും. അതുകൊണ്ടു ത്രിഗുണഭാവങ്ങളെ പ്രത്യേകം പ്രത്യേകം വേർതിരിച്ചു കണ്ടു മോഹിക്കുന്നവർക്കു പരമസത്യം അറിയാനേ കഴിയാതെ പോകുമെന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

*13. ത്രിഭിർഗുണമയൈർഭാവൈരേഭിഃ സർവമിദം ജഗത്*
*മോഹിതം നാഭിജാനാതി മാമേഭ്യഃ പരമവ്യയം*

ഏഭിഃ ത്രിഭിഃ – ഈ സത്വരജസ്തമോരൂപങ്ങളായ മൂന്ന്; ഗുണമയൈഃ ഭാവൈഃ – ഗുണമയഭാവങ്ങളാൽ; മോഹിതം – മോഹിച്ചുപോയ; ഇദം സർവം ജഗത് –

digitized by www.sreyas.in

മുഴുവൻ ലോകവും; ഏഭ്യഃ പരം - ഈ ഗുണഭാവങ്ങൾക്കപ്പുറം നിൽക്കുന്നവനും; അവ്യയം - ഒരിക്കലും അഴിവില്ലാത്തവനുമായ; മാം - പരമാത്മാവായ എന്നെ; ന അഭിജാനാതി - നേരിട്ടറിയുന്നില്ല.

ഈ സത്വരജസ്തമോരൂപങ്ങളായ മൂന്നു ഗുണമയഭാവങ്ങളാൽ മോഹിച്ചുപോയ മുഴുവൻ ലോകവും ഈ ഗുണഭാവങ്ങൾക്കപ്പുറം നിൽക്കുന്നവനും ഒരിക്കലും അഴിവില്ലാത്തവനുമായ പരമാത്മാവായ എന്നെ നേരിട്ടറിയുന്നില്ല.

## *മോഹിതം ജഗത്*

പ്രപഞ്ചഘടകങ്ങളെല്ലാം പരമാത്മാവിന്റെ തന്നെ അഭിന്നാംശങ്ങളാണ്. എന്നാൽ അവയ്ക്കൊന്നും പരമാത്മസ്വരൂപം പൂർണമായി നേരിട്ടറിയാൻ പറ്റുന്നില്ല. എന്താണു കാരണം? പ്രപഞ്ചഘടകങ്ങൾ ഗുണഭാവങ്ങളിൽ മോഹിച്ചുപോയതാണു കാരണം. പ്രപഞ്ചഘടകങ്ങളെന്നു പറയുമ്പോൾ സൗരയൂഥങ്ങളും സർവപ്രാണിവർഗവും ഉൾപ്പെടുമെന്നോർക്കണം. എന്താണു മോഹം? ഗുണപ്രദർശനങ്ങളായ ഓരോ കാഴ്ചയും ഭിന്നഭിന്നമാണെന്ന ധാരണയാണു മോഹം. ആ മോഹം രാഗദ്വേഷസംകുലമായ ദുഃഖജീവിതത്തിനു കാരണമായി ഭവിക്കുന്നു. ഇതിനെന്താണു പോംവഴി? അതു സ്പഷ്ടമാണല്ലോ. ഇവിടെ ലേശംപോലും ഒന്നിനും ഭേദമില്ല; വസ്തു ഒന്നേയുള്ളു എന്ന വേദാന്തസത്യം വിചാരം ചെയ്തറിഞ്ഞ് അനുഭവിക്കുക മാത്രമേ ഇതിനു പോംവഴിയുള്ളു. വസ്തു അനുഭവഗോചരമായാൽ അതെല്ലാ കാഴ്ചകൾക്കും ആധാരമായ പൂർണസത്യമാണെന്നും അതിനൊരിക്കലും ഒരഴിവും സംഭവിക്കുന്നില്ലെന്നും ബോധ്യപ്പെടും.

ഗുണമയിയായ മായയെ ജയിക്കുക പ്രയാസമാണ്. സർവാത്മനാ ഈശ്വരബുദ്ധിയെ ശരണം പ്രാപിക്കുന്ന ആൾക്കു മാത്രമേ അതു സാധ്യമാവൂ എന്നു ഭഗവാൻ തന്നെ വെളിപ്പെടുത്തുന്നു. പതിന്നാലാം പദ്യം മുതൽ അനുഭവരൂപമായ വിജ്ഞാനത്തിനാണു പ്രാധാന്യം:

*14. ദൈവീ ഹ്യേഷാ ഗുണമയീ മമ മായാ ദുരത്യയാ*
*മാമേവ യേ പ്രപദ്യന്തേ മായാമേതാം തരന്തി തേ*

ദൈവീ - ദേവനായ പരമാത്മാവിൽ നിന്നു പ്രകടമാകുന്ന; ഗുണമയീ - ത്രിഗുണാത്മികയായ; ഏഷാ മമ മായാ - പരമാത്മശക്തിയായ മായ; ദുരത്യയാ ഹി - എളുപ്പം ജയിക്കപ്പെടാവുന്നവളല്ല തന്നെ; യേ - ആരൊക്കെ; മാം ഏവ - പരമാത്മാവായ എന്നെത്തന്നെ; പ്രപദ്യന്തേ - സർവാത്മനാ ശരണം പ്രാപിക്കുന്നുവോ; തേ അവരൊക്കെ; ഏതാം മായാം - ഈ മായയെ; തരന്തി -

digitized by www.sreyas.in

കടക്കാൻ കഴിവുള്ളവരായിത്തീരുന്നു.

ത്രിഗുണാത്മികയായ ഈ പരമാത്മശക്തിയായ മായ എളുപ്പം ജയിക്കപ്പെടാവുന്നവളല്ല തന്നെ. ആരൊക്കെ പരമാത്മാവായ എന്നെത്തന്നെ സർവാത്മനാ ശരണം പ്രാപിക്കുന്നുവോ അവരൊക്കെ ഈ മായയെ കടക്കാൻ കഴിവുള്ളവരായിത്തീരുന്നു.

## *ഏഷാ ദൈവീ മായാ*

ദേവനിൽനിന്നുമുണ്ടാകുന്നവളാണീ മായ. ബോധഘനമായ ബ്രഹ്മത്തിൽ പ്രപഞ്ചസൃഷ്ടിക്കായി സ്പന്ദിച്ചുയരുന്ന ബ്രഹ്മശക്തിയാണു മായ. മായ എന്ന പദത്തിനു കാണാനില്ലാത്തവൾ എന്നാണർഥം. കാണാനില്ലെങ്കിൽ ഇങ്ങനെ ഒരു ശക്തിയുണ്ടെന്നാരു പറഞ്ഞു? ഉണ്ടായി മറയുന്ന കാര്യരൂപങ്ങളെ കണ്ടിട്ടു ശക്തിയെ ഊഹിച്ചറിയുകയാണു ചെയ്യുന്നത്. ഒരു വസ്തുവിന്റെയും ശക്തിയെ ശുദ്ധരൂപത്തിൽ ആർക്കും കാണാൻ പറ്റുകയില്ലല്ലോ. അഗ്നി മറ്റു പദാർഥങ്ങളെ എരിച്ചു ചാമ്പലാക്കുമ്പോൾ അങ്ങനെയൊരു ശക്തി അഗ്നിക്കുണ്ടെന്നു നാം ഊഹിക്കുന്നു. സിദ്ധന്മാർ പലതരം സിദ്ധികൾ കാണിക്കുമ്പോൾ അവരിൽ ആ ശക്തി നാം ഊഹിച്ചറിയുന്നു. അതുപോലെ പ്രപഞ്ചകാര്യരൂപങ്ങൾ ഉണ്ടായി മറയുന്നതു കാണുമ്പോൾ പരമകാരണമായ ബ്രഹ്മത്തിൽ അതിനുള്ള ശക്തി ഉള്ളതായി ഊഹിക്കാം. നേരിട്ടു കാണ്മാനില്ലാത്തതുകൊണ്ടും ഈ ശക്തി പ്രപഞ്ചകാര്യരൂപങ്ങളെ എന്തിനുണ്ടാക്കി മറയ്ക്കുന്നു എന്നതിനു യുക്തിയൊന്നും പറയാനില്ലാത്തതുകൊണ്ടും ആ ദേവശക്തിക്കു 'മായ' എന്നു പേരിട്ടിരിക്കുന്നു. വസ്തുസ്വഭാവമെന്നേ ഇതിനു യുക്തി പറയാനുള്ളൂ.

## *മമ മായാ ഗുണമയീ*

പ്രപഞ്ചത്തിൽ സത്യാനുഭൂതിയുടെയും പ്രകാശത്തിന്റെയും ഗുണമാണു സത്വം. കർമത്തിന്റെയും ഫലചിന്തയുടെയും ഗുണമാണു രജസ്സ്. വിവേകം തീരെ ഇല്ലാത്ത മോഹത്തിന്റെയും ആലസ്യത്തിന്റെയും ഗുണമാണു തമസ്സ്. മായ സൃഷ്ടിക്കായി സ്പന്ദിച്ചുയരുന്നതോടെ ഈ മൂന്നു ഗുണങ്ങൾ വേർതിരിയുന്നു. ഈ മൂന്നു ഗുണങ്ങളും പല അളവിലും കൂടിച്ചേർന്നു രൂപംകൊള്ളുന്നയാണ് എല്ലാ പ്രപഞ്ചഘടകങ്ങളും. മനുഷ്യരിൽ ഈ മൂന്നു ഗുണങ്ങളുടെയും പ്രധാന പ്രധാനഭാവങ്ങൾ ശ്രദ്ധാലുക്കൾക്കു നോക്കിക്കാണാവുന്നതേയുള്ളൂ. സ്പന്ദിച്ച് ഈ ഗുണങ്ങളെ പ്രകടമാക്കി

digitized by www.sreyas.in

സൃഷ്ടി നടത്തുന്നതുകൊണ്ടാണു മായയെ 'ഗുണമയീ' എന്നു പറഞ്ഞിരിക്കുന്നത്.

## *മമ മായാ ദുരത്യയാ*

ഏകത്വം മറച്ചിട്ടു ബഹുത്വം തോന്നിച്ചു ഭ്രമിപ്പിക്കുകയാണല്ലോ മായയുടെ ജോലി. സനാതനമായ വസ്തു ഒന്നേയുള്ളുവെങ്കിൽ ഇവിടെ പലതു കാണാനിടവരുന്നതും ജനനമരണങ്ങളും ബന്ധമോക്ഷങ്ങളും ഒക്കെ അനുഭവിക്കാനിടവരുന്നതും മായാഭ്രമമാണെന്നു സമ്മതിച്ചേ പറ്റൂ. സനാതനമായ ഏകത്വവും ബഹുത്വകോലാഹലങ്ങളും രണ്ടും ഒരുമിച്ചു യഥാർഥമാവാൻ പറ്റില്ല. അപ്പോൾ അദ്വൈതമായ സത്യത്തിൽ യാതൊരു കഴമ്പുമില്ലാതെ പലതുണ്ടെന്നു തോന്നിച്ചു ജനനമരണഭ്രമം ഉളവാക്കുകയാണു മായയുടെ ജോലി. പ്രത്യക്ഷത്തിൽ ഇന്ദ്രിയഗോചരങ്ങളാകുന്ന ബഹുത്വത്തിൽ വിശ്വസിച്ചുപോകുന്നവരാണ് അധികം ജനങ്ങളും. അതുനിമിത്തം ആത്മസ്വരൂപമായ സുഖംപോലും ബാഹ്യജഡപദാർഥങ്ങളിലിരിക്കുന്നതായിട്ടാണു മന്ദബുദ്ധികളായ അവർ ധരിച്ചുവശാകുന്നത്. അങ്ങനെ മരുഭൂമിയിലെ കാനൽജലത്തിന്റെ പിന്നാലെ മാൻപേട ദാഹിച്ചോടുന്നതുപോലെ മനുഷ്യർ സുഖത്തിനായി ജഡപദാർഥങ്ങളുടെ പിന്നാലെ പരക്കം പായുകയാണ്. അതിന്റെ ഫലമായി രാഗദ്വേഷ ലോഭമോഹാകുലരായി ജീവിതയാത്ര തുടരേണ്ടതായും വരുന്നു. മായയുടെ ഈ ചതിയിൽ നിന്നു അസാമാന്യമായ ബുദ്ധിശക്തിയും ധീരതയുമുള്ളവർക്കേ രക്ഷപ്രാപിക്കാൻ പറ്റൂ. അതുകൊണ്ടാണു മായ ദുരത്യയയാണെന്നു ഭഗവാൻ പറഞ്ഞിരിക്കുന്നത്.

## *പ്രപത്തിയും മായാജയവും*

പലതു കാണലാണു മായാഭ്രമം. എങ്കിൽ മായാജയത്തിനുള്ള ഉപായം സ്പഷ്ടമാണ്. പലതിന്റെ കാഴ്ച വെടിഞ്ഞു എല്ലാറ്റിലും തുല്യമായി നിറഞ്ഞുതിങ്ങുന്ന ഏകവസ്തുവിനെ അന്വേഷിക്കുകയാണതിനുള്ള ഉപായം. ഗുരുവിനെയും ശാസ്ത്രത്തെയും ആശ്രയിച്ചുകൊണ്ട് അവനവന്റെതന്നെ ശുദ്ധമായ സ്വരൂപം കണ്ടെത്തുകയാണ് ആദ്യമായി വേണ്ടത്. പ്രപഞ്ചമായി കാണപ്പെടുന്നത് ഒരേ ഒരീശ്വരസത്തയാണെന്നുറപ്പിച്ചു സർവാത്മനാ ഈശ്വരബുദ്ധിയെ ശരണം പ്രാപിക്കുന്നയാൾക്കു മനസ്സേകാഗ്രപ്പെട്ട് എളുപ്പം സ്വരൂപദർശനം നേടാൻ കഴിയും. പ്രപഞ്ചം മുഴുവൻ ഈശ്വരമയം; കർമം മുഴുവൻ ഈശ്വരാരാധന; അന്തിമലക്ഷ്യം ഈശ്വര

digitized by www.sreyas.in

പ്രാപ്തി. ഇക്കാര്യങ്ങൾ ബുദ്ധിയെ അഭ്യസിപ്പിക്കുന്നതാണു സർവാത്മനാ ഉള്ള ഈശ്വരബുദ്ധി പുലർത്തൽ. ഇതുതന്നെയാണു പ്രപത്തി. ഈ പ്രപത്തി അംഗീകരിക്കുന്നവരുടെ മുമ്പിൽ നിന്നു മായ അവർ കണ്ണുമിഴിച്ചു നിൽക്കവേ തിരോഭവിക്കും. സത്യം അവർക്കു സൂര്യതുല്യം തെളിഞ്ഞുവരും. ശാന്തിയും ആനന്ദവും ദിനംപ്രതി വർധിച്ചു ജീവിതം ധന്യധന്യമാവുകയും ചെയ്യും. ഈ സാധനാരഹസ്യമാണു ഭഗവാൻ പതിന്നാലാം പദ്യത്തിന്റെ ഉത്തരാർധംകൊണ്ടു പ്രഖ്യാപിച്ചിരിക്കുന്നത്.

മായാജയത്തിനു നേരിട്ടുള്ള ഉപായം പ്രപത്തിയാണെങ്കിൽ എല്ലാവരും എന്തുകൊണ്ടതംഗീകരിക്കുന്നില്ല? ഇതിനുത്തരമാണു ഭഗവാൻ അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:

*15. ന മാം ദുഷ്കൃതിനോ മൂഢാഃ പ്രപദ്യന്തേ നരാധമാഃ*
*മായയാ഻പഹൃതജ്ഞാനാഃ ആസുരം ഭാവമാശ്രിതാഃ*

മായയാ – ഒന്നിൽ പലതുണ്ടെന്നു ഭ്രമിപ്പിക്കുന്ന ഈ മായയാൽ; അപഹൃതജ്ഞാനാഃ – എല്ലാം ബ്രഹ്മമാണെന്ന വസ്തുബോധം നഷ്ടപ്പെട്ടവരും; ദുഷ്കൃതിനഃ – അതു നിമിത്തം മോഹിതരായി സ്വാർഥലാഭത്തിന് എന്തു ദുഷ്കർമവും ചെയ്യുന്നവരും; ആസുരം ഭാവം ആശ്രിതാഃ – ദംഭദർപാദി ആസുരസമ്പത്തിനെ അംഗീകരിച്ചവരും; മൂഢാ – ജീവിതലക്ഷ്യം എന്തെന്നറിയാത്തവരുമായ; നരാധമാഃ – മനുഷ്യാധമന്മാർ; മാം – പരമാത്മാവായ എന്നെ; ന പ്രപദ്യന്തേ – സർവാത്മനാ ശരണം പ്രാപിക്കുന്നില്ല.

ഒന്നിൽ പലതുണ്ടെന്നു ഭ്രമിപ്പിക്കുന്ന ഈ മായയാൽ എല്ലാം ബ്രഹ്മമാണെന്ന വസ്തുബോധം നഷ്ടപ്പെട്ടവരും അതു നിമിത്തം മോഹിതരായി സ്വാർഥലാഭത്തിന് എന്തു ദുഷ്കർമവും ചെയ്യുന്നവരും ദംഭദർപാദി ആസുരസമ്പത്തിനെ അംഗീകരിച്ചവരും ജീവിതലക്ഷ്യം എന്തെന്നറിയാത്തവരുമായ മനുഷ്യാധമന്മാർ എന്നെ സർവാത്മനാ ശരണം പ്രാപിക്കുന്നില്ല.

## *നരാധമാഃ ന മാം പ്രപദ്യന്തേ*

നിലനിൽപ്പിന്റെ സത്യം സൂര്യതുല്യം തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. സത്യം തെളിച്ചറിയാനുള്ള സാധനാമാർഗങ്ങളും വ്യക്തമായി നിർദേശിക്കപ്പെട്ടിട്ടുണ്ട്. വിവേകബുദ്ധിയുള്ള മനുഷ്യജന്മം ഈ സത്യാന്വേഷണം കൊണ്ടേ സഫലമാവൂ. ഇങ്ങനെയിരിക്കെ തന്റെയും പ്രപഞ്ചത്തിന്റെയും സത്യമെന്തെന്നറിഞ്ഞുകൂടെന്നു നിശ്ചയമുള്ളവരും ഈ സത്യമാർഗത്തിൽ

digitized by www.sreyas.in

ചരിക്കാൻ കൂട്ടാക്കാത്തവനാണു നരാധമൻ. ഇത്തരം നരാധമന്മാർ ഈശ്വരബുദ്ധി പുലർത്താനേ കൂട്ടാക്കുന്നില്ല. ഈ നരാധമത്വത്തിലേക്കു പതിക്കാനിടയാക്കുന്ന കാരണപരമ്പരയാണു ശ്ലോകത്തിലെ വിശേഷണപദങ്ങൾ കൊണ്ടു ഭഗവാൻ വിവരിക്കുന്നത്. ഇവിടെ വസ്തു ഒന്നേയുള്ളു എന്ന അറിവാണു ജ്ഞാനം. പക്ഷേ, വസ്തുവിൽ പല കാഴ്ചകളുണ്ടാക്കി ഭ്രമിപ്പിക്കുന്ന മായ ഈ ജ്ഞാനത്തെ അപഹരിച്ചുകളയുന്നു. തുടർന്നു കാണപ്പെടുന്ന പലതാണു സത്യമെന്നു ഭ്രമിച്ചു ചിലതിനോടും രാഗവും ചിലതിനോടു ദ്വേഷവുമാരംഭിക്കുന്നു. ഇഷ്ടമുള്ളതു സുഖിപ്പിക്കുമെന്നു കരുതി അതു നേടാനും അനിഷ്ടമായതു ദുഃഖിപ്പിക്കുമെന്നു കരുതി അതിനെ അകറ്റാനും സ്വാർഥമോഹം നിമിത്തം ദുഷ്കർമങ്ങൾപോലും ചെയ്യാൻ തുടങ്ങുന്നു. കർമഫലമായി ജയവും പരാജയവും വരുന്നതോടെ ഈശ്വരനെ മറന്നു ദംഭദർപാദി ആസുരസമ്പത്തുകൾ സഞ്ചയിക്കുന്നു. ഭൗതികമായ മേന്മയാണു ജീവിതലക്ഷ്യമെന്നു കരുതി യഥാർഥലക്ഷ്യം മറന്നു മൂഢന്മാരായും ഭവിക്കുന്നു. ഇതാണു നരാധമത്വത്തിലേക്കുള്ള പതനത്തിന്റെ ക്രമം.

സർവാത്മനാ ഈശ്വരനെ ശരണം പ്രാപിക്കുകയെന്ന പ്രപത്തി വന്നാലേ മായയെ പൂർണമായി ജയിക്കാൻ കഴിയൂ. പ്രപത്തി വന്നയാളാണു ജ്ഞാനി. എന്നാൽ എപ്പോഴെങ്കിലും പ്രപത്തിയിലെത്തിച്ചേരത്തക്കവണ്ണം ഈശ്വരഭജനത്തിന്റെ ഏതു ഘട്ടത്തിൽ നിൽക്കുന്നവരും സുകൃതികൾ തന്നെയാണ്. ഇക്കാര്യമാണു ഭഗവാൻ പതിനാറാം പദ്യത്തിൽ വിവരിക്കുന്നത്.

*16. ചതുർവിധാ ഭജന്തേ മാം ജനാഃ സുകൃതിനോഽർജുന*
*ആർത്തോ ജിജ്ഞാസുരർഥാർഥീ ജ്ഞാനീ ച ഭരതർഷഭ*

ഭരതർഷഭ അർജുന - ഭരതവംശത്തിൽ ജനിച്ച ശ്രേഷ്ഠനായ അല്ലയോ അർജുനാ; ആർത്തഃ - രോഗാദി പീഡകളെക്കൊണ്ടു ദുഃഖിക്കുന്നവൻ; ജിജ്ഞാസുഃ - പരമസത്യം എന്തെന്നറിയാൻ കൗതുകമുള്ളവൻ; അർഥാർഥീ - ഭൗതിക സമ്പത്തു കൊതിക്കുന്നവൻ; ജ്ഞാനീ ച - പരമതത്വം അറിഞ്ഞവൻ; എന്നിങ്ങനെ ചതുർവിധാഃ സുകൃതിനഃ ജനാഃ - നാലു തരത്തിൽപ്പെട്ട പുണ്യാത്മാക്കളായ ആളുകൾ; മാം ഭജന്തേ - ഈശ്വരനായ എന്നെ ഭജിക്കുന്നു.

ഭരതവംശത്തിൽ ജനിച്ച ശ്രേഷ്ഠനായ അല്ലയോ അർജുനാ, രോഗാദി പീഡകളെക്കൊണ്ടു ദുഃഖിക്കുന്നവൻ, പരമസത്യം എന്തെന്നറിയാൻ കൗതു

digitized by www.sreyas.in

കമുള്ളവൻ, ഭൗതികസമ്പത്തു കൊതിക്കുന്നവൻ, പരമതത്വം അറിഞ്ഞവൻ എന്നിങ്ങനെ നാലു തരത്തിൽപ്പെട്ട പുണ്യാത്മാക്കളായ ആളുകൾ ഈശ്വര നായ എന്നെ ഭജിക്കുന്നു.

## *ജനാഃ സുകൃതിനഃ ഭജന്തേ*

ദുഷ്കൃതികളായ നരാധമന്മാർ ഈശ്വരനെ ഭജിക്കുന്നില്ല; ഈശ്വരൻ ഉണ്ടെന്നുപോലും കരുതുന്നില്ല. സർവജ്ഞനും, സർവവ്യാപിയും, സർവശ ക്തനുമായ ഒരീശ്വരൻ ഈ പ്രപഞ്ചത്തിന്റെ നിയാമകനായി ഉണ്ടെന്ന കാര്യം സൂര്യതുല്യം തെളിഞ്ഞിട്ടുള്ള വസ്തുതയാണ്. അതുകൊണ്ട് ഈശ്വര തത്വം ശാസ്ത്രീയമായി ഗ്രഹിക്കാൻ കഴിയാത്തയാൾ എന്തെങ്കിലും സ്വാർഥതയെ മുൻനിറുത്തി സ്വന്തം ഭാവനക്കനുസരണമായി ഏതു രൂപ ത്തിൽ ഈശ്വരനെ ഭജിച്ചാലും അയാൾ സുകൃതിയാണ്. എത്ര താണ നില യിലായാലും അയാൾ ഈശ്വരമാർഗത്തിൽ കടന്നു നിൽക്കുന്നു എന്നുള്ള തുതന്നെയാണയാളുടെ സുകൃതിത്വം. ആർത്തനും അർഥാർഥിയുമൊക്കെ ഈശ്വരനെ പാടേ മറന്നിട്ട് ആർത്തിനാശവും അർഥലാഭവും കൊതിക്കുന്ന തിനേക്കാൾ ഏതെങ്കിലും രൂപത്തിൽ ഭഗവാനെക്കൂടി കൂട്ടുപിടിച്ചുകൊണ്ട് അവയ്ക്കായി യത്നിക്കുന്നതു ശ്രേയസ്കരമാണെന്നു പറയേണ്ടതില്ലല്ലോ. സർവജ്ഞനും സർവശക്തനുമായ ഭഗവാൻ അവരുടെ ഭജനം അറിയു കയും കാലക്രമത്തിൽ അതിന്റെ കേടുപാടുകൾ തീർത്തുകൊടുക്കുകയും ചെയ്യുമെന്നുള്ളതു നിശ്ചയമാണ്. ആർത്തൻ ഈശ്വരബുദ്ധി പുലർത്തി ആർത്തിനാശത്തിനു യത്നിച്ചാൽ ആർത്തി തീരുന്നതോടെ ഈശ്വരബുദ്ധി ബലവത്തരമാകും. ആർത്തി തീർന്നില്ലെങ്കിൽപ്പോലും ഈശ്വരബുദ്ധിയുടെ സംസ്കാരം അയാളിൽത്തുടരാൻ ഇടവരും. നേരെമറിച്ച് ഈശ്വരനെ പാടേ വിസ്മരിച്ചിട്ടാണ് ഒരാൾ ആർത്തിനാശം സാധിക്കുന്നതെന്നു കരുതുക. ആർത്തിനാശത്തോടെ അഹങ്കാരവും മമതയും വർധിച്ച് അയാൾ പതിക്കാ നിടവരും. ജിജ്ഞാസുവിന്റെയും അർഥാർഥിയുടെയും കാര്യത്തിലും ഇതു തന്നെ സ്ഥിതി. അതുകൊണ്ടാണ് എത്ര താണനിലയിലായാലും ശരി ഭഗ വദ് ഭജനത്തിലേർപ്പെടുന്നയാൾ സുകൃതിയാണ് എന്നു പ്രഖ്യാപിച്ചിരിക്കു ന്നത്.

പ്രപത്തിയും ജ്ഞാനലാഭവുമാണു പരമലക്ഷ്യം. ഏതു തരത്തിലുള്ള ഈശ്വരഭജനവും ക്രമേണ ഈ ലക്ഷ്യപ്രാപ്തിക്കു പകരമായി ഭവിക്കും.

digitized by www.sreyas.in

അതുകൊണ്ടാണു ഭക്തന്മാരൊക്കെ സുകൃതികൾ തന്നെയെന്നു ഭഗവാൻ പ്രഖ്യാപിച്ചത്. അപ്പോൾ പ്രപത്തിയും ജ്ഞാനവും നേടി ലക്ഷ്യം പ്രാപിച്ച യാൾ മറ്റാരെക്കാളും കേമനാണെന്നു പറയേണ്ടതില്ലല്ലോ. എങ്കിലും അക്കാര്യം വ്യക്തമായി പ്രഖ്യാപിക്കുകയാണു ഭഗവാൻ അടുത്ത ശ്ലോക ത്തിൽ;

*17. തേഷാം ജ്ഞാനീ നിത്യയുക്ത ഏകഭക്തിർവിശിഷ്യതേ*
*പ്രിയോ ഹി ജ്ഞാനിനോഽത്യർഥമഹം സ ച മമ പ്രിയഃ*

തേഷാം - മുൻപറഞ്ഞ സുകൃതികളായ നാലു കൂട്ടരിലും വച്ച്; ജ്ഞാനി - വസ്തുബോധം വന്ന് സർവം ബ്രഹ്മമയമായി കാണുന്ന ജ്ഞാനി; നിത്യയുക്തഃ - സദാ എന്നിൽ ചേർന്നിരിക്കുന്നവനും; ഏകഭക്തിഃ - സർവത്ര എന്നെ മാത്രം കണ്ടനുഭവിക്കുന്നവനുമായതുകൊണ്ട്; വിശിഷ്യതേ - മറ്റു മൂന്നു കൂട്ടരേക്കാളും ശ്രേഷ്ഠനാണ്; ജ്ഞാനിനഃ - ജ്ഞാനിക്ക്; അഹം അത്യർഥം പ്രിയഃ - ഞാൻ മറ്റെല്ലാറ്റിനേക്കാളും പ്രിയപ്പെട്ടവനാണ്; മമ - എനിക്ക്; സ ച പ്രിയഃ ഹി - അവനും മറ്റെല്ലാറ്റിനേക്കാളും പ്രിയപ്പെട്ടവനാണ്.

മുൻപറഞ്ഞ സുകൃതികളായ നാലു കൂട്ടരിലും വച്ചു വസ്തുബോധം വന്നു സർവം ബ്രഹ്മമായി കാണുന്ന ജ്ഞാനി സദാ എന്നിൽച്ചേർന്നിരിക്കു ന്നവനും സർവത്ര എന്നെ മാത്രം കണ്ടനുഭവിക്കുന്നവനുമായതുകൊണ്ടു മറ്റു മൂന്നു കൂട്ടരേക്കാളും ശ്രേഷ്ഠനാണ്. ജ്ഞാനിക്ക് ഞാൻ മറ്റെല്ലാറ്റിനേ ക്കാളും പ്രിയപ്പെട്ടവനാണ്. എനിക്ക് അവനും മറ്റെല്ലാറ്റിനേക്കാളും പ്രിയ പ്പെട്ടവനാണ്.

## ജ്ഞാനിയും ഭഗവാനും

ആർത്തൻ, ജിജ്ഞാസു, അർഥാർഥി എന്നീ മൂന്നു കൂട്ടരെക്കാളും ജ്ഞാനി ശ്രേഷ്ഠനാണ്. എന്താണു കാരണം? ജ്ഞാനി നിത്യയുക്തനും ഏകഭക്തിയുമായതുകൊണ്ട്. വസ്ത്വനുഭവം വിട്ടുപോകാതെ നിലനിൽക്കു ന്നയാളാണു നിത്യയുക്തൻ. ബ്രഹ്മവസ്തുവിന്റെ പ്രത്യക്ഷാനുഭവം ഒരിക്ക ലുണ്ടായാൽ ഒരു കാരണവശാലും ആ വസ്തുബോധം പിന്നെ നഷ്ടപ്പെടു കയില്ല. പ്രത്യക്ഷാനുഭവത്തിൽപ്പെടുന്ന കാര്യത്തെക്കുറിച്ചുള്ള അറിവ് എങ്ങനെ നഷ്ടപ്പെടാനാണ്? ആർത്തൻ തുടങ്ങിയവർ വസ്തുബോധം വരാ ത്തവരായതുകൊണ്ട് അവർക്കിഷ്ടമുള്ള രൂപത്തിൽ സങ്കൽപ്പിച്ചിട്ടായി രിക്കും ഈശ്വരനെ ഭജിക്കുക. സങ്കൽപ്പം മാറിയാൽ അവരുടെ ഈശ്വരബോ ധത്തിനും മാറ്റം വരും. അതുകൊണ്ട് അവർ നിത്യയുക്തന്മാരല്ല. ബ്രഹ്മാനു

digitized by www.sreyas.in

ഭവം നേടിയ ജ്ഞാനിക്ക് എല്ലാം ബ്രഹ്മമയമാണ്. അതുതന്നെയാണു ജ്ഞാനിയുടെ ഏകഭക്തിത്വം. ആർത്തൻ തുടങ്ങിയ മറ്റു കൂട്ടർക്കാകട്ടെ ഈശ്വരനോടൊപ്പം ഭജനീയങ്ങളായ മറ്റനേകം കാര്യങ്ങൾ ഉണ്ടായിരിക്കും. അതുകൊണ്ട് അവരാരും ഏകഭക്തികളല്ല. ഈശ്വരനു ജ്ഞാനിയും ജ്ഞാനിക്ക് ഈശ്വരനും അത്യന്തം പ്രിയപ്പെട്ടവരാണ്. ബ്രഹ്മാനന്ദത്തിൽ കവിഞ്ഞൊരാനന്ദം ഇല്ലെന്നാണുപനിഷത്തുക്കൾ ഘോഷിക്കുന്നത്. ആനന്ദാനുഭവം നൽകുന്ന ബ്രഹ്മം ജ്ഞാനിക്ക് അത്യന്തം പ്രിയമായിരിക്കുമെന്നു പറയേണ്ടതില്ല. സർവത്ര തന്നെത്തന്നെ കണ്ടാരാധിക്കുന്ന ജ്ഞാനിയെ ആ പ്രഭുവും എങ്ങനെ അത്യന്തം ഇഷ്ടപ്പെടാതിരിക്കും? ആർത്തൻ തുടങ്ങിയവരാകട്ടെ അവർക്ക് തൽക്കാലം പ്രിയമുള്ള ചിലതു നേടാൻ സഹായമായി മാത്രമേ ഭഗവാനെ കൂട്ടുപിടിക്കുന്നുള്ളു. അതുകൊണ്ട് അവർക്കു ഭഗവാനോ, ഭഗവാന് അവരോ അത്യന്തം പ്രിയപ്പെട്ടവരായിത്തീരുന്നില്ല.

ജ്ഞാനി മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനായിരിക്കുന്നതെന്തുകൊണ്ടെന്നു ഭഗവാൻ പതിനെട്ടാം ശ്ലോകംകൊണ്ട് ഒന്നുകൂടി വ്യക്തമാക്കുന്നു.

*18. ഉദാരാഃ സർവ ഏവൈതേ ജ്ഞാനീ ത്വാത്മൈവ മേ മതം*
*ആസ്ഥിതഃ സ ഹി യുക്താത്മാ മാമേവാനുത്തമാം ഗതിം*

ഏതേ സർവേ - മുൻപറഞ്ഞ നാലു കൂട്ടരും; ഉദാരഃ ഏവ – ആദരണീയർ തന്നെയാണ്; ജ്ഞാനീ തു - എന്നാൽ ജ്ഞാനിയാകട്ടെ; മേ ആത്മാ ഏവ – എന്റെ സ്വരൂപം തന്നെ; മതം – എന്നതു നിശ്ചയം; ഹി – എന്തെന്നാൽ; യുക്താത്മാ സഃ – സ്വന്തം ആത്മാവായി വർത്തിക്കുന്ന എന്നിൽ ചേർന്നിരുന്നുകൊണ്ട് അവൻ; മാം ഏവ – പരമാത്മാവായ എന്നെത്തന്നെ; അനുത്തമാം ഗതിം ആസ്ഥിതഃ – ജീവിതത്തിന്റെ പരമലക്ഷ്യമായി സർവത്ര കണ്ടാശ്രയിക്കുന്നു.

മുൻപറഞ്ഞ നാലു കൂട്ടരും ആദരണീയർ തന്നെയാണ്; എന്നാൽ ജ്ഞാനിയാകട്ടെ എന്റെ സ്വരൂപം തന്നെ എന്നതു നിശ്ചയം. എന്തുകൊണ്ടെന്നാൽ സ്വന്തം ആത്മാവായി വർത്തിക്കുന്ന എന്നിൽ ചേർന്നിരുന്നുകൊണ്ട് അവൻ പരമാത്മാവായ എന്നെത്തന്നെ ജീവിതത്തിന്റെ പരമലക്ഷ്യമായി സർവത്ര കണ്ടാശ്രയിക്കുന്നു.

## ജ്ഞാനി ബ്രഹ്മസ്വരൂപം തന്നെ

'ബ്രഹ്മത്തെ അറിയുന്നവൻ ബ്രഹ്മമായി ഭവിക്കുന്നു' എന്നാണല്ലോ

digitized by www.sreyas.in

ഉപനിഷത് പ്രഖ്യാപനം. സാക്ഷാൽ പരബ്രഹ്മവസ്തുതന്നെ എല്ലാ പ്രാണികളുടെയും ഉള്ളിൽ ആത്മാവായി വർത്തിക്കുന്നു. അതുകൊണ്ടു സ്വന്തം ആത്മാവിനെ സാക്ഷാൽക്കരിച്ച ജ്ഞാനി തന്റെ സ്വരൂപമായി അനുഭവപ്പെടുന്ന പരബ്രഹ്മം പ്രപഞ്ചത്തിൽ സർവത്ര ഇടതിങ്ങിനിൽക്കുന്നതായി അനുഭവിക്കുന്നു. ജ്ഞാനിക്കു സ്വന്തം ആത്മാവും പ്രപഞ്ചസത്യവും ഒന്നുതന്നെ. അതുകൊണ്ടാണു ജ്ഞാനി എന്റെ സ്വരൂപംതന്നെ എന്നു ഭഗവാൻ പ്രഖ്യാപിച്ചിരിക്കുന്നത്.

ഈ ജ്ഞാനാനുഭവവും പ്രപത്തിയും എപ്പോഴാണുണ്ടാവുക? ഇത്തരം ജ്ഞാനികൾ എല്ലായിടത്തും എപ്പോഴും ഉണ്ടാകാറുണ്ടോ? ഈ സംശയങ്ങളെ ദൂരീകരിക്കുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*19. ബഹൂനാം ജന്മനാമന്തേ ജ്ഞാനവാൻ മാം പ്രപദ്യതേ*
*വാസുദേവഃ സർവമിതി സ മഹാത്മാ സുദുർലഭഃ*

ബഹൂനാം ജന്മാനാം അന്തേ - അനേക ജന്മങ്ങളിലെ യോഗപരിശീലനം കൊണ്ടു ചിത്തശുദ്ധി വന്നശേഷം; ജ്ഞാനവാൻ - വസ്തുവെന്തെന്നു വ്യക്തമായി അനുഭവിച്ചറിയുന്നവൻ; സർവം വാസുദേവഃ ഇതി - ഇക്കാണപ്പെടുന്നതെല്ലാം ബ്രഹ്മം തന്നെ എന്നിങ്ങനെ; മാം പ്രപദ്യതേ - സർവാത്മനാ എന്നെ ശരണം പ്രാപിക്കുന്നു; സഃ മഹാത്മാ - അപ്രകാരമുള്ള മഹാത്മാവ്; സുദുർലഭഃ - വളരെ അപൂർവമാണ്.

അനേക ജന്മങ്ങളിലെ യോഗപരിശീലനം കൊണ്ടു ചിത്തശുദ്ധി വന്നശേഷം വസ്തുവെന്തെന്നു വ്യക്തമായി അനുഭവിച്ചറിയുന്നവൻ ഇക്കാണപ്പെടുന്നതെല്ലാം ബ്രഹ്മം തന്നെ എന്നിങ്ങനെ സർവാത്മനാ എന്നെ ശരണം പ്രാപിക്കുന്നു. അപ്രകാരമുള്ള മഹാത്മാവ് വളരെ അപൂർവമാണ്.

## *സ മഹാത്മാ സുദുർലഭഃ*

യോഗപരിശീലനംകൊണ്ടു ചിത്തശുദ്ധി വന്നാലേ പ്രത്യക്ഷമായ ബ്രഹ്മാനുഭവം സാധ്യമാവൂ. കർമവാസനയുടെ കൂടുതൽ കുറവനുസരിച്ചു ജ്ഞാനഹേതുകമായ ഈ ചിത്തശുദ്ധിക്കു പലപ്പോഴും ഒന്നിലധികം ജന്മങ്ങൾ വേണ്ടിവന്നേക്കും. അതുകൊണ്ടാണ് 'അനേകജന്മങ്ങൾ കഴിഞ്ഞു ജ്ഞാനമുണ്ടാകുന്നയാൾ' എന്നു ഭഗവാൻ എടുത്തു പറഞ്ഞിരിക്കുന്നത്. യോഗമാർഗത്തിൽ സഞ്ചരിക്കുന്നവർപോലും പലപ്പോഴും യോഗശക്തികളിലും സിദ്ധികളിലും കുടുങ്ങി ജ്ഞാനത്തിലെത്തിച്ചേരാതെ വഴിയിൽ തങ്ങിപ്പോകാനിടവരും. അങ്ങനെയും ചിലപ്പോൾ ജ്ഞാനോദയത്തിനു വേണ്ടി

digitized by www.sreyas.in

വരുന്ന ജന്മങ്ങളുടെ എണ്ണം കൂടിയെന്നുവരാം. എന്തായാലും സർവാത്മഭാവരൂപമായ പൂർണപ്രപത്തിയിലെത്തിച്ചേരുന്ന ജ്ഞാനികൾ അപൂർവമായേ കാണപ്പെടാറുള്ളു. ഭക്തന്മാരുണ്ടാവാം, യോഗികളുണ്ടാവാം, സിദ്ധന്മാരുണ്ടാവാം, ശാസ്ത്രപടുക്കളുണ്ടാവാം, എന്നാൽ സർവം ബ്രഹ്മമയമെന്നനുഭവിക്കുന്ന ജ്ഞാനി അത്യന്തദുർലഭനാണ്. ഈ പദ്യത്തിലെ വാസുദേവശബ്ദം പരബ്രഹ്മവാചിയാണെന്നറിയേണ്ടതാണ്.

സർവം വാസുദേവമയമാണെന്നറിയാത്ത മറ്റു ഭക്തന്മാരുടെ സ്ഥിതിയെന്തെന്നാണ് ഇരുപത്തിമൂന്നുവരെയുള്ള അടുത്ത നാലു പദ്യങ്ങൾ കൊണ്ടു വിവരിക്കുന്നത്. സർവം വാസുദേവമയമാണെന്നറിയാത്തിടത്തോളം ഒരിഷ്ടദേവനെ അംഗീകരിച്ച് ഏതെങ്കിലും താൽക്കാലികഫലത്തിനായി സാകാര ഭജനത്തിലേർപ്പെടുകയായിരിക്കും ഒരാൾ ചെയ്യുക. ഇക്കാര്യമാണ് ഇരുപതാം പദ്യത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്:

*20. കാമൈസ്തൈസ്തൈർഹൃതജ്ഞാനാഃ പ്രപദ്യന്തേഽന്യ ദേവതാഃ*
*തം തം നിയമമാസ്ഥായ പ്രകൃത്യാ നിയതാഃ സ്വയാ*

തൈഃ തൈഃ കാമൈഃ - അവരവർ സങ്കൽപ്പിച്ചുണ്ടാക്കുന്ന ഭൗതികകാമങ്ങൾ നിമിത്തം; ഹൃതജ്ഞാനാഃ - സർവം വാസുദേവമയമെന്ന ജ്ഞാനം മറയ്ക്കപ്പെട്ടുപോയ ആളുകൾ; സ്വയാ പ്രകൃത്യാ നിയതാഃ - സ്വന്തം അജ്ഞാനത്തിന്റെ ആഴത്തിനനുസരിച്ചു രൂപംകൊള്ളുന്ന സത്വരജസ്തമോഗുണങ്ങളാൽ കീഴടക്കപ്പെട്ട്; തം തം നിയമം ആസ്ഥായ - അതാതു ഗുണങ്ങൾക്കനുസരിച്ച വ്രതനിയമങ്ങൾ അംഗീകരിച്ച്; അന്യദേവതാഃ പ്രപദ്യന്തേ - ആഗ്രഹനിവൃത്തിക്കായി അന്യദേവതമാരെ ശരണം പ്രാപിക്കുന്നു.

അവരവർ സങ്കൽപ്പിച്ചുണ്ടാക്കുന്ന ഭൗതികകാമങ്ങൾ നിമിത്തം സർവം വാസുദേവമയമെന്ന ജ്ഞാനം മറയ്ക്കപ്പെട്ടുപോയ ആളുകൾ സ്വന്തം അജ്ഞാനത്തിന്റെ ആഴത്തിനനുസരിച്ചു രൂപം കൊള്ളുന്ന സത്വരജസ്തമോഗുണങ്ങളാൽ കീഴടക്കപ്പെട്ട് അതാതു ഗുണങ്ങൾക്കനുസരിച്ച വ്രതനിയമങ്ങൾ അംഗീകരിച്ച് ആഗ്രഹനിവൃത്തിക്കായി അന്യദേവതമാരെ ശരണം പ്രാപിക്കുന്നു.

## *പ്രപദ്യന്തേഽന്യദേവതാഃ*

സർവം ബ്രഹ്മമയമെന്നു കാണാൻ കഴിയാത്തവരുടെ സുഖവും ശാന്തിയും ഭൗതികകാമങ്ങളിലാണു സ്ഥിതിചെയ്യുന്നത്. അവർ അതിനായി

digitized by www.sreyas.in

ഇഷ്ടദേവതാമൂർത്തികളെ ഉപാസിക്കുന്നു. അവരുടെ കാമങ്ങളിലും ഇഷ്ട ദേവതാസ്വീകാരത്തിലും വ്രതനിയമങ്ങളിലുമൊക്കെ സത്വരജസ്തമോഗുണ ങ്ങളുടെ അതിയായ സ്വാധീനശക്തി കാണാനുണ്ടാവും. ചിലർക്കു ശത്രുജ യംപോലുള്ള കാര്യങ്ങളായിരിക്കും കാമം. അവ തമോഗുണപ്രധാനങ്ങളാ ണ്. അതിനായി ഭദ്രകാളി, ഭൈരവൻ തുടങ്ങിയ തമോഗുണപ്രധാനരായ ഉഗ്ര ദേവതാമൂർത്തികളെയായിരിക്കും അവർ ഭജിക്കുക. ജന്തുബലിപോലുള്ള തമോഗുണപ്രധാനങ്ങളായ വ്രതനിയമങ്ങളായിരിക്കും സ്വീകരിക്കുക. ധനലാഭവും മറ്റുമായിരിക്കും വേറെ ചിലരുടെ കാമങ്ങൾ. അവ രജോഗുണ പ്രധാനങ്ങളാണ്. ഗണപതി മുതലായ രജോഗുണപ്രധാനികളായ ഇഷ്ടദേ വതമാരെ അതിനായി അവരുപാസിക്കും. നാളികേരമുടയ്ക്കുക, അപ്പങ്ങളു ണ്ടാക്കി നിവേദിക്കുക, ഉപവസിക്കുക തുടങ്ങിയ രാജസിക നിയമങ്ങളും അംഗീകരിക്കും. വിദ്യയുണ്ടാവുക, വിവേകമുണ്ടാവുക ഇവയൊക്കെയായി രിക്കും ചിലരുടെ ലക്ഷ്യം. ഇവയൊക്കെ സത്വഗുണമൂർത്തിയായ കാമങ്ങളാ ണ്. വിദ്യാരൂപിണിയായ സരസ്വതിയേയോ സത്വഗുണമൂർത്തിയായ വിഷ്ണുവിനെയോ ഒക്കെ ആയിരിക്കും അവരുപാസിക്കുക. പുഷ്പാർച്ചന, ദീപാരാധന, നാമസങ്കീർത്തനം തുടങ്ങിയ സത്വഗുണപ്രധാനങ്ങളായ വ്രത നിയമങ്ങളും അംഗീകരിക്കും. ഈ പറഞ്ഞവയിലൊക്കെയുള്ള ഗുണപ്രാ ധാന്യം ഏകദേശരൂപമാണെന്നറിയേണ്ടതാണ്. ത്രിഗുണങ്ങളുടെ കലർപ്പി ല്ലാതെ ഗുണമൊന്നും ശുദ്ധമായി പ്രപഞ്ചത്തിൽ കാണാനുണ്ടാവില്ലെ ന്നാണു ശാസ്ത്രസിദ്ധാന്തം.

അന്യദേവന്മാർ അസംഖ്യമാണല്ലോ. മതഭേദം ആ സംഖ്യയെ വീണ്ടും വർധിപ്പിക്കുന്നുമുണ്ട്. ഈ ദേവതമാരെല്ലാം യഥാർഥത്തിൽ ഉള്ള വരാണോ? അവരുണ്ടാക്കിക്കൊടുക്കുന്ന ഫലങ്ങൾ അവരുടെ മാത്രം അധീനത്തിലുള്ളവയാണോ? ഈ സംശയങ്ങൾക്കു സമാധാനമാണ് അടുത്ത പദ്യം:

*21. യോ യോ യാം യാം തനും ഭക്തഃ ശ്രദ്ധയാഽർച്ചിതുമിച്ഛതി*
*തസ്യ തസ്യാചലാം ശ്രദ്ധാം താമേവ വിദധാമ്യഹം*

യഃ യഃ ഭക്താഃ - ഏതേതു ഭക്തൻ; യാം യാം തനും - ഏതേത് ഇഷ്ടദേ വതാ മൂർത്തിയെ; ശ്രദ്ധയാ - പൂർണവിശ്വാസത്തോടെ; അർച്ചിതും ഇച്ഛതി - ഉപാസിക്കാൻ കൊതിക്കുന്നുവോ; തസ്യ തസ്യ - അതാതു ഭക്തന്; താം ഏവ ശ്രദ്ധാം - ആ ഇഷ്ടദേവതയിൽത്തന്നെയുള്ള വിശ്വാസവും ഭക്തിയും;

digitized by www.sreyas.in

അഹം - ഭക്തഹൃദയത്തിൽ ആത്മാവായി വർത്തിക്കുന്ന ഞാൻ; അചലാം വിദധാമി - വളർത്തി അചഞ്ചലമാക്കി ഉറപ്പിക്കുന്നു.

ഏതേതു ഭക്തൻ ഏതേത് ഇഷ്ടദേവതാമൂർത്തിയെ പൂർണവിശ്വാസത്തോടെ ഉപാസിക്കാൻ കൊതിക്കുന്നുവോ അതാതു ഭക്തന് ആ ഇഷ്ടദേവതയിൽത്തന്നെയുള്ള വിശ്വാസവും ഭക്തിയും ഭക്തഹൃദയത്തിൽ ആത്മാവായി വർത്തിക്കുന്ന ഞാൻ വളർത്തി അചഞ്ചലമാക്കി ഉറപ്പിക്കുന്നു.

## *താമേവ വിദധാമ്യഹം*

നാലാമധ്യായത്തിലെ പതിനൊന്നാം ശ്ലോകത്തിൽ ഭഗവാൻ പ്രഖ്യാപിച്ചിട്ടുള്ള പ്രപഞ്ചപ്രവർത്തനനിയമം ഒന്നുകൂടി നോക്കുക. 'എന്നെ ആരെങ്ങനെ പ്രാപിക്കുന്നുവോ അവർക്ക് ഞാനങ്ങനെ അനുഭവപ്പെടുന്നു' എന്നതാണല്ലോ ആ നിയമം. ഏതെങ്കിലും ഭക്തൻ വിശ്വാസത്തോടെ ഒരിഷ്ടദേവതയെ ഉപാസിച്ചാൽ ഭക്തന്റെ ഉള്ളിൽ ആത്മരൂപേണ വർത്തിക്കുന്ന പരമാത്മാവുതന്നെ അയാളുടെ ആ വിശ്വാസത്തെ ദൃഢപ്പെടുത്തുന്നു. എങ്ങനെ ദൃഢപ്പെടുത്തുന്നു? ഭക്തന്റെ സങ്കൽപ്പമനുസരിച്ച് ഇഷ്ടദേവതാരൂപം കൈക്കൊണ്ടു പരമാത്മാവുതന്നെ ഉള്ളിലും പുറത്തും അയാളെ അനുഗ്രഹിക്കാനെത്തുന്നു. സദാ ഭക്തനോടൊപ്പം ഇഷ്ടദേവതയുടെ സാന്നിധ്യം ബോധ്യപ്പെടുത്തിക്കൊടുത്ത് അയാളുടെ വിശ്വാസം ഉറപ്പിക്കുന്നു. ആർക്ക് ഏതിഷ്ടദേവതയുടെ രൂപത്തിലും അനുഗ്രഹം നൽകുന്നത് ഭക്താഭിലാഷമനുസരിച്ചു പരമാത്മാവു തന്നെയെന്നു താൽപ്പര്യം. ശാസ്ത്രീയമായ ഈ പ്രവർത്തനനിയമം ധരിച്ചാൽ മതഭേദചിന്തകളെല്ലാം അപ്പാടേ മാറിക്കിട്ടുന്നതാണ്.

ഒരാൾക്ക് ഒരിഷ്ടദേവതയിൽ അചഞ്ചലയായ ശ്രദ്ധയുണ്ടായാൽ എന്താണു പ്രയോജനം? ഈ ചോദ്യത്തിനുത്തരമാണ് അടുത്ത പദ്യം.

*22. സ തായ ശ്രദ്ധയാ യുക്തസ്ത സ്യാരാധനമീഹതേ*
*ലഭതേ ച തതഃ കാമാൻ മയൈവ വിഹിതാൻ ഹി താൻ*

സഃ - ഇഷ്ടദേവനെ ഉപാസിക്കുന്ന ആ ഭക്തൻ; തയാ ശ്രദ്ധയാ യുക്തഃ - പരമാത്മാനുഗ്രഹംകൊണ്ട് അചഞ്ചലമായിത്തീർന്ന ആ വിശ്വാസത്തോടുകൂടി; തസ്യാഃ - ഇഷ്ടദേവതാമൂർത്തിയുടെ; ആരാധന ഈഹതേ - തുടർന്നുള്ള പൂജ നടത്തിക്കൊണ്ടിരിക്കാൻ കൊതിക്കുന്നു; തതഃ - ആ ഇഷ്ടദേവത വഴി; മയാ ഏവ - പരമാത്മാവായ എന്നാൽത്തന്നെ; വിഹിതാൻ - നൽകപ്പെടുന്ന; താൻ ഹി കാമാൻ - അയാളുടെ സങ്കൽപ്പമനുസരിച്ചു തന്നെയുള്ള ആഗ്രഹങ്ങൾ; ലഭതേ ച - നേടുകയും ചെയ്യുന്നു.

digitized by www.sreyas.in

ഇഷ്ടദേവനെ ഉപാസിക്കുന്ന ആ ഭക്തൻ പരമാത്മാനുഗ്രഹംകൊണ്ട് അചഞ്ചലമായിത്തീർന്ന ആ വിശ്വാസത്തോടുകൂടി ഇഷ്ടദേവതാമൂർത്തിയുടെ തുടർന്നുള്ള പൂജ നടത്തിക്കൊണ്ടിരിക്കാൻ കൊതിക്കുന്നു. ആ ഇഷ്ടദേവത വഴി പരമാത്മാവായ എന്നാൽത്തന്നെ നൽകപ്പെടുന്ന അയാളുടെ സങ്കൽപ്പമനുസരിച്ചു തന്നെയുള്ള ആഗ്രഹങ്ങൾ നേടുകയും ചെയ്യുന്നു.

## *മയൈവ വിഹിതാൻ*

ഇഷ്ടദേവനിൽ വിശ്വാസം അചഞ്ചലമാകുന്നതോടെ തന്റെ എല്ലാ ജീവിതക്ലേശങ്ങൾക്കും പരിഹാരമായി ഇഷ്ടദേവതാഭജനം തന്നെ അംഗീകരിക്കുന്നു. വിവിധതരത്തിൽ ഇഷ്ടദേവനെ ആരാധിക്കുകയും അപ്പപ്പോഴുണ്ടാകുന്ന അഭിലാഷങ്ങൾ നിറവേറ്റിത്തരാൻ പ്രാർഥിക്കുകയും ചെയ്യുന്നു. അഭിലാഷങ്ങൾ ഒന്നൊന്നായി അങ്ങനെ നിറവേറാനും ഇടവരുന്നു. എന്നാൽ ഇങ്ങനെ എല്ലാത്തരത്തിലും ഇഷ്ടദേവതാരൂപം കൈക്കൊണ്ടനുഗ്രഹിക്കുന്നതു പരമാത്മാവായ ഭഗവാൻ തന്നെയാണ്. സർവശക്തനായ പരമാത്മാവിനു ഭക്തസങ്കൽപ്പമനുസരിച്ച് ഏതു രൂപം കൈക്കൊള്ളാനും സർവജ്ഞനായതുകൊണ്ടു ഭക്താഭിലാഷങ്ങൾ അപ്പോഴപ്പോൾ അറിഞ്ഞു നിറവേറ്റാനും സർവവ്യാപിയായതുകൊണ്ട് എവിടെയുള്ള ഏതു ഭക്തനെയും അയാളുടെ ആഗ്രഹമനുസരിച്ചനുഗ്രഹിക്കാനും ഒരു പ്രയാസവുമില്ലെന്നു താൽപ്പര്യം.

ഭഗവാന്റെ ഭക്താനുഗ്രഹസമ്പ്രദായം ഇതാണെങ്കിൽ ഇഷ്ടദേവതാരൂപത്തിൽത്തന്നെ ഭഗവാനെ ഭജിച്ചാൽപ്പോരെ? വസ്തുവിചാരം ചെയ്തു ജ്ഞാനം സമ്പാദിക്കണമെന്നും മറ്റും പറയുന്നതെന്തിനാണ്? ഈ സംശയങ്ങൾക്കുത്തരമാണ് അടുത്ത പദ്യം:

*23. അന്തവത്തു ഫലം തേഷാം തദ്ഭവത്യൽപ്പമേധസാം*
*ദേവാൻ ദേവയജോ യാന്തി മദ്ഭക്താ യാന്തി മാമപി*

അൽപ്പമേധസാം തേഷാം - സർവവ്യാപിയും സർവശക്തനുമായ എന്റെ അൽപ്പരൂപങ്ങളിൽ മനസ്സുറപ്പിച്ച ഈ ഇഷ്ടദേവതോപാസകന്മാർക്ക്; തൽഫലം - കിട്ടുന്ന ഫലം; അന്തവസ്തു ഭവതി - വേഗം നഷ്ടപ്പെട്ടുപോകുന്നതുതന്നെയാണ്; ദേവയജഃ - ഇഷ്ടദേവന്മാരെ ആരാധിക്കുന്നവർ; ദേവാൻ യാന്തി - ദേവപ്രസാദം കൊണ്ടു കിട്ടാവുന്ന താൽക്കാലിക ഫലങ്ങളെ അനുഭവിക്കുന്നു; മദ്ഭക്താഃ മാം അപി യാന്തി - പരമാത്മാവായ എന്നെ ഭജിക്കുന്നവർ എന്നെ പ്രാപിച്ചു സനാതനമായ മോക്ഷഫലം അനുഭവിക്കുന്നു.

digitized by www.sreyas.in

സർവവ്യാപിയും സർവശക്തനുമായ എന്റെ അൽപ്പരൂപങ്ങളിൽ മന സ്സുറപ്പിച്ച ഈ ഇഷ്ടദേവതോപാസകന്മാർക്കു കിട്ടുന്ന ഫലം വേഗം നഷ്ട പ്പെട്ടുപോകുന്നതുതന്നെയാണ്. ഇഷ്ടദേവന്മാരെ ആരാധിക്കുന്നവർ ദേവപ്ര സാദംകൊണ്ടു കിട്ടാവുന്ന താൽക്കാലിക ഫലങ്ങളെ അനുഭവിക്കുന്നു. പര മാത്മാവായ എന്നെ ഭജിക്കുന്നവർ എന്നെ പ്രാപിച്ചു സനാതനമായ മോക്ഷ ഫലം അനുഭവിക്കുന്നു.

## അന്തവത്തു ഫലം തേഷാം

ഇഷ്ടദേവതോപാസനകൊണ്ടു കിട്ടുന്ന ഫലം വേഗം അവസാനിച്ചു പോകുന്നതാണ്. ഉപാസകന്മാരുടെ മനസ്സ് വസ്തുവിന്റെ അൽപ്പാംശത്തെ മാത്രമേ ആശ്രയിക്കുന്നുള്ളു എന്നതാണിതിനു കാരണം. അവരുടെ ഉപാസ നാമൂർത്തിതന്നെ സ്വസങ്കൽപ്പമനുസരിച്ചു പരമാത്മാവിൽ രൂപംകൊള്ളുന്ന അൽപ്പപ്രതിഭാസമാണ്. സങ്കൽപ്പദാർഢ്യംകൊണ്ടു രൂപംകൊള്ളുന്നതായതു കൊണ്ടു സങ്കൽപ്പത്തിനു ദൃഢത കുറഞ്ഞാൽ ദേവതാസാന്നിധ്യം ഉപാസ കന് ഇല്ലാതാവുകയും ചെയ്യും. ഉപാസനാമൂർത്തിയുടെ സ്ഥിതിതന്നെ ഇതാ ണെങ്കിൽ ആ ദേവതകളെ ആശ്രയിച്ചു നേടുന്ന ഭൗതികകാമങ്ങളുടെ സ്ഥിതി പിന്നെ പറയാനില്ലല്ലോ. അൽപ്പങ്ങളായ ഭൗതികഫലങ്ങൾ ഉണ്ടായി നശിക്കുന്നവയാണ്. ഇഷ്ടദേവതമാർക്ക് ഈ ഭൗതികഫലങ്ങളേ തരാൻ കഴിയൂ. അങ്ങേയറ്റം അവർക്ക് തരാൻ കഴിയുന്നതു സ്വർഗ സുഖങ്ങളാണ്. അവതന്നെയും സങ്കൽപ്പവും കർമവുംകൊണ്ട് ഉണ്ടാക്കിയെടുക്കുന്നവയും അക്കാരണത്താൽത്തന്നെ നശിച്ചുപോകുന്നവയുമാണ്. ഈ ഉപാസനാരഹ സ്യമാണ് 'ദേവാൻ ദേവയജോ യാന്തി' എന്ന ഭാഗം കൊണ്ടു ഭഗവാൻ വെളി പ്പെടുത്തിയിരിക്കുന്നത്.

## *മദ്ഭക്താ യാന്തി മാമപി*

ആത്മാനുഭവം സങ്കൽപ്പംകൊണ്ട് ഉണ്ടാക്കി എടുക്കുന്നതല്ല. സങ്കൽപ്പ ങ്ങൾ ഒഴിഞ്ഞുമാറുന്നതോടെ സ്വയം വസ്തു മാറിമാറിത്തെളിയുന്നതാണ് ആത്മസാക്ഷാൽക്കാരം. സങ്കൽപ്പദാർഢ്യമല്ല സങ്കൽപ്പക്ഷയമാണ് ആത്മ സാക്ഷാൽക്കാരത്തിനാവശ്യം. ഭൗതികകാമങ്ങളൊന്നും കൂടാതെ ആത്മസാ ക്ഷാൽക്കാരമെന്ന ലക്ഷ്യം മുൻനിറുത്തിയാണ് ഒരാൾ പ്രാരംഭസാധനയെന്ന നിലയിൽ ഇഷ്ടദേവോപാസന നടത്തുന്നതെങ്കിൽ അതു വളരെ നന്ന്. ഇഷ്ടദേവതാസ്വരൂപത്തിൽ ഏകാഗ്രപ്പെട്ട് ഇതര സങ്കൽപ്പങ്ങളെ ക്ഷയിപ്പി

digitized by www.sreyas.in

ച്ചശേഷം ഒടുവിൽ ഇഷ്ടദേവതാ രൂപസങ്കൽപ്പവും ക്ഷയിപ്പിക്കുന്നതോടെ ബ്രഹ്മാനുഭൂതി കൈവരുന്നതാണ്. എന്തായാലും ബ്രഹ്മാനുഭവം സങ്കൽപ്പ ക്ഷയം കൊണ്ടു നേടേണ്ടതാണ്. ഇങ്ങനെ അവനവന്റെ സ്വരൂപമായി വർത്തിക്കുന്ന ബ്രഹ്മം സാക്ഷാൽക്കരിക്കപ്പെടുന്നതോടെ താൻ സ്വയം നിത്യമുക്തവും സനാതനവുമായ വസ്തുസത്തയാണെന്ന് അനുഭവിക്കാറാകുന്നു. അതോടെ ജനനമരണാത്മകമായ ജഡസംസാരബന്ധം പാടേ മാറിക്കിട്ടുകയും ചെയ്യുന്നു. ഇതാണു ഭൗതികകാമങ്ങളെ മുൻനിറുത്തിക്കൊണ്ടുള്ള ഇഷ്ടദേവതോപാസനക്കും വസ്തുബോധത്തിനുവേണ്ടി കൊതിക്കുന്ന ജ്ഞാനസാധനക്കും തമ്മിലുള്ള വ്യത്യാസം. ഇതു കാണിക്കാനാണ് 'മത്ഭക്താഃ യാന്തി മാമപി' എന്നു ഭഗവാൻ പ്രഖ്യാപിച്ചിരിക്കുന്നത്.

ഭൗതികകാമങ്ങളെ മുൻനിറുത്തി ഇഷ്ടദേവതോപാസന നടത്തുന്നവരുടെ അൽപ്പബുദ്ധിയെക്കുറിച്ചാണു ഭഗവാൻ കഴിഞ്ഞ നാലു പദ്യങ്ങളിൽ വിവരിച്ചത്. ബ്രഹ്മസാക്ഷാൽക്കാരം കൊണ്ടേ സമഗ്രസത്യം തെളിയൂ എന്നും വെളിപ്പെടുത്തി. പക്ഷേ, ബ്രഹ്മത്തെ എങ്ങനെയാണു സമീപിക്കുക. ഇഷ്ടദേവതക്കു വ്യക്തമായ ഒരു രൂപമുണ്ട്. ബ്രഹ്മം എങ്ങും കാണാനില്ലാത്ത അവ്യക്ത വസ്തുവാണ്. അതിനെ കണ്ടുപിടിക്കാൻ ആർക്കു കഴിയും? ഈ സംശയങ്ങൾക്കുത്തരമാണ് ഇരുപത്തിനാലു മുതൽ ഇരുപത്തൊൻപതു വരെയുള്ള ആറു പദ്യങ്ങൾ. ആദ്യമായി പരമാത്മാവ് അവ്യക്തസ്വരൂപിയാണെന്ന ചിലരുടെ ആക്ഷേപം നിരസിക്കുകയാണു ഭഗവാൻ:

*24. അവ്യക്തം വ്യക്തിമാപന്നം മന്യന്തേ മാമബുദ്ധയഃ*
*പരം ഭാവമജാനന്തോ മമാവ്യയമനുത്തമം*

അവ്യയം - ഒരിക്കലും അഴിവില്ലാത്തതും; അനുത്തമം - കേവലാനന്ദസ്വരൂപമായതുകൊണ്ടു സർവോത്തമവും; പരം - പ്രപഞ്ചത്തിനു മുഴുവൻ പരമകാരണമായി വർത്തിക്കുന്നതുമായ; മമ ഭാവം - എന്റെ സമഗ്രസ്ഥിതി; അജാനന്തഃ - വിചാരം ചെയ്തറിയാത്ത; അബുദ്ധയഃ - ബുദ്ധിഹീനന്മാർ; വ്യക്തിമാപന്നം മാം - പ്രപഞ്ചദൃശ്യങ്ങളെ ഉളവാക്കുന്ന എന്റെ കാരണരൂപത്തെ; അവ്യക്തം - വ്യക്തമല്ലാത്ത ശൂന്യസ്ഥിതിയെന്നു; മന്യന്തേ - തെറ്റിദ്ധരിക്കുന്നു.

ഒരിക്കലും അഴിവില്ലാത്തതും കേവലാനന്ദസ്വരൂപമായതുകൊണ്ടു സർവോത്തമവും പ്രപഞ്ചത്തിനു മുഴുവൻ പരമകാരണമായി വർത്തിക്കുന്നതുമായ എന്റെ സമഗ്രസ്ഥിതി വിചാരം ചെയ്തറിയാത്ത ബുദ്ധിഹീനന്മാർ

75-2006 26

digitized by www.sreyas.in

പ്രപഞ്ചദൃശ്യങ്ങളെ ഉളവാക്കുന്ന എന്റെ കാരണരൂപത്തെ വ്യക്തമല്ലാത്ത ശൂന്യസ്ഥിതിയെന്നു തെറ്റിദ്ധരിക്കുന്നു.

## *അവ്യക്തം വ്യക്തിമാപനം*

വീതരാഗഭയക്രോധന്മാരായ മുനിമാർ സൂര്യതുല്യം സാക്ഷാൽക്കരിച്ചറിഞ്ഞിട്ടുള്ളതാണു പരമകാരണമായ പരബ്രഹ്മ സ്വരൂപം. ബുദ്ധിഹീനന്മാരാകട്ടെ പ്രപഞ്ചത്തിന്റെ പരമകാരണം വ്യക്തമായി കാണ്മാനില്ലാത്തതുകൊണ്ടു ശൂന്യത്തിൽ നിന്നാണു പ്രപഞ്ചം പൊന്തിവരുന്നതെന്നു ശഠിക്കുന്നു. വെറും ശൂന്യത്തിൽ നിന്ന് ഒരനുഭവവും ഉണ്ടാവുക സാധ്യമല്ലെന്നു ഏതു കൊച്ചുകുട്ടിക്കാണറിഞ്ഞുകൂടാത്തത്? എന്നിട്ടും ശൂന്യാവസ്ഥയിൽ നിന്നാണു പ്രപഞ്ചം ഉണ്ടായതെന്നു പറയുന്നവരെ ബുദ്ധിഹീനന്മാരെന്നല്ലാതെ എന്തു പറയാൻ. അതുകൊണ്ടാണു ഭഗവാൻ 'അബുദ്ധയഃ' എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. പരമകാരണസ്വരൂപം എന്തുതന്നെയായാലും ഒരിക്കലും കേടുവരാത്ത സനാതനമായ ഒരു പരമകാരണത്തിലേ പ്രപഞ്ചത്തിന് ആവർത്തിച്ചുണ്ടായി മറയാൻ പറ്റൂ എന്ന വസ്തുതയാണ് ആദ്യമായി ധരിക്കേണ്ടത്. ആ പരമകാരണത്തെ നേരിട്ടു കണ്ടിട്ടുള്ളവരാകട്ടെ അതു കേവലാനന്ദഘനമായ നിലനിൽപ്പിന്റെ അത്യുൽക്കൃഷ്ടരൂപമാണെന്നു വെളിപ്പെടുത്തിയിട്ടുണ്ട്.

ഇത്ര വിശിഷ്ടമായ ഒരു പരമകാരണം പ്രപഞ്ചത്തിനുണ്ടെങ്കിൽ എല്ലാവർക്കും എന്തുകൊണ്ടതനുഭവപ്പെടുന്നില്ല. ഈ സംശയത്തിനു മറുപടിയാണടുത്ത പദ്യം:

*25. നാഹം പ്രകാശഃ സർവസ്യ യോഗമായാസമാവൃതഃ*
*മൂഢോ(അ)യം നാഭിജാനാതി ലോകോ മാമജമവ്യയം*

യോഗമായാസമാവൃതഃ - സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കായി എന്നിൽ സ്പന്ദിച്ചു മറയുന്ന മായയാൽ മറയ്ക്കപ്പെട്ടവനായ; അഹം - പരമാത്മാവായ ഞാൻ; സർവസ്യ - മായയിൽ മുങ്ങിപ്പോകുന്ന ആർക്കും; ന പ്രകാശഃ - പ്രത്യക്ഷനായി ഭവിക്കുന്നില്ല; മൂഢഃ അയം ലോകഃ - മായാമോഹിതമായ ഈ ലോകം അതുകൊണ്ട്; അജം അവ്യയം മാം - ജനിക്കാത്തവനും ഒരഴിവുമില്ലാത്തവനുമായ എന്നെ; ന അഭിജാനാതി - നേരിട്ടറിയാൻ കരുത്തുള്ളതായിത്തീരുന്നില്ല.

സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കായി എന്നിൽ സ്പന്ദിച്ചു മറയുന്ന മായയാൽ മറയ്ക്കപ്പെട്ടവനായ പരമാത്മാവായ ഞാൻ മായയിൽ മുങ്ങിപ്പോ

digitized by www.sreyas.in

കുന്ന ആർക്കും പ്രത്യക്ഷനായി ഭവിക്കുന്നില്ല. മായാമോഹിതമായ ഈ ലോകം അതുകൊണ്ടു ജനിക്കാത്തവനും ഒരഴിവുമില്ലാത്തവനുമായ എന്നെ നേരിട്ടറിയാൻ കരുത്തുള്ളതായിത്തീരുന്നില്ല.

## *നാഹം പ്രകാശഃ സർവസ്യ*

പരമാത്മാവായ ഭഗവാൻ എല്ലാവർക്കും പ്രത്യക്ഷനല്ല. എന്താണു കാരണം? യോഗമായ മറച്ചുകളയുന്നു എന്നതുതന്നെ. പരമാത്മസ്വരൂപത്തിൽ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കായി സ്പന്ദിച്ചു വെളിപ്പെടുന്ന ശക്തിയാണു മായ. മായയുടെ ആവിർഭാവരൂപമായ യോഗമാണു സൃഷ്ടി. തിരോഭാവരൂപമായ യോഗമാണു സംഹാരം. സ്ഥിതിരൂപമായ യോഗമാണു രക്ഷ. സൃഷ്ടിപ്രളയങ്ങൾ യോഗമാണെന്ന് "യോഗോ ഹി പ്രഭവാപ്യയൗ" എന്ന കഠോപനിഷദ്വാക്യം പ്രഖ്യാപിക്കുന്നു. പരമാത്മാവിൽ സ്പന്ദിച്ചു വെളിപ്പെടുന്ന ശക്തി ആദ്യമായി ചെയ്യുന്നത് ആ ജഗദീശ്വരന്റെ യഥാർഥരൂപം മറച്ചുകളയുകയാണ്. ഇതാണു മായയുടെ ആവരണശക്തി. ഒരു വസ്തുവിന്റെ യഥാർഥരൂപം മറയാതെ അതിൽ ഭ്രമരൂപങ്ങൾ തോന്നുക സാധ്യമല്ല. കയറിന്റെ യഥാർഥരൂപം മറയ്ക്കപ്പെട്ടാലല്ലേ സർപ്പത്തിന്റെ തോന്നലുണ്ടാവൂ. അതുപോലെ മായ ആദ്യം ബ്രഹ്മം മറച്ചുകളഞ്ഞിട്ടാണു പിന്നെ അതിൽ പ്രപഞ്ചഭ്രമം ഉളവാക്കുന്നത്. ആവരണശക്തികൊണ്ടു ബ്രഹ്മരൂപം മറച്ചുകളഞ്ഞിട്ടു വിക്ഷേപശക്തികൊണ്ടു കയറിൽ പാമ്പിന്റെയെന്നപോലെ ബ്രഹ്മത്തിൽ പ്രപഞ്ചത്തിന്റെ ഭ്രമം ഉളവാക്കിത്തീർക്കുന്നു. പാമ്പിന്റെ ഭ്രമത്തിൽ മോഹിച്ചുപോകുന്നവർക്കു കയറിനെ നേരിട്ടറിയാൻ പറ്റുന്നില്ല. അതുപോലെ പ്രപഞ്ചഭ്രമത്തിൽ മോഹിച്ചുപോകുന്നവർക്കു ബ്രഹ്മത്തെയും നേരിട്ടറിയാൻ പറ്റുന്നില്ല. ധീരമായി വസ്തുവിനെ സമീപിക്കുന്നവർക്കു ഭ്രമം മാറി യാഥാർഥ്യം തെളിയും. അതോടെ ഭയവും ദുഖവും അകലുകയും ചെയ്യും.

ലോകത്തിനു പരമാത്മാവു മറയ്ക്കപ്പെട്ടുപോകുന്നു എന്നതു ശരി. എന്നാൽ മായ പരമാത്മാവിന്റെ സർവജ്ഞതക്കു വല്ല കുറവും വരുത്തുന്നുണ്ടോ? ഈ ചോദ്യത്തിനുത്തരമാണടുത്ത പദ്യം:

*26. വേദാഹം സമതീതാനി വർത്തമാനാനി ചാർജുന*
*ഭവിഷ്യാണി ച ഭൂതാനി മാം തു വേദ ന കശ്ചന*

അർജുന - അല്ലയോ അർജുനാ; സമതീതാനി - പ്രത്യക്ഷപ്പെട്ടു മറഞ്ഞുപോയവയും; വർത്തമാനാനി ച - തൽക്കാലം നിലവിലുള്ളവയും; ഭവിഷ്യാണി

digitized by www.sreyas.in

ച - ഇനിമേലിൽ പ്രകടമാവാനുള്ളവയുമായ; ഭൂതാനി - എല്ലാ പ്രപഞ്ചഘട കങ്ങളെയും; അഹം വേദ - ഞാൻ നേരിട്ടറിയുന്നു; മാം തു - പരമാത്മാവായ എന്റെ പൂർണ രൂപമാകട്ടെ; കശ്ചന ന വേദ - മാറിനിന്നു യഥാർഥമായി ആരും നേരിട്ടറിയുന്നില്ല.

അല്ലയോ അർജുനാ, പ്രത്യക്ഷപ്പെട്ടു മറഞ്ഞുപോയവയും തൽക്കാലം നിലവിലുള്ളവയും ഇനി മേലിൽ പ്രകടമാവാനുള്ളവയുമായ എല്ലാ പ്രപഞ്ച ഘടകങ്ങളെയും ഞാൻ നേരിട്ടറിയുന്നു. പരമാത്മാവായ എന്റെ പൂർണരൂപ മാകട്ടെ മാറിനിന്നു യഥാർഥമായി ആരും നേരിട്ടറിയുന്നില്ല.

### *വേദാഹം*

തന്റെ ശക്തിയെ സ്പന്ദിപ്പിച്ചു പ്രപഞ്ചം നിർമിച്ചഴിക്കുന്ന ഐന്ദ്രജാ ലികനാണല്ലോ ഭഗവാൻ. തന്റെ ശക്തിക്ക് എന്തൊക്കെ ക്രമമനുസരിച്ചു പ്രകടമാക്കാനും മറയ്ക്കാനും കഴിവുണ്ടെന്ന് ഐന്ദ്രജാലികൻ നല്ലപോലെ അറിയുന്നു. എന്നാൽ കളികാണുന്ന കാഴ്ചക്കാർക്ക് അവർ കാണുന്ന സമ യത്തെ കാഴ്ചകളെക്കുറിച്ചല്ലാതെ മറ്റൊന്നും അറിയാൻ കഴിയുന്നില്ല. അതു പോലെ തന്റെ ശക്തിയിൽ എന്തെല്ലാം പ്രപഞ്ചഘടകങ്ങളാണ് ഒളിഞ്ഞിരി പ്പുള്ളതെന്നും ശക്തി സ്പന്ദിക്കാൻ തുടങ്ങിയാൽ അവ ഏതു ക്രമത്തി ലാണു പ്രകടമായി മറയുന്നതെന്നും ശക്തനായ ഭഗവാന് അറിവുണ്ടായിരു ക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇതുതന്നെയാണു ഭഗവാന്റെ സർവജ്ഞത്വം. മനുഷ്യശരീരത്തിൽ ഈശ്വരതത്വം സാക്ഷാൽക്കരിക്കുന്ന ജീവന്മുക്ത ന്മാർക്കുപോലും ഈ സർവജ്ഞത്വം അനുഭവപ്പെടുമെന്നാണു ശാസ്ത്രപ്ര സിദ്ധി. അപ്പോൾപ്പിന്നെ സാക്ഷാൽ ഭഗവാന്റെ കാര്യം പറയാനുണ്ടോ?

### *മാം തു വേദ ന കശ്ചന*

ഭഗവാൻ എല്ലാം അറിയുന്നു. എന്നാൽ മാറിനിന്നു ഭഗവാനെ പൂർണ മായി അറിയാൻ ഒരാൾക്കും കഴിയുന്നില്ല. പ്രപഞ്ചഘടകങ്ങളെല്ലാം ഭഗ വാന്റെ തന്നെ സ്വരൂപാംശങ്ങളാകയാൽ ഭഗവാന് അവയെ അറിയാൻ ഒരു പ്രയാസവുമില്ല. പൂർണത്തിന് അംശബോധം സ്വാഭാവികമാണ്. എന്നാൽ അംശം താൻ വേറെയാണെന്നു ഭ്രമിക്കുന്നിടത്തോളം പൂർണത്തെ അറിയാൻ കരുത്തുള്ളതായി ഭവിക്കുന്നില്ല. അംശത്തിനു പൂർണത്തെ അറിയണമെങ്കിൽ ഒരൊറ്റ മാർഗമേയുള്ളൂ. താൻ വേറാണെന്ന തെറ്റിദ്ധാരണ വെടിഞ്ഞു പൂർണ ത്തിൽ ലയിക്കണം. സമുദ്രത്തിനറിവുണ്ടെങ്കിൽ തന്നിലുളവാകുന്ന എല്ലാ തിരകളെയും അറിയാൻ കഴിയും. നേരെ മറിച്ചു തിര, താൻ വേറെയൊന്നാ

digitized by www.sreyas.in

ണെന്നു ഭ്രമിക്കാനിടവന്നാൽ അതിനു സമുദ്രത്തെ മുഴുവൻ അറിയാൻ കഴിയാതെ പോകും. തിരയ്ക്കു സമുദ്രത്തെയറിയണമെങ്കിൽ അതു സമുദ്രവുമായി അലിഞ്ഞുചേർന്ന് ഒന്നാകണം. അതുപോലെ ജീവൻ ഞാൻ, ഞാൻ എന്ന ബോധത്തോടെ മാറിനിൽക്കുന്നിടത്തോളം ബ്രഹ്മം പൂർണമായി അറിയപ്പെടുകയില്ല. തന്റെ വേറിട്ട നിലപാടുപേക്ഷിച്ചു ബോധസമുദ്രത്തിലെ വെറുമൊരു കുമിളയായ ജീവൻ അലിഞ്ഞുചേർന്ന് അതായിത്തീരുമ്പോൾ മാത്രമേ അതു പൂർണമായി അറിയപ്പെടൂ. ചുരുക്കത്തിൽ ബ്രഹ്മത്തെ പൂർണമായി അറിയാൻ ബ്രഹ്മത്തിനേ കഴിയൂ. ഏതു വസ്തുവിനെയും അതിൽനിന്നു മാറി നിന്നറിയുന്ന അറിവ് പരിമിതമായിരിക്കും. ഇതാണു നിയമം.

ജീവന്മാരെല്ലാം ബ്രഹ്മത്തിന്റെ തന്നെ അഭിന്നാംശങ്ങളാണെങ്കിൽ അവക്കെന്തുകൊണ്ടു പൂർണമായി ബ്രഹ്മത്തെ അറിയാൻ പറ്റുന്നില്ല. ഈ സംശയത്തിനുത്തരമാണടുത്ത പദ്യം:

*27. ഇച്ഛാദ്വേഷസമുത്ഥേന ദ്വന്ദ്വമോഹേന ഭാരത*
*സർവഭൂതാനി സമ്മോഹം സർഗേ യാന്തി പരന്തപ*

പരന്തപ, ഭാരത - ശത്രുക്കളെ തപിപ്പിക്കാൻ കഴിവുള്ള ഭരതകുലജാതനായ അല്ലയോ അർജുനാ; സർഗേ - ശക്തി സ്പന്ദിച്ചു നാമരൂപങ്ങളെ പ്രകടമാക്കുന്നതോടെ; സർവഭൂതാനി - എല്ലാ പ്രപഞ്ചഘടകങ്ങളും; ഇച്ഛാദ്വേഷസമുത്ഥേന - രാഗദ്വേഷങ്ങളിൽ മുഴുകുന്നതുകൊണ്ടുണ്ടാകുന്ന; ദ്വന്ദ്വമോഹേന - പലതുണ്ടെന്നുള്ള ഭ്രമം നിമിത്തം; സമ്മോഹം യാന്തി - വസ്തു ഒന്നേയുള്ളു എന്ന കാര്യം അറിയാൻ കഴിയാതെ ദുഃഖിക്കാനിടവരുന്നു.

ശത്രുക്കളെ തപിപ്പിക്കാൻ കഴിവുള്ള ഭരതകുലജാതനായ അല്ലയോ അർജുനാ, ശക്തി സ്പന്ദിച്ചു പ്രകടമാക്കുന്നതോടെ എല്ലാ പ്രപഞ്ചഘടകങ്ങളും രാഗദ്വേഷങ്ങളിൽ മുഴുകുന്നതുകൊണ്ടുണ്ടാകുന്ന പലതുണ്ടെന്നുള്ള ഭ്രമം നിമിത്തം വസ്തു ഒന്നേയുള്ളു എന്ന കാര്യം അറിയാൻ കഴിയാതെ ദുഃഖിക്കാനിടവരുന്നു.

## *സമ്മോഹം സർഗേ യാന്തി*

ബ്രഹ്മത്തിൽ വസ്തുസത്തക്കു മാറ്റം വരാതെ ഭിന്നനാമരൂപങ്ങൾ പ്രകടമാക്കുന്നതാണു സൃഷ്ടി. ഇങ്ങനെ പ്രകടമാക്കുന്നതു ബ്രഹ്മശക്തിയായ മായയാണ്. മായയുടെ ഈ നാമരൂപപ്രകടനം കണ്ട് അവയുടെ യാഥാർഥ്യമെന്തെന്നു ചിന്തിക്കാത്തവൻ പലതുണ്ടെന്നു ഭ്രമിക്കാൻ ഇടവരുന്നു.

digitized by www.sreyas.in

അതിന്റെ ഫലമായി ചിലതിനോട് ഇഷ്ടവും ചിലതിനോടു ദ്വേഷവും വന്നുചേരുന്നു. ഇച്ഛാദ്വേഷങ്ങൾ ദ്വന്ദ്വഭാവത്തിനു ശക്തി കൂട്ടുന്നു. തുടർന്ന് ഇഷ്ടമായതു നേടാനും അനിഷ്ടമായത് ഒഴിവാക്കാനുമായി ഒരു കർമപരമ്പരതന്നെ ആവിർഭവിക്കുന്നു. അങ്ങനെ ജനിച്ചും മരിച്ചും സംസാരപ്രവാഹത്തിൽ ഒഴുകാനിടവരുന്നു. ഇതാണു ജീവജാലങ്ങൾക്കു വന്നുചേരുന്ന സമ്മോഹം.

എപ്പോഴാണീ സമ്മോഹത്തിന് അറുതിവരിക? ഭഗവാൻ അടുത്ത പദ്യത്തിൽ അക്കാര്യം വെളിപ്പെടുത്തുന്നു:

*28. യേഷാം ത്വന്തഗതം പാപം ജനാനാം പുണ്യകർമണാം*
*തേ ദ്വന്ദ്വമോഹനിർമുക്താ ഭജന്തേ മാം ദൃഢവ്രതാഃ*

പുണ്യകർമണാം – ചിത്തശുദ്ധിയെ മുൻനിറുത്തി ഈശ്വരാർപ്പണമായി കർമം ചെയ്യുന്ന; യേഷാം ജനാനാം തു – ഏതേതാളുകൾക്കാണോ; പാപം അന്തഗതം – കർമവാസന നിശ്ശേഷം ഒടുങ്ങി കിട്ടുന്നത്; തേ – അവർ; ദ്വന്ദ്വമോഹനിർമുക്താഃ – പലതുണ്ടെന്ന തോന്നലിന്റെ ഫലമായ രാഗദ്വേഷമോഹങ്ങളിൽ നിന്നു പൂർണമായി മോചിച്ച്; ദൃഢവ്രതാഃ – സർവത്ര ബ്രഹ്മദർശനം നിശ്ചയിച്ചുറച്ചുകൊണ്ട്; മാം ഭജന്തേ – പരമാത്മാവായ എന്നെ ഭജിക്കുന്നു.

ചിത്തശുദ്ധിയെ മുൻനിറുത്തി ഈശ്വരാർപ്പണമായി കർമംചെയ്യുന്ന ഏതേതാളുകൾക്കാണോ കർമവാസന നിശ്ശേഷം ഒടുങ്ങി കിട്ടുന്നത് അവർ; പലതുണ്ടെന്ന തോന്നലിന്റെ ഫലമായ രാഗദ്വേഷമോഹങ്ങളിൽ നിന്നു പൂർണമായി മോചിച്ചു സർവത്ര ബ്രഹ്മദർശനം നിശ്ചയിച്ചുറച്ചുകൊണ്ടു പരമാത്മാവായ എന്നെ ഭജിക്കുന്നു.

## *ഭജന്തേ മാം ദൃഢവ്രതാഃ*

ഘടപടാദിരൂപങ്ങളിൽ വിവിധാകാരമായി കാണപ്പെടുന്ന ജഗത്തു മുഴുവൻ ബ്രഹ്മസ്വരൂപമായേ ഞാൻ കണ്ടറിയൂ എന്ന ഉറച്ച നിശ്ചയമാണു ദൃഢവ്രതത്വം. ഈ ദൃഢവ്രതത്വം അംഗീകരിച്ചവരുടെ ജീവിതം സമ്പൂർണമായും ഈശ്വരഭജനമാണ്. അവർ സദാ സർവത്ര പരമാത്മാവിനെത്തന്നെ അറിഞ്ഞനുഭവിക്കുന്നു. ഈ അനുഭവം എങ്ങനെയുണ്ടാവും? രാഗദ്വേഷവാസനകൾ ഒഴിഞ്ഞുമാറിയ ചിത്തത്തിനേ ഈ അനുഭവമുണ്ടാവൂ. രാഗദ്വേഷങ്ങൾ എങ്ങനെയായാൽ ഒഴിഞ്ഞുപോകും? പലതുണ്ടെന്ന തോന്നലുപേക്ഷിച്ചാലേ അവ മാറൂ. കർമവാസന ശമിച്ചു സ്വന്തം ഉള്ളിൽ ആത്മാവു തെളിഞ്ഞാലേ ദ്വന്ദ്വമോഹമകലൂ. അവനവന്റെയുള്ളിൽ ആത്മാനന്ദം തെളിയാനുള്ള ഉപായ

digitized by www.sreyas.in

മാണു ചിത്തശുദ്ധിയെ മുൻനിറുത്തി ഈശ്വരാർപ്പണബുദ്ധിയോടെ യോഗം ശീലിച്ചുകൊണ്ടുള്ള കർമം. അപ്പോൾ കർമയോഗം, ചിത്തശുദ്ധി, വാസനാക്ഷയം, ദ്വന്ദ്വമോഹനിർമുക്തി, സർവത്ര ബ്രഹ്മദർശനമെന്ന ദൃഢവ്രതഭജനം ഇതാണു ക്രമം.

സംസാരമോക്ഷം ലക്ഷ്യമാക്കി സത്യാന്വേഷണം നടത്തുന്നവർക്കേ ആ ദൃഢവ്രത ഭജനത്തിലെത്തിച്ചേരാൻ സാധ്യമാവൂ. ലൗകികകാമങ്ങൾ നേടാനായി ഇഷ്ടദേവതാഭജനം നടത്തുന്നവർക്കതു സാധ്യമല്ല. മേൽ വിവരിച്ച ക്രമമനുസരിച്ചു ദൃഢവ്രതഭജനത്തിൽ എത്തുന്നവർക്കു നിലനിൽപ്പിന്റെ പൂർണരഹസ്യം അറിയാറാകുമെന്നാണു ഭഗവാൻ അടുത്ത പദ്യത്തിൽ വെളിപ്പെടുത്തുന്നത്:

*29. ജരാമരണമോക്ഷായ മാമാശ്രിത്യ യതന്തി യേ*
*തേ ബ്രഹ്മ തദ്വിദുഃ കൃത്സ്നമധ്യാത്മം കർമം ചാഖിലം*

യേ - ആരൊക്കെയാണോ; മാം ആശ്രിത്യ - പരമാത്മാവായ എന്നെ ആശ്രയിച്ച്; ജരാമരണമോക്ഷായ - ജീർണിക്കുക, മരിക്കുക എന്ന ജഡസ്വഭാവത്തിൽ നിന്നു രക്ഷനേടാൻ; യതന്തി - യത്നിക്കുന്നത്; തേ - അവരൊക്കെ; തതകൃത്സ്നം ബ്രഹ്മ വിദുഃ - ആ സമ്പൂർണബ്രഹ്മത്തെ അറിയാൻ ഇടവരുന്നു; അഖിലം അധ്യാത്മം കർമ ച - ജീവനെയും കർമത്തെയും കുറിച്ചും എല്ലാം അവർക്ക് അറിയാനിടവരുന്നു.

ആരൊക്കെയാണോ പരമാത്മാവായ എന്നെ ആശ്രയിച്ചു ജീർണിക്കുക, മരിക്കുക എന്ന ജഡസ്വഭാവത്തിൽ നിന്നു രക്ഷനേടാൻ യത്നിക്കുന്നത് അവരൊക്കെ ആ സമ്പൂർണബ്രഹ്മത്തെ അറിയാൻ ഇടവരുന്നു. ഇവനെയും കർമത്തെയും കുറിച്ച് എല്ലാം അവർക്ക് അറിയാൻ ഇടവരുന്നു.

## ബ്രഹ്മജ്ഞാനം

നിലനിൽപ്പിനെക്കുറിച്ചുള്ള സമ്പൂർണ ജ്ഞാനമാണു ബ്രഹ്മജ്ഞാനം. ജീവൻ എന്ത്, എന്തിന്; കർമം എന്ത്, എവിടെ തുടങ്ങി എന്നിവയെല്ലാം ബ്രഹ്മജ്ഞാനം കൊണ്ടു മാത്രമേ പൂർണമായും തെളിഞ്ഞുകിട്ടൂ. ഗുരുവിൽ നിന്നു വസ്തുബോധമുൾക്കൊണ്ടു സംസാരമോക്ഷത്തിനായി സാധനാനുഷ്ഠാനങ്ങളിൽപ്പെടുന്നവർക്കു മാത്രമേ ബ്രഹ്മജ്ഞാനം സാധ്യമാവൂ. അൽപ്പകാമങ്ങളുമായി ഭഗവാനെ സമീപിക്കുന്നവർക്കു ബ്രഹ്മജ്ഞാനം സാധ്യമല്ല എന്നു താൽപ്പര്യം. അവരാ കാമങ്ങൾ നേടി സംസാരയാത്രതന്നെ തുടരേണ്ടിവരും.

digitized by www.sreyas.in

എന്താണു സമ്പൂർണമായ ബ്രഹ്മജ്ഞാനം? അതു നേടിയാൽ എന്തു ഫലമാണ്? ഈ സംശയങ്ങൾക്കു ഭഗവാൻ മറുപടി നൽകുന്നു:

*30. സാധിഭൂതാധിദൈവം മാം സാധിയജ്ഞം ച യേ വിദുഃ*
*പ്രയാണകാലേഽപി ച മാം തേ വിദുര്യുക്തചേതസഃ*

യേ - ആരൊക്കെ; മാം - പരമാത്മാവായ എന്നെ; സാധിഭൂതാധിദൈവം - അധിഭൂതം അധിദൈവം എന്നീ ഭാവങ്ങളോടൊപ്പവും; സാധിയജ്ഞം ച - അധിയജ്ഞഭാവത്തോടൊപ്പവും; വിദുഃ - അറിയുന്നുവോ; യുക്തചേതസഃ തേ - സത്യം പൂർണമായി അറിയുന്ന അവർ; പ്രയാണകാലേ അപി ച - ദേഹം വെടിഞ്ഞ് ഈ ലോകത്തുനിന്നു യാത്രയാകുമ്പോഴും; മാം വിദുഃ - എന്നെ പൂർണമായി അറിയുന്നുണ്ടാവും.

ആരൊക്കെ പരമാത്മാവായ എന്നെ അധിഭൂതം അധിദൈവം എന്നീ ഭാവങ്ങളോടൊപ്പവും അധിയജ്ഞഭാവത്തോടൊപ്പവും അറിയുന്നുവോ സത്യം പൂർണമായി അറിയുന്ന അവർ ദേഹം വെടിഞ്ഞ് ഈ ലോകത്തു നിന്നു യാത്രയാകുമ്പോഴും എന്നെ പൂർണമായി അറിയുന്നുണ്ടാവും.

## *പൂർണജ്ഞാനവും ഫലവും*

അധ്യാത്മം, കർമം, അധിഭൂതം, അധിദൈവം, അധിയജ്ഞം എന്നിങ്ങനെ അഞ്ചു ഭാവങ്ങളാണു ബ്രഹ്മത്തിനുള്ളത്. ഈ അഞ്ചെണ്ണവും ബ്രഹ്മമെന്ന ഒരേ വസ്തുവിന്റെ തന്നെ വിഭിന്ന ഭാവങ്ങളാണ്. ഇവയെ ബ്രഹ്മത്തിൽനിന്നു വേർപെടുത്തിക്കാണാതെ പരമകാരണമായ ബ്രഹ്മത്തോടു ചേർത്തുനിറുത്തി കാണുന്നതാണു പൂർണജ്ഞാനം. ഈ പൂർണജ്ഞാനം കൈവന്നയാൾ മരണവേളയിലും ആ ജ്ഞാനത്തിൽ നിന്ന് അകലാൻ ഇടവരുന്നില്ല. അതായത് മരണം ആ പൂർണജ്ഞാനിയുടെ ബ്രഹ്മപ്രാപ്തിയെ ഒരു വിധത്തിലും തടയുന്നില്ല എന്നു ഭാവം. പൂർണജ്ഞാനിക്ക് ഈ ദേഹം വിട്ടുപോകുന്നതുകൊണ്ട് ഒരു നഷ്ടവും വരാനില്ല. അധ്യാത്മം തുടങ്ങിയ അഞ്ചു ഭാവങ്ങളും എട്ടാമധ്യായത്തിലെ മൂന്നും നാലും ശ്ലോകങ്ങളിൽ ഭഗവാൻ തന്നെ വിശദമായി വിവരിക്കുന്നതുകൊണ്ട് അവയുടെ ഭാഷ്യം നോക്കി ധരിക്കേണ്ടതാണ്.

## *അധ്യായാർഥസംക്ഷേപം*

ബ്രഹ്മാനുഭവത്തിന് അത്യന്തം സഹായകമായ ധ്യാനയോഗമാണല്ലോ ആറാമധ്യായത്തിൽ വിവരിച്ചത്. ധ്യാനനിഷ്ഠകൊണ്ടു ബ്രഹ്മാനുഭവം

digitized by www.sreyas.in

കൈവരുന്ന ഓരാൾക്കു യുക്തിക്കും അനുഭവത്തിനും ഒരുപോലെ തെളിഞ്ഞുകിട്ടുന്ന ജ്ഞാനവിജ്ഞാനങ്ങൾ അർജുനനുപദേശിക്കാമെന്നാണു ഭഗവാൻ ഏഴാമധ്യായത്തിന്റെ ആരംഭത്തിൽ പ്രതിജ്ഞ ചെയ്യുന്നത്. പഞ്ചഭൂതങ്ങളും മനസ്സും ബുദ്ധിയും അഹങ്കാരവും ഇങ്ങനെ എട്ടെണ്ണം തന്റെ അപരാപ്രകൃതിയാണെന്നും ജീവൻ തന്റെ പരാപ്രകൃതിയാണെന്നും തുടർന്നു വെളിപ്പെടുത്തി. ഭഗവാനിൽ നിന്നു രൂപംകൊണ്ട ഈ അപരാപരാ പ്രകൃതികൾ കലർന്നുണ്ടായതാണു പ്രപഞ്ചം മുഴുവൻ. പ്രപഞ്ചത്തിനാകെ ഉൽപ്പത്തിയും പ്രളയവും പരമാത്മാവായ ഭഗവാങ്കൽ നിന്നുതന്നെ. പരമാത്മാവല്ലാതെ ഇവിടെ വാസ്തവത്തിൽ മറ്റൊന്നും ഇല്ല. തുടർന്നു സ്ഥൂലാനുഭവത്തിൽ നിന്നു സൂക്ഷ്മാനുഭവത്തിലേക്കിറങ്ങിച്ചെല്ലുകയാണു ബ്രഹ്മാന്വേഷണ പ്രക്രിയയെന്നു വിവിധ ദൃഷ്ടാന്തങ്ങളിലൂടെ വെളിപ്പെടുത്തി. ത്രിഗുണാത്മികമായ മായ മറച്ചിരിക്കുന്നതുകൊണ്ടാണു വസ്തുതത്വമറിയാതെ സകലരും മോഹിച്ചുപോകുന്നത്. സർവാത്മനാ ഈശ്വരനെ ശരണം പ്രാപിക്കുകയെന്ന പ്രപത്തികൊണ്ടേ മായയെ ജയിക്കാൻ പറ്റൂ. ആർത്തൻ, ജിജ്ഞാസു, അർഥാർഥി, ജ്ഞാനി എന്നിങ്ങനെ നാലു കൂട്ടരാണു ഭഗവദ്ഭജനത്തിൽ ഏർപ്പെടുന്നത്. നാലുകൂട്ടരും കേമന്മാർ തന്നെ. എങ്കിലും നിത്യയുക്തനും ഏകഭക്തിയുമായതുകൊണ്ടു ജ്ഞാനിയാണെല്ലാവരിലും ശ്രേഷ്ഠൻ. ജ്ഞാനിയും ഭഗവാനും ഒന്നുതന്നെ. ലോകത്ത് ജ്ഞാനി അത്യന്തദുർലഭനാണ്. ലോകകാമങ്ങൾക്കായി ഇഷ്ടദേവതമാരെ ഭജിക്കുന്നവരാണധികവും. ലോകകാമങ്ങളിലുള്ള ഇച്ഛാദ്വേഷങ്ങൾ നിമിത്തം സകലരും മോഹിതരാണ്. ഈശ്വരാർപ്പണമായി കർമം ചെയ്തു ചിത്തശുദ്ധി വന്നാലേ ഭേദചിന്തപോയി വസ്തുതത്വം തെളിയൂ. അധ്യാത്മം, കർമം, അധിഭൂതം, അധിദൈവം, അധിയജ്ഞം എന്നീ അഞ്ചു ഭാവങ്ങളോടൊപ്പം ബ്രഹ്മത്തെ അറിയുന്നതാണു പൂർണമായ ബ്രഹ്മജ്ഞാനം. പൂർണ ജ്ഞാനമുള്ളയാൾ തൽക്കാലദേഹം വെടിഞ്ഞാലും അദ്ദേഹത്തിന്റെ ബ്രഹ്മപ്രാപ്തിക്ക് ഒരു കേടും സംഭവിക്കുന്നില്ല. ജ്ഞാനവിജ്ഞാനങ്ങൾ പ്രതിപാദിച്ചിരിക്കുന്നതുകൊണ്ട് ഈ അധ്യായത്തിനു ജ്ഞാനവിജ്ഞാനയോഗമെന്നു പേർ.

ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം
യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ
ജ്ഞാനവിജ്ഞാനയോഗോ നാമ
സപ്തമോഽധ്യായഃ

digitized by www.sreyas.in

*അധ്യായം 8*

# അക്ഷരബ്രഹ്മയോഗം

സംസാരമോക്ഷം കൊതിച്ചുകൊണ്ടു സത്യമാർഗത്തിൽ ചരിക്കുന്നവർക്കു പൂർണമായ ബ്രഹ്മജ്ഞാനമുണ്ടാകുമെന്നു പറഞ്ഞാണല്ലോ ഭഗവാൻ ഏഴാമധ്യായം ഉപസംഹരിച്ചത്. മാത്രമല്ല ബ്രഹ്മത്തോടൊപ്പം ബ്രഹ്മഭാവങ്ങളായ അധ്യാത്മം, കർമം, അധിഭൂതം, അധിദൈവം, അധിയജ്ഞം എന്നിവയും നല്ലവണ്ണം അറിയാറാകും എന്നും ഭഗവാനരുളിച്ചെയ്തു. തുടർന്ന് എട്ടാമധ്യായത്തിൽ അക്ഷരമായ - നാശരഹിതമായ ബ്രഹ്മതത്വം അനുഭവപ്രാധാന്യത്തോടെ സ്പഷ്ടമായി വിവരിക്കാനൊരുമ്പെടുകയാണു ഭഗവാൻ. അതുകൊണ്ട് ഈ അധ്യായത്തിന് 'അക്ഷരബ്രഹ്മയോഗ'മെന്നാണു പേർ. അധ്യായനാമങ്ങൾ അൽപ്പാൽപ്പമൊക്കെ മാറിക്കാണുന്നുണ്ട്. എന്തായാലും പ്രതിപാദ്യത്തിന്റെ പ്രാധാന്യം കാണിക്കാനുള്ളവ മാത്രമാണല്ലോ പേരുകൾ. എട്ടാമധ്യായവും 'തത്' പദവ്യാഖ്യാനത്തിന്റെ തുടർച്ചയാണെന്ന അഭിപ്രായം ഓർമിക്കുന്നതു നന്ന്.

ഏഴാമധ്യായം ഉപസംഹരിച്ചുകൊണ്ടു പറഞ്ഞ അഞ്ചു ബ്രഹ്മഭാവങ്ങൾ അർജുനനു വ്യക്തമായി മനസ്സിലായില്ല. അതുകൊണ്ട് അവയെക്കുറിച്ചുള്ള അർജുനന്റെ ചോദ്യപരമ്പരയാണ് ഒന്നും രണ്ടും പദ്യങ്ങൾ.

അർജുന ഉവാച - അർജുനൻ പറഞ്ഞു:

1. *കിം തദ് ബ്രഹ്മ കിമധ്യാത്മം കിം കർമ പുരുഷോത്തമ*
   *അധിഭൂതം ച കിം പ്രോക്തമധിദൈവം കിമുച്യതേ*
2. *അധിയജ്ഞഃ കഥം കോഽത്ര ദേഹേഽസ്മിൻ മധുസൂദന*
   *പ്രയാണകാലേ ച കഥം ജ്ഞേയോഽസി നിയതാത്മഭിഃ*

digitized by www.sreyas.in

പുരുഷോത്തമ - അല്ലയോ പുരുഷോത്തമാ; തദ് ബ്രഹ്മ കിം - അങ്ങു പറഞ്ഞ ആ പൂർണബ്രഹ്മം എന്താണ്?; അധ്യാത്മം കിം - അധ്യാത്മം എന്താണ്?; കർമ കിം - കർമം എന്താണ്? അധിഭൂതം പ്രോക്തം കിം - അധിഭൂതമെന്നു പറയപ്പെട്ടതെന്താണ്? അധിദൈവം ച കിം ഉച്യതേ - അധിദൈവമെന്നു എന്തിനെയാണു പറഞ്ഞത്?; മധുസൂദന - അല്ലയോ കൃഷ്ണാ; അസ്മിൻ ദേഹേ - ഈ ശരീരത്തിൽ; അത്ര അധിയജ്ഞഃ കഃ കഥം - ഇവിടെ അധിയ ജ്ഞഭാവേന ആരാണുള്ളത്, അതെങ്ങനെ? പ്രയാണകാലേ ച - ദേഹം വിട്ടി വിടെ നിന്നു യാത്രയാകുമ്പോഴും; നിയതാത്മഭിഃ - ജ്ഞാനികളാൽ; കഥം ജ്ഞേയഃ അസി - അങ്ങ് ഏതു പ്രകാരമാണ് അറിയപ്പെടുക?

അല്ലയോ പുരുഷോത്തമാ, അങ്ങു പറഞ്ഞ ആ പൂർണബ്രഹ്മം എന്താണ്? അധ്യാത്മം എന്താണ്? കർമം എന്താണ്? അധിഭൂതമെന്നു പറ യപ്പെട്ടതെന്താണ്? അധിദൈവമെന്നു എന്തിനെയാണു പറഞ്ഞത്? അല്ലയോ കൃഷ്ണാ, ഈ ശരീരത്തിൽ അധിയജ്ഞഭാവേന ആരാണുള്ളത്? അതെ ങ്ങനെ? ദേഹം വിട്ടിവിടെ നിന്നു യാത്രയാകുമ്പോഴും ജ്ഞാനികളാൽ അങ്ങ് ഏതു പ്രകാരമാണ് അറിയപ്പെടുക?

അർജുനന്റെ ചോദ്യപരമ്പരക്ക് ഓരോന്നോരോന്നായി ഉത്തരം പറയു കയാണു ഭഗവാൻ അടുത്ത മൂന്നു പദ്യങ്ങളിൽ. ബ്രഹ്മമെന്ത്? അധ്യാത്മ മെന്ത്? കർമമെന്ത്? എന്ന ആദ്യത്തെ മൂന്നു ചോദ്യങ്ങൾക്കു യഥാക്രമം ഉത്തരം പറയുകയാണു മൂന്നാം പദ്യത്തിൽ:

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

3. *അക്ഷരം ബ്രഹ്മ പരമം സ്വഭാവോഽധ്യാത്മമുച്യതേ*
*ഭൂതഭാവോദ്ഭവകരോ വിസർഗഃ കർമസംജ്ഞിതഃ*

അക്ഷരം - പ്രപഞ്ചത്തിന്റെ നാശമില്ലാത്ത; പരമം - പരമകാരണമാണ്; ബ്രഹ്മ - ബ്രഹ്മം; സ്വഭാവഃ - ആ ബ്രഹ്മത്തിൽ സ്വയം ഭവിക്കുന്ന പ്രതിദേഹ ചൈത ന്യത്തെയാണ്; അധ്യാത്മം - ജീവൻ; ഉച്യതേ - എന്നു പറയുന്നത്; ഭൂതഭാ വോദ്ഭവകരഃ - എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ആവിർഭാവത്തെയുളവാ ക്കുന്ന; വിസർഗഃ - ശക്തിയുടെ സ്പന്ദിച്ചു വരവാണ്; കർമസംജ്ഞിതഃ - കർമം എന്നറിയപ്പെടുന്നത്.

പ്രപഞ്ചത്തിന്റെ നാശമില്ലാത്ത പരമകാരണമാണു ബ്രഹ്മം. ആ ബ്രഹ്മ ത്തിൽ സ്വയം ഭവിക്കുന്ന പ്രതിദേഹചൈതന്യത്തെയാണു ജീവൻ എന്നു പറയുന്നത്. എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ആവിർഭാവത്തെയുളവാ ക്കുന്ന ശക്തിയുടെ സ്പന്ദിച്ചു വരവാണു കർമം എന്നറിയപ്പെടുന്നത്.

digitized by www.sreyas.in

## *അക്ഷരം ബ്രഹ്മ പരമം*

ഉണ്ടായി നിലനിന്നു മറയുന്ന പ്രപഞ്ചഘടകങ്ങൾക്ക് ഉണ്ടാകാനും നിലനിൽക്കാനും മറയാനും ആശ്രയമായി ഒരു പരമകാരണം കൂടിയേ തീരൂ. ആ പരമകാരണം ഒരിക്കലും ഒരഴിവുമില്ലാത്തതായിരിക്കയും വേണം. അതും നശിക്കുന്നു എന്നുവന്നാൽ അതിനു പരമകാരണത്വം സാധ്യമാകയില്ല. പ്രപഞ്ചത്തിന്റെ നാശമില്ലാത്ത പരമകാരണമാണു ബ്രഹ്മം. 'അക്ഷരം' എന്ന പദത്തിനു നാശമില്ലാത്തത് എന്നർഥം. 'പരമം' എന്നതിനു പരമകാരണം എന്നർഥം. ഈ പരമകാരണത്തിന്റെ സ്വരൂപം എന്താണ്? ശുദ്ധമായ ഉണ്മ, ബോധം, ആനന്ദം ഇവ ഏകീഭവിച്ചു ഘനീഭവിച്ചതാണു ബ്രഹ്മസ്വരൂപം. ബ്രഹ്മത്തിന്റെ ഈ സ്വരൂപത്തിന് ഒരിക്കലും ഒരു മാറ്റവും സംഭവിക്കുന്നില്ല. ബ്രഹ്മസ്വരൂപം കൂടുതൽ വിശദമായി അറിയാൻ പതിമൂന്നാമധ്യായത്തിലെ പന്ത്രണ്ടു മുതൽ പതിനേഴുവരെയുള്ള പദ്യങ്ങളുടെ ഭാഷ്യം നോക്കുക.

## *സ്വഭാവോധ്യാത്മമുച്യതേ*

'അധ്യാത്മ' ശബ്ദത്തിന് ഓരോ ശരീരത്തിലും ചൈതന്യമായി വർത്തിക്കുന്ന ജീവൻ എന്നാണർഥം. ജീവൻ ബ്രഹ്മത്തിൽ സ്വഭാവമാണ്. ബ്രഹ്മത്തിൽ സ്വയം പ്രകടമാകുന്ന ചൈതന്യാംശമാണു ജീവൻ എന്നു താൽപ്പര്യം. വെള്ളത്തിൽ കുമിളകൾ സ്വയം പ്രകടമാകുന്നതുപോലെ. ഞാൻ, ഞാൻ എന്ന അഹംബോധമാണു ജീവന്റെ സ്വരൂപം. ഈ അഹംബോധം, ജഡാംശവും ചൈതന്യവും കലർന്നതാണ്. ഇതിലെ ജഡാംശമാണ് ശബ്ദം. ചൈതന്യാംശമാണ് ജീവൻ. ശക്തിയുടെ ഓരോ സ്പന്ദനവും ജഡാംശമായ ശബ്ദവും ബോധാംശമായ ജീവനും കലർന്നതാണ്. അപ്പോൾ ഓരോ ശരീരത്തിലും എന്നു നേരത്തേ പറഞ്ഞതിനർഥം ഓരോ ജഡാംശത്തിലും എന്നു ധരിക്കേണ്ടതാണ്. ഇങ്ങനെ ജഡചൈതന്യസംകലനമായി ആരംഭിക്കുന്ന ശക്തിസ്പന്ദനമാണു പിന്നീട് അന്തക്കരണമെന്ന സൂക്ഷ്മശരീരമായും മാംസാസ്ഥിമയമായ സ്ഥൂലശരീരമായും അവയിലെ ജീവാത്മാവായും ഒക്കെ പെരുകുന്നത്. അഹംബോധരൂപത്തിൽ ആരംഭിക്കുന്ന ജീവൻ പട്ടുനൂൽപുഴു തനിക്കു ചുറ്റും ഒരു കൂടു നിർമിക്കുന്നതുപോലെ സങ്കൽപ്പംകൊണ്ടു സൂക്ഷ്മശരീരവും സ്ഥൂലശരീരവുമുണ്ടാക്കി പുറത്തുപോകാൻ വഴി കാണാതെ അതിൽ അകപ്പെട്ടു പോവുകയാണു ചെയ്യുന്നത്. ബ്രഹ്മസ്വരൂപത്തിൽ ശക്തിസ്പന്ദനത്തോടെ ഇങ്ങനെ സ്വയം

digitized by www.sreyas.in

രൂപംകൊള്ളുന്ന ജീവൻ സങ്കൽപ്പിച്ചുണ്ടാക്കുന്ന സൂക്ഷ്മസ്ഥൂല ശരീരങ്ങളുൾപ്പെടെ അതിന്റെ സ്വഭാവമാണ്. അതായതു സ്വയം ഭവിക്കലാണ്. ഈ സ്വഭാവത്തിന് അഥവാ സ്വയം ഭവിക്കലിനു പൂർണമായും ഉത്തരവാദി ജീവനാണ്. സ്വഭാവം എങ്ങനെയോ ജീവനങ്ങനെയായിരിക്കും കർമരംഗത്ത് അറിയപ്പെടുന്നത്. ഭഗവാൻ കർത്തൃത്വമോ കർമങ്ങളോ കർമഫലസംയോഗമോ ആർക്കും പ്രത്യേകം നിശ്ചയിക്കുന്നില്ലെന്നും അവരവരുടെ സ്വഭാവമാണു പ്രവർത്തിക്കുന്നതെന്നും അഞ്ചാമധ്യായം പതിന്നാലാം ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നതിന്റെ താൽപ്പര്യവും ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്. ചാതുർവർണ്യനിയമത്തിന്റെ കാതലായ അംശം സ്വഭാവമാണെന്നു പതിനെട്ടാമധ്യായത്തിലെ നാൽപ്പത്തൊന്നു മുതലുള്ള നാലു ശ്ലോകങ്ങളിൽ ഭഗവാൻ ആവർത്തിച്ചു വെളിപ്പെടുത്തിയിട്ടുള്ളതും പ്രത്യേകം ഓർമിക്കേണ്ടതാണ്. തന്റെ സ്വഭാവത്തിൽ ഉത്തരവാദിത്വം തനിക്കു മാത്രമായതുകൊണ്ടു അതിനെ മാറ്റി മറിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യാനും ജീവനു സ്വാതന്ത്ര്യമുണ്ടെന്നോർക്കണം.

## *വിസർഗഃ കർമസംജ്ഞിതഃ*

ഒളിഞ്ഞിരിക്കുന്നതു പ്രകടമാകുന്നതാണു വിസർഗം. ബ്രഹ്മത്തിൽ ഒളിഞ്ഞിരിക്കുന്ന ശക്തി സ്പന്ദിച്ചു പ്രകടമാകുന്നതാണു സൃഷ്ടിയുടെ ആരംഭം. ശക്തിസ്പന്ദനരൂപമായ പ്രാണനാണു പിന്നെ സൂക്ഷ്മസ്ഥൂലരൂപത്തിൽ എല്ലാ ജഡദൃശ്യങ്ങളെയും ഉണ്ടാക്കി പ്രവർത്തിപ്പിക്കുന്നത്. കർമം തുടങ്ങുന്നതു ശക്തി ചലനത്തോടെയാണെന്നു പറയേണ്ടതില്ലല്ലോ. സൗരയൂഥങ്ങളുടെയും മനുഷ്യ പക്ഷിമൃഗാദി ജീവജാലങ്ങളുടെയും എല്ലാം കർമം പ്രാണചലനത്തിന്റെ വിവിധ ഘട്ടങ്ങളാണെന്നും ധരിക്കാൻ വിഷമമില്ല. ശക്തിസ്പന്ദനരൂപമായ പ്രാണ(എനർജി)നാണ് എല്ലാ ജഡരൂപങ്ങളുടെയും സാരാംശമെന്ന് ആധുനികശാസ്ത്രം തന്നെ ഇന്നു സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. ഉപനിഷത്തുകൾ സഹസ്രാബ്ദങ്ങൾക്കു മുൻപ് പ്രഖ്യാപിച്ചതാണിക്കഥ. അപ്പോൾ വിസർഗപദത്തിന് അത്യന്തം ശാസ്ത്രീയമായി ശക്തിയുടെ സ്പന്ദനം എന്നർഥം പറയാമെന്നിരിക്കേ അതിനു മറ്റെന്തെങ്കിലും അർഥം പറയുന്നത് അശാസ്ത്രീയമാണെന്നു പറയാതെ തരമില്ല. ശ്രീ ശങ്കരഭഗവത് പാദർ ഭാഷ്യത്തിൽ 'വിസർഗ'പദത്തിനു യജ്ഞത്തിൽ പാൽ, നെയ്യ് മുതലായ ഹവിസ്സുകൾ അർപ്പിക്കുക എന്നാണർഥം പറഞ്ഞു കാണുന്നത്. മുൻപൊരിക്കൽ സൂചിപ്പിച്ചതുപോലെ കർമകാണ്ഡവേദഭാഗത്തിന്

digitized by www.sreyas.in

അന്നുണ്ടായിരുന്ന അതിരറ്റ സ്വാധീനശക്തി ഇവിടെ തെളിയുന്നു എന്നേയുള്ളു. ഭഗവത്പാദരുടെതന്നെ ഉപനിഷത് ഭാഷ്യവും സൂത്രഭാഷ്യവും മറ്റും ഇവിടത്തെ വിസർഗപദത്തിനു 'ശക്തിചലന' മെന്നാണർഥമെന്ന് സ്പഷ്ടമായി നമുക്കു കാട്ടിത്തരുന്നുണ്ട്. അതുകൊണ്ട് ആ ആചാര്യന്റെ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടുതന്നെ 'പ്രപഞ്ചഘടകങ്ങളെ ഉണ്ടാക്കികാണിക്കുന്ന ശക്തിചലനമാണു കർമം' എന്നു കർമത്തെ നമുക്കു നിർവചിക്കാം.

ബ്രഹ്മം, അധ്യാത്മം, കർമം ഇവ എന്താണെന്നു വിവരിച്ചശേഷം ഇനി അധിഭൂതം, അധിദൈവം, അധിയജ്ഞം എന്നീ ഭാവങ്ങളെ വിവരിക്കാനൊരുമ്പെടുകയാണ് ഭഗവാൻ അടുത്ത പദ്യത്തിൽ:

*4. അധിഭൂതം ക്ഷരോ ഭാവഃ പുരുഷശ്ചാധിദൈവതം*
*അധിയജ്ഞോഽഹമേവാത്ര ദേഹേ ദേഹഭൃതാം വര.*

ദേഹഭൃതാം വര - മനുഷ്യരിൽ ശ്രേഷ്ഠനായ അർജുന; ക്ഷരഃ ഭാവഃ - ഉണ്ടായി നശിക്കുന്ന ജഡഭാവമാണ്; അധിഭൂതം - അധിഭൂതം എന്നറിയപ്പെടുന്നത്; പുരുഷഃ ച - ജഡത്തിൽ ജീവപ്രതിബിംബത്തെയുളവാക്കുന്ന ബ്രഹ്മാംശമാണ്; അധിദൈവതം - അധിദൈവഭാവം; അത്ര ദേഹേ - ഈ ശരീരത്തിൽ; അഹം ഏവ - പരമാത്മാവായ ഞാൻ തന്നെയാണ്; അധിയജ്ഞഃ - യജ്ഞരൂപമായി കർമംചെയ്തു കണ്ടെത്തേണ്ട അധിയജ്ഞഭാവമായി വർത്തിക്കുന്നത്.

മനുഷ്യരിൽ ശ്രേഷ്ഠനായ അർജുന, ഉണ്ടായി നശിക്കുന്ന ജഡഭാവമാണ് അധിഭൂതം എന്നറിയപ്പെടുന്നത്. ജഡത്തിൽ ജീവപ്രതിബിംബത്തെയുളവാക്കുന്ന ബ്രഹ്മാംശമാണ് അധിദൈവഭാവം. ഈ ശരീരത്തിൽ പരമാത്മാവായ ഞാൻ തന്നെയാണു യജ്ഞരൂപമായി കർമം ചെയ്തു കണ്ടെത്തേണ്ട അധിയജ്ഞഭാവമായി വർത്തിക്കുന്നത്.

## *അധിഭൂതം ക്ഷരോ ഭാവഃ*

'ക്ഷര' ശബ്ദത്തിനു നാശമുള്ളത് എന്നാണർഥം. നാശം ഉൽപ്പത്തിയെക്കൂടി ഉൾക്കൊള്ളുന്നു എന്നു പറയേണ്ടതില്ലല്ലോ. അപ്പോൾ ഉണ്ടായി മറയുന്ന ഭാവമാണ് അധിഭൂതം. ജീവസ്വരൂപമായ അഹംബോധം ജഡചൈതന്യ സങ്കൽപ്പമാണെന്നു നാം കഴിഞ്ഞ പദ്യത്തിന്റെ ഭാഷ്യത്തിൽ ധരിച്ചുവല്ലോ. അതിലെ ജഡാംശമാണ് അധിഭൂതം. അതു പിന്നെ മനസ്സും ശരീരവുമൊക്കെയായി വളരുന്നു. സൗരയൂഥശരീരങ്ങളും മനുഷ്യപക്ഷിമൃഗവൃ

digitized by www.sreyas.in

ക്ഷലതാദികളും ഒക്കെയായി രൂപപ്പെടുന്നതു പഞ്ചഭൂതാത്മകമായ ഈ അധിഭൂതഭാവംതന്നെയാണ്.

## *പുരുഷശ്ചാധിദൈവതം*

ഓരോ ജീവിയിലും ജഡശരീരത്തിലെ ജീവപ്രതിബിംബത്തിനാധാരമായി വിളങ്ങുന്ന ബ്രഹ്മാംശമാണു പുരുഷൻ. പുരുഷൻ തന്നെയാണ് അധിദൈവഭാവം. സൂര്യചന്ദ്രാദി പ്രപഞ്ചഘടകങ്ങളെ ദേവരൂപമായി ആരാധിക്കാൻ നിർദേശിക്കുന്നത് ആ അധിദൈവഭാവത്തെ ആശ്രയിച്ചാണ്. എല്ലാ ജീവികളിലും അധിദൈവഭാവമുണ്ടെങ്കിലും മനുഷ്യബുദ്ധിക്കു തേജോമയങ്ങളായ കാഴ്ചകളിൽ എളുപ്പം അതു ഭാവന ചെയ്യാൻ കഴിയും.

## *അധിയജ്ഞോƒഹമേവ*

ജീവശരീരങ്ങളിൽ പരമാത്മാവുതന്നെയാണ് അധിയജ്ഞഭാവം. യജ്ഞത്തെ സാഫല്യത്തിലെത്തിക്കുന്ന ഭാവമാണ് അധിയജ്ഞഭാവം. ഏതിഷ്ടദേവനെ യജിച്ചാലും അതെല്ലാം എത്തിച്ചേരുന്നതും അതിനെല്ലാം ഫലംരൂപം കൊള്ളുന്നതും പരമാത്മാവിലാണെന്നു മുമ്പു വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. അപ്പോൾ സകാമയജ്ഞങ്ങൾക്കെല്ലാം ഫലദായിയായി ശരീരങ്ങളിൽ വർത്തിക്കുന്നതു പരമാത്മാവാണ്. ഇനി കർമം ഫലസംഗം കൂടാതെ യജ്ഞരൂപത്തിൽ അനുഷ്ഠിച്ചാൽ ഒടുവിൽ കർമവാസന ഒടുങ്ങി തൽക്കാലദേഹമിരിക്കവേ തന്നെ പരമാത്മാവിനെ സാക്ഷാൽക്കരിച്ചനുഭവിക്കാനും കഴിയും. ഇങ്ങനെ സകാമയജ്ഞമായാലും നിഷ്കാമയജ്ഞമായാലും യജ്ഞഫലമായി അനുഭവപ്പെടുന്നതു പരമാത്മാവ് തന്നെയാണ്. ഇങ്ങനെ യജ്ഞഫലമായി അനുഭവപ്പെടുന്ന പരമാത്മാവാണ് അധിയജ്ഞഭാവം. ഇതുവരെ വിവരിച്ച ഭാവങ്ങളെ നമുക്കിങ്ങനെ സംഗ്രഹിക്കാം. പ്രപഞ്ചത്തിന്റെ പരമകാരണമാണ് അക്ഷരബ്രഹ്മം. അതിൽ സ്വയം രൂപംകൊള്ളുന്ന ജീവചൈതന്യമാണ് അധ്യാത്മം. പ്രപഞ്ചഘടകങ്ങളെ മുഴുവൻ രൂപപ്പെടുത്താനായി ബ്രഹ്മത്തിൽ ആവിർഭവിക്കുന്ന ശക്തിസ്പന്ദനമാണു കർമം. ജീവചൈതന്യത്തിനാശ്രയമായ ജഡമാണ് അധിഭൂതം. ജഡത്തിലെ പ്രതിബിംബമായ ജീവചൈതന്യത്തെ ഉളവാക്കുന്ന ബ്രഹ്മാംശമായ പുരുഷനാണ് അധിദൈവം. എല്ലാ യജ്ഞങ്ങളുടേയും ഫലദാതാവായി ദേഹത്തിൽ വർത്തിക്കുന്ന പരമാത്മാവാണ് അധിയജ്ഞം. എല്ലാ ഭാവങ്ങളും ഒരേ ബ്രഹ്മത്തിൽ തന്നെ വിവിധ ഭാവങ്ങളാണ്. ഈ ഭാവങ്ങളോടൊപ്പം ബ്രഹ്മത്തെയറിയുന്ന

digitized by www.sreyas.in

ജ്ഞാനമാണു സമ്പൂർണ ജ്ഞാനം.

മുൻവിവരിച്ച ഭാവങ്ങളോടൊപ്പം ബ്രഹ്മത്തെയറിയുന്നയാൾക്കു ദേഹമുപേക്ഷിച്ചിവിടെനിന്നു പോകുമ്പോഴും ആ ജ്ഞാനം നഷ്ടപ്പെടുകയില്ലെന്നു ഭഗവാൻ പറഞ്ഞത് എന്തുകൊണ്ട് എന്ന അർജുനന്റെ ഒടുവിലത്തെ ചോദ്യത്തിനാണ് ഇനി ഉത്തരം പറയുന്നത്:

*5. അന്തകാലേ ച മാമേവ സ്മരൻ മുക്ത്വാ കളേബരം*
*യഃ പ്രയാതി സ മദ്ഭാവം യാതി നാസ്ത്യത്ര സംശയഃ*

യഃ - ആരാണോ; അന്തകാലേ ച - മരണവേളയിൽ; കളേബരം മുക്ത്വാ - ദേഹംവിട്ട്; മാം ഏവ - പരമാത്മാവായ എന്നെത്തന്നെ; സ്മരൻ - ഭാവന ചെയ്തുകൊണ്ട്; പ്രയാതി - യാത്രയാകുന്നത്; സഃ - അവൻ; മദ്ഭാവം യാതി - എന്റെ അനുഭവസ്ഥിതി കൈവരിക്കുന്നു; അത്ര സംശയഃ ന അസ്തി - ഇക്കാര്യത്തിൽ സംശയമേ വേണ്ട.

ആരാണോ മരണവേളയിൽ ദേഹം വിട്ടു പരമാത്മാവായ എന്നെത്തന്നെ ഭാവനചെയ്തുകൊണ്ടു യാത്രയാകുന്നത് അവൻ എന്റെ അനുഭവസ്ഥിതി കൈവരിക്കുന്നു. ഇക്കാര്യത്തിൽ സംശയമേ വേണ്ട.

## *നാസ്ത്യത്ര സംശയഃ*

അന്തകാലം എന്നതിനു പ്രപഞ്ചബോധവും ദേഹബോധവും വെടിഞ്ഞു സമാധിയിൽ മുഴുകുമ്പോൾ എന്നും ചിലർ പറഞ്ഞുകാണുന്നുണ്ട്. ഭഗവത്പ്രാപ്തി അഥവാ ബ്രഹ്മപ്രാപ്തി എന്നൊക്കെ പറഞ്ഞാൽ അന്തകരണം ഭഗവദ്രൂപം കൈക്കൊള്ളുക അഥവാ ബ്രഹ്മരൂപം കൈക്കൊള്ളുക എന്നാണർഥം. ജീവിച്ചിരിക്കുമ്പോഴായാലും മരണവേളയിലായാലും അന്തകരണത്തിനിതു സാധ്യമായാൽ ഫലം ലഭിക്കുകതന്നെ ചെയ്യും. മരണവേളയിലേ അതു സാധ്യമായുള്ളു എന്നുവച്ച് ഒരിക്കലും ഫലം കിട്ടാതെ പോവുകയില്ല എന്നാണു ഭഗവാന്റെ പ്രഖ്യാപനം. മരണവേളയിൽ ഭഗവാനെ എന്തു രൂപത്തിലാണറിയുക എന്നായിരുന്നു അർജുനന്റെ ചോദ്യം. അതിനാണ് 'മദ്ഭാവം യാതി' എന്നുത്തരം പറഞ്ഞത്. എന്നെത്തന്നെ സ്മരിച്ചുകൊണ്ടു ദേഹം വെടിഞ്ഞാൽ എന്റെ സ്വരൂപസ്ഥിതി തന്നെ ആ യോഗിക്കും ലഭ്യമാവുമെന്നു താൽപ്പര്യം. അയാൾ എന്നിൽ ചേർന്നു ഞാനായിത്തീരുന്നു എന്നു ചുരുക്കം.

അന്തകാലത്തിലെ ഭഗവത്പ്രാപ്തി എങ്ങനെ സംഭവിക്കുന്നു എന്ന അർജുനന്റെ ചോദ്യത്തിന് അഞ്ചാം പദ്യം പൂർണമായ സമാധാനമായെന്നു

digitized by www.sreyas.in

ഭഗവാനുതന്നെ തോന്നിയില്ല. അതുകൊണ്ട് അതിന്റെ ശാസ്ത്രനിയമം എന്തെന്നു പ്രഖ്യാപിക്കുകയാണ് അടുത്തതിൽ:

*6. യം യം വാപി സ്മരൻ ഭാവം ത്യജത്യന്തേ കളേബരം*
*തം തമേവൈതി കൗന്തേയ സദാ തദ്ഭാവഭാവിതഃ*

കൗന്തേയ - അല്ലയോ അർജുനാ; അന്തേ - മരണവേളയിൽ; യം യം വാ അപി ഭാവം - ഏതേതു ഭാവമാണോ; സ്മരൻ - ഭാവന ചെയ്തുകൊണ്ട്; കളേബരം ത്യജതി - ദേഹം വിട്ടുപോകുന്നത്; സദാ തദ്ഭാവഭാവിതഃ - ജീവിതത്തിൽ അധിക സമയവും അതുതന്നെ ഭാവനചെയ്തു കഴിഞ്ഞിരുന്ന അയാൾ; തം തം ഏവ - അതതു ഭാവത്തെത്തന്നെ; ഏതി - പ്രാപിക്കാനിടവരുന്നു.

അല്ലയോ അർജുനാ, മരണവേളയിൽ ഏതേതു ഭാവമാണോ ഭാവന ചെയ്തുകൊണ്ടു ദേഹം വിട്ടുപോകുന്നത്, ജീവിതത്തിൽ അധികസമയവും അതുതന്നെ ഭാവനചെയ്തുകഴിഞ്ഞിരുന്ന അയാൾ അതതു ഭാവത്തെത്തന്നെ പ്രാപിക്കാനിടവരുന്നു.

## *തം തമേവൈതി*

മരണവേളയിൽ ജീവൻ എന്തു ഭാവന ചെയ്യുന്നുവോ മരണാനന്തരം അതിനെ പ്രാപിക്കാൻ ഇടവരുന്നു. ഇവിടെ ഭഗവാൻ ജീവിതം രൂപംകൊള്ളുന്നതിന്റെ രണ്ടു നിയമങ്ങളാണു പ്രഖ്യാപിക്കുന്നത്. ഒരുവൻ ജീവിതത്തിൽ അധികസമയവും എന്തിനെ ഭാവനചെയ്തു കഴിഞ്ഞുകൂടിയോ അതായിരിക്കും മരണവേളയിൽ സ്മരിക്കുക. മരണവേളയിൽ എന്തിനെ സ്മരിക്കുന്നുവോ അതായിരിക്കും അയാളുടെ അനന്തരജീവിതം എന്തായിരിക്കണമെന്നു നിർണയിക്കുന്ന ഘടകം. ഒരുവന്റെ സങ്കൽപ്പമെങ്ങനെയോ അവൻ അങ്ങനെയായിത്തീരുന്നു എന്നു മുന്നധ്യായങ്ങളിൽ വിശദമായി പ്രതിപാദിച്ച ജീവിതനിയമത്തിന്റെ രണ്ടു കണ്ണികൾതന്നെയാണു പ്രസ്തുത നിയമങ്ങൾ. അപ്പോൾ ഒരാൾ തൽക്കാലം ജീവിതത്തിൽ അധികസമയവും ധനത്തെക്കുറിച്ചാണു ഭാവന ചെയ്യുന്നതെങ്കിൽ മരണവേളയിൽ അതിന്റെ സ്മരണ ശക്തിപ്പെടും; ധനസമ്പാദനത്തിനനുകൂലമായ ചുറ്റുപാടുകളോടുകൂടി അടുത്ത ജന്മവും സംഭവിക്കും. ഭൗതികമായ ഏതു കാര്യത്തിലും നിയമം ഇതുതന്നെ. ഈശ്വരഭജനത്തിലും നിയമം ഇതുതന്നെ. ഏതെങ്കിലും ഇഷ്ടദേവതയെ ആണു ജീവിതത്തിൽ അധികസമയവും ഭാവന ചെയ്തിട്ടുള്ളതെങ്കിൽ മരണവേളയിൽ ആ ഇഷ്ടദേവന്റെ ഓർമ

75-2006 27

digitized by www.sreyas.in

ശക്തിപ്പെടും. ആ ഇഷ്ടദേവന്റെ പ്രസാദത്തോടെ അടുത്ത ജന്മം തുടങ്ങുകയും ചെയ്യാം. ഇനി ഭൗതികകാമമൊന്നും കൂടാതെയുള്ള ആത്മഭാവനയാണു ശീലിച്ചതെങ്കിൽ മരണവേളയിൽ ആത്മഭാവനയും മരണാനന്തരം ആത്മപ്രാപ്തിയും നിശ്ചിതമായി ഭവിക്കും. അപ്പോൾ എന്തിനെ ഓർമിച്ചുകൊണ്ടു മരിക്കണമെന്നാഗ്രഹിക്കുന്നുവോ അതിനെ ജീവിതത്തിൽ അധികസമയം അഭ്യസിക്കേണ്ടതാണ്.

അർജുനൻ ആത്മപ്രാപ്തിയാണു കൊതിക്കുന്നത്. അതുകൊണ്ടു കർമബദ്ധമായ ജീവിതത്തിൽ സദാ പരമാത്മാവായ ഭഗവാനെ ഭാവന ചെയ്തുകൊണ്ടു സ്വധർമമായ യുദ്ധം വിട്ടുവീഴ്ച കൂടാതെ അനുഷ്ഠിക്കാനാണു ഭഗവാൻ തുടർന്ന് അദ്ദേഹത്തോടാവശ്യപ്പെടുന്നത്:

*7. തസ്മാത് സർവേഷു കാലേഷു മാമനുസ്മര യുധ്യ ച*
*മയ്യർപ്പിതമനോബുദ്ധിർമാമേവൈഷ്യസ്യസംശയഃ*

തസ്മാത് - മരണവേളയിൽ ആത്മഭാവനയുണ്ടാകണമെന്നുള്ളതുകൊണ്ട്; സർവേഷു കാലേഷു - സദാസമയവും; മാം അനുസ്മര - പരമാത്മാവായ എന്നെ വിട്ടുപോകാതെ സ്മരിക്കുക; യുധ്യ ച - സ്വധർമമായ യുദ്ധവും അനുഷ്ഠിക്കുക; മയി - എന്നിൽ; അർപ്പിതമനോബുദ്ധിഃ - മനസ്സും ബുദ്ധിയും അർപ്പിച്ചാൽ; മാം ഏവ ഏഷ്യസി - എന്നെത്തന്നെ പ്രാപിക്കും; അസംശയഃ - സംശയമേ വേണ്ട.

മരണവേളയിൽ ആത്മഭാവനയുണ്ടാകണമെന്നുള്ളതുകൊണ്ടു സദാസമയവും പരമാത്മാവായ എന്നെ വിട്ടുപോകാതെ സ്മരിക്കുക, സ്വധർമമായ യുദ്ധവും അനുഷ്ഠിക്കുക. എന്നിൽ മനസ്സും ബുദ്ധിയും അർപ്പിച്ചാൽ എന്നെത്തന്നെ പ്രാപിക്കും; സംശയമേ വേണ്ട.

## *മാമനുസ്മര യുധ്യ ച*

ജീവിതത്തിൽ നിന്ന് ഒളിച്ചോടിയിട്ടല്ല ആത്മസാക്ഷാൽക്കാരം നേടേണ്ടത്. കർമമയമായ ജീവിതം തുടർന്നു പോകവേതന്നെ എളുപ്പത്തിൽ അതു സാധ്യമാകും. ഒന്നേ വേണ്ടൂ; സ്വധർമാനുഷ്ഠാനത്തോടൊപ്പം ആത്മഭാവനയും അഭ്യസിക്കണം. അഭ്യസിച്ചഭ്യസിച്ച് ആത്മഭാവന കൂടാതെ കർമമൊന്നും ചെയ്യാൻ കഴിയുകയില്ലെന്ന സ്ഥിതി സ്വാഭാവികമായി വന്നുചേരണം. സഗുണോപാസന ശീലിക്കുന്നവർ ഇഷ്ടദേവതാരൂപം കൂടെക്കൂടെ സ്മരിച്ചോ ഏതെങ്കിലും ഈശ്വരനാമം തരം കിട്ടുമ്പോ

digitized by www.sreyas.in

ഴൊക്കെ നാവുകൊണ്ടോ മനസ്സുകൊണ്ടോ ഉച്ചരിച്ചോ ഇതഭ്യസിക്കണം. നിർഗുണോപാസകന്മാർ ഇക്കാണുന്നതൊക്കെ ബോധാനന്ദഘന മായ ബ്രഹ്മംതന്നെ എന്നു സദാ ഭാവന ചെയ്ത് ഇതഭ്യസിക്കണം. ഈ അഭ്യാസം ദൃഢപ്പെടുന്നതോടെ സത്യബോധവും ശാന്തിയും ഇടതിങ്ങി അനുഭവപ്പെടാനിടയാകും.

## *മാമേവൈഷ്യസ്യ സംശയഃ*

മരണവേളയിൽ ഭഗവത്സ്മരണയോടെ ദേഹം വെടിയുന്നവർക്കു ഭഗ വത്പ്രാപ്തി കൈവരും; സംശയമേ ഇല്ല. പക്ഷേ, ഒരു കാര്യം പ്രത്യേകം ഓർമിക്കേണ്ടതുണ്ട്. മരണസമയത്ത് ഓർമിച്ചാൽ മതിയല്ലോ എന്നു കരുതി ജീവിതത്തിൽ ഒരു നിമിഷംപോലും ഉദാസീനത അവലംബിച്ചുകൂടാ. ജീവി തത്തിൽ സദാ ഏതൊന്നിനെ സ്മരിക്കാൻ അഭ്യസിക്കുന്നുവോ അതു മാത്രമേ മരണവേളയിൽ ഉള്ളിൽ തെളിഞ്ഞു നിൽക്കൂ. അതുകൊണ്ടാണ് 'സർവേഷു കാലേഷു മാമനുസ്മര' എന്നു ഭഗവാൻ പറഞ്ഞത്. സദാ സ്മരണം എന്നു പറഞ്ഞാൽ മനസ്സും ബുദ്ധിയും ഭഗവാങ്കലർപ്പിക്കലാണെ ന്നർഥം. അതെങ്ങനെയാണ്? സങ്കൽപ്പവികൽപ്പാത്മകമാണു മനസ്സ്. നിശ്ച യാത്മികയാണു ബുദ്ധി. പ്രപഞ്ചകാര്യങ്ങളിൽ മനസ്സ് സങ്കൽപ്പവികൽപ്പങ്ങ ളിൽപ്പെടുമ്പോൾ ഈ പ്രപഞ്ചവും താനും ഈശ്വരമയമാണെന്നും ചിത്തവൃ ത്തികളും കർമങ്ങളും ഈശ്വരാർച്ചനയാണെന്നും ഭാവന ചെയ്യണം. ഇതാണു മനസ്സർപ്പിക്കൽ. കർമഫലം അനുകൂലമായാലും പ്രതികൂലമാ യാലും അപ്പോഴൊക്കെ ജീവിതത്തിന്റെ പരമലക്ഷ്യം ഈശ്വരപ്രാപ്തി ഒന്നു മാത്രമാണെന്ന് ആവർത്തിച്ചുറപ്പിക്കണം. ഈ നിശ്ചയം ഉറപ്പിക്കലാണു ബുദ്ധി ഭഗവാങ്കൽ അർപ്പിക്കൽ. ഇങ്ങനെ ജീവിതത്തിൽ 'മയ്യർപ്പിതമനോ ബുദ്ധി'യായാൽ അസംശയം ഭഗവത്പ്രാപ്തി സാധ്യമാകുമെന്നാണു ഭഗ വാന്റെ പ്രഖ്യാപനം. മനസ്സും ബുദ്ധിയും എന്തു ഭാവന ചെയ്തുറപ്പിക്കുമോ മനുഷ്യൻ അതായിത്തീരും എന്നാണല്ലോ നിയമം.

'മയ്യർപ്പിതമനോബുദ്ധിത്വം' അഭ്യസിച്ചുകൊണ്ടുള്ള സദാസ്മരണം ജീവനെ പരമസത്യത്തിൽ കൊണ്ടെത്തിക്കുമെന്നു ഭഗവാൻ യുക്തിയുക്തം ഒന്നുകൂടി വിവരിക്കുകയാണു അടുത്ത പദ്യത്തിൽ:

*8. അഭ്യാസയോഗയുക്തേന ചേതസാ നാന്യഗാമിനാ*
*പരമം പുരുഷം ദിവ്യം യാതി പാർഥാനുചിന്തയൻ*

digitized by www.sreyas.in

പാർഥ - അല്ലയോ അർജുനാ; അഭ്യാസയോഗയുക്തേന - ആവർത്തിച്ചുള്ള ഭാവനാപരിശീലനംകൊണ്ട് ആത്മാനുഭവം നേടിയതും; ന അന്യഗാമിനാ - തുടർന്നുള്ള യോഗാനുഭവംകൊണ്ടു മറ്റൊന്നിലും ചെന്നുപറ്റാതെ നിരോധിക്കപ്പെട്ടതും ആയ; ചേതസാ - ബുദ്ധികൊണ്ട്; അനുചിന്തയൻ - സദാ ആത്മചിന്തനത്തിൽ ഉറയ്ക്കുന്നയാൾ; ദിവ്യം - സർവത്ര നിറഞ്ഞു വിലസുന്നതും; പരമം - പ്രപഞ്ചത്തിന്റെ പരമകാരണവുമായ; പുരുഷം - ബ്രഹ്മത്തെ; യാതി - പ്രാപിക്കുന്നു.

അല്ലയോ അർജുനാ, ആവർത്തിച്ചുള്ള ഭാവനാപരിശീലനംകൊണ്ട് ആത്മാനുഭവം നേടിയതും തുടർന്നുള്ള യോഗാനുഭവംകൊണ്ട് മറ്റൊന്നിലും ചെന്നുപറ്റാതെ നിരോധിക്കപ്പെട്ടതും ആയ ബുദ്ധികൊണ്ടു സദാ ആത്മചിന്തനത്തിൽ ഉറയ്ക്കുന്നയാൾ സർവത്ര നിറഞ്ഞു വിലസുന്നതും പ്രപഞ്ചത്തിന്റെ പരമകാരണവുമായ ബ്രഹ്മത്തെ പ്രാപിക്കുന്നു.

## *ബ്രഹ്മപ്രാപ്തിക്രമം*

സ്വധർമാനുഷ്ഠാനരൂപമായ കർമത്തിൽ വിട്ടുവീഴ്ചകൂടാതെ ചരിക്കവേതന്നെ ആത്മഭാവന അഭ്യസിക്കുക. വീണ്ടും വീണ്ടും ലക്ഷ്യബോധം ഉറപ്പിച്ചു മനസ്സിനെ ആത്മഭാവനയിൽ പ്രവർത്തിപ്പിക്കുകയാണ് അഭ്യാസം. ഫലചിന്തയിൽപ്പെട്ട് ആത്മഭാവനയിൽനിന്ന് അകലുന്ന മനസ്സിനെ അർപ്പണബുദ്ധിയോടുകൂടിയ പൗരുഷംകൊണ്ട് ആത്മഭാവനയിലേക്കു തിരിച്ചാനയിക്കണം. ഈ അഭ്യാസം തുടർന്നാൽ ക്രമേണ ചിത്തം ശുദ്ധിയായി പ്രസാദാനന്ദരൂപത്തിൽ ആത്മാനുഭവം ഉണ്ടാകും. ഇങ്ങനെ ചിത്തം അഭ്യാസയോഗയുക്തമായാൽ ആ ചിത്തം നിരന്തരമായ ആത്മാനന്ദം അനുഭവിക്കാൻ കൊതിക്കും. അതിനുള്ള ശ്രമത്തിൽ ക്രമേണ ലോകചിന്തകളെല്ലാം ഒന്നൊന്നായി വിട്ടകലും. ആത്മാനുഭവത്തിൽ അന്യചിന്ത കൂടാതെ ഉറയ്ക്കും. ഇതാണു ബുദ്ധിയുടെ അനന്യഗാമിത്വം. ബാഹ്യകർമങ്ങൾ എന്തൊക്കെയായാലും അനന്യഗാമിയായ ബുദ്ധി സദാ ആത്മചിന്തനത്തിലുറയ്ക്കുന്നു. ഈ നിലയിലെത്തിയാൽ ജീവിച്ചിരിക്കട്ടെ, മരിക്കട്ടെ, സർവത്ര നിറഞ്ഞുതിങ്ങുന്ന പരമകാരണമായ ബ്രഹ്മത്തെത്തന്നെ ആ ചിത്തം പ്രാപിച്ചുകഴിഞ്ഞു എന്നറിയേണ്ടതാണ്.

അഭ്യാസയോഗയുക്തവും അനന്യഗാമിയുമായ ചിത്തം പ്രാപിക്കുന്ന ദിവ്യവും പരമകാരണവുമായ ബ്രഹ്മം എങ്ങനെയുള്ളതാണ്? ദേഹത്യാഗവേളയിൽ നിഷ്കൃഷ്ടമായി ആ ബ്രഹ്മത്തെ പ്രാപിക്കുന്ന പ്രക്രിയയെ

digitized by www.sreyas.in

ന്താണ്? ഈ ചോദ്യങ്ങൾക്കുള്ള മറുപടിയാണ് അടുത്ത രണ്ടു പദ്യങ്ങൾ:

*9. കവിം പുരാണമനുശാസിതാര-*
*മണോരണീയാംസമനുസ്മരേദ്യഃ*
*സർവസ്യ ധാതാരമചിന്ത്യരൂപ-*
*മാദിത്യവർണം തമസഃ പരസ്താത്*

*10. പ്രയാണകാലേ മനസാഽചലേന*
*ഭക്ത്യാ യുക്തോ യോഗബലേന ചൈവ*
*ഭ്രുവോർമധ്യേ പ്രാണമാവേശ്യ സമ്യക്*
*സ തം പരം പുരുഷമുപൈതി ദിവ്യം*

ഭക്ത്യാ - ഭഗവാനിൽ പരമപ്രേമത്തോടും; യോഗബലേന ച ഏവ - ധ്യാനാഭ്യാസബലത്തോടും; യുക്തഃ യഃ - കൂടിയ ആര്; പ്രയാണകാലേ - ദേഹത്യാഗവേളയിൽ; പ്രാണം - പ്രാണവായുവിനെ; ഭ്രുവോഃ മധ്യേ - മൂക്കിനുള്ളിൽ പുരികങ്ങളുടെ മധ്യത്തായി; സമ്യക് ആവേശ്യ - വേണ്ടപോലെ അടക്കിനിറുത്തി; കവിം - സർവജ്ഞനും; പുരാണം - പണ്ടേയുള്ളവനും; അനുശാസിതാരം - എല്ലാ പ്രപഞ്ച ഘടകങ്ങൾക്കും നിയന്താവും; അണോഃ അണീയാംസം - സൂക്ഷ്മത്തിലും സൂക്ഷ്മവും; സർവസ്യ ധാതാരം - സർവലോകങ്ങൾക്കും ആശ്രയവും; അചിന്ത്യരൂപം - ഇന്ദ്രിയങ്ങൾക്കോ മനസ്സിനോ കണ്ടെത്താൻ കഴിയാത്ത രൂപത്തോടുകൂടിയവനും; തമസഃ പരസ്താത് - എല്ലാ ജഡപ്രതിഭാസങ്ങൾക്കുമപ്പുറം സ്ഥിതിചെയ്യുന്നവനും; ആദിത്യവർണം - സൂര്യതുല്യം ബോധാനുഭവസ്വരൂപനും ആയ; പരം - പരബ്രഹ്മത്തെ; അചലേന മനസാ - ഏകാഗ്രപ്പെട്ടുറച്ച മനസ്സുകൊണ്ട്; അനുസ്മരേത് - തുടർന്നു ഭാവനചെയ്യുമോ; സഃ - അവൻ; ദിവ്യം തം പുരുഷം - എങ്ങും നിറഞ്ഞുവിലസുന്ന ആ പുരുഷനെ; ഉപൈതി - പ്രാപിക്കാനിടവരുന്നു.

ഭഗവാനിൽ പരമപ്രേമത്തോടും ധ്യാനാഭ്യാസബലത്തോടും കൂടിയ ആര് ദേഹത്യാഗവേളയിൽ പ്രാണനെ മൂക്കിനുള്ളിൽ പുരികങ്ങളുടെ മധ്യത്തായി വേണ്ടപോലെ അടക്കിനിറുത്തി സർവജ്ഞനും പണ്ടേയുള്ളവനും എല്ലാ പ്രപഞ്ചഘടകങ്ങൾക്കും നിയന്താവും സൂക്ഷ്മത്തിലും സൂക്ഷ്മവും സർവലോകങ്ങൾക്കും ആശ്രയവും ഇന്ദ്രിയങ്ങൾക്കോ മനസ്സിനോ കണ്ടെത്തൻ കഴിയാത്ത രൂപത്തോടുകൂടിയവനും എല്ലാ ജഡപ്രതിഭാസങ്ങൾക്കുമപ്പുറം സ്ഥിതിചെയ്യുന്നവനും സൂര്യതുല്യം ബോധാനുഭവസ്വരൂപനും ആയ പരബ്രഹ്മത്തെ ഏകാഗ്രപ്പെട്ടുറച്ച മനസ്സുകൊണ്ടു തുടർന്നു ഭാവനചെ

digitized by www.sreyas.in

യ്യുമോ അവൻ എങ്ങും നിറഞ്ഞുവിലസുന്ന ആ പുരുഷനെ പ്രാപിക്കാനിട വരുന്നു.

*സ തം പരം പുരുഷമുപൈതി*

സ്ഥിതപ്രജ്ഞനു പരബ്രഹ്മപ്രാപ്തി ജീവിച്ചിരിക്കുമ്പോൾത്തന്നെ സമ്പൂർണമാണ്. അദ്ദേഹത്തിന്റെ ദേഹം എപ്പോൾ എങ്ങനെ വീണുപോയാലും അതദ്ദേഹം ശ്രദ്ധിക്കുന്നതേയില്ല. ജീവന്മുക്തി വന്നില്ലെങ്കിൽപ്പോലും വസ്തുബോധരൂപമായ ജ്ഞാനം ഒരിക്കലെങ്കിലും അനുഭവപ്പെട്ടാൽ മോക്ഷം അതോടെ സുനിശ്ചിതമാകുന്നു. അങ്ങനെയുള്ള ജ്ഞാനികൾ ദേഹത്യാഗവേളയിൽ എങ്ങനെ പരമപ്രാപ്തി കൈവരിക്കുന്നു എന്നാണ് പ്രസ്തുത ശ്ലോകങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നത്. യോഗാഭ്യാസപാടവം കൊണ്ടും അതിരറ്റ ആത്മപ്രേമംകൊണ്ടും അവർക്ക് ഏതു നിമിഷവും പ്രാണനെ അടക്കി മനസ്സിനെ ഏകാഗ്രപ്പെടുത്തി ഉറപ്പിക്കാൻ കഴിയും. സമാധിവേളയിൽ പ്രാണൻ മൂക്കിനുള്ളിൽ പൂരികങ്ങളുടെ മധ്യത്തായി തങ്ങിനിന്നുകൊള്ളും. പ്രാണൻ ഭ്രൂമധ്യഗതമായ ആജ്ഞാചക്രത്തിൽ അടങ്ങുമ്പോഴാണ് ആത്മബോധം സൂര്യതുല്യം തെളിയുന്നത്. ആത്മസമാധിവേളയിൽ ഒരു ജ്ഞാനയോഗിക്ക് അനുഭവിച്ചറിയാൻ കഴിയുന്നവയാണു ശ്ലോകങ്ങളിൽ വെളിപ്പെടുത്തിയിട്ടുള്ള വസ്തുവിശേഷണങ്ങളെല്ലാം. താൻ കണ്ടനുഭവിക്കുന്ന പരബ്രഹ്മവസ്തു സർവജ്ഞനും സർവവ്യാപിയുമായ ഈശ്വരസത്തയാണ്. എല്ലാ പ്രപഞ്ചഘടകങ്ങളെയും ധരിക്കുന്നതും ഓരോന്നിനേയും അതാതിന്റെ സ്ഥാനത്തു നിറുത്തി പ്രവർത്തിപ്പിക്കുന്നതും, ഈ പരബ്രഹ്മം തന്നെ. ഇതിൽ ഇരുണ്ട ജഡപ്രതിഭാസത്തിന്റെ കണികപോലുമില്ല. ഇതു സൂക്ഷ്മത്തിലും സൂക്ഷ്മമായ പ്രപഞ്ചകാരണമാണ്. അതുകൊണ്ടുതന്നെ ഇന്ദ്രിയങ്ങൾക്കോ മനസ്സിനോ വിഷയമല്ല. ആദിത്യനെപ്പോലും പ്രകാശമയമാക്കുന്ന പരമജ്യോതിസ്സാണീ സത്യം. ജ്ഞാനനിഷ്ഠ വന്ന ഒരു യോഗിക്ക് ഈ നിലയിലെല്ലാം അനുഭവിച്ചറിഞ്ഞുകൊണ്ടു സമാധിയിലായാലും മരണത്തിലായാലും ദേഹവിയോഗവേളയിൽ പരമാത്മാവിനെ പ്രാപിക്കാവുന്നതാണ്.

ജ്ഞാനലാഭമുണ്ടായവർക്കു ഭഗവാനെ മേൽപ്പറഞ്ഞ രൂപത്തിലെല്ലാം അനുഭവിച്ചറിഞ്ഞു പ്രാപിക്കാൻ പറ്റും. അനുഭവജ്ഞാനം വരാത്തവരും എന്നാൽ സിദ്ധാന്തപരമായി വസ്തുസ്ഥിതി ധരിച്ചിട്ടുള്ളവരുമായ യോഗിമാർക്കു ദേഹവിയോഗവേളയിൽ ബ്രഹ്മപ്രാപ്തിക്കു വല്ല വഴിയുമുണ്ടോ?

digitized by www.sreyas.in

വഴിയുണ്ടെന്നാണു ഭഗവാൻ അടുത്ത മൂന്നു ശ്ലോകങ്ങളിൽ വ്യക്തമാക്കുന്നത്. ബ്രഹ്മസ്വരൂപം തൽക്കാലം തെളിഞ്ഞു കിട്ടുന്നില്ലെങ്കിലും ബ്രഹ്മപ്രാപ്തിക്കെളുപ്പമായ ഒരു വഴി ഞാൻ പറയാമെന്നാണു പതിനൊന്നാം പദ്യത്തിൽ പ്രസ്താവിക്കുന്നത്:

*11. യദക്ഷരം വേദവിദോ വദന്തി*
*വിശന്തി യദ്യതയോ വീതരാഗാഃ*
*യദിച്ഛന്തോ ബ്രഹ്മചര്യം ചരന്തി*
*തത്തേ പദം സംഗ്രഹേണ പ്രവക്ഷ്യേ*

വേദവിദഃ - വേദസാരം ഗ്രഹിച്ചിട്ടുള്ളവർ; യത് - ഏതൊന്നിനെ; അക്ഷരം - നാശമില്ലാത്തതായി; വദന്തി - വിവരിക്കുന്നുവോ; വീതരാഗാഃ - ലോകത്തുള്ള ഒന്നിനോടും പറ്റലില്ലാത്ത; യതയഃ - തപസ്വിമാർ; യത് വിശന്തി - ഏതൊന്നിനെ പ്രാപിക്കുന്നുവോ; യത് ഇച്ഛന്തഃ ബ്രഹ്മചര്യം ചരന്തി - ഏതൊന്നിനെ അറിയാനാഗ്രഹിക്കുന്നവർ ബ്രഹ്മചര്യവ്രതത്തോടെ ഗുരുപാദങ്ങളെ ശരണം പ്രാപിക്കുന്നുവോ; തത്പദം - ആ ബ്രഹ്മസ്ഥിതി; തേ - നിനക്ക്; സംഗ്രഹേണ - ഒരു പ്രതീകത്തിലൊതുക്കി സംക്ഷേപിച്ച്; പ്രവക്ഷ്യേ - ഞാൻ പറഞ്ഞുതരാം.

വേദസാരം ഗ്രഹിച്ചിട്ടുള്ളവർ ഏതൊന്നിനെ നാശമില്ലാത്തതായി വിവരിക്കുന്നുവോ ലോകത്തുള്ള ഒന്നിനോടും പറ്റലില്ലാത്ത തപസ്വിമാർ ഏതൊന്നിനെ പ്രാപിക്കുന്നുവോ, ഏതൊന്നിനെ അറിയാനാഗ്രഹിക്കുന്നവർ ബ്രഹ്മചര്യവ്രതത്തോടെ ഗുരുപാദങ്ങളെ ശരണം പ്രാപിക്കുന്നുവോ ആ ബ്രഹ്മസ്ഥിതി നിനക്ക് ഒരു പ്രതീകത്തിലൊതുക്കി സംക്ഷേപിച്ചു ഞാൻ പറഞ്ഞുതരാം.

## *സംഗ്രഹേണ പ്രവക്ഷ്യേ*

പരബ്രഹ്മത്തെ ആത്മരൂപേണ വിചാരം ചെയ്തറിഞ്ഞു പാസിക്കാൻ കഴിയുന്നില്ലെന്നു വന്നാൽപ്പിന്നെ ഒരുപായമേയുള്ളു. ഏതെങ്കിലും ഒരു പ്രതീകത്തിൽ മനസ്സിനെ ഉറപ്പിച്ച് ഏകാഗ്രപ്പെടുത്തുക. ബ്രഹ്മോപാസനക്ക് ഉപനിഷത്തുകൾ ഏകകണ്ഠമായി ശുപാർശചെയ്യുന്ന പ്രതീകമാണു പ്രണവം അഥവാ 'ഓം' കാരം. വേദങ്ങളിൽ 'ഞാൻ പ്രണവമാണെ'ന്നു ഭഗവാൻ ഇനി പത്താമധ്യായത്തിൽ പ്രഖ്യാപിക്കുന്നുമുണ്ട്. ബ്രഹ്മസ്ഥിതി ഞാൻ സംഗ്രഹിച്ചു പറഞ്ഞുതരാം എന്നു ഭഗവാൻ പറയുന്നതു പ്രണവത്തിൽ ഒതുക്കി കാട്ടിത്തരാം എന്ന അർഥത്തിലാണ്. മാത്രമല്ല പ്രണവോപാസന വശമാ

digitized by www.sreyas.in

ക്കേണ്ടതെങ്ങനെയെന്നും അതു ദേഹവിയോഗവേളയിൽ എങ്ങനെ ഉപകരിക്കുമെന്നും കാട്ടിത്തരാമെന്നാണു ഭഗവാൻ പ്രതിജ്ഞ ചെയ്യുന്നത്. കഠോപനിഷത്തിലെ രണ്ടാം വല്ലിയിലെ പതിനഞ്ചാം മന്ത്രത്തിലെ സാരമാണീ ശ്ലോകം.

പ്രണവപ്രതീകം വെളിപ്പെടുത്തി ഏതു വിധമാണുപാസിക്കേണ്ടതെന്നു വിവരിക്കുകയാണ് അടുത്ത രണ്ടു പദ്യങ്ങളിൽ:

*12. സർവദ്വാരാണി സംയമ്യ മനോ ഹൃദി നിരുധ്യ ച*
*മൂർധ്ന്യാധായാത്മനഃ പ്രാണമാസ്ഥിതോ യോഗധാരണാം*

*13. ഓമിത്യേകാക്ഷരം ബ്രഹ്മ വ്യാഹരൻ മാമനുസ്മരൻ*
*യഃ പ്രയാതി ത്യജൻ ദേഹം സ യാതി പരമാം ഗതിം*

യഃ – ആരാണോ; സർവദ്വാരാണി സംയമ്യ – ഇന്ദ്രിയങ്ങളെയെല്ലാം വിഷയങ്ങളിൽ നിന്നു പിൻവലിച്ച് ഉള്ളിലൊതുക്കി; മനഃ ഹൃദി നിരുധ്യ ച – മനസ്സിനെ ഹൃദയപത്മത്തിൽ ഇളകാതെ ഉറപ്പിച്ച്; ആത്മനഃ പ്രാണം – തന്റെ പ്രാണനെ; മൂർധ്നി ആധായ – ശിരസ്സിൽ ഭ്രൂമധ്യത്തിൽ അടക്കി നിറുത്തി; യോഗധാരണാം ആ സ്ഥിതഃ – ധ്യാനനിഷ്ഠയിൽ മുഴുകി; 'ഓം' ഇതി – 'ഓം' എന്ന; ഏകാക്ഷരം ബ്രഹ്മ – ഒരക്ഷരത്തിലൊതുങ്ങുന്ന ബ്രഹ്മപ്രതീകത്തെ; വ്യാഹരൻ – നീട്ടി ഉച്ചരിച്ച്; മാം അനുസ്മരൻ – അതിൽ സർവേശ്വരഭാവന നിലനിറുത്തി; ദേഹം ത്യജൻ – ശരീരം വെടിഞ്ഞ്; പ്രയാതി – ഇവിടെനിന്നു യാത്രയാകുന്നത്; സഃ പരമാം ഗതിം യാതി – അയാൾ ക്രമേണ ബ്രഹ്മപ്രാപ്തി കൈവരിക്കാൻ ഇടയാകുന്നു.

ആരാണോ ഇന്ദ്രിയങ്ങളെയെല്ലാം വിഷയങ്ങളിൽ നിന്നു പിൻവലിച്ച് ഉള്ളിലൊതുക്കി മനസ്സിനെ ഹൃദയപത്മത്തിൽ ഇളകാതെ ഉറപ്പിച്ചു തന്റെ പ്രാണനെ ശിരസ്സിൽ ഭ്രൂമധ്യത്തിൽ അടക്കി നിറുത്തി ധ്യാനനിഷ്ഠയിൽ മുഴുകി 'ഓം' എന്ന ഒരക്ഷരത്തിൽ ഒതുങ്ങുന്ന ബ്രഹ്മപ്രതീകത്തെ നീട്ടി ഉച്ചരിച്ച് അതിൽ സർവേശ്വരഭാവന നിലനിറുത്തി ശരീരം വെടിഞ്ഞ് ഇവിടെ നിന്നു യാത്രയാകുന്നത് അയാൾ ക്രമേണ ബ്രഹ്മപ്രാപ്തി കൈവരിക്കാനിടയാകുന്നു.

### *പ്രണവോപാസന*

ജീവന്മുക്തിയോ വ്യക്തമായ ജ്ഞാനാനുഭവമോ ഉണ്ടായിട്ടില്ല. വസ്തുവെന്തെന്ന് സിദ്ധാന്തപരമായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്നു സാക്ഷാൽക്കാരത്തിനായി പ്രണവോപാസനയിൽ ഏർപ്പെടുന്നവരുടെ ഗതിയാണു

digitized by www.sreyas.in

ഭഗവാൻ ഇവിടെ വിവരിക്കുന്നത്. ചിരകാലം പ്രണവം ഉപാസിച്ചു ദൃഢപ്പെടുകയും ദേഹത്യാഗവേളയിൽ സർവേശ്വരഭാവനയോടെ പ്രണവം ഉച്ചരിക്കാൻ ഇടവരികയും ചെയ്യുന്നയാൾ ക്രമമുക്തിക്കർഹനായിത്തീരുമെന്നാണ് ശ്ലോകതാൽപ്പര്യം. സഗുണനിർഗുണോപാസനകളെ സമഞ്ജസമായി യോജിപ്പിച്ചിട്ടുള്ള ഒന്നാണു പ്രണവോപാസന. ഏതെങ്കിലും ഇഷ്ടദേവതാരൂപത്തിൽ ഏകാഗ്രപ്പെടുന്ന മനസ്സിന് ഒടുവിൽ ആ ദേവതാരൂപവും ഒഴിച്ചുമാറ്റിയാലേ ആത്മസാക്ഷാൽക്കാരം ലഭ്യമാകൂ. പ്രണവോപാസനയാകട്ടെ ഉച്ചാരണത്തിന്റെ ആരംഭത്തിൽ മനസ്സിനു സഗുണമായ ഒരാലംബനം നൽകുകയും അവസാനം മനസ്സിനെ നിർഗുണമാക്കി നേരിട്ട് ആത്മസ്വരൂപത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. അ, ഉ, മ് എന്ന മൂന്നു വർണങ്ങളുടെ സമാഹാരമാണു 'ഓം'. 'അ' എന്ന തുറന്ന വർണത്തിൽ ആരംഭിച്ച് ഉ, മ് എന്നീ ഘട്ടങ്ങളിൽ ചുരുങ്ങി 'ഓ'മിന്റെ ഉച്ചാരണം ഒടുവിൽ കേവലം ധ്വനിമയമായി നേരിട്ടു ബോധവസ്തുവിൽ ചെന്നു ലയിക്കുകയാണു ചെയ്യുന്നത്. അപ്പോൾ 'ഓം' എന്ന പ്രതീകവുമായി താദാത്മ്യപ്പെടുന്ന മനസ്സും അതിനെ അവലംബിച്ചു ചുരുങ്ങി ഉച്ചാരണത്തിന്റെ അന്ത്യഘട്ടത്തിൽ നേരിട്ടു ബോധവസ്തുവിൽ ചെന്നുപറ്റുമെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടാണു പ്രണവോപാസന സഗുണനിർഗുണോപാസനകളെ ഒരുമിപ്പിക്കുന്നു എന്നു പറഞ്ഞത്. ബോധവസ്തുവിന്റെ എല്ലാ അനുഭവഘട്ടങ്ങളെയും പ്രതിനിധാനം ചെയ്യുന്ന പൂർണപ്രതീകമാണ് 'ഓം'. ബോധവസ്തുവിനു നാലേ നാല് അനുഭവഘട്ടങ്ങളേയുള്ളു. ഇന്ദ്രിയങ്ങൾ വഴി ഉണർന്നിരുന്നു പ്രപഞ്ചത്തെ അനുഭവിക്കുന്നതാണ് ഒരു ഘട്ടം. ജാഗ്രദവസ്ഥ എന്നാണീ അനുഭവഘട്ടത്തിന്റെ പേര്. പ്രണവത്തിലെ 'അ' എന്ന ആദ്യവർണം ജാഗ്രദവസ്ഥയുടെ പ്രതീകമാണ്. ഇന്ദ്രിയങ്ങളും മനസ്സും ഉള്ളിലടങ്ങി സ്വയം ഒരു ചെറിയ പ്രപഞ്ചം സൃഷ്ടിച്ചനുഭവിക്കുന്നതാണു രണ്ടാം ഘട്ടം. ഇതാണു സ്വപ്നാവസ്ഥ. പ്രണവത്തിലെ 'ഉ' എന്ന വർണം സ്വപ്നാവസ്ഥയുടെ പ്രതീകമാണ്. സ്വപ്നവുമടങ്ങി ഗാഢനിദ്രയിൽ ലയിക്കുന്നതാണു ബോധത്തിന്റെ മൂന്നാമത്തെ അനുഭവഘട്ടം. സുഷുപ്ത്യവസ്ഥ എന്നാണിതിന്റെ പേര്. പ്രണവത്തിലെ 'മ്' എന്ന വർണമാണു സുഷുപ്ത്യാവസ്ഥയുടെ പ്രതീകം. സങ്കൽപ്പങ്ങളെ ഒഴിച്ചുമാറ്റി ജാഗ്രത് സ്വപ്നസുഷുപ്തികളൊന്നും ഇല്ലാത്ത ബോധത്തിന്റെ ശുദ്ധമായ അനുഭവസ്ഥിതിയാണു മറ്റൊരു ഘട്ടം. ഇത് 'തുരീയം' എന്നറിയപ്പെടുന്നു. മനസ്സിനെ പൂർണമായി ഉപശമിപ്പിച്ച യോഗിമാർക്കു മാത്രമേ ഈ അവസ്ഥ അനുഭവപ്പെടുന്നുള്ളു. പ്രണവം ഉച്ചരിച്ചു

digitized by www.sreyas.in

തീർന്നു ധ്വനിയും അവസാനിക്കുമ്പോഴുള്ള അവസ്ഥയായി ഇതിനെ കണക്കാക്കാം. ഇങ്ങനെ ബ്രഹ്മത്തിന്റെ എല്ലാ അനുഭവാവസ്ഥകളെയും പ്രതിനിധാനം ചെയ്യുകയും ഉപാസകമനസ്സിന് ആശ്രയമരുളി നേരിട്ടു ബ്രഹ്മത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യുന്ന പൂർണ പ്രതീകമായതുകൊണ്ടാണു ഭഗവാൻ ഇതിനെ 'ഓം ഇത്യേകാക്ഷരം ബ്രഹ്മ' എന്നു തന്നെ പറഞ്ഞിരിക്കുന്നത്. ഏകാക്ഷരമായ ബ്രഹ്മം തന്നെയാണ് 'ഓം'. വിചാരം ചെയ്തു വസ്തുബോധത്തിലെത്താൻ കഴിവുള്ളവർക്ക് ഒരുപാസനയും വേണമെന്നില്ല. ഉപാസന അംഗീകരിച്ചാലും ദോഷമില്ല. എന്തായാലും പ്രധാനമായി മന്ദമധ്യമബുദ്ധികൾക്കു വേണ്ടിയാണു പ്രണവോപാസന നിർദേശിക്കപ്പെട്ടിരിക്കുന്നതെന്നു ശങ്കരഭഗവത്പാദർ തന്നെ ഭാഷ്യത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അന്ത്യവേളയിൽ പ്രണവസ്മരണ ചെയ്യുന്നയാളിന്റെ ക്രമമുക്തി സ്വരൂപം ഈ അധ്യായത്തിലെ തന്നെ ഇരുപത്തിനാലാം പദ്യത്തിന്റെ ഭാഷ്യം നോക്കി ധരിക്കേണ്ടതാണ്.

വിചാരംകൊണ്ടും ഉപാസനകൊണ്ടും ഒക്കെ ബ്രഹ്മപ്രാപ്തിയുണ്ടാകുമെന്നു പറഞ്ഞല്ലോ. ഇതുകൊണ്ടൊക്കെ ബ്രഹ്മം സുലഭമായി പ്രാപിക്കപ്പെടാവുന്നതാണോ? ഈ സംശയത്തിനുത്തരമാണ് അടുത്ത പദ്യം:

*14. അനന്യചേതാഃ സതതം യോ മാം സ്മരതി നിത്യശഃ*
*തസ്യാഹം സുലഭഃ പാർഥ നിത്യയുക്തസ്യ യോഗിനഃ*

പാർഥ – അല്ലയോ അർജുനാ; സതതം – സദാ സമയവും; അനന്യചേതാഃ – മറ്റൊന്നിലും മനസ്സു ചെന്നുപറ്റാതെ; യഃ – ആരാണോ; നിത്യശഃ – ദിവസേന; മാം സ്മരതി – എന്നെ സ്മരിക്കുന്നത്; നിത്യയുക്തസ്യ തസ്യ യോഗിനഃ – സദാ എന്നോടുതന്നെ പറ്റിനിൽക്കുന്ന ആ യോഗിക്ക്; അഹം സുലഭഃ – ഞാൻ എപ്പോഴും എവിടെയും എളുപ്പത്തിൽ ലഭ്യനായി ഭവിക്കുന്നു.

അല്ലയോ അർജുനാ, സദാ സമയവും മറ്റൊന്നിലും മനസ്സു ചെന്നുപറ്റാതെ ആരാണോ ദിവസേന എന്നെ സ്മരിക്കുന്നത് സദാ എന്നോടുതന്നെ പറ്റിനിൽക്കുന്ന ആ യോഗിക്കു ഞാൻ എപ്പോഴും എവിടെയും എളുപ്പത്തിൽ ലഭ്യനായി ഭവിക്കുന്നു.

## *തസ്യാഹം സുലഭഃ*

വസ്തു ഒന്നേയുള്ളു; ആ ഒരേ വസ്തുവിന്റെ വിവിധ രൂപങ്ങളാണ് ഇക്കാണുന്ന എല്ലാ പ്രപഞ്ചപ്രതിഭാസങ്ങളും. ഈ വസ്തുരഹസ്യം ഗുരുവിൽനിന്നു ഗ്രഹിച്ചുകഴിഞ്ഞാൽ അതനുഭവപ്പെടുത്താനാണല്ലോ പിന്നെ

digitized by www.sreyas.in

സാധനാനുഷ്ഠാനങ്ങളെല്ലാം ഉപാസനകൾകൊണ്ടോ വിചാരമാർഗം അവലംബിച്ചോ ശുദ്ധീകരിക്കപ്പെടുന്ന ഹൃദയം തുടർന്നു തന്റെ ഉള്ളിലും പുറത്തും നിറഞ്ഞുതിങ്ങുന്ന വസ്തുവിനെ കണ്ടെത്തുകയാണ്. അതോടെ പുറത്തെവിടെയും അയാൾ ഒരു സത്യത്തെ മാത്രമേ കാണുന്നുള്ളൂ. ഇതാണ് അനന്യചേതസ്ത്വം. മനസ്സിനു ചെന്നുപറ്റാൻ മറ്റൊന്നുമില്ലാത്ത അവസ്ഥ. അതോടെ ഒരേ ബ്രഹ്മത്തെത്തന്നെ സർവത്ര കണ്ടനുഭവിച്ചുകൊണ്ട് അയാൾ ദൈനംദിന വ്യവഹാരങ്ങൾ മുന്നോട്ടു നയിക്കുന്നു. അങ്ങനെ സദാ ബ്രഹ്മത്തിൽ പറ്റിനിൽക്കുന്നവനായി നിത്യയുക്തനായി ഭവിക്കുന്നു. ഈ നിത്യയുക്തനു ബ്രഹ്മവസ്തു സുലഭമാണെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹത്തിന് എപ്പോൾ എവിടെ നോക്കിയാലും ബ്രഹ്മത്തെത്തന്നെ അനുഭവിക്കാൻ കിട്ടുന്നതാണ്.

ബ്രഹ്മത്തിന്റെ സൗലഭ്യംകൊണ്ടെന്തു നേട്ടമാണുണ്ടാകാനുള്ളത്? ഭഗവാൻ മറുപടി പറയുന്നു:

*15. മാമുപേത്യ പുനർജന്മ ദുഃഖാലയമശാശ്വതം*
*നാപ്നുവന്തി മഹാത്മാനഃ സംസിദ്ധിം പരമാം ഗതാഃ*

പരമാം സംസിദ്ധിം ഗതാഃ - വസ്തു ഒന്നേയുള്ളൂ എന്നനുഭവിച്ചു മോക്ഷം പ്രാപിച്ച; മഹാത്മാനഃ - സത്യദർശികൾ; മാം ഉപേത്യ - പരമാത്മാവായ എന്നെ പ്രാപിച്ചാൽപ്പിന്നെ; അശാശ്വതം - സദാ വികാരപ്പെട്ടു മാറിക്കൊണ്ടിരിക്കുന്നതും; ദുഃഖാലയം - സകല ദുഃഖങ്ങൾക്കും ഇരിപ്പിടവുമായ; പുനർജന്മ - വീണ്ടുമുള്ള ജനനത്തെ; ന ആപ്നുവന്തി - പ്രാപിക്കാനിടവരുന്നില്ല.

വസ്തു ഒന്നേയുള്ളൂ എന്നനുഭവിച്ചു മോക്ഷം പ്രാപിച്ച സത്യദർശികൾ പരമാത്മാവായ എന്നെ പ്രാപിച്ചാൽപ്പിന്നെ സദാ വികാരപ്പെട്ടു മാറിക്കൊണ്ടിരിക്കുന്നതും സകല ദുഃഖങ്ങൾക്കുമിരിപ്പിടവുമായ വീണ്ടുമുള്ള ജനനത്തെ പ്രാപിക്കാനിടവരുന്നില്ല.

## *നാപ്നുവന്തി പുനർജന്മ*

വസ്തുബോധം വന്ന് അതായിത്തീർന്നവർക്കു പിന്നെ പുനർജന്മമില്ല. എന്താണു വസ്തുബോധവും അതായിത്തീരലും? ഇവിടെ ബോധാനന്ദഘനമായ ഒരു വസ്തു മാത്രമേ സത്യമായുള്ളൂ. ജനിച്ചു ജീർണിച്ചു മറയുന്ന ജഡങ്ങളെല്ലാം മരുഭൂമിയിൽ കാനൽജലംപോലെ അതിൽ വെറുതെ ഉണ്ടെന്നു തോന്നുന്ന കാഴ്ചകൾ മാത്രമാണ്. അതുകൊണ്ട് എന്തിലും ഉള്ള ചൈതന്യം ആ അദ്വയവസ്തുതന്നെ. അതു ജനിക്കു

digitized by www.sreyas.in

കയോ മരിക്കുകയോ ചെയ്യുന്നില്ല. ഈ ശരീരമാകട്ടെ യഥാർഥത്തിൽ ഇല്ലാതിരിക്കെ ഉണ്ടെന്നു തോന്നുന്ന ഒരു ജഡപ്രതിഭാസം മാത്രം. ഇതാണു വസ്തുബോധവും അതായിത്തീരലും. വസ്തുബോധം വരാതെ ജഡശരീരമാണു താൻ എന്നു ഭ്രമിക്കുമ്പോഴാണല്ലോ ജഡവികാരങ്ങളായ ജനനവും ജീർണിക്കലുമൊക്കെ തനിക്കുണ്ടെന്നു ഭ്രമിക്കാനിടവരുന്നത്. കാനൽജലം സത്യമാണെന്നു തോന്നുന്നിടത്തോളം അതു കുടിക്കാൻ ഓടിയടുക്കുക സ്വാഭാവികമാണല്ലോ. ജനനമുണ്ടെന്നു വന്നാൽ തുടർന്നുള്ള ദുഖവും അനുഭവിക്കാതെ വയ്യ. അതുകൊണ്ടാണു പുനർജന്മത്തെ ഭഗവാൻ അശാശ്വതമെന്നും ദുഖാലയമെന്നും വിശേഷിപ്പിച്ചിരിക്കുന്നത്. ബോധാനന്ദഘനമായ വസ്തു ഒന്നു മാത്രമേ സത്യമായുള്ളു എന്നും അതു താൻതന്നെയെന്നും അനുഭവിച്ചാൽപ്പിന്നെ ആരു ജനിക്കാനാണ്; ആരു ജീർണിക്കാനാണ്? ഇതാണു പരമമായ സംസിദ്ധി. ഈ സിദ്ധി കൈവന്ന മഹാത്മാക്കൾ പുനർജന്മമില്ലെന്നു മാത്രമല്ല ഇതിനു മുൻപൊരിക്കലും ജനിച്ചിട്ടില്ലെന്നും അനുഭവിച്ചറിയുന്നു.

ശുദ്ധമായ വസ്തുവിനെ അനുഭവിക്കുന്നില്ലെന്നു വന്നാൽപ്പിന്നെ സംഭവിക്കാവുന്ന ഒരേ ഒരനുഭവം ഏതെങ്കിലും രൂപത്തിലുള്ള ജഡാനുഭവമാണ്. ജഡാനുഭവമാണുള്ളതെന്നുവന്നാൽ അതിന്റേതായ ആവർത്തിച്ചുള്ള ജനനമരണപരിണാമം സകല ലോകങ്ങളിലും സംഭവിച്ചേ തീരു എന്നാണു ഭഗവാൻ ഇനി പ്രഖ്യാപിക്കുന്നത്.

*16. ആബ്രഹ്മഭുവനാല്ലോകാഃ പുനരാവർത്തിനോഽർജുന*
*മാമുപേത്യ തു കൗന്തേയ പുനർജന്മ ന വിദ്യതേ*

അർജുന - അല്ലയോ അർജുനാ; ആബ്രഹ്മഭുവനാത് - ബ്രഹ്മാവിന്റെ ലോകം മുതലിങ്ങോട്ടുള്ള; ലോകാഃ - എല്ലാ ലോകങ്ങളും; പുനരാവർത്തിനഃ - ഉണ്ടായും മറഞ്ഞും ജനിച്ചു മരിക്കുന്നവയാണ്; കൗന്തേയ - അല്ലയോ കുന്തിപുത്രാ; മാം ഉപേത്യ തു - പരമാത്മാവായ എന്നെ പ്രാപിച്ചാലാകട്ടെ; പുനർജന്മ - ആവർത്തിച്ചുള്ള ഈ ജനനമരണം; ന വിദ്യതേ - പിന്നെ സംഭവിക്കുന്നതല്ല.

അല്ലയോ അർജുനാ, ബ്രഹ്മാവിന്റെ ലോകം മുതലിങ്ങോട്ടുള്ള എല്ലാ ലോകങ്ങളും ഉണ്ടായും മറഞ്ഞും വീണ്ടും ഉണ്ടായും മറഞ്ഞും ജനിച്ചു മരിക്കുന്നവയാണ്. അല്ലയോ കുന്തീപുത്രാ, പരമാത്മാവായ എന്നെ പ്രാപിച്ചാലാകട്ടെ ആവർത്തിച്ചുള്ള ഈ ജനനമരണം പിന്നെ സംഭവിക്കുന്നതല്ല.

digitized by www.sreyas.in

## *ലോകാഃ പുനരാവർത്തിനഃ*

ബോധാനന്ദഘനവും നിശ്ചലവുമായ പരബ്രഹ്മത്തിൽ ശക്തി സ്പന്ദിച്ചുയരുന്നതോടെയാണ് ചുരുൾ നിവരുന്നതുപോലെ ലോകങ്ങൾ ആവിർഭവിക്കുന്നത്. ശക്തിയുടെ ഈ സ്പന്ദനഗതിയിൽ ക്ലിപ്തമായി ഓരോ ഘട്ടത്തിലും നിയമനം ചെയ്യപ്പെട്ടിട്ടുള്ളവയാണു ലോകങ്ങൾ. ആദ്യമായി പ്രകടമാകുന്നതാണു ബ്രഹ്മലോകം. തുടർന്ന് ഒന്നൊന്നായി മറ്റു ലോകങ്ങളും. കുറേ കഴിഞ്ഞ് ഈ സ്പന്ദനഗതി നേരെ പിറകോട്ടാകും. അതോടെ ലോകങ്ങൾ ഒന്നൊന്നായി മറയും. ഈ പ്രക്രിയ അനാദിയും അനന്തവുമായി വസ്തുവിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. മാറ്റമില്ലാത്ത ചിത്രങ്ങളുള്ള ഒരു ക്യാൻവാസ് നിവർത്തുകയും ചുരുട്ടുകയും ചെയ്യുമ്പോൾ ചിത്രങ്ങൾ പ്രകടമാവുകയും മറയുകയും ചെയ്യുന്ന പ്രക്രിയയോടാണിതിനെ സത്യദർശികൾ ഉപമിക്കുന്നത്. പരമാത്മാവാകുന്ന ചിത്രകാരൻ പ്രകൃതിയാകുന്ന ക്യാൻവാസ് നിവർത്തിയും ചുരുട്ടിയും ഇങ്ങനെ ലോകചിത്രങ്ങൾ പ്രദർശിപ്പിക്കുമ്പോൾ ആ ചിത്രകാരനു ചലനമോ വികാരമോ സംഭവിക്കുന്നില്ല. ജീവന്മാർക്ക് ഇച്ഛപോലെ ചിത്രകാരനോടോ ചിത്രങ്ങളോടോ താദാത്മ്യപ്പെടാം. ചിത്രങ്ങളുമായി താദാത്മ്യപ്പെട്ടിരിക്കുന്നിടത്തോളം ജനനമരണരൂപത്തിലുള്ള നിവർത്തലും ചുരുട്ടലും വേണ്ടിവരും. ചിത്രകാരനുമായി താദാത്മ്യപ്പെട്ടാൽ അതോടെ ആ പ്രക്രിയ അവസാനിക്കുകയും ചെയ്യും. അതാണ് 'എന്നെ പ്രാപിച്ചാൽ പിന്നെ പുനർജന്മം വേണ്ടിവരില്ല' എന്നു ഭഗവാൻ പ്രഖ്യാപിച്ചിരിക്കുന്നത്. ജഡപ്രപഞ്ചത്തിൽ ശക്തി സ്പന്ദനമുൾപ്പെടെ സകലതും പ്രകൃതിയുടെ വെറും ആവർത്തനമാണെന്നോർക്കേണ്ടതാണ്.

സാധാരണ ജീവിതങ്ങൾ ജനിച്ചു മരിക്കുന്നതായി കാണുന്നുണ്ടെങ്കിലും ബ്രഹ്മലോകത്തിന് ആവിർഭാവതിരോഭാവങ്ങൾ ഉള്ളതായി കാണുന്നില്ലല്ലോ. സൂര്യചന്ദ്രാദി സൗരയൂഥഘടകങ്ങൾ തുടർന്നു നിലനിൽക്കുന്നതുതന്നെ ഇതിനു തെളിവല്ലേ? ബ്രഹ്മലോകം മറഞ്ഞാൽ ഇവയൊന്നും പിന്നെ കാണുകയില്ലല്ലോ. ഇവയെ നിയന്ത്രിക്കുന്ന ബ്രഹ്മാവും അദ്ദേഹത്തിന്റെ ലോകവും ഇല്ലെന്നുവന്നാൽപ്പിന്നെ ഇവയ്ക്കെന്തു പ്രസക്തി? ഈ സംശയത്തിനുത്തരം പറയുകയാണു ഭഗവാൻ അടുത്ത ശ്ലോകത്തിൽ:

*17. സഹസ്രയുഗപര്യന്തമഹര്യദ് ബ്രഹ്മണോ വിദുഃ*
*രാത്രിം യുഗസഹസ്രാന്താം തേ്ഹോരാത്രവിദോ ജനാഃ*

digitized by www.sreyas.in

യത് – ഏതാണോ; ബ്രഹ്മണഃ അഹഃ – ബ്രഹ്മാവിന്റെ ഒരു പകൽ; സഹസ്രയുഗപര്യന്തം വിദുഃ – അത് ആയിരം ദിവ്യയുഗങ്ങളാണെന്ന് ആരറിയുന്നുവോ; രാത്രിം – അതുപോലെ ബ്രഹ്മാവിന്റെ ഒരു രാത്രി; യുഗസഹസ്രാന്താം – ആയിരം ദിവ്യയുഗങ്ങളാണെന്ന് ആരറിയുന്നുവോ; തേ അഹോരാത്രവിദഃ ജനാഃ – അവരാണു പകലും രാത്രിയും അറിയുന്ന ആളുകൾ.

ഏതാണോ ബ്രഹ്മാവിന്റെ ഒരു പകൽ, അത് ആയിരം ദിവ്യയുഗങ്ങളാണെന്ന് ആരറിയുന്നുവോ അതുപോലെ ബ്രഹ്മാവിന്റെ ഒരു രാത്രി, ആയിരം ദിവ്യയുഗങ്ങളാണെന്ന് ആരറിയുന്നുവോ അവരാണ് പകലും രാത്രിയും അറിയുന്ന ആളുകൾ.

## *തേഽഹോരാത്രവിദോ ജനാഃ*

മനുഷ്യലോകത്തിലെ പകലും രാത്രിയുമാണു കാലത്തിന്റെ സ്ഥിര ഘടകങ്ങളെന്നു കരുതുന്നവർ കാലമെന്തെന്നോ പകലും രാവുമെന്തെന്നോ അറിയുന്നവരല്ല. പരമാർഥത്തിൽ കാലം എന്നൊരു വസ്തു ഇല്ല. സനാതനമായ ബ്രഹ്മത്തിൽ ശക്തിയുടെ കർമചലനമാരംഭിക്കുന്നതോടെ വിവിധ ദൃശ്യങ്ങളുടെ കർമങ്ങളെ താരതമ്യം ചെയ്യുമ്പോഴുണ്ടാകുന്ന ഒരു തോന്നലാണു കാലം. 'പ്രപഞ്ചദൃശ്യങ്ങളെ ഉണ്ടാക്കുന്നത്, അഥവാ എണ്ണി എണ്ണി കടത്തിവിടുന്നതു കാലം' എന്നാണു 'കാല' പദത്തിന്റെ അർഥം. മനുഷ്യലോകത്തിലെ കാലത്തിന്റെ ഘടകങ്ങളാണല്ലോ ഇവിടത്തെ പകലും രാത്രിയും. എന്തിനെയാണു നാം പകലും രാത്രിയുമായി വിഭജിക്കുന്നത്? അങ്ങനെ വിഭജിക്കപ്പെടാവുന്ന വല്ല വസ്തുവും നിലവിലുണ്ടോ? ഉണ്ടെങ്കിൽ അതു സൂര്യനെ മുൻനിറുത്തിയുള്ള ഭൂമിയുടെ ചലനം മാത്രമാണ്. അപ്പോൾ സൂര്യന്റെയും ഭൂമിയുടെയും കർമങ്ങളെ താരതമ്യം ചെയ്യുമ്പോഴുണ്ടാകുന്ന വെറും ഒരു തോന്നലാണു പകലും രാത്രിയും. ഇനി സൂര്യനിൽ ജീവികളുണ്ടെന്നു കരുതുക? എങ്കിൽ അവിടത്തെ പകലും രാത്രിയും എങ്ങനെയായിരിക്കും നിർണയിക്കുക? എന്തായാലും ഭൂമിയിലെ പകലും രാത്രിയും ആയിരിക്കയില്ലെന്നു തീർച്ച. സത്യദർശികളായ നമ്മുടെ ഋഷീശ്വരന്മാർ കാലഗണനയുടെ ഒരു ക്രമം തിട്ടപ്പെടുത്തിയിട്ടുള്ളതിങ്ങനെയാണ്. മനുഷ്യരുടെ ഒരു മാസം പിതൃക്കൾക്ക് ഒരു ദിവസമാണ്. മാസത്തിലെ കൃഷ്ണപക്ഷമാണു പിതൃക്കളുടെ പകൽ; ശുക്ലപക്ഷം രാത്രിയും. മനുഷ്യരുടെ ഒരു വർഷം ദേവന്മാർക്ക് ഒരു ദിവസം. ഉത്തരായണം മുഴുവൻ അവർക്കു പകൽ; ദക്ഷിണായനം രാത്രി. ദേവന്മാരുടെ ഇപ്രകാരമുള്ള 6300 ദിവസങ്ങളാണ് ഒരു ദിവ്യ

digitized by www.sreyas.in

വർഷം. 12000 ദിവ്യവർഷങ്ങളാണു ദേവന്മാരുടെ ഒരു യുഗം അഥവാ ദിവ്യ യുഗം. ദേവന്മാരുടെ ആയിരം ദിവ്യയുഗങ്ങളാണു ബ്രഹ്മാവിന്റെ ഒരു പകൽ; മറ്റൊരായിരം ദിവ്യയുഗം ബ്രഹ്മാവിന്റെ ഒരു രാത്രി. ഒരു ദിവ്യയുഗം മനുഷ്യ രുടെ കൃതത്രേത ദ്വാപരകലിയുഗങ്ങൾ നാലും ചേർന്നതാണ്. അപ്പോൾ ബ്രഹ്മാവിന്റെ ഒരു പകൽ എന്നു പറയുന്നത് മനുഷ്യരുടെ ആയിരം ചതുർയുഗങ്ങളാണെന്നോർക്കണം. അതുപോലെ രാത്രി മറ്റൊരായിരം ചതുർയുഗങ്ങളും. പ്രസ്തുത ശ്ലോകത്തിൽ ആയിരം യുഗം എന്നു പറഞ്ഞി രിക്കുന്നത് ആയിരം ദിവ്യയുഗമാണെന്നോർക്കേണ്ടതാണ്. സൗരയൂഥ ത്തിന്റെ മുഴുവൻ അധിപതിയാണു ബ്രഹ്മാവ്. അതുകൊണ്ടു സൗരയൂഥ ഘടകങ്ങളുടെ ജനനമരണങ്ങൾ ബ്രഹ്മാവിന്റെ ആവിർഭാവലയങ്ങളോടു ബന്ധപ്പെട്ടവയായതുകൊണ്ടു മനുഷ്യർക്ക് അവ നേരിട്ടറിയാൻ സാധ്യമല്ല. ബ്രഹ്മാവിന്റെ രാത്രിയാകുമ്പോൾ അവയാകെ മറയും. ബ്രഹ്മാവിന്റെ പക ലാരംഭിക്കുമ്പോൾ അവ വീണ്ടും പ്രത്യക്ഷപ്പെടും. ബ്രഹ്മാവിന്റെ പകലി നെയും രാത്രിയെയും കുറിച്ചറിവുള്ളവരെ മാത്രമേ കാലബോധമുള്ളവ രെന്നു പറയാൻ പറ്റൂ. മറ്റുള്ളവർ അനാദ്യന്തമായ കാലത്തെക്കുറിച്ചെന്തറി യുന്നു?

ബ്രഹ്മാവിന്റെ പകലും രാത്രിയും പ്രപഞ്ചവുമായി ബന്ധപ്പെടുന്നതെ ങ്ങനെയെന്നാണു ഭഗവാൻ ഇനി വിവരിക്കുന്നത്:

*18. അവ്യക്താദ്വ്യക്തയഃ സർവാഃ പ്രഭവന്ത്യഹരാഗമേ*
*രാത്ര്യാഗമേ പ്രലീയന്തേ തത്രൈവാവ്യക്തസംജ്ഞകേ*

അഹരാഗമേ - ബ്രഹ്മാവിന്റെ പകൽ തുടങ്ങുന്നതോടെ; അവ്യക്താത് - പ്രകൃ തിയുടെ അവ്യക്തസ്ഥിതിയിൽ നിന്ന്; സർവാഃ വ്യക്തഃ - എല്ലാ പ്രപഞ്ചനാമ രൂപങ്ങളും; പ്രഭവന്തി - ഒന്നൊന്നായി ആവിർഭവിക്കുന്നു; രാത്ര്യാഗമേ - ബ്രഹ്മാവിന്റെ രാത്രി ആരംഭിക്കുന്നതോടെ; തത്ര അവ്യക്തസംജ്ഞകേ ഏവ - ആ അവ്യക്തസ്ഥിയിൽത്തന്നെ; പ്രലീയന്തേ - ഒന്നൊന്നായി തിരിച്ചു ലയി ക്കുകയും ചെയ്യുന്നു.

ബ്രഹ്മാവിന്റെ പകൽ തുടങ്ങുന്നതോടെ പ്രകൃതിയുടെ അവ്യക്തസ്ഥി തിയിൽ നിന്ന് എല്ലാ പ്രപഞ്ചനാമരൂപങ്ങളും ഒന്നൊന്നായി ആവിർഭവി ക്കുന്നു. ബ്രഹ്മാവിന്റെ രാത്രി ആരംഭിക്കുന്നതോടെ ആ അവ്യക്തസ്ഥിതി യിൽത്തന്നെ ഒന്നൊന്നായി തിരിച്ചു ലയിക്കുകയും ചെയ്യുന്നു.

digitized by www.sreyas.in

## പ്രഭവവും പ്രളയവും

പ്രകൃതിയുടെ അവ്യക്താവസ്ഥയും അതിൽനിന്നുള്ള പ്രപഞ്ചനാമരൂപാവിർഭാവക്രമവും ഏഴാമധ്യായത്തിലെ നാലാം ശ്ലോകത്തിന്റെ ഭാഷ്യം നോക്കി ഒരിക്കൽക്കൂടി ധരിക്കേണ്ടതാണ്. ബ്രഹ്മത്തെ മറച്ചുകൊണ്ടാവിർഭവിക്കുന്ന അവ്യക്താവസ്ഥ ബ്രഹ്മാവിന്റെ നിദ്രാസ്ഥാനമാണ്. ഈ അവ്യക്താവസ്ഥയിൽ നിന്നു പ്രാണശരീരിയായി ആവിർഭവിക്കുന്ന സത്വബുദ്ധിയാണു ബ്രഹ്മാവ്. പ്രപഞ്ചം മുഴുവൻ തന്റേതാണെന്ന 'അഹം' ബോധമാണു ബ്രഹ്മാവിന്റെ അനുഭവം. അവ്യക്തത്തിൽ നിന്നു പൊന്തിവരുന്നതുകൊണ്ടു തന്നെ ഈ അഹംബോധം അതിൽ നിദ്രയിലാണ്ടിരുന്നു എന്നു സ്പഷ്ടമാണല്ലോ. ബ്രഹ്മാഹന്തയുടെ ചെറിയ മാതൃകകളാണു ജീവികളിലെ വ്യക്ത്യഹന്തകൾ. വ്യക്ത്യഹന്തകൾ ലയിക്കുന്ന അവ്യക്താവസ്ഥയാണ് അവയുടെ നിദ്ര. മനുഷ്യബുദ്ധിക്കു സ്വന്തം അഹന്ത ലയിക്കുന്ന നിദ്രാരൂപത്തിലുള്ള അവ്യക്താവസ്ഥയേയും ഉണരുമ്പോൾ അതിൽ നിന്നു പൊന്തിവരുന്ന അഹന്തയേയും വിശകലനം ചെയ്തു വിശ്വാഹന്തയായ ബ്രഹ്മാവിനെയും അതു ലയിക്കുന്ന അവ്യക്താവസ്ഥയെയും കുറിച്ച് ഊഹിച്ചറിയാവുന്നതാണ്. മനുഷ്യന്റെ വ്യക്ത്യഹന്ത ഉണരുന്നതോടെ ഇന്ദ്രിയങ്ങളും അന്തകരണവും ശരീരവും എല്ലാം ഉള്ളതായിത്തീരുന്നു. അതുപോലെ ബ്രഹ്മാഹന്ത ഉണരുന്നതോടെ പ്രപഞ്ചഘടകങ്ങൾ ഉള്ളതായിത്തീരുന്നു. വ്യക്ത്യഹന്ത നിദ്രയിലാണ്ടുപോകുന്നതോടെ ഇന്ദ്രിയാദികൾ അനുഭവത്തിൽ ഇല്ലാതാകുന്നു. അതുപോലെ ബ്രഹ്മാഹന്ത അവ്യക്തദശയിൽ ഉറക്കമാരംഭിക്കുന്നതോടെ പ്രപഞ്ചഘടകങ്ങളാകെ അനുഭവത്തിൽ ഇല്ലാതാകും. അതുകൊണ്ടു ബ്രഹ്മാഹന്തയുടെ ഉണർന്നുവരവാണു പ്രഭവം അഥവാ സൃഷ്ടി; ബ്രഹ്മാഹന്തയുടെ ഉറക്കമാണു പ്രളയം. ബ്രഹ്മാവിന്റെ പകൽ സൃഷ്ടിസ്ഥിതികളുൾക്കൊള്ളുന്നു. ബ്രഹ്മാവിന്റെ രാത്രി പ്രളയവും. വ്യക്തിയുടെ ജാഗ്രത്സുഷുപ്തികളുമായി താരതമ്യം ചെയ്ത് അനുഭവതലത്തിൽ ബ്രഹ്മാവിന്റെ പകലിനെയും രാത്രിയെയും മനസ്സിലാക്കേണ്ടതാണ്. ബ്രഹ്മാഹന്തയുമായി സമാധിയിൽ താദാത്മ്യപ്പെടുന്ന യോഗിചിത്തത്തിനു ബ്രഹ്മാവിന്റെ ഈ അനുഭവങ്ങൾ പ്രത്യക്ഷമായിത്തന്നെ അറിയാനും കഴിയുന്നതാണ്. വിശ്വാഹന്തയോടുകൂടിയ വിശ്വമനസ്സാണു ബ്രഹ്മാവ്.

ഒരേ പ്രപഞ്ചഘടകങ്ങളുടെ തന്നെ ആവർത്തിച്ചുള്ള ആവിർഭാവവും തിരോധാനവുമാണു സൃഷ്ടിയും പ്രളയവും. ഇക്കാര്യം ഒന്നുകൂടി വെളിപ്പെടുത്തുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

digitized by www.sreyas.in

*19. ഭൂതഗ്രാമഃ സ ഏവായം ഭൂത്വാ/ ഭൂത്വാ പ്രലീയതേ*
*രാത്ര്യാഗമേ് വശഃ പാർഥ പ്രഭവത്യഹരാഗമേ*

പാർഥ - അല്ലയോ അർജുന; സഃ ഏവ അയം ഭൂതഗ്രാമഃ - ബ്രഹ്മാവിന്റെ തൊട്ടുമുമ്പുള്ള പകൽവേളയിൽ ഏതെല്ലാം പ്രപഞ്ചഘടകങ്ങൾ ആവിർഭവിച്ചിരുന്നുവോ അതേ പ്രപഞ്ചഘടകങ്ങൾതന്നെ; ഭൂത്വാ ഭൂത്വാ - വീണ്ടും വീണ്ടും പ്രകടമായി; രാത്ര്യാഗമേ - ബ്രഹ്മാവിന്റെ രാത്രിവേളകളിൽ; പ്രലീയതേ - വീണ്ടും വീണ്ടും ലയം പ്രാപിക്കുന്നു; അഹരാഗമേ - പകൽവേള വന്നാൽ; അവശഃ - പ്രകൃതിയുടെ അഭിന്നാംശങ്ങളെന്ന നിലയിൽ അസ്വതന്ത്രങ്ങളായതുകൊണ്ട്; പ്രഭവതി - അവ വീണ്ടും ആവിർഭവിക്കുകയും ചെയ്യുന്നു.

അല്ലയോ അർജുന, ബ്രഹ്മാവിന്റെ തൊട്ടുമുമ്പുള്ള പകൽവേളയിൽ ഏതെല്ലാം പ്രപഞ്ചഘടകങ്ങൾ ആവിർഭവിച്ചിരുന്നുവോ അതേ പ്രപഞ്ചഘടകങ്ങൾതന്നെ വീണ്ടും വീണ്ടും പ്രകടമായി ബ്രഹ്മാവിന്റെ രാത്രിവേളകളിൽ വീണ്ടും വീണ്ടും ലയം പ്രാപിക്കുന്നു. പകൽവേള വന്നാൽ പ്രകൃതിയുടെ അഭിന്നാംശങ്ങളെന്ന നിലയിൽ അസ്വതന്ത്രങ്ങളായതുകൊണ്ട് അവ വീണ്ടും ആവിർഭവിക്കുകയും ചെയ്യുന്നു.

## *അവശഃ പ്രഭവതി*

സൃഷ്ടി ഒരാവർത്തനമാണെന്നു പതിനാറാം ശ്ലോകത്തിൽ നാം കണ്ടുവല്ലോ. വ്യക്തിജീവിതവും ഇതിനു തെളിവാണ്. മനുഷ്യജീവിതം തന്നെ പരിശോധിച്ചാൽ എവിടെയും ആവർത്തനമാണെന്നു കാണാൻ കഴിയും. ദൈനംദിന ജീവിതം ആവർത്തനമാണ്. ജീവിതകാലം ആകെ ആവർത്തനമാണ്. ജനനം, ബാല്യം, കൗമാരം, യൗവനം, വാർധക്യം, മരണം ഇവയുടെ ആവർത്തനമല്ലാതെ മനുഷ്യജീവിതം മറ്റെന്താണ്? ഇനി മനുഷ്യജീവിതത്തിൽ ആവർത്തനമല്ലാതെ മറ്റെന്തെങ്കിലും ഉണ്ടെന്നു സംശയം തോന്നുന്നുണ്ടെങ്കിൽ ഭൂതഭാവികളെ കുറിച്ചുള്ള അറിവില്ലായ്മകൊണ്ടാണ് അങ്ങനെ തോന്നുന്നത്. സൃഷ്ടി മുഴുവനേ കണ്ടറിഞ്ഞിട്ടുള്ള സത്യദർശികൾ ഇതു മുഴുവൻ വെറും ആവർത്തനമെന്നാണു പ്രഖ്യാപിക്കുന്നത്. ഇത് യുക്തിക്കെങ്ങനെ ശരിയാകും? ശരിയാകുമല്ലോ. വസ്തുപ്രകൃതി സ്പന്ദിച്ചു സഞ്ചാരമാരംഭിച്ചാൽ എന്നും അത് ഒരേ മാർഗത്തിൽത്തന്നെയാണു സഞ്ചരിക്കുന്നത്. അതിന്റെ സഞ്ചാരം അവസാനിക്കുന്നതോടെ ബ്രഹ്മാവിന്റെ പകൽ തീരും. മുന്നോട്ടുപോയ അതേ മാർഗത്തിൽക്കൂടി പ്രകൃതി വസ്തു



digitized by www.sreyas.in

വിലേക്കു തിരിച്ചു മടങ്ങുന്നതാണു ബ്രഹ്മാവിന്റെ രാത്രി. ഇതാവർത്തിക്കുന്നതിൽ എന്താണു യുക്തിഭംഗം? എല്ലാം ആവർത്തനമാണെങ്കിൽ ബന്ധമോക്ഷങ്ങൾക്കു പ്രസക്തിയെവിടെ? ബന്ധമുണ്ടെന്നു തോന്നുന്നതാണു ബന്ധപ്രസക്തി. മോക്ഷം വേണമെന്ന ആഗ്രഹമാണു മോക്ഷപ്രസക്തി. വസ്തു ഒന്നേയുള്ളു എന്നു തീരുമാനിക്കപ്പെട്ടാൽ ബന്ധമോക്ഷങ്ങൾക്കൊന്നും പ്രസക്തിയില്ലെന്നുതന്നെയാണു സത്യദർശികളുടെ അന്തിമമായ പ്രഖ്യാപനം. അപ്പോൾ ഗീതയിൽ ഭഗവാൻ ബന്ധത്തെക്കുറിച്ചു പറയുന്നതോ? ബന്ധമുണ്ടെന്നു കരുതുന്നവർക്കുവേണ്ടി. മോക്ഷത്തെക്കുറിച്ചു പറയുന്നതോ? ബന്ധമോചനം കൊതിക്കുന്നവർക്കുവേണ്ടി. സൃഷ്ടിപ്രളയങ്ങളെക്കുറിച്ചു വിവരിക്കുന്നതോ? സൃഷ്ടി പ്രളയങ്ങൾ ഉണ്ടെന്നു കരുതുന്നവർക്കുവേണ്ടി. അദ്വയ സത്യം സാക്ഷാൽക്കരിച്ചവർക്കു സൃഷ്ടിയും പ്രളയവും, ബന്ധവും മോക്ഷവുമെല്ലാം ആ സത്യം തന്നെയാണ്. 'എന്നിൽ നിന്നു ഭിന്നമായി അൽപ്പംപോലും യാതൊന്നുമില്ല' എന്നിങ്ങനെ ഭഗവാൻ അക്കാര്യവും ഗീതയിൽത്തന്നെ പലയിടത്തും പ്രഖ്യാപിച്ചിട്ടുണ്ടല്ലോ.

അനുഭവജ്ഞാനം അൽപ്പമാണോ, സൃഷ്ടിപ്രളയാദി എല്ലാം ഉണ്ടെന്നു തോന്നും. അനുഭവജ്ഞാനം വസ്തുനിഷ്ഠമായി പൂർണത പ്രാപിക്കുമോ; അവ്യക്തമുൾപ്പെടെ എല്ലാം മാറിത്തരും. സത്യവസ്തു മാത്രം സനാതനമായി ശേഷിക്കയും ചെയ്യും. ഭഗവാന്റെ പ്രഖ്യാപനം നോക്കുക:

*20. പരസ്തസ്മാത്തു ഭാവോഽന്യോഽവ്യക്തോഽവ്യക്താത് സനാതനഃ*
*യഃ സ സർവേഷു ഭൂതേഷു നശ്യത്സു ന വിനശ്യതി*

തസ്മാത് അവ്യക്താത് – പ്രപഞ്ചഘടകങ്ങൾ പൊന്തിവരികയും ലയിക്കുകയും ചെയ്യുന്ന പ്രകൃതിയുടെ ആവരണരൂപമായ അവ്യക്തത്തിനും; പരഃ – അപ്പുറം; അവ്യക്തഃ – ഇന്ദ്രിയങ്ങൾക്കോ മനസ്സിനോ വ്യക്തമായനുഭവിക്കാൻ കഴിയാത്തതും; സനാതനഃ – ഒരിക്കലും മറഞ്ഞുപോകാത്തതുമായ; അന്യഃ യഃ ഭാവഃ – വേറേ ഏതൊരുണ്മയാണോ ഉള്ളത്; സഃ – ആ ഉണ്മ; സർവേഷു ഭൂതേഷു നശ്യത്സു – എല്ലാ പ്രപഞ്ചഘടകങ്ങളും മാഞ്ഞു മറഞ്ഞാലും; ന വിനശ്യതി – ഒരു കുറവും കൂടാതെ അവശേഷിക്കുന്നു.

പ്രപഞ്ചഘടകങ്ങൾ പൊന്തിവരികയും ലയിക്കുകയും ചെയ്യുന്ന പ്രകൃതിയുടെ ആവരണരൂപമായ അവ്യക്തത്തിനപ്പുറം ഇന്ദ്രിയങ്ങൾക്കോ മനസ്സിനോ വ്യക്തമായനുഭവിക്കാൻ കഴിയാത്തതും ഒരിക്കലും മറഞ്ഞുപോകാത്തതുമായ വേറേ ഏതൊരുണ്മയാണോ ഉള്ളത് ആ ഉണ്മ എല്ലാ പ്രപ

digitized by www.sreyas.in

ഞ്ചഘടകങ്ങളും മാഞ്ഞു മറഞ്ഞാലും ഒരു കുറവും കൂടാതെ അവശേഷിക്കുന്നു.

## *ന വിനശ്യതി*

ബ്രഹ്മാവുവരെയുള്ള വ്യക്തരൂപങ്ങൾ ലയിച്ചുചേരുന്ന ഇടമാണ് അവ്യക്തം. ബ്രഹ്മത്തിൽ പ്രകൃതി ഉളവാക്കുന്ന ആവരണമാണു അവ്യക്തം. വസ്തുബോധം അനുഭവപ്പെടുന്നതോടെ ഈ ആവരണവും അകലുന്നു. ആവരണം തന്നെയില്ലെങ്കിൽപ്പിന്നെ അതുളവാക്കുന്ന ബ്രഹ്മാവുമുതലുള്ള വിക്ഷേപങ്ങളുടെ കഥ പറയാനുമില്ലല്ലോ. ഇങ്ങനെ ആവരണവിക്ഷേപങ്ങൾ മാറുന്നതോടെ അതുവരെ ഇന്ദ്രിയവിഷയമല്ലാതിരുന്ന വസ്തു സാധകന്റെ സ്വരൂപമായി സ്വയം തെളിയുന്നു. ഇങ്ങനെ തെളിയുന്ന വസ്തു ഒരഴിവുമില്ലാത്തതാണെന്നും അവ്യക്തം മുതൽ ഉണ്ടെന്നു തോന്നിയിരുന്ന ജഡദൃശ്യങ്ങൾ മരുഭൂമിയിലെ കാനൽജലം പോലെ വെറുതേ അതിൽ ഉണ്ടെന്നു തോന്നിയ മിഥ്യാപ്രതിഭാസങ്ങളാണെന്നും അനുഭവിച്ചറിയാറാകുന്നു. മരുഭൂമിയിലെ കാനൽജലത്തിന്റെ രഹസ്യമറിയാവുന്നയാൾ അതിന്റെ ഉൽപ്പത്തിയെക്കുറിച്ചന്വേഷിക്കുകയോ അതു കുടിക്കാൻ ഓടിയടുക്കുകയോ ചെയ്യുകയില്ല. അതുപോലെ വസ്ത്വനുഭവമുണ്ടായി പ്രപഞ്ചപ്രതിഭാസങ്ങൾ മിഥ്യയാണെന്നനുഭവിക്കുന്ന ജ്ഞാനിക്കു പിന്നെ സൃഷ്ടിപ്രളയങ്ങളോ ബന്ധമോക്ഷങ്ങളോ പ്രശ്നങ്ങളേയല്ല. എന്നാൽ സൃഷ്ടിപ്രളയങ്ങളും ബന്ധമോക്ഷങ്ങളും ഉണ്ടെന്നനുഭവിക്കുന്നവരെ അവരവരുടെ അനുഭവസ്ഥിതിക്കനുയോജ്യമായി ചില വിവരണങ്ങൾ നൽകി സത്യത്തോടു പിടിച്ചടുപ്പിക്കുകയെന്നുള്ളതാണു ജ്ഞാനികളുടെ നയം. വിവരണങ്ങളെന്തൊക്കെയായാലും എല്ലാറ്റിനും ആശ്രയമായി ഒരു സനാതനസത്യമുണ്ടെന്നുള്ള കാര്യം മാറ്റമില്ലാതെ ആവർത്തിക്കപ്പെടുകയും ചെയ്യും. ഇതാണു ഭഗവാന്റെയും നയം.

എല്ലാ വേദാന്തശാസ്ത്രഗ്രന്ഥങ്ങളിലും കാതലായ അംശം സത്യസ്വരൂപവിവരണങ്ങളാണ്. സൃഷ്ടിപ്രളയാദി വിവരണങ്ങളെല്ലാം ആ സത്യത്തോടടുപ്പിക്കാനുള്ള ഉപായങ്ങൾ മാത്രം. വസ്തു ബോധ്യപ്പെട്ടാൽ ഉപായങ്ങളെ പിന്നെ അത്ര കാര്യമായി ഗണിക്കേണ്ടതില്ല. അതുകൊണ്ടു ഭഗവാൻ സത്യസ്വരൂപം ആവർത്തിച്ചു വിവരിക്കുന്നു:

*21. അവ്യക്തോഽക്ഷര ഇത്യുക്തസ്തമാഹുഃ പരമാം ഗതിം*
*യം പ്രാപ്യ ന നിവർത്തന്തേ തദ്ധാമ പരമം മമ*

digitized by www.sreyas.in

അവ്യക്തഃ – ഇന്ദ്രിയമനസ്സുകൾക്കു വിഷയമല്ലെന്നും; അക്ഷരഃ – ഒരഴിവുമില്ലാത്തതാണെന്നും; ഉക്തഃ – പറയപ്പെട്ട; തം – ആ സത്യവസ്തുവിനെ; പരമാം ഗതിം ആഹുഃ – ജീവിതത്തിൽ എത്തിച്ചേരേണ്ട പരമലക്ഷ്യമായി സത്യദർശികൾ വിവരിക്കുന്നു; യം പ്രാപ്യ – ഏതു സത്യത്തെ പ്രത്യക്ഷമായറിഞ്ഞാൽ; ന നിവർത്തന്തേ – ജനനമരണഭ്രമം അസ്തമിക്കുമോ; തത് – ആ അനുഭവതലമാണ്; മമ പരമം ധാമ – എന്റെ ശുദ്ധമായ സ്വരൂപം.

ഇന്ദ്രിയമനസ്സുകൾക്കു വിഷയമല്ലെന്നും ഒരഴിവുമില്ലാത്തതാണെന്നും പറയപ്പെട്ട ആ സത്യവസ്തുവിനെ ജീവിതത്തിൽ എത്തിച്ചേരേണ്ട പരമലക്ഷ്യമായി സത്യദർശികൾ വിവരിക്കുന്നു. ഏതു സത്യത്തെ പ്രത്യക്ഷമായറിഞ്ഞാൽ ജനനമരണഭ്രമം അസ്തമിക്കുമോ ആ അനുഭവതലമാണ് എന്റെ ശുദ്ധമായ സ്വരൂപം.

### *തദ്ധാമ പരമം മമ*

വസ്തു ഒന്നേയുള്ളുവെങ്കിൽ ആര് എവിടെ എന്തു കണ്ടാലും കാണുന്നത് ആ വസ്തുവിനെത്തന്നെയായിരിക്കും. അപ്പോൾ കാഴ്ചയുടെ തകരാറുകൊണ്ടായിരിക്കും പലർ പല വിധത്തിൽ കാണാനിടയാകുന്നത്. മങ്ങിയ വെളിച്ചത്തിൽ കയറിനെ പാമ്പായും ജലധാരയായും വടിയായും ഒക്കെ കാണുന്നവർ കയറിനെത്തന്നെയാണു കാണുന്നത്. കാഴ്ചയുടെയും ഭാവനയുടെയും ദോഷം നിമിത്തം പലതായി കാണാൻ ഇടവരുന്നുവെന്നേയുള്ളു. കാഴ്ചയ്ക്കനുസരണമാണനുഭവം. കയറിനെ പാമ്പായി കാണുന്നവനു ഭയവും വിറയലും ചിലപ്പോൾ മരണംപോലും സംഭവിച്ചെന്നുവരാം. അതുപോലെ ബ്രഹ്മത്തെ പ്രപഞ്ചമായി കാണുന്നവർക്കു ബന്ധവും ക്ലേശവും സംഭവിക്കുന്നു. കയറിനെ കയറായിക്കാണുന്നതാണു വസ്തുദർശനം. അതുപോലെ ഏതനുഭവതലമാണു സത്യദർശനം? ഈ ചോദ്യത്തിനുള്ള വ്യക്തമായ മറുപടിയാണു ഭഗവാൻ ഇവിടെ നൽകിയിരിക്കുന്നത്. ഏതനുഭവതലത്തിൽ ജനനമരണഭ്രമം മാറി, വസ്തു ഒന്നേയുള്ളു എന്നനുഭവിക്കാറാകുന്നുവോ ആ അനുഭവതലമാണു ശുദ്ധമായ സ്വരൂപം.

ഇങ്ങനെ ഒരനുഭവതലമുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ അതിൽ എത്തിച്ചേരാൻ പറ്റും? ഈ ചോദ്യങ്ങൾക്കുള്ള മറുപടിയാണടുത്ത പദ്യം:

*22. പുരുഷഃ സ പരഃ പാർഥ ഭക്ത്യാ ലഭ്യസ്ത്വനന്യയാ*
*യസ്യാന്തഃസ്ഥാനി ഭൂതാനി യേന സർവമിദം തതം*

digitized by www.sreyas.in

പാർഥ - അല്ലയോ അർജുനാ; ഭൂതാനി - പ്രപഞ്ചഘടകങ്ങൾ; യസ്യ അന്തഃസ്ഥാനി - ഏതൊരു സത്യസ്വരൂപന്റെ ഉള്ളിലാണോ സദാ സ്ഥിതിചെയ്യുന്നത്; യേന - ഏതൊരു സത്യസ്വരൂപനാൽ; ഇദം സർവം തതം - ഇക്കാണുന്ന പ്രപഞ്ചം മുഴുവൻ അകവും പുറവും നിറയ്ക്കപ്പെട്ടിരിക്കുന്നുവോ; പരഃ സഃ പുരുഷഃതു - എല്ലാമായി വർത്തിക്കുന്ന ആ പുരുഷനാകട്ടെ; അനന്യയാ ഭക്ത്യാ ലഭ്യഃ - മറ്റൊന്നും കൂടിച്ചേരാത്ത ഭക്തികൊണ്ട് കണ്ടെത്താവുന്നവനായി ഭവിക്കുന്നു.

അല്ലയോ അർജുനാ. പ്രപഞ്ചഘടകങ്ങൾ ഏതൊരു സത്യസ്വരൂപന്റെ ഉള്ളിലാണോ സദാ സ്ഥിതിചെയ്യുന്നത്, ഏതൊരു സത്യസ്വരൂപനാൽ ഇക്കാണുന്ന പ്രപഞ്ചം മുഴുവൻ അകവും പുറവും നിറയ്ക്കപ്പെട്ടിരിക്കുന്നുവോ. എല്ലാമായി വർത്തിക്കുന്ന ആ പുരുഷനാകട്ടെ മറ്റൊന്നും കൂടിച്ചേരാത്ത ഭക്തികൊണ്ടു കണ്ടെത്താവുന്നവനായി ഭവിക്കുന്നു.

## *ഭക്ത്യാ ലഭ്യസ്ത്വനന്യയാ*

സർവപ്രപഞ്ചവുമായി വിലസുന്ന അനുഭവസ്വരൂപനായ ഒരു പുരുഷനുണ്ട്. ശരീരരൂപത്തിലുള്ള പുരങ്ങളിൽ സ്ഥിതിചെയ്യുന്നവൻ പുരുഷൻ എന്നാണു 'പുരുഷ' ശബ്ദത്തിനർഥം. ആ പുരുഷനെ കണ്ടെത്താനെന്താണു വഴി? അനന്യഭക്തികൊണ്ടു കണ്ടെത്താം. ഏതെങ്കിലും ഒന്നു കിട്ടാനായി അതിനോടുള്ള സ്നേഹമാണു ഭക്തി. പരമപുരുഷനെ കിട്ടാനായി ആ സത്യസ്വരൂപനെ സ്നേഹിക്കുകയാണദ്ദേഹത്തോടുള്ള ഭക്തി. അദ്ദേഹത്തെ പൂർണമായി കണ്ടുകിട്ടണമെങ്കിൽ സ്നേഹം പലതിലായി വിഭജിക്കപ്പെടാതെ പൂർണമായി ആ സത്യത്തിന്റെ നേരേ തിരിയണം. ഇതാണ് അനന്യഭക്തി. ഇതുതന്നെയാണ് ഏകാന്തഭക്തി. ഇതിനെയാണു മഹാത്മാക്കൾ ഭഗവാനോടുള്ള പരമപ്രേമമായി ചിത്രീകരിച്ചിട്ടുള്ളത്. സത്യം പൂർണമായി തെളിയുകയാണു ജീവിതലക്ഷ്യം. അതിനുവേണ്ടി മറ്റെന്തു വേണമെങ്കിലും ത്യജിക്കാം. ഏതു സാധനയും അനുഷ്ഠിക്കാം. ആരെ വേണമെങ്കിലും സമീപിക്കാം. സത്യം കിട്ടുമെന്നുറപ്പുവന്നാൽ സ്വന്തം വ്യക്തിത്വംപോലും വെടിയാം. അനന്യഭക്തിയുടെ അന്വേഷണത്വര ഇപ്രകാരമാണ്. ഈ ഭക്തി അന്വേഷണവേളയിൽ 'അപരാ' എന്നും അനുഭവവേളയിൽ 'പരാ' എന്നും രണ്ടായി തിരിയുന്നു. രണ്ടെന്ന തോന്നൽ അവശേഷിക്കുന്നിടത്തോളമാണ് അപരാഭക്തി. അദ്വയവസ്ത്വനുഭവം വരുന്നതാണു പരാഭക്തി. പരാഭക്തിയെ പതിനെട്ടാമധ്യായത്തിലെ അൻപത്തിനാലാം ശ്ലോകത്തിൽ ഭഗവാൻതന്നെ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. ഭക്തി കൂടാതെ

digitized by www.sreyas.in

സത്യദർശനത്തിനുള്ള മറ്റൊരുപായവും ഫലിക്കുന്നതല്ല. പ്രാപിക്കേണ്ട വസ്തുവിനോടു സ്നേഹമില്ലെന്നു വന്നാൽ അതിനെ എങ്ങനെ പ്രാപിക്കാൻ പറ്റും. അപ്പോൾ യോഗവും ജ്ഞാനവുമൊക്കെ ഭക്തിയുടെ പിൻബലമുണ്ടെങ്കിലേ ഫലിക്കൂ. അതുകൊണ്ടാണു ഭഗവാൻ ഭക്തിയെ ഒരു പ്രത്യേക യോഗമായി ഗീതയിൽ എടുത്തു പറയാത്തത്. സത്യസാക്ഷാൽക്കാരത്തിനു ജ്ഞാനയോഗം, കർമയോഗം എന്നിങ്ങനെ രണ്ടു നിഷ്ഠകളാണു ഞാൻ ഉപദേശിച്ചിട്ടുള്ളത് എന്നാണല്ലോ മൂന്നാമധ്യായത്തിലെ മൂന്നാം ശ്ലോകത്തിൽ ഭഗവാൻ പ്രസ്താവിച്ചത്. രണ്ടു നിഷ്ഠകൾക്കും ഭക്തി അനിവാര്യമായ സാമാന്യ ഘടകമായതുകൊണ്ടാണ് അതെടുത്തു പറയാത്തത്. സത്യപുരുഷനിൽ അനന്യഭക്തിയുള്ള ജിജ്ഞാസുവിനു പുരുഷസ്വരൂപം തെളിഞ്ഞുവരുന്ന ക്രമം എന്താണെന്നും ഭഗവാൻ പ്രസ്തുത ശ്ലോകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. ദ്വൈതബോധം മായുന്നതിന്റെ ക്രമമാണിത്. സത്യത്തെ സ്നേഹിക്കുകയോ അന്വേഷിക്കുകയോ ചെയ്യുന്നതിനു മുമ്പ് എല്ലാം വേറേ വേറേ എന്നു തോന്നിയിരുന്നു. സത്യവസ്തു ഒന്നുണ്ടെന്നു ബോധ്യമായി. അന്വേഷണ പ്രയത്നങ്ങളാരംഭിച്ചു. കുറച്ചു പുരോഗമിച്ചു ഹൃദയം ശുദ്ധിയാകുന്നതോടെ സവികൽപ്പസമാധിദശകളിൽ ബോധഘനമായ ഒരു നിലനിൽപ്പിനുള്ളിലാണ് എല്ലാ പ്രപഞ്ച ഘടകങ്ങളും ചലിക്കുന്നത് എന്നറിയാറാകുന്നു. കുറേക്കൂടെ മുന്നോട്ടു നീങ്ങുന്നതോടെ എല്ലാറ്റിന്റെയും ഉള്ളിലും പുറത്തും ബോധസ്വരൂപമായ ബ്രഹ്മം നിറഞ്ഞു നിൽക്കുന്നു എന്നനുഭവിക്കാറാകും. അടുത്ത അനുഭവമാണു ബ്രഹ്മമല്ലാതെ ലേശംപോലും മറ്റൊന്നും ഇവിടെയില്ല എന്ന പരമപുരുഷാനുഭവം. ഈ അനുഭവത്തിലെത്തുന്നതോടെ എല്ലാ ജനനമരണഭ്രമവും അവസാനിക്കുന്നു. ഇതാണു പരാഭക്തി.

ചിലർക്കു മനുഷ്യശരീരത്തോടെ വർത്തിക്കുമ്പോൾത്തന്നെ ഈ പൂർണാനുഭവം വന്നില്ലെന്നുവരാം. എങ്കിലും ഭക്തിയും ജ്ഞാനവും ഒരു ഘട്ടംവരെ വളർന്നാൽ മരണാനന്തരം പിന്നെ ഭൂമിയിൽ തിരിച്ചുവരാതെ ദിവ്യലോകങ്ങൾ കടന്നു ബ്രഹ്മപ്രാപ്തി കൈവരിക്കാം. എവിടംവരെയെത്തിയാൽ മനുഷ്യലോകത്തിലേക്കു തിരിച്ചുവരാതെ കഴിക്കാം. എവിടെ നിന്നാൽ തിരിച്ചു വരേണ്ടിവരും. ഈ കാര്യങ്ങൾ വ്യക്തമാക്കിത്തരാമെന്നു പറയുകയാണു ഭഗവാൻ അടുത്ത ശ്ലോകത്തിൽ:

*23. യത്ര കാലേ ത്വനാവൃത്തിമാവൃത്തിം ചൈവ യോഗിനഃ*
*പ്രയാതാ യാന്തി തം കാലം വക്ഷ്യാമി ഭരതർഷഭ*

digitized by www.sreyas.in

ഭരതർഷഭ - അല്ലയോ അർജുനാ; യത്ര കാലേ തു പ്രയാതാഃ - ഏതവസരത്തിൽ ദേഹം വെടിഞ്ഞുപോകുന്നവരായ; യോഗിനഃ - യോഗിമാരാണ്; അനാവൃത്തിം യാന്തി - ഭൂലോകത്തിലേക്കു തിരിച്ചുവരാതെ ദിവ്യലോകങ്ങൾ കടന്നു ബ്രഹ്മപ്രാപ്തി കൈവരിക്കുന്നത്; ച ഏവ - അതുപോലെ തന്നെ; ആവൃത്തിം യാന്തി - ഏതവസരത്തിൽ ദേഹം വെടിഞ്ഞുപോകുന്നവരായ യോഗിമാരാണു ഭൂലോകത്തിലേക്കു തിരിച്ചുവരാൻ ഇടയാകുന്നത്; തം കാലം - പ്രത്യേകം പ്രത്യേകമുള്ള ആ കാലം; വക്ഷ്യാമി - ഞാൻ നിനക്കു പറഞ്ഞുതരാം.

അല്ലയോ അർജുനാ, ഏതവസരത്തിൽ ദേഹം വെടിഞ്ഞുപോകുന്നവരായ യോഗിമാരാണു ഭൂലോകത്തിലേക്കു തിരിച്ചുവരാതെ ദിവ്യലോകങ്ങൾ കടന്നു ബ്രഹ്മപ്രാപ്തി കൈവരിക്കുന്നത്, അതുപോലെ തന്നെ ഏതവസരത്തിൽ ദേഹം വെടിഞ്ഞു പോകുന്നവരായ യോഗിമാരാണു ഭൂലോകത്തിലേക്കു തിരിച്ചുവരാൻ ഇടയാകുന്നത്, പ്രത്യേകം പ്രത്യേകമുള്ള ആ കാലം ഞാൻ നിനക്കു പറഞ്ഞുതരാം.

## ഉത്തരായണവും ദക്ഷിണായനവും

മനുഷ്യജീവിതത്തിനു നാലുതരം ഗതികളാണു കർമപാകതയനുസരിച്ചു നിർണയിക്കപ്പെട്ടിരിക്കുന്നത്. അദ്വയസത്യം പൂർണമായി സാക്ഷാൽക്കരിച്ച ജീവന്മുക്തന്മാർക്ക് ഒരിടത്തും പോകേണ്ടതില്ല. ദേഹപാതത്തിനു മുൻപുതന്നെ അവർ മുക്തരായിക്കഴിഞ്ഞിരിക്കുന്നു. സിദ്ധാന്തപരമായി വസ്തു ഗ്രഹിക്കപ്പെട്ടു. പതിമൂന്നാം പദ്യത്തിൽ വിവരിച്ചിരിക്കുന്നതുപോലെ പ്രണവോപാസനയും മറ്റും വശത്താക്കി. എന്നാൽ വസ്തുവിന്റെ പ്രത്യക്ഷാനുഭവം സാധ്യമായില്ല. ആത്മാനുസന്ധാനത്തോടുകൂടിയോ പ്രണവമുച്ചരിച്ചോ ദേഹം വെടിയാൻ കഴിഞ്ഞു. അങ്ങനെയുള്ളവർ ക്രമമുക്തിക്കർഹരായിത്തീരുന്നു. അവർ ഉത്തരായണമാർഗം അവലംബിച്ചു ദിവ്യലോകങ്ങൾ കടന്നു ബ്രഹ്മത്തിൽ ഏകീഭവിക്കുന്നു. ഈ മാർഗത്തെക്കുറിച്ചുള്ള വിവരണം അടുത്ത പദ്യം നോക്കി അറിയേണ്ടതാണ്. ഉത്തരായണമാർഗത്തിന്റെ പര്യായങ്ങളാണു ദേവയാനമാർഗം, ജ്യോതിർമാർഗം എന്നിവ. സിദ്ധാന്തപരമായിപ്പോലും വസ്തുബോധമുണ്ടാകാത്തവരാണു മൂന്നാമത്തെ കൂട്ടർ. അവർ കർമബഹുലമായ ജീവിതം നയിക്കവേ ഇഹലോകത്തും പരലോകത്തുമുള്ള സുഖങ്ങൾ കൊതിച്ചുകൊണ്ടു യജ്ഞങ്ങളും ആരാധനകളും കൊണ്ട് ഇഷ്ടദേവന്മാരെ ഉപാസിക്കുന്നു. സമൂഹത്തിനുപകാരപ്രദങ്ങളായ ചില പുണ്യകർമങ്ങൾ ചെയ്യുന്നു. അങ്ങനെയുള്ളവർ ദക്ഷിണായനമാർഗം

digitized by www.sreyas.in

അവലംബിച്ചു പിതൃലോകമെന്നറിയപ്പെടുന്ന സ്വർഗഭാഗത്തിലെത്തി ദേവന്മാരുമായി സ്വർഗസുഖങ്ങളനുഭവിച്ചു പുണ്യം ക്ഷയിക്കുമ്പോൾ ഭൂമിയിലേക്കു തിരിച്ചുവരുന്നു. പരലോകസുഖത്തിനായി ചെയ്തിട്ടുള്ള പുണ്യകർമം മാത്രമേ പിതൃലോകത്ത് അനുഭവിച്ചു തീരുന്നുള്ളു. അത്തരം പുണ്യകർമങ്ങളല്ലാതെ ഇഹലോകാനുഭവത്തിനായി എന്തെല്ലാം ചെയ്തിട്ടുണ്ടോ ആ കർമങ്ങൾ അനുഭവിക്കാനായിട്ടാണവർ ഇങ്ങോട്ടു തിരിച്ചുവരുന്നത്. ആ കർമങ്ങളുടെ സ്വഭാവമനുസരിച്ചു മനുഷ്യനായോ മൃഗമായോ ഒക്കെ വീണ്ടും ജനിക്കാനുമിടവരുന്നു. ദക്ഷിണായനമാർഗത്തിന്റെ പര്യായങ്ങളാണു പിതൃയാനമാർഗം, ധൂമമാർഗം എന്നിവ. വസ്തുബോധവുമുണ്ടായിട്ടില്ല, പുണ്യകർമങ്ങളും ഒന്നും ചെയ്തില്ല, അങ്ങനെയുള്ളവരാണു നാലാമത്തെ കൂട്ടർ. കടുത്ത അധർമങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ അതനുഭവിക്കാനായി അവർക്കു നരകങ്ങളിൽ പോകേണ്ടിവരും. പാപത്തിന്റെ ശിക്ഷ കഴിഞ്ഞാൽ ശേഷിക്കുന്ന കർമസ്വഭാവമനുസരിച്ചു ഭൂമിയിൽ വീണ്ടും ജനിക്കും. വലിയ പാപമൊന്നും ചെയ്യാതെ കർമം ചെയ്തു കഴിഞ്ഞുകൂടുന്നവർ ദേഹപാത വേളയിലെ കർമമനുസരിച്ചു പല രൂപത്തിൽ ജനിച്ചും മരിച്ചും ഇവിടത്തന്നെ ജീവിതം തുടർന്നുപോകും. ഇതിൽ ദേവയാന പിതൃയാനമാർഗങ്ങൾക്ക് അർഹരായിത്തീരുന്നവരുടെ കാര്യം വിശദമാക്കിത്തരാമെന്നാണു ഭഗവാൻ പ്രസ്തുത പദ്യത്തിൽ പറഞ്ഞിരിക്കുന്നത്.

പറഞ്ഞതനുസരിച്ച്, തിരിച്ചുവരവിനിടയാകാത്ത ദേവയാനമാർഗത്തെയാണു ഭഗവാൻ ആദ്യമായി വിവരിക്കാൻ പോകുന്നത്:

*24. അഗ്നിർജ്യോതിരഹഃ ശുക്ലഃ ഷണ്മാസാ ഉത്തരായണം*
*തത്ര പ്രയാതാ ഗച്ഛന്തി ബ്രഹ്മ ബ്രഹ്മവിദോ ജനാഃ*

അഗ്നിഃ - അഗ്നിയെ പ്രതിനിധാനം ചെയ്യുന്നതും; ജ്യോതിഃ - ജ്യോതിസ്സിനെ പ്രതിനിധാനം ചെയ്യുന്നതും; അഹഃ - പകലിനെ പ്രതിനിധാനം ചെയ്യുന്നതും; ശുക്ലഃ - വെളുത്ത പക്ഷത്തെ പ്രതിനിധാനം ചെയ്യുന്നതും; ഷണ്മാസാഃ - ഉത്തരായണമെന്നറിയപ്പെടുന്ന ആറു മാസത്തെ പ്രതിനിധാനം ചെയ്യുന്നതുമായ ദേവതമാരുടെ മാർഗമാണ്; ഉത്തരായണം - ഉത്തരായണ മാർഗമെന്നറിയപ്പെടുന്നത്; തത്ര - ആ ഉത്തരായണമാർഗത്തിൽ; പ്രയാതാഃ - ദേഹമുപേക്ഷിച്ചു കടക്കുന്ന; ബ്രഹ്മവിദഃ ജനാഃ - പരോക്ഷബ്രഹ്മജ്ഞാനികൾ; ബ്രഹ്മ ഗച്ഛന്തി - ക്രമേണ മേൽപ്പറഞ്ഞ ദേവതമാരാൽ ആനീതരായി പല ദിവ്യലോകങ്ങൾ കടന്നു പരമകാരണമായ ബ്രഹ്മവുമായി ഏകീഭവിക്കുന്നു.

digitized by www.sreyas.in

## ഉത്തരായണമാർഗം

സ്വയം പ്രകാശിച്ചു വിളങ്ങുന്ന ബോധസ്വരൂപമായ സത്യത്തിൽ മായ യുണ്ടാക്കുന്ന ആവരണത്തോടെയാണല്ലോ പ്രപഞ്ചഗതിയാരംഭിക്കുന്നത്. അപ്പോൾ വസ്തുപ്രകാശവും മായയുടെ ഇരുട്ടും ഇടകലർന്നതാണു ജീവിതഗതി. കാലം, പകൽ, രാത്രി എന്നു വിഭജിക്കപ്പെടുന്ന അനുഭവംതന്നെ ഇതിനു തെളിവാണ്. അതുകൊണ്ടു കൂടുതൽ കൂടുതൽ വസ്തുവിനെ അറിഞ്ഞെടുക്കുന്നതു പ്രകാശത്തിന്റെ മാർഗമാവാനേ തരമുള്ളു. കൂടുതൽ കൂടുതൽ മായയിൽ മോഹിക്കുന്നത് ഇരുട്ടിന്റെ മാർഗവും. പ്രകാശത്തിന്റെ മാർഗമാണ് ഉത്തരായണം. ബ്രഹ്മസത്യം സാക്ഷാൽക്കരിക്കപ്പെട്ടില്ലെങ്കിലും ബുദ്ധിപരമായി വസ്തുനിശ്ചയം വന്നവരാണ് ആ മാർഗത്തിലെ ആധികാരികൾ. അവർ പ്രണവം സ്മരിച്ചോ ഭാവനകൊണ്ട് ആത്മാനുസന്ധാനം ചെയ്തോ ദേഹം വെടിയുന്നു. തുടർന്നു വസ്തുഭാവനകൊണ്ടു പ്രകാശമയമായിത്തീരുന്ന അവരുടെ സൂക്ഷ്മശരീരം സൂര്യരശ്മികളെ അവലംബമാക്കി അന്തരീക്ഷത്തിലേക്കുയരുന്നു. ദേഹമുള്ളിടത്തോളം അതിനുള്ളിലെ സൂക്ഷ്മശരീരയായ ജീവൻ രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ സൂക്ഷ്മനാഡികൾ വഴി സദാ സൂര്യരശ്മികളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണു സിദ്ധാന്തം. പ്രത്യക്ഷമായി കാണാനില്ലെങ്കിൽപ്പോലും രാത്രികാലങ്ങളിലും സൂര്യരശ്മികളുടെ പ്രസരം നിഷേധിക്കാവതല്ല. രാത്രികാലങ്ങളിൽ ചൂടനുഭവപ്പെടുന്നതു തന്നെയാണതിനുള്ള തെളിവ്. തുടർന്നു പ്രകാശമയമായ ഉത്തരായാണമാർഗത്തിലെ രക്ഷാധികാരികളായ ദേവതമാർ ഓരോരുത്തരായി സുക്ഷ്മശരീരിയായ ആ ജീവനെ ദിവ്യലോകങ്ങൾ വഴി കടത്തിക്കൊണ്ടുപോകുന്നു. ദിവ്യശരീരികളായിട്ടാണു ദേവന്മാരും വന്നെത്തുക. ഇന്ദ്രിയങ്ങളെല്ലാം ഒരുമിച്ചുചേർന്നു പിണ്ഡീഭവിക്കുന്നതുകൊണ്ടു വഴിമധ്യേ ജീവനു വിശേഷിച്ചനുഭവമൊന്നും ഉണ്ടാകുന്നതല്ല. ഓരോ ദേവനും അധികാരാതിർത്തി നിർണയിച്ചിട്ടുണ്ട്. അവരവരുടെ അധികാരാതിർത്തിവരെ കൊണ്ടുപോയശേഷം ഓരോ ദേവനും ജീവനെ അടുത്ത ദേവനിലേക്കു കൈമാറുന്നു. ഇങ്ങനെയാണു ജീവൻ ദിവ്യലോകങ്ങൾ വഴി യാത്ര തുടരുന്നത്. ദേഹം വിട്ടുകഴിഞ്ഞാൽ ജീവനെ നയിക്കാൻ ആദ്യമായി വന്നെത്തുന്നത് അഗ്നിയെ പ്രതിനിധാനം ചെയ്യുന്ന ദേവനാണ്. അഗ്നിലോകത്തിന്റെ അതിർത്തിയിലെത്തുമ്പോൾ ജ്യോതിർദേവത ജീവനെ ഏറ്റുവാങ്ങും. തുടർന്ന് അഹർ ദേവത, ശുക്ലപക്ഷദേവത, ഉത്തരായണ ദേവത, സംവത്സര ദേവത എന്നിവരാൽ നയിക്കപ്പെട്ടു ദേവലോകത്തെത്തിച്ചേരും. ദേവ

digitized by www.sreyas.in

ലോകത്തിന്റെ പ്രതിനിധിയായ ദേവൻ വായുലോകത്തെത്തിക്കും. വായുലോകം കഴിഞ്ഞ് ആദിത്യലോകം, ചന്ദ്രലോകം, വിദ്യുല്ലോകം, വരുണലോകം, ഇന്ദ്രലോകം ഇവയും കടന്ന് പ്രജാപതിലോകത്ത് അഥവാ ബ്രഹ്മാവിന്റെ ലോകത്ത് എത്തിച്ചേരും. അവിടെവച്ചു ജീവന് വ്യക്തമായ ബ്രഹ്മബോധമുണ്ടായി സത്യസ്വരൂപമായി ഏകീഭവിക്കും. ഇതാണു ദേവയാനമാർഗം അഥവാ ക്രമമുക്തി മാർഗം. യോഗിക്ക് അനാവൃത്തിയും ആവൃത്തിയും സംഭവിക്കുന്ന കാലം പറയാമെന്നാണു ഭഗവാൻ ഇരുപത്തിമൂന്നാം പദ്യത്തിൽ വെളിപ്പെടുത്തിയത്. ഇവിടത്തെ കാലശബ്ദത്തിനു യോഗിമനസ്സിന്റെ സത്യബോധഘട്ടം എന്നേ അർഥമുള്ളു. ഉത്തരായണ കാലത്തിൽ മരിച്ചാൽ ദേവയാനമെന്നും ദക്ഷിണായനകാലത്തിൽ മരിച്ചാൽ പിതൃയാനമെന്നും ഒരു തെറ്റിദ്ധാരണയുണ്ട്. കാലമേതായാലും ചിത്തത്തിന്റെ പാകതയാണ് പോകേണ്ട മാർഗം നിശ്ചയിക്കുന്ന ഘടകം. ഭാരതയുദ്ധം കഴിഞ്ഞു ഭീഷ്മർ ദേഹത്യാഗത്തിനായി ഉത്തരായണ കാലം പ്രതീക്ഷിച്ചതോ എന്നു ചിലർ ചോദിച്ചേക്കാം. അത് ആചാരം അനുസരിക്കാനും പിതാവിന്റെ അനുഗ്രഹമായ സ്വച്ഛന്ദമൃത്യു ലോകത്തു പ്രസിദ്ധമാക്കിത്തീർക്കാനും വേണ്ടിയായിരുന്നു എന്നാണു ശ്രീ ശങ്കരഭഗവത് പാദർ ബ്രഹ്മസൂത്ര ഭാഷ്യത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ദേവയാനമാർഗത്തെക്കുറിച്ചുള്ള ഇത്തരം വിശദ വിവരങ്ങൾ കൂടുതൽ അറിയാൻ ആഗ്രഹമുള്ളവർ ബ്രഹ്മസൂത്രം നാലാമധ്യായത്തിലെ രണ്ടും മൂന്നും പദങ്ങളും ഭഗവത്പാദരുടെ ഭാഷ്യവും വായിച്ചു നോക്കേണ്ടതാണ്.

അനാവൃത്തിയുടേതായ ദേവയാനമാർഗമാണല്ലോ വിവരിച്ചത്. ആവൃത്തിയുടേതായ പിതൃയാനമാർഗം ഏതാണ്? ഭഗവാൻ അതു വിവരിക്കുന്നു:

*25. ധൂമോ രാത്രിസ്തഥാ കൃഷ്ണഃ ഷണ്മാസാ ദക്ഷിണായനം*
*തത്ര ചാന്ദ്രമസം ജ്യോതിര്യോഗീ പ്രാപ്യ നിർവത്തതേ*

ധൂമഃ - ധൂമത്തെ പ്രതിനിധാനം ചെയ്യുന്നതും: രാത്രിഃ - രാത്രിയെ പ്രതിനിധാനം ചെയ്യുന്നതും; തഥാ കൃഷ്ണഃ - അതുപോലെ കൃഷ്ണപക്ഷത്തെ പ്രതിനിധാനം ചെയ്യുന്നതും; ഷണ്മാസാഃ - ദക്ഷിണായനമെന്നറിയപ്പെടുന്ന ആറു മാസത്തെ പ്രതിനിധാനം ചെയ്യുന്നതുമായ ദേവതമാരുടെ മാർഗമാണ് ദക്ഷിണായനം - ദക്ഷിണായന മാർഗമെന്നറിയപ്പെടുന്നത്; തത്ര - ദേഹമുപേക്ഷിച്ച് ആ ദക്ഷിണായനമാർഗത്തിലേക്കു കടക്കുന്നു; യോഗീ - യജ്ഞദാനാദി പുണ്യകർമങ്ങളനുഷ്ഠിച്ചിട്ടുള്ള തപസ്വി; ചാന്ദ്രമസം ജ്യോതിഃ പ്രാപ്യ - മേൽപ്പറയ

digitized by www.sreyas.in

പ്പെട്ട ദേവതമാരാൽ നയിക്കപ്പെട്ടു ചന്ദ്രപ്രഭാപൂരിതമായ പിതൃലോകം പ്രാപിച്ചു ദേവന്മാരുമൊത്തു സ്വർഗസുഖങ്ങൾ അനുഭവിച്ചശേഷം; നിർവത്തതേ - വീണ്ടും ഭൂമിയിൽ വന്നു ജനിക്കുന്നു.

ധൂമത്തെ പ്രതിനിധാനം ചെയ്യുന്നതും രാത്രിയെ പ്രതിനിധാനം ചെയ്യുന്നതും അതുപോലെ കൃഷ്ണപക്ഷത്തെ പ്രതിനിധാനം ചെയ്യുന്നതും ദക്ഷിണായനമെന്നറിയപ്പെടുന്ന ആറുമാസത്തെ പ്രതിനിധാനം ചെയ്യുന്നതുമായ ദേവതമാരുടെ മാർഗമാണു ദക്ഷിണായനമാർഗമെന്നറിയപ്പെടുന്നത്. ദേഹമുപേക്ഷിച്ച് ആ ദക്ഷിണായനമാർഗത്തിലേക്കു കടക്കുന്ന യജ്ഞദാനാദിപുണ്യകർമങ്ങളനുഷ്ഠിച്ചിട്ടുള്ള തപസ്വി മേൽപ്പറയപ്പെട്ട ദേവതമാരാൽ നയിക്കപ്പെട്ടു ചന്ദ്രപ്രഭാപൂരിതമായ പിതൃലോകം പ്രാപിച്ചു ദേവന്മാരുമൊത്തു സ്വർഗസുഖങ്ങൾ അനുഭവിച്ചശേഷം വീണ്ടും ഭൂമിയിൽ വന്നു ജനിക്കുന്നു.

## *ദക്ഷിണായനമാർഗം*

കർമമാർഗത്തിൽത്തന്നെ സംഗബദ്ധനായി മോഹിച്ചു കഴിഞ്ഞുകൂടി. എന്നാൽ അവിടെത്തന്നെ ചില ഉയർന്ന സുഖാനുഭവങ്ങൾക്കായി പുണ്യകർമങ്ങൾ ചിലതു ചെയ്തു. പുണ്യകർമരൂപമായ തപസ്സനുഷ്ഠിച്ച അത്തരം ആളുകളാണു ദക്ഷിണായന മാർഗത്തിനധികാരികൾ. മരണവേളയിൽ സ്വർഗസുഖകാമനയോടുകൂടി അവർ ദേഹം വെടിയുന്നു. ദേഹമുപേക്ഷിച്ചു പുറത്തുവരുന്ന സൂക്ഷ്മശരീരിയായ ജീവനെ പിതൃയാനമാർഗത്തിൽക്കൂടി നയിക്കാൻ ആദ്യമായി എത്തുന്നതു ധൂമത്തെ പ്രതിനിധാനം ചെയ്യുന്ന ദേവതയാണ്. ധൂമാഭിമാനിയായ ദേവതയുടെ അധികാരപരിധിയിലെത്തുമ്പോൾ രാത്രിയെ പ്രതിനിധാനം ചെയ്യുന്ന ദേവത വന്ന് ഏറ്റുവാങ്ങുകയായി. തുടർന്നു കൃഷ്ണപക്ഷദേവത, ദക്ഷിണായനദേവത എന്നിവരാൽ നയിക്കപ്പെട്ടു ചന്ദ്രലോകമെന്നറിയപ്പെടുന്ന പിതൃലോകത്തെത്തിച്ചേരുന്നു. സ്വർഗത്തിന്റെ ഒരുഭാഗം തന്നെയാണിത്. അവിടെയെത്തിച്ചേരുന്നതോടെ ദേവന്മാരോടൊപ്പം സ്വർഗസുഖങ്ങളനുഭവിക്കാൻ മിക്കവാറും ജലമയമായ ഒരു ദേഹം ജീവൻ കൈക്കൊള്ളുന്നു. സുഖമനുഭവിച്ചു പുണ്യം ക്ഷയിച്ചുകഴിഞ്ഞാൽ അവശേഷിക്കുന്ന ജലമയമായ ശരീരഭാഗം ദേവന്മാരാൽ അന്തരീക്ഷത്തിലേക്കു പുറംതള്ളപ്പെടുന്നു. ഇഹലോകാനുഭവങ്ങൾക്കായി അവശേഷിപ്പിക്കുന്ന കർമവാസനകളുമായി അതു ഭൂമിയിലേക്കു നിവർത്തിക്കുന്നു.

digitized by www.sreyas.in

## നിവർത്തനക്രമം

ദേവലോകത്തുനിന്നു ജീവന്റെ ഭൂമിയിലേക്കുള്ള വരവിനെ ഒരു യജ്ഞപരമ്പരയായിട്ടാണു ശ്രുതി ചിത്രീകരിക്കുന്നത്. ദേവന്മാർ ദ്യോവാകുന്ന അഗ്നിയിൽ ജലമയമായ ദേഹത്തോടുകൂടി ശ്രദ്ധാമയനായ ജീവനെ ഹോമിക്കുന്നു. ജീവന്റെ അവശേഷിക്കുന്ന കർമവാസനയുടെ ആകത്തുകയാണ് ശ്രദ്ധ. അന്തരീക്ഷം ആ ജീവശരീരത്തെ സോമരൂപമാക്കി പർജന്യാഗ്നിയിൽ ഹോമിക്കുന്നു. മേഘങ്ങളിൽ സ്ഥിതിചെയ്യുന്ന വൃഷ്ടിദേവതയാണു പർജന്യൻ. സോമരൂപമാക്കി എന്നതിനു ജലമയമായ സൂക്ഷ്മശരീരത്തെ കുറേക്കൂടി പുഷ്ടിപ്പെടുത്തി എന്നേയർഥമുള്ളു. പഞ്ചഭൂതങ്ങളും അടങ്ങുന്നതാണീ ശരീരം. ജലത്തിനാധിക്യമുള്ളതുകൊണ്ടു ജലമയമെന്നു പറയുന്നുവെന്നേയുള്ളു. പർജന്യദേവത ആ ശരീരത്തെ വൃഷ്ടിരൂപത്തിൽ ഭൂമിയാകുന്ന അഗ്നിയിൽ ഹോമിക്കുന്നു. ഭൂമി പല ഭക്ഷണപദാർഥങ്ങളുമായി കൂട്ടിച്ചേർത്തു അന്നമാക്കി ആ ജീവശരീരത്തെ പുരുഷാഗ്നിയിൽ ഹോമിക്കുന്നു. പുരുഷൻ അതിനെ ബീജരൂപമാക്കി സ്ത്രീയാകുന്ന അഗ്നിയിൽ ഹോമിക്കുന്നു. അവിടെവച്ച് അതു വ്യക്തിരൂപം കൈക്കൊണ്ടു ജനിക്കാനിടയാകുന്നു. ഇങ്ങനെ പിതൃലോകത്തുനിന്നു മടങ്ങുന്ന ജീവൻ ദ്യുപർജന്യ പൃഥിവീ പുരുഷയോഷിത് എന്ന അഞ്ചഗ്നികളിൽ യഥാക്രമം ശ്രദ്ധാസോമവൃഷ്ട്യന്നരേതോരൂപത്തിൽ ഹോമിക്കപ്പെട്ട ശേഷമാണു പ്രജയായി പ്രത്യക്ഷപ്പെടുന്നത്. ഈ നിവർത്തനപ്രക്രിയക്കു പഞ്ചാഗ്നിവിദ്യ എന്നാണു ശ്രുതി പേരിട്ടിരിക്കുന്നത്. ദക്ഷിണായനമാർഗത്തിൽക്കൂടി സുഖാനുഭവത്തിനു പിതൃലോകത്തെത്തുന്ന ജീവന്മാർക്കു മാത്രമേ ഈ നിവർത്തനക്രമം വേണ്ടു. അല്ലാത്തവർക്ക് ഈ നിവർത്തനക്രമം ബാധകമേയല്ല. ജീവന്റെ അത്യന്തം ക്ലേശകരമായ ഈ സംസാരയാത്ര സ്മരിച്ചെങ്കിലും മനുഷ്യനു വിരക്തിയും തത്വജിജ്ഞാസയും വരണമെന്നാണ് ഇതു വിവരിക്കുന്ന ശ്രുതിയുടെ അഭിലാഷം.

തുടർന്നു ദേവയാന പിതൃയാനമാർഗപ്രകരണം ഉപസംഹരിക്കുകയാണു ഭഗവാൻ ഇരുപത്തിയാറാം പദ്യത്തിൽ:

*26. ശുക്ലകൃഷ്ണേ ഗതീ ഹ്യേതേ ജഗതഃ ശാശ്വതേ മതേ*
*ഏകയാ യാത്യനാവൃത്തിമന്യയാവർത്തതേ പുനഃ*

ശുക്ലകൃഷ്ണേ - വെളുപ്പിന്റേതും കറുപ്പിന്റേതുമായ; ഏതേ ഗതീ - ഈ രണ്ടു മാർഗങ്ങളും; ജഗതഃ ശാശ്വതേ മതേ ഹി - പ്രപഞ്ചഗതി നിയന്ത്രിക്കുന്ന മാറ്റ

digitized by www.sreyas.in

മില്ലാത്ത മാർഗങ്ങൾ തന്നെയാണ്; ഏകയാ - അവയിൽ ഒരു മാർഗം; അനാവൃത്തിം യാതി - മടങ്ങിവരവില്ലാത്തതാകുന്നു; അന്യയാ പുനഃ ആവർത്തതേ - മറ്റേതു വീണ്ടും മടങ്ങിവരവുള്ളതാകുന്നു.

വെളുപ്പിന്റേതും കറുപ്പിന്റേതുമായ ഈ രണ്ടു മാർഗങ്ങളും പ്രപഞ്ചഗതി നിയന്ത്രിക്കുന്ന മാറ്റമില്ലാത്ത മാർഗങ്ങൾ തന്നെയാണ്. അവയിൽ ഒരു മാർഗം മടങ്ങിവരവില്ലാത്തതാകുന്നു. മറ്റേതു വീണ്ടും മടങ്ങിവരവുള്ളതാകുന്നു.

## *ശുക്ലകൃഷ്ണേ ഗതീ ഹ്യേതേ*

വെളുപ്പിന്റേയും കറുപ്പിന്റേയും മാർഗങ്ങളാണു യഥാക്രമം ഉത്തരായണവും ദക്ഷിണായനവും. വെളുപ്പ് വിദ്യയുടെയും കറുപ്പ് അവിദ്യയുടെയും നിറങ്ങളാണ്. പ്രകാശം - ഇരുട്ട്, ചേതനന് - ജഡം, ജ്ഞാനം - അജ്ഞാനം, മോക്ഷം - ബന്ധം ഇവയെല്ലാം യഥാക്രമം വിദ്യാവിദ്യകളുടെ പര്യായങ്ങളാണ്. പ്രപഞ്ചാനുഭവങ്ങളെല്ലാം ഈ പര്യായ ദ്വന്ദ്വങ്ങളിൽ ഒന്നിൽ ഒതുക്കാവുന്നതേയുള്ളു. ചേതനജഡരൂപത്തിലുള്ള പ്രപഞ്ചഘടനയെ അടിസ്ഥാനമാക്കി ആശ്രയിക്കുന്നവയായതുകൊണ്ടാണ് ഈ രണ്ടു മാർഗങ്ങളും പ്രപഞ്ചഗതിയെ നിയന്ത്രിക്കുന്ന മാറ്റമില്ലാത്ത മാർഗങ്ങളാണെന്നു ഭഗവാൻ പ്രഖ്യാപിച്ചിരിക്കുന്നത്. അപ്പോൾ ഉത്തരായണമെന്ന വെളുത്ത മാർഗം വിദ്യയുടെ, പ്രകാശത്തിന്റെ ചേതനന്റെ, ജ്ഞാനത്തിന്റെ, മോക്ഷത്തിന്റെ മാർഗമാണ്. ദക്ഷിണായനമെന്ന കറുത്ത മാർഗമാകട്ടെ അവിദ്യയുടെ, ഇരുട്ടിന്റെ, ജഡത്തിന്റെ, അജ്ഞാനത്തിന്റെ, ബന്ധത്തിന്റെ മാർഗമാണ്. ആദ്യത്തേത് അനാവൃത്തിയുടെയും രണ്ടാമത്തേത് ആവൃത്തിയുടെയും മാർഗമാണ്. ദക്ഷിണായനമാർഗത്തിലേക്കു പോലും കടക്കാത്ത അവിദ്യാമാർഗമാണു കൂരിരുട്ടിന്റേതായ മാർഗം. ജനിക്കുക, മരിക്കുക ഇതാണവിടത്തെ നിരന്തരപ്രക്രിയ.

പ്രപഞ്ചഗതിയിലെ ഈ രണ്ടു ശാശ്വതമാർഗങ്ങളും അറിയുന്ന യോഗി തീർച്ചയായും മോഹബദ്ധനായി ഉഴലുകയില്ലെന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

*27. നൈതേ സൃതീ പാർഥ ജാനൻ യോഗീ മുഹ്യതി കശ്ചന*
*തസ്മാത് സർവേഷു കാലേഷു യോഗയുക്തോ ഭവാർജുന*

പാർഥ - അല്ലയോ അർജുനാ; ഏതേ സൃതീ - വിദ്യാവിദ്യകളുടേതായ ഈ രണ്ടു മാർഗങ്ങളും; ജാനൻ കശ്ചന യോഗീ - അറിയുന്നവനായ ഒരു യോഗി; ന മുഹ്യതി - ലൗകികസുഖങ്ങളിലൊന്നും സംഗബദ്ധനായി ഉഴലാൻ ഇടവരുന്നില്ല; അർജുന - അല്ലയോ അർജുന; തസ്മാത് - അതുകൊണ്ട്, സർവേഷു

digitized by www.sreyas.in

കാലേഷു - കർമമെന്തായാലും സദാ സമയവും; യോഗയുക്തഃ ഭവ - സമനില ശീലിച്ച് ആത്മനിഷ്ഠനായിത്തീരാൻ യത്നിക്കൂ.

അല്ലയോ അർജുനാ, വിദ്യാവിദ്യകളുടേതായ ഈ രണ്ടു മാർഗങ്ങളും അറിയുന്നവനായ ഒരു യോഗി ലൗകികസുഖങ്ങളിലൊന്നും സംഗബദ്ധനായി ഉഴലാൻ ഇടവരുന്നില്ല. അല്ലയോ അർജുന, അതുകൊണ്ടു കർമം എന്തായാലും സദാ സമയവും സമനില ശീലിച്ച് ആത്മനിഷ്ഠനായിത്തീരാൻ യത്നിക്കൂ.

## *യോഗയുക്തോ ഭവാർജുന*

മനസ്സിന്റെ ഏകാഗ്രത ശീലിക്കലാണു യോഗം. ഫലകാമനയോടുകൂടിയ യജ്ഞാദിപുണ്യകർമങ്ങൾ അനുഷ്ഠിക്കുന്നതും ഇഷ്ടദേവതാരാധന നടത്തുന്നതുമൊക്കെ യോഗം തന്നെയാണ്. ഇവയൊക്കെ യോഗത്തിന്റെ പ്രാഥമിക പാഠങ്ങളാണെന്നേയുള്ളൂ. അതുകൊണ്ടാണു ദക്ഷിണായന മാർഗത്തിലേക്കു കടക്കുന്നയാളിനേയും ഇരുപത്തിയഞ്ചാം ശ്ലോകത്തിൽ ഭഗവാൻ യോഗിയെന്നു വിശേഷിപ്പിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത പദ്യത്തിലെ യോഗിയും യോഗവും പരമസാക്ഷാൽക്കാരത്തെ ലക്ഷ്യമാക്കിയുള്ള പദങ്ങളാണെന്നോർക്കണം. ഉത്തരായണദക്ഷിണായന മാർഗങ്ങളെക്കുറിച്ചു വ്യക്തമായ അറിവു നേടി പരമസാക്ഷാൽക്കാരമെന്ന മോക്ഷത്തെ ലക്ഷ്യമാക്കുന്ന യോഗി ഒരിക്കലും ഫലകാമനയിൽപ്പെട്ടുഴലാൻ ഇടയില്ല. ഫലകാമന വന്നാൽ സംസാരഗതി ആവർത്തിക്കേണ്ടിവരുമല്ലോ. അപ്പോൾ അർജുനനോടു സദാസമയവും അഭ്യസിക്കാനാവശ്യപ്പെടുന്ന യോഗം ഭഗവാൻ രണ്ടാമധ്യായത്തിൽ വിശദീകരിച്ച ഫലസംഗം വെടിഞ്ഞുള്ള സമബുദ്ധിയാണെന്ന കാര്യത്തിലും സംശയത്തിനവകാശമില്ല. യജ്ഞദാനാദി പുണ്യകർമങ്ങൾപോലും ഫലസംഗം കൂടാതെയാണനുഷ്ഠിക്കേണ്ടതെന്നും പതിനെട്ടാമധ്യായത്തിൽ ഭഗവാൻ തന്റെ നിശ്ചിതമായ മതം പ്രഖ്യാപിക്കുന്നുമുണ്ട്. അല്ലെങ്കിൽ സംസാരഗതി ആവർത്തിക്കേണ്ടിവരും.

മേൽവിവരിച്ച സംസാരഗതിയുടെ അനാവൃത്തിയും ആവൃത്തിയും വ്യക്തമായറിഞ്ഞുകൊണ്ടു സംഗം വെടിഞ്ഞു സമബുദ്ധിയെന്ന യോഗമഭ്യസിച്ചു ദേഹയാത്ര തുടരുന്ന യോഗി സമ്പൂർണമായ വസ്തുജ്ഞാനം നേടി ബ്രഹ്മസായൂജ്യമെന്ന പരമപദം പ്രാപിക്കുമെന്നു പ്രഖ്യാപിച്ചുകൊണ്ട് അക്ഷരബ്രഹ്മയോഗമെന്ന എട്ടാമധ്യായം ഉപസംഹരിക്കാൻ ഒരുമ്പെടുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

digitized by www.sreyas.in

*28. വേദേഷു യജ്ഞേഷു തപസ്സു ചൈവ*
*ദാനേഷു യത് പുണ്യഫലം പ്രദിഷ്ടം*
*അത്യേതി തത് സർവമിദം വിദിത്വാ*
*യോഗീ പരം സ്ഥാനമുപൈതി ചാദ്യം*

വേദേഷു - വേദാധ്യയനം കൊണ്ടും; യജ്ഞേഷു - യജ്ഞാനുഷ്ഠാനം കൊണ്ടും; തപസ്സു - തപസ്സുകൊണ്ടും; ദാനേഷു ച - ദാനധർമങ്ങൾ കൊണ്ടും; യത് പുണ്യഫലം പ്രദിഷ്ടം - എന്തൊക്കെ പുണ്യഫലം കിട്ടുമെന്നു വെളിപ്പെടുത്തിയിട്ടുണ്ടോ; യോഗീ - സമബുദ്ധി ശീലിച്ചു ആത്മനിഷ്ഠ നേടുന്ന യോഗി; ഇദം വിദിത്വാ - ഈ അക്ഷരബ്രഹ്മത്തെ അനുഭവിച്ചറിഞ്ഞ്; തത് സർവം അത്യേതി ഏവ - അവയ്ക്കൊക്കെ അപ്പുറത്തുള്ള ആനന്ദാനുഭവത്തിൽ എത്തിച്ചേരുകതന്നെ ചെയ്യുന്നു; ആദ്യംപരം സ്ഥാനം - പ്രപഞ്ചോൽപ്പത്തിക്കൊക്കെ മുമ്പേ നിലവിലുള്ള പരമകാരണവസ്തുസ്ഥിതിയെ; ഉപൈതി ച - പ്രാപിക്കുകയും ചെയ്യുന്നു.

വേദാധ്യയനം കൊണ്ടും യജ്ഞാനുഷ്ഠാനം കൊണ്ടും തപസ്സു കൊണ്ടും ദാനധർമങ്ങൾകൊണ്ടും എന്തൊക്കെ പുണ്യഫലം കിട്ടുമെന്നു വെളിപ്പെടുത്തിയിട്ടുണ്ടോ, സമബുദ്ധി ശീലിച്ച് ആത്മനിഷ്ഠ നേടുന്ന യോഗി ഈ അക്ഷരബ്രഹ്മത്തെ അനുഭവിച്ചറിഞ്ഞ് അവയ്ക്കൊക്കെ അപ്പുറത്തുള്ള ആനന്ദാനുഭവത്തിൽ എത്തിച്ചേരുകതന്നെ ചെയ്യുന്നു. പ്രപഞ്ചോൽപ്പത്തിക്കൊക്കെ മുമ്പേ നിലവിലുള്ള പരമകാരണമായ വസ്തുസ്ഥിതിയെ പ്രാപിക്കുകയും ചെയ്യുന്നു.

## *അത്യേതി തത്സർവം*

ഇഹലോകസുഖങ്ങളാണെങ്കിൽ പ്രത്യക്ഷത്തിൽ കാണ്മാനുണ്ട്. പുണ്യം ചെയ്തു നേടാവുന്ന പരലോകസുഖം ഇഹലോകസുഖങ്ങളെ നോക്കി ഊഹിക്കാവുന്നതേയുള്ളു. ബ്രഹ്മാനന്ദത്തെക്കുറിച്ചാണെങ്കിൽ നേരിട്ടറിയാനോ ഊഹിക്കാനോ കഴിയുന്നില്ല. ആ സ്ഥിതിക്കു സംഗം കൂടാതെ സമബുദ്ധി ശീലിച്ചാൽ ബ്രഹ്മാനന്ദം കിട്ടുമെന്നെന്താണുറപ്പ്? കിട്ടിയാൽ ത്തന്നെ സ്വർഗാദിസുഖങ്ങളെക്കാൾ അതു മെച്ചമായിരിക്കുമെന്നെങ്ങനെയറിയാം? അർജുനന്റെ സാമാന്യബുദ്ധി ഇത്തരം സംശയങ്ങൾക്കു ചിലപ്പോൾ വിധേയമായേക്കാമെന്നു ശങ്കിച്ചാണു ഭഗവാൻ ഈ ഉപസംഹാരശ്ലോകത്തിൽ രണ്ടു കാര്യങ്ങൾ ഉറപ്പിച്ചു പ്രസ്താവിച്ചിരിക്കുന്നത്. സമബുദ്ധിയെന്ന യോഗം ശീലിച്ച് അക്ഷരബ്രഹ്മത്തെ അറിയുന്നയാൾ നിശ്ചയമായും

digitized by www.sreyas.in

എല്ലാ ലോകസുഖങ്ങളെയും അതിജീവിക്കുന്ന അറിവില്ലാത്ത നിരന്തരമായ ബ്രഹ്മാനന്ദമനുഭവിക്കാനിടവരുന്നു. അങ്ങനെയുള്ള യോഗി ദേഹം വിട്ടുകഴിഞ്ഞാൽ ആനന്ദസ്വരൂപമായ ബ്രഹ്മവുമായി ഏകീഭവിച്ചു മോക്ഷം വരിക്കുകയും ചെയ്യുന്നു. അതുകൊണ്ടു സംശയം കൂടാതെ കർമരംഗത്തു നിൽക്കവേതന്നെ യോഗമഭ്യസിച്ചോളൂ എന്നാണു ഭഗവാന്റെ താൽപ്പര്യം.

## *അധ്യായാർഥസംക്ഷേപം*

ഏഴുമുതൽ പന്ത്രണ്ടുവരെയുള്ള അധ്യായങ്ങൾ 'തത്' പദാർഥവിവരണങ്ങളാണെന്നു നാം മുമ്പു ധരിച്ചുവല്ലോ. ഈ അധ്യായങ്ങളിൽ ബ്രഹ്മസാക്ഷാൽക്കാരപരങ്ങളായ വിവിധതരം ഉപാസനകൾ വിവരിച്ചിരിക്കുന്നതായും ചിലർ കരുതുന്നു. അതുകൊണ്ട് ഈ ആറധ്യായങ്ങൾക്കും കൂടി ഉപാസനാ കാണ്ഡമെന്ന പേരും ചിലർ നൽകിയിട്ടുണ്ട്. എട്ടാമധ്യായം 'തത്' പദാർഥമായ ബ്രഹ്മത്തിന്റെ വിവരണം ആയിരിക്കവേ തന്നെ അക്ഷരബ്രഹ്മോപാസനാപരവുമാണ്. അധ്യാത്മം, അധിഭൂതം, അധിദൈവം, അധിയജ്ഞം എന്നീ ഭാവങ്ങളിൽ പ്രപഞ്ചത്തെ ഒതുക്കി അവയിലൊക്കെ പരമകാരണമായ അക്ഷരം ബ്രഹ്മത്തെത്തന്നെ കണ്ടുപാസിക്കുന്നതാണ് അക്ഷരബ്രഹ്മോപാസന. ഈ ഉപാസനാമാർഗം സുഗമമാക്കാനാണു ഭഗവാൻ ആദ്യം മേൽപ്പറയപ്പെട്ട ഭാവങ്ങളെ അധ്യായാരംഭത്തിൽത്തന്നെ വ്യക്തമായി വേർതിരിച്ചു വിവരിച്ചത്. ഉപാസനകൊണ്ടു ബ്രഹ്മഭാവം ദൃഢപ്പെട്ടു ബ്രഹ്മസ്മരണയോടെ ദേഹം വെടിയുന്നയാൾ ബ്രഹ്മത്തെത്തന്നെ പ്രാപിക്കും. ഇനി നിർഗുണബ്രഹ്മഭാവത്തിൽ എത്തിച്ചേരാൻ സാധ്യമായില്ലെങ്കിൽ അക്ഷര ബ്രഹ്മോപാസകനു പ്രണവോപാസന ദൃഢപ്പെടുത്തി പ്രണവം സ്മരിച്ചുകൊണ്ടു ദേഹം വെടിഞ്ഞാലും ക്രമമുക്തി പ്രാപിക്കാം. എന്തായാലും അനന്യചേതസ്സായി സത്യത്തെ സമീപിക്കുന്നയാൾക്ക് ആ സത്യം സുലഭമായിത്തീരുന്നു എന്നാണു ഭഗവാന്റെ പ്രഖ്യാപനം. ബ്രഹ്മപ്രാപ്തികൊണ്ടു മാത്രമേ ജനനമരണരൂപമായ സംസാരം ഒഴിഞ്ഞുകിട്ടൂ. ബ്രഹ്മലോകം മുതൽ എല്ലാം പ്രകൃതിയിൽ ആവർത്തിച്ചുണ്ടായി മറയുന്നവയാണ്. ആയിരം ദിവ്യയുഗമാണു ബ്രഹ്മാവിന്റെ ഒരു പകൽ. മറ്റൊരായിരം ദിവ്യയുഗം രാത്രിയും. ഇതറിയുന്നവരാണു രാത്രിയും പകലും അറിയുന്നവർ. ബ്രഹ്മാവുണരുന്നതോടെ അവ്യക്തത്തിൽ നിന്ന് ഒന്നൊന്നായി പ്രപഞ്ചഘടകങ്ങൾ ആവിർഭവിക്കുന്നു. ബ്രഹ്മാവുറങ്ങുന്നതോടെ അവ ഒന്നൊന്നായി അവ്യക്തത്തിൽ മറയുകയും ചെയ്യുന്നു. അവ്യക്തരൂപിണിയായ പ്രകൃതിക്കു

digitized by www.sreyas.in

മപ്പുറമാണു പരബ്രഹ്മസ്ഥിതി. ഈ ജന്മത്തു സിദ്ധാന്തപരമായെങ്കിലും ബ്രഹ്മബോധമുണ്ടായി ആത്മാനുസന്ധാനത്തോടുകൂടിയോ ഓംകാരസ്മരണയോടുകൂടിയോ ദേഹമുപേക്ഷിക്കുന്നയാൾ ഉത്തരായണമാർഗത്തിലെ ക്രമമുക്തിക്കർഹനായിത്തീരുന്നു. വസ്തുബോധമില്ലാതെ പുണ്യകർമങ്ങൾ ചെയ്യുന്നവർ ദക്ഷിണായനമാർഗത്തിൽക്കൂടി പിതൃലോകം പ്രാപിച്ചു മടങ്ങേണ്ടിവരും. ഉത്തരായണവും ദക്ഷിണായനവും പ്രപഞ്ചത്തിലെ ശാശ്വതങ്ങളായ ജീവമാർഗങ്ങളാണ്. ഇവ വ്യക്തമായറിയുന്നയാൾ ലോകകാര്യങ്ങളിൽ മോഹിച്ചുപോവുകയില്ല. ബ്രഹ്മപ്രാപ്തി കൊതിച്ചുകൊണ്ടു യോഗമഭ്യസിക്കുന്നയാൾ എല്ലാ പുണ്യഫലങ്ങളെയും കടന്നുനിൽക്കുന്ന ആനന്ദമനുഭവിച്ചു സത്യസ്വരൂപത്തിൽ ഏകീഭവിക്കും. അതുകൊണ്ട് അർജുനൻ സ്വധർമമനുഷ്ഠിക്കവേ ബ്രഹ്മപ്രാപ്തിക്കായി നിരന്തരം യോഗവും അഭ്യസിക്കേണ്ടതാണ്. അക്ഷരബ്രഹ്മവിവരണവും അക്ഷരബ്രഹ്മോപാസനയും ഉൾക്കൊള്ളുന്നതുകൊണ്ട് ഈ അധ്യായത്തിന് 'അക്ഷരബ്രഹ്മയോഗം' എന്നു പേർ.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ*
*അക്ഷരബ്രഹ്മയോഗോ നാമ*
*അഷ്ടമോഽധ്യായഃ*



digitized by www.sreyas.in

*അധ്യായം 9*

# രാജവിദ്യാരാജഗുഹ്യയോഗം

അക്ഷരബ്രഹ്മത്തിന്റെ സഗുണോപാസനകൊണ്ടു നേടാവുന്ന ക്രമമുക്തിയാണ് എട്ടാമധ്യായത്തിൽ പ്രധാനമായും വിവരിച്ചത്. എന്നാൽ ഇവിടെവച്ചുതന്നെ ജ്ഞാനമാർഗമവലംബിച്ചു സർവം ബ്രഹ്മമയം എന്ന വിജ്ഞാനം അഥവാ അനുഭവം നേടുന്നതാണു പൂർണമായ ബ്രഹ്മപ്രാപ്തി. ഏഴാമധ്യായത്തിൽ ഇതു നേടാനുള്ള വിചാരമാർഗവും അനുഭവസ്വരൂപവും കുറെയൊക്കെ വിവരിച്ചതാണ്. എങ്കിലും ആവർത്തനം കൊണ്ടല്ലാതെ ഇതു പൂർണമായി ധരിക്കാൻ കഴിയുകയില്ലെന്നുള്ളതുകൊണ്ട് ഒൻപതാമധ്യായത്തിൽ ജ്ഞാനവിജ്ഞാനങ്ങൾതന്നെ ഭഗവാൻ ഒന്നുകൂടി വിവരിക്കാൻ ഒരുമ്പെടുകയാണ്. ഈ വിശദമായ ജ്ഞാനവിജ്ഞാനവിവരണം ഇവിടെ തൽക്കാലശരീരത്തിൽ വച്ചുതന്നെ പൂർണ ബ്രഹ്മപ്രാപ്തിക്കുപകരിക്കുന്നതായതുകൊണ്ട് ഇത് വിദ്യകളുടെ രാജാവാണ്; അതുപോലെ രഹസ്യങ്ങളുടെയും രാജാവാണ്. അതുകൊണ്ട് ഈ അധ്യായത്തിന് 'രാജവിദ്യാരാജഗുഹ്യയോഗം' എന്നു പേർ നൽകപ്പെട്ടിരിക്കുന്നു.

അധ്യായത്തിന്റെ ആമുഖമായി ഒൻപതാമധ്യായത്തിൽ താൻ എന്താണു വിവരിക്കാൻ പോകുന്നതെന്നു വെളിപ്പെടുത്തുകയാണു ഭഗവാൻ ഒന്നാം ശ്ലോകത്തിൽ:

1. *ഇദം തു തേ ഗുഹ്യതമം പ്രവക്ഷ്യാമ്യനസൂയവേ*
   *ജ്ഞാനം വിജ്ഞാനസഹിതം യജ്ജ്ഞാത്വാ*
   *മോക്ഷ്യസേഽശുഭാത്*

യത് ജ്ഞാത്വാ - ഏതൊന്നറിഞ്ഞാൽ; അശുഭാത് മോക്ഷ്യസേ - കർമവാസനയിൽ നിന്നു പൂർണമായി നിനക്കു മോചിക്കാൻ കഴിയുമോ; ഇദം ഗുഹ്യതമം

digitized by www.sreyas.in

ജ്ഞാനം തു - അപ്രകാരമുള്ള ഈ അത്യന്തരഹസ്യമായ വസ്തുബോധമാകട്ടെ; വിജ്ഞാനസഹിതം - അനുഭവസ്വരൂപത്തോടൊപ്പം; അനസൂയവേ തേ - അറിയാൻ ആഗ്രഹമുള്ള നിനക്ക്; പ്രവക്ഷ്യാമി - ഞാൻ പറഞ്ഞുതരാം.

ഏതൊന്നറിഞ്ഞാൽ കർമവാസനയിൽ നിന്നു പൂർണമായി നിനക്കു മോചിക്കാൻ കഴിയുമോ അപ്രകാരമുള്ള ഈ അത്യന്തരഹസ്യമായ വസ്തുബോധമാകട്ടെ അനുഭവസ്വരൂപത്തോടൊപ്പം അറിയാൻ ആഗ്രഹമുള്ള നിനക്കു ഞാൻ പറഞ്ഞുതരാം.

## *പ്രവക്ഷ്യാമ്യനസൂയവേ*

അറിവിന്റെ കവാടം മനപൂർവം അടച്ചുകളയാത്ത ജിജ്ഞാസുവാണ് അസൂയയില്ലാത്തവൻ. താൻ ഏതാണ്ടൊക്കെ ധരിച്ചുവന്നിട്ടുണ്ട്; എന്നാൽ അതിനൊക്കെ വ്യക്തമായ പ്രമാണമോ യുക്തിയോ അനുഭവമോ കാണിച്ചുതരാനൊട്ടില്ലതാനും. അതേയവസരത്തിൽ തന്റെ അൽപ്പജ്ഞാനത്തിൽ ഉറച്ചുനിന്നു പ്രഖ്യാപനങ്ങൾ നടത്തുകയും ശ്രുതിയുക്ത്യനുഭവങ്ങളെ മുൻനിറുത്തി മറ്റുള്ളവർ പറയുന്നതു കേൾക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നവരാണ് അറിവിന്റെ നേരേ അസൂയയുള്ളവർ. ഇത്തരം അസൂയാലുക്കളോടു ബ്രഹ്മചർച്ച നടത്താൻ പാടില്ലെന്നു ഭഗവാൻ ഗീതയിൽ ആവർത്തിച്ച് അഭിപ്രായപ്പെടുന്നു. ബ്രഹ്മം പരമമായി അനുഭവിച്ചറിയേണ്ട സത്യവസ്തുവാണ്. അനുഭവത്തിൽ മാത്രം വ്യക്തമായി തെളിയുന്നതായതുകൊണ്ട് അതിനെക്കുറിച്ചുള്ള ജ്ഞാനം അത്യന്തം രഹസ്യപൂർണവുമാണ്. അനുഭവസമ്പന്നനായ ഗുരുവിൽ നിന്നു സിദ്ധാന്തപരമായി വസ്തു ഗ്രഹിച്ചശേഷം യുക്തിവിചാരം ചെയ്തു സ്വയം യോഗം പരിശീലിച്ചു വേണം ആ സത്യം അനുഭവിക്കുവാൻ. അറിവിന്റെ നേരേ തടസ്സം സൃഷ്ടിക്കാത്ത തുറന്ന മനസ്സുള്ളവർക്കു മാത്രമേ അതു സാധ്യമാവൂ. അങ്ങനെ അസൂയാലുവല്ലാത്ത ആർക്കും ആ സത്യത്തെ അറിഞ്ഞനുഭവിച്ച് എല്ലാ ദുഃഖത്തിൽ നിന്നും മോചനം നേടാവുന്നതാണ്.

ബ്രഹ്മവിദ്യയോട് അർജുനനു പൂർണമായ താൽപ്പര്യം ജനിപ്പിക്കാനും തന്റെ വാക്കുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുമായി താനുപദേശിക്കാൻ പോകുന്ന വിദ്യയുടെ അതിരറ്റ മാഹാത്മ്യത്തെ സ്തുതിക്കുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

2. *രാജവിദ്യാ രാജഗുഹ്യം പവിത്രമിദമുത്തമം*
*പ്രത്യക്ഷാവഗമം ധർമ്യം സുസുഖം കർത്തുമവ്യയം*

digitized by www.sreyas.in

ഇദം - വിജ്ഞാനസഹിതമായ ഈ ജ്ഞാനം; രാജവിദ്യാ - വിദ്യകളുടെ രാജാവാണ്; രാജഗുഹ്യം - രഹസ്യങ്ങളുടെ ഒക്കെ രഹസ്യമാണ്; പവിത്രം - ലേശംപോലും കളങ്കം പുരളാത്തതാണ്; ഉത്തമം - ജീവിതത്തിൽ നേടാവുന്നതിലൊക്കെ ശ്രേഷ്ഠമായ നേട്ടമാണ്; പ്രത്യക്ഷാവഗമം - നേരിട്ടനുഭവിക്കാവുന്നതാണ്; ധർമ്യം - പൂർണമായും ധർമത്തിൽ അധിഷ്ഠിതമാണ്; കർത്തും സുസുഖം - പരിശീലിക്കാൻ വളരെ എളുപ്പമുള്ളതാണ്; അവ്യയം - കിട്ടിയാൽപ്പിന്നെ ഒരിക്കലും നഷ്ടപ്പെടാത്തതാണ്.

വിജ്ഞാനസഹിതമായ ഈ ജ്ഞാനം വിദ്യകളുടെ രാജാവാണ്; രഹസ്യങ്ങളുടെയൊക്കെ രഹസ്യമാണ്; ലേശംപോലും കളങ്കം പുരളാത്തതാണ്; ജീവിതത്തിൽ നേടാവുന്നതിലൊക്കെ ശ്രേഷ്ഠമായ നേട്ടമാണ്; നേരിട്ടനുഭവിക്കാവുന്നതാണ്; പൂർണമായും ധർമത്തിൽ അധിഷ്ഠിതമാണ്. പരിശീലിക്കാൻ വളരെ എളുപ്പമുള്ളതാണ്; കിട്ടിയാൽപ്പിന്നെ ഒരിക്കലും നഷ്ടപ്പെടാത്തതാണ്.

## *രാജവിദ്യാ രാജഗുഹ്യം*

അനുഭവസമ്പന്നമായ വസ്തുബോധം വിദ്യയുടെ രാജാവാണ്; രഹസ്യങ്ങളിൽവച്ചൊക്കെ രഹസ്യമാണ്. ഇവിടെ വസ്തു ഒന്നേയുള്ളു; ലേശംപോലും പലതില്ല എന്നു വിചാരം ചെയ്തും യോഗബലംകൊണ്ടും അനുഭവിച്ചറിയുന്നതാണല്ലോ അനുഭവസമ്പന്നമായ വസ്തുബോധം. ഇത്തരമൊരു വസ്തുബോധം അനുഭവപ്പെട്ടാൽ ഇനിയൊന്നുമറിയാനില്ലെന്നു സംശയമെന്യേ തെളിയുന്നു. ജിജ്ഞാസാശമനമാണല്ലോ വിദ്യയുടെ പരമലക്ഷ്യം. ജിജ്ഞാസ പൂർണമായി നിവർത്തിപ്പിക്കുന്ന ഒരു വിദ്യയുണ്ടെങ്കിൽ അതുതന്നെയാണു വിദ്യകളുടെയൊക്കെ രാജാവെന്നു പറയേണ്ടതില്ലല്ലോ. ജിജ്ഞാസ പൂർണമായി നിവർത്തിപ്പിക്കുന്നു എന്നുള്ളതുകൊണ്ടാണ് ബ്രഹ്മവിദ്യക്കു 'വേദാന്തം' എന്ന പേരുതന്നെയുണ്ടായത്. അറിവിന്റെ അവസാനം എന്നാണു 'വേദാന്ത' പദത്തിനർഥം. ജഡദൃശ്യങ്ങളായി കാണപ്പെടുന്ന പ്രപഞ്ചത്തിന്റെ പരമരഹസ്യമാണ് എല്ലാ വിദ്യകളും തിരയുന്നത്. ഭൗതികശാസ്ത്രം പദാർഥങ്ങളെ വിശകലനം ചെയ്തു സദാ രഹസ്യം തിരയുകയാണ്. എത്രയൊക്കെ വിശകലനം ചെയ്ത് എവിടെയെത്തിയിട്ടും എന്തോ രഹസ്യം ഇനിയും അവശേഷിക്കുന്നു എന്നതാണ് ആ ശാസ്ത്രത്തിന്റെ ഇതുവരെയുള്ള നിഗമനം. പരമരഹസ്യം തിരയുന്ന ജിജ്ഞാസുവിനെ വേദാന്തം ഇതാ മാടിവിളിക്കുന്നു. അതു വിവരിക്കുന്ന വസ്തുബോധം ശ്രദ്ധയോടെ അൽപ്പമൊന്നു കേൾക്കൂ. വിചാരം ചെയ്തും

digitized by www.sreyas.in

മനസ്സിനെ ഏകാഗ്രപ്പെടുത്തിയും അതൊന്നനുഭവിക്കാൻ യത്നിക്കൂ. രഹസ്യം രഹസ്യമെന്നു നിങ്ങൾ പറഞ്ഞു തള്ളുന്ന എല്ലാറ്റിന്റെയും രഹസ്യം അതോടെ മറമാറി സൂര്യതുല്യം തെളിയും. ഇനിയും നിങ്ങൾ ഈ ശാസ്ത്രത്തെ അവഗണിക്കുന്നുവോ ജീവിതരഹസ്യം നിങ്ങൾക്കൊരിക്കലും തെളിയാൻ പോകുന്നില്ല. കാരണം വസ്തു ഒന്നേയുള്ളു. അതാണ് അദ്വൈതബ്രഹ്മം. അതിനെ അറിയാനുള്ള മാർഗവും ഒന്നേയുള്ളു. അതാണ് അന്തർമുഖമായ മനസ്സിന്റെ ഏകാഗ്രത. ഇതു രണ്ടും അറിഞ്ഞനുഷ്ഠിച്ചാൽ നിലനിൽപ്പിന്റെ പരമരഹസ്യം തെളിയുമെന്നു പ്രഖ്യാപിക്കുന്ന ശാസ്ത്രമാണു വേദാന്തം. അതുകൊണ്ടുതന്നെ അതു രഹസ്യങ്ങളിൽവച്ചൊക്കെ മഹാരഹസ്യമാണ്. അത്യന്തം പവിത്രമാണീ ബ്രഹ്മജ്ഞാനം. രണ്ടുണ്ടെന്ന തോന്നലല്ലോ മാനസികവും ശാരീരികവുമായ എല്ലാ കളങ്കങ്ങളുടെയും ഉൽപ്പത്തിസ്ഥാനം. എവിടെയും, തന്നിലും പുറത്തും വസ്തു ഒന്നേയുള്ളു വെങ്കിൽപ്പിന്നെ കളങ്കത്തിനു പ്രസക്തിയെവിടെ? ഭേദദൃഷ്ടിയാണ് അവിദ്യ. അവിദ്യയെ പാടേ ഒഴിച്ചുമാറ്റുന്ന വിദ്യയാണ് ബ്രഹ്മവിദ്യ. അതുതന്നെയാണതിന്റെ പവിത്രത. ഏതു ലക്ഷ്യം പ്രാപിച്ചാൽ പൂർണമായ ശാന്തിയും സംതൃപ്തിയും അനുഭവിക്കാൻ കഴിയുമോ അതേ ജീവിതത്തിന്റെ പൂർണ ലക്ഷ്യമാവാൻ പറ്റൂ. അങ്ങനെയൊരു ലക്ഷ്യത്തെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്ന വിദ്യയാണ് ബ്രഹ്മവിദ്യ. രണ്ടില്ലാത്ത അനുഭവതലത്തിൽ അസംതൃപ്തിക്കോ അശാന്തിക്കോ ഇടമെവിടെ? അതുകൊണ്ടാണ് ഈ ജ്ഞാനത്തെ ഭഗവാൻ ഉത്തമം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. പരലോക സുഖങ്ങളും മറ്റും ഈ ജീവിതത്തിൽ നേരിട്ടനുഭവിക്കാവുന്നതല്ല. ദേശത്തിന്റെയും കാലത്തിന്റെയും അനന്തതയിൽ ബാഹ്യപ്രപഞ്ചത്തെക്കുറിച്ചുള്ള അറിവുകളിൽ ഒട്ടുമുക്കാലും നേരിട്ടറിയാൻ പറ്റുന്നവയല്ല. അവനവനിൽത്തന്നെ ആത്മാവായി സ്ഥിതിചെയ്യുന്ന വസ്തുവിനെക്കുറിച്ചുള്ള അറിവായതുകൊണ്ടു ബ്രഹ്മജ്ഞാനം ശ്രദ്ധാലുവായ ഒരാൾക്ക് ഈ ജീവിതത്തിൽത്തന്നെ നേരിട്ടനുഭവിച്ചു ബോധ്യപ്പെടാവുന്നതേയുള്ളു. എല്ലാറ്റിലുമുപരി ധർമത്തിൽനിന്ന് അണുപോലും വ്യതിചലിക്കാത്തതാണു ബ്രഹ്മജ്ഞാനം. എല്ലാ മതങ്ങളും സദാചാരങ്ങൾ ഉപദേശിക്കാറുണ്ട്. പക്ഷേ, അവയുടെ അടിത്തറ ഏതെന്നു ചൂണ്ടിക്കാണിക്കാറില്ല. വസ്തുബോധം വന്നു ഭേദചിന്ത കുറയുന്നതാണ് എല്ലാ സദാചാരങ്ങളുടെയും അടിത്തറ. അപ്പോൾ എല്ലാ സദാചാരങ്ങളുടെയും അടിത്തറ ബ്രഹ്മജ്ഞാനമാണ്. അതുകൊണ്ടതു ധർമ്യമാണ്. സനാതനമായ വസ്തുസത്തയുടെ സാക്ഷാ

digitized by www.sreyas.in

ൽക്കാരം അവ്യയമാണെന്നു പറയേണ്ടതില്ലല്ലോ. ദേഹനാശംകൊണ്ടു പോലും ബ്രഹ്മാനുഭവത്തിനഴിവു സംഭവിക്കുന്നില്ല. എന്നല്ല ദേഹം വീണ ശേഷമാണ് ഒരു ജ്ഞാനി തുര്യാതീതമെന്ന പൂർണാനുഭവ തലത്തി ലെത്തിച്ചേരുന്നതെന്നുപോലും ശാസ്ത്രം ഘോഷിക്കുന്നു. ഇപ്പറഞ്ഞ ജ്ഞാനമാഹാത്മ്യങ്ങളൊക്കെ ശരിതന്നെ. പക്ഷേ, ഈ ജ്ഞാനം പരിശീലി ച്ചനുഭവപ്പെടുത്താൻ ആർക്കു കഴിയും? ചിലരുന്നയിക്കുന്ന ഈ വാദഗതി ക്കുള്ള മറുപടിയാണു 'സുസുഖം കർത്തും' എന്ന ഭാഗം. വേണമെന്നുള്ള വർക്കു ഇതുപോലെ പരിശീലിക്കാൻ പറ്റിയ ഒരു ജ്ഞാനമാർഗം ഇല്ലത ന്നെ. പക്ഷേ, പലരും ഇതു വേണമെന്നു കരുതുന്നില്ല. അവിടെയാണു ബുദ്ധിമുട്ട്. വസ്തു ഒന്നാണ് എന്നു വിചാരം ചെയ്തുറപ്പിക്കാൻ പണച്ചെല വില്ല, സ്ഥാനഭേദമില്ല. ജാതിയോ മതമോ തൊഴിലോ ഒന്നും ഇതിനു തടസ്സ മല്ല. സ്ത്രീപുരുഷവ്യത്യാസമോ പ്രായഭേദമോ ഇതിൽ ഗണിക്കപ്പെടുന്നി ല്ല. ഇതാണ് ആചരണത്തിൽ ഇതിന്റെ സുസുഖത്വം. ഇതൊക്കെയാണു ബ്രഹ്മവിദ്യയുടെ മാഹാത്മ്യം.

മാഹാത്മ്യമേറിയതാണു ബ്രഹ്മവിദ്യ. എന്നാൽ പലരും ഇതു വേണ മെന്നു കരുതുന്നില്ല. ഇതിൽ ശ്രദ്ധിക്കുന്നില്ല. എന്താണവരുടെ ഗതി? ഗതി മറ്റൊന്നുമില്ല; അവർക്കൊരിക്കലും ജീവിതസത്യം വെളിപ്പെടുകയില്ല. അതു കൊണ്ടുതന്നെ സംസാരദുഃഖം അവസാനിക്കുകയുമില്ല. ഭഗവാന്റെ പ്രഖ്യാ പനം നോക്കുക:

*3. അശ്രദ്ദധാനാഃ പുരുഷാ ധർമസ്യാസ്യ പരന്തപ*
*അപ്രാപ്യ മാം നിവർത്തന്തേ മൃത്യുസംസാരവർത്മനി*

പരന്തപ - അല്ലയോ അർജുനാ; അസ്യ ധർമസ്യ - ഞാൻ വിവരിക്കാൻ പോകുന്ന വിജ്ഞാനസഹിതമായ ജ്ഞാനത്തെക്കുറിച്ച്; അശ്രദ്ദധാനാഃ പുരു ഷാഃ - ശ്രദ്ധിക്കാനേ കൂട്ടാക്കാത്ത മനുഷ്യർ; മാം അപ്രാപ്യ - നിലനിൽപ്പിന്റെ പരമരഹസ്യമായ പരമാത്മാവായ എന്നെ കണ്ടെത്താൻ കഴിയാതെ; മൃത്യുസം സാരവർത്മനി - ജനിച്ചും മരിച്ചും തുടരുന്ന ഈ സംസാരഗതിയിൽ; നിവർത്തന്തേ - വന്നും പോയും കഴിയാൻ ഇടവരുന്നു.

അല്ലയോ അർജുനാ, ഞാൻ വിവരിക്കാൻ പോകുന്ന വിജ്ഞാനസഹി തമായ ജ്ഞാനത്തെക്കുറിച്ചു ശ്രദ്ധിക്കാനേ കൂട്ടാക്കാത്ത മനുഷ്യർ നില നിൽപ്പിന്റെ പരമരഹസ്യമായ പരമാത്മാവായ എന്നെ കണ്ടെത്താൻ കഴി യാതെ ജനിച്ചും മരിച്ചും തുടരുന്ന ഈ സംസാരഗതിയിൽ വന്നും പോയും കഴിയാൻ ഇടവരുന്നു.

digitized by www.sreyas.in

## അപ്രാപ്യ മാം നിവർത്തന്തേ

നിലനിൽപ്പിന്റെ രഹസ്യം സൂര്യതുല്യം തെളിഞ്ഞിട്ടുണ്ട്. ഭഗവദ്ഗീത പോലുള്ള വേദാന്തശാസ്ത്ര ഗ്രന്ഥങ്ങളിൽ അതു സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്. ആ പരമരഹസ്യം നേരിട്ടറിഞ്ഞനുഭവിക്കാനുള്ള മാർഗങ്ങളും വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ഇവിടെ വിവരിക്കുന്നതിൽ കവിഞ്ഞു പുതുതായി ഒരു പരമസത്യം ഇനി ആരും ഒരിക്കലും കണ്ടെത്താനും പോകുന്നില്ല. യഥാർഥത്തിൽ ഒരുവനു സത്യജിജ്ഞാസയുണ്ടെങ്കിൽ ഇവിടെ പറയുന്നതു ശ്രദ്ധിക്കാനും പരീക്ഷിച്ചു നോക്കാനും അയാൾ തുനിയേണ്ടതാണ്. തനിക്കു പരമസത്യമെന്തെന്നു നിശ്ചയമില്ല. സത്യം സൂര്യതുല്യം കണ്ടെത്തിയിട്ടുണ്ടെന്നു പ്രഖ്യാപിക്കുന്ന ഗീതപോലുള്ള വേദാന്തശാസ്ത്ര ഗ്രന്ഥങ്ങൾ ശ്രദ്ധിക്കാനോ പരീക്ഷിച്ചുനോക്കാനോ ഒട്ടു തയ്യാറുമില്ല. പഠിക്കാതെയും പരീക്ഷിക്കാതെയും വേണമെങ്കിൽ അതൊക്കെ നിഷേധിക്കാൻ തക്ക ലജ്ജയില്ലായ്മയും ഇവരിൽ ചിലർ കാണിക്കാറുണ്ട്. ഇക്കൂട്ടരുടെ ഗതിയെന്ത്? അവരൊരിക്കലും സത്യം കണ്ടെത്താൻ പോകുന്നില്ലെന്നു ദൃഢമായി പ്രഖ്യാപിക്കാം. അവർ ജഡപ്രപഞ്ചത്തിന്റെ ഭാഗമായി ജനിച്ചും മരിച്ചും അങ്ങനെ തുടരാനും ഇടവരും.

ഇങ്ങനെ ഒരാമുഖം പൂർത്തിയാക്കിയശേഷം താൻ പ്രതിജ്ഞ ചെയ്ത വിജ്ഞാനസഹിതമായ ജ്ഞാനത്തെ അധ്യായശേഷംകൊണ്ടു പ്രതിപാദിക്കാൻ ഒരുമ്പെടുകയാണു ഭഗവാൻ അടുത്ത പദ്യം മുതൽ. ആദ്യമായി നിലനിൽപ്പിന്റെ വസ്തുസ്ഥിതിതന്നെ വിവരിക്കുകയാണു ഭഗവാൻ നാലാം പദ്യത്തിൽ:

4. *മയാ തതമിദം സർവം ജഗദവ്യക്തമൂർത്തിനാ*
*മത്സ്ഥാനി സർവഭൂതാനി ന ചാഹം തേഷ്വവസ്ഥിതഃ*

ഇദം സർവം ജഗത് – ഇക്കാണപ്പെടുന്ന സകല പ്രപഞ്ചവും; അവ്യക്തമൂർത്തിനാ മയാ – ഇന്ദ്രിയങ്ങൾകൊണ്ടൊന്നും കണ്ടെത്താൻ കഴിയാത്ത സ്വരൂപത്തോടുകൂടിയ എന്നെക്കൊണ്ട്; തതം – അകവും പുറവും നിറയ്ക്കപ്പെട്ടിരിക്കുന്നു.; സർവഭൂതാനി എല്ലാ പ്രപഞ്ചഘടകങ്ങളും; മത്സ്ഥാനി – എന്നിൽത്തന്നെയുള്ളവയാണ്; അഹം ച – ഞാനാകട്ടെ: തേഷു ന അവസ്ഥിതഃ – അവയിൽ മാത്രമായി ഒതുങ്ങുന്നവനല്ല.

ഇക്കാണപ്പെടുന്ന സകല പ്രപഞ്ചവും ഇന്ദ്രിയങ്ങൾകൊണ്ടൊന്നും കണ്ടെത്താൻ കഴിയാത്ത സ്വരൂപത്തോടുകൂടിയ എന്നെക്കൊണ്ട് അകവും

digitized by www.sreyas.in

പുറവും നിറയ്ക്കപ്പെട്ടിരിക്കുന്നു. എല്ലാ പ്രപഞ്ചഘടകങ്ങളും എന്നിൽത്തന്നെയുള്ളവയാണ്. ഞാനാകട്ടെ അവയിൽ മാത്രമായി ഒതുങ്ങുന്നവനല്ല.

## *മയാ തതമിദം സർവം ജഗത്*

ജഗത്തിന്റെ പരമകാരണമായ എന്നാൽ ഈ ജഗത്തു മുഴുവൻ അകവും പുറവും നിറയ്ക്കപ്പെട്ടിരിക്കുന്നു. വസുദേവപുത്രനായി ജനിച്ചു വ്യക്തമായ രൂപത്തോടെ പാർഥന്റെ തേർത്തട്ടിലിരിക്കുന്ന കൃഷ്ണൻ ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നു എന്നു പറയുന്നതിനെന്തർഥം? ഈ സംശയത്തിനു മറുപടിയാണു ഭഗവാൻ അടുത്തു പറയുന്നത്. ഇന്ദ്രിയങ്ങൾക്കു വിഷയമാകാത്ത നാമരൂപരഹിതമായ ബോധമാണു തന്റെ യഥാർഥ രൂപമെന്നും ആ സ്വരൂപത്തിൽ താൻ സർവത്ര നിറഞ്ഞിരിക്കുന്നുവെന്നുമാണു ഭഗവാന്റെ പ്രസ്താവന. ഈ പ്രസ്താവന തന്നെ ഒരു കാര്യം വെളിപ്പെടുത്തുന്നു. മനുഷ്യശരീരത്തോടുകൂടിയിരിക്കവേതന്നെ ഒരാൾക്ക് ആത്മതത്വം സാക്ഷാൽക്കരിച്ചു ബ്രഹ്മാനുഭവം നേടി ആ സത്യസ്വരൂപവുമായി ഐക്യം പ്രാപിക്കാൻ കഴിയും. ഗീതയിൽ കൃഷ്ണൻ 'ഞാൻ, എന്നെ' എന്നൊക്കെ പറയുന്നതു പരമാത്മാവായ തന്നെക്കുറിച്ചാണെന്നും ഈ പ്രസ്താവന വെളിപ്പെടുത്തുന്നു. ഇനി ഒരു വസ്തു പ്രപഞ്ചം മുഴുവൻ അകവും പുറവും നിറഞ്ഞിരിക്കുന്നു എന്നു പറഞ്ഞാൽ എന്താണർഥം? അതല്ലാതെ വേറെ വസ്തു ഇല്ലെന്നാണർഥം. പലതുണ്ടെന്നു തോന്നുന്നതോ? വസ്തുഭേദം വരാതെ ഏതു വസ്തു സർവത്ര നിറഞ്ഞിരിക്കുന്നുവോ അതിലെ വെറും കാഴ്ചകളാകാനേ തരമുള്ളു കാണപ്പെടുന്ന പലത്. ഒരു വസ്തു സർവത്ര നിറഞ്ഞിരിക്കുകയും, അതിനുള്ളിൽ വേറെ വസ്തുക്കൾ ഉണ്ടായിരിക്കുകയും, ഇവ ഒരിക്കലും പൊരുത്തപ്പെടുന്ന കാര്യങ്ങളല്ല. വേറേ ഉണ്ടെന്നു തോന്നുന്ന വസ്തുവിൽത്തന്നെ ഒന്നാമത്തെ വസ്തു നിറഞ്ഞിരിപ്പില്ലാത്ത ഭാഗമേതാണ്? അങ്ങനെ ഒരു ഭാഗമില്ലെങ്കിൽപ്പിന്നെ വേറെ വസ്തു എവിടെയാണ്? അപ്പോൾ പ്രപഞ്ച ഘടകങ്ങളെല്ലാം സർവവ്യാപിയായ പരമാത്മാവിൽ കാണപ്പെടുന്നവതന്നെ. എന്നുവച്ച് പരമാത്മാവ് അവയിൽ ഒതുങ്ങുന്നുവെന്നു കരുതിക്കൂടാ. അതായത് ഭിന്നഭിന്നങ്ങളായി കാണപ്പെടുന്ന പ്രപഞ്ചഘടകങ്ങളൊക്കെ കൂടിച്ചേർന്നതാണു പരമാത്മാവ് എന്നു കരുതിക്കൂടാ എന്നു താൽപ്പര്യം. മരക്കുറ്റിയിൽ കാണപ്പെടുന്ന പിശാച് മരക്കുറ്റിയിൽത്തന്നെ ആവിർഭവിക്കുന്ന കാഴ്ചയാണ്. എന്നുവച്ച് ആ കാണപ്പെടുന്ന പിശാചിന്റെ അവയവങ്ങളൊക്കെ കൂടിച്ചേർന്നതാണു മരക്കുറ്റി എന്നു കരു

digitized by www.sreyas.in

തിക്കൂടാ. ബ്രഹ്മത്തിനും പ്രപഞ്ചഘടകങ്ങൾക്കും തമ്മിലുള്ള ബന്ധവും ഇതുതന്നെയാണ്.

ഇക്കാര്യം ഭഗവാൻ കുറേക്കൂടി വാച്യമായിത്തന്നെ വെളിപ്പെടുത്തി ക്കൊടുക്കുകയാണ് അടുത്ത പദ്യത്തിൽ:

*5. ന ച മത്സ്ഥാനി ഭൂതാനി പശ്യ മേ യോഗമൈശ്വരം*
*ഭൂതഭൃന്ന ച ഭൂതസ്ഥോ മമാത്മാ ഭൂതഭാവനഃ*

ഭൂതാനി മത്സ്ഥാനി ന ച - പ്രപഞ്ചഘടകങ്ങൾ എന്നിൽ സ്ഥിതിചെയ്യുന്ന വയല്ല തന്നെ; മേ ഐശ്വരം യോഗം പശ്യ - എന്റെ ഈശ്വരീയമായ യോഗ വൈഭവം നോക്കിക്കാണൂ; മമ ആത്മാ - എന്റെ സ്വരൂപം; ഭൂതഭാവനഃ - പ്രപ ഞ്ചഘടകങ്ങളെ സങ്കൽപ്പിക്കുന്നതാണ്; ഭൂതഭൃത് - അവയെ ധരിച്ചു നിയ മനം ചെയ്യുന്നതാണ്; ഭൂതസ്ഥഃ ന ച - എന്നാൽ അവയിൽ ഒതുങ്ങുന്നതല്ല.

പ്രപഞ്ചഘടകങ്ങൾ എന്നിൽ സ്ഥിതിചെയ്യുന്നവയല്ല തന്നെ. എന്റെ ഈശ്വരീയമായ യോഗവൈഭവം നോക്കിക്കാണൂ. എന്റെ സ്വരൂപം പ്രപഞ്ച ഘടകങ്ങളെ സങ്കൽപ്പിക്കുന്നതാണ്; അവയെ ധരിച്ചു നിയമനം ചെയ്യുന്ന താണ്; എന്നാൽ അവയിൽ ഒതുങ്ങുന്നതല്ല.

## *പശ്യ മേ യോഗമൈശ്വരം*

സത്യസ്വരൂപന്റെ യോഗവൈഭവം അത്ഭുതമെന്നേ പറയേണ്ടൂ. എന്താണു യോഗവൈഭവം? 'യോഗോ ഹി പ്രഭവാപ്യയൗ- യോഗമെന്നു പറ യുന്നതു തന്നെയാണു സൃഷ്ടിയും പ്രളയവും' എന്നാണല്ലോ കഠോപനി ഷത്ത് യോഗത്തെ നിർവചിക്കുന്നത്. എന്നു പറഞ്ഞാൽ സൃഷ്ടിപ്രളയ ങ്ങൾക്കു സമർഥമായ ഈശ്വരതത്വമായിത്തീരലാണു യോഗം. അപ്പോൾ മാത്രമേ സൃഷ്ടി പ്രളയരഹസ്യങ്ങൾ അറിയാൻ പറ്റൂ. എന്തുരഹസ്യം? പ്രപ ഞ്ചഘടകങ്ങളെല്ലാം എന്നിൽ സ്ഥിതിചെയ്യുന്നു. എന്നു നാലാം ശ്ലോകത്തിൽ പ്രസ്താവിച്ചു. പ്രപഞ്ചഘടകങ്ങൾ എന്നിൽ സ്ഥിതിചെയ്യുന്നവയല്ല എന്ന് അഞ്ചാം ശ്ലോകത്തിൽ നിഷേധിച്ചു. ഈ രണ്ടു പ്രസ്താവനകളും പരസ്പ രവിരുദ്ധങ്ങളല്ലേ? അല്ല, അതാണ് ഈശ്വരന്റെ യോഗവൈഭവം. ലോകത്തു രണ്ടേ രണ്ടനുഭവങ്ങളേയുള്ളു. ഒന്ന് വസ്തുവിന്റെ യഥാർഥാനുഭവം. മറ്റൊന്നു വസ്തുവിന്റെ ഭ്രമാനുഭവം. ഭ്രമാനുഭവത്തിലെ വസ്തുവിവരണ മാണു പ്രപഞ്ചഘടകങ്ങൾ എന്നിൽ സ്ഥിതിചെയ്യുന്നു എന്നത്. യഥാർഥാനു ഭവത്തിലെ വസ്തു വിവരണമാണ് അവ എന്നിൽ സ്ഥിതിചെയ്യുന്നില്ല എന്നത്. അവനവന്റെ സ്വപ്നാനുഭവം മാത്രം വിശകലനം ചെയ്തു നോക്കി

digitized by www.sreyas.in

യാൽ ഈ അനുഭവരഹസ്യം വെളിപ്പെടുന്നതാണ്. ഒരാൾ സ്വപ്നത്തിൽ അനേകം പദാർഥങ്ങളെയും വ്യക്തികളെയും കാണുന്നു. കണ്ടുകൊണ്ടിരിക്കുമ്പോൾ അവയൊക്കെ സത്യമെന്നു തോന്നുകയും ചെയ്യുന്നു. ഈ പദാർഥങ്ങളും വ്യക്തികളും ആരിൽ സ്ഥിതിചെയ്യുന്നു? സ്വപ്നദർശിയിൽ. സ്വപ്നം കഴിഞ്ഞ് അയാൾ ഉണരുമ്പോഴോ? അവയൊന്നും അയാളിൽ സ്ഥിതിചെയ്യുന്നില്ല എന്നനുഭവിക്കുന്നു. സ്വപ്നം കണ്ടുകൊണ്ടിരുന്നപ്പോഴും ഉണർന്നപ്പോഴും വാസ്തവത്തിൽ ഉണ്ടായിരുന്നതു സ്വപ്നദർശിമാത്രം. സ്വപ്നദർശനത്തിൽ അയാൾ തന്നെത്തന്നെ പലതാക്കി ഭ്രമിക്കുകയാണു ചെയ്തത്. സ്വപ്നം തീർന്നതോടെ എക്കാലവും താൻ മാത്രമേയുള്ളു എന്നു ബോധ്യപ്പെടുകയും ചെയ്തു. പദാർഥങ്ങൾ തന്നിൽ സ്ഥിതിചെയ്യവേതന്നെ തന്നിൽ സ്ഥിതി ചെയ്യുന്നില്ല എന്ന വസ്തുത തെളിയിക്കാൻ മാത്രമേ സ്വപ്നം ദൃഷ്ടാന്തമായെടുക്കാവൂ. സൃഷ്ടിപ്രളയങ്ങളെ പൂർണമായും സ്വപ്നത്തോടു തുല്യപ്പെടുത്തിക്കൂടാ. സ്വപ്നദർശിയുടെ അനുഭവമാണു സ്വപ്നം. സൃഷ്ടിപ്രളയങ്ങൾ അതുപോലെ ഈശ്വരന്റെ അനുഭവങ്ങളല്ല. ഈശ്വരങ്കൽ ഒരിക്കലും സൃഷ്ടിയോ പ്രളയമോ ഇല്ല. ഇല്ലാതിരിക്കേ സൃഷ്ടിപ്രളയങ്ങൾ ഉണ്ടെന്ന് അവ അനുഭവിക്കുന്ന ജീവനു തോന്നാനിടവരുന്നു. സൃഷ്ടിയും പ്രളയവും ബന്ധവും മോക്ഷവുമെല്ലാം ജീവന്റെ അനുഭവങ്ങളാണ്; ഈശ്വരന്റെയല്ല. താൻ സ്വയം സൃഷ്ടിപ്രളയങ്ങളുമായി ബന്ധപ്പെടാതെ തന്നിൽ അവയുണ്ടെന്നു ജീവന്മാർക്കു തോന്നിപ്പിക്കുന്നു എന്നതുതന്നെയാണ് ഈശ്വരന്റെ യോഗവൈഭവം. അതുകൊണ്ടാണു പ്രപഞ്ചം ബ്രഹ്മവിവർത്തനമാണെന്നു വേദാന്തികൾ നിഷ്കർഷിക്കുന്നത്. കാരണത്തിനു ചലനമോ വികാരമോ സംഭവിക്കാതെ അതിൽ ഉണ്ടെന്നു മറ്റുള്ളവർക്കു തോന്നുന്ന കാര്യമാണു വിവർത്തനം. കയറിൽ പാമ്പു കാണപ്പെടുന്നതുപോലെ. പാമ്പുണ്ടെന്നു തോന്നുന്നയാളിനാണു പാമ്പ്. ആ പാമ്പ് കയറിൽ ഇല്ലേ ഇല്ലെന്നുള്ളതാണു വാസ്തവം. അതുപോലെ ബ്രഹ്മത്തിൽ ഉണ്ടെന്നു ജീവന്മാർക്കു തോന്നുന്നതാണു പ്രപഞ്ചം. ബ്രഹ്മത്തിൽ പ്രപഞ്ചം ഇല്ലേ ഇല്ലെന്നുള്ളതാണു വാസ്തവം. ജീവന്മാരെവിടെനിന്നു വന്നു എന്നു ചിലർ ചോദിച്ചേക്കാം. അതാണല്ലോ അന്വേഷണവിഷയം. അന്വേഷിക്കൂ. ജീവനുൾപ്പെടെ പ്രപഞ്ചമൊന്നും ബ്രഹ്മത്തിൽ ഇല്ലേ. ഇല്ലെന്ന് അനുഭവത്തിൽ തെളിയും; പോരേ? ജീവനുൾപ്പെടെയുള്ള പ്രപഞ്ചാനുഭവങ്ങൾക്കാസ്പദമായ സങ്കൽപ്പങ്ങൾ ബ്രഹ്മാധിഷ്ഠാനത്തിൽ തോന്നുന്നവതന്നെ. അതുകൊണ്ടു പരമാത്മാവ് ഭൂതഭാവനനാണ്. പ്രപഞ്ചപ്രവർത്തനങ്ങൾ

digitized by www.sreyas.in

അടുക്കായും ചിട്ടയായും നിയമനം ചെയ്യുന്നതും ആ അധിഷ്ഠാനത്തിന്റെ സ്വഭാവം തന്നെ. അതുകൊണ്ടു പരമാത്മാവ് ഭൂതഭൃത്താണ്. എന്നാൽ പാമ്പിൽ കയറില്ലാതിരിക്കുന്നതുപോലെ പ്രപഞ്ചത്തിൽ പരമാത്മാവില്ല. അതുപോലെ കയറിൽ പാമ്പില്ലാതിരിക്കുന്നതുപോലെ പരമാത്മാവിൽ പ്രപഞ്ചവുമില്ല. പരമാത്മാവു ഭൂതസ്ഥനല്ല. ഭൂതങ്ങൾ പരമാത്മസ്ഥിതങ്ങളുമല്ല. ഇതാണു പരമാത്മാവിന്റെ ഐശ്വരയോഗം. വസ്തു ഒന്നേയുള്ളു; പലതിന്റെ കാഴ്ചയും അതു കാണുന്ന ജീവന്റെ ജീവത്വവും ഭ്രമം എന്നു താൽപ്പര്യം.

പ്രപഞ്ചഘടകങ്ങൾ ബ്രഹ്മത്തിൽ സ്ഥിതിചെയ്യുന്നു. എങ്കിലും അവ ബ്രഹ്മത്തിനു ചലനമോ വികാരമോ ഉണ്ടാക്കുന്നില്ല. ഇങ്ങനെ പരസ്പരവിരുദ്ധമായി പറയുന്ന കാര്യങ്ങൾ എത്ര വിവരിച്ചിട്ടും ബോധ്യമാകാൻ പ്രയാസമായിരിക്കുന്നതല്ലോ. അർജുനമനസ്സിലെ ഈ സന്ദേഹസ്ഥിതി അകറ്റാൻ ദൃഷ്ടാന്തം കാണിച്ചു വിശദീകരിക്കുകയാണ് അടുത്ത പദ്യത്തിൽ:

6. *യഥാഽഽകാശസ്ഥിതോ നിത്യം വായുഃ സർവത്രഗോ മഹാൻ*
*തഥാ സർവാണി ഭൂതാനി മത്സ്ഥാനീത്യുപധാരയ*

മഹാൻ - എങ്ങും നിറഞ്ഞുനിൽക്കുന്നതും; സർവത്രഗഃ - എങ്ങോട്ടും ചലിച്ചുമാറാൻ കഴിവുള്ളതുമായ; വായുഃ - വായു; യഥാ - എപ്രകാരമാണോ; നിത്യം ആകാശസ്ഥിതഃ - സദാ അധിഷ്ഠാനമായ ആകാശത്തിനു ചലനമോ വികാരമോ ഉണ്ടാക്കാതെ അതിൽ സ്ഥിതിചെയ്യുന്നത്; തഥാ - അപ്രകാരം; സർവാണി ഭൂതാനി - എല്ലാ പ്രപഞ്ചഘടകങ്ങളും; മത്സ്ഥാനി - എന്നിൽ സ്ഥിതിചെയ്യുന്നു; ഇതി ഉപധായ - എന്നു ധരിച്ചോളൂ.

എങ്ങും നിറഞ്ഞുനിൽക്കുന്നതും എങ്ങോട്ടും ചലിച്ചുമാറാൻ കഴിവുള്ളതുമായ വായു എപ്രകാരമാണോ സദാ അധിഷ്ഠാനമായ ആകാശത്തിനു ചലനമോ വികാരമോ ഉണ്ടാക്കാതെ അതിൽ സ്ഥിതിചെയ്യുന്നത് അപ്രകാരം എല്ലാ പ്രപഞ്ചഘടകങ്ങളും എന്നിൽ സ്ഥിതി ചെയ്യുന്നു എന്നു ധരിച്ചോളൂ.

## *യഥാഽഽകാശസ്ഥിതോ വായുഃ*

ആകാശവും വായുവും പോലെയാണു ബ്രഹ്മവും പ്രപഞ്ചവും. വായു സ്പന്ദിച്ചു പ്രത്യക്ഷപ്പെടുന്നത് ആകാശത്തിൽ നിന്നാണ്. നിന്നു ചലിക്കുന്നത് ആകാശത്തിലാണ്. സ്പന്ദനം നിലച്ചു തിരിച്ചു ലയിക്കുമെങ്കിൽ അതും ആകാശത്തിലാകാനേ ഇടയുള്ളു. അതുകൊണ്ട് അതു നിത്യം ആകാശസ്ഥിതമാണ്. ആകാശത്തിൽ അതു എല്ലായിടത്തും നിറഞ്ഞു നിൽക്കുന്നു,

digitized by www.sreyas.in

സർവത്ര ചലിച്ചു സഞ്ചരിക്കുന്നു. എന്നാൽ വായുവിന്റെ ഈ ഉൽപ്പത്തി സ്ഥിതി ചലനങ്ങൾ ആകാശത്തെ അൽപ്പംപോലും വികാരപ്പെടുത്തുകയോ ചലിപ്പിക്കുകയോ ചെയ്യുന്നില്ല. പഞ്ചഭൂതങ്ങളിലൊന്നായ ആകാശംതന്നെ പ്രപഞ്ച ഘടകങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങൾക്കും ആശ്രയമായി നിന്നുകൊണ്ടു വികാരമോ ചലനമോ ഇല്ലാതെ അഖണ്ഡമായി വർത്തിക്കുന്നു. ആ സ്ഥിതിക്ക് ആകാശത്തിനും കാരണമായ ബ്രഹ്മം നിർവികാരവും അചഞ്ചലവുമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇങ്ങനെ ബോധാനന്ദസ്വരൂപമായി സദാ നിർവികാരവും അചഞ്ചലവും അഖണ്ഡവുമായി വർത്തിച്ചു പ്രപഞ്ചഘടകങ്ങളെ ഉണ്ടാക്കി നിലനിറുത്തി അഴിക്കുന്നു എന്നതുതന്നെയാണു പരമാത്മാവിന്റെ ഐശ്വരയോഗം.

പ്രപഞ്ചഘടകങ്ങളുടെ സൃഷ്ടിസ്ഥിതിലയങ്ങളൊക്കെ നടക്കുമ്പോൾ ബ്രഹ്മം നിർവികാരവും അഖണ്ഡവുമായിത്തന്നെ സ്ഥിതിചെയ്യുകയാണെങ്കിൽപ്പിന്നെ ആരാണു കോലാഹലമയമായ ഈ സൃഷ്ടിസ്ഥിതി പ്രളയപ്രക്രിയകളൊക്കെ നയിക്കുന്നത്? ഈ ചോദ്യത്തിനുത്തരമാണ് അടുത്ത പദ്യം:

*7. സർവഭൂതാനി കൗന്തേയ പ്രകൃതിം യാന്തി മാമികാം*
*കൽപ്പക്ഷയേ പുനസ്താനി കൽപ്പാദൗ വിസൃജാമ്യഹം*

കൗന്തേയ - അല്ലയോ അർജുനാ, കൽപ്പക്ഷയേ - ബ്രഹ്മാവിന്റെ പകൽ തീരുമ്പോൾ; സർവഭൂതാനി - എല്ലാ പ്രപഞ്ചഘടകങ്ങളും; മാമികാം പ്രകൃതിം - അവ്യക്തരൂപിണിയായ എന്റെ പ്രകൃതിയിൽ; യാന്തി - വന്നു ലയിക്കുന്നു; കൽപ്പാദൗ - പകൽ തുടങ്ങുമ്പോൾ; താനി - ലയിച്ച ആ പ്രപഞ്ചഘടകങ്ങളെ; പുനഃ - വീണ്ടും; അഹം വിസൃജാമി - ഞാൻ പ്രകൃതിയെ ചലിപ്പിച്ചു പ്രകടമാക്കുന്നു.

അല്ലയോ അർജുനാ, ബ്രഹ്മാവിന്റെ പകൽ തീരുമ്പോൾ എല്ലാ പ്രപഞ്ചഘടകങ്ങളും അവ്യക്തരൂപിണിയായ എന്റെ പ്രകൃതിയിൽ വന്നു ലയിക്കുന്നു. പകൽ തുടങ്ങുമ്പോൾ ലയിച്ച പ്രപഞ്ചഘടകങ്ങളെ വീണ്ടും ഞാൻ പ്രകൃതിയെ ചലിപ്പിച്ചു പ്രകടമാക്കുന്നു.

## *കൽപ്പാദൗ വിസൃജാമ്യഹം*

എട്ടാമധ്യായത്തിലെ പതിനേഴ്, പതിനെട്ട്, പത്തൊൻപത് എന്നീ ശ്ലോകങ്ങളുടെ ഭാഷ്യം നോക്കുക, ബ്രഹ്മാവിന്റെ ഒരു ദിവസം മനുഷ്യർക്കു രണ്ടു കൽപ്പങ്ങളാണ്. പകൽ ഒരു കൽപ്പം. രാത്രി മറ്റൊരു കൽപ്പം. പകൽ സൃഷ്ടി, രാത്രി പ്രളയം. ബ്രഹ്മസങ്കൽപ്പത്തിന്റെ ആവിർഭാവവും തിരോധാ

digitized by www.sreyas.in

നവുമാണു സൃഷ്ടിയും പ്രളയവും. അതുകൊണ്ടാണ് 'കൽപ്പം' എന്ന പേരുണ്ടായത്. കൽപ്പാവസാനത്തിൽ ഏതേതു പ്രപഞ്ചഘടകങ്ങൾ പ്രകൃതിയിൽ ലയിക്കുന്നുവോ അതേ പ്രപഞ്ചഘടകങ്ങൾ തന്നെ കൽപ്പാദിയിൽ വീണ്ടും ആവിർഭവിക്കുന്നു. ഈ സൃഷ്ടിപ്രളയങ്ങളുളവാക്കുന്നതു പ്രകൃതിയാണ്. നിർവികാരനായി നിന്നുകൊണ്ടു പ്രകൃതിക്കു സ്പന്ദിക്കാനും ലയിക്കാനും ഇടമരുളുന്ന അധിഷ്ഠാനം മാത്രമാണു പരമാത്മാവ്.

പ്രകൃതിക്കു ആവിർഭാവതിരോഭാവങ്ങൾക്ക് ഇടമരുളുക മാത്രമാണു തന്റെ കൃത്യമെന്ന കാര്യം ഭഗവാൻ തന്നെ ഇതാ വ്യക്തമാക്കുന്നു:

*8. പ്രകൃതിം സ്വാമവഷ്ടഭ്യ വിസൃജാമി പുനഃ പുനഃ*
*ഭൂതഗ്രാമമിമം കൃത്സ്നമവശം പ്രകൃതേർവശാത്*

സ്വാം പ്രകൃതിം - സ്വന്തം ശക്തിയായ പ്രകൃതിയെ; അവഷ്ടഭ്യ - സദാ തനിക്കധീനയാക്കി നിറുത്തിക്കൊണ്ട്; പ്രകൃതേഃ വശാത് അവശം - പ്രകൃതിക്കടിമപ്പെട്ട് അവശമായിക്കഴിയുന്ന; കൃത്സ്നം ഇമം ഭൂതഗ്രാമം - ഈ സകല പ്രപഞ്ചഘടകങ്ങളെയും; പുനഃ പുനഃ - വീണ്ടും വീണ്ടും; വിസൃജാമി - പ്രകടമാക്കുന്നു.

സ്വന്തം ശക്തിയായ പ്രകൃതിയെ സദാ തനിക്കധീനയാക്കി നിറുത്തിക്കൊണ്ടു പ്രകൃതിക്കടിമപ്പെട്ട് അവശമായിക്കഴിയുന്ന ഈ സകല പ്രപഞ്ചഘടകങ്ങളെയും ഞാൻ വീണ്ടും വീണ്ടും പ്രകടമാക്കുന്നു.

## *അവശം പ്രകൃതേർവശാത്*

പ്രകൃതിയുടെ അഭിന്നാംശങ്ങളായ ജഡദൃശ്യങ്ങൾ; സ്വതന്ത്രനായി നിന്നുകൊണ്ട് തന്റെ പ്രകൃതിക്കു പ്രവർത്തിക്കാൻ ഇടമരുളുന്ന പരമാത്മാവ്: രണ്ടിനും മധ്യേയുള്ള ജീവൻ; ഈ മൂന്നു ഘടകങ്ങളെയുമാണ് വേർതിരിച്ചു മനസ്സിലാക്കേണ്ടത്. ഇവയിൽ പരമാത്മാവ് നിർവികാരനും നിശ്ചലനും അഖണ്ഡാനന്ദസ്വരൂപനുമായ ഈശ്വരനാണ്. അങ്ങനെയുള്ള ഈശ്വരന്റെ ശക്തിയാണു പ്രകൃതി. ഈശ്വരശക്തിയായതുകൊണ്ടുതന്നെ പ്രകൃതി സദാ ഈശ്വരന്നധീനയാണ്. ഈശ്വരനെ അധിഷ്ഠാനമാക്കിക്കൊണ്ട് ഈ ശക്തി, പ്രാണൻ മുതലുള്ള എല്ലാ പ്രപഞ്ചഘടകങ്ങളെയും ആവർത്തിച്ചുണ്ടാക്കി മറച്ചുകൊണ്ടേയിരിക്കുന്നു. പ്രകൃതി, പ്രാണൻ മുതലുള്ള പ്രപഞ്ചഘടകങ്ങളെ നിർമിക്കുമ്പോൾ അവയിലോരോന്നിലും പ്രതിബിംബിക്കുന്ന പരമാത്മാംശമാണു ജീവൻ. പരമാത്മാവിന്റെയും പ്രകൃതിയുടെയും ഇടയ്ക്ക് ഇങ്ങനെ താൽക്കാലികമായി പ്രകടമാവുന്ന ജീവനു രണ്ടേ രണ്ടു

digitized by www.sreyas.in

ഗതിയേ സാധ്യമാവൂ. ഒന്നുകിൽ ഏതെങ്കിലും പ്രപഞ്ചഘടകവുമായി താദാത്മ്യപ്പെട്ടു ഞാൻ ഇതാണ് എന്നഭിമാനിച്ചു കഴിഞ്ഞുകൂടാം. പ്രകൃതിയുടെ അഭിന്നാംശങ്ങളായ ജഡദൃശ്യങ്ങൾ ആവർത്തിച്ചുണ്ടായി മറയുന്നവയായതുകൊണ്ടു പ്രാണസ്പന്ദനം മുതലുള്ള ഏതു പ്രകൃതിദൃശ്യത്തോടു താദാത്മ്യപ്പെട്ടാലും ജനിച്ചും മരിച്ചും സംസാരഗതി തുടരേണ്ടിവരും. ജീവനവലംബിക്കാവുന്ന മറ്റൊരു ഗതി ജഡശരീരത്തിലിരിക്കവേ തന്നെ താനതല്ലെന്നു വിചാരം ചെയ്തറിഞ്ഞു സ്വതന്ത്രനായ പരമാത്മാവിനോടു താദാത്മ്യപ്പെടുകയാണ്. പരമാത്മാവുമായി താദാത്മ്യപ്പെടുന്ന ജീവനു ജഡദൃശ്യങ്ങളുൾപ്പെടെയുള്ള പ്രകൃതി തന്റെ തന്നെ ശക്തിയാണെന്നും താനല്ലാതെ മറ്റൊന്നില്ലാത്തതുകൊണ്ടു തനിക്കു ജനനമരണങ്ങളുടെ പ്രശ്നമേ ഉദിക്കുന്നില്ലെന്നും അനുഭവിച്ചറിയാൻ കഴിയും. ഇതാണു ജീവന്റെ ഈശ്വരപ്രാപ്തി അഥവാ മോക്ഷം. എന്തായാലും പ്രപഞ്ചഘടകങ്ങളായി കാണപ്പെടുന്ന ജഡദൃശ്യങ്ങൾ പ്രകൃതിയിൽ ആവർത്തിച്ചു പ്രകടമായി മറയുന്ന സ്ഥിരഘടകങ്ങളാണെന്നറിയേണ്ടതാണ്.

ഈശ്വരന്റെ ശക്തിയല്ലേ പ്രകൃതി. ആ പ്രകൃതിയാണു ജഡദൃശ്യങ്ങളെ ആവർത്തിച്ചുണ്ടാക്കി മറയ്ക്കുന്നതെങ്കിൽ പ്രകൃതിയുടെ ഈ കർമഗതി ഈശ്വരനെ അൽപ്പമെങ്കിലും ബാധിക്കാതിരിക്കുമോ? അൽപ്പവും ബാധിക്കുകയില്ല എന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

*9. ന ച മാം താനി കർമാണി നിബന്ധന്തി ധനഞ്ജയ*
*ഉദാസീനവദാസീനമസക്തം തേഷു കർമസു*

ധനഞ്ജയ - അല്ലയോ അർജുനാ; തേഷു കർമസു അസക്തം - ഞാൻ ചെയ്യുന്നു എന്നഭിമാനിച്ചു പ്രകൃതികർമങ്ങളുമായി ബന്ധപ്പെടാതെ; ഉദാസീനവത് ആസീനം - ഉദാസീനനെപ്പോലെ വർത്തിക്കുന്ന; മാം - പരമാത്മാവായ എന്നെ; താനി കർമാണി - പ്രകൃതിയുടേതായ ആ കർമചലനങ്ങൾ; ന ച നിബന്ധന്തി - ബന്ധിക്കുന്നതേയില്ല.

അല്ലയോ അർജുനാ, ഞാൻ ചെയ്യുന്ന എന്നഭിമാനിച്ചു പ്രകൃതികർമങ്ങളുമായി ബന്ധപ്പെടാതെ ഉദാസീനനെപ്പോലെ വർത്തിക്കുന്ന പരമാത്മാവായ എന്നെ പ്രകൃതിയുടേതായ ആ കർമചലനങ്ങൾ ബന്ധിക്കുന്നതേയില്ല.

## *ഉദാസീനവദാസീനം*

പ്രകൃതിയുടെ അധിഷ്ഠാനം മാത്രമാണു പരമാത്മാവ്. പ്രകൃതി ആ

digitized by www.sreyas.in

അധിഷ്ഠാനത്തിൽ പൊന്തിവരുന്നു. സൃഷ്ടി സ്ഥിതി പ്രളയരൂപത്തിൽ കർമങ്ങളെ ആവർത്തിക്കുന്നു. അപ്പോഴൊക്കെ അധിഷ്ഠാനമായ പരമാത്മാവ് തികച്ചും ഉദാസീനനെപ്പോലെ വർത്തിക്കുന്നു. താൻ ചെയ്യുന്നുവെന്നോ ഈ കർമങ്ങൾ തന്നെ ഏതെങ്കിലും തരത്തിൽ ബന്ധിക്കുമെന്നോ അഭിമാനിച്ചു പ്രകൃതിയുടെ കർമങ്ങളുമായി ബന്ധപ്പെടുന്നില്ല. മറ്റുള്ളവർ കർമം ചെയ്യുമ്പോൾ നിസ്സംഗനായി ഒരു സാക്ഷിയെപ്പോലെ നോക്കിനിൽക്കുന്ന സ്ഥിതിയാണു പ്രകൃതി ചലനങ്ങളെ സംബന്ധിച്ചു പരമാത്മാവിനുള്ളത്. ഒരു യോഗിക്കു പരമാത്മാവിന്റെ ഈ സാക്ഷിനില അനുഭവിച്ചറിയാവുന്നതേയുള്ളൂ. പ്രകൃതി ജഡോപകരണങ്ങളെ ഉണ്ടാക്കി കർമം ചെയ്യുന്നു. തനിക്കതുമായി ഒരു ബന്ധവുമില്ല. യോഗിയുടെ ഈ അനുഭവരഹസ്യം അഞ്ചാമധ്യായത്തിലെ എട്ടും ഒൻപതും പദ്യങ്ങളുടെ ഭാഷ്യം നോക്കിയറിയുക. ജഡാത്മികമായ പ്രകൃതിയിൽ നിന്നു ആത്മാവിനെ വേർതിരിച്ചറിയാത്തിടത്തോളം ജീവനു പ്രകൃതികർമങ്ങളുമായി ബന്ധപ്പെട്ടുഴലേണ്ടിവരും.

പരമാത്മാവ് ഉദാസീനനെപ്പോലെ വർത്തിക്കുകയാണെങ്കിൽ പ്രകൃതിയുടെ കർമചലനങ്ങളിൽ ഈ ഈശ്വരന് എന്തു നിയന്ത്രണമാണുള്ളത്? ഈ സംശയത്തിനു മറുപടിയാണടുത്ത പദ്യം:

*10. മയാധ്യക്ഷേണ പ്രകൃതിഃ സൂയതേ സചരാചരം*
*ഹേതുനാഽനേന കൗന്തേയ ജഗദ്വിപരിവർത്തതേ*

കൗന്തേയ - അല്ലയോ അർജുനാ; അധ്യക്ഷേണ മയാ - സാന്നിധ്യം കൊണ്ടനുഗ്രഹിക്കുന്ന ഞാൻ മൂലം പ്രേരിതയായിട്ട്; പ്രകൃതിഃ - എന്റെ ശക്തിയായ മായ; സചരാചരം - ചരങ്ങളും അചരങ്ങളുമായ എല്ലാ പ്രപഞ്ചഘടകങ്ങളെയും; സൂയതേ - പ്രസവിക്കുന്നു; അനേന ഹേതുനാ - തന്റെ സാന്നിധ്യവും പ്രകൃതിയുടെ പ്രവർത്തനവും ഹേതുവായി; ജഗത് - ഈ പ്രപഞ്ചം; വിപരിവർത്തതേ - ഇങ്ങനെ ആവർത്തിച്ചുണ്ടായി മറഞ്ഞുകൊണ്ടേയിരിക്കുന്നു.

അല്ലയോ അർജുനാ, സാന്നിധ്യം കൊണ്ടനുഗ്രഹിക്കുന്ന ഞാൻ മൂലം പ്രേരിതയായിട്ടു തന്റെ ശക്തിയായ മായ ചരങ്ങളും അചരങ്ങളുമായ എല്ലാ പ്രപഞ്ചഘടകങ്ങളെയും പ്രസവിക്കുന്നു. തന്റെ സാന്നിധ്യവും പ്രകൃതിയുടെ പ്രവർത്തനവും ഹേതുവായി ഈ പ്രപഞ്ചം ഇങ്ങനെ ആവർത്തിച്ചുണ്ടായി മറഞ്ഞുകൊണ്ടേയിരിക്കുന്നു.

digitized by www.sreyas.in

*ഹേതുനാഽനേന*

ബ്രഹ്മസാന്നിധ്യം, ബ്രഹ്മശക്തിയായ മായയുടെ പ്രവർത്തനം ഇതു രണ്ടുമാണു പ്രപഞ്ചത്തിന്റെ ആവർത്തിച്ചുള്ള സൃഷ്ടി സ്ഥിതി പ്രളയങ്ങൾക്കു ഹേതു. ഇവിടെ പ്രപഞ്ചപ്രവർത്തനത്തിൽ ബ്രഹ്മസാന്നിധ്യത്തിന്റെ പങ്കിനെ നാടകരംഗത്തിലെ വെളിച്ചത്തോടാണ് അനുഭവവേദികൾ താരതമ്യപ്പെടുത്തുന്നത്. നാടകരംഗത്തു ദീപം പ്രകാശിച്ചെങ്കിലേ ഏതു പ്രവർത്തനവും നടക്കൂ. പല തരത്തിലുള്ള വേഷങ്ങൾ അവിടെ പ്രത്യക്ഷപ്പെടുകയും മറയുകയും ചെയ്യുന്നു. ഓരോ വേഷത്തെയും അതാതിന്റെ നിറത്തിനും തരത്തിനുമനുസരിച്ചു ദീപം പ്രകാശിപ്പിക്കുന്നു. എന്നാൽ വേഷങ്ങളുടെ നിറമോ തരമോ പ്രകടനങ്ങളോ ഒന്നും ദീപത്തെ അൽപ്പംപോലും കളങ്കപ്പെടുത്തില്ല. ഇതുപോലെ പ്രപഞ്ചനാടക രംഗത്തിലെ വിളക്കാണു പരമാത്മാവ്. പരമാത്മശക്തിയായ മായ ഇവിടെ അനേകതരം വേഷങ്ങളെ പ്രകടമാക്കുകയും മറയ്ക്കുകയും ചെയ്യുന്നു. ത്രിഗുണാത്മികയായ മായയുടെ വേഷങ്ങളെ അതാതിന്റെ ഗുണഘടനക്കനുസരണമായി പരമാത്മദീപം പ്രകാശിപ്പിക്കുന്നു. എന്നാൽ വേഷങ്ങളുടെ ഗുണദോഷങ്ങളൊന്നും ആ ദീപത്തെ അണുപോലും സ്പർശിക്കുന്നില്ല. പക്ഷേ, അതു നിത്യനിർമലമായി സദാ തെളിഞ്ഞു വിളങ്ങി സ്വസാന്നിധ്യം കൊണ്ടനുഗ്രഹിക്കുന്നതുകൊണ്ടാണ് പ്രകൃതിക്ക് വീണ്ടും വീണ്ടും ഈ വേഷങ്ങളെ രംഗത്തു കൊണ്ടുവരാനും മറയ്ക്കാനും കഴിയുന്നത്. ഇതാണു പരമാത്മാവിന്റെ അധ്യക്ഷതയിലുള്ള പ്രകൃതിയുടെ പ്രപഞ്ചപ്രസവം. ഇത് അനാദിയും അനന്തവുമായി ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

പരമാത്മസ്വരൂപം ഇനിയും അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്ത അർജുനന് ഇത്രയുമായപ്പോൾ ഒരു സംശയം വന്നു. വസുദേവപുത്രനായി തന്റെ തേർത്തട്ടിലിരിക്കുന്ന കൃഷ്ണന്റെ അധ്യക്ഷതയിൽ പ്രകൃതി പ്രപഞ്ചത്തെ പ്രസവിക്കുന്നു എന്നു പറയുന്നതിനെന്താണർഥം? തന്റെ യഥാർഥ സ്വരൂപം വെളിപ്പെടുത്തി ഈ സംശയം പാടേ അകറ്റുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*11. അവജാനന്തി മാം മൂഢാം മാനുഷീം തനുമാശ്രിതം*
*പരം ഭാവമജാനന്തോ മമ ഭൂതമഹേശ്വരം*

ഭൂതമഹേശ്വരം – എല്ലാ പ്രപഞ്ചഘടകങ്ങൾക്കും ആശ്രയമായ; മമ – എന്റെ; പര ഭാവം – പരമകാരണരൂപം; അജാനന്തഃ – അറിയാത്ത; മൂഢാഃ – മന്ദബു

digitized by www.sreyas.in

ഢികൾ; മാം - എന്നെ; മാനുഷീം തനും ആശ്രിതം - മനുഷ്യദേഹം കൈക്കൊണ്ടവനായി അവജാനന്തി തെറ്റിദ്ധരിക്കുന്നു.

## *അവജാനന്തി മാം മൂഢാഃ*

പരമകാരണമായ വസ്തുസ്ഥിതി ധരിച്ച ജ്ഞാനികൾക്ക് ഇവിടെ പരബ്രഹ്മം മാത്രമേയുള്ളു; ലേശംപോലും വേറെ യാതൊന്നുമില്ല. അങ്ങനെയിരിക്കേ ഈശ്വരനെ മനുഷ്യരൂപത്തിൽ സങ്കൽപ്പിച്ച് എന്റെ ഈശ്വരൻ കേമൻ, നിന്റെ ഈശ്വരൻ മോശക്കാരൻ എന്നിങ്ങനെ പ്രലപിക്കുന്നവർ മന്ദബുദ്ധികളാണെന്നു പറയേണ്ടതില്ലല്ലോ. ജനിച്ചുമരിക്കുന്നതായിക്കാണപ്പെടുന്ന ജഡദൃശ്യങ്ങളുടെ കാരണരൂപം ചിന്തിച്ചറിയാനുള്ള കഴിവില്ലായ്മ തന്നെയാണ് അവരുടെ മന്ദബുദ്ധിത്വം. മനസ്സിനേകാഗ്രപ്പെടാൻ ഈശ്വരന് ഒരു സഗുണരൂപം സങ്കൽപ്പിച്ചു ഭജിക്കാമെന്നുള്ളതു ശരിതന്നെ. അങ്ങനെ ചെയ്യുമ്പോൾപ്പോലും ഭൂതമഹേശ്വരമായ പരമകാരണരൂപത്തിലെത്താനുള്ള ഒരുപായം മാത്രമാണീ സഗുണോപാസന എന്നറിഞ്ഞിരിക്കേണ്ടതാണ്. ഈശ്വരനു ദേഹമുണ്ടെന്നു കരുതുന്നപക്ഷം പ്രപഞ്ചഘടകങ്ങളെല്ലാം ഈശ്വരന്റെ ദേഹങ്ങളാണ്. ദേഹമില്ലെന്നു കരുതുന്നപക്ഷം ഈശ്വരൻ സച്ചിദാനന്ദഘനമായ പരബ്രഹ്മമാണ്. ഏതായാലും ഒരു പ്രത്യേക ദേഹത്തിൽ ഒതുങ്ങുന്നയാളാണീശ്വരൻ എന്നു കരുതുന്നതു മൂഢത തന്നെയാണ്. ഗീതയിൽ ഭഗവാൻ എവിടെയെവിടെയൊക്കെ ഞാനെന്നും എന്നെയെന്നും പറയുന്നുവോ അവിടെയൊക്കെ ഭഗവാന്റെ ഭൂതമഹേശ്വരമായ പരംഭാവമാണർഥമാക്കേണ്ടതെന്നും പ്രസ്തുത ശ്ലോകം സ്പഷ്ടമാക്കിത്തന്നിരിക്കുന്നു. അജ്ഞനായി ജനിച്ചു പിന്നീടു ആത്മസാക്ഷാൽക്കാരം നേടുന്നവനുപോലും താൻ ദേഹമല്ല സർവവ്യാപിയായ പരബ്രഹ്മമാണെന്നനുഭവിക്കാൻ കഴിയുമെന്നിരിക്കേ പൂർണാവതാരമായ ഭഗവാൻ തന്നെക്കുറിച്ചു പറയുന്നിടത്തു ദേഹത്തെ അർഥമാക്കുമെന്നു കരുതുന്നതിൽപ്പരം മറ്റൊരു മൂഢതയില്ലതന്നെ.

ഇങ്ങനെ ഈ ജഗത്തിന്റെ നിയന്താവായി സർവജ്ഞനായ ഒരീശ്വരനുണ്ടെന്നിരിക്കേ ആ ഈശ്വരനെക്കൂടി അറിയാൻ ശ്രമിക്കാതെ ജഡദൃശ്യങ്ങളിൽ ഭ്രമിച്ചു കാമക്രോധലോഭാദി ആസുരവൃത്തികൾക്കടിമപ്പെട്ടു ജീവിക്കുന്നവർ സർവവും നഷ്ടപ്പെടുത്തുന്ന കൂട്ടരാണെന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

75-2006 30

digitized by www.sreyas.in

*12. മോഘാശാ മോഘകർമാണോ മോഘജ്ഞാനാ വിചേതസഃ*
*രാക്ഷസീമാസുരീം ചൈവ പ്രകൃതിം മോഹിനീം ശ്രിതാഃ*

രാക്ഷസീം - ഹിംസാപൂർണമായതും; ആസുരീം ച - കാപട്യവും ചതിയും നിറഞ്ഞതും; മോഹിനീം പ്രകൃതിം ഏവ - ജഡദൃശ്യങ്ങളിൽ മനസ്സിനെ ആകർഷിച്ചു ഭ്രമിപ്പിക്കുന്നതുമായ പ്രകൃതിയെത്തന്നെ; ശ്രിതാഃ - ആശ്രയിക്കുന്നവർ; മോഘാശാഃ - ആശകൾ നിഷ്ഫലമാക്കുന്നവരാണ്; മോഘകർമാണഃ - കർമങ്ങൾ നിഷ്ഫലമാക്കുന്നവരാണ്; മോഘജ്ഞാനാഃ - അറിവുകൾ നിഷ്ഫലമാക്കുന്നവരാണ്; വിചേതസഃ - ബുദ്ധിയെ നഷ്ടപ്പെടുത്തുന്നവരാണ്.

ഹിംസാപൂർണമായതും കാപട്യവും ചതിയും നിറഞ്ഞതും ജഡദൃശ്യങ്ങളിൽ മനസ്സിനെ ആകർഷിച്ചു ഭ്രമിപ്പിക്കുന്നതുമായ പ്രകൃതിയെത്തന്നെ ആശ്രയിക്കുന്നവർ ആശകളെ നിഷ്ഫലമാക്കുന്നവരാണ്, കർമങ്ങൾ നിഷ്ഫലമാക്കുന്നവരാണ്, അറിവുകൾ നിഷ്ഫലമാക്കുന്നവരാണ്; ബുദ്ധിയെ നഷ്ടപ്പെടുത്തുന്നവരാണ്.

## *പ്രകൃതിം മോഹിനീം ശ്രിതാഃ*

ജഗത്തിനേകാശ്രയമായ ഈശ്വരതത്വത്തെ വിസ്മരിക്കുന്നവർക്കു പിന്നെ ആശ്രയിക്കാനുള്ളതു താമസിയും രാജസിയുമായ പ്രകൃതിയെ മാത്രമാണ്. ജഡദൃശ്യങ്ങളെ ആശ്രയിച്ചു സ്വാർഥസുഖം നേടുകയാണതിന്റെ ലക്ഷ്യം. ഹിംസാപൂർണമായി ക്രൂരകൃത്യങ്ങളിൽക്കൂടി അതു നേടാൻ യത്നിക്കുമ്പോഴാണു തമോഗുണപ്രധാനമായ രാക്ഷസീപ്രകൃതി. കാപട്യവും ചതിയുംകൊണ്ടു നയപരമായി നേടാൻ യത്നിക്കുമ്പോഴാണു രജോഗുണപ്രധാനമായ ആസൂരീപ്രകൃതി. രണ്ടും മോഹകസ്വഭാവത്തോടുകൂടിയതാണ്. ലൗകികമായ ഓരോന്നും നേടാൻ അതു മനുഷ്യമനസ്സിനെ പ്രലോഭിപ്പിക്കും. അങ്ങനെ ക്ലേശകരമായ കർമങ്ങൾക്കു പ്രേരിപ്പിക്കും. നേടാൻ കഴിഞ്ഞില്ലെങ്കിൽ മനസ്സിനെ നിരാശയിലും ദുഖത്തിലും ആഴ്ത്തും. നേടിയാൽ അതിലൊരു തൃപ്തിയുമില്ലാതെ പുതിയ പുതിയ നേട്ടങ്ങൾക്കായി വീണ്ടും പ്രലോഭിപ്പിക്കും. ഒടുവിൽ ജീവിതം അന്ത്യദശയോടടുക്കുമ്പോൾ നേടിയതിലൊന്നും തൃപ്തിയില്ലാതെയും ഇനി നേടാൻ കഴിവില്ലാതെയും സഞ്ചയിച്ച കർമവാസനകളിൽപ്പെട്ടു മനസ്സ് പരിഭ്രാന്തരായി ഉഴലും. ഈ സ്ഥിതിയിൽ അതുവരെ അനുഷ്ഠിച്ച കാര്യങ്ങളൊന്നും ആശ്വാസത്തിനുതകുകയേയില്ല. അതുവരെ പുലർത്തിയിരുന്ന ആശകളും കർമങ്ങളും സഹായത്തിനുണ്ടാവില്ല.

digitized by www.sreyas.in

അതുവരെ പഠിച്ചുരുക്കൂട്ടിയ അറിവുകളൊന്നും ആശ്വാസമരുളുകയില്ല. ചരിത്രം, കണക്ക്, ഭൗതികശാസ്ത്രം, സാഹിത്യം ഇവയൊന്നും ജീവിതത്തിന്റെ പരിണാമഘട്ടത്തിൽ ശാന്തിക്കുപകരിക്കയില്ലെന്നു തീർച്ചയാണല്ലോ. മാത്രമല്ല. പലതരം ദുരഭിമാനങ്ങളെ ഇളക്കിവിട്ട് അശാന്തിയുണ്ടാക്കുകയും ചെയ്യും. അതോടെ ബുദ്ധിയും നഷ്ടപ്പെടുന്നു. സത്യം കണ്ടെത്താനും മരണവേളയിൽ സത്യാനുഭൂതിയുടെ വെളിച്ചം പേറി ദേഹമുപേക്ഷിക്കാനുമാണു ബുദ്ധി. രാക്ഷസിയും ആസുരിയുമായ പ്രകൃതിയെ ആശ്രയിക്കുന്നവർ ജഡദൃശ്യങ്ങളിൽ മോഹിച്ചു സത്യത്തെ തിരയുന്നതേയില്ല. അതുകൊണ്ട് അന്ത്യകാലത്തു സത്യാനുഭൂതിയുടെ വെളിച്ചം അവർക്കു കിട്ടുകയില്ലെന്നു മാത്രമല്ല കട്ടിപിടിച്ച കർമവാസനയുടെ കൂരിരുട്ട് അവരെ പരിഭ്രാന്തരാക്കി അധോഗതിയിലേക്കു നയിക്കുകയും ചെയ്യും. ഇങ്ങനെ ജീവിതത്തിൽ എല്ലാം നഷ്ടപ്പെടുന്നവരാണ് ഇക്കൂട്ടർ. നേരേമറിച്ച് അവശ്യം വേണ്ട ഈശ്വരബുദ്ധികൂടി ജീവിതത്തിൽ കൂട്ടിച്ചേർത്തിരുന്നെങ്കിൽ സാത്വികപ്രകൃതി വളർന്ന് എല്ലാം സഫലമായി ധന്യത വന്ന അനുഭവമുണ്ടാകുമായിരുന്നു.

രാക്ഷസിയും ആസുരിയുമായ പ്രകൃതി കൈവെടിഞ്ഞു സാത്വികപ്രകൃതി കൈക്കൊള്ളുന്ന മഹാത്മാക്കൾ ജീവിതത്തെ ഗാഢവും നിരന്തരവുമായ ഈശ്വരബുദ്ധി അഭ്യസിക്കാനുള്ള വിലപ്പെട്ട സന്ദർഭമായി കണക്കാക്കുന്നു എന്നാണു ഭഗവാൻ തുടർന്നു പ്രഖ്യാപിക്കുന്നത്:

*13. മഹാത്മാനസ്തു മാം പാർഥ ദൈവീം പ്രകൃതിമാശ്രിതാഃ*
*ഭജന്ത്യനന്യമനസോ ജ്ഞാത്വാ ഭൂതാദിമവ്യയം*

പാർഥ - അല്ലയോ അർജുനാ; മഹാത്മാനഃ തു - മഹത്തായ സത്യത്തിൽ മനസ്സുറപ്പിച്ചിട്ടുള്ളവരാകട്ടെ; ദൈവീം പ്രകൃതിം ആശ്രിതാഃ - സാത്വികപ്രകൃതിയെ സമാശ്രയിച്ച്; ഭൂതാദിം - എല്ലാ പ്രപഞ്ചഘടകങ്ങൾക്കും ആദികാരണവും; അവ്യയം - ഒരിക്കലും ഒരഴിവില്ലാത്തവനുമായ; മാം - പരമാത്മാവായ എന്നെ; ജ്ഞാത്വാ - ഗുരുപദേശം വഴി ധരിച്ച്; അനന്യമനസഃ - എവിടെയും എന്നെത്തന്നെ കാണാൻ മനസ്സിനെ അഭ്യസിപ്പിക്കുന്നവരായി; ഭജന്തി - ഭജിക്കുന്നു.

അല്ലയോ അർജുനാ, മഹത്തായ സത്യത്തിൽ മനസ്സുറപ്പിച്ചവരാകട്ടെ സാത്വികപ്രകൃതിയെ സമാശ്രയിച്ച് എല്ലാ പ്രപഞ്ചഘടകങ്ങൾക്കും ആദികാരണവും ഒരിക്കലും ഒരഴിവില്ലാത്തവനുമായ പരമാത്മാവായ എന്നെ ഗുരുപദേശം വഴി ധരിച്ച് എവിടെയും എന്നെത്തന്നെ കാണാൻ മനസ്സിനെ അഭ്യസിപ്പിക്കുന്നവരായി ഭജിക്കുന്നു.

digitized by www.sreyas.in

*ജ്ഞാത്വാ ഭൂതാദിമവ്യയം*

സിദ്ധാന്തപരമായ വ്യക്തമായ വസ്തുബോധമാണു സത്യാന്വേഷണത്തിലെ പ്രധാന ഘടകം. എത്തേണ്ട വസ്തു ഏതെന്നു നിശ്ചയമില്ലെങ്കിൽ എങ്ങനെയാണതിൽ എത്തിച്ചേരുക? തൽക്കാലം മാർഗത്തിലെവിടെനിന്നാലും എത്തിച്ചേരേണ്ട ലക്ഷ്യം വ്യക്തമായറിയാമെങ്കിൽ പരിഭ്രമത്തിനവകാശമില്ല. സാവധാനം മുന്നോട്ടു നീങ്ങിയാൽ മതി. തൽക്കാലം അംഗീകരിച്ചിരിക്കുന്നതു കർമയോഗമോ, ജ്ഞാനയോഗമോ, സഗുണോപാസനയോ, നിർഗുണോപാസനയോ എന്തുമാകട്ടെ. സത്യം അവനവന്റെ ആത്മാവുതന്നെയാണെന്നും ചിത്തശുദ്ധി നേടി ഉള്ളിൽ ആ സത്യത്തെ കണ്ടെത്താനാണു സാധനാനുഷ്ഠാനങ്ങളെല്ലാമെന്നും ബോധ്യമുണ്ടെങ്കിൽപ്പിന്നെ ഭയപ്പെടാനില്ല. അതോടെ ദൈവീപ്രകൃതി വികാസം പ്രാപിക്കും. തമസ്സും രജസ്സും അകന്നു ലോകസുഖങ്ങളിൽ സാവധാനം വിരക്തമായിത്തീരുന്ന മനസ്സ് കാരുണ്യം, സമഭാവന, ഭയമില്ലായ്മ തുടങ്ങിയ ദൈവീസമ്പത്തുകൾ സമാഹരിച്ചു സത്വഗുണപ്രകാശം കൊണ്ടു നിറയും. ഇതാണു ദൈവീപ്രകൃതിയുടെ വികാസം. തുടർന്നു ശുദ്ധമായ ചിത്തം സഗുണമായിട്ടായാലും നിർഗുണമായിട്ടായാലും സർവത്ര ഈശ്വരസാന്നിധ്യം അനുഭവിക്കാൻ കരുത്തുള്ളതായിത്തീരും. നിഷ്കാമമായ ഇഷ്ടദേവോപാസനയാണു ശീലിക്കുന്നതെങ്കിൽ പ്രപഞ്ചം മുഴുവൻ ആ ഇഷ്ടദേവന്റെ ലീലയാണെന്നു മനസ്സു കാട്ടിത്തരും. നിർഗുണോപാസനയാണു ശീലിക്കുന്നതെങ്കിൽ സത്വഗുണപ്രകാശമേന്തി ഉള്ളിൽത്തെളിയുന്ന ബോധാനന്ദഘനമായ വസ്തുതന്നെ പ്രപഞ്ചത്തിൽ സർവത്ര നിറഞ്ഞുതിങ്ങുന്നു എന്നു ശുദ്ധമായ മനസ്സു കാട്ടിത്തരും. ഇതാണ് അനന്യമനസ്സായ ഭഗവദ്ഭജനം. ഈ ഭജനാഭ്യാസം കൂടിച്ചേരുമെങ്കിൽ ജീവിതത്തിലെ ആശകളെല്ലാം സഫലമാവും. കർമങ്ങളെല്ലാം സഫലമാവും. അറിവുകളെല്ലാം സഫലമാവും. ബുദ്ധിയും നഷ്ടപ്പെടാതിരിക്കും.

ഭഗവത് പ്രാപ്തിയെന്ന ലക്ഷ്യത്തിൽ ഉറപ്പുവന്നവർ അനന്യ മനസ്സുകളായി ഭജിക്കുന്നതെപ്രകാരമെന്നു വിശദമായി വിവരിക്കുകയാണു ഭഗവാൻ അടുത്ത രണ്ടു പദ്യങ്ങളിൽ:

*14. സതതം കീർത്തയന്തോ മാം യതന്തശ്ച ദൃഢവ്രതാഃ*
*നമസ്യന്തശ്ച മാം ഭക്ത്യാ നിത്യയുക്താ ഉപാസതേ*

digitized by www.sreyas.in

നിത്യയുക്താഃ - ഭഗവത് പ്രാപ്തിയെന്ന ലക്ഷ്യത്തിൽ ഉറപ്പു വന്നവർ; സതതം കീർത്തയന്തഃ - സദാ ഭഗവന്നാമം ഉച്ചരിച്ചും; ദൃഢവ്രതാഃ യതന്തഃച - നിശ്ച യദാർഢ്യത്തോടെ ഇന്ദ്രിയമനസ്സുകളെ വശത്താക്കി സ്വധർമ്മമനുഷ്ഠിച്ചും; നമ സ്യന്തഃ ച - ഭഗവത് സാന്നിധ്യത്തിൽ നമസ്കരിച്ചും; ഭക്ത്യാമാം ഉപാസതേ - പരമപ്രേമത്തോടുകൂടി എന്നെ ഭജിക്കുന്നു.

ഭഗവത്പ്രാപ്തിയെന്ന ലക്ഷ്യത്തിൽ ഉറപ്പുവന്നവർ സദാ ഭഗവന്നാമം ഉച്ചരിച്ചും നിശ്ചയദാർഢ്യത്തോടെ ഇന്ദ്രിയമനസ്സുകളെ വശത്താക്കി സ്വധർ മ്മമനുഷ്ഠിച്ചും ഭഗവത്സാന്നിധ്യത്തിൽ നമസ്കരിച്ചും പരമപ്രേമത്തോടുകൂടി എന്നെ ഭജിക്കുന്നു.

## *നിത്യയുക്താ ഉപാസതേ*

ഭഗവത്പ്രാപ്തിയെന്ന ലക്ഷ്യത്തിലുറപ്പുവന്നവർ പുറമേ ഏതു കർമ ത്തിലേർപ്പെട്ടിരുന്നാലും ലക്ഷ്യം മറക്കുകയില്ല. നിരന്തരമായ ഈ ലക്ഷ്യ സ്മരണ തന്നെയാണു നിത്യയുക്തത്വം ഇത് വിട്ടുപോകാതെ നിറുത്താ നുള്ള ഉപായങ്ങളാണു മറ്റുള്ളവ. നിത്യയുക്തത്വം നിലനിറുത്താനുള്ള പ്രധാ നപ്പെട്ട ഉപായമാണു നാമസങ്കീർത്തനം. സമയം കിട്ടുമ്പോഴൊക്കെ ഭഗവ ന്നാമം ഉച്ചരിക്കുന്നതാണു നാമസങ്കീർത്തനം. ഇതു പലതരത്തിലുമാകാം. ഏകാന്തമായി ഒരിടത്തിരുന്നു തുടരെത്തുടരെ നാമമുച്ചരിക്കാം. കൂട്ടമായി രുന്നു ഭജനഗാനങ്ങൾ ആലപിക്കാം. മന്ത്രപ്രായമായ ഒരു ചെറിയ നാമം സദാ മനസ്സിലും നാവിൻതുമ്പത്തും സൂക്ഷിച്ചു മറ്റു ജോലിത്തിരക്കിലേർപ്പെ ട്ടിരിക്കുമ്പോഴൊക്കെ കൂടെക്കൂടെ മനസ്സുകൊണ്ടോ നാവുകൊണ്ടോ ഉച്ചരി ക്കാം. സർവപ്രപഞ്ചവും ഭഗവന്മയമായിക്കണ്ടു ഭാവനയിലൂടെ അവനവന്റെ സംഭാഷണങ്ങളെയെല്ലാം ഈശ്വരനാമോച്ചാരണമാക്കി മാറ്റുകയും ചെയ്യാം. ഹൃദയമാലിന്യങ്ങളും വികാരവിക്ഷോഭങ്ങളും അതിവേഗമകറ്റി ചിത്തം ശുദ്ധമാക്കാൻ നാമസങ്കീർത്തനം പോലെ വിശിഷ്ടമായ മറ്റൊരു സാധന ഇല്ലതന്നെ. സഗുണോപാസകനും നിർഗുണോപാസകനും ഒരുപോലെ പ്രിയപ്പെട്ടതാണീ സാധന. നാമസങ്കീർത്തനത്തോടൊപ്പം നിശ്ചയദാർഢ്യ ത്തോടെ മനസ്സിനെയും ഇന്ദ്രിയങ്ങളെയും വശത്താക്കി സ്വധർമ്മമനുഷ്ഠി ക്കുകയാണു നിത്യയുക്തത്വം നിലനിറുത്താനുള്ള മറ്റൊരുപായം. ലോകഭോഗങ്ങളിൽ മുഴുകിപ്പോകാതിരിക്കാനാണ് ഇന്ദ്രിയമനസ്സുകളുടെ നിയമനം. കർമവാസന ക്ഷയിക്കാനാണു സ്വധർമാനുഷ്ഠാനം. ഭഗവ ത്സാന്നിധ്യത്തിൽ തലകുനിച്ചു വണങ്ങുന്നതും ഒരുപായമാണ്. പ്രണാമം കൊണ്ടു അഹന്ത പാകപ്പെടുന്നു. പ്രണാമം എപ്പോഴും ശരീരംകൊണ്ടു

digitized by www.sreyas.in

തന്നെ വേണമെന്നില്ല. മനസ്സുകൊണ്ടും ഈശ്വരപ്രണാമം ആകാം. സർവത്ര ഈശ്വരസാന്നിധ്യം അനുഭവപ്പെടുന്നതോടെ സകല പ്രപഞ്ചഘടകങ്ങളെയും ഈശ്വരബുദ്ധ്യാ മനസ്സുകൊണ്ടു പ്രണമിക്കാവുന്നതാണ്. നിത്യയുക്തത്വത്തെ ദിവസേന ഗാഢതരമാക്കിത്തീർക്കുന്നതു ഭക്തിയാണ്. ഭഗവദ്ഭജനം കൊണ്ടു ചിത്തപ്രീതി വളരുംതോറും ഭഗവത്പ്രേമം വർധിക്കും. ഭഗവാനോടുള്ള പരമപ്രേമം തന്നെയാണു ഭക്തി. ഭജനം പ്രേമത്തെയും പ്രേമം ഭജനത്തെയും ദിനംപ്രതി ഗാഢതരമാക്കിക്കൊണ്ടേയിരിക്കും. ഇതൊക്കെയാണു നിത്യയുക്തന്റെ ഈശ്വരഭജനം.

വ്യക്തമായ വസ്തുബോധനം വന്ന നിത്യയുക്തന്മാർ ജ്ഞാനയജ്ഞം കൊണ്ട് എങ്ങനെ ഭഗവാനെ ഉപാസിക്കുന്നു എന്നാണിനി പ്രതിപാദിക്കുന്നത്:

*15. ജ്ഞാനയജ്ഞേന ചാപ്യന്യേ യജന്തോ മാമുപാസതേ*
*ഏകത്വേന പൃഥക്ത്വേന ബഹുധാ വിശ്വതോമുഖം*

അന്യേ - വസ്തുബോധം വന്ന ജ്ഞാനികൾ; വിശ്വതോമുഖം - സർവത്ര നിറഞ്ഞുനിൽക്കുന്ന എന്നെ; ഏകത്വേന - 'സർവം ബ്രഹ്മമയം' എന്ന ഏകഭാവന കൊണ്ടും; പൃഥക്ത്വേന അപി - വേറേ വേറെ കാണപ്പെടുന്ന പ്രപഞ്ചഘടകങ്ങളെ വിരാഡ്രൂപിയായ എന്റെ ദേഹാവയവങ്ങളായി കൽപ്പിച്ചും; ബഹുധാ - ഇങ്ങനെ പലവിധത്തിൽ; ജ്ഞാനയജ്ഞേന യജന്തഃ ച - തത്വവിചാരപ്രധാനങ്ങളായ കർമങ്ങളനുഷ്ഠിച്ചും; മാം - പരമാത്മവായ എന്നെ; ഉപാസതേ - ഭജിക്കുന്നു.

വസ്തുബോധം വന്ന ജ്ഞാനികൾ സർവത്ര നിറഞ്ഞുനിൽക്കുന്ന എന്നെ 'സർവം ബ്രഹ്മമയം' എന്ന ഏകഭാവനകൊണ്ടും വേറേ വേറേ കാണപ്പെടുന്ന പ്രപഞ്ചഘടകങ്ങളെ വിരാഡ്രൂപിയായ എന്റേ ദേഹാവയവങ്ങളായി കൽപ്പിച്ചും ഇങ്ങനെ പലവിധത്തിൽ തത്വവിചാരപ്രധാനങ്ങളായ കർമങ്ങളനുഷ്ഠിച്ചും പരമാത്മാവായ എന്നെ ഭജിക്കുന്നു.

## ഏകത്വേന പൃഥക്ത്വേന

സിദ്ധാന്തപരമായി വസ്തുബോധം വന്നയാൾ അതനുഭവപ്പെടുത്താനായി അനുഷ്ഠിക്കുന്ന കർമങ്ങളാണു ജ്ഞാനയജ്ഞങ്ങൾ അഥവാ ബ്രഹ്മയജ്ഞങ്ങൾ. അനുഭവത്തിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് ഈ യജ്ഞങ്ങളുടെ സ്വരൂപങ്ങളും വ്യത്യാസപ്പെട്ടിരിക്കും. കർമവാസന ഒട്ടേറെ ക്ഷയിച്ചു

digitized by www.sreyas.in

ജ്ഞാനോദയമുണ്ടായവർക്ക് എല്ലാം ബ്രഹ്മമയമായിത്തന്നെ കണ്ടനുഭവിച്ചു കൊണ്ടു കർമങ്ങളനുഷ്ഠിക്കാൻ പറ്റും. അവർ യാഗാദികർമങ്ങളനുഷ്ഠിച്ചാലും ലൗകികകർമങ്ങളനുഷ്ഠിച്ചാലും അവയൊക്കെ ഏകഭാവനയിൽക്കൂടി ബ്രഹ്മസത്രമായി കലാശിക്കുന്നു. ഇങ്ങനെയുള്ള ബ്രഹ്മയജ്ഞങ്ങളുടെ സ്വരൂപം നാലാമധ്യായത്തിലെ ഇരുപത്തിനാലം ശ്ലോകം നോക്കി ഗ്രഹിക്കേണ്ടതാണ്. ഇനി സിദ്ധാന്തപരമായി വസ്തുബോധം ഉറപ്പുറ്റതാണെങ്കിലും വാസനാക്ഷയം വന്നു വ്യക്തമായ ആത്മാനുഭവം നേടാൻ കഴിയാത്തവരുടെ ജ്ഞാനയജ്ഞമാണ് വിരാഡ്രൂപോപാസന. പ്രപഞ്ചാകാരേണ വിവിധ തരത്തിൽ വിരാജിക്കുന്ന ബ്രഹ്മത്തിന്റെ ഉപാസനയാണു വിരാഡ്രൂപോപാസന. ഇതാണു പൃഥക്ത്വേനയുള്ള ജ്ഞാനയജ്ഞം. പ്രാണസാക്ഷാൽക്കാരത്തിലെത്തുന്ന യോഗിക്കു പ്രപഞ്ചഘടകങ്ങളെ പ്രാണാവയവങ്ങളായിക്കണ്ടു വിരാഡ്രൂപിയായ ബ്രഹ്മത്തെ നേരിട്ടറിയാനും കഴിയും. പതിനൊന്നാമധ്യായത്തിൽ ഭഗവാൻ അർജുനന് അൽപ്പനേരം ഈ വിരാഡ്രൂപം അനുഭവപ്പെടുത്തിക്കൊടുത്തതിന്റെ വിവരണവും കാണ്മാനുണ്ട്. പലതു കാണ്മാനുണ്ടെങ്കിലും അവയൊക്കെ ബ്രഹ്മത്തിന്റെതന്നെ ദേഹാവയവങ്ങളാണെന്നു ഭാവന ചെയ്യുന്നതാണിവിടത്തെ ജ്ഞാനം. ഭാഗവതപുരാണം രണ്ടാം സ്കന്ധം ഒന്നാമധ്യായത്തിൽ ശുകൻ പരീക്ഷിത്തിനുപദേശിക്കുന്ന ഉപാസനകളിലൊന്നു വിരാഡ്രൂപോപാസനയാണ്. അവിടെ വിരാഡ്രൂപം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. വിരാഡ്പുരുഷന്റെ പാദത്തിന്റെ അടിവശമാണു പാതാളം. ഉപ്പൂറ്റിയും പുറവടിയും ചേർന്നതാണു രസാതലം. കണങ്കാലാണ് മഹതലം. കണങ്കാലിനും മുട്ടിനുമിടക്കുള്ള ഭാഗം തലാതലം. മുട്ടുകൾ രണ്ടുമാണു സുതലം. വിതലവും അതലവും ചേർന്നതാണു രണ്ടു തുടകൾ. അരക്കെട്ടു ഭൂതലം. പൊക്കിൾ നഭസ്തലം. മാർവിടം സ്വർലോകം. കഴുത്തു മഹർ ലോകം, നെറ്റി തപോലോകം, ശിരസ്സു സത്യലോകം. ഇങ്ങനെ പതിന്നാലു ലോകങ്ങളും വിരാഡ്പുരുഷന്റെ അവയവങ്ങളാണ്. വിരാഡ്പുരുഷന്റെ കൈകളാണ് ഇന്ദ്രാദിദേവന്മാർ. ചെവികളാണു ദിക്കുകൾ. ശബ്ദമാണു ശ്രവണേന്ദ്രിയം. ഇവിടെ ഇന്ദ്രിയവും വിഷയവും ഒന്നുതന്നെ. അശ്വിനീദേവന്മാരാണു നാസികകൾ. ഗന്ധമാണു ഘ്രാണേന്ദ്രിയം. അഗ്നിയാണു വായ്. അന്തരീക്ഷമാണു കണ്ണ്. സൂര്യനാണു നയനേന്ദ്രിയം. രാത്രിയും പകലും കൺപോളകൾ. ഭ്രൂഭംഗമാണു ബ്രഹ്മാവിന്റെ ഇരിപ്പിടം. ജലമാണു നാക്ക്. രസമാണു ജിഹ്വേന്ദ്രിയം. വേദങ്ങൾ ശിരസ്സ്. യമനാണു ദംഷ്ട്ര. സ്നേഹ കലകളാണു പല്ലുകൾ. ജന

digitized by www.sreyas.in

ങ്ങളെ മദിപ്പിക്കുന്ന പുഞ്ചിരിയാണു മായ. കടാക്ഷ വിക്ഷേപമാണു സൃഷ്ടി. ലജ്ജ മേൽച്ചുണ്ടും ലോഭം കീഴ്ച്ചുണ്ടുമാണ്. ധർമം മാർവിടവും അധർമം മുതുകുമാണ്. പ്രജാപതി ജനനേന്ദ്രിയവും മിത്രാവരുണന്മാർ വൃഷണങ്ങളുമാണ്. സമുദ്രം വയറും പർവതങ്ങൾ എല്ലുകളുമാണ്. നദികൾ നാഡികളും വൃക്ഷങ്ങൾ രോമങ്ങളുമാണ്. വായു പ്രാണനും കാലം നടത്തയുമാണ്. ഗുണപ്രവാഹമാണു പ്രവൃത്തി. വിരാഡ്പുരുഷന്റെ തലമുടികളാണു മേഘങ്ങൾ. സന്ധ്യയാണു വസ്ത്രം. അവ്യക്തം ഹൃദയവും ചന്ദ്രൻ മനസ്സുമാണ്. മഹത്തത്വമാണു ബുദ്ധി. രുദ്രനാണഹങ്കാരം. കുതിര, അശ്വതരി, ഒട്ടകം, ആന തുടങ്ങിയവ നഖങ്ങളാണ്. മൃഗങ്ങളെല്ലാം പൃഷ്ഠഭാഗമാണ്. പക്ഷികൾ ശിൽപ്പനൈപുണിയാണ്. മനു നിശ്ചയമാണ്. മനുഷ്യൻ വിരാഡ്പുരുഷന്റെ താമസസ്ഥലമാണ്. ഗന്ധർവവിദ്യാധരചാരണാപ്സരസ്സുകളാണു ഷഡ്ജാദിസ്വരങ്ങൾ. അസുരസൈന്യം വീര്യമാണ്. ബ്രാഹ്മണൻ മുഖവും, ക്ഷത്രിയൻ കൈയും, വൈശ്യൻ ഊരുവും, ശൂദ്രൻ പാദവുമാണ്. ഇങ്ങനെ പ്രപഞ്ചത്തിൽ എന്തൊക്കെ അറിയപ്പെടുന്നുണ്ടോ അതൊക്കെ വിരാഡ് പുരുഷന്റെ അവയവങ്ങളാണ്. വസ്തുബോധത്തിൽ അധിഷ്ഠിതമായ ഈ ഭാവനകൾ ഉൾക്കൊണ്ടു ബ്രഹ്മോപാസനയിലേർപ്പെടുന്നതാണു പൃഥക്ത്വേനയുള്ള ജ്ഞാനയജ്ഞം.

ജ്ഞാനയജ്ഞത്തിലേർപ്പെടുന്ന നിത്യയുക്തന്മാരുടെ ഭാവനയും ദർശനവും ഏതു പ്രകാരമാണെന്നാണ് ഇനി അടുത്ത നാലു പദ്യങ്ങളിൽ ഭഗവാൻ വിവരിക്കുന്നത്. ജ്ഞാനപൂർവം കർമകാണ്ഡവേദഭാഗങ്ങളിലെ യാഗാദികർമങ്ങൾ അനുഷ്ഠിക്കുന്നവരുടെ ഭാവന എന്തായിരിക്കുമെന്നാണു പതിനാറാം ശ്ലോകത്തിൽ വിവരിക്കുന്നത്:

*16. അഹം ക്രതുരഹം യജ്ഞഃ സ്വധാഹമഹമൗഷധം*
*മന്ത്രോ ഽ ഹമഹമേവാജ്യമഹമഗ്നിരഹം ഹുതം*

ക്രതുഃ അഹം ഏവ - പശുഹിംസയോടുകൂടിയ യാഗം പരമാത്മാവായ ഞാൻ തന്നെയാണ്; യജ്ഞഃ അഹം (ഏവ) - പശുഹിംസയില്ലാത്ത യാഗവും ഞാൻ തന്നെ; സ്വധാ അഹം (ഏവ) - പിതൃക്കൾക്കായി ചെയ്യുന്ന കർമങ്ങളും ഞാൻ തന്നെ; ഔഷധം അഹം (ഏവ) - യജ്ഞാദികളിൽ ഉപയോഗിക്കുന്ന ഓഷധി പ്രധാനമായ അന്നവും ഞാൻ തന്നെ; മന്ത്രഃ അഹം - യജ്ഞങ്ങളിലെയും മറ്റും മന്ത്രവും ഞാൻ തന്നെ; ആജ്യം അഹം (ഏവ) - ഹോമദ്രവ്യവും ഞാൻ തന്നെ; അഗ്നിഃ അഹം (ഏവ) - അഗ്നിയും ഞാൻ തന്നെ; ഹുതം അഹം (ഏവ) - ഹോമിക്കുക എന്ന കർമവും ഞാൻ തന്നെ.

digitized by www.sreyas.in

പശുഹിംസയോടുകൂടിയ യാഗം പരമാത്മാവായ ഞാൻ തന്നെയാണ്. പശുഹിംസയില്ലാത്ത യാഗവും ഞാൻ തന്നെ. പിതൃക്കൾക്കായി ചെയ്യുന്ന കർമങ്ങളും ഞാൻ തന്നെ. യജ്ഞാദികളിൽ ഉപയോഗിക്കുന്ന ഓഷധി പ്രധാനമായ അന്നവും ഞാൻ തന്നെ. യജ്ഞങ്ങളിലെയും മറ്റും മന്ത്രവും ഞാൻ തന്നെ. ഹോമദ്രവ്യവും ഞാൻ തന്നെ. അഗ്നിയും ഞാൻ തന്നെ. ഹോമിക്കുക എന്ന കർമവും ഞാൻ തന്നെ.

## ജ്ഞാനയജ്ഞം

ജ്ഞാനയജ്ഞസ്വരൂപം ഇതിനു മുമ്പും വിവരിച്ചിട്ടുണ്ടല്ലോ. ഒരു ജ്ഞാനി പശുഹിംസയോടുകൂടിയും അല്ലാതെയും യാഗങ്ങളനുഷ്ഠിച്ചു എന്നുവരാം. പശുഹിംസയുള്ള യാഗമാണു ക്രതു; അതില്ലാത്തതു യജ്ഞം. ശ്രുതിയിൽ വിധിച്ചിട്ടുള്ളതു ക്രതു; സ്മൃതിയിൽ വിധിച്ചിട്ടുള്ളതു യജ്ഞം എന്നും ക്രതുയജ്ഞ ശബ്ദാർഥങ്ങളെ വേർതിരിക്കാം. അതുപോലെ ജ്ഞാനി പിതൃക്കളെയുദ്ദേശിച്ചു ശ്രാദ്ധാദികർമങ്ങളും അനുഷ്ഠിച്ചെന്നു വരാം. ഓരോന്നിനും ആവശ്യമായ സാമഗ്രികളും കൃത്യമായി സംഭവിച്ചു എന്നുവരും. പക്ഷേ, ജ്ഞാനി ഇവയെ തികച്ചും നിഷ്കാമമായി ബ്രഹ്മഭാവനയോടുകൂടിയായിരിക്കും നിർവഹിക്കുക. ചിത്തശുദ്ധിവഴി ആത്മസാക്ഷാൽക്കാരമാണു ജ്ഞാനിയുടെ ലക്ഷ്യം. അതുകൊണ്ടു താനും യജ്ഞസാമഗ്രികളും യജ്ഞകർമംപോലും ബ്രഹ്മസ്വരൂപമാണെന്ന് അദ്ദേഹം ഭാവനചെയ്യുന്നു. സർവത്ര തത്വഭാവനയുടെ ദൃഢീകരണമാണു ജ്ഞാനയജ്ഞത്തിന്റെ പ്രത്യേകത.

ഇനിയും ഒരു ജ്ഞാനി തന്റെ ലൗകികവും വൈദികവുമായ ജീവിതത്തെ എങ്ങനെ ജ്ഞാനയജ്ഞമാക്കി മാറ്റുന്നു എന്നാണടുത്ത പദ്യം വിവരിക്കുന്നത്:

*17. പിതാഹമസ്യ ജഗതോ മാതാ ധാതാ പിതാമഹഃ*
*വേദ്യം പവിത്രമോംകാര ഋക്സാമ യജുരേവ ച*

അസ്യ ജഗതഃ - ഈ ജഗത്തിന്റെ; പിതാ (അഹം ഏവ) - പിതാവ് ജ്ഞാനിക്കു പരമാത്മാവായ ഞാൻ തന്നെ; മാതാ, ധാതാ, പിതാമഹഃ (അഹം ഏവ) - മാതാവും രക്ഷിതാവും പിതാമഹനും ഞാൻ തന്നെ; വേദ്യം - അറിയപ്പെടേണ്ടതും; പവിത്രം - കളങ്കമറ്റതും; ഓംകാരഃ - പ്രണവവും; ഋക്, സാമ, യജുഃ ച - ഋക്സാമ യജുർവേദങ്ങളും; (അഹം) ഏവ - ഞാൻ തന്നെയാണ്.

digitized by www.sreyas.in

ഈ ജഗത്തിന്റെ പിതാവ് ജ്ഞാനിക്കു പരമാത്മാവായ ഞാൻ തന്നെ. മാതാവും രക്ഷിതാവും പിതാമഹനും ഞാൻ തന്നെ. അറിയപ്പെടേണ്ടതും കളങ്കമറ്റതും പ്രണവവും ഋക്സാമയജുർവേദങ്ങളും ഞാൻ തന്നെയാണ്.

## *വേദ്യം പവിത്രം*

യജ്ഞാദികർമാനുഷ്ഠാനങ്ങളിൽ പരിശീലിക്കുന്ന ബ്രഹ്മഭാവന ക്രമേണ വളർന്നു ലൗകികജീവിതത്തിലും വൈദികജീവിതത്തിലും തനിക്കാശ്രയമായതെല്ലാം ബ്രഹ്മംതന്നെ എന്ന ഭാവനയിൽ എത്തിച്ചേരുന്നു. അറിയപ്പെടേണ്ട കളങ്കമറ്റ വസ്തു, ബ്രഹ്മം മാത്രമാണെന്നു സംശയമെന്യേ തെളിയുന്നു. ഒരേ ബ്രഹ്മം തന്നെ പരമകാരണരൂപേണ ജഗത്തിനു പിതാവായും ശക്തിരൂപേണ മാതാവായും അധിഷ്ഠാനരൂപേണ രക്ഷിതാവായും പുരാണപുരുഷരൂപേണ പിതാമഹനായും വർത്തിക്കുന്നു. എന്നും അറിഞ്ഞുപാസിക്കാറാകുന്നു. ബ്രഹ്മാനുഭവത്തിനു വഴിതെളിക്കുന്ന പ്രണവം വേദങ്ങൾ എന്നിവയേയും ബ്രഹ്മസ്വരൂപമായിത്തന്നെ ഭാവന ചെയ്തുറപ്പിക്കുന്നു.

ജ്ഞാനയജ്ഞം വഴി ഇങ്ങനെ വികസിതമാകുന്ന ബ്രഹ്മഭാവന ക്രമേണ സർവം ബ്രഹ്മമയമെന്നു കാട്ടിക്കൊടുത്ത് ഉപാസകനെ അനുഗ്രഹിക്കുന്നതെങ്ങനെയെന്നാണ് അടുത്ത രണ്ടു പദ്യങ്ങൾ സംഗ്രഹിച്ചു വിവരിക്കുന്നത്:

*18. ഗതിർഭർത്താ പ്രഭുഃ സാക്ഷീ നിവാസഃ ശരണം സുഹൃത്*
*പ്രഭവഃ പ്രളയഃ സ്ഥാനം നിധാനം ബീജമവ്യയം*

*19. തപാമ്യഹമഹം വർഷം നിഗൃഹ്ണാമ്യുത്സൃജാമി ച*
*അമൃതം ചൈവ മൃത്യുശ്ച സദസച്ചാഹമർജുന*

ഗതിഃ - കർമങ്ങൾക്കെല്ലാം ഫലം പ്രദാനം ചെയ്യുന്നവനും; ഭർത്താ - ജഗത്തിനെ പോഷിപ്പിച്ചു ഭരിക്കുന്നവനും; പ്രഭുഃ - ജഗത്തിന്റെ മുഴുവൻ ഉടമസ്ഥനും; സാക്ഷീ - എല്ലാം കണ്ടറിഞ്ഞു നിൽക്കുന്നവനും; നിവാസഃ - ജഗത്തിന്റെ മുഴുവൻ വാസസ്ഥാനവും; ശരണം - സകല ലോകരുടെയും അഭയകേന്ദ്രവും; സുഹൃത് - ഇഷ്ടപ്പെട്ട എന്തും നേടിക്കൊടുക്കുന്ന കൂട്ടുകാരനും; പ്രഭവഃ - ജഗത്തിന്റെ ഉൽപ്പത്തിയും; പ്രളയഃ - പ്രളയവും; സ്ഥാനം - രക്ഷയും; നിധാനം - സൂക്ഷിപ്പുകാരനും; ബീജം - ആദികാരണവും; അവ്യയം - നാശമില്ലാത്തതും; (അവം ഏവ) - ഞാൻ തന്നെ; അഹം തപാമി

digitized by www.sreyas.in

– തേജോരൂപം കൈക്കൊണ്ടു ജഗത്തിനു ചൂടു നൽകുന്നതു ഞാൻ തന്നെ; (അഹം) വർഷം – മേഘമായി വർഷിക്കുന്നതു ഞാൻ തന്നെ; നിഗൃഹ്ണാമി ഉത്സൃജാമി ച – ജഗത്തിനെ പിൻവലിച്ചൊളിപ്പിക്കുന്നതും പൊന്തിച്ചു പ്രകടമാക്കുന്നതും ഞാൻ തന്നെ; അമൃതം ച മൃത്യുഃ ച – അമൃതവും മൃത്യുവും (ഞാൻ തന്നെ); അർജുന – അല്ലയോ അർജുന; സത് ച അസത് ച (അഹം ഏവ) – ഉണ്മയും ഇല്ലായ്മയും ഞാൻ തന്നെ.

കർമങ്ങൾക്കെല്ലാം ഫലം പ്രദാനം ചെയ്യുന്നവനും ജഗത്തിനെ പോഷിപ്പിച്ചു ഭരിക്കുന്നവനും ജഗത്തിന്റെ മുഴുവൻ ഉടമസ്ഥനും എല്ലാം കണ്ടറിഞ്ഞു നിൽക്കുന്നവനും ജഗത്തിന്റെ മുഴുവൻ വാസസ്ഥാനവും സകല ലോകരുടെയും അഭയകേന്ദ്രവും ഇഷ്ടപ്പെട്ട എന്തും നേടിക്കൊടുക്കുന്ന കൂട്ടുകാരനും ജഗത്തിന്റെ ഉൽപ്പത്തിയും പ്രളയവും രക്ഷയും സൂക്ഷിപ്പുകാരനും ആദികാരണവും നാശമില്ലാത്തതും ഞാൻ തന്നെ. തേജോരൂപം കൈക്കൊണ്ടു ജഗത്തിനു ചൂടു നൽകുന്നതു ഞാൻതന്നെ. മേഘമായി വർഷിക്കുന്നതു ഞാൻ തന്നെ. ജഗത്തിനെ പിൻവലിച്ചൊളിപ്പിക്കുന്നതും പൊന്തിച്ചു പ്രകടമാക്കുന്നതും ഞാൻതന്നെ. അമൃതവും മൃത്യുവും ഞാൻ തന്നെ. അല്ലയോ അർജുന, ഉണ്മയും ഇല്ലായ്മയും ഞാൻ തന്നെ.

## *സദസച്ചാഹമർജുന*

ഒരു ജ്ഞാനി, സത്തും അസത്തും പരമാത്മാവുതന്നെ എന്ന അനുഭവത്തിലെത്തിച്ചേരുന്നതാണ് അദ്ദേഹത്തിന്റെ പരമമായ സത്യദർശനം. സത്ത് ഉണ്മയും അസത്ത് ഇല്ലായ്മയുമാണ്. സത്ത് ചേതനനും അസത്ത് ജഡവുമാണ്. സത്ത് പ്രകാശവും അസത്ത് ഇരുട്ടുമാണ്. സത്ത് സുഖവും അസത്ത് ദുഖവുമാണ്. സത്ത് സൗന്ദര്യവും അസത്ത് വൈരൂപ്യവുമാണ്. സത്ത് ധർമവും അസത്ത് അധർമവുമാണ്. വാസ്തവത്തിൽ സത്തേ ഉള്ളു. ഉണ്മയല്ലേ ഉള്ളതാവാൻ പറ്റൂ. സത്തിന്റെ അപൂർണാനുഭവമാണ് അസത്തിന്റെ തോന്നലിനു ഹേതുവായി ഭവിക്കുന്നത്. സത്തിന്റെ അനുഭവം സത്യാനുഭവവും അസത്തിന്റെ അനുഭവം ഭ്രമാനുഭവവുമാണെന്നു ഭാവം. എന്തായാലും രണ്ടനുഭവങ്ങൾക്കും അധിഷ്ഠാനം ഒന്നുതന്നെയാണ്. സത്ത് പൂർണമായി അനുഭവപ്പെടുന്നതോടെ അസത്തു പാടേ മറയുന്നതാണ്. സത്തിന്റെ പൂർണാനുഭവത്തിനുവേണ്ടിയുള്ള ജ്ഞാനിയുടെ യജ്ഞഭാവനയാണിവിടെ വിവരിച്ചിരിക്കുന്നത്. ജഡദൃശ്യാനുഭവങ്ങളിൽ എന്തിനെയെങ്കിലും വസ്തു ഭാവനയിൽ നിന്ന് ഒഴിച്ചുനിറുത്തുന്നിടത്തോളം

digitized by www.sreyas.in

ബ്രഹ്മാനുഭവം പൂർണമാകുന്നതല്ല. 'സദസച്ചാഹം' എന്ന ഭാഗംകൊണ്ടു ഭഗവാൻ ആ അനുഭവരഹസ്യമാണു വെളിപ്പെടുത്തിയിരിക്കുന്നത്.

ഇനിയും വസ്തുബോധത്തോടെ ജീവിതത്തെ ഒരു ജ്ഞാനയജ്ഞമാക്കി മാറ്റാതെ ഫലകാമനയോടെ കർമകാണ്ഡത്തിലെ യജ്ഞങ്ങളും മറ്റും അനുഷ്ഠിച്ചു കഴിഞ്ഞുകൂടുന്നവരുടെ ഗതിയെന്താണ്? അതാണു ഭഗവാൻ ഇരുപതാം പദ്യത്തിൽ വിവരിക്കുന്നത്:

*20. ത്രൈവിദ്യാ മാം സോമപാഃ പൂതപാപാ*
*യജ്ഞൈരിഷ്ട്വാ സ്വർഗതിം പ്രാർഥയന്തേ*
*തേ പുണ്യമാസാദ്യ സുരേന്ദ്രലോക-*
*മശ്നന്തി ദിവ്യാൻ ദിവി ദേവഭോഗാൻ*

ത്രൈവിദ്യാഃ - ഋഗ്യജുസാമവേദങ്ങളിലെ കർമങ്ങൾക്കപ്പുറം വിദ്യയൊന്നുമില്ലെന്നു കരുതുന്ന യാജ്ഞികന്മാർ; യജ്ഞൈഃ - ജ്യോതിഷ്ടോമാദി യാഗങ്ങളെക്കൊണ്ട്; മാം - ഇന്ദ്രാദിദേവരൂപത്തിൽ എന്നെ; ഇഷ്ട്വാ - ഉപാസിച്ച്; സോമപാഃ - യജ്ഞം കഴിഞ്ഞു സോമരസം കുടിച്ച്; പൂതപാപാഃ - ഇഹലോകപാപങ്ങൾ ക്ഷയിപ്പിച്ച്; സ്വർഗതിം പ്രാർഥയന്തേ - സ്വർഗപ്രാപ്തിക്കായി പ്രാർഥിക്കുന്നു; തേ - അവർ; പുണ്യം സുരേന്ദ്രലോകം ആസാദ്യ - പുണ്യഫലമായ ദേവലോകത്തെത്തി; ദിവി - ആ ദിവ്യസ്ഥാനത്ത്; ദിവ്യാൻ ദേവഭോഗാൻ അശ്നന്തി - ദേവന്മാരുമൊത്ത് സ്വർഗസുഖങ്ങൾ അനുഭവിക്കാൻ ഇടവരുന്നു.

ഋഗ്യജുസാമവേദങ്ങളിലെ കർമങ്ങൾക്കപ്പുറം വിദ്യയൊന്നുമില്ലെന്നു കരുതുന്ന യാജ്ഞികന്മാർ ജ്യോതിഷ്ടോമാദി യാഗങ്ങളെക്കൊണ്ട് ഇന്ദ്രാദി ദേവരൂപത്തിൽ എന്നെ ഉപാസിച്ചു യജ്ഞം കഴിഞ്ഞു സോമരസം കുടിച്ച് ഇഹലോകപാപങ്ങൾ ക്ഷയിപ്പിച്ചു സ്വർഗപ്രാപ്തിക്കായി പ്രാർഥിക്കുന്നു. അവർ പുണ്യഫലമായ ദേവലോകത്തെത്തി ആ ദിവ്യസ്ഥാനത്തു ദേവന്മാരുമൊത്തു സ്വർഗസുഖങ്ങൾ അനുഭവിക്കാൻ ഇടവരുന്നു.

## *ത്രൈവിദ്യാഃ*

മുണ്ഡകോപനിഷത്ത് വിദ്യയെ പരാവിദ്യയെന്നും അപരാവിദ്യയെന്നും രണ്ടായി തിരിക്കുന്നു. ബ്രഹ്മവിദ്യയാണു പരാവിദ്യ. കർമകാണ്ഡവേദവിദ്യയാണ് അപരാവിദ്യ. അതു തന്നെയാണു ത്രയീവിദ്യ. ഋക്, യജുസ്സ്, സാമവേദങ്ങളാണു ത്രയീ. അവയിൽ അടങ്ങുന്ന വിദ്യ ത്രയീവിദ്യ. ഇഹലോക പരലോകസുഖങ്ങൾക്കായി അനുഷ്ഠിക്കേണ്ട യാഗാദികർമങ്ങളുടെ വിവരണ

digitized by www.sreyas.in

മാണ് അപരാവിദ്യ. ഒരർഥത്തിൽ ബ്രഹ്മവിദ്യ ഒഴിച്ചുള്ള എല്ലാ ലൗകികവിദ്യകളും അപരാവിദ്യകളാണ്. അവയിൽ നിന്നു കിട്ടുന്ന ഫലം അൽപ്പവും താൽക്കാലികവുമായതുകൊണ്ടാണ് അവയെ അപരാവിദ്യയായി ഗണിച്ചിരിക്കുന്നത്. അപരാവിദ്യകൊണ്ടാണ് അവയെ അപരാവിദ്യയായി ഗണിച്ചിരിക്കുന്നത്. അപരാവിദ്യകൊണ്ടു ലഭിക്കാവുന്ന അങ്ങേയറ്റത്തെ മികച്ച ഫലമാണു സ്വർഗപ്രാപ്തി. മുണ്ഡകോപനിഷത്ത് ഒന്നാം മുണ്ഡകത്തിലെ രണ്ടാം ഖണ്ഡത്തിൽ അപരാവിദ്യയുടെ പ്രവർത്തനവും ഫലവും വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ട്. സ്വർഗപ്രാപ്തിയെ ലക്ഷ്യമാക്കി യാഗാദികർമങ്ങൾ അനുഷ്ഠിക്കുന്നവരെ മരണാനന്തരം തേജോമയരായ ദേവതമാർ സൂര്യരശ്മിവഴി സ്വർഗത്തേക്കു കൂട്ടിക്കൊണ്ടുപോകുന്നു. അവിടെ അവർ ദേവന്മാരുമൊത്തു സുഖിക്കുന്നു. എന്നാൽ യജ്ഞഫലങ്ങൾ അസ്ഥിരങ്ങളും നശിക്കുന്നവയുമാണ്. ഇവയെ ജീവിതലക്ഷ്യമായി കരുതുന്ന മൂഢന്മാർ ജനനമരണരൂപമായ സംസാരപ്രവാഹത്തിലേക്കു മടങ്ങാനിടവരുന്നു എന്നാണ് ഉപനിഷത്ത് മുന്നറിയിപ്പു നൽകുന്നത്. അവിദ്യയുടെ ഇരുട്ടിൽ തപ്പിത്തടയവേ സ്വയം പണ്ഡിതന്മാരെന്നഭിമാനിക്കുന്ന അന്ധന്മാരായിട്ടാണ് ഈ യാജ്ഞികന്മാരെ ഉപനിഷത്തു വിവരിക്കുന്നത്. ഗീത രണ്ടാമധ്യായത്തിൽ ഭഗവാനും കാമാത്മാക്കളെന്നു പറഞ്ഞ് ഇക്കൂട്ടരെ തള്ളിക്കളഞ്ഞിരിക്കുന്നതു ശ്രദ്ധിക്കേണ്ടതാണ്.

ഭഗവാൻ അടുത്ത പദ്യത്തിലും ഈ കർമകാണ്ഡികകളുടെ കാമകാമിത്വവും അൽപ്പഫലപ്രാപ്തിയും വിവരിച്ചിരിക്കുന്നതു നോക്കുക:

*21. തേ തം ഭുക്ത്വാ സ്വർഗലോകം വിശാലം*
*ക്ഷീണേ പുണ്യേ മർത്യലോകം വിശന്തി*
*ഏവം ത്രയീധർമമനുപ്രപന്നാ*
*ഗതാഗതം കാമകാമാ ലഭന്തേ*

തേ - കർമകാണ്ഡികളായ യാജ്ഞികന്മാർ; വിശാലം തം സ്വർഗലോകം - സുഖസമൃദ്ധമായ ആ സ്വർഗലോകം; ഭുക്ത്വാ - അനുഭവിച്ചിട്ട്; പുണ്യേ ക്ഷീണേ - പുണ്യം ക്ഷയിക്കുമ്പോൾ; മർത്യലോകം വിശന്തി - മനുഷ്യലോകത്തിലേക്കു തിരിച്ചുവരുന്നു; ത്രയീധർമം അനുപ്രപന്നാഃ - ത്രയീവിദ്യയെ അനുസരിക്കുന്ന; കാമ കാമഃ - കാമകാമികൾ; ഏവം - ഇപ്രകാരം; ഗതാഗതം ലഭന്തേ - വന്നുംപോയുമിരിക്കുന്ന അൽപ്പസുഖങ്ങൾക്ക് അർഹരായി ഭവിക്കുന്നു.

digitized by www.sreyas.in

കർമകാണ്ഡികളായ യാജ്ഞികന്മാർ സുഖസമൃദ്ധമായ ആ സ്വർഗ ലോകം അനുഭവിച്ചിട്ടു പുണ്യം ക്ഷയിക്കുമ്പോൾ മനുഷ്യലോകത്തിലേക്കു തിരിച്ചുവരുന്നു. ത്രയീവിദ്യയെ അനുസരിക്കുന്ന കാമകാമികൾ ഇപ്രകാരം വന്നും പോയുമിരിക്കുന്ന അൽപ്പസുഖങ്ങൾക്ക് അർഹരായി ഭവിക്കുന്നു.

*ഗതാഗതം കാമകാമാ ലഭന്തേ*

കർമം ചെയ്തുണ്ടാക്കേണ്ട കൃത്രിമ സുഖമാണു കാമകാമികളുടെ സുഖം. ജനനമരണ പ്രക്രിയയിൽ കൂടിയല്ലാതെ അതനുഭവിക്കാൻ പറ്റുന്ന തുമല്ല. ബ്രഹ്മസുഖമാകട്ടെ വസ്തുനിഷ്ഠമായ ശാശ്വതസുഖമാണ്. ജനന മരണ പ്രക്രിയ അവസാനിച്ചാലേ ആ സുഖം പ്രാപ്യമാവൂ. ബ്രഹ്മവിദ്യയെന്ന പരാവിദ്യയാണതിനഭ്യസിക്കേണ്ടത്. അപരാവിദ്യയെ പിൻതുടരുന്നവർക്കു പുണ്യം നേടാനുള്ള ശ്രമം, പുണ്യക്ഷയത്തിൽ പതനം, വീണ്ടും ശ്രമം ഇങ്ങനെ തുടരാനേ പറ്റൂ. അപരാവിദ്യയെ അനുസരിക്കുന്നവർ സ്വർഗത്തെ ത്തിച്ചേരുന്ന ക്രമവും തിരിച്ചുവരുന്ന ക്രമവും എട്ടാമധ്യായം ഇരുപത്തഞ്ചാം ശ്ലോകം നോക്കി മനസ്സിലാക്കേണ്ടതാണ്.

ജനിക്കുന്ന ഒരാൾക്കു കർമവും കർമഫലവും അനിവാര്യമല്ലേ. അതു പാടേ ഉപേക്ഷിക്കുകയാണല്ലോ ബ്രഹ്മപ്രാപ്തിക്കുള്ള വഴി. അതെങ്ങനെ സാധിക്കും? ഇനി കർമവും കർമഫലവും വല്ല തരത്തിലും പാടേ ഉപേ ക്ഷിച്ചാൽത്തന്നെ ഇഹലോകജീവിതം ആകെ തകരാറിലാവില്ലേ? ഈ സംശ യങ്ങൾക്കുള്ള വ്യക്തമായ മറുപടിയാണ് അടുത്ത പദ്യം:

*22. അനന്യാശ്ചിന്തയന്തോ മാം യേ ജനാഃ പര്യുപാസതേ*
*തേഷാം നിത്യാഭിയുക്താനാം യോഗക്ഷേമം വഹാമ്യഹം*

യേ ജനാഃ - ആരൊക്കെയാണോ; അനന്യാഃ - അൽപ്പംപോലും അന്യമന സ്കരാകാതെ; മാം ചിന്തയന്തഃ - പരമാത്മാവായ എന്നെത്തന്നെ സ്മരിച്ച്; പര്യുപാസതേ - സർവത്ര കണ്ടു ഭജിക്കുന്നത്; തേഷാം നിത്യാഭിയുക്താനാം - ആ ഏകാന്ത ഭക്തന്മാരുടെ; യോഗക്ഷേമം - ലൗകികവും ആധ്യാത്മികവു മായ എല്ലാ ക്ഷേമവും; അഹം വഹമി - ഞാൻ കാത്തുസൂക്ഷിക്കുന്നു.

ആരൊക്കെയാണോ അൽപ്പംപോലും അന്യമനസ്കരാകാതെ പരമാ ത്മാവായ എന്നെത്തന്നെ സ്മരിച്ചു സർവത്ര കണ്ടു ഭജിക്കുന്നത് ആ ഏകാന്ത ഭക്തന്മാരുടെ ലൗകികവും ആധ്യാത്മികവുമായ എല്ലാ ക്ഷേമവും ഞാൻ കാത്തു സൂക്ഷിക്കുന്നു.

digitized by www.sreyas.in

## *യോഗക്ഷേമം വഹാമ്യഹം*

കർമവാസന ക്ഷയിപ്പിക്കാൻ രണ്ടുപായങ്ങളാണു ഭഗവാൻ ഇവിടെ നിർദേശിച്ചിരിക്കുന്നത്. അനന്യചിന്തനവും പര്യുപാസനവും. ദേഹം കൊണ്ടു കർമം ചെയ്തേ തീരൂ. അതാർക്കും ഒഴിവാക്കുക വയ്യ. ദേഹം കൊണ്ടു കർമം ചെയ്യവേ ബുദ്ധിയെ ഫലചിന്തയിൽ നിന്നുമകറ്റി നിരന്തരമായ ഭഗവത് സ്മരണയിൽ ഉറപ്പിക്കണം; ഇതാണനന്യചിന്ത. ഈ വ്യവസായാത്മികാബുദ്ധിയുടെ സ്വരൂപവും അഭ്യാസക്രമവും രണ്ടാമധ്യായം നോക്കി ഒന്നുകൂടി ധരിക്കേണ്ടതാണ്. തുടർന്നു സഗുണോപാസനയായാലും നിർഗുണോപാസനയായാലും വസ്തു ഒന്നേയുള്ളു എന്നറിഞ്ഞു പ്രപഞ്ചം മുഴുവൻ ഈശ്വരലീലയായോ ഈശ്വരസ്വരൂപമായോ ഭാവന ചെയ്യണം. അങ്ങനെ സ്വധർമാചരണം മുഴുവൻ അച്യുതാരാധനമാക്കി മാറ്റണം; ഇതാണു പര്യുപാസനം. ഇതു രണ്ടും തുടർന്നഭ്യസിക്കുന്ന ഒരാളിന്റെ യോഗക്ഷേമം ഭഗവാൻ നോക്കുമെന്നാണിവിടെ പ്രതിജ്ഞ ചെയ്തിരിക്കുന്നത്. യോഗത്തിലുള്ള ക്ഷേമമാണു യോഗക്ഷേമം. ഇഹലോകജീവിതം തകരാറാകതെ വേണ്ടതു വേണ്ട സമയത്തെത്തിച്ചുകൊടുക്കുകയും അകാലത്തു നഷ്ടപ്പെട്ടുപോകാതെ സുക്ഷിക്കുകയും ചെയ്യുന്നതാണു ലൗകികമായ യോഗം. അതുപോലെ ദേഹയാത്ര മുന്നേറുംതോറും ഉള്ളിലും പുറത്തും ഭഗവത്സാന്നിധ്യം കൂടുതൽ കൂടുതൽ അനുഭവപ്പെടാൻ ഇടയാകുന്നതാണ് ആധ്യാത്മികയോഗം. ഈ രണ്ടുതരം യോഗവും കൊണ്ടാണൊരുവന്റെ ജീവിതം പൂർണ ധന്യതയിലെത്തേണ്ടത്. ഏകാന്തഭക്തന്റെ കാര്യത്തിൽ ഈ രണ്ടുതരം യോഗവും വേണ്ടപ്പോൾ വേണ്ടപോലെ പൊരുത്തപ്പെടുത്തി കാത്തുസൂക്ഷിക്കുന്ന കാര്യം ലോകാരംഭം മുതൽ താനേറ്റെടുത്തിട്ടുള്ളതാണെന്നാണു ഭഗവാൻ ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. അർജുനന്റെ ജീവിതം തന്നെ ഇതിനു തെളിവാണ്. ലോകചരിത്രത്തിൽ ഏത് ഏകാന്തഭക്തന്റെ ചരിത്രം വേണമെങ്കിലും പഠിച്ചുനോക്കുക. അവിടെയൊക്കെ ഭഗവാൻ ഈ പ്രതിജ്ഞ നിറവേറ്റിയതായി കാണാൻ കഴിയും.

ഭേദബുദ്ധി നിലനിറുത്തി ഫലകാമനയോടെ അന്യദേവന്മാരെ ഭജിക്കുന്നവരും പരമാത്മാവായ ഭഗവാനെ തന്നെയല്ലേ ഭജിക്കുന്നത്? അവർക്കും ഈ അനന്യഭക്തനും തമ്മിൽ എന്താണു ഭേദം? ഈ സംശയത്തിനുള്ള വിശദമായ മറുപടിയാണ് അടുത്ത മൂന്നു പദ്യങ്ങൾ. അന്യദേവന്മാരെ ഉപാസിക്കുന്നവരും പരമാത്മാവായ ഭഗവാനെത്തന്നെയാണു ഭജിക്കുന്നതെന്നു വ്യക്തമാക്കുകയാണ് ഇരുപത്തിമൂന്നാം പദ്യത്തിൽ:

digitized by www.sreyas.in

*23. യേഽ പ്യന്യദേവതാഭക്താ യജന്തേ ശ്രദ്ധയാന്വിതാഃ*
*തേഽ പി മാമേവ കൗന്തേയ! യജന്ത്യവിധിപൂർവകം*

കൗന്തേയ - അല്ലയോ അർജുനാ; യേ അപി ഭക്താഃ - ഏതേതു ഭക്തന്മാരാണോ; ശ്രദ്ധയാ അന്വിതാഃ - ദൃഢവിശ്വാസത്തോടുകൂടി; അന്യദേവതാഃ യജന്തേ - സ്വർഗാദിഫലങ്ങൾക്കായി ഇന്ദ്രാദിദേവന്മാരെ ആരാധിക്കുന്നത്; തേ അപി - അവരും; അവിധിപൂർവകം - യഥാർഥത്തിൽ എന്നെ ഭജിക്കേണ്ട വിധമെന്തെന്നറിയാതെ; മാം ഏവ യജന്തി - പരമാത്മാവായ എന്നെത്തന്നെയാണ് ആരാധിക്കുന്നത്.

അല്ലയോ അർജുനാ, ഏതേതു ഭക്തന്മാരാണോ സ്വർഗാദി ഫലങ്ങൾക്കായി ഇന്ദ്രാദിദേവന്മാരെ ആരാധിക്കുന്നത് അവരും യഥാർഥത്തിൽ എന്നെ ഭജിക്കേണ്ട വിധമെന്തെന്നറിയാതെ പരമാത്മാവായ എന്നെത്തന്നെയാണ് ആരാധിക്കുന്നത്.

## *യജന്ത്യവിധിപൂർവകം*

വസ്തു ഒന്നേയുള്ളു. ഭജിക്കുന്നവരുടെ സങ്കൽപ്പമനുസരിച്ചു ദേവതാരൂപത്തിലും ഫലരൂപത്തിലും പ്രത്യക്ഷപ്പെട്ടു ഭക്തന്മാരെ അനുഗ്രഹിക്കുന്നത് അവരുടെ ആത്മാവായി വർത്തിക്കുന്ന ബോധാനന്ദഘനമായ ആ വസ്തുതന്നെ. പക്ഷേ, ഫലകാമനയോടെ ഇഷ്ടദേവതാരൂപത്തിൽ ആരാധിക്കുന്നവരുടെ ഭജനം വിധിപൂർവകമല്ല. വസ്തുസ്വരൂപമെന്തെന്നോ അതിൽ എത്തിച്ചേരാനുള്ള യഥാർഥ മാർഗമെന്തെന്നോ അറിയാതെ ആരാധിക്കുന്നു എന്നതുതന്നെയാണ് ആ ഭജനത്തിന്റെ അവിധിപൂർവകത്വം. ലക്ഷ്യം, മാർഗം എന്നിവ വ്യക്തമായി അറിഞ്ഞു ചെയ്യുന്ന കർമമാണല്ലോ വിധിപൂർവകമായ കർമം. അദ്വയമായ ബ്രഹ്മപ്രാപ്തിയാണു ലക്ഷ്യം. അതറിയാതെ നശ്വരങ്ങളായ സ്വർഗാദിഫലങ്ങളെയാണു യാജ്ഞികൻ ലക്ഷ്യമാക്കുന്നത്. കാമത്യാഗമാണു മാർഗം. നേരേമറിച്ചു യാജ്ഞികന്റെ മാർഗമോ? കാമകാമിത്വം.

പരമാത്മഭജനം തന്നെ. പക്ഷേ, അത് അവിധിപൂർവകമായാലുണ്ടാകുന്ന ഫലമോ? ഭഗവാൻ അരുളിച്ചെയ്യുന്നതു നോക്കുക:

*24. അഹം ഹി സർവയജ്ഞാനാം ഭോക്താ ച പ്രഭുരേവ ച*
*ന തു മാമഭിജാനന്തി തത്ത്വേനാതശ്ച്യവന്തി തേ*

സർവയജ്ഞാനാം - എല്ലാത്തരം ആരാധനകളുടെയും; ഭോക്താ ച -

digitized by www.sreyas.in

സ്വീകർത്താവും; പ്രഭുഃ ച - ഫലദാതാവും; അഹം ഏവ ഹി - പരമാത്മാവായ ഞാൻ തന്നെ; തേ - ഫലകാമനയോടെ ഇഷ്ടദേവതാരൂപത്തിൽ ഉപാസിക്കുന്നവർ; തത്ത്വേ ന മാം - ബോധാനന്ദഘനമായ പരമാത്മരൂപത്തിൽ എന്നെ; ന തു അഭിജാന ന്തി - വ്യക്തമായി അറിയുന്നില്ലതന്നെ; അതഃ ച്യവന്തി - അതുനിമിത്തം എന്നെ പ്രാപിക്കാതെ സംസാരക്കടലിലേക്ക് അവർ വീണ്ടും വീണ്ടും വീഴാനിടയാകുന്നു.

എല്ലാത്തരം ആരാധനകളുടെയും സ്വീകർത്താവും ഫലദാതാവും പരമാത്മാവായ ഞാൻ തന്നെ. ഫലകാമനയോടുകൂടി ഇഷ്ടദേവതാരൂപത്തിൽ ഉപാസിക്കുന്നവർ ബോധാനന്ദഘനമായ പരമാത്മരൂപത്തിൽ എന്നെ വ്യക്തമായി അറിയുന്നില്ല. അതുനിമിത്തം എന്നെ പ്രാപിക്കാതെ സംസാരക്കടലിലേക്ക് അവർ വീണ്ടും വീണ്ടും വഴുതി വീഴാനിടയാകുന്നു.

## *അതശ്ച്യവന്തി തേ*

തൽക്കാലത്തെ ഉപാസന സഗുണമോ നിർഗുണമോ എന്നുള്ളതല്ല പ്രശ്നം. വ്യക്തമായ വസ്തുബോധത്തോടുകൂടിയ ലക്ഷ്യസ്ഥിരതയും മാർഗബോധവുമാണ് പരമാത്മപ്രാപ്തിക്കാവശ്യം വേണ്ട ഘടകങ്ങൾ. പ്രപഞ്ചമായി പ്രകടമായിരിക്കുന്ന വസ്തു അദ്വയമായ പരബ്രഹ്മമാണെന്നറിയണം. പരബ്രഹ്മത്തിലെത്തിച്ചേർന്നു ദുഃഖപൂർണമായ സംസാരത്തിൽ നിന്നു മോചനം നേടുകയാണു ലക്ഷ്യമെന്നും ഉറയ്ക്കണം. കാമങ്ങളെല്ലാം ഉപേക്ഷിക്കുക മാത്രമാണ് മാർഗം. വസ്തുബോധവും ലക്ഷ്യസ്ഥിരതയുമുള്ളയാൾ തൽക്കാലം ഇഷ്ടദേവതയെ ഉപസിച്ചാൽപോലും ദോഷം വരാനില്ല. താൻ ഇഷ്ടദേവനായി കാണുന്നതു സർവവ്യാപിയായ പരമാത്മാവിന്റെ പ്രതീകം മാത്രമാണെന്നയാൾ അറിയുന്നു. ഭൗതിക ഫലങ്ങളൊന്നും കൊതിക്കുന്നില്ലെന്നു മാത്രമല്ല ഇഷ്ടദേവതാരൂപത്തിൽ ഏകാഗ്രപ്പെടുന്ന മനസ്സ് ആ രൂപവും പുറംതള്ളി ബ്രഹ്മദർശനത്തിനു സമർഥമായിത്തീരുമെന്നും അറിയുന്നു. നേരേമറിച്ചു വസ്തുബോധമോ ലക്ഷ്യസ്ഥിരതയോ ഇല്ലാത്തയാൾ ഇഷ്ടദേവതയെ ഭൗതികകാമലാഭത്തിനുള്ള ഒരുപായമായി മാത്രമാണു കാണുന്നത്. സ്വർഗാദിസുഖരൂപത്തിൽ വീണ്ടും നശ്വരമായ ലോകബന്ധം തന്നെയാണയാൾ കൊതിക്കുന്നതും. അങ്ങനെയുള്ളവർക്കു തത്ത്വബോധമോ ബ്രഹ്മപ്രാപ്തിയോ സാധ്യമാകുന്നില്ല. അവർ അവരുടെ ആഗ്രഹംപോലെ തുടർന്നു സംസാരപ്രവാഹത്തിൽത്തന്നെ ജനിച്ചും മരിച്ചും ഒഴുകാനിടവരുന്നു.



digitized by www.sreyas.in

ഇനിയും സകാമഭക്തന്മാരുടെ ലക്ഷ്യപ്രാപ്തി ഏതുവിധമായിരിക്കുന്നുവെന്നും നിഷ്കാമഭക്തൻ എവിടെയെത്തിച്ചേരുമെന്നും വിവരിക്കുകയാണു ഭഗവാൻ അടുത്ത ശ്ലോകത്തിൽ:

*25. യാന്തി ദേവവ്രതാ ദേവാൻ പിതൄൻ യാന്തി പിതൃവ്രതാഃ*
*ഭൂതാനി യാന്തി ഭൂതേജ്യാ യാന്തി മദ്യാജിനോപി മാം*

ദേവവ്രതാഃ - യാഗാദികർമങ്ങളിലൂടെ ദേവന്മാരെ ഭജിക്കുന്നവർ; ദേവാൻ യാന്തി - അതാതു ദേവന്മാരുടെ അനുഗ്രഹത്തിനു പാത്രങ്ങളായി ഭവിക്കുന്നു; പിതൃവ്രതാഃ - ശ്രാദ്ധാദികർമങ്ങളിലൂടെ പിതൃക്കളെ പൂജിക്കുന്നവർ; പിതൄൻ യാന്തി - പിതൃക്കൾക്കു പ്രിയപ്പെട്ടവരായി ഭവിക്കുന്നു; ഭൂതേജ്യാഃ - ഉപദേവന്മാരായ ഭൂതങ്ങളെയോ അഥവാ പൃഥിവ്യാദി ജഡഭൂതവർഗത്തെയോ ആരാധിക്കുന്നവർ; ഭൂതാനി യാന്തി - ആ ഉപദേവന്മാരുടെ അനുഗ്രഹത്തിനു പാത്രങ്ങളാകുന്നു അഥവാ ജഡത്വത്തിലേക്കു പതിക്കാനിടവരുന്നു; മദ്യാജിനഃ - സഗുണരൂപത്തിലോ നിർഗുണരൂപത്തിലോ നിഷ്കാമമായി എന്നെ ഭജിക്കുന്നവർ; മാം അപി യാന്തി - പരമാത്മാവായ എന്നെയും പ്രാപിക്കുന്നു.

യാഗാദികർമങ്ങളിലൂടെ ദേവന്മാരെ ഭജിക്കുന്നവർ അതാതു ദേവന്മാരുടെ അനുഗ്രഹത്തിനു പാത്രങ്ങളായി ഭവിക്കുന്നു. ശ്രാദ്ധാദികർമങ്ങളിലൂടെ പിതൃക്കളെ പൂജിക്കുന്നവർ പിതൃക്കൾക്കു പ്രിയപ്പെട്ടവരായി ഭവിക്കുന്നു. ഉപദേവന്മാരായ ഭൂതങ്ങളെയോ അഥവാ പൃഥിവ്യാദി ജഡഭൂതവർഗത്തെയോ ആരാധിക്കുന്നവർ ആ ഉപദേവന്മാരുടെ അനുഗ്രഹത്തിനു പാത്രങ്ങളാകുന്നു അഥവാ ജഡത്വത്തിലേക്കു പതിക്കാനിടവരുന്നു. സഗുണരൂപത്തിലോ നിർഗുണരൂപത്തിലോ നിഷ്കാമമായി എന്നെ ഭജിക്കുന്നവർ പരമാത്മാവായ എന്നെയും പ്രാപിക്കുന്നു.

## *യാന്തി മദ്യാജിനോപി മാം*

ഒരേ പരബ്രഹ്മത്തെ ആര് ഏത് സങ്കൽപ്പത്തിൽ ഭജിക്കുന്നുവോ ആ സങ്കൽപ്പം അവർക്കു ഫലിക്കുന്നു എന്ന സനാതനമായ പ്രപഞ്ചനിയമം ഭഗവാൻ നാലാമധ്യായം പതിനൊന്നാം ശ്ലോകത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. അതിന്റെ വിശദീകരണമാണു പ്രസ്തുത ശ്ലോകം. ആര് ഏതു രൂപത്തിൽ ഭജിക്കുന്നുവോ പരമാത്മാവ് ആ രൂപത്തിൽ അവരെ അനുഗ്രഹിക്കാനെത്തുന്നു. ഇന്ദ്രാദിദേവന്മാരുടെ രൂപത്തിലോ പിതൃക്കളുടെ രൂപത്തിലോ ഉപദേവന്മാരുടെ രൂപത്തിലോ എങ്ങനെയായാലും വേണ്ടില്ല. ഇനി ഈശ്വരസങ്കൽപ്പവും ദേവസങ്കൽപ്പവുമൊക്കെ വെടിഞ്ഞു കേവലജഡരൂപ

digitized by www.sreyas.in

ത്തിലാണ് ഭജിക്കുന്നതെങ്കിൽ ആ രൂപത്തിലും അനുഗ്രഹിക്കുന്നതു പരമാത്മാവു തന്നെ. അനുഗ്രഹത്തിന്റെ സ്വരൂപവും അവനവന്റെ ഇച്ഛക്കനുസരണമായിരിക്കും. ഇഹലോകസുഖങ്ങളോ പരലോകസുഖങ്ങളോ സ്ഥാനമാനങ്ങളോ പ്രശസ്തിയോ എന്താണൊരുവൻ കൊതിക്കുന്നതെന്നുവച്ചാൽ അതു ലഭിക്കുന്നു എന്നൊക്കെ പറയുന്നതിനർഥം ദേവാദികളുടെ അനുഗ്രഹത്തോടെ അവരവർ കൊതിക്കുന്ന കാമം സാധിക്കുന്നു എന്നാണ്. പരമാത്മപ്രാപ്തിക്കുള്ള നിയമവും ഇതുതന്നെ. മോക്ഷം കൊതിച്ചുകൊണ്ടു സഗുണരൂപത്തിലോ നിർഗുണരൂപത്തിലോ പരമാത്മഭജനം നടത്തുന്നവർ ആ സനാതനസത്യത്തെ പ്രാപിക്കാനിടവരുന്നു.

മോക്ഷം ലക്ഷ്യമാക്കിയുള്ള നിഷ്കാമഭജനം അത്യന്തം ലളിതവും സുകരവുമാണ്. സകാമഭജനങ്ങൾക്കു പ്രയത്നവും പണച്ചെലവും കൂടും. നിഷ്കാമഭജനത്തിൽ പ്രയത്നമോ സാധനസാമഗ്രികളോ അല്ല പ്രധാനം. ശുദ്ധമായ ഹൃദയത്തിലെ നിസ്വാർഥമായ ഭഗവത്പ്രേമമാണു കാര്യം. ഈ ഭജനരഹസ്യമാണു ഭഗവാൻ അടുത്ത പദ്യത്തിൽ വെളിപ്പെടുത്തുന്നത്:

*26. പത്രം പുഷ്പം ഫലം തോയം യോ മേ ഭക്ത്യാ പ്രയച്ഛതി*
*തദഹം ഭക്ത്യുപഹൃതമശ്നാമി പ്രയതാത്മനഃ*

യഃ - ആരാണോ; ഭക്ത്യാ - നിഷ്കാമമായ പ്രേമത്തോടുകൂടി; മേ - പരമാത്മാവായ എനിക്ക്; പത്രം - ഇലയോ; പുഷ്പം - പൂവോ: ഫലം - കായോ; തോയം - ജലമോ; പ്രയച്ഛതി - അർപ്പിക്കുന്നത്; പ്രയതാത്മനഃ - വിഷയങ്ങളിൽ നിന്നു മനസ്സിനെ പിൻതിരിപ്പിച്ച് എന്നിൽത്തന്നെ ഉറപ്പിച്ച ആ ഭക്തന്റെ; ഭക്ത്യുപഹൃതം തത് - പ്രേമനിർഭരമായ കാഴ്ചദ്രവ്യം; അഹം അശ്നാമി - ഞാൻ സന്തോഷപൂർവം അംഗീകരിക്കുന്നു.

ആരാണോ നിഷ്കാമമായ പ്രേമത്തോടുകൂടി പരമാത്മാവായ എനിക്ക് ഇലയോ പൂവോ കായോ ജലമോ അർപ്പിക്കുന്നത്, വിഷയങ്ങളിൽ നിന്നു മനസ്സിനെ പിൻതിരിപ്പിച്ച് എന്നിൽത്തന്നെയുറപ്പിച്ച ആ ഭക്തന്റെ പ്രേമനിർഭരമായ കാഴ്ചദ്രവ്യം ഞാൻ സന്തോഷപൂർവം അംഗീകരിക്കുന്നു.

## *ഭക്ത്യുപഹൃതം അശ്നാമി*

ഭഗവാനർപ്പിക്കുന്ന പൂജാദ്രവ്യങ്ങൾ കേവലം ഭക്തിയുടെ ചിഹ്നങ്ങൾ മാത്രമേ ആയിരിക്കാവൂ. സമർപ്പിക്കുന്ന പൂജാദ്രവ്യങ്ങൾകൊണ്ടു ഭഗവാൻ പ്രലോഭിതനായിത്തീരുമെന്നു കരുതാൻ വയ്യല്ലോ. ഭഗവാന്റെ വകയല്ലാതെ ഇവിടെ എന്തുണ്ട്? പരമാർഥത്തിൽ എല്ലാം ഈശ്വരന്റെ വകയാണെന്നറി

digitized by www.sreyas.in

യുകയാണ് ഏറ്റവും വലിയ അർപ്പണം. അതറിയാൻ കഴിയുന്നതുവരെ ഭഗവാനോടുള്ള ഭക്തി പ്രകടമാക്കാനുള്ള ഒരുപായമെന്ന നിലയിൽ മാത്രം ചില ഉപഹാരങ്ങൾ അർപ്പിക്കാം. അപ്പോൾ ഉപഹാരങ്ങളുടെ വിലയോ വലിപ്പമോ ഒന്നും അവിടെ പ്രശ്നമല്ല. ഒരു നിഷ്കാമഭക്തൻ തന്റെ കഴിവിൽ കവിഞ്ഞുള്ള ഉപഹാരങ്ങൾ ശേഖരിക്കാനൊരുമ്പെടുന്നതു ഭക്തവത്സലനായ ഭഗവാന് ഇഷ്ടമായിരിക്കാൻ ഇടയില്ല. അതുകൊണ്ടാണ് ഏതു ഭക്തനും അനായാസേന ലഭിക്കാവുന്ന ചില പദാർഥങ്ങളുടെ പേരു മാത്രം ഇവിടെ എടുത്തു പറഞ്ഞത്. അപ്പോൾ അവനവന്റെ കഴിവനുസരിച്ച് അനായാസമായി ലഭിക്കാവുന്ന ഏതു പദാർഥവും ഭഗവാനർപ്പിക്കുന്നതിന്റെ ചിഹ്നമായിരിക്കണമെന്നേയുള്ളു. ഇങ്ങനെയായാൽ അതു ഭഗവാൻ സന്തോഷപൂർവം അംഗീകരിക്കും. എങ്ങനെ അറിയാം? ഭക്തന്റെ ഹൃദയത്തിൽ നിരന്തരം വളർന്നു വരുന്ന ശുദ്ധിയും പ്രസന്നതയും അനുഭവിച്ച് അതറിയാൻ പറ്റും. ഭക്തനനുഭവപ്പെടുന്ന ചിത്തപ്രസാദമാണ് ഈശ്വരപ്രീതിയുടെ ചിഹ്നം.

ഈ ഉപഹാരാർപ്പണം കൊണ്ടു ചിത്തശുദ്ധിവന്നു പ്രസന്നത അനുഭവിക്കാറായാൽ എവിടെയും ഈശ്വരസാന്നിധ്യം അനുഭവപ്പെടും. അതോടെ ജീവിതമാകെ ഈശ്വരാർപ്പണമായിത്തീരും. ഇടതിങ്ങിയ സത്യബോധത്തോടുകൂടി ജീവിതത്തെയാകെ ഈശ്വരാർപ്പണമാക്കിത്തീർക്കുന്ന ഒരു പരമഭക്തന്റെ ഭഗവത്പൂജാസ്വരൂപമാണു ഇരുപത്തേഴാം പദ്യത്തിൽ വെളിപ്പെടുത്തുന്നത്:

*27. യത്കരോഷി യദശ്നാസി യജ്ജുഹോഷി ദദാസി യത്*
*യത്തപസ്യസി കൗന്തേയ തത് കുരുഷ്വ മദർപ്പണം*

കൗന്തേയ - അല്ലയോ കുന്തീപുത്രാ; യത് കരോഷി - ജീവിതയാത്രയിൽ നീ എന്തൊക്കെയാണോ ചെയ്യാൻ ബാധ്യസ്ഥനായിത്തീരുന്നത്; യത് അശ്നാസി എന്തൊക്കെയാണോ ഭക്ഷിക്കാനിടവരുന്നത്; യത് ജുഹോഷി - എന്തൊക്കെയാണോ ഹോമിക്കാൻ ഇടവരുന്നത്; യത് ദദാസി - എന്തൊക്കെയാണോ ദാനം ചെയ്യാൻ ഇടയാകുന്നത്; യത് തപസ്യസി - എന്തൊക്കെ തപസ്സാണോ ചെയ്യാനിടയാകുന്നത്; തത് - അതൊക്കെ; മദർപ്പണം കുരുഷ്വ - പരമാത്മാവായ എനിക്കർപ്പണമാക്കിത്തീർക്കൂ.

അല്ലയോ കുന്തീപുത്രാ, ജീവിതയാത്രയിൽ നീ എന്തൊക്കെയാണോ ചെയ്യാൻ ബാധ്യസ്ഥനായിത്തീരുന്നത്, എന്തൊക്കെയാണോ ഭക്ഷിക്കാനിടവരുന്നത്, എന്തൊക്കെയാണോ ഹോമിക്കാനിടവരുന്നത്, എന്തൊക്കെ

digitized by www.sreyas.in

യാണോ ദാനം ചെയ്യാൻ ഇടയാകുന്നത്, എന്തൊക്കെ തപസ്സാണോ ചെയ്യാൻ ഇടയാകുന്നത് അതൊക്കെ പരമാത്മാവായ എനിക്ക് അർപ്പണമാക്കിത്തീർക്കൂ.

## *തത് കുരുഷ്വ മദർപ്പണം*

സർവത്ര ഈശ്വരഭാവന പരിശീലിക്കാൻ ഒരുമ്പെടുന്ന ഭക്തനു പിന്നെ തനിക്കു ചെയ്യേണ്ടതായി യാതൊന്നും അവശേഷിക്കുന്നില്ല. തനിക്കനുഭവിക്കാനായും യാതൊന്നുമില്ല. പ്രപഞ്ചപ്രവർത്തനത്തിൽ താൻ ഈശ്വരന്റെ കയ്യിലെ ഒരുപകരണം മാത്രം. ഭഗവാൻ താനാകുന്ന ഉപകരണത്തെക്കൊണ്ട് എന്തൊക്കെയോ ചെയ്യിക്കുന്നു; എന്തൊക്കെയോ അനുഭവിപ്പിക്കുന്നു. ചെയ്യേണ്ടതും അനുഭവിക്കേണ്ടതുമൊക്കെ കഴിഞ്ഞാൽത്തന്നെ ഭഗവാൻ സ്വസ്വരൂപത്തോടു ചേർത്തുകൊള്ളും. അപ്പോൾ എല്ലാ കർമചലനങ്ങളും പ്രാരബ്ധവശാൽ ഈശ്വരൻ വരുത്തുന്നവയാണ്. അതു ചിലപ്പോൾ നന്മയാവാം; ചിലപ്പോൾ മറ്റുള്ളവരുടെ കണ്ണിൽ തിന്മയാവാം. അർജുനനു തന്നെ ബന്ധുക്കൾക്കെതിരായി യുദ്ധം ചെയ്യേണ്ടിവന്നില്ലേ? ചുറ്റുപാടുകൾ കൊണ്ടു ചെയ്യാൻ ബാധ്യസ്ഥമായിത്തീരുന്ന കർമം അതെന്തുമാകട്ടെ ഭഗവദർപ്പണമാക്കിത്തീർക്കുക. എങ്ങനെയാണർപ്പണമാക്കുക? ഈ ജഗത്തു ഭഗവത് സ്വരൂപമാണെന്നും താൻ ഭഗവാന്റെ കൈയിലെ ഒരുപകരണമാണെന്നും തന്റെ കർമമെല്ലാം ഭഗവദാരാധനയാണെന്നും ദൃഢമായി ഭാവന ചെയ്താൽ ഏതു കർമവും ഭഗവദർപ്പണമായിത്തീരും. 'യത് കരോഷി'എന്നുള്ളതു കൊണ്ടുതന്നെ ജീവിതചലനമാകെ സംഗ്രഹിക്കപ്പെട്ടുവെങ്കിലും ഭക്ഷണം, ഹോമം, ദാനം, തപസ്സ് തുടങ്ങിയവയെ എടുത്തുപറഞ്ഞു കർമസ്വരൂപം നോക്കാതെ അർപ്പിക്കണമെന്നു കാണിക്കുവാൻ വേണ്ടിയാണ്. ഹോമം, ദാനം, തപസ്സ് മുതലായവ സകാമമായി ചെയ്താൽ അതു ഭഗവദർപ്പണമാവുകയില്ല എന്നു സൂചിപ്പിക്കാനും.

ഇങ്ങനെ എല്ലാ കർമങ്ങളും ഈശ്വരാർപ്പണമാക്കിത്തീർത്താൽ ഉണ്ടാകുന്ന ഫലമെന്താണ്? ഭഗവാൻ അടുത്ത ശ്ലോകത്തിൽ അതുതന്നെ വിവരിക്കുന്നു:

*28. ശുഭാശുഭഫലൈരേവം മോക്ഷ്യസേ കർമബന്ധനൈഃ*
*സന്യാസയോഗയുക്താത്മാ വിമുക്തോ മാമുപൈഷ്യസി*

ഏവം - ഇപ്രകാരം എല്ലാ കർമങ്ങളും ഈശ്വരാർപ്പണമാക്കിത്തീർത്താൽ; ശുഭാശുഭഫലൈഃ - പുണ്യപാപഫലരൂപത്തിലുള്ള; കർമബന്ധനൈഃ - കർമ

digitized by www.sreyas.in

വാസനാബന്ധങ്ങളിൽ നിന്ന്; മോക്ഷ്യസേ - നീ മുക്തനാകും; വിമുക്തഃ - മുക്തനായിട്ട്; സന്യാസയോഗയുക്തഃ - സന്യാസയോഗം കൈവന്ന്; മാം - പരമാത്മാവായ എന്നെ; ഉപൈഷ്യസി - പ്രാപിക്കും.

ഇപ്രകാരം എല്ലാ കർമങ്ങളും ഈശ്വരാർപ്പണമാക്കിത്തീർത്താൽ പുണ്യപാപഫലരൂപത്തിലുള്ള കർമവാസനാബന്ധങ്ങളിൽനിന്നു നീ മുക്തനാകും. മുക്തനായിട്ടു സന്യാസയോഗം കൈവന്നു പരമാത്മാവായ എന്നെ പ്രാപിക്കും.

## *മാമുപൈഷ്യസി*

പരമാത്മപ്രാപ്തിക്രമമെന്താണ്? സന്യാസയോഗം കൊണ്ടേ പരമാത്മപ്രാപ്തിയുണ്ടാവൂ. എന്താണു സന്യാസയോഗം? കർമവാസനാവിമുക്തിയാണു സന്യാസയോഗം. ദേഹം കൊണ്ടു കർമംചെയ്താലും ഇല്ലെങ്കിലും രാഗദ്വേഷരൂപമായ കർമവാസന ആരിൽ പൂർണമായി ഒഴിഞ്ഞു മാറിയിട്ടുണ്ടോ അയാൾ ആത്മാനുഭൂതി നേടി സന്യാസയോഗയുക്തനായി ഭവിക്കുന്നു. എന്താണു കർമവാസന? പുണ്യപാപഫലങ്ങളിലുള്ള രാഗദ്വേഷങ്ങളാണു കർമവാസന. ഇതു ബന്ധകാരണമാണ്. പാപം ഇരുമ്പുചങ്ങലയാണെങ്കിൽ പുണ്യം സ്വർണച്ചങ്ങലയാണെന്നുള്ള വ്യത്യാസമേയുള്ളു. ഈ കർമവാസനകൾ മാറിക്കിട്ടാനെന്താണു മാർഗം? കർമമെന്തായാലും കർതൃഭാവം വെടിഞ്ഞ് ഈശ്വരാർപ്പണമായി അതനുഷ്ഠിക്കുക. ഫലമെന്തായാലും ഭോക്തൃഭാവം വെടിഞ്ഞ് ഭഗവത് പ്രസാദമായി അതംഗീകരിക്കുക. സദാ സർവത്ര ഈശ്വരഭാവന നിലനിറുത്താൻ യത്നിക്കുക. സുകരവും ലളിതവുമായ ഈ ജീവിതക്രമം ഉപേക്ഷിച്ചു ഫലകാമനയിൽപ്പെടുന്നവർ എന്നും കർമബദ്ധരായിത്തന്നെ തുടരാൻ ഇടവരുന്നു.

ഭഗവത്പ്രാപ്തിയാണു ജീവിതത്തെ പൂർണ ധന്യതയിലെത്തിക്കുന്നതെങ്കിൽ ഭഗവാൻ എല്ലാവർക്കും എന്തുകൊണ്ടതു നൽകി അനുഗ്രഹിക്കുന്നില്ല. ഭഗവാനു പക്ഷപാതബുദ്ധിയുണ്ടോ? ഈ സംശയങ്ങൾക്കു മറുപടിയാണ് അടുത്ത പദ്യം:

*29. സമോഽഹം സർവഭൂതേഷു ന മേ ദ്വേഷ്യോഽസ്തി ന പ്രിയഃ*
*യേ ഭജന്തി തു മാം ഭക്ത്യാ മയി തേ തേഷു ചാപ്യഹം*

അഹം - പരമാത്മാവായ ഞാൻ; സർവഭൂതേഷു സമഃ - എല്ലാ പ്രപഞ്ച ഘടകങ്ങളിലും തുല്യമായി സ്ഥിതിചെയ്യുന്നു; മേ - എനിക്ക്; ദ്വേഷ്യഃ ന അസ്തി - വിശേഷിച്ചു ദ്വേഷ്യനായി ആരുമില്ല; പ്രിയഃ ന - വിശേഷിച്ചു പ്രിയപ്പെട്ടവ

digitized by www.sreyas.in

നായും ആരുമില്ല; യേ തു - ആരൊക്കെയാണോ; മാം ഭക്ത്യാ ഭജന്തി - എന്നെ പരമപ്രേമത്തോടെ ആരാധിക്കുന്നത്; തേ മയി - അവർ എന്നിലെത്തിച്ചേരുന്നു; അഹം - ഞാൻ; തേഷു ച അപി - അവരിലും തെളിഞ്ഞു വിളങ്ങുന്നു.

പരമാത്മാവായ ഞാൻ എല്ലാ പ്രപഞ്ചഘടകങ്ങളിലും തുല്യമായി സ്ഥിതിചെയ്യുന്നു. എനിക്കു വിശേഷിച്ചു ദ്വേഷ്യനായി ആരുമില്ല. വിശേഷിച്ചു പ്രിയപ്പെട്ടവനായും ആരുമില്ല. ആരൊക്കെയാണോ എന്നെ പരമപ്രേമത്തോടെ ആരാധിക്കുന്നത് അവർ എന്നിലെത്തിച്ചേരുന്നു, ഞാൻ അവരിലും തെളിഞ്ഞു വിളങ്ങുന്നു.

## *ഭക്തനും ഭഗവാനും*

ഈശ്വരൻ സർവത്ര തുല്യരൂപത്തിൽ നിറഞ്ഞു വിളങ്ങുന്നു. ഒരിടത്തും ആ പരമാത്മാവിന്റെ നിലക്ക് അൽപ്പംപോലും കൂടുതലോ കുറവോ ഇല്ല. ഇങ്ങനെ സർവത്ര തുല്യരൂപനായി സ്ഥിതിചെയ്യുന്ന ഭഗവാന് ആരോടും പ്രത്യേകിച്ചു പ്രിയമോ ദ്വേഷമോ ഉണ്ടാകാനിടയില്ലെന്നു തീർച്ചയാണല്ലോ. എന്നാൽ സർവത്ര തുല്യരൂപനാണെങ്കിലും ഭഗവാനിൽ ആർക്കാണോ പരമപ്രേമമുള്ളത് അയാൾക്കു മാത്രമേ ആ സർവേശ്വരങ്കൽ എത്തിച്ചേരാനും അവിടെ അഭയം കണ്ടെത്താനും പറ്റൂ. വെള്ളം വേണ്ടത്രയുണ്ടെങ്കിലും കുടിച്ചാലല്ലേ ദാഹം തീരൂ. അതുപോലെ ഭഗവത് കാരുണ്യം നേടാനുള്ള നിയമമാണു പ്രേമഭാജനം. ആ കാരുണ്യത്തിന് അങ്ങനെ പാത്രമായിക്കഴിഞ്ഞാൽപിന്നെ ഭക്തന്റെ കാര്യമെല്ലാം ഭഗവാൻ നോക്കുന്നതാണ്.

പ്രേമഭാജനമാണു ഭഗവത്കാരുണ്യം നേടാനുള്ള ഉപായമെങ്കിൽ എപ്പോഴാണതാരംഭിക്കേണ്ടത്? പാപങ്ങളെല്ലാം ഒഴിഞ്ഞു മാറി ഹൃദയം ശുദ്ധമായ ശേഷം മാത്രമേ ഭജനം തുടങ്ങാവൂ എന്നു നിയമമുണ്ടോ? ഭഗവാൻ എന്തു പറയുന്നു എന്നു നോക്കാം:

*30. അപി ചേത് സുദുരാചാരോ ഭജതേ മാമനന്യഭാക്*
*സാധുരേവ സ മന്തവ്യഃ സമ്യഗ്വ്യവസിതോ ഹി സഃ*

സുദുരാചാരഃ അപി - അത്യധികം ദുരാചാരനാണെങ്കിൽപ്പോലും; മാം - പരമാത്മാവായ എന്നെ; അനന്യഭാക് - അന്യചിന്ത കൂടാതെ; ഭജതേ ചേത് - ഭജിക്കുകയാണെങ്കിൽ; സഃ - ആ ഭക്തൻ; സാധുഃ ഏവ - നല്ലവനായിത്തന്നെ ഗണിക്കപ്പെടണം, സഃ - അയാൾ; സമ്യക് വ്യവസിതഃ ഹി - ലക്ഷ്യനിശ്ചയത്തോടെ യത്നിക്കുന്നവൻ തന്നെയാണ്.

digitized by www.sreyas.in

അത്യധികം ദുരാചാരനാണെങ്കിൽപ്പോലും പരമാത്മാവായ എന്നെ അനന്യചിന്ത കൂടാതെ ഭജിക്കുകയാണെങ്കിൽ ആ ഭക്തൻ നല്ലവനായി ത്തന്നെ ഗണിക്കപ്പെടണം. അയാൾ ലക്ഷ്യനിശ്ചയത്തോടെ യത്നിക്കുന്ന വൻ തന്നെയാണ്.

അത്യധികം ദുരാചാരനാണെങ്കിൽപ്പോലും പരമാത്മാവായ എന്നെ അന്യചിന്ത കൂടാതെ ഭജിക്കുകയാണെങ്കിൽ ആ ഭക്തൻ നല്ലവനായിതന്നെ ഗണിക്കപ്പെടണം. അയാൾ ലക്ഷ്യനിശ്ചയത്തോടെ യത്നിക്കുന്നവൻ തന്നെയാണ്.

## *സമ്യക് വ്യവസിതോ ഹി സഃ*

കർമവാസനാബലം കൊണ്ട് ഒരുവൻ അത്യന്തദുരാചാരനായി ജനി ക്കുന്നു എന്നിരിക്കട്ടെ. ഏതോ പുണ്യസംസ്കാരത്തിന്റെ ഫലമായി തന്റെ ദുരാചാരങ്ങളിൽ അവനു വിരക്തി തോന്നുകയും ജീവിതലക്ഷ്യമായ ആത്മ സാക്ഷാൽക്കാരത്തെ മുൻനിറുത്തി യത്നമാരംഭിക്കുകയും ചെയ്യുന്നുവെ ന്നുമിരിക്കട്ടെ. അങ്ങനെയുള്ള ഒരു ഭക്തന്റെ തൽക്കാലസ്ഥിതിയെന്തായി രിക്കും? ആത്മസാക്ഷാൽക്കാരമാണു ലക്ഷ്യമെന്ന് അയാൾക്കു നല്ല ഉറപ്പു ണ്ട്. അതുകൊണ്ടു മറ്റു ഭൗതികലക്ഷ്യങ്ങളിലൊന്നും അയാൾക്കു വലിയ കൊതിയുമില്ല. പക്ഷേ, വാസനാബദ്ധമായ തന്റെ ദുരാചാരം പൊടുന്നനേ ഉപേക്ഷിക്കാൻ പറ്റുന്നില്ല. അവശനായി അതിൽ പ്രവർത്തിച്ചു പോകാൻ ഇടവരുന്നു. അതു പൂർണമായും ഒഴിഞ്ഞുമാറി ഹൃദയം ശുദ്ധമാകാനായി ശ്രവണമനനധ്യാനങ്ങളൊക്കെ തുടരുന്നുണ്ട്. ദുരാചാരങ്ങൾ തനിക്കു വേണ്ടിയിട്ടല്ല, അവശനായി താനതിനടിമപ്പെട്ടുപോകുന്നതുകൊണ്ടു സംഭ വിക്കുന്നവയാണ്. അങ്ങനെയുള്ള ഭക്തൻ തീർച്ചയായും നല്ലവനായി ഗണി ക്കപ്പെടേണ്ടവനാണ്? എന്തുകൊണ്ട്? അവന്റെ പരിശ്രമം തികച്ചും ലക്ഷ്യ പ്രാപ്തിയെ മുൻനിറുത്തി, വേണ്ട മാർഗത്തിലൂടെയാണു മുന്നേറുന്നത്. ദുർവാസനകളായാലും സദ്വാസനകളായാലും കർമവാസനകളെ ക്ഷയിപ്പി ക്കുകയാണല്ലോ സത്യാനുഭവത്തിന്റെ നേരായ മാർഗം. അനന്യഭജനം ആർക്കുണ്ടോ അവരുടെ വാസനാദാർഢ്യം എത്ര കടുത്തതായാലും സാര മില്ലെന്നു താൽപ്പര്യം. ഈ ലോകത്തുള്ള യാതൊരു മനുഷ്യനും സത്യാ ന്വേഷണപഥത്തിൽ നിന്ന് അകന്നുനിൽക്കേണ്ടതായിട്ടില്ലെന്നു ചുരുക്കം. അതാണ് അദ്വൈതാമൃതവർഷിണിയായ ഗീതാമാതാവിന്റെ നിരങ്കുശമായ ഔദാര്യം.

digitized by www.sreyas.in

സുദുരാചാരൻപോലും ഭഗവാന്റെ അനന്യഭജനത്തിലേർപ്പെട്ടാൽ നല്ല 'വനാണ്; നല്ല മാർഗത്തിലാണ്. എന്തുകൊണ്ട്? ഈ ചോദ്യത്തിനു ഭഗവാൻ നൽകുന്ന മറുപടി ശ്രദ്ധിക്കുക:

*31. ക്ഷിപ്രം ഭവതി ധർമാത്മാ ശശ്വച്ഛാന്തിം നിഗച്ഛതി*
*കൗന്തേയ പ്രതിജാനീഹി ന മേ ഭക്തഃ പ്രണശ്യതി*

ക്ഷിപ്രം - ദുരാചാരനായാൽപ്പോലും അനന്യഭാക്കായി എന്നെ ഭജിക്കുന്ന ഭക്തൻ അതിവേഗം; ധർമാത്മാ ഭവതി - സത്യാനുഭവമുള്ള ഹൃദയത്തോടു കൂടി സദാചാരിയായിത്തീരുന്നു; ശശ്വത് ശാന്തിം നിഗച്ഛതി - ശാശ്വതശാന്തി യിൽ മാറ്റമില്ലാതെ എത്തിച്ചേരുകയും ചെയ്യുന്നു; കൗന്തേയ - അല്ലയോ അർജുനാ; പ്രതിജാനീഹി - ഉറപ്പായി ധരിച്ചോളൂ; മേ ഭക്തഃ - എന്റെ അനന്യ ഭക്തൻ; ന പ്രണശ്യതി - ഒരിക്കലും പതിച്ചു ദുഃഖിക്കാനിടവരുന്നില്ല.

ദുരാചാരനായാൽപ്പോലും അനന്യഭാക്കായി എന്നെ ഭജിക്കുന്ന ഭക്തൻ അതിവേഗം സത്യാനുഭവമുള്ള ഹൃദയത്തോടുകൂടി സദാചാരിയാ യിത്തീരുന്നു. അല്ലയോ അർജുനാ, ഉറപ്പായി ധരിച്ചോളൂ; എന്റെ അനന്യഭ ക്തൻ ഒരിക്കലും പതിച്ചു ദുഖിക്കാനിടവരുന്നില്ല.

## *ന മേ ഭക്തഃ പ്രണശ്യതി*

ഫലകാമന കൂടാതെ അനന്യഭാക്കായി ഭഗവാനെ ഭജിക്കുന്ന ഭക്തൻ ഒരിക്കലും പതിച്ചു ദുഖിക്കാൻ ഇടവരുന്നില്ല. ആ ഭക്തനെ ഉദ്ധരിക്കാൻ ഭഗവാൻ പ്രതിജ്ഞാബദ്ധനാണ്. കർമവാസന ഒടുങ്ങികിട്ടാനാണല്ലോ ഭഗ വദ്ഭജനം. ഈ ലക്ഷ്യത്തോടെ സഗുണരൂപത്തിലോ നിർഗുണ രൂപ ത്തിലോ ഈശ്വരനെ ഉള്ളിൽ പ്രതിഷ്ഠിക്കുന്ന ഭക്തൻ എന്നെന്നേയ്ക്കു മായി രക്ഷിതനായി ഭവിക്കുന്നു. ഫലകാമന കൂടാത്ത ഭക്തഹൃദയത്തിൽ താമസ മുറപ്പിക്കുന്ന ഭഗവാന് അവിടെ ഒരൊറ്റ ജോലിയേ ചെയ്യാനുള്ളു. ഭക്തഹൃദയത്തെ അഴുക്കു മാറ്റി ശുദ്ധീകരിക്കുക. തന്റെ താമസസ്ഥലം അഴുക്കു നിറഞ്ഞതാകാൻ പാടില്ലെന്നു ഭഗവാനു നിർബന്ധമുണ്ട്. അപ്പോൾ എത്ര വലിയ ദുരാചാരിക്കും ഭഗവാനെ ഉള്ളിൽ പ്രതിഷ്ഠിക്കാം. പ്രതിഷ്ഠ നടന്നുകഴിഞ്ഞാൽ അതോടെ ഭഗവാൻ അവിടം ശുദ്ധിയാക്കാനാരംഭിക്കും ശുദ്ധിയാകുന്തോറും ആനന്ദസ്വരൂപനായ ഭഗവാന്റെ സാന്നിധ്യം ഭക്തന് ഉള്ളിൽ തെളിഞ്ഞു തെളിഞ്ഞുവരും. അതുകൊണ്ടാണ് 'ക്ഷിപ്രം ഭവതി ധർമാത്മാ' എന്നു പറഞ്ഞിരിക്കുന്നത്. തുടർന്ന് എല്ലാ ഭേദചിന്തകളുമകന്നു ഭക്തന്റെ ഹൃദയം പൂർണമായ ആത്മാനുഭവത്തിനു പാത്രമായിത്തീരും.

digitized by www.sreyas.in

അക്കാര്യമാണ് 'ശശ്വച്ഛാന്തിം നിഗച്ഛതി' എന്ന ഭാഗംകൊണ്ടു വ്യക്തമാക്കിയിരിക്കുന്നത്. അനന്യഭജനമില്ലാത്തവർക്ക് ഇടയ്ക്കു ചില പതനങ്ങൾ വേണ്ടിവന്നേക്കാം. എങ്കിലും അവരെയും ഭഗവാൻ രക്ഷിക്കുമെന്നുതന്നെയാണു പ്രതിജ്ഞയുടെ താൽപ്പര്യം. ഭഗവദ്ഭാവന കൂടിച്ചേരുന്ന ഹൃദയം തൽക്കാലം എത്ര ദുഷിച്ചതായാലും സത്യമാർഗത്തിലേക്കു മുഖം തിരിച്ചു യാത്രയാരംഭിക്കുന്നതാണ്.

പാപയോനികളിൽ ജനിച്ചു സദാ കാമലോഭാദിദുർവാസനകളിൽപ്പെട്ടുഴലുന്നവർ പോലും ഭഗവാനെ ഒന്നാശ്രയിക്കാൻ കൂട്ടാക്കുമെങ്കിൽ സത്യദർശനത്തിനു സമർഥരായി ഭവിക്കുമെന്ന പ്രതിജ്ഞയെ ആവർത്തിക്കുകയാണ് ഭഗവാൻ മുപ്പത്തിരണ്ടാം പദ്യത്തിൽ:

*32. മാം ഹി പാർഥ വ്യപാശ്രിത്യ യേഽപി സ്യുഃ പാപയോനയഃ*
*സ്ത്രിയോ വൈശ്യാസ്തഥാ ശൂദ്രാസ്തേഽപി യാന്തി പരാം ഗതിം*

പാർഥ - അല്ലയോ അർജുനാ; യേ അപി - ആരൊക്കെയാണോ; പാപയോനയഃ - പാപികളുടെ സന്താനങ്ങളായ; സ്ത്രിയഃ - സ്ത്രീകളും; വൈശ്യാഃ - വൈശ്യന്മാരും; തഥാ ശൂദ്രാഃ - അതുപോലെ ശൂദ്രന്മാരും; സ്യുഃ - ആയി ഭവിക്കുന്നത്; തേ അപി - അവർപോലും; മാം വ്യപാശ്രിത്യ - പരമാത്മാവായ എന്നെ അനന്യചിന്തയോടെ ഭജിച്ച്; പരാം ഗതിം യാന്തി ഹി - ബ്രഹ്മാനുഭവത്തിൽ എത്തിച്ചേരുക തന്നെ ചെയ്യുന്നു.

അല്ലയോ അർജുനാ, ആരൊക്കെയാണോ പാപികളുടെ സന്താനങ്ങളായ സ്ത്രീകളും വൈശ്യന്മാരും ശൂദ്രന്മാരും ആയി ഭവിക്കുന്നത് അവർപോലും പരമാത്മാവായ എന്നെ അനന്യചിന്തയോടെ ഭജിച്ചു ബ്രഹ്മാനുഭവത്തിൽ എത്തിച്ചേരുകതന്നെ ചെയ്യുന്നു.

## *തേഽപി യാന്തി പരാം ഗതിം*

അവർപോലും ബ്രഹ്മാനുഭവത്തിൽ എത്തിച്ചേരുന്നു. ആര്? പാപയോനികളായ സ്ത്രീകൾ, വൈശ്യന്മാർ, ശൂദ്രന്മാർ തുടങ്ങിയവർപോലും. എങ്ങനെയായാൽ? പരമാത്മാവായ എന്നെ അനന്യചിന്തയോടെ ഭജിച്ചാൽ. ധനമോഹം നിമിത്തം വേശ്യാവൃത്തിയിലും മറ്റും ഏർപ്പെട്ടു പലവിധത്തിലും ദുഷിച്ചു പോകുന്നവരുടെ മക്കളായി ജനിക്കുന്ന സ്ത്രീകളാണു പാപയോനികളായ സ്ത്രീകൾ. അവർക്കുപോലും അനന്യഭാജനം കൊണ്ടു പരമാത്മ പ്രാപ്തി സുലഭമായി ഭവിക്കുന്നു. ഭാഗവതപുരാണത്തിലെ പിംഗളയുടെ കഥ പ്രസിദ്ധമാണല്ലോ. അർധരാത്രി കാമുകന്മാരെ കാത്തിരുന്നു

digitized by www.sreyas.in

മുഷിഞ്ഞ പിംഗള ജീവിതത്തിൽ വിരക്തയായിത്തീർന്നു അനന്യചിന്തയോടെ ഭഗവദ് ഭജനത്തിലേർപ്പെട്ട് അചിരേണ പരഗതിക്ക് അർഹയായിത്തീരുന്നു. പാപയോനിയായ പിംഗളക്കുതന്നെ ഇതു സാധ്യമായെങ്കിൽ പാപയോനികളല്ലാത്ത സ്ത്രീകളുടെ കാര്യം പറയേണ്ടതില്ലല്ലോ. ഗോപികമാർ അനന്യഭജനം കൊണ്ടു മോക്ഷാർഹത്വം നേടിയ കാര്യം നേരിട്ടറിവുള്ളയാളല്ലേ ഭഗവാൻ. മഹാഭാരതത്തിൽത്തന്നെ കുന്തി, ഗാന്ധാരി, ദ്രൗപദി തുടങ്ങിയവരുടെ അനന്യഭജനത്വം പ്രസിദ്ധമല്ലേ. ഉപനിഷത്തുകളിലും ഗാർഗി, മൈത്രേയി തുടങ്ങിയവരുടെ ബ്രഹ്മാനുഭവതൃഷ്ണ വിവരിക്കപ്പെട്ടിട്ടുണ്ട്. സ്വഭാവനിയതമായ ഗുണവും കർമവും നിമിത്തം വൈശ്യവൃത്തിയിലും ശൂദ്രവൃത്തിയിലും ഏർപ്പെടുന്നവർ പാപികളായി പതിക്കാൻ വളരെ സാധ്യതയുണ്ട്. കൃഷി, വാണിജ്യം മുതലായി സമ്പത്തിലധിഷ്ഠിതമായ കർമമാണല്ലോ ഗുണകർമനിബദ്ധമായ വൈശ്യവൃത്തി. രജോഗുണത്തിന് അത്യധികം പ്രാധാന്യമുള്ള ഈ വൈശ്യവൃത്തിയിൽ കാമലോഭമദമാത്സര്യാദിവികാരങ്ങളിൽപ്പെട്ടു പാപിയായിത്തീരാൻ വളരെ എളുപ്പമാണ്. അതുപോലെതന്നെ തമോഗുണപ്രധാനമായ പരിചര്യാരൂപത്തിലുള്ള ശൂദ്രവൃത്തിയിലും, ദാസഭാവം, കള്ളം, കാപട്യം, ചതി ഇവയിൽക്കൂടി പാപിയായിത്തീരാൻ വളരെ എളുപ്പമാണ്. അത്തരം പാപികളുടെ മക്കളായി ജനിക്കുന്നവർപോലും ഭഗവാന്റെ അനന്യഭജനം കൊണ്ടു മുക്തിക്കർഹരായിത്തീരുന്നു. മഹാഭാരതത്തിലെ വ്യാധന്റെ കഥതന്നെ ദൃഷ്ടാന്തമാണ്. ജന്മനാ ഇറച്ചി വെട്ടിവിൽക്കുക തൊഴിലായി അംഗീകരിച്ച വ്യാധന്റെ അനന്യഭജനവും ഉൽക്കടമായ ബ്രഹ്മനിഷ്ഠയും തികഞ്ഞ ജീവന്മുക്തന്റേതുതന്നെയായിരുന്നു. ആ നിലയ്ക്കു പാപയോനിയല്ലാത്ത വൈശ്യനോ ശൂദ്രനോ അനന്യഭജനം അംഗീകരിച്ചാലുള്ള കഥ പറയാനില്ലല്ലോ. മഹാഭാരതത്തിലെ വിദുരർതന്നെ ഇതിനുത്തമ ദൃഷ്ടാന്തമല്ലേ. സർവോപരി ഭഗവാൻ വ്യാസനും. എവിടെ ജനിക്കുന്നു എന്നതോ എന്തു തൊഴിൽ ചെയ്യുന്നു എന്നതോ അല്ല വർണനിയമം. ബാഹ്യകർമം പോലുമല്ല. അന്തഃകരണത്തിലടങ്ങുന്ന ഗുണമാണു നിഷ്കൃഷ്ടമായും വർണത്തിന്റെ നിയാമകഘടകം. ഈ വസ്തുത നല്ലവണ്ണം ധരിച്ചുകൊണ്ടുവേണം പ്രസ്തുത ശ്ലോകം വ്യാഖ്യാനിക്കാൻ. അനന്യഭജനത്തിലേർപ്പെടുന്നയാളിനു വർണനിയമങ്ങളെ മാറ്റിമറിക്കാനോ വർണാതീതനാകാനോ പ്രയാസമില്ല. 'വർണനിയമത്തെ ഇല്ലാതാക്കുന്നവനും ഞാൻ തന്നെ' എന്നു ഭഗവാൻ നാലാമധ്യായം പതിമൂന്നാം ശ്ലോകത്തിൽ പ്രഖ്യാപിച്ചത് ഈ രഹസ്യം വെളിപ്പെടുത്താനാണ്.

digitized by www.sreyas.in

ഭാരതത്തിലെ വ്യാസനെയും വ്യാധനെയും ബ്രാഹ്മണത്വത്തിൽ നിന്നു താഴ്ത്തിക്കാണാൻ ആർക്കാണു കഴിയുക? ഗീതാതത്വങ്ങളുടെ പരീക്ഷണ ശാലയാണു മഹാഭാരതം. അതിലെ കഥാപാത്രങ്ങളെയും സംഭവങ്ങളെയും മുന്നിൽക്കണ്ടുകൊണ്ടല്ലാതെ പ്രസ്തുത പദ്യം അവരവരുടെ മനോധർമംപോലെ വ്യാഖ്യാനിക്കുന്നതു ഭഗവദാശയത്തിനു വിരുദ്ധമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

സുദുരാചാരന്മാർക്കും പാപയോനികൾക്കുപോലും അനന്യഭാജനംകൊണ്ടു മുക്തിക്കർഹരായിത്തീരാൻ കഴിയുമെങ്കിൽ പുണ്യം ചെയ്ത ബ്രാഹ്മണരുടെയും രാജർഷിമാരുടെയും കഥ പറയാനില്ലല്ലോ. ദൈവീസമ്പന്നനായ ക്ഷത്രിയനെന്ന നിലയിൽ അർജുനനെ സത്യമാർഗത്തിലേക്കു കൂടുതൽ പ്രചോദിപ്പിക്കാനായി അക്കാര്യം എടുത്തുപറയുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*33. കിം പുനർബ്രാഹ്മണാഃ പുണ്യാ ഭക്താ രാജർഷയസ്തഥാ*
*അനിത്യമസുഖം ലോകമിമം പ്രാപ്യ ഭജസ്വ മാം*

പുണ്യാഃ ബ്രാഹ്മണാഃ - പുണ്യം ചെയ്തു ഹൃദയശുദ്ധി നേടുന്ന ബ്രാഹ്മണരും; തഥാ - അതുപോലെ; ഭക്താഃ രാജർഷയഃ - അച്യുതാരാധനമായി സ്വധർമമനുഷ്ഠിച്ചു ഹൃദയശുദ്ധി വരുത്തുന്ന രാജർഷിമാരും; കിം പുനഃ - പരഗതി പ്രാപിക്കുമെന്നെടുത്തു പറയേണ്ടതുണ്ടോ? അനിത്യം - ജീർണിച്ചു നശിക്കുന്നതും; അസുഖം - അതുകൊണ്ടുതന്നെ ദുഃഖപ്രദവുമായ; ഇമം ലോകം - ഈ ജഡലോകത്ത്; പ്രാപ്യ - വന്നുചേർന്ന സ്ഥിതിക്ക്; മാം ഭജസ്വ - നീ അവശ്യം പരമാത്മാവായ എന്നെ ഭജിക്കുകയാണു വേണ്ടത്.

പുണ്യം ചെയ്തു ഹൃദയശുദ്ധി നേടുന്ന ബ്രാഹ്മണരും അതുപോലെ അച്യുതാരാധനമായി സ്വധർമമനുഷ്ഠിച്ചു ഹൃദയശുദ്ധി വരുത്തുന്ന രാജർഷിമാരും പരഗതി പ്രാപിക്കുമെന്നെടുത്തു പറയേണ്ടതുണ്ടോ? ജീർണിച്ചു നശിക്കുന്നതും അതുകൊണ്ടു തന്നെ ദുഖപ്രദവുമായ ഈ ജഡലോകത്തു വന്നുചേർന്ന സ്ഥിതിക്കു നീ അവശ്യം പരമാത്മാവായ എന്നെ ഭജിക്കുകയാണു വേണ്ടത്.

### *ഭജസ്വ മാം*

സ്വഭാവനിയതമായ സത്വഗുണത്തിനും തദനുസരണങ്ങളായ കർമങ്ങൾക്കും ജീവിതത്തിൽ പ്രാധാന്യം വന്നവരാണ് ബ്രാഹ്മണരും ക്ഷത്രിയ

digitized by www.sreyas.in

രും. സ്വഭാവേന മനസ്സിന്റെ അടക്കം, ഇന്ദ്രിയങ്ങളുടെ അടക്കം, ഏകാഗ്രത, ശുചിത്വം, ക്ഷമ നിഷ്കളങ്കത, വസ്തുബോധം, വസ്ത്വനുഭവം, ഈശ്വര ബുദ്ധി ഇതൊക്കെയുള്ളവരാണു ബ്രാഹ്മണർ. ഇതൊക്കെയുള്ളവർ പുണ്യം ചെയ്തവരായിരിക്കും എന്നെടുത്തുപറയേണ്ടതില്ല. ഇവരിൽ സത്വ ഗുണത്തിനാണേറ്റവും അധികം പ്രാധാന്യം. ശൗര്യം, തേജസ്സ്, ധൈര്യം, ദാക്ഷിണ്യം, യുദ്ധത്തിൽ ഉറച്ചുനിൽക്കുക, ദാനം, ഈശ്വരഭാവം ഇതൊക്കെ യുള്ളവരാണു ക്ഷത്രിയന്മാർ. സത്വഗുണവും രജോഗുണവും കൂടിച്ചേർന്ന താണ് ഇവരുടെ ഗുണഘടന. ഇവരിൽ ഈശ്വരഭാവത്തിനു പ്രാധാന്യം കൂടിവരുന്തോറും ഇവർ ഭക്തന്മാരായ രാജർഷിമാരായി മാറുന്നു. ഇത്തരം രാജർഷിമാരുടെ കഥകൾ ഇതിഹാസങ്ങളിലും പുരാണങ്ങളിലും വേണ്ടുവോളമുണ്ട്. ക്ഷത്രിയനായിരുന്ന വിശ്വാമിത്രൻ തപസ്സുകൊണ്ടു ബ്രാഹ്മണത്വം നേടി വസിഷ്ഠനെക്കൊണ്ടു പരസ്യമായി അക്കാര്യം സമ്മ തിച്ച കഥ പ്രസിദ്ധമാണല്ലോ. സ്വഭാവസിദ്ധമായ ബ്രാഹ്മണത്വമോ ക്ഷത്രി യത്വമോ ഒക്കെയുണ്ടായാലും ഗുണമണ്ഡലത്തിൽ എവിടെയും പതനത്തി നുള്ള സാധ്യതയുണ്ട്. ഗുണമണ്ഡലങ്ങളെല്ലാം അവിദ്യയുടെ അധികാരപ രിധിയിലാണല്ലോ. പതിച്ചില്ലെങ്കിൽത്തന്നെയും മുന്നോട്ടുപോകാതെ നിൽക്കുന്നിടത്തുതന്നെ നിന്നു പോയെന്നും വരാം. ഏതായാലും ബ്രാഹ്മ ണരിലും ക്ഷത്രിയരിലും പതനത്തിനുള്ള സാധ്യത മറ്റു രണ്ടു കൂട്ടരെയും അപേക്ഷിച്ചു കുറവാണ്. എന്നാലും പതനം വന്നുകൂടെന്നില്ല. ക്ഷത്രിയരാ യിരുന്നിട്ടും ദുര്യോധനാദികൾ ആസുരഭാവം കൈക്കൊണ്ടു പതിക്കാനിട യായില്ലേ? ബ്രാഹ്മണനായിരുന്നിട്ടും ദ്രോണർ വൈരനിര്യാതനബുദ്ധിമൂലം ക്ഷത്രിയത്വത്തിലേക്കു പതിച്ചില്ലേ? ഇതൊക്കെ മുന്നിൽ കണ്ടുകൊണ്ടാണു ഭഗവാൻ 'പുണ്യാ ബ്രാഹ്മണാഃ; ഭക്താ രാജർഷയഃ' എന്നു ബ്രാഹ്മണർക്കും ക്ഷത്രിയർക്കും വിശേഷണം ചേർത്തു പ്രയോഗിച്ചിരിക്കുന്നത്. സ്വതേ സ്വഭാവനിയതമായ ഗുണകർമങ്ങൾ കൊണ്ടു ബ്രാഹ്മണരും ക്ഷത്രിയരുമാ യിരിക്കവേ അവർ തുടർന്നു പുണ്യം ചെയ്യാനും ഭക്തി വളർത്താനും മുതി രുകയാണെങ്കിൽ അവരുടെ പരമാത്മ പ്രാപ്തിക്ക് ഒട്ടും കാലവിളംബമുണ്ടാ കുന്നതല്ല. അർജുനൻ സ്വഭാവനിയതങ്ങളായ ഗുണകർമങ്ങൾ കൊണ്ടു ക്ഷത്രിയനാണ്. തന്റെ ജീവിതയാത്രയിൽ ഉടനീളം അനന്യഭജനം കൂട്ടി ച്ചേർക്കുമെങ്കിൽ തൽക്കാല ജന്മത്തിൽത്തന്നെ ബ്രഹ്മപ്രാപ്തിക്കർഹനായി ത്തീരും. അതുകൊണ്ടു യുദ്ധത്തിലെ ജയമോ പരാജയമോ ഒന്നും കൂട്ടാ ക്കാതെ സദാ ആത്മഭാവന കൂടി അഭ്യസിക്കാനാണു ഭഗവാനാവശ്യപ്പെ

digitized by www.sreyas.in

ടുന്നത്. യുദ്ധത്തിൽ ജയിച്ചാൽത്തന്നെയും കിട്ടാവുന്നതു അൽപ്പകാലത്തേക്കുള്ള രാജഭോഗങ്ങളാണ്. അവ അനുഭവിക്കാൻ തുടങ്ങിയാൽ അവസാനിച്ചുപോകുമല്ലോ എന്ന ചിന്തതന്നെ ദുഃഖകാരണമായി ഭവിക്കും. അതുകൊണ്ട് അനിത്യവും അസുഖപ്രദവുമായ ഈ ലോകത്ത് ഭൗതികലാഭങ്ങൾ വരട്ടെ, വരാതിരിക്കട്ടെ; രണ്ടും തുല്യമായിക്കരുതി നിരന്തരമായ പരമാത്മഭജനം അഭ്യസിച്ചുകൊണ്ടു സ്വധർമമനുഷ്ഠിക്കാനാണു ഭഗവാൻ അർജുനനോടാവശ്യപ്പെടുന്നത്.

എന്താണീ നിരന്തരമായ പരമാത്മഭജനം? അതെങ്ങനെയാണഭ്യസിക്കുക? ഇക്കാര്യം വിവരിച്ചുകൊണ്ടു ഭഗവാൻ അധ്യായം ഉപസംഹരിക്കാൻ ഒരുമ്പെടുകയാണ്.

*34. മന്മനാ ഭവ മദ്ഭക്തോ മദ്യാജീ മാം നമസ്കുരു*
*മാമേവൈഷ്യസി യുക്ത്വൈവമാത്മാനം മത്പരായണഃ*

മന്മനാ ഭവ – പരമാത്മാവായ എന്നിൽത്തന്നെ ഉറപ്പിച്ച മനസ്സോടുകൂടിയവനായി ഭവിക്കൂ; മദ്ഭക്തഃ (ഭവ) – ഫലചിന്തവിട്ട് എന്നെ ആശ്രയിക്കുന്നവനായി ഭവിക്കൂ; മദ്യാജീ (ഭവ) – കർമങ്ങൾകൊണ്ടെല്ലാം എന്നെ ആരാധിക്കുന്നവനായി ഭവിക്കൂ; മാം നമസ്കുരു – മനസ്സാ സർവത്ര എന്നെ വണങ്ങുന്നവനായി ഭവിക്കൂ; മത്പരായണഃ – എന്നിലെത്തിച്ചേരുകയെന്ന ലക്ഷ്യത്തിൽ ഉറപ്പുവന്നയാൾ; ഏവം ആത്മാനം യുക്ത്വാ – ഇപ്രകാരം ആത്മഭാവനാപരനായിത്തീർന്നാൽ; മാം ഏവ ഏഷ്യസി – തീർച്ചയായും എന്നെത്തന്നെ പ്രാപിക്കാൻ ഇടവരും.

പരമാത്മാവായ എന്നിൽത്തന്നെ ഉറപ്പിച്ച മനസ്സോടുകൂടിയവനായി ഭവിക്കൂ; ഫലചിന്ത വിട്ട് എന്നെ ആശ്രയിക്കുന്നവനായി ഭവിക്കൂ. കർമങ്ങൾകൊണ്ടെല്ലാം എന്നെ ആരാധിക്കുന്നവനായി ഭവിക്കൂ; മനസ്സാ സർവത്ര എന്നെ വണങ്ങുന്നവനായി ഭവിക്കൂ. എന്നിലെത്തിച്ചേരുകയെന്ന ലക്ഷ്യത്തിൽ ഉറപ്പുവന്നയാൾ ഇപ്രകാരം ആത്മഭാവനാപരനായിത്തീർന്നാൽ തീർച്ചയായും എന്നെത്തന്നെ പ്രാപിക്കാൻ ഇടവരും.

## *മാമേവൈഷ്യസി യുക്ത്വൈവം*

ഈ നിലയിലൊക്കെ എന്നെ ഭാവനചെയ്താൽ എന്നെത്തന്നെ പ്രാപിക്കും. ഏതു നിലയിലൊക്കെ? ആദ്യമായി മനസ്സെന്നിലുറപ്പിക്കണം. സങ്കൽപ്പിക്കുക, സംശയിക്കുക ഇതു രണ്ടുമാണ് മനസ്സിന്റെ പ്രധാന ജോലികൾ. സങ്കൽപ്പം ഭിന്നനാമരൂപങ്ങളെക്കുറിച്ചാണ്. മനസ്സ് ഭിന്നനാമരൂപങ്ങ

digitized by www.sreyas.in

ളുടെ സങ്കൽപ്പങ്ങളിൽ ഒന്നുമാറി ഒന്നുമാറി ചലിക്കുമ്പോൾ അവയെല്ലാം ഒരേ പരമാത്മാവിന്റെ രൂപഭേദങ്ങളാണെന്നുകൂടി ആ മനസ്സിനെ പറഞ്ഞു പഠിപ്പിക്കണം. ഭിന്നനാമരൂപസങ്കൽപ്പങ്ങളിൽ വസ്തു ഒന്നേയുള്ളു എന്നുറപ്പിക്കലാണു സങ്കൽപ്പാത്മകമായ മനസ്സിന്റെ ആത്മഭാവനാഭ്യാസം. സംശയമാണു മനസ്സിന്റെ മറ്റൊരു വൃത്തി. ഫലചിന്തയെക്കുറിച്ചാണു സംശയമധികവും. അവനവനു ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി ഈശ്വരബുദ്ധിയോടെ ചെയ്യുകയെന്നതിൽക്കവിഞ്ഞ് ഇവിടെ മനുഷ്യനു ഒന്നും സാധ്യമല്ല. ശേഷം സർവജ്ഞനായ പരമാത്മാവു നോക്കിക്കൊള്ളുമെന്നുറപ്പിക്കലാണു സംശയാത്മകമായ മനസ്സിന്റെ ആത്മഭാവനാഭ്യാസം. സങ്കൽപ്പാത്മകവും സംശയാത്മകവുമായ മനസ്സിനെ ഈ വിധം ആത്മഭാവനാനിരതമാക്കുകയാണു മന്മനസ്ത്വം. തുടർന്നു മദ്ഭക്തി. അഭ്യസിക്കണം. ഫലലാഭവേളകളിൽ ലാഭനഷ്ടങ്ങളോ മാനാപമാനങ്ങളോ പരിഗണിക്കാതെ പരമാത്മഭാവനയെ ആശ്രയിക്കുന്നതാണ് ഇവിടെ മദ്ഭക്തി ലാഭമാണെങ്കിൽ പരമാത്മാവായ ഈശ്വരന്റെ കാരുണ്യം. നഷ്ടമാണെങ്കിൽ അതും ആ പ്രഭുവിന്റെ അനുഗ്രഹം. എനിക്ക് അവിടത്തെ കരുണ മാത്രമാണു വേണ്ടത്. മറ്റൊക്കെ അവിടത്തെ ഇഷ്ടം. ഈ ഭാവന അഭ്യസിക്കലാണു മദ്ഭക്തി. മന്മനസ്ത്വവും മദ്ഭക്തിയും ഉറച്ചാൽപ്പിന്നെ മദ്യാജിയായിത്തീരാൻ യത്നിക്കാം. വ്യക്തിപരമോ, കുടുംബപരമോ, സമൂഹപരമോ ആയ ഏതു കർമവും ഭഗവദാരാധനയാണെന്നുറപ്പുവരുത്തുകയാണു മദ്യാജിത്വം. ഈ മദ്യാജിത്വം സർവ സംഗങ്ങളിൽ നിന്നുമകറ്റി ചിത്തത്തെ അതിവേഗം ആത്മാനുഭവത്തിനു കരുത്തുറ്റതാക്കിത്തീർക്കുന്നു. തുടർന്ന് എല്ലാ പ്രപഞ്ചപ്രതിഭാസങ്ങളെയും ബ്രഹ്മരൂപമായിക്കണ്ടു മനസ്സാ വണങ്ങുന്നതാണു മത്പ്രണാമം. ആത്മഭാവനയും അനുഭവവും പടിപടിയായി മുന്നേറുന്നതിന്റെ ക്രമമാണു നാമിവിടെ കാണുന്നത്. ഈ രീതിയിലെല്ലാം ചിത്തത്തെ ഭഗവാനുമായി യോജിപ്പിച്ചാൽ ഭേദചിന്തപോയി ബ്രഹ്മപ്രാപ്തി കൈവരിച്ചു ജീവിതം ധന്യമാക്കാൻ കഴിയുമെന്നു പറയേണ്ടതില്ലല്ലോ.

## അധ്യായാർഥസംക്ഷേപം

അക്ഷരബ്രഹ്മോപാസന വഴിയുള്ള അക്ഷരബ്രഹ്മയോഗവും ക്രമമുക്തിയുമാണു പ്രാധാന്യേന എട്ടാമധ്യായത്തിൽ ചർച്ചചെയ്തത്. ജ്ഞാനമാർഗമവലംബിച്ചുള്ള പൂർണമായ ബ്രഹ്മപ്രാപ്തിയാണ് ഒൻപതാമധ്യായത്തിലെ പ്രതിപാദ്യം. ഇതിലെ പ്രതിപാദ്യം ഒരാൾക്കു നേരിട്ടനുഭവി

digitized by www.sreyas.in

ക്കാവുന്ന രാജവിദ്യയാണെന്നാണ് ഭഗവാന്റെ തന്നെ പ്രഖ്യാപനം. പ്രപഞ്ചഘടകങ്ങളെല്ലാം ഭഗവാനിൽ കാണപ്പെടുന്നവയാണെങ്കിലും അവയൊന്നും ഭഗവത്സ്വരൂപത്തിന് ഒരു വികാരവും വരുത്തുന്നില്ലെന്ന് ഈ വിദ്യകൊണ്ട് അനുഭവിച്ചറിയാൻ കഴിയും. ബ്രഹ്മശക്തിയായ പ്രകൃതിയാണു സൃഷ്ടിപ്രളയങ്ങൾക്കു ഹേതു. ഭഗവാൻ ഉദാസീനനെപ്പോലെ നോക്കിനിൽക്കുന്നതേയുള്ളു. ബ്രഹ്മത്തെ മനുഷ്യരൂപത്തിൽക്കാണുന്നവർ മന്ദബുദ്ധികളാണ്. സർവത്ര ഈശ്വരനെ കണ്ടു ഭജിക്കാൻ കഴിയുന്നവർ ഭൗതികമായും ആധ്യാത്മികമായും ഉദ്ധരിക്കപ്പെടും. അതിനുള്ള ഒരു വഴിയാണു വിരാഡ്രൂപോപാസന. അതല്ലെങ്കിൽ സർവത്ര വസ്തു ഒന്നേയുള്ളു എന്നു വിചാരം ചെയ്ത് അഭ്യസിക്കേണ്ടതാണ്. കർമകാണ്ഡത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നവർക്കു സ്വർഗത്തിലെത്തി തിരിച്ചുവരേണ്ടിവരും. അനന്യചിന്തയോടെ എന്തർപ്പിച്ചാലും അതു ഭഗവാങ്കൽ എത്തിച്ചേരും. അതുകൊണ്ടു ബ്രഹ്മപ്രാപ്തി കൊതിക്കുന്നയാൾ തന്റെ സർവകർമങ്ങളും ബ്രഹ്മാരാധനയാക്കിത്തീർക്കേണ്ടതാണ്. അന്തരാത്മാവ് സർവത്ര തുല്യഭാവത്തിൽ വിളങ്ങുന്നു. ആ ജഗദീശ്വരന് ആരോടും പക്ഷപാതമില്ല. ഭഗവാനിൽ പരമപ്രേമം ആർക്കൊക്കെയുണ്ടോ അവർ ഭഗവാങ്കലും ഭഗവാൻ അവരിലും സ്ഥിതി ചെയ്യുന്നു. സുദുരാചാരന്മാരോ പാപയോനികളോ പോലും അനന്യഭാവേന ഭഗവാനെ സമീപിക്കുമെങ്കിൽ അതിവേഗം ധർമാത്മാക്കളായിത്തീരുന്നു മുക്തിക്കർഹരായി ഭവിക്കും. ആ നിലയ്ക്കു പുണ്യാത്മാക്കളുടെ കഥ പറയാനില്ലല്ലോ. അതുകൊണ്ട് ഒരാൾ തന്റെ എല്ലാ കർമങ്ങളും നിരന്തരമായ തത്വാഭ്യാസത്തോടുകൂടി ഈശ്വരാരാധനയാക്കിത്തീർക്കേണ്ടതാണ്. പൂർണമായ സത്യസാക്ഷാൽക്കാരത്തിനുള്ള മാർഗം വിവരിക്കുന്ന അധ്യായമായതുകൊണ്ട് ഇതിന് 'രാജവിദ്യാരാജഗുഹ്യയോഗം' എന്നു പേരു നൽകപ്പെട്ടിരിക്കുന്നു.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ*
*രാജവിദ്യാരാജഗുഹ്യയോഗോനാമ*
*നവമോഽധ്യായഃ*

digitized by www.sreyas.in

# വിഭൂതിയോഗം

ചിത്തശുദ്ധിനേടി വസ്തുസാക്ഷാൽക്കാരരൂപമായ മോക്ഷം അനുഭവിക്കുകയാണു ജീവിതലക്ഷ്യം. ചിത്തശുദ്ധിക്കുള്ള ഉപായങ്ങളാണ് ഉപാസനകൾ. അക്ഷരബ്രഹ്മോപാസനയോ പ്രണവോപാസനയോ കൊണ്ടു ക്രമമുക്തി നേടാമെന്നാണ് എട്ടാമധ്യായത്തിൽ വിവരിച്ചത്. കുറെയൊക്കെ കർമവാസനപോയി ചിത്തശുദ്ധി വന്നവർക്കു വിരാഡ്രൂപോപാസനയോ വിചാരരൂപമായ ജ്ഞാനമാർഗമോ അവലംബിച്ച് ഈ ജന്മത്തിൽത്തന്നെ പൂർണബ്രഹ്മനിഷ്ഠ നേടാമെന്ന് ഒൻപതാമധ്യായംകൊണ്ടു വെളിവാക്കി. ഇനി ജ്ഞാനമാർഗമോ വിരാഡ്രൂപോപാസനയോ അക്ഷരബ്രഹ്മോപാസനയോ പ്രണവോപാസനയോ ഒന്നും കഴിയാത്തവർക്ക് എന്താണു മാർഗം? അവർക്ക് ഈശ്വരചൈതന്യം കൂടുതൽ പ്രകടമാകുന്നു എന്നവർക്കു തോന്നുന്ന ഏതെങ്കിലും വ്യക്തിരൂപം പരമാത്മഭാവനയോടെ ഉപാസിച്ചു ചിത്തശുദ്ധിക്കായി യത്നിക്കാവുന്നതാണ്. ചൈതന്യം കൂടുതൽ പ്രകടമാകുന്ന വ്യക്തിരൂപം ഭഗവാൻ വിശേഷരൂപത്തിൽ ഭവിച്ചിരിക്കുന്നതായി കരുതപ്പെടുന്നതുകൊണ്ട് അതിനെ വിഭൂതി എന്നു പറയാം. ഏതെങ്കിലും വിഭൂതിയെ അവലംബമാക്കിയുള്ള ഈശ്വരാന്വേഷണമാണു വിഭൂതിയോഗം. ഏതു വിഭൂതിയെയാണ് ഒരു ഭക്തൻ അവലംബമാക്കേണ്ടത്? വിഭൂതികളസംഖ്യങ്ങളാണ്. ഒരു ഭക്തനിഷ്ടപ്പെട്ട ഏതു വിഭൂതിയും തിരഞ്ഞെടുക്കാവുന്നതാണ്. അങ്ങനെ തിരഞ്ഞെടുക്കപ്പെടാവുന്ന ഏതാനും വിഭൂതികൾ ഭഗവാൻ പത്താമധ്യായത്തിൽ ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെ ഏതാനും വിഭൂതികളെ ചൂണ്ടിക്കാണിച്ചു നിഷ്കാമമായ ഇഷ്ടദേവതോപാസനയുടെ മാർഗം വിവരിച്ചിരിക്കുന്നതുകൊണ്ടു പത്താമധ്യാത്തിനു വിഭൂ

75-2006 32

digitized by www.sreyas.in

തിയോഗമെന്നു പേർ. ഈ വിഭൂതിയോഗവും പരമലക്ഷ്യപ്രാപ്തിക്കുതകണമെങ്കിൽ സിദ്ധാന്തപരമായ വസ്തുബോധത്തോടെ നിഷ്കാമമായി അഭ്യസിച്ചേ പറ്റൂ. അതുകൊണ്ടു വിഭൂതിയോഗത്തിനൊരാമുഖമായി വസ്തുരഹസ്യവും നിഷ്കാമഭജനത്തിന്റെ സ്വരൂപവുമാണു ഭഗവാൻ ആദ്യം വിവരിക്കുന്നത്. വസ്തുരഹസ്യം വെളിപ്പെടുത്താനുള്ള ഉപക്രമമാണ് ഒന്നാം പദ്യം:

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

*1. ഭൂയേ ഏവ മഹാബാഹോ ശൃണു മേ പരമം വചഃ*
*യത്തേƒഹം പ്രീയമാണായ വക്ഷ്യാമി ഹിതകാമ്യയാ*

മഹാബാഹോ - അല്ലയോ അർജുനാ; പ്രീയമാണായ തേ - തത്വശ്രവണത്തിൽ കൂടുതൽ കൂടുതൽ പ്രസന്നനായി കാണപ്പെടുന്ന നിനക്ക്; ഹിതകാമ്യയാ - നല്ലതു വരണമെന്നു മാത്രം കൊതിച്ചുകൊണ്ട്; യത് അഹം വക്ഷ്യാമി - എന്താണോ ഞാൻ പറയാൻ പോകുന്നത്; മേ പരമം വചഃ - പരമസത്യം വെളിപ്പെടുത്തിത്തരുന്ന എന്റെ ആ വാക്കുകൾ; ഭൂയഃ ഏവ ശൃണു - വീണ്ടും ശ്രദ്ധയോടെ കേൾക്കുക.

അല്ലയോ അർജുനാ, തത്വശ്രവണത്തിൽ കൂടുതൽ കൂടുതൽ പ്രസന്നനായി കാണപ്പെടുന്ന നിനക്കു നല്ലതു വരണമെന്നു മാത്രം കൊതിച്ചുകൊണ്ട് എന്താണോ ഞാൻ പറയാൻ പോകുന്നത്, പരമസത്യം വെളിപ്പെടുത്തിത്തരുന്ന എന്റെ ആ വാക്കുകൾ വീണ്ടും ശ്രദ്ധയോടെ കേൾക്കുക.

## *പ്രീയമാണായ വക്ഷ്യാമി*

തത്വോപദേശം അർജുനനിൽ കൂടുതൽ കൂടുതൽ പ്രീതിയുണ്ടാക്കുന്നതായി കണ്ടു. അതുകൊണ്ടാണ് അതിനിയും തുടരാമെന്നു ഭഗവാൻ കരുതുന്നത്. വസ്തുഗ്രഹണത്തിനു താൽപ്പര്യമുള്ളവർക്കു മാത്രമേ അതുപദേശിക്കാവൂ. ലോകമോഹങ്ങളിൽ ഭ്രമിച്ചു തത്വത്തെ നിഷേധിക്കുന്നവരോടിത് ഉപദേശിച്ചിട്ടു കാര്യമില്ല. ഉപദേശിച്ചാൽ അവർക്കു മനസ്സിലാവുകയില്ല. തെറ്റിദ്ധരിച്ചു പല വിധത്തിൽ അവരതിനെ പരിഹസിക്കുകയും ചെയ്യും. നേരേമറിച്ചു ശ്രദ്ധാലുക്കൾക്കു ബ്രഹ്മതത്വം അറിഞ്ഞറിഞ്ഞു വരുന്തോറും മനഃപ്രീതിയും മുഖപ്രസാദവും വർധിക്കും. വീണ്ടും വീണ്ടും അതിനെക്കുറിച്ചു കേൾക്കാൻ കൗതുകം വളരും. അങ്ങനെ അർജുനന്റെ ജിജ്ഞാസാപ്രേരിതങ്ങളായ ചോദ്യങ്ങളും വർധിച്ചുവന്ന പ്രസന്നതയു

digitized by www.sreyas.in

മാണു തത്വോപദേശത്തിൽ ഭഗവാനെ വീണ്ടും വീണ്ടും വാചാലനാക്കി ത്തീർക്കുന്നത്.

ഇതുവരെ ഉപദേശിച്ചതു വസ്തുതത്വം തന്നെയല്ലേ? പിന്നെ ഇനി വിശേഷിച്ചെന്തുപദേശിക്കാനിരിക്കുന്നു? കാര്യം ശരിയാണ്. എന്നാലും പരമ സത്യം അത്ര എളുപ്പം ഗ്രഹിക്കപ്പെടാവുന്നതല്ല. ഇന്ദ്രിയങ്ങൾകൊണ്ടു വിഷ യങ്ങളെ ഗ്രഹിക്കുന്നതുപോലെ തത്വഗ്രഹണം സാധ്യമല്ല. അന്വേഷകന്റെ സ്വരൂപംതന്നെയാണു ബ്രഹ്മതത്വം. അതു സദാ അനുഭവിക്കപ്പെടുന്നുമുണ്ട്. തൽക്കാലം മനസ്സിന്റെ ഭ്രമസങ്കൽപ്പങ്ങൾ ശുദ്ധമായ സ്വരൂപാനുഭവത്തെ ഒട്ടൊന്നു മറച്ചിരിക്കുന്നുവെന്നേയുള്ളു. മനസ്സിന്റെ ഭ്രമാനുഭവങ്ങളെ ഒഴിച്ചു മാറ്റിയാൽ അവശേഷിക്കുന്നതാണു ശുദ്ധമായ സ്വരൂപാനുഭവം. ഭ്രമാനുഭവം ഒഴിഞ്ഞുമാറുന്നതുവരെ എത്ര കെങ്കേമനും സ്വരൂപാനുഭവം തെളിയുന്നത ല്ല. ഈ അനുഭവരഹസ്യമാണു ഭഗവാൻ അടുത്ത പദ്യത്തിൽ വെളിപ്പെടു ത്തുന്നത്.

2. *ന മേ വിദുഃ സുരഗണാഃ പ്രഭവം ന മഹർഷയഃ*
*അഹമാദിർഹി ദേവാനാം മഹർഷീണാം ച സർവശഃ*

മേ - പരമാത്മാവായ എന്റെ; പ്രഭവം - സ്വരൂപസ്ഥിതി; സുരഗണാഃ ന വി ദുഃ - ദേവന്മാരും അറിയുന്നില്ലേ; മഹർഷയഃ ന - കഠിനതപം ചെയ്തു കഴിയുന്ന മഹർഷിമാരും അറിയുന്നില്ല; ഹി - എന്തുകൊണ്ടെന്നാൽ; ദേവാനാം മഹർഷീണാം ച - ദേവന്മാർക്കും മഹർഷിമാർക്കും; സർവശഃ - എല്ലാ നില യിലും; അഹം ആദിഃ - പരമാത്മാവായ ഞാൻ തന്നെയാണുൽഭവസ്ഥാനം.

പരമാത്മാവായ എന്റെ സ്വരൂപസ്ഥിതി ദേവന്മാരാരും അറിയുന്നില്ല. കഠിനതപം ചെയ്തുകഴിയുന്ന മഹർഷിമാരും അറിയുന്നില്ല. എന്തുകൊണ്ടെ ന്നാൽ ദേവന്മാർക്കും മഹർഷിമാർക്കും എല്ലാ നിലയിലും പരമാത്മാവായ ഞാൻ തന്നെയാണുൽഭവസ്ഥാനം.

## *ബ്രഹ്മത്തിന്റെ സ്വരൂപസ്ഥിതി*

അജവും അനാദിയുമാണ് ബ്രഹ്മം. അതിലെ ശക്തിസ്പന്ദനങ്ങളാണു ദേവന്മാരും മഹർഷിമാരുമെല്ലാം. അതായതു ബ്രഹ്മം സമ്പൂർണമായ വസ്തു സ്ഥിതിയാണ്. ദേവന്മാരും മഹർഷിമാരും അതിലെ അൽപ്പപ്രതിഭാസങ്ങളും. സമ്പൂർണവസ്തുവിനു തന്നിൽ രൂപംകൊള്ളുന്ന അൽപ്പപ്രതിഭാസങ്ങളെ എത്ര എണ്ണത്തെ വേണമെങ്കിലും ഉൾക്കൊള്ളാനും അറിയാനും കഴിയും. നേരേമറിച്ച് അൽപ്പപ്രതിഭാസങ്ങൾക്കൊന്നും സമ്പൂർണത്തെ മാറി നിന്നു

digitized by www.sreyas.in

കൊണ്ടറിയാൻ സാധിക്കയില്ലെന്നു തീർച്ചയാണല്ലോ. അൽപ്പപ്രതിഭാസങ്ങൾക്കു സമ്പൂർണത്തെയറിയാൻ ഒരൊറ്റ മാർഗമേയുള്ളു. തന്റെ അൽപ്പരൂപം വെടിഞ്ഞു സമ്പൂർണവുമായി ഒന്നായിത്തീരുക. ജീവത്വം വെടിഞ്ഞ ബ്രഹ്മമായിത്തീരുക. ഒരു സമുദ്രത്തിൽ എത്ര എത്ര തിരകളും കുമിളകളുമുണ്ടായാലും സമുദ്രത്തിന് അവയെ ഒക്കെ ഉൾക്കൊള്ളാൻ കഴിയും. പക്ഷേ, തിരയ്ക്കോ കുമിളയ്ക്കോ സമുദ്രത്തെ ഉൾക്കൊള്ളണമെങ്കിൽ സ്വന്തമായ അൽപ്പരൂപം വെടിഞ്ഞു സമുദ്രമായിത്തീരാതെ വേറെ മാർഗമില്ല. ബോധസമുദ്രമായ ബ്രഹ്മത്തിലെ തിരകളും കുമിളകളുമാണു ദേവന്മാരും മഹർഷിമാരുൾപ്പെട്ട എല്ലാ ജീവന്മാരും. ജീവത്വം നിലനിൽക്കുന്നിടത്തോളം അവയ്ക്കു ബ്രഹ്മത്തെ അറിയാനോ ഉൾക്കൊള്ളാനേ സാധ്യമാവുകയില്ല. ഈ ബ്രഹ്മസ്ഥിതിരഹസ്യമാണു ഭഗവാൻ ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്.

ബ്രഹ്മത്തെ ആർക്കും അറിയാൻ കഴിയുകയില്ലെങ്കിൽപ്പിന്നെ അതിനെ എന്തിനന്വേഷിക്കണം. ഈ സംശയത്തിനാണു ഭഗവാൻ ഇനി മറുപടി നൽകുന്നത്.

*3. യോ മാമജമനാദിം ച വേത്തി ലോകമഹേശ്വരം*
*അസമ്മൂഢഃ സ മർത്യേഷു സർവപാപൈഃ പ്രമുച്യതേ*

യഃ - ആരാണോ; മാം - പരമാത്മാവായ എന്നെ: അജം - മറ്റൊന്നിൽ നിന്നു ജനിക്കാത്ത വസ്തുവായും; അനാദിം - തുടക്കമോ ഒടുക്കമോ ഇല്ലാത്ത വസ്തുവായും; ലോകമഹേശ്വരം - ഉൽപ്പത്തിസ്ഥിതി പ്രളയങ്ങൾക്കാശ്രയമായതുകൊണ്ട് എല്ലാ ലോകത്തിനും നിയന്ത്രാവായും; വേത്തി - അറിയുന്നത്; മർത്യേഷു സഃ - മനുഷ്യരിൽ അവനാണ്; അസമ്മൂഢഃ - വിവേകി; സർവപാപൈഃ പ്രമുച്യതേ - അവൻ എല്ലാ പാപങ്ങളിൽ നിന്നും പൂർണമായി മോചനം നേടുന്നു.

ആരാണോ പരമാത്മാവായ എന്നെ മറ്റൊന്നിൽ നിന്നു ജനിക്കാത്ത വസ്തുവായും തുടക്കമോ ഒടുക്കമോ ഇല്ലാത്ത വസ്തുവായും ഉൽപ്പത്തിസ്ഥിതി പ്രളയങ്ങൾക്കാശ്രയമായതുകൊണ്ട് എല്ലാ ലോകത്തിനും നിയന്ത്രാവായും അറിയുന്നത്, മനുഷ്യരിൽ അവനാണു വിവേകി. അവൻ എല്ലാ പാപങ്ങളിൽ നിന്നും പൂർണമായി മോചനം നേടുന്നു.

## *അസമ്മൂഢഃ സ മർത്യേഷു*

ബ്രഹ്മത്തെ അറിയാൻ കഴിയുകയില്ലെന്നു പറഞ്ഞാൽ ബ്രഹ്മത്തിന്റെ

digitized by www.sreyas.in

പൂർണമായ സ്വരൂപസ്ഥിതി മാറിനിന്നു ഗ്രഹിക്കാൻ കഴിയുകയില്ലെന്നേ അർഥമുള്ളു. വാസ്തവം പറഞ്ഞാൽ മാറിനിന്നുകൊണ്ട് ഒന്നിന്റെയും പൂർണരഹസ്യം ഗ്രഹിക്കാൻ പറ്റുകയില്ല. അപ്പോൾ ചിലതിനെക്കുറിച്ചൊക്കെ അറിയുന്നതായി ചിലർ പറയുന്നതോ? അത്തരം അറിവെല്ലാം അൽപ്പജ്ഞാനങ്ങളാണെന്നു ചിന്തിച്ചാൽ തെളിയും. ഒരാൾ അഗ്നിയെക്കുറിച്ചറിയുന്നു എന്നു പറഞ്ഞാൽ എന്താണർഥം? അഗ്നിക്കു ചൂടുണ്ട്. വെളിച്ചമുണ്ട്. ഇങ്ങനെ ചിലതൊക്കെ അറിയുന്നു എന്നാണു താൽപ്പര്യം. അഗ്നിയെ പൂർണമായി അറിയാൻ അഗ്നിക്കല്ലാതെ മറ്റാർക്കു കഴിയും. അതുപോലെ ബ്രഹ്മത്തിന്റെ തന്നെ അഭിന്നാംശമായ ജീവന് അറിയാൻ താൽപ്പര്യമുണ്ടെങ്കിൽ മാറി നിന്നുകൊണ്ടുതന്നെ ഒരാൾ അഗ്നിയെ കണ്ടറിയുന്നതുപോലെ ആ സമ്പൂർണ സത്യത്തെ കണ്ടറിയാനും ഒട്ടേറെ കാര്യങ്ങൾ ഗ്രഹിക്കാനും പറ്റും. എന്തൊക്കെയാണോ കാര്യങ്ങൾ? ജഗത്തിന്റെ പരമകാരണമായ ബ്രഹ്മം മറ്റൊന്നിൽ നിന്നും ഉണ്ടാകാതെ സദാ സ്വയം പ്രകാശിച്ചു സനാതനമായി വിളങ്ങുന്ന സത്യമാണെന്നറിയാൻ പറ്റും. ആ സത്യം ഒരിടത്തും ഒരിക്കലും തുടങ്ങിയതല്ലെന്നും ഇനി ഒരിടത്തും ഒരിക്കലും ഒടുങ്ങുന്നതല്ലെന്നും അറിയാൻ പറ്റും. ഈ ലോകത്തിന് ഉണ്ടാകാനും നിലനിൽക്കാനും തിരിച്ചു ലയിക്കാനും ഇടമരുളുന്നത് ആ സത്യമാണെന്നറിയാൻ പറ്റും. അതുകൊണ്ടുതന്നെ ആ സത്യം ജഗത്തിന്റെ നിയന്താവാണെന്നും ഗ്രഹിക്കാൻ പറ്റും. ഇതിത്രയുമറിയുന്നവനാണു നിലനിൽപ്പിന്റെ പരമരഹസ്യമറിയുന്ന വിവേകി. തൽക്കാലം താൻ മാറിനിൽക്കുകയാണെങ്കിൽപ്പോലും താനും ആ സത്യസ്വരൂപം തന്നെയാണെന്നയാളറിയുന്നു. താൻ അകന്നു നിൽക്കുന്നു എന്നതു ഒരു താൽക്കാലിക ഭ്രമം മാത്രം. അതുകൊണ്ടു തന്നെ ജനനമരണങ്ങളും സുഖദുഖങ്ങളും പാപപുണ്യങ്ങളും എല്ലാം മാറി നിൽക്കുന്നു എന്ന ഭ്രമത്തിന്റെ വികസിതരൂപങ്ങളാണെന്നു സ്പഷ്ടമായി ബോധ്യപ്പെടുന്നു. ഇങ്ങനെ കർമവാസന ഒടുങ്ങി പൂർണമായ പാപവിമുക്തിയും വന്നുചേരുന്നു.

താൽപ്പര്യമുള്ള ജീവനു മാറിനിന്നുകൊണ്ടുതന്നെ ബ്രഹ്മത്തെ ഒട്ടേറെ അറിയാൻ കഴിയുമെന്നു പറഞ്ഞതെന്തുകൊണ്ട്? സത്യം തിരയുന്ന ബുദ്ധി തുടങ്ങി ജന്തുസഹജങ്ങളായ എല്ലാ ഭാവങ്ങളും ബ്രഹ്മത്തിൽനിന്നുതന്നെ പൊന്തിയവയാണ്. അങ്ങനെ അവയൊക്കെ ബ്രഹ്മാംശമുൾക്കൊള്ളുന്നു. അപ്പോൾ അവ സ്വരൂപം ശുദ്ധീകരിച്ചു വികസിച്ചാൽ മതി ബ്രഹ്മത്തെ ഒട്ടൊക്കെയറിയാൻ. ഈ അന്വേഷണരഹസ്യം സൂചിപ്പിക്കുകയാണു ഭഗവാൻ അടുത്ത രണ്ടു പദ്യങ്ങളിൽ:

digitized by www.sreyas.in

*4. ബുദ്ധിർജ്ഞാനമസമ്മോഹഃ ക്ഷമാ സത്യം ദമഃ ശമഃ*
*സുഖം ദുഃഖം ഭാവോഽഭാവോ ഭയം ചാഭയമേവ ച*

*5. അഹിംസാ സമതാ തുഷ്ടിസ്തപോ ദാനം യശോഽയശഃ*
*ഭവന്തി ഭാവാ ഭൂതാനാം മത്ത ഏവ പൃഥഗ്വിധാഃ*

ബുദ്ധിഃ – സത്യാസത്യങ്ങളെ വേർതിരിച്ചു ലക്ഷ്യനിർണയം ചെയ്യുന്ന അന്തഃകരണാംശം; ജ്ഞാനം – അതിന്റെ പ്രവർത്തനംകൊണ്ടുണ്ടാകുന്ന വസ്തുബോധം; അസമ്മോഹഃ – തൽഫലമായ മോഹമില്ലായ്മ; ക്ഷമാ – എന്തും സഹിക്കാനുള്ള കഴിവ്; സത്യം – കപടമില്ലായ്മ; ദമഃ – ഇന്ദ്രിയങ്ങളുടെ അടക്കം; ശമഃ – മനസ്സിന്റെ ഏകാഗ്രത; സുഖം ദുഖം – അതുപോലെ ആപേക്ഷിക സുഖദുഖങ്ങൾ; ഭവഃ അഭാവഃ – ജനനമരണങ്ങൾ; ഭയം അഭയം ഏവ ച – ഭയവും ഭയമില്ലായ്മയും; അഹിംസാ – അതുപോലെ പരദ്രോഹമില്ലായ്മ; സമതാ – സർവത്ര സമഭാവന; തുഷ്ടിഃ – സദാ സന്തോഷം; തപഃ – ഏകാഗ്രതാപരിശീലനം; ദാനം – സമ്പത്തിന്റെ പങ്കിടൽ; യശഃ അയശഃ – എല്ലാറ്റിന്റെയും ഫലമായി വന്നുചേരുന്ന കീർത്തി അകീർത്തി; ഭൂതാനാം പൃഥഗ്വിധാഃ ഭാവാഃ – ഇങ്ങനെ വിവിധ പ്രകാരത്തിൽ കാണപ്പെടുന്ന ജീവഭാവങ്ങളെല്ലാം; മത്തഃ ഏവ – എന്നിൽ നിന്നുതന്നെ രൂപംകൊണ്ടവയാണ്.

സത്യാസത്യങ്ങളെ വേർതിരിച്ചു ലക്ഷ്യനിർണയം ചെയ്യുന്ന അന്തകരണാംശം, അതിന്റെ പ്രവർത്തനംകൊണ്ടുണ്ടാകുന്ന വസ്തുബോധം, തൽഫലമായ മോഹമില്ലായ്മ, എന്തും സഹിക്കാനുള്ള കഴിവ്, കപടമില്ലായ്മ, ഇന്ദ്രിയങ്ങളുടെ അടക്കം, മനസ്സിന്റെ ഏകാഗ്രത, അതുപോലെ ആപേക്ഷിക സുഖദുഖങ്ങൾ, ജനനമരണങ്ങൾ, ഭയവും ഭയമില്ലായ്മയും, അതുപോലെ പരദ്രോഹചിന്തയില്ലായ്മ, സർവത്ര സമഭാവന, സദാ സന്തോഷം, ഏകാഗ്രതാപരിശീലനം, സമ്പത്തിന്റെ പങ്കിടൽ, എല്ലാറ്റിന്റെയും ഫലമായി വന്നുചേരുന്ന കീർത്തി, അകീർത്തി ഇങ്ങനെ വിവിധ പ്രകാരത്തിൽ കാണപ്പെടുന്ന ജീവഭാവങ്ങളെല്ലാം എന്നിൽ നിന്നുതന്നെ രൂപംകൊണ്ടവയാണ്.

### *മത്തഃ ഏവ*

എല്ലാ ജീവഭാവങ്ങളും പരമാത്മാവിൽനിന്നു രുപം കൊണ്ടവയാണ്. ജീവൻ ഏതു ഭാവത്തിലുള്ളതായാലും ബ്രഹ്മാവുമായി നേരിട്ടു ബന്ധപ്പെട്ടതാണെന്നർഥം. അതുകൊണ്ടു താൽപ്പര്യമുള്ളപക്ഷം ജീവനു ബ്രഹ്മത്തെ ഒട്ടേറെ മാറിനിന്നുതന്നെ അറിയാൻ പ്രയാസമുണ്ടാകുന്നതല്ല. എല്ലാ ഭാവങ്ങളും ബ്രഹ്മത്തിൽ നിന്നാണെങ്കിലും ചിലത് ആ സത്യത്തെ

digitized by www.sreyas.in

കൂടുതൽ കൂടുതൽ സ്പഷ്ടമാക്കുന്നവയും ചിലതു കൂടുതൽ കൂടുതൽ മറച്ചുകളയുന്നവയുമാണ്. മൂന്നുതരം ഭാവങ്ങളാണു പൊതുവേ ജീവികളിൽ കാണപ്പെടുക. വിചാരം ചെയ്തു സത്യാസത്യങ്ങളെ വേർതിരിച്ച് അടിക്കടി സത്യബോധം വളർത്താനുപകരിക്കുന്ന ഭാവങ്ങളാണ് ഒരു കൂട്ടം. നാലാം പദ്യത്തിന്റെ പൂർവാർധത്തിൽ അത്തരം ഭാവങ്ങളെയാണു ഭഗവാൻ വിവരിച്ചിരിക്കുന്നത്. ശ്രമിച്ചാൽ ആ ഭാവങ്ങൾക്ക് ഒരു കാരണകാര്യബന്ധവും കാണാൻ കഴിയും. സത്യാസത്യങ്ങളെ വേർതിരിച്ചു വിചാരം ചെയ്യാൻ കഴിവുള്ള ബുദ്ധിയുടെ പ്രവർത്തനഫലമാണു ജ്ഞാനം. വ്യക്തമായ വസ്തുബോധമാണു ജ്ഞാനം. ജ്ഞാനം കൊണ്ടുണ്ടാകുന്നതാണ് അസമ്മോഹം. സുഖത്തിനായി ജഡപദാർഥങ്ങളുടെ പിന്നാലെ പരക്കം പായാതിരിക്കലാണു മോഹമില്ലായ്മ. മോഹമില്ലെന്നു വന്നാൽ ജഡസമ്പർക്കം കൊണ്ടുണ്ടാകുന്ന ദ്വന്ദ്വഭാവങ്ങളെ ചിന്താവിലാപരഹിതമായി സഹിക്കാനുള്ള കഴിവു വന്നുചേരും. അതാണു ക്ഷമ. ക്ഷമ മനഷ്യമനസ്സിനെ നിഷ്കപടതയിലെത്തിക്കുന്നു. അതുതന്നെയാണു സത്യം. തുടർന്ന് ഇന്ദ്രിയജയരൂപമായ ദമവും മനോജയരൂപമായ ശമവും വശത്താകുന്നു. സാമാന്യജനങ്ങൾക്കനുഭവപ്പെടുന്ന ദ്വന്ദ്വഭാവങ്ങളാണു മറ്റൊരുകൂട്ടം ജീവഭാവങ്ങൾ. നാലാം ശ്ലോകത്തിന്റെ ഉത്തരാർധം അത്തരം ഭാവങ്ങളെ വെളിവാക്കുന്നു. സാമാന്യ മനുഷ്യന്റെ എല്ലാ ദ്വന്ദ്വാനുഭവങ്ങളെയും പ്രതിനിധാനം ചെയ്യുന്നവയാണവ. ഒട്ടേറെ ബ്രഹ്മജ്ഞാനത്തിനുപകരിക്കുന്നവയാണ് ആദ്യത്തെ ഭാവങ്ങളെങ്കിൽ ബ്രഹ്മജ്ഞാനത്തിനു മങ്ങൽ തട്ടിക്കുന്നവയാണ് രണ്ടാമത്തെ ഇനത്തിൽപ്പെട്ടവ. രണ്ടാമത്തെ ഇനത്തിൽപ്പെട്ട ദ്വന്ദ്വഭാവങ്ങളെ ശുദ്ധീകരിച്ച് അകറ്റിയശേഷം ബ്രഹ്മജ്ഞാനോപകാരങ്ങളായ ബുദ്ധ്യാദിഭാവങ്ങളെ ഉൾക്കൊള്ളാനായി അനുഷ്ഠിക്കേണ്ട സാധനാരൂപങ്ങളായ ഭാവങ്ങളാണ് അഞ്ചാം ശ്ലോകത്തിൽ 'ദാനം' വരെ നിർദേശിക്കപ്പെട്ടിരിക്കുന്നവ. മൂന്നാമത്തെ ഇനത്തിൽപ്പെട്ട ഈ ഭാവങ്ങൾ നിരന്തരം അഭ്യസിച്ച് ചിത്തം ശുദ്ധീകരിച്ചാൽ ബുദ്ധി തെളിഞ്ഞു വസ്തുബോധത്തോടടുക്കാൻ കഴിയും. യഥാക്രമം വസ്തുബോധത്തോട് അടുക്കുകയും അകലുകയും ചെയ്യുന്നതിന്റെ ഫലങ്ങളാണു യശസ്സും അയശസ്സും. ബ്രഹ്മത്തെ സമീപിക്കുംതോറും യശസ്സ്, അകലുംതോറും അയശസ്സ്.

ജീവഭാവങ്ങളെല്ലാം പരമാത്മാവിൽനിന്നു രൂപംകൊള്ളുന്നു എന്നെങ്ങനെ പറയാൻ കഴിയും? പല രൂപത്തിൽ പല യോനികളിൽ നിന്നല്ലേ ജീവന്മാർ പ്രകടമാകുന്നത്? വിവിധ യോനികളിൽ ഇപ്പോൾ ജീവന്മാർ ജനി

digitized by www.sreyas.in

ക്കുന്നതായി കാണുന്നുണ്ടെങ്കിലും ജീവജാലങ്ങളുടെയെല്ലാം പ്രപിതാമഹന്മാർ തന്നിൽ നിന്നു ജനിച്ചവരായതുകൊണ്ട് എല്ലാ ജീവന്മാരുമായും താൻ നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു എന്നാണു ഭഗവാൻ അടുത്ത പദ്യത്തിൽ പ്രതിപാദിക്കുന്നത്:

*6. മഹർഷയഃ സപ്ത പൂർവേ ചത്വാരോ മനവസ്തഥാ*
*മദ്ഭാവാ മാനസാ ജാതാ യേഷാം ലോക ഇമാഃ പ്രജാഃ*

പൂർവേ സപ്തമഹർഷയഃ – ആദ്യമുണ്ടായവരായ ഏഴു മഹർഷിമാരും; തഥാ ചത്വാരഃ മനവഃ – അതുപോലെ പിന്നെയുണ്ടായ നാലു മനുക്കളും; മദ്ഭാവാഃ – എന്റെ ഭാവം ഉൾക്കൊണ്ട്; മാനസാഃ ജാതാഃ – എന്റെ മാനസ്സപുത്രന്മാരായി ജനിച്ചവരാണ്; യേഷാം – അവർക്കു പിറന്നവയാണ്; ലോകേ ഇമാഃ പ്രജാഃ – ലോകത്തു കാണപ്പെടുന്ന മറ്റെല്ലാ ജീവജാലങ്ങളും.

ആദ്യമുണ്ടായവരായ ഏഴു മഹർഷിമാരും അതുപോലെ പിന്നെയുണ്ടായവരായ നാലു മനുക്കളും എന്റെ ഭാവം ഉൾക്കൊള്ളുന്നവരായി എന്റെ മാനസ്സപുത്രന്മാരായി ജനിച്ചവരാണ്. അവർക്കു പിറന്നവയാണ് ലോകത്തു കാണപ്പെടുന്ന മറ്റെല്ലാ ജീവജാലങ്ങളും.

## *യേഷാം ലോക ഇമാഃ പ്രജാഃ*

പരമാത്മാവായ ഭഗവാന്റെ മാനസ്സപുത്രന്മാരായ ഏഴു മഹർഷിമാരുടെയും നാലു മനുക്കളുടെയു സന്താനപരമ്പരയാണ് എല്ലാ പ്രജകളും. ഇവിടെ പ്രജാശബ്ദത്തിനു സൗരയൂഥഘടകങ്ങളുൾപ്പെടെയുള്ള പ്രപഞ്ചഘടകങ്ങളെന്നാണു താൽപ്പര്യം. സൂര്യനും ചന്ദ്രനും ഒക്കെ അച്ഛനമ്മമാരുടെ മക്കളാണെന്നാണല്ലോ പുരാണപ്രസിദ്ധി. സപ്തർഷികളെന്നു പ്രസിദ്ധരായിട്ടുള്ളവരാണ് ഏഴു മഹർഷിമാർ. ഭൃഗു, മരീചി, അത്രി, പുലഹൻ, പുലസ്ത്യൻ, ക്രതു, വസിഷ്ഠൻ എന്നിവരാണു സപ്തർഷിമാർ. മനുക്കൾ ആകെ പതിന്നാലാണെങ്കിലും സാവർണന്മാരെന്നു പ്രസിദ്ധരായ നാലു മനുക്കളെയാണ് ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നത്. ഉത്തമൻ, താമസൻ, രോചിഷൻ, രൈവതൻ എന്നിവരാണ് ആ മനുക്കൾ. ഇവരൊക്കെ ബ്രഹ്മാവിന്റെ മാനസ്സപുത്രന്മാരാണെന്നത്രേ പുരാണപ്രസിദ്ധി. പ്രപഞ്ചമനസ്സായ ബ്രഹ്മാവിനും തനിക്കും അഭേദം കൽപ്പിച്ചുകൊണ്ടാണിവിടെ ഭഗവാൻ ഇവരെ തന്റെ മാനസ്സപുത്രന്മാരായി അംഗീകരിച്ചിരിക്കുന്നത്. പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചുള്ള ശാസ്ത്ര സിദ്ധാന്തവുമായി പൊരുത്തപ്പെടുത്തി ഈ ശ്ലോകം വ്യാഖ്യാനിക്കാൻ പറ്റുമോ എന്നുകൂടി ചിന്തിക്കുന്നതു

digitized by www.sreyas.in

ഉചിതമായിരിക്കും. ഈ ശാസ്ത്രസിദ്ധാന്തം ഏഴാമധ്യായത്തിലെ നാലും അഞ്ചും ശ്ലോകങ്ങളിൽ ഭഗവാൻ തന്നെ വിവരിച്ചിട്ടുണ്ട്. അപരപ്രകൃതിയുടെ എട്ടു വിഭാഗങ്ങളും പരപ്രകൃതിയായ ജീവനും ചേർന്നാണ് എല്ലാ പ്രപഞ്ച ഘടകങ്ങൾക്കും രൂപം കൊടുത്തിട്ടുള്ളതെന്നത്രേ പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിൽ പ്രകൃതിയുടെ മൂലരൂപമായ അവ്യക്തത്തെയും പരമാത്മപ്രതിബിംബമായ ജീവനെയും മാറ്റിനിറുത്തിയാൽപ്പിന്നെ ശേഷിക്കുന്നത് ഏഴെണ്ണമാണ്. പ്രകൃതിയുടെ മൂലരൂപം അവ്യക്തമായതുകൊണ്ടും ജീവചൈതന്യം നേരിട്ടു പരമാത്മാംശംതന്നെയായതുകൊണ്ടും അവയെ വിട്ടുകളയുന്നതു യുക്തമെന്നേ കരുതാനുള്ളു. അങ്ങനെയാണെങ്കിൽ മഹത്തത്വം, അഹങ്കാരം, പഞ്ചതന്മാത്രകൾ എന്ന ഏഴനുഭവഘട്ടങ്ങളെ തന്നെയാണു സപ്തർഷിമാരായി വിവരിച്ചിരിക്കുന്നതെന്നു കരുതാം. നാലു മനുക്കൾ വ്യക്തിയുടെ അന്തക്കരണത്തിന്റെ നാലു ഘടകങ്ങളായി ഗണിക്കപ്പെടാവുന്നതേയുള്ളു. അഹങ്കാരം, ചിത്തം, ബുദ്ധി, മനസ്സ് എന്നിവയാണു ആ നാലു ഘടകങ്ങൾ. സപ്തർഷിമാരുടെ കൂട്ടത്തിൽ പറഞ്ഞ അഹങ്കാരത്തെ വിശ്വാഹന്തയായും മഹത്തത്വത്തെ വിശ്വപ്രാണനായും മനുക്കളുടെ കൂട്ടത്തിൽ പറഞ്ഞ അഹങ്കാരത്തെ വ്യക്ത്യഹന്തയായും വേർതിരിച്ചു കാണേണ്ടതാണ്. അങ്ങനെയായാൽ വിശ്വപ്രാണൻ, വിശ്വാഹന്ത, പഞ്ചതന്മാത്രകൾ, വ്യക്ത്യഹന്ത, ചിത്തം, ബുദ്ധി, മനസ്സ് എന്നിവയുടെ പരമ്പരയാണ് എല്ലാ പ്രപഞ്ചഘടകങ്ങളും എന്നു ശാസ്ത്രീയമായിത്തന്നെ അംഗീകരിക്കാവുന്നതാണ്. മറ്റു ചിലർ ശ്ലോകത്തെ 'മഹർഷയഃ സപ്ത;പൂർവേ ചത്വാരഃ തഥാ മനവഃ' എന്നു പദച്ഛേദം ചെയ്തും വ്യാഖ്യാനിച്ചിട്ടുണ്ട്. ഏഴു മഹർഷിമാരും അവർക്കു മുമ്പുള്ള നാലുപേരും, അതുപോലെ മനുക്കൾ പതിന്നാലുപേരും എന്റെ മാനസ്സപുത്രന്മാരാണ് എന്നാണ് ഈ വിധമുള്ള പദച്ഛേദത്തിന്റെ അർഥം. ഏഴു മഹർഷിമാർ സപ്തർഷികൾതന്നെ. അവർക്കു മുമ്പുള്ള നാലുപേർ ബ്രഹ്മാവിന്റെ ആദ്യത്തെ മാനസ്സപുത്രന്മാരായ സനകൻ, സനന്ദൻ, സനാതനൻ, സനത്കുമാരൻ എന്നു നാലു മഹർഷിമാരാണ്. ഉത്തമൻ, താമസൻ, സൂര്യൻ, സ്വായംഭുവൻ, സ്വാരോചിഷൻ, രൈവതൻ, ചാക്ഷുഷൻ, ഭോച്യൻ, രോച്യൻ, വൈവസ്വതൻ, ബ്രഹ്മാവ്, ദക്ഷൻ, ധർമൻ, രുദ്രൻ എന്നിവരാണു പതിന്നാലു മനുക്കൾ. ആകെ ഇരുപത്തഞ്ചുപേരാണ് സൃഷ്ടി തികച്ചും ആവർത്തനമായതുകൊണ്ടു പ്രളയം കഴിഞ്ഞുള്ള സൃഷ്ടിയുടെ ആരംഭത്തിൽ എന്നും സനകാദി മുനികളും സപ്തർഷിമാരും മനുക്കളും ഭഗവാന്റെ മാനസ്സപുത്രന്മാരായിപ്പിറക്കുന്നു എന്നുതന്നെ കരുതാവുന്നതാണ്.

digitized by www.sreyas.in

മേൽവിവരിച്ചപോലെ തത്വരൂപങ്ങളായിട്ടായാലും അല്ലെങ്കിൽ ശരിക്കും ഋഷിമാരുടേയും മനുക്കളുടെയും രൂപത്തിലായാലും ഒരേ പരമാത്മാവുതന്നെ സങ്കൽപ്പംകൊണ്ടു പലതായി വേർതിരിയുന്നതാണു സൃഷ്ടി എന്ന സൃഷ്ടി രഹസ്യം. വ്യക്തമായി ആരു കണ്ടെത്തുന്നുവോ അയാൾ സത്യം കണ്ടെത്തുന്നു എന്നാണു ഭഗവാൻ അടുത്ത ശ്ലോകത്തിൽ പ്രഖ്യാപിക്കുന്നത്:

*7. ഏതാം വിഭൂതിം യോഗം ച മമ യോ വേത്തി തത്വതഃ*
*സോഽവികമ്പേന യോഗേന യുജ്യതേ നാത്രസംശയഃ*

മമ - പരമാത്മാവായ എന്റെ; ഏതാം വിഭൂതിം - ഈ വിധമായ വിവിധരൂപാംഗീകാരവും; യോഗം ച - അവയിലുള്ള എന്റെ സ്ഥിതിയും; യഃ തത്വതഃ വേത്തി - ആരും വസ്തുബോധത്തോടെ അറിയുമോ; സഃ - അയാൾ; അവികമ്പേനയോഗേന - സംശയരഹിതമായ ബ്രഹ്മാനുഭവത്തോട്; യുജ്യതേ - കൂടിയവനായി ഭവിക്കുന്നു; അത്ര ന സംശയഃ - ഇക്കാര്യത്തിൽ സംശയമേ വേണ്ട.

പരമാത്മാവായ എന്റെ ഈവിധമായ വിവിധ രൂപാംഗീകാരവും അവയിലുള്ള എന്റെ സ്ഥിതിയും ആര് വസ്തുബോധത്തോടെ അറിയുമോ അയാൾ സംശയരഹിതമായ ബ്രഹ്മാനുഭവത്തോടു കൂടിയവനായി ഭവിക്കുന്നു. ഇക്കാര്യത്തിൽ സംശയമേ വേണ്ട.

## *സോഽവികമ്പേന യോഗേന യുജ്യതേ*

വിവിധ രൂപങ്ങളിലെ പരമാത്മസ്ഥിതി വസ്തുബോധത്തോടെ ഗ്രഹിക്കുന്നയാൾക്ക് ഉറപ്പായ ബ്രഹ്മനിഷ്ഠ കൈവരും. ഋഷിമാരും മനുക്കളുമെല്ലാം പ്രത്യക്ഷപ്പെടുന്നതിനു മുമ്പു പരമാത്മാവു മാത്രമേയുണ്ടായിരുന്നുള്ളു. പരമാത്മാവ് സങ്കൽപ്പിച്ചു. ഋഷിമാരും മനുക്കളും തുടർന്ന് എല്ലാ പ്രപഞ്ചഘടകങ്ങളും രൂപപ്പെട്ടു. സങ്കൽപ്പംകൊണ്ട് അങ്ങനെ പലതാകാൻ എന്തുണ്ടായിരുന്നു? പരമാത്മാവുമാത്രം. അപ്പോൾ ഏതു വസ്തുവാണു പല രൂപം കൈക്കൊണ്ടത്? പരമാത്മാവുതന്നെ; മറ്റൊന്നും ഉണ്ടായിരുന്നില്ലല്ലോ. അതുകൊണ്ട് യഥാർഥത്തിൽ ഋഷിമാരും മനുക്കളുമൊക്കെ ആരാണ്? പരമാത്മാവുതന്നെ. തുടർന്നുണ്ടായ പ്രജകളോ? ഒക്കെ പരമാത്മാവുതന്നെ. ഈ പ്രജകളിൽ പരമാത്മാവിന്റെയല്ലാതെ മറ്റെന്തിന്റെയെങ്കിലും സ്ഥിതിയുണ്ടോ? ലേശം പോലുമില്ല. വിവിധ രൂപങ്ങൾ കാണപ്പെടുന്നതോ? ഒരേ വസ്തുവിന്റെ വികാരങ്ങൾ. രൂപവികാരം വസ്തുവിനെ ഒരിക്കലും അതല്ലാതാക്കിത്തീർക്കുന്നില്ല. സ്വർണത്തിൽ മാല, വള തുടങ്ങിയ രൂപവികാരങ്ങൾ ആവിർഭവിക്കുന്നതുകൊണ്ട് അതു സ്വർണമല്ലാതായിത്തീ

digitized by www.sreyas.in

രുന്നുണ്ടോ. ഓക്സിജനും ഹൈഡ്രജനും കൂടി വെള്ളത്തിന്റെ രൂപം കൈക്കൊള്ളുന്നതുകൊണ്ടു വെള്ളം ഓക്സിജനും ഹൈഡ്രഡജനുമല്ലാതായിത്തീരുന്നുണ്ടോ? രൂപവികാരം വ്യാവഹാരികമായ ഒരു പുതിയ ഉപയോഗത്തിനു വഴിതെളിച്ചെന്നുവരാം. പക്ഷേ, വസ്തു പഴയതുതന്നെയെന്നു ചിന്തിക്കുന്ന ആർക്കാണു ബോധ്യപ്പെടാത്തത്? ഈവിധം കാര്യകാരണങ്ങളുടെ ഏകത്വം വിചാരം ചെയ്തു ബ്രഹ്മത്തിന്റെ രൂപവികാരങ്ങളായ പ്രജകളിൽ വസ്തുരൂപേണ ബ്രഹ്മം മാത്രമേയുള്ളു എന്നു ധരിക്കുന്നതാണ് വിഭൂതിയെയും യോഗത്തെയുംകുറിച്ചുള്ള തത്വപരമായ അറിവ്. ഇതറിയുന്നയാൾക്കു സംശയരഹിതമായ ബ്രഹ്മാനുഭവത്തിലെത്തിച്ചേരാൻ കഴിയും. ഇതറിയുന്നയാളുടെ ഹൃദയം അചിരേണ ഭേദചിന്തപോയി ശുദ്ധമാവും. തുടർന്ന് ആനന്ദബോധഘനമായ ആത്മാവാണു താനെന്നനുഭവിക്കും. ആത്മാവായ താൻ തന്നെ ബ്രഹ്മരൂപേണ സർവത്ര സ്വയം പ്രകാശിച്ചു വിളങ്ങുന്നതായും സൂര്യതുല്യം അനുഭവിക്കാറാകും. ഇതുതന്നെയാണ് അവികമ്പമായ യോഗം അഥവാ ബ്രഹ്മാനുഭവം.

സിദ്ധാന്തപരമായ വസ്തുബോധത്തിനുശേഷം എങ്ങനെ ഭജിച്ചാൽ ഈ അനുഭവത്തിലെത്തിച്ചേരാം? നിഷ്കാമമായി സർവത്ര ഈശ്വരഭാവന പുലർത്തി ഭജിച്ചാൽ. ഈ നിഷ്കാമ ഭജനത്തിന്റെ സ്വരൂപവും ഫലവുമാണ് ഭഗവാൻ അടുത്ത നാലു പദ്യങ്ങളിൽ വിവരിക്കുന്നത്. നിഷ്കാമഭജനത്തിന്റെ സാമാന്യ സ്വരൂപം എട്ടാം പദ്യത്തിൽ വിവരിക്കുന്നു:

*8. അഹം സർവസ്യ പ്രഭവോ മത്തഃ സർവം പ്രവർത്തതേ*
*ഇതി മത്വാ ഭജന്തേ മാം ബുധാ ഭാവസമന്വിതാഃ*

അഹം - പരമാത്മാവായ ഞാൻ; സർവസ്യ പ്രഭവഃ - എല്ലാറ്റിന്റെയും ഉറവിടമാണ്; സർവം - എല്ലാം; മത്തഃ പ്രവർത്തതേ - എന്നിൽ നിന്നു ചലിക്കുന്നു; ഇതി മത്വാ - ഇതു വിചാരം ചെയ്തറിഞ്ഞ; ബുധാഃ - വിവേകികൾ; ഭാവസമന്വിതാഃ - സർവത്ര എന്നെത്തന്നെ ഭാവനചെയ്തു കണ്ടുകൊണ്ട്; മാം ഭജന്തേ - പരമാത്മാവായ എന്നെ ഭജിക്കുന്നു.

പരമാത്മാവായ ഞാൻ എല്ലാറ്റിന്റെയും ഉറവിടമാണ്; എല്ലാം എന്നിൽ നിന്നു ചലിക്കുന്നു; ഇതു വിചാരം ചെയ്തറിഞ്ഞ വിവേകികൾ സർവത്ര എന്നെത്തന്നെ ഭാവനചെയ്തുകൊണ്ടു പരമാത്മാവായ എന്നെ ഭജിക്കുന്നു.

## *ബുധാ ഭാവസമന്വിതാഃ*

കാര്യകാരണശൃംഖലയെ പിൻതുടർന്നു പരമകാരണം ബ്രഹ്മമാ

digitized by www.sreyas.in

ണെന്നു തെളിയുന്നതോടെ നിലനിൽപ്പിന്റെ പൂർണരഹസ്യം അറിയാനിട വരുന്നു. എങ്ങനെ? എല്ലാറ്റിന്റെയും ഉറവിടം ബ്രഹ്മമാണ്. എല്ലാം നിന്നു ചലിക്കുന്നതും ആ ബ്രഹ്മത്തിൽത്തന്നെ. ബ്രഹ്മത്തിൽതന്നെ ഊറിവന്നു ബ്രഹ്മത്തിൽത്തന്നെ നിലനിൽക്കുന്നവയാണെല്ലാം; അതായത് എല്ലാം ബ്രഹ്മം തന്നെയാണ്. സിദ്ധാന്തപരമായി ഇക്കാര്യം വിചാരം ചെയ്തറിയുന്ന വിവേകികൾ പിന്നെ അതനുഭവിക്കാനുള്ള യത്നമാണു തുടരേണ്ടത്. അതിനായി അവർ ഭാവസമന്വിതന്മാരായി ഭവിക്കുന്നു. എന്താണു ഭാവസമന്വിതത്വം? ബാഹ്യവിഷയങ്ങളെ ഭിന്നരൂപങ്ങളിൽ കാണാൻ വെമ്പുന്ന മനസ്സിനെ അവയെല്ലാം ബ്രഹ്മസ്വരൂപമാണെന്ന് ആവർത്തിച്ചു ഭാവനചെയ്യാൻ പഠിപ്പിക്കുകയാണു ഭാവസമന്വിതത്വത്തിന്റെ ആദ്യപടി. ഈ ഭാവനാഭ്യാസം ശക്തിപ്പെടുന്തോറും ഭേദചിന്തവിട്ടു ഹൃദയം ശുദ്ധമായി അഖണ്ഡമായ ആനന്ദബോധവസ്തു ഉള്ളിൽ തെളിയാൻ തുടങ്ങും. തുടർന്നു സമയം കിട്ടുമ്പോഴൊക്കെ ഏകാന്തതയിൽ വിഷയസങ്കൽപ്പങ്ങളെ പാടേ ഒഴിച്ചുമാറ്റി 'ഞാൻ അഖണ്ഡമായ ആനന്ദബോധവസ്തുവാണ്' എന്നു ഭാവനചെയ്തു മനസ്സിനെ അഖണ്ഡബ്രഹ്മാകാരവൃത്തി അഭ്യസിപ്പിക്കണം. ഇതാണു ഭാവസമന്വിതത്വത്തിന്റെ രണ്ടാമത്തെ പടി. ബാഹ്യവിഷയങ്ങളിലെ ബ്രഹ്മഭാവന ഉറയ്ക്കുന്നതോടെ മനസ്സിന്റെ അഖണ്ഡാകാരവൃത്തി അനായാസമായിത്തീരും. അഖണ്ഡാകാരവൃത്തി ഉറയ്ക്കുന്നതോടെ ബാഹ്യവിഷയങ്ങളിലെ ബ്രഹ്മഭാവന ദൃഢപ്പെടും. ഇവ രണ്ടും പരസ്പരപൂരകങ്ങളായി ശക്തിപ്പെടുന്നതോടെ വൃത്തിരഹിതമായ വസ്തുസ്ഥിതി അഥവാ നിർവികൽപ്പമായ ബ്രഹ്മാനുഭവം സഹജമായി വന്നുചേരും. ഇതാണു ഭാവസമന്വിതന്മാരുടെ ബ്രഹ്മഭജനം. ഇനി ഇഷ്ടദേവതാരൂപത്തിൽ സഗുണഭജനമാണു നടത്തുന്നതെങ്കിൽ തികച്ചും നിഷ്കാമമായി തന്റെ ഇഷ്ടദേവത തന്നെയാണു വിവിധ രൂപത്തിൽ ജഗത്തായി വിലസുന്നതെന്നു പുറത്തും ഇഷ്ടദേവതയുടെ വിട്ടുപോകാത്ത സാന്നിധ്യം ഉള്ളിലും ഭാവന ചെയ്യുന്നതാണു ഭാവിസമന്വിതത്വം. ഇതു ക്രമേണ നിർഗുണമായി ബ്രഹ്മാനുഭവത്തിനു വഴിതെളിക്കുന്നതാണ്. എന്തായാലും ജഗത്തു മുഴുവൻ ഭഗവന്മയമായി കാണാതെ പരമസത്യത്തെ സമീപിക്കാനേ പറ്റുന്നതല്ല.

നിഷ്കാമഭജനത്തിന്റെ സാമാന്യരൂപം വിവരിച്ചിട്ടു ഭാവസമന്വിതമായ നിഷ്കാമഭജനത്തിന്റെ ചില പ്രത്യേകതകൾ എടുത്തു കാട്ടുകയാണ് അടുത്ത പദ്യത്തിൽ:

digitized by www.sreyas.in

*9. മച്ചിത്താ മദ്ഗതപ്രാണാ ബോധയന്തഃ പരസ്പരം*
*കഥയന്തശ്ച മാം നിത്യം തുഷ്യന്തി ച രമന്തി ച*

മച്ചിത്താഃ - ചിത്തം എന്നിൽ അർപ്പിച്ചവരായും; മദ്ഗതപ്രാണാഃ - ഇന്ദ്രിയങ്ങളും പ്രാണനും എന്നിൽ അർപ്പിച്ചവരായും; മാം പരസ്പരം ബോധയന്തഃ - എന്നെ അന്യോന്യം അറിയിക്കുന്നവരായും; കഥയന്തഃ ചഃ - എന്നെ അന്യരെ പറഞ്ഞു മനസ്സിലാക്കുന്നവരായും; നിത്യം തുഷ്യന്തി ച - സദാ തൃപ്തിയടയുന്നു; രമന്തി ച - സദാ ആനന്ദിക്കുകയും ചെയ്യുന്നു.

ചിത്തം എന്നിൽ അർപ്പിച്ചവരായും ഇന്ദ്രിയങ്ങളും പ്രാണനും എന്നിൽ അർപ്പിച്ചവരായും എന്നെ അന്യോന്യം അറിയിക്കുന്നവരായും എന്നെ അന്യരെ പറഞ്ഞു മനസിലാക്കുന്നവരായും സദാ തൃപ്തിയടയുന്നു. സദാ ആനന്ദിക്കുകയും ചെയ്യുന്നു.

## *തുഷ്യന്തി ച രമന്തി ച*

നിഷ്കാമഭക്തന്മാർക്ക് അവരുടെ ഭജനവിധങ്ങൾ തന്നെ പൂർണ തൃപ്തിയും ആനന്ദവും അരുളുന്നു. എന്തൊക്കെയാണു ഭജനവിധങ്ങൾ? അവർ ചിത്തം പൂർണമായും ഭഗവാങ്കൽ അർപ്പിക്കുന്നു. ഇവിടെ ചിത്തം അന്തഃകരണപര്യായമാണ്. അന്തഃകരണത്തിന്റെ പ്രവർത്തനങ്ങളാണല്ലോ അഹങ്കരിക്കുക, വികാരപ്പെടുക, സങ്കൽപ്പിക്കുക, നിശ്ചയിക്കുക എന്നിവ. നിഷ്കാമഭക്തന്മാർ ഞാൻ, ഞാൻ എന്ന അഹങ്കാരം ഉദയം ചെയ്യുമ്പോഴൊക്കെ ഞാൻ ഭഗവദംശമാണ്, അല്ലെങ്കിൽ ഭഗവാന്റെ വെറുമൊരുപകരണം മാത്രമാണ്, അല്ലെങ്കിൽ ഭഗവദ്ദാസദാസനാണ് എന്നു ഭാവനചെയ്യും. ഇതാണ് അഹങ്കാരസമർപ്പണം. അതുപോലെ അന്തക്കരണം കാമക്രോധലോഭാദി വികാരങ്ങൾക്കു വശപ്പെടുമ്പോൾ ജഗത്തു മുഴുവൻ ഭഗവത്സ്വരൂപമാണെന്നു ഭാവന ചെയ്ത് ആ വികാരങ്ങളെ അകറ്റി അവയുടെ സ്ഥാനത്ത് അതിരറ്റ ഭഗവത്പ്രമം പ്രതിഷ്ഠിക്കും. ഇതാണു ചിത്തസമർപ്പണം. വിഷയസങ്കൽപ്പങ്ങളിലേർപ്പെടുന്ന മനസ്സിനെ സർവത്ര ഈശ്വരഭാവനയിലൂടെ ഈശ്വര സങ്കൽപ്പങ്ങൾക്കായി പ്രേരിപ്പിക്കലാണ് മനസ്സമർപ്പണം. ഭൗതികസുഖങ്ങളും ലക്ഷ്യങ്ങളും പ്രലോഭിപ്പിക്കുമ്പോൾ തന്റെ ജീവിതലക്ഷ്യം ഈശ്വരപ്രാപ്തിയാണെന്നുറപ്പിക്കുകയാണു ബുദ്ധി സമർപ്പണം. ഇങ്ങനെ അന്തക്കരണത്തിന്റെ പ്രവർത്തനങ്ങളെയെല്ലാം ഭഗവദുന്മുഖമാക്കിത്തീർക്കുകയാണു മച്ചിത്തത്വം. നിഷ്കാമഭക്തന്മാർ പ്രാണനും ഭഗവാങ്കലർപ്പിക്കും. ഇവിടത്തെ പ്രാണശബ്ദത്തിനു ഇന്ദ്രിയമെന്നും പ്രാണനെന്നും

digitized by www.sreyas.in

അർഥമുണ്ട്. താൻ കാണുന്നതും കേൾക്കുന്നതും അതായതു ജ്ഞാനേന്ദ്രിയങ്ങൾകൊണ്ടനുഭവിക്കുന്നതൊക്കെ 'ഭഗവത്സ്വരൂപമാണെന്നു ഭാവന ചെയ്യുന്നതാണു ജ്ഞാനേന്ദ്രിയസമർപ്പണം. കർമേന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങളെല്ലാം ഭഗവദാരാധനയാണെന്നു തീരുമാനിക്കുന്നതാണു കർമേന്ദ്രിയസമർപ്പണം. ഭഗവാന്റെ ക്ഷേത്രമായ ദേഹത്തെ ശുദ്ധീകരിക്കുന്ന കർമങ്ങൾപോലും വാസ്തവത്തിൽ ഭഗവദാരാധനയാണെന്നു പറയേണ്ടതില്ലല്ലോ. തന്റെ ദേഹത്തെ ചലിപ്പിച്ചുകൊണ്ടിരിക്കുന്ന, താൻ ശ്വസിക്കുകയും ഉച്ഛ്വസിക്കുകയും ചെയ്യുന്ന പ്രാണന്റെ സ്പന്ദനങ്ങൾ ഭഗവാന്റെ തന്നെ ശക്തി ചലനങ്ങളാണെന്നറിയുകയാണു പ്രാണസമർപ്പണം. ഇങ്ങനെ ഇന്ദ്രിയകർമങ്ങളും പ്രാണകർമങ്ങളും ഭഗവദുന്മുഖമാക്കിത്തീർക്കുന്നതാണു മദ്ഗതപ്രാണത്വം. മച്ചിത്തന്മാരും മദ്ഗതപ്രാണന്മാരുമായ ഭക്തന്മാർ കണ്ടുമുട്ടിയാൽ അവർ അന്യോന്യം ഭഗവത്കാര്യങ്ങൾതന്നെ അറിയിക്കുന്നു. ഓരോരുത്തരും അനുഷ്ഠിക്കുന്ന സാധനാമാർഗങ്ങൾ, അവരവരെത്തിനിൽക്കുന്ന അനുഭൂതിദശകൾ, സ്വയം തെളിഞ്ഞു കിട്ടിയിട്ടുള്ള തത്വരഹസ്യങ്ങൾ അവ അന്യോന്യം കൈമാറുന്നതാണ് പരസ്പരബോധനം. ഇനി സ്വന്തം നിലയിലേക്കുയർന്നിട്ടില്ലാത്ത മറ്റു ഭക്തന്മാരെയോ സാധാരണ ലൗകികന്മാരെയോ കണ്ടുമുട്ടിയെന്നിരിക്കട്ടെ. അവർക്കു ഭഗവാന്റെ സർവജ്ഞത്വം, സർവവ്യാപിത്വം, സർവശക്തിമത്വം മുതലായവ യുക്തിയുക്തം വിവരിച്ചുകൊടുത്തു ഭജനത്തിനുള്ള മാർഗങ്ങൾ പറഞ്ഞുകൊടുക്കുന്നതാണു ഭഗവത് കഥനം. നിഷ്കാമഭക്തന്മാർ അന്യോന്യബോധനവും കഥനവും കൊണ്ടുതന്നെ ജീവിതത്തിൽ അസാധാരണമായ തൃപ്തി അനുഭവിക്കുന്നു. ഇതാണു തോഷം. ഒരു ലൗകികന്റെ ഏതു നേട്ടവും ക്ഷണികമായ തൃപ്തിക്കേ അഥവാ തോഷത്തിനേ ഉപകരിക്കുന്നുള്ളു. അതുകൊണ്ടു ലൗകികനു നിരന്തരാനന്ദം ഒരിക്കലും ഉണ്ടാകുന്നില്ല. നിഷ്കാമഭക്തനു ഭജനംകൊണ്ടുണ്ടാകുന്ന പൂർണതൃപ്തി നിരന്തരാനന്ദത്തിനു വഴിതെളിക്കുന്നു. ആത്മാവു തെളിയുന്നതുതന്നെയാണ് അദ്ദേഹത്തിന്റെ നിരന്തരാനന്ദം. അതുകൊണ്ടാണ് 'തുഷ്യന്തി ച രമന്തി ച' എന്നു പദ്യത്തിൽ വേർതിരിച്ചു പറഞ്ഞിരിക്കുന്നത്.

ഇങ്ങനെ നിഷ്കാമഭജനത്തിലേർപ്പെടുന്ന ഭക്തന്മാർക്കു ഭഗവത്കാരുണ്യരൂപേണ വന്നുചേരുന്ന ഫലങ്ങളാണ് ആത്മസാക്ഷാൽക്കാരവും തുടർന്നുള്ള ബ്രഹ്മസാക്ഷാൽക്കാരവും. ആത്മസാക്ഷാൽക്കാരരൂപമായ ആദ്യഫലത്തെക്കുറിച്ചാണു പത്താം പദ്യത്തിൽ പ്രതിപാദിക്കുന്നത്:

digitized by www.sreyas.in

*10. തേഷാം സതതയുക്താനാം ഭജതാം പ്രീതിപൂർവകം*
*ദദാമി ബുദ്ധിയോഗം തം യേന മാമുപയാന്തി തേ*

പ്രീതിപൂർവകം ഭജതാം – ചിത്തപ്രസാദം വളർത്തി എന്നെ ഭജിക്കുന്നവരും; സതതയുക്താനാം – അങ്ങനെ വിട്ടുപോകാതെ എന്റെ ഭാവനയിൽ മനസ്സുറപ്പിച്ചിട്ടുള്ളവരുമായ; തേഷാം – ആ നിഷ്കാമഭക്തന്മാർക്ക്; തം – എത്രയോ പേർക്കു ഞാൻ കാരുണ്യത്തോടെ നൽകി പ്രസിദ്ധമായിത്തീർന്നിട്ടുള്ള കഴിവ് അഥവാ സവികൽപ്പസമാധി; ദദാമി – ഞാൻ നൽകുന്നു; യേന – അതുവഴി; തേ – ആ ഭക്തന്മാർ; മാം ഉപയാന്തി – എന്റെ സമീപത്തെത്തിച്ചേരുന്നു.

ചിത്തപ്രസാദം വളർത്തി എന്നെ ഭജിക്കുന്നവരും അങ്ങനെ വിട്ടുപോകാതെ എന്റെ ഭാവനയിൽ മനസ്സുറപ്പിച്ചിട്ടുള്ളവരുമായ നിഷ്കാമഭക്തന്മാരായ എത്രയോ പേർക്കു ഞാൻ കാരുണ്യത്തോടെ നൽകിയിട്ടുള്ളതും അതുകൊണ്ടുതന്നെ പ്രസിദ്ധമായിട്ടുള്ളതും, എന്നെ കണ്ടനുഭവിക്കാൻ കഴിയുന്നതുമായ ബുദ്ധി അഥവാ സവികൽപ്പസമാധി ഞാൻ നൽകുന്നു. അതുവഴി ആ ഭക്തന്മാർ എന്റെ സമീപത്തെത്തിച്ചേരുന്നു.

## *ദദാമി ബുദ്ധിയോഗം തം*

പ്രസിദ്ധമായ ആ ബുദ്ധിയോഗം ഞാൻ അവർക്കു നൽകുന്നു. ഇതിനു മുമ്പ് എത്രയോ പേർക്കു നൽകപ്പെട്ടിട്ടുണ്ടെന്നുള്ളതാണതിന്റെ പ്രസിദ്ധി. സനകാദി മുനിമാർക്കും ഉപനിഷത്ത് പ്രസിദ്ധന്മാരായ യാജ്ഞവൽക്യാദി ഗൃഹസ്ഥന്മാർക്കും ജനകാദിരാജർഷിമാർക്കും പണ്ടുതന്നെ നൽകിയിട്ടുള്ളതാണ്. ലോകമുണ്ടായ കാലം മുതൽ എന്നും പരീക്ഷിച്ചുറപ്പിക്കപ്പെട്ടുപോരുന്നതാണ് ഉപനിഷത്ത് പ്രസിദ്ധമായ ബ്രഹ്മസത്യമെന്നു താൽപ്പര്യം. ബുദ്ധിയെ മാറ്റിനിറുത്തിക്കൊണ്ടുതന്നെ ആ സത്യത്തെ കണ്ടനുഭവിക്കുന്ന ആത്മസാക്ഷാൽക്കാരത്തിന്റെ അഥവാ സവികൽപ്പയോഗത്തിന്റെ സ്വരൂപം വിശദമായി ആറാമധ്യായത്തിലെ പതിനെട്ടുമുതൽ ഇരുപത്തിമൂന്നുവരെയുള്ള ശ്ലോകങ്ങളുടെ ഭാഷ്യം നോക്കി മനസ്സിലാക്കേണ്ടതാണ്.

ചിരകാലത്തെ ബുദ്ധിയോഗപരിശീലനം ക്രമേണ നിർവികൽപ്പയോഗത്തിനു വഴിതെളിക്കുന്നു. നിർവികൽപ്പയോഗാനുഭവത്തോടെ സർവം ബ്രഹ്മമയം എന്ന ജ്ഞാനാനുഭവം സുദൃഢമായിത്തീരുന്നു. ആത്മാവായി ഉള്ളിൽ തെളിഞ്ഞു ഭഗവാൻ തന്നെയാണ് ഈ ജ്ഞാനത്തിനും വഴിതെളിക്കുന്നത് എന്നത്രേ അടുത്ത ശ്ലോകത്തിൽ പ്രഖ്യാപിക്കുന്നത്:

digitized by www.sreyas.in

*11. തേഷാമേവാനുകമ്പാർഥമഹമജ്ഞാനജം തമഃ*
*നാശയാമ്യാത്മഭാവസ്ഥോ ജ്ഞാനദീപേന ഭാസ്വതാ*

തേഷാം - മച്ചിത്തന്മാരും മദ്ഗതപ്രാണന്മാരുമായി കഴിച്ചുകൂട്ടി ബുദ്ധിയോഗം നേടിയ ആ ഭക്തന്മാരുടെ; അനുകമ്പാർഥം ഏവ - നന്മയെ ലക്ഷ്യമാക്കി ത്തന്നെ; ആത്മഭാവസ്ഥഃ അഹം - അവരുടെ ആത്മാവായി തെളിഞ്ഞിട്ടുള്ള ഞാൻ; ഭാസ്വതാജ്ഞാനദീപേന - സർവത്ര പ്രകാശം പരത്തുന്ന ജ്ഞാന ദീപം ജ്വലിപ്പിച്ച്; അജ്ഞാനജം തമഃ - ഞാനും അവരും, ഞാനും പ്രപഞ്ചവും വേറേ വേറേ എന്നു തോന്നിക്കുന്ന അവിദ്യാജന്യമായ ഇരുട്ടിനെ; നാശയാമി - നിശ്ശേഷം ഇല്ലാതാക്കുന്നു.

മച്ചിത്തന്മാരും മദ്ഗതപ്രാണന്മാരുമായി കഴിച്ചുകൂട്ടി ബുദ്ധിയോഗം നേടിയ ആ ഭക്തന്മാരുടെ നന്മയെ ലക്ഷ്യമാക്കിത്തന്നെ അവരുടെ ആത്മാ വായി തെളിഞ്ഞിട്ടുള്ള ഞാൻ സർവത്ര പ്രകാശം പരത്തുന്ന ജ്ഞാനദീപം ജ്വലിപ്പിച്ചു ഞാനും അവരും, ഞാനും പ്രപഞ്ചവും വേറേ വേറേ എന്നു തോന്നിക്കുന്ന അവിദ്യാജന്യമായ ഇരുട്ടിനെ നിശ്ശേഷം ഇല്ലാതാക്കുന്നു.

## *ജ്ഞാനദീപേന ഭാസ്വതാ*

സവികൽപ്പയോഗം അഥവാ ബുദ്ധിയോഗം നിർവികൽപ്പയോഗത്തി ലേക്കും നിർവികൽപ്പയോഗം സർവത്ര സമദർശനമെന്ന ബ്രഹ്മാനുഭവത്തി ലേക്കും നയിക്കുന്നു. ഇതാണല്ലോ ക്രമം. സർവത്ര സമദർശനമെന്ന ബ്രഹ്മാ നുഭവമാണു സർവത്ര പ്രകാശം പരത്തുന്ന ജ്ഞാനദീപം. സവികൽപ്പമായ ബുദ്ധിയോഗത്തിൽ 'ഞാൻ' മാറിനിന്ന് ആനന്ദഘനമായ ബോധത്തെ ഹൃദ യാകാശത്തിൽ അനുഭവിക്കുകയാണ്. അവിടെ 'എനിക്കും' ആത്മാവിനും ലേശം ഭേദമുണ്ട്. ഞാനും ആത്മാവും വേറേ എന്നു തോന്നുന്നിടത്തോളം ജഗത്തു ഭിന്നമായിത്തന്നെ നിൽക്കും. ഇതാണു ജീവേശ്വരജഗദ്ഭേദം. ബുദ്ധിയോഗാഭ്യാസം പാകപ്പെടുന്നതോടെ മാറിനിന്നു കാണുന്ന 'ഞാനും' ആനന്ദഘനമായ ബോധത്തിൽ അലിഞ്ഞു മറയാനിടയാകുന്നു. പിന്നെ വസ്തു ഒന്നേയുള്ളൂ. സ്വയം സൂര്യതുല്യം പ്രകാശിക്കുന്ന അനുഭവം കട്ട പിടിച്ച ആനന്ദഘനബോധം മാത്രം. അതോടെ ജീവേശ്വര ജഗദ്ഭേദമസ്ത മിക്കുന്നു. ഇതാണ് അജ്ഞാനജമായ തമസ്സിന്റെ നാശം. തുടർന്നു ജ്ഞാന ദീപം ജ്വലിച്ചു സർവത്ര പ്രകാശം പരത്തുന്നു. അതായതു വ്യവഹാരദശ യിൽപ്പോലും സർവം ബ്രഹ്മമയമെന്ന സമദർശനം സാധ്യമായിത്തീരുന്നു. നിർവികൽപ്പയോഗസ്വരൂപവും സർവത്ര സമദർശനമെന്ന ജ്ഞാനദീപജ്വലന

digitized by www.sreyas.in

പ്രകാശവ്യാപ്തിയും ആറാമധ്യായത്തിലെ ഇരുപത്തിനാലുമുതൽ മുപ്പത്തി രണ്ടുവരെയുള്ള ശ്ലോകങ്ങളുടെ ഭാഷ്യം നോക്കിയറിയുക.

സാരഥിയായി ചമ്മട്ടിയുമേന്തി തന്റെ തേർത്തട്ടിലിരിക്കുന്ന വസുദേവ പുത്രൻ വെറും മനുഷ്യനല്ലെന്നും ജഗത്തിന്റെ പരമകാരണമായ പരമാത്മാ വാണെന്നും അർജുനന് ഏറെക്കുറെ ബോധ്യമായി. എങ്കിലും സർവം ബ്രഹ്മ മയമാണെന്ന സിദ്ധാന്തം ശരിക്കും സ്വാംശീകരിക്കാൻ അർജുനനു കഴി ഞ്ഞില്ല; അതുകൊണ്ട് ആദ്യമൊക്കെ ഏതേതു ഭാവങ്ങളിൽ ഭഗവാനെ എങ്ങനെയൊക്കെ ഉപാസിച്ചാലാണു പൂർണമായ സത്യമാർഗം തെളിയുന്ന തെന്നു വിശദമായി കേൾക്കാൻ അദ്ദേഹത്തിന് ആഗ്രഹം തോന്നി. ബോധമണ്ഡലത്തിൽ താൻ തൽക്കാലം എവിടെ എത്തിനിൽക്കുന്നു എന്നും ഇനിയും എന്തറിയാനാണു തനിക്കാഗ്രമെന്നും അർജുനൻ ഭഗ വാനെ വ്യക്തമായി ധരിപ്പിക്കുകയാണ് അടുത്ത ഏഴു പദ്യങ്ങളിൽ. കൃഷ്ണന്റെ യഥാർഥ സ്വരൂപമെന്താണെന്നു തനിക്കു ഭഗവാങ്കൽനിന്നും മഹർഷിമാരിൽനിന്നും മനസ്സിലായ കാര്യമാണ് അടുത്ത രണ്ടു പദ്യങ്ങളിൽ വിവരിച്ചിരിക്കുന്നത്:

അർജുന ഉവാച - അർജുനൻ പറഞ്ഞു:

*12. പരം ബ്രഹ്മ പരം ധാമ പവിത്രം പരമം ഭവാൻ*
*പുരുഷം ശാശ്വതം ദിവ്യമാദിദേവമജം വിഭും*

*13 ആഹുസ്ത്വാമൃഷയഃ സർവേ ദേവർഷിർനാരദസ്തഥാ*
*അസിതോ ദേവലോ വ്യാസഃ സ്വയം ചൈവ ബ്രവീഷി മേ*

ഭവാൻ - അവിടുന്ന്; പരം ബ്രഹ്മം - പരമകാരണമായ ബ്രഹ്മവും; പരം ധാമ - സർവജഗത്തിനും ഏകാശ്രയസ്ഥാനവും; പരമം പവിത്രം - ഒരിക്കലും കളങ്കമൊന്നും പുരളാത്ത ഏക സത്യവും ആകുന്നു; സർവേ ഋഷയഃ - സത്യ മന്വേഷിച്ചു പൂർണമായി കണ്ടെത്തിയിട്ടുള്ള എല്ലാ ഋഷിമാരും; ത്വാം - അങ്ങയെ; അജം - ജനനമരണരഹിതനും; ആദിദേവം - ആദ്യത്തെ ദേവനും; ദിവ്യം - സർവത്ര നിറഞ്ഞിരിക്കുന്നവനും; വിഭും - സർവശക്തനും; ശാശ്വതം - ഒരിക്കലും ഒരു കേടും പറ്റാത്തവനും; പുരുഷം - പുരങ്ങൾപോലുള്ള ജഡ രൂപങ്ങളിലെല്ലാം ഒളിഞ്ഞിരിക്കുന്നവനുമായ സത്യമെന്ന്, ആഹുഃ - വിവരി ക്കുന്നു; തഥാ - അപ്രകാരംതന്നെ; ദേവർഷിഃ നാരദഃ - ദേവർഷിയായ നാര ദനും; അസിതഃ ദേവലഃ വ്യാസഃ - അസിതൻ, ദേവലൻ, വ്യാസൻ തുടങ്ങിയ വരും വിവരിക്കുന്നു; സ്വയം ഏവ ച - ഇപ്പോഴിതാ സ്വയം അങ്ങും, മേ



digitized by www.sreyas.in

ബ്രവീഷി – അതുതന്നെ എന്നോടു പറയുന്നു.

അവിടുന്നു പരമകാരണമായ ബ്രഹ്മവും സർവജഗത്തിനും ഏകാശ്രയസ്ഥാനവും ഒരിക്കലും കളങ്കമൊന്നും പുരളാത്ത ഏകസത്യവുമാകുന്നു. സത്യമന്വേഷിച്ചു പൂർണമായി കണ്ടെത്തിയിട്ടുള്ള എല്ലാ ഋഷിമാരും അങ്ങയെ ജനനമരണരഹിതനും ആദ്യത്തെ ദേവനും സർവത്ര നിറഞ്ഞിരിക്കുന്നവനും സർവശക്തനും ഒരിക്കലും ഒരു കേടും പറ്റാത്തവനും പുരങ്ങൾപോലുള്ള ജഡരൂപങ്ങളിലെല്ലാം ഒളിഞ്ഞിരിക്കുന്നവനുമായ സത്യമെന്നു വിവരിക്കുന്നു. അപ്രകാരംതന്നെ ദേവർഷിയായ നാരദനും അസിതൻ, ദേവലൻ, വ്യാസൻ തുടങ്ങിയവരും വിവരിക്കുന്നു. ഇപ്പോഴിതാ സ്വയമങ്ങും അതുതന്നെ എന്നോടു പറയുന്നു.

## *സ്വയം ചൈവ ബ്രവീഷി മേ*

അറിയപ്പെട്ട കാലം മുതൽ സത്യമന്വേഷിച്ചു പൂർണമായി കണ്ടെത്തിയവർ സത്യത്തെ ഒരേ രീതിയിൽ വിവരിക്കുന്നു. അർജുനൻ അതൊക്കെ വായിച്ചറിഞ്ഞിട്ടുണ്ട്. പക്ഷേ, ബുദ്ധിക്കുതന്നെയും ആ സത്യം ഉറച്ചുകിട്ടിയിട്ടില്ല. അനുഭവത്തിന്റെ കഥ പിന്നെ പ്രശ്നമല്ലല്ലോ. പരമ്പരയായുള്ള സത്യവിവരണം ആവർത്തിച്ചു കേൾക്കുകയും ഇപ്പോൾ ഭഗവാൻ ഒരു പ്രത്യേക സന്ദർഭത്തിൽ നേരിട്ടുപദേശിക്കുകയും ചെയ്തപ്പോൾ ഏതാണ്ടാ സത്യം ബുദ്ധിക്കു തെളിയുന്നതായി അർജുനനു തോന്നി. എന്താണു പരമ്പര? എല്ലാ ഋഷിമാരും ആ സത്യത്തെ ഒരേ രൂപത്തിൽ പ്രപഞ്ചത്തിന്റെ പരമകാരണവും ഏകാശ്രയവും പരമപവിത്രവുമാണെന്നു ചിത്രീകരിച്ചിട്ടുണ്ട്. അറിയപ്പെട്ട നാൾ മുതൽ അർജുനന്റെ കാലംവരെ ബ്രഹ്മസാക്ഷാൽക്കാരം നേടി കടന്നുപോയിട്ടുള്ള ഋഷിപരമ്പരയെയാണ് 'ഋഷയഃ സർവേ' എന്ന പദംകൊണ്ട് അർജുനൻ സംഗ്രഹിക്കുന്നത്. ദേവർഷിയായ നാരദൻ സർവത്ര സത്യാന്വേഷികളെ സഹായിക്കാൻ ബ്രഹ്മാവിനാൽ നിയുക്തനായ ആധികാരിക പുരുഷനാണ്. ദേവന്മാർ സമ്മാനമായി നൽകിയ വീണയുടെ തന്ത്രികൾ മീട്ടി ഭഗവന്നാമങ്ങൾ ആലപിച്ചുകൊണ്ട് അദ്ദേഹം ലോകമെങ്ങും സദാ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഭക്തന്മാരുടെ വിഷമതകൾ പരിഹരിക്കുകയാണു സഞ്ചാരത്തിന്റെ ലക്ഷ്യം. പാണ്ഡവന്മാർക്കു കൂടെക്കൂടെ നാരദന്റെ പ്രത്യക്ഷാനുഭവവും ഉപദേശവും ലഭിച്ചിട്ടുണ്ട്. നാരദന്റെ ഈ പ്രത്യേകതകൾ ഉള്ളിൽ സ്മരിച്ചുകൊണ്ടാണ് ആ ദേവർഷിയുടെ നാമം അർജുനൻ എടുത്തുപറഞ്ഞിരിക്കുന്നത്. പിന്നെ അസിതദേവലവ്യാസന്മാരാണ്.

digitized by www.sreyas.in

ഇവരിൽ അസിതനും ദേവലനും അത്ര പ്രസിദ്ധന്മാരല്ല. ഇവരാരാണെന്ന കാര്യത്തിൽ ഗീതാവ്യാഖ്യാതാക്കന്മാർക്ക് അൽപ്പം മതഭേദവും കാണുന്നുണ്ട്. ഇവർ പാണ്ഡവന്മാരുടെ ആചാര്യനായ ധൗമ്യന്റെ മൂത്ത സഹോദരന്മാരാണെന്ന മധുസൂധനസരസ്വതിയുടെ പക്ഷം അംഗീകരിക്കാമെന്നു തോന്നുന്നു. എന്തായാലും അസിതദേവലവ്യാസന്മാർ അർജുനന്റെ സമകാലികന്മാരായി ഭൂമിയിൽ ജീവിച്ചിരിപ്പുണ്ടായിരുന്ന ഋഷിമാരാണെന്നു സിദ്ധം. ദേവർഷിയെ പ്രത്യേകം പറഞ്ഞശേഷം വ്യാസനോടൊപ്പം അസിതദേവലന്മാരെ ഗണിച്ചിരിക്കുന്നതുതന്നെ അതിനു തെളിവാണ്. ധൗമ്യന്റെ മൂത്ത സഹോദരന്മാരാണെങ്കിൽ പാണ്ഡവന്മാരുമായി അവർ പലപ്പോഴും കൂടിക്കണ്ടു സംസാരിച്ചിരിക്കാൻ ഇടയുണ്ട്. പാണ്ഡവന്മാർക്ക് എന്നും താങ്ങും തണലുമായി നിന്ന വ്യാസഭഗവാനിൽനിന്നു പലപ്പോഴും പരമസത്യത്തിന്റെ വിവരണങ്ങൾ അർജുനൻ കേട്ടിരിക്കാൻ ഇടയുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഒൻപതാമധ്യായംവരെ കൃഷ്ണൻ വിവരിച്ച പരമാത്മതത്വം കേട്ടിട്ടാണ് 'സ്വയം ചൈവ ബ്രവീഷി മേ' എന്നു പറഞ്ഞിരിക്കുന്നത്. ഇങ്ങനെ അറിയപ്പെട്ട കാലംമുതൽ തൽക്ഷണം വരെ താൻ കേട്ട സത്യവിവരണങ്ങൾ ഒരുപോലെ കാണപ്പെടുന്നു. അർജുനന്റെ ഈ പ്രസ്താവം താൻ ആവർത്തിച്ചു ശ്രവിച്ച സത്യ വിവരണങ്ങൾ സിദ്ധാന്തപരമായി ഏതാണ്ടൊക്കെ അർജുനനു ബോധ്യമായി ത്തുടങ്ങിയിരിക്കുന്നു എന്നുള്ളതിന്റെ തെളിവാണ്. പോരെങ്കിൽ അടുത്ത രണ്ടു പദ്യങ്ങളിൽ അർജുനൻ തന്നെ വെളിപ്പെടുത്തുന്നതു നോക്കുക.

മാറിനിന്നു പരമതത്വം പൂർണമായി ഗ്രഹിക്കാൻ കഴിയുകയില്ലെന്നു സത്യദർശികളുടെ അഭിപ്രായം തനിക്കു ബോധ്യമായിരിക്കുന്നു എന്നാണ് അർജുനൻ പതിന്നാലാം പദ്യത്തിൽ വെളിപ്പെടുത്തുന്നത്:

*14. സർവമേതദൃതം മന്യേ യന്മാം വദസി കേശവ*
*ന ഹി തേ ഭഗവൻ വ്യക്തിം വിദുർദേവാ ന ദാനവാഃ*

കേശവ - അല്ലയോ കൃഷ്ണാ; മാം യത് വദസി - എന്നോട് അങ്ങയുടെ പരമാത്മസ്വരൂപത്തെക്കുറിച്ച് എന്തൊക്കെയാണോ പറയുന്നത്; ഏതത് സർവം - ഇതെല്ലാം; ഋതം മന്യേ - ഞാൻ സത്യമെന്നുതന്നെ ഉറയ്ക്കുന്നു; ഹി - എന്തെന്നാൽ; ഭഗവൻ - ജഗത്തിന്റെ ഉൽപ്പത്തിസ്ഥിതിപ്രളയങ്ങൾക്കു ഹേതുവായ അല്ലയോ ഈശ്വരാ; തേ വ്യക്തിം - അങ്ങയുടെ സമ്പൂർണസ്വരൂപം; ദേവാഃ ന വിദുഃ - ദേവന്മാർ അറിയുന്നില്ല; ദാനവാഃ ന - അസുരന്മാരും അറിയുന്നില്ല.

അല്ലയോ കൃഷ്ണാ, എന്നോട് അങ്ങയുടെ പരമാത്മസ്വരൂപത്തെക്കു

digitized by www.sreyas.in

റിച്ച് എന്തൊക്കെയാണോ പറയുന്നത്. ഇതെല്ലാം ഞാൻ സത്യമെന്നുതന്നെ ഉറയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങയുടെ സമ്പൂർണസ്വരൂപം ദേവന്മാർ അറിയുന്നില്ല; അസുരന്മാരും അറിയുന്നില്ല.

## *സർവമേതദൃതം മന്യേ*

ഋഷിമാർ ആവർത്തിച്ച് അർജുനനോടു പറഞ്ഞതുതന്നെ ഭഗവാനും പറഞ്ഞു. എന്നാൽ അർജുനമനസ്സിനു ബോധ്യമായിക്കിട്ടിയതിപ്പോഴാണ്. ആവർത്തിച്ചുള്ള ശ്രവണമനനങ്ങൾകൊണ്ടേ വേദാന്തസത്യം ബുദ്ധിക്കു തെളിഞ്ഞുകിട്ടൂ. വിശേഷിച്ചും പൂർണമായ സത്യരഹസ്യം മാറിനിന്നു ഗ്രഹിക്കപ്പെടാവുന്നതല്ല എന്ന വാദം. പിന്നെ എങ്ങനെ ഗ്രഹിക്കാം? സ്വയം സത്യമായിത്തീരൂ; അപ്പോൾ ഗ്രഹിക്കാം. അതുവരെ പരസ്പരവിരുദ്ധമായി തോന്നും. ദൃഷ്ടാന്തമായി സ്വയം സദാ സർവത്ര സൂര്യതുല്യം പ്രകാശിച്ചു നിൽക്കുന്ന വസ്തുവിൽ തമോരൂപിണിയായ അവിദ്യ സൃഷ്ടിയെ ഉണ്ടാക്കുന്നുവെന്നല്ലേ കൃഷ്ണൻ തന്നെ വിവരിച്ചിരിക്കുന്നത്. സദാ സ്വയം പ്രകാശിക്കുന്ന വസ്തുവിൽ ഇരുട്ടിനു പ്രസക്തി എവിടെ? അതു വസ്തുവിന്റെ ശക്തിയാണോ? സ്വയം പ്രകാശിക്കുന്ന വസ്തുവിന്റെ ശക്തിയും സ്വയം പ്രകാശിക്കുന്നതുതന്നെയാവണ്ടേ; അതെങ്ങനെ ഇരുട്ടാവും? വസ്തുബോധനത്തിനായി യുക്തിചിന്ത ചെയ്യുന്നയാൾക്ക് ആദ്യത്തെ ഈ ചോദ്യത്തിനു തന്നെ തൃപ്തികരമായ ഉത്തരം കിട്ടുന്നില്ലെന്നു വന്നാൽപ്പിന്നെ മറ്റു വിവരണങ്ങൾകൊണ്ടെന്തു ഫലം? ഇവിടെ സത്യദർശികൾക്ക് ഒരുത്തരമേയുള്ളു. നിങ്ങളാ സത്യമായിത്തീരുന്നതുവരെ അതിനെ പൂർണമായി നിങ്ങൾക്കു ഗ്രഹിക്കാൻ പറ്റില്ല. സത്യമായിത്തീർന്നാലോ പിന്നെ അതു മാത്രമേയുള്ളു. അവിടെ അവിദ്യയില്ല, സൃഷ്ടിയില്ല, പ്രളയമില്ല. പിന്നെ എന്തു സംശയം. പിന്നെ എന്തിനാണീ ശാസ്ത്രവിവരണങ്ങൾ? വസ്തു അദ്വയമാണെന്നും നിങ്ങൾ അതുതന്നെയാണെന്നും ഓർമിപ്പിക്കാൻ മാത്രം. ഞാനെന്തിനതു മറന്നു? അതു സ്വയം ചോദിക്കേണ്ട ചോദ്യമാണ്. അതിനുത്തരം കണ്ടുപിടിക്കുന്നതുതന്നെയാണു സത്യാനുഭവം.

ഈ വസ്തുസ്ഥിതിരഹസ്യം അർജുനൻ തന്നെ അടുത്ത പദ്യത്തിൽ വെളിവാക്കുന്നതു നോക്കുക:

*15. സ്വയമേവാത്മനാത്മാനം വേത്ഥ ത്വം പുരുഷോത്തമ*
*ഭൂതഭാവന ഭൂതേശ ദേവദേവ ജഗത്പതേ*

digitized by www.sreyas.in

ഭൂതഭാവന – തന്റെ ഏകദേശാംശത്തിൽ പ്രപഞ്ചഘടകങ്ങളെ സങ്കൽപ്പങ്ങളിൽക്കൂടി വെളിവാക്കുന്നവനും; ഭൂതേശ – അങ്ങനെ പ്രകടമാകുന്ന പ്രപഞ്ചഘടകങ്ങളെ നിയമാനുസൃതം പ്രവർത്തിപ്പിക്കുന്നവനും; ദേവദേവ – ലോകപാലന്മാരായ ദേവന്മാരുടെയൊക്കെ അധിപതിയും; ജഗത്പതേ – ജഗത്തിന്റെ മുഴുവൻ രക്ഷിതാവുമായി; പുരുഷോത്തമ – എന്നാൽ പ്രപഞ്ചപ്രതിഭാസങ്ങൾക്കുപരി നിത്യ മുക്തനായി വിലസുന്ന അല്ലയോ പരമാത്മാവേ; ത്വം – അവിടുന്ന്; സ്വയം ഏവ – താൻ തന്നെ; ആത്മനാ – സ്വരൂപംകൊണ്ട്; ആത്മാനം – സ്വരൂപത്തെ; വേത്ഥ – അറിയുന്നവനായി വിളങ്ങുന്നു.

തന്റെ ഏകദേശാംശത്തിൽ പ്രപഞ്ചഘടകങ്ങളെ സങ്കൽപ്പങ്ങളിൽക്കൂടി വെളിവാക്കുന്നവനും അങ്ങനെ പ്രകടമാകുന്ന പ്രപഞ്ചഘടകങ്ങളെ നിയമാനുസൃതം പ്രവർത്തിപ്പിക്കുന്നവനും ലോകപാലന്മാരായ ദേവന്മാരുടെയൊക്കെ അധിപതിയും ജഗത്തിന്റെ മുഴുവൻ രക്ഷിതാവുമായ എന്നാൽ പ്രപഞ്ചപ്രതിഭാസങ്ങൾക്കുപരി നിത്യമുക്തനായി വിലസുന്ന അല്ലയോ പരമാത്മാവേ, അവിടുന്നു താൻ തന്നെ സ്വരൂപംകൊണ്ടു സ്വരൂപത്തെ അറിയുന്നവനായി വിളങ്ങുന്നു.

## ആത്മനാത്മാനം വേത്ഥ

സ്വരൂപംകൊണ്ടു സ്വരൂപത്തെ അറിയുന്ന പുരുഷോത്തമനാണ് പരമാത്മാവ്. പ്രപഞ്ചദൃശ്യങ്ങളുടെ പരിമിതിയെ ആസ്പദമാക്കി ബ്രഹ്മതത്വത്തെ മൂന്നു പുരുഷന്മാരായി വേർതിരിച്ചു പതിനഞ്ചാമധ്യായത്തിൽ ഭഗവാൻ വിവരിച്ചിട്ടുണ്ട്. ക്ഷരപുരുഷൻ, അക്ഷരപുരുഷൻ, ഉത്തമപുരുഷൻ ഇതാണു വിഭജനക്രമം. പ്രകൃതിവിഭാഗങ്ങളായ ജീവജഡങ്ങൾ കൂടിച്ചേർന്നതാണു ക്ഷരപുരുഷൻ. ക്ഷരപുരുഷന്റെ ഉൽപ്പത്തിക്കാശ്രയമായി അവിദ്യയിൽ ഒളിയുന്ന ബ്രഹ്മാംശമാണ് അക്ഷരപുരുഷൻ. ക്ഷരാക്ഷരപുരുഷന്മാരെ രണ്ടിനെയും ഉൾക്കൊണ്ടു രണ്ടിനുമുപരി നിത്യനിർമുക്തമായി വിളങ്ങുന്ന പരമാത്മാവാണ് ഉത്തമപുരുഷൻ. ഉത്തമപുരുഷനെപ്പറ്റി കൂടുതലറിയാൻ പതിനഞ്ചാമധ്യായത്തിലെ പതിനേഴും പതിനെട്ടും പദ്യങ്ങളുടെ ഭാഷ്യം നോക്കുക. നിഷ്കളങ്കവും ആനന്ദസ്വരൂപവും അഖണ്ഡവുമായ നിശ്ചലബോധമാണ് ഉത്തമപുരുഷൻ. ഇവിടെ ഉത്തമപുരുഷനു തന്നെ അറിയാൻ മറ്റുപകരണമൊന്നും ആവശ്യമില്ല. എവിടെയും സ്വയം അനുഭവസ്വരൂപമാണു ബോധം. ബോധം തന്നെയറിയാൻ മറ്റെന്തിനെയാണാശ്രയിക്കുക? വസ്തുസ്ഥിതി എല്ലായിടത്തും ഇതുതന്നെ. എങ്കിലും പ്രാണചലനവും മനസ്സങ്കൽപ്പവുമുള്ളിടത്തെല്ലാം ബോധം അറിവിനായി മാറിമാറിച്ചലിക്കുന്നതായിട്ടാണു

digitized by www.sreyas.in

തോന്നൽ. വാസ്തവത്തിൽ പ്രാണമനസ്സുകളുടെ ചലനം വെറുതെ ബോധത്തിൽ ആരോപിക്കുകയാണു ചെയ്യുന്നത്. പ്രതിബിംബിത വസ്തുക്കളുടെ ചലനം കണ്ണാടിയിലോ ജലത്തിലോ ആരോപിക്കുന്നതുപോലെ. ബോധം സദാ സർവത്ര അചഞ്ചലമാണ്. ചലിക്കുന്ന ഉപാധികളൊക്കെ മാറി ശുദ്ധബോധസ്വരൂപനായ ഉത്തമപുരുഷന്റെ ആവിർഭാവത്തിലേ ഈ വസ്തുരഹസ്യം പൂർണമായി വെളിപ്പെടുകയുള്ളു. അവിടെ അഖണ്ഡബോധം അന്യസഹായം കൂടാതെ സൂര്യതുല്യം സ്വയം പ്രകാശിച്ചു വിളങ്ങുന്നു. ഇതാണ് സ്വരൂപം കൊണ്ടുള്ള സ്വരൂപജ്ഞാനം അഥവാ രണ്ടില്ലാത്ത അദ്വയജ്ഞാനം. ഈ ഉത്തമപുരുഷന്റെ ഏകദേശാംശത്തിൽ പ്രാണമനസ്സുകളുടെ ആവിർഭാവമാണ് സൃഷ്ടിസ്ഥിതി സംഹാരങ്ങൾക്കൊക്കെ ഹേതുവായി ഭവിക്കുന്നത്. അങ്ങനെ ഏകദേശാംശത്തിലെ അൽപ്പപ്രതിഭാസങ്ങളായ പ്രാണനും മനസ്സിനും ജഡശരീരങ്ങൾക്കും മാറിനിന്നുകൊണ്ട് ആ സത്യത്തെ അറിയാൻ കഴിയുന്നതെങ്ങനെ? ഇക്കാര്യം സൂചിപ്പിക്കാനാണ് ഉത്തമപുരുഷന് 'ഭൂതഭാവന' എന്നു തുടങ്ങിയ നാലു വിശേഷണങ്ങൾ ചേർത്തിരിക്കുന്നത്.

ഇങ്ങനെ ഉത്തമപുരുഷനെ മാറിനിന്നറിയാൻ കഴിയുകയില്ലെങ്കിൽ പിന്നെ ആ സത്യത്തെ സമീപിക്കേണ്ടതെങ്ങനെ. പ്രാണമനസ്സുകളെ ഒഴിച്ചുമാറ്റുക മാത്രമാണതിനുള്ള വഴി. അതിനായി ആദ്യമാദ്യം തേജോമയങ്ങളും ദിവ്യങ്ങളുമായി കാണപ്പെടുന്ന പ്രപഞ്ചഘടകങ്ങളിൽ ഈശ്വരഭാവനയോടെ മനസ്സിനെ ധ്യാനനിഷ്ഠമാക്കണം. അങ്ങനെ ധ്യാനനിഷ്ഠമാക്കപ്പെടാവുന്ന വിഭൂതികളേതൊക്കെയാണെന്നാണ് അർജുനന്റെ അടുത്ത പദ്യം:

*16. വക്തുമർഹസ്യശേഷേണ ദിവ്യാ ഹ്യാത്മവിഭൂതയഃ*
*യാഭിർവിഭൂതിഭിർല്ലോകാനിമാംസ്ത്വം വ്യാപ്യ തിഷ്ഠസി*

യാഭിഃ വിഭൂതിഭിഃ - ഏതേതു വിശിഷ്ടരൂപങ്ങൾ കൈക്കൊണ്ടാണോ; ത്വം - പരമാത്മാവായ അങ്ങ്; ഇമാൻ ലോകാൻ - ഈ ലോകങ്ങളെ; വ്യാപ്യ - മുഴുവനുൾക്കൊണ്ട്; തിഷ്ഠസി - നിലകൊള്ളുന്നത്; (താഃ) അശേഷേണ - അവയെ മുഴുവൻ; വക്തും അർഹസി - എനിക്കു പറഞ്ഞുതരുക; ആത്മ വിഭൂതയഃ ദിവ്യാഃ ഹി - ആത്മ വിഭൂതികൾ ദിവ്യങ്ങളാണല്ലോ.

ഏതേതു വിശിഷ്ടരൂപങ്ങൾ കൈക്കൊണ്ടിട്ടാണോ പരമാത്മാവായ അങ്ങ് ഈ ലോകങ്ങളെ മുഴുവൻ ഉൾക്കൊണ്ടു നിലകൊള്ളുന്നത് അവയെ മുഴുവൻ എനിക്കു പറഞ്ഞുതരുക. ആത്മവിഭൂതികൾ ദിവ്യങ്ങളാണല്ലോ.

digitized by www.sreyas.in

## ദിവ്യാ ഹ്യാത്മവിഭൂതയഃ

സർവത്ര അദ്വയമായ പരമാത്മസത്യത്തെ കണ്ടനുഭവിക്കാൻ കഴിവില്ലാത്തവർ ആ അനുഭവത്തോടടുക്കാനുള്ള മാർഗമെന്ന നിലയിൽ ദിവ്യമായ ഏതെങ്കിലും വിഭൂതിയിൽ മനസ്സിനെ ധ്യാനനിഷ്ഠമാക്കേണ്ടതാണ്. എന്താണു ദിവ്യമായ ആത്മവിഭൂതി? സാധാരണ മനുഷ്യന്റെ മനസ്സിനെ ആകർഷിച്ച് അത്ഭുതപ്പെടുത്താൻ കഴിയുന്ന പ്രത്യേകതയുള്ളതെന്തും ദിവ്യവിഭൂതിയാണ്. അഗ്നിസൂര്യചന്ദ്രാദിയെപ്പോലെ തേജോമയങ്ങൾ, വായുവിനെപ്പോലെ ഊർജസ്വലങ്ങൾ, അസാധാരണ ദിവ്യപ്രഭാവങ്ങളോടുകൂടിയ മനുഷ്യവ്യക്തികൾ ഇതെല്ലാം സാധാരണക്കാർക്കു ദിവ്യവിഭൂതികളാണ്. ഈ വിഭൂതികളുടെ സാന്നിധ്യവും പ്രവർത്തനവും സർവത്ര ഈശ്വരസാന്നിധ്യത്തെ സാധാരണക്കാർക്കുപോലും വ്യക്തമാക്കിക്കൊടുക്കുന്നു. സാധാരണക്കാരെപ്പോലും ആകർഷിക്കത്തക്ക ഈശ്വരസാന്നിധ്യം ഇവയിലുള്ളതുകൊണ്ടാണു വേദമന്ത്രങ്ങൾ ഇവയെ ബ്രഹ്മരൂപമായി ആരാധിക്കാൻ ആവശ്യപ്പെട്ടത്. അല്ലാതെ ചില വിഡ്ഢികൾ കരുതുന്നതുപോലെ പ്രകൃതിയെ ഭയന്ന് അങ്ങനെ ചെയ്യാൻ ഇടയായതല്ല. പ്രപഞ്ചത്തിന്റെ ദിവ്യത്വവും ആശ്ചര്യമയത്വവും ഇന്നും പണ്ടത്തേക്കാളേറെ അവശേഷിക്കുന്നു. ഇതുതന്നെയാണു മനുഷ്യനെ ഈശ്വരോന്മുഖനാക്കിത്തീർക്കുന്ന പ്രധാന ഘടകം.

വിഭൂതികളെ മാത്രം അറിഞ്ഞാൽപ്പോരാ. ഏതെങ്കിലും ഒരു വിഭൂതിയെ ആശ്രയിച്ചാൽ എങ്ങനെയാണു പരമാത്മാവിനെ സമീപിക്കാൻ കഴിയുക? ഏതേതെല്ലാം ഭാവങ്ങളിലാണു വിഭൂതിയെ വിചാരംചെയ്തുപാസിക്കേണ്ടത്? ഈ സംശയങ്ങളാണർജുനൻ തുടർന്നു ചോദിക്കുന്നത്:

*17. കഥം വിദ്യാമഹം യോഗിംസ്ത്വാം സദാ പരിചിന്തയൻ*
*കേഷു കേഷു ച ഭാവേഷു ചിന്ത്യോ്ഽസി ഭഗവന്മയാ*

യോഗിൻ - സദാ സർവത്ര സകലതുമായി വർത്തിക്കുന്ന അല്ലയോ കൃഷ്ണാ! അഹം - ഞാൻ; കഥം - ഏതുപ്രകാരം; സദാ പരിചിന്തയൻ - വിഭൂതിയെ ആശ്രയിച്ചു നിരന്തരം ഉപാസിച്ചാൽ; ത്വാം വിദ്യാം - പരമാത്മാവായ അങ്ങയെ അറിയാൻ പറ്റും; ഭഗവാൻ - സർവ പ്രപഞ്ചത്തിനുമുടമസ്ഥനായ അല്ലയോ കൃഷ്ണാ; മയാ - എന്നാൽ; കേഷു കേഷു ച ഭാവേഷു - ഏതേതെല്ലാം ഭാവങ്ങളിൽ; ചിന്ത്യഃ അസി - നീ വിചാരം ചെയ്തുറപ്പിക്കപ്പെടണം.

സദാ സർവത്ര സകലതുമായി വർത്തിക്കുന്ന അല്ലയോ കൃഷ്ണാ,

digitized by www.sreyas.in

ഞാൻ ഏതുപ്രകാരം വിഭൂതിയെ ആശ്രയിച്ചു നിരന്തരം ഉപാസിച്ചാൽ പരമാത്മാവായ അങ്ങനെ അറിയാൻ പറ്റും. സർവപ്രപഞ്ചത്തിനും ഉടമസ്ഥനായ അല്ലയോ കൃഷ്ണാ, എന്നാൽ ഏതേതെല്ലാം ഭാവങ്ങളിൽ നീ വിചാരം ചെയ്തുറപ്പിക്കപ്പെടണം.

## *കഥം വിദ്യാമഹം*

പരമാത്മാവായ സത്യത്തെ അറിയുകയാണു ലക്ഷ്യം. അതിനുള്ള ആദ്യപടിയായി വിഭൂതിയെ ആശ്രയിക്കാൻ തയ്യാറാണ്. കൃഷ്ണനെത്തന്നെ വിഭൂതിരൂപേണ അംഗീകരിച്ചുപാസിക്കാൻ അർജുനനൊരുക്കമാണ്. യോഗിൻ, ഭഗവൻ ഇത്യാദി സംബോധനകൾ അക്കാര്യം വ്യക്തമാക്കുന്നു. എന്നാൽ വിഭൂതിയെ ഏതുപ്രകാരം ആശ്രയിച്ചാണു നിരന്തരം ഉപാസിക്കേണ്ടത്? ഒരു പ്രത്യേക വ്യക്തിയായിട്ടാണോ ആരാധിക്കേണ്ടത്. അതോ വ്യക്തിയിൽ തെളിഞ്ഞുകാണാനില്ലാത്ത വല്ല പുതിയ ഭാവങ്ങളും ഭാവന ചെയ്തുറപ്പിക്കേണ്ടതുണ്ടോ? അങ്ങനെയാണെങ്കിൽ വിഭൂതിയിൽ പുതുതായി ഭാവന ചെയ്യേണ്ട വസ്തുരഹസ്യങ്ങൾ എന്തൊക്കെയാണ്?

ഇങ്ങനെ പലതും കൂടുതലായി തനിക്കറിയേണ്ടതുണ്ടെന്നും അവയൊക്കെ വിസ്തരിച്ചു പറഞ്ഞുതരണമെന്നുമാണ് അർജുനൻ തുടർന്നാവശ്യപ്പെടുന്നത്. എന്തായാലും ഈ ഭഗവത്കാര്യങ്ങൾ കേൾക്കുന്നതുതന്നെ അതിയായ ആനന്ദത്തിനിടയാക്കുന്നുവെന്നും അർജുനൻ വെളിപ്പെടുത്തുന്നു:

18 *വിസ്തരേണാത്മനോ യോഗം വിഭൂതിം ച ജനാർദന*
*ഭൂയഃ കഥയ തൃപ്തിർഹി ശൃണ്വതോ നാസ്തി മേഽമൃതം*

ജനാർദന - അല്ലയോ കൃഷ്ണാ: ആത്മനഃ യോഗം - പരമാത്മാവായ അങ്ങയെ കണ്ടെത്തുന്ന വിധവും; വിഭൂതിം ച - അതിൽ അങ്ങയുടെ വിഭൂതിക്കുള്ള പങ്കും; ഭൂയഃ വീണ്ടും; വിസ്തരേണ കഥയെ - വിസ്തരിച്ചു പറഞ്ഞുതരൂ; ഹി - എന്തുകൊണ്ടെന്നാൽ; അമൃതം - അമൃതതുല്യമായ അങ്ങയുടെ വാക്ക്; ശൃണ്വതഃ - മേ - കേൾക്കുന്ന എനിക്ക്; തൃപ്തിഃ - മതി എന്ന തോന്നൽ; ന അസ്തി - ഉണ്ടാകുന്നേയില്ല.

അല്ലയോ കൃഷ്ണാ, പരമാത്മാവായ അങ്ങയെ കണ്ടെത്തുന്ന വിധവും അതിൽ അങ്ങയുടെ വിഭൂതിക്കുള്ള പങ്കും വീണ്ടും വിസ്തരിച്ചു പറഞ്ഞു തരൂ. എന്തുകൊണ്ടെന്നാൽ അമൃതതുല്യമായ അങ്ങയുടെ വാക്കു കേൾക്കുന്ന എനിക്കു മതി എന്ന തോന്നൽ ഉണ്ടാകുന്നേയില്ല.

digitized by www.sreyas.in

*ഭൂയഃ കഥയ*

ഭഗവത്കാര്യം വിസ്തരിച്ചു വീണ്ടും പറയൂ. പല പ്രാവശ്യം പറഞ്ഞു കേട്ടതല്ലേ? ഇനി എന്തിനു പറയുന്നു? ആവർത്തിച്ചു കേൾക്കുന്തോറും ആനന്ദം വർധിക്കുന്നു. ഒരു കാര്യത്തിന്റെ ആവർത്തനം ആനന്ദം വളർത്തുമെങ്കിൽ അതാരു കൈവിടും? ആവർത്തിച്ചുള്ള ശ്രവണം, ആവർത്തിച്ചുള്ള മനനം, ആവർത്തിച്ചുള്ള നിദിധ്യാസനം ഇവ ആനന്ദം വളർത്തി വളർത്തി സത്യത്തോടടുപ്പിക്കുന്നു. സത്യാന്വേഷണ മാർഗത്തിലെ അനുഭവരഹസ്യമിതാണ്. ശ്രവണാനന്ദം വീണ്ടും കേൾക്കാൻ തന്നെ പ്രേരിപ്പിക്കുന്നു എന്നു പറയുന്നതുകൊണ്ടുതന്നെ അർജുനമനസ്സ് ആത്മസാക്ഷാൽക്കാരത്തിനു പാകമായിവരുന്നു എന്നു തെളിയുന്നു. അതുപോലെതന്നെ ഇതുവരെ പറഞ്ഞതൊന്നും അർജുനനു തീരെ മനസ്സിലാകാത്തതുകൊണ്ടോ വസ്തുവിചാരം, വിരാഡ്രൂപോപാസന, പ്രണവോപാസന ഇവയ്ക്കൊന്നും കരുത്തില്ലാത്തതുകൊണ്ടോ അല്ല അദ്ദേഹം വിഭൂതിയെ അവലംബമാക്കിയുള്ള ആത്മസാക്ഷാൽക്കാരസാധന വിസ്തരിച്ചു കേൾക്കാൻ കൊതിക്കുന്നത്. ഇടതിങ്ങിയ സത്യാനുഭൂതിയുൾക്കൊള്ളുന്ന ഭഗവദ്വചനാമൃതം കൂടുതൽ കൂടുതൽ നുകരാനുള്ള ആഗ്രഹമാണു വീണ്ടും വീണ്ടും അർജുനനെ ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുന്നതെന്നു താൽപ്പര്യം.

ആവർത്തിച്ചുള്ള സത്യവിവരണം ജിജ്ഞാസുവിൽ ആനന്ദം വളർത്തുന്നു എന്നു കാണുന്നത് ഒരു ഗുരുവിന് അത്യധികം സംതൃപ്തി നൽകുന്ന കാര്യമാണ്. അങ്ങനെയുള്ളയാൾക്ക് എത്ര പ്രാവശ്യം വേണമെങ്കിലും അതാവർത്തിച്ചു പറഞ്ഞുകൊടുക്കാൻ ഗുരു ഒരുക്കവുമായിരിക്കും. ഭഗവാനിതാ വിഭൂതിയോഗം വിസ്തരിച്ചു പറഞ്ഞുതരാമെന്നു പ്രതിജ്ഞ ചെയ്യുന്നു:

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

*19. ഹന്ത തേ കഥയിഷ്യാമി ദിവ്യാ ഹ്യാത്മവിഭൂതയഃ*
*പ്രാധാന്യതഃ കുരുശ്രേഷ്ഠ നാസ്ത്യന്തോ വിസ്തരസ്യ മേ*

ഹന്ത - സന്തോഷം സന്തോഷം; കുരുശ്രേഷ്ഠ - കുരുരാജവംശത്തിനഭിമാനഭാജനമായ അർജുനാ; തേ - സന്തോഷപൂർവം വീണ്ടും കേൾക്കാൻ കൊതിക്കുന്ന നിനക്ക്; മേ ദിവ്യാഃ ആത്മവിഭൂതയഃ - എന്റെ ദിവ്യങ്ങളായ വിശിഷ്ടരൂപങ്ങൾ; പ്രാധാന്യതഃ - പ്രാധാന്യത്തെ മുൻനിറുത്തി കുറെയൊക്കെ; കഥയിഷ്യാമി - ഞാൻ പറഞ്ഞുതരാം; ഹി - എന്തെന്നാൽ; വിസ്ത

digitized by www.sreyas.in

രസ്യ - വിസ്തരിക്കാൻ തുടങ്ങിയാൽ, അന്തഃ ന അസ്തി - അവസാനമുണ്ടാകയില്ല.

സന്തോഷം സന്തോഷം, കുരുരാജവംശത്തിനഭിമാനഭാജനമായ അർജുനാ, സന്തോഷപൂർവം വീണ്ടും വീണ്ടും കേൾക്കാൻ കൊതിക്കുന്ന നിനക്ക് എന്റെ ദിവ്യങ്ങളായ വിശിഷ്ടരൂപങ്ങൾ പ്രാധാന്യത്തെ മുൻനിറുത്തി കുറെയൊക്കെ ഞാൻ പറഞ്ഞുതരാം. എന്തെന്നാൽ വിസ്തരിക്കാൻ തുടങ്ങിയാൽ അവസാനമുണ്ടാകയില്ല.

## *നാസ്ത്യന്തോ വിസ്തരസ്യ മേ*

ഭഗവദ്വിഭൂതി വിസ്തരിച്ചു കേൾക്കണമെന്നാണല്ലോ അർജുനൻ ആവശ്യപ്പെട്ടത്. വിസ്തരിക്കാൻ തുടങ്ങിയാൽ അവസാനമില്ലെന്നാണ് അതിനു ഭഗവാന്റെ മറുപടി. അനന്തകോടി ബ്രഹ്മാണ്ഡങ്ങൾ ഉൾപ്പെട്ടതാണു ഭഗവദ്വിഭൂതി. അതു പൂർണമായി എങ്ങനെ വിസ്തരിക്കാനാണ്? എങ്കിലും പ്രാധാന്യത്തെ മുൻനിറുത്തി ഏതാനും വിഭൂതികളെ വിവരിച്ചു കേൾപ്പിക്കാമെന്നാണു ഭഗവാൻ അരുളിച്ചെയ്യുന്നത്. അവ വേണ്ടവണ്ണം ധരിച്ചാൽ ശേഷിച്ചത് അർജുനനു താനേ മനസ്സിലായിക്കൊള്ളുമെന്നു ധ്വനി. അർജുനനു ഭഗവത്കാര്യം ആവർത്തിച്ചു കേൾക്കാൻ ആഗ്രഹമുണ്ടായതിലും അതദ്ദേഹത്തെ ആനന്ദിപ്പിക്കുന്നു എന്നറിഞ്ഞതിലും ഭഗവാനുണ്ടായ ആഹ്ലാദമാണ് 'ഹന്ത' എന്ന ആശ്ചര്യസൂചകമായ പദം വെളിവാക്കുന്നത്. സ്വധർമമായ രാജ്യഭരണം കൃത്യമായി നിർവഹിച്ചുകൊണ്ടു സത്യാനുഭൂതി നേടിയ ചന്ദ്രവംശചക്രവർത്തിയായിരുന്നു കുരു. അങ്ങനെയുള്ള മഹാത്മാവിന്റെ വംശത്തിൽപ്പിറന്ന അർജുനൻ സത്യവിവരണത്തിൽ ആനന്ദിക്കുകയും കൂടുതൽ കൂടുതൽ സത്യജിജ്ഞാസുവായിത്തീരുകയും ചെയ്യുന്നത് ആ വംശത്തിനു ചേർന്നതുതന്നെ എന്നു സൂചിപ്പിക്കുന്നതാണ് 'കുരുശ്രേഷ്ഠ' എന്ന സംബോധന.

വിഭൂതി വിസ്തരിക്കുന്നതിനോടൊപ്പം വിഭൂതിയെ ആശ്രയിച്ചുകൊണ്ടുള്ള ആത്മപ്രാപ്തിയെക്കുറിച്ചും വിശദമായി അറിയണമെന്നായിരുന്നല്ലോ അർജുനന്റെ ആഗ്രഹം. വിഭൂതിയെ ആശ്രയിച്ചു സദാ എങ്ങനെ വിചാരം ചെയ്യണം? ഏതേതു ഭാവങ്ങളിൽ ചിന്തിക്കണം? ഇതിനെല്ലാമുള്ള ഉത്തരമാണ് അടുത്ത പദ്യം. വിഭൂതി അനന്തമാണെങ്കിലും ഈ രീതിയിൽ ഈ ഭാവങ്ങളിൽ സദാ ചിന്തിക്കുമെങ്കിൽ എല്ലാ വിഭൂതികളുടെയും പൊരുൾ വെളിപ്പെട്ടുകിട്ടുമെന്നു പ്രസ്തുത പദ്യത്തിൽ സൂചിപ്പിക്കുന്നു:

digitized by www.sreyas.in

*20. അഹമാത്മാ ഗുഡാകേശ സർവഭൂതാശയസ്ഥിതഃ*
*അഹമാദിശ്ച മധ്യം ച ഭൂതാനാമന്ത ഏവ ച*

ഗുഡാകേശ - അല്ലയോ അർജുനാ; സർവഭൂതാശയസ്ഥിതഃ - എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ഉള്ളിൽ ഞാൻ, ഞാൻ എന്നിങ്ങനെ സ്വയം പ്രകാശിക്കുന്ന; ആത്മാ - അവയുടെ സ്വരൂപം; അഹം - ഞാനാകുന്നു; ഭൂതാനാം - പ്രപഞ്ചഘടകങ്ങളുടെ; ആദിഃ - ആരംഭവും; മധ്യം ച - മധ്യവും; അന്തഃ ച - അവസാനവും; അഹം ഏവ - ഞാൻ തന്നെയാണ്.

അല്ലയോ അർജുനാ, എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ഉള്ളിൽ ഞാൻ, ഞാൻ എന്നിങ്ങനെ സ്വയം പ്രകാശിക്കുന്ന അവയുടെ സ്വരൂപം ഞാനാകുന്നു. പ്രപഞ്ചഘടകങ്ങളുടെ ആരംഭവും മധ്യവും അവസാനവും ഞാൻ തന്നെയാകുന്നു.

## *അഹമാത്മാ*

പരമാത്മതത്വം തൽക്കാലം ബുദ്ധികൊണ്ടു ഗ്രഹിക്കാൻ കഴിയാത്തയാളാണ് ആരംഭത്തിൽ വിഭൂതിയോഗമഭ്യസിച്ചു മനസ്സിനെ ധ്യാനനിഷ്ഠമാക്കേണ്ടത്. വിഭൂതിയോഗമഭ്യസിക്കേണ്ടയാൾ ഭഗവാനെ സദാ എങ്ങനെ വിചാരം ചെയ്യണം? ഏതേതു ഭാവങ്ങളിൽ ചിന്തിക്കണം? ഈ രണ്ടു ചോദ്യങ്ങളാണ് അർജുനൻ പതിനേഴാം ശ്ലോകത്തിൽ ഉന്നയിച്ചത്. യഥാക്രമം ആ രണ്ടു ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങളാണു പ്രസ്തുത ശ്ലോകത്തിലെ പൂർവാർധവും ഉത്തരാർധവും. എങ്ങനെ ഭഗവാനെ വിചാരം ചെയ്യണം? എല്ലാ പ്രപഞ്ചഘടകങ്ങളുടെയും സ്വരൂപമായി വിചാരം ചെയ്യണം. ധ്യാനിച്ചുറപ്പിക്കാൻ അംഗീകരിക്കുന്ന വിഭൂതി എല്ലാ പ്രപഞ്ചഘടകങ്ങളിലും നിറഞ്ഞിരിക്കുന്ന പരമാത്മാവിന്റെ പ്രതീകമാണെന്നു വിചാരം ചെയ്തു സദാ ധ്യാനിക്കണം. കൃഷ്ണനെ വിഭൂതിയായി അംഗീകരിക്കുന്നയാൾ പ്രപഞ്ചം മുഴുവൻ കൃഷ്ണമയമാണെന്നു സദാ വിചാരം ചെയ്തു ധ്യാനിക്കേണ്ടതാണ്. അങ്ങനെയായാൽ വിഭൂതിയോഗാഭ്യാസം കൊണ്ടു തന്നെ കാമക്രോധമാത്സര്യാദി വികാരങ്ങളെയകറ്റി ചിത്തശുദ്ധി നേടാൻ കഴിയും. ഇനി ജഗത്തിന് ഉൽപ്പത്തി സ്ഥിതിനാശങ്ങളൊക്കെ കാണുന്നുണ്ടല്ലോ. ഈ ഭാവങ്ങൾ എങ്ങനെ പരിഹരിക്കാനാണ്? അതു സാരമില്ല. പ്രപഞ്ചഘടകങ്ങൾക്കു കാണുന്ന ജന്മസ്ഥിതിനാശാദിഭാവങ്ങളിലെല്ലാം താനംഗീകരിച്ചിരിക്കുന്ന വിഭൂതിയുടെ ലീലതന്നെ ഒരു സത്യാന്വേഷി ചിന്തിച്ചുറപ്പിക്കേണ്ടതാണ്. അങ്ങനെയായാൽ ഒന്നിന്റെയും ജന്മസ്ഥിതിനാശങ്ങളിൽ വികാരപ്പെ

digitized by www.sreyas.in

ടാനിടയാകാതെ ഇഷ്ടദേവതയിൽ മനസ്സുറച്ച് ഏകാഗ്രത വർധിക്കും. പ്രപഞ്ചത്തിന്റെ ആദിയും മധ്യവും അന്തവും ഭഗവാൻ തന്നെയാണ്. എന്തിനേറെ? എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ആത്മാവ് അതായതു സ്വരൂപംതന്നെയാണു ഭഗവാൻ. എല്ലാരിലും ഞാൻ, ഞാൻ, എന്നിങ്ങനെ സദാ സ്വയം പ്രകാശിച്ചനുഭവപ്പെടുന്ന വസ്തു ഭഗവാൻ തന്നെയായതുകൊണ്ട് ഉപാസിക്കാൻ ഏതു ഭഗവദ്വിഭൂതിയെ അംഗീകരിച്ചാലും ആ ഇഷ്ടദേവൻ തന്നെയാണ് എല്ലാ പ്രപഞ്ചഘടകങ്ങളുമായി കാണപ്പെടുന്നതെന്നു സദാ വിചാരം ചെയ്തുറപ്പിക്കേണ്ടതാണ്.

ഇങ്ങനെ വിഭൂതിയോഗത്തിന്റെ സൂക്ഷ്മമായ അഭ്യാസക്രമം വിവരിച്ചശേഷം ആർക്കും ഇഷ്ടംപോലെ തെരഞ്ഞെടുക്കാവുന്ന ഏതാനും വിഭൂതികളെ എണ്ണിയെണ്ണി പറയുകയാണു ഭഗവാൻ ഇരുപത്തിയൊന്നു മുതൽ മുപ്പത്തിയെട്ടുവരെയുള്ള ശ്ലോകങ്ങളിൽ:

*21. ആദിത്യാനാമഹം വിഷ്ണുർജ്യോതിഷാം രവിരംശുമാൻ*
*മരീചിർമരുതാമസ്മി നക്ഷത്രാണാമഹം ശശീ*

ആദിത്യാനാം - അദിതിപുത്രന്മാരായ പന്ത്രണ്ട് ആദിത്യന്മാരിൽ വച്ച്; അഹം വിഷ്ണുഃ - ഞാൻ വിഷ്ണുവാണ്; ജ്യോതിഷാം - തേജോമയങ്ങളായ ഗോളങ്ങളിൽ വച്ച്; അംശുമാൻ രവിഃ - എങ്ങും പ്രകാശകിരണങ്ങളോടുകൂടിയ രവി ഞാനാണ്; മരുതാം - ദേവന്മാരുടെ കൂട്ടത്തിൽ; മരീചിഃ അസ്മി - ഞാൻ മരീചിയാണ്; നക്ഷത്രാണാം - രാത്രിയിലെ തേജോഗോളങ്ങളുടെ കൂട്ടത്തിൽ; അഹം ശശീ - ഞാൻ ചന്ദ്രനാണ്.

അദിതിപുത്രന്മാരായ പന്ത്രണ്ട് ആദിത്യന്മാരിൽവച്ച് ഞാൻ വിഷ്ണുവാണ്. തേജോമയങ്ങളായ ഗോളങ്ങളിൽവച്ച് എങ്ങുംപ്രകാശകിരണങ്ങളോടുകൂടിയ രവി ഞാനാണ്. ദേവന്മാരുടെ കൂട്ടത്തിൽ ഞാൻ മരീചിയാണ്. രാത്രിയിലെ തേജോഗോളങ്ങളുടെ കൂട്ടത്തിൽ ഞാൻ ചന്ദ്രനാണ്.

## വിഷ്ണു, രവി, മരീചി, ശശി

ദക്ഷപുത്രിയായ അദിതിക്ക് മരീചിയുടെ മകനായ കശ്യപനിൽനിന്നുമുണ്ടായ പന്ത്രണ്ടു പുത്രന്മാരാണു ദ്വാദശാദിത്യന്മാർ. ധാതാവ്, മിത്രൻ, അര്യമാവ്, സൂര്യൻ, വരുണൻ, രുദ്രൻ, ഭഗൻ, വിവസ്വാൻ, പൂഷാവ്, സവിതാവ്, ത്വഷ്ടാവ്, വിഷ്ണു ഇവരാണു ദ്വാദശാദിത്യന്മാർ. ഭാരതത്തിലെ സംഭവ

digitized by www.sreyas.in

പർവത്തിന്റെ ആരംഭത്തിൽത്തന്നെ ദ്വാദശാദിത്യന്മാരുടെ ഉൽപ്പത്തി വിവരിച്ചിട്ടുണ്ട്. അവരിൽ ഏറ്റവും ഇളയവനാണു വിഷ്ണു. ഇളയവനായ വിഷ്ണു ഗുണാധിക്യമുള്ളവനാണെന്ന് ഇവരുടെ ഉൽപ്പത്തി വിവരിക്കുന്നയിടത്തു തന്നെ വ്യാസൻ വെളിപ്പെടുത്തിയിട്ടുണ്ട്. ജഗത്തുമുഴുവൻ ഭഗവദ്വിഭൂതിയാണെങ്കിലും ഒരു ഭക്തൻ ഗുണാധിക്യമുള്ളതിനെയാണല്ലോ ഇഷ്ടദേവതയായി തിരഞ്ഞെടുക്കുക. ആദിത്യന്മാരുടെ കൂട്ടത്തിൽ ബ്രഹ്മപ്രതീകമായി തിരഞ്ഞെടുക്കപ്പെടാവുന്ന വിഭൂതി വിഷ്ണുവാണെന്നു സാരം. പകൽ വെളിച്ചത്തിനു ഹേതുഭൂതനായ രവി തേജോഗോളങ്ങളിൽ ഗുണാധിക്യമുള്ളതാണെന്നു പറയേണ്ടതില്ലല്ലോ. അഗ്നി, ചന്ദ്രൻ ഇവർക്കൊക്കെ തേജസ്സു പകർന്നുകിട്ടുന്നതു സൂര്യനിൽ നിന്നാണ്. ഉപനിഷത്തുകളിൽ പലയിടത്തും ആദിത്യനെ ബ്രഹ്മപ്രതീകമായി അംഗീകരിച്ചിട്ടുമുണ്ട്. അംശുമാൻ എന്ന വിശേഷണം ഗുണാധിക്യം വെളിപ്പെടുത്തുന്നു. മരുത്തുക്കളിൽ വിഭൂതിയായി അംഗീകരിക്കാവുന്നതു മരീചിയെയാണ്. 'മരുത്ത്' എന്ന പദത്തിനു ദേവനെന്നും വായുവെന്നുമർഥമുണ്ട്. കൂടാതെ അസുരമാതാവായ ദിതിയുടെ നാൽപ്പത്തൊൻപതു മക്കൾക്കു മരുത്തുക്കൾ എന്നു പേരുണ്ട്. ഇവർ അസുരമാതാവിന്റെ മക്കളാണെങ്കിലും ഇന്ദ്രന്റെ മിത്രങ്ങളാണ്. പ്രസ്തുത പദ്യത്തിൽ മരുത്തുക്കളായി ഗണിച്ചിരിക്കുന്നത് ഇന്ദ്ര സഖാക്കളായ മരുത്തുക്കളെയാകാനേ തരമുള്ളു. സപ്തവായുക്കളിൽ മരീചി എന്നൊരാൾ കാണപ്പെടുന്നില്ല. ദേവന്മാരിൽവച്ചു വിഭൂതിയായി ഇന്ദ്രനെ അടുത്ത ശ്ലോകത്തിൽ തന്നെ അംഗീകരിക്കുന്നുമുണ്ട്. അപ്പോൾ ഇന്ദ്രസഖാക്കളും ദിതിപുത്രന്മാരുമായ മരുത്തുക്കളായിരിക്കണം ഇവിടെ മരുത്തുക്കൾ. സ്വസന്താനങ്ങളായ അസുരന്മാരെല്ലാം വധിക്കപ്പെട്ടപ്പോൾ ഇന്ദ്രനെ വധിക്കാൻ കരുത്തനായ ഒരു മകനുണ്ടാകണമെന്നു ദിതി, ഭർത്താവായ കശ്യപനോടിരന്നു. കശ്യപൻ അതനുവദിക്കുകയും കൃത്യമായ വ്രതചര്യ നിർദേശിക്കുകയും ചെയ്തു. ഇതറിഞ്ഞ ഇന്ദ്രൻ ദിതിയുടെ സേവകനായി അടുത്തകൂടി. വ്രതചര്യക്കു ലേശം ഭംഗം വന്നതോടെ ഇന്ദ്രൻ ദിതിയുടെ ഗർഭപാത്രത്തിൽ പ്രവേശിച്ച് അതിലുണ്ടായിരുന്ന കുഞ്ഞിനെ വജ്രംകൊണ്ട് ഏഴായി പിളർന്നു. കുഞ്ഞുങ്ങൾ നിലവിളിച്ചു. 'മാ രോദീഃ (കരയരുത്) എന്നു പറഞ്ഞുകൊണ്ട് ഇന്ദ്രൻ ഓരോരുത്തരെയും വീണ്ടും ഏഴേഴായി വിഭജിച്ചു. മരുത്തുക്കൾ എന്നു പേരും അവർക്കു വന്നുചേർന്നു. ദിതിയെ സമാധാനിപ്പിക്കാനായി ഇന്ദ്രൻ അവരെ സ്വപക്ഷത്തു ചേർത്തു. ഇവരെല്ലാം തോജോമയന്മാരാണ്. ഇവരിൽ ഗുണാധിക്യമുള്ള ഒരു മരുത്തായിരിക്കണം മരീചി. അഥവാ മരുത്തുക്കളുടെ പിതാ

digitized by www.sreyas.in

മഹനും സപ്തർഷിമാരിലൊരാളുമായ മരീചിതന്നെയാണോ ഇവിടെ ഗണിക്കപ്പെട്ടിരിക്കുന്നത്? കുലകൂടസ്ഥനെ കുലത്തിന്റെ വിഭൂതിയായി അംഗീകരിച്ചതാണോ? രാത്രികാലത്തെ ശോഭനമാക്കുന്ന തേജോഗോളങ്ങളിൽ പാലൊളിപ്പൂനിലാവിന്റെ പ്രഭവസ്ഥാനമായ ചന്ദ്രനാണു ഗുണാധിക്യമുള്ളതെന്ന് എടുത്തുപറയേണ്ട കാര്യമില്ലല്ലോ.

*22. വേദാനാം സാമവേദോ്സ്മി ദേവാനാമസ്മി വാസവഃ*
*ഇന്ദ്രിയാണാം മനശ്ചാസ്മി ഭൂതാനാമസ്മി ചേതനാ*

വേദാനാം - വേദങ്ങളുടെ കൂട്ടത്തിൽ; സാമവേദഃ അസ്മി - സാമവേദം ഞാനാണ്; ദേവാനാം - ദേവന്മാരിൽ; വാസവഃ അസ്മി - ഇന്ദ്രൻ ഞാനാണ്; ഇന്ദ്രിയാണാം; - ഇന്ദ്രിയങ്ങളിൽ; മനഃച അസ്മി - മനസ്സും ഞാനാണ്; ഭൂതാനാം - ജീവജാലങ്ങളിൽ; ചേതനാ - ജീവൻ; അസ്മി - ഞാൻ തന്നെ.

വേദങ്ങളുടെ കൂട്ടത്തിൽ സാമവേദം ഞാനാണ്. ദേവന്മാരിൽ ഇന്ദ്രൻ ഞാനാണ്; ഇന്ദ്രിയങ്ങളിൽ മനസ്സും ഞാനാണ്. ജീവജാലങ്ങളിൽ ജീവൻ ഞാൻ തന്നെ.

## *സാമം, ഇന്ദ്രൻ, മനസ്സ്, ചേതന*

ഋക്, യജുസ്സ്, സാമം, അഥർവം എന്നു നാലാണു വേദങ്ങൾ. അപ്പോൾ മൂന്നാമത്തേതാണു സാമം. ആദ്യം വേദങ്ങൾ മൂന്നേ ഉണ്ടായിരുന്നുള്ളു എന്നാണു പ്രസിദ്ധി. അതനുസരിച്ചു വേദങ്ങൾക്കെല്ലാം കൂടി 'ത്രയീ' എന്ന പേരും പ്രസിദ്ധമായിട്ടുണ്ട്. സാമവേദം മറ്റുള്ളവയേക്കാൾ പാപങ്ങളെ നശിപ്പിക്കാൻ കരുത്തുള്ളതാണ്. കൂടുതൽ സംഗീതാത്മകവുമാണ്. ഇന്ദ്രൻ ദേവന്മാരുടെ അധിപനാണ്. എട്ടു ദിക്പാലകന്മാരിൽ ഒരാൾ - കിഴക്കേ ദിക്കിന്റെ അധിപതി - യാഗങ്ങളിൽ പങ്കുകൊള്ളാൻ അധികാരിയാണ്; നൂറ് അശ്വമേധയാഗങ്ങൾ നടത്തി പവിത്രത നേടിയ ആളാണ്. ജ്ഞാനേന്ദ്രിയങ്ങളും കർമേന്ദ്രിയങ്ങളും മനസ്സും ചേർന്നു പതിനൊന്നാണിന്ദ്രിയങ്ങൾ. അതിൽ ജ്ഞാനകർമേന്ദ്രിയങ്ങളെ സർവഥാ നിയന്ത്രിക്കുന്നതു മനസ്സായതുകൊണ്ട് അതിനു വിഭൂതിത്വം നൽകിയിരിക്കുന്നു. മനസ്സിനെത്തന്നെ ബ്രഹ്മപ്രതീകമായി നിരന്തരം ഉപാസിക്കാവുന്നതാണ്. ജീവജാലങ്ങളുടെ അന്തക്കരണത്തിൽ പ്രതിബിംബിച്ചുനിന്ന് അവയെ പ്രവർത്തിപ്പിക്കുന്ന ചേതനാംശമാണു ജീവൻ. ചേതനാംശമില്ലെങ്കിൽ ജീവജാലങ്ങളുടെ പ്രവർത്തനം അപ്പാടേ നിലക്കുന്നതാണ്. ഗുണാധിക്യമുള്ള ഈ ചേതനയെത്തന്നെ ബ്രഹ്മപ്രതീകമായി ഉപാസിക്കാവുന്നതാണ്.

digitized by www.sreyas.in

*23. രുദ്രാണാം ശങ്കരശ്ചാസ്മി വിത്തേശോ യക്ഷരക്ഷസാം*
*വസൂനാം പാവകശ്ചാസ്മി മേരുഃ ശിഖരിണാമഹം*

രുദ്രാണാം - രുദ്രന്മാരുടെ കൂട്ടത്തിൽ; ശങ്കരഃ അസ്മി - ശങ്കരൻ ഞാനാണ്; യക്ഷരക്ഷസാം - യക്ഷന്മാരിലും രാക്ഷസന്മാരിലും; വിത്തേശഃ - ഞാൻ കുബേരനാണ്; വസൂനാം - വസുക്കളിൽ; പാവകഃ അസ്മി - അഗ്നി ഞാനാണ്; ശിഖരിണാം - പർവതങ്ങളിൽ; മേരുഃ അഹം - മേരു ഞാനാണ്.

രുദ്രന്മാരുടെ കൂട്ടത്തിൽ ശങ്കരൻ ഞാനാണ്. യക്ഷന്മാരിലും രാക്ഷസന്മാരിലും ഞാൻ കുബേരനാണ്. വസുക്കളിൽ അഗ്നി ഞാനാണ്. പർവതങ്ങളിൽ മേരു ഞാനാണ്.

## *ശങ്കരൻ, കുബേരൻ, അഗ്നി, മേരു*

രുദ്രന്മാർ പതിനൊന്നുപേരാണ്. ഇവരുടെ ഉത്ഭവത്തെക്കുറിച്ചു പുരാണങ്ങളിൽ ഭിന്നാഭിപ്രായങ്ങളാണു കാണുന്നത്. ജനനസമയത്തു സ്വയം രോദിക്കുകയും പിന്നീട് ദുഷ്ടന്മാരെ രോദിപ്പിക്കുകയും ചെയ്യുന്നവരായതുകൊണ്ടു രുദ്രന്മാർ എന്നറിയപ്പെടുന്നു. എന്തായാലും ശിവാംശമാണിവരിൽ കൂടുതൽ. ശങ്കരൻ അഥവാ ശിവൻ മറ്റു രുദ്രന്മാരുടെയെല്ലാം പൂർണ രൂപമായതുകൊണ്ടു ബ്രഹ്മപ്രതീകമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. യക്ഷന്മാരുടെയും രാക്ഷസന്മാരുടെയും നാഥനാണു കുബേരൻ. വിത്തേശൻ എന്ന പേരുതന്നെ സമ്പത്തിന്റെ മുഴുവൻ ഉടമസ്ഥനാണദ്ദേഹമെന്നു തെളിയിക്കുന്നു. ഒമ്പതു നിധികളുടെ ഉടമസ്ഥനാണ്. പുഷ്പകവിമാനവും അദ്ദേഹത്തിന്റെ വകയാണ്. വസുക്കളിൽ അഗ്നിയാണു ബ്രഹ്മവിഭൂതി. എട്ടുപേരാണു വസുക്കൾ. അവരിൽ അഗ്നി തേജസ്സിന്റെ ആധിക്യമുള്ളതുകൊണ്ടു ബ്രഹ്മവിഭൂതിയാകാൻ യോഗ്യനാണ്. മേരു സ്വർണപർവതമാണ്. അതിലെ താഴ്വരകൾ രത്നസഞ്ചയംകൊണ്ടു നിറഞ്ഞവയാണ്. ലോകങ്ങളെല്ലാം മേരുവിന്റെ ഭാഗങ്ങളാണ്. ഈ ഗുണവിശേഷങ്ങൾ പർവതങ്ങളിൽ മേരുവിനു മാത്രമേയുള്ളു.

*24. പുരോധസാം ച മുഖ്യം മാം വിദ്ധി പാർഥ ബൃഹസ്പതിം*
*സേനാനീനാമഹം സ്കന്ദഃ സരസാമസ്മി സാഗരഃ*

പാർഥ-അല്ലയോ അർജുനാ; പുരോധസാം - ആചാര്യന്മാരുടെ കൂട്ടത്തിൽ; മുഖ്യം ബൃഹസ്പതിം - പ്രഥമഗണനീയനായ വ്യാഴനെ; മാം വിദ്ധി-ഞാനായി അറിയുക; സേനാനീനാം-സേനാപതിമാരിൽ; സ്കന്ദഃ അഹം-സുബ്രഹ്മണ്യനാണു ഞാൻ; സരസാം-ജലാശയങ്ങളിൽ; സാഗരഃ ച അഹം-സമുദ്രവും ഞാൻ തന്നെ.

digitized by www.sreyas.in

അല്ലയോ അർജുനാ, ആചാര്യന്മാരുടെ കൂട്ടത്തിൽ പ്രഥമഗണീയനായ വ്യാഴനെ ഞാനായി അറിയുക. സേനാപതിമാരിൽ സുബ്രഹ്മണ്യൻ ഞാനാണ്. ജലാശയങ്ങളിൽ സമുദ്രവും ഞാൻ തന്നെ.

## ബൃഹസ്പതി, സ്കന്ദൻ, സാഗരം

ദേവഗുരുവാണു ബൃഹസ്പതി. വേദവിജ്ഞാനത്തിൽ തികഞ്ഞ പ്രാമാണികനാണിദ്ദേഹം. അസുരജയത്തിനായി ദേവന്മാർ ശിവനെ പ്രസാദിപ്പിച്ചപ്പോൾ ശിവനു പാർവതിയിൽ ജനിച്ച മകനാണു സ്കന്ദൻ. സ്കന്ദൻ ദേവസേനാധിപതിയായി വാഴിക്കപ്പെട്ടു. സ്കന്ദന്റെ സേനാധിപത്യത്തിൽ ദേവസൈന്യത്തിന് അതിവേഗം അസുരന്മാരെ ജയിക്കാൻ കഴിഞ്ഞു. ജലാശയങ്ങളിൽവച്ചു സാഗരമാണ് ബ്രഹ്മവിഭൂതി. സഗരപുത്രന്മാർ ഭൂമി കുഴിച്ചുണ്ടാക്കിയതായതുകൊണ്ടാണു സാഗരം എന്നു പേരുകിട്ടിയത്. മറ്റെല്ലാ ജലാശയങ്ങൾക്കും ജലം നൽകുന്നതു സാഗരമാണ്. നദികളുടെയെല്ലാം അഭയസ്ഥാനവും സാഗരമാണല്ലോ. അതുകൊണ്ടു സാഗരം ബ്രഹ്മവിഭൂതിയാകാൻ തികച്ചും യോഗ്യം തന്നെയാണ്.

*25. മഹർഷീണാം ഭൃഗുരഹം ഗിരാമസ്മ്യേകമക്ഷരം*
*യജ്ഞാനാം ജപയജ്ഞോഽസ്മി സ്ഥാവരാണാം ഹിമാലയഃ*

മഹർഷീണാം - മഹർഷിമാരിൽ; ഭൃഗുഃ അഹം - ഭൃഗു ഞാനാണ്; ഗിരാം - വാക്കുകളിൽ; ഏകം അക്ഷരം അസ്മി - 'ഓം' എന്ന ഏകാക്ഷരപദം ഞാനാകുന്നു; യജ്ഞാനാം - ചിത്തശുദ്ധിക്കായുള്ള യജ്ഞങ്ങളിൽ; ജപയജ്ഞഃ അസ്മി - ജപയജ്ഞം ഞാനാകുന്നു; സ്ഥാവരാണാം ഹിമാലയഃ - സ്ഥാവരദൃശ്യങ്ങളിൽ ഞാൻ ഹിമാലയമാകുന്നു.

മഹർഷിമാരിൽ ഭൃഗു ഞാനാണ്. വാക്കുകളിൽ 'ഓം' എന്ന ഏകാക്ഷരപദം ഞാനാകുന്നു. ചിത്തശുദ്ധിക്കായുള്ള യജ്ഞങ്ങളിൽ ജപയജ്ഞം ഞാനാകുന്നു; സ്ഥാവരദൃശ്യങ്ങളിൽ ഞാൻ ഹിമാലയമാകുന്നു.

## ഭൃഗു, ഓം, ജപം, ഹിമാലയം

സപ്തർഷിമാരിലൊരാളാണു ഭൃഗു. ബ്രഹ്മാവിന്റെ മാനസ്സപുത്രൻ. ഒരിക്കൽ മുനിമാർ ത്രിമൂർത്തികളിൽ കേമനാരെന്നു പരിശോധിക്കാൻ ഭൃഗുവിനെ നിയോഗിച്ചു. അദ്ദേഹത്തിന്റെ പരിശോധനയിൽ ബ്രഹ്മാവും ശിവനും മോശക്കാരെന്നു തെളിഞ്ഞു. വിഷ്ണുവിനെ പരീക്ഷിക്കാൻ മഹർഷി പാലാഴിയിലെത്തി. യോഗനിദ്രയിൽ ലയിച്ചിരുന്ന വിഷ്ണുവിന്റെ മാറത്തു മഹർഷി

digitized by www.sreyas.in

ഒന്നു ചവിട്ടി. ഉണർന്നപ്പോൾ 'അങ്ങയുടെ പാദം വേദനിച്ചുവോ' എന്നായിരുന്നു വിഷ്ണുവിന്റെ അന്വേഷണം. വിഷ്ണുവിന്റെ അസാധാരണമായ ക്ഷമാശക്തികണ്ടു ത്രിമൂർത്തികളിൽ കേമൻ വിഷ്ണുവാണെന്നു മഹർഷി പ്രഖ്യാപിച്ചു. ഭൃഗുവിന്റെ ചവിട്ടേറ്റ തഴമ്പ് ഭക്തവത്സലനായ ഭഗവാൻ ഇന്നും മാറിടത്തിൽ ധരിക്കുന്നു. അതാണ് 'ശ്രീവത്സം!' ഭൃഗുവിന്റെ ഗുണാധിക്യം വെളിപ്പെടുത്താൻ ഇതിലധികം എന്തുവേണം? വാക്കുകളിൽ 'ഓം' എന്ന ഏകാക്ഷരപദമാണു ബ്രഹ്മവിഭൂതി. പ്രപഞ്ചമുൾപ്പെടെയുള്ള പൂർണ ബ്രഹ്മമാണ്. 'ഓം'. ഓം ബ്രഹ്മപ്രതീകമാണെന്നു ഉപനിഷത്തുക്കൾ ഏകകണ്ഠമായി അംഗീകരിക്കുന്നു. 'ഓമിത്യേകാക്ഷരം ബ്രഹ്മ' എന്നു ഗീതതന്നെ എട്ടാമധ്യായം പതിമൂന്നാം പദ്യത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. സമ്പൂർണ സത്യം അർഥമായിട്ടുള്ള മറ്റൊരു ചെറിയ പദം ഇതുപോലെ ഇല്ലതന്നെ. ചിത്തശുദ്ധിക്കായുള്ള യജ്ഞങ്ങളിൽ ജപയജ്ഞമാണു ഭഗവാൻ. പണച്ചെലവോ പരിതസ്ഥിതിയോ നോക്കാതെ അനുഷ്ഠിക്കാവുന്നതാണീ യജ്ഞം. ചിത്തത്തെ അതിവേഗം ശുദ്ധീകരിച്ചു ജപയജ്ഞം സത്യത്തോടടുപ്പിക്കുന്നു. ശിവൻ തുടങ്ങി എത്രയെത്ര തപസ്വികളാണു ഹിമാലയത്തിൽ ധ്യാനനിഷ്ഠരായിരുന്നു സിദ്ധി നേടിയിട്ടുള്ളവർ. പാർവതീദേവിയുടെ പിതാവാണു ഹിമവാൻ. പണ്ടു പൃഥുചക്രവർത്തി ഗോരൂപം ധരിച്ച് ഭൂമിയിൽനിന്നു രത്നങ്ങളും ഔഷധികളും കറന്നെടുത്തതു ഹിമാലയത്തെ കന്നുക്കുട്ടിയാക്കിയാണ്. ദേവതാത്മാവായ ആ മഞ്ഞുമല നിരവധി തീർഥസ്ഥാനങ്ങളുടെയും ഋഷിവാടങ്ങളുടെയും സങ്കേതസ്ഥാനമാണ്. അതുകൊണ്ടു ഹിമാലയം ബ്രഹ്മവിഭൂതിയാകാൻ എല്ലാംകൊണ്ടും അർഹമായ സ്ഥാവരദൃശ്യമാണ്.

*26. അശ്വത്ഥഃ സർവവൃക്ഷാണാം ദേവർഷീണാം ച നാരദഃ*
*ഗന്ധർവാണാം ചിത്രരഥഃ സിദ്ധാനാം കപിലോ മുനിഃ*

സർവവൃക്ഷണാം അശ്വത്ഥഃ - എല്ലാ വൃക്ഷങ്ങളിലും വച്ച് അശ്വത്ഥമാണു ഞാൻ; ദേവർഷീണാം നാരദഃ ച - ദേവർഷിമാരിൽ നാരദനും ഞാനാണ്; ഗന്ധർവാണാം ചിത്രരഥഃ - ഗന്ധർവന്മാരിൽ ഞാൻ ചിത്രരഥനാണ്; സിദ്ധാനാം മുനിഃ കപിലഃ - സിദ്ധന്മാരിൽ മുനിയായ കപിലനാണു ഞാൻ.

എല്ലാ വൃക്ഷങ്ങളിലും വച്ച് അശ്വത്ഥമാണു ഞാൻ ദേവർഷിമാരിൽ നാരദനും ഞാനാണ്. ഗന്ധർവന്മാരിൽ ചിത്രരഥൻ ഞാനാണ്. സിദ്ധന്മാരിൽ മുനിയായ കപിലനാണു ഞാൻ.

75-2006 34

digitized by www.sreyas.in

## അശ്വത്ഥം, നാരദൻ, ചിത്രരഥൻ, കപിലൻ

ചിരഞ്ജീവി എന്നാണ് അശ്വത്ഥശബ്ദത്തിനർഥം. അരയാൽ മരമാണശ്വത്ഥം. പതിനഞ്ചാമധ്യായത്തിൽ ബ്രഹ്മത്തെ അശ്വത്ഥമായി ഭഗവാൻതന്നെ ചിത്രീകരിച്ചിട്ടുണ്ട്. അശ്വത്ഥത്തിന്റെ തണലിലിരുന്നു പലരും തപസ്സുചെയ്തു സത്യം കണ്ടെത്തുന്നതുകൊണ്ടു ബോധിവൃക്ഷമെന്നും ഇതിനു പേരുണ്ട്. ദേവന്മാരിൽ ഋഷിമാരായിത്തീരുന്നവരാണു ദേവർഷിമാർ. അവരിൽ മുഖ്യനാണു നാരദൻ. ബ്രഹ്മാവിന്റെ മാനസപുത്രനാണ്. ലോകത്തിനു സത്യബോധം പകരുന്നവൻ എന്നാണു 'നാരദ' പദത്തിനർഥം. നാരദൻ സദാ വീണയിൽ ഭഗവന്നാമം മുഴക്കിക്കൊണ്ടു ലോകമെങ്ങും സഞ്ചരിച്ചു സത്യാന്വേഷികളെ സഹായിച്ചുകൊണ്ടിരിക്കുന്നു. കശ്യപപുത്രനായ ഒരു ഗന്ധർവനാണു ചിത്രരഥൻ വിചിത്രഭംഗിയുള്ള രഥമുള്ളതുകൊണ്ടാണയാൾക്കീ പേരുകിട്ടിയത്. പാണ്ഡവന്മാരുടെ വനവാസകാലത്ത് അവരെ നശിപ്പിക്കാനായി കൗരവന്മാർ ജലാശയത്തിൽ വിഷം കലക്കിക്കൊണ്ടിരിക്കുമ്പോൾ ചിത്രരഥൻ അവരെ ബന്ധിച്ചു. എന്നാൽ ധർമപുത്രരുടെ നിയോഗപ്രകാരം അർജുനൻ ചിത്രരഥനെ തോൽപ്പിച്ചു കൗരവരെ മോചിപ്പിച്ചു. സാംഖ്യയോഗ പ്രവർത്തകനാണു കപിലമുനി. കർദമന്റെയും ദേവഹൂതിയുടെയും മകനാണ്. യജ്ഞാശ്വത്തെ തിരഞ്ഞു ചെന്ന സഗരപുത്രന്മാർ അദ്ദേഹത്തിന്റെ തപോവഹ്നിയിൽ എരിഞ്ഞു ചാമ്പലായി. കപിലനെ ഭഗവാന്റെ അവതാരമായി ഭാഗവതപുരാണം വിവരിക്കുന്നു. സിദ്ധികളെല്ലാം വശമായിട്ടുള്ളവരിൽ അദ്ദേഹം മുഖ്യനാണ്.

*27. ഉച്ചൈഃശ്രവസമശ്വാനാം വിദ്ധി മാമമൃതോദ്ഭവം*
*ഐരാവതം ഗജേന്ദ്രാണാം നരാണാം ച നരാധിപം*

അശ്വാനാം – കുതിരകളിൽ; അമൃതോത്ഭവം – പാലാഴിയിൽ നിന്ന് അമൃതിനോടൊപ്പം ആവിർഭവിച്ചു; ഉച്ചൈഃശ്രവസം – ഉച്ചൈശ്രവസിനെ; മാം വിദ്ധി – ഞാനാണെന്നറിയൂ; ഗജേന്ദ്രാണാം – ആനകളുടെ കൂട്ടത്തിൽ; അമൃതോത്ഭവം – അമൃതിനോടൊപ്പം പിറന്ന; ഐരാവതം – ഐരാവതം ഞാനാണെന്നറിയൂ; നരാണാം – മനുഷ്യരിൽ; നരാധിപം ച – രാജാവിനെയും ഞാനെന്നറിയൂ.

കുതിരകളിൽ പാലാഴിയിൽ നിന്ന് അമൃതിനോടൊപ്പം ആവിർഭവിച്ച ഉച്ചൈശ്രവസിനെ ഞാനാണെന്നറിയൂ. ആനകളുടെ കൂട്ടത്തിൽ അമൃതിനോടൊപ്പം പിറന്ന ഐരാവതം ഞാനാണെന്നറിയൂ. മനുഷ്യരിൽ രാജാവിനെയും ഞാനെന്നറിയൂ.

digitized by www.sreyas.in

## ഉച്ചൈഃശ്രവസ്, ഐരാവതം, നരാധിപൻ

ഇന്ദ്രന്റെ വാഹനമായ കുതിരയാണ് ഉച്ചൈശ്രവസ്. ഉയർന്ന ചെവികളുള്ളതും ശ്രേഷ്ഠമായ കീർത്തിയോടുകൂടിയതുമാണ് ഈ കുതിര. പാലാഴിമഥനത്തിൽ അമൃതിനോടൊപ്പം പൊന്തിവന്നു് എന്നതുതന്നെ ഇതു ഗുണാധിക്യമുള്ളതാണെന്നു വെളിപ്പെടുത്തുന്നു. ഇന്ദ്രന്റെ തന്നെ വാഹനമായ നാൽക്കൊമ്പനാനയാണ് ഐരാവതം. സമുദ്രത്തിൽ നിന്നുണ്ടായത് എന്നാണു പേരിന്റെ താൽപ്പര്യം. ഇതും പാലാഴിമഥനത്തിൽ അമൃതിനോടൊപ്പം പ്രത്യക്ഷപ്പെട്ടതാണ്. ഐരാവതത്തിന്റെ നിറം വെളുപ്പാണ്. പ്രജകളെ സ്വസന്താനങ്ങളെപ്പോലെ പരിരക്ഷിക്കുന്ന രാജാവ് ബ്രഹ്മാംശമുൾക്കൊള്ളുന്നവനാണെന്നു പറയേണ്ടതില്ലല്ലോ.

*28. ആയുധനാമഹം വജ്രം ധേനൂനാമസ്മി കാമധുക്*
*പ്രജനശ്ചാസ്മി കന്ദർപ്പഃ സർപ്പാണാമസ്മി വാസുകിഃ*

ആയുധാനാം - ആയുധങ്ങളിൽ; വജ്രം അഹം - വജ്രം ഞാനാകുന്നു; ധേനൂനാം - പശുക്കളിൽ; കാമധുക് അസ്മി - കാമധേനു ഞാനാകുന്നു; പ്രജനഃ - സന്താനങ്ങളെ ജനിപ്പിക്കുന്നു; കന്ദർപ്പഃ ച അസ്മി - കാമദേവനും ഞാൻ തന്നെ; സർപ്പാണാം വാസുകിഃ അസ്മി - സർപ്പങ്ങളിൽ വാസുകിയും ഞാനാകുന്നു.

ആയുധങ്ങളിൽ വജ്രം ഞാനാകുന്നു. പശുക്കളിൽ കാമധേനു ഞാനാകുന്നു. സന്താനങ്ങളെ ജനിപ്പിക്കുന്ന കാമദേവനും ഞാൻ തന്നെ. സർപ്പങ്ങളിൽ വാസുകിയും ഞാനാകുന്നു.

## വജ്രം, കാമധേനു, കന്ദർപ്പൻ, വാസുകി

ഇന്ദ്രന്റെ ആയുധമാണു വജ്രം. ഇതിന്റെ പ്രയോഗം ഒരിക്കലും നിഷ്ഫലമാകുന്നതല്ല. വൃത്രനെ വധിക്കാനായിട്ടാണ് ഇന്ദ്രൻ ഈ ആയുധം ആദ്യം ഉണ്ടാക്കിയത്. ദധീചി എന്ന മഹർഷിയിൽ നിന്ന് അസ്ഥി യാചിച്ചു വാങ്ങിയാണിതു നിർമിച്ചത്. സ്വർഗത്തിലെ പശുവാണു കാമധേനു. പാലാഴിമഥനത്തിൽ അമൃതിനോടൊപ്പമുണ്ടായത്. ഏതഭീഷ്ടവും ഈ പശു സാധിപ്പിക്കും. ഇതിന്റെ പാൽ കുടിച്ചാൽ ചിരകാലം ജരാനരാദി ദേഹക്ലേശങ്ങളൊക്കെ ഒഴിവാകും. ജീവികളിൽ സന്താനോൽപ്പത്തിക്കായി കാമേച്ഛയെ ജനിപ്പിക്കുന്ന ദേവനാണു കന്ദർപ്പൻ. പുഷ്പങ്ങളാണ് ഇദ്ദേഹത്തിന്റെ ബാണങ്ങൾ. കരിമ്പാണു വില്ല്. ശിവന്റെ തപസ്സ് വിഘ്നപ്പെടുത്താൻ ശ്രമിച്ചതിന്റെ ഫലമായി നെറ്റിക്കണ്ണിലെ തീജ്വാലയിൽ എരിഞ്ഞു ചാമ്പലായി, അന്നുമുതൽ അനം

digitized by www.sreyas.in

ഗനായി ജീവികളുടെ ഹൃദയങ്ങളിൽ കഴിഞ്ഞുപോരുന്നു. കശ്യപനു കദ്രുവിൽ ജനിച്ച പുത്രന്മാരാണു പാമ്പുകൾ. അഷ്ടനാഗങ്ങളാണിവരിൽ പ്രധാനികൾ. പാമ്പുകളെ ആകൃതിഭേദമനുസരിച്ചു ചിലതിനെ സർപ്പങ്ങളെന്നും മറ്റു ചിലതിനെ നാഗങ്ങളെന്നും വിളിക്കുന്നു. സർപ്പങ്ങളുടെ രാജാവാണ് വാസുകി. പാലാഴിമഥനത്തിൽ മന്ദരപർവതത്തിനു കയറായി വർത്തിച്ചതു വാസുകിയാണ്.

*29. അനന്തശ്ചാസ്മി നാഗാനാം വരുണോ യാദസാമഹം*
*പിതൃണാമര്യമാ ചാസ്മി യമഃ സംയമതാമഹം*

നാഗാനാം - നാഗങ്ങളിൽ; അനന്തഃ ച അസ്മി - അനന്തനും ഞാനാണ്; യാദസാം - ജലജീവികളിൽ; വരുണഃ അഹം - വരുണൻ ഞാനാകുന്നു; പിതൃണാം - പിതൃക്കളിൽ അര്യമാ - അര്യമാവ്; അസ്മി - ഞാനാകുന്നു; സംയമതാം - പ്രപഞ്ചഘടകങ്ങളെ നിയമനം ചെയ്യുന്നവരിൽ; യമഃ ച അഹം - യമൻ ഞാനാകുന്നു.

നാഗങ്ങളിൽ അനന്തനും ഞാനാണ്. ജലജീവികളിൽ വരുണൻ ഞാനാകുന്നു. പിതൃക്കളിൽ അര്യമാവ് ഞാനാകുന്നു. പ്രപഞ്ചഘടകങ്ങളെ നിയമനം ചെയ്യുന്നവരിൽ യമൻ ഞാനാകുന്നു.

## *അനന്തൻ, വരുണൻ, അര്യമാവ്, യമൻ*

നാഗങ്ങളുടെ രാജാവാണ് അനന്തൻ. വിഷ്ണുവിന്റെ ശയ്യ. ആയിരം തലയുള്ളവൻ. ഭൂമിയെ താങ്ങി നിറുത്തിയിരിക്കുന്നതും അനന്തനാണെന്നാണു പ്രസിദ്ധി. വെള്ളത്തിന്റെ അധിഷ്ഠാനദേവതയും സമുദ്രങ്ങളുടെയെല്ലാം അധിപതിയുമാണ് വരുണൻ. എട്ടു ദിക്പാലകന്മാരിൽ ഒരാൾ. പടിഞ്ഞാറേ ദിക്കിന്റെ അധിപതി. പിതൃക്കളുടെ രാജാവാണ് അര്യമാവ്. യമനും എട്ടു ദിക്പാലകന്മാരിൽ ഒരാളാണ്. തെക്കേദിക്കിന്റെ അധിപതി. സൂര്യന്റെ പുത്രൻ. ലോകത്തെ നിയമനം ചെയ്യുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.

*30. പ്രഹ്ലാദശ്ചാസ്മി ദൈത്യാനാം കാലഃ കലയതാമഹം*
*മൃഗാണാം ച മൃഗേന്ദ്രോഽഹം വൈനതേയശ്ച പക്ഷിണാം*

ദൈത്യാനാം - അസുരന്മാരിൽ; പ്രഹ്ലാദഃ ച അസ്മി - പ്രഹ്ലാദനും ഞാനാണ്; കലയതാം - പദാർഥങ്ങളെ ക്രമമനുസരിച്ച് എണ്ണി എണ്ണി മാറ്റുന്നവരിൽ; കാലഃ അഹം - കാലം ഞാനാണ്; മൃഗാണാം - മൃഗങ്ങളിൽ; മൃഗേന്ദ്രഃ അഹം

digitized by www.sreyas.in

– സിംഹം ഞാനാണ്; പക്ഷിണാം- പക്ഷികളിൽ; വൈനതേയഃ ച – വിനതാ പുത്രനായ ഗരുഡനും ഞാൻതന്നെ.

അസുരന്മാരിൽ പ്രഹ്ലാദനും ഞാനാണ്. പദാർഥങ്ങളെ ക്രമമനുസരിച്ച് എണ്ണി എണ്ണി മാറ്റുന്നവരിൽ കാലം ഞാനാണ്. മൃഗങ്ങളിൽ സിംഹം ഞാനാണ്. പക്ഷികളിൽ വിനതാപുത്രനായ ഗരുഡനും ഞാൻ തന്നെ.

## *പ്രഹ്ലാദൻ, കാലം, സിംഹം, ഗരുഡൻ*

അസുരചക്രവർത്തിയായിരുന്ന ഹിരണ്യകശിപുവിന്റെ പുത്രനായിരുന്നു പ്രഹ്ലാദൻ. അച്ഛന്റെ ആജ്ഞ വകവയ്ക്കാതെ നാരായണഭക്തനായി കഴിഞ്ഞുകൂടി നരസിംഹാവതാരത്തിനു ഹേതുഭൂതനായിത്തീർന്ന പ്രഹ്ലാദന്റെ കഥ പ്രസിദ്ധമാണല്ലോ. പ്രകൃതിയിൽ ഒളിഞ്ഞിരിക്കുന്ന പ്രപഞ്ചഘടകങ്ങളെ എണ്ണി എണ്ണി ഒന്നൊന്നായി പുറത്തു കൊണ്ടുവരുകയും തിരിച്ചൊളിച്ചു വീണ്ടും പുറത്തു കൊണ്ടുവരികയും ചെയ്യുന്ന ജോലിയാണു കാലത്തിന്റേത്. 'ഞാൻ കാലമാണ്' എന്നു പതിനൊന്നാമധ്യായത്തിലും ഭഗവാൻ പ്രഖ്യാപിച്ചിരിക്കുന്നു. കാലസ്വരൂപൻ എന്ന പേര് ഭഗവാനു പ്രസിദ്ധവുമാണ്. മൃഗങ്ങളുടെ രാജാവാണു സിംഹം. ആകൃതിയും പരാക്രമവുമെല്ലാം ആ രാജത്വത്തിനു ചേർന്നതാണ്. കശ്യപനു വിനതയിൽ ജനിച്ച പുത്രനാണു ഗരുഡൻ. ഗരുഡന്റെ ചിറകടിശബ്ദം സാമവേദഗാനമായി കരുതപ്പെടുന്നു. ദേവലോകത്തു ചെന്ന് അമൃതു കൊണ്ടുവന്നു സപത്നിയുമായി അമ്മയ്ക്കുണ്ടായിരുന്ന ദാസ്യം ഒഴിവാക്കി. വിഷ്ണുവിന്റെ വാഹനമാണു ഗരുഡൻ. ബ്രഹ്മപ്രതീകമാകാനുള്ള ഏറ്റവും വലിയ യോഗ്യത അതു തന്നെ.

*31. പവനഃ പവതാമസ്മി രാമഃ ശസ്ത്രഭൃതാമഹം*
*ഝഷാണാം മകരശ്ചാസ്മി സ്രോതസാമസ്മി ജാഹ്നവീ*

പവതാം – ലോകത്തെ ശുദ്ധീകരിച്ചു സദാ സഞ്ചരിക്കുന്നവരിൽ; പവനഃ അസ്മി – ഞാൻ കാറ്റാകുന്നു; ശസ്ത്രഭൃതാം – ആയുധം ധരിച്ചവരിൽ; രാമഃ അഹം – ദാശരഥിയായ രാമൻ ഞാനാകുന്നു. ഝഷാണാം – മത്സ്യങ്ങളിൽ; മകരഃ ച അസ്മി – മകരമത്സ്യം ഞാനാകുന്നു; സ്രോതാസാം – നദികളിൽ; ജാഹ്നവീ അസ്മി – ഗംഗ ഞാനാകുന്നു.

ലോകത്തെ ശുദ്ധീകരിച്ചു സദാ സഞ്ചരിക്കുന്നവരിൽ ഞാൻ കാറ്റാകുന്നു. ആയുധം ധരിച്ചവരിൽ ദാശരഥിയായ രാമൻ ഞാനാകുന്നു. മത്സ്യങ്ങളിൽ മകരമത്സ്യം ഞാനാകുന്നു. നദികളിൽ ഗംഗ ഞാനാകുന്നു.

digitized by www.sreyas.in

## പവനൻ, രാമൻ, മകരമത്സ്യം, ജാഹ്നവി

ലോകത്തിനു മുഴുവൻ പ്രാണൻ നൽകിയും ശുദ്ധീകരിച്ചും സദാ ചുറ്റിത്തിരിയുകയാണല്ലോ കാറ്റ്. ഇത്ര വലിയ ലോകസേവനം ചെയ്യുന്ന മറ്റാരുണ്ട്? ലോകഖണ്ഡകനായിരുന്ന രാവണനെ കൊന്നു മൂന്നു ലോകത്തെയും രക്ഷിച്ച അവതാരപുരുഷനാണു ദാശരഥിയായ രാമൻ. ആയുധം ധരിച്ച ഒരാൾക്കു ചെയ്യാവുന്ന മഹത്തായ കാര്യമായിരുന്നു അത്. മത്സ്യങ്ങളിൽ വച്ചു വലുതും ഗംഭീരാകൃതിയുള്ളതുമാണ് മകരമത്സ്യം. സഗരപുത്രന്മാരെ ശുദ്ധീകരിക്കാനായി ഭഗീരഥനാണു ഗംഗയെ ഭൂമിയിലേക്കു കൊണ്ടുവന്നത്. വരുംവഴി ഗംഗ ജഹ്നുമഹർഷിയുടെ യാഗശാലയെ വെള്ളത്തിൽ മുക്കാനൊരുങ്ങി. കോപിഷ്ഠനായ മുനി ഗംഗയെ മുഴുവൻ ഉള്ളം കൈയിലാക്കി പാനം ചെയ്തു. തുടർന്നു ഭഗീരഥന്റെ പ്രാർഥനയനുസരിച്ചു ചെവിയിൽക്കൂടി പുറത്തേക്കയച്ചു. അന്നുമുതൽ ഗംഗ ജാഹ്നവിയെന്നു പ്രസിദ്ധയായി. ഗംഗ വിഷ്ണുവിന്റെ പാദത്തിൽ നിന്നുത്ഭവിക്കുന്നു. ശിവൻ ഗംഗയെ തലയിൽ വഹിക്കുന്നു. ഗംഗയെ സ്പർശിക്കുന്ന ആർക്കും പാപം അകന്നു കിട്ടുന്നു.

*32. സർഗാണാമാദിരന്തശ്ച മധ്യം ചൈവാഹമർജുന*
*അധ്യാത്മവിദ്യാ വിദ്യാനാം വാദഃ പ്രവദതാമഹം*

അർജുന - അല്ലയോ അർജുനാ; സർഗാണാം - പലവിധ പ്രപഞ്ചസൃഷ്ടികളുടെ; ആദിഃ അന്തഃ മധ്യം ച - തുടക്കവും ഒടുക്കവും നടുവും; അഹം ഏവ - ഞാൻ തന്നെയാണ്; വിദ്യാനാം അധ്യാത്മവിദ്യാ - വിദ്യകളിൽ ആധ്യാത്മവിദ്യ ഞാനാകുന്നു; പ്രവദതാം - പലതരം വാദങ്ങളിൽ ഏർപ്പെടുന്നവരിൽ; വാദഃ അഹം - വാദം ഞാനാകുന്നു.

അല്ലയോ അർജുനാ, പലവിധ പ്രപഞ്ചസൃഷ്ടികളുടെ തുടക്കവും ഒടുക്കവും നടുവും ഞാൻ തന്നെയാണ്. വിദ്യകളിൽ അധ്യാത്മവിദ്യ ഞാനാകുന്നു. പലതരം വാദങ്ങളിൽ ഏർപ്പെടുന്നവരിൽ വാദം ഞാനാകുന്നു.

## സൃഷ്ടി, അധ്യാത്മവിദ്യ, വാദം

വിഭൂതികളിൽ ഭഗവത് സ്വരൂപമാണെന്നു വിവരിക്കുന്നതു വസ്തു ഒന്നേയുള്ളു എന്നു കണ്ടെത്താനുള്ള പ്രാരംഭമായിട്ടാണല്ലോ. പക്ഷേ, വിവരിക്കപ്പെടുന്ന വിഭൂതികളെല്ലാം ഉണ്ടായിമറയുന്ന കാഴ്ചകളായിട്ടാണല്ലോ

digitized by www.sreyas.in

കാണപ്പെടുന്നത്. അവയെങ്ങനെ പരമാത്മതത്വമാകാൻ പറ്റുമെന്നു സംശയം വരാം. ആ സംശയം തീർക്കാനും കൂടിയാണ് ഏതു സൃഷ്ടിയുടെയും തുടക്കവും ഒടുക്കവും നടുവും ഞാൻ തന്നെയാണെന്നു പറഞ്ഞിരിക്കുന്നത്. അധ്യാത്മവിദ്യ പ്രപഞ്ചത്തിന്റെ പരമസത്യം കാട്ടിത്തരുന്നു. സത്യത്തെ തിരയുന്നവയാണല്ലോ വിദ്യകൾ. അങ്ങനെയാണെങ്കിൽ വിദ്യകളിൽവച്ച് ആധ്യാത്മികവിദ്യക്കുതന്നെയാണു ശ്രേഷ്ഠത. വാദം, ജൽപ്പം, വിതണ്ഡാ എന്നു വാദം മൂന്നു വിധമുണ്ട്. പരസ്പരം സംശയം തീർന്ന് അർഥ നിർണയത്തിനുപകരിക്കുന്നതാണു വാദം. പരമതത്വത്തെ ദുഷിച്ചു യുക്തികൊണ്ടു സ്വമതം സ്ഥാപിക്കുന്നതാണു ജൽപ്പം. തനിക്കു രക്ഷയില്ലെന്നു കണ്ടു കുയുക്തികളിലൂടെ മുട്ടാപ്പിടി നടത്തുന്നതാണു വിതണ്ഡാ. ഇവയിൽ പരസ്പരം അർഥനിർണയത്തിനുപകരിക്കുന്നതുകൊണ്ടു വാദം ശ്രേഷ്ഠമെന്നു പറയേണ്ടതില്ലല്ലോ.

*33. അക്ഷരാണാമകാരോഽസ്മി ദ്വന്ദ്വഃ സാമാസികസ്യ ച*
*അഹമേവാക്ഷയഃ കാലോ ധാതാഹം വിശ്വതോമുഖഃ*

അക്ഷരാണാം - അക്ഷരങ്ങളിൽ; അകാരഃ അസ്മി - 'അ' എന്ന അക്ഷരം ഞാനാകുന്നു; സാമാസികസ്യ - സമാസങ്ങളുടെ കൂട്ടത്തിൽ ദ്വന്ദ്വ ച - ദ്വന്ദ്വ സമാസവും ഞാൻ തന്നെ; അക്ഷയഃ കാലഃ - ഒരിക്കലുമൊടുങ്ങാത്ത കാലം; അഹം ഏവ - ഞാൻ തന്നെ; വിശ്വതോമുഖഃ - നാലുഭാഗത്തും മുഖങ്ങളുള്ള; ധാതാ അഹം - ബ്രഹ്മാവ് ഞാനാകുന്നു.

അക്ഷരങ്ങളിൽ 'അ' എന്ന അക്ഷരം ഞാനാകുന്നു. സമാസങ്ങളുടെ കൂട്ടത്തിൽ ദ്വന്ദ്വസമാസവും ഞാൻ തന്നെ. ഒരിക്കലും ഒടുങ്ങാത്ത കാലം ഞാൻ തന്നെ. നാലുഭാഗത്തും മുഖങ്ങളുള്ള ബ്രഹ്മാവ് ഞാനാകുന്നു.

## *അകാരം, ദ്വന്ദ്വം, കാലം, ബ്രഹ്മാവ്*

മൂലസ്വരവും ആദ്യത്തെ അക്ഷരവുമാണ് അകാരം. വിഷ്ണുവിന്റെ പര്യായവുമാണ് അഃ. സമാസങ്ങളിൽ ഘടകപദങ്ങൾക്കെല്ലാം ഒരുപോലെ പ്രാധാന്യമുള്ളതാണ് ദ്വന്ദ്വസമാസം. സർവത്ര സമപ്രാധാന്യമാണല്ലോ ഭഗവത്തത്ത്വ രഹസ്യം. പദാർഥങ്ങളെ ഒന്നൊന്നായി എണ്ണി മാറ്റുന്നവരുടെ കൂട്ടത്തിൽ ഞാൻ കാലമാണെന്നു മുപ്പതാം പദ്യത്തിൽ പറഞ്ഞു. അക്ഷയത്വം എന്ന ഗുണം നിമിത്തവും ഞാൻ കാലമാണെന്നു വീണ്ടും പറയുന്നു, അചിന്ത്യമായ കാലത്തിന്റെ പല തരത്തിലുള്ള പ്രഭാവം കാണിക്കാനാണ് ഈ ആവർത്തനം. വിഷ്ണുവിന്റെ നാഭീപത്മത്തിൽ രൂപംകൊണ്ട സൃഷ്ടി

digitized by www.sreyas.in

കർത്താവാണല്ലോ ബ്രഹ്മാവ്. എല്ലാം നോക്കാൻ കഴിവുള്ള സർവജ്ഞത്വ സൂചകമായ സർവതോമുഖത്വമാണ് അദ്ദേഹത്തിന്റെ പ്രഭാവം.

*34. മൃത്യുഃ സർവഹരശ്ചാഹമുദ്ഭവശ്ച ഭവിഷ്യതാം*
*കീർത്തിഃ ശ്രീർവാക് ച നാരീണാം സ്മൃതിർമേധാ ധൃതിഃ ക്ഷമാ*

സർവഹരഃ - എല്ലാറ്റിനെയും നശിപ്പിക്കുന്ന: മൃത്യുഃ ച - മരണവും; അഹം - ഞാനാകുന്നു; ഭവിഷ്യതാം - ജനിക്കാൻ തുടങ്ങുന്നവയുടെ; ഉദ്ഭവഃ ച - ജനനവും ഞാൻ തന്നെ; നാരീണാം - സ്ത്രീകളിൽ; കീർത്തിഃ, ശ്രീഃ, വാക്, സ്മൃതിഃ, മേധാധൃതിഃ, ക്ഷമാ ച - കീർത്തി, ശ്രീ, വാക്ക്, സ്മരണ, ബുദ്ധി, ധൈര്യം, ക്ഷമ എന്നിവയും ഞാൻ തന്നെയാണ്.

എല്ലാറ്റിനെയും നശിപ്പിക്കുന്ന മരണവും ഞാനാകുന്നു. ജനിക്കാൻ തുടങ്ങുന്നവയുടെ ജനനവും ഞാൻ തന്നെ. സ്ത്രീകളിൽ കീർത്തി, ശ്രീ, വാക്ക്, സ്മരണ, ബുദ്ധി, ധൈര്യം, ക്ഷമ എന്നിവയും ഞാൻ തന്നെയാണ്.

## *മരണം, ജനനം, സ്ത്രീഗുണങ്ങൾ*

മരണവും ജനനവും പോലെ അത്ഭുതകരങ്ങളായ മറ്റു കാര്യങ്ങൾ ഈ ലോകത്തുണ്ടെന്നു തോന്നുന്നില്ല. വസ്തുക്കളുടെ ഉൽപ്പത്തിനാശങ്ങളായാണിവയെ സാധാരണക്കാർ കാണുന്നത്. വാസ്തവത്തിൽ ഏതോ ഒന്നിന്റെ രൂപസ്വീകാരവും രൂപപരിത്യാഗവും മാത്രമാണു ജനനവും മരണവും. അങ്ങനെ രൂപം സ്വീകരിച്ചും ഉപേക്ഷിച്ചും കളിയാടുന്ന വസ്തുവാണു പരമാത്മാവ്. ജനനമരണങ്ങളുടെ സൂക്ഷ്മസ്ഥിതി വിചാരം ചെയ്തറിയുന്നവർക്ക് എളുപ്പത്തിൽ വസ്തുബോധമുണ്ടാകുന്നതാണ്. അതുകൊണ്ടാണവയെ ഭഗവദ്വിഭൂതികളായി അംഗീകരിച്ചിരിക്കുന്നത്. സ്ത്രീകൾ ഗുണവതികളായാൽ ലോകം അതിവേഗം സത്യത്തോടടുക്കും. അതുകൊണ്ടാണു സ്ത്രീഗുണങ്ങളെ വിഭൂതികളായി ഗണിച്ചിരിക്കുന്നത്. സ്വധർമനിഷ്ഠയിൽ നിന്നുണ്ടാകുന്ന പ്രശസ്തിയാണു കീർത്തി. ആത്മതേജസ്സാണു ശ്രീ. സത്യവും ഹിതവും മധുരവുമായുള്ള സംഭാഷണമാണു വാക്ക്. നല്ല കാര്യങ്ങൾ ഓർമിച്ചുവയ്ക്കാനുള്ള കഴിവാണു സ്മരണ. സന്ദർഭാനുസരണം കാര്യാകാര്യങ്ങളെ വിവേചനം ചെയ്യാനുള്ള കഴിവാണു ബുദ്ധി. ഏതു പരിതസ്ഥിതിയെയും പതറാതെ നേരിടാനുള്ള കഴിവാണു ധൈര്യം. എന്തും സഹിക്കാനുള്ള മിടുക്കാണു ക്ഷമ.

*35. ബൃഹത്സാമ തഥാ സാമ്നാം ഗായത്രീ ഛന്ദസാമഹം*
*മാസാനാം മാർഗശീർഷോഽഹമൃതൂനാം കുസുമാകരഃ*

digitized by www.sreyas.in

തഥാ - അതുപോലെ; സാമ്നാം - സാമവേദത്തിലെ ഗാനങ്ങളിൽ; ബൃഹത്സാമ - 'ബൃഹത്സാമ' എന്നറിയപ്പെടുന്ന ഗാനം ഞാനാണ്. ഛന്ദസാം - ഛന്ദോനിബദ്ധങ്ങളായ മന്ത്രങ്ങളിൽ; ഗായത്രീ അഹം - ഗായത്രീമന്ത്രം ഞാനാണ്. മാസാനാം - മാസങ്ങളിൽ; മാർഗശീർഷഃ അഹം - മാർഗശീർഷ മാസം ഞാനാണ്; ഋതൂനാം - ഋതുക്കളിൽ; കുസുമാകരഃ - വസന്തഋതു; അഹം - ഞാൻ തന്നെ.

സാമവേദത്തിലെ ഗാനങ്ങളിൽ 'ബൃഹത്സാമ' എന്നറിയപ്പെടുന്ന ഗാനം ഞാനാണ്. ഛന്ദോനിബദ്ധങ്ങളായ മന്ത്രങ്ങളിൽ ഗായത്രീമന്ത്രം ഞാനാണ്. മാസങ്ങളിൽ മാർഗശീർഷമാസം ഞാനാണ്. ഋതുക്കളിൽ വസന്തഋതു ഞാൻ തന്നെ.

## *ബൃഹത്സാമ, ഗായത്രീ, മാർഗശീർഷം, വസന്തഋതു*

വേദങ്ങളിൽ സാമവേദം ഭഗവദ്വിഭൂതിയാണെന്നു നേരത്തേ പറഞ്ഞു. സാമവേദം ഗാനങ്ങളുടെ ഒരു സമാഹാരമാണ്. അതിലെ പ്രസിദ്ധമായ ഒരു ഗാനമാണു ബൃഹത്സാമ. മറ്റു ഗാനങ്ങളെ അപേക്ഷിച്ച് ഇതു കൂടുതൽ പരമാത്മപ്രതിപാദകമാണ്. ബ്രാഹ്മണർ സന്ധ്യാവന്ദനത്തിനുപയോഗിക്കുന്ന പ്രസിദ്ധമായ ഒരു വൈദികമന്ത്രമാണു ഗായത്രി. സൂര്യ സംബന്ധിയാണീ മന്ത്രം. ഒരു പ്രത്യേക വൃത്തത്തിൽ ഗാനാത്മകമായി ഇതു രചിക്കപ്പെട്ടിരിക്കുന്നു. ഗാനം ചെയ്യുന്നവനെ ത്രാണനം ചെയ്യുന്നതാണു ഗായത്രി. ചൈത്രാദി ചാന്ദ്രമാസങ്ങളിൽ ഒമ്പതാമത്തേതാണു മാർഗശീർഷം. വസന്തഋതു പൂക്കളുടെയെല്ലാം കലവറയായതുകൊണ്ടുതന്നെ അതിന്റെ ഗുണമഹിമ ഊഹിക്കാവുന്നതാണല്ലോ.

*36. ദ്യൂതം ഛലയതാമസ്മി തേജസ്തേജസ്വിനാമഹം*
*ജയോഽസ്മി വ്യവസായോഽസ്മി സത്വംസത്വവതാമഹം*

ഛലയതാം - പരസ്പരം കളിപ്പിക്കാൻ ശ്രമിക്കുന്നവരിൽ; ദ്യൂതം അസ്മി - ചൂതുകളി ഞാനാകുന്നു; തേജസ്വിനാം - തേജസ്വികളിൽ; തേജഃ അഹം - തേജസ്സു ഞാനാണ്; ജയഃ അസ്മി - ജയം ഞാനാണ്; വ്യവസായഃ - അധ്വാനശീലം; അസ്മി - ഞാനാണ്; സത്വവതാം - പുരുഷശാലികളിലെ; സത്വം അഹം - പൗരുഷം ഞാനാണ്.

പരസ്പരം കളിപ്പിക്കാൻ ശ്രമിക്കുന്നവരിൽ ചൂതുകളി ഞാനാണ്. തേജസ്വികളിൽ തേജസ്സു ഞാനാണ്. ജയം ഞാനാണ്. അധ്വാനശീലം ഞാനാണ്. പൗരുഷശാലികളിലെ പൗരുഷം ഞാനാണ്.

digitized by www.sreyas.in

## ചൂത്, തേജസ്സ്, ജയം, വ്യവസായം, സത്വം

ഏതു രംഗത്തായാലും സാമർത്ഥ്യം ഈശ്വരശക്തിയുടെ പ്രകടരൂപമാണ്. വഴിതെറ്റിയ രംഗത്തായാലും ചൂതുകളിയിലെ പല കാപട്യങ്ങളും പ്രയോഗിച്ച് എതിരാളിയെ തോൽപ്പിക്കാൻ അതിസാമർത്ഥ്യം ആവശ്യമാണ്. ധർമപുത്രരും നളനുംപോലും ചൂതിൽ തോറ്റത് എതിരാളികളുടെ സാമർത്ഥ്യം കൊണ്ടാണല്ലോ. ആജ്ഞാശക്തിയും കാര്യഗൗരവവും ഗാംഭീര്യവുമാണ് തേജസ്സിന്റെ പ്രകടരൂപങ്ങൾ. തേജസ്വികളിൽ ഈ ഭാവങ്ങൾക്കും ഹേതുവായി വർത്തിക്കുന്ന തേജസ്സ് ഭഗവദ്വിഭൂതിയാണ്. ഭഗവദാനുകൂല്യമില്ലാതെ ആർക്കും ജയം സാധ്യമല്ല. നിശ്ചയപൂർവമായ അധ്വാനശീലം അഥവാ വ്യവസായം ഉണ്ടെങ്കിൽ മനുഷ്യന് ഏതു നിലയിലേക്കും ഉയരാം. പൗരുഷം, ഈശ്വരേച്ഛ നിറവേറ്റാൻ ഭഗവാൻ തന്നെ അനുഗ്രഹിച്ചരുളുന്ന കഴിവാണ്. പൗരുഷത്തെ ആ നിലയിൽ കാണുന്നവനാണു ബുദ്ധിമാൻ.

*37. വൃഷ്ണീനാം വാസുദേവോഽസ്മി പാണ്ഡവാനാം ധനഞ്ജയഃ*
*മുനീനാമപ്യഹം വ്യാസഃ കവീനാമുശനാ കവിഃ*

വൃഷ്ണീനാം - വൃഷ്ണിവംശജന്മാരിൽ; വാസുദേവഃ അസ്മി - വസുദേവ പുത്രനായ കൃഷ്ണനാണു ഞാൻ; പാണ്ഡവാനാം - പാണ്ഡുപുത്രന്മാരിൽ; ധനഞ്ജയഃ - അർജുനൻ ഞാനാണ്; മുനീനാം - സത്യം മനനം ചെയ്യുന്നവരുടെ കൂട്ടത്തിൽ; വ്യാസഃ അപി അഹം - വ്യാസനും ഞാൻ തന്നെ; കവീനാം - ക്രാന്തദർശികളായ ശാസ്ത്രജ്ഞന്മാരിൽ; കവിഃ ഉശനാഃ - സൂക്ഷ്മദൃക്കായ ശുക്രാചാര്യൻ ഞാനാണ്.

വൃഷ്ണിവംശജന്മാരിൽ വസുദേവപുത്രനായ കൃഷ്ണനാണു ഞാൻ. പാണ്ഡുപുത്രന്മാരിൽ അർജുനൻ ഞാനാണ്. സത്യം മനനം ചെയ്യുന്നവരുടെ കൂട്ടത്തിൽ വ്യാസനും ഞാൻ തന്നെ. ക്രാന്തദർശികളായ ശാസ്ത്രജ്ഞന്മാരിൽ സൂക്ഷ്മദൃക്കായ ശുക്രാചാര്യൻ ഞാനാണ്.

## വാസുദേവൻ, ധനഞ്ജയൻ, വ്യാസൻ, ശുക്രാചാര്യൻ

യദുവംശത്തിലെ കൃഷ്ണന്റെ ഒരു പൂർവികനാണു വൃഷ്ണി. അങ്ങനെ യദുവംശത്തിനു വൃഷ്ണിവംശമെന്നും പേരുണ്ടായി. കൃഷ്ണൻ ഞാനാണ് എന്നു പറയുന്നതുകൊണ്ടുതന്നെ പരമാത്മഭാവത്തിൽ വർത്തിച്ചുകൊണ്ടാണു താൻ അർജുനനോടു സംസാരിക്കുന്നതെന്നു ഭഗവാൻ വ്യക്തമാക്കിയിരിക്കുന്നു. പാണ്ഡവന്മാരിൽ അർജുനൻ ഞാൻതന്നെ എന്ന

digitized by www.sreyas.in

പ്രസ്താവംകൊണ്ട് അർജുനനു ബ്രഹ്മസാക്ഷാൽക്കാരം മറ്റുള്ളവരെക്കാൾ സുഗമമാണെന്നു സൂചിപ്പിച്ചിരിക്കുന്നു. തന്റെ സമകാലീനനായ വ്യാസന്റെ മഹത്വം ഭഗവാൻ അന്നേ അറിഞ്ഞിരുന്നു എന്നാണ് വ്യാസനെ ഭഗവദ്വിഭൂതിയായി പ്രഖ്യാപിച്ചിരിക്കുന്നതിന്റെ സാരം. അസുരഗുരുവായ ശുക്രൻ ക്രാന്തദർശിയായ കവിയാണ്. വാമനനായി മഹാബലിയെ സമീപിച്ച ഭഗവാനെ മുൻകൂട്ടിയറിയാൻ ശുക്രനു പ്രയാസമുണ്ടായില്ല.

*38. ദണ്ഡോ ദമയതാമസ്മി നീതിരസ്മി ജിഗീഷതാം*
*മൗനം ചൈവാസ്മി ഗുഹ്യാനാം ജ്ഞാനം ജ്ഞാനവതാമഹം*

ദമയതാം – ജീവികളെ നില്യ്ക്കുനിറുത്താൻ കടമപ്പെട്ടവരിൽ; ദണ്ഡഃ അസ്മി – ശിക്ഷിക്കൽ ഞാനാണ്; ജിഗീഷതാം – വിജയം കൊതിക്കുന്നവർക്ക്; നീതിഃ അസ്മി – ധർമബോധം ഞാനാണ്; ഗുഹ്യാനാം – രഹസ്യങ്ങൾക്ക്; മൗനം ഏവ ച അസ്മി – മൗനംതന്നെയാണ് ഞാൻ; ജ്ഞാനവതാം – തത്വം അറിയുന്നവരിൽ; ജ്ഞാനം അഹം – അറിവ് ഞാൻ തന്നെ.

ജീവികളെ നിലയ്ക്കുനിറുത്താൻ കടമപ്പെട്ടവരിൽ ശിക്ഷിക്കൽ ഞാനാണ്. വിജയം കൊതിക്കുന്നവർക്കു ധർമബോധം ഞാനാണ്. രഹസ്യങ്ങൾക്കു മൗനം തന്നെയാണു ഞാൻ; തത്വം അറിയുന്നവരിൽ അറിവു ഞാൻ തന്നെ.

## *ദണ്ഡം, നീതി, മൗനം ജ്ഞാനം*

ജീവികളെ നിയന്ത്രിക്കാൻ കടമപ്പെട്ട് ഭരണാധികാരികൾ കുറ്റം ചെയ്യുന്നവർക്കായി പലതരം ശിക്ഷാവിധികൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവ സമൂഹത്തെയും കുറ്റം ചെയ്യുന്ന വ്യക്തിയെയും ഒരുപോലെ നേർമാർഗത്തിൽ ചരിക്കാൻ സഹായിക്കുന്നു. ധർമബോധം കൊണ്ടല്ലാതെ ജീവിതത്തിൽ ഒരു രംഗത്തും അന്തിമമായ വിജയം സാധ്യമല്ല. അധർമം ചിലപ്പോൾ ആരംഭത്തിൽ വിജയിച്ചു എന്നുവരാം. കൗരവന്മാരും പാണ്ഡവന്മാരും തന്നെ ഈ നിയമത്തിനു ദൃഷ്ടാന്തമാണ്. മൗനം രഹസ്യങ്ങളെ എന്നും രഹസ്യമായിത്തന്നെ സൂക്ഷിക്കുന്ന. രഹസ്യഗോപനത്തിലൂടെ മൗനം ആപത്തുകളിൽ നിന്നു രക്ഷിക്കുന്നു. തത്വം പരമാത്മാവാണല്ലോ. പരമാത്മാവിനെക്കുറിച്ചുള്ള അറിവ് പരമാത്മനിഷ്ഠക്കു ഹേതുവായി ഭവിക്കുന്നു.

ഇങ്ങനെ മുപ്പത്തെട്ടാം പദ്യം വരെ സാധാരണ ദൃഷ്ടികൾക്കംഗീകാര്യമായി തോന്നാവുന്ന വിഭൂതികളെ പ്രത്യേകം പ്രത്യേകം എടുത്തുകാട്ടിയ

digitized by www.sreyas.in

ശേഷം വിഭൂതിരഹസ്യം വെളിപ്പെടുത്തുകയാണു് ഭഗവാൻ അടുത്ത പദ്യത്തിൽ:

*39. യച്ചാപി സർവഭൂതാനാം ബീജം തദഹമർജുന*
*ന തദസ്തി വിനാ യത് സ്യാന്മയാ ഭൂതം ചരാചരം*

അർജുന – അല്ലയോ അർജുനാ; അപി ച – ഇനിയും; സർവഭൂതാനാം ബീജം യത് – സകല പ്രപഞ്ചഘടകങ്ങളുടെയും ആദികാരണമേതോ; തത് അഹം – അതു ഞാനാണ്; മയാ വിനാ – എന്റെ സാന്നിധ്യം കൂടാതെ; ഭൂതം – ഉണ്ടായതായ; ചരാ ചരം യത് സ്യാത് തത് – ചരമോ അചരമോ ആയ ഒന്നുണ്ടായിരിക്കാം എന്നത്; ന അസ്തി – ഇല്ലേയില്ല.

അല്ലയോ അർജുനാ, ഇനിയും സകലപ്രപഞ്ചഘടകങ്ങളുടെയും ആദികാരണമേതോ അതു ഞാനാണ്. എന്റെ സാന്നിധ്യം കൂടാതെ ഉണ്ടായതായ ചരമോ അചരമോ ആയ ഒന്നുണ്ടായിരിക്കാമെന്നത് ഇല്ലേയില്ല.

## *ബീജം തദഹം*

സാമാന്യദൃഷ്ടിക്കു ദിവ്യങ്ങളെന്നു തോന്നാവുന്ന വിഭൂതികളെ പ്രത്യേകം എടുത്തുപറഞ്ഞു എന്നേയുള്ളു. കുറഞ്ഞപക്ഷം ഈ വിഭൂതികളിലെങ്കിലും ഈശ്വരഭാവന അഭ്യസിക്കാൻ ശ്രമിക്കുന്നയാൾ അചിരേണ ചിത്ത ശുദ്ധിവന്ന് അദ്വൈതാനുഭൂതിക്കു യോഗ്യനായി തീരുമെന്നു താൽപ്പര്യം. വാസ്തവത്തിൽ പരമാണു മുതൽ പർവതംവരെ സകലതും ഭഗവദ്വിഭൂതിതന്നെയാണ്. അതെങ്ങനെ? സകലതിനും ആദികാരണം പരമാത്മാവായതുകൊണ്ട്. ആദികാരണമായ പരമാത്മാവിൽ നിന്നുണ്ടായ കാര്യരൂപങ്ങൾക്ക് അതിന്റെ സാന്നിധ്യം കൂടാതെ നിലനിൽക്കാനേ പറ്റുകയില്ലല്ലോ. അപ്പോൾ ഏതു ദൃശ്യത്തിലും ഭഗവത്സാന്നിധ്യം അനുഭവിക്കുന്നതാണു യഥാർഥ സത്യദർശനം. അതിനു കഴിഞ്ഞില്ലെങ്കിൽ ഏതാനും ദൃശ്യത്തിലെങ്കിലും ഏകാഗ്രതയോടെ ഈശ്വരധ്യാനം ശീലിക്കുക. ഒരു ദൃശ്യത്തിൽ ഏകാഗ്രപ്പെടുന്ന മനസ്സിനു പിന്നെ പ്രകാശമയങ്ങളായ പ്രകൃതിഘടകങ്ങളിലെല്ലാം ഈശ്വരസാന്നിധ്യം അനുഭവിച്ചുതുടങ്ങാം. ക്രമേണ ആ അനുഭവം സർവത്ര വികസിപ്പിക്കാം. ഈ വിഭൂതിയോഗരഹസ്യം സർവമതങ്ങളെയും സമന്വയിപ്പിക്കുന്നു എന്നു കാണേണ്ടതാണ്.

സകലതും ഭഗവദ്വിഭൂതിയാണെങ്കിലും സാധാരണ ദൃഷ്ടിക്കു ദിവ്യങ്ങളെന്നു തോന്നാവുന്നവയാണല്ലോ ഭഗവാൻ എടുത്തുപറഞ്ഞത്, ദിവ്യ വിഭൂ

digitized by www.sreyas.in

തികൾ ഇത്രമാത്രമേയുള്ളോ? അതോ ഇനിയുമുണ്ടോ അർജുനനു തോന്നാവുന്ന ഈ സംശയത്തിനു മറുപടിയാണടുത്ത പദ്യം:

*40. നാന്തോഽസ്തി മമ ദിവ്യാനാം വിഭൂതീനാം പരന്തപ*
*ഏഷ തൂദ്ദേശതഃ പ്രോക്തോ വിഭൂതേർവിസ്തരോ മയാ*

പരന്തപ - ശത്രുക്കളെ തപിപ്പിക്കാൻ കഴിവുള്ള അല്ലയോ അർജുനാ; മമ - പരമാത്മാവായ എന്റെ; ദിവ്യാനാം വിഭൂതീനാം - തേജോമയങ്ങളായ അത്ഭുത രൂപങ്ങൾക്ക്; അന്തഃ ന അസ്തി - അവസാനമില്ല; മയാ - എന്നാൽ; പ്രോക്തഃ - പറയപ്പെട്ട; വിഭൂതേഃ ഏഷഃ വിസ്തരഃ - വിഭൂതിയുടെ ഈ വിവരണം; ഉദ്ദേശതഃ - വെറും സംക്ഷേപത്തിലുള്ളതാണ്.

ശത്രുക്കളെ തപിപ്പിക്കാൻ കഴിവുള്ള അല്ലയോ അർജുനാ, പരമാത്മാവായ എന്റെ തേജോമയങ്ങളായ അത്ഭുതരൂപങ്ങൾക്ക് അവസാനമില്ല. എന്നാൽ പറയപ്പെട്ട വിഭൂതിയുടെ ഈ വിവരണം വെറും സംക്ഷേപരൂപത്തിലുള്ളതാണ്.

## നാന്തോഽസ്തി

ഭഗവദ്വിഭൂതികൾക്ക് അവസാനമില്ല. ഇക്കാര്യം ഭാരതീയരായ സത്യദർശികൾക്കു പണ്ടുപണ്ടേ തെളിഞ്ഞിട്ടുള്ള വസ്തുതയാണ്. ഈ പ്രപഞ്ചത്തിൽ അനന്തകോടി ബ്രഹ്മാണ്ഡങ്ങൾ ചലിക്കുന്നു എന്ന് ഇവിടത്തെ കൊച്ചുകുട്ടികൾപോലും പറഞ്ഞു നടക്കാറുണ്ട്. എന്നാൽ ഭൗതികശാസ്ത്രം പഠിച്ച ബുദ്ധിജീവികൾ അടുത്ത കാലംവരെ അതു വിശ്വസിച്ചിരുന്നില്ല. എണ്ണമറ്റ സൗരയൂഥങ്ങളും നക്ഷത്രമണ്ഡലങ്ങളും പ്രപഞ്ചത്തിൽ നിലവിലുണ്ടെന്ന് ഇന്നെല്ലാവർക്കും ബോധ്യമായിട്ടുണ്ട്. ആദ്യന്തരഹിതമായ ആകാശത്തേക്ക് ഒന്നു കണ്ണുതുറന്നു നോക്കിയാൽത്തന്നെ ഇതാർക്കും വെളിപ്പെടുമല്ലോ.

വിഭൂതിവിവരണം വെറും സംക്ഷേപമാണെങ്കിൽ എവിടെ കണ്ടാലും വിഭൂതിയെ തിരിച്ചറിയാനുള്ള സാമാന്യലക്ഷണമെന്താണ്? ഈ സംശയത്തിനു മറുപടി പറയുകയാണു ഭഗവാൻ അടുത്തതിൽ:

*41. യദ്യദ്വിഭൂതിമത്സത്വം ശ്രീമദൂർജിതമേവ വാ*
*തത്തദേവാവഗച്ഛ ത്വം മമ തേജോംഽശസംഭവം*

വിഭൂതിമത് - ഈശ്വരപ്രഭാവം ഉള്ളതോ; ശ്രീമത് - തേജോമയമോ; ഊർജിതം ഏവ വാ - ഉത്സാഹാധിക്യമുള്ളതോ ആയി; യത് യത് സത്വം - ഏതേതു ഭാവമുണ്ടോ; തത് തത് - അതെല്ലാം; മമ - പരമാത്മാവായ എന്റെ;

digitized by www.sreyas.in

തേജോ്യാംശസംഭവം - തേജസ്സിന്റെ അംശം പ്രകടമാക്കുന്നവയാണെന്ന്; ത്വം അവഗച്ഛ - നീ വ്യക്തമായി ധരിച്ചോളൂ.

ഈശ്വരപ്രഭാവമുള്ളതോ തേജോമയമോ ഉത്സാഹാധിക്യമുള്ളതോ ആയി ഏതേതു ഭാവമുണ്ടോ അതെല്ലാം പരമാത്മാവായ എന്റെ തേജസ്സിന്റെ അംശം പ്രകടമാക്കുന്നവയാണെന്നു നീ വ്യക്തമായി ധരിച്ചോളൂ.

## *മമ തേജോ്യാംശസംഭവം*

ലോകത്തിന്റെ നിയമാനുസൃതമായ പ്രവർത്തനങ്ങളിൽ ആജ്ഞാശക്തി ഉണ്ടായിരിക്കുകയാണ് ഈശ്വരത്വം. അതുതന്നെയാണ് ഈ പദ്യത്തിലെ വിഭൂതിമത്വം. തേജോമയമായ സ്ഥിതിയാണു ശ്രീമത്വം. ഉത്സാഹപൂർണമായ സ്വധർമ നിർവഹണമാണ് ഊർജിതത്വം. ചില പ്രപഞ്ചഘടകങ്ങളിൽ ഈ മൂന്നു ഭാവങ്ങളും ഒരുമിച്ചുണ്ടാവാം. മറ്റു ചിലവയിൽ ഈ ഭാവങ്ങളിൽ ഒന്നോ രണ്ടോ ഉണ്ടായി എന്നുവരാം. എന്തായാലും ഇവ മൂന്നും പരമാത്മാവിന്റെ വ്യക്തമായ സാന്നിധ്യം സൂചിപ്പിക്കുന്ന ഭാവങ്ങളാണ്. അതുകൊണ്ട് ഇവ മൂന്നും ഒരുമിച്ചോ പ്രത്യേകമായോ ഏതു പ്രപഞ്ചഘടകത്തിൽ കണ്ടാലും ഒരു സത്യാന്വേഷിക്ക് അതിനെ ഭഗവദ്വിഭൂതിയായി അംഗീകരിക്കാവുന്നതാണ്. ഈ വിഭൂതിരഹസ്യം വേണ്ടപോലെ ധരിച്ചാൽ ആധ്യാത്മികമണ്ഡലത്തിലെ പല സംശയങ്ങളും അകന്നു കിട്ടും. ഭഗവാൻ അവതരിക്കാറുണ്ടോ? എല്ലാ മതങ്ങളും സത്യാന്വേഷണമാർഗങ്ങളായി കരുതാമോ? പൗരുഷവും ഈശ്വരേച്ഛയും തമ്മിൽ പൊരുത്തക്കേടുണ്ടോ? പ്രപഞ്ചത്തിന്റെ നിയാമകൻ ഈശ്വരനാണോ? ഇത്യാദിയാണ് അത്തരം സംശയങ്ങളിൽ ചിലത്.

വിഭൂതികളെ ഇങ്ങനെ വിവരിച്ചുവെങ്കിലും അവയിലെ സത്യദർശനം കൊണ്ടുമാത്രം തൃപ്തിപ്പെട്ടുപോകരുതെന്നും താൻ സർവത്ര അകവും പുറവും നിറഞ്ഞുനിൽക്കുന്ന അദ്വൈത ബ്രഹ്മമാണെന്നും കണ്ടുപിടിക്കാനുള്ള ആദ്യത്തെ പടി മാത്രമാണു വിഭൂതിയോഗമെന്നും വ്യക്തമാക്കിക്കൊണ്ടു ഭഗവാൻ അധ്യായം ഉപസംഹരിക്കുന്നു:

*42. അഥവാ ബഹുനൈതേന കിം ജ്ഞാതേന തവാർജുന*
*വിഷ്ടഭ്യാഹമിദം കൃത്സ്നമേകാംശേന സ്ഥിതോ ജഗത്*

അർജുന - അല്ലയോ അർജുനാ; അഥവാ - അല്ലെങ്കിൽ; ബഹുനാ ജ്ഞാതേന - കൂടുതൽ കൂടുതൽ വിസ്തരിച്ച് അറിയുന്ന; ഏതേന - ഈ വിഭൂതി

digitized by www.sreyas.in

വിവരണം കൊണ്ട്; തവ - പരമസത്യത്തിലേക്കു മുന്നേറാൻ കൊതിക്കുന്ന നിനക്ക്; കിം - എന്തു പ്രയോജനമാണ്; അഹം - പരമാത്മാവായ ഞാൻ; ഇദം കൃത്സ്നം ജഗത് - ഈ മുഴുവൻ ജഗത്തിനെയും; ഏകാംശേന വിഷ്ടഭ്യ - എന്റെ അൽപ്പഭാഗം കൊണ്ട് ഉള്ളിലൊതുക്കി; സ്ഥിതഃ - സ്ഥിതിചെയ്യുന്നു എന്നറിയുക.

## ഏകാംശേന സ്ഥിതോ ജഗത്

ബ്രഹ്മസാക്ഷാൽക്കാരത്തിനു കൊതിക്കുന്നവർക്കായി പലതരം ഉപാസനാമാർഗങ്ങളാണു ശാസ്ത്രം നിർദേശിക്കുന്നത്. ഒരു സാധകനു തന്റെ മനസ്സിന്റെ പാകതയനുസരിച്ച് ഇവയിൽ പ്രാധാന്യേന ഒന്നിനെ അംഗീകരിക്കാം. പക്ഷേ, എല്ലാ സാധനകളും ഒരു തരത്തിൽ പരസ്പരബദ്ധങ്ങളാണെന്ന കാര്യം മറന്നുകൂടാ. അതുപോലെ പ്രാധാന്യേന ഏതെങ്കിലും ഒന്നിൽ തന്നെ എക്കാലവും ഉറച്ചുനിൽക്കുന്നതുകൊണ്ടു പ്രയോജനമില്ല. നിർഗുണോപാസന ശീലിക്കുന്നയാൾക്കു വ്യവഹാരദശയിൽ സഗുണഭാവങ്ങളെ അംഗീകരിക്കാതെ പറ്റുകയില്ലല്ലോ. സഗുണോപാസകൻ ലക്ഷ്യം നിർഗുണ ബ്രഹ്മമാണെന്ന കാര്യം വിസ്മരിക്കാനും പാടില്ല. സാധനാമാർഗങ്ങളുടെ ഈ പരസ്പരാപേക്ഷത്വം മനസ്സിൽ കണ്ടുകൊണ്ടാണു എല്ലാ സാധനമാർഗങ്ങളും ഭഗവാൻ അർജുനനുപദേശിക്കുന്നത്. അല്ലെങ്കിൽ അർജുനനു പറ്റുന്ന ഏതെങ്കിലും ഒരെണ്ണം ഉപദേശിച്ചാൽ മതിയായിരുന്നല്ലോ. സാധന ഏതെന്നുള്ളതല്ല പ്രശ്നം. ഏതു സാധനയായാലും എങ്ങനെ അനുഷ്ഠിച്ചാൽ പരമലക്ഷ്യപ്രാപ്തിക്കതുപകരിക്കും എന്നുള്ളതാണ് ഗീതയിലെ പ്രധാന ചർച്ചാവിഷയം. ഏതു സാധനയും സിദ്ധാന്തപരമായ വസ്തുബോധത്തോടെ വേണം അനുഷ്ഠിക്കാൻ. വിഭൂതിയോഗത്തിനും അതു ബാധകമാണ്. അധ്യായാരംഭത്തിൽത്തന്നെ ഭഗവാനതു വ്യക്തമാക്കി. അതു വ്യക്തമാക്കിക്കൊണ്ടുതന്നെ അധ്യായം ഉപസംഹരിക്കുകയും ചെയ്യുന്നു. വിഭൂതികളിൽ ഈശ്വരസാന്നിധ്യം ഭാവന ചെയ്യുന്നയാൾ എണ്ണമറ്റ വിഭൂതികളെ അന്വേഷിച്ചു ചുറ്റിത്തിരിയുകയല്ല വേണ്ടത്. വിഭൂതികളിലെ ഭാവനാഭ്യാസം ക്രമേണ വിഭൂതികളല്ലാത്തപോലെ കാണപ്പെടുന്ന പ്രപഞ്ചഘടകങ്ങളിലേക്കും വ്യാപിപ്പിക്കുകയാണു വേണ്ടത്. അതു വ്യക്തമാക്കാനാണു ഭഗവാൻ പരമാത്മാവായ തന്റെ അൽപ്പഭാഗത്തിൽ ഒതുങ്ങുന്നതാണു മുഴുവൻ പ്രപഞ്ചവുമെന്നു വെളിപ്പെടുത്തിയിരിക്കുന്നത്. ബ്രഹ്മത്തെ നാലായി പകുക്കാമെങ്കിൽ അതിൽ ഒരു ഭാഗത്തിൽ മാത്രമേ പ്രപഞ്ചപ്രതിഭാസമുള്ളു

digitized by www.sreyas.in

എന്നാണു ശ്രുതി ഘോഷിക്കുന്നത്. നാലിൽ മൂന്നു ഭാഗവും സദാ ദിവ്യഭാവത്തിൽത്തന്നെ കളങ്കമററു വർത്തിക്കുന്നു. പ്രപഞ്ചം ഉണ്ടെന്നു തോന്നുന്നവർക്കു വേണ്ടിയുള്ള ഒരു വിവരണമാണിത്. വസ്തു ഒന്നേയുള്ളു. ഇനി പലതുണ്ടെന്നു തോന്നുന്നെങ്കിൽ ഏകവസ്തുവിന്റെ അംശത്തിൽ കാണപ്പെടുന്ന രൂപഭേദങ്ങളായി മാത്രമേ അവയെ കരുതാൻ പാടുള്ളു എന്നു താൽപ്പര്യം. കാണപ്പെടുന്ന പലതിൽ അകവും പുറവും നിറഞ്ഞ് ഏകവസ്തു സ്ഥിതിചെയ്യുന്നു എന്നറിയേണ്ടതാണ്. ഇതു വ്യക്തമാക്കാനാണ് 'വിഷ്ടഭ്യ' എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. 'ഉള്ളിൽ ധരിച്ചുകൊണ്ട്' എന്നാണ് പദത്തിനർഥം.

## *അധ്യായാർഥസംക്ഷേപം*

പരബ്രഹ്മപ്രാപ്തിയെന്ന ലക്ഷ്യം മുൻനിറുത്തി ഇഷ്ടദേവതാരൂപത്തിലോ അല്ലെങ്കിൽ ബഹുദേവതാരൂപത്തിലോ നിഷ്കാമമായ സഗുണോപാസനയിലേർപ്പെടുന്നതാണു വിഭൂതിയോഗം. വിഭൂതിയോഗത്തിനൊരുപക്രമമായി അധ്യായാരംഭത്തിൽ ഭഗവാൻ വ്യക്തമായ വസ്തുബോധവും നിഷ്കാമഭജനസ്വരൂപവും വിവരിച്ചു. നിഷ്കാമഭജനം ബുദ്ധിയെ സത്യത്തിലെത്തിക്കുമെന്നും അറിയിച്ചു. തുടർന്നു ഭഗവദ്വിഭൂതികളെക്കുറിച്ചും വിഭൂതിയോഗത്തെക്കുറിച്ചും വിസ്തരിച്ചറിയണമെന്ന് അർജുനൻ ആഗ്രഹം പ്രകടിപ്പിച്ചു. ഭഗവാൻ വിഭൂതികളെ എണ്ണിയെണ്ണി പറയാൻ തുടങ്ങി. ഒടുവിൽ വിഭൂതികൾക്ക് അവസാനമില്ലെന്നും താൻ നൽകിയതു ഒരു സംക്ഷിപ്ത വിവരണം മാത്രമാണെന്നും അറിയിച്ചു. ഈശ്വരശക്തി, തേജസ്സ്, ഉത്സാഹം എന്നീ ഭാവങ്ങൾ പ്രകടമായി കാണുന്ന ഏതു പ്രപഞ്ചഘടകത്തെയും വിഭൂതിയായി അംഗീകരിക്കാമെന്ന് ഒരു സാമാന്യലക്ഷണവും നൽകി. അവസാനമായി വിഭൂതിയോഗം വിഭൂതികളിൽ തങ്ങിനിൽക്കാനുള്ളതല്ലെന്നും പ്രപഞ്ചത്തെ അകവും പുറവും വ്യാപിച്ചു നിൽക്കുന്ന പരമാത്മാവിനെ കണ്ടെത്താനുള്ള ആദ്യത്തെ പടിയാണെന്നും വ്യക്തമാക്കിക്കൊണ്ട് അധ്യായം ഉപസംഹരിച്ചു. വിഭൂതിയോഗം പ്രാധാന്യേന ചർച്ച ചെയ്യുന്നതുകൊണ്ട് ഈ അധ്യായത്തിന് 'വിഭൂതുയോഗം' എന്നു പേർ.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ*
*വിഭൂതിയോഗോ നാമ*
*ദശമോഽധ്യായഃ*

digitized by www.sreyas.in

*അധ്യായം 11*

# വിശ്വരൂപദർശനയോഗം

ഇഷ്ടദേവതോപാസന മുതൽ വസ്തുവിചാരരൂപത്തിലുള്ള ജ്ഞാന സാധനയുൾപ്പെടെ എല്ലാ സത്യാന്വേഷണമാർഗങ്ങളും പത്താമധ്യായം വരെ വിവരിച്ചുകഴിഞ്ഞു. അനിവാര്യമായ കർമാനുഷ്ഠാനത്തോടൊപ്പം അവയി ലൊന്നും യഥായോഗ്യം കൂട്ടിച്ചേർത്തു കർമത്തെ കർമയോഗമാക്കി മാറ്റി യാൽ ക്രമേണ വിദ്യാമാർഗത്തിൽ മുന്നോട്ടു നീങ്ങി പരമലക്ഷ്യത്തിലെത്താ മെന്നും വ്യക്തമാക്കി. എല്ലാം ഒന്നെന്ന ദൃഢമായ അദ്വയാനുഭവമാണു ലക്ഷ്യപ്രാപ്തി എന്നും പറഞ്ഞു. എല്ലാം പരമാത്മാവു തന്നെ എന്ന വസ്തു സ്ഥിതി ഏതാണ്ടെങ്കിലും തന്നെ തൽക്കാലം ഒന്നനുഭവിപ്പിക്കാൻ പറ്റുമോ എന്നാണർജുനന്റെ ഇനിയത്തെ ചോദ്യം. തന്റെ ആ ആഗ്രഹം പ്രകടമാക്കു ന്നതിന് മുമ്പ് ഇതേവരെയുള്ള ഭഗവാന്റെ ഉപദേശം, തന്നെ മോഹവിമുക്ത നാക്കി വിജ്ഞനാക്കിയിരിക്കുന്നു എന്ന കാര്യം അറിയിക്കുകയാണ് അർജു നൻ ആദ്യത്തെ രണ്ടു ശ്ലോകങ്ങളിൽ. ഇതേവരെ കേട്ട ആത്മതത്വ വിവര ണം, തന്നെ മോഹവിമുക്തനാക്കിയിരിക്കുന്നു എന്നാണ് ഒന്നാം പദ്യം കൊണ്ട് വെളിപ്പെടുത്തുന്നത്:

അർജുന ഉവാച - അർജുനൻ പറഞ്ഞു:

1. *മദനുഗ്രഹായ പരമം ഗുഹ്യമധ്യാത്മസംജ്ഞിതം*
   *യത്വയോക്തം വചസ്തേന മോഹോഽയം വിഗതോ മമ*

മദനുഗ്രഹായ - എന്നെ അനുഗ്രഹിക്കാനായി; പരമം - പരമലക്ഷ്യം വ്യക്ത മായി പ്രകാശിപ്പിക്കുന്നതും; ഗുഹ്യം - രഹസ്യമയവും; അധ്യാത്മസം ജ്ഞിതം - ആത്മാവിനെ അധികരിച്ചുള്ളതുമായ; യത് വചഃ - എന്തൊക്കെ വാക്കുകളാണോ; ത്വയാ ഉക്തം - അങ്ങയാൽ പറയപ്പെട്ടത്; തേന -



digitized by www.sreyas.in

അതുനിമിത്തം; മമ അയം മോഹഃ – എന്റെ ഈ മമതാമോഹം; വിഗതഃ – നഷ്ടമായിത്തീർന്നിരിക്കുന്നു.

എന്നെ അനുഗ്രഹിക്കാനായി പരമലക്ഷ്യം വ്യക്തമായി പ്രകാശിപ്പിക്കുന്നതും രഹസ്യമയവും ആത്മാവിനെ അധികരിച്ചുള്ളതുമായ എന്തൊക്കെ വാക്കുകളാണോ അങ്ങയാൽ പറയപ്പെട്ടത് അതു നിമിത്തം എന്റെ ഈ മമതാമോഹം നഷ്ടമായിത്തീർന്നിരിക്കുന്നു.

## *മോഹോഽയം വിഗതോ മമ*

അർജുനന്റെ മോഹം നഷ്ടമായിരിക്കുന്നു. എന്തു മോഹമാണു നഷ്ടമായത്? എന്റേത്, എന്റേത് എന്ന മോഹം. ഈ മോഹം മാറിയാൽ പിന്നെ എല്ലാം ഭഗവാന്റേത് എന്ന സ്മൃതി സംജാതമാകും. മമതാമോഹം മാറിയ ശിഷ്യനു ഗുരുകാരുണ്യം കൊണ്ട് അൽപ്പനേരത്തേക്കു ലഭിക്കാവുന്ന ഒരു ദർശനമാണു വിശ്വരൂപദർശനം. പാകം വന്ന ഹൃദയത്തിന് അതു സ്വയം നേടാം. ശരിയായ പാകത വന്നില്ലെങ്കിലും മമതാമോഹം മാറിയാൽ ഗുരുവിന്റെ ദർശസ്പർശനാദി അനുഗ്രഹം കൊണ്ടു ശിഷ്യന് അൽപ്പനേരത്തേക്കതനുഭവിക്കാൻ പറ്റും. അർജുനൻ വിശ്വരൂപദർശനത്തിന് അർഹനായിരിക്കുന്നു. എന്നു തെളിയിക്കുന്ന വാക്കുകളാണ് 'മോഹോഽയം വിഗതോ മമ' എന്നിവ.

മോഹവിമുക്തി മാത്രമല്ല വ്യക്തമായ വസ്തുവിജ്ഞാനവും തനിക്കുണ്ടായിരിക്കുന്നു എന്നാണർജുനൻ തുടർന്നു വ്യക്തമാക്കുന്നത്:

*2. ഭവാപ്യയൗ ഹി ഭൂതാനാം ശ്രുതൗ വിസ്തരശോ മയാ*
*ത്വത്തഃ കമലപത്രാക്ഷ മാഹാത്മ്യമപി ചാവ്യയം*

കമലപത്രാക്ഷ – അല്ലയോ കൃഷ്ണാ; ത്വത്തഃ – അങ്ങയിൽ നിന്ന്; ഭൂതാനാം – പ്രപഞ്ചഘടകങ്ങളുടെ; ഭവാപ്യയൗ – ഉൽപ്പത്തിലയങ്ങൾ; മയാ – എന്നാൽ; വിസ്തരശഃ ശ്രുതൗ ഹി – വിശദമായി കേൾക്കപ്പെട്ടുകഴിഞ്ഞല്ലോ; അവ്യയം – ഒരിക്കലും ഒരു കോട്ടവും തട്ടാത്ത; മാഹാത്മ്യം അപി ച – അങ്ങയുടെ നിത്യമുക്തമായ അദ്വയ സ്ഥിതിയും കേട്ടുകഴിഞ്ഞു.

അല്ലയോ കൃഷ്ണാ, അങ്ങയിൽ നിന്നു പ്രപഞ്ചഘടകങ്ങളുടെ ഉൽപ്പത്തിലയങ്ങൾ വിശദമായി കേൾക്കപ്പെട്ടുകഴിഞ്ഞല്ലോ. ഒരിക്കലും ഒരു കോട്ടവും തട്ടാത്ത അങ്ങുടെ നിത്യമുക്തമായ അദ്വയസ്ഥിതിയും കേട്ടുകഴിഞ്ഞു.

digitized by www.sreyas.in

## മാഹാത്മ്യമപി ചാവ്യയം

സൃഷ്ടിപ്രളയങ്ങളെക്കുറിച്ചു കേട്ടു. അതോടൊപ്പം ഒരിക്കലും മാറ്റമില്ലാത്ത പരബ്രഹ്മമാഹാത്മ്യവും കേട്ടു. എന്താണാ മാഹാത്മ്യം? പ്രകൃതി ആവർത്തിച്ചാവർത്തിച്ച് ഒരേ പ്രപഞ്ചഘടകങ്ങളെ സൃഷ്ടിച്ചു ലയിപ്പിക്കുന്നു. എന്നാൽ പരമാത്മാവാകട്ടെ പ്രകൃതിയുടെ ഈ പ്രവർത്തനാവർത്തനങ്ങളുമായി ലേശംപോലും ബന്ധിക്കാതെ സദാ നിത്യമുക്തനായി വിലസുന്നു. പ്രകൃതി നിത്യമുക്തമായ ബ്രഹ്മസത്തക്കുള്ളിൽ ചലിച്ചു പൊന്തി എല്ലാ പ്രപഞ്ചകാര്യങ്ങളും നിർവഹിക്കുന്നു.

ഇത്രയും ധരിച്ച സ്ഥിതിക്കു പരമാത്മാവിനുള്ളിൽ പ്രകൃതിയുടെ ഈ പ്രവർത്തനാവർത്തനങ്ങൾ ഏതാണ്ടെങ്കിലും ഒന്നു നേരിട്ടനുഭവിക്കാൻ പറ്റുമോ എന്നാണ് അർജുനന്റെ അടുത്ത അന്വേഷണം:

*3. ഏവമേതദ്യഥാത്ഥ ത്വമാത്മാനം പരമേശ്വര*
*ദ്രഷ്ടുമിച്ഛാമി തേ രൂപമൈശ്വരം പുരുഷോത്തമ*

പരമേശ്വര - ജഗന്നിയന്താവായ ഭഗവാനേ; ത്വം - അങ്ങ്; ആത്മാനം - തന്നെക്കുറിച്ച്; യഥാ ആത്ഥ - എന്തു പറഞ്ഞുവോ; ഏതത് ഏവം - അതങ്ങനെ തന്നെ ഞാനംഗീകരിക്കുന്നു; പുരുഷോത്തമ - ജഗത്തിനെ അകവും പുറവും പൊതിഞ്ഞു നിൽക്കുന്ന ഭഗവാനേ; തേ - പരമാത്മാവായ അങ്ങയുടെ; ഐശ്വരം രൂപം - ജഗന്നിയന്താവായി വർത്തിക്കുന്ന രൂപം; ദ്രഷ്ടും ഇച്ഛാമി - നേരിൽ കാണാൻ ഞാൻ കൊതിക്കുന്നു.

ജഗന്നിയന്താവായ ഭഗവാനേ, അങ്ങു തന്നെക്കുറിച്ച് എന്തു പറഞ്ഞുവോ അതങ്ങനെതന്നെ ഞാനംഗീകരിക്കുന്നു. ജഗത്തിനകവും പുറവും പൊതിഞ്ഞുനിൽക്കുന്ന ഭഗവാനേ, പരമാത്മാവായ അങ്ങയുടെ ജഗന്നിയന്താവായി വർത്തിക്കുന്ന രൂപം നേരിൽ കാണാൻ ഞാൻ കൊതിക്കുന്നു.

## തേ രൂപമൈശ്വരം

പരമാത്മാവിന്റെ ഈശ്വരരൂപം കാണാനാണർജുനൻ കൊതിക്കുന്നത്. ശുദ്ധചിത്ത്, അന്തര്യാമി, ഹിരണ്യഗർഭൻ, വിരാഡ്പുരുഷൻ എന്നിങ്ങനെ പരമാത്മാവിനു നാലു രൂപങ്ങളുണ്ട്. പ്രപഞ്ചത്തിന്റെ നിഴൽപോലും ഇല്ലാത്ത ശുദ്ധബോധസ്വരൂപമാണു ശുദ്ധചിത്ത്. സൃഷ്ടിക്കായി മായയുടെ മൂടുപടം അണിഞ്ഞിരിക്കുന്ന അവസ്ഥയാണ് അന്തര്യാമിസ്വരൂപം. പ്രാണനും സൂക്ഷ്മസങ്കൽപ്പങ്ങളും രൂപംകൊള്ളുന്നതോടെ അന്തര്യാമി

digitized by www.sreyas.in

ഹിരണ്യഗർഭനായി മാറുന്നു. സൂക്ഷ്മസങ്കൽപ്പങ്ങൾ സ്ഥൂലജഡദൃശ്യങ്ങളായി മാറി പ്രാണനിൽ കോർക്കപ്പെട്ടു ചലിക്കുന്ന പ്രപഞ്ചമായി പ്രത്യക്ഷപ്പെടുന്നതാണ് വിരാഡ്‌രൂപം. ഒരേ ഒരു പ്രാണനിൽ കോർക്കപ്പെട്ട എല്ലാ പ്രപഞ്ചജഡദൃശ്യങ്ങളും ചലിച്ചുകൊണ്ടിരിക്കുന്നതായി അനുഭവപ്പെടുന്ന ഘട്ടമാണു വിരാഡ്‌രൂപദർശനം. അർജുനൻ കാണാൻ കൊതിക്കുന്നത് ഈ വിരാഡ്‌രൂപമാണ്. സാധനാസമ്പന്നനായ ഒരു യോഗിക്കു പ്രാണസാക്ഷാൽക്കാരം നേടി ഈ പ്രത്യക്ഷാനുഭവത്തിൽ എത്തിച്ചേരാവുന്നതാണ്. പാകതവന്ന ശിഷ്യന് ഈ അനുഭവം അൽപ്പനേരത്തേക്കു പകർന്നുകൊടുക്കാൻ ബ്രഹ്മനിഷ്ഠനായ ഗുരുവിനു കഴിയും. അടുത്ത കാലത്തു ശ്രീരാമകൃഷ്ണദേവൻ വിവേകാനന്ദസ്വാമിക്ക് ഒന്നിലധികം തവണ ഈ അനുഭവം പകർന്നുകൊടുത്തതായി കാണുന്നു. അർജുനൻ ഭഗവാങ്കൽ നിന്ന് ആ അനുഭവം പകർന്നുകിട്ടാനാണു കൊതിക്കുന്നത്. രക്ഷിക്കാനുള്ള പ്രപഞ്ചമുള്ളപ്പോഴേ ഈശ്വരത്വത്തിനു പ്രസക്തിയുള്ളു. അപ്പോൾ 'ഐശ്വരം രൂപം' എന്നു പറഞ്ഞാൽ ഭഗവാൻ പ്രപഞ്ചവുമായി ബന്ധപ്പെട്ടു നിൽക്കുന്ന രൂപമെന്നാണു താൽപ്പര്യം. അതുതന്നെയാണു പ്രാണപ്രത്യക്ഷത്തിലെ വിരാഡ്‌രൂപാനുഭവം. മനസ്സ് നല്ലവണ്ണം ഏകാഗ്രപ്പെടുന്ന ആർക്കും ചിലപ്പോൾ വിരാഡ്‌രൂപ ദർശനം സാധ്യമായിത്തീരുന്നതാണ്.

തന്റെ ആഗ്രഹം വെളിപ്പെടുത്തിയശേഷം തനിക്കതിനു പാകത വന്നതായി ഭഗവാൻ കരുതുന്നുണ്ടെങ്കിൽ അതനുഭവിപ്പിച്ചു ധന്യനാക്കണമെന്നാണ് അർജുനൻ തുടർന്നാവശ്യപ്പെടുന്നത്:

*4. മന്യസേ യദി തച്ഛക്യം മയാ ദ്രഷ്ടുമിതി പ്രഭോ*
*യോഗേശ്വര തതോ മേ ത്വം ദർശയാത്മാനമവ്യയം*

പ്രഭോ - അല്ലയോ ഭഗവാൻ; മയാ - എന്നാൽ; തത് - അങ്ങയുടെ ആ ഈശ്വരരൂപം; ദ്രഷ്ടും ശക്യം - അനുഭവ വിഷയമാക്കാൻ കഴിയുന്നതാണ്; യദി മന്യസേ - എന്നങ്ങു കരുതുന്നുണ്ടെങ്കിൽ; യോഗേശ്വര - യോഗബലം കൊണ്ട് ഏതു രൂപവും പ്രകടമാക്കാൻ കഴിവുള്ള അല്ലയോ ഭഗവൻ; തതഃത്വം അതുകൊണ്ട് അത് അവ്യയം ആത്മാനം - ഒരിക്കലും കുറവൊന്നും വരാത്ത സ്വരൂപം; മേ ദർശയ - എനിക്കു കാട്ടിത്തരൂ.

അല്ലയോ ഭഗവാൻ, എന്നാൽ അങ്ങയുടെ ആ ഈശ്വരരൂപം അനുഭവ വിഷയമാക്കാൻ കഴിയുന്നതാണ് എന്നങ്ങു കരുതുന്നുണ്ടെങ്കിൽ യോഗബലം കൊണ്ട് ഏതു രൂപവും പ്രകടമാക്കാൻ കഴിവുള്ള അല്ലയോ ഭഗവാൻ, അതുകൊണ്ട് അങ്ങ് ഒരിക്കലും കുറവൊന്നും വരാത്ത സ്വരൂപം എനിക്കു കാട്ടിത്തരൂ.

digitized by www.sreyas.in

## *ദർശയാത്മാനമവ്യയം*

പ്രാണസാക്ഷാൽക്കാരത്തിലെ വിരാഡ്രൂപദർശനം, വസ്തു ഒന്നേയുള്ളു എന്ന വ്യക്തമായ തത്വബുദ്ധിയുളവാക്കാൻ കഴിവുള്ള ഒന്നാണ്. അതുകൊണ്ടാണ് അവ്യയമായ സ്വരൂപം കാട്ടിത്തരൂ എന്നു പറഞ്ഞിരിക്കുന്നത്. പരമാത്മസ്വരൂപിയായ കൃഷ്ണൻ തന്റെ ശുദ്ധവും മായായുക്തവുമായ ഏതു രൂപവും പ്രകടമാക്കാൻ കഴിവുള്ളയാളാണ്, 'യോഗേശ്വര' എന്ന സംബോധന അക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നു. 'പ്രഭോ' എന്ന സംബോധനകൊണ്ടു ഭക്തനും ദാസനുമായ തന്റെ യോഗ്യയോഗ്യതകളെല്ലാം അവിടുന്നു തന്നെ തീരുമാനിച്ചാൽ മതി എന്നു താൽപ്പര്യം. താൻ യോഗ്യനാണെന്നു തോന്നുന്നെങ്കിൽ ഭഗവാൻ കനിയണമെന്നേ അർജുനനാഗ്രഹമുള്ളു. എന്തായാലും അർജുനമനസ്സ് ഭഗവാങ്കൽ ഭക്തിയും വിശ്വാസവുമുള്ളതായിത്തീർന്നു എന്നു ഈ സംബോധനകൾ വ്യക്തമാക്കുന്നു.

അർജുനന്റെ അപേക്ഷ ഭഗവാൻ അംഗീകരിച്ചു. അർജുനനെ അനുഭവിപ്പിക്കാൻ പോകുന്ന വിരാഡ്രൂപദർശനത്തിന്റെ ഒരേകദേശവിവരണമാണ് അടുത്ത മൂന്നു പദ്യങ്ങളിൽ ഭഗവാൻ നൽകുന്നത്. വിരാഡ്രൂപദർശനത്തിൽ അർജുനനുണ്ടാകാവുന്ന പരിഭ്രമത്തിന് അൽപ്പമൊരു കുറവുവരുത്താൻ കൂടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണീ വിവരണം. ഒരേ വസ്തുവിൽ വിവിധതരത്തിലുള്ള രൂപദർശനമാണല്ലോ വിരാഡ്രൂപദർശനം. ഭഗവാൻ അതു വിവരിക്കുന്നതു നോക്കുക:

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

5. *പശ്യ മേ പാർഥ രൂപാണി ശതശോഽഥ സഹസ്രശഃ*
*നാനാവിധാനി ദിവ്യാനി നാനാവർണാകൃതീനി ച*

പാർഥ - അല്ലയോ അർജുനാ; നാനാവിധാനി - അനേകതരം ഗുണഭാവങ്ങളോടുകൂടിയവയും; നാനാവർണാകൃതീനി ച - പലതരം നിറങ്ങളോടും ആകൃതികളോടും കൂടിയവയും; ദിവ്യാനി - ദിവ്യങ്ങളുമായ; മേ രൂപാണി - എന്റെ രൂപങ്ങൾ; ശതശഃ - നൂറുകണക്കിനും; അഥ സഹസ്രശഃ - തുടർന്ന് ആയിരക്കണക്കിനും; പശ്യ - കണ്ടാലും.

അല്ലയോ അർജുനാ, അനേകതരം ഗുണഭാവങ്ങളോടുകൂടിയവയും പലതരം നിറങ്ങളോടും ആകൃതികളോടും കൂടിയവയും ദിവ്യങ്ങളുമായ എന്റെ രൂപങ്ങൾ നൂറുകണക്കിനും തുടർന്ന് ആയിരക്കണക്കിനും കണ്ടാലും.

digitized by www.sreyas.in

## *ശതശോഽഥ സഹസ്രശഃ*

എണ്ണമറ്റ ബ്രഹ്മാണ്ഡങ്ങളുടെ താളലയസമന്വിതമായ സംവിധാനമാണു വിശ്വം. അങ്ങനെയുള്ള വിശ്വത്തിന്റെ സത്യാധിഷ്ഠിത ദർശനമാണ് അർജുനനു കാട്ടിക്കൊടുക്കാൻ ഒരുമ്പെടുന്നത്. പ്രപഞ്ചഘടകങ്ങളിലെ ആന്തര ഗുണഭാവഭിന്നതയാണ് 'നാനാ വിധത്വം'. ബാഹ്യഭേദമാണ് 'നാനാ വർണാകൃതിത്വം'. പ്രാണനാകുന്ന ചിത്രപടത്തിന്റെ ചുരുൾ നിവരുന്നതോടെ ആദ്യമാദ്യം നൂറുകണക്കിനും പിന്നെപ്പിന്നെ ആയിരക്കണക്കിനും രൂപങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങും. അതായത് ആദ്യമാദ്യം രൂപാവിർഭാവത്തിന്റെ ക്രമവേഗം കുറവായിരിക്കും. പിന്നെപ്പിന്നെ അതിവേഗം അവ പൊന്തിമറയുന്നതായി കാണാറാകും. കുണ്ഡലിനീപ്രാണയോഗത്തിന്റെ ഉദയവികാസക്രമം അനുഭവിച്ചിട്ടുള്ളവർക്ക് ഇക്കാര്യം വ്യക്തമായി ധരിക്കാൻ പ്രയാസമുണ്ടാവില്ല.

ഈ വിശ്വരൂപദർശനത്തിൽ സൗരയൂഥകേന്ദ്രങ്ങളായ നിരവധി ആദിത്യന്മാരും പരലോകജീവികളായി കരുതപ്പെടുന്ന നിരവധി ദേവരൂപങ്ങളും കാണാറാകുമെന്നാണു ഭഗവാൻ തുടർന്നു വിവരിക്കുന്നത്:

*6. പശ്യാദിത്യാൻ വസൂൻ രുദ്രാനശ്വിനൗ മരുതസ്തഥാ*
*ബഹൂന്യദൃഷ്ടപൂർവാണി പശ്യാശ്ചര്യാണി ഭാരത*

ഭാരത – അല്ലയോ അർജുനാ; ആദിത്യാൻ – അനേകം ആദിത്യന്മാരെയും; വസൂൻ – വസുക്കളെയും; രുദ്രാൻ – രുദ്രന്മാരെയും; അശ്വിനൗ – അശ്വിനീദേവന്മാരെയും; മരുതഃ – ദേവമിത്രങ്ങളായ മരുത്തുക്കളെയും; പശ്യ – നീ കണ്ടാലും; തഥാ – അതുപോലെ; അദൃഷ്ടപൂർവാണി – മുൻപൊരിക്കലും നീ കണ്ടിട്ടില്ലാത്ത; ബഹൂനി – നിരവധി; ആശ്ചര്യാണി – അത്ഭുതരൂപങ്ങളും പ്രവർത്തനങ്ങളും; പശ്യ – എന്റെ വിശ്വരൂപത്തിൽ ദർശിക്കൂ.

അല്ലയോ അർജുനാ, അനേകം ആദിത്യന്മാരെയും വസുക്കളെയും രുദ്രന്മാരെയും അശ്വിനീദേവന്മാരെയും ദേവമിത്രങ്ങളായ മരുത്തുക്കളെയും നീ കണ്ടാലും. അതുപോലെ മുൻപൊരിക്കലും നീ കണ്ടിട്ടില്ലാത്ത നിരവധി അത്ഭുതരൂപങ്ങളും പ്രവർത്തനങ്ങളും എന്റെ വിശ്വരൂപത്തിൽ ദർശിക്കൂ.

## *പശ്യാശ്ചര്യാണി ഭാരത*

ആദിത്യാദിദേവവൃന്ദങ്ങളെക്കുറിച്ചുള്ള വിശദവിവരം പത്താമധ്യായം നോക്കി ധരിക്കേണ്ടതാണ്. പത്താമധ്യായത്തിൽ ഭഗവദ്വിഭൂതികളോടു ചേർത്തു പറയപ്പെട്ട ഈ ദേവന്മാരെല്ലാം യഥാർഥത്തിൽ ഉള്ളവരാണോ

digitized by www.sreyas.in

എന്നുതന്നെ സാമാന്യബുദ്ധിക്കു സംശയം ജനിക്കാം. ആ സംശയത്തിനുള്ള നിവാരണവും കൂടിയാണ് വിശ്വരൂപദർശനം. പ്രാണസാക്ഷാൽക്കാരവുമായി ബന്ധപ്പെട്ട വിശ്വരൂപദർശനത്തിൽ എല്ലാ പ്രപഞ്ചഘടകങ്ങളെയും ദേവ ദേവീരൂപങ്ങളെയും ആഗ്രഹമുണ്ടെങ്കിൽ ഒരു യോഗിക്കു നേരിട്ടു കണ്ടറിയാൻ കഴിയും. പല വിധത്തിലും ഈ സമാധ്യനുഭവമുണ്ടായിട്ടുള്ള യോഗിമാരുടെ ചരിത്രങ്ങൾ കാണ്മാനുണ്ട്. അപ്പോൾ സാധാരണ മനുഷ്യന്റെ മാംസ ചക്ഷുസ്സുകൾകൊണ്ട് ഒരിക്കലും കാണാൻ കഴിയാത്ത അത്ഭുതകരങ്ങളായ കാഴ്ചകളും കർമചലനങ്ങളുമാണു വിശ്വരൂപദർശനം കൊണ്ടുണ്ടാകുന്നത്. ഇതൊരു കവിഭാവനയല്ല; തികഞ്ഞ അനുഭവമാണ് എന്ന കാര്യം ഒരിക്കലും വിസ്മരിക്കാൻ പാടില്ല. അനുഭവിച്ചു തെളിഞ്ഞ യാതൊന്നും വേദാന്തശാസ്ത്രത്തിനു പറയാനില്ലെന്നോർക്കണം.

കാലദേശങ്ങളുടെ അകൽച്ചകൊണ്ടു വിദൂരങ്ങളായ ആശ്ചര്യദൃശ്യങ്ങൾ പെട്ടെന്നു ദൃഷ്ടിയിൽപ്പെട്ടു മറയുന്നതിന്റെ രഹസ്യമാണു ഭഗവാൻ ഏഴാം പദ്യത്തിൽ വിവരിക്കുന്നത്.

*7. ഇഹൈകസ്ഥം ജഗത് കൃത്സ്നം പശ്യാദ്യ സചരാചരം*
*മമ ദേഹേ ഗുഡാകേശ യച്ചാന്യദ് ദ്രഷ്ടുമിച്ഛസി*

ഗുഡാകേശ - അല്ലയോ അർജുനാ; സചരാചരം - ചരാചരരൂപത്തിലുള്ള; കൃത്സ്നം ജഗത് - മുഴുവൻ പ്രപഞ്ചവും; അന്യത് യത് ച - വേറെയും എന്തൊക്കെയാണോ; ദ്രഷ്ടും ഇച്ഛസി - കാണാൻ നീ കൊതിക്കുന്നത് അതെല്ലാം; ഇഹ മമ ദേഹേ - ഇവിടെ ദർശിക്കാൻ പോകുന്ന എന്റെ സ്വരൂപത്തിൽ; ആദ്യ - ഇപ്പോൾ; ഏകസ്ഥം - ഒരിടത്തു പൊന്തി മറയുന്നതായി; പശ്യ - കണ്ടാലും.

അല്ലയോ അർജുനാ, ചരാചരരൂപത്തിലുള്ള മുഴുവൻ പ്രപഞ്ചവും വേറെയും എന്തൊക്കെയാണോ കാണാൻ നീ കൊതിക്കുന്നത് അതെല്ലാം ഇവിടെ ദർശിക്കാൻ പോകുന്ന എന്റെ സ്വരൂപത്തിൽ ഇപ്പോൾ ഒരിടത്തു പൊന്തി മറയുന്നതായി കണ്ടാലും.

## *ഇഹൈകസ്ഥം ജഗത് കൃത്സ്നം*

ജഗത്തു മുഴുവൻ ഇവിടെ ഒരിടത്തു പൊന്തിമറയുന്നതായി കണ്ടോളൂ എന്നാണു ഭഗവാൻ അർജുനനോടു പറയുന്നത്. പ്രപഞ്ചഘടകങ്ങളുടെ ഓരോന്നിന്റെയും ആവിർഭാവതിരോഭാവങ്ങൾക്ക് അകലമുണ്ടെന്നു തോന്നിക്കുന്ന രണ്ടു ഘടകങ്ങൾ കാലവും ദേശവുമാണ്. ഈ രണ്ടു വസ്തുസത്ത

digitized by www.sreyas.in

യില്ലാത്ത സാപേക്ഷ സങ്കൽപ്പങ്ങളാണെന്ന് ഇന്ന് ആധുനികശാസ്ത്രം തന്നെ തെളിയിച്ചിരിക്കുന്നു. കാലത്തിലും ദേശത്തിലും ഒന്നു ചുരുങ്ങിയാൽ മറ്റേതും ചുരുങ്ങും. ഒന്നു വികസിച്ചാൽ മറ്റേതും വികസിക്കും. കാലദേശ സങ്കൽപ്പങ്ങളുടെ വികാസമാണ് പ്രപഞ്ചാനുഭവം. അവയുടെ സങ്കോച മാണു സത്യാനുഭവം. കാലദേശങ്ങളുടെ സാപേക്ഷസങ്കോചമുണ്ടായാൽ അനുഭവ മണ്ഡലത്തിലൊന്നിൽ അവയില്ലാതാകാമെന്നു തീർച്ചയാണല്ലോ. അങ്ങനെ കാലദേശങ്ങൾ സങ്കോചിച്ചു പൂർണമായി തിരോഭവിക്കുന്ന അനുഭവമണ്ഡലമാണു പൂർണ സത്യാനുഭവം. അതാണു ശുദ്ധ ബോധാ നുഭവമായ ബ്രഹ്മനിഷ്ഠ. അർജുനൻ കാണാൻ പോകുന്നത് ഈ പൂർണ സത്യസ്ഥിതിയല്ല. ശുദ്ധ ബോധത്തിലെ പ്രാണപ്രസരവും അതിൽ പൊന്തി മറയുന്ന പ്രപഞ്ചദൃശ്യങ്ങളുമാണ് അർജുനൻ കാണാൻ പോകുന്നത്. ഇവിടെ കാലവും ദേശവും പാടേ ഇല്ലാതാകുന്നില്ല. രണ്ടും ചുരുങ്ങി ഒരിട ത്തെത്തി താദാത്മ്യപ്പെടുന്ന അഹന്തക്കു പ്രപഞ്ചഘടകങ്ങളെല്ലാം തന്നിൽ പൊന്തിമറയുന്നു എന്നനുഭവിക്കാൻ കഴിയുമെന്ന കാര്യം ബുദ്ധിക്കൂഹിക്കാ വുന്നതേയുള്ളു. പാകപ്പെട്ട ഹൃദയത്തിനു മാത്രമേ സമാധിയിൽ ഈ പ്രാണതാദാത്മ്യം സംഭവിക്കൂ. അർജുനനാകട്ടെ സ്വയം മാറിനിന്നു പ്രാണ സ്വരൂപിയായ ഭഗവാനെ കാണുകയാണ്. അതു സ്വയം നേടുന്ന അനുഭ വമല്ല; ഗുരുകാരുണ്യം കൊണ്ട് അൽപ്പനേരത്തേക്കു കിട്ടുന്ന അനുഭവമാ ണ്. എന്തായാലും തന്റെ പ്രാണസ്വരൂപം കാണാൻ കഴിഞ്ഞാൽ അവിടെ കാലദേശങ്ങൾ ചുരുങ്ങി പ്രപഞ്ചം മുഴുവൻ ഒരേ സമയത്ത് ഒരിടത്തു പൊന്തി മറയുന്നതനുഭവിക്കാൻ കഴിയുമെന്നാണു ഭഗവാന്റെ പ്രഖ്യാപനം. പ്രപഞ്ചശക്തിയായ പ്രാണനിൽ സങ്കൽപ്പംകൊണ്ടു പൊന്തിമറയുന്നവ യാണു ജഡദൃശ്യങ്ങൾ. അതുകൊണ്ട് അർജുനൻ എന്തു സങ്കൽപ്പിച്ചാലും അവിടെ കാണാൻ കഴിയുമെന്നതാണു ഭഗവാന്റെ പ്രഖ്യാപനം.

എന്തായാലും അർജുനൻ സ്വയം വിശ്വരൂപം കാണാൻ പാകപ്പെട്ടിട്ടി ല്ലെന്നും അതുകൊണ്ടു താൻ ദിവ്യദൃഷ്ടി നൽകി അനുഗ്രഹിക്കാമെന്നു മാണു ഭഗവാൻ തുടർന്നറിയിക്കുന്നത്:

*8. ന തു മാം ശക്യസേ ദ്രഷ്ടുമനേനൈവ സ്വചക്ഷുഷാ*
*ദിവ്യം ദദാമി തേ ചക്ഷുഃ പശ്യ മേ യോഗമൈശ്വരം*

അനേന സ്വചക്ഷുഷാ തു - ഈ സ്വന്തം കണ്ണുകൊണ്ട്; മാം ദ്രഷ്ടും - വിശ്വ രൂപനായ എന്നെ കാണാൻ; ന ശക്യസേ ഏവ - നിനക്കു കഴികയില്ലതന്നെ; തേദിവ്യം ചക്ഷുഃ - അതുകൊണ്ടു നിനക്കു ദിവ്യമായ ഒരു കണ്ണ്; ദദാമി -

digitized by www.sreyas.in

ഞാനിതാ തരുന്നു; മേ ഐശ്വരം യോഗം പശ്യ - എന്റെ ഈശ്വരരൂപസ്ഥിതി നീ കണ്ടുകൊള്ളുക.

ഈ സ്വന്തം കണ്ണുകൊണ്ടു വിശ്വരൂപനായ എന്നെക്കാണാൻ നിനക്കു കഴികയില്ലതന്നെ അതുകൊണ്ടു നിനക്കു ദിവ്യമായ ഒരു കണ്ണു ഞാനിതാ തരുന്നു. എന്റെ ഈശ്വരരൂപസ്ഥിതി നീ കണ്ടുകൊള്ളുക.

## *ദിവ്യം ദദാമി തേ ചക്ഷുഃ*

പലതും ഉണ്ടെന്നുവച്ച് എല്ലാവരും കണ്ടുകൊള്ളണമെന്നില്ല. കാണാൻ തക്ക കണ്ണുണ്ടെങ്കിലേ പലതും കാണാൻ പറ്റു. കൃഷ്ണൻ വിശ്വരൂപം പ്രദർശിപ്പിച്ചതുകൊണ്ടുമാത്രമായില്ല. അതുകാണാനുള്ള കണ്ണ് അർജുനനില്ലെങ്കിൽ എങ്ങനെ കാണാൻ കഴിയും? മാംസമായ പുറം കണ്ണുകൊണ്ടു സത്യത്തിന്റെ നിഴൽപോലും നേരേ കാണാൻ പറ്റില്ല. പുറംകണ്ണടച്ച് ഉള്ളിലേക്കു നോക്കി ബുദ്ധിദൃഷ്ടിക്കു മൂർച്ച കൂട്ടിയാലേ സത്യം തെളിയൂ. അങ്ങനെ ദിവ്യമായ ഒരന്തർദൃഷ്ടി വളർത്തിയെടുത്ത അനേകം പേർ കണ്ടിട്ടുള്ളതാണീ വിശ്വരൂപം. സത്യനിഷ്ഠനായ ഗുരുവിനു പാകം വന്ന മറ്റൊരാൾക്ക് ഈ ദൃഷ്ടി അൽപ്പനേരത്തേക്ക് അനുഗ്രഹിച്ചരുളാനും കഴിയും. കൃഷ്ണൻ ഇതു പലർക്കും പല രൂപത്തിൽ പല പ്രാവശ്യം നൽകി അനുഗ്രഹിച്ചു. തന്റെ വായിൽ മണ്ണുണ്ടോ എന്നു നോക്കാൻ മുതിർന്ന യശോദാമാതാവിനെ അൽപ്പനേരം ഈ ദൃഷ്ടി നൽകി അനുഗ്രഹിക്കുകയുണ്ടായി. ഇങ്ങനെ പലരെയും. ഇപ്പോഴിതാ അർജുനനെയും അനുഗ്രഹിക്കാൻ ഒരുമ്പെടുന്നു.

ഇത്രയും പറഞ്ഞു ഭഗവാൻ തന്റെ ഐശ്വരരൂപം അർജുനന്റെ മുമ്പിൽ പ്രദർശിപ്പിച്ചു എന്നാണു സഞ്ജയൻ വെളിപ്പെടുത്തുന്നത്.

സഞ്ജയ ഉവാച - സഞ്ജയൻ പറഞ്ഞു:

9. *ഏവമുക്ത്വാ തതോ രാജൻ മഹായോഗേശ്വരോ ഹരിഃ*
*ദർശയാമാസ പാർഥായ പരമം രൂപമൈശ്വരം*

രാജൻ - അല്ലയോ ധൃതരാഷ്ട്രമഹാരാജാവേ; മഹായോഗേശ്വരഃ ഹരിഃ - ഉൽപ്പത്തിലയരൂപത്തിലുള്ള യോഗത്തിനെല്ലാം അധിപതിയായ കൃഷ്ണൻ; ഏവം ഉക്ത്വാ - ഇങ്ങനെ പറഞ്ഞിട്ട്; തതഃ - ദിവ്യദൃഷ്ടി നൽകിയശേഷം; പാർഥായ - അർജുനനു മുമ്പിൽ; പരമം ഐശ്വരം രൂപം - പ്രപഞ്ചഘടകങ്ങളെ മുഴുവൻ കോർത്തിണക്കി പ്രവർത്തിപ്പിക്കുന്ന ഈശ്വരരൂപം; ദർശയാമാസ - കാട്ടിക്കൊടുത്തു.

digitized by www.sreyas.in

അല്ലയോ ധൃതരാഷ്ട്രമഹാരാജാവേ, ഉൽപ്പത്തിലയരൂപത്തിലുള്ള യോഗത്തിനെല്ലാം അധിപതിയായ കൃഷ്ണൻ ഇങ്ങനെ പറഞ്ഞിട്ടു ദിവ്യ ദൃഷ്ടി നൽകിയശേഷം അർജുനനു മുമ്പിൽ പ്രപഞ്ചഘടകങ്ങളെ മുഴുവൻ കോർത്തിണക്കി പ്രവർത്തിപ്പിക്കുന്ന ഈശ്വരരൂപം കാട്ടിക്കൊടുത്തു.

## *പരമം രൂപമൈശ്വരം*

പ്രപഞ്ചഘടകങ്ങളെല്ലാം വേറെ വേറെ മാറിമാറിനിന്നു പ്രവർത്തിക്കുന്നു എന്നാണു സാധാരണ തോന്നുക. എന്നാൽ പഞ്ചഭൂതമഹാസമുദ്രത്തിലെ വെറും കുമിളകളാണു സൂര്യചന്ദ്രന്മാർപോലുമെന്നു ചിന്തിക്കുന്ന ഒരാൾക്ക് അതിവേഗം ഗ്രഹിക്കാൻ കഴിയും. ഈ പഞ്ചഭൂതങ്ങളോ? ഒന്നു മറ്റൊന്നിനെ ആശ്രയിച്ചു നിൽക്കുന്ന പരസ്പരബന്ധങ്ങളായ കാഴ്ചകളാണ്. മാത്രമല്ല എല്ലാറ്റിലും ശുദ്ധ ജഡരൂപങ്ങളിൽപ്പോലും പ്രാണൻ അകവും പുറവും വ്യാപിച്ചു സ്പന്ദിക്കുന്നു എന്നു സൂക്ഷ്മബുദ്ധിയുള്ളവർക്കു ഗ്രഹിക്കാൻ പറ്റും. അപ്പോൾ ഈ ലോകത്ത് ഈ പരമാണുപോലും സ്വതന്ത്രമല്ല. എല്ലാം ഒരു മഹത്തായ നിലനിൽപ്പിന്റെ ഘടകങ്ങൾ മാത്രം. വസ്തുതയിതാണെങ്കിൽ സ്വയം സ്വതന്ത്രനെന്നഭിമാനിക്കുന്ന മനുഷ്യന് എന്തുകൊണ്ടിതു കാണാൻ കഴിയുന്നില്ല? സ്വതന്ത്രനെന്ന അഭിമാനമാണു വാസ്തവത്തിൽ ആ കാഴ്ചയെ മറയ്ക്കുന്നത്. ആ അഭിമാനം നീക്കുമ്പോൾ തെളിയുന്ന ദിവ്യദൃഷ്ടികൊണ്ടു സകലതും ഒന്നെന്നു കാണാറാകും. അഭിമാനമകറ്റാനുള്ള പ്രാരംഭമായിട്ടാണു ഭഗവാൻ ദിവ്യദൃഷ്ടി നൽകി അർജുനനു മുമ്പിൽ ഐശ്വരരൂപം പ്രദർശിപ്പിക്കുന്നത്.

ഭഗവാൻ അർജുനനു കാട്ടിക്കൊടുത്ത വിശ്വരൂപം എങ്ങനെയുള്ളതായിരുന്നു എന്നാണിനി സഞ്ജയൻ വിവരിക്കുന്നത്:

*10. അനേകവക്ത്രനയനമനേകാദ്ഭുതദർശനം*
*അനേകദിവ്യാഭരണം ദിവ്യാനേകോദ്യതായുധം*

അനേകവക്ത്രനയനം - നിരവധി മുഖങ്ങളും കണ്ണുകളുമുള്ളതും; അനേകാത്ഭുത ദർശനം-ആശ്ചര്യകരങ്ങളായ നിരവധി കാഴ്ചകളുൾപ്പെട്ടതും; അനേക ദിവ്യാഭരണം - അസംഖ്യം ദിവ്യാഭരണങ്ങളിണിഞ്ഞിട്ടുള്ളതും; ദിവ്യാനേകോദ്യതായുധം - എണ്ണമറ്റ ദിവ്യായുധങ്ങൾ കൈകളിൽ ഉയർത്തിപ്പിടിച്ചിരിക്കുന്നതും ആയിരുന്നു ആ രൂപം.

digitized by www.sreyas.in

നിരവധി കണ്ണുകളും മുഖങ്ങളുമുള്ളതും ആശ്ചര്യകരങ്ങളായ നിരവധി കാഴ്ചകളുൾപ്പെട്ടതും അസംഖ്യം ദിവ്യാഭരണങ്ങളണിഞ്ഞിട്ടുള്ളതും എണ്ണമറ്റ ദിവ്യായുധങ്ങൾ കൈകളിൽ ഉയർത്തിപ്പിടിച്ചിട്ടുള്ളതുമായിരുന്നു ആ രൂപം.

## *അനേകാദ്ഭുതദർശനം*

തന്റെ തേർത്തട്ടിൽ ചമ്മട്ടിയുമേന്തി തേർതെളിക്കാനിരിക്കുന്ന വസുദേവപുത്രന്റെ രൂപം പെട്ടെന്നു വിശ്വവ്യാപിയായ ആകാരം കൈക്കൊണ്ടു കാണപ്പെടാൻ ഇടയാകുന്നതു തന്നെ ഏറ്റവും വലിയൊരത്ഭുതമാണ്. പ്രപഞ്ച ഘടകങ്ങളെ പരസ്പരം കോർത്തിണക്കുന്ന ഒരു വസ്തു നേരിട്ടു തെളിഞ്ഞാൽ ലോകത്തുള്ള എല്ലാ മുഖങ്ങളും കണ്ണുകളും അതുപോലെ മറ്റെല്ലാം അതിന്റെ ഘടകങ്ങളായി കാണാറാകുമെന്നു തീർച്ചയാണല്ലോ. ആ കാഴ്ച പ്രപഞ്ചത്തെക്കുറിച്ച് അതുവരെയുണ്ടായിരുന്ന ധാരണയെ പാടേ മാറ്റിമറിക്കുകയും ചെയ്യും. അതുകൊണ്ടാണ് 'അനേകാത്ഭുതദർശനം' എന്ന് ഐശ്വര രൂപത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.

അത്ഭുതമെന്നപോലെതന്നെ ആ രൂപം സർവഥാ ദിവ്യവുമായിരുന്നു എന്നാണിനി വിവരിക്കുന്നത്:

*11. ദിവ്യമാല്യാംബരധരം ദിവ്യഗന്ധാനുലേപനം*
*സർവാശ്ചര്യമയം ദേവമനന്തം വിശ്വതോമുഖം*

ദിവ്യമാല്യാംബരധരം - ദിവ്യങ്ങളായ മാലകളും വസ്ത്രങ്ങളും അണിഞ്ഞിട്ടുള്ളതും; ദിവ്യഗന്ധാനുലേപനം - ദിവ്യഗന്ധമുള്ള കുറിക്കൂട്ടുകൾ പൂശിയിട്ടുള്ളതും; സർവാശ്ചര്യമയം - എവിടെ നോക്കിയാലും അത്ഭുതമുളവാക്കുന്നതും; ദേവം - ദിവ്യകാന്തിയുള്ളതും; അനന്തം - കണ്ണെത്താത്തതും; വിശ്വതോമുഖം - എല്ലാ ഭാഗത്തേക്കും നോട്ടമുള്ളതുമായിരുന്നു ആ രൂപം.

ദിവ്യങ്ങളായ മാലകളും വസ്ത്രങ്ങളും അണിഞ്ഞിട്ടുള്ളതും ദിവ്യഗന്ധമുള്ള കുറിക്കൂട്ടുകൾ പൂശിയിട്ടുള്ളതും എവിടെ നോക്കിയാലും അത്ഭുതമുളവാക്കുന്നതും ദിവ്യകാന്തിയുള്ളതും കണ്ണെത്താത്തതും എല്ലാ ഭാഗത്തേക്കും നോട്ടമുള്ളതുമായിരുന്നു ആ രൂപം.

## *അനന്തം വിശ്വതോമുഖം*

ദിവ്യത്വം ആശ്ചര്യമയത്വത്തോടു ബന്ധപ്പെട്ടതാണ്. ദിവ്യമായതെല്ലാം

digitized by www.sreyas.in

ആശ്ചര്യമയമായിരിക്കും. എന്നാൽ ആശ്ചര്യമയമായതെല്ലാം ദിവ്യമായിരിക്കണമെന്നില്ല. ഭഗവാന്റെ വിശ്വരൂപമാകട്ടെ സർവാശ്ചര്യമയവും സർവദിവ്യവുമായിരുന്നു. എന്താണിതിനു പ്രധാന കാരണം? കണ്ണെത്താത്തവണ്ണം ആ രൂപം അനന്തമായിരുന്നു. എവിടെയും ആ രൂപത്തിന്റെ നോട്ടം പതിയുന്നതായും കാണാമായിരുന്നു. ഇങ്ങനെയൊരീശ്വരരൂപം സാക്ഷാൽക്കരിച്ചു കണ്ടിട്ടുള്ളതുകൊണ്ടു തന്നെയാണു ഭാരതത്തിന്റെ ഈശ്വരവിശ്വാസം അടിയുറപ്പുള്ളതായിത്തുടരുന്നത്. സർവതോമുഖനായ ഈശ്വരനെ അഭയം പ്രാപിക്കുന്നവരെ ആ ഭഗവാൻ രക്ഷിക്കുമെന്നു പറയുന്നതിൽ എന്താണാശ്ചര്യം?

അത്ഭുതവും ദിവ്യത്വവും നിറഞ്ഞ വിശ്വരൂപത്തിന്റെ തേജോമയത്വമാണിനി വിവരിക്കുന്നത്:

*12. ദിവി സൂര്യസഹസ്രസ്യ ഭവേദ്യുഗപദുത്ഥിതാ*
*യദി ഭാഃ സദൃശീ സാ സ്യാദ്ഭാസസ്തസ്യ മഹാത്മനഃ*

ദിവി - ആകാശത്തിൽ; സൂര്യസഹസ്രസ്യ - ആയിരം സൂര്യന്മാരുടെ; യുഗപത് ഉത്ഥിതാ ഭാഃ - ഒരേ സമയത്ത് ഉദിച്ചുയരുന്ന കാന്തി; യദി ഭവേത് - ഉണ്ടാകുമെങ്കിൽ; സാ - ആ കാന്തി; തസ്യ മഹാത്മനഃ - സർവത്ര പരന്നു വ്യാപിക്കുന്ന മഹത്തായ സ്വരൂപത്തോടുകൂടിയ ആ വിശ്വരൂപന്റെ; ഭാസഃ സദൃശീ - കാന്തിക്കു തുല്യമായി; സ്യാത് - ഭവിക്കുന്നതാണ്.

ആകാശത്തിൽ ആയിരം സൂര്യന്മാരുടെ ഒരേ സമയത്തുദിച്ചുയരുന്ന കാന്തി ഉണ്ടാകുമെങ്കിൽ ആ കാന്തി സർവത്ര പരന്നു വ്യാപിക്കുന്ന മഹത്തായ സ്വരൂപത്തോടുകൂടിയ വിശ്വരൂപന്റെ കാന്തിക്കു തുല്യമായി ഭവിക്കുന്നതാണ്.

## *സദൃശീ സാ സ്യാത്*

ആനന്ദഘനമായ ബ്രഹ്മത്തിൽ പ്രപഞ്ചസൃഷ്ടിക്കായി രൂപംകൊള്ളുന്ന വിശ്വപ്രാണൻ അതിന്റെ സൂക്ഷ്മദശയിൽ അതിരറ്റ സാത്വികപ്രകാശം ഉൾക്കൊള്ളുന്നതാണ്. പ്രാണസാക്ഷാൽക്കാരദശയിൽ ഹൃദയം പ്രകാശംകൊണ്ടു നിറഞ്ഞു ബാഹ്യപ്രപഞ്ചവും പ്രകാശമയമായി ഭവിക്കുന്നതു യോഗിമാരുടെ പ്രത്യക്ഷാനുഭവമാണ്. സാത്വികപ്രാണൻ എണ്ണമറ്റ സൂര്യന്മാരെയും മറ്റു തേജോഗോളങ്ങളെയും രൂപപ്പെടുത്തുന്നു എന്നതു തന്നെ അതിന്റെ അതിരറ്റ പ്രകാശത്തെ വിളിച്ചറിയിക്കുന്നു. പ്രാണനിൽ സ്പന്ദനവേഗം നിമിത്തം രജോഗുണവും തമോഗുണവും കൂടുമ്പോഴാണു

digitized by www.sreyas.in

പ്രകാശം മറയ്ക്കപ്പെട്ടുപോകുന്നത്. സാത്വികപ്രാണൻ വിശ്വതോമുഖമായി തെളിയുന്നതു തന്നെയാണു വിശ്വരൂപദർശനം. ആയിരം സൂര്യന്മാർ ഒരുമിച്ചുദിച്ചുയർന്നാലുള്ള പ്രകാശത്തെ സങ്കൽപ്പിക്കാമെങ്കിൽ അത്രയും പ്രകാശം ഭഗവാന്റെ ഐശ്വരരൂപത്തിനുണ്ടായിരുന്നു; അത്ഭുതവും ദിവ്യത്വവും ഒരുമിക്കുന്ന ദർശനമാണിതെന്നു പറയേണ്ടതില്ലല്ലോ.

പ്രപഞ്ചഘടകങ്ങളെ മുഴുവൻ കോർത്തിണക്കുന്ന സാത്വികപ്രാണൻ അർജുനന്റെ ദിവ്യദൃഷ്ടിക്കു വെളിപ്പെട്ടതോടെ കാലദേശങ്ങൾ ചുരുങ്ങി പ്രപഞ്ചം മുഴുവൻ ഒരിടത്തു പൊന്തിനിൽക്കുന്നതായി അർജുനനു കാണാൻ കഴിഞ്ഞുവെന്നാണ് ഇനി വിവരിക്കുന്നത്:

*13. തത്രൈകസ്ഥം ജഗത് കൃത്സ്നം പ്രവിഭക്തമനേകധാ*
*അപശ്യദ്ദേവദേവസ്യ ശരീരേ പാണ്ഡവസ്തദാ*

അനേകധാ - വിവിധരൂപത്തിൽ; പ്രവിഭക്തം - പലതായി വേർതിരിഞ്ഞു കാണുന്ന; കൃത്സ്നം ജഗത് - പ്രപഞ്ചം മുഴുവൻ; തത്ര ദേവദേവസ്യ ശരീരേ - ആ ദേവദേവനായ ഭഗവാന്റെ സ്വരൂപത്തിൽ; ഏകസ്ഥം - ഒരിടത്തു സ്ഥിതി ചെയ്യുന്നതായി; തദാ പാണ്ഡവഃ - അപ്പോൾ അർജുനൻ; അപശ്യത് - കണ്ടു.

വിവിധ രൂപത്തിൽ പലതായി വേർതിരിഞ്ഞുകാണുന്ന പ്രപഞ്ചം മുഴുവൻ ആ ദേവദേവനായ ഭഗവാന്റെ സ്വരൂപത്തിൽ ഒരിടത്തു സ്ഥിതി ചെയ്യുന്നതായി അപ്പോൾ അർജുനൻ കണ്ടു.

## *ഏകസ്ഥം ജഗത് കൃത്സ്നം അപശ്യത്*

ജഗത്തുമുഴുവൻ അർജുനൻ ഒരിടത്തു കണ്ടു. ഒരേ ശരീരത്തിന്റെ അവയവങ്ങളെന്നപോലെ ഭഗവത്സ്വരൂപത്തിൽ ചേർന്നു നിൽക്കുന്നതായി കണ്ടു എന്നു താൽപ്പര്യം. ഒരു ജീവിക്ക് അതിന്റെ ദേഹം എത്ര വലുതായാലും അതിൽ ഘടിപ്പിച്ചിട്ടുള്ള അവയവങ്ങൾ ഒരേസമയത്തു ഒരിടത്ത് അനുഭവപ്പെടുന്നവയായിരിക്കും. ഒരാനയ്ക്ക് അതിന്റെ കൊമ്പും തുമ്പിക്കൈയുമെല്ലാം ഒരിടത്ത് ഒരേ സമയം അനുഭവപ്പെടുന്ന സ്വാവയവങ്ങളാണ്. എന്നാൽ തുമ്പിക്കൈയുടെ അറ്റത്തു പറ്റിയിരിക്കുന്ന ഒരു കൊതുകിനോ ഈച്ചക്കോ ആനയുടെ മറ്റവയവങ്ങൾ തൽക്കാലം അപ്രത്യക്ഷങ്ങളും വിദൂരങ്ങളുമാണ്. ഭൂമിക്കു ജീവനുണ്ടെങ്കിൽ അമേരിക്കയും ഇംഗ്ലണ്ടും ദക്ഷിണോത്തര ധ്രുവങ്ങളുമെല്ലാം ആ ദേവിക്ക് ഒരു സമയത്ത് ഒരിടത്ത് അനുഭവപ്പെടുന്ന ദേഹഭാഗങ്ങൾ മാത്രമാണ്. അതേ സമയം മനുഷ്യന് ഒരിടത്തിരിക്കുമ്പോൾ മറ്റു ഭൂവിഭാഗങ്ങളെല്ലാം അകലെയുള്ള അപ്രത്യക്ഷ ദേശങ്ങ

digitized by www.sreyas.in

ളാണ്. ഈശ്വരശരീരത്തിൽ പറ്റിനിൽക്കുന്ന പ്രപഞ്ച ഘടകങ്ങളുടെയും സ്ഥിതിയിതാണ്. ഏതെങ്കിലും പ്രപഞ്ചഘടകം താൻ വേറെയാണെന്ന ഭാവത്തിലാണ് ഈശ്വരശരീരത്തിൽ വർത്തിക്കുന്നതെന്നുവന്നാൽ മറ്റു പ്രപഞ്ചഘടകങ്ങളിലധികവും അപ്രത്യക്ഷവും വിദൂരവുമായി വർത്തിക്കും. നേരേമറിച്ചു താനും ഈശ്വര ശരീരത്തിന്റെ ഒരു ഭാഗമാണെന്നു സാക്ഷാൽക്കരിച്ചാൽ എല്ലാ പ്രപഞ്ചഘടകങ്ങളെയും ഒരിടത്ത് ഒരേ സമയത്തു കാണാൻ കഴിയും. ഈശ്വരന്റെ വിശ്വത്തെ മുഴുവൻ അവയവമാക്കിയിട്ടുള്ള ശരീരമാണു പ്രാണൻ. അപ്പോൾ പ്രാണസാക്ഷാൽക്കാരമാണിതിനുള്ള മാർഗം. ഭഗവാൻ അർജുനനു അൽപ്പ നേരത്തേക്കു നൽകിയ ദിവ്യദൃഷ്ടി ഇതുതന്നെയാണ്. ഈ ദിവ്യദൃഷ്ടി ലഭിച്ചതോടെ അർജുനന് താനുൾപ്പെടെ വേറെവേറേയായി കണ്ടിരുന്ന പ്രപഞ്ചഘടകങ്ങളെല്ലാം ഈശ്വരശരീരമായ പ്രാണനിൽ ഒരിടത്ത് കാണാൻ കഴിഞ്ഞു. ഈ ദർശനമുളവാക്കിയ ആശ്ചര്യവും ദിവ്യഭാവനയും അർജുനനെ രോമാഞ്ചകഞ്ചുകിതനാക്കി. ഭഗവാനെ തലകുനിച്ചു വണങ്ങി. ഇക്കാര്യമാണു സഞ്ജയൻ തുടർന്നു വെളിപ്പെടുത്തുന്നത്.

*14. തതഃ സ വിസ്മയാവിഷ്ടോ ഹൃഷ്ടരോമാ ധനഞ്ജയഃ*
*പ്രണമ്യ ശിരസാ ദേവം കൃതാഞ്ജലിരഭാഷത.*

തതഃ - ഇങ്ങനെ വിശ്വരൂപനിൽ ഒരിടത്തൊരേ സമയത്തു ലോകം മുഴുവൻ കാണാനിടയായതോടെ; വിസ്മയാവിഷ്ടഃ - അത്ഭുതപരതന്ത്രനും; ഹൃഷ്ടരോമാ - ആനന്ദംകൊണ്ടു പുളകമണിഞ്ഞവനുമായ; സഃ ധനഞ്ജയഃ - ആ അർജുനൻ ശിരസാ ദേവം പ്രണമ്യ - തലകുനിച്ചു ദേവനെ വണങ്ങിയ ശേഷം; കൃതാഞ്ജലിഃ അഭാഷത - കൈകൂപ്പിനിന്ന് ഇങ്ങനെ പറഞ്ഞു.

ഇങ്ങനെ വിശ്വരൂപനിൽ ഒരിടത്തൊരേ സമയത്തു ലോകം മുഴുവൻ കാണാനിടയായതോടെ അത്ഭുതപരതന്ത്രനും ആനന്ദംകൊണ്ടു പുളകമണിഞ്ഞവനുമായ അർജുനൻ തലകുനിച്ചു ദേവനെ വണങ്ങിയശേഷം കൈകൂപ്പിനിന്ന് ഇങ്ങനെ പറഞ്ഞു.

## *കൃതാഞ്ജലിരഭാഷത*

അർജുനൻ വിശ്വരൂപധാരിയായ കൃഷ്ണന്റെ മുമ്പിൽ കൈകൂപ്പിനിന്നു തന്റെ അനുഭവം വിവരിച്ചു. വിശ്വരൂപദർശനം പ്രപഞ്ചത്തെക്കുറിച്ച് അതുവരെയുണ്ടായിരുന്ന അർജുനന്റെ ധാരണയെ മുഴുവൻ പാടേ ഇളക്കിമറിച്ചു. തന്റെ സുഹൃത്തായി മാത്രം കരുതിയിരുന്ന കൃഷ്ണനെക്കു

digitized by www.sreyas.in

റിച്ചുള്ള ധാരണയേയും മാറ്റിമറിച്ചു. പ്രത്യേകം പ്രത്യേകം വേറേ വേറേ ലോകത്തു നിലനിന്നുപോരുന്നവയാണു പ്രപഞ്ചഘടകങ്ങൾ എന്നായിരുന്നല്ലോ അർജുനന്റെ ധാരണ. വിശ്വരൂപദർശനത്തോടെ താനുൾപ്പെടെയുള്ള എല്ലാം ഒരീശ്വരശരീരത്തിലെ അഭിന്നാവയവങ്ങളാണെന്നു കണ്ടപ്പോൾ അർജുനൻ അത്ഭുതപ്പെട്ടുപോയി. വീരനും സ്വതന്ത്രനുമാണെന്നു സ്വയം കരുതിയിരുന്ന താൻ വിശ്വരൂപശരീരത്തിലെ ഒരു കൊച്ചു പ്രതിഭാസം മാത്രമാണെന്നറിഞ്ഞപ്പോൾ തന്റെ നിയന്താവിനോടു ദിവ്യഭാവന മൂലം ഭക്തിയുമുണ്ടായി. അത്ഭുതവും ആനന്ദവും ഇടതിങ്ങി. അർജുനൻ പുളകിതഗാത്രനായി. കൃഷ്ണന്റെ ഈശ്വരഭാവം വ്യക്തമായതുകൊണ്ടാണു കൈകൂപ്പി നിന്ന് സംസാരിക്കാൻ തുടങ്ങിയത്.

അർജുനൻ തന്റെ അനുഭവം വിവരിക്കാനൊരുമ്പെടുന്നു:

അർജുന ഉവാച - അർജുനൻ പറഞ്ഞു:

*15. പശ്യാമി ദേവാംസ്തവ ദേവ ദേഹേ*
*സർവാംസ്തഥാ ഭൂതവിശേഷസംഘാൻ*
*ബ്രഹ്മാണമീശം കമലാസനസ്ഥ-*
*മൃഷീംശ്ച സർവാനുരാഗാംശ്ച ദിവ്യാൻ*

ദേവ - അല്ലയോ ദേവാ; തവ ദേഹേ - അങ്ങുടെ വിശ്വരൂപശരീരത്തിൽ; ദേവാൻ - ദേവന്മാരെയും; തഥാ - അതുപോലെ; സർവാൻ ഭൂതവിശേഷസംഘാൻ - കൂട്ടംകൂട്ടമായുള്ള മറ്റ് എല്ലാ പ്രപഞ്ചഘടകങ്ങളെയും; ഈശം കമലാസനസ്ഥം - പ്രപഞ്ചത്തിന്റെ മുഴുവൻ രക്ഷിതാവായി നാഭീപത്മത്തിൽ സ്ഥിതിചെയ്യുന്ന; ബ്രഹ്മാണം - ബ്രഹ്മാവിനെയും; സർവാൻ ഋഷീൻ - എല്ലാ ഋഷിമാരെയും; ദിവ്യാൻ ഉരഗാൻ ച - ദിവ്യങ്ങളായ സർപ്പങ്ങളെയും; പശ്യാമി - ഞാൻ കാണുന്നു.

അല്ലയോ ദേവാ, അങ്ങയുടെ വിശ്വരൂപശരീരത്തിൽ ദേവന്മാരെയും അതുപോലെ കൂട്ടംകൂട്ടമായുള്ള മറ്റ് എല്ലാ പ്രപഞ്ചഘടകങ്ങളെയും പ്രപഞ്ചത്തിന്റെ മുഴുവൻ രക്ഷിതാവായി നാഭീപത്മത്തിൽ സ്ഥിതിചെയ്യുന്ന ബ്രഹ്മാവിനെയും എല്ലാ ഋഷിമാരെയും ദിവ്യങ്ങളായ സർപ്പങ്ങളെയും ഞാൻ കാണുന്നു.

## ദേവന്മാരും ബ്രഹ്മാവും

സ്ഥൂലപ്രപഞ്ചഘടകങ്ങളെയെന്നപോലെ സൂക്ഷ്മശരീരികളായ ദേവന്മാരെയും ബ്രഹ്മാവിനെയും ഒക്കെ വിശ്വരൂപശരീരത്തിൽ അർജുനൻ

digitized by www.sreyas.in

കണ്ടു. ദേവന്മാരും ബ്രഹ്മാവും സൂക്ഷ്മസങ്കൽപ്പരൂപികളാണ്. പ്രപഞ്ചത്തെയാകെ തന്റേതെന്നഭിമാനിക്കുന്ന അഹന്തയും അതിന്റെ സങ്കൽപ്പങ്ങളും ചേർന്നതാണു ബ്രഹ്മാവ്. പ്രത്യേക സങ്കൽപ്പങ്ങളെ ആശ്ലേഷിക്കുന്ന അഹന്തകളാണു ദേവന്മാർ. ഭഗവാന്റെ പ്രാണശരീരത്തിൽ മനുഷ്യപക്ഷി മൃഗാദിജീവികളെപ്പോലെതന്നെ ഈ ദേവന്മാരും ബ്രഹ്മാവും ജീവിച്ചുപോരുന്നു. സ്ഥൂലശരീരത്തെ മറന്നു പ്രാണശരീരത്തെ നേരിട്ടു കാണുന്ന ഒരു യോഗിക്ക് ഈ ദേവരൂപങ്ങളെ വേർതിരിച്ചു തന്നെ കാണാൻ കഴിയും. സ്ഥൂലശരീരികളായ മനുഷ്യർക്കും മറ്റും ഈ ദേവരൂപങ്ങൾ സങ്കൽപ്പവികാരരൂപത്തിൽ അനുഭവപ്പെടുന്നുണ്ട്. അവയെ സ്വയം നിയന്ത്രിക്കാൻ കഴിയുന്നില്ലെങ്കിൽപ്പോലും അവയെല്ലാം സ്വന്തമാണെന്നാണു പാവപ്പെട്ട മനുഷ്യന്റെ ഭ്രമം. മനസ്സിനെ കീഴടക്കി സത്യം കണ്ടവർക്കു സങ്കൽപ്പങ്ങൾക്കും വികാരങ്ങൾക്കും പ്രാണശരീരത്തിൽ വ്യക്തിത്വമുണ്ടെന്നു ബോധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണു കാമാദിവികാരങ്ങൾക്കധീശരായി കാമദേവാദി ദേവന്മാരെ സത്യദർശികൾ പ്രകീർത്തിച്ചിരിക്കുന്നത്.

ആദിമധ്യാന്തരഹിതനാണു വിശ്വരൂപൻ:

*16. അനേകബാഹൂദരവക്ത്രനേത്രം*
*പശ്യാമി ത്വാം സർവതോഽനന്തരൂപം*
*നാന്തം ന മധ്യം ന പുനസ്തവാദിം*
*പശ്യാമി വിശ്വേശ്വര വിശ്വരൂപ*

വിശ്വരൂപ - വിശ്വത്തിന്റെ മുഴുവൻ രൂപം തന്നിൽ ഉൾക്കൊള്ളുന്നവനേ; വിശ്വേശ്വര - അങ്ങനെ വിശ്വത്തിന്റെ മുഴുവൻ രക്ഷിതാവായി വർത്തിക്കുന്നവനേ; അനേകബാഹൂദരവസ്ത്രനേത്രം - അസംഖ്യം കൈകളും ഉദരങ്ങളും മുഖങ്ങളും കണ്ണുകളും ഉള്ളവനായും; സർവതഃ അനന്തരൂപം - സർവത്ര അസംഖ്യം രൂപങ്ങൾ കൈക്കൊണ്ടു നിൽക്കുന്നവനായും; ത്വാം പശ്യാമി - അങ്ങയെ ഞാൻ കാണുന്നു; തവ അന്തം - അങ്ങയുടെ അവസാനം; നപശ്യാമി - ഞാൻ കാണുന്നില്ല; ന മധ്യം പശ്യാമി - മധ്യം ഞാൻ കാണുന്നില്ല; പുനഃ ന ആദിം പശ്യാമി - പിന്നെ ആരംഭവും ഞാൻ കാണുന്നില്ല.

വിശ്വത്തിന്റെ മുഴുവൻ രൂപവും തന്നിൽ ഉൾക്കൊള്ളുന്നവനേ, അങ്ങനെ വിശ്വത്തിന്റെ മുഴുവൻ രക്ഷിതാവായി വർത്തിക്കുന്നവനേ, അസംഖ്യം കൈകളും ഉദരങ്ങളും മുഖങ്ങളും കണ്ണുകളും ഉള്ളവനായും സർവത്ര അസംഖ്യം രൂപങ്ങൾ കൈക്കൊണ്ടു നിൽക്കുന്നവനായും അങ്ങയെ ഞാൻ കാണുന്നില്ല; പിന്നെ ആരംഭവും ഞാൻ കാണുന്നില്ല.

digitized by www.sreyas.in

## നാന്തം ന മധ്യം ന പുനസ്തവാദിം

എല്ലാ പ്രപഞ്ചഘടകങ്ങളെയും കോർത്തിണക്കുന്ന വിശ്വരൂപനായ പ്രാണനെ സാക്ഷാൽക്കരിക്കാതെ തന്നെ ആദിമധ്യാന്തരഹിതമാണു വിശ്വമെന്ന് അൽപ്പം ചിന്തിച്ചാൽ ആർക്കും അറിയാൻ കഴിയും. ദേശത്തെയോ കാലത്തെയോ ആസ്പദമാക്കി വിശ്വത്തിനു ആദിയോ മധ്യമോ അന്തമോ കണ്ടെത്താൻ പറ്റുമോ? പ്രത്യേക പ്രപഞ്ചഘടകങ്ങൾക്ക് ആദിമധ്യാന്തങ്ങൾ കണ്ടെത്തിയെന്നുവരാം. എന്നാൽ പ്രപഞ്ചം ആകെക്കൂടി എടുത്താൽ എവിടെയാണാരംഭം, എവിടെയാണു മധ്യം, എവിടെയാണന്തം? എന്നാണാരംഭം, എന്നാണു മധ്യം, എന്നാണന്തം? പുറമേ നോക്കുന്ന ആർക്കും ഇതൊരിക്കലും കണ്ടെത്താൻ കഴിയുകയില്ല. അക്കാരണത്താൽത്തന്നെ വിശ്വമായി രൂപപ്പെട്ടിരിക്കുന്ന വസ്തു ആദിമധ്യാന്തരഹിതമാണെന്നു തീരുമാനിക്കാം. സാധാരണ ദൃഷ്ടിയിൽത്തന്നെ ഇതു വെളിപ്പെടുമെന്നുണ്ടെങ്കിൽ പ്രാണസാക്ഷാൽക്കാരം തുടങ്ങിയ മറ്റനുഭവഘട്ടങ്ങളിൽ അതു വ്യക്തമായി തെളിയുമെന്നു പറയേണ്ടതില്ലല്ലോ. വിശ്വരൂപദർശനത്തിൽ എല്ലാ ശരീരങ്ങളും വിശ്വരൂപന്റേതായിട്ടാണനുഭവപ്പെടുക. അപ്പോൾ വിശ്വരൂപന് അസംഖ്യം കൈകളും വയറുകളും മുഖങ്ങളും കണ്ണുകളുമൊക്കെ സ്വാഭാവികം മാത്രമാണ്. എങ്ങോട്ടു നോക്കിയാലും അസംഖ്യം രൂപങ്ങൾ പൊന്തി മറയുന്നതായി കാണപ്പെടുന്നതുകൊണ്ടു വിശ്വരൂപൻ സർവതോനന്തരൂപനുമാണ്.

അതിനിടെ സത്ത്വഗുണതേജസ്സു നിറഞ്ഞുതിങ്ങുന്ന വിഷ്ണുരൂപവും അർജുനനു കാണാൻ കഴിഞ്ഞു:

*17. കിരീടിനം ഗദിനം ചക്രിണം ച*
*തേജോരാശിം സർവതോ ദീപ്തിമന്തം*
*പശ്യാമി ത്വാം ദുർന്നിരീക്ഷ്യം സമന്താ-*
*ദ്ദീപ്താനലാർക്കദ്യുതിമപ്രമേയം*

കിരീടിനം - കിരീടം - ധരിച്ചവനായും; ഗദിനം - ഗദ ധരിച്ചവനായും; ചക്രിണം - ചക്രായുധം ധരിച്ചവനായും; സർവതോ ദീപ്തിമന്തം - എങ്ങും പ്രകാശം പരത്തുന്ന; തേജോരാശിം - തേജസ്സിനിരിപ്പിടമായും; ദീപ്താനലാർക്കദ്യുതിം - ജ്വലിക്കുന്ന അഗ്നിയുടെയും സൂര്യന്റെയും കാന്തികൾ ഒരുമിച്ചു ചേർന്നവനായും; ദുർന്നിരീക്ഷ്യം - അതുകൊണ്ടു നേരെ നോക്കിക്കാണാൻ അശക്യനായും; അപ്രമേയം - ഒരു തരത്തിലും ഇന്ന വിധമെന്നു തീരുമാനിക്കാൻ കഴിയാത്തവനായും; ത്വാം - വിശ്വരൂപനായ അങ്ങയെ; സമന്താത് പശ്യാമി - നോക്കുന്നിടത്തെല്ലാം ഞാൻ കാണുന്നു.

75-2006 .36

digitized by www.sreyas.in

കിരീടം ധരിച്ചവനായും ഗദ ധരിച്ചവനായും ചക്രായുധം ധരിച്ചവനായും എങ്ങും പ്രകാശം പരത്തുന്ന തേജസ്സിനിരിപ്പിടമായും ജ്വലിക്കുന്ന അഗ്നിയുടെയും സൂര്യന്റെയും കാന്തികൾ ഒരുമിച്ചു ചേർന്നവനായും അതുകൊണ്ടു നേരേ നോക്കിക്കാണാൻ അശക്യനായും ഒരു തരത്തിലും ഇന്നവിധമെന്നു തീരുമാനിക്കാൻ കഴിയാത്തവനായും വിശ്വരൂപനായ അങ്ങയെ നോക്കുന്നിടത്തെല്ലാം ഞാൻ കാണുന്നു.

*അപ്രമേയം*

സർവത്ര നിറഞ്ഞു തിങ്ങുന്ന തേജോരാശി. അഗ്നിയുടെയും സൂര്യന്റെയും കാന്തികൾ ഇടകലർന്നപോലെ അർജുനമനസ്സ് പൂർണമായും പാകപ്പെട്ടിട്ടല്ല ഈ പ്രാണസാക്ഷാൽക്കാരത്തിലെത്തിച്ചേർന്നിരിക്കുന്നത്. രജോഗുണാംശം ഇനിയും ഒട്ടേറെ ബാക്കി നിൽക്കുന്നുണ്ട്. അതിൽ സത്വഗുണപ്രകാശവും. അതുകൊണ്ടാണ് അഗ്നി സൂര്യന്മാരുടെ തേജസ്സുകൾ ഒരുമിച്ചപോലെ കാണപ്പെടുന്നത്. അതുപോലെ അർജുനമനസ്സിൽ ഒളിഞ്ഞുകിടന്നിരുന്ന രൂപസങ്കൽപ്പങ്ങളും മൂർത്തിഭാവം കൈക്കൊണ്ടു വെളിപ്പെട്ടു. അതാണു വിഷ്ണുരൂപവും പ്രത്യക്ഷത്തിൽ അനുഭവിക്കാൻ അർജുനനു ഭാഗ്യമുണ്ടായത്. പ്രാണസാക്ഷാൽക്കാരത്തിൽ യോഗിയുടെ സങ്കൽപ്പത്തിനനുഗുണമായി പ്രാണനിൽ ഒളിഞ്ഞിരിക്കുന്ന ഏതു രൂപവും മൂർത്തരൂപം കൈക്കൊണ്ട് അനുഭവിക്കാറാകും. അതുകൊണ്ടാണല്ലോ നീ കാണാനാഗ്രഹിക്കുന്നതൊക്കെ കാണാറാകും എന്നു ഭഗവാൻ തന്നെ നേരത്തെ അർജുനനോടു പറഞ്ഞത്. ഇങ്ങനെ എവിടെ നോക്കിയാലും അനന്തരൂപമായി തേജോരാശിയായി കാണപ്പെടുന്ന വിശ്വരൂപൻ അപ്രമേയനാണെന്നു പറയേണ്ടതില്ലല്ലോ.

എന്തായാലും വിശ്വരൂപദർശനത്തോടെ അർജുനന് ഒരു കാര്യം സംശയമെന്യേ തെളിഞ്ഞു. ഈ വിശ്വത്തിന്റെ നിയന്താവ് വിശ്വരൂപനായ ഭഗവാൻ മാത്രമാണ്. ഇക്കാര്യമാണു പതിനെട്ടാം ശ്ലോകത്തിൽ വെളിപ്പെടുത്തുന്നത്:

*18. ത്വമക്ഷരം പരമം വേദിതവ്യം*
*ത്വമസ്യ വിശ്വസ്യ പരമം നിധാനം*
*ത്വമവ്യയഃ ശാശ്വതധർമഗോപ്താ*
*സനാതനസ്ത്വം പുരുഷോ മതോ മേ*

digitized by www.sreyas.in

ത്വം - വിശ്വരൂപനായ അങ്ങ്; വേദിതവ്യം - സത്യാന്വേഷികളാൽ അറിയപ്പെടേണ്ട; പരമം അക്ഷരം - ജഗത്തിന്റെ പരമകാരണമായ നിത്യവസ്തുവാണ്; അസ്യവിശ്വസ്യ - ഈ പ്രപഞ്ചത്തിന്; ത്വം പരം നിധാനം - അങ്ങാണ് അന്തിമമായ ആശ്രയസ്ഥാനം; അവ്യയഃ ത്വം - ഒരിക്കലും ഒരഴിവും സംഭവിക്കാത്ത അങ്ങാണ്; ശാശ്വതധർമഗോപ്താ - ധർമത്തിന്റെയും ശാശ്വതമായ രക്ഷിതാവ്; ത്വം സനാതനഃ പുരുഷഃ - അങ്ങാണ് സദാ ഉണർന്നു വർത്തിച്ചു പ്രകൃതിയെ നിയന്ത്രിക്കുന്ന പുരുഷൻ; മേ മതഃ - ഇക്കാര്യത്തിൽ എനിക്കിന്നു വ്യക്തമായും തെളിഞ്ഞിരിക്കുന്നു.

വിശ്വരൂപനായ അങ്ങു സത്യാന്വേഷികളാൽ അറിയപ്പെടേണ്ട ജഗത്തിന്റെ പരമകാരണമായ നിത്യവസ്തുവാണ്. ഈ പ്രപഞ്ചത്തിന് അങ്ങാണ് അന്തിമമായ ആശ്രയസ്ഥാനം. ഒരിക്കലും ഒരഴിവു സംഭവിക്കാത്ത അങ്ങാണു ധർമത്തിന്റെ ശാശ്വതമായ രക്ഷിതാവ്. അങ്ങാണു സദാ ഉണർന്നു വർത്തിച്ചു പ്രകൃതിയെ നിയന്ത്രിക്കുന്ന പുരുഷൻ. ഇക്കാര്യങ്ങൾ എനിക്കിന്നു വ്യക്തമായും തെളിഞ്ഞിരിക്കുന്നു.

## *പുരുഷോ മതോ മേ*

പ്രാണസാക്ഷാൽക്കാരം അഥവാ വിശ്വരൂപസാക്ഷാൽക്കാരം പ്രപഞ്ചസത്യത്തിന്റെ സർവതോമുഖമായ പ്രവർത്തനരഹസ്യം വ്യക്തമാക്കിത്തരുന്ന ഒന്നാണ്. പ്രപഞ്ചകാര്യങ്ങളൊക്കെ വെറും പ്രകൃതിസിദ്ധങ്ങൾ (നാചറൽ) ആണെന്നു പലരും വാദിക്കാറുണ്ട്. 'പ്രകൃതി' എന്ന പേരുപറയുന്നു എന്നല്ലാതെ അതെന്താണെന്നിക്കൂട്ടർക്കു നിശ്ചയമേയില്ല. രഹസ്യമറിയാതെ ഇവിടെക്കാണുന്ന പ്രവർത്തനങ്ങൾക്കു 'പ്രകൃതി' എന്നവർ പേരിടുന്നു. പ്രകൃതിയെ നിയന്ത്രിക്കാൻ സദാ ഉണർന്നുവർത്തിക്കുന്ന ഒരു ചേതനൻ ഉണ്ടെന്നാണു വിശ്വരൂപദർശനത്തോടെ അർജുനനു ബോധ്യമായത്. ഈ ചേതനന്റെ അധീനതയിലാണു സദാ പ്രകൃതി പ്രവർത്തിച്ചുപോരുന്നത്. പ്രകൃതി വശപ്പെട്ടു കിട്ടണമെങ്കിൽ ഈ ചേതനനെ സമീപിച്ചാലേ പറ്റൂ എന്നും ഇതു സൂചിപ്പിക്കുന്നു. പ്രകൃതിയുടെ എക്കാലത്തുമുള്ള പൂർണനിയന്താവായതുകൊണ്ടു ധർമത്തിന്റെ ശാശ്വതനായ രക്ഷിതാവും ആ പുരുഷൻ തന്നെ. പ്രകൃതിയുടെ അടിമകളായ മറ്റു വ്യക്തികൾക്കു ശാശ്വതമായ ധർമസംരക്ഷണം എങ്ങനെ സാധ്യമാകും? പ്രകൃതിക്കടിമപ്പെട്ടു ജനിച്ചും മരിച്ചും വികാരസങ്കല്പങ്ങളിൽപ്പെട്ടുഴന്നും കഴിയുന്നവർ ധർമത്തെ എന്തു രക്ഷിക്കാൻ? താൻ ധർമരക്ഷിതാവാണെന്ന് അർജുനനുണ്ടായിരുന്ന മോഹം ഇതോടെ അവസാനിച്ചു. ധർമരക്ഷിതാവായ ഭഗവാന്റെ കൈയിലെ

digitized by www.sreyas.in

ഒരുപകരണം മാത്രമാണു താനെന്നു ബോധ്യപ്പെടുന്ന ഒരു സന്ദർഭമാണിത്. ഇത്രയുമായതോടെ ജഗത്തിന്റെ പരമകാരണവും ജഗത്തിനേകാശ്രയവും ഈ സനാതനപുരുഷൻ തന്നെ എന്നു തെളിഞ്ഞു. സനാതനനായ ഈ സനാതനപുരുഷനിൽ ശക്തിസ്പന്ദനരൂപമായ പ്രാണന്റെ പ്രകടഭാവം, പ്രാണസ്പന്ദനത്തിലൂടെ വിവിധ പ്രപഞ്ചഘടകങ്ങളുടെ ആവിർഭാവ തിരോഭാവങ്ങൾ. ഇത്രയും രഹസ്യങ്ങളാണു വിശ്വരൂപദർശനം കൊണ്ടു തെളിയുന്നവ.

മേൽപ്പറയപ്പെട്ട പ്രപഞ്ചരഹസ്യങ്ങൾ ഒരുമിച്ചനുഭവപ്പെടുന്ന വിശ്വരൂപദർശനസ്വരൂപമാണ് അർജുനൻ അടുത്ത പദ്യത്തിൽ വെളിപ്പെടുത്തുന്നത്.

*19. അനാദിമധ്യാന്തമനന്തവീര്യ-*
*മനന്തബാഹും ശശിസൂര്യനേത്രം*
*പശ്യാമി ത്വാം ദീപ്തഹുതാശവക്ത്രം*
*സ്വതേജസാ വിശ്വമിദം തപന്തം*

അനാദിമധ്യാന്തം - തുടക്കമോ നടുവോ ഒടുക്കമോ കാണാനില്ലാത്തവനും; അനന്തവീര്യം - അതിരറ്റ പ്രഭാവത്തോടുകൂടിയവനും; അനന്തബാഹും - എണ്ണമറ്റ കൈകളോടുകൂടിയവനും; ശശിസൂര്യനേത്രം - ചന്ദ്രസൂര്യന്മാരാകുന്ന കണ്ണുകളോടുകൂടിയവനും; ദീപ്തഹൂതാശവക്ത്രം - ജ്വലിക്കുന്ന അഗ്നിയാകുന്ന മുഖത്തോടു കൂടിയവനും; ഇദം വിശ്വം സ്വതേജസാ തപന്തം - ഈ ജഗത്തിനെ തന്റെ തേജസ്സുകൊണ്ടു തപിപ്പിക്കുന്നവനുമായി; ത്വാം - വിശ്വരൂപനായ അങ്ങയെ; പശ്യാമി - ഞാൻ കാണുന്നു.

തുടക്കമോ നടുവോ ഒടുക്കമോ കാണാനില്ലാത്തവനും അതിരറ്റ പ്രഭാവത്തോടുകൂടിയവനും എണ്ണമറ്റ കൈകളോടുകൂടിയവനും ചന്ദ്രസൂര്യന്മാരാകുന്ന കണ്ണുകളോടുകൂടിയവനും ജ്വലിക്കുന്ന അഗ്നിയാകുന്ന മുഖത്തോടു കൂടിയവനും ഈ ജഗത്തിനെ തന്റെ തേജസ്സുകൊണ്ടു തപിപ്പിക്കുന്നവനുമായി വിശ്വരൂപനായ അങ്ങയെ ഞാൻ കാണുന്നു.

## *സ്വതേജസാ വിശ്വമിദം തപന്തം*

സത്വഗുണത്തിന്റെ പ്രകാശത്തിലും ദിവ്യത്വത്തിലും രജോഗുണത്തിന്റെ കാഠിന്യവും തപിപ്പിക്കലും വിശ്വരൂപത്തിൽ ഇടകലർന്ന് അർജുനനു കാണാറാകുന്നു. ആദിമധ്യാന്തരഹിതമായ ഒരേയൊരു രൂപം പ്രാണശരീരിയായ ദേവൻ അങ്ങനെയല്ലാതെ വരുക സാധ്യമല്ലല്ലോ. ആ ദേവന്റെ അവയവങ്ങളായി എണ്ണമറ്റ കൈകൾ. ലോകത്തുള്ള എല്ലാ കൈകളും ആ

digitized by www.sreyas.in

ദേവന്റെ കൈകളായി കാണപ്പെട്ടു എന്നു താൽപ്പര്യം. ദേവന്മാരിൽ പലരും ചതുർബാഹുക്കളും അഷ്ടബാഹുക്കളുമൊക്കെയായി പ്രത്യക്ഷപ്പെടുന്നതിന്റെ രഹസ്യം ഇവിടെ സൂചിതമാകുന്നു. ചന്ദ്രനും സൂര്യനും വിശ്വരൂപന്റെ കണ്ണുകളായി കാണപ്പെട്ടു. പ്രാണശരീരത്തിലെ രണ്ടു കണ്ണുകളല്ലാതെ ഈ ഗോളങ്ങൾ മറ്റെന്താണ്. അഗ്നി വിശ്വരൂപമുഖമായി കാണപ്പെട്ടു. പ്രാണ ശരീരത്തിൽ നാക്കുപോലുള്ള ജ്വാലകൾ പുറത്തോട്ടു നീട്ടി സർവ ഭക്ഷകനായി വർത്തിക്കുന്ന അഗ്നി വിശ്വരൂപന്റെ മുഖമല്ലാതെ മറ്റെന്താകാനാണ്? എന്തിനേറെ വിശ്വരൂപതേജസ്സ് ലോകത്തെ മുഴുവൻ തപിപ്പിക്കുന്നതായും അർജുനനു തോന്നി. അർജുനമനസ്സിലെ രജോഗുണത്തിന്റെ വ്യാപകമായ പ്രതിഫലനമാണു വിശ്വരൂപതേജസ്സിന്റെ ഈ തപനം.

രജോഗുണപ്രതിഫലനത്തിനു ശക്തി കൂടുന്നു. ഉഗ്രമായ വിശ്വരൂപം ലോകത്രയത്തെ പരിഭ്രാന്തമാക്കിയിരിക്കുന്നുവെന്നാണർജുനൻ തുടർന്നു പ്രസ്താവിക്കുന്നത്:

*20. ദ്യാവാപൃഥിവ്യോരിദമന്തരം ഹി*
*വ്യാപ്തം ത്വയൈകേന ദിശശ്ച സർവാഃ*
*ദൃഷ്ട്വാദ്ഭുതം രൂപമിദം തവോഗ്രം*
*ലോകത്രയം പ്രവ്യഥിതം മഹാത്മൻ*

മഹാത്മൻ - സത്വപ്രാണരൂപിയായ അല്ലയോ ഭഗവൻ; ദ്യാവാപൃഥിവ്യോഃ - ആകാശത്തിന്റെയും ഭൂമിയുടെയും; ഇദം അന്തരം - ഈ ഇടഭാഗം മുഴുവൻ; ത്വയാ ഏകേന - അങ്ങൊരുവനാൽ; വ്യാപ്തം ഹി - നിറയ്ക്കപ്പെട്ടിരിക്കുന്നതായിത്തന്നെ കാണുന്നു; സർവാഃ ദിശഃ ച - എല്ലാ ദിക്കുകളും അങ്ങയാൽത്തന്നെ നിറയ്ക്കപ്പെട്ടിരിക്കുന്നു; തവ - വിശ്വരൂപനായ അങ്ങയുടെ; ഉഗ്രം അത്ഭുതം - ഭയാനകവും ആശ്ചര്യപൂർണവുമായ; ഇദം രൂപം ദൃഷ്ട്വാ - ഈ രൂപം കണ്ടിട്ട്; ലോകത്രയം - മൂന്നു ലോകവും; പ്രവ്യഥിതം - പരിഭ്രാന്തമായിരിക്കുന്നു.

സത്വപ്രാണരൂപിയായ അല്ലയോ ഭഗവൻ, ആകാശത്തിന്റെയും ഭൂമിയുടെയും ഇടഭാഗം മുഴുവൻ അങ്ങൊരുവനാൽ നിറയ്ക്കപ്പെട്ടിരിക്കുന്നതായിത്തന്നെ കാണുന്നു. എല്ലാ ദിക്കുകളും അങ്ങയാൽത്തന്നെ നിറയ്ക്കപ്പെട്ടിരിക്കുന്നു. വിശ്വരൂപനായ അങ്ങയുടെ ഭയാനകവും ആശ്ചര്യപൂർണവുമായ ഈ രൂപം കണ്ടിട്ടു മൂന്നു ലോകവും പരിഭ്രാന്തമായിരിക്കുന്നു.

digitized by www.sreyas.in

## ലോകത്രയം പ്രവ്യഥിതം മഹാത്മൻ

'മഹാത്മൻ' എന്ന സംബോധന ശാസ്ത്രദൃഷ്ടിയോടുകൂടിയതാണ്. സാത്വികപ്രാണനാണു മഹാനായ ആത്മാവ്. ഏഴാമധ്യായത്തിലെ നാലാം പദ്യത്തിന്റെ ഭാഷ്യം നോക്കുക. മഹാനായ ആത്മാവിന്റെ രൂപം കൈക്കൊണ്ടിരിക്കുന്നവനാണു മഹാത്മാവ്. ആകാശത്തിനും ഭൂമിക്കുമിടക്കുള്ള അന്തരീക്ഷവും എല്ലാ ദിക്കുകളും വിശ്വരൂപനാൽ നിറയ്ക്കപ്പെട്ടിരിക്കുന്നു. താഴേക്കും മുകളിലേക്കും നാലുവശത്തേക്കും നോക്കിയാൽ വിശ്വരൂപനെ മാത്രമേ കാണാനുള്ളു എന്നു താൽപ്പര്യം. സദാ ചലിച്ചിളകിക്കൊണ്ടിരിക്കുന്ന പ്രാണരൂപത്തിൽ പറ്റിനിൽക്കുന്നതായി കാണപ്പെടുന്ന പ്രപഞ്ചഘടകങ്ങൾ എല്ലാം ചലിച്ചിളകിക്കൊണ്ടിരിക്കുന്നതായിത്തന്നെ തോന്നുമെന്നു പറയേണ്ടതില്ലല്ലോ. അതു കണ്ടാൽ വിശ്വരൂപനെ കണ്ടു സകലതും പരിഭ്രാന്തമായിരിക്കുന്നു എന്നേ തോന്നൂ. വിശ്വരൂപത്തിന് ഉഗ്രതയും ആശ്ചര്യപൂർണതയും ഉണ്ടാക്കുന്നതും കുറെയൊക്കെ സർവവ്യാപിയായ ഈ ചലിച്ചിളകലാണ്.

ചലിച്ചിളകലിന്റെയും പരിഭ്രാന്തിയുടെയും സ്വരൂപം കുറച്ചുകൂടി വിശദമായി വിവരിക്കുകയാണ് അർജുനൻ അടുത്ത മൂന്നു ശ്ലോകങ്ങളിൽ:

*21. അമീ ഹിത്വാം സുരസംഘാ വിശന്തി*
*കേചിദ് ഭീതാഃ പ്രാഞ്ജലയോ ഗൃണന്തി*
*സ്വസ്തീത്യുക്ത്വാ മഹർഷിസിദ്ധസംഘാഃ*
*സ്തുവന്തി ത്വാം സ്തുതിഭിഃ പുഷ്കലാഭിഃ*

അമീ സുരസംഘാഃ - ഇതാ ഈ ദേവസംഘങ്ങൾ; ത്വാം വിശന്തി ഹി അങ്ങുടെ ഉള്ളിലേക്കു കടന്നു മറയുന്നതായിത്തന്നെ കാണുന്നു; കേചിത് ചിലർ; ഭീതാഃ പ്രാഞ്ജലയഃ ഗൃണന്തി - ഭയംകൊണ്ടു വിറച്ചു കൈകൂപ്പി അങ്ങയെ സ്തുതിക്കുന്നു; മഹർഷിസിദ്ധസംഘാഃ - മഹർഷിമാരുടെയും സിദ്ധന്മാരുടെയും സംഘങ്ങൾ; ത്വാം - വിശ്വരൂപനായ അങ്ങയെ; സ്വസ്തി ഇതി ഉക്ത്വാ - 'സ്വസ്തി' ചൊല്ലി; പുഷ്കലാഭിഃ സ്തുതിഭിഃ - അർഥപൂർണങ്ങളും ഭക്തിനിർഭരങ്ങളുമായ സ്തുതികൾകൊണ്ട്; സ്തുവന്തി - വാഴ്ത്തുന്നു.

ഇതാ ഈ ദേവസംഘങ്ങൾ അങ്ങയുടെ ഉള്ളിലേക്കു കടന്നു മറയുന്നതായിക്കാണുന്നു. ചിലർ ഭയംകൊണ്ടു വിറച്ചു കൈകൂപ്പി അങ്ങയെ സ്തുതിക്കുന്നു. മഹർഷിമാരുടെയും സിദ്ധന്മാരുടെയും സംഘങ്ങൾ വിശ്വരൂപനായ

digitized by www.sreyas.in

അങ്ങയെ 'സ്വസ്തി' ചൊല്ലി അർഥപൂർണങ്ങളും ഭക്തിനിർഭരങ്ങളുമായ സ്തുതികൾകൊണ്ട് വാഴ്ത്തുന്നു.

## *പ്രാഞ്ജലയോ ഗൃണന്തി*

പരിഭ്രാന്തങ്ങളായ പലതരം ദൃശ്യങ്ങളാണ് അർജുനൻ വിശ്വരൂപനിൽ ദർശിക്കുന്നത്. ചിലരിൽ ഭക്തിയോടുകൂടിയ പരിഭ്രമമാണ്. മറ്റു ചിലർ പരിഭ്രമിച്ചു വിശ്വരൂപനിൽ കടന്നു മറയുകയാണ്. മൂന്നു ലോകവും പ്രവ്യഥിതമാണെന്നു മുൻപദ്യത്തിൽ പ്രസ്താവിച്ചതിന്റെ വിവരണമാണിതെല്ലാം.

സകലരും അത്ഭുതസ്തബ്ധരായി നോക്കിനിൽക്കുന്ന കാഴ്ചയാണർജുനൻ മുമ്പിൽ കാണുന്നത്:

*22. രുദ്രാദിത്യാ വസവോ യേ ച സാധ്യാ*
*വിശ്വേഽശ്വിനൗ മരുതശ്ചോഷ്മപാശ്ച*
*ഗന്ധർവയക്ഷാസുരസിദ്ധസംഘാ*
*വീക്ഷന്തേ ത്വാം വിസ്മിതാശ്ചൈവ സർവേ*

രുദ്രാദിത്യാഃ - രുദ്രന്മാരും ആദിത്യന്മാരും; വസവഃ - വസുക്കളും; യേ ച സാധ്യാഃ - സാധ്യന്മാരും; വിശ്വേഃ - വിശ്വന്മാരും; അശ്വിനൗ - അശ്വിനീദേവന്മാരും മരുതഃ - മരുത്തുക്കളും; ഊഷ്മപാഃ ച - പിതൃക്കളും; ഗന്ധർവയക്ഷാസുരസിദ്ധ സംഘാഃ - ഗന്ധർവന്മാർ, യക്ഷന്മാർ, അസുരന്മാർ, സിദ്ധന്മാർ എന്നിവരുടെ കൂട്ടങ്ങളും; സർവേ ച ഏവ - എല്ലാവരുംതന്നെ; വിസ്മിതാഃ - അത്ഭുതസ്തബ്ധരായി; ത്വാം വീക്ഷന്തേ - വിശ്വരൂപനായ അങ്ങയെ ആകാംക്ഷയോടെ നോക്കിനിൽക്കുന്നു.

രുദ്രന്മാരും ആദിത്യന്മാരും വസുക്കളും സാധ്യന്മാരും വിശ്വന്മാരും അശ്വനീദേവന്മാരും മരുത്തുക്കളും പിതൃക്കളും ഗന്ധർവന്മാർ, യക്ഷന്മാർ, അസുരന്മാർ സിദ്ധന്മാർ എന്നിവരുടെ കൂട്ടങ്ങളും എല്ലാവരും തന്നെ അത്ഭുതസ്തബ്ധരായി വിശ്വരൂപനായ അങ്ങയെ അകാംക്ഷയോടെ നോക്കിനിൽക്കുന്നു.

## *വിസ്മിതാശ്ചൈവ സർവേ*

എന്തുണ്ട് എന്നുള്ളതു മാത്രമല്ല ഏതു ദൃഷ്ടിയോടെ നോക്കുന്നു എന്നുള്ളതും കാഴ്ചയിൽ പ്രധാനമായ ഒരംശമാണെന്നു നാം ധരിച്ചുവല്ലോ. സത്യത്തെ സമീപിക്കുന്നവരുടെ കാഴ്ചയും ഒരു ഘട്ടം മാത്രമാണു വിശ്വരൂപദർശനം അഥവാ പ്രാണസാക്ഷാൽക്കാരം. ഈ ഘട്ടത്തിലെത്താതിരി

digitized by www.sreyas.in

ക്കുകയോ ഇതു കടന്നുപോവുകയോ ചെയ്യുന്നയാളിന് ഈ ദർശനങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. അർജുനനു തന്നെ നേരത്തേ ഈ കാഴ്ചയില്ലായിരുന്നു; ഇനി അൽപ്പം കഴിഞ്ഞ് ഈ കാഴ്ച ഇല്ലാതാവുകയും ചെയ്യും. വിശ്വരൂപദർശനത്തിൽത്തന്നെ കാണുന്നയാളിന്റെ ചിത്തത്തിലെ ഗുണങ്ങളുടെ അനുപാതമനുസരിച്ചു കാഴ്ചയുടെ രൂപഭാവങ്ങൾ ഒട്ടൊക്കെ മാറിയും മറിഞ്ഞും വരാം. ഇങ്ങനെയുള്ള വിവിധാനുഭവഘട്ടങ്ങളെക്കുറിച്ചൊക്കെയറിയാതെ ഋഷിമാർ കണ്ടെത്തിയിട്ടുള്ള നിലനിൽപ്പിന്റെ രഹസ്യങ്ങളെ അവിശ്വസിക്കുന്നതു കേവലം മൂഢത മാത്രമായിരിക്കും. എന്തായാലും അർജുനൻ വിശ്വരൂപനിൽ എല്ലാ ദേവവർഗങ്ങളെയും നേരിട്ടു കണ്ടെത്തുന്നു. എല്ലാവരും ഒരുപോലെ വിസ്മയാവിഷ്ടരായി വിശ്വരൂപനെ നോക്കി നിൽക്കുന്നതായിട്ടുമാണു കാണുന്നത്. ദേവവിഭാഗങ്ങളെക്കുറിക്കുന്നവയാണ് ഈ പദ്യത്തിലെ പേരുകളെല്ലാം.

കാഴ്ച മുന്നേറുംതോറും ലോകത്തിനും അതോടൊപ്പം അർജുനനും ഭീതി വർധിക്കുന്നതായിട്ടാണു കാണുന്നത്:

*23. രൂപം മഹത്തേ ബഹുവക്ത്രനേത്രം*
*മഹാബാഹോ ബഹുബാഹൂരുപാദം*
*ബഹൂദരം ബഹുദംഷ്ട്രാകരാളം*
*ദൃഷ്ട്വാ ലോകാഃ പ്രവ്യഥിതാസ്തഥാƒഹം*

മഹാബാഹോ - അല്ലയോ ഭഗവൻ; ബഹുവക്ത്രനേത്രം - അസംഖ്യം മുഖങ്ങളും കണ്ണുകളുമുള്ളതും; ബഹുബാഹൂരുപാദം - അസംഖ്യം കൈകളും ഊരുക്കളും പാദങ്ങളുമുള്ളതും; ബഹൂദരം - അസംഖ്യം വയറുകളുള്ളതും; ബഹുദംഷ്ട്രാകരാളം - അസംഖ്യം വീരപ്പല്ലുകൾകൊണ്ടും ഭയാനകമായി തോന്നുന്നതുമായ; തേമഹത്രൂപം - അങ്ങയുടെ ഈ മഹത്തായവിശ്വരൂപം; ദൃഷ്ട്വാ - കണ്ടിട്ട്; ലോകാഃ - എല്ലാ ലോകരും; തഥാ അഹം - അതുപോലെ ഞാനും; പ്രവ്യഥിതാഃ - അത്യന്തം പരിഭ്രാന്തരായിരിക്കുന്നു.

അല്ലയോ ഭഗവൻ, അസംഖ്യം മുഖങ്ങളും കണ്ണുകളുമുള്ളതും അസംഖ്യം കൈകളും ഊരുക്കളും പാദങ്ങളുമുള്ളതും അസംഖ്യം വയറുകളുള്ളതും അസംഖ്യം വീരപ്പല്ലുകൾകൊണ്ടു ഭയാനകമായി തോന്നുന്നതുമായ അങ്ങയുടെ ഈ മഹത്തായ വിശ്വരൂപം കണ്ടിട്ട് എല്ലാ ലോകരും അതുപോലെ ഞാനും അത്യന്തം പരിഭ്രാന്തരായിരിക്കുന്നു.

digitized by www.sreyas.in

## *ലോകാഃ പ്രവ്യഥിതാസ്തഥാഹം*

ഒട്ടൊക്കെ വിസ്മയവും ദിവ്യതയും പകർന്നുകൊണ്ടാരംഭിച്ച വിശ്വരൂപം ക്രമേണ അർജുനന് അത്യന്തം ഭയാനകമായി മാറുകയാണ്. സൃഷ്ടി സ്ഥിതികളെപ്പോലെതന്നെ സംഹാരവും വിശ്വരൂപന്റെ സ്വഭാവമാണല്ലോ. വീരപ്പല്ലുകൾ കാട്ടി കരാളമൂർത്തിയായി സകല ലോകത്തെയും സംഹരിക്കാനൊരുമ്പെടുന്ന മട്ടാണ് അർജുനനു ക്രമേണ കാണാനിടയായത്. ലോകസംഹാരത്തിന്റെയും പൂർണമായ ഉത്തരവാദിത്വം വിശ്വരൂപനു മാത്രമാണെന്ന് ഇതുകൊണ്ടു തെളിയുന്നു. അർജുനനും മറ്റും വെറും ഉപകരണങ്ങൾ. സംഹാരാരംഭത്തിൽ സകലരും പരിഭ്രാന്തരാകുമെന്ന് പറയേണ്ടതില്ലല്ലോ. സംഹാരരഹസ്യം അറിയായ്കയാണ് ഈ പരിഭ്രമത്തിനു കാരണം.

തന്റെ അതിരറ്റ പരിഭ്രാന്തി വിശദമാക്കുകയാണടുത്ത പദ്യത്തിൽ അർജുനൻ:

*24. നഭസ്പൃശം ദീപ്തമനേകവർണം*
*വ്യാത്താനനം ദീപ്തവിശാലനേത്രം*
*ദൃഷ്ട്വാ ഹി ത്വാം പ്രവ്യഥിതാന്തരാത്മാ*
*ധൃതിം ന വിന്ദാമി ശമം ച വിഷ്ണോ*

വിഷ്ണോ - സർവവ്യാപിയായ അല്ലയോ ഭഗവൻ; നഭഃ സ്പൃശം - ആകാശം മുട്ടി വളർന്നുനിൽക്കുന്നവനും; ദീപ്തം - തേജസ്സുകൊണ്ടു ജ്വലിച്ചു നിൽക്കുന്നവനും; അനേകവർണം - പല നിറങ്ങൾ ഇടകലർന്നു കാണപ്പെടുന്നവനും; വ്യാത്താനനം - തുറന്നിരിക്കുന്നാവയോടുകൂടിയവനും; ദീപ്തവിശാലനേത്രം - ജ്വലിക്കുന്ന വിശാലമായ കണ്ണുകളോടുകൂടിയവനുമായ; ത്വാം ദൃഷ്ട്വാ ഹി - അങ്ങയെ കണ്ടിട്ട് തന്നെ; പ്രവ്യഥിതാന്തരാത്മ - ഹൃദയം വല്ലാതെ പരിഭ്രാന്തമായി; ധൃതിം ന വിന്ദാമി - ധൈര്യം കൈക്കൊള്ളാൻ കഴിയുന്നില്ല; ശമം ച - സമാധാനവും തീരെ വരുന്നില്ല.

ആകാശംമുട്ടി വളർന്നുനിൽക്കുന്നവനും തേജസ്സുകൊണ്ടു ജ്വലിച്ചു നിൽക്കുന്നവനും പല നിറങ്ങൾ ഇടകലർന്നു കാണപ്പെടുന്നവനും തുറന്നിരിക്കുന്ന വായോടുകൂടിയവനും ജ്വലിക്കുന്ന വിശാലമായ കണ്ണുകളോടു കൂടിയവനുമായ അങ്ങയെക്കണ്ടിട്ടു തന്നെ ഹൃദയം വല്ലാതെ പരിഭ്രാന്തമായി ധൈര്യം കൈക്കൊള്ളാൻ കഴിയുന്നില്ല. സമാധാനവും തീരെ വരുന്നില്ല.

digitized by www.sreyas.in

## ധൃതിം ന വിന്ദാമി ശമം ച വിഷ്ണോ

പാകപ്പെടാത്ത ഹൃദയത്തിനു് വിശ്വരൂപദർശനം അധികനേരം താങ്ങാൻ സാധ്യമല്ല. ദേശമെന്നപോലെ കാലവും അവിടെ അത്യന്തം ചുരുങ്ങുന്നു. അതുനിമിത്തം സൃഷ്ടിസ്ഥിതിസംഹാരങ്ങളൊക്കെ ഏതാണ്ടൊരുമിച്ചു നടക്കുന്നു എന്നാണനുഭവം. അപ്പോൾ തന്റെ നിലനിൽപ്പും പെട്ടെന്നവസാനിച്ചു പോകുമോ എന്നാണു ഭയം. സ്വന്തം വ്യക്തിത്വം കൈവിടാനുള്ള ഭയമാണല്ലോ ഭയം. അതുകൊണ്ടാണ് അർജുനൻ ധൈര്യമില്ല. സമാധാനമില്ല എന്നൊക്കെ നിലവിളിക്കാൻ ആരംഭിച്ചിരിക്കുന്നത്.

അർജുനന്റെ പരിഭ്രമം അതിന്റെ പരമകാഷ്ഠയിലെത്തുന്നു:

*25. ദംഷ്ട്രകരാളാനി ച തേ മുഖാനി*
*ദൃഷ്ട്വൈവ കാലാനലസന്നിഭാനി*
*ദിശോ ന ജാനേ ന ലഭേ ച ശർമ*
*പ്രസീദ ദേവേശ ജഗന്നിവാസ*

ദേവേശ – സകല ദേവന്മാരുടെയും പ്രഭുവായ അല്ലയോ ഭഗവാൻ; തേ – വിശ്വരൂപനായ അങ്ങയുടെ; ദംഷ്ട്രാകരാളാനി – വീരപ്പല്ലുകൾകൊണ്ടു നിറഞ്ഞു ഭയാനകങ്ങളും; കാലാനലസന്നിഭാനി – ലോകത്തെ മുഴുവൻ ഭക്ഷിക്കാൻ ജ്വലിച്ചുയരുന്ന പ്രളയകാലാഗ്നികൾ പോലെ തേജോമയങ്ങളുമായ; മുഖാനി – മുഖങ്ങൾ; ദൃഷ്ട്വാ ഏവ – കണ്ടതുകൊണ്ടുതന്നെ; ദിശഃ ന ജാനേ – ദിക്കുകളൊന്നും തിരിച്ചറിയാൻ കഴിയാതായിരിക്കുന്നു; ശർമ ച ന ലഭേ – യാതൊരു സ്വസ്ഥതയും തോന്നുന്നില്ല; ജഗന്നിവാസ – ജഗത്തു മുഴുവൻ വ്യാപിച്ചു നിൽക്കുന്ന അല്ലയോ ഭഗവൻ; പ്രസീദ – എന്നിൽ പ്രസന്നനായി ഭവിച്ചാലും.

സകല ദേവന്മാരുടെയും പ്രഭുവായ അല്ലയോ ഭഗവൻ, അങ്ങയുടെ വീരപ്പല്ലുകൾകൊണ്ടു നിറഞ്ഞു ഭയാനകങ്ങളും ലോകത്തെ മുഴുവൻ ഭക്ഷിക്കാൻ ജ്വലിച്ചുയരുന്ന പ്രളയകാലാഗ്നികൾപോലെ തേജോമയങ്ങളുമായ മുഖങ്ങൾ കണ്ടതുകൊണ്ടു തന്നെ ദിക്കുകളൊന്നും തിരിച്ചറിയാൻ കഴിയാതായിരിക്കുന്നു. യാതൊരു സ്വസ്ഥതയും തോന്നുന്നില്ല. ജഗത്തു മുഴുവൻ വ്യാപിച്ചുനിൽക്കുന്ന അല്ലയോ ഭഗവാൻ എന്നിൽ പ്രസന്നനായി ഭവിച്ചാലും.

## പ്രസീദ ദേവേശ

ഈ കാഴ്ച അവസാനിപ്പിക്കണേ എന്നാണ് അർജുനന്റെ പ്രാർഥന. അതല്ലെങ്കിൽ താനുൾപ്പടെ എല്ലാം നഷ്ടമായിപ്പോകുമെന്നാണ്

digitized by www.sreyas.in

അർജുനന്റെ തോന്നൽ. അഹോ! വ്യക്തിത്വം നിലനിറുത്താനുള്ള ജീവന്റെ വെമ്പൽ.

ലോകം മുഴുവൻ പല രീതിയിൽ വിശ്വരൂപന്റെ മുഖങ്ങളിൽ വന്നടിയുന്നതായി താൻ കാണുന്നു എന്നാണ് ഇനി മുപ്പതാം ശ്ലോകം വരെ അർജുനൻ വിവരിക്കുന്നത്. യുദ്ധത്തിനു തയ്യാറായി രംഗത്തു നിൽക്കുന്ന സകലരും ഭഗവാന്റെ വായിൽ കടന്നു വീരപ്പല്ലുകൾക്കിടയിൽപ്പെട്ടു ഞെരിഞ്ഞു പൊടിയുന്നതായിട്ടാണ് അദ്ദേഹം കണ്ടത്:

*26. അമീ ച ത്വാം ധൃതരാഷ്ട്രസ്യ പുത്രാഃ*
*സർവേ സഹൈവാവനിപാലസംഘൈഃ*
*ഭീഷ്മോ ദ്രോണഃ സൂതപുത്രസ്തഥാƒസൗ*
*സഹാസ്മദീയൈരപി യോധമുഖ്യൈഃ*

*27. വക്ത്രാണി തേ ത്വരമാണാ വിശന്തി*
*ദംഷ്ട്രാകരാളാനി ഭയാനകാനി*
*കേചിദ്വിലഗ്നാ ദശനാന്തരേഷു*
*സംദൃശ്യന്തേ ചൂർണിതൈരുത്തമാംഗൈഃ*

അമീ സർവേ - ഈ എല്ലാ; ധൃതരാഷ്ട്രസ്യ പുത്രാഃച - ധൃതരാഷ്ട്രപുത്രന്മാരും; ഭീഷ്മഃ ദ്രോണഃ - ഭീഷ്മരും ദ്രോണരും; തഥാ അസൗ സൂതപുത്രഃച - അതുപോലെ ഈ കർണനും; അവനിപാലസംഘൈഃ സഹ ഏവ - രാജാക്കന്മാരുടെ സംഘങ്ങളോടൊപ്പം തന്നെ; അസ്മദീയൈഃ യോധമുഖ്യൈഃ അപി സഹ - ഞങ്ങളുടെ ഭാഗത്തുള്ള പടയാളികളോടും ഒപ്പം; ത്വരമാണാഃ - ശീഘ്രഗതിയിൽ; ദംഷ്ട്രാ കരാളാനി - വീരപ്പല്ലുകൾ കാട്ടി ഘോരരൂപത്തോടെ; ഭയാനകാനി - ഭയം ജനിപ്പിക്കുന്ന; തേ വക്ത്രാണി - അങ്ങയുടെ വദനങ്ങളിൽ; വിശന്തി - കടന്നു പ്രവേശിക്കുന്നു; ദശനാന്തരേഷു - പല്ലുകളുടെ ഇടയിൽ; വിലഗ്നാഃ കേചിത് - ഞെരുങ്ങി അകപ്പെട്ടുപോയ ചിലർ; ചൂർണിതൈഃ ഉത്തമാംഗൈഃ - ശിരസ്സുകൾ പൊടിഞ്ഞു തകർന്നുപോയവരായും; സംദൃശ്യന്തേ - കാണപ്പെടുന്നു.

ഈ എല്ലാ ധൃതരാഷ്ട്രപുത്രന്മാരും ഭീഷ്മരും ദ്രോണരും അതുപോലെ ഈ കർണനും രാജാക്കന്മാരുടെ സംഘങ്ങളോടൊപ്പം തന്നെ ഞങ്ങളുടെ ഭാഗത്തുള്ള പടയാളികളോടുമൊപ്പം ശീഘ്രഗതിയിൽ വീരപ്പല്ലുകൾ കാട്ടി ഘോരരൂപത്തോടെ ഭയം ജനിപ്പിക്കുന്ന അങ്ങയുടെ വദനങ്ങളിൽ കടന്നു പ്രവേശിക്കുന്നു. പല്ലുകളുടെ ഇടയിൽ ഞെരുങ്ങി അകപ്പെട്ടുപോയ ചിലർ ശിരസ്സുകൾ പൊടിഞ്ഞു തകർന്നുപോയവരായും കാണപ്പെടുന്നു.

digitized by www.sreyas.in

## സംദൃശ്യന്തേ ചൂർണിതൈരുത്തമാംഗൈഃ

വിശ്വരൂപന്റെ സംഹാരക്രിയതന്നെ പല രൂപത്തിലാണ്. വീരപ്പല്ലുകൾ നിറഞ്ഞ ആ വായ്ക്കകത്ത് എല്ലാവരും ഒരുപോലെയല്ല കടന്നു ചെല്ലുന്നത്. ചിലർ വലിയ ബുദ്ധിമുട്ടുകൂടാതെ അകത്തു കടന്നു മറയുന്നു. വേറേ ചിലർ പല്ലുകളുടെ ഇടയിൽ ഞെരുങ്ങിപ്പോകുന്നു. അവിടെ ദന്തഘട്ടനത്തിൽപ്പെട്ട് അവരുടെ തലകൾ പൊടിഞ്ഞു തകരുകയും ചെയ്യുന്നു. മരണത്തിന്റെ സമ്പ്രദായം പോലും അവരവരുടെ കർമഗതിയെ ആശ്രയിച്ചിരിക്കുമെന്നു താൽപ്പര്യം. സത്യമറിയാതെ ഈശ്വരനെ മറന്നു തന്നെക്കവിഞ്ഞാരുമില്ലെന്ന് അഹങ്കരിക്കുന്നവർ കാലരൂപിയായ വിശ്വരൂപന്റെ വീരപ്പല്ലുകൾക്കിടയിൽപ്പെട്ടു തല ഞെരിഞ്ഞു തകരുന്ന ദയനീയമായ കാഴ്ച ഈ ലോകത്തു കണ്ണുള്ളവർക്കു കാണാവുന്നതേയുള്ളു.

നദികൾ സമുദ്രത്തിൽക്കടന്നു മറയുന്നതുപോലെയാണു മറ്റു ചിലർ വിശ്വരൂപവദനത്തിൽ കടന്നുമറയുന്നത്:

*28. യഥാ നദീനാം ബഹവോഽംബുവേഗാഃ*
*സമുദ്രമേവാഭിമുഖാ ദ്രവന്തി*
*തഥാ തവാമീ നരലോകവീരാ*
*വിശന്തി വക്ത്രാണ്യഭിവിജ്വലന്തി*

ബഹവഃ നദീനാം - പല ഭാഗത്തുനിന്നും ഒഴുകിവരുന്ന നദികളുടെ; അംബുവേഗാഃ - ജലപ്രവാഹങ്ങൾ; സമുദ്രം ഏവ - സമുദ്രത്തെത്തന്നെ; യഥാ - എപ്രകാരമാണോ; അഭിമുഖാഃ ദ്രവന്തി - നേരിട്ടു പ്രവേശിക്കുന്നത്; തഥാ - അതുപോല; അമീനരലോക വീരാഃ - ഈ ക്ഷത്രിയവീരന്മാർ; തവ - വിശ്വരൂപനായ അങ്ങയുടെ; അഭിവിജ്വലന്തിവക്ത്രാണി - അഭിമുഖമായി കത്തിക്കാളിക്കൊണ്ടിരിക്കുന്ന വദനങ്ങളിൽ; വിശന്തി - കടന്നുമറയുന്നു.

പല ഭാഗത്തുനിന്നും ഒഴുകിവരുന്ന നദികളുടെ ജലപ്രവാഹങ്ങൾ സമുദ്രത്തെത്തന്നെ എപ്രകാരമാണോ നേരിട്ടു പ്രവേശിക്കുന്നത് അതുപോലെ ഈ ക്ഷത്രിയവീരന്മാർ വിശ്വരൂപനായ അങ്ങയുടെ അഭിമുഖമായി കത്തിക്കാളിക്കൊണ്ടിരിക്കുന്ന വദനങ്ങളിൽ കടന്നു മറയുന്നു.

## യഥാ നദീനാം ബഹവോംബുവേഗാഃ

അത്യന്തം അനായാസമായ രീതിയിലാണു ചില നരലോകവീരന്മാർ വിശ്വരൂപമുഖത്തിൽ പ്രവേശിച്ചുമറഞ്ഞത്. നദീപ്രവാഹം സമുദ്രത്തിൽ പ്രവേ

digitized by www.sreyas.in

ശിച്ചു മറയുംപോലെ. ധീരമായും നിർഭയമായും സ്വധർമമനുഷ്ഠിക്കുന്നവർ മരണത്തെ അശേഷം ഭയപ്പെടുന്നില്ല. അവരാണല്ലോ നരലോകവീരന്മാർ. അവർക്കു നിഷ്പ്രയാസം വിശ്വരൂപവദനത്തിൽ പ്രവേശനം ലഭിക്കുന്നു. നദിക്കു സമുദ്രപ്രവേശം ഒരനുഗ്രഹമായിരിക്കുന്നതുപോലെ വിശ്വരൂപമുഖ പ്രവേശം അവർക്കൊരനുഗ്രഹം മാത്രമാണ്. അവർക്കീ പ്രവേശം ഉയർച്ചക്കു കാരണമായി ഭവിക്കുന്നു.

അതേയവസരത്തിൽ ഈയാമ്പാറ്റകൾ അഗ്നിജ്വാല തട്ടി കരിഞ്ഞു വീഴുന്നതുപോലെ വിശ്വരൂപവദനാഗ്നിജ്വാലയേറ്റു കരിഞ്ഞു ചാമ്പലാകുന്നവരും കുറവല്ല.

*29. യഥാ പ്രദീപ്തം ജ്വലനം പതംഗാ*
*വിശന്തി നാശായ സമൃദ്ധവേഗാഃ*
*തഥൈവ നാശായ വിശന്തി ലോകാ-*
*സ്തവാപി വക്ത്രാണി സമൃദ്ധവേഗാഃ*

യഥാ – എപ്രകാരമാണോ; സമൃദ്ധവേഗാഃ – ഭക്ഷണത്തിനായി ഓടിയടുക്കുന്ന; പതംഗാഃ – ഈയാമ്പാറ്റകൾ; നാശായ – സ്വയം വെന്തുനശിക്കാനായി; പ്രദീപ്തം ജ്വലനം വിശന്തി – കത്തിയെരിയുന്ന അഗ്നിയിൽ ചെന്നു വീഴുന്നത്; തഥാ ഏവ – അതുപോലെതന്നെ; സമൃദ്ധവേഗാഃ ലോകാഃ അപി – വർധിച്ച വികാരതീക്ഷ്ണതയോടുകൂടിയ ലോകരും; തവ വക്ത്രാണി – അങ്ങയുടെ വദനങ്ങളിൽ; നാശായ – ദേഹം വെടിഞ്ഞു പതിക്കാനായി; വിശന്തി – കടന്നു പ്രവേശിക്കുന്നു.

എപ്രകാരമാണോ ഭക്ഷണത്തിനായി ഓടിയടുക്കുന്ന ഈയാമ്പാറ്റകൾ സ്വയം വെന്തുനശിക്കാനായി കത്തിയെരിയുന്ന അഗ്നിയിൽച്ചെന്നു വീഴുന്നത് അതുപോലെതന്നെ വർധിച്ച വികാരതീക്ഷ്ണതയോടുകൂടിയ ലോകരും അങ്ങയുടെ മുഖങ്ങളിൽ ദേഹം വെടിഞ്ഞു പതിക്കാനായി കടന്നു പ്രവേശിക്കുന്നു.

## *തഥൈവ നാശായ വിശന്തി*

ലോകരുടെ വിശ്വരൂപമുഖപ്രവേശത്തെ പല ഉപമകൾകൊണ്ടു വിവരിക്കുന്നത് ഓരോരുത്തർക്കും അതുകൊണ്ടു വന്നുചേരുന്ന ഫലത്തെ സൂചിപ്പിക്കാനാണ്. അനായാസമായ വിശ്വരൂപമുഖപ്രവേശം അങ്ങനെ പ്രവേശിക്കുന്നവർക്കു വന്നുചേരാവുന്ന ശ്രേയസ്സിന്റെ സൂചകമാണ്. പ്രസ്തുത ശ്ലോകത്തിലാകട്ടെ ദേഹം വെടിഞ്ഞു നീചജന്മങ്ങളിലേക്കും നരകാനുഭവങ്ങളിലേക്കും പതിക്കുന്ന കൂട്ടരുടെ വിശ്വരൂപമുഖപ്രവേശമാണു

digitized by www.sreyas.in

വിവരിച്ചിരിക്കുന്നത്. പ്രസ്തുതത്തിലും അപ്രസ്തുതത്തിലും 'നാശായ' എന്ന പദം ആവർത്തിച്ചിരിക്കുന്നത് ഇതിനു തെളിവാണ്. ഈശ്വരനെ മറന്നു വിഷയലോലുപന്മാരായി ജീവിതം കഴിച്ചുകൂട്ടുന്നവർക്കാണിതു സംഭവിക്കുന്നത്. 'സമൃദ്ധവേഗാഃ' എന്ന വിശേഷണം ഇക്കാര്യവും വ്യക്തമാക്കുന്നു. 'വേഗ' പദത്തിന് മനോവികാരം എന്നും അർഥമുണ്ട്. ദൃഷ്ടാന്തവും ഇതു തന്നെ വെളിപ്പെടുത്തുന്നു. ഭക്ഷണമെന്നു കരുതിയാണല്ലോ ഈയാമ്പാറ്റ അഗ്നിയെ സമീപിക്കുന്നത്. അതുപോലെ കാമശമനത്തിനാണു ജനങ്ങൾ വിഷയങ്ങളെ സമീപിക്കുന്നത്. വാസ്തവത്തിൽ അവർ ഈയാമ്പാറ്റകളെപ്പോലെ വിഷയാഗ്നിയിൽ വീണെരിയുകയാണു ചെയ്യുന്നത്. വിശ്വരൂപദർശനത്തോടെ ഇക്കാര്യങ്ങളെല്ലാം അർജുനനു നേരിട്ടു ബോധ്യമാകുന്നു.

എന്തിനേറെ, വിശ്വരൂപന്റെ വദനജ്വാല സമസ്തപ്രപഞ്ചത്തെയും നക്കിയകത്താക്കുന്നതായിട്ടാണ് അർജുനനു കാണാൻ കഴിഞ്ഞത്.

*30. ലേലിഹ്യസേ ഗ്രസമാനഃ സമന്താ*
*ല്ലോകാൻ സമഗ്രാൻ വദനൈർജ്വലദ്ഭിഃ*
*തേജോഭിരാപൂര്യാ ജഗത് സമഗ്രം*
*ഭാസസ്തവോഗ്രാഃ പ്രതപന്തി വിഷ്ണോ*

സമഗ്രാൻ ലോകാൻ - സകല ലോകങ്ങളേയും; ഗ്രസമാനഃ - വിഴുങ്ങുന്നവനായി; ജ്വലദ്ഭിഃ വദനൈഃ - ജ്വാലകൾ വിതറുന്ന മുഖങ്ങൾകൊണ്ട്; ലേലിഹ്യസേ - അങ്ങു നക്കിനക്കി എടുക്കുന്നതായിക്കാണുന്നു; വിഷ്ണോ - സർവത്ര വ്യാപിച്ചുനിൽക്കുന്ന ഭഗവൻ; തവ ഉഗ്രാഃ ഭാസഃ - അങ്ങയുടെ ഉഗ്രങ്ങളായ കാന്തിപടലങ്ങൾ; സമഗ്രം ജഗത് - മുഴുവൻ പ്രപഞ്ചത്തെയും; തേജോഭിഃ ആപൂര്യ - തേജസ്സുകൊണ്ടു നിറച്ച്; പ്രതപന്തി - വല്ലാതെ ചൂടുപിടിപ്പിക്കുന്നതായി കാണുന്നു.

സകല ലോകങ്ങളെയും വിഴുങ്ങുന്നവനായി ജ്വാലകൾ വിതറുന്ന മുഖങ്ങൾ കൊണ്ടു നാലുപാടും അങ്ങു നക്കിനക്കി എടുക്കുന്നതായി കാണുന്നു. സർവത്ര വ്യാപിച്ചു നിൽക്കുന്ന ഭഗവൻ, അങ്ങയുടെ ഉഗ്രങ്ങളായ കാന്തിപടലങ്ങൾ മുഴുവൻ പ്രപഞ്ചത്തെയും തേജസ്സുകൊണ്ടു നിറച്ചു വല്ലാതെ ചൂടുപിടിപ്പിക്കുന്നതായി കാണുന്നു.

## *ലേലിഹ്യസേ ഗ്രസമാനഃ സമന്താത്*

വിശ്വരൂപൻ നാലുപാടും കാണപ്പെടുന്ന തന്റെ ജ്വാലാമുഖങ്ങൾ കൊണ്ടു സമസ്ത പ്രപഞ്ചത്തെയും നക്കി വിഴുങ്ങുന്നതായിട്ടാണ് അർജു

digitized by www.sreyas.in

നൻ കണ്ടത്. മനുഷ്യർ മധുരപലഹാരം ഭക്ഷിക്കുന്നതുപോലെ പ്രപഞ്ച സംഹാരം വിശ്വരൂപന് അത്യന്തം രുചികരമായ ഒരു വിനോദം മാത്രമാണ്. സൃഷ്ടിയും സംഹാരവും ഒരുപോലെ വസ്തുസ്വഭാവം മാത്രമാണെന്നു താൽപ്പര്യം. വസ്തുസ്ഥിതിയറിയാത്തവർക്കു സംഹാരം ഭയകാരണമായി ഭവിക്കുന്നു.

എന്തായാലും സർവത്ര നിറഞ്ഞു കാണപ്പെട്ട വിശ്വരൂപന്റെ വാസ്തവ സ്ഥിതി അദ്ദേഹത്തിൽ നിന്നുതന്നെ അറിഞ്ഞാൽ കൊള്ളാമെന്നർജുനൻ കൊതിച്ചു. അതറിയാനുള്ള ചോദ്യമാണിനി.

*31. ആഖ്യാഹി മേ കോ ഭവാനുഗ്രരൂപോ*
*നമോഽസ്തു തേ ദേവവര പ്രസീദ*
*വിജ്ഞാതുമിച്ഛാമി ഭവന്തമാദ്യം*
*ന ഹി പ്രജാനാമി തവ പ്രവൃത്തിം*

ദേവവര – അല്ലയോ ദേവശ്രേഷ്ഠാ; ഉഗ്രരൂപഃ – ഭീഷണരൂപനായിക്കാണപ്പെടുന്ന; ഭവാൻ കഃ – അങ്ങ് ആരാണ്; മേ ആഖ്യാ ഹി – എനിക്കു പറഞ്ഞുതരൂ; തേ നമഃ അസ്തു – അങ്ങേക്കു എന്റെ പ്രണാമം; പ്രസീദ – എന്നിൽ പ്രസന്നനായാലും; ആദ്യം ഭവന്തം – പ്രപഞ്ചത്തിനു മുഴുവൻ ആരംഭസ്ഥാനമായി വിളങ്ങുന്ന അങ്ങയെ; വിജ്ഞാതും ഇച്ഛാമി – വ്യക്തമായറിയാൻ ഞാനാഗ്രഹിക്കുന്നു; തവ പ്രവൃത്തിം – അങ്ങയുടെ ഈ പ്രവൃത്തി; ന ഹി പ്രജാനാമി – എനിക്കു മനസ്സിലാകുന്നതേയില്ല.

അല്ലയോ ദേവശ്രേഷ്ഠ, ഭീഷണരുപനായിക്കാണപ്പെടുന്ന അങ്ങ് ആരാണ്? എനിക്കു പറഞ്ഞുതരൂ. അങ്ങേക്കെന്റെ പ്രണാമം. എന്നിൽ പ്രസന്നനായാലും. പ്രപഞ്ചത്തിനു മുഴുവൻ ആരംഭസ്ഥാനമായി വിളങ്ങുന്ന അങ്ങയെ വ്യക്തമായറിയാൻ ഞാനാഗ്രഹിക്കുന്നു, അങ്ങയുടെ ഈ പ്രവൃത്തി എനിക്കു മനസ്സിലാകുന്നതേയില്ല.

## *വിജ്ഞാതുമിച്ഛാമി ഭവന്തമാദ്യം*

എന്തായാലും പ്രപഞ്ചത്തിന്റെ മുഴുവൻ ഉടമസ്ഥനെ താൻ കണ്ടെത്തിയിരിക്കുന്നു എന്നർജുനനു ബോധ്യമായി. പക്ഷേ, ആ പ്രഭുവിന്റെ പ്രവൃത്തികൾ വിചിത്രങ്ങളായിരിക്കുന്നു. പ്രപഞ്ചത്തെ മുഴുവൻ ഇങ്ങനെ പ്രകടമാക്കിയിട്ടു നക്കി വിഴുങ്ങുന്നതെന്തിനാണ്? പ്രവൃത്തിയുടെ ഈ വൈരുധ്യവും ഭയങ്കരതയും കണ്ടിട്ടാണു വ്യക്തമായറിയാനുള്ള ആഗ്രഹം അർജുനൻ പ്രകടമാക്കുന്നത്.

digitized by www.sreyas.in

അർജുനന്റെ ചോദ്യത്തിനു താൻ ലോകസംഹാരത്തിനൊരുമ്പെടുന്ന കാലരൂപിയായ ഈശ്വരനാണെന്നത്രേ ഭഗവാന്റെ മറുപടി.

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

*32. കാലോഽസ്മി ലോകക്ഷയകൃത് പ്രവൃദ്ധോ*
*ലോകാൻ സമാഹർത്തുമിഹ പ്രവൃത്തഃ*
*ഋതേഽപി ത്വാം ന ഭവിഷ്യന്തി സർവേ*
*യേഽവസ്ഥിതാഃ പ്രത്യനീകേഷു യോധാഃ*

ഇഹ - ഈ പ്രപഞ്ചത്തിൽ; ലോകാൻ സമാഹർത്തും - ലോകങ്ങളെയെല്ലാം സംഹരിക്കാൻ; പ്രവൃത്തഃ - ഒരുങ്ങുന്നവനായി; ലോകക്ഷയകൃത് - ലോകങ്ങളെ ക്ഷയിപ്പിച്ചുകൊണ്ട്; പ്രവൃദ്ധഃ - ഭീഷണമായിപ്പെരുകിയിരിക്കുന്ന; കാലഃ അസ്മി - കാലസ്വരൂപനായ ഈശ്വരനാണു ഞാൻ; യേ യോധാഃ ആരൊക്കെയാണോ യുദ്ധവീരന്മാരായി; പ്രത്യനീകേഷു - ശത്രുസൈന്യങ്ങളിൽ; അവസ്ഥിതാഃ - നിലയുറപ്പിച്ചിരിക്കുന്നത്; സർവേ - അവരാരും; ത്വാം ഋതേ അപി - നീ യുദ്ധം ചെയ്തില്ലെങ്കിൽപ്പോലും; ന ഭവിഷ്യന്തി - ഇനി ജീവിക്കാൻ പോകുന്നില്ല.

## *കാലോഽസ്മി*

ബോധസ്വരൂപനായ വസ്തുവിൽ ശക്തിചലനം പ്രപഞ്ചഘടകങ്ങളെയുളവാക്കി കർമങ്ങളെ വേർതിരിക്കുമ്പോൾ കർമങ്ങളുടെ പരസ്പരാശ്രയത്തിൽ നിന്നുളവാകുന്ന ഒരു തോന്നലാണ് കാലമെന്നു നാം എട്ടാമധ്യായത്തിലെ പതിനേഴാം ശ്ലോകത്തിന്റെ ഭാഷ്യത്തിൽ നിന്നു ധരിച്ചിട്ടുണ്ടല്ലോ. അപ്പോൾ ബോധാധിഷ്ഠിതമായ ആകെയുള്ള ശക്തിചലനത്തിന്റെ ഗതിഭേദമാണു കാലം. വ്യക്തികളായ പ്രപഞ്ചഘടകങ്ങളെല്ലാം ആ കാലത്തിന്റെ കൈയിലെ വെറും കരുക്കൾ. അതായതു വ്യക്തികൾ കാലത്തിനു രൂപംകൊടുക്കുകയല്ല കാലം വ്യക്തികൾക്കു രൂപംകൊടുക്കുകയാണെന്നു താൽപ്പര്യം. സൃഷ്ടി സ്ഥിതിസംഹാരങ്ങളെല്ലാം വ്യക്തികളിൽക്കൂടി കാലം നിർവഹിക്കുന്ന കാര്യങ്ങളാണ്. ഈ കാലരഹസ്യം ധരിക്കാത്ത വ്യക്തികളാണു സ്വയം അഹങ്കരിച്ചു കാലരൂപിയായ ഭഗവാന്റെ വീരപ്പല്ലുകൾക്കിടയിൽപ്പെട്ടു ഞെരിയുന്നത്. എന്തായാലും സംഹാരത്തിനൊരുമ്പെടുന്ന ഭീഷണമായ രൂപമാണു കാലരൂപിയായ ഭഗവാൻ തൽക്കാലം അർജുനനു കാട്ടിക്കൊടുക്കുന്നത്. 'ഞാൻ എന്റെ ബന്ധുക്കളെ കൊല്ലുന്നു' എന്ന വ്യാമോഹമാണല്ലോ അർജുനനെ ബാധി

digitized by www.sreyas.in

ച്ചിരിക്കുന്നത്. അതകറ്റാനാണു പ്രത്യക്ഷമായ ഈ തെളിവുകൾ നൽകുന്നത്. അർജുനനില്ലെങ്കിലും സംഹർത്താവായ കാലരൂപനു തന്റെ കൃത്യനിർവഹണത്തിൽ തടസ്സം സംഭവിക്കുകയേ ഇല്ല.

ഇനിയെങ്കിലും അർജുനൻ ദുരഭിമാനം വെടിഞ്ഞു താൻ ജഗദീശ്വരന്റെ കൈയിലെ ഒരുപകരണം മാത്രമാണെന്നു മനസ്സിലാക്കണമെന്നാണു ഭഗവാൻ തുടർന്നാവശ്യപ്പെടുന്നത്:

*33. തസ്മാത്ത്വമുത്തിഷ്ഠ യശോ ലഭസ്വ*
*ജിത്വാ ശത്രൂൻ ഭുങ്ക്ഷ്വ രാജ്യം സമൃദ്ധം*
*മയൈവൈതേ നിഹതാഃ പൂർവമേവ*
*നിമിത്തമാത്രം ഭവ സവ്യസാചിൻ*

തസ്മാത് - കാലരൂപനായ എന്റെ കൈയിലെ വെറും ഉപകരണങ്ങളാണു പ്രപഞ്ചഘടകങ്ങളെല്ലാം എന്നുള്ളതുകൊണ്ട്; ത്വം ഉത്തിഷ്ഠ - സംഹാരത്തിനു മുതിരുന്ന എന്റെ ഇച്ഛ നടപ്പാക്കാൻ നീ എഴുന്നേൽക്കൂ; യശഃ ലഭസ്വ - എന്റെ പ്രീതിനേടി കീർത്തി ആർജിക്കൂ; ശത്രൂൻ ജിത്വാ - ശത്രുക്കളെ ജയിച്ച്; സമൃദ്ധം രാജ്യം ഭുങ്ക്ഷ്വ - ഐശ്വര്യപൂർണമായ രാജ്യം അനുഭവിക്കൂ; ഏതേ - ഈ ശത്രുപക്ഷത്തുള്ളവർ; പൂർവമേവ - നേരത്തേ; മയാ ഏവ - എന്നാൽത്തന്നെ; നിഹതാഃ - കൊല്ലപ്പെട്ടുകഴിഞ്ഞിരിക്കുന്നു; സവ്യസാചിൻ - അസ്ത്രവിദ്യാവിശാരദനായ അല്ലയോ അർജുനാ; നിമിത്തമാത്രം ഭവ - എന്റെ ഈ സംഹാരക്രിയയിൽ കേവലം ഒരു സഹായിയായി പ്രവർത്തിക്കൂ.

കാലരൂപനായ എന്റെ കൈയിലെ വെറും ഉപകരണങ്ങളാണു പ്രപഞ്ചഘടകങ്ങളെല്ലാം എന്നുള്ളതുകൊണ്ടു സംഹാരത്തിനു മുതിരുന്ന എന്റെ ഇച്ഛ നടപ്പാക്കാൻ എഴുന്നേൽക്കൂ. എന്റെ പ്രീതി നേടി കീർത്തി ആർജിക്കൂ. ശത്രുക്കളെ ജയിച്ച് ഐശ്വര്യപൂർണമായ രാജ്യം അനുഭവിക്കൂ. ഈ ശത്രുപക്ഷത്തുള്ളവർ നേരത്തേ എന്നാൽ കൊല്ലപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അസ്ത്രവിദ്യാവിശാരദനായ അല്ലയോ അർജുനാ, എന്റെ ഈ സംഹാരക്രിയയിൽ കേവലം ഒരു സഹായിയായി പ്രവർത്തിക്കൂ.

## *നിമിത്തമാത്രം ഭവ സവ്യസാചിൻ*

അർജുനന്റെ എല്ലാ മോഹങ്ങളും അകറ്റുന്ന വിധമാണു ഭഗവാന്റെ പ്രസ്താവന. സർവം ഭഗവദർപ്പണമാക്കിത്തീർത്തു കാലസ്വരൂപനായ ഈശ്വരന്റെ ഇച്ഛക്കൊത്തു പ്രവർത്തിക്കുന്നതിലാണു ജീവിതവിജയം

75-2006 37-

digitized by www.sreyas.in

സ്ഥിതി ചെയ്യുന്നത്. കാലരൂപിയായ ഭഗവാന്റെ സംഹാരക്രിയ അർജുനനില്ലെങ്കിലും നടക്കും. എന്നല്ല അതൊട്ടുമുക്കാലും ഭഗവാൻ തന്നെ നടത്തിക്കഴിഞ്ഞിരിക്കുകയാണ്. അർജുനൻ ഇനി അവശേഷിക്കുന്ന കാര്യത്തിൽ ഒരു പകരണത്തെപ്പോലെ ഭഗവാനെ സഹായിക്കുകയേ വേണ്ടു. അങ്ങനെ ചെയ്താലതിന്റെ ഫലമോ? വിജയം സുനിശ്ചിതം. യശസ്സ്, രാജ്യലാഭം ഇവ തുടർന്നു വരുന്ന ഫലങ്ങൾ. സർവോപരി ഈശ്വരേച്ഛ നിറവേറ്റുകയാണെന്ന ധാരണ കൊണ്ടുണ്ടാകുന്ന ആത്മലാഭം. ഇനി ഇതനുസരിക്കാതിരുന്നാലോ? ഉപയോഗശൂന്യമായ ഉപകരണത്തെ വലിച്ചെറിഞ്ഞിട്ടു ഭഗവാൻ പുതിയതൊന്നു കൈക്കൊള്ളും. ഈ ജീവിത രഹസ്യങ്ങളെല്ലാം വെളിപ്പെടുത്തിക്കൊണ്ടാണു 'നിമിത്തമാത്രം ഭവ സവ്യസാചിൻ' എന്നാവശ്യപ്പെട്ടിരിക്കുന്നത്.

അതൊക്കെ ശരി. ശത്രുപക്ഷത്തുള്ളവർ മഹാകേമന്മാരല്ലേ? അതു സാരമില്ല. കാലരൂപിയായ ഭഗവാന് ഏതു കെങ്കേമനും കീഴ്വഴങ്ങിയേ പറ്റൂ. ഭഗവാൻ പറയുന്നതു നോക്കുക:

*34. ദ്രോണം ച ഭീഷ്മം ച ജയദ്രഥം ച*
*കർണം തഥാന്യാനപി യോധവീരാൻ*
*മയാ ഹതാംസ്ത്വം ജഹി മാ വ്യഥിഷ്ഠാ*
*യുദ്ധ്യസ്വാ ജേതാസി രണേ സപത്നാൻ*

മയാ - എന്നാൽ; ഹതാൻ - കൊല്ലപ്പെട്ട; ദ്രോണം ച ഭീഷ്മം ച ജയദ്രഥം കർണം ച അന്യാൻ യോധവീരൻ അപി രണേ ത്വം ജഹി - ദ്രോണരെയും ഭീഷ്മരെയും ജയദ്രഥനെയും കർണനെയും മറ്റു യുദ്ധവീരന്മാരെയും യുദ്ധത്തിൽ നീ കൊല്ലൂ; മാ വ്യഥിഷ്ഠാഃ - അൽപ്പവും വ്യസനിക്കരുത്; യുദ്ധ്യസ്വ - യുദ്ധം ചെയ്യൂ; സപത്നാൻ ജേതാസി - നീ ശത്രുക്കളെ തീർച്ചയായും ജയിക്കും.

ദ്രോണരെയും ഭീഷ്മരെയും ജയദ്രഥനെയും കർണനെയും അതുപോലെ എന്നാൽ വധിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്ന മറ്റു യുദ്ധവീരന്മാരെയും യുദ്ധത്തിൽ നീ വധിക്കൂ. അൽപ്പവും വ്യസനിക്കരുത്. യുദ്ധം ചെയ്യൂ. നീ ശത്രുക്കളെ തീർച്ചയായും ജയിക്കും.

## *മയാ ഹതാംസ്ത്വം ജഹി*

ഭീഷ്മദ്രോണാദികളും ശത്രുപക്ഷത്തു നിൽക്കുന്ന മറ്റു യുദ്ധവീരന്മാരും കാലരൂപിയായ എന്നാൽ വധിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്.

digitized by www.sreyas.in

കാലഗതിയിൽ മിക്കവാറും അവർ മരിച്ചുകഴിഞ്ഞിരിക്കുയാണെന്നു താൽപ്പര്യം. ഇനിയും ഭഗവാന്റെ സഹായംകൊണ്ടു മാത്രമാണ് അർജുനൻ ദ്രോണാദികളെ വധിക്കാൻ കരുത്തനായിത്തീരുന്നതെന്നു ഭാരതയുദ്ധം തെളിയിക്കുന്നുണ്ടല്ലോ. കാലത്തിനൊത്തു ചലിക്കുന്നവയാണല്ലോ എല്ലാ പ്രപഞ്ചഘടകങ്ങളും. കാലമോ? സൃഷ്ടിയുടെ ക്രമപരിണാമം നിർണയിക്കുന്ന ഈശ്വരശക്തി. എന്തായാലും തൽക്കാലം കാലരൂപനായ താൻ അർജുനപക്ഷത്താണെന്നത്രേ ഭഗവാൻ ഉറപ്പു നൽകുന്നത്. അതുകൊണ്ട് ഒട്ടും വ്യസനിക്കാതെ യുദ്ധം ചെയ്യാനും ജയിക്കാനുമാണു ഭഗവാൻ നിർദേശിക്കുന്നത്. ഭഗവാൻ കൂടെയുണ്ടെന്നു ബോധ്യപ്പെടുന്ന ഒരാൾക്ക് ഒന്നിലും ഭയത്തിനോ വ്യസനത്തിനോ കാര്യമില്ലതന്നെ.

ഇത്രയുമായപ്പോഴേക്കും അർജുനന്റെ സ്ഥിതിയെന്തായി എന്നാണിനി സഞ്ജയൻ വിവരിക്കുന്നത്.

സഞ്ജയ ഉവാച – സഞ്ജയൻ പറഞ്ഞു:

*35. ഏതച്ഛ്രുത്വാ വചനം കേശവസ്യ*
*കൃതാഞ്ജലിർവേപമാനഃ കിരീടീ*
*നമസ്കൃത്വാ ഭൂയ ഏവാഹ കൃഷ്ണം*
*സഗദ്ഗദം ഭീതഭീതഃ പ്രണമ്യ*

കേശവസ്യ – വിശ്വരൂപാകാരം ധരിച്ചു നിൽക്കുന്ന കൃഷ്ണന്റെ; ഏതത് വചനം ശ്രുത്വാ – ഈ വാക്കുകേട്ട്; കിരീടീ – അർജുനൻ; വേപമാനഃ – വിറച്ച്; കൃതാഞ്ജലി – കൈകൂപ്പി; നമസ്കൃത്വാ – നമസ്കരിച്ച്; ഭീതഭീതഃ പ്രണമ്യ – ഭയന്നു ഭയന്ന് വീണ്ടും വണങ്ങി; സഗദ്ഗദം ഏവ – തൊണ്ടയിടറിക്കൊണ്ടു തന്നെ; ആഹ – പിന്നെയും പറഞ്ഞു.

വിശ്വരൂപാകാരം ധരിച്ചുനിൽക്കുന്ന കൃഷ്ണന്റെ ഈ വാക്കുകേട്ട് അർജുനൻ വിറച്ചു കൈകൂപ്പി നമസ്കരിച്ചു. ഭയന്ന് ഭയന്നു വീണ്ടും വണങ്ങി തൊണ്ടയിടറിക്കൊണ്ടുതന്നെ പിന്നെയും പറഞ്ഞു.

## *ഭീതഭീതഃ പ്രണമ്യ*

ഭയന്നുഭയന്നു വണങ്ങിയാണ് അർജുനൻ പിന്നെ സംസാരിക്കാനൊരുമ്പെട്ടത്. വിശ്വരൂപനായ ഭഗവാന്റെ കാലശക്തിക്കു വഴങ്ങിക്കൊണ്ടല്ലാതെ ഇവിടെ ഒരു പുൽക്കൊടിപോലും ചലിക്കുന്നില്ല എന്നർജുനനു മനസ്സിലായി. തന്നെക്കുറിച്ചും ജഗത്തിനെക്കുറിച്ചും തനിക്കുണ്ടായിരുന്ന ധാരണകൾ മുഴുവൻ അതോടെ അടിതകർന്നുപോയി. ഭഗവന്മാഹാത്മ്യമറിയാതെ താൻ എന്തൊക്കെ വൈകൃതങ്ങളാണിതുവരെ കാട്ടിക്കൂട്ടിയതെന്ന് അർജുന

digitized by www.sreyas.in

നോർമവന്നു. ഇതൊക്കെയാണർജുനനെ ഭയചകിതനും കൃതാഞ്ജലിയും ആക്കിത്തീർത്തത്.

എന്തായാലും തന്റെ നേരേ ഭഗവാൻ പ്രസന്നനാണെന്നും ഭക്തസംരക്ഷണം ഭഗവത്കൃത്യങ്ങളിൽ മുഖ്യമാണെന്നും മനസ്സിലായതിന്റെ ആശ്വാസം അർജുനവചനങ്ങളിൽ കാണ്മാനുണ്ട്.

അർജുന ഉവാച - അർജുനൻ പറഞ്ഞു:

*36. സ്ഥാനേ ഹൃഷീകേശ തവ പ്രകീർത്ത്യാ*
*ജഗത് പ്രഹൃഷ്യത്യനുരജ്യതേ ച*
*രക്ഷാംസി ഭീതാനി ദിശോ ദ്രവന്തി*
*സർവേ നമസ്യന്തി ച സിദ്ധസംഘാഃ*

ഹൃഷികേശ - അല്ലയോ വിശ്വരൂപനായ കൃഷ്ണാ; തവ പ്രകീർത്യാ - അങ്ങയെ പ്രകീർത്തിക്കുന്നതുകൊണ്ട്; ജഗത് - ഈ ലോകം; പ്രഹൃഷ്യതി - സന്തോഷിക്കുന്നു; അനുരജ്യതേ ച - സുഖിക്കുകയും ചെയ്യുന്നു; സ്ഥാനേ - ഇത് സമുചിതം തന്നെ; രക്ഷാംസി - രാക്ഷസവർഗത്തിൽപ്പെട്ടവർ; ഭീതാനി - ഭയന്നവരായി; ദിശഃ ദ്രവന്തി - ദിക്കുകൾതോറും ഓടിമറയുന്നു; സർവേ സിദ്ധസംഘാഃ - എല്ലാ സിദ്ധ സമൂഹങ്ങളും; നമസ്യന്തി ച - തലകുനിച്ചു വണങ്ങുകയും ചെയ്യുന്നു.

അല്ലയോ വിശ്വരൂപനായ കൃഷ്ണാ, അങ്ങയെ പ്രകീർത്തിക്കുന്നതുകൊണ്ട് ഈ ലോകം സന്തോഷിക്കുന്നു; സുഖിക്കുകയും ചെയ്യുന്നു. ഇത് സമുചിതം തന്നെ. രാക്ഷസവർഗത്തിൽപ്പെട്ടവർ ഭയന്നവരായി ദിക്കുകൾതോറും ഓടിമറയുന്നു. എല്ലാ സിദ്ധസമൂഹങ്ങളും തലകുനിച്ചു വണങ്ങുകയും ചെയ്യുന്നു.

## ജഗത്പ്രഹർഷവും സുഖവും

ഈ ജഗത്തു മുഴുവൻ ഒരീശ്വരന്റെ ഇച്ഛാശക്തിക്കധീനമാണെങ്കിൽ പിന്നെ ജഗത്തിന്റെ സന്തോഷവും സുഖവും ഏതിലാണു സ്ഥിതി ചെയ്യുന്നതെന്നു പറയേണ്ടതില്ലല്ലോ. ആ പ്രഭുവിനെ പ്രസാദിപ്പിക്കുന്നതിൽ; അദ്ദേഹത്തിന്റെ ഇച്ഛ എന്തെന്നറിഞ്ഞു പെരുമാറുന്നതിൽ. അതു ചെയ്യാതെ സ്വയം അഹങ്കരിക്കുന്നവരാണു രാക്ഷസപ്രകൃതക്കാർ. അവർക്കു ഭയവും പലായനവുമല്ലാതെ വേറേ ഗതിയുണ്ടാകുന്നതല്ല. ആരൊക്കെ ഭഗവാനെ പ്രസന്നനാക്കുന്നുവോ അവരൊക്കെ സന്തോഷിക്കും.

digitized by www.sreyas.in

വിശ്വരൂപനായ ഭഗവാനെ സിദ്ധസംഘങ്ങൾ നമിക്കുന്നതെന്തുകൊണ്ടെന്നതാണ് അർജുനൻ ഇനി വെളിവാക്കുന്നത്.

*37. കസ്മാച്ച തേ ന നമേരൻ മഹാത്മൻ*
*ഗരീയസേ ബ്രഹ്മണോഽപ്യാദികർത്രേ*
*അനന്ത ദേവേശ ജഗന്നിവാസ*
*ത്വമക്ഷരം സദസത് തത്പരം യത്*

മഹാത്മൻ – വിശ്വത്തിന്റെ മുഴുവൻ ആത്മാവായി വിളങ്ങുന്നവനേ; അനന്ത – അവസാനം കാണ്മാനില്ലാത്തവനേ; ദേവേശ – ദേവന്മാർക്കെല്ലാം ഈശനായിട്ടുള്ളവനേ; ജഗന്നിവാസ – ജഗത്തിൽ സർവത്ര നിവസിക്കുന്നവനേ; ബ്രഹ്മണഃ അപി – സൃഷ്ടികർത്താവായ ബ്രഹ്മാവിനുപോലും; ആദികർത്രേ – രൂപം കൊടുത്തവനും; ഗരീയസേ – സകലർക്കും പൂജ്യനുമായ; തേ – അങ്ങേക്ക്; കസ്മാത് ച – എന്തു കാരണത്താൽ; ന നമേരൻ – അവർ പ്രണാമം അർപ്പിക്കാതിരിക്കും? ത്വം അക്ഷരം – അങ്ങ് അഴിവില്ലാത്തവനും; സത് – ജീവനും; അസത് – ജഡവും; തത്പരം യത് – അതിനപ്പുറം എന്തുണ്ടോ അതും ആകുന്നു.

വിശ്വത്തിന്റെ മുഴുവൻ ആത്മാവായി വിളങ്ങുന്നവനേ, അവസാനം കാണ്മാനില്ലാത്തവനേ, ദേവന്മാർക്കെല്ലാം ഈശനായിട്ടുള്ളവനേ, ജഗത്തിൽ സർവത്ര വസിക്കുന്നവനേ, സൃഷ്ടികർത്താവായ ബ്രഹ്മാവിനുപോലും രൂപം കൊടുത്തവനും സകലർക്കും പൂജ്യനുമായ അങ്ങേക്ക് എന്തു കാരണത്താൽ അവർ പ്രണാമം അർപ്പിക്കാതിരിക്കും? അങ്ങ് അഴിവില്ലാത്തവനും, ജീവനും ജഡവും അതിനപ്പുറം എന്തുണ്ടോ അതും ആകുന്നു.

സിദ്ധസംഘങ്ങളും മറ്റും എന്തുകൊണ്ടു ഭഗവാനെ നമിക്കയില്ല? തീർച്ചയായും നമിക്കും. എന്തുകൊണ്ട്? ശ്ലോകത്തിൽ കാണപ്പെടുന്ന സംബോധനകളും വിശേഷങ്ങളും ഭഗവത്സ്വരൂപവിവരണവും സിദ്ധാന്തങ്ങളും മറ്റും ഭഗവാനെ നമിക്കുന്നതിനുള്ള കാരണങ്ങളെ വെളിപ്പെടുത്തുന്നവയാണ്. ഇത്തരത്തിൽ ജഗത്തിനൊരു രക്ഷിതാവുണ്ടെന്നു ബോധ്യമായാൽ ആരാണു നമിക്കാത്തത്? അതുണ്ടെന്നു ബോധ്യമായവരാണു ഭാരതത്തിലെ ഉപനിഷദ്ദ്രഷ്ടാക്കളായ ഋഷിമാർ.

വിശ്വരൂപനായ ഭഗവാന്റെ അനന്തവൈഭവം എത്രകണ്ട് ആവർത്തിച്ചു വെളിപ്പെടുത്തിയിട്ടും അർജുനനു മതിയാകുന്നില്ല. അദ്ദേഹം തുടർന്നു.

*38. ത്വമാദിദേവഃ പുരുഷഃ പുരാണഃ*
*സ്ത്വമസ്യ വിശ്വസ്യ പരം നിധാനം*

digitized by www.sreyas.in

*വേത്താസി വേദ്യം ച പരം ച ധാമ*
*ത്വയാ തതം വിശ്വമനന്തരൂപ*

അനന്തരൂപ – എണ്ണമറ്റ രൂപങ്ങൾ കൈക്കൊണ്ടു നിൽക്കുന്ന അല്ലയോ ഭഗവൻ; ത്വം – അങ്ങ്; ആദിദേവഃ – ദേവന്മാർക്കെല്ലാം ഉറവിടമായ ആദ്യത്തെ ദേവനാണ്; പുരാണഃ പുരുഷഃ – പണ്ടേയുള്ള പുരുഷനാണ്; ത്വം – അങ്ങ്; അസ്യ വിശ്വസ്യ – ഈ ജഗത്തിന്; പരം നിധാനം – എന്നുമുള്ള ആശ്രയസ്ഥാനമാണ്; വേത്താ അസി – എല്ലാം അറിയുന്നവൻ അങ്ങാണ്; വേദ്യം ച പരം ധാമ ച – അറിയപ്പെടേണ്ടതും എല്ലാറ്റിന്റെയും ഉറവിടവും അങ്ങുതന്നെ; വിശ്വം ത്വയാ തതം – ഈ പ്രപഞ്ചം അങ്ങയാൽ സർവത്ര നിറയ്ക്കപ്പെട്ടിരിക്കുന്നു.

എണ്ണമറ്റ രൂപങ്ങൾ കൈക്കൊണ്ടു നിൽക്കുന്ന അല്ലയോ ഭഗവൻ, അങ്ങ് ദേവന്മാർക്കെല്ലാം ഉറവിടമായ ആദ്യത്തെ ദേവനാണ്. പണ്ടേയുള്ള പുരുഷനാണ്. അങ്ങ് ഈ ജഗത്തിന് എന്നുമുള്ള ആശ്രയസ്ഥാനമാണ്. എല്ലാം അറിയുന്നവൻ അങ്ങാണ്. അറിയപ്പെടേണ്ടതും എല്ലാറ്റിന്റെയും ഉറവിടവും അങ്ങുതന്നെ. ഈ പ്രപഞ്ചം മുഴുവൻ അങ്ങയാൽ നിറയ്ക്കപ്പെട്ടിരിക്കുന്നു.

പ്രാണസാക്ഷാൽക്കാരത്തിന്റെ വിവിധ ഘട്ടങ്ങളായ സവികൽപ്പസമാധികൾ, നിർവികൽപ്പസമാധി ഇവയാണല്ലോ വ്യക്തമായ വസ്തുബോധമുളവാക്കുന്ന അനുഭവദശകൾ. നിർവികൽപ്പസമാധിയിൽ രണ്ടാമതൊരു കാഴ്ചയുമില്ലാത്ത ശുദ്ധമായ ബോധവസ്തു സ്വയം അനുഭവരൂപമായി വിളങ്ങുന്നു. എന്നാൽ സവികൽപ്പദശയിൽ പല രൂപങ്ങൾ കാണാനിടവരുന്നു. എങ്കിലും അദ്വൈതാനുഭവത്തിനവിടെയും കോട്ടം തട്ടുന്നില്ല. താനുൾപ്പെടെ പലതു കാണപ്പെടുന്നതെല്ലാം കടലിലെ തിരമാലപോലെ തെളിയുന്നു. സവികൽപ്പദശയിലെ അദ്വൈതാനുഭവത്തിന്റെ സ്വരൂപം ഇവിടത്തെ അർജുനവചനങ്ങളിൽ തെളിഞ്ഞു കാണാവുന്നതാണ്.

തന്റെ അദ്വൈതാനുഭവത്തെ വാചാലമായ രീതിയിൽ അർജുനൻ വീണ്ടും വിവരിക്കുന്നു.

*39. വായുര്യമോഽഗ്നിർവരുണഃ ശശാങ്കഃ*
*പ്രജാപതിസ്ത്വം പ്രപിതാമഹശ്ച*
*നമോ നമസ്തേഽസ്തു സഹസ്രകൃത്വഃ*
*പുനശ്ച ഭൂയോഽപി നമോ നമസ്തേ*

വായുഃ യമഃ അഗ്നിഃ വരുണഃ ശശാങ്കഃ – വായുവും യമനും അഗ്നിയും വരുണനും ചന്ദ്രനും; പ്രജാപതിഃ – ബ്രഹ്മാവും; പ്രപിതാമഹഃ ച – ആ ബ്രഹ്മാ

digitized by www.sreyas.in

വിന്റെ പിതാവും; ത്വം - അങ്ങുതന്നെ; തേ - വിശ്വരൂപനായ അങ്ങേക്ക്; സഹസ്രകൃത്വഃ - ആയിരം തവണ; നമോ നമഃ - നമസ്കാരം നമസ്കാരം; അസ്തു - ഭവിക്കട്ടെ; പുനഃ ച ഭൂയഃ അപി - വീണ്ടും വീണ്ടും; തേ നമോ നമഃ - അങ്ങേക്ക് നമസ്കാരം നമസ്കാരം.

വായുവും യമനും അഗ്നിയും വരുണനും ചന്ദ്രനും ബ്രഹ്മാവും ആ ബ്രഹ്മാവിന്റെ പിതാവും അങ്ങുതന്നെ. വിശ്വരൂപനായ അങ്ങേക്ക് ആയിരം തവണ നമസ്കാരം. നമസ്കാരം ഭവിക്കട്ടെ. വീണ്ടും വീണ്ടും അങ്ങേക്കു നമസ്കാരം നമസ്കാരം.

## *പുനശ്ച ഭൂയോഽപി നമോ നമസ്തേ*

വിശ്വരൂപനായ ഭഗവാനെ നമസ്കരിക്കുന്നതുകൊണ്ടു മറ്റെല്ലാവരെയും നമസ്കരിച്ചതിന്റെ ഫലം വന്നുചേരുമെന്ന് അർജുനനുറപ്പായി. ഭഗവാനെയല്ലാതെ മറ്റാരെയും ഇവിടെ ശരണം പ്രാപിക്കാനില്ലെന്നും തെളിഞ്ഞു. അർജുനന്റെ വ്യക്തിത്വബോധം സർവാത്മനാ ഭഗവാനടിയറവയ്ക്കുന്ന അവസ്ഥയിൽ അദ്ദേഹം എത്തിച്ചേർന്നിരിക്കുന്നുവെന്നാണീ വാക്കുകൾ തെളിയിക്കുന്നത്.

എന്തിനേറെ, വിശ്വരൂപനായ ഭഗവാനല്ലാതെ മറ്റൊന്നും ഒരിടത്തും കാണ്മാനില്ലെന്നും അതുകൊണ്ടു സർവത്ര താൻ ആ ഭഗവാനെത്തന്നെ നമിക്കുന്നു എന്നുമാണ് അർജുനൻ തുടർന്നു പ്രസ്താവിക്കുന്നത്:

*40. നമഃ പുരസ്താദഥ പൃഷ്ഠതസ്തേ*
*നമോഽസ്തു തേ സർവത ഏവ സർവ*
*അനന്തവീര്യാമിതവിക്രമസ്ത്വം*
*സർവം സമാപ്നോഷി തതോഽസി സർവഃ*

സർവ - ഇങ്ങനെ എല്ലാമായി കാണപ്പെടുന്ന അല്ലയോ ഭഗവൻ; തേ - അങ്ങേക്കായി; പുരസ്താത് - മുമ്പിലും; അഥ പൃഷ്ഠതഃ - പിമ്പിലും; നമഃ - നമസ്കാരം; സർവതഃ ഏവ - എല്ലാ ഭാഗത്തും; തേ നമഃ അസ്തു - അങ്ങേക്ക് പ്രണാമം ഭവിക്കട്ടെ; അനന്തവീര്യാമിതവിക്രമഃ ത്വം - അളവില്ലാത്ത വീര്യവും കഴിവുമുള്ള അങ്ങ്; സർവം സമാപ്നോഷി - എല്ലാറ്റിലും നിറഞ്ഞു നിൽക്കുന്നു; തതഃ സർവഃ; അസി - അതുകൊണ്ട് എല്ലാം അങ്ങുതന്നെ.

ഇങ്ങനെ എല്ലാമായി കാണപ്പെടുന്ന അല്ലയോ ഭഗവാൻ, അങ്ങേക്കായി മുമ്പിലും പിമ്പിലും നമസ്കാരം. എല്ലാ ഭാഗത്തും അങ്ങേക്ക് എന്റെ പ്രണാമം ഭവിക്കട്ടെ. അളവില്ലാത്ത വീര്യവും കഴിവുമുള്ള അങ്ങ് എല്ലാ

digitized by www.sreyas.in

റ്റിലും നിറഞ്ഞുനിൽക്കുന്നു. അതുകൊണ്ട് എല്ലാം അങ്ങുതന്നെ.

## *സർവം സമാപ്നോഷി തതോ/സി സർവഃ*

അങ്ങ് എല്ലാറ്റിലും നിറഞ്ഞുനിൽക്കുന്നു. അതുകൊണ്ട് എല്ലാം അങ്ങുതന്നെ. എവിടെയും എല്ലാറ്റിലും നിറഞ്ഞുനിൽക്കുന്ന ഒരു വസ്തു ഉണ്ടെന്നു വന്നാൽ അതിൽ പിന്നെ മറ്റൊരു വസ്തുവിനു പ്രസക്തിയേയില്ല. ഒന്നാമത്തെ വസ്തു ഇല്ലാത്ത ഒരിടമുണ്ടായിട്ടുവേണ്ടേ മറ്റൊരു വസ്തു നിൽക്കാൻ. അപ്പോൾ സർവത്ര നിറഞ്ഞുതിങ്ങുന്ന ഒരു വസ്തുവിൽ മറ്റൊരു വസ്തു ഉണ്ടെന്നു തോന്നുന്നെങ്കിൽ അത് ആദ്യത്തെ വസ്തുവിൽത്തന്നെയുള്ള വെറും കാഴ്ചയാകാനേ ഇടയുള്ളു. അതുകൊണ്ടാണു ബ്രഹ്മസാക്ഷാൽക്കാരം നേടിയവർ ബ്രഹ്മത്തിൽ നിന്നു ഭിന്നമായ പ്രപഞ്ചമുണ്ടെന്നു തോന്നുന്നവരുടെ കാഴ്ചയെ മിഥ്യയെന്നു പറയുന്നത്. ശ്ലോകത്തിൽ 'തതോ/സി സർവഃ' എന്നു സിദ്ധാന്തിച്ചതിന്റെ യുക്തി കാണിക്കുകയാണ് 'സർവം സമാപ്നോഷി' എന്ന വാക്യം. അനന്തമായ ഒരു വസ്തുവും അതിനുള്ളിൽ ഭിന്നമായ മറ്റൊരു വസ്തുവും ഒരുമിച്ചു നിൽക്കുകയേ സാധ്യമല്ല. നിൽക്കുന്നതായി തോന്നുന്നെങ്കിൽ അതു വെറും തോന്നൽ.

വിശ്വരൂപനായ ഭഗവാന്റെ ദർശനത്തോടുകൂടി കൃഷ്ണനോടു ഇതേവരെ താൻ പെരുമാറിയതൊക്കെ അറിവില്ലായ്മയുടെ അപരാധങ്ങളായി അർജുനനു തോന്നി. അതിനെല്ലാം മാപ്പിരക്കുകയാണ് അടുത്ത പദ്യങ്ങളിൽ.

*41. സഖേതി മത്വാ പ്രസഭം യദുക്തം*
*ഹേ കൃഷ്ണ ഹേ യാദവ ഹേ സഖേതി*
*അജാനതാ മഹിമാനം തവേദം.*
*മയാ പ്രമാദാത് പ്രണയേമന വാ/വി*

*42. യച്ചാവഹാസാർഥമസത്കൃതോ/സി*
*വിഹാരശയ്യാസനഭോജനേഷു*
*ഏകോ/ഥവാപ്യച്യുത തത്സമക്ഷം*
*തത്ക്ഷാമയേ ത്വാമഹമപ്രമേയം*

അച്യുത - ഒരിക്കലും അഴിവില്ലാത്ത അല്ലയോ ഭഗവാനേ; തവ - വിശ്വരൂപനായ അങ്ങയുടെ; ഇദം മഹിമാനം - ഇക്കാണുന്ന രൂപവും മഹത്വവുമൊന്നും; അജാനതാ മയാ - അറിയാൻ പാടില്ലാത്തവനായ എന്നാൽ; പ്രമാദാത് - അജ്ഞത കൊണ്ടോ; പ്രണയേന വാ അപി - സൗഹൃദം കൊണ്ടോ; സഖാ

digitized by www.sreyas.in

ഇതി മത്വാ - കൂട്ടുകാരനാണെന്നു കരുതി; ഹേ കൃഷ്ണാ - അല്ലയോ കൃഷ്ണാ; ഹേ യാദവ - അല്ലയോ യാദവാ; ഹേ സഖേ - അല്ലയോ കൂട്ടുകാരാ; ഇതി - എന്നിങ്ങനെ; പ്രസഭം - അനാദര ബുദ്ധിയോടെ; യത് ഉക്തം - എന്തൊക്കെ പറയപ്പെട്ടിട്ടുണ്ടോ; വിഹാരശയ്യാസനഭോജനേഷു - അതുപോലെ കളിക്കുമ്പോഴും, കിടക്കുമ്പോഴും, ഇരിക്കുമ്പോഴും, ഉണ്ണുമ്പോഴും ഒക്കെ; ഏകഃ - തനിയേയിരിക്കുമ്പോഴോ; അഥവാ സമക്ഷം അപി - അല്ലെങ്കിൽ മറ്റുള്ളവരുടെ മുമ്പിൽ വച്ചുതന്നെയോ; അവഹാസാർഥം - കളിയാക്കാനായി; യത് അസത്കൃതഃ അസി - എന്തൊക്കെ എന്നാൽ അങ്ങ് അപമാനിക്കപ്പെട്ടിട്ടുണ്ടോ; തത് ച - അതിനെല്ലാം; അഹം - ഞാൻ; അപ്രമേയം ത്വാം - അനന്തമഹിമാവായ അങ്ങയോട്; ക്ഷാമയേ - മാപ്പിരക്കുന്നു.

ഒരിക്കലും അഴിവില്ലാത്ത അല്ലയോ ഭഗവൻ, വിശ്വരൂപനായ അങ്ങയുടെ ഇക്കാണുന്ന രൂപവും മഹത്വവുമൊന്നും അറിയാൻ പാടില്ലാത്തവനായ എന്നാൽ അജ്ഞതകൊണ്ടോ സൗഹൃദംകൊണ്ടോ കൂട്ടുകാരനാണെന്നു കരുതി അല്ലയോ കൃഷ്ണാ, അല്ലയോ യാദവാ, അല്ലയോ കൂട്ടുകാരാ, എന്നിങ്ങനെ അനാദര ബുദ്ധിയോടെ എന്തൊക്കെ പറയപ്പെട്ടിട്ടുണ്ടോ, അതുപോലെ കളിക്കുമ്പോഴും കിടക്കുമ്പോഴും ഇരിക്കുമ്പോഴും ഉണ്ണുമ്പോഴുമൊക്കെ തനിയേയിരിക്കുമ്പോഴോ അല്ലെങ്കിൽ മറ്റുള്ളവരുടെ മുമ്പിൽ വച്ചുതന്നെയോ കളിയാക്കാനായി എന്തൊക്കെ എന്നാൽ അങ്ങ് അപമാനിക്കപ്പെട്ടിട്ടുണ്ടോ അതിനുമെല്ലാം ഞാൻ അനന്തമഹിമാവായ അങ്ങയോടു മാപ്പിരക്കുന്നു.

## അജാനതാ മഹിമാനം തവേദം

സത്യബോധമുണ്ടാകുന്നയാൾ സ്വപ്നത്തിൽ നിന്നുണരുന്നവനെപ്പോലെയാണ്. സ്വപ്നത്തിൽ എന്തെല്ലാം സന്തോഷങ്ങളും ഭയങ്ങളുമാണനുഭവപ്പെടുക. ഉണരുമ്പോൾ അതെല്ലാം പരമവിഡ്ഢിത്തമായിരുന്നു എന്നു ബോധ്യം വരുന്നു. അതുപോലെ സത്യം ഉണരുന്നയാൾക്കു സംസാരമോഹത്തിൽപ്പെട്ടു താൻ അതുവരെ ആചരിച്ചിരുന്നതെല്ലാം അറിവില്ലായ്മയുടെ വൈകൃതങ്ങളാണെന്നു തെളിയുന്നു. അജ്ഞാനമാണ് ആപത്തിന്റെ ഉറവിടം. അജ്ഞാനിക്ക് എല്ലാം ആപത്താണ്. ഈ ലോകം അജ്ഞന്റെ അനുഗ്രഹംകൊണ്ടാണു പുലർന്നുപോരുന്നത്. അജ്ഞതയിൽ ജീവിക്കുന്നതിനേക്കാൾ തെരുവിലിറങ്ങി ഭിക്ഷതെണ്ടുന്നതാണുത്തമം. അർജുനന്റെ ദയനീയത കണ്ടില്ലേ? ഭഗവദ്സ്വരൂപമറിയാതെ താൻ ചെയ്തുപോയ തെറ്റുകൾക്കെല്ലാം കൈകൂപ്പി മാപ്പിരക്കുകയാണയാൾ. എത്രവേഗം ഈ അജ്ഞ

digitized by www.sreyas.in

തയെ അകറ്റാൻ കഴിയുമോ അത്രവേഗം മനുഷ്യജീവിതം ധന്യമായിത്തീരുന്നതാണ്.

'എന്നെപ്പോലെയുള്ളവർക്ക് അങ്ങയിൽ സമത്വമോ സൗഹൃദമോ ഒരിക്കലും യോജിക്കയില്ല. സർവാർപ്പണബുദ്ധിയോടുകൂടിയ ഭക്തി മാത്രമാണഭികാമ്യം' എന്നാണർജുനൻ അനുഭവത്തെ ആസ്പദമാക്കി ഇനി വിവരിക്കുന്നത്.

*43. പിതാഽസി ലോകസ്യ ചരാചരസ്യ*
*ത്വമസ്യ പൂജ്യശ്ച ഗുരുർഗരീയാൻ*
*ന ത്വത്സമോഽസ്ത്യഭ്യധികഃ കുതോഽന്യോ*
*ലോകത്രയേഽ പ്യപ്രതിമപ്രഭാവ*

അപ്രതിമപ്രഭാവ - അതുല്യമായ ശക്തിവിശേഷത്തോടുകൂടിയ അല്ലയോ ഭഗവാൻ; ത്വം - അങ്ങ്; ചരാചരസ്യ - ചരവും അചരവുമായ; അസ്യ ലോകസ്യ - ഈ ലോകത്തിന്; പിതാ അസി - പിതാവാണ്; (ത്വം) - അങ്ങ്; (അസ്യ) - ഈ ലോകത്തിന്; പൂജ്യഃ - പൂജ്യനും; ഗരീയാൻ - സർവോത്കൃഷ്ടനുമായ; ഗുരുഃ ച - ഗുരുവുമാണ്; ലോകത്രയേ അപി - മൂന്നു ലോകത്തിലും; ത്വത്സമഃ - അങ്ങേക്കു തുല്യനായി; അന്യഃ ന അസ്തി - മറ്റൊരാൾ ഇല്ല; അഭ്യധികഃ കുതഃ - അങ്ങയെക്കാൾ കേമനായ ഒരുവനെക്കുറിച്ചു പിന്നെ പറയേണ്ടതില്ലല്ലോ.

അതുല്യമായ ശക്തിവിശേഷത്തോടു കൂടിയ അല്ലയോ ഭഗവാൻ, അങ്ങ് ചരവും അചരവുമായ ഈ ലോകത്തിനു പിതാവാണ്. അങ്ങ് ഈ ലോകത്തിനു പൂജ്യനും സർവോത്കൃഷ്ടനുമായ ഗുരുവുമാണ്. മൂന്നു ലോകത്തിലും അങ്ങേക്ക് തുല്യനായി മറ്റൊരാൾ ഇല്ല. അങ്ങയേക്കാൾ കേമനായ ഒരുവനെക്കുറിച്ചു പിന്നെ പറയേണ്ടതില്ലല്ലോ.

## *ന ത്വത്സമോഽസ്തി*

പ്രപഞ്ചദൃശ്യങ്ങളെല്ലാം വിശ്വരൂപനായ ഭഗവാന്റെ അവയവങ്ങളോ അംശങ്ങളോ ആയിട്ടാണർജുനനു വെളിപ്പെട്ടത്. എല്ലാ ദൃശ്യങ്ങളെയും വ്യാപിച്ചു നിന്നുകൊണ്ട് അവയെ കോർത്തിണക്കി പ്രവർത്തിപ്പിക്കുന്ന അതുല്യ ശക്തിമാനായിട്ടാണു ഭഗവാൻ കാണപ്പെട്ടത്. അംശങ്ങൾക്കു പൂർണത്തോടു തുല്യത സാധ്യമല്ലല്ലോ. തിരയ്ക്കോ കുമിളയ്ക്കോ സമുദ്രത്തോടു തുല്യമാവാൻ പറ്റുകയില്ലല്ലോ. തുല്യൻ തന്നെയില്ലെങ്കിൽ അധികന്റെ കാര്യം പറയാനുമില്ല. ചുരുക്കത്തിൽ വിശ്വരൂപ ദർശനം പോലെ

digitized by www.sreyas.in

യുള്ള സാക്ഷാൽക്കാരദശകൾ ദൃഷ്ടാന്തം കൊണ്ടു തെളിയിക്കപ്പെടാവുന്നവയല്ലെന്നു താൽപ്പര്യം. അറിയാൻ കൊതിയുള്ളവർ അതൊക്കെ അനുഭവിച്ചു തന്നെയറിയണം. വിശ്വരൂപദർശനം സത്യസ്വരൂപത്തെക്കുറിച്ചു വ്യക്തമായ ബോധം ജനിപ്പിക്കുവാൻ പര്യാപ്തമായതുകൊണ്ടാണു പൂജ്യനും സർവോത്കൃഷ്ടനുമായ ഗുരുവായി വിശ്വരൂപനെ അർജുനൻ ചിത്രീകരിച്ചിരിക്കുന്നത്.

വിശ്വരൂപനായ ഭഗവാൻ അപ്രതിമപ്രഭാവനും അതുല്യനുമായതുകൊണ്ട് താൻ ചെയ്തുപോയ എല്ലാ തെറ്റുകളും ഒരച്ഛൻ മകനോടെന്നവണ്ണം അഥവാ ഒരു സുഹൃത്തു സുഹൃത്തിനോടെന്നവണ്ണം അഥവാ ഭർത്താവ് ഭാര്യയോടെന്നവണ്ണം ക്ഷമിക്കണമെന്നാണർജുനൻ പ്രാർഥിക്കുന്നത്:

*44 തസ്മാത് പ്രണമ്യ പ്രണിധായ കായം*
*പ്രസാദയേ ത്വാമഹമീശമീഡ്യം*
*പിതേവ പുത്രസ്യ സഖേവ സഖ്യുഃ*
*പ്രിയഃ പ്രിയായാർഹസി ദേവ സോഢും*

തസ്മാത് - ഈ ലോകത്തിന് അങ്ങ് പരമോത്കൃഷ്ടനായ ഗുരുവും പിതാവുമായതുകൊണ്ട്; ഈശം - രക്ഷിതാവും; ഈഡ്യം - സ്തുത്യർഹനുമായ; ത്വാം - അങ്ങയെ; അഹം - അങ്ങക്കധീനനായ ഞാൻ; കായം പ്രണിധായ - ദേഹം പാദങ്ങളിൽ പതിപ്പിച്ച്; പ്രണമ്യ - ദണ്ഡനമസ്കാരം ചെയ്ത്; പ്രസാദയേ - പ്രസാദിപ്പിക്കുന്നു; പിതാ പുത്രസ്യ ഇവ - അച്ഛൻ മകന്റെയെന്ന പോലെ; സഖാ സഖ്യുഃ ഇവ - സുഹൃത്ത് സുഹൃത്തിന്റെ എന്നപോലെ; പ്രിയഃ പ്രിയായാഃ (ഇവ) - ഭർത്താവു ഭാര്യയുടെ എന്നപോലെ; ദേവ - അല്ലയോ നാഥാ; സോഢും - എന്റെ തെറ്റുകളും ക്ഷമിക്കാൻ; അർഹസി - അങ്ങ് കടപ്പെട്ടവനായിരിക്കുന്നു.

ഈ ലോകത്തിനങ്ങു പരമോത്കൃഷ്ടനായ ഗുരുവും പിതാവുമായതുകൊണ്ടു രക്ഷിതാവും സ്തുത്യർഹനുമായ അങ്ങയെ അങ്ങക്കധീനനായ ഞാൻ ദേഹം പാദങ്ങളിൽ പതിപ്പിച്ചു ദണ്ഡനമസ്കാരം ചെയ്തു പ്രസാദിപ്പിക്കുന്നു. അച്ഛൻ മകന്റെയെന്നെപോലെ, സുഹൃത്ത് സുഹൃത്തിന്റെയെന്ന പോലെ, ഭർത്താവു ഭാര്യയുടെയെന്നപോലെ, അല്ലയോ നാഥാ! എന്റെ തെറ്റുകളും ക്ഷമിക്കാൻ അങ്ങു കടപ്പെട്ടവനായിരിക്കുന്നു.

## *അർഹസി ദേവ സോഢും*

ഈശ്വര സ്വരൂപം വേണ്ടവണ്ണം ധരിക്കാൻ കഴിയാതിരിക്കുന്നിട

digitized by www.sreyas.in

ത്തോളം തെറ്റു കലരാത്ത ഒരു പ്രവൃത്തിയും ചെയ്യാൻ ആർക്കും കഴിയുകയില്ല. അങ്ങനെയുള്ള തെറ്റുകൾക്കൊക്കെ ഒരേ ഒരു പോംവഴി സർവാത്മനാ ഭഗവാനെ അഭയം പ്രാപിക്കുക മാത്രമാണ്. അച്ഛനെപ്പോലെയും സുഹൃത്തിനെപ്പോലെയും ഭർത്താവിനെപ്പോലെയും അങ്ങ് എന്റെ തെറ്റുകൾ ക്ഷമിക്കണമെന്നാണർജുനൻ ആവശ്യപ്പെടുന്നത്. അച്ഛന്റെ വാത്സല്യവും സുഹൃത്തിന്റെ സ്നേഹവും ഭർത്താവിന്റെ പ്രേമവും ഒരുമിക്കുന്ന കാരുണ്യം അങ്ങെന്നിൽ ചൊരിയണം. അപ്പോൾ ഒരു പുത്രന്റെയും സുഹൃത്തിന്റെയും ഭാര്യയുടെയും സ്നേഹങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് അർജുനൻ ഭഗവാനെ ശരണം പ്രാപിക്കുന്നു എന്ന വസ്തുതയും ഇതിൽ ധ്വനിക്കുന്നു. അങ്ങനെ അഭയം തേടുന്ന ഭക്തന്റെ ഏതു തെറ്റും ക്ഷമിക്കാൻ ഭഗവാൻ കടപ്പെട്ടവനാണ്. അക്കാര്യത്തിൽ ഭഗവാൻ പ്രതിജ്ഞാബദ്ധനാണെന്നു താൽപ്പര്യം.

എന്തായാലും കാലസ്വരൂപനായ ഭഗവാന്റെ ദംഷ്ട്രകരാളമായ സംഹാരരൂപം ഇനിയും അധികനേരം തനിക്കു കണ്ടുനിൽക്കാൻ കരുത്തില്ലെന്നാണർജുനൻ ഇനി വെളിപ്പെടുത്തുന്നത്. തനിക്കു സന്തോഷം തോന്നുന്നുണ്ടെങ്കിലും അതോടൊപ്പം ഭയവും തന്നെ ബാധിക്കുന്നുവെന്നും അതുകൊണ്ട് ആദ്യം കണ്ട വൈഷ്ണവരൂപം കൈക്കൊണ്ട് അനുഗ്രഹിക്കണമെന്നുമാണ് അർജുനന്റെ അഭ്യർഥന.

*45. അദൃഷ്ടപൂർവം ഹൃഷിതോഽസ്മി ദൃഷ്ട്വാ*
*ഭയേന ച പ്രവ്യഥിതം മനോ മേ*
*തദേവ മേ ദർശയ ദേവ രൂപം*
*പ്രസീദ ദേവേശ ജഗന്നിവാസ*

ദേവ - അല്ലയോ ഭഗവൻ; അദൃഷ്ടപൂർവം ദൃഷ്ട്വാ - മുമ്പു കണ്ടിട്ടില്ലാത്ത ഈ രൂപം കണ്ടിട്ട്; ഹൃഷിതഃ അസ്മി - ഞാൻ സന്തുഷ്ടനാണ്; മേ മനഃ - എന്നാൽ എന്റെ മനസ്സ്; ഭയേന പ്രവ്യഥിതം ച - ഭയംകൊണ്ട് അത്യധികം വ്യാകുലമായും തീർന്നിരിക്കുന്നു; തത് ഏവ രൂപം - അതുകൊണ്ട് ആ പഴയ വൈഷ്ണവരൂപം തന്നെ; മേ - എനിക്ക്; ദർശയ - കാട്ടിത്തരൂ; ദേവേശ - അല്ലയോ ദേവദേവാ; ജഗന്നിവാസ - ജഗദീശ്വരാ; പ്രസീദ - എന്നിൽ പ്രസന്നനാവൂ.

അല്ലയോ ഭഗവൻ, മുമ്പു കണ്ടിട്ടില്ലാത്ത ഈ രൂപം കണ്ടിട്ടു ഞാൻ സന്തുഷ്ടനാണ്. എന്നാൽ എന്റെ മനസ്സ് ഭയംകൊണ്ട് അത്യധികം വ്യാകുല

digitized by www.sreyas.in

മായും തീർന്നിരിക്കുന്നു. അതുകൊണ്ട് ആ പഴയ വൈഷ്ണവരൂപം എനിക്കു കാട്ടിത്തരൂ. അല്ലയോ ദേവദേവ, ജഗദീശ്വരാ എന്നിൽ പ്രസന്നനാവൂ.

## ഭയേന ച പ്രവ്യഥിതം

മുമ്പു കണ്ടിട്ടില്ലാത്ത വിശ്വരൂപം ദർശിച്ച് ഈശ്വരസ്വരൂപം ഒട്ടൊക്കെ വ്യക്തമായറിയാൻ കഴിഞ്ഞു എന്നുള്ളതാണു സന്തോഷത്തിനു കാരണം. എന്നാൽ ഈ സംഹാരരൂപം തുടർന്നു കണ്ടുനിൽക്കാനുള്ള കഴിവില്ലായ്മയാണു ഭയത്തിനു കാരണം. അഹന്തയും മമതയും അവശേഷിക്കുന്നിടത്തോളം ഭയത്തോടുകൂടി മാത്രമേ വിശ്വരൂപനെ ദർശിക്കാൻ പറ്റൂ. ഞാനും എന്റേതും എല്ലാം ഇല്ലാതായിപ്പോകുമോ എന്നതാണു ഭയം. അതുകൊണ്ടു ശീതളമായ സത്വഗുണപ്രകാശം നിറഞ്ഞതും ശാന്തസുന്ദരവുമായ വൈഷ്ണവരൂപം കാട്ടിത്തന്നു തന്നെ അനുഗ്രഹിക്കണമെന്നാണർജുനന്റെ അഭ്യർഥന.

ഏതുതരം രൂപമാണു താൻ കാണാൻ കൊതിക്കുന്നതെന്ന് അർജുനൻ വ്യക്തമാക്കുകയാണ് അടുത്ത പദ്യത്തിൽ.

*46. കിരീടിനം ഗദിനം ചക്രഹസ്ത-*
*മിച്ഛാമി ത്വാം ദ്രഷ്ടുമഹം തഥൈവ*
*തേനൈവ രൂപേണ ചതുർഭുജേന*
*സഹസ്രബാഹോ ഭവ വിശ്വമൂർത്തേ*

തഥാ ഏവ - മുമ്പു കണ്ടപോലെ തന്നെ; ത്വാം - അങ്ങയെ; കിരീടിനം - കിരീടം ധരിച്ചവനായും; ഗദിനം - ഗദ കയ്യിൽ ഉള്ളവനായും; ചക്രവഹസ്തം - ചക്രായുധം കയ്യിലേന്തിയവനായും; അഹം - ഞാൻ; ദ്രഷ്ടും ഇച്ഛാമി - കാണാൻ ആഗ്രഹിക്കുന്നു; സഹസ്രബാഹോ - ആയിരം കൈകളുമായി വിളങ്ങുന്ന; വിശ്വമൂർതേ - അല്ലയോ വിശ്വരൂപാ; തേന ഏവ - മുമ്പു കണ്ടപ്രകാരം തന്നെ; ചതുർഭുജേന രൂപേണ - നാലു കൈയുള്ള വിഷ്ണുരൂപം പൂണ്ട്; ഭവ - വിളങ്ങിനിൽക്കൂ.

മുമ്പു കണ്ടപോലെതന്നെ അങ്ങയെ കിരീടം ധരിച്ചവനായും ഗദ കൈയിലുള്ളവനായും ചക്രായുധം കൈയിലേന്തിയവനായും ഞാൻ കാണാൻ ആഗ്രഹിക്കുന്നു. ആയിരം കൈകളുമായി വിളങ്ങുന്ന അല്ലയോ വിശ്വരൂപാ, മുമ്പു കണ്ടപ്രകാരം തന്നെ നാലു കൈയുള്ള വിഷ്ണുരൂപം പൂണ്ട് വിളങ്ങിനിൽക്കൂ.

digitized by www.sreyas.in

*തേനൈവ രൂപേണ ചതുർഭുജേന*

കിരീടം ധരിച്ചു ശംഖചക്രഗദാപങ്കജധാരിയായി വിളങ്ങുന്ന ചതുർഭുജനായ വിഷ്ണുവിനെ കാണാനാണർജുനൻ കൊതിക്കുന്നത്. വിശ്വരൂപദർശനത്തിനിടയിൽ തേജോരാശിയുടെ മധ്യത്തായി അർജുനൻ മുമ്പു വിഷ്ണുരൂപം ദർശിച്ചു എന്നു പതിനേഴാം പദ്യത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. സത്വഗുണത്തിന്റെ ശാന്തതയും സൗകുമാര്യവും നിറഞ്ഞതാണു വിഷ്ണുരൂപം. വിഷ്ണുവിന്റെ മൂർത്തിസങ്കൽപ്പത്തിനപ്പുറമുള്ള സത്യദർശനത്തിനുള്ള പാകത അർജുനമനസ്സിന് ഇനിയും വരേണ്ടതായിട്ടാണിരിക്കുന്നതെന്നു താൽപ്പര്യം.

അൽപ്പ നേരത്തേക്കു തന്റെ പ്രഭാവം അർജുനനൊന്നു കാട്ടിക്കൊടുക്കാമെന്നു മാത്രമേ ഭഗവാനാഗ്രഹിച്ചുള്ളു. ഇതൊരിക്കൽ കണ്ടാൽ തുടർന്നു ഭഗവത്സ്മരണ നിലനിൽക്കുമെന്നും കർമയോഗം വിട്ടുവീഴ്ചകൂടാതെ അനുഷ്ഠിച്ചു പൂർണ സത്യദർശനത്തിനദ്ദേഹം ക്രമേണ സ്വയം പാകപ്പെട്ടുകൊള്ളുമെന്നും ഭഗവാനറിയാം. അതുകൊണ്ടു ഭഗവാൻ വിശ്വരൂപം ഉപസംഹരിച്ച് അർജുനനെ സമാധാനിപ്പിക്കാൻ ഒരുമ്പെടുകയാണ്.

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

*47. മയാ പ്രസന്നേന തവാർജുനേദം*
*രൂപം പരം ദർശിതമാത്മയോഗാത്*
*തേജോമയം വിശ്വമനന്തമാദ്യം*
*യന്മേ ത്വദന്യേന ന ദൃഷ്ടപൂർവം*

അർജുന - അല്ലയോ അർജുനാ; തേജോമയം - സർവത്ര പ്രകാശം നിറഞ്ഞതും; വിശ്വം - പ്രപഞ്ചാകാരം കൈക്കൊണ്ടതും; അനന്തം - അവസാനം കാണ്മാനില്ലാത്തതും; ആദ്യം - പ്രപഞ്ചത്തിന്റെ മുഴുവൻ ആരംഭവുമായ; മേ - എന്റെ; ഇദം പരം രൂപം - ഈ വിശിഷ്ടമായ ഈശ്വരരൂപം; പ്രസന്നേന മയാ - നിന്നിൽ സന്തുഷ്ടനായ എന്നാൽ; ആത്മയോഗാത് - ആത്മശക്തിയെ അവലംബിച്ച്; തവ ദർശിതം - നിനക്കു കാണിക്കപ്പെട്ടു. യത് - ഈ രൂപം; ത്വദന്യേന - നിനക്കു തുല്യം എന്റെ അനുഗ്രഹത്തിനു പാത്രമാകാത്തവരാൽ: ദൃഷ്ടപൂർവം ന - മുമ്പു കാണപ്പെട്ടിട്ടുള്ളതേയല്ല.

അല്ലയോ അർജുനാ, സർവത്ര പ്രകാശം നിറഞ്ഞതും പ്രപഞ്ചാകാരം കൈക്കൊണ്ടതും അവസാനം കാണ്മാനില്ലാത്തതും പ്രപഞ്ചത്തിന്റെ മുഴുവൻ ആരംഭവുമായ ഈ വിശിഷ്ടമായ ഈശ്വരരൂപം നിന്നിൽ സന്തുഷ്ടനായ

digitized by www.sreyas.in

എന്നാൽ ആത്മശക്തിയെ അവലംബിച്ചു നിനക്കു കാണിക്കപ്പെട്ടു. ഈ രൂപം നിനക്കു തുല്യം എന്റെ അനുഗ്രഹത്തിനു പാത്രമാകാത്തവരാൽ മുമ്പു കാണപ്പെട്ടിട്ടുള്ളതേയല്ല.

## *ത്വദന്യേന ന ദൃഷ്ടപൂർവം*

സത്യാന്വേഷണത്തിന്റെ പാതയിൽ സഞ്ചരിക്കുന്നവർക്കു പൂർണമായ ബ്രഹ്മസാക്ഷാൽക്കാരത്തിനു മുമ്പു തൽക്കാലസ്ഥിതിയിൽ നിന്നു വികസിതങ്ങളായ പല ദർശനങ്ങളുമുണ്ടാകാം. ഇവയെല്ലാം താൻ പ്രസാദിക്കുന്നു എന്നു കാണിക്കുന്ന ഭഗവദനുഗ്രഹ പ്രകടനങ്ങളാണ്. ഇഷ്ടദേവതോപാസകന്മാർക്കു ധ്യാനം ദൃഢപ്പെട്ടാൽ ഭഗവാൻ ഇഷ്ടദേവതാരൂപത്തിൽ പ്രത്യക്ഷമായി അനുഗ്രഹം നൽകും. യോഗം അഭ്യസിക്കുന്നവർക്കു മനസ്സ് ഒരു പ്രത്യേക ഘട്ടത്തിലെത്തുമ്പോൾ പ്രാണസാക്ഷാൽക്കാരരൂപമായ വിശ്വരൂപദർശനമുണ്ടാകും. ഇതെല്ലാം മനസ്സിന്റെ ക്ലിപ്തമായ പാകതയുടെ ഘട്ടങ്ങളിൽ ഉണ്ടാകുന്ന ദർശനങ്ങളാണ്. അങ്ങനെ വിശ്വരൂപദർശനത്തിനുള്ള ക്ലിപ്തമായ പാകതയുടെ ഘട്ടത്തിൽ നിൽക്കുന്നവരുടെ മുഴുവൻ പ്രതിനിധിയായി അർജുനനെ അംഗീകരിച്ചുകൊണ്ട് 'നീയല്ലാതെ ഈ രൂപം ഇതിനു മുമ്പാരും കണ്ടിട്ടില്ലെ'ന്നാണു ഭഗവാൻ പറയുന്നത്. വാമനാവതാരത്തിൽ ഭഗവാൻ തന്നെ ഈ രൂപം മഹാബലിക്കു കാട്ടിക്കൊടുത്തു. കൃഷ്ണാവതാരത്തിൽ ഇതിനു മുമ്പ് ബ്രഹ്മാവിനും യശോദാമാതാവിനും മറ്റും ഈ രൂപം കാട്ടിക്കൊടുത്തിട്ടുണ്ട്. അൽപ്പം മുമ്പ് പാണ്ഡവദൗത്യത്തിൽ ദുര്യോധനനും ഭീഷ്മദ്രോണാദികൾക്കും വിശ്വരൂപം കാട്ടുകയുണ്ടായി. ദുര്യോധനനും ഇതു കാണാൻ ഒട്ടൊക്കെ അർഹനായിരുന്നു എന്നറിയേണ്ടതാണ്. ഭയം കൊണ്ടു കൃഷ്ണരൂപത്തിൽ മനസ്സേകാഗ്രപ്പെട്ടതാണു ദുര്യോധനന്റെ അർഹത.

വിശ്വരൂപദർശനത്തിനാവശ്യം ഭഗവാങ്കൽ ഏകാഗ്രപ്പെടുന്ന മനസ്സിന്റെ പാകതയാണ്. അല്ലാതെ ബാഹ്യങ്ങളായ കർമപരിപാടികളോ ആചാരങ്ങളോ കൊണ്ടൊന്നും ഈ ദർശനമുണ്ടാകുന്നതല്ലെന്നാണു ഭഗവാൻ അർജുനനു വെളിപ്പെടുത്തിക്കൊടുക്കുന്നത്.

*48. ന വേദയജ്ഞാധ്യയനൈർന ദാനൈർ-*
*ന ച ക്രിയാഭിർന തപോഭിരുഗ്രൈഃ*
*ഏവം രൂപഃ ശക്യ അഹം നൃലോകേ*
*ദ്രഷ്ടും ത്വദന്യേന കുരുപ്രവീര*

digitized by www.sreyas.in

കുരുപ്രവീര - അല്ലയോ അർജുനാ; നൃലോക - മനുഷ്യലോകത്ത്; ഏവം രൂപഃ അഹം - വിശ്വരൂപനായ ഈ ഞാൻ; ത്വദന്യേന - നിന്നെപ്പോലെ അനുഗ്രഹപാത്രമാകാത്ത ഒരാൾക്ക്; വേദയജ്ഞാധ്യയനൈഃ - വേദങ്ങളും യജ്ഞങ്ങളും വേറു വേറായി പഠിച്ചു മനസ്സിലാക്കിയതുകൊണ്ടൊന്നും; ദ്രഷ്ടും നശക്യഃ - കാണപ്പെടുക സാധ്യമല്ല; ദാനൈ ന - ദാനധർമങ്ങൾകൊണ്ടും കാണപ്പെടുക സാധ്യമല്ല; ക്രിയാഭിഃ ച ന - പലതരം പൂജാകർമങ്ങൾക്കൊണ്ടു സാധ്യമല്ല; ഉഗ്രൈഃ തപോഭിഃ ന - ദേഹത്തെ ക്ലേശിപ്പിച്ചുകൊണ്ടുള്ള ഉഗ്രതപസ്സുകൾകൊണ്ടും സാധ്യമല്ല.

അല്ലയോ അർജുനാ, മനുഷ്യലോകത്തു വിശ്വരൂപനായ ഈ ഞാൻ നിന്നെപ്പോലെ അനുഗ്രഹപാത്രമാകാത്ത ഒരാൾക്ക് വേദങ്ങളും യജ്ഞങ്ങളും വേറുവേറായി പഠിച്ചു മനസ്സിലാക്കിയതുകൊണ്ടൊന്നും കാണപ്പെടുക സാധ്യമല്ല. ദാനധർമങ്ങൾകൊണ്ടും കാണപ്പെടുക സാധ്യമല്ല. പലതരം പൂജാകർമങ്ങൾകൊണ്ടും സാധ്യമല്ല. ദേഹത്തെ ക്ലേശിപ്പിച്ചുകൊണ്ടുള്ള ഉഗ്രതപസ്സുകൾകൊണ്ടും സാധ്യമല്ല.

## *വിശ്വരൂപദർശനോപായം*

സത്യദർശനമാർഗത്തിൽ മുന്നോട്ടു പോകാൻ കൊതിയുള്ളവർക്കു വസ്തുബോധത്തോടെ നിഷ്കാമഭക്തിയും ചിത്തശുദ്ധിയും സമ്പാദിക്കുകയല്ലാതെ വേറേ വഴിയില്ല. വേദാധ്യയനം, യജ്ഞം, ദാനം, തപസ്സ് ഇവയെല്ലാം നിഷ്കാമഭക്തിക്കും ചിത്തശുദ്ധിക്കും ഉപകരിക്കുമെങ്കിൽ വളരെ നന്ന്. അതില്ലെന്നുവന്നാൽ അവ സത്യദർശനത്തിനുപകരിക്കയില്ലെന്നു മാത്രമല്ല വിപരീതഫലം ഉളവാക്കിയെന്നും വരും. വേദാധ്യായനാദിക്രിയാകലാപങ്ങൾകൊണ്ടു ദംഭദർപ്പാഭിമാനാദി വളർന്നു ഭേദചിന്തയും സങ്കുചിതഭാവവും വികസിക്കുകയാണെങ്കിൽ സത്യത്തോടടുക്കയില്ലെന്നു മാത്രമല്ല ദിവസേന അകന്നകന്നു പോവുകയും ചെയ്യും. കർമകാണ്ഡവേദഭാഗങ്ങൾ വേണ്ടപോലെ അനുഷ്ഠിച്ചില്ലെങ്കിൽ അവ സമൂഹത്തിനു ശാപമായിത്തീരുന്നതിങ്ങനെയാണ്. ഇക്കാര്യമാണു ഭഗവാൻ ഇവിടെ വ്യക്തമായി പ്രഖ്യാപിച്ചിരിക്കുന്നത്.

എന്തായാലും അർജുനൻ നേർമാർഗത്തിൽത്തന്നെയാണു മുന്നോട്ടു നീങ്ങുന്നതെന്നും അതുകൊണ്ടു ഭയത്തിനവകാശമില്ലെന്നുമാണു ഭഗവാൻ സമാശ്വസിപ്പിക്കുന്നത്.

*49. മാ തേ വ്യഥാ മാ ച വിമൂഢഭാവോ*
*ദൃഷ്ട്വാ രൂപം ഘോരമീദൃങ്മമേദം*

digitized by www.sreyas.in

*വ്യപേതഭീഃ പ്രീതമനാഃ പുനസ്ത്വം*
*തദേവ മേ രൂപമിദം പ്രപശ്യ*

മമ - വിശ്വരൂപനായ എന്റെ; ഈദൃക് - ഇപ്രകാരം; ഘോരം ഇദം രൂപം - ഭയജനകമായ ഈ രൂപം; ദൃഷ്ട്വാ - കണ്ടിട്ട്; തേ - നിനക്ക്; വ്യഥാ മാ - ദുഃഖം തോന്നരുത്; വിമൂഢഭാവഃ ച മാ - കർത്തവ്യവിമൂഢനായി ഭവിക്കരുത്; വ്യപേതഭീഃ - ഭയമെല്ലാം കളഞ്ഞ്; പ്രീതമനാഃ - മനസ്സുതെളിഞ്ഞ്; ത്വം - നീ; മേ - എന്റെ; തത് ഇദം രൂപം ഏവ - മുമ്പു കണ്ടിരുന്ന ഈ കൃഷ്ണരൂപം തന്നെ; പ്രപശ്യ - കണ്ടുകൊൾക.

വിശ്വരൂപനായ എന്റെ ഇപ്രകാരം ഭയജനകമായ ഈ രൂപം കണ്ടിട്ടു നിനക്കു ദുഃഖം തോന്നരുത്. കർത്തവ്യവിമൂഢനായും ഭവിക്കരുത്. ഭയമെല്ലാം കളഞ്ഞു മനസ്സുതെളിഞ്ഞു നീ എന്റെ മുമ്പു കണ്ടിരുന്ന ഈ കൃഷ്ണരൂപം തന്നെ കണ്ടുകൊൾക.

## *മാ തേ വ്യഥാ മാ ച വിമൂഢഭാവഃ*

ദുഃഖവും കർത്തവ്യവിമൂഢതയും ഉളവാക്കാനല്ല വിശ്വരൂപം ഭഗവാൻ പ്രദർശിപ്പിച്ചത്. നേരേമറിച്ചു സർവേശ്വരഭാവം വ്യക്തമായി കണ്ടറിഞ്ഞു ഭയം വെടിഞ്ഞു വിട്ടുവീഴ്ചകൂടാതെ സ്വധർമം അനുഷ്ഠിക്കാനാണു ഭഗവാൻ ഈ രൂപദർശനം അർജുനനു നൽകിയത്. ഈശ്വരനെ അറിയുന്ന ഒരാൾക്കു താൻ നിൽക്കുന്ന ഇടത്തുനിന്നുകൊണ്ടു ഭഗവദർച്ചനാരൂപത്തിൽ സ്വധർമം അനുഷ്ഠിക്കുകയല്ലാതെ വേറേ ഗതിയില്ലെന്നു താൽപ്പര്യം.

ഇത്രയും പറഞ്ഞിട്ടു ഭഗവാൻ തന്റെ കൃഷ്ണരൂപം കൈക്കൊണ്ടു നിലയായി എന്നാണ് സഞ്ജയൻ തുടർന്നു വിവരിക്കുന്നത്.

സഞ്ജയ ഉവാച - സഞ്ജയൻ പറഞ്ഞു:

*50. ഇത്യർജുനം വാസുദേവസ്തഥോക്ത്വാ*
*സ്വകം രൂപം ദർശയാമാസ ഭൂയഃ*
*ആശ്വാസയാമാസ ച ഭീതമേനം*
*ഭൂത്വാ പുനഃ സൗമ്യവപുർമഹാത്മാ*

വാസുദേവഃ - കൃഷ്ണൻ; അർജുനം - അർജുനനോട്; ഇതി ഉക്ത്വാ - ഇപ്രകാരം പറഞ്ഞിട്ട്; തഥാ സ്വകം രൂപം - മുമ്പുണ്ടായിരുന്നതുപോലെ സ്വന്തം രൂപം; ഭൂയഃ - വീണ്ടും; ദർശയാമാസ - കാട്ടിക്കൊടുത്തു; മഹാത്മാ - വിശ്വാത്മാവായി നിന്നിരുന്ന ഭഗവാൻ; പുനഃ - വീണ്ടും; സൗമ്യവപുഃ ഭൂത്വാ - ശാന്തശരീരനായി ഭവിച്ചിട്ട്; ഭീതം ഏനം - ഭയപ്പെട്ടു നിന്ന അർജുനനെ; ആശ്വാസയാമാസ ച - ആശ്വസിപ്പിക്കുകയും ചെയ്തു.



digitized by www.sreyas.in

കൃഷ്ണൻ അർജുനനോട് ഇപ്രകാരം പറഞ്ഞിട്ടു മുമ്പുണ്ടായിരുന്നതു പോലെ സ്വന്തം രൂപം വീണ്ടും കാട്ടിക്കൊടുത്തു. വിശ്വാത്മാവായി നിന്നി രുന്ന ഭഗവാൻ വീണ്ടും ശാന്തശരീരനായി ഭവിച്ചിട്ടു ഭയപ്പെട്ടു നിന്ന അർജു നനെ ആശ്വസിപ്പിക്കുകയും ചെയ്തു.

## *സ്വകം രൂപം ദർശയാമാസ*

അർജുനൻ അൽപ്പം മുമ്പാവശ്യപ്പെട്ടതു ഭഗവാൻ ഘോരമായ വിശ്വ രൂപമുപേക്ഷിച്ചു വിഷ്ണുരൂപം കൈക്കൊള്ളണമെന്നാണ്. വീണ്ടും തന്റെ തേർ തെളിക്കുന്ന കൃഷ്ണനായി കാണാൻ അർജുനൻ കൊതിച്ചി ല്ല. ഭഗവാനാകട്ടെ പാർഥസാരഥിയുടെ രൂപം തന്നെ കൈക്കൊണ്ടു പഴ യപോലെ നിലയായി. ദിവ്യരൂപപ്രദർശനത്തിന്റെ ഒരു ഭാഗമായിരുന്നു അർജുനൻ മുമ്പു കണ്ട വൈഷ്ണവരൂപം. അർജുനന്റെ ഭക്ത്യതിശയം ഭഗവാനെ വീണ്ടും സൂതനാക്കാൻ കൊതിച്ചില്ല. ഭഗവാനാകട്ടെ തന്റെ അവതാരകാര്യം മുഴുവൻ നിറവേറ്റാതെ പാർഥസാരഥിത്വം കൈവെടി യാനും തയാറായില്ല. ഒരു സത്യാന്വേഷിക്ക് ഇടയ്ക്കുവച്ചു പല ദർശന ങ്ങളുമുണ്ടായാലും അയാളുടെ തൽക്കാലദേഹത്തിന്റെ പ്രാരബ്ധകർമം ഒടുങ്ങുന്നതിന് മുമ്പ് ഒരു ദർശനവും സുസ്ഥിരമായി ഭവിക്കുന്നതല്ല. ഇട ക്കിടക്കു മായ, പ്രാരബ്ധകർമം ചെയ്തുതീർക്കാൻ പ്രേരിപ്പിച്ചുകൊണ്ടേ യിരിക്കും. ഭഗവാനതറിഞ്ഞുകൊണ്ടു ചെയ്യുന്നു; അർജുനൻ അറിയാതെ ചെയ്യുന്നു. അത്രേയുള്ളു ഭേദം.

ഇത്രയുമായപ്പോഴേക്കും അർജുനമനസ്സ് ശാന്തമായി ഭഗവാനോടി ങ്ങനെ അറിയിച്ചു.

അർജുന ഉവാച – അർജുനൻ പറഞ്ഞു:

*51. ദൃഷ്ട്വേദം മാനുഷം രൂപം തവ സൗമ്യം ജനാർദന*
*ഇദാനീമസ്മി സംവൃത്തഃ സചേതാഃ പ്രകൃതിം ഗതഃ*

ജനാർദന – അല്ലയോ കൃഷ്ണാ; തവ – അങ്ങയുടെ; സൗമ്യം – പ്രശാന്ത മായ; ഇദം മാനുഷം രൂപം – ഈ മനുഷ്യരൂപം; ദൃഷ്ട്വാ – കണ്ടിട്ട്; ഇദാനീം – ഇപ്പോൾ ഞാൻ; സചേതാഃ – ശാന്തഹൃദയനും; പ്രകൃതിം ഗതഃ – എന്റെ യഥാർഥ സ്വഭാവത്തെ പ്രാപിച്ചവനും; സംവൃത്തഃ അസ്മി – ആയിത്തീർന്നി രിക്കുന്നു.

digitized by www.sreyas.in

അല്ലയോ കൃഷ്ണാ, പ്രശാന്തമായ ഈ മനുഷ്യരൂപം കണ്ടിട്ട് ഇപ്പോൾ ഞാൻ ശാന്തഹൃദയനും എന്റെ യഥാർഥ സ്വഭാവത്തെ പ്രാപിച്ച വനും ആയിത്തീർന്നിരിക്കുന്നു.

## *സചേതാഃ പ്രകൃതിം ഗതഃ*

കർമവാസനാമയമാണു ജീവിതം. കർമവാസനയുടെ സ്പർശം പോലും ഇല്ലാത്തതാണു സത്യം. അപ്പോൾ വാസന പൂർണമായൊടുങ്ങുന്ന ബോധതലമാണു സത്യം. ആ സത്യത്തിൽ എത്തിച്ചേരുന്നതിനു മുമ്പുള്ള എല്ലാ അനുഭവഘട്ടങ്ങളും സത്യസ്വരൂപത്തിൽ വാസന ഉണ്ടാക്കി ത്തീർക്കുന്ന അനുഭവഘട്ടങ്ങളാണ്. വിശ്വരൂപദർശനത്തിന്റെ പോലും സ്ഥിതിയതാണ്. വാസന കുറഞ്ഞുവരുംതോറും സത്യബോധം കൂടിവരു മെന്നേയുള്ളു. എന്തായാലും ഒരു വാസനാഘട്ടത്തിൽ എത്തിനിൽക്കുന്ന യാൾക്കു വാസന കുറഞ്ഞ മറ്റൊരു ഘട്ടത്തിലേക്കു പൊടുന്നനേ കുതിച്ചെ ത്താൻ സാധ്യമല്ല. പൂർണമായി പാകപ്പെടുന്നതിനു മുമ്പു പൊടുന്നനെ ചില ദർശനങ്ങളുണ്ടായാൽത്തന്നെ അതു പരിഭ്രാന്തിക്കു കാരണമായിത്തീരു കയേ ഉള്ളു. പാകത വരാത്തിടത്തോളം, തൽക്കാലം അയാൾ എത്തിനിൽക്കുന്ന കർമമണ്ഡലത്തിൽ മാത്രമേ അയാൾക്കു അൽപ്പമെങ്കിലും ശാന്തിയും സുഖവും കണ്ടെത്താൻ പറ്റൂ. അതാണു വിശ്വ രൂപം മാറി യുദ്ധരംഗത്തിൽ പാർഥസാരഥിയെ കാണാൻ സാധിച്ചതോടെ അർജുനഹൃദയം സ്വപ്രകൃതിയിൽ തിരിച്ചെത്തി സ്വസ്ഥമായി എന്നു പ്രഖ്യാ പിച്ചിരിക്കുന്നത്.

ശാന്തചിത്തനായ അർജുനനോടു പാർഥസാരഥിരൂപം കൈക്കൊണ്ട ഭഗവാൻ അർജുനനുണ്ടായ പരമഭാഗ്യത്തെ വിവരിച്ചുകൊടുക്കുകയാണ് തുടർന്ന്.

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

*52. സുദുർദർശമിദം രൂപം ദൃഷ്ടവാനസി യന്മമ*
*ദേവാ അപ്യസ്യ രൂപസ്യ നിത്യം ദർശനകാംക്ഷിണഃ*

മമ - എന്റെ; യത്‌രൂപം - ഏതൊരു വിശ്വരൂപമാണോ; ദൃഷ്ടവാൻ അസി - നീ കണ്ടത്; ഇദം - ആ ഈ രൂപം; സുദുർദർശം - കാണാൻ അത്യധികം പ്രയാസമുള്ളതാണ്; ദേവാഃ അപി - ദേവന്മാർപോലും; അസ്യ രൂപസ്യ -

digitized by www.sreyas.in

ഈ വിശ്വരൂപത്തിന്റെ; നിത്യം ദർശനകാംക്ഷിണഃ – ദർശനം എന്നും കൊതിച്ചുകഴിഞ്ഞുകൂടുന്നവരാണ്.

എന്റെ ഏതൊരു വിശ്വരൂപമാണോ നീ കണ്ടത് ആ ഈ രൂപം കാണാൻ അത്യധികം പ്രയാസമുള്ളതാണ്. ദേവന്മാർപോലും ഈ വിശ്വരൂപത്തിന്റെ ദർശനം എന്നും കൊതിച്ചു കഴിയുന്നവരാണ്.

## *സുദുർദർശമിദം രൂപം*

കർമവാസന ഒട്ടുമുക്കാലും ഒടുങ്ങി ദേഹമാസകലം പ്രാണപ്രസരം അനുഭവിച്ചുകൊണ്ടു സവികൽപ്പനസമാധിഘട്ടത്തിൽ എത്തിനിൽക്കാൻ കഴിയുന്ന മനസ്സിനേ വിശ്വരൂപദർശനം സാധ്യമാവൂ. പൂർണസിദ്ധനായ ഗുരുവിനു വസ്തുബോധത്തോടെ ഏതാണ്ടൊക്കെ പാകപ്പെട്ട മനസ്സിന് അൽപ്പനേരത്തേക്ക് ഈ അനുഭവം പകർന്നുകൊടുക്കാനും കഴിയും. ഗുരുവിനു കഴിവുണ്ടെങ്കിൽപ്പോലും ശിഷ്യനു പാകത വന്നിട്ടില്ലെങ്കിൽ അതു സാധ്യമല്ല. വിരക്തമായ മനസ്സിന്റെ ഏകാഗ്രതകൊണ്ടേ ഇതു നേടാൻ കഴിയൂ. ദേവന്മാർ സ്വർഗവാസികളാണെങ്കിലും സുഖലോലുപരാണ്. വിശ്വരൂപം കാണാൻ അവർ എന്നും കൊതിക്കുന്നു. പക്ഷേ, അപൂർവമായി മാത്രമേ അവർക്കുപോലും അതിനവസരം കിട്ടാറുള്ളൂ. ഇന്ദ്രനും ബ്രഹ്മാവും മറ്റും ചിലപ്പോഴൊക്കെ ഈ രൂപം കണ്ടതായി പറയപ്പെടുന്നുണ്ടല്ലോ. ചുരുക്കത്തിൽ അർജുനൻ അതിധന്യനാണ്. അദ്ദേഹം ഭഗവാന്റെ പ്രീതിക്കു പാത്രമായിരിക്കുന്നുവെന്നും മനസ്സ് സത്യദർശനത്തിനു പാകപ്പെട്ടുവരുന്നു എന്നും ഈ ദർശനം തെളിവ് നൽകുന്നു.

ദേവന്മാർപോലും നിത്യവും കാംക്ഷിക്കുന്ന വിശ്വരൂപദർശനം സുദുർദർശമെന്നു പറയാൻ കാരണമെന്ത്? അതാണു ഭഗവാൻ തുടർന്നു വിശദമാക്കുന്നത്:

*53. നാഹം വേദൈർന തപസാ ന ദാനേന ന ചേജ്യയാ*
*ശക്യ ഏവംവിധോ ദ്രഷ്ടും ദൃഷ്ടവാനസി മാം യഥാ*

യഥാ – ഏതുപ്രകാരം; മാം – വിശ്വരൂപനായ എന്നെ; ദൃഷ്ടവാൻ അസി – നീ കണ്ടുവോ; ഏവംവിധഃ – ആ വിധം; അഹം ദ്രഷ്ടും – എന്നെ കാണാൻ; വേദൈഃ ന ശക്യഃ – വേദങ്ങളെ ആശ്രയിച്ചതുകൊണ്ടു കഴികയില്ല; ന താപസാ – ക്ലേശകരമായ വ്രതാനുഷ്ഠാനംകൊണ്ടും കഴിയുകയില്ല; ന ദാനേന – ദാനംകൊണ്ടും കഴിയുകയില്ല ന ഇജ്യയാ ച – യാഗാദികർമങ്ങൾകൊണ്ടും കഴിയുകയില്ല.

digitized by www.sreyas.in

എപ്രകാരം വിശ്വരൂപനായ എന്നെ നീ കണ്ടുവോ ആവിധം എന്നെ കാണാൻ വേദങ്ങളെ ആശ്രയിച്ചതുകൊണ്ടു കഴിയുക്കയില്ല; ക്ലേശകരമായ വ്രതാനുഷ്ഠാനം കൊണ്ടും കഴിയുകയില്ല. ദാനംകൊണ്ടും കഴിയുകയില്ല. യാഗാദികർമങ്ങൾകൊണ്ടും കഴിയുകയില്ല.

## *വേദങ്ങളും വിശ്വരൂപവും*

വേദം പഠിക്കുന്നതുകൊണ്ടു സത്യം സാക്ഷാൽക്കരിക്കാൻ കഴിയുമെന്നാരും വ്യാമോഹിക്കേണ്ട. ഒരാൾ നാലു വേദങ്ങളും കാണാതെ പഠിച്ചു എന്നു കരുതുക. വേദവിധികളും നിഷേധങ്ങളും അനുസരിക്കുന്നു എന്നും കരുതുക. പലപ്പോഴും ഇതുകൊണ്ടൊക്കെ കർമവാസനകളും സങ്കുചിതബുദ്ധിയും വളരുകയാണു ഫലം. കർമവാസന പോയി ഹൃദയം ശുദ്ധിയായി ഭേദചിന്തയകന്നാൽ മാത്രം തെളിയുന്ന സത്യം അപ്പോൾ വേദങ്ങളെ സമാശ്രയിച്ചതുകൊണ്ട് എങ്ങനെ അറിയാറാകും. നേരേമറിച്ചു വേദം ഒരക്ഷരംപോലും പഠിച്ചില്ലെങ്കിലും ചിത്തശുദ്ധിയുള്ളയാൾ ബ്രഹ്മാനുഭവത്തിനർഹനായിത്തീരും. ഇതാണു സത്യാനുഭവനിയമം. വ്രതാനുഷ്ഠാനം, ദാനം, യാഗം ഇവയൊക്കെ ഭേദചിന്തയെ ഒഴിച്ചുമാറ്റി ചിത്തശുദ്ധിക്കു വഴിതെളിക്കാത്ത വെറും ഭൗതികകർമങ്ങളായിരിക്കുന്നിടത്തോളം അവയൊന്നും സത്യം കാണാൻ ഉപകരിക്കുകയില്ല. ഭഗവാന്റെ ആവർത്തിച്ചുള്ള ഈ പ്രഖ്യാപനം സത്യാന്വേഷികൾ ശ്രദ്ധയോടെ ചെവിക്കൊള്ളേണ്ടതാണ്.

വേദാദികളൊന്നും സദ്യദർശനത്തിനു നേരിട്ടുപകരിക്കയില്ലെങ്കിൽപ്പിന്നെ എന്തുപായം കൊണ്ടാണാ സത്യത്തെ സമീപിക്കേണ്ടത്? ഭഗവാൻ ഈ ചോദ്യത്തിനുത്തരം പറയുന്നു.

*54. ഭക്ത്യാ ത്വനന്യയാ ശക്യ അഹമേവംവിധോഽർജുന*
*ജ്ഞാതും ദ്രഷ്ടും ച തത്വേന പ്രവേഷ്ടും ച പരന്തപ*

പരന്തപ - ശത്രുക്കളെ തപിപ്പിക്കുന്ന അല്ലയോ അർജുനാ; ഏവം വിധഃ അഹം - നീ കണ്ടതുപോലെയുള്ള വിശ്വരൂപനായ എന്നെ; അനന്യയാ ഭക്ത്യാ - ഏകാന്തഭക്തികൊണ്ട്; ജ്ഞാതും - അറിയുന്നതിനും; ദ്രഷ്ടും ച - കാണുന്നതിനും; തത്വേന പ്രവേഷ്ടും ച - എന്നിൽ അതായിത്തീർന്നേകീഭവിക്കുന്നതിനും; ശക്യഃ - കഴിവുണ്ടാകുന്നു.

ശത്രുക്കളെ തപിപ്പിക്കുന്നവനായ അല്ലയോ അർജുനാ, നീ കണ്ടതുപോലെയുള്ള വിശ്വരൂപനായ എന്നെ ഏകാന്തഭക്തികൊണ്ടു അറിയുന്ന

digitized by www.sreyas.in

തിനും കാണുന്നതിനും എന്നിൽ അതായിത്തീർന്നേകീഭവിക്കുന്നതിനും കഴിവുണ്ടാകുന്നു.

## *ഭക്ത്യാ ത്വനന്യയാ ശക്യഃ*

സത്യം സാക്ഷാൽക്കരിക്കാൻ വേണ്ട സാമഗ്രികളിൽ മുഖ്യമായുള്ളത് ഏകാന്തഭക്തിയാണ്. സ്നേഹം പലതിലായി വിഭജിക്കപ്പെട്ടുപോകാതെ ഒന്നിൽത്തന്നെ കേന്ദ്രീകരിക്കുന്നതാണ് അനന്യഭക്തി അഥവാ ഏകാന്ത ഭക്തി. സച്ചിദാനന്ദഘനമായ ഒരു വസ്തുവേ ഇവിടെ നിലവിലുള്ളു എന്നു സത്യദർശികൾ ഘോഷിക്കുന്നു. അങ്ങനെയാണെങ്കിൽ തന്നിലും പുറത്തും ആ സത്യത്തെ കണ്ടു സ്നേഹിക്കുകയാണ് അനന്യഭക്തി. മുമ്പു പലയിടത്തും വിവരിച്ചിട്ടുള്ള സമദർശനം തന്നെയാണനന്യഭക്തി. ഒരു സഗുണോപാസകനിതെങ്ങനെ സാധിക്കും? എന്തുകൊണ്ടു സാധിക്കില്ല? നിഷ്കാമ ഭക്തനാണെങ്കിൽ ബ്രഹ്മപ്രതീകമായിട്ടാണല്ലോ അയാൾ ഇഷ്ട ദേവനെ അംഗീകരിക്കുന്നത്. താനും ഈ ജഗത്തും പരമാത്മപ്രതീകമായ ഇഷ്ടദേവന്റെ ലീലാവിലാസമാണെന്നയാൾ നിരന്തരം ധ്യാനിച്ചുറപ്പിക്കണം. നിരന്തര ധ്യാനംകൊണ്ടു മനസ്സ് സദാ അങ്ങനെ ഏകാഗ്രമായി ഭവിക്കുമ്പോൾ ഭഗവാൻ രണ്ടാമധ്യായത്തിൽ പറഞ്ഞ വ്യവസായത്മികാബുദ്ധി സംഭവിക്കുന്നു. തുടർന്നു പ്രാണസാക്ഷാൽക്കാരരൂപമായ വിശ്വരൂപദർശനവും തദനന്തരം വസ്തുസ്വരൂപമായി 'അഹം' ബോധത്തിന്റെ ഏകീഭാവവും സംഭവിക്കുന്നു. ഏകാഗ്രബുദ്ധിയിൽ വ്യക്തമായ വസ്തുബോധമുണ്ടാകുന്നതാണു ജ്ഞാനം. തുടർന്നു സവികൽപ്പദശയിൽ അഥവാ വിശ്വരൂപദർശനത്തിൽ മാറിനിന്നുകൊണ്ടുള്ള വസ്ത്വനുഭവമാണു ദർശനം. അതുകഴിഞ്ഞ് 'അഹം' ബോധം പാടേ നിലച്ചു നിർവികൽപ്പദശയിൽ വസ്തുത്വാനുഭവംമാത്രം അവശേഷിക്കുന്ന സ്ഥിതിയാണു 'തത്ത്വേന പ്രവേശം'. ഏകാന്ത ഭക്തി വളർത്തിക്കൊണ്ടുവന്നാൽ ക്രമമായ ഈ സത്യാനുഭവദശകൾ കടന്നു സ്വയം സത്യമായിത്തീരാവുന്നതാണ്.

അനന്യഭക്തിയുടെ ലക്ഷണങ്ങളെന്തെല്ലാമെന്നു വെളിപ്പെടുത്തിക്കൊണ്ടു ഭഗവാൻ അധ്യായം ഉപസംഹരിക്കാൻ ഒരുമ്പെടുന്നു.

*55. മത്കർമകൃന്മത്പരമോ മദ്ഭക്തഃ സംഗവർജിതഃ*
*നിർവൈരഃ സർവഭൂതേഷു യഃ സ മാമേതി പാണ്ഡവ*

digitized by www.sreyas.in

പാണ്ഡവ – പാണ്ഡുപുത്രനായ അല്ലയോ അർജുനാ; മത്കർമകൃത് – കർമങ്ങളെല്ലാം എന്റെ അർച്ചനയായി അനുഷ്ഠിക്കുവന്നവനും; മത്പരമഃ – എന്നെ പ്രാപിക്കുകയാണു ജീവിതലക്ഷ്യമെന്നുറപ്പിച്ചിട്ടുള്ളവനും; മദ്ഭക്തഃ – സർവത്ര എന്നെത്തന്നെ കണ്ടു ഭജിക്കുന്നവനും; സംഗവർജിതഃ – ഒന്നിലും ഞാൻ, എന്റേത് എന്ന ഭാവമില്ലാത്തവനും; സർവഭൂതേഷു നിർവൈരഃ – ഒരു ജീവിയിലും ദ്വേഷമില്ലാത്തവനുമായ; യഃ – ആരുണ്ടോ; സഃ അവൻ; മാം ഏതി – അറിഞ്ഞു കണ്ട് എന്നെ പ്രാപിക്കുന്നു.

പാണ്ഡുപുത്രനായ അല്ലയോ അർജുനാ, കർമങ്ങളെല്ലാം എന്റെ അർച്ചനയായി അനുഷ്ഠിക്കുന്നവനും എന്നെ പ്രാപിക്കുകയാണു ജീവിതലക്ഷ്യമെന്നുറപ്പിച്ചിട്ടുള്ളവനും സർവത്ര എന്നെത്തന്നെ കണ്ടു ഭജിക്കുന്നവനും ഞാൻ, എന്റേത് എന്ന ഭാവമില്ലാത്തവനും ഒരു ജീവിയിലും ദ്വേഷമില്ലാത്തവനുമായ ആരുണ്ടോ അവൻ അറിഞ്ഞുകണ്ട് എന്നെ പ്രാപിക്കുന്നു.

## അനന്യഭക്തന്റെ ബ്രഹ്മപ്രാപ്തി

അനന്യഭക്തിക്കൊണ്ടു ഭഗവത്തത്വം അറിയാനും കാണാനും അതിൽ കടന്നൊന്നാവാനും കഴിയും. ഏതെല്ലാം മാനസിക ഭാവങ്ങളാണു ക്രമത്തിൽ ഈ സത്യദർശനം സാധ്യമാക്കുന്നത്? ആദ്യമായി ഗുരുവിൽ നിന്നു വസ്തുതത്വം ഗ്രഹിച്ചു പ്രപഞ്ചം മുഴുവൻ ജഗദീശ്വരരൂപമാണെന്നു ധരിക്കണം. തുടർന്നു സത്യദർശനകുതുകിയായ ഭക്തൻ തന്റെ ജീവിതത്തെ ഒരു ബ്രഹ്മയജ്ഞമാക്കി മാറ്റുന്നു. താനുൾപ്പെടെയുള്ള പ്രപഞ്ചം ഈശ്വരസ്വരൂപമാണെന്നു ഗുരു പറഞ്ഞതനുസരിച്ചു തന്റെ എല്ലാ കർമങ്ങളും ഈശ്വരാരാധനയാണെന്നു ഭക്തൻ ഭാവന ചെയ്യാൻ തുടങ്ങുന്നു. ഇതാണു മദ്കർമകൃത്വം. അതോടൊപ്പം തന്റെ ജീവിതലക്ഷ്യം സർവത്ര സമദർശനം നേടി ബ്രഹ്മപ്രാപ്തി കൈവരിക്കുകയാണെന്നും ഉറപ്പിക്കുന്നു. ഇതാണു മത്പരമത്വം. ഈ രണ്ടു സാധനകളും മുന്നേറുന്നതോടെ സവികൽപ്പദശയിലെ വിശ്വരൂപദർശനം സാധ്യമായിത്തീരുന്നു. തുടർന്നു വ്യവഹാരവേളയിലെല്ലാം പ്രപഞ്ചഘടകങ്ങളെല്ലാം പരമാത്മസ്വരൂപം കൊണ്ടു നിറക്കപ്പെട്ടതായി അനുഭവിക്കാൻ ഇടവരുന്നു. എന്തിലും ബ്രഹ്മദർശനം. ഇതാണു മദ്ഭക്തത്വം. ലക്ഷ്യബോധമുറയ്ക്കുന്നതാണു പരോക്ഷജ്ഞാനം. മദ് ഭക്തത്വമാണു ദർശനം. ഇത്രയുമായാൽ സംഗം പൂർണമായി വിട്ടകലും. ഒരിടത്തും ഞാൻ, എന്റേത് എന്ന ഭാവം പിന്നെ മുളയ്ക്കുകയില്ല. സംഗം പൂർണമായി വിട്ടാൽ നിർവികൽപ്പദശയിൽ 'അഹം' ബോധം ഒഴിഞ്ഞുമാറി സ്വയം വസ്തുസ്വരൂപമായിത്തീരാൻ കഴിയും. ഇതാണു 'തത്വേന പ്രവേശം'.

digitized by www.sreyas.in

നിർവികൽപ്പവസ്തുസ്വരൂപമനുഭവിച്ച ജീവന്മുക്തനു സർവം ബ്രഹ്മമയമായി അനുഭവപ്പെടുന്നു. അദ്ദേഹം സർവ ജീവികളിലും, അതായത് ദേഹത്തെ ഭക്ഷിച്ചുകളയുമെന്ന് കരുതപ്പെടുന്ന ജീവികളിൽപോലും നിർവൈരനായി ഭവിക്കുന്നു. ഈ നിർവൈരത്വം നിമിത്തമാണു പരസ്പര വൈരികളായ വന്യമൃഗങ്ങൾപോലും ജീവന്മുക്തന്റെ മുമ്പിൽ ശാന്തസ്നേഹനിധികളായി വർത്തിക്കാൻ ഇടവരുന്നത്. ജീവന്മുക്തന്റെ നിർവൈരത്വം സർവത്ര ബ്രഹ്മദർശനത്തിന്റെ ഫലമാണെന്നോർക്കണം. ഇത്രയുമായാൽ ഇതാണു പൂർണ ബ്രഹ്മപ്രാപ്തി. അതാണു ഭഗവാൻ 'യഃ സ മാമേതി പാണ്ഡവ' എന്നു പ്രഖ്യാപിച്ചിരിക്കുന്നത്.

## അധ്യായാർഥ സംക്ഷേപം

തത്പദാർഥമായ വസ്തുസ്വരൂപവും അതിനെ പ്രാപിക്കാനുള്ള വഴികളും ഏഴാമധ്യായം മുതൽ പത്താമധ്യായം വരെ ഭഗവാൻ വിസ്തരിച്ച് അർജുനനെ കേൾപ്പിച്ചു. തുടർന്നു ലോകത്തു മുഴുവൻ നിറഞ്ഞുതിങ്ങുന്ന വസ്തുസ്ഥിതി തനിക്കേതാണ്ടെങ്കിലും ഒന്നനുഭവിച്ചറിയാൻ പറ്റുമോ എന്നായി അർജുനന്റെ ചോദ്യം. സാധിക്കുമെന്നു ഭഗവാൻ മറുപടി നൽകി. തന്റെ ശരീരത്തിൽ ഒരിടത്ത് എല്ലാ പ്രപഞ്ചഘടകങ്ങളും പൊന്തി മറയുന്നതായി കാട്ടിത്തരാമെന്നു പറഞ്ഞ് അതു കാണാനുള്ള ദിവ്യചക്ഷുസ്സു ഭഗവാൻ അർജുനനു നൽകി. തുടർന്ന് അർജുനൻ ഭഗവാന്റെ വിശ്വരൂപം ദർശിച്ചു. ആയിരം സൂര്യന്മാരുദിച്ചാലെന്നപോലെ തേജോമയമായിരുന്നു അനന്താവയവങ്ങളോടുകൂടിയ വിശ്വരൂപം. സർവപ്രപഞ്ചവും ഭഗവാന്റെ ദേഹത്തിൽ അർജുനനു കാണാൻ കഴിഞ്ഞു. അർജുനൻ അത്ഭുതപരതന്ത്രനായി പുളകമണിഞ്ഞു ഭഗവാനെ വണങ്ങി. ഇതിനിടയിൽ ഭഗവാന്റെ ദേഹത്തിൽ വിഷ്ണുരൂപവും ദർശിച്ചു. ഭഗവാൻ മാത്രമാണ് ഇവിടെ ശാശ്വതധർമസംരക്ഷകൻ എന്നും തെളിഞ്ഞു. ക്രമേണ വിശ്വരൂപനായ ഭഗവാൻ ഉഗ്രരൂപം കൈക്കൊള്ളുന്നതായി അർജുനനു തോന്നി. പ്രതിപക്ഷത്തുള്ളവരും തന്റെ പക്ഷത്തുള്ളവരുമായ അനേകം പേർ വീരപ്പല്ലുകൾ നിറഞ്ഞ ഭഗവാന്റെ ഭീകരവദനത്തിൽ കടന്നുമറയുന്നതായും ചിലർ പല്ലുകളുടെ ഇടയിൽപ്പെട്ടു ഞെരിഞ്ഞു തകരുന്നതായും അർജുനനു കാണാനിടയായി. സമസ്ത ലോകത്തെയും ജ്വാലപോലുള്ള തന്റെ നാക്കുകൾകൊണ്ടു ഭഗവാൻ നക്കി വിഴുങ്ങുന്നതായി തോന്നി. തുടർന്ന് 'ഉഗ്രരൂപനായ അങ്ങാരാണ്, ഈ പ്രവൃത്തി എന്താണ്' എന്നർജുനൻ ആരാഞ്ഞു. 'ലോകം ക്ഷയി

digitized by www.sreyas.in

പ്പിക്കാനെത്തിയ കാലസ്വരൂപനാണു ഞാൻ' എന്നായിരുന്നു ഭഗവാന്റെ മറുപടി. എല്ലാം തനിക്കധീനമാണെന്നും ഭീഷ്മദ്രോണാദികളെ യഥാർഥത്തിൽ കൊല്ലുന്നതു കാലരൂപിയായ താനാണെന്നും ഭഗവാൻ വെളിപ്പെടുത്തി. അർജുനനെപ്പോലുള്ളവർ വെറും ഉപകരണങ്ങൾ മാത്രം. അതുകൊണ്ടു സ്വകൃത്യം ഭംഗിയായി അനുഷ്ഠിച്ചു തന്റെ പ്രീതിയും യശസ്സും നേടി രാജ്യമനുഭവിക്കാനാണു ഭഗവാൻ അർജുനനോടാവശ്യപ്പെടുന്നത്. തുടർന്ന് ഈ ലോകത്തിന് അച്ഛനും അമ്മയും ഗുരുവും എല്ലാം ഭഗവാൻ തന്നെയാണെന്നർജുനനു ബോധ്യമായി. എല്ലാ വശത്തേക്കും തിരിഞ്ഞ് അർജുനൻ ഭഗവാനെ തെരു തെരെ വണങ്ങി. താൻ മുമ്പ് അറിഞ്ഞോ അറിയാതെയോ ചെയ്തുപോയിട്ടുള്ള എല്ലാ തെറ്റുകൾക്കും മാപ്പപേക്ഷിച്ചു. ഘോരരൂപം കണ്ടു ഭയചകിതനായ അർജുനൻ ആ രൗദ്രരൂപം മാറ്റി വിഷ്ണുരൂപം കാട്ടി തന്റെ ഭയം ശമിപ്പിക്കണമെന്നപേക്ഷിച്ചു. ഭഗവാനാകട്ടെ പഴയ പാർഥസാരഥിയുടെ രൂപം തന്നെ കൈക്കൊണ്ട് അർജുനനെ സമാധാനിപ്പിച്ചു. എന്നിട്ടിങ്ങനെ പറഞ്ഞു: 'എന്റെ ഈ വിശ്വരൂപം കാണുക എളുപ്പമേയല്ല. ദേവന്മാർപോലും ഈ രൂപം കാണാൻ സദാ കൊതിപൂണ്ടു കഴിയുന്നു. വേദം, തപസ്, ദാനം, യജ്ഞം ഇവയൊന്നും എന്നെ ഈ രൂപത്തിൽ കാണാൻ സഹായിക്കുകയില്ല. അനന്യഭക്തിയുണ്ടെങ്കിൽ എന്നെ ഈ രൂപത്തിൽ അറിയാനും കാണാനും എന്നിൽ ഏകീഭവിക്കാനും കഴിയും. എല്ലാ കർമങ്ങളും എന്റെ ആരാധനയായി അനുഷ്ഠിക്കുന്നവൻ, എന്നെ മാത്രം ജീവിതലക്ഷ്യമാക്കിയിട്ടുള്ളവൻ, എല്ലായിടത്തും എന്നെ കണ്ടറിഞ്ഞു ഭജിക്കുന്നവൻ, ഞാനെന്നും എന്റേതെന്നും ഭാവമില്ലാത്തവൻ, എല്ലാ ജീവികളിലും വിദ്വേഷം വെടിഞ്ഞവൻ, അവൻ എന്നെ പ്രാപിക്കുന്നു!!'

ഭഗവാൻ അർജുനനു കാട്ടിക്കൊടുത്ത വിശ്വരൂപത്തിന്റെ വിവരണമടങ്ങുന്നതുകൊണ്ട് ഈ അധ്യായത്തിന് 'വിശ്വരൂപദർശനയോഗം' എന്നു പേർ.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ*
*വിശ്വരൂപദർശനയോഗോ നാമ*
*ഏകാദശോഽധ്യായഃ*

digitized by www.sreyas.in

*അധ്യായം 12*

# ഭക്തിയോഗം

അനന്യഭക്തികൊണ്ടു മാത്രമേ ഭഗവത്പ്രാപ്തി സാധ്യമാകുകയുള്ളു എന്നാണല്ലോ കഴിഞ്ഞ അധ്യായം ഉപസംഹരിച്ചുകൊണ്ടു ഭഗവാൻ പ്രസ്താവിച്ചത്. അതുകൊണ്ടു ഭക്തിരഹസ്യം വിശദമായി വിവരിക്കാനൊരുമ്പെടുകയാണു പന്ത്രണ്ടാമധ്യായത്തിൽ. ഈ അധ്യായത്തിനു 'ഭക്തിയോഗം' എന്നു പേർ.

ഭഗവാനോടുള്ള പരമപ്രേമമാണല്ലോ ഭക്തി. ഇതു സഗുണഭക്തിയെന്നും നിർഗുണഭക്തിയെന്നും രണ്ടുവിധമുണ്ട്. ഈ രണ്ടു വിധമായ ഭക്തിയുള്ളതിൽ ഏതാണു കേമം? ഇതാണാദ്യമായി അർജുനൻ ചോദിക്കുന്ന സംശയം.

അർജുന ഉവാച – അർജുനൻ പറഞ്ഞു:

*1. ഏവം സതതയുക്താ യേ ഭക്താസ്ത്വാം പര്യുപാസതേ*
*യേ ചാപ്യക്ഷരമവ്യക്തം തേഷാം കേ യോഗവിത്തമാഃ*

യേ ഭക്താഃ – ഏതേതു ഭക്തന്മാരാണോ; സതതയുക്താഃ – നിരന്തരസ്മരണയോടുകൂടി; ത്വാം – സാകാരനായ അങ്ങയെ; പര്യുപാസതേ – എവിടെയും കണ്ടു ഭജിക്കുന്നത്; ഏവം – അപ്രകാരം; യേ ച അപി – ഏതേതു ഭക്തന്മാരാണോ; അക്ഷരം – നാശരഹിതവും; അവ്യക്തം – നിരാകാരവുമായ ബ്രഹ്മസ്വരൂപത്തെ ഭജിക്കുന്നത്; തേഷാം – അവരിൽ; യോഗവിത്തമാഃ കേ – യോഗിശ്രേഷ്ഠന്മാരെന്നു പറയാവുന്നവരാരാണ്?

ഏതേതു ഭക്തന്മാരാണോ നിരന്തരസ്മരണയോടുകൂടി സാകാരനായ അങ്ങയെ എവിടെയും കണ്ടു ഭജിക്കുന്നത്; അപ്രകാരം ഏതേതു ഭക്തന്മാരാണോ നാശരഹിതവും നിരാകാരവുമായ ബ്രഹ്മരൂപത്തെ ഭജിക്കുന്നത് അവരിൽ യോഗിശ്രേഷ്ഠന്മാരെന്നു പറയാവുന്നവരാരാണ്?

digitized by www.sreyas.in

## *തേഷാം കേ യോഗവിത്തമാഃ*

വസ്തുസ്വരൂപവും വസ്തുദർശനത്തിനുള്ള ഉപായങ്ങളും കഴിഞ്ഞ അധ്യായങ്ങളിൽ വിശദമായി പ്രതിപാദിക്കുകയുണ്ടായി. അന്തർമുഖമായി മനസ്സിന്റെ ഏകാഗ്രത നേടുകയാണു വസ്തു ദർശനത്തിനുള്ള ഉപായം. അവലംബമൊന്നും കൂടാതെ അന്തർമുഖമായി ഏകാഗ്രപ്പെടാൻ ലോകവിരക്തി വന്നു ശുദ്ധമായ മനസ്സിനേ കഴിവുണ്ടാവൂ. അത്രയ്ക്കു വിരക്തിയും ശുദ്ധിയുമുണ്ടാകുന്നതുവരെ ഇഷ്ടദേവതാരൂപത്തിൽ ഏതെങ്കിലും പ്രതീകം ധ്യാനിച്ചു ചിത്തശുദ്ധി നേടേണ്ടതാണ്. ഇഷ്ടദേവതാരൂപത്തിൽ ഒരു ദേവനെ സങ്കൽപ്പിച്ചു ധ്യാനിക്കാം. പ്രണവം ധ്യാനിക്കാം. അല്ലെങ്കിൽ പത്താമധ്യായത്തിൽ വിവരിച്ചതുപോലെ ഏതെങ്കിലും പ്രതീകം ഈശ്വര ഭാവനയോടെ അംഗീകരിച്ചു ധ്യാനിക്കാം. പ്രതീകധ്യാനത്തിന്റെ ഒരുന്നത മാതൃകയാണു വിശ്വരൂപോപാസന. ജഗത്തു മുഴുവൻ ഭഗവാന്റെ ദേഹാവയവങ്ങൾ തന്നെയാണെന്നു സങ്കൽപ്പിച്ചുപാസിക്കുന്നതാണു വിരാഡ്രൂപോപാസന അഥവാ വിശ്വരൂപോപാസന. ഇതു ദൃഢപ്പെടുത്താനാണു ഭഗവാൻ വിശ്വരൂപം കാട്ടിയത്. ഇത്തരം സഗുണോപാസനകളെ മുഴുവൻ സംഗ്രഹിച്ചുകൊണ്ടാണു ശ്ലോകത്തിലെ ഒന്നാം വരിയിൽ 'ത്വാം പര്യുപാസതേ' എന്നു പറഞ്ഞിരിക്കുന്നത്. നിർഗുണധ്യാനമാണിനി മറ്റൊരുപായം. കുട്ടിക്കാലത്തുതന്നെ ചിത്തത്തിനു വിരക്തിയും ശുദ്ധിയും വന്നവർക്ക് ആദ്യമേ തന്നെ നിർഗുണോപാസന പരിശീലിക്കാം, അല്ലാത്തവർ സഗുണോപാസനകൊണ്ടു ചിത്തശുദ്ധി നേടിയശേഷം വേണം മനസ്സിന്റെ നൈർഗുണ്യം അഭ്യസിക്കാൻ. ശ്രുതിയുക്തികൾകൊണ്ടു വസ്തുവിചാരം ചെയ്തു ലോകസങ്കൽപ്പങ്ങൾ ചുരുക്കി ഇതഭ്യസിക്കാം. അല്ലെങ്കിൽ സങ്കൽപ്പനിരോധമെന്ന യോഗമഭ്യസിച്ചും ഇതു ശീലിക്കാം. പ്രയോഗതലത്തിലുള്ള അൽപ്പമായ വ്യാത്യാസമേ വിചാരമാർഗത്തിനും യോഗമാർഗത്തിനും തമ്മിലുള്ളു. കാര്യത്തിൽ അവ രണ്ടും ഒന്നുതന്നെ. ഈ നിർഗുണോപാസനയാണു ശ്ലോകത്തിൽ അക്ഷരാവ്യക്തഭജനമായി അർജുനൻ വിവരിക്കുന്നത്. സത്യാന്വേഷണമാർഗത്തിൽ ഇങ്ങനെ സഗുണ നിർഗുണോപാസകന്മാരെന്നു രണ്ടു കൂട്ടരുണ്ടല്ലോ. ഇവരിൽ ശ്രേഷ്ഠന്മാരാരെന്നാണ് അർജുനന്റെ ചോദ്യതാൽപ്പര്യം.

സത്യാന്വേഷണമാർഗത്തിൽ അവനവന്റെ മാർഗം മാത്രമാണു ശ്രേഷ്ഠമെന്നു പറഞ്ഞു മർക്കടമുഷ്ടികളായി കഴിയുന്നവർ ഭഗവാന്റെ മറുപടി ശ്രദ്ധിക്കേണ്ടതാണ്. ഏകാഗ്രതക്കും ചിത്തശുദ്ധിക്കുമായി നിരന്തരധ്യാനം ശീലിക്കുന്ന

digitized by www.sreyas.in

പ്രതീകോപാസകന്മാർ അത്യന്തം ശ്രേഷ്ഠന്മാരാണെന്നത്രേ ഭഗവാന്റെ മറുപടി.

ഭഗവാനുവാച – ഭഗവാൻ പറഞ്ഞു:

*2. മയ്യാവേശ്യ മനോ യേ മാം നിത്യയുക്താ ഉപാസതേ*
*ശ്രദ്ധയാ പരയോപേതാസ്തേ മേ യുക്തതമാ മതാഃ*

യേ – ആരൊക്കെയാണോ; മയി – ഏതെങ്കിലും പ്രതീകം സങ്കൽപ്പിച്ച് എന്നിൽ; മനഃ ആവേശ്യ – മനസ്സിനെ പൂർണമായി ഉറപ്പിച്ച്; പരയാ ശ്രദ്ധയാ ഉപേതാഃ – ഭഗവത് പ്രാപ്തിതന്നെ ലക്ഷ്യമായംഗീകരിച്ച്; നിത്യയുക്ത – നിരന്തരസ്മരണയോടുകൂടി; മാം ഉപാസതേ – എന്നെ ധ്യാനിക്കുന്നത്; തേ – അവർ; മേ മതാഃ – എനിക്കു സമ്മതന്മാരായ; യുക്തതമാഃ – ശ്രേഷ്ഠയോഗികൾ തന്നെയാണ്.

ആരൊക്കെയാണോ ഏതെങ്കിലും പ്രതീകം സങ്കൽപ്പിച്ച് എന്നിൽ മനസ്സിനെ പൂർണമായി ഉറപ്പിച്ചു ഭഗവത്പ്രാപ്തി തന്നെ ലക്ഷ്യമായംഗീകരിച്ചു നിരന്തരസ്മരണയോടുകൂടി എന്നെ ധ്യാനിക്കുന്നത് അവർ എനിക്കു സമ്മതന്മാരായ ശ്രേഷ്ഠയോഗികൾ തന്നെയാണ്.

## *തേ മേ യുക്തതമാഃ മതാഃ*

നിർഗുണോപാസകന്മാരുടെ കാര്യം മൂന്നും നാലും പദ്യങ്ങളിൽ വ്യക്തമായി വിവരിക്കുന്നതുകൊണ്ടു രണ്ടാം പദ്യം സഗുണോപാസകന്മാരെയാണു പരാമർശിക്കുന്നതെന്നു സ്പഷ്ടം. അർജുനന്റെ ചോദ്യത്തിലും ആദ്യം അവരെയാണല്ലോ പരാമർശിച്ചത്. അപ്പോൾ ഈ പദ്യത്തിലെ 'മയി' എന്നതിന് സാകാരരൂപിയായ എന്നിൽ എന്നാണർഥം. കൃഷ്ണരൂപത്തെ മാത്രമാണോ ഇവിടെ പരാമർശിക്കുന്നതെന്നു ശങ്കിച്ചുകൂടാ. പത്താമധ്യായത്തിൽ വിവരിച്ചതുപോലുള്ള പ്രതീകമേതും താൻ തന്നെയാണെന്നാണല്ലോ ഭഗവാൻ പ്രസ്താവിച്ചത്. വൃഷ്ണികളുടെ കൂട്ടത്തിൽ നിന്നംഗീകരിക്കാവുന്ന ഒരു പ്രതീകമായി മാത്രമേ കൃഷ്ണനെ അവിടെ ഗണിച്ചിട്ടുള്ളു എന്നോർക്കേണ്ടതാണ്. അപ്പോൾ ഈശ്വരഭാവനയോടെ ഏതു പ്രതീകത്തെ അംഗീകരിച്ച് അതിൽ മനസ്സുറപ്പിക്കുന്ന ഭക്തനെയും പരാമർശിക്കുന്നതാണീ പദ്യമെന്നറിയേണ്ടതാണ്. ഒരാൾ യുക്തതമനാണോ എന്നു തീരുമാനിക്കുന്ന മാനദണ്ഡം അയാൾ ഏതു പ്രതീകം അംഗീകരിക്കുന്നു എന്നുള്ളതല്ല; ഏതു പ്രതീകം സ്വീകരിച്ചാലും എങ്ങനെ അതിനെ ഉപാസിക്കുന്നു എന്നുള്ളതാണ്. ആ ഉപാസനാവിധമാണു ഭഗവാൻ തുടർന്നു പദ്യത്തിൽ വിശദമാക്കിയിരിക്കുന്നത്. ഒന്നാമതായി ഉപാസകൻ പരയായ ശ്രദ്ധയുള്ള

digitized by www.sreyas.in

യാളായിരിക്കണം. എന്താണു പരയായ ശ്രദ്ധ? വ്യക്തമായ വസ്തുബോധവും ആ വസ്തുവിനെ സാക്ഷാൽക്കരിക്കുകയാണു ജീവിതലക്ഷ്യമെന്നുള്ള ഉറപ്പുമാണു പരയായ ശ്രദ്ധ. ഈ പരയായ ശ്രദ്ധ വന്നുകഴിഞ്ഞാൽ അതു സ്വാനുഭവപ്പെടുത്താനുള്ള ഉപായമെന്ന നിലയിൽ ഒരീശ്വരപ്രതീകം അംഗീകരിച്ചു മനസ്സിനെ അതിൽ ധ്യാനനിഷ്ഠമാക്കി ഉറപ്പിക്കുന്നതാണു ഭഗവാങ്കൽ മനസ്സ് ആവേശിപ്പിക്കൽ. ഭഗവാങ്കൽ ധ്യാനനിഷ്ഠമായി ഉറച്ച മനസ്സ് പിന്നെ നിരന്തരമായ ഭഗവത്സ്മരണ അഭ്യസിക്കുകയാണു വേണ്ടത്. എല്ലാ ജീവിതകർമചലനങ്ങളും താനംഗീകരിച്ചിട്ടുള്ള ഈശ്വരപ്രതീകത്തെ സ്മരിച്ചു ഭഗവദാരാധനയായി അനുഷ്ഠിക്കേണ്ടതാണ്. ഇതാണു നിത്യയുക്തമായ ഉപാസന. ഒരു സഗുണോപാസകൻ ഇത്രയും സാധ്യമാക്കുമെങ്കിൽ പിന്നത്തെ അയാളുടെ ബ്രഹ്മപ്രാപ്തിക്കുള്ള വഴി പ്രതീകരൂപിയായ ഭഗവാൻതന്നെ തെളിയിക്കുന്നതാണ്. അതുകൊണ്ടാണു പരയായ ശ്രദ്ധയോടെ മനസ്സ് എന്നിൽ ആവേശിപ്പിച്ചു നിത്യയുക്തനായി എന്നെ ഭജിക്കുന്ന സഗുണോപാസകൻ യുക്തതമനാണെന്നു ഭഗവാൻ പ്രസ്താവിച്ചിരിക്കുന്നത്.

സഗുണനിർഗുണഭക്തന്മാരിൽ യുക്തതമൻ ആരാണെന്നായിരുന്നുവല്ലോ അർജുനന്റെ ചോദ്യം. നിത്യയുക്തനായ സഗുണഭക്തൻ യുക്തതമനാണെന്നുത്തരം. ഇതിനർഥം നിർഗുണോപാസകൻ മോശക്കാരനാണെന്നാണോ? അങ്ങനെയല്ല. ശരിയായ നിർഗുണോപാസകൻ നേരിട്ടു സ്വയം ബ്രഹ്മം തന്നെയായിത്തീരുന്ന മഹാത്മാവാണ്. അതുകൊണ്ടദ്ദേഹത്തെ യുക്തതമാദിശബ്ദങ്ങൾകൊണ്ടൊന്നും വേർതിരിക്കേണ്ടതില്ലെന്നാണു ഭഗവാന്റെ മനോഭാവം. ഇതു വെളിപ്പെടുത്താനായി ശരിയായ നിർഗുണോപാസന എന്താണ്; അതിന്റെ ഫലമെന്താണ്; എന്നീ കാര്യങ്ങൾ വ്യക്തമായി വെളിപ്പെടുത്തുന്നവയാണ് അടുത്ത രണ്ടു പദ്യങ്ങൾ.

*3. യേ ത്വക്ഷരമനിർദേശ്യ മവ്യക്തം പര്യുപാസതേ*
*സർവത്രഗമചിന്ത്യം ച കൂടസ്ഥമചലം ധ്രുവം*

*4. സംനിയമ്യേന്ദ്രിയഗ്രാമം സർവത്ര സമബുദ്ധയഃ*
*തേ പ്രാപ്നുവന്തി മാമേവ സർവഭൂതഹിതേ രതാഃ*

ഇന്ദ്രിയഗ്രാമം സംനിയമ്യ - മനസ്സുൾപ്പെടെയുള്ള ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്നു പിൻതിരിപ്പിച്ച് അന്തർമുഖമാക്കി; സർവത്ര സമബുദ്ധയഃ - എല്ലായിടത്തും ഒരേ സത്യത്തെത്തന്നെ കാണുന്നവരായി; സർവഭൂതഹിതേ

digitized by www.sreyas.in

രതാഃ - എല്ലാ ജീവജാലങ്ങൾക്കും നന്മ വരണമെന്നു കൊതിക്കുന്നവരായി; യേ തു - ആരൊക്കെയാണോ; അനിർദേശ്യം - ഇന്ന പ്രകാരമെന്നു വാക്കു കൊണ്ടു വിവരിക്കാൻ കഴിയാത്തതും; അവ്യക്തം - ഇന്ദ്രിയങ്ങൾക്കു വിഷയ മല്ലാത്തതും; അചിന്ത്യം - മനസ്സുകൊണ്ടു ചിന്തിച്ചറിയാൻ കഴിയാത്തതും സർവത്രഗം - എല്ലായിടത്തും നിറഞ്ഞു നിൽക്കുന്നതും; കൂടസ്ഥം - എന്നാൽ മായയിൽ മറഞ്ഞിരിക്കുന്നതും; അചലം - ചലനമില്ലാത്തതും; ധ്രുവം ച - ഒരിക്കലും ഒരഴിവുമില്ലാത്തതുമായ; അക്ഷരം - പരബ്രഹ്മത്തെ; പര്യുപാസതേ - എങ്ങും നിറഞ്ഞു ഭജിക്കുന്നത്; തേ - ആ നിർഗുണ ബ്രഹ്മോപാസകർ; മാം ഏവ - ബ്രഹ്മമായ എന്നെത്തന്നെ; പ്രാപ്തനുവന്തി - നേരിട്ടു പ്രാപിക്കുന്നു.

മനസ്സുൾപ്പെടെയുള്ള ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്നു പിന്തി രിപ്പിച്ച് അന്തർമുഖമാക്കി എല്ലായിടത്തും ഒരേ സത്യത്തെത്തന്നെ കാണു ന്നവരായി എല്ലാ ജീവജാലങ്ങൾക്കും നന്മ വരണമെന്നു കൊതിക്കുന്നവ രായി ആരൊക്കെയാണോ, ഇന്നപ്രകാരമെന്നു വാക്കുകൊണ്ടു വിവരിക്കാൻ കഴിയാത്തതും ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതും മനസ്സുകൊണ്ടു ചിന്തി ച്ചറിയാൻ കഴിയാത്തതും എല്ലായിടത്തും നിറഞ്ഞു നിൽക്കുന്നതും എന്നാൽ മായയിൽ മറഞ്ഞിരിക്കുന്നതും ചലനമില്ലാത്തതും ഒരിക്കലും ഒരഴിവുമില്ലാത്തതുമായ പരബ്രഹ്മത്തെ എങ്ങും അറിഞ്ഞു ഭജിക്കുന്നത് ആ നിർഗുണ ബ്രഹ്മോപാസകർ ബ്രഹ്മമായ എന്നെത്തന്നെ നേരിട്ടു പ്രാപി ക്കുന്നു.

## *തേ പ്രാപ്നുവന്തി മാമേവ*

നിർഗുണ ബ്രഹ്മോപാസകർ പ്രതീകത്തിന്റെ മാധ്യമം കൂടാതെ നേരിട്ടു ബ്രഹ്മത്തെത്തന്നെ പ്രാപിക്കുന്നു. ഇതാണു നിർഗുണബ്രഹ്മോപാ സനയുടെ മെച്ചം. എന്താണു നിർഗുണബ്രഹ്മം? എങ്ങനെയാണിതിനെ ഉപാ സിക്കേണ്ടത്? ഈ ചോദ്യങ്ങൾക്കും ഇവിടെ വ്യക്തമായ ഉത്തരം നൽക പ്പെട്ടിരിക്കുന്നു. ഇന്ന പ്രകാരമെന്നു ബ്രഹ്മത്തെ വ്യക്തമായി വാക്കു കൊണ്ടു വിവരിക്കാൻ പറ്റുമോ? പറ്റുകയില്ല. ബ്രഹ്മം അനിർദേശ്യമാണ്. വേദാന്തശാസ്ത്രം സച്ചിദാനന്ദമെന്നും മറ്റും ബ്രഹ്മത്തെ വിവരിക്കുന്നതോ? അതൊക്കെ ഏകദേശവിവരണങ്ങളെ ആകുന്നുള്ളു. എത്ര വിവരിച്ചാലും പൂർണമായ ബ്രഹ്മാനുഭവസ്ഥിതി മനുഷ്യബുദ്ധിക്കു ഗ്രഹിക്കാനേ സാധ്യ മല്ല. അനുഭവിച്ചുതന്നെ അറിയണമെന്നു താൽപ്പര്യം. വാക്കുകൊണ്ടു വിവ രിക്കാൻ കഴിയുകയില്ലെങ്കിലും ഏതെങ്കിലും ഇന്ദ്രിയംകൊണ്ടു ഗ്രഹിക്കാൻ

digitized by www.sreyas.in

പറ്റുമോ? ശബ്ദാദിവിഷയങ്ങളോടു ബന്ധമുള്ളതിനെയല്ലേ ഇന്ദ്രിയങ്ങൾക്കു ഗ്രഹിക്കാൻ പറ്റൂ. നിർഗുണബ്രഹ്മത്തിനു ശബ്ദാദിവിഷയങ്ങളോടു ബന്ധമേയില്ല. അതുകൊണ്ട് അതവ്യക്തമാണ്. ഇന്ദ്രിയങ്ങൾക്കു വ്യക്തമാകത്തക്ക ഗുണമൊന്നും അതിനില്ലെന്നു താൽപ്പര്യം. മനസ്സുകൊണ്ടു ചിന്തിച്ചറിയാൻ പറ്റുമോ അതുമില്ല. ശബ്ദാദിസൂക്ഷ്മതന്മാത്രകളുടെ സമ്മിളിതരൂപമാണു മനസ്സ്. തന്മാത്രകളുടെ സ്പർശംപോലുമില്ലാത്ത ബ്രഹ്മത്തെ ഈ മനസ്സിനെങ്ങനെ ചിന്തിച്ചറിയാൻ പറ്റും. അതുകൊണ്ട് അതചിന്ത്യമാണ്. എന്നാൽ അതെവിടെയിരിക്കുന്നു? സർവത്ര നിറഞ്ഞുനിൽക്കുന്നു. അതു സർവത്രഗമാണ്. എന്നിട്ടും അനുഭവിക്കാൻ പറ്റാത്തത് അത്ഭുതമാണല്ലോ. ഉള്ളതിനെ മറച്ച് ഇല്ലാത്തതിനെ ഉണ്ടാക്കിക്കാണിക്കുന്ന കൂടസ്വരൂപിണിയായ മായ ആ സത്യത്തെ മറച്ചിരിക്കുന്നു. അതുകൊണ്ടു അതു കൂടസ്ഥമാണ്. 'കൂട' ശബ്ദത്തിന് ചതി, വഞ്ചന എന്നൊക്കെയാണർഥം. ആ സത്യം ജനനമരണാദിവികാരങ്ങളൊന്നുമില്ലാത്തതാണ്. അതാണതിന്റെ അചലത്വം. എന്നെങ്കിലും അതില്ലാതായിപ്പോകുമോ ഒരിക്കലുമില്ല. അതുകൊണ്ടതു ധ്രുവമാണ്. ഇതാണക്ഷരസത്യം, അഥവാ പരബ്രഹ്മം. 'അക്ഷരം ബ്രഹ്മം പരമം' എന്നു ഭഗവാൻ തന്നെ എട്ടാമധ്യായത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. ഇതൊക്കെയാണു ബ്രഹ്മസ്വരൂപമെങ്കിൽ ഇങ്ങനെയുള്ള നിർഗുണബ്രഹ്മത്തെ എങ്ങനെയാണുപാസിക്കുക? പറയാം. ബ്രഹ്മം മനസ്സുൾപ്പെടെയുള്ള ഇന്ദ്രിയങ്ങൾക്കു വിഷയമല്ലെന്നു പറഞ്ഞുവല്ലോ. അപ്പോൾ ഇന്ദ്രിയങ്ങൾ പുറമേ വിഷയങ്ങളിൽ ചുറ്റിത്തിരിയുന്നിടത്തോളം ബ്രഹ്മദർശനം സാധ്യമേയല്ല. അതുകൊണ്ടു ബ്രഹ്മദർശനം കൊതിക്കുന്ന ഒരാൾ ആദ്യമായി മനസ്സുൾപ്പെടെയുള്ള ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്നു പിൻവലിച്ച് ആത്മനിഷ്ഠമാക്കി ഉറപ്പിക്കണം. ഇതാണിന്ദ്രിയസംയമനം. ഈ ഇന്ദ്രിയസംയമനം എങ്ങനെ സാധ്യമാകും? ഇവിടെ ജീവിക്കണമെങ്കിൽ ഇന്ദ്രിയങ്ങൾ പുറമേ വ്യാപരിക്കാതെ പറ്റുമോ? ഇന്ദ്രിയങ്ങൾ വ്യാപരിച്ചോട്ടെ. പക്ഷേ, അവ കാണുന്നതും കേൾക്കുന്നതുമൊക്കെ ഒരേ ഒരു ബ്രഹ്മസ്വരൂപം മാത്രമാണെന്നു ഭാവനചെയ്യണം. അതല്ലേ വസ്തുസ്ഥിതി. ഇതാണു സർവത്ര സമബുദ്ധിത്വം. ഈ സമബുദ്ധിത്വത്തിൽ ഒരു നിർഗുണോപാസകനു ലോകത്തൊന്നിനോടും വെറുപ്പോ മാത്സര്യമോ സംഭവിക്കുന്നില്ല. എല്ലാറ്റിലും നന്മ മാത്രമേ അദ്ദേഹം കാണുന്നുള്ളൂ. കൊതിക്കുന്നുള്ളൂ. ഇതാണു സർവഭൂതഹിതേരതത്വം. ഈ നിലയിലൊക്കെ ബ്രഹ്മോപാസന ചെയ്യുന്നയാൾ അചിരേണ ബ്രഹ്മമായി

digitized by www.sreyas.in

ത്തന്നെ ഭവിക്കുന്നു. 'ജ്ഞാനീ ത്വാത്മൈവ മേ മതം' എന്നു ഭഗവാൻ തന്നെ മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

ഇത്ര മെച്ചമാണു നിർഗുണ ബ്രഹ്മോപാസനയെങ്കിൽ ഭഗവാൻ എന്തുകൊണ്ട് അതെല്ലാവർക്കും ഉപദേശിക്കുന്നില്ല. അർജുനനു തോന്നാവുന്ന ഈ സംശയത്തിനുത്തരമാണ് അടുത്ത പദ്യം.

5. *ക്ലേശോഽധികതരസ്തേഷാമവ്യക്താസക്തചേതസാം*
*അവ്യക്താ ഹി ഗതിർദുഃഖം ദേഹവദ്ഭിരവാപ്യതേ*

അവ്യക്താസക്തചേതസാം - ഇന്ദ്രിയങ്ങൾക്കോ മനസ്സിനോ പ്രാപിക്കാൻ കഴിയാത്ത നിർഗുണബ്രഹ്മത്തെ ഉപാസിക്കുന്ന; തേഷാം - അവർക്ക്; ക്ലേശഃ - പ്രയാസം; അധികതരഃ - വളരെ കൂടുതലാണ്; ഹി - എന്തെന്നാൽ; അവ്യക്താ ഗതി - ഇന്ദ്രിയമനസ്സുകൾക്കു വിഷയമല്ലാത്ത സത്യത്തെ പ്രാപിക്കുക; ദേഹവദ്ഭിഃ - ദേഹാഭിമാനികളായവർക്കു; ദുഃഖം അവാപ്യതേ - വളരെ ക്ലേശിച്ചേ സാധ്യമാവൂ.

ഇന്ദ്രിയങ്ങൾക്കോ മനസ്സിനോ പ്രാപിക്കാൻ കഴിയാത്ത നിർഗുണ ബ്രഹ്മത്തെ ഉപാസിക്കുന്ന അവർക്ക് പ്രയാസം വളരെ കൂടുതലാണ്. എന്തെന്നാൽ ഇന്ദ്രിയമനസ്സുകൾക്കു വിഷയമല്ലാത്ത സത്യത്തെ പ്രാപിക്കുക ദേഹാഭിമാനികളായവർക്കു വളരെ ക്ലേശിച്ചേ സാധ്യമാവൂ.

## *ക്ലേശോഽധികതരസ്തേഷാം*

ജീവന്റെ ദേഹാഭിമാനമാണ് എല്ലാ സംസാരബന്ധങ്ങൾക്കും ഹേതു. അജ്ഞാനമാണു ജീവന്റെ കാരണശരീരം. അതിനെത്തുടർന്നു സൂക്ഷ്മ ശരീരം, സ്ഥൂലശരീരം ഇവ രൂപംകൊള്ളുന്നു. ഇങ്ങനെ ജഡങ്ങളായ മൂന്നു ശരീരങ്ങളും പേറി സംസാരചക്രത്തിൽ തിരിയുന്ന ജീവന്റെ അനുഭവമണ്ഡലം മുഴുവൻ ജഡമാണ്. ജഡാഭിമാനം നിമിത്തം സ്വസ്വരൂപം പാടേ വിസ്മരിച്ചിരിക്കുന്ന ജീവാത്മാവിനു ജഡഭിന്നമായ ശുദ്ധചേതനസത്തയെ ഭാവന ചെയ്യാൻപോലും അസാധ്യമാണ്. ആ സ്ഥിതിക്ക് അതിനെ എങ്ങനെയാണുപാസിക്കുക? നാമരൂപങ്ങളില്ലാത്ത ഒന്നിനെ മനസ്സ് എങ്ങനെ ഗ്രഹിക്കും? സാമാന്യജനങ്ങളുടെ മനസ്സധികവും രജസ്തമോ ഗുണങ്ങൾകൊണ്ടു കലുഷമാണ്. അവർക്ക് ശുദ്ധചേതനവസ്തുവിനെ ഗ്രഹിക്കാനേ സാധ്യമല്ല. അങ്ങനെയുള്ളവർ ആരംഭത്തിൽ ഏതെങ്കിലും സാകാരരൂപം ഭജിച്ചു രജസ്തമസ്സുകളെ കുറച്ച് സത്വഗുണം വളർത്താൻ യത്നിക്കേണ്ടതാണ്. സത്വഗുണം വികസിച്ചാൽ ആനന്ദസ്വരൂപമായ വസ്തു

digitized by www.sreyas.in

ഉള്ളിൽ സ്വയം പ്രകാശിക്കാൻ തുടങ്ങും. നിവൃത്തിമാർഗമവലംബിച്ചാണു നിർഗുണോപാസന ശീലിക്കേണ്ടത്. സങ്കൽപ്പങ്ങളെ അകറ്റി ദേഹേന്ദ്രിയമനഃപ്രാണാദിയൊന്നും താനല്ലെന്നു കണ്ട് അവയെ ഒന്നൊന്നായി എണ്ണിയെണ്ണി ആത്മാവിൽ നിന്നു വേർതിരിക്കുന്നതാണു നിർഗുണോപാസനാക്രമം. ഉപനിഷത്തുക്കൾ ഇതിനെ 'നേതി നേതി' പ്രക്രിയ എന്നാണു വിവരിക്കുന്നത്. ചിത്തത്തിന്റെ സത്വ ഗുണപ്രകാശത്തിൽ ആത്മാനന്ദം പ്രതിഫലിച്ചു കിട്ടാത്തിടത്തോളം മനസ്സിനീ പ്രക്രിയ തുടരാൻ സാധിക്കയില്ല. അതുകൊണ്ടാണു നിർഗുണോപാസന അത്യധികം ക്ലേശകരമാണെന്നു ഭഗവാൻ വിവരിച്ചിരിക്കുന്നത്. നേരേമറിച്ചു മനസ്സിനവലംബമായി ഒരു പ്രതീകമുണ്ടെങ്കിൽ ഈശ്വരഭാവനയോടെ അതിൽ ഏകാഗ്രപ്പെടാൻ എളുപ്പമാവും.

നിർഗുണോപാസനയെക്കാൾ സഗുണോപാസന ക്ലേശം കുറഞ്ഞതാണെന്നു സമ്മതിക്കാം. പക്ഷേ, അതുകൊണ്ടു നേരിട്ടു ബ്രഹ്മപ്രാപ്തി സാധ്യമല്ലല്ലോ. പിന്നെന്തു പ്രയോജനം ഈ സംശയത്തിനുത്തരമാണ് അടുത്ത രണ്ടു പദ്യങ്ങളിൽ.

6. *യേ തു സർവാണി കർമാണി മയി സംന്യസ്യ മത്പരാഃ*
*അനന്യേനൈവ യോഗേന മാം ധ്യായന്ത ഉപാസതേ*

7. *തേഷാമഹം സമുദ്ധർത്താ മൃത്യുസംസാരസാഗരാത്*
*ഭവാമി ന ചിരാത് പാർഥ മയ്യാവേശിതചേതസാം*

യേ തു – ആരൊക്കെയാണോ; മയി – പരമാത്മപ്രതീകമായ എന്നിൽ; സർവാണി കർമാണി – എല്ലാ കർമങ്ങളും; സംന്യസി – കർത്തൃഭാവം വെടിഞ്ഞ് അർച്ചനാരൂപമായി അനുഷ്ഠിച്ച്; മത്പരാഃ – പരമാത്മപ്രാപ്തി പരമലക്ഷ്യമായി അംഗീകരിച്ച്; അനന്യേന ഏവ യോഗേന – മറ്റൊന്നിലും മനസ്സുചെന്നു പറ്റാതെ; മാം ധ്യായന്തഃ – പ്രതീകരൂപനായ എന്നെത്തന്നെ ധ്യാനിച്ച്; ഉപാസതേ – ഭജിക്കുന്നത്; മയ്യാവേശിത ചേതസാം തേഷാം – എന്നിൽ പൂർണമായി മനസ്സർപ്പിച്ചിട്ടുള്ള അവർക്ക്; പാർഥ – അല്ലയോ അർജുനാ; അഹം – ഞാൻ; മൃത്യുസംസാരസാഗരാത് – ജനനമരണാത്മകമായ ഈ സംസാരസമുദ്രത്തിൽ നിന്ന്; ന ചിരാത് – വളരെ വേഗം; സമുദ്ധർതാ – സമുദ്ധാരകനായി; ഭവാമി – ഭവിക്കുന്നു.

ആരൊക്കെയാണോ പരമാത്മപ്രതീകമായ എന്നിൽ എല്ലാ കർമങ്ങളും കർതൃഭാവം വെടിഞ്ഞ് അർച്ചനാരൂപത്തിൽ അനുഷ്ഠിച്ച്, പരമാത്മപ്രാപ്തി



digitized by www.sreyas.in

പരമലക്ഷ്യമായി അംഗീകരിച്ച്, മറ്റൊന്നിലും മനസ്സു ചെന്നുപറ്റാതെ പ്രതീക രൂപനായ എന്നെത്തന്നെ ധ്യാനിച്ചു ഭജിക്കുന്നത്, എന്നിൽ പൂർണമായി മന സ്സർപ്പിച്ചിട്ടുള്ള അവർക്ക്, അല്ലയോ അർജുനാ, ഞാൻ ജനനമരണാത്മക മായ ഈ സംസാരസമുദ്രത്തിൽ നിന്ന് വളരെ വേഗം സമുദ്ധാരകനായി ഭവിക്കുന്നു.

## *തേഷാമഹം സമുദ്ധർത്താ*

ഈശ്വരനെ ഏതു രൂപത്തിൽ ഭജിക്കുന്നു എന്നുള്ളതല്ല എങ്ങനെ ഭജി ക്കുന്നു എന്നുള്ളതാണു പ്രധാനം. ലക്ഷ്യത്തെക്കുറിച്ചു സംശയമില്ലാതിരി ക്കുക. താനംഗീകരിച്ച ഈശ്വരസ്വരൂപത്തിൽ സർവാർപ്പണബുദ്ധിയുണ്ടാവു ക, ഇതു രണ്ടുമാണാവശ്യം. അർപ്പണബുദ്ധിയോടുകൂടിയ നിഷ്കാമഭക്തി യാണ് ഒരുവൻ തന്റെ എല്ലാ ജീവിതകർമചലനങ്ങളിലൂടെയും നേടേണ്ടത്. അതിനായി അവസരം കിട്ടുമ്പോഴൊക്കെ ഏകാഗ്രചിത്തനായി ഭഗവത് കഥ കേൾക്കുകയും, കീർത്തിക്കുകയും ഭഗവദ്രൂപം ധ്യാനിക്കുകയും ചെയ്യണം. ഭഗവത്കഥാരതി, കർമവാസനയ്ക്കു ശക്തി കുറയ്ക്കും. കഥാശ്രവണത്തിൽ ക്രമേണ അതിയായ ആനന്ദം അനുഭവപ്പെട്ടുതുടങ്ങും. തുടർന്നു വിട്ടുപോ കാതെ ഭഗവത്സ്മരണ ഉള്ളിൽ ഉറയ്ക്കും. നിരന്തരമായ ഭഗവത്സ്മരണ രജസ്തമോമലങ്ങളെയകറ്റി ചിത്തം ശുദ്ധിയാക്കും. അനന്തരം സത്വഗുണ ത്തിന്റേതായ പ്രസന്നത സദാ അനുഭവപ്പെട്ടുതുടങ്ങും. ചിത്തം പ്രസന്നമാ കുന്നതോടെ സംഗം വേർപെട്ടു മനസ്സ് ബോധാനന്ദഘനമായ ഭഗവത്തത്വം ഗ്രഹിക്കാൻ സമർഥമായിത്തീരും. അതോടെ കർമവാസനാരൂപത്തിലുള്ള ഹൃദ യഗ്രന്ഥികൾ പൊട്ടിച്ചിതറും. സംശയങ്ങൾ പാടേ അകലും. കർമബന്ധം മുഴു വൻ ഒടുങ്ങിക്കിട്ടുകയും ചെയ്യും. അനന്യയോഗത്തോടെ സർവകർമങ്ങളും ഭഗവദർപ്പണമാക്കി ഭഗവധ്യാനം ശീലിക്കുന്ന ഭക്തനെ സംസാരസാഗരത്തിൽ നിന്നു ഭഗവാൻ ഉദ്ധരിക്കുന്നതിന്റെ ക്രമമിതാണ്. പരമാത്മാവ് സർവശക്തനും സർവജ്ഞനുമാണെങ്കിൽ ഭക്തൻ ഏതു രൂപത്തിൽ ഭജിച്ചാലും അനന്യഭക്തി തിരിച്ചറിഞ്ഞു ഭക്തനെ രക്ഷിക്കാൻ അവിടത്തേക്കെന്താണു പ്രയാസം. എത്ര എത്ര ഭക്തന്മാരെ ഭഗവാൻ അങ്ങനെ രക്ഷിച്ചിരിക്കുന്നു.

ഇങ്ങനെ ഭജനരഹസ്യം വെളിപ്പെടുത്തിക്കൊടുത്തിട്ട് അനന്യഭജന ത്തിന് ഒരുമ്പെടാൻ അർജുനനോട് ഭഗവാൻ ആവശ്യപ്പെടുകയാണ് അടുത്ത പദ്യത്തിൽ:

digitized by www.sreyas.in

8. *മയ്യേവ മന ആധത്സ്വ മയി ബുദ്ധിം നിവേശയ*
*നിവസിഷ്യസി മയ്യേവ അത ഊർധ്വം ന സംശയഃ*

മയി ഏവ - പരമാത്മപ്രതീകമായ എന്നിൽത്തന്നെ; മനഃ ആധത്സ്വ മനസ്സുറപ്പിക്കൂ; മയി - എന്നിൽ; ബുദ്ധിം നിവേശയ - ബുദ്ധിയെ പ്രവേശിപ്പിക്കൂ; അതഃ ഊർധ്വം - തുടർന്നു മേലിൽ; മയി ഏവ - എന്നിൽത്തന്നെ; നിവസിഷ്യസി - നീ പറ്റിനിൽക്കും; ന സംശയഃ - സംശയമേയില്ല.

പരമാത്മപ്രതീകമായ എന്നിൽത്തന്നെ മനസ്സുറപ്പിക്കൂ. എന്നിൽ ബുദ്ധിയെ പ്രവേശിപ്പിക്കൂ. തുടർന്ന് മേലിൽ എന്നിൽ തന്നെ നീ പറ്റിനിൽക്കും. സംശയമില്ല.

## *നിവസിഷ്യസി മയ്യേവ*

മനസ്സും ബുദ്ധിയും എവിടെ ഉറയ്ക്കുമോ മനുഷ്യൻ അവിടെ പറ്റിനിൽക്കുമെന്നുള്ളതു നിയമമാണല്ലോ. ബുദ്ധി എവിടെ ഉറയ്ക്കുമോ മനസ്സതിനെ പിന്തുടരുമെന്നുള്ളതാണു മറ്റൊരു നിയമം. ജീവിതത്തിന്റെ ലക്ഷ്യം തീരുമാനിക്കലാണു നിശ്ചയാത്മകമായ ബുദ്ധിയുടെ ജോലി. ബുദ്ധി നിശ്ചയിക്കുന്ന ലക്ഷ്യം നേടാനുള്ള വിവിധ മാർഗങ്ങൾ ആരായുകയും കർമപരിപാടികൾ ആസൂത്രണം ചെയ്യുകയും തുടർന്നു ഫലചിന്തയിൽപ്പെട്ടുഴലുകയുമാണു സങ്കൽപ്പവികൽപ്പാത്മകമായ മനസ്സിന്റെ ജോലി. ഒരാൾ പണമാണു ജീവിതലക്ഷ്യമായി നിശ്ചയിച്ചു ബുദ്ധിക്കാശ്രയമാക്കിത്തീർക്കുന്നതെന്നു കരുതുക. തുടർന്നു പണമുണ്ടാക്കാനുള്ള വിവിധ മാർഗങ്ങൾ മനസ്സാരായും. കർമപരിപാടികൾ ആസൂത്രണം ചെയ്യും. ലാഭനഷ്ടങ്ങളിൽപ്പെട്ടു സദാ സങ്കൽപ്പിച്ചും സംശയിച്ചും കുഴങ്ങുകയും ചെയ്യും. തുടർന്നു സദാ അയാളെ പ്പറ്റി നിൽക്കുന്നത് ഈ ധനചിന്തയായിരിക്കുകയും ചെയ്യും. ഏതു ഭൗതിക ലക്ഷ്യമംഗീകരിച്ചാലും സ്ഥിതിയിതുതന്നെ. ഇനി ഒരാൾ ഭഗവത്പ്രാപ്തി ലക്ഷ്യമായിക്കരുതി ഭഗവാനെ ബുദ്ധിക്കാശ്രയമാക്കിത്തീർക്കുന്നു എന്നു കരുതുക. അപ്പോൾ മനസ്സ് ഭഗവത്പ്രാപ്തിക്കുള്ള മാർഗങ്ങൾ ആരായുകയും കർമപരിപാടികൾ തയ്യാറാക്കുകയും ചെയ്യും. എന്നാൽ ഇവിടെ ഭൗതികലക്ഷ്യങ്ങളിൽ സംഭവിക്കുന്നതുപോലെ മനസ്സിനു ലാഭനഷ്ടരൂപത്തിലുള്ള ഫലചിന്തയിൽപ്പെട്ടുഴലേണ്ടിവരുന്നില്ല. ഈ ലക്ഷ്യത്തിൽ മുന്നേറുന്തോറും മനസ്സ് ബുദ്ധിയുമായി അലിഞ്ഞുചേരുകയും ക്രമേണ സർവത്ര ഈശ്വരനെത്തന്നെ സങ്കൽപ്പിച്ചുറപ്പിച്ചു സുഖിക്കുകയും ചെയ്യും. അങ്ങനെ അതു സദാ ഭഗവാനോടു പറ്റിനിന്നാനന്ദിക്കും. അതു

digitized by www.sreyas.in

കൊണ്ടാണ് അർജുനനോട് മനസ്സെന്നിലുറപ്പിക്കൂ, ബുദ്ധി എന്നിൽ പ്രവേശിപ്പിക്കൂ എന്നു ഭഗവാൻ ആവശ്യപ്പെട്ടത്. സർവത്ര ഭഗവാനെ സ്മരിച്ച് എല്ലാ കർമചലനങ്ങളും ഭഗവദർച്ചനയാക്കിത്തീർക്കലാണു മനസ്സുറപ്പിക്കൽ. ഭഗവത്പ്രാപ്തി ലക്ഷ്യമായി സ്വീകരിക്കലാണു ബുദ്ധിയുറപ്പിക്കൽ.

പക്ഷേ, മനസ്സും ബുദ്ധിയും ഒരുപോലെ ഭഗവാനിലുറപ്പിച്ചു സദാ ഭഗവാനോടു പറ്റിനിൽക്കാൻ ഈ ലോകത്ത് എത്രപേർക്കു കഴിയും? മായയുടെ ശക്തിയേറിയ പ്രലോഭനങ്ങൾ നാലുവശത്തേക്കും പിടിച്ചുവലിക്കുമ്പോൾ ഇതത്ര എളുപ്പമല്ല. ഇതു തൽക്കാലം സാധ്യമല്ലാത്തവർ പിന്നെ എന്താണു ചെയ്യേണ്ടത്? ഈ സംശയത്തിനുത്തരമാണടുത്ത പദ്യം.

*9. അഥ ചിത്തം സമാധാതും ന ശക്നോഷി മയി സ്ഥിരം*
*അഭ്യാസയോഗേന തതോ മാമിച്ഛാപ്തും ധനഞ്ജയ*

അഥ - ഇനിയും; മയി - ബ്രഹ്മപ്രതീകമായ എന്നിൽ; ചിത്തം - മനസ്സിനെ; സ്ഥിരം സമാധാതും - ചലിച്ചുപോകാതെ സദാ ഉറപ്പിച്ചു നിറുത്തുന്നതിന്; ന ശക്നോഷി - നിനക്കു കഴിയുന്നില്ലെങ്കിൽ; തതഃ - പിന്നെ; ധനഞ്ജയ - അല്ലയോ അർജുനാ; അഭ്യാസയോഗേന - അഭ്യാസയോഗം ശീലിച്ച്; മാം ആപ്തും ഇച്ഛ - എന്നെ പ്രാപിക്കാൻ യത്നിക്കൂ.

ഇനിയും ബ്രഹ്മപ്രതീകമായ എന്നിൽ മനസ്സിനെ ചലിച്ചുപോകാതെ സദാ ഉറപ്പിച്ചുനിറുത്തുന്നതിനു നിനക്കു കഴിയുന്നില്ലെങ്കിൽ, അല്ലയോ അർജുനാ, അഭ്യാസയോഗം ശീലിച്ച് എന്നെ പ്രാപിക്കാൻ യത്നിക്കൂ.

## *അഭ്യാസയോഗം*

ഒരു കാര്യം ആവർത്തിച്ചു പരിശീലിക്കുന്നതാണ് അഭ്യാസം. മനസ്സിന്റെ ഏകാഗ്രത ആവർത്തിച്ചു പരിശീലിക്കുകയാണ് ആത്മസാക്ഷാൽക്കാരത്തിനു വേണ്ടിയുള്ള അഭ്യാസം. ഇതു മനസ്സിനെ ക്രമേണ ആത്മാവിൽ കൊണ്ടെത്തിക്കുമെന്നുള്ളതുകൊണ്ട് ഇതിനെ അഭ്യാസയോഗമെന്നു പറയുന്നു. നിർഗുണോപാസകനും സഗുണോപാസകനും ഒരുപോലെ വേണ്ട രീതിയിൽ അതനുഷ്ഠിക്കണമെന്നേയുള്ളൂ. സർവം ബ്രഹ്മമയമായി സദാ ദർശിക്കണമെന്നതാണു നിർഗുണോപാസകന്റെ നേരിട്ടുള്ള ലക്ഷ്യം. മനസ്സിനെ ഈ ലക്ഷ്യത്തിൽ ഉറപ്പിക്കാൻ യത്നിക്കുമ്പോൾ ഘടപടശത്രുമിത്രാദിഭേദചിന്ത കടന്നുവന്നു തടസ്സമുണ്ടാക്കിക്കൊണ്ടിരിക്കും. അപ്പോഴൊക്കെ അത്തരം ഭേദചിന്തകൾ അകറ്റി ബ്രഹ്മസ്വരൂപം ആവർത്തിച്ചുറപ്പിക്കുകയാണ് ഇവിടത്തെ അഭ്യാസം. ലോകകാര്യങ്ങൾ നടത്തിക്കൊ

digitized by www.sreyas.in

ണ്ടിരിക്കുമ്പോൾത്തന്നെ ഈ അഭ്യാസം തുടരാം. തുടർന്നു ദിവസവും കൃത്യസമയത്തു കുറേനേരം ലോകകാര്യങ്ങളിൽ നിന്നു പിന്മാറി ഒരിടത്തേകാന്തമായിരുന്നു സങ്കൽപ്പങ്ങളെ പുറംതള്ളി ശക്തമായി ഇതഭ്യസിക്കാം. ബ്രഹ്മപ്രതീകത്തെ ഉപാസിക്കുന്ന സഗുണഭക്തന്മാർക്കും ഇതുതന്നെ ക്രമം. വിട്ടുപോകാതെ പ്രതീകസ്മരണ നിലനിറുത്തുകയാണു ലക്ഷ്യം. പക്ഷേ, ആദ്യമൊക്കെ ഉപാസകൻ അറിയാതെതന്നെ ലോകകാര്യങ്ങൾ പ്രതീകസ്മരണയെ ഇടയ്ക്കിടക്കു പാടേ പുറന്തള്ളിക്കളയും. എന്നാൽ സ്മരിക്കാനിടവരുമ്പോഴൊക്കെ പ്രതീകരൂപനായ ഭഗവാനോടുതന്നെ പ്രാർഥിച്ചു നിരന്തരസ്മരണക്ക് ആക്കം കൂട്ടാൻ പരിശീലിക്കുന്നതാണീ അഭ്യാസം. ലോകകാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോഴൊക്കെ ഇടയ്ക്കിടയ്ക്ക് ഇതാവർത്തിക്കണം. തുടർന്നു ദിവസവും ഏകാന്തമായിരുന്നു കൃത്യമായി കുറേനേരം മറ്റു ചിന്തകളൊക്കെയകറ്റി ബ്രഹ്മപ്രതീകമായ ഇഷ്ടദേവനെത്തന്നെ ധ്യാനിച്ചുറപ്പിക്കണം. അങ്ങനെയായാൽ ക്രമേണ ചിത്തം ശുദ്ധമായി നിരന്തരസ്മരണ അനായാസമായിത്തീരും. അതോടെ രജസ്തമോമലങ്ങളകന്ന് സത്വഗുണം പെരുകും. ചിത്തം പ്രസന്നമാകും. ലോകം ഈശ്വരലീലയും ലോകകർമങ്ങൾ ഈശ്വരാർച്ചനയുമാണെന്നു ബോധ്യമാകും. പിന്നെ വ്യക്തമായ വസ്തുബോധം തന്നെയാണു ഭഗവത്പ്രാപ്തി. ചിത്തത്തിനു തൽക്കാലം ഉറപ്പില്ലെങ്കിൽ ഈ അഭ്യാസയോഗംകൊണ്ട് ഭഗവത്പ്രാപ്തിക്കായി യത്നിക്കാനാണ് ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നത്.

ഇനിയും മനസ്സിന്റെ അത്യന്ത ചഞ്ചലത നിമിത്തം ഒരാൾക്ക് ഈ അഭ്യാസയോഗവും സാധ്യമാകുന്നില്ലെന്നിരിക്കട്ടെ, അയാളെന്താണു ചെയ്യേണ്ടത്? ഇതിനു മറുപടിയാണടുത്ത പദ്യം.

*10. അഭ്യാസേപ്യസമർഥോ്സി മത്കർമപരമോ ഭവ*
*മദർഥമപി കർമാണി കുർവൻ സിദ്ധിമവാപ്സ്യസി*

അഭ്യാസേ അപി – ഭഗവത്സ്മരണ ആവർത്തിച്ചുറപ്പിക്കുന്ന കാര്യത്തിലും; അസമർഥഃ അസി – ശക്തനല്ലെങ്കിൽ; മത്കർമപരമഃ ഭവ – എനിക്കുവേണ്ടി പ്രത്യേക കർമങ്ങൾ ചെയ്യുന്നതിൽ തൽപ്പരനായി ഭവിക്കൂ; മദർഥം – എനിക്കായി; കർമാണി – പ്രത്യേകകർമങ്ങൾ; കുർവൻ അപി – ചെയ്തു കഴിഞ്ഞാലും; സിദ്ധിം അവാപ്സ്യസി – ക്രമേണ ഈശ്വരനെ പ്രാപിക്കാൻ കഴിയും.

digitized by www.sreyas.in

ഭഗവദ്സ്മരണ ആവർത്തിച്ചുറപ്പിക്കുന്ന കാര്യത്തിലും ശക്തനല്ലെങ്കിൽ എനിക്കുവേണ്ടി പ്രത്യേക കർമങ്ങൾ ചെയ്യുന്നതിൽ തൽപ്പരനായി ഭവിക്കൂ. എനിക്കായി പ്രത്യേക കർമങ്ങൾ ചെയ്തുകഴിഞ്ഞാലും ക്രമേണ ഈശ്വരനെ പ്രാപിക്കാൻ കഴിയും.

## *മത്കർമപരമോ ഭവ*

നിരന്തരസ്മരണ സാധിക്കുന്നില്ല, മനസ്സിന്റെ അത്യന്തചഞ്ചലത്വം നിമിത്തം അഭ്യാസവും തരപ്പെടുന്നില്ല. പിന്നെ എന്താണു മാർഗം? ഭഗവാനെ ലക്ഷ്യമാക്കി പ്രത്യേകകർമങ്ങൾ അനുഷ്ഠിക്കുകയേ പിന്നെ മാർഗമുള്ളൂ. ലോകകാര്യങ്ങളിൽ മുഴുകിക്കഴിയുമ്പോൾ ഭഗവത്പൂജാപരങ്ങളായി പ്രത്യേകമനുഷ്ഠിക്കുന്ന കർമങ്ങളാണിവിടെ ഉദ്ദേശിക്കപ്പെടുന്നവ. നിരന്തരസ്മരണയും ഉറപ്പായ ലക്ഷ്യബോധവുമുണ്ടെങ്കിൽ എല്ലാ കർമങ്ങളും ഭഗവദർച്ചനാരൂപത്തിൽ അനുഷ്ഠിക്കാൻ കഴിയും. അതിനു കഴിവില്ലാത്തയാൾ ഭഗവാനുവേണ്ടി പ്രത്യേക കർമങ്ങൾ അനുഷ്ഠിക്കണം. ശ്രവണം, കീർത്തനം, സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം എന്നിങ്ങനെ പ്രസിദ്ധമായിത്തീർന്നിട്ടുള്ള നവവിധാനുഷ്ഠാനങ്ങളിൽ ഏതും അനുഷ്ഠിക്കാം. ക്ഷേത്രദർശനം, തീർഥയാത്ര, ദിവസേന കൃത്യമായി ഭഗവത്പൂജ ചെയ്യുക, പുരാണപാരായണത്തിലേർപ്പെടുക, പ്രത്യേകതരം വ്രതങ്ങളനുഷ്ഠിക്കുക, ഭജനസംഘങ്ങളോടു കൂടിച്ചേരുക, തുടങ്ങിയവയാണ് ഇതിനുള്ള ഉപായങ്ങൾ. ഇങ്ങനെ ഭഗവത്പൂജാകർമപരനായി ദിവസവും കുറേ സമയം ചിലവഴിക്കുമെങ്കിൽ അതും അഭ്യാസയോഗത്തിനു വഴിതെളിക്കും. അഭ്യാസയോഗം അനന്യഭജനത്തിൽ കൊണ്ടെത്തിക്കും. തുടർന്നു ജ്ഞാനവും മുക്തിയും സാധ്യമായിത്തീരുകയും ചെയ്യും. ഭഗവൽപൂജാവിധികൾ ഒരുവനെ സിദ്ധിയിലെത്തിക്കുന്ന ക്രമമിതാണ്. എനിക്കുവേണ്ടി കർമങ്ങൾ ചെയ്താലും ക്രമേണ ഈശ്വരനെ പ്രാപിക്കാൻ കഴിയുമെന്നു ഭഗവാൻ പറഞ്ഞതിന്റെ താൽപ്പര്യമിതാണ്. ഈശ്വരപരങ്ങളായ കർമങ്ങളുടെയും ലക്ഷ്യം ഭക്തമനസ്സിന്റെ ഏകാഗ്രത വളർത്തുകയാണെന്നോർത്തിരിക്കേണ്ടതാണ്.

പ്രാരബ്ധങ്ങളുടെ ആധിക്യവും ചുറ്റുപാടുകളുടെ പ്രാതികൂല്യവും നിമിത്തം ഭഗവത്പരമായി കർമമനുഷ്ഠിക്കാനും കഴിയുന്നില്ലെന്നുവന്നാലോ? ഇതിനുള്ള സമാധാനമാണിനി.

digitized by www.sreyas.in

*11. അഥൈതദപ്യശക്തോഽസി കർത്തും മദ്യോഗമാശ്രിതഃ*
*സർവകർമഫലത്യാഗം തതഃ കുരു യതാത്മവാൻ*

അഥ - ഇനി; ഏതദപി കർത്തും - എനിക്കുവേണ്ടി പ്രത്യേക കർമങ്ങൾ അനുഷ്ഠിക്കാൻപോലും; അശക്തഃ അസി - നീ കഴിവില്ലാത്തവനാണെങ്കിൽ; മദ്യോഗം ആശ്രിതഃ - എന്നെ ശരണം പ്രാപിച്ച്; യതാത്മവാൻ - കഴിയുന്നത്ര മനസ്സിനെ നിയന്ത്രിച്ചുകൊണ്ട്; തതഃ - തുടർന്ന്; സർവകർമഫലത്യാഗം കുരു - എല്ലാ കർമങ്ങളുടെയും ഫലത്തെ ത്യജിക്കാൻ യത്നിക്കൂ.

ഇനി എനിക്കുവേണ്ടി പ്രത്യേകകർമങ്ങൾ അനുഷ്ഠിക്കാൻപോലും നീ കഴിവില്ലാത്തവനാണെങ്കിൽ എന്നെ ശരണംപ്രാപിച്ചു കഴിയുന്നത്ര മനസ്സിനെ നിയന്ത്രിച്ചു തുടർന്ന് എല്ലാ കർമങ്ങളുടെയും ഫലത്തെ ത്യജിക്കാൻ യത്നിക്കൂ.

## *സർവകർമഫലത്യാഗം കുരു*

അനന്യഭജനം സാധ്യമല്ല. അഭ്യാസവും വയ്യ. ഭഗവാനുവേണ്ടി പ്രത്യേക കർമങ്ങൾ അനുഷ്ഠിക്കാനും ചുറ്റുപാടുകൾ അനുവദിക്കുന്നില്ല. പിന്നെയെന്താണു ഗതി? ഓർമിക്കാൻ പറ്റുമ്പോഴൊക്കെ ഭഗവാനെ ശരണം പ്രാപിച്ചു ലോകസങ്കൽപ്പങ്ങളും വികാരങ്ങളും കുറച്ചുതരാൻ പ്രാർഥിക്കണം. ലൗകിക ഫലങ്ങളെ മാറ്റിനിറുത്തിയിട്ടു ഭഗവത്പ്രാപ്തി ലക്ഷ്യമായി ഉറപ്പിക്കാനും യത്നിക്കണം. ഈ പദ്യത്തിൽ ഭഗവദ്യോഗമാശ്രയിച്ചു മനസ്സിനെ അടക്കി സർവകർമഫലത്യാഗം ചെയ്യണം എന്നു പറഞ്ഞിരിക്കുന്നതിനു സൗകര്യപ്പെടുമ്പോഴൊക്കെ അതിനുവേണ്ടി യത്നിക്കണമെന്നാണു താൽപ്പര്യം. ഭഗവദ്യോഗവും യതാത്മത്വവും സർവകർമഫലത്യാഗവും നേടിക്കഴിഞ്ഞാൽ അതുതന്നെയാണ് അനന്യഭജനം. കൂടെക്കൂടെ ബോധപൂർവം ഇവ നേടാൻ ശ്രമിക്കുന്നതാണ് അഭ്യാസം. ഇവ നേടാനുള്ള അഭ്യാസത്തിന് ഒരു പശ്ചാത്തലമൊരുക്കുകയാണ് ഭഗവാനുവേണ്ടി പ്രത്യേകകർമങ്ങൾ അനുഷ്ഠിക്കുക. ഇവ മൂന്നും കഴിയാത്തയാളിനോടാണ് നാലാമത്, ഭഗവാനെ ശരണം പ്രാപിച്ചു മനസ്സടക്കി സർവകർമഫലത്യാഗം ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിനർഥമിതാണ്. നേടേണ്ടത് ഈ മൂന്നു കാര്യങ്ങളാണ്. അവ നേടാനുള്ള ക്രമമായ അനുഷ്ഠാനങ്ങളാണു മുൻ വിവരിച്ചവ. അവയൊന്നും സാധ്യമല്ലെങ്കിൽ ക്രമമൊന്നും വേണ്ട. തരം കിട്ടുമ്പോഴൊക്കെ ഈ മൂന്നു കൂട്ടവും നേടാൻ യത്നിക്കേണ്ടതാണ്. ഇതല്ലാതെ മറ്റെന്തു പറയാൻ? എന്തായാലും ഗീതാകാരന്റെ കാരുണ്യം ആരെയും സത്യാന്വേഷ

digitized by www.sreyas.in

ണപഥത്തിൽ നിന്നു മാറ്റിനിറുത്താൻ കൊതിക്കുന്നില്ലെന്നാണിതു തെളിയിക്കുന്നത്. ഫലത്യാഗമെന്നു പറഞ്ഞാൽ ഈശ്വരബുദ്ധിയെ അവലംബിച്ചു കൊണ്ടുള്ള ഫലേച്ഛാത്യാഗമാണെന്നു നാം മുമ്പു പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ടല്ലോ.

പരാഭക്തിയിലെത്തി പരമാത്മനിഷ്ഠ നേടാനുള്ള സാധനാനുഷ്ഠാനങ്ങളുടെ ക്രമം ഇങ്ങനെ വിവരിക്കാൻ എന്താണു കാരണമെന്നു ഭഗവാൻ അടുത്ത പദ്യംകൊണ്ടു വ്യക്തമാക്കുന്നു.

*12. ശ്രേയോ ഹി ജ്ഞാനമഭ്യാസാജ്ജ്ഞാനാദ്ധ്യാനം വിശിഷ്യതേ*
*ധ്യാനാത് കർമഫലത്യാഗസ്ത്യാഗാച്ഛാന്തിരനന്തരം*

ജ്ഞാനം - വസ്തുബോധം; അഭ്യാസാത് - കൂടെക്കൂടെയുള്ള ധ്യാനാഭ്യാസത്തെക്കാൾ; ശ്രേയഃ - ശ്രേഷ്ഠമാണ്; ഹി - എന്തെന്നാൽ: ജ്ഞാനാത് - ജ്ഞാനം ഹേതുവായി; ധ്യാനം വിശിഷ്യതേ - ധ്യാനസാധന നിരന്തരവും ലളിതവുമായി വിശേഷപ്പെട്ടതായി ഭവിക്കുന്നു; ധ്യാനാത് - ധ്യാനം ഇങ്ങനെ നിരന്തരവും ലളിതവുമായിത്തീർന്നാൽ; കർമഫലത്യാഗഃ - തുടർന്നു കർമഫലേച്ഛാത്യാഗം സുഗമമാകും; ത്യാഗാത് - ഈശ്വരധ്യാനപൂർവകമായ ഫലേച്ഛാത്യാഗം കൊണ്ട്; അനന്തരം ശാന്തിഃ - തുടർന്ന് ആത്മനിഷ്ഠമായ ശാന്തി അനുഭവിക്കാറുമാകും.

വസ്തുബോധം കൂടെക്കുടെയുള്ള ധ്യാനാഭ്യാസത്തേക്കാൾ ശ്രേഷ്ഠമാണ്. എന്തെന്നാൽ ജ്ഞാനം ഹേതുവായി ധ്യാനസാധന നിരന്തരവും ലളിതവുമായി വിശേഷപ്പെട്ടതായി ഭവിക്കുന്നു. ധ്യാനം ഇങ്ങനെ നിരന്തരവും ലളിതവുമായിത്തീർന്നാൽ തുടർന്ന് കർമഫലേച്ഛാത്യാഗം സുഗമമാകും. ഈശ്വരധ്യാനപൂർവകമായ ഫലേച്ഛാത്യാഗംകൊണ്ടു തുടർന്ന് ആത്മനിഷ്ഠമായ ശാന്തി അനുഭവിക്കുമാറാകും.

## *ത്യാഗാച്ഛാന്തിരനന്തരം*

ത്യാഗംകൊണ്ടു നേടേണ്ട ആത്മശാന്തിയാണു പരമലക്ഷ്യം. അതു തന്നെയാണീശ്വരപ്രാപ്തി. ഇതിനുള്ള സമഗ്രസാധനയാണ് എട്ടാം പദ്യത്തിൽ വിവരിച്ചത്. അതു സാധിക്കാത്തവർ അൽപ്പാൽപ്പമായെങ്കിലും ആ സാധന ശീലിക്കണമെന്നാണ് ഒമ്പതും പത്തും പതിനൊന്നും ശ്ലോകങ്ങളിൽ വ്യക്തമാക്കിയത്. തുടർന്നു പന്ത്രണ്ടാം പദ്യത്തിൽ ഭഗവാൻ എട്ടാം പദ്യത്തിൽ വിവരിച്ച സമഗ്രസാധനയെ യുക്തിയുക്തം വിശദീകരിക്കുകയാണു ചെയ്യുന്നത്. വസ്തുബോധം, മനോനാശം, വാസനാക്ഷയം ഇവ ഒരുമിച്ചു

digitized by www.sreyas.in

വളർത്തിയാലേ ആത്മശാന്തിയെന്ന ജീവന്മുക്തി ലഭ്യമാവൂ. വസ്തുബോധ മാണു ജ്ഞാനം. ധ്യാനം ഉറപ്പിക്കലാണു മനോനാശം. ഫലേച്ഛാത്യാഗമാണു വാസനാക്ഷയം. ഇവ ഓരോന്നും പരസ്പരപൂരകമാണ്. ഓരോന്നും മറ്റു രണ്ടെണ്ണത്തിലും ശക്തി വർധിപ്പിക്കാനുതകുന്നു. ആത്മശാന്തിയെന്ന അപ രോക്ഷജ്ഞാനത്തോടെ ഇവ മൂന്നും ലക്ഷ്യത്തിലെത്തി അനുഭവമായിത്തീ രുകയും ചെയ്യുന്നു. ഇത്രയും ധരിച്ചുകൊണ്ടു നമുക്കു ശ്ലോകതാൽപ്പര്യത്തി ലേക്കു കടക്കാം. ജ്ഞാനം അഭ്യാസത്തെക്കാൾ ശ്രേഷ്ഠമാണ്. ഇവിടത്തെ ജ്ഞാനം ഗുരുമുഖത്തുനിന്നും ശാസ്ത്രപഠനത്തിൽ നിന്നും ലഭിച്ച സിദ്ധാ ന്തപരമായ വസ്തുബോധമാണെന്നു നിശ്ചയമാണല്ലോ. വസ്തു ഒന്നേ യുള്ളു എന്നു ബുദ്ധിക്കും യുക്തിക്കും തെളിഞ്ഞുകിട്ടി. ഇനി അതു പ്രത്യ ക്ഷമായി അനുഭവിക്കണം. സിദ്ധാന്തപരമായ ഈ വസ്തുബോധം ഉറപ്പു വന്നയാൾ സഗുണോപാസകനായാലും നിർഗുണോപാസകനായാലും പ്രപഞ്ചം ഈശ്വരന്റെ പ്രകടഭാവമാണെന്നു നല്ലപോലെ അറിയുന്നു. അങ്ങ നെയുള്ളയാൾ ഏതു കാര്യത്തിലേർപ്പെടുമ്പോഴും അദ്ദേഹത്തിന്റെ മനസ്സ് വസ്തുബോധത്തോടെ ഈശ്വരധ്യാനത്തിൽ അനായാസേന പറ്റിനിൽക്കും. അതാണ് ജ്ഞാനംകൊണ്ടു ധ്യാനം വിശിഷ്ടമായിത്തീരുമെന്നു പറഞ്ഞിരി ക്കുന്നത്. ബുദ്ധിക്കു വസ്തുബോധം ഉറപ്പുവരാതെ കൂടെക്കൂടെ ധ്യാനം പരിശീലിക്കുന്ന അഭ്യാസത്തെക്കാൾ ധ്യാനത്തെ നിരന്തരവും അനായാസ വുമാക്കിത്തീർക്കുന്ന ജ്ഞാനം ശ്രേഷ്ഠമാണെന്നു തീർച്ചയാണല്ലോ. ഈശ്വ രധ്യാനം ജ്ഞാനസഹായം നേടി നിരന്തരമാകുന്നതോടെ ഫലേച്ഛാത്യാഗം സുഗമമാകും. മനസ്സിന് പറ്റിനിൽക്കാൻ കർമഫലം അല്ലെങ്കിൽ ഈശ്വരൻ ഇങ്ങനെ രണ്ടു വസ്തുക്കളേയുള്ളു എന്നു നാം മുമ്പു വിവരിച്ചിട്ടുണ്ടല്ലോ. നിരന്തരമായി ഈശ്വരങ്കൽ മനസ്സു പറ്റിനിൽക്കുമെങ്കിൽ ഫലേച്ഛ താനേ ഒഴിഞ്ഞുപോകുമെന്നു പറയേണ്ടതില്ലല്ലോ. ഫലേച്ഛ പൂർണമായി ഒഴിയുന്ന താണു വാസനാക്ഷയം. വാസനാക്ഷയത്തിനു ശക്തി കൂടുന്തോറും ധ്യാനം ഉറച്ചു മനസ്സടങ്ങും. മനസ്സടങ്ങുന്തോറും പരോക്ഷജ്ഞാനം പ്രത്യക്ഷജ്ഞാന മായി മാറും. ഇങ്ങനെ ജ്ഞാനം, ധ്യാനം, ഫലേച്ഛാത്യാഗം അഥവാ തത്വ ബോധം, മനോനാശം, വാസനാക്ഷയം ഇവ ഒരുമിച്ചു പ്രവർത്തിക്കുമെങ്കിൽ അചിരേണ പരാഭക്തി അഥവാ ബ്രഹ്മനിഷ്ഠ കൈവരികയും ചെയ്യും. അതു തന്നെയാണു ശ്ലോകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ശാന്തി. ഒരുമിച്ചിവ മൂന്നും ശീലിക്കാൻ കഴിവില്ലാത്തവർ വസ്തുബോധമില്ലെങ്കിലും ധ്യാനം അഭ്യസിക്കണം. ധ്യാനം ഉറയ്ക്കുന്നില്ലെങ്കിൽ ഭഗവത്പൂജാകർമങ്ങൾ അനു ഷ്ഠിക്കണം. ഇതൊന്നും പറ്റിയില്ലെങ്കിൽ സൗകര്യംപോലെ അൽപ്പാൽപ്പ

digitized by www.sreyas.in

മായി തരം കിട്ടുമ്പോഴൊക്കെ ഇവ ശീലിക്കണം. എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള ശ്ലോകങ്ങളുടെ താൽപ്പര്യം ഇങ്ങനെ സ്പഷ്ടമാണ്. പക്ഷേ, പന്ത്രണ്ടാം ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ ചിലർ ജ്ഞാനം അഭ്യാസത്തെക്കാൾ ശ്രേഷ്ഠമാണ്; ജ്ഞാനത്തേക്കാൾ ധ്യാനം ശ്രേഷ്ഠമാണ്; ധ്യാനത്തെക്കാൾ കർമഫലത്യാഗം ശ്രേഷ്ഠമാണ് എന്നു വിവരിച്ചുകാണുന്നുണ്ട്. അഭ്യാസത്തെക്കാൾ ജ്ഞാനം ശ്രേഷ്ഠം തന്നെ. ശ്ലോകത്തിൽ 'ശ്രേയഃ' എന്ന പദപ്രയോഗം കൊണ്ടുതന്നെ അതു സ്പഷ്ടം. പക്ഷേ, ജ്ഞാനത്തെക്കാൾ ധ്യാനം ശ്രേഷ്ഠമെന്നെങ്ങനെ പറയും. ജ്ഞാനത്തിനു കഴിവില്ലെങ്കിൽ അഭ്യാസയോഗം സ്വീകരിക്കൂ എന്നല്ലേ ഭഗവാൻ തന്നെ പറഞ്ഞിരിക്കുന്നത്. അതുകൊണ്ടുതന്നെ ധ്യാനാഭ്യാസത്തെക്കാൾ ജ്ഞാനത്തിനു മേന്മയുണ്ടെന്നു സിദ്ധം. ജ്ഞാനം ധ്യാനത്തെ വിശിഷ്ടമാക്കിത്തീർക്കുമെന്നാണ് 'ജ്ഞാനാ ധ്യാനം വിശിഷ്യതേ' എന്ന വാക്യത്തിനർഥം. 'വിശിഷ്യതേ' എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധാർഹമാണ്. അങ്ങനെ വിശിഷ്ടമായിത്തീരുന്ന ധ്യാനം ഫലേച്ഛാത്യാഗമെന്ന കാര്യത്തെയുണ്ടാക്കുമെന്നാണ് 'ധ്യാനാത് കർമഫലത്യാഗഃ' എന്നതിനർഥം. 'ധ്യാനാത്' എന്നിടത്തെ പഞ്ചമീവിഭക്തി കർമഫലത്യാഗമെന്ന കാര്യത്തിന്റെ ഹേതു വെളിപ്പെടുത്തുകയാണു ചെയ്യുന്നത്. ഇതിനു ധ്യാനത്തെക്കാൾ കർമഫലത്യാഗം ശ്രേഷ്ഠമാണെന്നർഥം പറഞ്ഞാൽ സർവത്ര ആശയക്കുഴപ്പത്തിനിടയാകുന്നതാണ്. 'ത്യാഗാച്ഛാന്തിഃ' എന്നിടത്തെ കാരണകാര്യഭാവം സംശയാതീതമാണുതാനും.

മേൽ വിവരിച്ച പ്രകാരം തത്വബോധം, മനോനാശം, വാസനാക്ഷയം ഇവ ഒരുമിച്ചഭ്യസിച്ച് ആത്മശാന്തിയിലെത്തി വിരാജിക്കുന്ന ജീവന്മുക്തന്മാരുടെ പരാഭക്തി ഏതു തരത്തിലുള്ളതാണെന്നു കാണിക്കാൻ അത്തരം പ്രിയഭക്തന്മാരുടെ ലക്ഷണം വിവരിക്കുകയാണു ഭഗവാൻ ഇനി അടുത്ത ഏഴു പദ്യങ്ങളിൽ:

*13. അദ്വേഷ്ടാ സർവഭൂതാനാം മൈത്രഃ കരുണ ഏവ ച*
*നിർമമോ നിരഹംകാരഃ സമദുഃഖസുഖഃ ക്ഷമീ*

*14. സന്തുഷ്ടഃ സതതം യോഗീ യതാത്മാ ദൃഢനിശ്ചയഃ*
*മയ്യർപ്പിതമനോബുദ്ധിര്യോ മദ്ഭക്തഃ സ മേ പ്രിയഃ*

സർവഭൂതാനാം അദ്വേഷ്ടാ - ലോകത്തിൽ ഒരു ജീവിയെയും വെറുക്കാത്തവനും; മൈത്രഃ - കണ്ടുമുട്ടിയാൽ എല്ലാ ജീവികളോടും സ്നേഹഭാവത്തിൽ വർത്തിക്കുന്നവനും; കരുണഃ ഏവ ച - ക്ലേശിക്കുന്ന ആരിലും കാരുണ്യം

digitized by www.sreyas.in

തന്നെ ചൊരിയുന്നവനും; നിർമമഃ - ഈ ലോകത്തു തന്റെ ദേഹമുൾപ്പെടെ ഒന്നിലും എന്റേതെന്ന ഭാവം പുലർത്താത്തവനും; നിരഹങ്കാരഃ - ഞാനെന്ന ഭാവം വെടിഞ്ഞവനും; സമദുഃഖസുഖഃ - ദുഃഖത്തിലും സുഖത്തിലും സമനില പുലർത്തുന്നവനും; ക്ഷമീ - എന്തും സഹിക്കാൻ കഴിയുന്നവനും; സതതം സന്തുഷ്ടഃ - ചുറ്റുപാടുകൾ എന്തുതന്നെയായാലും സദാ സന്തോഷത്തോടുകൂടിയവനും; യതാത്മാ യോഗീ - മനസ്സിനെ ഏകാഗ്രപ്പെടുത്തി എപ്പോഴും ആത്മാനുഭവത്തിൽ വർത്തിക്കുന്നവനും; ദൃഢനിശ്ചയഃ - ലക്ഷ്യത്തിൽ നിന്ന് അണുപോലും ചലിക്കാത്തവനും; മയ്യർപ്പിതമനോ ബുദ്ധിഃ - മനസ്സും ബുദ്ധിയും എന്നിൽ അർപ്പിച്ചവനും; മദ്ഭക്തഃ - എന്തിനും എന്നെത്തന്നെ ആശ്രയിക്കുന്നവനും ആയി; യഃ ആരുണ്ടോ; സഃ - അവൻ; മേ പ്രിയഃ - എനിക്കിഷ്ടപ്പെട്ടവനാണ്.

ലോകത്ത് ഒരു ജീവിയേയും വെറുക്കാത്തവനും കണ്ടുമുട്ടിയാൽ എല്ലാ ജീവികളോടും സ്നേഹഭാവത്തിൽ വർത്തിക്കുന്നവനും ക്ലേശിക്കുന്ന ആരിലും കാരുണ്യംതന്നെ ചൊരിയുന്നവനും ഈ ലോകത്തു തന്റെ ദേഹമുൾപ്പെടെ ഒന്നിലും തന്റേതെന്ന ഭാവം പുലർത്താത്തവനും ഞാനെന്ന ഭാവം വെടിഞ്ഞവനും സുഖത്തിലും ദുഃഖത്തിലും സമനില പുലർത്തുന്നവനും എന്തും സഹിക്കാൻ കഴിയുന്നവനും ചുറ്റുപാടുകൾ എന്തുതന്നെയായാലും സദാ സന്തോഷത്തോടുകൂടിയവനും മനസ്സിനെ ഏകാഗ്രപ്പെടുത്തി എപ്പോഴും ആത്മാനുഭവത്തിൽ വർത്തിക്കുന്നവനും ലക്ഷ്യത്തിൽ നിന്ന് അണുപോലും ചലിക്കാത്തവനും മനസ്സും ബുദ്ധിയും എന്നിൽ അർപ്പിച്ചവനും എന്തിനും എന്നെത്തന്നെ ആശ്രയിക്കുന്നവനുമായി ആരുണ്ടോ അവൻ എനിക്കിഷ്ടപ്പെട്ടവനാണ്.

## പ്രിയഭക്തന്റെ ലക്ഷണങ്ങൾ

സ്ഥിതപ്രജ്ഞൻ, പ്രിയഭക്തൻ, ഗുണാതീതൻ, ജീവന്മുക്തൻ, അതിവർണാശ്രമി, യോഗാരൂഢൻ എന്നീ പേരുകളെല്ലാം പര്യായപദങ്ങൾതന്നെ. സർവത്ര ഒരേ സത്യത്തെത്തന്നെ സദാ കണ്ടനുഭവിക്കുന്നയാളാണു പ്രിയഭക്തൻ. അദ്ദേഹത്തിന് ഈ ലോകത്തൊരു ജീവിയോടും വെറുപ്പില്ല. എല്ലാരിലും എല്ലാറ്റിലും ഈശ്വരസാന്നിധ്യം ദർശിക്കുന്നയാൾ ആരെ എന്തിനു വെറുക്കണം. വെറുപ്പില്ലെന്നുവച്ചു വെറും ഉദാസീനനാണോ ഭക്തൻ, അതല്ല; കണ്ടുമുട്ടിയാൽ ആരോടും അദ്ദേഹം സ്നേഹഭാവത്തിൽ പെരുമാറും. മഹാഭക്തന്മാരുടെ ഈശ്വരീയസ്നേഹം വന്യമൃഗങ്ങളെപ്പോലും വശത്താക്കാൻ പോന്നതാണെന്നു പ്രസിദ്ധമാണല്ലോ. ഈ സ്നേഹം, ക്ലേശം അനുഭവിക്കു

digitized by www.sreyas.in

ന്നവരിൽ കാരുണ്യരൂപം കൈക്കൊണ്ടു പ്രകടമാകും. കാരുണ്യം കാണിക്കുന്നു എന്നുവച്ച് എന്റേത് എന്ന മമതാബുദ്ധി ഒരിക്കലും സത്യദർശിക്കുണ്ടാകുന്നതല്ല. സർവത്ര ഈശ്വരബുദ്ധിയാണെങ്കിൽപ്പിന്നെ എന്റേതെന്ന ബുദ്ധിക്കു പ്രസക്തിയെവിടെ? മമതയില്ലെങ്കിലും 'ഞാനിവനെ സഹായിച്ചു' എന്നിത്യാദിരൂപത്തിൽ ഞാനെന്നഭാവം വന്നുകൂടെ? മഹാഭക്തന് ആ ഭാവം ഒരിക്കലും ഉണ്ടാവുകയില്ല. അഹങ്കാരത്തെ പാടേ മാറ്റിനിറുത്തിയിട്ടല്ലേ സർവത്ര സത്യബുദ്ധി കൈവരിച്ചത്. അപ്പോൾ ഞാൻ ദുഃഖിക്കുന്നു, ഞാൻ സുഖിക്കുന്നു, എന്ന ചിന്തപോലും ഇല്ലെന്നാണോ അർഥം? അതെ, സുഖദുഃഖാനുഭവങ്ങളിൽപ്പോലും സമനില നഷ്ടപ്പെടാത്തയാളാണു യഥാർഥ ഭക്തൻ. ദുഃഖത്തിലും ലേശവും ഇളക്കമുണ്ടാകുന്നില്ലേ? ഇല്ല. അദ്ദേഹം മരണമുൾപ്പെടെ ഏതു ദുഃഖത്തെയും സമനിലയിൽ നേരിടാൻ കഴിവുള്ളയാളാണ്. സദാ അദ്ദേഹത്തിനു സന്തോഷമേയുള്ളു. ഇതെങ്ങനെ സാധിക്കുന്നു? സദാ മനസ്സിനെ അന്തർമുഖമാക്കി ആനന്ദരൂപമായ ആത്മാവിനെ അനുഭവിക്കുന്നതുകൊണ്ടു സാധിക്കുന്നു. ഈ ലക്ഷ്യത്തിൽനിന്നു പ്രിയഭക്തൻ ഒരിക്കലും ചലിച്ചുപോകുന്നില്ല. സമാധിവേളയിൽ ഇതു സാധിച്ചേക്കാം. വ്യവഹാരവേളയിലോ എപ്പോഴായാലും ഭക്തൻ മനസ്സും ബുദ്ധിയും ആത്മനിഷ്ഠമാക്കി ഉറപ്പിച്ചയാളാണ്. പുറമേ പലതായി കാണുന്ന നാമരൂപങ്ങളിലെല്ലാം ആത്മാവിനെത്തന്നെ ദർശിക്കുകയാണു മനസ്സിനെ ആത്മനിഷ്ഠമാക്കൽ. തൽഫലമായി ഉള്ളിൽ ആത്മാനന്ദം അനുഭവിക്കുന്നതാണ് ബുദ്ധിയെ ആത്മനിഷ്ഠമാക്കൽ. മനസ്സു പലതു കണ്ടാലല്ലോ ബുദ്ധി കുഴപ്പത്തിലകപ്പെടൂ. എന്തിനധികം; ഒരു മഹാഭക്തൻ വ്യവഹാരവേളയിലെ ശാരീരികാവശ്യങ്ങൾക്കുപോലും മനസ്സാ ഭഗവാനെയല്ലാതെ മറ്റാരെയും ആശ്രയിക്കുന്നില്ല. ശരീരത്തെ നിലനിറുത്താൻ സഹായികളെത്തുന്നെങ്കിൽ അതൊക്കെ ഈശ്വരനിശ്ചയം. ഇങ്ങനെയുള്ള ഭക്തൻ എങ്ങനെ ഭഗവാനു പ്രിയപ്പെട്ടവനാകാതിരിക്കും?

പ്രിയഭക്തനിൽ നിന്നു ലോകത്തിനോ ലോകത്തിൽ നിന്നു പ്രിയഭക്തനോ ഒരിക്കലും ഒരു വൈഷമ്യവും വന്നുചേരുന്നില്ലെന്നാണിനി പറയുന്നത്:

*15. യസ്മാന്നോദ്വിജതേ ലോകോ ലോകാന്നോദ്വിജതേ ച യഃ*
*ഹർഷാമർഷഭയോദ്വേഗൈർമുക്തോ യഃ സ ച മേ പ്രിയഃ*

യസ്മാത് – യാതൊരാൾ നിമിത്തം; ലോകഃ – ജീവജാലങ്ങൾ; ന ഉദ്വിജതേ അൽപ്പവും വ്യാകുലപ്പെടാൻ ഇടവരുന്നില്ലയോ; യഃ – യാതൊരുവൻ; ലോകാത് – ജീവജാലങ്ങളിൽനിന്നൊന്നും; ന ഉദ്വിജയതേ ച – വ്യാകുലനായിത്തീരുന്നി

digitized by www.sreyas.in

ല്ലയോ; യഃ - യാതൊരുവൻ; ഹർഷാമർഷഭയോദ്വേഗൈഃ മുക്തഃ - സന്തോഷം, വെറുപ്പ്; ഭയം; വ്യാകുലത ഇവയിൽ നിന്നും സദാ വിട്ടുനിൽക്കുന്നുവോ; സഃ ച - അങ്ങനെയുള്ള ഭക്തനും; മേ പ്രിയഃ - എനിക്കു പ്രിയപ്പെട്ടവനാണ്.

യാതൊരാൾ നിമിത്തം ജീവജാലങ്ങൾ അൽപ്പവും വ്യാകുലപ്പെടാൻ ഇടവരുന്നില്ലയോ യാതൊരുവൻ ജീവജാലങ്ങളിൽ നിന്നൊന്നും വ്യാകുലനായിത്തീരുന്നില്ലയോ യാതൊരുവൻ സന്തോഷം, വെറുപ്പ്, ഭയം, വ്യാകുലത ഇവയിൽനിന്നും സദാ വിട്ടുനിൽക്കുന്നുവോ അങ്ങനെയുള്ള ഭക്തനും എനിക്കു പ്രിയപ്പെട്ടവനാണ്.

## *സ ച മേ പ്രിയഃ*

പ്രിയഭക്തനെ ലോകത്തിനു ഭയപ്പെടേണ്ടിവരുന്നില്ല. പ്രിയഭക്തൻ ലോകത്തെയും ഭയപ്പെടുന്നില്ല. എന്തുകൊണ്ട്? സത്യദർശി സന്തോഷം. വെറുപ്പ്, ഭയം, വ്യാകുലത ഇവയിൽ നിന്നു സദാ മുക്തനാണ്. ഇവിടത്തെ സന്തോഷത്തിനു ലൗകികമായ ഇഷ്ടം സാധിക്കുന്നതുകൊണ്ടുണ്ടാകുന്ന നൈമിഷികമായ സുഖമെന്നാണർഥം. താൻ ദേഹമല്ല, നിത്യമുക്തമായ ആത്മവസ്തുവാണ് എന്നു സൂര്യതുല്യം അനുഭവിച്ചറിയുന്ന യോഗിക്കു ശരീരബന്ധത്തിൽ നിന്നുളവാകുന്ന ഇത്തരം നൈമിഷികഭാവങ്ങൾ ഉണ്ടാകുന്നതേയില്ല. അദ്ദേഹത്തിന്റെ ശരീരത്തെ ആരെങ്ങനെ കൈകാര്യം ചെയ്താലും അദ്ദേഹം വ്യാകുലനാകുന്നില്ല. ഭക്തന്റെ ഈ അവ്യാകുലത നിമിത്തം ഭക്തനിൽനിന്നു ലോകത്തിനും ഒരിക്കലും വ്യാകുലപ്പെടേണ്ടിവരുന്നില്ല.

*16. അനപേക്ഷഃ ശുചിർദക്ഷ ഉദാസീനോ ഗതവ്യഥഃ*
*സർവാരംഭപരിത്യാഗീ യോ മദ്ഭക്തഃ സ മേ പ്രിയഃ*

അനപേക്ഷഃ - ആരോടും ഒന്നും ചോദിക്കാത്തവനും; ശുചിഃ - ഉള്ളിൽ ഒരു കളങ്കമില്ലാത്തവനും; ദക്ഷഃ - എന്തു സത്യനിഷ്ഠമായി തീരുമാനിക്കാൻ കഴിവുള്ളവനും; ഉദാസീനഃ - ആരിലും പ്രത്യേക താൽപ്പര്യമില്ലാത്തവനും; ഗതവ്യഥഃ - മനക്ലേശം സ്പർശിക്കാത്തവനും; സർവാരംഭപരിത്യാഗീ - എല്ലാ കർമങ്ങളിലും കർത്തവ്യഭാവം വെടിഞ്ഞവനും; മദ്ഭക്തഃ - സർവത്ര എന്നെ മാത്രം ഭജിക്കുന്നവനുമായി; യഃ - ആരുണ്ടോ; സഃ - അവൻ; മേ പ്രിയഃ - എനിക്കു പ്രിയപ്പെട്ടവനാണ്.

ആരോടും ഒന്നും ചോദിക്കാത്തവനും ഉള്ളിൽ കളങ്കമില്ലാത്തവനും എന്തും സത്യനിഷ്ഠമായി തീരുമാനിക്കാൻ കഴിവുള്ളവനും ആരിലും

digitized by www.sreyas.in

പ്രത്യേക താൽപ്പര്യമില്ലാത്തവനും മനഃക്ലേശമില്ലാത്തവനും എല്ലാ കർമങ്ങളിലും കർത്തവ്യഭാവം വെടിഞ്ഞവനും സർവത്ര എന്നെമാത്രം ഭജിക്കുന്നവനുമായി ആരുണ്ടോ അവൻ എനിക്കു പ്രിയപ്പെട്ടവനാണ്.

## *സർവാരംഭ പരിത്യാഗീ*

അനന്തമായ ആത്മസുഖം കണ്ടെത്തിയ ഭക്തനു പിന്നെ ഒന്നും അറിയാനില്ല; ഒന്നും നേടാനുമില്ല. അതുകൊണ്ടദ്ദേഹം ആരോടും ഒന്നും ചോദിക്കാറില്ല. അതാണ് അനപേക്ഷത്വം. അനപേക്ഷത്വം ആന്തരമായ ആത്മാനുഭവത്തിന്റെ ലക്ഷണമാണ്. ആത്മാവു നിത്യനിർമലമായതുകൊണ്ട് ആത്മനിഷ്ഠന് ഉള്ളിൽ ഒരു കളങ്കവും ഉണ്ടായിരിക്കയില്ലെന്നു തീർച്ചയാണല്ലോ. ഈ ആന്തര ശൗചമാണ് ഇവിടത്തെ ശുചിത്വം. ആത്മനിഷ്ഠകൊണ്ടു ശുചിയായ യോഗിയുടെ ബുദ്ധി സദാ പ്രകാശം നിറഞ്ഞതായതുകൊണ്ട് ഏതു കാര്യത്തിലും നീക്കുപോക്കുകൾ അതിവേഗം നിർണയിക്കാൻ അദ്ദേഹത്തിനൊരു പ്രയാസവുമില്ല. ന്യായമായ തീരുമാനമെടുക്കാനുള്ള ബുദ്ധിയുടെ ഈ കഴിവാണ് ദക്ഷത. ഈ ദക്ഷത പക്ഷപാതമില്ലായ്മയുടെ ഫലമാണ്. ഈ ലോകത്ത് ആരിൽ നിന്നും തനിക്കൊന്നും നേടാനില്ല. അതുകൊണ്ട് ആരോടും പ്രത്യേക താൽപ്പര്യമില്ല. ഇതാണുദാസീനത. മമത നിമിത്തം തെറ്റായ തീരുമാനങ്ങളെടുക്കുന്നതുകൊണ്ടാണ് ആർക്കും മനഃക്ലേശം അനുഭവിക്കേണ്ടിവരുന്നത്. ഉദാസീനനായ ഭക്തനു മമതയും തെറ്റായ തീരുമാനവും ഇല്ലാത്തതുകൊണ്ടു മനഃക്ലേശമേയുണ്ടാകുന്നില്ല. ഇങ്ങനെയെല്ലാമുള്ള ഭക്തൻ ദേഹംകൊണ്ടു സദാ കർമങ്ങൾ ചെയ്യുന്നുണ്ടാവാം. പക്ഷേ, താൻ ദേഹമല്ലെന്നനുഭവിക്കുന്ന അദ്ദേഹം ഒരു കർമത്തിലും കർത്തൃഭാവം അംഗീകരിക്കുന്നില്ല. ഇതാണു സർവാരംഭപരിത്യാഗം. ഭക്തൻ എവിടെയും എല്ലാറ്റിലും ഭഗവാനെ മാത്രം കാണുന്നു. അങ്ങനെയുള്ള ഭക്തൻ എങ്ങനെ ഭഗവാനു പ്രിയപ്പെട്ടവനാകാതെയിരിക്കും?

ഇതൊക്കെയാണു പ്രിയഭക്തന്റെ ലക്ഷണങ്ങളെങ്കിൽ ഇദ്ദേഹത്തിന്റെ പുറമേയുള്ള ഭാവം എന്തായിരിക്കും? അതാണടുത്ത പദ്യത്തിൽ വിവരിക്കുന്നത്.

*17. യോ ന ഹൃഷ്യതി ന ദ്വേഷ്ടി ന ശോചതി ന കാംക്ഷതി*
*ശുഭാശുഭപരിത്യാഗീ ഭക്തിമാൻ യഃ സ മേ പ്രിയഃ*

യഃ - ആരാണോ; ന ഹൃഷ്യതി - ലൗകികങ്ങളായ ഇഷ്ടങ്ങൾ വരുമ്പോൾ വിശേഷിച്ചു സന്തോഷിക്കാത്തത്; ന ദ്വേഷ്ടി - അനിഷ്ടങ്ങൾ വരുമ്പോൾ

digitized by www.sreyas.in

വെറുക്കാത്തത്; ന ശോചതി - ആപത്തിൽ ദുഃഖിക്കാത്തത്; ന കാംക്ഷതി - ഒന്നും കൊതിക്കാത്തത്; ശുഭാശുഭപരിത്യാഗീ - പുണ്യപാപചിന്തയിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നത്; ഭക്തിമാൻ യഃ - അതുപോലെ എന്നെ മാത്രം എവിടെയും കണ്ടു ഭജിക്കുന്നത് ആരാണോ; സഃ മേ പ്രിയഃ - അവൻ എനിക്കു പ്രിയപ്പെട്ടവനാണ്.

ആരാണോ ലൗകികങ്ങളായ ഇഷ്ടങ്ങൾ വരുമ്പോൾ വിശേഷിച്ചു സന്തോഷിക്കാത്തത്, അനിഷ്ടങ്ങൾ വരുമ്പോൾ വെറുക്കാത്തത്, ആപത്തിൽ ദുഃഖിക്കാത്തത്, ഒന്നും കൊതിക്കാത്തത്, പുണ്യപാപചിന്തയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നത് അതുപോലെ എന്നെ മാത്രം എവിടെയും കണ്ട് ഭജിക്കുന്നതാരാണോ അവൻ എനിക്കു പ്രിയപ്പെട്ടവനാണ്.

## *ശുഭാശുഭാ പരിത്യാഗീ*

ഇഷ്ടം, അനിഷ്ടം; ശുഭം, അശുഭം ഇവയെല്ലാം ജഡപ്രപഞ്ചത്തിലെ സാപേക്ഷാനുഭവങ്ങളാണ്. ഇഷ്ടത്തിൽ സന്തോഷിച്ചാൽ അനിഷ്ടത്തിൽ തീർച്ചയായി ദുഃഖിക്കേണ്ടതായും വരും. പുണ്യമുണ്ടെന്നു കരുതിയാൽ പാപത്തെ ഭയപ്പെടേണ്ടിവരും. എന്നാൽ സർവത്ര ഒരേ ഈശ്വരസത്തയെ മാത്രം കണ്ടു ഭജിക്കുന്ന പ്രിയഭക്തൻ ഒന്നും വിശേഷിച്ചു കൊതിക്കുന്നില്ല. ഇഷ്ടാനിഷ്ടങ്ങളില്ലാത്തതുകൊണ്ടു ഹർഷദ്വേഷങ്ങളും വേണ്ടിവരുന്നില്ല. ശരീരം കർമം ചെയ്താലും കർത്തൃഭാവമില്ലാതെ എല്ലാം ഈശ്വരാർപ്പണമായിത്തീരുന്നതുകൊണ്ടു പുണ്യപാപചിന്ത അദ്ദേഹത്തെ സ്പർശിക്കുന്നതേയില്ല. അദ്ദേഹത്തിന് ഒന്നും സ്വീകരിക്കാനുമില്ല ഒന്നും ഉപേക്ഷിക്കാനുമില്ല.

പ്രിയഭക്തന്റെ ഉദാസീനതക്ക് എന്തുമാത്രം വ്യാപ്തിയുണ്ടെന്നാണിനി അടുത്ത രണ്ടു പദ്യങ്ങൾകൊണ്ടു വെളിപ്പെടുത്തുന്നത്.

*18. സമഃ ശത്രൗ ച മിത്രേ ച തഥാ മാനാപമാനയോഃ*
*ശീതോഷ്ണസുഖദുഃഖേഷു സമഃ സംഗവിവർജിതഃ*

*19. തുല്യനിന്ദാസ്തുതിർമൗനീ സന്തുഷ്ടോ യേനകേനചിത്*
*അനികേതഃ സ്ഥിരമതിർഭക്തിമാൻ മേ പ്രിയോ നരഃ*

ശത്രൗ ചി മിത്രേ ച - ശത്രുവിലും സ്നേഹിതനിലും; സമഃ - ഒരേ ഈശ്വരാംശം കണ്ടു തുല്യഭാവം പുലർത്തുന്നവനും; തഥാ - അപ്രകാരം; മാനാപമാനയോഃ - ബഹുമാനത്തിലും അപമാനത്തിലും സമനില കൈവിടാത്തവനും; ശീതോഷ്ണ സുഖദുഃഖേഷു - ശീതം, ഉഷ്ണം, സുഖം, ദുഃഖം തുടങ്ങിയ വിരുദ്ധാനുഭവങ്ങളിൽ എല്ലാം സമനില പുലർത്തുന്നവനും; സംഗവി

digitized by www.sreyas.in

വർജിതഃ – ഒന്നിനോടും 'എന്റേതെ'ന്ന പറ്റലില്ലാത്തവനും; തുല്യനിന്ദാസ്തുതിഃ – നിന്ദയും സ്തുതിയും ഒരുപോലെ കണക്കാക്കുന്നവനും; മൗനീ – സങ്കൽപ്പവും സംഭാഷണവും ചുരുക്കി സദാ ആത്മനിഷ്ഠയിൽ കഴിയുന്നവനും; യേനകേനചിത് സന്തുഷ്ടഃ – ഭക്ഷണാദി കാര്യങ്ങളിൽ യാദൃച്ഛികമായി ലഭിക്കുന്ന എന്തുകൊണ്ടും സന്തോഷിക്കുന്നവനും; അനികേതഃ – ഒരിടത്തും സ്ഥിരമായി തങ്ങാത്തവനും; സ്ഥിരമതിഃ – ബുദ്ധിയെ ആത്മനിഷ്ഠമാക്കി ഉറപ്പിച്ചവനും; ഭക്തിമാൻ – സർവത്ര സത്യത്തെത്തന്നെ ഭജിക്കുന്നവനുമായ;' നരഃ – മനുഷ്യൻ; മേ പ്രിയഃ – എനിക്കു പ്രിയപ്പെട്ടവനാണ്.

ശത്രുവിലും സ്നേഹിതനിലും ഒരേ ഈശ്വരാംശം കണ്ടു തുല്യഭാവം പുലർത്തുന്നവനും ബഹുമാനത്തിലും അപമാനത്തിലും സമനില കൈവിടാത്തവനും ശീതം, ഉഷ്ണം; സുഖം, ദുഃഖം തുടങ്ങിയ വിരുദ്ധാനുഭവങ്ങളിലെല്ലാം സമനില പുലർത്തുന്നവനും ഒന്നിനോടും 'എന്റേതെ'ന്ന പറ്റലില്ലാത്തവനും നിന്ദയും സ്തുതിയും ഒരുപോലെ കണക്കാക്കുന്നവനും സങ്കൽപ്പവും സംഭാഷണവും ചുരുക്കി സദാ ആത്മനിഷ്ഠയിൽ കഴിയുന്നവനും ഭക്ഷണാദികാര്യങ്ങളിൽ യാദൃച്ഛികമായി ലഭിക്കുന്ന എന്തുകൊണ്ടും സന്തോഷിക്കുന്നവനും ഒരിടത്തും സ്ഥിരമായി തങ്ങാത്തവനും ബുദ്ധിയെ ആത്മനിഷ്ടമാക്കി ഉറപ്പിച്ചവനും സർവത്ര സത്യത്തെത്തന്നെ ഭജിക്കുന്നവനുമായ മനുഷ്യൻ എനിക്കു പ്രിയപ്പെട്ടവനാണ്.

## *സ്ഥിരമതിർഭക്തിമാൻ മേ പ്രിയോ നരഃ*

താൻ ദേഹമല്ല, ആത്മാവാണ് എന്ന ഉറപ്പായ അനുഭവമാണു സത്യദർശനം. എല്ലാ ഭേദചിന്തകളുടെയും ഉറവിടം ദേഹബന്ധമാണ്. ആത്മദർശനമാകട്ടെ സർവത്ര ഒരേ വസ്തുവിനെ കാട്ടിത്തന്നു സുഖിപ്പിക്കുന്നു. സർവത്ര സത്യത്തെ കണ്ടു ഭജിക്കുന്നതാണു പരാഭക്തി. പരാഭക്തിവന്ന പ്രിയ ഭക്തനു ദേഹംകൊണ്ടു പിന്നെ ഒരാവശ്യവുമില്ല. അതിരുന്നാലും വീണാലും അദ്ദേഹത്തിനു തുല്യം. സ്വദേഹത്തിനും അതിനുവേണ്ടിയുള്ള കാര്യങ്ങൾക്കും തടസ്സം നിൽക്കുന്നയാളാണു ശത്രു; അനുകൂലിക്കുന്നയാൾ മിത്രം. ദേഹത്തെക്കുറിച്ചു തനിക്കു ഗണനയേ ഇല്ലെങ്കിൽ പ്രിയഭക്തനു പിന്നെ ശത്രുവിനെയും മിത്രത്തെയും വേർതിരിക്കേണ്ട ആവശ്യമെന്ത്? മിത്രത്തിന്റെ സംഭാവനയാണു മാനം; ശത്രുവിന്റെ പ്രതികാരമാണ് അപമാനം. ശത്രുമിത്രഭാവമില്ലാത്തയാൾക്കു മാനാപമാനങ്ങൾക്കും പ്രസക്തിയില്ല. ഇവിടെയൊക്കെ ഒരേ ഈശ്വരഭാവം തന്നെ കണ്ട് ഭക്തൻ സദാ സമനില പുലർത്തുന്നു. എന്തിനേറെ, ദേഹത്തോടും ദേഹബന്ധമുള്ള മറ്റു

digitized by www.sreyas.in

കാര്യങ്ങളോടും 'എന്റേതെ'ന്ന സംഗമില്ലാത്ത ഭക്തനെ സുഖദുഃഖാനുഭവ ങ്ങളുളവാക്കുന്ന ലൗകികങ്ങളായ ശീതോഷ്ണാദി വിരുദ്ധഭാവങ്ങളൊന്നും അൽപ്പംപോലും ക്ഷോഭിപ്പിക്കുന്നില്ല. അദ്ദേഹം എപ്പോഴും എവിടെയും ആത്മാനന്ദത്തിൽ മുഴുകി കഴിയുന്നു. എന്തു കിട്ടിയാലും കിട്ടിയില്ലെങ്കിലും അദ്ദേഹം സദാ സന്തുഷ്ടനാണ്. ഉടുക്കാനും ഭക്ഷിക്കാനും കിടക്കാനും ഇന്നതിന്നതൊക്കെ വേണമെന്നും അദ്ദേഹത്തിന് ഒരിടത്തും ഒരു നിർബ ന്ധവുമില്ല. പരിതഃസ്ഥിതി എന്തുതന്നെയായാലും അദ്ദേഹത്തിന്റെ ആത്മ നിഷ്ഠക്ക് ഇളക്കം സംഭവിക്കുന്നതേയില്ല.

ഈ പറഞ്ഞ ഭക്തലക്ഷണങ്ങൾ നേടിയവരും അവ നേടാൻ ഗാഢ മായി യത്നിക്കുന്നവരും തനിക്കൊരുപോലെ അത്യന്തം പ്രിയപ്പെട്ടവരാ ണെന്നു പ്രഖ്യാപിച്ചുകൊണ്ടു ഭഗവാൻ അധ്യായം ഉപസംഹരിക്കാൻ ഒരു മ്പെടുന്നു.

*20 യേ തു ധർമ്യാമൃതമിദം യഥോക്തം പര്യുപാസതേ*
*ശ്രദ്ദധാനാ മത്പരമാ ഭക്താസ്തേഽതീവ മേ പ്രിയാഃ*

യഥോക്തം - മേൽ വിവരിച്ച പ്രകാരമുള്ള; ഇദം ധർമ്യാമൃതം - പരമസത്യ ത്തോടടുപ്പിക്കുന്നതും അമൃതത്വം നേടിത്തരുന്നതുമായ ഈ സാധനാ മാർഗം; ശ്രദ്ദധാനാഃ - ഗുരുശാസ്ത്രവചനങ്ങളിൽ പൂർണവിശ്വാസമുള്ളവരും; മത്പരമാഃ - ബ്രഹ്മപ്രാപ്തി ജീവിതലക്ഷ്യമാക്കി ഈശ്വരനിൽ പരമപ്രേമ ത്തോടുകൂടിയവരുമായ; യേതു - ആരൊക്കെ; പര്യുപാസതേ - സദാ സർവത്ര പിന്തുടരുന്നുവോ; തേ - അവരൊക്കെ; മേ - എനിക്ക്; അതീവ പ്രിയാ - അത്യന്തം പ്രിയപ്പെട്ടവരാണ്.

മേൽ വിവരിച്ച പ്രകാരമുള്ള പരമസത്യത്തോടടുപ്പിക്കുന്നതും അമൃതത്വം നേടിത്തരുന്നതുമായ ഈ സാധനാമാർഗം ഗുരുശാസ്ത്രവചന ങ്ങളിൽ പൂർണവിശ്വാസമുള്ളവരും ബ്രഹ്മപ്രാപ്തി ജീവിതലക്ഷ്യമാക്കി ഈശ്വരനിൽ പരമപ്രേമത്തോടുകൂടിയവരുമായ ആരൊക്കെ സദാ സർവത്ര പിന്തുടരുന്നുവോ അവരൊക്കെ എനിക്കത്യന്തം പ്രിയപ്പെട്ടവരാണ്.

## *ധർമ്യാമൃതമിദം*

അന്തിമമായ ധർമം ബ്രഹ്മമാണെന്നു നാം ഗീതയിലെ ഒന്നാം പദ്യ ത്തിന്റെ ഭാഷ്യത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ധർമത്തോടടുപ്പി ക്കുന്നതു ധർമ്യം. അഭ്യസിക്കുന്തോറും കൂടുതൽ കൂടുതൽ പരമസത്യമായ ബ്രഹ്മത്തോടടുക്കുന്നു എന്ന അനുഭവം ഉളവാക്കിത്തരുന്ന ഭക്തിസാധനാ

75-2006 40

digitized by www.sreyas.in

ക്രമമാണിതുവരെ ഈ അധ്യായത്തിൽ വിവരിച്ചത്. അതുകൊണ്ട് ഇതുവരെ പറഞ്ഞതൊക്കെ ധർമ്യമാണ്. ഈ ഭക്തിമാർഗത്തിൽ മുന്നേറിയാൽ എത്തിച്ചേരുന്നതു അമൃതസ്വരൂപമായ ബ്രഹ്മത്തിലാണ്. അനശ്വരസത്യമായതുകൊണ്ടും ആനന്ദസ്വരൂപമായതുകൊണ്ടും ബ്രഹ്മം അമൃതമാണ്. അമൃതവസ്തുവിലെത്തിക്കുന്ന മാർഗമായതുകൊണ്ട് ഭക്തിസാധനാമാർഗവും അമൃതമാണ്. അങ്ങനെയുള്ള ഈ മാർഗത്തിൽ സഞ്ചരിക്കുന്നയാളിനുണ്ടായിരിക്കേണ്ട രണ്ടു ഗുണങ്ങളാണു ശ്രദ്ധാനത്വവും മത്പരമത്വവും. ഗുരുവാക്യങ്ങളിലും ശാസ്ത്രവാക്യങ്ങളിലുമുള്ള അടിയുറച്ച വിശ്വാസമാണു ശ്രദ്ധാനത്വം. ഭഗവൽപ്രാപ്തി പരമലക്ഷ്യമാക്കി ഭഗവാങ്കൽ പരമപ്രേമം അർപ്പിക്കലാണു മത്പരമത്വം. ഇവ എവിടെ എപ്പോൾ നടപ്പാക്കണം? സദാ സർവത്ര നടപ്പാക്കാൻ യത്നിക്കണം. അതാണു പര്യുപാസന. ഇങ്ങനെ ശ്രദ്ധയോടെ പരമപ്രേമത്തോടെ ഭക്തിസാധനാമാർഗത്തിൽ പര്യുപാസന നടത്തുന്നയാൾ ഭഗവാന് അത്യന്തം പ്രിയപ്പെട്ടവനായിത്തീരുന്നു.

## അധ്യായാർഥസംക്ഷേപം

ബ്രഹ്മസാക്ഷാൽക്കാരത്തിനുപയുക്തമായ നിർഗുണോപാസനയും വിവിധതരം സഗുണോപാസനകളും അർജുനൻ വിവരിച്ചുകേട്ടു. സഗുണമണ്ഡലത്തിലെ അത്യുന്നതാനുഭവമായ വിശ്വരൂപദർശനം ഒട്ടൊന്നനുഭവിക്കുകയും ചെയ്തു. അതോടെ അർജുനമനസ്സിൽ ഒരു സംശയമുണ്ടായി. സഗുണോപാസകന്മാരാണോ മെച്ചപ്പെട്ടവർ അതോ നിർഗുണോപാസകന്മാരോ? ഭഗവാൻ ഇങ്ങനെ മറുപടി നൽകി. ഉപാസനയിലെ സഗുണനിർഗുണഭേദം അത്ര കാര്യമാക്കാനില്ല. നിരന്തരസ്മരണയോടെ ഇഷ്ടദേവതാരൂപത്തിൽ മനസ്സുറപ്പിച്ചു ഭജിക്കുമ്പോൾ അത്യധികം മെച്ചപ്പെട്ടവർ തന്നെയാണ്. സർവത്ര സമബുദ്ധി പുലർത്തി നിർഗുണ ബ്രഹ്മോപാസന നടത്തുന്നവർ നേരിട്ടു ബ്രഹ്മപ്രാപ്തി കൈവരിക്കുന്നു. പക്ഷേ, ഈ നിർഗുണോപാസന വളരെ ദുഷ്കരമാണ്. സഗുണോപാസനയിൽ വ്യക്തമായ ലക്ഷ്യബോധത്തോടെ എല്ലാ കർമങ്ങളും ഇഷ്ടദേവന്റെ അർച്ചനയായിനിരന്തരസ്മരണയോടെ ആരനുഷ്ഠിക്കുന്നുവോ അവരെ ആ ഇഷ്ടദേവൻ തന്നെ സംസാരബന്ധത്തിൽ നിന്നു മോചിപ്പിക്കും. സങ്കൽപ്പങ്ങളെല്ലാം ഈശ്വരഭാവനകൊണ്ടു നിറച്ചു ഈശ്വരപ്രാപ്തിയെന്ന ലക്ഷ്യത്തിൽ ബുദ്ധി ഉറപ്പിച്ചു ഭജിക്കുന്ന ഭക്തൻ സദാ ഭഗവത് സാന്നിധ്യം അനുഭവിക്കും. അതു കഴിയാത്തയാൾ ഭഗവദ്സ്മരണ ആവർത്തിച്ചഭ്യസിച്ചുറപ്പിക്കേണ്ടതാണ്.

digitized by www.sreyas.in

അതും കഴിയാത്തവർ ഭഗവാനുവേണ്ടി പ്രത്യേകം പൂജാദികർമങ്ങൾ നടത്തേണ്ടതാണ്. അതും കഴിയുന്നില്ലെന്നുവന്നാൽ തരം കിട്ടുമ്പോഴൊക്കെ മനസ്സിനെ നിയന്ത്രിച്ചു ഫലേച്ഛ വെടിയാൻ യത്നിക്കേണ്ടതാണ്. അഭ്യാസത്തെക്കാൾ വസ്തുബോധരൂപമായ ജ്ഞാനം ശ്രേഷ്ഠമാണ്. ജ്ഞാനമുണ്ടെങ്കിൽ ധ്യാനത്തിൽ ഏകാഗ്രത കൂടും. ഈശ്വരധ്യാനത്തിൽ ഏകാഗ്രത കൂടിയാൽ ഫലേച്ഛാത്യാഗം എളുപ്പമാകും. ഫലേച്ഛ പോയാൽ ആത്മാനുഭവരൂപത്തിലുള്ള ശാന്തി കൈവരും. സമബുദ്ധി പുലർത്തി സർവത്ര സദാ ഭഗവാനെ കണ്ടു ഭജിക്കുന്ന ഭക്തൻ ഭഗവാന് ഏറ്റവും പ്രിയപ്പെട്ടവനാണ്. ശ്രദ്ധയോടും ഭഗവാങ്കൽ പരമപ്രേമത്തോടും മേൽ വിവരിച്ച പ്രകാരം ഭക്തിസാധനാമാർഗം പിന്തുടരുന്ന ഭക്തനും ഭഗവാന് അത്യന്തം പ്രിയപ്പെട്ടവനാണ്. ഭക്തിസാധനാമാർഗം ക്രമമനുസരിച്ചു വിശദമായി ചർച്ച ചെയ്തിരിക്കുന്നതുകൊണ്ട് ഈ അധ്യായത്തിനു 'ഭക്തിയോഗ'മെന്നു പേർ.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ*
*ഭക്തിയോഗോ നാമ*
*ദ്വാദശോഽധ്യായഃ*

digitized by www.sreyas.in

അധ്യായം 13

# ക്ഷേത്രക്ഷേത്രജ്ഞയോഗം

ആത്മാനുഭൂതി, ബ്രഹ്മാനുഭൂതി, ജീവബ്രഹ്മൈക്യാനുഭൂതി ഇതാണു സത്യാനുഭൂതിക്രമം. 'തത്വമസി' എന്ന മഹാവാക്യം ഈ ക്രമം ഉൾക്കൊള്ളുന്നു. 'ത്വം' എന്നത് ആത്മാനുഭൂതിയെയും 'തത്' എന്നതു ബ്രഹ്മാനുഭൂതിയെയും 'അസി' എന്നത് ഐക്യാനുഭൂതിയെയും പ്രതിനിധാനം ചെയ്യുന്നു. ഗീതയിലെ ആദ്യത്തെ ആറധ്യായം. 'ത്വം' എന്ന ആത്മാനുഭൂതിയെയും പിന്നത്തെ ആറധ്യായം 'തത്' എന്ന ബ്രഹ്മാനുഭൂതിയെയും ഒടുവിലത്തെ ആറധ്യായം 'അസി' എന്ന ഐക്യാനുഭൂതിയേയും പ്രാധാന്യേന പ്രതിപാദിക്കുന്നതാണെന്ന അഭിപ്രായം ഇവിടെ ഒന്നുകൂടി ഓർക്കുന്നതു നന്ന്. അതുകൊണ്ട് പതിമൂന്നാമധ്യായം മുതൽ ഐക്യാനുഭൂതിക്കാണു പ്രാധാന്യം. കർമകാണ്ഡവും ഉപാസനാകാണ്ഡവും കഴിഞ്ഞു. ഈ അധ്യായം മുതൽ ജ്ഞാനകാണ്ഡം തുടങ്ങുന്നു എന്ന അഭിപ്രായവും ഓർക്കുന്നതു കൊള്ളാം. ജീവാത്മ പരമാത്മൈക്യത്തെ വ്യക്തമാക്കാനായി പതിമൂന്നാമധ്യായത്തിൽ ക്ഷേത്ര ക്ഷേത്രജ്ഞന്മാരെ വേർതിരിച്ചു പ്രതിപാദിക്കാനാണു ഭഗവാൻ ഒരുമ്പെടുന്നത്. ക്ഷേത്രക്ഷേത്രജ്ഞജ്ഞാനം തന്നെയാണു വ്യക്തമായ വസ്തുജ്ഞാനം. ക്ഷേത്രത്തെയും ക്ഷേത്രജ്ഞാനത്തെയും വേർതിരിച്ചു പ്രതിപാദിക്കുന്നതുകൊണ്ട് ഈ അധ്യായത്തിന് 'ക്ഷേത്രക്ഷേത്രജ്ഞയോഗ'മെന്നു പേർ.

ഒന്നാം പദ്യത്തിൽത്തന്നെ ഭഗവാൻ ക്ഷേത്രത്തെയും ക്ഷേത്രജ്ഞനെയും വേർതിരിച്ചു നിർവചിച്ചിരിക്കുന്നു.

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

digitized by www.sreyas.in

*1. ഇദം ശരീരം കൗന്തേയ ക്ഷേത്രമിത്യഭിധീയതേ*
*ഏതദ്യോ വേത്തി തം പ്രാഹുഃ ക്ഷേത്രജ്ഞ ഇതി തദ്വിദഃ*

കൗന്തേയ - അല്ലയോ അർജുനാ; ഇദം ശരീരം - ഈ ഉണ്ടായിമറയുന്നതായിക്കാണപ്പെടുന്ന ശരീരത്തെ; ക്ഷേത്രം ഇതി - ക്ഷേത്രമെന്ന്; അഭിധീയതേ - പറയപ്പെടുന്നു; ഏതത് - ഈ ക്ഷേത്രത്തെ; യഃ വേത്തി - ആര് ഉണ്ടെന്നറിയുന്നുവോ; തം - അവനെ; തദ്വിദഃ - സത്യം അറിയുന്നവർ; ക്ഷേത്രജ്ഞഃ ഇതി - ക്ഷേത്രജ്ഞൻ എന്ന്; പ്രാഹുഃ - പറയുന്നു.

അല്ലയോ അർജുനാ, ഈ ഉണ്ടായി മറയുന്നതായി കാണപ്പെടുന്ന ശരീരം ക്ഷേത്രമെന്നു പറയപ്പെടുന്നു. ഈ ക്ഷേത്രത്തെ ആരുണ്ടെന്നറിയുന്നുവോ അവനെ സത്യം അറിയുന്നവർ, ക്ഷേത്രജ്ഞൻ എന്നു പറയുന്നു.

## *ക്ഷേത്രവും ക്ഷേത്രജ്ഞനും*

ശരീരമാണു ക്ഷേത്രം. ഉണ്ടായി നശിക്കുന്നത് എന്നാണു 'ശരീര'പദത്തിനർഥം. ജീവാത്മാവിന്റെ അഭയസ്ഥാനം. ഉണ്ടായി നശിക്കുന്നത്, കർമബീജത്തിന്റെ വിളഭൂമി എന്നെല്ലാം അർഥമുണ്ട് 'ക്ഷേത്ര' പദത്തിന്. അപ്പോൾ ശരീരപദത്തിലും ക്ഷേത്രപദത്തിലും തന്നെ അവയുടെ സ്വരൂപനിർവചനം അടങ്ങിയിരിക്കുന്നു എന്നു കാണേണ്ടതാണ്. ഉണ്ടായി നശിക്കുന്നതായി എന്തു കാണപ്പെടുന്നുവോ അതു ക്ഷേത്രം. ഈ ക്ഷേത്രത്തെ അതിലിരുന്നുകൊണ്ട് ആരറിയുന്നുവോ അവൻ ക്ഷേത്രജ്ഞൻ. ക്ഷേത്രത്തെ അറിയുന്നവൻ ക്ഷേത്രജ്ഞൻ എന്നാണു പദാർഥം. പേരു പറയാതെ ക്ഷേത്രക്ഷേത്രജ്ഞന്മാരെ രണ്ടാമധ്യായത്തിൽത്തന്നെ ഭഗവാൻ സാംഖ്യയോഗചർച്ചയിൽ ഒട്ടൊന്നു വേർതിരിച്ചു കാട്ടിയിട്ടുണ്ട്. ഏഴാമധ്യായത്തിന്റെ ആരംഭത്തിൽ അപരാപ്രകൃതി പരാപ്രകൃതി എന്ന പേരുകളിൽ കുറച്ചുകൂടി വിസ്തരിച്ച് ഈ വിഭാഗം വ്യക്തമാക്കിയിട്ടുണ്ട്. അറിവു വികസിക്കുന്നതോടെയാണല്ലോ ഇവയെ പൂർണമായി ഗ്രഹിക്കാൻ കഴിയുന്നത്. ജീവാത്മപരമാത്മൈക്യ ബോധമുളവാകത്തക്കവണ്ണം ക്ഷേത്രക്ഷേത്രജ്ഞവിഭാഗം സമഗ്രമായി പ്രതിപാദിക്കാനാണ് ഇപ്പോൾ പതിമൂന്നാമധ്യായം ആരംഭിച്ചിരിക്കുന്നത്. പുറമേ നിന്നു നോക്കുന്ന ഒരാൾക്കുപോലും സൂക്ഷ്മദൃഷ്ടിയുണ്ടെങ്കിൽ നിലനിൽപ്പിനെയാകെ വ്യക്തമായി രണ്ടായി തിരിച്ചുകാണാൻ കഴിയും. ആ വേർതിരിവാണ് ക്ഷേത്രവും ക്ഷേത്രജ്ഞനും. ഉണ്ടായിമറയുന്ന ജഡങ്ങളും അവയിലിരുന്നുകൊണ്ട് അവയെ അറിയുന്ന ചേതനനും. പ്രഥമദൃഷ്ടിയിൽത്തന്നെ ഇവ രണ്ടും വിരുദ്ധസ്വഭാവങ്ങളോടുകൂടിയവയാണ്. സ്വയം തന്റെ ഉണ്മയും മറ്റുള്ളവയുടെ ഉണ്മയും അനുഭവിക്കാൻ കഴിവുള്ള

digitized by www.sreyas.in

വസ്തുവാണു ചേതനൻ. യാതൊരുവിധമായ ഉണ്മയുടെ അനുഭവവും ഇല്ലാത്ത വസ്തുവാണു ജഡം. അതുകൊണ്ടുതന്നെ ചേതനൻ ഉണ്മയും ജഡം ഇല്ലായ്മയുമാണ്. ജഡത്തിന് ഉണ്മയുണ്ടെന്നാരെങ്കിലും പറയുന്നെങ്കിൽ അതു ചേതനന്റെ ഉണ്മയുടെ പ്രതിഫലനമാണെന്ന കാര്യം ചിന്തിക്കുന്ന ആർക്കും നിഷേധിക്കാൻ സാധ്യമല്ല. പ്രപഞ്ചത്തിന്റെ കണ്ണാണു ചേതനൻ. ആ കണ്ണു കാണുന്ന വെറും കാഴ്ചയാണു ജഡം. അതുകൊണ്ടുതന്നെ ചേതനൻ സത്യവും ജഡം മിഥ്യയുമാണ്. കണ്ണില്ലെങ്കിൽ കാഴ്ചയെവിടെ? കാഴ്ചയില്ലെങ്കിലും കണ്ണിനൊരു കോട്ടവും തട്ടാനില്ല. ചേതനനു സർവത്ര ഒരു സ്വരൂപമേയുള്ളു. അതാണു ബോധം അഥവാ ചിത്ത്. ജഡമാകട്ടെ സർവത്ര ഭിന്നരൂപങ്ങളിലാണു തെളിയുന്നത്. തെളിയുന്ന തൽക്കാലരൂപത്തിനുതന്നെ സ്ഥിരതയില്ല. അതു സദാ മാറിക്കൊണ്ടിരിക്കുന്നു. ചേതനനും പല രൂപങ്ങളുണ്ടെന്നാരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതു ജഡത്തിന്റെ രൂപഭേദങ്ങൾ ചേതനനിൽ ഉണ്ടാക്കുന്ന പ്രതിഫലനം കൊണ്ടു തോന്നുന്നതാണെന്നു ചിന്തിച്ചറിയേണ്ടതാണ്. ബോധം യഥാർഥത്തിൽ രൂപം മാറിയാൽ അനുഭവം അതോടെ നിലയ്ക്കുന്നതാണ്. അതുകൊണ്ട് അനുഭവസ്ഥലങ്ങളിലൊന്നും ചേതനാസ്വരൂപമായ ബോധത്തിനു മാറ്റമേ ഉണ്ടാവുകവയ്യ. ഈ മാറ്റമില്ലാത്ത ചേതനന്റെ സ്ഥിതിയാണ് ആനന്ദം. ജന്മജരാമരണങ്ങളെന്ന മാറ്റങ്ങളാണു ദുഃഖങ്ങൾ. അവയൊക്കെ ജഡങ്ങളുടെ വൈകൃതങ്ങളാണ്. ചേതനന് ഒരിക്കലും ഒരു മാറ്റവും സംഭവിക്കുന്നില്ല. ഇത്രയും വിവരണങ്ങൾകൊണ്ടുതന്നെ ചേതനജഡങ്ങളെക്കുറിച്ച് അഥവാ ക്ഷേത്രജ്ഞക്ഷേത്രങ്ങളെക്കുറിച്ചു നമുക്കു പൊതുവായ ചില നിഗമനങ്ങളിലെത്താം. ചേതനൻ സത്യവും ജഡം മായയുമാണ്. ചേതനൻ പ്രകാശവും ജഡം ഇരുട്ടുമാണ്. ചേതനൻ ജ്ഞാനവും ജഡം അജ്ഞാനവുമാണ്. ചേതനൻ ആനന്ദവും ജഡം ദുഃഖവുമാണ്. ചേതനൻ കണ്ണും ജഡം കാഴ്ചയുമാണ്. ചേതനൻ ആത്മാവും ജഡം ശരീരവുമാണ്. ചേതനൻ ഉണ്മയും ജഡം ഇല്ലായ്മയുമാണ്. ചേതനൻ വസ്തുവും ജഡം അവസ്തുവുമാണ്. ചേതനൻ ക്ഷേത്രജ്ഞനും ജഡം ക്ഷേത്രവുമാണ്.

ക്ഷേത്രക്ഷേത്രജ്ഞസ്വരൂപം വേർതിരിച്ചറിയുന്നതാണു യഥാർഥജ്ഞാനമെന്നത്രേ ഭഗവാൻ തുടർന്നു പ്രസ്താവിക്കുന്നത്.

2. *ക്ഷേത്രജ്ഞം ചാപി മാം വിദ്ധി സർവക്ഷേത്രേഷു ഭാരത*
*ക്ഷേത്രക്ഷേത്രജ്ഞയോർജ്ഞാനം യത്തജ്ജ്ഞാനം മതം മമ*

digitized by www.sreyas.in

ഭാരത - അല്ലയോ അർജുനാ; സർവക്ഷേത്രേഷു - എല്ലാ ശരീരങ്ങളിലും; ക്ഷേത്രജ്ഞം ച അപി - അവയെ അറിഞ്ഞുകൊണ്ടു ക്ഷേത്രജ്ഞനായി സ്ഥിതി ചെയ്യുന്നതും; മാം - പരമാത്മാവായ ഞാൻ തന്നെ; വിദ്ധി - എന്ന റിയൂ; ക്ഷേത്രക്ഷേത്രജ്ഞയോഃ - ക്ഷേത്രത്തിന്റെയും ക്ഷേത്രജ്ഞന്റെയും സ്വരൂപം; ജ്ഞാനം യത്തത് - വ്യക്തമായി അറിയുന്നതാണ്; മമ ജ്ഞാനം മതം - എന്നെക്കുറിച്ചുള്ള വ്യക്തമായ ജ്ഞാനമെന്നു പറയപ്പെടുന്നത്.

അല്ലയോ അർജുനാ, എല്ലാശരീരങ്ങളിലും അവയെ അറിഞ്ഞു കൊണ്ടു ക്ഷേത്രജ്ഞനായി സ്ഥിതിചെയ്യുന്നതും പരമാത്മാവായ ഞാൻ തന്നെ എന്നറിയൂ; ക്ഷേത്രത്തിന്റെയും ക്ഷേത്രജ്ഞന്റെയും സ്വരൂപം വ്യക്തമായി അറിയുന്നതാണു എന്നെക്കുറിച്ചുള്ള വ്യക്തമായ ജ്ഞാന മെന്നു പറയപ്പെടുന്നത്.

## *തജ്ജ്ഞാനം മതം മമ*

ക്ഷേത്രത്തെയും ക്ഷേത്രജ്ഞനെയും കുറിച്ചുള്ള വ്യക്തമായ ജ്ഞാന മാണു സത്യജ്ഞാനം. ക്ഷേത്രം, ക്ഷേത്രജ്ഞൻ എന്നിങ്ങനെ രണ്ടു വസ്തു ക്കളുണ്ടെന്നറിയുന്നതാണോ ആ ജ്ഞാനം? സത്യാന്വേഷണത്തിനൊരുമ്പെ ടുന്ന ബുദ്ധിക്കു പ്രാഥമികമായി വേർതിരിഞ്ഞു കിട്ടുന്ന ഘടകങ്ങളാണിവ. ഇവ രണ്ടിന്റെയും സ്വരൂപം വേർതിരിച്ചറിഞ്ഞ് ഇവയിൽ സത്യവും നിത്യ വുമായ വസ്തു ഏതാണെന്നു കണ്ടെത്തുകയാണ് ആ ജ്ഞാനം. രണ്ടെന്ന ബോധമുള്ളിടത്തോളം അതു രണ്ടുംകൂടി സത്യമാവാൻ പറ്റില്ല; രണ്ടു ണ്ടെന്നു വന്നാൽ അവയ്ക്കു രണ്ടിനും കൂടി ആശ്രയമായ മൂന്നാമതൊ ന്നിനെ തിരയേണ്ടിവരും. അങ്ങനെ മൂന്നാമതൊന്നിനെ കാണ്മാനില്ലെങ്കിൽ കാണപ്പെടുന്ന രണ്ടിൽ ഏതോ ഒന്നു വസ്തുസത്തയില്ലാത്ത വെറും കാഴ്ച യായിരിക്കും. അപ്പോൾ ക്ഷേത്രക്ഷേത്രജ്ഞന്മാരിൽ ഏതാണു സത്യം എന്നതാണു ചിന്താവിഷയം. രണ്ടും വിരുദ്ധസ്വഭാവങ്ങളോടു കൂടിയവയാ ണെന്നു നാം കണ്ടുവല്ലോ. ഇരുട്ടും വെളിച്ചവും പോലെയാണു ക്ഷേത്രവും ക്ഷേത്രജ്ഞനും അതുകൊണ്ട് ഒന്നു മറ്റൊന്നിൽനിന്നും ഉണ്ടാകുന്നു എന്നു പറയുക വയ്യ. രണ്ടും കൂടിക്കലരുന്നു എന്നു പറയാനും വയ്യ. വിരുദ്ധപ ദാർഥങ്ങൾ എങ്ങനെ കൂടിക്കലരും? ഇരുട്ടിൽനിന്നു വെളിച്ചമോ വെളിച്ച ത്തിൽനിന്ന് ഇരുട്ടോ ഉണ്ടാകുന്നു എന്നാരും പറയുകയില്ല. അവയ്ക്കു കൂടി ക്കലരാനും സാധ്യമല്ല. ഇരുട്ടും വെളിച്ചവും കൂടിക്കലരുന്നതുപോലെ തോന്നുന്നതോ? അതു വെറും ഭ്രമമാണ്. വെളിച്ചം വരുമ്പോൾ ഇല്ലാതാകുന്ന ഇരുട്ട് വെളിച്ചത്തോടെങ്ങനെ കൂടിക്കലരും? സൂക്ഷിച്ചു നോക്കിയാൽ വെളി

digitized by www.sreyas.in

ച്ചത്തിന്റെ ഇല്ലായ്മയാണ് ഇരുട്ട്. വെളിച്ചത്തിനു ശക്തി കുറയുന്തോറും ഇരുട്ടുണ്ടാകുന്നതായി തോന്നും. വെളിച്ചം തീരെയില്ലെന്നുവന്നാൽ കൂരിരുട്ട് ആവിർഭവിക്കും. പൂർണമായ വെളിച്ചം വന്നാൽ എങ്ങോട്ടുപോയി എന്നറിയാതെ ഇരുട്ടു മറയും. അതുകൊണ്ടു വെളിച്ചം വസ്തുവും ഇരുട്ട് വസ്തുവിന്റെ അഭാവത്തിലുളവാകുന്ന ഒരു തോന്നലുമാണ്. നാം മുമ്പു വിവരിച്ച ജഡചേതനവസ്തുക്കളുടെ സ്വഭാവം സൂക്ഷ്മമായി വിചിന്തനം ചെയ്താൽ ഈ സ്ഥിതി അവയിലും കാണാൻ പറ്റും. ജഡത്തിൽ നിന്നു ചേതനനോ ചേതനനിൽനിന്നു ജഡമോ ഉണ്ടാവുക സാധ്യമല്ല. അവ കൂടിക്കലരാനും സാധ്യമല്ല. കൂടിക്കലർന്നതുപോലെ തോന്നുന്നതോ? അതു വെറും ഭ്രമമാണ്. ചേതനന്റെ പൂർണാനുഭവത്തിൽ എങ്ങുപോയി എന്നറിയാതെ ജഡം മറഞ്ഞുപോകുമെന്നു ഭാരതീയരായ സത്യദർശികൾ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ബോധം തീരെ ഇല്ലാത്തിടമാണു ശുദ്ധജഡം. ചേതനന്റെ പൂർണാനുഭവത്തിനു മങ്ങൽ തട്ടുമ്പോൾ ജഡം ഉണ്ടാകുന്നതായി തോന്നാനിടവരുന്നു. അതുകൊണ്ടു ചേതനൻ വസ്തവും ജഡം ചേതനന്റെ അപൂർണാനുഭവത്തിലുണ്ടാകുന്ന വെറുമൊരു തോന്നലുമാണ്. ഈ സ്ഥിതി സാക്ഷാൽക്കരിക്കാനുള്ള മാർഗം ജഡശരീരങ്ങളിൽ അപൂർണാനുഭവത്തോടുകൂടി വർത്തിക്കുന്ന ചേതനാംശങ്ങൾ അവയുടെ പൂർണാനുഭവത്തോടുകൂടിയ ഒരേ പരമാത്മാവുതന്നെയാണു ശരീരങ്ങളിലെല്ലാം അപൂർണാനുഭവത്തോടുകൂടി വർത്തിക്കുന്ന ക്ഷേത്രജ്ഞന്മാരെന്നു ബോധ്യമാകും. ഈ അനുഭവരഹസ്യമാണ് 'എല്ലാ ക്ഷേത്രങ്ങളിലും ക്ഷേത്രജ്ഞനായി വർത്തിക്കുന്നത് ഞാൻ തന്നെ' എന്നു ഭഗവാൻ വെളിപ്പെടുത്തിയിരിക്കുന്നത്. ക്ഷേത്രജ്ഞന്റെ പൂർണാനുഭവത്തിൽ ക്ഷേത്രം കാനൽജലംപോലെ ക്ഷേത്രക്ഷേത്രജ്ഞനിൽ ഉണ്ടെന്നു തോന്നുന്ന വെറുമൊരു കാഴ്ചയാണെന്നും തെളിയും. ക്ഷേത്രക്ഷേത്രജ്ഞവസ്തുക്കളെ ഈ രീതിയിൽ സൂക്ഷ്മമായി അറിയുന്നതാണു സത്യജ്ഞാനം.

ജഡം, ചേതനൻ എന്നു രണ്ടായി നിലനിൽപ്പിനെ വിഭജിക്കാമെന്നു കണ്ടു. ബോധസ്വരൂപനാണു ചേതനൻ. അതുകൊണ്ട് ഏറെക്കുറെ ചേതനനെ വേർതിരിക്കാൻ പ്രയാസമില്ല. പക്ഷേ, നിലനിൽപ്പിൽ നിരവധി സ്ഥൂല സൂക്ഷ്മരൂപങ്ങൾ വേറെ കാണ്മാനുണ്ട്. ഇവയൊക്കെ ജഡമാണോ, ആണെങ്കിൽ ജഡത്തിന്റെ വ്യാപ്തി എത്രത്തോളമാണ്? അതുപോലെ ക്ഷേത്രജ്ഞനും ദേഹംപ്രതി, ഭിന്നനായി കാണുന്നു. ഈ ഭിന്നത യഥാർഥമാണോ ക്ഷേത്രജ്ഞന്റെ വ്യാപ്തി എന്തുമാത്രമാണ്? ഈ ചോദ്യ

digitized by www.sreyas.in

ങ്ങൾക്കെല്ലാം സമഗ്രമായി സമാധാനം നൽകാമെന്നാണു ഭഗവാൻ അടുത്ത പദ്യത്തിൽ പ്രതിജ്ഞ ചെയ്യുന്നത്:

*3. തത് ക്ഷേത്രം യച്ച യാദൃക് ച യദ്വികാരി യതശ്ച യത്*
*സ ച യോ യത് പ്രഭാവശ്ച തത്സമാസേന മേ ശൃണു*

തത് ക്ഷേത്രം - ശരീരമെന്നു നേരത്തെ നിർവചിച്ച ക്ഷേത്രം; യത് ച - ഏതു സ്വരൂപത്തോടുകൂടിയതാണ്; യാദൃക് ച - ഏതു സ്വഭാവത്തോടുകൂടിയതാണ്; യദ്വികാരി - എന്തൊക്കെ മാറ്റങ്ങളാണതിനു സംഭവിക്കുക; യതഃ ച - ഏതിൽ നിന്നാണാവിർഭവിക്കുന്നത്; യത് - എങ്ങനെ വേർതിരിക്കാൻ കഴിയും എന്നും; സ ച - ആ ക്ഷേത്രജ്ഞൻ; യഃ - ആരാണ്; യത്പ്രഭാവഃ ച - അദ്ദേഹത്തിന്റെ കഴിവെന്ത് എന്നും; തത് - അതെല്ലാം; മേ - എന്നിൽ നിന്ന്; സമാസേന - സംക്ഷിപ്തമായും വ്യക്തമായും; ശൃണു - കേട്ടോളൂ.

ശരീരമെന്നു നേരത്തെ നിർവചിച്ച ക്ഷേത്രം ഏതു സ്വരൂപത്തോടുകൂടിയതാണ്, ഏതു സ്വഭാവത്തോടുകൂടിയതാണ്, എന്തൊക്കെ മാറ്റങ്ങളാണതിനു സംഭവിക്കുക, ഏതിൽനിന്നാണ് ആവിർഭവിക്കുന്നത്, എങ്ങനെ വേർതിരിക്കാൻ കഴിയും എന്നും, ആ ക്ഷേത്രജ്ഞൻ ആരാണ്, അദ്ദേഹത്തിന്റെ കഴിവെന്ത് എന്നും, അതെല്ലാം എന്നിൽ നിന്നു സംക്ഷിപ്തമായും വ്യക്തമായും കേട്ടോളു.

## *തത്സമാസേന മേ ശൃണു*

ക്ഷേത്രത്തെയും ക്ഷേത്രജ്ഞനെയും സൂക്ഷ്മമായി അറിയുന്നതാണു ജ്ഞാനമെന്നു നേരത്തേ പറഞ്ഞുവല്ലോ. ബുദ്ധി തെളിയത്തക്കവണ്ണം ഭഗവാൻ തന്നെ അതു വ്യക്തമായി പറയാമെന്നാണീ ശ്ലോകത്തിലെ പ്രതിജ്ഞ. താൻ നൽകാൻ പോകുന്ന വിവരണത്തിൽ ക്ഷേത്രക്ഷേത്രജ്ഞന്മാരെക്കുറിച്ചുള്ള ഏതെല്ലാം ചോദ്യങ്ങൾക്കുത്തരം അടങ്ങിയിട്ടുണ്ടെന്നും ഭഗവാൻ സൂചിപ്പിക്കുന്നു. അതു പ്രത്യേകം നോക്കിയറിയേണ്ടതാണെന്നു ഭാവം.

സംഗ്രഹിച്ചു വ്യക്തമായി പറയാമെന്നു പറഞ്ഞതെന്താണ്? സത്യം കണ്ട ഋഷിമാർ വളരെ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുള്ളതാണ്. ഈ ക്ഷേത്രക്ഷേത്രജ്ഞരഹസ്യം. വേദമന്ത്രങ്ങളും ബ്രഹ്മസൂത്രങ്ങളും എല്ലാം ഇവയുടെ വിവരണങ്ങളാണ്. അവ വിസ്തരിക്കാൻ തുടങ്ങിയാൽ അവസാനമില്ലെന്നാണു ഭഗവാൻ ഇനി സൂചിപ്പിക്കുന്നത്.

digitized by www.sreyas.in

*4. ഋഷിഭിർബഹുധാ ഗീതം ഛന്ദോഭിർവിവിധൈഃ പൃഥക്*
*ബ്രഹ്മസൂത്രപദൈശ്ചൈവ ഹേതുമദ്ഭിർവിനിശ്ചിതൈഃ*

ഋഷിഭിഃ - സത്യം കണ്ട ഋഷിമാരാൽ; വിവിധൈഃ ഛന്ദോഭിഃ - ഗായത്രി തുടങ്ങിയ പലതരം ഛന്ദസ്സുകളിൽ രചിക്കപ്പെട്ടിട്ടുള്ള വേദമന്ത്രങ്ങളാലും; ഹേതുമദ്ഭിഃ - യുക്തിവിചാരത്തോടുകൂടി; വിനിശ്ചിതൈഃ - സംശയരഹിതമായി വസ്തുസ്ഥിതി വെളിപ്പെടുത്തിത്തരുന്ന; ബ്രഹ്മസൂത്രപദൈഃ ച ഏവ - ബ്രഹ്മസൂത്രപദങ്ങൾ കൊണ്ടും; ബഹുധാ - പല പ്രകാരത്തിൽ; പൃഥക് ഗീതം - ക്ഷേത്രക്ഷേത്രജ്ഞരഹസ്യങ്ങൾ വേർതിരിച്ചു പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

സത്യംകണ്ട ഋഷിമാരാൽ ഗായത്രി തുടങ്ങിയ പലതരം ഛന്ദസുകളിൽ രചിക്കപ്പെട്ടിട്ടുള്ള വേദമന്ത്രങ്ങൾകൊണ്ടും യുക്തിവിചാരത്തോടുകൂടി സംശയരഹിതമായി വസ്തുസ്ഥിതി വെളിപ്പെടുത്തിത്തരുന്ന ബ്രഹ്മസൂത്രപദങ്ങൾകൊണ്ടും പല പ്രകാരത്തിൽ ക്ഷേത്രക്ഷേത്രജ്ഞരഹസ്യങ്ങൾ വേർതിരിച്ചു പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

## *ഋഷിഭിർബഹുധാ ഗീതം*

സത്യംകണ്ട ഋഷിമാർ നിലനിൽപ്പിനെ ക്ഷേത്രമെന്നും ക്ഷേത്രജ്ഞനെന്നും രണ്ടായി വേർതിരിച്ചു പണ്ടേതന്നെ വേണ്ടപോലെ വിവരിച്ചിട്ടുണ്ട്. വേദമന്ത്രങ്ങളാണാദ്യമായി ഇക്കാര്യം നിർവഹിച്ചത്. വേദാന്തഭാഗങ്ങളായ ഉപനിഷത്തുക്കളാണിക്കാര്യത്തിൽ പ്രാമുഖ്യമർഹിക്കുന്ന വേദഭാഗങ്ങൾ. വിശ്വാമിത്രൻ, കണ്വൻ, വസിഷ്ഠൻ, യാജ്ഞവൽക്യൻ, ഉദ്ദാലകൻ തുടങ്ങിയ ഋഷിമാരാണ് വേദമന്ത്രങ്ങളുടെ പ്രണേതാക്കൾ. ഗായത്രി, മധു, അനുഷ്ടുപ്പ്, ത്രിഷ്ടുപ്പ് തുടങ്ങിയ ഛന്ദസ്സുകളിൽ രചിക്കപ്പെട്ടവയാണു വേദമന്ത്രങ്ങൾ. അതുകൊണ്ട് മന്ത്രങ്ങളെ ഛന്ദസ്സുകൾ എന്നുതന്നെ വിളിച്ചുപോരുന്നു. 'ഛന്ദഃ' ശബ്ദം വേദപര്യായമായും ഉപയോഗിക്കാറുണ്ട്. വിവിധങ്ങളായ വേദവേദാന്തഭാഗങ്ങളെല്ലാം ക്രമപ്പെടുത്തി യുക്തിയുക്തമാം വണ്ണം അൽപ്പപദങ്ങളായ സൂത്രവാക്യങ്ങൾകൊണ്ടു തത്വനിർണയം ചെയ്തിട്ടുള്ള ഗ്രന്ഥമാണു ബ്രഹ്മസൂത്രം. വ്യാസഭഗവാൻ രചിച്ചിട്ടുള്ള ബ്രഹ്മസൂത്രമാണിന്നു പ്രസിദ്ധമായി അറിയപ്പെടുന്നത്. 'അഥാതോ ബ്രഹ്മജിജ്ഞാസാ' ഇനി അതുകൊണ്ടു ബ്രഹ്മത്തെ തിരയാം; 'ജന്മാദ്യസ്യ യതഃ' 'ഈ ജഗത്തിന്റെ സൃഷ്ടിസ്ഥിതിപ്രളയങ്ങൾ ഏതിൽ സംഭവിക്കുന്നുവോ അതാണു ബ്രഹ്മം' എന്നിങ്ങനെ പോകുന്നവയാണു ബ്രഹ്മസൂത്രപദങ്ങൾ. ഉപനിഷത്തുകൾ, ബ്രഹ്മസൂത്രം, ഗീത എന്നീ മൂന്നും ചേർന്നതാണു വേദാന്തശാസ്ത്രത്തിലെ പ്രസ്ഥാനത്രയം. ഗീതാകാരനു വേദങ്ങളെയും ബ്രഹ്മസൂത്രത്തെയും മാത്രമേ ഗണിക്കാൻ

digitized by www.sreyas.in

പറ്റുകയുള്ളു എന്നുള്ളതുകൊണ്ടാണങ്ങനെ ചെയ്തിരിക്കുന്നത്. എന്താ യാലും പണ്ടേ തന്നെ വേണ്ടവണ്ണം പ്രതിപാദിക്കപ്പെട്ടിട്ടുള്ള ക്ഷേത്രക്ഷേ ത്രജ്ഞരഹസ്യം ഞാൻ സംക്ഷിപ്തമായും വ്യക്തമായും പറഞ്ഞുതരാമെ ന്നാണു ഭഗവാന്റെ പ്രതിജ്ഞ.

ഇനിയും താൻ പറഞ്ഞപ്രകാരം ഭഗവാൻ ക്ഷേത്രവിവരണം ആരംഭി ക്കുന്നു. ക്ഷേത്രത്തിന്റെ സ്വരൂപമെന്ത്, സ്വഭാവമെന്ത്, വികാരമെന്ത് എന്നീ ആദ്യത്തെ മൂന്നു ചോദ്യങ്ങൾക്കാണു ഭഗവാൻ അടുത്ത രണ്ടു പദ്യങ്ങളിൽ വിവരണം നൽകുന്നത്.

5. *മഹാഭൂതാന്യഹംകാരോ ബുദ്ധിരവ്യക്തമേവ ച*
*ഇന്ദ്രിയാണി ദശൈകം ച പഞ്ച ചേന്ദ്രിയഗോചരാഃ*

6 *ഇച്ഛാ ദ്വേഷഃ സുഖം ദുഃഖം സംഘാതശ്ചേതനാ ധൃതിഃ*
*ഏതത് ക്ഷേത്രം സമാസേന സവികാരമുദാഹൃതം*

മഹാഭൂതാനി - ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ അഞ്ചു മഹാ ഭൂതതന്മാത്രകളും; അഹങ്കാരഃ - ഭൂതതന്മാത്രകളുടെ കാരണമായ അഹങ്കാ രവും; ബുദ്ധിഃ - അഹങ്കാരകാരണമായ സത്വബുദ്ധിയും; അവ്യക്തം ഏവ ച ബുദ്ധികാരണമായ അവ്യക്തവും; ഇന്ദ്രിയാണി ദശ ഏകം ച - ജ്ഞാനേന്ദ്രിയ ങ്ങൾ, കർമേന്ദ്രിയങ്ങൾ, മനസ്സ് എന്നിങ്ങനെ പതിനൊന്നിന്ദ്രിയങ്ങളും; ഇന്ദ്രി യഗോചരാഃ പഞ്ച ച - ആകാശം, വായു, തേജസ്സ്, ജലം, ഭൂമി എന്നിങ്ങനെ ഇന്ദ്രിയവിഷയങ്ങളായ പഞ്ചഭൂതങ്ങളും; ഇച്ഛാ - സുഖം തരുമെന്നു തോന്നുന്ന പദാർഥങ്ങളിലുള്ള ആഗ്രഹം; ദ്വേഷഃ - ദുഃഖിപ്പിക്കുമെന്നു തോന്നുന്നവയോ ടുള്ള വെറുപ്പ്; സുഖം - അനുകൂലാനുഭവം; ദുഃഖം - പ്രതികൂലാനുഭവം: സംഘാതഃ - ദേഹേന്ദ്രിയങ്ങളുടെ ഒരുമിച്ചുള്ള നില; ചേതനാ - ദേഹേന്ദ്രിയ ങ്ങളിൽ ജീവചൈതന്യത്തോടുകൂടിയ അന്തഃകരണവൃത്തി; ധൃതിഃ - ക്ഷീണിച്ച വശങ്ങളാകുന്ന ദേഹേന്ദ്രിയങ്ങളെ വീണ്ടും ശക്തിപ്പെടുത്തി നിലനിറുത്താ നുള്ള കഴിവ് എന്നിവയും; ഏതത് ക്ഷേത്രം - ഇത്രയുമാണു ക്ഷേത്രമെന്ന്; സവികാരം - അതിന്റെ വികാരങ്ങളെയും ഉൾപ്പെടുത്തി; സമാസേന ഉദാഹൃതം - വ്യക്തമായും സംക്ഷിപ്തമായും പറയപ്പെട്ടിരിക്കുന്നത്.

ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ അഞ്ചു മഹാഭൂത തന്മാ ത്രകളും, ഭൂത തന്മാത്രകളുടെ കാരണമായ അഹങ്കാരവും അഹങ്കാരകാരണ മായ സത്വബുദ്ധിയും, ബുദ്ധികാരണമായ അവ്യക്തവും, ജ്ഞാനേന്ദ്രിയ ങ്ങൾ, കർമേന്ദ്രിയങ്ങൾ, മനസ്സ് എന്നിങ്ങനെ പതിനൊന്നിന്ദ്രിയങ്ങളും, ആകാശം, വായു, തേജസ്സ്, ജലം, ഭൂമി എന്നിങ്ങനെ ഇന്ദ്രിയവിഷയങ്ങളായ

digitized by www.sreyas.in

പഞ്ചഭൂതങ്ങളും, സുഖം തരുമെന്നു തോന്നുന്ന പദാർഥങ്ങളിലുള്ള ആഗ്രഹം, ദുഃഖിപ്പിക്കുമെന്നു തോന്നുന്നവയോടുള്ള വെറുപ്പ്, അനുകൂലാനുഭവം, പ്രതികൂലാനുഭവം ദേഹേന്ദ്രിയങ്ങളുടെ ഒരുമിച്ചുള്ള നില, ദേഹേന്ദ്രിയങ്ങളിൽ ജീവചൈതന്യത്തോടുകൂടിയ അന്തഃകരണവൃത്തി, ക്ഷീണിച്ച വശങ്ങളാകുന്ന ദേഹേന്ദ്രിയങ്ങളെ വീണ്ടും ശക്തിപ്പെടുത്തി നിലനിറുത്താനുള്ള കഴിവ് എന്നിവയും, ഇത്രയുമാണു ക്ഷേത്രമെന്ന് അതിന്റെ വികാരങ്ങളെയും ഉൾപ്പെടുത്തി വ്യക്തമായും സംക്ഷിപ്തമായും പറയപ്പെട്ടിരിക്കുന്നത്.

## *സമാസേന സവികാരമുദാഹൃതം*

ക്ഷേത്രത്തിന്റെ അഥവാ ജഡത്തിന്റെ സ്വരൂപം, സ്വഭാവം, വികാരം എന്നീ മൂന്നുമാണ് അഞ്ചും ആറും പദ്യങ്ങളിൽ വിവരിച്ചിരിക്കുന്നത്. മൂന്നാം പദ്യത്തിലെ 'യത്, യാദൃക്, യദ്വികാരി' എന്നീ മൂന്നു ചോദ്യങ്ങൾക്കുള്ള ഉത്തരം. ഇവിടെ 'സവികാരം' എന്നു പ്രയോഗിച്ചിരിക്കുന്നത് അക്കാര്യം വെളിപ്പെടുത്താനാണ്. ശബ്ദസ്പർശരൂപരസഗന്ധങ്ങളെന്ന അഞ്ചു തന്മാത്രകളും അഹങ്കാരം ബുദ്ധി, അവ്യക്തം എന്നീ മൂന്നും ചേർന്ന് എട്ടെണ്ണമാണ് ക്ഷേത്രത്തിന്റെ സ്വരൂപം. സ്വരൂപം എന്നു പറഞ്ഞാൽ മൂലരൂപം എന്നർഥം. അവ്യക്തമെന്ന പ്രകൃതിയും നേരിട്ടുള്ള അവ്യക്തപരിണാമങ്ങളായ ബുദ്ധ്യാദി ഏഴെണ്ണവുമാണ് ജഡത്തിന്റെ മൂലരൂപങ്ങളെന്നർഥം. ശാസ്ത്രവിചാരം ചെയ്യുന്നവർ ജഡത്തിന്റെ ഈ വ്യാപ്തി സൂക്ഷ്മമായി ഗ്രഹിക്കേണ്ടതാണ്. പുരുഷന്റെ അഥവാ ബോധത്തിന്റെ ശക്തിയാണു പ്രകൃതി. പ്രകൃതി ജഡരൂപിണിയാണ്. എന്നു പറഞ്ഞാൽ പ്രകൃതിയുടെ പ്രകടരൂപങ്ങളെല്ലാം ജഡമാണെന്നർഥം. ബോധത്തെ മറച്ചുകൊണ്ടുളവാകുന്ന ഒരു മൂടുപടമാണ് പ്രകൃതിയുടെ ആദ്യത്തെ പ്രകടരൂപം, അതാണ് അവ്യക്തം. സാധാരണ ജീവികൾക്ക് ഉറക്കത്തിൽ അനുഭവപ്പെടുന്നത് ഈ അവ്യക്തദശയുടെ ഏകദേശരൂപമാണ്. ഇതാണ് ആദ്യത്തെ ജഡാവിർഭാവം. ഈ അവ്യക്തദശയെ തുടർന്നുളവാകുന്ന പ്രാണസ്പന്ദമാണു സത്വബുദ്ധി അഥവാ മഹത്തത്വം. പ്രപഞ്ചത്തെ മുഴുവൻ സുക്ഷ്മരൂപത്തിൽ ഉൾക്കൊള്ളുന്ന മഹാനായ പ്രപഞ്ചാത്മാവാണ് ഈ സത്വബുദ്ധി. ആധുനിക ശാസ്ത്രത്തിന്റെ ഭാഷയിൽ ഇതിനെ 'കോസ്മിക് എനർജി' എന്നു പറയാം. ജഡത്തിന്റെ രണ്ടാമത്തെ പ്രകടരൂപമാണ് ഈ സത്വബുദ്ധി. എനർജി. ജഡത്തിന്റെ സൂക്ഷ്മരൂപമാണെന്ന് ഇന്നാധുനികശാസ്ത്രവും

digitized by www.sreyas.in

സമ്മതിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. ഈ എനർജിയിൽ ഉടനീളം ആവിർഭവിക്കുന്ന ശബ്ദമയ സ്പന്ദനങ്ങളാണ് അഹങ്കാരങ്ങൾ. അഹങ്കാരങ്ങളുടെ വികസിതരൂപങ്ങളാണു ശബ്ദസ്പർശാദിഭൂതതന്മാത്രകൾ. അവ്യക്തത്തിൽ നിന്നു ശൃംഖലപോലെ ആവിർഭവിക്കുന്നവയാണു ജഡത്തിന്റെ മൂലരൂപങ്ങൾ. കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി എന്ന അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും, കൈ, കാൽ, വായ്, വിസർജനേന്ദ്രിയം, ജനനേന്ദ്രിയം എന്ന അഞ്ചു കർമേന്ദ്രിയങ്ങളും, മനസ്സ്, ആകാശം, വായു, തേജസ്സ്, വെള്ളം, ഭൂമി എന്ന അഞ്ചു മഹാഭൂതങ്ങളും ഇങ്ങനെ പതിനാറെണ്ണമാണു ജഡസ്വഭാവങ്ങൾ. മൂലരൂപങ്ങൾ കൂടിക്കലർന്നുണ്ടാകുന്ന വികാസപരിണാമങ്ങളാണു സ്വഭാവങ്ങൾ. സ്വഭാവങ്ങളെ വിശകലനം ചെയ്തു നോക്കിയാൽ മൂലരൂപങ്ങളുടെ അംശങ്ങളല്ലാതെ മറ്റൊന്നും അവയിൽ കാണ്മാനുണ്ടാവില്ല. ഇതാണു സ്വരൂപങ്ങൾക്കും സ്വഭാവങ്ങൾക്കും തമ്മിലുള്ള ഭേദം. അവ്യക്തത്തിന്റെയും ബുദ്ധിയുടെയും അഹങ്കാരത്തിന്റെയും ശബ്ദാദിതന്മാത്രകളുടെയും അംശങ്ങൾ കൂടിച്ചേർന്നവയാണ് ഇന്ദ്രിയങ്ങളും മനസ്സും. സർവവ്യാപികളായ സൂക്ഷ്മതന്മാത്രകൾ കൂടിച്ചേർന്നിട്ടാണ് ഇന്ദ്രിയവിഷയങ്ങളായ സ്ഥൂലപഞ്ചഭൂതങ്ങൾ ഉണ്ടായിരിക്കുന്നത്. ഈ കൂടിക്കലരലിനു ശാസ്ത്രം പഞ്ചീകരണം എന്നു പേർ നൽകിയിരിക്കുന്നു. ഇങ്ങനെ കേവലം എട്ടെണ്ണത്തിന്റെ കൂടിക്കലർപ്പുകൾ മാത്രമായതുകൊണ്ടാണു മേൽപ്പറഞ്ഞ പതിനാറെണ്ണത്തെയും സ്വഭാവങ്ങളായി ഗണിച്ചിരിക്കുന്നത്. സ്വരൂപങ്ങളുടെയും സ്വഭാവങ്ങളുടെയും ആവിർഭാവത്തോടെ ജഡാന്തർഭാഗത്തുണ്ടാകുന്ന സൂക്ഷ്മപരിണാമങ്ങളാണു വികാരങ്ങൾ. ഇച്ഛ തുടങ്ങിയ ഏഴെണ്ണവും ജഡത്തിന്റെ അത്തരം സൂക്ഷ്മപരിണാമങ്ങളാണ്. ജഡത്തിൽ നിന്നു ഭിന്നമായ വസ്തുസത്തയൊന്നും അവയ്ക്കില്ല. ഇച്ഛ, ദ്വേഷം, സുഖം, ദുഃഖം ഈ നാലും എല്ലാവർക്കും അനുഭവിച്ചറിവുള്ളവയാണല്ലോ. ദേഹേന്ദ്രിയാദി വേർപെട്ടുപോകാതെ ഒരുമിച്ചു നിൽക്കുന്നത്, പ്രപഞ്ചഘടകങ്ങൾ ഒത്തിണങ്ങിനിൽക്കുന്നത്. ഇതെല്ലാം ജഡത്തിന്റെ സൂക്ഷ്മവികാരത്തിന്റെ ഫലമാണ്. അതാണു സംഘാതം. ദേഹങ്ങൾക്കുള്ളിൽ ജീവചൈതന്യത്തോടുകൂടി അന്തഃകരണം വിവിധ വ്യാപാരങ്ങളിലേർപ്പെടുന്നത് എല്ലാവർക്കും അനുഭവമുള്ളതാണല്ലോ. അതിസൂക്ഷ്മമായ ഈ ജഡവികാരത്തെയാണു 'ചേതന' എന്നു പറയുന്നത്. ജോലിചെയ്തു തളരുന്ന ദേഹേന്ദ്രിയങ്ങൾ വീണ്ടും ശക്തിപ്രാപിക്കുന്നതും എല്ലാവർക്കും അനുഭവമുള്ളതാണ്. ഇതിനു വഴിതെളിക്കുന്ന സൂക്ഷ്മവികാരമുൾപ്പെടെയുള്ള ഈ

digitized by www.sreyas.in

മുപ്പത്തൊന്നു ജഡതത്വങ്ങളും ഉണ്ടായിമറയുന്നവയും ക്ഷേത്രജ്ഞനാൽ അറിയപ്പെടുന്നവയും ആയ കാഴ്ചകളായതുകൊണ്ട് ഇവയെ ക്ഷേത്രം അഥവാ ശരീരം എന്നു പറയുന്നു. ഭഗവാനിവിടെ മുപ്പത്തൊന്നു ജഡതത്വ ങ്ങളെയല്ലേ പറഞ്ഞുള്ളു. മറ്റു ചിലർ കൂടുതൽ കൂടുതൽ പറയുന്നുണ്ടല്ലോ എന്നു സംശയം തോന്നാം. ജഡതത്വങ്ങളെ എത്രയായി വേണമെങ്കിലും വിഭജിച്ചുകാണാൻ പ്രയാസമില്ല. വിഭജനത്തിനംഗീകരിക്കുന്ന മാനദണ്ഡ ത്തിന്റെ ഭേദമനുസരിച്ചിരിക്കും സംഖ്യയുടെ കൂടുതൽ കുറവ്. അതുകൊ ണ്ടാണു ജഡവ്യാപ്തിയറിയാൻ തക്കവണ്ണം സംക്ഷിപ്തമായും വ്യക്ത മായും അവയെ ഞാൻ വിവരിക്കാം എന്നു ഭഗവാൻ പറഞ്ഞത്.

ജഡവിവരണത്തിൽ ഭഗവാൻ ഉത്തരം പറയാമെന്നു മൂന്നാം പദ്യ ത്തിൽ പ്രതിജ്ഞ ചെയ്തവയിൽ ഒടുവിലത്തെ രണ്ടു ചോദ്യങ്ങൾക്കാ ണിനി ഉത്തരം പറയാനുള്ളത്. ഈ ക്ഷേത്രം എവിടെനിന്നുണ്ടായി? ഇതിനെ എങ്ങനെ വേർതിരിക്കാൻ കഴിയും. എന്നിവയാണാ ചോദ്യങ്ങൾ. ഈ രണ്ടു ചോദ്യങ്ങൾക്കും ഉത്തരം കിട്ടാൻ കൊതിക്കുന്നയാൾ ക്ഷേത്ര ജ്ഞനെ വേർതിരിച്ചനുഭവിക്കാൻ യത്നിക്കേണ്ടതാണ്. ഈ അനുഭവം ഉണ്ടാകുന്നതുവരെ മേൽപ്പറഞ്ഞ രണ്ടു ചോദ്യങ്ങൾക്കും തൃപ്തികരമായ ഉത്തരം കിട്ടുന്നതല്ല. അനുഭവത്തിൽ ക്ഷേത്രമെന്നൊരു പ്രത്യേക വസ്തു ഒരിടത്തുനിന്നും ഉണ്ടായിട്ടില്ലെന്നും അതു ക്ഷേത്രജ്ഞനിൽ മരുഭൂമിയിൽ കാനൽജലംപോലെ പ്രതിഭാസിക്കുന്നതാണെന്നും തെളിയും. അതു കൊണ്ടു ഭഗവാൻ ഒടുവിലത്തെ രണ്ടു ചോദ്യങ്ങൾക്കും നേരിട്ടുത്തരം പറ യാതെ ക്ഷേത്രക്ഷേത്രജ്ഞന്മാരെ വേർതിരിച്ചനുഭവിക്കാനുള്ള അഥവാ വസ്തുവിന്റെ പൂർണമായ പ്രത്യക്ഷജ്ഞാനം നേടാനുള്ള ഉപായങ്ങളെ വിശദമായി വിവരിക്കാനൊരുമ്പെടുകയാണ് അടുത്ത ആറു പദ്യങ്ങളിൽ.

*7. അമാനിത്വമദംഭിത്വമഹിംസാ ക്ഷാന്തിരാർജവം*
*ആചാര്യോപാസനം ശൗചം സ്ഥൈര്യമാത്മവിനിഗ്രഹഃ*

അമാനിത്വം - കുലജാതിധനാദികളിൽ അഭിമാനമില്ലായ്മ; അദംഭിത്വം - കഴി വുകളിൽ ഗർവിക്കാതിരിക്കുക; അഹിംസാ - പരദ്രോഹചിന്തയില്ലായ്ക; ക്ഷാന്തിഃ - എന്തും സഹിക്കാനുള്ള കഴിവ്; ആർജവം - ഏതിലും നേരായ മാർഗം പിന്തുടരുക; ആചാര്യോപാസനം - ബ്രഹ്മനിഷ്ഠനായ ഗുരുവിനെ പ്രസാദിപ്പിച്ചു തത്വം ഗ്രഹിക്കാൻ യത്നിക്കുക; ശൗചം - സദാ ഹൃദയശുദ്ധി പുലർത്തുക; സ്ഥൈര്യം - ലക്ഷ്യത്തിൽ നിന്നു ചലിച്ചുപോകാതിരിക്കുക; ആത്മവിനിഗ്രഹഃ - മനസ്സിനെ കഴിയുന്നത്ര നിയന്ത്രിക്കുക ഇവയാണു പ്രാഥ

digitized by www.sreyas.in

മികമായി ശീലിക്കേണ്ട ജ്ഞാനസാധനകൾ.

കുലജാതിധനാദികളിൽ അഭിമാനമില്ലായ്മ, കഴിവുകളിൽ ഗർവിക്കാതിരിക്കുക, എന്തും സഹിക്കാനുള്ള കഴിവ്, ഏതിലും നേരായ മാർഗം പിന്തുടരുക, ബ്രഹ്മനിഷ്ഠനായ ഗുരുവിനെ പ്രസാദിപ്പിച്ചു തത്വം ഗ്രഹിക്കാൻ യത്നിക്കുക, സദാ ഹൃദയശുദ്ധി പുലർത്തുക, ലക്ഷ്യത്തിൽ നിന്നു ചലിച്ചു പോകാതിരിക്കുക, മനസ്സിനെ കഴിയുന്നത്ര നിയന്ത്രിക്കുക ഇവയാണു പ്രാഥമികമായി ശീലിക്കേണ്ട ജ്ഞാനസാധനകൾ.

## ജ്ഞാനസാധനയുടെ പ്രഥമപാഠങ്ങൾ

ക്ഷേത്രക്ഷേത്രജ്ഞ രഹസ്യം അന്തിമമായി ഗ്രഹിക്കുന്നതാണു ജ്ഞാനാനുഭവം. ക്ഷേത്രത്തെയും ക്ഷേത്രജ്ഞനെയും വേർതിരിക്കുകയാണല്ലോ അതിനുള്ള വഴി. ക്ഷേത്രത്തെ അറിയുന്നവനാണു ക്ഷേത്രജ്ഞൻ. അപ്പോൾ ക്ഷേത്രജ്ഞൻ തന്നെയാണീ വേർതിരിവ് സാധിക്കേണ്ടത്. ഇതെങ്ങനെ സാധിക്കാം? ആദ്യമായി ക്ഷേത്രത്തെ അഥവാ ശരീരത്തെ ആസ്പദമാക്കി താൻ പുലർത്തുന്ന സങ്കൽപ്പങ്ങളുടെ ശക്തി കുറയ്ക്കുകയാണു വേണ്ടത്. ഞാൻ ഇന്ന കുലത്തിൽ ജനിച്ചവനാണ്, ഇന്ന ജാതിയാണ്, എനിക്കിത്ര ധനമുണ്ട്, ഇന്നഇന്ന സ്ഥാനമാനങ്ങളുണ്ട്, ഇത്രമാത്രം കീർത്തിയുണ്ട്, എന്നൊക്കെ അഭിമാനിച്ചു തന്റെ മേന്മകൾ പുകഴ്ത്തി നടക്കുന്നതാണു മാനിത്വം. ഇവയെല്ലാം സ്വശരീരത്തെയും മറ്റു ജഡപദാർഥങ്ങളെയും ആശ്രയിക്കുന്നതുകൊണ്ടുണ്ടാകുന്ന അഭിമാനങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. ഈ അഭിമാനങ്ങൾ ഉപേക്ഷിക്കുകയാണ് അമാനിത്വം. മേൽപ്പറഞ്ഞ അഭിമാനങ്ങളിൽ മുറുകെപ്പിടിക്കുന്നയാൾക്ക് സത്യാന്വേഷണമാർഗത്തിൽ ആദ്യത്തെ ചുവടുപോലും വയ്ക്കാൻ അസാധ്യമായിരിക്കും. അമാനിത്വം നേടാൻ ശ്രമിക്കുന്നതിനോടൊപ്പം വ്യക്തിപരമായ തന്റെ കഴിവുകളെക്കുറിച്ചു ഗർവിക്കാതിരിക്കണം. ആരെ വേണമെങ്കിലും അടിച്ചു താഴെ വീഴ്ത്താനുള്ള ദേഹബലം തനിക്കുണ്ട്, ആരോടും വാദിച്ചു ജയിക്കാനുള്ള പാണ്ഡിത്യമുണ്ട്. എന്തും തീരുമാനിക്കാനുള്ള ബുദ്ധിസാമർഥ്യമുണ്ട്. ആരും എന്റെ മുമ്പിൽ തലകുനിക്കണം എന്നിത്യാദി ചിന്തകളാണു ദംഭം. ദംഭമില്ലായ്മയാണ് അദംഭിത്വം. ശരീരബലവും ബുദ്ധിബലവുമെല്ലാം ജഡവികാരങ്ങളാണെന്നു നാം കണ്ടുവല്ലോ. അവയിൽ താദാത്മ്യപ്പെട്ടു ഗർവിച്ചാൽ ക്ഷേത്രജ്ഞനു ക്ഷേത്രത്തിൽ നിന്ന് എങ്ങനെ വേർപെടാൻ പറ്റും. ഇത്രയുമായാൽ ഇനി ശീലിക്കേണ്ടത് അഹിംസയാണ്. പരദ്രോഹചിന്തയില്ലായ്മയാണ് അഹിംസ. ശാരീരികമായി മറ്റുള്ളവരെ വേദനപ്പെടുത്താതിരി

digitized by www.sreyas.in

ക്കുക എപ്പോഴും അംഹിസയാകയില്ല, ദ്രോഹചിന്തയോടെ മറ്റുള്ളവരുടെ ശരീരത്തിനോ മനസ്സിനോ പീഡയുണ്ടാക്കുന്നതാണു ഹിംസ. ദ്രോഹചിന്തയില്ലെങ്കിൽ മറ്റുള്ളവർക്കു നന്മ വരാനോ സ്വധർമം നടത്താനോ വേണ്ടി ചെയ്യുന്ന പീഡനങ്ങളെ ഹിംസയായി കണക്കാക്കുന്നതു ശരിയല്ല. ഒരമ്മ തികഞ്ഞ സദ്ബുദ്ധിയോടെ പാകമായ രീതിയിൽ തന്റെ കുഞ്ഞിനെ ശിക്ഷിക്കുന്നത് എങ്ങനെ ഹിംസയാകും? അർജുനൻ നടത്തുന്ന ധർമയുദ്ധം ഹിംസയാകുമായിരുന്നെങ്കിൽ അദ്ദേഹത്തോടതു ചെയ്യാൻ കൃഷ്ണൻ ആവശ്യപ്പെടുമായിരുന്നില്ല. ഭഗവാൻ തന്നെ ദുഷ്ടനിഗ്രഹം നടത്തുന്നതു ഹിംസയായി കരുതാമോ? കഴിവുണ്ടെങ്കിൽ ദുഷ്ടന്മാരെ ശിക്ഷിക്കാതിരിക്കുന്നത് അവരോടും ലോകത്തോടും ചെയ്യുന്ന ഹിംസയാണ്. അപ്പോൾ ദ്രോഹചിന്തയാണു ഹിംസ. ഒരു സാധകന് ആത്മദർശനത്തിനു കളങ്കമായി നിൽക്കുന്ന മറ ഈ ദ്രോഹചിന്തയാണ്. അതുകൊണ്ട് ആർക്കും ഒരിക്കലും ഒരു ദ്രോഹം ചെയ്യാൻ കൊതിക്കാതിരിക്കേണ്ടതാണ്. അതു സാധ്യമാകുന്ന മറ്റൊരു ഗുണമാണു ക്ഷാന്തി. ക്ഷമിക്കുക, സഹിക്കുക ഇതാണു ക്ഷാന്തി. ഈ ലോകം നന്മതിന്മകൾകൊണ്ട് നിറഞ്ഞതാണ്. വ്യക്തികൾ എപ്പോഴും നമ്മോടു നല്ല രീതിയിൽത്തന്നെ പെരുമാറിയെന്നു വരികയില്ല. പ്രകൃതിതന്നെയും എപ്പോഴും നമുക്കനുകൂലമായിരിക്കയില്ല. ആപത്തുകളും രോഗങ്ങളും ആർക്കും അനുഭവിക്കാനിടയാകും. ഇത്തരം അവസരങ്ങളിൽ ന്യായമായ പരിഹാരമില്ലെന്നുവന്നാൽ ചിന്തയോ വിലാപമോ കൂടാതെ ലക്ഷ്യബോധത്തിൽ ഉറച്ചുനിന്നുകൊണ്ട് അവ സഹിക്കുന്നതാണു തിതിക്ഷ. തിതിക്ഷപോലെ മനുഷ്യബുദ്ധിയെ അതിവേഗം സത്യത്തോടടുപ്പിക്കുന്ന മറ്റൊരു സാധനയില്ലെന്നാണു സത്യദർശികൾ പറയുന്നത്. തിതിക്ഷയുണ്ടെങ്കിൽ ആർജവം എളുപ്പമാകും. ഏതു കാര്യത്തിലും നേർബുദ്ധി കൈവിടേണ്ട കാര്യമില്ലല്ലോ. ഇതിനെല്ലാം സഹായിക്കുന്ന കാര്യമാണ് ആചാര്യോപാസനം. ബ്രഹ്മനിഷ്ഠനായ ഗുരുവിനെ അവസരം കിട്ടുമ്പോഴൊക്കെ അടുത്തുചെന്നു പരിചരിക്കുകയും പ്രസന്നനാക്കി സംശയങ്ങൾ ചോദിച്ചു പരിഹരിക്കുകയും ചെയ്യുന്നതാണ് ആചാര്യോപാസനം. മാനസികമായ നിഷ്കളങ്കതയാണു ശൗചം. ശാരീരികമായ ശുചിത്വം അത്യന്താപേക്ഷിതം തന്നെ. പക്ഷേ, മലഭാണ്ഡമായ ശരീരത്തെ സദാ ശുചിയാക്കി വയ്ക്കാൻ എത്ര ശ്രമിച്ചാലും സാധിക്കുന്നതല്ല. ഇനിയും പുറം ശുചിയാക്കിയാൽത്തന്നെ അതിന്റെ അകം സദാ അഴുക്കടഞ്ഞുതന്നെയിരിക്കും. നിഷ്കളങ്കമായ ചിത്തം ആത്മദർശനത്തിനു സ്വഭാവികമായും സമർഥമായിത്തീരും. അതുകൊണ്ടു ലോകത്തെ മുഴുവൻ ഈശ്വരമയമായി ഭാവനചെയ്തു ശുചി

digitized by www.sreyas.in

യാക്കി വയ്ക്കാൻ യത്നിക്കേണ്ടതാണ്. ഉറപ്പുറ്റ ലക്ഷ്യബോധമാണു സ്ഥൈര്യം. അന്തിമമായി നേടേണ്ട ലക്ഷ്യത്തിലേക്ക് തടവില്ലാതെ നീങ്ങുന്നു എന്നു ബോധ്യമുണ്ടെങ്കിൽ ഇടക്കെന്തും സംഭവിക്കട്ടെ. ഒന്നും തന്നെ പരിഭ്രമിക്കാനില്ല. മനസ്സാണല്ലോ എല്ലാറ്റിനും കാരണം. ബന്ധിപ്പിക്കാനും മോചിപ്പിക്കാനും അതിനു കഴിയും. ഇന്ദ്രിയദ്വാരങ്ങളിൽക്കൂടി അതിനെ പുറത്തു വിഷയങ്ങളുടെ പിന്നാലെ പായിച്ചാൽ അവിടെ ബന്ധത്തിലകപ്പെട്ട് ദുഃഖിക്കും. അന്തർമുഖമാക്കി ലക്ഷ്യസ്ഥിരതയോടെ ഏകാഗ്രപ്പെടുത്തിയാൽ ആത്മദർശനം നേടി അതു മോചിപ്പിക്കും. മനസ്സിന്റെ അന്തർമുഖമായ ഈ ഏകാഗ്രതയാണ് ആത്മവിനിഗ്രഹം. ഈ ഒമ്പതു സാധനകളും അഭ്യസിക്കാൻ തുടങ്ങുന്നതാണു ജ്ഞാനലബ്ധിക്കുള്ള ആദ്യത്തെ കാൽവയ്പ്. മുമ്പോട്ട് നീങ്ങുന്തോറും ഇവ ശക്തിപ്പെട്ടുവരും. ആത്മദർശനത്തോടെ ഇവയെല്ലാം ജ്ഞാനിയുടെ നിത്യസ്വഭാവമായി മാറുകയും ചെയ്യും. ഒരു കാലത്തു ക്ലേശിച്ചഭ്യസിക്കുന്ന കാര്യങ്ങൾ പിന്നീടു സ്വഭാവികമായി മാറുമ്പോഴാണവ ജീവിതത്തിന്റെ അഭേദ്യാംശമായി ഭവിക്കുന്നത്.

പ്രാഥമികപാഠങ്ങൾ അഭ്യസിക്കാൻ തുടങ്ങി ഏതാണ്ടൊക്കെ അവയോടു പൊരുത്തപ്പെടുന്നു എന്നു തോന്നിയാൽപ്പിന്നെ അഭ്യസിക്കേണ്ട പ്രധാന കാര്യങ്ങളാണ് അടുത്ത പദ്യത്തിൽ വിവരിക്കുന്നത്.

*8 ഇന്ദ്രിയാർഥേഷു വൈരാഗ്യമനഹംകാര ഏവ ച*
*ജന്മമൃത്യുജരാവ്യാധിദുഃഖദോഷാനുദർശനം*

ഇന്ദ്രിയാർഥേഷു - ഇന്ദ്രിയങ്ങൾക്കു കൊതി തോന്നുന്ന പദാർഥങ്ങളിൽ; വൈരാഗ്യം - രാഗമില്ലായ്മയും; അനഹംകാര ഏവ ച - ഞാൻ ചെയ്യുന്നു, ഞാൻ അനുഭവിക്കുന്നു എന്ന രീതിയിൽ കർത്തൃത്വവും ഭോക്തൃത്വവും ഇല്ലാതിരിക്കലും; ജന്മമൃത്യുജരാവ്യാധിദുഃഖദോഷാനുദർശനം - ജനനം, മരണം, ജീർണത, രോഗം തുടങ്ങിയ ദുഃഖങ്ങളാകുന്ന ദോഷങ്ങൾ കൊണ്ടു നിറഞ്ഞവയാണു ദേഹങ്ങളെന്നു സദാ ഓർമിക്കലും ജ്ഞാനത്തിനു വഴിതെളിക്കുന്ന ഉപായങ്ങളാണ്.

ഇന്ദ്രിയങ്ങൾക്കു കൊതി തോന്നുന്ന പദാർഥങ്ങളിൽ രാഗമില്ലായ്മയും, ഞാൻ ചെയ്യുന്നു, ഞാൻ അനുഭവിക്കുന്നു എന്ന രീതിയിൽ കർത്തൃത്വവും, ഭോക്തൃത്വവും ഇല്ലാതിരിക്കലും, ജനനം, മരണം, ജീർണത, രോഗം തുടങ്ങിയ ദുഃഖങ്ങളാകുന്ന ദോഷങ്ങൾകൊണ്ടു നിറഞ്ഞവയാണു ദേഹങ്ങളെന്നു സദാ ഒർമിക്കലും ജ്ഞാനത്തിനു വഴിതെളിക്കുന്ന ഉപായങ്ങളാണ്.



digitized by www.sreyas.in

## വൈരാഗ്യം, അനഹങ്കാരം, ദോഷദർശനം

ജ്ഞാനസാധനകളിൽ അത്യന്തം പ്രാധാന്യമുള്ളതാണു വൈരാഗ്യം. മുമ്പറഞ്ഞ പ്രാഥമിക സാധനകൾ അഭ്യസിച്ചുതുടങ്ങിയാൽ ക്രമേണ വൈരാഗ്യം അനുഭവപ്പെട്ടുതുടങ്ങും. ജഡവിഷയങ്ങളെ പിന്തുടർന്നു കിട്ടാവുന്ന ഭൗതികസുഖങ്ങളിൽ കൊതിയില്ലായ്മയാണു വൈരാഗ്യം. ഓരോ ഇന്ദ്രിയവും അതാതിന്റെ വിഷയങ്ങൾ നേടി സുഖിക്കാൻ കൊതിക്കും. ഇന്ദ്രിയസുഖത്തിനു കൊതിക്കുന്ന മനസ്സ് ഇന്ദ്രിയങ്ങളെ പിന്തുടർന്നു പല കൈവഴികളായി പിരിഞ്ഞു ദുഃഖത്തിൽ പതിക്കാനിടവരുന്നു. ഇന്ദ്രിയവിഷയങ്ങളിൽ നിന്നകന്ന് അന്തർമുഖമായി ഏകാഗ്രപ്പെടുന്ന മനസ്സ് ആനന്ദസ്വരൂപമായ ആത്മാവിനെ കണ്ടെത്തുന്നു. ഇതാണു നിയമം. സ്വാഭാവികമായ വിരക്തി വർധിക്കുന്തോറും ആത്മാനന്ദം കൂടിവരും. ഈ ലോകത്തും പരലോകത്തുമുള്ള എല്ലാ ലൗകികസുഖങ്ങളിലും യാതൊരു താൽപ്പര്യവുമില്ലാതായിത്തീരുന്നതാണു വൈരാഗ്യത്തിന്റെ പരമകാഷ്ഠ. അവിടെയെത്തിയാൽ ആത്മാനുഭവം നിരന്തരവും ഗാഢവുമായിത്തീരും. വൈരാഗ്യം കുറെയെങ്കിലും വന്നയാൾക്ക് ഈ ജീവിതം പിന്നെ വെറുമൊരഭിനയം മാത്രം. ദേഹം കർമം ചെയ്യുന്നുണ്ട്. പലതും അനുഭവിക്കുന്നുണ്ട്. പക്ഷേ, വസ്തുബോധമുള്ള ഒരു വിരക്തൻ ഞാൻ ചെയ്യുന്നു എന്ന കർത്തൃഭാവം അംഗീകരിക്കുന്നില്ല. ഞാൻ അനുഭവിക്കുന്നു എന്ന ഭോക്തൃഭാവവും അംഗീകരിക്കുന്നില്ല. കർത്തൃത്വമോ ഭോക്തൃത്വമോ ആത്മാവിലില്ലെന്നു ഭാവന ചെയ്യുന്നു. ഇതാണ് അനഹങ്കാരാഭ്യാസം. വൈരാഗ്യവും അനഹങ്കാരവും അഭ്യസിക്കുമ്പോൾ അതിനെ സഹായിക്കുന്ന ഒരു പ്രധാന ഘടകമാണ് വിഷയങ്ങളിലെ ദോഷദർശനം. സ്വന്തം ശരീരമുൾപ്പെടെയുള്ള വിഷയങ്ങൾ ജഡങ്ങളാണ്. ജനന ദുഃഖം. മരണദുഃഖം, ജീർണതാദുഃഖം, രോഗദുഃഖം ഈ ദോഷങ്ങൾ എല്ലാ ശരീരങ്ങളിലും സദാ ഒളിഞ്ഞും തെളിഞ്ഞുമിരിക്കുന്നു. സുഖത്തിനിരിപ്പിടമെന്നു കരുതുന്ന സ്വന്തം ശരീരത്തിലും മറ്റു ശരീരങ്ങളിലും ഈ ദോഷങ്ങൾ നിരന്തരം അനുസന്ധാനം ചെയ്യുന്നയാൾക്ക് അചിരേണ അഹങ്കാരമില്ലായ്മയും വൈരാഗ്യവും ദൃഢപ്പെട്ടുകിട്ടും. ആത്മസുഖം വളരുകയും ചെയ്യും. ആത്മജ്ഞാനം ദൃഢപ്പെട്ടാൽ വൈരാഗ്യവും അനഹങ്കാരവും അഭ്യാസദശവിട്ട് സ്വാഭാവികമായിത്തീരുകയും ചെയ്യും.

അമാനിത്വാദി പ്രാഥമികസാധനകളും വൈരാഗ്യാനഹങ്കാരങ്ങളും കഴിഞ്ഞാൽ ജ്ഞാനത്തിന്റെ ക്രമവികാസത്തിലെ അടുത്ത പടിയെന്തെന്നാണു ഭഗവാൻ ഒമ്പതാം പദ്യത്തിൽ വിവരിക്കുന്നത്.

digitized by www.sreyas.in

*9. അസക്തിരനഭിഷ്വംഗഃ പുത്രദാരഗൃഹാദിഷു*
*നിത്യം ച സമചിത്തത്വമിഷ്ടാനിഷ്ടോപപത്തിഷു*

അസക്തിഃ - സ്വന്തം ദേഹമുൾപ്പെടെ ഒന്നിലും എന്റേതെന്ന ഭാവമില്ലായ്മ; പുത്രദാരഗൃഹാദിഷു അനഭിഷ്വംഗഃ - സന്താനങ്ങൾ, ഭാര്യ, ഗൃഹധനാദി എന്നിവയിലാണ് തന്റെ സുഖഃദുഖങ്ങളും ജീവിതസാഫല്യവും സ്ഥിതി ചെയ്യുന്നതെന്നു കരുതായ്ക; ഇഷ്ടാനിഷ്ടോപപത്തിഷു - ഇഷ്ടമോ അനിഷ്ടമോ എന്തുവന്നാലും; നിത്യം സമചിത്തത്വം ച - സദാ സമചിത്തനായിത്തന്നെ വർത്തിക്കുക ഇവയാണു തുടർന്നുള്ള ജ്ഞാനനിഷ്ഠകൾ.

സ്വന്തം ദേഹമുൾപ്പെടെ ഒന്നിലും തന്റേതെന്ന ഭാവമില്ലായ്മ, സന്താനങ്ങൾ, ഭാര്യ, ഗൃഹധനാദി എന്നിവയിലാണു തന്റെ സുഖദുഃഖങ്ങളും ജീവിതസാഫല്യവും സ്ഥിതിചെയ്യുന്നതെന്നു കരുതായ്ക, ഇഷ്ടമോ അനിഷ്ടമോ എന്തുവന്നാലും സദാ സമചിത്തനായിത്തന്നെ വർത്തിക്കുക ഇവയാണു തുടർന്നുള്ള ജ്ഞാനനിഷ്ഠകൾ.

## *അസക്തി, അനഭിഷ്വംഗം, സമചിത്തത്വം*

സക്തിയില്ലായ്മയാണു അസക്തി. ജഡപദാർഥങ്ങളിൽ തന്റേതെന്ന ഭാവമാണു സക്തി അഥവാ സംഗം. ക്ഷേത്രജ്ഞനെ ക്ഷേത്രവുമായി ബന്ധിപ്പിക്കുന്നത് ഈ സക്തിയാണ്. ബാഹ്യതലത്തിൽപ്പോലും ചിന്തിക്കുന്നവർക്ക് ഈ സക്തി അർഥശൂന്യമാണെന്നു കാണാൻ കഴിയും. ഒരുവൻ സ്വന്ത ദേഹമുൾപ്പെടെ ഏതേതിലൊക്കെ തന്റേതെന്ന ഭാവം പുലർത്തുന്നുവോ അവയൊക്കെ ഏതു നിമിഷവും വേർപെട്ടുപോകാവുന്നവയാണ്. അതുകൊണ്ട് അത്തരം പദാർഥങ്ങളിലുള്ള സക്തി ദുഃഖകാരണമാണെന്നറിയാൻ എന്താണു പ്രയാസം? സക്തിയില്ലായ്മയാണു ത്യാഗം. ദേഹമുൾപ്പെടെ ഒന്നും തന്റേതല്ലെന്നും ഒക്കെ ഈശ്വരന്റേതാണെന്നും നിരന്തരം ഭാവന ചെയ്യുന്ന ഒരാൾക്കു ലോകവ്യവഹാരങ്ങളിൽ ഏർപ്പെട്ടിരുന്നാലും അചിരേണ അസക്തി വന്നുചേരുന്നതാണ്. സക്തിയുടെ പ്രബലഭാവമാണു പുത്രദാര ഗൃഹാദിയിലുള്ള അഭിഷ്വംഗം. ഒന്നിനോടു തുടർന്നുള്ള അനുരാഗമാണ് അഭിഷ്വംഗം. സന്താനങ്ങൾ, ഭാര്യ, വീട്, ധനം മുതലായവ സ്വസ്ഥമാണെങ്കിൽ തനിക്കും സ്വസ്ഥത. അവയ്ക്കു കേടുവന്നാൽ തനിക്കും കേട്. എന്തിന് തന്റെ ജീവിതസാഫല്യം അവയിലാണു സ്ഥിതിചെയ്യുന്നത് എന്ന തോന്നൽ. ഇവയൊക്കയാണു അഭിഷ്വംഗലക്ഷണങ്ങൾ. ഇവ ഇല്ലാതിരിക്കുകയാണ് അനഭിഷ്വംഗം. ഒന്നും എന്റേതല്ല; എല്ലാം ഈശ്വരന്റേതാണ് എന്ന

digitized by www.sreyas.in

അസക്തി നല്ലവണ്ണം അഭ്യസിക്കുന്ന ഒരാൾക്കു തുടർന്ന് ഈ അന ഭിഷ്വംഗവും ദൃഢപ്പെടും. ഒരു നാടകത്തിലഭിനയിക്കുന്നയാളിനെപ്പോലെ കുടുംബകാര്യങ്ങളെല്ലാം ഭംഗിയായി നോക്കിക്കഴിഞ്ഞുകൂടുന്ന ഗൃഹ സ്ഥനു തന്നെ ഈ അനഭിഷ്വംഗം അഭ്യസിച്ചു ദൃഢപ്പെടുത്താവുന്നതാണ്. അസക്തിയും അനഭിഷ്വംഗവും കൊണ്ടും നേടേണ്ടതാണു സമചിത്തത്വം. ഈ ലോകത്തൊന്നിനോടും വിശേഷിച്ചു സംഗവും അനുരാഗവുമില്ലെങ്കിൽ ഏതു പരിതഃസ്ഥിതിയിലും ചിത്തത്തിന്റെ സമനില നഷ്ടപ്പെടേണ്ട കാര്യ മില്ലല്ലോ. ചിത്തത്തിന്റെ സമനിലയാണു യോഗം, ഇതഭ്യസിക്കാനാണു ഭഗ വാൻ രണ്ടാമധ്യായത്തിൽത്തന്നെ അർജുനനോടാവശ്യപ്പെടുന്നത്. സമനില പ്രാപിച്ച ചിത്തം സ്വാഭാവികമായും ആത്മാനുഭവമുള്ളതായി ഭവിക്കുന്നു. ഈ ജ്ഞാനസാധനകൾക്കെല്ലാം ഒരു കാരണകാര്യക്രമം കാണാനുണ്ടെ ങ്കിലും ഇവ സമകാലത്തിൽത്തന്നെ അഭ്യസിച്ചുറപ്പിക്കേണ്ടവയാണെന്നും ഓർക്കേണ്ടതാണ്. കാരണം പ്രബലമായാൽ സമകാലത്തിൽത്തന്നെ കാര്യവും പ്രബലമാകുന്നതാണ്. സാധകന് ഇവയൊക്കെ പരിശീലിക്കാനു ള്ളവയാണ്. സിദ്ധന് ഇവയൊക്കെ സ്വഭാവമാണ്.

സമചിത്തത്വം കഴിഞ്ഞാലുള്ള ക്രമവികാസരൂപമായ ജ്ഞാനസാധന കളാണിനി വിവരിക്കുന്നത്:-

*10. മയി ചാനന്യയോഗേന ഭക്തിരവ്യഭിചാരിണീ*
*വിവിക്തദേശസേവിത്വമരതിർജനസംസദി*

മയി – പരമാത്മാവായ എന്നിൽ; അനന്യയോഗേന – സർവത്ര എന്നെത്തന്നെ കണ്ട്; അവ്യഭിചാരിണീ – മറ്റൊന്നിലും മോഹിച്ചുപോകാത്ത; ഭക്തിഃ ച – പരമപ്രേമവും; വിവിക്തദേശസേവിത്വം – ഏകാന്തസ്ഥാനങ്ങളിൽ കഴിഞ്ഞു കൂടാനുള്ള കൗതുകവും; ജനസംസദി അരതിഃ – ജനക്കൂട്ടത്തിൽ കഴിയാൻ താൽപ്പര്യമില്ലായ്മയും തുടർന്നു വികാസം പ്രാപിക്കുന്ന ജ്ഞാനസാധനക ളാണ്.

പരമാത്മാവായ എന്നിൽ സർവത്ര എന്നെത്തന്നെ കണ്ടു മറ്റൊന്നിലും മോഹിച്ചുപോകാത്ത പരമപ്രേമവും ഏകാന്തസ്ഥാനങ്ങളിൽ കഴിഞ്ഞുകൂടാ നുള്ള കൗതുകവും ജനക്കൂട്ടത്തിൽ കഴിയാൻ താൽപ്പര്യമില്ലായ്മയും തുടർന്നു വികാസം പ്രാപിക്കുന്ന ജ്ഞാനസാധനകളാണ്.

## *ഭക്തി, ഏകാന്തത*

സമചിത്തത ശക്തി പ്രാപിക്കുംതോറും അസാധാരണമായ ചിത്തപ്ര

digitized by www.sreyas.in

സാദവും ആത്മാനന്ദവും അനുഭവപ്പെടും. പ്രസന്നമായ ചിത്തം തന്റെ പിന്നിൽ നിത്യമുക്തമായ ആത്മാവുണ്ടെന്നറിഞ്ഞ് അനുഭവിക്കുന്ന തൃപ്തി യാണ് ആത്മാനന്ദം. ദുഃഖത്തിന്റെ നിഴൽപോലുമില്ലാത്ത ആത്മാനന്ദത്തിനു തുല്യമായ ഒന്നും ലോകത്തൊരിടത്തും കിട്ടാനില്ലെന്ന് അതോടെ ബോധ്യ മാകുന്നു. ലോകത്തെല്ലാരും തിരയുന്നതാനന്ദമാണല്ലോ. ഒരിക്കലും നഷ്ട പ്പെടാത്ത ആനന്ദം തരാൻ കരുത്തുള്ള ഒരു വസ്തു തനിക്കതീവ പ്രാപ്യമാ യിട്ടുണ്ടെന്നറിഞ്ഞാൽ അതിൽ പരമപ്രേമം തോന്നുക സ്വാഭാവികമാണ്. അപ്പോൾ തന്റെ എല്ലാ കർമചലനങ്ങളും ആ വസ്തുവിനോടു കൂടുതൽ കൂടുതൽ അടുക്കാൻ ഉപകരിക്കേണ്ടതാണെന്നും തീരുമാനമാകും. ഇങ്ങനെ ആത്മാവിൽ പരമപ്രേമം അർപ്പിക്കുകയും കർമചലനങ്ങളെല്ലാം ആത്മാരാ ധനമാക്കി മാറ്റുകയും ചെയ്യുന്നതാണ് അവ്യഭിചാരിണിയായ ഭക്തി; മറ്റൊ ന്നിലും മോഹിച്ചുപോകാത്ത ഭക്തി. പക്ഷേ, ഇതിന് അനന്യയോഗമുണ്ടെ ങ്കിലേ പറ്റൂ. അന്യമായ ഒന്നിനോടു മനസ്സിനു ചേർച്ചയില്ലാതാവുകയാണു അനന്യയോഗം. എങ്ങോട്ടു നോക്കിയാലും കാണുന്നതൊക്കെ ഈശ്വരസ്വ രൂപമാണെന്നുറപ്പിക്കലാണ് അനന്യയോഗം. അനന്യയോഗത്തിലൂടെ അവ്യ ഭിചാരിണിയായ ഭക്തി വന്നുകഴിഞ്ഞാൽ നിരന്തരമായ ആത്മാനന്ദം അനു ഭവപ്പെടും. തുടർന്നു സദാ ഏകാന്തതയിൽ കഴിഞ്ഞാൽ കൊള്ളാമെന്നും തോന്നും. ജനക്കൂട്ടത്തിൽ താൽപ്പര്യമില്ലാതാകും. പലരുമായി ഒരുമിച്ചാൽ പലതിനെക്കുറിച്ചാകും സംഭാഷണം. അതു മനസ്സിന്റെ വിക്ഷേപത്തിനു കാര ണമാകും. രണ്ടുപേർ ഒരുമിച്ചാൽ ഒരു ഗ്രാമമാകും; രണ്ടിലധികം പേരായാൽ ഒരു പട്ടണമായി മാറും; എന്നാണ് ആപ്തസിദ്ധാന്തം. അതുകൊണ്ട് കഴിവു ള്ളിടത്തോളം സത്യനിഷ്ഠന്മാർ ജനക്കൂട്ടത്തിൽപ്പെടാതെ ഏകാന്തമായി കഴി യാൻ ആഗ്രഹിക്കുന്നു. ജനക്കൂട്ടത്തിൽപ്പെട്ടാൽ തന്നെ മനസ്സിനെ ആത്മനി ഷ്ഠമാക്കി ആന്തരികമായ ഏകാന്തത അനുഭവിക്കുന്നു. ഒരു സാധകൻ അവ്യ ഭിചരാണിയായ ഭക്തിയും ഏകാന്തതയും പ്രയത്നപൂർവം നിരന്തരം അഭ്യ സിക്കേണ്ടതാണ്.

ഇത്രയുമായാൽ ജ്ഞാനാഭ്യാസത്തിന്റെ പരമകാഷ്ഠ എന്തെന്നാണ് ഇനി പതിനൊന്നാം ശ്ലോകത്തിൽ വിവരിക്കുന്നത്.

11. *അധ്യാത്മജ്ഞാനനിത്യത്വം തത്ത്വജ്ഞാനാർഥദർശനം*
*ഏതജ്ജ്ഞാനമിതി പ്രോക്തമജ്ഞാനം യതോഽന്യഥാ*

ആധ്യാത്മജ്ഞാനനിത്യത്വം - 'ഞാൻ ആത്മാവാണ്, ശരീരമല്ല' എന്ന ആത്മാ നുഭവം സദാ ഉണ്ടായിരിക്കുക; തത്ത്വജ്ഞാനാർഥദർശനം - തന്റെ സ്വരൂപമായ

digitized by www.sreyas.in

ബ്രഹ്മതത്വം തന്നെയാണ് പ്രപഞ്ചമായി കാണപ്പെടുന്നതെന്നിങ്ങനെ തത്വബോധത്തോടുകൂടിയുള്ള വസ്തുദർശനം; ഏതത് – എന്നിതൊക്കെയാണ്; ജ്ഞാനം ഇതി പ്രോക്തം – ബ്രഹ്മനിഷ്ഠക്കുള്ള ഉപായങ്ങളായി പറയപ്പെട്ടിരിക്കുന്നത്; അതഃ – ഇതിൽ നിന്നും; അന്യഥാ യത് – വിപരീതമായി എന്തൊക്കെയുണ്ടോ; അജ്ഞാനം – അതൊക്കെ സത്യത്തെ മൂടിക്കളയുന്ന അജ്ഞാനമായി പറയപ്പെടുന്നു.

'ഞാൻ ആത്മാവാണ് ശരീരമല്ല' എന്ന ആത്മാനുഭവം സദാ ഉണ്ടായിരിക്കുക, തന്റെ സ്വരൂപമായ ബ്രഹ്മതത്വം തന്നെയാണു പ്രപഞ്ചമായി കാണപ്പെടുന്നതെന്നിങ്ങനെ തത്വബോധത്തോടുകൂടിയുള്ള വസ്തുദർശനം, എന്നിതൊക്കെയാണ് ബ്രഹ്മനിഷ്ഠക്കുള്ള ഉപായങ്ങളായി പറയപ്പെട്ടിരിക്കുന്നത്. ഇതിൽനിന്നു വിപരീതമായി എന്തൊക്കെയുണ്ടോ അതൊക്കെ സത്യത്തെ മൂടിക്കളയുന്ന അജ്ഞാനമായി പറയപ്പെടുന്നു.

## ഏതത് ജ്ഞാനം

ആത്മസാക്ഷാൽക്കാരം, തുടർന്നുള്ള ബ്രഹ്മസാക്ഷാൽക്കാരം; ഇതാണല്ലോ സത്യാനുഭവത്തിന്റെ ക്രമം. ഞാൻ ദേഹമല്ല, നിത്യമുക്തനായ ആത്മാവാണ് എന്നനുഭവിക്കുന്നതാണ് ആത്മസാക്ഷാൽക്കാരം. ഇതാണ് അധ്യാത്മജ്ഞാനം. അധ്യാത്മജ്ഞാനം നിരന്തരമായിത്തീരുന്നതോടെ തന്റെ ആത്മാവായി വിളങ്ങുന്ന ബ്രഹ്മവസ്തുതന്നെയാണ് ഈ പ്രപഞ്ചത്തിൽ എല്ലാമായി കാണപ്പെടുന്നത് എന്നനുഭവിക്കുന്നതാണു ബ്രഹ്മസാക്ഷാൽക്കാരം. ഇതാണ് തത്വജ്ഞാനാർഥദർശനം. ഇതുതന്നെയാണു മോക്ഷം അഥവാ അദ്വൈതാനുഭവം. ഈ അദ്വൈതാനുഭവമുൾപ്പെടെ മേൽപറഞ്ഞ കാര്യങ്ങളെല്ലാം ജ്ഞാനം എന്നറിയപ്പെടുന്നു. സാധകന്റെ അഭ്യാസദശയിൽ ഇവയെല്ലാം ജ്ഞാനോപായങ്ങളാണ്. ഔഷധം ആരോഗ്യമാണ് എന്നു പറയുന്നതുപോലെ ജ്ഞാനോപായങ്ങളായി വർത്തിക്കുമ്പോഴും അവയെ ജ്ഞാനം എന്നുതന്നെ പറയാവുന്നതാണ്. പൂർണബ്രഹ്മാനുഭൂതിയിൽ സ്വഭാവങ്ങളായിത്തീരുന്നതുകൊണ്ട് ഇവയെല്ലാം ജ്ഞാനത്തിന്റെ തന്നെ അഭിന്നാംശങ്ങളായി വർത്തിക്കുന്നു. ഇവയ്ക്കു നേരേ വിപരീതങ്ങളായ കാര്യങ്ങളാണ് അജ്ഞാനം. ജാതിമതാദികാര്യങ്ങളിൽ അഭിമാനം കൊള്ളുക, സ്വന്തം കഴിവിൽ ഗർവിക്കുക, പരദ്രോഹം ചെയ്യുക, അക്ഷമ കാണിക്കുക, വക്രത പാലിക്കുക, ഗുരുവിനെ അവിശ്വസിക്കുക, ചിത്തശുദ്ധിയില്ലാതിരിക്കുക, ലക്ഷ്യം എന്തെന്നറിയാതിരിക്കുക, മനോനി

digitized by www.sreyas.in

യന്ത്രണമില്ലാതിരിക്കുക ഇവയൊക്കെയാണ് അജ്ഞാനാന്ധകാരത്തിലേക്കു പതിക്കാനുള്ള ആദ്യത്തെ പടികൾ. ഇത്രയുമായാൽ പിന്നെ ഭൗതികവസ്തുക്കൾ മാത്രമാണു സത്യമെന്നു കരുതി അവയുടെ പിന്നാലെ അലഞ്ഞുതിരിയാനും കർമബദ്ധനായി അഹങ്കരിക്കാനും ഇടവരും. ജനനമരണജരാവ്യാധികളിൽപ്പെട്ടുഴലേണ്ടിവരും. പുത്രദാരഗൃഹധനാദിയിൽ അതിയായി സംഗപ്പെട്ടു മനസ്സ് സദാ ക്ഷോഭിച്ചുകൊണ്ടിരിക്കും. ഭഗവാനെ പാടേ മറക്കും. സദാ മറ്റുള്ളവരുമായി പരദോഷചർച്ചയിൽ സമയം കഴിക്കും. ഞാൻ ദേഹമാണെന്ന ഭ്രമം വർധിക്കും. തത്വം പാടേ അപ്രത്യക്ഷമാവുകയും ചെയ്യും. അങ്ങനെ ഇരുട്ടിലേക്കുള്ള പതനം പൂർണമാകും. ഇതാണ് അജ്ഞാനം എന്നു പറയപ്പെടുന്നത്.

മേൽ വിവരിച്ച ജ്ഞാനോപായങ്ങൾ അഭ്യസിച്ച് അനുഭവം പൂർണമായാൽ ക്ഷേത്രം പാടേ മറഞ്ഞു ക്ഷേത്രജ്ഞൻ പൂർണമായും സ്വതന്ത്രനാകും. അതാണല്ലോ മുക്തി. ജ്ഞാനംകൊണ്ട് അറിയപ്പെടേണ്ട ഈ ക്ഷേത്രജ്ഞന്റെ സ്വരൂപവിവരണം അർജുനനെ കേൾപ്പിക്കാമെന്നു ഭഗവാൻ അടുത്ത പദ്യത്തിൽ പ്രതിജ്ഞ ചെയ്യുന്നു. തുടർന്നു പന്ത്രണ്ടാം പദ്യത്തിന്റെ ഉത്തരാർധം മുതൽ പതിനേഴാം പദ്യംവരെ സമഗ്രമായി വസ്തുസ്വരൂപം വിവരിച്ചിരിക്കുന്നു. മൂന്നാം പദ്യത്തിൽ വെളിപ്പെടുത്തിയ ഒടുവിലത്തെ രണ്ടു ചോദ്യങ്ങൾക്കുള്ള ഉത്തരമാണിത്.

*12. ജ്ഞേയം യത്തത് പ്രവക്ഷ്യാമി യജ്ജ്ഞാത്വാഽമൃതമശ്നുതേ*
*അനാദിമത്പരം ബ്രഹ്മ ന സത്തന്നാസദുച്യതേ*

ജ്ഞേയം യത് - ജ്ഞാനസാമഗ്രികൾകൊണ്ട് അറിയപ്പെടേണ്ട സത്യമേതാണോ; യത് ജ്ഞാത്വാ - ഏതൊരു സത്യത്തെ അറിഞ്ഞാൽ; അമൃതം അശ്നുതേ - ജനനമരണരഹിതമായ മോക്ഷസുഖം അനുഭവിക്കാറാകുമോ; തത് - ആ സത്യം; പ്രവക്ഷ്യാമി - വ്യക്തമായി ഞാൻ പറഞ്ഞുതരാം; അനാദിമത് - മറ്റൊന്നിൽ നിന്നും ജനിക്കാത്ത; പരം - പ്രപഞ്ചത്തിന്റെ പരമകാരണമായ; ബ്രഹ്മ - ബ്രഹ്മമാണത്; തത് ന സത് - അതിനെ ആപേക്ഷികമായ ഉണ്മയെന്നു പറഞ്ഞുകൂടാ; അസത് ന ഉച്യതേ - ആപേക്ഷികമായ ഇല്ലായ്മയെന്നും പറഞ്ഞുകൂടാ.

ജ്ഞാനസാമഗ്രികൾകൊണ്ട് അറിയപ്പെടേണ്ട സത്യമേതാണോ, ഏതൊരു സത്യത്തെ അറിഞ്ഞാൽ ജനനമരണരഹിതമായ മോക്ഷസുഖം അനുഭവിക്കാറാകുമോ, ആ സത്യം വ്യക്തമായി ഞാൻ പറഞ്ഞുതരാം. മറ്റൊ

digitized by www.sreyas.in

ന്നിൽ നിന്നും ജനിക്കാത്ത പ്രപഞ്ചത്തിന്റെ പരമകാരണമായ ബ്രഹ്മമാണ ത്. അതിനെ ആപേക്ഷികമായ ഉണ്മയെന്നു പറഞ്ഞുകൂടാ; ആപേക്ഷിക മായ ഇല്ലായ്മയെന്നും പറഞ്ഞുകുടാ. '

## *അനാദിമത്പരം ബ്രഹ്മ*

പ്രപഞ്ചത്തിന്റെ പരമകാരണമായ ബ്രഹ്മമാണ് അറിയപ്പെടേണ്ട സത്യം. അതു മറ്റൊന്നിൽനിന്നും ജനിച്ചതല്ല. എന്താണു സത്യം? പ്രപഞ്ച ത്തിന്റെ പരമകാരണമാണു സത്യം. സത്യത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ എവിടെ എത്തിയാൽ സത്യം കണ്ടെത്തും എന്നു വ്യക്തമായ ഒരു ധാരണ വേണം. പ്രപഞ്ചത്തിൽ കാണപ്പെടുന്ന സകലതും ഉണ്ടായി മറയുന്ന കാഴ്ച കളായിട്ടാണനുഭവപ്പെടുക. ഈ അനുഭവത്തിന്റെ പശ്ചാത്തലമാണു സത്യാ ന്വേഷണത്തിനു സകലരെയും പ്രേരിപ്പിക്കുന്നത്. എല്ലാം ഉണ്ടായി മറയുന്നു വെങ്കിൽ ഇവ ഏതിൽനിന്നുണ്ടാകുന്നു ഏതിൽ തിരിച്ചുമറയുന്നു? ഈ ചോദ്യത്തിനുത്തരം കണ്ടുപിടിക്കുകയാണു സത്യസാക്ഷാൽക്കാരം. ഇനി ഇങ്ങനെ പരമകാരണമായ ഒരു സത്യം ഉണ്ടെന്നു കരുതുക. ഉണ്ടെങ്കിൽ അതൊരിക്കലും മറ്റൊന്നിൽ നിന്നുണ്ടായതാവാൻ പറ്റില്ല. മറ്റൊന്നിൽ നിന്നു ണ്ടായതാണെന്നുവന്നാൽ ആ മറ്റൊന്നാണു പരമകാരണമെന്നു വന്നുചേരും. അപ്പോൾ മറ്റൊന്നിൽനിന്നും ഉണ്ടായിക്കാണുന്ന യാതൊന്നും പ്രപഞ്ച ത്തിന്റെ പരമകാരണമാവാൻ പറ്റില്ല. മറ്റൊന്നിൽ നിന്നും ഉണ്ടായതല്ലെങ്കിൽ അതു പരിണമിക്കുന്നതോ നശിക്കുന്നതോ ആകാനും പറ്റില്ല. പരിണമിക്കു കയോ നശിക്കുകയോ ചെയ്താൽ പ്രപഞ്ചത്തിനു പിന്നെ ഉണ്ടായിമറയാൻ കഴിയാതെപോകും. ചില മന്ദബുദ്ധികൾ പ്രപഞ്ചം ഒരു നിരന്തരപരിണാമമാ ണെന്നു തട്ടിമൂളിക്കാറുണ്ട്. ഈ പരിണാമപ്രവാഹത്തിനു തുടക്കമില്ലേ? ഇല്ലെന്നു പറഞ്ഞാൽ അതു എന്നെന്നേയ്ക്കുമായി കൂരിരുട്ടിലേക്കുള്ള പത നമാവും. സത്യാന്വേഷണത്തിലെ നാലു പ്രാഥമികതത്വങ്ങളാണു ഭഗവാൻ പ്രസ്തുത പദ്യത്തിൽ വെളിപ്പെടുത്തുന്നത്. ഇവ വ്യക്തമായി ഗ്രഹിക്കാൻ കഴിയാത്തവർക്കു സത്യാന്വേഷണമേ സാധ്യമല്ല. അവയിൽ ഒന്നാമത്തേതി താണ്. ഉണ്ടായിമറയുന്ന ഈ പ്രപഞ്ചപ്രവാഹം ഉണ്ടാകാത്തതും ഒരിക്കലും മറയാത്തതുമായ ഒരിടത്തുനിന്നു തുടങ്ങുന്നതും കുറെക്കഴിഞ്ഞ് ആ സ്ഥല ത്തേക്കുതന്നെ മടങ്ങിയിട്ടു വീണ്ടും തുടങ്ങുന്നതുമാണ്. അതായത് ഉണ്ടാ കാത്തതും നശിക്കാത്തതുമാണു സത്യം. പ്രപഞ്ചത്തിന്റെ പരമകാരണ മാണു സത്യം. എന്നതാണു രണ്ടാമത്തെ തത്വം. ഈ പരമകാരണത്തിനു

digitized by www.sreyas.in

നമുക്കു ബ്രഹ്മമെന്നു പേരിടാം എന്നതാണു മൂന്നാമത്തെ തത്വം. 'ബ്രഹ്മ' ശബ്ദത്തിനു പ്രപഞ്ചരൂപത്തിൽ തടിച്ചുപെരുകിക്കാണുന്നത് എന്നാണർഥം. പരമകാരണം തൽക്കാലം വ്യക്തമായി കാണാനില്ലാത്തതുകൊണ്ട് അതു സൂക്ഷ്മമായിരിക്കണം. പക്ഷേ, നമുക്കതിന് അന്വർഥമായ ഒരു പേരിടണമല്ലോ. പേരിലാണു പലരും ഭ്രമിച്ചുപോകുന്നത്. ബ്രഹ്മശബ്ദത്തെക്കുറിച്ചങ്ങനെ ഭ്രമിക്കേണ്ട ഒരു കാര്യവുമില്ല. സ്ഥൂലമായ പ്രപഞ്ചത്തിന്റെ സൂക്ഷ്മമായ കാരണം എന്നേ ആ പദത്തിനർഥമുള്ളൂ. കാരണത്തിന്റെ ഈ സൂക്ഷ്മ സ്ഥിതി സത്യം കണ്ടവർക്കു വ്യക്തമായി തെളിഞ്ഞിട്ടുള്ളതാണ്. ഇനി നാലാമത്തെ തത്വമാണു ആ പരമകാരണത്തെ ആപേക്ഷികമായ ഉണ്മയെന്നോ ഇല്ലായ്മയെന്നോ പറഞ്ഞുകൂടാ എന്നത്. പ്രപഞ്ചത്തിൽ ഇന്ദ്രിയവിഷയങ്ങളാകുന്ന എല്ലാ ഉണ്മകളും ഇല്ലായ്മകളും ആപേക്ഷികങ്ങളാണ് ആപേക്ഷികങ്ങളെന്നു പറഞ്ഞാൽ ഇല്ലായ്മയോടു ചേർന്നല്ലാതെ ഉണ്മയോ ഉണ്മയോടു ചേർന്നല്ലാതെ ഇല്ലായ്മയോ അനുഭവപ്പെടുകയില്ലെന്നു താൽപ്പര്യം. വെള്ളമുണ്ട് എന്നു പറഞ്ഞാൽ വെള്ളത്തിന്റെ ഉണ്മയും തീ മുതലായവയുടെ ഇല്ലായ്മയും ഒരുമിച്ചിരിക്കുന്നു എന്നാണു താൽപ്പര്യം. അതുപോലെ ഇവിടെ വെള്ളമില്ല എന്നു പറഞ്ഞാൽ വെള്ളത്തിന്റെ ഇല്ലായ്മയും ദേശത്തിന്റെ ഉണ്മയും ഒരുമിച്ചിരിക്കുന്നു എന്നാണർഥം. ഇങ്ങനെ ലോകത്തുള്ള എല്ലാ ഉണ്മകളും ഇല്ലായ്മകളോടുകൂടി ച്ചേർന്നേ കാണപ്പെടൂ. പരമകാരണമായ സത്യം അതുകൊണ്ടു സാപേക്ഷമായ ഉണ്മയല്ല; ഇല്ലായ്മയുമല്ല. അതു നിരപേക്ഷമായ ഉണ്മയാണ്. അവിടെ ഇല്ലായ്മയുടെ പ്രശ്നമേ ഉദിക്കുന്നില്ല. അതു പൂർണമായ ഉണ്മയാണെന്നർഥം. അപ്പോൾ സത്യം ഉണ്ടാകാത്തതോ നശിക്കാത്തതോ ആണ്. അതു പ്രപഞ്ചത്തിന്റെ പരമകാരണമാണ്; അതു ബ്രഹ്മമാണ്; അത് ആപേക്ഷികമായ ഉണ്മയോ ഇല്ലായ്മയോ അല്ല; ഈ നാല് അടിസ്ഥാനതത്വങ്ങളാണു ഭഗവാൻ പന്ത്രണ്ടാം ശ്ലോകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്.

മേൽവിവരിച്ച അടിസ്ഥാനതത്വങ്ങൾ ഗ്രഹിച്ചുകഴിഞ്ഞാൽ നമുക്കിനി സത്യത്തെക്കുറിച്ചുള്ള വിശദമായ ചർച്ചയിലേക്കു കടക്കാം. ഉണ്ടായി മറയുന്ന പ്രപഞ്ചഘടകങ്ങൾതന്നെയാണ് ഉണ്ടാകാത്തതും മറയാത്തതുമായ ഒരു സത്യമുണ്ടെന്നുള്ളതിനു പ്രധാന തെളിവെന്നു ചൂണ്ടിക്കാണിക്കുകയാണ് അടുത്ത പദ്യത്തിൽ.

*13. സർവതഃ പാണിപാദം തത്സർവതോഽക്ഷി ശിരോമുഖം*
*സർവതഃ ശ്രുതിമല്ലോകേ സർവമാവൃത്യ തിഷ്ഠതി*

digitized by www.sreyas.in

തത് - പരമകാരണമായ സത്യം; സർവതഃ പാണിപാദം - എല്ലായിടത്തും കൈയും കാലുമുള്ളതാണ്; സർവതഃ അക്ഷിശിരോമുഖം - എല്ലായിടത്തും കണ്ണും തലയും മുഖവും ഉള്ളതാണ്; സർവതഃ ശ്രുതിമത് - എല്ലായിടത്തും കാതുള്ളതാണ്; ലോകേ - ഈ ലോകത്തിൽ ആ സത്യം; സർവം ആവൃത്യ തിഷ്ഠതി- എല്ലാറ്റിലും അകവും പുറവും നിറഞ്ഞുനിൽക്കുന്നു.

പരമകാരണമായ സത്യം എല്ലായിടത്തും കൈയും കാലുമുള്ളതാണ്. എല്ലായിടത്തും കണ്ണും തലയും മുഖവുമുള്ളതാണ്. എല്ലായിടത്തും കാതുള്ളതാണ്. ഈ ലോകത്തിൽ ആ സത്യം എല്ലാറ്റിലും അകവും പുറവും നിറഞ്ഞുനിൽക്കുന്നു.

## *സർവമാവൃത്യ തിഷ്ഠതി*

പ്രപഞ്ചത്തിന് ഒരു പരമകാരണം കൂടിയേ കഴിയൂ എന്നു വന്നുവല്ലോ. ആ കാരണത്തിന്റെ സ്വരൂപം എന്താണെന്നു നമുക്കു പിന്നെ ചിന്തിക്കാം. തൽക്കാലം ആ കാരണത്തിന്റെ സ്വഭാവമായ പ്രപഞ്ചവും അതിന്റെ സ്വരൂപവും തമ്മിലുള്ള ബന്ധമെന്തായിരിക്കുമെന്നു ചിന്തിക്കാം. പരമകാരണത്തിൽ ഉദയം ചെയ്ത് അതിൽത്തന്നെ വീണ്ടും മറയുന്നതാണല്ലോ അതിന്റെ സ്വഭാവമായ പ്രപഞ്ചം. അപ്പോൾ പൊന്തിക്കാണപ്പെടുന്നതിനു മുമ്പു പ്രപഞ്ചം എന്തായിരുന്നു? ആ പരമകാരണം തന്നെയായിരുന്നു. അതിൽനിന്നു പ്രപഞ്ചഘടകങ്ങൾ ആവിർഭവിച്ചു എന്നു പറഞ്ഞാൽ ആവിർഭവിച്ച പ്രപഞ്ചഘടകങ്ങളെല്ലാം അതിൽത്തന്നെ പ്രത്യക്ഷപ്പെട്ട രൂപങ്ങളാണ്. സൂര്യചന്ദ്രാദിസൗരയൂഥ ഘടകങ്ങളും മനുഷ്യ പക്ഷിമൃഗാദിജീവജാലങ്ങളും എല്ലാം ആ പരമകാരണത്തിന്റെ തന്നെ അഭിന്നാംശങ്ങളാണ്. ഈ ലോകത്തു കാണപ്പെടുന്ന എല്ലാ കൈകളും കാലുകളും കണ്ണുകളും തലകളും മുഖങ്ങളും ചെവികളും എന്നു പറഞ്ഞാൽ എല്ലാ ജീവദേഹങ്ങളും ആ പരമകാരണത്തിന്റെ വകയാണ്. അവയിലൊക്കെ വർത്തിച്ച് അവയെ പ്രവർത്തിപ്പിക്കുന്നത് ഈ ഈശ്വരശക്തിതന്നെ. എന്തിനേറെ, ആ ജഗദീശ്വരൻ എല്ലാ പ്രപഞ്ചരൂപങ്ങളിലും അകവും പുറവും നിറഞ്ഞുനിൽക്കുന്നു. ഈ വിവരണം കൊണ്ടു നിർഗുണനായ ഭഗവാനു ഭക്തനെ രക്ഷിക്കാൻ എങ്ങനെ കഴിയും എന്ന ചില മന്ദബുദ്ധികളുടെ സംശയത്തിനു മറുപടി നൽകിക്കഴിഞ്ഞിരിക്കുന്നു. ഭഗവാന് എല്ലായിടത്തും കണ്ണും കാതും കൈയും കാലുമുണ്ടെങ്കിൽ എവിടെ ഏതു ഭക്തനെ രക്ഷിക്കാനും അവയിലൂടെ ഓടിയെത്താൻ കഴിയും. ചുരുക്കത്തിൽ പരമകാരണത്തിന്റെ സ്വഭാവമായ പ്രപഞ്ചത്തിൽ സ്വരൂപം സർവത്ര വ്യാപിച്ചിരിക്കുന്നു എന്നു കാണേ

digitized by www.sreyas.in

ണ്ടതാണ്. സമുദ്രത്തിന്റെ സ്വഭാവമായ തിരയിലും കുമിളയിലും സ്വരൂപമായ ജലം സർവത്ര വ്യാപിച്ചിരിക്കുന്നതുപോലെ.

ഇങ്ങനെ പരമകാരണത്തിന്റെ സ്വഭാവത്തിനും സ്വരൂപത്തിനും തമ്മിലുള്ള ബന്ധം വ്യക്തമാക്കിയശേഷം സ്വഭാവത്തെയും സ്വരൂപത്തെയും വേർതിരിച്ചു കാണിക്കുകയാണ് അടുത്ത മൂന്നു പദ്യങ്ങളിൽ:

*14. സർവേന്ദ്രിയഗുണാഭാസം സർവേന്ദ്രിയവിവർജിതം*
*അസക്തം സർവഭൃച്ചൈവ നിർഗുണം ഗുണഭോക്തൃ ച*

സർവേന്ദ്രിയഗുണാഭാസം – ജ്ഞാനേന്ദ്രിയങ്ങൾ, കർമേന്ദ്രിയങ്ങൾ, മനസ്സ്, എന്നീ ഇന്ദ്രിയങ്ങളോടും അവയുടെ വിഷയങ്ങളായ ശബ്ദാദികളോടും കൂടിയതാണെന്നു തോന്നുന്നപോലെ വർത്തിക്കുന്നതും; സർവേന്ദ്രിയവിവർജിതം – എന്നാൽ യഥാർഥത്തിൽ ഒരിന്ദ്രിയത്തോടും കൂടാത്തതും; അസക്തം – ഒന്നിനോടും ചേർന്നിരിക്കാത്തതും; സർവഭൃത് ച ഏവ – എന്നാൽ എല്ലാറ്റിനേയും തന്നിൽ ചേർത്തുവച്ചിരിക്കുന്നതും; നിർഗുണം – സത്വം രജസ്സ് തമസ്സ് എന്നീ ഗുണങ്ങളുടെ സ്പർശമില്ലാത്തതും; ഗുണഭോക്തൃ ച – എന്നാൽ സത്വരജസ്തമോ ഗുണങ്ങളെ അനുഭവിക്കുന്നതും ആകുന്നു ആ പരമകാരണം.

ജ്ഞാനേന്ദ്രിയങ്ങൾ, കർമേന്ദ്രിയങ്ങൾ, മനസ്സ് എന്നീ ഇന്ദ്രിയങ്ങളോടും അവയുടെ വിഷയങ്ങളായ ശബ്ദാദികളോടും കൂടിയതാണെന്നു തോന്നുന്നപോലെ വർത്തിക്കുന്നതും എന്നാൽ യഥാർഥത്തിൽ ഒരിന്ദ്രിയത്തോടും കൂടാത്തതും; ഒന്നിനോടും ചേർന്നിരിക്കാത്തതും എന്നാൽ എല്ലാറ്റിനേയും തന്നിൽ ചേർത്തുവച്ചിരിക്കുന്നതും, സത്വം രജസ് തമസ് എന്നീ ഗുണങ്ങളുടെ സ്പർശമില്ലാത്തതും എന്നാൽ സത്വരജസ്തമോഗുണങ്ങളെ അനുഭവിക്കുന്നതും ആകുന്നു ആ പരമകാരണം.

## സ്വഭാവവും സ്വരൂപവും

വസ്തുസ്വഭാവമാണു പ്രപഞ്ചം. വസ്തുസ്വരൂപമാണു ബോധം. വസ്തുവിൽ ഉണ്ടായിമറയുന്നതാണു സ്വഭാവം. ഉണ്ടാകാത്തതും മറയാത്തതുമായ വസ്തുസ്ഥിതിയാണ് സ്വരൂപം. നേരത്തേ ഇല്ലാതിരുന്നിട്ട് അൽപ്പകാലത്തേക്കുണ്ടെന്നു തോന്നിച്ചു പിന്നെ വീണ്ടും ഇല്ലാതാകുന്നതാണു സ്വഭാവം. സ്വഭാവം കാണപ്പെടുന്നതിനു മുമ്പും സ്വഭാവം മറഞ്ഞതിനുശേഷവും മറ്റൊന്നുമില്ലാതെ നിത്യമായി തുടരുന്നതാണു സ്വരൂപം. ബോധമെന്ന വസ്തുസ്വരൂപത്തിൽ ഉണ്ടായിമറയുന്ന വസ്തുസ്വഭാവമാണു

digitized by www.sreyas.in

പ്രപഞ്ചമെന്നത്രേ വേദാന്തമതം. വേദാന്തം അധ്യാരോപാപവാദങ്ങളിൽ കൂടെയാണ് വസ്തുസ്വഭാവത്തെയും സ്വരൂപത്തെയും വേർതിരിച്ചുകാട്ടുന്നത്. ഒരു നടനിൽ കഥാപാത്രത്തിന്റെ വേഷമെന്നപോലെ വസ്തുസ്വരൂപത്തിൽ അൽപ്പനേരത്തേക്ക് ആരോപിച്ചുകാണുന്നതാണു സ്വഭാവം. സ്വഭാവത്തെ ഇതു സ്വരൂപമല്ലെന്നു പറഞ്ഞ് അപവദിച്ചു മാറ്റിനിറുത്തി കാണേണ്ടതാണു സ്വരൂപം. വേഷം മാറ്റിയിട്ടു നടനെ കാണുംപോലെ. സ്വഭാവത്തെക്കാട്ടിയിട്ടു സ്വരൂപത്തിലേക്കു വിരൽചൂണ്ടുന്ന വസ്തുവിവരണമാണു തടസ്ഥ ലക്ഷണം. ശുദ്ധമായ സ്വരൂപത്തെ വിവരിക്കുന്നതു സ്വരൂപലക്ഷണം. പതിന്നാലുമുതൽ പതിനാറുവരെയുള്ള മൂന്നു ശ്ലോകങ്ങൾ വസ്തുവിന്റെ തടസ്ഥലക്ഷണങ്ങളാണ്. പതിനേഴാമത്തേതു വസ്തുവിന്റെ സ്വരൂപലക്ഷണവും. സ്വഭാവത്തിന്റെയും സ്വരൂപത്തിന്റെയും ഈ ഭേദം മനസ്സിലാക്കിക്കൊണ്ട് ഇനി നമുക്കു പതിന്നാലാം പദ്യത്തിന്റെ താൽപ്പര്യം വിശദമായി മനസ്സിലാക്കാൻ നോക്കാം. സ്വഭാവസഹിതമായി വസ്തുവിനെ നോക്കുമ്പോൾ അത് എല്ലാ ഇന്ദ്രിയങ്ങളും വിഷയങ്ങളും ഉള്ളതാണെന്നു തോന്നും. പക്ഷേ, ഇന്ദ്രിയങ്ങളും വിഷയങ്ങളുമെല്ലാം വസ്തുസ്വരൂപത്തിൽ തൽക്കാല സങ്കൽപ്പത്തിലൂടെ ആരോപിച്ചുകാണുന്ന കാഴ്ചകൾ മാത്രമാണ്. സങ്കൽപ്പം വെടിഞ്ഞ് ഈ കാഴ്ചകളുടെ അനുഭവം അകറ്റി നോക്കിയാൽ വസ്തുസ്വരൂപം തെളിയും. ആ സ്വരൂപമാകട്ടെ ഇന്ദ്രിയങ്ങളുടെയോ വിഷയങ്ങളുടെയോ നിഴൽപോലുമില്ലാത്ത ഒന്നാണ്. അതുകൊണ്ടു വസ്തു തൽക്കാലം സർവേന്ദ്രിയ ഗുണാഭാസമാണെങ്കിലും സർവേന്ദ്രിയ വിവർജിതമാണ്. രാമൻപിള്ള എന്ന നടൻ രാവണന്റെ വേഷം കെട്ടി നിൽക്കുന്നു എന്നു കരുതുക. രാവണന്റെ രൂപത്തിൽ കാണുന്നതാണു രാമൻ പിള്ള എന്നു പറഞ്ഞാൽ തൽക്കാലം രാവണനായി കാണപ്പെടുന്നുണ്ടെങ്കിലും യഥാർഥ രാമൻപിള്ളയിൽ രാവണരൂപമേ ഇല്ല എന്നാണർഥം. രാവണരൂപം അധ്യാരോപിതമാണ്. അതപവദിച്ചു മാറ്റിയാൽ യഥാർഥ രാമൻപിള്ളയെ കാണാൻ കഴിയും. അതുപോലെ അധ്യാരോപിതങ്ങളായ ഇന്ദ്രിയങ്ങളെയും വിഷയങ്ങളെയും ഇവ വസ്തുവല്ലെന്നു പറഞ്ഞ് അപവദിച്ചു മാറ്റാമെങ്കിൽ യഥാർഥ വസ്തുവായ ശുദ്ധബോധം പൂർണമായി തെളിയുമെന്നു ഭാവം. ഈ രീതിയിൽ തുടർന്നുള്ള ഭാഗങ്ങൾക്കും അർഥം ഗ്രഹിക്കേണ്ടതാണ്. അധ്യാരോപദശയിൽ എല്ലാ പ്രപഞ്ചഘടകങ്ങളോടും ചേർന്നിരിക്കുന്നതാണു വസ്തു എന്നു തോന്നും; അതായതു വസ്തു സർവഭൃത്താണ്. അപവാദദശയിൽ വസ്തുവിന് ഒന്നിനോടും ചേർച്ചയില്ലെന്നു തെളിയും.

digitized by www.sreyas.in

അതായത് അതസക്തമാണ്. അധ്യാരോപദശയിൽ വസ്തു സത്വരജ സ്തമോഗുണങ്ങളുടെയെല്ലാം ഭോക്താവാണെന്നു തോന്നും. അപവാദദശ യിൽ അതു നിർഗുണമാണെന്നു തെളിയും. ഈ ഘട്ടത്തിൽ അധ്യാരോപ ക്രമം മനസ്സിലാക്കാനായി എട്ടാമധ്യായത്തിലെ മൂന്നാം പദ്യത്തിന്റെ ഭാഷ്യ ത്തിൽ 'സ്വഭാവോഽധ്യാത്മമുച്യതേ' എന്ന ഭാഗം ഒന്നുകൂടി നോക്കുക.

വസ്തുവിന്റെ തടസ്ഥലക്ഷണം ഇനിയും തുടരുകയാണു ഭഗവാൻ പതിനഞ്ചും പതിനാറും പദ്യങ്ങളിൽ:

*15. ബഹിരന്തശ്ച ഭൂതാനാമചരം ചരമേവ ച*
*സൂക്ഷ്മത്വാത്തദവിജ്ഞേയം ദൂരസ്ഥം ചാന്തികേ ച തത്*

*16. അവിഭക്തം ച ഭൂതേഷു വിഭക്തമിവ ച സ്ഥിതം*
*ഭൂതഭർത്തൃ ച തജ്ജ്ഞേയം ഗ്രസിഷ്ണു പ്രഭവിഷ്ണു ച*

ഭൂതാനാം - പ്രപഞ്ചഘടകങ്ങളിൽ; ബഹിഃ അന്തഃ ച - പുറത്തും അകത്തും അതു നിറഞ്ഞിരിക്കുന്നു; അചരം ചരം ഏവ ച - അതു ചലിക്കാത്തതാണ് ചലിക്കുന്നതും ആണ്; തത് - ആ സത്യം; സൂക്ഷ്മത്വാത് - സൂക്ഷ്മമായതു കൊണ്ട്; അവിജ്ഞേയം - ഇന്ദ്രിയങ്ങൾകൊണ്ട് ഗ്രഹിക്കപ്പെടാവുന്നതല്ല; തത് - ആ സത്യം; ദൂരസ്ഥം - അകലെയാണ്; അന്തികേ ച - അടുത്തുമാണ്; ഭൂതേഷു - പ്രപഞ്ച ഘടകങ്ങളിൽ; അവിഭക്തം സ്ഥിതം - വേറുവേറാകെ അതു നിലകൊള്ളുന്നു; വിഭക്തം ഇവ ച സ്ഥിതം - വേറുവേറായതുപോ ലെയും സ്ഥിതിചെയ്യുന്നു; തത് - ആ സത്യം; ഭൂതഭർത്തൃ ച ജ്ഞേയം - എല്ലാ പ്രപഞ്ച ദൃശ്യങ്ങളെയും നിയന്ത്രിക്കുന്നതായും അറിയപ്പെടേണ്ടതാണ്; ഗ്രസിഷ്ണു - അത് എല്ലാറ്റിനെയും തന്നിലേക്കു വീണ്ടും വീണ്ടും സംഹരി ക്കുന്നു; പ്രഭവിഷ്ണു ച - വീണ്ടും വീണ്ടും പുറത്തേക്കു പ്രകടമാക്കുന്നു.

പ്രപഞ്ചഘടകങ്ങളിൽ പുറത്തും അകത്തും അതു നിറഞ്ഞിരിക്കുന്നു. അതു ചലിക്കാത്തതാണ്. ചലിക്കുന്നതുമാണ്. ആ സത്യം സൂക്ഷ്മമായതു കൊണ്ട് ഇന്ദ്രിയങ്ങൾകൊണ്ട് ഗ്രഹിക്കപ്പെടാവുന്നതല്ല. ആ സത്യം അക ലെയാണ്; അടുത്തുമാണ്. പ്രപഞ്ചഘടകങ്ങളിൽ വേറുവേറാകാതെ അതു നിലകൊള്ളുന്നു. വേറുവേറായതുപോലെയും സ്ഥിതിചെയ്യുന്നു. ആ സത്യം എല്ലാ പ്രപഞ്ചദൃശ്യങ്ങളെയും നിയന്ത്രിക്കുന്നതായും അറിയപ്പെടേണ്ടതാ ണ്. അത് എല്ലാറ്റിനെയും വീണ്ടും വീണ്ടും തന്നിലേക്കു സംഹരിക്കുന്നു. വീണ്ടും വീണ്ടും പുറത്തേക്കു പ്രകടമാക്കുന്നു.

digitized by www.sreyas.in

## തടസ്ഥലക്ഷണം

പതിമൂന്നു മുതൽ പതിനാറുവരെയുള്ള ശ്ലോകങ്ങൾ ജ്ഞേയ വസ്തുവിന്റെ തടസ്ഥലക്ഷണമാണെന്നു മുമ്പു പറഞ്ഞുവല്ലോ. ഒരു വസ്തുവിലെ അസ്ഥിരങ്ങളായ ഘടകങ്ങളെ ചൂണ്ടിക്കാട്ടി സ്ഥിരമായ സ്വരൂപത്തെ വെളിപ്പെടുത്തുന്ന ലക്ഷണമാണു തടസ്ഥലക്ഷണം. ദേവദത്തന്റെ വീടന്വേഷിച്ച് ഒരാൾ ഗ്രാമത്തിലെത്തിയെന്നു കരുതുക. മറ്റൊരാൾ ദൂരെ വിരൽ ചൂണ്ടിയിട്ട് ആ കാക്കയിരിക്കുന്നതാണു ദേവദത്തന്റെ വീട് എന്നു കാട്ടിക്കൊടുക്കുന്നു. കാക്കയെ നോക്കിക്കൊണ്ട് ആദ്യത്തെയാൾ വീടിനടുത്തെത്തി. അപ്പോഴേക്കും കാക്ക പറന്നുപോയി. എങ്കിലും വീടിനുമുകളിലിരുന്ന കാക്ക വീടു കണ്ടെത്താൻ സഹായിച്ചു എന്നതു തീർച്ചയാണ്. അതുപോലെ മാറിമറയുന്ന പ്രപഞ്ചഘടകങ്ങളെ ചൂണ്ടിക്കാട്ടി ഇവക്കിരിപ്പിടമായ ബോധമാണു വസ്തുത എന്നു വിവരിക്കുന്നവയാണു തടസ്ഥലക്ഷണങ്ങൾ. ഒറ്റ നോട്ടത്തിൽ തടസ്ഥലക്ഷണ വിവരണങ്ങളിൽ പല ഭാഗങ്ങളിലും വൈരുദ്ധ്യമുണ്ടെന്നു തോന്നാം. അതു ചരമാണ് അതചരവുമാണു എന്ന് ഒറ്റ ശ്വാസത്തിൽ പറഞ്ഞാൽ അതു തോന്നുക സ്വാഭാവികമാണ്. പക്ഷേ, ദേവദത്തന്റെ വീട് കാക്കയിരിക്കുന്നതാണ് എന്നാൽ അതു കാക്കയിരിക്കാത്തതാണ് എന്നു പറഞ്ഞാൽ കാക്ക അതിനെ കാട്ടിത്തരുന്ന ഒരു താൽക്കാലിക പ്രതിഭാസമാണെന്നും അടുത്തെത്തുമ്പോൾ അതിൽ കാക്ക ഉണ്ടാവില്ലെന്നും ധരിക്കുന്നയാൾക്കു വൈരുദ്ധ്യം അതിവേഗം മാറിക്കിട്ടുന്നതാണ്. തടസ്ഥലക്ഷണങ്ങളുടെ ഈ സ്വഭാവം മനസ്സിലാക്കിക്കൊണ്ടുവേണം പതിന്നാലുമുതലുള്ള ശ്ലോകങ്ങളുടെ അർഥം ഗ്രഹിക്കാൻ. ഈശാവാസ്യം തുടങ്ങിയ ഉപനിഷത്തുകളിലും ഇത്തരം തടസ്ഥലക്ഷണങ്ങളിൽക്കൂടെയുള്ള വസ്തുവിവരണങ്ങൾ കാണാൻ കഴിയും. പ്രപഞ്ചഘടകങ്ങളുടെ അകവും പുറവും നിറഞ്ഞുനിൽക്കുന്നതാണു സത്യം. പ്രപഞ്ചഘടകങ്ങളുണ്ടെന്നു തോന്നുന്നിടത്തോളം അകവും പുറവും വേർതിരിക്കേണ്ടിയിരിക്കുന്നു. സത്യത്തിന്റെ സ്വരൂപസാക്ഷാൽക്കാരത്തിൽ അകമെന്നോ പുറമെന്നോ വേർതിരിവുണ്ടാകുന്നതല്ല. പ്രപഞ്ചമെന്ന സ്വഭാവത്തോടുകൂടിച്ചേർത്തു കാണുമ്പോൾ സത്യം ചലിക്കുന്നതായിത്തോന്നും. എന്നാൽ അതിന്റെ ശുദ്ധമായ സ്വരൂപം ചലിക്കാത്തതാണ്. സ്വരൂപം ഇപ്പോൾ തന്നെ എന്തുകൊണ്ട് ഇന്ദ്രിയഗോചരമാകുന്നില്ല? സൂക്ഷ്മമായതുകൊണ്ട്. സ്ഥൂലമായ സ്വഭാവം സൂക്ഷ്മമായ സ്വരൂപത്തെ മറച്ചുകളഞ്ഞിരിക്കുന്നു. സ്വഭാവത്തെ കണ്ടുകൊണ്ടിരിക്കുന്നിടത്തോളം സത്യം അതിദൂരത്തിലാണെന്നു തോന്നും. സ്വഭാവത്തെ അപവ

digitized by www.sreyas.in

ദിച്ചകറ്റി സ്വരൂപത്തെ കണ്ടുകഴിഞ്ഞാൽ അതടുത്താണ്. അതു താൻതന്നെയാണ് എന്നു ബോധ്യപ്പെടും. സ്വരൂപദർശനത്തിനു മുമ്പ് അതു പ്രപഞ്ചഘടകങ്ങളിൽ വേറുവേറായി നിൽക്കുന്നതുപോലെ തോന്നും. സ്വരൂപദർശനത്തോടെ അത് ഒരു ജഡദൃശ്യത്താലും വിഭജിക്കപ്പെടുന്നില്ല എന്നു തെളിയും. ഈ പ്രപഞ്ചഘടകങ്ങളെ യഥാസ്ഥാനം പ്രവർത്തിപ്പിക്കുന്നതാരാണെന്നു തൽക്കാലം കാണ്മാനില്ല. എന്നാൽ സ്വരൂപം സാക്ഷാൽക്കരിക്കുന്നതോടെ എല്ലാ പ്രപഞ്ചഘടകങ്ങളുടെയും പ്രവർത്തനനിയമം ആ സത്യത്തിൽ അധിഷ്ഠിതമാണെന്നു കാണാറാകും. എന്തുകൊണ്ട്? എല്ലാ പ്രപഞ്ചഘടകങ്ങളെയും പുറത്തു പ്രകടമാക്കുന്നതും തിരിച്ചു ലയിപ്പിക്കുന്നതും ആ സത്യം തന്നെയെന്നു തെളിയുന്നതുകൊണ്ട് ഈ തടസ്ഥലക്ഷണം കൊണ്ടു രണ്ടു കാര്യങ്ങളാണു തെളിഞ്ഞത്. ഇന്നു പ്രപഞ്ചമായി കാണപ്പെടുന്നതു വസ്തു സ്വഭാവമാണ്. സ്വരൂപം കണ്ടെത്തുകയാണ് സത്യസാക്ഷാൽക്കാരം. സ്വരൂപദർശനത്തിൽ സ്വഭാവം അപ്പാടേ മാഞ്ഞുപോകും. ഇനി വ്യവഹാരദശയിൽ സ്വഭാവം ഉണ്ടെന്നു തോന്നിയാൽപ്പോലും മരുമരീചികപോലെ വിശേഷിച്ചു വസ്തുസത്തയില്ലാത്ത വെറും വസ്തുപ്രതിഭാസമാണതെന്ന് അറിയാറാകും.

പ്രപഞ്ചത്തിന്റെ പരമകാരണമാണു വസ്തു എന്നു പന്ത്രണ്ടാം പദ്യത്തിൽ വെളിവാക്കി. പ്രപഞ്ചത്തിനും സത്യവസ്തുവിനും തമ്മിലുള്ള ബന്ധമെന്താണെന്നു പതിമൂന്നാം ശ്ലോകത്തിൽ വിവരിച്ചു. തുടർന്നു മൂന്നു ശ്ലോകങ്ങൾകൊണ്ട് അധ്യാരോപാപവാദപ്രക്രിയകളെ മുൻനിറുത്തി സത്യത്തിന്റെ തടസ്ഥലക്ഷണം വിവരിച്ചു. അപവാദപ്രക്രിയ പൂർണമായി വെളിപ്പെടുത്തുന്ന സത്യാനുഭവം എങ്ങനെയുള്ളതാണെന്നും ധരിപ്പിച്ചു. ഇനി പതിനേഴാം പദ്യത്തിൽ അപവാദപ്രക്രിയ പൂർണമാകുമ്പോൾ വെളിപ്പെടുന്ന വസ്തുസ്വരൂപം എന്താണെന്നാണു വിവരിക്കുന്നത്. വസ്തുവിന്റെ സ്വരൂപലക്ഷണമാണു പതിനേഴാം പദ്യം:

*17. ജ്യോതിഷാമപി തജ്ജ്യോതിസ്തമസഃ പരമുച്യതേ*
*ജ്ഞാനം ജ്ഞേയം ജ്ഞാനഗമ്യം ഹൃദി സർവസ്യ വിഷ്ഠിതം*

തത് - പരമകാരണമായ സത്യം; തമസഃ പരം - എല്ലാ ജഡപ്രതിഭാസങ്ങൾക്കുമപ്പുറം; ജ്യോതിഷാം അപി ജ്യോതിഃ - ഉണ്മ അനുഭവിച്ചുകൊണ്ടു സ്വയം പ്രകാശിക്കുന്ന എല്ലാ വെളിച്ചങ്ങൾക്കും വെളിച്ചം പകരുന്ന പൂർണമായ ഉണ്മയാണെന്ന്; ഉച്യതേ - പറയപ്പെടുന്നു; ജ്ഞാനം - അതു ബോധമാണ്; ജ്ഞേയം - സാക്ഷാൽക്കരിക്കപ്പെടാവുന്നതാണ്; ജ്ഞാനഗമ്യം - മുൻവി

digitized by www.sreyas.in

വരിച്ച ജ്ഞാനോപായങ്ങൾ കൊണ്ടു കണ്ടെത്താവുന്ന വസ്തുവാണ്; സർവസ്യ ഹൃദി വിഷ്ഠിതം – എല്ലാ പ്രപഞ്ച ഘടകങ്ങളുടെയും ഹൃദയത്തിൽ അതു വ്യക്തമായി സ്ഥിതിചെയ്യുന്നതായി കാണാവുന്നതാണ്.

പരമകാരണമായ സത്യം എല്ലാ ജഡപ്രതിഭാസങ്ങൾക്കുമപ്പുറം ഉണ്മ അനുഭവിച്ചുകൊണ്ടു സ്വയം പ്രകാശിക്കുന്ന എല്ലാ വെളിച്ചങ്ങൾക്കും വെളിച്ചം പകരുന്ന പൂർണമായ ഉണ്മയാണെന്നു പറയപ്പെടുന്നു. അതു ബോധമാണ്; സാക്ഷാൽകരിക്കപ്പെടാവുന്നതാണ്; മുൻവിവരിച്ച ജ്ഞാനോപായങ്ങൾ കൊണ്ടു കണ്ടെത്താവുന്ന വസ്തുവാണ്; എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ഹൃദയത്തിൽ അതു വ്യക്തമായി സ്ഥിതിചെയ്യുന്നതായി കാണാവുന്നതാണ്.

## ഹൃദി സർവസ്യ വിഷ്ഠിതം

പതിനേഴാം ശ്ലോകം വസ്തുസ്വരൂപം കാട്ടിത്തരുന്നതോടൊപ്പം അതിനെ എങ്ങനെ സാക്ഷാൽക്കരിക്കാമെന്നും എവിടെ സാക്ഷാൽക്കരിക്കാമെന്നും കൂടി വെളിപ്പെടുത്തിത്തരുന്നു. ഇവിടത്തെ ജ്യോതിസ്സ് എന്നതിനു സൂര്യചന്ദ്രാദിയിൽ കാണുന്ന തേജസ്സ് എന്നുമാത്രം അർഥം ധരിക്കാൻ പാടില്ല. സ്വയം പ്രകാശിക്കുന്ന അഥവാ സ്വയം അനുഭവിക്കുന്ന ഉണ്മയാണ് എല്ലാ വെളിച്ചങ്ങളുടെയും വെളിച്ചം. ആ വെളിച്ചമില്ലെങ്കിൽ മറ്റെല്ലാ വെളിച്ചവും അതോടെ അസ്തമിക്കുമെന്നറിയേണ്ടതാണ്. എല്ലാ പ്രപഞ്ചഘടകങ്ങളിലും 'ഞാൻ ഉണ്ട്' എന്നു സ്വയം ഉണ്മ അനുഭവിച്ചുകൊണ്ടു മറ്റു ജഡപ്രതിഭാസങ്ങളുടെ ഉണ്മ അറിഞ്ഞു വർത്തിക്കുന്ന ജീവാത്മാക്കളാകുന്ന വെളിച്ചങ്ങൾക്കെല്ലാം ആ അനുഭവം പകർന്നുകൊടുക്കുന്ന സ്വയം ഉണ്മ അനുഭവിക്കുന്ന പൂർണ വെളിച്ചമാണു വസ്തു. രണ്ടു വിധത്തിൽ ഇവിടെ സ്വരൂപത്തെ വെളിപ്പെടുത്തിയിരിക്കുന്നു. ഒന്ന് വസ്തു സ്വയം പ്രകാശിക്കുന്ന അനുഭവരൂപമായ ഉണ്മയാണ്. രണ്ട് വ്യക്തമായ അതിന്റെ അംശാനുഭവങ്ങൾ സകല ജീവജാലങ്ങളിലും 'ഞാനുണ്ട്' എന്നനുഭവിച്ചുകൊണ്ടു സ്വയം പ്രകാശിച്ചു വിളങ്ങുന്നു. വസ്തു, സത്താണ് അഥവാ ഉണ്മയാണ്. അതിന്റെ ചെറിയ സ്ഫുരണം ഇപ്പോൾത്തന്നെ ജീവാത്മാക്കളിലെല്ലാം തെളിയുന്നുമുണ്ട്. വെളിച്ചം, ഉണ്മ എന്നൊക്കെ പറഞ്ഞാൽ മിക്കവാറും സാമാന്യജനങ്ങൾ ക്ഷേത്രത്തിന്റെ ഉണ്മയേ ഗ്രഹിക്കാറുള്ളു. അതുകൊണ്ടാണു വേദാന്തഗ്രന്ഥങ്ങൾ ഉണ്മ അഥവാ സത്ത് എന്നു പറയുന്നത്; ജ്ഞാനമാണ് എന്നെടുത്തു പറയുന്നത്. ഇത്തരം സ്ഥലങ്ങളിൽ ജ്ഞാനം എന്നു പറഞ്ഞാൽ ശുദ്ധബോധം എന്നാണർഥം എന്തെ

digitized by www.sreyas.in

ങ്കിലും നാമരൂപങ്ങളെ കൂട്ടിച്ചേർത്തല്ലാതെ സാധാരണക്കാർ ജ്ഞാനപദത്തിന് അർഥം ഗ്രഹിക്കാറില്ല. വസ്തുസ്വരൂപനിർവചനങ്ങളിലെ ജ്ഞാനപദത്തിന് അങ്ങനെ അർഥം ഗ്രഹിച്ചാൽ ആകെ അവ്യക്തത വന്നുചേരും. ജ്ഞാനം അഥവാ ചിത്ത് ശുദ്ധബോധമാണ്. ഉണ്മയും ശുദ്ധബോധവും വാസ്തവത്തിൽ ഒന്നുതന്നെ. ബോധത്തിന്റെമാത്രം അനുഭവമാണ് ഉണ്മ. അക്കാര്യം സ്പഷ്ടമാക്കാനാണ് 'ജ്ഞാനം' എന്നു പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നത്. സ്വയം ഉണ്മ അനുഭവിക്കുന്ന അഥവാ സ്വയം പ്രകാശിക്കുന്ന ബോധമാണു വസ്തു. ഇതാണു വസ്തുവിന്റെ സ്വരൂപലക്ഷണം. ജീവാത്മരൂപേണ സ്വയം പ്രകാശിക്കുന്ന ബോധസ്ഫുരണങ്ങളുടെ പൂർണ രൂപമാണ് വസ്തു. എങ്കിൽ ഈ അൽപ്പസ്ഫുരണത്തിന് തന്റെ ആ പൂർണ രൂപം സാക്ഷാൽക്കരിക്കാൻ പറ്റുമോ എന്ന ചോദ്യത്തിനുത്തരമാണു ശ്ലോകത്തിലെ 'ജ്ഞേയ' പദം. ആ പൂർണരൂപം ജീവാത്മാവിനു സാക്ഷാൽക്കരിക്കാനാവുന്നതാണ് എന്നു താൽപ്പര്യം. എങ്ങനെ സാക്ഷാൽക്കരിക്കാൻ പറ്റും? മേൽ എട്ടുമുതൽ പതിനൊന്നു വരെയുള്ള ശ്ലോകങ്ങളിൽ വിസ്തരിച്ചു പ്രതിപാദിച്ച ജ്ഞാനോപായങ്ങൾ കൊണ്ടു സാക്ഷാൽക്കരിക്കാം. 'ജ്ഞാനഗമ്യം' എന്ന പദം ഇക്കാര്യമാണു വെളിപ്പെടുത്തിയിരിക്കുന്നത്. അതു ശരി; സമ്പൂർണമായ ഈ സ്വരൂപം എവിടെയാണ് ആദ്യം സാക്ഷാൽക്കരിച്ചനുഭവിക്കേണ്ടത്? അവനവന്റെ ഹൃദയത്തിൽ. ഇതു വെളിപ്പെടുത്താനാണ് 'സർവസ്യ ഹൃദിവിഷ്ഠിതം' എന്നു പറഞ്ഞിരിക്കുന്നത്. വ്യക്തവും പൂർണവുമായ സ്വരൂപാനുഭവം ആർക്കും സ്വന്തം ഹൃദയത്തിൽത്തന്നെ കണ്ടെത്താവുന്നതാണെന്നു താൽപ്പര്യം.

ഭഗവാൻ വ്യക്തമായി വിവരിക്കാമെന്നു പറഞ്ഞ കാര്യങ്ങൾ വിവരിച്ച ശേഷം പ്രസ്തുതം ഉപസംഹരിക്കുകയാണു അടുത്ത പദ്യത്തിൽ:

*18. ഇതി ക്ഷേത്രം തഥാ ജ്ഞാനം ചോക്തം സമാസതഃ*
*മദ്ഭക്ത ഏതദ്വിജ്ഞായ മദ്ഭാവായോപപദ്യതേ*

ഇതി - ഇങ്ങനെ; ക്ഷേത്രം - ക്ഷേത്രമെന്താണെന്നും; തഥാ - അതുപോലെ; ജ്ഞാനം - ജ്ഞാനോപായങ്ങളെന്തൊക്കെയാണെന്നും; ജ്ഞേയം - അറിയപ്പെടേണ്ട വസ്തു എന്താണെന്നും; സമാസതഃ ഉക്തം ച - ചുരുക്കിയും വ്യക്തമായും പറഞ്ഞുകഴിഞ്ഞിരിക്കുന്നു; മദ്ഭക്തഃ - എന്നെ ഗാഢമായി തിരയുന്നയാൾ; ഏതു വിജ്ഞായ - ഈ പറഞ്ഞതു വേണ്ടപോലെ ധരിച്ചാൽ; മദ്ഭാവായ - എന്റെ സ്ഥിതിയിൽ; ഉപപദ്യതേ - എത്തിച്ചേരുന്നതാണ്.

75-2006 42

digitized by www.sreyas.in

ഇങ്ങനെ ക്ഷേത്രമെന്താണെന്നും അതുപോലെ ജ്ഞാനോപായങ്ങളെന്തൊക്കെയാണെന്നും; അറിയപ്പെടേണ്ട വസ്തു എന്താണെന്നും ചുരുക്കിയും വ്യക്തമായും പറഞ്ഞുകഴിഞ്ഞിരിക്കുന്നു. എന്നെ ഗാഢമായി തിരയുന്നയാൾ ഈ പറഞ്ഞതു വേണ്ടപോലെ ധരിച്ചാൽ എന്റെ സ്ഥിതിയിൽ എത്തിച്ചേരുന്നതാണ്.

## *മദ്ഭാവായോപപദ്യതേ*

ക്ഷേത്രം എവിടെനിന്നുണ്ടായി? ക്ഷേത്രത്തെ എങ്ങനെ വേർതിരിക്കാൻ കഴിയും? ക്ഷേത്രക്ഷേത്രജ്ഞവിഭാഗത്തിലെ ഈ രണ്ടു ചോദ്യങ്ങൾക്കുംകൂടി ഉത്തരം പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ക്ഷേത്രത്തിൽ നിന്നു ക്ഷേത്രജ്ഞനെ വേർതിരിക്കാനുള്ള ഉപായങ്ങളാണു ജ്ഞാനമെന്ന പേരിൽ വെളിപ്പെടുത്തിയത്. അവ അഭ്യസിച്ചാൽ ക്ഷേത്രജ്ഞൻ വേർതിരിയും. വേർതിരിഞ്ഞാലുള്ള സ്ഥിതിയെന്തായിരിക്കുമെന്നാണ് ജ്ഞേയവസ്തു വിവരണംകൊണ്ടു വെളിപ്പെടുത്തിയത്. അതുതന്നെയാണു മദ്ഭാവം പ്രാപിക്കൽ അഥവാ ബ്രഹ്മസ്വരൂപമായിത്തീരൽ. അതു സാധിച്ചാൽ ക്ഷേത്രം എവിടെ നിന്നുണ്ടായി എന്ന ചോദ്യത്തിനുത്തരം കിട്ടുന്നതാണ്. ക്ഷേത്രജ്ഞഭിന്നമായി ക്ഷേത്രമെന്നൊന്നില്ലെന്നുള്ള അനുഭവമാണ് ആ ഉത്തരം. ബ്രഹ്മസ്വരൂപാനുഭവമുണ്ടാകുന്നതുവരെ ക്ഷേത്രമുണ്ടെന്നുള്ള തോന്നൽ നിലനിൽക്കുമെന്നുള്ളതുകൊണ്ടാണ് ഒരു ജിജ്ഞാസുവിന്റെ അറിവിനു ക്ഷേത്രവിവരണം കൂടി ആവശ്യമായി വന്നത്. വസ്തുസ്വരൂപം അനുഭവിച്ചറിയുന്നയാൾക്ക് ക്ഷേത്രവും വസ്തുസ്വരൂപം തന്നെയായിത്തീരുന്നതുകൊണ്ടു പിന്നെ വിശേഷിച്ചതിന്റെ വിവരണമാവശ്യമില്ല. തിരയും കുമിളയും വെള്ളം തന്നെയാണെന്നറിയുന്നയാൾക്ക് അവയെ പിന്നെ പ്രത്യേകം വിവരിച്ചുകൊടുക്കേണ്ട കാര്യമില്ലല്ലോ.

വസ്തു ഒന്നേയുള്ളുവെങ്കിൽ സാധാരണക്കാർക്കു ക്ഷേത്രമെന്നും ക്ഷേത്രജ്ഞനെന്നുമൊക്കെയുള്ള ഭേദചിന്ത എന്തുകൊണ്ടു വന്നു? ഈ സംശയത്തിനുത്തരമാണ് അടുത്ത മൂന്നു പദ്യങ്ങൾ. വസ്തുവിൽ വസ്തുശക്തി സ്വഭാവങ്ങളെ ഉണ്ടാക്കി മറയ്ക്കുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നതെന്നാണ് പത്തൊമ്പതാം ശ്ലോകം വെളിപ്പെടുത്തുന്നത്:

*19. പ്രകൃതിം പുരുഷം ചൈവ വിദ്ധ്യനാദീ ഉഭാവപി*
*വികാരാംശ്ച ഗുണാംശ്ചൈവ വിദ്ധി പ്രകൃതിസംഭവാൻ*

digitized by www.sreyas.in

പ്രകൃതിം - വസ്തുശക്തിയായ പ്രകൃതിയെയും: പുരുഷം ച ഏവ - വസ്തുവായ പുരുഷനെയും; ഉഭൗ അപി - രണ്ടിനെയും; അനാദീവിദ്ധി - ആദിയില്ലാത്തതാണെന്നറിയൂ; വികാരാൻ ച - ക്ഷേത്രമെന്നറിയപ്പെടുന്ന ജഡ വികാരങ്ങളെയും; ഗുണാൻ ച - അവയിലന്തർഭവിക്കുന്ന സത്വം, രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങളെയും; പ്രകൃതിസംഭവാൻ വിദ്ധി - പ്രകൃതിയിൽ നിന്നു രൂപം കൊള്ളുന്നവയാണെന്നറിയൂ.

വസ്തുശക്തിയായ പ്രകൃതിയെയും വസ്തുവായ പുരുഷനെയും രണ്ടിനെയും ആദിയില്ലാത്തതാണെന്നറിയൂ. ക്ഷേത്രമെന്നറിയപ്പെടുന്ന ജഡ വികാരങ്ങളെയും അവയിലന്തർഭവിക്കുന്ന സത്വം, രജസ്സ്, തമസ്സ് എന്ന ത്രിഗുണങ്ങളെയും പ്രകൃതിയിൽ നിന്നു രൂപംകൊള്ളുന്നവയാണെന്നറിയൂ.

## *അനാദീ ഉഭാവപി*

പ്രകൃതി, മായ എന്നൊക്കെ പറയുന്നതു വസ്തുശക്തിയെയാണ്. പര മകാരണമായ വസ്തു അനാദിയാണെന്നു സമ്മതിച്ചേ തീരു. ആ കാരണ വസ്തുതന്നെയാണ് പുരുഷൻ. പുരുഷൻ അനാദിയാണെങ്കിൽ പുരുഷശക്തി യായ പ്രകൃതിയും അനാദിയെന്നു സമ്മതിച്ചേ തീരൂ. പുരുഷനിൽ പ്രപഞ്ച കാര്യരൂപങ്ങളുടെ തോന്നലുളവാക്കുന്ന ശക്തിയാണു പ്രകൃതി. ശക്തിയെ ഒരിക്കലും ശുദ്ധരൂപത്തിൽ ആർക്കും നേരിട്ടുകാണാൻ കഴിയുകയില്ല. കാര്യ രൂപത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ മാത്രമേ ശക്തിയുണ്ടെന്നറിയാൻ പറ്റൂ. പ്രപഞ്ചകാര്യരൂപങ്ങൾ പുരുഷനിൽ ഉണ്ടായി മറയുന്നതു കാണുമ്പോൾ അവയെ ഉണ്ടാക്കി മറയ്ക്കാൻ കഴിയുന്ന ശക്തി പുരുഷനുണ്ടെന്നൂഹിക്കാം. ചിലപ്പോൾ ആ ശക്തി കാര്യരൂപങ്ങളെ പിൻവലിച്ചു പുരുഷനിൽ ഒളിഞ്ഞി രിക്കും. അതാണു പ്രളയം. മറ്റു ചിലപ്പോൾ കാര്യരൂപങ്ങളെ പ്രകടമാക്കി ക്കൊണ്ട് തെളിയും. അതാണു സൃഷ്ടി. പ്രളയത്തിലായാലും സൃഷ്ടിയി ലായാലും ശക്തിക്കു പുരുഷനിൽനിന്നു വിട്ടുപോവുക സാധ്യമല്ല. അതുകൊണ്ടു പുരുഷനെപ്പോലെ തന്നെ പ്രകൃതിയും അനാദിയാണ്. സാംഖ്യന്മാർ പ്രകൃതിയെ പുരുഷനിൽനിന്നു സ്വതന്ത്രമായ ഒരു നില നിൽപ്പായി കരുതുന്നു. അതൊരിക്കലും യുക്തിക്കു ചേരുന്നതല്ല. പ്രപഞ്ച ത്തിന്റെ പരമകാരണം ഒരിക്കലും രണ്ടുണ്ടെന്നു പറയാൻ പറ്റുകയില്ല. രണ്ടിനെ അംഗീകരിച്ചുപോയാൽ അവയ്ക്കു സ്വതന്ത്രമായി നിൽക്കാൻ ഇട മരുളുന്ന മൂന്നാമതൊന്നിനെ അംഗീകരിക്കേണ്ടിവരും. അതോടെ പരമകാര ണത്വം നഷ്ടപ്പെടുകയും ചെയ്യും. അനുഭവത്തിലും പുരുഷന്റെ പൂർണാനു ഭവത്തിൽ പ്രകൃതി വിട്ടുപോകുമെന്നു സാംഖ്യന്മാരും സമ്മതിക്കുന്നു. അങ്ങ

digitized by www.sreyas.in

നെയാണെങ്കിൽ പ്രകൃതിക്കു സ്വതന്ത്രമായ നിലനിൽപ്പെവിടെ? എന്തായാലും ഗീതയിലെ പുരുഷൻ പ്രപഞ്ചത്തെ അകവും പുറവും മൂടി സർവവ്യാപിയായി നിൽക്കുന്ന പരമാത്മാവാണ്. ഈ അധ്യായത്തിൽത്തന്നെ ഇനിവരുന്ന പല ശ്ലോകങ്ങളിലും ഭഗവാനതു വ്യക്തമാക്കിയിട്ടുണ്ട്. സർവവ്യാപിയായ ഒരു വസ്തുവിനെ അംഗീകരിക്കുകയും അതിൽ സ്വതന്ത്രമായി മറ്റൊരു വസ്തു ഉണ്ടെന്നു പറയുകയും ചെയ്യുന്നതു പ്രഥമദൃഷ്ടിയിൽത്തന്നെ വിരുദ്ധമാണ്. അതുകൊണ്ട് ഇവിടത്തെ പ്രകൃതി ഒരിക്കലും സാംഖ്യന്മാരുടെ പ്രകൃതിയല്ല എന്നറിയേണ്ടതാണ്. പരമാത്മശക്തിയെന്നു വേദാന്തപ്രസിദ്ധമായ മായയാണ് ഇവിടത്തെ പ്രകൃതി. ഏഴാമധ്യായത്തിൽ നാലാം പദ്യത്തിൽ എന്റെ പ്രകൃതിയെന്നും ഭഗവാൻ എടുത്തുപറഞ്ഞിട്ടുണ്ട്. പതിന്നാലാം പദ്യത്തിൽ 'മമ മായാ' എന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രകൃതി ത്രിഗുണാത്മികയാണ്; ജഡരൂപിണിയാണ്. പുരുഷനിൽ പ്രകൃതി സ്പന്ദിക്കുന്നതോടെ ത്രിഗുണങ്ങൾ വേർതിരിയുന്നു. ത്രിഗുണങ്ങളുടെ വിശദമായ വിവരണം അടുത്ത അധ്യായം നോക്കി അറിയേണ്ടതാണ്. തുടർന്നു ത്രിഗുണങ്ങൾ പല അളവിലും കൂടിച്ചേർന്നു ജഡവികാരങ്ങൾക്കു രൂപം നൽകുന്നു. അവ്യക്തം മുതൽ ധൃതിവരെയുള്ള ജഡവികാരങ്ങൾ ഏതു ക്രമത്തിൽ രൂപപ്പെടുന്നു എന്നു നാം അഞ്ചും ആറും പദ്യങ്ങളിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ടല്ലോ. ഇക്കാരണത്താലാണു സാധാരണക്കാർക്കു ക്ഷേത്രമെന്നും ക്ഷേത്രജ്ഞനെന്നുമുള്ള വേർതിരിവിനിടയായത്. ഈ വേർതിരിവ് തൽക്കാലത്തേക്കു വസ്തുശക്തി ഉണ്ടാക്കിത്തീർക്കുന്ന ഒരു ഭ്രമമാണെന്നർഥം. ഇക്കാര്യമാണു വികാരങ്ങളും ഗുണങ്ങളും പ്രകൃതിസംഭവങ്ങളാണ് എന്ന ഭാഗംകൊണ്ടു വെളിപ്പെടുത്തിയിരിക്കുന്നത്. പൂർണമായ വസ്തുബോധത്തിൽ പുരുഷനിൽ നിന്നു പ്രകൃതിയോ പ്രകൃതിവികാരങ്ങളോ ഭിന്നമല്ലെന്നു തെളിയുമെന്നു ചുരുക്കം.

കാര്യമിങ്ങനെയാണെങ്കിലും പ്രപഞ്ചാനുഭവം ശബ്ദാദിവിഷയങ്ങളും ഇന്ദ്രിയാദി ഉപകരണങ്ങളും സുഖദുഃഖാനുഭവങ്ങളും ഉൾപ്പെട്ടതാണല്ലോ. ഈ പ്രപഞ്ചാനുഭവത്തിൽ പുരുഷന്റെയും പ്രകൃതിയുടെയും പങ്കെന്താണ്? ഈ സംശയത്തിനു മറുപടിയാണ് അടുത്ത പദ്യം:

*20. കാര്യകാരണകർത്തൃത്വേ ഹേതുഃ പ്രകൃതിരുച്യതേ*
*പുരുഷഃ സുഖദുഃഖാനാം ഭോക്തൃത്വേ ഹേതുരുച്യതേ*

കാര്യകരണകർത്തൃത്വേ - കാര്യങ്ങളായ ജഡവിഷയങ്ങളെയും അവയെ അനുഭവിക്കാനുള്ള ജ്ഞാനേന്ദ്രിയങ്ങൾ, കർമേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, അഹ

digitized by www.sreyas.in

ങ്കാരം, എന്നീ ഉപകരണങ്ങളെയും രൂപപ്പെടുത്തുന്ന കാര്യത്തിൽ; പ്രകൃതിഃ – വസ്തു ശക്തിയായ പ്രകൃതിയാണ്; ഹേതുഃ ഉച്യതേ – മുന്നിട്ടുനിന്നു പ്രവർത്തിക്കുന്നതെന്നു പറയപ്പെടുന്നു; സുഖദുഃഖാനാം ഭോക്തൃത്വേ – സുഖവും ദുഃഖവും അനുഭവിക്കുന്ന കാര്യത്തിൽ; പുരുഷഃ ഹേതുഃ ഉച്യതേ – പുരുഷനാണു മുന്നിട്ടു നിൽക്കുന്നത് എന്നു പറയപ്പെടുന്നു.

കാര്യങ്ങളായ ജഡവിഷയങ്ങളെയും അവയെ അനുഭവിക്കാനുള്ള ജ്ഞാനേന്ദ്രിയങ്ങൾ, കർമേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നീ ഉപകരണങ്ങളെയും രൂപപ്പെടുത്തുന്ന കാര്യത്തിൽ വസ്തുശക്തിയായ പ്രകൃതിയാണു മുന്നിട്ടുനിന്നു പ്രവർത്തിക്കുന്നതെന്നു പറയപ്പെടുന്നു. സുഖവും ദുഃഖവും അനുഭവിക്കുന്ന കാര്യത്തിൽ പുരുഷനാണു മുന്നിട്ടുനിൽക്കുന്നതെന്നു പറയപ്പെടുന്നു.

## പ്രകൃതിപുരുഷന്മാരുടെ പങ്ക്

വസ്തുവായ പുരുഷന്റെ ശക്തിയാണു പ്രകൃതി. വസ്തുവും ശക്തിയും യോജിക്കാതെ യാതൊരു പ്രപഞ്ചകാര്യവും സംഭവിക്കുന്നതല്ല. ഭഗവാൻ തന്നെ ഇരുപത്താറാം പദ്യത്തിൽ ഇക്കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ഇവിടെ പ്രകൃതിയുടെയും പുരുഷന്റെയും പ്രവർത്തനങ്ങൾ വേർതിരിച്ചു കാണിക്കുന്നതു കേവലം പ്രാധാന്യത്തെ ആസ്പദമാക്കി മാത്രമാണെന്നറിയേണ്ടതാണ്. ജഡരൂപിണിയാണു പ്രകൃതി. വസ്തുവിൽനിന്നു പ്രകൃതി സ്പന്ദിച്ചുയർന്നാൽ സ്വാഭാവികമായും അതു ക്രമമനുസരിച്ചു പ്രപഞ്ചാനുഭവത്തിലെ ജഡവികാരങ്ങൾക്കു രൂപം നൽകുന്നു. ഈ ജഡവികാരങ്ങളെ നമുക്കു കാര്യമെന്നും കാരണമെന്നും രണ്ടായി തിരിക്കാം. പുരുഷന്റെ അനുഭവത്തിനു വിഷയങ്ങളായിത്തീരുന്ന ജഡവികാരങ്ങളാണു കാര്യങ്ങൾ. ശബ്ദസ്പർശരൂപരസഗന്ധങ്ങളെന്ന തന്മാത്രകളും അവയുടെ സ്ഥൂലരൂപങ്ങളായ ആകാശാദി പഞ്ചഭൂതങ്ങളും ഇവ കൂടിച്ചേർന്നുണ്ടായിട്ടുള്ള വ്യക്തിശരീരങ്ങളുമാണു കാര്യങ്ങൾ. ഈ കാര്യങ്ങളെ പുരുഷന് അനുഭവിക്കാനുള്ള ഉപകരണങ്ങളാണു കാരണങ്ങൾ. വാസ്തവത്തിൽ കാരണങ്ങളും പഞ്ചഭൂത കാര്യങ്ങൾ തന്നെയാണ്. അനുഭവമണ്ഡലത്തിലെ പ്രവർത്തനഭേദമനുസരിച്ച് അവയെ കാരണങ്ങളായി വേർതിരിച്ചു എന്നേയുള്ളു. ജ്ഞാനേന്ദ്രിയങ്ങൾ കാര്യങ്ങളായ വിഷയങ്ങളെ ഗ്രഹിക്കുന്നു. മനസ്സ് അവയുടെ വിവിധ സ്വഭാവങ്ങൾ സങ്കൽപ്പിച്ചുകാണുന്നു. ബുദ്ധി നിശ്ചയിക്കുന്നു. കർമേന്ദ്രിയങ്ങൾ അതനുസരിച്ചു പ്രവർത്തിക്കുന്നു. അഹങ്കാരരൂപത്തിൽ പ്രതിഫലിച്ചുനിന്നു കൊണ്ടു പുരുഷൻ അവയെ അനുഭവിക്കുന്നു. പുരുഷനു വിഷയ

digitized by www.sreyas.in

ങ്ങളെ ഗ്രഹിക്കാനും, സങ്കൽപ്പിക്കാനും, നിശ്ചയിക്കാനും, കർമംചെയ്യാനും പ്രതിഫലിക്കാനുമുള്ള ഉപകരണങ്ങളാണു ജ്ഞാനേന്ദ്രിയാദി പതിമൂന്നെണ്ണവും. അതുകൊണ്ടാണവയെ കാരണങ്ങളായി ഗണിച്ചിരിക്കുന്നത്. ഈ കാര്യങ്ങളും കാരണങ്ങളും പുരുഷനെ ആശ്രയിച്ചുകൊണ്ടു പ്രകൃതിയുടെ നേരിട്ടുള്ള പരിണാമങ്ങളായതുകൊണ്ടാണ് ഇവയെ രൂപപ്പെടുത്തുന്നതിൽ പ്രകൃതിക്കാണു പ്രാധാന്യമെന്നു പറഞ്ഞിരിക്കുന്നത്. പ്രകൃതി ജഡരൂപിണിയായതുകൊണ്ടു പ്രകൃതിക്കോ അതിന്റെ കാര്യങ്ങൾക്കോ നേരിട്ട് അനുഭവം ഒന്നും തന്നെ സാധ്യമല്ല. സുഖദുഃഖങ്ങൾ അനുഭവങ്ങളാണ്. അനുഭവങ്ങൾക്കു സഹായിക്കുന്നതു പ്രകൃതികാര്യങ്ങൾ തന്നെ. പക്ഷേ, അനുഭവിക്കുന്നതു ബോധസ്വരൂപനായ പുരുഷൻ തന്നെയാണ്. ഒരു ശാസ്ത്രജ്ഞൻ ചില ഉപകരണങ്ങളിൽക്കൂടി ചില പ്രകൃതിരഹസ്യങ്ങൾ കാണുന്നു എന്നു വയ്ക്കുക. കാഴ്ചയ്ക്ക് ഉപകരണങ്ങൾ സഹായിക്കുന്നു എന്നതു വാസ്തവം. എന്നാൽ കാണുന്നതു ശാസ്ത്രജ്ഞനാണെന്നുള്ളതു നിർവിവാദമാണല്ലോ. അതുപോലെയാണു സുഖദുഃഖാനുഭവത്തിൽ പുരുഷന്റെ പ്രാധാന്യം. ഉപകരണങ്ങൾ മാറ്റിയാൽ ശാസ്ത്രജ്ഞൻ പിന്നെ കാണുകയില്ല. അതുപോലെ പുരുഷനും. അഹങ്കാരാദി ഉപകരണങ്ങൾ മാറ്റിവയ്ക്കാമെങ്കിൽപ്പിന്നെ സാപേക്ഷങ്ങളായ സുഖദുഃഖങ്ങൾ അനുഭവപ്പെടുകയേയില്ല. ഇതാണു മോക്ഷം അഥവാ ക്ഷേത്രത്തിൽ നിന്നുള്ള ക്ഷേത്രജ്ഞന്റെ വേർപാട്.

ക്ഷേത്രജ്ഞനായ പുരുഷന്റെ യഥാർഥ രൂപം നിത്യശുദ്ധവും ബുദ്ധവുമാണെന്നല്ലേ പ്രസിദ്ധി. പിന്നെ ഈ സുഖദുഃഖാനുഭവത്തിനു പുരുഷൻ എങ്ങനെ ഹേതുവായി ഭവിച്ചു. ഈ സംശയത്തിനു മറുപടിയാണ് അടുത്ത പദ്യം:

*21. പുരുഷഃ പ്രകൃതിസ്ഥോ ഹി ഭുങ്ക്തേ പ്രകൃതിജാൻ ഗുണാൻ*
*കാരണം ഗുണസംഗോഽസ്യ സദസദ്യോനി ജന്മസു*

പ്രകൃതിസ്ഥഃ - പ്രകൃതിയിൽ പറ്റിക്കൂടുന്ന; പുരുഷഃ ഹി - പുരുഷൻ മാത്രമാണ്; പ്രകൃതിജാൻ - പ്രകൃതിയിൽനിന്നു രൂപംകൊള്ളുന്ന; ഗുണാൻ - സത്വരജസ്തമോഗുണരൂപങ്ങളായ സുഖദുഃഖങ്ങളെ; ഭുങ്ക്തേ - ഭുജിക്കുന്നത്; സദസദ് യോനി ജന്മസു - പ്രകൃതിവികാരങ്ങളായ ദേഹങ്ങളെ അംഗീകരിച്ചു ദേവാസുര യോനികളിൽ ജനിക്കുമ്പോൾ സംഭവിക്കുന്ന അസ്യഗുണസംഗം പ്രകൃതിസ്ഥനായ പുരുഷന്റെ ഗുണസംബന്ധമാണ്.; കാരണം - ഈ സുഖദുഃഖാനുഭവത്തിനു കാരണം.

digitized by www.sreyas.in

പ്രകൃതിയിൽ പറ്റിക്കൂടുന്ന പുരുഷൻ മാത്രമാണു പ്രകൃതിയിൽ നിന്നു രൂപംകൊള്ളുന്ന സത്വരജസ്തമോഗുണരൂപങ്ങളായ സുഖദുഃഖങ്ങളെ ഭുജിക്കുന്നത്. പ്രകൃതിവികാരങ്ങളായ ദേഹങ്ങളെ അംഗീകരിച്ചു ദേവാസുരയോനികളിൽ ജനിക്കുമ്പോൾ സംഭവിക്കുന്ന പ്രകൃതിസ്ഥനായ പുരുഷന്റെ ഗുണസംഗമാണ് ഈ സുഖദുഃഖാനുഭവത്തിനു കാരണം.

## *കാരണം ഗുണസംഗോഽസ്യ*

ക്ഷേത്രജ്ഞനായ പുരുഷന്റെ യഥാർഥ രൂപം നിത്യശുദ്ധവും ബുദ്ധവും തന്നെയാണ്. ആ യഥാർഥ രൂപത്തിന് ഒരിക്കലും ഒരു കേടും സംഭവിക്കുന്നില്ലതാനും. എങ്കിലും പ്രകൃതിസ്ഥനായ പുരുഷനു പ്രകൃതിഗുണങ്ങളായ സത്വരജസ്തമസ്സുകളെ സുഖദുഃഖരൂപത്തിൽ അനുഭവിക്കാനിടവരുന്നു. ഇതിനു കാരണം ഗുണസംഗമാണ്. ക്ഷേത്രത്തിൽ ഇരുന്നുകൊണ്ടു പ്രകൃതി വികാരങ്ങളായ ഗുണങ്ങളെ തന്റേതെന്നു ഭ്രമിക്കുന്നതാണു ഗുണസംഗം ക്ഷേത്രക്ഷേത്രജ്ഞന്മാരെ വിവേചനം ചെയ്തറിഞ്ഞു പ്രകൃതിഗുണങ്ങളെ പുറംതള്ളുന്ന ക്ഷേത്രജ്ഞനു ഈ സുഖദുഃഖാനുഭവഭ്രമം ഒഴിഞ്ഞുകിട്ടുന്നു. അതോടെ ജീവഭാവം കൈവെടിഞ്ഞു ബ്രഹ്മഭാവം പ്രാപിക്കുകയും ചെയ്യും. ഇവിടെ ഗുണസംഗത്തിൽപ്പെട്ടു സുഖദുഃഖങ്ങൾ അനുഭവിക്കുന്ന പുരുഷനെ പ്രതിബിംബസൂര്യനോടും നിത്യശുദ്ധനായ യഥാർഥ പുരുഷനെ സാക്ഷാൽ സൂര്യനോടും ഉപമിക്കാം. ജലപാത്രങ്ങളിൽ പ്രതിബിംബിക്കുന്ന സൂര്യന് ആശ്രയമായ ജലത്തിന്റെ ഗുണദോഷങ്ങൾ ഉള്ളതായി തോന്നാനിടവരുന്നു. ജലത്തോടുള്ള സംബന്ധമാണ് അങ്ങനെ തോന്നിക്കുന്നത്. വാസ്തവത്തിൽ പ്രതിബിംബത്തിനുപോലും കേടുപാടുകളൊന്നും സംഭവിക്കുന്നില്ലെന്നുള്ളതാണു സത്യം. എന്നാലും ജലത്തിന്റെ ആശ്രയം ഉള്ളിടത്തോളം പ്രതിബിംബം അതിന്റെ ഗുണമോ ദോഷമോ ഉൾക്കൊള്ളുന്നതായി തോന്നാനിടവരുന്നു. പ്രതിബിംബത്തിനീ ഗുണദോഷഭാവങ്ങൾ ഉണ്ടെന്നു തോന്നുമ്പോഴും സാക്ഷാൽ സൂര്യനെ ആ ഗുണദോഷഭാവങ്ങളൊന്നും ബാധിക്കുന്നില്ലെന്നുള്ളതും ഓർക്കേണ്ടതാണ്. അതുപോലെ ദേവാസുരജന്മങ്ങളിലെ അന്തക്കരണങ്ങളിൽ പ്രതിബിംബിക്കുന്ന പരമാത്മാംശമാണു പ്രകൃതിസ്ഥനായ പുരുഷൻ. ഈ പ്രകൃതിസ്ഥപുരുഷൻ അഥവാ ജീവൻ പ്രതിബിംബാശ്രയങ്ങളായ അന്തക്കരണങ്ങളുടെ സത്വരജസ്തമോഗുണങ്ങളെ തന്റേതെന്നു ഭ്രമിച്ച് അവയുമായി ഗാഢബന്ധത്തിലേർപ്പെടുന്നു. സത്വം സുഖത്തിന്റെയും രജസ്സ് ദുഃഖത്തിന്റെയും

digitized by www.sreyas.in

തമസ്സ് മോഹത്തിന്റെയും ഗുണങ്ങളാണ്. അവയുമായുള്ള ഗാഢബന്ധം നിമിത്തം ജീവന് സുഖദുഃഖമോഹങ്ങൾ വന്നുചേരുന്നതായി ഭ്രമമുണ്ടാകുന്നു. ശുദ്ധജലത്തിലെ സൂര്യ പ്രതിബിംബം ശുദ്ധമെന്നും കലങ്ങിയ ജലത്തിലെ സൂര്യപ്രതിബിംബം കലങ്ങിയതെന്നും തോന്നാനിടവരുന്നതുപോലെ രണ്ടു ജലപാത്രത്തിലെയും വെള്ളങ്ങൾ ഒഴിച്ചുകളഞ്ഞാൽ രണ്ടു പ്രതിബിംബങ്ങളും ഒരുപോലെ സാക്ഷാൽ സൂര്യനായി മാറി ഗുണദോഷങ്ങളൊന്നും ഒരിക്കലും ബാധിച്ചിട്ടില്ലെന്ന് അനുഭവിക്കുകയും ചെയ്യും. ഗുണസംഗമാണു പുരുഷന്റെ സുഖദുഃഖാനുഭവത്തിനു കാരണമെന്നു ഭഗവാൻ പറയുന്നതുകൊണ്ടുതന്നെ ഗുണസംഗം വിട്ടാൽ താൻ നിത്യമുക്തനാണെന്നു പ്രകൃതിസ്ഥപുരുഷന് അനുഭവിക്കാൻ കഴിയുമെന്നും സൂചിപ്പിക്കുന്നു.

ഇങ്ങനെ ക്ഷേത്ര ക്ഷേത്രജ്ഞഭേദഭ്രമത്തിന്റെ കാരണം വെളിവാക്കിയശേഷം പ്രകൃതിസ്ഥനായ പുരുഷനു പ്രകൃതിവികാരമായ അന്തക്കരണത്തിന്റെ ആശ്രയശുദ്ധിയനുസരിച്ച് ഏതെല്ലാം ഭാവത്തിൽ പ്രകടമാകാൻ കഴിയുമെന്നാണ് ഇരുപത്തിരണ്ടാം ശ്ലോകം വ്യക്തമാക്കുന്നത്:

*22 ഉപദ്രഷ്ടാനുമന്താ ച ഭർത്താ ഭോക്താ മഹേശ്വരഃ*
*പരമാത്മേതി ചാപ്യുക്തോ ദേഹേഽസ്മിൻ പുരുഷഃ പരഃ*

ഉപദ്രഷ്ടാ - കാരണങ്ങളുടെ എല്ലാ കർമങ്ങളെയും സാക്ഷിരൂപത്തിൽ നോക്കിനിന്നു സ്വസാന്നിധ്യം കൊണ്ടനുഗ്രഹിക്കുന്നവനായും; അനുമന്താ - കർമങ്ങളെയെല്ലാം അനുമോദിച്ചനുവദിക്കുന്നവനായും; ഭർത്താ - എല്ലാറ്റിനും ആജ്ഞ നൽകുന്ന പ്രഭുവായും; ഭോക്താ - സ്വരൂപാനന്ദം അനുഭവിക്കുന്ന ആനന്ദഭുക്കായും; മഹേശ്വരഃ - ലോകത്തിന്റെ മുഴുവൻ ഈശ്വരനായും; പരമാത്മാ ച - ലോകങ്ങളെയും കടന്നുനിൽകുന്ന നിത്യമുക്ത ബോധവസ്തുവായും; ഇതി - ഇപ്രകാരമെല്ലാം; അസ്മിൻ ദേഹേ അപി - ഈ ദേഹത്തിലിരിക്കവേ തന്നെ; പരഃ പുരുഷഃ - പ്രകൃതിക്കപ്പുറത്ത് അദ്വയമായി വിളങ്ങുന്ന ബ്രഹ്മം; ഉക്തഃ - അനുഭവപ്പെടുമെന്നു പറയപ്പെട്ടിരിക്കുന്നു.

കാരണങ്ങളുടെ എല്ലാ കർമങ്ങളെയും സാക്ഷിരൂപത്തിൽ നോക്കിനിന്നു സ്വസാന്നിധ്യംകൊണ്ടനുഗ്രഹിക്കുന്നവനായും കർമങ്ങളെയെല്ലാം അനുമോദിച്ചനുവദിക്കുന്നവനായും എല്ലാറ്റിനും ആജ്ഞ നൽകുന്ന പ്രഭുവായും സ്വരൂപാനന്ദമനുഭവിക്കുന്ന ആനന്ദഭുക്കായും ലോകത്തിന്റെ മുഴുവൻ ഈശ്വരനായും ലോകങ്ങളെയും കടന്നു നിൽക്കുന്ന നിത്യമുക്ത ബോധ വസ്തുവായും ഇപ്രകാരമെല്ലാം ഈ ദേഹത്തിലിരിക്കവേ തന്നെ

digitized by www.sreyas.in

പ്രകൃതിക്കപ്പുറത്ത് അദ്വയമായി വിളങ്ങുന്ന ബ്രഹ്മം അനുഭവപ്പെടുമെന്നു പറയപ്പെട്ടിരിക്കുന്നു.

## ക്ഷേത്രജ്ഞന്റെ സ്വരൂപാനുഭവക്രമം

പ്രകൃതിസ്ഥനായി ഗുണസംഗംകൊണ്ടു പരമപുരുഷനിൽ നിന്നു ഭിന്നിച്ചപോലെ കഴിയുന്ന ക്ഷേത്രജ്ഞൻ അമാനിത്വാദി ജ്ഞാനോപായങ്ങൾ വഴി ക്ഷേത്രത്തെയകറ്റി സ്വരൂപാനുഭവത്തിലെത്തുന്നതാണല്ലോ മോക്ഷം. ജ്ഞാനാഭ്യാസംകൊണ്ടു ചിത്തശുദ്ധിവന്നു ക്രമേണ ക്ഷേത്രമകലാൻ തുടങ്ങുന്നതോടെ പടിപ്പടിയായി ഏതെല്ലാം ഭാവങ്ങളിൽ പരമപുരുഷനോടടുക്കാൻ കഴിയുമെന്നാണു ഭഗവാൻ അനുഭവത്തെ മുൻനിറുത്തി ഈ പദ്യത്തിൽ മനോഹരമായി വിവരിച്ചിരിക്കുന്നത്. ഗുണസംഗം നിമിത്തം താൻ ദേഹമാണെന്നഭിമാനിച്ചു കാര്യകാരണങ്ങളുമായി ഗാഢബന്ധം പുലർത്തിക്കഴിയുകയായിരുന്നല്ലോ ക്ഷേത്രജ്ഞൻ. തുടർന്നാണു വിവേകിയായി ക്ഷേത്രക്ഷേത്രജ്ഞഭേദമറിഞ്ഞു സ്വരൂപാനുഭവത്തിനായി യത്നിക്കുന്നത്. ജ്ഞാനാഭ്യാസം ഏതാണ്ടൊക്കെ പാകപ്പെട്ടാൽ ഉള്ളിൽ പ്രസാദമയമായ ആത്മസാന്നിധ്യം അനുഭവപ്പെടും. കാര്യകാരണസംഘാതത്തെയും അവയുടെ കർമങ്ങളെയും താൻ കാണുന്നുണ്ടെങ്കിലും താൻ യഥാർഥത്തിൽ ഒന്നും പ്രവർത്തിക്കുന്നില്ലെന്നറിയാറാകും. ഇതാണ് ആത്മാവിന്റെ സാക്ഷിസ്വരൂപം. ഈ അനുഭവതലത്തിൽ കാര്യകാരണസംഘാതത്തിന്റെ മേൽ തനിക്കു നിയന്ത്രണമൊന്നുമില്ല; എന്നാൽ അവയുടെ കർമങ്ങളുമായി താൻ ബന്ധിക്കുന്നില്ല എന്നാണനുഭവം. അഞ്ചാമധ്യായത്തിലെ എട്ടും ഒമ്പതും പദ്യങ്ങളിൽ ഈ അനുഭവത്തെ ഭഗവാൻ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ജ്ഞാനാഭ്യാസം മുന്നേറുന്നതോടെ താൻ സാക്ഷിമാത്രനാണെങ്കിലും തന്റെ അനുവാദവും അനുമോദനവും ലഭിച്ചാലേ കാരണങ്ങൾ പ്രവർത്തിക്കൂ എന്ന ഘട്ടം വന്നുചേരുന്നു. ആത്മാനുഭവത്തിൽ ഉറച്ചുനിന്നുകൊണ്ടു കാരണങ്ങളെ പാട്ടിലാക്കി ലോകസംഗ്രഹപ്രവർത്തനങ്ങളിലേക്കു തിരിയുന്ന ഘട്ടമാണിത്. കുറേക്കൂടി അനുഭവം ശക്തിപ്പെട്ടാൽ തന്റെ ഇച്ഛക്കനുസരണമായി കാരണങ്ങളെ ഏതു സമയത്തും പ്രവർത്തിപ്പിക്കാനോ പ്രവർത്തിപ്പിക്കാതിരിക്കാനോ കഴിയുന്ന ഘട്ടം വന്നുചേരുന്നു. ഇതാണ് കാര്യകാരണസംഘാതത്തിന്റെ മേലുള്ള ആത്മാവിന്റെ ഭർത്തൃഭാവം. ഇച്ഛപോലെ സമാധ്യനുഭവത്തിനു കരുത്തുള്ള ഒരു ജ്ഞാനിയുടെ അനുഭവമാണിത്. തുടർന്നു നിരന്തരമായി ആത്മാനന്ദാനുഭവം കൈവരുന്നു. ഇതാണു ഭോക്തൃഭാവം. ഇവിടത്തെ ഭോക്തൃശ

digitized by www.sreyas.in

ബ്ദത്തിനു വിഷയഭോക്താവെന്നൊരിക്കലും അർഥം പറയാൻ പാടില്ല. സാക്ഷാൽക്കാരാനുഭവക്രമമാണിവിടെ വർണിക്കുന്നതെന്നു സ്പഷ്ടമാണല്ലോ. നിരന്തരമായ ആത്മാനന്ദാനുഭവത്തോടെ തന്റെ സ്വരൂപംതന്നെ പ്രപഞ്ചത്തിലാകെ നിറഞ്ഞുനിന്ന് എല്ലാറ്റിനേയും നിയന്ത്രിക്കുന്നു എന്നു ബോധ്യമാവും. അനുഭവഘട്ടമാണ് മഹേശ്വരത്വം. പ്രപഞ്ചപ്രതിഭാസങ്ങളെയും കടന്നുനിൽക്കുന്ന നിത്യശുദ്ധമായ അദ്വയബ്രഹ്മമാണു താനെന്നു നിർവികൽപ്പമായി അനുഭവിക്കുന്നതാണല്ലോ പരമാത്മസാക്ഷാൽക്കാരം. ഒരാൾക്കു ദേഹവുമായി കഴിയവേതന്നെ ഈ നിലകളിലെല്ലാം ആത്മാനുഭവം നേടാൻ കഴിയുമെന്നു വ്യക്തമാക്കാനാണ് 'ദേഹേഽസ്മിൻ' എന്നു പറഞ്ഞിരിക്കുന്നത്.

മേൽ വിവരിച്ചവിധം പ്രകൃതിയെയും പുരുഷനെയും വ്യക്തമായി ധരിക്കുന്നയാൾ ലോക വ്യവഹാരത്തിൽ എങ്ങനെ വർത്തിച്ചാലും മുക്തനാണെന്നു പ്രഖ്യാപിക്കുകയാണ് ഭഗവാൻ അടുത്ത പദ്യത്തിൽ:

*23. യ ഏവം വേത്തി പുരുഷം പ്രകൃതിം ച ഗുണൈഃ സഹ*
*സർവഥാ വർത്തമാനോഽപി ന സ ഭൂയോഽഭിജായതേ*

യഃ – ആരാണോ; ഏവം – മേൽ വിവരിച്ചപ്രകാരം; പുരുഷം പ്രകൃതിം ച – പുരുഷനെയും പ്രകൃതിയെയും; ഗുണൈഃ സഹ – ത്രിഗുണങ്ങളോടൊപ്പം; വേത്തി – അനുഭവച്ചറിയുന്നത്; സഃ – അയാൾ; സർവഥാ വർത്തമാനഃ അപി – എല്ലാത്തരത്തിലും ലോകവ്യവഹാരങ്ങളിൽ കഴിഞ്ഞുകൂടിയാലും; ഭൂയഃ – വീണ്ടും; ന അഭിജായതേ – ജനനമരണഭ്രമത്തിൽപ്പെട്ടു പോകുന്നതേയില്ല.

ആരാണോ മേൽ വിവരിച്ചപ്രകാരം പുരുഷനെയും പ്രകൃതിയെയും ത്രിഗുണങ്ങളോടൊപ്പം അനുഭവിച്ചറിയുന്നത് അയാൾ എല്ലാത്തരത്തിലും ലോകവ്യവഹാരങ്ങളിൽ കഴിഞ്ഞുകൂടിയാലും വീണ്ടും ജനനമരണഭ്രമത്തിൽപ്പെട്ടുപോകുന്നതേയില്ല.

## *ന സ ഭൂയോഽഭിജായതേ*

ജനനമരണങ്ങൾ നിത്യമുക്തനായ ക്ഷേത്രജ്ഞന്റെ വെറും ഭ്രമാനുഭവങ്ങളാണ്. സൂക്ഷ്മപരിശോധനയിൽ ഒരാൾ ആഗ്രഹിച്ചാൽപ്പോലും ജനിക്കാനോ മരിക്കാനോ യഥാർഥത്തിൽ കഴിയുകയില്ല. ജനിക്കുന്നു, മരിക്കുന്നു എന്ന് ആഗ്രഹിച്ചു ഭ്രമിക്കാം; അത്രേയുള്ളൂ. പുരുഷൻ നിത്യമുക്തനായ ആദികാരണമാണ്. ആ കാരണത്തിന്റെ നിത്യമുക്തതക്ക് ഒരു കേടും വരുത്താതെ ശക്തി കാര്യകാരണങ്ങളെ പ്രകടമാക്കി മറയ്ക്കുന്നു. ശക്തിയും കാര്യകാരണങ്ങളും പ്രകടരൂപത്തിൽ ജഡങ്ങളാണ്. അവയുടെ പരിണാമ

digitized by www.sreyas.in

ങ്ങൾപോലും പുതുതായ ജനിക്കലോ മരിക്കലോ അല്ല. സൂക്ഷ്മരൂപിണിയായ ശക്തി ഒളിഞ്ഞിരിക്കുന്ന സ്ഥൂലരൂപങ്ങൾ പുറത്തു കാട്ടുന്നു; മറയ്ക്കുന്നു; വീണ്ടും പുറത്തു കാട്ടുന്നു. ഇതു പ്രകൃതിയിൽ സദാ ചക്രാകാരമായി സംഭവിക്കുകയാണ്. സൂക്ഷ്മം സ്ഥൂലമാകുന്നതോ സ്ഥൂലം സൂക്ഷ്മമാകുന്നതോ എങ്ങനെ ജനനമരണങ്ങളാകും. ശക്തിസ്പന്ദനദശയിൽപ്പോലും ഇവിടെ വസ്തുവിന് അണുപോലും കൂടുതലോ കുറവോ ഈ പരിണാമങ്ങൾ കൊണ്ടു സംഭവിക്കുന്നില്ല. ഇക്കാര്യം ഇന്നു ഭൗതികശാസ്ത്രത്തിനുപോലും സമ്മതമാണ്. അപ്പോൾ പുതുതായി എന്തു ജനിച്ചു? എന്തു മരിച്ചു? ഈ ശക്തിയോ? വസ്തുവായ പുരുഷന്റെ ശക്തിയാണ്. ശക്തി മുഴുവൻ പ്രകടഭാവം വിട്ടുമറഞ്ഞാലും ശക്തിക്കോ ശക്തനോ യാതൊരു കുറവും സംഭവിക്കുന്നില്ല. സ്ഥൂലകാര്യരൂപങ്ങൾ ശക്തിയിൽ ഒളിഞ്ഞിരിക്കുന്നതുപോലെ ശക്തി ശക്തനിൽ ഒളിഞ്ഞിരിക്കുന്നു. അത്രേയുള്ളു. ശക്തൻ സനാതനസത്യമായതുകൊണ്ട് ആ ശക്തന്റെ ശക്തിയും ഒരു കുറവും വരാത്ത സനാതനസത്യം തന്നെയാണ്. പ്രകൃതിയും പുരുഷനും അനാദിയെന്നു നേരത്തേ പറഞ്ഞത് ഇതു വെളിപ്പെടുത്താനാണ്. പുരുഷന്റെ ശക്തിയായ പ്രകൃതി പുരുഷൻ തന്നെ. ശക്തിയിൽ ഒളിഞ്ഞിരുന്നു പ്രകടമായി മറയുന്ന കാര്യരൂപങ്ങളും പുരുഷൻ തന്നെ. ശക്തിയിൽ ഒളിഞ്ഞിരുന്നു പ്രകടമായി മറയുന്ന കാര്യരൂപങ്ങളും പുരുഷൻ തന്നെ. ഇങ്ങനെ എല്ലാം പുരുഷമയമായി കാണുന്നതാണു സത്യദർശനം. ആരംഭത്തിൽ പ്രകൃതിയെന്നും പുരുഷനെന്നും വേർതിരിച്ചു വിവരിക്കുന്നതൊക്കെ എണ്ണമറ്റ പലതുകണ്ടു ഭ്രമിക്കുന്ന അജ്ഞനെ അദ്വയപുരുഷനോടടുപ്പിക്കാനുള്ള ഉപായങ്ങൾ മാത്രം. ഈ പ്രകൃതിപുരുഷ രഹസ്യം ധരിച്ച് ജ്ഞാനോപായങ്ങളഭ്യസിക്കുന്നയാൾക്ക് ഇരുപത്തിരണ്ടാം പദ്യത്തിൽ പറഞ്ഞ പ്രകാരമെല്ലാം പുരുഷനെ നേരിൽ അനുഭവിക്കാനും പറ്റും. യുക്തിക്കുതന്നെ ജനനമരണാനുഭവം ഭ്രമമാണെന്നു തെളിയുന്നു. ആ നിലയ്ക്കു സനാതനമായ അദ്വയപുരുഷനെ അനുഭവിച്ചറിയുന്നയാൾക്ക് ആ ഭ്രമം പാടേ മാറിക്കിട്ടുമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇതുതന്നെയാണു മോക്ഷം.

പുരുഷന്റെ സാക്ഷാൽക്കാരാനുഭവം ഇത്ര വിശിഷ്ടമാണെങ്കിൽ അതുനേടാനുള്ള ഉപായമെന്താണ്? ജ്ഞാനോപായങ്ങൾ നേരത്തേ വിസ്തരിച്ചു പറഞ്ഞല്ലോ. എങ്കിലും അവയെ സംഗ്രഹിച്ചു ഒന്നുകൂടി കേട്ടാൽ കൊള്ളാമെന്ന അർജുനന്റെ മനോഭാവത്തെ തൃപ്തിപ്പെടുത്തുകയാണു ഭഗവാൻ അടുത്ത രണ്ടു പദ്യങ്ങളിൽ:

digitized by www.sreyas.in

*24. ധ്യാനേനാത്മനി പശ്യന്തി കേചിദാത്മാനമാത്മനാ*
*അന്യേ സാംഖ്യേന യോഗേന കർമയോഗേന ചാപരേ*

കേചിത് - യോഗികളായ ചിലർ; ധ്യാനേന - സഗുണമോ നിർഗുണമോ ആയ ധ്യാനം പരിശീലിച്ച്; ആത്മാനം - ബോധസ്വരൂപമായ ആത്മാവിനെ; ആത്മനാ - ഇതര സങ്കൽപ്പങ്ങളെ അകറ്റി ഏകാഗ്രപ്പെട്ട ചിത്തം കൊണ്ട്; ആത്മനി - ഹൃദയത്തിൽ; പശ്യന്തി - കണ്ടെത്തുന്നു; അന്യേ - ജ്ഞാനികളായ മറ്റു ചിലർ; സാംഖ്യേന യോഗേന - വിചാരമാർഗം സ്വീകരിച്ചു വിരക്തരായി ആത്മദർശനം നേടുന്നു; അപരേ - ലോകവ്യവഹാരത്തിൽ ഏർപ്പെട്ടു കഴിയുന്ന ഗൃഹസ്ഥന്മാരും മറ്റും; കർമയോഗേന ച (പശ്യന്തി) - ലോക കർമങ്ങളിലേർപ്പെട്ടിരിക്കവേ തന്നെ കർമങ്ങളെല്ലാം ഭഗവദർപ്പണമാക്കി ഫലേച്ഛ വെടിഞ്ഞു ചെയ്തും ആത്മാവിനെ കണ്ടെത്തുന്നു.

യോഗികളായ ചിലർ സഗുണമോ നിർഗുണമോ ആയ ധ്യാനം പരിശീലിച്ചു ബോധസ്വരൂപമായ ആത്മാവിനെ ഇതരസങ്കൽപ്പങ്ങളെ അകറ്റി ഏകാഗ്രമായ ചിത്തംകൊണ്ടു ഹൃദയത്തിൽ കണ്ടെത്തുന്നു. ജ്ഞാനികളായ മറ്റു ചിലർ വിചാരമാർഗം സ്വീകരിച്ചു വിരക്തരായി ആത്മദർശനം നേടുന്നു. ലോകവ്യവഹാരത്തിൽ ഏർപ്പെട്ടുകഴിയുന്ന ഗൃഹസ്ഥന്മാരും മറ്റും ലോക കർമങ്ങളിലേർപ്പെട്ടിരിക്കവേതന്നെ കർമങ്ങളെല്ലാം ഭഗവദർപ്പണമാക്കി ഫലേച്ഛ വെടിഞ്ഞു ചെയ്തും ആത്മാവിനെ കണ്ടെത്തുന്നു.

## ആത്മദർശനപ്രകാരം

സ്വന്തം ഹൃദയത്തിലാണ് ആത്മാവിനെ ആദ്യം കണ്ടെത്തേണ്ടത്. ഇതിനു മുഖ്യമായും ജ്ഞാനയോഗമെന്നും കർമയോഗമെന്നും രണ്ടുപായങ്ങളാണുള്ളതെന്നു ഭഗവാൻ മൂന്നാമധ്യായത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ രണ്ടായി പറഞ്ഞെങ്കിലും ഈ ഉപായങ്ങളെ അതിരുവരമ്പിട്ടു തിരിക്കാൻ സാധ്യമല്ലെന്നും ആരംഭദശ കഴിഞ്ഞാൽ ഇവയ്ക്കു വലിയ ഭേദമൊന്നും കാണുകയില്ലെന്നും അഞ്ചാമധ്യായത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്. പ്രസ്തുത പദ്യം പ്രഥമദൃഷ്ടിയിൽ ധ്യാനയോഗം, സാംഖ്യയോഗം, കർമയോഗം എന്നു മൂന്നു യോഗങ്ങൾ നിർദേശിക്കുന്നതുപോലെ തോന്നാം. വാസ്തവത്തിൽ ധ്യാനയോഗവും കർമയോഗവും ഒന്നുതന്നെയാണ്. 'ധ്യാനാത് കർമഫലത്യാഗഃ' എന്നു പന്ത്രണ്ടാമധ്യായത്തിലെ പന്ത്രണ്ടാം ശ്ലോകത്തിൽ വെളിപ്പെടുത്തിയിട്ടുള്ളത് ഇവിടെ ഓർമിക്കുന്നതു നന്ന്. പിന്നെ ഇവിടെ ധ്യാനയോഗം എന്തിനു പ്രത്യേകം പറഞ്ഞു? ഏതെങ്കിലും സഗുണമോ നിർഗു

digitized by www.sreyas.in

ണമോ ആയ ഉപാസന പ്രബലമായി അഭ്യസിക്കുന്നവരെ വേർതിരിക്കാൻവേണ്ടി അങ്ങനെ ചെയ്തുവെന്നേയുള്ളു. ചിലർ പ്രബലമായ ഏതെങ്കിലും ഉപാസന ശീലിച്ചു വളരെ സമയം അതിനുവേണ്ടി ചിലവഴിച്ചു കർമരംഗത്തു കഴിയുന്നു. മറ്റു ചിലർ അധികസമയവും കർമങ്ങൾ ചെയ്തുകഴിയവേ തന്നെ ഈശ്വരാർപ്പണബുദ്ധി പുലർത്തി ഫലേച്ഛാത്യാഗം ശീലിക്കുന്നു. കർമയോഗികളിൽ തന്നെയുള്ള ഈ ഭേദം കാണിക്കാൻ ധ്യാനസാധന പ്രത്യേകം പറഞ്ഞുവെന്നേയുള്ളൂ. സന്യാസിമാരുടെ മാർഗമാണു ജ്ഞാനയോഗം അഥവാ വിചാരണ മാർഗം. ഈ വിഭാഗമെല്ലാം പ്രാധാന്യത്തെ മാത്രമാസ്പദമാക്കിയാണെന്നുള്ള മുൻ തീരുമാനം ഇവിടെയും ഓർക്കേണ്ടതാണ്. ധ്യാനം പാടേവിട്ടു ജ്ഞാനമോ, ജ്ഞാനം പാടേവിട്ടു ധ്യാനമോ, കർമം പാടേവിട്ട് ഇവ രണ്ടുമോ അഭ്യസിക്കുക സാധ്യമല്ലെന്നു തീർച്ചയാണല്ലോ.

ധ്യാനയോഗമോ, ജ്ഞാനയോഗമോ, കർമയോഗമോ ഒന്നും കൃത്യമായി തൽക്കാലം അനുഷ്ഠിക്കാൻ കഴിയാത്തവർ പ്രാരംഭസാധനയെന്ന നിലയിൽ ശ്രവണസാധന അനുഷ്ഠിക്കേണ്ടതാണ്. ഭഗവത്കഥകളും തത്വവിവരണങ്ങളും അറിവുള്ളവർ പറഞ്ഞു കേൾക്കുന്നതാണു ശ്രവണസാധന. ശ്രവണം ക്രമേണ മനനനിദിധ്യാസനങ്ങൾക്കു വഴിതെളിച്ച് അവരെ ആത്മദർശനസമർഥരാക്കിത്തീർക്കും. ഇക്കാര്യമാണു ഭഗവാൻ അടുത്ത പദ്യത്തിൽ വിശദമാക്കുന്നത്:

*25. അന്യേ ത്വേവമജാനന്തഃ ശ്രുത്വാന്യേഭ്യ ഉപാസതേ*
*തേഽപി ചാതിതരന്ത്യേവ മൃത്യും ശ്രുതിപരായണാഃ*

ഏവം അജാനന്തഃ - ധ്യാനസാംഖ്യകർമയോഗങ്ങളെക്കുറിച്ചൊന്നും വ്യക്തമായ അറിവില്ലാത്തവർ; അന്യേഭ്യഃ ശ്രുത്വാ - അവയെക്കുറിച്ചറിയാവുന്നവർ പറയുന്നതൊക്കെ ആവർത്തിച്ചു കേട്ട്; അന്യേ തു - മറ്റു ചിലരാകട്ടെ; ഉപാസതേ - എന്നെ ഭജിക്കാൻ തുടങ്ങുന്നു; ശ്രുതിപരായണാഃ; തേ അപി - വീണ്ടും വീണ്ടും എന്റെ കാര്യങ്ങൾ കേൾക്കാൻ താൽപ്പര്യമുള്ള അവരും; മൃത്യും അതിതരന്തി ഏവ - മരണത്തെ ജയിക്കുകതന്നെ ചെയ്യുന്നു.

ധ്യാനസാംഖ്യകർമയോഗങ്ങളെക്കുറിച്ചൊന്നും വ്യക്തമായ അറിവില്ലാത്തവർ അവയെക്കുറിച്ചറിയാവുന്നവർ പറയുന്നതൊക്കെ ആവർത്തിച്ചു കേട്ട് എന്നെ ഭജിക്കാൻ തുടങ്ങുന്നു. വീണ്ടും വീണ്ടും എന്റെ കാര്യങ്ങൾ കേൾക്കാൻ താൽപ്പര്യമുള്ള അവരും മരണത്തെ ജയിക്കുകതന്നെ ചെയ്യുന്നു.

digitized by www.sreyas.in

## അതിതരന്ത്യേവ മൃത്യും

വേദാന്തശാസ്ത്രപ്രകാരം ദേഹത്യാഗമല്ല യഥാർഥ മൃത്യു. സത്യത്തിൽ നിന്ന് അകലുന്നതാണു മരണം. സത്യത്തോടടുക്കുന്നതു ജീവിതവും. ഭാരതത്തിൽത്തന്നെയുള്ള സനത് സുജാതീയഭാഗത്തു സനത്കുമാരൻ ഇക്കാര്യം ധൃതരാഷ്ട്രർക്കു നല്ലവണ്ണം വ്യക്തമാക്കിക്കൊടുക്കുന്നുണ്ട്. പ്രമാദമാണു മൃത്യു എന്നത്രേ അവിടെ സനത്കുമാരൻ പറയുന്നത്. എന്താണു പ്രമാദം? ഈശ്വരവിസ്മൃതി അഥവാ ആത്മവിസ്മൃതിയാണു പ്രമാദം. ഈ പ്രമാദരൂപമായ മരണം വരാതിരിക്കണമെങ്കിൽ താൻ എത്തിനിൽക്കുന്നിടം എപ്പോഴും അവിദ്യയാണെന്നറിഞ്ഞു വിദ്യാമാർഗത്തിൽ മുന്നോട്ടുതന്നെ നീങ്ങിക്കൊണ്ടിരിക്കണം. പിന്നോട്ടുപോയാൽ മൃത്യു അഥവാ അവിദ്യയിലേക്കുള്ള പതനം. മുന്നോട്ടു നീങ്ങിയാൽ മൃത്യുവിനെ കടന്ന് അമൃതത്വത്തിലേക്കുള്ള മുന്നേറ്റം. ഇങ്ങനെ എവിടെയെത്തിയാൽ ഇനി പോകാൻ ഇടമില്ലെന്നു തെളിയുന്നുവോ അവിടംവരെ പോകേണ്ടതാണ്. എത്തിനിൽക്കുന്നിടവും പുറകോട്ടുള്ള ഭാഗവും എപ്പോഴും അവിദ്യ. മുന്നോട്ടുള്ള ഭാഗം വിദ്യ. ഇനി പോകാൻ ഇടമില്ലാത്ത സ്ഥലത്തെത്തിയാൽ പൂർണമായ അമൃതത്വം. വിദ്യാവിദ്യകളെ ഒരുമിച്ചറിഞ്ഞാലേ ഈ യാത്ര അഭംഗുരം തുടരാൻ പറ്റൂ. ഇക്കാര്യമാണ് ഈശാവാസ്യോപനിഷത് വിദ്യാവിദ്യകളെ ഒരുമിച്ചറിഞ്ഞ് അവിദ്യകൊണ്ടു മരണത്തെക്കടന്നു വിദ്യകൊണ്ട് അമൃതത്വം വരിക്കണം എന്നനുശാസിച്ചിരിക്കുന്നത്. അവിദ്യാമാർഗത്തിൽ എവിടെയെങ്കിലും നിന്നു രമിച്ചുപോയാൽ അതു വിദ്യാമാർഗത്തെക്കാൾ കൂരിരുട്ടിനു കാരണമായിത്തീരും. ധ്യാനസാംഖ്യാദിയോഗങ്ങളൊന്നും നിശ്ചയമില്ലാത്തയാൾക്ക് ശ്രവണം കൊണ്ടു താൻ നിൽക്കുന്ന അവിദ്യാസ്ഥാനത്തുനിന്നു തീർച്ചയായും മുന്നോട്ടുപോകാൻ കഴിയും. അതുതന്നെയാണയാളുടെ മൃത്യുജയം. തുടർന്നു മനനനിദിധ്യാസനങ്ങളിലൂടെ മുന്നേറാൻ ഈ ജന്മത്തിലല്ലെങ്കിൽ അടുത്ത ജന്മത്തിലെങ്കിലും അവസരവും വന്നുചേരും. ഈ ആത്മാന്വേഷണരഹസ്യമാണു ഭഗവാൻ ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. ആത്മദർശനോപായങ്ങൾ ശ്രവണ മനനനിദിധ്യാസനങ്ങളാണെന്ന പ്രസിദ്ധമായ ഉപനിഷന്മതം ഭഗവാൻ ഇരുപത്തഞ്ചും ഇരുപത്താറും ശ്ലോകങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നു എന്നു കാണേണ്ടതാണ്.

എല്ലാ ക്ഷേത്രങ്ങളിലും ക്ഷേത്രജ്ഞനായി ഭഗവാൻ നിലകൊള്ളുന്നു എന്നാണല്ലോ മുമ്പു പറഞ്ഞത്. ക്ഷേത്രക്ഷേത്രജ്ഞന്മാരെന്ന രണ്ടു ഘടകങ്ങൾ എല്ലായിടത്തും അനുഭവപ്പെടുന്നില്ലല്ലോ. ശുദ്ധജഡങ്ങളായി പലതും

digitized by www.sreyas.in

ഇവിടെ കാണുന്നുണ്ട്. ഇതിന്റെ രഹസ്യമെന്താണ്? ഈ സംശയത്തിനു മറുപടിയായി ക്ഷേത്രജ്ഞനില്ലാത്ത കേവലജഡമെന്നൊന്നില്ലെന്നാണു ഭഗവാൻ അടുത്ത പദ്യത്തിൽ വെളിപ്പെടുത്തുന്നത്:

*26. യാവത് സംജായതേ കിഞ്ചിത് സത്വം സ്ഥാവരജംഗമം*
*ക്ഷേത്രക്ഷേത്രജ്ഞസംയോഗാത്തദ്വിദ്ധി ഭരതർഷഭ*

ഭരതർഷഭ - അല്ലയോ അർജുനാ; സ്ഥാവരജംഗമം - ചലിക്കാത്തതോ ചലിക്കുന്നതോ ആയി; കിഞ്ചിത് സത്വം - എന്തെങ്കിലും ഒരു പദാർഥം; യാവത് സംജായതേ - എപ്പോൾ രൂപപ്പെടുന്നതായി കാണുന്നുവോ; തത് - അത്; ക്ഷേത്രക്ഷേത്രജ്ഞ സംയോഗാത് വിദ്ധി - ക്ഷേത്രത്തിന്റെയും ക്ഷേത്രജ്ഞന്റെയും കൂടിക്കലരൽ കൊണ്ടാണെന്നറിഞ്ഞോളൂ.

അല്ലയോ അർജുനാ, ചലിക്കാത്തതോ ചലിക്കുന്നതോ ആയി എന്തെങ്കിലും ഒരു പദാർഥം എപ്പോൾ രൂപപ്പെടുന്നതായി കാണുന്നുവോ അതു ക്ഷേത്രത്തിന്റെയും ക്ഷേത്രജ്ഞന്റെയും കൂടിക്കലരൽ കൊണ്ടാണെന്നറിഞ്ഞോളൂ.

## *ക്ഷേത്രക്ഷേത്രജ്ഞസംയോഗാത്*

ബോധവസ്തുവിലെ ശക്തിസ്പന്ദനമാണല്ലോ ക്ഷേത്രത്തിന്റെ ആരംഭം. ശക്തി സ്പന്ദിക്കുന്നതോടെ ഓരോ സ്പന്ദനത്തിലും ആശ്രയമായ ബോധം പ്രതിബിംബിക്കുന്നു എന്നു കാണേണ്ടതാണ്. ഓരോ സ്പന്ദനത്തിലുമുള്ള ഈ ബോധപ്രതിബിംബമാണു ജീവൻ അഥവാ ക്ഷേത്രജ്ഞൻ. ജീവന്റെ ഉൽപ്പത്തി തിരക്കിട്ടന്വേഷിക്കുന്നവർ ഈ വസ്തുത ധരിക്കുന്നതു നന്ന്. ശക്തിസ്പന്ദനമാണല്ലോ പിന്നെ അന്തക്കരണവും സ്ഥൂലജഡരൂപങ്ങളുമായി മാറുന്നത്. ശക്തിസ്പന്ദനത്തിന്റെ ഈ രൂപപരിണാമത്തിൽ അന്തക്കരണത്തിന്റെ ഘട്ടം കഴിഞ്ഞാൽ പരിണാമദശക്കു കട്ടികൂടുന്നതുകൊണ്ടു ബോധപ്രതിബിംബം തെളിയാതെ പോകുന്നു. അതുകൊണ്ടാണു ശുദ്ധജഡങ്ങൾക്കു ക്ഷേത്രജ്ഞാനുഭവം ഇല്ലെന്നു തോന്നുന്നത്. പക്ഷേ, അതുകൊണ്ട് അവയിൽ ക്ഷേത്രജ്ഞ സാന്നിധ്യമില്ലെന്നു പറയാൻ വയ്യല്ലോ. ഈ ജഡങ്ങൾതന്നെ പരിണാമഗതിയിൽ പുറംതിരിഞ്ഞാൽ അന്തക്കരണത്തിന്റെ ആവിർഭാവവും ജീവന്റെ ഉൽപ്പത്തിയും അവയിൽ കാണാറാകുന്നു. അന്തക്കരണം ലയിച്ചു കട്ടിപിടിക്കുന്നതാണു ശുദ്ധജഡം. ജീവികൾക്കുതന്നെ ഉറക്കത്തിൽ അന്തക്ക

digitized by www.sreyas.in

രണം ലയിച്ചുപോകുന്നതുകൊണ്ടു ക്ഷേത്രജ്ഞാനുഭവം നഷ്ടമാകുന്നതു കാണുന്നുണ്ടല്ലോ. ഇതിനർഥം ഉറക്കത്തിൽ ക്ഷേത്രജ്ഞനില്ലെന്നാണോ? അന്തക്കരണം ലയിച്ചു കട്ടിയാകുന്നതാണു ജഡമെന്നു പറഞ്ഞാൽ ചിലർക്കു ചിരിതോന്നാം. പക്ഷേ, ശക്തിസ്പന്ദനം അഥവാ എനർജിയാണു കട്ടിപിടിച്ച ജഡമായി കാണപ്പെടുന്നതെന്നു പറഞ്ഞാൽ ഇന്നാർക്കും ചിരിക്കാൻ നിർവാഹമില്ലല്ലോ. ഭാരതത്തിലെ ഋഷിമാർ ഇതൊക്കെ നേരത്തേ കണ്ടവരാണ്. പ്രാണസാക്ഷാൽക്കാരത്തിലും ബോധസാക്ഷാൽക്കാരത്തിലും കൂടി ശുദ്ധജഡമായി കാണപ്പെടുന്നതൊക്കെ ഒരു ഘട്ടത്തിൽ പ്രാണനാണെന്നും മറ്റൊരു ഘട്ടത്തിൽ ബോധമാണെന്നും അവർ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ആ അനുഭവഘട്ടങ്ങളാണു ഭഗവാൻ ഇരുപത്തിരണ്ടാം ശ്ലോകത്തിൽ വിവരിച്ചത്. എന്തായാലും ജഡത്വം കൂടുന്നതോടെ ഉണ്ടാകുന്ന ക്ഷേത്രജ്ഞാനുഭവതാരതമ്യം ജീവജാലങ്ങളെ നോക്കിയാൽ ബാഹ്യദൃഷ്ടിക്കുതന്നെ വെളിപ്പെടുന്നതാണ്. മനുഷ്യരേക്കാൾ വ്യക്തമായ ക്ഷേത്രജ്ഞാനുഭവമുള്ളവരാണു ദേവന്മാർ. മനുഷ്യരെ അപേക്ഷിച്ചു ക്ഷേത്രജ്ഞാനുഭവം മൃഗങ്ങൾക്കും പക്ഷികൾക്കും മറ്റും കുറവാണെന്നു കാണാം. വൃക്ഷങ്ങൾക്കും ചെടികൾക്കും അതിലും കുറവാണ്. വൃക്ഷങ്ങളും ചെടികളും ജീവനുള്ളവയാണെന്നു ഉപനിഷത്തുകൾ പണ്ടേതന്നെ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഭൗതികശാസ്ത്രത്തിന് അടുത്ത കാലത്താണതു തെളിഞ്ഞത്. ശുദ്ധജഡത്തിൽ ക്ഷേത്രജ്ഞാനുഭവം തീരെ മങ്ങിപ്പോയിരിക്കുന്നു. അതുകൊണ്ട് അവയിൽ ക്ഷേത്രജ്ഞനില്ലെന്നു ധരിക്കാൻ പാടില്ല, അവയിലെ ഓരോ ശക്തിസ്പന്ദനവും ബോധപ്രതിബിംബമുൾക്കൊള്ളുന്ന പ്രാണന്റെ അംശമാണെന്നോർക്കണം. പരിണാമഗതി മാറിയാൽ അവയിൽത്തന്നെ ക്ഷേത്രജ്ഞൻ തെളിഞ്ഞനുഭവപ്പെടുകയും ചെയ്യും. മഹത്തായ ഈ ശാസ്ത്രരഹസ്യമാണു ഭഗവാൻ പ്രസ്തുത ശ്ലോകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ശക്തിസ്പന്ദനം മുതൽ ശുദ്ധ ജഡംവരെ എല്ലാം ക്ഷേത്രജ്ഞസംയോഗം കൊണ്ടുണ്ടായ കാഴ്ചകളാണ്.

പലതു കാണുന്നവരെ വസ്തു ഒന്നേയുള്ളു എന്ന സത്യത്തോടടുപ്പിക്കാനുള്ള ഉപായങ്ങളാണു ക്ഷേത്രക്ഷേത്രജ്ഞവിവരണവും മറ്റും. അന്തിമ വിശകലനത്തിൽ ക്ഷേത്രജ്ഞൻ മാത്രമേ ഉള്ളു എന്നു തെളിയും. ക്ഷേത്രമോ? ക്ഷേത്രജ്ഞൻ സ്വശക്തിയെ അവലംബിച്ചു തന്നിൽത്തന്നെ ഉണ്ടാക്കി കാണുന്ന വെറും കാഴ്ച. ജീവബ്രഹ്മൈക്യാ

digitized by www.sreyas.in

നുഭവത്തിലേക്കു വിരൽ ചൂണ്ടുകയാണു ഭഗവാൻ അടുത്ത ഏഴു പദ്യങ്ങളിൽ. ശരിയായ വസ്തുദർശനം എന്താണെന്നാണ് അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:

*27. സമം സർവേഷു ഭൂതേഷു തിഷ്ഠന്തം പരമേശ്വരം*
*വിനശ്യത്സ്വവിനശ്യന്തം യഃ പശ്യതി സ പശ്യതി*

വിനശ്യത്സു - കണ്ടിരിക്കവേ ഇല്ലാതാവുന്ന; സർവേഷു ഭൂതേഷു - എല്ലാ ജഡദൃശ്യങ്ങളിലും; സമം തിഷ്ഠന്തം - ഒരുപോലെ തങ്ങിനിൽക്കുന്ന; അവിനശ്യന്തം - ഒരിക്കലുമഴിവില്ലാത്ത; പരമേശ്വരം - ജഗത്തിനു മുഴുവനാശ്രയമായ ഈശ്വരസത്തയെ; യഃ പശ്യതി - ആരു കാണുന്നുവോ; സഃ പശ്യതി - അവൻ സത്യം കാണുന്നു.

കണ്ടിരിക്കവേ ഇല്ലാതാവുന്ന എല്ലാ ജഡദൃശ്യങ്ങളിലും ഒരുപോലെ തങ്ങിനിൽക്കുന്ന ഒരിക്കലുമഴിവില്ലാത്ത, ജഗത്തിനു മുഴുവനാശ്രയമായ ഈശ്വരസത്തയെ ആരു കാണുന്നുവോ അവൻ സത്യം കാണുന്നു.

## *യഃ പശ്യതി സ പശ്യതി*

ഉണ്ടായി മറയുന്ന ശക്തിസ്പന്ദനം മുതൽ ശുദ്ധ ജഡംവരെയുള്ള ജഡദൃശ്യങ്ങളുടെ യാഥാർഥ്യം എന്ത് എന്നതാണല്ലോ സത്യാന്വേഷണം. ഈ സത്യാന്വേഷണം എവിടെ അവസാനിക്കും? ആകാശംപോലെ സർവത്ര സമമായ ഒരു മാറ്റവുമില്ലാത്ത വസ്തുവിലാണ് ഈ കാഴ്ചകളെല്ലാം ഉണ്ടായി മറയുന്നത് എന്നു കാണാൻ കഴിയുന്നിടത്തേ ഈ അന്വേഷണം അവസാനിക്കൂ. എങ്കിൽ ആകാശം തന്നെ കാണ്മാനുണ്ടല്ലോ? ശുദ്ധശൂന്യമായി കണ്ണുകൾക്കു തെളിയുന്ന ആകാശം വിചിത്രമായ പ്രപഞ്ചത്തിനെങ്ങനെ ഉൽപ്പത്തിസ്ഥാനമാകും? ശൂന്യത വസ്തുവല്ല. അതിൽ ഒരു കാഴ്ചയും തെളിയുകയുമില്ല. അപ്പോൾ ആകാശത്തിന്റെ ശൂന്യസ്ഥിതിയെപ്പോലും അനുഭവിക്കുന്ന ഒരുണ്മ ആകാശത്തിനുപോലും ആസ്പദമായി ഉണ്ടായ പറ്റൂ. ആ വസ്തുവിന്റെ ആദ്യപ്രതിഭാസമായ ആകാശംപോലും സർവത്ര സമമാണെങ്കിൽ ആ സത്യവസ്തു സർവത്ര സമമായി നിറഞ്ഞു നിൽക്കുകയാണെന്നു പ്രത്യേകം പറയേണ്ടതില്ല. ആ വസ്തുവിന്റെ സ്വരൂപമാണ് ആനന്ദഘനമായ നിശ്ചലബോധം. ഒരാൾക്ക് ആദ്യമായി ഈ വസ്തുസ്വരൂപം ഉള്ളിൽ കണ്ടെത്താം. തുടർന്ന് അതു സർവത്ര സമമായി വ്യാപിച്ചിരിക്കുന്നു എന്നനുഭവിക്കാം. അതോടെ ഉണ്ടായി മറയുന്ന ക്ഷേത്രങ്ങളിലെല്ലാം ക്ഷേത്രജ്ഞനല്ലാതെ വസ്തു രണ്ടാമതൊന്നില്ലെന്നും

75-2006 43

digitized by www.sreyas.in

തെളിയും. ഇതാണു സത്യദർശനം. ഈ ദർശനത്തിലെത്തുന്നതുവരെ പൂർണസത്യം കണ്ടു എന്നാരും അഭിമാനിച്ചിട്ടു കാര്യമില്ല.

ഈ ദർശനം കൊണ്ടെന്താണു ഫലം? അക്കാര്യമാണു ഭഗവാൻ തുടർന്നു വിവരിക്കുന്നത്:

*28. സമം പശ്യൻ ഹി സർവത്ര സമവസ്ഥിതമീശ്വരം*
*ന ഹിനസ്ത്യാത്മനാത്മാനം തതോ യാതി പരാം ഗതിം*

സർവത്ര - ജഗത്തിലുടനീളം; സമം - ഒരുപോലെ; സമവസ്ഥിതം - നിറഞ്ഞിരിക്കുന്നു; ഈശ്വരം - ഈശ്വരസ്വരൂപം; പശ്യൻ ഹി - കാണുന്നവനാകട്ടെ; ആത്മനാ - മനസ്സുകൊണ്ട്; ആത്മാനം - സ്വരൂപമായ ആത്മാവിനെ; ന ഹിനസ്തി - ഹനിക്കുന്നില്ല; തതഃ - തുടർന്നു; പരാം ഗതിം - സമ്പൂർണമുക്തിയെ; യാതി - പ്രാപിക്കാനും ഇടവരുന്നു.

ജഗത്തിലുടനീളം ഒരുപോലെ നിറഞ്ഞിരിക്കുന്ന ഈശ്വരസ്വരൂപം കാണുന്നവനാകട്ടെ മനസ്സുകൊണ്ട് സ്വരൂപമായ ആത്മാവിനെ ഹനിക്കുന്നില്ല. തുടർന്നു സമ്പൂർണമുക്തിയെ പ്രാപിക്കാനും ഇടവരുന്നു.

## *ന ഹിനസ്ത്യാത്മനാത്മാനം*

ഒരേ ഈശ്വരസ്വരൂപം സർവത്ര ദർശിക്കുന്നയാൾ മനസ്സുകൊണ്ട് ആത്മാവിനെ ഹനിക്കുന്നില്ല. എന്താണ് ആത്മഹത്യ? ആനന്ദഘനമായ ബോധസത്തയാണ് ആത്മാവ്. പലതുകണ്ട് ഈ ആത്മാനുഭവത്തെ വിസ്മരിക്കുന്നതാണ് ആത്മഹനനം. ഭേദദൃഷ്ടിയാണ് അവിദ്യ. അദ്വയാനന്ദമായ വസ്തുവിൽ പലതുണ്ടെന്നു തോന്നുന്നതോടെ സ്വരൂപാനന്ദം മറയ്ക്കപ്പെട്ടുപോകുന്നു. പലതിന്റെ കാഴ്ചയ്ക്കു ശക്തിയും എണ്ണവും കൂടുന്തോറും മറയ്ക്കു കട്ടി കൂടും. തുടർന്നു ജനനമരണാദി സംസാരദുഃഖങ്ങളും നീണ്ടു നീണ്ടുപോകും. എല്ലാ ജീവികളും സ്വസ്വരൂപമായ ആനന്ദം വീണ്ടുകിട്ടാനാണു സദാ യത്നിക്കുന്നത്. പക്ഷേ, വസ്തുസ്ഥിതി ധരിക്കാത്തതുകൊണ്ടു യത്നം പലപ്പോഴും വിപരീതഫലമാണുളവാക്കുന്നത്. പലതു കാണുന്നതാണ് ആത്മാനന്ദത്തെ മറയ്ക്കുന്നതെങ്കിൽ പലതിന്റെ തോന്നലുപേക്ഷിക്കുകയാണല്ലോ ആ മറ നീക്കാനുള്ള ഉപായം. ക്രമമായി യുക്തിയുക്തം ആ മറ നീക്കാനാണു ശാസ്ത്രം യത്നിക്കുന്നത്. അതിനു വേണ്ടിയാണ് അക്ഷരബ്രഹ്മത്തെ അധ്യാത്മം തുടങ്ങിയ അഞ്ചു ഭാവങ്ങളിലൊതുക്കി എട്ടാമധ്യായത്തിൽ കാണിച്ചുതന്നത്. ഒൻപതാമധ്യായത്തിൽ

digitized by www.sreyas.in

പ്രപഞ്ചത്തെ മുഴുവൻ ഈശ്വരാവയവമായി ചിത്രീകരിച്ചു വിരാഡ്രൂപത്തെ കാണിച്ചുതന്നത്. പത്താമധ്യായത്തിൽ വിഭൂതികളെ എണ്ണിഎണ്ണി പറഞ്ഞിട്ടു താൻ ഏകാംശം കൊണ്ടു ജഗത്തിനെ പൊതിഞ്ഞുനിൽക്കുന്നു എന്നു പറഞ്ഞതും ഈ ലക്ഷ്യം കാട്ടിത്തരാൻതന്നെ. പതിമൂന്നാമധ്യായത്തിൽ ക്ഷേത്രമെന്നും ക്ഷേത്രജ്ഞനെന്നും കേവലം രണ്ടാക്കി ചിത്രീകരിച്ചതും ഇതേ ലക്ഷ്യത്തോടെ തന്നെ. ഈ വിവരണങ്ങളൊക്കെ സർവം ബ്രഹ്മമയം എന്ന അന്തിമമായ സത്യദർശനത്തിൽ എത്തിച്ചേരുമ്പോഴേ പൂർണമുക്തി ലഭ്യമാകൂ എന്നാണു ഭഗവാൻ ഇവിടെ വിവരിച്ചിരിക്കുന്നത്.

സർവം ബ്രഹ്മമയമെന്ന അനുഭവം നേടിയാലും ജീവിച്ചിരിക്കുമ്പോൾ പൂർണമുക്തി സാധ്യമാണോ? മരിക്കുന്നതുവരെ ദേഹവും അതിന്റെ കർമങ്ങളും അനുഭവപ്പെടുന്നുണ്ടാവുമല്ലോ? ഈ സംശയത്തിനു മറുപടിയാണടുത്ത പദ്യം:

*29. പ്രകൃത്യൈവ ച കർമാണി ക്രിയമാണാനി സർവശഃ*
*യഃ പശ്യതി യഥാത്മാനമകർത്താരം സ പശ്യതി*

കർമാണി – കാര്യകരണസംഘാതരൂപത്തിലുള്ള ക്ഷേത്രങ്ങളുടെ ഉൽപ്പത്തിസ്ഥിതിലയരൂപത്തിലുള്ള കർമങ്ങളെല്ലാം; സർവശഃ – എല്ലാ പ്രകാരത്തിലും; പ്രകൃത്യാ ഏവ ക്രിയമാണാനി – പ്രകൃതി ആവർത്തിച്ചു നടത്തിക്കൊണ്ടിരിക്കുന്നവയാണ്; തഥാ – അതുപോലെ; ആത്മാനം അകർത്താരം ച – പുരുഷനായ താൻ യാതൊരു കർമവും ചെയ്യാതെ പ്രകൃതിക്കാശ്രയമായി നിൽക്കുന്ന സനാതനസത്യമാണ് എന്നും; യഃ – ജ്ഞാനാഭ്യാസം പാകപ്പെട്ട ആര്; പശ്യതി – വ്യക്തമായി കാണുന്നുവോ; സഃ പശ്യതി – അവൻ സത്യം കാണുന്നു.

കാര്യകരണസംഘാതരൂപത്തിലുള്ള ക്ഷേത്രങ്ങളുടെ ഉൽപ്പത്തിസ്ഥിതിലയരൂപത്തിലുള്ള കർമങ്ങളെല്ലാം പ്രകൃതി ആവർത്തിച്ചു നടത്തിക്കൊണ്ടിരിക്കുന്നവയാണ്. അതുപോലെ പുരുഷനായ താൻ യാതൊരു കർമവും ചെയ്യാതെ പ്രകൃതിക്കാശ്രയമായി നിൽക്കുന്ന സനാതനസത്യമാണ് എന്നും ജ്ഞാനാഭ്യാസം പാകപ്പെട്ട് ആര് വ്യക്തമായി കാണുന്നുവോ അവൻ സത്യം കാണുന്നു.

## *യഃ പശ്യതി സ പശ്യതി*

വസ്തുശക്തിയായ പ്രകൃതി വസ്തുവിനൊരു ചലനമുണ്ടാക്കാതെ

digitized by www.sreyas.in

അതിൽ അധ്യാരോപിക്കുന്നവയാണു കർമവും കാര്യകരണസംഘാതവു മെന്ന് നാം മുമ്പു ചർച്ച ചെയ്തുറപ്പിച്ചിട്ടുണ്ടല്ലോ. ഇവയെല്ലാം വിശേഷിച്ചു വസ്തു സത്തയില്ലാത്ത കാനൽജലംപോലെയുള്ള അധ്യാരോപങ്ങളാണ്. ജ്ഞാനാഭ്യാസം പാകപ്പെട്ടു സർവത്ര നിറഞ്ഞുവിളങ്ങുന്ന ഈശ്വരസ്വരൂപം കാണാൻ കഴിഞ്ഞയാൾക്കു സൂര്യതുല്യം ഇക്കാര്യം തെളിയുന്നു. ഇതാണ് ജീവന്മുക്തന്റെ അനുഭവസ്ഥിതിയെങ്കിൽ ദേഹവും കർമവുമൊക്കെ ഇരുന്നോട്ടെ, അദ്ദേഹത്തിനെന്തു നഷ്ടമാണ്. ഞാൻ നിശ്ചലമായ അനന്തബോധസമുദ്രമാണ്. എന്നിൽ കർമങ്ങളുടെയും ദേഹങ്ങളുടെയും അലകളുടെ തോന്നൽ ഉണ്ടാക്കിയഴിച്ചോട്ടെ. അതു പ്രകൃതിയുടെ ജോലിയാണ്. തികച്ചും കർമരഹിതനായ, ചേതനനായ എനിക്കതുകൊണ്ട് എന്തു ദോഷമാണു വരാനുള്ളത്? ദേഹം കർമം ചെയ്യുമ്പോഴും ഒരു ജീവന്മുക്തന്റെ അനുഭവമിതാണ്. അതിനാൽ പലതിന്റെ കാഴ്ച പോയി സർവത്ര സമമായി നിൽക്കുന്ന ഈശ്വരനെ കാണുന്നയാൾ ദേഹമിരുന്നാലും പൂർണമുക്തി പ്രാപിച്ചയാൾ തന്നെയാണ്. ദേഹം ഇരിക്കട്ടെ, പോട്ടെ, അദ്വയവസ്ത്വനുഭവമാണു സത്യദർശനം. അതു വന്നയാൾ മുക്തൻതന്നെ.

ഈ അദ്വയവസ്ത്വനുഭവത്തിന്റെ ക്രമമെന്താണ്? ഇതു പൊടുന്നനേ ഉണ്ടാകുന്നതാണോ? ഈ ചോദ്യത്തിനുത്തരമാണ് അടുത്ത പദ്യം:

*30. യദാ ഭൂതപൃഥഗ്ഭാവമേകസ്ഥമനുപശ്യതി*
*തത ഏവ ച വിസ്താരം ബ്രഹ്മ സംപദ്യതേ തദാ*

ഭൂതപൃഥഗ്ഭാവം - പ്രപഞ്ചഘടകങ്ങളിൽ വേറുവേറായപോലെ കാണപ്പെടുന്ന; ബ്രഹ്മ - പ്രപഞ്ചകാരണമായ സത്യത്തെ; യദാ - എപ്പോൾ; ഏകസ്ഥം - അവനവന്റെ ഹൃദയഗുഹയിൽ ഒരിടത്ത്; അനുപശ്യതി - ശുദ്ധബോധസ്വരൂപമായി തുടർന്നനുഭവിക്കാൻ ഇടയാകുന്നുവോ; തതഃ ഏവ - ആ ഹൃദയാന്തർഭാഗത്തുനിന്നുതന്നെ; തദാ - അപ്പോൾ; വിസ്താരം - അതു പ്രപഞ്ചമാകെ വ്യാപിച്ചു നിറയുന്നതായും; സംപദ്യതേ - അനുഭവിക്കാനിടവരുന്നു.

പ്രപഞ്ചഘടകങ്ങളിൽ വേറുവേറായപോലെ കാണപ്പെടുന്ന പ്രപഞ്ചകാരണമായ സത്യത്തെ എപ്പോൾ അവനവന്റെ ഹൃദയഗുഹയിൽ ഒരിടത്ത് ശുദ്ധബോധസ്വരൂപമായി തുടർന്നനുഭവിക്കാൻ ഇടയാകുന്നുവോ ആ ഹൃദയാന്തർഭാഗത്തു നിന്നുതന്നെ അപ്പോൾ അതു പ്രപഞ്ചമാകെ വ്യാപിച്ചു നിറയുന്നതായും അനുഭവിക്കാനിടവരുന്നു.

digitized by www.sreyas.in

## വിസ്താരം ബ്രഹ്മ സംപദ്യതേ

ബ്രഹ്മാനുഭവത്തിന്റെ വ്യക്തമായ ക്രമം ഈ ശ്ലോകത്തിൽ ഋജുവായി പ്രതിപാദിക്കപ്പെട്ടിരിക്കെ മറ്റു പലരും പല വിധത്തിൽ അവ്യക്തമായി ഈ ശ്ലോകത്തെ വ്യാഖ്യാനിച്ചുകാണുന്നുണ്ട്. ബ്രഹ്മദർശനം ആദ്യമായി നേടേണ്ടത് അവനവന്റെ ഹൃദയത്തിലാണെന്ന് ഗീത തന്നെ പല ഭാഗത്തും വ്യക്തമാക്കിയിട്ടുണ്ട്. 'ആദൗ ബ്രഹ്മാഹമസ്മീത്യനുഭവ ഉദിതേ ഖല്വിദം ബ്രഹ്മ പശ്ചാത് - ആദ്യം ഞാൻ ബ്രഹ്മമാണെന്നനുഭവമുണ്ടായാൽ തുടർന്നു ഇക്കാണുന്ന ജഗത്തു മുഴുവൻ ബ്രഹ്മമാണെന്നനുഭവിക്കാറാകും' എന്നിങ്ങനെ ബ്രഹ്മാനുഭവക്രമം ശങ്കരഭഗവത്പാദർ തന്നെ ശതശ്ലോകിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വസ്തു പുറമേ നോക്കിയാൽ പ്രപഞ്ചഘടകങ്ങളിൽ 'വിഭക്തമിവ സ്ഥിതം' ആണെന്ന് ജ്ഞേയസ്വരൂപവിവരണത്തിൽ ഭഗവാൻതന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ശ്ലോകത്തിൽ 'ഭൂതപൃഥഗ്ഭാവം' എന്ന പദംകൊണ്ട് ഉപരിതലത്തിലുള്ള ഈ വസ്തുദർശനത്തിന്റെ നേരെയാണു ഭഗവാൻ വിരൽ ചൂണ്ടുന്നത്. എന്നാൽ ഇങ്ങനെ കാണപ്പെടുന്ന വസ്തുവിന്റെ യഥാർഥരൂപം തിരയേണ്ടത് അവനവന്റെ ഉള്ളിലാണ്. ചിത്തം ശുദ്ധമാക്കി സമാധ്യനുഭവത്തിൽ ഹൃദയത്തിലൊരിടത്ത് വസ്തുവിന്റെ ബോധാനന്ദഘനമായ ശുദ്ധരൂപം കണ്ടു വ്യുത്ഥാനദശയിലും തുടർന്നനുഭവിക്കാൻ കഴിയുന്നു എന്നുവന്നാൽ ഹൃദയഗുഹയിൽ നിന്ന് ആ വസ്തു വിസ്താരം പ്രാപിക്കും. ലോകം മുഴുവൻ നിറഞ്ഞുനിൽക്കുന്നതായി അനുഭവിക്കാറാകുമെന്നു ഭാവം. ഈ വിസ്താരം പ്രാപിക്കലെന്താണെന്നു ഭഗവാൻ പതിനൊന്നാമധ്യായത്തിലെ അൻപത്തിനാലാം ശ്ലോകത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. പതിനെട്ടാമധ്യായത്തിലെ അൻപത്തഞ്ചാം പദ്യത്തിലും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഭക്തികൊണ്ട് എന്നെ ശുദ്ധരൂപത്തിൽ അറിയാൻ കഴിയും. എനിക്കെന്തു മാത്രം വലിപ്പമുണ്ടെന്നറിയാൻ കഴിയും. തുടർന്നു എന്റെ ശുദ്ധമുക്തമായ രൂപം അനുഭവിച്ചു ഞാനുമായി ഒന്നുചേരാനും കഴിയും. ഇതാണു ബ്രഹ്മാനുഭവത്തിന്റെ വിസ്താരം പ്രാപിക്കൽ. ബ്രഹ്മാനുഭവത്തിന്റെ വിവിധ വശങ്ങൾ ചർച്ചചെയ്യുന്ന ഈ പ്രകൃതിയിൽ ഈ അനുഭവരഹസ്യം തന്നെയാണു പ്രസ്തുത ശ്ലോകത്തിൽ ചർച്ച ചെയ്തിരിക്കുന്നതെന്നു കാണേണ്ടതാണ്.

ഇങ്ങനെ സാക്ഷാൽക്കാരദശയിൽ ബ്രഹ്മവസ്തു സർവവ്യാപിയാ

digitized by www.sreyas.in

ണെന്നനുഭവിക്കാൻ കഴിയുമെന്നു സമ്മതിക്കാം. എന്നാൽ ജഡകർമങ്ങളൊന്നും ബ്രഹ്മത്തെ ഒരു വിധത്തിലും സ്പർശിക്കുന്നില്ല എന്ന തത്വം യുക്തിക്കു നിരക്കുമോ? ഈ സംശയത്തിനു മറുപടിയാണ് അടുത്ത പദ്യം.

*31. അനാദിത്വാന്നിർഗുണത്വാത് പരമാത്മായമവ്യയഃ*
*ശരീരസ്ഥോഽപി കൗന്തേയ ന കരോതി ന ലിപ്യതേ*

കൗന്തേയ - അല്ലയോ അർജുനാ; അവ്യയഃ അയം പരമാത്മാ - ഒരഴിവുമില്ലാത്ത സർവവ്യാപിയായ ഈ പരമാത്മാവ്: അനാദിത്വാത് - ആദിയില്ലാത്തതായതുകൊണ്ടും; നിർഗുണത്വാത് - നിർഗുണമായതുകൊണ്ടും; ശരീരസ്ഥഃ അപി - ദേഹങ്ങളിൽ സ്ഥിതി ചെയ്യുമ്പോഴും; ന കരോതി - ഒന്നും ചെയ്യുന്നില്ല; ന ലിപ്യതേ - ഒന്നുമായി കൂടിക്കുഴഞ്ഞുപോകുന്നുമില്ല.

അല്ലയോ അർജുനാ, ഒരഴിവുമില്ലാത്ത സർവവ്യാപിയായ ഈ പരമാത്മാവ് ആദിയില്ലാത്തതായതുകൊണ്ടും നിർഗുണമായതുകൊണ്ടും ദേഹങ്ങളിൽ സ്ഥിതി ചെയ്യുമ്പോഴും ഒന്നും ചെയ്യുന്നില്ല; ഒന്നുമായി കൂടിക്കുഴഞ്ഞുപോകുന്നുമില്ല.

## *ന കരോതി ന ലിപ്യതേ*

ജീവാത്മാവ് സ്വന്തം ദേഹത്തിനുള്ളിലാണ് ആദ്യം പരമാത്മാവിനെ കണ്ടെത്തേണ്ടത്. അതുകൊണ്ടുതന്നെ പരമാത്മാവ് എല്ലാ ദേഹങ്ങളിലും സ്ഥിതിചെയ്യുന്നു എന്നു വന്നുകൂടി. ദേഹങ്ങളിൽ സ്ഥിതിചെയ്യുമ്പോൾത്തന്നെ ദേഹങ്ങളുമായോ അവയുടെ കർമങ്ങളുമായോ പരമാത്മാവ് ബന്ധപ്പെടുന്നില്ല. പരമാത്മാവ് ഒന്നും ചെയ്യുന്നില്ല. ഒന്നുമായും കൂടിക്കുഴയുന്നുമില്ല; ഇതു യുക്തിക്കെങ്ങനെ നിരക്കും? നിരക്കുമല്ലോ. അതിനുള്ള യുക്തിയാണു പരമാത്മാവ് അനാദിയാണ്, നിർഗുണമാണ് എന്ന രണ്ടു ഹേതുക്കളും. ജഗത്തിന്റെ പരമകാരണം മനനം ചെയ്തറിയാൻ കഴിവുള്ളവർക്കേ ഈ യുക്തി ഗ്രഹിക്കാൻ പറ്റൂ. ശക്തിസ്പന്ദനം മുതൽ ശുദ്ധ ജഡം വരെ കാണപ്പെടുന്ന ഈ ജഗത് ഉണ്ടായിമറയുന്ന കാഴ്ചകളുൾപ്പെട്ടതാണ്. അപ്പോൾ ഇവയ്ക്കു പൊന്തിവരാനും നിലനിൽക്കാനും തിരിച്ചു മറയാനും ഒരു പരമകാരണം കൂടിയേ കഴിയൂ. ആ പരമകാരണം മറ്റൊന്നിൽനിന്നു പൊന്തിവരുന്നതോ അൽപ്പകാലം ഉള്ളതുപോലെ നിന്നിട്ടു തിരിച്ചു മറയുന്നതോ ആകാൻ പറ്റില്ലെന്നു തീർച്ചയാണ്. അതിനീ മാറ്റങ്ങൾ ഉണ്ടെന്നു വന്നാൽ അതിനൊരിക്കലും പരമകാരണത്വം സംഭവിക്കയില്ല. പ്രപഞ്ച

digitized by www.sreyas.in

ത്തിന്റെ അങ്ങനെയുള്ള പരമകാരണമാണ് ശുദ്ധബോധസ്വരൂപമായ ബ്രഹ്മം. അപ്പോൾ ബ്രഹ്മത്തിന് പരമകാരണത്വം തീർച്ചയായാൽ അതവ്യയമാണ്, അനാദിയാണ്, നിർഗുണമാണ് എന്നും തീർച്ച. ഒരഴിവുമില്ലാത്ത സ്ഥിതിയാണ് അവ്യയത്വം. അതു കേടുവന്നഴിഞ്ഞുപോയാൽ ഈ പ്രപഞ്ചം പിന്നെ എവിടെ ആവർത്തിച്ചു പൊന്തിമറയും? അതു മറ്റൊന്നിൽനിന്നു ജനിച്ചില്ല; അതാണതിന്റെ അനാദിത്വം. അതു മറ്റൊന്നിൽനിന്നു ജനിച്ചതാണെന്നു പറഞ്ഞാൽ അതിനു കാരണമായി മറ്റൊന്നുമുണ്ടെന്നു പറയേണ്ടിവരും; അങ്ങനെയായാൽ അതു പരമകാരണമല്ലാതാകും. അല്ലാതായിക്കോട്ടെ എന്നാണെങ്കിൽ ബോധവസ്തുവിനെ ജനിപ്പിക്കുന്ന നാശമില്ലാത്ത മറ്റൊന്നിനെ ആർക്കും ഒരിടത്തും കാണാൻ കഴിയുന്നില്ല. നേരേമറിച്ചു ബോധത്തിന്റെ നിശ്ചലവും ശുദ്ധവുമായ സമ്പൂർണരൂപം ആവർത്തിച്ചനുഭവിച്ചുറപ്പിക്കപ്പെട്ടിട്ടുമുണ്ട്. അതുകൊണ്ടു ബ്രഹ്മം അനാദിയാണ്. അവ്യയവും അനാദിയുമാണെന്നു വന്നാൽ നിർഗുണമാണെന്നു പിന്നെ പറയേണ്ടതില്ല. ഉണ്ടായി വികാരപ്പെട്ടു മറയുന്നവയാണു സത്വരജസ്തമസുകളെന്ന മായാഗുണങ്ങൾ. പ്രപഞ്ചമായി കാണപ്പെടുന്ന എല്ലാ ജഡദൃശ്യങ്ങളും ഈ ത്രിഗുണങ്ങളുടെ പല അളവിലുമുള്ള കൂടിക്കലർപ്പുകൾ മാത്രമാണ്. ഉണ്ടായി മറയുന്ന ഈ ഗുണങ്ങൾ അതുകൊണ്ട് ഉണ്ടാകാത്തതും മറയാത്തതുമായ വസ്തുവിനെ ഒരുതരത്തിലും ബാധിക്കുകയില്ല. വികാരപ്പെടുത്തലല്ലേ ബാധിക്കൽ? ഉണ്ടാവുകയും അഴിയുകയുമല്ലേ വികാരപ്പെടൽ? അതുകൊണ്ടു പരമാത്മാവ് നിർഗുണനാണ്. ഇത്രയുമായാൽ ഇനി പരമാത്മാവ് ഏതു ദേഹത്തിൽ വേണോ സ്ഥിതി ചെയ്തോട്ടെ. അതൊന്നും ചെയ്യുന്നില്ല; അതൊന്നുമായും കൂടിക്കലരുന്നുമില്ല. കർമമെന്നു പറഞ്ഞാൽ ജനിക്കലും വികാരപ്പെടലും മറയലുമാണ്. അതു പരമകാരണമായ പരമാത്മാവിനു പറ്റുകയില്ല. കൂടിക്കുഴയലെന്നു പറഞ്ഞാൽ ബന്ധപ്പെടലാണ്. ബന്ധപ്പെടൽ വികാരമാണ്. അതും പരമാത്മാവിനു പറ്റുകയില്ല. അപ്പോൾ പ്രപഞ്ചവും പരമാത്മാവുമായുള്ള ബന്ധമെന്താണ്? കാനൽജലവും മരുഭൂമിയുമായുള്ള ബന്ധം.

ഇപ്പറഞ്ഞതൊക്കെ യുക്തിക്കു നിരക്കുന്നുണ്ട്. പക്ഷേ, ഇതെങ്ങനെ വിശ്വസിക്കാൻ കഴിയും? ചെറിയ തോതിലെങ്കിലും ഇതിനൊരു ദൃഷ്ടാന്തം കാട്ടിത്തരാൻ പറ്റുമോ? പറ്റുമല്ലോ കേട്ടോളൂ:

*32. യഥാ സർവഗതം സൗക്ഷ്മ്യാദാകാശം നോപലിപ്യതേ*
*സർവത്രാവസ്ഥിതോ ദേഹേ തഥാത്മാ നോപലിപ്യതേ*

digitized by www.sreyas.in

സർവഗതം – സർവത്ര നിറഞ്ഞിരിക്കുന്ന; ആകാശം – ഭൂതാകാശം; സൗക്ഷ്മ്യാത് – സൂക്ഷ്മമായതുകൊണ്ട്; യഥാ – എപ്രകാരമാണോ; ന ഉപലിപ്യതേ – മറ്റു ഭൂതരൂപങ്ങളുമായി കൂടിക്കുഴയാതെ കാണപ്പെടുന്നത്; തഥാ – അതുപോലെ; ദേഹേ – ജഡദേഹത്തിൽ; സർവത്രാവസ്ഥിതഃ – അകവും പുറവും നിറഞ്ഞിരിക്കുന്ന; ആത്മാ – ബോധവസ്തു; ന ഉപലിപ്യതേ – അതുമായി കൂടിക്കുഴയുന്നതേയില്ല.

സർവത്ര നിറഞ്ഞിരിക്കുന്ന ഭൂതാകാശം സൂക്ഷ്മമായതുകൊണ്ട് എപ്രകാരമാണോ മറ്റു ഭൂതരൂപങ്ങളുമായി കൂടിക്കുഴയാതെ കാണപ്പെടുന്നത് അതുപോലെ ജഡദേഹത്തിൽ അകവും പുറവും നിറഞ്ഞിരിക്കുന്ന ബോധവസ്തു അതുമായി കൂടിക്കുഴയുന്നതേയില്ല.

## *തഥാത്മാ നോപലിപ്യതേ*

എല്ലാറ്റിനും ആശ്രയമായി നിൽക്കവേതന്നെ ഒന്നിനോടും പറ്റിപ്പിടിക്കാത്ത നിശ്ചലാവസ്ഥ പഞ്ചഭൂതങ്ങളിലൊന്നായ ആകാശത്തിനുതന്നെ കാണപ്പെടുന്നുണ്ട്. ആകാശം സർവവ്യാപിയാണ്. വായു തുടങ്ങിയ മറ്റു ഭൂതങ്ങളും അവയുടെ വികാരങ്ങളായ ദേഹങ്ങളും നിന്നുതിരിയുന്നത് ആകാശത്തിലാണ്. അതുകൊണ്ട് അവയിലൊക്കെ ആകാശം നിറഞ്ഞുനിൽക്കുന്നു എന്ന് സ്പഷ്ടമാണല്ലോ. അതുപോലെ പുക, ദുർഗന്ധം തുടങ്ങിയ മലിനതകൾ ആകാശത്തു വ്യാപിക്കുന്നതായും കാണാറുണ്ട്. ഒരു പാത്രമോ മറ്റോ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോകുമ്പോൾ അതിനുള്ളിലുള്ള ആകാശം സഞ്ചരിക്കുന്നതായും തോന്നുന്നുണ്ട്. ജഡവസ്തുക്കൾകൊണ്ട് ആകാശം വിഭജിക്കപ്പെടുന്നതായും മറയുന്നതായും തോന്നുന്നുണ്ട്. പരിമിതികളുണ്ടാകുമ്പോൾ ഘടാകാശം, മഠാകാശം എന്നിങ്ങനെ ആകാശങ്ങൾ ജനിക്കുന്നതായും പരിമിതികൾ മാറുമ്പോൾ ആകാശങ്ങൾ മരിക്കുന്നതായും വേണമെങ്കിൽ സങ്കൽപ്പിക്കുകയും ചെയ്യാം. ഇങ്ങനെ സ്ഥൂലജഡങ്ങൾക്കാശ്രയമായ ആകാശത്തിൽ അവയുടെ എല്ലാ വികാരങ്ങളും ആരോപിച്ചുകാണാൻ കഴിയുമെങ്കിലും അവയൊന്നുമായും ആകാശം കൂടിക്കുഴയുന്നില്ലെന്നു സ്പഷ്ടമാണല്ലോ. ആരോപണത്തിനു ഹേതുവായ പരിമിതി നീക്കിക്കഴിയുമ്പോൾ എവിടെയും ഒരേയൊരു മഹാകാശം തന്നെ അവശേഷിക്കുന്നതായി ആർക്കും കാണാൻ കഴിയും. ശൂന്യതയുടെ പ്രതീതിയുളവാക്കുന്ന ഭൂതാകാശത്തിനുപോലും ഈ നിശ്ചലതയും നിർലേപത്വവും കാൺമാനുണ്ടെങ്കിൽ അതിന്റെ കാരണമായ ചിദ്വസ്തു സർവദാ നിശ്ചലവും നിർലേപവുമായിരിക്കുമെന്നു വിശേഷിച്ചു

digitized by www.sreyas.in

പറയേണ്ടതില്ലല്ലോ. യുക്തിക്കുപോലും തെളിയുന്ന ഈ വസ്തുസ്ഥിതി അന്വേഷിച്ച സകലർക്കും അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വസ്തുതയാണു വേദാന്തസത്യദർശനത്തിന്റെ അഭംഗുരമായ ഉറപ്പ്.

ഇങ്ങനെ സർവവ്യാപിയും അചഞ്ചലവുമായ ഒരു ബോധസത്ത പ്രപഞ്ചകാരണമായുണ്ടെന്നു സമ്മതിക്കാം. എന്നാൽ അതിന് ഈ അനന്തകോടി ജഡരൂപങ്ങളെ ഒറ്റയ്ക്കു പ്രകാശിപ്പിക്കാൻ കഴിയുമോ അതിന് ഏതാണ്ടെങ്കിലും ഒരു ദൃഷ്ടാന്തം കാണിക്കാൻ പറ്റുമോ? കേട്ടോളൂ:

*33. യഥാ പ്രകാശയത്യേകഃ കൃത്സ്നം ലോകമിമം രവിഃ*
*ക്ഷേത്രം ക്ഷേത്രീ തഥാ കൃത്സ്നം പ്രകാശയതി ഭാരത*

രവിഃ - സൂര്യൻ; ഏകഃ - ഒറ്റക്ക്; ഇമം കൃത്സ്നം ലോകം - ഈ സമ്പൂർണജഗത്തിനെയും; യഥാ പ്രകാശയതി - എപ്രകാരമാണോ പ്രകാശിപ്പിക്കുന്നത്; തഥാ - അതുപോലെ; ഭാരത - അല്ലയോ അർജുനാ; ക്ഷേത്രീ - ക്ഷേത്രജ്ഞനായ ചിദ്വസ്തു; കൃത്സ്നം ക്ഷേത്രം - സമ്പൂർണജഡജഗത്തിനെയും; പ്രകാശയതി - ഉള്ളതാക്കി പ്രകാശിപ്പിക്കുന്നു എന്നറിയേണ്ടതാണ്.

സൂര്യൻ ഒറ്റക്ക് ഈ സമ്പൂർണജഗത്തിനെയും എപ്രകാരമാണോ പ്രകാശിപ്പിക്കുന്നത് അതുപോലെ, അല്ലയോ അർജുനാ, ക്ഷേത്രജ്ഞനായ ചിദ്വസ്തു സമ്പൂർണജഡജഗത്തിനെയും ഉള്ളതാക്കി പ്രകാശിപ്പിക്കുന്നു എന്നറിയേണ്ടതാണ്.

## *ക്ഷേത്രീ ക്ഷേത്രം പ്രകാശയതി*

പുറമേ സൂര്യൻ ഒറ്റക്കാണ് ജഗത്തിനു മുഴുവൻ പ്രകാശമരുളുന്നത്. ചന്ദ്രൻ, അഗ്നി തുടങ്ങിയ തേജോരൂപങ്ങൾപോലും സൂര്യന്റെ പ്രകാശം പകർന്നെടുത്തു പ്രകാശിക്കുന്നു എന്നാണു പ്രസിദ്ധി. അപ്പോൾ സൂര്യൻ സ്വയം പ്രകാശിക്കുന്നു. മറ്റു തേജോരൂപങ്ങൾക്കു പ്രകാശം പകർന്നുകൊടുക്കുന്നു. തേജസ്സില്ലാത്തവയേയും തന്റെ തേജസ്സുകൊണ്ടു പ്രകാശിപ്പിക്കുന്നു. ഇതുപോലെയാണു ബോധസ്വരൂപനായ പരമാത്മാവ്. എന്താണു പരമാത്മാവിന്റെ പ്രകാശിപ്പിക്കൽ? ജഡജഗത്തിനെ ഉള്ളതാക്കിത്തീർക്കലാണു പരമാത്മാവിന്റെ പ്രകാശിപ്പിക്കൽ. ഉണ്ടെന്നറിയാൻ ബോധം ഇല്ലെന്നു കരുതുക. എന്നാൽപ്പിന്നെ ഈ ജഡജഗത് എങ്ങനെ ഉള്ളതാകും? സൂര്യനെപ്പോലെതന്നെ പരമാത്മാവ് മൂന്നു ഘട്ടങ്ങളിലായിട്ടാണീ പ്രകാശിപ്പിക്കൽ നടത്തുന്നത്. സ്വയം പ്രകാശിക്കുന്ന സൂര്യനെപ്പോലെ സർവത്ര പരിപൂർണനായി ഉൺമ അനുഭവിച്ചുകൊണ്ടു പരമാത്മാവ് വിളങ്ങുന്നു.

digitized by www.sreyas.in

ചന്ദ്രൻ, അഗ്നി തുടങ്ങിയ തേജോരൂപങ്ങൾക്ക് സൂര്യൻ തേജസ്സു പകർന്നു കൊടുക്കുന്നതുപോലെ പരമാത്മാവ് എല്ലാ ജീവാത്മാക്കൾക്കും ഉൺമയുടെ അനുഭവം പകർന്നുകൊടുക്കുന്നു. തുടർന്ന് സൂര്യനും ചന്ദ്രാഗ്നി തുടങ്ങിയ വയും ചേർന്ന് തേജസ്സില്ലാത്ത വസ്തുക്കളെയും പ്രകാശിപ്പിക്കുന്നതു പോലെ ഉൺമയുടെ അനുഭവമില്ലാത്ത എല്ലാ ജഡങ്ങളെയും പരമാത്മാവും ജീവാത്മാക്കളും ചേർന്ന് ഉള്ളതാക്കിത്തീർക്കുന്നു. അതായതു ജഡങ്ങളെ ഉണ്ട് എന്നറിയുന്നു എന്നു താൽപ്പര്യം. ബാഹ്യതേജസ്സിനു മുഴുവൻ ഇരി പ്പിടമായ സൂര്യനെപ്പോലും ഉള്ളതാക്കിത്തീർക്കുന്നതു ബോധമാണെന്നു പറയേണ്ടതില്ലല്ലോ. സൂര്യനിലും സൂര്യനെ ഉണ്ടെന്നനുഭവിക്കുന്ന ജീവന്മാ രിലും ബോധം ഇല്ലെന്നു കരുതുക. അങ്ങനെവന്നാൽപ്പിന്നെ സൂര്യന് ഉണ്മ യെവിടെ? ഉണ്മ ബോധത്തിന്റെ മാത്രം അനുഭവമാണ്. ഒരേ ബോധം തന്നെ സർവത്ര പരിപൂർണമായി നിന്നുകൊണ്ട് ഉണ്ട് ഉണ്ട് എന്നനുഭവിച്ച് ഈ ജഗ ത്തിനെ ഉള്ളതാക്കി പ്രകാശിപ്പിക്കുന്നു എന്നറിയേണ്ടതാണ്. ഉണ്ട് എന്ന അനുഭവം തന്നെയാണ് ആത്മാവിന്റെ അസ്തിത്വത്തിന് ഏറ്റവും വലിയ തെളിവ്.

ഇങ്ങനെ നിലനിൽപ്പിന്റെ പരമരഹസ്യം ആരംഭദശയിലെ വിശകലനം മുതൽ സാക്ഷാൽക്കാരദശയിലെ അനുഭവംവരെ സുവ്യക്തമായി വിവരിച്ച ശേഷം അധ്യായം ഉപസംഹരിക്കാൻ ഒരുമ്പെടുകയാണു ഭഗവാൻ മുപ്പത്തി നാലാം പദ്യത്തിൽ:

*34. ക്ഷേത്രക്ഷേത്രജ്ഞയോരേവമന്തരം ജ്ഞാനചക്ഷുഷാ*
*ഭൂതപ്രകൃതിമോക്ഷം ച യേ വിദുര്യാന്തി തേ പരം*

ഏവം – ഈ വിവരിച്ചപ്രകാരം; ക്ഷേത്രക്ഷേത്രജ്ഞയോഃ അന്തരം – ജഡ ത്തിന്റെയും ചേതനന്റെയും പരസ്പരഭേദവും; ഭൂതപ്രകൃതിമോക്ഷം ച – ജഡ ദേഹങ്ങളിലും പ്രകൃതിയിലും നിന്നുള്ള മോചനത്തിന്റെ സ്വരൂപവും; ജ്ഞാനചക്ഷുഷാ – പ്രത്യക്ഷജ്ഞാനത്തിലൂടെ; യേ വിദുഃ – ആരനുഭവിച്ചറി യുന്നുവോ; തേ പരം യാന്തി – അവർ സത്യസ്വരൂപികളായി ഭവിക്കുന്നു.

ഈ വിവരിച്ചപ്രകാരം ജഡത്തിന്റെയും ചേതനന്റെയും പരസ്പരഭേ ദവും ജഡദേഹങ്ങളിലും പ്രകൃതിയിലും നിന്നുള്ള മോചനത്തിന്റെ സ്വരൂ പവും പ്രത്യക്ഷജ്ഞാനത്തിലൂടെ ആരനുഭവിച്ചറിയുന്നുവോ അവർ സത്യ സ്വരൂപികളായി ഭവിക്കുന്നു.

digitized by www.sreyas.in

*യാന്തി തേ പരം*

അവർ ബ്രഹ്മസ്വരൂപം പ്രാപിക്കുന്നു. ആര്? ജ്ഞാനസാധനകളഭ്യസിച്ചു പ്രത്യക്ഷമായ വസ്തുബോധം വന്നവർ. അവർക്കു ക്ഷേത്രവും ക്ഷേത്രജ്ഞനും വ്യക്തമായി വേർതിരിയുന്നു. അവർ ദേഹമുള്ളപ്പോൾ ത്തന്നെ ദേഹത്തിൽനിന്നും ദേഹകാരണമായ പ്രകൃതിയിൽ നിന്നും മോചനം നേടുന്നു. ജീവിച്ചിരിക്കുമ്പോൾത്തന്നെ കർമവസാന നിശ്ശേഷം അകറ്റി പ്രകൃതിയിൽ നിന്നുകൂടി മോചനം നേടേണ്ടതാണ്. അതല്ലെങ്കിൽ ദേഹംവിട്ടു പോയാലും ചിലപ്പോൾ പ്രകൃതിയിൽ ലയിച്ചിട്ടു കാലാന്തരത്തിൽ ജനിക്കാൻ ഇടവന്നേക്കും. കർമവാസന നിശ്ശേഷം ഒടുങ്ങിയ ജീവന്മുക്തരാകട്ടെ ദേഹമുള്ളപ്പോൾത്തന്നെ ദേഹമോക്ഷവും പ്രകൃതിമോക്ഷവും കൈവരിക്കുന്നവരാണ്. ഞാൻ നിത്യമുക്തനായ ബ്രഹ്മമാണെന്നും ജഡങ്ങളെല്ലാം എന്റെതന്നെ വെറും ശക്തിപ്രകടനങ്ങളാണെന്നും അവർ അനുഭവിക്കുന്നു. ഞാനല്ലാതെ രണ്ടാമതൊരു വസ്തുവില്ലെന്നനുഭവിച്ചാൽപ്പിന്നെ എന്തു ജനനം, എന്തു മരണം, എന്തു സംസാരം, ഈ അദ്വയാനുഭവമാണു ഭൂതങ്ങളിലും അതായത് ദേഹങ്ങളിലും അവയ്ക്കു ഹേതുവായ പ്രകൃതിയിലും അതായത് അജ്ഞാനത്തിലും നിന്നുള്ള മോചനം. ഈ മോചനം അനുഭവിക്കുന്നവർ സാക്ഷാൽ ബ്രഹ്മംതന്നെയായി മാറുന്നു.

## അധ്യായാർഥസംക്ഷേപം

അനന്യഭക്തികൊണ്ടു ഭഗവാനെ അറിയാൻ കഴിയും, കാണാൻ കഴിയും, ഭഗവത്സ്വരൂപം പ്രാപിക്കാൻ കഴിയും എന്നാണല്ലോ പതിനൊന്നും പന്ത്രണ്ടും അധ്യായങ്ങളിൽ വെളിപ്പെടുത്തിയത്. ആ അറിവും കാണലും സ്വരൂപം പ്രാപിക്കലും എങ്ങനെ സാധ്യമാവും എന്നാണ് പതിമൂന്നാമധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ക്ഷേത്രമെന്നും ക്ഷേത്രജ്ഞനെന്നുമുള്ള വിശകലനത്തിലാരംഭിച്ച് ക്ഷേത്രജ്ഞൻ മാത്രമാണു സത്യമെന്നു ബോധ്യപ്പെടുത്തിത്തരുന്നതുകൊണ്ട് ഈ അധ്യായത്തിനു 'ക്ഷേത്രക്ഷേത്രജ്ഞയോഗ'മെന്നു പേർ. ദേഹമാണു ക്ഷേത്രം. ദേഹത്തെ അറിയുന്ന ബോധം ക്ഷേത്രജ്ഞനും. മഹാഭൂതങ്ങൾ മുതൽ ധൃതിവരെ മുപ്പത്തൊന്നു തത്വങ്ങൾ അടങ്ങിയതാണു ക്ഷേത്രം അഥവാ ജഡം. ക്ഷേത്രക്ഷേത്രജ്ഞന്മാരെ വേർതിരിച്ചറിയുന്നതാണറിവ്. തുടർന്ന് അമാനിത്വം, അദംഭിത്വം, അഹിംസാ, ക്ഷാന്തി, ആർജവം, ആചാര്യോപാസനം, ശൗചം, സ്ഥൈര്യം, മനോനിയന്ത്രണം, വൈരാഗ്യം, അനഹങ്കാരം, ജന്മാദിദോഷദർശനം, അനാ

digitized by www.sreyas.in

സക്തി, സമചിത്തത്വം, അനന്യഭക്തി, ഏകാന്തത, ആത്മജ്ഞാനദാർഢ്യം, തത്വജ്ഞാനം എന്നീ ജ്ഞാനോപായങ്ങൾ അഭ്യസിച്ച് ഉള്ളിൽ ക്ഷേത്രജ്ഞനെ വേർതിരിച്ചനുഭവിക്കണം. ഇതാണു ഭഗവദ്ദർശനം. തുടർന്നു പരമകാരണവും ബോധഘനവുമായ ബ്രഹ്മത്തിന്റെ നിരപേക്ഷസ്വരൂപം തെളിയും. അതോടെ അതുമായി ഏകീഭവിച്ച് അതായിത്തീരാൻ പറ്റും. ഈ പൂർണാനുഭവത്തോടെ ക്ഷേത്രമായി കാണപ്പെടുന്നതൊക്കെ ബ്രഹ്മശക്തിയായ പ്രകൃതിയുടെ വെറും പ്രകടനങ്ങളാണെന്നറിയാറാകും. പ്രകൃതിജന്യങ്ങളായ ഈ കാഴ്ചകളിൽ മാറിനിന്നു കാഴ്ച കാണുന്നവനായും അവയുടെ പ്രവർത്തനങ്ങളെ അനുമോദിച്ചനുഗ്രഹിക്കുന്നവനായും അവയ്ക്കാജ്ഞ നൽകുന്നവനായും മാറിനിന്നു സ്വരൂപാനന്ദം അനുഭവിക്കുന്നവനായും അവയുടെ മുഴുവൻ സർവേശ്വരനായും അവയിൽ അകവും പുറവും നിറഞ്ഞുനിൽക്കുന്നവനായും ഇങ്ങനെ പല രൂപത്തിലും ക്ഷേത്രജ്ഞനെ അനുഭവിക്കാറാകും. ചിലർ ധ്യാനംകൊണ്ടിതൊക്കെ നേടും. ചിലർ ജ്ഞാനം കൊണ്ട്. മറ്റുചിലർ കർമയോഗം കൊണ്ട് വേറെ ചിലർ ശ്രവണയോഗംകൊണ്ട്. ഉണ്ടായി കാണപ്പെടുന്ന എന്തും ക്ഷേത്രക്ഷേത്രജ്ഞസംയോഗം കൊണ്ടുണ്ടാകുന്നതാണെന്നറിയേണ്ടതാണ്. സർവത്ര ഒരേ ബ്രഹ്മത്തെ അനുഭവിക്കുന്ന സമദർശനമാണു പൂർണ സത്യാനുഭവം അഥവാ മോക്ഷം. എന്തെന്തെല്ലാം ശരീരങ്ങൾ എങ്ങനെയെല്ലാം ഉണ്ടായി മറഞ്ഞാലും അനാദിയും നിർഗുണനുമായ പരമാത്മാവിനു ഒരു മാറ്റവും സംഭവിക്കുന്നില്ല. ആകാശംപോലെ ഏകവും നിർവികാരവുമാണ് ആകാശത്തിനും കാരണമായ ബോധവസ്തു. സൂര്യനെപ്പോലെ ഒറ്റയ്ക്ക് അതെല്ലാ ദേഹങ്ങളെയും ഉള്ളതാക്കി പ്രകാശിപ്പിക്കുന്നു. ക്ഷേത്രക്ഷേത്രജ്ഞഭേദം ധരിച്ചു ക്ഷേത്രജ്ഞനെ സാക്ഷാൽക്കരിച്ചനുഭവിക്കുന്നവർ സത്യസ്വരൂപം പ്രാപിച്ചു മോക്ഷം വരിക്കുന്നു.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ*
*ക്ഷേത്രക്ഷേത്രജ്ഞയോഗോ നാമത്രയോദശോഽധ്യായഃ*

▼

digitized by www.sreyas.in

*അധ്യായം 14*

# ഗുണത്രയവിഭാഗയോഗം

ബ്രഹ്മശക്തിയായ പ്രകൃതി ചലിച്ചു ത്രിഗുണങ്ങളെ വേർതിരിക്കുന്നതോടെയാണു ക്ഷേത്രങ്ങളുടെ അഥവാ ജഡങ്ങളുടെ കാഴ്ചയാരംഭിക്കുന്നത്. പല അളവിലുമുള്ള ത്രിഗുണങ്ങളുടെ കൂടിക്കലർപ്പാണ് എല്ലാ ജഡരൂപങ്ങളും. അപ്പോൾ ബ്രഹ്മശക്തിയായ പ്രകൃതിയുടെ പ്രവർത്തനവിധവും ത്രിഗുണങ്ങളുടെ കൂടിക്കലർപ്പിന്റെ വിശദാംശവും അറിഞ്ഞാൽ ക്ഷേത്രങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ ക്ഷേത്രജ്ഞനെളുപ്പമാവും. അതുകൊണ്ട് അവ വിവരിക്കാനായി ഭഗവാൻ പതിന്നാലാമധ്യായം ആരംഭിക്കുന്നു. പ്രധാനമായി ഗുണവിഭാഗം ചർച്ചചെയ്യുന്നതുകൊണ്ട് ഈ അധ്യായത്തിന് 'ഗുണത്രയ വിഭാഗയോഗ'മെന്നു പേർ.

ആദ്യമായി അറിവിന്റെ കാതലായ മറ്റൊരംശംകൂടി ഞാൻ നിനക്കു പറഞ്ഞുതരാമെന്നു ഭഗവാൻ അർജുനനെ അറിയിക്കുന്നു.

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

1. *പരം ഭൂയഃ പ്രവക്ഷ്യാമി ജ്ഞാനാനാം ജ്ഞാനമുത്തമം*
*യജ്ജ്ഞാത്വാ മുനയഃ സർവേ പരാം സിദ്ധിമിതോ ഗതാഃ*

യത് ജ്ഞാത്വാ - ഏതൊന്നറിഞ്ഞിട്ടാണോ; സർവേ മുനയഃ - ഇക്കാലം വരെയുള്ള എല്ലാ സത്യാന്വേഷികളും; ഇതഃ - ദുഃഖമയമായ ഈ സംസാരബന്ധത്തിൽ നിന്നു മോചിച്ച്; പരാം സിദ്ധിം ഗതാഃ - പരമസത്യസ്വരൂപം പ്രാപിച്ചു ധന്യരായത്: ജ്ഞാനാനാം ഉത്തമം - എല്ലാ അറിവുകളിലും വച്ച് ശ്രേഷ്ഠമായ; പരം ജ്ഞാനം - പരമസത്യത്തെക്കുറിച്ചുള്ള ആ അറിവ്; ഭൂയഃ പ്രവക്ഷ്യാമി - വീണ്ടും ഞാൻ പറഞ്ഞു തരാം.

digitized by www.sreyas.in

ഏതൊന്നറിഞ്ഞിട്ടാണോ ഇക്കാലംവരെയുള്ള എല്ലാ സത്യാന്വേഷികളും ദുഃഖമയമായ ഈ സംസാരബന്ധത്തിൽനിന്നു മോചിച്ചു പരമസത്യസ്വരൂപം പ്രാപിച്ചു ധന്യരായത്; എല്ലാ അറിവുകളിലും വച്ചു ശ്രേഷ്ഠമായ പരമസത്യത്തെക്കുറിച്ചുള്ള ആ അറിവ് വീണ്ടും ഞാൻ പറഞ്ഞുതരാം.

## *ജ്ഞാനാനാം ജ്ഞാനമുത്തമം*

പരമസത്യം സാക്ഷാൽക്കരിക്കാനുതകുന്ന ജ്ഞാനമാണു ജ്ഞാനങ്ങളിൽവച്ചൊക്കെ ശ്രേഷ്ഠമായിട്ടുള്ളതെന്ന കാര്യത്തിൽ ആർക്കും പക്ഷാന്തരമുണ്ടാവില്ല. സർവവ്യാപിയായ പുരുഷനിൽ പ്രകൃതിയുടെ ആവിർഭാവമാണു വസ്തുതത്വത്തെ മറച്ചു പലതിന്റെ കാഴ്ചയുളവാക്കി ഭ്രമിപ്പിക്കുന്നത്. അപ്പോൾ പ്രകൃതിയെ ഉപശമിപ്പിക്കുകയാണു പുരുഷന്റെ പൂർണത സാക്ഷാൽക്കരിക്കാനുള്ള മാർഗം. ഉത്തമമായ ഈ ജ്ഞാനം തന്നെയാണിതുവരെ ഭഗവാൻ അർജുനനെ. കേൾപ്പിച്ചത്. വിശേഷിച്ചും ക്ഷേത്രക്ഷേത്രജ്ഞയോഗമെന്ന കഴിഞ്ഞ അധ്യായത്തിൽ. അതുകൊണ്ടാണ് ഇനിയും പറയാമെന്നു പ്രസ്താവിക്കുന്നത്. ഇനിയെന്താ വിശേഷിച്ച്? പ്രകൃതി ഗുണാത്മികയായിട്ടാണാവിർഭവിക്കുന്നത്. സത്വം, രജസ്സ്, തമസ്സ് എന്ന ത്രിഗുണങ്ങളെ വേർതിരിച്ച് അവയെ പല അളവിലും കൂട്ടിച്ചേർത്താണു പ്രകൃതി പ്രപഞ്ചത്തെ നിർമിക്കുന്നത്. അപ്പോൾ ഗുണങ്ങളുടെ ലക്ഷണമെന്ത്? ഗുണഘടനയുടെ പരിണാമഭേദങ്ങളെന്തെല്ലാം, ഗുണാതീതസ്ഥിതിയെന്ത്? ഇതൊക്കെ വ്യക്തമായി ധരിച്ചാൽ ത്രിഗുണാത്മികയായ പ്രകൃതിയെ ഉപശമിപ്പിച്ചു വസ്തുസ്ഥിതി ധരിക്കാൻ എളുപ്പമാവും. അതുകൊണ്ടു പ്രകൃതിയിലെ ഗുണാവിർഭാവവും ഘടനയും വിസ്തരിച്ചറിയിക്കാമെന്നാണു ഭഗവാൻ ഇവിടെ പ്രതിജ്ഞ ചെയ്യുന്നത്. അതറിഞ്ഞാൽ ലക്ഷ്യപ്രാപ്തി എളുപ്പമാവും.

ഉത്തമജ്ഞാനത്തിൽനിന്നു മോഹിച്ചു വഴുതിപ്പോകാതിരിക്കാനായി അതിന്റെ ഫലമായ സത്യാനുഭവരഹസ്യം ഇവിടെയും ആവർത്തിച്ച് അർജുനനെ ഭഗവാൻ ഓർമിപ്പിക്കുന്നു.

*2. ഇദം ജ്ഞാനമുപാശ്രിത്യ മമ സാധർമ്യമാഗതാഃ*
*സർഗേഽപി നോപജായന്തേ പ്രലയേ ന വ്യഥന്തി ച*

ഇദം ജ്ഞാനം – അറിവുകളിൽ വച്ചു ശ്രേഷ്ഠമായ ഈ അറിവ്; ഉപാശ്രിത്യ – അഭ്യസിച്ചനുഭവപ്പെടുത്തി; മമ സാധർമ്യം ആഗതാഃ – എന്റെ നില പ്രാപിച്ചവർ; സർഗേ അപി – പ്രകൃതിപ്രവർത്തനമായ സൃഷ്ടി നടന്നുകൊണ്ടിരിക്കു

digitized by www.sreyas.in

മ്പോഴും; ന ഉപജായന്തേ - ജനിക്കുന്നതായി ഭ്രമിക്കുന്നില്ല; പ്രലയേ - മറ്റൊരു പ്രകൃതിപ്രവർത്തനമായ പ്രളയം സംഭവിക്കുമ്പോൾ; ന വ്യഥന്തി ച - ദുഃഖിക്കുന്നുമില്ല.

അറിവുകളിൽ വച്ചു ശ്രേഷ്ഠമായ ഈ അറിവ് അഭ്യസിച്ചനുഭവപ്പെടുത്തി എന്റെ നില പ്രാപിച്ചവർ പ്രകൃതിപ്രവർത്തനമായ സൃഷ്ടി നടന്നുകൊണ്ടിരിക്കുമ്പോഴും ജനിക്കുന്നതായി ഭ്രമിക്കുന്നില്ല. മറ്റൊരു പ്രകൃതിപ്രവർത്തനമായ പ്രളയം സംഭവിക്കുമ്പോൾ ദുഃഖിക്കുന്നുമില്ല.

## *പ്രലയേ ന വ്യഥന്തി ച*

ത്രിഗുണങ്ങളുടെ സ്വരൂപവും ഘടനയും അറിഞ്ഞ് പ്രകൃതിയെ ഉപശമിപ്പിച്ചു വസ്തുസാക്ഷാൽക്കാരം നേടിയവർക്കു വസ്തുവും വസ്തുപ്രകൃതിയും ഒന്നുതന്നെ. ഇവിടെ ലേശംപോലും പലതു കാണാനുണ്ടാവില്ല. താൻ തന്നെ വസ്തുവെന്നും തന്നിൽ ജനനമരണങ്ങളുടെ പ്രശ്നമേ ഉദിക്കുന്നില്ലെന്നും അവർ അനുഭവിച്ചറിയുന്നു. പിന്നെ പലതു ഉണ്ടാകുന്നതായും മറയുന്നതായും കാണുന്നതോ? അത് വസ്തുവിൽ വീണ്ടും വീണ്ടുമുള്ള പ്രകൃതിയുടെ ആവിർഭാവ - തിരോഭാവങ്ങൾ മാത്രം. വസ്തുവിൽ ഒളിഞ്ഞിരിക്കുന്ന ശക്തി ആവിർഭവിക്കുന്നു. ഒളിയുന്നു. വീണ്ടും ആവിർഭവിക്കുന്നു. അതുകൊണ്ട് വസ്തുസ്വരൂപം പ്രാപിച്ച എനിക്ക് അണുപോലും കൂടുതലോ കുറവോ സംഭവിക്കുന്നില്ല. വസ്തുസ്വരൂപാനുഭവമാണ് വസ്തുസാധർമ്യം. അതുണ്ടായവർ സൃഷ്ടി നടന്നുകൊണ്ടിരിക്കുമ്പോഴും ഞാൻ ജനിക്കുന്നു എന്നു ഭ്രമിക്കുന്നില്ല. പ്രകൃതിദൃശ്യങ്ങൾ മറയുമ്പോൾ ഞാൻ ഇല്ലാതാകുന്നു എന്നു ദുഃഖിക്കുന്നുമില്ല. സത്യാനുഭവമില്ലായ്മയാണു ജനനമരണഭ്രമത്തിനു കാരണമെന്നു ഭാവം.

പ്രകൃതിഗുണങ്ങളെ വേർതിരിച്ചു വിവരിക്കാനൊരുമ്പെടുന്ന ഭഗവാൻ അർജുനനു പ്രത്യക്ഷാനുഭവം വന്ന വിശ്വരൂപന്റെ നില അവലംബിച്ചു ഗുണവിഭാഗവിവരണത്തിന്നൊരുമ്പെടുന്നു:

*3. മമ യോനിർമഹദ് ബ്രഹ്മ തസ്മിൻ ഗർഭം ദധാമ്യഹം*
*സംഭവഃ സർവഭൂതാനാം തതോ ഭവതി ഭാരത*

ഭാരത - അല്ലയോ അർജുനാ; മമ യോനിഃ - വിശ്വപ്രാണനായ എന്റെ ഉൽപ്പത്തിസ്ഥാനം; മഹത് ബ്രഹ്മ - എങ്ങും നിറഞ്ഞുനിൽക്കുന്ന പരബ്രഹ്മമാണ്; അഹം - വിശ്വപ്രാണനായ ഞാൻ; തസ്മിൻ - ആ ബ്രഹ്മത്തിൽ; ഗർഭം ദധാമി - ഗർഭത്തിൽ ബീജമെന്നപോലെ വർത്തിക്കുന്നു; തതഃ

digitized by www.sreyas.in

– ആ ബീജരൂപനായ എന്നിൽ നിന്ന്; സർവഭൂതാനാം – ചരാചരങ്ങളായ പ്രപഞ്ചഘടകങ്ങളുടെയെല്ലാം; സംഭവഃ – ആവിർഭാവം; ഭവതി – ഉണ്ടാകുന്നു.

അല്ലയോ അർജുനാ, വിശ്വപ്രാണനായ എന്റെ ഉൽപ്പത്തിസ്ഥാനം എങ്ങും നിറഞ്ഞുനിൽക്കുന്ന പരബ്രഹ്മമാണ്. വിശ്വപ്രാണനായ ഞാൻ ആ ബ്രഹ്മത്തിൽ ഗർഭത്തിൽ ബീജമെന്നപോലെ വർത്തിക്കുന്നു. ആ ബീജരൂപനായ എന്നിൽ നിന്നു ചരാചരങ്ങളായ പ്രപഞ്ചഘടകങ്ങളുടെയെല്ലാം ആവിർഭാവം ഉണ്ടാകുന്നു.

## *മമ യോനിർ മഹദ് ബ്രഹ്മ*

ബ്രഹ്മത്തിൽനിന്നു നേരിട്ടു വ്യക്തമാകുന്ന ആദ്യത്തെ പ്രപഞ്ചഘടകമാണു വിശ്വപ്രാണൻ. സത്വബുദ്ധി, ഹിരണ്യഗർഭൻ എന്നൊക്കെ പറയുന്നത് ഈ വിശ്വപ്രാണനെത്തന്നെയാണ്. ഏഴാമധ്യായത്തിലും പതിമൂന്നാമധ്യായത്തിലും 'ബുദ്ധി' എന്ന പദംകൊണ്ടാണീ വിശ്വപ്രാണനെ നിർദേശിച്ചിരിക്കുന്നത്. സത്വഗുണപ്രധാനനാണു വിശ്വപ്രാണൻ. അതുകൊണ്ടിതിനെ സത്വബുദ്ധിയെന്നു വിളിക്കുന്നു. അവ്യക്തദശ ഗുണങ്ങളുടെ സമതുലിതാവസ്ഥയാണ്. അതിൽനിന്നുള്ള സത്വഗുണപ്രധാനമായ ആവിർഭാവമാണു സത്വബുദ്ധി. ഗുണഘടന വിവരിക്കാൻ ഒരുമ്പെടുന്ന ഭഗവാൻ ആദ്യത്തെ ഗുണാവിർഭാവത്തെ തൽക്കാലം താനായി ചിത്രീകരിച്ചുകൊണ്ടു തുടങ്ങുന്നത് ഉചിതംതന്നെ. മാത്രമല്ല ഭഗവാന്റെ ഈ രൂപം ഏതാണ്ടൊക്കെ അർജുനൻ അൽപ്പംമുമ്പു കാണുകയും ചെയ്തല്ലോ. അർജുനൻ കണ്ട വിശ്വരൂപം പരമസത്യദർശനം അല്ലെന്നു ബോധ്യപ്പെടുത്താനും ഇതുതകുന്നു. വിശ്വരൂപന്റെയും ഉൽപ്പത്തിസ്ഥാനമായി എങ്ങും നിറഞ്ഞുനിൽക്കുന്ന പരമസത്യമാണു ബ്രഹ്മം. ആ ബ്രഹ്മത്തിൽ ഗർഭപാത്രത്തിൽ ശിശുവിനു രൂപം നൽകുന്ന ബീജം സ്ഥിതിചെയ്യുന്നതുപോലെ വിശ്വരൂപൻ സ്ഥിതി ചെയ്യുന്നു. വിശ്വപ്രാണനെന്ന സൂക്ഷ്മബീജത്തിൽ നിന്നാണു പ്രപഞ്ചമെന്ന ശിശു ആവിർഭവിക്കുന്നതെന്നു താൽപ്പര്യം. പ്രകടങ്ങളായ ഗുണാവിർഭാവഘട്ടങ്ങളെ വിവരിക്കാനൊരുമ്പെടുന്നതുകൊണ്ട് അപ്രകടമായ അവ്യക്താവസ്ഥയെ വിട്ടിരിക്കുന്നു എന്നു കാണേണ്ടതാണ്. സനാതനബ്രഹ്മവസ്തു, വിശ്വപ്രാണൻ, പ്രപഞ്ചഘടകങ്ങൾ ഇതാണു ക്രമം. ഈ ക്രമം അത്യന്തം ശാസ്ത്രീയമാണെന്ന് എടുത്തുപറയേണ്ടതില്ലല്ലോ.

വിശ്വരൂപനായ തനിക്കു പുറകോട്ടു ബ്രഹ്മവുമായും മുൻപോട്ടു പ്രപഞ്ചഘടകങ്ങളുമായും ഉള്ള ബന്ധമെന്താണെന്ന് ഒന്നുകൂടി ഉറപ്പിക്കുക

digitized by www.sreyas.in

യാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*4. സർവയോനിഷു കൗന്തേയ മൂർത്തയഃ സംഭവന്തി യാഃ*
*താസാം ബ്രഹ്മ മഹദ്യോനിരഹം ബീജപ്രദഃ പിതാ*

കൗന്തേയ - അല്ലയോ കുന്തീപുത്രാ; സർവയോനിഷു - ഏതേതുദ്ഭവസ്ഥാനങ്ങളിൽ നിന്ന്; യഃ മൂർത്തയഃ - ഏതേതു രൂപങ്ങൾ; സംഭവന്തി - ആവിർഭവിക്കുന്നുവോ; താസാം - ആ രൂപങ്ങൾക്കെല്ലാം; മഹദ്യോനിഃ ബ്രഹ്മ - ഏകമായ മൂലകാരണം ബ്രഹ്മമാണ്; അഹം - വിശ്വരൂപനായ ഞാൻ; ബീജപ്രദഃ പിതാ - നേരിട്ടു ബീജം പ്രദാനംചെയ്യുന്ന പിതാവാണ്.

അല്ലയോ കുന്തീപുത്രാ, ഏതേതു സ്ഥാനങ്ങളിൽ നിന്ന് ഏതേതു രൂപങ്ങൾ ആവിർഭവിക്കുന്നുവോ ആ രൂപങ്ങൾക്കെല്ലാം ഏകമായ മൂലകാരണം ബ്രഹ്മമാണ്. വിശ്വരൂപനായ ഞാൻ നേരിട്ടു ബീജം പ്രദാനംചെയ്യുന്ന പിതാവാണ്.

## *അഹം ബീജപ്രദഃ പിതാ*

എല്ലാ പ്രപഞ്ചഘടകങ്ങളുടെയും പിതാവു വിശ്വപ്രാണനും പിതാമഹൻ ബ്രഹ്മവുമാണ്. ചരമായും അചരമായുമുള്ള പ്രപഞ്ചം അനുഭവപ്പെടുന്നതു ജീവന്മാർക്കാണല്ലോ. ജീവസ്വരൂപം അഹംബോധമാണ്. വെള്ളത്തിൽ കുമിളകളെന്നപോലെ വിശ്വപ്രാണനിൽ സർവത്ര സ്പന്ദിക്കുന്നവയാണ് അഹംബോധസ്വരൂപികളായ ജീവന്മാർ. ഇങ്ങനെ സ്പന്ദിക്കുന്ന ജീവന്മാർ വിശ്വപ്രാണനിൽത്തന്നെ അന്തർലീനമായി കിടക്കുന്ന ഗുണാംശങ്ങളിൽ ഏതിനെങ്കിലും ഒന്നിനു പ്രാധാന്യം നൽകിക്കൊണ്ടു മനസ്സെന്ന ഉപകരണത്തിനു രൂപം കൊടുക്കുന്നു. മനസ്സിന്റെ ഗുണപ്രാധാന്യമനുസരിച്ചായിരിക്കും ജീവന്റെ പിന്നീടുള്ള പരിണാമഗതി. സത്വഗുണത്തിനാണു പ്രാധാന്യമെങ്കിൽ സാത്വികജീവൻ. അതുപോലെ രാജസജീവനും താമസജീവനും രൂപംകൊള്ളുന്നു. എന്തായാലും ജീവികളിലെ ബീജമായി വർത്തിക്കുന്ന അഹംബോധാംശത്തിന്റെ പിതാവ് വിശ്വപ്രാണനാണ്. അതുകൊണ്ടാണ് 'അഹം ബീജപ്രദഃ പിതാ' എന്നു പറഞ്ഞിരിക്കുന്നത്. ശുദ്ധജഡങ്ങളായി കാണപ്പെടുന്നവയിൽപ്പോലും ഈ അഹംബോധം തമസ്സിൽ ലയിച്ചു കിടക്കുന്നു എന്നാണു വേദാന്തസിദ്ധാന്തം. അഹംബോധത്തിനു തമസ്സിൽ ലയിക്കാൻ കഴിയുമെന്നുള്ളതിനു വ്യക്തമായ അഹംബോധമുള്ള ജീവികളുടെ ഉറക്കം തെളിവാണല്ലോ. അതുകൊണ്ട് പ്രപഞ്ചത്തിൽ ചരമായാലും അചരമായാലും എന്തെന്തു വ്യക്തരൂപങ്ങൾ കാണപ്പെടുന്നുണ്ടോ അവയ്ക്കെല്ലാം



digitized by www.sreyas.in

പിതാവു വിശ്വപ്രാണനും പിതാമഹൻ ശുദ്ധബോധസ്വരൂപനായ ബ്രഹ്മാവു മാണെന്നു കാണേണ്ടതാണ്.

സത്വഗുണപ്രധാനനായ വിശ്വപ്രാണനിൽ നിന്ന് ഇങ്ങനെ ആവർഭവിക്കുന്ന ബീജരൂപികളായ ജീവന്മാർ ബദ്ധരായിത്തീരുന്നതിനു ഹേതുവെന്താണ്? അക്കാര്യമാണു ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്:

5 *സത്വം രജസ്തമ ഇതി ഗുണാഃ പ്രകൃതിസംഭവാഃ*
*നിബധ്നന്തി മഹാബാഹോ ദേഹേ ദേഹിനമവ്യയം*

മഹാബാഹോ - പരാക്രമിയായ അല്ലയോ അർജുനാ; സത്വം രജഃ തമഃ ഇതി - സത്വം, രജസ്സ്, തമസ്സ് എന്നിങ്ങനെ; പ്രകൃതിസംഭവാഃ ഗുണാഃ - പ്രകൃതിയിൽ നിന്നു രൂപംകൊള്ളുന്ന ഗുണങ്ങൾ; അവ്യയം ദേഹിനം - ഒരഴിവുമില്ലാത്ത ബോധസ്വരൂപിയായ ആത്മാവിനെ; ദേഹേ - ശരീരത്തിൽ; നിബധ്നന്തി - തികച്ചും ബദ്ധനാക്കിത്തീർക്കുന്നു.

പരാക്രമിയായ അല്ലയോ അർജുനാ, സത്വം, രജസ്സ്, തമസ്സ് എന്നിങ്ങനെ പ്രകൃതിയിൽ നിന്നു രൂപംകൊള്ളുന്ന ഗുണങ്ങൾ ഒരഴിവുമില്ലാത്ത ബോധസ്വരൂപിയായ ആത്മാവിനെ ശരീരത്തിൽ തികച്ചും ബദ്ധനാക്കിത്തീർക്കുന്നു.

## *ബന്ധവിശകലനം*

വിശ്വപ്രാണൻ മുതൽ ശക്തി സ്പന്ദിക്കാൻ തുടങ്ങുന്നത് അഹംബോധത്തോടുകൂടിയാണ്. എല്ലാം ഞാനാണെന്ന സർവംഗ്രാഹിയായ അഹംബോധമാണു വിശ്വപ്രാണന്റേത്. വ്യക്തിശരീരം ഞാനാണെന്നഭിമാനിക്കുന്ന പ്രത്യേകാഹംബോധമാണു ജീവന്റേത്. രണ്ടു തരത്തിലുള്ള അഹംബോധമായാലും തുടങ്ങുന്നതുമുതൽ അതു ജഡാംശവുമായി ബന്ധപ്പെടുന്നു എന്നു കാണേണ്ടതാണ്. ജഡാംശമാണല്ലോ അഹംബോധത്തിന്റെ ശരീരം. സൂക്ഷ്മദശയിൽ കേവലശബ്ദസ്വരൂപമാണു ജഡാംശം. അതിൽ പ്രതിബിംബിക്കുന്ന ബോധം ആത്മാവും. രണ്ടുംകൂടെച്ചേർന്നു ജീവൻ എന്നറിയപ്പെടുന്നു. വിശ്വരൂപൻ വലിയ ജീവനാണെങ്കിൽ വ്യക്ത്യഹന്തകൾ കൊച്ചുജീവന്മാർ; ഇതേയുള്ളു ഭേദം. ശബ്ദശരീരത്തോടുകൂടി ആരംഭിക്കുന്ന ജീവൻ തുടർന്നു സ്പർശരൂപരസഗന്ധങ്ങളുടെ സാത്വികാംശങ്ങളെ കൂട്ടിച്ചേർത്തു ജഡാംശത്തെ വളർത്തി അന്തക്കരണത്തിനു രൂപം നൽകുന്നു. തന്മാത്രകളുടെ സാത്വികസമഷ്ടിരൂപമാണ് അന്തക്കരണം. അവിടെനിന്ന് അവ പ്രത്യേകം പ്രത്യേകം പ്രവർത്തനമാരംഭിച്ചു. അതോടെ പ്രത്യേകം ജ്ഞാനേന്ദ്രിയമായി മാറി. അവയുടെ

digitized by www.sreyas.in

തന്നെ രാജസാംശം പ്രത്യേകം പ്രത്യേകം കർമേന്ദ്രിയമായും രൂപംകൊണ്ടു. തന്മാത്രകളിൽ ഓരോന്നിന്റെയും രാജസസമഷ്ടി രൂപം പ്രാണൻ, അപാനൻ മുതലായി ഓരോ വായുക്കളായും ഭവിച്ചു. വലിയ ജീവനായ വിശ്വരൂപന്റെ അന്തക്കരണസമഷ്ടിയിൽ തമോഗുണം കലർന്നതോടെ പഞ്ചമഹാഭൂതങ്ങൾ ആരംഭിച്ചു. അവയുടെ അംശങ്ങൾകൊണ്ടു കൊച്ചു ജീവന്മാർ പ്രത്യേകം പ്രത്യേകം ശരീരങ്ങൾക്കും രൂപം കൊടുത്തു. എന്തായാലും അഹംബോധ ത്തിൽത്തന്നെ ദേഹം ആരംഭിക്കുന്നു. അവിടം മുതൽ അഹംബോധത്തിലെ ബോധപ്രതിബിംബം ഞാൻ ശരീരമാണെന്നു തെറ്റിദ്ധരിക്കുന്നു. തുടർന്നു ഗുണങ്ങൾ പെരുകി ജഡാംശം കൂടുമ്പോഴൊക്കെ ബോധപ്രതിബിംബം അതു മായി താദാത്മ്യം പ്രാപിച്ചു താൻ അതാണെന്നു ഭ്രമിക്കുന്നു. ഗുണമാണു ദേഹത്തെ വളർത്തുന്നതെന്നു നാം കണ്ടുവല്ലോ. അതുകൊണ്ടു ഗുണബ ന്ധംതന്നെയാണു ദേഹബന്ധം. പ്രകൃതിയുടെ വ്യക്തരൂപങ്ങളാണു ഗുണ ങ്ങൾ. ബോധപ്രതിബിംബമായ ജീവൻ ഗുണങ്ങളെ കൈവെടിയുമെങ്കിൽ അതുതന്നെയാണു പ്രകൃതിമോക്ഷം.

ഗുണബന്ധമാണു ദേഹംബന്ധമെങ്കിൽ ദേഹത്തിൽ ഈ ഗുണങ്ങ ളുടെ പ്രവർത്തനങ്ങൾ എങ്ങനെ വേർതിരിക്കാൻ കഴിയും? ഈ ചോദ്യത്തി നുത്തരമാണു ഭഗവാൻ ഇനി അടുത്ത മൂന്നു പദ്യങ്ങൾകൊണ്ടു വിവരിക്കു ന്നത്. സത്വഗുണത്തെ എങ്ങനെ വേർതിരിച്ചറിയാമെന്നാണ് ആറാം പദ്യം പ്രതിപാദിക്കുന്നത്:

*6. തത്ര സത്വം നിർമലത്വാത് പ്രകാശകമനാമയം*
*സുഖസംഗേന ബധ്നാതി ജ്ഞാനസംഗേന ചാനഘ*

അനഘ - ശുദ്ധബുദ്ധിയായ അല്ലയോ അർജുനാ; തത്ര - ത്രിഗുണങ്ങളിൽ; നിർമലത്വാത് - ജഡസ്പർശം കുറഞ്ഞതായതുകൊണ്ട്; പ്രകാശകം - ആത്മ ജ്യോതിസ് കൂടുതൽ പ്രതിഫലിപ്പിക്കുന്നതും; അനാമയം - ദുഃഖച്ഛായ കലരാ ത്തതുമായ; സത്വം - സത്വഗുണം; സുഖസംഗേന - ആത്മസുഖം നിരന്തരം കൂടുതൽ കൂടുതൽ അനുഭവിക്കണമെന്നുള്ള ആഗ്രഹംകൊണ്ടും; ജ്ഞാനസംഗേന ച - വസ്തുസാക്ഷാൽക്കാരം പൂർണമാക്കണമെന്നുള്ള ആഗ്രഹംകൊണ്ടും; ബധ്നാതി - ജീവനെ ബന്ധിക്കുന്നു.

ശുദ്ധബുദ്ധിയായ അല്ലയോ അർജുനാ, ത്രിഗുണങ്ങളിൽ ജഡസ്പർശം കുറഞ്ഞതായതുകൊണ്ട് ആത്മജ്യോതിസ് കൂടുതൽ പതിഫലിപ്പിക്കുന്ന തും ദുഃഖച്ഛായ കലരാത്തതുമായ സത്വഗുണം ആത്മസുഖം നിരന്തരം കൂടു തൽ കൂടുതൽ അനുഭവിക്കണമെന്നുള്ള ആഗ്രഹംകൊണ്ടു വസ്തു

digitized by www.sreyas.in

സാക്ഷാൽക്കാരം പൂർണമാക്കണമെന്നുള്ള ആഗ്രഹംകൊണ്ടും ജീവനെ ബന്ധിക്കുന്നു.

## *സത്വഗുണ പ്രവർത്തനം*

അനഘ എന്ന സംബോധനകൊണ്ടു താൻ വിവരിക്കാൻ പോകുന്ന സത്വഗുണപ്രവർത്തനം ഏതാണ്ടൊക്കെ ശുദ്ധബുദ്ധിയായ അർജുനന് അനുഭവിച്ചറിയാൻ കഴിവുണ്ടെന്നു സൂചന. ശുദ്ധമായ ബുദ്ധിയുടെ ഗുണമാണു സത്വം. ഗുണങ്ങളെ വേർതിരിച്ചറിയേണ്ട സ്ഥാനം പ്രധാനമായും അന്തഃകരണമാണ്. അവനവന്റെ അന്തഃക്കരണത്തിന്റെ ഗുണഘടന അന്തർമുഖത ശീലിച്ചവർക്കു സ്വയം അറിയാൻ കഴിയും ബാഹ്യചലനങ്ങളിലൂടെ അന്തക്കരണസ്ഥിതി ഊഹിച്ച് മറ്റുള്ളവരുടെ അന്തക്കരണത്തിന്റെ ഗുണഘടനയും ഊഹിക്കാവുന്നതാണ്. കാമലോഭാദി വികാരങ്ങളുടെ ആധിക്യം കുറഞ്ഞു മമതാബന്ധം ഏതാണ്ടൊക്കെ വിട്ടു ശുദ്ധമാകുന്ന അന്തക്കരണത്തിന്റെ ഘടനയിൽ സത്വഗുണം പ്രധാനമായി ഭവിക്കുന്നു. സത്വഗുണത്തിൽ അന്തക്കരണം ജഡാധിക്യമില്ലാത്തതുകൊണ്ടു കട്ടി കുറഞ്ഞ് അഴുക്കുപറ്റാത്ത കണ്ണാടിപോലെ നിർമലമായിത്തീരുന്നു. അതുനിമിത്തം ശുദ്ധമായ കണ്ണാടിയിൽ വ്യക്തമായ പ്രതിബിംബമെന്നപോലെ ആത്മപ്രകാശം അതിൽ നല്ലപോലെ തെളിഞ്ഞനുഭവിക്കാറാകുന്നു. നിരന്തരമായ ചിത്തപ്രസാദമാണ് ആത്മപ്രകാശം പ്രതിഫലിക്കുന്ന സത്വഗുണപ്രധാനമായ അന്തക്കരണത്തിന്റെ അനുഭവം. ഈ സ്ഥിതിയിൽ താൻ ശരീരമല്ല, ആത്മാവാണ് എന്ന വസ്തുബോധം ഏറെക്കുറെ ദൃഢപ്പെടുന്നതുകൊണ്ടു പരിതസ്ഥിതി എന്തൊക്കെ മാറിവന്നാലും ഈ ചിത്തപ്രസാദം നഷ്ടമാവുകയില്ല; അതുകൊണ്ടാണു സത്വഗുണത്തെ 'അനാമയം' എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. അന്തക്കരണത്തിൽ സത്വഗുണഘടനയുടെ കൂടുതൽ കുറവനുസരിച്ച് ഈ അനുഭവങ്ങൾക്കും കൂടുതൽ കുറവു സംഭവിക്കാമെന്നോർക്കേണ്ടതാണ്. സത്വഗുണാധിക്യത്തിലും അന്തക്കരണാംശം ബാക്കിനിൽക്കുന്നതുകൊണ്ട് അനുഭവം പൂർണമാകുന്നില്ല. ആത്മാനന്ദം കൂടുതൽ കൂടുതൽ ലഭ്യമാകണമെന്നും ആത്മസ്ഥിതി പൂർണമായി വെളിപ്പെടണമെന്നും ആഗ്രഹം ബാക്കിനിൽക്കുന്നു. ഈ രണ്ടാഗ്രഹങ്ങളുമാണു സുഖസംഗവും ജ്ഞാനസംഗവും. ഇവ ഉത്തമങ്ങളായ ആഗ്രഹങ്ങളല്ലേ? തീർച്ചയായും ആണ്. എന്നാലും ആഗ്രഹങ്ങളല്ലേ? ആഗ്രഹങ്ങൾ അപൂർണതയുടെ ചിഹ്നങ്ങളാണ്. അപൂർണത അതൃപ്തിയുടെയും. അതുകൊണ്ട്

digitized by www.sreyas.in

ഈ ആഗ്രഹങ്ങളും ബന്ധം തന്നെയാണ്. അതുദ്ദേശിച്ചാണു 'ബധ്നാതി' എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. പൂർണസത്യം തിരയുന്ന ജ്ഞാനി സത്വ ഗുണത്തിലെ ആനന്ദജ്ഞാനങ്ങളിലും നിസ്സംഗത പുലർത്തി സത്വഗുണാന്തക്കരണത്തെയും പൂർണമായി ഉപശമിപ്പിച്ച് നിർവികൽപ്പദശയിലെത്തി സത്യസ്വരൂപമായി സ്വയം മാറേണ്ടതാണ്. അതാണു പൂർണ കൈവല്യം.

സത്വഗുണപ്രവർത്തനം വിവരിച്ചശേഷം ഭഗവാൻ അടുത്തതായി രജോഗുണപ്രവർത്തനം വിവരിക്കാൻ ഒരുമ്പെടുന്നു:

*7. രജോ രാഗാത്മകം വിദ്ധി തൃഷ്ണാസംഗസമുദ്ഭവം*
*തന്നിബധ്നാതി കൗന്തേയ കർമസംഗേന ദേഹിനം*

കൗന്തേയ - കുന്തീപുത്രനായ അല്ലയോ അർജുനാ; തൃഷ്ണാസംഗസമുത്ഭവം - ലൗകികസുഖത്തിനായുള്ള ഒടുങ്ങാത്ത ആശനിമിത്തം എണ്ണമറ്റ ജഡസാമഗ്രികളിൽ എന്റേതെന്ന സംഗം പുലർത്തുന്നതുകൊണ്ടുണ്ടാകുന്ന; രജഃ - രജോഗുണം രാഗാത്മകം വിദ്ധി - പലതും വേണം വേണമെന്നുള്ള ഇച്ഛാരൂപമാണെന്നറിയൂ; തത് - ഈ രജോഗുണം; ദേഹിനം - ജീവനെ; കർമസംഗേന - കർമംചെയ്യണമെന്നുള്ള അവസാനിക്കാത്ത ഇച്ഛകൊണ്ട്; നിബധ്നതി - ശക്തിയായി ബന്ധിക്കുന്നു.

കുന്തീപുത്രനായ അല്ലയോ അർജുനാ, ലൗകികസുഖത്തിനായുള്ള ഒടുങ്ങാത്ത ആശനിമിത്തം എണ്ണമറ്റ ജഡസാമഗ്രികളിൽ എന്റേതെന്ന സംഗം പുലർത്തുന്നതുകൊണ്ടുണ്ടാകുന്ന രജോഗുണം പലതും വേണം വേണമെന്നുള്ള ഇച്ഛാരൂപമാണെന്നറിയൂ. ആ രജോഗുണം ജീവനെ കർമം ചെയ്യണമെന്നുള്ള അവസാനിക്കാത്ത ഇച്ഛകൊണ്ടു ശക്തിയായി ബന്ധിക്കുന്നു.

## *രജോഗുണപ്രവർത്തനം*

അന്തക്കരണത്തിൽ രജോഗുണഭാവം അധികമാകുന്നതെന്തുകൊണ്ട്? തൃഷ്ണ, സംഗം ഈ രണ്ടു കാര്യങ്ങളാണു രജോഗുണത്തെ വളർത്തുന്നത്. ലൗകികസുഖത്തിനായുള്ള ഒടുങ്ങാത്ത ആഗ്രഹമാണു തൃഷ്ണ. തൃഷ്ണ, ജഡങ്ങളായ പുതിയ പുതിയ സുഖസാമഗ്രികൾ സമ്പാദിക്കാനും എന്റേതെന്നഭിമാനിച്ചു സ്വായത്തമാക്കി സൂക്ഷിക്കാനും പ്രേരിപ്പിക്കുന്നു. ഇതാണു സംഗം. ഈ തൃഷ്ണയും സംഗവും എന്തുകൊണ്ടുണ്ടാകുന്നു? ആത്മവിസ്മൃതിരൂപയായ അവിദ്യ മാത്രമാണിതിനു കാരണം. അവിദ്യ നിമിത്തം ഞാൻ ദേഹമാണ്, ഈ ജഡസാമഗ്രികളിൽ കവിഞ്ഞൊരു സത്യമില്ല എന്നു

digitized by www.sreyas.in

ഭ്രമിക്കാനിടവരുന്നു.. ആ ഭ്രമത്തിനു ശക്തി കൂടുന്തോറും തൃഷ്ണയും സംഗവും വർധിച്ചുകൊണ്ടേയിരിക്കും. അപ്പോൾ ചുരുക്കത്തിൽ രജോഗുണത്തിന്റെ സ്വരൂപമെന്ത്? പുതിയ പുതിയ ജഡസാമഗ്രികൾ വേണം, വേണം എന്നിങ്ങനെയുള്ള ഒടുങ്ങാത്ത ഇച്ഛയാണു രജോഗുണത്തിന്റെ സ്വരൂപം. ഈ ഇച്ഛ ദേഹിയെ അങ്ങനെ ബന്ധിക്കുന്നു? അവസാനമില്ലാതെ കർമം ചെയ്യാനുള്ള പ്രേരണകൊണ്ടു ബന്ധിക്കുന്നു. വേണം വേണമെന്നുള്ള ഇച്ഛ നിറവേറണമെങ്കിൽ കർമം ചെയ്യാതെ പറ്റുകയില്ലല്ലോ. ഒരിച്ഛ നിറവേറുന്നതോടെ പുതിയ പല ഇച്ഛകൾ വീണ്ടും ആവിർഭവിക്കും. അവ നിറവേറ്റാൻ വീണ്ടും കർമം. വീണ്ടും ഇച്ഛകൾ. ഇങ്ങനെ അവസാനമില്ലാതെ നീണ്ടുപോകും. ഇതാണു രജോഗുണത്തിന്റെ പ്രവർത്തനരഹസ്യം. കർമംചെയ്യാൻ പ്രേരിപ്പിക്കുന്നതു നല്ലതല്ലേ എന്നു ചിലർ പെട്ടെന്നു ചോദിച്ചേക്കാം. ലൗകികമായി കുറയൊക്കെ നല്ലതുതന്നെ. പക്ഷേ, ദേഹം ജരാവ്യാധികൾ കൊണ്ടു തളർന്നു; ഇന്ദ്രിയങ്ങളും ബലഹീനങ്ങളായി; ജീവിതാന്ത്യവും ഏതാണ്ടു സമീപിച്ചു. അപ്പോഴും വേണം വേണമെന്നുള്ള രാഗവും കർമം ചെയ്യാനുള്ള പ്രേരണയും പൂർവാധികം അവശേഷിച്ചാലോ? രജോഗുണത്തിൽ തുടരുന്നയാൾക്കു നിശ്ചയമായും അങ്ങനെ സംഭവിക്കും. ഇതാണു ജീവിതാന്ത്യത്തിലെ രൂക്ഷമായ നരകാനുഭവം. അതൽപ്പകാലത്തേക്കല്ലേ ഉണ്ടാവൂ എന്നു സമാധാനിച്ചിട്ടു കാര്യമില്ല. അവസാനത്തെ കർമവാസനാമയമായ സൂക്ഷ്മശരീരം അത്യധികം രജോഗുണബദ്ധമോ തമോഗുണബദ്ധമോ ആയ മറ്റൊരു ജീവിതത്തിനു വഴിതെളിക്കും. ഇതങ്ങനെ ആവർത്തിക്കും. ഇതിനെന്താണു പോംവഴി? പോംവഴി സത്വഗുണപ്രവർത്തനവിവരണത്തിൽ തെളിഞ്ഞിട്ടുണ്ടല്ലോ. കർമഫലതൃഷ്ണയുടെ സ്ഥാനത്തു നിരന്തരമായ ഈശ്വരബുദ്ധി പ്രതിഷ്ഠിക്കണം. അങ്ങനെ ഫലചിന്തക്കു ശക്തി കുറച്ച് ഈശ്വരചിന്തക്കു ശക്തി വളർത്തണം. ക്രമേണ ചിത്തം ശുദ്ധമായി ദേഹം കർമം ചെയ്യവേതന്നെ വേണം വേണമെന്നുള്ള രാഗം കുറഞ്ഞു കർമവാസന ക്ഷയിച്ചുവരും. ജീവിതാന്ത്യത്തിൽ ചെയ്യേണ്ടതൊക്കെ ചെയ്തു, ഇനിയൊന്നും ചെയ്യാനില്ല, എന്ന തൃപ്തിവന്ന് ആത്മാനുഭവം പ്രകാശിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ കുന്തീദേവി നയിച്ച പ്രായോഗിക ജീവിതത്തിലേക്കു വിരൽചൂണ്ടുന്നതാണ് 'കൗന്തേയ' എന്ന സംബോധന.

ഇനിയും തമോഗുണപ്രവർത്തനമാണു ഭഗവാൻ അടുത്ത ശ്ലോകത്തിൽ വിവരിക്കുന്നത്:

digitized by www.sreyas.in

*8. തമസ്ത്വജ്ഞാനജം വിദ്ധി മോഹനം സർവദേഹിനാം
പ്രമാദാലസ്യനിദ്രാഭിസ്തന്നിബധ്നാതി ഭാരത*

ഭാരത - ഭരതവംശജനായ അല്ലയോ അർജുനാ; സർവദേഹിനാം - എല്ലാ ജീവികൾക്കും; മോഹനം - സത്യത്തെ പാടേ മറച്ച് അസത്യജഡങ്ങളെ സത്യമെന്നു കാട്ടി മോഹിപ്പിക്കുന്ന; തമഃ തു - തമോഗുണമാകട്ടെ; അജ്ഞാനജം വിദ്ധി - വസ്തുവിനെക്കുറിച്ചുള്ള അറിവില്ലായ്മയിൽ നിന്നു രൂപം കൊള്ളുന്നതാണ്; തത് - ആ തമോഗുണം; പ്രമാദാലസ്യനിദ്രാഭിഃ - ക്രമമായി ജഡത്വത്തിലേക്കുള്ള പതനം, അലസത, മനസ്സിന്റെ ലയരൂപമായി നിദ്ര എന്നിവയുളവാക്കി; നിബധ്നാതി - ജീവനെ ശക്തിയായി ബന്ധിക്കുന്നു.

ഭരതവംശജനായ അല്ലയോ അർജുനാ, എല്ലാ ജീവികൾക്കും സത്യത്തെ പാടേ മറച്ച് അസത്യജഡങ്ങളെ സത്യമെന്നു കാട്ടി മോഹിപ്പിക്കുന്ന തമോഗുണമാകട്ടെ വസ്തുവിനെക്കുറിച്ചുള്ള അറിവില്ലായ്മയിൽ നിന്നു രൂപം കൊള്ളുന്നതാണ്. ആ തമോഗുണം ക്രമമായി ജഡത്വത്തിലേക്കുള്ള പതനം, അലസത, മനസ്സിന്റെ ലയരൂപമായ നിദ്ര എന്നിവയുളവാക്കി ജീവനെ ശക്തിയായി ബന്ധിക്കുന്നു.

## *തമോഗുണപ്രവർത്തനം*

അന്തക്കരണത്തിൽ ഒരു ഗുണവും ശുദ്ധമായി ഒരിക്കലും ഉണ്ടായിരിക്കയില്ല. പ്രാധാന്യഭാവത്തെയാണു നാമിവിടെ ചർച്ച ചെയ്യുന്നത്. സത്വഗുണപ്രധാനമായ അന്തക്കരണത്തിൽതന്നെ രജസ്സും തമസ്സും കുറെയൊക്കെ ഒളിഞ്ഞിരിപ്പുണ്ടാവും, അതുപോലെതന്നെ മറ്റു രണ്ടിലും. എല്ലാ അന്തക്കരണങ്ങളിലും സത്യത്തെ മറച്ച് അസത്യജഡങ്ങളെ സത്യമെന്നു കാട്ടി മോഹിപ്പിക്കുന്നത് ആവരണരൂപിയായ തമോഗുണം തന്നെയാണ്. സത്വഗുണപ്രധാനമായ അന്തക്കരണത്തിൽ ഈ മറയുടെ കട്ടി വളരെ കുറഞ്ഞിരിക്കും. രജസ്സിനു പ്രാധാന്യം കിട്ടിയാൽ ഈ മറയ്ക്കു കുറേക്കൂടി കട്ടി കൂടും. ഞാനാര്, പ്രപഞ്ചമെന്ത് എന്ന വസ്തുബോധമില്ലായ്മയാണ് ഇരുണ്ട ഈ മറയെ സൃഷ്ടിക്കുന്നത്. ഈ മറ പൂർണമായി മാറുന്നതാണു നിർവികൽപ്പാവസ്ഥയിലെ കൈവല്യപ്രാപ്തി. ഞാൻ എന്ന അഹന്താബോധം വേർതിരിഞ്ഞു നിൽക്കുന്നിടത്തോളം സത്വഗുണപ്രധാനമായ അന്തക്കരണത്തിലും തമോമയമായ മറ ഇനിയും ലേശം ശേഷിക്കുന്നു എന്നു കാണേണ്ടതാണ്. എന്തായാലും രജോഗുണപ്രാധാന്യവും കടന്ന് ഈ മറയ്ക്കു കട്ടികൂടിയാൽ പിന്നത്തെ ഗതിയെന്താണ്? ചേതനസത്യത്തെ പാടേ മറന്നു ജഡത്വത്തി

digitized by www.sreyas.in

ലേക്കുള്ള അന്തക്കരണത്തിന്റെ ശീഘ്രപതനമാണ്. ഇതാണു പ്രമാദം. അത്യന്ത ചഞ്ചലമായ മനസ്സ് പരിതസ്ഥിതികൾപോലും മറന്ന് കൂടെക്കൂടെ കാമക്രോധാദി വികാരങ്ങൾക്കു രൂക്ഷമായി വഴങ്ങുന്നതാണിതിന്റെ ലക്ഷണം. അങ്ങനെ പതിക്കുന്ന അന്തക്കരണം തുടർന്നു ബുദ്ധിഭ്രമം, അലസത, നിദ്ര ഇവയ്ക്കു വശംവദമായി ഭവിക്കുന്നു. ഭൗതികതയുടെ അതിപ്രസരം സംഭവിച്ചുകഴിഞ്ഞിരിക്കുന്ന ആധുനിക ലോകത്തു ഭൗതികവിജ്ഞാനം നേടിയവരിൽത്തന്നെ രജോഗുണത്തിന്റെയും തമോഗുണത്തിന്റെയും ശക്തിയായ പ്രവർത്തനം നമുക്കു നോക്കിക്കാണാൻ കഴിയും. വളരെപ്പേർ ഭൗതികസുഖതൃഷ്ണയോടെ ജഡസാമഗ്രികളുടെ പിന്നാലെ പരക്കം പാഞ്ഞു കർമബദ്ധരായി രജോഗുണത്തിൽപ്പെട്ടുഴലുന്നു. അവിടെയും തൃപ്തി കാണാതെ അനേകംപേർ മദ്യപാനംകൊണ്ടും മയക്കുമരുന്നുകൾ കൊണ്ടും മനസ്സിനെ ലയിപ്പിച്ചു തമോഗുണത്തിൽപ്പെട്ടുഴലുന്നു. ഇതിന്റെയൊക്കെ ഫലമായി ബുദ്ധിഭ്രമം സംഭവിച്ചവരുടെ എണ്ണം നിരന്തരം വർധിച്ചും വരുന്നു. ഈശ്വരബുദ്ധി അഭ്യസിച്ചു വസ്തുബോധം നേടുകയല്ലാതെ ഇതിനു മറ്റൊരു പോംവഴിയെന്താണ്?

ഇങ്ങനെ ഓരോ ജീവിയിലുമുള്ള ഗുണഘടന വേർതിരിച്ചറിയാൻ കഴിയത്തക്കവണ്ണം പ്രത്യേകം പ്രത്യേകം ഗുണപ്രവർത്തനം വിശദീകരിച്ചശേഷം പ്രാധാന്യത്തെ മുൻനിറുത്തി മൂന്നു ഗുണങ്ങളുടെയും പ്രവർത്തനം സംഗ്രഹിച്ചു പ്രതിപാദിക്കുകയാണടുത്ത പദ്യത്തിൽ:

*9. സത്വം സുഖേ സഞ്ജയതി രജഃ കർമണി ഭാരത*
*ജ്ഞാനമാവൃത്യ തു തമഃ പ്രമാദേ സഞ്ജയത്യുത*

ഭാരത - അല്ലയോ അർജുനാ; സത്വം- സത്വഗുണം; സുഖേ - ആത്മസുഖാനുഭവത്തിൽ മനസ്സിനെ; സഞ്ജയതി - സംഗബദ്ധമാക്കുന്നു; രജഃ - രജോഗുണം; കർമണി സഞ്ജയതി - നിരന്തരമായ കർമാനുഷ്ഠാനത്തിൽ മനസ്സിനെ സംഗബദ്ധമാക്കുന്നു; തമഃ തു - തമോഗുണമാകട്ടെ; ജ്ഞാനം ആവൃത്യ - വസ്തുബോധത്തെ കൂടുതൽ കൂടുതൽ മറച്ച്; പ്രമാദേ ഉത - മനസ്സിനെ നിരന്തരമായ ജഡത്വത്തിലേക്കുള്ള പതനത്തിലും; സഞ്ജയതി - സംഗബദ്ധമാക്കുന്നു.

അല്ലയോ അർജുനാ, സത്വഗുണം ആത്മസുഖാനുഭവത്തിൽ മനസ്സിനെ സംഗബദ്ധമാക്കുന്നു. രജോഗുണം നിരന്തരമായ കർമാനുഷ്ഠാനത്തിൽ മനസ്സിനെ സംഗബദ്ധമാക്കുന്നു. തമോഗുണമാകട്ടെ വസ്തുബോധത്തെ കൂടുതൽ കൂടുതൽ മറച്ചു മനസ്സിനെ സംഗബദ്ധമാക്കുന്നു. തമോ

digitized by www.sreyas.in

ഗുണമാകട്ടെ വസ്തുബോധത്തെ കൂടുതൽ കൂടുതൽ മറച്ചു മനസ്സിനെ നിരന്തരമായ ജഡത്വത്തിലേക്കുള്ള പതനത്തിലും സംഗബദ്ധമാക്കുന്നു.

## *സുഖം, കർമം, പ്രമാദം*

മനുഷ്യമനസ്സിനെ സുഖം, കർമം, പ്രമാദം എന്നിവയിൽ സംഗബദ്ധമാക്കുകയാണ് സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണങ്ങൾ. പ്രകാശം, പ്രവൃത്തി, മോഹം എന്നിവയാണ് യഥാക്രമം ഈ ഗുണങ്ങളുടെ സ്വരൂപം. ഇത്രയും വ്യക്തമായി ധരിച്ചാൽ ഒരാൾക്ക് അവനവന്റെ അന്തക്കരണത്തിന്റെ താൽക്കാലിക ഗുണഘടനയും മറ്റുള്ളവരുടെ അന്തക്കരണത്തിന്റെ ഗുണഘടനയും വ്യക്തമായറിയാൻ കഴിയും. സമൂഹജീവിതത്തിൽ വേണ്ട പൊരുത്തപ്പെടുത്തലുകൾ വരുത്തി ജീവിതം സുഗമമാക്കാൻ ഈ ഗുണഘടനാജ്ഞാനം വളരെ ഉപകരിക്കും. ഒരു സത്യാന്വേഷിക്ക് മുന്നോട്ടു നീങ്ങാൻ തന്റെ അന്തക്കരണത്തിൽ ക്രമേണ വരുത്തേണ്ട മാറ്റങ്ങൾ വ്യക്തമായി തീരുമാനിക്കാനും കഴിയും. ഗുണപ്രവർത്തനം നേരാംവണ്ണമറിഞ്ഞാൽ ഗുണകർമവിഭാഗമായി ചാതുർവർണ്യം താനുണ്ടാക്കി; അതില്ലാതാക്കുന്നവനും താൻ തന്നെ എന്നു ഭഗവാൻ നാലാമധ്യായം പതിമൂന്നാം ശ്ലോകത്തിൽ പറഞ്ഞത് അത്യന്തം ശാസ്ത്രീയമാണെന്നു തെളിയുകയും ചെയ്യും. ഇവിടെ സത്വഗുണം മനസ്സിനെ സുഖത്തിൽ സംഗബദ്ധമാക്കുന്നു എന്നു പറഞ്ഞതു വിഷയസുഖമാണെന്നു ചിലർ വ്യാഖ്യാനിക്കുന്നു. അതെങ്ങനെ ശരിയാകും? സത്വഗുണം നിർമലമാണ്, പ്രകാശകമാണ്, അനാമയമാണ് എന്ന് ആറാം ശ്ലോകത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. വിഷയസുഖസംഗം നിർമലതയുടെയും പ്രകാശകത്വത്തിന്റെയും അനാമയത്വത്തിന്റെയും ലക്ഷണമാണോ? ഒരിക്കലുമാവില്ല. അപ്പോൾ സത്വഗുണം മനസ്സിനെ സംഗബദ്ധമാക്കുന്നത് ആത്മാനന്ദാനുഭവത്തിൽത്തന്നെയാണ്. ആത്മാനന്ദാനുഭവത്തിൽ സംഗം വരിക എന്നു പറഞ്ഞാൽ എന്താണർഥം? ധ്യാനവേളയിലും സമാധിവേളയിലും മറ്റും താൻ അനുഭവിക്കുന്ന സുഖത്തെപ്പറ്റി അഭിമാനപൂർവം മറ്റുള്ളവരെ പറഞ്ഞു കേൾപ്പിക്കുക, അതു വളർത്തിക്കൊണ്ടുവരാനുള്ള തന്റെ സാധനാനുഷ്ഠാനങ്ങൾ അഭിമാനപൂർവം വിവരിക്കുക, ഇടയ്ക്ക് ഇതു ലഭിക്കാത്തവരെ താഴ്ത്തിപ്പറയുക ഇതൊക്കെയാണ് ആത്മാനന്ദാനുഭവത്തിൽ സംഗബദ്ധനാകുന്നതിന്റെ ലക്ഷണം. അഭിമാനപൂർവം 'ഞാൻ' എന്ന ഭാവത്തെ ഉറപ്പിക്കുന്നതുകൊണ്ടാണിതിനെ സംഗം എന്നു പറയുന്നത്. പൂർണസാക്ഷാൽക്കാരത്തിനു ഈ സംഗംപോലും തടസ്സമായിത്തീർന്നേക്കാം. അതുകൊണ്ടാണ് ഗൗഡ

digitized by www.sreyas.in

പാദാചാര്യർ തന്റെ മാണ്ഡൂക്യകാരികയിൽ മൂന്നാം പ്രകരണം നാൽപ്പത്തഞ്ചാം ശ്ലോകത്തിൽ "നാസ്വാദയേത് സുഖം തത്രേ നിസ്സംഗഃ പ്രജ്ഞയാ ഭവേത്" എന്നു പ്രഖ്യാപിച്ചിരിക്കുന്നത്. സാത്വികമനസ്സിന്റെ സമാധിസുഖത്തെ വ്യുത്ഥാനദശയിൽ അഭിമാനപൂർവം വർണിച്ചാസ്വദിക്കാനൊരുമ്പെടരുത്. ആത്മബോധം വളർത്തി അതിൽ നിസ്സംഗനായി വർത്തിക്കണം. ഇതാണു കാരികഭാഗത്തിന്റെ താൽപ്പര്യം. അതുകൊണ്ടു സാത്വികമനസ്സിന്റെ സുഖസംഗം ആത്മസുഖസംഗം തന്നെയാണെന്നറിയേണ്ടതാണ്. ഒരു നിമിഷംപോലും സ്വസ്ഥനായിരിക്കാൻ തോന്നാതെ കർമം ചെയ്യണമെന്നുള്ള വ്യാകുലതയാണു രജോഗുണത്തിന്റെ ലക്ഷണം. വേണ്ടതു വേണ്ടപ്പോൾ ചെയ്യാതെയും വേണ്ടാത്തിടത്തു വേണ്ടാത്തതു ചെയ്തും മനസ്സിന്റെ ഇരുട്ടിലേക്കുള്ള പതനം ത്വരിപ്പിക്കലാണ് പ്രമാദം. ആലസ്യം, അകാലനിദ്ര ഇവയെല്ലാം ഈ പതനത്തിന്റെ വകഭേദങ്ങളാണ്. ഓരോ അന്തക്കരണത്തിന്റെയും ഗുണഘടനയിൽ സത്വരജസ്തമോഗുണങ്ങളുടെ കൂടുതൽ കുറവ് മേൽപ്പറഞ്ഞ ലക്ഷണങ്ങൾ നോക്കി കണ്ടറിയേണ്ടതാണ്. ഗുണഘടനക്കുതകുന്ന മട്ടിൽ ഈശ്വരധ്യാനം അഭ്യസിച്ചുവേണം ക്രമേണ അന്തക്കരണത്തെ ഉയർന്ന ഗുണമണ്ഡലങ്ങളിലേക്കു പരിവർത്തിപ്പിക്കേണ്ടത്. പതനം എളുപ്പമാണ്. ശ്രദ്ധാപൂർവം സ്വയം യത്നിച്ചെങ്കിലേ ഉന്നമനം സാധ്യമാവൂ. ഒരേ ജന്മത്തിൽത്തന്നെ ബ്രാഹ്മണനു ശൂദ്രനായി പതിക്കുകയോ ശൂദ്രനു ബ്രാഹ്മണനായി ഉയരുകയോ ചെയ്യാം. രണ്ടും അന്തക്കരണത്തിന്റെ ഗുണഘടനയെ ആശ്രയിച്ചാണിരിക്കുന്നത്. ഈ അന്തക്കരണഗുണഘടന തന്നെയാണു ജീവസ്വഭാവം. സ്വഭാവമാണു ചാതുർവർണ്യനിയമത്തിനാസ്പദമെന്നു ഭഗവാൻ പതിനെട്ടാമധ്യായത്തിൽ ആവർത്തിച്ചു പറഞ്ഞിട്ടുമുണ്ട്.

ത്രിഗുണങ്ങളുടെ ലക്ഷണവും പ്രവർത്തനവും മനസ്സിലായി. പക്ഷേ, ഇവയിൽ ചിലതിനു ചിലപ്പോൾ പ്രാധാന്യം കിട്ടുന്നു എന്നു പറഞ്ഞതെങ്ങനെയാണ്? ഈ ചോദ്യത്തിനുത്തരമാണിനി പറയുന്നത്:

*10. രജസ്തമശ്ചാഭിഭൂയ സത്വം ഭവതി ഭാരത*
*രജഃ സത്വം തമശ്ചൈവ തമഃ സത്വം രജസ്തഥാ*

ഭാരത - അല്ലയോ അർജുനാ; സത്വം - സത്വഗുണം; രജഃ തമഃ ച - രജോഗുണത്തെയും തമോഗുണത്തെയും; അഭിഭൂയ - കീഴ്പ്പെടുത്തിയിട്ടാണ്; ഭവതി - പ്രാധാന്യം കൈക്കൊള്ളുന്നത്; രജഃ - രജോഗുണം; സത്വം തമഃ ച ഏവ - സത്വഗുണത്തെയും തമോഗുണത്തെയും കീഴ്പ്പെടുത്തിയിട്ടുതന്നെ പ്രാധാന്യം

digitized by www.sreyas.in

കൈക്കൊള്ളുന്നു; തഥാ - അതുപോലെ; തമഃ - തമോഗുണം; സത്വം രജഃ - സത്വഗുണത്തെയും രജോഗുണത്തെയും കീഴ്പ്പെടുത്തിയിട്ടു പ്രധാനമായി ഭവിക്കുന്നു.

അല്ലയോ അർജുനാ, സത്വഗുണം രജോഗുണത്തെയും തമോഗുണത്തെയും കീഴ്പ്പെടുത്തിയിട്ടാണു പ്രാധാന്യം കൈക്കൊള്ളുന്നത്. രജോഗുണം സത്വഗുണത്തെയും തമോഗുണത്തെയും കീഴ്പ്പെടുത്തിയിട്ടുതന്നെ പ്രാധാന്യം കൈക്കൊള്ളുന്നു. അതുപോലെ തമോഗുണം സത്വഗുണത്തെയും രജോഗുണത്തെയും കീഴ്പ്പെടുത്തിയിട്ടു പ്രധാനമായി ഭവിക്കുന്നു.

## *ഗുണപ്രാധാന്യരഹസ്യം*

ത്രിഗുണാത്മികയാണു മായ. പലതുണ്ടെന്നു തോന്നിച്ചുകൊണ്ട് അവിദ്യ അൽപ്പമെങ്കിലും അവശേഷിക്കുന്നിടത്തോളം മൂന്നു ഗുണങ്ങളും അതിൽ തങ്ങിനിൽക്കുന്നുണ്ടെന്നു കാണേണ്ടതാണ്. ഏതെങ്കിലും ഒരു ഗുണത്തിനു പ്രാധാന്യം കിട്ടുന്നു എന്നു പറഞ്ഞാൽ തൽക്കാലത്തേക്കു മറ്റു രണ്ടു ഗുണങ്ങളെയും കീഴ്പ്പെടുത്തിയിട്ട് ഒരു ഗുണം പ്രധാനഭാവം കൈക്കൊള്ളുന്നു എന്നേ അർഥമുള്ളു. അങ്ങനെ കീഴ്പ്പെടുത്താൻ സാധിക്കുന്നതു പരിതസ്ഥിതികളുടെ ആനുകൂല്യം കൊണ്ടാണ്. ഈ ആനുകൂല്യം അന്തക്കരണത്തെ സംബന്ധിച്ചിടത്തോളം അവനവൻ സ്വയം ഉണ്ടാക്കുന്നതുമാണ്. ബാഹ്യമായ പരിതസ്ഥിതി എന്തുതന്നെയായാലും അന്തക്കരണത്തിനുറപ്പുണ്ടെങ്കിൽ അതിന്റെ ഉയർന്ന ഗുണഘടന സത്യോന്മുഖമായി നീങ്ങിക്കൊണ്ടുതന്നെയിരിക്കും. വാൽമീകിയുടെയും അജാമിളന്റെയും ചരിത്രങ്ങൾ ഗുണഘടനയുടെ ഈ മാറ്റങ്ങൾക്കു തെളിവുകളാണ്. രണ്ടുപേരും ബ്രാഹ്മണകുലത്തിൽ ജനിക്കുകയും സത്വഗുണപ്രധാനങ്ങളായ കർമാനുഷ്ഠാനങ്ങളിൽ ഏർപ്പെടുകയും ചെയ്തവരാണ്. പക്ഷേ, കാമപ്രലോഭനങ്ങൾക്കു വശപ്പെട്ടു സത്വഗുണം മറഞ്ഞു രജോഗുണത്തിനും തുടർന്നു തമോഗുണത്തിനും പ്രാധാന്യം കിട്ടി. മോഹമതികളായി ജീവിച്ചു. ഭാഗ്യവശാൽ സജ്ജനസംസർഗം ലഭിച്ചതോടെ വീണ്ടും ക്രമേണ രജസ്തമോഗുണങ്ങൾ മറയ്ക്കപ്പെട്ടിട്ടു സത്വഗുണത്തിനു പ്രാധാന്യം ലഭിക്കാനിടയായി. സമകാലജീവിതത്തിൽത്തന്നെ ഗുണഘടനയിലെ പരിവർത്തനംകൊണ്ട് ഇത്തരം ഉയർച്ചകളും താഴ്ചകളും ചുറ്റുപാടും നമുക്കു വേണ്ടുവോളം കാണാൻ കഴിയും. അവനവനിൽത്തന്നെ ഈ പരിവർത്തനസ്വഭാവം പരീക്ഷിച്ചുറപ്പിക്കാവുന്നതുമാണ്. വ്യക്തമായ സത്യബുദ്ധി അംഗീകരിക്കാത്തവരിൽ ഈ ഗുണപരിവർത്തനം ചക്രാകാരമായി സംഭവിച്ചുകൊണ്ടേ

digitized by www.sreyas.in

യിരിക്കും. അങ്ങനെയാണു പല ജന്മങ്ങൾക്കും അവ കാരണമായിത്തീരുന്നത്. പക്ഷിമൃഗാദിയിലും വൃക്ഷലതാദിയിലും ഒക്കെ ഈ ഗുണഘടനാഭേദം സൂക്ഷിച്ചാൽ തെളിഞ്ഞുകാണാൻ കഴിയും. ഒരേ വർഗത്തിൽപ്പെട്ട ജന്തുക്കളിലും വൃക്ഷങ്ങളിലും പോലും കാണാം ഗുണഭേദം. ഗുണഭേദമനുസരിച്ചു കർമം. പ്രപഞ്ചപ്രവർത്തനത്തിന്റെ പരമരഹസ്യമായ സത്യദർശനം അഥവാ മോക്ഷം. വ്യക്തമായ വസ്തുബോധം നേടി ശ്രദ്ധയോടെ ഗാഢമായി യത്നിക്കുന്നവർക്കേ അതു സാധ്യമാവൂ. അല്ലാത്തവർക്ക് എക്കാലവും പ്രകൃതിയുടെ ഗുണമണ്ഡലത്തിൽ ജനിച്ചും മരിച്ചും തിരിച്ചറിയേണ്ടിവരും.

ഇനി ഓരോ ഗുണവും മറ്റു രണ്ടു ഗുണങ്ങളെയും തിരസ്കരിച്ചിട്ടു പ്രധാനഭാവം കൈക്കൊണ്ടാൽ തെളിയുന്ന ലക്ഷണങ്ങളെന്തൊക്കെയാണെന്നാണ് അടുത്ത മൂന്നു പദ്യങ്ങളിൽ വിവരിക്കുന്നത്. സത്വഗുണം പ്രധാനമായി വളർച്ച പ്രാപിച്ചാൽ എന്താണു ലക്ഷണമെന്നു പതിനൊന്നാം ശ്ലോകം വിവരിക്കുന്നു:

*11. സർവദ്വാരേഷു ദേഹേഽസ്മിൻ പ്രകാശ ഉപജായതേ*
*ജ്ഞാനം യദാ തദാ വിദ്യാദ്വിവൃദ്ധം സത്വമിത്യുത*

അസ്മിൻ ദേഹേ - ഈ ശരീരത്തിൽ; സർവദ്വാരേഷു - എല്ലാ ഇന്ദ്രിയസ്ഥാനങ്ങളിലും; പ്രകാശഃ ഉതജ്ഞാനം - പ്രകാശവും വസ്തുബോധവും; യദാ ഉപജായതേ - എപ്പോഴുണ്ടാകുന്നുവോ; തദാ - അപ്പോൾ; സത്വം വിവൃദ്ധം - സത്വഗുണം മറ്റു രണ്ടു ഗുണങ്ങളെയും കീഴ്പ്പെടുത്തി പ്രധാനഭാവം കൈക്കൊണ്ടിരിക്കുന്നു. ഇതി വിദ്യാത് - എന്നറിയേണ്ടതാണ്.

ഈ ശരീരത്തിൽ എല്ലാ ഇന്ദ്രിയസ്ഥാനങ്ങളിലും പ്രകാശവും വസ്തുബോധവും എപ്പോഴുണ്ടാകുന്നുവോ അപ്പോൾ സത്വഗുണം മറ്റു രണ്ടു ഗുണങ്ങളെയും കീഴ്പ്പെടുത്തി പ്രധാനഭാവം കൈക്കൊണ്ടിരിക്കുന്നു എന്നറിയേണ്ടതാണ്.

## *വിവൃദ്ധം സത്വം*

പ്രകാശവും ജ്ഞാനവുമാണു സത്വഗുണത്തിന്റെ ലക്ഷണങ്ങളെന്നു നേരത്തേ പറഞ്ഞുവല്ലോ. ഹൃദയത്തിലും മറ്റിന്ദ്രിയസ്ഥാനങ്ങളിലും തേജോമയമായ ഒരു പ്രസന്നത അഥവാ ശീതളത അനുഭവപ്പെടുന്നതാണു പ്രകാശം. ആവരണത്തിനു കട്ടി കുറഞ്ഞ് ആനന്ദസ്വരൂപമായ ആത്മാവു

digitized by www.sreyas.in

തെളിയുന്നതിന്റെ ലക്ഷണമാണിത്. ദേഹത്തിലെ ഇന്ദ്രിയസ്ഥാനങ്ങളിലെല്ലാം ഈ ആത്മാനന്ദത്തിന്റെ പ്രകാശം വ്യാപിക്കുന്നതായി അനുഭവപ്പെട്ടാൽ മറ്റു രണ്ടു ഗുണങ്ങളെയും കീഴ്പ്പെടുത്തിയിട്ടു സത്വഗുണം പെരുകിയിരിക്കുന്നു എന്നു കണക്കാക്കാവുന്നതാണ്. തുടർന്ന് ഈ ഇന്ദ്രിയസ്ഥാനങ്ങളിലെല്ലാം ജ്ഞാനാനുഭവമുണ്ടാകും. ഇവിടത്തെ ജ്ഞാനം കേവലം ശബ്ദാദിവിഷയജ്ഞാനമല്ല. ശബ്ദാദി വിഷയജ്ഞാനം രജോഗുണവർധനവിലും തമോഗുണവർധനവിലും ഒക്കെ ഉള്ളതാണല്ലോ. ഇവിടെമാത്രം അതിനെന്താണു പ്രത്യേകത? വിഷയങ്ങൾ ഗ്രഹിക്കുമ്പോൾ അവയോടൊപ്പം വസ്തുബോധവും അനുഭവപ്പെടുന്നതാണിവിടത്തെ ജ്ഞാനം. താൻ ഗ്രഹിക്കുന്ന ശബ്ദാദിവിഷയങ്ങൾ ബോധസ്വരൂപമായ ആത്മാവിലെ വെറും ദൃശ്യാനുഭവങ്ങളാണെന്നും തന്റെ സ്വരൂപമായ ആത്മാവിൽനിന്നു ഭിന്നമായ നിലനിൽപ്പ് അവയ്ക്കില്ലെന്നും ഗ്രഹിക്കുന്നതാണു സത്വഗുണാഭിവൃദ്ധിയിലെ ജ്ഞാനാനുഭവം. വാസ്തവത്തിൽ അന്തക്കരണത്തിന്റെ ഈ നിലയിലുള്ള സത്വഗുണാഭിവൃദ്ധി ആത്മസാക്ഷാൽക്കാരത്തിന്റെ പടിക്കലെത്തിനിൽക്കുന്ന ഒരു സ്ഥിതിവിശേഷം തന്നെയാണ്. നിർവികൽപ്പദശ വന്നു സർവത്ര സമദർശനമെന്ന പൂർണത വന്നിട്ടില്ല എന്ന വ്യത്യാസമേ ഉള്ളു. ഈ നിലയിലും സംഗത്തിനോ സത്യമാർഗത്തിൽ അൽപ്പമൊക്കെ പിന്നോട്ടു പോരാനോ സാധ്യതയുണ്ട്. ഭാഗവതത്തിലെ ജഡഭരതന്റെ കഥ ഇതിനു ദൃഷ്ടാന്തമാണ്. എങ്കിലും ഇവിടെ പറയുന്ന മാതിരി ഒരു വളർച്ച സത്വഗുണത്തിനുണ്ടായൽ പിന്നെ പാടേ പതിച്ചുപോകുവാൻ സാധ്യത വളരെ കുറവാണെന്നാണു ശാസ്ത്രനിർണയം.

ഇനി രജോഗുണം മറ്റു രണ്ടു ഗുണങ്ങളെയും കീഴ്പ്പെടുത്തി വളർന്നാലുള്ള ലക്ഷണങ്ങളാണ് വെളിപ്പെടുത്തുന്നത്:

*12. ലോഭഃ പ്രവൃത്തിരാരംഭഃ കർമണാമശമഃ സ്പൃഹാ*
*രജസ്യേതാനി ജായന്തേ വിവൃദ്ധേ ഭരതർഷഭ*

ഭരതർഷഭ - ഭരതവംശത്തിൽ ജനിച്ച ശ്രേഷ്ഠനായ അല്ലയോ അർജുനാ; ലോഭഃ - ധനസമ്പത്തു വേണ്ടിടത്തു വേണ്ടപോലെ ചെലവഴിക്കാതെ സൂക്ഷിച്ചു വയ്ക്കാനും കൂടുതൽ ശേഖരിക്കാനുമുള്ള കൗതുകം; പ്രവൃത്തിഃ - അതിനുവേണ്ടി രാപകൽ കർമം ചെയ്യുക; ആരംഭഃ - അതിനായി പുതിയ പുതിയ കാര്യങ്ങൾ തുടങ്ങുക; കർമണാം അശമഃ - ഒരിക്കലും മതിവരാത്ത കർമവ്യാകുലത; സ്പൃഹാ - തീരാത്ത ഭൗതികതൃഷ്ണ; ഏതാനി -

digitized by www.sreyas.in

ഇതൊക്കെ; രജസി വിവൃദ്ധേ – രജോഗുണം വർധിച്ചാൽ; ജായന്തേ – ഉണ്ടായിത്തീരുന്നു.

ഭരതവംശത്തിൽ ജനിച്ച ശ്രേഷ്ഠനായ അല്ലയോ അർജുനാ, ധനസമ്പത്തു വേണ്ടിടത്തു വേണ്ടപോലെ ചെലവഴിക്കാതെ സൂക്ഷിച്ചു വയ്ക്കാനും കൂടുതൽ ശേഖരിക്കാനുമുള്ള കൗതുകം, അതിനുവേണ്ടി രാപകൽ കർമം ചെയ്യുക, അതിനായി പുതിയ പുതിയ കാര്യങ്ങൾ തുടങ്ങുക, ഒരിക്കലും മതിവരാത്ത കർമവ്യാകുലത, തീരാത്ത ഭൗതിക തൃഷ്ണ ഇതൊക്കെ രജോഗുണം വർധിച്ചാൽ ഉണ്ടായിത്തീരുന്നു.

## *വിവൃദ്ധം രജഃ*

തൃഷ്ണ, സംഗം എന്നിവയിൽ നിന്നാണു രജസ്സുത്ഭവിക്കുന്നത്. രാഗമാണതിന്റെ സ്വരൂപം. കർമംകൊണ്ടാണതു ജീവനെ ബന്ധിക്കുന്നത്. ഇത്രയും കാര്യം നേരത്തേ വെളിപ്പെടുത്തിയല്ലോ. ഇങ്ങനെയുള്ള രജസ്സ് വളർന്നു പ്രാധാന്യം കൈക്കൊണ്ടാലോ? രാഗം ലോഭമായി മാറും. സമ്പത്തു വർധിപ്പിച്ചുകൊണ്ടേയിരിക്കുക. ചെലവഴിക്കാൻ മടി. ചെലവു വന്നുചേരുന്നിടത്തു ദുഃഖം. സമ്പത്തിന്റെ അളവു വർധിക്കുന്നുണ്ടോ എന്നു നിരന്തരം കണക്കുകൂട്ടൽ. അതു കാത്തുസൂക്ഷിക്കുന്നതിൽ ഒരു മാനസിക സംതൃപ്തി. ഇതൊക്കെയാണു ലാഭത്തിന്റെ ലക്ഷണങ്ങൾ. സദാ ജോലിത്തിരക്ക്, ഈശ്വരചിന്തക്കോ നാമജപത്തിനോ ഒന്നിനും സമയമില്ല. പുതിയ പുതിയ ധനാഗമമാർഗങ്ങൾ കണ്ടെത്താനുള്ള ശ്രമം. ഒന്നു വിശ്രമിക്കാൻപോലും സമയമില്ല. ഒടുങ്ങാത്ത കർമവ്യാകുലത. കർമസംഗം ഇങ്ങനെ വളരും. ഇതിന്റെയൊക്കെ ഫലമായി നീണ്ടുനീണ്ടുപോകുന്ന തൃഷ്ണ. പ്രളയകാലത്തോളമെത്തുന്ന കർമപദ്ധതികൾ. ഒന്നും പോരോ പോരാ എന്ന മനോഭാവം. ഭൗതികനേട്ടങ്ങളിൽ വർധിച്ചുവരുന്ന അഭിമാനം. രജസ്സിന്റെ ഈ വളർച്ച നിയന്ത്രിച്ചില്ലെങ്കിൽ അതു തമസ്സിലേക്കുള്ള പതനത്തിനു വഴിതെളിക്കും. ഏതെങ്കിലും ഘട്ടത്തിൽ സ്വയം നിയന്ത്രിതനായി ഈശ്വരബുദ്ധി ദൃഢമായി അഭ്യസിക്കുമെങ്കിൽ രജസ്സിനെ കീഴ്പ്പെടുത്തിയിട്ടു സത്വം വളരാനാരംഭിക്കും. ഇതാണു ഗുണപരിണാമക്രമം.

തമോഗുണമാണു സത്വത്തെയും രജസ്സിനെയും കീഴ്പ്പെടുത്തി വളരുന്നതെങ്കിലോ അപ്പോഴത്തെ സ്ഥിതിയാണ് ഇനി വിവരിക്കുന്നത്.

*13. അപ്രകാശോഽപ്രവൃത്തിശ്ച പ്രമാദോ മോഹ ഏവ ച*
*തമസ്യേതാനി ജായന്തേ വിവൃദ്ധേ കുരുനന്ദന*

digitized by www.sreyas.in

കുരുനന്ദന - അല്ലയോ അർജുനാ; അപ്രകാശഃ - സത്വത്തിന്റേതായ പ്രകാശ മില്ല; അപ്രവൃത്തിഃ ച - രജസ്സിന്റേതായ കർമവ്യാകുലതയില്ല; പ്രമാദഃ - തെറ്റിൽനിന്നു തെറ്റിലേക്കുള്ള പതനം; മോഹഃ ഏവ ച - എപ്പോൾ എന്തു ചെയ്യണമെന്നു നിശ്ചയമില്ലാത്ത പരിഭ്രമം തന്നെയും; ഏതാനി - ഇതൊക്കെ; തമസി വിവൃദ്ധേ - തമോഗുണം വർധിച്ചാൽ; ജായന്തേ - ഉണ്ടായിത്തീരുന്നു.

സത്വത്തിന്റേതായ പ്രകാശമില്ല, രജസ്സിന്റേതായ കർമവ്യാകുലത യില്ല, തെറ്റിൽനിന്നു തെറ്റിലേക്കുള്ള പതനം എപ്പോൾ എന്തു ചെയ്യണ മെന്നു നിശ്ചയമില്ലാത്ത പരിഭ്രമം തന്നെയും, ഇതൊക്കെ തമോഗുണം വർധിച്ചാൽ ഉണ്ടായിത്തീരുന്നു.

## *വിവൃദ്ധം തമഃ*

സത്വത്തെയും രജസ്സിനെയും കീഴ്പ്പെടുത്തിയിട്ടാണല്ലോ തമസ്സു വള രുന്നത്. അപ്പോൾ പ്രകാശവും പ്രവൃത്തിയും തമസ്സിൽ അപ്രധാനമായിത്തീ രുന്നു. രജസ്സിനെ ദൃഢമായ ഈശ്വരബുദ്ധികൊണ്ടു സത്വത്തിലേക്കു തിരിച്ചു വിട്ടില്ലെങ്കിൽ വരാവുന്ന പരിണാമക്രമമാണു തമസ്സിന്റെ വർധന. ജഗത് സത്യമെന്നെന്ന കാര്യം കൂടുതൽ കൂടുതൽ മറഞ്ഞുപോകുന്നതാണു തമ സ്സ്. അതോടെ ജഡങ്ങൾ മാത്രമാണു സത്യമെന്നുറച്ചുറച്ചു ബുദ്ധി മോഹിച്ചുപോകുന്നു. തുടർന്നു ജഡബന്ധങ്ങളെ വർധിപ്പിക്കാനുള്ള വെമ്പ ലിൽ എന്തു ചെയ്യണമെന്നോ എന്തു ചെയ്തുകൂടെന്നോ ഉള്ള വേർതിരിവു കളൊക്കെ നഷ്ടമാകുന്നു. ഇതാണു മോഹം. അതോടെ തെറ്റിൽനിന്നു തെറ്റിലേക്ക് അതിവേഗം പതിക്കാനും ഇടവരുന്നു. ഇത്തരം പതനങ്ങൾക്കു ചുറ്റുപാടുകളിൽ നിന്നു കഠിനമായ പ്രത്യാഘാതമുണ്ടാവും. അപ്പോഴുള്ള മനസ്സിന്റെ ചഞ്ചലത അസഹ്യമായിത്തീരും. ഇതിനൊരു പരിഹാരം ഉറ ങ്ങിയോ മറ്റു കൃത്രിമ മാർഗങ്ങളവലംബിച്ചോ മനസ്സിനെ ലയിപ്പിക്കുക യാണ്. ലയം കഴിഞ്ഞു പൊന്തുന്ന മനസ്സ് പൂർവാധികം ചഞ്ചലമാകും. വീണ്ടും ലയമാർഗം. ഈ പോക്ക് ബുദ്ധിഭ്രമത്തിലോ ജീവിതത്തിന്റെ ആത്യ ന്തികമായ പതനത്തിലോ ചെന്നുചേരാനിടയാക്കും. ഭാഗ്യവശാൽ ഏതെ ങ്കിലും സംഭവത്തിന്റെ വെളിച്ചത്തിൽ സ്വയം ഉണരുകയോ സത്സംഗം കൊണ്ടു ചിത്തം ലേശമൊന്നു തെളിയുകയോ ചെയ്താൽ സ്വധർമാനുഷ്ഠാ നത്തിനും ഈശ്വരബുദ്ധിക്കും ഇടമരുളിക്കൊണ്ടു തമോഗുണിക്കു രജസ്സി ലേക്കും സത്വത്തിലേക്കും മടങ്ങാവുന്നതാണ്.

ത്രിഗുണങ്ങളുടെ വർധമാനദശക്കു ലക്ഷണം നൽകി വിവരിച്ചശേഷം ഭഗവാൻ ഇനി യഥാക്രമം ഈ വർധമാനദശകങ്ങളിൽ ദേഹം വെടി

digitized by www.sreyas.in

യുന്നയാൾക്കു വന്നുചേരുന്ന ജീവിതഗതിയാണ് അടുത്ത രണ്ടു പദ്യങ്ങളിൽ വിവരിക്കുന്നത്:

*14. യദാ സത്വേ പ്രവൃദ്ധേ തു പ്രലയം യാതി ദേഹഭൃത്*
*തദോത്തമവിദാം ലോകാനമലാൻ പ്രതിപദ്യതേ*

ദേഹഭൃത് - ജീവൻ; യദാ സത്വേ പ്രവൃദ്ധേ തു - സത്വഗുണം വർധിച്ചിരിക്കുമ്പോൾ; പ്രലയം യാതി തദാ - മരണം പ്രാപിക്കുകയാണെങ്കിൽ; ഉത്തമവിദാം - സത്യം അറിയുന്നവരുടെ; അമലാൻ ലോകാൻ - പരിശുദ്ധലോകങ്ങളിൽ; പ്രതിപദ്യതേ - എത്തിച്ചേരാൻ ഇടയാകുന്നു.

ജീവൻ സത്വഗുണം വർധിച്ചിരിക്കുമ്പോൾ മരണം പ്രാപിക്കുകയാണെങ്കിൽ സത്യം അറിയുന്നവരുടെ പരിശുദ്ധലോകങ്ങളിൽ എത്തിച്ചേരാൻ ഇടയാകുന്നു.

## *ഉത്തമവിദാം ലോകാൻ*

പരമസത്യത്തോടു തൊട്ടുനിൽക്കുന്ന അനുഭവദശയാണ് സത്വഗുണാഭിവൃദ്ധി. വസ്തു, ബുദ്ധിക്കു വ്യക്തമായി തെളിയുന്ന അവസ്ഥയാണിത്. സത്വാഭിവൃദ്ധിയിൽ ഇന്ദ്രിയദ്വാരങ്ങൾ പ്രകാശംകൊണ്ടും ജ്ഞാനം കൊണ്ടും നിറയുമെന്നാണല്ലോ ഭഗവാൻ പതിനൊന്നാം ശ്ലോകത്തിൽ വെളിപ്പെടുത്തിയത്. ബുദ്ധിക്കു വ്യക്തമായ വസ്തുബോധമുണ്ടായയാൾ ദേഹം വെടിഞ്ഞാൽ ദേവയാനമാർഗത്തിലൂടെ പരിശുദ്ധങ്ങളായ ദിവ്യലോകങ്ങൾ കടന്നു ക്രമമുക്തി കൈവരിക്കുമെന്നു എട്ടാമധ്യായത്തിലും വെളിപ്പെടുത്തിയിട്ടുണ്ട്. ഉത്തമവിത്തുകൾ ബുദ്ധിക്കു സത്യം തെളിഞ്ഞുകിട്ടിയവരാണ്. അവരുടെ പരിശുദ്ധ ലോകങ്ങൾ ക്രമമുക്തിയിൽ കടന്നുപോകാനുള്ള ദിവ്യലോകങ്ങൾ തന്നെ. ലോകാൻ എന്ന ബഹുവചനപ്രയോഗം ഇക്കാര്യം വെളിപ്പെടുത്തുന്നു. മഹത്തത്വം എന്നറിയപ്പെടുന്ന പ്രാണതത്വത്തെ ഉപാസിക്കുന്ന യോഗിമാരും ഈ സത്വബുദ്ധിയുടെ സാക്ഷാൽക്കാരത്തോടെ വസ്തുബോധമുള്ളവരായിത്തീർന്ന് ക്രമമുക്തിക്കർഹരായിത്തീരുന്നു. ഇനിയും സത്വഗുണാഭിവൃദ്ധി ക്രമാമുക്തിക്കർഹമായ നിലയിൽ എത്തിയിട്ടില്ലാത്തവർ മരണാനന്തരം ആറാമധ്യായത്തിൽ വിവരിച്ചിട്ടുള്ളതുപോലെ ജ്ഞാനികളുടെയോ യോഗിമാരുടെയോ കുലത്തിൽ ജനിക്കാനിടവരുന്നു. ഏതായാലും മനസ്സിന്റെ ഗുണഘടന മരണവേളയിൽ എന്തായിരിക്കുമോ അതായിരിക്കും അനന്തരം ജന്മത്തിന്റെ സ്വരൂപം നിർണയിക്കുന്ന ഘടകം.

digitized by www.sreyas.in

ഇനിയും രജസ്സും തമസ്സും വർധമാനമായിരിക്കുമ്പോൾ ദേഹം വെടിയുന്നവരുടെ ഗതിയെന്തെന്നാണു യഥാക്രമം അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:

*15. രജസി പ്രലയം ഗത്വാ കർമസംഗിഷു ജായതേ*
*തഥാ പ്രലീനസ്തമസി മൂഢയോനിഷു ജായതേ*

രജസി – രജോഗുണം വർധിച്ചിരിക്കുമ്പോൾ; പ്രലയം ഗത്വാ – ജീവൻ ദേഹമുപേക്ഷിക്കാനിടയായാൽ; കർമസംഗിഷു ജായതേ – സംഗബദ്ധരായി കർമം ചെയ്യുന്നവരുടെ കൂട്ടത്തിൽ ജനിക്കാനിടയാകുന്നു; തഥാ – അതുപോലെ; തമസി – തമോഗുണം വർധിച്ചിരിക്കുമ്പോൾ; പ്രലീനഃ – ദേഹം വെടിയുന്ന ജീവൻ; മൂഢയോനിഷു ജായതേ – വിവേകം തീരെയില്ലാത്ത മനുഷ്യരുടെ കൂട്ടത്തിലോ പക്ഷിമൃഗാദി ജന്തുക്കളായോ ഒക്കെ ജനിക്കാനിടയാകുന്നു.

രജോഗുണം വർധിച്ചിരിക്കുമ്പോൾ ജീവൻ ദേഹമുപേക്ഷിക്കാനിടയായാൽ സംഗബദ്ധരായി കർമം ചെയ്യുന്നവരുടെ കൂട്ടത്തിൽ ജനിക്കാനിടയാകുന്നു. അതുപോലെ തമോഗുണം വർധിച്ചിരിക്കുമ്പോൾ ദേഹം വെടിയുന്ന ജീവൻ വിവേകം തീരെയില്ലാത്ത മനുഷ്യരുടെ കൂട്ടത്തിലോ പക്ഷിമൃഗാദി ജന്തുക്കളായോ ഒക്കെ ജനിക്കാനിടയാകുന്നു.

## *കർമസംഗികളും മൂഢയോനികളും*

ഭഗവാനെ മറന്നു ഭൗതികകർമങ്ങളുടെ ഫലത്തിൽത്തന്നെ ബുദ്ധി ഉറച്ചുപോകുന്നതാണു കർമസംഗം. ഭഗവാനെ മറന്നുള്ള ഫലസംഗംകൊണ്ടു രജോഗുണം പതിന്മടങ്ങു ശക്തമായിത്തീരും. തുടർന്നു വീണ്ടും കർമം ചെയ്യാനുള്ള പ്രേരണ. ഭോഗത്തിനായി കർമം ചെയ്യുക, കർമം ചെയ്യാനായി ഭുജിക്കുക. ഇവിടെ കർമവും ഭോഗവും പരസ്പരം ആശ്രയിച്ചു ശക്തി വളർത്തി ഒരിക്കലും തൃപ്തിവരാതെ മുന്നോട്ടു നീങ്ങും. ഈ അസംതൃപ്തി തുടർന്നുള്ള ജനനമരണങ്ങൾക്കു കാരണമായിത്തീരും. ഇങ്ങനെ രജോഗുണനദീപ്രവാഹത്തിൽപ്പെട്ട പുഴുവിനെപ്പോലെ കർമപ്രവാഹത്തിലെ ജനനമരണച്ചുഴികളിൽ പൊങ്ങിയും താണും ഒഴുകിക്കൊണ്ടേയിരിക്കും. ചിലപ്പോൾ രജോഗുണത്തിന്റെ പാരമ്യത്തിൽ തമസ്സിലേക്കു പതിക്കാനും ഇടവരും. രജോഗുണത്തിൽ സ്വാർഥതയെ മുൻനിറുത്തി കർമം എപ്പോൾ എങ്ങനെ ചെയ്യണമെന്നുള്ള നയപരമായ വിവേകമെങ്കിലും ഉണ്ടായിരിക്കും. തമോഗുണാധിക്യത്തിൽ വിവേകവും നഷ്ടമാകും. സ്ഥലമോ സന്ദർഭമോ നോക്കാതെ കാമക്രോധാദി വികാരങ്ങൾക്കടിമപ്പെട്ടു നശിക്കാനിടയാകും. ഇതാണു തമോ



digitized by www.sreyas.in

ഗുണിയായ മൂഢയോനിയുടെ ലക്ഷണം. ഒരതിരു കടന്നാൽപ്പിന്നെ പക്ഷി മൃഗാദിയായോ വൃക്ഷലതാദിയായോ ഒക്കെ ജനിക്കാനിടവരും. സത്കർമ ത്തിനും ഭഗവത്കാരുണ്യത്തിനും അവസരമുണ്ടാകുന്നതുവരെ രജസ്തമോ ഗുണികൾ അൽപ്പാൽപ്പഭേദത്തോടെ സംസാരചക്രത്തിൽ ഇങ്ങനെ കറങ്ങേ ണ്ടിവരും. ഗുണകർമങ്ങളുടെ ഈ സാപേക്ഷപ്രവർത്തനമാണു സംസാര മെന്നു ശാസ്ത്രബുദ്ധിയോടെ ചിന്തിക്കുന്ന ആർക്കും തെളിയുന്നതാണ്.

ഇനി സത്വരജസ്തമോഗുണങ്ങളുടെ ആധിക്യത്തിൽ ചെയ്യുന്ന കർമങ്ങൾകൊണ്ടു വന്നുചേരുന്ന ഫലങ്ങളെന്തൊക്കെയാണെന്നു വിവരി ക്കുന്നു:

*16. കർമണഃ സുകൃതസ്യാഹുഃ സാത്വികം നിർമലം ഫലം*
*രജസസ്തു ഫലം ദുഃഖമജ്ഞാനം തമസഃ ഫലം*

സുകൃതസ്യ കർമണഃ - പുണ്യകർമങ്ങൾ ഹേതുവായി ലഭിക്കുന്ന; സാത്വികം ഫലം - സത്വഗുണാഭിവൃദ്ധിയിലെ അനുഭവം; നിർമലം ആഹുഃ - കളങ്കമി ല്ലാത്തതാണെന്നു സത്യദർശികൾ പറയുന്നു; രജസഃ ഫലം തു - രജോഗുണാ ഭിവൃദ്ധിയിലെ അനുഭവമാകട്ടെ; ദുഃഖം - ദുഃഖമായിരിക്കും; തമസഃ ഫലം - തമോഗുണാഭിവൃദ്ധിയിലെ ഫലം; അജ്ഞാനം - അജ്ഞാനമാണ്.

പുണ്യകർമങ്ങൾ ഹേതുവായി ലഭിക്കുന്ന സത്വഗുണാഭിവൃദ്ധിയിലെ അനുഭവം കളങ്കമില്ലാത്തതാണെന്നു സത്യദർശികൾ പറയുന്നു. രജോഗുണാ ഭിവൃദ്ധിയിലെ ഫലം അജ്ഞാനമാണ്.

## നിർമലം, ദുഃഖം, അജ്ഞാനം

ജ്ഞാനവും സുഖവുമാണല്ലോ സാത്വികഫലങ്ങൾ. സത്വഗുണാഭിവൃ ദ്ധിയിലെ ജ്ഞാനവും സുഖവും നിർമലമായിരിക്കും. ജ്ഞാനവും സുഖവും എപ്പോഴാണു നിർമലമാവുക? സത്യബോധത്തിൽ അധിഷ്ഠിതമാകുമ്പോൾ. വിഷയജ്ഞാനമോ വിഷയസുഖമോ ഒരിക്കലും നിർമലമാണെന്നു പറയുക വയ്യ. ഈ വസ്തുത വ്യക്തമായി ധരിച്ചുകൊണ്ടുവേണം സത്വഗുണപ്രതി പാദകങ്ങളായ പദ്യങ്ങളിലെ ജ്ഞാനസുഖപദങ്ങളെ വ്യാഖ്യാനിക്കാൻ. വിഷയജ്ഞാനവും വിഷയസുഖവും രജോഗുണത്തിന്റെ കാര്യങ്ങളാണ്. വാസ്തവത്തിൽ അവ തെറ്റിദ്ധരിക്കപ്പെടുന്ന ജ്ഞാനവും സുഖവുമാണ്. രജോഗുണിയുടെ വിഷയജ്ഞാനത്തെയും വിഷയസുഖത്തെയും ഒരു സത്യദർശിക്ക് ഭ്രമജ്ഞാനമായും ദുഃഖമായും മാത്രമേ കാണാൻ കഴിയൂ. നിരന്തരമായ അസംതൃപ്തി നിലനിൽക്കുന്നിടത്തോളം അതിനെ ദുഃഖ

digitized by www.sreyas.in

മെന്നേ വിളിക്കാൻ പറ്റൂ. വിഷയസ്പർശമാണു കളങ്കം. അതില്ലാത്തതു നിർമലം. അതുകൊണ്ടാണു സത്വഗുണി ദേഹം വെടിഞ്ഞ് ഉത്തമജ്ഞാനികൾക്കവകാശപ്പെട്ട ലോകങ്ങളിലെത്തിച്ചേരുമെന്നു നേരത്തേ പറഞ്ഞത്. തമോഗുണത്തിലെ അനുഭവം അജ്ഞാനമാണ്. രജോഗുണിയുടെ ഭൗതികതലത്തിലെ വിവേകംപോലും സാധ്യമാകാത്തവണ്ണം തമോഗുണി സത്യത്തിൽ നിന്ന് അകന്നു മോഹബദ്ധനായി ഇരുട്ടിലേക്കു പതിക്കാനിടവരുന്നു.

മനസ്സിന്റെ ഗുണഘടന സത്യാന്വേഷണമാർഗത്തിലെ സുപ്രധാനമായ ഒരറിവായതുകൊണ്ട് അവയുടെ സൂക്ഷ്മജ്ഞാനത്തെ ലക്ഷ്യമാക്കി ത്രിഗുണഫലങ്ങളെ മറ്റൊരു രൂപത്തിൽ ആവർത്തിച്ചു പ്രതിപാദിക്കുകയാണു ഭഗവാൻ പതിനേഴാം ശ്ലോകത്തിൽ:

*17. സത്വാത് സംജായതേ ജ്ഞാനം രജസോ ലോഭ ഏവ ച*
*പ്രമാദമോഹൗ തമസോ ഭവതോഽജ്ഞാനമേവ ച*

സത്വാത് - സത്വഗുണത്തിന്റെ അഭിവൃദ്ധികൊണ്ട്; ജ്ഞാനം സംജായതേ - വസ്തുബോധം സാധ്യമായിത്തീരുന്നു; രജസഃ - രജോഗുണത്തിന്റെ അഭിവൃദ്ധികൊണ്ട്; ലോഭ ഏവ ച - ഭൗതിക വിഷയങ്ങളിൽ മതിവരാത്ത ഇച്ഛയും വന്നുചേരുന്നു; തമസഃ - തമോഗുണത്തിന്റെ അഭിവൃദ്ധികൊണ്ട്; പ്രമാദ മോഹൗ ഭവതഃ - ഇരുട്ടിൽ നിന്ന് ഇരുട്ടിലേക്കുള്ള പതനവും എപ്പോൾ എന്തു ചെയ്യണമെന്നറിയാൻ കഴിയാത്തവണ്ണമുള്ള മോഹവും സംഭവിക്കുന്നു; അജ്ഞാനം ഏവ ച - സത്യബോധത്തെ അധികമധികം അകറ്റുന്ന അജ്ഞാനവും വന്നുചേരുന്നു.

സത്വഗുണത്തിന്റെ അഭിവൃദ്ധികൊണ്ടു വസ്തുബോധം സാധ്യമായിത്തീരുന്നു. രജോഗുണത്തിന്റെ അഭിവൃദ്ധികൊണ്ടു ഭൗതിക വിഷയങ്ങളിൽ മതിവരാത്ത ഇച്ഛയും വന്നുചേരുന്നു. തമോഗുണത്തിന്റെ അഭിവൃദ്ധികൊണ്ട് ഇരുട്ടിൽ നിന്ന് ഇരുട്ടിലേക്കുള്ള പതനവും എപ്പോൾ എന്തു ചെയ്യണമെന്നറിയാൻ കഴിയാത്തവണ്ണമുള്ള മോഹവും സംഭവിക്കുന്നു. സത്യബോധത്തെ അധികമധികം അകറ്റുന്ന അജ്ഞാനവും വന്നുചേരുന്നു.

## *ഗുണങ്ങളും സത്യാനുഭവവും*

മായയുടെ മൂടുപടങ്ങളാണു ഗുണങ്ങൾ, അവ സത്യസ്വരൂപത്തെ മറച്ചു കളയുന്നു. പക്ഷേ, മറകളിലൂടെത്തന്നെ അവയുടെ കട്ടിയും കട്ടിയില്ലായ്മയും അനുസരിച്ചു സത്യസ്വരൂപം കൂടിയും കുറഞ്ഞും പ്രകാശിച്ചു എന്നു വരാം. ഒരു ദീപത്തിനു മുമ്പിൽ മൂടുപടങ്ങൾ നിവർത്തുന്നതുപോ

digitized by www.sreyas.in

ലെ. കട്ടി തീരെ കുറഞ്ഞ മൂടുപടമാണെങ്കിൽ ഏതാണ്ടു ദീപത്തിന്റെ വ്യക്തമായ രൂപം തന്നെ അതിൽക്കൂടെ കാണാൻ കഴിയും. മൂടുപടത്തിനു കട്ടി വളരെ കൂടിയാൽ ദീപം പാടേ മറഞ്ഞുപോവുകയും ചെയ്യും. ജീവനിൽ നിന്നു സത്യസ്വരൂപത്തെ മറയ്ക്കുന്ന മൂടുപടങ്ങളാണു മായ നിർമിക്കുന്ന ഗുണമറകൾ. ഇവയിൽ സത്വം വളരെ കട്ടികുറഞ്ഞ മറയാണ്. അതിൽകൂടെ നോക്കുന്ന ജീവന് ഏതാണ്ടൊക്കെ സത്യസ്വരൂപം വ്യക്തമായിത്തന്നെ അനുഭവിക്കാൻ കഴിയും. അതുകൊണ്ടാണു സത്വഗുണം ജ്ഞാനത്തെയുണ്ടാക്കുന്നു എന്നു പറഞ്ഞിരിക്കുന്നത്. രജോഗുണത്തിൽ മറയുടെ കട്ടി വർധിക്കുന്നു. അവിടെ ഈശ്വരനെക്കുറിച്ച് അവ്യക്തമായ ഒരു തോന്നലേയുള്ളു. അതുനിമിത്തം ഭൗതികവിഷയങ്ങൾ സത്യമാണെന്നുള്ള ഭ്രമത്തിനു ശക്തി കൂടുന്നു. അവ ശേഖരിക്കാനും സൂക്ഷിച്ചുവയ്ക്കാനും ഒടുങ്ങാത്ത ആസക്തിയും വന്നു ചേരുന്നു. ഇതാണു രജോഗുണമുണ്ടാക്കുന്ന ലോഭം. പക്ഷേ, വിവേകം പാടേ നശിച്ചുപോകുന്നില്ല. ഭൗതികലാഭങ്ങൾക്കായെങ്കിലും ഈശ്വരചിന്ത ചിലപ്പോഴൊക്കെ നിലനിറുത്താൻ കഴിഞ്ഞേക്കും. ആ വിവേകവും ഈശ്വരചിന്തയും ശക്തിപ്പെടാൻ അവസരം കിട്ടിയാൽ രജസ്സിൽ നിന്നു സത്വത്തിലേക്കു മുന്നേറാനും കഴിയും. അവസരം കിട്ടിയില്ലെന്നു വന്നാൽ രജസ്തമസ്സിലേക്കു വഴിതെളിക്കാനിടയാവും. തമസ്സിലെത്തിയാൽപ്പിന്നെ പതനം അതിവേഗമാണ്. വളരെ കട്ടികൂടിയ മറയാണു തമസ്സ്. തമസ്സിൽ ജഡത്വം ശക്തി പ്രാപിക്കുന്നു. സത്യം തീരെ മറഞ്ഞുപോകുന്നു. സ്ഥലകാല വിവേകംപോലും നഷ്ടമാകുന്നു. കഠിനങ്ങളായ ചില ആഘാതങ്ങൾ തമോഗുണിയെ ഈശ്വരോന്മുഖനാക്കിത്തീർക്കുമെങ്കിൽ രജസ്സിലേയ്ക്കും സത്വത്തിലേക്കും അയാൾക്കു കടന്നുചെല്ലാൻ അവസരം കിട്ടിയെന്നുവരാം. ശുദ്ധ ഗുണങ്ങളെക്കുറിച്ചല്ല ഗുണപ്രാധാന്യത്തെ മുൻനിറുത്തിയാണീ ചർച്ചയെന്നു പ്രത്യേകം ഓർക്കേണ്ടതാണ്. എല്ലാവരിലും എല്ലാ ഗുണങ്ങളും എപ്പോഴുമുണ്ട്. സന്ദർഭത്തിനൊത്ത് ഒന്നു വളരുന്നു മറ്റുള്ളവ മറയുന്നു; അത്രേയുള്ളു.

ഇനിയും ഗുണഭേദമനുസരിച്ചുള്ള ജീവിതഗതികൂടി വീണ്ടും സംഗ്രഹിച്ചു പ്രതിപാദിക്കുന്നു:

*18. ഊർധ്വം ഗച്ഛന്തി സത്വസ്ഥാ മധ്യേ തിഷ്ഠന്തി രാജസാഃ*
*ജഘന്യഗുണവൃത്തിസ്ഥാ അധോ ഗച്ഛന്തി താമസാഃ*

സത്വസ്ഥാഃ - സത്വഗുണാഭിവൃദ്ധിയിൽ നിൽക്കുന്നവർ; ഊർധ്വം ഗച്ഛന്തി - ഉയർന്നുയർന്നു സത്യസ്വരൂപത്തോടടുക്കുന്നു; രാജസാ - രജോഗുണികൾ;

digitized by www.sreyas.in

മധ്യേ തിഷ്ഠന്തി - സുഖദുഃഖസമ്മിശ്രമായ മധ്യമജീവിതത്തിൽ കഴിയാനിട വരുന്നു; താമസാഃ - തമോഗുണികൾ; ജഘന്യഗുണവൃത്തിസ്ഥാഃ - അധമങ്ങ ളായ ഗുണകർമങ്ങളെ അംഗീകരിക്കുന്നതു നിമിത്തം; അധോ ഗച്ഛന്തി - പക്ഷി മൃഗാദിജീവിതങ്ങളിലേക്കു താണുതാണുപോകാനിടയാകുന്നു.

സത്വഗുണാഭിവൃദ്ധിയിൽ നിൽക്കുന്നവർ ഉയർന്നുയർന്നു സത്യസ്വരൂ പത്തോടടുക്കുന്നു. രജോഗുണികൾ സുഖദുഃഖസമ്മിശ്രമായ മധ്യമജീവിത ത്തിൽ കഴിയാനിടവരുന്നു. തമോഗുണികൾ അധമങ്ങളായ ഗുണകർമങ്ങളെ അംഗീകരിക്കുന്നതു നിമിത്തം പക്ഷിമൃഗാദിജീവിതങ്ങളിലേക്കു താണുതാ ണുപോകാനിടയാകുന്നു.

## *ജീവിതത്തിന്റെ താഴ്ചയും ഉയർച്ചയും*

അന്തക്കരണത്തിന്റെ ഗുണഘടനയെ ആശ്രയിച്ചാണു ജീവിതം താഴു ന്നതും ഉയരുന്നതും. സത്യത്തോടടുക്കുന്നതാണു ജീവിതത്തിന്റെ ഉയർച്ച. സത്യത്തിൽ നിന്ന് അകന്നകന്നു പോകുന്നതാണു ജീവിതത്തിന്റെ താഴ്ച. അന്തക്കരണത്തിന്റെ ബോധവർധനയാണുയർച്ച. ജഡവർധനയാണു താഴ്ച. ബോധസങ്കൽപ്പം ബോധത്തെ വർധിപ്പിക്കും. ജഡസങ്കൽപ്പം ജഡത്വം വർധിപ്പിക്കും. സത്വഗുണാഭിവൃദ്ധി ബോധവർധനവിന്റെ ലക്ഷണമാണ്. തമോഗുണത്തിന്റെ അഭിവൃദ്ധി ജഡവർധനവിന്റെ ലക്ഷണവും. ജഡബോ ധങ്ങൾ ഏതാണ്ടു തുല്യാവസ്ഥയിൽ നിൽക്കുന്ന മധ്യഘട്ടമാണു രജസ്സ്. ബോധവർധന സുഖത്തിനും ജഡവർധന ദുഃഖത്തിനും ഹേതുവായി ഭവി ക്കുന്നു. രജോഗുണത്തിൽ സുഖദുഃഖസമ്മിശ്രമാണനുഭവം. സത്വം പ്രകാ ശവും തമസ്സ് ഇരുട്ടുമാണ്. രജസ്സ് പ്രകാശത്തിന്റെയും ഇരുട്ടിന്റെയും സമ്മി ശ്രഭാവം. ഈ വിവരണമനുസരിച്ച് ഒരോരുത്തരിലും അന്തക്കരണത്തിലെ ഗുണഘടനയിൽ ഓരോ ഗുണത്തിന്റെ സ്വരൂപം തോതനുസരിച്ചു മാറി മാറിവരാവുന്ന അനുഭവങ്ങളുടെ സ്വരൂപം ഊഹിച്ചുകൊള്ളേണ്ടതാണ്.

ഇനി ഗുണങ്ങളിൽ വർത്തിക്കവേ തന്നെ ഇവയിൽ നിന്നു മോചിച്ചു സത്യസ്വരൂപം കൈക്കൊള്ളുന്നതിന്റെ രഹസ്യമെന്തെന്നാണ് അടുത്ത പദ്യ ത്തിൽ വിവരിക്കുന്നത്:

*19. നാന്യം ഗുണേഭ്യഃ കർത്താരം യദാ ദ്രഷ്ടാനുപശ്യതി*
*ഗുണേഭ്യശ്ച പരം വേത്തി മദ്ഭാവം സോഽധിഗച്ഛതി*

ദ്രഷ്ടാ - എല്ലാ ദൃശ്യങ്ങളും കണ്ടുകൊണ്ടുനിൽക്കുന്ന ബോധസ്വരൂപനായ ആത്മാവ്; ഗുണേഭ്യഃ - ഗുണങ്ങളിൽ നിന്ന്; അന്യം - ഭിന്നനായ; കർത്താരം

digitized by www.sreyas.in

– ഒരു കർത്താവിനെ; യദാ ന അനുപശ്യതി – എപ്പോൾ കാണാനില്ലെന്ന് അറിയുന്നുവോ; ഗുണേഭ്യഃ ച – ഗുണങ്ങളിൽ നിന്ന്; പരം വേത്തി – മാറി അപ്പുറം നിൽക്കുന്ന ബോധസത്യത്തെ അറിയാനിടവരുന്നുവോ; സഃ മദ്ഭാവം അധിഗച്ഛതി – ആ ആത്മാവ് അപ്പോൾ പരമാത്മാവായ എന്റെ സ്ഥിതിയെ പ്രാപിക്കാനിടവരുന്നു.

എല്ലാ ദൃശ്യങ്ങളും കണ്ടുകൊണ്ടുനിൽക്കുന്ന ബോധസ്വരൂപനായ ആത്മാവ് ഗുണങ്ങളിൽ നിന്നു ഭിന്നനായ ഒരു കർത്താവിനെ എപ്പോൾ കാണാനില്ലെന്നറിയുന്നുവോ ഗുണങ്ങളിൽ നിന്നു മാറി അപ്പുറം നിൽക്കുന്ന ബോധസത്യത്തെ അറിയാനിടവരുന്നുവോ ആ ആത്മാവ് അപ്പോൾ പരമാത്മാവായ എന്റെ സ്ഥിതിയെ പ്രാപിക്കാനിടവരുന്നു.

## *ഗുണമുക്തിരഹസ്യം*

ബോധഘനമായ സത്യവസ്തുവിൽ മായ ഉണ്ടാക്കി മാറ്റിമറിക്കുന്നവയാണല്ലോ ഗുണങ്ങൾ. ഗുണങ്ങൾക്കനുസരിച്ചാണു കർമങ്ങൾ രൂപം കൊള്ളുന്നത്. ഗുണം മാറിയാൽ കർമം മാറും. ഗുണങ്ങൾ മാറിമറിഞ്ഞു വരുന്നവയായതുകൊണ്ടു വേണമെങ്കിൽ അവയ്ക്കു പാടേ ഒഴിഞ്ഞുപോകാനും കഴിയും. ഗുണങ്ങളിൽ പ്രതിബിംബിക്കുന്ന ബോധമായ ജീവാത്മാവ് ഈ ഗുണപ്രവർത്തനരഹസ്യം ധരിക്കുന്നതോടെ താൻ കേവലം കാഴ്ച കാണുന്നവൻ മാത്രമാണെന്നു തെളിയും. കാഴ്ചകളും കർമങ്ങളും ഫലങ്ങളുമെല്ലാം കേവലം മാറിമാറിവരുന്ന ഗുണങ്ങളുടെ പ്രകടനങ്ങൾ. ഈ ഗുണപരിണാമരൂപങ്ങളിൽ കാഴ്ചക്കാരനായ തനിക്കു യഥാർഥത്തിൽ ഒരു മാറ്റവും സംഭവിക്കുന്നില്ല. മാറുന്ന ഗുണങ്ങളുമായി താദാത്മ്യപ്പെടുന്നതുകൊണ്ടുണ്ടാകുന്ന ഒരു ഭ്രമം മാത്രമാണ് തനിക്കും മാറ്റങ്ങളുണ്ടെന്ന തോന്നൽ. ഗുണപരിണാമങ്ങളിൽ നിന്ന് അൽപ്പമൊന്നകന്നു നിൽക്കുമെങ്കിൽതന്നെ അവയൊന്നും തന്നെ ബാധിക്കുന്നില്ലെന്നു ബോധ്യമാകും. ഇതാണ് ആത്മാവിന്റെ സാക്ഷിഭാവം. ജീവാത്മാവ് ഗുണപ്രവർത്തനങ്ങളിൽ നിസ്സംഗനായി ഇങ്ങനെ സാക്ഷിഭാവം കൈക്കൊള്ളുന്നതോടെ ഗുണാതീതമായ ബ്രഹ്മവസ്തു തെളിയുകയും ഗുണതാദാത്മ്യാനുഭവം വിട്ട് ബ്രഹ്മതാദാത്മ്യാനുഭവത്തിന് അർഹനായിത്തീരുകയും ചെയ്യും. ഇതാണ് പരമാത്മസ്ഥിതി പ്രാപിക്കൽ.

ഗുണവിമുക്തിതന്നെയാണു മോക്ഷം എന്നുറപ്പിക്കുകയാണു ഭഗവാൻ ഇരുപതാം പദ്യത്തിൽ:

digitized by www.sreyas.in

*20. ഗുണാനേതാനതീത്യ ത്രീൻ ദേഹീ ദേഹസമുദ്ഭവാൻ*
*ജന്മമൃത്യുജരാദുഃഖൈർവിമുക്തോഽമൃതമശ്നുതേ*

ദേഹീ – ജീവൻ; ദേഹസമുദ്ഭവാൻ – ദേഹത്തിൽനിന്നു രൂപംകൊണ്ട; ഏതാൻ ത്രീൻ ഗുണാൻ – ഈ മൂന്നു ഗുണങ്ങളെയും; അതീത്യ – ഒഴിച്ചുമാറ്റുന്നതോടുകൂടി; ജന്മമൃത്യുജരാദുഃഖൈഃ വിമുക്തഃ – ജനനം, മരണം, ജീർണത തുടങ്ങിയ ദുഃഖങ്ങളിൽ നിന്നു മോചിച്ച്; അമൃതം അശ്നുതേ – ആനന്ദസ്വരൂപനായ ബ്രഹ്മരൂപം പ്രാപിക്കുന്നു.

ജീവൻ ദേഹാദിയെ ഉൽപ്പാദിപ്പിക്കുന്നതായ ഈ മൂന്നു ഗുണങ്ങളെയും ഒഴിച്ചുമാറ്റുന്നതോടുകൂടി ജനനം, മരണം, ജീർണത തുടങ്ങിയ ദുഃഖങ്ങളിൽ നിന്നു മോചിച്ച് ആനന്ദസ്വരൂപമായ ബ്രഹ്മരൂപം പ്രാപിക്കുന്നു.

## *അമൃതമശ്നുതേ*

മായ ഉണ്ടാക്കിക്കാണിക്കുന്ന ജഡപരിണാമഘട്ടങ്ങളാണു ഗുണങ്ങൾ. ഈ പരിണാമഘട്ടങ്ങളുമായി ബോധാംശത്തിനുണ്ടാകുന്ന ബന്ധമാണു ദേഹബന്ധം. ദേഹബന്ധത്തിൽപ്പെടുന്ന ബോധാംശം ഈ ജഡപരിണാമഘട്ടവുമായി താദാത്മ്യപ്പെട്ട് സ്വന്തം അനന്തതയും ആനന്ദസ്വരൂപവും വിസ്മരിക്കാനിടയാകുന്നു. ഇങ്ങനെ ബോധാംശം പരിമിതപ്പെട്ടു ജീവനായിത്തീരുന്നു. തുടർന്നു ജഡസ്വഭാവങ്ങളായ ജനനം, മരണം, ജീർണത ഇവയൊക്കെ സ്വന്തം അനുഭവങ്ങളായി തെറ്റിദ്ധരിക്കുന്നു, ഇതാണു ജീവന്റെ സംസാരബന്ധം. ഗുണപരിണാമഘട്ടങ്ങൾ മാറിമാറി വരുന്നതോടെ പല രൂപത്തിലും ജനിച്ചും ജീർണിച്ചും മരിച്ചും സംസാരചക്രത്തിൽപ്പെട്ടുഴലാനുമിടവരുന്നു. ഈ തിരിച്ചിലവസാനിപ്പിക്കാൻ ഒരു മാർഗമേയുള്ളൂ. ജഡബന്ധമാണീ തിരിച്ചിലിനു ഹേതുവെങ്കിൽ ബോധം ജഡബന്ധം വെടിയുകയല്ലാതെ വേറെ എന്താണു പോംവഴി? ജഡബന്ധം വെടിയുകയെന്നു പറഞ്ഞാൽ ഗുണപരിണാമഘട്ടങ്ങളെ ഒഴിവാക്കുകയെന്നാണർഥം. ഇതെങ്ങനെ സാധിക്കും? ആരംഭത്തിൽ തമസ്സും രജസ്സും ഒഴിച്ചുമാറ്റി സത്വഗുണം വളർത്താൻ നോക്കണം. ഇതിനുള്ള ഉപായങ്ങളാണു പതിമൂന്നാമധ്യായത്തിൽ ജ്ഞാനസാധനകളായി ഭഗവാൻ വിവരിച്ചത്. ഒടുവിൽ മനസ്സിനെ പൂർണമായ നിസ്സംഗത ശീലിപ്പിച്ചു സത്വഗുണത്തെയും അകറ്റണം. ഗുണപരിണാമഘട്ടങ്ങളെല്ലാം ഇങ്ങനെ ഒഴിച്ചു മാറ്റപ്പെടുന്നതോടെ ബോധത്തിനു തന്റെ അനന്തതയും ആനന്ദ സ്വരൂപവും തെളിഞ്ഞുകിട്ടും. താൻ നിത്യമു

digitized by www.sreyas.in

ക്തനും നിത്യശുദ്ധനും നിത്യബുദ്ധനുമാണെന്ന് അറിയാറാകും. ഇതുതന്നെയാണു അമൃതത്വാശനം. ഇതുതന്നെയാണ് ഗുണാതീതാവസ്ഥ.

ഗുണാതീതസ്ഥിതി വിവരിച്ചു കേട്ടതോടെ ഗുണാതീതന്റെ ലക്ഷണങ്ങളെന്തെല്ലാമെന്നും അദ്ദേഹത്തെ എങ്ങനെ തിരിച്ചറിയാൻ പറ്റുമെന്നുമായി അർജുനന്റെ സംശയം.

അർജുനാ ഉവാച - അർജുനൻ പറഞ്ഞു:

*21. കൈർലിംഗൈസ്ത്രീൻ ഗുണാനേതാനതീതോ ഭവതി പ്രഭോ*
*കിമാചാരഃ കഥം ചൈതാംസ്ത്രീൻ ഗുണാനതിവർത്തതേ*

പ്രഭോ - ഭഗവൻ; ഏതാൻ ത്രീൻ ഗുണാൻ - ഈ മൂന്നു ഗുണങ്ങളെയും; അതീതഃ - കടന്നയാൾ; കൈഃ ലിംഗൈഃ ഭവതി - ഏതെല്ലാം ലക്ഷണങ്ങളോടുകൂടിയവനായിരിക്കുന്നു?; കിമാചാരഃ - ലോകത്ത് അദ്ദേഹത്തിന്റെ നടപടികൾ എന്തൊക്കെയായിരിക്കും: ഏതാൻ ത്രീൻ ഗുണാൻ - ഈ മൂന്നു ഗുണങ്ങളെയും; അതിവർത്തതേ കഥം - കടന്നു കഴിച്ചുകൂട്ടുന്നതെങ്ങനെ?

ഭഗവൻ ഈ മൂന്നു ഗുണങ്ങളെയും കടന്നയാൾ ഏതെല്ലാം ലക്ഷണങ്ങളോടുകൂടിയവനായിരിക്കുന്നു? ലോകത്ത് അദ്ദേഹത്തിന്റെ നടപടികൾ എന്തൊക്കെയായിരിക്കും? ഈ മൂന്നു ഗുണങ്ങളെയും കടന്നു കഴിച്ചുകൂട്ടുന്നതെങ്ങനെ?

## *ഗുണാതീതത്വം സാധ്യമോ?*

ഇവിടെ ജീവിച്ചിരിക്കവേ ഗുണാതീതസ്ഥിതി നേടാമെന്നാണല്ലോ ഭഗവാൻ മുൻപദ്യത്തിൽ വിവരിച്ചത്. അതു കേട്ട അർജുനന്റെ ഉള്ളിൽ മൂന്നു സംശയങ്ങളുണ്ടായി. ഗുണാതീതസ്ഥിതി ശരീരമിരിക്കവേതന്നെ നേടാൻ കഴിയുമെങ്കിൽ ആ അവസ്ഥയിൽ ഗുണാതീതന്റെ ആന്തരമായ അനുഭവസ്ഥിതി എന്തായിരിക്കും? പുറമേ അദ്ദേഹം മറ്റുള്ളവരോട് എങ്ങനെ പെരുമാറും? ദേഹത്തിലിരിക്കവേ ദേഹം വിടുന്ന അവസ്ഥയാണല്ലോ ഗുണാതീതസ്ഥിതി. ഈ നിലയിൽ ഗുണാതീതൻ എന്തായി നിലനിൽക്കും? ഈ മൂന്നു ചോദ്യങ്ങളാണർജുനൻ ഉന്നയിച്ചിരിക്കുന്നത്. രണ്ടാമധ്യായത്തിൽ സ്ഥിതപ്രജ്ഞസ്ഥിതിയെക്കുറിച്ചും അർജുനൻ ഇതേ ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. ഭഗവാൻ അതിനു സവിസ്തരം മറുപടി പറയുകയും ചെയ്തു. പന്ത്രണ്ടാമധ്യായത്തിൽ പ്രിയഭക്തന്റെ സ്ഥിതി വിവരിച്ചപ്പോഴും

digitized by www.sreyas.in

ഇതേ പ്രകാരമുള്ള ചോദ്യങ്ങൾക്കു തന്നെയാണു ഭഗവാൻ സമാധാനം നൽകിയത്. പക്ഷേ, ഏതൊരു ലൗകികനും അസാധ്യമെന്നു തോന്നത്തക്ക വണ്ണം ആശ്ചര്യം നിറഞ്ഞതാണ് ജീവന്മുക്തന്റെ സ്ഥിതി. ഒന്നോ രണ്ടോ പ്രാവശ്യം വിവരിച്ചു കേട്ടതുകൊണ്ടുമാത്രം അതു ഹൃദയത്തിൽ കുളിർപ്പിക്കുന്നതുമാണ് ആ സ്ഥിതിവിവരണം. ആവർത്തിച്ചർജുനൻ ചോദിക്കാനും ഭഗവാൻ സന്തോഷപൂർവം മറുപടി പറയാനും ഇടയാകുന്നത് ഇക്കാരണങ്ങളാലാണ്.

ഗുണാതീതന്റെ ആന്തരമായ അനുഭവസ്ഥിതി എന്തായിരിക്കുമെന്ന സംശയത്തിനുള്ള മറുപടിയാണ് അടുത്ത രണ്ടു പദ്യങ്ങൾ:

*22. പ്രകാശം ച പ്രവൃത്തിം ച മോഹമേവ ച പാണ്ഡവ*
*ന ദ്വേഷ്ടി സംപ്രവൃത്താനി ന നിവൃത്താനി കാംക്ഷതി*

*23. ഉദാസീനവദാസീനോ ഗുണൈര്യോ ന വിചാല്യതേ*
*ഗുണാ വർത്തന്ത ഇത്യേവ യോഽവതിഷ്ഠതി നേംഗതേ*

പാണ്ഡവ - അല്ലയോ അർജുനാ; പ്രകാശം ച - ഗുണാതീതൻ സത്വഗുണസ്വരൂപമായ പ്രകാശവും; പ്രവൃത്തിം ച - രജോഗുണസ്വരൂപമായ പ്രവൃത്തിയും; മോഹം ഏവ ച - തമോഗുണസ്വരൂപമായ മോഹവുംതന്നെ; സംപ്രവൃത്താനി - പ്രവർത്തനമായിരിക്കുന്ന സ്ഥിതിയിൽ അവയെ; ന ദ്വേഷ്ടി - ഉള്ളുകൊണ്ടു വെറുക്കുന്നില്ല; നിവൃത്താനി - നിവർത്തിച്ച അവയെ; ന കാംക്ഷതി - പ്രാപിക്കാൻ കൊതിക്കുന്നില്ല; യഃ - അങ്ങനെയുള്ള ഗുണാതീതൻ; ഉദാസീനവത് അസീനഃ - ഉദാസീനനെപ്പോലെ വർത്തിച്ചുകൊണ്ട്; ഗുണൈഃ ന വിചാല്യതേ - ഗുണങ്ങളാലൊന്നും വിശേഷവിധിയായി ചലിപ്പിക്കപ്പെടുന്നതേയില്ല; യഃ - അദ്ദേഹം; ഗുണാഃ വർത്തന്തേ ഇതി ഏവ - ഗുണങ്ങൾ മായാകാര്യങ്ങളായി ഇവിടെ എപ്പോഴും ഉണ്ടല്ലോ എന്നുതന്നെ കരുതി; അവതിഷ്ഠതി - വിവേകപൂർവം അവയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നു; ന ഇംഗതേ - ആത്മാനുഭവത്തിൽ നിന്നു ചലിക്കുന്നതേയില്ല.

അല്ലയോ അർജുനാ, ഗുണാതീതൻ സത്വഗുണസ്വരൂപനായ പ്രകാശവും രജോഗുണസ്വരൂപമായ പ്രവൃത്തിയും തമോഗുണസ്വരൂപമായ പ്രവൃത്തിയും തമോഗുണസ്വരൂപമായ മോഹവുംതന്നെ. പ്രവർത്തനമായിരിക്കുന്ന സ്ഥിതിയിൽ അവയെ ഉള്ളുകൊണ്ടു വെറുക്കുന്നില്ല. നിവർത്തിച്ച അവയെ പ്രാപിക്കാൻ കൊതിക്കുന്നില്ല. അങ്ങനെയുള്ള ഗുണാതീതൻ ഉദാസീനനെപ്പോലെ വർത്തിച്ചുകൊണ്ടു ഗുണങ്ങളാലൊന്നും വിശേഷവിധിയായി ചലിപ്പിക്കപ്പെടുന്നതേയില്ല. അദ്ദേഹം ഗുണങ്ങൾ മായാകാര്യങ്ങ

digitized by www.sreyas.in

ളായി ഇവിടെ എപ്പോഴും ഉണ്ടല്ലോ എന്നുതന്നെ കരുതി വിവേകപൂർവം അവയിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നു. ആത്മാനുഭവത്തിൽ നിന്ന് ചലിക്കുന്നതേയില്ല.

## *ഗുണാതീതാനുഭവം*

മായയുടെ ഗുണപ്രവർത്തനം മരുഭൂമിയിൽ കാനൽജലംപോലെ വസ്തുവിൽ സദാ മാറിമാറി പ്രതിഭാസിക്കുന്ന സ്വഭാവമാണ്. ഈ സ്വഭാവം വസ്തുവിനെ അണുപോലും ബാധിക്കുന്നില്ലെന്നുള്ളതാണു വസ്തുസ്ഥിതി. പക്ഷേ, ഈ പ്രതിഭാസത്തിൽപ്പെട്ടു പരിമിതപ്പെടുന്ന ബോധാംശം ജഡരൂപങ്ങളായ ഗുണങ്ങളിൽപ്പെട്ടുഴലേണ്ടിവരുന്നു. ഗുണങ്ങളിൽ നിന്നു മാറിയാലോ? താൻ ഗുണാതീതമായ പൂർണവസ്തുവാണെന്ന അനുഭവമുണ്ടാകുന്നു. ഈ അനുഭവമുണ്ടായാൽപ്പിന്നെ ഗുണപരിണാമങ്ങൾ ഉണ്ടെന്നു തോന്നട്ടെ അഥവാ തോന്നാതിരിക്കട്ടെ. രണ്ടായാലും ഗുണാതീതന് ഒരുപോലെയാണ്. മരുഭൂമിയിൽ ഒരുതുള്ളി വെള്ളവും ഇല്ലെന്നറിയുന്നയാൾ അവിടെ കാനൽജലം കാണട്ടെ അഥവാ കാണാതിരിക്കട്ടെ; രണ്ടായാലും അനുഭവം തുല്യമാണ്. ഉണ്ടെന്നു തോന്നുന്ന വെള്ളത്തോട് അദ്ദേഹത്തിനു ദ്വേഷമില്ല; ഇല്ലാത്ത വെള്ളം കിട്ടാൻ കൊതിക്കുന്നുമില്ല. അതുപോലെ ദേഹത്തോടുകൂടെ ഇരിക്കുന്ന ജീവന്മുക്തനു ദേഹാദിഗുണഭാവങ്ങളിലെ പ്രകാശപ്രവൃത്തിമോഹാദി ഉണ്ടെന്നു തോന്നിയാൽ അവയോടു വെറുപ്പില്ല; ഇല്ലെന്നു തോന്നിയാൽ അവ വേണമെന്നൊട്ടു കൊതിയുമില്ല. ഇതു ഗുണാതീതന്റെ ആന്തരാനുഭവമാണ്, മറ്റുള്ളവർക്കു ചിലപ്പോൾ അദ്ദേഹം പ്രകാശ പ്രവൃത്തിമോഹാദിയിൽ വ്യവഹരിക്കുന്നതുപോലെ തോന്നിയെന്നുവരാം. പക്ഷേ, അപ്പോഴും തനിക്കീ ഗുണരൂപങ്ങളുമായൊന്നും ഒരു ബന്ധവുമില്ലെന്നും താൻ പൂർണാനന്ദസ്വരൂപനാണെന്നും അദ്ദേഹം അനുഭവിക്കുന്നുണ്ടാവും. അദ്ദേഹത്തിന്റെ മനസ്സ് ഗുണങ്ങളിൽ സദാ ഉദാസീനമായി വർത്തിക്കുന്നു. രണ്ടുപേർ കലഹിക്കുമ്പോൾ ഉദാസീനമായി മാറിനിന്നു കാണുന്ന മൂന്നാമനെപ്പോലെ. ആ രണ്ടുപേരിൽ ആരു ജയിച്ചാലും തോറ്റാലും ഒക്കെ ഉദാസീനനായ മൂന്നാമനു തുല്യമാണ്. ഗുണങ്ങൾ എപ്പോഴും ഉണ്ട്. പക്ഷേ, താൻ നിത്യമുക്തനായ ആത്മാവാണ്. വ്യക്തമായ ഈ വിവേകാനുഭവഫലമായി ഗുണങ്ങൾ എത്ര കോലാഹലമായി ആവിർഭവിച്ചു മറഞ്ഞാലും ആത്മനിഷ്ഠമായ ഗുണാതീതമനസ്സ് ചലിച്ചുപോകുന്നതേയില്ല.

digitized by www.sreyas.in

ഒരു ഗുണാതീതന്റെ ആന്തരാനുഭവം ഇതാണെങ്കിൽ അദ്ദേഹം ഇതനുഭവിക്കുന്നയാളാണെന്നു മറ്റുള്ളവർക്കെങ്ങനെ കണ്ടുപിടിക്കാൻ കഴിയും? അതായതു ഗുണാതീതന്റെ ബാഹ്യനടപടികൾ എന്തൊക്കെ? ഈ ചോദ്യത്തിനുത്തരമാണ് അടുത്ത രണ്ടു പദ്യങ്ങൾ:

*24. സമദുഃഖസുഖഃ സ്വസ്ഥഃ സമലോഷ്ടാശ്മകാഞ്ചനഃ*
*തുല്യപ്രിയാപ്രിയോ ധീരസ്തുല്യനിന്ദാത്മസംസ്തുതിഃ*

*25. മാനാപമാനയോ സ്തുല്യസ്തുല്യോ മിത്രാരിപക്ഷയോഃ*
*സർവാരംഭപരിത്യാഗീ ഗുണാതീതഃ സ ഉച്യതേ*

സമദുഃഖസുഖഃ - ദുഃഖത്തിലും സുഖത്തിലും മനസ്സിന്റെ സമനില കൈവിടാത്തവനും; സ്വസ്ഥഃ - സ്വസ്വരൂപമായ ആത്മാവിൽ ഉറച്ച നിഷ്ഠയോടുകൂടിയവനും; സമലോഷ്ടാശ്മകാഞ്ചനഃ - മൺകട്ട, കല്ല്, സ്വർണം ഇവയെല്ലാം തുല്യഭാവത്തിൽ നോക്കിക്കാണുന്നവനും; തുല്യപ്രിയാപ്രിയഃ - പ്രിയത്തെയും അപ്രിയത്തെയും ഒരുപോലെ കരുതുന്നവനും; ധീരഃ - ഒന്നിലും ഇളകാത്തവനും; തുല്യ നിന്ദാത്മസംസ്തുതിഃ - സ്തുതിയിലും നിന്ദയിലും ഒരേ ഭാവം പുലർത്തുന്നവനും; മാനാപമാനയോഃ തുല്യഃ - മാനിച്ചാലും അപമാനിച്ചാലും ഒന്നുപോലെ കരുതുന്നവനും; മിത്രാരിപക്ഷയോഃ തുല്യഃ - മിത്രം, ശത്രു എന്ന വകഭേദമില്ലാത്തവനും; സർവാരംഭപരിത്യാഗീ - തനിക്കായി ഒരു കാര്യവും തുടങ്ങാൻ കൂട്ടാക്കാത്തവനുമായി ആരുണ്ടോ; സഃ - അയാൾ; ഗുണാതീതഃ ഉച്യതേ - ഗുണാതീതനെന്നു പറയപ്പെടുന്നു.

ദുഃഖത്തിലും സുഖത്തിലും മനസ്സിന്റെ സമനില കൈവിടാത്തവനും സ്വസ്വരൂപമായ ആത്മാവിൽ ഉറച്ച നിഷ്ഠയോടുകൂടിയവനും മൺകട്ട, കല്ല്, സ്വർണം ഇവയെല്ലാം തുല്യഭാവത്തിൽ നോക്കിക്കാണുന്നവനും പ്രിയത്തെയും അപ്രിയത്തെയും ഒരുപോലെ കരുതുന്നവനും ഒന്നിലും ഇളകാത്തവനും സ്തുതിയിലും നിന്ദയിലും ഒരേ ഭാവം പുലർത്തുന്നവനും മാനിച്ചാലും അപമാനിച്ചാലും ഒന്നുപോലെ കരുതുന്നവനും മിത്രം, ശത്രു എന്ന വകഭേദമില്ലാത്തവനും തനിക്കായി ഒരു കാര്യവും തുടങ്ങാൻ കൂട്ടാക്കാത്തവനുമായി ആരുണ്ടോ അയാൾ ഗുണാതീതനെന്നു പറയപ്പെടുന്നു.

## *ഗുണാതീതഃ സ ഉച്യതേ*

ലോകവ്യവഹാരങ്ങളിൽ ഏതേതെല്ലാം നില പുലർത്തുന്നവനെ

digitized by www.sreyas.in

ഗുണാതീതനെന്നു വിളിക്കാം. ലൗകികങ്ങളായ സുഖാനുഭവങ്ങളിൽ തുള്ളിച്ചാടി സന്തോഷിക്കുകയും ദുഃഖങ്ങളിൽ കണ്ണുനീർ വാർത്തു വിലപിക്കുകയുമാണല്ലോ സാധാരണ പതിവ്. ഇതുരണ്ടും മനസ്സിന്റെ സമനില നഷ്ടപ്പെടുന്നതുകൊണ്ടു സംഭവിക്കുന്നതാണ്. ഈ രണ്ടനുഭവങ്ങളിലും ഗുണാതീതൻ സമനില തെറ്റാതെ ഒരേ മുഖഭാവത്തിൽ വർത്തിക്കുന്നതു കാണാൻ കഴിയും. എന്തുകൊണ്ടാണിതു സാധിക്കുന്നത്? ഗുണാതീതൻ സ്വസ്ഥനായതുകൊണ്ട്. അദ്ദേഹം പരിതസ്ഥിതികൾക്കൊക്കെ ഉപരി സദാ സ്വസ്വരൂപമായ ആത്മാവിൽ മനസ്സുറപ്പിച്ച് അതിരറ്റ ആനന്ദം അനുഭവിച്ചു കഴിഞ്ഞു കൂടുന്നു. അദ്ദേഹത്തിന്റെ ആത്മനിഷ്ഠക്കെന്തുമാത്രം ഉറപ്പുണ്ട്? മൺകട്ടയിലും കല്ലിലും സ്വർണത്തിലും ഒരേ ഈശ്വരഭാവം ദർശിച്ച് അദ്ദേഹം അവയെ തുല്യമായി കണക്കാക്കുന്നു. ആരെങ്കിലും ഇഷ്ടമെന്നു തോന്നുന്ന കാര്യം ചെയ്താലും അനിഷ്ടമെന്നു തോന്നുന്ന കാര്യം ചെയ്താലും രണ്ടും ആത്മാവായ തന്നെ ബാധിക്കുന്നില്ലെന്നുറച്ച് തുല്യമായിക്കരുതി നിശ്ചലനായി വർത്തിക്കുന്നു. ഒന്നുകൊണ്ടും ഇളകിപ്പോകുന്നില്ല. ഒരാൾ മുമ്പിൽ വന്നു സ്തുതിച്ചാലും മറ്റൊരാൾ അതികഠിനമായി നിന്ദിച്ചാലും അതൊക്കെ മായാകാര്യങ്ങളെന്നു കണ്ടു തുല്യഭാവത്തിൽ സദാ പ്രസന്നനായിത്തന്നെ വർത്തിക്കുന്നു. ഒരാൾ മാല്യപുഷ്പാദികൾ നൽകി ബഹുമാനിച്ചാലും മറ്റൊരാൾ ചെളിവാരിയെറിഞ്ഞപമാനിച്ചാലും താൻ ദേഹമല്ലെന്നനുഭവിക്കുന്ന ഗുണാതീതൻ രണ്ടും ഒന്നുപോലെതന്നെ കരുതുന്നു. ബഹുമാനിച്ചയാളിനെ മിത്രമെന്നോ അപമാനിച്ചയാളിനെ ശത്രുവെന്നോ അദ്ദേഹം വകതിരിക്കുന്നില്ല. തനിക്കായി അദ്ദേഹം ഒരു കാര്യവും പുതുയായി തുടങ്ങുന്നില്ല. മറ്റുള്ളവർക്കായി തുടങ്ങുമോ എന്ന് ചിലർ ചോദിച്ചേക്കാം. താൻ ചെയ്യേണ്ടതായി എന്തെങ്കിലും അവശേഷിക്കുന്നുണ്ട് എന്ന ഭാവത്തിൽ അദ്ദേഹം ഒന്നും തന്നെ തുടങ്ങുകയില്ല. ചെയ്യേണ്ടതൊക്കെ ചെയ്തുതീർന്നു. എന്നനുഭവിക്കുന്നയാളാണു ഗുണാതീതൻ. ഇങ്ങോട്ടു വന്നുചേരുന്ന കാര്യങ്ങളിൽ കർത്തൃഭാവം ലേശവും അംഗീകരിക്കാതെ ഗുണാതീതന്റെ ദേഹം ചലിച്ചു എന്നുവരാം. അത്തരം ചലനങ്ങൾ നടന്നാലും ഇല്ലെങ്കിലും ഫലിച്ചാലും ഫലിച്ചില്ലെങ്കിലും അദ്ദേഹത്തിനു തുല്യഭാവമേയുള്ളു. വ്യവഹാരദശയിൽ ഇപ്പറഞ്ഞ ആചാരങ്ങൾ ആരിൽ കാണപ്പെടുന്നുവോ അദ്ദേഹത്തെ ഗുണാതീതനെന്നു പറയാം. ചില പ്രത്യേക പരിതസ്ഥിതികളിൽ ഇവയിൽ ചിലതൊക്കെ ആരിലും പുറമേ കണ്ടെന്നുവരാം. ഗുണാതീതനിൽ ചിലപ്പോൾ ഇവയിൽ ചിലതു പുറമേ കണ്ടില്ലെന്നും വരാം.

digitized by www.sreyas.in

മേൽപ്പറഞ്ഞ ആചാരങ്ങളുടെ സമഗ്രഭാവം വ്യക്തമായ ഒരു കാലയളവിൽ ശ്രദ്ധാപൂർവം നോക്കിക്കണ്ട് ഒരാളിന്റെ ഗുണാതീതസ്ഥിതി നിർണയിക്കേണ്ടതാണ്. തിടുക്കത്തിലുള്ള തീരുമാനം രണ്ടുവിധത്തിലും തെറ്റിപ്പോയി എന്നുവരാം.

ദേഹബന്ധം ഒഴിച്ചുമാറ്റി ഗുണാതീതനായിത്തീരുന്നയാൾ പിന്നെ എന്തായി നിലനിൽക്കുമെന്നാണല്ലോ അർജുനന്റെ മൂന്നാമത്തെ ചോദ്യം. അതിനാണ് ഇരുപത്താറാം ശ്ലോകംകൊണ്ടു മറുപടി പറയുന്നത്. ഗുണാതീതസ്ഥിതി നേടാനുള്ള പ്രധാന സാധനയും ഇതിൽ വ്യക്തമാക്കിയിരിക്കുന്നു എന്നു കാണേണ്ടതാണ്.

*26. മാം ച യോഽവ്യഭിചാരേണ ഭക്തിയോഗേന സേവതേ*
*സ ഗുണാൻ സമതീത്യൈതാൻ ബ്രഹ്മഭൂയായ കൽപ്പതേ*

യഃ ച – ആരാണോ; മാം – പരമാത്മാവായ എന്നെ; അവ്യഭിചാരേണ – അന്യഭാവം പുരളാത്ത; ഭക്തിയോഗേന – ഭക്തിഭാവനയോടുകൂടി; സേവതേ – ഭജിക്കുന്നത്; സഃ – അയാൾ; ഏതാൻ ഗുണാൻ – ഈ ത്രിഗുണങ്ങളെ; സമതീത്യ – കടന്നാൽ; ബ്രഹ്മഭൂയായ – ബ്രഹ്മമായി അവശേഷിക്കാൻ; കൽപ്പതേ – കരുത്തനായിത്തീരുന്നു.

ആരാണോ പരമാത്മാവായ എന്നെ അന്യഭാവം പുരളാത്ത ഭക്തിഭാവനയോടുകൂടി ഭജിക്കുന്നത് അയാൾ ഈ ത്രിഗുണങ്ങളെ കടന്നാൽ ബ്രഹ്മമായി അവശേഷിക്കാൻ കരുത്തനായിത്തീരുന്നു.

## *ബ്രഹ്മഭൂയായ കൽപ്പതേ*

ഈ ഗുണങ്ങളെ എങ്ങനെയാണതിവർത്തിക്കുന്നത് എന്ന് ഇരുപത്തൊന്നാം ശ്ലോകത്തിൽ ചോദിച്ച ചോദ്യം രണ്ടു ഘടകങ്ങൾ ഉൾക്കൊള്ളുന്നു. ഗുണങ്ങളെ കടക്കാനുള്ള ഉപായമെന്ത്? കടന്നയാൾ ഏതു രൂപത്തിൽ നിലനിൽക്കുന്നു? ഈ രണ്ടു ചോദ്യങ്ങൾക്കും ഇവിടെ ഭഗവാൻ ഉത്തരം സംക്ഷേപിച്ചു പറഞ്ഞിരിക്കുന്നതായി കാണാം. ഗുണങ്ങളെ കടക്കാനുള്ള ഉപായം അവ്യഭിചാരിണിയായ ഭക്തിയാണ്, കടന്നാൽ എന്തായി നിലനിൽക്കും? ബ്രഹ്മമായി നിലനിൽക്കും. എന്താണ് അവ്യഭിചാരിണീ ഭക്തി? ഇതുതന്നെയാണു സർവത്ര സമദർശനം. ബ്രഹ്മമല്ലാതെ മറ്റൊന്നുണ്ടെന്നു തോന്നിയാൽ ബുദ്ധി ബ്രഹ്മത്തിൽ നിന്നു വ്യഭിചരിക്കുകയാവും. അതോടെ രാഗദ്വേഷങ്ങൾ കടന്നുവരികയും ചെയ്യും. പതിനെട്ടാമധ്യായത്തിലെ അൻപത്തിനാലാം ശ്ലോകത്തിൽ പരാഭക്തിയെന്നു പേരുകൊടുത്ത് ഈ അവ്യഭിചാ

digitized by www.sreyas.in

രിണീഭക്തിയെ ഭഗവാൻ തന്നെ നിർവചിച്ചിട്ടുണ്ട്. ബ്രഹ്മമായി ഭവിച്ചയാൾ ദുഃഖിക്കുകയോ കാംക്ഷിക്കുകയോ ചെയ്യുന്നില്ല. സർവത്ര സമദർശനത്തിനായി വർത്തിക്കുന്നു. ഇതാണു പരാഭക്തിയെന്നത്രേ ഭഗവാൻ അവിടെ വിവരിച്ചിരിക്കുന്നത്. ഈ പരാഭക്തിയിലെത്തിയയാൾ ഗുണാതീതനായിത്തീരുന്നു. സ്വയം ബ്രഹ്മമമായിത്തീരുന്നു. ഗുണാതീതത്വം ശൂന്യതയല്ല. പൂർണമായ ബ്രഹ്മസ്ഥിതിയാണ്. അങ്ങനെ ഗുണാതീതൻ എന്തായിത്തീരുമെന്ന ചോദ്യത്തിനും ഇവിടെ ഉത്തരം നൽകിയിരിക്കുന്നതായി കാണേണ്ടതാണ്.

ഗുണവിഭാഗയോഗം സുവ്യക്തമാക്കാനായി ഈ അധ്യായത്തിന്റെ ആരംഭത്തിൽ വിശ്വരൂപഭാവം അംഗീകരിച്ചുകൊണ്ടാണല്ലോ ഭഗവാൻ സംസാരിക്കാനാരംഭിച്ചത്. മൂന്നാം ശ്ലോകത്തിൽ അതു വ്യക്തമായി കാണാം. എന്നാൽ അതേ ഭഗവാൻ തന്നെ ഈ കഴിഞ്ഞ ഇരുപത്തിയാറാം പദ്യത്തിലും മറ്റും താൻ പരമാത്മാവാണെന്ന ഭാവം അംഗീകരിച്ചുകൊണ്ടു സംസാരിക്കുന്നതായി കാണുന്നു. ഇതെങ്ങനെ പൊരുത്തപ്പെടും? അതു സാരമില്ല. സാക്ഷാൽ ബ്രഹ്മത്തിന്റെ അനുഭവം ഇടതിങ്ങുന്ന ബ്രഹ്മത്തോടു തൊട്ടുനിൽക്കുന്ന ഒരു ഭാവമാണു വിശ്വരൂപന്റേത്. അതുകൊണ്ട് ഈ രണ്ടു പരാമർശത്തിലും വലിയ വൈരുധ്യമൊന്നുമില്ലെന്നു വെളിപ്പെടുത്തിക്കൊണ്ടു ഭഗവാൻ അധ്യായം ഉപസംഹരിക്കാൻ ഒരുമ്പെടുന്നു.

*27. ബ്രഹ്മണോ ഹി പ്രതിഷ്ഠാഹമമൃതസ്യാവ്യയസ്യ ച*
*ശാശ്വതസ്യ ച ധർമസ്യ സുഖസ്യൈകാന്തികസ്യ ച*

ഹി - അൽപ്പം മുമ്പു ഞാൻ എന്നെ പരമാത്മാവായി ചിത്രീകരിച്ചതെന്തുകൊണ്ടെന്നാൽ; അഹം - മുമ്പു വിശ്വരൂപനെന്നു നിനക്കു വെളിപ്പെടുത്തിത്തന്ന ഞാൻ; അമൃതസ്യ - ശുദ്ധ ചേതനാസ്വരൂപനും; അവ്യയസ്യ ച - ഒരിക്കലും ഒരഴിവുമില്ലാത്തവനും; ശാശ്വതസ്യ ധർമസ്യച - സനാതനമായി പ്രപഞ്ചത്തെ രക്ഷിച്ചുപോരുന്നവനും; ഐകാന്തികസ്യ സുഖസ്യ ച - കേവല സുഖസ്വരൂപനുമായ; ബ്രഹ്മണഃ - ബ്രഹ്മവസ്തുവിന്റെ; പ്രതിഷ്ഠാ - നേരിട്ടുള്ള പ്രകടരൂപം തന്നെയായതുകൊണ്ടാണ്.

അൽപം മുമ്പ് ഞാൻ എന്നെ പരമാത്മാവായി ചിത്രീകരിച്ചതെന്തുകൊണ്ടെന്നാൽ മുമ്പ് വിശ്വരൂപനെന്നു നിനക്കു വെളിപ്പെടുത്തിത്തന്ന ഞാൻ ശുദ്ധചേതനാസ്വരൂപനും ഒരിക്കലും ഒരഴിവുമില്ലാത്തവനും സനാതനമായി പ്രപഞ്ചത്തെ രക്ഷിച്ചുപോരുന്നവനും കേവല സുഖസ്വരൂപനുമായ ബ്രഹ്മവസ്തുവിന്റെ നേരിട്ടുള്ള പ്രകടരൂപം തന്നെയായതുകൊണ്ടാണ്.

digitized by www.sreyas.in

## ബ്രഹ്മണോ ഹി പ്രതിഷ്ഠാഹം

വിശ്വരൂപൻ, വിശ്വപ്രാണൻ, സത്വബുദ്ധി ഇവയെല്ലാം പര്യായപദങ്ങളാണ്. ഇവയുടെ വിവരണങ്ങൾ നാം വിശദമായി ഏഴാമധ്യായത്തിലും പതിമൂന്നാമധ്യായത്തിലും നൽകിയിട്ടുണ്ട്. ഗുണവിഭാഗയോഗമെന്ന പ്രസ്തുതാധ്യായത്തിൽ ആദ്യം ഭഗവാൻ സ്വയം വിശ്വരൂപഭാവം അംഗീകരിച്ചുകൊണ്ടാണു സംഭാഷണമാരംഭിച്ചത്. പക്ഷേ, അവസാനമായപ്പോൾ സ്വയം പരമാത്മഭാവം അംഗീകരിക്കുന്നു. വിശ്വരൂപഭാവം സത്വഗുണപൂർണമായി ബ്രഹ്മാനുഭവമുൾക്കൊള്ളുന്ന ഒരു വിശിഷ്ടമായ സാക്ഷാൽക്കാരദശയായതുകൊണ്ട് ഈ രണ്ടു പരാമർശങ്ങളും അത്ര അകലമുള്ളവയല്ലെന്നാണു ഭഗവാൻ ഇവിടെ അർജുനനെ പറഞ്ഞു മനസ്സിലാക്കുന്നത്. ചില പ്രത്യേക സന്ദർഭങ്ങളിൽ പറയുന്ന കാര്യം കൂടുതൽ വ്യക്തമാവാനായി ഈ വ്യത്യസ്ത ഭാവങ്ങൾ മാറിമാറി അംഗീകരിച്ചെന്നേയുള്ളു എന്നു താൽപ്പര്യം. പരമസത്യം കണ്ടയാൾ എവിടെയും എപ്പോഴും ആ സത്യം തന്നെ എന്നാൽ ശിഷ്യന്റെ ധാരണാശക്തിയുടെ നിലവാരത്തിനു യോജിച്ച വിധം വ്യത്യസ്ത ഭാവങ്ങൾ അംഗീകരിച്ചുകൊണ്ടു സംസാരിക്കുകയെന്നത് ബ്രഹ്മവിദ്യോപദേശത്തിലെ സമ്പ്രദായമാണെന്നു താൽപ്പര്യം.

### *അധ്യായാർഥസംക്ഷേപം*

ക്ഷേത്രക്ഷേത്രജ്ഞവിഭാഗം വേണ്ടവണ്ണമറിയുന്നയാൾക്ക് ജഡപ്രകൃതിയെ മോചിപ്പിക്കാൻ കഴിയുമെന്നു പറഞ്ഞാണു ഭഗവാൻ പതിമൂന്നാമധ്യായം ഉപസംഹരിച്ചത്. ക്ഷേത്രത്തെ വേണ്ടവണ്ണമറിയണമെങ്കിൽ അതിന്റെ കാതലായ ഗുണഘടന അറിയാതെ പറ്റുകയില്ലല്ലോ. സത്വം, രജസ്സ്, തമസ്സ്, ഇവയാണു പ്രകൃതിഗുണങ്ങൾ. സത്വം പ്രകാശത്തിന്റെയും രജസ്സ് പ്രവൃത്തിയുടെയും തമസ്സ് മോഹത്തിന്റെയും ഗുണങ്ങളാണ്. സത്വഗുണം സുഖസംഗം കൊണ്ടും ജ്ഞാനസംഗംകൊണ്ടും ജീവനെ ബന്ധിക്കുന്നു. രജോഗുണം കർമംകൊണ്ടും ബന്ധിക്കുന്നു. തമോഗുണം പ്രമാദം, ആലസ്യം ഇവകൊണ്ടു ജീവനെ ബന്ധിക്കുന്നു. ഒരു ഗുണം മറ്റു രണ്ടിനെയും കീഴ്പ്പെടുത്തിയിട്ടാണു പ്രധാന ഭാവം കൈക്കൊള്ളുന്നത്. ഇന്ദ്രിയദ്വാരങ്ങളെല്ലാം പ്രകാശവും ജ്ഞാനവും കൊണ്ടു നിറയുമ്പോൾ സത്വഗുണത്തിൽ പ്രാധാന്യം കിട്ടി എന്നു കാണേണ്ടതാണ്. ലോഭം, ഒടുങ്ങാത്ത കർമപ്രേരണ, തൃഷ്ണ ഇവയുള്ളിടത്ത് രജസ്സിനാണു പ്രാധാന്യം. പ്രമാദവും മോഹവും കാണുന്നിടത്തു തമസ്സിനാണു പ്രാധാന്യം. സത്വ

digitized by www.sreyas.in

ഗുണം പെരുകിയിരിക്കുമ്പോൾ മരിച്ചാൽ സത്യദർശനത്തിനുതകുന്ന അനന്തരജീവിതം ലഭ്യമാകും. രജോഗുണം പ്രധാനമായിരിക്കുമ്പോൾ മരിച്ചാൽ ഭൗതികഫലത്തിനായി കർമം ചെയ്യുന്നവരുടെ കൂട്ടത്തിൽ ജനിക്കും. തമോഗുണാധിക്യത്തിലാണു മരണമെങ്കിൽ പക്ഷിമൃഗാദി സ്ഥാവരാന്തമായ പതനത്തിനിടയാകും. പുണ്യം കൊണ്ടുള്ള ഹൃദയശുദ്ധിയാണു സത്വഗുണത്തിന്റെ ഫലം. രജോഗുണത്തിന്റെ ഫലം ദുഃഖവും തമോഗുണത്തിന്റെ ഫലം കൂരിരുട്ടുമാണ്. സത്വഗുണി ഉയർന്നുയർന്നു സത്യത്തോടടുക്കും. രജോഗുണി സുഖദുഃഖസമ്മിശ്രമായ ലോകജീവിതം നയിക്കും. തമോഗുണി പതിച്ചു പതിച്ചു താഴോട്ടു പോകും, തനിക്കു കർത്തൃത്വമില്ലെന്നും താൻ ഗുണാതീതമായ സത്യമാണെന്നും അറിയുന്നയാൾ ജനനമരണങ്ങളെ ജയിച്ചു ബ്രഹ്മാനന്ദം അനുഭവിക്കുന്നു. തുടർന്നു ഗുണാതീതന്റെ ലക്ഷണം വിവരിച്ചു കേൾക്കണമെന്നർജുനൻ ആവശ്യപ്പെട്ടു. സർവത്ര സമദർശനം നേടി പരാഭക്തിയിലെത്തി ബ്രഹ്മസ്വരൂപം കൈക്കൊണ്ടയാളാണു ഗുണാതീതനെന്നു ഭഗവാനറിയിച്ചു. സത്യദർശനത്തിനുതകത്തക്ക വണ്ണം ഗുണത്രയവിഭാഗം വിവരിക്കുന്നതുകൊണ്ട് ഈ അധ്യായത്തിനു ഗുണത്രയ വിഭാഗയോഗമെന്നു പേർ.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ*
*ഗുണത്രയവിഭാഗയോഗോ നാമ*
*ചതുർദശോഽധ്യായഃ*

digitized by www.sreyas.in

അധ്യായം 15

# പുരുഷോത്തമയോഗം

സർവത്ര സമദർശനമെന്ന പരാഭക്തി അഭ്യസിച്ച് ഗുണാതീതസ്ഥിതിയിലെത്തിയപ്പോൾ ബ്രഹ്മരൂപം പ്രാപിക്കുന്നു എന്നാണല്ലോ പതിന്നാലാമധ്യായത്തിൽ ഒടുവിൽ വിശദീകരിച്ചത്. ഗുണബന്ധമശേഷമില്ലാത്ത ഈ പരമാത്മസ്ഥിതിയെന്താണെന്നു വ്യക്തമായി വിവരിക്കാനാണു പതിനഞ്ചാമധ്യായം ആരംഭിക്കുന്നത്. ഈ അധ്യായത്തിൽ ഗുണാതീതനായ പരമാത്മാവിനെ പുരുഷോത്തമൻ എന്നാണ് വിളിച്ചിരിക്കുന്നത്. പുരുഷോത്തമസ്വരൂപം മറ്റുള്ളവയിൽനിന്നു വേർതിരിച്ചു കാണിക്കുന്ന അധ്യായമായതുകൊണ്ട് ഇതിനു 'പുരുഷോത്തമയോഗ'മെന്നു പേരും വിളിച്ചിരിക്കുന്നു. പ്രപഞ്ചത്തോടു കൂട്ടിക്കലർത്തി സത്യസ്വരൂപം വിവരിച്ച ശേഷമാണു പ്രപഞ്ചാതീതനായ ഉത്തമപുരുഷനെ വിവരിക്കുന്നത്.

ആദ്യമായി സത്യസ്വരൂപമുൾപ്പെടെയുള്ള പ്രപഞ്ചത്തെ പടർന്നു പന്തലിച്ചു നിൽക്കുന്ന ഒരരയാലായി ചിത്രീകരിച്ച് അർജുനനു കാട്ടിക്കൊടുക്കാനാണു ഭഗവാൻ യത്നിക്കുന്നത്:

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

1. *ഊർധ്വമൂലമധഃശാഖമശ്വത്ഥം പ്രാഹുരവ്യയം*
   *ഛന്ദാംസി യസ്യ പർണാനി യസ്തം വേദ സ വേദവിത്*

ഊർധ്വമൂലം - ഈ പ്രപഞ്ചത്തെ മുകളിൽ വേരോടുകൂടിയതും: അധഃശാഖം - കീഴിൽ ശാഖകളോടുകൂടിയതും; അവ്യയം - അഴിവില്ലാത്തതുമായ; അശ്വത്ഥം - അരയാലായി; പ്രാഹുഃ - സത്യദർശികൾ വിവരിക്കുന്നു; യസ്യ - അങ്ങനെയുള്ള ഈ അരയാലിന്റെ; പർണാനി - ഇലകൾ മാത്രമാണു;

75-2006 46

digitized by www.sreyas.in

ഛന്ദാംസി – വേദങ്ങൾ; യഃ – ആരാണോ; തം വേദ – ആ അരയാലിനെ വ്യക്തമായറിയുന്നത്; സഃ – അവനാണ്; വേദവിത് – അറിയേണ്ടതറിഞ്ഞവൻ.

ഈ പ്രപഞ്ചത്തെ മുകളിൽ വേരോടുകൂടിയതും കീഴിൽ ശാഖകളോടുകൂടിയതും അഴിവില്ലാത്തതുമായ അരയാലായി സത്യദർശികൾ വിവരിക്കുന്നു. അങ്ങനെയുള്ള ഈ അരയാലിന്റെ ഇലകൾ മാത്രമാണു വേദങ്ങൾ. ആരാണോ ആ അരയാലിനെ വ്യക്തമായറിയുന്നത് അവനാണ് അറിയേണ്ടതറിഞ്ഞവൻ.

## *സ വേദവിത്*

സത്യസ്വരൂപത്തിൽ പ്രതിഭാസിക്കുന്ന ഈ പ്രപഞ്ചത്തെ ഒരരയാൽ വൃക്ഷമായി സത്യദർശികൾ വിവരിക്കുന്നു. പക്ഷേ, മുകളിലാണിതിന്റെ വേര്. യോഗമായയുടെ മൂടുപടം ധരിച്ച ബ്രഹ്മമാണല്ലോ പ്രപഞ്ചവൃക്ഷത്തിന്റെ വേര്. ബ്രഹ്മം പൂർണമായ സത്യവസ്തുവാണ്. ബ്രഹ്മപ്രാപ്തിയാണു ജീവിതസാഫല്യം. അപ്പോൾ ജീവിതലക്ഷ്യമായ ഉന്നതസ്ഥാനം ബ്രഹ്മപ്രാപ്തിയായതുകൊണ്ടാണു പ്രപഞ്ചമാകുന്ന അരയാലിന്റെ വേര് മുകളിലാണെന്നു പറയാൻ ഇടയായത്. ശാഖകളൊക്കെ താഴോട്ടാണ്. മഹത്തത്ത്വം, അഹങ്കാരം, അന്തക്കരണം, ഇന്ദ്രിയങ്ങൾ, പഞ്ചഭൂതങ്ങൾ, ഇവ സമ്മേളിച്ചുണ്ടാകുന്ന വിവിധ ലോകങ്ങൾ ഇതൊക്കെയാണ് ഈ അരയാലിന്റെ കൊമ്പുകൾ. ബ്രഹ്മാനുഭവത്തിൽനിന്ന് വഴുതി മഹത്തത്ത്വാദി ലോകാനുഭവങ്ങളിലേക്കു പതിക്കുന്നത് ജീവിതത്തിന്റെ താഴ്ചയാണ്. അതുകൊണ്ടാണു കൊമ്പുകൾ കീഴ്പോട്ടാണെന്നു വിവരിച്ചിരിക്കുന്നത്. ഈ അരയാൽ അഴിവില്ലാത്തതാണ്. സത്യസ്വരൂപത്തിലെ പ്രതിഭാസമായതുകൊണ്ടുതന്നെ പ്രപഞ്ചവൃക്ഷത്തിനഴിവുണ്ടാകാൻ സാധ്യമല്ലല്ലോ. സൂര്യന്റെ പ്രകാശം സൂര്യനുള്ളിടത്തോളം ഉണ്ടായിരിക്കുകതന്നെ ചെയ്യും. പ്രപഞ്ചത്തിനഴിവില്ലെങ്കിൽപ്പിന്നെ മോക്ഷത്തിനു പ്രസക്തിയെവിടെ? ചിലർ സത്യത്തെയും സത്യത്തിലെ പ്രതിഭാസമായ പ്രപഞ്ചത്തെയും രണ്ടായിക്കാണുന്നു. സൂര്യനെയും സൂര്യകിരണങ്ങളെയും രണ്ടായി കാണുംപോലെ. അവിടെയാണു ബന്ധം. ചിലർ സത്യസ്വരൂപത്തെയും അതിലെ പ്രതിഭാസമായ പ്രപഞ്ചത്തെയും ഒന്നായിക്കാണുന്നു. ആ കാഴ്ചയിൽ ഭിന്നമായ പ്രപഞ്ചം അവർക്കില്ലാതാകുന്നു. സൂര്യനെയും സൂര്യകിരണങ്ങളെയും ഒന്നായി കാണുംപോലെ. അങ്ങനെ കാണുന്നവർക്കു സൂര്യനിൽനിന്നു വേറിട്ടു കിരണങ്ങളില്ലാതാകുന്നു. ഇതാണു മോക്ഷം. രണ്ടായി

digitized by www.sreyas.in

ക്കണ്ടാലും ഒന്നായിക്കണ്ടാലും സൂര്യനും കിരണങ്ങളും പോലെ സത്യസ്വരൂപവും പ്രപഞ്ചവും ഉള്ളതുന്നെ. സത്യസ്വരൂപത്തിന് അഴിവില്ലാത്തതുകൊണ്ട് അതിലെ പ്രതിഭാസത്തിനും അഴിവുണ്ടാവുക വയ്യാ. ചുരുക്കത്തിൽ ഒന്നുംതന്നെ പുതുതായി ഉണ്ടാകുന്നതുകൊണ്ടോ ഇല്ലാതാകുന്നതുകൊണ്ടോ അല്ല ബന്ധമോക്ഷങ്ങൾ ഭവിക്കുന്നത്. എല്ലാം സത്യസ്വരൂപത്തിൽ എപ്പോഴും ഉള്ളതുതന്നെ. അറിവിന്റെ അൽപ്പത്വവും പൂർണത്വവുമാണു ബന്ധമോക്ഷങ്ങളുടെ നിയാമകഘടകങ്ങൾ. അറിവൽപ്പമായാൽ സംസാരവൃക്ഷം - ബന്ധം. അറിവു പൂർണമായാൽ സർവം ബ്രഹ്മം - മോക്ഷം. ഇതാണു ബന്ധമോക്ഷനിയമം. പുണ്യപാപങ്ങളെയും അവയ്ക്കാസ്പദങ്ങളായ കർമങ്ങളെയും അവയുടെ ഫലങ്ങളായ ലോകങ്ങളെയും വിവരിക്കുന്ന ഋഗ്യജുസ്സാമാഥർവവേദങ്ങൾ ഈ അരയാലിന്റെ ഇലകളാണ്. കർമങ്ങളും കർമഫലങ്ങളും വൃക്ഷത്തിന്റെ ഇലകൾപോലെ കിളിർത്തും കൊഴിഞ്ഞും മാറിമാറി വരുന്നവയാണ്. അതുകൊണ്ടാണവയെ പ്രതിപാദിക്കുന്ന വേദങ്ങളെ ഇലകളായി ചിത്രീകരിച്ചിരിക്കുന്നത്. കർമകാണ്ഡവേദഭാഗം പൊട്ടക്കുളംപോലെ നിസ്സാരമാണെന്നു ഭഗവാൻ രണ്ടാമധ്യായത്തിൽത്തന്നെ പ്രതിപാദിച്ചത് ഇവിടെ ഓർമിക്കുക. എന്തായാലും കർമകാണ്ഡവേദത്തെയറിയുന്നവരല്ല വേദവിത്തുകൾ. ഈ പ്രപഞ്ചമാകുന്ന അരയാലിനെ ആരു സമൂലം അറിയുന്നുവോ അയാളാണു ശരിയായ വേദവിത്തെന്നത്രേ ഭഗവാന്റെ പ്രഖ്യാപനം. നാലു വേദവും മനപ്പാഠമായറിയാം. ബ്രഹ്മതത്വത്തെക്കുറിച്ചു മാത്രം ഒരു പിടിയുമില്ല; അങ്ങനെയുള്ളയാൾ വേദഭാരം ചുമക്കുന്ന കഴുതയാണെന്നത്രേ സത്യദർശികളുടെ മതം. പ്രപഞ്ചത്തെ ആൽവൃക്ഷമായി സത്യദർശികൾ വിവരിച്ചിട്ടുണ്ടെന്നു പറഞ്ഞതതിനെ ഉദ്ദേശിച്ചാണ്. കഠോപനിഷത്ത് രണ്ടാമധ്യായത്തിൽ മൂന്നാം വല്ലിയിൽ ഒന്നാം മന്ത്രത്തിൽ പ്രപഞ്ചത്തെ അരയാൽ വൃക്ഷമായി ചിത്രീകരിച്ചിട്ടുണ്ട്. ഒരു വൻകാടുപോലെ പടർന്നു പന്തലിക്കുന്ന വൃക്ഷമാണ് അരയാൽ. ഉപനിഷന്മന്ത്രത്തിന്റെ ഭാഷ്യഭാഗത്തിൽ ശ്രീ ശങ്കരഭഗവത്പാദർ പ്രപഞ്ചമാകുന്ന അരയാൽ വൃക്ഷത്തിന്റെ വിശദമായ ഒരു ചിത്രം നൽകിക്കാണുന്നുണ്ട്. വേദാന്തസത്യമായ പരബ്രഹ്മമാണു പ്രപഞ്ചമാകുന്ന ആൽവൃക്ഷത്തിന്റെ വേര്. അവിദ്യാകാമകർമങ്ങൾ ഒളിഞ്ഞിരിക്കുന്ന അവ്യക്തമാണിതിന്റെ ആരംഭം. ജ്ഞാനവും ക്രിയാശക്തിയുമുള്ള മഹത്തത്വമാണു മുളപ്പ്. സൂക്ഷ്മശരീരങ്ങളാണു ശാഖകൾ. തൃഷ്ണാജലംകൊണ്ടാണിതു നനയ്ക്കപ്പെടുന്നത്. ജ്ഞാനേന്ദ്രിയങ്ങളും വിഷയങ്ങളുമാണു

digitized by www.sreyas.in

തളിരുകൾ. ശ്രുതിസ്മൃതിവിദ്യകളാണ് ഇലകൾ. യജ്ഞം, ദാനം, തപസ്സ് മുതലായ ക്രിയകളാണു പുഷ്പങ്ങൾ. സുഖദുഃഖാനുഭവങ്ങളാണു ഫലങ്ങൾ. തൃഷ്ണാജലമൊഴിച്ചു വളർത്തുന്തോറും ദൃഢമായി വളർന്നിതു പടർന്നു പന്തലിക്കുന്നു. സത്യലോകം തുടങ്ങിയ ലോകങ്ങൾ ബ്രഹ്മാവു തുടങ്ങിയ പക്ഷികൾ ഇതിൽ കെട്ടിയിരിക്കുന്ന കൂടുകളാണ്. ജീവജാലങ്ങളുടെ സുഖദുഃഖാനുഭവങ്ങളിൽ പ്രകടമാകുന്ന സന്തോഷം, സന്താപം എന്നിവയുളവാക്കുന്ന നൃത്യം, ഗീതം, വാദ്യം, അട്ടഹാസം, അലർച്ച, വിലാപം, മാറത്തലച്ചിൽ, തുള്ളിച്ചാടൽ എന്നിവയെല്ലാം കൊണ്ടു കോലാഹലമയമായ ശബ്ദബഹളത്തോടുകൂടിയതാണീ അരയാൽ. വേദാന്തപ്രതിപാദിതബ്രഹ്മജ്ഞാനം കൊണ്ടുണ്ടാകുന്ന അസംഗശാസ്ത്രം കൊണ്ടു മുറിച്ചു തള്ളാവുന്നതാണിത്. സകാമകർമമാകുന്ന കാറ്റുതട്ടി ഇതു സദാ ചലിച്ചുകൊണ്ടിരിക്കുന്നു. ഇതനാദിയായി വളർന്നുകൊണ്ടിരിക്കുന്നതുകൊണ്ട് ഇതിനൊരിക്കലും അഴിവില്ല. ഇടതടവില്ലാത്ത ജന്മജരാമരണാദ്യനേകാനർഥങ്ങൾ ഇതിൽ സദാ ഒളിഞ്ഞിരിക്കുന്നു. സത്യമറിയാത്ത മിഥ്യാബുദ്ധികൾക്കു നൂറുകണക്കിനു സങ്കൽപ്പങ്ങൾക്കും സംശയങ്ങൾക്കും ഇതു സദാ ഇടമരുളുന്നു. പ്രതിക്ഷണം മാറിക്കൊണ്ടിരിക്കുന്ന ഈ അരയാൽ സത്യമറിഞ്ഞവർക്കു കാനൽജലം പോലെയോ ഗന്ധർവനഗരംപോലെയോ അർഥശൂന്യമായും അനുഭവപ്പെടുന്നു. ഇതാണു സംസാരവൃക്ഷത്തിന്റെ നില.

പ്രപഞ്ചമാകുന്ന അശ്വത്ഥത്തിന്റെ മൂലകാരണം ബ്രഹ്മമാണെന്നു പറഞ്ഞു. ഈ വൃക്ഷത്തിന് എന്തുമാത്രം വിസ്തൃതിയുണ്ട്? ബ്രഹ്മമെന്ന മൂലകാരണമല്ലാതെ ഇതിന് അവാന്തകാരണങ്ങളുണ്ടോ? ഈ രണ്ടു ചോദ്യങ്ങൾക്കുമാണിനി ഉത്തരം പറയുന്നത്:

2. *അധശ്ചോർധ്വം പ്രസൃതാസ്തസ്യ ശാഖാ*
*ഗുണപ്രവൃദ്ധാ വിഷയപ്രവാളാഃ*
*അധശ്ച മൂലാന്യനുസന്തതാനി*
*കർമാനുബന്ധീനി മനുഷ്യലോകേ*

ഗുണപ്രവൃദ്ധാഃ – സത്വം, രജസ്സ്, തമസ്സ് എന്ന ത്രിഗുണങ്ങളിലൂടെ പടർന്നു പന്തലിക്കുന്നവയും; വിഷയപ്രവാളാഃ – ശബ്ദസ്പർശരൂപരസഗന്ധങ്ങളെന്ന വിഷയങ്ങളാകുന്ന തളിരുകൾ സദാ പൊട്ടിമുളയ്ക്കുന്നവയുമായ; തസ്യ – പ്രപഞ്ചമെന്ന അരയാലിന്റെ; ശാഖാഃ – കൊമ്പുകൾ; അധഃ ഉർധ്വം ച – താഴെയും മുകളിലുമായി പ്രസൃതാഃ – വ്യാപിച്ചുകിടക്കുന്നു; മനുഷ്യലോകേ – നരലോകത്തിലെ; കർമാനുബന്ധീനി – പ്രവൃത്തികളെ പിന്തുടർന്നുണ്ടാകുന്ന;

digitized by www.sreyas.in

മൂലാനി – അപ്രധാന കാരണങ്ങളായ ഇതിന്റെ വേരുകൾ; അധഃ – പ്രധാന വേരിന്റെ താഴെയുള്ള അവ്യക്ത തലത്തിൽ; അനുസന്തതാനി ച – അടുക്കടുക്കായി അടിഞ്ഞുകൂടാനുമിടവരുന്നു.

സത്വം, രജസ്സ്, തമസ്സ് എന്ന ത്രിഗുണങ്ങളിലൂടെ പടർന്നു പന്തലിക്കുന്നവയും ശബ്ദസ്പർശരൂപരസഗന്ധങ്ങളെന്ന വിഷയങ്ങളാകുന്ന തളിരുകൾ സദാ പൊട്ടിമുളയ്ക്കുന്നവയുമായ പ്രപഞ്ചമെന്ന അരയാലിന്റെ കൊമ്പുകൾ താഴെയും മുകളിലുമായി വ്യാപിച്ചുകിടക്കുന്നു. നരലോകത്തിലെ പ്രവൃത്തികളെ പിന്തുടർന്നുണ്ടാകുന്ന അപ്രധാന കാരണങ്ങളായ ഇതിന്റെ വേരുകൾ പ്രധാന വേരിന്റെ താഴെയുള്ള അവ്യക്ത തലത്തിൽ അടിഞ്ഞുകൂടാനുമിടവരുന്നു.

## *അധശ്ച മൂലാന്യനുസന്തതാനി*

പ്രപഞ്ചമാകുന്ന അരയാലിന്റെ ശാഖകളാണു ലോകങ്ങൾ. അവ അതിൽ താഴെയും മുകളിലുമായി വ്യാപിച്ചുകിടക്കുന്നു. താഴെനിന്നും മുകളിലോട്ടു ക്രമമായി പാതാളം, രസാതലം, മഹാതലം, തലാതലം, സുതലം, വിതലം, അതലം, ഭൂതലം, നഭസ്തലം, സ്വർലോകം, മഹർലോകം, ജനലോകം, തപോലോകം, സത്യലോകം ഇങ്ങനെ പതിന്നാലു ശാഖകളുണ്ടെന്നു കരുതപ്പെടുന്നു. സത്യാനുഭവത്തിന്റെ ഏറ്റക്കുറച്ചിലനുസരിച്ചാണിവയുടെ താഴ്ചയും ഉയർച്ചയും നിർണയിച്ചിരിക്കുന്നത്. ഉയർന്നുയർന്നു സ്ഥിതി ചെയ്യുന്ന ലോകങ്ങളിൽ സത്വഗുണാഭിവൃദ്ധിമൂലം സത്യാനുഭൂതി വർധിക്കുന്നു. എന്തായാലും ഗുണഘടനയാണീ ലോകങ്ങളാകുന്ന ശാഖകളെ പടർത്തി പന്തലിപ്പിച്ചു നിറുത്തിയിരിക്കുന്നത്. സത്വഗുണികൾ ഉയർന്ന ലോകങ്ങളിലും രജോഗുണികൾ മധ്യമലോകങ്ങളിലും തമോഗുണികൾ അധമലോകങ്ങളിലും എത്തിച്ചേരുമെന്നു പതിന്നാലാമധ്യായത്തിൽ വിവരിച്ചത് ഇവിടെ ഓർക്കുന്നത് നന്ന്. സത്യാനുഭവത്തിൽ കൂടുതൽ കുറവൊഴിച്ചു നിറുത്തിയാൽപ്പിന്നെ ഈ ലോകങ്ങളിലെല്ലാം അനുഭവിക്കാനുള്ളത് ശബ്ദസ്പർശരൂപരസഗന്ധങ്ങളെന്ന വിഷയങ്ങളുടെ വിവിധ രൂപങ്ങൾ മാത്രമാണ്. ജഡത്വത്തിന്റെയും ചൈതന്യത്തിന്റെയും അനുപാതമനുസരിച്ച് ഈ വിഷയപ്രവാളങ്ങളിൽ ഇരുട്ടും പ്രകാശവും കൂടിയും കുറഞ്ഞും ഇരിക്കുമെന്നേയുള്ളു. സത്വഗുണാധിക്യമുള്ള സത്യാദി ലോകങ്ങളിൽ ശബ്ദസ്പർശാദി ദിവ്യവിഷയങ്ങൾ മധുരമധുരങ്ങളായി ആസ്വദിക്കാൻ കഴിഞ്ഞേക്കും. മനുഷ്യശരീരത്തിലെ ആധാരചക്രങ്ങൾ ഭൂമി മുതൽ മകുളിലോട്ടുള്ള ലോകങ്ങളുടെ മാതൃകകളായി

digitized by www.sreyas.in

യോഗിമാർ വിവരിക്കുന്നു. എന്തായാലും ഭൂമിയിൽവെച്ചു ചെയ്യുന്ന കർമങ്ങളാണു ഈ ലോകാനുഭവങ്ങൾക്കു വഴിതെളിക്കുന്നത്. ഭൂതലമാണു കർമഭൂമി. കർമാർജനം ഇവിടെ മാത്രമേയുള്ളൂ. മറ്റുള്ളിടത്തൊക്കെ ആർജിച്ച കർമത്തിന്റെ അനുഭവം മാത്രം. ഇവിടെവച്ചു കർമം എങ്ങനെയാണാർജിക്കുന്നത്? സകാമകർമം ചെയ്തു ഫലം അനുഭവിക്കുന്നതോടെ രാഗദ്വേഷരൂപത്തിൽ അത് അന്തക്കരണത്തിന്റെ വാസനാതലത്തിൽ അടിയുന്നു. വാസനാതലമാണ് അന്തക്കരണത്തിന്റെ അവ്യക്തതലം. തൽക്കാലം ദേഹം വെടിയുമ്പോൾ അവ്യക്തതലത്തിൽ ഇങ്ങനെ അടിഞ്ഞു കിടക്കുന്ന കർമവാസനകൾ അനന്തരലോകാനുഭവം ഏതായിരിക്കണമെന്നു നിർണയിക്കുന്നു. അപ്പോൾ പ്രപഞ്ചവൃക്ഷത്തിന്റെ നാരായവേരു ബ്രഹ്മമാണെങ്കിലും അതിൽ ശാഖകളെ സൃഷ്ടിക്കുന്ന അപ്രധാന വേരുകൾ ഭൂമിയിൽ വച്ചു സമ്പാദിച്ച് അവ്യക്തതലത്തിൽ അടിഞ്ഞുകൂടുന്ന കർമവാസനകളാണ്. ഇക്കാര്യമാണ് ശ്ലോകത്തിലെ ഉത്തരാർധംകൊണ്ടു വെളിപ്പെടുത്തിയിരിക്കുന്നത്.

പ്രപഞ്ചമാകുന്ന ഈ അരയാലിന്റെ പൂർണരൂപം കാണാൻ പറ്റുമോ? അതിന്റെ നാരായവേരു കണ്ടുപിടിക്കാൻ എന്തുചെയ്യണം? അതു കണ്ടെത്തിയാലുള്ള പ്രയോജനമെന്ത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് അടുത്ത രണ്ടു പദ്യങ്ങൾ:

*3. ന രൂപമസ്യേഹ തഥോപലഭ്യതേ*
*നാന്തോ ന ചാദിർന്ന ച സംപ്രതിഷ്ഠാ*
*അശ്വത്ഥമേനം സുവിരൂഢമൂല-*
*മസംഗശസ്ത്രേണ ദൃഢേന ഛിത്വാ*

*4. തതഃ പദം തത് പരിമാർഗിതവ്യം*
*യസ്മിൻ ഗതാ ന നിവർത്തന്തി ഭൂയഃ*
*തമേവ ചാദ്യം പുരുഷം പ്രപദ്യേ*
*യതഃ പ്രവൃത്തിഃ പ്രസൃതാ പുരാണീ*

ഇഹ - ഇവിടെ ഈ ഭൂമിയിൽനിന്നു നോക്കുന്നയാൾക്ക്; അസ്യ - പ്രപഞ്ചമാകുന്ന അരയാലിന്റെ; രൂപം - മേൽവിവരിച്ച രൂപം; തഥാ - അതുപോലെ പൂർണമായി; ന ഉപലഭ്യതേ - കാണാൻ കഴിയുന്നില്ല; ന അന്തഃ - എവിടെ അവസാനിക്കുന്നു എന്നു കാണുന്നില്ല; ന ആദിഃ ച - എവിടെ തുടങ്ങുന്നു എന്നും കാണുന്നില്ല; ന സം പ്രതിഷ്ഠാ ച - ഏതിലാണിതുറച്ചു നിൽക്കു

digitized by www.sreyas.in

ന്നത് എന്നും കാണുന്നില്ല; സുവിരൂഢമൂലം – വിവിധ പ്രകാരത്തിൽ നല്ല പോലെ വേരുറച്ചുപോയിട്ടുള്ള; ഏനം അശ്വത്ഥം – പ്രപഞ്ചമാകുന്ന ഈ അരയാലിനെ; ദൃഢേന – ഉറപ്പുള്ള; അസംഗശസ്ത്രേണ – നിസംഗായുധംകൊണ്ട്; ഛിത്വാ – മുറിച്ചു തള്ളിയിട്ട്; തതഃ – അതിനപ്പുറത്ത്; യസ്മിൻ ഗതാഃ – ഏതു സ്ഥാനത്തെത്തിയവർ; ഭൂയഃ ന നിവർത്തന്തി – വീണ്ടും ഈ അരയാലിലേക്കു താണിറങ്ങാൻ ഇടയാകുന്നില്ലയോ; തതഃ പദം – ആ സ്ഥാനം; പരിമാർഗിതവ്യം – അന്വേഷിച്ചു കണ്ടെത്തേണ്ടതാണ്; യതഃ – ഏതൊരു സ്ഥാനത്തു നിന്നും പുരാണീ – പണ്ടുപണ്ടേ; പ്രവൃത്തിഃ – ശക്തിചലനരൂപമായ കർമം; പ്രസൃതാ – സർവത്ര – ആരംഭിച്ചുവോ; തം ആദ്യം – ആ പരമകാരണമായ; പുരുഷം ഏവ ച – ചേതന സത്യത്തെത്തന്നെ; പ്രപദ്യേ – ഞാൻ സർവഥാ ശരണം പ്രാപിക്കുന്നു എന്ന് അവിടെ അഭയം തേടേണ്ടതാണ്.

ഈ ഭൂമിയിൽനിന്നും നോക്കുന്നയാൾക്കു പ്രപഞ്ചമാകുന്ന അരയാലിന്റെ മേൽവിവരിച്ച രൂപം അതുപോലെ പൂർണമായി കാണാൻ കഴിയുന്നില്ല. എവിടെ അവസാനിക്കുന്നു എന്നു കാണുന്നില്ല. എവിടെ തുടങ്ങുന്നു എന്നും കാണുന്നില്ല. എവിടെയാണിതുറച്ചു നിൽക്കുന്നത് എന്നും കാണുന്നില്ല. വിവിധ പ്രകാരത്തിൽ നല്ലപോലെ വേരുറച്ചുപോയിട്ടുള്ള പ്രപഞ്ചമാകുന്ന ഈ അരയാലിനെ ഉറപ്പുള്ള നിസംഗായുധം കൊണ്ടു മുറിച്ചുതള്ളിയിട്ട് അതിനപ്പുറത്ത്, ഏതു സ്ഥാനത്തെത്തിയവർ വീണ്ടും ഈ അരയാലിലേക്കു താണിറങ്ങാൻ ഇടയാകുന്നില്ലയോ ആ സ്ഥാനം അന്വേഷിച്ചു കണ്ടെത്തേണ്ടതാണ്. ഏതൊരു സ്ഥാനത്തുനിന്നു പണ്ടുപണ്ടേ ശക്തിചലനരൂപമായ കർമം സർവത്ര ആരംഭിച്ചുവോ ആ പരമകാരണമായ ചേതനസത്യത്തെത്തന്നെ ഞാൻ സർവഥാ ശരണം പ്രാപിക്കുന്നു എന്ന് അവിടെ അഭയം തേടേണ്ടതാണ്.

## *തമേവ പ്രപദ്യേ*

മേലും കീഴും ശാഖകളും തളിരുകളുമുള്ള പ്രപഞ്ചമാകുന്ന അരയാലിന്റെ അപ്രധാന വേരുകളും നാരായവേരുകളുമുൾപ്പെടെ പൂർണമായ രൂപം കണ്ടുപിടിച്ചിട്ടുണ്ട്. പക്ഷേ, ഭൂമിയിൽനിന്നുകൊണ്ടു പുറത്തേക്കു നോക്കിയാൽ ആ പൂർണരൂപം ആർക്കും ഒരിക്കലും കാണാൻ പറ്റുകയില്ല. എവിടെ തുടങ്ങുന്നുവെന്നോ എവിടെ ഒടുങ്ങുന്നുവെന്നോ ഏതിലാണിതുറച്ചു നിൽക്കുന്നതെന്നോ ഒരു പിടിയും കിട്ടുകയില്ല. അതുകൊണ്ടാണു ഭൗതിക ശാസ്ത്രം പുറമേ എത്ര തിരഞ്ഞിട്ടും പ്രപഞ്ചത്തിന്റെ പരമരഹസ്യത്തെക്കുറിച്ച് ഒരു പിടിയും കിട്ടാതെ ഇന്നും ഉഴലുന്നത്. അപ്പോൾപിന്നെ ഇതിന്റെ

digitized by www.sreyas.in

പൂർണരൂപം എങ്ങനെയാണു കണ്ടെത്തുക? രാഗദ്വേഷമയമായ കർമവാസനാരൂപത്തിലുള്ള അതിന്റെ അപ്രധാന വേരുകൾ ഓരോരുത്തരുടെയും അന്തക്കരണത്തിലാണ് ഉറച്ചുപോയിരിക്കുന്നത്. ഉറപ്പേറിയ വേരുകളിൽനിന്ന് ഇന്ദ്രിയങ്ങൾ, ദേഹം, ബാഹ്യവിഷയങ്ങൾ എന്നിങ്ങനെ പലതും കിളിർത്തു തഴച്ചു ഉറപ്പായി ഇതു വളർന്നുകഴിഞ്ഞിരിക്കുന്നു. വലിയൊരു അരയാലിനെ അൽപ്പാൽപ്പമായി വെട്ടിമാറ്റുന്നതുപോലെ ഇതിനെ വെട്ടിമാറ്റണം. അതിനുള്ള ആയുധം നിസ്സംഗത്വം. ബാഹ്യവിഷയരൂപങ്ങളായ ഗൃഹധനാദിയും ബന്ധുമിത്രാദിയും എന്റേതാണ്, ഇന്ദ്രിയങ്ങൾ എന്റെ സുഖോപകരണങ്ങളാണ്, ഞാൻ ദേഹമാണ് എന്നു തുടങ്ങിയ മമതാഭാവങ്ങളും അഹംഭാവങ്ങളുമാണ് സംഗം. ഇതൊന്നും ഞാനല്ല, എന്റേതുമല്ല എന്ന ഉറപ്പായ അനുഭവമാണ് നിസ്സംഗത്വം. ദേഹമുൾപ്പെടെ ഏതു നിമിഷവും നഷ്ടപ്പെട്ടു പോകാവുന്നവ എങ്ങനെ ഞാനും എന്റേതുമാവും? അഹംഭാവ മമതാഭാവങ്ങൾ പാടേ വെടിയുകയാണു ത്യാഗം. ത്യാഗംതന്നെയാണു നിസ്സംഗത്വം. ഈ നിസ്സംഗത്വം ഉറപ്പുള്ളതാക്കാൻ എല്ലാം ഈശ്വരന്റേതാണെന്ന ഈശ്വരബുദ്ധികൂടി അഭ്യസിക്കണം. ഈശ്വരങ്കൽ സർവാർപ്പണബുദ്ധി വന്നയാൾക്കു നിസ്സംഗത്വം ഉറച്ചുകിട്ടും. നിസ്സംഗത്വം ഉറപ്പുവരുന്നതോടെ ശോകവും മോഹവും വിട്ടകലും. ആനന്ദസ്വരൂപമായ ആത്മസത്യം തെളിഞ്ഞുതുടങ്ങും. താൻ ആത്മാവാണ്, ജഡശരീരമല്ല എന്നു തെളിയുന്നതോടെ ജനനമരണക്ലേശം അസ്തമിക്കും. ജനനമരണങ്ങൾ ആത്മാവിൽ ശക്തി ആരോപിക്കുന്ന കർമങ്ങളാണ്. കർമം എവിടെ തുടങ്ങുന്നു എന്ന അന്വേഷണമാണു സത്യാന്വേഷണം. ആത്മാവു തെളിയുന്നതോടെ ബോധാനന്ദഘനമായ ആ സത്യവസ്തുവിൽ ശക്തി ചലനരൂപത്തിൽ ആരംഭിക്കുന്ന കർമമാണു ജീവന്റെയും ജഗത്തിന്റെയും തോന്നലുളവാക്കുന്നതെന്നു സംശയമെന്യേ ബോധ്യമാകും. തുടർന്നു സർവത്ര പരമാത്മദർശനം നേടി ആ പുരുഷനെ സർവാത്മനാ ശരണം പ്രാപിക്കാനും കഴിയും. പ്രപഞ്ചവൃക്ഷത്തെ അസംഗശസ്ത്രം കൊണ്ടു വെട്ടിമാറ്റുന്നയാൾക്കല്ലാതെ ഈ പരമസത്യം മറ്റാർക്കും തെളിഞ്ഞുകിട്ടുന്നതുമല്ല.

'അസംഗശസ്ത്രം' എന്നു പറഞ്ഞ അംശത്തെ ഒന്നുകൂടെ വിശദീകരിച്ച്, ആരാണു പരമസത്യം കണ്ടെത്താൻ കരുത്തൻ എന്നു പ്രതിപാദിക്കുകയാണ് അടുത്ത പദ്യത്തിൽ:

5. *നിർമാനമോഹാ ജിതസംഗദോഷാ*
*അധ്യാത്മനിത്യാ വിനിവൃത്തകാമാഃ*

digitized by www.sreyas.in

*ദ്വന്ദ്വൈർവിമുക്താഃ സുഖദുഃഖസംജ്ഞൈർ*
*ഗച്ഛന്ത്യമൂഢാഃ പദമവ്യയം തത്*

നിർമാനമോഹാഃ – ഞാൻ, ഞാൻ എന്ന അഹംഭാവമോ ജഡദൃശ്യങ്ങൾ സത്യമാണെന്ന ഭ്രമമോ ഇല്ലാത്തവരും; ജിതസംഗദോഷാഃ – എന്റേതെന്ന സംഗം കൊണ്ടുണ്ടാകാവുന്ന കാമക്രോധാദി ചിത്തദോഷങ്ങളെ ജയിച്ചവരും; അധ്യാത്മനിത്യാഃ – ആത്മാവു മാത്രമാണു സത്യമെന്നുറപ്പുവന്നവരും; വിനിവൃത്തകാമാഃ – ഭൗതികസുഖങ്ങളിലൊന്നും കൊതിയില്ലാത്തവരും; സുഖദുഃഖസംജ്ഞൈഃ ദ്വന്ദ്വൈഃ വിമുക്താഃ – സുഖം, ദുഃഖം എന്ന വിരുദ്ധാനുഭവങ്ങളിൽ മനസ്സു ചലിച്ചുപോകാത്തവരുമായ; അമൂഢാഃ – സത്യബുദ്ധികൾ; അവ്യയം തത് പദം ഗച്ഛന്തി – നാശമില്ലാത്ത ആ സ്ഥാനത്തെത്തിച്ചേരുന്നു.

ഞാൻ, ഞാൻ എന്ന അഹംഭാവമോ ജഡദൃശ്യങ്ങൾ സത്യമാണെന്ന ഭ്രമമോ ഇല്ലാത്തവരും എന്റേതെന്ന സംഗംകൊണ്ടുണ്ടാകാവുന്ന കാമക്രോധാദി ചിത്തദോഷങ്ങളെ ജയിച്ചവരും ആത്മാവു മാത്രമാണു സത്യമെന്നുറപ്പുവന്നവരും ഭൗതികസുഖങ്ങളിലൊന്നും കൊതിയില്ലാത്തവരും സുഖം, ദുഃഖം എന്ന വിരുദ്ധാനുഭവങ്ങളിൽ മനസ്സു ചലിച്ചുപോകാത്തവരുമായ സത്യബുദ്ധികൾ നാശമില്ലാത്ത ആ സ്ഥാനത്തെത്തിച്ചേരുന്നു.

## *ഗച്ഛന്ത്യമൂഢാഃ*

എവിടെയെത്തിയാൽ ജനനമരണരൂപമായ സംസാരവൃക്ഷത്തിലേക്കു പിന്നെ മടങ്ങേണ്ടിവരുന്നില്ലയോ ആ സത്യസ്ഥാനത്തിൽ ആർക്കെത്തിച്ചേരാൻ കഴിയും? സത്യബുദ്ധികൾക്ക്; അതായതു സത്യമെന്തെന്നുറപ്പുള്ളവർക്ക്. അവരുടെ സത്യാനുഭവം തന്നെയാണ് ആ പദത്തിലെ എത്തിച്ചേരൽ. എങ്ങനെയൊക്കെയായാൽ സത്യബുദ്ധിയുണ്ടാകും? പൂർണ സത്യാനുഭവം തടയപ്പെട്ടിരിക്കുന്നത് ഞാൻ, ഞാൻ എന്ന ജീവബോധത്തിന്റെ സ്ഫുരണം നിമിത്തമാണ്. ഈ ജീവസ്ഫുരണം ഞാൻ, നീ എന്ന ഭേദബുദ്ധിക്കു കാരണമായിത്തീരുന്നു. തുടർന്നു ശത്രുമിത്രാദിഭേദചിന്തകൾ കൊണ്ടു ജീവൻ മോഹബദ്ധനാകുന്നു. ഒരു സത്യാന്വേഷി ആദ്യമായി ചെയ്യേണ്ടത് ഈ ഞാനെന്നഭാവം കുറച്ചു മോഹം വെടിയുകയാണ്. തത്വബുദ്ധിയോടെ എല്ലാം ഈശ്വരമയമാണെന്നു മനസ്സിനെ പഠിപ്പിക്കുകയാണ് ഇതിനുള്ള സാധന. അഹംഭാവവും മോഹവും കുറയുമെങ്കിൽ എന്റേത്, എന്റേത് എന്ന മമത അഥവാ സംഗം അനുദിനം കുറഞ്ഞുവരും. ഒക്കെ ഭഗവന്മയമാണെങ്കിൽപ്പിന്നെ ഞാനെവിടെ; എന്റേതെവിടെ? കാമക്രോധലോഭാദി ചിത്തദോഷങ്ങൾക്കെല്ലാം ഉറവിടം മമതയാണ്. മമതയില്ലെന്നു വന്നാൽ

digitized by www.sreyas.in

അത്തരം ചിത്തദോഷങ്ങളെല്ലാം ജയിക്കപ്പെട്ടു എന്നർഥം. ഇത്രയുമായാൽ ആത്മാനന്ദം ഉള്ളിൽ പെരുകിപ്പെരുകി അനുഭവിക്കാറാകും. അതോടെ ആത്മാവു മാത്രമാണു സത്യമെന്നു ബോധ്യമാകും. ഇതാണ് അധ്യാത്മനിത്യത്വം. ആത്മാനന്ദം കൂടുന്തോറും ഭൗതികമായ ഒരു സുഖത്തിലും താൽപ്പര്യമില്ലാതാകും. ഇതാണു വിനിവൃത്തകാമത്വം. ഈ നിലയിൽ ബാഹ്യമായി മാനമോ അപമാനമോ, ജയമോ പരാജയമോ, ശീതമോ ഉഷ്ണമോ, ഇങ്ങനെ എന്തുതന്നെ സംഭവിച്ചാലും സുഖരൂപത്തിലോ ദുഃഖരൂപത്തിലോ ചലിക്കാനിടവരാതെ മനസ്സ് സദാ സമനില പ്രാപിക്കും. മനസ്സിന്റെ ഈ സമനില തന്നെയാണു ബ്രഹ്മപ്രാപ്തിയെന്ന് അഞ്ചാമധ്യായം പത്തൊൻപതാം ശ്ലോകത്തിൽ ഭഗവാൻ സ്പഷ്ടമായി വെളിപ്പെടുത്തിയിട്ടുണ്ട്. ഇതുതന്നെയാണ് ആ അവ്യയപദഗമനം.

ഈ സത്യത്തെ മറ്റൊരു തരത്തിലും പ്രാപിക്കാൻ പറ്റുകയില്ല. ലോകത്ത് ഉണ്ടായി മറയുന്ന തേജസ്സുകൾക്കൊന്നിനും ഉണ്ടാകാത്തതും മറയാത്തതുമായ സത്യത്തെ കാട്ടിത്തരാൻ കഴിവില്ല. ഇക്കാര്യമാണിനി വെളിപ്പെടുത്തുന്നത്:

*6. ന തദ് ഭാസയതേ സൂര്യോ ന ശശാങ്കോ ന പാവകഃ*
*യദ്ഗത്വാ ന നിവർത്തന്തേ തദ്ധാമ പരമം മമ*

തത് - ആ അവ്യയ പദം; സൂര്യഃ ഭാസയതേ - സൂര്യൻ പ്രകാശിപ്പിക്കുന്നില്ല; ന ശശാങ്കഃ - ചന്ദ്രൻ പ്രകാശിപ്പിക്കുന്നില്ല; ന പാവകഃ - അഗ്നി പ്രകാശിപ്പിക്കുന്നില്ല; യത് ഗത്വാ - ഏതു സ്ഥാനത്തെത്തിയാൽ; ന നിവർത്തന്തേ - പിന്നെ മടങ്ങാനിടയാകുന്നില്ലയോ; തത് - അതാണ്; മമ പരമം ധാമ - എന്റെ ശുദ്ധമായ സ്വരൂപം.

ആ അവ്യയപദം സൂര്യൻ പ്രകാശിപ്പിക്കുന്നില്ല. ചന്ദ്രൻ പ്രകാശിപ്പിക്കുന്നില്ല. അഗ്നി പ്രകാശിപ്പിക്കുന്നില്ല. ഏതു സ്ഥാനത്തെത്തിയാൽപ്പിന്നെ മടങ്ങാനിടയാകുന്നില്ലയോ അതാണ് എന്റെ ശുദ്ധമായ സ്വരൂപം.

## *തദ്ധാമ പരമം മമ*

ലോകത്തു വസ്തുക്കളെ പ്രകാശിപ്പിക്കുന്ന മുഖ്യതേജസ്സുകൾ മൂന്നെണ്ണമാണ്. സൂര്യൻ, ചന്ദ്രൻ, അഗ്നി. ഇവയ്ക്കൊന്നിനും പരമസത്യസ്വരൂപത്തെ പ്രകാശിപ്പിക്കാനുള്ള കഴിവില്ല. ഇവ ഉണ്ടായി മറയുന്ന തേജസ്സുകളാണ്. ഉണ്ടാകലും മറയലും സ്വയം പ്രകാശിക്കുന്ന ഏതു സ്വരൂപത്തിൽ പൂർണമായും ഒഴിഞ്ഞുമാറിയതായി അനുഭവിക്കാറാകുമോ

digitized by www.sreyas.in

ആ സ്ഥാനമാണു സത്യത്തിന്റെ ശുദ്ധമായ സ്വരൂപം. ഒരാൾ സത്യസ്വരൂപത്തിലെത്തിയോ എന്നതിന് ഒരു പരീക്ഷണം കൂടിയാണീ പ്രസ്താവം. ഉണ്ടാകലും മറയലും എന്നെന്നേയ്ക്കുമായി അവസാനിച്ചിരിക്കുന്നു എന്നു ദൃഢമായി അനുഭവിക്കാൻ കഴിയുന്നുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ ശുദ്ധമായ സത്യസ്വരൂപത്തിൽ എത്തി നിൽക്കുകയാണ്. സങ്കൽപ്പരഹിതമായ ശുദ്ധബോധത്തിലല്ലാതെ മറ്റൊരിടത്തും ആ അനുഭവം സാധ്യമല്ല. സങ്കൽപ്പങ്ങൾ പൊന്തിമറയുന്നിടത്തെല്ലാം ഉണ്ടാകുന്നതായും മറയുന്നതായും അനുഭവിക്കേണ്ടിവരും. ശുദ്ധബോധം സാക്ഷാൽക്കരിക്കുന്നയാൾക്കു വസ്തു ഒന്നേയുള്ളു എന്നും തെളിയും. വസ്തു ഒന്നേയുള്ളുവെങ്കിൽപ്പിന്നെ ആരു ജനിക്കാനാണ്. ആരു മരിക്കാനാണ്? ഇതാണ് എത്തിയാൽപ്പിന്നെ മടങ്ങലില്ലാത്ത സ്ഥാനം. ഈ സ്ഥാനത്തെത്തിയാൽ മുമ്പുണ്ടെന്നു തോന്നിയിരുന്ന ജനന മരണങ്ങൾപോലും ഭ്രമമായിരുന്നു എന്നു തെളിയും. പിന്നെയാണോ ഇനിമേൽ ജനന മരണങ്ങൾ അനുഭവിക്കേണ്ടി വരിക?

വസ്തുസ്ഥിതിയിതാണെങ്കിൽ സത്യമറിയുന്നതിനു മുമ്പ് ജനന മരണങ്ങൾ ഉണ്ടെന്നു തോന്നുന്നതെന്തുകൊണ്ട്? ഈ ചോദ്യത്തിനുത്തരമാണടുത്ത പദ്യം:

*7. മമൈവാംശോ ജീവലോകേ ജീവഭൂതഃ സനാതനഃ*
*മനഃ ഷഷ്ഠാനീന്ദ്രിയാണി പ്രകൃതിസ്ഥാനി കർഷതി*

ജീവലോകേ - ജന്തുലോകത്തിൽ; ജീവഭൂതഃ- ജീവനായി അറിയപ്പെടുന്ന; മമ ഏവ - എന്റെ തന്നെ; സനാതനഃ അംശഃ - ഒരിക്കലുമഴിവില്ലാത്ത അംശം; പ്രകൃതിസ്ഥാനി - പ്രകൃതിഭാഗങ്ങളായ; മനഃ ഷഷ്ഠാനി - മനസ്സുൾപ്പെടെ ആറ്; ഇന്ദ്രിയാണി - ഇന്ദ്രിയങ്ങളെ; കർഷതി - പോകുന്നിടത്തെല്ലാം കൂടെ കൊണ്ടുപോകുന്നു.

ജന്തുലോകത്തിൽ ജീവനായി അറിയപ്പെടുന്ന എന്റെതന്നെ ഒരിക്കലുമഴിവില്ലാത്ത അംശം പ്രകൃതിഭാഗങ്ങളായ മനസ്സുൾപ്പെടെ ആറ് ഇന്ദ്രിയങ്ങളെ പോകുന്നിടത്തെല്ലാം കൂടെ കൊണ്ടുപോകുന്നു.

## *സംസാരക്ലേശം*

ജനനമരണങ്ങളില്ലാത്ത ശുദ്ധബോധമാണു വസ്തു. ജനനമരണാനുഭവം പിന്നെയെങ്ങനെയുണ്ടായി? ജനനമരണങ്ങൾ ഉണ്ടെന്നു ഭ്രമിക്കുന്ന ജീവൻ സനാതനസത്യമായ ശുദ്ധബോധത്തിന്റെ അംശംതന്നെയാണ്.

digitized by www.sreyas.in

ഏഴാമധ്യായം അഞ്ചാംപദ്യത്തിൽ ജീവസ്വരൂപം ചർച്ചചെയ്തിട്ടുണ്ടല്ലോ. ഭഗവാന്റെ പരപ്രകൃതിയാണു ജീവനെന്നവിടെ വിവരിച്ചിരിക്കുന്നു. ജഗത്തിനെ ഉള്ളതാക്കി നിലനിറുത്തുന്നത് ജീവനാണെന്നും അവിടെ വെളിപ്പെടുത്തിയിട്ടുണ്ട്. പൂർണമായ ശുദ്ധബോധാനുഭവത്തിൽ ജഗത്തോ സംസാരബന്ധമോ ഉണ്ടായിരിക്കുന്നില്ല. പിന്നെ ബോധാംശമായ ജീവനു സംസാരബന്ധം എങ്ങനെയുണ്ടായി? ബോധശക്തിയായ പ്രകൃതി സ്പന്ദിച്ചു മനസ്സും ജ്ഞാനേന്ദ്രിയങ്ങളുമുൾപ്പെടെ ആറിന്ദ്രിയങ്ങൾക്കു രൂപംകൊടുക്കുന്നു. ഇതിൽ പ്രതിഫലിക്കുന്ന ബോധമാണു ജീവൻ. ഈ ആറിന്ദ്രിയങ്ങളുമാണു ജീവന്റെ സൂക്ഷ്മശരീരം. കർമേന്ദ്രിയങ്ങളും പ്രാണന്മാരും ഒക്കെ സൂക്ഷ്മശരീരഭാഗങ്ങളാണെന്നു ശാസ്ത്രം വിവരിക്കുന്നുണ്ടെങ്കിലും കാതലായ ഭാഗം ഈ ആറിന്ദ്രിയങ്ങളുമായതുകൊണ്ട് ഗീത അവയെ ഗണിച്ചിരിക്കുന്നുവെന്നേയുള്ളു. ഇവിടെ പ്രകൃതി എന്തിനീ ആറിന്ദ്രിയങ്ങളുണ്ടാക്കി എന്നു ചിലർ ചോദിച്ചേക്കാം. പ്രകൃതി നിർമിതങ്ങളായ ഈ ഇന്ദ്രിയങ്ങളും ജീവനും സാപേക്ഷ ഘടകങ്ങളാണ്. ജീവനുണ്ടെങ്കിലെ ഇന്ദ്രിയങ്ങളുള്ളു. ഇന്ദ്രിയങ്ങളുണ്ടെങ്കിലേ ജീവത്വമുള്ളു. അപ്പോൾ ജീവതലത്തിൽ നിന്നുകൊണ്ട് ഇവ എന്തിനുണ്ടായി, ഇവയിലേതാദ്യമുണ്ടായി എന്നു ചോദിച്ചാൽ ഒരിക്കലും ഉത്തരം കിട്ടുന്നതല്ല. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ഇവയ്ക്കു രണ്ടിനും ആശ്രയമായ നിരപേക്ഷസത്തയെ കണ്ടെത്തുകയെന്നതാണ്. അങ്ങനെ കണ്ടെത്തുന്നതോടെ സാപേക്ഷങ്ങളായ ജീവജഡഭാവങ്ങൾ അസ്തമിക്കുകയും ചെയ്യും. എന്നു പറഞ്ഞാൽ ജീവൻ സനാതനസത്യത്തിന്റെ അഭിന്നാംശമായിത്തെളിയുമെന്നർഥം. അങ്ങനെ തെളിയുന്ന സത്യസ്ഥിതിയാണു ഭഗവാൻ ശ്ലോകത്തിൽ ആദ്യമായി വെളിപ്പെടുത്തിയിരിക്കുന്നത്. ഇതറിയുന്നതുവരെ ജീവൻ തന്റെ സാപേക്ഷസ്ഥിതിയിൽ സദാ ആറിന്ദ്രിയങ്ങളുമായി ചേർന്നു വർത്തിക്കുന്നു. ഇന്ദ്രിയങ്ങളുമായുള്ള നിരന്തരസമ്പർക്കമാണ് ജീവനു ജഗത്ഭ്രമമുളവാക്കി സംസാരക്ലേശത്തിനു കാരണമായിത്തീരുന്നത്.

ഇങ്ങനെ ആറിന്ദ്രിയങ്ങളെ നിത്യസഹചാരികളായി അംഗീകരിക്കുന്ന ജീവൻ മാംസാസ്ഥിമയമായ സ്ഥൂലശരീരത്തിൽ കടന്നുചെല്ലുന്നതും അതിൽ നിന്നിറങ്ങിപ്പോകുന്നതും ഈ സഹചാരികളുമൊരുമിച്ചാണ്. ഇക്കാര്യമാണു ഭഗവാനിനി വെളിപ്പെടുത്തുന്നത്:

*8. ശരീരം യദവാപ്നോതി യച്ചാപ്യുത്ക്രാമതീശ്വരഃ*
*ഗൃഹീത്വൈതാനി സംയാതി വായുർഗന്ധാനിവാശയാത്*

digitized by www.sreyas.in

ഈശ്വരഃ - ദേഹത്തിന്റെ രക്ഷിതാവായ ഈ ജീവൻ; യത് ശരീരം - ഏതു ദേഹത്തെ; അവാപ്നോതി - പ്രാപിക്കുന്നുവോ; യത് ച അപി - ഏതു ദേഹത്തെ വീണ്ടും; ഉത്ക്രാമതി - വിട്ടുപോകുന്നുവോ; ഏതാനി - ഈ ആറിന്ദ്രിയങ്ങളെയും; ഗൃഹീത്വാ - കൂട്ടിക്കൊണ്ടുതന്നെ; സംയാതി - പ്രാപിക്കുകയും ഇറങ്ങിപ്പോവുകയും ചെയ്യുന്നു; ആശയാത് - പൂവിനുള്ളിൽ നിന്ന്; വായുഃ - കാറ്റ്; ഗന്ധാൻ ഇവ - വാസനകളെ കൂട്ടിക്കൊണ്ടുപോകുന്നതുപോലെ.

ദേഹത്തിന്റെ രക്ഷിതാവായ ഈ ജീവൻ ഏതു ദേഹത്തെ പ്രാപിക്കുന്നുവോ ഏതു ദേഹത്തെ വീണ്ടും വിട്ടുപോകുന്നുവോ ഈ ആറിന്ദ്രിയങ്ങളെയും കൂട്ടിക്കൊണ്ടുതന്നെ പ്രാപിക്കുകയും ഇറങ്ങിപ്പോവുകയും ചെയ്യുന്നു. പൂവിനുള്ളിൽ നിന്നു കാറ്റു വാസനകളെ കൂട്ടിക്കൊണ്ടുപോകുന്നതുപോലെ.

## *ഗൃഹീത്വൈതാനി സംയാതി*

ആറിന്ദ്രിയങ്ങളുടെയും കൂടിക്കലർപ്പായ സൂക്ഷ്മശരീരത്തിൽ അകപ്പെടുന്ന ബോധമാണു ജീവനെന്നു നാം കണ്ടുവല്ലോ. സൂക്ഷ്മശരീരിയായ ജീവൻ മാംസാസ്ഥിമയമായ സ്ഥൂലശരീരം കൈക്കൊള്ളുന്നതാണ് ജനനം. സൂക്ഷ്മശരീരത്തോടുകൂടി ജീവൻ സ്ഥൂലശരീരം വീട്ടിറങ്ങിപ്പോകുന്നതാണു മരണം. സൂക്ഷ്മശരീരത്തെ ഇല്ലാതാക്കുന്നതാണു മോക്ഷം. അപ്പോൾ മോക്ഷം പ്രാപിക്കുന്നതുവരെ സ്ഥൂലശരീരത്തെ പ്രാപിക്കുമ്പോഴും ഉപേക്ഷിക്കുമ്പോഴും ആറിന്ദ്രിയങ്ങളെയും ജീവൻ കൂടെക്കൊണ്ടു നടക്കുന്നു. ശരീരത്തിന്റെ രക്ഷിതാവായതുകൊണ്ടാണു ജീവനെ ഈശ്വരൻ എന്നു പറഞ്ഞിരിക്കുന്നത്. സൂക്ഷിക്കാനും രക്ഷിക്കാനും എന്തെങ്കിലും ഉള്ളപ്പോഴല്ലേ ഈശ്വരത്വത്തിനു പ്രസക്തിയുള്ളു. ജീവൻ സ്ഥൂലശരീരത്തിൽ നിന്നു സൂക്ഷ്മശരീരത്തെ എങ്ങനെയാണു വേർപെടുത്തിക്കൊണ്ടുപോകുന്നത്. പൂവിനുള്ളിൽ നിന്നു കാറ്റു വാസനകളെ വേർപെടുത്തി കൊണ്ടുപോകുന്നതുപോലെ. പൂവങ്ങനെതന്നെ നിൽക്കുന്നു. പക്ഷേ, കാറ്റു വാസനകളെ അതിൽ നിന്നു വേർപെടുത്തി കൊണ്ടുപോവുകയും ചെയ്യുന്നു. സ്ഥൂലശരീരം അതേപടി ഇവിടെ ഇട്ടിട്ടാണല്ലോ ജീവൻ ഇന്ദ്രിയങ്ങളെയും കൊണ്ട് ഇറങ്ങിപ്പോകുന്നത്.

ജീവന് ഈ ആറിന്ദ്രിയങ്ങളും എങ്ങനെയാണുപകരിക്കുന്നത്? ഈ ചോദ്യത്തിനുത്തരമാണ് അടുത്ത പദ്യം:

digitized by www.sreyas.in

*9. ശ്രോത്രം ചക്ഷുഃ സ്പർശനം ച രസനം ഘ്രാണമേവ ച*
*അധിഷ്ഠായ മനശ്ചായം വിഷയാനുപസേവതേ*

അയം - ഈ ജീവൻ; ശ്രോത്രം - ചെവി; ചക്ഷുഃ - കണ്ണ്; സ്പർശനം - തൊലി; രസനം - നാക്ക്; ഘ്രാണം ഏവ ച - മൂക്ക് എന്നിവയെയും; മനഃ ച - മനസ്സിനെയും; അധിഷ്ഠായ - ആശ്രയിച്ച്; വിഷയാൻ - ജഡവിഷയങ്ങളെ; ഉപസേവതേ - പിൻതുടർന്നനുഭവിക്കുന്നു.

ഈ ജീവൻ ചെവി, കണ്ണ്, തൊലി, നാക്ക്, മൂക്ക് എന്നിവയെയും മനസ്സിനെയും ആശ്രയിച്ചു ജഡവിഷയങ്ങളെ പിൻതുടർന്നനുഭവിക്കുന്നു.

## *വിഷയാനുപസേവതേ*

ജഡവിഷയങ്ങളെ പിൻതുടർന്നനുഭവിക്കാനുള്ള ഉപകരണങ്ങളാണ് ഇന്ദ്രിയങ്ങളും മനസ്സും. ഇവിടെ ചെവി, കണ്ണ് എന്നൊക്കെ പറയുന്നതു കൊണ്ടു സൂക്ഷ്മശരീരത്തിനുള്ള അന്തരിന്ദ്രിയങ്ങളെയാണു ഗ്രഹിക്കേണ്ടത്? സ്ഥൂലശരീരത്തിലുള്ള ചെവി, കണ്ണു മുതലായ അന്തരിന്ദ്രിയങ്ങളുടെ പുറംവാതിലുകൾ മാത്രമാണ്. സൂക്ഷ്മദൃഷ്ടിയുള്ളവർക്ക് ഇന്ദ്രിയഗ്രാഹ്യങ്ങളായ ശബ്ദാദിവിഷയങ്ങളെല്ലാം ഉള്ളിൽത്തന്നെ അനുഭവപ്പെടുന്നതായി കണ്ടെത്താൻ കഴിയും. സ്വപ്നാനുഭവം ഇതിനു സ്പഷ്ടമായ തെളിവാണ്. യോഗിമാർക്കു സവികൽപ്പസമാധി വേളകളിൽ ശബ്ദാദി വിഷയങ്ങളുടെ ദിവ്യവും വികസിതവുമായ രൂപം ഉള്ളിൽ അനുഭവപ്പെടും. എന്തായാലും ഇന്ദ്രിയങ്ങളുടെ യഥാർഥ സ്ഥിതി സൂക്ഷ്മശരീരത്തിലാണ്. അല്ലാതെ ബാഹ്യശരീരത്തിലല്ല. ബാഹ്യശരീരത്തിലെ ഇന്ദ്രിയാവയവങ്ങൾ ഉണ്ടായിരുന്നിട്ടും മൃതദേഹത്തിനു വിഷയാനുഭവമില്ലാത്തതു സൂക്ഷ്മശരീരത്തിലാണിന്ദ്രിയസ്ഥിതിയെന്നു വെളിപ്പെടുത്തുന്നു. ലോകത്ത് ആരുടെ ഏതനുഭവം പരിശോധിച്ചാലും അവ ഈ ആറിന്ദ്രിയങ്ങളുടെ അനുഭവമണ്ഡലത്തിൽ ഒതുങ്ങുന്നതു കാണാം. ജ്ഞാനേന്ദ്രിയങ്ങൾ ശബ്ദസ്പർശരൂപരസഗന്ധങ്ങളെ സമാഹരിക്കുന്നു. മനസ്സ് സങ്കൽപ്പവികൽപ്പങ്ങളിൽക്കൂടി അവയെ പിൻതുടർന്നനുഭവിക്കാൻ കൊതിക്കുന്നു. അഹങ്കാരം, ബുദ്ധി, ചിത്തം എന്നിവയെല്ലാം ഇവിടെ മനസ്സിൽ ഉൾപ്പെടുന്നു എന്നു കാണേണ്ടതാണ്. മനസ്സിന്റെ ഈ വിഷയാനുഭവതൃഷ്ണ നടപ്പിലാക്കാനുള്ള ഉപകരണം മാത്രമാണു സ്ഥൂലദേഹം. പ്രപഞ്ചം അനന്തമായിക്കൊള്ളട്ടെ. അനുഭവങ്ങൾ അത്യത്ഭുതകരങ്ങളായിക്കൊള്ളട്ടെ. ഇവയെ അനുഭവിക്കാൻ ജീവന് ഈ ആറുപകരണങ്ങളല്ലാതെ ഏഴാമതൊന്നില്ലെന്നോർക്ക

digitized by www.sreyas.in

ണം. അതുകൊണ്ടുതന്നെ, ഈ ആറുപകരണങ്ങളും ഉണ്ടാക്കിത്തീർക്കുന്ന അനുഭവമാണു പ്രപഞ്ചാനുഭവമെന്നു തെളിയുന്നു. ജീവൻ ഈ ഉപകരണങ്ങൾ വെടിഞ്ഞാൽ അതോടെ പ്രപഞ്ചാനുഭവം തീരും. ജീവത്വം പോയി നിഷ്പ്രപഞ്ചമായ ബ്രഹ്മത്വം തെളിയുകയും ചെയ്യും. ഇതാണു മോക്ഷം.

അതൊക്കെയിരിക്കട്ടെ, സൂക്ഷ്മശരീരിയായ ജീവനെയും ജീവന്റെ പ്രവർത്തനങ്ങളെയും വേർതിരിച്ചു കാണാൻ കഴിയുമോ? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് അടുത്ത പദ്യം:

*10. ഉത്ക്രാമന്തം സ്ഥിതം വാഽപി ഭുഞ്ജാനം വാ ഗുണാന്വിതം*
*വിമൂഢാ നാനുപശ്യന്തി പശ്യന്തി ജ്ഞാനചക്ഷുഷഃ*

ഉത്ക്രാമന്തം - ദേഹം വിട്ടിറങ്ങിപ്പോകുന്നവനും; സ്ഥിതം വാ - ദേഹത്തിൽ തങ്ങിനിൽക്കുന്നവനും; ഗുണാന്വിതം ഭുഞ്ജാനം വാ അപി - സത്വരജസ്തമോഗുണങ്ങളെ പ്രകടമാക്കി ലോകഭോഗങ്ങളിൽ മുഴുകുന്നവനുമായ സൂക്ഷ്മശരീരിയായ ജീവനെ; വിമൂഢാഃ - ജഡവിഷയങ്ങൾ സത്യമെന്നു ഭ്രമിച്ചു മോഹിക്കുന്നവർ; ന അനുപശ്യന്തി - വേർതിരിച്ചു കാണുന്നില്ല; ജ്ഞാനചക്ഷുഷഃ പശ്യന്തി - സത്യം കണ്ട മഹാത്മാക്കൾ വേർതിരിച്ചു കാണുന്നു.

ദേഹം വിട്ടിറങ്ങിപ്പോകുന്നവനും ദേഹത്തിൽ തങ്ങിനിൽക്കുന്നവനും സത്വരജസ്തമോഗുണങ്ങളെ പ്രകടമാക്കി ലോകഭോഗങ്ങളിൽ മുഴുകുന്നവനുമായ സൂക്ഷ്മശരീരിയായ ജീവനെ ജഡവിഷയങ്ങൾ സത്യമെന്നു ഭ്രമിച്ചു മോഹിക്കുന്നവർ വേർതിരിച്ചുകാണുന്നില്ല. സത്യം കണ്ട മഹാത്മാക്കൾ വേർതിരിച്ചു കാണുന്നു.

## *പശ്യന്തി ജ്ഞാനചക്ഷുഷഃ*

സത്യം കണ്ട മഹാത്മാക്കൾ സൂക്ഷ്മശരീരിയായ ജീവനെ വേർതിരിച്ചു കാണുന്നു. എങ്ങനെയാണവർക്കു കാണാൻ കഴിയുന്നത്? സൂക്ഷ്മശരീരത്തെ പൂർണമായി ഉപശമിപ്പിച്ചശേഷം ശുദ്ധബോധാനുഭവം തെളിയുന്നതാണല്ലോ ജ്ഞാനദൃഷ്ടി. ധ്യാനമനനങ്ങൾകൊണ്ടു മനസ്സുൾപ്പെടെയുള്ള ആറിന്ദ്രിയങ്ങളും അവയുടെ വിഷയാനുഭവങ്ങളും ഉള്ളിൽ കുറഞ്ഞുകുറഞ്ഞുവരും. ശുദ്ധബോധം തെളിഞ്ഞുംവരും. ഈ ഘട്ടത്തിൽത്തന്നെ ബോധത്തിൽ വെള്ളത്തിൽ കുമിളപോലെ സൂക്ഷ്മശരീരം വേരിതിരിഞ്ഞു കാണാറാകും. സമാധി നിർവികൽപ്പദശയിലെത്തുന്നതോടെ സൂക്ഷ്മദേഹം പാടേ ഇല്ലാതായി ബാഹ്യബോധം വിട്ട് ആനന്ദഘനമായ അഖണ്ഡബോധം തെളിയും. വ്യുത്ഥാനദശയിൽ സൂക്ഷ്മശരീരം വീണ്ടും ആവിർഭവിക്കു

digitized by www.sreyas.in

കയും ബാഹ്യബോധം ഉണ്ടാവുകയും ചെയ്യുന്നു. ജ്ഞാനിക്കു ദേഹം വിട്ടു പോകുന്നതുവരെ ഇങ്ങനെ എപ്പോൾ വേണമെങ്കിലും സൂക്ഷ്മശരീരത്തെ ഉപശമിപ്പിച്ചു മാറ്റാനും വ്യുത്ഥാനദശയിൽ പൊന്തിച്ചുകൊണ്ടുവന്നു പ്രവർത്തിപ്പിക്കാനും കഴിയും. ഇങ്ങനെ സൂക്ഷ്മശരീരം ഉണ്ടാക്കിയും അഴിച്ചും ജീവന്റെ രഹസ്യം വേർതിരിച്ചറിയുന്നവരാണു ജ്ഞാനികൾ. സ്വന്തം ജീവനെ സ്പഷ്ടമായി ഉണ്ടാക്കിയഴിച്ചു പഠിക്കുന്ന ജ്ഞാനി കൾക്കു മറ്റു ജീവന്മാരുടെ ഏതു സ്ഥിതിയും തിരിച്ചറിയാൻ കഴിയുമെന്നു പറയേണ്ടതില്ലല്ലോ. ഒരാളുടെ മരണവേളയിൽ അയാളുടെ ജീവൻ സൂക്ഷ്മ ദേഹവുമായി ബാഹ്യദേഹം വിട്ടിറങ്ങിപ്പോകുന്നതു ജ്ഞാനികൾക്കു കണ്ണു കൊണ്ടുതന്നെ കാണാൻ കഴിയുമെന്നു സത്യനിഷ്ഠന്മാർ അവകാശപ്പെടു ന്നു. തേജോമയമാണു സൂക്ഷ്മദേഹം. സ്വപ്നാവസ്ഥ ഇക്കാര്യം തെളിയി ക്കുന്നു. അതുകൊണ്ടു സ്വപ്നാവസ്ഥയിലെ സൂക്ഷ്മശരീരിയായ ജീവനെ 'തൈജസൻ' എന്നാണ് ഉപനിഷത്തുകൾ വിളിക്കുന്നത്. ദേഹം വിട്ടുപോ കുന്ന ഈ തേജോരൂപിയെ ജ്ഞാനികൾ കാണുന്നു. ദേഹത്തിൽ തങ്ങി നിൽക്കുമ്പോഴും ജീവന്റെ സ്ഥിതി ജ്ഞാനികൾക്ക് ഊഹിക്കാനും നേരിട്ടു കാണാനും കഴിയും. അതുകൊണ്ടാണല്ലോ മറ്റുള്ളവരുടെ അന്തക്കരണ സ്ഥിതി സ്പഷ്ടമായി ജ്ഞാനികൾ വെളിപ്പെടുത്തുന്നത്. പതിന്നാലാമധ്യാ യത്തിലെ ഗുണഘടനാവിവരണം നല്ലപോലെ ധരിച്ചിട്ടുള്ളവർക്കു ബാഹ്യ പ്രവർത്തനങ്ങളിൽ മുഴുകുന്ന ഒരാളിന്റെ സൂക്ഷ്മശരീരത്തിന്റെ നില പുറമേ നിന്നുതന്നെ ഒട്ടേറെ ഊഹിച്ചറിയാൻ പറ്റും. അപ്പോൾ പൂർണസത്യം അനുഭവിക്കുന്ന ജ്ഞാനികൾക്ക് അതു നേരിട്ടുതന്നെ കാണാൻ കഴിയു മെന്നു പറയുന്നതിൽ അതിശയിക്കാനേ ഇല്ല. പക്ഷേ, ജഡപ്രപഞ്ചത്തിൽ മോഹിച്ചുപോയവർക്കിതു സാധ്യമല്ല. അവർ സൂക്ഷ്മശരീരത്തെയും ബോധത്തെയും വേർതിരിക്കുന്നതേയില്ല. സൂക്ഷ്മശരീരം അവരുടെ സ്വരൂ പമായ ശുദ്ധബോധത്തെയും പാടേ മറച്ചുകളഞ്ഞിരിക്കുകയാണ്. പാലിൽ ലയിച്ചുകിടക്കുന്ന വെണ്ണ കടഞ്ഞു വേർതിരിക്കാത്തിടത്തോളം രണ്ടും ഒന്നായേ കാണാൻ പറ്റൂ. അന്തക്കരണത്തെ ധ്യാനമനനങ്ങൾ കൊണ്ടു കടയുന്നവർക്കു സൂക്ഷ്മശരീരവും ശുദ്ധബോധവും രണ്ടായി വേർതിരിയും. ഒടുവിൽ സൂക്ഷ്മശരീരം പാടേ അസ്തമിക്കുകയും ചെയ്യും. അതാണു മോക്ഷം.

പൂർണമായ ജ്ഞാനനിഷ്ഠ നേടിയാലേ സൂക്ഷ്മശരീരിയായ ജീവനെ വേർതിരിച്ചു കാണാൻ കഴിയുകയുള്ളോ? അതു വേണമെന്നില്ല. മനസ്സു

digitized by www.sreyas.in

കുറച്ചു നിയന്ത്രണവിധേയമായാൽത്തന്നെ ബോധസത്തയിൽ ജീവന്റെ വേർതിരിഞ്ഞ സ്ഥിതി കാണാൻ കഴിയുമെന്നാണിനി ഭഗവാൻ വെളിപ്പെടുത്തുന്നത്:

*11. യതന്തോ യോഗിനശ്ചൈനം പശ്യന്ത്യാത്മന്യവസ്ഥിതം*
*യതന്തോഽപ്യകൃതാത്മാനോ നൈനം പശ്യന്ത്യചേതസഃ*

യതന്തഃ – ചിത്തവൃത്തികളെ നിരോധിച്ച് അഭ്യാസവൈരാഗ്യങ്ങൾ ദൃഢതരമാക്കുന്നു; യോഗിനഃ ച – യോഗികളും; ആത്മനി – സങ്കൽപ്പനിരോധം കൊണ്ടു തെളിയുന്ന ബോധവസ്തുവിൽ; അവസ്ഥിതം – വ്യക്തമായി വേർതിരിഞ്ഞു നിൽക്കുന്ന; ഏനം – സൂക്ഷ്മശരീരിയായ ജീവനെ; പശ്യന്തി – കണ്ടറിയുന്നു; യതന്തഃ അപി – യത്നം ചെയ്യുന്നവരായാൽപ്പോലും; അകൃതാത്മാനഃ – സങ്കൽപ്പനിരോധം സാഫല്യത്തിലെത്താത്ത; അചേതസഃ – ജഡബുദ്ധികൾ; ഏനം – ഈ ജീവനെ; ന പശ്യന്തി – വേർതിരിഞ്ഞു കാണാൻ ഇടവരുന്നില്ല.

ചിത്തവൃത്തികളെ നിരോധിച്ച് അഭ്യാസവൈരാഗ്യങ്ങൾ ദൃഢതരമാക്കുന്ന യോഗികളും സങ്കൽപ്പനിരോധനം കൊണ്ടു തെളിയുന്ന ബോധവസ്തുവിൽ വ്യക്തമായി വേർതിരിഞ്ഞു നിൽക്കുന്ന സൂക്ഷ്മശരീരിയായ ജീവനെ കണ്ടറിയുന്നു. യത്നം ചെയ്യുന്നവരായാൽപ്പോലും സങ്കൽപ്പനിരോധം സാഫല്യത്തിലെത്താത്ത ജഡബുദ്ധികൾ ഈ ജീവനെ വേർതിരിഞ്ഞു കാണാൻ ഇടവരുന്നില്ല.

## *യോഗിനശ്ചൈനം പശ്യന്തി*

ജ്ഞാനമായാലും യോഗമായാലും സങ്കൽപ്പങ്ങൾ കുറഞ്ഞു ചിത്തം ശുദ്ധമായി ബോധം തെളിയുമ്പോഴേ ജീവനെ വേർതിരിച്ചുകാണാൻ പറ്റൂ; ബോധത്തെ വേർതിരിക്കുന്നതിനു ജ്ഞാനമെന്നും യോഗമെന്നും രണ്ടുപായങ്ങൾ നേരത്തേ നിർദേശിച്ചതുകൊണ്ടു രണ്ടു കൂട്ടരേയും എടുത്തു പറഞ്ഞു എന്നേയുള്ളു. ജീവനെ വേർതിരിച്ചു കാണാൻ ലക്ഷ്യപ്രാപ്തി പൂർണമാകണമെന്നില്ലതാനും. വെള്ളത്തിലെ പതപോലെയാണു ബോധത്തിൽ ജീവൻ. പത കട്ടിപിടിച്ചു പരന്നുകിടന്നാൽ വെള്ളം കാണാനേ ഉണ്ടാവില്ല. പത കട്ടി കുറഞ്ഞു ഛിന്നഭിന്നമായാൽ വെള്ളവും പതയും തനിയേ വേർതിരിയും. അതുപോലെ സൂക്ഷ്മശരീരത്തിലെ ഭൗതികസങ്കൽപ്പങ്ങൾക്കു പരപ്പും കട്ടിയുമുണ്ടെന്നു വന്നാൽ ശുദ്ധബോധം ഉണ്ടെന്നേ തോന്നുകയില്ല, സമർഥമായി സങ്കൽപ്പനിരോധമെന്ന യോഗം ശീലിച്ച്



digitized by www.sreyas.in

അന്തക്കരണത്തെ ആത്മനിഷ്ഠമാക്കുന്നവർക്കു സങ്കൽപ്പത്തിന്റെ പരപ്പും കട്ടിയും കുറഞ്ഞ് അതു ഛിന്നഭിന്നമാകും. അതോടെ ശുദ്ധബോധമായ വസ്തുവിനെയും അതിൽ വേർതിരിയുന്ന ജീവസങ്കൽപ്പങ്ങളെയും വ്യക്തമായി കാണാൻ കഴിയും. സവികൽപ്പസമാധിദശകളിലാണീ വേർതിരിച്ചുള്ള അറിവുണ്ടാകുന്നത്. പക്ഷേ, പ്രാണായാമാദി പല സാധനകളുമഭ്യസിച്ചു യത്നിച്ചാലും ചിലർക്കു സങ്കൽപ്പത്തിന്റെ കട്ടികുറയ്ക്കാൻ എളുപ്പമൊന്നും സാധിച്ചില്ലെന്നുവരും. എന്തായാലും സങ്കൽപ്പപടലത്തിനു കട്ടി കുറയുന്നതുവരെ സവികൽപ്പസമാധി അനുഭവപ്പെടുകയില്ല. അതുവരെ ജീവനും ബോധവും വേർതിരിയുകയുമില്ല. ഏഴാം പദ്യത്തിൽ ജീവതത്വം ഉപക്രമിച്ചിട്ടു പതിനൊന്നാം പദ്യം വരെ അതിന്റെ പ്രവർത്തനത്തെക്കുറിച്ചാണു വിവരിച്ചതെന്ന കാര്യം വിസ്മരിച്ചുകൂടാ. ജീവനെക്കുറിച്ചിതുവരെ പറഞ്ഞ കാര്യം വ്യക്തമായി ധരിച്ചാൽ ജീവന്റെ സംസാരബന്ധമെന്ത്, മോക്ഷമെന്ത് എന്നറിയാൻ ഒരു പ്രയാസവുമില്ല. പ്രകൃതിയുണ്ടാക്കുന്ന ഇന്ദ്രിയസംഘാതവും പരമാത്മപ്രതിബിംബവും തമ്മിലുള്ള കലർപ്പാണു ജീവൻ. ഇന്ദ്രിയസംഘാതമെന്ന സൂക്ഷ്മശരീരം പോയാൽ പ്രതിബിംബത്വം പോയി ജീവൻ ബിംബരൂപം കൈക്കൊള്ളും; ഇതാണു മോക്ഷം. ബിംബരൂപസ്ഥിതിയിൽ പ്രകൃതിയോ പ്രകൃതിജന്യമായ പ്രപഞ്ചമോ അവശേഷിക്കുന്നില്ല.

പരമാത്മാവിന്റെ അംശംതന്നെയാണു ജീവലോകത്തിൽ ജീവനായി വേർതിരിയുന്നതെന്നാണല്ലോ ഏഴാം പദ്യത്തിൽ പറഞ്ഞത്. സൂര്യചന്ദ്രാദി മറ്റു പ്രപഞ്ചഘടകങ്ങളുടെ ജീവഭാവത്തിന്റെയും കഥയിതുതന്നെയാണോ? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് അടുത്ത മൂന്നു പദ്യങ്ങളിൽ വിവരിക്കുന്നത്. പ്രപഞ്ചത്തിലെ പ്രകാശത്തിന്റെ മുഴുവൻ പ്രതിനിധികളായ സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നിവയിൽ പരമാത്മാവിന്റെ അംശംതന്നെയാണു കടന്നുനിന്നു പ്രകാശിക്കുന്നതെന്നത്രേ അടുത്ത പദ്യം വിവരിക്കുന്നത്:

*12. യദാദിത്യഗതം തേജോ ജഗത്ഭാസയതേഽഖിലം*
*യച്ചന്ദ്രമസി യച്ചാഗ്നൗ തത്തേജോ വിദ്ധി മാമകം*

ആദിത്യഗതം - ആദിത്യശരീരത്തിൽ കടന്നുനിന്നുകൊണ്ട്; യത് തേജഃ - ഏതൊരു തേജസ്സാണോ; അഖിലം ജഗത് - പ്രപഞ്ചത്തെയാകമാനം; ഭാസയതേ - പ്രകാശിപ്പിക്കുന്നത്; ചന്ദ്രമസി യത് - ചന്ദ്രശരീരത്തിൽ കടന്നു പ്രകാശിക്കുന്ന തേജസ്സേതാണോ; അഗ്നൗ ച യത് - അഗ്നി ശരീരത്തിലും കടന്നു പ്രകാശിക്കുന്നതേതു തേജസ്സാണോ; തത് തേജഃ - ആ തേജസ്സെല്ലാം; മാമകം വിദ്ധി - എന്റെ അംശംതന്നെയാണെന്നറിയൂ.

digitized by www.sreyas.in

ആദിത്യശരീരത്തിൽ കടന്നുനിന്നുകൊണ്ട് ഏതൊരു തേജസ്സാണോ പ്രപഞ്ചത്തെയാകമാനം പ്രകാശിപ്പിക്കുന്നത്, ചന്ദ്രശരീരത്തിൽ കടന്നു പ്രകാശിക്കുന്ന തേജസ്സേതാണോ, അഗ്നിശരീരത്തിലും കടന്നു പ്രകാശിക്കുന്നതേതു തേജസ്സാണോ ആ തേജസ്സെല്ലാം എന്റെ അംശംതന്നെയാണെന്നറിയൂ.

## *തത്തേജോ വിദ്ധി മാമകം*

മനുഷ്യരുടെയും മറ്റു ജീവികളുടെയും ദേഹം നാം കാണുന്നു. അതു ചലിക്കുകയും ഇന്ദ്രിയകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ജീവനുള്ളതാണെന്നു നാം തീരുമാനിക്കുന്നു. ഒരു ജീവിയിലെയും ജീവനെ മറ്റൊരാൾക്കു നേരിട്ടു കാണാൻ സാധ്യമല്ല. അവനവനിലുള്ള ബോധമയനായ ജീവനെ ശ്രദ്ധയുള്ളവർക്കു നേരിട്ടു കാണാൻ പ്രയാസമില്ല. ഞാൻ, ഞാൻ എന്നു സദാ സ്വയം ഉണ്മ അനുഭവിക്കുന്നത് ആ ജീവനാണല്ലോ. എന്തായാലും കർമനിരതനായ ശരീരം കണ്ടിട്ടാണു മറ്റുള്ളവരിൽ ജീവനെ ഊഹിക്കുന്നത്. സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നിവയുടെ ശരീരം നാം കാണുന്നുണ്ട്. ആ ശരീരങ്ങൾ കൃത്യമായി അവയുടെ സ്വധർമം അനുഷ്ഠിക്കുന്നതായും കാണുന്നു. ലോകത്തിനു മുഴുവൻ ചൂടും വെളിച്ചവും തന്നു സൂര്യൻ സ്വകൃത്യം അനുഷ്ഠിക്കുന്നു. ചന്ദ്രൻ പൂനിലാവു നിൽകിയും അഗ്നി അതുപോലെ ചൂടും വെളിച്ചവും നൽകിയും സ്വകൃത്യം വിട്ടുവീഴ്ച കൂടാതെ നിർവഹിക്കുന്നു. മനുഷ്യനു കണ്ടെത്താൻ കഴിയാത്ത സ്വകൃത്യങ്ങൾ ഇവ എന്തൊക്കെയാണനുഷ്ഠിക്കുന്നതെന്നു നമുക്കു നിശ്ചയമില്ല. എന്തായാലും സൂര്യൻ ചൂടും വെളിച്ചവും നൽകുന്നില്ലെങ്കിൽ മനുഷ്യനുൾപ്പെടെ ജീവനുണ്ടെന്നഭിമാനിക്കുന്ന എല്ലാ ജീവികളുടെയും ജീവൻ അതോടെ അസ്തമിക്കും. ചന്ദ്രന്റെയും അഗ്നിയുടെയും പ്രവർത്തനവും ജീവജാലങ്ങൾക്കനിവാര്യമാണ്. അപ്പോൾ നിയമമനുസരിച്ചു സ്വകൃത്യം നടത്തുന്ന ഈ തേജസ്സുകൾ ജീവനുള്ള ജീവിതങ്ങളാണെന്നറിയാൻ ബുദ്ധിയുള്ള മനുഷ്യർക്കൊരു പ്രയാസവുമില്ല. മറ്റു ജീവികളിലെന്നപോലെ അവയെ പ്രവർത്തിപ്പിക്കുന്ന ജീവനും തന്റെ അംശം തന്നെയാണെന്നാണു ഭഗവാന്റെ പ്രഖ്യാപനം. ഈ രഹസ്യം അറിയാവുന്നതുകൊണ്ടാണു ഋഷിമാർ ഈ തേജസ്സുകളെ സൂര്യദേവനായും ചന്ദ്രദേവനായും അഗ്നിദേവനായും ഉപാസിക്കാൻ മനുഷ്യരോടാവശ്യപ്പെട്ടത്. സൂര്യനും ചന്ദ്രനും അഗ്നിയും സ്വയം അറിഞ്ഞും ലോകത്തെ അറിഞ്ഞും സ്വകൃത്യമനുഷ്ഠിക്കുന്ന ജീവിതങ്ങളാണെന്നറിയേണ്ടതാണ്.

digitized by www.sreyas.in

ഭൂമിയിലെയും ചന്ദ്രനിലെയും ജീവപ്രവർത്തനങ്ങളെ വ്യക്തമാക്കുന്നതാണ് അടുത്ത പദ്യം:

*13. ഗാമാവിശ്യ ച ഭൂതാനി ധാരയാമ്യഹമോജസാ*
*പുഷ്ണാമി ചൗഷധീ സർവാഃ സോമോ ഭൂത്വാ രസാത്മകഃ*

അഹം - പരമാത്മാവായ ഞാൻ; ഗാം ച ആവിശ്യ - അംശംകൊണ്ടു ഭൂമിയിലും കടന്നു നിന്ന്; ഓജസാ - എന്റെ ശക്തി നൽകി; ഭൂതാനി - ജീവജാലങ്ങളെ; ധാരയാമി - ഉണ്ടാക്കി രക്ഷിച്ചുപോരുന്നു; രസാത്മകഃ - ജലമയനായ; സോമഃ ഭൂത്വാ - ചന്ദ്രനായി ഭവിച്ചിട്ട്; സർവാഃ ഓഷധീഃ - എല്ലാ സസ്യവർഗങ്ങളെയും; പുഷ്ണാമി ച - പോഷിപ്പിച്ചു വളർത്തുകയും ചെയ്യുന്നു.

പരമാത്മാവായ ഞാൻ അംശംകൊണ്ടു ഭൂമിയിലും കടന്നുനിന്ന് എന്റെ ശക്തി നൽകി ജീവജാലങ്ങളെ ഉണ്ടാക്കി രക്ഷിച്ചുപോരുന്നു. ജലമയനായ ചന്ദ്രനായി ഭവിച്ചിട്ട് എല്ലാ സസ്യവർഗങ്ങളെയും പോഷിപ്പിച്ചു വളർത്തുകയും ചെയ്യുന്നു.

## ഭൂമിയും ചന്ദ്രനും

ചന്ദ്രന്റെ കാര്യം മുൻപു പറഞ്ഞെങ്കിലും പ്രവർത്തനം ഇവിടെ ഒന്നുകൂടെ വിശദമാക്കിയിരിക്കുന്നു. മനുഷ്യപക്ഷിമൃഗവൃക്ഷലതാദി ജീവജാലങ്ങളെല്ലാം ഉണ്ടാകുന്നതും നിലനിൽക്കുന്നതും തിരിച്ചു ലയിക്കുന്നതും ഭൂമിയിലാണ്. ജീവനില്ലാത്ത ഭൂമിയാണ് ഇവയെ ഉണ്ടാക്കി നിലനിറുത്തി അഴിക്കുന്നതെന്നു വന്നാൽ അതെന്തൊരു വൈചിത്ര്യമാണ്? ഇവിടെ ഭഗവാൻ പ്രഖ്യാപിക്കുന്നത് ഭൂമിയുടെ ശരീരത്തിൽ പരമാത്മാംശം തന്നെ കടന്നു നിന്നുകൊണ്ട് അതിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു എന്നാണ്. എന്നല്ല ഭൂമിയിൽ ഉണ്ടായി നിലനിൽക്കുന്ന എല്ലാ ജീവജാലങ്ങൾക്കും ഭഗവദംശമായ ജീവശക്തി ഭൂമി വഴിയായിട്ടാണു പകർന്നു കിട്ടുന്നത്. മനുഷ്യരെയും പക്ഷിമൃഗാദിജന്തുക്കളെയും ഭക്ഷണം കൊടുത്തു വളർത്തുന്നതുപോലും ഭൂമിയാണ്. ചെടികളുടെ പോഷണകാര്യത്തിൽ ചന്ദ്രനും കാര്യമായ പങ്കു വഹിക്കുന്നു. പ്രവർത്തനരഹസ്യം എന്തുതന്നെയായാലും ചന്ദ്രശരീരത്തിൽ നിന്നു ഭൂമിയിലെത്തിച്ചേരുന്നതായി കാണുന്ന ശീതളകിരണങ്ങൾ സസ്യവർഗത്തെ പോഷിപ്പിച്ചുപോരുന്നു എന്നതു തീർച്ചയാണ്. ചന്ദ്രശരീരം വഴി ഇക്കാര്യം നിർവഹിക്കുന്നതു പരമാത്മാവിന്റെ അംശം തന്നെയാണ്.

digitized by www.sreyas.in

എന്തിനേറെ, ജന്തുശരീരങ്ങളിലെ എല്ലാ സൂക്ഷ്മപ്രവർത്തനങ്ങളും പരമാത്മാംശമായ ജീവന്റെ സാന്നിധ്യംകൊണ്ടു നടക്കുന്നവയാണ്. ഇതറിയുന്നവർക്കു പ്രപഞ്ചഘടകങ്ങളുടെ മുഴുവൻ പ്രവർത്തനം അറിയാൻ കഴിയും. ഇക്കാര്യമാണു ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്:

*14. അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ*
*പ്രാണാപാനസമായുക്തഃ പചാമ്യന്നം ചതുർവിധം*

അഹം - പരമാത്മാവായ ഞാൻ അംശംകൊണ്ട്; പ്രാണിനാം ദേഹം ആശ്രിതഃ - ജന്തുക്കളുടെ ദേഹത്തിൽ ജീവരൂപേണ കടന്നുനിന്ന്; വൈശ്വാനരഃ ഭൂത്വാ - ജഠരാഗ്നിയായി ഭവിച്ചിട്ട്; പ്രാണാപാനസമായുക്തഃ - പ്രാണൻ, അപാനൻ എന്നീ വായുക്കളോടു കൂടിച്ചേർന്ന്; ചതുർവിധം അന്നം - ഭക്ഷ്യം, ഭോജ്യം, ലേഹ്യം, ചോഷ്യം എന്നീ നാലുപ്രകാരമുള്ള അന്നത്തെയും; പചാമി - ദഹിപ്പിച്ചു ദേഹബലം നൽകുന്നു.

പരമാത്മാവായ ഞാൻ അംശംകൊണ്ടു ജന്തുക്കളുടെ ദേഹത്തിൽ ജീവരൂപേണ കടന്നുനിന്നു ജഠരാഗ്നിയായി ഭവിച്ചിട്ടു പ്രാണൻ,,അപാനൻ എന്നീ വായുക്കളോടു കൂടിച്ചേർന്നു ഭക്ഷ്യം, ഭോജ്യം, ലേഹ്യം, ചോഷ്യം എന്നീ നാലു പ്രകാരമുള്ള അന്നത്തെയും ദഹിപ്പിച്ചു ദേഹബലം നൽകുന്നു.

പല്ലുകൊണ്ടു ചവച്ചുതിന്നുന്ന ആഹാരമാണു ഭക്ഷ്യം. ചവയ്ക്കാതെ വിഴുങ്ങാവുന്നതു ഭോജ്യം. നക്കിക്കഴിക്കാവുന്നതു ലേഹ്യം. ഉറിഞ്ചിരസമെടുക്കാവുന്നത് ചോഷ്യം. ജഠരാഗ്നിയാണീ ആഹാരസാധനങ്ങളെ ദഹിപ്പിക്കുന്നത്. ഉള്ളിലേക്കു ശ്വസിക്കുന്ന വായു അപാനൻ. പുറത്തേക്കു വിടുന്ന വായു പ്രാണൻ. ഈ വായുക്കൾ ഭക്ഷണപചനത്തിൽ ജഠരാഗ്നിയെ സഹായിക്കുന്നു. ജഠരാഗ്നിയായി ഭവിച്ചു ദേഹത്തിനുള്ളിൽ ഈ പ്രവർത്തനം നടത്തുന്നതു ജീവൻതന്നെയാണ്. ദേഹത്തിനുള്ളിൽ പുറമേനിന്നു വ്യക്തമായി മറ്റാരുടെയും സഹായംകൂടാതെ നടക്കുന്ന അനേകം സൂക്ഷ്മപ്രവർത്തനങ്ങളുടെ പ്രതിനിധി മാത്രമാണു പചനക്രിയ. ഹൃദയസ്പന്ദനം, നാടിമിടിപ്പ്, രക്തചംക്രമണം, തലച്ചോറിന്റെ പ്രവർത്തനങ്ങൾ തുടങ്ങി നിരവധി സൂക്ഷ്മപ്രവർത്തനങ്ങൾ ദേഹത്തിനുള്ളിൽ സദാ നടന്നുകൊണ്ടിരിക്കുന്നു. ബോധാംശമായ ജീവന്റെ സാന്നിധ്യമാണീ പ്രവർത്തനങ്ങളെയെല്ലാം നിയന്ത്രിക്കുന്നതെന്നറിയാൻ കഴിയാത്തവർക്കു സ്വന്തം ദേഹത്തിന്റെ പ്രവർത്തന രഹസ്യം പോലും ഒരിക്കലും വെളിപ്പെട്ടുകിട്ടുന്നതല്ല. അവർക്കു പിന്നെ എങ്ങനെയാണു പ്രപഞ്ചസത്യം തെളിയുക? ശരീരത്തിന്റെ ഉൽപ്പത്തിപോലും ബോധപൂർവമായ സങ്കൽപ്പംകൊണ്ടേ സാധ്യമാവൂ.

digitized by www.sreyas.in

ഇവിടെക്കാണപ്പെടുന്ന എല്ലാറ്റിന്റെയും ആരംഭം ബോധത്തിൽ നിന്നാണെന്നറിയുന്നവരാണു സത്യദർശികൾ. ആ അറിവിനു പ്രേരണ നൽകാനാണു ഭഗവാന്റെ ഈ പ്രസ്താവനകളെല്ലാം.

ഇങ്ങനെ ചിലതൊക്കെ എടുത്തുകാട്ടിയശേഷം എല്ലാവരും ആദ്യം അവരവരുടെ ഹൃദയത്തിലിരിക്കുന്ന സത്യസ്വരൂപനായ തന്നെ തിരയണമെന്നാണു ഭഗവാൻ ഇനി ആവശ്യപ്പെടുന്നത്:

*15. സർവസ്യ ചാഹം ഹൃദി സംനിവിഷ്ടോ*
*മത്തഃ സ്മൃതിർജ്ഞാനമപോഹനം ച*
*വേദൈശ്ച സർവൈരഹമേവ വേദ്യോ*
*വേദാന്തകൃദ്വേദവിദേവ ചാഹം*

അഹം - പരമാത്മാവായ ഞാൻ; സർവസ്യ ച - എല്ലാ ജീവികളുടെയും ഹൃദി - ഹൃദയത്തിൽ; സംനിവിഷ്ടഃ - ഒരിക്കലും വിട്ടുപോകാതെ സ്ഥിതിചെയ്യുന്നു; സ്മൃതിഃ - ജീവികളുടെ സ്മരണശക്തിയും; ജ്ഞാനം - ജ്ഞാനശക്തിയും; അപോഹനം - മറക്കാനുള്ള ശക്തിയും; മത്തഃ - എന്നിൽ നിന്നു ലഭിക്കുന്നവയാണ്; സർവൈഃ വേദൈഃ ച - എല്ലാ വേദങ്ങളിൽക്കൂടിയും; വേദ്യഃ - അറിയപ്പെടേണ്ട വസ്തു; അഹം ഏവ - ഞാൻ തന്നെ; അഹം ഏവ - പരമാത്മാവായ ഞാൻ തന്നെയാണ്; വേദാന്തകൃത് - അറിവിന്റെ അവസാനത്തെ ഉണ്ടാക്കുന്നവനും; വേദവിത് (ഏവ) ച - വേദം എന്തെന്നറിയുന്നവനും ഞാൻ തന്നെ.

പരമാത്മാവായ ഞാൻ എല്ലാ ജീവികളുടെയും ഹൃദയത്തിൽ ഒരിക്കലും വിട്ടുപോകാതെ സ്ഥിതിചെയ്യുന്നു, ജീവികളുടെ സ്മരണശക്തിയും ജ്ഞാനശക്തിയും മറക്കാനുള്ള ശക്തിയും എന്നിൽ നിന്നു ലഭിക്കുന്നവയാണ്. എല്ലാ വേദങ്ങളിൽക്കൂടിയും അറിയപ്പെടേണ്ട വസ്തു ഞാൻതന്നെയാണ്. അറിവിന്റെ അവസാനത്തെ ഉണ്ടാക്കുന്നവനും വേദം എന്തെന്നറിയുന്നവനും ഞാൻ തന്നെ.

## *വേദവിദേവ ചാഹം*

പചനാദി സൂക്ഷ്മപ്രവർത്തനങ്ങൾ മാത്രമല്ല ജന്തുശരീരത്തിന്റെ എല്ലാ കഴിവുകളും ബോധസ്വരൂപനായ പരമാത്മാവിൽ നിന്നു ലഭിക്കുന്നവയാണ്. എല്ലാ ജീവികളുടെയും ഹൃദയതലത്തിൽ പരമാത്മാവ് വിട്ടുപോകാതെ കുടികൊള്ളുന്നു. ആ പരമാത്മാംശത്തിൽ നിന്നാണു നേരിട്ടു ജീവൻ പ്രകടമാകുന്നത്. പരമാത്മാനുഭവം വേണമെന്നുള്ളവർ ആദ്യം അവരവ

digitized by www.sreyas.in

രുടെ ഉള്ളിൽ തിരഞ്ഞാൽ മതിയെന്നു ഭാവം. ജീവനു കഴിഞ്ഞതൊക്കെ ഓർമിക്കാനുള്ള കഴിവ്, ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ടു വിഷയങ്ങളെ ഗ്രഹിക്കാനുള്ള കഴിവ്, പലതും മറക്കാനുള്ള കഴിവ് ഇതെല്ലാം ബോധത്തിന്റെ തന്നെ സംഭാവനകളാണ്. കഠിനദുഃഖങ്ങളും മറ്റും കാലാന്തരത്തിൽ മറക്കാൻ കഴിയുന്നത് അനുഗ്രഹമാണെന്ന് പറയേണ്ടതില്ലല്ലോ. എല്ലാ വേദങ്ങൾകൊണ്ടും അറിയേണ്ട സത്യം പരമാത്മാവാണ്. കർമകാണ്ഡവേദഭാഗങ്ങളിലെ യജ്ഞാദി ക്രിയകൾ പോലും ഈ ലക്ഷ്യത്തെ മുൻനിറുത്തി അനുഷ്ഠിക്കേണ്ടതാണെന്നു ഭാവം. ബ്രഹ്മസ്വരൂപം ഗ്രഹിക്കുന്നില്ലെങ്കിൽ വേദപഠനം നിഷ്പ്രയോജനമെന്നു താൽപ്പര്യം. ബ്രഹ്മസ്വരൂപം ഗ്രഹിക്കാതെ വേദം പഠിച്ചു നടക്കുന്നവർ വേദഭാരം ചുമക്കുന്ന കഴുതകളെപ്പോലെയാണെന്നു ശാസ്ത്രം പ്രഖ്യാപിക്കുന്നു. വേദം എന്ന പദത്തിന് 'അറിവ്' എന്നാണർഥം. പരമാത്മാവ് വേദാന്തകൃത്താണ്. പരമാത്മാവിനെ അറിഞ്ഞാൽപ്പിന്നെ ഒന്നും അറിയാനുണ്ടാവില്ല എന്നു താൽപ്പര്യം. ഏതിനെ അറിഞ്ഞാൽ എല്ലാം അറിയപ്പെട്ടതാകുമോ അതാണല്ലോ പരമാത്മാവ്. ഇനി വേദാന്തമായ ഉപനിഷത്തുകളെ പ്രകടമാക്കിയയാൾ എന്നും വേദാന്തകൃത് എന്നതിനർഥം പറയാം. ബ്രഹ്മസാക്ഷാൽക്കാരത്തിൽ നിന്നു കിട്ടിയ അറിവാണല്ലോ ഉപനിഷദ്വിജ്ഞാനം. വേദമറിയുന്നയാളും പരമാത്മാവാണ്. വേദവിജ്ഞാനം പൂർണമായി അറിയപ്പെടുന്നത് ബ്രഹ്മസാക്ഷാൽക്കാരം നേടി അതായിത്തീരുമ്പോഴേ ഉള്ളൂ എന്നു താൽപ്പര്യം. എല്ലാത്തരത്തിലും വേദങ്ങൾ ബ്രഹ്മസാക്ഷാൽക്കാരത്തെ ലക്ഷ്യമാക്കിയിട്ടുള്ളവയാണെന്നറിയേണ്ടതാണ്.

ഇത്രയും വിവരിച്ചശേഷം ഇതുവരെ പറഞ്ഞതിന്റെ സാരസംഗ്രഹം വെളിപ്പെടുത്തുകയാണടുത്ത രണ്ടു പദ്യങ്ങളിൽ. വസ്തു ഒന്നേയുള്ളു. അതിനെ മൂന്നായി വിഭജിച്ചുകാണുന്നതാണ് എല്ലാ അനുഭവങ്ങളും എന്നാണു പ്രസ്തുത ശ്ലോകങ്ങളിൽ പ്രതിപാദിക്കുന്നത്. അതിൽ പ്രപഞ്ചരൂപേണ പ്രത്യക്ഷപ്പെട്ടിരിക്കുന്ന വസ്തുവിഭാഗങ്ങളെയാണ് പതിനാറാം ശ്ലോകത്തിൽ വിവരിച്ചിരിക്കുന്നത്:

*16. ദ്വാവിമൗ പുരുഷൗ ലോകേ ക്ഷരശ്ചാക്ഷര ഏവ ച*
*ക്ഷരഃ സർവാണി ഭൂതാനി കൂടസ്ഥോഽക്ഷര ഉച്യതേ*

ലോകേ - പ്രപഞ്ചത്തിൽ; ക്ഷരഃ - ഉണ്ടായിട്ട് ഇല്ലാതാകുന്നവനും; അക്ഷരഃ ഏവ ച - ഒരിക്കലും ഇല്ലാതാകാത്തവനും എന്നിങ്ങനെ; ഇമൗ ദ്വൗ പുരുഷൗ - ഈ രണ്ടു പുരുഷന്മാരാണുള്ളത്; സർവാണി ഭൂതാനി - എല്ലാ ജീവന്മാരു

digitized by www.sreyas.in

മാണ്; ക്ഷരഃ ക്ഷരപുരുഷൻ കൂടസ്ഥഃ – ജീവപ്രതിബിംബത്തെയുളവാക്കിക്കൊണ്ടു ദേഹത്തിലൊതുങ്ങുന്ന– ശുദ്ധബ്രഹ്മാംശമാണ്; അക്ഷരഃ ഉച്യതേ – അക്ഷരപുരുഷൻ എന്നു പറയപ്പെടുന്നത്.

പ്രപഞ്ചത്തിൽ ഉണ്ടായിട്ട് ഇല്ലാതാകുന്നവനും ഒരിക്കലും ഇല്ലാതാകാത്തവനും എന്നിങ്ങനെ ഈ രണ്ടു പുരുഷന്മാരാണുള്ളത്. എല്ലാ ജീവന്മാരുമാണു ക്ഷരപുരുഷൻ. ജീവപ്രതിബിംബത്തെയുളവാക്കിക്കൊണ്ടു ദേഹത്തിലൊതുങ്ങുന്ന ശുദ്ധബ്രഹ്മാംശമാണ് അക്ഷരപുരുഷൻ എന്നു പറയപ്പെടുന്നത്.

## *ക്ഷരപുരുഷനും അക്ഷരപുരുഷനും*

ഇല്ലാതാകുന്ന പുരുഷനാണു ക്ഷരപുരുഷൻ. ഇല്ലാതാകാത്ത പുരുഷനാണ് അക്ഷരപുരുഷൻ. ബ്രഹ്മംതന്നെയാണു പുരുഷൻ. പ്രപഞ്ചത്തിൽ ബ്രഹ്മം ക്ഷരപുരുഷനെന്നും അക്ഷരപുരുഷനെന്നും രണ്ടായി വേർതിരിയുന്നു. ജീവനാണു ക്ഷരപുരുഷൻ. ബുദ്ധിയിൽ പ്രതിബിംബിക്കുന്ന ബ്രഹ്മാംശമാണല്ലോ ജീവൻ. ബുദ്ധി ഇല്ലാതായാൽ ഈ ജീവനും ഇല്ലാതാകും. ജീവൻ ഇല്ലാതാകുമെന്നു പറഞ്ഞാൽ പ്രതിബിംബത്വം അഥവാ ജീവത്വം മാറി ബിംബവുമായി ഏകീഭവിക്കുമെന്നർഥം. ബിംബത്തിൽ ഏകീഭവിക്കുന്നതോടെ പ്രതിബിംബം ഇല്ലാതാകുമെന്നുള്ളതുകൊണ്ടാണു ജീവനെ ക്ഷരപുരുഷൻ എന്നു വിളിച്ചിരിക്കുന്നത്. ജീവത്വം പോകാതെ ബ്രഹ്മത്വം കിട്ടുന്നതല്ല. ജീവനെ ക്ഷരപുരുഷൻ എന്നു വിളിക്കുമ്പോൾ ജീവശരീരമായി ജഗത്തും അതിലുൾപ്പെടുമെന്നു കാണേണ്ടതാണ്. അതാണ് എല്ലാ ഭൂതങ്ങളുമാണു ക്ഷരപുരുഷൻ എന്നു ഭഗവാൻ പറഞ്ഞിരിക്കുന്നത്. ജഗത്ത് ഈശ്വരശരീരമല്ലേ എന്നു ചിലർ ചോദിച്ചേക്കാം, വേദാന്തശാസ്ത്രപ്രകാരം മായയിലെ പ്രതിബിംബമായ വലിയ ജീവനാണീശ്വരൻ. മായാമറ പോയാൽ പ്രതിബിംബരൂപനായ ഈശ്വരനും ഇല്ലാതാകും. ക്ഷരപുരുഷൻ വ്യക്തിദേഹങ്ങളിൽ ജീവനെന്നറിയപ്പെടുന്നു, ജഗത്തിലാകെക്കൂടി ഈശ്വരനെന്നും. പ്രതിബിംബത്തിനാശ്രയമായ ദേഹത്തിന്റെ ഉച്ചനീചഭേദമനുസരിച്ചു ക്ഷരപുരുഷനായ ജീവനു ഭേദങ്ങൾ സംഭവിക്കാമെന്നു കാണിക്കാനാണു ഭഗവാൻ സൂര്യനിലും ചന്ദ്രനിലും ഭൂമിയിലുമൊക്കെ എന്റെ അംശം ജീവനായി കടന്നു നിൽക്കുന്നു എന്നു നേരത്തെ വിവരിച്ചത്. ജഗത്തിന്റെ അഥവാ ശരീരത്തിന്റെ അനുഭവം ജീവനു മാത്രമുള്ളതാണ്. ജീവത്വം പോയാൽ ജഗത്തിന്റെ അനുഭവവും ഇല്ലാതാകും. ജീവനാണു ജഗത്തിനെ നിലനിറുത്തുന്നതെന്ന് ഏഴാമധ്യായത്തിൽ ഭഗവാൻ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്, ശരീരബന്ധമില്ലാതെ ജീവനില്ല; ജീവത്വമില്ലാതെ ശരീരബന്ധവുമില്ല. ഒന്നില്ലാ

digitized by www.sreyas.in

തായാൽ മറ്റേതും ഇല്ലാതാകും. അതുകൊണ്ട് ശരീരബദ്ധനാകുന്ന ജീവനാണ് ലോകത്തിലെ ക്ഷരപുരുഷൻ. പ്രതിബിംബമായ ജീവന് അഥവാ ക്ഷരപുരുഷന് ബിംബമായി നിന്നുകൊണ്ടു ശരീരാന്തർഭാഗത്തെ ഒതുങ്ങാനിടവരുന്ന പരമാത്മാംശമാണു കൂടസ്ഥൻ അഥവാ അക്ഷരപുരുഷൻ. സർവവ്യാപിയായ ശുദ്ധബോധത്തിന്റെ ഒരു ഭാഗം ശരീരത്തിലൊതുങ്ങിയതുപോലെ വേർതിരിയുമെന്നു തീർച്ചയാണല്ലോ. കുടത്തിനുള്ളിൽ ഒതുങ്ങി വേർതിരിയുന്നപോലെ തോന്നുന്ന ആകാശംപോലെ. ഇവിടെ കുടത്തിനിരിപ്പിടം നൽകിയതും അതിനുള്ളിൽ ഒതുങ്ങിയപോലെ വേർതിരിയുന്നതും ഒരേ ആകാശം തന്നെയെന്നറിയാൻ പ്രയാസമില്ല. അതുപോലെ സൂക്ഷ്മസ്ഥൂല ശരീരങ്ങളിൽ വേർതിരിയുന്ന ശുദ്ധബോധാംശമാണ് കൂടസ്ഥൻ. കുടത്തിൽ ഒതുങ്ങി നിൽക്കുമ്പോഴും കുടത്തിലെ ആകാശത്തിനു ഒരു കേടും സംഭവിക്കുന്നില്ല. അതുപോലെ ശരീരത്തിൽ ഒതുങ്ങിയപോലെ തോന്നുന്നുണ്ടെങ്കിലും ശുദ്ധബോധത്തിന്റെ അഖണ്ഡതക്ക് ഒരു കേടും സംഭവിക്കുന്നില്ല. അതുകൊണ്ടാണു അക്ഷരപുരുഷൻ എന്നു കൂടസ്ഥനെ വിളിച്ചിരിക്കുന്നത്. 'അക്ഷര' പദത്തിനു നാശമില്ലാത്തത് എന്നാണർഥം. മായാരൂപമായ ശരീരത്തിനുള്ളിൽ നിർവികാരനായി സ്ഥിതി ചെയ്യുന്നതുകൊണ്ടാണു കൂടസ്ഥൻ എന്നു വിളിച്ചിരിക്കുന്നത്. കൂടംപോലെ നിർവികാരനായിരിക്കുന്നവൻ കൂടസ്ഥൻ എന്നു ശബ്ദാർഥം. അല്ലെങ്കിൽ കൂടമായ, മായാരൂപമായ ശരീരത്തിൽ സ്ഥിതി ചെയ്യുന്നവൻ എന്നും അർഥം പറയാം. 'കൂട' പദത്തിനു മായ, വഞ്ചന, കുടിലത എന്നൊക്കെ അർഥമുണ്ട്. വ്യക്തിശരീരത്തിലോ പ്രപഞ്ചശരീരത്തിലോ ഇങ്ങനെ ഒതുങ്ങിപ്പോകുന്ന ബ്രഹ്മാംശമാണു കൂടസ്ഥൻ. ബ്രഹ്മത്തിന്റെ ഒരംശത്തിൽ മാത്രമാണു പ്രപഞ്ചം പ്രതിഭാസിക്കുന്നതെന്നു ഭഗവാൻ തന്നെ പത്താമധ്യായത്തിലെ നാൽപ്പത്തിരണ്ടാം ശ്ലോകത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ.

ഇനി പ്രപഞ്ചാതീതനായി പ്രപഞ്ചാനുഭവരഹിതനായി വിളങ്ങുന്ന ഉത്തമപുരുഷനെയാണു വിവരിക്കുന്നത്:

*17. ഉത്തമഃ പുരുഷസ്ത്വന്യഃ പരമാത്മേത്യുദാഹൃതഃ*
*യോ ലോകത്രയമാവിശ്യ ബിഭർത്ത്യവ്യയ ഈശ്വരഃ*

യഃ - ഏതൊരു പുരുഷനാണോ; ഈശ്വരഃ - ഈശ്വരരൂപനായി; ആവശ്യ - അകവും പുറവും വ്യാപിച്ചുനിന്നുകൊണ്ട്; ലോകത്രയം - മൂന്നു ലോകത്തെയും; ബിഭർത്തി - ധരിച്ചു വിളങ്ങുന്നത്; അവ്യയഃ ഉത്തമഃ പുരുഷഃ - ഒരിക്കലും ഒരു കേടും സംഭവിക്കാത്ത ആ ഉത്തമപുരുഷൻ; അന്യഃ - ക്ഷരാ

digitized by www.sreyas.in

ക്ഷര പുരുഷന്മാരിൽ നിന്നു ഭിന്നനാണ്; പരമാത്മാ ഇതി ഉദാഹൃതം - സത്യദർശികൾ ഉത്തമപുരുഷനെ പരമാത്മാവ് എന്നു വിളിക്കുന്നു.

ഏതൊരു പുരുഷനാണോ ഈശ്വരരൂപനായി അകവും പുറവും വ്യാപിച്ചുനിന്നുകൊണ്ടു മൂന്നു ലോകത്തെയും ധരിച്ചു വിളങ്ങുന്നത് ഒരിക്കലും ഒരു കേടും സംഭവിക്കാത്ത ഒരു ഉത്തമപുരുഷൻ ക്ഷരാക്ഷരപുരുഷന്മാരിൽ നിന്നു ഭിന്നനാണ്. സത്യദർശികൾ ഉത്തമപുരുഷനെ പരമാത്മാവ് എന്നു വിളിക്കുന്നു.

## *ഉത്തമഃ പുരുഷസ്ത്വന്യഃ*

ക്ഷരപുരുഷനിലും അക്ഷരപുരുഷനിലും നിന്നു ഭിന്നനാണ് ഉത്തമപുരുഷൻ. ക്ഷരപുരുഷൻ സംസാരബദ്ധനാണ്, ദേഹവും ജഗത്തും ക്ഷരപുരുഷന്റെ അനുഭവങ്ങളാണ്. ദേഹത്തിൽ ഒതുങ്ങുന്നവനാണെങ്കിലും അക്ഷര പുരുഷനു ദേഹമോ ജഗത്തോ അനുഭവവിഷയമാകുന്നില്ല. യോഗിമാർ തുരീയാവസ്ഥയിൽ സാക്ഷാൽക്കരിക്കുന്ന ശുദ്ധബോധമാണ് അക്ഷരപുരുഷൻ. ദേഹത്തിൽ ഒതുങ്ങിയപോലെ വേർതിരിയുന്നു എന്ന സ്ഥിതിവിശേഷമാണ് അക്ഷരപുരുഷനെ ഉത്തമപുരുഷനിൽ നിന്ന് വേർതിരിക്കുന്നത്. യാതൊരുവിധമായ അതിരുകളുടെയും തോന്നൽപോലുമില്ലാതെ ജഗത്തിൽ അകവും പുറവും നിറഞ്ഞ് അതിനുപരി പ്രപഞ്ചാതീതമായും അനന്തമായി വർത്തിക്കുന്ന അഖണ്ഡബോധമാണ് ഉത്തമപുരുഷൻ അഥവാ പരമാത്മാവ്. തുരീയസ്ഥിതിയിൽ സാക്ഷാൽക്കരിക്കപ്പെടുന്ന അക്ഷരപുരുഷനിൽ പ്രപഞ്ചാനുഭവം പൂർണമായി അസ്തമിക്കുന്നു. തുരീയാനുഭവത്തിൽ പ്രപഞ്ചം പൂർണമായി ഉപശമിക്കുന്നു എന്നു മാണ്ഡൂക്യോപനിഷത്തു പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. തുരീയാനുഭവം കഴിഞ്ഞുണ്ടാകുന്ന സർവം ബ്രഹ്മമയം എന്ന അനുഭവമാണ് പരമാത്മാനുഭവം. സർവത്ര സമദർശനമാണു സത്യാനുഭവത്തിന്റെ പൂർണതയെന്നു നാം മുമ്പു പലയിടത്തും വിവരിച്ചിട്ടുണ്ടല്ലോ. ദേഹവും ഇന്ദ്രിയങ്ങളും ഒക്കെ ഉണർന്നിരിക്കുമ്പോഴും പ്രപഞ്ചമില്ല, ബ്രഹ്മമേയുള്ളു എന്നാർക്കനുഭവിക്കാൻ കഴിയുന്നുവോ ആ സത്യദർശിയാണു സ്വയം ബ്രഹ്മമായിത്തീർന്ന് ഉത്തമപുരുഷാനുഭവം നേടിയയാൾ. ശരീരത്തിന്റെ ജാഗ്രത്സ്വപ്നസുഷുപ്തികളുമായി ബന്ധപ്പെടുത്തി സമാധിദശയിൽ അനുഭവിക്കുന്ന നിർവികൽപ്പബോധസാക്ഷാൽക്കാരമാണു തുരീയാനുഭവം. ജാഗ്രത്സ്വപ്നസുഷുപ്തികളില്ല, സമാധിയുമില്ല, സർവത്ര സദാ ആനന്ദഘനവും അഖണ്ഡവുമായ ബ്രഹ്മം മാത്രം

digitized by www.sreyas.in

സ്വയം പ്രകാശിച്ചു വിളങ്ങുന്നതായി അനുഭവിക്കാൻ കഴിഞ്ഞാൽ അതാണുത്തമപുരുഷാനുഭവം. ചിത്തം ബ്രഹ്മത്തെയല്ലാതെ മറ്റെന്തിനെയെങ്കിലും ദർശിക്കുന്നിടത്താണു സമാധി ആവശ്യമായിത്തീരുന്നത്. ചിത്തം സ്വയം ബ്രഹ്മാകാരമായി പ്രകാശിക്കുന്നിടത്തു പിന്നെ ധ്യാനമോ സമാധിയോ ഒന്നും ആവശ്യമില്ല. പ്രൗഢാനുഭൂതിരൂപത്തിലുള്ള ഈ സമദർശനത്തെ ഭഗവാൻ സർവത്ര ഗീതയിൽ പ്രകീർത്തിച്ചിട്ടുള്ളതായി കാണ്മാനുണ്ട്. ചുരുക്കത്തിൽ ദേഹബന്ധമുള്ള ജീവനാണു ക്ഷരപുരുഷൻ, മായാമറകൊണ്ടു മൂടിപ്പോയതുപോലെ വേർതിരിയുന്ന ശുദ്ധബോധാംശമാണ് അക്ഷരപുരുഷൻ, മായാമറ പൂർണമായും ഒഴിഞ്ഞുമാറിയ അനന്തബോധമാണ് ഉത്തമപുരുഷൻ.

മായാമറ പൂർണമായി ഒഴിഞ്ഞുമാറിയ പരമാത്മാവിനെ എന്തുകൊണ്ടുത്തമപുരുഷൻ എന്നു വിളിച്ചിരിക്കുന്നു? ഈ ചോദ്യത്തിനുത്തരമാണു ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്:

*18 യസ്മാത് ക്ഷരമതീതോഽഹമക്ഷരാദപി ചോത്തമഃ*
*അതോഽസ്മി ലോകേ വേദേ ച പ്രഥിതഃ പുരുഷോത്തമഃ*

യസ്മാത് - നശിക്കാത്തവൻ എന്ന ഏതൊരു ഹേതുവാൽ; അഹം - പരമാത്മാവായ ഞാൻ; ക്ഷരം അതീതഃ - ക്ഷരപുരുഷനെ കടന്നു നിൽക്കുന്നുവോ; അക്ഷരാത് അപി ച - അക്ഷരപുരുഷനിൽ നിന്ന്; ഉത്തമഃ - മായാമറ പൂർണമായി നീങ്ങിയവൻ എന്ന ഏതൊരു ഹേതുവാൽ ഉത്തമനായി വർത്തിക്കുന്നുവോ; അതഃ - ആ ഹേതുവാൽ; ലോകേ വേദേ ച - ലോകത്തിലും വേദത്തിലും; പുരുഷോത്തമഃ പ്രഥിതഃ അസ്മി - പുരുഷോത്തമൻ എന്നു ഞാൻ പ്രസിദ്ധനായിത്തീർന്നിരിക്കുന്നു.

നശിക്കാത്തവൻ എന്ന ഏതൊരു ഹേതുവാൽ പരമാത്മാവായ ഞാൻ ക്ഷരപുരുഷനെ കടന്നു നിൽക്കുന്നുവോ അക്ഷരപുരുഷനിൽ നിന്നു മായാമറ പൂർണമായി നീങ്ങിയവൻ എന്ന ഏതൊരു ഹേതുവാൽ ഉത്തമനായി വർത്തിക്കുന്നുവോ ആ ഹേതുവാൽ ലോകത്തിലും വേദത്തിലും പുരുഷോത്തമൻ എന്നു ഞാൻ പ്രസിദ്ധനായിത്തീർന്നിരിക്കുന്നു.

## *പ്രഥിതഃ പുരുഷോത്തമഃ*

അവ്യയനായ പരമാത്മാവ് നാശമില്ലാത്തവനായതുകൊണ്ടു ക്ഷരപുരുഷനായ ജീവനെ കടന്നു നിൽക്കുന്നു. ഉത്തമപുരുഷനായ പരമാത്മാവു മാത്രമല്ല, അക്ഷരപുരുഷനും നാശമില്ലാത്തവനാണല്ലോ? വാസ്തവത്തിൽ

digitized by www.sreyas.in

അക്ഷരപുരുഷനും ഉത്തമപുരുഷനും ഒന്നുതന്നെയാണ്. ഘടാകാശവും മഹാകാശവും വാസ്തവത്തിൽ ഒന്നുതന്നെയല്ലേ? എങ്കിലും ഘടത്തിലൊതുങ്ങിയപോലെ കാണപ്പെടുന്നു എന്ന വെറും താൽക്കാലികമായ ഒരു പരിമിതി ഘടാകാശത്തിനുണ്ട്. താൽക്കാലികമായ ആ പരിമിതിപോലും ഇല്ലാത്തതുകൊണ്ട് ഘടാകാശത്തേക്കാൾ ശ്രേഷ്ഠമാണു മഹാകാശമെന്നു പറയാം. ഈ വ്യത്യാസമാണ് അക്ഷരപുരുഷനും ഉത്തമപുരുഷനും തമ്മിലുള്ളത്. മായാനിർമിതമായ ദേഹത്തിൽ ഒതുങ്ങിയപോലെ തൽക്കാലം അനുഭവപ്പെടുന്ന അക്ഷരപുരുഷനും ഉത്തമപുരുഷനും വാസ്തവത്തിൽ ഒന്നുതന്നെ. എങ്കിലും ദേഹത്തിൽ ഒതുങ്ങിയപോലെ കാണപ്പെടുന്നു എന്ന താൽക്കാലിക പരിമിതിപോലും ഇല്ലാത്ത പരമാത്മാവ് അക്ഷരപുരുഷനേക്കാൾ ശ്രേഷ്ഠനാണെന്നു പറയാം. പൂർണമായ സത്യാനുഭവത്തിനു വഴിതെളിക്കാനുള്ള വ്യാവഹാരിക വിഭാഗങ്ങളാണിവയെല്ലാം എന്നോർത്തിരിക്കേണ്ടതാണ്. കയറിൽ സർപ്പമില്ലെന്നറിഞ്ഞയാൾ കയറിലെ സർപ്പാകൃതിയിൽപ്പോലും കയറിനെത്തന്നെ കാണുന്നു. അതുപോലെ മായാമറ പൂർണമായി നീങ്ങുന്നതോടെ തന്നിലും അന്യനിലും ജഗത്തിലും ഒരു പരിമിതിയുമില്ലാത്ത പരമാത്മാവു സ്വയം പ്രകാശിക്കാനിടവരുന്നു. ഇതാണുത്തമപുരുഷാനുഭവം. ഇതാണ് സത്യാനുഭവം. ഇതാണു കൈവല്യം, അദ്വയമായി അനന്തമായി സ്വയം പ്രകാശിച്ചു നിൽക്കുന്ന ഈ അഖണ്ഡബോധസ്ഥിതിയാണ് ഉത്തമപുരുഷാവസ്ഥ. സത്യദർശികളുടെ അഖണ്ഡാനുഭവത്തിലൂടെ ലോകത്തിലും വേദത്തിലും ഈ ഉത്തമപുരുഷസ്ഥിതി പ്രസിദ്ധമായിത്തീർന്നിട്ടുണ്ട്.

പുരുഷോത്തമസ്ഥിതി അറിയുന്നയാളിന്റെ അറിവെങ്ങനെയുള്ളതാണ്? ഭജനമെങ്ങനെയുള്ളതാണ്? ഇക്കാര്യങ്ങളാണു ഭഗവാൻ അടുത്ത പദ്യത്തിൽ പ്രതിപാദിക്കുന്നത്:

*19. യോ മാമേവമസംമൂഢോ ജാനാതി പുരുഷോത്തമം*
*സ സർവവിദ് ഭജതി മാം സർവഭാവേന ഭാരത*

ഭാരത - അല്ലയോ അർജുനാ; അസംമൂഢഃ യഃ - ഭൗതികസുഖങ്ങളിൽ മനസ്സു മോഹിച്ചുപോകാതെ ആരാണോ; ഏവം - മേൽ വിവരിച്ച പ്രകാരമുള്ള; പുരഷോത്തമം മാം - പരമാത്മാവായി പുരുഷോത്തമനായി വിളങ്ങുന്ന എന്നെ; ജാനാതി - ബുദ്ധികൊണ്ടോ അനുഭവംകൊണ്ടോ അറിയുന്നത്; സഃ സർവവിത് - അയാൾ എല്ലാമറിയുന്നവനാണ്; സർവഭാവേന മാം ഭജതി - എല്ലാം ഭാവങ്ങളിലൂടെയും എന്നെ ഭജിക്കുന്നവനുമാണ്.

digitized by www.sreyas.in

അല്ലയോ അർജുനാ, ഭൗതികസുഖങ്ങളിൽ മനസ്സു മോഹിച്ചു പോകാതെ ആരാണോ മേൽവിവരിച്ച പ്രകാരമുള്ള പരമാത്മാവായി പുരുഷോത്തമനായി വിളങ്ങുന്ന എന്നെ ബുദ്ധികൊണ്ടോ അനുഭവംകൊണ്ടോ അറിയുന്നത് അയാൾ എല്ലാമറിയുന്നവനാണ്. എല്ലാ ഭാവങ്ങളിലൂടെയും എന്നെ ഭജിക്കുന്നവനുമാണ്.

## സ സർവവിത്

പുരുഷോത്തമനെ അറിയുന്നയാൾ അക്ഷരപുരുഷനെയും ക്ഷരപുരുഷനെയും ഒക്കെ പുരുഷോത്തമൻതന്നെ എന്നറിയുന്നു. അതുകൊണ്ട് അയാൾ സർവജ്ഞനാണ്. ഇവിടെ വസ്തു ഒന്നേയുള്ളു; ആ വസ്തുവിനെ അറിയുന്നുമുണ്ട്. പിന്നെ സർവജ്ഞത്വത്തിന് എന്താണു ഹാനി? വിചാരം ചെയ്തു ബുദ്ധികൊണ്ടു പുരുഷോത്തമനെന്നറിയാം. അതാണു പരോക്ഷജ്ഞാനം അഥവാ സിദ്ധാന്തപരമായ ജ്ഞാനം. തുടർന്നു ചിത്തത്തെ സമഭാവനയെന്ന യോഗം അഭ്യസിപ്പിച്ചു പുരുഷോത്തമനെ അനുഭവിച്ചറിയാം. അതാണ് അപരോക്ഷജ്ഞാനം അഥവാ ജീവന്മുക്തി. മോഹിച്ചുപോകാതെ ഒരുവന് ആദ്യം പരോക്ഷജ്ഞാനവും പിന്നെ അപരോക്ഷജ്ഞാനവും നേടാവുന്നതാണ്. അജ്ഞാനംകൊണ്ടു ചിത്തത്തിനാവരണം സംഭവിക്കുന്നതോടെ ചിത്തം ജഡരൂപം കൈക്കൊണ്ടു വിക്ഷേപം സംഭവിക്കുന്നതാണു മോഹം. ജഡരൂപങ്ങൾ സത്യമെന്നു തോന്നുന്നതാണു ചിത്തവിക്ഷേപം. തുടർന്ന് അവയുടെ പിന്നാലെ സുഖത്തിനുവേണ്ടിയുള്ള പാച്ചിലാണു മോഹം. പരോക്ഷമായെങ്കിലും പുരുഷോത്തമജ്ഞാനത്തിനുറപ്പുവന്നാൽ ഈ മോഹത്തിനു ശക്തിയും കുറയും., സർവജ്ഞത്വവും സർവഭാവേന ഭജനവും പരോക്ഷജ്ഞാനിക്കു സാധനാഭ്യാസമാണ്. സകലതും ഒന്നായി ഭാവന ചെയ്യുന്നതാണു സർവജ്ഞത്വം. എല്ലാ കർമങ്ങളും ബ്രഹ്മയജ്ഞമായി അനുഷ്ഠിക്കുന്നതാണു സർവഭാവേനയുള്ള ഭജനം. അപരോക്ഷജ്ഞാനിയായ ജീവമുക്തനെ സംബന്ധിച്ചിടത്തോളം സർവജ്ഞത്വവും സർവഭാവേന ഭജനവും തികഞ്ഞ അനുഭവമാണ്. അഭ്യാസവേളയിൽ മാനസികമായ യത്നം ആവശ്യമാണ്. അനുഭവമാകട്ടെ യത്നമാവശ്യമില്ലാത്ത സ്വഭാവമാണ്.

ഇതിനപ്പുറം പരമമായ ശാസ്ത്രതത്വമില്ലെന്നു വെളിപ്പെടുത്തിക്കൊണ്ടു ഭഗവാൻ അധ്യായം ഉപസംഹരിക്കുകയാണ് ഇരുപതാം ശ്ലോകത്തിൽ:

digitized by www.sreyas.in

*20. ഇതി ഗുഹ്യതമം ശാസ്ത്രമിദമുക്തം മയാനഘ*
*ഏതദ് ബുദ്ധ്വാ ബുദ്ധിമാൻ സ്യാത് കൃതകൃത്യശ്ച ഭാരത*

അനഘ - ശുദ്ധബുദ്ധിയായ അല്ലയോ അർജുനാ; ഇതി ഉക്തം ഇദം - ഇപ്രകാരം എന്നാൽ വിവരിക്കപ്പെട്ട ഈ ഉത്തമപുരുഷസ്വരൂപം; ഗുഹ്യതമം ശാസ്ത്രം - നിലനിൽപ്പിന്റെ പരീക്ഷിച്ചുറപ്പിക്കപ്പെടാവുന്ന അനിഷേധ്യമായ സത്യമാണ്; ഭാരത - അർജുനാ; ഏതത് ബുദ്ധ്വാ - ഇതറിഞ്ഞനുഭവിച്ചാൽ; ബുദ്ധിമാൻ സ്യാത് - ഏതു മനുഷ്യനും അതോടെ ബുദ്ധിമാനാകും; കൃതകൃത്യഃ ച - ചെയ്യേണ്ടതു ചെയ്തുകഴിഞ്ഞു എന്ന കൃതകൃത്യഭാവവും വന്നുചേരും.

ശുദ്ധബുദ്ധിയായ അല്ലയോ അർജുനാ, ഇപ്രകാരം എന്നാൽ വിവരിക്കപ്പെട്ട ഈ ഉത്തമപുരുഷസ്വരൂപം നിലനിൽപ്പിന്റെ പരീക്ഷിച്ചുറപ്പിക്കപ്പെടാവുന്ന അനിഷേധ്യമായ സത്യമാണ്. അർജുനാ, ഇതറിഞ്ഞനുഭവിച്ചാൽ ഏതു മനുഷ്യനും അതോടെ ബുദ്ധിമാനാകും. ചെയ്യേണ്ടതു ചെയ്തുകഴിഞ്ഞു എന്ന കൃതകൃത്യഭാവവും വന്നുചേരും.

## *ബുദ്ധിമാനും കൃതകൃത്യനും*

മനുഷ്യന് ഈശ്വരൻ നൽകിയ പ്രത്യേകമായ ഒരനുഗ്രഹമാണ് ബുദ്ധി. സത്യത്തെ സത്യമായറിയുമ്പോൾ മാത്രമേ ആ ബുദ്ധി സാഫല്യമടഞ്ഞു എന്നു കരുതാൻ പറ്റൂ. അസത്യത്തെ സത്യമായി ഭ്രമിക്കുന്നിടത്തോളം ബുദ്ധി ലഭിച്ചതിന്റെ പ്രയോജനമുണ്ടാകുന്നില്ലെന്നു തീർച്ചയാണ്. അതുകൊണ്ടു സത്യം അറിയുന്നയാൾ മാത്രമാണു ബുദ്ധിമാൻ. പരമാത്മാവായ ഉത്തമപുരുഷനെ കവിഞ്ഞൊരു സത്യവും അറിയാനില്ല. അപ്പോൾ ഉത്തമപുരുഷനെ അറിഞ്ഞവനാണു ബുദ്ധിമാൻ. മനുഷ്യജീവിതംകൊണ്ട് അവശ്യം നേടേണ്ടതും ഇതുതന്നെ. ഇതു നേടിയാൽ പിന്നെ ഒന്നും നേടാൻ അവശേഷിക്കുന്നില്ല. ഇനി നേടാനൊന്നുമില്ലെന്നനുഭവിക്കുന്നയാൾ ചെയ്യേണ്ടതൊക്കെ ചെയ്ത്, ഇനി ഒന്നും ചെയ്യാനില്ല എന്ന കൃതകൃത്യത അനുഭവിക്കുന്നു. അനേകകാലമായി ആവർത്തിച്ചു പരീക്ഷിച്ചുറപ്പിക്കപ്പെടുന്നതാണു പുരുഷോത്തമസത്യം. ഇനിയും ആർക്കും പരീക്ഷിച്ചുനോക്കി അറിഞ്ഞനുഭവിക്കാവുന്നതാണ്. സത്യം ഇങ്ങനെ ശാസ്ത്രീയമായി തെളിഞ്ഞിട്ടുണ്ടെങ്കിൽ അതു പരീക്ഷിച്ചു നോക്കാത്തവർ അധന്യരാണെന്നു തീർച്ചയാണല്ലോ. പരീക്ഷിച്ചറിഞ്ഞനുഭവിച്ചവരെല്ലാം ശോകവിമുക്തരായി കൃതകൃത്യത അനുഭവിച്ചു തൃപ്തിയടഞ്ഞിട്ടുമുണ്ട്. അതുകൊണ്ട് അർജുനനും ഈ സത്യം സാക്ഷാൽക്കരിച്ചു ജീവിതം ധന്യമാക്കണമെന്നാണു ഭഗവാൻ

digitized by www.sreyas.in

താൽപ്പര്യപ്പെടുന്നത്. പരീക്ഷിച്ചുറപ്പിച്ചിട്ടുള്ള പരമതത്വം കാട്ടിത്തരുന്നതാണു ഗുഹ്യതമമായ ശാസ്ത്രം. ഗീത അത്തരത്തിലുള്ള ശാസ്ത്രമാണ്.

## *അധ്യായാർഥസംക്ഷേപം*

ഗുണഘടനയും ഗുണങ്ങളുടെ സമ്മിളിതരൂപമായ പ്രപഞ്ചത്തിൽ ഗുണങ്ങളെ വേർതിരിച്ചറിയാനുള്ള ഉപായങ്ങളുമാണു പതിന്നാലാമധ്യായത്തിൽ വിവരിച്ചത്. ഗുണാതീതസ്ഥിതിയാണു ജീവിതലക്ഷ്യമെന്നു ചൂണ്ടിക്കാട്ടി. എന്നിട്ടു ഗുണാതീതമായ പുരുഷോത്തമ സ്വരൂപം വ്യക്തമായി കാട്ടിത്തരാനാണു പതിനഞ്ചാമധ്യായം ആരംഭിക്കുന്നത്. ബ്രഹ്മമെന്ന നാരായവേരിൽ പൊടിച്ചു പന്തലിച്ചു നിൽക്കുന്ന ഒരാൽവൃക്ഷം പോലെയാണ് നാനാലോകങ്ങളുൾപ്പെട്ട പ്രപഞ്ചമെന്നാണ് ഇവിടെ ആദ്യമായി വെളിപ്പെടുത്തുന്നത്. ഈ വൃക്ഷത്തിനു വേരു മുകളിലും ശാഖകൾ അടിയിലുമാണ്. പുറമേനിന്നു നോക്കുന്ന ആർക്കും പൂർണരൂപത്തിൽ അതിനെ കാണാൻ പറ്റുകയില്ല. ദൃഢമായ അസംഗശാസ്ത്രം കൊണ്ട് ഈ വൃക്ഷത്തെ വെട്ടിവീഴ്ത്തിയാൽ ജനനമരണങ്ങളില്ലാത്ത സ്വസ്വരൂപം കണ്ടെത്താൻ കഴിയും. രണ്ടെന്ന ഭാവം വെടിയുന്നവർക്കു നാശരഹിതമായ ആ സ്ഥാനത്തെത്തിച്ചേരാം. അതു സ്വയം പ്രകാശിക്കുന്ന സത്തയാണ്. മനസ്സുൾപ്പെടെ ആറിന്ദ്രിയങ്ങളെ അംഗീകരിക്കുന്ന സത്യാംശം തന്നെയാണു ജീവൻ. ജീവൻ എവിടെയും ഈ ഇന്ദ്രിയങ്ങളോടു കൂടിച്ചേർന്നു വർത്തിക്കുന്നു. എല്ലാ പ്രപഞ്ചഘടകങ്ങളും ഇത്തരം ജീവന്മാരെ ഉൾക്കൊള്ളുന്നവയാണ്. ജീവത്വം ഇന്ദ്രിയങ്ങളകലുന്നതോടെ നഷ്ടമാകുന്നതുകൊണ്ടു ജീവനെ ക്ഷരപുരുഷൻ എന്നു പറയാം. ജീവപ്രതിബിംബത്തിനാധാരമായി ദേഹങ്ങളിൽ ബിംബരൂപനായി വർത്തിക്കുന്ന പരമാത്മാംശത്തെ അക്ഷരപുരുഷനെന്നു പറയാം. ജീവനെയും അക്ഷരപുരുഷനെയും ഉൾകൊണ്ട് അദ്വയമായി എങ്ങും നിറഞ്ഞു വിലസുന്ന പരമാത്മാവിനെ ഉത്തമപുരുഷനെന്നും പറയാം. ഈ ഉത്തമപുരുഷനെ അറിയുന്നയാളാണു ബുദ്ധിമാൻ, അയാളാണു കൃതകൃത്യൻ. പുരുഷോത്തമസ്വരൂപം കാട്ടിത്തരുന്നതുകൊണ്ട് ഈ അധ്യായത്തിനു പുരുഷോത്തമയോഗമെന്നു പേർ.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ*
*പുരുഷോത്തമയോഗോ നാമ*
*പഞ്ചദശോഽധ്യായഃ*

digitized by www.sreyas.in

*അധ്യായം 16*

# ദൈവാസുരസമ്പദ്വിഭാഗയോഗം

പുരുഷോത്തമ സ്വരൂപവിചാരത്തോടെ സത്യസ്വരൂപം പൂർണമായി വിവരിക്കപ്പെട്ടു എന്നു കരുതാം. ഇനി അവശേഷിക്കുന്ന മൂന്നധ്യായങ്ങളിൽ ജീവബ്രഹ്മൈക്യാനുഭവം കൊതിക്കുന്ന ഒരാൾ അവശ്യം അറിഞ്ഞിരിക്കേണ്ട അടിസ്ഥാനതത്വങ്ങളാണ് ഭഗവാൻ വിശദമായി ചർച്ച ചെയ്യാനൊരുമ്പെടുന്നത്. പതിനാറാം അധ്യായത്തിൽ ജീവന്മാരെ മുഴുവൻ ദേവവർഗമെന്നും അസുരവർഗമെന്നും രണ്ടായി തിരിച്ചു കാണിച്ചിരിക്കുകയാണ്. രണ്ടു കൂട്ടരെയും വേർതിരിച്ചറിയാനുള്ള ലക്ഷണങ്ങളും വിശദമായി ചർച്ച ചെയ്തിരിക്കുന്നു. അതുകൊണ്ട് ഈ അധ്യായത്തിനു ദൈവാസുരസമ്പദ്വിഭാഗയോഗമെന്നു പേരും നൽകപ്പെട്ടിരിക്കുന്നു.

ദേവവർഗത്തെ വേർതിരിച്ചു കാണിക്കുന്ന അതിന്റെ സമ്പത്തുകളെന്തെല്ലാമെന്നാണ് ആദ്യത്തെ മൂന്നു ശ്ലോകങ്ങളിൽ വിവരിക്കുന്നത്:

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

1. *അഭയം സത്വസംശുദ്ധിർജ്ഞാനയോഗവ്യവസ്ഥിതിഃ*
   *ദാനം ദമശ്ച യജ്ഞശ്ച സ്വാധ്യായസ്തപ ആർജവം*

2. *അഹിംസാ സത്യമക്രോധസ്ത്യാഗഃ ശാന്തിരപൈശുനം*
   *ദയാ ഭൂതേഷ്വലോലുപ്ത്വം മാർദവം ഹ്രീരചാപലം*

3. *തേജഃ ക്ഷമാ ധൃതിഃ ശൗചമദ്രോഹോ നാതിമാനിതാ*
   *ഭവന്തി സമ്പദം ദൈവീമഭിജാതസ്യ ഭാരത*

അഭയം - ഭയമില്ലായ്മ; സത്വ സംശുദ്ധിഃ - അന്തക്കരണശുദ്ധി; ജ്ഞാന യോഗവ്യവസ്ഥിതിഃ - വസ്തു ഒന്നേയുള്ളു എന്ന അടിയുറച്ച വിശ്വാസം;

digitized by www.sreyas.in

ദാനം – അർഹരായവരുമായി സമ്പത്ത് പങ്കിടാനുള്ള മഹാമനസ്കത; ദമഃ ച – ഇന്ദ്രിയനിഗ്രഹം; യജ്ഞഃ ച – ഈശ്വരാർപ്പണമായ കർമാനുഷ്ഠാനം; സ്വാധ്യായഃ – വേദാന്തശാസ്ത്രപഠനം; തപഃ – ഏകാഗ്രതാപരിശീലനം; ആർജവം – കപടമില്ലായ്മ; അഹിംസാ – ആരോടും ദ്രോഹബുദ്ധിയില്ലായ്മ; സത്യം – സർവത്ര ഈശ്വരബുദ്ധി നിലനിറുത്തുക; അക്രോധഃ – ആരോടും കോപിക്കായ്ക; ത്യാഗഃ – എന്റേതെന്ന ഭാവമില്ലായ്ക; ശാന്തിഃ – മനസ്സിന്റെ അടക്കം; അപൈശുനം – പരദോഷം കാണായ്ക; ഭൂതേഷു ദയാ – ജീവികളോടെല്ലാം കാരുണ്യം; അലോലുപ്ത്വം – ഒന്നിലും കൊതിയില്ലായ്മ; മാർദവം – മൃദുവായ പെരുമാറ്റം; ഹ്രീഃ – അധർമാചരണത്തിൽ ലജ്ജ; അചാപലം – ഇളക്കമില്ലായ്മ; തേജഃ – മനസ്സിന്റെ ബലം; ക്ഷമാ – എന്തും സഹിക്കാനുള്ള കഴിവ്; ധൃതിഃ – ധൈര്യം; ശൗചം – ശുചിത്വം; അദ്രോഹഃ – അന്യർക്കുപദ്രവം ചെയ്യായ്ക; നാതിമാനിതാ – ദുരഭിമാനമില്ലായ്ക; ഭാരത – അല്ലയോ അർജുനാ; ദൈവീം സംപദം അഭിജാതസ്യ – ദേവവർഗത്തിൽ ജനിച്ചയാൾക്ക്, ഭവന്തി – ഇവയെല്ലാം സമ്പത്തായി ഭവിക്കുന്നു.

ഭയമില്ലായ്മ, അന്തക്കരണശുദ്ധി, വസ്തു ഒന്നേയുള്ളു എന്ന അടിയുറച്ച വിശ്വാസം, അർഹരായവരുമായി സമ്പത്തു പങ്കിടാനുള്ള മഹാമനസ്കത, ഇന്ദ്രിയനിഗ്രഹം, ഈശ്വരാർപ്പണമായ കർമാനുഷ്ഠാനം, വേദാന്തശാസ്ത്രപഠനം, ഏകാഗ്രതാപരിശീലനം, കപടമില്ലായ്മ, ആരോടും കോപിക്കായ്ക, എന്റേതെന്ന ഭാവമില്ലായ്മ, മനസ്സിന്റെ അടക്കം, പരദോഷം കാണായ്ക, ജീവികളോടെല്ലാം കാരുണ്യം, ഒന്നിലും കൊതിയില്ലായ്മ, മൃദുവായ പെരുമാറ്റം, അധർമാചരണത്തിൽ ലജ്ജ, ഇളക്കമില്ലായ്മ, മനസ്സിന്റെ ബലം, എന്തും സഹിക്കാനുള്ള കഴിവ്, ധൈര്യം, ശുചിത്വം, അന്യർക്കുപദ്രവം ചെയ്യായ്ക, ദുരഭിമാനമില്ലായ്ക, അല്ലയോ അർജുനാ ദേവവർഗത്തിൽ ജനിച്ചയാൾക്ക് ഇവയെല്ലാം സമ്പത്തായി ഭവിക്കുന്നു.

## *ദൈവീസമ്പത്ത്*

ചിത്തത്തെ ശുദ്ധീകരിച്ചു സത്യത്തോടടുപ്പിക്കുന്ന സദ്വാസനയാണു ദൈവീസമ്പത്ത്. ചിത്തത്തെ മലിനമാക്കി സത്യത്തിൽ നിന്നുമകറ്റുന്ന ദുർവാസനയാണ് ആസുരീസമ്പത്ത്. ദൈവീസമ്പത്ത് വിദ്യാസമ്പത്താണ്. ആസുരീസമ്പത്ത് അവിദ്യാസമ്പത്തും. ദൈവീസമ്പത്താണ് ധർമം. ആസുരീസമ്പത്താണ് അധർമം. ദൈവീസമ്പത്ത് പ്രകാശവും മറ്റേതിരുട്ടുമാണ്. ബ്രഹ്മശക്തിയായ മായയുടെ വിപരീതഗതികളായ മാർഗങ്ങളിലെ സമ്പത്തുകളാണിവ. സദ്വാസനയും ദുർവാസനയും എല്ലാ ജീവികളുടെ ഉള്ളിലും ഉള്ളവ



digitized by www.sreyas.in

യാണ്. ആര് ഏതിനെ വളർത്തുന്നു എന്നതിനെ ആശ്രയിച്ചാണ് അവന്റെ വർഗം വേർതിരിയുന്നത്. ശാസ്ത്രപഠനംകൊണ്ടും പൗരുഷംകൊണ്ടും വളർത്തേണ്ടതാണ് ദൈവീസമ്പത്ത്. ശാസ്ത്രപഠനവും പൗരുഷവും ഇല്ലാതെ വരുമ്പോൾ സ്വാഭാവികമായി വന്നുചേരുന്ന ഇരുട്ടാണ് ആസുരീ സമ്പത്ത്. അഭയം തുടങ്ങി ഇരുപത്താറെണ്ണമാണു ഭഗവൻ ഇവിടെ ദൈവീ സമ്പത്തായി ഗണിച്ചിരിക്കുന്നത്. ഇവയിൽ പലതിന്റെയും ഭേദം അൽപ്പമാത്രമാണ്. ബ്രഹ്മം മാത്രമാണു സത്യം. മറ്റൊക്കെ അസത്യമാണ്. അതുകൊണ്ട് ഇവിടെ ആത്യന്തികമായി ഒന്നിനും ഒരു കേടും വരാനില്ല എന്ന ഉറപ്പാണു ഭയമില്ലായ്മ. വസ്തു ഒന്നേയുള്ളു എന്ന ജ്ഞാനയോഗവ്യവസ്ഥിതിയാണു ഭയമില്ലായ്മക്കു ഹേതു. സത്വശുദ്ധി അഥവാ അന്തക്കരണശുദ്ധികൊണ്ടുവേണം ഇതു രണ്ടും കരസ്ഥമാക്കാൻ. ധനത്തിൽ തന്റേതെന്ന മമതയില്ലാത്തയാൾ അർഹതയുള്ള ആരുമായും അതു പങ്കിടാൻ എപ്പോഴും തയ്യാറായിരിക്കും. അതാണു ദാനം. ഇന്ദ്രിയനിഗ്രഹവും യജ്ഞരൂപേണയുള്ള കർമാനുഷ്ഠാനവും ഗീതയിലുടനീളം വിശദമായി ചർച്ചചെയ്തിട്ടുള്ള കാര്യങ്ങളാണ്. സത്സംഗവും ഗുരുശുശ്രൂഷയും കൊണ്ടു സാധിക്കേണ്ടതാണു ശാസ്ത്രപഠനം. ധ്യാനാഭ്യാസവും നിരന്തരമായ ഈശ്വരബുദ്ധി അഭ്യസിക്കലുമാണ് തപസ്സ്. വെറും ശാരീരികമായ ഹിംസാത്യാഗം മാത്രമല്ല അഹിംസ, അതു പൂർണമായി ഈ ലോകത്ത് ആർക്കും നടപ്പാക്കാൻ പറ്റുകയുമില്ല. ആരോടും ദ്രോഹബുദ്ധിയില്ലായ്മയാണ് അഹിംസ. യുദ്ധത്തിൽപ്പോലും ദ്രോഹബുദ്ധിയില്ലാതെ സ്വധർമമനുഷ്ഠിക്കാനല്ലേ ഭഗവാൻ അർജുനനോടാവശ്യപ്പെടുന്നത്. ഈശ്വരൻ സർവത്ര നിറഞ്ഞിരിക്കുന്നു എന്ന ഈശ്വരബുദ്ധിയാണ് സത്യം. ഈ ഈശ്വരബുദ്ധിയുണ്ടെങ്കിൽ ലൗകികമായ സത്യം എവിടെയാണു വേണ്ടത് എവിടെയാണു വേണ്ടാത്തത് എന്നു നിശ്ചയിക്കാൻ പ്രായസമുണ്ടാവില്ല. ഭഗവാൻതന്നെ ധർമപുത്രരെക്കൊണ്ട് അസത്യം പറയിച്ചു എന്നാണല്ലോ പ്രസിദ്ധി. കോപത്തെ നരകത്തിന്റെ ഒരു വാതിലായി ഭഗവാൻതന്നെ ചിത്രീകരിച്ചിട്ടുണ്ട്. ക്രോധമില്ലായ്മ അതുകൊണ്ടുതന്നെ മോക്ഷത്തിന്റെ വാതിലാണെന്നോർക്കണം. ഇവിടെ എന്റേതായൊന്നുമില്ല. എല്ലാം ഭഗവാന്റേത് എന്ന അറിവാണു ഏറ്റവും വലിയ ത്യാഗം. മനസ്സിനെ ഏതു പരിതസ്ഥിതിയിലും ഈശ്വരനിഷ്ഠമാക്കി ശാന്തമാക്കി നിറുത്തുന്നതാണു ശാന്തി. സത്യാനുഭവത്തെ ബലമായി തടയുന്ന ദുർവാസനയാണ് പരദോഷദർശനം. എല്ലാം ഈശ്വരമയമായി അനുഭവിക്കാൻ കൊതിക്കുന്നയാൾ ഒരിക്കലും ഇതിനു വഴങ്ങുകയില്ല. പരദോഷദർശനം ഒഴിവാക്കുന്നതാണ് അപൈശുനം. എല്ലാ ജീവികളിലും ജീവഭാവേന ഈശ്വരൻ വസി

digitized by www.sreyas.in

ക്കുന്നു. 'അതുകൊണ്ടു ജീവികളോടു കാരുണ്യം സദാ വളർത്തേണ്ടതാണ്. കാരുണ്യം ശക്തമാകുന്നിടത്ത് വന്യമൃഗങ്ങൾപോലും വൈരം വെടിഞ്ഞു കഴിയുമെന്നാണ് പ്രസിദ്ധി. 'കാമതൃഷ്ണയാണ് ലോലുപത. അതുപേക്ഷിക്കാതെ സത്യത്തെ സമീപിക്കാനേ പറ്റുകില്ല. ലോലുപത ഒഴിവാക്കുകയാണ് അലോലുപ്ത്വം. മൃദുഭാവം അഭ്യസിക്കുന്നയാൾ സകലരുടെയും സുഹൃത്തായിത്തീരുന്നു. മൃദുഭാവമാണു മാർദവം. അധർമാചരണത്തിൽ ലജ്ജയുള്ളയാൾക്ക് അതിൽനിന്നു പിൻതിരിയാൻ കഴിയും. ചെറിയ ചെറിയ കാര്യങ്ങളിൽ മനസ്സ് ചലിച്ചിളകുന്നതാണ് ചപലത. അതില്ലാത്ത സ്ഥിതിയാണ് അചാപലം. ഏതു ജീവിതപ്രശ്നവും സമചിത്തതയോടെ നേരിടാനുള്ള മനസ്സിന്റെ കഴിവാണ് തേജസ്സ്. ക്ഷമ, ധൈര്യം, ശുചിത്വം, അന്യനെ ദ്രോഹിക്കാതിരിക്കുക ഇവ പ്രസിദ്ധങ്ങളായ സന്മാർഗനിഷ്ഠകളാണല്ലോ. താൻ മറ്റുള്ളവരെക്കാൾ പൂജ്യനാണെന്നുള്ള ദുരഭിമാനമാണ് അതിമാനിത. അതില്ലാതിരിക്കലാണു നാതിമാനിത. സത്സംഗവും ശാസ്ത്രപരിചയവും പൗരുഷവുംകൊണ്ട് ഒരു സത്യാന്വേഷി ഈ ദൈവീസമ്പത്തു നിരന്തരം വളർത്താൻ യത്നിക്കേണ്ടതാണ്. മറ്റു മതങ്ങളും തത്വചിന്തകളും സന്മാർഗനിഷ്ഠ അഥവാ സദാചാരം എന്നു വിവരിക്കുന്നവതന്നെയാണ് ഈ ദൈവീസമ്പത്ത്.

ദൈവീസമ്പത്ത് ഇങ്ങനെ പരിഗണിച്ചശേഷം ഭഗവാൻ ആസുരീസമ്പത്ത് ഏതൊക്കെയെന്ന് പരിഗണിക്കുകയാണ് അടുത്ത ശ്ലോകത്തിൽ:

4. *ദംഭോ ദർപ്പോഽതിമാനശ്ച ക്രോധഃ പാരുഷ്യമേവ ച*
*അജ്ഞാനം ചാഭിജാതസ്യ പാർഥ സമ്പദമാസുരീം*

ദംഭഃ - താൻ വലിയ ധർമരക്ഷകനാണെന്നുള്ള ഭാവം; ദർപ്പഃ - കുലം, ധനം, സ്ഥാനമാനങ്ങൾ ഇവയെച്ചൊല്ലിയുള്ള അഭിമാനം; അതിമാനഃ - തന്നെക്കവിഞ്ഞു പൂജ്യനില്ലെന്നുള്ള ദുരഭിമാനം; ക്രോധഃ - എന്തിലും കോപിക്കുന്ന സ്വഭാവം; പാരുഷ്യം ഏവ ച - പെരുമാറ്റത്തിൽ സദാ പുരുഷത; അജ്ഞാനം ച - സത്യബോധമില്ലായ്മ ഇവയൊക്കെയാണ്; പാർഥ - അല്ലയോ കുന്തീപുത്രാ; ആസുരീം സംപദം അഭിജാതസ്യ - ആസുരവർഗത്തിൽ ജനിച്ചവന്റെ സമ്പത്തുകൾ.

താൻ വലിയ ധർമരക്ഷകനാണെന്നുള്ള ഭാവം, കുലം, ധനം, സ്ഥാനമാനങ്ങൾ ഇവയെച്ചൊല്ലിയുള്ള അഭിമാനം, തന്നെക്കവിഞ്ഞു പൂജ്യനില്ലെന്നുള്ള ദുരഭിമാനം, എന്തിലും കോപിക്കുന്ന സ്വഭാവം, പെരുമാറ്റത്തിൽ സദാ പരുഷത, സത്യബോധമില്ലായ്മ ഇവയൊക്കെയാണ്, അല്ലയോ

digitized by www.sreyas.in

കുന്തീപുത്രാ ആസുരവർഗത്തിൽ ജനിച്ചവന്റെ സമ്പത്തുകൾ.

## *ആസുരീസമ്പത്ത്*

അവിദ്യയുടെ, ഇരുട്ടിന്റെ മാർഗമാണ് ആസുരമാർഗം. സത്യത്തിൽ നിന്നുള്ള നിരന്തരമായ അകൽച്ചയാണിത്. ദൈവീസമ്പത്തിനു നേരേ വിപരീതവും. അന്തിമമായി ധർമരക്ഷ നടത്തുന്നതു ഭഗവാനാണ്. ആ ഭഗവാനെ അറിയാതെ എന്നെക്കവിഞ്ഞൊരു ധർമരക്ഷകനില്ല എന്നു കരുതുന്നതാണു ദംഭം. വെറും ജഡദേഹത്തെ ആസ്പദമാക്കി കുലധനാദിയിൽ അഭിമാനം കൊള്ളുന്നതാണു ദർപ്പം. തന്നെ സകലരും പൂജിക്കണമെന്ന ചിന്തയാണ് അതിമാനിത. നാതിമാനിതക്കു നേരേ വിപരീതം. ക്രോധം അക്രോധത്തിനു വിപരീതം. പാരുഷ്യം മാർദവത്തിനു വിപരീതം. സർവോപരി ഇതിനെല്ലാം പ്രചോദകമായി നിൽക്കുന്ന അജ്ഞാനം. വസ്തുബോധമില്ലായ്മയാണ് അജ്ഞാനം. ആത്മാവിനെ അറിയാത്തവർ ജഡമാണു സത്യമെന്നു ഭ്രമിക്കുന്നു. ആസുരസമ്പത്തിന്റെ കാതലായ ഭാഗം ഈ അജ്ഞാനമാണ്. അജ്ഞാനത്തെ തുടർന്നു ജഡവിഷയങ്ങളുടെ പിന്നാലെ പായുന്ന ഒരുവനു ദംഭാദിദോഷങ്ങൾ വന്നുചേരുക സ്വാഭാവികമാണല്ലോ. ഈ ദുർവാസനകളെ സത്സംഗവും പൗരുഷവുംകൊണ്ടു ജയിച്ചു സദ്വാസനകളെ വളർത്താത്തവർക്കു പതനം നിശ്ചയമാണ്.

ദൈവാസുരസമ്പത്തുക്കളെ പരിഗണിച്ചശേഷം ജീവിതത്തിൽ ഇവ നിർവഹിക്കുന്ന പങ്കെന്താണെന്നും അർജുനൻ ഈ രണ്ടിലേതിൽപ്പെടുന്നു എന്നുമാണു ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്:

5. *ദൈവീ സംപദ്വിമോക്ഷായ നിബന്ധായാസുരീ മതാ*
*മാ ശുചഃ സംപദം ദൈവീമഭിജാതോഽസി ഭാരത*

ദൈവീസമ്പത്ത് - സദ്വാസനാരൂപമായ ദൈവീസമ്പത്ത്, വിമോക്ഷായ - മോക്ഷം നേടിത്തരുന്നതും; ആസുരീ - ദുർവാസനാരൂപമായ ആസുരീ സമ്പത്ത്; നിബന്ധായ - സംസാരബന്ധം ശക്തിപ്പെടുത്തുന്നതും ആയി; മതാ - ഗണിക്കപ്പെടുന്നു; ഭാരത - അല്ലയോ അർജുനാ; മാ ശുചഃ - നീ അശേഷം ക്ലേശിക്കരുത്; ദൈവീം സംപദ അഭിജാതഃ അസി - മോക്ഷകാരണമായ ദൈവീ സമ്പത്തുമായി ജനിച്ചിരിക്കുന്നവനാണു നീ.

സദ്വാസനാരൂപമായ ദൈവീസമ്പത്ത് മോക്ഷം നേടിത്തരുന്നതും ദുർവാസനാരൂപമായ ആസുരീസമ്പത്ത് സംസാരബന്ധം ശക്തിപ്പെടുത്തുന്നതുമായി ഗണിക്കപ്പെടുന്നു. അല്ലയോ അർജുനാ, നീ അശേഷം

digitized by www.sreyas.in

ക്ലേശിക്കരുത്. മോക്ഷകാരണമായ ദൈവീസമ്പത്തുമായി ജനിച്ചിരിക്കുന്നവനാണ് നീ.

## *സംപദം ദൈവീമഭിജാതോഽസി*

അർജുനൻ ദൈവീസമ്പന്നനാണെന്നും അതുകൊണ്ടു മോക്ഷാർഹനാണെന്നുമാണു ഭഗവാൻ വ്യക്തമാക്കിയിരിക്കുന്നത്. അർജുനൻ ദൈവീസമ്പന്നനാണെന്നു പറഞ്ഞാൽ പാണ്ഡവന്മാരെല്ലാം ദൈവീസമ്പന്നന്മാരാണെന്നു താൽപ്പര്യം. പാണ്ഡവന്മാരുടെ ദൈവീസമ്പന്നത്വം ഒന്നാമധ്യായത്തിന്റെ ഭാഷ്യത്തിൽ നാം പലയിടത്തും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മഹാവീരന്മാരും നിർഭയന്മാരുമായിരുന്നിട്ടും ദൈവീസമ്പത്തുകളായ ക്ഷമ, ദമം, തപസ്സ്, സത്യം, ശാന്തി തുടങ്ങിയവയിൽ പലപ്പോഴും അവർ ഉറച്ചുനിൽക്കുന്നതായിട്ടാണു കാണുന്നത്. ഭഗവാന്റെ നിരന്തരസാഹചര്യം തന്നെ അവരുടെ ദൈവീസമ്പന്നതക്കു മറ്റൊരു തെളിവാണ്. ദൈവവർഗത്തെ കൈയ്ക്കു പിടിച്ചു ഭഗവാൻ സത്യത്തോടടുപ്പിക്കുമെന്നതിനു തെളിവാണു ഭഗവാന്റെ സാരഥ്യവും ഗീതോപദേശവും എല്ലാം. നേരേമറിച്ചു ദുര്യോധനാദികൾ ആസുരസമ്പന്നന്മാരാണ്. അതിന്റെ ഫലമായി ആദ്യമൊക്കെ ചില ഭൗതികമേന്മകളുണ്ടായെങ്കിലും അന്ത്യം ഭൗതികവും ആധ്യാത്മികവുമായ തകർച്ചയായിരുന്നു.

ജീവിതത്തിലാകെ ദൈവാസുരസമ്പത്തുക്കളുടെ വ്യാപ്തി എന്തുമാത്രമുണ്ടെന്നു വെളിപ്പെടുത്തുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

6. *ദ്വൗ ഭൂതസർഗൗ ലോകേഽസ്മിൻ ദൈവം ആസുര ഏവ ച*
*ദൈവോ വിസ്തരശഃ പ്രോക്ത ആസുരം പാർഥ മേ ശൃണു*

അസ്മിൻ ലോകേ - ഈ ലോകത്തിൽ; ദൈവ ആസുരഃ ഏവ ച - ദൈവവർഗമെന്നും ആസുരവർഗമെന്നും; ദ്വൗ ഭൂതസർഗൗ - രണ്ടുതരം ജീവസൃഷ്ടികളേ ഉള്ളൂ; പാർഥ - അല്ലയോ അർജുനാ; ദൈവഃ വിസ്തരശഃ പ്രോക്തഃ - ദേവവർഗത്തെക്കുറിച്ചു സവിസ്തരം പറഞ്ഞുകഴിഞ്ഞല്ലോ; മേ ആസുരം ശൃണു - എന്നിൽ നിന്ന് ഇനി അസുരവർഗത്തെക്കുറിച്ചു കേട്ടോളൂ.

ഈ ലോകത്തിൽ ദേവവർഗമെന്നും അസുരവർഗമെന്നും രണ്ടുതരം ജീവസൃഷ്ടികളേ ഉള്ളൂ. അല്ലയോ അർജുനാ, ദേവവർഗത്തെക്കുറിച്ചു സവിസ്തരം പറഞ്ഞുകഴിഞ്ഞല്ലോ. എന്നിൽ നിന്ന് ഇനി അസുരവർഗത്തെക്കുറിച്ചു കേട്ടോളൂ.

digitized by www.sreyas.in

*ദ്വൗ ഭൂതസർഗൗ*

മനുഷ്യരിലായാലും മറ്റു ജീവിവർഗങ്ങളിലായാലും രണ്ടിനമേയുള്ളു, ഒന്നു ദൈവവർഗവും മറ്റേത് ആസുരവർഗവും. പുരാണങ്ങളിൽ കാണുന്ന ദേവാസുരവർഗങ്ങൾ എല്ലാ ജീവജാലങ്ങളിലുമുള്ള ഈ രണ്ടിനങ്ങളുടെയും പ്രതിനിധികളാണ്. ജീവിതം എവിടെയായാലും ഈ രണ്ടു വർഗങ്ങൾ തമ്മിലുള്ള സമരമാണ്. ആ സമരം ആരംഭിക്കുന്നതു വ്യക്തിയുടെ ഉള്ളിലാണ്. ആദ്യമായി വർഗം തിരിയുന്നതും അവിടെയാണ്. വ്യക്തിയുടെ ഉള്ളിലെ സദ്വാസനകളാണു അവിടത്തെ ദേവവർഗം. ദുർവാസനകളാണ് അവിടത്തെ അസുരവർഗം. വ്യക്തിയുടെ ആന്തരജീവിതം ഇവ തമ്മിലുള്ള സമരമാണ്. ഈ സമരത്തിൽ ദുർവാസനകൾക്കു പ്രാബല്യം കിട്ടിയാൽ ആ വ്യക്തി ബാഹ്യലോകത്ത് അസുരവർഗത്തിൽ ഉൾപ്പെടുന്നു. സദ്വാസനകൾ ജയിച്ചാൽ മറിച്ചു ദേവവർഗത്തിലും. പുറമേ അസുരവർഗം ഒരു ഭാഗമായി അണിനിരക്കുന്നു, ദേവവർഗം മറുഭാഗമായും. ഇവർ തമ്മിലുള്ള സമരമാണു ലോകജീവിതം. പുരാണങ്ങളിൽ ഒരിക്കലും അവസാനിക്കാത്തതായി വിവരിക്കുന്ന ദേവാസുരസമരം ഈ സമരത്തിന്റെ പ്രതീകമാണ്. ചിലപ്പോൾ ദേവന്മാർ ജയിക്കും. മറ്റു ചിലപ്പോൾ അസുരന്മാർ. എന്നാൽ ഭഗവാൻ എപ്പോഴും ദേവപക്ഷത്തു നിൽക്കുന്നതായിട്ടാണു കാണുന്നത്. മനുഷ്യലോകത്തിലെ ദേവാസുരവർഗസമരത്തിന്റെ പ്രതീകമാണു പാണ്ഡവകൗരവസമരം. കുട്ടിക്കാലം മുതൽ തന്നെ രണ്ടായിപ്പിരിഞ്ഞ് ആരംഭിച്ചതാണു പാണ്ഡവകൗരവ സമരം. ആദ്യം മുതൽതന്നെ ഭഗവാൻ കൃഷ്ണൻ പാണ്ഡവപക്ഷത്തു നിൽക്കുന്നതായും കാണുന്നു. പാണ്ഡവന്മാരെ ഭൗതികമായും ആധ്യാത്മികമായും ഭഗവാൻ വിജയിപ്പിക്കുകയും ചെയ്തു. ഗീതയിൽ പതിനഞ്ചാമധ്യായംവരെ വിസ്തരിച്ചു പറഞ്ഞതു ദൈവീസമ്പന്നന്മാരുടെ കാര്യമാണ്. അതുകൊണ്ടാണിനി ആസുരീസമ്പന്നന്മാരുടെ കാര്യം അൽപ്പം വിസ്തരിച്ചു പറയാമെന്നു ഭഗവാൻ പ്രസ്താവിച്ചിരിക്കുന്നത്.

താൻ പറഞ്ഞപ്രകാരം ഭഗവാൻ ഇനി ആസുരീസമ്പന്നന്മാരുടെ ലക്ഷണങ്ങൾ വിവരിക്കാനൊരുമ്പെടുന്നു. അവരുടെ സാമാന്യലക്ഷണമാണ് ഏഴാം പദ്യത്തിൽ വിവരിക്കുന്നത്:

7. *പ്രവൃത്തിം ച നിവൃത്തിം ച ജനാ ന വിദുരാസുരാഃ*
*ന ശൗചം നാപി ചാചാരോ ന സത്യം തേഷു വിദ്യതേ*

digitized by www.sreyas.in

ആസുരാഃ ജനാഃ - ആസുരീസമ്പന്നന്മാരായ ആളുകൾ; പ്രവൃത്തിം ച നിവൃത്തിം ച - പ്രവൃത്തിയെന്തെന്നോ നിവൃത്തിയെന്തെന്നോ; ന വിദുഃ - അറിയുന്നതേയില്ല; തേഷു - അവരിൽ; ശൗചം ന വിദ്യതേ - മനഃശുദ്ധി കാണ്മാനുണ്ടാവില്ല; ആചാരഃ അപി ന വിദ്യതേ - സ്വഭാവശുദ്ധി കാണ്മാനുണ്ടാവില്ല; സത്യം ന വിദ്യതേ - സത്യം കാണ്മാനുണ്ടാവില്ല.

ആസുരീസമ്പന്നന്മാരായ ആളുകൾ പ്രവൃത്തിയെന്തെന്നോ നിവൃത്തിയെന്തെന്നോ അറിയുന്നതേയില്ല. അവരിൽ മനഃശുദ്ധി കാണ്മാനുണ്ടാവില്ല; സ്വഭാവശുദ്ധി കാണ്മാനുണ്ടാവില്ല; സത്യം കാണ്മാനുണ്ടാവില്ല.

## *അസുരവർഗ സാമാന്യലക്ഷണം*

പ്രവൃത്തിനിവൃത്തികളെ വേർതിരിച്ചറിയുകയാണ് മനുഷ്യജന്മം ലഭിച്ചാൽ ഒരാൾ ചെയ്യേണ്ട പ്രാഥമികകൃത്യം. കർമമയമായ ഈ ജീവിതമെന്തിന്? അവസാനം വരെ കർമബദ്ധനായിത്തന്നെ ദേഹം വെടിയണമോ? ദേഹം കർമമനുഷ്ഠിച്ചുകൊണ്ടിരുന്നാലും കർമബന്ധം പാടേ വിട്ടുമാറുന്ന ഒരനുഭവത്തിലെത്തി ശരീരം ഉപേക്ഷിക്കാൻ പറ്റുമോ? ഈ ചോദ്യങ്ങൾ സ്വയം ചോദിച്ചും സജ്ജനങ്ങളോടാരാഞ്ഞും ഉത്തരം കണ്ടുപിടിക്കലാണു പ്രവൃത്തി നിവൃത്തികളെ വേർതിരിക്കുക. ശരീരം കർമം ചെയ്യുമ്പോഴും പൂർണമായ കർമവാസനാവിമുക്തി സാധ്യമാകുന്ന ഒരനുഭവതലം കണ്ടെത്തിയതാണു വേദാന്തത്തിന്റെ മഹിമ. അവിടെ കൊണ്ടെത്തിക്കുന്ന മാർഗമാണു നിവൃത്തിമാർഗം. ഇനി പ്രവൃത്തിമാർഗത്തിൽത്തന്നെയും ഇരുട്ടിലേക്കുള്ള പതനം ഒഴിവാക്കിക്കൊണ്ടു കർമം ചെയ്യാനുള്ള ഉപായങ്ങളും നിർദേശിക്കപ്പെട്ടിട്ടുണ്ട്. ആസുരീസമ്പന്നന്മാർ ഇതൊന്നും വേർതിരിച്ചറിയാൻ കൂട്ടാക്കുന്നില്ല. അതുനിമിത്തം, അവരുടെ മനസ്സ് ദുർവാസനകളുടെ ഒരു കൂത്തരങ്ങായിരിക്കും. ആർജവമല്ല, വക്രതയായിരിക്കും ആ മനസ്സിന്റെ സ്വരൂപം. ഉള്ളിൽ ദുർവാസനകൾ ശക്തിപ്പെട്ടാൽ സ്വഭാവം അശുദ്ധമായിത്തീരുമെന്നു പറയേണ്ടതില്ലല്ലോ. ഇതുനിമിത്തം സമൂഹത്തിനുതന്നെ അവർ ആപത്തായിത്തീരും. സത്യം അവരിൽനിന്ന് ഓടിമറയും. അവർ ചിന്തിക്കുന്നതൊന്നായിരിക്കും പറയുന്നതു മറ്റൊന്നായിരിക്കും. പ്രവർത്തിക്കുന്നത് ചിന്തക്കും വാക്കിനും പൊരുത്തപ്പെടാത്ത മട്ടിലുമായിരിക്കും. മനോ - വാക് - കായ കർമങ്ങളെ പൊരുത്തപ്പെടുത്തുന്നതാണു സത്യം. ആസുരീസമ്പന്നന്മാർക്ക് അതൊരിക്കലും സാധ്യമല്ല. ഇങ്ങനെ അവർ സ്വയം പതിക്കുകയും സമൂഹത്തെ പതിപ്പിക്കുകയും ചെയ്യും.

digitized by www.sreyas.in

ആസൂരീസമ്പന്നന്മാരുടെ സാമാന്യലക്ഷണം വിവരിച്ചശേഷം ജഗത്തിന്റെ നിലനിൽപ്പിനെക്കുറിച്ചുള്ള അവരുടെ വീക്ഷണമെന്തെന്നാണ് ഇനി വിവരിക്കുന്നത്:

*8. അസത്യമപ്രതിഷ്ഠം തേ ജഗദാഹുരനീശ്വരം*
*അപരസ്പരസംഭൂതം കിമന്യത് കാമഹൈതുകം*

തേ - ആസുരീസമ്പന്നന്മാർ; - ജഗത് - ഈ പ്രപഞ്ചം; അസത്യം - സത്യമായ ഒരു വസ്തുസ്വരൂപത്തോടുകൂടിയതല്ലെന്നും; അപ്രതിഷ്ഠം - ഉറപ്പായ ഒരാശ്രയത്തോടു കൂടിയതല്ലെന്നും; അനീശ്വരം - നിയമബദ്ധമാക്കി പ്രവർത്തിപ്പിക്കുന്ന ഒരു നിയന്താവോടു കൂടിയതല്ലെന്നും; അപരസ്പരസംഭൂതം - സ്ത്രീപുരുഷസംയോഗം കൊണ്ടുണ്ടാകുന്നതാണെന്നും; കാമഹൈതുകം - കാമപൂർത്തിക്കായി നിലകൊള്ളുന്നതാണെന്നും; കിം അന്യത് - മറ്റൊന്നും ഇതിൽ സാരമായില്ലെന്നും; ആഹുഃ - വാദിക്കുന്നു.

ആസൂരീസമ്പന്നന്മാർ ഈ പ്രപഞ്ചം സത്യമായ ഒരു വസ്തുസ്വരൂപത്തോടുകൂടിയതല്ലെന്നും ഉറപ്പായ ഒരാശ്രയത്തോടു കൂടിയതല്ലെന്നും നിയമബദ്ധമാക്കി പ്രവർത്തിപ്പിക്കുന്ന ഒരു നിയന്താവോടു കൂടിയതല്ലെന്നും സ്ത്രീപുരുഷസംയോഗം കൊണ്ടുണ്ടാകുന്നതാണെന്നും കാമപൂർത്തിക്കായി നിലകൊള്ളുന്നതാണെന്നും മറ്റൊന്നും ഇതിൽ സാരമായില്ലെന്നും വാദിക്കുന്നു.

## *ജഗദാഹുരനീശ്വരം*

ഭൗതികമോഹമാണല്ലോ ആസൂരീസമ്പത്തിനു വഴിതെളിക്കുന്നത്. വൈദികകാലം മുതൽ ആധുനികകാലം വരെ തുടർന്നുപോരുന്ന ആസൂരീസമ്പന്നന്മാരുടെ വാദഗതികളെയാണു ഭഗവാൻ ഇവിടെ സംഗ്രഹിച്ചിരിക്കുന്നത്. ഈ പ്രപഞ്ചം ജഡഭൗതികമാണെന്നതാണ് അവരുടെ വാദത്തിന്റെ കാതലായ അംശം. ഇതുതന്നെയാണു ഭൗതികവാദം. ഭൗതികവസ്തുക്കളുടെ ഒരു പരിണാമപ്രവാഹമാണ് പ്രപഞ്ചം. ഇതിൽ സത്യമായ വസ്തുസ്വരൂപമായി ഒന്നും അവശേഷിക്കുന്നില്ല. അതുപോകട്ടെ; ഈ ഭൗതികപ്രവാഹത്തിന് ആരംഭിക്കാനും അവസാനിക്കാനും സ്ഥിരമായ ഒരാശ്രയമുണ്ടോ? അതുമില്ല. ഈ പരിണാമപ്രവാഹം ഒന്നിനെയും സ്ഥിരമായി ആശ്രയിക്കുന്നില്ല. അതിരിക്കട്ടെ; ഇതിനെ നിയമബദ്ധമാക്കി ചലിപ്പിക്കുന്ന ഒരു നിയന്താവുണ്ടോ? അങ്ങനെ ഒരീശ്വരനും പ്രപഞ്ചത്തിലില്ല. പിന്നെ ഇതെങ്ങനെയുണ്ടായി? വെറും സ്ത്രീപുരുഷസംയോഗം കൊണ്ടുണ്ടായി. അല്ലെങ്കിൽ ഭൗതികപദാർഥങ്ങൾ ഏറ്റുമുട്ടി പുതിയ പുതിയ പരിണാമങ്ങൾക്ക്

digitized by www.sreyas.in

രൂപം നൽകുന്നതു കൊണ്ടുണ്ടായി. ഇതൊക്കെയാണു കഥയെങ്കിൽ എന്തിനാണീ പ്രപഞ്ചം ഇങ്ങനെ തുടരുന്നത്? അതിലെ ജീവികളുടെ കാമപൂരണത്തിനായി. അതിൽ കവിഞ്ഞു സാരമായ ഒരു പ്രയോജനവും ഇതുകൊണ്ടുണ്ടാവാനില്ല. ഭൗതികവാദം ഏതേത് പുതിയ രൂപം കൈക്കൊണ്ടുവന്നാലും ഈ വാദഗതികൾക്കുള്ളിൽ ഒതുങ്ങുന്നതാണ്. ഈ വാദങ്ങളുടെയെല്ലാം ബാലിശത്വം ചിന്തിക്കുന്നവർക്കെളുപ്പം ബോധ്യപ്പെടുന്നതുമാണ്. ഭൗതിക പദാർഥരൂപങ്ങൾ മാറിമാറി വരുന്നതുകൊണ്ടുതന്നെ രൂപങ്ങൾ മാറിമാറി പ്രത്യക്ഷപ്പെടാൻ അധിഷ്ഠാനമായ ഒരു വസ്തു കൂടിയേ തീരൂ എന്നറിയാൻ വലിയ ബുദ്ധിസാമർഥ്യമൊന്നും വേണ്ട. അല്ലെങ്കിൽ ഈ രൂപങ്ങൾ പ്രത്യക്ഷപ്പെട്ടു മറയുന്ന ഇടമേതാണ്? അതുപോലെ എവിടെ എങ്കിലും തുടങ്ങുകയോ ഒടുങ്ങുകയോ ചെയ്യാതെ ഒരു പ്രവാഹം എങ്ങനെ നിലനിൽക്കും? വീണ്ടും ഈ പ്രവാഹം വ്യക്തമായ ചില നിയമങ്ങളനുസരിക്കുന്നുണ്ടെങ്കിൽ ആ നിയമങ്ങൾ ഏർപ്പെടുത്തിയതാര്? അനുസരിപ്പിക്കുന്നതാര്? എല്ലാ സ്ത്രീപുരുഷസംയോഗംകൊണ്ടുണ്ടായി എന്നു പറഞ്ഞാൽ പഞ്ചഭൂതങ്ങളും സൗരയൂഥഘടകങ്ങളും ഒക്കെ അങ്ങനെയാണോ? ആണെങ്കിൽ ആ സ്ത്രീപുരുഷബന്ധത്തിന്റെ രഹസ്യമെന്ത്? കാമപൂരണമാണു ജഗത്തിന്റെ പ്രയോജനമെങ്കിൽ ആ ജഗത്തിൽനിന്ന് ആരുടെ കാമവും പൂർണമായതായി അനുഭവമില്ലല്ലോ? ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ലാത്ത ബാലിശങ്ങളായ പ്രസ്താവനകളാണ് ആസുരീസമ്പന്നന്മാരുടെ ഭൗതികവാദഗതികൾ. ഏഴാം ശ്ലോകത്തിൽ പറഞ്ഞ സാമാന്യ ലക്ഷണവും എട്ടാം ശ്ലോകത്തിലെ വാദഗതികളും ദുര്യോധനാദികളിൽ തെളിഞ്ഞുകാണാൻ കഴിയും.

ഈ സാമാന്യലക്ഷണങ്ങളെയും വാദഗതികളെയും അവലംബിച്ച് ആസുരിസമ്പന്നന്മാർ ജഗത്തിനാകെ ദുഃഖകാരികളായി ഭവിക്കുന്നു എന്നാണ് ഭഗവാനിനി വ്യക്തമാക്കുന്നത്:

9. *ഏതാം ദൃഷ്ടിമവഷ്ടഭ്യ നഷ്ടാത്മാനോഽൽപ്പബുദ്ധയഃ*
*പ്രഭവന്ത്യുഗ്രകർമാണഃ ക്ഷയായ ജഗതോഽഹിതാഃ*

ഏതാം ദൃഷ്ടിം - ഇപ്രകാരമുള്ള ലോകവീക്ഷണം; അവഷ്ടഭ്യ - തീരുമാനിച്ചുറച്ചുകൊണ്ട്; നഷ്ടാത്മാനഃ - ആത്മാവു നഷ്ടപ്പെട്ടവരായി; അൽപ്പബുദ്ധയഃ - അൽപ്പദൃശ്യങ്ങളായ ജഡങ്ങൾ സത്യമെന്നു ഭ്രമിക്കുന്നവരായി; ഉഗ്രകർമാണഃ - ക്രൂരപ്രവൃത്തികൾ ചെയ്യുന്നവരായി; അഹിതാഃ - തനിക്കും

digitized by www.sreyas.in

ലോകത്തിനും ശത്രുക്കളായി അവർ; ജഗതഃ ക്ഷയായ – ജഗത്തിനാപത്തുണ്ടാക്കുന്നതിനായി; പ്രഭവന്തി – വന്നു ജനിക്കുന്നു.

ഇപ്രകാരമുള്ള ലോകവീക്ഷണം തീരുമാനിച്ചുറച്ചുകൊണ്ട് ആത്മാവു നഷ്ടപ്പെട്ടവരായി അൽപ്പദൃശ്യങ്ങളായ ജഡങ്ങൾ സത്യമെന്നു ഭ്രമിക്കുന്നവരായി ക്രൂരപ്രവൃത്തികൾ ചെയ്യുന്നവരായി തനിക്കും ലോകത്തിനും ശത്രുക്കളായി അവർ ജഗത്തിനാപത്തുണ്ടാക്കുന്നതിനായി വന്നു ജനിക്കുന്നു.

## *നഷ്ടാത്മാനോഽൽപ്പബുദ്ധയഃ*

പുറമേ കാണപ്പെടുന്ന ജഡദൃശ്യങ്ങൾക്കപ്പുറം ഒരു സത്യമില്ലെന്നു കരുതുന്നവരാണ് അൽപ്പബുദ്ധികൾ. അവരുടെ ബുദ്ധി നാമരൂപങ്ങളിൽ വേർതിരിയുന്ന അൽപ്പഭാവങ്ങളെ മാത്രം ആശ്രയിക്കുന്നു. ഇവയെ കോർത്തിണക്കുന്ന പൂർണഭാവമെന്തെന്നവർ തിരയുന്നതേയില്ല. അങ്ങനെ പൂർണമായി ആത്മാവ് അവർക്ക് നഷ്ടപ്പെടുന്നു. ജഡബുദ്ധിയിൽ ചേതനനായ ആത്മാവ് പ്രകാശിക്കുകയില്ല. അൽപ്പദർശനത്തിൽ സുഖമില്ല. പൂർണദർശനത്തിൽ മാത്രമേ സുഖമുള്ളു. ഇതാണ് ഉപനിഷത്തുകളുടെ തീർപ്പ്. വസ്തുത ഇതാണെങ്കിലും അൽപ്പബുദ്ധികൾ അൽപ്പദർശനങ്ങളിൽ സുഖം തിരയുന്നു. അതിനപ്പുറം സത്യമില്ലെന്നാണല്ലോ അവരുടെ നിശ്ചയം. അൽപ്പങ്ങളിൽ സുഖം തിരയുന്ന അവർക്ക് ഒന്നിലും കാര്യമായ സുഖം കണ്ടെത്താൻ കഴിയുകയില്ല. സുഖമില്ലാത്തിടത്ത് എങ്ങനെ അതു കണ്ടെത്തും? തുടർന്നു കൂടുതൽ കൂടുതൽ ജഡസാമഗ്രികൾ കൈക്കലാക്കാൻ അവരുടെ ഹൃദയം വെമ്പൽകൊള്ളും. നിരാശ കൂടുന്തോറും മദമാത്സര്യങ്ങളും കാമക്രോധങ്ങളും വളരും. അതിന്റെ ഫലമായി എന്തു ക്രൂരപ്രവൃത്തിയും ചെയ്യാൻ അവർക്കു മടിയില്ലാതാകും. ഇങ്ങനെ ക്രൂരങ്ങളായ കർമവാസനകൾ സഞ്ചയിച്ച് അവർ സ്വയം പതിക്കും. അതുകൊണ്ട് അവർ അവർക്കുതന്നെ ശത്രുക്കളായിത്തീരുന്നു. അവരുടെ ക്രൂരകർമങ്ങൾ മറ്റുള്ളവരുടെ സ്വൈരജീവിതത്തെയും താറുമാറാക്കുന്നു. അതുകൊണ്ടവർ ലോകത്തിന്റെയും ശത്രുക്കളായിത്തീരുന്നു. ഇങ്ങനെയുള്ള ആസുരീസമ്പന്നന്മാരുടെ ജനനം ലോകത്തിനാപത്താണെന്നു പറയേണ്ടതില്ലല്ലോ. ഈ ഒരു ജീവിതക്രമം കൗരവന്മാരുടെ പ്രവർത്തനങ്ങളിൽ ഉടനീളം കാണാവുന്നതാണ്.

ആസുരീസമ്പന്നന്മാരുടെ സാമാന്യലക്ഷണം, ജീവിതനിരീക്ഷണം,

digitized by www.sreyas.in

ജീവിതക്രമം, എന്നിവ സംഗ്രഹിച്ചു പ്രതിപാദിച്ചശേഷം അവരുടെ ചിന്താഗതികളും പ്രവർത്തനങ്ങളും പതിനെട്ടാം ശ്ലോകംവരെ വിശദമായി വിവരിക്കാനൊരുമ്പെടുകയാണിനി ഭഗവാൻ. ആസുരീസമ്പന്നന്മാരുടെ അജ്ഞാന വിജൃംഭിതമായ ഒടുങ്ങാത്ത കാമതൃഷ്ണയേയും അതിന്റെ പരിണതഫലങ്ങളെയുമാണ് അടുത്ത മൂന്നു പദ്യങ്ങളിൽ പ്രതിപാദിക്കുന്നത്:

*10. കാമമാശ്രിത്യ ദുഷ്പൂരം ദംഭമാനമദാന്വിതാഃ*
*മോഹാദ് ഗൃഹീത്വാഽസദ്ഗ്രാഹാൻ പ്രവർത്തന്തേഽശുചിവ്രതാഃ*

*11. ചിന്താമപരിമേയാം ച പ്രളയാന്താമുപാശ്രിതാഃ*
*കാമോപഭോഗപരമാ ഏതാവദിതി നിശ്ചിതാഃ*

*12. ആശാപാശശതൈർബദ്ധാഃ കാമക്രോധപരായണാഃ*
*ഈഹന്തേ കാമഭോഗാർഥമന്യായേനാർഥ സഞ്ചയാൻ*

ദുഷ്പൂരം - ഒരിക്കലും തൃപ്തിവരാത്ത; കാമം ആശ്രിത്യ - ലൗകികസുഖേച്ഛയെ പിന്തുടർന്നുകൊണ്ട്; ദംഭമാനമദാന്വിതാഃ - പൂജ്യഭാവവും കുലധനാദിയിൽ അഭിമാനവും പ്രഭുഭാവവും നടിക്കുന്നവരായി; അശുചിവ്രതാഃ - അശുദ്ധങ്ങളായ വ്രതാചരണങ്ങളിലും മറ്റും ഏർപ്പെട്ട്; മോഹാത് - വസ്തുബോധമില്ലാതെ; അസദ് ഗ്രാഹാൻ - അസാധ്യങ്ങളായ കാര്യങ്ങളെ; ഗൃഹീത്വാ - ലക്ഷ്യമാക്കി; പ്രവർത്തന്തേ - ക്ഷുദ്രദേവതോപാസനാരൂപമായും മറ്റും പല ക്രൂരകർമങ്ങളിലും ഏർപ്പെടുന്നു; അപരിമേയാം - അളവില്ലാത്തവണ്ണം; പ്രളയാന്താം - പ്രളയകാലംവരെ നീണ്ടു നിൽക്കുന്ന; ചിന്താം ച - ചിന്തയേയും; ഉപാശ്രിതാഃ - അവലംബമാക്കി; കാമോപഭോഗപരമാഃ - ലൗകികകാമങ്ങളെ മാത്രം ലക്ഷീകരിച്ച്; ഏതാവദ് ഇതി നിശ്ചിതാഃ - ഇതിൽ കവിഞ്ഞൊന്നും നേടാനില്ലെന്നു തീരുമാനിച്ച്; ആശാപാശശതൈർബദ്ധാഃ - നൂറുനൂറ് ആശാപാശങ്ങളാൽ ബദ്ധരായി; കാമക്രോധപരായണഃ - കാമക്രോധങ്ങളിൽ മുഴുകി; കാമഭോഗാർഥം - ഇന്ദ്രിയസുഖാനുഭവങ്ങൾക്കായി; അന്യായേന - ഏത് അധർമമാർഗം സ്വീകരിച്ചും; അർഥസഞ്ചയാൻ - ആവശ്യത്തിലും കവിഞ്ഞു സമ്പത്തുണ്ടാക്കാൻ; ഈഹന്തേ - അതിയായി കൊതിക്കുന്നു.

ഒരിക്കലും തൃപ്തിവരാത്ത ലൗകികസുഖേച്ഛയെ പിന്തുടർന്നുകൊണ്ടു പൂജ്യഭാവവും കുലധനാദിയിൽ അഭിമാനവും പ്രഭുഭാവവും നടിക്കുന്നവരായി അശുദ്ധങ്ങളായ വ്രതാചാരങ്ങളിലും മറ്റും ഏർപ്പെട്ടു വസ്തുബോധമില്ലാതെ അസാധ്യങ്ങളായ കാര്യങ്ങളെ ലക്ഷ്യമാക്കി ക്ഷുദ്രദേവതോപാസനാരൂപമായും മറ്റും പല ക്രൂരകർമങ്ങളിലും

digitized by www.sreyas.in

ഏർപ്പെടുന്ന, അളവില്ലാത്ത വണ്ണം പ്രളയകാലം നീണ്ടു നിൽക്കുന്ന ചിന്തയെയും അവലംബമാക്കി ലൗകികകാമങ്ങളെ മാത്രം ലക്ഷീകരിച്ച് ഇതിൽ കവിഞ്ഞൊന്നും നേടാനില്ലെന്നു തീരുമാനിച്ചു നൂറ്നൂറ് ആശാപാശങ്ങളാൽ ബന്ധിതരായി കാമക്രോധങ്ങളിൽ മുഴുകി ഇന്ദ്രിയസുഖാനുഭവങ്ങൾക്കായി ഏത് അധർമമാർഗം സ്വീകരിച്ചും ആവശ്യത്തിലും കവിഞ്ഞു സമ്പത്തുണ്ടാക്കാൻ അതിയായി കൊതിക്കുന്നു.

*ആശാപാശശതൈർബദ്ധാഃ*

ഒരിക്കലും തൃപ്തിവരാത്ത ഭൗതികസുഖേച്ഛയാണ് ആസുരീസമ്പത്തിന്റെ അന്തക്കരണരൂപം. അത്തരം സുഖസാമഗ്രികളുടെ ലാഭവും ഉടമസ്ഥാവകാശവും അയാളിൽ ദംഭം, മാനം, മദം ഇവയെ വളർത്താൻ സഹായിക്കുന്നു. ലഭിച്ചതു നഷ്ടമാകുമോ എന്ന ഭയവും കൂടുതൽ ലഭിക്കാനുള്ള കൊതിയും ചില ക്ഷുദ്രദേവതകളെ ക്രൂരസാധനകളിൽക്കൂടി ഉപാസിക്കാൻ അയാളെ പ്രേരിപ്പിക്കുന്നു. വിജയം കൈവരുംതോറും അസാധ്യങ്ങളായ പലതും നേടാനുള്ള ആഗ്രഹം വർധിച്ചുകൊണ്ടേയിരിക്കും. നേടാനും നേടിയതു സംരക്ഷിക്കാനുമായി ഉപായങ്ങൾ ആരായുമ്പോൾ അളവറ്റ ചിന്തകളുടെ കൂത്തരങ്ങായി അന്തക്കരണം ഇളകിമറിയും. ആസുരീസമ്പന്നന്മാരുടെ പൊതുവേയുള്ള ചിന്താഗതി സമാനമായിരിക്കുമല്ലോ. അപ്പോൾ ഒരുവന്റെ ചിന്താഗതിക്കു മറ്റൊരുവൻ തടസ്സമായി ഭവിക്കാം. ഒരാൾ ചിലതു നേടുമ്പോൾ മറ്റൊരാൾക്ക് ഈർഷ്യവരാം. കാമലാഭം മാത്രം ലക്ഷ്യമാക്കി അതിനപ്പുറം ഒന്നുമില്ലെന്നു കരുതുന്ന ഇക്കൂട്ടർ അന്യോന്യം ഏറ്റുമുട്ടി എന്നു വരാം. ദൈവീസമ്പന്നന്മാരുമായി നിരന്തരമായ മാത്സര്യം തന്നെ വേണ്ടിവരും. അങ്ങനെ ആസുരീസമ്പന്നന്മാർ നൂറുനൂറ് ആശകളിൽപ്പെട്ട് ഉഴലാൻ ഇടവരും. മദമാത്സര്യങ്ങളുടെ ഫലമായി കാമക്രോധങ്ങൾ വളർന്നുകൊണ്ടേയിരിക്കും. തുടർന്നു ധർമനിഷ്ഠ പാടേ അസ്തമിക്കും. കാമഭോഗത്തിനായി എങ്ങനെയും ധനം കുന്നുകൂട്ടിവയ്ക്കണമെന്നു തോന്നും. ചുരുക്കത്തിൽ ആസുരീസമ്പത്തു വളർന്നാൽ അകവും പുറവും ജീവിതം അസ്വസ്ഥതകൊണ്ടു നിറഞ്ഞതായിത്തീരും. അസ്വസ്ഥത വളർന്നുകൊണ്ടിരിക്കേ തന്നെ ജീവിതം അവസാനിപ്പിക്കേണ്ടതായും വരും.

ദംഭമാന മദങ്ങൾകൊണ്ടു നിറഞ്ഞ ആസുരീസമ്പന്നന്റെ ചിന്താധാരയും അതിന്റെ ഫലമായുണ്ടാകുന്ന ജീവിതാന്ത്യവുമാണ് അടുത്ത നാലു പദ്യങ്ങളിൽ ചിത്രീകരിക്കുന്നത്:

digitized by www.sreyas.in

*13. ഇദമദ്യ മയാ ലബ്ധമിമം പ്രാപ്സ്യേ മനോരഥം*
*ഇദമസ്തീദമപി മേ ഭവിഷ്യതി പുനർധനം*

*14. അസൗ മയാ ഹതഃ ശത്രുർഹനിഷ്യേ ചാപരാനപി*
*ഈശ്വരോഽഹമഹം ഭോഗീ സിദ്ധോഽഹം ബലവാൻ സുഖീ*

*15. ആഢ്യോഽഭിജനവാനസ്മി കോഽന്യോഽസ്തി സദൃശോ മയാ*
*യക്ഷ്യേ ദാസ്യാമി മോദിഷ്യ ഇത്യജ്ഞാനവിമോഹിതാഃ*

*16. അനേകചിത്തവിഭ്രാന്താ മോഹജാലസമാവൃതാഃ*
*പ്രസക്താഃ കാമഭോഗേഷു പതന്തി നരകേഽശുചൗ*

അദ്യ മയാ - ഇന്ന് എന്നാൽ; ഇദം ലബ്ധം - ഇതു സമ്പാദിക്കപ്പെട്ടു; ഇദം മനോരഥം പ്രാപ്സ്യേ - ഇനി ഈ അഭിലാഷം നാളെ ഞാൻ നേടും; ഇദം ധനം അസ്തി - ഇപ്പോൾ ഇത്രയും ധനമുണ്ട്; പുനഃ മേ - ഇനിയും എനിക്ക്; ഇദം അപി ധനം - ഇന്നഇന്ന സമ്പത്തുകൾ; ഭവിഷ്യതി - വന്നുചേരും; അസൗ ശത്രുഃ - പ്രബലനായ ഈ ശത്രു; മയാ ഹതഃ - എന്നാൽ വധിക്കപ്പെട്ടു; അപരാൻ അപി - മറ്റു ശത്രുക്കളെയും; ഹനിഷ്യേ ച - അടുത്ത ഭാവിയിൽ വധിക്കുക തന്നെ ചെയ്യും; അഹം ഈശ്വരഃ - ഞാൻ തന്നെയാണെല്ലാം നിയന്ത്രിക്കുന്നവൻ; അഹം ഭോഗീ - ലൗകികസുഖങ്ങളെല്ലാം എനിക്കു സ്വായത്തം; അഹം സിദ്ധഃ - ഞാൻ വലിയ നേട്ടങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. അഹം ബലവാൻ സുഖീ - ഞാൻ ബലവാനായ സുഖസമ്പന്നനാണ്; അഭിജനവാൻ ആഢ്യഃ അസ്മി - ഞാൻ നല്ല കുലത്തിൽ ജനിച്ച ശ്രേഷ്ഠനാണ്; മയാ സദൃശഃ - എന്നോടു തുല്യനായി; അന്യഃ കഃ അസ്തി - വേറെ ആരുണ്ട്; യക്ഷ്യേ - ഞാൻ പല യാഗങ്ങളും ചെയ്യും; ദാസ്യാമി - ഞാൻ ദാനം ചെയ്യും; മോദിഷ്യേ - ഞാൻ സന്തോഷിക്കും; ഇതി - ഇപ്രകാരം; അജ്ഞാനവിമോഹിതാഃ - ഈശ്വരതത്വം അറിയാതെ അഹന്തയെ വളർത്തി അജ്ഞാനമോഹത്തിലുഴന്ന്; അനേകചിത്തവിഭ്രാന്താഃ - അനേകതരം ചിത്തസങ്കൽപ്പങ്ങളിലും വികാരങ്ങളിലും ഭ്രമിച്ച്; മോഹജാലസമാവൃതാഃ - ഒരിക്കലും തൃപ്തിവരാത്ത ഭൗതിക മോഹങ്ങളിൽപ്പെട്ടു കുരുങ്ങി; കാമഭോഗേഷു പ്രസക്താഃ - ഭൗതികകാമസുഖങ്ങളിൽ ആസക്തചിത്തരായി; അശുചൗ നരകേ - ആസുരീസമ്പന്നന്മാർ സ്വവാസനാനിർമിതമായ നരകത്തിൽ; പതന്തി - പതിക്കാനിടവരുന്നു.

ഇന്ന് എന്നാൽ ഇതു സമ്പാദിക്കപ്പെട്ടു. ഇനി ഈ അഭിലാഷം നാളെ ഞാൻ നേടും. ഇപ്പോൾ ഇത്രയും ധനമുണ്ട്; ഇനിയും എനിക്ക് ഇന്നഇന്ന സമ്പത്തുക്കൾ വന്നുചേരും. പ്രബലനായ ഈ ശത്രു എന്നാൽ വധിക്ക

digitized by www.sreyas.in

പ്പെട്ടു; മറ്റു ശത്രുക്കളെയും അടുത്ത ഭാവിയിൽ വധിക്കുകതന്നെ ചെയ്യും. ഞാൻ തന്നെയാണെല്ലാം നിയന്ത്രിക്കുന്നവൻ. ലൗകികസുഖമെല്ലാം എനിക്കു സ്വായത്തം. ഞാൻ വലിയ നേട്ടങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. ഞാൻ ബലവാനായ സുഖസമ്പന്നനാണ്. ഞാൻ നല്ല കുലത്തിൽ ജനിച്ച ശ്രേഷ്ഠനാണ്. എന്നോടു തുല്യനായി വേറേ ആരുണ്ട്? ഞാൻ പല യാഗങ്ങളും ചെയ്യും. ഞാൻ ദാനം ചെയ്യും. ഞാൻ സന്തോഷിക്കും. ഇപ്രകാരം ഈശ്വരതത്വമറിയാതെ അഹന്തയെ വളർത്തി അജ്ഞാനമോഹത്തിലുഴന്ന്, അനേകതരം ചിത്തസങ്കൽപ്പങ്ങളിലും വികാരങ്ങളിലും ഭ്രമിച്ച്, ഒരിക്കലും തൃപ്തിവരാത്ത ഭൗതികമോഹങ്ങളിൽപ്പെട്ടു കുരുങ്ങി ഭൗതികകാമസുഖങ്ങളിൽ ആസക്തചിത്തരായി ആസുരീസമ്പന്നന്മാർ സ്വവാസനാനിർമിതമായ നരകത്തിൽ പതിക്കാനിടവരുന്നു.

## പതന്തി നരകേ/ശുചൗ

ഏതു ഘട്ടത്തിലും ജീവിതത്തിന്റെ നിലവാരം നിർണയിക്കുന്നതു കർമവാസനയാണ്. ആസുരീവാസനകൾ വളർത്തിക്കൊണ്ടുപോകുന്നവർക്കു തൽക്കാല ജീവിതം തന്നെ ക്രമേണ നരകാനുഭവമായി മാറും. ശരീരം ഉപേക്ഷിക്കുന്ന വേളയിൽ വളർത്തിയെടുത്ത പ്രബലമായ ആസുരീവാസന വീണ്ടും ഒരു നരകജീവിതത്തിനുതന്നെ വഴിതെളിക്കുകയും ചെയ്യും. എങ്ങനെയാണ് ആസുരീവാസന വളരുന്നത്? ആസുരീസമ്പന്നനു ഭൗതികമായ നേട്ടങ്ങൾ ഉണ്ടാകുന്നതും ഉണ്ടാകാതിരിക്കുന്നതും ദോഷമേ ചെയ്യൂ. നേട്ടങ്ങളുണ്ടായാൽ അവയിൽ ഈശ്വരനെ മറന്ന് അഭിമാനിക്കുകയും അഹങ്കരിക്കുകകയും ചെയ്യും. അഭിമാനവും അഹങ്കാരവും സത്യത്തെ കൂടുതൽ കൂടുതൽ മറച്ചു ദുഃഖിപ്പിക്കും. നേടാത്ത കാര്യങ്ങളെക്കുറിച്ചു നിരന്തരം അയാൾ മനോരാജ്യത്തിലേർപ്പെടും. ഉള്ളതും ഭാവിയിൽ ഉണ്ടാകാവുന്നതുമായ നേട്ടങ്ങളെക്കുറിച്ചുള്ള കണക്കുകൂട്ടലായിരിക്കും അയാളുടെ മനസ്സിൽ ഒരേയൊരു പ്രധാന വ്യാപാരം. ഉണ്ടായതും ഉണ്ടാകാൻ പോകുന്നതുമായ നേട്ടങ്ങൾക്കു തടസ്സമുണ്ടാക്കുന്നവരെയൊക്കെ തന്റെ ശത്രുക്കളായെണ്ണും. കാര്യലാഭത്തോടൊപ്പം ശത്രുജയത്തിനും മാർഗങ്ങൾ ആരായേണ്ടി വരും. തന്റെ സ്ഥാനത്തെക്കുറിച്ചും കഴിവുകളെക്കുറിച്ചും അമിതമായ അഭിമാനം മറ്റുള്ളവരുടെ മുമ്പിൽ പ്രകടിപ്പിച്ചുതുടങ്ങും. അക്കാര്യത്തിൽ ഗുരുക്കന്മാരുടെയും സജ്ജനങ്ങളുടെയും വാക്കുകൾ ധിക്കരിക്കും. ധർമകാര്യങ്ങളിൽപ്പോലും തന്റെ തീരുമാനത്തെ

digitized by www.sreyas.in

ആരും ചോദ്യം ചെയ്യാൻ പാടില്ലെന്നു ശഠിക്കും. ശാസ്ത്രവിധികളെ ഉല്ലംഘിച്ചും സജ്ജനമതങ്ങളെ നിരസിച്ചും ധർമകാര്യങ്ങളിൽ സ്വയം ഇഷ്ടം പോലെ പ്രവർത്തിക്കുകയും മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യും. യജ്ഞാദ്യനുഷ്ഠാനങ്ങളും ദാനാദിസദാചാരങ്ങളും വേണ്ടാത്തവിധം അനുഷ്ഠിച്ച് അഹങ്കരിക്കും. ധർമകർമങ്ങൾ പോലും അനുഷ്ഠിച്ചഹങ്കാരം വളർത്തിയാൽ അത് ആസുരീസമ്പത്തായി മാറും. ഈ നിലയിൽ ആസുരീസമ്പന്നന്മാർക്കു ചിത്തവിഭ്രമങ്ങളും മോഹങ്ങളും നിരന്തരം വളർന്നുകൊണ്ടേയിരിക്കും. മരണത്തോടടുക്കുമ്പോൾ കാമാസക്തചിത്തരായ അവർ നിരാശയുടെ കൂരിരുട്ടിൽ പതിക്കാനിടയാകും. ഇങ്ങനെ തൽക്കാലജീവിതം തന്നെ നരകമായി മാറും. അടിഞ്ഞുകൂടുന്ന ആസുരകർമവാസന തുടർന്നുള്ള നരകജീവിതത്തിനു വഴിതെളിക്കുകയും ചെയ്യും.

ആസൂരീസമ്പന്നന്മാരായ പലരും പലതരം ഈശ്വരകാര്യങ്ങളിലും യാഗാദികർമങ്ങളിലും ഒക്കെ ഏർപ്പെടുന്നതു കാണാനുണ്ടല്ലോ. അവരുടെ സ്ഥിതിയെന്താണ്? ഈ സംശയത്തിനുത്തരമാണ് ഭഗവാൻ ഇനി പറയുന്നത്:

*17. ആത്മസംഭാവിതാഃ സ്തബ്ധാ ധനമാനമദാന്വിതാഃ*
*യജന്തേ നാമയജ്ഞൈസ്തേ ദംഭേനാവിധിപൂർവകം*

ആത്മസംഭാവിതാഃ - സ്വയം പ്രശംസിച്ചു കേമത്തം നടിക്കുന്നവരും; സ്തബ്ധാഃ - ഗർവിഷ്ഠന്മാരും; ധനമാനമദാന്വിതാഃ - സമ്പത്തിലും സ്ഥാനമാനങ്ങളിലും മദിച്ചു കഴിയുന്നവരുമായ; തേ - ആസുരീസമ്പന്നന്മാർ; ദംഭേന - അഹംഭാവത്തോടെ; അവിധിപൂർവകം - ശാസ്ത്രവിധികളെ ഉല്ലംഘിച്ചുകൊണ്ട്; നാമയജ്ഞൈഃ - പ്രകടനപ്രധാനമായ രീതിയിൽ; യജന്തേ - യാഗാദികർമങ്ങളും മറ്റും അനുഷ്ഠിക്കുന്നു.

സ്വയം പ്രശംസിച്ചു കേമത്തം നടിക്കുന്നവരും സമ്പത്തിലും സ്ഥാനമാനങ്ങളിലും മദിച്ചു കഴിയുന്നവരുമായ ആസുരീസമ്പന്നന്മാർ അഹംഭാവത്തോടെ ശാസ്ത്രവിധികളെ ഉല്ലംഘിച്ചുകൊണ്ട് പ്രകടനപ്രധാനമായ രീതിയിൽ യാഗാദികർമങ്ങളും മറ്റും അനുഷ്ഠിക്കുന്നു.

## *ദംഭേനാവിധിപൂർവകം*

ആസുരീസമ്പന്നന്മാർ വിധിപൂർവകമല്ലാതെ യാഗാദികർമങ്ങൾ അനുഷ്ഠിക്കുന്നു. എന്താണു വിധി? ഈശ്വരപരമായ ഏതു കർമവും അഹങ്കാര

digitized by www.sreyas.in

ത്തിന്റെ ശക്തി കുറച്ച് ഈശ്വരബുദ്ധി വളർത്തണം. ഇതാണു വിധി. ആത്മാവിൽ പൊന്തുന്ന അഹംബോധം ശുദ്ധമായ ആത്മസ്വരൂപം മറച്ചു സ്വയം പെരുകുന്നതാണു സംസാരബന്ധം. അഹംബോധം സ്വയം ഉപശമിക്കുന്നതാണു സംസാരമോക്ഷം. അപ്പോൾ അഹംബോധത്തെ ക്രമേണ ഉപശമിപ്പിക്കുന്ന കർമമാണു ദൈവകർമം. അഹംബോധത്തെ പെരുക്കി വർധിപ്പിക്കുന്ന കർമം അതെന്തുതന്നെയായാലും ആസുരകർമമാണ്. ചിലർ സ്വന്തം പേരിനും പെരുമയ്ക്കും വേണ്ടി മാത്രം അഹംബോധത്തെ വളർത്തി ഈശ്വരപരങ്ങളായ കാര്യങ്ങളിൽ ഏർപ്പെടുന്നുണ്ട്. അവർ പുറമേ ഭക്തന്മാരായി നടിച്ചിട്ടു ലോകകാര്യങ്ങളിൽ പഴയ ദുർവാസനകൾതന്നെ നടപ്പിലാക്കിക്കൊണ്ടേയിരിക്കും. ഈ ലോകത്തു മറ്റാരെയും വഞ്ചിക്കാം. ഭഗവാനെ മാത്രം വഞ്ചിക്കാൻ പറ്റുകില്ല, ആസുരീസമ്പന്നന്മാർക്കു ഭഗവാൻ സ്വാർഥലാഭത്തിനുള്ള ഒരുപായം മാത്രം. പക്ഷേ, അവർ എത്ര കോലാഹലത്തോടെ ഈശ്വര കാര്യങ്ങൾ നിർവഹിച്ചാലും അഹന്ത വളർന്ന് ഉള്ളിൽ അന്തര്യാമിയായ ഭഗവാൻ കൂടുതൽ മൂടിപ്പോകുന്നതുകൊണ്ടു പതനമായിരിക്കും ഫലം. കോലാഹലമൊന്നും വേണ്ട. ഭഗവത്പാദങ്ങളിൽ അർപ്പണബുദ്ധിയോടെ ഒരു നാമം ഉച്ചരിച്ചാൽ മതി അഹന്ത കുറഞ്ഞ് അന്തര്യാമി അവരിൽ പ്രസന്നനാകും. ഇതാണു ഭജനത്തിന്റെ നിയമം. അപ്പോൾ എന്തു ചെയ്യുന്നു എന്നുള്ളതല്ല, എന്തു ഭാവനയോടെ ചെയ്യുന്നു എന്നുള്ളതാണു കർമത്തെ ദൈവകർമമോ ആസുരകർമമോ ആക്കിത്തീർക്കുന്ന പ്രധാന ഘടകം. കർമികളായ ഭക്തന്മാർ ഇക്കാര്യം വ്യക്തമായി ധരിച്ചിരിക്കേണ്ടതാണ്.

അഹങ്കാരം വളർത്തിക്കൊണ്ടുള്ള ആസുരകർമം എല്ലാ നിലയിലും ഭഗവദ്വിദ്വേഷമാണെന്നാണിനി വെളിപ്പെടുത്തുന്നത്:

*18. അഹംകാരം ബലം ദർപ്പം കാമം ക്രോധം ച സംശ്രിതാഃ*
*മാമാത്മപരദേഹേഷു പ്രദ്വിഷന്തോഽഭ്യസൂയകാഃ*

അഹംകാരം - ഞാൻ പലതും ചെയ്യാൻ സമർഥനാണ് എന്ന ഭാവത്തെയും; ബലം - ദേഹബലത്തെയും; ദർപ്പം - എനിക്കു തുല്യരായി; മറ്റാരുമില്ലെന്ന ഭാവത്തെയും; കാമം - ഭൗതിക സുഖലാഭത്തെയും; ക്രോധം ച - തുടർന്നു കോപത്തെയും; സംശ്രിതാഃ - മുറുകെപ്പിടിച്ച്; അഭ്യസൂയകാഃ - തനിക്കനുകൂലമല്ലാത്തവരോടു തികഞ്ഞ അസഹിഷ്ണുത പുലർത്തി ആസുരീസമ്പന്നന്മാർ; ആത്മപരദേഹേഷു - തങ്ങളുടെയും മറ്റുള്ളവരുടെയും ദേഹങ്ങളിൽ;

digitized by www.sreyas.in

മാം – പരമാത്മാവായ എന്നെ; പ്രദ്വിഷന്തഃ – അത്യന്തം ദ്വേഷിക്കുന്നവരായി ഭവിക്കുന്നു.

ഞാൻ പലതും ചെയ്യാൻ സമർഥനാണ് എന്ന ഭാവത്തെയും ഭൗതിക സുഖലാഭത്തെയും തുടർന്നു കോപത്തെയും മുറുകെപ്പിടിച്ചു തനിക്കനുകൂലമല്ലാത്തവരോടു തികഞ്ഞ അസഹിഷ്ണുത പുലർത്തി ആസുരീസമ്പന്നന്മാർ തങ്ങളുടെയും മറ്റുള്ളവരുടെയും ദേഹങ്ങളിൽ എന്നെ അത്യന്തം ദ്വേഷിക്കുന്നവരായി ഭവിക്കുന്നു.

### *മാം പ്രദ്വിഷന്തഃ*

ആസുരീസമ്പത്തു വളർത്തുവാൻ ആദ്യം സ്വന്തം ആത്മാവിനെ ദ്വേഷിച്ചു ഹനിക്കുന്നു; തുടർന്ന് അന്യരിൽ കുടികൊള്ളുന്ന ഈശ്വരനെ വിദ്വേഷിക്കുന്നു. തന്റെ ശരീരത്തിലും അന്യരുടെ ശരീരത്തിലും ജീവഭാവേന കുടികൊള്ളുന്നത് ഈശ്വരാംശമാണെന്നവരറിയുന്നില്ല. താൻ ദേഹമാണെന്നു കരുതുന്നതോടെ സ്വന്തം ആത്മാവു മറയ്ക്കപ്പെടും. പിന്നെ അവരുടെ ബലം മൃഗീയമായ ദേഹബലമാണ്. സങ്കുചിതമായ തന്റെ വ്യക്തിത്വത്തെ സമ്മാന്യമാക്കിത്തീർക്കാനാണവരുടെ മോഹം. അതോടെ അന്യരിൽ വെറുപ്പും പുച്ഛഭാവവും വന്നുചേരുന്നു. അന്യരെ വെറുക്കുന്നു എന്നു പറഞ്ഞാൽ അന്യദേഹങ്ങളിൽ കുടികൊള്ളുന്ന പരമാത്മാംശത്തെ വെറുക്കുന്നു എന്നാണർഥം. അത് ഒരുതരത്തിൽ തന്നെത്തന്നെ വെറുക്കുന്നതിനു തുല്യമാണ്. തുടർന്ന് ഭൗതികസുഖങ്ങളിൽ അതിയായ ആസക്തി വന്നുചേരുന്നു. അതിനുവേണ്ടി അതിനു തടസ്സം നിൽക്കുന്നവരോടൊക്കെ ശത്രുഭാവവും ക്രോധവും വച്ചുപുലർത്തേണ്ടിവരുന്നു. ഞാൻ ദേഹമാണെന്ന അവിദ്യയിൽ നിന്നു രൂപംകൊള്ളുന്ന അഹങ്കാരം ഇങ്ങനെ പടർന്നു പന്തലിച്ച് ഒരു കൊടുങ്കാടായിത്തീരുന്നു. ഈ വിധത്തിൽ ആത്മാവിനെ ഹനിക്കുന്ന ആസുരീസമ്പന്നന്മാർ കൂരിരുട്ടുനിറഞ്ഞ ആസുരലോകങ്ങളിലെത്തി ക്ലേശിക്കേണ്ടിവരുമെന്നാണ് ഈശാവാസ്യോപനിഷത്തിന്റെ പ്രഖ്യാപനം.

ദേഹം വെടിഞ്ഞാൽ ആസുരീസമ്പന്നന്മാരുടെ ഗതിയെന്താണ്? ഉപനിഷത്മതംതന്നെ ഭഗവാനും ഇങ്ങനെ പ്രഖ്യാപിക്കുന്നു:

*19 താനഹം ദ്വിഷതഃ ക്രൂരാൻ സംസാരേഷു നരാധമാൻ*
*ക്ഷിപാമ്യജസ്രമശുഭാനാസുരീഷ്വേവ യോനിഷു*



digitized by www.sreyas.in

ദ്വിഷതഃ - സ്വദേഹത്തിലും അന്യദേഹങ്ങളിലും പരമാത്മാവിനെ ദ്വേഷിക്കുന്നവരും; ക്രൂരാൻ - ഭൗതിക സ്വാർഥങ്ങൾക്കായി ക്രൂരകർമങ്ങളനുഷ്ഠിക്കുന്നവരും; അശുഭാൻ - അമംഗള രൂപന്മാരും, നരാധമാൻ - മനുഷ്യാധമന്മാരുമായ; താൻ - ആസുരീസമ്പന്നന്മാരെ; അഹം - പരമാത്മാവായ ഞാൻ; സംസാരേഷു - ജനനമരണരൂപമായ സംസാരഗതിയിൽ; അജസ്രം - എന്നും; ആസുരീഷു യോനി ഷു ഏവ - ആസുരജന്മങ്ങളിൽത്തന്നെ; ക്ഷിപാമി - കൊണ്ടത്തിക്കുന്നു.

സ്വദേഹത്തിലും അന്യദേഹങ്ങളിലും പരമാത്മാവിനെ ദ്വേഷിക്കുന്നവരും ഭൗതികസ്വാർഥങ്ങൾക്കായി ക്രൂരകർമങ്ങൾ അനുഷ്ഠിക്കുന്നവരും അമംഗളരൂപന്മാരും മനുഷ്യാധമന്മാരുമായ ആസുരീസമ്പന്നന്മാരെ പരമാത്മാവായ ഞാൻ ജനനമരണരൂപമായ സംസാരഗതിയിൽ എന്നും ആസുരജന്മങ്ങളിൽ തന്നെ കൊണ്ടെത്തിക്കുന്നു.

## *ആസുരീഷ്വേവ യോനിഷു*

ആസുരീസമ്പന്നന്മാർ നരാധമന്മാരാണ്. ഭഗവാൻ മനുഷ്യജന്മം അവർക്കു നൽകി അനുഗ്രഹിച്ചു. മറ്റു ജന്മങ്ങളേക്കാൾ വിലപ്പെട്ടതാണു മനുഷ്യജന്മം. നിത്യാനിത്യവസ്തുവിവേകം ചെയ്തു സത്യം കണ്ടുപിടിക്കാനുള്ള കഴിവും നൽകിയാണല്ലോ ഭഗവാൻ മനുഷ്യദേഹം നൽകി അനുഗ്രഹിക്കുന്നത്. ആത്മദർശനം നേടി ആനന്ദിക്കാൻ അവസരം തരുന്ന ദുർല്ലഭമായ മനുഷ്യജന്മത്തെ ആസുരീസമ്പന്നന്മാർ ക്ഷുദ്രങ്ങളും മൃഗീയങ്ങളുമായ ഭൗതികസുഖങ്ങൾക്കായി ബലികഴിക്കുന്നു. ഭഗവാനെ എവിടെയും അവർ വിദ്വേഷിക്കുന്നു. അതുകൊണ്ടാണവർ നരാധമന്മാരായി കണക്കാക്കപ്പെട്ടിരിക്കുന്നത്. അവരുടെ ഉള്ളും പുറവും അമംഗളംകൊണ്ടു നിറഞ്ഞതാണ്. ഭഗവാനവരെ ആസുരജന്മങ്ങളിൽത്തന്നെ കൊണ്ടെത്തിക്കുന്നു. മനുഷ്യരിൽത്തന്നെ ആസുരഭാവംകൊണ്ടു ക്ലേശിക്കുന്നവരായോ അല്ലെങ്കിൽ പക്ഷിമൃഗാദി ആസുരജന്മങ്ങളിലോ അവർ ജനിക്കാനിടവരുന്നു എന്നു താൽപ്പര്യം. ഭഗവാനു വേണമെങ്കിൽ ഇവർക്കു നല്ല ജന്മം നൽകിക്കൂടേ? തന്നെ ആരെങ്ങനെ പ്രാപിക്കുന്നുവോ അവർക്ക് അങ്ങനെ ഫലം ലഭിക്കുന്നു എന്ന ഭഗവാന്റെ പ്രവർത്തനനിയമം മുമ്പു പലയിടത്തും വിശദമായി ചർച്ച ചെയ്തിട്ടുണ്ടല്ലോ. ആസുരീസമ്പന്നന്മാർ അവരുടെ ആസുരവാസനകൾ വളർത്തി ആസുരജീവിതം കൊതിക്കുന്നു. അതുകൊണ്ടു ഭഗവാൻ അവരെ അവിടെത്തന്നെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു.

digitized by www.sreyas.in

ആസുരീസമ്പന്നന്മാർക്ക് ഒരിക്കലും ഭഗവാനോടടുക്കാൻ കഴിയുന്നില്ലെന്നു മാത്രമല്ല നിൽക്കുന്ന ഇടത്തുനിന്ന് അവർ പതിക്കാനും ഇടവരുന്നു. ഇക്കാര്യമാണു ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്?

*20. ആസുരീം യോനിമാപന്നാ മൂഢാ ജന്മനി ജന്മനി*
*മാമപ്രാപ്യൈവ കൗന്തേയ തതോ യാന്ത്യധമാം ഗതിം*

കൗന്തേയ - അല്ലയോ കുന്തീപുത്രാ; ആസുരീം യോനിം - ആസൂരീസമ്പത്തിന്റെ ഫലമായി അസുരജന്മം; ആപന്നാഃ - കൈവന്നയാളുകൾ; മൂഢാഃ - സത്യത്തെ സമീപിക്കാൻ കഴിയാതെ മോഹിതരായി; ജന്മനി ജന്മനി - ഓരോ ജന്മം കഴിയുന്തോറും; മാം അപ്രാപ്യ - പരമാത്മാവായ എന്നെ പ്രാപിക്കാതെ; തതഃ - തൽക്കാലജന്മത്തിൽനിന്ന്; അധമാം ഗതിം - പതിച്ചു നീചജന്മങ്ങളിൽ; യാന്തി - എത്തിച്ചേരാൻ ഇടയാകുന്നു.

അല്ലയോ കുന്തീപുത്രാ, ആസൂരീസമ്പത്തിന്റെ ഫലമായി അസുരജന്മം കൈവന്നയാളുകൾ സത്യത്തെ സമീപിക്കാൻ കഴിയാതെ മോഹിതരായി ഓരോ ജന്മം കഴിയുന്തോറും പരമാത്മാവായ എന്നെ പ്രാപിക്കാതെ തൽക്കാലജന്മത്തിൽ നിന്നു പതിച്ചു നീചജന്മങ്ങളിൽ എത്തിച്ചേരാൻ ഇടയാകുന്നു.

## *തതോ യാന്ത്യധമാം ഗതിം*

വസ്തുബോധമില്ലാത്ത ഈശ്വരഭജനംപോലും ചിലപ്പോൾ ദുരഭിമാനങ്ങൾക്കു വഴിതെളിച്ചു സംഗം വർധിപ്പിക്കുമെന്നു നാം പതിനേഴാം ശ്ലോകത്തിൽ കണ്ടുവല്ലോ. ജീവഭാവമായ അഹംബോധത്തെ സംഗംകൊണ്ടു തടിപ്പിക്കുന്നതാണ് ആസുരീസമ്പത്ത്. ഉറച്ചുറച്ചു വരുന്ന സംഗം പെരുകാനും ഉറയ്ക്കാനും, അതിന്റെ ഫലമായി പതനം സംഭവിക്കാനും എളുപ്പമാണ്. നേരേമറിച്ചു സംഗം കുറയ്ക്കാനും അഹംബോധത്തെ ദിവ്യഭാവനകൊണ്ടുയർത്തി ആത്മതത്വത്തോടടുപ്പിക്കാനും അത്ര എളുപ്പമല്ല. ആസൂരീസമ്പന്നന്മാർക്കു കഠിനങ്ങളായ ആഘാതങ്ങളേറ്റു ജീവിതത്തിന്റെ നിസ്സാരത ബോധ്യമായി സത്സംഗം കൊണ്ടു വെളിച്ചം കിട്ടുമെങ്കിലേ വിദ്യാമാർഗത്തിലേക്കുള്ള വഴിത്തിരിവിന് അവസരമുണ്ടാവൂ. അല്ലെങ്കിൽ ഒരോ ജന്മത്തിലും അതവസാനിക്കാറാകുമ്പോൾ ആസുരവാസനകളുടെ എണ്ണവും ബലവും കൂടിയിട്ടുണ്ടാവും. അതനുസരിച്ച് തൽക്കാലജന്മത്തേക്കാൾ നീചമായ് ജന്മം തുടർന്ന് അംഗീകരിക്കേണ്ടതായും വരും. മനുഷ്യരിൽത്തന്നെ ഇത്തരം അസുരജന്മങ്ങൾ കാണ്മാനുണ്ട്. മനുഷ്യത്വത്തിൽനിന്നു പതിച്ചുള്ള നീചജ

digitized by www.sreyas.in

ന്മങ്ങൾ എണ്ണമില്ലാതെ ആർക്കും കണ്ണുതുറന്നു നോക്കിക്കാണാവുന്നതാണല്ലോ.

അപ്പോൾ ഒരിക്കൽ ആസുരീസമ്പത്തിൽപ്പെട്ടുപോയാൽ പിന്നെ രക്ഷയില്ലെന്നാണോ ഈ പറയുന്നതിനർഥം? അതല്ല. ആസുരീസമ്പത്തിന്റെ കാതലായ ഭാഗം കണ്ടുപിടിച്ച് അതിനെ ലഘൂകരിക്കാമെങ്കിൽ തീർച്ചയായും രക്ഷ കിട്ടും. എന്താണു കാതലായ ഭാഗം? അതാണു ഭഗവാൻ അടുത്ത ശ്ലോകത്തിൽ വെളിപ്പെടുത്തുന്നത്:

*21. ത്രിവിധം നരകസ്യേദം ദ്വാരം നാശനമാത്മനഃ*
*കാമഃ ക്രോധസ്തഥാ ലോഭസ്തസ്മാദേതത് ത്രയം ത്യജേത്*

കാമഃ - ഭൗതികസുഖത്തിനായുള്ള കൊതി; ക്രോധഃ - അതിന്റെ ഫലമായുണ്ടാകുന്ന കോപം; തഥാ ലോഭഃ - അതുപോലെ പോരാ പോരാ എന്ന മനോഭാവം; ത്രിവിധം - എന്നു മൂന്നു തരത്തിലാണ്; നരകസ്യ - ആസുരജന്മമെന്ന നരകത്തിന്റെ; ആത്മനഃ നാശനം - ആത്മാവിനെ മറച്ചു മറച്ചകറ്റുന്ന; ഇദം ദ്വാരം - ഈ വാതിൽ; തസ്മാത് - അതുകൊണ്ട്; ഏതത് ത്രയം - ഈ മൂന്നും; ത്യജേത് - ഉപേക്ഷിക്കേണ്ടതാണ്.

ഭൗതികസുഖത്തിനായുള്ള കൊതി, അതിന്റെ ഫലമായുണ്ടാകുന്ന കോപം, അതുപോലെ പോരാ പോരാ എന്ന മനോഭാവം എന്നു മൂന്നു തരത്തിലാണ് ആസുരജന്മമെന്ന നരകത്തിന്റെ ആത്മാവിനെ മറച്ചു മറച്ചകറ്റുന്ന വാതിൽ. അതുകൊണ്ട് ഈ മൂന്നും ഉപേക്ഷിക്കേണ്ടതാണ്.

## *തസ്മാദേതത് ത്രയം ത്യജേത്*

ഭൗതികസുഖത്തിനുവേണ്ടിയുള്ള കൊതിയാണു കാമം. ശാരീരികസുഖങ്ങളും ഭൗതിക സാമഗ്രികൾ കൊതിച്ചുകൊണ്ടുള്ള സുഖങ്ങളും കാമത്തിൽ ഉൾപ്പെടുന്നു. ഇവ എത്ര അനുഭവിച്ചാലും നേടിയാലും പോരാ പോരാ എന്ന മനോഭാവം വളരുന്നതാണു ലോഭം. ഈ രണ്ടിനും മധ്യേ നിരന്തരം ശക്തിപ്രാപിക്കുന്ന ചിത്തവികാരമാണു കോപം. കോപം പല തരത്തിലും പ്രത്യക്ഷപ്പെടാം. തന്റെ സുഖത്തിനു തടസ്സമുണ്ടാക്കുന്ന ആളോടു ശത്രുഭാവവും വിദ്വേഷവും ഉണ്ടാകാം. തനിക്കു കിട്ടാത്തതു മറ്റൊരാൾക്കു ലഭിച്ചാൽ അയാളോട് ഈർഷ്യ വരാം. തുടർന്നു പരദോഷദർശനമെന്ന അസൂയ ആവിർഭവിക്കാം. ഇതിന്റെയൊക്കെ ഫലമായി പരദ്രോഹചിന്ത; പ്രതികാരേച്ഛ ഇവയെല്ലാം ഉള്ളിൽ പെരുകി വരാം. ഇതെല്ലാം കോപത്തിന്റെ തന്നെ വിവിധ രൂപങ്ങളാണ്. എരിതീയിലെണ്ണയെന്നപോലെ കാമലോഭ

digitized by www.sreyas.in

ങ്ങൾ കോപത്തെ ജ്വലിപ്പിച്ചുകൊണ്ടേയിരിക്കും. മൂന്നാമധ്യായത്തിലെ മുപ്പത്തേഴാം പദ്യത്തിൽ കാമക്രോധങ്ങളാണു സത്യാന്വേഷിയുടെ പ്രധാന ശത്രുക്കളെന്ന് ഭഗവാൻ വെളിപ്പെടുത്തിയിട്ടുണ്ട്. ലോഭം കാമത്തിന്റെതന്നെ വകഭേദമാകയാൽ അവിടെ എടുത്തു പറഞ്ഞില്ലെന്നേയുള്ളു. ആസുരജന്മങ്ങളിലേക്കുള്ള പതനത്തിൽ കാമത്തിന്റെ രൂപഭേദമായ ലോഭത്തിനു പ്രധാന പങ്കുള്ളതുകൊണ്ടാണ് ഇവിടെ അതെടുത്തു പറഞ്ഞത്. കാമക്രോധലോഭങ്ങളുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനം പുതിയ പുതിയ സങ്കൽപ്പങ്ങളെയും വികാരങ്ങളെയും വളർത്തി അജ്ഞാനമറയ്ക്കു കട്ടികൂട്ടുമെന്നുള്ളതുകൊണ്ടാണ് ആത്മനാശനങ്ങളായി വിവരിച്ചിരിക്കുന്നത്. നരകത്തിന്റെ ഈ വാതിലുകളെ തിരിച്ചറിയുകയും ഇവയ്ക്കു ശക്തി കുറയ്ക്കാൻ യത്നിക്കുകയും ചെയ്യുന്നയാൾ ദൈവീസമ്പത്തിന്റെ വഴിയിലേക്കു തിരിയുന്നയാളാണ്. ഈശ്വരബുദ്ധി അഭ്യസിച്ചുവേണം ഇതു സാധിക്കാൻ. ഇങ്ങനെയുള്ള ഈശ്വരബുദ്ധി അഭ്യസിച്ച് ഈ നരകവാതിലുകൾ അടയ്ക്കാൻ യത്നിക്കുന്നയാളിന്റെ ആദ്യത്തെ നേട്ടം പതനം ഒഴിവാക്കാൻ കഴിയുന്നു എന്നതാണ്.

നരകത്തിന്റെ ഈ വാതിലുകൾ അടയ്ക്കാനും ഈശ്വരബുദ്ധിയെന്ന സ്വർഗവാതിൽ തുറക്കാനും അഭ്യസിച്ചു ക്രമേണ മുന്നോട്ടു നീങ്ങുന്നയാൾ എവിടെ എത്തിച്ചേരും? അക്കാര്യമാണു ഭഗവാൻ ഇനി വിവരിക്കുന്നത്?

*22. ഏതൈർവിമുക്തഃ കൗന്തേയ തമോദ്വാരൈസ്ത്രിഭിർന്നരഃ*
*ആചരത്യാത്മനഃ ശ്രേയസ്തതോ യാതി പരാം ഗതിം*

കൗന്തേയ - അല്ലയോ കുന്തീപുത്രാ; തമോദ്വാരൈഃ - ഇരുളടഞ്ഞ നരകത്തിന്റെ വാതിലുകളായ; ഏതൈഃ ത്രിഭിഃ - കാമക്രോധലോഭങ്ങളെന്ന ഈ മൂന്നിൽനിന്ന്; വിമുക്തഃ നരഃ - വിട്ടുപോരാൻ കഴിഞ്ഞ മനുഷ്യൻ; ആത്മനഃ ശ്രേയഃ ആചരതി - തനിക്കു സംസാരമോക്ഷത്തിനുള്ള വഴി അംഗീകരിക്കുന്നു; തതഃ - തുടർന്ന്; പരാം ഗതിം യാതി - ബ്രഹ്മപ്രാപ്തിയെന്ന പരമലക്ഷ്യത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

അല്ലയോ കുന്തീപുത്രാ, ഇരുളടഞ്ഞ നരകത്തിന്റെ വാതിലുകളായ കാമക്രോധലോഭങ്ങളെന്ന ഈ മൂന്നിൽനിന്നു വിട്ടുപോരാൻ കഴിഞ്ഞ മനുഷ്യൻ തനിക്കു സംസാരമോക്ഷത്തിനുള്ള വഴി അംഗീകരിക്കുന്നു. ബ്രഹ്മപ്രാപ്തിയെന്ന പരമലക്ഷ്യത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

digitized by www.sreyas.in

## *ആചരത്യാത്മനഃ ശ്രേയഃ*

കാമക്രോധാദി വികാരങ്ങളെ അകറ്റി അഹംബോധത്തെ ലഘൂകരിക്കുകയാണല്ലോ ആത്മശ്രേയസ്സിനുള്ള മാർഗം. ആസുരസമ്പത്തുപേക്ഷിച്ചു ദൈവീസമ്പത്തംഗീകരിക്കുക. കാമക്രോധാദി അസുരസമ്പത്ത് അവിദ്യാമാർഗവും അഭയാദിദൈവീസമ്പത്തു വിദ്യാമാർഗവുമാണ്. അവിദ്യാമാർഗത്തിൽ എവിടെ നിൽക്കുന്നുവോ അവിടെ നിന്നുകൊണ്ട് അസുരസമ്പത്തിനോടു സമരം ആരംഭിക്കുന്നയാൾ വിദ്യാമാർഗത്തിലേക്കു തിരിഞ്ഞു എന്നാണർഥം. ഭൗതിക സങ്കൽപ്പങ്ങളോടും വികാരങ്ങളോടുമുള്ള മാനസികഭാവമാണു മാർഗമേതെന്നു തീരുമാനിക്കുന്ന ഘടകം. സങ്കൽപ്പങ്ങളെയും വികാരങ്ങളെയും ഉപലാളിച്ചു കർമവാസനയെ പോഷിപ്പിക്കാനാണു ഭാവമെങ്കിൽ മാർഗം അവിദ്യയുടേതാണ്. തൽക്കാലം എവിടെ നിന്നാലും അവിടത്തെ സങ്കൽപ്പങ്ങളോടും വികാരങ്ങളോടും വിരക്തനാവാനാണു ശ്രമമെങ്കിൽ മാർഗം വിദ്യയുടേതാണ്. അതു ക്രമേണ ബ്രഹ്മപ്രാപ്തിയെന്ന ലക്ഷ്യത്തോടു മനസ്സിനെ അടുപ്പിക്കുക തന്നെ ചെയ്യും. അതാണു കാമക്രോധലോഭങ്ങളെ ഉപേക്ഷിക്കുന്നയാൾ സംസാരമോക്ഷത്തിന്റെ മാർഗം അംഗീകരിക്കുന്നു എന്നു ഭഗവാൻ പറഞ്ഞിരിക്കുന്നത്.

വ്യക്തമായ ഈ സത്യദർശനമാർഗം അംഗീകരിക്കാതെ ഈശ്വരകാര്യത്തിൽപ്പോലും തോന്നിയപോലെ പ്രവർത്തിക്കുന്നവർ ഒരിക്കലും ലക്ഷ്യത്തിലെത്തിച്ചേരുകയില്ലെന്നാണിനി വെളിപ്പെടുത്തുന്നത്.

*23. യഃ ശാസ്ത്രവിധിമുത്സൃജ്യ വർത്തതേ കാമകാരതഃ*
*ന സ സിദ്ധിമവാപ്നോതി ന സുഖം ന പരാം ഗതിം*

ശാസ്ത്രവിധിം ഉത്സൃജ്യ - സത്യദർശികളുടെ വ്യക്തമായ നിർദേശങ്ങളെ പുറംതള്ളിയിട്ട്; യഃ - ആരാണോ; കാമകാരതഃ - തനിക്കു തോന്നുന്നതുപോലെ; വർത്തതേ - ജീവിക്കുന്നത്; സഃ - അവൻ; സിദ്ധിം ന അവാപ്നോതി - ലക്ഷ്യത്തിലെത്തിച്ചേരുന്നില്ല; ന സുഖം - സുഖമനുഭവിക്കുന്നില്ല; ന പരാം ഗതിം - ബ്രഹ്മപ്രാപ്തിയും കൈവരിക്കുന്നില്ല.

സത്യദർശികളുടെ വ്യക്തമായ നിർദേശങ്ങളെ പുറംതള്ളിയിട്ട് ആരാണോ തനിക്കു തോന്നുന്നതുപോലെ ജീവിക്കുന്നത് അവൻ ലക്ഷ്യത്തിലെത്തിച്ചേരുന്നില്ല. സുഖമനുഭവിക്കുന്നില്ല; ബ്രഹ്മപ്രാപ്തിയും കൈവരിക്കുന്നില്ല.

digitized by www.sreyas.in

## ന സ സിദ്ധിമവാപ്നോതി

വ്യക്തമായ ശാസ്ത്രവിധിയുൾക്കൊള്ളുന്നതാണു സത്യദർശനം. ശാസ്ത്രവിധി പുറംതള്ളുന്നവർ സത്യത്തോടടുക്കുന്നതേയില്ല. എന്താണു ശാസ്ത്രം? സത്യം കണ്ടവരുടെ വ്യക്തമായ നിർദേശം. എന്താണത്? സത്യം കണ്ടവർ അധികാരഭേദമനുസരിച്ചു സാധനകളിലോ അനുഷ്ഠാനങ്ങളിലോ വൈവിധ്യം വരുത്തിയെന്നു വരാം. അവയെന്തുതന്നെയായാലും എല്ലാ സത്യ ദർശികളും വ്യക്തമായ ചില സാമാന്യനിർദേശങ്ങൾ തരുന്നുണ്ടാവും. എല്ലാ സത്യദർശികളും ഒരുപോലെ സത്യദർശനത്തിനായി നിർദേശിക്കുന്ന കാര്യ മാണു വൈരാഗ്യവും ഭക്തിയും. ഭൗതിക സങ്കൽപ്പങ്ങളെയും വികാരങ്ങ ളെയും ലഘൂകരിക്കുകയാണു വൈരാഗ്യം. സർവത്ര ഈശ്വരബുദ്ധി പുലർത്തുകയാണു ഭക്തി. നിങ്ങൾ തൽക്കാലം ഏതു ജീവിതഘട്ടത്തിൽ നിന്നാലും എന്തനുഷ്ഠിച്ചാലും മാനസികമായി ഈ രണ്ടു കാര്യങ്ങളും അൽപ്പാൽപ്പമായെങ്കിലും വളർത്തുന്നയാളായിരിക്കണം. ഇതു ചെയ്യാത്ത യാൾ പുറമേ എന്തൊക്കെ കാട്ടിക്കൂട്ടിയാലും ഒരിക്കലും ലക്ഷ്യത്തോടടു ക്കുകയില്ല. ഇതു ചെയ്യുന്നയാളിന്റെ പുറമേയുള്ള കർമപരിപാടികൾ തൽക്കാലം എത്ര വികലങ്ങളായാൽപോലും അയാൾ സദാ ലക്ഷ്യത്തെ സമീപിച്ചുകൊണ്ടുതന്നെയിരിക്കും. ഇതാണു ശാസ്ത്രനിയമം. പുറമേയുള്ള കർമങ്ങൾ ഈശ്വരപൂജയോ സ്വധർമാനുഷ്ഠാനമോ എന്തുതന്നെയായാലും സത്യത്തെ സമീപിക്കാനുള്ള ശാസ്ത്രനിയമം ഇതാണ്. ഈ നിയമം വിട്ടി ട്ടുള്ള ഈശ്വരപൂജപോലും കാര്യമായ ഫലമൊന്നും ചെയ്യുകയില്ല. ആത്മ സത്യത്തോടടുക്കാത്തയാൾക്കു സുഖമോ മോക്ഷമോ ലഭിക്കുകയില്ലെന്നു തീർച്ചയാണല്ലോ?

അതുകൊണ്ട് അർജുനൻ വ്യക്തമായ ശാസ്ത്രനിർദേശം അംഗീകരി ച്ചുകൊണ്ടുവേണം കർമാനുഷ്ഠാനത്തിലേർപ്പെടാൻ എന്നു നിർദേശിച്ചു കൊണ്ടു ഭഗവാൻ അധ്യായം ഉപസംഹരിക്കാൻ ഒരുമ്പെടുന്നു.

*24. തസ്മാച്ഛാസ്ത്രം പ്രമാണം തേ കാര്യാകാര്യവ്യവസ്ഥിതൗ*
*ജ്ഞാത്വാ ശാസ്ത്രവിധാനോക്തം കർമ കർത്തുമിഹാർഹസി*

തസ്മാത് – ശാസ്ത്രനിയമം അനുസരിക്കാത്തവർക്കു ലക്ഷ്യത്തെ സമീപി ക്കാൻ കഴിയുകയില്ലെന്നുള്ളതുകൊണ്ട്; കാര്യാകാര്യവ്യവസ്ഥിതൗ – ചെയ്യേ ണ്ടതും ചെയ്യാൻ പാടില്ലാത്തതും തിരിച്ചറിയുന്ന വിഷയത്തിൽ; തേ – നിനക്ക്; പ്രമാണം – അംഗീകരിക്കേണ്ട നിയമം; ശാസ്ത്രം – സത്യദർശികളുടെ വ്യക്ത

digitized by www.sreyas.in

മായ നിർദേശമാണ്; ശാസ്ത്രവിധാനോക്തം ജ്ഞാത്വാ – ശാസ്ത്രനിർദേശങ്ങളിൽ പറഞ്ഞിരിക്കുന്നതു വ്യക്തമായി ധരിച്ച്; ഇഹ – ഈ ലോകത്ത്; കർമ കർത്തും – കർമം ചെയ്യാൻ; അർഹസി – സത്യാന്വേഷിയായ നീ ബാധ്യസ്ഥനാണ്.

ശാസ്ത്രനിയമം അനുസരിക്കാത്തവർക്കു ലക്ഷ്യത്തെ സമീപിക്കാൻ കഴിയുകയില്ലെന്നുള്ളതുകൊണ്ടു ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതും തിരിച്ചറിയുന്ന വിഷയത്തിൽ നിനക്ക് അംഗീകരിക്കേണ്ട നിയമം സത്യദർശികളുടെ വ്യക്തമായ നിർദേശമാണ്. ശാസ്ത്രനിർദേശങ്ങളിൽ പറഞ്ഞിരിക്കുന്നതു വ്യക്തമായി ധരിച്ച് ഈ ലോകത്തു കർമം ചെയ്യാൻ സത്യാന്വേഷിയായ നീ ബാധ്യസ്ഥനാണ്.

## *ശാസ്ത്രം പ്രമാണം തേ*

സത്യദർശികളുടെ വാക്കാണ് ഒരു സത്യാന്വേഷിക്കു പ്രമാണം. പൂർണസത്യം കാണാൻ കൊതിക്കുന്നയാൾ വ്യക്തമായും സത്യം കണ്ടവരെന്നുറപ്പുള്ള മഹാത്മാക്കളുടെ വാക്കുകളെ സമാശ്രയിക്കേണ്ടതാണ്. ഇവിടെ തന്നെയും ശ്രദ്ധയോടെ പെരുമാറേണ്ടതുണ്ട്. സ്വാർഥതൽപ്പരരായ ആളുകൾ സ്വയം സത്യദർശികളെന്നഭിനയിച്ചുകൊണ്ട് പലതും പറഞ്ഞു വച്ചിട്ടുണ്ടാവും. മഹാന്മാരായ സത്യദർശികളുടെ വാക്കുകളെ തെറ്റായി വ്യാഖ്യാനിച്ചിട്ടുണ്ടാവും. കാര്യം കാണാനായി പലതും സ്വന്തമായി കൂട്ടിച്ചേർത്തിട്ടുണ്ടാവും. ശാസ്ത്രത്തിനു വന്നുപോകുന്ന ഈ പാകപ്പിഴകളെ പരിഹരിക്കാനാണ് അവതാരപുരുഷന്മാർ വന്നുചേരുന്നത്. സ്വാർഥമോഹികൾ കർമകാണ്ഡവേദഭാഗങ്ങൾക്കു പ്രാധാന്യം കൊടുത്തു ജനങ്ങളെ അക്കാലത്ത് വഴിതെറ്റിച്ചിരുന്നു. ആസുരീസമ്പന്നന്മാർ ആസുരങ്ങളായ പല പൂജാവിധാനങ്ങളും നടപ്പാക്കി ആശയക്കുഴപ്പം സൃഷ്ടിച്ചിരുന്നു. ഭഗവാൻ ഗീതയിൽ ഇവയെല്ലാം നിഷേധിച്ചിരിക്കുന്നതു ശാസ്ത്രം എന്താണെന്നു വ്യക്തമായി വെളിപ്പെടുത്താനാണ്. സത്യം കണ്ടവരെന്നു ലോകം മുഴുവൻ സമ്മതിക്കുന്ന മഹാപുരുഷന്മാരുടെ വാക്കുകളിൽ സാമാന്യമായി വിവരിക്കുന്ന സത്യമാർഗം ഒന്നുതന്നെയായിരിക്കും. അതുകൊണ്ടു നിശ്ചിതമായ ശാസ്ത്രതത്വം അങ്ങനെ സത്യദർശികളെ അറിഞ്ഞ് അവരുടെ വാക്കുകളിൽനിന്നു സംഗ്രഹിക്കേണ്ടതാണ്. അപ്പോൾ കാര്യാകാര്യ വിവേചനത്തോടെ കർമം ചെയ്തു സത്യത്തെ കണ്ടെത്താനുള്ള ശാസ്ത്രവിധിയെന്താണ്? സ്വഭാവസിദ്ധമായി അവനവനു വന്നുചേർന്നിരിക്കുന്ന കർമം

digitized by www.sreyas.in

നിഷ്കാമമായി ഈശ്വാർച്ചനാരൂപത്തിൽ അനുഷ്ഠിക്കുകയെന്നതാണിതിനുള്ള ശ്ാസ്ത്രവിധി. സ്വധർമമൊക്കെ ഉപേക്ഷിച്ചിട്ടു ഒരാൾ യാഗാദികർമങ്ങളും മറ്റും നിരന്തരമനുഷ്ഠിച്ചു കഴിഞ്ഞുകൂടിയാൽ അത് തോന്നിയപോലെ ചെയ്യുന്നതായിത്തീരും. അതുകൊണ്ടാണു ഭഗവാൻ സത്യാന്വേഷണത്തിനുപകരിക്കുന്ന കർമശാസ്ത്രം ഗീതയിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നത്. ഇതുപോലെ സത്യാന്വേഷികളുടെ വാക്കുകളെന്നു പൂർണബോധ്യം വരുന്നവ വ്യക്തമായി അനുസരിച്ചാലേ സത്യപഥം തെളിഞ്ഞുകിട്ടൂ. അതു ചെയ്യാനാണു ഭഗവാൻ അർജുനനോടാവശ്യപ്പെട്ടിരിക്കുന്നത്.

## അധ്യായാർഥ സംക്ഷേപം

പൂർണ സത്യത്തിന്റെ സ്വരൂപവും അനുഭവരഹസ്യവുമാണു പതിനഞ്ചാമധ്യായത്തിൽ വിവരിച്ചത്. തുടർന്നു പതിനാറാമധ്യായത്തിൽ അടിസ്ഥാനപരങ്ങളായ രണ്ടു ജീവിതഗതികളെയാണു വിവരിക്കുന്നത്. ജീവന്മാർക്കു രണ്ടേരണ്ടു ജീവിതഗതികളേയുള്ളു. ഒന്നു സത്യാഭിമുഖമായും മറ്റൊന്നു സത്യത്തിന് പുറം തിരിഞ്ഞും. സത്യാഭിമുഖമായി ഗമിക്കുന്നവരാണു ദേവവർഗത്തിൽപ്പെട്ടവർ. പുറംതിരിഞ്ഞു ഗമിക്കുന്നവർ അസുരവർഗക്കാരാണ്. 'അഭയം' തുടങ്ങിയ ഇരുപത്താറെണ്ണമാണു ദേവവർഗക്കാരുടെ സമ്പത്ത്. ദംഭം തുടങ്ങി ആറെണ്ണമാണ് സാമാന്യമായി അസുരവർഗക്കാരുടെ സമ്പത്ത്. ദൈവീസമ്പത്തു മോക്ഷമാർഗമാണ്. ആസുരീസമ്പത്തു ബന്ധമാർഗവും. പാണ്ഡവന്മാർ ദൈവീസമ്പന്നന്മാരാണെന്നു ഭഗവാൻ ഉറപ്പു ചെയ്യുന്നു. തുടർന്ന് അസുരവർഗത്തെ ഭഗവാൻ വിശദമായി ചിത്രീകരിച്ചുകാണിക്കുന്നു. അസുരവർഗക്കാർക്കു പ്രവൃത്തിയെന്തെന്നോ നിവൃത്തിയെന്തെന്നോ നിശ്ചയമില്ല. ഈശ്വരനെ അവരംഗീകരിക്കുന്നില്ല. അവരുടെ ആശക്ക് അതിരില്ല. അനന്തസങ്കൽപ്പങ്ങളിൽപ്പെട്ട് അവർ സദാ ഉഴലുന്നു. തന്നെക്കവിഞ്ഞാരുമില്ലെന്നു ആസുരീസമ്പന്നന്മാർ അഹങ്കരിക്കുന്നു. അവർ സ്വദേഹത്തിലും പരദേഹത്തിലും ഈശ്വരാംശമായ ആത്മാവിന്റെ ശത്രുക്കളായി പെരുമാറുന്നു. അവർക്ക് ആസുരയോനികളിൽ പതിച്ചു നിത്യനരകം അനുഭവിക്കേണ്ടിവരുന്നു. കാമം, ക്രോധം, ലോഭം ഇവയാണു നരകത്തിന്റെ മൂന്നു വാതിലുകൾ. ഇവയെ ഒഴിവാക്കുന്നവർ ആത്മശ്രേയസ്സു കൈവരിക്കുന്നു. അവനുള്ളതാണു മോക്ഷലാഭം. സത്യദർശികളുടെ വാക്കായ ശാസ്ത്രത്തെ നിഷേധിക്കുന്നവനു ജീവിതലക്ഷ്യമായ മോക്ഷം ലഭിക്കുന്നതല്ല. അതുകൊണ്ടു കർമമാർഗത്തിൽ ശാസ്ത്രത്തെ പ്രമാണമായംഗീകരിക്കേണ്ടതാ

digitized by www.sreyas.in

ണ്. ദൈവീസമ്പത്തും ആസുരീസമ്പത്തും വിശദമായി ചർച്ച ചെയ്യുന്നതു കൊണ്ട് ഈ അധ്യായത്തിനു 'ദൈവാസുരസമ്പദ്വിഭാഗയോഗം' എന്നു പേർ.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുന സംവാദേ*
*ദൈവാസുരസമ്പദ്വിഭാഗയോഗോ നാമ*
*ഷോഡശോഽധ്യായഃ*

digitized by www.sreyas.in

അധ്യായം 17

# ശ്രദ്ധാത്രയവിഭാഗയോഗം

കർമമയമായ ജീവിതം സത്യാനുഭവത്തിലെത്തി ധന്യമാകണമെങ്കിൽ സത്യദർശികളുടെ വാക്കായ ശാസ്ത്രത്തെ അംഗീകരിക്കണമെന്നു നിർദേശിച്ചുകൊണ്ടാണല്ലോ ഭഗവാൻ പതിനാറാമധ്യായം ഉപസംഹരിച്ചത്. എന്നാൽ ശാസ്ത്രനിയമങ്ങൾ പൂർണമായി അറിയാനും അനുസരിക്കാനും എല്ലാവർക്കും പറ്റിയെന്നു വരില്ല. അങ്ങനെയുള്ളവർ ഈശ്വരവിശ്വാസവും ഭക്തിയും അംഗീകരിച്ചുകൊണ്ടു ഭഗവാനെ ആരാധിച്ചു കർമരംഗത്തു കഴിഞ്ഞുകൂടുകയാണ്. അവരുടെ സ്ഥിതിയെന്തായിരിക്കും? ഈ ചോദ്യത്തിനുത്തരമായി ശ്രദ്ധയെ മൂന്നായി വിഭജിച്ചു വിശദീകരിക്കുകയാണു ഭഗവാൻ. ശാസ്ത്രം അറിഞ്ഞാലും ഇല്ലെങ്കിലും ശ്രദ്ധ സാത്വികതലത്തിലെത്തിക്കാൻ ശാസ്ത്രജ്ഞാനം സഹായിക്കുമെന്നുള്ളതുകൊണ്ടു ശാസ്ത്രത്തെ പ്രമാണമാക്കണമെന്നു പറഞ്ഞുവെന്നേയുള്ളൂ. ഒരു രോഗി തന്റെ രോഗത്തിനുള്ള ഔഷധം അറിഞ്ഞോ അറിയാതെയോ കഴിച്ചു എന്നുവരാം. അറിയാതെ സേവിച്ചാലും രോഗം ഭേദമാകും. അറിഞ്ഞുകൊണ്ടായാൽ അതു കുറേക്കൂടി ഭംഗിയായി നിർവഹിക്കാൻ കഴിയും. അത്രമാത്രമേ ഭേദമുള്ളൂ. ദൃഢമായ വിശ്വാസമാണു ശ്രദ്ധ. അതുപോലും സാത്വികതലത്തിലെത്തിയില്ലെങ്കിൽ മോക്ഷസാധനമാകുന്നതല്ല. ശ്രദ്ധയെ മൂന്നായി വിഭജിച്ചു ഭഗവാൻ പതിനേഴാമധ്യായത്തിൽ ഇക്കാര്യം വെളിപ്പെടുത്തുന്നതുകൊണ്ട് ഈ അധ്യായത്തിനു 'ശ്രദ്ധാത്രയവിഭാഗയോഗം' എന്നു പേർ.

ശാസ്ത്രമറിയാത്തവർ ദൃഢമായ വിശ്വാസരൂപത്തിലുള്ള ശ്രദ്ധയെ അവലംബിച്ചുകൊണ്ടു കർമംചെയ്താൽ അവരെത്തിനിൽക്കുന്ന ഗുണമണ്ഡലമേതായിരിക്കുമെന്നാണർജുനൻ ഇവിടെ ആദ്യമായി ചോദ്യമുന്നയിക്കുന്നത്.

digitized by www.sreyas.in

അർജുന ഉവാച - അർജുനൻ പറഞ്ഞു:

*1. യേ ശാസ്ത്രവിധിമുത്സൃജ്യ യജന്തേ ശ്രദ്ധയാന്വിതാഃ*
*തേഷാം നിഷ്ഠാ തു കാ കൃഷ്ണ സത്വമാഹോ രജസ്തമഃ*

കൃഷ്ണ - അല്ലയോ കൃഷ്ണാ; യേ - ആരൊക്കെയാണോ; ശാസ്ത്രവിധിം ഉത്സൃജ്യ - ശാസ്ത്രനിയമമൊന്നും പരിഗണിക്കാതെ; ശ്രദ്ധയാ അന്വിതാഃ - അവരവരുടെ ചിന്താഗതികളിൽ ഉറച്ച വിശ്വാസത്തോടുകൂടി; യജന്തേ - യാഗാദികർമങ്ങളും സ്വധർമവും അനുഷ്ഠിക്കുന്നത്; തേഷാം നിഷ്ഠാ തു - അവരെത്തിനിൽക്കുന്ന ഗുണമണ്ഡലം; കാ - ഏതായിരിക്കും; സത്വം - സത്വഗുണമാണോ; ആഹോ രജഃ തമഃ - അതോ രജസ്സോ തമസ്സോ ആണോ.

അല്ലയോ കൃഷ്ണാ, ആരൊക്കെയാണോ ശാസ്ത്രനിയമമൊന്നും പരിഗണിക്കാതെ അവരവരുടെ ചിന്താഗതികളിൽ ഉറച്ച വിശ്വാസത്തോടുകൂടി യാഗാദികർമങ്ങളും സ്വധർമവും അനുഷ്ഠിക്കുന്നത് അവരെത്തിനിൽക്കുന്ന ഗുണമണ്ഡലം ഏതായിരിക്കും? സത്വഗുണമാണോ അതോ രജസ്സോ തമസ്സോ ആണോ?

## *യജന്തേ ശ്രദ്ധയാന്വിതാഃ*

സ്വന്തം ചിന്താഗതിയിൽ ദൃഢവിശ്വാസത്തോടുകൂടിയുള്ള യജനം മനുഷ്യനെ എവിടെക്കൊണ്ടെത്തിക്കുമെന്നാണ് അർജുനന്റെ ചോദ്യം. ഇവിടെ യജനം എന്നതുകൊണ്ടു യാഗാദികർമങ്ങൾ മാത്രമല്ല അർഥമാക്കുന്നത്. ജീവിതകർമചലനത്തെ ആകെ സ്വന്തം ഉറച്ച വിശ്വാസത്തിനുവേണ്ടി ഒരാൾ യജിച്ചാൽ അയാൾ എവിടെ എത്തുമെന്നാണു ചോദ്യതാൽപ്പര്യം. ഒരുപക്ഷേ, അർജുനൻ അത്രയും അർഥവ്യാപ്തി ഉദ്ദേശിച്ചിട്ടില്ലെങ്കിൽപ്പോലും ഭഗവാൻ ആ രീതിയിൽ ചോദ്യം അംഗീകരിച്ചുകൊണ്ടാണ് ഉത്തരം പറയുന്നത്. ഭക്ഷണം കഴിക്കുന്നതുപോലും സ്വന്തം ശ്രദ്ധയെ സഫലമാക്കാനുള്ള യജ്ഞമായി ഭഗവാൻ അംഗീകരിക്കുന്നു എന്നാണു മറുപടി വ്യക്തമാക്കുന്നത്. ചിലർ ശാസ്ത്രം പഠിച്ചാലും അതിനു വിരുദ്ധമായ സ്വന്തം ശ്രദ്ധയിൽ ഉറച്ചുനിന്നുകൊണ്ട് ശാസ്ത്രനിയമങ്ങളെ പുറംതള്ളിയിട്ടു കർമരംഗത്തു മുന്നോട്ടു നീങ്ങിയെന്നുവരാം. മറ്റു ചിലർ ശാസ്ത്രം ഗ്രഹിക്കാൻ അവസരം കിട്ടാതെ കർമരംഗത്തു സ്വന്തം വിശ്വാസത്തിൽ ഉറച്ചുനിന്നു ചലിച്ചു എന്നുവരാം. ഏതു തരത്തിലായാലും ഉറപ്പായ ഒരു വിശ്വാസമുണ്ട്, അതിനുവേണ്ടി ജീവിതം തന്നെ യജിക്കാനും തീരുമാനിച്ചിട്ടുണ്ട്. അവരുടെ അന്തക്കരണത്തിന്റെ ഗുണഘടന എന്തായിരിക്കുമെ

digitized by www.sreyas.in

ന്നാണ് അർജ്ജുനന്റെ ചോദ്യം. ഇതിനു ഭഗവാൻ നൽകുന്ന മറുപടി ശ്രദ്ധേയമാണ്. ശ്രദ്ധയുടെ ഉറപ്പു മാത്രമല്ല ശ്രദ്ധയുടെ സ്വരൂപവും രണ്ടും ചേർന്നാണു ഗുണഘടന തീരുമാനിക്കുന്നത്. അക്കാര്യമാണിനി ഭഗവാൻ വിശദമായി വിവരിക്കാൻ ഒരുമ്പെടുന്നത്.

ആദ്യമായി ഭഗവാൻ സ്വരൂപത്തെ ആസ്പദമാക്കി ശ്രദ്ധയെ മൂന്നായി വിഭജിച്ചു കാണിക്കുകയാണ്. ഇവിടെ ശ്രദ്ധയ്ക്കുറപ്പുണ്ടോ എന്നതല്ല, എന്തു ശ്രദ്ധിക്കുന്നു എന്നതാണു ഗുണഘടനയെ വേർതിരിക്കുന്ന ഘടകമായി ഭഗവാൻ വെളിപ്പെടുത്തുന്നത്.

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

*2. ത്രിവിധാ ഭവതി ശ്രദ്ധാ ദേഹിനാം സാ സ്വഭാവജാ*
*സാത്വികീ രാജസീ ചൈവ താമസീ ചേതി താം ശൃണു*

സാത്വികീ - സത്വഗുണപ്രധാനമായും; രാജസീ - രജോഗുണപ്രധാനമായും; താമസീ ഏവ ച - തമോഗുണപ്രധാനം തന്നെയായും; ദേഹിനാം - ജീവന്മാർക്ക്; സ്വഭാവജാ - സ്വസങ്കൽപ്പാനുസാരേണ; സാ ശ്രദ്ധ - നീ പറഞ്ഞ ആ ശ്രദ്ധ; ത്രിവിധാ ഭവതി - മൂന്നു വിധത്തിലായി വേർതിരിയുന്നു.

സത്വഗുണപ്രധാനമായും രജോഗുണപ്രധാനമായും തമോഗുണപ്രധാനം തന്നെയായും ജീവന്മാർക്കു സ്വസങ്കൽപ്പാനുസാരേണ നീ പറഞ്ഞ ശ്രദ്ധ മൂന്നു വിധത്തിലായി വേർതിരിയുന്നു.

## *ത്രിവിധാ ഭവതി ശ്രദ്ധാ*

ശാസ്ത്രമനുസരിക്കാത്തവർ, എന്നാൽ ശ്രദ്ധയോടെ കർമം ചെയ്യുന്നവർ, അവർ ഏതു ഗുണഘടനയിലെത്തി നിൽക്കുമെന്നായിരുന്നു അർജ്ജുനന്റെ ചോദ്യം. അതിനു ഭഗവാന്റെ മറുപടി ഗുണഘടനയനുസരിച്ചു ശ്രദ്ധ തന്നെ മൂന്നായി വേർതിരിയുന്നു എന്നാണ്. അതിനർഥം ഗുണഘടനയും ശ്രദ്ധയും പരസ്പരബദ്ധമാണെന്നാണ്. ഗുണഘടനയനുസരിച്ചു ശ്രദ്ധ. ശ്രദ്ധയനുസരിച്ചു ഗുണഘടന. അങ്ങനെയാണെങ്കിൽ ഇവയ്ക്കു വഴിതെളിയിക്കുന്നതെന്താണ്? അതിനു മറുപടിയായിട്ടാണ് 'സ്വഭാവജാ' എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. ശ്രദ്ധയെ ഉണ്ടാക്കുന്നതു സ്വഭാവമാണ്. എന്നുപറഞ്ഞാൽ ഗുണഘടനക്കു കാരണം സ്വഭാവമാണ്. എന്താണു സ്വഭാവം? ജീവനെ വേർതിരിക്കുന്ന അതിന്റെ സങ്കൽപ്പമണ്ഡലമാണു സ്വഭാവം. ഇക്കാര്യം നാലാമധ്യായത്തിലെ പതിമൂന്നാം ശ്ലോകത്തിന്റെ ഭാഷ്യത്തിലും

digitized by www.sreyas.in

എട്ടാമധ്യായം മൂന്നാം ശ്ലോകത്തിന്റെ ഭാഷ്യത്തിലും നാം വ്യക്തമായി വിവരിച്ചിട്ടുള്ളതാണ്. ഇവിടെ സ്വഭാവം, ശ്രദ്ധ, ഗുണഘടന എന്നിങ്ങനെ ജീവന്റെ മൂന്നു ഘടകങ്ങൾ വേർതിരിയുന്നു. ഇതിൽ ഏതാദ്യം തുടങ്ങി എന്നു ചിന്തിച്ചിട്ടു കഥയില്ല. മൂന്നും ബ്രഹ്മാംശത്തിൽ മായയുടെ ആരോപണങ്ങളാണ്. അതുകൊണ്ടവ പരസ്പരം കൂടിപ്പിണഞ്ഞു ചക്രാകാരമായി വർത്തിക്കുന്നു. അന്തർമുഖമായി ഇവയെ ദിവ്യഭാവനകൊണ്ട് ഒഴിച്ചുമാറ്റുകയാണു സത്യാന്വേഷണം. ഉയർച്ചയോ താഴ്ചയോ സംഭവിക്കുന്നതും ഇവ ഒഴിഞ്ഞുമാറുന്നതും എപ്പോഴും ഒരുമിച്ചായിരിക്കും. ഇവയുടെ പരസ്പരസാപേക്ഷത്വം വ്യക്തമാക്കാനാണു ഭഗവാൻ ഇങ്ങനെ ചോദ്യത്തിനു നേരിട്ടല്ലാതെ ഉത്തരം പറഞ്ഞിരിക്കുന്നത്.

ഇനിയും എന്താണു ശ്രദ്ധ? ജീവന്റെ സ്വരൂപനിർണയത്തിൽ ശ്രദ്ധക്കെന്തു പ്രാധാന്യമാണുള്ളത്? ഈ ചോദ്യങ്ങൾക്കുത്തരമാണു ഭഗവാൻ തുടർന്നു നൽകുന്നത്?

*3 സത്ത്വാനുരൂപാ സർവസ്യ ശ്രദ്ധാ ഭവതി ഭാരത*
*ശ്രദ്ധാമയോഽയം പുരുഷോ യോ യച്ഛ്രദ്ധഃ സ ഏവ സഃ*

ഭാരത - അല്ലയോ അർജുനാ; സർവസ്യ - സകലർക്കും; ശ്രദ്ധാ - ദൃഢവിശ്വാസമെന്നത്; സത്ത്വാനുരൂപാ - ഏതുതരം ഉണ്മയെ അവർ അനുഭവിക്കുന്നു എന്നതിനെ ആശ്രയിച്ചാണ്; ഭവതി - സംഭവിക്കുന്നത്; അയം പുരുഷഃ - ഈ ജീവാത്മാവ്; ശ്രദ്ധാമയഃ - വിശ്വാസസ്വരൂപിയാണ്; യഃ യച്ഛ്രദ്ധഃ - ആര് എന്തു വിശ്വസിക്കുന്നുവോ; സഃ സഃ ഏവ - അവൻ അതു തന്നെയായി ഭവിക്കുന്നു.

അല്ലയോ അർജുനാ, സകലർക്കും ദൃഢവിശ്വാസമെന്നത് ഏതുതരം ഉണ്മയെ അവർ അനുഭവിക്കുന്നു എന്നതിനെ ആശ്രയിച്ചാണു സംഭവിക്കുന്നത്. ഈ ജീവാത്മാവ് വിശ്വാസസ്വരൂപിയാണ്. ആര് എന്തു വിശ്വസിക്കുന്നുവോ അവൻ അതുതന്നെയായി ഭവിക്കുന്നു.

## *ശ്രദ്ധാമയോഽയം പുരുഷഃ*

ജീവസ്വരൂപം നിർണയിക്കുന്ന വ്യക്തമായ ഒരു നിയമമാണു ഭഗവാൻ ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. ഇവിടത്തെ 'സത്ത്വ'പദത്തിനു സത്ത്വഗുണമെന്നോ 'ശ്രദ്ധാ' പദത്തിനു ഈശ്വരവിശ്വാസമെന്നോ അർഥം പറഞ്ഞാൽ ഈ ജീവിതനിയമം സങ്കുചിതമായിത്തീർന്ന് ആശയക്കുഴപ്പത്തിനിടവരുന്നതാണ്. സത്തിന്റെ ഭാവമാണു സത്ത്വം. സത്ത്വമെങ്ങനെയോ ശ്രദ്ധ അങ്ങനെ. അതായത് ഉണ്മയെ അഥവാ നിലനിൽപ്പിനെ ഒരാൾ എങ്ങനെ അനുഭവി

digitized by www.sreyas.in

ക്കുന്നുവോ അതിനനുസരണമായിട്ടായിരിക്കും അയാളുടെ ശ്രദ്ധ രൂപംകൊള്ളുന്നത്. അപ്പോൾ ശ്രദ്ധ എന്ന പദത്തിനു വിശ്വാസം എന്നർഥം. ഒരാൾ നിലനിൽപ്പിനെ വെറും ഭൗതികമായനുഭവിച്ചാൽ അതനുസരിച്ചായിരിക്കും അയാളുടെ ശ്രദ്ധ രൂപപ്പെടുന്നത്. ഓരോരുത്തരുടെയും പ്രത്യേകാനുഭവത്തെ ആശ്രയിച്ചാണു ഓരോരുത്തർക്കും സത്യം ഭിന്നമായി വേർതിരിയുന്നത്. ജഡ ഭൂതങ്ങളാണു സത്യമെന്നു ചിലർ പറയുന്നു. പ്രാണനാണു സത്യമെന്നു വേറൊരു കൂട്ടർ. ഇനിയൊരു കൂട്ടർ ഗുണങ്ങളാണു സത്യമെന്നു പറയുന്നു. തത്വസംഖ്യകളുടെ ഗണനയിൽത്തന്നെ മതഭേദങ്ങളുണ്ട്. പ്രകൃതിയും പുരുഷനും രണ്ടാണെന്നു ചിലർ, ഒന്നാണെന്നു മറ്റു ചിലർ. ഇങ്ങനെ പോകുന്നു മതഭേദപരമ്പര. ഓരോരുത്തരുടെ പ്രത്യേകം പ്രത്യേകമുള്ള അനുഭവമാണീ മതഭേദങ്ങൾക്കു ഹേതു. അവരവരുടെ അനുഭവങ്ങൾക്കനുസരണമായി വിശ്വാസത്തിലും ഭേദം വന്നുചേരുന്നു. വിശ്വാസത്തിനനുരൂപമായി ഗുണവും കർമവും രൂപപ്പെടുന്നു. അതുകൊണ്ടു ജീവൻ ശ്രദ്ധാമയനാണ്. ശ്രദ്ധക്കനുസരിച്ചു ജീവിതവും രൂപംകൊള്ളുന്നു. പരമാത്മാവായ ഉത്തമപുരുഷന്റെ സാക്ഷാൽക്കാരവും ശ്രദ്ധാമയമല്ലേ എന്നു ചിലർ ചോദിച്ചേക്കാം. സങ്കൽപ്പാത്മികയാണു ശ്രദ്ധ. അതുകൊണ്ടതു ജീവസ്വരൂപമാണ്. പരമാത്മസാക്ഷാൽക്കാരത്തിലേക്കു നയിക്കുന്നതു ശ്രദ്ധയാണ്, ഗുരുമുഖത്തുനിന്നു വസ്തു സ്ഥിതി ധരിച്ച് ഈ പ്രപഞ്ചം പരമാത്മമയമാണെന്നു സങ്കൽപ്പിച്ചുറപ്പിച്ചാൽ പുരുഷൻ ശ്രദ്ധാമയനായതുകൊണ്ടു പരമാത്മാനുഭവത്തിനുള്ള വഴിതെളിയും. പക്ഷേ, പരമാത്മാനുഭവം വന്നുകഴിഞ്ഞാൽ അതു മറ്റനുഭവങ്ങളെപ്പോലെയല്ല. മറ്റേതു സാക്ഷാൽക്കാരത്തിലും ശ്രദ്ധ അഥവാ സങ്കൽപ്പം ബാക്കിനിൽക്കും. ശ്രദ്ധ അഥവാ സങ്കൽപ്പം പാടേ ഒഴിഞ്ഞുമാറുന്ന അദ്വൈതാനുഭവമാണു പരമാത്മാനുഭവമെന്നു ഗീതയിൽ ഭഗവാൻ തന്നെ എത്രയോ സ്ഥലത്തു വിവരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ആത്മജ്ഞാനരൂപമായ അനുഭവം ഒരിക്കലുണ്ടായാൽപ്പിന്നെ അതൊരിക്കലും ഇല്ലാതായിപ്പോവുകയില്ല എന്നു ശാസ്ത്രം സിദ്ധാന്തിക്കുന്നത്. മറ്റനുഭവങ്ങളിലെല്ലാം ശ്രദ്ധ മാറിയാൽ അനുഭവവും മാറും. ശ്രദ്ധക്കതീതമായ അനുഭവമായതുകൊണ്ട് ആത്മാനുഭവം ഒരിക്കലുണ്ടായാൽപ്പിന്നെ അതു മാറിപ്പോകുന്ന പ്രശ്നമേയില്ല. യഥാർഥത്തിൽ മറ്റനുഭവങ്ങളെല്ലാം ജീവന്റെ ശ്രദ്ധക്കനുസരണമായി പരമാത്മാവിൽ രൂപം കൊള്ളുന്നവയാണ്. ഈ നിയമം നാലാമധ്യായം പതിനൊന്നാം ശ്ലോകത്തിന്റെ ഭാഷ്യത്തിലും തുടർന്നുള്ള ഭാഗങ്ങളിലും നാം വ്യക്തമായി ചർച്ച ചെയ്തിട്ടുണ്ടല്ലോ. പര

digitized by www.sreyas.in

മാത്മാവ് ശ്രദ്ധാതീതമായ സത്യമാണ്. അതിൽ ആരെങ്ങനെ ശ്രദ്ധിക്കുന്നുവോ അതനുസരിച്ച് അയാളുടെ ജീവഭാവം രൂപം കൊള്ളുന്നു. ശ്രദ്ധയെങ്ങനെയോ ജീവിതമങ്ങനെ. സനാതനമായ ജീവിതനിയമമാണിത്. അദ്വൈതബോധം വന്നു ശ്രദ്ധയെ ദിവ്യഭാവനയോടെ ഉയർത്തി ഉയർത്തി ഉപേക്ഷിച്ചാൽ ജീവനു പരമാത്മാവുമായി ഏകീഭാവമെന്ന മോക്ഷം. ഇതാണു ബന്ധമോക്ഷനിയമം.

ശ്രദ്ധയ്ക്കനുസരണമായി ഈശ്വരവിശ്വാസം എങ്ങനെ രൂപംകൊള്ളുന്നു എന്നാണിനി ഭഗവാൻ വിവരിക്കുന്നത്:

*4. യജന്തേ സാത്വികാ ദേവാൻ യക്ഷരക്ഷാംസി രാജസാഃ*
*പ്രേതാൻ ഭൂതഗണാംശ്ചാന്യേ യജന്തേ താമസാ ജനാഃ*

സാത്വികാഃ – സാത്വിക ശ്രദ്ധയുള്ളവർ; ദേവാൻ – സത്വഗുണപ്രധാനന്മാരായ ദേവന്മാരെ; യജന്തേ – യാഗാദി കർമങ്ങളിലൂടെ പൂജിക്കുന്നു; രാജസാഃ – രാജസ ശ്രദ്ധയുള്ളവർ; യക്ഷരക്ഷാംസി – രജോഗുണികളായ യക്ഷന്മാരെയും രാക്ഷസന്മാരെയും (പൂജിക്കുന്നു); അന്യേ താമസാഃ ജനാഃ – മറ്റു താമസ ശ്രദ്ധയുള്ളയാളുകൾ; പ്രേതാൻ ഭൂതഗണാൻ ച – തമോഗുണികളായ പ്രേതങ്ങളെയും ഭൂതഗണങ്ങളെയും, യജന്തേ – പൂജിക്കുന്നു.

സാത്വിക ശ്രദ്ധയുള്ളവർ സത്വഗുണപ്രധാനന്മാരായ ദേവന്മാരെ യാഗാദികർമങ്ങളിലൂടെ പൂജിക്കുന്നു. രാജസ ശ്രദ്ധയുള്ളവർ രജോഗുണികളായ യക്ഷന്മാരെയും രാക്ഷസന്മാരെയും പൂജിക്കുന്നു. മറ്റു താമസശ്രദ്ധയുള്ളയാളുകൾ തമോഗുണികളായ പ്രേതങ്ങളെയും ഭൂതഗണങ്ങളെയും പൂജിക്കുന്നു.

## *ശ്രദ്ധയും ഈശ്വരവിശ്വാസവും*

അജ്ഞനും അൽപ്പബുദ്ധിയുമായ മനുഷ്യന് ഒരാശ്രയമില്ലാതെ ജീവിക്കുവാനേ സാധ്യമല്ല. അങ്ങനെയാണ് ഈശ്വരസങ്കൽപ്പങ്ങൾ ആവിർഭവിച്ചത്. ജഗത്തിനാശ്രയമായ പരമസത്യം ഒന്നേയുള്ളൂ. അതു ശ്രദ്ധാതീതമാണെന്നു നാം കണ്ടുവല്ലോ. ആ സത്യവസ്തുവിൽ ശ്രദ്ധ അഥവാ സങ്കൽപ്പം ആവിർഭവിക്കുന്നതാണു ജീവന്റെ ഉൽപ്പത്തി. ശ്രദ്ധാമയനാണു ജീവൻ. പരമസത്യം ഗ്രഹിക്കാൻ കഴിയാത്ത ജീവന്മാർ അവരവരുടെ ശ്രദ്ധക്കനുരൂപമായി ഈശ്വരസങ്കൽപ്പങ്ങൾക്കു രൂപം കൊടുക്കുന്നു. പരമാത്മഭിന്നങ്ങളായ എല്ലാ ഈശ്വരസങ്കൽപ്പങ്ങളും ഇങ്ങനെ ആവിർഭവിച്ചവയാണ്. ജീവന്റെ ശ്രദ്ധ എങ്ങനെയോ ആ രൂപത്തിൽ ബോധഘനമായ സത്യം

digitized by www.sreyas.in

അവനനുഭവപ്പെടുന്നു. ഈ നിയമമനുസരിച്ച് ആര് ഏത് ദേവതാരൂപത്തെ ഭജിക്കുന്നുവോ ആ രൂപത്തിൽ ബ്രഹ്മം പ്രത്യക്ഷനായി അവന്റെ അഭിലാഷം നിറവേറ്റും. അതുകൊണ്ട് ആളുകൾക്ക് വിവിധ തരത്തിലുള്ള ഈശ്വരസങ്കൽപ്പങ്ങളിൽ വിശ്വാസം ഉറയ്ക്കാനും ഇടയായി. ശാസ്ത്രവിധി വിട്ടിട്ടു സ്വധർമമനുഷ്ഠിക്കുന്നവരുടെ ഗുണഘടനയെന്തെന്നായിരുന്നു അർജുനന്റെ ചോദ്യം. പക്ഷേ, ഗുണഘടനയനുസരിച്ച് ഓരോരുത്തരും എന്തു സ്വധർമമനുഷ്ഠിക്കും എന്ന ചോദ്യത്തിനാണു ഭഗവാൻ ഉത്തരം പറയുന്നത്. ഇതിന്റെ യാഥാർഥ്യം ശ്രദ്ധയും ഗുണഘടനയും വേർതിരിക്കാവുന്നതല്ല, എന്നുതന്നെ. ഗുണഘടനയനുസരിച്ചു ശ്രദ്ധ. ശ്രദ്ധയനുസരിച്ചു ഗുണഘടന. ഇതാണ് ഈ ജീവിതവൃത്തത്തിന്റെ നിയമം. അപ്പോൾ ഒരാൾ അവശ്യം ചെയ്യേണ്ടത് ബോധപൂർവം ഇവയെ രണ്ടിനെയും ഒരുമിച്ചു മാറ്റിയെടുക്കുകയെന്നതാണ്. അതിനുവേണ്ടിയാണ് ഈശ്വരവിശ്വാസത്തിന്റെ കാര്യത്തിൽ ഇവയെ വേർതിരിച്ചുകാണിക്കുന്നതും. ജീവനിലെ ഗുണഘടന ജഗത്തിലും അതേ ഗുണഘടനയോടു ബന്ധപ്പെടാനായിരിക്കും എപ്പോഴും കൊതിക്കുന്നത്. പ്രകാശത്തിന്റെ ഗുണമാണല്ലോ സത്വഗുണം. അതുകൊണ്ടു സാത്വികീശ്രദ്ധയുള്ള ജീവൻ, വിഷ്ണു തുടങ്ങിയ സത്വഗുണപ്രധാനന്മാരായ ദേവന്മാരെയായിരിക്കും ഭജിക്കുക. കർമത്തിന്റെയും ലൗകിക സുഖത്തിന്റെയും ഗുണമാണു രജസ്സ്. അങ്ങനെയുള്ളവർ ഇന്ദ്രൻ, കുബേരൻ തുടങ്ങിയ രജോഗുണപ്രധാനന്മാരായ ദേവന്മാരെ ഭജിക്കും. മോഹത്തിന്റെ ഗുണമാണു തമസ്സ്. താമസ്സിയായ ശ്രദ്ധയുള്ളവർ മാടൻ, മന്ത്രമൂർത്തി മുതലായവയെ ഭജിക്കും. ഇവിടെ പൂജാസാമഗ്രികളിലും പൂജാക്രമങ്ങളിലുമൊക്കെ ഈ ഗുണങ്ങളുടെ പ്രതിഫലനം കാണ്മാനുണ്ടാവും. ആശിക്കുന്ന ഫലത്തിലും ഗുണപ്രതിഫലനം ഉണ്ടായിരിക്കും. ഗുണമയമായ ലോകത്ത് ഈശ്വരവിശ്വാസത്തിൽ ഇത്തരം മതഭേദങ്ങളും പൂജാവൈവിധ്യങ്ങളും എക്കാലത്തും തുടരുകതന്നെ ചെയ്യും. ശ്രദ്ധാമയനാണ് അഥവാ ഗുണമയനാണു ജീവൻ.

എന്തായാലും രജോഗുണപ്രധാനവും തമോഗുണപ്രധാനവുമായ ഈശ്വരസങ്കൽപ്പങ്ങളും പൂജാവിധാനങ്ങളും ആസുരസമ്പത്തു വളർത്താനേ ഉപകരിക്കൂ. അവ സത്യദർശനത്തിനുപകരിക്കുകയില്ല എന്നാണിനി അടുത്ത രണ്ടു പദ്യംകൊണ്ടു ഭഗവാൻ പ്രതിപാദിക്കുന്നത്:

5. *അശാസ്ത്രവിഹിതം ഘോരം തപ്യന്തേ യേ തപോ ജനാഃ*
*ദംഭാഹങ്കാരസംയുക്താഃ കാമരാഗബലാന്വിതാഃ*



digitized by www.sreyas.in

*6. കർശയന്തഃ ശരീരസ്ഥം ഭൂതഗ്രാമമചേതസഃ*
*മാം ചൈവാന്തഃശരീരസ്ഥം താൻ വിദ്ധ്യാസുരനിശ്ചയാൻ*

യേ ജനാഃ - ആരാരൊക്കെയാണോ; ദംഭാഹങ്കാരസംയുക്താഃ - തന്നെക്കാൾ വലിയവനില്ലെന്നും താനാണെല്ലാം ചെയ്യുന്നതെന്നും അഹംഭാവത്തെ വളർത്തുന്നവരായും; കാമരാഗബലാന്വിതാഃ - പലതും കൊതിച്ചു മമതാബദ്ധരായി ബലം നടിക്കുന്നവരായും; ശരീരസ്ഥം ഭൂതഗ്രാമം - ദേഹത്തെ നിലനിറുത്തുന്നതിൽ സഹായിക്കുന്ന പഞ്ചഭൂതസമൂഹത്തെയും; അന്തഃശരീരസ്ഥം മാം ച ഏവ - ദേഹത്തെ പ്രവർത്തിപ്പിച്ചുകൊണ്ട് ഉള്ളിൽ സ്ഥിതി ചെയ്യുന്ന പരമാത്മാവായ എന്നെത്തന്നെയും; അചേതസഃ കർശയന്തഃ - ഹൃദയശൂന്യരായി ഉപവാസാദി കഠിനസാധനകൾകൊണ്ടു നിശ്ശേഷം ക്ഷീണിപ്പിക്കുന്നവരായും; അശാസ്ത്രവിഹിതം - ശാസ്ത്രവിധികൾ പരിഗണിക്കാതെ; ഘോരം തപഃ - സാത്വികമല്ലാത്ത ഘോരതപസ്സ്; തപ്യന്തേ - അനുഷ്ഠിക്കുന്നത്; താൻ - അവരൊക്കെ; ആസുരനിശ്ചയാൻ - ആസുരഭാവത്തിൽ ഉറച്ച വിശ്വാസം വന്നവരാണെന്ന്; വിദ്ധി - ധരിച്ചുകൊള്ളുക.

ആരൊക്കെയാണോ തന്നെക്കാൾ വലിയവനില്ലെന്നും താനാണെല്ലാം ചെയ്യുന്നതെന്നും അഹംഭാവത്തെ വളർത്തുന്നവരായും പലതും കൊതിച്ചു മമതാബദ്ധരായും ബലം നടിക്കുന്നവരായും ദേഹത്തെ നിലനിറുത്തുന്നതിൽ സഹായിക്കുന്ന പഞ്ചഭൂതസമൂഹത്തെയും ദേഹത്തെ പ്രവർത്തിപ്പിച്ചുകൊണ്ട് ഉള്ളിൽ സ്ഥിതിചെയ്യുന്ന പരമാത്മാവായ എന്നെത്തന്നെയും ഉപവാസാദി കഠിന സാധനകൾകൊണ്ടു നിശ്ശേഷം ക്ഷീണിപ്പിക്കുന്നവരായും ശാസ്ത്രവിധികൾ പരിഗണിക്കാതെ സാത്വികമല്ലാത്ത ഘോരതപസ്സനുഷ്ഠിക്കുന്നത് അവരൊക്കെ ആസുരഭാവത്തിൽ ഉറച്ച വിശ്വാസം വന്നവരാണെന്നു ധരിച്ചുകൊള്ളുക.

## *താൻ വിദ്ധ്യാസുരനിശ്ചയാൻ*

ഇവിടത്തെ നിശ്ചയപദം ശ്രദ്ധാപര്യായമാണ്. രജസ്സിനും തമസ്സിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ശ്രദ്ധ ഈശ്വരവിശ്വാസമുൾക്കൊള്ളുന്നതായാൽപ്പോലും ആസുരഭാവമുൾക്കൊള്ളുന്നു എന്നാണു ഭഗവാൻ അർജുനനു വെളിപ്പെടുത്തിക്കൊടുക്കുന്നത്. ശ്രദ്ധയെ സത്വഗുണപ്രധാനമാക്കിത്തീർക്കാനുള്ള നിയതനിർദേശമാണു ശാസ്ത്രവിധി. അതുകൊണ്ടു നിയമം അറിഞ്ഞില്ലെങ്കിൽപ്പോലും ഒരുവന്റെ ശ്രദ്ധ സാത്വികിയാണെങ്കിൽ ദോഷമൊന്നു വരാനില്ല. ഇനി ശാസ്ത്രവിധി അറിയാതെയോ അറിഞ്ഞാലും നിസ്സാരമാക്കിത്തള്ളിയിട്ടോ രജസ്സിനും തമസ്സിനും പ്രാധാന്യം നൽകിക്കൊണ്ടു യാഗാ

digitized by www.sreyas.in

ദികർമ്മങ്ങൾ ചെയ്യുന്നതുപോലും ആസുരീസമ്പത്തു വളർത്തി പതനത്തെ ഉണ്ടാക്കും. എവിടെയാണു രജസ്സിനും തമസ്സിനും പ്രാധാന്യം ലഭിക്കുക? ദംഭവും അഹങ്കാരവുമുള്ളിടത്ത്. ഞാൻ കേമനാണെന്ന ഭാവമാണു ദംഭം. കർത്തൃത്വബോധമാണ് അഹങ്കാരം. ഇതുരണ്ടും ആസുരസമ്പത്തിൽപ്പെടുന്നവയാണ്. സത്യം കാണാൻ കൊതിക്കുന്നവർ ദംഭവും അഹങ്കാരവും വെടിഞ്ഞു താൻ ഈശ്വരന്റെ കയ്യിലെ ഒരുപകരണമാണെന്ന ഭാവനയോടെ കർമം ചെയ്യണമെന്നതാണു ശാസ്ത്രവിധി. അതംഗീകരിച്ചാൽ ശാസ്ത്രം അറിഞ്ഞാലും ഇല്ലെങ്കിലും സത്വഗുണം വളരും. കാമം, രാഗം, ബലം ഇവയെച്ചൊല്ലിയുള്ള യജനങ്ങളും സത്വഗുണവർധനവിനെ തടയുന്നതാണ്. അതുകൊണ്ടാണല്ലോ നിഷ്കാമകർമത്തിനു ഭഗവാൻ ഗീതയിൽ പ്രേരണ നൽകിയിരിക്കുന്നത്. ദംഭാഹങ്കാരാദിയും കാമരാഗാദിയും ഉള്ളവർ ഭൗതികലാഭങ്ങൾക്കായി എത്ര ഘോരമായ തപസ്സും അനുഷ്ഠിച്ചു എന്നുവരും. ദേഹത്തെയും ആത്മാവിനെയും അവർ അതിനായി എങ്ങനെ വേണമെങ്കിലും പീഡിപ്പിക്കും. ലോകാധിപത്യത്തിനും മറ്റുമായി അസുരന്മാർ ചെയ്യുന്ന ഘോരതപസ്സുകൾ പുരാണങ്ങളിൽ പ്രസിദ്ധമാണല്ലോ. ലോകത്തും അത്തരം ഘോരയത്നങ്ങൾ നോക്കിക്കാണാവുന്നതേയുള്ളു. മുൻപറഞ്ഞ ഏതെങ്കിലും തരത്തിലുള്ള ഈശ്വരവിശ്വാസം ഉൾക്കൊള്ളുന്നതായാൽപ്പോലും ഇത്തരം തപസ്സ് അശാസ്ത്രീയവും ആസുരഭാവമുൾക്കൊള്ളുന്നതുമാണെന്നാണു ഭഗവാന്റെ പ്രഖ്യാപനം.

ഒരുവന്റെ ജീവിതകർമചലനങ്ങളിലെല്ലാം അവന്റെ ശ്രദ്ധ സ്വാധീനം ചെലുത്തും. ജീവിതകർമചലനങ്ങളെ സാമാന്യമായി വേർതിരിച്ചു കാണിച്ചു ശ്രദ്ധ അവയിലെല്ലാം സ്വാധീനം ചെലുത്തുമെന്നു വ്യക്തമാക്കുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

7. *ആഹാരസ്ത്വപി സർവസ്യ ത്രിവിധോ ഭവതി പ്രിയഃ*
*യജ്ഞസ്തപസ്തഥാ ദാനം തേഷാം ഭേദമിമം ശൃണു*

സർവസ്യ - എല്ലാവരുടെയും; പ്രിയഃ ആഹാരഃ തു അപി - പ്രിയപ്പെട്ട ആഹാരംതന്നെയും; ത്രിവിധഃ ഭവതി - ശ്രദ്ധയുടെ വ്യത്യാസമനുസരിച്ചു മൂന്നു വിധമായി ഭവിക്കുന്നു; തഥാ - അതുപോലെ; യജ്ഞഃ - യാഗാദികർമവും സ്വധർമാചരണവും; തപഃ - സിദ്ധികൾക്കായുള്ള തപസ്സ്; ദാനം - ദാനവും; തേഷാം - അവയുടെയെല്ലാം; ഇമം ഭേദം - ശ്രദ്ധയെ ആസ്പദമാക്കിയുള്ള ഭേദം; ശൃണു - നീ കേട്ടുകൊള്ളുക.

digitized by www.sreyas.in

എല്ലാവരുടെയും പ്രിയപ്പെട്ട ആഹാരം തന്നെയും ശ്രദ്ധയുടെ വ്യത്യാസമനുസരിച്ചു മൂന്നു വിധമായി ഭവിക്കുന്നു. അതുപോലെ യാഗാദികർമവും സ്വധർമാചരണവും സിദ്ധികൾക്കായുള്ള തപസ്സും ദാനവും; അവയുടെയെല്ലാം ശ്രദ്ധയെ ആസ്പദമാക്കിയുള്ള ഭേദം നീ കേട്ടുകൊള്ളുക.

### *തേഷാം ഭേദമിമം ശൃണു*

പുരുഷൻ ശ്രദ്ധാമയനാണ് എന്നു പറഞ്ഞാൽ ജീവാത്മാവിന്റെ ഇഹലോകജീവിതം ഇന്നും നാളെയും എന്തായിരിക്കണമെന്നു തീരുമാനിക്കുന്ന ഒരേ ഒരു ഘടകം ശ്രദ്ധയാണെന്നു താൽപ്പര്യം. ജീവൻ ചെയ്യുന്ന കർമങ്ങളും അനുഭവിക്കുന്ന ഫലങ്ങളും ശ്രദ്ധയെ ആസ്പദമാക്കി മാത്രമായിരിക്കും രൂപം കൊള്ളുന്നത്. ജീവന്റെ അടിസ്ഥാനപരമായ ആവശ്യമാണല്ലോ ഭക്ഷണം. അതിൽപ്പോലും ശ്രദ്ധയുടെ സ്വാധീനമാണു കാണപ്പെടുന്നത്. തുടർന്നു യജ്ഞം, തപസ്സ്, ദാനം എന്നീ മൂന്നു പദങ്ങൾകൊണ്ടും ജീവന്റെ സംസാരകർമചലനങ്ങളെയെല്ലാം സംഗ്രഹിച്ചിരിക്കുകയാണു ഭഗവാൻ. മുൻപറഞ്ഞ മൂന്നുതരം ശ്രദ്ധയെ ആസ്പദമാക്കി യജ്ഞാദികൾ എങ്ങനെ വേർതിരിയുന്നു എന്നു വിശദമായി ഭഗവാൻ വിവരിക്കാനൊരുമ്പെടുകയാണ്. ആ വിവരണത്തിൽ നിന്നു മറ്റു കർമചലനങ്ങളുടെ വകഭേദങ്ങൾ ഊഹിക്കാവുന്നതാണ്. ശ്രദ്ധയുടെ വകഭേദങ്ങൾ ഇങ്ങനെ തിരിച്ചാൽ അവയുടെ വെളിച്ചത്തിൽ ഓരോരുത്തർക്കും ആദ്യം അവനവന്റെ ഗുണമണ്ഡലം ഊഹിച്ചറിയാൻ പറ്റും. അതനുസരിച്ചു ശ്രദ്ധയെ സത്യോന്മുഖമായി തിരിച്ചുവിടാനും പറ്റും. അതുപോലെ മറ്റുള്ളവരുടെ ഗുണമണ്ഡലവും തിരിച്ചറിഞ്ഞ് അവരുമായുള്ള ലോകവ്യവഹാരം സുഗമമാക്കിത്തീർക്കാനും കഴിയും. പതിന്നാലാമധ്യായത്തിലെ ഗുണത്രയവിഭാഗവും പ്രസ്തുതമായ ശ്രദ്ധാത്രയവിഭാഗവും ശ്രദ്ധിച്ചു പഠിക്കുന്ന ഒരാൾക്ക് ലോകവ്യവഹാരവും സത്യാന്വേഷണവും അത്യന്തം സുഗമമായിത്തീരുമെന്നുള്ളതിനു സംശയമേയില്ല.

പറഞ്ഞതനുസരിച്ച് ഭഗവാൻ ആദ്യമായി ശ്രദ്ധയെ ആസ്പദമാക്കി ആഹാരം എങ്ങനെ വേർതിരിയുന്നു എന്നു വിവരിക്കാനൊരുമ്പെടുന്നു. സാത്വികീ ശ്രദ്ധയുള്ളവരുടെ ആഹാരമെന്തായിരിക്കുമെന്നാണാദ്യമായി വിവരിക്കുന്നത്:

digitized by www.sreyas.in

*8. ആയുഃസത്വബലാരോഗ്യസുഖപ്രീതിവിവർധനാഃ*
*രസ്യാഃ സ്നിഗ്ദ്ധാഃ സ്ഥിരാ ഹൃദ്യാ ആഹാരാഃ സാത്വിക പ്രിയാഃ*

ആയുഃസത്വബലാരോഗ്യ സുഖപ്രീതിവിവർധനാഃ - ആയുസ്സ്, ഉത്സാഹം, മനോബലം, ദേഹബലം, ചിത്തസുഖം, ഇന്ദ്രിയതൃപ്തി എന്നിവ വളർത്തുന്നവയും; രസ്യാഃ - രുചികരങ്ങളും; സ്നിഗ്ദ്ധാഃ - മൃദുക്കളും; സ്ഥിരാഃ - അധികസമയം കേടുവരാതെ നിലനിൽക്കുന്നവയും; ഹൃദ്യാഃ - ഹൃദയത്തിനിണങ്ങുന്നവയുമാണ്; സാത്വികപ്രിയാഃ - സാത്വികശ്രദ്ധയുള്ളവർക്കു പ്രിയപ്പെട്ട; ആഹാരാഃ - ആഹാരങ്ങൾ.

ആയുസ്സ്, ഉത്സാഹം, മനോബലം, ദേഹബലം, ചിത്തസുഖം, ഇന്ദ്രിയതൃപ്തി എന്നിവ വളർത്തുന്നവയും രുചികരങ്ങളും മൃദുക്കളും അധികസമയം കേടുവരാതെ നിലനിൽക്കുന്നവയും ഹൃദയത്തിനിണങ്ങുന്നവയുമാണ് സാത്വിക ശ്രദ്ധയുള്ളവർക്കു പ്രിയപ്പെട്ട ആഹാരങ്ങൾ.

## *ആഹാരാഃ സാത്വികപ്രിയാഃ*

കഴിക്കുന്ന ആഹാരസാധനങ്ങളും ക്രമവും നോക്കിത്തന്നെ ഒരാളുടെ ശ്രദ്ധ ഏതു ഗുണഘടനയെ ആശ്രയിക്കുന്നു എന്നു തീരുമാനിക്കാവുന്നതാണ്. സത്വഗുണപ്രധാനമായ അന്തക്കരണം സത്യോന്മുഖമായ മുന്നേറ്റത്തെ കൊതിക്കുന്ന ഒന്നാണ്. അന്തക്കരണശുദ്ധിയും ദേഹബലവും സാത്വികന് ഒരുപോലെ പ്രധാനമാണ്. ആയുസ്സു ദീർഘിപ്പിക്കുന്ന ഭക്ഷണസാധനങ്ങളുണ്ടാവാം. പക്ഷേ, അവ ഉത്സാഹത്തെ നശിപ്പിച്ചു എന്നു വരും. അൽപ്പസമയം ഉത്സാഹത്തെ വർധിപ്പിക്കുന്ന ചില ഭക്ഷണപദാർഥങ്ങൾ അതു കഴിഞ്ഞാൽ മനോബലത്തെ അത്യധികം ക്ഷയിപ്പിച്ചു എന്നുവരും. ദേഹത്തെ അത്യധികം പുഷ്ടിപ്പെടുത്തുന്ന ചിലവ മനസ്സിനെ അത്യന്ത ചഞ്ചലമാക്കി നശിപ്പിച്ചു എന്നുവരും. ചിലവ ഭക്ഷണവേളയിൽ ഇന്ദ്രിയപ്രീതി നൽകിയെന്നുവരും. ഭക്ഷണംകഴിഞ്ഞാൽ മനസ്സിനെ മ്ലാനമാക്കി ചിത്തപ്രസാദത്തെ നശിപ്പിക്കുന്നവയായിരിക്കും. പല ഗുണങ്ങളുമുള്ള ചില ആഹാരപദാർഥങ്ങൾ അരുചികരങ്ങളായിരിക്കും. സത്വഗുണപ്രധാനിയായ ആൾ സ്വാഭാവികമായിത്തന്നെ മേൽപ്പറഞ്ഞ എല്ലാ ഗുണങ്ങളും തികഞ്ഞ ആഹാരങ്ങളെ ഇഷ്ടപ്പെടുന്നവനായിരിക്കും. രുചികരങ്ങളായ കിഴങ്ങുവർഗങ്ങൾ, കായ്കനികൾ, നല്ല സസ്യവർഗങ്ങൾ, പാല്, നെയ്യ്, തൈര് എന്നിവയൊക്കെയായിരിക്കും പ്രായേണ സാത്വികന്മാരിഷ്ടപ്പെടുന്ന ആഹാരസാധനങ്ങൾ.

digitized by www.sreyas.in

ഇനിയും രാജസ്സ ശ്രദ്ധയുള്ളവനു പ്രിയപ്പെട്ട ആഹാരസാധനങ്ങളെന്തൊക്കെയെന്നു വിവരിക്കുന്നു:

*9. കട്വമ്ലലവണാത്യുഷ്ണതീക്ഷ്ണരൂക്ഷവിദാഹിനഃ*
*ആഹാരാ രാജസസ്യേഷ്ടാ ദുഃഖശോകാമയപ്രദാഃ*

കട്വമ്ലലവണാത്യുഷ്ണതീക്ഷ്ണരൂക്ഷവിദാഹിനഃ – അതിയായ കവർപ്പുരസം, പുളിരസം, ഉപ്പുരസം ഇവയുള്ളതും; ചൂടുണ്ടാക്കുന്നതും, എരിവു കൂടിയതും, കാഠിന്യമുള്ളതും, ദേഹത്തെ ചുട്ടെരിക്കുന്നതും; ദുഃഖശോകാമയപ്രദാഃ – ശരീരദുഃഖം, മനോദുഃഖം, മനസ്സിനും ദേഹത്തിനും പലതരം രോഗങ്ങൾ എന്നിവ ജനിപ്പിക്കുന്നതുമായ; ആഹാരാഃ – ആഹാരങ്ങളാണ്; രാജസസ്യ – രാജസ്സ ശ്രദ്ധയുള്ളയാൾക്ക്; ഇഷ്ടാഃ – പ്രിയപ്പെട്ടവ.

അതിയായ കവർപ്പുരസം, പുളിരസം, ഉപ്പുരസം ഇവയുള്ളതും ചൂടുണ്ടാക്കുന്നതും എരിവുകൂടിയതും കാഠിന്യമുള്ളതും ദേഹത്തെ ചുട്ടെരിക്കുന്നതും ശരീരദുഃഖം, മനോദുഃഖം, മനസ്സിനും ദേഹത്തിനും പലതരം രോഗങ്ങൾ എന്നിവ ജനിപ്പിക്കുന്നതുമായ ആഹാരങ്ങളാണു രാജസ്സ ശ്രദ്ധയുള്ളയാൾക്കു പ്രിയപ്പെട്ടവ.

## *ആഹാരാ രാജസസ്യേഷ്ടാഃ*

ലോകസുഖതൃഷ്ണയും അതിനുവേണ്ടിയുള്ള കർമങ്ങളുമാണു രജോഗുണലക്ഷണങ്ങൾ. ദൂരവീക്ഷണവും സത്യാന്വേഷണവും രജോഗുണിക്ക് അപ്രധാന കാര്യങ്ങളാണ്. അതുനിമിത്തം ഇന്ദ്രിയവിഷയസംയോഗം കൊണ്ടുണ്ടാകുന്ന തൽക്കാല സുഖങ്ങളിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക. അത്തരം സുഖങ്ങൾ ഭാവിയിൽ മനസ്സിനെയും ശരീരത്തെയും എങ്ങനെ ബാധിക്കുമെന്ന കാര്യം ശ്രദ്ധിക്കുന്നതേയില്ല. ഇന്ദ്രിയങ്ങളിൽവച്ച് ഏറ്റവും പ്രബലമായ ഇന്ദ്രിയമാണു രസന. രസനയെ ജയിച്ചാൽ മറ്റെല്ലാം ജയിച്ചതായി കരുതാമെന്നാണു സത്യദർശികൾ പറയുന്നത്. രജോഗുണി പൂർണമായും രസനക്കടിമപ്പെട്ടുപോകുന്നു. രജോഗുണിക്ക് ഭക്ഷണസുഖമാണു വലിയ സുഖം. അതു നിമിത്തം അയാൾ ഉപ്പ്, പുളി മുതലായ രസങ്ങളെല്ലാം മാറിമാറി കൂടുതൽ കൂടുതൽ പരിശീലിച്ചു വശത്താക്കുന്നു. രജോഗുണിയുടെ മനസ്സ് സദാ ചഞ്ചലമായിരിക്കും. അതുനിമിത്തം ശരീരത്തെയും മനസ്സിനെയും ചൂടുപിടിപ്പിച്ച് ഇളക്കിമറിക്കാൻ ഉപകരിക്കുന്ന ഭക്ഷണസാധനങ്ങളോടായിരിക്കും അയാൾക്കിഷ്ടം. അതിരസങ്ങളുള്ള മത്സ്യം, മാംസം, ലഹരി പിടിപ്പിക്കുന്ന മറ്റു ഭക്ഷണപദാർഥങ്ങൾ ഇവയൊക്കെയാണു രജോ

digitized by www.sreyas.in

ഗുണിക്കിഷ്ടപ്പെട്ടവ. സസ്യാഹാരങ്ങളായാൽപ്പോലും അവ അതിരസത്തോടുകൂടി പാകം ചെയ്തവയായിരിക്കണമെന്നു നിർബന്ധം കാണും. ഇത്തരം ഭക്ഷണം കഴിക്കുമ്പോൾ ഇഷ്ടം തോന്നിയാലും അവ ഭക്ഷണത്തിനുശേഷം മനസ്സിനെ ചിന്താകുലമാക്കി ഇളക്കിമറിക്കുകയും കാലാന്തരത്തിൽ പലവിധ രോഗങ്ങൾക്കിടയാക്കുകയും ചെയ്യും. രജോഗുണി ഭക്ഷണകാര്യത്തിൽ സമയ നിഷ്ഠയും വേണ്ടപോലെ പാലിച്ചെന്നുവരില്ല. അതുനിമിത്തമാണു മനസ്സിനേകാഗ്രത ശീലിക്കുന്നവർ ആരംഭകാലത്തെങ്കിലും സമയനിഷ്ഠയോടെ സാത്വികാഹാരക്രമം ശീലിക്കണമെന്നു സത്യദർശികൾ ആവശ്യപ്പെടുന്നത്.

താമസ്സ ശ്രദ്ധയുള്ളയാൾക്കു പ്രിയപ്പെട്ട ആഹാരങ്ങളാണിനി വിവരിക്കുന്നത്:

*10. യാതയാമം ഗതരസം പൂതി പര്യുഷിതം ച യത്*
*ഉച്ഛിഷ്ടമപി ചാമേധ്യം ഭോജനം താമസ്സപ്രിയം*

യാതയാമം - പാകം ചെയ്തിട്ട് വളരെ സമയം കഴിഞ്ഞതും; ഗതരസം - യഥാർഥരസം പോയി ചളിച്ചതും; പൂതി - ദുർഗന്ധമുള്ളതും: പര്യുഷിതം ച - തലേന്നാൾ പാകം ചെയ്തു ജീർണിച്ചതും; ഉച്ഛിഷ്ടം - മറ്റൊരാൾ ഭക്ഷിച്ച് എച്ചിലാക്കിയതും; അമേധ്യം അപി ച - ശുദ്ധിയില്ലാത്തതുമായ; യത് - എന്താഹാരമുണ്ടാ അതാണ്; താമസ്സപ്രിയം - താമസ്സ ശ്രദ്ധയുള്ളയാൾക്കിഷ്ടപ്പെടുന്ന; ഭോജനം - ആഹാരം.

പാകം ചെയ്തിട്ടു വളരെ സമയം കഴിഞ്ഞതും യഥാർഥ രസംപോയി ചളിച്ചതും ദുർഗന്ധമുള്ളതും തലേന്നാൾ പാകംചെയ്തു ജീർണിച്ചതും മറ്റൊരാൾ ഭക്ഷിച്ച് എച്ചിലായതും ശുദ്ധിയില്ലാത്തതുമായ എന്താഹാരമുണ്ടോ അതാണു താമസ്സ ശ്രദ്ധയുള്ളയാൾക്കിഷ്ടപ്പെടുന്ന ആഹാരം.

## *ഭോജനം താമസ്സപ്രിയം*

മോഹമാണു തമോഗുണത്തിന്റെ ലക്ഷണം. ജീവിതത്തെക്കുറിച്ചുള്ള തികഞ്ഞ അജ്ഞതയാണു തമസ്സ്. താമസ്സശ്രദ്ധ ഒരുതരം മൃഗത്വത്തിലേക്കുള്ള പതനമാണ്. എന്തു വേണമെന്നോ എന്തു വേണ്ടെന്നോ ഒന്നും ഒരു നിശ്ചയവുമില്ല. തൽക്കാലം വിശപ്പുള്ളതു തീർക്കണമെന്നതിൽ കവിഞ്ഞു ഭക്ഷണകാര്യത്തിൽ അവർക്കൊരു നോട്ടവുമില്ല. കഴിക്കുന്ന ആഹാരം ചീഞ്ഞളിഞ്ഞതോ അശുദ്ധമായി തയ്യാറാക്കിയതോ എന്തായാലും

digitized by www.sreyas.in

വേണ്ടില്ല. മറ്റൊരാൾ കഴിച്ചു ബാക്കിവന്നതോ തലേദിവസത്തേതോ ആയാലും വേണ്ടില്ല. പലവിധ രോഗങ്ങൾക്കിടയാക്കുന്നതായാലും തരക്കേടില്ല. ഇരുണ്ടുകൂടുന്ന അജ്ഞത ഒരുതരം സമത്വത്തിൽ മനുഷ്യചിത്തത്തെ കൊണ്ടെത്തിക്കും. പക്ഷേ, അനന്തവാസനകൾ അടിഞ്ഞുകൂടുന്ന മനസ്സിന്റെ ലയസ്ഥാനമാണിതെന്നോർക്കണം. കൂരിരിട്ടു നിറഞ്ഞ ജഡത്വത്തിലേക്കുള്ള പതനം. ഒടുങ്ങാത്ത സംസാരക്ലേശം ഇവിടെ മറഞ്ഞിരിക്കുന്നു. ഭക്ഷണരീതി നോക്കി തമോഗുണത്തിന്റെ അളവ് ഒട്ടൊക്കെ തീരുമാനിക്കാവുന്നതാണ്.

ശ്രദ്ധാഭേദമനുസരിച്ചുള്ള ആഹാരക്രമമാണിതുവരെ വിവരിച്ചത്. നേരത്തെ പറഞ്ഞതനുസരിച്ചു ഭഗവാൻ ഇനി ശ്രദ്ധാഭേദമനുസരിച്ചുള്ള യജ്ഞഭേദം വിവരിക്കാനൊരുമ്പെടുന്നു. സാത്വികീ ശ്രദ്ധയുള്ളയാളിന്റെ യജ്ഞം എങ്ങനെയുള്ളതായിരിക്കുമെന്നാണാദ്യമായി വിവരിക്കുന്നത്:

*11. അഫലാകാംക്ഷിഭിര്യജ്ഞോ വിധിദൃഷ്ടോ യ ഇജ്യതേ*
*യഷ്ടവ്യമേവേതി മനഃസമാധായ സ സാത്വികഃ*

അഫലാംകാംക്ഷിഭിഃ - വിശേഷിച്ചു ഭൗതികഫലാകാംക്ഷയൊന്നുമില്ലാത്തവരാൽ; യഷ്ടവ്യം ഏവ - യാഗാദികർമങ്ങൾ അനുഷ്ഠിക്കേണ്ടതുതന്നെ; ഇതി മനഃസമാധായ - എന്നു നിശ്ചയിച്ചുറച്ചുകൊണ്ട്; വിധിദൃഷ്ടഃ യഃ യജ്ഞഃ - ഓരോരുത്തർക്കും വിധിച്ചിട്ടുള്ള യാഗാദി കർമം; ഇജ്യതേ - അനുഷ്ഠിക്കപ്പെടുന്നു എന്നുവന്നാൽ; സഃ സാത്വികഃ - ആ യജ്ഞം സാത്വിക ശ്രദ്ധയോടു കൂടിയതായി ഭവിക്കുന്നു.

വിശേഷിച്ചു ഭൗതികഫലാകാംക്ഷയൊന്നുമില്ലാത്തവരാൽ യാഗാദി കർമങ്ങൾ അനുഷ്ഠിക്കപ്പെടേണ്ടതുതന്നെ എന്നു നിശ്ചയിച്ചുറച്ചുകൊണ്ട് ഓരോരുത്തർക്കും വിധിച്ചിട്ടുള്ള യാഗാദികർമം അനുഷ്ഠിക്കപ്പെടുന്നുവെന്നു വന്നാൽ ആ യജ്ഞം സാത്വികശ്രദ്ധയോടുകൂടിയതായി ഭവിക്കുന്നു.

## *സ സാത്വികഃ*

സാത്വികമായ ശ്രദ്ധ എപ്പോഴും സത്യദർശനത്തെ ഉന്നം വയ്ക്കുന്നതാണ്. സത്വഗുണപ്രകാശമേന്തി തെളിഞ്ഞു ചിത്തം കൂടുതൽ കൂടുതൽ ശുദ്ധമായി സത്യത്തെ സമീപിക്കാൻ കൊതിക്കുന്നു. അതുകൊണ്ട് ഒരു സാത്വികന്റെ യാഗാദി കർമമെല്ലാം ചിത്തശുദ്ധിയെ മാത്രം ലക്ഷ്യമാക്കിയുള്ളതായിരിക്കും. വിധിച്ചിട്ടുള്ള യാഗാദി കർമങ്ങൾ ചിത്തശുദ്ധിക്കായി

digitized by www.sreyas.in

അവശ്യം ചെയ്യേണ്ടതുതന്നെ. അവയുടെ ഭൗതികഫലത്തിലൊന്നും തനിക്കാഗ്രഹമില്ല. സാത്വികശ്രദ്ധയുള്ള ആളിന്റെ മനോഭാവമിതാണ്. ഇവിടത്തെ യജ്ഞപദത്തിന്റെ താൽപ്പര്യം ഒരുവന്റെ കർമചലനത്തെ മുഴുവൻ ഉൾക്കൊള്ളാൻ കരുത്തുള്ളതാണെന്നു കാണേണ്ടതാണ്. സാത്വികശ്രദ്ധയുള്ളയാൾ ഫലകാംക്ഷയില്ലാതെ തന്നെ എന്റെ എല്ലാ കർമങ്ങളും അനുഷ്ഠിക്കും. അതു ചെയ്യാനാണല്ലോ ഭഗവാൻ ഗീതയിൽ ആവശ്യപ്പെട്ടിരിക്കുന്നതും. യജ്ഞാദി കർമങ്ങളും ഫലാകാംക്ഷ വെടിഞ്ഞു ചെയ്യണമെന്നാണു ഭഗവാൻ അടുത്ത അധ്യായത്തിൽ വ്യക്തമാക്കുന്നത്. ശരീരം ലഭിച്ചു. സ്വധർമമായി കുറെ കർമങ്ങളനുഷ്ഠിക്കാൻ ബാധ്യസ്ഥനുമായി. അതെല്ലാം ഞാൻ അനുഷ്ഠിക്കുകതന്നെ വേണം. ഈശ്വരാരാധനയായി ഞാനതു ചെയ്യുന്നു. ഫലത്തിന്റെ കാര്യമെല്ലാം ഭഗവാൻ നോക്കട്ടെ. സാത്വികീശ്രദ്ധയുള്ള ഒരാളിന്റെ കർമരംഗത്തുടനീളം ഈ മനോഭാവം പ്രകാശിച്ചുകാണാൻ കഴിയും. ഇവിടെ യജ്ഞം കർമത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നു എന്നു കാണേണ്ടതാണ്.

സാത്വികന്റെ യജ്ഞാനുഷ്ഠാനക്രമം വിവരിച്ചശേഷം ഇനി രാജസ്സീശ്രദ്ധയുള്ളയാൾ എങ്ങനെ യജ്ഞം ചെയ്യുന്നു എന്നാണടുത്തതായി വെളിപ്പെടുത്തുന്നത്:

*12. അഭിസന്ധായ തു ഫലം ദംഭാർഥമപി ചൈവ യത്*
*ഇജ്യതേ ഭരതശ്രേഷ്ഠ തം യജ്ഞം വിദ്ധി രാജസ്സം*

ഭാരതശ്രേഷ്ഠ - അല്ലയോ അർജുനാ; ഫലം അഭിസന്ധായ തു - ഭൗതിക ഫലചിന്തയിൽ മനസ്സുറപ്പിച്ചും; ദംഭാർഥം അപി ച ഏവ - താൻ വലിയ ധർമിഷ്ഠനാണെന്നു ലോകത്തെ കാണിക്കാൻ വേണ്ടിയും; ഇജ്യതേ യത് - യാഗാദികർമങ്ങൾ അനുഷ്ഠിക്കുന്നിടത്ത്; തം യജ്ഞം - അങ്ങനെയുള്ള യജ്ഞത്തെ രാജസം വിദ്ധി - രാജസ ശ്രദ്ധയുടെ ഫലമാണെന്നറിയൂ.

അല്ലയോ അർജുനാ, ഭൗതികഫലചിന്തയിൽ മനസ്സുറപ്പിച്ചും താൻ വലിയ ധർമിഷ്ഠനാണെന്നു ലോകത്തെ കാണിക്കാൻ വേണ്ടിയും യാഗാദി കർമങ്ങൾ അനുഷ്ഠിക്കുന്നിടത്ത് അങ്ങനെയുള്ള യജ്ഞത്തെ രാജസ്സ ശ്രദ്ധയുടെ ഫലമാണെന്നറിയൂ.

## *തം യജ്ഞം വിദ്ധി രാജസ്സം*

രജോഗുണം കർമബന്ധത്തിന്റെ ഗുണമാണ്. രാഗവും തൃഷ്ണയുമാ

digitized by www.sreyas.in

ണതിന്റെ പ്രകടരൂപം. ഭൗതികസുഖചിന്തയും സ്ഥാനമാനങ്ങളും പേരും പെരുമയുമാണതിന്റെ ലക്ഷ്യം. അതുകൊണ്ടു രാജസ്സീശ്രദ്ധയുള്ളയാളെ ഫലചിന്ത ഒരിക്കലും വിട്ടുമാറുന്നില്ല. ഈശ്വരാരാധനാപരങ്ങളായ കർമ ങ്ങൾപോലും തനിക്കെന്തെങ്കിലും ഭൗതികഫലം നേടാൻ വേണ്ടിയായി രിക്കും അയാൾ അനുഷ്ഠിക്കുന്നത്. ഈശ്വരൻ സ്വാർഥലാഭത്തിനായുള്ള ഒരു മാധ്യമം മാത്രം. തന്റെ ലാഭം നേടുന്നില്ലെന്നുവന്നാൽ താൻ ഭജിക്കുന്ന ഈശ്വരനെ പുറംതള്ളാനും രാജസ്സീശ്രദ്ധയുള്ളയാൾ മടിച്ചെന്നു വരില്ല. ലോകത്തിന്റെ മുമ്പിൽ ഈശ്വരനെക്കാളധികം താൻ വലുതെന്നു കാണി ക്കുകയാണു രാജസ്സന്റെ ലക്ഷ്യം. താൻ വലിയ ധർമിഷ്ഠനാണെന്നു ലോകത്തെ ബോധ്യപ്പെടുത്തി കഴിയുന്നതാണു ദംഭം. ഇവിടെയും യജ്ഞ മെന്നുള്ളതുകൊണ്ടു വ്യക്തിയുടെ ദൈനംദിന കർമചലനം മുഴുവൻ അർഥ മാക്കാവുന്നതാണ്. സ്വാർഥനിഷ്ഠങ്ങളായ ഇത്തരം യജ്ഞങ്ങളോ കർമാ നുഷ്ഠാനമോ സത്യാന്വേഷണത്തിൽ മുന്നോട്ടു നീങ്ങാൻ ഉപകരിക്കുന്നവ യായിരിക്കയില്ല. തമസ്സിലേക്കുള്ള പതനം എളുപ്പത്തിൽ സംഭവിക്കുകയും ചെയ്യാം.

ഇനി താമസ ശ്രദ്ധയുള്ളയാളിന്റെ യജ്ഞം എങ്ങനെയുള്ളതാണെന്നു വിവരിക്കുന്നു:

*13 വിധിഹീനമസൃഷ്ടാന്നം മന്ത്രഹീനമദക്ഷിണം*
*ശ്രദ്ധാവിരഹിതം യജ്ഞം താമസ്സം പരിചക്ഷതേ*

വിധിഹീനം – ശാസ്ത്രവിധി നിയമങ്ങളൊന്നും അനുസരിക്കാതെയും, അസൃ ഷ്ടാന്നം – അന്നദാനം നടത്താതെയും; മന്ത്രഹീനം – ഈശ്വരനാമമുച്ചരി ക്കാതെയും; അദക്ഷിണം – ദക്ഷിണ നൽകാതെയും; ശ്രദ്ധാവിരഹിതം – ഗുരു നിർദേശത്തിലും ഈശ്വരനിലും വിശ്വാസമില്ലാതെയും നടത്തുന്ന; യജ്ഞം – യാഗാദി കർമങ്ങളും; താമസ്സം – താമസ്സ ശ്രദ്ധയോടുകൂടിയതാണെന്ന്; പരിച ക്ഷതേ – സത്യദർശികൾ പറയുന്നു.

ശാസ്ത്രവിധി നിയമങ്ങളൊന്നും അനുസരിക്കാതെയും അന്നദാനം നടത്താതെയും ഈശ്വരനാമമുച്ചരിക്കാതെയും ദക്ഷിണ നൽകാതെയും ഗുരുനിർദേശത്തിലും ഈശ്വരനിലും വിശ്വാസമില്ലാതെയും നടത്തുന്ന യാഗാദി കർമങ്ങളും സ്വധർമാനുഷ്ഠാനവും താമസ്സശ്രദ്ധയോടുകൂടിയതാ ണെന്നു സത്യദർശികൾ പറയുന്നു.

digitized by www.sreyas.in

## താമസ്സം പരിചക്ഷതേ

മോഹത്തിന്റെ ഗുണമാണു തമസ്സ്. സ്വാർഥലാഭത്തിൽപ്പോലും ഒരു നിയമമനുസരിച്ചു പ്രവർത്തിക്കാനുള്ള വിവേകം തമോഗുണിക്കുണ്ടായിരിക്കുന്നില്ല. ശാസ്ത്രനിയമങ്ങൾ അറിഞ്ഞിരുന്നാൽപ്പോലും അവയിൽ ഉറച്ചു നിൽക്കാനോ നടപ്പാക്കാനോ ഉള്ള കരുത്തില്ല. പരകാര്യം സ്വകാര്യത്തിനു വേണ്ടിപ്പോലും തമോഗുണിക്കു പ്രസക്തമല്ല. അതുകൊണ്ട് അന്നദാനമോ ദക്ഷിണയോ ഒന്നും തമോഗുണിയുടെ ചിന്തയിൽപ്പെടുന്ന കാര്യങ്ങളല്ല. മോഹബദ്ധമായ മനസ്സ് ഈശ്വരവിശ്വാസം പുലർത്താൻ കഴിവില്ലാത്തതായിത്തീരുന്നു. ഈശ്വരപരങ്ങളായ പൂജാദികർമങ്ങൾപോലും തൻകാര്യം നടക്കാൻ തക്കവണ്ണം ആസൂത്രണം ചെയ്തു വല്ല പ്രകാരത്തിലുമൊക്കെ കാട്ടിക്കൂട്ടുന്നു. താമസ്സീശ്രദ്ധയുള്ള ആളിന്റെ കർമമണ്ഡലം മുഴുവൻ ഈ പ്രത്യേകതകൾ കൊണ്ടു നിറഞ്ഞതായിരിക്കും. ഗുണങ്ങളുടെ കൂടിക്കലർപ്പ് ഓരോ വ്യക്തിയിലും പ്രത്യേക തോതിലായിരിക്കും. ഒരു വ്യക്തിയിൽ ഓരോ ഗുണത്തിനും എന്തുമാത്രം സ്വാധീനതയുണ്ടെന്നു മുൻ വിവരിച്ച കാര്യങ്ങൾ പരിഗണിച്ചു തിരിച്ചറിയേണ്ടതാണ്.

ഇനിയും ശ്രദ്ധാഭേദമനുസരിച്ചു തപോഭേദമാണു വിവരിക്കേണ്ടത്. അതിനുമുമ്പ് തപസ്സിനെ ശാരീരം, വാങ്മയം, മാനസ്സം എന്നു മൂന്നായി വേർതിരിച്ചു ശുദ്ധമായ തപസ്സിന്റെ സാമാന്യസ്വരൂപം വിവരിക്കുകയാണു ഭഗവാൻ അടുത്ത മൂന്നു പദ്യങ്ങളിൽ. ആദ്യമായി ശരീരംകൊണ്ടുള്ള ശുദ്ധമായ തപസ്സെന്താണെന്നു വിവരിക്കുന്നു:

*14 ദേവദ്വിജഗുരുപ്രാജ്ഞപൂജനം ശൗചമാർജവം*
*ബ്രഹ്മചര്യമഹിംസാ ച ശാരീരം തപ ഉച്യതേ*

ദേവദ്വിജഗുരുപ്രാജ്ഞപൂജനം - ദേവന്മാർ, ബ്രഹ്മജ്ഞാനികൾ, ഗുരുക്കന്മാർ, പണ്ഡിതന്മാർ തുടങ്ങിയവരെ ആദരിച്ചു സൽക്കരിക്കുക; ശൗചം - ദേഹം ശുദ്ധമാക്കിവയ്ക്കുക; ആർജവം - കപടമില്ലാതെ പെരുമാറുക; ബ്രഹ്മചര്യം - രേതസ്സു നഷ്ടപ്പെടുത്താതിരിക്കുക; അഹിംസാ ച - പരദ്രോഹം ചെയ്യാതിരിക്കുക എന്നിവ; ശാരീരം തപഃ - ദേഹംകൊണ്ടു ചെയ്യേണ്ട തപസ്സായി; ഉച്യതേ - പറയപ്പെട്ടിരിക്കുന്നു.

ദേവന്മാർ, ബ്രഹ്മജ്ഞാനികൾ, ഗുരുക്കന്മാർ, പണ്ഡിതന്മാർ തുടങ്ങിയവരെ ആദരിച്ചു സൽക്കരിക്കുക, ദേഹം ശുദ്ധമാക്കി വയ്ക്കുക, കപടമില്ലാതെ പെരുമാറുക, രേതസ്സു നഷ്ടപ്പെടുത്താതിരിക്കുക, പരദ്രോഹം ചെയ്യാതിരിക്കുക എന്നിവ ദേഹംകൊണ്ടു ചെയ്യേണ്ട തപസ്സായി പറയപ്പെട്ടിരിക്കുന്നു.

digitized by www.sreyas.in

## *ശാരീരം തപ ഉച്യതേ*

ജീവിതം ഒരു തപസ്സാണ്. സത്യം കണ്ടെത്തുകയാണീ തപസ്സിന്റെ പരമലക്ഷ്യം. തപസ്സുകൊണ്ടു ദേഹവും മനസ്സും ബലമുള്ളതായിത്തീരുന്നു. ബലഹീനന് ആത്മാവിനെ സാക്ഷാൽക്കരിക്കാൻ കഴിയുകയില്ലെന്നാണ് ഉപനിഷത് പ്രഖ്യാപനം. അപ്പോൾ ജീവൻ അതിനു കിട്ടിയിട്ടുള്ള ശരീരം, മനസ്സ്, വാക്ക് എന്നീ ഉപകരണങ്ങളെ തപസ്സുകൊണ്ടു ബലപ്പെടുത്തി സത്യമാർഗത്തിലേക്കു തിരിച്ചുവിടേണ്ടതാണ്. ദേഹത്തെ തപസ്സുകൊണ്ടു ബലപ്പെടുത്തേണ്ടതെങ്ങനെയെന്നാണിവിടെ പ്രതിപാദിക്കുന്നത്. ഇവിടെ പറയുന്ന ശാരീരികങ്ങളായ എല്ലാ തപസ്സുകൾക്കും അവയുടേതായ മാനസ്സിക പശ്ചാത്തലം കൂടി അപേക്ഷിതമാണെന്നോർക്കണം. ദിവ്യത്വം ദർശിക്കാൻ കഴിയുന്ന പ്രപഞ്ചപ്രതിഭാസങ്ങളാണു ദേവന്മാർ. ബ്രഹ്മത്തെ അറിഞ്ഞവരാണു ബ്രാഹ്മണർ. നല്ല അറിവ് എന്നും പകർന്നുതന്നിട്ടുള്ളവർ ഗുരുക്കന്മാരാണ്. നല്ല ഏതറിവിലും വൈദഗ്ധ്യം നേടിയവരാണു പ്രാജ്ഞന്മാർ. ഇവരെ ആദരപൂർവം സൽക്കരിക്കുന്നതു നിമിത്തം ഒരുവനു വിനയവും വിജ്ഞാനവും പകർന്നുകിട്ടുന്നു. അതുകൊണ്ട് ഇതൊരു തപസ്സാണെന്നു പറയേണ്ടതില്ലല്ലോ. ദേഹശുദ്ധി മനസ്സിന്റെ ഏകാഗ്രതക്കും ശുദ്ധിക്കും സഹായിക്കുന്നു. ഉള്ളിൽ കപടത ഒളിച്ചുവച്ചുകൊണ്ടു പുറമേ പെരുമാറാനുള്ള ഒരുപകരണമല്ല ദേഹം. ദേഹത്തെ അങ്ങനെ ശീലിപ്പിച്ചാൽ അതു ക്രമേണ ചിത്തത്തെ കൂടുതൽ കൂടുതൽ അശുദ്ധമാക്കി പതിപ്പിക്കും. ശരീരത്തിന്റെ ഋജുത്വം മനസ്സിന്റെ ഋജുത്വത്തെ സഹായിക്കും. ബീജനാശം തടയാൻ കഴിഞ്ഞാൽ അതു ദേഹത്തിനും മനസ്സിനും വീര്യം വർധിപ്പിക്കും. മനസ്സിന്റെ ഈശ്വരബുദ്ധി വർധിക്കുമെങ്കിലേ ഇതെളുപ്പം സാധ്യമാവൂ. പരദ്രോഹത്തിനോ ഒരു ജീവിക്കും അകാരണമായി വേദനയുണ്ടാക്കുന്നതിനോ നമ്മുടെ ദേഹം ഒരുപകരണമായിത്തീരാൻ പാടില്ല. ഇതാണ് അഹിംസ. ഇതും ഉറച്ച ഈശ്വരബുദ്ധികൊണ്ടേ നേടാൻ കഴിയൂ. ശാരീരികമായ ഈ തപസ്സ് മനസ്സിന്റെ ഏകാഗ്രതക്കു ശക്തികൂട്ടി ഒരുവനെ അതിവേഗം സത്യാനുഭവത്തിനു പാത്രമാക്കിത്തീർക്കും.

ഇനി വാങ്മയമായ തപസ്സാണു വിവരിക്കുന്നത്:

*15. അനുദ്വേഗകരം വാക്യം സത്യം പ്രിയഹിതം ച യത്*
*സ്വാധ്യായാഭ്യസനം ചൈവ വാങ്മയം തപ ഉച്യതേ*

അനുദ്വേഗകരം - ആരുടെ മനസ്സിനും വികാരവിക്ഷോഭം ഉണ്ടാക്കാത്ത വിധ

digitized by www.sreyas.in

ത്തിലുള്ളതും; സത്യം - സത്യമായതും; പ്രിയം - ഇഷ്ടപ്പെടുന്നതും; ഹിതം - നന്മ ചെയ്യുന്നതുമായ; വാക്യം - സംഭാഷണം; സ്വാധ്യായാഭ്യസനം ച ഏവ - ഈശ്വരപരങ്ങളായ ഗ്രന്ഥങ്ങളുടെ പഠനം സ്തോത്രപാരായണം മുതലായതും; യത് - ഇതൊക്കെയാണ്; വാങ്മയം തപഃ - വാങ്മയമായ തപസ്സെന്നു; ഉച്യതേ - പറയപ്പെടുന്നത്.

ആരുടെ മനസ്സിനും വികാരവിക്ഷോഭമുണ്ടാക്കാത്ത വിധത്തിലുള്ളതും സത്യമായതും ഇഷ്ടപ്പെടുന്നതും നന്മ ചെയ്യുന്നതുമായ സംഭാഷണം, ഈശ്വരപരങ്ങളായ ഗ്രന്ഥങ്ങളുടെ പഠനം സ്തോത്രപാരായണം മുതലായതും, ഇതൊക്കെയാണു വാങ്മയമായ തപസ്സെന്നു പറയപ്പെടുന്നത്.

## *വാങ്മയം തപ ഉച്യതേ*

മറ്റുള്ളവരുടെ മനസ്സിനെ ക്ഷോഭിപ്പിക്കാതെ സംസാരിക്കാൻ ഒരാൾ പാകത നേടുന്നത് വാങ്മയമായ വലിയൊരു തപസ്സാണ്. മറ്റൊരാളുടെ ഹൃദയത്തെ ക്ഷോഭിപ്പിക്കുന്നതുകൊണ്ട് ഒരാൾക്കൊന്നും നേടാനില്ല. സ്വന്തം മനസ്സിനും അന്യന്റെ മനസ്സിനും മ്ലാനത മാത്രമായിരിക്കും അതിന്റെ പ്രയോജനം. പലപ്പോഴും 'സ്വന്തം മനസ്സിന്റെ വികാരവിക്ഷോഭമായിരിക്കും അന്യമനസ്സിനെ ക്ഷോഭിപ്പിക്കാൻ തക്കവണ്ണമുള്ള സംഭാഷണത്തിനു വക നൽകുന്നത്. സ്വരഭേദം, സന്ദർഭഭേദം, ധാർമികരോഷം ഇവയൊക്കെ അതിനു കാരണമായി എന്നുവരാം. പക്ഷേ, അതുകൊണ്ടു മനസ്സിന്റെ വികാരപ്പെടലിലും പരസ്പരവൈരത്തിലും കവിഞ്ഞു പ്രയോജനമൊന്നുമുണ്ടാകാനില്ല. സ്വന്തം ജീവിത തത്വങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു ശാന്തമായും മൃദുവായും സംസാരിക്കാൻ അഭ്യസിക്കുന്നയാൾ തനിക്കും ലോകത്തിനുമുപകരിക്കുന്ന മഹത്തായ ഒരു തപസ്സനുഷ്ഠിക്കുന്നയാളാണ്. അതുപോലെ അസത്യം പറയാതിരിക്കുക, സത്യംതന്നെ ശ്രോതാവിനു പ്രിയമാംവണ്ണം പറഞ്ഞുകൊടുക്കുക, ഒരാൾക്കു ദോഷം വരത്തക്കവണ്ണം ഒന്നും പറഞ്ഞുകേൾപ്പിക്കാതിരിക്കുക ഇവയെല്ലാം സത്യത്തോടടുപ്പിക്കുന്ന വാങ്മയമായ തപസ്സാണ്. സ്വാധ്യായാഭ്യാസമാണ് ഇതിനൊക്കെയുപകരിക്കുന്ന വാങ്മയതപസ്സ്. പരദോഷവും അങ്ങനെ പലതും ചർച്ചചെയ്തു ജീവിതത്തെ ഇരുട്ടിലേക്കു പിടിച്ചു തള്ളുന്നവർ സത്യാന്വേഷണം സുഗമമാക്കുന്ന കൃതികൾ വായിക്കുകയും ഈശ്വരനാമസങ്കീർത്തനത്തിലേർപ്പെടുകയും ചെയ്യുമെങ്കിൽ അവരുടെ ജീവിതം അതോടെ ധന്യമായിത്തീരുന്നതാണ്. വാഗിന്ദ്രിയവും ശബ്ദവും വിവേകപൂർവം ഉപയോഗിക്കുമെങ്കിൽ ഇതു

digitized by www.sreyas.in

പോലെ ആത്മദർശനത്തിനു സഹായിക്കുന്ന മറ്റൊന്നുമുണ്ടാകാനില്ല. മാനസ്സമായ തപസ്സിനെക്കുറിച്ചാണിനി പ്രതിപാദിക്കുന്നത്:

*16. മനഃപ്രസാദഃ സൗമ്യത്വം മൗനമാത്മവിനിഗ്രഹഃ*
*ഭാവസംശുദ്ധിരിത്യേതത്തപോ മാനസമുച്യതേ*

മനഃപ്രസാദഃ - മനസ്സു സദാ പ്രസന്നമാക്കി വയ്ക്കുക; സൗമ്യത്വം - ആരോടും സൗമ്യമായി പെരുമാറുക; മൗനം - വെറുതെ മനോരാജ്യത്തിൽ മുഴുകാതിരിക്കുക; ആത്മവിനിഗ്രഹഃ - മനസ്സിനെ ഈശ്വരങ്കൽ ഏകാഗ്രമാക്കി ഉറപ്പിക്കുക; ഭാവസംശുദ്ധിഃ - സർവത്ര ഈശ്വരഭാവന പുലർത്തി മനഃശുദ്ധി പാലിക്കുക; ഇതി ഏതേ - എന്നിവയെല്ലാമാണ്; മാനസ്സം തപഃ - മാനസ്സമായ തപസ്സെന്നു; ഉച്യതേ - പറയപ്പെടുന്നത്.

മനസ്സു സദാ പ്രസന്നമാക്കിവയ്ക്കുക, ആരോടും സൗമ്യമായി പെരുമാറുക, വെറുതെ മനോരാജ്യത്തിൽ മുഴുകാതിരിക്കുക, മനസ്സിനെ ഈശ്വരങ്കൽ ഏകാഗ്രമാക്കി ഉറപ്പിക്കുക, സർവത്ര ഈശ്വരഭാവന പുലർത്തി മനഃശുദ്ധി പാലിക്കുക എന്നിവയെല്ലാമാണു മാനസ്സമായ തപസ്സെന്നു പറയപ്പെടുന്നത്.

## *മാനസ്സം തപ ഉച്യതേ*

ഏതു പരിതഃസ്ഥിതിയിലും മനസ്സിന്റെ പ്രസന്നത നഷ്ടപ്പെടാതെ സൂക്ഷിക്കുക മാനസികമായ ഏറ്റവും വലിയ തപസ്സാണ്. മനസ്സിന്റെ പ്രസന്നത നഷ്ടപ്പെട്ടതുകൊണ്ട് ഈ ലോകത്ത് ഒന്നും സാധിക്കാനില്ല. നേരേമറിച്ചു പല നഷ്ടങ്ങളും അതുകൊണ്ടുണ്ടായെന്നുവരാം. ശാന്തിയുടെയും ശീതളതയുടെയും അനുഭവമാണു മനഃപ്രസാദം. മനസ്സു പ്രസന്നമായാൽ ഒരുവന്റെ മുഖഭാവവും പ്രസന്നമായിരിക്കും. മനഃപ്രസാദമുള്ളയാളിനു ലോകം മുഴുവൻ സുഹൃത്തായിരിക്കും. മോക്ഷം അയാളുടെ കൈക്കുള്ളിൽ ഇരിപ്പുറപ്പിക്കും. ദുഃഖം അയാളെ സമീപിക്കുകയേ ഇല്ല. ബുദ്ധി സദാ നേർവഴി കാണിക്കും. മനപ്രസാദത്തിന്റെ അനന്തരഫലമാണു സൗമ്യത്വം. മനോരാജ്യമാണു മനസ്സിന്റെ വാചാലത്വം. മനോരാജ്യം ഒഴിവാക്കുന്നതു മനസ്സിന്റെ മൗനമാണ്. ഇതു സാധിക്കണമെങ്കിൽ ചിത്തം സദാ ഈശ്വരങ്കൽ ഏകാഗ്രപ്പെടാൻ കഴിവുള്ളതായിരിക്കണം. ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും ഈശ്വരപരമായ ഏകാഗ്രതയാണ് അങ്ങേയറ്റത്തെ തപസ്സ്. ഇതൊക്കെ സാധ്യമാക്കുന്ന ഉപായമാണ് ഭാവസംശുദ്ധി. മനോഭാവം സർവത്ര ഈശ്വരഭാവന കൊണ്ടല്ലാതെ ഒരിക്കലും പൂർണമായി ശുദ്ധമാ

digitized by www.sreyas.in

വുകയില്ല. ഈശ്വരനെയല്ലാതെ മറ്റൊന്നിനെ ഭാവന ചെയ്യുന്നതാണു മനസ്സിന്റെ അശുദ്ധി. തപസ്സിനെ മൂന്നായി വേർതിരിച്ചു കാണിച്ചുവെങ്കിലും ഇവ മൂന്നും പരസ്പരാപേക്ഷമാണെന്നു കാണേണ്ടതാണ്. ഭാവസംശുദ്ധിയെന്ന മാനസ്സമായ തപസ്സാണിവയുടെയെല്ലാം പരമമായ ലക്ഷ്യം.

തപസ്സിനെ ഇങ്ങനെ മൂന്നായി വിവരിച്ചശേഷം ഈ മൂന്നു തപസ്സും ഒരേകാലത്തു ശ്രദ്ധയോടെ അനുഷ്ഠിക്കുന്നതാണു സാത്വികതപസ്സെന്നു വെളിപ്പെടുത്തുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*17. ശ്രദ്ധയാ പരയാ തപ്തം തപസ്തത്ത്രിവിധം നരൈഃ*
*അഫലാകാംക്ഷിഭിര്യുക്തൈഃ സാത്വികം പരിചക്ഷതേ*

അഫലാകാംക്ഷിഭിഃ - ഭൗതികഫലമൊന്നും കൊതിക്കാത്തവരും; യുക്തൈഃ - ഈശ്വരബുദ്ധി ഉറച്ചവരുമായ; നരൈഃ - മനുഷ്യരാൽ; പരയാ ശ്രദ്ധയാ - ചിത്തശുദ്ധിയിൽക്കൂടി സത്യദർശനം മാത്രം ലാക്കാക്കി; തപ്തം - അനുഷ്ഠിക്കപ്പെടുന്ന; തത് ത്രിവിധം തപഃ - മേൽ വിവരിച്ച ആ മൂന്നുവിധം തപസ്സും; സാത്വികം പരിചക്ഷതേ - സാത്വികീ ശ്രദ്ധയോടുകൂടിയതാണെന്നു പറയപ്പെടുന്നു.

ഭൗതികഫലമൊന്നും കൊതിക്കാത്തവരും ഈശ്വരബുദ്ധിയുറച്ചവരുമായ മനുഷ്യരാൽ ചിത്തശുദ്ധിയിൽക്കൂടി സത്യദർശനം മാത്രം ലാക്കാക്കി അനുഷ്ഠിക്കുന്ന മേൽവിവരിച്ച ആ മൂന്നുവിധം തപസ്സും സാത്വിക ശ്രദ്ധയോടുകൂടിയതാണെന്നു പറയപ്പെടുന്നു.

## സാത്വികം പരിചക്ഷതേ

ഈശ്വരദർശനത്തിനു സഹായിക്കുന്ന ഗുണമാണു സത്വം. തപസ്സ് സാത്വികീശ്രദ്ധയോടുകൂടിയതായിത്തീരാൻ മൂന്നു കാര്യങ്ങളാണു ഭഗവാൻ നിർദേശിക്കുന്നത്. ശാരീരം, വാങ്മയം, മാനസ്സം എന്നു മേൽ വിവരിച്ച മൂന്നുവിധം തപസ്സ് ഭൗതികഫലേച്ഛ വെടിഞ്ഞ് അനുഷ്ഠിക്കണം. എന്നു പറഞ്ഞാൽ ഫലകാര്യമെല്ലാം ഭഗവാനു വിട്ടുകൊടുത്തിട്ട് ചിത്തശുദ്ധിയെ മാത്രം ലാക്കാക്കി അനുഷ്ഠിക്കണമെന്നു താൽപ്പര്യം. തപസ്സു മാത്രമല്ല എല്ലാ കർമങ്ങളും അങ്ങനെ അനുഷ്ഠിക്കണമെന്നാണല്ലോ ഗീതാസിദ്ധാന്തം. ഫലചിന്ത വെടിയുന്ന മനസ്സ് പിന്നെ എന്തു ചെയ്യണം? സദാ ഭഗവാനെ സ്മരിക്കണം, അതാണു യുക്തത്വം. എന്തിനുവേണ്ടി? ജീവിതത്തിന്റെ പരമലക്ഷ്യമായ ഈശ്വരപ്രാപ്തി കൈവരിക്കാൻ. ഈശ്വരപ്രാ

digitized by www.sreyas.in

പ്തിയെന്ന ലക്ഷ്യം ഒരിക്കലും മറക്കാതിരിക്കുന്നതാണു പരയായ ശ്രദ്ധ. ഫലേച്ഛ വെടിയുക, ഭഗവത് സ്മരണ നിലനിർത്തുക, ലക്ഷ്യത്തിൽ ഉറച്ചു നിൽക്കുക ഈ മൂന്നു കാര്യങ്ങളുമാണ് മേൽ വിവരിച്ച മൂന്നുതരം തപസ്സിനെയും സാത്വികമാക്കിത്തീർക്കുന്ന ഘടകം.

ഈ മൂന്നു വിധമായ തപസ്സും ഭാവന മാറിയാൽ എങ്ങനെ രാജസമായിത്തീരുന്നു എന്നാണിനി വിവരിക്കുന്നത്:

*18. സത്കാരമാനപൂജാർഥം തപോ ദംഭേന ചൈവ യത്*
*ക്രിയതേ തദിഹ പ്രോക്തം രാജസം ചലമധ്രുവം*

സൽക്കാരമാനപൂജാർഥം - മറ്റുള്ളവരിൽനിന്നു തനിക്കു സൽക്കാരം, മാനം, പൂജ എന്നിവ കിട്ടണമെന്നു കൊതിയോടുകൂടി; ദംഭേന ച ഏവ - താൻ ധർമിഷ്ഠനാണെന്നു മറ്റുള്ളവരെ കാണിച്ചുകൊണ്ടു; യത് തപഃ ക്രിയതേ - ആചരിക്കപ്പെടുന്ന തപസ്സ്; ഏതോ ഇഹ - ഈ ലോകത്ത്; ചലം - സ്ഥിരമായനുഷ്ഠിക്കാൻ കഴിയാത്തതും; അധ്രുവം - ശാശ്വതഫലം നേടിത്തരാത്തതുമായ; തത് - ആ തപസ്സ്; രാജസം പ്രോക്തം - രാജസ്സമെന്നു പറയപ്പെടുന്നു.

മറ്റുള്ളവരിൽ നിന്നു തനിക്കു സൽക്കാരം, മാനം, പൂജ എന്നിവ കിട്ടണമെന്ന കൊതിയോടുകൂടി താൻ ധർമിഷ്ഠനാണെന്നു മറ്റുള്ളവരെ കാണിച്ചുകൊണ്ട് ആചരിക്കപ്പെടുന്ന തപസ്സ് ഏതോ, ഈ ലോകത്ത് സ്ഥിരമായനുഷ്ഠിക്കാൻ കഴിയാത്തതും ശാശ്വതഫലം നേടിത്തരാത്തതുമായ ആ തപസ്സ് രാജസ്സമെന്നു പറയപ്പെടുന്നു.

## *രാജസ്സം ചലം അധ്രുവം*

തപസ്സിനെ രാജസ്സമാക്കിത്തീർക്കുന്ന പ്രധാന ഘടകം സ്വാർഥലാഭേച്ഛയാണ്. അവിടെ ഈശ്വരൻ തനിക്കാളാകാൻ വേണ്ടിയുള്ള ഒരുപായം മാത്രം. സൽക്കാരം ഭൗതികപദാർഥങ്ങൾകൊണ്ടുള്ള സന്തോഷിപ്പിക്കലാണ്. അതിനേക്കാൾ മേന്മയുള്ളതാണു മാനം, തന്നെ സേവിക്കുകയും തന്റെ മുൻപിൽ വിനയം പാലിക്കുകയുമൊക്കെയാണു മാനം. മാനത്തെക്കാൾ വലുതാണു പൂജ. തന്നെ ഈശ്വരനെപ്പോലെ കരുതി ഭക്തിപൂർവം പ്രണമിക്കുക ഇത്യാദിയാണു പൂജ. ലോകത്തിന്റെ മുമ്പിൽ താൻ വലിയ ധർമിഷ്ഠനാണെന്നു വേഷഭൂഷാദികൊണ്ടൊക്കെ പ്രകടമാക്കി മേൽവിവരിച്ച സൽക്കാരാദി ലഭിക്കാനുള്ള കൊതിയോടെ ആചരിക്കുന്ന തപസ്സാണു രാജസ്സീ ശ്രദ്ധയോടുകൂടിയ തപസ്സ്. ഇതൊരിക്കലും സ്ഥിരമായി അനുഷ്ഠിക്കാൻ പറ്റുകില്ല. അതുകൊണ്ടു ചലമാണ്. സ്വാർഥം തടയപ്പെടുന്നു എന്നു

digitized by www.sreyas.in

വന്നാൽ തപസ്സു നഷ്ടമാവും. ദൃഷ്ടാന്തമായി ഒരാൾ സ്വാർഥലാഭത്തെ മുൻനിറുത്തി 'അനുദ്വേഗകരം വാക്യ'മെന്ന വാങ്മയം തപസ്സു ശീലിക്കുന്നു എന്നു കരുതുക. ഇവിടെ സ്വാർഥം തടയപ്പെടുന്നു എന്നുവന്നാൽ വാക്യം ഉദ്വേഗകരമായി മാറും. ഇതുപോലെ മറ്റുള്ളവയും കണ്ടുകൊൾക. അതു പോലെ രാജസമായ തപസ്സ് ശാശ്വതഫലം നൽകുന്നതല്ല. അതുകൊണ്ടത് അധ്രുവമാണ്. തപസ്സിന്റെ ശാശ്വതഫലം ആത്മസാക്ഷാൽക്കാരമാണ്. തപസ്സുകൊണ്ടു ചിത്തശുദ്ധി വന്നാലേ അതു സാധ്യമാവൂ. സൽക്കാരാദി സ്വാർഥം കൊതിക്കുന്ന ചിത്തം ഒരിക്കലും ശുദ്ധമാവുകയില്ല. സൽക്കാരാദി ഭൗതികഫലങ്ങളാകട്ടെ ക്ഷണികങ്ങളുമാണ്. ഇതു സൽക്കരിച്ചയാൾ നാളെ അപമാനിച്ചു എന്നുവരാം. ഭൗതികഫലത്തെ ലക്ഷ്യമാക്കുന്നയാൾക്കു തപസ്സുപോലും ഒരു നഷ്ടമാണെന്നു ഭാവം.

ഇനിയും താമസ്സമായ തപസ്സ് എന്താണെന്നു വിവരിക്കുന്നു:

*19. മൂഢഗ്രാഹേണാത്മനോ യത് പീഡയാ ക്രിയതേ തപഃ*
*പരസ്യോത്സാദനാർഥം വാ തത്താമസ്സമുദാഹൃതം*

മൂഢഗ്രാഹേണ - ഭൗതികതയിലുള്ള അതിമോഹം നിമിത്തം; ആത്മനഃ - ദേഹത്തെയും മനസ്സിനെയും; പീഡയാ - വല്ലാതെ പീഡിപ്പിക്കുന്നതോ; പരസ്യ - അന്യന്റെ; ഉത്സാദനാർഥം വാ - നാശം ലക്ഷ്യമാക്കിയുള്ളതോ; യത് തപഃ - ആയ തപസ്സേതാണോ; ക്രിയതേ - ആചരിക്കപ്പെടുന്നത്; തത് താമസം ഉദാഹൃതം - ആ തപസ്സ് താമസമെന്നു പറയപ്പെടുന്നു.

ഭൗതികതയിലുള്ള അതിമോഹം നിമിത്തം ദേഹത്തെയും മനസ്സിനെയും വല്ലാതെ പീഡിപ്പിക്കുന്നതോ അന്യന്റെ നാശം ലക്ഷ്യമാക്കിയുള്ളതോ ആയ തപസ്സേതാണോ ആചരിക്കപ്പെടുന്നത് ആ തപസ്സ് താമസ്സമെന്നു പറയപ്പെടുന്നു.

## *തത്താമസ്സമുദാഹൃതം*

ശ്രദ്ധ താമസ്സിയായിത്തീരുന്നതോടെ നേരത്തേ പറഞ്ഞ ശാരീരാദി മൂന്നുതരം തപസ്സിന്റെയും ശുദ്ധരൂപം മിക്കവാറും നഷ്ടമായിത്തീരുന്നു. രാജസ്സീ ശ്രദ്ധയിൽത്തന്നെ അതൊട്ടേറെ നഷ്ടമാകുന്നു. എന്നാൽ അവിടെ പ്രകടനത്തിനായിട്ടെങ്കിലും അതിന്റെ ചില അംശങ്ങൾ അവശേഷിക്കാം. തമസ്സിൽ ആ പ്രകടനപരമായ ശുദ്ധിപോലും ഇല്ലാതാകും. അത്യന്തം അവിവേകമാണല്ലോ തമസ്സിന്റെ ലക്ഷണം. നന്മതിന്മകളോ കാലാകാലങ്ങളോ നോക്കാതെയുള്ള ഭൗതികമായ അതിമോഹമാണു തമസ്സിന്റെ രൂപം. അത്



digitized by www.sreyas.in

സഫലമാക്കാനായി തമോഗുണി സ്വന്തം ദേഹത്തെയും മനസ്സിനെയും പോലും വല്ലാതെ പീഡിപ്പിച്ചു ചിലപ്പോൾ ഘോരമായ രീതിയിൽ തപസ്സനുഷ്ഠിച്ചു എന്നുവരും. തന്റെ വിദ്വേഷത്തിനു പാത്രമാകുന്ന അന്യരെ നശിപ്പിക്കാൻവേണ്ടിയും തമോഗുണി തപസ്സിലേർപ്പെടും. ഇവിടെ ആത്മസാക്ഷാൽക്കാരത്തിന്റെ വഴി പൂർണമായി അടയുന്നു. മാത്രമല്ല, ഇത്തരം തപസ്സ് കാലം വിപരീതമായാൽ അതാചരിക്കുന്നയാളിന്റെ നേരേതന്നെ തിരിഞ്ഞടിച്ചു ദുഃഖത്തിനു വഴിതെളിക്കുകയും ചെയ്യും. ചുരുക്കത്തിൽ തപസ്സു തുടങ്ങിയ കാര്യങ്ങൾപോലും ശ്രദ്ധാഭേദംകൊണ്ടു പതനകാരണമായിത്തീരാം. സാധാരണ ലൗകികകർമങ്ങൾപോലും ശ്രദ്ധാഭേദംകൊണ്ട് ഈശ്വരാർച്ചനമായി മാറി സത്യത്തോടു പിടിച്ചടുപ്പിച്ചു എന്നുവരാം. പുരുഷൻ ശ്രദ്ധാമയനാണ്. ശ്രദ്ധ എങ്ങനെയോ അവൻ അങ്ങനെയായിത്തീരുന്നു.

മഹത്തായ ഈ ശ്രദ്ധാനിയമം ദാനാദി കർമങ്ങളെപ്പോലും എങ്ങനെ വകതിരിക്കുന്നു എന്നതാണിനി ഭഗവാൻ പ്രതിപാദിക്കാനൊരുമ്പെടുന്നത്. സാത്വിക ദാനത്തിന്റെ സ്വരൂപമാണ് ഇരുപതാം പദ്യത്തിൽ വിവരിക്കുന്നത്:

*20. ദാതവ്യമിതി യദ്ദാനം ദീയതേഽനുപാകരിണേ*
*ദേശേ കാലേ ച പാത്രേ ച തദ്ദാനം സാത്വികം സ്മൃതം*

ദാതവ്യം ഇതി - ദാനം എന്ന പുണ്യകർമം തീർച്ചയായും ആചരിക്കേണ്ടതാണ് എന്ന നിശ്ചയത്തോടുകൂടി; ദേശേ - സ്ഥലം നോക്കിയും; കാലേ - സന്ദർഭം നോക്കിയും; പാത്രേ ച - വാങ്ങുന്നയാളിന്റെ അർഹത നോക്കിയും; അനുപകാരിണേ - ആരിൽനിന്ന് ഇങ്ങോട്ടുപകാരമൊന്നും കൊതിക്കുന്നില്ലയോ അവനു വേണ്ടി; യത് ദാനം - കഴിവിനു തക്കവണ്ണം എന്തു ദാനം; ദീയതേ - നൽകപ്പെടുന്നുവോ; തത് ദാനം - ആ ദാനം; സാത്വികം സ്മൃതം ച - സാത്വിക ശ്രദ്ധയോടു കൂടിയതാണെന്നു കരുതപ്പെടുന്നു.

ദാനം എന്ന പുണ്യകർമം തീർച്ചയായും ആചരിക്കേണ്ടതാണ്. എന്ന നിശ്ചയത്തോടുകൂടി സ്ഥലം നോക്കിയും, സന്ദർഭം നോക്കിയും, വാങ്ങുന്നയാളിന്റെ അർഹത നോക്കിയും ആരിൽ നിന്ന് ഇങ്ങോട്ടുപകാരമൊന്നും കൊതിക്കുന്നില്ലയോ അവനുവേണ്ടി കഴിവിനു തക്കവണ്ണം എന്തു ദാനം നൽകപ്പെടുന്നുവോ ആ ദാനം സാത്വികശ്രദ്ധയോടുകൂടിയതാണെന്നു കരുതപ്പെടുന്നു.

## *തദ്ദാനം സാത്വികം സ്മൃതം*

ദാനം വലിയൊരു പുണ്യകർമമായിട്ടാണല്ലോ കരുതപ്പെടുന്നത്.

digitized by www.sreyas.in

പുണ്യകർമങ്ങളുടെയെല്ലാം പ്രതിനിധിയായിട്ടാണിവിടെ ദാനത്തെ അംഗീകരിച്ചിരിക്കുന്നതെന്നോർക്കണം. എന്നാൽ ദാനംപോലും ശ്രദ്ധാഭേദം കൊണ്ടു പാപമായിത്തീരാവുന്നതേയുള്ളു. സാത്വികീശ്രദ്ധയാണു ദാനത്തെ പുണ്യകർമമാക്കിത്തീർക്കുന്നത്. ഒന്നാമതായി ദാനം ചിത്തശുദ്ധിക്കായി അവശ്യം അനുഷ്ഠിക്കേണ്ട ഒരു പുണ്യകർമമാണെന്നുറയ്ക്കണം. ചിത്തത്തിന്റെ ലോഭാദികളങ്കങ്ങളകന്നുകിട്ടാൻ സമൂഹജീവിയായ താൻ തന്റെ സമ്പാദ്യത്തിലൊരംശം തീർച്ചയായും കഷ്ടപ്പെടുന്ന സഹജീവികൾക്കായി മാറ്റിവയ്ക്കേണ്ടതാണെന്നുറയ്ക്കണം. ഒപ്പം ദാനം നൽകുമ്പോൾ ദാനം വാങ്ങുന്നയാളിൽ നിന്ന് ഒരു പ്രത്യുപകാരവും ആശിക്കാൻ പാടില്ല. ഒരീശ്വരാരാധന എന്ന ഭാവനയോടെ വേണം ദാനം ചെയ്യാൻ. പ്രത്യുപകരം ആശിച്ചാൽ അതോടെ ചിത്തശുദ്ധിക്കു പകരം നീണ്ടകാലം ആ ആശ ചിത്തത്തെ അശുദ്ധമാക്കിക്കൊണ്ടിരിക്കും. കാലാന്തരത്തിൽ പ്രത്യുപകാരം ഉണ്ടായില്ലെന്നുവന്നാൽ കോപതാപങ്ങൾകൊണ്ടു ചിത്തം അതീവ കലുഷമാവുകയും ചെയ്യും. അതുപോലെ ദാനം ചെയ്യുമ്പോൾ അത് ഏതു സ്ഥലത്തു വച്ച് എപ്പോൾ ആർക്കു കൊടുക്കുന്നു എന്നു ചിന്തിക്കണം. അല്ലെങ്കിൽ ദാനം വ്യക്തിക്കും സമൂഹത്തിനും ദോഷം ചെയ്തു എന്നുവരും. ദൃഷ്ടാന്തമായി മദ്യശാലയിൽവച്ച് മദ്യപാനവേളയിൽ ഒരു മദ്യപാനിക്കു ദാനം ചെയ്യുന്നു എന്നുവയ്ക്കുക. ആ ദാനം അവനും സമൂഹത്തിനും ആപത്തുണ്ടാക്കുന്ന ദാനമായതുകൊണ്ട് പാപമായി പരിണമിക്കും. എന്നാൽ ഇതേ മദ്യപാനിതന്നെ സ്ഥലവും സന്ദർഭവും മാറിയാൽ ചിലപ്പോൾ ദാനാർഹനായിത്തീർന്നു എന്നും വരാം. പ്രാഥമികമായി സ്വന്തം ചിത്തശുദ്ധി, തുടർന്നു സമൂഹനന്മ ഈ രണ്ടു ലക്ഷ്യങ്ങളും മുൻനിറുത്തി ഈശ്വരബുദ്ധിയോടെ ചെയ്യുന്ന ദാനം മാത്രമേ സാത്വികദാനമാവൂ. ഏതു പുണ്യകർമാനുഷ്ഠാനത്തിന്റെയും മാനദണ്ഡമിതുതന്നെ.

ഇനിയും രാജസ്സദാനം എന്താണെന്നു വിവരിക്കുന്നു:

> *21. യത്തു പ്രത്യുപകാരാർഥം ഫലമുദ്ദിശ്യ വാ പുനഃ*
> *ദീയതേ ച പരിക്ലിഷ്ടം തദ്ദാനം രാജസം സ്മൃതം*

പ്രത്യുപകാരാർഥം - ദാനം വാങ്ങുന്നയാളിൽ നിന്നു പ്രത്യുപകാരം കൊതിച്ചും; പുനഃഫലം ഉദ്ദിശ്യ വാ - വീണ്ടും ലൗകികഫലങ്ങളും കിട്ടണമെന്നു കൊതിച്ചും; പരിക്ലിഷ്ടം ച - മനസ്സു ക്ലേശിച്ചും; യത് തു ദീയതേ - യാതൊന്നാണോ നൽകപ്പെടുന്നത്; തത് ദാനം - ആ ദാനം; സ്മൃതം - രാജസ്സമാണെന്നു കരുതപ്പെടുന്നു.

digitized by www.sreyas.in

ദാനം വാങ്ങുന്നയാളിൽ നിന്നു പ്രത്യുപകാരം കൊതിച്ചും വീണ്ടും പല ലൗകിക ഫലങ്ങളും കിട്ടണമെന്നു കൊതിച്ചും മനസ്സു ക്ലേശിച്ചും യാതൊന്നാണോ നൽകപ്പെടുന്നത്; ആ ദാനം രാജസ്സമെന്നു കരുതപ്പെടുന്നു.

## *തദ്ദാനം രാജസ്സം സ്മൃതം*

പ്രത്യുപകാരം കൊതിച്ചുകൊണ്ടു ചെയ്യുന്ന ദാനം രാജസ്സമാണ്. ഭരണാധികാരികൾക്കു കൈക്കൂലി കൊടുക്കൽ, പാർട്ടികൾക്കും മറ്റും സംഭാവന നൽകൽ ഇതൊക്കെ ഇത്തരം ദാനമാണ്. ഇങ്ങോട്ട് പല ലൗകികഫലങ്ങളും കൊതിച്ചുകൊണ്ടു സമ്മാനങ്ങളും മറ്റും കൈമാറുന്നതു തിരിച്ചു നമുക്കും പലതും കിട്ടും എന്ന ചിന്തയോടെയാണല്ലോ. അതുപോലെ മനസ്സു ക്ലേശിച്ചുകൊണ്ട് നൽകുന്ന ദാനവും രാജസ്സമാണ്. 'നാശം, കൊടുത്തു തുലയ്ക്കുക' എന്ന ഭാവത്തിൽ പലരും പലതും കൊടുക്കാറുണ്ടല്ലോ. രാജസ്സമായ ദാനം മനസ്സിനെ വികാരകലുഷമാക്കും. ദാനം നൽകിയശേഷം അതിനെക്കുറിച്ചുള്ള കലുഷചിന്ത നിലനിറുത്തും. മനഃപ്രസാദം നശിപ്പിക്കും. സമൂഹത്തിലും രാജസ്സദാനം ഒരു ദൂഷിതവലയം സൃഷ്ടിക്കും. സത്യത്തോടടുക്കാൻ ഇതൊരിക്കലും ഉപകരിക്കയില്ല. ഏതു പുണ്യകർമത്തെയും ഈ നിലയിൽ പരിശോധിച്ചുനോക്കേണ്ടതാണ്.

ഇനിയും താമസ്സദാനമാണു വിവരിക്കുന്നത്:

*22. അദേശകാലേ യദ്ദാനമപാത്രേഭ്യശ്ച ദീയതേ*
*അസത്കൃതമവജ്ഞാതം തത് താമസ്സമുദാഹൃതം*

അദേശകാലേ - സ്ഥാനം നോക്കാതെയും സമയം നോക്കാതെയും; അപാത്രേഭ്യഃ - അർഹതയില്ലാത്തവർക്ക്; അസത്കൃതം അവജ്ഞാതം ച - അപമാനിച്ചും നിന്ദിച്ചും; യത് ദാനം ദീയതേ - ഏതൊരു ദാനം നൽകപ്പെടുന്നുവോ; തത് - ആ ദാനം; താമസ്സം ഉദാഹൃതം - താമസ്സമെന്നു പറയപ്പെടുന്നു.

## *തത് താമസമുദാഹൃതം*

ദേശകാലങ്ങളും അർഹതയും നോക്കാതെ നൽകപ്പെടുന്ന ദാനം വ്യക്തിയെയും സമൂഹത്തെയും പതിപ്പിക്കുമെന്നു നാം കണ്ടുവല്ലോ. അതുപോലെതന്നെ അപമാനിച്ചും നിന്ദിച്ചും നൽകുന്ന ദാനം. പലരും വീട്ടിൽ ഭിക്ഷയാചിച്ചും ആഹാരം ചോദിച്ചും വരുന്നവരെ പല വിധത്തിലും ശകാരിച്ചശേഷം വല്ലതും കൊടുത്തയക്കുന്നതു കാണാം. ഈ

digitized by www.sreyas.in

ശകാരം കൊടുക്കുന്നയാളിന്റെ താമസ്സീശ്രദ്ധയുടെ സൂചകമാണ്. ഇല്ലെങ്കിൽ ശാന്തമായി ഇല്ലെന്നു പറഞ്ഞാൽ മതിയല്ലോ. അപമാനിച്ചും നിന്ദിച്ചും എന്തെങ്കിലും കൊടുക്കുന്നതു ഒന്നും കൊടുക്കാതിരിക്കുന്നതിനേക്കാൾ ദോഷമാണ്. ദാതാവും ദാനപാത്രവും വാസ്തവത്തിൽ ഈശ്വരാംശമാണ്. ദാനകർമം കഴിയുമ്പോൾ ദാതാവിന്റെയും ദാനപാത്രത്തിന്റെയും ചിത്തം ശുദ്ധമായി അൽപ്പമെങ്കിലും ആത്മപ്രസാദമുൾക്കൊള്ളാൻ കഴിവുള്ളതാകണം. അല്ലെങ്കിൽ അതെങ്ങനെ പുണ്യമാകും? എന്തു കൊടുത്താലും അതിനുമുമ്പു നിന്ദയും അപമാനവുമുണ്ടായാൽ ഇരുകൂട്ടരുടേയും ആത്മാവു കൂടുതൽ ഇരുട്ടുകൊണ്ടു മൂടിപ്പോവുകയേയുള്ളു. ഇവിടെ ദാനം ആത്മാവിനെ ഇരുട്ടുകൊണ്ടു മൂടിക്കളയുന്ന പാപമായിത്തീരുന്നു എന്നു പറയേണ്ടതില്ലല്ലോ. അഹങ്കാരം വളർത്തി അന്യനെ അധിക്ഷേപിച്ചു ചെയ്യുന്ന ഏതു കർമവും ഇതുപോലെ താമസഭാവത്തെ വളർത്തുമെന്നോർക്കേണ്ടതാണ്.

ഇങ്ങനെ ശ്രദ്ധയെ ആസ്പദമാക്കി യജ്ഞാദികർമങ്ങളെ വിവരിച്ചതിൽ നിന്ന് ആത്മസാക്ഷാൽക്കാരം കൊതിക്കുന്നയാൾ സർവഥാ സാത്വികീശ്രദ്ധയെ അവലംബമാക്കേണ്ടതാണെന്നു സ്പഷ്ടമായി തെളിയുന്നു. സാത്വികീശ്രദ്ധ വളരാൻ സർവം ഈശ്വരമയമായി ഭാവനചെയ്തു കർമങ്ങളനുഷ്ഠിച്ചാലേ പറ്റൂ. ഇതിനു വല്ല പ്രായോഗികനിർദേശവും നൽകാനുണ്ടോ? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് അടുത്ത അഞ്ചു പദ്യങ്ങളിൽ. ബ്രഹ്മഭാവന നിലനിറുത്താനായി സദാ നാവിൽതുമ്പത്തു സൂക്ഷിക്കാൻ ബ്രഹ്മവാചികളായ ചില പദങ്ങൾ നിർദേശിക്കുകയാണു ഭഗവാൻ ഇരുപത്തിമൂന്നാം പദ്യത്തിൽ:

*23. ഓം തത് സദിതി നിർദേശോ ബ്രഹ്മണസ്ത്രിവിധഃ സ്മൃതഃ*
*ബ്രാഹ്മണാസ്തേന വേദാശ്ച യജ്ഞാശ്ച വിഹിതാഃ പുരാ*

ഓം – ഓം എന്നും; തത് – തത് എന്നും; സത് ഇതി - സത് എന്നും; ബ്രഹ്മണഃ - ബ്രഹ്മത്തിന്; ത്രിവിധഃ നിർദേശഃ - മൂന്നു നാമങ്ങൾ; സ്മൃതഃ - ഉപനിഷത്തുകളിൽ കാണപ്പെടുന്നു; പുരാ - പണ്ടുമുതലേ; തേന - ഈ നാമങ്ങളോടു കൂടിയാണ്; ബ്രാഹ്മണാഃ - ബ്രഹ്മജ്ഞാനികളും; വേദാ ച - വേദങ്ങളും; യജ്ഞാഃ ച - യാഗാദികർമങ്ങളും; വിഹിതാഃ - വിധിപൂർവം അംഗീകരിക്കപ്പെടുന്നത്.

'ഓം' എന്നും 'തത്' എന്നും 'സത്' എന്നും ബ്രഹ്മത്തിനു മൂന്നു നാമങ്ങൾ ഉപനിഷത്തുക്കളിൽ കാണപ്പെടുന്നു. പണ്ടു മുതലേ ഈ നാമങ്ങ

digitized by www.sreyas.in

ളോടു കൂടിയാണു ബ്രഹ്മജ്ഞാനികളും വേദങ്ങളും യാഗാദികർമങ്ങളും വിധിപൂർവം അംഗീകരിക്കപ്പെടുന്നത്,

## *ഓം തത് സത്*

ഒരേ ബ്രഹ്മവസ്തുവാണു പ്രപഞ്ചമായി കാണപ്പെടുന്നതെന്നു സംശയാതീതമായി ഉപനിഷദ്ദ്രഷ്ടാക്കളായ ഋഷിമാർക്കു തെളിഞ്ഞു. അതോടെ ഈ വസ്തുസ്ഥിതി എല്ലാവരെയും അനുഭവിപ്പിക്കണമെന്ന് അവരാഗ്രഹിച്ചു. പേരാണു പൊരുളിന്റെ തോന്നലുളവാക്കുന്ന പ്രധാന ഘടകം. അതുകൊണ്ടു ബ്രഹ്മവാചികളായ മൂന്നു നാമങ്ങൾ അവർ നിർദേശിച്ചു. ഉപനിഷത്തുക്കളെല്ലാം ബ്രഹ്മപ്രതീകമായംഗീകരിച്ചിട്ടുള്ളതാണു പ്രണവം അഥവാ 'ഓം'. ബ്രഹ്മോപാസനക്കുള്ള വിശിഷ്ട മന്ത്രവുമാണത്. ബ്രഹ്മത്തിന്റെ പരമകാരണത്വം വെളിപ്പെടുത്തുന്ന പദമാണ് 'തത്', 'അത്' എന്നാണതിനു തുല്യമായ ഭാഷാപദം. 'അത്' എന്നു പറഞ്ഞാൽ പ്രപഞ്ചത്തിന്റെ പരമകാരണം എന്നാണു ധരിക്കേണ്ടത്. ഛാന്ദോഗ്യോപനിഷത്തിലെ 'തത്വമസി' എന്ന പ്രസിദ്ധമായ മഹാവാക്യത്തിൽ പരമകാരണമായ ബ്രഹ്മത്തെ നിർദേശിക്കുന്ന ആദ്യപദമാണു 'തത്' 'അതു നീയാകുന്നു' എന്നാണല്ലോ ആ മഹാവാക്യത്തിന്റെ താൽപ്പര്യം. ഈ മഹാവാക്യം അവതരിപ്പിക്കുന്ന മറ്റൊരു വാക്യത്തിലെ ആദിപദമാണ്. 'സത്' എന്നത്. 'ശുദ്ധമായ ഉണ്മ' എന്നാണു സത്പദത്തിനർഥം. 'സദേവ സൗമ്യ ഇദം അഗ്ര ആസീത്' എന്നാണു പൂർണവാക്യം. 'കുഞ്ഞേ, സൃഷ്ടിക്കു മുമ്പു ശുദ്ധമായ ഉണ്മ മാത്രമേ ഉണ്ടായിരുന്നുള്ളു' എന്നാണു വാക്യാർഥം. സങ്കൽപ്പം കൂടിക്കലരാത്ത ശുദ്ധമായ ബോധമാണിവിടെ ഉണ്മ. അതാണല്ലോ ബ്രഹ്മസ്വരൂപം. അപ്പോൾ ബ്രഹ്മപ്രതീകമായ 'ഓം', ബ്രഹ്മത്തെ പരമകാരണമായി നിർദേശിക്കുന്ന 'തത്', ബ്രഹ്മസ്വരൂപം വെളിപ്പെടുന്ന 'സത്' എന്നീ പദങ്ങളാണു ബ്രഹ്മത്തിനംഗീകരിച്ചിട്ടുള്ള ത്രിവിധ നിർദേശങ്ങൾ. അതുകൊണ്ട് 'ഓം തത് സത്' എന്നതൊരു വാക്യമായി കരുതിയാൽ അതിനു 'ബ്രഹ്മം പരമകാരണമായ ഉണ്മയാണ്' എന്നർഥം ധരിക്കാം. ബ്രഹ്മജ്ഞാനം കൊതിക്കുന്നവർ ഈ വാക്യം നിരന്തരം ഉച്ചരിച്ചു ബ്രഹ്മഭാവന പുലർത്തിക്കൊണ്ടുവേണം അവരുടെ എല്ലാ കർമചലനങ്ങളും പിൻതുടരാൻ. ബ്രഹ്മജ്ഞാനം കൊതിക്കുന്ന വ്യക്തികളെ നിർദേശിക്കുന്നതാണു ബ്രാഹ്മണപദം. സഗുണമോ നിർഗുണമോ ആയ ഉപാസനകളിൽ അംഗീകരിക്കുന്ന മന്ത്രങ്ങളെയും സ്വാധ്യായ ഗ്രന്ഥങ്ങളെയും നിർദേശിക്കുന്നതാണു വേദപദം. സ്വധർമാനുഷ്ഠാനമുൾപ്പെടെയുള്ള എല്ലാ കർമചലനങ്ങളെയും പ്രതിനിധീകരിക്കുന്നതാണു യജ്ഞപദം. ചുരു

digitized by www.sreyas.in

ക്കത്തിൽ ഒരുവൻ 'ഓം തത് സത്' എന്ന മന്ത്രം ജീവിതത്തിലൂടനീളം കൂട്ടിച്ചേർത്തു നിരന്തര ബ്രഹ്മഭാവന പുലർത്തുമെങ്കിൽ അതിവേഗം സാത്വിക ശ്രദ്ധയിലെത്തി അയാൾ ബ്രഹ്മാനുഭവത്തിനു പാത്രമായിത്തീരുന്നതാണ്.

'ഓം തത് സത്' എന്ന മന്ത്രം കൂട്ടിച്ചേർത്തു ജീവിതത്തെ ബ്രഹ്മഭാവനാമയമാക്കിത്തീർക്കണമെന്നാണു വേദമതം. ഇക്കാര്യമാണു ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്. 'ഓം' എന്ന പ്രണവം ഉച്ചരിക്കുന്നതിനെക്കുറിച്ചാണാദ്യമായി പ്രതിപാദിക്കുന്നത്:

*24. തസ്മാദോമിത്യുദാഹൃത്യ യജ്ഞദാനതപഃക്രിയാഃ*
*പ്രവർത്തന്തേ വിധാനോക്താഃ സതതം ബ്രഹ്മവാദിനാം*

തസ്മാത് – 'ഓം തത്സത്' എന്ന ബ്രഹ്മമന്ത്രമുച്ചരിച്ചു ജീവിതത്തെ ബ്രഹ്മമയമാക്കിത്തീർക്കണമെന്നുള്ളതുകൊണ്ട്; സതതം – സദാ; ബ്രഹ്മവാദിനാം – ബ്രഹ്മാന്വേഷണതൽപ്പരന്മാരുടെ: വിധാനോക്താഃ – കർമശാസ്ത്രവിധിയനുസരിച്ചുള്ള; യജ്ഞദാനതപഃക്രിയാഃ – യജ്ഞം, ദാനം, തപസ്സു മുതലായ കർമങ്ങൾ; 'ഓം' ഇത്യുദാഹൃതദ്യ – 'ഓം' എന്ന പ്രണവം ഉറക്കെ ഉച്ചരിച്ചുകൊണ്ടാണ്; പ്രവർത്തന്തേ – വേണ്ടവണ്ണം നിർവഹിക്കപ്പെടുന്നത്.

'ഓം തത് സത്' എന്ന ബ്രഹ്മമന്ത്രമുച്ചരിച്ചു ജീവിതത്തെ ബ്രഹ്മമയമാക്കിത്തീർക്കണമെന്നുള്ളതുകൊണ്ടു സദാ ബ്രഹ്മാന്വേഷണതൽപ്പരന്മാരുടെ കർമശാസ്ത്രവിധിയനുസരിച്ചുള്ള യജ്ഞം, ദാനം, തപസ്സു മുതലായ കർമങ്ങൾ 'ഓം' എന്ന പ്രണവം ഉറക്കെ ഉച്ചരിച്ചുകൊണ്ടാണു വേണ്ടവണ്ണം നിർവഹിക്കപ്പെടുന്നത്.

## ബ്രഹ്മമന്ത്രതാൽപ്പര്യം

എല്ലാ കർമങ്ങളും ബ്രഹ്മയജ്ഞമാക്കി മാറ്റാനുള്ള ഉപായമാണു ബ്രഹ്മമന്ത്രം. യജ്ഞദാനതപഃക്രിയകളെന്നുള്ളതുകൊണ്ടു ജീവിതകർമചലനം മുഴുവൻ അർഥമാക്കുന്നു എന്നു നാം നേരത്തേ കണ്ടുവല്ലോ. ബ്രഹ്മയജ്ഞ സ്വരൂപം ഭഗവാൻ തന്നെ നാലാമധ്യായം ഇരുപത്തിനാലാം ശ്ലോകത്തിൽ വിവരിച്ചിട്ടുമുണ്ടല്ലോ. ഗീതയാണേറ്റവും വലിയ കർമശാസ്ത്രം. ബ്രഹ്മപ്രാപ്തി കൊതിക്കുന്നവർ കർമങ്ങൾ ഫലേച്ഛ വെടിഞ്ഞു ബ്രഹ്മാരാധനയായി അനുഷ്ഠിക്കണമെന്ന് ഉപനിഷത്തുക്കളും നിർദേശിക്കുന്നു. ഇതിനുള്ള മാർഗം തുടങ്ങുമ്പോൾ തന്നെ കർമം ബ്രഹ്മാരാധനയാണെന്നോർമിക്കുകയാണ്. അതോർമിക്കാനുള്ള ഉപായമാണു പ്രണവം

digitized by www.sreyas.in

ഉറക്കെ ഉച്ചരിക്കൽ. ഉറക്കെ ഉച്ചരിക്കുന്നതു ശബ്ദത്തിന്റെ ഉച്ചസ്ഥിതിയെ മാത്രം കണക്കാക്കിയല്ല. ശബ്ദം ഉറച്ചില്ലെങ്കിൽ പ്രണവതാൽപ്പര്യം ഗ്രഹിച്ചു വ്യക്തമായി മനസ്സിൽ ഉച്ചരിച്ചാലും പോരായ്കയില്ല. ഉറക്കെ ഉച്ചരിക്കാൻ തടസ്സമില്ലാത്തിടത്ത് അങ്ങനെ ചെയ്യണമെന്നേയുള്ളു. പ്രപഞ്ചാനുഭവമുൾപ്പെടെയുള്ള ബ്രഹ്മത്തിന്റെ പ്രതീകമാണു പ്രണവം. ശ്രദ്ധയുള്ളയാൾക്കു പ്രണവോച്ചാരണത്തോടെ താനുൾപ്പെടെ എല്ലാം ബ്രഹ്മസ്വരൂപമാണെന്നോർമവരും. ഈ സ്മരണയാണു കർമത്തെ മുഴുവൻ ബ്രഹ്മാർപ്പണമാക്കിത്തീർക്കുന്ന പ്രധാന ഘടകം. തൽക്കാലം ഒരുവന്റെ ശ്രദ്ധ കുറെയൊക്കെ രാജസ്സിയോ താമസ്സിയോ ആയിരുന്നാൽപ്പോലും ഈ രീതിയിൽ കർമമനുഷ്ഠിക്കുമെങ്കിൽ അയാൾ സാത്വിക ശ്രദ്ധയിലേക്കുയർത്തപ്പെടുന്നതാണ്.

ഒരു സത്യാന്വേഷി പ്രപഞ്ചദൃശ്യങ്ങളിൽ ബ്രഹ്മഭാവന നിലനിറുത്തിയതുകൊണ്ടു മാത്രമായില്ല. ശുദ്ധമായ ബ്രഹ്മസ്വരൂപം അനുഭവിക്കാനുള്ള ഉപായംകൂടി ഉറപ്പിക്കണം. ഫലേച്ഛ ഉപേക്ഷിക്കലാണിതിനുള്ള ഉപായം. മന്ത്രത്തിലെ 'തത്' എന്ന പദം അക്കാര്യം ഓർമിപ്പിക്കുന്നു എന്നാണടുത്ത ശ്ലോകം വ്യക്തമാക്കുന്നത്:

*25. തദിത്യനഭിസംധായ ഫലം യജ്ഞതപഃക്രിയാഃ*
*ദാനക്രിയാശ്ച വിവിധാഃ ക്രിയന്തേ മോക്ഷകാംക്ഷിഭിഃ*

'തത്' ഇതി - മന്ത്രത്തിലെ 'തത്' പദം ഉച്ചരിച്ചുകൊണ്ട്; മോക്ഷകാംക്ഷിഭിഃ - മോക്ഷമെന്ന ബ്രഹ്മാനുഭവം കൊതിക്കുന്നവർ; ഫലം അനഭിസംധായ - ഭൗതിക ഫലചിന്ത പാടേ വെടിഞ്ഞ്; യജ്ഞതപഃക്രിയാഃ - യജ്ഞതപഃക്രിയകളും; വിവിധാഃ - പല പ്രകാരത്തിലുള്ള; ദാനക്രിയാഃ ച - ദാനകർമങ്ങളും; ക്രിയന്തേ - അനുഷ്ഠിക്കുന്നു.

മന്ത്രത്തിലെ 'തത്' പദം ഉച്ചരിച്ചുകൊണ്ടു മോക്ഷമെന്ന ബ്രഹ്മാനുഭവം കൊതിക്കുന്നവർ ഭൗതികഫലചിന്ത പാടേ വെടിഞ്ഞു യജ്ഞതപഃക്രിയകളും പല പ്രകാരത്തിലുമുള്ള ദാനകർമങ്ങളും അനുഷ്ഠിക്കുന്നു.

## *തദിത്യനഭിസംധായ ഫലം*

പ്രണവോച്ചാരണം സർവം ബ്രഹ്മമയമാണെന്നോർമിപ്പിച്ചു. 'തത്' പദോച്ചാരണം ബ്രഹ്മപ്രാപ്തിയാണു ജീവിതലക്ഷ്യമെന്നോർമിപ്പിക്കുന്നു. എന്തു ശ്രദ്ധിക്കുന്നുവോ അതു പ്രാപിക്കപ്പെടും എന്നാണല്ലോ നിയമം. ഭൗതികഫലത്തിലാണ് ശ്രദ്ധയെന്നു വന്നാൽ അതിന്റെ ലാഭത്തോടെ കാര്യമവ

digitized by www.sreyas.in

സാനിക്കും. ബ്രഹ്മത്തിലാണ് ശ്രദ്ധയെന്നു വന്നാൽ അതിനെ പ്രാപിക്കാൻ കഴിയും. ഇടയ്ക്കു സ്വാഭാവികമായി കർമത്തിന്റെ ഭൗതികഫലം വന്നു ചേരുമെങ്കിലും കാര്യം അവിടെ അവസാനിക്കയില്ലെന്നു താൽപ്പര്യം. ഭൗതികഫലവും ബ്രഹ്മവും മാറിമാറി കൊതിച്ചാൽ ശ്രദ്ധയ്ക്കു ശക്തികുറയും. ബ്രഹ്മം പൂർണ വസ്തുവായതുകൊണ്ടു ശ്രദ്ധ അതിൽ കേന്ദ്രീകരിച്ചാൽ ഭൗതികഫലങ്ങൾ വരേണ്ടത് അപ്പപ്പോൾ വന്നുകൊള്ളുകയും ചെയ്യും. എന്തായാലും ഭൗതികഫലേച്ഛ മാറ്റിനിറുത്തിയാലേ മോക്ഷേച്ഛ ബലപ്പെടൂ. 'തത്' പദോച്ചാരണം അതിനു സഹായിക്കുന്നു. പ്രാപഞ്ചികസങ്കൽപ്പങ്ങൾക്കപ്പുറമുള്ള വസ്തുവാണു ബ്രഹ്മമെന്നാണല്ലോ 'തത്' പദതാൽപ്പര്യം. ഇങ്ങനെ സദാ തത്പദം സ്മരിച്ചു സങ്കൽപ്പരഹിതമായ ബ്രഹ്മത്തെ ലക്ഷ്യമാക്കി ജീവിതകർമചലനങ്ങളെ പാകപ്പെടുത്തുന്നയാൾക്കു പോരായ്മകളെന്തെല്ലാമുണ്ടെങ്കിലും അചിരേണ സാത്വികീശ്രദ്ധയും ബ്രഹ്മപ്രാപ്തിയും സാധ്യമായിത്തീരുന്നു.

'സത്' പദതാൽപ്പര്യമാണിനി വിവരിക്കുന്നത്. സങ്കൽപ്പരഹിതമായ കേവലസത്തയാണു ബ്രഹ്മമെന്നറിയിക്കുന്നതാണു 'സത്' പദം. മറ്റു ചില താൽക്കാലികാർഥങ്ങളും അതിനു വന്നു ചേർന്നിട്ടുണ്ട്.

*26. സദ്ഭാവേ സാധുഭാവേ ച സദിത്യേതത് പ്രയുജ്യതേ*
*പ്രശസ്തേ കർമണി തഥാ സച്ഛബ്ദഃ പാർഥ യുജ്യതേ*

സദ്ഭാവേ - സങ്കൽപ്പരഹിതമായ കേവലസത്തയാണു ബ്രഹ്മമെന്നോർമിപ്പിക്കാനും; സാധുഭാവേ ച - കർമം വേണ്ടപോലെ സത്യമാർഗം തെളിയിക്കണമെന്നു ഭാവന ചെയ്യാനും; സത് ഇതി ഏതത് - മന്ത്രത്തിലെ 'സത്' എന്ന പദം; പ്രയുജ്യതേ - ഉച്ചരിക്കപ്പെടുന്നു; പാർഥ - അല്ലയോ അർജുനാ; തഥാ - അതുപോലെ; പ്രശസ്തേ കർമണി - സത്യാധിഷ്ഠിതമായ മംഗളകർമം അനുഷ്ഠിക്കുമ്പോഴും; സത് ശബ്ദഃ - 'സത്' എന്ന പദം; യുജ്യതേ - ഉച്ചരിക്കപ്പെടാവുന്നതാണ്.

സങ്കൽപ്പരഹിതമായ കേവലസത്തയാണു ബ്രഹ്മമെന്നോർമിപ്പിക്കാനും കർമം വേണ്ടപോലെ സത്യമാർഗം തെളിയിക്കണമെന്നു ഭാവന ചെയ്യാനും മന്ത്രത്തിലെ 'സത്' എന്ന പദം ഉച്ചരിക്കപ്പെടുന്നു. അല്ലയോ അർജുനാ, അതുപോലെ സത്യാധിഷ്ഠിതമായ മംഗളകർമം അനുഷ്ഠിക്കുമ്പോഴും 'സത്' എന്ന പദം ഉച്ചരിക്കാവുന്നതാണ്.

digitized by www.sreyas.in

## 'സത്' പദതാൽപ്പര്യം

ശുദ്ധമായ കേവലസത്തയാണു 'സത്' പദതാൽപ്പര്യം. സങ്കൽപ്പരഹിതമായ സത്തയാണു ശുദ്ധസത്ത. സത്ത എന്നുപറഞ്ഞാൽ ഉണ്മയുടെ അനുഭവം എന്നാണർഥം. സങ്കൽപ്പരഹിതമായ ഉണ്മയുടെ അനുഭവം കേവലബോധത്തിൽ മാത്രമേ സാധ്യമാവൂ എന്നു പറയേണ്ടതില്ലല്ലോ. കേവലബോധാനുഭവം തന്നെയാണു ബ്രഹ്മാനുഭവം. മോക്ഷം കൊതിക്കുന്നവർ പ്രപഞ്ചത്തെ ബ്രഹ്മമായി ഭാവന ചെയ്തും ഫലകാംക്ഷ വെടിഞ്ഞും എത്തിച്ചേരേണ്ട ബ്രഹ്മത്തിന്റെ സ്വരൂപമെന്തെന്ന് ഓർമിപ്പിക്കുന്നതാണു 'സത്'പദം. അതുതന്നെയാണു സത്ഭാവം. ഈ സത്ഭാവം ഉൾക്കൊള്ളാൻ കഴിയാത്തവർക്കുവേണ്ടിയാണു സത്പദത്തിനു താൽക്കാലികങ്ങളായ മറ്റു ചില താൽപ്പര്യങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നത്. പരമകാരണമായ സത്യത്തെ ഓർമിച്ചുകൊണ്ടു തന്റെ ഏതു കർമവും സത്യത്തോടടുപ്പിക്കുന്നതായിരിക്കണമെന്നു ഭാവന ചെയ്യാനും സത്പദം പ്രയോജനപ്പെടും. അതുപോലെ ജീവിതത്തിലെ മംഗളകാര്യങ്ങൾ അനുഷ്ഠിക്കുമ്പോഴും മന്ത്രത്തിലെ സത്പദം പ്രയോഗിച്ച് അവയെ ഈശ്വരാർപ്പണമാക്കിത്തീർക്കാവുന്നതാണ്.

സത്പദത്തിനു വേറെയും ചില നല്ല സ്മരണകളെ ഉളവാക്കാൻ കഴിവുണ്ടെന്നാണിനിയും പറയുന്നത്:

*27. യജ്ഞേ തപസി ദാനേ ച സ്ഥിതിഃ സദിതി ചോച്യതേ*
*കർമ ചൈവ തദർഥീയം സദിത്യേവാഭിധീയതേ*

യജ്ഞേ – യാഗാദികർമങ്ങളിലും; തപസി – തപസ്സിലും; ദാനേ ച – ദാനകർമത്തിലും; സ്ഥിതിഃ ച – നിഷ്ഠയോടുകൂടി വർത്തിക്കുന്നതും; സത് ഇതി – സത് എന്ന പദംകൊണ്ട്; ഉച്യതേ – പറയപ്പെടുന്നു; തദർഥീയം – ബ്രഹ്മപ്രാപ്തിയെ ലക്ഷ്യമാക്കി പ്രത്യേകം ആചരിക്കുന്ന; കർമ ച ഏവ – കർമവും; സത് ഇതി ഏവ – സത് എന്ന പദം കൊണ്ടുതന്നെ; അഭിധീയതേ – പറയപ്പെടുന്നു.

യാഗാദികർമങ്ങളിലും തപസ്സിലും ദാനകർമത്തിലും നിഷ്ഠയോടുകൂടി വർത്തിക്കുന്നതും സത് എന്ന പദംകൊണ്ടു പറയപ്പെടുന്നു. ബ്രഹ്മപ്രാപ്തിലക്ഷ്യമാക്കി പ്രത്യേകം ആചരിക്കുന്ന കർമവും സത് എന്ന പദംകൊണ്ടു തന്നെ പറയപ്പെടുന്നു.

digitized by www.sreyas.in

## സത്പദതാൽപ്പര്യം

സത്പദതാൽപ്പര്യം വിവരിക്കുന്ന രണ്ടു ശ്ലോകങ്ങളിൽ നിന്നു ബ്രഹ്മമന്ത്രം സാത്വികശ്രദ്ധയെ ലക്ഷ്യമാക്കിയുള്ള ഏതു കർമാനുഷ്ഠാനത്തിലും അംഗീകരിക്കാവുന്നതാണെന്നു ഭഗവാൻ വ്യക്തമാക്കിയിരിക്കുന്നു. യജ്ഞം, തപസ്സ്, ദാനം എന്നിവയിൽ നിഷ്ഠയോടെ വർത്തിക്കുന്നയാൾ ബ്രഹ്മമന്ത്രം തന്റെ നിഷ്ഠയെ വെളിപ്പെടുത്താൻ ഉച്ചരിക്കാറുണ്ട്. മന്ത്രത്തിലെ സത്പദമാണ് ആ നിഷ്ഠയെ പ്രത്യേകം എടുത്തുകാണിക്കുന്നത്. ബ്രഹ്മപ്രാപ്തിയെ പ്രത്യേകം ലക്ഷ്യമാക്കി അനുഷ്ഠിക്കുന്ന യമനിയമാദി യോഗാനുഷ്ഠാനങ്ങളോ തത്കഥന തച്ചിന്തനാദികളോ ഒക്കെത്തന്നെയും സത്പദതാൽപ്പര്യമായി അംഗീകരിക്കാവുന്നവയാണ്. അതായത്, ഇത്തരം പ്രത്യേക കർമങ്ങളൊക്കെ ബ്രഹ്മമന്ത്രമുച്ചരിച്ചു തുടങ്ങാവുന്നതും മന്ത്രത്തിലെ സത്പദം കൊണ്ട് അവയുടെ തദർഥീയത്വം ദ്യോതിപ്പിക്കാവുന്നതുമാണെന്നു താൽപ്പര്യം. ഇവിടെ ബ്രഹ്മഭാവനയെ സഹായിക്കാനാണു മന്ത്രോച്ചാരണമെന്നു നല്ലപോലെ ഓർക്കണം. ഭാവന കൂടാതെ യാന്ത്രികമായ മന്ത്രോച്ചാരണം ഉദ്ദേശശുദ്ധി നേടിത്തരികയില്ലെന്നു ധരിച്ചിരിക്കേണ്ടതാണ്.

ഇതുവരെയുള്ള വിവരണം കൊണ്ടു കർമം എന്തുതന്നെയായാലും അതു സാത്വികശ്രദ്ധയോടുകൂടിയതായിത്തീരുന്നില്ലെങ്കിൽ സത്യമാർഗം തെളിയുകയില്ലെന്നു സ്പഷ്ടമായല്ലോ. അക്കാര്യം വെളിപ്പെടുത്തിക്കൊണ്ടു ഭഗവാൻ അധ്യായം ഉപസംഹരിക്കാൻ ഒരുമ്പെടുന്നു:

*28. അശ്രദ്ധയാ ഹുതം ദത്തം തപസ്തപ്തം കൃതം ച യത്*
*അസദിത്യുച്യതേ പാർഥ ന ച തത് പ്രേത്യ നോ ഇഹ*

പാർഥ - അല്ലയോ അർജുനാ; അശ്രദ്ധയാ - സത്യദർശനത്തിനുതകുന്ന സാത്വികശ്രദ്ധയെ അംഗീകരിക്കാതെ; ഹുതം - ചെയ്യുന്ന ഹോമം; ദത്തം - ദാനം; തപ്തം തപഃ - ചെയ്യുന്ന തപസ്സ്; കൃതം ച - ചെയ്യുന്ന കർമം; യത് - ഇതെല്ലാം; അസത് ഇതി - 'അസത്' എന്ന്; ഉച്യതേ - പറയപ്പെടുന്നു; തത് - ഇങ്ങനെയുള്ള അസത് കർമം; പ്രേത്യന - ഇവിടം വിട്ടു പരലോകത്തെത്തിയാലും ഉപകരിക്കുന്നില്ല; ഇഹ ച നോ - ഈ ലോകത്തും ഉപകരിക്കുന്നില്ല.

അല്ലയോ അർജുനാ, സത്യദർശനത്തിനുതകുന്ന സാത്വികീശ്രദ്ധയെ അംഗീകരിക്കാതെ ചെയ്യുന്ന ഹോമം, ദാനം, ചെയ്യുന്ന തപസ്സ്, ചെയ്യുന്ന

digitized by www.sreyas.in

കർമം ഇതെല്ലാം 'അസത്' എന്നു പറയപ്പെടുന്നു. ഇങ്ങനെയുള്ള അസത് കർമം ഇവിടം വിട്ടു പരലോകത്തെത്തിയാലും ഉപകരിക്കുന്നില്ല. ഈ ലോകത്തും ഉപകരിക്കുന്നില്ല.

## ന ച തത് പ്രേത്യ നോ ഇഹ

സദാചാരനിയമങ്ങളെക്കുറിച്ചു വിവിധ ദേശക്കാരുടെയിടയിലും മതക്കാരുടെയിടയിലും അഭിപ്രായഭേദങ്ങൾ കാണ്മാനുണ്ട്. ഗീതയിലെ പതിനേഴാമധ്യായം വ്യക്തമായി ധരിക്കുന്നയാൾക്കു സദാചാരത്തിന്റെ കാതലായ അംശം കണ്ടെത്താൻ കഴിയും. സത്തിനോടടുപ്പിക്കുന്നതു സദാചാരം. സത്തിൽ നിന്ന് അകറ്റിക്കളയുന്നത് അസദാചാരം. ഒരാചാരത്തെ അഥവാ കർമത്തെ സത്തോ അസത്തോ ആക്കിത്തീർക്കുന്ന ഘടകം മുഖ്യമായും അതിന്റെ ബാഹ്യരൂപമല്ല. ഏതുതരം ശ്രദ്ധയോടുകൂടി അതാചരിക്കപ്പെടുന്നു എന്നുള്ളതാണ്. അർജുനന്റെ തൽക്കാലകർമമായ യുദ്ധം ബാഹ്യരൂപത്തിൽ ഭയാനകമാണ്. പക്ഷേ, സാത്വികീശ്രദ്ധയോടുകൂടി സ്വധർമമെന്ന നിലയിൽ അതനുഷ്ഠിക്കുകയാണെങ്കിൽ അതിൽക്കൂടി ചിത്തശുദ്ധി നേടി അർജുനനു സത്യത്തെ സമീപിക്കാം. അതല്ല ഫലകാംക്ഷയോടെ അഹംഭാവപൂർവം അനുഷ്ഠിക്കുകയാണെങ്കിൽ അത് അസദാചാരമായി മാറും. അത് ഇഹലോകത്തും പരലോകത്തും ദുഃഖത്തിനു കാരണവുമാകും. ഈ ശ്ലോകത്തിലെ 'ശ്രദ്ധ' സാത്വികീശ്രദ്ധയാണെന്നു സ്പഷ്ടമാണല്ലോ. രാജസ്സിയും താമസ്സിയും ആയ ശ്രദ്ധകളാണ് 'അശ്രദ്ധ'. അശ്രദ്ധയോടെ അനുഷ്ഠിക്കുന്ന കർമം ദാന യജ്ഞാദികർമങ്ങളായാൽപ്പോലും അസത്കർമമാണ് അഥവാ അസദാചാരമാണ്. പരലോകത്ത് അതു നരകാനുഭവത്തിനിടയാക്കും. അല്ലെങ്കിൽ ആസുരജന്മങ്ങൾക്കു വഴിതെളിക്കും. ഇഹലോകത്തിൽ അഹങ്കാരവും ഫലചിന്തയും വളർത്തി അതു ക്ലേശിപ്പിക്കും. അപ്പോൾ കർമത്തിന്റെ ബാഹ്യരൂപത്തെക്കാൾ പ്രധാനം അതുൾക്കൊള്ളുന്ന ശ്രദ്ധയാണ്. സാത്വികശ്രദ്ധ ഒരിക്കലും അധർമത്തിനു പ്രേരിപ്പിക്കുകയില്ല.

## അധ്യായാർഥസംക്ഷേപം

സത്യദർശികളുടെ വാക്കായ ശാസ്ത്രത്തെ ആദരിച്ചുവേണം കർമം ചെയ്യാൻ എന്നു പറഞ്ഞാണു ഭഗവാൻ പതിനാറാമധ്യായം ഉപസംഹരിച്ച് തുടർന്നു ശാസ്ത്രവിധിയറിയാതെ കർമരംഗത്തു വർത്തിച്ചാൽ

digitized by www.sreyas.in

സ്ഥിതിയെന്താകുമെന്നായിരുന്നു അർജുനന്റെ ചോദ്യം. അതിനു മറുപടിയായി ഭഗവാൻ ഗുണഭേദമനുസരിച്ചു സ്വാഭാവികമായി മൂന്നായിപ്പിരിയുന്ന ശ്രദ്ധാഭേദത്തെ വിവരിക്കുകയാണു പതിനേഴാമധ്യായത്തിൽ. നിലനിൽപ്പിന്റെ ഏതു മണ്ഡലത്തെ സമാശ്രയിക്കുന്നു എന്നതനുസരിച്ചു ശ്രദ്ധ മാറിവരും. എന്തായാലും പുരുഷൻ ശ്രദ്ധാമയനാണ്. ആരെന്തു ശ്രദ്ധിക്കുന്നുവോ അവനതായി ഭവിക്കും. ഒരുവന്റെ ഉറച്ച വിശ്വാസമാണു ശ്രദ്ധ. ശ്രദ്ധ, സാത്വികീ, രാജസ്സീ, താമസ്സീ എന്നു മൂന്നായി പിരിയുന്നു. ഈശ്വരസങ്കൽപ്പത്തിൽപ്പോലും ശ്രദ്ധ സ്വാധീനം ചെലുത്തുന്നു. സാത്വികീ ശ്രദ്ധയുള്ളവർ സത്വഗുണപ്രധാനന്മാരായ ഈശ്വരന്മാരെ ഭജനത്തിനംഗീകരിക്കുന്നു. അതുപോലെ രജോഗുണികളും തമോഗുണികളും അവരവരുടെ ഗുണങ്ങൾക്കു പ്രാധാന്യം കിട്ടത്തക്കവണ്ണമുള്ള ഈശ്വരസങ്കൽപ്പങ്ങളംഗീകരിക്കുന്നു. ദേഹത്തെയും മനസ്സിനെയും അത്യന്തം പീഡിപ്പിച്ചുകൊണ്ടുള്ള തപസ്സ് ആസുരമാണ്. ആഹാരം, യജ്ഞം, തപസ്സ്, ദാനം എന്നിവയെല്ലാം ശ്രദ്ധാഭേദമനുസരിച്ച് സാത്വികം, രാജസ്സം, താമസ്സം എന്നു മൂന്നായി പിരിയുന്നു. തപസ്സ്, ശാരീരം, വാങ്മയം, മാനസ്സം എന്നു മൂന്നുവിധമുണ്ട്. ആത്മസാക്ഷാൽക്കാരത്തിൽ അടിയറുച്ചു വിശ്വസിച്ചുകൊണ്ടനുഷ്ഠിക്കുന്ന ഈ മൂന്നുവിധം തപസ്സും സാത്വികഭാവം കൈക്കൊള്ളുന്നതാണ്. അഹങ്കാരവും മോഹവും കടന്നുകയറിയാൽ തപസ്സ് യഥാക്രമം രാജസ്സവും താമസ്സവുമായി അധപ്പതിക്കും. അതുപോലെതന്നെ ദാനവും. 'ഓം തത് സത്' എന്ന ബ്രഹ്മമന്ത്രമുച്ചരിച്ചു സദാ ബ്രഹ്മഭാവന നിലനിറുത്തി കർമരംഗത്തു വർത്തിച്ചാൽ സാത്വിക ശ്രദ്ധയിലേക്കുയരാൻ കഴിയും. സാത്വികശ്രദ്ധയാണു സദാചാരത്തിന്റെ പ്രധാന ഘടകം. അതില്ലാതെ ചെയ്യുന്ന എന്തും അസത്താണ്. അസത്കർമം ഈ ലോകത്തോ പരലോകത്തോ ഉപകരിക്കുന്നതല്ല. അതുകൊണ്ടു സത്യത്തോടടുക്കാൻ കൊതിക്കുന്നയാൾ സാത്വികീശ്രദ്ധ വളർത്തി എപ്പോഴും സദാചാര തൽപ്പരനായി കഴിയേണ്ടതാണ്. ശ്രദ്ധയെ മൂന്നായി വിഭജിച്ചു വിശകലനം ചെയ്തു കാണിച്ചിരിക്കുന്നതുകൊണ്ട് ഈ അധ്യായത്തിനു 'ശ്രദ്ധാത്രയവിഭാഗയോഗ'മെന്നു പേർ.

*ഇതി ശ്രീമദ്ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുന സംവാദേ*
*ശ്രദ്ധാത്രയവിഭാഗയോഗോ നാമ*
*സപ്തദശോഽധ്യായഃ*

digitized by www.sreyas.in

*അധ്യായം 18*

# മോക്ഷസന്ന്യാസയോഗം

ജീവബ്രഹ്മൈക്യമെന്ന മോക്ഷാനുഭവത്തിനായി കൊതിക്കുന്ന സത്യാന്വേഷി അവശ്യം അറിഞ്ഞിരിക്കേണ്ട അടിസ്ഥാനതത്വങ്ങളാണ് പ്രധാനമായും പതിനേഴും പതിനെട്ടും അധ്യായങ്ങളിൽ വിവരിക്കുന്നത്. ശ്രദ്ധയുടെ വകഭേദങ്ങൾ വിശകലനം ചെയ്തു സദാചാരതത്വം വെളിപ്പെടുത്തുകയായിരുന്നു പതിനേഴാമധ്യായത്തിൽ. ഇനിയും അവശേഷിക്കുന്ന അടിസ്ഥാന തത്വങ്ങൾ വിവരിച്ചശേഷം മോക്ഷോപായമായ സന്യാസത്തിന്റെയും ഫലമായ മോക്ഷത്തിന്റെയും സ്വരൂപം വിവരിക്കുകയാണു പതിനെട്ടാമധ്യായത്തിൽ. അതുകൊണ്ട് ഈ അധ്യായത്തിനു മോക്ഷസന്യാസയോഗമെന്നു പേർ.

ശ്രദ്ധാത്രയം വിവരിച്ചുകേട്ടശേഷം സന്യാസത്തിന്റെയും ത്യാഗത്തിന്റെയും സൂക്ഷ്മതത്വം എന്തെന്നറിയാൻ അർജുനനാഗ്രഹം ജനിച്ചു. പതിനെട്ടാമധ്യായം തുടങ്ങുന്നത് അവയെക്കുറിച്ചുള്ള അർജുനന്റെ ചോദ്യത്തോടുകൂടിയാണ്.

അർജുന ഉവാച - അർജുനൻ പറഞ്ഞു:

1. *സന്യാസസ്യ മഹാബാഹോ തത്വമിച്ഛാമി വേദിതും*
   *ത്യാഗസ്യ ച ഹൃഷീകേശ പൃഥക്കേശിനിഷൂദന*

മഹാബാഹോ - പരാക്രമശാലിയും; ഹൃഷീകേശ - ജിതേന്ദ്രിയനും; കേശിനിഷൂദന - കേശിയെ കൊന്നവനുമായ അല്ലയോ കൃഷ്ണാ; സന്ന്യാസസ്യ - സന്യാസത്തിന്റെയും; ത്യാഗസ്യ ച - ത്യാഗത്തിന്റെയും; തത്വം - സൂക്ഷ്മരൂപം; പൃഥക് - വേർതിരിച്ച്; വേദിതും - അറിയാൻ; ഇച്ഛാമി - ഞാൻ ആഗ്രഹിക്കുന്നു.

digitized by www.sreyas.in

പരാക്രമശാലിയും ജിതേന്ദ്രിയനും കേശിയെ കൊന്നവനുമായ അല്ലയോ കൃഷ്ണാ, സന്ന്യാസത്തിന്റെയും ത്യാഗത്തിന്റെയും സൂക്ഷ്മരൂപം വേർതിരിച്ചറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

## *സന്ന്യാസവും ത്യാഗവും*

സന്ന്യാസമെന്ത്? ത്യാഗമെന്ത്? ഇവയെ വേർതിരിച്ചു വ്യക്തമായി അറിയണമെന്നാണർജുനൻ ആഗ്രഹം പ്രകടിപ്പിക്കുന്നത്. ഗീത പതിനേഴാമധ്യായംവരെ കേട്ടിട്ടും അർജുനനു സന്ന്യാസവും ത്യാഗവും വേർതിരിച്ചു മനസ്സിലാക്കാൻ കഴിഞ്ഞില്ലേ? വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നു തന്നെയാണീ ചോദ്യത്തിനർഥം. ആറാമധ്യായത്തിലും മറ്റും ഭഗവാൻ സന്ന്യാസത്തെ വ്യക്തമായി നിർവചിച്ചതാണ്. ഫലേച്ഛാത്യാഗത്തെക്കുറിച്ചു തുടർന്നു പ്രതിപാദിച്ചിട്ടുമുണ്ട്. എങ്കിലും അർജുനനു സംശയം ബാക്കി നിൽക്കുന്നു എന്നാണു ചോദ്യം സൂചിപ്പിക്കുന്നത്. സത്യദർശനത്തിനു വഴി തെളിക്കുന്ന ഈ ഉപായങ്ങൾ അഭ്യസിച്ചനുഭവിക്കാത്തിടത്തോളം മനുഷ്യമനസ്സ് അവയുടെ ബാഹ്യചിഹ്നങ്ങളിൽ ഭ്രമിച്ചുപോവുക സ്വാഭാവികമാണ്. കാഷായ വസ്ത്രമോ ദണ്ഡോ കമണ്ഡലുവോ അംഗീകരിച്ചാൽ സന്ന്യാസമാകുമെന്നും വീടും നാടും വിട്ടെറിഞ്ഞുപോയാൽ ത്യാഗമാകുമെന്നുമാണു പലരുടെയും ധാരണ. കൃഷ്ണനാകട്ടെ മഹാബാഹുവാണ്, കേശീനിഷൂദനനാണ്; എന്നിട്ടും ജിതേന്ദ്രിയനുമാണ്. സന്ന്യാസചിഹ്നങ്ങളൊന്നുമില്ല; ഒന്നും വിട്ടെറിഞ്ഞുപോയിട്ടുമില്ല. എന്നിട്ടും പരമാത്മസ്വരൂപിയാണെന്നു പറയുകയും ചെയ്യുന്നു. ഇതാണർജുനനെ സംശയാലുവാക്കിത്തീർത്തത്. ഭഗവാൻ എന്തു മറുപടി നൽകുന്നു എന്നു നോക്കാം.

സന്ന്യാസമെന്ത്? ത്യാഗമെന്ത്? എന്നീ ചോദ്യങ്ങൾക്ക് നേരിട്ടു ലളിതമായി മറുപടി പറയുകയാണു ഭഗവാൻ:

ഭഗവാനുവാച - ഭഗവാൻ പറഞ്ഞു:

2. *കാമ്യാനാം കർമണാം ന്യാസം സന്ന്യാസം കവയോ വിദുഃ*
*സർവകർമഫലത്യാഗം പ്രാഹുസ്ത്യാഗം വിചക്ഷണാഃ*

കാമ്യാനാം - ഫലകാംക്ഷയോടുകൂടിയ; കർമണാം - പ്രവൃത്തികളുടെ; ന്യാസം - ഉപേക്ഷിക്കലാണ്; കവയഃ - സത്യദർശികൾ; സന്ന്യാസം - സന്ന്യാസമെന്ന്; വിദുഃ - അനുഭവിച്ചറിഞ്ഞിട്ടുള്ളത്; സർവകർമഫലത്യാഗം - എല്ലാ കർമഫലങ്ങളുടെയും ഉപേക്ഷിക്കലാണ്; വിചക്ഷണാഃ - സത്യം കണ്ട ധീരന്മാർ; ത്യാഗം പ്രാഹുഃ - ത്യാഗമെന്നു പറയുന്നത്.

digitized by www.sreyas.in

ഫലകാംക്ഷയോടുകൂടിയ പ്രവൃത്തികളുടെ ഉപേക്ഷിക്കലാണു സത്യദർശികൾ സന്ന്യാസമെന്ന് അനുഭവിച്ചറിഞ്ഞിട്ടുള്ളത്. എല്ലാ കർമഫലങ്ങളുടെയും ഉപേക്ഷിക്കലാണു സത്യം കണ്ട ധീരന്മാർ ത്യാഗമെന്നു പറയുന്നത്.

## *സന്ന്യാസത്യാഗനിർവചനം*

കവികൾ, വിചക്ഷണന്മാർ എന്നീ രണ്ടു വാക്കുകളും പൂർണസത്യം അനുഭവിച്ചറിഞ്ഞവരെ കുറിക്കുന്നവയാണ്. അവർ സന്ന്യാസത്തെയും ത്യാഗത്തെയും വ്യക്തമായി നിർവചിച്ചിട്ടുണ്ടെന്നാണു ഭഗവാൻ വെളിപ്പെടുത്തുന്നത്. കാമ്യകർമങ്ങൾ വെടിയുന്നതാണു സന്ന്യാസം. കാമ്യകർമങ്ങൾ എന്നതിനു സ്വർഗാദിഫലങ്ങളോടുകൂടി വേദത്തിൽ വിധിച്ചിട്ടുള്ള അശ്വമേധാദികർമങ്ങളാണെന്നു ചിലർ അർഥം പറയുന്നു. ഗീത ലോകത്തിന്റെ മുഴുവൻ കർമശാസ്ത്രമാണ്. അതിനെ വേദത്തിലെ കർമകാണ്ഡവലയത്തിൽ ഒതുക്കി നിർത്തിയാൽ അതിലെ മഹത്തായ ആശയങ്ങൾ സങ്കുചിതങ്ങളായി അശാസ്ത്രീയങ്ങളായിത്തീരുമെന്നു നാം മുൻപു പലയിടത്തും കണ്ടതാണ്. ആ നിലയ്ക്കു കാമ്യകർമം എന്നതിനു ആ പദത്തിലെ നേരിട്ടുള്ള അർഥം തന്നെയാണു ഗ്രഹിക്കേണ്ടത്. ആറാം പദ്യത്തിൽ ഭഗവാൻ തന്നെ ഇക്കാര്യം അത്യന്തം സ്പഷ്ടമാക്കിയിട്ടുമുണ്ട്. ഫലകാംക്ഷയുള്ള കർമത്തിന്റെ ത്യാഗമാണു സന്ന്യാസം. കർമത്തിന്റെ ഫലകാംക്ഷ വെടിയുകയാണു ത്യാഗം. വാസ്തവത്തിൽ ഇവ രണ്ടും ഒന്നുതന്നെയാണ്: സന്ന്യാസം തന്നെ ത്യാഗം. ത്യാഗം തന്നെ സന്ന്യാസം. രണ്ടു പദങ്ങളെക്കുറിച്ചു സംശയം ചോദിച്ചതുകൊണ്ടു രണ്ടായി പറഞ്ഞുവെന്നേയുള്ളു. ആറാമധ്യായത്തിലെ രണ്ടാം ശ്ലോകത്തിൽ സന്ന്യാസവും യോഗവും ഒന്നാണെന്നു വെളിപ്പെടുത്തിയിട്ടുണ്ട്. 'സങ്കൽപ്പം സന്ന്യസിക്കാത്തവൻ യോഗിയല്ല' എന്നു ഭഗവാൻ വെളിപ്പെടുത്തിയിട്ടുണ്ട്. എന്തു സങ്കൽപ്പമാണു സന്ന്യസിക്കേണ്ടത്? കാമസങ്കൽപ്പങ്ങൾ. അതുതന്നെയാണു ഫലത്യാഗം. ഫലത്യാഗമെന്നു പറയുന്നതു ഫലേച്ഛാത്യാഗമാണെന്നു നാം മുൻപു പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്. ദേഹംതന്നെ കർമഫലമാണ്. അതുകൊണ്ടു ദേഹമുള്ളിടത്തോളം മൂർത്തമായ കർമഫലത്തെ ത്യജിക്കാൻ ആർക്കും സാധ്യമല്ല. ഫലത്തിനുള്ള ഇച്ഛയെ ത്യജിക്കുന്നതാണു ത്യാഗം. അങ്ങനെ ചെയ്താൽ കർമം ഈശ്വരാരാധനയായി മാറും, ഫലം ഈശ്വരേച്ഛയനുസരിച്ചു സംഭവിച്ചുകൊള്ളുകയും ചെയ്യും. ദേഹമുൾപ്പെടെ കാണപ്പെടുന്ന യാതൊന്നും തന്റേതല്ല എന്ന സത്യം വ്യക്തമായി അറിയുന്നതാണു

digitized by www.sreyas.in

ത്യാഗം. കാണപ്പെടുന്നതെല്ലാം കർമഫലമാണ്. അതൊന്നും തന്റേതല്ലെന്ന റിയുന്നത് അതുകൊണ്ടു കർമഫലത്യാഗമാണ്. അതുതന്നെ സന്യാസം. ത്യാഗം അഥവാ സന്യാസമാണു മോക്ഷോപായമെന്നു ഉപനിഷത്തുകൾ ഘോഷിക്കുന്നു.

കർമകാണ്ഡവേദാചാരങ്ങളിൽ അകപ്പെട്ടു ബുദ്ധി മുരടിച്ചുപോയവർ സന്യാസത്തെയും ത്യാഗത്തെയുമൊക്കെ തെറ്റായി വ്യാഖ്യാനിക്കുമെന്നു ഭഗവാനറിയാം. അതുകൊണ്ട് അവരുടെ വാദം ഉന്നയിച്ചു പരിഹരിക്കുക യാണു ഭഗവാൻ അടുത്ത നാലു ശ്ലോകങ്ങളിൽ. വേദാചാരപരതന്ത്രരായി കുഴങ്ങുന്നവരുടെ വാദഗതി വെളിപ്പെടുത്തുകയാണു മൂന്നാം പദ്യത്തിൽ:

*3. ത്യാജ്യം ദോഷവദിത്യേകേ കർമ പ്രാഹുർമനീഷിണഃ*
*യജ്ഞദാനതപഃ കർമ ന ത്യാജ്യമിതി ചാപരേ*

ഏകേ മനീഷിണഃ - ചില നിശ്ചിതമതികൾ; ദോഷവത് കർമ - കാമ്യകർമങ്ങ ളിൽത്തന്നെ ദോഷമുള്ളത്; ത്യാജ്യം - ഉപേക്ഷിക്കേണ്ടതാണ്; ഇതി പ്രാഹുഃ - എന്നു പറയുന്നു; അപരേ - മറ്റു ചിലർ; യജ്ഞദാനതപഃ കർമ - യജ്ഞം, ദാനം, തപസ്സ് എന്നിവ ദോഷയുക്തമായാൽപ്പോലും; ന ത്യാജ്യം - ഉപേക്ഷി ക്കാൻ പാടില്ല; ഇതി ച - എന്നും പറയുന്നു.

ചില നിശ്ചിതമതികൾ കാമ്യകർമങ്ങളിൽത്തന്നെ ദോഷമുള്ളത് ഉപേ ക്ഷിക്കേണ്ടതാണ് എന്നു പറയുന്നു. മറ്റു ചിലർ യജ്ഞം, ദാനം, തപസ്സ് എന്നിവ ദോഷമുള്ളവയായാൽപ്പോലും ഉപേക്ഷിക്കാൻ പാടില്ല എന്നും പറ യുന്നു.

## *കർമത്യാഗം*

ആത്മസാക്ഷാൽക്കാരരൂപമായ മോക്ഷമാണു ലക്ഷ്യം. ത്യാഗമാണ തിനുള്ള മാർഗം. ത്യജിക്കേണ്ടതു കർമത്തെയാണ്. ഏതു കർമത്തെ ത്യജി ക്കണം. കർമത്തെ എങ്ങനെ ത്യജിക്കണം? ഈ രണ്ടു പ്രശ്നങ്ങളാണു നമ്മുടെ മുൻപിലുള്ളത്. ഈ കാര്യങ്ങൾ വ്യക്തമായി ധരിച്ചാൽ ഉത്തരം കണ്ടെത്താൻ പ്രയാസമൊന്നുമില്ല. കർമമെല്ലാം ത്യജിച്ചാലേ മോക്ഷം സാധ്യമാവൂ. എന്നാൽ ദേഹത്തിന്റെയും മനസ്സിന്റെയും ചലനരൂപമായ കർമത്തെ അപ്പടി ത്യജിക്കാൻ ഒരു ജീവിക്കും സാധ്യമല്ലെന്നു ഭഗവാൻ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു ഫലേച്ഛ വെടിയുകയാണു കർമത്യാ ഗം. അതുതന്നെയാണു കാമ്യകർമത്യാഗം. ഇതു വൈദികകർമങ്ങളെ മാത്ര മുദ്ദേശിച്ചാണെന്നു പറഞ്ഞാൽ കാമ്യങ്ങളായ ലൗകികകർമങ്ങൾ ആകാ



digitized by www.sreyas.in

മെന്നു വരും. അങ്ങനെയായാൽ അതെങ്ങനെ സന്യാസമാകും? അപ്പോൾ മോക്ഷം കൊതിക്കുന്നയാൾ എല്ലാത്തരം കർമങ്ങളിലും ഫലേച്ഛ വെടിയുന്നതാണു കാമ്യകർമത്യാഗം. അതുതന്നെ സന്യാസം. അതു വ്യക്തമായി ധരിക്കാതെ ചില ചിന്തകന്മാർ ത്യാഗത്തെ തെറ്റായി വ്യാഖ്യാനിക്കുന്നു. അങ്ങനെ വ്യാഖ്യാനിക്കുന്നവർ സാംഖ്യന്മാരായാലും മീമാംസകന്മാരായാലും ആരായാലും അവരുടെ വ്യാഖ്യാനം തെറ്റുതന്നെ. പശുഹിംസാദി ദോഷങ്ങളുള്ള യജ്ഞാദികർമങ്ങളുപേക്ഷിച്ചാൽ മതിയെന്നു ചിലർ പറയുന്നു. യജ്ഞാദികർമങ്ങൾ പശുഹിംസാദിദോഷയുക്തങ്ങളായാൽപ്പോലും ഉപേക്ഷിക്കാൻ പാടില്ല എന്നു മറ്റു ചിലർ പറയുന്നു. കർമമേതും അൽപ്പമെങ്കിലും ദോഷമുള്ളതുതന്നെയായിരിക്കുമെന്ന് ഈ അധ്യായത്തിലെ നാൽപ്പത്തെട്ടാം ശ്ലോകത്തിൽ ഭഗവാൻ പ്രഖ്യപിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ കർമത്തെ ദോഷമുള്ളത് ഇല്ലാത്തത് എന്നു വേർതിരിക്കുന്നതുതന്നെ അശാസ്ത്രീയമാണ്. ഇനി എല്ലാ കർമങ്ങളും ദോഷമുള്ളവയായതുകൊണ്ടു ത്യജിക്കണം എന്നാണഭിപ്രായമെങ്കിൽ എങ്ങനെയാണു ത്യാഗം നടപ്പാക്കേണ്ടതെന്നു വ്യക്തമാക്കണം. യജ്ഞദാനാദി കർമങ്ങൾ ആചരിക്കുകതന്നെ വേണം എന്നു ചിലർ വാദിക്കുന്നു. ചുരുക്കത്തിൽ കർമത്യാഗത്തെക്കുറിച്ചുള്ള അപകടകരങ്ങളായ വിവിധാഭിപ്രായങ്ങൾ ഭഗവാൻ ഈ ശ്ലോകത്തിൽ സംഗ്രഹിച്ചിരിക്കുന്നു എന്നു കാണേണ്ടതാണ്.

ഇങ്ങനെ കർമത്യാഗത്തെക്കുറിച്ചുള്ള വിവിധാഭിപ്രായങ്ങൾ സംഗ്രഹിച്ചശേഷം സുനിശ്ചിതമായ തന്റെ മതം വെളിപ്പെടുത്താമെന്നു പ്രതിജ്ഞ ചെയ്യുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

4. *നിശ്ചയം ശൃണു മേ തത്ര ത്യാഗേ ഭരതസത്തമ*
*ത്യാഗോ ഹി പുരുഷവ്യാഘ്ര ത്രിവിധഃ സംപ്രകീർത്തിതഃ*

ഭരതസത്തമ - ഭരതകുലശ്രേഷ്ഠനായ അല്ലയോ അർജുനാ; തത്ര ത്യാഗേ - ആ ത്യാഗവിഷയത്തിൽ; നിശ്ചയം - സത്യദർശികളുടെ തീരുമാനം; മേ ശൃണു - എന്നിൽനിന്നു കേട്ടോളൂ; ഹി - എന്തെന്നാൽ; പുരുഷവ്യാഘ്ര - ധീരനായ അർജുനാ; ത്യാഗഃ - കർമത്യാഗം; ത്രിവിധഃ - മൂന്നു വിധമുണ്ടെന്നു; സംപ്രകീർത്തിതഃ - വേർതിരിച്ചു നിർണയിച്ചിട്ടുണ്ട്.

ഭരതകുലശ്രേഷ്ഠനായ അല്ലയോ അർജുനാ, ആ ത്യാഗവിഷയത്തിൽ സത്യദർശികളുടെ തീരുമാനം എന്നിൽനിന്നു കേട്ടോളൂ. എന്തെന്നാൽ ധീരനായ അർജുനാ, കർമത്യാഗം മൂന്നു വിധമുണ്ടെന്നു വേർതിരിച്ചു നിർണയിച്ചിട്ടുണ്ട്.

digitized by www.sreyas.in

## *നിശ്ചയം ശൃണു മേ*

ത്യാഗത്തിന്റെ കാര്യത്തിൽ സത്യം കണ്ടവർക്കു സംശയമേ ഇല്ല. മാനസ്സികമായ ഫലത്യാഗമാണു ത്യാഗം. ത്യാഗത്തെക്കുറിച്ചു പിന്നെ അഭിപ്രായവ്യത്യാസം കാണുന്നതോ? യജ്ഞം, ദാനം, തപസ്സ് എന്നിവയിലെന്നപോലെ ത്യാഗത്തിലും അഭിപ്രായഭേദം ശ്രദ്ധാഭേദം കൊണ്ട് വന്നുചേർന്നതാണ്. ഗുണഘടനക്കനുസരിച്ചാണു ശ്രദ്ധ. സാത്വികം, രാജസ്സം, താമസ്സം എന്നിങ്ങനെ യജ്ഞാദി വേർതിരിയുന്നതായി കഴിഞ്ഞ അധ്യായത്തിൽ വ്യക്തമാക്കിയല്ലോ. അവയിൽ സാത്വികമായതു മാത്രമേ സത്യദർശനത്തിനു വഴി തെളിക്കൂ എന്നും കണ്ടുവല്ലോ. അതുപോലെ ത്യാഗവും സാത്വികം, രാജസ്സം, താമസ്സം എന്നു മൂന്നു വിധമുണ്ട്. ഇവയിൽ സാത്വികത്യാഗം മാത്രമേ സത്യദർശനത്തിനുപകരിക്കൂ. അതുകൊണ്ട് അഭിപ്രായഭേദങ്ങളിൽ കുരുങ്ങി വഴി തെറ്റാനിടയാകാതെ സാത്വികത്യാഗമായ സർവകർമഫലത്യാഗം ദൃഢമായി ശീലിക്കുകയാണു വേണ്ടത്. ഇക്കാര്യത്തിൽ വൈദികകർമമെന്നോ ലൗകികകർമമെന്നോ ഒരു ഭേദവും നോക്കേണ്ടതില്ല. പന്ത്രണ്ടാമധ്യായത്തിലെ പതിനൊന്നാം ശ്ലോകത്തിൽ ഈ 'സർവകർമഫലത്യാഗം' ഭഗവാൻ വ്യക്തമായി നിർദേശിച്ചിട്ടുമുണ്ട്.

യജ്ഞം, ദാനം, തപസ്സ് എന്നിത്യാദി കർമങ്ങളെക്കുറിച്ചഭിപ്രായവ്യത്യാസം കാണുന്നുണ്ടല്ലോ. ഇതിൽ ഭഗവാന്റെ അഭിപ്രായമെന്താണ്? ഈ ചോദ്യത്തിനുത്തരമാണ് അടുത്ത പദ്യം:

5. *യജ്ഞദാനതപഃ കർമ ന ത്യാജ്യം കാര്യമേവ തത്*
*യജ്ഞോ ദാനം തപശ്ചൈവ പാവനാനി മനീഷിണാം*

യജ്ഞദാനതപഃ കർമ - യജ്ഞം, ദാനം, തപസ്സ് എന്നീ കർമം, ന ത്യാജ്യം - ഉപേക്ഷിക്കാൻ പാടില്ല; തത്കാര്യമേവ - അതു ചെയ്യുകതന്നെ വേണം; യജ്ഞഃ ദാനം, തപഃ ച ഏവ - യജ്ഞം, ദാനം, തപസ്സ് എന്നിവ; മനീഷീണാം - ലക്ഷ്യബോധത്തിൽ മനസ്സുറച്ചവർക്ക്; പാവനാനി - ചിത്തത്തിനു ശുദ്ധി നൽകാൻ ഉപകരിക്കുന്നവയാണ്.

യജ്ഞം, ദാനം, തപസ്സ് എന്നീ കർമം ഉപേക്ഷിക്കാൻ പാടില്ല. അതു ചെയ്യുകതന്നെ വേണം. യജ്ഞം, ദാനം തപസ്സ് എന്നിവ ലക്ഷ്യബോധത്തിൽ മനസ്സുറച്ചവർക്കു ചിത്തത്തിനു ശുദ്ധി നൽകാൻ ഉപകരിക്കുന്നവയാണ്.

digitized by www.sreyas.in

## *പാവനാനി മനീഷിണാം*

കർമമെന്തും അതിന്റെ ബാഹ്യരൂപം കൊണ്ടുമാത്രം ശുദ്ധമെന്നു കരുതാൻ വയ്യ. കർമത്തിന്റെ ശുദ്ധി അതു ചെയ്യുന്നയാളിനെ പരമലക്ഷ്യത്തോടടുപ്പിക്കുന്നുണ്ടോ എന്നുള്ളതിനെ ആശ്രയിച്ചാണു സ്ഥിതി ചെയ്യുന്നത്. കർമത്തിന്റെ പരമലക്ഷ്യം ഒരിക്കലും ഭൗതികഫലലാഭമല്ല. അതു വെറും താൽക്കാലിക ലക്ഷ്യമാണ്. കർമത്തിന്റെ പരമലക്ഷ്യം കർമവിമുക്തിയാണ്. കർമവിമുക്തിയെന്നു പറഞ്ഞാലോ? കർമം ചെയ്യണമെന്നും ഫലമനുഭവിക്കണമെന്നുമുള്ള വാസന കുറഞ്ഞു വരുന്നതാണു കർമവിമുക്തി. ഇതുതന്നെയാണു ചിത്തശുദ്ധി. ഈ ചിത്തശുദ്ധി ആത്യന്തികമായ കർമവിമുക്തിക്ക് അഥവാ മോക്ഷാനുഭവത്തിനു വഴിതെളിക്കുന്നു. ഈ ലക്ഷ്യത്തെക്കുറിച്ച് ഉറപ്പായ ബോധമുള്ളവർ യജ്ഞം, ദാനം, തപസ്സ് തുടങ്ങിയ കർമങ്ങൾ കൂടുതൽ കൂടുതൽ അനുഷ്ഠിക്കുന്തോറും അവർക്കു ചിത്തശുദ്ധി കൂടിക്കൂടി വരും. ആരംഭത്തിൽ ഫലേച്ഛയും സംഗവും അൽപ്പാൽപ്പമൊക്കെ ഉണ്ടെന്നു തന്നെയിരിക്കട്ടെ. എന്നാലും ലക്ഷ്യബോധത്തിൽ ഉറപ്പുവന്നവർ കർമംചെയ്തു ഫലം അനുഭവിക്കുമ്പോഴൊക്കെ അവയുടെ നിസ്സാരത ഉറപ്പുവരുത്തി ഈശ്വരബുദ്ധിക്കു ശക്തി കൂട്ടുന്നു. അങ്ങനെ വിരക്തിയും നിസ്സംഗത്വവും കൂടിവരുന്നു. ക്രമേണ സ്വധർമരൂപത്തിലുള്ള ലൗകികകർമങ്ങൾ പോലും ഫലേച്ഛാത്യാഗത്തോടെ ചെയ്യാൻ കരുത്തുള്ളവരായും ഭവിക്കുന്നു. ആ സ്ഥിതിക്ക് യജ്ഞം, ദാനം, തപസ്സ് തുടങ്ങിയവയുടെ കാര്യം പയാനുമില്ലല്ലോ.

അപ്പോൾ കർമം വൈദികമോ ലൗകികമോ ഏതായാലും അതിന്റെ ബാഹ്യരൂപം ത്യജിക്കുന്നതല്ല ത്യാഗം. പിന്നെ എന്താണു ത്യാഗം? ഭഗവാൻ തന്റെ തീരുമാനം പറയാമെന്നാണല്ലോ പ്രസ്താവിച്ചത്. ആ തിരുമാനമാണിനി പ്രഖ്യാപിക്കുന്നത്:

*6. ഏതാന്യപി തു കർമാണി സംഗം ത്യക്ത്വാ ഫലാനി ച*
*കർത്തവ്യാനീതി മേ പാർഥ നിശ്ചിതം മതമുത്തമം*

പാർഥ - കുന്തീപുത്രനായ അല്ലയോ അർജുനാ; ഏതാനി കർമാണി അപി - യജ്ഞം, ദാനം, തപസ്സ് മുതലായ കർമങ്ങൾപോലും; സംഗം - ഞാൻ ചെയ്യുന്നു എന്ന കർതൃബോധരൂപമായ സംഗവും; ഫലാനി ച - ഇതിന്റെ ഫലങ്ങൾ എനിക്കു കിട്ടണം എന്ന ഭോക്തൃരൂപമായ ഫലേച്ഛയും; ത്യക്ത്വാ - ഉപേക്ഷിച്ചുവേണം; കർത്തവ്യാനി - അനുഷ്ഠിക്കേണ്ടത്; ഇതി - എന്നാണ്; മേ - എന്റെ; നിശ്ചിതം - തീരുമാനിച്ചുറച്ച; ഉത്തമം മതം - ഉത്തമപക്ഷം.

digitized by www.sreyas.in

കുന്തീപുത്രനായ അല്ലയോ അർജുനാ, യജ്ഞം, ദാനം, തപസ്സ് മുതലായ കർമങ്ങൾപോലും ഞാൻ ചെയ്യുന്നു എന്ന കർതൃരൂപമായ സംഗവും ഇതിന്റെ ഫലം എനിക്കു കിട്ടണം എന്ന ഭോക്തൃരൂപമായ ഫലേച്ഛയും ഉപേക്ഷിച്ചു വേണം അനുഷ്ഠിക്കേണ്ടത് എന്നാണ് എന്റെ തീരുമാനിച്ചുറച്ച ഉത്തമപക്ഷം.

## *നിശ്ചിതം മതമുത്തമം*

ദേഹമുള്ളിടത്തോളം കർമം ചെയ്തേ പറ്റൂ. കർമം സ്വധർമമായ ലൗകികകർമമോ യജ്ഞം, ദാനം, തപസ്സ് തുടങ്ങിയ വൈദികകർമങ്ങളോ എന്തായാലും വേണ്ടില്ല. സ്വധർമാനുഷ്ഠാനത്തിനിടക്കു യജ്ഞദാനാദി വൈദികകർമങ്ങൾ കൂട്ടിച്ചേർക്കുന്നതും നന്ന്. യജ്ഞദാനാദികർമങ്ങൾ ഈശ്വരബുദ്ധിക്കു ശക്തികൂട്ടി ലക്ഷ്യബോധമുള്ളയാൾക്കു ചിത്തശുദ്ധി നൽകുന്നവയാണെന്നു പറഞ്ഞുവല്ലോ. സ്വധർമമായാലും വൈദികകർമമായാലും അതു സത്യാനുഭവത്തിനു വഴിതെളിക്കണമെന്നുണ്ടെങ്കിൽ സംഗവും ഫലേച്ഛയും വെടിഞ്ഞു ചെയ്തെങ്കിലേ പറ്റൂ. കർമം, ഞാൻ, എന്റേത് എന്ന ജീവഭാവങ്ങൾക്കു ശക്തി വളർത്തണോ അവയുടെ ശക്തി കുറയ്ക്കണോ എന്നുള്ളതാണു പ്രശ്നം. കർമമേതായാലും ജീവഭാവങ്ങൾക്കു ശക്തി കൂട്ടിയാൽ ആത്മസാക്ഷാൽക്കാരത്തിനതു തടസ്സമാകും. സംസാരബന്ധം വർധിക്കും. ജീവഭാവങ്ങൾക്കു ശക്തി കുറഞ്ഞാൽ ചിത്തശുദ്ധി വന്ന് ആത്മാനുഭവം തെളിയും. കർമാനുഷ്ഠാനത്തിൽ ഞാൻ ചെയ്യുന്നു എന്ന കർതൃഭാവമാണു സംഗം. ജഗത്ത് ഈശ്വരമയമാണെന്നും ഞാൻ ഈശ്വരന്റെ കയ്യിലെ ഉപകരണം മാത്രമാണെന്നും ഭാവനചെയ്ത് ഈ സംഗം നിരന്തരം കുറച്ചുകൊണ്ടുവരണം. ഇതിന്റെ ഫലം എനിക്കു കിട്ടണമെന്നതാണു ഫലേച്ഛ. കർമം ചെയ്യാനേ എനിക്കു കഴിയൂ. ഫലം ഭഗവാന്റെ കൈയിലാണ് എന്നു ഭാവനചെയ്തു ഫലേച്ഛയും വെടിയണം. സംഗത്തിന്റെയും ഫലേച്ഛയുടെയും സ്ഥാനത്ത് ഈശ്വരബുദ്ധിയുറപ്പിച്ചുകൊണ്ടു ലൗകികമായാലും വൈദികമായാലും ചെയ്യേണ്ട കർമമൊക്കെ ഭംഗിയായി ചെയ്യണം എന്നാണു ഭഗവാന്റെ ഉത്തമപക്ഷം. കർമം ചെയ്യവേ സംഗവും ഫലവും മാനസ്സികമായി ത്യജിക്കുന്നതാണു യഥാർഥമായ ത്യാഗം. ഇതുതന്നെ സന്യാസം.

വസ്തുത ഇതാണെങ്കിൽ ത്യാഗത്തെക്കുറിച്ചു മതഭേദം എന്തുകൊണ്ടുണ്ടായി? അതു ശ്രദ്ധാഭേദംകൊണ്ടാണെന്നു നേരത്തെ പറഞ്ഞുവല്ലോ.

digitized by www.sreyas.in

എങ്കിൽ ശ്രദ്ധാഭേദംകൊണ്ടുള്ള ത്യാഗഭേദങ്ങൾ എന്തൊക്കെയാണ്? ഇതിനുത്തരമാണ് അടുത്ത മൂന്നു പദ്യങ്ങൾ. താമസത്യാഗമാണാദ്യമായി വിവരിക്കുന്നത്:

*7. നിയതസ്യ തു സന്യാസഃ കർമണോ നോപപദ്യതേ*
*മോഹാത്തസ്യ പരിത്യാഗസ്താമസഃ പരികീർതിതഃ*

നിയതസ്യ - ലൗകികമായും വൈദികമായും ഒരാൾ ചെയ്യാൻ തികച്ചും ബാധ്യസ്ഥമായ; കർമണഃ - കർമത്തിന്റെ; സന്യാസഃ തു - ഒഴിവാക്കലാകട്ടെ; ന ഉപപദ്യതേ - ഒരിക്കലും യോജിച്ചതല്ല; മോഹാത് - വിവേകശൂന്യതകൊണ്ട്; തസ്യ പരിത്യാഗഃ - അതു വേണ്ടന്നുവയ്ക്കുന്നത്; തമസഃ - താമസമായ ത്യാഗമാണെന്നു; പരികീർത്തിതഃ - പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

ലൗകികമായും വൈദികമായും ഒരാൾ ചെയ്യാൻ തികച്ചും ബാധ്യസ്ഥമായ കർമത്തിന്റെ ഒഴിവാക്കലാകട്ടെ ഒരിക്കലും യോജിച്ചതല്ല. വിവേകശൂന്യതകൊണ്ട് അതു വേണ്ടെന്നുവയ്ക്കുന്നതു താമസമായ ത്യാഗമാണെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

## *താമസഃ പരികീർത്തിതഃ*

നിയതകർമം സന്യസിക്കാൻ പാടില്ല. എന്താണു നിയതകർമം? പരിതഃസ്ഥിതികൾ ഒരുവനെ ചെയ്യാൻ കടപ്പെട്ടവനാക്കിത്തീർക്കുന്ന സ്വധർമങ്ങളാണു നിയതമായ ലൗകികകർമങ്ങൾ. ദൃഷ്ടാന്തമായി ഒരാൾ ഗൃഹസ്ഥാശ്രമം സ്വീകരിച്ചു. ഒരു കുടുംബത്തിന്റെ ചുമതല തന്നിൽ വന്നുചേർന്നു. ഈ ഘട്ടത്തിൽ ആ കുടുംബരക്ഷക്കയാൾ കടപ്പെട്ടവനായിത്തീരുകയാണ്. അർജുനൻ തന്നെ പാണ്ഡവരിൽ ഒരാളായി ജനിച്ചു സവ്യസാചിയായ പോരാളിയായി വളർന്നു. ഈ പരിതസ്ഥിതിയിൽ തന്റെ ചുമതലയായി യുദ്ധം വന്നുചേരുകയും ചെയ്തു. ഇങ്ങനെ ഒരുവൻ ചെയ്യാൻ കടപ്പെട്ടതായി വന്നുചേരുന്ന സ്വധർമമാണു നിയതമായ ലൗകികകർമം. ഇങ്ങനെ ലൗകികമായ വിവിധ കർമമണ്ഡലങ്ങളിൽ നിൽക്കുന്നവർ വിദ്യാമാർഗത്തിലേക്കു മുന്നേറാൻ ഓരോരുത്തർക്കും അനുരൂപങ്ങളായ യജ്ഞാദികർമങ്ങൾ വിധിക്കപ്പെട്ടിട്ടുണ്ട്. അവയാണു നിയതങ്ങളായ വൈദികകർമങ്ങൾ. ഈ രണ്ടുതരം നിയതകർമങ്ങളെയും വിവേകമില്ലാതെ പരിത്യജിക്കുന്നതു താമസത്യാഗമാണ്. സ്വാർഥതയുടെ കൂടുതൽ കൊണ്ടോ നിരാശകൊണ്ടോ അർജുനനെപ്പോലെ വിഷാദംകൊണ്ടോ ഒക്കെ സ്വധർമം വെടിയുന്നതാണു മോഹംകൊണ്ടുള്ള ലൗകികകർമപരിത്യാഗം. അതുപോലെ ആരെങ്കിലും

digitized by www.sreyas.in

പറയുന്നതുകേട്ട് ഈശ്വരനില്ലെന്നുറച്ചിട്ടോ ഭൗതികസുഖങ്ങളിലുള്ള അത്യാസക്തി നിമിത്തമോ ഒക്കെ ഈശ്വരപരങ്ങളായ അനുഷ്ഠാനങ്ങൾ വെടിയുന്നതാണു മോഹംകൊണ്ടുള്ള വൈദികകർമപരിത്യാഗം. ഈ വിധമുള്ള പരിത്യാഗം ആലസ്യത്തിലും പരദ്രോഹത്തിലും മനസ്സിനെ കൊണ്ടെത്തിച്ചു പതിപ്പിക്കും. ഇത്തരം ഒരു ത്യാഗി സന്ന്യാസത്തിന്റെ ബാഹ്യചിഹ്നങ്ങൾ സ്വീകരിച്ചാലും അയാൾ സ്വയം ഇരുട്ടിലേക്കു പതിക്കുന്ന ആത്മഘാതിയാണെന്നറിയേണ്ടതാണ്. പുറമേ ത്യാഗമുണ്ട്. പക്ഷേ, ഈ ത്യാഗം ഇരുട്ടിന്റെ മാർഗമാണ്.

രാജസ്സമായ ത്യാഗമാണിനി വിവരിക്കുന്നത്:

*8. ദുഃഖമിത്യേവ യത് കർമ കായക്ലേശഭയാത്ത്യജേത്*
*സ കൃത്വാ രാജസ്സം ത്യാഗം നൈവ ത്യാഗഫലം ലഭേത്*

യത് കർമ - സ്വധർമമായ കർമത്തെ; ദുഃഖം ഇതി ഏവ - ഒരുവൻ ഇതു ദുഃഖമാണ് എന്നു കരുതിയിട്ട്; കായക്ലേശഭയാത് - ദേഹായാസത്തെ ഭയന്ന്; ത്യജേത് - ഉപേക്ഷിക്കുന്നു എങ്കിൽ; സഃ - അവൻ; രാജസ്സം ത്യാഗം കൃത്വാ - രജോഗുണപ്രധാനമായ ത്യാഗമനുഷ്ഠിച്ചിട്ട്; ത്യാഗഫലം - ത്യാഗത്തിന്റെ ഫലമായ ആത്മശാന്തി; ന ഏവ ലഭേത് - ലഭിക്കാത്തവനായി ഭവിക്കുന്നു.

സ്വധർമമായ കർമത്തെ ഒരുവൻ ഇതു ദുഃഖമാണ് എന്നു കരുതിയിട്ടു ദേഹായാസത്തെ ഭയന്ന് ഉപേക്ഷിക്കുന്നു എങ്കിൽ അവൻ രജോഗുണപ്രധാനമായ ത്യാഗമനുഷ്ഠിച്ചിട്ട് ത്യാഗത്തിന്റെ ഫലമായ ആത്മശാന്തി ലഭിക്കാത്തവനായി ഭവിക്കുന്നു.

## *നൈവ ത്യാഗഫലം ലഭേത്*

ചിത്തശുദ്ധിയും ആത്മാനുഭവവുമാണു ത്യാഗംകൊണ്ടു കിട്ടേണ്ട ഫലം. അതിനു കർമമല്ല ത്യജിക്കേണ്ടത്. ഫലേച്ഛാരൂപമായ കർമവാസനയാണു ത്യജിക്കേണ്ടത്. ശക്തമായ കർമവാസനയുള്ളപ്പോൾ അതിനെ ബലാൽ പിടിച്ചമർത്തി കർമം ചെയ്യാതിരിക്കുന്നതു വലിയ അപകടമാണ്. അപ്പോൾ കർമം ചെയ്തും കുറെയൊക്കെ ഫലമനുഭവിച്ചും അതോടുകൂടി ആത്മവിചാരം ചെയ്തും വിരക്തി വർധിപ്പിച്ചുവേണം കർമവാസനയെ ക്രമേണ ജയിക്കേണ്ടത്. അതു ചെയ്യാതെ ഒരുവൻ ഉള്ളിൽ ശക്തമായ കർമവാസനയുള്ളപ്പോൾ സ്വധർമമൊന്നും അനുഷ്ഠിക്കാതെ ദുഃഖമെന്നു കരുതി ബാഹ്യകർമം മാത്രം ഉപേക്ഷിച്ചാൽ അതാണു രാജസ്സമായ ത്യാഗം. ബുദ്ധിമുട്ടാൻ കഴിയില്ല എന്നിങ്ങനെ ദേഹായാസം ഭയന്നനുഷ്ഠിക്കുന്നതാണി

digitized by www.sreyas.in

ത്തരം ത്യാഗം. ഈ ത്യാഗം ചിത്തശുദ്ധിക്കും ആത്മശാന്തിക്കും ഉപകരിക്കുകയില്ലെന്നു മാത്രമല്ല ത്യാഗാനന്തരം ചിത്തം കൂടുതൽ കലുഷമാവാനും ഇളകിമറിയാനും ഇടയാവുകയും ചെയ്യും. കർമവാസന നിലവിലുള്ളപ്പോൾ ദേഹം കർമം ചെയ്യാതിരിക്കുന്നത് ചിത്തത്തിന്റെ അശാന്തി വളർത്താൻ മാത്രമേ ഉപകരിക്കൂ.

സത്യദർശനത്തിനു വഴിതെളിക്കുന്ന സാത്വികമായ യഥാർഥ ത്യാഗത്തിന്റെ സ്വരൂപമാണ് ഇനി വിവരിക്കുന്നത്:

*9. കാര്യമിത്യേവ യത് കർമ നിയതം ക്രിയതേഽർജുന*
*സംഗം ത്യക്ത്വാ ഫലം ചൈവ സ ത്യാഗഃ സാത്വികഃസ്മൃതഃ*

അർജുന – അല്ലയോ അർജുനാ; നിയതം യത് കർമ – സ്വധർമമായും ഈശ്വരാരാധനാപരമായും ഒരുവൻ അവശ്യം അനുഷ്ഠിക്കേണ്ട കർമം; കാര്യം ഇതി ഏവ – ഞാൻ അനുഷ്ഠിക്കാൻ കടപ്പെട്ടവനാണ് എന്ന ഉറപ്പോടെ; സംഗം – കർതൃഭാവവും; ഫലം ച ഏവ – ഫലേച്ഛയും; ത്യക്ത്വാ – കൈവെടിഞ്ഞ്; ക്രിയതേ – ചെയ്യുകയാണെങ്കിൽ, സഃ ത്യാഗഃ – ആ ത്യാഗം; സാത്വികഃ സ്മൃതഃ – സാത്വികമായി കരുതപ്പെടുന്നു.

അല്ലയോ അർജുനാ, സ്വധർമമായും ഈശ്വരാരാധനാപരമായും ഒരുവൻ അവശ്യം അനുഷ്ഠിക്കേണ്ട കർമം ഞാൻ അനുഷ്ഠിക്കാൻ കടപ്പെട്ടവനാണ് എന്ന ഉറപ്പോടെ കർതൃഭാവവും ഫലേച്ഛയും കൈവെടിഞ്ഞ് അനുഷ്ഠിക്കുകയാണെങ്കിൽ ആ ത്യാഗം സാത്വികമായി കരുതപ്പെടുന്നു.

## *സ ത്യാഗഃ സാത്വികഃ സ്മൃതഃ*

ത്യജിക്കലാണല്ലോ ത്യാഗം. അപ്പോൾ എന്തു ത്യജിച്ചാൽ കർമത്യാഗമാവും? ബാഹ്യകർമം ത്യജിക്കുന്നതു ശരിയായ കർമത്യാഗമല്ലെന്നാണു ഭഗവാന്റെ അഭിപ്രായം. കർമത്തിന്റെ സ്ഥൂലരൂപമല്ല സൂക്ഷ്മരൂപമാണുപേക്ഷിക്കേണ്ടത്. ശരീരകർമമാണു കർമത്തിന്റെ സ്ഥൂലരൂപം. മാനസ്സികമായ കർതൃഭാവനയും ഫലേച്ഛയുമാണു വാസന എന്നറിയപ്പെടുന്ന കർമത്തിന്റെ സൂക്ഷ്മരൂപം. സൂക്ഷ്മരൂപത്തെ ത്യജിക്കുന്നതാണു യഥാർഥമായ കർമത്യാഗം. അതാണു ആത്മാനുഭവത്തിനു വഴിതെളിക്കുന്ന സാത്വികത്യാഗം. ഈ കർമത്യാഗവിവരണമെല്ലാം വാസനാബദ്ധനായി കർമരംഗത്തു വർത്തിക്കുന്ന ഒരു സാധകനെ സംബന്ധിച്ചുള്ളവയാണെന്നോർക്കണം. വാസനാമുക്തനായി ജീവന്മുക്തനായി കഴിയുന്ന ബ്രഹ്മനിഷ്ഠന് ഈ നിയമങ്ങളൊന്നും ബാധകമല്ല. അദ്ദേഹം കർമം ചെയ്താലും ചെയ്തില്ലെ

digitized by www.sreyas.in

ങ്കിലും കാര്യം തുല്യമാണ്. ഇക്കാര്യം ഭഗവാൻ തന്നെ മൂന്നാമധ്യായത്തിലെ പതിനേഴും പതിനെട്ടും ശ്ലോകങ്ങളിൽ സുസ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്. അപ്പോൾ സത്യം കാണാൻ കൊതിക്കുന്നയാൾ ലൗകികമായും ആധ്യാത്മികമായും താൻ അനുഷ്ഠിക്കാൻ കടപ്പെട്ട കർമങ്ങൾ കർതൃഭാവവും ഫലേച്ഛയും വെടിഞ്ഞ് ഈശ്വരാരാധനാരൂപത്തിൽ വിട്ടുവീഴ്ചകൂടാതെ അനുഷ്ഠിക്കുന്നതാണു യഥാർഥമായ ത്യാഗപരിശീലനം. ഈ ത്യാഗം സത്യദർശനത്തിനു വഴിതെളിക്കും.

സാത്വികത്യാഗം അഭ്യാസം കൊണ്ടു ദൃഢമാക്കി കർമരംഗത്തു വർത്തിക്കുന്ന ഒരു ത്യാഗിയുടെ ലോകവ്യവഹാരം ഏതു രൂപത്തിലുള്ളതായിരിക്കും? ഈ ചോദ്യത്തിനുത്തരമാണു ഭഗവാൻ ഇനി വിവരിക്കുന്നത്:

*10. ന ദ്വേഷ്ട്യകുശലം കർമ കുശലേ നാനുഷജ്ജതേ*
*ത്യാഗീ സത്വസമാവിഷ്ടോ മേധാവീ ഛിന്നസംശയഃ*

സത്വസമാവിഷ്ടഃ - ആത്മശാന്തി ഇടതിങ്ങുന്ന സത്വഗുണംകൊണ്ടു നിറഞ്ഞവനും; മേധാവീ - സത്യംകണ്ടു ബുദ്ധി തെളിഞ്ഞവനും; ഛിന്നസംശയഃ - കർമത്തെയും അകർമത്തെയും കുറിച്ചു സംശയമില്ലാത്തവനുമായ; ത്യാഗീ - ത്യാഗസമ്പന്നൻ; അകുശലം കർമ - ദേഹായാസകരമായ കർമത്തെ; ന ദ്വേഷ്ടി - വെറുക്കുന്നില്ല; കുശലേ - അനായാസമായ കർമത്തിൽ; ന അനുഷജ്ജതേ - ഫലേച്ഛയോടെ സംഗബദ്ധനായിത്തീരുന്നുമില്ല.

ആത്മശാന്തി ഇടതിങ്ങുന്ന സത്വഗുണംകൊണ്ടു നിറഞ്ഞവനും സത്യം കണ്ടു ബുദ്ധി തെളിഞ്ഞവനും കർമത്തെയും അകർമത്തെയും കുറിച്ചു സംശയമില്ലാത്തവനുമായ ത്യാഗസമ്പന്നൻ ദേഹായാസകരമായ കർമത്തെ വെറുക്കുന്നില്ല. അനായാസമായ കർമത്തിൽ ഫലേച്ഛയോടെ സംഗബദ്ധനായിത്തീരുന്നുമില്ല.

## ത്യാഗിയുടെ കർമം

സത്വഗുണപ്രധാനമായ ത്യാഗം അഭ്യസിച്ചു പാകത വന്നയാളിന്റെ കർമാനുഷ്ഠാനമെങ്ങനെയിരിക്കും? അദ്ദേഹത്തിന്റെ ശരീരം പ്രാരബ്ധവശാൽ വന്നുചേരുന്ന സ്വധർമം വിട്ടുവീഴ്ചകൂടാതെ അനുഷ്ഠിക്കുന്നുണ്ടാവും. കർമവാസന പൂർണമായൊടുങ്ങുന്നതുവരെ അനുഷ്ഠിച്ചേ പറ്റൂ എന്ന ദ്ദേഹത്തിനറിയം. ജ്ഞാനിപോലും തന്റെ പ്രാരബ്ധപ്രകൃതിക്കു വഴങ്ങി കർമം ചെയ്യാൻ ബാധ്യസ്ഥനാണെന്നു ഭഗവാൻതന്നെ മൂന്നാമധ്യായത്തിൽ മുപ്പത്തിമൂന്നാം പദ്യത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. പക്ഷേ, അദ്ദേഹ

digitized by www.sreyas.in

ത്തിന്റെ കർമത്തിനു മറ്റുള്ളവരുടേതിനെ അപേക്ഷിച്ചു ചില വ്യത്യാസങ്ങളുണ്ടാവും. അന്നന്നു വന്നുചേരുന്ന സ്വധർമരൂപമായ കർമം ആയാസകരമാണോ അനായാസകരമാണോ എന്നൊന്നും അദ്ദേഹം നോക്കുകയില്ല. കർമമെന്ത് അകർമമായ ബ്രഹ്മമെന്ത് എന്ന കാര്യത്തിൽ അദ്ദേഹത്തിനു സംശയമേയില്ല. ബ്രഹ്മം സ്വരൂപമായതുകൊണ്ട് അതു കർമംകൊണ്ടു നേടേണ്ടതല്ലെന്നദ്ദേഹത്തിനറിയാം. പിന്നെയെന്തിനു കർമം ചെയ്യുന്നു? കർമവാസന ഉപശമിപ്പിച്ചു മായാമറ മാറ്റാൻ. ഇതറിയുന്നതുകൊണ്ടുതന്നെ ത്യാഗി സത്യംകണ്ടു ബുദ്ധിതെളിഞ്ഞ മേധാവിയാണ്. അദ്ദേഹത്തിനു ഞാൻ ചെയ്യുന്നു എന്ന കർമസംഗമോ ഫലേച്ഛയോ ഉണ്ടായിരിക്കുന്നില്ല. 'ഞാൻ' എന്ന ജീവഭാവം വെറും സങ്കൽപ്പമാണെന്നദ്ദേഹമറിയുന്നു. 'അഹം' ബോധം പാകപ്പെട്ടു സത്വഗുണം പെരുകിയതു നിമിത്തം ശുദ്ധമായ ആത്മാനന്ദം അദ്ദേഹം സദാ അനുഭവിക്കുന്നു. അതുകൊണ്ടദ്ദേഹത്തിനു ലൗകികഫലേച്ഛയില്ല. ഭോഗത്തിനു വേണ്ടിയാണല്ലോ ഫലം കൊതിക്കുന്നത്. ഇതാണു സത്യനിഷ്ഠനായ ത്യാഗിയുടെ കർമാനുഷ്ഠാന രഹസ്യം.

എന്നാൽ ഇത്രയുമായ സ്ഥിതിക്കു ത്യാഗിക്കു കർമമൊന്നും ചെയ്യാതെ ഒരിടത്തു നിശ്ചലനായി വെറുതേ ഇരുന്നുകൂടേ? ഈ ചോദ്യത്തിനുത്തരമാണിനി:

*11. നഹി ദേഹഭൃതാ ശക്യം ത്യക്തും കർമാണ്യശേഷതഃ*
*യസ്തു കർമഫലത്യാഗീ സ ത്യാഗീത്യഭിധീയതേ*

ദേഹഭൃതാ - ദേഹമുള്ളയാൾക്ക്; കർമാണി - കർമങ്ങളെ; അശേഷതഃ - പൂർണമായി; ത്യക്തും - ത്യജിക്കുന്നതിന്; ന ശക്യം - സാധിക്കയില്ല; യഃ തു - ആരാണോ; കർമഫലത്യാഗീ - കർമഫലേച്ഛ വെടിയുന്നത്; സഃ - അവൻ; ത്യാഗീ ഇതി - ത്യാഗിയെന്ന്; അഭിധീയതേ - വിളിക്കപ്പെടുന്നു.

ദേഹമുള്ളയാൾക്കു കർമങ്ങളെ പൂർണമായി ത്യജിക്കുന്നതിനു സാധിക്കയില്ല. ആരാണോ കർമഫലേച്ഛ വെടിയുന്നത് അവൻ ത്യാഗിയെന്നു വിളിക്കപ്പെടുന്നു.

## *ദേഹവും കർമവും*

ദേഹമിരിക്കുന്നിടത്തോളം കർമം പൂർണമായി വെടിയുക സാധ്യമല്ല. കർമത്തിന്റെ ഉൽപ്പന്നമാണു ദേഹം. കർമത്തിലാണതുണ്ടാകുന്നത്, നിലനിൽക്കുന്നത്, തിരിച്ചു ലയിക്കുന്നത്. അങ്ങനെയുള്ള ദേഹത്തിനു കർമ

digitized by www.sreyas.in

ത്തിൽനിന്നു പൂർണമായി എങ്ങനെ ഒഴിഞ്ഞുനിൽക്കാൻ പറ്റും. അപ്പോൾ ഒരുവൻ സ്വധർമമായ ബാഹ്യകർമം കൃത്രിമമായി വെടിയുകയാണെങ്കിൽ അധർമമോ പരധർമമോ ആയ മറ്റേതെങ്കിലും കർമം ചെയ്യാൻ അവൻ നിർബന്ധിതനായിത്തീരും. അങ്ങനെയുള്ള ത്യാഗം എങ്ങനെ ത്യാഗമാകും? അതുകൊണ്ടു ശരിയായ ത്യാഗം ഫലേച്ഛാത്യാഗമാണ്. അത് അന്തക്കരണമെന്ന സൂക്ഷ്മശരീരത്തെ ക്രമേണ ഉപശമിപ്പിക്കും. അതോടെ ആത്മാനുഭവത്തിനു വഴിതെളിയും. ഞാൻ ദേഹമല്ല, ആത്മാവാണ് എന്നുറപ്പു വന്നാൽപ്പിന്നെ ദേഹം കർമം ചെയ്യട്ടെ, ചെയ്യാതിരിക്കട്ടെ, അതുകൊണ്ടു ത്യാഗിക്ക് ലാഭമോ നഷ്ടമോ ഒന്നും വരാനില്ല. ആത്മാവ് സദാ കർമവിമുക്തമായ നിത്യസത്യമാണ്. ദേഹമുള്ളിടത്തോളം ആർക്കും ഒരു ക്ഷണം പോലും കർമംചെയ്യാതെ കഴിയാൻ പറ്റുകയില്ല എന്നു ഭഗവാൻ മൂന്നാമധ്യായം അഞ്ചാം ശ്ലോകത്തിൽ നേരത്തെതന്നെ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്.

കർമഫലപ്രാപ്തിയെന്ത്? കർമഫലത്യാഗമെന്ത്? ഇവയുടെ വ്യത്യാസം അൽപ്പംകൂടി വ്യക്തമായി വിവരിച്ചു കേൾപ്പിക്കുകയാണു ഭഗവാൻ അടുത്ത ശ്ലോകത്തിൽ:

*12. അനിഷ്ടമിഷ്ടം മിശ്രം ച ത്രിവിധം കർമണഃ ഫലം*
*ഭവത്യത്യാഗിനാം പ്രേത്യ ന തു സന്ന്യാസിനാം ക്വചിത്*

അത്യാഗിനാം - ഫലേച്ഛാത്യാഗം ദൃഢമാകാത്തവർക്ക്; പ്രേത്യ - ഈ ദേഹം വെടിഞ്ഞാൽ; അനിഷ്ടം - പാപകർമത്തിന്റേതായ ദുഃഖഫലം; ഇഷ്ടം - പുണ്യകർമത്തിന്റേതായ സുഖഫലം; മിശ്രം ച - പുണ്യപാപങ്ങൾ ഇടകലർന്ന മിശ്രകർമത്തിന്റേതായ സുഖദുഃഖസമ്മിശ്രഫലം എന്നിങ്ങനെ; കർമണഃ ഫലം - കർമഫലം; ത്രിവിധം ഭവതി - മൂന്നുവിധം സംഭവിക്കുന്നു; ക്വചിത് - ഇഹത്തിലോ പരത്തിലോ; സന്ന്യാസിനാം - ഫലേച്ഛാത്യാഗം ദൃഢമായ സന്ന്യാസിമാർക്ക്; ന തു - ഇവയിലൊന്നും സംഭവിക്കുന്നില്ല തന്നെ.

ഫലേച്ഛാത്യാഗം ദൃഢമാകാത്തവർക്ക് ഈ ദേഹം വെടിഞ്ഞാൽ പാപകർമത്തിന്റേതായ ദുഃഖഫലം പുണ്യകർമത്തിന്റേതായ സുഖഫലം പുണ്യപാപങ്ങൾ ഇടകലർന്ന മിശ്രകർമത്തിന്റേതായ സുഖദുഃഖസമ്മിശ്രഫലം എന്നിങ്ങനെ കർമഫലം മൂന്നുവിധം സംഭവിക്കുന്നു. ഇഹത്തിലോ പരത്തിലോ ഫലേച്ഛാത്യാഗം ദൃഢമായ സന്ന്യാസിമാർക്ക് ഇവയിലൊന്നും സംഭവിക്കുന്നില്ല തന്നെ.

digitized by www.sreyas.in

## *ന തു സന്യാസിനാം ക്വചിത്*

കർമം മൂന്നുവിധമാണ്. പുണ്യകർമം, പാപകർമം, മിശ്രകർമം എന്നിങ്ങനെ. പുണ്യകർമത്തെ ശുക്ലകർമമെന്നും പാപകർമത്തെ കൃഷ്ണകർമമെന്നും കൂടി പറയാറുണ്ട്. പുണ്യകർമത്തിനു സുഖഫലം; പാപകർമത്തിനു ദുഃഖഫലം; മിശ്രകർമത്തിനു മിശ്രഫലം; ഇതാണു ഫലനിയമം. ഈ ഫലനിയമം ഒരിക്കലും മാറുന്നതല്ല. ഇഹലോകത്തു പുണ്യം ചെയ്യുന്നവർക്കു ദുഃഖവും പാപം ചെയ്യുന്നവർക്കു സുഖവും വരുന്നതായി ചിലപ്പോൾ കാണുന്നുണ്ടല്ലോ എന്നു ചിലർ ചോദിച്ചേക്കാം. ചില കർമങ്ങൾക്കു ഫലാനുഭവത്തിനു കാലതാമസമുണ്ടാവാം. അങ്ങനെ അനുഭവിക്കേണ്ടിവരുന്ന ഫലങ്ങളാവാം അവ. തൽക്കാലഫലം എന്തായാലും പുണ്യം ചെയ്യുന്നവനിൽ പുണ്യവാസനയും പാപം ചെയ്യുന്നവനിൽ പാപവാസനയും വർധിച്ചുകൊണ്ടിരിക്കുമെന്നു തീർച്ചയാണല്ലോ. അങ്ങനെയാണെങ്കിൽ ദേഹത്യാഗവേളയിൽ പാപവാസന കൂടുതലുള്ളവർക്കു ദുഃഖകരങ്ങളായ ജന്മങ്ങൾ ലഭിക്കുമെന്നുള്ളതും തീർച്ച. ഇതെല്ലാം ഫലേച്ഛയോടെ കർമം ചെയ്യുന്ന ത്യാഗിയല്ലാത്തവനുള്ള കർമനിയമങ്ങളാണ്. ഫലേച്ഛാത്യാഗം ദൃഢപ്പെട്ടയാൾക്ക് ഈ നിയമമൊന്നും ബാധകമല്ല. ത്യാഗിക്കു കർതൃഭാവമേയില്ല. ആത്മാവായ താൻ കർമവിമുക്തനാണെന്നാണ് അദ്ദേഹത്തിന്റെ അനുഭവം. കർമം ചെയ്യുന്നു എന്നുതന്നെ വിചാരമില്ലാത്തയാൾക്കു ഫലേച്ഛ പ്രശ്നമേയല്ലല്ലോ. ദേഹത്തിന്റെ കർമചലനങ്ങളിൽ അദ്ദേഹത്തിനു പുണ്യപാപചിന്തയേ ഉണ്ടാകുന്നില്ല. പുണ്യാപുണ്യവിവർജിതനായ ത്യാഗിയെ ഒരിക്കലും ഒരിടത്തും കർമഫലം ബദ്ധനാക്കിത്തീർക്കുന്നതേയില്ല. ദേഹത്തിനെന്തു സംഭവിച്ചാലും അതദ്ദേഹത്തെ ക്ലേശിപ്പിക്കുന്നുമില്ല.

ഇത്രയുമായപ്പോഴേക്കും കർമം ആരംഭിക്കുന്നതു മുതൽ ഫലിക്കുന്നതുവരെയുള്ള കർമത്തിന്റെ പൂർണരൂപം ഒന്നു വിശകലനം ചെയ്തറിഞ്ഞാൽ കൊള്ളാമെന്ന് അർജുനനാഗ്രഹമുള്ളതുപോലെ ഭഗവാനു തോന്നി. വ്യക്തമായ കർമവിശകലനമാണ് അടുത്ത മൂന്നു പദ്യങ്ങളിൽ. ഒരു കർമം തുടങ്ങി ഫലസിദ്ധിവരെയെത്താൻ അഞ്ചു പ്രധാന ഹേതുക്കൾ കൂടിയേ തീരൂ എന്നു സാമാന്യമായി പറയുകയാണു പതിമൂന്നാം പദ്യത്തിൽ:

*13. പഞ്ചൈതാനി മഹാബാഹോ കാരണാനി നിബോധ മേ*
*സാംഖ്യേ കൃതാന്തേ പ്രോക്താനി സിദ്ധയേ സർവകർമണാം*

digitized by www.sreyas.in

മഹാബാഹോ - അല്ലയോ അർജുനാ; സർവ കർമണാം സിദ്ധയേ - ഏതു കർമത്തിന്റെയും ഫലപ്രാപ്തിക്ക്; കൃതാന്തേ - കർമത്തിന്റെ അവസാനം കണ്ടുപിടിച്ച; സാംഖ്യേ - ജ്ഞാനശാസ്ത്രത്തിൽ; പ്രോക്താനി - വെളിപ്പെടുത്തിയിട്ടുള്ള; ഏതാനി പഞ്ച കാരണാനി - ഈ അഞ്ചു ഹേതുക്കൾ; മേ നിബോധ - എന്നിൽ നിന്നും വ്യക്തമായി ധരിച്ചോളൂ.

അല്ലയോ അർജുനാ, ഏതു കർമത്തിന്റെയും ഫലപ്രാപ്തിക്കു കർമത്തിന്റെ അവസാനം കണ്ടുപിടിച്ച ജ്ഞാനശാസ്ത്രത്തിൽ വെളിപ്പെടുത്തിയിട്ടുള്ള ഈ അഞ്ചു ഹേതുക്കൾ എന്നിൽനിന്നു വ്യക്തമായി ധരിച്ചോളൂ.

## *സാംഖ്യേ കൃതാന്തേ പ്രോക്താനി*

ഒരു കർമം ഫലപ്രാപ്തിയിലെത്തണമെങ്കിൽ അതിനഞ്ചു കാരണങ്ങൾ ഒരുമിക്കണം. ഇതെവിടെ പറഞ്ഞിരിക്കുന്നു. കർമത്തിന്റെ അവസാനം കണ്ടെത്തിയ ജ്ഞാനശാസ്ത്രത്തിൽ. ഏതാണാ ജ്ഞാനശാസ്ത്രം? ആ ശാസ്ത്രം തന്നെയാണ് ഉപനിഷത് പ്രസിദ്ധമായ വേദാന്തശാസ്ത്രം. കർമത്തിന്റെ അന്തം കണ്ടുപിടിക്കാത്ത ഒരു ശാസ്ത്രത്തിനു കർമത്തെ എങ്ങനെ വിശകലനം ചെയ്യാൻ പറ്റും? വേദാന്തം കർമത്തിന്റെ അവസാനം കണ്ടുപിടിച്ച ജ്ഞാനശാസ്ത്രമാണ്. എന്താണു കർമത്തിന്റെ അവസാനം? കർമത്തിന്റെ അവസാനമാണു ബ്രഹ്മം. കർമം എവിടെ തുടങ്ങുന്നു? ബ്രഹ്മത്തിൽ തുടങ്ങുന്നു. ബ്രഹ്മം കണ്ടെത്തിയയാൾക്ക് അവിടെനിന്നു തുടങ്ങുന്ന കർമം ഏതെല്ലാം ഘട്ടങ്ങൾ കടന്നാണു ഫലപ്രാപ്തിയിലെത്തുന്നതെന്നു സുവ്യക്തമായി വിശകലനം ചെയ്യാൻ കഴിയും. കർമത്തിന്റെ അവസാനം അഥവാ ഉൽപ്പത്തിസ്ഥാനം തിരയുന്നതാണു സത്യാന്വേഷണം. അതു കണ്ടെത്തുന്നതാണു സത്യസാക്ഷാൽക്കാരം. അവനവന്റെ ഉള്ളിൽ തിരഞ്ഞാലല്ലാതെ അതൊരിക്കലും കണ്ടെത്തുകയില്ല. അങ്ങനെ കണ്ടെത്തിയ സാംഖ്യശാസ്ത്രത്തിന്റെ കർമ വിശകലനമാണു ഭഗവാൻ പ്രതിപാദിക്കാമെന്നു പ്രതിജ്ഞ ചെയ്തിരിക്കുന്നത്.

പ്രതിജ്ഞ ചെയ്തപ്രകാരം ഏതു കർമത്തെയും ഫലപ്രാപ്തിയിലെത്തിക്കാൻ അവശ്യം വേണ്ട അഞ്ചു ഹേതുക്കൾ ഏതൊക്കെയാണെന്നു വെളിപ്പെടുത്തുകയാണു ഭഗവാൻ ഇനി:

*14. അധിഷ്ഠാനം തഥാ കർത്താ കരണം ച പൃഥഗ്വിധം*
*വിവിധാശ്ച പൃഥക് ചേഷ്ടാ ദൈവം ചൈവാത്ര പഞ്ചമം*

digitized by www.sreyas.in

അധിഷ്ഠാനം - കർമത്തിന് ആരംഭിക്കാനും തുടരാനും ഒടുങ്ങാനുമുള്ള കർമ രഹിതമായ ആശ്രയം; തഥാ - അപ്രകാരം; കർത്താ - കർമത്തിൽ ഞാൻ ചെയ്യുന്നു എന്നഭിമാനിക്കുന്ന ജീവാംശം; കരണം ച പൃഥഗ്വിധം - കർമം ചെയ്യാൻ കർത്താവിനാവശ്യമായ ഉപകരണങ്ങൾ; വിവിധാഃ പൃഥക് ചേഷ്ടാഃ ച ഏവ - വിവിധ തരത്തിലുള്ള ചലനങ്ങൾ; അത്ര പഞ്ചമം - ഇക്കാര്യത്തിൽ അഞ്ചാമത്തെ; ദൈവം ച - വിവിധ കർമങ്ങളുടെ ആകത്തുകയായ വിധി ഇവയാണ് അഞ്ചു ഹേതുക്കൾ.

കർമത്തിന് ആരംഭിക്കാനും തുടരാനും ഒടുങ്ങാനുമുള്ള കർമരഹിതമായ ആശ്രയം, അപ്രകാരം കർമത്തിൽ താൻ ചെയ്യുന്നു എന്നഭിമാനിക്കുന്ന ജീവാംശം, കർമം ചെയ്യാൻ കർത്താവിനാവശ്യമായ ഉപകരണങ്ങൾ, വിവിധ തരത്തിലുള്ള ചലനങ്ങൾ, ഇക്കാര്യത്തിൽ അഞ്ചാമത്തെ, വിവിധ കർമങ്ങളുടെ ആകത്തുകയായ വിധി ഇവയാണ് അഞ്ചു ഹേതുക്കൾ.

## *കർമഹേതു വിശകലനം*

കർമമയമായ നിലനിൽപ്പിന്റെ ഗംഭീരമായ ശാസ്ത്രമാണ് ഈ ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ കർമഹേതുക്കൾ ശാസ്ത്രീയമായി വിശകലനം ചെയ്തറിഞ്ഞാൽത്തന്നെ നിലനിൽപ്പിന്റെ പൂർണരഹസ്യം തെളിഞ്ഞുകിട്ടുന്നതാണ്. കർമത്തിന്റെ ഏതെങ്കിലും പ്രത്യേക ഘട്ടത്തെയല്ല ഇവിടെ വിശകലനം ചെയ്യുന്നതെന്നോർക്കണം. എല്ലാ കർമങ്ങളുടെയും വിശകലനമാണിത്, 'സിദ്ധയേ സർവകർമണാം' എന്നു ഭഗവാൻതന്നെ ഇക്കാര്യം മുൻശ്ലോകത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്. കർമത്തിന്റെ സിദ്ധിക്ക് ആദ്യമായി വേണ്ടതു കർമാധിഷ്ഠാനമാണ്. ഈ അധിഷ്ഠാനം ശരീരമാണെന്നു പലരും വ്യാഖ്യാനിച്ചു കാണുന്നു. അതൊരിക്കലും ശരിയാകാൻ വയ്യ. ശരീരം കർമം ആരംഭിച്ചതിനുശേഷം രൂപം കൊള്ളുന്ന കർമത്തിന്റെ ഉൽപ്പന്നമാണ്. അധിഷ്ഠാനം കർമം ആരംഭിക്കുന്നതിനു മുൻപ് അതിനാരംഭിക്കാൻ ഇടമരുളേണ്ട ആശ്രയമാണ്. എവിടെയും അധിഷ്ഠേയ ബാഹ്യമായിരിക്കും അധിഷ്ഠാനം. എന്നു പറഞ്ഞാൽ അധിഷ്ഠേയം മറഞ്ഞാലും അധിഷ്ഠാനം ബാക്കി നിൽക്കുന്നതായിരിക്കുമെന്നർഥം. കയറിൽ പാമ്പിനെക്കാണുന്നിടത്ത് പാമ്പിന്റെ അധിഷ്ഠാനമാണ് കയറ്. അധിഷ്ഠേയമായ പാമ്പ് ഇല്ലാതായാലും കയറു ശേഷിക്കും എന്നു തീർച്ചയാണല്ലോ. കുടത്തിന്റെ അധിഷ്ഠാനമാണു മണ്ണ്. കുടമില്ലാതായാലും മണ്ണ് ശേഷിക്കും. അതുപോലെ കർമത്തിന്റെ അധിഷ്ഠാനം എവിടെയും ബ്രഹ്മമാണ്. അധിഷ്ഠേയമായ കർമം ഇല്ലാതായാലും ബ്രഹ്മം അവ

digitized by www.sreyas.in

ശേഷിക്കും. അധിഷ്ഠേയത്തിനു മുൻപേതന്നെ ഉണ്ടായിരിക്കുക എന്നതും അവശ്യം അധിഷ്ഠാനലക്ഷണമാണ്. പാമ്പിനു മുൻപു കയറുണ്ടായിരിക്കണം. കുടത്തിനു മുൻപേ മണ്ണുണ്ടായിരിക്കണം. അതുപോലെ കർമാധിഷ്ഠാനം കർമം തുടങ്ങുന്നതിനു മുൻപേ ഉണ്ടായിരിക്കണം. അതാണല്ലോ ബ്രഹ്മം. കർമം പോയാലും മൃതശരീരം കാണപ്പെടുന്നുണ്ടല്ലോ എന്നു ശങ്കിച്ചുകൂടാ. മൃതശരീരമെന്നല്ല ജഡമായിക്കാണുന്ന സർവവും ശക്തിസ്പന്ദനരൂപമായ കർമംകൊണ്ടു നിറഞ്ഞതാണെന്ന കാര്യത്തിൽ വേദാന്തത്തിനു സംശയമേയില്ല. ശക്തിസ്പന്ദനരൂപമായ കർമം നിലച്ചാൽപ്പിന്നെ ജഡമൊന്നും കാണുകയേയില്ല. പ്രപഞ്ചം മുഴുവൻ ഈ നിലയിൽ കർമമയമാണ്. ചലനരൂപമായ കർമം ചലിക്കാത്ത ഒരു പശ്ചാത്തലത്തിലേ സംഭവിക്കൂ എന്ന് അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. കർമമയമായ പ്രപഞ്ചത്തിന്റെ അധിഷ്ഠാനം അചഞ്ചലമായ ബ്രഹ്മമാണെന്നു ശ്രീ ശങ്കരഭഗവത്പാദർ ഉപനിഷദ് ഭാഷ്യങ്ങളിലും ബ്രഹ്മസൂത്രഭാഷ്യത്തിലും സംശയരഹിതമായി സ്ഥാപിച്ചിട്ടുമുണ്ട്. അധിഷ്ഠാനമായ അചഞ്ചലബ്രഹ്മത്തെ ഉദ്ദേശിച്ചു തന്നെയാണു ഭഗവാൻ നാലാമധ്യായം പതിനെട്ടാം ശ്ലോകത്തിൽ കർമത്തിൽ അകർമത്തെയും അകർമത്തിൽ കർമത്തെയും കാണുന്നവനാണു ബുദ്ധിമാൻ എന്നു പറഞ്ഞിരിക്കുന്നത്. അധിഷ്ഠാനമായ ബ്രഹ്മത്തിൽ അധിഷ്ഠേയമായ കർമത്തെയും അധിഷ്ഠേയമായ കർമത്തിൽ അധിഷ്ഠാനമായ അകർമബ്രഹ്മത്തെയും കാണുന്നവൻ ബുദ്ധിമാനെന്നാണാ ശ്ലോകത്തിന്റെ താൽപ്പര്യം. അപ്പോൾ ഏതു കർമവും ആരംഭിക്കണമെങ്കിൽ അചഞ്ചലമായ ബ്രഹ്മാധിഷ്ഠാനം ഉണ്ടെങ്കിലേ പറ്റൂ. അല്ലെങ്കിൽ അതെവിടെ ആരംഭിക്കും? അധിഷ്ഠാനം കർമബാഹ്യമായ കർമരഹിതമായ നിലനിൽപ്പാണെന്നും ഓർക്കണം. ഈ അധിഷ്ഠാനത്തിൽ ആദ്യമായി രൂപം കൊള്ളുന്ന കർമഘടകമാണു കർത്താവ്. കർത്താവു മുതലിങ്ങോട്ടെല്ലാം കർമത്തിന്റെ തന്നെ വിവിധ ഘട്ടങ്ങളാണ്. അതായതു അധിഷ്ഠേയഭാഗങ്ങളാണ്. കർതൃരൂപത്തിലാണു കർമം ആരംഭിക്കുന്നത്. ശക്തിസ്പന്ദനമാണു കർമത്തിന്റെ സൂക്ഷ്മരൂപം. ഓരോ സ്പന്ദനവും കർതൃഭാവം ഉൾക്കൊള്ളുന്നു എന്നോർക്കണം. ഞാൻ, ഞാൻ എന്ന ജീവഭാവമാണു കർതൃഭാവം. കർത്താവില്ലാതെ ഒരു കർമം എങ്ങനെ നടക്കും. ബ്രഹ്മത്തിൽ ശക്തി സ്പന്ദിച്ചാദ്യമുളവാക്കുന്നത് ഈ കർതൃഭാവമാണ്. അതുതന്നെ ജീവൻ. കർമം ഇങ്ങനെ കർതൃഭാവത്തിൽ പ്രത്യക്ഷപ്പെട്ടാലും അതു വളർന്നു ഫലപ്രാപ്തിയിലെത്തണമെങ്കിൽ ഇനിയും പലതുമാവശ്യമുണ്ട്. അതിൽ പ്രധാനപ്പെട്ടതാണു കരണം. കർത്താവിന്റെ കരണങ്ങളാണ് അന്തക്കരണവും

digitized by www.sreyas.in

ഇന്ദ്രിയങ്ങളും ശരീരവും. വിറകുവെട്ടുകാരനുണ്ടെങ്കിലും കോടാലിയില്ലെങ്കിൽ വെട്ടുകയെന്ന കർമം നടക്കുകയില്ല. അതുപോലെ ജീവരൂപനായ കർത്താവുണ്ടെങ്കിലും അന്തക്കരണവും ഇന്ദ്രിയങ്ങളും ദേഹവുമില്ലെങ്കിൽ ജീവനു കർമം സാധ്യമാവില്ല. ഈ കർമവിശകലനം വായു, സൂര്യൻ, ചന്ദ്രൻ, അഗ്നി തുടങ്ങിയ എല്ലാ പ്രപഞ്ചഘടകങ്ങൾക്കും ബാധകമാണെന്നോർക്കണം. നാം പുറമേ കാണുന്നത് അവയുടെ ബാഹ്യശരീരങ്ങളാണ്. അന്തക്കരണവും അതിനു പിന്നിൽ കർതൃഭാവവുമില്ലെങ്കിൽ ഈ പ്രപഞ്ചഘടകങ്ങളുടെ ഒന്നിന്റെയും കർമം സംഭവിക്കുകയേയില്ല. മനുഷ്യനു സ്വന്തം കർമരഹസ്യം നോക്കിക്കണ്ട് ഇക്കാര്യം ധരിക്കാവുന്നതുമാണ്. ഇനിയും കർത്താവും കരണങ്ങളുമൊക്കെയുണ്ടെങ്കിലും കർത്താവു കരണങ്ങളെ വേണ്ടവണ്ണം ചലിപ്പിച്ചില്ലെങ്കിൽ കർമം ഫലപ്രാപ്തിയിലെത്തുകയില്ല. കരണങ്ങളുടെ വേണ്ടവണ്ണമുള്ള ചലനങ്ങളാണു വിവിധ ചേഷ്ടകൾ. അധിഷ്ഠാനത്തിലെ ശക്തിയുടെ ആദ്യസ്പന്ദനമാണു കർത്താവ്. കർത്താവിനു കർമാഭിവൃദ്ധിയാണു കരണം. കരണങ്ങളുടെ വേണ്ടവണ്ണമുള്ള ചലനങ്ങളാണു ചേഷ്ടകൾ. വിറകുവെട്ടുകാരനും കോടാലിയും വിറകുമുണ്ടെങ്കിലും അയാൾ കോടാലിയുയർത്തിത്താഴ്ത്തിയെങ്കിലേ കർമം പൂർണമാവൂ. അതുപോലെ കർത്താവു കരണങ്ങളെ വേണ്ടവണ്ണം ചലിപ്പിച്ചെങ്കിലേ കർമം ഫലസിദ്ധിയെ സമീപിക്കൂ. വായുവിന്റെ ചലനവും സൂര്യന്റെ തപനവും, അഗ്നിയുടെ ജ്വലനവുമൊക്കെയാണവയുടെ ചേഷ്ട. പ്രപഞ്ചഘടകങ്ങളിലാകെ ഇങ്ങനെ നോക്കിക്കാണേണ്ടതാണ്. അവനവന്റെ കരണചേഷ്ടകൾ മനുഷ്യനു സ്വയം വിശകലനം ചെയ്തുനോക്കാവുന്നതാണ്. അഞ്ചാമത്തെ കർമഹേതുവാണു ദൈവം. ഈ ദൈവമാണു വിധി. വിധി ഒരന്ധവിശ്വാസമോ യാദൃച്ഛിക കാര്യമോ അല്ല. ഈ ലോകത്ത് ഒരു പരമാണുവിന്റെ കർമംപോലും സ്വതന്ത്രമല്ല. പ്രപഞ്ചത്തിലെ കർമ ചലനമാകെ പരസ്പരബദ്ധമാണ്. ഒരേ അധിഷ്ഠാനത്തിൽ സ്പന്ദിക്കുന്ന ശക്തിയുടെ സ്പന്ദനഘട്ടങ്ങൾ മാത്രമാണ് എല്ലാ കർമങ്ങളും. വിവിധ പ്രപഞ്ചഘടകങ്ങളുടെ കർമങ്ങൾ, അവനവന്റെതന്നെ ഭൂതകാല കർമങ്ങൾ എന്നിവയുടെ ആകത്തുകയാണു ദൈവം. ഇതനുകൂലമായാൽ ഫലം അനുകൂലമാകും. ഇതു പ്രതികൂലമായാൽ ഫലം പ്രതികൂലമാവും. സർവകർമാധിഷ്ഠാനമായ ഈശ്വരസത്തയെ അഭയം പ്രാപിക്കുകയാണു ദൈവത്തെ അനുകൂലമാക്കിത്തീർക്കാനുള്ള ഉപായം. എത്ര വലിയ പൗരുഷശാലിയായാലും ദൈവം പ്രതികൂലമായാൽ അവന്റെ കർമം പരാജയപ്പെടുകതന്നെ ചെയ്യും; പൗരുഷംപോലും ദൈവത്തിന്റെ സംഭാവനയാണെന്ന കാര്യം ഓർക്കുന്നതു നന്ന്.

digitized by www.sreyas.in

കർമസിദ്ധിയിൽ പൗരുഷത്തെക്കാൾ വലുതു ദൈവമാണെന്ന് ഇന്നുവരെയുള്ള മനുഷ്യചരിത്രം വിളിച്ചറിയിക്കുന്നു. ഈ അഞ്ചു ഹേതുക്കളിൽ കർത്താവു മുതലിങ്ങോട്ടുള്ളതെല്ലാം കർമത്തിന്റെതന്നെ വിവിധ ഘട്ടങ്ങളാണ്. അധിഷ്ഠാനം മാത്രം കർമബാഹ്യമായ നിത്യവസ്തു. അധിഷ്ഠാനത്തിൽ ആരംഭിച്ചു വളരുന്ന കർമം അധിഷ്ഠാനത്തിൽ തിരിച്ചെത്തിയാൽ അവസാനിക്കുകയും ചെയ്യും. ഇതാണു കർമരഹസ്യം.

കർമത്തിന്റെ ഫലസിദ്ധിക്കു ഹേതുക്കളായി എടുത്തുകാട്ടിയ ഈ അഞ്ചെണ്ണവും മനുഷ്യന്റെ കർമങ്ങളെയും ബാധിക്കുന്നവയാണോ? ഈ ചോദ്യത്തിനുത്തരമാണ് അടുത്ത പദ്യം:

*15. ശരീരവാങ്മനോഭിര്യത് കർമ പ്രാരഭതേ നരഃ*
*ന്യായ്യം വാ വിപരീതം വാ പഞ്ചൈതേ തസ്യ ഹേതവഃ*

നരഃ - മനുഷ്യൻ; ശരീരവാങ്മനോഭിഃ - ദേഹം, വാക്ക്, മനസ്സ് എന്നീ കരണങ്ങൾകൊണ്ട്; യത്കർമ - എന്തു കർമം; പ്രാരഭതേ - തുടങ്ങുന്നുവോ; ന്യായ്യം വാ - അതു ധാർമികമാവട്ടെ; വിപരീതം വാ - അധാർമികമാവട്ടെ; തസ്യ - ആ കർമത്തിന്; ഏതേ - ഈ; പഞ്ച ഹേതവഃ - അഞ്ചു ഹേതുക്കളും ഫലസിദ്ധിക്കാവശ്യമാണ്.

മനുഷ്യൻ ദേഹം, വാക്ക്, മനസ്സ് എന്നീ കരണങ്ങൾകൊണ്ട് എന്തു കർമം തുടങ്ങുന്നുവോ അതു ധാർമികമാവട്ടെ അധാർമികമാവട്ടെ, ആ കർമത്തിന് ഈ അഞ്ചു ഹേതുക്കളും ഫലസിദ്ധിക്കാവശ്യമാണ്.

## *തസ്യൈതേ പഞ്ച ഹേതവഃ*

മനുഷ്യനെ സംബന്ധിച്ച് അവനാരംഭിക്കുന്ന ഏതു കർമവും ഫലസിദ്ധിയിലെത്താൻ ഈ അഞ്ചു ഹേതുക്കളും അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ കർമം ധാർമികമോ അധാർമികമോ എന്നുള്ള ഭേദമൊന്നും പ്രശ്നമല്ല. മനുഷ്യൻ എന്നതുകൊണ്ടു മനുഷ്യശരീരത്തെ പ്രവർത്തിപ്പിക്കുന്ന കർത്താവ് അഥവാ ജീവൻ എന്നാണു താൽപ്പര്യം. മൂന്നു കരണങ്ങൾ കൊണ്ടാണു മനുഷ്യൻ കർമമാരംഭിക്കുന്നത്. ശരീരം, വാക്ക്, മനസ്സ് എന്നിവയാണാ കരണങ്ങൾ. ഇതുകൊണ്ടുതന്നെ ശരീരം കർമാധിഷ്ഠാനമല്ല, കരണമാണെന്നു വ്യക്തമാവുന്നുണ്ടല്ലോ. കർതൃഭാവം മുതൽ കാമങ്ങൾ, സങ്കൽപ്പങ്ങൾ, വികാരങ്ങൾ ഇവയെല്ലാം മനസ്സിന്റെ കർമമാണ്. വാക്കിന്റെ കർമം എന്നുള്ളതുകൊണ്ട് ജ്ഞാനകർമേന്ദ്രിയങ്ങളുടെ ചേഷ്ടകളെ സംഗ്രഹിച്ചിരിക്കുന്നു. അവയിൽപ്പെടാത്ത കർമങ്ങളെല്ലാം ദേഹകർമങ്ങൾ. ഇവ

75-2006 53

digitized by www.sreyas.in

യെല്ലാം ഫലസിദ്ധിയിലെത്തണമെങ്കിൽ അഞ്ചു ഹേതുക്കളും വേണം. മനുഷ്യദേഹത്തിൽ സ്പന്ദിക്കുന്ന ഞാൻ, ഞാൻ എന്ന കർത്താവ് രൂപം കൊള്ളണമെങ്കിൽ അതിനു പിന്നിൽ അധിഷ്ഠാനമായ ആത്മാവുണ്ടെങ്കിലേ പറ്റൂ. ജീവൻ നിന്നു ചലിക്കുന്നതുതന്നെ ആ അധിഷ്ഠാനത്തിലാണ്. അതുകൊണ്ടാണു ജീവൻ പിന്തിരിഞ്ഞതുമായി ഏകീഭവിച്ചാൽ സ്വയം സത്യസ്വരൂപമായി മാറുമെന്നു ശാസ്ത്രം ഘോഷിക്കുന്നത്. അധിഷ്ഠാനത്തിൽ ഇങ്ങനെ സ്പന്ദിക്കുന്ന കർത്താവാണ് മനുഷ്യന്റെ എല്ലാ കർമങ്ങളുടെയും കേന്ദ്രമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ആ കർത്താവിന്റെ കരണങ്ങളാണു മുൻപറഞ്ഞ ശരീരാദി മൂന്നെണ്ണവും. ആ കരണങ്ങളുടെ ചേഷ്ടകളാണു മനുഷ്യന്റെ കർമങ്ങൾ. ഇനി മനുഷ്യൻ എത്രയൊക്കെ സമർഥമായി കർമം ചെയ്താലും ദൈവം അനുകൂലമായാലേ ഫലം അനുകൂലമാവൂ. ഒരു കർഷകൻ ഭംഗിയാംവണ്ണം കൃഷിപ്പണി പൂർത്തിയാക്കിയെന്നിരിക്കട്ടെ. ഒന്നോ രണ്ടോ ദിവസത്തിനകം നിലം കൊയ്യാമെന്ന നിലയിലായി. അതിനിടയിൽ കൊടുംകാറ്റും പേമാരിയും വന്നു വിളവു മുഴുവൻ നശിച്ചുപോയി എന്നു വരാം. വിധി അനുകൂലമല്ലെങ്കിൽ അവസാനഘട്ടത്തിൽപ്പോലും എത്ര സമർഥമായ കർമത്തിന്റെ ഫലവും സിദ്ധിയിലെത്തിയില്ലെന്നു വരാം. പല കൈവഴികളിലായി തിരിയുന്ന കർമത്തിന്റെ ആകത്തുകയാണു വിധി അഥവാ ദൈവം. ലോകകർമം എക്കാലത്തും ഈ ദൈവത്തിനധീനമാണ്. അധിഷ്ഠാനമായ സർവേശ്വരനെ ശരണം പ്രാപിക്കുകയല്ലാതെ ഈ ദൈവത്തിന്റെ പിടിയിൽനിന്നു രക്ഷപ്പെടാൻ അന്തിമമായി വേറെ മാർഗമൊന്നുമില്ല.

മനുഷ്യന്റെ ഏതു കർമവും സഫലമാകാൻ ഈ അഞ്ചു പ്രധാന ഹേതുക്കൾ വേണമെന്നു വ്യക്തമായിരിക്കേ ഒരുവൻ ഞാനാണു കർമം വിജയിപ്പിച്ചത് എന്നഹങ്കരിക്കുന്നുവെങ്കിൽ ഏറ്റവും വലിയ ബുദ്ധിഹീനനാണവനെന്നത്രേ ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്:

*16. തത്രൈവം സതി കർത്താരമാത്മാനം കേവലം തു യഃ*
*പശ്യത്യകൃതബുദ്ധിത്വാന്ന സ പശ്യതി ദുർമതിഃ*

ഏവം സതി - ഏതു കർമത്തിന്റെയും ഫലസിദ്ധിക്ക് ഇങ്ങനെ അഞ്ചു ഘടകങ്ങൾ കൂടിയേ തീരു എന്നിരിക്കെ; തത്ര - കർമവിഷയത്തിൽ; കർത്താരം ആത്മാനം തു - കർത്താവായ ജീവാത്മാവിനെ; കേവലം - മാത്രം; യഃ പശ്യതി - ആരു കാണുന്നുവോ; അകൃതബുദ്ധിത്വാത് - സത്യമെന്തെന്നന്വേഷിച്ചുറപ്പി

digitized by www.sreyas.in

ച്ചിട്ടില്ലാത്തതുകൊണ്ട്; സഃ ദുർമതിഃ - മായയിൽപ്പെട്ടുഴലുന്ന ആ ദുഷ്ടബുദ്ധി; ന പശ്യതി - കർമരഹസ്യം കാണുന്നവനേയല്ല.

ഏതു കർമത്തിന്റെയും ഫലസിദ്ധിക്ക് ഇങ്ങനെ അഞ്ചു ഘടകങ്ങൾ കൂടിയേ തീരു എന്നിരിക്കെ കർമവിഷയത്തിൽ കർത്താവായ ജീവാത്മാവിനെ മാത്രം ആരു കാണുന്നുവോ, സത്യമെന്തെന്നന്വേഷിച്ചുറപ്പിച്ചിട്ടില്ലാത്തതുകൊണ്ടു മായയിൽപ്പെട്ടുഴലുന്ന ആ ദുഷ്ടബുദ്ധി കർമരഹസ്യം കാണുന്നവനേയല്ല.

## *ന സ പശ്യതി ദുർമതിഃ*

കർമമയമാണീ ജീവിതം. കർമവും പ്രതികർമവുമായിട്ടാണീ ജീവിതം മുന്നോട്ടു നീങ്ങുന്നത്. കർമരഹസ്യമറിയാത്തവർ ഞാൻ ചെയ്യുന്നു, ഞാനനുഭവിക്കുന്നു എന്നിങ്ങനെ ജീവാത്മാവിൽ മാത്രം കർതൃത്വവും ഭോക്തൃത്വവും ആരോപിച്ചു മോഹബദ്ധരായി ഭവിക്കുന്നു. അതുനിമിത്തം തന്നിലും അന്യരിലും പുണ്യവും പാപവുമൊക്കെ സങ്കൽപ്പിച്ചു ക്ലേശിക്കാനുമിടവരുന്നു. ഇതാണു സംസാരബന്ധം. നേരെമറിച്ച് കർമരഹസ്യം ധരിച്ചയാൾ ശാശ്വതമായ അധിഷ്ഠാനത്തിലെ ഒരു ശക്തിസ്ഫുരണം മാത്രമാണു താനെന്നറിയുന്നു. അധിഷ്ഠാനശക്തി ഉണ്ടാക്കിയവയാണു കരണങ്ങളെന്നറിയുന്നു. അതുകൊണ്ടു താനും കരണങ്ങളും കേവലം അധിഷ്ഠാനസത്യത്തിന്റെ പൂർണ നിയന്ത്രണത്തിലാണെന്നറിഞ്ഞു കരണചേഷ്ടകൾ കൊണ്ടെല്ലാം താൻ ആ സത്യത്തെ ആരാധിക്കുകയാണെന്നു ഭാവന ചെയ്യുന്നു. ഇതു ബോധ്യം വന്നയാൾക്ക് എല്ലാ പ്രപഞ്ചഘടകങ്ങളുടെ കർമചലനങ്ങളും ഭഗവാന്റെ നിയന്ത്രണത്തിലാണെന്നും തെളിയുന്നു. അതുകൊണ്ടു കർമത്തിലോ ഫലത്തിലോ അയാൾ നേരിട്ടു ബദ്ധനായി ഭവിക്കുന്നില്ല. ഇതാണു കർമമോചനം. അതു നേടാതെ മോഹിച്ചുപോകുന്നവനാണു ദുർമതി. അവനു കർമരഹസ്യമോ സത്യമോ ഒരിക്കലും വെളിപ്പെടുന്നതല്ല.

കർമബന്ധം. ജീവാത്മാവ് കർതൃരൂപത്തിലും ഭോക്തൃരൂപത്തിലും കർമവുമായി കൂട്ടുപിണയുന്നതാണു കർമബന്ധം. അങ്ങനെ കൂട്ടുപിണയാത്തയാളിനെ ഒരു കർമവും ഒരിക്കലും ബന്ധിക്കുന്നില്ലെന്നാണു ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്:

*17. യസ്യ നാഹംകൃതോ ഭാവോ ബുദ്ധിര്യസ്യ ന ലിപ്യതേ*
*ഹത്വാപി സ ഇമാല്ലോകാന്ന ഹന്തി ന നിബധ്യതേ*

digitized by www.sreyas.in

യസ്യ - ആർക്കാണോ; അഹംകൃതഃ ഭാവഃ ന - ഞാൻ ചെയ്യുന്നു എന്ന കർതൃഭാവമില്ലാത്തത്; യസ്യ ബുദ്ധിഃ - ആരുടെ ബുദ്ധിയാണോ; ന ലിപ്യതേ - ഫലചിന്തയിൽപ്പെട്ടു സംഗബദ്ധമാകാതിരിക്കുന്നത്; സഃ - ആത്മാനുഭവമുള്ള അവൻ; ഇമാൻ ലോകാൻ - ഈ കാണുന്ന പ്രാണികളെയെല്ലാം; ഹത്വാ അപി - കൊന്നാൽപ്പോലും; ന ഹന്തി - ആരെയും കൊല്ലുന്നില്ല; ന നിബദ്ധ്യതേ - പുണ്യപാപചിന്ത കൊണ്ടു ബദ്ധനായി ഭവിക്കുന്നുമില്ല.

ആർക്കാണോ 'ഞാൻ ചെയ്യുന്നു' എന്ന കർതൃഭാവമില്ലാത്തത്, ആരുടെ ബുദ്ധിയാണോ ഫലചിന്തയിൽപ്പെട്ടു സംഗബദ്ധമാകാതിരിക്കുന്നത് ആത്മാനുഭവമുള്ള അവൻ ഈ കാണുന്ന പ്രാണികളെയെല്ലാം കൊന്നാൽപ്പോലും ആരെയും കൊല്ലുന്നില്ല. പുണ്യപാപചിന്തകൊണ്ടു ബദ്ധനായി ഭവിക്കുന്നുമില്ല.

## *ന ഹന്തി ന നിബധ്യതേ*

കർതൃഭാവവും ഫലചിന്തയും വെടിഞ്ഞയാൾ വ്യക്തമായ ആത്മാനുഭവത്തിനു പാത്രമായിത്തീരുന്നു. അതോടെ താനും മറ്റു കാണുന്ന സർവപ്രാണികളും ജഡശരീരങ്ങളല്ല ചേതനാത്മാവാണെന്നു തെളിയുന്നു. ആത്മാവിന് ഒരു കേടും വരുത്താൻ ആർക്കും സാധ്യമല്ല. ആരും ഒന്നും ചെയ്തില്ലെങ്കിലും ജഡം സദാ ജീർണിച്ചു രൂപം മാറിക്കൊണ്ടുതന്നെയിരിക്കും. വസ്തു സ്ഥിതിയിതാണെങ്കിൽ ആർക്ക് ആരെ കൊല്ലാൻ കഴിയും? കൊല്ലണമെന്നു കരുതിയാൽപ്പോലും ആർക്കും ആരെയും കൊല്ലാൻ കഴിയുകയില്ലെന്നതാണു വസ്തുത. എനിക്കാരേയും കൊല്ലാനോ ഉപദ്രവിക്കാനോ ഒരിക്കലും കഴിയുകയില്ലെന്നു ബോധ്യം വരുത്തുന്ന ദൃഢമായ വസ്തുബോധമാണു ശരിയായ അഹിംസ. ഈ വസ്തുബോധത്തിലെത്തിയാൽ തന്റെ ഒരു പ്രവൃത്തിയിലും ആ ജ്ഞാനിക്കു കർതൃബോധം ഉണ്ടായിരിക്കുകയില്ല. കർതൃബോധം തന്നെ ഇല്ലെന്നു വന്നാൽപ്പിന്നെ ഫലസംഗത്തിന്റെ പ്രശ്നമേ ഉദിക്കുന്നില്ല. കർമം ചെയ്യാത്തയാൾ എന്തു ഫലവുമായി സംഗപ്പെടാൻ? ആ അനുഭവസ്ഥിതിയിൽ ശരീരവും കർമവും ഫലവും ആത്മാവിലെ മരുമരീചികാപ്രായങ്ങളായ കാഴ്ചകൾ മാത്രം. ആത്മാവു മാത്രം സത്യം.

ലൗകികനും ജ്ഞാനിയും ചിലപ്പോൾ ഒരുപോലെതന്നെ പുറമേ കർമം ചെയ്യുന്നു. എന്നാൽ ഒരാൾ കർമബദ്ധനായിത്തീരുന്നു. ഒരാളെ കർമം അൽപ്പവും ബാധിക്കുന്നില്ല. ഈ അനുഭവരഹസ്യം വെളിവാക്കാനായി കർമപ്രേരകങ്ങളായ ഘടകങ്ങളെയും കർമസ്വരൂപത്തിലെ ഘടക

digitized by www.sreyas.in

ങ്ങളെയും വേർതിരിച്ചു ചർച്ച ചെയ്യാനൊരുമ്പെടുകയാണു ഭഗവാൻ അടുത്ത ശ്ലോകത്തിൽ:

*18. ജ്ഞാനം ജ്ഞേയം പരിജ്ഞാതാ ത്രിവിധാ കർമചോദനാ*
*കരണം കർമ കർത്തേതി ത്രിവിധഃ കർമസംഗ്രഹഃ*

ജ്ഞാനം - അറിവ്; ജ്ഞേയം - അറിവിനു വിഷയമായ വസ്തു; പരിജ്ഞാതാ - അറിയുന്നവൻ; കർമചോദനാ - എന്നിങ്ങനെ കർമപ്രേരണകൾ; ത്രിവിധാ - മൂന്നു വിധമാകുന്നു; കരണം - കർമത്തിനുള്ള ഉപകരണം; കർമ - ഉപകരണത്തിന്റെ ചേഷ്ട; കർത്താ - കർമം ചെയ്യുന്നയാൾ; ഇതി - ഇങ്ങനെ; കർമസംഗ്രഹഃ - കർമസ്വരൂപഘടകങ്ങളും; ത്രിവിധഃ - മൂന്നു വിധമാണ്.

അറിവ്, അറിവിനു വിഷയമായ വസ്തു, അറിയുന്നവൻ എന്നിങ്ങനെ കർമപ്രേരണകൾ മൂന്നു വിധമാകുന്നു. കർമത്തിനുള്ള ഉപകരണം, ഉപകരണത്തിന്റെ ചേഷ്ട, കർമം ചെയ്യുന്നയാൾ ഇങ്ങനെ കർമസ്വരൂപഘടകങ്ങളും മൂന്നു വിധമാകുന്നു.

## *കർമചോദനയും കർമസംഗ്രഹവും*

'ചോദന' എന്ന പദത്തിനു പ്രേരണ എന്നാണർഥം. 'സംഗ്രഹ'പദത്തിനു സാമാന്യസ്വരൂപം എന്നാണർഥം. കർമത്തിനു പ്രേരണ നൽകുന്ന ഘടകങ്ങളാണു കർമചോദനകൾ. അറിവും, അറിയപ്പെടുന്ന വസ്തുവും, അറിയുന്നവനുമാണു കർമത്തിനു പ്രേരണ നൽകുന്ന ഘടകങ്ങൾ. ഈ മൂന്നു ഘടകങ്ങളുടെയും വ്യാപ്തിയനുസരിച്ചായിരിക്കും കർമവ്യാപ്തി. ഒരു ഖനിയിൽനിന്നു സ്വർണം കുഴിച്ചെടുക്കുന്ന കർമം നടക്കുന്നു എന്നു കരുതുക. ഇതിൽ സ്വർണം എന്ന ലോഹത്തെക്കുറിച്ചുള്ള സാമാന്യമായ അറിവാണു ജ്ഞാനം. കർമത്തിനു പ്രേരിപ്പിക്കുന്ന പ്രാഥമികഘടകം ഈ ജ്ഞാനമാണ്. സ്വർണമെന്ന ലോഹത്തെക്കുറിച്ചേ അറിവില്ലെന്നു കരുതുക. ഖനി കുഴിക്കുക എന്ന കർമം തുടങ്ങേണ്ട ആവശ്യമേ വരുന്നില്ല. ഇനിയും സ്വർണത്തെക്കുറിച്ചു സാമാന്യമായറിഞ്ഞാൽ പോരാ അത് ഈ ഖനിയിലുണ്ടെന്നറിയണം. ആ ഖനിയിലുള്ള സ്വർണജ്ഞേയം അഥവാ അറിയപ്പെടുന്ന വസ്തു. ഖനി കുഴിക്കുക എന്ന കർമത്തിനു പ്രേരിപ്പിക്കുന്ന രണ്ടാമത്തെ ഘടകം ഈ ജ്ഞേയമാണ്. ജ്ഞാനവും ജ്ഞേയവും വേണ്ടപോലെ ഉൾക്കൊള്ളുന്നയാളാണു പരിജ്ഞാതാ. എങ്ങനെയാണ് ഖനി കുഴിക്കേണ്ടത്, എന്തുമാത്രം കുഴിക്കണം, സ്വർണം വേർതിരിച്ചെടുക്കുന്നതെങ്ങനെ, കിട്ടുന്ന സ്വർണത്തിന്റെ മാറ്റ് എന്തു മാത്രമാണ് എന്നിങ്ങനെ കർമം വേണ്ട

digitized by www.sreyas.in

പോലെ മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുന്നയാളാണു പരിജ്ഞാതാവ്. ബ്രഹ്മാന്വേഷണ രൂപമായ കർമത്തിലും ഇവ സമുചിതമായി ഘടിക്കുന്നതാണ്. ബ്രഹ്മവസ്തുവിനെക്കുറിച്ചുള്ള സാമാന്യമായ അറിവാണു ജ്ഞാനം. പ്രപഞ്ചത്തിനു പരമകാരണമായി അഖണ്ഡബോധസ്വരൂപമായി ബ്രഹ്മം ഉണ്ടെന്നറിയണം. ബ്രഹ്മമുണ്ടെന്നു വിശ്വാസമില്ല, അറിവും ഇല്ല എന്നു വന്നാൽപ്പിന്നെ ബ്രഹ്മാന്വേഷണമെന്ന കർമം ആരംഭിക്കുക എന്ന പ്രശ്നമേ ഉദിക്കുന്നില്ല. ബ്രഹ്മത്തെക്കുറിച്ചു സാമാന്യമായറിഞ്ഞാൽ പോരാ അതിനെ എവിടെ കണ്ടെത്താൻ കഴിയുമെന്നറിയണം. അങ്ങനെ അവനവന്റെ ഹൃദയത്തിൽ ഇരിക്കുന്ന ബ്രഹ്മമാണു ജ്ഞേയം. അവിടെ ബ്രഹ്മത്തെ സാക്ഷാൽക്കരിക്കാൻ എന്തൊക്കെ ചെയ്യണം, എത്രമാത്രം ചെയ്യണം, അനുഭവങ്ങളുടെ വൈവിധ്യങ്ങളെന്തെല്ലാം, പൂർണാനുഭവമെന്ത്? – ഇവയെല്ലാം അറിയുന്നയാളാണു പരിജ്ഞാതാവ്. ബ്രഹ്മാന്വേഷണകർമത്തിൽ ബ്രഹ്മനിഷ്ഠനായ ഗുരുവാണു പരിജ്ഞാതാവ്. ശരിയായ പരിജ്ഞാതാവിന്റെ അഭാവം നിമിത്തമാണീ മാർഗത്തിൽ പലരും ഭ്രംശിച്ചു പോകാനിടവരുന്നത്. ഏതു കർമത്തിലും കർമപ്രചോദങ്ങളായ ഘടകങ്ങൾ ഇങ്ങനെ നോക്കിക്കാണേണ്ടതാണ്. ഇനിയും കർമസ്വരൂപത്തിലെ അവശ്യഘടകങ്ങളാണു കരണങ്ങളും ചേഷ്ടകളും കർത്താവും. സ്വർണഖനി കുഴിക്കുന്നിടത്ത് കുഴിക്കാനുള്ള സാധനസാമഗ്രികളാണു കരണങ്ങൾ. അവകൊണ്ടുള്ള പ്രയോഗങ്ങളാണു ചേഷ്ടകൾ അഥവാ കർമം. അവയെ പ്രയോഗിക്കുന്ന കുഴിപ്പുകാരാണു കർത്താക്കൾ. ബ്രഹ്മവിദ്യയിലാകട്ടെ അന്തക്കരണം, ഇന്ദ്രിയങ്ങൾ ഇവയാണു കരണങ്ങൾ. അവയുടെ അന്തർമുഖമായ ചേഷ്ടയാണു കർമം. 'ഞാൻ' എന്നറിയപ്പെടുന്ന ജീവനാണു കർത്താവ്. കർമം നടത്താൻ ഈ മൂന്നു ഘടകങ്ങളുണ്ടെങ്കിൽ മതിയാവും. അവയുടെ വ്യാപ്തി നിർണയിക്കുന്ന ഘടകങ്ങളാണു മുൻപു പറഞ്ഞ പ്രചോദകങ്ങൾ. ഫലപ്രാപ്തിയെ നിയന്ത്രിക്കുന്ന ഘടകമാണു ദൈവം. എല്ലാറ്റിനുമാശ്രയമായി കർമബാഹ്യമായി നിൽക്കുന്നതാണ് അധിഷ്ഠാനം. ജീവൻ, അന്തക്കരണം, ശരീരം എന്നിവ എല്ലാ കർമങ്ങൾക്കും വേണ്ടവയാണെങ്കിലും തൽക്കാലകർമങ്ങളുടെ ബാഹ്യസ്വരൂപമനുസരിച്ച് അവയിലെ കർത്താവ്, കരണം, ചേഷ്ട എന്നിവ നിർണയിക്കപ്പെടേണ്ടതാണ്.

കർമരഹസ്യം ഇങ്ങനെ സംഗ്രഹിക്കാമെങ്കിൽ കർമങ്ങൾക്കീ വൈവിധ്യം എന്തുകൊണ്ടു വന്നു? ജ്ഞാനം, കർമം, കർത്താവ് എന്നിവ ഗുണ

digitized by www.sreyas.in

ഭേദമനുസരിച്ചു മാറുന്നതാണു കർമ വൈവിധ്യത്തിനു കാരണം. ഇക്കാര്യമാണു ഭഗവാൻ പത്തൊൻപതാം ശ്ലോകത്തിൽ വെളിപ്പെടുത്തുന്നത്:

*19. ജ്ഞാനം കർമ ച കർത്താ ച ത്രിധൈവ ഗുണഭേദതഃ*
*പ്രോച്യതേ ഗുണസംഖ്യാനേ യഥാവച്ഛൃണു താന്യപി*

ജ്ഞാനം കർമ ച കർത്താ ച – ജ്ഞാനവും കർമവും കർത്താവും; ഗുണഭേദതഃ – സത്വരജസ്തമോഗുണഭേദമാശ്രയിച്ചു; ഗുണസംഖ്യാനേ – ഗുണവിവേചന ശാസ്ത്രത്തിൽ; ത്രിധാ ഏവ – മൂന്നു പ്രകാരമുണ്ടെന്ന്; പ്രോച്യതേ – പ്രതിപാദിക്കപ്പെടുന്നു; താനി അപി – അവയും; യഥാവത് – വേണ്ടപോലെ; ശൃണു – കേട്ടു ധരിച്ചോളൂ;

ജ്ഞാനവും കർമവും കർത്താവും സത്വരജസ്തമോഗുണഭേദമാശ്രയിച്ചു ഗുണവിവേചനശാസ്ത്രത്തിൽ മൂന്നു പ്രകാരമുണ്ടെന്നു പ്രതിപാദിക്കപ്പെടുന്നു. അവയും വേണ്ടപോലെ കേട്ടു ധരിച്ചോളൂ.

## *പ്രോച്യതേ ഗുണസംഖ്യാനേ*

തത്വശാസ്ത്രങ്ങളെല്ലാം തന്നെ മായാഗുണങ്ങളെ വിവേചനം ചെയ്തു കാണിച്ചിട്ടുണ്ട്. പ്രകൃതി സ്പന്ദിക്കുന്നതോടെ ഗുണങ്ങൾ വേർതിരിയുന്നു. തുടർന്നു പലയളവിലും ഈ ഗുണങ്ങളെ കൂട്ടിച്ചേർത്താണു പ്രകൃതി പരമാണു മുതൽ സൗരയൂഥഘടകങ്ങൾ വരെയുള്ള എല്ലാ ദൃശ്യങ്ങൾക്കും രൂപം നൽകുന്നത്. ഗുണങ്ങളുടെ ഏറ്റക്കുറച്ചിലനുസരിച്ചുള്ള സ്വഭാവങ്ങൾ കാണിക്കാത്ത യാതൊന്നും പ്രപഞ്ചത്തിലില്ലെന്നു താൽപ്പര്യം. ഗീതയിലും മറ്റും ചില പ്രധാന കാര്യങ്ങളുടെ ഗുണവിവേചനം എടുത്തു കാണിച്ചിട്ടുണ്ടെന്നേയുള്ളൂ. പ്രകൃതിയിലെ ഗുണപ്രവർത്തനം വേർതിരിച്ചറിയുന്നയാൾക്കു ജഡപ്രപഞ്ചത്തിന്റെ മുഴുവൻ രഹസ്യവും തെളിഞ്ഞുകിട്ടുന്നു. വസ്തുത ഇതായിരിക്കേ ചാതുർവർണ്യത്തിലെ ഗുണനിയമത്തെ അനാദരിക്കുന്നവരുടെ മന്ദബുദ്ധിത്വം ശ്രദ്ധേയമാണ്. എന്തായാലും കർമത്തിന്റെ മഹത്വവും വ്യാപ്തിയും നിർണയിക്കുന്ന മൂന്നു പ്രധാന ഘടകങ്ങളാണു ജ്ഞാനവും കർമവും കർത്താവും. കരണചേഷ്ടയാണ് ഇവിടത്തെ കർമം. ഈ മൂന്നും ഗുണഭേദമനുസരിച്ചു മുമ്മൂന്നായി തിരിയുന്നു. ഗുണഭേദമനുസരിച്ചുള്ള അവയുടെ ഭേദം കർമത്തിന്റെ വ്യാപ്തിയെയും മഹത്വത്തെയും നിയന്ത്രിക്കുന്നു എന്നു കാണേണ്ടതാണ്. അടുത്ത ഒൻപതു പദ്യങ്ങളിലായി ഭഗവാൻ ഇവയിൽ ഓരോന്നിന്റെയും ഭേദം വിശദമായി ചർച്ചചെയ്തിരിക്കുന്നു. ഈ ശ്ലോകത്തിലെ കർമപദത്തിനു കർത്താവിനിഷ്ടതമമായ കർമ

digitized by www.sreyas.in

കാരകമെന്നും ചിലർ അർഥഭേദം കൽപ്പിച്ചിരിക്കുന്നു. രണ്ടിടത്തും കരണ ചേഷ്ടയെന്നർഥം പറയുന്നതായിരിക്കും ഗീതാസന്ദർഭത്തിനു പറ്റിയത്. മുൻ ശ്ലോകത്തിൽ കർമപ്രചോദകങ്ങളായ ഘടകങ്ങളിലെ 'ജ്ഞേയ' പദം കൊണ്ടു കർത്താവിനിഷ്ടതമമായ പദാർഥം സംഗ്രഹിച്ചിരിക്കുന്നു എന്നു കാണേണ്ടതാണ്. അടുത്ത ശ്ലോകത്തിൽ തന്നെ ഗുണഭേദമനുസരിച്ചുള്ള കരണചേഷ്ടാരൂപമായ കർമത്തെക്കുറിച്ചു ഭഗവാൻ പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു.

കർമചോദകങ്ങളിൽ ഏറ്റവും പ്രധാനമാണു ജ്ഞാനം. ജ്ഞാനത്തിന്റെ ഗുണഭേദമനുസരിച്ചിരിക്കും കർമത്തിന്റെ സ്വരൂപം. ആദ്യമായി ജ്ഞാനത്തിന്റെ സാത്വികഭേദമാണു ഭഗവാൻ വിവരിക്കുന്നത്:

*20. സർവഭൂതേഷു യേനൈകം ഭാവമവ്യയമീക്ഷതേ*
*അവിഭക്തം വിഭക്തേഷു തജ്ജ്ഞാനം വിദ്ധി സാത്വികം*

യേന-ഏതൊരു അറിവിനാൽ; വിഭക്തേഷു - വേർതിരിഞ്ഞു നിൽക്കുന്നതുപോലെ കാണപ്പെടുന്ന; സർവഭൂതേഷു - എല്ലാ പ്രപഞ്ചഘടകങ്ങളിലും അവിഭക്തം - ഒരു വേർതിരിവുമില്ലാതെ; അവ്യയം - ഒരു കേടും വരാതെ നിറഞ്ഞുനിൽക്കുന്ന; ഏകം ഭാവം - ഒരൊറ്റ വസ്തു; ഈക്ഷതേ - ദർശിക്കപ്പെടുന്നുവോ; തത് ജ്ഞാനം - ആ അറിവ് ; സാത്വികം വിദ്ധി - സാത്വികമായ അറിവാണെന്നറിയൂ.

ഏതൊരറിവിനാൽ വേർതിരിഞ്ഞു നിൽക്കുന്നതുപോലെ കാണപ്പെടുന്ന എല്ലാ പ്രപഞ്ചഘടകങ്ങളിലും ഒരു വേർതിരിവുമില്ലാതെ ഒരു കേടും വരാതെ നിറഞ്ഞുനിൽക്കുന്ന ഒരൊറ്റ വസ്തു ദർശിക്കപ്പെടുന്നുവോ ആ അറിവ് സാത്വികമായ അറിവാണെന്നറിയൂ.

## തത് ജ്ഞാനം വിദ്ധി സാത്വികം

എല്ലാ പ്രപഞ്ചഘടകങ്ങളിലും അകവും പുറവും നിറഞ്ഞുനിൽക്കുന്ന ഒരഴിവുമില്ലാത്ത ഏക വസ്തുവിനെ കാണുന്ന അറിവാണു സത്വഗുണപ്രധാനമായ അറിവ്. ഈ അറിവ് ബ്രഹ്മജ്ഞാനമാണെന്നെടുത്തു പറയേണ്ടതില്ലല്ലോ. സത്വം സത്യജ്ഞാനത്തിന്റെ ഗുണമാണ്. അതുകൊണ്ടാണു സത്വഗുണം വളർത്താൻ സർവത്ര ആവശ്യപ്പെട്ടിരിക്കുന്നത്. സാത്വികജ്ഞാനം വന്നയാൾക്കു പിന്നെ വിശേഷിച്ചും ജ്ഞാനമൊന്നും വരാനില്ല. പിന്നെ വിശേഷിച്ചു സുഖമൊന്നും നേടാനില്ല. ജ്ഞാനം കർമപ്രചോദകങ്ങളിൽ പ്രധാനമാണല്ലോ. അപ്പോൾ സാത്വികജ്ഞാനം വന്നയാളിന്റെ കർമം

digitized by www.sreyas.in

എങ്ങനെയിരിക്കും? ദേഹമുള്ളിടത്തോളം ബ്രഹ്മജ്ഞാനിയും കർമം ചെയ്തു എന്നുവരാം. പക്ഷേ, അദ്ദേഹത്തിനു ഫലത്തിലൊന്നും ആകാംക്ഷയില്ല. ഫലം എങ്ങനെ വന്നാലും അദ്ദേഹത്തിനതുകൊണ്ടു ലാഭമോ നഷ്ടമോ ഒന്നും വരാനില്ല. ശത്രുമിത്രാദിഭേദമില്ലാത്തതുകൊണ്ടു വിശേഷിച്ചു രാഗദ്വേഷമദമാത്സര്യാദികൾക്കൊന്നും പ്രസക്തിയില്ല. ജീവിതത്തെയോ മരണത്തെയോ അദ്ദേഹം സ്തുതിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്നില്ല. താൻ കണ്ട സത്യവും താൻ അനുഭവിക്കുന്ന സുഖവും മറ്റുള്ളവർക്കുകൂടി അനുഭവിക്കാൻ കിട്ടത്തക്കവണ്ണം സ്വശരീരത്തെ നിഷ്കാമമായി ചലിപ്പിച്ചുകൊണ്ടേയിരിക്കും. ഇതാണു ജ്ഞാനിയുടെ ലോകസംഗ്രഹം.

രാജസജ്ഞാനമെന്തെന്നാണിനി വിവരിക്കുന്നത്:

*21. പൃഥക്ത്വേന തു യജ്ജ്ഞാനം നാനാഭാവാൻ പൃഥഗ്വിധാൻ*
*വേത്തി സർവേഷു ഭൂതേഷു തജ്ജ്ഞാനം വിദ്ധി രാജസം*

യത് ജ്ഞാനം തു - ഏതൊരറിവാണോ; സർവേഷു ഭൂതേഷു - എല്ലാ പ്രപഞ്ചഘടകങ്ങളിലും; പൃഥക്ത്വേന - പ്രത്യേകം പ്രത്യേകം; പൃഥഗ്വിധാൻ - വേർതിരിഞ്ഞുള്ള; നാനാഭാവാൻ - അനേകതരം ഭിന്നപദാർഥങ്ങളെ; വേത്തി - അറിയുന്നത്; തത് ജ്ഞാനം - ആ ജ്ഞാനം; രാജസം വിദ്ധി - രജോഗുണപ്രധാനമാണെന്നറിയൂ.

ഏതൊരറിവാണോ എല്ലാ പ്രപഞ്ചഘടകങ്ങളിലും പ്രത്യേകം പ്രത്യേകം വേർതിരിഞ്ഞുള്ള അനേകതരം ഭിന്നപദാർഥങ്ങളെ അറിയുന്നത് ആ ജ്ഞാനം രജോഗുണപ്രധാനമാണെന്നറിയൂ.

## *തജ്ജ്ഞാനം വിദ്ധി രാജസം*

സത്വഗുണം പരമസത്യമായ അദ്വയവസ്തുവിനെ കാട്ടിത്തരുമ്പോൾ രജോഗുണം അതേ വസ്തുവിൽത്തന്നെ പലതിന്റെ കാഴ്ചയുളവാക്കി അനേകതരം പദാർഥങ്ങളെ കാട്ടിത്തരുന്നു. വസ്തു ഒന്നേയുള്ളുവെങ്കിലും ചിത്തത്തിന്റെ ഗുണഘടന അതിനെ എങ്ങനെയെല്ലാം മാറ്റിമറിക്കുന്നു എന്നിതുകൊണ്ടു തെളിയുന്നു. സർവത്ര സമമായ വസ്തുവിനെ കാണ്മാനില്ലെന്നു വന്നാൽപ്പിന്നെ പലതു കാണുക സ്വാഭാവികമാണ്. അതോടെ ആ പലതും സത്യമെന്നും തോന്നാൻ ഇടവരുന്നു. പുറമേ കാണുന്ന പലതിനെ ആശ്രയിച്ചാണു തന്റെ സുഖമെന്നും ഭ്രമിക്കാൻ തുടങ്ങുന്നു. അതോടെ ഫലേച്ഛയോടുകൂടിയ കർമവും രാഗദ്വേഷങ്ങളും ആരംഭിക്കുന്നു.

digitized by www.sreyas.in

ശത്രുമിത്രാദിഭേദങ്ങളും മദമാത്സര്യങ്ങളും രൂപംകൊള്ളുന്നു. അങ്ങനെ തൃഷ്ണാജഡിലമായ കർമമാർഗം നീണ്ടുപോകുന്നു. രാജസജ്ഞാനത്തിന്റെ കർമപഥം ഒരിക്കലും സത്യത്തിലെത്തിച്ചേരാതെ ജനനമരണരൂപമായ സംസാരചക്രത്തിൽ കറങ്ങിക്കൊണ്ടേയിരിക്കും. ഏതു കാര്യത്തിലും ജ്ഞാനം അപൂർണമായാൽ കർമം വികലമാകുമെന്നു തീർച്ചയാണല്ലോ.

താമസ്സജ്ഞാനമെന്തെന്നാണിനി വിവരിക്കുന്നത്:

*22. യത്തു കൃത്സ്നവദേകസ്മിൻ കാര്യേ സക്തമഹൈതുകം*
*അതത്വാർഥവദൽപ്പം ച തത് താമസമുദാഹൃതം*

യത് തു – ഏതൊരു ജ്ഞാനമാണോ; കൃത്സ്നവത് – ഇതിനപ്പുറമൊന്നുമില്ലെന്ന ധാരണയോടെ; ഏകസ്മിൻ കാര്യേ സക്തം – ഏതെങ്കിലുമൊരു ചെറിയ കാര്യത്തിൽ സംഗബദ്ധമാകുന്നത്; അഹൈതുകം – യുക്തിവിചാരം തീരെയില്ലാത്തത്; അതത്വാർഥവത് – ഭൗതികമോ ആധ്യാത്മികമോ ആയ പ്രധാന ലക്ഷ്യമൊന്നും മുൻപിലില്ലാത്തത്; അൽപ്പം ച – ജീവിതത്തെ അത്യന്തം ഇടുങ്ങിയ ഒരു മണ്ഡലത്തിലേക്കു പതിപ്പിക്കുകയും ചെയ്യുന്നത്; തത് – ആ ജ്ഞാനം; താമസം ഉദാഹൃതം – തമോഗുണപ്രധാനമെന്നു കരുതപ്പെടുന്നു.

ഏതൊരു ജ്ഞാനമാണോ ഇതിനപ്പുറമൊന്നുമില്ലെന്ന ധാരണയോടെ ഏതെങ്കിലുമൊരു ചെറിയ കാര്യത്തിൽ സംഗബദ്ധമാകുന്നത്, യുക്തിവിചാരം തീരെയില്ലാത്തത്, ഭൗതികമോ ആധ്യാത്മികമോ ആയ പ്രധാന ലക്ഷ്യമൊന്നും മുൻപിലില്ലാത്തത്, ജീവിതത്തെ അത്യന്തം ഇടുങ്ങിയ ഒരു മണ്ഡലത്തിലേക്കു പതിപ്പിക്കുകയും ചെയ്യുന്നത് ആ ജ്ഞാനം തമോഗുണപ്രധാനമെന്നു കരുതപ്പെടുന്നു.

## *തത് താമസമുദാഹൃതം*

മോഹത്തിന്റെ ഗുണമാണല്ലോ തമസ്സ്. അതിൽ ഭൗതികമായ വിവേകംപോലും നഷ്ടപ്പെടുന്നു. അതുകൊണ്ടാണ് ഇതിനപ്പുറമൊന്നുമില്ലെന്നു കരുതി ഏതെങ്കിലും ഒരു ചെറിയ കാര്യത്തിൽ ആസക്തചിത്തനായിത്തീരുന്നത്. മദ്യപാനം, ലൈംഗികസുഖം, ചൂതുകളി, കുതിരപ്പന്തയം തുടങ്ങിയ കാര്യങ്ങളിലൊക്കെ ആസക്തി വന്നുചേരുന്നത് തമോഗുണപ്രധാനമായ അറിവിന്റെ ഫലമാണ്. ഇവിടെ യുക്തിവിചാരം തീരെ നശിക്കുന്നു. ഇതു നല്ലതാണോ, ഇതിന്റെ ഭാവി എങ്ങനെവരും; അതൊന്നും ചിന്തിക്കാൻ കഴിവുണ്ടാകുന്നില്ല. ഭൗതികമായ പ്രധാന ലക്ഷ്യംപോലും ഒന്നും മുൻപിൽ കാണുകയില്ല. തന്റെ ആസക്തി ശമിപ്പിക്കാൻ പണം കടം വാങ്ങിയും മറ്റ്

digitized by www.sreyas.in

അധാർമികമാർഗങ്ങളംഗീകരിച്ചും പതിക്കാനിടവരുന്നതാണീ ജ്ഞാനത്തിന്റെ ഫലം. ജീവിതം അത്യന്തം ഇടുങ്ങിയ ഒരു മണ്ഡലത്തിലെത്തിച്ചേരും. തമോഗുണപ്രധാനമായ ജ്ഞാനത്തിലെ മോഹാനുഭവങ്ങൾ ശീലമായിത്തീർന്നാൽ ആ മണ്ഡലത്തിൽ നിന്നു പിന്നെ രക്ഷപ്പെടാനും പ്രയാസമായിരിക്കും. ഇരുട്ടിലേക്കുള്ള പതനത്തിന്റെ മാർഗമാണീ ജ്ഞാനം.

കർമപ്രചോദകമായ ജ്ഞാനത്തിന്റെ ഭേദങ്ങളാണിതുവരെ വെളിപ്പെടുത്തിയത്. ഈ ഓരോ ജ്ഞാനഭേദവും പ്രചോദിപ്പിക്കുന്ന കർമത്തിന്റെ ഭേദങ്ങളാണിനി വെളിപ്പെടുത്താൻ പോകുന്നത്. കർമസ്വരൂപഘടകങ്ങളിൽ ഒന്നാണല്ലോ ഈ കർമം അഥവാ ചേഷ്ട. സാത്വികജ്ഞാനത്താൽ പ്രേരിതമായ സാത്വികചേഷ്ട എങ്ങനെയുള്ളതായിരിക്കുമെന്നാണ് ഇരുപത്തിമൂന്നാം പദ്യത്തിൽ വിവരിക്കുന്നത്:

*23. നിയതം സംഗരഹിതമരാഗദ്വേഷതഃ കൃതം*
*അഫലപ്രേപ്സുനാ കർമ യത്തത് സാത്ത്വികമുച്യതേ*

നിയതം – സ്വധർമമായി തീരുമാനിച്ചുറച്ചതും; സംഗരഹിതം – താൻ ചെയ്യുന്നു എന്ന കർതൃഭാവം ഉൾക്കൊള്ളാതെ അനുഷ്ഠിക്കപ്പെടുന്നതും; അഫലപ്രേപ്സുനാ – ഫലേച്ഛ കൈവെടിഞ്ഞവനാൽ; അരാഗദ്വേഷതഃ കൃതം – രാഗമോ ദ്വേഷമോ ഇല്ലാതെ നിർവഹിക്കപ്പെടുന്നതുമായ; യത് കർമ – കർമമേതാണോ; തത് – അത്; സാത്വികം ഉച്യതേ – സത്വഗുണപ്രധാനമായി കണക്കാക്കപ്പെടുന്നു.

സ്വധർമമായി തീരുമാനിച്ചുറച്ചതും ഞാൻ ചെയ്യുന്നു എന്ന കർതൃഭാവം ഉൾക്കൊള്ളാതെ അനുഷ്ഠിക്കപ്പെടുന്നതും ഫലേച്ഛ കൈവെടിഞ്ഞവനാൽ രാഗമോ ദ്വേഷമോ ഇല്ലാതെ നിർവഹിക്കപ്പെടുന്നതുമായ കർമമേതാണോ അതു സത്വഗുണപ്രധാനമായി കണക്കാക്കപ്പെടുന്നു.

## *തത് സാത്വികമുച്യതേ*

സാത്വികജ്ഞാനവും സാത്വികകർമവും പരസ്പരബദ്ധമാണ്. സാത്വികകർമം സാത്വികജ്ഞാനത്തെയും സാത്വികജ്ഞാനം സാത്വികകർമത്തെയും പരസ്പരം പോഷിപ്പിക്കുന്നു. സാത്വികജ്ഞാനിക്കു കർമം പ്രാരബ്ധക്ഷയത്തിനുള്ള ശരീരത്തിന്റെ സ്വധർമാനുഷ്ഠാനമാണ്. വാസനാക്ഷയമാണു കർമലക്ഷ്യം. അതുകൊണ്ടു സാത്വികജ്ഞാനി തന്റെ കഴിവും ചുറ്റുപാടുകളുമനുസരിച്ചു താൻ ചെയ്യേണ്ട സ്വധർമമെന്തെന്നു വ്യക്തമായി കാണുന്നു. അതാണു കർമത്തിന്റെ നിയതത്വം. ആ നിയതകർമം കർതൃ

digitized by www.sreyas.in

ഭാവം വെടിഞ്ഞയാൾ നിർവഹിക്കുന്നു. താൻ ഈശ്വരന്റെ കയ്യിലെ വെറും ഒരുപകരണമാണെന്നും തന്റെ കർമം ഈശ്വരാരാധനയാണെന്നും അയാൾ ദൃഢമായി ഭാവന ചെയ്യുന്നു. ഇതാണു സംഗരഹിതത്വം. ഫലേച്ഛ വെടിയുന്നു. ഫലേച്ഛയുടെ സ്ഥാനത്ത് ഈശ്വരബുദ്ധി ഉറപ്പിക്കുന്നു. അതുകൊണ്ടു കർമരംഗത്ത് അയാൾക്കു വിശേഷിച്ചു രാഗമോ ദ്വേഷമോ ഇല്ല. ഫലേച്ഛയുള്ളപ്പോഴാണു രാഗദ്വേഷങ്ങൾക്കു പ്രസക്തി. ഫലം അനുകൂലമായാൽ വിശേഷിച്ചാരോടും രാഗമില്ല; അതീശ്വരകാരുണ്യം. ഫലം പ്രതികൂലമായാൽ വിശേഷിച്ചാരോടും ദ്വേഷമില്ല; അതീശ്വരേച്ഛ. ഈ സാത്വികകർമം അതിരറ്റ ചിത്തശുദ്ധിക്കു കാരണമായിത്തീരുന്നു. തുടർന്ന് ആത്മാനുഭവത്തിനു വഴിയും തെളിയുന്നു.

ഇനി രാജസകർമത്തിന്റെ പ്രത്യേകതകളാണ് അടുത്ത പദ്യത്തിൽ വിവരിക്കുന്നത്:

*24. യത്തു കാമേപ്സുനാ കർമ സാഹംകാരേണ വാ പുനഃ*
*ക്രിയതേ ബഹുലായാസം തദ്രാജസമുദാഹൃതം*

കാമേപ്സുനാ - നിരന്തരം ഫലേച്ഛ വളർത്തിയും; സാഹംകാരേണ വാ പുനഃ - 'ഞാൻ ചെയ്യുന്നു, എന്ന കർതൃഭാവത്തിനു മൂർച്ചകൂട്ടിയും; ബഹുലായാസം - പലതരം ക്ലേശങ്ങളും സഹിച്ച്; യത് കർമ - ഏതു കർമമാണോ; ക്രിയതേ - ചെയ്യപ്പെടുന്നത്; തത് - അത്; രാജസം ഉദാഹൃതം - രജോഗുണപ്രധാനമായ കർമമെന്നു പറയപ്പെടുന്നു.

നിരന്തരം ഫലേച്ഛ വളർത്തിയും 'ഞാൻ ചെയ്യുന്നു' എന്ന കർതൃഭാവത്തിനു മൂർച്ചകൂട്ടിയും പലതരം ക്ലേശങ്ങളും സഹിച്ച് ഏതു കർമമാണോ ചെയ്യപ്പെടുന്നത് അതു രജോഗുണപ്രധാനമായ കർമമെന്നു പറയപ്പെടുന്നു.

## *തദ്രാജസമുദാഹൃതം*

കർമത്തിന്റെയും സംഗത്തിന്റെയും ഗുണമാണു രജസ്സ്. രജോഗുണപ്രധാനമായ ജ്ഞാനവും രജോഗുണപ്രധാനമായ കർമവും പരസ്പരബദ്ധമാണ്. അദ്വയവസ്തുബോധം നഷ്ടപ്പെട്ട് ഓരോ പ്രപഞ്ചഘടകത്തെയും അതാതിന്റെ പ്രത്യേകതയോടുകൂടി അറിയുന്നതാണു രാജസ്സജ്ഞാനം, ഇങ്ങനെ പലതു സത്യമെന്നു തോന്നുന്നതോടെ സുഖമിരിക്കുന്നതു പുറത്തുള്ള ജഡവസ്തുക്കളിലാണെന്നു ഭ്രമം വരുന്നു. അതോടെ അനുകൂലമായ ഭൗതികഫലം നേടാനുള്ള ഉപായമാണു കർമമെന്നും വന്നുചേരുന്നു. നിരന്തരം ശക്തിപ്പെട്ടുവരുന്ന ഭൗതികഫലേച്ഛയെയാണു രാജസ്സകർമ

digitized by www.sreyas.in

ത്തിന്റെ പ്രത്യേകത. ഫലേച്ഛ കർതൃഭാവത്തിനു മൂർച്ചകൂട്ടും. തുടർന്നു കർമം രാഗദ്വേഷസങ്കുലമായിത്തീരും. കർമത്തിന്റെ വലിപ്പമോ വ്യാപ്തിയോ അല്ല ബഹുലായാസത്വം. രാഗദ്വേഷസങ്കുലതയാണു ബഹുലായാസത്വം. അതു ശരീരത്തെയും മനസ്സിനെയും ഒരുപോലെ തളർത്തുന്നു. രാഗദ്വേഷരഹിതമായി അനായാസമായി യുദ്ധംപോലും ചെയ്യാൻ ഒരു സത്വഗുണ പ്രധാനിക്കു വേണമെങ്കിൽ കഴിയുമെന്നാണു ഭീഷ്മരും മറ്റും തെളിയിക്കുന്നത്. അപ്പോൾ കർമത്തെ ആയാസകരമാക്കുന്നതു രജോഗുണമാണെന്നോർക്കണം.

തമോഗുണപ്രധാനമായ കർമമാണിനി വിവരിക്കുന്നത്:

*25. അനുബന്ധം ക്ഷയം ഹിംസാമനവേക്ഷ്യ ച പൗരുഷം*
*മോഹാദാരഭ്യതേ കർമ യത്തത്താമസമുച്യതേ*

അനുബന്ധം - ഭാവി എന്തായിരിക്കുമെന്നോ; ക്ഷയം - ശക്തിയും സമ്പത്തും എന്തുമാത്രം ക്ഷയിക്കുമെന്നോ; ഹിംസാം - പരദ്രോഹം എന്തുമാത്രം സംഭവിക്കുമെന്നോ; പൗരുഷം - തനിക്കിതിനുള്ള കഴിവുണ്ടോ എന്നോ; അനവേക്ഷ്യ - വിവേകപൂർവം ചിന്തിക്കാതെ; യത് കർമ - ഏതു കർമമാണോ; മോഹാത് - ലക്ഷ്യബോധമില്ലാതെ; ആരഭ്യതേ - ആരംഭിക്കപ്പെടുന്നത്; തത് - ആ കർമം; താമസം ച ഉച്യതേ - തമോഗുണപ്രധാനമെന്നും പറയപ്പെടുന്നു.

ഭാവി എന്തായിരിക്കുമെന്നോ ശക്തിയും സമ്പത്തും എന്തുമാത്രം ക്ഷയിക്കുമെന്നോ പരദ്രോഹം എന്തുമാത്രം സംഭവിക്കുമെന്നോ തനിക്കിതിനുള്ള കഴിവുണ്ടോ എന്നോ വിവേകപൂർവം ചിന്തിക്കാതെ ഏതു കർമമാണോ ലക്ഷ്യബോധമില്ലാതെ ആരംഭിക്കപ്പെടുന്നത് ആ കർമം തമോഗുണപ്രധാനമെന്നും പറയപ്പെടുന്നു.

## *തത്താമസമുച്യതേ*

മോഹത്തിന്റെ ഗുണമാണ് തമസ്സ്. തമോഗുണപ്രധാനമായ ജ്ഞാനവും തമോഗുണപ്രധാനമായ കർമവും പരസ്പരബദ്ധമാണ്. യുക്തിചിന്ത ചെയ്യാൻ കഴിയാത്ത, ലക്ഷ്യബോധമില്ലാത്ത ജ്ഞാനമാണു താമസ്സജ്ഞാനം. അപ്പോൾ കർമവും അതനുസരിച്ചിരിക്കും. തമോഗുണപ്രധാനമായ കർമം ഒരുവനെ അനന്തരഭാവിയിൽത്തന്നെ ഭൗതികമായിപ്പോലും വളരെ പതിപ്പിച്ചു എന്നുവരാം. അതു മുൻകൂട്ടിക്കാണാൻ തമോഗുണിക്കു കഴിയുകയില്ല. ഒരുവന്റെ ശക്തിയും സമ്പത്തും തമോഗുണകർമം അതിവേഗം ക്ഷയിപ്പിക്കുന്നു. ചൂതുകളി, മദ്യപാനം തുടങ്ങിയ തമോഗുണകർമ

digitized by www.sreyas.in

ങ്ങളിലേർപ്പെടുന്നവർ അതിവേഗം കടക്കാരായും രോഗികളായും നശിക്കുന്നതു കാണാറുണ്ടല്ലോ. തന്റെ തൽക്കാലപൗരുഷത്തിനു കഴിയാത്ത ഏതു കർമം ഏറ്റെടുക്കുന്നതും തമസ്സിലേക്കുള്ള പതനത്തിനു വഴിതെളിക്കും. ഭൗതികമോ ആധ്യാത്മികമോ ആയ വ്യക്തമായ യാതൊരു ലക്ഷ്യവും മുൻപിൽ കാണാതെ തോന്നിയപോലെ കർമം ചെയ്യാനാണു തമോഗുണം പ്രേരിപ്പിക്കുന്നത്.

ഗുണസംഖ്യാനത്തിലെ കർമഭേദങ്ങൾ വിവരിച്ചശേഷം കർമസ്വരൂപത്തിലെ മറ്റൊരു പ്രധാന ഘടകമായ കർതൃഭേദം വിവരിക്കാനൊരുമ്പെടുകയാണു ഭഗവാൻ അടുത്ത മൂന്നു പദ്യങ്ങളിൽ. സാത്വികനായ കർത്താവിന്റെ ലക്ഷണമാണ് ഇരുപത്താറാം പദ്യത്തിൽ വിവരിക്കുന്നത്:

*26. മുക്തസംഗോഽനഹംവാദീ ധൃത്യുത്സാഹസമന്വിതഃ*
*സിദ്ധ്യസിദ്ധ്യോർനിർവികാരഃ കർത്താ സാത്വിക ഉച്യതേ*

മുക്തസംഗഃ - ഫലേച്ഛ തീരെ വെടിഞ്ഞവനും; അനഹംവാദീ - ഞാനാണു ചെയ്യുന്നത് എന്ന കർതൃഭാവത്തിനും ഇടം നൽകാത്തവനും; ധൃത്യുത്സാഹസമന്വിതഃ - ധൈര്യം, ഉത്സാഹം എന്നിവ തുടർന്നു നിലനിറുത്തുന്നവനും; സിദ്ധ്യസിദ്ധ്യോഃ നിർവികാരഃ - ജയത്തിലും പരാജയത്തിലും സമനില തെറ്റാത്തവനുമായ; കർത്താ - കർത്താവ്; സാത്വികഃ ഉച്യതേ - സാത്വികൻ എന്നു പറയപ്പെടുന്നു.

ഫലേച്ഛ തീരെ വെടിഞ്ഞവനും ഞാനാണു ചെയ്യുന്നത് എന്ന കർതൃഭാവത്തിന് ഇടം നൽകാത്തവനും ധൈര്യം, ഉത്സാഹം എന്നിവ തുടർന്നു നിലനിറുത്തുന്നവനും ജയത്തിലും പരാജയത്തിലും സമനില തെറ്റാത്തവനുമായ കർത്താവ് സാത്വികൻ എന്നു പറയപ്പെടുന്നു.

## *കർത്താ സാത്വിക ഉച്യതേ*

സാത്വികജ്ഞാനത്തോടുകൂടി സാത്വികകർമം ചെയ്യുന്നയാളാണു സാത്വികകർത്താവ്. സത്വഗുണം ആത്മസുഖത്തിന്റെ ഗുണമാണ്. അതുകൊണ്ട് സത്വഗുണപ്രധാനനായ കർത്താവ് താൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആത്മസുഖത്തെ വളർത്താൻ വേണ്ടിയായിരിക്കും കർമം ചെയ്യുന്നത്. ഫലേച്ഛ വെടിഞ്ഞു കർമവാസന ക്ഷയിക്കത്തക്കവണ്ണം കർമം ചെയ്താലേ അതു സാധ്യമാവൂ എന്നയാൾക്കറിയാം. കർതൃഭാവത്തിനു ശക്തി കുറച്ച് ഈശ്വരാരാധനാരൂപത്തിൽ കർമം ചെയ്താലേ അതു പറ്റൂ എന്നയാൾക്കറിയാം. എന്നു കരുതി സ്വധർമാനുഷ്ഠാനത്തിൽ ഭയമോ അല

digitized by www.sreyas.in

സതയോ കടന്നു കൂടിയാൽ അതു തമസ്സിലേക്കുള്ള പതനമാവുമെന്നും അയാൾ അറിയുന്നു. അതുകൊണ്ടു കർമരംഗത്തു ധൈര്യവും ഉത്സാഹവും തുടർന്നു നിലനിറുത്താൻ അയാൾ സദാ ശ്രദ്ധാലുവാണ്. ഇവിടെയാണു വേദാന്തം മനുഷ്യരെ അലസരാക്കുന്നു എന്ന വാദം പൊളിഞ്ഞുപോകുന്നത്. ഏതു സത്യാന്വേഷിയുടെ കർമം പരിശോധിച്ചാലും മങ്ങിപ്പോകാത്ത ധൃതിയും ഉത്സാഹവും കാണ്മാനുണ്ടാവും. മനുഷ്യനെ അലസനാക്കുന്നതു വേദാന്തമല്ല, അവന്റെ സ്വഭാവമായ തമോഗുണമാണ്. വിജയത്തിലും പരാജയത്തിലും മനസ്സിന്റെ സമനില നഷ്ടപ്പെടാത്തവനു മാത്രമേ സത്യം തെളിയൂ എന്നും സാത്വിക കർത്താവ് നല്ലപോലെ അറിയുന്നു.

രാജസ്സനായ കർത്താവിന്റെ ലക്ഷണമാണിനി വിവരിക്കുന്നത്:

*27. രാഗീ കർമഫലപ്രേപ്സുർലുബ്ധോ ഹിംസാത്മകോഽശുചിഃ*
*ഹർഷശോകാന്വിതഃ കർത്താ രാജസഃ പരികീർത്തിതഃ*

രാഗീ - തനിക്കിഷ്ടമായതു സംഭവിക്കണമെന്നു സദാ കൊതിക്കുന്നവനും; കർമഫലപ്രേപ്സുഃ - അതുകൊണ്ടു കർമഫലേച്ഛയിൽ നിരന്തരം മനസ്സു പറ്റി നിൽക്കുന്നവനും; ലുബ്ധഃ - കിട്ടിയതൊന്നും മതിയാകാത്തവനും; ഹിംസാത്മകഃ - കാര്യം നേടാൻ പരദ്രോഹത്തിനു മടിക്കാത്തവനും; അശുചിഃ - ചിത്തശുദ്ധിയില്ലാത്തവനും; ഹർഷശോകാന്വിതഃ - ഇടവിട്ടു സന്തോഷസന്താപങ്ങൾക്കു വഴങ്ങുന്നവനുമായ; കർത്താ - കർത്താവ്; രാജസഃ പരികീർത്തിതഃ - രാജസ്സനെന്നു വിവരിക്കപ്പെടുന്നു.

തനിക്കിഷ്ടമായതു സംഭവിക്കണമെന്നു സദാ കൊതിക്കുന്നവനും അതുകൊണ്ടു കർമഫലേച്ഛയിൽ നിരന്തരം മനസ്സു പറ്റിനിൽക്കുന്നവനും കിട്ടിയതൊന്നും മതിയാകാത്തവനും കാര്യം നേടാൻ പരദ്രോഹത്തിനു മടിക്കാത്തവനും ചിത്തശുദ്ധിയില്ലാത്തവനും ഇടവിട്ടു സന്തോഷസന്താപങ്ങൾക്കു വഴങ്ങുന്നവനുമായ കർത്താവ് രാജസ്സനെന്നു വിവരിക്കപ്പെടുന്നു.

## *കർത്താ രാജസഃ പരികീർത്തിതഃ*

രജോഗുണം ആത്മസുഖത്തെ മറയ്ക്കുന്നു. അതോടെ പുറത്തുള്ള ജഡപദാർഥങ്ങളിലാണു സുഖമെന്നു ഭ്രമിക്കാനുമിടവരുന്നു. അതുകൊണ്ട് എപ്പോഴും പുറത്തുനിന്നു തനിക്കിഷ്ടമായുള്ളതു വരണം എന്ന ചിന്തയാണു രാഗം. ഇഷ്ടം നടക്കുമോ നടക്കുകയില്ലയോ എന്നിങ്ങനെ നിരന്തരമായ കർമഫലചിന്തയാണു രാഗത്തിന്റെ അനന്തരഫലം. ഇനി പല ഇഷ്ടങ്ങളും നടന്നു എന്നുതന്നെ ഇരിക്കട്ടെ. സുഖം ഭൗതികമല്ലാത്തതുകൊണ്ട് എന്തൊക്കെ ലഭി

digitized by www.sreyas.in

ച്ചാലും തൃപ്തിവരില്ല. അസൂയാദിദോഷങ്ങൾകൊണ്ടു ചിത്തം കലുഷമാകും. തുടർന്നു പരദ്രോഹം ചെയ്തും കൂടുതൽ കൂടുതൽ നേടാൻ കൊതിയുണ്ടാകും. ഇതാണു ലുബ്ധ്. ഇനി എത്രയൊക്കെ നിഷ്കർഷിച്ചാലും ഇഷ്ടം മാത്രം സംഭവിച്ചുകൊണ്ടിരിക്കുകയെന്നതു ലോകനിയമമല്ല. ഇഷ്ടവും അനിഷ്ടവും മാറിമാറിവരും. അപ്പോഴൊക്കെ മാറിമാറി നൈമിഷികമായ സന്തോഷവും സന്താപവും അനുഭവിക്കേണ്ടതായി വരും. ഇങ്ങനെ ഒരു നദിയിൽ ചുഴികളിൽപ്പെട്ട് ഉയർന്നും താഴ്ന്നും ഒഴുകുന്ന പദാർഥത്തെപ്പോലെ കർമനദിയിൽ രാഗദ്വേഷസന്തോഷസന്താപച്ചുഴികളിൽപ്പെട്ട സ്ഥിരമായ ലക്ഷ്യബോധമില്ലാതെ ഒഴുകുന്ന കർത്താവാണ് രജോഗുണപ്രധാനൻ.

തമോഗുണപ്രധാനനായ കർത്താവിന്റെ ലക്ഷണമാണ് ഇരുപത്തെട്ടാം പദ്യത്തിൽ വിവരിക്കുന്നത്:

*28. അയുക്തഃ പ്രാകൃതഃ സ്തബ്ധഃ ശഠോ നൈഷ്കൃതികോഽലസഃ*
*വിഷാദീ ദീർഘസൂത്രീ ച കർത്താ താമസ ഉച്യതേ*

അയുക്തഃ - ഭൗതികകാര്യങ്ങളിൽ അൽപ്പമായ ഏകാഗ്രതപോലുമില്ലാതെ മനസ്സു സദാ ചലിച്ചുകൊണ്ടിരിക്കുന്നവനും; പ്രാകൃതഃ - സ്വന്തം പ്രകൃതിവികാരങ്ങൾക്കു വിവേകമില്ലാതെ അടിമപ്പെടുന്നവനും; സ്തബ്ധഃ - ആരുടെ മുമ്പിലും ഗർവം നടിക്കുന്നവനും; ശഠഃ - മർക്കടമുഷ്ടിക്കാരനും; നൈഷ്കൃതികഃ - അന്യന്റെ ഉപജീവനമാർഗത്തെ തടയുന്നവനും; അലസഃ - കർത്തവ്യവിമുഖനും; വിഷാദീ - വിഷാദാത്മകനും; ദീർഘസൂത്രീ ച - ചെയ്യേണ്ട കാര്യങ്ങളെ നീട്ടിനീട്ടികൊണ്ടുപോകുന്നവനുമായ; കർത്താ - കർത്താവ്; താമസഃ ഉച്യതേ - തമോഗുണപ്രധാനനെന്നു പറയപ്പെടുന്നു.

ഭൗതിക കാര്യങ്ങളിൽ അൽപ്പമായ ഏകാഗ്രതപോലുമില്ലാതെ മനസ്സു സദാ ചലിച്ചുകൊണ്ടിരിക്കുന്നവനും സ്വന്തം പ്രകൃതിവികാരങ്ങൾക്കു വിവേകമില്ലാതെ അടിമപ്പെടുന്നവനും ആരുടെ മുൻപിലും ഗർവം നടിക്കുന്നവനും മർക്കടമുഷ്ടിക്കാരനും അന്യന്റെ ഉപജീവനമാർഗത്തെ തടയുന്നവനും കർത്തവ്യവിമുഖനും വിഷാദാത്മകനും ചെയ്യേണ്ട കാര്യങ്ങളെ നീട്ടിനീട്ടിക്കൊണ്ടുപോകുന്നവനുമായ കർത്താവ് തമോഗുണപ്രധാനനെന്നു പറയപ്പെടുന്നു.

## *കർത്താ താമസ ഉച്യതേ*

സ്വാർഥകാര്യങ്ങളിൽപ്പോലും തീരുമാനമെടുക്കാൻ കഴിയാത്തവിധമുള്ള മനസ്സിന്റെ അത്യന്തചഞ്ചലതയാണു തമോഗുണിയുടെ അയുക്ത

digitized by www.sreyas.in

ത്വം. നൈമിഷികങ്ങളായ കാമക്രോധലോഭാദി വികാരങ്ങൾക്കു സ്ഥല കാലഭേദമെന്യേ അടിമപ്പെടുന്നതായിരിക്കും അയാളുടെ സ്വഭാവം. അവി നയവും നിർബന്ധബുദ്ധിയും അയാളെ വിട്ടുമാറുകയില്ല. സ്വാർഥലാഭ ത്തിനോ ക്രൂരവിനോദത്തിനോ വേണ്ടി അന്യന്റെ ഉപജീവനമാർഗം പോലും തടയാൻ അയാൾ മടിക്കുകയില്ല. സ്വകൃത്യമൊന്നും നേരെ അനുഷ്ഠിക്കാതെ മിക്കവാറും അലസനായി കഴിഞ്ഞുകൂടും. മുഖത്തു വിഷാദാത്മകത സദാ കളിയാടും. തമോഗുണത്തിന്റെ പ്രകടമായ ലക്ഷണമാണു വിഷാദാത്മകത. താൻ ചെയ്യേണ്ട ചെറിയ ചെറിയ കാര്യ ങ്ങൾപോലും നാളെ നാളെയെന്നു മാറ്റിവച്ച് അലസതയെ വളർത്തും. തമോഗുണപ്രധാനനായ കർത്താവ് ഇഹത്തിലും പരത്തിലും പരാജിത നായി ഭവിക്കുന്നു. തമോഗുണജ്ഞാനവും തമോഗുണകർമവും ഇയാ ളുടെ നിത്യസഹചാരികളായി വർത്തിക്കുന്നു.

ഇങ്ങനെ കർമവിശകലനം പൂർത്തിയാക്കിയശേഷം ബുദ്ധിയും ധൃതിയും ഗുണസംഖ്യാനമനുസരിച്ചെങ്ങനെ വേർതിരിയുന്നു എന്നു വിശ ദീകരിക്കാമെന്നു പറയുകയാണടുത്ത പദ്യത്തിൽ:

*29. ബുദ്ധേർഭേദം ധൃതേശ്ചൈവ ഗുണതസ്ത്രിവിധം ശൃണു*
*പ്രോച്യമാനമശേഷേണ പൃഥക്ത്വേന ധനഞ്ജയ*

ധനഞ്ജയ - അല്ലയോ അർജുനാ; ബുദ്ധേഃ - ബുദ്ധിയുടെയും; ധൃതേഃ ച ഏവ - ധൃതിയുടെയും; ഗുണതഃ - ത്രിഗുണാശ്രയമായ; ത്രിവിധം ഭേദം - മൂന്നുവിധം ഭേദം; അശേഷേണ - സമഗ്രമായി; പൃഥക്ത്വേന - വേർതിരിച്ച്; പ്രോച്യമാനം - ഞാൻ പറയാൻ പോകുന്നത്; ശൃണു - ശ്രദ്ധിച്ചു കേട്ടാലും.

അല്ലയോ അർജുനാ, ബുദ്ധിയുടെയും ധൃതിയുടെയും ത്രിഗുണാശ്ര യമായ മൂന്നുവിധം ഭേദം സമഗ്രമായി വേർതിരിച്ചു ഞാൻ പറയാൻ പോകു ന്നതു ശ്രദ്ധിച്ചുകേട്ടാലും.

## *ത്രിവിധം ശൃണു*

ജ്ഞാനഭേദം നേരത്തെ വെളിപ്പെടുത്തി. നിലനിൽപ്പിലെ വസ്തുവി നെക്കുറിച്ചുള്ള അറിവാണു ജ്ഞാനം. ആ ജ്ഞാനത്തെ ആശ്രയിച്ചു കൊണ്ട് ജീവിതഗതി എങ്ങനെ വേണമെന്നു നിശ്ചയിക്കുന്ന അന്തക്കരണ ഘടകമാണു ബുദ്ധി. എവിടെയും വസ്തുബോധത്തിന്റെ കൂടുതൽ കുറവാ ണല്ലോ ബുദ്ധിയുടെ തീരുമാനങ്ങളെ സ്വാധീനിക്കുന്നത്. ബുദ്ധിയുടെ തീരുമാനങ്ങളിൽ ഉപകരണങ്ങളെ ഉറപ്പിച്ചുനിറുത്തി പ്രവർത്തിപ്പിക്കാ



digitized by www.sreyas.in

നുള്ള കഴിവാണു ധൃതി. ചുരുക്കത്തിൽ ഒരു ജീവന്റെ അകവും പുറവും എങ്ങനെയുള്ളതായിരിക്കണമെന്നു തീരുമാനിക്കുന്ന ഒരേ ഒരു ഘടകം ആ ജീവസ്വരൂപത്തിലെ ഗുണഘടനയാണ്. അതുതന്നെയാണു ജീവന്റെ സ്വഭാവം. ജീവന്മാരെക്കൊണ്ടു നിറഞ്ഞ ലോകവ്യവഹാരം ജീവസ്വഭാവങ്ങളെ മാത്രം ആശ്രയിക്കുന്നതാണല്ലോ. അതുകൊണ്ടാണു ജീവസ്വരൂപത്തിലെ ഓരോ ഘടകവും ത്രിഗുണങ്ങളെ ആശ്രയിച്ചെങ്ങനെ വേർതിരിയുന്നു എന്നു ഭഗവാൻ ഇത്ര വിശദമായി ചർച്ചചെയ്യാൻ ഒരുമ്പെടുന്നത്. ഇതു നല്ല വണ്ണം ധരിച്ചാൽ ജീവലോകത്തു പിന്നെ ഒന്നും അറിയാൻ അവശേഷിക്കുന്നുണ്ടാവില്ല.

തുടർന്നു സാത്വികീബുദ്ധിയുടെ ലക്ഷണമാണു ഭഗവാൻ അടുത്തതായി വിശദീകരിക്കാനൊരുമ്പെടുന്നത്:

*30. പ്രവൃത്തിം ച നിവൃത്തിം ച കാര്യാകാര്യേ ഭയാഭയേ*
*ബന്ധം മോക്ഷം ച യാ വേത്തി ബുദ്ധിഃ സാ പാർഥ സാത്വികീ*

പ്രവൃത്തിം ച - കർമവാസന വളർത്തുന്ന പ്രവൃത്തി എന്ത്? നിവൃത്തിം ച - കർമവാസന ക്ഷയിപ്പിക്കുന്ന നിവൃത്തി എന്ത്? കാര്യാകാര്യേ - ചെയ്യേണ്ടതെന്ത്? ചെയ്യാൻ പാടില്ലാത്തതെന്ത്? ഭയാഭയേ - ഭയമെന്ത്? അഭയമെന്ത്? ബന്ധം മോക്ഷം ച - ബന്ധമെന്ത്? മോക്ഷമെന്ത്? യാ ബുദ്ധിഃ വേത്തി - ഇതെല്ലാം ഏതു ബുദ്ധി വേർതിരിച്ചറിയുന്നോ; സാ ബുദ്ധിഃ - ആ ബുദ്ധി; പാർഥ - അല്ലയോ അർജുനാ; സാത്വികീ - സത്വഗുണപ്രധാനമാണ്.

കർമവാസന വളർത്തുന്ന പ്രവൃത്തി എന്ത്? കർമവാസന ക്ഷയിപ്പിക്കുന്ന നിവൃത്തി എന്ത്? ചെയ്യേണ്ടതെന്ത്? ചെയ്യാൻ പാടില്ലാത്തതെന്ത്? ഭയമെന്ത്? അഭയമെന്ത്? ബന്ധമെന്ത്? മോക്ഷമെന്ത്? ഇതെല്ലാം ഏതു ബുദ്ധി വേർതിരിച്ചറിയുന്നുവോ, അല്ലയോ അർജുനാ, ആ ബുദ്ധി സത്വഗുണപ്രധാനമാണ്.

## *സാ ബുദ്ധിഃ സാത്വികീ*

സത്യമാർഗവും അസത്യമാർഗവും വ്യക്തമായി വേർതിരിച്ചറിയുന്ന ബുദ്ധിയാണു സത്വഗുണപ്രധാനയായ ബുദ്ധി. വ്യക്തമായ വസ്തുബോധമാണീ ബുദ്ധിയുടെ ഉറവിടം. ഈ ബുദ്ധിക്കു പ്രവൃത്തിയും നിവൃത്തിയും വേർതിരിയുന്നു. കർമം എങ്ങനെ അനുഷ്ഠിച്ചാൽ അതു ബന്ധകാരണമാകും; എങ്ങനെ അനുഷ്ഠിച്ചാൽ ബന്ധകാരണമാവുകയില്ല; ഇക്കാര്യം നല്ലപോലെ അറിയാൻ കഴിയുമെന്നു താൽപ്പര്യം. ഫലേച്ഛയോടെ അനു

digitized by www.sreyas.in

ഷ്ഠിച്ചാൽ കർമവാസന വളർന്നു കർമം ബന്ധകാരണമായിത്തീരും. അതാണു പ്രവൃത്തി. ഫലേച്ഛ വെടിഞ്ഞ് ഈശ്വരബുദ്ധി ഉറപ്പിച്ച് അനുഷ്ഠിച്ചാൽ അതു കർമവാസന ക്ഷയിപ്പിച്ചു മോക്ഷത്തെയുളവാക്കും. ഇതാണു നിവൃത്തി. വാസനാക്ഷയത്തിനു സഹായിക്കുന്ന നിവൃത്തി കാര്യം. വാസനയെ വളർത്തുന്ന പ്രവൃത്തി അകാര്യം. പലതിന്റെ തോന്നലാണു ഭയം. അദ്വൈത ബ്രഹ്മബോധമാണ് അഭയം. കർമവാസനയാണു ബന്ധം. വാസനാക്ഷയമാണു മോക്ഷം. ഇതെല്ലാം വ്യക്തമായറിയുന്ന ബുദ്ധിയാണു സാത്വികബുദ്ധി.

ഇനി രാജസ്സീബുദ്ധിയെ വിവരിക്കുന്നു:

*31. യയാ ധർമമധർമം ച കാര്യം ചാകാര്യമേവ ച*
*അയഥാവത് പ്രജാനാതി ബുദ്ധിഃ സാ പാർഥ രാജസീ*

യയാ - ഏതൊരു ബുദ്ധി നിമിത്തമാണോ; ധർമമധർമം ച - ധർമത്തെയും അധർമ്മത്തെയും; കാര്യം ച അകാര്യം ഏവ ച - കാര്യത്തെയും അകാര്യത്തെയും; അയഥാവത് പ്രജാനാതി - സന്ദേഹപൂർവം ധരിക്കുന്നത്; പാർഥ - അല്ലയോ അർജുനാ; സാ ബുദ്ധിഃ രാജസീ - ആ ബുദ്ധി രജോഗുണപ്രധാനമാണ്.

ഏതൊരു ബുദ്ധി നിമിത്തമാണോ ധർമത്തെയും അധർമത്തെയും കാര്യത്തെയും അകാര്യത്തെയും സന്ദേഹപൂർവം ധരിക്കുന്നത്; അല്ലയോ അർജുനാ, ആ ബുദ്ധി രജോഗുണപ്രധാനമാണ്.

## *സാ ബുദ്ധിഃ രാജസീ*

വ്യക്തമായ വസ്തുബോധമില്ലായ്മയാണു രാജസീബുദ്ധിക്കു കാരണം. എങ്ങും നിറഞ്ഞു വിലസുന്ന ബ്രഹ്മം കാണാനില്ലാത്തതു കൊണ്ട് ഉണ്ടോ എന്നു സംശയം. കാണാനുള്ളതുകൊണ്ടു ജഡപ്രപഞ്ചം സത്യമാണെന്നു രാജസീബുദ്ധി കരുതുന്നു. ഇവിടെത്തുടങ്ങുന്നതാണ് അതിന്റെ സംശയം. സത്യത്തോടടുപ്പിക്കുന്നതു ധർമം. സംസാരബന്ധത്തിനു ശക്തികൂട്ടുന്നത് അധർമം. രജോഗുണപ്രധാനി സംസാരബന്ധത്തിനു ശക്തി കൂട്ടുന്നതാണ് ധർമമെന്നു സ്വയം തീരുമാനിക്കുന്നു. സംഗമില്ലാതെയുള്ള പ്രവൃത്തിയാണു കാര്യം. സംഗബദ്ധമായ പ്രവൃത്തി അകാര്യം. രാജസീബുദ്ധി സംഗബദ്ധമായ പ്രവൃത്തികാര്യമായി തെറ്റിദ്ധരിക്കുന്നു.

digitized by www.sreyas.in

ഇനി താമസീബുദ്ധിയെ വിവരിക്കുന്നു;

*32. അധർമം ധർമമിതി യാ മന്യതേ തമസാവൃതാ*
*സർവാർഥാൻ വിപരീതാംശ്ച ബുദ്ധിഃ സാ പാർഥ താമസീ*

തമസാ ആവൃതാ - അജ്ഞാനംകൊണ്ടു പൂർണമായും മറയ്ക്കപ്പെട്ട്; യാ ബുദ്ധിഃ - ഏതു ബുദ്ധിയാണോ; അധർമം - അധർമത്തെ; ധർമം ഇതി - ധർമമായും; സർവാർഥാൻ - എല്ലാ കാര്യങ്ങളെയും; വിപരീതാൻ -നേരേ വിരുദ്ധമായ രീതിയിലും; മന്യതേ - കരുതുന്നത്; പാർഥ - അല്ലയോ അർജുനാ; സാ ബുദ്ധിഃ - ആ ബുദ്ധി; താമസീ - തമോഗുണപ്രധാനമാണ്.

അജ്ഞാനംകൊണ്ടു പൂർണമായും മറയ്ക്കപ്പെട്ട ഏതു ബുദ്ധിയാണോ അധർമത്തെ ധർമമായും എല്ലാ കാര്യങ്ങളെയും നേരേ വിരുദ്ധമായ രീതിയിലും കരുതുന്നത്, അല്ലയോ അർജുനാ, ആ ബുദ്ധി തമോഗുണപ്രധാനമാണ്.

## *സാ ബുദ്ധിഃ താമസീ*

രാജസീബുദ്ധിയിൽ സംശയത്തിന്റെ അംശമുണ്ട്. തമോഗുണപ്രധാനയായ ബുദ്ധിയിൽ സത്യം പൂർണമായും മറയ്ക്കപ്പെട്ടുപോകുന്നു. അജ്ഞാനമറയ്ക്കു ശക്തി കൂട്ടുന്നതാണു തമസ്സ്. കാണേണ്ട രീതിക്കു നേരേ വിരുദ്ധമായി കാര്യങ്ങളെ സംശയമില്ലാതെ കാണുന്ന ബുദ്ധിയാണു താമസീബുദ്ധി. ധർമത്തെ അധർമമായി കാണുന്നു. അധർമത്തെ ധർമമായും. ചെയ്യേണ്ടതു ചെയ്യുകയില്ല. ചെയ്യേണ്ടാത്തതു ചെയ്യും. ഒന്നും നേരെ കാണാനുള്ള കഴിവില്ല. എല്ലാം തെറ്റിദ്ധരിച്ചേ കാണൂ. ബുദ്ധി എന്ന ഉപകരണം ഇരുണ്ടുപോയാൽപ്പിന്നെ കാഴ്ച മുഴുവൻ ഇരുണ്ടതായി ഭവിക്കും. ജഡത്വത്തിലേക്കുള്ള പതനവും ത്വരിതഗതിയിലാകും.

ബുദ്ധിഭേദം വിവരിച്ചശേഷം ഭഗവാൻ അടുത്ത മൂന്നു പദ്യങ്ങളിൽ ധൃതിഭേദം വിവരിക്കാൻ ഒരുമ്പെടുന്നു. തീരുമാനത്തെ തുടർന്ന് ഉപകരണങ്ങൾ അംഗീകരിക്കുന്ന ഉറപ്പായ നിലപാടാണു ധൃതി അഥവാ ധൈര്യം. സത്വഗുണപ്രധാനമായ ധൃതിയെന്തെന്നാണു ഭഗവാൻ ആദ്യമായി വിവരിക്കുന്നത്:

*33. ധൃത്യാ യയാ ധാരയതേ മനഃ പ്രാണേന്ദ്രിയക്രിയാഃ*
*യോഗേനാവ്യഭിചാരിണ്യാ ധൃതിഃ സാ പാർഥ സാത്വികീ*

digitized by www.sreyas.in

പാർഥ - അല്ലയോ അർജുനാ; യോഗേന - ഈശ്വരബുദ്ധിയിലുള്ള മനസ്സിന്റെ ഏകാഗ്രത നിമിത്തം; അവ്യഭിചാരിണ്യാ - മറ്റൊന്നിലും സംഗപ്പെട്ടുപോകാത്ത; യയാ ധൃത്യാ - ഏതൊരു ധാരണാശക്തികൊണ്ട്; മനഃപ്രാണേന്ദ്രിയക്രിയാഃ - മനസ്സ്, പ്രാണൻ, ഇന്ദ്രിയങ്ങൾ എന്നീ ഉപകരണങ്ങളുടെ ചേഷ്ടകളെ; ധാരയതേ - വശത്താക്കി നിറുത്താൻ കഴിയുന്നുവോ; സാ ധൃതിഃ - ആ ധാരണാശക്തി; സാത്വികീ - സത്വഗുണപ്രധാനമാണ്.

ഈശ്വരബുദ്ധിയിലുള്ള മനസ്സിന്റെ ഏകാഗ്രത നിമിത്തം മറ്റൊന്നിലും സംഗപ്പെട്ടുപോകാത്ത ഏതൊരു ധാരണാശക്തികൊണ്ടു മനസ്സ്, പ്രാണൻ, ഇന്ദ്രിയങ്ങൾ എന്നീ ഉപകരണങ്ങളുടെ ചേഷ്ടകളെ വശത്താക്കി നിറുത്താൻ കഴിയുന്നുവോ ആ ധാരണാശക്തി സത്വഗുണപ്രധാനമാണ്.

## *സാ സാത്വികീ ധൃതിഃ*

ധൃതി, ധൈര്യം എന്നൊക്കെ പറയുന്നതു വളരെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള വാക്കുകളാണ്. മറ്റുള്ളവരുടെ മേൽ ചാടിവീഴുന്നതാണു ധൈര്യമെന്നു പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്. ഏതു പരിതസ്ഥിതിയിലും സ്വന്തം മനസ്സിന്റെയും പ്രാണന്റെയും ഇന്ദ്രിയങ്ങളുടെയും ചേഷ്ടകളെ വശത്താക്കി നിറുത്താനുള്ള കഴിവാണു ധൃതി. മനസ്സു പിടിവിട്ടാൽ, പ്രാണഗതി ശീഘ്രതരമായാൽ ഇന്ദ്രിയങ്ങൾ വഴിതെറ്റും. ഇതാണു നിയമം, അവിചാരിതമായുണ്ടാകുന്ന കാമക്രോധാദിമനക്ഷോഭങ്ങളിൽ ഉപകരണങ്ങളുടെ ഈ ചേഷ്ടാനിയമം ആർക്കും പരിശോധിച്ചറിയാവുന്നതാണ്. മനസ്സും പ്രാണനും ഇന്ദ്രിയങ്ങളും ശക്തി സ്പന്ദനത്തിന്റെ വിവിധ ഘട്ടങ്ങളായതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഈ ഉപകരണങ്ങളെ തികച്ചും വശത്താക്കിനിറുത്താൻ ഒരുപായമേയുള്ളു. ഭൗതികവിഷയങ്ങളിലൊന്നിലും എന്റേതെന്നു പറഞ്ഞു സംഗപ്പെടാതിരിക്കുക. മനസ്സിന്റെ സംഗഭാവനയാണ് എല്ലാ ക്ഷോഭത്തിനും കാരണം. സംഗമില്ലാതിരിക്കണമെങ്കിൽ ഉറപ്പുറ്റ ഈശ്വരബുദ്ധിയാവശ്യമാണ്. പ്രപഞ്ചത്തെ മുഴുവൻ ഈശ്വരമയമായി കാണുന്നയാൾ എന്റേതെന്നു പറഞ്ഞ് എന്തിനോടു സംഗപ്പെടാൻ? ഉറപ്പുറ്റ ഈശ്വരബുദ്ധിയാണു യോഗം. യോഗം, നിസംഗത്വം, ഉപകരണങ്ങളുടെ അക്ഷോഭ്യഭാവം ഇതാണു സത്വഗുണപ്രധാനയായ ധൃതിയുടെ ലക്ഷണം. ഈ ധൃതിയുള്ളയാൾ സ്വാഭാവികമായും ആത്മാനന്ദത്തിനവകാശിയായിത്തീരുന്നു.

ഇനിയും രാജസീധൃതിയുടെ ലക്ഷണമാണു വിവരിക്കുന്നത്:

digitized by www.sreyas.in

*34. യയാ തു ധർമകാമാർഥാൻ ധൃത്യാ ധാരയതേഽർജുന*
*പ്രസംഗേന ഫലാകാംക്ഷീ ധൃതിഃ സാ പാർഥ രാജസീ*

അർജുന - അല്ലയോ അർജുനാ; പ്രസംഗേന - കളത്രപുത്രമിത്രാദിയോടും ഭൗതികവസ്തുക്കളോടും ഞാൻ, എന്റേത് എന്നിങ്ങനെയുള്ള അതിയായ സംഗം നിമിത്തം; ഫലാകാംക്ഷീ - സദാ കർമഫലത്തിൽ ബദ്ധചിത്തനായ യാൾ; യയാ ധൃത്യാ തു - ഏതൊരു ധാരണാശക്തികൊണ്ട്; ധർമകാമാർഥാൻ ധാരയതേ - ധർമം, കാമം, അർഥം എന്നിവയെ യഥായോഗ്യം നിലനിറുത്തിപ്പോരുന്നുവോ; പാർഥ - അല്ലയോ കുന്തീപുത്രാ; സാ ധൃതിഃ രാജസീ- ആ ധൃതി രജോഗുണപ്രധാനയാണ്.

അല്ലയോ അർജുനാ, കളത്രപുത്രമിത്രാദിയോടും ഭൗതികവസ്തുക്കളോടും ഞാൻ, എന്റേത് എന്നിങ്ങനെയുള്ള അതിയായ സംഗം നിമിത്തം സദാ കർമഫലത്തിൽ ബദ്ധചിത്തനായയാൾ ഏതൊരു ധാരണാശക്തി കൊണ്ടു ധർമം, കാമം, അർഥം എന്നിവയെ യഥായോഗ്യം നിലനിറുത്തിപ്പോരുന്നുവോ ആ ധൃതി രജോഗുണപ്രധാനയാണ്.

## *സാ രാജസീ ധൃതിഃ*

ആത്മസാക്ഷാൽക്കാരരൂപമായ മോക്ഷം രജോഗുണിക്കു ലക്ഷ്യമേയല്ല. മികച്ച ഭൗതികസുഖമാണയാളുടെ ലക്ഷ്യം. അതുകൊണ്ടു ധർമാർഥകാമങ്ങൾ മാത്രമേ അയാൾക്കു പുരുഷാർഥങ്ങളായുള്ളു. തന്റെ കാമസംപൂർത്തി കളത്രപുത്രഗൃഹധനാദിയെ ആശ്രയിച്ചായതുകൊണ്ട് അയാൾ അവയിലൊക്കെ ഞാൻ, എന്റേത് എന്നിങ്ങനെ സംഗബദ്ധനായി വർത്തിക്കുന്നു. നിരന്തരമായ ഫലേച്ഛയാണയാളുടെ കർമത്തെ നിയന്ത്രിക്കുന്നത്. ഭൗതികസുഖങ്ങളായ കർമഫലങ്ങൾ തനിക്കു വിപരീതമാകാതിരിക്കാൻ തക്കവണ്ണമുള്ള ധർമാചരണങ്ങൾ അപ്പോഴപ്പോൾ നിർവഹിക്കും. തനിക്കും തന്റെ കുടുംബാംഗങ്ങൾക്കും വലിയ ദുഃഖമൊന്നുമുണ്ടാകരുതേയെന്നു ഭഗവാനോടു പ്രാർഥിക്കും. അത്രമാത്രം ധർമത്തിലും ഈശ്വരബുദ്ധിയിലും സ്വന്തം മനസ്സിനെ നിലനിറുത്താൻ കഴിയുന്നതാണയാളുടെ രജോഗുണപ്രധാനയായ ധൃതി.

താമസീ ധൃതിയെയാണിനി വിവരിക്കുന്നത്:

*35. യയാ സ്വപ്നം ഭയം ശോകം വിഷാദം മദമേവ ച*
*ന വിമുഞ്ചതി ദുർമേധാ ധൃതിഃ സാ പാർഥ താമസീ*

digitized by www.sreyas.in

ദുർമേധാഃ - ഇരുളടഞ്ഞ ദുഷ്ടബുദ്ധിയോടുകൂടിയവൻ; യയാ - ഏതൊരു ധാരണാശക്തി നിമിത്തം; സ്വപ്നം - ഉറക്കം; ഭയം - പേടി; ശോകം - ദുഃഖം; വിഷാദം - അശുഭചിന്ത; മദം ഏവ ച - ഗർവം എന്നിവ; ന വിമുഞ്ചതി - ഒരിക്കലും കൈവിടുന്നില്ലയോ, പാർഥ - അല്ലയോ അർജുനാ; സാ ധൃതിഃ താമസീ - ആ ധൃതി താമസിയാണ്.

ഇരുളടഞ്ഞ ദുഷ്ടബുദ്ധിയോടുകൂടിയവൻ ഏതൊരു ധാരണാശക്തി നിമിത്തം ഉറക്കം, പേടി, ദുഃഖം, അശുഭചിന്ത, ഗർവം എന്നിവ ഒരിക്കലും കൈവിടുന്നില്ലയോ, അല്ലയോ അർജുനാ, ആ ധൃതി താമസിയാണ്.

## *സാ താമസീ ധൃതിഃ*

ഭൗതികസുഖങ്ങളുടെ ലാഭത്തിനായിപ്പോലും ചിത്തത്തെ അൽപ്പമൊന്നു നിയന്ത്രിച്ചു നിറുത്താൻ തമോഗുണിക്കു കഴിയുന്നില്ല. വസ്തുബോധം തീരെയില്ല. ലോകവ്യവഹാരത്തിൽപ്പോലും കാര്യകാര്യങ്ങൾ നിശ്ചയമില്ല. മനസ്സ് സദാ മാറിമാറി ഭയം, ദുഃഖം എന്നിവ അനുഭവിച്ചുകൊണ്ടിരിക്കും. സദാ അശുഭഭാവന തുടരും. നിവൃത്തിയില്ലാതായാൽ മനസ്സു ലയിച്ചു ഉറക്കം പിടിക്കും. വേണ്ടാത്തിടത്തൊക്കെ ദുരഭിമാനവും മദവും കാണിക്കും. സ്വാർഥത്തെപ്പോലും അപകടപ്പെടുത്തും. ഇതാണു തമോഗുണിയുടെ ധാരണാശക്തി. തമോഗുണിയുടെ ജ്ഞാനം, ബുദ്ധി, കർമം, ധൃതി എന്നിവയൊക്കെ ഇങ്ങനെ വിവരിക്കുന്നതു യഥാർഥമായി അവയ്ക്കൊക്കെ ആ പേരിനർഹതയില്ലെന്നു കാണിക്കാനാണ്. ഇവയുടെ യഥാർഥ സ്വരൂപം തെറ്റിദ്ധരിക്കപ്പെടാതിരിക്കണം.

ബുദ്ധിഭേദവും ധൃതിഭേദവും ഇങ്ങനെ വിവരിച്ചശേഷം ഗുണാശ്രയങ്ങളായ സുഖഭേദങ്ങളെ വിവരിക്കുകയാണു ഭഗവാൻ ഇനി അടുത്ത നാലു പദ്യങ്ങളിൽ. സാത്വികസുഖലക്ഷണമാണ് മുപ്പത്താറും മുപ്പത്തേഴും പദ്യങ്ങളിൽ വിവരിക്കുന്നത്:

*36. സുഖം ത്വിദാനീം ത്രിവിധം ശൃണു മേ ഭരതർഷഭ*
*അഭ്യാസാദ്രമതേ യത്ര ദുഃഖാന്തം ച നിഗച്ഛതി*

*37. യത്തദഗ്രേ വിഷമിവ പരിണാമേഽമൃതോപമം*
*തത് സുഖം സാത്വികം പ്രോക്തമാത്മബുദ്ധി പ്രസാദജം*

ഭരതർഷഭ - അല്ലയോ അർജുനാ; ഇദാനീം - ഇനി; ത്രിവിധം സുഖം തു - മൂന്നു വിധമായ സുഖത്തെക്കുറിച്ച്; മേ ശൃണു - എന്നിൽനിന്നു കേട്ടുകൊ

digitized by www.sreyas.in

ള്ളുക; യത്ര - ഏതു സുഖാനുഭവത്തിലാണോ; അഭ്യാസാത് രമതേ - മറ്റൊന്നിനെയും ആശ്രയിക്കാതെ മനസ്സിന്റെ പരിശീലനപാകതകൊണ്ട് ആനന്ദം കിട്ടുന്നത്; ദുഃഖാന്തം ച നിഗച്ഛതി - ദുഃഖം പൂർണമായി ഒഴിഞ്ഞുമാറാനും ഇടവരുന്നത്; തത് യത് - അങ്ങനെയുള്ള ഏതു സുഖമാണോ; അഗ്രേ വിഷമിവ - പരിശീലനാരംഭത്തിൽ വിഷംപോലെയും; പരിണാമേ അമൃതോപമം - പരിശീലനം പാകപ്പെടുംതോറും അമൃതുപോലെയും അനുഭവപ്പെടുന്നത്; ആത്മബുദ്ധി പ്രസാദജം മനസ്സിനും ബുദ്ധിക്കും പ്രസന്നത നൽകിക്കൊണ്ടുണ്ടാകുന്ന; തത്സുഖം- ആ സുഖത്തെ, സാത്വികം പ്രോക്തം - സത്വഗുണപ്രധാനമായ സുഖമെന്നു പറയുന്നു.

അല്ലയോ അർജുനാ, ഇനി മൂന്നുവിധമായ സുഖത്തെക്കുറിച്ച് എന്നിൽ നിന്നു കേട്ടുകൊള്ളുക. ഏതു സുഖാനുഭവത്തിലാണോ; മറ്റൊന്നിനെയും ആശ്രയിക്കാതെ മനസ്സിന്റെ പരിശീലനപാകതകൊണ്ട് ആനന്ദം കിട്ടുന്നത്, ദുഃഖം പൂർണമായി ഒഴിഞ്ഞുമാറാനും ഇടവരുന്നത്, അങ്ങനെയുള്ള ഏതു സുഖമാണോ പരിശീലനാരംഭത്തിൽ വിഷംപോലെയും പരിശീലനം പാകപ്പെടുംതോറും അമൃതുപോലെയും അനുഭവപ്പെടുന്നത് മനസ്സിനും ബുദ്ധിക്കും പ്രസന്നത നൽകിക്കൊണ്ടുണ്ടാകുന്ന ആ സുഖത്തെ സത്വഗുണപ്രധാനമായ സുഖമെന്നു പറയുന്നു.

## *തത് സുഖം സാത്വികം*

സത്വഗുണം മനസ്സിനെ ആത്മാവിനോടടുപ്പിക്കുന്ന ഗുണമാണല്ലോ. സത്വഗുണപ്രധാനമായ മനസ്സിനുണ്ടാകുന്ന സുഖം ആത്മാനന്ദമാണ്. അതു ബാഹ്യസുഖത്തെ ആശ്രയിച്ചുള്ളതല്ല. സ്വയം ആനന്ദസ്വരൂപമായി വിളങ്ങുന്ന ആത്മാവിൽ നിന്നു കിട്ടുന്നതാണത്. പരിശീലനം കൊണ്ടാണിതു വന്നുചേരുന്നത്. ശ്രവണം, മനനം, ധ്യാനം എന്നിവയാണു പരിശീലനം. ഈ പരിശീലനംകൊണ്ടു രജസ്സും തമസ്സും അകലുന്നു. അതോടെ മായയുടെ ആവരണത്തിനു കട്ടി കുറയുന്നു. തുടർന്ന് ആത്മാനന്ദം തെളിയുന്നതാണു സാത്വികസുഖം. ഇതു വശത്തായാൽ എപ്പോൾ വേണമെങ്കിലും ഒരാൾക്ക് ആ സുഖം അനുഭവിക്കാം. അതുകൊണ്ടുതന്നെ അതു ദുഃഖത്തെ പൂർണമായി ഒഴിച്ചുമാറ്റുന്ന സുഖമാണ്. പരിശീലനാരംഭത്തിൽ മനസ്സു വഴങ്ങായ്കനിമിത്തവും യോഗവിഘ്നങ്ങൾ നിമിത്തവും ഇതിനുവേണ്ടിയുള്ള യത്നം വിഷംപോലെ അനുഭവപ്പെടാം. എന്നാൽ പരിശീലനം പാകപ്പെട്ടുവരുന്തോറും ആനന്ദം വർധിച്ചു വർധിച്ച് ഇതമൃതതുല്യം തെളിഞ്ഞു തെളിഞ്ഞു വരും. മാത്രമല്ല പരമസത്യം എന്തെന്നു വ്യക്തമായി കാട്ടിത്തന്നു മനസ്സി

digitized by www.sreyas.in

നെയും ബുദ്ധിയെയും ഇത് അത്യന്തം പ്രസന്നമാക്കും. ഒരു പരിതസ്ഥിതിയിലും വിട്ടുപോകാത്ത പ്രസന്നത ഈ സുഖാനുഭവത്തിലൂടെ അങ്ങനെ നിൽക്കും. ഇതുതന്നെയാണു ദുഖത്തിന്റെ പൂർണത ഒഴിഞ്ഞുമാറൽ. രണ്ടാമധ്യായം അറുപത്തഞ്ചാം പദ്യത്തിൽ ഭഗവാൻ ഈ ചിത്തപ്രസാദത്തിന്റെ മഹത്വം വിവരിച്ചിട്ടുള്ളതു നോക്കുക.

ഇനിയും രാജസുഖത്തിന്റെ ലക്ഷണമാണു വിവരിക്കുന്നത്:

*38. വിഷയേന്ദ്രിയസംയോഗാദ്യത്തദഗ്രേഽമൃതോപമം*
*പരിണാമേ വിഷമിവ തത് സുഖം രാജസം സ്മൃതം*

തത് യത് - മൂന്നുവിധം സുഖത്തിൽ ഏതൊന്നാണോ; വിഷയേന്ദ്രിയസംയോഗാത് - വിഷയവും ഇന്ദ്രിയവും തമ്മിൽ ചേരുന്നതുകൊണ്ടുണ്ടാകുന്നത്; അഗ്രേ അമൃതോപമം - ആരംഭത്തിൽ അമൃതിനു തുല്യം അനുഭവപ്പെടുന്നത്; പരിണാമേ വിഷം ഇവ - അനുഭവിച്ചു മുന്നോട്ടുപോകുന്തോറും വിഷംപോലെ ദുഃഖപ്രദമായി ഭവിക്കുന്നത്; തത് സുഖം - ആ സുഖം; രാജസം സ്മൃതം - രജോഗുണപ്രധാനമെന്നു കരുതപ്പെടുന്നു.

മൂന്നുവിധം സുഖത്തിൽ ഏതൊന്നാണോ വിഷയവും ഇന്ദ്രിയവും തമ്മിൽ ചേരുന്നതുകൊണ്ടുണ്ടാകുന്നത്, ആരംഭത്തിൽ അമൃതിനുതുല്യം അനുഭവപ്പെടുന്നത്, അനുഭവിച്ചു മുന്നോട്ടുപോകുന്തോറും വിഷംപോലെ ദുഃഖപ്രദമായി ഭവിക്കുന്നത് ആ സുഖം രജോഗുണപ്രധാനമെന്നു കരുതപ്പെടുന്നു.

## *തത് സുഖം രാജസം*

പുറമേയുള്ള വിഷയവും ഇന്ദ്രിയവും തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന സുഖമാണു രാജസ്സസുഖം. ആരംഭത്തിൽ ഇതും അമൃതുപോലെ സുഖിപ്പിക്കുന്നതായി തോന്നും. അനുഭവിച്ചു മുന്നേറുന്നതോടെ അനുഭവിക്കാനുള്ള കൊതി വളരും. എന്നാൽ ഇന്ദ്രിയങ്ങൾക്കു വിഷയഗ്രഹണത്തിനുള്ള കഴിവ് കുറഞ്ഞുംവരും. ഒരു ഘട്ടം വരുമ്പോൾ കഠിനമായ കൊതി ബാക്കി നിൽക്കും. അനുഭവം സാധ്യമല്ലാതെയുമാവും. സാത്വികസുഖം അനുഭവിക്കുന്തോറും മനസ്സിനും ബുദ്ധിക്കും പ്രസന്നത കൂടുകയാണ്. വിഷയങ്ങൾ അകന്നാലും ഇന്ദ്രിയങ്ങളും ദേഹവും തളർന്നാലും അവിടെ ബുദ്ധിയുടെ പ്രസന്നതക്ക് ഒരു കോട്ടവും തട്ടുന്നതല്ല. നേരെമറിച്ച് ഇന്ദ്രിയവിഷയസുഖം അനുഭവിക്കുന്തോറും ഇന്ദ്രിയങ്ങളും മനസ്സും ബുദ്ധിയും തളരുകയാണു ചെയ്യുന്നത്. ഒരു ഘട്ടത്തിലെത്തുമ്പോൾ പിന്നെ സുഖം അനുഭവിക്കാൻ

digitized by www.sreyas.in

കഴിയാത്തവിധം അവ തളർന്നുപോകുന്നു. കൊതി ബാക്കി നിൽക്കുകയും ചെയ്യുന്നു. ഇതാണു വിഷയാനുഭവമെന്നു പറഞ്ഞത്. മാത്രമല്ല ഇന്ദ്രിയ സുഖം പുതിയ പുതിയ ഉത്തരവാദിത്വങ്ങളും ബന്ധങ്ങളും സൃഷ്ടിച്ചും ജീവിതത്തെ വിഷമയമാക്കും.

താമസ്സസുഖത്തിന്റെ ലക്ഷണമാണിനി വിവരിക്കുന്നത്:

*39. യദഗ്രേ ചാനുബന്ധേ ച സുഖം മോഹനമാത്മനഃ*
*നിദ്രാലസ്യപ്രമാദോത്ഥം തത്താമസമുദാഹൃതം*

യത് സുഖം - ഏതൊരു സുഖമാണോ; അഗ്രേ ച - ആരംഭത്തിലും; അനുബന്ധേ ച - തുടർന്നും; ആത്മനഃ - മനസ്സിന്; മോഹനം - എല്ലാത്തരം വിവേകത്തെയും നശിപ്പിച്ചു മോഹത്തെയുളവാക്കുന്നത്; നിദ്രാലസ്യപ്രമാദോത്ഥം - ഉറക്കം, ആലസ്യം, ചിത്തഭ്രമം ഇവ ഹേതുവായുണ്ടാകുന്നത്; തത് - ആ സുഖം; താമസം ഉദാഹൃതം- തമോഗുണപ്രധാനമായി കരുതപ്പെടുന്നു.

ഏതൊരു സുഖമാണോ ആരംഭത്തിലും തുടർന്നും മനസ്സിന് എല്ലാത്തരം വിവേകത്തെയും നശിപ്പിച്ചു മോഹത്തെയുളവാക്കുന്നത്, ഉറക്കം, ആലസ്യം, ചിത്തഭ്രമം ഇവ ഹേതുവായുണ്ടാകുന്നത് ആ സുഖം തമോഗുണപ്രധാനമായി കരുതപ്പെടുന്നു.

## *തത്താമസമുദാഹൃതം*

മോഹമാണു തമോഗുണത്തിന്റെ ലക്ഷണം. ബുദ്ധിക്ക് ദേശകാലവിവേകം നഷ്ടപ്പെടുന്നതാണു മോഹം. ദേശകാലപരിഗണന കൂടാതെ മനസ്സ് ഉറക്കത്തിലാണ്ടുപോവുക, സ്വകൃത്യമനുഷ്ഠിക്കാതെ അലസമായിരിക്കുക, ഉചിതമല്ലാതെ എന്തും പ്രവർത്തിക്കുക ഇതൊക്കെയാണു താമസ്സസുഖത്തിന്റെ ചിഹ്നങ്ങൾ. മനസ്സു ലയിച്ചുപോകുന്നതാണുറക്കം. ഉറക്കം സുഖമാണെങ്കിലും നിയന്ത്രിക്കാൻ കഴിയാതെ വേണ്ടാത്തിടത്ത് വേണ്ടാത്തപ്പോൾ അതു സംഭവിച്ചാൽ അത് അതിവേഗം ജഡത്വത്തിലേക്കുള്ള പതനത്തിൽ കലാശിക്കും. അതുപോലെ സ്വകൃത്യങ്ങൾ അനുഷ്ഠിക്കേണ്ട സന്ദർഭങ്ങളിൽ സുഖമായി അലസമായിരിക്കാനുള്ള ആഗ്രഹം. അതും താമസ്സസുഖമാണ്. മദ്യപാനംകൊണ്ടോ മരുന്നുകഴിച്ചോ ഒക്കെ മനസ്സിനു സുഖഭ്രാന്തിയുണ്ടാക്കിയിട്ടു കാട്ടിക്കൂട്ടുന്ന കോലാഹലങ്ങളാണു പ്രമാദങ്ങൾ. ഇങ്ങനെ വിവേകരഹിതമായി അനുഭവിക്കപ്പെടുന്ന സുഖമാണു താമസ്സസുഖം.

digitized by www.sreyas.in

ഇങ്ങനെ വിവിധ വീക്ഷണങ്ങളെ ആശ്രയിച്ച് ഗുണവിശകലനം നടത്തിയശേഷം ഗുണങ്ങളാൽ നിയന്ത്രിതമാകാതെ പ്രപഞ്ചമെന്നറിയപ്പെടുന്ന നിലനിൽപ്പിൽ യാതൊന്നും തന്നെ ഉണ്ടായിരിക്കുകയില്ലെന്നാണു ഭഗവാൻ ഇനി പ്രഖ്യാപിക്കുന്നത്:

*40. ന തദസ്തി പൃഥിവ്യാം വാ ദിവി ദേവേഷു വാ പുനഃ*
*സത്വം പ്രകൃതിജൈർമുക്തം യദേഭിഃ സ്യാത് ത്രിഭിർഗുണൈഃ*

പൃഥിവ്യാം വാ - ഭൂമിയിലോ; പുനഃ ദിവി - അതിനുപരി സ്വർഗത്തിൽ; ദേവേഷു വാ - ദേവന്മാരിലോ; ഏഭിഃ ത്രിഭിഃ - ഈ മൂന്നു; പ്രകൃതിജൈഃ ഗുണൈഃ - പ്രകൃതിഘടകങ്ങളായ ഗുണങ്ങളോടു; മുക്തം - വേർപെട്ട്; യത് സത്വം സ്യാത് - ഏതെങ്കിലും ഒരു ദൃശ്യം ഉണ്ടാകാം; തത് - എന്നത്; ന അസ്തി - സാധ്യമേയല്ല.

ഭൂമിയിലോ അതിനുപരി സ്വർഗത്തിൽ ദേവന്മാരിലോ ഈ മൂന്നു പ്രകൃതിഘടകങ്ങളായ ഗുണങ്ങളോടു വേർപെട്ട് ഏതെങ്കിലും ഒരു ദൃശ്യം ഉണ്ടാകാം എന്നത് സാധ്യമേയല്ല.

## *ന തദസ്തി*

പ്രകൃതിജന്യങ്ങളായ ഗുണങ്ങളോടു കൂടാത്ത യാതൊന്നും തന്നെ പ്രപഞ്ചമെന്നറിയപ്പെടുന്ന കാഴ്ചയിൽ ഉണ്ടായിരിക്കുന്നില്ല. ഭൂമിയിലുമില്ല; സ്വർഗത്തിലുമില്ല. ബ്രഹ്മപ്രകൃതി സ്പന്ദിച്ചാണല്ലോ പ്രപഞ്ചമുണ്ടാകുന്നത്. ആദ്യസ്പന്ദനം മുതൽ ഗുണവിശകലനം ആരംഭിക്കുന്നു. സത്വപ്രധാനമായിട്ടാണാരംഭം. ക്രമേണ രജസ്സും, തമസ്സും പ്രാധാന്യം കൈക്കൊള്ളുന്നു. പഞ്ചഭൂതങ്ങളിലും സൂര്യചന്ദ്രാദി സൗരയൂഥഘടകങ്ങളിലും ഈ ഗുണവിശകലനം ഉണ്ടെന്നറിയേണ്ടതാണ്. മനുഷ്യ പക്ഷിമൃഗാദി സസ്യാദികളിലെല്ലാം അതു കാണപ്പെടുന്നു. തമസ്സിന്റെ പാരമ്യമാണു ശുദ്ധജഡം. സത്വത്തിന്റെ പാരമ്യമാണു സാത്വികപ്രാണൻ. ഇവയുടെ മധ്യഘട്ടമാണ് രജസ്സ്. മുൻപു വിവരിച്ച ഗുണവിശകലനത്തിന്റെ വെളിച്ചത്തിൽ ശ്രദ്ധിക്കുന്നവർക്ക് ഏതിലും ഈ ഗുണതാരതമ്യം കണ്ടെത്താൻ കഴിയും. സത്വരജസ്തമസ്സുകൾ തീർത്തും ശുദ്ധമായി ഒരിടത്തും കാണുകയില്ല. പ്രാധാന്യവും അപ്രധാന്യവും മാത്രമേ നോക്കാനുള്ളു. ത്രിമൂർത്തികളുടെ രഹസ്യംപോലും ഇതുതന്നെയാണ്. എന്തിനേറെ, നിറങ്ങളിൽപ്പോലും ഗുണങ്ങൾക്കും പങ്കുണ്ട്. സത്വം വെളിപ്പിന്റെയും രജസ്സ് ചുവപ്പിന്റെയും തമസ്സ് കറുപ്പിന്റെയും ഗുണങ്ങളാണ്.

digitized by www.sreyas.in

ഇങ്ങനെ പ്രപഞ്ചസംവിധാനത്തിൽ ഗുണങ്ങൾക്കുള്ള അനിവാര്യതയുടെ പശ്ചാത്തലത്തിലാണ് മനുഷ്യനിൽ ചാതുർവർണ്യഭേദം വന്നു ചേരുന്നത്. ഇതാർക്കു നിരസിക്കാൻ കഴിയും? ഗുണകർമങ്ങളെ ആശ്രയിച്ചു രൂപം കൊള്ളുന്നതായി നാലാമധ്യായം പതിമൂന്നാം ശ്ലോകത്തിൽ വിവരിച്ച ചാതുർവർണ്യം മറ്റൊരു തരത്തിലും തെറ്റിദ്ധരിക്കരുതെന്നു കരുതി സ്വഭാവജമാണെന്നു വീണ്ടും വിസ്തരിച്ചു പ്രതിപാദിക്കാനൊരുമ്പെടുകയാണു ഭഗവാൻ ഇനി:

*41. ബ്രാഹ്മണക്ഷത്രിയവിശാം ശൂദ്രാണാം ച പരന്തപ*
*കർമാണി പ്രവിഭക്താനി സ്വഭാവപ്രഭവൈർഗുണൈഃ*

പരന്തപ - അല്ലയോ അർജുനാ; സ്വഭാവപ്രഭൈവഃ - മനുഷ്യരുടെ സ്വഭാവത്തിൽ നിന്നു രൂപംകൊള്ളുന്ന; ഗുണൈഃ - സത്വരജസ്തമോഗുണങ്ങളെ ആശ്രയിച്ച്; ബ്രാഹ്മണക്ഷത്രിയവിശാം - ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരുടെയും; ശൂദ്രാണാം ച - ശൂദ്രന്മാരുടെയും; കർമാണി - പ്രവൃത്തികൾ; പ്രവിഭക്താനി - വേർതിരിക്കപ്പെടുന്നു.

അല്ലയോ അർജുനാ; മനുഷ്യരുടെ സ്വഭാവത്തിൽ നിന്നു രൂപംകൊള്ളുന്ന സത്വരജസ്തമോഗുണങ്ങളെ ആശ്രയിച്ചു ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരുടെയും ശൂദ്രന്മാരുടെയും പ്രവൃത്തികൾ വേർതിരിക്കപ്പെടുന്നു.

## *സ്വഭാവപ്രഭവൈർഗുണൈഃ*

സ്വഭാവശബ്ദതാൽപ്പര്യം എട്ടാമധ്യായം മൂന്നാം പദ്യത്തിന്റെ ഭാഷ്യത്തിൽ വിശദമായി വിവരിച്ചിട്ടുള്ളതു നോക്കുക. സ്വയം ഭവിക്കലാണു സ്വഭാവം. ഞാൻ, ഞാൻ എന്ന അഹംബോധം മുതൽ സങ്കൽപ്പാത്മകമായ ജീവന്റെ സൂക്ഷ്മശരീരവും മാംസാസ്ഥിമയമായ സ്ഥൂലശരീരവും ജീവന്റെ സ്വയംഭവിക്കലാണ് അഥവാ സ്വഭാവമാണ്. ഇവ പൂർണമായും ജീവന്റെ ഉത്തരവാദിത്വമായതുകൊണ്ട് ഇവയെ മാറ്റിമറിക്കാനോ ഉപേക്ഷിക്കാനോ ഒക്കെ ജീവനു സ്വാതന്ത്ര്യമുണ്ട്. ഈ സ്വഭാവത്തെ ആശ്രയിച്ചാണ് ഓരോ ജീവന്റെയും ഗുണഘടന വേർതിരിയുന്നത്. ഗുണഘടനക്കനുസരിച്ചു കർമങ്ങളും വേർതിരിയുന്നു. ഇതു നിയമമാണ്. സ്വഭാവം മാറ്റിയാൽ ഗുണഘടന മാറും. ഗുണഘടന മാറ്റിയാൽ കർമം മാറും. സ്വഭാവം പാടേ മാറ്റിയാൽ ഗുണഘടന പാടേ മാറും. തുടർന്നു കർമവും പാടേ മാറും. അങ്ങനെ ജീവത്വം മാറി ബ്രഹ്മത്വം കൈവരാം. ഇതാണു മോക്ഷം. ഒരു ജീവന് ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രന്മാരിൽ താനാരായിരിക്കണം എന്നു നിശ്ചയിക്കാനുള്ള സ്വാത

digitized by www.sreyas.in

ന്ത്ര്യമുണ്ട്. ഇനി ഇവരിലാരുമാകണ്ട എന്നുണ്ടെങ്കിൽ മോക്ഷം നേടാനുള്ള സ്വാതന്ത്ര്യവും ജീവനുള്ളതുതന്നെ. ഇങ്ങനെ സ്വഭാവമുണ്ടാക്കിത്തീർക്കുന്ന ചാതുർവർണ്യകർമങ്ങളെ ഓരോന്നായി വിവരിക്കാനൊരുമ്പെടുകയാണു ഭഗവാൻ.

ആദ്യമായി ബ്രാഹ്മണകർമങ്ങൾ വിവരിക്കാനൊരുമ്പെടുന്നു:

*42. ശമോ ദമസ്തപഃ ശൗചം ക്ഷാന്തിരാർജവമേവ ച*
*ജ്ഞാനം വിജ്ഞാനമാസ്തിക്യം ബ്രഹ്മകർമ സ്വഭാവജം*

ശമഃ - മനസ്സിന്റെ അടക്കം; ദമഃ - ഇന്ദ്രിയങ്ങളുടെ അടക്കം; തപഃ - ഏകാഗ്രത; ശൗചം - ആന്തരവും ബാഹ്യവുമായ ശുദ്ധി; ക്ഷാന്തിഃ - ക്ഷമ; ആർജവം - നേർബുദ്ധി; ഏവ ച - ഇവയും; ജ്ഞാനം - വ്യക്തമായ വസ്തുബോധം; വിജ്ഞാനം - വസ്ത്വനുഭവം; ആസ്തിക്യം - സർവത്ര ഈശ്വരബുദ്ധി എന്നിവയും; സ്വഭാവജം - സ്വാഭാവികമായ; ബ്രഹ്മകർമ - ബ്രാഹ്മണകർമമാണ്.

മനസ്സിന്റെ അടക്കം, ഇന്ദ്രിയങ്ങളുടെ അടക്കം, ഏകാഗ്രത, ആന്തരവും ബാഹ്യവുമായ ശുദ്ധി, ക്ഷമ, നേർബുദ്ധി, ഇവയും വ്യക്തമായ വസ്തുബോധം, വസ്ത്വനുഭവം. സർവത്ര ഈശ്വരബുദ്ധി എന്നിവയും സ്വാഭാവികമായ ബ്രാഹ്മണകർമമാണ്.

## *ബ്രഹ്മകർമ സ്വഭാവജം*

സ്വഭാവത്തിലെ പ്രധാന ഘടകമായ അന്തക്കരണം അഥവാ സൂക്ഷ്മശരീരം ശ്രദ്ധാമയമാണെന്നു പതിനേഴാമധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ശ്രദ്ധയെങ്ങനെയോ പുരുഷനങ്ങനെ. ശ്രദ്ധാമയമായ ഈ സ്വഭാവമാണു വ്യക്തിയെ വേർതിരിക്കുന്നത്. ശമദമാദികർമങ്ങൾ ഏതു വ്യക്തിയുടെ ശ്രദ്ധാമയമായ സ്വഭാവത്തിലെ ഘടകങ്ങളായിരിക്കുന്നുവോ ആ വ്യക്തിയാണു ബ്രാഹ്മണൻ. ഇവിടെ ഒരു കാര്യം നല്ലവണ്ണം ഓർക്കണം. ശമദമാദികർമങ്ങൾ ഒരു വ്യക്തിയുടെ സ്വഭാവത്തിലെ ഘടകങ്ങളല്ലെങ്കിൽ അവ ഒരിക്കലും കൃത്രിമമായി അനുഷ്ഠിക്കാൻ പറ്റുകയില്ല. ബ്രാഹ്മണകർമമില്ലെന്നു വന്നാൽ ബ്രാഹ്മണകുലത്തിൽ ജനിച്ചാലും ഒരു വ്യക്തിയെ എങ്ങനെ ബ്രാഹ്മണനെന്നു പറയാൻ പറ്റും? ബ്രാഹ്മണകുലത്തിൽ ജനിച്ചില്ലെങ്കിലും സ്വഭാവനിയതമായ ബ്രാഹ്മണകർമമുണ്ടെങ്കിൽ ഒരു വ്യക്തിയെ എങ്ങനെ ബ്രാഹ്മണനായി ഗണിക്കാതിരിക്കാൻ പറ്റും? അതുകൊണ്ടു മഹാഭാരതത്തിൽ വ്യാസനും വിദുരരും ഭീഷ്മരും ധർമവ്യാധനു

digitized by www.sreyas.in

മൊക്കെ ബ്രാഹ്മണകർമമുള്ള ബ്രാഹ്മണരാണെന്നറിയേണ്ടതാണ്. ബ്രാഹ്മ ണാദിലക്ഷണ വിവരണത്തിൽ ഭഗവാൻ 'സ്വഭാവജം' എന്ന പദം ആവർത്തി ച്ചിരിക്കുന്നതും പ്രത്യേകം ശ്രദ്ധേയമാണ്. സത്വഗുണമാണ് ബ്രാഹ്മണകർമ ത്തിനും ശ്രദ്ധക്കും ആശ്രയം.

ക്ഷത്രിയകർമമാണിനി വിവരിക്കുന്നത്:

*43. ശൗര്യം തേജോ ധൃതിർദാക്ഷ്യം യുദ്ധേ ചാപ്യപലായനം*
*ദാനമീശ്വരഭാവശ്ച ക്ഷാത്രം കർമ സ്വഭാവജം*

ശൗര്യം - പരാക്രമം; തേജഃ - ബലം; ധൃതിഃ - ധൈര്യം; ദാക്ഷ്യം - സാമർഥ്യം; യുദ്ധേ അപലായനം - യുദ്ധത്തിൽ പിൻതിരിഞ്ഞോടായ്ക; അപി ച - മാത്ര മല്ല; ദാനം - കഷ്ടപ്പെടുന്നവരെ സഹായിക്കുക; ഈശ്വരഭാവഃ ച - ഈശ്വര ബുദ്ധി പുലർത്തുക ഇവയും; സ്വഭാവജം - സ്വാഭാവികമായ; ക്ഷാത്രം കർമ - ക്ഷത്രിയ കർമമാണ്.

പരാക്രമം, ബലം, ധൈര്യം, സാമർഥ്യം, യുദ്ധത്തിൽ പിൻതിരിഞ്ഞോ ടായ്ക, മാത്രമല്ല കഷ്ടപ്പെടുന്നവരെ സഹായിക്കുക, ഈശ്വരബുദ്ധി പുലർത്തുക ഇവയും സ്വാഭാവികമായ ക്ഷത്രിയകർമമാണ്.

## *ക്ഷാത്രം കർമ സ്വഭാവജം*

സ്വാഭാവികമായി ഉണ്ടെങ്കിലേ ക്ഷത്രിയകർമങ്ങൾ ഒരുവനിൽ ഫല പ്രദമാവൂ. ഇവയിലൊന്നുപോലും വെറുതെ അനുകരിക്കാൻ പറ്റുന്നവയല്ല. ഈ കർമങ്ങൾ സ്വാഭാവികമായുള്ളയാൾ എവിടെ ജനിച്ചാലും ക്ഷത്രിയനാ ണ്. ഈ കർമങ്ങൾ സ്വാഭാവികമായില്ലാത്തയാൾ എവിടെ ജനിച്ചാലും ക്ഷത്രിയനാവുകയുമില്ല. സത്വഗുണത്തിന്റെയും രജോഗുണത്തിന്റെയും സമപ്രാധാന്യമാണു ക്ഷത്രിയകർമത്തിനാശ്രയം. ഇനി വൈശ്യകർമ ത്തെയും ശൂദ്രകർമത്തെയും വിവരിക്കാനൊരുമ്പെടുന്നു:

*44. കൃഷിഗൗരക്ഷ്യവാണിജ്യം വൈശ്യകർമ സ്വഭാവജം*
*പരിചര്യാത്മകം കർമ ശൂദ്രസ്യാപി സ്വഭാവജം*

കൃഷിഗൗരക്ഷ്യവാണിജ്യം - കൃഷി, പശു തുടങ്ങിയ മൃഗങ്ങളെ രക്ഷിക്കുക, കച്ചവടം ഇവയാണ്; സ്വഭാവജം വൈശ്യകർമ - സ്വാഭാവികമായ വൈശ്യ കർമം; ശൂദ്രസ്യ അപി - ശൂദ്രനും; പരിചര്യാത്മകം കർമ - പരശുശ്രൂഷാ കർമം; സ്വഭാവജം - സ്വാഭാവികമായിട്ടുള്ളതാണ്.

കൃഷി, പശു തുടങ്ങിയ മൃഗങ്ങളെ രക്ഷിക്കുക, കച്ചവടം ഇവയാണ്

digitized by www.sreyas.in

സ്വാഭാവികമായ വൈശ്യകർമം. ശൂദ്രനു പരശുശ്രൂഷാകർമം സ്വാഭാവിക മായിട്ടുള്ളതാണ്.

## സ്വഭാവജം വൈശ്യശൂദ്രകർമ

സത്വഗുണം കുറഞ്ഞു രജോഗുണത്തിന്റെയും തമോഗുണത്തി ന്റെയും ഏതാണ്ടൊരു സമപ്രാധാന്യമാണു വൈശ്യനിൽ. രജസ്സും കുറഞ്ഞു തമസ്സിനു പ്രാധാന്യം വരുന്നിടത്താണു ശൂദ്രത്വം. ഈ ഗുണവിഭജനവും കർമവിവരണവും ഏകദേശരൂപമാണെന്നോർക്കണം. ഗുണഘടനയിലെ ഗുണപങ്കാളിത്തത്തിനു നിയതമായ നിയമമൊന്നുമില്ല. ഏതളവിലും മൂന്നു ഗുണങ്ങളും പരസ്പരം കൂടിച്ചേരാം. ചിലയിടത്തു മൂന്നു ഗുണങ്ങളും സമ പ്രധാനങ്ങളായെന്നുവരാം. അവിടെ ഒരേയാളിൽ തന്നെ ബ്രാഹ്മണ ക്ഷത്രി യ വൈശ്യ ശൂദ്രകർമങ്ങളെല്ലാം ചെറിയ തോതിൽ ഒരുമിച്ചുണ്ടായി എന്നു വരാം. അപ്പോൾ ഒരാളിൽത്തന്നെ ഗുണഘടനാഭേദമനുസരിച്ചു നാലു വർണങ്ങളുടെയും കർമങ്ങൾ തുല്യമായോ കൂടിയോ കുറഞ്ഞോ ഒക്കെ വരാവുന്നതാണ്. പ്രാധാന്യം കാണുന്നിടത്തു വർണനിയമം വ്യക്തമായി നിരീക്ഷിക്കാം. അല്ലാത്തിടത്ത് വർണകർമാംശങ്ങൾ നോക്കിക്കണ്ടു ഗുണ ങ്ങളുടെ തോതു നിർണയിക്കേണ്ടതാണ്. എന്തായാലും എവിടെയും ഏതു രംഗത്തുമുള്ള മനുഷ്യന്റെ എല്ലാ കർമങ്ങളെയും ചാതുർവർണ്യ കർമ ങ്ങൾക്കകത്തൊതുക്കാമെന്നു കാണാൻ പ്രയാസമില്ല. അതുകൊണ്ടാണിതു മനുഷ്യവർഗത്തിന്റെ മുഴുവൻ ശാസ്ത്രമായി കണക്കാക്കപ്പെടുന്നത്.

വർണങ്ങളുടെ കർമങ്ങൾ ഇങ്ങനെ പ്രത്യേകം വിഭജിക്കപ്പെട്ടുവല്ലോ. സ്വഭാവജമായ ഏതെങ്കിലും വർണകർമത്തിൽ തൽക്കാലം പെട്ടുപോയ ഒരാൾക്ക് വിദ്യാമാർഗത്തിലേക്ക് തിരിയാനും സത്യത്തെ സമീപിക്കാനും അവിടത്തെ ഗുണഘടനയോ കർമമോ തടസ്സമായിത്തീരുമോ? ഈ ചോദ്യ ത്തിനുത്തരമാണ് അടുത്ത പദ്യം:

*45. സ്വേ സ്വേ കർമണ്യഭിരതഃ സംസിദ്ധിം ലഭതേ നരഃ*
*സ്വകർമനിരതഃ സിദ്ധിം യഥാ വിന്ദതി തച്ഛൃണു*

നരഃ - മനുഷ്യൻ; സ്വേ സ്വേ കർമണി - സ്വഭാവനിയതമായ അവനവന്റെ പ്രവൃത്തിയിൽ; അഭിരതഃ - ഏർപ്പെട്ടിരിക്കുന്നവനായി; സംസിദ്ധിം ലഭതേ - സത്യാനുഭവം നേടുന്നു; സ്വകർമനിരതഃ - സ്വഭാവനിയതമായ സ്വകർമത്തി ലിരിക്കവേതന്നെ; യഥാ സിദ്ധിം വിന്ദതി - എങ്ങനെയാണു സത്യാനുഭവം നേടുന്നത്; തത് - എന്ന കാര്യം; ശൃണു - നീ കേട്ടാലും.

digitized by www.sreyas.in

മനുഷ്യൻ സ്വഭാവനിയതമായ അവനവന്റെ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവനായി സത്യാനുഭവം നേടുന്നു. സ്വഭാവനിയതമായ സ്വകർമത്തിലിരിക്കവേ തന്നെ എങ്ങനെയാണു സത്യാനുഭവം നേടുന്നത് എന്ന കാര്യം നീ കേട്ടാലും.

## *സ്വകർമവും സിദ്ധിയും*

ബാഹ്യകർമമൊന്നും തന്നെ സത്യാന്വേഷണത്തിനോ സത്യാനുഭവത്തിനോ തടസ്സമല്ല. ഉള്ളിലുള്ള കർമഫലവാസനയാണു സത്യാനുഭവത്തിനു തടസ്സം. വസ്തുബോധരൂപമായ ജ്ഞാനം കൊണ്ടല്ലാതെ ഈ വാസന മാറിക്കിട്ടുന്നതല്ല. വാസനാമയമാണു സൂക്ഷ്മശരീരം. ഇതാണാത്മാവിനെ മറച്ചിരിക്കുന്നത്. ജ്ഞാനംകൊണ്ട് ഈ വാസനാമയമായ സൂക്ഷ്മശരീരത്തെ ക്രമേണ ഒഴിച്ചുമാറ്റാമെങ്കിൽ സ്ഥൂലശരീരം മുൻപു വാസനാബദ്ധമായി ചെയ്തുകൊണ്ടിരുന്ന കർമം അതേപടി തുടർന്നാൽ തന്നെയും സത്യാനുഭവത്തിനതു തടസ്സമായിത്തീരുന്നില്ല, മഹാഭാരതത്തിലെ ധർമവ്യാധന്റെ കഥ ഇതിനു തെളിവാണ്. സത്യാനുഭവമുണ്ടായിട്ടും താൻ ശീലിച്ച തൊഴിലായ ഇറച്ചിവിൽപ്പന അദ്ദേഹം ഉപേക്ഷിച്ചതുമില്ല. എന്തായാലും സ്വഭാവനിയതമായ കർമാനുഷ്ഠാനത്തോടൊപ്പം സത്യാനുഭവം നേടുന്നതിനുള്ള ഉപായം പറയാമെന്നാണല്ലോ ഭഗവാൻ പ്രസ്താവിച്ചത്.

ഭഗവാൻ പ്രസ്താവിച്ചപ്രകാരം സ്വകർമാനുഷ്ഠാനത്തോടൊപ്പം സത്യാനുഭവം നേടുന്നതിനുള്ള ഉപായമാണ് ഇനി വിവരിക്കുന്നത്:

*46. യതഃ പ്രവൃത്തിർഭൂതാനാം യേന സർവമിദം തതം*
*സ്വകർമണാ തമഭ്യർച്യ സിദ്ധിം വിന്ദതി മാനവഃ*

യതഃ - പരമകാരണമായ ഏതൊരീശ്വരസത്തയിൽ നിന്നാണോ; ഭൂതാനാം പ്രവൃത്തിഃ - എല്ലാ പ്രപഞ്ചഘടകങ്ങളുടെയും കർമം തുടങ്ങുന്നത്; യേന - ഏതീശ്വരസത്തയാലാണോ; ഇദം സർവം തതം - ഈ പ്രപഞ്ചം മുഴുവൻ അകവും പുറവും നിറയ്ക്കപ്പെട്ടിരിക്കുന്നത്; മാനവഃ - മനുഷ്യൻ; സ്വകർമണാ - തന്റെ പ്രവൃത്തികൊണ്ട്; തം അഭ്യർച്യ - ആ ഈശ്വരനെ അർച്ചനചെയ്താൽ; സിദ്ധിം വിന്ദതി - സത്യാനുഭവത്തിനു പാത്രമായിത്തീരുന്നു.

പരമകാരണമായ ഏതൊരീശ്വരസത്തയിൽ നിന്നാണോ എല്ലാ

digitized by www.sreyas.in

പ്രപഞ്ച ഘടകങ്ങളുടെയും കർമം തുടങ്ങുന്നത്, ഏതീശ്വരസത്തയാലാണോ ഈ പ്രപഞ്ചം മുഴുവൻ അകവും പുറവും നിറയ്ക്കപ്പെട്ടിരിക്കുന്നത് മനുഷ്യൻ തന്റെ പ്രവൃത്തികൊണ്ട് ഈ ഈശ്വരനെ അർച്ചനചെയ്താൽ സത്യാനുഭവത്തിനു പാത്രമായിത്തീരുന്നു.

## *സ്വധർമമാരാധനം*

ഒരുവന്റെ സ്വഭാവനിയതമായ തൽക്കാലകർമം എന്തുമാവട്ടെ. ഈ ജഗത്തിന്റെ വസ്തുസ്ഥിതി അവനു ഗ്രഹിക്കാൻ കഴിയുമോ? എന്താണു വസ്തുസ്ഥിതി? സർവശക്തവും സർവജ്ഞവും സർവവ്യാപ്തവുമായ ഒരു ബോധസത്തയുടെ ശക്തിസ്പന്ദനമാണു കർമമയമായ ഈ പ്രപഞ്ചം എന്നതാണു വസ്തുസ്ഥിതി. ഇതു ഗ്രഹിക്കാൻ കഴിഞ്ഞാൽ തൽക്കാലം താൻ എന്തു കർമം ചെയ്യുന്നവനായാലും ആ ജഗദീശ്വരന്റെ ശക്തിസ്പന്ദനത്തിന്റെ ഒരംശമാണ് എന്നു ബോധ്യമാവും. അപ്പോൾ തനിക്കു മാത്രമായി ഇവിടെ ഒരു സ്വാതന്ത്ര്യവുമില്ലെന്നും തന്റെ ഒരേ ഒരു പ്രധാന കൃത്യം എല്ലാ ചലനങ്ങൾകൊണ്ടും ആ സർവവ്യാപിയെ അർച്ചിക്കുകയാണെന്നും അറിയാറാകും. ഈ അറിവ് കർമത്തെ ഈശ്വരാരാധനമാക്കി മാറ്റും. ഇതിൽ കവിഞ്ഞൊരു ജ്ഞാനസാധന വേറെയുണ്ടാകാനില്ല. ഈ ബ്രഹ്മസത്രത്തിന്റെ സ്വരൂപം നാലാമധ്യായം ഇരുപത്തിനാലാം ശ്ലോകത്തിന്റെ ഭാഷ്യം നോക്കി മനസ്സിലാക്കുക. ഇനി തൽക്കാലം ഒരുവന്റെ കർമം അതിരറ്റ ദുരാചാരം കൊണ്ടു നിറഞ്ഞതാണെങ്കിലോ? വസ്തുബോധവും ആരാധനാബുദ്ധിയും വരാമെങ്കിൽ തീർച്ചയായും അവൻപോലും രക്ഷപ്പെടുമെന്നു ഭഗവാൻ തന്നെ നാലാമധ്യായത്തിലെ മുപ്പത്താറാം ശ്ലോകത്തിലും ഒൻപതാമധ്യായത്തിലെ മുപ്പതാം ശ്ലോകത്തിലും പ്രഖ്യാപിച്ചിട്ടുണ്ട്. ദുരാചാരൻപോലും രക്ഷപ്പെടുമെങ്കിൽ തൽക്കാലകർമമെന്തായാലും അതു സദാചാരമായനുഷ്ഠിക്കുന്നയാൾ വസ്തുബോധം കൊണ്ടു രക്ഷപ്പെടുമെന്നു പറയേണ്ടതില്ലല്ലോ. വേണമെന്നുള്ളവർക്ക് സത്യാന്വേഷണകാര്യത്തിൽ ഇവിടെ ഒന്നും തന്നെ തടസ്സമല്ലെന്നു താൽപ്പര്യം.

സത്യാന്വേഷണത്തിനായി സ്വഭാവനിയതമായ ഒരുവന്റെ തൽക്കാലകർമം മാറ്റേണ്ടതായിട്ടുണ്ടോ? മാറ്റാൻ പറ്റുമോ? ഈ സംശയങ്ങൾക്കുള്ള മറുപടിയാണ് അടുത്ത പദ്യം:

*47. ശ്രേയാൻ സ്വധർമോ വിഗുണഃ പരധർമാത് സ്വനുഷ്ഠിതാത്*
*സ്വഭാവനിയതം കർമ കുർവന്നാപ്നോതി കിൽബിഷം*



digitized by www.sreyas.in

വിഗുണഃ – അൽപ്പമൊക്കെ ദോഷമുള്ളതാണെങ്കിൽപ്പോലും; സ്വധർമഃ – ധർമ മായനുഷ്ഠിക്കപ്പെടുന്ന സ്വഭാവനിയതമായ കർമം; സ്വനുഷ്ഠിതാത് – താൻ ഏറ്റെടുക്കുന്ന; പരധർമാത് – സ്വഭാവനിയതമല്ലാത്ത അന്യധർമത്തെക്കാൾ; ശ്രേയാൻ – ശ്രേയസ്കരമാണ്; സ്വഭാവനിയതം കർമ – സ്വഭാവത്താൽ പ്രേരി തമായിത്തീരുന്ന കർമം; കുർവൻ – ഈശ്വരാർച്ചനയായി അനുഷ്ഠിച്ചാൽ; കിൽബിഷം – പാപം; ന ആപ്നോതി – വന്നുചേരുന്നില്ല.

അൽപ്പമൊക്കെ ദോഷമുള്ളതാണെങ്കിൽപോലും ധർമമായനുഷ്ഠിക്ക പ്പെടുന്ന സ്വഭാവനിയതമായ കർമം താൻ ഏറ്റെടുക്കുന്ന സ്വഭാവനിയതമ ല്ലാത്ത അന്യധർമത്തെക്കാൾ ശ്രേയസ്കരമാണ്. സ്വഭാവത്താൽ പ്രേരിതമാ യിത്തീരുന്ന കർമം ഈശ്വരാർച്ചനയായി അനുഷ്ഠിച്ചാൽ പാപം വന്നുചേ രുന്നില്ല.

## *നാപ്നോതി കിൽബിഷം*

ഇവിടെ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതായുണ്ട്. സ്വഭാവ നിയതമായ കർമം അനുഷ്ഠിക്കുക, അത് ധർമമായി അനുഷ്ഠിക്കുക. ഈശ്വരാർച്ചനയായി അനുഷ്ഠിക്കുക. ഇത്രയും ചെയ്യുമെങ്കിൽ വിശിഷ്ടമെന്നു തോന്നുന്ന അന്യധർമം ഏറ്റെടുക്കുന്നതിനേക്കൾ അതു ശ്രേയസ്കരമായിരിക്കും. അർജുനനെ മുൻനിറുത്തിത്തന്നെ നമുക്കീ സിദ്ധാന്തം ചർച്ച ചെയ്യാം. ക്ഷത്രിയനായ അർജുനന്റെ സ്വഭാവനിയതകർമ മാണു യുദ്ധം. ഈ യുദ്ധം ധർമമായും അധർമമായും അനുഷ്ഠിക്കാം. തിന്മയെ നശിപ്പിക്കാനും നന്മയെ പ്രതിഷ്ഠിക്കാനും ക്ഷത്രിയൻ യുദ്ധംചെ യ്താൽ അതു ധർമമാണ്. ഇനി ഇതേ യുദ്ധം തന്നെ നന്മയെ നശിപ്പി ക്കാനും തിന്മയെ വളർത്താനും ഉപയോഗിക്കാം. അങ്ങനെയായാൽ അത ധർമമാണ്. ഒരുവനിൽ സ്വഭാവനിയതമായ ഏതു കർമവും ഇങ്ങനെ ധർമ മായോ അധർമമായോ അനുഷ്ഠിക്കാവുന്നതാണ്. സ്വഭാവനിയതമായ കർമം ഒറ്റനോട്ടത്തിൽ ദോഷമുള്ളതെന്നുതന്നെയിരിക്കട്ടെ. യുദ്ധം പല തര ത്തിലുമുള്ള ദോഷങ്ങൾകൊണ്ടു നിറഞ്ഞതാണെന്നുള്ളതിൽ സംശയമില്ല ല്ലോ. എങ്കിലും അതു ധർമമായി അനുഷ്ഠിച്ചാൽ ശ്രേയസ്കരമാണ്. ഇനിയും ധർമമായനുഷ്ഠിക്കുന്ന കർമംപോലും വാസനയെ ക്ഷയിപ്പിച്ച് ആത്മാനുഭവത്തിനു വഴിതെളിക്കണം. അതുകൊണ്ടു ഫലേച്ഛ വെടിഞ്ഞ് ഈശ്വരാർച്ചനയായിത്തന്നെ അനുഷ്ഠിക്കണം. വിശിഷ്ടമെന്നു തോന്നുന്ന ഏതെങ്കിലും അന്യധർമം ഏറ്റെടുക്കുന്നതിനെക്കാൾ ഇതു ശ്രേയസ്കരമാ

digitized by www.sreyas.in

ണ്. അന്യധർമം എത്ര വിശിഷ്ടമായാലും സ്വഭാവനിയതമല്ലാത്തതു കൊണ്ട് അതു പരാജയത്തിലേ കലാശിക്കൂ. യുദ്ധവാസനയുള്ള അർജുനൻ സന്യാസം ഏറ്റെടുത്താലെന്നപോലെ അതു തനിക്കും സമൂഹത്തിനും ദോഷത്തെ ചെയ്യും.

സ്വഭാവനിയതമാണെങ്കിൽപ്പോലും ദോഷമുള്ള കർമം ചെയ്യുന്നതു ശ്രേയസ്കരമെന്നെങ്ങനെ പറയാൻ പറ്റും? ഈ സംശയത്തെ ഒന്നുകൂടി വ്യക്തമായി നിവാരണം ചെയ്യുകയാണു ഭഗവാൻ അടുത്ത പദ്യത്തിൽ:

*48. സഹജം കർമ കൗന്തേയ സദോഷമപി ന ത്യജേത്*
*സർവാരംഭാ ഹി ദോഷേണ ധൂമേനാഗ്നിരിവാവൃതാഃ*

കൗന്തേയ - അല്ലയോ കുന്തീപുത്രാ; സദോഷമപി - ദോഷമുള്ളതാണെന്നു തോന്നിയാലും; സഹജം കർമ - സ്വഭാവനിയതമായ കർമം; ന ത്യജേത് - ത്യജിച്ചുകൂടാ; ഹി - എന്തെന്നാൽ; സർവാരംഭാഃ - എല്ലാ കർമങ്ങളും; അഗ്നിഃ ധൂമേന ഇവ - അഗ്നി പുകകൊണ്ടെന്നപോലെ; ദോഷേണ - ദോഷംകൊണ്ട്; ആവൃതാഃ - മൂടപ്പെട്ടിരിക്കുന്നു.

അല്ലയോ കുന്തിപുത്രാ, ദോഷമുള്ളതാണെന്നു തോന്നിയാലും സ്വഭാവനിയതമായ കർമം ത്യജിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ എല്ലാ കർമങ്ങളും അഗ്നി പുകകൊണ്ടെന്നപോലെ ദോഷംകൊണ്ടു മൂടപ്പെട്ടിരിക്കുന്നു.

## *കർമം ദോഷമയമാണ്*

ദോഷമുണ്ട് എന്നു കരുതി ഏതെങ്കിലും കർമത്തെ ത്യജിക്കുന്നതിനർഥമില്ല. തീയുള്ളിടത്തു പുകയുണ്ട്. അതുപോലെ കർമമാണോ തീർച്ചയായും ദോഷമുണ്ടാവും. സത്യാനുഭവത്തെ മറച്ചുകളയുന്നു എന്നതാണ് ഏതു കർമത്തിന്റെയും വലിയ ദോഷം. ശക്തി സ്പന്ദനത്തിലാണല്ലോ കർമം ആരംഭിക്കുന്നത്. പൂർണമായ സത്യാനുഭവത്തെ മറച്ചുകൊണ്ടാണ് ഈ കർമം തുടങ്ങുന്നത്. അഖണ്ഡാനന്ദസ്വരൂപമായ ബോധവസ്തുവിൽ അതിനെ മറച്ചുകളഞ്ഞിട്ടു ശക്തി ആരോപിക്കുന്നതാണ് കർമം. ദേഹം ചലിക്കവേതന്നെ കർമവാസന ഉപേക്ഷിക്കുന്ന ഒരാൾക്ക് അഖണ്ഡമായ വസ്തുബോധം തിരിച്ചുകിട്ടുന്നതാണ്. അപ്പോൾ ഒരു സത്യാന്വേഷിയുടെ സാധന എന്നു പറയുന്നതു സ്വഭാവനിയതമായ കർമം സമർഥമായി ധർമരൂപേണ അനുഷ്ഠിച്ച് ഈശ്വരബുദ്ധി പുലർത്തി കർമവാസന കുറയ്ക്കുകയെന്നതാണ്. ദോഷമില്ലെന്നു കരുതി പരധർമം ഏറ്റെടുക്കുന്നതുകൊണ്ട് പ്രയോജനമില്ല.

digitized by www.sreyas.in

കർമമെല്ലാം ദോഷമുള്ളവയാണ്. അതുകൊണ്ട് ഒരു കർമമുപേക്ഷിച്ച് മറ്റൊരു കർമം അംഗീകരിക്കുന്നതുകൊണ്ടു മാത്രം വിശേഷിച്ചു പ്രയോജനമൊന്നും ഉണ്ടാകാനില്ല. ഇതാണു സ്ഥിതിയെങ്കിൽ കർമമില്ലാത്ത ബ്രഹ്മത്തെ പ്രാപിച്ചു നൈഷ്കർമ്യസിദ്ധി നേടുന്നതെങ്ങനെ? ഈ ചോദ്യത്തിനുത്തരമാണിനി പറയുന്നത്:

*49. അസക്തബുദ്ധിഃ സർവത്ര ജിതാത്മാ വിഗതസ്പൃഹഃ*
*നൈഷ്കർമ്യസിദ്ധിം പരമാം സന്ന്യാസേനാധിഗച്ഛതി*

സർവത്ര അസക്തബുദ്ധിഃ - ഈ ലോകത്ത് ഒന്നിലും എന്റേതെന്ന ഭാവമില്ലാത്തവനും; ജിതാത്മാ - മനസ്സിനെ പൂർണമായി വശത്താക്കിയവനും; വിഗതസ്പൃഹഃ - ഒരാശയും അവശേഷിച്ചിട്ടില്ലാത്തവനുമായ മനുഷ്യൻ; സന്ന്യാസേന - കാമ്യ കർമങ്ങളെല്ലാം വെടിയുന്നതോടെ; പരമാം - പൂർണസത്യാനുഭവമായ; നൈഷ്കർമ്യസിദ്ധിം - കർമമില്ലാത്ത ബ്രഹ്മാനുഭവത്തിൽ; അധിഗച്ഛതി - എത്തിച്ചേരുന്നു.

ഈ ലോകത്ത് ഒന്നിലും എന്റേതെന്ന ഭാവമില്ലാത്തവനും മനസ്സിനെ പൂർണമായി വശത്താക്കിയവനും ഒരാശയും അവശേഷിച്ചിട്ടില്ലാത്തവനുമായ മനുഷ്യൻ കാമ്യകർമങ്ങളെല്ലാം വെടിയുന്നതോടെ കർമമില്ലാത്ത ബ്രഹ്മാനുഭവത്തിൽ എത്തിച്ചേരുന്നു.

## സന്ന്യാസേനാധിഗച്ഛതി

കർമമില്ലാത്ത അനുഭവമാണു നൈഷ്കർമ്യസിദ്ധി. അതുതന്നെയാണു ബ്രഹ്മാനുഭവം. കർമസ്പർശമില്ലാത്ത ഒരേ ഒരു വസ്തു ബ്രഹ്മം മാത്രമാണല്ലോ. ശരീരത്തിലിരിക്കവേതന്നെ ഒരുവനു ഈ സിദ്ധി നേടാൻ കഴിയും. അതിനുള്ള ഉപായമാണു സന്ന്യാസം. കാമ്യകർമങ്ങൾ വെടിയുകയാണു സന്ന്യാസമെന്നു ഈ അധ്യായത്തിൽത്തന്നെ രണ്ടാം ശ്ലോകത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ദേഹം കർമം ചെയ്തോട്ടെ. ഫലേച്ഛ വെടിയണം. ഇതാണു സന്ന്യാസം. ഇതു സാധിച്ചാൽ നൈഷ്കർമ്യസിദ്ധിക്കർഹനാകും. ഇതു സാധിക്കാനുള്ള മൂന്നുപായങ്ങളാണ് ഒന്നാം വരിയിൽ പറഞ്ഞിരിക്കുന്നവ. ഭൗതികങ്ങളായ എല്ലാ ആശകളും വെടിയണം. മനസ്സിനെ ഈശ്വരബുദ്ധിയിൽ ഏകാഗ്രപ്പെടുത്തി ജയിച്ചാലേ ആശകൾ വെടിയാൻ പറ്റൂ. മനസ്സിന് ഈശ്വരബുദ്ധിയിൽ ഏകാഗ്രത വരണമെങ്കിൽ ലോകത്ത് ഒന്നിലും എന്റേതെന്ന ഭാവം പുലർത്താതിരിക്കണം. എല്ലാം ഈശ്വരന്റേത് എന്നു ഭാവന ചെയ്യണം. അതായതു നിസ്സംഗത്വം. അതിന്റെ

digitized by www.sreyas.in

ഫലമായി മനസ്സിന് ഈശ്വരബുദ്ധിയിൽ ഏകാഗ്രത, ആശാത്യാഗം, സന്ന്യാസം ഇതാണു നൈഷ്കർമ്യസിദ്ധിക്കുള്ള രാജപാത.

നൈഷ്കർമ്യസിദ്ധിയിലെത്തിയയാൾ ബ്രഹ്മനിഷ്ഠനായി ഭവിക്കുന്നു. എന്താണീ ബ്രഹ്മനിഷ്ഠയുടെ ലക്ഷണം? ഭഗവാൻ അതു സംഗ്രഹിച്ചു വെളിപ്പെടുത്താമെന്നു പ്രസ്താവിക്കുകയാണ് അടുത്ത പദ്യത്തിൽ:

*50. സിദ്ധിം പ്രാപ്തോ യഥാ ബ്രഹ്മ തഥാഽഽപ്നോതി നിബോധ മേ*
*സമാസേനൈവ കൗന്തേയ നിഷ്ഠാ ജ്ഞാനസ്യ യാ പരാ*

കൗന്തേയ - അല്ലയോ കുന്തീപുത്രാ; സിദ്ധിം പ്രാപ്തഃ - നൈഷ്കർമ്യസിദ്ധി പ്രാപിച്ചയാൾ; യഥാ - എപ്രകാരം; ബ്രഹ്മ - ബ്രഹ്മാനുഭവത്തെ; ആപ്നോതി - പ്രാപിക്കുന്നു; തഥാ - എന്നത്; സമാസേന - സംഗ്രഹിച്ച്; മേ നിബോധ - എന്നിൽനിന്നു കേട്ടുകൊള്ളുക; യാ ഏവ - ഏതാണോ; ജ്ഞാനസ്യ - ബോധാനുഭവത്തിലെ; പരാനിഷ്ഠാ - ഏറ്റവും ഉയർന്ന പടി.

അല്ലയോ കുന്തീപുത്രാ, നൈഷ്കർമ്യസിദ്ധി പ്രാപിച്ചയാൾ എപ്രകാരം ബ്രഹ്മാനുഭവത്തെ പ്രാപിക്കുന്നു എന്നത് സംഗ്രഹിച്ച് എന്നിൽനിന്നു കേട്ടുകൊള്ളുക; ഏതാണോ ബോധാനുഭവത്തിലെ ഏറ്റവും ഉയർന്ന പടി.

## *നിഷ്ഠാ ജ്ഞാനസ്യ യാ പരാ*

ബോധാനുഭവത്തിന്റെ ഏറ്റവും ഉയർന്ന പടിയാണു ബ്രഹ്മാനുഭവം. അനുഭവങ്ങളെല്ലാം ബോധാനുഭവങ്ങളാണ്. ബോധത്തിനല്ലാതെ അനുഭവം സാധ്യമല്ലല്ലോ. എന്നാൽ എവിടെയാണോ ബോധം ഒന്നിലധികം രൂപങ്ങളെ മാറിമാറി അനുഭവിക്കുന്നത് അവിടെ അനുഭവം അപൂർണമാണെന്നു തീർച്ച. അനുഭവസ്വരൂപമായ ബോധത്തെ ഇങ്ങനെ പലതായി വിഭജിക്കുന്ന രൂപങ്ങളെ ഒഴിച്ചുമാറ്റിയാൽ ശുദ്ധവും അഖണ്ഡവുമായ ബോധം അനുഭവപ്പെടും. അതാണു ബോധാനുഭവത്തിലെ ഏറ്റവും ഉയർന്ന പടി. അതുതന്നെയാണു ജ്ഞാനത്തിന്റെ പരാനിഷ്ഠാ. അതുതന്നെയാണു നൈഷ്കർമ്യസിദ്ധി. അതിന്റെ സ്വരൂപം സംഗ്രഹിച്ചു വിവരിക്കാമെന്നാണു ഭഗവാൻ പ്രസ്താവിച്ചിരിക്കുന്നത്.

പറഞ്ഞപ്രകാരം അടുത്ത മൂന്നു പദ്യങ്ങളിൽ പരമമായ ബ്രഹ്മനിഷ്ഠയുടെ സ്വരൂപം സംഗ്രഹിച്ചു പ്രതിപാദിക്കുകയാണു ഭഗവാൻ:

*51. ബുദ്ധ്യാ വിശുദ്ധയാ യുക്തോ ധൃത്യാത്മാനം നിയമ്യ ച*
*ശബ്ദാദീൻ വിഷയാംസ്ത്യക്ത്വാ രാഗദ്വേഷൗ വ്യുദസ്യ ച*

digitized by www.sreyas.in

വിശുദ്ധയാ ബുദ്ധ്യാ യുക്തഃ - തത്വബോധംകൊണ്ടു ഭേദചിന്ത നശിച്ചു ശുദ്ധമായ ബുദ്ധിയോടുകൂടി; ആത്മാനം - മനസ്സിലെ; ധൃത്യാ - സങ്കൽപ്പങ്ങളെ ധീരമായി നിരോധിച്ചിട്ട്; നിയമ്യ ച - ഉള്ളിൽ ഏകാഗ്രപ്പെടുത്തി; ശബ്ദാദീൻ വിഷയാൻ - ശബ്ദം തുടങ്ങിയുള്ള എല്ലാ വിഷയങ്ങളേയും; ത്യക്ത്വാ - പുറം തള്ളി; രാഗദ്വേഷൗ ച - രാഗദ്വേഷങ്ങളെയും; വ്യുദസ്യ - അകറ്റി.

തത്വബോധംകൊണ്ടു ഭേദചിന്ത നശിച്ചു ശുദ്ധമായ ബുദ്ധിയോടുകൂടി മനസ്സിലെ സങ്കൽപ്പങ്ങളെ ധീരമായി നിരോധിച്ചിട്ട് ഉള്ളിൽ ഏകാഗ്രപ്പെടുത്തി ശബ്ദം തുടങ്ങിയ എല്ലാ വിഷയങ്ങളെയും പുറംതള്ളി രാഗദ്വേഷങ്ങളെയുമകറ്റി.

*52. വിവിക്തസേവീ ലഘ്വാശീ യതവാക്കായമാനസഃ*
*ധ്യാനയോഗപരോ നിത്യം വൈരാഗ്യം സമുപാശ്രിതഃ*

വിവിക്തസേവീ - ശുദ്ധമായ ഏകാന്തസ്ഥലത്തു കഴിഞ്ഞുകൂടുന്നവനായി; ലഘ്വാശീ - ആവശ്യത്തിനുമാത്രം ആഹാരം കഴിക്കുന്നവനായി; യതവാക്കായമാനസഃ - കർമോപകരണങ്ങളായ വാക്ക്, ദാഹം, മനസ്സ് എന്നിവയെ പൂർണമായും വശത്താക്കിയവനായി; നിത്യം ധ്യാനയോഗപരഃ - സദാ ആത്മധ്യാനതൽപ്പരനായി; വൈരാഗ്യം സമുപാശ്രിതഃ - ലോകസുഖങ്ങളിൽ വിരക്തനായി.

ശുദ്ധമായ ഏകാന്തസ്ഥലത്തു കഴിഞ്ഞുകൂടുന്നവനായി ആവശ്യത്തിനുമാത്രം ആഹാരം കഴിക്കുന്നവനായി കർമോപകരണങ്ങളായ വാക്ക്, ദേഹം, മനസ്സ് എന്നിവയെ പൂർണമായും വശത്താക്കിയവനായി സദാ ആത്മധ്യാനതൽപ്പരനായി ലോകസുഖങ്ങളിൽ വിരക്തനായി.

*53. അഹങ്കാരം ബലം ദർപ്പം കാമം ക്രോധം പരിഗ്രഹം*
*വിമുച്യ നിർമമഃ ശാന്തോ ബ്രഹ്മഭൂയായ കൽപ്പതേ*

അഹങ്കാരം - ഞാൻ എന്ന ഭാവത്തെയും, ബലം - ലൗകിക കാര്യങ്ങളിലുള്ള രാഗദ്വേഷയുക്തമായ സാമർഥ്യത്തെയും; ദർപ്പം - നേട്ടങ്ങളിലുള്ള അഭിമാനത്തെയും; കാമം - ആഗ്രഹത്തെയും; ക്രോധം - കോപത്തെയും.; പരിഗ്രഹം - പരിഗ്രഹത്തെയും; വിമുച്യ - പാടേ വെടിഞ്ഞ്; നിർമമഃ - ഒന്നിലും എന്റേതെന്ന ഭാവം പുലർത്താതെ; ശാന്തഃ - ശാന്തനായി വർത്തിക്കുന്നയാൾ; ബ്രഹ്മഭൂയായ - പൂർണ ബ്രഹ്മാനുഭവത്തിനർഹനാണെന്നു; കൽപ്പതേ - കരുതപ്പെടുന്നു.

ഞാൻ എന്ന ഭാവത്തെയും ലൗകികകാര്യങ്ങളിലുള്ള രാഗദ്വേഷയുക്തമായ സാമർഥ്യത്തെയും നേട്ടങ്ങളിലുള്ള അഭിമാനത്തെയും ആഗ്രഹ

digitized by www.sreyas.in

ത്തെയും കോപത്തെയും പരിഗ്രഹത്തെയും പാടേ വെടിഞ്ഞ് ഒന്നിലും എന്റേതെന്ന ഭാവം പുലർത്താതെ ശാന്തനായി വർത്തിക്കുന്നയാൾ പൂർണ്ണ ബ്രഹ്മാനുഭവത്തിനർഹനാണെന്നു കരുതപ്പെടുന്നു.

## *ബ്രഹ്മഭൂയായ കൽപ്പതേ*

പൂർണമായി ബ്രഹ്മാനുഭവം നേടുന്നതിനു രണ്ടു തലത്തിലെ യത്നമാവശ്യമാണ്. സമാധിതലത്തിലെ യത്നമാണ് അൻപത്തൊന്നാം പദ്യത്തിൽ വിവരിച്ചത്. തത്വവിചാരംകൊണ്ടു ഭേദചിന്തയകന്നു ശുദ്ധമായ ബുദ്ധിക്കു മാത്രമേ സമാധി അനുഭവിക്കാൻ പറ്റൂ. ശുദ്ധമായ ബുദ്ധിക്ക് ധീരമായി സങ്കൽപ്പങ്ങളെ പുറംതള്ളി മനസ്സിനെ ഏകാഗ്രപ്പെടുത്തി ആത്മനിഷ്ഠമാക്കാൻ പറ്റും. അങ്ങനെ ശബ്ദം മുതലിങ്ങോട്ടുള്ള വിഷയങ്ങളെല്ലാമകന്നു രാഗദ്വേഷങ്ങൾ ശമിച്ചാൽ സമാധിയിൽ വ്യക്തമായ ബ്രഹ്മാനുഭവമുണ്ടാകും. സവികൽപ്പനിർവികൽപ്പസമാധികളിലെ ബ്രഹ്മാനുഭവസ്വരൂപം ആറാമധ്യായത്തിന്റെ ഭാഷ്യം നോക്കിയറിയുക. സമാധിയിൽ ഇങ്ങനെ ബ്രഹ്മാനുഭവമുണ്ടായാലും വ്യുത്ഥാനദശയിൽ പ്രാരബ്ധജന്യങ്ങളായ കർമവാസനകൾ തുടർന്നു എന്നുവരാം. അവയുമൊടുങ്ങിയാലേ സർവത്ര സമദർശനമെന്ന ബ്രഹ്മാനുഭവം പൂർണമാവുകയുള്ളു. വ്യുത്ഥാനദശയിലെ വാസനാക്ഷയ യത്നമാണ് അൻപത്തിരണ്ടാം ശ്ലോകത്തിൽ വിവരിച്ചിരിക്കുന്നത്. ഏകാന്തജീവിതം, ലഘുഭക്ഷണം, മനോവാക്കായങ്ങളെ സദാ വശത്താക്കിവയ്ക്കുക, നിരന്തരമായ ബ്രഹ്മഭാവന പുലർത്തുക, ലോകസുഖങ്ങൾക്കു പിന്നാലെ പറ്റിക്കൂടാതിരിക്കുക ഇവയൊക്കെയാണു വ്യുത്ഥാനദശയിൽ പൂർണമായ വാസനാക്ഷയം നേടാനുള്ള നടപടികൾ. ഇത്രയുമായാൽ പൂർണ ബ്രഹ്മനിഷ്ഠക്ക് അഥവാ ജീവന്മുക്തിക്ക് ഒരുവൻ അർഹനായിത്തീരും. പൂർണമായ ബ്രഹ്മാനുഭവത്തിന്റെ വ്യക്തമായ ആന്തരസ്വരൂപമാണ് അൻപത്തിമൂന്നാം പദ്യത്തിൽ വിവരിച്ചിരിക്കുന്നത്. ജീവന്മുക്തനു ദേഹാദി ജഡവസ്തുക്കളിൽ ഞാനെന്ന ഭാവം ഉണ്ടായിരിക്കുകയില്ല. സാമർഥ്യമുണ്ടെങ്കിൽപ്പോലും രാഗദ്വേഷയുക്തനായി ഒരു കാര്യത്തിലും അദ്ദേഹം പ്രവർത്തിക്കുകയില്ല. ലൗകികമോ ആധ്യാത്മികമോ ആയ തന്റെ നേട്ടങ്ങളിലൊന്നും അദ്ദേഹം അഭിമാനം കൊള്ളുകയില്ല. ആഗ്രഹമൊന്നും ഉള്ളിൽ അവശേഷിക്കുന്നുണ്ടാവില്ല. അക്കാരണത്താൽത്തന്നെ ഒന്നിലും കോപം അദ്ദേഹത്തെ സ്പർശിക്കുകയേയില്ല. ആരിൽ നിന്നും തന്റേതെന്ന നിലയിൽ ഒന്നും അദ്ദേഹം സ്വീകരിക്കുകയില്ല. അതുകൊണ്ട് ഒന്നിലും തന്റേ

digitized by www.sreyas.in

തെന്ന ഭാവം ഉണ്ടായിരിക്കുകയില്ല. സദാ ശാന്തനായി വർത്തിക്കും. ഇതാണു പൂർണ ബ്രഹ്മനിഷ്ഠയുടെ സ്വരൂപം.

ഇനിയും പൂർണ ബ്രഹ്മനിഷ്ഠയുടെ വ്യക്തമായ ബാഹ്യസ്വരൂപമാണ് അൻപത്തിനാലാം പദ്യത്തിൽ വിവരിക്കുന്നത്:

*54. ബ്രഹ്മഭൂതഃ പ്രസന്നാത്മാ ന ശോചതി ന കാംക്ഷതി*
*സമഃ സർവേഷു ഭൂതേഷു മദ്ഭക്തിം ലഭതേ പരാം*

ബ്രഹ്മഭൂതഃ - ബ്രഹ്മത്തെ അറിഞ്ഞ് അതായിത്തീർന്നവൻ; പ്രസന്നാത്മാ - ഭേദചിന്തവിട്ടു സദാ പ്രസന്നചിത്തനായി; ന ശോചതി - ഒന്നിലും ദുഃഖിക്കുന്നില്ല; ന കാംക്ഷതി - ഒന്നും ആഗ്രഹിക്കുന്നില്ല; സർവേഷു ഭൂതേഷു - എല്ലാ പ്രപഞ്ചദൃശ്യങ്ങളിലും; സമഃ - ഒരേ വസ്തുവിനെ ദർശിച്ച്; പരാം - പരയായ, മദ്ഭക്തിം - എന്റെ ഭക്തിയെ; ലഭതേ - പ്രാപിക്കാൻ ഇടവരുന്നു.

ബ്രഹ്മത്തെ അറിഞ്ഞ് അതായിത്തീർന്നവൻ ഭേദചിന്തവിട്ടു സദാ പ്രസന്നചിത്തനായി ഒന്നിലും ദുഃഖിക്കുന്നില്ല; ഒന്നും ആഗ്രഹിക്കുന്നില്ല. എല്ലാ പ്രപഞ്ചദൃശ്യങ്ങളിലും ഒരേ വസ്തുവിനെ ദർശിച്ചു പരയായ എന്റെ ഭക്തിയെ പ്രാപിക്കാൻ ഇടവരുന്നു.

## *മദ്ഭക്തിം ലഭതേ പരാം*

പൂർണബ്രഹ്മനിഷ്ഠൻ സ്വാനുഭവത്തെ സംബന്ധിച്ചിടത്തോളം സാക്ഷാൽക്കാരബ്രഹ്മം തന്നെയാണ്. ബ്രഹ്മത്തെ അറിയുന്നവർ അതായിത്തീരുന്നു എന്നാണ് ഉപനിഷത് പ്രഖ്യാപനം. പുറമേ ഏതു പരിതസ്ഥിതിയിലും അദ്ദേഹം പ്രസന്നനായിരിക്കും. ബ്രഹ്മനിഷ്ഠന്റെ മുഖത്തു സദാ പുഞ്ചിരി കളിയാടുന്നുണ്ടാവും. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിനു ദുഃഖമില്ല, ആഗ്രഹമില്ല, സദാ സർവത്ര അദ്ദേഹം ഒരേ ബ്രഹ്മത്തെ മാത്രമേ കാണുന്നുള്ളു. മനസ്സ് എവിടെയൊക്കെ ചെന്നു പറ്റുന്നുവോ അവിടെയൊക്കെ ബ്രഹ്മം മാത്രം. ഈ അനുഭവസ്ഥിതിയാണു പരാഭക്തി. ഭക്തിയും ജ്ഞാനവും രണ്ടാണെന്നൊക്കെ പറയുന്നവർ ഈ ഗീതാശ്ലോകം ശ്രദ്ധയോടെ മനനം ചെയ്യേണ്ടതാണ്. സാധനാഘട്ടത്തിൽ രണ്ടാണെന്നു തോന്നാം. അനുഭവഘട്ടത്തിൽ രണ്ടും ഒന്നുതന്നെ. സ്വയം ബ്രഹ്മമായിത്തീർന്ന് സർവത്ര ബ്രഹ്മത്തെ അനുഭവിക്കുന്നതാണു പ്രത്യക്ഷജ്ഞാനം. അതുതന്നെയാണു പരാഭക്തി.

digitized by www.sreyas.in

ഭക്തികൊണ്ടെന്തു നേടുന്നു? പരാഭക്തിയിലെ അനുഭവമെന്ത്? ഇക്കാര്യം ഭഗവാൻ ഒന്നുകൂടി വിശദമാക്കുന്നു:

*55. ഭക്ത്യാ മാമഭിജാനാതി യാവാൻ യശ്ചാസ്മി തത്വതഃ*
*തതോ മാം തത്വതോ ജ്ഞാത്വാ വിശതേ തദനന്തരം*

ഭക്ത്യാ - ഭക്തികൊണ്ട്; മാം - പരമാത്മാവായ എന്നെ; തത്വതഃ - വസ്തുസ്ഥിതിയിൽ; യഃ - ഞാൻ ആരാണെന്നും; യാവാൻ ച അസ്മി - എന്തുമാത്രം വലിപ്പമുള്ളവനാണെന്നും; അഭിജാനാതി - നേരിട്ടറിയാൻ ഇടവരുന്നു; തതഃ - തുടർന്ന്; മാം തത്വതഃ - എന്നെ യഥാർഥമായി, ജ്ഞാത്വാ - അനുഭവിച്ചറിഞ്ഞിട്ട്; തദനന്തരം - അതിനുശേഷം; വിശതേ - എന്നിൽ ചേർന്നൊന്നാകാനും ഇടവരുന്നു.

ഭക്തികൊണ്ടു പരമാത്മാവായ എന്നെ വസ്തുസ്ഥിതിയിൽ ഞാൻ ആരാണെന്നും എന്തുമാത്രം വലിപ്പമുള്ളവനാണെന്നും നേരിട്ടറിയാൻ ഇടവരുന്നു. തുടർന്ന് എന്നെ യഥാർഥമായി അനുഭവിച്ചറിഞ്ഞിട്ട് അതിനു ശേഷം എന്നിൽ ചേർന്നൊന്നാകാനും ഇടവരുന്നു.

## *വിശതേ തദനന്തരം*

ജീവബ്രഹ്മൈക്യമാണ് 'വിശതേ' എന്ന പദം കൊണ്ടു വെളിപ്പെടുത്തിയിരിക്കുന്നത്. ഈ ഐക്യാനുഭവം കൈവന്ന ജീവന്മുക്തന്റെ സർവത്ര സമദർശനമാണു പരാഭക്തി. പരമമായ ജ്ഞാനവും അതുതന്നെ. എന്നാൽ ഈ ഭക്തിയും ജ്ഞാനവും ആരംഭത്തിൽ ഒരു സാധകനെ അച്ഛനും അമ്മയുമെന്നപോലെ ഒരുമിച്ചുനിന്നു കൈക്കുപിടിച്ചു സത്യത്തോടടുപ്പിക്കുന്നു. ഒരു വ്യക്തിയെക്കുറിച്ചുള്ള അറിവും സ്നേഹവും പോലെയാണു ജ്ഞാനവും ഭക്തിയും. ആരെയും അറിയാതെ സ്നേഹിക്കാനോ സ്നേഹിക്കാതെ കൂടുതൽ അറിയാനോ സാധ്യമല്ലല്ലോ. അതുപോലെ ഗുരുവിൽനിന്ന് ആത്മതത്വം ഗ്രഹിക്കുന്നതോടെ ജ്ഞാനം ആരംഭിക്കുന്നു. തുടർന്ന് ആത്മാവിൽ നേടാനായി ധ്യാനമനനാദി സാധനകളിലേർപ്പെടുന്നു. തുടർന്നു ചിത്തം സ്നേഹമർപ്പിക്കുന്ന സാധാകന് ഗുരുപദേശമനുസരിച്ച് ആത്മപ്രീതി പ്രസന്നമാകുന്നതോടെ വസ്തുസ്ഥിതിയിൽ ആത്മാവ് ആരാണെന്നറിയാറാകുന്നു. ആനന്ദബോധമാണാത്മാവെന്നുള്ളിൽ അനുഭവിച്ചറിയാൻ കഴിയുന്നു എന്നു താൽപ്പര്യം. സമാധി പാകപ്പെടുന്നതോടെ ആത്മാവിന്റെ വലിപ്പം എന്തുമാത്രമാണെന്നും അറിയാൻ കഴിയുന്നു. താൻ ഉള്ളിൽ അനുഭവിക്കുന്ന ആനന്ദബോധം ജഗത്തിലുടനീളം ഇടതിങ്ങി നിൽക്കുന്ന അനന്തസത്തയാ

digitized by www.sreyas.in

ണെന്നറിയാൻ കഴിയുന്നു എന്നു താൽപ്പര്യം. ഈ അനുഭവഘട്ടത്തിലെല്ലാം ജ്ഞാനം ഭക്തിയെയും ഭക്തി ജ്ഞാനത്തെയും വികസിപ്പിച്ചു മുന്നേറുക യാണെന്നോർക്കണം. അറിയുന്തോറും കൂടുതൽ ഭക്തി, ഭക്തി കൂടുന്തോറും കൂടുതൽ അറിവ്, ഇതാണു ക്രമം. പക്ഷേ, രണ്ടായി നിൽക്കുന്നിടത്തോളം ഭക്തി അപരാഭക്തിയാണ്. ഇങ്ങനെ അറിവും ഭക്തിയും വർധിച്ച് ഒടുവിൽ ജീവാത്മാവ് അഥവാ 'ഞാൻ' അഖണ്ഡമായ ആനന്ദബോധത്തിൽ ചേർന്നേ കീഭവിക്കുന്നു. ഇവിടെ ജ്ഞാനവും ഭക്തിയും ഒന്നായിത്തീരുന്നു. ഇതാണു പരമജ്ഞാനം അഥവാ പരാഭക്തി. ഇവിടെ ആരെ അറിയുന്നു? സ്വയം തന്നെത്തന്നെ അറിയുന്നു. ആരോടാണു ഭക്തി? സ്വയം തന്നോടുതന്നെ യാണു ഭക്തി. ഇതാണു നിർവികൽപ്പമായ വസ്ത്വനുഭവദശ. ഇതാണു മോക്ഷം.

നിരന്തരം ലോകകർമങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരുവനു ക്രമേണ ഈ പരാഭക്ത്യനുഭവത്തിലെത്താൻ കഴിയുമോ? കഴിയുമെന്നാണു ഭഗവാൻ ഇതാ അടുത്ത പദ്യത്തിൽ പ്രഖ്യാപിക്കുന്നത്:

*56. സർവകർമാണ്യപി സദാ കുർവാണോ മദ്വ്യപാശ്രയഃ*
*മത്പ്രസാദാദവാപ്നോതി ശാശ്വതം പദമവ്യയം*

സർവകർമാണി അപി - സ്വഭാവനിയതങ്ങളായ കർമങ്ങളെന്തുതന്നെയും; സദാ കുർവാണഃ - എപ്പോഴും അനുഷ്ഠിച്ചാലും; മദ്വ്യപാശ്രയഃ - എന്നെ ശരണം പ്രാപിക്കുന്ന ഒരുവൻ; മത്പ്രസാദാത് - എന്റെ കാരുണ്യംകൊണ്ട്; ശാശ്വതം - നിത്യവും; അവ്യയം - ഒരിക്കലും ഒരഴിവുമില്ലാത്തതുമായ; പദം - ബ്രഹ്മസ്ഥിതി; അവാപ്നോതി - ക്രമേണ പ്രാപിക്കുക തന്നെ ചെയ്യുന്നു.

സ്വഭാവനിയതങ്ങളായ കർമങ്ങൾ എന്തുതന്നെയും എപ്പോഴും അനു ഷ്ഠിച്ചാലും എന്നെ ശരണം പ്രാപിക്കുന്ന ഒരുവൻ എന്റെ കാരുണ്യംകൊണ്ട് നിത്യവും ഒരിക്കലും ഒരഴിവുമില്ലാത്തതുമായ ബ്രഹ്മസ്ഥിതി ക്രമേണ പ്രാപി ക്കുക തന്നെ ചെയ്യുന്നു.

## *മത് പ്രസാദാദവാപ്നോതി*

സ്വഭാവനിയതമായ കർമം ആർക്കും ഉപേക്ഷിക്കാൻ പറ്റുന്നതല്ല: പിന്നെ കഴിയുന്നത്ര തനിക്കും സമൂഹത്തിനും ദോഷം ഒഴിവാക്കി അതു സ്വധർമമായി അനുഷ്ഠിക്കുന്ന കാര്യം മാത്രമേ ചിന്തിക്കാനുള്ളു. അങ്ങനെ ഏതു കർമം എപ്പോഴും അനുഷ്ഠിച്ചാലും ഭഗവത്കാരുണ്യമുണ്ടെങ്കിൽ ബ്രഹ്മസ്ഥിതി പ്രാപിക്കും. എന്താണു ഭഗവത്കാരുണ്യം? സാധകന്റെ ചിത്ത

digitized by www.sreyas.in

പ്രസാദം തന്നെയാണു ഭഗവത്കാരുണ്യമുണ്ടെന്നതിനു തെളിവ്. ഇതെങ്ങനെയുണ്ടാവും? കർമാനുഷ്ഠാനവേളയിൽ സദാ ഭഗവാനെ ശരണം പ്രാപിച്ചാലുണ്ടാകും. എന്താണു ശരണം പ്രാപിക്കൽ? ഫലചിന്തക്കു ബുദ്ധിയെ അഴിച്ചുവിടാതെ കർമം ഭഗവദാരാധനയെന്നു ഭാവന ചെയ്യുകയാണു ശരണം പ്രാപിക്കൽ. ഇതു സാധിച്ചാൽ ക്രമേണ ഒരഴിവുമില്ലാത്ത ബ്രഹ്മസ്ഥിതി പ്രാപിക്കാം. ദേഹമുള്ളിടത്തോളം വീണ്ടും പഴയ കർമം തന്നെ തുടർന്നാലും ബ്രഹ്മനിഷ്ഠയ്ക്ക് ഒരു കേടും സംഭവിക്കുന്നതല്ല.

കർമം ചെയ്യുമ്പോൾ ഭഗവാനെ ശരണം പ്രാപിക്കണമെന്നു പറഞ്ഞുവല്ലോ. അതെങ്ങനെയാണെന്നു ഒന്നുകൂടി വ്യക്തമാക്കാമോ? ഭഗവാൻ അതു തന്നെ തുടർന്നു നിർവഹിക്കുന്നു:

*57. ചേതസാ സർവകർമാണി മയി സന്ന്യസ്യ മത്പരഃ*
*ബുദ്ധിയോഗമുപാശ്രിത്യ മച്ചിത്തഃ സതതം ഭവ*

സർവകർമാണി - ശരീരം, വാക്ക്, മനസ്സ് എന്നീ കരണങ്ങൾകൊണ്ടനുഷ്ഠിക്കുന്ന എല്ലാ കർമങ്ങളും; ചേതസാ - മനസ്സുകൊണ്ട്; മയി സന്ന്യസ്യ - എന്നിൽ സമർപ്പിച്ച്; മത്പരഃ - പരമാത്മാവായ എന്നെ പ്രാപിക്കുകയാണു ലക്ഷ്യമെന്നുറപ്പിച്ച്; ബുദ്ധിയോഗം ഉപാശ്രിത്യ - എന്നിൽത്തന്നെ ബുദ്ധിയെ സദാ ഏകാഗ്രമാക്കി നിറുത്തി; സതതം - സദാ സമയം; മച്ചിത്തഃ ഭവ - എന്നെ ധ്യാനിക്കുന്നവനായി ഭവിക്കൂ.

ശരീരം, വാക്ക്, മനസ്സ് എന്നീ കരണങ്ങൾകൊണ്ടനുഷ്ഠിക്കുന്ന എല്ലാ കർമങ്ങളും മനസ്സുകൊണ്ട് എന്നിൽ സമർപ്പിച്ച് പരമാത്മാവായ എന്നെ പ്രാപിക്കുകയാണു ലക്ഷ്യമെന്നുറപ്പിച്ച് എന്നിൽത്തന്നെ ബുദ്ധിയെ സദാ ഏകാഗ്രമാക്കി നിറുത്തി സദാ സമയവും എന്നെ ധ്യാനിക്കുന്നവനായി ഭവിക്കുക.

## *മച്ചിത്തഃ സതതം ഭവ*

ജീവിതത്തിൽ സദാ സമയവും പരമാത്മാവായ ഭഗവാനെ ധ്യാനിക്കുന്നവനായിത്തീരണം. ഇതാണു ഭഗവദ്വ്യപാശ്രയത്വം. കർമം ചെയ്യുന്ന ഒരാളിന് ഇതെങ്ങനെ സാധിക്കും? സർവകർമസമർപ്പണം കൊണ്ടു സാധ്യമാകും. ദേഹംകൊണ്ടോ വാക്കുകൊണ്ടോ മനസ്സുകൊണ്ടോ കർമം ചെയ്യുമ്പോഴൊക്കെ ഈ സർവകർമാർപ്പണം അഥവാ ക്രിയാദ്വൈതം മനസ്സിനെ അഭ്യസിപ്പിക്കണം. എന്റെ എല്ലാ കർമചലനങ്ങളും പ്രപഞ്ചരൂപേണ പ്രത്യക്ഷമായി നിൽക്കുന്ന പരമാത്മാവിന്റെ ആരാധനയാണെന്നു ഭാവന ചെയ്തു

digitized by www.sreyas.in

കൊണ്ടു കർമമനുഷ്ഠിക്കണം. ഇതു സാധ്യമാകണമെങ്കിൽ വ്യക്തമായ ലക്ഷ്യബോധമുണ്ടായിരിക്കണം. അതാണ് മത്പരത്വം. പരമമായ ജീവിത ലക്ഷ്യം ബ്രഹ്മസാക്ഷാൽക്കാരമാണെന്നുറപ്പിക്കണം. അങ്ങനെയായാൽ തൽക്കാലകർമഫലങ്ങളിൽ മനസ്സ് അലഞ്ഞുതിരിയാൻ ഇടയാവുകയില്ല. സർവകർമാർപ്പണവും ലക്ഷ്യബോധവും വന്നാൽ ബുദ്ധിയെ ബ്രഹ്മത്തിൽ സദാ ഏകാഗ്രപ്പെടുത്തി നിറുത്താൻ കഴിയും. ഇതാണു ബുദ്ധിയോഗം. അതോടെ സദാ സമയവും ഭഗവാനെ ധ്യാനിക്കുന്നവനായിത്തീരാം. തുടർന്നു ശരീരം കർമം ചെയ്യും; മനസ്സ് ഫലചിന്ത വെടിഞ്ഞു ഭഗവാങ്കലും പറ്റിനിൽക്കും.

കർമമയമായ ഈ ജീവിതത്തിൽ ഇങ്ങനെയൊരു മച്ചിത്തത്വം വന്നു ചേർന്നാൽ എന്താണു പ്രയോജനം? വന്നില്ലെങ്കിൽ അതുകൊണ്ടെന്തു ദോഷം? ഈ ചോദ്യങ്ങൾക്കുത്തരമാണു ഭഗവാനിനി പറയുന്നത്:

*58. മച്ചിത്തഃ സർവദുർഗാണി മത്പ്രസാദാത്തരിഷ്യസി*
*അഥ ചേത്ത്വമഹംകാരാന്ന ശ്രോഷ്യസി വിനങ്ക്ഷ്യസി*

മച്ചിത്തഃ - സദാ എന്നെ ധ്യാനിച്ചു ജീവിക്കുന്ന; ത്വം - നീ; മത്പ്രസാദാത് - ചിത്തപ്രസാദം നേടി എന്റെ കാരുണ്യത്തിനു പാത്രമാകുന്നതോടെ; സർവ ദുർഗാണി - എല്ലാ വിഷമഘട്ടങ്ങളെയും; തരിഷ്യസി - ലഘുവായി കടന്നു പോകും; അഥ - ഇനിയും; അഹങ്കാരാത് - ഞാൻ കേമനെന്ന ഭാവത്തോടെ; ന ശ്രോഷ്യസി ചേത് - നീ ഇതു കേൾക്കാൻ ഭാവമില്ലെങ്കിൽ; വിനങ്ക്ഷ്യസി - പല പ്രകാരത്തിലും നിനക്കു നാശം സംഭവിക്കും.

സദാ എന്നെ ധ്യാനിക്കുന്ന നീ ചിത്തപ്രസാദം നേടി എന്റെ കാരുണ്യത്തിനു പാത്രമാകുന്നതോടെ എല്ലാ വിഷമഘട്ടങ്ങളെയും ലഘുവായി കടന്നുപോകും. ഇനിയും ഞാൻ കേമനെന്ന ഭാവത്തോടെ നീ ഇതു കേൾക്കാൻ ഭാവമില്ലെങ്കിൽ പല പ്രകാരത്തിലും നിനക്കു നാശം സംഭവിക്കും.

## *ന ശ്രോഷ്യസി വിനങ്ക്ഷ്യസി*

ഈശ്വരധ്യാനം നിരന്തരമായാൽ ചിത്തം പ്രസന്നമാകും. ഉള്ളിലുള്ള പരമാത്മാവിന്റെ ആനന്ദസ്വരൂപം ഏകാഗ്രചിത്തത്തിൽ പ്രതിബിംബിക്കുന്നതു തന്നെയാണീ പ്രസാദാനുഭവം. ഇതുതന്നെയാണു ഭഗവത് കാരുണ്യത്തിന്റെ പ്രകടരൂപം. ഇതോടെ ഏതു കാര്യത്തിലും ഈശ്വരൻ തന്റെ കൂടെയുണ്ടെന്നു ബോധ്യമാകും. ഏതു വിഷമഘട്ടവും എളുപ്പത്തിൽ തരണം

digitized by www.sreyas.in

ചെയ്യാനുള്ള ചുറ്റുപാടുകൾ വന്നുചേരും. എങ്ങനെ കടന്നുപോകണമെന്നു വ്യക്തമായി ഗ്രഹിക്കാറാകും. തുടർന്ന് ഈശ്വരബോധം വളരുന്നതോടെ ജീവിതം ധന്യമായി ബ്രഹ്മാനുഭവം കൈവരുകയും ചെയ്യും. ഇതിനു വിപരീതമായ ഗതിയാണു താൻ കേമനെന്നു ഭാവിച്ചുകൊണ്ടു കർമമാർഗത്തിൽ ചരിക്കുക. അവിടെ ഫലചിന്തകൊണ്ടു മനസ്സു സദാ വ്യാകുലമാവും. ഫലം അനുകൂലമാകുന്നിടത്തുപോലും അഹങ്കാരത്തിനു കട്ടികൂടി ആത്മാനന്ദം നഷ്ടമാകും. വിഷമഘട്ടത്തിൽ സംഗബദ്ധനായി നേർമാർഗം കാണാൻ കഴിയാതെ അപഥത്തിൽ സഞ്ചരിക്കും. സത്യത്തിൽനിന്ന് അകന്നകന്നു പോകുമെന്നു മാത്രമല്ല കർമവാസന അടിഞ്ഞുകൂടി അസംതൃപ്തി പെരുകി ജീവിതം അധന്യമെന്നു തോന്നാനിടവരും. വാസനാസ്വരൂപമനുസരിച്ചു ജനനമരണങ്ങളിൽപ്പെട്ടുഴലേണ്ടതായും വരും. ഇതാണു പല പ്രകാരത്തിലും സംഭവിക്കാനിടയുള്ള നാശം.

ബുദ്ധിപൂർവം ഭഗവന്നിർദേശമനുസരിക്കുന്നില്ലെങ്കിൽ അർജുനന്റെ തൽക്കാലസ്ഥിതിതന്നെ നാശത്തിനു വഴിതെളിക്കുന്നതെങ്ങനെയായിരിക്കുമെന്നാണു ഭഗവാൻ ഇനി ചൂണ്ടിക്കാണിക്കുന്നത്:

*59. യദഹംകാരമാശ്രിത്യ ന യോത്സ്യ ഇതി മന്യസേ*
*മിഥ്യൈഷ വ്യവസായസ്തേ പ്രകൃതിസ്ത്വാം നിയോക്ഷ്യതി*

അഹങ്കാരം ആശ്രിത്യ - ഞാൻ കേമനെന്ന ഭാവത്തിൽ; ന യോത്സ്യേ - ഞാൻ യുദ്ധം ചെയ്യുകയില്ല; ഇതി മന്യസേ യത് - എന്നു തീരുമാനിക്കുകയാണെങ്കിൽ; തേ ഏഷഃ വ്യവസായഃ - നിന്റെ ഈ നിശ്ചയം; മിഥ്യാ - നടപ്പിൽ വരികയില്ല; ത്വാം - നിന്നെ; പ്രകൃതിഃ - നിന്റെ രാജസപ്രകൃതി; നിയോക്ഷ്യതി - യുദ്ധത്തിനായി നിയോഗിക്കുകതന്നെ ചെയ്യും.

ഞാൻ കേമനെന്ന ഭാവത്തിൽ ഞാൻ യുദ്ധം ചെയ്യുകയില്ല എന്നു തീരുമാനിക്കുകയാണെങ്കിൽ നിന്റെ ഈ നിശ്ചയം നടപ്പിൽ വരികയില്ല. നിന്നെ നിന്റെ രാജസ്സപ്രകൃതി യുദ്ധത്തിനായി നിയോഗിക്കുക തന്നെ ചെയ്യും.

## *പ്രകൃതിസ്ത്വാ നിയോക്ഷ്യതി*

സ്വപ്രകൃതി നിർണയിക്കാൻ കഴിയാതെ ഞാൻ യുദ്ധം ചെയ്യുകയില്ലെന്ന് അഹംഭാവത്തോടെ തീരുമാനിച്ചാൽ അർജുനനു തൽക്കാലം യുദ്ധത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിഞ്ഞേക്കും. എന്നാൽ എവിടെപ്പോയാലും യുദ്ധവാസന അർജുനനെ പിൻതുടരും. അതിന്റെ ഫലമായി ചില

digitized by www.sreyas.in

പ്പോൾ വേണ്ടാത്തിടത്ത് യുദ്ധം ചെയ്യേണ്ടിവന്നു എന്നു വരാം. അതിനിട യാകാതെ ധർമയുദ്ധത്തിനവസരം കിട്ടിയ സ്ഥിതിക്കു സ്വധർമമെന്ന നില യിൽ ഈശ്വരാർച്ചനയായി അതു നിർവഹിച്ചാൽ ലോകസംഗ്രഹം സാധിക്കാം. അതോടൊപ്പം വാസനാക്ഷയം നേടി മുക്തിക്കു പാത്രമാവു കയും ചെയ്യാം. ഈശ്വരബുദ്ധിയോടെ കർമം ചെയ്താലേ വാസന ക്ഷയി പ്പിച്ചു പ്രകൃതിയെ ജയിക്കാൻ പറ്റൂ. അഹങ്കാരംകൊണ്ടു പ്രകൃതിയെ ജയിക്കാൻ കഴിയുന്നതല്ല.

നിന്നെ യുദ്ധത്തിനു പ്രകൃതി നിയോഗിക്കുക തന്നെ ചെയ്യും എന്നു പറഞ്ഞതിന്റെ ശാസ്ത്രരഹസ്യം വ്യക്തമായി വെളിപ്പെടുത്തുകയാണു ഭഗ വാൻ അടുത്തതായി:

*60. സ്വഭാവജേന കൗന്തേയ നിബദ്ധഃ സ്വേന കർമണാ*
*കർത്തും നേച്ഛസി യന്മോഹാത് കരിഷ്യസ്യവശോഽപി തത്*

കൗന്തേയ - അല്ലയോ കുന്തീപുത്രാ നീ; സ്വഭാവജേന - സ്വപ്രകൃതിക്കനുസ രണമായ; സ്വേന കർമണാ - സ്വാഭാവികകർമത്താൽ; നിബദ്ധഃ - ബദ്ധനായ വൻ; മോഹാത് - സ്വസ്വഭാവം തിരിച്ചറിയാതെ; യത്കർത്തും ന ഇച്ഛസി - എന്താണോ ചെയ്യാൻ വിസമ്മതിക്കുന്നത്; അവശഃ അപി - അവശനായി ത്തീർന്നിട്ട്; തത്കരിഷ്യസി - പിന്നീടതു ചെയ്യാൻ ബാധ്യസ്ഥനായിത്തീരും.

അല്ലയോ കുന്തീപുത്രാ, സ്വപ്രകൃതിക്കനുസരണമായ സ്വാഭാവിക കർമത്താൽ ബദ്ധനായവൻ സ്വസ്വഭാവം തിരിച്ചറിയാതെ എന്താണോ ചെയ്യാൻ വിസമ്മതിക്കുന്നത് അവശനായിത്തീർന്നിട്ട് പിന്നീടതു ചെയ്യാൻ ബാധ്യസ്ഥനായിത്തീരും.

## കരിഷ്യസ്യവശോഽപി തത്

സ്വപ്രകൃതിക്കനുസരണമായ കർമം, ഒരാൾക്കു പൊടുന്നനേ ഉപേക്ഷി ക്കാൻ പറ്റുന്നതല്ല. ഉപേക്ഷിച്ചാൽ അതു താൽക്കാലികം മാത്രമായിരിക്കും. താമസിയാതെതന്നെ പ്രകൃതിക്കടിമപ്പെട്ട് അവശനായി അയാൾക്കാ കർമം ചെയ്യേണ്ടിവരും. അതുകൊണ്ടു പ്രകൃതിക്കനുസരണമായ കർമം സ്വധർമ മാക്കി ഈശ്വരാർച്ചനയായി അനുഷ്ഠിക്കുകയല്ലാതെ വേറെ ഗതിയില്ല. അങ്ങനെ അനുഷ്ഠിച്ചാൽ കർമവാസന കുറഞ്ഞു പ്രകൃതി ഒഴിഞ്ഞുപോ കും. അതോടെ സ്വസ്വരൂപമായ ആത്മാവു തെളിയുകയും ചെയ്യും. ഈ ക്രമം അഹങ്കാരപൂർവം ഒഴിവാക്കുന്നവർ സ്വഭാവകർമം അവശരായി അധർമമായനുഷ്ഠിച്ചു പതിക്കാൻ ഇടയാകും.

digitized by www.sreyas.in

കർമം ഈശ്വരാർച്ചനയായി അനുഷ്ഠിക്കണമെന്നു പറഞ്ഞു. ഈശ്വരൻ സർവവ്യാപിയാണെന്നും പറഞ്ഞു. എന്നാൽ ഈശ്വരനെ എങ്ങും കാണ്മാനില്ലല്ലോ. കാണ്മാനില്ലാത്ത ഈശ്വരനെ കർമംകൊണ്ടെങ്ങനെയാണർച്ചിക്കുക? ഈ ചോദ്യത്തിനുത്തരമാണടുത്ത പദ്യം;

*61. ഈശ്വരഃ സർവഭൂതാനാം ഹൃദ്ദേശേഽർജുന തിഷ്ഠതി*
*ഭ്രാമയൻ സർവഭൂതാനി യന്ത്രാരൂഢാനി മായയാ*

അർജുന - അല്ലയോ അർജുനാ; ഈശ്വരഃ - ഈശ്വരൻ; സർവഭൂതാനാം - എല്ലാ പ്രപഞ്ചഘടകങ്ങളുടെയും; ഹൃദ്ദേശേ - ഹൃദയത്തിൽ; സർവഭൂതാനി - എല്ലാ പ്രപഞ്ചഘടകങ്ങളെയും; യന്ത്രാരൂഢാനി - യന്ത്രത്തിൽ ഘടിപ്പിച്ച പദാർഥങ്ങളെയെന്നപോലെ; മായയാ - സ്വശക്തികൊണ്ട്; ഭ്രാമയൻ - അതാതിന്റെ കർമങ്ങളിൽ പ്രവർത്തിപ്പിച്ചു; തിഷ്ഠതി - സ്ഥിതിചെയ്യുന്നു.

അല്ലയോ അർജുനാ; ഈശ്വരൻ എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ഹൃദയത്തിൽ എല്ലാ പ്രപഞ്ചഘടകങ്ങളെയും ഘടിപ്പിച്ച പദാർഥങ്ങളെയെന്നപോലെ സ്വശക്തികൊണ്ട് അതതിന്റെ കർമങ്ങളിൽ പ്രവർത്തിപ്പിച്ചു സ്ഥിതി ചെയ്യുന്നു.

## *ഈശ്വരഃ ഹൃദ്ദേശേ തിഷ്ഠതി*

ഈശ്വരനെ പുറമേ കാണാനില്ലെന്നതു ശരിതന്നെ. പക്ഷേ, ഈശ്വരന്റെ സ്ഥിതി വ്യക്തമായി മനസ്സിലാക്കാൻ പ്രയാസമില്ല. ഈശ്വരൻ എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു. അതുകൊണ്ട് ഒരുവൻ ആദ്യമായി ഈശ്വരനെ അന്വേഷിക്കേണ്ടതും അവനവന്റെ ഹൃദയത്തിൽ തന്നെയാണ്. പ്രപഞ്ചഘടകങ്ങളുടെയെല്ലാം ഹൃദയത്തിൽ ഈശ്വരനുണ്ടെന്നുള്ളതിനു തൽക്കാലം തെളിവെന്താണ്? പ്രപഞ്ചഘടകങ്ങളെല്ലാം അതാതിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു എന്നതുതന്നെ തെളിവാണ്. ഒരു യന്ത്രത്തിൽ ഘടിപ്പിച്ചിരിക്കുന്നവയെന്നപോലെ അവയെല്ലാം അതതിന്റെ കർമങ്ങൾ ചെയ്യുന്നുണ്ടല്ലോ. ഓരോ പ്രപഞ്ചഘടകത്തെയും അതതിന്റെ ശക്തിയല്ലേ പ്രവർത്തിപ്പിക്കുന്നത്? അപ്പോൾ പ്രവർത്തിക്കാൻ ശക്തിവേണമെന്നു വരുന്നില്ലേ? ഈ ശക്തിയുടെ ഉറവിടമായ ശുദ്ധബോധം തന്നെയാണീശ്വരൻ. ഉള്ളിലുള്ള ബോധസ്വരൂപനായ ഈശ്വരനിൽനിന്നു ശക്തി. ശക്തിയിൽനിന്നു ശരീരങ്ങളും അവയുടെ കർമങ്ങളും. ഇതാണു ക്രമം. ഈശ്വരനില്ലെങ്കിൽ ശക്തിയില്ല. ശക്തിയില്ലെങ്കിൽ ശരീരങ്ങളും കർമ

digitized by www.sreyas.in

ങ്ങളുമില്ല. അതുകൊണ്ട് ഈശ്വരൻ എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ഉള്ളിൽ സ്ഥിതി ചെയ്യുന്നു.

വസ്തുസ്ഥിതി ഇതായതുകൊണ്ടു. തന്റെയും മറ്റെല്ലാറ്റിന്റെയും ഉള്ളിൽ സ്ഥിതിചെയ്യുന്ന ഈശ്വരനെ ശരണം പ്രാപിക്കുകയാണു ജീവിതത്തെ ധന്യമാക്കാനുള്ള വഴി. അർജുനൻ അതിനു തയാറാകണമെന്നാണു ഭഗവാനാവശ്യപ്പെടുന്നത്:

*62. തമേവ ശരണം ഗച്ഛ സർവഭാവേന ഭാരത*
*തത്പ്രസാദാത് പരാം ശാന്തിം സ്ഥാനം പ്രാപ്സ്യസി ശാശ്വതം*

ഭാരത - ഭരതവംശജനായ അല്ലയോ അർജുനാ; തം ഏവ - എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ഉള്ളിൽ സ്ഥിതിചെയ്യുന്ന ഈശ്വരനെത്തന്നെ; സർവഭാവേന - ഇക്കാണുന്നതൊക്കെ ആ ഈശ്വരന്റെ തന്നെ ഭാവങ്ങളാണെന്നു ഭാവനചെയ്തു; ശരണം ഗച്ഛ - അഭയം പ്രാപിക്കൂ; തത് പ്രസാദാത് - തുടർന്ന് ആ ഈശ്വരൻ ഉള്ളിൽ പ്രസന്നനാകുന്നതോടെ; പരാം ശാന്തിം - ഒരിക്കലും വിട്ടുപോകാത്ത ശാന്തിയും; ശാശ്വതം സ്ഥാനം - ഒരഴിവുമില്ലാത്ത നിലയും; പ്രാപ്സ്യസി - നീ പ്രാപിക്കാനിടവരും.

ഭരതവംശജനായ അല്ലയോ അർജുനാ, എല്ലാ പ്രപഞ്ചഘടകങ്ങളുടെയും ഉള്ളിൽ സ്ഥിതി ചെയ്യുന്ന ആ ഈശ്വരനെത്തന്നെ, ഇക്കാണുന്നതൊക്കെ ആ ഈശ്വരന്റെതന്നെ ഭാവങ്ങളാണെന്നു ഭാവനചെയ്ത് അഭയം പ്രാപിക്കൂ. തുടർന്ന് ആ ഈശ്വരൻ ഉള്ളിൽ പ്രസന്നനാകുന്നതോടെ ഒരിക്കലും വിട്ടുപോകാത്ത ശാന്തിയും ഒരഴിവുമില്ലാത്ത നിലയും നീ പ്രാപിക്കാനിടവരും.

## *ശരണം ഗച്ഛ സർവഭാവേന*

എല്ലാ പ്രപഞ്ചഘടകങ്ങളേയും നിയന്ത്രിക്കുന്ന ഒരീശ്വരനുണ്ടെങ്കിൽ ആ ഈശ്വരനെ അഭയം പ്രാപിക്കാതെ ജീവിതം എങ്ങനെ ധന്യമാകും? എങ്ങനെയാണഭയം പ്രാപിക്കേണ്ടത്? സർവഭാവേന താനും ഇക്കണ്ടതെല്ലാം ആ ഈശ്വരന്റെതന്നെ പ്രകടഭാവങ്ങളാണെന്നു ഭാവനചെയ്തു ശരണം പ്രാപിക്കണം ഇതാണു ഭാവാദ്വൈത പരിശീലനം. ഈ പരിശീലനം അവനവന്റെ ഉള്ളിൽത്തന്നെ ഈശ്വരനെ വ്യക്തമായി കണ്ടനുഭവിക്കാൻ വഴിതെളിക്കും. ചിത്തപ്രസാദരൂപത്തിൽ ഈശ്വരപ്രസാദം അനുഭവിക്കാൻ തുടങ്ങും. തുടർന്നു ശാശ്വതമായ ശാന്തിയും അഴിവില്ലാത്ത ആത്മനിലയും കൈവരും.

digitized by www.sreyas.in

സത്യമായ വസ്തുസ്ഥിതിയും അതിനെ കണ്ടെത്താനുള്ള മാർഗവും ഇങ്ങനെ പല വീക്ഷണഗതിയിൽക്കൂടി വിസ്തരിച്ചു പ്രതിപാദിച്ച ശേഷം ഭഗവാൻ തന്റെ വാക്കുകൾ ഉപസംഹരിക്കാൻ ഒരുമ്പെടുകയാണ് അടുത്ത പദ്യത്തിൽ:

*63. ഇതി തേ ജ്ഞാനമാഖ്യാതം ഗുഹ്യാത് ഗുഹ്യതരം മയാ*
*വിമൃശ്യൈതദശേഷേണ യഥേച്ഛസി തഥാ കുരു*

മയാ - എന്നാൽ; തേ - നിനക്ക്; ഇതി - ഇപ്രകാരം; ഗുഹ്യാത് ഗുഹ്യതരം - രഹസ്യങ്ങളിൽവെച്ചു രഹസ്യമായ, ഇനി കൂടുതലൊന്നുമറിയാനില്ലാത്ത; ജ്ഞാനം - വസ്തുബോധവും അതു കണ്ടെത്താനുള്ള ഉപായവും; ആഖ്യാതം - ഉപദേശിക്കപ്പെട്ടിരിക്കുന്നു; ഏതത് - ഞാനീ പറഞ്ഞതെല്ലാം; അശേഷേണ - പൂർണമായി; വിമൃശ്യ - വിചാരം ചെയ്തുനോക്കിയിട്ട്; യഥാ ഇച്ഛസി - പിന്നെ എങ്ങനെ കരുതുന്നുവോ; തഥാ കുരു - അങ്ങനെ അനുഷ്ഠിക്കൂ.

എന്നാൽ നിനക്കു രഹസ്യങ്ങളിൽ വച്ചു രഹസ്യമായ, ഇനി കൂടുതലൊന്നുമറിയാത്ത വസ്തുബോധവും അതു കണ്ടെത്താനുള്ള ഉപായവും ഉപദേശിക്കപ്പെട്ടിരിക്കുന്നു. ഞാനീ പറഞ്ഞതെല്ലാം പൂർണമായി വിചാരം ചെയ്തു നോക്കിയിട്ടു പിന്നെ എങ്ങനെ കരുതുന്നുവോ അങ്ങനെ അനുഷ്ഠിക്കൂ.

## യഥേച്ഛസി തഥാ കുരു

അർജുനൻ എവിടെപ്പോയാലും എന്തുചെയ്യും എന്നു ഭഗവാനു നല്ല പോലെ അറിയാം. പ്രകൃതിക്കനുസരിച്ചല്ലേ പ്രവർത്തിക്കൂ, അപ്പോൾ എങ്ങനെ പ്രവർത്തിപ്പിക്കണമെന്നേ ചിന്തിക്കാനുള്ളൂ. പ്രകൃതിക്കനുസരണമായ കർമത്തെ സ്വധർമമാക്കി ഈശ്വരാരാധനയായി അനുഷ്ഠിക്കണമോ അതോ അധർമ മാർഗത്തിൽ അഹങ്കാരപൂർവം മുന്നേറണമോ എന്നേ തീരുമാനിക്കാനുള്ളൂ. കർമാനുഷ്ഠാനത്തിലെ ഈ സംശയം നിവാരണം ചെയ്യാനാണിതുവരെ ജ്ഞാനം ഉപദേശിച്ചത്. ഉപദേശിച്ചതു ജ്ഞാനമാണെന്നു ഭഗവാൻ തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. വസ്തുജ്ഞാനമായതുകൊണ്ട് എല്ലാ വേദാന്തഗ്രന്ഥങ്ങളും ജ്ഞാനശാസ്ത്രമാണ്. കർമവും യോഗവും ഭക്തിയുമെല്ലാം ഉപായങ്ങൾ മാത്രം. വേദാന്തം അന്ധമായി ആരേയും ഒന്നും വിശ്വസിപ്പിക്കാൻ കൊതിക്കുന്നില്ല. അതുപോലെ ബലാൽ ആരെയും ഒന്നിലും പ്രവർത്തിപ്പിക്കാനും കൊതിക്കുന്നില്ല. അത്തരം



digitized by www.sreyas.in

കൊതികൊണ്ടു പ്രയോജനമില്ലെന്നു വേദാന്തി നല്ലവണ്ണം അറിയുന്നു. അതുകൊണ്ടാണു പറഞ്ഞതൊക്കെ പൂർണമായി വിചാരം ചെയ്തു നോക്കിയിട്ട് ഇഷ്ടംപോലെ ചെയ്തുകൊള്ളാൻ ഭഗവാൻ അർജുനനെ അനുവദിച്ചിരിക്കുന്നത്. വേദാന്തസത്യം വിചാരം ചെയ്തുറപ്പിക്കുക, എന്നിട്ട് അതിന്റെ വെളിച്ചത്തിൽ ജീവിതകർമചലനങ്ങൾക്കു രൂപം നൽകുക. ഇതാണു ഗീതാസന്ദേശം.

വളരെയധികം പറഞ്ഞതുകൊണ്ട് അർജുനന്റെ ഉള്ളിൽ വല്ല ആശയക്കുഴപ്പവുമുണ്ടെങ്കിൽ ഇതുവരെപ്പറഞ്ഞതിന്റെ സാരം ചുരുക്കിപ്പറയാമെന്നാണു ഭഗവാൻ ഇനി പ്രസ്താവിക്കുന്നത്:

*64. സർവഗുഹ്യതമം ഭൂയഃ ശൃണു മേ പരമം വചഃ*
*ഇഷ്ടോഽസി മേ ദൃഢമിതി തതോ വക്ഷ്യാമി തേ ഹിതം*

സർവഗുഹ്യതമം - രഹസ്യങ്ങളിൽവച്ചു രഹസ്യമായ; പരമം വചഃ - അങ്ങേയറ്റത്തെ ഉപദേശം; മേ - എന്നിൽനിന്നു; ഭൂയഃ ശൃണു - വീണ്ടും കേട്ടോളൂ; ദൃഢം - തീർച്ചയായും; മേ ഇഷ്ടഃ അസി - നീ എനിക്കേറ്റവും പ്രിയപ്പെട്ടവനാണ്; ഇതി - എന്നു കരുതി; തതഃ - അതുകൊണ്ട്; തേ ഹിതം - നിനക്കു നല്ലത്; വക്ഷ്യാമി - ഞാൻ പറയുന്നു.

രഹസ്യങ്ങളിൽവച്ചു രഹസ്യമായ അങ്ങേയറ്റത്തെ ഉപദേശം എന്നിൽനിന്നു വീണ്ടും കേട്ടോളൂ. തീർച്ചയായും നീ എനിക്കേറ്റവും പ്രിയപ്പെട്ടവനാണ്. എന്നുകരുതി അതുകൊണ്ടു നിനക്കു നല്ലത് ഞാൻ പറയുന്നു.

## *ശൃണു മേ പരമം വചഃ*

എന്നിൽനിന്ന് അങ്ങേയറ്റത്തെ ഉപദേശം കേട്ടോളൂ. ഈ ഉപദേശം ആദ്യമായിട്ടാണോ പറയുന്നത്; അല്ല. ഒൻപതാമധ്യായത്തിന്റെ അവസാനഭാഗത്തു വെളിപ്പെടുത്തിയതാണിത്. 'മന്മനാ ഭവ' എന്നു തുടങ്ങുന്ന അടുത്ത ശ്ലോകം ഏതാണ്ട് അവസാന ഭാഗമൊഴിച്ചാൽ ഒൻപതാമധ്യായത്തിലെ മുപ്പത്തിനാലാം ശ്ലോകം അതേപടി ആവർത്തിച്ചിരിക്കുകയാണ്. അതുകൊണ്ടാണു വീണ്ടും കേട്ടോളൂ എന്നു പറഞ്ഞിരിക്കുന്നത്. മുമ്പു പറഞ്ഞത് അങ്ങേയറ്റത്തെ ഉപദേശമാണെന്നോർമിക്കുന്നില്ലെങ്കിൽ ഈ ഉപസംഹാരവേളയിൽ അതൊന്നുകൂടി ആവർത്തിച്ചു കേട്ടോളൂ എന്നു താൽപ്പര്യം. ഏറ്റവും ഇഷ്ടമുള്ളവർക്കു മാത്രം നൽകാറുള്ള ഉപദേശമാണിത്.

digitized by www.sreyas.in

ആ അങ്ങേയറ്റത്തെ ഉപദേശമെന്താണ്? അതാണു ഭഗവാൻ ഇനി വെളിപ്പെടുത്തുന്നത്:

*65. മന്മനാ ഭവ മദ്ഭക്തോ മദ്യാജീ മാം നമസ്കുരു*
*മാമേവൈഷ്യസി സത്യം തേ പ്രതിജാനേ പ്രിയോഽസി മേ*

മന്മനാഃ ഭവ – മനസ്സെന്നിൽ ഉറപ്പിക്കു, മദ്ഭക്തഃ (ഭവ) – എന്റെ ഭക്തനായി ഭവിക്കൂ; മദ്യാജീ (ഭവ) – എല്ലാ കർമങ്ങളുംകൊണ്ട് എന്നെ യജിക്കുന്നവനായി ഭവിക്കൂ; മാം നമസ്കുരു – എവിടെയും എന്നെ നമസ്കരിക്കു; മാം ഏവ – പരമാത്മാവായ എന്നെത്തന്നെ, ഏഷ്യസി – നീ പ്രാപിക്കും; സത്യം – ഇതു സത്യം, തേ പ്രതിജാനേ – ഞാൻ നിന്നോടിതാ പ്രതിജ്ഞ ചെയ്യുന്നു; മേ പ്രിയഃ അസി – നീ എനിക്കേറ്റവും പ്രിയപ്പെട്ടവനാണ്.

മനസ്സെന്നിൽ ഉറപ്പിക്കൂ; എന്റെ ഭക്തനായി ഭവിക്കൂ; എല്ലാ കർമങ്ങൾകൊണ്ടും എന്നെ യജിക്കുന്നവനായി ഭവിക്കൂ; എവിടെയും എന്നെ നമസ്കരിക്കൂ; പരമാത്മാവായ എന്നെത്തന്നെ നീ പ്രാപിക്കും. ഇതു സത്യം. ഞാൻ നിന്നോടിതാ പ്രതിജ്ഞ ചെയ്യുന്നു. നീ എനിക്കേറ്റവും പ്രിയപ്പെട്ടവനാണ്.

## *സത്യം തേ പ്രതിജാനേ*

ശ്ലോകതാൽപ്പര്യം ഒൻപതാമധ്യായത്തിലെ മുപ്പത്തിനാലാം ശ്ലോകത്തിന്റെ ഭാഷ്യം നോക്കി ധരിക്കുക. എന്തായാലും ഭഗവാന്റെ ഭക്തവാത്സല്യം എത്ര വലുതാണെന്നിവിടെ തെളിയുന്നു. തന്റെ ഭക്തനെ എങ്ങനെയും ഉണർത്തി തന്നോടടുപ്പിക്കണമെന്നേ ഭഗവാനാഗ്രഹമുള്ളൂ. അതുകൊണ്ടാണ് സുഹൃത്തായ അർജുനന്റെ മുമ്പിൽ സത്യം ചെയ്യാൻ വരെ ഭഗവാൻ തയാറാകുന്നത്. അനുഭവം കൊണ്ടുമാത്രം പൂർണബോധ്യം വരാവുന്ന സത്യസ്ഥിതിയുടെ കാര്യത്തിൽ അനുഭവിച്ച ഗുരുവിന്റെ ദൃഢമായ വാക്ക് അത്യന്തം ശിഷ്യനുപകരിക്കുകയും ചെയ്യും. ഇനിയും കരുണാനിധിയായ ഭഗവാൻ മേൽവിവരിച്ച അങ്ങേയറ്റത്തെ ഉപദേശത്തിന്റെ പരമസാരം ഒന്നുകൂടി സംഗ്രഹിച്ച് അർജുനനെ കേൾപ്പിക്കുകയാണടുത്ത പദ്യത്തിൽ:

*66. സർവധർമാൻ പരിത്യജ്യ മാമേകം ശരണം വ്രജ*
*അഹം ത്വാ സർവപാപേഭ്യോ മോക്ഷയിഷ്യാമി മാ ശുചഃ*

സർവധർമാൻ – എല്ലാ ധർമങ്ങളും; പരിത്യജ്യ – പാടേ ഉപേക്ഷിച്ചു; ഏകംമാം – രണ്ടില്ലാത്ത ബ്രഹ്മരൂപിയായ എന്നെ; ശരണം വ്രജ – അഭയം പ്രാപിക്കൂ;

digitized by www.sreyas.in

അഹം - ഞാൻ; സർവപാപേഭ്യഃ - എല്ലാ ബന്ധങ്ങളിൽ നിന്നും; ത്വാ - നിന്നെ; മോക്ഷയിഷ്യാമി - മോചിപ്പിക്കാം; മാ ശുചഃ ദുഃഖിക്കാതിരിക്കൂ.

എല്ലാ ധർമങ്ങളും പാടേ ഉപേക്ഷിച്ചു രണ്ടില്ലാത്ത ബ്രഹ്മരൂപിയായ എന്നെ അഭയം പ്രാപിക്കൂ. ഞാൻ എല്ലാ ബന്ധങ്ങളിൽനിന്നും നിന്നെ മോചിപ്പിക്കാം. ദുഃഖിക്കാതിരിക്കൂ.

## *മോക്ഷയിഷ്യാമി മാ ശുചഃ*

ഞാൻ നിന്നെ മോചിപ്പിക്കാം. ദുഃഖിക്കാതിരിക്കൂ. ദുഃഖത്തിൽനിന്നുള്ള മോചനമാണു ലക്ഷ്യം. അതാണു മോക്ഷം. ഈ ദുഃഖ നിവൃത്തി ഉപദേശിക്കുന്ന ശാസ്ത്രമാണു ഗീത. രണ്ടാമധ്യായം പതിനൊന്നാം ശ്ലോകത്തിൽ ഉപക്രമമായി ശോകനിവൃത്തിയെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ടാണു ഭഗവാൻ ഗീതാശാസ്ത്രം ആരംഭിച്ചത്. പതിനെട്ടാമധ്യായത്തിലെ അറുപത്താറാം ശ്ലോകത്തിൽ അതുപസംഹരിക്കുകയും ചെയ്യുന്നു. എന്താണു ശോകനിവൃത്തിക്കുള്ള ഉപായം? സർവധർമപരിത്യാഗപൂർവം അദ്വയബ്രഹ്മത്തെ ശരണം പ്രാപിക്കുകയാണുപായം. ഇവിടെ സർവധർമവും എന്നു പറഞ്ഞാൽ ശരണ്യമായ ബ്രഹ്മത്തെ ഒഴിച്ചുള്ള എല്ലാ ധർമവും എന്നു താൽപ്പര്യം. ബ്രഹ്മം സർവ ധർമവുമുപേക്ഷിക്കുന്ന സാധകന്റെ സ്വരൂപം തന്നെയായതുകൊണ്ട് അയാളാഗ്രഹിച്ചാൽപ്പോലും അതുപേക്ഷിക്കപ്പെടുകയില്ല. സുഖരൂപമായ ബ്രഹ്മമാണു സകലരുടെയും സ്വരൂപം. അതുകൊണ്ടു സകലർക്കും സുഖം സ്വരൂപമാണ്. ദുഃഖം ഇടയ്ക്കു വന്നുചേർന്ന കൃത്രിമ സ്ഥിതിയാണ്. ജീവൻ തുടങ്ങി ഇങ്ങോട്ടുള്ള വിവിധ ധർമങ്ങളുടെ ആവിർഭാവമാണതിനു കാരണം. അപ്പോൾ 'ഞാൻ' എന്ന ജീവത്വഭാവമുൾപ്പെടെ എല്ലാ ധർമങ്ങളെയും ഉപേക്ഷിക്കണം. ഇതെങ്ങനെ? ഏകനായ പരമാത്മാവിനെ ശരണം പ്രാപിച്ചിട്ട്. അതായത് ഞാനുൾപ്പെടെ എല്ലാം ഒരേ ഒരു പരമാത്മാവു മാത്രമാണെന്നു ദൃഢമായി മനസ്സിനെ പഠിപ്പിച്ചിട്ട് എന്നു താൽപ്പര്യം. ഈ സർവധർമ പരിത്യാഗം ഒരിക്കലും ബാഹ്യമല്ലെന്നോർക്കണം. വ്യക്തമായ വസ്തുബോധമാണു സർവധർമപരിത്യാഗം. വസ്തു ഒന്നേയുള്ളു എന്നറിഞ്ഞാൽ പിന്നെ ത്യജിക്കാനൊന്നുമുണ്ടാവില്ലല്ലോ. ആ വസ്തുബോധം അനുഭവപ്പെടുത്താനുള്ള ഭാവനയാണു ശരണം പ്രാപിക്കൽ. അതനുഭവപ്പെട്ടാൽ പിന്നെ ശോകത്തിനു വഴിയില്ല. രണ്ടില്ലാത്ത അനുഭവത്തിൽ ശോകത്തിനെന്തു പ്രസക്തി? ഈ അദ്വൈതാമൃതം സേവിക്കുന്ന അന്നല്ലാതെ ആർക്കും ദുഃഖം പൂർണമായി ഒടുങ്ങിക്കിട്ടുന്നതല്ല. കർമം ചെയ്യവേ

digitized by www.sreyas.in

തന്നെ മനസ്സുകൊണ്ട് ആ അമൃതം അൽപ്പാൽപ്പം സേവിച്ചു തുടങ്ങേണ്ട താണ്. അദ്വയബ്രഹ്മഭാവനയില്ലാതെ സർവധർമപരിത്യാഗവും ഏകനായ ഈശ്വരനെ ശരണം പ്രാപിക്കലും മറ്റൊരിടത്തും സാധ്യമല്ലെന്നും ഓർക്കണം.

അർജുനൻ തന്റെ ഏറ്റവും പ്രിയപ്പെട്ടവനായതുകൊണ്ടാണിതുപദേ ശിച്ചതെന്നും പരമമായ ഈ ഉപദേശം എല്ലാവർക്കും പറഞ്ഞുകൊടുക്കരു തെന്നുമാണിനി ഭഗവാൻ ആവശ്യപ്പെടുന്നത്:

*67. ഇദം തേ നാതപസ്കായ നാഭക്തായ കദാചന*
*ന ചാശുശ്രൂഷവേ വാച്യം ന ച മാം യോഽഭ്യസൂയതി*

ഇദം - ഈ പരമമായ ഉപദേശം; തേ - നിനക്ക്; കദാചന - ഒരിക്കലും; അത പസ്കായ - മനസ്സിനേകാഗ്രതയില്ലാത്തവനായി; ന വാച്യം - ഉപദേശിക്കപ്പെ ടുവന്നതല്ല; അഭക്തായ ന - ഈശ്വരപ്രേമമില്ലാത്തവനും ഇതുപദേശിച്ചുകൂടാ; അശുശ്രൂഷവേ ന - കേൾക്കാൻ ആഗ്രഹിമില്ലാത്തവനും ഇതുപദേശിച്ചുകൂടാ; യഃ മാം - ആരാണോ പരമാത്മാവായ എന്നെ; അഭ്യസൂയതി - അഹങ്കാരം നിമിത്തം വെറുക്കുന്നത് അവനോടും; ന ച - പറയാൻ പാടില്ല.

ഈ പരമമായ ഉപദേശം നിനക്ക് ഒരിക്കലും മനസിനേകാഗ്രതയില്ലാ ത്തവനായി ഉപദേശിക്കപ്പെടാവുന്നതല്ല. ഈശ്വരപ്രേമമില്ലാത്തവനും ഇതുപ ദേശിച്ചുകൂടാ. കേൾക്കാൻ ആഗ്രഹമില്ലാത്തവനും പറഞ്ഞുകൊടുത്തുകൂടാ. ആരാണോ പരമാത്മാവായ എന്നെ അഹങ്കാരം നിമിത്തം വെറുക്കുന്നത് അവനോടും പറയാൻ പാടില്ല.

## *ന വാച്യം*

സർവധർമപരിത്യാഗത്തോടുകൂടിയ ബ്രഹ്മഭാവനാഭ്യാസം എല്ലാ വർക്കും എളുപ്പമല്ല. ഇതിനാദ്യമായി വേണ്ടത് മനസ്സിന്റെ ഏകാഗ്രതയാണ്. ഏകാഗ്രതയുണ്ടെങ്കിൽപ്പോലും ഈശ്വരപ്രേമമില്ലാത്തവർക്കിതു സാധ്യമല്ല. ലോകമോഹം നിമിത്തം ചിലർക്കിതു കേൾക്കുന്നതേ ഇഷ്ടമാവില്ല. താൻ കേമനെന്നു ഭാവിക്കുന്ന അഹങ്കാരിക്ക് ഈശ്വരനോടു വെറുപ്പായിരിക്കും. ഇവരോടൊന്നും സർവധർമപരിത്യാഗമോ ഈശ്വരശരണാഗതിയോ ഉപദേ ശിച്ചിട്ടു കാര്യമില്ല. അവർക്കിതു മനസ്സിലാവുകയേ ഇല്ല.

പിന്നെ ആർക്കാണിതുപദേശിക്കേണ്ടത്? അക്കാര്യമാണു ഭഗവാൻ ഇനിപ്പറയുന്നത്:

digitized by www.sreyas.in

*68. യ ഇമം പരമം ഗുഹ്യം മദ്ഭക്തേഷ്വഭിധാസ്യതി*
*ഭക്തിം മയി പരാം കൃത്വാ മാമേവൈഷ്യത്യസംശയഃ*

യഃ – ആരാണോ; ഇമം പരമം ഗുഹ്യം – അങ്ങേയറ്റത്തെ ഈ ശാസ്ത്രരഹസ്യം; മയി – പരമാത്മാവായ എന്നിൽ; പരാം ഭക്തിം കൃത്വാ – പരമപ്രേമത്തോടുകൂടി; മദ്ഭക്തേഷു – എന്റെ ഭക്തന്മാർക്ക്; അഭിധാസ്യതി – നേരിട്ടുപദേശിക്കുന്നത്; അസംശയഃ – അവൻ സംശയമെല്ലാം നീങ്ങി; മാം ഏവ – പരമാത്മാവായ എന്നെത്തന്നെ; ഏഷ്യതി – പ്രാപിക്കും.

ആരാണോ അങ്ങേയറ്റത്തെ ഈ ശാസ്ത്രരഹസ്യം പരമാത്മാവായ എന്നിൽ പരമപ്രേമത്തോടുകൂടി എന്റെ ഭക്തന്മാർക്കു നേരിട്ടുപദേശിക്കുന്നത് അവർ സംശയമെല്ലാം നീങ്ങി എന്നെത്തന്നെ പ്രാപിക്കും.

## *മാമേവൈഷ്യത്യസംശയഃ*

ദുഃഖനിവൃത്തിക്കായി പരമാത്മപ്രാപ്തി ലക്ഷ്യമായംഗീകരിക്കുന്ന ഭഗവത്ഭക്തന്മാർക്കീ പരമരഹസ്യം ഉപദേശിക്കാം. ഭക്തന്മാരുമായി നേരിട്ടുള്ള ചർച്ച എല്ലാ സംശയങ്ങളെയും ദുരീകരിക്കും. സംശയനിവൃത്തി വരുന്നതോടെ വസ്തുബോധം ദൃഢപ്പെട്ടു സർവധർമപരിത്യാഗം സാധ്യമാകും. തുടർന്ന് അദ്വയനായ ഈശ്വരനെ സർവാത്മനാ ശരണം പ്രാപിക്കാനും കഴിയും. അതുകൊണ്ടു ഭക്തന്മാരുമായുള്ള ഈശ്വരചർച്ച സാധനകളിൽ മുഖ്യമെന്നറിയേണ്ടതാണ്. ഇതിന്റെ മഹത്വം പത്താമധ്യായത്തിലെ ഒൻപത്, പത്ത്, പതിനൊന്ന് എന്നീ ശ്ലോകങ്ങൾ നോക്കിയറിയുക.

ഭക്തന്മാരെ തത്വഗ്രഹണത്തിനു സഹായിക്കുന്നവനെപ്പോലെ ഭഗവാനു പ്രിയപ്പെട്ട മറ്റൊരാളില്ലെന്നാണു ഭഗവാനിതാ പ്രഖ്യാപിക്കുന്നത്:

*69. ന ച തസ്മാന്മനുഷ്യേഷു കശ്ചിന്മേ പ്രിയകൃത്തമഃ*
*ഭവിതാ ന ച മേ തസ്മാദന്യഃ പ്രിയതരോ ഭുവി*

മനുഷ്യേഷു – മനുഷ്യരുടെ കൂട്ടത്തിൽ; തസ്മാത് – എന്റെ ഈ പരമമായ രഹസ്യം ഭക്തന്മാർക്കു പറഞ്ഞുകൊടുക്കുന്നവനെക്കാൾ; മേ – എനിക്ക്; പ്രിയ കൃത്തമഃ – അങ്ങേയറ്റത്തെ പ്രിയം ചെയ്യുന്നവൻ; ന ച കശ്ചിത് – ആരും ഇല്ല തന്നെ; ഭുവി – ഭൂമണ്ഡലത്തിൽ; തസ്മാത് – അവനെക്കാൾ; പ്രിയതരഃ അന്യഃ – പ്രിയപ്പെട്ട മറ്റൊരാൾ; മേ – എനിക്ക്; ന ഭവിതാ ച – ഇനി ഉണ്ടാവുകയും ഇല്ല.

digitized by www.sreyas.in

മനുഷ്യരുടെ കൂട്ടത്തിൽ എന്റെ ഈ പരമമായ രഹസ്യം ഭക്തന്മാർക്കു പറഞ്ഞുകൊടുക്കുന്നവനെക്കാൾ എനിക്ക് അങ്ങേയറ്റത്തെ പ്രിയം ചെയ്യുന്നവർ ആരും ഇല്ല തന്നെ. ഭൂമണ്ഡലത്തിൽ അവനെക്കാൾ പ്രിയപ്പെട്ട മറ്റൊരാൾ എനിക്ക് ഇനി ഉണ്ടാവുകയും ഇല്ല.

## *ഭഗവത് പ്രിയം*

ഭഗവത്തത്വം അത്യന്തം ലളിതമാണ്. ഇവിടെ വസ്തു ഒന്നേയുള്ളു എന്നതാണാ തത്വം. ഇതനുഭവിക്കാനുള്ള ഉപായവും അത്യന്തം സരളമാണ്. എല്ലാ ഭേദചിന്തകളും വെടിഞ്ഞു സർവത്ര ഭഗവാനെമാത്രം കണ്ടു ശരണം പ്രാപിക്കുക. പക്ഷേ, മായാമോഹം നിമിത്തം ഭഗവത്തത്വമറിയാതെയും അതിനെ പ്രാപിക്കാനുള്ള വഴിയറിയാതെയും സകലരും കുഴങ്ങുന്നു. അങ്ങനെയുള്ള ലോകത്ത് അത്യാകാംക്ഷയുള്ള ഭക്തന്മാർക്ക് അനുഭവമാകത്തക്കവണ്ണം ഈ തത്വം ഉപദേശിക്കുന്നതാണ് ഭഗവാന് ഏറ്റവും പ്രിയമായ കാര്യം. അതിൽ കവിഞ്ഞു മറ്റൊരു പ്രിയം തനിക്കു വേറെയില്ലെന്നാണു ഭഗവാന്റെ പ്രഖ്യാപനം. അതുകൊണ്ടു തന്നെയാവാം നാരദനെപ്പോലുള്ളവർ നിരന്തരം ഇതിൽ വ്യാപൃതരായി ലോകമെങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.

കൃഷ്ണാർജുനസംവാദരൂപമായ ഈ ഗീതാശാസ്ത്രം നിരന്തരം പഠിച്ചു മനനം ചെയ്യുന്നവനും തനിക്കു പ്രിയപ്പെട്ടവനാണെന്നാണിനി പ്രഖ്യാപിക്കുന്നത്:

*70. അധ്യേഷ്യതേ ച യ ഇമം ധർമ്യം സംവാദമാവയോഃ*
*ജ്ഞാനയജ്ഞേന തേനാഹമിഷ്ടഃ സ്യാമിതി മേ മതിഃ*

യഃ – ആരാണോ; ധർമ്യം – ഈശ്വരപ്രാപ്തിക്കുപകരിക്കുന്ന; ആവയോഃ – നമ്മുടെ രണ്ടുപേരുടെയും; ഇമം സംവാദം – ഈ സംഭാഷണം; അധ്യേഷ്യതേ ച – പഠിച്ചു മനനം ചെയ്യുന്നത്; തേന ജ്ഞാനയജ്ഞേന – പഠനമനനരൂപമായ ആ ജ്ഞാനയജ്ഞം കൊണ്ട്; അഹം – ഞാൻ; ഇഷ്ടഃ സ്യാം – അവനു പ്രിയപ്പെട്ടവനായി ഭവിക്കും; ഇതി മേ മതിഃ – എന്നു ഞാൻ ഉറപ്പു നൽകുന്നു.

ആരാണോ ഈശ്വരപ്രാപ്തിക്കുപകരിക്കുന്ന നമ്മുടെ രണ്ടുപേരുടെയും ഈ സംഭാഷണം പഠിച്ചു മനനം ചെയ്യുന്നത് പഠനമനനരൂപമായ ആ ജ്ഞാനയജ്ഞം കൊണ്ടു ഞാൻ അവനു പ്രിയപ്പെട്ടവനായി ഭവിക്കും എന്നു ഞാൻ ഉറപ്പു നൽകുന്നു.

digitized by www.sreyas.in

## ഇതി മേ മതിഃ

ഗീതാപഠനം ജ്ഞാനയജ്ഞമാണ്. ഈശ്വരപ്രാപ്തിക്കായി അനുഷ്ഠിക്കുന്ന എല്ലാ സാധനകളും യജ്ഞങ്ങളാണെന്നു നാലാമധ്യായത്തിൽ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ടല്ലോ. ദ്രവ്യയജ്ഞങ്ങളിൽ വച്ചു ജ്ഞാനയജ്ഞം ശ്രേഷ്ഠമാണെന്നു വെളിപ്പെടുത്തിയിട്ടുണ്ട്. കർമമാർഗത്തിൽപ്പെട്ടുഴലുന്നവർക്കു ജ്ഞാനത്തിന്റെ ദിവ്യപ്രകാശം പകർന്നുതരുന്ന ശാസ്ത്രഗ്രന്ഥമാണു ഗീത. ആ സ്ഥിതിക്ക് അതു പഠിച്ചു മനനം ചെയ്യുന്നവനു ഭഗവാനും ഭഗവാന് അവനും പരസ്പരം പ്രിയപ്പെട്ടവരായിത്തീരുമെന്നു പറയേണ്ടതില്ലല്ലോ.

ശ്രദ്ധയോടെ ഗീത ശ്രവിക്കുന്നവർക്കും പുണ്യലോകപ്രാപ്തിയുണ്ടാകുമെന്നാണിനി പ്രസ്താവിക്കുന്നത്:

*71. ശ്രദ്ധാവാനനസൂയശ്ച ശൃണുയാദപി യോ നരഃ*
*സോഽപി മുക്തഃ ശുഭാംല്ലോകാൻ പ്രാപ്നുയാത് പുണ്യകർമണാം*

ശ്രദ്ധാവാൻ - തികഞ്ഞ സത്യാന്വേഷണ ബുദ്ധിയുള്ളവനും; അനസൂയഃ - അഹങ്കാരംകൊണ്ട് ഈശ്വരതത്വത്തിൽ വെറുപ്പു തോന്നാത്തവനുമായ; യഃ നരഃ - ഏതു മനുഷ്യനാണോ; ശൃണുയാത് അപി - ഈ ഗീതാശാസ്ത്രം കേൾക്കാനും മുതിരുന്നത്; സഃ അപി - അവനും; മുക്തഃ - പാപവിമുക്തനായി; പുണ്യകർമണാം - പുണ്യം ചെയ്തവർക്കുള്ള; ശുഭാൻ ലോകാൻ - മംഗളകരങ്ങളായ ലോകങ്ങളെ; പ്രാപ്നുയാത് - പ്രാപിക്കാൻ ഇടവരുന്നു.

തികഞ്ഞ സത്യാന്വേഷണ ബുദ്ധിയുള്ളവനും അഹങ്കാരം കൊണ്ട് ഈശ്വരതത്വത്തിൽ വെറുപ്പു തോന്നാത്തവനുമായ ഏതു മനുഷ്യനാണോ ഈ ഗീതാശാസ്ത്രം കേൾക്കാനും മുതിരുന്നത് അവനും പാപവിമുക്തനായി പുണ്യം ചെയ്തവർക്കുള്ള മംഗളകരങ്ങളായ ലോകങ്ങളെ പ്രാപിക്കാനിടവരുന്നു.

## ശ്രവണഫലം

കേവലശ്രവണം പോലും പാപവിമുക്തിക്കും പുണ്യലോകപ്രാപ്തിക്കും കാരണമായിത്തീരും. പുണ്യലോകാനുഭവം തീർന്നാലും ഗീതാശ്രവണ സംസ്കാരം അയാളെ സത്യദർശികളുടെ കുലത്തിൽ കൊണ്ടെത്തിക്കുമെന്ന് ആറാമധ്യായത്തിൽ ഭഗവാൻ തന്നെ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ.

digitized by www.sreyas.in

ഇങ്ങനെ ഫലപ്രഖ്യാപനവും കഴിഞ്ഞു താൻ പറഞ്ഞതൊക്കെ അർജുനനിൽ അൽപ്പമെങ്കിലും ഫലിച്ചോ എന്നാരായുകയാണ് ഭഗവാൻ തുടർന്ന്:

*72. കച്ചിദേതച്ഛ്രുതം പാർഥ ത്വയൈകാഗ്രേണ ചേതസാ*
*കച്ചിദജ്ഞാനസമ്മോഹഃ പ്രനഷ്ടസ്തേ ധനഞ്ജയ*

പാർഥ - അല്ലയോ കുന്തീപുത്രാ; ത്വയാ - നിന്നാൽ; ഏകാഗ്രേണ ചേതസാ - ഏകാഗ്രപ്പെട്ട ചിത്തത്തോടുകൂടി; ഏതത് - ഞാനീ പറഞ്ഞതൊക്കെ; ശ്രുതം കച്ചിത് - കേൾക്കപ്പെട്ടുവോ; ധനഞ്ജയ - അല്ലയോ അർജുനാ; തേ - നിന്റെ ; അജ്ഞാനസമ്മോഹഃ - അജ്ഞാനംകൊണ്ടുണ്ടായ സംഗമോഹം; പ്രനഷ്ടഃ കച്ചിത് - തീർന്നു കിട്ടിയോ?

അല്ലയോ കുന്തീപുത്രാ, നിന്നാൽ ഏകാഗ്രപ്പെട്ട ചിത്തത്തോടുകൂടി ഞാനീ പറഞ്ഞതൊക്കെ കേൾക്കപ്പെട്ടുവോ. അല്ലയോ അർജുനാ നിന്റെ അജ്ഞാനം കൊണ്ടുണ്ടായ സംഗമോഹം തീർന്നുകിട്ടിയോ?

## *കച്ചിദജ്ഞാനസമ്മോഹഃ പ്രനഷ്ടഃ*

മായാമോഹം കൊണ്ടു ബദ്ധമായ ഹൃദയത്തിന് അധ്യാത്മശാസ്ത്ര വിവരണം ഏകാഗ്രമായി കേൾക്കാൻപോലും കഴിയുകയില്ല. കേട്ടാലല്ലേ വ്യക്തമായി ഗ്രഹിക്കുന്ന പ്രശ്നമുദിക്കുന്നുള്ളു. കേൾക്കുന്ന കാര്യത്തിലെങ്കിലും ഏകാഗ്രത കിട്ടിയാൽപ്പിന്നെ ആ സംസ്കാരം തുടർന്നു ശക്തി പ്രാപിച്ചുകൊള്ളും. അർജുനന് അതെങ്കിലും സാധ്യമായോ എന്നാണു ഭഗവാന്റെ അന്വേഷണം. ഈ ചോദ്യം കൊണ്ടുതന്നെ അർജുനന്റെ സത്യസാക്ഷാൽക്കാരാനുഭവമൊന്നും ഉടനെ ഭഗവാൻ പ്രതീക്ഷിക്കുന്നില്ലെന്നു തീർച്ച. സിദ്ധാന്തപരമായെങ്കിലും ജ്ഞാനത്തിൽ ഉറപ്പുവന്നോ എന്നതാണ

റ ീ േ യ

ണ്ടത്. അജ്ഞാനം മാറിയോ എന്നല്ല ചോദ്യം. അജ്ഞാനം കൊണ്ടുണ്ടായ സംഗമോഹം മാറിയോ എന്നാണു ചോദ്യം. അതു മാറിക്കിട്ടിയാൽ കർമത്തെ കർമയോഗമാക്കി മാറ്റി സത്യാന്വേഷണം സമർഥമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്നു താൽപ്പര്യം. അത്രമാത്രമേ ഭഗവാൻ തൽക്കാലം അർജുനനിൽ നിന്നു പ്രതീക്ഷിക്കുന്നുള്ളു.

ഭഗവാൻ പ്രതീക്ഷിച്ചതു നടന്നു എന്നർജുനന്റെ മറുപടി തെളിയിക്കുന്നു:

digitized by www.sreyas.in

അർജുന ഉവാച - അർജുനൻ പറഞ്ഞു:

*73. നഷ്ടോ മോഹഃ സ്മൃതിർലബ്ധാ ത്വത്പ്രസാദാന്മയാച്യുത*
*സ്ഥിതോഽസ്മി ഗതസന്ദേഹഃ കരിഷ്യേ വചനം തവ*

അച്യുത - അല്ലയോ കൃഷ്ണാ; ത്വത് പ്രസാദാത് - അങ്ങയുടെ അനുഗ്രഹം കൊണ്ട്; മോഹഃ നഷ്ടം - എന്റെ മമതാ മോഹം ഇല്ലാതായിരിക്കുന്നു; മയാ എന്നാൽ; സ്മൃതി - ഞാനും മറ്റുള്ളവരും 'ജഡദേഹമല്ല ആത്മാവാണ്' എന്ന ഓർമ; ലബ്ധാ - വീണ്ടെടുക്കപ്പെട്ടിരിക്കുന്നു; ഗതസന്ദേഹഃ - ഇക്കാര്യത്തിൽ സംശയം തീർന്നവനായി; സ്ഥിതഃ അസ്മി - ഭവിച്ചിരിക്കുന്നു; തവ വചനം - അതുകൊണ്ടിനി 'യുദ്ധം ചെയ്യൂ' എന്ന അങ്ങയുടെ വാക്ക്; കരിഷ്യേ - കർമ യോഗമായി അനുഷ്ഠിക്കുന്നതാണ്.

അല്ലയോ കൃഷ്ണാ, അങ്ങയുടെ അനുഗ്രഹം കൊണ്ട് എന്റെ മമതാ മോഹം ഇല്ലാതായിരിക്കുന്നു. എന്നാൽ ഞാനും മറ്റുള്ളവരും 'ജഡദേഹമല്ല ആത്മാവാണ്' എന്ന ഓർമ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ സംശയം തീർന്നവനായി ഭവിച്ചിരിക്കുന്നു. അതുകൊണ്ടിനി 'യുദ്ധം ചെയ്യൂ' എന്ന അങ്ങയുടെ വാക്ക് കർമയോഗമായി അനുഷ്ഠിക്കുന്നതാണ്.

## *സ്മൃതിർലബ്ധാ*

ഞാനും മറ്റുള്ളവരും ദേഹമല്ല, ആത്മാവാണ് എന്ന സിദ്ധാന്തപരമായ പരോക്ഷജ്ഞാനം ഉറപ്പുവന്നു എന്നർഥം. അതിൽ സന്ദേഹമേ ഇല്ല. എന്നാൽ അനുഭവജ്ഞാനം അഥവാ അപരോക്ഷജ്ഞാനം വരാത്തിടത്തോളം ഇടയ്ക്കിടയ്ക്കു വിസ്മൃതിയും ശോകമോഹങ്ങളും സംഭവിക്കുക സ്വാഭാവികമാണ്. അർജുനന്റെ ഇനിയുള്ള ജീവിതം അതിനു തെളിവാണ്. പക്ഷേ, ഈ പരോക്ഷജ്ഞാനത്തിന് കർമത്തെ കർമയോഗമാക്കാനുള്ള കഴിവുണ്ട്. അതാണർജുനൻ ഭഗവാന്റെ നിർദേശം അനുസരിച്ചോളാമെന്നു പ്രതിജ്ഞ ചെയ്യുന്നത്. അങ്ങനെ കർമയോഗനിരതനായ അർജുനന്റെ കർമവാസന ക്രമേണ ക്ഷയിച്ചു ഹൃദയം ശുദ്ധീകരിക്കപ്പെട്ടു. കാലംകൊണ്ടു പവിത്രമായ അർജുനഹൃദയം തനിക്കു തത്ത്വോപദേശം ചെയ്ത ഗുരുവിന്റെ വംശത്തിനു വന്നുചേർന്ന ദുരന്തം കേട്ടു ഞെട്ടി. സർവോപരി തന്റെ സർവവുമായിരുന്ന ഗുരുവായ കൃഷ്ണന്റെ വേർപാട് അർജുനഹൃദയത്തെ വല്ലാതെ മഥിച്ചു. ലോകജീവിതത്തിന്റെ നിസ്സാരത സവ്യസാചിക്കു പ്രത്യക്ഷത്തിൽ ബോധ്യമായി. കൃഷ്ണഭക്തി ഹൃദയത്തിൽ നിറഞ്ഞു കവിഞ്ഞു ഗീതോപദേശത്തിലൂടെ ധരിച്ച ആത്മതത്ത്വം

digitized by www.sreyas.in

അന്നാണു പ്രത്യക്ഷമായി അർജുനനനുഭവപ്പെട്ടതെന്നാണു ഭാഗവതം വിവരിക്കുന്നത്:

*ഗീതം ഭഗവതാ ജ്ഞാനം യത്തത് സംഗ്രാമമൂർധനി*
*കാലകർമതമോര്യുദ്ധം പുനരധ്യഗമത് പ്രഭുഃ*

*ശ്രീ മഹാഭാഗ. 1-15-30*

യുദ്ധക്കളത്തിൽ വച്ചു ഭഗവാനുപദേശിച്ച ജ്ഞാനം കാലം, കർമം, അവിദ്യ എന്നിവകൊണ്ടു തടയപ്പെട്ടിരുന്നു. ആ ജ്ഞാനം അർജുനനു പ്രത്യക്ഷമായി അനുഭവിക്കാൻ അവസരമുണ്ടായി. അതുകൊണ്ട് ഇവിടെ 'സ്മൃതിർലബ്ധാ' എന്നതിനു പരോക്ഷജ്ഞാനം ഉറപ്പുവന്നു എന്നാണർഥം.

ഇത്രയും പറഞ്ഞു സഞ്ജയൻ ധൃതരാഷ്ട്രരുടെ മുമ്പിൽ ഗീതാഭാഗം ഉപസംഹരിക്കാൻ ഒരുമ്പെടുന്നു:

സഞ്ജയ ഉവാച - സഞ്ജയൻ പറഞ്ഞു:

*74. ഇത്യഹം വാസുദേവസ്യ പാർഥസ്യ ച മഹാത്മനഃ*
*സംവാദമിമമശ്രൗഷമദ്ഭുതം രോമഹർഷണം*

അഹം - സഞ്ജയനായ ഞാൻ; ഇതി - ഇപ്രകാരം; വാസുദേവസ്യ - കൃഷ്ണന്റെയും; മഹാത്മനാഃ പാർഥസ്യ ച - മഹാത്മാവായ അർജുനന്റെയും; അത്ഭുതം - ആശ്ചര്യകരവും; രോമഹർഷണം - രോമാഞ്ചപ്രദവുമായ; ഇമം സംവാദം - ഈ സംഭാഷണം; അശ്രൗഷം - കേൾക്കുകയുണ്ടായി.

സഞ്ജയനായ ഞാൻ ഇപ്രകാരം കൃഷ്ണന്റെയും മഹാത്മാവായ അർജുനന്റെയും ആശ്ചര്യകരവും രോമാഞ്ചപ്രദവുമായ ഈ സംഭാഷണം കേൾക്കുകയുണ്ടായി.

## അൽഭുതം രോമഹർഷണം

ആത്മാർഥമായ സത്യജിജ്ഞാസയുള്ള ഒരാൾക്കു ഭഗവാന്റെ ഗീതോപദേശം പോലെ ആശ്ചര്യകരവും രോമാഞ്ചപ്രദവുമായ മറ്റൊന്ന് ഈ ലോകത്തില്ലതന്നെ. ആവർത്തിച്ചു കേട്ടു ചിന്തിക്കുന്തോറും ആശ്ചര്യകരമാം വണ്ണം ജീവിതത്തിന്റെ പരമരഹസ്യം ഇതു വെളിപ്പെടുത്തിത്തരുന്നു. കൂടുതൽ കൂടുതൽ സത്യം വെളിപ്പെടുംതോറും എങ്ങനെയാണു പുളകമണിയാതിരിക്കുക?

digitized by www.sreyas.in

അർജുനനും കൃഷ്ണനുമായി നടന്ന സംഭാഷണം വ്യാസന്റെ അനുഗ്രഹംകൊണ്ടാണു സഞ്ജയനു കേൾക്കാൻ കഴിഞ്ഞത്. സഞ്ജയൻ തന്നെ ഇക്കാര്യം വെളിപ്പെടുത്തുന്നു.

*75. വ്യാസപ്രസാദാത് ശ്രുതവാനേതദ് ഗുഹ്യതമം പരം*
*യോഗം യോഗേശ്വരാത് കൃഷ്ണാത് സാക്ഷാത് കഥയതഃ സ്വയം*

ഗുഹ്യതമം - അത്യന്തം രഹസ്യമായിട്ടുള്ളതും; പരം - പരമസത്യം കാട്ടിത്തരുന്നതുമായ, ഏതത് യോഗം - ഈ സത്യാനുഭവോപായം; സ്വയം കഥയതഃ - സ്വയം ഉപദേശിച്ചു; സാക്ഷാത് യോഗേശ്വരാത് കൃഷ്ണാത് - സാക്ഷാൽ പ്രപഞ്ചകാരണസ്വരൂപനായ കൃഷ്ണനിൽനിന്ന്; വ്യാസപ്രസാദാത് - വ്യാസന്റെ അനുഗ്രഹം നിമിത്തം; ഞാൻ കേൾക്കാനിടയായി.

അത്യന്തം രഹസ്യമായിട്ടുള്ളതും പരമസത്യം കാട്ടിത്തരുന്നതുമായ ഈ സത്യാനുഭവോപായം സ്വയം ഉപദേശിച്ച സാക്ഷാൽ പ്രപഞ്ചകാരണ സ്വരൂപനായ കൃഷ്ണനിൽ നിന്ന് വ്യാസന്റെ അനുഗ്രഹം നിമിത്തം ഞാൻ കേൾക്കാനിടയായി.

## *ഏതത് ഗുഹ്യതമം പരം*

സത്യം പരമരഹസ്യമാണ്. അപൂർവം ചിലർക്കു മാത്രമേ അതറിഞ്ഞനുഭവിക്കാൻ പറ്റുന്നുള്ളു. അതാണതിന്റെ രഹസ്യമയത. അതു പരമമാണ്. അതറിഞ്ഞാൽ പിന്നെയൊന്നു അറിയാനുണ്ടാവില്ല. അതാണതിന്റെ പരമത്വം. ഈ സത്യം സർവജ്ഞനായി സത്യസ്വരൂപിയായി വർത്തിക്കുന്ന കൃഷ്ണനിൽനിന്നുതന്നെ കേൾക്കാനിടയായാൽ അതിൽപ്പരം പിന്നെ എന്തു ധന്യതയാണു വേണ്ടത്. വ്യാസന്റെ അനുഗ്രഹം കൊണ്ടാണു സഞ്ജയനതു കേൾക്കാൻ കഴിഞ്ഞത്. ഒന്നാമധ്യായം ഒന്നാം ശ്ലോകത്തിലെ ഭാഷ്യം നോക്കുക.

ഗീതാശ്രവണവേളയിലും അതു കഴിഞ്ഞും. സഞ്ജയനുണ്ടായ അനുഭവമാണിനി വിവരിക്കുന്നത്:

*76. രാജൻ സംസ്മൃത്യ സംസ്മൃത്യ സംവാദമിമമൽഭുതം*
*കേശവാർജുനയോഃ പുണ്യം ഹൃഷ്യാമി ച മുഹുർമുഹുഃ*

രാജൻ - അല്ലയോ ധൃതരാഷ്ട്ര മഹാരാജാവേ; കേശവാർജുനയോഃ - കൃഷ്ണന്റെയും അർജുനന്റെയും; അൽഭുതം - ആശ്ചര്യകരവും; പുണ്യം - പുണ്യപ്രദവുമായ; ഇമം സംവാദം - ഈ സംഭാഷണം; സംസ്മൃത്യ സംസ്മൃത്യ - ഓർമി

digitized by www.sreyas.in

ച്ചോർമിച്ച്; മുഹുർമുഹുഃ - വീണ്ടും വീണ്ടും; ഹൃഷ്യാമി ച - ഞാൻ ആനന്ദിക്കുന്നു.

അല്ലയോ ധൃതരാഷ്ട്ര മഹാരാജാവേ, കൃഷ്ണന്റെയും അർജുനന്റെയും ആശ്ചര്യകരവും പുണ്യപ്രദവുമായ ഈ സംഭാഷണം ഓർമിച്ചോർമിച്ചു വീണ്ടും വീണ്ടും ഞാൻ ആനന്ദിക്കുന്നു.

## *ഹൃഷ്യാമി ച മുഹുർമുഹുഃ*

അജ്ഞാനത്തെ പിടിച്ചുകുലുക്കി സ്വാർഥമോഹങ്ങളെ ഇളക്കി മറിക്കുന്ന സത്യബുദ്ധിയുടെ പ്രതീകമാണു സഞ്ജയൻ. അങ്ങനെയുള്ള സത്യ ബുദ്ധിക്ക് ആധ്യാത്മികകാര്യങ്ങളുടെ നിരന്തരസ്മരണം കൊണ്ടു തന്നെ അതിരറ്റ ആനന്ദം അനുഭവിക്കാൻ ഇടവരുന്നു. ശ്രവണാനന്ദം കഴിഞ്ഞുള്ള ഈ സ്മരണാനന്ദം സംപൂർണ ജ്ഞാനത്തിലേക്കുള്ള യാത്രയുടെ ഗതിവേഗം വർധിപ്പിക്കുമെന്നു പറയേണ്ടതില്ലല്ലോ. യഥാർഥ സത്യജിജ്ഞാസയോടെ ഗീത വായിച്ചു പഠിക്കുന്നവർക്കൊക്കെ സഞ്ജയന്റെ ഈ ആനന്ദം സ്വയം അനുഭവിച്ചു തൃപ്തിപ്പെടാവുന്നതാണ്.

മാത്രമല്ല ഭഗവാന്റെ വിശ്വരൂപദർശനം സഞ്ജയനിൽ മായാത്ത മുദ്ര പതിപ്പിച്ചു എന്നാണദ്ദേഹം ധൃതരാഷ്ട്രരോടു പ്രഖ്യാപിക്കുന്നത്:

*77. തച്ച സംസ്മൃത്യ സംസ്മൃത്യ രൂപമത്യൽഭുതം ഹരേഃ*
*വിസ്മയോ മേ മഹാൻ രാജൻ ഹൃഷ്യാമി ച പുനഃ പുനഃ*

രാജൻ - അല്ലയോ രാജാവേ; ഹരേഃ - ഭഗവാന്റെ, തത് അത്യൽഭുതം - ആ അത്യാശ്ചര്യകരമായ; രൂപം ച - വിശ്വരൂപവും; സംസ്മൃത്യ സംസ്മൃത്യ - ഓർമിച്ചോർമിച്ച്; മേ - എനിക്ക്; മഹാൻ വിസ്മയഃ - അതിയായ അൽഭുതം തോന്നുന്നു; പുനഃ പുനഃ - വീണ്ടും വീണ്ടും; ഹൃഷ്യാമി ച - ആനന്ദമഗ്നനായിത്തീരുകയും ചെയ്യുന്നു.

അല്ലയോ രാജാവേ, ഭഗവാന്റെ അത്യാശ്ചര്യകരമായ ആ രൂപവും ഓർമിച്ചോർമിച്ച് എനിക്കതിയായ അൽഭുതം തോന്നുന്നു. വീണ്ടും വീണ്ടും ആനന്ദമഗ്നനായിത്തീരുകയും ചെയ്യുന്നു.

## *രൂപമത്യൽഭുതം*

പതിനൊന്നാമധ്യായത്തിൽ വിവരിച്ചിരിക്കുന്ന ഭഗവാന്റെ വിശ്വരൂപ

digitized by www.sreyas.in

ത്തെയാണു സഞ്ജയൻ സൂചിപ്പിക്കുന്നത്. അർജുനനു ദിവ്യദൃഷ്ടി നൽകിയാണു ഭഗവാൻ ആ രൂപം വെളിവാക്കിയത്. സഞ്ജയന് അതു കാണാനുള്ള ദിവ്യദൃഷ്ടി നേരത്തേതന്നെ വ്യാസഭഗവാൻ നൽകിയിരുന്നു. ബുദ്ധിമാനായ സഞ്ജയന് ആ കാഴ്ച ഭഗവാനിലുള്ള വിശ്വാസത്തെ പതിന്മടങ്ങുറപ്പിച്ചു. അതാണീ ആനന്ദവും അൽഭുതവും.

ഈ അനുഭവത്തിന്റെയൊക്കെ വെളിച്ചത്തിൽ സഞ്ജയൻ തനിക്കു ബോധ്യപ്പെട്ട ജീവിതനിയമം പ്രഖ്യാപിച്ചുകൊണ്ടു ഗീതാസന്ദർഭം ഉപസംഹരിക്കുകയാണിനി:

*78. യത്ര യോഗേശ്വരഃ കൃഷ്ണോ യത്ര പാർഥോ ധനുർധരഃ*
*തത്ര ശ്രീർവിജയോ ഭൂതിർധ്രുവാ നീതിർമതിർമമ*

യോഗേശ്വരഃ - പ്രപഞ്ചാനുഭവത്തിനു മുഴുവൻ ആശ്രയമായ; കൃഷ്ണഃ - ഈശ്വരൻ; യത്ര - എവിടെയുണ്ടോ; ധനുർധരഃ - വില്ലേന്തിയ; പാർഥഃ - കുന്തീപുത്രൻ; യത്ര - എവിടെയുണ്ടോ; തത്ര - അവിടെ; ശ്രീഃ - ആത്മതേജസ്സും; വിജയഃ - ജയവും; ഭൂതിഃ - ഭൗതികൈശ്വര്യവും ഉണ്ടായിരിക്കും; നീതിഃ ധ്രുവാ - ഈ നിയമം അചഞ്ചലമാണ്; മമ മതിഃ - ഇതാണെന്റെ അഭിപ്രായം.

പ്രപഞ്ചാനുഭവത്തിനു മുഴുവൻ ആശ്രയമായ ഈശ്വരൻ എവിടെയുണ്ടോ വില്ലേന്തിയ കുന്തീപുത്രൻ എവിടെയുണ്ടോ അവിടെ ആത്മതേജസ്സും ജയവും ഭൗതികൈശ്വര്യവും ഉണ്ടായിരിക്കും. ഈ നിയമം അചഞ്ചലമാണ്. ഇതാണെന്റെ അഭിപ്രായം.

## *ധ്രുവാ നീതിർമതിർമമ*

ഗീതയുടെ സാരസംഗ്രഹമാണു സഞ്ജയന്റെ ഈ തീരുമാനം. കൃഷ്ണനും അർജുനനും എവിടെയുണ്ടോ അവിടെ ജീവിതം പൂർണധന്യത പ്രാപിക്കും. തൽക്കാലം പാണ്ഡവന്മാർ തന്നെ ജയിക്കുമെന്നു ധ്വനി. ഇവിടെ കൃഷ്ണൻ ഏതു രൂപത്തിലുമുള്ള ഈശ്വരന്റെ പ്രതിനിധിയാണ്. അർജുനൻ ആ ഈശ്വരനെ സർവാത്മനാ ശരണം പ്രാപിച്ചുകൊണ്ടു കർമരംഗത്തെത്തി നിൽക്കുന്ന ബുദ്ധിയുടെയും. ബുദ്ധി, ഈശ്വരൻ, കർമം, ഇവ ഒരുമിക്കുന്നതാണു ജീവിതവിജയം. ഈശ്വരനെ ശരണം പ്രാപിക്കുന്ന ബുദ്ധിക്ക് ആത്മതേജസ്സ് കൂടുതൽ കൂടുതൽ ലഭ്യമാകും. അതു കർമരംഗത്തടിക്കടി വിജയമുണ്ടാക്കും. ഭൗതികമായ ഐശ്വര്യവും അങ്ങനെ വന്നുചേരും. ആത്മതേജസ്സിന്റെ വളർച്ച ഭൗതികജീവിതത്തെ

digitized by www.sreyas.in

പ്പോലും ധന്യമാക്കി മോക്ഷത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യും. ഈശ്വരബുദ്ധിയെ ശരണം പ്രാപിക്കുന്നില്ലെന്നുവന്നാൽ ആത്മതേജസ്സു കുറഞ്ഞു കുറഞ്ഞുവരും. പരാജയവും പതനവുമാണതിന്റെ ഫലം. അതുകൊണ്ടു കർമരംഗത്തെത്തി നിൽക്കുന്ന ഒരാൾ സർവാത്മനാ ഈശ്വരബുദ്ധി വളർത്തി അതിനെ ശരണം പ്രാപിക്കേണ്ടതാണ്.

## അധ്യായാർഥസംക്ഷേപം

ജീവബ്രഹ്മൈക്യപ്രതിപാദകമായ ജ്ഞാനകാണ്ഡത്തിന്റെ പരിസമാപ്തിയാണു പതിനെട്ടാമധ്യായം. ജീവബ്രഹ്മൈക്യ സ്ഥിതിതന്നെയാണിവിടെ നാൽപ്പത്തൊൻപതാം ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്ന നൈഷ്കർമ്യ സിദ്ധി. ഒരു മോക്ഷേച്ഛു അവശ്യം അറിഞ്ഞിരിക്കേണ്ട ചില അടിസ്ഥാനതത്വങ്ങളാണു പതിനേഴാമധ്യായത്തെ തുടർന്നു പതിനെട്ടാമധ്യായത്തിലും ആദ്യം വിവരിക്കുന്നത്. ഫലേച്ഛയോടുകൂടിയ കർമം വെടിയുകയാണു സന്ന്യാസം. ഫലേച്ഛ വെടിയുകയാണു ത്യാഗം. ഗുണഭേദമാണു ത്യാഗഭേദങ്ങളുടെ തോന്നലിനിടയാക്കുന്നത്. അധിഷ്ഠാനം, കർത്താവ്, കരണം, വിവിധ ചേഷ്ടകൾ, ദൈവം എന്നീ അഞ്ചു ഹേതുക്കൾ ലോകത്തുള്ള എല്ലാ കർമങ്ങളെയും നിയന്ത്രിക്കുന്നു. അതുകൊണ്ടു താൻ മാത്രമാണു കർമ ഹേതു എന്നു കരുതുന്നവൻ മന്ദബുദ്ധിയാണ്. അഹങ്കാരമില്ലാത്തവൻ എന്തു കർമം ചെയ്താലും ബദ്ധനാകുന്നില്ല. കർമ പ്രചോദകങ്ങളാണു ജ്ഞാനം, ജ്ഞേയം, പരിജ്ഞാതാവ് എന്നീ മൂന്നെണ്ണം. കരണം, കർമം, കർത്താവ് എന്നീ മൂന്നെണ്ണത്തിലടങ്ങുന്ന കർമസ്വരൂപം. ഗുണഭേദമനുസരിച്ച് ജ്ഞാനം, കർമം, കർത്താവ്, ബുദ്ധി, ധൃതി, സുഖം എന്നിവ മുമ്മൂന്നു വിധം വേർതിരിയുന്നു. ഗുണഭേദമനുസരിച്ചുള്ള സ്വഭാവവിഭജനമാണു ചാതുർവർണ്യ വിഭജനം. സർവവ്യാപ്തമായ സത്യത്തെ സ്വകർമംകൊണ്ടാരാധിക്കുന്ന ആർക്കും ക്രമേണ മോക്ഷമെന്ന ലക്ഷ്യത്തിലെത്തിച്ചേരാം. എല്ലാ കർമവും ദോഷയുക്തമാണ്. അതുകൊണ്ടു സ്വഭാവജമായ കർമമുപേക്ഷിച്ചു മറ്റൊന്നംഗീകരിക്കുന്നതിനർഥമില്ല. സ്വഭാവകർമത്തെ സ്വധർമമാക്കി മാറ്റി കർമയോഗമായനുഷ്ഠിക്കുകയാണു വേണ്ടത്. സർവത്ര ബ്രഹ്മാനുഭവമാണു പരാഭക്തി. അതുതന്നെയാണു നൈഷ്കർമ്യസിദ്ധി. സർവധർമപരിത്യാഗപൂർവമായ ഭഗവത് ശരണാഗതിയാണു ശോകനിവൃത്തിക്കുള്ള മാർഗമെന്നു പ്രഖ്യാപിച്ചു ഭഗവാൻ ഗീതാസന്ദർഭം ഉപസംഹരിക്കുന്നു. ബുദ്ധി, ഈശ്വരൻ, കർമം എന്നിവ ഒരുമിക്കുന്നിടത്തു ജീവിതം ധന്യമാകുമെന്നത് അചഞ്ചലനിയമമാണെന്നു പ്രഖ്യാപിച്ചുകൊണ്ടു

digitized by www.sreyas.in

സഞ്ജയനും ഗീതാസന്ദർഭം ഉപസംഹരിക്കുന്നു. നൈഷ്കർമ്യസിദ്ധിയെന്ന മോക്ഷവും അതിനുള്ള ഉപായമായ സന്യാസത്തിന്റെ യാഥാർഥ്യവും ഇതിൽ പ്രതിപാദിച്ചിരിക്കുന്നതുകൊണ്ട് ഈ അധ്യായത്തിനു മോക്ഷസന്യാസയോഗമെന്നു പേർ.

*ഇതി ശ്രീമദ്ഭഗവദ്ഗീതാസൂപനിഷത്സു ബ്രഹ്മവിദ്യായാം*
*യോഗശാസ്ത്രേ ശ്രീകൃഷ്ണാർജുനസംവാദേ*
*മോക്ഷസന്യാസയോഗേ*
*നാമാഷ്ടാദശോഽധ്യായഃ*

digitized by www.sreyas.in

# ഗീതാമാഹാത്മ്യം

(വരാഹപുരാണാന്തർഗതം)

ഭൂമിദേവി വിഷ്ണുവിനോടു ചോദിച്ചു:

*1. ഭഗവൻ പരമേശാന*
*ഭക്തിരവ്യഭിചാരിണീ*
*പ്രാരബ്ധം ഭുജ്യമാനസ്യ*
*കഥം ഭവതി ഹേ പ്രഭോ*

സർവേശ്വരനായ അല്ലയോ ഭഗവാൻ, പ്രാരബ്ധമനുഭവിച്ചു കഴിഞ്ഞുകൂടുന്ന വ്യക്തിക്ക് അങ്ങയിൽ ഇടതടവില്ലാത്ത ഭക്തി വന്നുചേരാൻ എന്താണു മാർഗം; അല്ലയോ പ്രഭോ, അതരുളിച്ചെയ്താലും.

വിഷ്ണു പറഞ്ഞു:

*2. പ്രാരബ്ധം ഭുജ്യമാനോ ഹി*
*ഗീതാഭ്യാസരതഃ സദാ*
*സ മുക്തഃ സ സുഖീ ലോകേ*
*കർമണാ നോപലിപ്യതേ*

പ്രാരബ്ധം അനുഭവിക്കവേതന്നെ സദാ ഭഗവദ്ഗീത വായിച്ചു മനനം ചെയ്യാൻ തയ്യാറാകണം. അങ്ങനെയുള്ളയാൾ ലോകത്തിൽ ക്രമേണ മുക്തനാകുന്നു. സുഖിയായി ഭവിക്കുന്നു. കർമമൊന്നും അയാളെ ബന്ധിക്കുകയേ ഇല്ല.

75-2006 57

digitized by www.sreyas.in

3. *മഹാപാപാദി പാപാനി*
*ഗീതാധ്യാനം കരോതി ചേത്*
*ക്വചിത് സ്പർശം ന കുർവന്തി*
*നളിനീദളമംബുവത്*

ഗീതാതത്വം മനനം ചെയ്തുകഴിയുന്ന ഒരാളിനെ ഒരു മഹാപാപവും ഒരിടത്തും സ്പർശിക്കുകയില്ല. വെള്ളത്തിൽ കിടക്കുമ്പോഴും താമരയിലയെ വെള്ളം നനയ്ക്കാത്തതുപോലെ.

4. *ഗീതായാഃ പുസ്തകം യത്ര*
*യത്ര പാഠഃ പ്രവർത്തതേ*
*തത്ര സർവാണി തീർഥാനി*
*പ്രയാഗാദീനി തത്ര വൈ*

ഗീതാപുസ്തകം എവിടെയുണ്ടോ ഗീതാവായന എവിടെ നടക്കുന്നുണ്ടോ അവിടെ പ്രയാഗം തുടങ്ങിയ എല്ലാ തീർഥങ്ങളും ഉണ്ടെന്നറിയേണ്ടതാണ്.

5. *സർവേ ദേവാശ്ച ഋഷയോ*
*യോഗിനഃ പന്നഗാശ്ച യേ*
*ഗോപാലാ ഗോപികാ വാƒപി*
*നാരദോദ്ധവപാർഷദൈഃ*
*സഹായോ ജായതേ ശീഘ്രം*
*യത്ര ഗീതാ പ്രവർത്തതേ*

ഗീത നിരന്തരം വായിച്ചു വിചാരം ചെയ്യുന്ന ഇടത്തിൽ എല്ലാ ദേവന്മാരും ഋഷിമാരും സന്നിഹിതരായിരിക്കും. ഗോപാലന്മാർ, ഗോപികമാർ, നാരദൻ, ഉദ്ധവർ തുടങ്ങി ഭഗവത് പാർഷദരെല്ലാം എന്തു സഹായത്തിനും അവിടെ അതിവേഗം ഓടിയെത്തുന്നതാണ്.

6. *യത്ര ഗീതാവിചാരശ്ച*
*പഠനം പാഠനം ശ്രുതം*
*തത്രാഹം നിശ്ചിതഃ പൃഥ്വി*
*നിവാസാമി സദൈവ ഹി*

digitized by www.sreyas.in

എവിടെയാണോ ഗീത വിചാരവിഷയമാകുന്നത്, പഠിക്കുന്നത്, പഠിപ്പിക്കുന്നത്, കേൾക്കുന്നത് അവിടെ അല്ലയോ പൃഥ്വി, ഞാനും സദാ സന്നിധാനം ചെയ്തരുളുന്നു.

7. *ഗീതാശ്രയോഽഹം തിഷ്ഠാമി*
*ഗീതാമേചോത്തമം ഗൃഹം*
*ഗീതാജ്ഞാനമുപാശ്രിത്യ*
*ത്രീൻ ലോകാൻ പാലയാമ്യഹം*

ഗീതയാണെന്റെ ഇരിപ്പിടം. ഗീതയാണെന്റെ ഉത്തമമായ വാസസ്ഥാനം. ഗീതയിലെ അറിവിന്റെ വെളിച്ചത്തിലാണു ഞാൻ മൂന്നു ലോകങ്ങളെയും രക്ഷിച്ചു പോരുന്നത്.

8. *ഗീതാ മേ പരമാ വിദ്യാ*
*ബ്രഹ്മരൂപാ ന സംശയഃ*
*അർധമാത്രാക്ഷരാ നിത്യാ*
*സ്വാനിർവാച്യപദാത്മികാ*

എന്നെ പൂർണമായി കാട്ടിത്തരുന്ന വിദ്യയാണു ഗീത. സാക്ഷാൽ ബ്രഹ്മവിദ്യ; സംശയമേയില്ല. അരക്ഷണംകൊണ്ടു നേടാവുന്നത് ('തത്വം അസി - അതു നീ തന്നെ'. എന്നു തുടങ്ങിയ മഹാവാക്യങ്ങളുടെ ശ്രവണമാത്രയിൽത്തന്നെ ശ്രദ്ധാലുവിനു നേടാവുന്നതെന്നു താൽപ്പര്യം.) നേടിയാലൊരിക്കലും നഷ്ടപ്പെടാത്തത്, കൂടുകയോ കുറയുകയോ ചെയ്യാത്തത്. നിർവചിക്കാൻ കഴിയാത്ത സ്വരൂപസ്ഥിതി നേടിത്തരുന്നത്.

9. *ചിദാനന്ദേന കൃഷ്ണേന*
*പ്രോക്താസ്വമുഖതോഽർജുനം*
*വേദത്രയീ പരാനന്ദാ*
*തത്വാർഥജ്ഞാനസംയുതാ*

ബോധാനന്ദസ്വരൂപിയായ കൃഷ്ണൻ അർജുനനു നേരിട്ടുപദേശിച്ചത്; വേദങ്ങളുടെ മുഴുവൻ സാരം; പരമമായ ആനന്ദത്തെ പ്രദാനം ചെയ്യുന്നത്. വസ്തുസ്വരൂപം തെളിയിച്ചു കാട്ടുന്നത്.

10. *യോഽഷ്ടാദശ ജപോ നിത്യം*
*നരോ നിശ്ചലമാനസഃ*

digitized by www.sreyas.in

*ജ്ഞാനസിദ്ധിം സ ലഭതേ*
*തതോ യാതി പരം പദം*

ആരൊരാളാണോ, ഏകാഗ്രമനസ്കനായി മന്ത്രസദൃശങ്ങളായ പതിനെട്ടധ്യായങ്ങളും ദിവസേന വായിച്ചു പഠിക്കുന്നത് അയാൾക്കു പരമസത്യം വെളിപ്പെട്ടുകിട്ടുന്നു. തുടർന്നയാൾ ജനനമരണരഹിതമായ മോക്ഷപദത്തിലെത്തിച്ചേരുകയും ചെയ്യുന്നു.

11. *പാഠേഽസമർഥഃ സംപൂർണേ*
*അതോഽർധം പാഠമാചരേത്*
*തദാ ഗോദാനജം പുണ്യം*
*ലഭതേ നാത്ര സംശയഃ*

ദിവസേന പതിനെട്ടധ്യായവും വായിക്കാൻ കഴിയാത്തവർ ഒമ്പതധ്യായം വായിക്കട്ടെ. അവർക്കു പശുവിനെ ദാനം ചെയ്ത പുണ്യം ലഭിക്കുന്നതാണ്, സംശയമേ വേണ്ട. അവരും ചിത്തം ശുദ്ധീകരിക്കപ്പെട്ടു ക്രമേണ സത്യത്തോടടുക്കുമെന്നു താൽപ്പര്യം.

12. *ത്രിഭാഗം പഠമാനസ്തു*
*ഗംഗാസ്നാനഫലം ലഭേത്*
*ഷഡംശം പഠമാനസ്തു*
*സോമയാഗഫലം ലഭേത്*

ഗീതയുടെ മൂന്നിലൊന്നു ദിവസേന വായിക്കുന്നയാൾക്കു ഗംഗയിൽ കുളിച്ച ഫലം ലഭിക്കും. ആറിലൊന്നും വായിക്കുന്നയാൾക്ക് സോമയാഗം ചെയ്താൽ കിട്ടുന്ന ഫലം ലഭ്യമാകും.

13. *ഏകാധ്യായം തു യോ നിത്യം*
*പഠതേ ഭക്തി സംയുക്തഃ*
*രുദ്രലോകമവാപ്നോതി*
*ഗണോ ഭൂത്വാ വസേച്ചിരം*

ഒരധ്യായം വീതം ദിവസേന ഭക്തിയോടെ വായിക്കുമ്പോൾ ശിവലോകത്തെത്തി ശിവപാർഷദനായി ചിരകാലം കഴിഞ്ഞുകൂടും.

digitized by www.sreyas.in

*14. അധ്യായം ശ്ലോകപാദം വാ*
*നിത്യം യഃ പഠതേ നരഃ*
*സ യാതി നരതാം മന്വ-*
*ന്തരം യാവദ്വസുന്ധരേ!*

അല്ലയോ വസുന്ധരേ, മനുഷ്യൻ ഗീതയിലെ ഒരധ്യായമോ ഒരു വരിയെങ്കിലുമോ ദിവസേന വെറുതെ വായിക്കുകയെങ്കിലും ചെയ്യുമെങ്കിൽ മന്വന്തരം കഴിയുന്നതുവരെ അവനു മനുഷ്യനായിത്തന്നെ തുടരാൻ കഴിയും. മനുഷ്യജന്മത്തിൽ നിന്നും പതിച്ചുപോകില്ലെന്നു താൽപ്പര്യം.

*15. ഗീതായാഃ ശ്ലോകദശകം*
*സപ്തപഞ്ചചതുഷ്ടയം*
*ദ്വൗത്രീനേകം തദർധം വാ*
*ശ്ലോകാനാം യഃ പഠേന്നരഃ*

*16. ചന്ദ്രലോകമവാപ്നോതി*
*വർഷാണാമയുതം ധ്രുവം*
*ഗീതാപാഠസമായുക്തോ*
*മൃതോ മാനുഷതാം വ്രജേത്*

ഗീതയിലെ പത്തോ, ഏഴോ, അഞ്ചോ, നാലോ, മൂന്നോ, രണ്ടോ, ഒന്നോ, പകുതിയോ ശ്ലോകമെങ്കിലും ഒരുവൻ നിത്യവും വായിക്കുമെങ്കിൽ അവൻ അനേക വർഷം ചന്ദ്രലോകത്തെത്തി സുഖിക്കാനിടവരുന്നു. ഗീത ചൊല്ലിക്കൊണ്ടു മരിച്ചാൽ മനുഷ്യജന്മം അവനൊരിക്കലും നഷ്ടപ്പെടുകയില്ല. ചുരുക്കത്തിൽ ഗീതയുമായുള്ള എത്ര ചെറിയ ബന്ധവും മനുഷ്യനെ പതനത്തിൽ നിന്നും രക്ഷിക്കുമെന്നു താൽപ്പര്യം.

*17. ഗീതാഭ്യാസം പുനഃകൃത്വാ*
*ലഭതേ ഭക്തിമുത്തമാം*
*ഗീതേത്യുച്ചാരസംയുക്തോ*
*മ്രിയമാണോ ഗതിം ലഭേത്*

ഗീത വീണ്ടും വീണ്ടും വായിക്കുന്നതുകൊണ്ട് ഉത്തമമായ ഭക്തി ലഭിക്കുന്നു. 'ഗീത' എന്നുച്ചരിച്ചുകൊണ്ടു മരിച്ചാൽപോലും ഗതി ലഭിക്കും. ഗീതയുടെ മാഹാത്മ്യം അവർണനീയമെന്നു താൽപ്പര്യം.

digitized by www.sreyas.in

*18. ഗീതാർഥ ശ്രവണാസക്തോ*
*മഹാപാപയുതോ/പി വാ*
*വൈകുണ്ഠം സമവാപ്നോതി*
*വിഷ്ണുനാ സഹ മോദതേ*

ഗീതാതാൽപ്പര്യം കേൾക്കാൻ അഭിരുചി വന്നാൽ മഹാപാപിപോലും മരണാനന്തരം വൈകുണ്ഠലോകത്തെത്തി വിഷ്ണുഭഗവാനുമൊത്തു സുഖിക്കും.

*19. ഗീതാർഥം ധ്യായതേ നിത്യം*
*കൃത്വാ കർമാണി ഭൂരിശഃ*
*ജീവന്മുക്തഃ സ വിജ്ഞേയഃ*
*ദേഹാന്തേ പരമം പദം*

കർമങ്ങളെല്ലാം ഒരുവൻ ഗീതാതാൽപ്പര്യം അനുസന്ധാനം ചെയ്തുകൊണ്ടാചരിക്കുന്നപക്ഷം അയാൾ ജീവന്മുക്തനാണെന്നറിയേണ്ടതാണ്. അങ്ങനെയുള്ളയാൾ മരണാനന്തരം ബ്രഹ്മസായൂജ്യം പ്രാപിക്കുന്നു.

*20. ഗീതാമാശ്രിത്യ ബഹവോ*
*ഭൂഭുജോ ജനകാദയഃ*
*നിർധൂതകന്മഷാലോകേ*
*ഗീതാ യാതാഃ പരം പദം*

ജനകൻ തുടങ്ങിയ അനേകം രാജാക്കന്മാർ ഗീതാതത്വമനുസരിച്ചു കർമം ചെയ്തു വാസനാവിമുക്തരായി ബ്രഹ്മൈക്യം പ്രാപിച്ചതായി കീർത്തിക്കപ്പെടുന്നു.

*21. ഗീതായാഃ പഠനം കൃത്വാ*
*മാഹാത്മ്യം നൈവ യഃ പഠേത്*
*വൃഥാ പാഠോ ഭവേത്തസ്യ*
*ശ്രമ ഏവ ഹ്യുദാഹൃതഃ*

ഗീത വായിച്ചിട്ട് ഗീതാമഹാത്മ്യം കൂടി നിശ്ചയമായും വായിക്കണം. അല്ലെങ്കിൽ ഗീതാപാഠം വ്യർഥമായിപ്പോകും. വെറും ശ്രമമായി അവശേഷിക്കും. ഇവിടെ ഗീതാമാഹാത്മ്യശ്ലോകങ്ങളുടെ പ്രാശസ്ത്യം വെളിപ്പെടുത്തിയിരിക്കുന്നു.

digitized by www.sreyas.in

*22. ഏതന്മാഹാത്മ്യസംയുക്തം*
*ഗീതാഭ്യാസം കരോതി യഃ*
*സ തത്ഫലമവാപ്നോതി*
*ദുർലഭാം ഗതിമാപ്നുയാത്*

ഈ മാഹാത്മ്യപാഠത്തോടൊപ്പം ആരാണോ ഗീതാപാഠം തുടരുന്നത് അയാൾ ഗീതാപാഠഫലം നേടുന്നു. ദുർലഭമായ മോക്ഷഫലം അയാൾക്കു കൈവരുന്നു. സൂതൻ പറഞ്ഞു:

*23. മാഹാത്മ്യമേതദ്ഗീതായാഃ*
*മയാ പ്രോക്തം സനാതനം*
*ഗീതാന്തേ ച പഠേദ് യസ്തു*
*യദുക്തം തൽഫലം ലഭേത്*

എന്നാൽ പറയപ്പെട്ട ഈ മാഹാത്മ്യം സനാതനമാണ്. ഗീതാവായന കഴിഞ്ഞ് ഇതുംകൂടി ആരു വായിക്കുമോ അയാൾക്ക് മേൽപ്പറയപ്പെട്ട എല്ലാ ഫലവും വന്നുചേരുന്നതാണ്.

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

digitized by www.sreyas.in

# അനുബന്ധം 2

# ശ്ലോകാനുക്രമണിക

### അ


| | | |
|---|---|---|
| അകീർത്തിം ചാപി ഭൂതാനി | 2.34 | 89 |
| അക്ഷരം ബ്രഹ്മപരമം | 8.3 | 371 |
| അക്ഷരാണാമകാരോ | 10.33 | 495 |
| അഗ്നിർജ്യോതിരഹഃ | 8.24 | 401 |
| അച്ഛേദ്യോഽയ | 2.24 | 74 |
| അജോഽപിൻ | 4.6 | 196 |
| അജ്ഞശ്ചാശ്രദ്ദധാനശ്ച | 4.40 | 237 |
| അത്ര ശൂരാ മഹേഷ്വാസാ | 1.4 | 10 |
| അഥ കേന പ്രയുക്തോഽയം | 3.36 | 180 |
| അഥ ചിത്തം സമാധാതും | 12.9 | 572 |
| അഥ ചേത്ത്വമിമം | 2.33 | 88 |
| അഥ ചൈനം നിത്യജാതം | 2.26 | 77 |
| അഥവാ യോഗിനാമേവ | 6.42 | 320 |
| അഥവാ ബഹുനൈതേന | 10.42 | 502 |
| അഥ വ്യവസ്ഥിതാൻ | 1.20 | 25 |
| അഥൈതദപ്യശക്തോഽസി | 12.11 | 575 |
| അദൃഷ്ടപൂർവം ഹൃഷിതോ | 11.45 | 548 |
| അദേശകാലേ യദ്ദാനം | 17.22 | 764 |
| അദ്വേഷ്ടാ സർവ ഭൂതാനാം | 12.13 | 578 |
| അധർമം ധർമമിതി | 18.32 | 812 |
| അധർമാഭിഭവാത് | 1.41 | 37 |
| അധശ്ചോർധ്വം | 15.2 | 684 |
| അധിഭൂതം ക്ഷരോ ഭാവഃ | 8.4 | 374 |
| അധിയജ്ഞഃ കഥം കോത്ര | 8.2 | 370 |
| അധിഷ്ഠാനം തഥാ | 18.14 | 789 |
| അധ്യാത്മജ്ഞാന | 13.11 | 605 |
| അധ്യേഷ്യതേ ച യ | 18.70 | 847 |
| അനന്തവിജയം രാജാ | 1.16 | 24 |
| അനന്തശ്ചാസ്മി | 10.29 | 492 |
| അനന്യചേതാഃ സതതം | 8.14 | 386 |
| അനന്യാശ്ചിന്തയന്തോ | 9.22 | 438 |
| അനപേക്ഷഃ ശുചിഃ | 12.16 | 581 |
| അനാദിത്വാന്നിർഗുണ | 13.31 | 638 |
| അനാദിമധ്യാന്ത | 11.19 | 524 |
| അനാശ്രിതഃ കർമഫലം | 6.1 | 275 |
| അനിഷ്ടമിഷ്ടംമിശ്രം | 18.12 | 787 |
| അനുദ്വേഗകരംവാക്യം | 17.15 | 756 |
| അനുബന്ധംക്ഷയം | 18.25 | 805 |
| അനേകചിത്തവിഭ്രാന്താഃ | 16.16 | 725 |
| അനേകബാഹൂദര | 11.16 | 520 |
| അനേകവക്ത്രനയനം | 11.10 | 514 |
| അന്തകാലേ ച മാമേവ | 8.5 | 376 |
| അന്തവത്തു ഫലം തേഷാം | 7.23 | 359 |
| അന്തവന്ത ഇമേ ദേഹാഃ | 2.18 | 68 |
| അന്നാദ്ഭവന്തി ഭൂതാനി | 3.14 | 154 |
| അന്യേ ച ബഹവഃ ശൂരാ | 1.9 | 17 |
| അന്യേ ത്വേവമജാനന്തഃ | 13.25 | 629 |
| അപരം ഭവതോ ജന്മ | 4.4 | 194 |
| അപരേനിയതാഹാരാ | 4.30 | 226 |


digitized by www.sreyas.in

| | | |
|---|---|---|
| അപരേയമിതസ്ത്വന്യാം | 7.5 | 337 |
| അപര്യാപ്തം തദസ്മാകം | 1.10 | 18 |
| അപാനേ ജുഹ്വതി | 4.29 | 223 |
| അപി ചേത് സുദുരാ | 9.30 | 447 |
| അപി ചേദസി പാപേഭ്യഃ | 4.36 | 234 |
| അപ്രകാശോƒപ്രവൃത്തി | 14.13 | 662 |
| അഫലാകാംക്ഷി | 17.11 | 752 |
| അഭയംസത്ത്വസംശുദ്ധിഃ | 16.1 | 712 |
| അഭിസന്ധായ തു ഫലം | 17.12 | 753 |
| അഭ്യാസയോഗയുക്തേന | 8.8 | 379 |
| അഭ്യാസേപ്യസമർത്ഥോ | 12.10 | 573 |
| അമാനിത്വമദംഭിത്വം | 13.7 | 598 |
| അമീ ച ത്വാം | 11.26 | 531 |
| അമീ ഹി ത്വാംസുര | 11.21 | 526 |
| അയതിഃ ശ്രദ്ധയോ | 6.37 | 314 |
| അയനേഷു ച സർവേഷു | 1.11 | 20 |
| അയുക്തഃ പ്രാകൃതഃ | 18.28 | 808 |
| അവജാനന്തി മാം മൂഢാ | 9.11 | 424 |
| അവാച്യവാദാംശ്ച | 2.36 | 90 |
| അവിനാശി തു തദ്വിദ്ധി | 2.17 | 66 |
| അവിഭക്തം ച ഭൂതേഷു | 13.6 | |
| അവ്യക്താദീനി ഭൂതാനി | 2.28 | 79 |
| അവ്യക്താദ്വ്യക്തയഃ | 8.18 | 391 |
| അവ്യക്തോക്ഷര | 8.21 | 395 |
| അവ്യക്തോയമചിന്ത്യോ | 2.25 | 75 |
| അവ്യക്തം വ്യക്തിം | 7.24 | 361 |
| അശാസ്ത്രവിഹിതം | 17.5 | 745 |
| അശോച്യാനന്വശോച | 2.11 | 55 |
| അശ്രദ്ദധാനാഃ പുരുഷാഃ | 9.3 | 414 |
| അശ്രദ്ധയാ ഹുതം | 17.28 | 771 |
| അശ്വത്ഥഃ സർവ | 10.26 | 489 |
| അസക്തബുദ്ധിഃ | 18.49 | 828 |
| അസക്തിരനഭിഷ്വംഗഃ | 13.9 | 603 |
| അസത്യമപ്രതിഷ്ഠം | 16.8 | 720 |
| അസൗ മയാ ഹതഃ | 16.14 | 725 |
| അസംയതാത്മനാ യോ | 6.36 | 313 |
| അസംശയം മഹാബാഹോ | 6.35 | 311 |
| അസ്മാകം തു വിശിഷ്ടാ | 1.7 | 12 |
| അഹം ക്രതുരഹം യജ്ഞഃ | 9.16 | 432 |
| അഹങ്കാരം ബലം ദർപ്പം | 16.18 | 728 |
| അഹങ്കാരം ബലം ദർപ്പം | 18.53 | 830 |
| അഹമാത്മാഗുഡാകേശ | 10.20 | 483 |
| അഹം വൈശ്വാനരോ | 15.14 | 701 |
| അഹം സർവസ്യ പ്രഭവോ | 10.8 | 467 |
| അഹം ഹി സർവയജ്ഞാ | 9.24 | 440 |
| അഹിംസാ സത്യം | 16.2 | 712 |
| അഹിംസാ സമതാ | 10.5 | 462 |
| അഹോബത മഹത് | 1.45 | 40 |


## ആ


| | | |
|---|---|---|
| ആഖ്യാ ഹി മേ കോ | 11.31 | 535 |
| ആചാര്യാഃ പിതരഃ | 1.34 | 341 |
| ആഢ്യോƒഭിജനവാനസ്മി | 16.15 | 725 |
| ആത്മസംഭാവിതാഃ | 16.17 | 727 |
| ആത്മൗപമ്യേന | 6.32 | 308 |
| ആദിത്യാനാമഹം | 10.21 | 484 |
| ആപൂര്യമാണമചല | 2.70 | 129 |
| ആബ്രഹ്മഭുവനാലോകാഃ | 8.16 | 388 |
| ആയുധാനാമഹം | 10.28 | 491 |
| ആയുഃ സത്ത്വബലാ | 17.8 | 749 |
| ആരുരുക്ഷോർമുനേഃ | 6.3 | 277 |
| ആവൃതം ജ്ഞാനമേതേന | 3.39 | 183 |
| ആശാപാശശതൈഃ | 16.12 | 723 |
| ആശ്ചര്യവത്പശ്യതി | 2.29 | 81 |
| ആസുരീം യോനിം | 16.20 | 731 |
| ആഹാരസ്ത്വപി സർവ | 17.7 | 747 |
| ആഹുസ്ത്വാമൃഷയഃ | 10.13 | 473 |


## ഇ


| | | |
|---|---|---|
| ഇച്ഛദ്വേഷ സമുത്ഥേന | 7.27 | 365 |
| ഇച്ഛാദ്വേഷഃ സുഖം | 13.6 | 595 |
| ഇതി ഗുഹ്യതമം ശാസ്ത്രം | 15.20 | 710 |
| ഇതി തേ ജ്ഞാനം | 18.63 | 841 |
| ഇതി ക്ഷേത്രം തഥാ | 13.18 | 617 |


digitized by www.sreyas.in

| | | |
|---|---|---|
| ഇത്യർജുനം വാസുദേവഃ | 11.50 | 553 |
| ഇത്യഹം വാസുദേവസ്യ | 18.74 | 851 |
| ഇദമദ്യ മയാ ലബ്ധം | 16.13 | 725 |
| ഇദം തു തേ ഗുഹ്യതമം | 9.1 | 410 |
| ഇദം തേ നാതപസ്കായ | 18.67 | 845 |
| ഇദം ശരീരം കൗന്തേയ | 13.1 | 589 |
| ഇദം ജ്ഞാനമുപാശ്രിത്യ | 14.2 | 646 |
| ഇന്ദ്രിയസ്യേന്ദ്രിയസ്യ | 3.34 | 178 |
| ഇന്ദ്രിയാണാം ഹി | 2.67 | 126 |
| ഇന്ദ്രിയാണി പരാണ്യാഹു | 8.42 | |
| ഇന്ദ്രിയാണി മനോ | 3.40 | 184 |
| ഇന്ദ്രിയാർഥേഷു | 13.8 | 601 |
| ഇമം വിവസ്വതേ | 4.1 | 191 |
| ഇഷ്ടാൻ ഭോഗാൻ ഹി | 3.12 | 151 |
| ഇഹൈകസ്ഥം ജഗത് | 11.7 | 511 |
| ഇഹൈവ തൈർജിതഃ | 5.19 | 262 |

## ഈ

| | | |
|---|---|---|
| ഈശ്വരഃ സർവഭൂതാനാം | 18.61 | 839 |

## ഉ

| | | |
|---|---|---|
| ഉച്ചൈഃശ്രവസമശ്വാനാം | 10.27 | 490 |
| ഉത്ക്രാമന്തം സ്ഥിതം | 15.10 | 695 |
| ഉത്തമഃ പുരുഷസ്ത്വന്യഃ | 15.17 | 705 |
| ഉത്സന്നകുലധർമാണാം | 1.44 | 39 |
| ഉത്സീദേയുരിമേ ലോകാ | 3.24 | 166 |
| ഉദാരാഃ സർവ ഏവൈ തേ | 7.18 | 354 |
| ഉദാസീനവദാസീനോ | 14.23 | 673 |
| ഉദ്ധരേദാത്മനാത്മാനം | 6.5 | 279 |
| ഉപദ്രഷ്ടാനുമന്താ ച | 13.22 | 624 |

## ഊ

| | | |
|---|---|---|
| ഊർധ്വം ഗച്ഛന്തി | 14.18 | 668 |
| ഊർധ്വമൂലമധഃശാഖം | 15.1 | 681 |

## ഋ

| | | |
|---|---|---|
| ഋഷിഭിർബഹുധാ ഗീതം | 13.4 | 594 |

## ഏ

| | | |
|---|---|---|
| ഏതച്ഛ്രുത്വാ വചനം | 11.35 | 539 |
| ഏതദ്യോനീനി ഭൂതാനി | 7.6 | 338 |
| ഏതന്മേ സംശയം കൃഷ്ണ | 6.39 | 316 |
| ഏതാൻ ന ഹന്തുമിച്ഛാമി | 1.35 | 34 |
| ഏതാന്യപി തു കർമാണി | 18.6 | 780 |
| ഏതാം ദൃഷ്ടിമവഷ്ടഭ്യ | 16.9 | 721 |
| ഏതാം വിഭൂതിംയോഗം | 10.7 | 466 |
| ഏതൈർവിമുക്ത | 16.22 | 733 |
| ഏവമുക്തോ ഹൃഷീകേശോ | 1.24 | 28 |
| ഏവമുക്തോർജുന | 1.47 | 41 |
| ഏവമുക്ത്വാ തതോ രാജൻ | 11.9 | 513 |
| ഏവമുക്ത്വാ ഹൃഷീകേശം | 2.9 | 54 |
| ഏവമേതദ്യഥാത്ഥ ത്വം | 11.3 | 507 |
| ഏവം പരമ്പരാപ്രാപ്തം | 4.2 | 192 |
| ഏവം പ്രവർത്തിതംചക്രം | 3.16 | 158 |
| ഏവം ബഹുവിധാ യജ്ഞാ | 4.32 | 228 |
| ഏവ ബുദ്ധേഃ പരം | 3.43 | 188 |
| ഏവം സതതയുക്താ | 12.1 | 562 |
| ഏവം ജ്ഞാത്വാ കൃതം | 4.15 | 207 |
| ഏഷാ തേഽഭിഹിതാ | 2.39 | 93 |
| ഏഷാ ബ്രാഹ്മീസ്ഥിതിഃ | 2.72 | 131 |

## ഓ

| | | |
|---|---|---|
| ഓമിത്യേകാക്ഷരം ബ്രഹ്മ | 8.13 | 384 |
| ഓം തത് സദിതി | 17.23 | 765 |

## ക

| | | |
|---|---|---|
| കച്ചിന്നോഭയവിഭ്രഷ്ടഃ | 6.38 | 315 |
| കച്ചിദേതച്ഛ്രുതം | 18.72 | 849 |
| കട്വമ്ലലവണാത്യുഷ്ണ | 17.9 | 750 |
| കഥം ന ജ്ഞേയമസ്മാഭിഃ | 1.39 | 36 |
| കഥം ഭീഷ്മമഹം സംഖ്യേ | 2.4 | 46 |
| കഥം വിദ്യാമഹം | 10.17 | 479 |
| കർമജം ബുദ്ധിയുക്താഹി | 2.51 | 110 |
| കർമണഃ സുകൃതസ്യാഹുഃ | 14.16 | 666 |
| കർമണൈവ ഹി | 3.20 | 162 |
| കർമണോ ഹ്യപി | 4.17 | 209 |


digitized by www.sreyas.in

| | | |
|---|---|---|
| കർമണ്യകർമ യഃ | 4.18 | 210 |
| കർമണ്യേവാധികാരസ്തേ | 2.47 | 102 |
| കർമ ബ്രഹ്മോദ്ഭവം | 3.15 | 155 |
| കർമേന്ദ്രിയാണി സംയമ്യ | 3.6 | 143 |
| കർഷയന്തഃശരീരസ്ഥം | 17.6 | 746 |
| കവിം പുരാണം | 8.9 | 381 |
| കസ്മാച്ച തേന | 11.37 | 541 |
| കാംക്ഷന്തഃ കർമണാം | 4.12 | 202 |
| കാമ ഏഷ ക്രോധ ഏഷ | 3.37 | 180 |
| കാമക്രോധവിയുക്താ | 5.26 | 269 |
| കാമമാശ്രിത്യ ദുഷ്പൂരം | 16.10 | 723 |
| കാമാത്മാനഃ സ്വർഗ | 2.43 | 98 |
| കാമൈസ്തൈസ്തൈർ | 7.20 | 356 |
| കാമ്യാനാം കർമണാം | 18.2 | 775 |
| കായേന മനസ്സാ ബുദ്ധ്യാ | 5.11 | 252 |
| കാർപണ്യദോഷാപഹത | 2.7 | 49 |
| കാര്യകരണകർതൃത്വേ | 13.20 | 620 |
| കാര്യമിത്യേവ യത്കർമ | 18.9 | 784 |
| കാലോഽസ്മിലോകക്ഷയ | 11.32 | 536 |
| കാശ്യശ്ച പരമേഷ്വാസഃ | 1.17 | 24 |
| കിരീടിനം ഗദിനം ചക്ര | 11.46 | 549 |
| കിരീടിനം ഗദിനം | 11.17 | 521 |
| കിം കർമ കിമകർമേതി | 4.16 | 208 |
| കിം തദ്ബ്രഹ്മ | 8.1 | 370 |
| കിം പുനർ ബ്രാഹ്മണാ | 9.33 | 452 |
| കുതസ്ത്വാ കശ്മലമിദം | 2.2 | 44 |
| കുലക്ഷയേ പ്രണശ്യന്തി | 1.40 | 37 |
| കൃപയാ പരയാവിഷ്ടോ | 1.28 | 30 |
| കൃഷിഗൗരക്ഷ്യവാണിജ്യം | 18.44 | 822 |
| കൈർലിംഗൈസ്ത്രീൻ | 14.21 | 672 |
| ക്രോധാദ്ഭവതി | 2.63 | 121 |
| ക്ലേശോഽധികതരസ്തേഷാം | 12.5 | 568 |
| ക്ലൈബ്യം മാസ്മ ഗമഃ | 2.3 | 45 |
| ക്ഷിപ്രം ഭവതി ധർമാത്മാ | 9.31 | 449 |
| ക്ഷേത്രക്ഷേത്രജ്ഞയോ | 13.34 | 642 |
| ക്ഷേത്രജ്ഞം ചാപി മാം | 13.2 | 590 |

ഗ

| | | |
|---|---|---|
| ഗതസംഗസ്യ മുക്തസ്യ | 4.23 | 216 |
| ഗതിർഭർത്താ പ്രഭുഃ | 9.18 | 434 |
| ഗാണ്ഡീവം സ്രംസതേ | 1.30 | 31 |
| ഗാമാവിശ്യ ച ഭൂതാനി | 15.13 | 700 |
| ഗുണാനേതാനതീത്യ | 14.20 | 671 |
| ഗുരൂനഹത്വാ ഹി | 2.5 | 47 |

ച

| | | |
|---|---|---|
| ചഞ്ചലം ഹി മനഃ കൃഷ്ണ | 6.34 | 310 |
| ചതുർവിധാ ഭജന്തേ മാം | 7.16 | 351 |
| ചാതുർവർണ്യം മയാ | 4.13 | 204 |
| ചിന്താമപരിമേയാം ച | 16.11 | 723 |
| ചേതസാസർവകർമാണി | 18.57 | 835 |

ജ

| | | |
|---|---|---|
| ജന്മകർമ ച മേ ദിവ്യം | 4.2 | |
| ജരാമരണമോക്ഷായ | 7.29 | 367 |
| ജാതസ്യ ഹി ധ്രുവോ | 2.20 | |
| ജിതാത്മനഃ പ്രശാന്തസ്യ | 6.7 | 282 |
| ജ്ഞാനയജ്ഞേന | 9.15 | 430 |
| ജ്ഞാനവിജ്ഞാന | 6.8 | 283 |
| ജ്ഞാനേന തു തദജ്ഞാനം | 5.16 | 259 |
| ജ്ഞാനം കർമ ച കർത്താ | 18.19 | 799 |
| ജ്ഞാനം തേഽഹംസവി | 7.2 | 331 |
| ജ്ഞാനം ജ്ഞേയം | 18.18 | 797 |
| ജ്ഞേയഃ സ നിത്യ | 5.3 | 244 |
| ജ്ഞേയം യത്തത് | 13.12 | 607 |
| ജ്യായസീ ചേത് കർമ | 3.1 | 136 |
| ജ്യോതിഷാമ പി | 13.17 | 615 |

ത

| | | |
|---|---|---|
| തതഃ പദം തത് | 15.4 | 686 |
| തച്ച സംസ്മൃത്യ | 18.77 | 853 |
| തതഃ ശംഖാശ്ച | 1.13 | 21 |
| തതഃ ശ്വേതൈർ | 1.14 | 21 |
| തതഃ സ വിസ്മയാവിഷ്ടഃ | 11.14 | 518 |
| തൽക്ഷേത്രം യച്ച | 13.3 | 593 |
| തത്വവിത്തു മഹാ | 3.28 | 170 |


digitized by www.sreyas.in

| | | |
|---|---|---|
| തത്രതം ബുദ്ധി സ | 6.43 | 321 |
| തത്ര സത്വം നിർമല | 14.6 | 651 |
| തത്രാപശ്യത്സ്ഥിതാൻ | 1.26 | 29 |
| തത്രൈകസ്ഥം ജഗത് | 11.13 | 517 |
| തത്രൈകാഗ്രം മനഃ | 6.12 | 287 |
| തത്രൈവം സതി | 18.16 | 794 |
| തദിത്യനഭിസന്ധായ | 17.25 | 768 |
| തദ്ബുദ്ധയസ്തദാത്മാനഃ | 5.17 | 260 |
| തദ്വിദ്ധി പ്രണിപാതേന | 4.34 | 231 |
| തപസ്വിഭ്യോധി/ധികോ | 6.34 | |
| തപാമ്യഹമഹം വർഷം | 9.19 | 434 |
| തമസ്ത്വജ്ഞാനജം | 14.8 | 665 |
| തമുവാച ഹൃഷീകേശഃ | 2.10 | 55 |
| തമേവ ശരണം ഗച്ഛ | 18.62 | 840 |
| തസ്മാച്ഛാസ്ത്രം പ്രമാണം | 16.24 | 735 |
| തസ്മാത് പ്രണമ്യ | 11.44 | 547 |
| തസ്മാത്വമിന്ദ്രിയാണ്യാഭൗ | 3.41 | 185 |
| തസ്മാത്വമുത്തിഷ്ഠം | 11.33 | 537 |
| തസ്മാത് സർവേഷു | 8.7 | 378 |
| തസ്മാദജ്ഞാനസംഭൂതം | 4.42 | 239 |
| തസ്മാദസക്തഃ സതതം | 3.19 | 161 |
| തസ്മാദോമിത്യുദാഹൃത്യ | 17.24 | 767 |
| തസ്മാദ്യസ്യമഹാ ബാഹോ | 2.68 | 127 |
| തസ്മാന്നാർഹാ വയം | 1.37 | 36 |
| തസ്യ സംജനയൻ | 1.12 | 20 |
| തം വിദ്യാദ്ദുഃഖസംയോഗ | 6.23 | 299 |
| തം തഥാകൃപയാവിഷ്ടം | 2.1 | 43 |
| താനഹം ദ്വിഷത | 16.19 | 729 |
| താനി സർവാണി | 2.61 | 120 |
| തുല്യനിന്ദാസ്തുതിർമൗനീ | 12.19 | 583 |
| തേജഃ ക്ഷമാ ധൃതി | 16.3 | 712 |
| തേ തം ഭുക്ത്വാ സ്വർഗ | 9.21 | 437 |
| തേഷാമഹം സമുദ്ധർത്താ | 12.7 | 569 |
| തേഷാമേവാനുകമ്പാർഥം | 10.11 | 472 |
| തേഷാം ജ്ഞാനീ നിത്യ | 7.17 | 353 |
| തേഷാം സതത | 10.10 | 471 |
| ത്യക്ത്വാ കർമഫലാസംഗം | 4.20 | 213 |
| ത്യാജ്യം ദോഷവിദിത്യേകേ | 18.3 | 777 |
| ത്രിഭിർഗുണമയൈർ | 7.13 | 346 |
| ത്രിവിധം നരകസ്യേദം | 16.21 | 732 |
| ത്രിവിധാ ഭവതി ശ്രദ്ധാ | 17.2 | 741 |
| ത്രൈഗുണ്യവിഷയാ | 2.45 | 99 |
| ത്രൈവിദ്യാ മാം | 9.20 | 436 |
| ത്വമക്ഷരം പരമം വേദി | 11.18 | 522 |
| ത്വമാദിദേവഃ പുരുഷ | 11.38 | 541 |
| **ദ** | | |
| ദണ്ഡോ ദമയതാമസ്മി | 10.38 | 499 |
| ദംഭോ ദർപ്പോ/ഭിമാനശ്ച | 16.4 | 715 |
| ദംഷ്ട്രാകരാളാനി ച തേ | 11.25 | 530 |
| ദാതവ്യമിതി യദ്ദാനം | 17.20 | 762 |
| ദിവി സൂര്യസഹസ്രസ്യ | 11.12 | 516 |
| ദിവ്യമാല്യാംബരധരം | 11.11 | 515 |
| ദുഃഖമിത്യേവ യത് കർമ | 18.8 | 783 |
| ദുഃഖേഷ്വനുദ്വിഗ്നമനാഃ | 2.56 | 115 |
| ദൂരേണ ഹ്യവരം കർമ | 2.49 | 107 |
| ദുഷ്ടോതു പാണ്ഡവാ | 12.7 | |
| ദൃഷ്ട്വേദം മാനുഷം | 11.51 | 554 |
| ദേവദ്വിജഗുരു പ്രാജ്ഞ | 17.14 | 755 |
| ദേവാൻ ഭാവയതാനേന | 3.11 | 149 |
| ദേഹീ നിത്യമവധ്യോ | 2.30 | 83 |
| ദേഹിനോ/സ്മിൻ യഥാ | 2.13 | 59 |
| ദൈവമേവാപരേ | 4.25 | 218 |
| ദൈവീ ഹ്യേഷാ ഗുണ | 7.14 | 347 |
| ദൈവീസമ്പദ്വിമോക്ഷായ | 16.5 | 716 |
| ദോഷൈരേതൈഃ കുല | 1.43 | 38 |
| ദ്യാവാപൃഥിവ്യോരിദം | 11.20 | 525 |
| ദ്യൂതം ഛലയതാമസ്മി | 10.36 | 497 |
| ദ്രവ്യയജ്ഞാസ്തപോ | 4.28 | 222 |
| ദ്രുപദോ ദ്രൗപദേയാശ്ച | 1.18 | 24 |
| ദ്രോണം ച ഭീഷ്മം ച | 11.34 | 538 |
| ദ്വാവിമൗ പുരുഷൗ | 15.16 | 703 |
| ദ്വൗ ഭൂതസർഗൗ ലോകേ | 16.6 | 717 |


digitized by www.sreyas.in

## ധ

| | | |
|---|---|---|
| ധർമക്ഷേത്രേ കുരുക്ഷേത്രേ | 1.1 | 1 |
| ധൂമോ രാത്രിസ്തഥാ കൃഷ്ണ | 8.25 | 402 |
| ധൂമേനാവ്രിയതേ | 3.38 | 182 |
| ധൃത്യാ യയാ ധാരയതേ | 18.33 | 812 |
| ധൃഷ്ടകേതുശ്ചേകിതാനഃ | 1.5 | 11 |
| ധ്യാനേനാത്മനിപശ്യന്തി | 13.24 | 628 |
| ധ്യായതോ വിഷയാൻ | 2.62 | 121 |

## ന

| | | |
|---|---|---|
| ന കർതൃത്വം ന കർമാണി | 5.14 | 256 |
| ന കർമണാമനാരംഭാത് | 3.4 | 140 |
| ന കാംക്ഷേ വിജയം | 1.32 | |
| ന ച തസ്മാന്മനുഷ്യേഷു | 18.69 | 846 |
| ന ച മത്സ്ഥാനി | 9.5 | 417 |
| ന ച മാം താനി കർമാണി | 9.9 | 422 |
| ന ചൈതദ്വിദ്മഃ | 2.6 | 48 |
| ന ജായതേ മ്രിയതേ വാ | 2.20 | 70 |
| ന തദസ്തി പൃഥിവ്യാം | 18.40 | 819 |
| ന തദ്ഭാസയതേ | 15.6 | 690 |
| ന തു മാം ശക്യസേ | 11.8 | 512 |
| ന ത്വേവാഹം ജാതു | 2.12 | 57 |
| ന ദ്വേഷ്ട്യകുശലം | 18.10 | 785 |
| ന പ്രഹൃഷ്യേത് | 5.20 | 263 |
| ന ബുദ്ധിഭേദം ജനയേത് | 3.26 | 168 |
| നഭഃ സ്പൃശം ദീപ്ത | 11.24 | 529 |
| നമഃ പുരസ്താദഥപൃ | 11.40 | 543 |
| ന മാം കർമാണി ലിമ്പന്തി | 4.14 | 206 |
| ന മാം ദുഷ്കൃതിനോ | 7.15 | 350 |
| ന മേ പാർഥാസ്തി | 3.22 | 164 |
| ന മേ വിദുഃ സുരഗണാഃ | 10.2 | 459 |
| ന രൂപമസ്യേഹ തഥോ | 15.3 | 686 |
| ന വേദയജ്ഞാധ്യയനൈഃ | 11.48 | 551 |
| നഷ്ടോ മോഹഃ | 18.73 | 850 |
| ന ഹി കശ്ചിത് | 3.5 | 141 |
| ന ഹി ദേഹഭൃതാ ശക്യം | 18.11 | 786 |
| ന ഹി പ്രപശ്യാമി | 2.8 | 53 |
| ന ഹി ജ്ഞാനേന | 4.38 | 235 |
| നാത്യശ്നതസ്തു | 6.16 | 291 |
| നാദത്തേ കസ്യചിത് | 5.15 | 257 |
| നാന്തോഽസ്തി മമ | 10.40 | 501 |
| നാന്യം ഗുണേഭ്യഃ | 14.19 | 669 |
| നാസതോ വിദ്യതേ | 2.16 | 64 |
| നാസ്തി ബുദ്ധിരയുക്തസ്യ | 2.66 | 125 |
| നാഹം പ്രകാശഃ സർവ | 7.25 | 362 |
| നാഹം വേദൈർന | 11.53 | 556 |
| നിമിത്താനി ച പശ്യ | 1.31 | |
| നിയതസ്യ തു സന്യാസ | 18.7 | 782 |
| നിയതം കുരു കർമ ത്വം | 3.8 | 145 |
| നിയതം സംഗരഹിതം | 18.23 | 803 |
| നിരാശീര്യത ചിത്താത്മാ | 4.21 | 214 |
| നിർമാനമോഹാ | 15.5 | 688 |
| നിശ്ചയം ശൃണു മേ | 18.4 | 778 |
| നിഹത്യ ധാർത്തരാഷ്ട്രാൻ | 1.36 | 35 |
| നേഹാഭിക്രമനാശോസ്തി | 2.40 | 95 |
| നൈതേ സൃതീ പാർഥ | 8.27 | 405 |
| നൈനം ഛിന്ദന്തി | 2.23 | 73 |
| നൈവ കിഞ്ചിത് | 5.8 | 250 |
| നൈവ തസ്യ കൃതേന | 3.18 | 160 |

## പ

| | | |
|---|---|---|
| പഞ്ചൈതാനി മാഹാ | 18.13 | 788 |
| പത്രം പുഷ്പം ഫലം | 9.26 | 443 |
| പരസ്തസ്മാത്തു ഭാവോ | 8.20 | 394 |
| പരം ബ്രഹ്മ പരം | 10.22 | |
| പരം ഭൂയഃ പ്രവക്ഷ്യാമി | 14.1 | 645 |
| പരിത്രാണായ സാധൂനാം | 4.8 | 198 |
| പവനഃ പവതാമസ്മി | 10.31 | 493 |
| പശ്യ മേ പാർഥ | 11.5 | 509 |
| പശ്യാദിത്യാൻ വസൂൻ | 11.6 | 510 |
| പശ്യാമി ദേവാംസ്തവ | 11.15 | 519 |
| പശ്യൈതാംപാണ്ഡു | 1.3 | 8 |


digitized by www.sreyas.in

| | | |
|---|---|---|
| പാഞ്ചജന്യം ഹൃഷീകേശോ | 1.15 | 23 |
| പാർഥ നൈവേഹ | 6.40 | 317 |
| പിതാസി ലോകസ്യ | 11.43 | 546 |
| പിതാഹമസ്യ ജഗതോ | 9.17 | 433 |
| പുണ്യോ ഗന്ധഃ | 7.9 | 342 |
| പുരുഷഃ പ്രകൃതിസ്ഥോ | 13.21 | 622 |
| പുരുഷഃ സ പരഃ | 8.22 | 396 |
| പുരോധസാം ച മുഖ്യം | 10.24 | 487 |
| പൂർവാഭ്യാസേന തേ | 6.44 | 322 |
| പൃഥക്ത്വേന തു | 18.21 | 801 |
| പ്രകാശം ച പ്രവൃത്തിം | 14.22 | 673 |
| പ്രകൃതിം പുരുഷം ചൈവ | 13.19 | 618 |
| പ്രകൃതിം സ്വാമവഷ്ടഭ്യ | 9.8 | 421 |
| പ്രകൃതേഃ ക്രിയമാണാനി | 3.27 | 169 |
| പ്രകൃതേർഗുണസംമൂഢാം | 3.29 | 172 |
| പ്രകൃത്യൈ വ ച കർമാ | 13.29 | 635 |
| പ്രജഹാതി യദാ | 2.55 | 114 |
| പ്രയത്നാദ്യതമാനസ്തു | 6.45 | 324 |
| പ്രയാണകാലേ മനസ്സാ | 8.10 | 381 |
| പ്രലപൻ വിസൃജൻ | 5.9 | 250 |
| പ്രവൃത്തിം ച നിവൃത്തിം ച | 16.7 | 718 |
| പ്രവൃത്തിം ച നിവൃത്തിം ച | 18.30 | 810 |
| പ്രശാന്തമനസം ഹ്യേനം | 6.27 | 303 |
| പ്രശാന്താത്മാ വിഹതഭീഃ | 6.14 | 288 |
| പ്രസാദേ സർവദുഃഖാനാം | 2.65 | 124 |
| പ്രഹ്ലാദശ്ചാസ്മി | 10.30 | 492 |
| പ്രാപ്യ പുണ്യകൃതാം | 6.41 | 318 |


## ബ


| | | |
|---|---|---|
| ബന്ധുരാത്മാത്മനസ്തസ്യ | 6.6 | 281 |
| ബലം ബലവതാം | 7.11 | 344 |
| ബഹിരന്തശ്ച ഭൂതാനാം | 13.15 | 613 |
| ബഹൂനാം ജന്മനാമന്തേ | 7.19 | 355 |
| ബഹൂനി മേ വ്യതീതാനി | 4.5 | 195 |
| ബാഹ്യസ്പർശേഷ്വസക്താത്മാ | 5.21 | 264 |
| ബീജം മാം സർവഭൂതാനാം | 7.10 | 343 |
| ബുദ്ധിയുക്തോ ജഹാതീഹ | 2.50 | 108 |
| ബുദ്ധിർജ്ഞാന | 10.4 | 462 |
| ബുദ്ധേർഭേദം ധൃതേഃ | 18.29 | 809 |
| ബുദ്ധ്യാ വിശുദ്ധയാ | 18.51 | 829 |
| ബൃഹത്സാമ തഥാ | 10.35 | 496 |
| ബ്രഹ്മണോ ഹി പ്രതി | 14.27 | 678 |
| ബ്രഹ്മണ്യാധായ കർമാണി | 5.10 | 251 |
| ബ്രഹ്മഭൂതഃ പ്രസന്നാത്മാ | 18.54 | 832 |
| ബ്രഹ്മാർപ്പണം ബ്രഹ്മ | 4.24 | 217 |
| ബ്രാഹ്മണക്ഷത്രിയ | 18.41 | 820 |


## ഭ


| | | |
|---|---|---|
| ഭക്ത്യാ ത്വനന്യയാ | 11.54 | 557 |
| ഭക്ത്യാ മാമഭിജാനാതി | 18.55 | 833 |
| ഭയാദ്രണാദുപരതം | 2.35 | 89 |
| ഭവാൻ ഭീഷ്മശ്ച കർണശ്ച | 1.8 | 13 |
| ഭവാപ്യയൗ ഹി ഭൂതാനാം | 11.2 | 506 |
| ഭീഷ്മദ്രോണപ്രമുഖതഃ | 1.25 | 28 |
| ഭൂതഗ്രാമഃ സ ഏവായം | 8.19 | 393 |
| ഭൂമിരാപോനലോ | 7.4 | 334 |
| ഭൂയ ഏവ മഹാബാഹോ | 10.1 | 458 |
| ഭോക്താരം യജ്ഞ | 5.29 | 272 |
| ഭോഗൈശ്വര്യ പ്രസക്താനാം | 2.44 | 98 |


## മ


| | | |
|---|---|---|
| മച്ചിത്തഃ സർവദുർഗാണി | 18.58 | 836 |
| മച്ചിത്താ മദ്ഗതപ്രാണാഃ | 10.9 | 469 |
| മത്കർമകൃന്മത് | 11.55 | 558 |
| മത്തഃ പരതരം നാന്യത് | 7.7 | 339 |
| മദനുഗ്രഹായ പരമം | 11.1 | 505 |
| മനഃ പ്രസാദഃ സൗമ്യത്വം | 17.16 | 758 |
| മനുഷ്യാണാം സഹസ്രേഷു | 7.3 | 333 |
| മന്മനാ ഭവ മദ്ഭക്തോ | 9.34 | 454 |
| മന്മനാ ഭവ മദ്ഭക്തോ | 18.65 | 843 |
| മന്യസേ യദി തച്ഛക്യം | 11.4 | 508 |
| മമ യോനിർമഹദ്ബ്രഹ്മ | 14.3 | 647 |


digitized by www.sreyas.in

| | | |
|---|---|---|
| മമൈവാംശോ ജീവലലോകേ | 15.7 | 691 |
| മയാ തതമിദം സർവം | 9.4 | 415 |
| മയാധ്യക്ഷേണ പ്രകൃതിഃ | 9.10 | 423 |
| മയാ പ്രസന്നേന | 11.47 | 550 |
| മയി ചാനന്യയോഗേന | 13.10 | 604 |
| മയി സർവാണി കർമാണി | 3.30 | 173 |
| മയ്യാവേശ്യ മനോ | 12.2 | 564 |
| മയ്യാസക്തമനാഃ | 7.1 | 330 |
| മയ്യേവ മന ആധത്സ്വ | 12.8 | 571 |
| മഹർഷയഃ സപ്തപൂർവേ | 10.6 | 464 |
| മഹർഷീണാം ഭൃഗുരഹം | 10.25 | 488 |
| മഹാത്മാനസ്തു മാം | 9.13 | 427 |
| മഹാഭൂതാന്യഹങ്കാരോ | 13.5 | 595 |
| മാ തേ വ്യഥാമാ ച | 11.49 | 552 |
| മാത്രാസ്പർശാസ്തു | 2.14 | 61 |
| മാനാപമാനയോസ്തുല്യഃ | 14.25 | 675 |
| മാമുപേത്യ പുനർജന്മ | 8.15 | 387 |
| മാം ച യോവ്യഭിചാരേണ | 14.26 | 677 |
| മാം ഹിംഃ പാർഥ | 9.32 | 450 |
| മുക്തസംഗോനഹം | 18.26 | 806 |
| മൂഢഗ്രാഹേണാത്മനോ | 17.19 | 761 |
| മൃത്യുഃസർവഹരശ്ചാഹം | 10.34 | 496 |
| മോഘാശാ മോഘ | 9.12 | 426 |


### യ


| | | |
|---|---|---|
| യ ഇമം പരമം ഗുഹ്യം | 18.68 | 846 |
| യ ഏനം വേത്തിഹന്താരം | 2.19 | 69 |
| യ ഏവം വേത്തി പുരുഷം | 13.23 | 626 |
| യച്ചാപി സർവഭൂതാനാം | 10.39 | 500 |
| യച്ചാവഹാസാർഥ | 11.42 | 544 |
| യജന്തേ സാത്വികാ | 17.4 | 744 |
| യജ്ഞദാനതപഃകർമ | 18.5 | 779 |
| യജ്ഞശിഷ്ടാമൃതഭുജോ | 4.31 | 227 |
| യജ്ഞശിഷ്ടാശിനഃ | 3.13 | 153 |
| യജ്ഞാർഥാത് കർമണോ | 3.9 | 146 |
| യജ്ഞേ തപസി ദാനേ | 17.27 | 770 |
| യജ്ഞാത്വാ ന പുനർ | 4.35 | 232 |
| യതതോ ഹ്യപി കൗന്തേയ | 2.60 | 119 |
| യതന്തോ യോഗിന | 15.11 | 697 |
| യതഃ പ്രവൃത്തിർഭൂതാനാം | 18.46 | 824 |
| യതേന്ദ്രിയഃ മനോബുദ്ധി | 5.28 | 270 |
| യതോ യതോ നിശ്ചരതി | 6.26 | 302 |
| യത്കരോഷി യദശ്നാസി | 9.27 | 444 |
| യത്തദഗ്രേ വിഷമിവ | 18.37 | 815 |
| യത്തു കാമേപ്സുനാ | 18.24 | 804 |
| യത്തു കൃത്സ്നവദേക | 18.22 | 802 |
| യത്തു പ്രത്യുപകാരാർഥം | 17.21 | 763 |
| യത്ര കാലേ ത്വനാവൃത്തിം | 8.23 | 398 |
| യത്ര യോഗേശ്വരഃ | 18.78 | 854 |
| യത്രോപരമതേ ചിത്തം | 6.20 | 295 |
| യത്സാംഖ്യൈഃ പ്രാപ്യതേ | 5.5 | 247 |
| യഥാകാശസ്ഥിതോ | 9.6 | 419 |
| യഥാ ദീപാ നിവാത | 6.19 | 293 |
| യഥാ നദീനാം ബഹവോ | 11.28 | 532 |
| യഥാ പ്രകാശയത്യേകഃ | 13.33 | 641 |
| യഥാ പ്രദീപ്തം ജ്വലനം | 11.29 | 533 |
| യഥാ സർവഗതം | 11.32 | |
| യഥൈധാംസി | 4.37 | 243 |
| യദഗ്രേ ചാനുബന്ധേ | 18.39 | 818 |
| യദഹങ്കാരമാശ്രിത്യ | 18.59 | 837 |
| യദക്ഷരം വേദ | 8.11 | 383 |
| യദാ തേ മോഹകലിലം | 2.52 | 111 |
| യദാദിത്യഗതം തേജോ | 15.12 | 698 |
| യദാ ഭൂതപൃഥക്ഭാവം | 13.30 | 636 |
| യദാ യദാ ഹി ധർമസ്യ | 4.7 | 197 |
| യദാ വിനിയതം ചിത്തം | 6.18 | 292 |
| യദാ സത്വേ പ്രവൃദ്ധേ തു | 14.4 | |
| യദാ സംഹരതേ ചായം | 2.58 | 117 |
| യദാ ഹി നേന്ദ്രിയാർഥേഷു | 6.4 | 278 |
| യദി മാമപ്രതീകാരം | 1.46 | 40 |
| യദി ഹ്യഹം ന വർത്തേയം | 3.23 | 165 |
| യദൃച്ഛയാ ചോപപന്നം | 2.32 | 86 |
| യദൃച്ഛാലാഭസന്തുഷ്ടോ | 4.22 | 215 |
| യദ്യദാചരതി ശ്രേഷ്ഠഃ | 3.21 | 163 |


digitized by www.sreyas.in

| | | |
|---|---|---|
| യദ്യദ്വിഭൂതിമത് | 10.41 | 501 |
| യദ്യപ്യേതേ ന പശ്യന്തി | 1.38 | 36 |
| യയാ തു ധർമകാമാർഥാൻ | 18.34 | 814 |
| യയാ ധർമ്മധർമം ച | 18.31 | 811 |
| യയാ സ്വപ്നം ഭയം | 18.35 | 814 |
| യസ്ത്വാത്മരതിരേവ | 3.17 | 160 |
| യസ്ത്വിന്ദ്രിയാണി മനസാ | 3.7 | 144 |
| യസ്മാത് ക്ഷരമതീതോ | 15.18 | 707 |
| യസ്മാന്നോദ്വിജതേ | 12.15 | 580 |
| യസ്യ നാഹംകൃതോ | 18.17 | 795 |
| യസ്യ സർവേഃ സമാരംഭാഃ | 4.19 | 212 |
| യം യം വാപി സ്മരൻ | 8.6 | 377 |
| യം ലബ്ധ്വാ ചാപരം | 6.22 | 298 |
| യം സംന്യാസമിതി | 6.2 | 276 |
| യം ഹി ന വ്യഥയന്ത്യേതേ | 2.15 | 62 |
| യഃ ശാസ്ത്രവിധിം | 16.23 | 734 |
| യഃ സർവത്രാനഭിസ്നേഹഃ | 2.57 | 116 |
| യാതയാമം ഗതരസം | 17.10 | 751 |
| യാ നിശാ സർവഭൂതാനാം | 2.69 | 128 |
| യാന്തി ദേവവ്രതാ | 9.25 | 442 |
| യാമിമാം പുഷ്പിതാം | 2.42 | 98 |
| യാവത് സംജായതേ | 13.26 | 631 |
| യാവദേതാന്നിരീക്ഷേഹ | 1.22 | 27 |
| യാവാനർഥ ഉദപാനേ | 2.46 | 101 |
| യുക്തഃ കർമഫലം | 5.12 | 253 |
| യുക്താഹാരവിഹാരസ്യ | 6.17 | 291 |
| യുഞ്ജന്നേവം.സദാത്മാനം | 6.15 | 290 |
| യുഞ്ജന്നേവം സദാത്മാനം | 6.28 | 304 |
| യുധാമന്യുശ്ച വിക്രാന്തഃ | 1.6 | 12 |
| യേ ചൈവ സാത്വികാ | 7.12 | 345 |
| യേ തു ധർമ്യാമൃതമിദം | 12.20 | 585 |
| യേ തു സർവാണി | 12.6 | 569 |
| യേ ത്വക്ഷരമനിർദേശ്യം | 12.3 | 565 |
| യേ ത്വേതദഭ്യസൂയന്തോ | 3.32 | 175 |
| യേഽപ്യന്യദേവതാ | 9.23 | 440 |
| യേ മേ മതമിദം നിത്യം | 3.31 | 174 |
| യേ യഥാ മാം പ്രപദ്യന്തേ | 4.11 | 201 |
| യേ ശാസ്ത്രവിധിം | 17.1 | 740 |
| യേഷാമർഥേ കാംക്ഷിതം | 1.33 | |
| യേഷാം ത്വന്തഗതം | 7.28 | 366 |
| യേ ഹി സംസ്പർശജാ | 5.22 | 265 |
| യോഗയുക്തോ വിശുദ്ധാത്മാ | 5.7 | 249 |
| യോഗസംന്യസ്തു കർമാണം | 4.41 | 238 |
| യോഗസ്ഥഃ കുരു | 2.48 | 106 |
| യോഗിനാമപി സർവേഷാം | 6.47 | 326 |
| യോഗീ യുഞ്ജീത സതതം | 6.10 | 285 |
| യോത്സ്യമാനാനവേ | 1.23 | 27 |
| യോ ന ഹൃഷ്യതി | 12.17 | 582 |
| യോഽന്തഃ സുഖോ | 5.24 | 268 |
| യോ മാമജമനാദിം ച | 10.3 | 460 |
| യോ മാമേവമസംമൂഢഃ | 15.19 | 708 |
| യോ മാം പശ്യതി | 6.30 | 307 |
| യോ യോ യാം യാം | 7.21 | 357 |
| യോഽയം യോഗസ്ത്വയാ | 6.33 | 309 |


## ര


| | | |
|---|---|---|
| രജസ്തമശ്ചാഭിഭൂയ | 14.10 | 658 |
| രജസി പ്രലയം ഗത്വാ | 14.15 | 665 |
| രജോ രാഗാത്മകം | 7.8 | |
| രസോഽഹമപ്സു കൗന്തേയ | 7.8 | 34 |
| രാഗദ്വേഷവിയുക്തൈസ്തു | 2.64 | 12 |
| രാഗീ കർമഫല | 18.27 | 807 |
| രാജൻ സംസ്മൃത്യ | 18.76 | 852 |
| രാജവിദ്യാ രാജഗുഹ്യം | 9.2 | 411 |
| രുദ്രാണാം ശങ്കരശ്ചാസ്മീ | 10.23 | 487 |
| രുദ്രാദിത്യാ വസവോ | 11.22 | 527 |
| രൂപം മഹത്തേ | 11.23 | 528 |


## ല


| | | |
|---|---|---|
| ലഭന്തേ ബ്രഹ്മനിർവാണാം | 5.25 | 269 |
| ലേലിഹ്യസേ ഗ്രസമാനഃ | 11.30 | 534 |
| ലോകേഽസ്മിൻ ദ്വിവിധാ | 3.3 | 138 |
| ലോഭഃ പ്രവൃത്തിരാരംഭഃ | 14.12 | 66 |


digitized by www.sreyas.in

## വ

| | | |
|---|---|---|
| വക്തുമർഹസ്യ | 10.16 | 478 |
| വക്ത്രാണി തേ | 11.27 | 531 |
| വായുര്യമോഗ്നിർ | 11.39 | 542 |
| വാസാംസി ജീർണാനി | 2.22 | 72 |
| വിദ്യാവിനയസമ്പന്നേ | 5.18 | 261 |
| വിധിഹീനമസൃഷ്ടാന്നം | 17.13 | 784 |
| വിവിക്തസേവീ | 18.52 | 830 |
| വിഷയാ വിനിവർത്തന്തേ | 2.59 | 118 |
| വിഷയേന്ദ്രിയ | 18.38 | 817 |
| വിസ്തരേണാത്മനോ | 10.18 | 480 |
| വിഹായ കാമാൻ | 2.71 | 131 |
| വീതരാഗഭയക്രോധാഃ | 4.10 | 200 |
| വൃഷ്ണീനാം വാസുദേവാ | 10.37 | 498 |
| വേദാനാംസാമവേദോ | 10.22 | 486 |
| വേദാവിനാശിനം | 2.21 | 72 |
| വേദാഹം സമതീതാനി | 7.26 | 363 |
| വേദേഷു യജ്ഞേഷു | 8.28 | 407 |
| വ്യവസായാത്മികാ | 2.41 | 96 |
| വ്യാമിശ്രേണേവ | 3.2 | 137 |
| വ്യാസപ്രസാദാത് | 18.75 | 852 |

## ശ

| | | |
|---|---|---|
| ശക്നോതീഹൈവ യഃ | 5.23 | 267 |
| ശനൈഃശനൈരുപരമേദ് | 6.25 | 301 |
| ശമോ ദമസ്തപഃ ശൗചം | 18.42 | 821 |
| ശരീരം യദവാപ്നോതി | 15.8 | 692 |
| ശരീരവാങ്മനോ | 18.15 | 793 |
| ശുക്ലകൃഷ്ണേ ഗതീ | 8.26 | 404 |
| ശുചൗ ദേശേ | 6.11 | 287 |
| ശുഭാശുഭഫലൈരേവം | 9.28 | 445 |
| ശൗര്യം തേജോ ധൃതി | 18.43 | 822 |
| ശ്രദ്ധയാ പരയാ തപ്തം | 17.10 | |
| ശ്രദ്ധാവാനനസൂയശ്ച | 18.71 | 848 |
| ശ്രദ്ധാവാൻ ലഭതേ | 4.39 | 236 |
| ശ്രുതിവിപ്രതിപന്നാ | 2.53 | 112 |
| ശ്രേയാൻ ദ്രവ്യമയാത് | 4.33 | 230 |
| ശ്രേയാൻ സ്വധർമോ | 3.35 | 179 |
| ശ്രേയാൻ സ്വധർമോ | 18.47 | 825 |
| ശ്രേയോ ഹി ജ്ഞാന | 12.12 | 576 |
| ശ്രോത്രാദീനീന്ദ്രിയാണി | 4.26 | 220 |
| ശ്രോത്രം ചക്ഷുഃ | 15.9 | 694 |
| ശ്വശുരാൻ സുഹൃദഃ | 1.27 | 29 |

## സ

| | | |
|---|---|---|
| സ ഏവായം മയാ തേഽദ്യ | 4.3 | 193 |
| സക്താഃ കർമണി | 3.35 | |
| സഖേതി മത്വാ പ്രസഭം | 11.41 | 544 |
| സ ഘോഷോ | 1.19 | 25 |
| സതതം കീർത്തയന്തോ | 9.14 | 428 |
| സ തയാ ശ്രദ്ധയാ | 7.22 | 358 |
| സത്കാരമാന പൂജാർഥം | 17.18 | 760 |
| സത്വം രജസ്തമ ഇതി | 14.5 | 650 |
| സത്വം സുഖേ സഞ്ജയ | 14.9 | 656 |
| സത്വാത് സംജായതേ | 14.17 | 667 |
| സത്വാനുരൂപാ സർവ | 17.3 | 742 |
| സദൃശം ചേഷ്ടതേ | 3.33 | 176 |
| സദ്ഭാവേ സാധുഭാവേ | 17.26 | 769 |
| സമദുഃഖസുഖഃസ്വസ്ഥഃ | 14.24 | 675 |
| സമം കായശിരോഗ്രീവം | 3.13 | |
| സമം പശ്യൻ ഹി | 13.28 | 634 |
| സമം സർവേഷു | 13.27 | 633 |
| സമഃ ശത്രൗ ച മിത്രേ | 12.18 | 583 |
| സമോഽഹം സർവ | 9.29 | 446 |
| സർഗാണാമാദിരന്തശ്ച | 10.3 | |
| സർവകർമാണി | 5.13 | 254 |
| സർവകർമാണ്യപി | 18.56 | 834 |
| സർവഗുഹ്യതമം ഭൂയഃ | 18.64 | 842 |
| സർവതഃ പാണിപാദം | 13.13 | 609 |
| സർവദ്വാരാണി സംയമ്യ | 8.12 | 384 |
| സർവദ്വാരേഷു ദേഹേ | 14.11 | 660 |
| സർവധർമാൻപരിത്യജ്യ | 18.66 | 843 |
| സർവഭൂതസ്ഥമാത്മാനം | 6.29 | 306 |
| സർവഭൂതസ്ഥിതം | 6.31 | 307 |
| സർവഭൂതാനി കൗന്തേയ | 9.7 | 420 |
| സർവഭൂതേഷു യേ | 18.20 | 800 |




digitized by www.sreyas.in

| | | |
|---|---|---|
| സർവമേതദൃതം മന്യേ | 10.14 | 475 |
| സർവയോനിഷു | 14.4 | 649 |
| സർവസ്യ ചാഹം | 15.15 | 702 |
| സർവാണീന്ദ്രിയ കർമാണി | 4.27 | 221 |
| സർവേന്ദ്രിയഗുണാഭാസം | 13.14 | 611 |
| സഹജം കർമ കൗന്തേയ | 18.48 | 827 |
| സഹയജ്ഞാഃ പ്രജാഃ | 3.10 | 148 |
| സഹസ്രയുഗപര്യന്തം | 8.17 | 389 |
| സങ്കരോ നരകായൈവ | 1.42 | 38 |
| സങ്കൽപ്പപ്രഭവാൻ | 6.24 | 301 |
| സന്തുഷ്ടഃ സതതം | 12.14 | 578 |
| സംനിയമ്യേന്ദ്രിയ ഗ്രാമം | 12.4 | 565 |
| സംന്യാസം കർമണാം കൃഷ്ണാ | 5.1 | 242 |
| സന്യാസസ്തു മഹാ | 5.6 | 248 |
| സന്യാസസ്യ മഹാ | 18.1 | 774 |
| സംന്യാസഃകർമയോഗശ്ച | 5.2 | 243 |
| സാധിഭൂതാധി ദൈവം | 7.30 | 368 |
| സാംഖ്യയോഗൗ പൃഥക് | 5.4 | 246 |
| സിദ്ധിം പ്രാപ്തോ യഥാ | 18.50 | 829 |
| സീദന്തി മമ ഗാത്രാണി | 1.29 | 30 |
| സുഖദുഃഖേ സമേ കൃത്വാ | 2.38 | 91 |
| സുഖമാത്യന്തികം | 6.21 | 296 |
| സുഖം ത്വിദാനീം | 18.36 | 815 |
| സുദുർദ്ദർശമിദം രൂപം | 11.52 | 555 |
| സുഹൃന്മിത്രാര്യുദാസീനഃ | 6.69 | |
| സ്ഥാനേ ഹൃഷീകേശ | 11.36 | 540 |
| സ്ഥിതപ്രജ്ഞസ്യകാ | 2.54 | 113 |
| സ്പർശാൻ കൃത്വാ | 5.27 | 270 |
| സ്വധർമമപി ചാവേക്ഷ്യ | 2.31 | 84 |
| സ്വഭാവജേന കൗന്തേയ | 18.60 | 838 |
| സ്വയമേവാത്മനാത്മാനം | 10.15 | 476 |
| സ്വേ സ്വേ കർമണി | 18.45 | 823 |


### ഹ


| | | |
|---|---|---|
| ഹതോ വാ പ്രപ്സ്യസി | 2.37 | 91 |
| ഹന്ത തേ കഥയിഷ്യാമി | 10.19 | 481 |
| ഹൃഷീകേശം തദാ | 1.21 | 26 |


digitized by www.sreyas.in

*അനുബന്ധം 3*

# സാങ്കേതിക പദസൂചിക


**അ**

അക്ഷരപുരുഷൻ 704, 706, 707, 711, 708, 709
അക്ഷരം 370, 371, 372
അജ്ഞാനം 50, 237
അധർമം 91, 193
അധിദൈവം 368
അധിഭൂതം 368
അധിയജ്ഞം 368
അധിഷ്ഠാനം 789, 790, 791, 793
അധ്യാത്മം 367, 369
അന്തര്യാമി 507
അനന്യഭക്തി 559, 397
അനന്യയോഗം 604, 605
അപരാഭക്തി 397
അപരാവിദ്യ 436
അപരോക്ഷജ്ഞാനം 232
അപവാദം 612
അഭ്യാസം 312
അവ്യക്തം 75, 79
അസുരവർഗം 4, 32, 34, 7

**ആ**

ആഗാമികർമം 177
ആത്മസംയമനം 221
ആവരണം 80, 363, 395
ആസുരീസമ്പത്ത് 715, 716

**ഈ**

ഈശ്വരാർപ്പണം 174

**ഉ**

ഉത്തമപുരുഷൻ 477, 705, 708, 706
ഉത്തരായണമാർഗം 400, 401, 402
ഉപരതി 54

**ഋ**

ഋഷിമാർ 466

**ഏ**

ഏകാന്തഭക്തി 397
ഏകാന്തയോഗി 308

**ക**

കർമകാണ്ഡം 99
കർമഭേദങ്ങൾ 204
കർമം 174, 778, 779
കർമയോഗം 247, 94, 95, 139, 144
കർമവാസന 110
കാരണശരീരം 59
കാര്യകാരണശൃംഖല 187


digitized by www.sreyas.in

കാലം 390, 391
കുരുക്ഷേത്രം 1
കൂടസ്ഥൻ 283, 284
ക്രതു 432, 433
ക്ഷരപുരുഷൻ 705, 477, 704
ക്ഷേത്രജ്ഞൻ 588, 589, 590, 591, 592, 593, 594, 595
ക്ഷേത്രം 589, 590, 591, 592, 593, 594, 595
ഗുണത്രയം 651, 652
ഗുണാതീതൻ 672, 673, 674, 675, 676

**ച**

ചാതുർവർണ്യം 204, 205, 206, 820

**ഛ**

ഛന്ദസ്സ് 594

**ജ**

ജീവൻ 59
ജ്ഞാനകാണ്ഡം 100

**ത**

തടസ്ഥലക്ഷണം 612, 613
തിതിക്ഷ 54, 61, 62, 600
ത്യാഗം 775, 776, 777

**ദ**

ദക്ഷിണായനമാർഗം 399, 400, 401, 403
ദമം 53
ദേവസങ്കൽപ്പം 149, 150
ദൈവീസമ്പത്ത് 712, 713, 716
ദൈവം 789, 790

**ന**

നിരുദ്ധചിത്തം 295, 296
നിർഗുണോപാസന 563, 564, 565
നിർവികൽപ്പസമാധി 293
നിവൃത്തി 87
നൈഷ്കർമ്യസിദ്ധി 140, 141, 828

**പ**

പണ്ഡിതൻ 56
പരമകാരണം 338, 339, 608, 609, 640
പരാഭക്തി 397, 832, 833
പരാവിദ്യ 436
പരോക്ഷജ്ഞാനം 232
പർജന്യം 154, 155, 404
പാപഭുക്തി 154
പുരുഷൻ 396, 397, 621, 622, 623, 624
പുരുഷോത്തമൻ 681, 707, 709
പ്രകൃതി 421, 423, 423, 621, 618, 619, 620
പ്രജ്ഞ 113, 114, 115
പ്രണവോപാസന 384, 385
പ്രപത്തി 349, 350. 351
പ്രഭവം 392, 393
പ്രവൃത്തി 87, 810, 811
പ്രസ്ഥാനത്രയം 594
പ്രളയം 392, 394, 395
പ്രാണായാമം 224, 225
പ്രാരാബ്ധക്ഷയം 146, 176
പ്രിയഭക്തൻ 579, 580
പ്രേയസ്സ് 52

**ബ**

ബ്രഹ്മം 608, 609
ബ്രഹ്മസൂത്രം 594

**മ**

മനുക്കൾ 464, 465
മായ 362, 363
മായാഗുണങ്ങൾ 348, 349


digitized by www.sreyas.in

മിഥ്യാചാരൻ 143
മോഹം 259

## യ

യജ്ഞചക്രം 159
യജ്ഞം 146, 147, 152, 153
യുക്തൻ 292
യോഗക്ഷേമം 438, 439
യോഗബുദ്ധി 93
യോഗം 95, 106, 112
യോഗമായ 362, 363
യോഗാരുരുക്ഷു 277
യോഗാരൂഢൻ 277, 278, 279, 280

## വ

വാസനാമുക്തി 153
വിക്ഷേപം 363, 395, 80, 112
വിജ്ഞാനം 185, 283, 332
വിഭൂതി 457, 458, 479, 480
വിരാഡ് പുരുഷൻ 507, 431
വിരാഡ്രൂപോപാസന 431
വിശ്വപ്രാണൻ 648, 649
വിഷമാവസ്ഥ 44, 46
വിസർഗ്ഗം 371, 372, 373
വേദാന്തം 412
വൈരാഗ്യം 602, 311, 312
വ്യവസായാത്മികാബുദ്ധി 96

## ശ

ശമം 53
ശ്രദ്ധ 54, 739, 740, 741
ശ്രേയസ്സ് 49, 90

## സ

സഗുണോപാസന 563, 564, 565
സഞ്ചിതം 177
സത്വബുദ്ധി 596
സമാധാനം 54
സമാവസ്ഥ 44
സന്ന്യാസി 245, 275, 276
സന്ന്യാസം 774, 775, 776, 777
സംയമം 220, 221
സർവകാമനിവൃത്തി 161
സാംഖ്യബുദ്ധി 93, 94
സൂക്ഷ്മശരീരം 692, 693, 694, 695
സൃഷ്ടി 262, 263
സ്ഥിതിപ്രജ്ഞൻ 113, 114
സ്ഥൂലശരീരം 59, 60
സ്വധർമം 94, 95
സ്വഭാവം 612, 613, 614
സ്വരൂപം 612, 613, 614
സ്വരൂപലക്ഷണം 612

## ഹ

ഹിരണ്യഗർഭൻ

*ഓം*

*പൂർണമദഃ പൂർണമിദം*
*പൂർണാദ് പൂർണമുദച്യതേ*
*പൂർണസ്യ പൂർണമാദായ*
*പൂർണമേവാവശിഷ്യതേ*
*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

75-2006 59

digitized by www.sreyas.in

# ശ്രീമദ് ഭഗവദ് ഗീത
# ശിവാരവിന്ദം മഹാഭാഷ്യം

ഭൗതികമായി പല സുഖസൗകര്യങ്ങളും കൈവന്നിട്ടുണ്ടെങ്കിലും മനുഷ്യജീവിതത്തിന് ഒരു മാറ്റവും വന്നിട്ടില്ല. ജനനവും മരണവും സുഖവും ദുഃഖവും ഒക്കെ അന്നത്തെപ്പോലെ തന്നെയുണ്ട്. എന്തിനു ജനിക്കുന്നു? എന്തിനു മരിക്കുന്നു? എന്നൊക്കെ ചോദിച്ചാൽ പണ്ടത്തെക്കാൾ കൂടുതലായി ഒരുത്തരവും ഇന്നും ആർക്കും പറയാനില്ല. ആധ്യാത്മിക ദർശനം കൊണ്ട് ഗീതയിലും മറ്റും പറഞ്ഞിട്ടുള്ള രഹസ്യ തത്വങ്ങൾ അന്നും ഇന്നും പരമാശ്വാസമാണ് മനുഷ്യനു നൽകുന്നത്.

ശ്രീമദ് ഭഗവദ് ഗീത നമ്മുടെ കാലത്തേക്ക് എന്നെത്തെയും പോലെ പ്രസക്തമാണ്. ഇനിയും കാലം കഴിഞ്ഞ് പരിഷ്കാരത്തിന്റെ പേരിൽ ലോകം അധപ്പതിക്കുകയാണെങ്കിൽ അന്നു ഗീതയുടെ പ്രസക്തി വർധിക്കുകയേയുള്ളൂ. അല്ല: പരിഷ്കാരം വർധിച്ച് ലോകം കൂടുതൽ നന്മയിലേക്കുയരുകയാണെങ്കിൽ ഗീതാദർശനം കൂടുതൽ സഫലമായി എന്നതിനു തെളിവാകും.

ജീവിതവിജയവും പരമശാന്തിയും പ്രദാനം ചെയ്യുന്ന ദിവ്യമന്ത്രമാണ് ഗീത. ഈ ശിവാരവിന്ദം ഭാഷ്യം നമ്മുടെ ഭാഷയ്ക്ക് ഒരു അനർഘ നിധിയാണ്. എത്ര ദീർഘമായ പഠനത്തിന്റെയും നിദിധ്യാസനത്തിന്റെയും ഫലമാണ് ഈ ഭാഷ്യമെന്ന് ആരോടും പറയണമെന്നില്ല. മലയാളികൾ ഇത് ഒരു മഹാനിധിപോലെ സൂക്ഷിക്കും. ഇതിന് സമർഹമായ പ്രോൽസാഹനവും അംഗീകാരവും സിദ്ധിക്കും. ഇതിന്റെ പ്രകാശനം സാധിക്കുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നല്ലൊരു സേവനം നിർവഹിക്കുന്നതിൽ തികഞ്ഞ അഭിമാനത്തിനു വകയുണ്ട്. ആയിരക്കണക്കിനു പ്രസിദ്ധീകരണങ്ങൾ കൊണ്ട് ഭാഷയെ ആരാധിച്ച ആ മഹത് സ്ഥാപനം ഈ പ്രസിദ്ധീകരണം കൊണ്ട് വളരെ കൂടുതൽ ബഹുമാനം നേടിയിരിക്കുകയാണ്.

**ശൂരനാട്ടു കുഞ്ഞൻപിള്ള**

SIL- 2198 ISBN: 81-7638-537-9 വില: 270 രൂപ

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**തിരുവനന്തപുരം**

digitized by www.sreyas.in